(68)

TPB
CHECK VERIFIED
1915

തിരുവിതാംകോട്ട നിയമസഭ

രണ്ടാമത്തെ സഭ.

പ്രെസിഡെൻറ്.

മിസ്റ്റർ മാറിസ് ഇ. വാട്ട്സ് ബി. എ., ബാരിസ്റ്റർ-ആറ്റ്ലാ. തിരുവിതാംകോട്ട ദിവാൻ.

മെംബർമാരുടെ ലിസ്റ്റ്.

1. മിസ്റ്റർ ഐ. സി, ചാക്കോ ബി. എ., ബി. എസ്. സി. (വ്യവസായ ഡയറക്ടർ)
2. ,, ഇ. ബി. കൂക്ക് (പ്ലാൻറർമാർ)
3. ,, മ. രാ. രാ. ആർ. ധനുഷ്കോടിപിള്ള അവർകൾ, ബി. എ. (ആക്ടുൺ) (വനം കൻസർവേറ്ററി)
4. ,, കെ. ജാജ് ബി. എ. (ഗവൺമെൻറ ഫിനാൻഷ്യൽ സെക്രട്ടറി)
5. സാഹിബ് ബഹദൂർ പി. ഹബീബ് മഹമ്മദ് (ഗവൺമെൻറ നിയമിച്ച മെംബർ)
6. മിസ്റ്റർ എ. ജെ, ജാൺ ബി. എ., ബി. എൽ. (മധ്യം താലൂക്ക)
7. ,, കെ. ഐ. ജോസഫ് എം. എ., ബി. എൽ. (മീനച്ചിലും-തേവികുളവും താലൂക്ക)
8. ,, എൻ. വി. ജോസഫ് ബി. എ., ബി. എൽ. (പറവൂർ താലൂക്ക)
9. ,, എസ്. ജ്ഞാനജോഷ്വാ ബി. എ. (ഗവൺമെൻറ നിയമിച്ച മെംബർ)
10. മ. രാ. രാ. സി. കേരളവർമ്മ കോയിത്തമ്പുരാൻ അവർകൾ (ഇടവക)
11. ,, സി. പി. കൊച്ചുകുഞ്ഞുപിള്ള അവർകൾ (കൊട്ടാരക്കരയും-കുന്നത്തൂരും താലൂക്ക)
12. ,, എ. കെ. പിള്ള അവർകൾ ബി. എ. (കരുനാഗപ്പള്ളി താലൂക്ക)
13. ,, എൻ. കുഞ്ഞൻ അവർകൾ ബി. എ., ബി. എൽ. (ഗവൺമെൻറ നിയമിച്ച മെംബർ)
14. ,, ടി. കുമാരപിള്ള അവർകൾ (കൽക്കുളവും-വിളവങ്കോട്ട താലൂക്ക)
15. ഡാക്ടർ എൻ. കുഞ്ഞൻപിള്ള എം. എ., ബി. എസ്. സി. എച്ച്. ഡി. (കൃഷിയും-മത്സ്യ വ്യവസായവും ഡയറക്ടർ)
16. മിസ്റ്റർ തരിയത്തു കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും താലൂക്ക)
17. ,, എസ്സ്. ജി, ഫോപ്പ്സ് (ഗവൺമെൻറ നിയമിച്ച മെംബർ)
18. മ. രാ. രാ. കെ. മാധവൻപിള്ള അവർകൾ എൽ. എ., എസ്. (തിരുവനന്തപുരവും-നെടുമങ്ങാടും)
19. മിസ്റ്റർ കെ. സി. മമ്മൻമാപ്പിള ബി, എ. (കൃഷിവടവും-വ്യവസായവും, വടക്ക)
20. ,, ടി. ജെ. മാത്തൻ ബി. എ., ബി. എൽ. (ചങ്ങനാശ്ശേരിയും-പീരുമേട്ടും താലൂക്ക)
21. മ. രാ. രാ. കല്ലൂർ നാരായണപിള്ള അവർകൾ (പത്തനംതിട്ട താലൂക്ക)
22. ,, പി. കെ. നാരായണപിള്ള അവർകൾ ബി. എ., ബി. എൽ. (അമ്പലപ്പുഴ താലൂക്ക)
23. ,, കെ. നാരായണൻ പണ്ടാല അവർകൾ ബി. എ., ബി. എൽ. (ഗവൺമെൻറ ചീഫ് സെക്രട്ടറി)
24. ,, കെ. വി. നടേശയ്യർ ബി. എ., ബി. ഇ. (ചീഫ് എഞ്ചിനീയർ)
25. ,, കെ. പി. നീലകണ്ഠപ്പിള്ള അവർകൾ ബി. എ., ബി. എൽ. (ചിറയിൻകീഴ് താലൂക്ക)
26. ,, എൻ. നീലകണ്ഠപ്പിള്ള അവർകൾ ബി. എ., ബി. എൽ. (ഗവൺമെൻറ സെക്രട്ടറി) (തിരുവല്ലം)
27. ,, എം. എൻ. പിള്ള അവർകൾ എൽ. എം. എസ്. (മഹാമിയാ) (തിരുവനന്തപുരം പട്ടണം)
28. ,, ആർ. പത്മനാഭൻ അവർകൾ (ഗവൺമെൻറ നിയമിച്ച മെംബർ)
29. ,, ജി. പരമേശ്വരൻപിള്ള അവർകൾ ബി. എ., ബി. എൽ. (നെയ്യാറിൻകര)
30. ,, ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള അവർകൾ ബി. എ., ബി. എൽ. (കൊല്ലം, താലൂക്ക)
31. ,, ശങ്കരവേലി കെ. പത്മനാഭൻപിള്ള അവർകൾ ബി. എ., ബി. എൽ. (തിരുവല്ല താലൂക്ക)

നവ. മ. രാ. രാ. കയ്യാലം പരമേശ്വരൻപിള്ള അവർകൾ ബി. എ., ബി. എൽ. (ഡ
ഡിഷണൽ ഹെഡ് സക്കാ

നന. ,, എസ്. പിറവിപെരു മാൾപിള്ള അവർകൾ (കച്ചവടവും വ്യവസായവും.

നഭ. മിസ്റ്റർ ഡബ്ലിയു. എച്ച്. പിറ്റ് (പോലീസ് കമ്മീഷണർ)

നമ. മിസസ് എം. പുന്നൻ ലൂക്കോസ് ബി. എ., എം. ബി. ബി. എസ്. (ലണ്ടൻ)
എം. (കാലട്ടണ്ട) (ഡർബാർഹിസിഷ്യൻ ചാജ്വഹിക്കുന്ന

നയ. മ. രാ. രാ. ജി. രാമൻമേനവൻ അവർകൾ എം, എ., ബി. എൽ. (മാവേലി
കാത്ത് കുപ്പള്ളിയും

നള. ,, ടി. പി. രാമസുബ്ബയ്യർ അവർകൾ ബി. എ. (ഗവൺമെൻറ സെക്രട്ടറി)
സർവ്വേ സെ

നവ. ,, റാവു ബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ അവർകൾ എം. എ
ർ) സ് കാളേജ് പ്രിൻ

നശ. മിസ്റ്റർ എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ആദായനികുതി

രറ. മ. രാ. രാ. കുട്ടിയാട്ട് ശിവരാമപ്പണിക്കർ അവർകൾ ബി. എ., എൽ. ടി. (

രക. ,, എം. ശിവതാണുപിള്ള അവർകൾ (തോവാള താലൂക്ക)

രഖ. മിസ്റ്റർ ജെ. സ്റ്റീഫൻസൺ ബി. എസ്. സി. എ. ആർ. സി. എസ്. സി. (
വിദ്യാഭ്യാസ

രഗ. മ. രാ. രാ. വി. സുബ്ബയ്യർ അവർകൾ ബി. എ., ബി. എൽ. (ഗവൺമെൻറ
മെംബർ) (ഡെപ്യൂട്ടി പ്രൈസി

രഘ. ,, എസ്. സുബ്രഹ്മണ്യകരയാളർ അവർകൾ ബി. എ. (പത്തനാപുരവും
യും

രങ. ,, എം. സുബ്രഹ്മണ്യപിള്ള അവർകൾ (അഗസ്തീശ്വരം താലൂക്ക)

രച. മിസ്റ്റർ സി. പി. തരകൻ (കുന്നത്തുനാട് താലൂക്ക)

രഛ. ,, സി. പി. തോമസ് ബി. എ., എൽ. ടി. (ഗവൺമെൻറ നിയമിച്ച മെ

രജ. ,, കെ. കെ. തോമസ് ബി. എ., ബി. എൽ. (കോട്ടയം താലൂക്ക)

രഝ. മ. രാ. ർ. സി. എൻ. ഇട്ടൂപ്പൻ നംപൂതിരി അവർകൾ (ജന്മി മെംബർ)

രഞ. മിസ്റ്റർ എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ)

തിരുവിതാംകോട്ടു നിയമസഭാ

പ്രൊസീഡിംഗ്സ്.

(അഫിഷ്യൽ റിപ്പോർട്ട്)

വാല്യം VII. നംബർ ൪.

രണ്ടാം സഭ.

ഒന്നാം മേടം, ൧൧൦൦.

തിരുവിതാംകോട്ട നിയമസഭ — ൧൯൨൪ ആൺ ൨൯–ം തിങ്കളാഴ്ച.

൧൦൯–ാമെ ൨–ാം റഗുലേഷൻ ൪ (൨)–ാംവകുപ്പു അനുസരിച്ചു സഭ തിരുവനന്തപുരത്തു വിക്ടോറിയാ ജുബിലി ടൗൺഹാളിൽ രണ്ടാമതത്തെ സഭയുടെ പ്രഥമസിനമായ ഇന്നു ഉച്ചയ്ക്കു പന്ത്രണ്ടുമണിക്കു കൂടി. പ്രസിഡെണ്ട് (മിസ്റ്റർ മാർസ്, ഇ. വാട്സ ബി. എ., ബാരിസ്റ്റർ ആട്ലാ) അദ്ധ്യാസനം വഹിച്ചു.

സത്യംചെയ്ക്കൽ.

പ്രൊസിഡെണ്ട് മുമ്പാമതായി നിർദ്ദിഷ്ടവാചകം ചൊല്ലി സത്യംചെയ്തു. അതിൽ പിന്നീട് നിയമസഭാ തിരഞ്ഞെടുപ്പുചട്ടം ൨൨–ംചട്ടം അനുസരിച്ചു താഴെപ്പറയുന്ന മെംബർമാർ സത്യംചെയ്കയൊ സത്യവാചകം പറയുകയൊ ചെയ്തു.

(൧) മ. രാ. രാ. വി. സുബ്ബയ്യർ അവർകൾ ബി. എ., ബി. എൽ.
(൨) മിസ്റ്റർ മൈ. സി. ചാക്കോ ബി. എ., ബി. എസ്സ്. സി.
(൩) ,, ജെ. ബി. കൂപ്പർ.
(൪) മ. രാ. രാ. ആർ. ധനുഷ്കോടിപ്പിള്ള അവർകൾ ബി. എ., (അക്ലൻ)
(൫) മിസ്റ്റർ കെ. ജാജ് ബി. എ.
(൬) സാഹിബ് ബഹദൂർ പി. ഹബീബ്ബ് മഹമ്മദ്, എം. എ., ബി, എൽ.
(൭) മിസ്റ്റർ കെ. മൈ. ജോസഫ് എം. എ., ബി. എൽ.
(൮) ,, എൻ. വി. ജോസഫ് ബി. എ., ബി. എൽ.
(൯) ,, എസ്. ജഗന്നാഥയ്യാ ബി, എ.
(൧൦) മ. രാ. രാ. സി. കേരളവർമ്മ കോയിത്തമ്പുരാൻ അവർകൾ.
(൧൧) ,, സി. പി. കൊച്ചുകുഞ്ഞുപിള്ള അവർകൾ.
(൧൨) ,, എ. കെ. പിള്ള അവർകൾ ബി. എ.
(൧൩) ,, എൻ. കുമാരൻ അവർകൾ ബി. എ., ബി. എൽ.
(൧൪) ,, ജി. കുമാരപിള്ള അവർകൾ.
(൧൫) ഡാക്ടർ എൻ. കുഞ്ഞൻപിള്ള എം. എ., ബി. എസ്. സി., പി. എച്ച്. ഡി.
(൧൬) മിസ്റ്റർ തരിയത്തു കുഞ്ഞിത്തൊമ്മൻ.
(൧൭) ,, എക്സ്, ജി. മോപ്പസ്.
(൧൮) മ. രാ. രാ. കെ. മാധവൻപിള്ള അവർകൾ എൽ. എം. എസ്.
(൧൯) മിസ്റ്റർ കെ. സി. മാമ്മൻ മാപ്പിള ബി. എ.
(൨൦) ,, ടി. കെ. മാത്യു ബി. എ., ബി. എൽ.
(൨൧) മ. രാ. രാ. കല്ലർ നാരായണപിള്ള അവർകൾ.
(൨൨) ,, പി. കെ. നാരായണപിള്ള അവർകൾ ബി. എ., ബി. എൽ.
(൨൩) ,, കെ. നാരായണൻ പണിക്കർ അവർകൾ ബി. എ., ബി. എൽ.
(൨൪) ,, കെ. വി. നടേശയ്യർ അവർകൾ ബി. എ., ബി. ഇ.
(൨൫) ,, കെ. പി. നീലകണ്ഠപ്പിള്ള അവർകൾ ബി. എ., ബി. എൽ.
(൨൬) ,, എൻ. നീലകണ്ഠപ്പിള്ള അവർകൾ ബി. എ., ബി. എൽ.
(൨൭) ,, എം. എൻ. പിള്ള അവർകൾ എൽ. എം. എസ്. (ഹോമിയൊ)
(൨൮) മിസ്റ്റർ എ. ജി ജാൺ ബി, എ, ബി. എൽ.
(൨൯) മ. രാ. രാ. ആർ. പത്മനാഭൻ അവർകൾ.
(൩൦) ,, ജി. പരമേശ്വരൻപിള്ള അവർകൾ ബി. എ., ബി. എൽ.
(൩൧) ,, ചങ്ങനാശ്ശേരി ജി. പരമേശ്വരൻപിള്ള അവർകൾ ബി. എ., ബി. എൽ.
(൩൨) ,, ശങ്കരപ്പേരി കെ. പരമേശ്വരൻപിള്ള അവർകൾ ബി. എ., ബി. എൽ.
(൩൩) ,, കയ്യാലം പരമേശ്വരൻപിള്ള അവർകൾ ബി. എ., ബി. എൽ.
(൩൪) ,, എസ്. പിറവിപെരുമാൾപിള്ള അവർകൾ.
(൩൫) മിസ്റ്റർ ഡബ്ലിയു. എച്ച്. പിറ്റ്.
(൩൬) മിസസ് എം. പുന്നൻ ലൂക്കോസ് ബി. എ., എം. ബി. ബി. എസ്., (മദ്രാസ്) എൽ. എം., (റൊട്ടണ്ട).
(൩൭) മ. രാ. രാ. ജി. രാമൻമേനോൻ അവർകൾ എം. എ., ബി, എൽ.
(൩൮) ,, റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ അവർകൾ എം. എ.

(നടൻ) മിസ്റ്റർ എസ്. സി. എച്ച്. റോബിൻസൺ.
(രം ഠ) മ. രാ. രാ. കുട്ടിയാട്ട ശിവരാമപ്പണിക്കർ അവർകൾ ബി. എ., എൽ. ടി.
(രം ഡ) ,, എം. ശിവതാണുപിള്ള അവർകൾ.
(രം ഢ) മിസ്റ്റർ ജെ. സ്റ്റീഫ്ൻസൺ ബി. എസ്. സി., എ. ആർ. സി. എസ്. സി.
(രം ണ) മ. രാ. രാ. എസ്. സുബ്രഹ്മണ്യ കരയാളർ ബി. എ.
(രം ത) മ. രാ. രാ. എം. സുബ്രഹ്മണ്യപിള്ള അവർകൾ.
(രം ഥ) മിസ്റ്റർ സി. പി. തരകൻ.
(രം ദ) ,, സി. പി. താമസ് ബി. എ., എൽ. ടി.
(രം ധ) ,, കെ. കെ. താമസ് ബി. എ., ബി. എൽ.
(രം ന) മ. രാ. രാ. ഉള്ളൻ തംപൂരി അവർകൾ.
(രം പ) മിസ്റ്റർ എ. ജെ. വാൻ റാസ്.
(ങ ം) മ. രാ. രാ. ടി. പി. രാമസുബ്ബയ്യർ അവർകൾ ബി. എ.

മഹാറാണി റീജണ്ട് തിരുമനസ്സ്കൊണ്ടു കല്പിച്ചയച്ച സന്ദേശം.

മെമ്പർമാരുടെ താഴെ ചേർത്തിരിക്കുന്ന സന്ദേശം വായിച്ചു. സഭ മുഴുവനും എഴുന്നേറ്റുനിന്നു അതു ശ്രവിച്ചു.

നിയമസഭയിലെ അംഗങ്ങളെ !

നവീന സഭയുടെ പ്രഥമയോഗത്തിൽ എന്റെ ഹാർദ്ദമായ ആശീർവ്വാദങ്ങൾ ഞാൻ നിങ്ങൾക്കു അയക്കുന്നു. പൂജ്യപാദരായ എന്റെ അമ്മാവൻ വിഷ്ണുസായുജ്യഗതരായ തിരുമനസ്സിലെ ഉദാരദീർഘദർശിതയുടെ ഫലമായി ഫ ർ ൻ ർ-മാണ്ടത്തെ രണ്ടാം റെഫ്രഞ്ചൈസ് ജനിച്ചിരിക്കുന്നു. ഈ പരിഷ്കൃതസഭ പ്രതിവർഷം രാജ്യത്തിനു പ്രവർദ്ധമാനമായ ഉപയോഗിതയോടുകൂടി പുഷ്ടിയായി വളർന്നു വരുന്നതിനെ കാണുന്നതിനായി ആ തിരുമേനിക്കു ജീവിച്ചിരിക്കുവാൻ സാധ്യമാകാതിരുന്നതു അത്യന്തം ശോചനീയം അത്രേ; എന്നു വരികിലും, ഈ ഗുരുപ്രഭാവമായ ഉപായം അവിടുത്തെ പ്രത്യാശകളെ പൂർണ്ണമായി നീതീകരിച്ചു വന്നിരുന്നു എന്നു സന്തോഷം അറിഞ്ഞു അഭിനന്ദിക്കുമാറാകുംവണ്ണം ദീർഘകാലം ആ തിരുമേനി ജീവിച്ചിരുന്നു എന്നു അറിയുന്നതു ചാരിതാർത്ഥ്യകരം തന്നെ; നാടു നീങ്ങിയ ആ തിരുമേനിയുടെ രാജ്യഭരണകാലത്തു അനേകം രാജ്യപരിഷ്കാരങ്ങൾ നടന്നു. എന്നാൽ അവയിൽ യാതൊന്നും രാജ്യത്തിന്റെ ഉത്തമഗുണങ്ങളിൽ ആ തിരുമേനിക്കുള്ള സ്വാർത്ഥരഹിതമായ അഭിനിവേശത്തിനു നിത്യജീവത്വത്തായ സ്മാരകം അതായിരിക്കുന്ന ഈ റെഫ്രഞ്ചൈസിനിലെ വ്യവസ്ഥകളെ, തദ്വിഭാവനയുടെ ധീരതയിലും ദീർഘദൃഷ്ടിയുടെയും രാജനീതികുശലതയുടേയും വിശാലതയിലും, അതിശയിക്കുന്നില്ല. സഭയുടെ പ്രവൃത്തിയിൽ ജനങ്ങൾ കാണിച്ചുവന്ന തീക്ഷ്ണമായ താത്പര്യത്തെ ഞാൻ മഹാസന്തോഷത്തോടുകൂടി അവേക്ഷിച്ചിട്ടുണ്ടു്. നിങ്ങൾ എന്റെ ഗവർണ്മെൻറിനു ബലത്തിനും സഹായത്തിനുംഉള്ള് ഉത്പത്തിസ്ഥാനമായി വർത്തിച്ചു കൊണ്ടേയിരിക്കും എന്നു ഞാൻ വിശ്വസിക്കയും ചെയ്യുന്നു. നിങ്ങൾ സമീക്ഷ്യകാരിയായി മന്ത്രങ്ങൾ നടത്തികൊള്ളുന്നതിനു നിങ്ങൾക്കു ക്ഷേമാംശംസകളോടുകൂടി ഞാൻ പിരിയുന്നു.''

മി. വി. സുബ്ബയ്യർ (ഗവർണ്മെണ്ടു് നിയമിച്ച മെമ്പർ) (ഡപ്യൂട്ടി പ്രസിഡണ്ട്): സ്വാമിൻ, മഹാരാജാതിരുമനസ്സിന്റെ നേർക്കും മഹാറാണി റീജന്റ തിരുമനസ്സിന്റെ നേർക്കും ഞങ്ങൾക്കുള്ള സ്ഥിരഭക്തിഭാവങ്ങളെ ആ തിരുമേനികളെ അറിയിക്കണമെന്നും നിങ്ങൾ മുഖേന അയക്കപ്പെട്ട കാരുണ്യവത്തും ഉത്സാഹകരവുമായസന്ദേശത്തിനായി മഹാറാണി റീജണ്ട് തിരുമനസ്സിനോടു ഞങ്ങളുടെ ഹൃദ്ഗതമായപൂർണ്ണമായ കൃതജ്ഞതയേ അറിയിക്കണമെന്നും ഈ സഭയിലെ സഭ്യന്മാർക്കുവേണ്ടി ഞാൻ അപേക്ഷിക്കുന്നു. ഞങ്ങളുടെ ആലോചനകളും വാദപ്രതിവാദങ്ങളും ഈ സഭാസമക്ഷംവരാവുന്ന സകലവിഷയങ്ങളിലും ഗവർണ്മെൻറിനെ ബലപ്പെടുത്തുന്നതിനും സഹായിക്കുന്നതിനും സദാ ഉതകുന്നവയായിരിക്കുംഎന്നു ഈ സഭയ്ക്കുവേണ്ടി ഞാൻ ഗവർണ്മെൻറിനോടു ഉറപ്പുപറയുന്നു. രാജ്യഭരണത്തിൽ ജനങ്ങളേയും ഭാഗഭാക്കാക്കുന്ന ആകണക്കിനുള്ള നീതിതത്ത്വത്തെ ഗവർണ്മെണ്ടു് അംഗീകരിച്ചിട്ടുണ്ടു്. ആ മാർഗ്ഗത്തിലുള്ള അടിസ്ഥാനം ഫ ർ ൻ ർ-ലെ രണ്ടാം റെഫ്രഞ്ചൈസിനാൽ നല്ലവണ്ണവും ഉറപ്പായും സ്ഥാപിക്കപ്പെട്ടുംഇരിക്കുന്നു. പ്രജാവകാശങ്ങളുടെ വിഭാവനയിൽ ഉന്നതവും, ആവിഭാവനകളെ നടപ്പാക്കുന്നതിനുള്ള നിശ്ചയത്തിൽ ബലവത്തും, ജനങ്ങളോടു ഉത്തരവാദമുള്ള ഒരു സുരാജ്യഭരണത്തെക്കുറിച്ചുള്ള ജിപ്പികളെ അതിശയിക്കുന്നുള്ള ഒരു മാതൃകയിൽ വായിക്കത്തക്കവണ്ണം അത്രപ്രകാശവത്തും, അതിയ ഒരു സൌധം ആ സ്ഥിരമായ അടിസ്ഥാനത്തിന്മേൽ താമസിയാതെ പൊങ്ങിവരുംഎന്നു ഞങ്ങൾ ഹൃദ്ഗതമായി ആശംസിക്കയുംചെയ്യുന്നു.

സ്വാമിൻ, മഹാറാണിറീജണ്ട് തിരുമനസ്സുകൊണ്ടു നിങ്ങളെ ഈ രാജ്യത്തിലെ ദിവാൻജിയായും തന്നിമിത്തം സോഷ്യോഗാംഗമായി ഈ സഭയിലെ പ്രൈസിഡെണ്ടായും നിയമിച്ചതിനായി! നിങ്ങൾക്കു ഞാൻ ധന്യവാദം നല്കുന്നു. നിങ്ങൾ ഈ സഭയിൽ പ്രൈസിഡെൻറായിരുന്നുകൊണ്ടുള്ള വ്യാപാരത്തിനിടയിൽ ഈ സഭയുടെ അധികാരങ്ങളും അവകാശങ്ങളും ആചാരങ്ങളുംനല്ലവണ്ണംപരിപാലിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും വിശാലമാക്കപ്പെടുകയുംചെയ്യുമെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. (ആഗന്തുകസ്വാഗതാഭിവാദനം)

പ്രൈസിഡെണ്ട്: സഭയ്ക്കുമാക്കിപറഞ്ഞതായ രാജഭക്തിഭാവങ്ങളെ മഹാറാണിറീജണ്ട് തിരുമനസ്സിനെഅറിയിക്കുന്നതാണ്. എന്നെ സംബന്ധിച്ചു പറഞ്ഞതുവാക്കുകൾക്കായി ഞാൻ നിങ്ങളോടു വന്ദിപറഞ്ഞുകൊള്ളുന്നു.

മേശപ്പുറത്തുവയ്ക്കപ്പെട്ട പേപ്പർ.

മി. കെ. ജാക്ക് (ഗവണ്മെണ്ട് ഫിനാൻഷ്യൽസെക്രട്ടറി): സ്വാമിൻ, നിയമസഭാറഗുലേഷൻ ആയ ഫോർത്ത്-തല II-ാം റഗുലേഷൻ ഫൊന്നു (൧) ാം വകുപ്പനുസരിച്ചു ഗവണ്മെണ്ട് അനുവദിച്ചുകൊടുക്കുകയുള്ള താഴെ കാണിച്ചിരിക്കുന്നകാര്യങ്ങൾ നിയമസഭാറഗുലേഷൻ ഒന്നാം ചട്ടം അനുസരിച്ചു ഞാൻ മേശപ്പുറത്തുവച്ചുകൊള്ളുന്നു.

ഡിമാൻഡിൻറെ സ്വഭാവം	തുക രൂ. ച. കാ.		റിമാർക്ക
(ക) ഡിമാണ്ഡ് VIII. പൊളിറാ ചെലവു— ൽ കൊണ്ടുള്ള ഫീസു	൧ ക്രവ	...	... ഡിബഞ്ചർകടപ്പത്രങ്ങളെ പ്രാമിസറിനോട്ടുകളായി മാറുന്നവകയ്ക്കു നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെക്കൂടുതലായി രണ്ടുമാസത്തേക്കുകൂടി ജോലിയിൽ വച്ചുകൊണ്ടിരിക്കുന്നതിനു
(ഖ) ഡിമാണ്ഡ് XII. വിദ്യാഭ്യാസം	൫,൦൭൫	ക്രവ	... യൂനിവെർസിറിക്കമ്മിറിയെ വിളിച്ചുകൂട്ടിയതുകൊണ്ടും വേറെരണ്ടുമെംബർമാക്കും ബഹുമതിവേതനം കൊടുക്കുന്നവകയ്ക്കു
(ന) ഡിമാണ്ഡ് XX. പബ്ലിക്കുവൊർക്സ് ഡിപ്പാർട്ടുമെൻറു	൯,൫൫൯൯	൧൫	... ഒരു എട്ടടൺസ്റ്റീംറോഡ് റോളർ വാങ്ങുന്നതുകയ്ക്കു
(ഭ) ഡിമാണ്ഡ് XXI. അഞ്ചൽ ഡിപ്പാർട്ടുമെൻറു	൮ ൭ ൦	...	... വെള്ളപ്പൊക്കംനിമിത്തം നാശം സംഭവിച്ച തട്ടക്കോട്ടം കൂട്ടൻപുഴയിലുംഉള്ള അഞ്ചൽ കെട്ടിടങ്ങളും പണിചെയ്യിക്കുന്നതിനു
(ങ) ഡിമാണ്ഡ് XXII. പലവക ഇനങ്ങളും	൫,൪൦൦	...	... സിവിൽസർപ്ലസംബന്ധിച്ചു മെസർസ സ്റ്റീൽബ്രദർസിനെതിരായുള്ള സിവിൽകേസിൽ പ്രതിഭാഗം സാക്ഷിയെവിസ്തരിക്കുന്നതിനായി അവസ്ഥയിൽ ഇങ്ങനെ ഹൊണ്ട്സക്കാർവക്കീലിനെ റംഗ്രൂണിലേക്കു അയക്കുന്നതിനു ൨൪൦൦ രൂപയും ഈ വ്യവഹാരം സംബന്ധിച്ചു ഫൂർപ്പെട്ടത്തീട്ടുള്ള ബാംബെയ് ഫെ സൊളിസിറർമാരായ മെസേർസു മാധവജികമ്പനിക്കു കൊടുക്കുന്നതിനു ൨൦൦൦ രൂപയും

മഹാറാണിറീജണ്ട് തിരുമനസ്സുകൊണ്ടു കല്പിച്ചുഅനുവദിച്ചു റഗുലേഷനുകൾ.

മി. ടി. പി. രാമസുബ്ബയ്യർ (നിയമസഭാസെക്രട്ടറി): താഴെപറയുന്ന റഗുലേഷണുകളെ ൧൯൰ ഏപ്രിൽ ൧നാംനു-ക്കു ശേഷമായ ൧൮൦൦ മേടം ൧-നു മഹാറാണിറീജൻറതിരുമനസ്സുകൊണ്ടു അനുവദിച്ചിരിക്കുന്നുഎന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

(ക) നായർറെഗുലേഷൻ ഭേദഗതിറെഗുലേഷൻ.

(ഖ) തിരുവിതാംകോട്ടു ഇനാംറഗുലേഷൻ.

പ്രൈസിഡെണ്ട്: സഭ ഇപ്പോൾ പിരിഞ്ഞു കൗൺസിൽക്കൂർമ്മത്തരംകഴിഞ്ഞു വീണ്ടും കൂടുന്നതാണ്.

സഭ ൧൨ മണിക്കു പിരിഞ്ഞു; വീണ്ടും ൧൨ മണിക്കു ൧൨ മിനിട്ടായപ്പോൾ പിരിഞ്ഞു; വീണ്ടും ൧൨ മണിക്കു ൧൨ മിനിട്ടായപ്പോൾ കൂടി.

കൂടുതൽ ചിലവിനമുള്ള ഡിമാണ്ടുകൾ.

പ്രൈസിഡെണ്ട്: സാമാജികന്മാരെ, സപ്ലിമെൻററി ഗ്രാൻറുകൾക്കുള്ള ഡിമാൻഡുകൾ നിങ്ങളുടെ സമക്ഷം ഇരിക്കുന്നു അല്ലെങ്കിൽ താമസിയാതെ നിങ്ങളുടെ സമക്ഷം വരുന്നതാകുന്നു.—ഈ ഡിമാൻഡുകളെപ്പറ്റി മതിയുംകുന്നിടത്തോളം മുന്നറിയിപ്പുണ്ടായിരുന്നില്ല എന്നു ചില മെമ്പർമാർ വിചാരിക്കുന്നതായി ഞാൻ അറിയുന്നു. സഭയുടെ പൊതുശേഷയുള്ള അഭിപ്രായം അതാണൊ എന്നു അറിയേണ്ടിയിരിക്കുന്നു. ഈ ഡിമാൻഡുകളെപ്പറ്റി ഇപ്പോൾ വേണ്ട നടപടി നടത്താമെന്നു അഭിപ്രായമുണ്ടെങ്കിൽ അവയെ അടുത്ത യോഗത്തിലേക്കുമാറ്റിവയ്ക്കണമോ എന്താണ്. വേണ്ടതെന്നു നിങ്ങൾ മയവുപെയ്തു കൈ പൊക്കി കാണിച്ചു അറിയിക്കുമോ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും—വടക്കു): സ്വാമിൻ, നിങ്ങൾ പറഞ്ഞതു ഞങ്ങൾക്കു ശരിയായി മനസ്സിലായില്ല.

പ്രസിഡണ്ട്: കായ്പരിപാടിയിൽ കൂടുതൽ ചിലവിനമുക അനുവദിക്കുന്നതിനുമി രണ്ടു ഭാഗം ഉണ്ട്. മതിയാകുന്നിടത്തോളം മുന്നറിയിപ്പു ലഭിച്ചിട്ടില്ല എന്നു ചിലമെമ്പർമാർ അഭി പ്രായപ്പെട്ടിട്ടുള്ളതായി നോന്നുന്നു. സഭയുടെ പൊതുവേയുള്ള അഭിപ്രായവും അതാണെന്നു വരുകിൽ ഈ ഉപക്ഷേപങ്ങളെ ഞാൻ അടുത്ത മെയാഗത്തിലേക്കു മാറ്റിവയ്ക്കുന്നു. അങ്ങനെ ചെയ്യുന്നതിനു മുമ്പിൽ ഈ ഡിമാൻഡുകളെപ്പറ്റിയുള്ള വിചിന്തനം ഇപ്പോൾതന്നെ നടത്തുന്നതു സമ്മതമാണെന്നുള്ള വസ്തുതയെ മെമ്പർമാർ ദയവുചെയ്തു കാണിച്ചു അറിയിക്കുമോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. പി. കെ നാരായണപിള്ള (അമ്പലപ്പുഴ): കാലംകൂട്ടി മുന്നറിയിപ്പു കിട്ടാത്തതു നിമിത്തം ഒടുഗതികം കൊണ്ടുവരുന്നതിനൊ ആക്ഷേപങ്ങൾ പറയുന്നതിനൊ ഞങ്ങൾക്കു ബുദ്ധിമാദം ഇല്ലായിട്ടാണൊ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

പ്രസിഡണ്ട്: ഇല്ല.

ഇപ്രകാരം ഡിമാണ്ടുകളുടെ വിചിന്തനം നടത്തണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങൾ ദയവുചെയ്തു ഒരു ലയത്തിലാണിരിക്കുമോ?

കൂടുതൽ ചിലവിനു അനുമതി ലഭിക്കുന്നതിനെപ്പറ്റി തുടർന്നു നടപടി സ്വീകരിക്കുന്നതിനു സഭ സമ്മതിച്ചു.

ഡിമാൻഡ് X. സെൻട്രൽ പ്രിസൺ.

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി): സാമ്പത്തിക ഡിമാണ്ടു X സെൻട്രൽ പ്രിസൺ എന്ന ഇനത്തിൽ ൪൦൧൦ രൂപയിൽ കവിയാത്ത ഒരു തുക അനുവദിപ്പാനുമായി ഞാൻ അപേക്ഷിക്കുന്നു.

ഈ കൂടുതൽ തുക ആവശ്യപ്പെട്ടിരിക്കുന്നതു സെൻട്രൽപ്രിസണിൽ ഏർപ്പെടുത്തേണ്ടുന്ന ആഹാരസാധനങ്ങൾക്കു വില കൂടുതലിനാൽ ഉണ്ടായിട്ടുള്ള കൂടുതൽ ചെലവു നിവർത്തിക്കുന്നതിനും വിശേഷാൽ അധികാരം പ്രയോഗിച്ചു സിംഹാസനാരോഹണദിവസം വിടുതൽചെയ്ത ഇരുപുള്ളികൾക്കുള്ള സ്റ്റേനാപ്പടിയും കൊടുത്തുതീർക്കുന്നതിനായും ആകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ഇനമതിയി കൊടുക്കേണ്ടതുക എത്രയാണെന്നും ആഹാരസാധനങ്ങൾക്കുള്ള വിലകൂടുതൽനിമിത്തം ആവശ്യമുള്ള തുക ഏതുമാത്രമാണെന്നും ചീഫ്സെക്രട്ടറി വേർതിരിച്ചു അറിയിക്കണം എന്നു അപേക്ഷിക്കുന്നു.

മി. കെ. നാരായണൻപോറ്റി (ഗവൺമെന്റ് ചീഫ്സെക്രട്ടറി): ഇനം തിരിയിലുള്ള തുക ഏകദേശം ൪൦൦ രൂപായാണെന്നു സെൻട്രൽ പ്രിസൺ സൂപ്രണ്ടു ഇപ്പോൾ ബോധിപ്പിച്ചിരിക്കുന്നു. ബാക്കിയുള്ളതു ആഹാരസാധനങ്ങൾക്കുള്ള വിലകൂടുതലിനാലുള്ള ചിലവിനാണ്.

മി. പി കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇന്നാണ്ടിൽ ആഹാരസാധനങ്ങളുടെ വിലക്കൂടുതൽ നിമിത്തം മറേതെങ്കിലും ഡിപ്പാർട്ടുമെന്റിലേക്കു ഇന്നാണ്ടിൽ കൂടുതൽ ചിലവിനു ആവശ്യം ഉണ്ടായിരുന്നതായോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവൺമെന്റ് ചീഫ്സെക്രട്ടറി): മറേ ഡിപ്പാർട്ടുമെന്റുകളിലെ കൺട്രാക്ടർമാക്കു കൂടുതൽ നിരക്കുവില അനുവദിക്കപ്പെട്ടിട്ടുണ്ടു സെൻട്രൽ പ്രിസണിലെ കൺട്രാക്ടർമാക്കു മാത്രം അനുവദിക്കപ്പെട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സെൻട്രൽ പ്രിസണിലേക്കു ആഹാരസാധനങ്ങൾ എടുക്കുന്നതിനു കൺട്രാക്ടർമാർ ഏർപ്പെട്ടിട്ടുണ്ടായിരുന്നുവൊ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവൺമെന്റു ചീഫ്സെക്രട്ടറി): ഉണ്ടു്. അരിയും മറേ മെയ്ജനസാമാനങ്ങളും എടുപ്പിക്കുന്നതിനു കൺട്രാക്ടർമാർ ഉണ്ടായിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) കൺട്രാക്ടുകാരും കൊടുത്തതു എപ്പോൾ?

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവൺമെന്റ് ചീഫ്സെക്രട്ടറി): കഴിഞ്ഞയാണ്ടിന്റെ അവസാനത്തിൽ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചീഫ്സെക്രട്ടറി പറഞ്ഞതുപോലെ കൺട്രാക്ടുകാരും കഴിഞ്ഞയാണ്ടിന്റെ അവസാനത്തോടെ ആണ് കൊടുത്തതു എന്നവരുകിൽ ആഹാരസാധനങ്ങളുടെ വില കൂടുതൽ ആ കമ്പനികളുടെ വ്യവസ്ഥകളെ എങ്ങനെ ബാധിച്ചിരിക്കുമെന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവൺമെന്റ് ചീഫ്സെക്രട്ടറി): കഴിഞ്ഞയാണ്ടിലേക്കാണു കമ്പനികാർ കൊടുത്തതു. പ്രത്യേകപ്രോക്കം നിമിത്തം ആഹാരസാധനങ്ങൾക്കു വില അപരിമിതമായി കൂടുതൽ ഉണ്ടായി. ഇങ്ങനെ പൊടുന്നനേയുള്ള കൂടുതലിനെ പ്രതീക്ഷിച്ചിരുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു കമ്പനികളിൽതന്നെയുള്ള ഒരു വ്യവസ്ഥയാണൊ?

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവർമെന്റ് ചീഫ് സെക്രട്ടറി): അല്ല, അങ്ങനെയല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇന്നാത്തിന്റെ കാര്യത്തിൽ നല്ലനടത്തയുള്ള മാക്കുകളെ മാത്രം പ്രത്യേകമായി കണക്കാക്കിയാണോ ഇനാംകൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതു എന്നു പുനിക്കറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവൺമെന്റ് ചീഫ്സെക്രട്ടറി): ഇനാം, പുള്ളികളായ വാർഡർമാക്കും പുള്ളികളായ മറു ഉദ്യോഗസ്ഥന്മാക്കും അവരെ വിടുതലാകുന്ന സമയത്തിൽ കൊടുക്കപ്പെടുന്നു. അതു വിടുതലാകുന്ന തീയതിവരെ മാസം ഒന്നുക്കു ഫര ചക്രംവീതം കണക്കാക്കി കൊടുക്കപ്പെടുന്നു. മൊത്തംകണക്കാക്കി അതു തുക അവരെ വിടുതലാകുന്നസമയം അവക്കു കൊടുക്കപ്പെടുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സാധാരണയായി ഇനാം തടവുപുള്ളികൾക്കൊ ഉദ്യോഗസ്ഥന്മാക്കൊ ആക്കാണ് കൊടുക്കുന്നതു് എന്നറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): തടവുപുള്ളികളായ ഉദ്യോഗസ്ഥന്മാക്കു ഇനാംകൊടുക്കുന്നു. ദീർഘകാലത്തേക്കു ശിക്ഷിക്കപ്പെട്ടിട്ടുള്ള പുള്ളികളെ ഉദ്യോഗസ്ഥന്മാരായി നിയമിക്കുകയും അവരെ വിടുതലാകുന്നകാലത്തു അവക്കു ഇനാംകൊടുക്കുകയും ചെയ്യുന്നു.

മി. പി. കെ. നാരായണപിള്ള (ആമ്പല്ലൂർ): ഇനാംകൊടുക്കുന്നതു് നല്ലനടത്തയുടെയും അടിസ്ഥാനപ്പെടുത്തിയാണോ അതല്ല പുള്ളികൾ ചെയ്തിട്ടുള്ള ജോലിയെ കണക്കാക്കിയാണോ?

മി. കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): നല്ലനടത്തയുള്ള പുള്ളികൾക്കു മാത്രമേ വാർഡരായും ഹെഡ്വാർഡരായും നിയമിക്കാറുള്ളൂ.

മി. പി. കെ. നാരായണപിള്ള (ആമ്പല്ലൂർ): പുള്ളികളുടെ പരിശ്രമശീലത്തിനുകൂടി ഇനാം കൊടുക്കേണ്ടതാണെന്ന ചട്ടമുണ്ടോ?

മി. കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതേ പ്രത്യേകമായ നല്ലനടത്തക്കും വിശിഷ്ടമായ ജോലിക്കുമായി അവർക്കു ഇനാംകൊടുക്കാറുണ്ടു്.

മി. പി. കെ. നാരായണപിള്ള (ആമ്പല്ലൂർ): ഏതിനെയാണു് അടിസ്ഥാനപ്പെടുത്തിയാണു് ഇനാം കണക്കാക്കിക്കൊടുക്കുന്നതു്?

ശ്രീ. കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു മാസം തോറും കണക്കാക്കുന്നു.

മി. പി. കെ. നാരായണപിള്ള (ആമ്പല്ലൂർ): ഏതു ചട്ടംഅനുസരിച്ചാണു് ഈ ഏർപ്പാടുകൾ മാസംതോറും കണക്കാക്കിയിട്ടുള്ളവരായി തീരുന്നതു? ഒരു പുള്ളി ഏഴാംക്ലാസിൽ ചേർന്നപ്പോൾ ഏഴാംക്ലാസ്സു അനുസരിച്ചു ഒരു പുള്ളിക്കു പ്രതിദിനം അരച്ചക്രം മുതൽ രണ്ടുചക്രംവരെ ഇനാം ഉണ്ടു് എന്നാണു് പുതിയ അറിവു. പഴയ ചട്ടപ്രകാരം ഫ. ഫ. ഠ—ം ഫ. ഫ. ക—ം ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ളതു ഇങ്ങനെയാണു്.

മി. കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): നിലക്കു ഒരു മാസത്തേക്കു ഫ. ച. ക്രമപ്രകാരം എന്നാണു്. ഒരു ദിവസത്തേക്കു ഇതു എന്നല്ല ഇതിനുള്ള ചട്ടത്തെ ക്രമീകരിക്കുന്നതിനും എത്ര സമയം വേണ്ടിവരും. അതിനിടയിൽ എന്റെ സ്നേഹിതന്നു മാറ്റം ഏതെങ്കിലും ചോദ്യങ്ങൾ ചോദിക്കാൻ ഉണ്ടെങ്കിൽ അവയ്ക്കു മറുപടി പറയാൻ ഞാൻ ഒരുക്കമാണു്.

മി. പി. കെ. നാരായണപിള്ള (ആമ്പല്ലൂർ): എനിക്കു ക്ലൂതലായി ചോദിക്കേണ്ടതായി യാതൊരു ചോദ്യവും ഇല്ല.

ക്ലൂതൽ ചെലവിനുള്ള ഈ ഡിമാൻഡിനെസംബന്ധിച്ചുകൊണ്ടു, എനിക്കു അതിനെ എതിർക്കേണ്ടിയിരിക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു. ഈ പ്രത്യേകമായ ക്ലൂതൽ ചിലവിൽ രണ്ടു ഇനങ്ങളേ ഉൾപ്പെട്ടിരിക്കുന്നു. ഫാ ഒപ്പുനിവാരണത്തിനായി അവശ്യമായിവർത്തിച്ചു ഗണിച്ചേക്കാം. ക്ലൂതൽചെലവിൽ ട്രഷിരോഗവും തന്നാണ്ടിൽ ഉള്ള ഫാരസാധനങ്ങൾക്കുള്ള വിലക്കൂടുതലിനെ സംബന്ധിച്ചുള്ളതാണു്. ഈ സാമാനങ്ങൾ ഏർപ്പെടുത്തുന്നതിനു കൺട്രാക്ടു് മാതൃകയിൽ ഏർപ്പെടുത്തി എന്നും ഇയ്യാണ്ടു ആരംഭിക്കുന്നതിനു മുമ്പു ഈ കൺട്രാക്ടു് പ്രകാരം ഉടമ്പടിചെയ്യപ്പെട്ടു എന്നും ഉദ്യോഗകക്ഷ്യയിൽ ഈ പ്രമേയത്തിന്റെ പ്രയോക്താവായ ഉദ്യോഗസ്ഥൻ സമ്മതിച്ചിരിക്കുന്നു. സാമാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കരാറിൽ കൺട്രാക്ടറേയോ ഗവണ്മെന്റിനേയോ കക്ഷികളുടെ വ്യവസ്ഥകളെ വ്യത്യാസപ്പെടുത്താവുന്നതായ യാതൊരു വ്യവസ്ഥയും ഉണ്ടായിരുന്നില്ല എന്നും സമ്മതിക്കപ്പെട്ടിരിക്കുന്നു. ഏർപ്പെടുത്തിക്കേണ്ട ചരക്കുകളുടെവില കക്ഷികൾ ഉടമ്പടിമൂലം നിശ്ചയിക്കപ്പെട്ടപോലിരിക്കുന്നതുകൊണ്ടു ഏർപ്പെടുത്തിച്ച സാമാനങ്ങളുടെ വിലയെ മാറ്റുന്നതിനു് കൺട്രാക്ടർക്കോ ഗവണ്മെന്റിനോ അധികാരമില്ലാ. കയ്യിലുള്ള സ്ഥിതി അങ്ങിനെയിരിക്കെ കൺട്രാക്ടർക്കു് ന്യായമായ ലാഭങ്ങളെ താഴ്ത്തുകയാണെന്നു വിചാരിക്കുന്നതിനു അധികാരസ്ഥന്മാർ വിചാരിക്കുന്നതായാൽ അങ്ങനെ ഒരു നടപടിക്കു അവർക്കു ചട്ടങ്ങളിൽ യാതൊരു അടിസ്ഥാനവും ഉണ്ടായിരിക്കുന്നതല്ല. ഞാനറിഞ്ഞിടുള്ളേടുത്തോളം സാമാനങ്ങളുടെ വില കുറഞ്ഞുപോയി എന്നിരിക്കട്ടെ, ആ സ്ഥിതിയിൽ തങ്ങൾക്കു കിട്ടേണ്ടുന്നതിലധികം കുറയ്ക്കുന്നതിനു കൺട്രാക്ടറോടു ഗവണ്മെന്റിനു ആവശ്യപ്പെടാവുന്നതാണെന്നോ എന്നു ചീഫ് സെക്രട്ടറിയോടു ഞാൻ ചോദിച്ചുകൊള്ളട്ടെ. വിദ്വാനായ ചീഫ് സെക്രട്ടറിതന്നെ അറിഞ്ഞിരിക്കുമ്പോലെ ഒരു കൺട്രാക്ടിന്റെ സംരംഭത്തെന്നും കൺട്രാക്ടിനുള്ള ഇരുകക്ഷികളേയും ക്ലിഷ്ടമായ നിലകളിൽ സ്ഥാപിച്ചുവയ്ക്കുകയാകുന്നു. താനാണ്ടിൽ സാമാനങ്ങളുടെവില വർദ്ധിച്ചുഎന്നു വാദിച്ചുകൊണ്ടു ഈ പ്രത്യേക കൺട്രാക്ടർക്കുമാത്രം അനുകൂലമായിട്ടു കുംവണ്ണം കൺട്രാക്ടിന്റെ വ്യവസ്ഥകളെ ഭേദപ്പെടുത്തണമെന്നു അധികാരികൾക്കു തോന്നാനുള്ള കാരണം എന്താണെന്നു വ്യക്തമാക്കുന്നില്ല.

പിന്നെ ഇനാംതുകയുടെ കാര്യത്തിൽ ആകട്ടെ ഇപ്പോഴത്തെ ചട്ടം ഇന്നതാണെന്നു ശരിക്കറിയാൻ കഴിയാത്തതിനാൽ ഞാൻ പഴയ ചട്ടങ്ങളെ പ്രസ്താവിച്ചു. ജയിലിലെ അപ്രധാനശിക്ഷകളുടെ നടത്തിപ്പിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു ഗവണ്മെന്റിനു അധികാരം നല്കുന്നതായ ഇപ്പോഴത്തെ റഗുലേഷനിലെ ഒമ്പതാംവകുപ്പു പ്രിസൺസ് റഗുലേഷനിലെ ഒൻപതാംവകുപ്പു ആകുന്നു. ഈ റഗുലേഷനിലെ ആ വകുപ്പിനെ മനോധർമ്മിയായി ടത്തുന്നതായ അപ്രധാനമായ അനേകം വിഷയങ്ങളെ സംബന്ധിച്ചു ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ഗവണ്മെന്റു എടുത്തിട്ടുണ്ടെന്നു ചൂണ്ടികാണിക്കാവുന്നതാണു്. അപ്രകാരമുള്ള വിഷയങ്ങളിൽ ഒന്നു ശിക്ഷാകാലാവധികുറയ്ക്കുവാൻ ഇനാംകൊടുക്കുക എന്നുള്ളതാകുന്നു. ആ വകുപ്പനുസരിച്ചു ഇളവുചെയ്യുന്ന രീതി എന്നു വിളിക്കുന്ന രീതി നടപ്പാക്കുന്നതിനായി ഗവൺമെന്റു പല ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടു്. പല പുള്ളികൾക്കും മാർക്കുകൾ കൊടുക്കുന്നുണ്ടു്. എത്രയും എണ്ണം മാർക്കുകൾ കിട്ടുമ്പോൾ പുള്ളികളുടെ തരംതിരിക്കൽ എന്നൊരു നടപടിയുണ്ടു്. മൂന്നാംക്ലാസും രണ്ടാംക്ലാസും ഒന്നാംക്ലാസുമായി തടവുകാർ ഉണ്ടു്. ഒന്നാംക്ലാസിൽപെട്ടവരിൽനിന്നും ആവശ്യമുള്ള എണ്ണം മാർക്കുകൾ കിട്ടിയിട്ടുള്ള പുള്ളികൾക്കു ഉദ്യോഗസ്ഥന്മാരായി കയറാറും കൊടുക്കുകയും ചെയ്യുന്നു. മാർക്കുകൾ കൊടുക്കുന്നതു പൂർണ്ണമായും നല്ലനടത്തയെ മാത്രം അടിസ്ഥാനപ്പെടുത്തിയല്ല ഓരോപുള്ളിയും ജയിലിനകത്തു എന്തുമാത്രം വേലചെയ്യുന്നു എന്നുള്ളതിനേയും അടിസ്ഥാനപ്പെടുത്തിട്ടാകുന്നു. ഏതെങ്കിലും ഒരു തടവുകാരൻ അവൻ ചെയ്യുന്നതിക്കുന്നതായി നിശ്ചയിച്ചിരിക്കുന്ന ജോലിയെ മാത്രം ചെയ്തുതീർക്കുകയാണെങ്കിൽ വേലചെയ്തു തീർത്തിട്ടുള്ളതായ ഒരു സാധാരണ സംഗതി നമുക്കു കിട്ടുന്നു. അതുകൊണ്ടു അയാൾക്കു മാർക്ക് കിട്ടിവരുന്നതാണു്. അസാധാരണമായ ഉത്സാഹത്തോടെ തനിക്കു നിശ്ചയിച്ചിട്ടുള്ളതിൽ കൂടുതൽ ജോലി ചെയ്തുതീർത്തിട്ടുള്ളതായും ഉദാഹരണങ്ങളും ഉണ്ടു്. അതും തടവുകാർക്കു മാർക്കുകൾ കൊടുക്കുന്നതിനു ഒരു കാരണമായിരിക്കുന്നു. ഇപ്രകാരം പുള്ളികൾക്കു നല്ല മാർക്കുകൾ കൊടുക്കുന്നതിനായി അനേകം കാരണങ്ങൾ

ഉണ്ട്. അങ്ങനെയുള്ള കാരണങ്ങളിൽ ഒന്ന നല്ലനടത്തയാകുന്ന. ഞാൻ അതിനെ സമ്മതിക്കുന്ന. നിശ്ച തപ്പെണ്ണം മാക്കുകയും കുട്ടിയതിൽപിന്നെ പുള്ളികുത്തുക ഓരോ ക്ലാസിലേക്കായി കയറ്റം കൊടുക്കുന്ന. ഒരു തടവുകാരൻ ഒരു ക്ലാസ്സിൽ ഇരിക്കുന്നകാലത്തിൽ മൂന്നാംക്ലാസിൽ ഉള്ള ഒരു തടവുകാരനു ആഴ്ചയായി മാസത്തിനുക്ക എട്ടു കാഴ്ചവിതം ആയിരുന്ന ഒരു ഇനാംഅവൻ സമ്പാദിച്ചിട്ടുള്ളതായി പറയപ്പെടുന്ന. ക്ലാസുകയും ഉയരുന്തോറും ഇനാത്തിന്റെ നിരക്കും ഉയരുന്ന മാസം ഒന്നുക്ക രണ്ടു ചക്രംവരെ ആയിതീരുന്ന. ഇതാണ് എന്റെ ഓർമ്മ. ചട്ടങ്ങളിൽ പ്രത്യേകം ഭേദഗതികയും ഉണ്ടായിരുന്നിരിക്കണം. അതുകൊണ്ടു തടവുകാരുടെ തരം നിശ്ചയിക്കുന്നതു ഓരോ തടവുകാരനും അവൻ ജയിലിൽ ഇരുന്ന മൊത്തം കാലത്തിനുള്ളിൽ അനുഭവിച്ചു മായിട്ടുള്ള മൊത്തം എണ്ണം മാക്കുകളെ കണക്കാക്കിയാകുന്ന ഈ വിവിധകാരണങ്ങളിന്മേൽ എല്ലാം ഈ പ്രത്യേകം തടവുകാക്ക അനുകൂലമായി ഇനാം നിശ്ചയിക്കുമെന്നുള്ളതിനു ഗവൺമെന്റിനുള്ള അധികാരം എതു എന്നാണു ഞാൻ ചോദിക്കുന്നത്. ഇനാംകൊടുക്കുന്നതു ഗവൺമെന്റിനെ അധികാരപ്പെടുത്തുന്നതായി ജൻ-ാംവകുപ്പിൽ ഉള്ള വ്യവസ്ഥ നല്ലനടത്തയ്ക്ക സമ്മാനം കൊടുക്കുന്നതിനെ മാത്രം സംബന്ധിക്കുന്നു ഒന്നുകുന്ന. മുഴുവനും നല്ലനടത്തയെ സംബന്ധിച്ചുള്ള ഒരു കുറ്റമുക്തണങ്കിൽ എതെങ്കിലും ഒരു തടവുകാരനു പണം കൊടുക്കുന്നതിനായി ഗവൺമെന്റിനു അധികാരമുള്ളതായി അവകാശപ്പെടാമായിരുന്ന. എന്നാൽ അതു ഓരോ തടവുകാരനും ചെയ്യുന്നിത്തിട്ടുള്ള വേലയുടെ പരിമാണവും മറ്റു കാര്യങ്ങളും എന്നിവയെ പോലെയുള്ള മറ്റനേകം കാര്യങ്ങളുമായി പിണയ്ക്കപ്പെട്ടിരുന്നാൽ ഏതെങ്കിലും ഒരു തടവുകാരനു നല്ല നടത്തക്കായിട്ടു മാത്രം എതു മാക്കുകയും കിട്ടിട്ടുണ്ടെന്നു പരിശോധിച്ചറിയുന്നതു വളരെ പ്രയാസമാണ്. ഞാൻ മനസ്സിലാക്കിട്ടുള്ളടത്തോളം ചട്ടങ്ങളും നല്ലനടത്തക്കായി കിട്ടിട്ടുള്ളമാക്കുകയും മറ്റു കാര്യങ്ങൾക്കായി കിട്ടിട്ടുള്ള മാക്കുകയും തമ്മിൽ യാതൊരു വ്യത്യാസവും കണിക്കുന്നില്ല. ഇനാത്തിനു അടിസ്ഥാനമാക്കിത്തിരുന്നതു മൊത്തം എണ്ണം മാക്കുമാത്രമാകുന്ന. കാര്യസ്ഥിതി അങ്ങനെയിരിക്കെ സംബന്ധപ്പെട്ട പുള്ളികുത്തുക്കായിട്ടു ഈ പ്രത്യേക നിരക്കിൽ ഇനാം ഇക ആവശ്യപ്പെടുന്നതിനു ചീഫ്സെക്രട്ടറിക്ക പ്രത്യേകമായ എതെങ്കിലും അടിസ്ഥാനം ഉണ്ടോ എന്നു ഞാൻ വളരെ സംശയിക്കുന്ന. അതുകൊണ്ടു സെൻട്രൽപ്രിസണെ സംബന്ധിച്ചു ചീഫ്സെക്രട്ടറി ആവശ്യപ്പെടുന്ന ഇക അനുവദിക്കുന്നതിൽ ഞാൻ എതിർക്കുന്ന എന്നു അറിയിച്ചുകൊള്ളുന്ന.

മി. എം. ശിവതാണുപിള്ള (തോവാള): അപ്പൊഴപ്പോഠം ഉള്ള നിരക്കുവില പ്രസിദ്ധപ്പെടുത്തുന്നില്ലയോ എന്നു ചീഫ്സെക്രട്ടറിയിൽനിന്നു അറിയേണ്ടിയിരിക്കുന്ന.

മി. വി. സുബ്ബയ്യർ (ഗവൺമെൻറ നിയമിച്ചു മെംബർ) (ഡെപ്യൂട്ടിപ്രെസിഡെണ്ട്): നടപടിക്രമം സംബന്ധമായി ഞാൻ ഒരു ചോദ്യം ചെയ്യുകൊള്ളുന്ന. ചീഫ്സെക്രട്ടറി ഇപ്പോഠം സഭയിൽ പ്രസംഗിക്കുന്നില്ല. അതുകൊണ്ടു ഭരണഹേതുത്തിനോടു ചോദ്യങ്ങഠം ചോദിക്കാൻപാടില്ല.

പ്രെസിഡെണ്ട് ചീഫ്സെക്രട്ടറി സഭയിൽ പ്രസംഗിക്കുമ്പോഠം മി. ശിവതാണുപിള്ളക്ക ചോദ്യം ചോദിക്കാവുന്നതാണ്.

മി. കെ. നാരായണൻപണിക്കർ (അക്കിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇനാം കൊടുക്കുന്നതിനെ നിയന്ത്രിക്കുന്ന ചട്ടങ്ങഠംക്ക എതിർകക്ഷ്യയിലുള്ള എന്റെ സ്നേഹിതൻ അതി വിശദമായ വ്യാഖ്യാനം സഭയ്ക്ക നല്കിയിരിക്കുന്ന. മാപ്പുചട്ടങ്ങഠം അനുസരിച്ചു ഈ തടവുകാരെ ക്രമപ്രകാരമുള്ള ചില ക്ലാസുകളിലാക്കി വയ്ക്കപ്പെട്ടിരിക്കുന്ന ഒന്നാംക്ലാസിൽനിന്നും അവക്ക സെൻട്രൽപ്രിസണിനുള്ളിൽ ജോലിചെയ്യുന്നതിനായി കാൺവിക്ട് വാർഡർമാരായും കാൺവിക്ട് ഓവർസിയർമാരായും മറ്റുദ്യോഗസ്ഥന്മാരായും ധാരാളം കിട്ടുന്ന. ഉദ്യോഗത്തിന്റെ തരംഅനുസരിച്ചു അവക്ക മാസം ഒന്നുക്ക പതിനാലു ചക്രം വീതം കണക്കാക്കി ഇനവും നൽകപ്പെടുന്ന. ഈ ഇക പുള്ളികുത്തുക്കഅവരെ വിട്ടയക്കുന്നകാലത്തു കൊടുക്കപ്പെടുന്ന. എന്റെ സ്നേഹിതൻ എന്നോടു പലചോദ്യങ്ങഠം ചോദിച്ചു. ഇപ്പോഠം ആവശ്യപ്പെടുന്ന ഇകയിൽ ശ്രദ്ധേയമ ഇനാത്തിനുമാത്രമല്ല ആഹാരപ്പടിയും ഇതിൽ ഉൾപ്പെട്ടിരിക്കുന്ന എന്നു അവസ്സാ മറുപടി പറയുംമുമ്പു ഞാൻ പറഞ്ഞിരിക്കേണ്ടതായിരുന്ന.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സപ്ലിമെന്ററി ഡിമാൻഡിൽ ആഹാരപ്പടിയെപ്പറ്റി യാതൊന്നും പറഞ്ഞിട്ടേ ഇല്ല. വിദ്യാഭ്യാസ ചീഫ്സെക്രട്ടറി ആ വിഷയത്തെപ്പറ്റി യാതൊന്നുമെ പറയാത്തതുകൊണ്ടു ഞാൻ വിശദമാക്കിയതു.

മി. കെ. നാരായണൻപണിക്കർ (അക്കിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ജയിലിൽനിന്നും ചെയ്തു തരമെവിൽ ക്ലൂടുതൽ അകൗലയുള്ള സ്ഥലത്തേയ്ക്കു പോകേണ്ടതായ ഓരോ തടവുകാരനും ദിവസം ഒന്നിനു പൈ ചക്രംവീതം കണക്കാക്കി ആഹാരപ്പടി കൊടുക്കേണ്ടതായുണ്ട്. ഡിമാൻഡിൽ ആഹാരപ്പടിയെപ്പറ്റി പറഞ്ഞിട്ടില്ലാത്തതു വാസ്തവത്തിൽ വിട്ടപോയതുകൊണ്ടാണ്. ഇകയിൽ ആഹാരപ്പടിയുംകൂടി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു ഫയലിലുണ്ടെന്നിനാണ് ഞാൻ മനസ്സിലാക്കിയതു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): ഇനമായി കൊടുക്കേണ്ട ഇക എത്രയെന്നും ആഹാരപ്പടിയായി കൊടുക്കേണ്ട ഇക എത്രയെന്നും കണക്കുമേടി തിരിച്ചറിയേണ്ടിയിരിക്കുന്ന.

മി. കെ. നാരായണൻപണിക്കർ (അക്കിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): നിശ്ചയമായ വിവരങ്ങഠം എന്റെ കൈവശം ഇല്ല. ഇനാത്തിനും ആഹാരപ്പടിക്കുംകൂടി മൊത്തം ൧൦൦ രൂപയാണെന്നു ജയിൽസൂപ്രണ്ട് ബോധിപ്പിച്ചിരിക്കുന്ന.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇനാം കൊടുക്കേണ്ടതായ തടവുകാരുടെ എണ്ണം എത്രയാണെന്ന എനിക്ക അറിയേണ്ടിയിരിക്കുന്ന.

മി. കെ. നാരായണൻപണിക്കർ (അക്കിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അൻപത്തിരണ്ട്.

കൺട്രാക്ടർമാരെ സംബന്ധിച്ചുകൊണ്ടുള്ള മറ്റൊരു കക്ഷ്യയിലുള്ള എന്റെ സ്നേഹിതൻ പറഞ്ഞ നിയമത്തിന്റെ സൂക്ഷ്മതത്വങ്ങളുടെ ന്യായയുക്തയെ ഞാൻ നിശ്ചയമായും സമ്മതിക്കുന്ന. എന്നാൽ കരുതൽതടവുകാരുടെ നിയന്ത്രണത്തിൽ അടങ്ങാത്തതായ കാരണങ്ങഠംകൊണ്ടു നഷ്ടംനേരിടുമ്പോഠം ഗവണ്മെൻറ സഹായിക്കുന്നില്ലെങ്കിൽ ആ കൺട്രാക്ടർമാർ നശിച്ചുപോകുമെന്ന ഗവണ്മെൻറിനു ബോദ്ധ്യംവന്നിട്ടുള്ള സംഗതികളിൽ വളരെ ചുരുക്കം കേസുകളിൽ ഗവൺമെൻറ ക്ലൂടുതൽ നിരക്ക അനുവദിക്കുന്ന പതിവുണ്ട്.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): കുത്തക കൊടുത്തതു ഏപ്പോൾ ആണെന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): കറൻറ്-ാമാണ്ടു അവസാനിക്കുമ്പോൾ.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): വെള്ളപ്പൊക്കത്തിനു മുമ്പോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതെ.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ആഹാരസാധനങ്ങൾക്കു വിലകൂടിയതു വെള്ളപ്പൊക്കം നിമിത്തമാണോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അങ്ങനെയാണ് റിപ്പോർട്ട്.

മി. എസ്. പിറവിപ്രഭാകരംപിള്ള (കച്ചവടവും വ്യവസായവും, തെക്കു): ഗവൺമെൻറ് വല്ല അന്വേഷണവും നടത്തിയോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ജെയിൽസൂപ്രണ്ടു മുഖാന്തിരം വിചാരണനടത്തി.

മി. എം. ശിവതാണുപിള്ള (തോവാള): കൂടുതൽനിരക്കു പ്രത്യേകിച്ചും അരിക്കു, ഈയ്യാണ്ടത്തെ നിരക്കിന്മേലോ അതല്ല ഊളമ്പാറആശുപത്രിയ്ക്കും ജനറൽആശുപത്രിയ്ക്കുമുള്ള കൺട്രാക്ടർമാർക്കു കൊടുത്തുവരുന്ന നിരക്കിന്മേലൊ, സ്ഥാപിച്ചിരിക്കുന്നതു?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു നിരക്കിന്മേലൊ മറേതെങ്കിലും സ്ഥാപനത്തിനുള്ള മട്ടേകളിന്മേലൊ അല്ല സ്ഥാപിച്ചിരിക്കുന്നതു്.

മി. എം. ശിവതാണുപിള്ള (തോവാള): ജയിൽസൂപ്രണ്ടു നടത്തിയ അന്വേഷണത്തെപ്പറ്റിയുള്ള റിക്കാർഡുകൾ നാടുണ്ടൻറ സമയം മേശപ്പുറത്തുവയ്ക്കുമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ജയിൽസൂപ്രണ്ടു ഏതിനെ അടിസ്ഥാനപ്പെടുത്തിയാണു റിപ്പോർട്ട് അയച്ചതു എന്നു പറയുന്നതിനു ചീഫ്സെക്രട്ടറിക്കു സാധിക്കുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അദ്ദേഹം ജില്ലാപര്യടനം കാലത്തുണ്ടായിരുന്ന കമ്പോളവിലയെ ആണ് അടിസ്ഥാനപ്പെടുത്തീട്ടുള്ളതു്.

മി. എസ്. പിറവിപ്രഭാകരംപിള്ള (കച്ചവടവും വ്യവസായവും, തെക്കു): മറവ് ഡിപ്പാർട്ടുമെൻറുകളിലെ കുത്തകക്കാർക്കു കൂടുതൽ നിരക്കുകൾ അനുവദിച്ചിട്ടുണ്ടോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): മറവ് ഡിപ്പാർട്ടുമെൻറുകളിൽ കുത്തകനിരക്കുതന്നെയും കൂടുതലായിരുന്നിരുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മേയസ്സാണ്ഡിപ്പാർട്ടുമെൻറിൽ കുത്തകക്കാർക്കു പുതുക്കിയ കൂടുതൽ മട്ടു കൊടുക്കപ്പെട്ടുവോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): എനിക്കു അറിഞ്ഞുകൂടാ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): രണ്ടാംക്ലാസും മൂന്നാംക്ലാസും തടവുകാർക്കു മാസം ഒന്നുക്കു മൂന്നു ചക്രംവീതം കൊടുക്കണമെന്നു ഫോറം 2-ാം ചട്ടത്തിൽ കാണുന്നു. അതിപ്രധാനമായ ചീഫ്സെക്രട്ടറിയുടെ ശ്രദ്ധയെ പതിപ്പിച്ചുകൊള്ളട്ടെ.

മിസ്റ്റർ കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഞാൻ പറയുന്നതു തടവുകാരായ വാർഡർമാരെപ്പറ്റിയാണ്. എൻറെ സ്നേഹിതൻ പറയുന്നതു പലതരത്തിൽപ്പെട്ട തടവുകാരെപ്പറ്റിയാണ്.—മൂന്നാംക്ലാസു തടവുകാരിൽനിന്നും തടവുകാർഎന്ന നിലയിൽതന്നെ കയറ്റം ചെയ്യപ്പെട്ട തടവുകാരായ ഉദ്യോഗസ്ഥന്മാരെപ്പറ്റിയാണു ഞാൻ പറയുന്നതു്.

ഈ ആണ്ടത്തെയ്ക്കു കൊടുത്തിട്ടുള്ള തഞ്ചാവു ജയിൽനിന്നും ഈ ജയിൽ ചെലവുചെയ്യപ്പെട്ടുപോയിരിക്കുന്നുഎന്നുകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു; കണക്കുകൂട്ടിയതിലും യാതൊരു തെറ്റും ഇല്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മുഴുവൻജയിലും തഞ്ചാവുവകയ്ക്കു അനുവദിച്ചിരുന്ന ജയിൽതിനിന്നും ചെലവുചെയ്യപ്പെട്ടുപോയോഎന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഇനാത്തിനും ആഹാരപ്പടിക്കും ഉള്ള ജയിൽ കൊടുത്തുപോയിരിക്കുന്നു—കൺട്രാക്ടർമാർക്കുള്ള കൂടുതൽ മട്ടുകൾ എന്തായാലും കാലത്തേക്കുള്ളതു കൊടുത്തിട്ടുണ്ടു. ആണ്ടിൽ ഒരുദ്യോഗത്തേയ്ക്കു കൊടുക്കേണ്ടതായും ഇരിക്കുന്നു.

റൂൾ 2-ാം ചട്ടത്തിൽ ഇങ്ങനെ പറയുന്നു:—

"സൂപ്രണ്ടിനു തൃപ്തികരമാംവണ്ണം തൻറെ ജോലികളെ ചെയ്യുന്ന ഓരോ തടവുകാരനായ വാർഡർക്കും മാസം ഒന്നുക്കു 4 ൽ ചക്രംവീതം ഇനാം കൊടുക്കേണ്ടതാണ്.....സമ്പാദിച്ചിട്ടുള്ള മൊത്തം ഇനാം ജയിലധികാരികൾ അനുസരിച്ചു അവനു അവകാശമുള്ള മറ്റു ശമ്പളത്തോടൊന്നിച്ചു തടവുകാരനെ വിട്ടയയ്ക്കുമ്പോൾ കൊടുക്കേണ്ടതാണു."

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു കൺവിക്ട ഉദ്യോഗസ്ഥന്മാർക്കുമാത്രമേ സംബന്ധിക്കുന്നുള്ളോ മറ്റു തടവുകാർക്കുകൂടി സംബന്ധിക്കുന്നുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അതു കാൺവിക്ട വാർഡർമാർക്കു മാത്രമേ സംബന്ധിക്കുന്നുള്ളു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): എത്ര തടവുകാരായ ഉദ്യോഗസ്ഥന്മാർ ഉണ്ടു?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): കൃത്യമായ കണക്കു എൻറെ കൈവശം ഇല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും–കോട്ടമങ്ങാട്ടം): ഈ എണ്ണത്തിൽ സത്യാഗ്രഹമടവുകാരും ഉൾപ്പെട്ടിട്ടുണ്ടോ?

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ് സെക്രട്ടറി): സത്യാഗ്രഹമടവുകാർ ചീഫ്കോടതിയുടെ തടവുകാർ അല്ലായിരുന്നു. അവരെ ഇനിയും കിട്ടുന്നതിനോ എന്നു എനിക്കു നിശ്ചയമില്ല.

റേട്ടുകളിൽ അല്പം കുറച്ചുകൊടുത്തു ഗവർണ്മെൻറ് സഹായിക്കാതിരുന്നാൽ ഗവർണ്മെൻറിൻെറ അഭിപ്രായത്തിൽ അവർക്കു വലുതായ നഷ്ടത്തിനു ഇടയായിത്തീരും എന്നും കൺട്രാക്ടർമാരുടെ കാര്യത്തിൽ അപൂർവമായിട്ടതന്നെയെങ്കിലും ഗവർണ്മെൻറ് കൂടുതൽ റേട്ടുകൾ കൊടുക്കുന്നുണ്ടു എന്നു ഞാൻ പറയാൻ ഭാവിക്കുകയായിരുന്നു; ന്യായത്തേയും സമത്വബോധത്തേയും കരുതി കൺട്രാക്ടർമാർക്കു ഗവർണ്മെൻറിൽനിന്നും ലഭിയ്ക്കുന്ന പ്രോത്സാഹനം ഉണ്ടായിരിക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. ഈ വിഷയത്തെ സംബന്ധിച്ചുള്ള നീതിയെ സംബന്ധിച്ചിടത്തോളം എതിർകക്ഷിയിൽ ഉള്ള എൻെറ സ്നേഹിതൻ സൂചിപ്പിച്ച പ്രായോഗികത്വത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. കൂടുതൽ റേട്ട് കൊടുക്കണം എന്നു യാതൊരു നിർബന്ധവും ഗവർണ്മെൻറിനു ഇല്ല. കൺട്രാക്ടർമാർക്കു അങ്ങനെ കൂടുതൽ റേട്ടുകൾ അവകാശപ്പെടാൻ അധികാരവും ഇല്ലെന്നു. ഞാൻ ഇപ്പോൾ പറഞ്ഞ നീതിതത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് അപൂർവം ചില സംഗതികളിൽ ഗവർണ്മെൻറ് കൂടുതൽ നിരക്കു അനുവദിച്ചിട്ടുള്ളത്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഇനാം കൊടുക്കുന്നതിനായി ൪൦൦ രൂപയുള്ളതായ ഒരു ഇനവും കൺട്രാക്ടർമാർക്കു കൂടുതൽ റേട്ട്കൊടുക്കുന്നതിനു ൪൫൦൦ രൂപ ഉള്ളതായ വേറെ ഒരു ഇനവും ആയി ഇങ്ങനെ ഡിമാൻഡിനെ രണ്ടു ഇനമായി പിരിക്കണം എന്നു പ്രൈസിഡൻറിനോടു ഞാൻ അപേക്ഷിക്കുന്നു.

പ്രൈസിഡൻറ്: അതെ, ഇനാത്തിനും ആഹാരപടിക്കുകൂടി കൊടുക്കുന്നതിനു വേണ്ടിവരുന്ന ഏകദേശം ൪൦൦ രൂപയെപ്പറ്റി സഭയുടെ അനുകൂലപ്രതികൂലഭാവം അറിയേണ്ടിയിരിക്കുന്നു.

ഡിമാൻഡിനു സഭയുടെ അനുകൂലപ്രതികൂലം നിശ്ചയിച്ചു അനുവദിക്കപ്പെട്ടു.

പണം അനുവദിച്ചു കൊടുക്കപ്പെട്ടു.

സെൻട്രൽ പ്രിസണിലേക്കു ആഹാരസാധനങ്ങൾ ഏർപ്പെടുത്തിച്ചു കൺട്രാക്ടർമാർക്കു കൂടുതൽ റേട്ട് കൊടുക്കേണ്ടതിനായിട്ടു ൫,൪൦൦ രൂപയ്ക്കുള്ള ഡിമാൻഡിനെക്കുറിച്ചു സഭയുടെ അനുകൂലപ്രതികൂലഭാവം നോക്കിയതിൽ അതു അനുവദിക്കപ്പെട്ടില്ല. ഹാജർ അനുകൂലിച്ചും ൨൨ പേർ പ്രതികൂലിച്ചും അഭിപ്രായപ്പെട്ടു.

മി. കെ. ജോർജ്ജ് (ഗവർണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): സർ, പേരുകൾ പറയണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

പേർ എടുത്തതിൽ താഴെ പറയുന്ന ഫലം കിട്ടി.

സമ്മതിച്ചവർ.

൧.	മിസ്റ്റർ ഐ. സി. ചാക്കോ	൧൧	മിസ്റ്റർ എൻ. നീലകണ്ഠപിള്ള
൨.	,, ആർ. ധനക്കോടിപിള്ള	൧൨	,, ടി. പി. രാമസുബ്ബയ്യർ
൩.	,, കെ. ജോർജ്ജ്	൧൩	റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ
൪.	,, എസ്. ജ്ഞാനജോഷ്വാ	൧൪	മിസ്റ്റർ എസ്. സി. എച്ച്. റാബിൻസൺ
൫.	ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൧൫	,, ജെ. സ്റ്റീഫൻസൺ
൬.	മിസ്റ്റർ കെ. നാരായണൻപണിക്കർ	൧൬	,, എസ്. സുബ്രഹ്മണ്യഅയ്യർ
൭.	,, കെ. വി. നടേശയ്യർ	൧൭	,, എം. സുബ്രഹ്മണ്യപിള്ള
൮.	,, കല്ലാലം പരമേശ്വരൻപിള്ള	൧൮	,, വി. സുബ്ബയ്യർ
൯.	,, ഡബ്ലിയു. എച്ച്. പിട്	൧൯	,, എ. ജെ. വാൻറൊസ്
൧൦.	മിസ്സസ് എം. പുന്നൻ മുക്കോസു		

പ്രതികൂലിച്ചവർ.

൧	മിസ്റ്റർ വി. ഹബീബ് മഹമ്മദ്	൧൨	മിസ്റ്റർ പി. കെ. നാരായണപിള്ള
൨	,, എ. ജെ. ജോൺ	൧൩	,, കെ. പി. നീലകണ്ഠപിള്ള
൩	,, കെ. ഐ. ജോസഫ്	൧൪	,, എം. എൻ. പിള്ള
൪	,, സി. കേരളവർമ്മ കോയിത്തമ്പുരാൻ	൧൫	,, ആർ. പത്മനാഭൻ
൫	,, സി. പി. കൊച്ചുകുഞ്ഞുപിള്ള	൧൬	,, ജി. പരമേശ്വരൻപിള്ള
൬	,, എ. കെ. പിള്ള	൧൭	,, ചങ്ങനാശ്ശേരി കെ പരമേശ്വരൻപിള്ള
൭	,, എൻ. കുമാരൻ	൧൮	,, ജി. രാമൻതമ്പുരാൻ
൮	,, ടി. കുമാരപിള്ള	൧൯	,, കെ. ശിവരാമപണിക്കർ
൯	,, തരിയത്തു കുഞ്ഞിക്കാമ്മൻ	൨൦	,, എം. ശിവതാണുപിള്ള
൧൦	,, കെ. മാധവൻപിള്ള	൨൧	,, സി. പി. തരകൻ
൧൧	,, കല്ലൂർ നാരായണപിള്ള	൨൨	,, കെ. കെ. താമസ്

പ്രമേയം തള്ളപ്പെട്ടതായി പ്രസ്താവിച്ചു.

ഡിമാണ്ഡ് XXII. പലവക.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ബ്രിട്ടിഷ് സാമ്രാജ്യപ്രദർശനം സംബന്ധിച്ചുള്ള കൂടുതൽ ചെലവുവകയ്ക്കു ഡിമാൻഡ് XXII. പലവക എന്ന ഇനത്തിൽ ൨൫,൫൨൫ രൂപയിൽകവിയാത്ത ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ കൂടുതൽ ചെലവിൽ മുന്നോ നാലോ പ്രത്യേകമായ ഇനങ്ങളാ അടങ്ങിയിരിക്കുന്നു. അതിൽ ദൃഷ്ടാന്തവും പ്രദർശനസാമഗ്രഹങ്ങളും വിറ്റവകയിൽ പിരിഞ്ഞപണത്തിൽനിന്നു ചെലവുചെയ്യപ്പെട്ടുപോയ തുകയാകുന്നു. ഇതു ൨൫,൦൫൪ രൂപയാണ്.

ആദ്യത്തെ ഇനം ആയി എടുത്തിരുന്ന ലക്ഷം രൂപ എന്നുള്ളത് തിരികെവന്നിരിക്കുന്ന പ്രദർശനസാമാനങ്ങളെ തിരിച്ചു അയച്ചുകൊടുക്കുന്നതിനുള്ള ക്ലെയിമും മറ്റുചെലവുകളും കൊച്ചിയുടെയുമുഖത്തേക്ക് കൊടുക്കേണ്ടുന്ന നികുതികളുംകൂടിയാകുന്നു. ഇവ മെസഴ്സു പീയർസ്സ്പെസ്സ്ലികമ്പനിക്കാക്ക കൊടുത്തു തീർക്കേണ്ടതായിരിക്കുന്നു. പിന്നെ പ്രദർശനകമ്മിറ്റിയിലെ അനുദ്യോഗസ്ഥമെംബർമാരുടെ സഞ്ചാരച്ചെലവിലും കൊടുത്തുതീർക്കേണ്ടതായി വുൻ രൂപ ൪ ചക്രം എന്ന ഒരു ചെറിയ ഇനവും ഇതുകൂടാതെ ബണ്ഡാരിൽ ചാണ്ടിയ പ്രദർശനത്തിന്റെ ഫായാചില്ലുകളിൽ ഒരു പൂണ്ണമായ കൂട്ടത്തിനു കൊടുത്ത ചവുക്കതീരുവവകയിൽ ൪൦൦ രൂപാ ൯ ചക്രം ക്ലർക്കാ എന്ന ഒരു ചെറിയ ഇനവുംകൂടിയുണ്ട് —സ്വാമിൻ, ഇപ്രകാരം ഈ നാലു ഇനങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു ൨൪,൦൦൪ രൂപയുടെ ഒന്നാമതായ ഇനം ആണെന്നു നിങ്ങൾക്കു കാണാവുന്നതാണു. ഞാൻ വെംബ്ലിക്കുപോയപ്പോൾ ഗവൺമെൻറു എനിൻ ആധിനത്തിൽ ഏതാണ്ടം പണംതന്നുഎന്നും അതു ചെലവിനു മതിയായില്ലഎന്നുകണ്ടു എന്നും സഭയുടെ അറിവിനായി ഞാൻ പറഞ്ഞുകൊള്ളട്ടെ; ഗവണ്മെൻറിന്റെ അനുവാദത്തോടുകൂടി പ്രദർശനസാമാനങ്ങൾ വിറ്റവകയിൽ കിട്ടിയപണത്തിൽ ഒരു ഭാഗം ഞാൻ ചെലവിനു ഉപയോഗപ്പെടുത്തി. ഇപ്പോൾ ആവശ്യപ്പെട്ടുന്ന കൂട്ടത്തിൽ ഗ്രാൻറുകണക്കുകൾ ശരിപ്പെടുത്തുന്നതിനു മാത്രം ആകുന്നു. പിരിവിൽനിന്നും ചെലവു നടത്തികഴിഞ്ഞിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): പ്രദർശനച്ചെലവിലേക്കായി സഭ അനുവദിച്ചുതുക എന്താണെന്ന് ഡാക്ടർ കുഞ്ഞൻപിള്ളയിൽനിന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) എന്റെ കൈവശം ഇപ്പോൾ കണക്കുകൾ ഇരുപ്പുണ്ടുള്ളതിൽ ഞാൻ വ്യസനിക്കുന്നു—എന്റെ ഓർമ്മ ശരിയാണെന്നുവരുകിൽ ക്ലർക്കുമാരെ ആദ്യമായി അനുവദിച്ച തുക ൪൦,൦൦൦ രൂപയായിരുന്നു. അതിൽപിന്നീടു ഞാൻ വെംബ്ലിയിൽ ഇരുന്നപ്പോൾ ഏകദേശം ൩൫,൦൦൦ രൂപ സപ്ലിമെൻററി ഗ്രാൻറായി അനുവദിച്ചുഎന്നതോന്നുന്നു. പ്രദർശനം സംബന്ധിച്ചു ഞാൻ വെംബ്ലിയിൽ നടത്തിയ വാസ്തവമായ ചെലവുകളുടെ ശരിയായ തുക പറയുന്നതിനു എനിക്കുകഴിയും.

ഇപ്പോൾ ചോദിക്കപ്പെട്ടതുക ഞാൻ പറഞ്ഞതുപോലെ കണക്കുകൾ ശരിപ്പെടുത്തുന്നതിനുമാത്രം ആകുന്നു. ഈ കൂട്ടത്തിൽ തുക അനുവദിക്കുന്നതായാൽ പ്രദർശനസാമാനങ്ങൾ വിറ്റവകയിൽ പിരിഞ്ഞുകിട്ടിയ ഏകദേശം ൩൦,൦൦൦ രൂപ വരവുവശത്തിൽ മുതലെടുപ്പായികാണും. അതുകൊണ്ടു ആവശ്യപ്പെട്ടുന്ന കൂട്ടത്തിൽ തുകയും തട്ടിക്കഴിച്ചു പിരിഞ്ഞുകിട്ടിയ തുക ഉണ്ടെന്നു കാണുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബ്രിട്ടീഷ്സാമ്രാജ്യപ്രദർശനംസംബന്ധിച്ചുള്ള മുഴുവൻ കണക്കുകളും അദ്ദേഹം ഫിനപ്പിച്ചുകഴിഞ്ഞുവൊ എന്നു ഡാക്ടർ കുഞ്ഞൻപിള്ളയിൽനിന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതെ, സർ, ഞാൻ അയച്ചുകഴിഞ്ഞു എന്നാൽ ആ കണക്കുകളെ ഇപ്പോൾ അക്കൌണ്ടാഫീസർ ആഡിട്ടുചെയ്യുകയാണ്. ആഡിട്ടു പൂർത്തിയായിട്ടില്ലഎന്നു തോന്നുന്നു. ആഡിറിംഗ് പൂർത്തിയാകുന്നതിനു ഇനിയും കുറെ സമയംവേണ്ടിവരും; എന്നെ സംബന്ധിച്ചിടത്തോളം ഞാൻ കണക്കുകൾ അയച്ചുകഴിഞ്ഞിരിക്കുന്നു.

സർ, കണക്കുകളെപ്പറ്റിയുള്ള ഈ പ്രശ്നം ഉദിപ്പിച്ചിരിക്കുന്ന സ്ഥിതിക്കു തിരുവിതാംകോട്ടുഗവണ്മെൻറു പ്രദർശനത്തിൽ പങ്കുകൊണ്ടതുനിമിത്തം എന്തു ചെലവു് ഉണ്ടായിട്ടുണ്ടെന്നും ചെലവായ മൊത്തം തുകഎത്രയെന്നും പിരിഞ്ഞുകിട്ടിയതുക എത്രയെന്നും ഞാൻ ചുരുക്കത്തിൽ വിവരിച്ചുപറയുന്നതു നന്നായിരിക്കും. ഞാൻ പറഞ്ഞതുപോലെ എന്റെ കണക്കുകൾ അക്കൌണ്ടാഫീസർ ആഡിട്ടുചെയ്തുവരുന്നതേയുള്ളുഎന്നുള്ളതിനാൽ അവസാനമായ തുക അറിഞ്ഞിട്ടില്ല. എന്നാൽ സഭയുടെ അറിവിനായി എന്റെ തുകകളെ ഞാൻ പറയാം. അവ ഏറ്റക്കുറെ ശരിയായിട്ടുള്ളതായിരിക്കും. ക്ലർക്കുമാരുടെ അവസാനംവരെ പ്രദർശനസാമാനങ്ങൾ വാങ്ങുന്നതിനും ഉണ്ടാക്കുന്നതിനും അവരെ ഇന്ത്യയിലേക്കു തിരിച്ചയക്കുന്നതിനും പ്രദർശനം സംബന്ധിച്ചു മറ്റനേകം ചിലവുകൾക്കും ആയി ൩൫,൫൩൩ രൂപയോളം ചെലവായിട്ടുണ്ടു. ഈ തുകയിൽ എനിക്കുള്ള ഡെപ്യൂട്ടേഷൻ അലവൻസും എന്നെഇംഗ്ലണ്ടിലേക്കു അയച്ചതുനിമിത്തം എനിക്കുപകരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥനുള്ള ആക്ടിംഗ് അലവൻസും ഉൾപ്പെടുന്നു. വെംബ്ലിയിൽ പലകാര്യങ്ങൾക്കായി, അതായതു പ്രദർശനസ്ഥലത്തിനുള്ള പെട്ടി മുതലായവ വാങ്ങുക, സിൽബന്ധിച്ചെലവു, എന്റെ ആഹാരച്ചെലവു മുതലായവകയായി എന്റെ കണക്കിൻപ്രകാരം മൊത്തം ഏറ്റക്കുറെ ൮,൫൦൦ പവൻ ചെലവായിട്ടുണ്ടു. ഇതിനെ പ്രദർശനം അവസാനിപ്പിച്ച കാലത്തു നടപ്പിൽഇരുന്ന വിനിമയ നിരക്കു അനുസരിച്ചു രൂപയായ് കണക്കാക്കുന്നതായാൽ, അതു പവൻ ഒന്നുക്കു ഏകദേശം ൧൫ രൂപ വച്ചു അണം ആയിരുന്നുഎന്നു തോന്നുന്നു. ൮൫൦ പവനിനു ഇൻഡ്യൻ നാണയത്തിലായാലും തിരുവിതാംകോട്ടു നാണയത്തിൽ ആയാലും ഏകദേശം ൧൩,൫൭൫ രൂപയാകുന്നു. ഇപ്രകാരം പ്രദർശനസംബന്ധിച്ചു തിരുവിതാംകോട്ടിലും വെംബ്ലിയിലുംകൂടി ചെലവായതു ഏകദേശം ൧൫,൯൨൦ രൂപയായിരുന്നു.

സ്വാമിൻ, മേൽപറഞ്ഞ തുകയിൽ തിരുവനന്തപുരത്തു നടത്തിയ പ്രാരംഭപ്രദർശനത്തിനുള്ള ചെലവു ഉൾപ്പെട്ടുന്നില്ല എന്നുഞാൻ ഖണ്ഡിക്കാണിച്ചുകൊള്ളട്ടെ. ആ പ്രദർശനത്തിനുമാത്രം ഏകദേശം ൫൦,൦൦൦ രൂപാ ചെലവാക്കേണ്ടിവന്നു. എന്നാൽ കരുവുകളും മറ്റുസാമാനങ്ങളും വിറ്റവകയിൽ നമുക്കു ഏകദേശം ൩൦൦൦ രൂപാ കിട്ടി. പ്രദർശനത്തിനുള്ള വരവുനീക്കി ചെലവു ഇപ്രകാരം ഏകദേശം ൪൭,൦൦൦ രൂപാ ആയിരുന്നു.

സ്വാമിൻ, ബ്രിട്ടീഷ്സാമ്രാജ്യ പ്രദർശനംസംബന്ധിച്ചുള്ള മൊത്തം ൩൫,൦൦൦ രൂപാ ചെലവിൽ പ്രദർശനസാമാനങ്ങൾ വിറ്റവകയിലും മറ്റുപ്രദർശകന്മാക്ക് സ്ഥലംവാടകക്കുകൊടുത്തവകയിലും ആയി ഏകദേശം ൨൫൩൫ പവൻ അല്ലെങ്കിൽ പവൻ ഒന്നിനു കണക്കു രൂപാ ൧൫ അണ വീതം വിലക്കു ഏറ്റക്കുറെ ൩൮,൦൦൦ രൂപ കിട്ടി. ഇപ്രകാരം മൊത്തം ചെലവിൽനിന്നും വരവിനെ കുറയ്ക്കുന്നതായാൽ ബാക്കിയുള്ള പിരിവ്നീക്കി ചെലവ് ഏകദേശം ൩൫,൦൦൦ രൂപയാകുന്നു. ഇതിനോടുകൂടി കമ്മേഴ്സ് പീയേർസ്സു

രമസ്യകമ്പനിക്കാക്ക് കൊടുക്കാൻ ഏകദേശം ക ൦ ൦ ൦ രൂപ കൂടി ചേർക്കേണ്ടതായുണ്ട്. നാം ഫ ൦ ൦ ൦ രൂപയ്ക്കു വ്യവസ്ഥചെയ്തിട്ടുണ്ട് എന്നുവരികിലും ആ തുകയും വേണ്ടിവരുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഫ ൦ ൦ ൦ രൂപ വേണ്ടിവരുമെന്നു നിശ്ചയിച്ചപ്പോൾ തിരികെ കൊണ്ടുവരപ്പെടുന്ന പ്രദർശനസാമാനങ്ങൾക്കും ചവുക്കതീരുവകൊടുക്കേണ്ടിവന്നേക്കുമെന്നുള്ള ഭയം ഉണ്ടായിരുന്നു. ചവുക്കതീരുവ ഇപ്പോൾ ഇളവുചെയ്യപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ പ്രദർശനംസംബന്ധിച്ചുള്ള മൊത്തംചെലവുനീക്കി ചെലവു ഏകദേശം നു ൦ ൦ ൦ രൂപയായിരിക്കും. തിരുവിതാംകോട്ട ഗവൺമെൻറു ഈ പ്രദർശനത്തിൽ പങ്കുകൊള്ളാൻ നിശ്ചയിച്ചകാലത്തു് അവർ ൪൦൦രൂപവരെ ചെലവാക്കാൻ തയാറായിരുന്നു എന്നുകൂടി സഭയെ ഞാൻ അറിയിച്ചുകൊള്ളുന്നു. ടിവാൻജി യും ഇൻഡ്യക്കുള്ള പ്രദർശനകമ്മിഷണരും സന്നിഹിതരായിരുന്നതായ തിരുവനന്തപുരത്തുവച്ചു നടന്ന പ്രദർശനകമ്മറിയുടെ ഔദ്യോഗത്തിൽ ചെലവു ഏകദേശം ഒരുലക്ഷം രൂപയോളം ആകുമെന്നു നിശ്ചയിക്കപ്പെട്ടു. പ്രദർശനസാമാനങ്ങൾ വിൽക്കുന്നതിനാലും പ്രദർശനത്തിൽനിന്നും വരുന്നലാഭത്തിൻെറ പങ്കുകൂടി ഏകദേശം ൪൦,൦൦൦ രൂപതിരിച്ചുകിട്ടാവുന്നതാണെന്നും വിചാരിക്കപ്പെട്ടിരുന്നു. ചെലവുനിശ്ചയിച്ചതുകയിൽ നിന്നും കുറവാണെന്നും എന്നാൽ വരവിനെപ്പറ്റിയുള്ള പ്രതീക്ഷണംപൂർണ്ണമായും സാധിച്ചിട്ടില്ലഎന്നും ഞാൻതന്നെ ഇതുകളിൽനിന്നും നിങ്ങൾക്കുകാണാവുന്നതാണു്. അതിനു കാരണങ്ങളും ഉണ്ടു. ഒന്നാമതായി തന്നെ ഇതുനിശ്ചയിച്ചതു ഏതെങ്കിലും ക്രിയമായ അറിവുകളെ അടിസ്ഥാനപ്പെടുത്തിയല്ലായിരുന്നു. വരവായി നമുക്കു ഏകദേശം ൪൦,൦൦൦ രൂപയോളം കിട്ടാവുന്നതാണെന്ന ഏറക്കുറെ ഒരൂഹം മാത്രമായിരുന്നു. നമുക്കു വിൽക്കാൻസാധിക്കുന്ന പ്രദർശനസാമാനങ്ങളുടെ വിലയിൽകൂടാതെ പ്രദർശനത്തിൻെറ പൊളപ്പിൽ നമുക്കും ഒരുപങ്കുകിട്ടും എന്നുള്ള ഒരാശയം അതിൽ സംബന്ധപ്പെട്ടവർക്കെല്ലാം ഉണ്ടായിരുന്നു. പ്രദർശനത്തിൻെറ കണക്കുകളെ നിങ്ങൾ സൂക്ഷ്മമായി ഇടൻതോക്കിയിരുന്നാൽ സ്വയം വെടിപ്പാക്കുന്നതിനും കെട്ടിടങ്ങൾ കെട്ടുന്നതിനും മറ്റു ഏർപ്പാടുകൾ എല്ലാംനടത്തുന്നതിനും ആയി കസൻട്രൽബോർഡു ആഫ് മാനേജ്മെൻറിനു പ്രാരംഭമായി നു൫,൦൦,൦൦൦ പവൻ ചെലവാക്കേണ്ടിവന്നു എന്നു നിങ്ങൾക്കുകാണാവുന്നതാണു്. ഇതു കാനഡാ, ആസ്ത്രേലിയ, ഇൻഡ്യ ഇത്യാദി സാമ്രാജ്യാംഗ രാജ്യങ്ങൾക്കുള്ള ചെലവുകളെ ഒഴിച്ചുള്ളതുകയാണു്, അവ ഓരോന്നും സെൻട്രൽ ബോർഡു ചെലവാക്കിയതുകൂടാതെ ൫,൦൦,൦൦൦ പവനിനു മേൽ ൩,൦൦,൦൦൦ പവനെങ്കിലും ചെലവാക്കേണ്ടിവന്നു. സെൻട്രൽബോർഡുചെലവാക്കിയ നു൫,൦൦,൦൦൦ പവൻ തുകയിൽ അവക്കു ൫,൦൦൦,൦൦൦ പവൻ മാത്രമെ തിരിച്ചുകിട്ടാൻ ഇടയായുള്ളു. തന്നിമിത്തം അവക്കു കഴിഞ്ഞോണവസാനത്തിൽ ഫ൭,൦൦,൦൦൦ പവൻ വരവിൽകവിഞ്ഞചെലവു ഉണ്ടായിരുന്നു. അധികാരികൾ വിചാരിച്ചതുപോലെ കാണികൾ കുറെക്കൂടി അധികം വന്നിരുന്നു എങ്കിൽ, അവർ മൂന്നുകോടി ആളുകൾവരുമെന്നു പ്രതീക്ഷിച്ചിരുന്നതിൽ വാസ്തവത്തിൽ ഒരുകോടി എൺപതുലക്ഷം ആളുകളെവന്നുള്ളു, അവക്കു കുറേക്കൂടിപണം വസൂൽചെയ്യുന്നതിനും തദ്ദ്വാരാ ലാഭംകിട്ടുന്നതിനും ഇടയാകുമായിരുന്നു. ഏതെങ്കിലും ലാഭമുണ്ടെങ്കിൽ അതിനെ പങ്കുകൊണ്ടു രാജ്യങ്ങൾക്കെല്ലാം സമമായി വീതിച്ചുകൊടുക്കണമെന്നായിരുന്നു ഉദ്ദേശിച്ചിരുന്നതു എന്നതോന്നുന്നു. എന്നാൽ ബോർഡിനു നഷ്ടംവന്നതുനിമിത്തം പങ്കുകൊണ്ടരാജ്യങ്ങൾക്കെല്ലാം ലാഭം കിട്ടാതേയുംആയി. പ്രതീക്ഷിച്ചിരുന്നതുപോലെ ലാഭത്തിൽ ഒരുപങ്കെങ്കിലും കിട്ടിയിരുന്നിരുന്നാൽ നമ്മുടെവരവുകമ്മിറിപ്രതീക്ഷിച്ചതായ ൪൦,൦൦൦ രൂപയോളം എത്തിയിരുന്നേനെ എന്നാൽ ഇപ്പോൾഇതിരിക്കുന്നതിലേക്കു നാം നു൦,൦൦൦ രൂപ വസൂൽചെയ്യുകയും ൯൫,൦൦൦ രൂപചെലവാക്കുകയും ചെയ്തു. അതിനാൽ നമ്മുടെ വരവുനീക്കിചെലവു നു൫,൦൦൦ രൂപയേളം ആകുന്നുണ്ടു. മൈസൂർ, കാശ്മീരം, ജയപുരം മുതലായ, മറ്റു ഇൻഡ്യൻസംസ്ഥാനങ്ങളും തിരുവിതാംകോട്ടിനൊപ്പം സ്ഥലം എടുത്തിരുന്നു എന്നുഞാൻസന്തോഷത്തോടെ അറിയിച്ചുകൊള്ളുന്നു. ഈ ഓരോസംസ്ഥാനങ്ങളും വാസ്തവത്തിൽ എത്ര ചെലവാക്കിഎന്നുള്ളതിനു എൻറെകൈവശം കണക്കുകൾ ഇല്ല. എന്നാൽ ഈ സംസ്ഥാനങ്ങളുടെ പ്രതിനിധികളുമായി സംസാരിച്ചതിൽനിന്നും അവരുടെചെലവു നമ്മുടെ വരവുനീക്കിചെലവായ നു൫,൦൦൦ രൂപയെക്കാൾയാതൊരുപ്രകാരത്തിലും കുറഞ്ഞിട്ടുള്ളതല്ല. ഉണ്ടെങ്കിൽ കൂടുതലെയുള്ളു. എന്നാണു എനിക്കുവിശ്വസിക്കാൻഇടയായിട്ടുള്ളതു. തിരുവിതാംകോട്ടസംസ്ഥാനം പ്രദർശനത്തിൽ പങ്കുകൊണ്ടു പോരുന്നലാഭം ഉണ്ടാകുന്നതിനല്ല. അവക്കുള്ള ചരക്കുകളെ പരസ്യപ്പെടുത്തി അറിയിക്കുന്നതിനായിട്ടാണെന്നും ചെലവുകളെയൊ ചരക്കുകളുടെവിൽപനയേയോ മറ്റേതുവിഷയത്തിലുമൊ ഇൻഡ്യൻ അരമനയിലുള്ള മറ്റുവിഭാഗങ്ങളെക്കാൾ തിരുവിതാംകോട്ടസംസ്ഥാനം ദോഷപ്പെട്ടിരുന്നില്ലഎന്നും കൂടി ഞാൻ പറഞ്ഞുകൊള്ളുന്നു. അതുകൊണ്ടു ഈ കാര്യസ്ഥിതികളെ ഗണിച്ചും ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന കൂടുതൽഗ്രാൻറു വേണ്ടുകയെ പിരിഞ്ഞതുകൊണ്ടുനികുത്തപ്പെട്ടതിൽപിന്നീടും പിരിവിൽ കൂടുതൽഉണ്ടു. എന്നുള്ളവസ്തുതയെ ഗണിച്ചും സഭ ഇൗഡിമാൻറിനെ അനുവദിക്കുന്നതിനു മാർഗം കാണുമെന്നു ഞാൻവിശ്വസിക്കുന്നു.

ടി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര) : വരവുനീക്കി ചെലവു നു൫,൦൦൦ രൂപയാണെന്നു പറയപ്പെട്ടു. ഗവൺമെൻറു രണ്ടുതവണയായി ൪൦,൦൦൦ രൂപയും കൂടുതലായി നു൫,൦൦൦രൂപയും അനുവദിച്ചുഎന്നു പറയപ്പെട്ടു. അപ്പോഴും ഇപ്പോൾ ഇനിയും ഫ൩,൦൦൦ രൂപചോദിക്കുന്നതെങ്ങനെ

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ):മൊത്തംചെലവ് ൯൫,൦൦൦ രൂപയാകുന്നു.

ടി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര) : അതേ, മൊത്തം ചെലവു ൯൫,൦൦൦ രൂപതന്നെ; ഞങ്ങൾ ൫൫,൦൦൦ രൂപ അനുവദിച്ചുകഴിഞ്ഞിരിക്കുന്നു. കൂടുതൽ ചെലവിനു ആവശ്യപ്പെട്ടിരിക്കുന്നതു ൩൩,൦൦൦ രൂപയ്ക്കു അണ്ടു്. ഫ൩,൦൦൦ രൂപയ്ക്കു അല്ല.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ വെംബ്ലിക്കു പോയപ്പോൾ ഗവർമെണ്ടു് എൻെറ അധീനത്തിലെ ൫,൦൦൦ പവൻ തന്നു; അതിൽപിന്നീടു അവർ ൫൫൦൦ പവൻ കൂടുതലായി തന്നു. ഇങ്ങനെ പ്രദർശനസംബന്ധിച്ചു ചെലവിനായി എൻെറ അധീനത്തിൽ ഇരുന്ന

മൊത്തം തുക ക,വ൪ ചവൽന്നായിരുന്നു. ബാങ്കിൽനിന്നു പണംവാങ്ങിക്കുന്നതിനെ കുറയ്ക്കുന്നതിനായി വസൂൽചെയ്ത തുകയെ ചിലവിനായി ഉപയോഗിച്ചുകൊള്ളുന്നതിനു എനിക്കു മുൻകൂട്ടി ഗവർണ്മെൻറിൻറെ അനുമതി ലഭിച്ചിരുന്നു. അതനുസരിച്ചു ഞാൻ ചെയ്തു. എൻറെ ആധീനത്തിൽ വിട്ടിരുന്ന ക,വ൪ചവിൽ ഞാൻ വാസ്തവത്തിൽ ക,സ൦ ചവനെ വാങ്ങിച്ചുള്ളു. ശേഷം ൪൪൦ ചവൻ ചെലവുകൊടുത്തെ ഗവർണ്മെൻറിനു ഒഴുങ്ങിപ്പോയി. ഇതിൽ കൂട്ടുതലായി വേണ്ടിവന്ന ചെലവു വസൂൽചെയ്ത തുകയിൽനിന്നും എടുത്തു നടത്തി. ഈ ചെലവിനെ തരിപ്പെടുത്തുന്നതിനായിട്ടാകുന്നു കൂട്ടുതൽ തുക ഞങ്ങൾ ഇപ്പോൾ ചോദിക്കുന്നതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറിൻകര): സർ, ഇപ്പോൾ ഡാക്ടർ കുഞ്ഞൻപിള്ള ൨സ,൦൦൦-ൽ ചിലാനും രൂപ കൂട്ടുതൽ വേണമെന്നു ആവശ്യപ്പെട്ടിരിക്കുന്നതു എന്തിനായിട്ടാണെന്നു പരിശോധിച്ചു മനസ്സിലാക്കുവാൻ എനിക്കു കഴിയുന്നില്ല—കണക്കുകൾ അവസാനമായി ആഡിറുചെയ്യപ്പെട്ടിട്ടുമില്ല—ഡാക്ടർ കുഞ്ഞൻപിള്ള പറഞ്ഞതിൽനിന്നു മൊത്തം ൯൪,൦൦൦ രൂപയ്ക്കുമേൽ ചിലവുള്ളതായി കാണപ്പെടുന്നു. സഭ വ്യ,൦൦൦ രൂപയ്ക്കുമേൽ കൊടുത്തുകഴിഞ്ഞുംഇരിക്കുന്നു. അങ്ങനെ വല്ലതും വേണമെങ്കിൽതന്നെയും അല്പം കൂടി ൫൭,൦൦൦ രൂപ ചോദിക്കുന്നതു നീതികരിക്കത്തക്കതായിരിക്കും.

ഡാക്ടർ എൻ, കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): പ്രാരംഭപ്രവർത്തനത്തിനു നാം ചെലവാക്കിയ ക൦,൦൦൦ രൂപ ഈ ൯൫,൦൦൦ രൂപ എന്ന തുകയിൽ ഉൾപ്പെട്ടിട്ടില്ലെന്നും എന്നാൽ സഭ അനുവദിച്ച വ്യ,൦൦൦ രൂപയിൽ ആ തുക ഉൾപ്പെട്ടിട്ടുണ്ടെന്നും ഞാൻ ചൂണ്ടികാണിച്ചുകൊള്ളട്ടെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ ക൦,൦൦൦ രൂപയിൽ ഡയറക്ടർ ൫,൦൦൦ രൂപ വസൂൽചെയ്തിട്ടില്ലേ?

ഡാക്ടർ എൻ, കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഉണ്ടു്. ആ തുക പിരിവായി കണക്കിൽ വരവുവച്ചിട്ടുണ്ടു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറിൻകര): സർ, ഈ വിഷയം കൂട്ടുതൽ അന്വേഷണം ആവശ്യപ്പെടുന്ന ഒന്നാണെന്നു എനിക്കു തോന്നുന്നു—കൈനാൻസു കമ്മിറ്റി ഇനിയും കൂടാൻപോകുന്നതുള്ളു—ഈ വിഷയത്തു ഫിനാൻസുകമ്മിറ്റി സൂക്ഷ്മമായി പരിശോധിക്കുന്നതുവരെ ഈ ഡിമാൻഡിനെ തൽക്കാലത്തേക്കു മാറ്റിവയ്ക്കുന്നതുകൊണ്ടു യാതൊരു നഷ്ടവും വരുന്നില്ല. ഫിനാൻസുകമ്മിറ്റിയുടെ അറിവുകൂടാതെ പണം ചെലവാക്കുകയും ആ വിഷയത്തെ ഫിനാൻസുകമ്മിറ്റി സൂക്ഷ്മമായി പരിശോധിക്കുന്നതിനു ഇടകൊടുക്കാതെ നോക്കെ സഭയിൽ ചെന്നു ചെലവിനു പണം ആവശ്യപ്പെടുകയും ചെയ്യുന്നതായ ഗവർണ്മെൻറിൻറെ നയത്തെ യാതൊരുവിധത്തിൽ ഞാൻ ആക്ഷേപിക്കുന്നു. ഈ കാര്യത്തിൽആകട്ടെ സഭ മകരത്തിൽ പിരിച്ചുവയ്ക്കപ്പെട്ടപ്പോയതിനാൽ ഫിനാൻസുകമ്മിറ്റിയുമായി ആലോചിക്കുന്നതിനു കഴിവുണ്ടായിരുന്നില്ല. എന്നിരുന്നാലും ആണ്ടു അവസാനിക്കുകയും കണക്കുകൾ അവസാനമായി ആഡിറുചെയ്യപ്പെടുകയും ചെയ്തിട്ടില്ലാത്തസ്ഥിതിക്കു മറ്റൊരവസരത്തിൽ ഈ തുക ആവശ്യപ്പെടുന്നതിനുള്ള അവകാശം കൃഷിഡയറക്ടർക്കു ഉണ്ടായിരിക്കുന്ന വ്യവസ്ഥയോടുകൂടി ഈ വിഷയത്തെ മാറ്റിവയ്ക്കുന്നതു ആശാസ്യമായിരിക്കും. അതുകൊണ്ടു ഈ ഡിമാൻഡിനെ ഈ അവസരത്തിൽ നൽകുന്നതിനെ ഞാൻ എതിർക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ മിസ്റ്റർ ജി. പരമേശ്വരൻപിള്ളയെ അനുകൂലിക്കുന്നു.

മി. കെ. ജോസ് (ഗവർണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): മിസ്റ്റർ ജി. പരമേശ്വരൻപിള്ള പ്രസ്താവിച്ച കണക്കുകളെപ്പറ്റി വ്യക്തീകരണപരമായി ഞാൻ ഒരു വാക്കു പറയാം. ഒരു ഇനത്തിനു അനുവദിച്ച തുകയെ നാളുവരെ വകമാറി ചെലവാക്കിയ വിവരത്തിനുള്ള റിപ്പോർട്ടിൻറെ ഒരു പ്രതി ഓരോ മെംബരുടേയും പക്കൽ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. സപ്ലിമെൻററി ഗ്രാൻറായി അനുവദിച്ച ൩ക,൦൦൦ രൂപ ഉൾപ്പെടെ പ്രദർശനാവകയ്ക്കു വ്യക,൦൦൦ രൂപ നീക്കിവയ്ക്കപ്പെട്ടു എന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞു. റിപ്പോർട്ടിൽ ക൦-ാംപുറത്തു നോക്കിയാൽ കൂട്ടുതലായി അനുവദിച്ച ൩ക,൭൦൦ രൂപ ഉൾപ്പെട ഡിമാണ്ടു XXII-ൻ കീഴിൽ അനുവദിച്ചിട്ടുള്ള മൊത്തം തുക ക,൯൫,൦൦൦ രൂപയാണെന്നു കാണുന്നതാണു്. എന്നാൽ അവസാനമായ ചെലവു ക,൯൫,൭൯൫ രൂപയെ ആയിരുന്നുള്ളു. അതായതു നിക്കിവച്ച തുകയിൽ കുറെ പണം ചെലവാകാതെ ഇരുന്നുപോയി എന്നു അർത്ഥമാകുന്നു. അതു പ്രദർശനാവക ചെലവു എന്ന ഇനത്തിൽ ആയിരിക്കണംഎന്നു ഞാൻ വിശ്വസിക്കുന്നു. എന്നിരുന്നാലും എനിക്കു വസ്തുസ്ഥിതിയെപ്പറ്റി നിശ്ചയമില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറിൻകര): ക്ലിപ്തമായി എന്തു തുക ചെലവായി എന്നും എന്തു തുക മുൻകൂട്ടി എന്നും ഫിനാൻഷ്യൽ സെക്രട്ടറി ഞങ്ങളോടു പറയുമോ?

മി. കെ. ജോസ് (ഗവർണ്മെൻറു ഫിനാൻഷ്യൽസെക്രട്ടറി): എനിക്കു പറയാൻകഴിയുകയില്ല. അപ്രോപ്രിയേഷൻ റിപ്പോർട്ടു നോക്കിയതിൽ ഡിമാൻഡു XXII-ൻ കീഴിൽ ക,൯൫,൦൦൦ രൂപ അനുവദിച്ചിരുന്നതിൽ നാം ക,൭൫,൦൦൦ രൂപ മാത്രമെ ചെലവാക്കിട്ടുള്ളു. പ്രദർശനകണക്കുകൾ ക൦ൻ൯-ാമാണ്ടു കണക്കുകൾ പൂർത്തിയായതിൽപിന്നീടു മാത്രമെ കിട്ടിയുള്ളു എന്നുള്ളതാണു വസ്തുത. ആ കണക്കിൽ വിവരിച്ചിട്ടുള്ള ഇനങ്ങളെ ആ ആണ്ടിൽതന്നെ ചേർത്തു ശരിപ്പെടുത്താൻ കഴിവില്ലായിരുന്നു.

ഈ ഡിമാണ്ടിനെ മാറ്റിവയ്ക്കുന്നതിൽ യാതൊരു ആക്ഷേപം ഒന്നുമില്ല എന്നുകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു. എന്നാൽ അതു കണക്കുതീർക്കുന്നതിനെ താമസിപ്പിക്കും എന്നേയുള്ളു. ഡാക്ടർ കുഞ്ഞൻപിള്ള ആവശ്യപ്പെടുന്നതു കണക്കുവയ്ക്കുന്ന രീതിയെ ശരിയായി വച്ചിരിക്കേണ്ടതിനായി പിരിഞ്ഞ തുകയിൽനിന്നു അല്പം ചെലവാക്കിട്ടുള്ള തുകയായ ൩സ,൦൦൦ രൂപ കിട്ടണം എന്നുള്ളതാണു. പണം ചെലവായിപ്പോയിരിക്കുന്നതധികം മാറ്റിവയ്ക്കുന്നതിനാൽ യാതൊരു ഗുണവുമില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറിൻകര): ഈ പണം അനുവദിക്കുന്നതായാൽ അതു മുമ്പിലെ അനുവദിച്ചിട്ടുള്ള തുകയെ വഴിപ്പിക്കുന്നതായിവരികയില്ലയോ എന്നു ഫിനാൻഷ്യൽ സിക്രട്ടറിയിൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാജ് (ഗവർണ്മെൻറ ഫിനാൻഷ്യൽ സെക്രിട്ടറി): എങ്ങനെ ആയിരുന്നാലും പിരിഞ്ഞ തുക യിൽനിന്നു ചെലവാക്കപ്പെട്ടുപോയിരിക്കുന്ന സ്ഥിതിക്കു അതു അനുവദിച്ചുകൊടുക്കേണ്ടതുതന്നെയാണ്. ആ വിഷയത്തിൽ കണ്ണടച്ചുകളയുവാൻ നിവൃത്തിയില്ല. കണക്കവയ്ക്കുന്ന ശരിയായ രീതി എന്തെന്നാൽ ചെലവാക്കി യ പണത്തെ ചെലവിനത്തിലും പിരിഞ്ഞ തുകയെ വരവിനത്തിലും ചേർക്കണമെന്നുള്ളതാണ്. വരവുനീക്കി ചെലവിനെമാത്രം കണക്കിൽ കൊള്ളിച്ചിരുന്നാൽ ഈ ഡിമാണ്ഡിനെ ഒഴിച്ചുവയ്ക്കാമായിരുന്നു. എന്നാൽ അതു ശരിയായ രീതിയല്ല. അതുകൊണ്ടു പണം അനുവദിച്ചുതരുന്നതിനു സഭയോടു അപേക്ഷിക്കുന്നതിനു പകരം തീർച്ചപ്പെടുത്തി.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കണക്കു ഇനിയും പൂർണ്ണമായി ആഡിട്ചെയ്തുതീർപ്പുവന്നിട്ടില്ല എന്നുള്ളതു വാസ്തവമാണോ?

മി. കെ. ജാജ്. (ഗവർണ്മെൻറ ഫിനാൻഷ്യൽ സെക്രിട്ടറി): അതെ, അതിനു കുറെക്കൂടി സമയം വേണ്ടിവരും.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഈ ഡിമാൻഡിനെ മാറ്റിവയ്ക്കുന്നതുകൊണ്ടു യാതൊരു ഗുണവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. പിരിഞ്ഞുകിട്ടിയ പണത്തിൽനിന്നും ഈ തുകയെ ഞങ്ങൾ ചെലവാക്കിക്കഴിഞ്ഞിരിക്കുന്നു. ഈ തുക ഞങ്ങൾ ആവശ്യപ്പെട്ടതു കണക്കുകൾ ശരിപ്പെടുത്തുന്നതിനായി മാത്രമാണ്. ഞാൻ മൊത്തം ചെലവു എന്നു കാണിച്ച തുക വാസ്തവത്തിൽ ചെലവുചെയ്യപ്പെട്ട തുകയാണു. സഭയോടു അനുവദിക്കാൻ ആവശ്യപ്പെട്ടതു കൂടുതൽ ഗ്രാൻറ ഉൾപ്പെടെ മൊത്തം ചെലവായിരിക്കുന്നതു ൯൫,൦൦൦ രൂപ മാത്രംആകുന്നു. കഴിഞ്ഞയാണ്ടത്തെ വെയ്ൽറിൽ അനുവദിച്ചിട്ടുള്ള തുകയിൽനിന്നും ഏതാനും പണം ചെലവാകാതെ മുതൽകൂടിയിരിക്കണം. ഈ കൂടുതൽ തുക അനുവദിച്ചാൽ അല്ലാതെ കണക്കുകൾ ശരിപ്പെടുത്തുന്നതു സാധ്യംഅല്ല. അതുകൊണ്ടു അതിനെ മാറ്റിവയ്ക്കാതെ ഇപ്പോൾ അനുവദിക്കണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു.

ഡിമാണ്ഡിനെപ്പറ്റി അനുകൂലപ്രതികൂലഭാവം നോക്കി അനുവദിക്കപ്പെട്ടു. ൫൫ പേർ അനുകൂലിക്കയും ൫൫ പേർ പ്രതികൂലിക്കയുംചെയ്തു.

പണം അനുവദിക്കപ്പെട്ടു.

സ്ഥിരം ഫൈനാൻസുകമ്മിറ്റിക്കു മെംബർമാരെ തിരഞ്ഞെടുക്കൽ

പ്രസിഡെണ്ട്: സ്ഥിരം ഫൈനാൻസുകമ്മിറ്റിക്കു നിങ്ങളിൽനിന്നു മൂന്നു മെംബർമാരെ തിരഞ്ഞെടുക്കുന്നതിനായി അനുദ്യോഗസ്ഥന്മാർ ഇപ്പോൾ ഇവിടെ ഡെപ്യൂട്ടിപ്രെസിഡണ്ടിൻറെ ആധ്യക്ഷത്തിൽകീഴിൽ കൂടുന്നതാണ്.

നിയമസഭ അടുത്ത ദിവസത്തേക്കു മാറ്റിയിരിക്കുന്നു.

സഭ ഉച്ചക്കുശേഷം മണി ൨ അടിച്ചു ൧൫ മിനിട്ടായപ്പോൾ പിരിഞ്ഞു.

നിയമസഭാസെക്രിട്ടറി,
ടി. പി. രാമസുബ്ബയ്യർ.

(A true translation.)

T. RAMABINGOM PILLAI,
Head Translator to Government

സഭ വീണ്ടും വ്യ്കോറിയ ജൂബിലിടൌൺഹാളിൽ പകൽ ക്ക അടിച്ചു മുപ്പഇ മിനിട്ടായപ്പോൾകൂടി പ്രസിഡണ്ട് അഗ്രാസനം വഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

[ക്രമനാം നംബർ സ്ഥിരം ഉത്തരവു അനുസരിച്ചു പ്രസിഡണ്ട് ചെയ്ത ഉത്തരവു.

(ക) ഒരു സഭായോഗത്തിൽ ചോദിക്കേണ്ട പ്രശ്നങ്ങളുടേയും അവയ്ക്കുള്ള മറുപടികളുടേയും അച്ചടിച്ചപ്രതികളും, പ്രസിഡണ്ട് അദ്ദേഹത്തിന്റെ സ്ഥാനത്തു ഇരിക്കുന്നതിനു ക ഉ മിനിട്ടിനു മുമ്പു സഭയിലെ മേശമേൽ വയ്ക്കപ്പെടും.

(ഖ) പ്രശ്നങ്ങളും ചോദിക്കുകയും അവയ്ക്കുള്ള മറുപടികളും പറയുകയും ചെയ്യുന്നതു താഴെ വിവരിക്കും പ്രകാരം വേണ്ടതാകുന്നു:—

സെക്രട്ടറി നംബർ ക്രമത്തിൽ ഓരോ പ്രശ്നകർത്താവിന്റേയും പേരുവിളിക്കേണ്ടതും, അയാളുടെ ചോദ്യങ്ങളുടെ ക്രമനംബർ ഇത്രാമത്തേതു എന്നു പറയേണ്ടതും, ഉപപ്രശ്നങ്ങളും ചോദിക്കാൻ താല്പര്യപ്പെടുന്നു എങ്കിൽ അയാളുടെ സ്ഥാനത്തു എഴുന്നേറ്റു നില്ക്കുന്നതിലേക്കു ന്യായമായി വേണ്ട അവസരം കിട്ടുന്നതിനു മതിയായസമയം അയാൾക്കു നല്കുകയും വേണ്ടതും ആകുന്നു. പ്രധാന പ്രശ്നങ്ങളും കഴിഞ്ഞയുടൻതന്നെ അവയെസംബന്ധിച്ചുള്ള ഉപപ്രശ്നങ്ങളും ചോദിക്കേണ്ടതും ആകുന്നു.]

(ക) പുറദേശങ്ങളിലെ ആടുകളേയും കന്നുകാലികളേയും സംബന്ധിച്ചു പാസു കൊടുക്കുന്ന രീതി ഏർപ്പെടുത്തിയതിൽനിന്നുള്ള മുതലെടുപ്പു.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): തിരുവിതാംകോട്ടിലുള്ള വയലുകളിലെ ഉരുത്തെ വർദ്ധിപ്പിക്കുന്നതിനായി കാലന്തോറും ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നു തോവാളയും ആറാസ്ഥീശ്വരവും താലൂക്കുകളിലേക്കു കൊണ്ടുവരപ്പെടുന്ന ആടുകൾക്കും കന്നുകാലികൾക്കും പാസുകൊടുക്കുന്ന രീതി ഏർപ്പെടുത്തിയതിൽ നിന്നു കഴിഞ്ഞ ആറുകൊല്ലങ്ങളിൽ ഏണ്ണത്തോറും എസ്സു ലക്ഷം മുതലെടുത്തിട്ടുണ്ടെന്നു കണക്കുകാണുന്നു ഒരു സ്റ്റേറ്റ്മെണ്ട് ഗവണ്മെണ്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിൽ ഇരിക്കുന്ന ഗവണ്മെണ്ട് സെക്രട്ടറി): തിരുവിതാംകൂറിലെ കയിൽ കഴിഞ്ഞ ആറുകൊല്ലങ്ങൾക്കിടയിൽ ഈടായ തുക ഇപ്രകാരം ആയിരുന്നു.

ആണ്ടു	സ. ശ്ര.	ച.	കാ.	ആണ്ടു	സ. ശ്ര.	ച.	കാ.
ക ൧ ൯ ര	ക, ക൯ വ	ക൯	൦	ക ൦ ൯ ഭ	ഡ, ക ഭ വ	ക൯	ഭ
ക ൦ ൯ ങ	ക, വ ഭ ക	ക ൦	ക ര	ക ൦ ൯ വ	ഡ, ഡ ക൯	൯	ക
ക ൦ ൯ ന്യ	ഡ, ഭ ൯ ൯	൯	ന്യ	ക ൦ ൯ ൯	ഡ, ൯ ന്യ ക	വ	൦

മി: എം. ശിവതാണുപിള്ള (തോവാള): കഴിഞ്ഞ ആറുകൊല്ലങ്ങളിലായി ഈ തീറൻക്കൂലിയിൽ വരവു അനുക്രമമായി വർദ്ധിച്ചുവരുന്നു എന്നുള്ള സംഗതി ഈ രണ്ടു താലൂക്കുകളിലും ഉള്ള കൃഷിക്കാർ കാലന്തോറും ബ്രിട്ടീഷ് ഇൻഡ്യയിൽനിന്ന് ആടുകളും കന്നുകാലികളും വരുന്നതിനെ പ്രത്യേകിക്കുന്നു എന്നുള്ളതായി ഗവണ്മെണ്ട് വിചാരിക്കുന്നില്ലയോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറ് സെക്രട്ടറി): അല്ല കേവലം അഭിപ്രായം പറയുക ആണ്, അതിന്റെ ശരിയായ്മയ്ക്കു പ്രശ്നകർത്താവായ മെംബർ, ചട്ടം അനുസരിച്ചു, ഉത്തരവാദിയായിരിക്കേണ്ടതാകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): തിരുവിതാംകോട്ടിലുള്ള വയലുകളെ ഉരുത്തുള്ളവയാക്കി തീർക്കുന്നതിനു കാലംതോറും ബ്രിട്ടീഷ്ഇൻഡ്യയിൽ നിന്നു ആടുമാടുകളും വരുന്നതിനു സൌകര്യപ്പെടുത്തുന്നതിനായി ഗവണ്മെൻറു തീറൻക്കൂലിയെ നിറുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറു സെക്രട്ടറി): എല്ലാ ഫാറെസ്റ്റ് ഡിവിഷനിലും ഫീസിനെ ഏകരീതിയിലാക്കുന്ന സംഗതി ആലോചനയിൽ ഇരിക്കുന്നു.

(ഖ) അധ:കൃതസമുദായക്കാർക്കു സ്ഥലം പതിച്ചുകൊടുക്കൽ.

മി: എം. ശിവതാണുപിള്ള (തോവാള): തോവാളതാലൂക്കിൽ ക്ക ൦ ൦ മാണ്ടു അധ:കൃതസമുദായത്തിൽപ്പെട്ടവരുടെ പേരിൽ എത്ര ഏക്കർ സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടു് എന്നു ഗവണ്മെണ്ടു് സഭയെ പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): കഴിഞ്ഞ മാർച്ചിൽ അതിനു മുമ്പുള്ള പത്തുമാസങ്ങളിൽ വച്ച് കഴിക്കർ.

മി: എം. ശിവതാണുപിള്ള (തോവാള): അധഃകൃതസമുദായങ്ങൾക്കു സ്ഥലം പതിച്ചുകൊടുക്കുന്നതിനുള്ള ഈ മന്ദമായ അഭിവൃദ്ധി നീരെ തൃപ്തികരമായിരിക്കുന്നില്ല എന്നു ഗവണ്മെന്റിനു അറിയാമോ? അങ്ങനെയാണെങ്കിൽ ഗവണ്മെന്റു ഇക്കാര്യത്തെ ത്വരപ്പെടുത്താൻ ഭാവിക്കുന്നുണ്ടോ എന്നു അറിയിക്കുമോ?

മി: ടി പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): അധഃകൃതസമുദായങ്ങൾക്കു സ്ഥലം പതിച്ചുകൊടുക്കുന്നതിനെ ത്വരപ്പെടുത്തുന്നതിനു ഉത്തരവു കൊടുത്തിട്ടുണ്ടു. ഇതുവരെ ഉണ്ടായിട്ടുള്ള അഭിവൃദ്ധി തൃപ്തികരമാണോ അല്ലയോ എന്നുള്ളതു് അഭിപ്രായവിഷയമാണ്. അങ്ങനെ സ്ഥലം പതിച്ചുകൊടുക്കുന്ന കാര്യം ത്വരപ്പെടുത്തേണ്ടതു അധഃകൃതസമുദായരക്ഷകൻ എന്ന ഉദ്യോഗസ്ഥന്റെ ജോലിയാണ്.

മി: എം. ശിവതാണുപിള്ള (തോവാള): പ്രജാസഭയുടെ കഴിഞ്ഞ യോഗത്തിൽ ദിവാൻജിയുടെ ഉപക്രമപ്രസംഗത്തിൽ ദിവാൻജി ഇതേ അഭിപ്രായം പറഞ്ഞു എന്നു ഗവണ്മെണ്ടിനു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അറിയാം.

(ന) നാഗരുകോവിൽ മുനിസിപ്പൽസഭയിൽ സാംബവർ മെംബർ.

മി: എം. ശിവതാണുപിള്ള (തോവാള): ഇപ്പോൾ, നാഗരുകോവിൽ മുനിസിപ്പൽ സഭയിൽ സാംബവർ സമുദായത്തിൽനിന്നു ഏതെങ്കിലും മെംബർ ഉണ്ടോ?

(ബി) ഇല്ലെങ്കിൽ അടുത്തതവണ ആറു നിയമിക്കുമ്പോൾ സാംബവരിൽ ഒരാളെ എങ്കിലും ഗവണ്മെന്റ് മയപ്പെടുത്തി നിയമിക്കുമോ?

മിസ്റ്റർ. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): (എ) ഇല്ല.

(ബി) നാഗരുകോവിൽ മുൻസിപ്പൽ സഭയ്ക്കു അടുത്തതവണ ആറു നിയമിക്കുമ്പോൾ ഈ നിർദ്ദേശത്തെ പറ്റി ആലോചിക്കുന്നതാണ്.

(ഭ) കോട്ടാർ ഇംഗ്ലീഷുഹൈസ്കൂൾ കെട്ടിടം.

മിസ്റ്റർ. എം. ശിവതാണുപിള്ള (തോവാള): ഇപ്പോൾ പണിചെയ്യപ്പെട്ടുവരുന്ന കോട്ടാർ ഹൈസ്കൂൾ പുത്തൻ കെട്ടിടം എപ്പോൾപൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നതായി ഗവണ്മെണ്ട് സഭയെ പറയുമോ?

മിസ്റ്റർ ടി.പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): പുത്തൻ കെട്ടിടം കഴിഞ്ഞ മാർച്ചവസാനത്തോടുകൂടി പൂർത്തിയാക്കപ്പെടുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): ഈ കെട്ടിടംപണിയുടേമേൽനോട്ടത്തിനു ഈ ആണ്ടു ഏതെങ്കിലും പ്രത്യേകസെക്ഷൻ ഉണ്ടോ?

മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഇതിലേക്കു മുന്നറിയിപ്പു തരേണ്ടതാണെന്നുതോന്നുന്നതിൻ ആവശ്യപ്പെടുന്നു.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള) കഴിഞ്ഞയാണ്ടു ഇതിനു ഒരുപ്രത്യേകസെക്ഷൻ ഉണ്ടായിരുന്നില്ലേ?

മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതിനെപ്പറ്റി എതിക്കു നിശ്ചയം ഇല്ല.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള); ഈ ആണ്ടു ഈ കാര്യത്തെ ത്വരപ്പെടുത്തുന്നതിനായി ഗവണ്മെന്റു ഒരു പ്രത്യേകസെക്ഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ഈ വിഷയത്തെപ്പറ്റി ആലോചിക്കുന്നതാണു.

(ഫ) തോവാളയും അഗസ്തീശ്വരവും താലൂക്കുകളിൽ സഹായധനം വാങ്ങിക്കുന്ന ലൈബ്രറികളും (ഗ്രന്ഥശാലകളും)

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): കഴിഞ്ഞ മാർച്ചിലും കഴിഞ്ഞ മാർച്ചിലും ഗവണ്മെന്റിൽ നിന്നും സഹായധനം വാങ്ങിക്കുന്നതായി തോവാളയും അഗസ്തീശ്വരവും താലൂക്കുകളിൽ ഉള്ള ലൈബ്രറികളുടെ പേരുകളും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു മയപ്പെടുത്തി വയ്ക്കുമോ?

മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ചോദിച്ചിരിക്കുന്ന സ്റ്റേറ്റുമെന്റു *മേശപ്പുറത്തു വച്ചിരിക്കുന്നു.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): ഈ താലൂക്കിൽ നീലഗിരിയിൽ ഉള്ളലൈബ്രറിയിൽ നിന്നും ഏതെങ്കിലും അപേക്ഷ ഉണ്ടായിരുന്നുവൊ?

മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): മുന്നറിയിപ്പു വേണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

(ന) അതിരമ്പള്ളിസ്കീം.

മിസ്റ്റർ സി. പി. തരകൻ (കുന്നത്തുനാട്ടു): അതിരമ്പള്ളി അണ സംബന്ധിച്ചു കൊച്ചി ഗവണ്മെന്റുമായുള്ള എഴുത്തുകുത്തു് ഇപ്പോൾ ഏതുനിലയിൽ ഇരിക്കുന്നു എന്നും അടുത്തമാസത്തിൽ അണയുടെ പണി ആരംഭിക്കുവാൻ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ എന്നും ഗവണ്മെണ്ട് സഭയെ പറയുമോ.

മിസ്റ്റർ കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കൊച്ചി ഗവണ്മെന്റു പുറപ്പെടുവിച്ചിട്ടുള്ള ചില ആക്ഷേപങ്ങളും തീർച്ചപ്പെടുത്തിയതിൽ പിന്നീടല്ലാതെ ആ പണി സംബന്ധിച്ചു മേൽ നടപടികളൊന്നും ചെയ്യാൻപാടില്ല. ആ വിഷയം ഗവണ്മെണ്ടിന്റെ പരിശോധനയിൽ ഇരിക്കുന്നു.

---

* അനുബന്ധം നോക്കുക പുറം.

൭. അതിരമ്പള്ളി താഴ്വരയുടെ ജലസേചനം.

മിസ്റ്റർ സി. പി. തരകൻ (കുന്നത്തുനാട്): കൊച്ചി ഗവണ്മെൻറിന്റെ അറിവോ സമ്മതമോ കൂടാതെ അതിരമ്പള്ളി തഴ്വരയിൽ ഉള്ള നിലങ്ങൾക്കു ജലസേചനം ചെയ്യുന്നതിനുവേണ്ട വെള്ളം ശേഖരിക്കുന്നതിനു കഴിവുണ്ടു എന്നു അറിയാമോ എന്നു ഗവണ്മെൻറ് സദയം പറയുമോ?

മിസ്റ്റർ കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): മെംബർ ഗവണ്മെൻറിനെ അറിയിക്കുന്നതായ ഏതെങ്കിലും നിർദ്ദേശങ്ങളെ സ്വീകരിക്കയും പര്യാലോചിക്കുകയും ചെയ്യുന്നതിനു ഗവണ്മെൻറിന് സന്തോഷം ഉണ്ടായിരിക്കും.

മിസ്റ്റ. സി. പി. തരകൻ (കുന്നത്തുനാട്): അതിരമ്പള്ളി അണയോടടുത്തു പുല്ലാട്ട് എന്നപേരുള്ള ഒരു തോടുള്ളതായി ഗവണ്മെൻറിന് അറിയാമോ?

മിസ്റ്റർ. കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഗവണ്മെൻറിനു അറിഞ്ഞുകൂടാ.

മിസ്റ്റർ സി. പി. തരകൻ (കുന്നത്തുനാട്): ഒരണ കെട്ടാതെതന്നെ അതിരമ്പള്ളി പുഴയിൽ നിന്നു വെള്ളം തിരിച്ചു കൊണ്ടുവരാൻ മാർഗ്ഗം ഉണ്ടെങ്കിൽ കൊച്ചി ഗവണ്മെൻറിന്റെ അനുവാദം ആവശ്യമുണ്ടോ?

മിസ്റ്റർ. കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇതിലേക്കു മുന്നറിയിപ്പു ആവശ്യമാണു.

അനുബന്ധം

൪-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കുക.

ഫ ൦ ൻ-ാമാണ്ടിലും ഫ ഫ ൦ ൦-ാമാണ്ടിലും സഹായധനം വാങ്ങിക്കുന്നതായി തൊവാളയും അശമന്നീശ്വരവും താലൂക്കുകളിൽ ഉള്ള ലൈബ്രറികളുടെ പട്ടിക.

ലൈബ്രറിയുടെ പേരു്	താലൂക്കു	സഹായധനത്തിന്റെ തുക	
		ഫ ൦ ൻ ൻ	ഫ ഫ ൦ ൦
		രൂപ	രൂപ
ക. ശ്രീമൂലവിലാസം വായനശാലയും കൃഷ്ണവിലാസം ലൈബ്രറിയും, താഴക്കാടു	തോവള	നൂ ൫	൭ ൫
ഖ. എസ്. എം. ആർ. വി. ക്ലബ്ബും ലൈബ്രറിയും വായനശാലയും, വടശ്ശേരി, നാഗരുശോവിൽ	അശമന്നീശ്വരം	ഫ ൦ ൦	ഫ ൫ ൦
ന. ശ്രീമൂലംടൌൺ ലൈബ്രറി, വടശ്ശേരി	ടി	൪ ൦	നൂ ൦
ഘ. ഷൺമുഖാനന്ദസഭ വായനശാലയും, ലൈബ്രറിയും മരുങ്കൂർ, ഇരവിപുത്തൂർ	ടി	ഘ ൦	൭ ൫

സ്ഥിരംഫിനാൻസു കമ്മിറ്റിയിലെ മെംബർമാർ

പ്രൈസിഡെണ്ട്: മഹാന്മാരെ, ഡെപ്യൂട്ടിപ്രൈസിഡെൻറിന്റെ അദ്ധ്യക്ഷതയിൽ കഴിഞ്ഞതവണ കൂടിയ യോഗത്തിൽ നിയമസഭയിലെ അനുദ്യോഗസ്ഥമെംബർമാരിൽനിന്നു താഴെപറയുന്ന മൂന്നുപേരെ ഫിനാൻസുകമ്മിറ്റി മെംബർമാരായി തിരിഞ്ഞെടുത്തിരിക്കുന്ന വിവരം ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു.

(ക) മി: ജി. പരമേശ്വരൻപിള്ള ബി. എ. ബി. എൽ.

(ഖ) മി: കെ. സി. മാമ്മൻമാപ്പിള ബി. എ.

(ന) മി: എം. സുബ്രഹ്മണ്യപിള്ള

ഈ മഹാന്മാർ എല്ലാവരും ഫിനാൻസുകമ്മിറ്റിയോഗം മുഴുവനും ഹാജരായിരുന്നു.

മേശപ്പുറത്തു വയ്ക്കപ്പെട്ട കണക്കുകൾ

മി: കെ ജാജ്ജ് (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ഫ ൦ ൻ ഗ-ാംമാണ്ടിലെ II-ാം റെഗുലേഷനായ നിയമസഭാറെഗുലേഷൻ ഫന്ന (ൻ)-ാം വകുപ്പു അനുസരിച്ചു ഗവണ്മെൻറ് അധികാരപ്പെടുത്തിയ ചിലവുകൾക്കുള്ള പട്ടിക നിയമസഭാറെഗുലേഷൻ ൪ ഖ-ാം ചട്ടം അനുസരിച്ചു ഞാൻ മേശപ്പുറത്തുവച്ചുകൊള്ളുന്നു.

ഡിമാൻഡിന്റെ പേരു	തുക രൂപ	റിമാർക്ക്
ക. ഡിമാൻഡ് I ലാൻഡ് റവന്യൂ	ന ാ ന ാ ാ	ഓരോ ചന്തക്കും നിയമിച്ച ഭൂസ്വാമിക്കാരുടെ ശമ്പളത്തിനുള്ള ചെലവുവകക്ക
ഖ. ഡിമാൻഡ് VII-പൊതുജോലികൾ.	ഫ ാ ാ ാ	ഓരോ ഡിപ്പാർട്ടുമെൻറിലും ഉള്ള രേണ്ടാധികാരം ഏല്പിക്കുന്ന വിഷയത്തെ പറ്റി നടപടി നടത്തുന്നതിനുള്ള സ്പെഷ്യൽ ആഫീസരുടെ ശമ്പളം, ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ അലവൻസ് സഞ്ചാരപ്പടി, തമ്പിലവു മുതലായ വകക്ക
ഗ. ഡിമാൻഡ് XII-വിദ്യാഭ്യാസം.	൭ ൻ ാ ാ	രാജകീയ സയൻസുകാളേജിൽ അകസാമാനങ്ങൾ വാങ്ങുന്നതിന്.
ഘ. ഡിമാൻഡ് XX-പബ്ലിക് വൊർക്സു ഡിപ്പാർട്ടുമെൻറ്.	ഫ ാ ാ ാ	"ദാസുഹൌസി"നെ മിസ്റ്റർ ഡാഡ്വെല്ലിനും പതിക്കും താമസിക്കത്തക്കവണ്ണം നന്നാക്കുകയും വിശേഷാൽ അറകൂറ കളും തിക്കുകയും.
ങ. ഡിമാൻഡ് XXII-പലവക ഇനങ്ങൾ	ന൭ വ ാ	അസിസ്റ്റൻറ് എഞ്ജിനീയർ മിസ്റ്റർ പരമേശ്വരക്കുറുപ്പിന്റെ മേൽ ഉള്ള ചില കുറകളെ പറ്റി അന്വേഷിക്കുന്ന കമ്മിഷൻ സംബന്ധിച്ച ചെലവിലേക്ക്.

സപ്ലിമെൻറിഗ്രാൻറുകൾക്കുള്ള ഡിമാൻഡ്.

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): സർ, തിരുവല്ലാതാലൂക്കിൽ കൂളനടചന്തക്ക് ചുറ്റുമതിൽ കെട്ടുന്നതുകയ്ക്കു കൂടുതലായി ൭൭൦ രൂപ അനുവദിക്കുണമെന്നു ഞാൻ അപേക്ഷിക്കുന്നു. ചന്തകൾ നന്നാക്കുന്നതിനായി ഗൂർക്കാലങ്ങളിൽ ബഡ്ജറ്റിൽ ഫ൦,൦൦൦ രൂപയ്ക്കുമേൽ ഫഫ,൦൦൦ രൂപവരെ അനുവദിക്കുക പതിവായിരുന്നു. ഫഫ൦൦-മാണ്ടു ബഡ്ജറ്റിൽ—ബഡ്ജറ്റ് എന്നു ഞാൻ പറയുന്നതു ഖാൻഡുറമന്ത്രി ബഡ്ജറ്റിനെയാണ്—അനുവദിച്ചതുക ഫ൦൦൦ രൂപ മാത്രമായിരുന്നു. അതുകൊണ്ട് അത്യാവശ്യം എന്നു വിചാരിക്കപ്പെട്ട ഈ പണിക്കു പണം തുല്യതെയായിപ്പോയി. ഈ കാരണത്താൽ അതു കൂടുതലായി ൭൭൦ രൂപ അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ കൂളനടചന്ത സ്ഥാപിച്ചിട്ട് എത്രകാലമായിഎന്നു ചീഫ്സെക്രട്ടറിയിൽനിന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു ഒരു പുതിയ ചന്തയാണ്. അതു ഏർപ്പെട്ടുത്തീട്ടു രണ്ടുകൊല്ലമെ ആയിട്ടുള്ളു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ചന്തയിൽനിന്നു വസൂലാക്കിയ ഫീസിന്റെ തുക എത്രയാണെന്നു ചീഫ്സെക്രട്ടറിക്കു സഭയെ അറിയിക്കാൻ കഴിയുമോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഇപ്പോൾ എന്റെ കയ്യിൽ യാതൊരുവിവരവും ഇല്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഈ ചെലവു ചെയ്തുകഴിഞ്ഞുവൊ അതല്ല ചെലവ് ഇനിയുമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു ഉള്ളൊ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

പ്രെസിഡെണ്ട്: ചീഫ്സെക്രട്ടറി ഇപ്പോൾ സഭയിൽ പ്രസംഗിക്കുന്നില്ലാത്തതിനാൽ മെംബർക്ക് ചോദ്യത്തിനു മറുവകാശമില്ല.

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു; പണം അനുവദിക്കപ്പെട്ടു.

ഫഫ൦ ഫ–ാമാണ്ടത്തേക്കുള്ള ബഡ്ജറ്റ് തുകകൾ.

പ്രെസിഡെണ്ട്: നിയമസഭാമെമ്പർമാരെ, ഫഫ൦ ഫ–ാമാണ്ടത്തേക്കുള്ള ബഡ്ജറ്റ് എസ്റ്റിമെറുകളെ ഫിനാൻഷ്യൽ സെക്രട്ടറി ഇപ്പോൾ സമർപ്പിക്കുന്നതാണ്. നിയമസഭാചട്ടങ്ങൾ ൭൭-ാംചട്ടം അനുസരിച്ചുബഡ്ജറ സംബന്ധിച്ചു വാദപ്രതിവാദം സാമാന്യവാദപ്രതിവാദത്തോടുകൂടി ആരംഭിക്കുകയും അതിൽപിന്നെ പണം അനുവദിക്കുന്നതിനെക്കുറിച്ചു അനുകൂലപ്രതികൂലം അറിയുന്നതും ആകുന്നു. ഫൻവ ൪-ആഗസ്റ്റ് ഫ-ാംനംശനിയാഴ്ചയും ന-ാംനം തിങ്കളാഴ്ചയും സാമാന്യവാദപ്രതിവാദം നടക്കുന്നതാണു. ഡിമാൻഡുകളെപ്പറ്റിയുള്ള വാങ്ങലും അവയുടെ അനുകൂലപ്രതികൂല പ്രകടനവും ആഗസ്റ്റ് ന-ാംനം വ്യാഴാഴ്ചമുതൽ ആഗസ്റ്റ് ഫസ-ാംനം വാഴാഴ്ച വരെ നടക്കുന്നതാകുന്നു. ഇതിനായി അനുവദിക്കപ്പെട്ടുന്ന പരമാവധി കാലമായ എട്ടുദിവസവും ഇതിലേക്കു അനുവദിച്ചിരിക്കുന്നു. ഡിമാൻഡുകളും സ്റ്റേറ്റ്മെൻറിൽ അച്ചടിച്ചിരിക്കുന്ന മറ്റുള്ള വാദപ്രതിവാദം നടത്തുന്നതാണ്. സ്റ്റേറ്റ്മെണ്ടിന്റെ പ്രതികൾ നിങ്ങൾക്കു തന്നിട്ടുണ്ട്. എട്ടുദിവസങ്ങളിൽ മുന്നാമ്പിവസം ലാൻഡ്

റവന്യൂ, വിദ്യാഭ്യാസം, പബ്ലിക് വെൽഫെയർ എന്നീ വകുപ്പുകളുടെ ഓരോന്നിനും ഓരോ ദിവസം വീതം ഉപയോഗപ്പെടുത്താവുന്നതാണ്. ശേഷമുള്ള ഡിമാൻഡുകളെപ്പറ്റിയുള്ള നടപടികൾ ഫിഴാഴ്ച ദിവസം അവസാനിക്കുന്നതിനു മുമ്പു തീർച്ചചെയ്യണം. യാതൊരു ഡിമാൻഡിനും പകുതിയിലധികം അനുവദിക്കപ്പെടുന്നതല്ല. ഓരോ ഡിമാണ്ഡിന്റേയും വാദത്തിനു നിശ്ചയിച്ചിട്ടുള്ള സമയത്തിന്റെ അവസാനത്തിൽ അതു സംബന്ധമായി ബാക്കിയുള്ള എല്ലാ പ്രശ്നങ്ങളും സ്വയമേവ നിന്നുപോകുന്നതാകുന്നു. അനുവദിച്ചിട്ടുള്ള ദിവസങ്ങളിൽ ഒടുവിലത്തെ ദിവസം വൈകുന്നേരം 6 മണിക്കു പണം അനുവദിച്ചു കിട്ടുന്നതിനുള്ള ഡിമാൻഡുകളെ സംബന്ധിച്ചു തീർച്ചപ്പെടുത്തേണ്ടതായി ബാക്കിയിരിക്കുന്ന സകല വിഷയങ്ങളും ഗൺ(ന)-നംബർ ചട്ടം അനുസരിച്ചു സഭയുടെ അഭിപ്രായത്തിനായി സമർപ്പിക്കപ്പെടുന്നതാകുന്നു.

മുന്നാണ്ടുകളിലെപ്പോലെ ഫിനാൻഷ്യൽ സെക്രട്ടറി ഒഴിച്ചു മറ്റു ഓരോ മെംബർക്കും പൊതുവെയുള്ള വാദപ്രതിവാദകാലത്തിൽ ഇരുപതുമിനിട്ടിൽ അധികരിക്കാത്തകാലം അനുവദിക്കുന്നതാണ്. പണം അനുവദിച്ചു കിട്ടുന്ന ഡിമാൻഡുകളെ അനുകൂലിക്കയൊ പ്രതികൂലിക്കയൊ ചെയ്യുന്ന കാലത്തു ഓരോ പ്രയോക്താവിനും അതിനുമറുപടിപറയാൻ അവകാശമുള്ള ഉദ്യോഗസ്ഥനുൾപ്പെടെ പത്തു മിനിട്ടുവീതവും മറ്റുള്ള മെംബർമാർക്കു പതിനഞ്ചുമിനിട്ടുവീതവും അനുവദിക്കുന്നതാണ്. മുന്നാണ്ടുകളിലെ പതിവനുസരിച്ചു പണം കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങളെ ആരെങ്കിലും അനുകൂലിക്കണമെന്നില്ല. പൊതുവായ യാദൃപ്രതിവാദത്തിനിടയ്ക്കു ഉൽഘോഷിക്കുന്ന സംഗതികൾക്കു മറുപടിപറയാൻ ഉദ്യോഗസ്ഥസംഘാടകന്മാർക്കു മതിയാകുന്ന സമയം അനുദ്യോഗസ്ഥമെംബർമാർ അനുവദിക്കുന്നതു തവണത്തെ സന്തോഷകരമായിരിക്കും. പണം കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങൾ അതു യഥാസ്ഥാനത്തു വയ്ക്കുന്നതിനു മെംബർമാർക്കു അച്ചടിച്ചു വിതരണവും ചെയ്തിട്ടുണ്ട്.

മി: ജോർജ് ഇപ്പോൾ ഫ 0 ഫ-ാമത്തെത്തക്കുള്ള ബഡ്ജറ്റ് ഹാജരാക്കുന്നതാകുന്നു.

പണക്കണക്ക്.

മി: കെ. ജോർജ് (ധനത്തിന്റെ ഫിനാൻഷ്യൽ സെക്രട്ടറി): സ്പീക്കർ, ഫ 0 ഫ-ാമത്തെത്തക്കുള്ള സംവത്സരത്തിലെ ബഡ്ജറ്റ് സമർപ്പിക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു. ഇതിനുമുമ്പുള്ള ബഡ്ജറ്റ് സമർപ്പിച്ചു കഴിഞ്ഞു 0 0 0-ാമെ മക്ഷം രൂപയുടെ മിച്ചം ഗൺ 9 0 നു ലക്ഷം രൂപ ചെലവും സ്പീക്കർ ലക്ഷം ചെലവു മിച്ചവും ഉണ്ടാകുമെന്നു ഞാൻ കണക്കാക്കിയിരുന്നു. അതേസമയത്തുതന്നെ മുന്നാണ്ടേ ഒപ്പെട്ടുത്തിയ കണക്കുകൾ തയ്യാറാക്കിയതിൽപിന്നെ ഉണ്ടായ അത്ര പൂർണമായ വെളിപ്പെടുക്കേണ്ടിത്തം കണക്കുകളുടെ ഒഴിക്കാൻ പാടില്ലാത്ത അനിശ്ചിതത്വത്തെ ഞാൻ ചൂണ്ടിക്കാട്ടുകയും നമ്മുടെ കണക്കുകൾ തയ്യാറാക്കിയതിനുപകരം വരവിൽകവിഞ്ഞ ചിലവിനു തയ്യാറായിരുന്നുകൊള്ളുന്നതിനു സഭയോടു അപേക്ഷിക്കുകയും ചെയ്തിരുന്നു എന്നാലുമിപ്പോൾ എന്റെ മിതി അടിസ്ഥാനരഹിതമായി പരിണമിച്ചുകണ്ടതായ വസ്തുതയുടെ സംസ്ഥാപിക്കുകാരണമായിരിക്കുന്നു. ഫ 0ൻ-ാമത്തെ കണക്കുകളിൽനിന്നു ആണ്ടു മുതലെടുപ്പു ഗൺ-ാമ രൂപയും, മുതലെടുപ്പിൽനിന്നും ഉള്ള ചിലവു ഗൺ 8-ാമ രൂപയും ആയിരുന്നു എന്നും അതുകൊണ്ടു ആ കൊല്ലം 9-ാമ ലക്ഷം രൂപാ ചിലവുമിച്ചത്തോടു കൂടി അവസാനിച്ചു എന്നു കണാവുന്നതാണ്. ഭേദപ്പെടുത്തിയ കണക്കുകൾക്കും വസ്തുതയിൽ ഉള്ളതിനും തമ്മിലുള്ള വ്യത്യാസം ആകട്ടെ ചരമിനത്തിൽ 0-ൻവു ലക്ഷംരൂപയുടേയും ചെലവിനത്തിൽ ഗ-ാമ ലക്ഷംരൂപയുടേയും കുറവു ഉണ്ടായിരുന്നു എന്നുള്ളതാണ്. ഏകദേശം പ കോടി രൂപയ്ക്കുള്ള ഒരു കണക്കിൽ ഈ വ്യത്യാസം നിസ്സാരമായിട്ടുള്ളതത്രേ. ചുരുക്കത്തിൽ മുതലെടുപ്പിൽ കുറവുവന്നതു് എക്സൈസിലും പുകയിലയിലും ആയിരുന്നു. ഇവരണ്ടുകൂടി ഏകദേശം ഗ-ാമവു ലക്ഷം രൂപയായിരുന്നു. ഇതു വെളിപ്പെടുക്കേണ്ടിത്തം കൂടുവടത്തിനും തെറ്റിദ്ധരിപ്പിനും വേദിയായിട്ടുള്ളതാണ്. ചിലവിൽ ഗ-ാമ ലക്ഷം കുറവുവന്നതു അനേകം വലിയ ഇനങ്ങളിൽ ഉള്ള അനേകം കൂട്ടലുകുറവുകളുടെ ഫലമാണ്. പ്രധാനമായിട്ടുള്ള വിദ്യാഭ്യാസം ഇനത്തിൽ 0-വു ലക്ഷംരൂപാ ചെലവാകാതെ ഒഴുങ്ങിപ്പോയതാണ്.

ഫ 0 0-ാമത്തെത്ത ഗ്രണലോഷപരിശോധനം.

നാണ്ടത്തെ നമ്മുടെ കോഴസ്ഥിതിയെ പറ്റി നിരൂപണംചെയ്യാൻ ഇങ്ങുന്നതിനുമുമ്പു രണ്ടു വിഷയങ്ങളെപ്പറ്റി മുതലെടുത്തിൽ ക്രമീകരിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഒന്നാമത്തേതു്, തിരുവിതാംകോട്ടിലെ ആവശ്യത്തിനായി സംസ്ഥാനത്തിൽനിന്നു സഹായധനം കൊടുക്കുന്ന ഒരു ബാങ്കുണ്ട്. ഈ വിഷയത്തെപ്പറ്റി ഗവണ്മെണ്ട് ഈയിടെ അവസാനമായ ഉത്തരവുകൾ കൊടുത്തു കഴിഞ്ഞിരിക്കുന്നു. ഉദ്ദിഷ്ടബാങ്ക് ഈ നാട്ടുകാരുടെ ഭരണത്തിൻകീഴിൽ ഉൾപ്പെട്ട, മുഖ്യമായ അന്യോന്യസഹായസംഘം അഥവാ ഒരു ഏജൻസിയായിരിക്കണമെന്നുള്ളതാണ്. ബാങ്കിനു ഈ ഗവണ്മെണ്ടിൽ നിന്നു ലഭിക്കുന്ന സഹായം പ്രധാനമായും താഴെ പറയുന്നവയായിരിക്കും.

(i) അടച്ചു തീർത്തിട്ടുള്ള മൂലധനത്തിന്റെ പകുതിയോളം പലിശ കൂടാതെയുള്ള ഒരു നിക്ഷേപവും, സഹായമായ പലിശ നിരക്കിൽ അതേ ആകെക്കുള്ള വേറെ ഒരു നിക്ഷേപവും കൊടുക്കുന്നതാണ്. ഇവ രണ്ടും കൂടിയുള്ള പരമാവധി തുക അഞ്ചുലക്ഷം രൂപയിൽ കവിയുന്നതല്ല.

(ii) ആദ്യത്തെ അഞ്ചുകൊല്ലങ്ങൾ ആണ്ടൊന്നുക്കു ഫ 0,0 0 0 രൂപയിൽകവിയാതെ ക്രമേണ കുറഞ്ഞുവരുന്ന ചിലവിൽ പകുതിയും കൊടുക്കുന്നതാണ്.

ഈ ആനുകൂല്യങ്ങൾ കൊടുത്തിരിക്കുന്നതു ചില വ്യവസ്ഥകൾക്കു ഉൾപ്പെട്ടതു ആകുന്നു. അവയിൽ ഒന്നു നേതൃസംഘത്തിൽ ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കണം എന്നുള്ളതാണ്.

ബാങ്ക് ആരംഭിക്കുന്നതു താൽക്കാലികമായ നേതൃസംഘത്തേയും പൊതുജനങ്ങളേയും മാത്രം ആശ്രയിച്ചിരിക്കുന്നു. അടുത്ത ഓഡിയിൽ ഈ ബാങ്കു് ഒരു സ്വതന്ത്രസ്ഥാപനമായിരിക്കുമെന്നും അതു തിരുവിതാംകോട്ടിലെ ജനങ്ങൾക്കു ഒരു അനുഗ്രഹമായി തീരുമെന്നും വിശ്വസിക്കപ്പെട്ടിരിക്കുന്നു.

മറേറ വിഷയം അധികം പ്രധാനമേറിയതും അതു കൊച്ചി ഭൂനിയമനിർമ്മിതിയിൽ നാം പങ്കുകൊള്ളുന്നതിനെ സംബന്ധിച്ചുള്ളതും ആകുന്നു. ഈ വിഷയത്തിൽ ഉള്ള നമ്മുടെ സന്ധിക്രമങ്ങളും അതിൽ പങ്കുകൊള്ളുന്നതിനു നാം സമ്മതിക്കുന്നതിൽ പരിണമിച്ചിരിക്കുന്നു. നിർമ്മിതിപ്രമുഖൻ നാട്ടുരാജ്യകാര്യം അടങ്ങിയതാണ് ഒന്നാം

മത്തെ ശ്രേയിൽ പരിക്ഷണത്തിനായി ഇതേവരെ ചെയ്തു തീർന്നിട്ടുള്ള പണികളും രക്ഷണപ്പണികളും ഉൾപ്പെടുന്നു. രണ്ടാമത്തെ ശ്രേയിൽ അഴി നിരോധന നിവാരണപ്പണികളും ഉൾപ്പെടുന്നു. മൂന്നാമത്തെ ശ്രേയിൽ ഒന്നാമത്തെയും രണ്ടാമത്തെയും ശ്രേകളും കഴിഞ്ഞതിൽ പിന്നീടുള്ള സകല പണികളും ഉൾപ്പെടും. അതിൽ പിന്നിട്ട സമുദ്രത്തിൽ ഓടുന്ന ആവിക്കപ്പലുകളും അഴിക്കുള്ളിൽകടന്നവന്ന കായലുകളിൽ ഉള്ള കെട്ടസ്ഥലങ്ങളിൽ നിന്നു ചരക്കുകളും ഇറക്കുന്നതു പതിവായി തീരുന്നതുവരെയുള്ള സകല പണികളും ഇതിൽ ഉൾപ്പെടുന്നതാകുന്നു. നാലാമത്തെ ശ്രേയിൽ തുറമുഖത്തെ വാസ്തുവത്തിൽ പ്രധാനപ്പെട്ട ഒരു തുറമുഖമാക്കുന്നതിനു മേലാൽ ആവശ്യമാണെന്നു കാണപ്പെടുന്ന സകല പണികളും ഉൾപ്പെടുന്നതാകുന്നു.

ഒന്നാമത്തെയും രണ്ടാമത്തെയും ശ്രേകൾ പൂർത്തിയായിരിക്കുന്നു. ചിലവിൽ നമ്മുടെ ഓഹരി ആയ ൧,൫൦,൦൦൦ രൂപ നാം കൊടുത്തു തീർത്തിട്ടും ഉണ്ട്. ആദ്യമായി കൊടുത്തതു ൧൫൦൦൦൦ രൂപാ കൊടുത്തതായിരുന്നു. അതു കൊച്ചി പോർട്ടട്രസ്റ്റിനു കൊടുത്തിട്ടുള്ള ഒരു മുൻപേറു തുകയായി ഗണിക്കപ്പെട്ട ഒന്നാമത്തെ ശ്രേയ്ക്കു ചിലവായ തുകയുടെ മുന്നിൽ ഒരു ഭാഗമായ ൭൫,൦൦൦ രൂപ ഈയ്യിടെ മാത്രമേ കൊടുക്കപ്പെട്ടുള്ളൂ. അതു തുറമുഖ അധികാരികൾക്കു അത്യാസന്നമായ ഒരു ഞ്ഞെരിക്കത്തിന്റെ സ്ഥിതിയിൽ ഉള്ളതുകൊണ്ടാൽ ആ തുക തന്നേണ്ടതെത്ര മേൽപ്പെട്ടത്തിയ കണക്കിൽ തന്നാണ്ടത്തെ പിരിവിൽ നിന്നു ചെലവുചെയ്യാൻ പാടില്ലാത്ത മുലധനച്ചെലവായി ചേർക്കപ്പെട്ടിരിക്കുന്നു. ൧൫൦൦൦൦ രൂപ കൊടുത്തതിനെ ആദ്യം മുൻപേറു കൊടുത്തതായി ഗണിക്കപ്പെട്ടിരുന്നു. എന്നാൽ അതു തിരിയെ ഭരണപ്പടത്തക്കതൊ പലിശ കിട്ടുന്നതൊ അല്ല എന്നു പിന്നീടു അറിഞ്ഞതിനാൽ ആ തുകയേയും ആദായകരമായ പണിക്കായി സംസ്ഥാനത്തിൽ നിന്നു മുടക്കീട്ടുള്ള ഒരു തുകയായി ഗണിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാണെങ്കിൽ അതിനെയും ഈ ഇനത്തിൽ മാറി എഴുതേണ്ടതായിരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരിക്കൽ കടം ആയി കൊടുക്കപ്പെട്ട ഈ തുക ഇപ്പോൾ മുലധനമായി മുടക്കപ്പെട്ടിരിക്കുന്ന ഒരു തുകയായി ഗണിക്കപ്പെട്ടിരിക്കുന്നതു എങ്ങനെ എന്നു എന്നിക്കറിയേണ്ടിയിരിക്കുന്നു.

പ്രസിഡെണ്ട്: മെംബർ നടപടി ക്രമത്തിനു വിരുദ്ധമായി സംസാരിക്കയാണെന്നു ഞാൻ വിചാരിക്കുന്നു. കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുന്നതു വാഭപ്രതിവാദവേളയിൽ എത്തുമ്പോൾ ആയി ക്കൊള്ളാവുന്നതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ഭാഗം മാത്രം വ്യക്തമായിരിക്കുന്നില്ല. ആദ്യം അതു കടം കൊടുത്തതായിരുന്നു എന്നും ഇപ്പോൾ അതു കടം കൊടുത്തതല്ല എന്നു അഭിപ്രായം പറയുന്നു.

പ്രസിഡെണ്ട്: അവയെല്ലാം ബഡ്ജട് സംബന്ധമായ വാഭപ്രതിവാദത്തിൽ ആയിക്കൊള്ളാം എന്ന് എനിക്കഭിപ്രായമുണ്ട്.

മി: കെ. ജോർജ് (ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): മൂന്നാമത്തെ ശ്രേയ്ക്കു തുറമുഖ അധികാരികൾ അവരുടെ മുതലെടുപ്പിൽനിന്നു തന്നെ പണംചെലവു ചെയ്തുകൊള്ളും. ആവശ്യമാണെന്നു വരുകിൽ മദ്രാസ് ഗവണ്മെന്റു കടമായി കൊടുക്കുന്ന പണത്താൽ കൂടി സഹായിക്കപ്പെട്ടും. നാലാമത്തെ ശ്രേയ്ക്കു പ്രഥമതഃ മദ്രാസു ഗവണ്മെന്റും തിരുവിതാംകോട്ടും കൊച്ചിയും ഗവണ്മെന്റുകളും കൊടുത്തപണത്തെ ഉപയോഗപ്പെടുത്തുന്നതായിവന്നേക്കാം.

അഴി മുറിക്കുന്ന പരിഷ്കാരണപ്രവൃത്തിയിൽ പതിനായിരുപ്പിക്കുന്നതായാൽ ഇതേവരെ ചിലവാക്കീട്ടുള്ള പണം മുഴുവനും സംബന്ധപ്പെട്ട കക്ഷികളും കണക്കിൽ കുറവെഴുതേണ്ടിവരും. നേരത്തറിച്ചു ആ പരിഷ്കരണം പ്രിജ്ജു കവത്തായി തീരുകയാണെങ്കിൽ സമുദ്രത്തിൽ ഓടുന്ന ആവിക്കപ്പലുകളും അഴികടന്നു കായലിനുള്ളിൽകടന്നവന്ന കെട്ടസ്ഥലങ്ങളിൽ ചരക്കു ഇറക്കുന്നതു പതിവായിതീരുന്ന തീയതിക്കു പിന്നീടുള്ള ഏപ്രിൽ മാസം മുതൽക്കു ഇപ്പോൾ ഇൻഡ്യാ ഗവണ്മെന്റും കൊച്ചി ഗവൺമെന്റും മാത്രം വഹിച്ചു എടുക്കുന്ന ചിലവുകഴിച്ചു മിച്ചംവരുന്ന ചവുക്കതിരുവരെയ ഇൻഡ്യാഗവൺമെന്റും കൊച്ചിയും തിരുവിതാംകോട്ടും ഗവൺമെന്റുകളും തമ്മിൽ മുന്നു സമഭാഗങ്ങളായി വിഭജിച്ചെടുക്കുന്നതാണ്. ഈ പകുക്കൽ ബ്രിട്ടീഷ് കൊച്ചിയിലെ തുറമുഖത്തിലും കൊച്ചി രാജ്യത്തിലുള്ള ഏതു തുറമുഖത്തിലും ഉള്ള എല്ലാ കയറുമതിയും ഇറക്കുമതിയും തിരുവകയ്ക്കും കൊല്ലംമുതൽ മുനമ്പംവരെ രണ്ടു സ്ഥലങ്ങളിൽ ഉൾപ്പടെ തിരുവിതാംകോട്ടിലെ കായലുകളിൽ ഉള്ള ഏതു തുറമുഖത്തും വസൂൽ ചെയ്യുന്ന എല്ലാ ഇറക്കുമതിതീരുവകയ്ക്കും സംബന്ധിക്കുന്നതാകുന്നു. എന്നാൽ നമ്മുടെ തുറമുഖങ്ങളിലും കര വഴിച്ചുവുകളിലും പിരിക്കപ്പെടുന്ന എല്ലാ കയറുമതിതീരുവകളും നമുക്കുതന്നെ ഉണ്ടായിരിക്കുന്നതാകുന്നു. ഇതിനുപുറമെ തേയിലയ്ക്കുള്ള കയറുമതിതീരുവയെ ബ്രിട്ടീഷ്ഗവണ്മെന്റും തിരുവിതാംകോട്ട ഗവണ്മെന്റും തമ്മിൽ വിഭജിച്ചു എടുത്തുവരുന്ന രീതി ഇപ്പോഴത്തെപ്പോലെ തന്നെ മേലും ഇരിക്കുന്നതാകുന്നു.

ഈ പണി മോവിയിൽ നമുക്കു എത്രത്തോളം ഗുണകരമായിരിക്കുമെന്നുള്ളതിനെപ്പറ്റി ഇപ്പോൾ അനുമാനിക്കുന്നതുകൊണ്ടു ഉപയോഗമില്ലെന്നു ഞാൻ പറയുമ്പോൾ സഭ എന്നോടു യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു കായ്ക്കുരുകളെമാത്രം വിവരിച്ചു പറഞ്ഞാൽ മതിയാകുമെന്നു വിചാരിക്കുന്നു.

തന്നാണ്ടത്തെ രേഖപ്പെടുത്തിയ കണക്കുകളെ സംബന്ധിച്ചു പറയാം. കഴിഞ്ഞയാണ്ടത്തെകാൾത്തിൽ ഉണ്ടായിരുന്നതുപോലെതന്നെ തന്നാണ്ടത്തെ മുതലെടുപ്പിനെയും ചിലവിനെയുംപറ്റിയുള്ള അടങ്കലുകളെക്കുറിച്ചു അനിശ്ചിതസ്ഥിതിയെ ഞാൻ എന്റെ കഴിഞ്ഞാണ്ടത്തെ പ്രസംഗത്തിൽ പറഞ്ഞിരുന്നു എന്നു സഭയെ ഓർമ്മപ്പെടുത്തികൊള്ളുന്നു. തൊള്ളായിരുപ്പതാക്കേ നമ്മുടെ കോരസ്ഥിതിയെ എത്രത്തോളം ബാധിക്കുമെന്നു അന്നു മുൻകൂട്ടിപറയുന്നതു അസംഭവമായിരുന്നു. അതുകൊണ്ടു സ്വഭാവമായിത്തന്നെ കണക്കുകളെ ഏറക്കുറെ താൽക്കാലികമായിട്ടുള്ളതായി ഗണിക്കണം എന്നു ഞാൻ സഭയോടു അഭ്യർത്ഥിച്ചു. ഇവിടെയും വാസ്തവത്തിൽ ഉള്ള ഫലങ്ങളും എന്റെ ആശങ്കകളെ വ്യാജമാക്കിയിരിക്കുന്നു എന്നു പറയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. കഴിഞ്ഞയാണ്ടത്തെ ചുരുങ്ങിയ വർഷം തീരെ അസന്തുഷ്ടിജനകമായിരുന്നില്ല. ഇയാണ്ടത്തെ വിളവുകളും പൊതുവെ നന്നായിട്ടുണ്ടു.

തെങ്ങുകളും കുരുമുളകും സാധാരണ സ്ഥിതിയിൽ വളരെ സമൃദ്ധമായിരുന്നു. ഇവ നമ്മുടെ ചരിത്രപ്പുരാവൃത്തങ്ങളിൽ പ്രതിഫലിച്ചുകാണപ്പെടുന്നു.

മുതലെടുപ്പ്.

തന്നാണ്ടത്തേക്കു ഗവർമ്മെണ്ടിലേക്കു ലക്ഷം മുതലെടുപ്പിനും മുതലെടുപ്പിൽനിന്നും ചിലവാക്കേണ്ടതായി ഗവൺമെണ്ടു ചിലവു ലക്ഷം രൂപ ചിലവിനും അല്ലെങ്കിൽ ഏകദേശം ഗവൺമെണ്ടു ലക്ഷം വരവിൽകവിഞ്ഞ ചിലവിനും നാം കണക്കുകൾ തയ്യാറാക്കി. ഏറ്റപ്പെട്ടത്തിയ കണക്കുകൾ അനുസരിച്ചു മെ ലക്ഷം രൂപ മിച്ചം പിടിക്കാമെന്നും അതിൽ മെ ലക്ഷം രൂപ ചിലവാക്കി രണ്ടു ലക്ഷം രൂപ ചിലവുകഴിച്ചു മിച്ചംവയ്ക്കാമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. മുതലെടുപ്പുവക പിരിവിൽ യാതൊരു വിശേഷവർദ്ധനയോ അസാധാരണമായതോ ഉള്ള ഇൻവും ഉൾപ്പെട്ടിട്ടില്ല. എന്നാൽ തന്നാണ്ടിൽ മുതലെടുപ്പു പതിവുള്ള ഭൂനികുതി പിരിച്ചിരുന്നാൽ ഏകദേശം രൂപായോളം ഇതിലും കൂടുതലായിരുന്നേനെ. എന്നിരുന്നാലും ചിലവിൽ ചില അസാധാരണ ഇനങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. "എഴുന്നള്ളിയിരിക്കുന്നേടത്തു" എന്ന ഇനത്തിൽ മാത്രം മൊത്തം ലക്ഷം രൂപ കൂടുതൽ ഉണ്ടു. ഇതിൽ പാലെസ്സിവിൽ ലിസ്റ്റിൽ ലക്ഷം രൂപ ആവശ്യപ്പെടുവാനുള്ള ചെലവായിരിക്കും, ശേഷമുള്ളതിൽ ഭൂരിഭാഗവും നാടുനീങ്ങിയ മഹാരാജാ തിരുമനസ്സിലെ തിരുമാസം സംബന്ധിച്ചുള്ളചിലവാകുന്നു. പബ്ലിക് വൊർക്സ് ഇനത്തിൽ ഉള്ള തന്നാണ്ടത്തെ ബഡ്ജറ്റിൽ വെള്ളപ്പൊക്കം നിമിത്തം ഉണ്ടായ നാശങ്ങളെ തീർക്കുന്നതിനായുള്ള പണികൾ നടത്തുന്നതിനായി വിശേഷാൽ നീക്കിവയ്ക്കപ്പെട്ട ലക്ഷം രൂപ ഉൾപ്പെട്ടുന്നു. ഇതും ആവശ്യപ്പെടുവാനുള്ളതല്ലാത്ത ഇനം ആകുന്നു. ഈ വിശേഷാൽ ചിലവിനെ വിഭാഗിക്കുന്നതായാൽ സാധാരണമായ ഭൂനികുതി പിരിക്കപ്പെട്ടിരിക്കുന്നപക്ഷം നമ്മുടെ ചിലവുകഴിച്ചുള്ള മിച്ചം ഈയാണ്ടിൽ ഏകദേശം ലക്ഷം രൂപയായിരുന്നേനെ. ഞാൻ ഇതിനെ ഏതെങ്കിലും ആത്മസംതൃപ്തിയോടുത്തിൽ അല്ല പ്രസ്താവിക്കുന്നതു്. എന്നാൽ നമ്മുടെ കോശസ്ഥിതി പൂർണ്ണമായി ആശ്വാസകരമായിരിക്കുന്നുഎന്നകാണുന്നതു സയ്യേ ചാരിതാർത്ഥ്യകരമായിരിക്കും എന്നുള്ള വിശ്വാസംകൊണ്ടാകുന്നു. വിശദമായി പ്രസ്താവിക്കുമ്പോൾ ഭൂനികുതിയിൽ ലക്ഷം രൂപ കുറവുകാണുന്നു. കഴിഞ്ഞയാണ്ടത്തെ വെള്ളപ്പൊക്കം നിമിത്തം കൃഷിക്കാക്കു ഉണ്ടായിട്ടുള്ള കഷ്ടതകളെ ഗണിച്ചു ഒരു സാഹായിക ഏർപ്പാടായി തന്നാണ്ടത്തെ കന്നിപ്പൂവിനുള്ള കരം പിരിക്കലിനെ മാററിവയ്ക്കുന്നതിനു ഗവർമെണ്ടു് അനുവദിച്ചു. ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ ഈയാണ്ടത്തെ വിളവു പൊതുവെ തൃപ്തികരമായിരുന്നിട്ടുണ്ടു്. എന്നിരുന്നാലും ആണ്ടവസാനത്തിൽ മുതലെടുപ്പിൽ സാല്വം അംശം പിരിയാതെ കിടന്നുപോകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

ആദായനികുതി എന്ന ഇനത്തിൽ ലക്ഷം രൂപ എന്ന ഗണ്യമായ അഭിവൃദ്ധി ഉണ്ടു്. ഇതിൽ അധികാംശവും കച്ചവടത്തിൽനിന്നു ലഭ്യമായ ആദായങ്ങളാൽ ഉണ്ടായിട്ടുള്ളവയാകുന്നു. ഗവൺമാണ്ടവസാനത്തിൽ ആ കൊല്ലത്തിലേക്കു പിരിയേണ്ട ലക്ഷം രൂപയിൽപരം ഇനി പിരിയാതെ ബാക്കികിടന്നിരുന്നു. ഈയ്യാണ്ടിൽ പിരിവു സാല്വംകൂടി സ്ഥിരമായിരിക്കുന്നു. ഡിമാൻഡിൽനിന്നും ഇളവുചെയ്തുകൊടുത്തിട്ടുള്ളതും ഗവൺമാണ്ടത്തെക്കാൾ വളരെ കുറവാകുന്നു. തേയിലക്കച്ചവടത്തിൽ ഉള്ള അഭിവൃദ്ധിയും തൽകാരണത്താൽ തേയിലക്കമ്പനികളുടെ ലാഭത്തിൽ ഉള്ള കൂടുതലും മാത്രം ലക്ഷം രൂപയുടെ കൂടുതലിനു കാരണമായിട്ടുണ്ടു്.

എക്സൈസ് എന്ന ഇനത്തിൽ, പ്രധാനമായി നാട്ടുമദ്യത്തിനും കള്ളിനും ഉള്ള ലൈസൻസുഫീസും തീരുവയും എന്ന ഇനത്തിലായി ഏകദേശം ലക്ഷം രൂപ കൂടുതൽ ഉണ്ടു്.

കവുക്കത്തീരുവയിൽനിന്നു ലക്ഷം രൂപാ ഈടാകും എന്നു ബഡ്ജറ്റിൽ കാണിച്ചിരിക്കേ ഈ ഇനത്തിൽ മൊത്തം പിരിവു ലക്ഷം രൂപയായിരുന്നു. ഇതു് കൂടുതൽ കയറുമതിതീരുവയിൽനിന്നുമാത്രം ഉണ്ടായിട്ടുള്ളതാണു്. കൊപ്രാ, കയറു്, കുരുമുളകു, ചുക്കു്, കൊഞ്ചു് എന്നിവയുടെ കയറുമതി ഗണ്യമായകൂടുതൽ കാണിക്കുന്നു. ഈയ്യാണ്ടത്തെ ആദ്യത്തെ പത്തുമാസങ്ങളിൽ യഥാക്രമം ടൺ, ടൺ, ടൺ ഹണ്ഡർഡുവെയിറും, ടൺ, ടൺ ഹണ്ഡർഡുവെയിറും, ടൺ, ടൺ ഹണ്ഡർഡുവെയിറും, ടൺ, ടൺ ഹണ്ഡർഡുവെയിറും, ടൺ, ടൺ ഹൻഡ്രെഡുവെയിറും മെല്ലാറത്തെ ചരക്കുകൾ കയറുമതി ചെയ്തിരുന്നു. കഴിഞ്ഞയാണ്ടു ഇതിനൊത്ത കാലത്തിനിടയിൽ ഇവയഥാക്രമം ടൺ, ടൺ, ടൺ ഹൻഡ്രെഡുവെയിറും ടൺ, ടൺ, ടൺ ഹൻഡ്രെഡുവെയിറും, ടൺ, ടൺ ഹൻഡ്രെഡുവെയിറും, ടൺ, ടൺ ഹൻഡ്രെഡുവെയിറും, ടൺ, ടൺ ഹൻഡ്രെഡുവെയിറും, ടൺ ഹൻഡ്രെഡുവെയിറും, ആയിരുന്നു.

പലിശ എന്ന ഇനത്തിൽ ലക്ഷം രൂപ കൂടുതൽ ഉണ്ടായിരിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. ബാങ്കിൽ ഉള്ള സ്ഥിരനിക്ഷേപങ്ങളുടേയും നടപ്പുനിക്ഷേപത്തിന്റേയും പലിശയായി ഏകദേശം ലക്ഷംരൂപാ കിട്ടുമെന്നു നടപ്പാണ്ടത്തെക്കുള്ള ബഡ്ജറ്റിൽ ഞങ്ങൾ കണക്കാക്കിയിരുന്നു. എന്നാൽ വാസ്തവത്തിൽ പിരിവു് ലക്ഷം രൂപയായിരിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ നമ്മുടെ ചിലവുകഴിച്ചുള്ള ഒരുരൂപക്കും ഇരിപ്പു സംസ്ഥാനത്തിൽ ഉള്ള ബാങ്കുകളിൽ ഉപയോഗിക്കപ്പെടാതെ കിടന്നിരുന്നു. കഴിഞ്ഞയാണ്ടുമുതൽ ഞങ്ങൾ അതിനെ ഇമ്പീരിയൽ ബാങ്കിൽ സാല്വകാലത്തേക്കുള്ള നിക്ഷേപങ്ങളായി പലിശയ്ക്കു മുടക്കിവരുന്നു. നമ്മുടെ ചിലവുകഴിച്ചുള്ള മിച്ചത്തെ പലിശയ്ക്കു മുടക്കിയതിൽനിന്നു ആണ്ടുതോറും കിട്ടിവരുന്ന പലിശയുടെ ആകത്തുക രണ്ടു ലക്ഷം രൂപയാണെന്നു ചൂണ്ടികാണിക്കാവുന്നതാണു്. ഇതു നമ്മുടെ ട്രഷറിമോചനദ്രവ്യനത്തിൽ പണം മുടക്കിട്ടുള്ളതിൽനിന്നു കിട്ടുന്നതും ആ ധനത്തിനോടുതന്നെ ചേരുന്നതുമായ പലിശ ഒഴിച്ചുള്ളതുക ആകുന്നു.

റെയിൽവെയിൽനിന്നു ഒരുലക്ഷം രൂപ മുതലെടുക്കുമെന്നു ഞങ്ങൾ കണക്കാക്കിയിരുന്നു. ഗവർമാറ്റ് നടത്തിപ്പോരുന്നതിനു് അവസാനിച്ചതായ രണ്ടാമത്തെ അഭ്യവർഷത്തിൽ റെയിൽവെ പിരിവിൽ അഭിവൃദ്ധികണ്ടു; ആ പിരിവു അതേനിലയ്ക്കുതന്നെ ഇരിക്കുകയാണെങ്കിൽ ചിലവുകഴിച്ചുള്ള മിച്ചത്തിൽ നമ്മുടെ ഓഹരിക്കു ലക്ഷം രൂപ ലഭ്യമാണെന്നു കഴിഞ്ഞയാണ്ടത്തെ എന്റെ പ്രസംഗത്തിൽ ഞാൻ പറഞ്ഞിരുന്നു. ഈ പ്രതീക്ഷണം ശരിയായിട്ടുള്ളതായി തെളിഞ്ഞിരിക്കുന്നു എന്നു് സന്തോഷത്തോടെ അറിയിക്കുന്നതിൽ എനിക്കു സന്തോഷം ഉണ്ടു്. ഗവർമാറ്റ് നടത്തിപ്പു അവസാനിക്കുന്ന ആണ്ടത്തേക്കു നമുക്കു കിട്ടേണ്ടതായ ചിലവുകഴിച്ചുള്ള പിരിവു

(ലാഭം) ൨൦൫ ലക്ഷം രൂപയാണ്. ഇതിൽ ആദ്യത്തെ അഞ്ചുവർഷത്തേക്കു ഉള്ളതായി കണക്കുതീർത്തുപറഞ്ഞ ലാഭമായ ൧൦൯൯ ലക്ഷം രൂപ ഞങ്ങൾ പറഞ്ഞിരിക്കുന്നു. ബാക്കിയുള്ളതു തന്നാണ്ടു അവസാനിക്കുന്നതിനുമുമ്പിൽ ഈടാക്കപ്പെട്ടുമെന്നും ആശംസിക്കുന്നു.

ചിലവു്.

ഭേദപ്പെടുത്തിയ കണക്കിൽ, ചിലവിനത്തിൽ, മൊത്തം ൨൦൫ ലക്ഷം രൂപ കൂട്ടുതൽ ഉണ്ടു്. ഏറ്റവും പ്രധാനപ്പെട്ട വ്യത്യാസം "എഴുന്നള്ളിയിരിക്കുന്നേടത്തു" എന്ന ഇനത്തിൽ ആണു. ഇതിനെ ഞാൻ വിവരിച്ചുപറഞ്ഞുകഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്തിനുവെളിയിൽ വലിയതമ്പുരാൻ തിരുമനസ്സിലെ എഴുന്നള്ളത്തുപ്പകക്കായി ഒരു ലക്ഷം രൂപ ഞങ്ങൾ പതിവുപോലെ നീക്കിവച്ചിരുന്നു. ഈ തുക ചെലവാകാതെ ഒഴുങ്ങിപോകുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു. ഗണ്യമായ മറ്റൊരു വ്യത്യാസവിഷയം വിദ്യാഭ്യാസത്തിൽ ക.ഫ ൦ ലക്ഷം രൂപ കുറവുവന്നിട്ടുള്ളതാണു്. ഇതു "നിയന്ത്രണാധികാരികൾ" എന്ന ഇനത്തിൽ സല്പമായ കൂട്ടുതൽ ഉൾപ്പെടുത്തിയും എല്ലാ അപ്രധാന ഇനങ്ങളിലുമായി വീതിക്കപ്പെട്ടിരിക്കുന്നു.

ക.ഫ ൦ ക-ാമാണ്ടത്തേക്കുള്ള ബജ്ജറ്റ്കണക്കു്.

അടുത്തയാണ്ടത്തേക്കു ൨ ൦൩൦൨ ലക്ഷം രൂപ മുതലെടുപ്പിനും ൨ ൦൩൦൨ ലക്ഷം രൂപ ചിലവിനുംആയി കണക്കു തയാറാക്കിയിരിക്കുന്നു. ഇതുനിമിത്തം ആണ്ടവസാനത്തിൽ ന൦൯ൻ ലക്ഷം രൂപ ചിലവു മിച്ചംവരുന്നതാണു്.

മുതലെടുപ്പു്.

മൊത്തം മുതലെടുപ്പു തന്നാണ്ടത്തെ പിരിവിനെക്കാൾ ക൦൨൯ ലക്ഷം രൂപമാത്രം കൂട്ടുതൽ ആയിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഭൂനികുതി ഇനത്തിൽ ൦൯൦യാണ്ടവസാനത്തിൽ പിരിക്കപ്പെടാതെ, കിടക്കുന്ന കുടിശിക യോടുകൂടി സാധാരണഭൂനികുതിയും പിരിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. ആദായനികുതിയിൽ നിന്നും ഉള്ളവരവു തന്നാണ്ടത്തെ വരവിൽനിന്നും ക൦൨൯ ലക്ഷം കുറയായിരിക്കുമെന്നു കണക്കാക്കിയിരിക്കുന്നു. ഈ നികുതി കച്ചവടത്തിൽ ഉള്ള അഭിവൃദ്ധിയേയും പിരിക്കുന്ന അധികാരികളുടെ അനവരതമായ ജാഗ്രൂകതയേയും അധികമായി ആശ്രയിച്ചിരിക്കുന്നതുകൊണ്ടു ഈ നികുതിയുടെ കാര്യത്തിൽ സല്പം അനിശ്ചിതത്വമുണ്ടു്. അതുകൊണ്ടു ഈ ഇനത്തിൽ അല്പം കുറവായി കണക്കാക്കുന്നതു രക്ഷയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എക്സൈസുഇനത്തിൽ ഭേദപ്പെടുത്തിയ കണക്കനുസരിച്ചു ൨൨൦൨൯ ലക്ഷം രൂപപിരിയും എന്നിരിക്കെ ക൦൨൦-ാമാണ്ടത്തേക്കു മൊത്തംപിരിവു ൨൨൦൦൫ ലക്ഷം രൂപയായിരിക്കുമെന്നു കണക്കു കൂട്ടിയിരിക്കുന്നു. ഇതിലേക്കു 'പുകയില'യിൽ ക൦൨൦൨ ലക്ഷംരൂപായും 'കലാലും കറപ്പും' കൂടിയ ഇനത്തിൽ ൨൦൫൦൯ രൂപയും ലഭിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. കൂട്ടുതൽ വരവു് "കറപ്പിന്മേൽ ഉള്ള തീരുവ മാപ്പുചെയ്തു മടക്കിക്കൊടുക്കൽ" എന്ന പുതിയ ഇനത്തിൽ ആയിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ ചർക്ക മദ്രാസിൽ വരുത്തി ശേഖരിച്ചുവയ്ക്കുന്നതിനു വണ്ടിക്കൂലി മുതലായവകൊക്കായി ആ ഗവർണ്മെൻറിനു ചിലവാകുന്ന തുക നികത്തുന്നതിനുമാത്രമായി ശേഖരിക്കുന്ന നൂറുക്കു ഒരുരൂപ വീതം കുറച്ചുകൊണ്ടു ഈ സംസ്ഥാനത്തിൽ ചെലവാകുന്ന കറപ്പു മുഴുവനിലേയ്ക്കും ഉള്ള മുഴുവൻ തീരുവയും തിരുവിതാംകോട്ടിലേക്കു തരാമെന്നു മദ്രാസ്ഗവർണ്മെണ്ടുമായി നടത്തിയ സന്ധിക്രമത്തിന്റെ ഫലമായി അവർ സമ്മതിച്ചിരിക്കുന്നു. ഈ ഏർപ്പാടു കൺ൨൫ ഏപ്രിൽ ക-ാംനു-മുതൽ നടപ്പിൽ വന്നിരിക്കുന്നു. അടുത്തയാണ്ടത്തേക്കു നമുക്കു കിട്ടുന്നതുള്ളുവുകയ ക൦൨ ലക്ഷം രൂപയായിരിക്കുമെന്നു കണക്കു കൂട്ടിയിരിക്കുന്നു. കറയിൽവെ ഇനത്തിൽഉള്ള കണക്കു കേവലം ഊഹാപോഹമായിട്ടുള്ളതാണു്. കറയിൽവെക മ്പനിയിൽനിന്നു നമുക്കു ഇതേവരെ യാതൊരുകണക്കും കിട്ടീട്ടില്ല. എന്നാൽ തന്നാണ്ടത്തേയും കഴിഞ്ഞയാണ്ടത്തേയും അനുഭവത്തെ അടിസ്ഥാനപ്പെടുത്തി ബജ്ജറ്റ് തുകയെ ൨ ലക്ഷം രൂപയായി ഉറപ്പിച്ചിരിക്കുന്നു. നമ്മുടെ കണക്കു കൂട്ടുലിൽ വലിയമാറ്റങ്ങൾ വരികയില്ല എന്നു ഞാൻ ആശംസിക്കുന്നു.

ചിലവു.

൨ ൦൩൦൨ ലക്ഷം രൂപാ മുതലെടുപ്പു ഉണ്ടായിരിക്കും എന്നു പ്രതീക്ഷിച്ചിരിക്കെ സ്ഥിരപ്പെട്ട ചെലവു കഴിക്കുള്ള ആദ്യത്തെ കണക്കു കൺ൨൦൯ൻ ലക്ഷം രൂപയായിരുന്നു. ഫിനാൻസ്കമ്മിറ്റിയുടെ സഹായത്തോടുകൂടി ഗവർണ്മെൻറു വലുതും ചെറുതുമായി ആകപ്പാടെ നൂറു പദ്ധതികളെ പറ്റി ആലോചിക്കുകയും തത്സംബന്ധമായി സ൦൯ൻ ലക്ഷം രൂപ കൂട്ടുതലായി ചിലവാക്കുന്നതിനു വ്യവസ്ഥചെയ്യുകയും ചെയ്തു. ഇവ ഏവയാണെന്നു അച്ചടിച്ച ബജ്ജറ്റിന്റെ ഫുട്നോട്ടുകളായി സാമാന്യേന കാണിച്ചിട്ടുണ്ടു്. അപ്രകാരം നീക്കിവച്ചിട്ടുള്ള കൂട്ടുതൽ തുകയുടെ ഏറ്റവും വലിയഭാഗം ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറിൽ ആണ്. എന്നുവരികിലും അതു പ്രധാനമായും ഇപ്പോൾ ഉള്ള പദ്ധതികളെ തുടർന്നു നടത്തുന്നതിനു മാത്രമാകുന്നു. ക൦൨൦ മകരം അവസാനംവരെ പുതുതായി സർവെജോലി നടത്തുന്നതിനു ൦൦൯൨ ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ചങ്ങലയും കണ്ണാടിയും സർവ്വെ പരിശീലിപ്പിക്കുന്നതിനായി തിരുവനന്തപുരത്തു ഒരു വിശേഷാൽ സർവ്വെ ക്ലാസു നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ഇതിലേക്കു ൦.൦൯ ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

അധികവിസ്തൃതിയിലുള്ള ലാൻഡ്മോർട്ഗേജ്ബാങ്കുകൾക്കു് ഹേതുവായ ലാൻഡ്മോർട്ഗേജ്ബാങ്ക് സംരക്ഷണഏർപ്പാടിന്റെ൦ കാര്യത്തിൽ ആകട്ടെ ഇപ്പോഴത്തെ നിലയിൽ അതിനെ ക൦൨൦ ജൂലൈമാസത്തിനപ്പുറം നടത്തണമെന്നു ഗവർണ്മെണ്ടു് നിശ്ചയിക്കുന്നില്ല. ആ പദ്ധതിക്കു ഇപ്പോൾ നടത്തപ്പെട്ടുവരുന്ന രീതിയിൽ വലുതായ ന്യൂനത ഉണ്ടെന്നും പൊതുജനങ്ങൾ അതിനെ വലുതായ പ്രോത്സാഹനത്തോടുകൂടി വീക്ഷിക്കുന്നു എന്നും സമ്മതിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു പൊതുവെ സ്വീകാര്യമായ ഒരു ഭേദപ്പെടുത്തിയ പദ്ധതി നടപ്പാക്കണമെന്നു ഗവർണ്മെണ്ടു് ഉദ്ദേശിക്കുന്നു. ഇതിലേക്കു ആദ്യത്തെ മൂന്നു മാസങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന തുകയേക്കാൾ കൂട്ടുതൽതുക ആവശ്യമുള്ളതിനാൽ അതനുസരിച്ചു കൂട്ടുതലായി ൦൯൯൯ ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. പുതുക്കിയ പദ്ധതി രൂപീകരിക്കുന്നതിൽ ലാൻഡ്മോർട്ഗേജ്ബാങ്കുകണക്കിനെ സഹായിക്കുന്നതിനായി തങ്ങളിൽനിന്നുതന്നെ ആളുകളെ തിരഞ്ഞെടുക്കുന്നതിനു നിയമസഭയിലെ അനുദ്യോഗസ്ഥമെംബർമാരോടു അപേക്ഷിക്കുന്നതായിരിക്കും. ഇതിനെപ്പറ്റി കൂട്ടുതൽവിവരങ്ങൾ എന്റെ സ്നേഹിതൻ മിസ്റ്റർ റാബിൻസൺ പറയുന്നതാണ്.

നീതിന്യായവിഭാഗത്തിൽ ഹൈക്കോർട്ടിൽ ഉള്ള ഒഴിവുകൾ നികത്തുന്നതിനും താൽക്കാലികമായ ജഡ്ജിമാരെയും ഉൻസിഫന്മാരേയും മേലും വച്ചുകൊള്ളുന്നതിനും വ്യവസ്ഥചെയ്തിരിക്കുന്നു. ഈ സംബന്ധമായ ചിലവു മുഴുവൻ ശീർഷകം ക്ഷ ക്ഷം രൂപയാണ്. താൽക്കാലികമായ സർക്കാർവക്കിൽമാരേയും ക ക ാ ക വഴിവണം വച്ചു കൊണ്ടിരിക്കുന്നതിനും നിശ്ചയിച്ചിരിക്കുന്ന ആ വകയ്ക്കു ാ • ാ ന്നു ലക്ഷം രൂപാ നീക്കി വച്ചിട്ടുണ്ട്.

ജയിലുകൾ എന്ന ഇനത്തിൽ സെൻട്രൽപ്രിസണിന്റെ ആധുനികമാക്കുന്നതിനും തടവുകാർക്കു പരിഷ്കൃത നെയ്ത്തു സംപ്രദായങ്ങളിൽ പ്രായോഗിക പരിശീലനം നല്കുന്നതിനുമായി ചിലവാണം ഫാക്ടറിയിൽ തറികളും മറ്റു നെയിത്തു സാമഗ്രികളും വാങ്ങുന്നതിനു ാ • ഉ ലക്ഷം രൂപ കൂടുതലായി നീക്കി വച്ചിരിക്കുന്നു.

പൊലീസിനു ാ • ക ാ ലക്ഷംരൂപ കൂടുതൽ കിട്ടുന്നു. ഈ ഹെഡ്കാൺസ്റ്റബിൾമാരെയും ഈ ാ കാൺസ്റ്റബിൾമാരെയും കൂടുതലായി ചേർത്ത് തിരുവനന്തപുരം ടൌൺപോലീസിന്റെ സംഖ്യയെ വർദ്ധിപ്പിക്കുന്നതിനാകുന്നു.

'ചിത്രാക്ഷരാലയം' ഇനത്തിൽ ാ •സ ലക്ഷം രൂപ കൂടുതൽ ഇപ്പോൾ നീക്കിവച്ചിരിക്കുന്നു. ഈ ആർട്സ്കോളേജിൽ ശാസ്ത്രാക്ഷരസനവും സയൻസുകാളേജിൽ ഗണിതശാസ്ത്രത്തിൽ ആണൈർവ്വ ക്ലാസ്സും ആരംഭിക്കുന്നതിനാകുന്നു. ക്ലാസുകളിൽ വിദ്യാർത്ഥികളുടെഎണ്ണം കൂടിയതുനിമിത്തം സയൻസുകാളേജിൽ കൂടുതൽ അദ്ധ്യാപകന്മാരെ നിയമിക്കേണ്ടതു ആത്യാവശ്യമായിതീർന്നു. വിദ്യാഭ്യാസവകുപ്പിലെ ആപ്പീസിലേക്കു ഇപ്പോഴത്തെ ജീവനക്കാർ മതിയാകുന്നതല്ലെന്നു ബോധിപ്പിക്കയാൽ കൂടുതലായി നാല ഗുമസ്ഥാക്കളേയും ഒരു ടൈപ്പിസ്റ്റിനേയും നിയമിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. അനേകം ചില്ലറ പദ്ധതികൾക്കായി, പ്രധാനമായി പുറക്കാടിൽ ഉള്ള പരിശോധനത്തോട്ടത്തെ ഉടൻ നടത്തുന്നതിനും കൊച്ചുവേലിൽ ഒരു മത്സ്യോണക്കശാല ഏർപ്പെടുത്തുന്നതിനും ആയി കൃഷി ഇനത്തിൽ ാ • ാ വ ലക്ഷം രൂപക്കു വ്യവസ്ഥചെയ്തിരിക്കുന്നു.

"വ്യവസായം" ഇനത്തിൽ ആകപ്പാടെ ാ •ര ഇ ലക്ഷം രൂപ കിട്ടുന്നു. ഇതിൽ ാ • ക ക ലക്ഷം രൂപ തിരുവനന്തപുരത്തുള്ള വ്യവസായശാലയ്ക്കു് യന്ത്രങ്ങൾ വാങ്ങുന്നതിനും മറ്റു തരത്തിലുപകാരപ്പെടുന്ന വ്യവസായപോഷകമായ പദ്ധതികൾക്കായി മൊത്തം ാ •സ ാ ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. തിരുവിതാംകോട്ടിലുള്ള വ്യാപാരവേലശാലകളിൽ നടന്നുവരുന്ന വ്യവസായങ്ങളെ വർദ്ധിപ്പിക്കുന്നതിനായി നമ്മുടെ ശക്തിയേയും പണത്തേയും ചിലവഴിക്കുന്നതു നാം വളരെയായ അബദ്ധം കാണിക്കുന്നതായിരിക്കും എന്നു ഗവണ്മെന്റിനു തോന്നുന്നു. വ്യവസായസംബന്ധമായ നമ്മുടെ ശ്രമങ്ങളെ ചെറുതരം വ്യവസായങ്ങളെ വർദ്ധിപ്പിക്കുന്നതിലും സൃഷ്ടിക്കുന്നതിലും ആയി നയിപ്പിക്കുന്നതു സുഫലമായിരിക്കും. നീക്കിവച്ചിരിക്കുന്ന ാ •സ ാ ലക്ഷം രൂപ എന്നു മൊത്തത്തുക ഈ മാർഗ്ഗത്തിലേക്കുള്ള ആദ്യത്തെ സല്പമായ ആരംഭമാകുന്നു.

മെഡിക്കലും സാനിട്ടറിയും ഇനത്തിൽ ാ •ഫ ര ലക്ഷം രൂപ കൂടുതൽ അനുവദിച്ചിരിക്കുന്നു. ഇതിൽ പ്രധാനപ്പെട്ട ഇനങ്ങാം വിദേശയിൽ പുതുതായി ഒരു ഡിസ്പെൻസറി ഏർപ്പെടുത്തൽ, ജനറൽ ആശുപത്രിയിൽ പേപ്പട്ടി വിഷചികിത്സ ആരംഭിക്കൽ, സംസ്ഥാനത്തിൽ ഉള്ള പല ആശുപത്രികളിലായി ക ര ഇൻഡ്യൻ രോഗ ശിശ്രൂഷകകളെ നിയമിക്കൽ ബാക്ടീരിയൊലൊജിക്കൽ ഡിപ്പാർട്ടുമെൻറിലേക്കു കൂടുതൽ യന്ത്രസാമഗ്രികളും വാങ്ങിക്കുക ഇവയാകുന്നു.

പരസ്പരസഹായഡിപ്പാർട്ടുമെൻറിലേക്കു ാ •ഫ ഫ ലക്ഷം രൂപ കിട്ടുന്നു. ഇപ്പോൾ ഉള്ള ഏ താല്ക്കാലിക ഇൻസ്പെക്ടർമാരെ സ്ഥിരപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്നു; ജോലിയിൽ ഉള്ള വലുതായ കൂടുതലിനെ നടത്തിക്കൊണ്ടുപോകുന്നതിനു കൂടുതലായി ഏ ഇൻസ്പെക്ടർമാർ അടങ്ങിയ ഒരുകൂട്ടം താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതാണ്. രെജിസ്റ്റർ ചെയ്യപ്പെട്ട പരസ്പരസഹായസംഘങ്ങളുടെ എണ്ണം ക ാ ൻ-ാണ്ടവസാനത്തിൽ ഏ ഇ ഏ ആയിരുന്നു. വെള്ളപ്പൊക്കത്താൽ ബാധിതമായ സ്ഥലങ്ങളിൽ പണം കൊടുക്കുന്നവകയ്ക്കു ഗവണ്മെണ്ട് പരസ്പരസഹായസംഘങ്ങളെ ഉപയോഗപ്പെടുത്തി ഈ പ്രവൃത്തി ഒരു പ്രോത്സാഹനം നല്കിയതുനിമിത്തവും ഡിപ്പാർട്ടുമെൻറിന്റെ രീത്യനുസരണമായ പ്രചരണപ്പണിനിമിത്തവും നാളുവരെ രെജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളുടെ എണ്ണം മുന്നൂറിനുമേൽ ആയിരുന്നു. ഈ സംഘങ്ങളുടെ ജോലികളുടെ മേലന്വേഷണം നടത്തുന്നതിനു ഫ ാ ഇൻസ്പെക്ടർമാർ എങ്കിലും വേണ്ടതാണെന്നു രെജിസ്ട്രാർ കണക്കാക്കിയിരിക്കുന്നു. ഇപ്പോൾ അനുവദിച്ചിട്ടുള്ളതു് ന്യ സ്ഥിരമായ ഇൻസ്പെക്ടർമാരും ഏ താൽക്കാലിക ഇൻസ്പെക്ടർമാരും മാത്രമാകുന്നു. അതിനെ ക്രമ സ്ഥിര ഇൻസ്പെക്ടർമാരും ഏ താൽകാലിക ഇൻസ്പെക്ടർമാരുമായി ആകെ ഫ ാ ഇൻസ്പെക്ടർമാരായി കൂട്ടുന്നതിനു നിർദ്ദേശിക്കുന്നു. അവരിൽ ഒരാൾ ഇപ്പോൾ സെൻട്രൽകൊപ്പറേറീവു ബാങ്കിൽ ജോലി ചെയ്യുന്നു. അദ്ദേഹത്തെ അവിടെ ഒരു കൊല്ലത്തേക്കു കൂടി വച്ചേക്കുന്നതാണു് രജിസ്ട്രാരുടെ കച്ചേരിയിലെ ജീവനക്കാരിൽ ര ഗുമസ്ഥക്കളെയും ഒരു ടൈപ്പിസ്റ്റിനേയും ഒരു ശിപായിയേയും കൂടി നിയമിച്ചു അവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഉപരിശോധകം സംഘങ്ങൾക്കു സഹായധനം നൽകുന്നതിനു ാ • ഇ ലക്ഷം രൂപയും പരസ്പരസഹായ രൂപീകരണം ശമ്പളം ഇല്ലാതെ നടത്തിക്കുന്നവർക്കു സഞ്ചാരപ്പടിവകയ്ക്കും പരസ്പരസഹായ സംഘങ്ങളുടെ പൊതുസഭകൾക്കു സൌജന്യം നൽകുന്ന വകയ്ക്കും ആയി ാ • ാ ക ലക്ഷം രൂപയും നീക്കിവച്ചിരിക്കുന്നു.

പൊതുമരാമത്തു് ഇനത്തിൽ മൊത്തം നിക്കിവച്ചിരിക്കുന്നതു ക ൻ • ര ാ ലക്ഷം രൂപയാകുന്നു. ഇതു വെള്ളപ്പൊക്കം നിമിത്തം ഉണ്ടായ അറകുറപ്പണികൾ തീർക്കുന്നതിനായിട്ടുള്ള ഏകദേശം ന ലക്ഷം രൂപ കൂടി ഉൾപ്പെടുന്നതായ നടപ്പുണ്ടത്തെ ചെലവിനെക്കാൾ ഏകദേശം ക • ഭ ലക്ഷം രൂപ കൂടുതലാകുന്നു. നിക്കിവച്ചിരിക്കുന്ന ക ൻ.ര ാ ലക്ഷം രൂപയിൽ ന.സ ര ലക്ഷം രൂപകെട്ടിടങ്ങൾക്കും ഫ ഇ.ക ക ലക്ഷം രൂപ ഗതാഗതമാർഗ്ഗങ്ങൾക്കും ഫ • ാ ന്നു ലക്ഷം രൂപ മുനിസിപ്പാലിറ്റികളിൽ ഉൾപ്പെടാത്ത സ്ഥലങ്ങളിൽ പാർപ്പുകെട്ടിയ്ക്കൽ ജലസംഭരണം മറ്റു പല ഗ്രാമപ്രധാനമായ പണികൾ ചെയ്യുക എന്നിവയ്ക്കും ഫ.സ.ൻ ലക്ഷം രൂപ രക്ഷണീയമായ അല്ലെങ്കിൽ ചില്ലറ ജലസേചനപ്പണികൾക്കും ആയിട്ടാകുന്നു. ജീവനക്കാക്കും പണിയായുധങ്ങൾക്കും പണിക്കോപ്പുകൾക്കും കൂടി ഇ • ഇ വ ലക്ഷം രൂപ വേണ്ടിവരുന്നു. മഹാരാജാ തിരുമനസ്സിലേ വകയ്ക്കു ഡെൽഹിയിൽ പണി

യിച്ചു വരുന്ന കൊട്ടാരം പണി പൂർത്തിയാക്കുന്നതിനു മുമ്പ് ലക്ഷം രൂപ ഇപ്പോൾ നീക്കിവച്ചിരിക്കുന്നു. നമ്മുടെ പൊതുജനാരോഗ്യം ദൈനംദിനം ക്ഷയിച്ചുവരുന്നതിനാൽ ഒരു റെയിൽപ്പാത കൂടി പുതുതായി ഉടൻ പണിയുന്നതിനായി ഒരു റെയിൽപാതസർവ്വേ നടത്തുന്നതിനും 0.5 ലക്ഷം രൂപ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിന്റെ ബഡ്ജറ്റിൽ വിനിയോഗിച്ചിരിക്കുന്നു. സർവ്വേ ആരംഭിച്ചു കഴിഞ്ഞിരിക്കുന്ന അതു കൂടാതെ കൊല്ലം കൊണ്ടു പൂർത്തിയാക്കുമെന്നു കരുതപ്പെടുന്ന തിരുവനന്തപുരം ഡിവിഷനിൽ ഉള്ള ചില്ലറ ജലസേചനപ്പണികളും പുറമെ അടുത്ത വർഷം നടത്തുന്നതിനായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കു ജീവനക്കാരെ തേടുവാനും വച്ചു കൊണ്ടുള്ളതായ 0.5 ലക്ഷം രൂപയും നിക്കിവച്ചിരിക്കുന്നു.

എനിക്കു പറയാനുള്ളതു മുഴുവനും ഞാൻ മിക്കവാറും ഇപ്പോൾ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. എന്നാൽ ഞാൻ കാലക്ഷേപം ചെയ്തു ശ്രദ്ധിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നതായ ഒരു പ്രധാനവിഷയത്തെപ്പറ്റി ഏതൻറെ പ്രസംഗം അവസാനിക്കുന്നതിനുമുമ്പേ ഞാൻ പറയേണ്ടതുണ്ടെന്നു തോന്നുന്നു. നമ്മുടെ വിദ്യാഭ്യാസപുരോഗതിയെപ്പറ്റിയാണു ഞാൻ പറയുന്നതു. 1911-12-മാണ്ടു വിദ്യാഭ്യാസത്തിനുള്ള നമ്മുടെ മൊത്തം ചിലവു 9.81 ലക്ഷം രൂപയും പിരിവു 2.9 ലക്ഷം രൂപയും പിരിവിനേക്കുള്ള ചിലവു 1.12 ലക്ഷം രൂപയും ആയിരുന്നു. 1916-17-മാണ്ടു നമ്മുടെ മൊത്തം ചെലവു 12.05 ലക്ഷം രൂപയും പിരിവുകഴിച്ചുള്ള ചെലവു 8.95 ലക്ഷം രൂപയും ആയിരുന്നു. 1921-22-മാണ്ടത്തേക്കു നമ്മുടെ മൊത്തം ചിലവു 14.07 ലക്ഷം രൂപയും പിരിവു 2.05 ലക്ഷം രൂപയും പിരിവു കഴിച്ചുള്ള ചിലവു 12.02 ലക്ഷം രൂപയും ആയിരിക്കുമെന്നു കണക്കു കൂട്ടിയിരിക്കുന്നു. ഇപ്രകാരം കഴിഞ്ഞ പന്ത്രണ്ടുകൊല്ലത്തിനുള്ളിൽ വിദ്യാഭ്യാസത്തിനുള്ള ചിലവു ഇരുപതുശതമാനം വർദ്ധിച്ചിട്ടുണ്ടു്. ഈ അനന്യസാധാരണമായ വർദ്ധനയെ ഏറ്റവും ദിരിയോടുകൂടി വീക്ഷിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഒരു രാജ്യത്തിലെ പ്രജകളുടെ വിദ്യാഭ്യാസം അതിന്റെ ക്ഷേമത്തിനും അഭിവൃദ്ധിക്കും അതി പ്രധാനമായിട്ടുള്ള കാര്യമാണെന്നും അതിലേക്കു ന്യായമായി ചെയ്യപ്പെടുന്ന ചിലവു ഒരു കൂടെ പ്രയോജനമായ ഐശ്വര്യാഭിവൃദ്ധിയിൽ അനേകം ഗുണങ്ങളായി മടക്കികിട്ടുന്നതാണെന്നും ഉള്ള അഭിപ്രായത്തെ ആരും നിഷേധിക്കുന്നില്ല. എന്നാൽ അസാമാന്യമായ ഈ ധൃതഗതിയെ നിയന്ത്രിക്കേണ്ടതാണെന്നുള്ളതിൽ സഭ എന്നോടു യോജിക്കുമെന്നു എനിക്കു നിശ്ചയമുണ്ടു്. അതനുസരിച്ചു അടുത്തയാണ്ടു ഡിപ്പാർട്ടുമെന്റിനു കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനുമാത്രം മതിയാകുന്ന പണമേ ഈ ബഡ്ജറ്റിൽ ഗവണ്മെന്റു നീക്കിവച്ചിട്ടുള്ളൂ. കൂടുതൽ പുരോഗതിക്കു കാര്യശാൽ വേണ്ടിവരുന്ന യാതൊന്നിനും ഇതിൽ പണം നീക്കിവച്ചിട്ടില്ല. നമ്മുടെ വിദ്യാഭ്യാസനയത്തെപ്പറ്റി നല്ലപോലെ ആലോചിച്ചു വേണ്ട മാറ്റങ്ങൾ തീർച്ചപ്പെടുത്തുന്നതുവരെ തുടരാൻ നിശ്ചയിച്ചിരിക്കുന്ന നയം ഇതുകൊണ്ടു ഇതു ഗൗരവപ്പെട്ട ഒരു വിഷയമാണ്. അന്യോദ്യോഗസ്ഥന്മാരുടേയും വിദ്യാഭ്യാസപ്രണയികളുടേയും അഭിപ്രായത്തെ മാനിച്ചുള്ളതെ യാതൊരു ശിക്ഷയും ചെയ്യുന്നതല്ല എന്നു ഞാൻ സഭയോടു ഉറപ്പുപറയണമെന്നില്ലല്ലൊ.

സ്പീക്കർ, എനിക്കു പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു. ഈ ബഡ്ജറ്റിനെ തൃപ്തികരമായ ഒന്നായി സഭ കരുതുമെന്നു ഞാൻ വിശ്വസിക്കുന്നു. കഴിഞ്ഞയാണ്ടു ഞാൻ ബഡ്ജറ്റു സമർപ്പിച്ചപ്പോൾ അതു സങ്കടവും മനോവിചാരവും ഉള്ള കാലമായിരുന്നു. അതിൽപ്പിന്നിട്ട മേഘങ്ങൾ മറഞ്ഞപ്പോഴും അതിനെ തുടർന്നു സൃഷ്ടിച്ച ജ്യോതിസ്സുപ്രകാശിക്കയും ചെയ്തിട്ടുണ്ടു്. ഈ ബഡ്ജറ്റു വെളിപ്പെടുത്തുന്നതായ അഭിവൃദ്ധിയുടെ കസ്തൂരികരമോ ക്ഷണഭംഗുരമോ ആയിട്ടുള്ളതല്ല എന്നും ഭൂതകാലത്തെയുള്ള കോശസ്ഥിതിയുടെ ഉത്തമലക്ഷണമാണെന്നും ഉള്ള ആശംസയോടുകൂടി ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ റെക്കാർഡുസംരക്ഷണകമ്മിറ്റി.

പ്രസിഡെണ്ടു്: മി: ജാഞ്ജിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചതായ ശ്രീമതി റെക്കാർഡു സംരക്ഷണപദ്ധതിസംബന്ധമായുള്ള കമ്മറിയിലെ അംഗങ്ങളായി നിങ്ങളിൽനിന്നു മൂന്നുമന്ത്രിമാരെ തിരഞ്ഞെടുക്കുന്നതിനു സഭയിലെ അന്യോദ്യോഗസ്ഥമെംബർമാരോടു ഞാൻ അപേക്ഷിക്കുന്നു. കമ്മിറ്റിയിൽ രണ്ടു ഉദ്യോഗസ്ഥമെംബർമാർ ഉണ്ടായിരിക്കും, അവരിൽ ഒരാൾ ആയ ലാൻഡുറെവന്യൂകമ്മീഷണർ മിസ്റ്റർ റാബിൻസൺ അദ്ധ്യക്ഷനായിരിക്കും. മറെറ ഉദ്യോഗസ്ഥമെംബറെപ്പിന്നീടു ഗവണ്മെൻറിൽനിന്നു നിയമിക്കുന്നതാണു്. നിങ്ങടെ ഡെപ്യൂട്ടിസ്പീക്കരിന്റെ അദ്ധ്യക്ഷതയിൽയോഗംകൂടിയുന്ന മെംബർമാരെ തിരഞ്ഞെടുക്കുന്നതു എനിക്കു സന്തോഷകരമായിരിക്കും. അതിൽപ്പിന്നീടു സഭ പിരിയുകയും ശനിയാഴ്ച കാലത്തു വീണ്ടും കൂടുകയും ചെയ്യുന്നതാണു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബഡ്ജറ്റു് സംബന്ധിച്ചു പൊതുവെയുള്ള വാദം അവസാനിച്ചതിൽ പിന്നീടു ഉദ്ദിഷ്ടതെരഞ്ഞെടുപ്പുനടത്തുന്നതു അധികം നന്നായിരിക്കുകയില്ലയൊ?

പ്രസിഡെണ്ടു്: അതും സഭയുടെ ഇഷ്ടംപോലെ തീർച്ചചെയ്തുകൊള്ളുവിൻ. അതനുസരിച്ചു തിരഞ്ഞെടുപ്പു മാറിവയ്ക്കപ്പെട്ടു.

ഫൻറ 8 ആഗസ്റ്റ് 1921-കാലത്തു 11 മണി അടിച്ചു 5 മിനിട്ടാകുമ്പോൾ വീണ്ടും യോഗംകൂടുന്നതിനായി ഉച്ചക്കു 12-നു അടിച്ചു 24 മിനിട്ടായപ്പോൾ സഭപിരിഞ്ഞു.

ടി. പി. രാമലിംഗപ്പിള്ള,
നിയമസഭാ സെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

നിയമസഭായോഗം പകൽ ൧൧-നു മണിക്കു തിരുവനന്തപുരത്തു വിക്ടോറിയ ജൂബ്ലി ടൌൺഹാളിൽകൂടി. പ്രസിഡൻറ അഭ്യുസതാധിപത്യം വഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

[സ്റ്റാണ്ടിങ്ങ് ഓർഡർനമ്പർ ൧൨ പ്രകാരം പ്രസിഡൻറ പാസ്സാക്കിയ ഉത്തരവു.]

൧. സഭയുടെ ഓരോയോഗത്തിൽ ചോദിക്കാനുള്ള ചോദ്യങ്ങളുടെയും അവയ്ക്കു കൊടുക്കുന്ന മറുപടിക ളുടെയും അച്ചടിച്ചുപകർപ്പുകൾ പ്രസിഡൻറ ആസനസ്ഥനാകുന്നതിനു ൧൫ മിനിട്ടിനു മുമ്പായി മേശപ്പുറത്തു വെച്ചിരിക്കണം.

൨. ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടികൾ കൊടുക്കുന്നതും താഴെകാണിച്ചിരിക്കുന്ന ക്രമപ്രകാരം ആയിരിക്കണം.

ഓരോപ്രശ്നകർത്താവിൻറെയും പേരു നമ്പർ ക്രമപ്രകാരം സെക്രട്ടറി വിളിക്കയും അദ്ദേഹത്തിൻറെ ചോ ദ്യത്തിൻറെ നമ്പർ പ്രസ്താവിക്കയും ചെയ്തിട്ടു അദ്ദേഹത്തിനു വല്ലഉപചോദ്യങ്ങളും ചോദിക്കാനുണ്ടെങ്കിൽ അതി നതുസരിച്ചും ഉണ്ടാകത്തക്കവണ്ണം തൻറസ്ഥാനത്തു എഴുന്നേറുനിൽക്കാൻ അല്പസമയം കൊടുക്കണം. പ്രധാ നചോദ്യങ്ങളെ തുടർന്നതന്നെ അവയെസംബന്ധിച്ച ഉപചോദ്യങ്ങളും ചോദിക്കേണ്ടതാകുന്നു.]

മോട്ടാർ വാഹനസമ്മതപത്രങ്ങളും ഡ്രൈവർമാരുടെ അനുവാദപത്രങ്ങളും.

൨. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): താഴെപറയുന്ന സംഗതികൾ ഗവൺമെൻറിനു ദയവായി പറയുമോ.

എ. (൧) ൧൯൨൯ ഇടവമാസത്തിൽ തൽക്കാലത്തേക്കോ അല്ലാതെയോ പിൻവലിക്കയോ നിറുത്തി വയ്ക്കയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്തിട്ടുള്ള മോട്ടോർവണ്ടികളുടെയും ബസ്സുകളുടേയും സമ്മതപത്രങ്ങളുടെ എണ്ണം.

(൨) ൧൯൨൯ ഇടവമാസത്തിൽ തൽക്കാലത്തേക്കോ അല്ലാതെയോ പിൻവലിക്കയോ നിറുത്തിവെ ക്കയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്തിട്ടുള്ള മോട്ടോർ ഡ്രൈവർമാരുടെ അനുവാദപത്രങ്ങളുടെ എണ്ണം.

ബി. അങ്ങനെചെയ്യുന്നതിനു മുമ്പായി എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയോ നടത്തിയെങ്കിൽ ആര?

മി. കെ. നാരായണൻ പണ്ടാല (ഗവൺമെൻറ ആക്ടിംഗ്ഗവൺമെൻറ് ചീഫ്സെക്രട്ടറി):

എ. (൧) ൧൨൬൩.

(൨) ൨൬.

ബി. ഉവ്വ്. പോലീസ്കമ്മീഷണർ.

അഭ്യാസനമോട്ടാർ വണ്ടികൾ.

൩. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): (൧) അഭ്യാസനകാറുകൾ എന്നുപറയുന്ന വാഹന ങ്ങൾ യഥാർത്ഥത്തിൽ സാധാരണ ഫോർഡുകാറുകൾ മൂന്നാളുകൾക്കുള്ളതു ഇരിക്കാൻ തക്കവണ്ണം ഇരിക്കുന്നുഭാഗം മാത്രം മേടപ്പെടുത്തിട്ടുള്ളവയാണെന്നും,

(൨) ഇയിട ഈ വാഹനങ്ങളുടെ എണ്ണംവളരെവർദ്ധിച്ചു മറ്റുയാത്രാവാഹനങ്ങളുടെ ഉപയോഗംകുറ ച്ചിട്ടുണ്ടെന്നും,

(൩) ടെയറുകളുടെയും ട്യൂബുകളുടെയും വിലകുറവും നിമിത്തം അവനാഗരങ്ങളിൽ സഞ്ചാരത്തിനും പുറമെ യാത്രകൊടുക്കുംവളരെ ഉപയോഗപ്പെടുത്തിവരുന്നുഎന്നും, ഗവൺമെൻറിനു അറിയാമോ?

മി. കെ. നാരായണൻ പണ്ടാല (ആക്ടിംഗ്ഗവൺമെൻറ ചീഫ്സെക്രട്ടറി): ൧-ം, ൨-ം, ൩-ം, ഗവ ൺമെൻറ ഈ കാര്യം നോട്ടുചെയ്തിരിക്കുന്നു.

നാഗരുകോവിൽ നഗരാതിർത്തിക്കുള്ളിൽ അഭ്യാസനകാറുകളിൽ യാത്രക്കാരെ കയറ്റുകയും ഇറക്കുകയുംചെയ്യുന്നതിനെപറ്റി നിരോധകല്പന.

൪. മി. എം സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): (എ) ആരുവാമൊഴിവഴിയായി തിരുനൽവേലിക്കും നാഗരുകോവിലിനും മദ്ധ്യേ ഓടുന്ന അഭ്യാസനകാറുകളും ബസ്സുകളും നാഗരുകോവിൽ നഗരാതിർത്തിക്കു പുറ മെ അതായതു ഒഴുകിനശേരി പാലത്തിൽ യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്യുകകൊള്ളുന്നതാണെന്നു ഗവ ൺമെൻറ ഈയിടകല്പിച്ചിട്ടുണ്ടോ?

ബി. ഉണ്ടെങ്കിൽ ഗവൺമെൻറ അങ്ങിനെകല്പിച്ചതു സ്വമേധയായിട്ടോ പൊതുജനങ്ങളുടെയോ വല്ല സംഘത്തിൻറെയോ പ്രേരണപ്രകാരമോ?

മി. കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): എ യും ബി യും—മറുപടിനി ഷേധത്തിലാണു. എന്നാൽ നാഗരുകോവിൽ മുനിസിപ്പൽ പ്രസിഡൻറിൻറെ ആവശ്യം അനുസരിച്ചു ൧൯൨൯ മെയ മോട്ടാർവാഹനചട്ടങ്ങൾ ൧൦൯-മീനം ൧൫-വരെപരിഷ്കരിച്ചതു കൊണ്ടു നാഗരുകോവിലിനും ആരുവാമൊഴിക്കും മദ്ധ്യേ ക്ലിക്ക ഓടിക്കുന്ന എല്ലാബസ്സുകളും ഒഴുകിനശേരിറോഡ് ജംക് ഷനിൽനിന്നു പുറപ്പെടേണ്ടതാകുന്നു പോലീസ്കമ്മീഷണർ കല്പിച്ചിട്ടുണ്ടു.

G. P. T. 1546-150-8-2-1103.
Vol. VII No. 3.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): നാഗരുകോവിൽ മുനിസിപ്പൽ പ്രസിഡന്റ് ഇപ്പോൾ ചെയ്യുന്ന സ്വന്താളിപ്രായപ്രകാരമാണോ മുനിസിപ്പൽ സഭയുടെ അഭിപ്രായപ്രകാരമോ എന്നുപറയുമോ?

മി. കെ. നാരായണൻ പണ്ടാല (അക്കിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): നാഗരുകോവിൽ മുനിസിപ്പാലിറ്റി പ്രസിഡന്റിന്റെ അഭിപ്രായപ്രകാരമാണ് താൻ ചെയ്തതെന്ന് പോലീസ് കമ്മീഷണർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): നാഗരുകോവിൽ മുനിസിപ്പൽ സഭയുടെ അഭിപ്രായം എന്താണെന്നറിവാൻ ഗവണ്മെന്റ് ശ്രമിച്ചിട്ടുണ്ടോ?

മി. കെ. നാരായണൻ പണ്ടാല (അക്കിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇതിനെസംബന്ധിച്ചു ഗവണ്മെന്റ് യാതൊന്നും പ്രവർത്തിച്ചിട്ടില്ല.

ചിറയിൻകീഴ് താലൂക്കിലെ അഞ്ചൽ ആസ്പത്രി

൨൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറയിൻകീഴ് താലൂക്ക് മടവൂർപ്പള്ളിക്കലെ അഞ്ചൽ ഫ്ലർപ്പാട്ടകാര്യം അനുഭവികരമാണെന്നുകാണിച്ചുകൊണ്ടു ഗവണ്മെന്റിനു പരാതികൾ കിട്ടീട്ടുണ്ടോഎന്നും സ്ഥലത്തെ ആവശ്യങ്ങൾ പ്രമാണിച്ചു വേണ്ടുന്നപോലെ പ്രവർത്തിക്കുവാൻ ഗവണ്മെന്റ് ഉണ്ടാക്കി കൊടുക്കുമോഎന്നും ദയവായി പറയുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റ് സെക്രട്ടറി): ചോദ്യത്തിന്റെ ഒന്നാംഭാഗത്തിന്റെ കാര്യത്തിൽ നിഷേധത്തിലാണ്.

മടവൂർ പള്ളിക്കലെ അഞ്ചൽ ആഫീസുകാണ്ടു നഷ്ടമാണെന്നായതു കൊണ്ടു അതു നിറുത്തൽചെയ്തു. അവിടെക്കുള്ള എഴുത്തുകാര്യം നായ്കുളം ആഫീസിൽനിന്നു വിതരണംചെയ്യാൻ ഏർപ്പാടുചെയ്തുയും അതിന്നായിനായ്കുളം ആഫീസിൽ ഒരുപ്രത്യേക ശിപായിയെ നിയമിക്കയുംചെയ്തു. ഈ ഏർപ്പാടുകാര്യം കുറെക്കാലം പരീക്ഷിച്ചു നോക്കാതെ തീരുമാനപ്പെടുത്താൻ ആലോചിക്കാൻ നിവൃത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഏർപ്പാട് അവിടെനടപ്പിൽ വരുത്തിട്ട് എത്രകാലമായി?

മി. എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റ് സെക്രട്ടറി): ഏതുഏർപ്പാട്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അഞ്ചലിൽവരുന്ന എഴുത്തുകാര്യം വിതരണംചെയ്യുന്നതിനുള്ള പുതിയവ്യവസ്ഥ.

മി. എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റ് സെക്രട്ടറി): ഉത്തരവു പാസ്സാക്കിയതു കൺഫർമേഷൻ—നു-യാണു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വ്യവസ്ഥഎത്രകാലം പരീക്ഷയിൽ വയ്ക്കുണമെന്നാണു ഗവണ്മെന്റ് വിചാരിക്കുന്നതു?

മി. എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റ് സെക്രട്ടറി): പരീക്ഷാകാലം യുക്തംപോലെയിരിക്കും.

കണ്ടുകൃഷിനിലങ്ങളുടെ കരംപണമാക്കുക.

൨൩. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ക. കണ്ടുകൃഷിനിലങ്ങളുടെ കരം നെല്ലായികാടുക്കുന്നതു പണമാക്കുന്നതിനു വല്ലവ്യവസ്ഥയും തങ്ങളുടെ ആലോചനയിൽ ഉണ്ടോ എന്നു ഗവണ്മെന്റ് ദയവായിപറയുമോ?

ഇല്ലെങ്കിൽ ആകാര്യം കഴിയുന്നവേഗത്തിൽ ആലോചനാവിഷയമാക്കാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ക-ം ഖ-ം—കാര്യം ഇപ്പോൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ കാര്യം ഗവണ്മെന്റിന്റെ ആലോചനാവിഷയമായിട്ടു എത്രകാലമായി എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): കൃത്യമായി പറവാൻ നിവൃത്തിയില്ല.

ഉമ്പമണ്ണിൽ ഒരു ആശുപത്രിസ്ഥാപനം.

൨൪. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും):

(എ) ഉമ്പമണ്ണിൽ ഒരു ആശുപത്രിസ്ഥാപിക്കുന്നതിനെപറ്റി ഉമ്പമണ്ണു, പന്തളം, അടുത്തുള്ള വേറെയിടപ്രമുഖികൾ ഇവിടത്തെ ജനങ്ങൾ മിക്കവാറും ക ഠ ഡ ധനുവിൽ കൊടുത്ത പാർസിസംബന്ധിച്ചു ഗവണ്മെന്റ് എന്തുചെയ്തു എന്നു ദയവായി പറയുമോ?

(ബി) ക ഠ ഡ ധനുവിൽ ജനങ്ങളുടെ ഒരു പ്രതിനിധിസംഘംവന്നു മിയാനെകണ്ടു കാര്യങ്ങൾപറഞ്ഞതിന്നു കൊടുത്ത മറുപടി എന്തായിരുന്നു?

(സി) ആ സ്ഥലത്തു ഒരു ആശുപത്രി സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ഡർബാർഫിസിഷ്യൻ അയച്ച റിപ്പോർട്ടിന്റെ സാരം എന്താണു?

(ഡി) മലയാളവർക്കും ക ഠ ഡ ക-ാമുണ്ടു അവിടെ ഒരു ആശുപത്രിസ്ഥാപിക്കാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (അക്കിങ്ങ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ)-യും (സി)—യും (ഡി)-യും-ഡർബാർഫിസിഷ്യന്റെ ജോലിനോക്കുന്ന സർജൻ ഉമ്പമണ്ണിൽ ഒരു ആശുപത്രി വേണ്ടതാകുന്നതു സംബന്ധിച്ചു ഒരു റിപ്പോർട്ട് അയച്ചിട്ടുണ്ടു, ആ റിപ്പോർട്ട് ആലോചനയിൽ ഇരിക്കുന്നു.

(ക്യു) പ്രതിനിധിസംഘത്തിന്റെ നിവേദനം റിപ്പോർട്ടിന്നായി ഡർബ്ബാർഫിസിഷ്യൻ ജോഷിനോക്കുന്നെ സജ്ജന അയച്ചുകൊടുക്കുമെന്നായിരുന്നു ദിവാന്റെ മറുപടി.

ഊടുവഴികളുടേയും തോടുകളുടേയും സർവ്വ്.

*൧൪. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കഴിഞ്ഞ കണക്കെഴുത്തിലെ സർവ്വപ്ലാനുകളിൽ കാണിച്ചിട്ടില്ലാത്ത ഊടുവഴികളും, തോടുകളും മുതലായവ ജനങ്ങൾക്ക മേലാൽ നഷ്ടവും ഉപദ്രവവും ഉണ്ടാകാതിരിക്കുന്നായി സർവ്വ ചെയ്തു കല്ലിടുന്നതിനു ഗവണ്മെൻറ ദയവായി കല്പിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): സർവ്വെഡിപ്പാർട്ടുമെൻറിന്റെ ഈ അല്പ സർവ്വെയിൽ സർവ്വചെയ്യുയോ പിന്നിട സെറ്റിൽമെണ്ടു ഡിപ്പാർമെൻറ വേർതിരിച്ചു പുറമ്പോക്കായി കണക്കിൽ ചേർക്കയോ ചെയ്തിട്ടില്ലാത്ത ഊടുവഴികളും തോടുകളും മുതലായവയുടെ സർവ്വയും കല്ലിടീലും ഇനിയത്തെ സാധാരണ സർവ്വെ നടത്തുമ്പോൾമാത്രമേ ചെയ്യാൻ സാധിക്കയുള്ളൂ. എന്നാൽ ഭൂമിഉടമസ്ഥന്മാർ തന്നെകൂടി സമ്മതിച്ചു സ്ഥലം ഒഴിഞ്ഞുകൊടുക്കാൻ തയ്യാറുണ്ടെങ്കിൽ അവരെ പുറമ്പോക്കായി രജിസ്റ്റർചെയ്യുന്നകാര്യം ഇപ്പോഴും ആലോചിക്കുന്നതാണു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വേലുത്തമ്പിദിവാൻറകാലത്തു തയ്യാറാക്കീട്ടുള്ള ഒഴുക്കുകളിൽ ഊടുവഴികളുടേയും തോടുകളുടേയും സ്ഥാനം വിവരിച്ചിട്ടുണ്ടെന്നുള്ള സംഗതി ഗവണ്മെൻറിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഇടവഴികളും മുതലായവയെ ആ ഒഴുക്കുകളിൽ വിവരിച്ചിട്ടുണ്ടോ എന്നു ഗവണ്മെൻറിനു ഇപ്പോൾ പറവാൻ സാധിക്കയില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ജോലി ഇടക്കുന്നതിനുമുമ്പായി നമ്മുടെ ചോദ്യങ്ങളുടേയും ഉത്തരങ്ങളുടേയും അടിവച്ചടി എത്രയോ ഭൂഷമാണെന്നുള്ള സംഗതി താങ്കളുടെ ദൃഷ്ടിയിൽപെടുത്തികൊള്ളുന്നു. ഏകദേശം ഒന്നൂറുചോദ്യങ്ങളും മറുപടിപറവാനുണ്ട്. എന്നാൽ ഇപ്പോൾ ദിനംപ്രതി ഏഴോളം ചോദ്യങ്ങൾക്കു മറുപടിതരുന്നുള്ളൂ.

പ്രെസിഡെൻറ: ബഡ്ജറിനെപറ്റിയുള്ള സാധാരണ നിരൂപണത്തിലാണു നാം ഇപ്പോൾ ഇരിക്കുന്നതു. കഴിവുള്ളടത്തോളംസമയം അതിനു വിനിയോഗിക്കയാണു ഉത്തമംഎന്നു വിചാരിക്കുന്നു. അതുകൊണ്ടാണു ചുരുക്കം ചോദ്യങ്ങൾക്കുമാത്രം മറുപടിപറയുന്നതു. സാധാരണ നിരൂപണംകഴിഞ്ഞാൽപിന്നെ അധികംചോദ്യങ്ങൾക്കു മറുപടിപറയുന്നതായിരിക്കും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

ബഡ്ജറിന്റെ സാധാരണ നിരൂപണം.

പ്രെസിഡെൻറ: ക ക ഠ-കാരക്കുള്ള ബഡ്ജറിന്റെ സാധാരണനിരൂപണം നമുക്കിപ്പോൾ ആരംഭിക്കാം. മിസ്റ്റർ സുബ്ബയ്യർ, നിങ്ങൾക്കു ആരംഭിക്കാൻ ഇഷ്ടമുണ്ടോ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമനം ഡിപ്യൂട്ടി പ്രെസിഡെൻറ): സഭാമുമ്പാകെ ഹാജരാക്കിയ ബഡ്ജറിൽ വരവിൽ കൂടുതൽ ചെലവില്ലാത്തതുകൊണ്ടു ഞാൻ ഗവണ്മെൻറിനേയും മിസ്റ്റർ ജാർജിനേയും അഭിനന്ദിച്ചുകൊള്ളുന്നു. തന്നാണ്ടിലെ ബഡ്ജറിനെപറ്റി വാദപ്രതിവാദം നടന്നപ്പോൾ ഈ സഭയിലെ ഉദ്യോഗസ്ഥമെമ്പർമാരും അനുദ്യോഗസ്ഥമെമ്പർമാരും ഈ ആണ്ടത്തെ കണക്കുനോക്കുമ്പോൾ വലിയകുറവുണ്ടായിരിക്കയില്ലയോഎന്ന ഭയാശങ്കയുമായി ശങ്കിച്ചിരുന്നു. എങ്കിലും ഈ ആണ്ടിൽ ഏകദേശം നാലുലക്ഷം രൂപാ മിച്ചമുള്ളതായി കാണുന്നതു സന്തോഷാവഹംതന്നെയാണു. യഥാർത്ഥ ആണ്ടത്തെ ബഡ്ജറിൽ വരവു ൫൦ ലക്ഷവും--ഇത്തവണത്തെ വരവു ഇതിനുമുമ്പു ഉണ്ടായിട്ടില്ല--ചെലവു ൪൬ ലക്ഷവും രൂപാ ആയിരിക്കുമെന്നാണു പ്രതീക്ഷ. ഇങ്ങനെ മിച്ചം ൪ ലക്ഷത്തിനുമേൽ ഉണ്ടായിരിക്കും. ഒരു പുതിയഭരണം ഇങ്ങനെയുള്ള ഒരു ബഡ്ജറോടുകൂടെ ആരംഭിക്കുന്നതു ശുഭസൂചകമായി വിചാരിക്കാം, വരുന്നആണ്ടുകളിലും ബഡ്ജറിനെസംബന്ധിച്ചുള്ള പ്രതീക്ഷ ഇങ്ങനെതന്നെ ഓമൃകരമായിരിക്കുമെന്നു പ്രത്യാശിക്കുന്നു.

ചെലവുചിനസംബന്ധിച്ചു അഭ്യർത്ഥനകളും ഓരോ അഭ്യർത്ഥനകളും സഭാമുമ്പാകെ ഹാജരാക്കുമ്പോൾ അവയെപറ്റി ദീർഘമായ വാദപ്രതിവാദംനടത്തുന്നതാകകൊണ്ടു ബഡ്ജറിൽ കാണിച്ചിട്ടുള്ള ചെലവുകളെപറ്റി ഞാൻ ഇപ്പോൾ ഒന്നും പറവാൻ വിചാരിക്കുന്നില്ലെന്നു ഒന്നാമതായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ബഡ്ജറിന്റെ എതിർഭാഗമായ വരവിനങ്ങളെപറ്റിമാത്രമേ അല്പം സംസാരിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. ഇതിനെപറ്റി മിസ്റ്റർ ജാർജിന്റെനയംതന്നെ സ്വീകരിച്ചു പ്രധാനഇനങ്ങളെപറ്റിമാത്രം സംസാരിക്കാം.

ഒന്നാമതായി ഗവണ്മെൻറിന്റെ സഹായത്തോടുകൂടെ ഉടനെതാൻ വിചാരിക്കുന്ന ബാങ്കിനെപറ്റി സൂചിപ്പിക്കയുണ്ടായി. അങ്ങനെ ഒരു ബാങ്കുവേണമെന്നുള്ള ജനങ്ങളുടെ അപേക്ഷയെ ഗവണ്മെൻറനുഭാവിച്ചതു സന്തോഷാവഹംതന്നെ. ഗവണ്മെൻറനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളും ഉദാരമായിട്ടുള്ളതാകുന്നു. വരുന്ന അഞ്ചുവർഷകാലത്തേക്കുള്ള ചെലവിൽ ആണ്ടുതോറും ൫൦,൦൦൦ രൂപായോളം ഗവണ്മെൻറു വഹിക്കാമെന്നു സമ്മതിച്ചിരിക്കുന്നു. ബാങ്കിനു പലിശകൂടാതെ രണ്ടരലക്ഷം രൂപായും കുറഞ്ഞപലിശക്കു വേറൊരു രണ്ടരലക്ഷം രൂപായും കടംകൊടുക്കാനും നിശ്ചയിച്ചിട്ടുണ്ടു. ഈവ പ്രസ്താവയോഗ്യമായ ആനുകൂല്യങ്ങളാണു. അതുകൊണ്ടു ഈ വ്യവസ്ഥ വിജയകരമാകുന്നതിനു ബാങ്കിൽ ഓഹരികൾഎടുത്തു ഗവണ്മെൻറിന്റെ ഉത്തമവിശ്വാസത്തിൽ ജനങ്ങൾക്കുള്ള ബോധ്യത്തെ പ്രദർശിപ്പിക്കേണ്ടതാകുന്നു. തിരുവിതാംകൂറിൽ ഗവണ്മെൻറു സഹായംലഭിക്കുന്ന സ്ഥാപനങ്ങളുടെ അവസാനത്തെപറ്റി പലർക്കും ആശങ്കയുണ്ടുള്ളതു. എന്നാൽ ബാങ്കിന്റെ കഥ അങ്ങനെആയിപോകുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ ഇതു ഗവണ്മെൻറു തങ്ങളുടെ സ്വന്തഇഷ്ടപ്രകാരംചെയ്യുന്ന ഒരു ഇടപാടല്ല. ഗവണ്മെൻറു സഹായത്തോടുകൂടി ഒരു ബാങ്കു സ്ഥാപിക്കുന്നതിന്റെ അഭിലഷണീയതയെപറ്റി പ്രജാസഭയിലും ഈ സഭയിലും ഉണ്ടായിട്ടുള്ള നിവേദനങ്ങളുടെ ഫലമായിട്ടാണു ഗവണ്മെൻറു ഇതിൽ പ്രവേശിച്ചിട്ടുള്ളതു. അതുകൊണ്ടു ഞാൻ പറഞ്ഞപ്രകാരം ഇതു ജനങ്ങളുടെ ആവശ്യപ്രകാരം സ്ഥാപിക്കുന്നതാകകൊണ്ടു വിജയത്തിൽതന്നെ പരിണമിക്കേണ്ടതാണു്. ബാങ്കിന്റെ സ്ഥിരതയിലും

ധനസംബന്ധമായ ഉറപ്പിലും ജനങ്ങൾക്ക വിശ്വാസമുണ്ടാകത്തക്കവണ്ണം ഡയറക്ടർമാർ അതിമൻ കായ്ശ്രമി കുറെനടത്തുമെന്ന ഞാൻ പ്രതീക്ഷിക്കുന്നു.

മൈനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ പ്രസ്താവിച്ച കൊച്ചിത്തുറമുഖപ്പണിയെപറ്റി ഇനിചി ലവാക്കുകൂടി പറയാം.

പ്രസിഡൻറ്: മിസ്റ്റർ സുബ്ബയ്യർ, ഈക്കാര്യത്തിൽ വല്ലവിധേനയും അറിയണമെങ്കിൽ അതിനെപറ്റി മാത്രം ചോദിക്കയല്ലെ ഉത്തമം. മേൽക്കായ്മയുമായി ചെയ്യുകഴിഞ്ഞുപോയ ഉടമ്പടിയുടെ യോഗ്യതായോ ഗ്യതകളെപറ്റി വാഗ്വ്യാപാരംനടത്താൻ പാടില്ല. അതു നമ്മുടെ അധികാരത്തിൽപെട്ടതല്ല.

മിസ്റ്റർ വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം-ഡിപ്യൂട്ടി പ്രസിഡൻറ്): സർ, താങ്കളുടെ കല്പന യെങ്ങാൻ ആദരിക്കുന്നു. അതുഅനുസരിക്കുകണക്കിൽ ഒരുപ്പെട്ട കയും മിസ്റ്റർ ജാർജ് അതിനെപറ്റി പ്ര ത്യേകമായി പ്രസ്താവിക്കയും ചെയ്തുകൊണ്ട അതിനെപ്പറ്റി വിമർശനം ആവശ്യമെന്ന ഉദ്ദേശിച്ചിട്ടുണ്ടെന്ന ഞാൻ വിചാരിച്ചുപോയി.

പ്രസിഡൻറ്: കായ്ത്തിൻെറ യോഗ്യതായോഗ്യതകളെപറ്റി പറയാതെ വല്ല വിവരവും ആവശ്യ പ്പെട്ടാൽ ഗവണ്മെൻറ സന്തോഷത്തോടെ തരുന്നതായിരിക്കും.

മിസ്റ്റർ വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമനം-ഡിപ്യൂട്ടി പ്രസിഡൻറ്): അതുകൊണ്ട കൊച്ചിത്തുറ മുഖത്തെപറ്റി ഞാൻ ഒന്നും പറയാൻ വിചാരിക്കുന്നില്ല.

മൈനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ പ്രത്യേകമായി പ്രസ്താവിച്ച ഇനിയത്തെ പ്രധാനസംഗ തി വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസംസംബന്ധിച്ചു തമ്മുടെഗതി ഉഗ്രവും അവിവേകവും ആകുന്ന എന്ന മൈ നാൻഷ്യൽസെക്രട്ടറി പറഞ്ഞതു കേട്ടിട്ട ഞാൻ വ്യസനിക്കുന്നു. അങ്ങനെപറവാൻ പാടുണ്ടോ എന്നുഞാൻ സംശയിക്കുന്നു. ഭാവിയിൽ നമ്മുടെ ഗതി മുമ്പോട്ടാകുന്നതെന്നും വിദ്യാഭ്യാസത്തെ ലവു കുറയ്ക്കണമെന്നും അദ്ദേ ഹംപറഞ്ഞപ്പോഠം അതിനായി സമ്മതിക്കാൻപോകുന്നതുകൊണ്ട് എന്താണെന്ന ഭയമാകുന്നു. ഇക്കാര്യത്തിൽ സം ഗതികഠം ഞാൻ വെളിയായിപറയാം. അതിന്നായി മിസ്റ്റർ ജാർജ് എത്ര ഉഗ്രതയെടുത്താലും ക്ഷാന്തിയോടുകൂടി പ്രയാസപ്പെട്ടാലും വിദ്യാഭ്യാസത്തെചെലവു കുറയ്ക്കാൻ കഴിയുമെന്ന ഞാൻ വിചാരിക്കുന്നില്ല. വിദ്യാഭ്യാസത്തെചെല വിനെറ കാര്യത്തിൽ നാം അതിനെറ പരമകാക്ഷയെ പ്രാപിച്ചുപോയിരിക്കുന്നു എന്നും അതുകൊണ്ടു നാം തയംമാറി ചെലവുകുറയ്ക്കണമെന്നുംമാത്രം പറഞ്ഞു. അദ്ദേഹം ഉച്ചരിച്ചപ്പെട്ടതു ശരിയായില്ല. ഇംഗ്ലീഷ് വി ദ്യാഭ്യാസത്തെപറ്റി ആലോചിച്ചാൽ കാളേജ് വിദ്യാഭ്യാസത്തിനു വലിയ ചെലവുണ്ടെന്നു ഞാൻ സമ്മതിക്കു ന്നു. കാളേജ് വിദ്യാഭ്യാസത്തിനുള്ള ചെലവു കുറയ്ക്കാൻ സാധിക്കയില്ലായിരിക്കാം. ആ ജോലി നിവ്വഹിക്കാ നോ ആവശ്യമുള്ളപ്രകാരം സമ്പാദനങ്ങളോ ധനമോ ധാരാളമായി സംഭരിക്കാനോ പ്രൈവറ മാനേജർമാ ക്ക് സാധിക്കുന്നതല്ല. അതുകൊണ്ടു കാളേജ് വിദ്യാഭ്യാസം ഗവണ്മെൻറിൻെറകീഴിൽതന്നെ ഇരിക്കേണ്ടതാകുന്നു. നാം മദ്രാസ് സർവകലാശാലയുടെകീഴിൽ ഇരിക്കുന്നിടത്തോളം അവരുടെ മാതൃകയെ അനുകരിക്കയും അവരു ടെ ആവശ്യങ്ങഠം നിർവഹിക്കയും ചെയ്യേണ്ടതാകുന്നു അങ്ങനെയിരിക്കെ കാളേജ് വിദ്യാഭ്യാസത്തിനുള്ളചെ ലവു കുറയ്ക്കാൻ സാധിക്കുമെന്നുതോന്നുന്നില്ല. പ്രൊഫെസർമാരുടെയോ അസിസ്റ്റൻറ പ്രൊഫെസർമാരുടെയോ ലെക്ചർമാരുടെയോ ട്യൂട്ടർമാരുടെയോ എണ്ണം കുറയ്ക്കാൻ കഴികയില്ല. അതുകൊണ്ടു കാളേജ് വിദ്യാഭ്യാ സം കേവലം വേണ്ടെന്നുവയ്ക്കയും ഉദ്യോഗത്തിന്നായി അപേക്ഷകഠംകൊടുത്തു ഡിപ്പാർട്ടുമെൻറ മേലധികാ രങ്ങളെ മുഷിപ്പിക്കുന്ന അനേകം ഹർജിക്കാരെ ഇങ്ങനെ ഇല്ലാതാക്കുകയുംചെയ്യാതെ കാളേജ് വിദ്യാഭ്യാസചെല വുകുറയ്ക്കാൻ വേറൊരുമാർഗ്ഗവുംഇല്ല. ആ ചെലവുകുറയ്ക്കാൻ മിസ്റ്റർ ജാർജിനു എങ്ങനെകഴിയുമെന്നു എനിക്കു മനസ്സിലാകുന്നില്ല.

ഹൈസ്കൂഠം വിദ്യാഭ്യാസംസംബന്ധിച്ചുള്ള ചെലവു കുറയ്ക്കാനും അതുപോലെതന്നെ അസാദ്ധ്യമാണ്. എന്തെന്നാൽ കാളേജ് വിദ്യാഭ്യാസം നടക്കണമെങ്കിൽ കാളേജ് വിദ്യാർത്ഥികളെ അയക്കാൻ ഹൈസ്കൂളുകഠം വേണം. ഹൈസ്കൂളുകഠം സ്ഥാപിച്ചു നടത്തിക്കൊണ്ടുപോകാൻ ഓരോ ദേശക്കാർക്ക കഴികയുംഇല്ല. ഹൈസ്കൂളുകഠം ഏറെവാങ്ങിനടത്താൻ ആരെങ്കിലും ഉണ്ടെങ്കിൽ അവരെ അടക്കം എല്പിച്ചുകൊടുക്കു മെന്ന ഗവണ്മെൻറ ഒരിക്കൽ പറഞ്ഞതായി ഓർമ്മയുണ്ടെന്നുവരുന്നു. ആകാലത്തു ആ വ്യവസ്ഥയ്ക്കു നാ നാഭാഗങ്ങളിൽനിന്നും വിരോധം പുറപ്പെട്ടുവിച്ചു. ഹൈസ്കൂളുകഠം ഗവണ്മെൻറിനോടു ഏറെവാങ്ങി നടത്താ ൻ ആരെങ്കിലും ഒരുങ്ങിവന്നതായും കണ്ടില്ല. അതിനാൽ ഇതിനെ സംബന്ധിച്ചും ഉള്ള ചെലവു കുറയ്ക്കാൻകഴി യുമെന്നു തോന്നുന്നില്ല.

ഇതി പ്രാഥമിക വിദ്യാഭ്യാസത്തെപറ്റി ചിന്തിക്കാം. കഴിഞ്ഞവർഷം മിസ്റ്റർ ചങ്ങനാശ്ശേരി പരമേ ശ്വരൻപിള്ളയാണെന്ന തോന്നുന്നു പ്രാഥമികവിദ്യാഭ്യാസം നിർബന്ധവും വിദ്യാർത്ഥികഠക്കു ചെലവില്ലാത്തതുമാ ക്കണമെന്നു പ്രസ്താവിക്കയുണ്ടായി. ഇതു ഗവണ്മെൻറിൻെറ ധർമ്മമാണെന്നു ഞാനും സമ്മതിക്കുന്നു. ആ അ ഭിപ്രായം സ്വീകരിച്ചാൽ അതുകൊണ്ടു ചെലവുവർദ്ധിക്കയല്ലാതെ കുറയുകയില്ല. അതുകൊണ്ടു പ്രാഥമികവിദ്യാ ഭ്യാസം സംബന്ധിച്ചും ചെലവു കുറയ്ക്കാൻകഴികയില്ല. വിദ്യാലയങ്ങളിൽ പ്രദാനംചെയ്യുന്ന വിദ്യാഭ്യാസത്തി ൻെറ സ്വഭാവം മേൽപ്പെട്ടുത്താൻകഴിയും. വിദ്യാഭ്യാസം സാഹിത്യസംബന്ധമല്ലാതെ വ്യവസായസംബന്ധമോ കലാസംബന്ധമോ ആക്കാം. എങ്കിലും ഇപ്പോഴത്തെപോലെതന്നെ സ്കൂളുകളും കാളേജുകളുംവേണം. ചെല വും ഇപ്പോഴത്തെപോലെതന്നെ വലിയതോതിൽ അതിലധികമോ ആയിരിക്കും ഇതിനംപുറമെ ഒരു സർവകലാശാലാ കമ്മിറ്റിയെ നിയമിക്കണമെന്നു എൻെറ സ്നേഹിതൻ മിസ്റ്റർ ടി. കെ. വേലുപ്പിള്ള ഒരു പ്രമേയം ഹാജരാക്കി. അതു ഗവണ്മെൻറ സ്വീകരിക്കയുംചെയ്തു. ഒരു കമ്മിറ്റിയെ നിയമിച്ചു ആ കമ്മിറ്റിയുടെ റിപ്പോർട്ടടങ്ങിയ ഒരു വലിയ പുസ്തകം നാം ഓരോരുത്തർക്കും കിട്ടീട്ടുണ്ട്. അതു നമ്മുടെ സഭയിലെ മെംബർ മിസ്റ്റർ കെ. വി രങ്കസ്വാമിഅയ്യങ്കാരുടെ ബുദ്ധിശക്തിയേയും പരിജ്ഞാനത്തേയും അക്ഷീണപരിശ്രമത്തേയും സൂക്ഷ്മമാക്കി വിശദീ കരിക്കുന്ന ഒന്നാണു. നമുക്കു സ്വന്തമായി ഒരു സർവ്വകലാശാല സ്ഥാപിച്ചാൽ അതുകൊണ്ടു തീർച്ചയായി ചെലവു വർദ്ധിക്കയേയുള്ളു. വിദ്യാഭ്യാസ ചെലവു കുറയ്ക്കണമെന്നു പറഞ്ഞതുകൊണ്ടു ഒരു പ്രയോജനവും ഇല്ലെന്നാണു എ നിക്കുതോന്നുന്നതു. എന്തെന്നാൽ അതു കുറയ്ക്കാൻ സാധിക്കയില്ല. "എനിക്കുവളരെ മക്കളുണ്ട് അവരെക്കാക്കെ

തിന്നാൻ കൊടുക്കാൻ മാർഗ്ഗം ഉണ്ടാക്കുന്നപ്രയാസം ഉണ്ടാകാതിരിപ്പാൻ അവരെ പട്ടിണിയിട്ടുകളയാം'' എന്നു പറഞ്ഞതുകൊണ്ടു ഫലമില്ല. അതു ഒരു നല്ല രാജ്യതന്ത്രജ്ഞൻ പറയുന്നതല്ല. വിദ്യാഭ്യാസച്ചെലവു വർദ്ധിപ്പിക്കുന്നതു കിൽ രാജ്യത്തിലെ മുതലെടുപ്പു വർദ്ധിപ്പിക്കാൻ മാർഗ്ഗംകണ്ടുപിടിക്കയാണ് ഗവൺമെൻറു ചെയ്യേണ്ടതു. വിദ്യാഭ്യാസച്ചെലവുകുറയ്ക്കാൻ മിസ്റ്റർ ജാർങ്ങ് ചെയ്യുന്ന പരിശ്രമങ്ങൾ ഫലപ്രദമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഇനി ഏതെങ്കിലും വിധത്തിൽ മുതലെടുപ്പു വർദ്ധിപ്പിക്കാൻ മാർഗ്ഗമുണ്ടോഎന്നു ആലോചിക്കാം. നമ്മുടെ പ്രധാനവരവു ഭൂനികുതിയാണു. കണ്ടെഴുത്തു വിളംബരപ്രകാരം മുപ്പതു വർഷം പുതിയകണ്ടെഴുത്തു കഴിയുന്നതുവരെ കരം വർദ്ധിപ്പിക്കാൻ ഗവണ്മെൻറിനു അധികാരമില്ലെന്നു തോന്നുന്നു. പ്രോസസ്സ്ഫീസ് എന്നുപറഞ്ഞു ഒഴിവും ഉപദ്രവകരവുമായ ഒരു ഫീസുമുണ്ടു, തുച്ഛമായതിനാൽ വരവെന്ന പേരിനു യോഗ്യതയില്ലാത്തതുകൊണ്ടു ഗവൺമെൻറു ഉണ്ടാക്കാത്തപക്ഷം, ഈ ഇനത്തിൽ വരവു വർദ്ധിപ്പിക്കാൻ വളരെക്കാലം വേണ്ടിവരും. ഇതിനെ സംബന്ധിച്ചു ഫാമിൻ-കമ്മീഷണറിപ്പോർട്ടിൽ മിസ്റ്റർ പുറത്തു പറഞ്ഞിട്ടുള്ളതു ഉദ്ധരിച്ചു കൊള്ളുന്നു. അതു ഇങ്ങനെയാണു:—

''മുന്നാണ്ടിനെ അപേക്ഷിച്ചു ഫാമിൻ-ൽ അയച്ച ഡിമാണ്ടു നോട്ടീസുകളുടെ എണ്ണവും അവയിൽപ്പെട്ടസംഖ്യയും ൧,൭൯,൭൨൮-ൽ നിന്നു ൪,൫൭,൫൭൨ ആയും ഫർ,൦൨,൯൭ രൂപായിൽ നിന്നു ഫാ,൯൫,൦൫൦ രൂപാ ആയും വർദ്ധിച്ചു''

ഇങ്ങനെ ഫാമിൻ-ൽ അയച്ച ഡിമാണ്ടുനോട്ടീസുകളുടെ എണ്ണം മുന്നാണ്ടത്തേതിൽ മിക്കവാറും ഇരട്ടിയായിരുന്നു. ഇതിനു കാരണം പാവപ്പെട്ടകാരന്മാരോ അവരുടെ ശിപായിമാരോ കരം പിരിവിനായി ഇങ്ങോട്ടു സഞ്ചരിച്ചിട്ടാവശ്യമില്ലെന്നും കരംകൊച്ചേരിയിൽ കൊണ്ടുപോയി കൊടുക്കേണ്ടതാണെന്നും കുടിയാൻ അങ്ങനെ ചെയ്യാത്തപക്ഷം ഡിമാണ്ടുനോട്ടീസു് അയക്കേണ്ടതാണെന്നും ഈയിടെ ഒരു ചട്ടമോ സൂചനയോ—ഏതാണെന്നു നിശ്ചയമില്ല—ഉണ്ടായിട്ടുള്ളതാണു. കുടിയാൻ കരംകൊടുക്കാൻ വിസമ്മതിക്കയോ, അവനെക്കണ്ടുകിട്ടാൻ പ്രയാസമായിരിക്കയോ സമയത്തിനു പണം കൊടുക്കാൻ അവൻ നിവൃത്തിയില്ലാത്തവനായിരിക്കയോ ചെയ്യുമ്പോഴും ഡിമാണ്ടു നോട്ടീസു് അയക്കാവുന്നതാണു. നിർബന്ധനടപടികളെ ആലോചിച്ചാൽ സ്ഥാവരവസ്തുക്കളുടെയോ ജംഗമസ്വത്തുക്കളുടെയോ ജപ്തികളുടെ എണ്ണത്തിൽ പറയത്തക്ക വർദ്ധനവു ഇല്ല. ഇതിൽനിന്നു പാവപ്പെട്ടകാരന്മാരോ ശിപായിമാരോ കരംപിരിവിനായി സഞ്ചരിച്ചിരുന്നുഎങ്കിൽ ഡിമാണ്ടുനോട്ടീസുകൾപോലുമയക്കാതെതന്നെ കുടിയാന്മാർ കരംകൊടുക്കുമായിരുന്നു എന്നു തെളിയുന്നു. ഇതുതന്നെയാണു് ബ്രിട്ടിഷ് ഇൻഡ്യയിലും ഉള്ളാചാരം. മാസത്തിൻറെ ഫാം തീയതിവരെ കരംപിരിവിനായി ഗ്രാമഉദ്യോഗസ്ഥന്മാർ കച്ചേരിവിട്ടു സഞ്ചരിക്കാറില്ല. അതിനുശേഷം ഗ്രാമ ഉദ്യോഗസ്ഥൻ—അധികാരിയോ ശിപായിയോ—ഇറങ്ങി സഞ്ചരിച്ചു കരംപിരിച്ചുവരുന്നു. ഇങ്ങനെയാണു അധികം പതിവെന്നു എനിക്കറിയാം. കുടിയാൻ കടം കൊടുത്തവരെ തിരഞ്ഞുപിടിച്ചു പണംകൊടുക്കുമെന്നു ആജ്ഞാപിച്ചതുകൊണ്ടു പ്രയോജനമില്ല. അങ്ങനെയാണെങ്കിൽ എത്രകടക്കാരാണു കടംകൊടുത്തവരെ അന്വേഷിച്ചുകണ്ടു കടംവീട്ടുന്നതുഎന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. തീർച്ചയായും കടംകൊടുത്തവൻ കടക്കാരനെഅന്വേഷിച്ചുപിടിച്ചു പണംചോദിച്ചിട്ടു ആവശ്യമുണ്ടെങ്കിൽ രജിസ്റ്റർനോട്ടീസയച്ചു തൻറെ പണം വസൂലാക്കണം. അങ്ങനെയിരിക്കെ പാവപ്പെട്ടകാരന്മാരോ ശിപായിമാരോ കുടിയാന്മാരുടെ അടുക്കൽചെന്നു കരം ചോദിക്കുന്നതു യുക്തമായിരിക്കും. എന്നിട്ടും കൊടുക്കാഞ്ഞാൽ ഡിമാണ്ടു നോട്ടീസുകൾ അയക്കാവുന്നതാണ് പക്ഷേ ഉദ്യോഗസ്ഥന്മാർ നേരിട്ടു ചോദിക്കാതെ കുടിയാന്മാർ കരംകൊടുക്കുമെന്നു വിചാരിക്കയും കരം എത്രയും ഉചിതമായ സംഖ്യ ആയിരുന്നാലും ഡിമാണ്ടുനോട്ടീസയക്കയും ചെയ്യുന്നതു ഗവൺമെൻറിനൻറെ ഭാഗത്തു ന്യായമല്ല. ഡിമാണ്ടു നോട്ടീസുകളുടെ എണ്ണം രണ്ടുലക്ഷത്തിൽനിന്നു അഞ്ചുലക്ഷമായി വർദ്ധിച്ചതും അതിലധികമല്ല. അഞ്ചുലക്ഷം നോട്ടീസുകളുടെ അർത്ഥം അഞ്ചുലക്ഷംപേരെ അല്ലെങ്കിൽ ൧൫,൦൦൦-ൽ ചിലപ്പോൾ രൂപാ എന്നാകുന്നു. നാലുകാശു കരംമാത്രം കൊടുക്കേണ്ട കുടിയാനും തനിക്കയക്കുന്ന ഡിമാണ്ടുനോട്ടീസിനെക്കുറിച്ചു കൊടുക്കണമെന്നു ആവശ്യപ്പെടുന്നതു കഷ്ടമാണു. ഗവണ്മെൻറിലേക്കു ഇങ്ങനെയുള്ള വരവു കഴിയുന്നതോതിൽ വേണ്ടെന്നുവെക്കേണ്ടതാകുന്നു. വരവിനുള്ള ഈ മാർഗ്ഗം തടഞ്ഞുകളഞ്ഞാൽ അടുത്ത ഭാവിയിൽ നമ്മുടെ ഭൂനികുതിവക വരവിൽ വർദ്ധനയുണ്ടാകാനും സംഗതിയില്ല.

വനംവക വരവും വല്ലവിധത്തിലും വർദ്ധിക്കുമെന്നും ആശിക്കാൻ വഴിയില്ല. അവിടെ നാം ക്ലിപ്തപതിവിൻപ്രകാരം മരംമുറിച്ചു വിൽക്കുന്നു. അങ്ങാടിയിൽ തടിക്കു നല്ലവിലയുണ്ടെങ്കിൽ കുറെ പണം കിട്ടും. അങ്ങാടിയിൽ പ്രിയമില്ലെങ്കിൽ അധികം കിട്ടുകയില്ല. അതുകൊണ്ടുവനംവക വരവു അധികമാകാൻ സംഗതിയില്ല. വനവിനിയോഗോദ്യോഗസ്ഥന്മാരെ പറഞ്ഞു നാം ചിലപ്പോൾ കേൾക്കാറുണ്ടു. അവർക്കു വല്ലഗുണവും ചെയ്യാൻ കഴിയുമെന്നു തോന്നുന്നില്ല. എന്തെന്നാൽ ആ ഉദ്യോഗം നിശ്ചിതപാലിച്ചുകൊണ്ടുപോകുന്നതു എപ്പോഴെങ്കിലും, ഒരു സൂപ്പർന്യൂമറെറി ഉദ്യോഗസ്ഥൻ ഉണ്ടാകുമ്പോഴാണു. സൂപ്പർന്യൂമറെറി ഉദ്യോഗസ്ഥനു ഒരു സ്ഥിരഉദ്യോഗം കൊടുക്കാൻ കഴിവുണ്ടാകുമ്പോൾ വനവിനിയോഗോദ്യോഗസ്ഥനെ ആ സ്ഥിരസ്ഥാനത്തിൽ നിയമിക്കും. ഇങ്ങനെ വനവിനിയോഗ ജോലിക്കു നടപ്പില്ല. ഇതിനാൽ വനംവക വരവിലും വർദ്ധനവുണ്ടാകാൻ വഴിയില്ല.

എക്സൈസ്വരവിനെപ്പറ്റി ആലോചിച്ചാൽ, മദ്യവർജ്ജനപ്രചാരത്തിനുദ്ദേശം ഒരു കാലത്തു ഈവക വരവു കേവലം ഇല്ലാതാകും. അതിനു ഗവണ്മെൻറു ഒരുങ്ങിയിരിക്കണം. ആ വകവരവു അതിനാൽ കുറഞ്ഞുകുറഞ്ഞു വരികയല്ലാതെ വർദ്ധിക്കുമെന്നു പ്രതീക്ഷിക്കാൻ സംഗതിയില്ല.

ഇതു സംബന്ധിച്ചു ഒരു സംഗതി പറവാനുണ്ടു. കറപ്പിൻറെ വിലയിൽ ഫാ.൫ ലക്ഷം രൂപായും കഞ്ചാവിൻറെ വിലയിൽ ൧൦൦൦ രൂപായും നമുക്കു മടക്കികിട്ടാൻപോകുന്നുഎന്നു ഫൈനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ കാണുന്നു. ഈ രണ്ടിനങ്ങളിലും നാം മുഴുവൻവിലയുംകൊടുത്തു മദ്രാസ്ഗവണ്മെൻറു അതിനു വിലവാശി അനുഭവിച്ചുതന്നില്ല. ഈ വിലവാശി അനുഭവിച്ചുതന്നതിനു നാം മാറിപ്പോയ ശിവാനന്ദനോടു നന്ദിപറയേണ്ടതാണ്. നമ്മുടെ അപേക്ഷകൾ ന്യായമായിരിക്കയും അതു നാം തുടർന്നുകൊണ്ടിരിക്കയും ചെയ്താൽ ബ്രിട്ടീഷ്ഇന്ത്യൻ ഗവണ്മെൻറു നീതിപ്രകാരം പ്രവർത്തിക്കാതിരിക്കുമെന്നില്ലെന്നു ഇതിൽനിന്നു തെളിയുന്നുണ്ടു. ആ സംഖ്യ ഫാ.൫ ലക്ഷം രൂപായാണെന്നു മിസ്റ്റർ ജാർങ്ങ് കണക്കാക്കിയതു എങ്ങനെയാണെന്നു എനിക്കു മനസ്സിലാകു

ന്നില്ല. കഴിഞ്ഞപ്രജാസഭാപ്രസംഗത്തിൽ ആ സംഖ്യ 2 ലക്ഷം രൂപായാണെന്നാണ പറഞ്ഞിട്ടുള്ളതു. ആ ണ്ടതോറും ശരാശരി 8 0 0 0 സേർ കരപ്പുകൊണ്ടുന്നതുകൊണ്ടു പ്രജാസഭാപ്രസംഗത്തിൽ പറഞ്ഞിട്ടുള്ള സംഖ്യ യാണാശിയെന്ന എനിക്കു തോന്നുന്നു. വില എഴുപതു രൂപായാണു. നാം ഗവണ്മെൻറിനു സ്വരൊന്നിനു ഒരു രൂ പാകൊടുക്കണം അതുകൊണ്ടു നമുക്കു 2 ലക്ഷം രൂപായാണു ലാഭംകിട്ടാൻ വഴിയുള്ളതു. കൂടെ ചാക്കു ഇരി പ്പുള്ളതുകൊണ്ടു പതിവുള്ള ചരക്കു ഇതയ്യാണ്ടിൽ വാങ്ങാൻ ഉദ്ദേശിച്ചിട്ടില്ലായിരിക്കും അല്ലെങ്കിൽ സംഖ്യ ഇതിലധികമായിരിക്കണം.

ഇങ്ങനെ നാം വരവിൽ പ്രധാനഇനങ്ങൾ നോക്കിയാൽ ഭൂനികുതി, വനം വക, എക്സൈസ്, വർദ്ധനവിനു മാർഗ്ഗമൊന്നും കാണുന്നില്ല. ഇനിരണ്ടുവരവിനങ്ങൾ ഉള്ളതു ചുങ്കവും ആദായനികുതിയും ആകു ന്നു. സാധാരണ ജനങ്ങളെ ബാധിക്കാത്ത ആദായമാർഗ്ഗങ്ങൾ ഇവ രണ്ടുമാണു. ആദായ നികുതി അധികമാക്കാൻ കഴിവുള്ളവരോടു വസൂലാക്കുന്നതാണ്. ചുങ്കം വിദേശങ്ങളിലേക്കു പോകുന്ന ചരക്കിന്മേൽ തുറമുഖങ്ങ ളിൽ ചുമത്തുന്നതാണു. ആദായകരമാംവണ്ണം ഈ രണ്ടു നികുതികളും ചുമത്താകമന്നുള്ളപ്പോൾ അതു ചുമത്താ ൻ താം മടിച്ചിട്ടാവശ്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

ഈ സന്ദർഭത്തിൽ ആദായനികുതിയെപ്പറ്റി നമ്മുടെഹൈക്കോടതി ഈയിടവിധിച്ച ഒരുവിധിയെപറ്റി പായാം. ഇടവകകളും ഇടവകകൂടിയാന്മ രും ഇതിനെപ്പറ്റിയിൽ പെടുകയില്ലെന്നും അവർ ആദായനി കുതിയിൽനിന്നും ഒഴിയപ്പെട്ടവരാണെന്നും വിചാരിച്ചിരുന്നു. ഈ സംസ്ഥാനത്തിനെറ വിസ്തീർണ്ണത്തിൽ മൂ ന്നിൽരണ്ടുഭാഗം റിസെവ്വ്വനങ്ങളും മൂന്നിൽ ഒരുഭാഗം ഇടവകകളും ശേഷംമൂന്നിൽരണ്ടുഭാഗംമാത്രം ഗവർണ്മെൻറു വക അല്ലെങ്കിൽ പണ്ടാരപ്പാട്ടം വസ്തുക്കളും ആകുന്നു. ഈ മൂന്നിൽ ഒരുഭാഗം സ്ഥലത്തുള്ള ജനങ്ങളാണ്. സംസ്ഥാനം ഒട്ടുക്കു ജനങ്ങളുടെ സൌകര്യസുഖങ്ങൾക്കായി ഗവർണ്മെണ്ടുചെയ്യുന്ന പ്രവൃത്തികളുടെ ചെലവുപ കുതി ഇവർ കൊടുക്കുന്നതു. അതുകൊണ്ടു നികുതികൊടുക്കാൻ കഴിവുള്ളവരൊക്കെ നികുതികൊടുക്കേണ്ടതു അഭിലഷണീയമാ ണു. "കൃഷിആദായം" എന്നതുഹൈക്കോടതി ഒരുപ്രത്യേക മാതിരിയിൽ വ്യാഖ്യാനിച്ചാണു ഈ വിധികല്പിച്ചി ളു. വിധിയുടെ ന്യായത്തെപറ്റി ഞാൻവാദിക്കുന്നില്ല. എന്നാൽ ആദായനികുതി റെഗുലേഷൻ ഭേദപ്പെടു ത്തി ഈ കായ്മും, അവർ നികുതികൊടുക്കാൻ ബാദ്ധ്യതയുള്ളവരല്ലെന്നും, കൂടെക്കൂടെസ്സമ്മതമാക്കി ഇതുസംബന്ധി ച്ചുള്ള അന്തർഭാഗസ്ഥമെമ്പറന്മാരുടെ നിർബന്ധത്തിനു ഗവണ്മെൻറു അനുകൂലിച്ചുതിനാലാണു. എന്നാൽഅതി നൻറഫലം നികുതികൊടുക്കാൻ കഴിവുള്ളവക്കുന്നണം സിദ്ധിച്ചു എന്നുള്ളതാണ്. അതുകൊണ്ടു റെഗുലേഷനിൽ ആവശ്യമുള്ള ഭേദഗതി വരുത്തേണ്ടതല്ലയോഎന്നു ഗവണ്മെണ്ടു ആലോചിക്കേണ്ടതുകുന്നു.

വേറൊരുസംഗതിയും, റബ്ബർ കയറ്റുമതിചെയ്യുന്നതിനു ഒരുചുങ്കം ചുമത്തുന്നകാര്യം ഞാൻ നിങ്ങളുടെ ശ്രദ്ധയ്ക്കു വിജ്ഞാപിച്ചുകൊള്ളുന്നു. കുറെക്കാലമായി ഇവിടെ റബ്ബർകൃഷിചെയ്യുവരുന്നു. കുറെക്കാലംമു മ്പു തേയിലയ്ക്കു തീരുവചുമത്തി അന്നറബ്ബറിനും തീരുവചുമത്തണമെന്നു ഒരുക്ഷോഭം ഉണ്ടായിരുന്നു.

പ്രെസിഡൻറു: സമയമായി മിസ്റ്റർ സുബ്ബയ്യർ.

മി. വി. സുബ്ബയ്യർ (ഗവർണ്മെൻറിയമനം ഡിപ്യൂട്ടിപ്രെസിഡൻറു): ഒരുമിനിട്ടുകൊണ്ടു അവസാനിപ്പിച്ചു കൊള്ളാം.

അന്നറബ്ബർകൃഷി അതിനൻറ ശൈശവ ദശയിൽ ആയിരുന്നതുകൊണ്ടു അപ്പോൾഅതിനു തീരുവചുമത്തു ന്നതു അഭിലഷണീയം അല്ലെന്നുവിചാരിച്ചു. പിന്നീടറബ്ബറിനൻറവില വളരെക്കുടിട്ടുണ്ടു. സിലോണിൽ ഒരേ സമയത്തുതന്നെ തേയിലയ്ക്കും റബ്ബറിനും തീരുവചുമത്തിയതു. അതിനൻറശേഷമാണു നാംതേയിലയ്ക്കുമാത്രം തീരു വചുമത്തിയതു. റബ്ബറിനു തീരുവചുമത്താതിരിപ്പാൻ ഞാൻ യാതൊരുകാരണവും കാണുന്നില്ല. ആണ്ടുതോറും 8 0 ലക്ഷംറാത്തൽ റബ്ബർഇവിടെനിന്നു കയറ്റുമതിയയ്ക്കുന്നുണ്ടു. അതു ഒരുരൂപാവിലയ്ക്കു 8 0 ലക്ഷംരൂപാ വിലയ്ക്കുണ്ടു. അതിനു 2 0 ശതമാനം തീരുവചുമത്തിയാൽ നമുക്കു 8 ലക്ഷംരൂപാകിട്ടും, മാമ്പഴകയ്ക്കു വി ദേശങ്ങളിൽ ആവശ്യക്കാർ അധികമുള്ളതുകൊണ്ടു മിസ്റ്റർ വാൻറോസ് അതിനൻറതാരിപ്പുവില കൂട്ടികയുണ്ടായി കാരണം ന്യായമാണു. മാത്രമല്ലാ റബ്ബർ വിദേശങ്ങളിലേക്കു കയറ്റുമതിയക്കുന്നതുകൊണ്ടു അതിനുതീരുവചുമ ത്താതിരിക്കാൻ കാരണമൊന്നും കാണുന്നില്ല. ഗവണ്മെൻറിനും ഈ രണ്ടുമാർഗ്ഗങ്ങളിൽ പ്രവേശിച്ചു കഴിവുള്ള ആദായമുണ്ടാക്കാൻ വഴിയുണ്ടു്.

ഒരുസംഗതികൂടെപറവാനുണ്ടു. അതിനു അരമിനിട്ടേആവശ്യമുള്ളു. അതുചന്തകൾവകയുള്ള പണ ത്തെക്കുറിച്ചാണു. ചന്തറഗുലേഷൻ പാസാക്കിയപ്പോൾ അതുമൂലം ഉണ്ടാകുന്നവരവു ചന്തകളിൽ കെട്ടിടങ്ങ ൾ പണിയുന്നതിനും ശുചീകരണത്തിനും വിനിയോഗിക്കുമെന്നു വിചാരിച്ചിരുന്നു. അതിനുപകരം ആവരവു കൊണ്ടുമുതലെടുപ്പോടുചേർത്തു വരികയാണുചെയ്യുവരുന്നതു. ചന്തകളിൽ നിന്നു ആണ്ടുതോറും നു ഇ, 0 0 0 രൂ പാ വരവുള്ളതായിക്കാണുന്നു. ചന്തകളെല്ലാം ഉത്തമസ്ഥിതിയിൽ ആകുന്നതുവരെ ഇതിൽ ഇ 0 ശതമാനംഎ ങ്കിലും ചന്തകൾ നന്നാക്കുന്നതിനായി നീക്കിവക്കേണ്ടതാകുന്നു. അതിൻറശേഷം ആ വരവുമുഴുവനും ഗവണ്മെ ൻറിൻറ പൊതുമുതലെടുപ്പോടു ചേർക്കുന്നതിനു വിരോധമില്ല.

മി. കെ. ജെ: (ഗവർണ്മെൻറു സെക്രട്ടറി): ചന്തകൾനന്നാക്കുന്നതിനു ഈ ആണ്ടിൽ 2,2 ഇ രൂപാനീക്കിവെച്ചിട്ടുള്ള സംഗതി മെമ്പറിൻറശ്രദ്ധയിലുള്ള വിഷയമാക്കികൊള്ളുന്നു.

മി. വി. സുബ്ബയ്യർ (ഗവർണ്മെൻറിയമനം ഡിപ്യൂട്ടിപ്രെസിഡൻറു): അതുപോരാ. അതിലധികം അനു വദിക്കണം. ഇത്രയുമേ എനിക്കു പറവാനുള്ളു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): സർ, സെക്രട്ടറി 1 9 0 1-ലേക്കുള്ള ബഡ്ജറ്റിനെപ്പറ്റിയുള്ള ഫാജരാക്കിയ വിവരണം സൂക്ഷ്മവും മിതമായതും ആകുന്നു. അതു 1 ൻ 2 രൂ ശ്രീമാ യിമാ സത്തിൽ ഫാജരാക്കിയ നിരൂപണപ്രധിഷ്ഠമായ ബഡ്ജറ്റിനും അതിൻറ ഗുൺകൊല്ലങ്ങളിലെ ആശാപൂർണ്ണമായ ബ ഡ്ജറ്റുകൾക്കും എതിരായിട്ടുണ്ടെകാണുന്നതു. 1 9 0 0-മാണ്ടിൻറ അവസാനത്തിൽ ചെലവുകഴിച്ചുബാ ക്കിയുണ്ടെന്നുള്ള സംഗതികൊണ്ടു് ഗവണ്മെൻറിനു സംതൃപ്തിക്കവകാശമുണ്ടു്. എന്നാൽ ജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചു 1 0 ൻസ് കർഷകത്തിലെ ഭവിഷ്യത്തുപ്പോക്കും നിമിത്തംഉണ്ടായ കഷ്ടപ്പാടുകളെ കണ്ടറിഞ്ഞിട്ടുള്ളവർക്കു

അതിനെച്ചൊറി ഉണ്ടാകുന്ന വിചാരം സുസ്ഥിരമായ ഒരു രാജ്യത്തിൽ ഗവണ്മെന്റിന്റെ മുതലെടുപ്പും ജനങ്ങളുടെ ധനസ്ഥിതിയും തമ്മിൽ ഉണ്ടായിരിക്കേണ്ടുന്ന ചേർച്ച അതിൽനിന്ന് പ്രത്യക്ഷപ്പെടുന്നില്ല എന്നാണു. ആണ്ടുതോറും രാജ്യത്തിലെ ഇരിപ്പുമുതൽ വർദ്ധിപ്പിച്ചുകൊണ്ടുവരുന്നതാണു ബുദ്ധിപൂർവമായപ്രവൃത്തിയെന്നു രാജ്യതന്ത്രജ്ഞന്മാർ വിചാരിച്ചുവന്നകാലം പണ്ടേകഴിഞ്ഞുപോയിരിക്കുന്നു. ചെലവുകഴിച്ചുബാക്കി വരുന്നതുമുഴുവൻ ഭരണവ്യയത്തിൽ മിതംകാണിക്കുന്നതിനാവശ്യമായ പുനരുദ്ധാരണപ്രവൃത്തികൾക്കും പരിപോഷക പ്രവൃത്തികൾക്കും കഴിവുള്ളടത്തോളം പണംവിനിയോഗിക്കാതെ കൂട്ടിവച്ചു കൂട്ടുന്നതിനാലാണെങ്കിൽ കരംകൊടുക്കുന്നവർക്കു സങ്കടംപറവാൻന്യായമുണ്ടു. മിസ്റ്റർ ജാജ്വിനെപ്പോലെയിരുന്ന ആശങ്കകൾ ഫ ൦ൻ൯-ലെ കണക്കുകൊണ്ടും ഫ ഫ ൦ ൦ ലേക്കുള്ളടുപ്പുകൂട്ടിയ എസ്റ്റിമേറുകൊണ്ടും യാതൊരു അടിസ്ഥാനരഹിതമായ പരിണമിച്ചതു ആനന്ദപ്രദമായ ഇവരാഭംഗം ആകുന്നു. ഫ ൦ൻ൯-ൽ കോവുണ്ടാകുമെന്നു ഭയപ്പെട്ടിരുന്ന ന൦൭൫൦൦൦൦ രൂപാവിന്നുപകരം രൂപാവാക്കിയായിട്ടാണ് പരിണമിച്ചതു. ഫ ഫ ൦ ൦-ലെ പുതുക്കിയ എസ്റ്റിമേറിൽ ര൦൫൬൦൦൦൦൦ രൂപാവാക്കി പ്രതീക്ഷിച്ചിരുന്ന ഇതുൽപ്പന്നത്തെപ്പറ്റിയുണ്ടായ ഉയർത്തപ്പെട്ടിരുന്ന ഒരുലക്ഷം രൂപാ കുമ്മിയെക്കാൾ എത്രയോ അധികമാണ്. അടുത്തവർഷം ന൦൭൫൦൦൦൦൦ രൂപാവാക്കിവരുത്തി തന്റെ മുപ്രപതിപാടിനെ നിലനിറുത്തിപ്പോകാൻ ആകുന്ന മൈനാൻസ്യൽസെക്രട്ടറി ഉദ്ദേശിക്കുന്നതു. എന്നാൽ മൈനാൻസ്യൽ സെക്രട്ടറിയോ ഗവണ്മെന്റിലുള്ളതിനെ എല്ലാപ്പേരുംകൂടി യുണ്ടാകുമെന്നും യഥാർത്ഥമായിവിശ്വസിക്കുന്നുണ്ടെങ്കിൽ വിദ്യാഭ്യാസത്തിന്റെ ഗുണങ്ങളെപ്പറ്റി ബോധവും അതിന്റെ ചെലവിൽ കുറ്റമായ ഓഹരി വഹിപ്പാൻ ഒരുക്കവും ഉള്ള ജനങ്ങളുടെ ഈ രാജ്യത്തുള്ളതിനെക്കാളും വിദ്യാഭ്യാസത്തിന്റെ ഗതി അതിന്റെചെലവിനെസംബന്ധിച്ചു വിവേകശൂന്യവും മൂർഖരുമായ കൂട്ടത്തെക്കാളും ആയിരുന്നു എന്നു പറഞ്ഞതിന്റെ ഔചിത്യം ഗ്രഹിപ്പാൻ കഴിയുന്നില്ല. ഫ ൦ൻ൯, ഫ ഫ ൦ ൦, ഫ ഫ ൦ ഫ ഈ മൂന്നുകൊല്ലങ്ങളിലെ വരവുചെലവു സംഗതികളുടെ ക്രമാനുസാരമായ സ്ഥിതിയെ കാണിക്കുന്നുണ്ടെന്നും ചെലവിനെറ സാധാരണവർദ്ധനവു വരവിന്റെ സാധാരണവർദ്ധനവുകൊണ്ടു നിർവഹിക്കാമെന്നും തവണ്മെൻറുവിചാരിക്കുന്നുണ്ടോ? എന്റെബോധം നേരെമറിച്ചാണെന്നും ചിത്രം കാണിക്കുന്നപ്രകാരം മനോഹരമല്ലെന്നും പറഞ്ഞുകൊള്ളുന്നു. നമ്മുടെസ്ഥിരപരവു അസ്ഥിരചെലവിൽനിന്ന് പേർതിരിച്ചും നമ്മുടെധനാഗമമാർഗ്ഗങ്ങളെപരിശോധിച്ചും സാധാരണ ഭരണച്ചെലവുകളെ ക്രമീകരിച്ചു ക്ലിപ്തപ്പെടുത്തണം പരിപോഷണത്തിനും സമുദായിക പുനരുദ്ധാരണത്തിനുംവേണ്ട പണം കരുതിച്ചെലവുചെയ്യാനും ഉള്ള ആവശ്യകത ഇപ്പോഴും മുൻനിലയിൽതന്നെ ഇരിക്കുന്നുഎന്നാണു എനിക്കുതോന്നുന്നതു. മൈനാൻസ്യൽ സെക്രട്ടറിയുടേയും ഭരണാധികാരിയുടേയും അഭിപ്രായങ്ങളുടെ അന്യോന്യം വിരുദ്ധമായിരിക്കുന്ന സ്ഥിതിക്കുഇതുപ്രത്യേകമായി അങ്ങനെ തന്നെയാണു. ഫ ൯൨ ൪-ലെ പ്രജാസഭയിൽ ചെയ്യപ്പെട്ടപ്രസംഗത്തിൽ "നമ്മുടെകോശസ്ഥിതി ശോഭനമായും വരവിൽ സ്വാഭാവികമായി എല്ലാഇനങ്ങളിലും വർദ്ധനയോടുകൂടിയും" ഇരിക്കുന്നുഎന്ന് ദിവാൻ ഉറപ്പുപറഞ്ഞിരിക്കുന്നു എന്നാൽ മൈനാൻസ്യൽ സെക്രട്ടറി തന്റെ (ഫ ൯൨ ര-ലെ) അപ്പ്രോപ്രിയേഷൻറിപ്പോർട്ടിൽ "നമ്മുടെവരവിൽ ക്രമപ്രകാരമുള്ള വർദ്ധന മേമാൽഅധികം ആയിരിക്കാൻ ഇടയില്ലെന്നും" "നമ്മുടെചെലവു ഇനിമേൽകുറയ്ക്കാൻകഴിയാത്തവണ്ണം ക്രമീകരിച്ചിരിക്കുന്നു, അതുഭാവിയിൽ അധികമധികം ആകയേഉള്ളൂ" എന്നുംപറഞ്ഞിരിക്കുന്നു. "നമ്മുടെകോശസംബന്ധമായ ഭാവിയെപ്പറ്റി യേതുപ്പെടാൻ സംഗതിയില്ലെന്ന്" ദിവാൻ ആലപ്പുസംഗത്തിൽ വീണ്ടുംപറയുന്നു എന്നാൽ "ബഡ്ജറ്റുകൊണ്ടുകൊണ്ടന്ന അഭിവൃദ്ധി യാളുഛരാസംഖ്യമാത്രമാണ്, തൽക്കാലികമൊന്നുമല്ല, നമ്മുടെകോശസ്ഥിതിയുടെ സ്ഥിരതയെസൂചിപ്പിക്കുന്നുഎന്നു ആശിക്കുന്നു" എന്നുമാത്രം മൈനാൻസ്യൽസെക്രട്ടറി അല്പംശങ്കയോടും ധൈര്യമില്ലാതെയും പ്രസ്താവിക്കുന്നു. ഫ ൦ൻ൯ മുതൽ ഫ ൦ൻ൯ വരെയുള്ള കാലംകൊണ്ടു നമ്മുടെ സാധാരണവരവിൽ ഫ വ ലക്ഷംരൂപക്കൂട്ടുകൾ ഉണ്ടായി ഈ കാലത്തുതന്നെ നമ്മുടെ സാധാരണചെലവിൽ ഉണ്ടായിട്ടുള്ള കൂട്ടുതൽ ന൯൭ ലക്ഷം രൂപായാണു. ഫ ൦ൻ൯ ലെയും ഫ ഫ ൦ ൦ ലെയും വരവുചെലവുകൾതമ്മിലുള്ള വ്യത്യാസവും ശ്രദ്ധേയമാണു. വരവിനേക്കാൾ അധികം വേഗതയോടെ ചെലവും ഈയിടെവർദ്ധിച്ചു എന്നു തവണ്മെൻറു സമ്മതിക്കുന്നുണ്ടെങ്കിലും അതിനുള്ളകാരണം പൊളിനന്മയുള്ള ഡിപ്പാർട്ടുമെൻറുകൾക്കു ചെലവുചെയ്യാൻ അധികംപണം അനുവദിച്ചതാണെന്നു കാണിക്കാൻ ശ്രമിക്കുന്നുണ്ടു. എന്നാൽ അവർപറയുന്നതു ശരിയാകുന്നതായി തോന്നുന്നില്ല. ഇതു ഫ ൦ൻ൯ മുതൽ ഫ ഫ ൦ ൦ വരെ പൊളിമരാമത്തു ഡിപ്പാർട്ടുമെൻറിനു അനുവദിച്ചിട്ടുള്ള സംഖ്യകൂടി നോക്കിയാൽ പ്രത്യക്ഷമാകും. ആ ചെലവും രാജ്യത്തിലെ വരവും തരതമപ്പെടുത്തി നോക്കിയാൽ അതിന്റെ ശതമാനം വരവിനെറവർദ്ധനയ്ക്കു അനുരൂപമല്ലെന്നു മാത്രമല്ല അധികമായി കുറഞ്ഞുകുറഞ്ഞു വരികയാണുചെയ്യുന്നതു.

ആണ്ടു	വരവു്	പൊളിമരാമത്തു ഡിപ്പാർട്ടുമെൻറുവകയ്ക്കുള്ള തുക	ശതമാനം
	ലക്ഷം രൂപാ	ലക്ഷം രൂപാ	
ഫ ൦ൻ൯	ഫ ൭ ര൦൯൫	ന൩൦൭൨	ഫ൩
ഫ ൧ൻ൫	ഫ ൭ ൭൦൫	ന ൭൦൩൨	ഫ ൫
ഫ ൦ൻ൩	ഫ വ൫൦൩	ന൩൩൭ ൦	ഫ ൭
ഫ ൦ൻ൭	ഫൻഫ൦൭	ന ഫ൦൫൨	ഫ൩
ഫ ൦ൻ൮	ഫൻ ൦൦൮ ൦	ന൩൭൦൩	ഫ൩
ഫ ൦ൻ൯	ഫൻ൨൦൩	൧൮൭൨	ഫ ൪
ഫ ഫ ൦ ൦	ന ൦ ൫൦൦ ൦	ന ഫ൦൦ ൦	ഫ ൫
ഫ ഫ ൦ ഫ	ന ൦൩൦൦ ൦	ന൮൭ ൦ ൦	ഫ൩

ഫാൻവ്യൂൽ വരവു ഫിഗർ ഒക്ഷം രൂപയിൽനിന്ന ഫിൻ ഠവ്യ ലക്ഷം രൂപയായി വർദ്ധിച്ചു എങ്കിലും പൊതുമരാമത്തുവക ചെലവു ശതമാനം രണ്ടു വർഷത്തിലും ഒന്നുതന്നെആയിരുന്നു. ഫിഫ ഫിൻ വരവു ഡ ഠന്റ ലക്ഷം രൂപയാണ് -ഇസ്റ്റിമേറെറങ്കിലും പൊതുമരാമത്തുവകയ്ക്കു അനുവദിച്ചിട്ടുള്ള സംഖ്യയുടെ ശതമാനം ഫ ഠ ൻ ര -ലെയുള്ളതുതന്നെയാണ്. ഇതു ഗാഡ്ഗായി ആലോചിക്കേണ്ടുന്ന ഒരു സംഗതിയാണ്. ഒരു കെ വരവിന്റെ വർദ്ധനവുണ്ടാകുമ്പോൾ ചെലവിൽ അതിനുസരിച്ചു പരിപോഷണമുണ്ടാകുന്നില്ലെങ്കിൽ ഡിപ്പാർട്ടുമെന്റുകൾക്കു കൂടുതൽ തുക അനുവദിച്ചു എന്നു പറയുകയാണെങ്കിൽ ചെലവിൽ അധികഭാഗവും വിദ്യാഭ്യാസസംബന്ധമായിരുന്നു എന്നു ഓർക്കേണ്ടതാണ്. ഫ ഠ ൻ ള മുതൽ ഫ ഠ ൻ ൻ വരെ വർദ്ധിച്ച ഫിഗർ ലക്ഷംരൂപയിൽ ഠ ഠ ലക്ഷം വിദ്യാഭ്യാസാവശ്യപ്പെടുന്നായിട്ടുള്ളതാണ് ചെലവായതു. പൊതുആരോഗ്യസംബന്ധമായും തൊഴിൽസഹായത്തിനുമുള്ള ചെലവിൽ ഈ കാലയളവിൽ ഭേദഗതിഉണ്ടായിട്ടില്ല. കൃഷി, പബ്ലിസിറ്റി, വ്യവസായം ഇവയ്ക്കു എല്ലാംകൂടെ കൂട്ടുതൽചെലവിന്റെ മുന്നിൽ ഒരുഭാഗമെ ലഭിച്ചിട്ടുള്ളു. വിദ്യാഭ്യാസസംബന്ധമായ ചെലവു നിർവ്വഹണത്താൽ ചെയ്യുകയും അതിന്റെ അസാധാരണ കൂടുതൽ നിമിത്തം "അസഹനീയം" പോകയുംചെയ്യുന്ന ഗവർണ്മെന്റിന്റെ അല്ല ആലോചനാപൂർവ്വം സ്വീകരിച്ചിട്ടുള്ള ഒരു നയത്തിന്റെ ഫലമാണെന്നോ സംസ്ഥാനത്തിനു പൊതുവേയോ ഓരോ വ്യക്തികൾക്കോ സിദ്ധിക്കുന്ന ഗുണം ഈ വൻചെലവിനു അനുരൂപമാണെന്നോ പറയുമെന്നു വിചാരിക്കുന്നില്ല. പണം സർക്കാർഖജനാവുകളിൽ സൂക്ഷിക്കയൊ ഇസ്പീരിയൽ ബാങ്കിൽ അല്ലാലുകാലത്തേക്കു നിക്ഷേപിക്കയൊ ചെയ്യുന്നതിനെക്കാൾ ബുദ്ധിപൂർവ്വമായി അതു കൃഷിവ്യവസായങ്ങളുടെ അഭിവൃദ്ധിക്കായി വിനിയോഗിക്കുന്നതു ദീർഘദൃഷ്ടിയായിട്ടും ലാഭകരവും വിവേകസൂചകവുമായിരിക്കും.

ചെലവു കുറയ്ക്കുന്ന കാര്യം ഈ സഭയിൽ ചർച്ചചെയ്യണംചെയ്തിട്ടുള്ള ഒരു വിഷയമാണ്. എങ്കിലും സഭയിൽ ഈ ഭാഗത്തിരിക്കുന്നവരുടെ അഭിപ്രായം ഗ്രഹിക്കാൻ ഉദ്യോഗസ്ഥന്മാർക്കു കഴിഞ്ഞിട്ടില്ല. ഭരണവിഷയത്തിൽ യഥാർത്ഥമായും കാര്യമായും ചെലവു കുറയ്ക്കുന്നതിനുള്ള മാർഗ്ഗം പ്രവർത്തനരീതികളും നടപടിക്രമങ്ങളും പാടെ ഭേദപ്പെടുത്തുകയാണു. ഇവിടെ ഒരു ശിപായിയെയൊ അവിടെ ഒരു ഗ്രമസ്സനേയൊ കുറച്ചതുകൊണ്ടു കാര്യമായില്ല. കൃഷി കഴിഞ്ഞാൽ അധികംആളുകൾ ആശ്രയിച്ചിരിക്കുന്നതു ഗവണ്മെന്റുദ്യോഗമാകുന്നു എന്നു ഞാൻ വിചാരിക്കുന്നു. അതിൽനിന്നുള്ള വരുമാനം കാലാവസ്ഥയോ പണിമുടക്കോ ഭേദപ്പെടുത്തുകയില്ല. ഒരു പുതുസ്സംഘടനംകഴിഞ്ഞാലുടനെ അധികം ഗ്രമസ്സന്മാരെയും ശിപായിമാരെയും നിയമിക്കുകിട്ടുന്നതെന്നൊള്ളപ്പോഴത്തെ സ്ഥിതിയിൽ ഭേദപ്പെടുത്തണമെന്നാ ഡിപ്പാർട്ടുമെന്റു മേലധികാരികൾ ശിപാർശചെയ്യുന്നതിവു ആക്ഷേപയോഗ്യമാകുന്നു. ബ്രിട്ടിഷ് ഇൻഡ്യയിൽ ഉള്ളതുതല്ലാം ഇവിടെയും പകർത്തേടുക്കണമെന്നു അഭിപ്രായം ഇല്ലാത്തവനും ഉദ്യോഗങ്ങളെപ്പറ്റി നല്ല പരിചയവും കാര്യങ്ങളുടെ എല്ലാ വശങ്ങളും നോക്കാൻ കഴിവും ഉള്ളവനുമായ ഒരാൾ രാജ്യഭരണവ്യവസ്ഥയെ മുഴുവനായി ആലോചിക്കാൻ നമുക്കുള്ളതു ചാരിതാർത്ഥ്യഹേതുവാകുന്നു എന്നു ഇതുസംബന്ധിച്ചു ഞാൻ വിചാരിക്കുന്നു. രാജ്യത്തിന്റെ വരവിൽ ൪ ൦ ശതമാനം ശമ്പളത്തിനും തൻകീഴിലുള്ളവർക്കുമായി ചെലവുചെയ്യുവരുന്ന എങ്കിലും താണതരം ജീവനക്കാർ, പ്രത്യേകമായി മലയാളം സ്കൂൾഅദ്ധ്യാപകന്മാർ, പങ്കുതിയുദ്യോഗസ്ഥന്മാർ, പോലീസുകാർ ഇക്ഷണച്ചെലവിനെങ്കിലും വേണ്ട പണം ശമ്പളംകിട്ടുണമെന്നു ന്യായമായിതന്നെ നിലവിളിക്കുന്നു. മേലുദ്യോഗസ്ഥന്മാർ അവരുടെ ശമ്പളംകൊണ്ടു മതിവാകുന്നില്ലെന്നും പരാതിപറയുന്നു. ഡിപ്പാർട്ടുമെന്റുകൾ മേലധികാരിമാരുടെ ശമ്പളത്തിലും പ്രത്യേകം ഡിവിഷൻഡിപ്പാർട്ടുമെന്റിന്റെയും മറു ഡിപ്പാർട്ടുമെന്റുകളുടെയും ശമ്പളത്തിൽ, അനഭിലഷണീയമായ താരതമ്യം കാണുന്നുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

ആണ്ടോടാണ്ടുള്ള സ്ഥിരചെലവിന്റെ ക്രമമല്ലാത്ത വർദ്ധനനിമിത്തം ഒരുകാലത്തു ജനങ്ങളുടെ നികുതിഭാരം അവശ്യം വർദ്ധിപ്പിക്കേണ്ടിവരും. തിരുവിതാംകൂറിന്റെ ധനസ്ഥിതി സൂക്ഷ്മതയോടെ പരിശോധിച്ചിട്ടുള്ളവർ ഇവിടത്തെ നികുതിഭാരം അതിന്റെ പരമാവധി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു എന്നു സമ്മതിക്കുന്ന ഒരു കാര്യമാണു. കഴിഞ്ഞ അഞ്ചുകൊല്ലത്തിൽ പുതിയ കരങ്ങളും നേരിട്ടും അല്ലാതേയും ചുമത്തീട്ടുണ്ട്, ആളോഹരി കൂതി ഒഴിച്ചുള്ള എല്ലാ കരങ്ങളും ജനങ്ങളോടു ആലോചിക്കാതെയുമാണ ചുമത്തീട്ടുള്ളതു്. ഓരോ തൊല്ലത്തേയും ബഡ്ജറു എസ്റ്റിമേറോടുകൂടെ പുതിയനികുതി ചുമത്താൻ ഗവർണ്മെന്റു വിചാരിക്കുന്നുണ്ടെങ്കിൽ അതിനെസംബന്ധിച്ചു ഒരു ഫൈനാൻസ് ബിൽകൂടെ ഹാജരാക്കുന്നതിനു യാതൊരു തടസ്സവുമില്ല. ഗവർണ്മെന്റു ഒരു ഉത്തരവുമൂലം ആണ്ടിന്റെ മദ്ധ്യത്തിൽ പ്രൊസസ്ഫീസും പകർപ്പുഫീസും വർദ്ധിപ്പിക്കുന്നു. ഇങ്ങനെതന്നെ ചന്തച്ചുങ്കം ഏർപ്പെടുത്തി, തറവിലയും കരവും വർദ്ധിപ്പിച്ചു, സ്റ്റാംപഫീസ് അധികമാക്കി, അഞ്ചൽക്കൂലി പൂട്ടുക്കി. ഇതെല്ലാം ചെയ്യുമ്പോൾ ആലോചിക്കാതേയും ജനങ്ങളുടെ ഇഷ്ടമിലാഞ്ഞും അറിയാതെയുമാണു, നിലവിലുള്ള കരങ്ങളുംവരിശകളും വർദ്ധിപ്പിക്കാൻ ഗവർണ്മെന്റിനു നിയമപ്രകാരം അധികാരമുള്ള സംഗതികളിലും അവശ്യ നടപ്പിൽവരുത്തുന്നതിനുമുമ്പായി അവശ്യസംബന്ധിച്ചു ഫൈനാൻസുബില്ലുകൾ ഈ സഭയിൽ ഹാജരാക്കി പാസ്സാക്കുകയായിരിക്കും ഉത്തമം എന്നാണു ഞാൻ പറഞ്ഞുകൊള്ളുന്നതു. ഇപ്രകാരം സ്റ്റാൻറിംഗ് ഫൈനാൻസുകമ്മിറിയുടെ നിലയും നന്നാകും. ഈ കമ്മിറിക്കു നിയമസാധുത്വംകൊടുക്കേണ്ടതു അതിന്റെ ജോലി ഗ്രേവെന്റ്സ്ട്രിട്ടനിലെ വകുപ്പും വഴിയും കമ്മിറിയുടെ ജോലിആയിരിക്കേണ്ടതുമാകുന്നു. ഈ സഭയ്ക്കു ഇപ്പോൾ ഗവർണ്മെന്റിന്റെ വരവിന്മേൽ യാതൊരധികാരവുമില്ല. ഇന്ന സംഗതിക്കു പണം ചെലവുചെയ്യണമെന്നുപറവാൻ അവകാശവുമില്ല. ഗവർണ്മെന്റു ഒരു കാര്യത്തിനു അനുവദിക്കണമെന്നു പറയുന്ന സംഖ്യയിൽ വല്ല കുറവും വരുത്താൻമാത്രം അവകാശവുമുണ്ടു. കുറച്ചുമുതലാനും പണം വ്യയംചെയ്യാനും ഒരേസമയത്തു അധികാരമുണ്ടായിരിക്കേണ്ടതാണ്. അങ്ങനെയായാൽ സാധുക്കൾക്കു അതിഭാരമായിരിക്കുന്ന കരങ്ങളും ലഘൂകരിക്കാനും ഇപ്പോഴുള്ള കരങ്ങളുടെ അസമതകളും കാഠിന്യവും നിക്കത്തുക്കവണ്ണം പുതിയ കരങ്ങളും ഏർപ്പെടുത്താനും കഴിയുന്നതാണു. അപ്പോൾ ആനികൃതി കുറയ്ക്കാനും അഞ്ചൽനിരക്കു ലഘൂകരിക്കാനും വേണ്ടി ആദായനികുതിയോ റബ്ബറിനു തീരുവയോ മുതലായതു ചുമത്തുന്നകാര്യം ഫലപ്രദമായി ആലോചനാവിഷയമാക്കാവുന്നതാണ്. ഇങ്ങനെ ഈ സഭയുടെ പ്രയോജനം ഏറെയും വർദ്ധിപ്പിക്കാം. ഗവർണ്മെന്റിന്റെമുതലിനേൽ ഈ സഭയ്ക്കു അധികാരമുണ്ടെങ്കിൽമാത്രമേ ജനങ്ങളുടെ ക്ഷേമത്തിനും പരിശുദ്ധിക്കും ഗവർണ്മെന്റു ചെയ്യുന്ന ശ്രമങ്ങളെ അവക്കു വേണ്ടപോലെ അനുകൂലിച്ചു സഹായിപ്പാൻകഴികയുള്ളു.

ക്ഷാമനിവാരണം—ഒരു അപ്രൊപ്രിയേഷൻ റിപ്പോർട്ടിന്റെ കീഴ്—പുറത്തു നിയമസഭാപ്രമേഷൻ കമ്മറ്റി (ൻ)—പുവകുപ്പുപ്രകാരം ഗവർണ്മെൻറു അനുവദിച്ചിട്ടുള്ള സംഖ്യകളുടെ പട്ടിക നോക്കിയാൽ ഈ സഭയ്ക്കു ബഡ്ജറ്റു സംബന്ധിച്ചുള്ള അധികാരം എത്രത്തോളം പ്രയോജനമെന്നു മനസ്സിലാക്കാം. അതിൽ കാണിച്ചിട്ടുള്ള ചില ചെലവിനങ്ങൾ അടിയന്തിരകാര്യങ്ങൾ ആയിരുന്നു എന്നു നമ്മുടെ സങ്കല്പശക്തി എത്രതന്നെ ഉപയോഗിച്ചാലും ബോദ്ധ്യമാകയില്ല. ഈ രണ്ടു ലക്ഷത്തോളം രൂപയ്ക്ക് സഭയെ അനുവദിച്ചു സപ്ലിമെൻററി ഗ്രാന്റുകളുടേയും വോട്ടു ചെയ്വാൻപോലുമില്ലാത്ത ഇനങ്ങൾക്കു ഗവർണ്മെൻറു അനുവദിച്ചിട്ടുള്ള തുകകളുടെ ടിമ്പുമായ രണ്ടു പട്ടികയുടേയും മുമ്പിലവതരിപ്പിക്കുന്നതുകൊണ്ടു ഒരു ബഡ്ജറു തെയ്യാറാക്കാൻ വലിയ ആലോചന വേണമോ എന്നു സംശയിച്ചുപോകുന്നു.

ഇക്കഴിഞ്ഞ അപ്രൊപ്രിയേഷൻ റിപ്പോർട്ടിന്റെ കീഴ്—പുറത്തു കാണുന്ന ഒരു പ്രസ്താവനയെ നിങ്ങളുടെ ശ്രദ്ധാപിക്ഷയമാക്കിക്കൊള്ളുന്നു. സിൽബന്ധികളുടെ കടവുനിമിത്തം ചെലവിന്റെ അവശ്യവും പ്രധാനവുമായ ഒരു ക്രമമായ ഭരണം തനിക്കു നടത്താൻകഴിഞ്ഞില്ലെന്നു ദൈനാപക്ഷ്യൽ സെക്രട്ടറി പറയുന്നു. ഇതു കഷ്ടംതന്നെ. "ഭാഗ്യവശാൽ" (ഇതുതന്നെയാണ് മിസ്റ്റർ ജാഡ്ജ് പ്രയോഗിച്ചിട്ടുള്ള പദം) "കടബാസ്സും അച്ചടിയും" ഇനത്തിൽമാത്രമേ അധികച്ചെലവു വന്നപോയിട്ടുള്ളു എന്നു പറയുന്നതു ആശ്വാസഹേതുവാണെന്നു വിചാരിപ്പാൻതരമില്ല. ഇതു പരിശോധിക്കേണ്ടുന്ന ഒരു സംഗതിയാണ്. ഇൻഡ്യാ ഗവർണ്മെൻറു ചട്ടത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരം ഒരു പബ്ലിക്കു് അക്കൌണ്ട്സ്കമ്മിറിയെ നിയമിക്കയൊ മൈനാൻ സുകമ്മിറിയ്ക്കു പബ്ലിക്കു് അക്കൌണ്ട്സ്കമ്മിറിയുടെ അധികാരത്തോടെ കൊടുക്കുകയൊ ചെയ്യേണ്ടതാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

ഞാൻ അവസാനിപ്പിക്കുന്നതിനുമുമ്പായി ഒന്നുരണ്ടു കാര്യങ്ങൾകൂടി പറവാനുണ്ടു്. പരിപോഷണ ഡിപ്പാർട്ടുമെൻറുകളുടെ സ്ഥിതി നന്നാക്കണം. വിദ്യാഭ്യാസംലഭിച്ചവരുടെ എണ്ണം വർദ്ധിപ്പിച്ചതുകൊണ്ടു ഗുണമില്ല. വിദ്യാഭ്യാസംകൊണ്ടു തൊഴിലില്ലാത്തവരുടേയും തൊഴിൽകിട്ടാൻ മാർഗ്ഗമില്ലാത്തവരുടേയും എണ്ണം വർദ്ധിപ്പിച്ചാൽപോരാ, അതിലധികം ഗുണംഉണ്ടാകണം. വിദഗ്ധന്മാരെ നിയമിച്ചുവെച്ചുകൊണ്ടിരിക്കയും അവരുടെ ഡിപ്പാർട്ടുമെൻറുകൾക്കു പൊതുമുതലിൽനിന്നു ഒരു ഓഹരികൊടുക്കയും ചെയ്യുന്നതിനു അവർ ജനങ്ങളുടെ കഷ്ടപ്പാടും എത്രത്തോളം വർദ്ധിപ്പിച്ചു എന്നുള്ളതായിരിക്കണം ഏകകാരണവും ന്യായവും. ഉദ്യോഗവർഗ്ഗത്തിന്റെ സ്ഥിതി നന്നാക്കണം. താഴ്ന്നതരം ഉദ്യോഗസ്ഥന്മാരെ പട്ടിണിക്കു അധീനരാകാതെയാക്കണം, വ്യതിചലനം വരാതെ ഒരു സ്ഥിരവും ക്ലിപ്തവുമായ നയമനുസരിച്ചുമാത്രം ഉദ്യോഗക്കയറ്റം നിയമിക്കണം.

നമ്മുടെ നന്മയുടെ സംരക്ഷണത്തെ ഉദ്ദേശിച്ചു ഇൻഡ്യൻ സാമ്രാജ്യസഭകളിൽ നമുക്കും പ്രാതിനിധ്യം ലഭിക്കാൻ ശ്രമിക്കുന്നതിന്റെ ആവശ്യകതയെപ്പററി കഴിഞ്ഞവർഷം ഈ സഭയിൽ ഞാൻ പ്രസ്താവിച്ചു അഭിപ്രായത്തെ വേറൊരു ദിക്കിൽ അനുകൂലിച്ചിരിക്കുന്നു. മൈസൂർരാജ്യത്തിന്റെ പ്രാതിനിധ്യകത്തെപ്പററി മൈസൂർ ദിവാൻ അവിടത്തെ പ്രജാസഭയിൽ പ്രത്യേകമായി പ്രസ്താവിക്കയുണ്ടായി. ഭരണസമ്പ്രദായത്തിൽ സുപ്രധാനമായ ഭേദഗതികൾ ബ്രിട്ടീഷ് ഇൻഡ്യയിൽ കാലതാമസമെന്യെ ഉണ്ടാകും. നാം മൈനരന്മാരായിരുന്ന നമ്മുടെ ന്യായമായ അവകാശങ്ങൾ ലഭിക്കാതെപോകരുതു്. ഒരു പഴയ ഉടമ്പടിപ്രകാരം ബ്രിട്ടീഷ് ഗവർണ്മെൻറിനു നമ്മുടെമേൽ നേരിട്ടല്ലാതെ നിയന്ത്രിപ്പാനുള്ള അധികാരമുള്ളതുകൊണ്ടു നമ്മുടെ നന്മവിചാരിച്ചാൽ ആ അവകാശം ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാകുന്നു.

വിശ്രമമാക്കിയ സഭയിൽ വാളന്റിവാദവിഷയമായിട്ടുള്ള നാലാമത്തെ ബഡ്ജറാകുന്നു ഇതു്. മുമ്പിലത്തെ പ്രൊസിഡെൻറു പ്രശസ്തമായി സാക്ഷീകരിച്ചപ്രകാരം ഇതുവരെ ഈ സഭ ചെയ്തിട്ടുള്ള മഹത്തായ ജോലി ആലോചിച്ചാൽ സഭയ്ക്കു് അതിന്റെ അവകാശങ്ങളും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വർദ്ധിപ്പിച്ചുകിട്ടാൻ ന്യായമുണ്ടു്. ഓരോരോ കാരണങ്ങളാൽ ശ്രീമൂലംപ്രജാസഭയുടെ പരിഷ്കാരം തീർച്ചയാകാതെകിടക്കുന്നു. ഈ രണ്ടു സ്ഥാപനങ്ങളേയും രാജ്യഭരണയന്ത്രത്തിന്റെ ഒരു പ്രധാനഭാഗമാകത്തക്കവണ്ണം രൂപീകരിച്ചു ഉത്തമമാക്കണം. ഇങ്ങനെ പുനഃസംഘടനംചെയ്യുമ്പോകുന്ന സഭകൾക്കു രാജ്യഭരണത്തിൽ ഒരു യഥാർത്ഥാഹരി കൊടുപ്പാനും അവയെ ചിരകാലം നാം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഉത്തരവാദിത്വമുള്ള ഒരു ഗവർണ്മെൻറാക്കിത്തീർക്കാനും തുടക്കംകുറിക്കുന്ന ഇടയുണ്ടാകട്ടെ എന്നു ഞങ്ങൾ ആശിച്ചുകൊള്ളുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കഴിഞ്ഞ മൂന്നു കൊല്ലത്തെ ബഡ്ജറു നിരൂപണത്തിൽ ഈ സ്ഥാനത്തിരുന്നു സാമുദായികസമ്പത്തിന്റെ കണക്കെടുക്കേണ്ട ആവശ്യകതയെപ്പററി ഞാൻ പ്രസ്താവിക്കയുണ്ടായി, എങ്കിലും നമ്മുടെ ധനത്തിന്റെ ഒരു കണക്കില്ല, ഒരു കണക്കെടുക്കാൻ ഗവർണ്മെൻറു വല്ല ശ്രമവും ചെയ്തിട്ടുള്ളതായും കാണുന്നില്ല. കഴിഞ്ഞ കാനേഷ്മാരിറിപ്പോർട്ടിൽ കമ്മിഷണർ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

> "ഈ നാട്ടിൽ ഉണ്ടാകുന്ന നെല്ലിന്റെയും മറെറ ക്ഷോണസാധനങ്ങളുടേയും ഒരു കണക്കും ജനങ്ങളിൽ
> "എതു ശതമാനത്തിനു അവ മതിയാകുമെന്നുള്ള ഒരു കണക്കും ഇതുവരെ എടുത്തിട്ടില്ല. ഇൻഡ്യയിൽ
> "എടുക്കുന്ന സാധാരണ കാനേഷ്മാരി കണക്കിൽ ജനങ്ങളുടെ വർദ്ധനവു, സ്ഥിതി, വിദ്യാഭ്യാസം, രോ
> "ഗങ്ങൾ, തൊഴിലുകൾ ഇവയെപ്പററി വിവരങ്ങൾഉണ്ടു്. കാനേഷ്മാരി കണക്കിന്റെ പ്രധാന ഭാഗ
> "മായ ജനങ്ങളുടെ ധനസ്ഥിതിയെപ്പററിയുള്ള കണക്കു എടുക്കാൻ ബാക്കികിടക്കുന്നു. ഒരു കണക്കു ഡി
> "പ്പാർട്ടുമെൻറു അത്യാവശ്യമായിതിന്നിട്ടുണ്ടു്. ഒരു വർഷത്തിലൊരിക്കൽ വേണ്ടുന്ന കാനേഷ്മാരി കണ
> "ക്കു എടുക്കുന്ന ജോലി അവരെ ഏൽപ്പിക്കണം. അതുവരെ സംസ്ഥാനത്തിലെ ചില മാതൃകാഗ്രാമങ്ങൾ
> "തിരഞ്ഞെടുത്തു അവിടത്തെ ധനസ്ഥിതി സൂക്ഷ്മമായി കൃഷി, വ്യവസായം, വ്യാപാരം, ജനനമരണങ്ങൾ
> "ഇവയെസംബന്ധിച്ചുള്ള എല്ലാ കണക്കുകളും ആണ്ടുതോറും പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു."

അഭിവൃദ്ധിയുള്ള എല്ലാരാജ്യങ്ങളിലും ഗവർണ്മെൻറിന്റെ കോശസ്ഥിതിയും ജനങ്ങളുടെ ധനസ്ഥിതിയും തമ്മിൽ ഒരു സ്ഥിരബന്ധമുണ്ടു്. ജനങ്ങളുടെമേൽ ഒരു കരംചുമത്താൻ യിദ്ധ്യമുണ്ടാകുമ്പോൾ അവർക്കു എത്രമുതലുണ്ടുഎന്നു് അറിയേണ്ടതു ആവശ്യമാണു്. ഈയിട ഗവർണ്മെൻറു ഇവിടത്തെ സാധുക്കളായ കുടിയാന്മാർക്കു എത്ര

മുതലുണ്ടെന്നു അന്വേഷണമൊന്നും കഴിക്കാതെ അവരുടെമേൽ അനേകംകരങ്ങൾ ചുമത്തീട്ടുണ്ടു. ഗവണ്മെൻറു ഭൂമികളുടെവിലയിലുള്ളർക്കർഒന്നിനു ഒരുരൂപായിൽനിന്നു ൨൫ രൂപായായി, ചിലപ്പോൾ ൫൦ രൂപയായി,വർദ്ധിപ്പിച്ചിട്ടുണ്ടു. ഇനികുതി ഒരുപണ്ടാരത്തിൽനിന്നു പതിനഞ്ചുപണമായും വർദ്ധിച്ചിട്ടുണ്ടു. ചുങ്കം, ഉപ്പുനികുതി, സ്റ്റാമ്പു, രെജിസ്ട്രേഷൻഫീസു്, കോർട്ടുഫീസു്, സ്റ്റാമ്പഫീസു്, അഞ്ചൽച്ചെലവു, ഇവയെല്ലാംവർദ്ധിപ്പിച്ചിരിക്കുന്നു. ഇവയോടുകൂടെ കൂടുതലായി, റോഡുചുങ്കം ലൈസൻസ്ഫീസ്, ചന്തഫീസ്, മുൻസിപ്പൽനികുതി ഇവയും ചുമത്തീട്ടുണ്ടു. ഈ നികുതിഭാരംനിമിത്തം ജനങ്ങൾ ഞെരുങ്ങുന്നു. ഗവണ്മെൻറവരവു ൨൦൧൭-ൽ ഏകദേശം രൂപായായിരുന്നതു ൨൦൯൭-ൽ ഏകദേശം രണ്ടുകോടി രൂപായായി അതായതു ൫൪ ശതമാനം വർദ്ധിച്ചു. കഴിഞ്ഞകാനേക്ഷരികണക്കിൻപ്രകാരം ഈ സംഖ്യ ൫൦ ലക്ഷമാണു. അതായതു വർദ്ധന കണ്ടു ശതമാനമാണു. ഈ കണക്കുകൂട്ടിനോക്കിയാൽ ഓരോആൾക്കുമുള്ള ശരാശരികരം ഞ്ഞുരൂപയാണു. നമുക്കറിഞ്ഞുകൂടാത്തതുകൊണ്ടു ഓരോരുത്തരുടെയും ശരാശരിമുതലും ശരാശരികരവും തമ്മിൽ താരതമ്യപ്പെടുത്തി നോക്കാൻ കഴികയില്ല. അതുകൊണ്ടു കഴിയുന്നവേഗത്തിൽ ജനങ്ങളുടെ ഒരു ധനസ്ഥിതിസർവെ ഗവണ്മെൻറുനടത്തണമെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

കഴിഞ്ഞമൂന്നുകൊല്ലങ്ങളിലെ ബഡ്ജറ്റുനോക്കിയാൽ ഗവണ്മെൻറു ഭൂമിചുങ്കത്തിലുള്ള ആദായം കുറഞ്ഞു കുറഞ്ഞുവരുന്നു എന്നുകാണാം. ൧൯൭൭, ൧൯൭൮, ൧൯൭൯ ഈ കൊല്ലങ്ങളിൽ ഈ ഇനത്തിൽനിന്നുള്ളവരവു ര, ൭൮,൯൦൦, രൂപാ ൪,൫൩,൩൦൦ രൂപാ ര, ൪൦,൦൦൦ രൂപ ഇങ്ങനെ ആയിരിക്കുമെന്നു സങ്കല്പിച്ചിരുന്നു. എന്നാൽ ൧൯൭൭-ൽ ഒരുലക്ഷത്തിലധികവും ൧൯൭൮-ൽ ഒന്നരലക്ഷംരൂപായും ൧൯൭൯-ൽ ഒരുലക്ഷംരൂപായും യഥാർത്ഥവരവിൽ കുറവുണ്ടായിരുന്നു. ഈയാണ്ടിലും എസ്റ്റിമേറിൽനിന്നുയഥാർത്ഥവരവിൽ അരലക്ഷം രൂപാകുറവുണ്ടായിരിക്കുമെന്നാണു പ്രതീക്ഷ. പുതിയപുഞ്ചവൽ ചട്ടങ്ങൾപ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള പ്രയാസം നിമിത്തം പുതുവൽഭൂമികൾക്കുള്ള അപേക്ഷകൾ ചുരുങ്ങിപോകുന്നുഎന്നും ഈ കണക്കുകൊണ്ടു പ്രത്യക്ഷപ്പെടുന്നു. പണ്ടത്തെഅനുഭവക്കെട്ട കണക്കിൽ ഭൂമിതരംതിരിച്ചു അവരിൽനിന്നുണ്ടാകാവുന്ന അനുഭവം അനുസരിച്ചു തറവിലയും കരവും നിശ്ചയിച്ചുവന്നു. എന്നാൽഇപ്പോഴത്തെ പുഞ്ചവൽചട്ടപ്രകാരം ഒരുപ്രദേശത്തെ നിലങ്ങളെല്ലാം നല്ലതും ചീത്തയും ഒരേനിരക്കിൽ കരവും തറവിലയുംചുമത്തിവരുന്നു. കുറഞ്ഞവിലയും ഇപ്പോൾവർദ്ധിപ്പിച്ചിട്ടുണ്ടു.

ഇപ്പോൾവിസ്തീർണ്ണത്തിൽഅധികമായിട്ടുള്ള "നഗരഭൂമികൾ" എന്നുപറയപ്പെടുന്നവ രജിസ്റ്റർചെയ്യുന്നതിനെ പറ്റിയുള്ള ചട്ടങ്ങൾഇതിലും കഷ്ടതരമാണു. നഗരഭൂമികൾക്കു നിശ്ചയിച്ചിട്ടുള്ള തറവിലയും അതിനുപുറത്തിട്ടുള്ളകരവും അവയിൽനിന്നു ലഭിക്കാവുന്ന ആദായത്തിനു കേവലം അന്യായമല്ല നഗരഭൂമികൾക്കു ചുമത്തിട്ടുള്ളഫീസുകളും കുറഞ്ഞകരം ഏക്കറിനു ൫ രൂപാ ര ചക്രവും ഫീസുകളുംകൂടിയകരം ഏക്കറിനു ൫൦ രൂപാ ക്രമചക്രവും ആണു. ഏക്കറിനു ൫൦ രൂപാ ക്രമചക്രം കരം കൊടുക്കാൻകഴിവുള്ള ഒരുഭൂമിതിരുവിതാംകൂറിൽ ഏതെങ്കിലും നഗരത്തിൽ കാണിക്കാൻ ഈ ചട്ടങ്ങളും ഉണ്ടാക്കിയവക്കു കഴിയുമോ? നഗരഭൂമികൾക്കു കരം ചുമത്താൻ സ്വീകരിച്ചിട്ടുള്ളതത്വം അവയുടെ അഞ്ചാടിവിലയുടെ മുക്കാൽഭാഗം വരെ കൊണ്ടുപോരിച്ചുകിട്ടുന്നവിധം കരമായിരിക്കണംഎന്നാണു. എങ്ങനെയെന്നാൽ ഒരുഭൂമിയുടെ അഞ്ചാടിവില ൧൦൦ രൂപായാണെങ്കിൽ അതിനു കൊടുക്കേണ്ടുന്ന കരം ൧൫ രൂപയാണു. ഇതിൻറെഅർത്ഥംവിലയുടെ മൂന്നുശതമാനം കരമായികൊടുക്കണമെന്നാണു. സാധാരണയായി ഭൂമിഉടമസ്ഥന്മാർക്കു കിട്ടുന്ന ആദായം ര ശതമാനത്തിൽ കൂടുകയില്ല. ഇങ്ങനെ അവൻറെചെലവുകഴിച്ചുള്ള ആദായം ൫ ശതമാനമാണു കൂടിയാൽ അങ്ങനത്തിലുള്ള ഇപ്പോഴത്തെ ഒരുപ്രതിഫലം ആരെങ്കിലുമുള്ളതിനു സംശയമില്ല. അതുകൊണ്ടു ഗവണ്മെൻറിൻറെയും ജനങ്ങളുടെയുംനന്മയെ ഉദ്ദേശിച്ചു ഇപ്പോഴത്തെ പുഞ്ചവൽചട്ടങ്ങൾ ഭേദപ്പെടുത്തേണ്ടതുകൂടുന്നു എന്നു ബോധിപ്പിച്ചുകൊള്ളുന്നു.

ഈ സന്ദർഭത്തിൽ പുറമ്പോക്കു ഭൂമികളുടെ വില്പനയെപ്പറ്റിയും അല്പം പറവാനുണ്ടു. പുറമ്പോക്കുകളെപറ്റി അന്വേഷണംകഴിക്കുന്ന ഉദ്യോഗസ്ഥൻറെ ഇഷ്ടപ്രകാരം ഒരുപുറമ്പോക്കുസ്ഥലത്തും ഏതുസമയത്തും കണ്ടുപിടിക്കാനും അതിൻറെസ്ഥാനം ഭേദപ്പെടുത്തുകയാ വിസ്തീർണ്ണംകുറയ്ക്കുകയാ കൂട്ടുകയാ ചെയ്യാനുംകഴിയും. ഒരുതഹശിൽദാർതൻറെ ഇഷ്ടന്മാക്കും സേവകന്മാക്കും പിടിച്ചുമേടാതുള്ള കണ്ടുറങ്ങൾ രജിസ്റ്റർചെയ്തുകൊടുക്കയും അതേസ്ഥലത്തുതന്നെ മറുമുള്ളവരുടെപേരിൽ പിടിച്ചുമേടിച്ചു വസൂലാക്കുകയും ചെയ്തിട്ടുള്ള ഉദാഹരണങ്ങൾ എനിക്കുതന്നെ അറിയാം സംസ്ഥാനം ഒട്ടുക്കു പുറമ്പോക്കുകേസുകളുടെ തീർപ്പുകളെപറ്റി ഇപ്പോഴത്തേതിലധികം പരിശോധനയും മേലന്വേഷണവും അത്യാവശ്യമാകുന്നു.

ഇനിഎനിക്കു പറവാനുള്ളതു പുതിയിടപുതായികണ്ടുപിടിച്ചു ഒരുധനാഗമമാർഗ്ഗത്തെ പറ്റിയാകുന്നു. ഇപ്പോഴനികുതിക്കു അയക്കുന്ന ഡിമാൻറു നോട്ടീസിനു ഫീസു ചുമത്തുന്നതിനെപറ്റിയാകുന്നു. ഈ സംഗതി ഡിപ്യൂട്ടിദിവാൻപ്രസിഡൻറിൻറെയും പ്രസ്സാവനാപീഠികയമായതു സന്തോഷാവഹംതന്നെ. ൧൯൭൮ അവസാനംവരെ അയച്ചിരുന്ന ഡിമാൻറുനോട്ടീസുകളുടെ എണ്ണം ചുരുക്കമായിരുന്നു. വസ്തുജപ്തിചെയ്യുന്നതിനുവേണ്ടിവരുന്നസംഗതികളിലെ അപൂർണ്ണതകൊണ്ടു അതു അയക്കപ്രതിവുണ്ടായിരുന്നുള്ളു. കഴിഞ്ഞവർഷത്തിൻറെ ആരംഭംമുതൽ അവയുടെയുണ്ണ: അസാധാരണയായി വർദ്ധിച്ചിരിക്കുന്നു. പകുതിഉദ്യോഗസ്ഥന്മാർ കരം പിരിവിനായി പുറത്തിറങ്ങിസഞ്ചരിക്കാതെ കഴിവുള്ളേടത്തോളം ഡിമാൻറുനോട്ടീസുകൾ അയക്കണമെന്നാണു അവക്കുകിട്ടീട്ടുള്ള ഉപദേശംഎന്നതോന്നുന്നു. ൧൯൭൮ മേടത്തിൽ ൨൨,൦൦൦-നും ൨൩,൦൦൦-നും മദ്ധ്യേയുള്ള സമയങ്ങളിൽ ചില നോട്ടീസുകൾ ഞാൻകാണുകയുണ്ടായി. അയച്ചിട്ടുള്ളനോട്ടീസുകളുടെ ആകെഎണ്ണവും ആ വകയിൽ വസൂലാക്കിയസംഖ്യയും അറിയുന്നതിനു കഴിഞ്ഞയോഗത്തിൽ ഞാൻ ഗവണ്മെൻറിനോടു ഒരുചോദ്യംചോദിച്ചു. എന്നാൽമറുപടികിട്ടിയില്ല. ആ ചോദ്യം ഞാൻ വീണ്ടുംചോദിച്ചിട്ടുണ്ടു. കഴിഞ്ഞവർഷം ഏകദേശം ഒരുലക്ഷംരൂപാ അങ്ങനെ വസൂലാക്കീട്ടുണ്ടെന്നു കണക്കാക്കാം. അങ്ങനെയുള്ളസംഖ്യ ഈ കൊല്ലവും വസൂലാക്കുന്നുണ്ടാകും. ഒരേ കുടിയിൽ പലപ്പോഴായപ്രകാരം നികുതികൊടുക്കുന്നവക്കു ഓരോപ്പോഴായിനം വെവ്വേറെ നോട്ടീസുകളാണു അയക്കുന്നതെന്നും പ്രസ്താവയോഗ്യമാണു. ഡിമാൻറു നോട്ടീസുകളുടെ എണ്ണം കഴിയുന്നത്ര ചുരുക്കണം. ഓരോആൾക്കു പ്രത്യേകം പ്രത്യേകം നോട്ടീസുകൾ അയക്കുന്നപതിവു നിറുത്തലാക്കുകയുംചെയ്യണമെന്നു എനിക്കു ബോധിപ്പിച്ചുകൊള്ളുന്നു.

ഈ നാട്ടിൽ ജനങ്ങളുടെ പ്രധാനരക്ഷണസാധനം നെല്ലാണു. എന്നാൽ അതിന്റെ വിളവു ജനങ്ങൾക്കു കേവലം മതിയാകാതെയിരിക്കുന്നു. ഇവിടെവിളയുന്നനെല്ലു് ജനങ്ങളിൽ ൪൦ ശതമാനത്തിനു മതിയാകും. ആണ്ടുതോറും ഇറക്കുമതിചെയ്യുന്ന നെല്ലു ൨൦ ശതമാനത്തിനും ഉണ്ടാകും. ബാക്കിയുള്ള ൪൦ ശതമാനം ജനങ്ങൾ മറ്റുരക്ഷണസാധനങ്ങൾ, പ്രധാനമായി മരച്ചീനി, കൊണ്ടുപോജീവിക്കണം. അതുകൊണ്ടു കൃഷിയുടെ അഭിവൃദ്ധി അത്യാവശ്യമായ ഒരുസംഗതിയാണു. നെൽകൃഷിയിൽ ഇവിടെയുള്ള പ്രധാനന്യൂനതകൾ ഇവിടെപ്രകടമായി പ്രസ്താവിക്കാം. ചില്ലറകൃഷി സേചനപ്രവൃത്തികൾ ഉപേക്ഷയിലാണെകിടക്കുന്നു. നിലങ്ങൾക്കും വിലകൾക്കും വെള്ളംവിട്ടിരുന്ന ചിറകളും കുളങ്ങളും പതിച്ചുകൊടുത്തു പോയിരിക്കുന്നു. പലസ്ഥലങ്ങളിലും നിലങ്ങളുടെ അരികത്തുകൂടെ ഒഴുകുന്നതോടുകൾക്കു ആഴംകുട്ടിട്ട ഇപ്പോൾ അവയിലെവെള്ളം വയലിൽകയറാൻ അസാദ്ധ്യമായി തീന്നിരിക്കുന്നു. ഈ ന്യൂനതകൾ പരിഹരിക്കുന്നതിനു മൈനർ കൃഷിസേചനപ്രവൃത്തികളിൽ ഗവണ്മെൻറിന്റെശ്രദ്ധ അധികമായി പതിയേണ്ടതാകുന്നു. കൃഷിനഷ്ടത്തിനുള്ള കാരണങ്ങൾ കണ്ടുപിടിച്ചു പരിഹാരമാർഗ്ഗങ്ങൾഉപദേശിക്കുന്നതിനു എല്ലാതാലൂക്കുകളിലും കൃഷിസേചനക്കമ്മിറികൾ ഏർപ്പെടുത്തണം. കൃഷിസേചനപ്രവൃത്തികൾക്കായി ഗവണ്മെൻറു ധനമായ്യുമായി സംഭ്രകൾക്കനവരതിക്കണം. ഇങ്ങനെ ആണ്ടുതോറും ഓരോതാലൂക്കിന്റെയും സ്ഥിതിനന്നാക്കണം. കൃഷിസേചനത്തിന്നായികരം പണംഅനുവദിച്ചു അതുമുഴുവനും ഒന്നോ രണ്ടോ തലൂക്കിൽ ചെലവാക്കുന്ന ഇപ്പോഴത്തെ വ്യവസ്ഥശരിയല്ല.

രാജ്യത്തിലെ വരവിൽ നു൭ ശതമാനം ഇപ്പോൾ ഉദ്യോഗസ്ഥന്മാർക്കു ശമ്പളംകൊടുക്കുന്നതിനായി വിനിയോഗിക്കുന്നു. ക ൦ ൻ വു—൯൭ കണക്കുകളുടെ അപ്രൊപ്രിയേഷൻ റിപ്പോർട്ടുപ്രകാരം ക ൦ ൻ സ മുതൽ ക ൦ ൻ ൫ വരെയുള്ള ആറുകൊല്ലംകൊണ്ടു വരവിൽ നു൭,൭൫,൦൭൭ രൂപാ വർദ്ധനയുള്ളതായികാണുന്നു. അപ്പോൾതന്നെശമ്പളം, സഞ്ചാരപ്പടി, തൻചെലവു് ഇവയ്ക്കുള്ളസംഭ്ര൯ ആറരലക്ഷം രൂപായായി വർദ്ധിച്ചിരിക്കുന്നു. തിരുവിതാംകൂറിനെപോലെയുള്ള ഒരുചെറിയരാജ്യത്തിന്റെ കഴിവിനും ആവശ്യത്തിനും ഇതുകേവലം അനുരൂപമല്ല. വലിയഉദ്യോഗങ്ങളിൽ ഇരിക്കുന്നവർക്കുവലിയ ശമ്പളംകൊടുക്കുന്നതാണു ഈ ചെലവിന്റെ മുഖ്യകാരണം എന്നുഞാൻ വിചാരിക്കുന്നു. ഇങ്ങനെയുള്ള വലിയഉദ്യോഗങ്ങളുടെ ആവശ്യം കാര്യക്ഷമതയാണെന്നു പറയുമായിരിക്കും. എന്നാൽ ഈവമ്പിച്ചചെലവുകൊണ്ടു സാധിക്കുന്ന കാര്യക്ഷമത അഭിലഷണീയമല്ല. കാര്യക്ഷമതയ്ക്കു ഹാനിവരാതെ പലഅനാവശ്യ ഉദ്യോഗങ്ങളും നിർത്തൽ ചെയ്യുന്നും വലിയഉദ്യോഗസ്ഥന്മാരിൽ പലരുടേയും ശമ്പളംകുറയ്ക്കുന്നും ചെയ്യാവുന്നതാണു. ചെലവുഇനിയും ചുരുക്കാൻകഴിയുമെന്നു കഴിഞ്ഞയോഗത്തിൽ ഫൈനാൻഷ്യൽ സെക്രട്ടറി പ്രസ്താവിക്കയുണ്ടായി ഇങ്ങനെചെയ്യുന്നതിനാൽതന്നെ അല്പശമ്പളംകൊണ്ടു കഷ്ടിച്ചു ഉപജീവനം കഴിച്ചുപോരുന്ന കീഴുദ്യോഗസ്ഥന്മാരുടെ ശമ്പളംവർദ്ധിപ്പിക്കാവുന്നതാണ്. തൽക്ഷണം ഗവണ്മെൻറിന്റെ ശ്രദ്ധപതിയേണ്ടുന്ന സംഗതികളുടെ ഒരുഷോന്തം നാട്ടുഭാഷാപള്ളിക്കൂടം ഉപാദ്ധ്യായന്മാരുടെ സ്ഥിതിയാണു. കഴിഞ്ഞയോഗത്തിൽ ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചിരുന്നുഎങ്കിലും അതിനെസംബന്ധിച്ച ഗവണ്മെൻറു യാതൊന്നും പ്രവർത്തിച്ചില്ല. ഒരുപ്രാഥമികസ്കൂൾ അദ്ധ്യാപകന്റെ ശമ്പളം ൧൫ രൂപയാണു. ഇതുഉപജീവനത്തിനു കേവലം മതിയാകയില്ല. അവർഗവണ്മെൻറുസർവീസിലിരിക്കുന്ന മറ്റു കീഴുദ്യോഗസ്ഥന്മാരെപോലെയല്ല അവരുടെശരിയായജോലി നിർവ്വഹണത്തിനു ഒരു സ്ഥിതിയിലൊക്കെകാലം കഴിക്കണം. അവർപുസ്തകങ്ങളും വായിച്ചുകൊണ്ടിരിക്കണം. തങ്ങളുടെജോലിസംബന്ധമായ അഭിപ്രായഗതികളും അറിഞ്ഞുകൊണ്ടിരിക്കണം. ക്ഷേണസാധനങ്ങളുടെയും ഉപജീവനത്തിനാവശ്യമുള്ളമറ്റുവസ്തുക്കളുടേയും വിലവിളരെ വർദ്ധിച്ചിട്ടുള്ള ഈ കഷ്ടകാലത്തു പ്രാഥമികസ്കൂൾ അദ്ധ്യാപകന്മാർക്കു ചെലവുകഴിച്ചു പോരുന്നതു വളരെപ്രയാസമാണു. ഫൈനാൻഷ്യൽ സെക്രട്ടറി ഇന്നാംനമ്മോടിങ്ങനെ പറഞ്ഞു.

"വിദ്യാഭ്യാസസംബന്ധമായ ചെലവു ഭയങ്കരമായവണ്ണം വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ടു അതിന്റെ അഭിവൃദ്ധിക്കായി പറയത്തക്ക ഒരുസംഭ്രംവസ്തുതയിൽ ഉറപ്പെടുത്തിട്ടില്ല"

സാധുക്കളായ നാട്ടുഭാഷാപള്ളിക്കൂടം വാദ്ധ്യാന്മാർ എന്നേക്കും പട്ടിണികിടന്നുകൊള്ളണമെന്നാണ് അദ്ദേഹംഉദ്ദേശിച്ചിട്ടുള്ളതെന്നു ഞാൻവിചാരിക്കുന്നില്ല.

അവർചെയ്യുന്നതുള്ള ജോലിയുടെസ്വഭാവം വിചാരിച്ചാൽ പ്രാഥമികപള്ളിക്കൂടം ഹെഡ്മാസ്റ്റർമാക്കുന്നിശ്ചയിച്ചിട്ടുള്ള ശമ്പളംപോലും മതിയാകയില്ല. വിദ്യാർത്ഥികളുടെ സംഭ്രാബല്യംനോക്കിയാൽ ഇംഗ്ലീഷ്ഹൈസ്കൂളുകളെകവിയുന്ന ചില പ്രൈമറിവിദ്യാലയങ്ങളും ഈ സംസ്ഥാനത്തുണ്ടു. ഉദാഹരണമായി കൊട്ടാരക്കര കടയൻ പ്രൈമറിസ്കൂളിൽ ൫൦ ക്ലാസുകളും ൪൫൦ വിദ്യാർത്ഥികളും ഉണ്ടു. ഈ സ്കൂളിലെഹെഡ്മാസ്റ്റർക്കും നൂറാറമ്പതുകുട്ടികളും മാത്രമുള്ള സ്കൂളുകളിലെ ഹെഡ്മാസ്റ്റർക്കും ഒരേശമ്പളം അതായതു ക ൭ + ൫ രൂപാമാത്രം ശമ്പളംകൊടുക്കുന്നതു അക്രമമാണെന്നു് എനിക്കുതോന്നുന്നു.

പ്രൈസിഡെൻറു: സമയമായി.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഒരു മിനിട്ടുകൊണ്ടു തീർത്തുകാം. സർ, അതുകൊണ്ടു പ്രാഥമിക വിദ്യാലയങ്ങളുടെ സംഭ്രാബല്യംനോക്കി രണ്ടുതരക്കാരായിതിരിച്ചു അധികം വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർമാക്കു അധികംശമ്പളംകൊടുക്കണമെന്നു ഞാൻ ശിപാർശചെയ്തുകൊള്ളുന്നു. വിണ്ടും പ്രൈമറിസ്കൂളുകളിൽ ശിപായിമാരെ അനുവദിച്ചിട്ടില്ല. തുത്തുവാരാനും ചാണകംതേക്കാനും മാസം ൪രൂപാ ശമ്പളത്തിൽ ഓരോ തോട്ടിമാരെമാത്രം അനുവദിച്ചിട്ടുണ്ടു. ഹെഡ്മാസ്റ്റർക്കു ഉപകരിക്കത്തക്കവണ്ണം അവൻ പകൽമുഴുവനും പള്ളിക്കൂടത്തിൽതന്നെ ഇരിക്കുമെന്നു വിചാരിപ്പാൻ ന്യായമില്ല. കൂടികൂടിവന്നാൽ, പ്രത്യേകം പരീക്ഷാകാലത്തു, ബെഞ്ചുകൾഎടുത്തു ശരിയായിഇടാൻഉള്ള ജോലി ഹെഡ്മാസ്റ്റർമാർ ശിപായികളില്ലാതെ എങ്ങനെ നിർവഹിക്കുന്നുഎന്നുള്ള സംഗതി അത്ഭുതകരമാണു. അസിസ്റ്റൻറുമാരുടെ സഹായത്തോടുകൂടി ഹെഡ്മാസ്റ്റർതന്നെയായിരിക്കണം ഇതുചെയ്യുന്നതു. (ചിരി). പല പള്ളിക്കൂടങ്ങളിലും ബെഞ്ചുകളും ഡെസ്കുകളും ഇല്ലാത്തതുകൊണ്ടു ഹെഡ്മാസ്റ്റർക്കു ആ ഉപദ്രവം ഇല്ലായിരിക്കാം. നൂറിനു നൂറിലധികം ശതമാനം വിദ്യാർത്ഥികളും ഉണ്ടെന്നു നമുക്കു വമ്പുപറയാമെങ്കിലും നമ്മുടെ പള്ളിക്കൂടങ്ങളിൽ നാമാനങ്ങളും ഇല്ലാതെയും ആളില്ലാതേയും ഒരു വ്യവസ്ഥയില്ലാതേയുമുള്ള ശോച്യാവസ്ഥയിൽ ഇരിക്കുന്നകാലത്തോളം അവയിൽനിന്നു നമുക്കു വല്ലഗുണവും സിദ്ധിക്കുമെന്നു ആശിപ്പാൻ ന്യായമില്ല. പ്രൈമറിസ്കൂളുകളെ

ഇങ്ങനെ ഉപേക്ഷയിൽ ഇട്ടിരിക്കുന്നതാണു, ഏതെങ്കിലുമൊരു ഏഴാംക്ലാസ്സുപരീക്ഷാഫലം മോശമായിവരുന്നത് ൽനിന്നു പ്രത്യക്ഷമാകുന്നപ്രകാരം, ഈ നാട്ടിലെ നാട്ടുഭാഷാവിദ്യാഭ്യാസം അധഃപതിച്ചുപോകുന്നതിനുള്ള പ്ര ധാനകാരണം എന്നു ഞാൻ വിചാരിക്കുന്നു.

നാട്ടുഭാഷാവിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിലധികം പറയുവാനുണ്ടു ഗവ ണ്മെന്റിന്റെ മയാദയിയിൽപെടാത്ത അനേകശതം അദ്ധ്യാപകന്മാർ ഇപ്പോൾ ഗ്രാന്റുസ്കൂളുകളിൽഉണ്ടു. സാമർത്ഥ്യവും യോഗ്യതയും സർവീസുംനോക്കി അവരെ, ഒഴിവുകൾവരുമ്പോൾ ഗവണ്മെന്റു സർവീസിൽ എടുക്കണമെന്നു ൻ ബോധിപ്പിച്ചുകൊള്ളുന്നു. ഇതു അവർക്കു പ്രോത്സാഹനമായിരിക്കുമെന്നുമാത്രമല്ല ഡിപ്പാ ർട്ടുമെൻറു പരിചയമില്ലാത്ത ആളുകളെക്കൊണ്ടു നിറയുകയുമില്ല.

ഇംഗ്ലീഷ്വിദ്യാലയങ്ങളുടെകാര്യം ആലോചിച്ചാൽ അവിടെ പ്രിപ്പാറേററരിസ്സ്കൂൾ ഫോർ ബോയ്സ് ളും ഗോഷ്ടമാന്നും വരാതെ വേണ്ടുന്നവക്കാം. ഇപ്പോൾ പ്രൈമറിസ്കൂൾ നാലാംക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്കു ഇംഗ്ലീഷ്സ്കൂളിൽ പ്രിപ്പാറേററിക്ലാസ്സിൽ പ്രവേശംകിട്ടും. മൂന്നുവർഷംകൊണ്ടു മൂന്നാംഫാറത്തിൽഎ ത്തും. ഇംഗ്ലീഷ് മെഥഡിക്കഭാഷയായിഎടുത്തു നാട്ടുഭാഷാസ്കൂളിലെ ഏഴാംക്ലാസ്സുപരീക്ഷ പാസ്സാകുന്ന ഒരു കു ട്ടിക്കു സാധാരണയായി ഇംഗ്ലീഷ്സ്കൂളിലെ രണ്ടാംഫാറത്തിലും ചിലപ്പോൾ മൂന്നാംഫാറത്തിലും ചേരാം. ഇംഗ്ലീ ഷ്സ്കൂളിൽ മൂന്നാംഫാറത്തിൽചെന്നുചേരാൻ രണ്ടുമാസ്സുള്ളുണ്ടു. മൂന്നാംഫാറത്തിലെ പാഠങ്ങൾ പഠിപ്പിക്കുന്ന ഇമലയാളത്തിൽ ആകയാലും മലയാളംസ്കൂളിലെ ഏഴാംക്ലാസ്സു ജയിച്ചുവരുന്നകുട്ടി മൂന്നാംഫാറത്തിൽചേരിക്കാ ഇംഗ്ലീഷ്സ്കൂളിലെ വിദ്യാർത്ഥികളെക്കാൾ അധികം യോഗ്യതയുള്ളവരായി സാധാരണകണ്ടുവരുന്നതിനാലും ഇംഗ്ലീഷ് സ്കൂളുകളിലെ ആദ്യത്തെ മൂന്നുക്ലാസ്സുകളും നിർത്തൽചെയ്തുംകൊണ്ടു ഇംഗ്ലീഷ് ശരിയായി പഠിപ്പിക്കുവാൻവേണ്ടുന്ന വ്യ വസ്ഥകൾചെയ്തുകൊണ്ടു അവരെ ൪-ാം ൫-ാം ക്ലാസ്സുകളിൽതന്നെ പഠിപ്പിച്ചാൽ മതിയാകുമെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

ഇനി ഈയിട വിദ്യാഭ്യാസവകുപ്പിൽ ചെയ്തിട്ടുള്ള നിയമനങ്ങളെപ്പറ്റിപറയാം. അങ്ങനെചെയ്യുന്നതി നുമുമ്പായി കഴിഞ്ഞയോഗത്തിൽ ചോദിച്ച ചോദ്യങ്ങൾക്കുകിട്ടിയ മറുപടിസ്വരൂപമുള്ള ചില കണക്കുകൾ ഉദ്ധരി ച്ചുകൊള്ളുന്നു. കഴിഞ്ഞവർഷം ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ ആകെ ഉണ്ടായിരുന്ന ബി. എ. അദ്ധ്യാപകന്മാരു ടേയും മുൻഷിമാരുടേയും എണ്ണം താഴെപറയുംപ്രകാരമായിരുന്നു.

ബ്രാഹ്മണ ബി. എ. അദ്ധ്യാപകന്മാർ	ക്കനൻ
ടി മുൻഷിമാർ	നൻ
ക്രിസ്ത്യാനി ബി. എ. അദ്ധ്യാപകന്മാർ	ന്നൻ
ടി മുൻഷിമാർ	ന
നായർ ബി. എ. അദ്ധ്യാപകന്മാർ	ഛ ഉ
ടി മുൻഷിമാർ	ക ഉ
വേറെ അബ്രാഹ്മണഹിന്ദു അദ്ധ്യാപകന്മാർ	ക്കന
ടി മുൻഷിമാർ	൭

ഇനിയും ക ഠ ൻ ധന ക-ന- അവസാനിക്കുന്ന മൂന്നുകോല്ലങ്ങളിൽ ഇംഗ്ലീഷ് ഹൈസ്കൂളുകളിൽ ആക്കി ങ്ങ് അദ്ധ്യാപകന്മാരായി നിയമിച്ച ബി. എ. ക്കാരുടെ എണ്ണം ൪൯ ആയിരുന്നു. ഇവരിൽ ൨൯ പേർ ബ്രാ ഹ്മണരും ക ഠ ക്രിസ്ത്യാനികളും ക ഠ നായന്മാരും ര വേറെജാതിക്കാരും ആയിരുന്നു.

വീണ്ടും ഇംഗ്ലീഷ്സ്കൂളുകളിൽ, ക ഠ ൻ ൭, ക ഠ ൻ വ, ക ഠ ൻ-ൽ അദ്ധ്യാപകരായിക്കൊള്ളുവാൻ അപേക്ഷ കരുടെ ജാതിക്രമത്തിലുള്ള എണ്ണവും അവരിൽ ഉദ്യോഗത്തിൽ നിയമിച്ചവരുടെ എണ്ണവും താഴെ കാണും പ്രകാരമാണു.

ജാതി		അപേക്ഷകന്മാരുടെ എണ്ണം	നിയമിക്കപ്പെട്ടവരുടെ എണ്ണം
ക	ബ്രാഹ്മണർ	നരര	൭൯
ഛ	നായർ	നഛ ഠ	ഛര
ന	ക്രിസ്ത്യാനികൾ	ഛൻവ	നന
ര	ഈഴവർ	൭ഛ	ന
ഉ	മഹമ്മദീയർ	നര	ഛ
ന	അമ്പലവാസികൾ	ഛൻ	ര
൭	ആശാരിമാർ	ക	ക
വ	മുക്കുവന്മാർ	ന	ഉ
ൻ	തോടർ	ക ഠ	ക
ക ഠ	തകാങ്കണസ്ഥബ്രാഹ്മണർ	വ	ക
ക ക	താഴ്ത്തിമാർ	ഛ	ഛ
ക ഛ	വെള്ളാളർ	ഛവ	ക
ക ന	ക്ഷത്രിയർ	ക ഠ	ക

വിണ്ടും വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽ 20 ഗ്രീമസ്സന്മാർ ഉള്ളവരിൽ ഏന പേർ ബ്രാഹ്മണരും ന പേർ ക്രിസ്ത്യാനികളും ഒരാൾ മെഹമ്മദീയനും ആകുന്നു. ഈ മെഹമ്മദീയഗ്രീമസ്സൻ പിന്നീട ഗ്രീമസ്സൻപണി യിട്ടപോകയും അതിനുപകരം ഒരു ബ്രാഹ്മണനെ നിയമിക്കയും ചെയ്തിട്ടുണ്ട.

പ്രെസിഡൻറ: സമയംകഴിഞ്ഞുപോയി.

മി. കെ. കെ. തോമാസ് (കോട്ടയം): സർ, മെഹമ്മദാൻഷ്യൽസെക്രട്ടറി ഹാജരാക്കിയ തുപ്പഗികര മായ ബുഡ്ജറ്റിനെപറ്റി അല്പമത്തെ അനുമോദിക്കുന്നതോടുകൂടി ചില സംഗതികളും പ്രസ്താവിക്കാൻ അനുവാ ദംചോദിച്ചുകൊള്ളുന്നു. ഗവണ്മെൻറ്സഹായത്തോടുകൂടിയ ഒരു ബാങ്കുസ്ഥാപിക്കാനും കൊച്ചിതുറമുഖത്തിൽ ഒരു ഓഹരിലഭിക്കാനും ഗവണ്മെൻറുചെയ്ത ശ്രമങ്ങൾനിമിത്തം ഞാൻ ഗവണ്മെൻറിനെ അനുമോദിക്കുന്നു. ഈ രണ്ടു സംഗതികളും പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കും ആലോചനയ്ക്കും വിഷയമായിരുന്നല്ലോ. ഈ രണ്ടു വ്യ വസ്ഥകളുടേയും വിജയത്തെപറ്റി ആശങ്കയുണ്ടെങ്കിലും തിരുവിതാംകൂർ ഗവണ്മെൻറിന്റെ ഇപ്പോഴത്തെ കോ ശസ്ഥിതി വിചാരിച്ചാൽ—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : നടപടിക്രമത്തെപറ്റി ഒന്നു പറഞ്ഞുകൊള്ളുന്നു കൊച്ചിതുറമുഖവ്യവസ്ഥയെപ്പറ്റി അഭിനന്ദനത്തോടുകൂടി വല്ലതുംപറവാൻ തമ്പുരാക്കന്മാർക്ക സ്വാതന്ത്ര്യം ഉണ്ടോ?

പ്രെസിഡൻറ. അതിനെപറ്റി നിരൂപണംചെയ്യാൻ അല്ല അഭിപ്രായം പറയുന്നതെന്നു വിചാരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : അതിനെപറ്റി അഭിപ്രായം പറയുന്നതു അതിന്റെ യോഗ്യതായോഗ്യതകളെപറ്റി സംസാരിക്കയല്ലെന്നു.

പ്രസിഡൻറ. മി. തോമ്മസ്, നിങ്ങൾപറയുന്നതു നടവഴിക്രമമെല്ലെന്നോന്നുന്നു. ഇന്ന കാര്യം എ ന്റെഓഫീസിയിൽ കൊടുത്തിയതിനു മി. നാരായണപിള്ളയോടു നന്ദിപറഞ്ഞുകൊള്ളുന്നു.

മി. കെ. കെ. തോമ്മസ് (കോട്ടയം) : വരുന്ന വർഷത്തേക്കുള്ള ബഡ്ജറനുസരിച്ചു നമ്മുടെവരവു ചെലവു ഏകദേശം ഒരുപോലെയാണെന്നു കാണുന്നു. കഴിഞ്ഞ വർഷത്തെ കണക്കുകൾ നോക്കിയാൽ നമ്മുടെശ്രദ്ധയെ പ്രധാനമായി ആകർഷിക്കുന്നതു നമ്മുടെ വരവിനും ചെലവിനും ഉള്ള അസാധാരണവ്യത്യാസമാണു. രണ്ടിലും അരകോടി രൂപായോളം കൂടുതൽ ഉണ്ടായി ഇതു രാ ജ്യത്തിന്റെ ഐശ്വര്യം വർദ്ധിച്ചിട്ടാണോ അതോ ബഡ്ജറിൽ വരവുചെലവു തുല്യമായി കണിക്കുത്തക്കവ ണ്ണം നേരിട്ടം അല്ലാതെയും സാമർത്ഥ്യത്തോടെ കരങ്ങൾ ചുമത്തുകയും വർദ്ധിപ്പിക്കയും ചെയ്തിട്ടാണോഎ ന്നതുതന്നെ ചോദ്യത്തിനു വകയുണ്ടു. ഭൂനികുതിയിൽ കൂടുതൽകുറവില്ല. വർദ്ധനവിനു കാരണം നമ്മുടെ വ്യാപാ രവകുപ്പുകളുടെ ആദായം വർദ്ധിച്ചിട്ടാണെന്നും തോന്നുന്നില്ല. രാജ്യത്തിന്റെ നടുക്കുള്ളും മറ്റുള്ളയും ആയ ഉൾനാ ട്ടുവാസികളുടെ സമ്പാദനശക്തിയോ സന്തോഷപ്രദമായവിധത്തിൽ വർദ്ധിച്ചിട്ടുള്ളതായി കാണുന്നവർക്ക തോന്നുകയില്ല. നമ്മുടെ ഉപജീവനചെലവു, വിദ്യാഭ്യാസചെലവു, നമുക്കാവശ്യമുള്ള മറ്റുസാധനങ്ങളുടെചെ ലവു ഇവയെല്ലാം കണക്കും തെകയും ഇല്ലാതെ വർദ്ധിച്ചിരിക്കുന്നു. കൂടുതൽകരംവഹിക്കാൻ രാജ്യത്തിനു ശ ക്തിയില്ല. നേരിട്ടല്ലാതെ പലവിധത്തിൽ കരംചുമത്തി അവരെവലയ്ക്കുന്നു എന്നാണു ജനങ്ങളുടെ പരാതിയു ള്ളതുബോധം പ്രധാനറോഡുകളിൽ പതിനാലു പതിനഞ്ചു നാഴികതോറും സ്ഥാപിച്ചിട്ടുള്ള ചുങ്കങ്ങളും കേവലം ഉപദ്രവകരങ്ങളാണു. ഗവണ്മെൻറിലേക്കുകൊടുക്കുന്ന ഭൂനികുതിക്കും ആദായനികുതിക്കുംപുറമെ തൊഴിൽകരം വാഹനനികുതി, മുതൽനികുതി, എന്നിത്യാദി അനേകം കരങ്ങളുണ്ടു. മൻസിപ്പാലിറ്റികൾകൊണ്ടു പ്രയോജനി മില്ലാത്ത സ്ഥലങ്ങളിൽ മൻസിപ്പാലിറ്റികൾ ഏർപ്പെടുത്തീട്ടുണ്ടു. തല്ക്ഷേമാഭിവൃദ്ധിയെമാത്രവും ഉദ്ദേശിച്ചുകൊണ്ടു ഓരോ സ്ഥാപനങ്ങൾ ഇവിടെപ്രകടിപ്പിയുണ്ടാക്കുന്നതുള്ള ശ്രമവും മറ്റുരാജ്യനിവാസികളോടു തുല്യതപ്രാപിക്കണമെ ന്നുള്ളവാഞ്ഛയുംനിമിത്തം ജനങ്ങൾ ഞെരുക്കസ്ഥായിൽ കിടക്കുന്നു. പ്രജകളിൽ ഒരോരുത്തന്റേയും ശരാശരി കരം 8 രൂപയാണു. ഇതു മൻസിപ്പൽനികുതികൾ കൂടാതെയാണ്. ജനങ്ങൾ ശരാശരിയായി എ ത്രസുഖത്തിലെന്നറിവാൻ മാർഗമില്ല ജനങ്ങളുടെധനസ്ഥിതിയെപറ്റി ഒരന്വേഷണംനടത്താൻ ഉടനെകമ്മറിയുടെ ആവശ്യകതയെപ്പറ്റി ഈ സഭയിൽ പലപ്പോഴും നിവേദനങ്ങൾ ഉണ്ടായിട്ടുണ്ടു. അതിന്റെ ആവശ്യകത യെ പറ്റി ആലോചിക്കണമെന്നു ഇപ്പോഴുംഞാൻ ഗവണ്മെൻറിനോടു ബോധിപ്പിച്ചുകൊള്ളുന്നു.

ഇപ്പോൾ ഈരാജ്യത്തിൽ ഒരുപരിഹാരമാർഗം കണ്ടുപിടിക്കേണ്ടുന്ന രണ്ടപേക്ഷ്യങ്ങളിൽ പ്രധാനമായതു ജോലിയില്ലായ്മയാണ്. ഇപ്പോൾ നമ്മുടെവിദ്യാലയങ്ങളിൽ പ്രവേശനംചെയ്യുന്ന കുതിമവും വിദേശിയവുമാ യവിദ്യാഭ്യാസം നിമിത്തം തങ്ങളുടെ പൂർവീകന്മാർ സ്വീകരിച്ചു പിൻതുടർന്ന ആദായമാർഗങ്ങളെ പിൻതുടരു ന്നതു നിന്ദ്യമായി വിചാരിക്കുന്ന ഒരുതരംസന്യം ഈ രാജ്യത്തിൽ ഉണ്ടായിവരുന്നു. അവരെല്ലാവരും വേറൊരു നിവൃത്തിയുമില്ലാതെ ഉദ്യോഗത്തിനായി നോക്കിനടക്കുന്നു. ഇവരെയെല്ലാം തൃപ്തിപ്പെടുത്തുന്നകാര്യം അസാദ്ധ്യ മാണു. വർഗീയമത്സരം വിദ്യാലയങ്ങളിൽ ആരംഭിക്കയും തൊഴിലില്ലാത്തവരാൽ പുലർത്തികൊണ്ടുപോകപ്പെ ടുകയും ചെയ്യുന്നു. അർഹവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള അവർ ഇവിടെയുള്ള കുഴപ്പാട്ടകരം എല്ലാം തങ്ങളുടേ ഇഷ്ടാനിഷ്ടത്തിനു വഴങ്ങിയ ഉദ്യോഗസ്ഥന്മാരുടെ പക്ഷപാതവും സ്വസമുദായസ്നേഹവും അന്യദ്രോഹവുംനി മിത്തവും ഉണ്ടാകുന്നുവെന്നുള്ള അഭിപ്രായം പ്രചരിപ്പിക്കുന്നു. കുറെക്കാലത്തേക്ക ഈ രാജ്യത്തിന്റെ കുഴപ്പി ചാരകനായിതന്നെയും തിരഞ്ഞെടുത്തിട്ടുള്ള താങ്കളുടെകാലത്തു ഈ വിക്ഷുബ്ധസ്ഥിതിയെപ്പറ്റി പെട്ടാലോചനചെ യ്തുശരിനിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുമെന്നു വിശ്വസിക്കുന്നു. അതിനു താങ്കളുടെ പക്ഷിമിളിക്കിരെ വിഷയേറിയപ രിചയം സഹായമായിരിക്കയും ചെയ്യുമല്ലോ. മി. പി. കെ. നാരായണപിള്ള (കേരംക്കവിൻ കേരംക്കവിൻ)

വിദേശിയരായിരുന്ന മുമ്പിലത്തെ മിയാന്മാരുടെ കാലത്തു തിരുവിതാംകൂറിന്റെ പുത്രീപുത്രന്മാർ ഉദ്യോ ഗംലഭിക്കാതെ കിടന്നുവലയുമ്പോഠം അതിനുള്ള മാർഗങ്ങളെല്ലാം തടഞ്ഞുകളകയും രാജ്യത്തിനു പുറമേയും പ ത്രിമഹത്തിനു അപ്പുറത്തുനിന്നും വളരെക്കാലവും കഷ്ടപ്പീഡകളുപുറത്തുനിന്നു ചിലപ്പോഴും ആളുകളെ അനാവശ്യ മായി ഇറക്കുമതിചെയ്തുദ്യോഗങ്ങളെല്ലാം അവരുടെതാക്കിത്തീർക്കയുംചെയ്തു. പത്രിമസമുദായമാത്രമെ ഇവിടത്തെ ഉദ്യോഗങ്ങൾക്കായി വിദേശിയരുടെ ആക്രമണത്തിനു തടസ്ഥമായിരുന്നിട്ടുള്ളു. അല്പകടന്ന ഒഴിച്ചുകൂടാത്ത ചില ഉദ്യോഗാവശ്യങ്ങൾക്കായി മാത്രമെ ആളുകളെ വരുത്തീട്ടുള്ളു. ഈ സ്ഥാപനം ഉണ്ടായതിനുശേഷം താങ്ക

ളാണ്ടിവാൻപരത്തിൽ പ്രവേശിച്ചിട്ടുള്ള ഒന്നാമത്തെ തിരുവിതാംകൂർകാരൻ, അയാകൊണ്ടും താങ്കളുടെകൂടും ബന്ധിച്ച തിരുവിതാംകൂറുമായി ഉള്ള ബന്ധപാരമ്പര്യം കൊണ്ടും ആകുന്നു. താങ്കളുടെ നിയമനത്തെ രാജ്യം മുഴുവനും അഹ്ലാദപൂർവംകൊണ്ടാടിയതു്.

പ്രസിഡൻറു്, ബഡ്ജറ്റുകണക്കും അയുമായുള്ള സംബന്ധം എന്താണെന്നു എനിക്കുമനസ്സിലാകുന്നില്ല. ഇപ്പോഴത്തെ വാദപ്രതിവാദത്തിനു അയുമായിയാതൊരുബന്ധവുമില്ല.

മി. കെ. കെ. തോമസ് (കോട്ടയം) : ഒരുനയം എന്നുള്ള വിഷയമാക്കിയാണു് ഞാൻപ്രസ്താവിച്ചതു്

പ്രസിഡൻറു്. അയു നടപടിക്രമത്തിനു വിരുദ്ധമായിട്ടാണെന്നു ഞാൻവിചാരിക്കുന്നു.

മി. കെ. കെ. തോമ്മസ് (കോട്ടയം) : താങ്കളുടെ ഭരണകാലത്തെങ്കിലും ഈ രാജ്യക്കാരായി വിഷയപരിജ്ഞാനവും സമർത്ഥ്യവും സ്വദേശസ്നേഹവും റീജൻറുമഹാറാണി തിരുമനസ്സിലെ വിശ്വസ്തതയോടെസേവിക്കാൻതക്കവണ്ണം രാജഭക്തിയും ഉള്ളആളുകൾ ഇല്ലാപ്പോൾ പശ്ചിമഘട്ടത്തിനപ്പുറത്തുനിന്നോ സമുദ്രത്തിനക്കരെനിന്നും ആളുകളെ ഇറക്കുമതിചെയ്കയില്ലെന്ന പ്രതീക്ഷിച്ചുകൊള്ളുന്നു. തിരുവിതാംകൂർകാരുടെറ നിലയിൽ താങ്കളുടെ സ്വദേശസ്നേഹവും ഇംഗ്ലീക്കുകാരുടെൻറ നിലയിൽ താങ്കളുടെ നീതിബോധവും പ്രമാണമാക്കിക്കൊണ്ടു ഈ കാര്യത്തിൽ താങ്കൾ ന്യായപ്രകാരംതന്നെ ചെയ്യണമെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

ഇനി രാജ്യത്തിൻറെ പരിപോഷണമാർഗ്ഗങ്ങളെപറ്റി ചിന്തിക്കാം. തിരുവിതാംകൂർ ഒരു കൃഷിപ്രദേശവും ഇവിടത്തെ ജനങ്ങൾ ബുദ്ധിയും സമാധാനപ്രിയവും ശ്രദ്ധാലുക്കളിയും ഉള്ള കൃഷീവലന്മാരും ആകുന്നു. കഴിഞ്ഞ ചില വർഷങ്ങളായി നമ്മുടെ വിദേശവ്യാപാരം വളരെ വർദ്ധിച്ചിട്ടുണ്ടു. ഫാമിൻ-ൽ ഇവിടത്തെ കയറുമതിചരക്കുകളുടെവില വർഷം ൦·൭ ക ലക്ഷം രൂപാ ആയിരുന്നു, ഇതിൽ ജനങ്ങളുടെ ക്രയശക്തി അധ്വർയിച്ചിരിക്കുന്ന തെങ്ങിൻറെ ഫലങ്ങളുടെ വില ൨·൨ ൦ കോടിരൂപാ ആയിരുന്നു, നമ്മുടെ ഇറക്കുമതി ചരക്കുകളുടെവില ൩൨.൭൦ ലക്ഷം രൂപാആയിരുന്നു. ഇങ്ങനെ നമ്മുടെവ്യാപാരം ആകെ ഏകദേശം ൪൨·൭൭ കോടിരൂപയ്ക്കുണ്ടായിരുന്നു. ഇതു രാജ്യത്തിൻറെ കൃഷിവ്യവസ്ഥിതിൻറെ തൽക്കാല ഒരു ലക്ഷണംആണെന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ പ്രധാനഭക്ഷണസാധനത്തിന്നു് ബർമ്മായേയും അടുത്തുള്ള തമിഴ്ജില്ലകളേയും ആശ്രയിക്കേണ്ടിവന്നിരിക്കുന്നു. ഇവിടത്തെ ചെലവിനു നാം വരുത്തുന്ന നെല്ലിനും അരിക്കും നാം ൨·൩൯ ലക്ഷം രൂപായ്ക്കധികം കൊടുത്തുവരുന്നു. ഇതിനും മസാലകൾ, മുളകു, പഞ്ചസാര മുതലായി ലക്ഷത്തോടുകൂടെ വേണ്ടുന്ന ഇതരസാധനങ്ങൾക്കുംകൂടി നാം കൊടുക്കുന്നതു മുന്നുകോടിരൂപായിലധികമാകുന്നു. ഉപജീവനത്തിനാവശ്യമുള്ള ഈ സാധനങ്ങൾ യാങ്ങേണ്ടതിനു് തെങ്ങോ, കുരുമുളകു മുതലായതു വിറ്റുണ്ടാകുന്ന മുതൽവേണം. അതിൽ തെങ്ങിൽ നിന്നുതന്നെ നമുക്കു ൨·൨ ൦ കോടി രൂപാ കിട്ടുന്നു. തേയിലയുടെയും റബ്ബറിൻറെയും കയ്റ്റുംനോക്കിയാൽ ആദ്യത്തേതിൽ നിന്നുള്ള വരവു മുഴുവനേയും രണ്ടാമത്തേതിൽനിന്നു ൯൦ ശതമാനവും യൂറോപ്യൻ കമ്പനികാർക്കോ ഉടമസ്ഥന്മാർക്കോ ആണ് കിട്ടുന്നതു. ഇവിടത്തെ ജനങ്ങൾക്കു അതു തൊടാൻപോലും സാധിക്കയില്ല. ഈ ആദായമാർഗ്ഗങ്ങളെ ഒഴിച്ചാൽ നമ്മുടെ പ്രധാന ആദായമാർഗ്ഗം തെങ്ങാണ്. എന്നാൽ അതിനുള്ള കരക്കുടുതൽനിമിത്തം അതിൻറെ സ്ഥിതിയും നിരാശാജനകമാണ്. തെങ്ങിൻതോട്ടങ്ങളുടെ നികുതി ശരാശരി ഏക്കറിനു ൩ രൂപയും കയറുമതിചുങ്കം കണക്കാക്കിയാൽ വിചയുടെ നൂറ്റിനാലിലൊന്നു ശതമാനവും ആണല്ലോ (ഫാമിൻ-ലെ കണക്കപ്രകാരം ഓരോ ചവുക്കയിലെ ചുങ്കംവരവു കൂട്ടിയാണ് ഞാൻ പറഞ്ഞതു. അതുകൊണ്ടു ഞാൻ പറഞ്ഞതു തെറ്റാണെന്നുപറയാം). നാശകരമായ ജന്തുക്കളും രാജ്യത്തിൻറെ പല സുഭിക്ഷതയുള്ള ഭാഗങ്ങളും ഫലപ്രദമല്ലാത്ത പ്രദേശങ്ങളാക്കിത്തീർത്തിരിക്കുന്നു. അതുകൊണ്ടു നമ്മുടെ നിലങ്ങളുടെ സുഭിക്ഷതയും പെരുമ്പാമ്പുകളുടെ സമ്പാദ്യവും വർദ്ധിപ്പിക്കുന്നതു ഗവണ്മെൻറിൻറെ പ്രധാനകൃത്യമായാകുന്നു. ഇതിനായി ഗവണ്മെൻറു പലകാര്യങ്ങളും ചെയ്തിട്ടുണ്ടെന്നുള്ളസംഗതി ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അതുകൊണ്ടൊന്നും ഉത്സാഹജനകമായില്ല. മുളകുംമറ്റും തിരുവിതാംകൂറിൽ കൃഷിചെയ്യാമെന്നുള്ളതിനു് സംശയമില്ല. ഈ സാധനം നാം ആണ്ടുതോറും ൨൨ ലക്ഷം രൂപയ്ക്കു ഇവിടെ ഇറക്കുമതിചെയ്യുന്നുണ്ടു. അനവധിപണം ചിലവുചെയ്തു താൻതന്നെ ഉപയോഗിക്കാതെയും മറ്റുള്ളവർ ഉപയോഗിക്കാൻ സമ്മതിക്കാതെയും വിസ്തീർണ്ണമുള്ള സ്ഥലങ്ങൾ റിസർവ്വ് വനങ്ങളാക്കി പാർക്കാൻ സ്ഥലമില്ലാതെ വിഷമിക്കുന്ന ജനങ്ങൾക്കു കൃഷിക്കുകൊടുക്കാതെ ഇട്ടേക്കുന്ന നയം തെങ്ങിനുള്ള മുട്ടുമാകുന്നില്ല അരിയുടെ കാര്യത്തിൽ നമുക്കാവശ്യമുള്ളതു നമുക്കുതന്നെ കൃഷിചെയ്യാൻ സാധിക്കയില്ലയൊ എന്നും തെങ്ങുടെ തീരുവ കുറച്ചു തെങ്ങുകൃഷിയെ ഉത്സാഹിപ്പിക്കാൻ കഴിയുകയില്ലയൊ എന്നും ഗവണ്മെൻറു ആലോചിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

തെക്കൻ തിരുവിതാംകൂറിൽ ആകുന്ന മുഴുവനും വലിയ കൃഷിസേചനപ്രവൃത്തികളുള്ളതു. വടക്കൻതിരുവിതാംകൂറിനോടും അക്കാര്യത്തിൽ അതുപോലെ ഔദാര്യത്തോടെ വർത്തിക്കണമെന്നു വടക്കൻതിരുവിതാംകൂറിലെ മെമ്പർമാർ കൂടക്കൂടെ ഗവണ്മെൻറിനോടു ബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. വടക്കൻതിരുവിതാംകൂറിൽ ആവശ്യമുള്ളതു കൃഷിസേചനമല്ല. വെള്ളം വാണ്ടുപോകാൻ മാർഗ്ഗങ്ങളും വെള്ളങ്ങൾക്കു സഞ്ചരിക്കാൻ സൌകര്യങ്ങളും ആകുന്നു. ഈ കാര്യം പൊതുമരാമത്തു ഡിപ്പാർട്ടുമെൻറുകാരുടെ അന്വേഷണവിഷയമാക്കേണ്ടതും ആണ്ടുതോറും ഈ ആവശ്യത്തിനു ഓരോസംഖ്യ നീക്കിവയ്ക്കേണ്ടതും ആകുന്നു.

വടക്കൻതിരുവിതാംകൂറിലെ ഗതാഗതസൌകര്യം, പ്രത്യേകം ഉൾപ്രദേശങ്ങളിലേതു, പലപ്പോഴും പരാതിക്കു വിഷയമായിട്ടുള്ള ഒരു സംഗതിയാണ്. ഈയിടയായി ഗവണ്മെൻറിൻറെ ശ്രദ്ധ ഈ കാര്യത്തിൽ പതിഞ്ഞിട്ടുണ്ടു. രാജ്യത്തിൻറെ ആവശ്യങ്ങൾപ്രമാണിച്ചു വടക്കൻതിരുവിതാംകൂറിലെ കുടിയാന്മാർ റോഡുകൾ ഉണ്ടാക്കുകയും അതിനാവശ്യമുള്ള സ്ഥലം പ്രതിഫലംകൂടാതെ കൊടുത്തുവരികയുംചെയ്യുന്നു. എന്നാൽ ഈ പ്രയോജനമുള്ള റോഡുകൾ കയ്യേറുംഎടുക്കുന്നതിനു ഗവണ്മെൻറു അവരുടെ പതിവുപ്രകാരമുള്ള അലസത കാണിക്കുന്നു. അതിനെസംബന്ധിച്ചു ഉണ്ടാക്കീട്ടുള്ളചട്ടങ്ങൾ ആവശ്യങ്ങൾക്കു ഉതകുന്നവയല്ല. ആ ചട്ടങ്ങൾ സ്ഥിതിഗതികൾക്കനുസരിച്ചു ഭേദപ്പെടുത്തുകയും പണിതീർന്നിട്ടുള്ള റോഡുകൾ ഗവണ്മെൻറിൽനിന്നും ഏറ്റെടുത്തു സംരക്ഷിച്ചുപോരികയുംവേണം. ഇതുസംബന്ധിച്ചു, ആഢ്യവാകൊട്ടാരക്കര തീവണ്ടിപ്പാത വേഗത്തിൽ തീർക്കുമാറാക്കണമെന്നും ഗവണ്മെൻറിനോടു അപേക്ഷിച്ചുകൊള്ളുന്നു.

വിദ്യാഭ്യാസച്ചെലവു ഗവണ്മെൻറിനു വഹിക്കാൻ കഴിയുന്നതിലധികം ആയിപ്പോയിഎന്നും ഒരു സാധാരണ പരാതിയാണു. എന്നാൽ ഈ ചെലവു വർദ്ധിക്കാൻ ആരംഭിച്ചതു ഡാക്ടർ മിച്ചലിൻറെ വിദ്യാഭ്യാസകോഡിൻറെ ശേഷവും നാട്ടുഭാഷാ വിദ്യാർത്ഥികളുടെ ശതമാനം നൂറിനു നൂറാക്കാൻ പിന്നീടുചെയ്ത കൃത്രിമപരിശ്രമങ്ങൾകൊണ്ടുമാണു. കോഡിലെ വ്യവസ്ഥകൾ അനുസരിച്ചു വിദ്യാഭ്യാസവകുപ്പു നടത്തിപ്പോകുന്നപക്ഷമെങ്കിൽ മേലന്വേഷണംവകയ്ക്കു അധികച്ചെലവുള്ള ഉദ്യോഗസ്ഥന്മാരില്ലാതെ സാധിക്കയില്ല "മതി!" എന്നുപറഞ്ഞു കോഡിലെ വ്യവസ്ഥകളെ പരിശോധിച്ചു വിദ്യാഭ്യാസച്ചെലവു കുറയ്ക്കാൻ കഴികയില്ലയോ എന്നു പരിശോധിച്ചുനോക്കേണ്ടുന്നകാലം അതിക്രമിച്ചിരിക്കുന്നു. പാഠപദ്ധതിയും പരിഷ്കരിക്കേണ്ടതാകുന്നു. പ്രാഥമികവിദ്യാഭ്യാസത്തോടുള്ളതോഴിൽ അഭ്യാസവും കൊടുത്താൽ മുന്തിനതരം ക്ലാസുകളിലെ വരവുകൊണ്ടു ചെലവു നടത്താവുന്നതാകുന്നു.

ഇംഗ്ലീഷും മലയാളവും വിദ്യാഭ്യാസം ഗ്രാൻറുകൊടുത്തുള്ള നായർസമാജങ്ങളെയും ക്രിസ്ത്യൻസംഘങ്ങളേയും ഏൽപ്പിക്കാം. അങ്ങനെചെയ്താൽ വിദ്യാഭ്യാസച്ചെലവു പകുതി കുറഞ്ഞുകിട്ടും. കോഡു പരിശോധിച്ചു അദ്ധ്യാപകന്മാരുടെ എണ്ണം കുറയ്ക്കുന്നതിനും മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളക്കുടിശ്ശികയിനത്തിലുള്ള അപേക്ഷകൾക്കു പരിഹാരമുണ്ടാക്കാനും വിദ്യാഭ്യാസത്തിനുള്ള ഗവണ്മെൻറു ചെലവു കുറയ്ക്കുന്നതിനും മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു ഉപദേശിപ്പാൻ അന്യോദ്യോഗസ്ഥന്മാരുടേയും വിദഗ്ദ്ധന്മാരുടെ ഒരു കമ്മിറ്റി ഏർപ്പെടുത്തുന്നതു നന്നായിരിക്കും.

റെവന്യൂ ഡിപ്പാർട്ടുമെൻറിനെപ്പറ്റിയും ഒരു വാക്കുപറവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു. ഈയാണ്ടത്തെ വരവിൽ ഏകദേശലക്ഷം രൂപാ കുറവുണ്ടു. കഴിഞ്ഞ മകോല്ലത്തെ പെള്ളത്തൊക്കമാണു ഇതിനു കാരണം പറയുന്നതു്. ഡിമാൻറു നോട്ടീസുകൾ അയച്ചു അനന്തരമുള്ള നിർബന്ധ നടപടികൾ നടത്തുന്നതല്ലയോ ഈ കാരണമെന്നു ഞാൻ ശങ്കിക്കുന്നു. രണ്ടു വർഷം മുമ്പു ഗവണ്മെൻറു പകുതിഉദ്യോഗസ്ഥന്മാർ പണമെത്തപ്പോലെ കരം പിരിവിനായി വീടുകൾതോറും സഞ്ചരിക്കയില്ലെന്നു പൊടുന്നനവെ ഒരു പരസ്യം പ്രസിദ്ധപ്പെടുത്തി സാധുക്കളായ കുടിയാന്മാരെ ഭ്രമിപ്പിച്ചു. ഇതിനെപ്പറ്റി അറിയാത്ത കുടിയാന്മാർ കരംപിരിവിനു പകുതി ഉദ്യോഗസ്ഥൻ പതിവുപോലെ വരുമെന്നും കരുതിക്കൊണ്ടിരുന്നു. പട്ടാളാനന്തരക്കു എല്ലാവർക്കും നോട്ടീസുകൾ എഴുതി അയച്ചുകൊണ്ടു കരവും നോട്ടീസുഫീസും വസൂലാക്കാൻ പകുതി ഉദ്യോഗസ്ഥന്മാർ ചെന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളായി ഈ ചെറുതരം പിഴിച്ചുപറികൊണ്ടു ഗവണ്മെൻറിനു കുറെ മുതലെടുപ്പുണ്ടു കരം പിരിവു രീതി മേൽപ്പെടുത്തുന്നതിനു സമാധാനമായി പകുതി ഉദ്യോഗസ്ഥന്മാർക്കു അധികംജോലി വല്ലതും വന്നിട്ടുള്ളതായി പറഞ്ഞുകാണുന്നില്ല. ഒരു പട്ടയമാക്കു അധികം സർവ്വേ നമ്പരുകൾ ഉണ്ടെങ്കിൽ ഓരോ സർവ്വേ നമ്പരിനും പ്രത്യേകം പ്രത്യേകം നോട്ടീസുകൾ കൊടുക്കയും പിരിവിനു ചെല്ലുമ്പോഴൊക്കെ കൊടുത്തുവരികയും ചെയ്യുന്നു. ജോലി ഇതിനാൽ കുറയുന്നതിനു പകരം കൂടുകയാണുചെയ്തിട്ടുള്ളതെന്നു പകുതി ഉദ്യോഗസ്ഥന്മാർ പറയുന്നു. ഇതിൻറെ ഫലമായി ഏകദേശലക്ഷം രൂപാ കരംപിരിക്കാൻ കുടിശ്ശികയും വന്നിട്ടുണ്ടു്. ഈ ചെറുതരം പിടിച്ചുപറി നിറുത്തലാക്കണമെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

ഇനിയും ഒരുകാര്യംകൂടെ പറഞ്ഞുകൊള്ളുന്നു. ഗവണ്മെൻറു പലരും പറകയും പ്രവർത്തിക്കയുംചെയ്തിട്ടും ഈ സഭയിലേക്കുള്ള വർണാധികാരികളുടെ പട്ടികയെപ്പറ്റിയുള്ള സങ്കടം അശേഷം തീർന്നിട്ടില്ല. പട്ടിക തിരുത്തുകയോ നാളുവരെയുള്ള സ്ഥിതിക്കു പൂർത്തിയാക്കുകയോ ചെയ്തിട്ടില്ലെന്നു സഭയിൽ ഈ ഭാഗത്തിരിക്കുന്നവർക്കൊക്കെ അറിയാം. കിസ്തു അടയ്ക്കുന്ന അവസരത്തിൽ ഓരോ പകുതിയിലേയും വോട്ടർമാരുടെ പട്ടിക രണ്ടുകയ്യുമായി തിരുത്താമെന്നു എനിക്കു തോന്നുന്നു. കരത്തിൻറെ കുറഞ്ഞ നിശ്ചിതസംഖ്യ കൊടുക്കുന്നവർക്കൊക്കെ പട്ടികയിൽ പേരുചേർക്കാൻ അവകാശമുണ്ടു്. പട്ടികയിൽ തൻറെ പേരു ശരിയായി ചേർത്തിട്ടുണ്ടെന്നുള്ളതിനു ലക്ഷ്യമായി വോട്ടരിൻറോടയോ കായ്സ്ഥൻറോടയോ ഒപ്പു വാങ്ങിയാൽ മതിയാകും. രജിസ്ട്രേഷൻ സഹായപം ഉള്ള മെമ്പർസ്ഥാനാപേക്ഷകനെ സഹായിക്കുന്നതിനായി ചില പകുതി ഉദ്യോഗസ്ഥന്മാർ ചിലരുടെ പേരു പട്ടികയിൽ കരുതിക്കൂട്ടി തെറ്റായി ചേർക്കുന്ന പതിവും ഉണ്ടെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

അപ്രാപ്തജനങ്ങളുടെ വേദനാകരമായ സംഗതിയെപ്പറ്റിയും അല്പം സംസാരിക്കാൻ അനുവദിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. കണ്ണുകുത്തി തിരുമ്മുടെ കരം നെല്ലായി കൊടുക്കുന്നതുകൊണ്ടു കുടിയാന്മാർക്കു കഷ്ടപ്പാടും ഗവണ്മെൻറിനു നഷ്ടവും ഉണ്ടാകുന്നു. വലിയ ചെലവുള്ള ഒരു ഉദ്യോഗവൃന്ദം വേണം. നെൽപ്പുരകൾക്കു കാവൽവേണം കുറവിനും കുറഞ്ഞതിനും സമാധാനം പറയണം. ഈ വ്യവസ്ഥ തിരുവിതാംകൂറിനേപ്പോലെ പരിഷ്കാരമുള്ള ഒരു രാജ്യത്തിനു അനുയോജ്യമല്ലാ. ഇപ്പോഴത്തെ വ്യാപാരസ്വാതന്ത്ര്യംനിമിത്തം കൊട്ടാരത്തിലെ ചെലവിനോ മറ്റുവല്ലതിനുമോ ആവശ്യമുള്ള നെല്ലു ഒരു പ്രയാസവുംകൂടാതെ കുത്തകകൊടുത്തു അങ്ങാടിയിൽ വാങ്ങാവുന്നതാണ്. പാട്ടം കൊടുക്കേണ്ടുന്ന കാലത്തുള്ള നിരക്കനുസരിച്ചു പാട്ടത്തിൻറെ വില കൊടുക്കാൻ അനുവദിക്കണമെന്നാണ് എൻറെ അപേക്ഷ. ഇപ്പോൾതന്നെ കൊച്ചിയിലേയും ഉത്തരതിരുവിതാംകൂറിലേയും പ്രധാന ജന്മികൾ നെല്ലിനു പകരം അതിൻറെ വില മതിയെന്നാണു സമ്മതിച്ചിട്ടുള്ളതു്. ഏറ്റവും വലിയ ജന്മിയായ ഗവണ്മെൻറിനു ഇവരെ അനുകരിച്ചു സാധാരണ കരംസംബന്ധിച്ചു അനുവദിച്ചിട്ടുള്ളതുപോലെ ചെയ്യുന്നതിനു എന്താണു വിരോധം? വില കണക്കാക്കുന്നതു അതാതു സമയത്തെ നിരക്കനുസരിച്ചായാൽ മതിയാകും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഫ്രാൻസു-ലെ ബഡ്ജറ്റ് നിയമസഭയിൽ ഹാജരാക്കിയപ്പോൾ ഈ രാജ്യത്തെ ധനസ്ഥിതിയെപ്പറ്റി ഫിനാൻഷ്യൽ സെക്രട്ടറി ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

"നാം ഇപ്പോൾ വരവു ചെലവു കണ്ടിച്ചു ഒപ്പിച്ചു. എന്നാൽ ഞാൻ മുമ്പു പറഞ്ഞതുപോലെ ഇതു സാധിപ്പിച്ചതു ചെലവുനിയന്ത്രണം കൊച്ചും അനാവശ്യചെലവുകളെല്ലാം ഒഴിച്ചും കടമാസ്സു മുതലായ സാധനങ്ങൾ നമ്മുടെ ഗവണ്മെൻറാവശ്യത്തിലേക്കു തരുന്നവരുടെ പണത്തിൽ ഒരോഹരി നിറുത്തിവെച്ചും നിനച്ചിരിയാതെ നേരിടാവുന്ന ആവശ്യങ്ങൾക്കു പറയത്തക്ക ഒരു സംഖ്യ നീക്കിവെയ്ക്കാതേയും ആകുന്നു."

ഫ്രാൻസ്—ലെ ബഡ്ജറ്റ് നിയമസഭയിൽ ഹാജരാക്കിയപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"കഴിഞ്ഞതകാല്ലം എന്റെ പ്രസംഗത്തിൽ നമ്മുടെ കോശസ്ഥിതിയെപ്പറ്റി ഞാൻ ചുരുക്കമായി നിരൂപണംചെയ്തപ്പോൾ അതു നിരാശജനകമല്ലെന്നു പറകയുണ്ടായി. ഒരാണ്ടത്തെ അനുഭവംകൊണ്ടു ഈ അഭിപ്രായം സ്ഥിരപ്പെട്ടിട്ടേയുള്ളൂ"

൧൯൦൯-മാണ്ടത്തെ ബഡ്ജറ്റ് നിയമസഭയിൽ ഹാജരാക്കിയപ്പോൾ, ആ കാലത്തുണ്ടായിരുന്ന പെരുപ്പക്കത്താൽ ഇയിടത്തെ ധനസ്ഥിതിയെപ്പറ്റി അപ്പോൾ ശരിയായ ഒരഭിപ്രായം പറവാൻ സാധിക്കാതെ വരികയും ആയാണ്ടിൽ അധികചിലവു വരുമെന്നു നിരൂപിക്കയുംചെയ്തു എങ്കിലും ൪ ലക്ഷത്തിൽപരം രൂപാ നീക്കിയിരിപ്പിനിടയാകയാണ് ചെയ്തിട്ടുള്ളതു്.

നമ്മുടെ ധനസ്ഥിതിയുടെ നിർദ്ദോഷതയെപ്പറ്റി രണ്ടഭിപ്രായത്തിന്നവകാശമില്ലെന്നു ൧൯൧൦-മത്തെ ശ്രീമൂലംപ്രജാസഭയിൽ ദിവാൻജിഅവർകളുടെ ഉപക്രമപ്രസംഗത്തിൽ ഉറപ്പു പറകയും ചെയ്തിട്ടുണ്ടു്. ഹൈസ്റ്റാൻഡ്ഡിങ് സെക്രട്ടറിയുടേയും ദിവാൻജി അവർകളുടേയും ഈ അഭിപ്രായങ്ങൾക്കു് അനുരൂപമായിട്ടാണോ രാജ്യത്തിന്റെ ധനസ്ഥിതി നിൽക്കുന്നതെന്നു പരിശോധിക്കേണ്ടതായിരിക്കുന്നു.

൧൦൫൩ മുതൽ ൧൦൫൮ വരെ— സർ. പി. രാജഗോപാലാചാരി ദിവാൻപേഷം കയ്യേറിരുന്ന കാലങ്ങളിൽ—രാജ്യത്തിലെ വരവിൽ ൪൭,൭൫,൪൦൨ രൂപയും ചിലവിൽ ൪൦,൭൩,൪൩൭ രൂപായും വർദ്ധിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഭരണകാലമായ എട്ടുവർഷങ്ങളിൽ ൨,൯൪,൦൩൪ രൂപാ വരവിനെക്കവിഞ്ഞുള്ള ചിലവു രാജ്യത്തിൽ ഉണ്ടായിരിക്കുന്നു. എന്നിരുന്നാലും ജനോപകാരപ്രദമായ പൊതുമരാമത്തു ജോലികളിൽ ൧൦൫൩-ൽ നിന്നും ൧൦൫൮-ൽ എത്തിയപ്പോൾ ൧൭,൭൭,൯൨൦ രൂപാ വർദ്ധിപ്പിച്ചിട്ടുള്ളതു ജനങ്ങൾക്കു സന്തോഷകാരണമായിട്ടുള്ളതാണ്.

൧൦൫൯ മുതൽ ൧൦൬൪ വരെ—മിസ്റ്റർ എം. കൃഷ്ണൻനായർ ദിവാൻപേഷം കയ്യേറിരുന്ന അഞ്ചുകാല്ലങ്ങളിൽ-രാജ്യത്തിലെ വരവിൽ ൫൨,൨൨,൯൨൦ രൂപായും ചിലവിൽ ൫൩,൪൪,൨൨൩ രൂപായും വർദ്ധിച്ചിരിക്കുന്നു. അക്കാലത്തു ഘോരയുദ്ധത്താൽ ഉണ്ടായ ധനസ്ഥിതിയുടെ അസ്ഥിരതനിമിത്തം രാജ്യത്തിന്റെ വരവിൽകവിഞ്ഞുള്ള ചിലവുകളെ കഴിയുംവിധം കുറച്ചുവച്ചുകൊണ്ടിരിക്കുന്നതിനുവേണ്ടി ജനോപകാരമായ പൊതുമരാമത്തു ചിലവുകളെ ഓരോ ആണ്ടിലും വെട്ടിക്കുറച്ചുകൊണ്ടിരിക്കയുണ്ടായിട്ടുള്ളതു്. ൧൦൫൯-ൽ പൊതുമരാമത്തു വകുപ്പിലേക്കു അനുവദിച്ചിട്ടുണ്ടായിരുന്ന ൨൭,൦൦,൨൨൨ രൂപായുടെ കണക്കിനു മിസ്റ്റർ കൃഷ്ണൻനായരുടെ ഭരണകാലമായ ൧൦൫൯ മുതൽ ൧൦൬൪ വരെ കണക്കാക്കുന്നതായാൽ ൫൦,൨൪,൯൨൦ രൂപായുടെ മരാമത്തുപണികൾ ഈ രാജ്യത്തിലെ ജനങ്ങൾക്കു നഷ്ടമായിട്ടുള്ളതായി കാണാവുന്നതാണ്. ഈ ഇകുട്ടി നോക്കുന്നതായാൽ അദ്ദേഹത്തിന്റെ ഭരണകാലത്തു ഈ രാജ്യത്തെയ്ക്കു ഒരു ഭീമമായ ഇക തന്നെയിചിലവു വരുത്തിവെന്നുള്ളതാണ്.

൧൦൬൫ മുതൽ ൧൦൭൦ വരെ—മിസ്റ്റർ രാഘവയ്യാ ദിവാൻപേഷം കയ്യേറിരുന്ന കാലങ്ങളിൽ—രാജ്യത്തിലെ വരവിൽ ൫൪,൩൬,൩൨൨ രൂപായും ചിലവിൽ ൫൩,൨൨൫,൭൫൭ രൂപായും വർദ്ധിച്ചിരിക്കുന്നു. അതായതു അദ്ദേഹത്തിന്റെ ഭരണകാലമായ അഞ്ചു വർഷങ്ങളിൽ ൨,൪൭,൫൭൫ രൂപാ വരവിനെ കവിഞ്ഞുള്ള ചിലവു രാജ്യത്തിലുണ്ടായിരിക്കുന്നു. ഈ ഭരണകാലത്തു, ഘോരമഹായുദ്ധത്താൽ ജനങ്ങളുടെ ധനാദായസ്ഥിതി കുറഞ്ഞിരുന്ന കാലത്തിൽ, അനേക തരത്തിലും അനേകവഴികളിലും ജനങ്ങളുടെ നികുതി ഭാരത്തെ വർദ്ധിപ്പിച്ചിട്ടാണ് അദ്ദേഹത്തിന്റെ ഭരണകാലത്തിൽ രാജ്യത്തിലെ വരവിനെ വർദ്ധിപ്പിച്ചിട്ടുള്ളതു്. ഇതിനും പുറമെ ൧൦൭൦-ൽ പൊതുമരാമത്തുവകുപ്പിലേക്കു അനുവദിച്ചിട്ടുണ്ടായിരുന്ന രൂപായുടെ കണക്കിനു മിസ്റ്റർ രാഘവയ്യായുടെ ഭരണകാലമായ ൧൦൬൫ മുതൽ ൧൦൭൦ വരെ കണക്കാക്കുന്നതായാൽ ൫൫,൨൨,൭൨൦ രൂപായുടെ പൊതുമരാമത്തു വേലകളും ഈ രാജ്യ നിവാസികൾക്കു നഷ്ടമായിട്ടുണ്ടെന്നു കാണാവുന്നതാണ്. രാജ്യത്തിൽ ഇങ്ങനെയുള്ള ധനസ്ഥിതിയുടെ നില തൃപ്തികരമാകുന്നുവെന്നു പറവാൻ ഒരിക്കലും നിവൃത്തിയില്ലാത്തതാണ്.

൧൦൭൫ മുതൽ ൧൦൮൦ വരെ അഞ്ചു കൊല്ലങ്ങളിൽ വരവിനെ കവിഞ്ഞുള്ള ചിലവു വർദ്ധിക്കുന്നതിനുള്ള പ്രത്യേകകാരണങ്ങളും ഉണ്ടെന്നുണ്ടു ദിവാൻ മിസ്റ്റർ രാഘവയ്യാ സമാധാനംപറഞ്ഞിട്ടുള്ളതു്.

ഒന്നാമതായി പറഞ്ഞിട്ടുള്ള സമാധാനം ൧൦൭൦-മാണ്ടത്തെബഡ്ജറ്റിൽ ഏകദേശം ൫൦ ലക്ഷം രൂപാ അധികചിലവു നേരിടാതിരിക്കുന്നതിനുവേണ്ടി ൧൦൭൦-ൽ പൊതുമരാമത്തു വേലകളിൽ ൨൫ ലക്ഷത്തോളം രൂപാ കുറച്ചിട്ടുണ്ടെന്നും ജനോപകാരമായ പൊതുമരാമത്തു ജോലികളുടെ അത്യാവശ്യമായ ക്ഷാമാവസ്ഥയാതൊരു കാരണവശാലും തുടർന്നുകൊണ്ടിരിക്കാൻ അനുവദിച്ചുകൂടാത്തതല്ലെന്നുള്ള ഭരണതത്വത്തെ അടിസ്ഥാനമാക്കി അതിൽ പിന്നിട്ടുള്ള ആണ്ടുകളിൽ പൊതുമരാമത്തു വേലകൾക്കു കൂടുതൽ പണം അനുവദിച്ചിട്ടുണ്ടെന്നുമാണ്. ഈ അഭിപ്രായംതന്നെ എത്രത്തോളം സാധിച്ചിട്ടുണ്ടെന്നു പരിശോധിക്കുമ്പോൾ അവിടേയും ഇഛാഭംഗത്തിനാണു ഇടയായിട്ടുള്ളതു്. ൧൦൭൯-ലെ അധികചിലവിനെ കുറയ്ക്കുന്നതിനുവേണ്ടി ൧൦൮൫-ൽ നിന്നും ൧൦൮൯-ൽ പൊതുമരാമത്തു വേലകളിൽ ൪൫,൫൭,൪൦൦ രൂപാ കുറച്ചിരിക്കുന്നു. അപ്രകാരമെങ്കിലും ൧൦൮൬-ലേക്കും ആറേമുക്കാൽ ലക്ഷം രൂപാ നീക്കിയിരിപ്പുണ്ടാക്കുന്നതിനുവേണ്ടി ൧൦൮൯-ൽ നിന്നും ൧൦൮൬-ൽ പൊതുമരാമത്തു വേലകളിൽ ൭൫,൭൫,൪൦൦ രൂപാ കുറയ്ക്കയാണ് ചെയ്തിട്ടുള്ളതു്.

രാജ്യത്തിൽ വരയിനെക്കവിഞ്ഞുള്ള ചിലവുണ്ടായിട്ടുള്ളതിനു മറെറാരു സമാധാനം പറഞ്ഞിട്ടുള്ളതു് യുദ്ധത്തിനുശേഷം ജീവിതാവശ്യങ്ങൾക്കു നേരിട്ട ഗണ്യമായ വിലക്കൂടുതൽ നിമിത്തം ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്കൂടുതൽ അത്യാവശ്യമായി തീർന്നു എന്നും ഈ അത്യാവശ്യത്തെ നിറവേറിയതിനാൽ ആണ്ടുതോറും എട്ടുലക്ഷം രൂപാവീതം ചിലവു വർദ്ധിക്കാനിടയായി എന്നുമാണ്. പബ്ലിക് സർവീസിലുള്ള കീഴ് ജീവനക്കാരുടെ ശമ്പളങ്ങളെ വർദ്ധിപ്പിക്കുന്നതിലോ വർദ്ധിപ്പിക്കേണ്ടതിലോ അക്കാലത്തെന്നെ അഭിപ്രായവ്യത്യാസമില്ലാത്തതാണ്. എന്നാൽ കീഴ് ജീവനക്കാരുടെ ശമ്പളങ്ങളെ വർദ്ധിപ്പിക്കുമ്പോൾ, ഇവിടെയുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളങ്ങളെ കുറയ്ക്കുന്നതിലും അനാവശ്യമായ ഉദ്യോഗങ്ങളേയും ഉദ്യോഗസ്ഥന്മാരേയും ഇല്ലായ്മചെയ്യുന്നതിലും വേണ്ടപോലെശ്രദ്ധിക്കാതെ ഡിപ്പാർട്ടുമെൻറു പതിക്കുന്നതിനും തടഞ്ഞിയതിൻപ്രകാരമായിട്ടാണ് ഈ ഇനത്തിൽ എട്ടുലക്ഷം രൂപാ അധികചിലവിനു ഇടയായി തീർന്നിട്ടുള്ളതു്. ഓരോ ദിവാൻജിമാരുടെയും ഭരണകാലങ്ങളിൽ ഡിപ്പാർട്ടുമെൻറു പതിക്കുന്നതിനും തടഞ്ഞതിനുമനുള്ളനിയമം അടുത്ത കാലങ്ങളിൽ യാതൊരുമാന്യ

വുംകൂടാതെ നടന്നവരുന്നു. മാരോ ദിവാൻജിമാരുടെയും ഭരണകാലങ്ങളിൽ അവശ്യമതാന്നുന്നളഴല്ലുംഗസൃഷ്ടികളും അവശ്യമതാന്നുന്ന ശമ്പള വർദ്ധനകളും നടത്തിയതിന്റെ ഫലമായി ഇന്നത്തെ ശമ്പള ചിലവുകൾ മുമ്പുണ്ടായിരുന്നതിലും എത്രയോളം എത്തിക്കഴിഞ്ഞിരിക്കുന്നു. ഇടക്കാലത്തു നടത്തിയ പരിഷ്കാരങ്ങളിൽ ഉദ്യോഗങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള മുഴുവൻ ശമ്പളങ്ങളും കൊടുക്കേണ്ടിവരുമ്പോൾ ഇവിടത്തെ ശമ്പള ചിലവുകൾ എത്രയോ വർദ്ധിച്ചു വരുമെന്നുള്ളതിനു സംശയമില്ലാത്തതാണ്. അങ്ങിനെ വരുമ്പോൾ ആ ചിലവുകളെ താങ്ങുന്നതിനു ജനാവശ്യങ്ങൾക്കായി ഇപ്പോൾ നടത്തിവരുന്ന ചിലവുകളെ കുറയ്ക്കുയോ, അല്ലാത്തപക്ഷം പൊതുമരാമത്തു ചിലവുകളെ കുറയ്ക്കുയോ, അല്ലാത്തപക്ഷം ജനങ്ങളിൽ കൂടുതലായ നികുതിഭാരം ചുമത്തുകയോ ചെയ്യേണ്ടിവരുമെന്നുള്ളതാണ്. ഈ രണ്ടു പക്ഷത്തിൽപരം ജനങ്ങൾ അഭിവസിക്കുന്ന ഈ രാജ്യത്തു ഇതുയും ശമ്പളച്ചിലവുകൾ അധികമായി പോയിഎന്നു പറയുന്നതിനു യാതൊരവകാശവുമില്ലെന്നാണ് ഡ്രാഫ്മെന്റ പ്രജാസഭയിൽ ദിവാൻ ജി. രാഘവയ്യാരുടെ ഉപക്രമ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. ഈ രാജ്യത്തിലെവിദ്യാഭ്യാസവർദ്ധനയും, പരീക്ഷാവിജയികൾക്കു ഉദ്യോഗം കിട്ടാതെ വിഷമിക്കുന്നതും, ഇവിടത്തെ പബ്ലിക്ക സർവീസിൽ കയറുന്നതിനുവേണ്ടിവരുന്ന സങ്കടങ്ങളും, പബ്ലിക്ക സർവ്വീസിലുള്ള ഇന്നത്തെ കായ്ക്ഷമതയും അറിഞ്ഞിട്ടുള്ളവരാരും അഭിപ്രായത്തോടു യോജിക്കയില്ലെന്നു മാത്രമല്ല ഇവിടത്തെ ശമ്പള ചിലവുകൾ വളരെ കൂടുതലാണെന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നതാണ്.

കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ വരവിനെ കവിഞ്ഞുള്ള ചിലവു രാജ്യത്തിനു വന്നുചേരുന്നതിനു പറയുന്നതായ മറ്റൊരു കാരണം റവന്യൂ ദേവസ്വം വിഭാഗത്തിൽ ദേവസ്വം ഡിപ്പാർട്ടുമെന്റിലേക്കു ആണ്ടുതോറും ഒരു ലക്ഷത്തിലധികം രൂപ കൂടുതൽ വന്നതിനാലാണെന്നാണ്, അടിയറപ്പുഴി ദിവാൻ മി. രാഘവയ്യാ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"ഈ കൂടുതൽസംഖ്യ ന്യായമായി ദേവസ്വങ്ങൾക്കുള്ളതാകയാൽ അവയ്ക്കു കൊടുക്കേണ്ടതായിരുന്നെങ്കിലും അതു വേറെ ആവശ്യങ്ങൾക്കു ഗവർണ്മെന്റു കോൾത്തിനുമേലുള്ള ഭാരം കുറയ്ക്കുയാണു ചെയ്തിട്ടുള്ളതു"

ദേവസ്വം വസ്തുക്കളേയും അതിലുള്ള ആഭരണങ്ങളേയും പരിശോധിച്ചു പ്രത്യേകം കണക്കുകൾ വയ്ക്കുന്നതിന്റെ ഫലമായി ആ ഇനത്തിലുള്ള മുതലെടുപ്പിനെ അനേകലക്ഷമായി രാജ്യത്തിന്റെ പൊതു മുതലോടു ചേർത്തു പൊതുവെയുള്ള കായ്ക്കുറവിനായി ചിലവാക്കേണ്ടതായി വന്ന ഇപ്പോൾ ദേവസ്വങ്ങൾക്കു ന്യായമായി കൊടുക്കേണ്ടതിൽ എത്രയൊ മടങ്ങുവായ ഒരു തുക അവയ്ക്കു കൊടുക്കേണ്ടിവന്നപ്പോൾ രാജ്യത്തിലെ ധനസ്ഥിതിയെ ബാധിക്കുന്നതിനും വരവിനെ കവിഞ്ഞുള്ള ചിലവിനു ഇടയായിത്തീരുകയും ചെയ്തിരിക്കുന്നു.

മേൽ വിവരിച്ച പലേ കാരണങ്ങളാലും പലേ കണക്കുകളാലും ഈ രാജ്യത്തിലെ ധനസ്ഥിതി തൃപ്തികരമാണെന്നും, അതിന്റെ ഉറപ്പിനെപ്പറ്റി ശങ്കിക്കുന്നതിനും ഭയപ്പെടുന്നതിനും അവകാശമില്ലെന്നൊ പറയുന്ന വാക്കുകളെ അതുപോലെതന്നെ വിശ്വസിച്ചുകൊള്ളുവാൻ അധികം ആളുകൾ ഉണ്ടാകുമെന്നു തോന്നുന്നില്ല.

ഈ രാജ്യത്തു പലേ വഴികളിലും പലേ നാമകരണങ്ങളോടുകൂടി ജനങ്ങളിൽനിന്നും പിരിച്ചെടുത്തു ശ്രീ കരിച്ചിട്ടുള്ള രാജ്യത്തിലെ പൊതു മുതലിൽനിന്നും പൊതു ജനങ്ങളുടെ സൗഖ്യാഭിവൃദ്ധിക്കുവേണ്ടുപോലെ പണം ചിലവാക്കി വരുന്നില്ലെന്നുള്ള സംഗതിയാണ് ഇനി എനിക്കു പറയേണ്ടുള്ളൂ. ഇതിനെ സംബന്ധിച്ചു ഡ്രാഫ്മെന്റ ശ്രീമൂലം പ്രജാസഭയിൽ ദിവാൻജി അവർകളുടെ ഉപക്രമപ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"ഈ ഗവണ്മെന്റിനുള്ള ചിലവു പരിശോധിച്ചുനോക്കിയാൽ വിദ്യാഭ്യാസം ശ്രദ്ധിക്കുണം, വൈദ്യസഹായം കൃഷിവ്യവസായം, പരസ്പരസഹായസംഘങ്ങൾ പൊതുമരാമത്തു ഇത്യാദി പൊതു ക്ഷേമത്തിനുള്ള വകുപ്പുകൾക്കായി ക്രൗൺ ഗവണ്മെന്റു ചെലവു ലക്ഷം രൂപം മുതലേടുപ്പിൽ നൂറു ലക്ഷം രൂപാ ചെലവു ചെയ്യുന്നതായും ഈ വകുപ്പുകൾക്കായിതന്നെ ക്രൗൺ-ൽ ഒരു ലക്ഷം രൂപാ ചെലവുചെയ്യുന്നതായും കാണാം. ഇങ്ങനെ അതുകൊല്ലത്തിലെവരവിൽ ഈ ചെലവിന്റെ ശതമാനം നൂറിൽ നിന്നു നൂറായി വർദ്ധിച്ചു കഴിഞ്ഞ ചില വർഷങ്ങളിൽ വരവിനെക്കാൾ ചെലവു വർദ്ധിച്ചതിനു പ്രധാനകാരണങ്ങളിൽ ഇവയത്രേ"

വരവും അതിലധികമായ ചിലവും ഈ രാജ്യത്തിൽ ഓരോ ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ അതിനാൽ ഇവിടെയുള്ള ജനങ്ങളുടെ ധനാഭ്യുദയനില എത്രത്തോളം വർദ്ധിച്ചുവരുന്നു എന്നതാണ് പ്രധാനമായി നോക്കേണ്ടുള്ളൂ. ആ സംഗതി അറിയുവാൻ ഗവണ്മെന്റിനു ഇപ്പോൾ യാതൊരു വഴിയും ഇല്ലാത്തതാണ്. ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്കായി ഉപകരിച്ചുവരുന്ന പലേ സ്ഥാപനങ്ങൾക്കും ചിലവു വർദ്ധിച്ചുവരുന്നതായി അഭിമാനിക്കുന്നതിൽ എത്രത്തോളം പരമാർത്ഥമുണ്ടെന്നു പരിശോധിക്കാം.

മന്നാമതായി വിദ്യാഭ്യാസത്തെപ്പറ്റി നോക്കാം. വിദ്യാഭ്യാസ ചിലവിനെപ്പറ്റി നോക്കുന്നതായാൽ ക്രൗൺ ഇ-ൽ നിന്നും ക്രൗൺ-ൽ എത്തിയപ്പോൾ ൯,൩൫,൦൫൭ രൂപാ വർദ്ധിച്ചിട്ടുണ്ടെന്നു കണ്ടാവുന്നതാണ്. ഇന്നത്തെ വിദ്യാഭ്യാസത്തിനും അതിലധികമായ ചിലവാക്കിവരുന്ന ശ്രേഷ്ഠം അനന്യസാധാരണമായവിധം ജനങ്ങളുടെ ധനാഭ്യുദയസ്ഥിതി വർദ്ധിച്ചുവരുന്നതിനു സഹായിക്കുന്നില്ലെന്നുള്ളതു ആരും സമ്മതിക്കുന്നതാണ്. അല്ലെന്നതോടും പരീക്ഷാവിജയികളായി വിദ്യാലയങ്ങളിൽനിന്നു പുറത്തിറങ്ങുന്ന യുവാക്കന്മാർക്കു പ്രധാന ഉപജീവനമാർഗ്ഗമായി നിൽക്കുന്നതു സർക്കാർ ഉദ്യോഗങ്ങളാണ്. അതു കിട്ടാത്തുള്ള ശ്രമങ്ങളിൽ രാജ്യത്തിനും പബ്ലിക്ക സർവീസിനും വന്നുചേരുന്ന ദുരിതങ്ങളും ഓരോ ദിവസവും ഭയങ്കരമായി വർദ്ധിച്ചുവരികയാണു ചെയ്യുന്നതു. ഉദ്യോഗസമ്പാദനത്തിനുള്ളമത്സരത്തിൽഓരോ ജാതിക്കാരുടേയും ജനസംഖ്യ കണക്കിനു ഉദ്യോഗങ്ങളും വീതിച്ചു കൊടുക്കണമെന്നു വന്നിരിക്കുന്നു. ഉദ്യോഗം കിട്ടുന്നവർ അവരുടെ സജാതീയരെ പബ്ലിക്ക സർവ്വീസിൽ കൂടുതലായി പ്രോത്സാഹിപ്പിച്ചുവരുന്നതായ പരാതികളും നിമിഷംപ്രതി വർദ്ധിച്ചുവരുന്നു. ഉദ്യോഗങ്ങൾക്കുവേണ്ടുന്ന പ്രാപ്തന്മാരായ ആളുകളെ തിരഞ്ഞെടുത്തു നിയമിക്കുന്നതിനു പകരം ആളുകൾക്കുവേണ്ടി ഉദ്യോഗങ്ങൾ കണ്ടുപിടിക്കേണ്ടതായി വന്നിരിക്കുന്നു. ഈ കാരണങ്ങളാൽ പബ്ലിക്ക സർവ്വീസിലെ കായ്ക്ഷമത കുറഞ്ഞു വരാതിരിപ്പാൻ നിവൃത്തിയില്ലാത്തതാണ്. ഇതിനെല്ലാറ്റിനും പുറമെ ഇന്നത്തെ വിദ്യാഭ്യാസത്താൽ രാജ്യത്തിൽ വിദ്യാഭ്യാസമുള്ളവരും

തൊഴിലില്ലാത്തവരുമായ ആളുകളുടെ സംഖ്യ അപരിമിതമായി വർദ്ധിച്ചുവരുന്നു. ഇവരുടെ വർദ്ധന ഭരണകർത്തൃങ്ങളിൽ വലുതായ വിഷമങ്ങളെ ഉണ്ടാക്കിത്തീർക്കുമെന്നുള്ളതിനു സംശയമില്ലാത്തതാണ്. വിദ്യാഭ്യാസസ്ഥിതി ക്രമകാലാനുസൃതമായ മേധോന്നതികരം ചെയ്യുന്നതിനും ആയതു ജനങ്ങൾക്കു കൂടുതൽ പ്രയോജനകരമാക്കി തീർക്കുന്നതിനുമുള്ള വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലേക്കു കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ൽ ലക്ഷത്തിൽപരം രൂപ ചിലവിൽ വർദ്ധിപ്പിച്ചിരിക്കുന്നു എന്നു സന്തോഷിക്കാവുന്നതാണ്.

അടുത്തതായി പൊതുജനാരോഗ്യത്തിനു പബ്ലിക്ക് ഹെൽത്തിനെപ്പറ്റിയാണ്. ഇതിൽ ഉൾപ്പെടുന്ന സാനിട്ടറി, മെഡിക്കൽ ഈ ഡിപ്പാർട്ടുമെന്റുകളെ നോക്കാം. സാനിട്ടറി ഡിപ്പാർട്ടുമെന്റു സ്ഥിച്ചുള്ള കണക്കാണ്. ജനങ്ങളുടെ ആരോഗ്യസ്ഥിതിയെ പരിപാലിക്കുന്നതിനു ഒരു ഡിപ്പാർട്ടുമെന്റു എത്രത്തോളം പ്രയോജനപ്പെട്ടിട്ടുണ്ടെന്നും അതിലേക്കു ഗവണ്മെന്റു എത്രത്തോളം പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്നും ഉള്ളതു മുഴുവൻ വിവരിക്കുന്ന കണക്കുകൾ തെളിഞ്ഞിക്കുന്നതാണ്. ഒരു കോടിയോളം രൂപാ വരവുണ്ടായിരുന്നതായ ഫാമിൻ ഫണ്ടു രൂപാ ചിലവാക്കിയിരുന്നു. ആയതു ഫാമിൻ-ൽ എത്തിയപ്പോൾ സാനിട്ടറിയാക്കപ്പിച്ചെ ചിലവു നന്നു, വന്നതു രൂപയായി വർദ്ധിക്കയാണ് ചെയ്തിട്ടുള്ളതു്. അതായതു് ഫാമിൻ മുതൽ ഫാമിൻ വരെ പന്ത്രണ്ടു വർഷങ്ങളിൽ രാജ്യത്തിന്റെ വരവിൽ ഒരു കോടിയിൽപരം രൂപ വർദ്ധിച്ചുവന്നപ്പോൾ പൊതുജനാരോഗ്യത്തിന് സഹായിക്കുന്ന സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കു നാം, നൂറു രൂപയാണു വർദ്ധിച്ചിട്ടുള്ളതു്. ഉൾനാടുകളിൽ സാംക്രാമികരോഗങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽപോലും അവയെപ്പറ്റി അന്വേഷിക്കുന്നായി അവിടെ ആരേയും കാണുന്നില്ല. ആ അവസരങ്ങളിൽ ഒരു ഇല്ലിമരുന്നുകൊടുക്കുവാൻ സാധിയ്ക്കുന്നതെയാണ് അവർ മരിയ്ക്കുന്നതു്. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ഒരു സാനിട്ടറി ഡിപ്പാർട്ടുമെന്റുള്ളതുകൊണ്ടു ആ നാമകരണത്തോടുകൂടി ഇവിടെയും ഒരു ഡിപ്പാർട്ടുമെന്റുണ്ടാക്കിവച്ചിരിക്കുന്നു എന്നു മാത്രമേ പറയാൻ തരമുള്ളു. (ചിരി) അങ്ങിനെയുള്ള സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കു ഫാമിൻ-ൽ നിന്നും ഫാമിൻ-ൽ എത്തിയപ്പോൾ കന്നു, വറു രൂപയാണു ചിലവിൽ വർദ്ധിച്ചിട്ടുള്ളതു്.

പൊതുജനാരോഗ്യത്തിനു പ്രധാനമായും ഉപയോഗപ്പെടുന്ന മറ്റൊരു സ്ഥാപനം മെഡിക്കൽ ഡിപ്പാർട്ടുമെന്റാണ്. മെഡിക്കൽ ഡിപ്പാർട്ടുമെന്റിലേക്കു ഫാമിൻ-ൽ നിന്നും ഫാമിൻ-ൽ എത്തിയപ്പോൾ ഒന്നു, രണ്ടു രൂപാക്കുടുതലായി ചിലവാക്കിയിരിക്കുന്നു. എന്നാൽ ഫാമിൻ-ൽ നിന്നും ഫാമിൻ എത്തിയപ്പോഴുള്ള കണക്കു നോക്കുന്നതായാൽ പന്ത്രണ്ടു രൂപാ ചിലവിൽ കുറയ്ക്കുകയാണു ചെയ്തിട്ടുള്ളതു്. അതുപോലെതന്നെ ഫാമിൻ-നിന്നും ഫാമിൻ-ൽ മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ ചിലവിൽ പന്ത്രണ്ടു രൂപ കുറയ്ക്കുകയാണു ചെയ്തിട്ടുള്ളതു്. ആശുപത്രികളിലും ഡിസ്പെൻസറികളിലുമുള്ള ചിലവിൽ "Supplies, services and contingencies" എന്നുള്ള ഇനത്തിലാണ് മരുന്നുകൾ വാങ്ങുന്ന സംഖ്യ ഉൾപ്പെടുത്തിട്ടുള്ളതു്. അതിന്റെ കണക്കു എങ്ങിനെയിരിക്കുന്നു എന്നു നോക്കാം.

ഫാമിൻ-ൽ നിന്നും ഫാമിൻ-ൽ എത്തിയപ്പോൾ സർക്കാർ ആശുപത്രികളിൽ ചികിത്സിച്ചിട്ടുള്ളവരുടെ സംഖ്യ ഫൈവ്, വൺ രോഗികളായി വർദ്ധിച്ചിരിക്കുന്നു. ഇംഗ്ലീഷ് മരുന്നുകളുടെവില ഫാമിൻ-ൽ നിന്നും ഫാമിൻ-ൽ വളരെ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു് എല്ലാവരും സമ്മതിക്കുന്നതാണ്. ഈ സ്ഥിതിയിൽ ഫൈവ്, വൺ രോഗികളെ കൂടുതലായി ചികിത്സിച്ചിരിക്കുന്ന കാലങ്ങളിൽ മരുന്നുകളുടെ ചിലവു കുറഞ്ഞുവന്നതു എങ്ങിനെയാണെന്നു മനസ്സിലാകുന്നില്ല. (ചിരി) ഈ തുക കാണുമ്പോൾ ഇവിടെ പ്രസ്താവിക്കുന്നതിനു ധൃടയായ പൊതുജനാരോഗ്യത്തിനു ഗവണ്മെന്റു വേണ്ടപോലെ ശ്രദ്ധിക്കുന്നില്ലെന്നും അതിലേയ്ക്കുള്ള ചിലവു ന്യായമായവിധം ബഡ്ജറ്റിൽ വർദ്ധിപ്പിക്കുന്നില്ലെന്നും കണ്ടിക്കുന്നതിനുവേണ്ടിട്ടാണ്.

ജനക്ഷേമകരങ്ങളായ ഡിപ്പാർട്ടുമെന്റുകൾക്കു കൂടുതൽ പണം ചിലവാക്കീട്ടുള്ളതായി പറയുന്ന മറ്റൊരു ഡിപ്പാർട്ടുമെന്റു കൃഷിയ്ക്കുള്ളതാണ്. കൃഷിഡിപ്പാർട്ടുമെന്റിലേക്കു ഫാമിൻ-ൽ നിന്നും ഫാമിൻ-ൽ നാല്, നൂറു രൂപയാണ് കൂടുതൽ ചിലവാക്കിട്ടുള്ളതു്. എന്നാൽ ഫാമിൻ-ൽ കൃഷിഡിപ്പാർട്ടുമെന്റിലേക്കനുവദിച്ചിട്ടുള്ള തുകയിൽനിന്നും ഫാമിൻ-ൽ ഫന്നൂറു രൂപ കുറയ്ക്കുകയും ഫാമിൻ-ൽ നിന്നും ഫാമിൻ-ൽ നൂറു രൂപാ വീണ്ടും കുറയ്ക്കുകയുമാണു ചെയ്തിട്ടുള്ളതു്. ഈ രാജ്യത്തുള്ള ജനങ്ങളുടെ പ്രധാനതൊഴിൽ കൃഷിയാണ്. കൃഷിയുടെ വർദ്ധനയെ പുരസ്കരിച്ചും ഭക്ഷണസാധനങ്ങൾ ഈ രാജ്യത്തിനുള്ള പരാശ്രയസ്ഥിതിയെ ഇല്ലാതാക്കുന്നതിനുവേണ്ടിട്ടാണ് ഇപ്രകാരം ഒരു കൃഷി ഡിപ്പാർട്ടുമെന്റു ഏർപ്പെടുത്തിട്ടുള്ളതു്. കൃഷിഡിപ്പാർട്ടുമെന്റിനു എത്രതന്നെ കൂടുതൽപണം അനുവദിച്ചുകൊടുത്താലും, അതിൽ അധികഭാഗവും ഉപദേശരൂപേണയി എത്രതന്നെ പ്രസംഗങ്ങളും നടത്തിയാലും, നെൽകൃഷിക്കത്യാവശ്യമായ ജലസൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനും നെൽകൃഷിക്കുണ്ടാകുന്നതിനുള്ള പ്രതിബന്ധങ്ങളെ മാറ്റിക്കൊടുക്കുന്നതിനും ഇരിക്കുന്നതായാൽ കൃഷിഡിപ്പാർട്ടുമെന്റിനു ക്രമം ഫലപ്രദമായി വരുന്നതല്ല. ഫാമിനു-ൽ ഈ രാജ്യത്തുള്ള ഡൈനേർ ഇറിഗേഷൻ സ്കീമുകൾക്കു ഫൈവ്, വൺ രൂപയും മുസാവരി ബംഗ്ലാവുകളുടെ ചില്ലറ ആവശ്യങ്ങൾക്കു ഫൈവ്, നൂറു രൂപയും ആണ് ചിലവാക്കീട്ടുള്ളതു്. ഈ സങ്കടകരമായ സ്ഥിതിക്കു അടുത്ത കാലങ്ങളിൽ പലേ മാറ്റങ്ങളും വന്നിട്ടുണ്ടെന്നുള്ളതു ഞാൻ സന്തോഷിക്കുന്നു. മൈനർ ഇറിഗേഷൻ സ്കീമുകളുടെ ചിലവു ഫാമിൻ മുതൽ ക്രമേണ വർദ്ധിപ്പിച്ചു ഫിഫ്റ്റി-ഫൈവിന്റെ ബഡ്ജറ്റിൽ ഫിഫ്റ്റി, ഫൈവു രൂപയിൽ എത്തിയിട്ടുള്ളതു ഏറ്റവും സന്തോഷകരമായിട്ടുള്ളതാണ്. ഈ രാജ്യത്തിന്റെയും അതിലെ വരവിന്റെയും സ്ഥിതിക്കുള്ള മൈനർ ഇറിഗേഷൻസ്കീമുകൾക്കു ഇപ്പോൾ അനുവദിച്ചുവരുന്ന രൂപാ ഒരിക്കലും മതിയാകുന്നതല്ല. അതിലേക്കുള്ളതുകയും ഗണ്യമായുള്ള ഒരേരാ തുക അനുവദിക്കുന്നതായും ബഡ്ജറ്റിൽ അനുവദിക്കുണ്ടതു അത്യാവശ്യമായിരിക്കുന്നു.

ഇനി അടുത്തതായി വ്യവസായ ഡിപ്പാർട്ടുമെന്റിനെ പറ്റിയാണു പറയുന്നുള്ളതു്. ഈ വകുപ്പിലെ ചിലവു ഫാമിൻ-ൽ നിന്നും ഫാമിൻ-ൽ എത്തിയപ്പോൾ ഏഴു, രണ്ടു രൂപായായി വർദ്ധിപ്പിച്ചിരിക്കുന്നു. ഫാമിൻ-ൽ നടത്തീട്ടുള്ള വ്യവസായ സർവ്വേയോടുകൂടിയാണ് ഇവിടെ ഒരു വ്യവസായ ഡിപ്പാർട്ടുമെന്റുണ്ടായിട്ടുള്ളതു്. വ്യവസായസർവ്വേ കഴിഞ്ഞു വ്യവസായഡിപ്പാർട്ടുമെന്റിന്റെ രൂപീകരണവും കഴിഞ്ഞു ആ സ്ഥാപനം ഡാക്ടർ ബാർക്കുടെ കയ്യിൽ നാലുവർഷം ഇരിക്കയും അതിലേക്കു ഫൈവ്, ഒരു രൂപാ ചിലവു ചെയ്യുകയും ചെയ്തു. അതിന്റെ ഫലം എന്തായിരുന്നു എന്നുള്ളതു ഫാമിൻ-മത്തെ ബ്രഹ്മസഭയുടെ ഉപക്രമപ്രസംഗത്തിൽ മിസ്റ്റർ അവർകൾ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

''ഇതുവരെ ഈ ഡിപ്പാർട്ടുമെൻറിൻെറ ഒരു പ്രധാനലക്ഷണം ചെല്ലുന്നേടത്തു ചെല്ലുട്ടെ എന്നായിരുന്നു എന്നുള്ളകാര്യം വിസ്മരിക്കാൻ നിവൃത്തിയില്ല. ചില വ്യവസായങ്ങളിൽ കൈമുതൽ മുഖ്യം പ്രാപിച്ചുവരാൻ നാലു പേരെ യൂറോപ്പിലേക്കു അയയ്ക്കുക, എണ്ണ ഉണ്ടാക്കുക, കോബരിക്കണ്ണാക്കുക മുതലായ വ്യവസായങ്ങളിൽ പരിചയമുള്ള ചില ഉദ്യോഗസ്ഥന്മാരെ നിയമിക്കുക മുതലായ ചില നല്ല കാര്യങ്ങൾ ചെയ്തു എങ്കിലും രണ്ടോമൂന്നു പറഞ്ഞവരുടെ നിയമനംകൊണ്ടു രാജ്യത്തിനു യാതൊരു ഗുണവും ഉണ്ടായില്ല. ഈ ഉദ്യോഗസ്ഥന്മാരിൽ ആർക്കും ഒരു പുതിയ വ്യവസായം സ്ഥാപിച്ചു എന്നോ ഉള്ള വ്യവസായങ്ങളിൽ എതെങ്കിലും അഭിവൃദ്ധിപ്പെടുത്തി എന്നോ പറവാൻ അവകാശമില്ല. ഈ പറഞ്ഞതു കൂടിൽ വ്യവസായങ്ങളുടെ കാര്യത്തിൽ പ്രത്യേകം പ്രസ്താവയോഗ്യമാണ്. അധികം ജോലിക്കാരെക്കൊണ്ടു നടത്തേണ്ടുന്ന ഏതെങ്കിലും വ്യവസായങ്ങളുടെ കാര്യത്തിലും എന്തെങ്കിലും ഒരു തീർച്ച ചെയ്യത്തക്കവണ്ണം വ്യവസായ ഡയറക്ടർ ഒരു പദ്ധതി തയ്യാറാക്കി ഗവണ്മെൻറു മുമ്പാകെ സമർപ്പിച്ചിട്ടില്ല.''

വ്യവസായഡിപ്പാർട്ടുമെൻറിനെ ഭരണം മേൽ വിവരിച്ച നിലയിൽ എത്തിച്ചതിൽ പിന്നീടാണ് ആ ഡിപ്പാർട്ടുമെൻറിനെ ഇന്നത്തെ ഡയറക്ടർ മി. എ. സി. ചാക്കോയെ ഭരമേല്പിക്കാതിടയായതു്. നമ്മുടെ രാജ്യത്തിൻെറ അഭ്യുന്നതിയിൽ വ്യവസായ ഡിപ്പാർട്ടുമെൻറിലേക്കു കമ്മീഷണർ മുതൽ കമ്മീഷണർ അവസാനംവരെ രണ്ടുവർഷത്തെ കാലാവധിയായിരിക്കുന്നതു്. ഇങ്ങനെ കമ്മീഷണർ അവസാനംവരെ ഈ ഡിപ്പാർട്ടുമെൻറിലേക്കു വ്യവസായ സംബന്ധമായ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതു് കാലാകാലങ്ങളിൽ ആവശ്യമായിരിക്കുന്നു. ഈ വകുപ്പിലേക്കു പ്രതിവർഷം ചിലവു വർദ്ധിപ്പിക്കേണ്ടതു ഒഴിച്ചുകൂടാൻ പാടുള്ളതല്ല. രാജ്യത്തിലെ പൊതുജനത്തിൽ നിന്നും ആണ്ടുതോറും ധനമായി സംഖ്യ ചിലവാക്കിവരുന്ന വ്യവസായ ഡിപ്പാർട്ടുമെൻറിനെ നിന്നും അനന്തരഫലമായ ഫലം ജനങ്ങൾക്കു കിട്ടാതെ വരുന്നപക്ഷം ആയതു രാജ്യത്തിനും ജനങ്ങൾക്കും വലുതായ ഉദ്യോഗഭംഗത്തിനു ഇടയായിതീരുന്നതാണ്. ഇവിടത്തെ ജനങ്ങൾക്കു കിട്ടിവരുന്ന വിദ്യാഭ്യാസത്തിൻെറ ഫലമായി തൊഴിലില്ലാത്തവരുടെ സംഖ്യ രാജ്യത്തിൽ അപരിമിതമായി വർദ്ധിച്ചുവരുന്നു. ഈ ഉരിതാവസ്ഥയെ ഒരു വിധം പരിഹരിക്കുന്നതിനും ജനങ്ങളുടെ ധനമായ സ്ഥിതിയെ വർദ്ധിപ്പിക്കുന്നതിനും ഈ രാജ്യനിവാസികളായ രണ്ടു ലക്ഷം ജനങ്ങളും വ്യവസായ ഡിപ്പാർട്ടുമെൻറിനെ തന്നെയാണു വിക്ഷിച്ചുകൊണ്ടിരിക്കുന്നതു്.

പ്രൊസിഡൻറ്: സമയമായി.

മി ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ ഇനി ഒന്നുംപറയുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അദ്ധ്യാസനരേ, ഗവണ്മെൻറിൻെറ ധനകാര്യനയത്തെ സംബന്ധിച്ചു വല്ല കഠിനാക്ഷേപങ്ങളും പറയുന്നുണ്ടെങ്കിൽ അതു ഗവണ്മെൻറുദ്യോഗസ്ഥന്മാരും ജനങ്ങളും വിശ്വസ്തതയോടും സ്നേഹത്തോടും പരസ്പരം യോജിച്ചു പ്രവർത്തിക്കണമെന്നുള്ള ആശനിമിത്തം ആകുന്നു എന്നു ഭയപ്പെടുമെ പ്രസ്താവിക്കുന്നതു യുക്തമായിരിക്കും എന്നു വിശ്വസിക്കുന്നു.

കുറെക്കാലമായി പൊതുകാര്യങ്ങളെപ്പറ്റി ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങളും ജനങ്ങളുടെ അഭിപ്രായങ്ങളും പരസ്പരം യോജിക്കാതെയാണ് കാണുന്നതു്. ഈ കൈപരീത്യം എന്താണെന്നും അതിൻെറ പ്രധാനകാരണം എന്താണെന്നും ധനകാര്യങ്ങളെ സംബന്ധിച്ചേടത്തോളം അതിൻെറ പരിഹാരമാർഗ്ഗങ്ങൾ എന്താണെന്നും പറയാം. ഗവണ്മെൻറിൻെറ പ്രവൃത്തികളേയോ നയത്തേയോ ഞാൻ കുറ്റംപറയുന്നതു അവയുടെ കുറവായൊ തക്ക ഉത്തരവാദികളായി, എന്നേക്കാൾ പ്രായവും പരിചയവും ഉള്ള ഉദ്യോഗസ്ഥാംഗങ്ങൾ ക്ഷമിക്കണമെന്നും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ആദ്യമായി ഉദ്യോഗസ്ഥന്മാരും ജനങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസത്തെ വർണ്ണിക്കാം. ഉദ്യോഗസ്ഥന്മാരേയും ഗവണ്മെൻറിനേയും മാത്രമല്ല ജനങ്ങളേയും ഉൾപ്പെടുത്തി രാജ്യത്തിൻെറ കോശസ്ഥിതിയേയും ധനസ്ഥിതിയേയും പരിശോധിക്കാം. അതാതു സമയത്തെ ഗവണ്മെൻറു പ്രസിദ്ധപ്പെടുത്തുന്ന രാജ്യഭരണറിപ്പോർട്ടുകളും കണക്കുകളും നോക്കിയാൽ രാജ്യത്തിൻെറ കൈശ്ചയ്തി ക്ഷണം പ്രതിവർദ്ധിച്ചു വരുന്നതായി തോന്നുന്നു. എന്നാൽ ജനങ്ങളുടെ യഥാർത്ഥജീവിതം നോക്കിയാൽ നാം എന്താണ് കാണുന്നതു്? ജനങ്ങളിൽ ദരിദ്രക്ഷത്തിൻെറയും കഷ്ടപ്പാടിൻെറയും ദാരിദ്ര്യത്തിൻെറയും ദിനപ്രതി അധികമധികമായി വരുന്നു. ഒരു ചെറിയ അല്പപക്ഷംമാത്രം തൽക്കാലം ധനത്തിലും സമൃദ്ധിയിലും കിടന്നുരുളുകയാണെന്നു തോന്നും. നമ്മുടെ കോശസ്ഥിതിയെപ്പറ്റിയുള്ള ഔദ്യോഗികറിപ്പോർട്ടുകൾതന്നെ സൂക്ഷ്മമായി പരിശോധിച്ചാൽ ഗവണ്മെൻറിൻെറ മുതലെടുപ്പിൽ ഉള്ള വർദ്ധനവും ജനങ്ങളുടെ സാമ്പത്തികമോ സാമുദായികമോ ആയ കഷ്ടപ്പാടിൻെറ ഒരു തരിമ്പുപോലുള്ള കുറവുമുണ്ടായതാണ്. കഴിഞ്ഞ 5 വർഷംകൊണ്ടു ഗവണ്മെൻറിൻെറ മുതലെടുപ്പു നാലിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. ജനങ്ങളുടെ ഭാരവും അത്യധികമായി ആയിട്ടുണ്ടെന്നല്ലാതെ എന്താണു ഇതിൻെറ അർത്ഥം? ഈ പ്രത്യേകത മുതലെടുപ്പു പല്ലുകടിയും രണ്ടുകോടിരൂപായാണു. ഇതു ആണ്ടിൽ ശരാശരി ഒരാൾക്കു 8 രൂപായാകുന്നു. ഗവണ്മെൻറുകണക്കുപ്രകാരം തന്നെയും ഈണ്ടിൽ ഒരാൾക്കു സമ്പാദ്യം 4 ൽ രൂപായാണ്, ആദായത്തിൽ മൂന്നിലൊരു ഓഹരി കരമായി കൊടുക്കണമെന്ന ധർമ്മസങ്കടം ആകുന്നു. വകുപ്പിൽ വലിയഭാഗവും തരികളും നിലങ്ങളും വിറ്റു കയറുമതി ഇറക്കുമതിച്ചുങ്കങ്ങൾക്കു തീരുവചുമത്തിയും മറ്റും ലഭിക്കുന്നതാണെന്നു ഗവണ്മെൻറു പറയുമായിരിക്കും. എന്നാലും മുതലെടുപ്പു മുഴുവനും നേരിട്ടോ അല്ലാതെയോ ജനങ്ങളുടെപക്കൽ നിന്നുവരുന്നതാണെന്നും അതു ന്യായമായി അവരുടേതാണെന്നും അവരുടെ നന്മയ്ക്കായി ഉപയോഗിക്കേണ്ടതാണെന്നും ഉള്ള സംഗതിയെപ്പറ്റി ഒരിക്കൽ വാളയുണ്ടാകയില്ല. വരവിൽ ഇത്രതന്നെ വർദ്ധനയുണ്ടായിട്ടും ജനങ്ങളുടെ ധനസ്ഥിതിനന്നാക്കുന്നതിനായി കോതയാർഅണ കഴിച്ചു യാതൊന്നും ഗവണ്മെൻറു ഇതുവരെയായി ചെയ്തിട്ടില്ല. ഈ അണവകളുടെയൊക്കെയും മുമ്പു ആരംഭിച്ചതും അവിടുന്നു ചെലവു ചെയ്തപണം ഗവണ്മെൻറിൻെറ വരവുചെലവുകണക്കിൽ ആദിയായി വർദ്ധിച്ചുകാലത്തിനുമുമ്പു് സമ്പാദിച്ചതും ആകുന്നു. ഗവണ്മെൻറിൻെറ മുതലെടുപ്പു അതിയായി വർദ്ധിച്ചുകാലത്തിലെ വരവിൽനിന്നും ഒരു വലിയ ഓഹരി വന്നുചേർന്നതും, കായൽ സ്ഥലങ്ങൾ മുതലായവ വിറ്റുകിട്ടിയ പണമാണു. വിവേകമുള്ള ഒരു ഗവണ്മെൻറു ഈ വക മുതലെടുപ്പു കുഴിച്ചുമൂടുന്നതും സേചനത്തിനും വേണ്ടുന്നപ്രവൃത്തികൾ ചെയ്യുന്നതിനും ജനങ്ങളുടെ കൃഷിവ്യവസായങ്ങളുടെ സംരക്ഷണത്തിനും പരിപോഷണത്തിനുവേണ്ടുന്ന തൊഴിൽശാലകൾ ഉണ്ടാക്കുന്നതിനും വിനിയോഗിക്കുമായിരുന്നു. നമ്മുടെ ഗവണ്മെൻറ് പറയത്തക്കതായി അങ്ങനെയൊന്നും ചെയ്തിട്ടില്ല. ജനങ്ങളുടെ ധനാഭിവൃദ്ധിക്കോ അന്യർ അന്യായമായി അപഹരിച്ചുകൊണ്ടുപോകാതെ

അവർ ജോലിചെയ്യാൻ തക്കസൗകര്യങ്ങളും ഉണ്ടാക്കികൊടുക്കുന്നതിനോ ഗവണ്മെന്റ് എന്തെങ്കിലും ചെയ്തിട്ടുള്ളതായി? ഒന്നുമില്ല.

ന്യായമായി ദേവചെയ്യുന്ന ഉപജീവനം കഴിപ്പാനുള്ള സൌകര്യങ്ങളും ഇപ്പോഴും പണ്ടത്തേതിൽ കുറവാണു. ജനങ്ങളും വേലചെയ്തു അല്പംസമ്പാദിച്ചാൽ അതിൽ ഒരു വലിയഭാഗം ഗവണ്മെന്റിനു കരമായിട്ടും വേറെ ഒരു വലിയഭാഗം ഗവണ്മെന്റിന്റെ കീഴിലുള്ള അത്യുഗ്രഹികളായ ഉദ്യോഗസ്ഥന്മാർ അപഹരിച്ചുംപോകുന്നു. ഇവകളിൽ കിടക്കുന്ന സ്ഥലങ്ങളും വീണ്ടുവിചാരമില്ലാതെ അനവധിയായി വിൽക്കുന്നതുകൊണ്ടു ജനങ്ങൾക്കു കൃഷിയും പാർപ്പുസ്ഥലവും വിസ്തീർണ്ണമാക്കാൻ സൌകര്യം ഇല്ലാതെയിരിക്കുന്നു. രജിസ്റ്റർചെയ്ത ഭൂമികളിൽ വലിയ വൃക്ഷങ്ങളും നട്ടുണ്ടാക്കാൻ കഴിയുന്നതിനുമുമ്പായി വനവൃക്ഷങ്ങളും കയ്യും കണക്കുമില്ലാതെ വെട്ടിമുറിച്ചുകളയുന്നതിനാലും ഗവണ്മെന്റു വനവൃക്ഷങ്ങളും കൂപ്പുകളുണ്ടാക്കി വിൽക്കുന്നതിനാലും നാശകരമായ പ്രവൃത്തിയിൽ വനങ്ങൾ നഗ്നമായിപ്പോയിരിക്കുന്നു. വെള്ളപ്പൊക്കത്തെപ്പോലുള്ള നാശങ്ങളുണ്ടാകുന്നതിനും ഇതുതന്നെ ഒരു കാരണം. ഫലകരമായ വിവരമില്ലാതെ പുഞ്ചകൃഷിക്കായി കണക്കില്ലാതെ പതിച്ചുകൊടുക്കുന്നതിനാൽ വെള്ളം വടിയിലേക്കു ഒഴുകിപ്പോകുന്നതിനോ പറമ്പുകളിലേക്കോ സ്ഥലമില്ലാതെ ചിറകളിൽ മടവീണും പുഞ്ചകൃഷിക്കും മറ്റും അനുഭവപ്പെടുന്ന നാശങ്ങളും സംഭവിക്കുന്നുണ്ട്. നിലങ്ങളും കായലുകളും കൃഷിക്കായും തോട്ടങ്ങളാക്കാനും പതിച്ചുകൊടുക്കുന്നതു ജനങ്ങളുടെ അവകാശങ്ങൾക്കു ഹാനിവരാതെ ശാസ്ത്രീയമായ വിധത്തിൽ ചെയ്യുന്നുണ്ടോ? ഇങ്ങനെ സ്ഥലം വിറ്റു വസൂലാക്കുന്ന ഏർപ്പാടിൽ അധികഭാഗവും കൃഷിസ്ഥലങ്ങളുടെ സംരക്ഷണത്തിനായി വല്ലശ്രദ്ധയുണ്ടാകുന്നതിനു വിനിയോഗിക്കേണ്ടതായിരുന്നു.

കമ്പനിക്കുള്ള ബഡ്ജറ്റ് തൃപ്തികരമാണെങ്കിലും ഫൈനാൻഷ്യൽ സെക്രട്ടറി വിചാരിക്കുന്നു. തൊൻ മുൻപ്രസ്താപിച്ച പ്രകാരങ്ങളാൽ ജനാഭിപ്രായം അങ്ങനെയല്ല. അദ്ദേഹത്തിന്റെ അഭിപ്രായം ൧,൬൦,൦൦൦ രൂപാ ചെലവുകഴിച്ചു അധികമുണ്ടായിരിക്കുമെന്നാണ്. കണക്കുനോക്കിയതിൽ ൪,൦൧,൦൦൦ രൂപാ ഗവണ്മെന്റ് നിലങ്ങൾ വിറ്റുണ്ടാകുമെന്നുണ്ട് സങ്കല്പം. ഇതു കടംവീട്ടിയതിനെക്കുറിച്ചുള്ള കണക്കിൽ നിത്യച്ചെലവിനുള്ള കടംവീട്ടി സ്വന്തം വിൽക്കുന്നതുപോലെയുണ്ട്. ഇതുപോലെയുള്ള ഏർപ്പാടുകൊണ്ടു അല്ല ഇക്കാലത്തിൽ ഗവണ്മെന്റു ചെയ്യുന്നതുപോലുള്ള ഭരണത്തിനും അനുസരിച്ചുള്ളതല്ല. ഇതിനുംപുറമെ ൫൫,൦൦൦ രൂപാ റവന്യൂഡിപ്പാർട്ടുമെന്റിൽ നോട്ടിസ്ഫീസ്, പിഴ, മുതലായതിൽ നിന്നു കിട്ടുമെന്നാണു കണക്കാക്കിയിരിക്കുന്നതു. ഇതും ചന്തനവും മുതലായതും വസൂലാക്കുന്നതു ദാരിദ്ര്യത്തിൽ കിടക്കുന്ന സാധുജനങ്ങളോടാണു. ഒടുവിൽ പറഞ്ഞതിനെപ്പറ്റി സഭയിൽ ഈ ദിക്കുത്തിക്കുന്ന സ്നേഹിതന്മാർ സവിസ്തരം പ്രസംഗിച്ചുകഴിഞ്ഞിട്ടുള്ളതിനാൽ അതിനെ സംബന്ധിച്ചു അധികം വല്ലതും പറവാൻ വിചാരിക്കുന്നില്ല.

ഏതുകൊണ്ടും കൊല്ലത്തെ ബഡ്ജറ്റ് മിച്ചമുള്ള ഒന്നായികാണിക്കുന്നതിനു പ്രയാസമില്ല. അതായതു വർഷം കൊടുത്തുതീർക്കേണ്ട ചില സംഖ്യകൾ കൊടുക്കാതെ നിത്തിവയ്ക്കുകയോ പിന്നീടു കൊടുക്കേണ്ട തവിമുതലായതിനു മുൻകൂറുപണം വാങ്ങുകയോ ചെയ്യാം. യഥാർത്ഥസ്ഥിതി ചിലവർഷങ്ങൾ കഴിഞ്ഞേ തെളിഞ്ഞുപ്പെടൂ. കുറെവർഷത്തെ ഭരണനിർപ്പോട്ടുകൾ പരിശോധിച്ചാൽ നിത്യച്ചെലവു നടത്തിപോകുന്നുപോകയല്ലാതെ നാം ഭൂമികൾ വിൽക്കുകയും തീയണിനടപ്പാക്കുന്നതിനു കടംവാങ്ങുകയും ചെയ്തതായികാണാം. കുറെവർഷംകൊണ്ടു വിൽക്കാൻ ഭൂമികൾ ഇല്ലെന്നുവരും. ഫൈനാൻഷ്യൽ സെക്രട്ടറിയുടെ രാജ്യഭരണനിർപ്പോട്ടിൻപ്രകാരം ഗവണ്മെന്റിന്റെ മുഴുവൻ ഫണ്ടുസ്റ്റേറ്റിനു രൂപായും കടം ഫണ്ടുവർഷം രൂപായും ആകുന്നു. ഫ്രൻഡ്ഓഫ്ഗവർണ്മെന്റുസിക്ലൂറിറിയിൽ നാം മുടക്കിട്ടുള്ള മുതലിന്റെ വിലയിൽ ഫൻ ലക്ഷം രൂപാ കുറവുവന്നിട്ടുള്ളതുകൊണ്ടു ആ സംഖ്യ മുതലിൽ കുറയ്ക്കണമെന്നാണു. ഇങ്ങനെ നമ്മുടെ മുതൽ ഫ,൭൫,൦൪,൭൬൭ രൂപായും കടം ഫ,൭൫,൦൧,൭൬൭ രൂപായും ആകുന്നു. ഇതിനുംപുറമെ നമുക്കു കൊല്ലം ചെലവോട്ടു തീർപ്പിപ്പാൻ സംബന്ധിച്ചു ഫ,൩൫,൦൪,൦൫ രൂപാ കടമുണ്ടു. നമുക്കു തീപ്പെട്ടിപ്പാത, വലിയ മുതലായതു, കോതയാർ അണ മുതലായ, എന്നുവേണ്ടാ രാജ്യംമുഴുവനും മുതലായിട്ടുംഉണ്ടു് എങ്കിലും നമുടെ ജന്മാവകാശമായ ഭൂമികളും ധനാഗമമാർഗ്ഗങ്ങളും ചില്ലറ ആളായത്തിനുവേണ്ടി വിറ്റുകളയാതെ, പ്രത്യേകിച്ചു വിദേശീയർക്കു വിൽക്കാതെ നമ്മുടെ കടങ്ങളും തീർക്കത്തക്കവണ്ണം ചെലവു കുറയ്ക്കുണ്ടതാണു. ഈ കടങ്ങൾക്കുപുറമെ കൊച്ചിരാജ്യ പ്രവൃത്തി സംബന്ധിച്ചു, ഫൈനാൻഷ്യൽ സെക്രട്ടറി വിവരിച്ചുപ്രസ്താവം ഭയങ്കരമായ ഒരു കടംകൂടി വാങ്ങേണ്ടിവരും എന്നാൽ ഗവണ്മെന്റിന്റെ സാധാരണ ചെലവുനടത്താൻ ഭൂമിവിറ്റും മറ്റു ന്യായമല്ലാത്ത വിധത്തിലും അല്ലാതെ ഗവണ്മെന്റിനു കഴിയുന്നില്ലെന്നും ഭൂമിവിറ്റുണ്ടാകുന്ന പണംകൊണ്ടു ന്യായമായജോലികൾ മാത്രം ഉപജീവനംകഴിപ്പാൻ വേണ്ടുന്ന സൌകര്യങ്ങളും ജനങ്ങൾക്കു ഗവണ്മെന്റു ചെയ്തുകൊടുക്കുന്നില്ലെന്നും ഇപ്പോഴത്തെന്ന കണ്ടുതുടങ്ങിയിരിക്കുന്നു.

ഇനിയും ഈ രാജ്യത്തിലെ മുതലെടുപ്പിന്റെ ഒരു വലിയഭാഗം കിട്ടുന്നതു ഉപയോഗിക്കുന്നവരുടെ ശരീരത്തിനും സമ്പാദ്യത്തിനും ഹാനികരങ്ങളായ ചാരായം, കള്ളു, വിദേശമദ്യങ്ങൾ, പുകയില, കറുപ്പു ഇവമുതലായ ജനങ്ങളും ഉപയോഗിക്കുന്നതിൽ നിന്നാകുന്നു. ജനങ്ങളുടെ സമ്പാദ്യനാശകമായ ധനാഗമമാർഗ്ഗങ്ങളെ അവരുടെ ക്ഷേമത്തെ സദ്യോയികാംക്ഷിക്കുന്ന ഒരു ഗവണ്മെന്റു ആശ്രയിക്കുന്നതു ലജ്ജാവഹം ആകുന്നു. ഇതിനാൽ ഗവണ്മെന്റിനേയും ജനങ്ങളുടെയും ധനസ്ഥിതി പരുങ്ങലിലാകുമെന്നു ഞാൻ ബോധിപ്പിക്കുന്നു. ചെലവുകുറച്ചു അനീതിനെ ന്യായമായവഴിയിലേക്കുതിരിക്കാൻ വല്ല കടുകയും പ്രവർത്തിക്കേണ്ടതു അത്യാവശ്യമായിരിക്കുന്നു. ഗവണ്മെന്റിനേറയും ഇപ്പോഴത്തെ കോൾസംബന്ധമായും ധനസംബന്ധമായും ഭരണസംബന്ധമായും ഉള്ള നയം നിലനിന്നാൽ ഫലപ്രദമല്ലാതാക്കി ജനങ്ങളെ ദരിദ്രരും ഉദ്യോഗികളും ആക്കുന്നു. ഇതാണ് ജനാഭിപ്രായം. മേൽ പ്രസ്താവിച്ച വസ്തുവസംഗതികളെ അവഗണിച്ചാണു ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം. അതല്ലെങ്കിൽ ബഡ്ജറ്റ് തൃപ്തികരമാണെന്നു ഫൈനാൻഷ്യൽ സെക്രട്ടറി പ്രസ്താവിക്കയില്ലായിരുന്നു. ഇങ്ങനെ ഗവണ്മെന്റും ജനങ്ങളും തമ്മിൽ വലിയരണ്ടു അഭിപ്രായഭേദം ഉണ്ടു.

നാം മനുഷ്യരാണു, അതുകൊണ്ടുള്ള ന്യൂനതകളും ഉണ്ടു്, നമ്മുടെ ന്യൂനതകൾ നിമിത്തം പൊതുക്കാര്യങ്ങൾക്കു കേടുതട്ടാതവണ്ണം കാര്യാദികളെ നടത്തിക്കൊണ്ടുപോകയാണു ജ്ഞാനം. ഭരണത്തിൽ ആ നയം സ്വീകരിക്കണമെന്നു ജനങ്ങളും അവരുടെ പ്രതിനിധികളും ചെയ്തിട്ടുള്ള അപേക്ഷയെ തരിയായ്ശ്രദ്ധിച്ചിട്ടില്ലെന്നാണു ഇപ്പോഴത്തെയും അടുത്തുകഴിഞ്ഞകാലത്തെയും തിരുവിതാംകൂർ ഭരണാധികളെപ്പറ്റി എന്റെ

ആക്ഷേപം. രാജ്യഭരണത്തിൽ ജനപ്രതിനിധികളുടെ സഹകരണം സമ്പാദിക്കുന്നതിനു ഗവർണ്മെൻറ് എത്രമാത്രം ശ്രമിച്ചിട്ടുണ്ടെന്നുള്ളതു സന്ദേഹമാണ്. എന്നാൽ അതെല്ലാം മടിച്ചു മടിച്ചും സ്നേഹമില്ലാതെയും ആണെന്നു പറയേണ്ടിവന്നതിൽ ദുസ്സഹനീക്കുന്നു. ഒരു കൈകൊണ്ടു ദാനംചെയ്യുന്നതു മറെറാരുകൈകൊണ്ടു അപഹരിച്ചുകളയുന്നു. അതാണു ജനങ്ങളുടെ അതൃപ്തിക്കു പ്രധാനകാരണം.

ഞാൻ ഇപ്പോൾ കായ്വ്യാപാരികളുടെ ധനസംബന്ധമായ ഭാഗത്തെപ്പററി മാത്രമേ സംസാരിക്കേണ്ടുള്ളൂ. എനിക്കു അനുവദിച്ചിട്ടുള്ള സമയം തീർന്നുപോകുന്നതിനുമുമ്പെ ആ ജോലി തിർവഹിക്കാൻ നോക്കാം.

നാം എല്ലാവരും ബഹുമാനിക്കേണ്ടുന്ന ഒരു രാജ്യതന്ത്രജ്ഞനായ ഗ്ലാഡ്സ്റ്റൻറെ വാക്കുകളിൽ ഗവർണ്മെൻറിനെ ഉപദേശിക്കാൻ കഴിയുന്നതു ഞാൻ ഒരു ആശ്വാസമായി വിചാരിക്കുന്നു. അദ്ദേഹത്തിൻറെ അഭിപ്രായപ്രകാരം ഗവർണ്മെൻറിൻറെ കോശാധികാരി മൈസൂരിലെ ചെലവിൽ മിതത്വം പാലിക്കണം. തിരുവിതാംകൂറിനെ സംബന്ധിച്ചു കോശാധികാരി ഗവർണ്മെൻറാണെന്നു പറഞ്ഞുകൊള്ളുന്നു.

"രാജ്യത്തിനുവേണ്ടി മെഴുകുതിരി കഷണങ്ങളും പാൽക്കട്ടിചീകികളുടെ അളവും എറിഞ്ഞുകളയാതെ സൂക്ഷിക്കാൻ ഒരുക്കമില്ലാത്ത യാതൊരു കോശാധികാരിയും അവൻ ഉപയോഗിക്കുന്ന ഉപ്പിനു യോഗ്യനല്ല. കോശം സംബന്ധിച്ച ചട്ടങ്ങളിൽ പ്രധാനമായതു ചില്ലറകായ്കളിൽപോലും ദുർവ്യയവും അനാവശ്യച്ചെലവും അനുവദിക്കാതിരിക്കയാണു."

വിവേകത്തോടും മിതത്വത്തോടും ചെലവുചെയ്യുന്നതിനുള്ള വിഷ്കരം എന്താണെന്നു ഗ്ലാഡ്സ്റ്റൺ ഇങ്ങനെ ചുരുക്കത്തിൽ പ്രസ്താവിച്ചു:—"ദോഷങ്ങൾക്കു പരിഹാരമുണ്ടാക്കാൻ ഉത്സാഹമുണ്ടാകുന്നതുപോലെ അവയെ ഉപേക്ഷയായി വിചാരിക്കുവതിവാണ്. ഉപദ്രവംനിക്കാൻ പ്രയാസമായിവരുന്നതിനുമുമ്പെ കോശസ്ഥിതിയെപ്പററി ജനങ്ങളുടെ ശ്രദ്ധയെ അതിശക്തമായി ആകർഷിക്കയാകുന്ന യഥാർത്ഥബുദ്ധി ജനങ്ങളുടെ പണസഞ്ചി സൂക്ഷിക്കേണ്ടതു ന്യായമായി അവർതന്നെയാണ്. പൊതുജനങ്ങളുടെ ജാഗ്രതയ്ക്കു സമാവിഷയമാകാതിരിക്കുന്ന യാതൊരു ഗവർണ്മെൻറിനെയും വിശ്വസിക്കാൻ പാടില്ല".

"കോശശാസ്ത്രത്തെയും പൊതുകായ്കങ്ങളേയും സംബന്ധിച്ചു, പറവാൻ അധികാരമുള്ള ഏൻഡ്രൂ അരബത്തിലെ ഇംഗ്ലീഷ് വിദ്വാന്മാരിൽ അഗ്രഗണ്യനായ ഗ്ലാഡ്സ്റ്റൻറെ അഭിപ്രായമാണിതു" "ജനങ്ങളുടെ പണസഞ്ചി സൂക്ഷിക്കേണ്ടതു ന്യായമായി അവർ തന്നെയാണെന്നു" ഗ്ലാഡ്സ്റ്റൻറെ തത്വം അനുസരിച്ചാണു തിരുവിതാംകൂർ പ്രവർത്തിക്കുന്നതെന്നു ഉദ്യോഗസ്ഥഭാഗത്തുള്ളവരും എങ്കിലും പ്രാധാന്യമുള്ള ഒരു കാര്യത്തിൽ നീതിയുടെ മാർഗ്ഗത്തോടുകൂടെ പറവാൻ കഴിയുകയില്ലെന്നു ഞാൻ ദൈര്യത്തോടെ പറയുന്നു. ജനങ്ങൾക്കു തങ്ങളുടെ അഭിപ്രായം പറവാൻ അവസരംകൊടുക്കാതെ പൊതുമുതൽ ഗവർണ്മെൻറു പലവിധത്തിൽ ചെലവുചെയ്യുന്നുണ്ടു. ചെലവിൽ വോട്ടുചെയ്യാവുന്നതും ചെയ്യാൻ പാടില്ലാത്തതും, ജനപ്രതിനിധികളിൽ നിന്നുപോലും ചില പ്രധാനസംഗതികൾ മറച്ചുവെക്കുന്നതു, ദിവാനധികാരിയുടെ സോഫാപ്രീതം, കല്ലാർപദ്ധതി, കൊച്ചി തുറമുഖവ്യവസ്ഥ, ചാൻഡ്റിക്കാർഡ് സംരക്ഷണത്തെപ്പറ്റി ഗവർണ്മെൻറു ചെയ്തിട്ടുള്ള വ്യവസ്ഥ അല്ലെങ്കിൽ അസിസ്റ്റൻറു തഹശിൽദാരന്മാരുടെയും സബ് അക്കൌണ്ടൻറുമാരുടെയും കായ്വു, ഇങ്ങനെ അനേകവിഷയങ്ങളും തിരുവിതാംകൂറിൻറെ കോശാധികാരിയായ ഗവർണ്മെൻറു പൊതുമുതലിൻറെ ന്യായമായ സൂക്ഷിപ്പുകാരെ എത്ര അവഗണിച്ചിരിക്കുന്നുഎന്നുള്ളതിനു ദൃഷ്ടാന്തമായി പറയാം.

പൊതുജനങ്ങളുടെ പ്രയത്നത്താൽ ഉണ്ടാകുന്ന പൊതുമുതലിനെ തിന്നൊടുക്കാൻ സദാ ജാഗ്രുകരായിരിക്കുന്ന സംഘങ്ങളും വഗ്ഗക്കാരും കൂട്ടുകെട്ടുകാരുംതമ്മിലുള്ളതു പൊതുമുതലിനു നാശംവരുന്നു എന്നു ഗ്ലാഡ്സ്റ്റൺ പറയുന്നു. അദ്ദേഹം ഇതിനു പ്രതിവിധിയായി പറയുന്നതു ജനങ്ങളും ജാഗ്രതയോടെ ഉണർന്നിരിക്കയാണെന്നാകുന്നു. ജനങ്ങളുടെ അലക്ഷ്യമനസ്കത്താൽ ഉണ്ടാകുന്ന പൊതുമുതൽ തിന്നൊടുക്കാൻ ഉറങ്ങാതെ സദാ തരംപാർക്കുകയിരിക്കുന്ന കൂട്ടുകെട്ടുകാരുടെയും സംഘങ്ങളുടെയും വഗ്ഗക്കാരുടേയും അഴിമതിയാൽ തിരുവിതാംകൂറിൻറെ പൊതുമുതൽ എങ്ങനെ നഷ്ടപ്പെട്ടുപോകുന്നെന്നും ആ അഴിമതികൾക്കെതിരായി പ്രവർത്തിപ്പാൻ ജനങ്ങൾക്കു അവസരംകൊടുക്കാതെ ഈ പരാന്നഭുക്കുകളെ ഗവർണ്മെൻറു എങ്ങനെയെല്ലാം ഉത്സാഹിപ്പിക്കുന്നെന്നും വിചാരിപ്പാൻ പ്രയാസമില്ല.

പൊതുമുതലിൻറെ ഘാതകന്മാരായി ഗ്ലാഡ്സ്റ്റൺ വേറൊന്നു പറയുന്നതു ഉദ്യോഗസ്ഥവഗ്ഗമാണ്. അദ്ദേഹം ഇങ്ങനെ പറയുന്നു:—

"നിർഭാഗ്യവശാൽ ഉദ്യോഗസ്ഥന്മാരുടെകായ്തത്തിൽ ഒരു സങ്കടസംഗതി പറവാനുണ്ടു. വ്യാപാരം
"കൊണ്ടോ വ്യവസായംകൊണ്ടോ സാധാരണ മനുഷ്യർ അവരുടെ സ്ഥിതി നന്നാക്കുമ്പോൾ അവർ നി
"ലത്തെയോ ഖനികളേയോ പുഷ്ടിപ്പെടുത്തുമ്പോൾ അവർ മറെറല്ലാവരുടേയും സ്ഥിതിയും നന്നാക്കുന്നു.
"എന്നാൽ ഉദ്യോഗത്തിലിരിക്കുന്നവർ അവരുടെ സ്ഥിതി നന്നാക്കുമ്പോൾ അവർ പൊതുജനങ്ങളുടെ
"ഗുണമല്ല, തങ്ങളുടെ സ്വന്തം ഗുണമത്രേ നോക്കുന്നതു. ഈ പ്രയാസത്തിനു നിവൃത്തിമാർഗ്ഗം എന്താണെന്നു
"എനിക്കു നിശ്ചയവുമില്ല".

ഈ സംഗതി സൂചിപ്പിച്ചുകൊണ്ടു ഗവർണ്മെൻറുദ്യോഗസ്ഥന്മാരുടെ ഉപദേശമല്ല ജനപ്രതിനിധികളുടെ ഉപദേശമാണ് കൈക്കൊള്ളേണ്ടതെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഗവർണ്മെൻറു നടത്തുന്നതു ജനപ്രതിനിധികളല്ല ഉദ്യോഗസ്ഥന്മാരാകുന്നു എന്നുള്ളതു തിരുവിതാംകൂറിൻറെ നിർഭാഗ്യമെന്നേ പറയേണ്ടു. രാജ്യത്തിലെ മുതലെടുപ്പു ഉദ്യോഗസ്ഥവഗ്ഗത്തെ ഏൽപ്പിക്കുന്നതു ഒരു മലയാള പഴഞ്ചൊൽ പറയുംപ്രകാരം കോഴിയെ കാക്കാൻ കുറുക്കനെ ഏൽപ്പിക്കുന്നതുപോലെയാകുന്നു (ചിരി)

ഭരണവകുപ്പുകൾ കായ്ക്ഷമതയില്ലാതെയായിരിക്കുന്നു, കായ്ക്ഷമതയ്ക്കുവേണ്ടി പണം ചെലവാക്കണമെന്നു ഒരു ഗവർണ്മെൻറു അഭിപ്രായംപറയുമ്പോൾ ആ അഭിപ്രായത്തെ അതിജാഗ്രതയോടെ പരിശോധിക്കേണ്ടതാണെന്നും ഗ്ലാഡ്സ്റ്റൺ പറയുന്നു. ഇങ്ങനെയാകുന്ന അദ്ദേഹം പറഞ്ഞിരിക്കുന്നതു:—

"ഗവർണ്മെൻറു പണമുണ്ടാക്കാൻ പുറപ്പെട്ടുമ്പോൾ അവർ എല്ലായ്പോഴും സമാധാനംപറയുന്നതു ഉ
"ദ്യോഗസ്ഥവഗ്ഗത്തിനു കായ്ക്ഷമതയില്ലെന്നും അതിനു പണം ചെലവാക്കിയേതീരൂ എന്നും ആകുന്നു. ഇങ്ങനെ
"കായ്ക്ഷമതയുണ്ടാക്കിയെന്ന ഒടുവിലും പ്രഖ്യാപനംചെയ്യും. ഇതാകുന്നു എൻറെ അനുഭവം. കായ്ം

"ഇവിടെ അവസാനിച്ചുഎങ്കിൽ നന്നായി. എന്നാൽ വീണ്ടും ഒരാൾ വന്ന ഉദ്യോഗസ്ഥന്മാക്ക കാര്യ "ക്ഷമതയില്ലെന്ന പറഞ്ഞു പിന്നെയും പണം ചെലവാക്കും. ഇങ്ങനെയുള്ള ഒരവസ്ഥ പിന്നെയുംപോ "ന്നെയും നടന്നുകൊണ്ടിരിക്കും. ഇങ്ങനെ പൊതുജനങ്ങളും കേവലം അന്ധാളിച്ചുപോകും. ഒരു സം "ഗതിമാത്രം അവക്ക നിശ്ചയമായി അറിയാം. ഗവർണ്ണമെന്റിന്റെ ചെലവു വർദ്ധിച്ചുഎന്ന്".

ഈ വിവരണം തിരുവിതാംകൂർ ഗവർണ്ണമെന്റിന്റെ പ്രവൃത്തികൾക്ക എറ്റവും പറ്റിയ ഒന്നാണെന്ന ഈ സഭാംഗങ്ങളും സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. കാര്യക്ഷമത ഉണ്ടാക്കേണ്ടതു വകയിരുത്തലും കൊടുത്താ കൂടാത്ത ശമ്പളംകൊടുത്തോ ഉദ്യോഗസ്ഥന്മാരുടെ എണ്ണംമാത്രം വർദ്ധിപ്പിച്ചിട്ടുള്ളതല്ലെന്നും പൊതുജനത്തിന്റെ കാവൽക്കാരായ ജനങ്ങളുടെ പ്രതിനിധികൾക്ക ഭരണകാര്യങ്ങളിൽ അധികാരംകൊടുത്തും ഗവർണ്മെന്റുദ്യോഗസ്ഥന്മാരിൽ തങ്ങളുടെ പ്രവൃത്തികളുടെ ഭവിഷ്യത്തിനെപ്പറ്റി ഗുണകരമായ ഭീതി ജനിപ്പിച്ചുമാകുന്നു എന്നാണ് ഞാൻ പറയുന്നതു. അങ്ങനെയാകുമ്പോൾ ഉദ്യോഗസ്ഥന്മാക്ക കാര്യക്ഷമതയുണ്ടാകുകയും അവരുടെ ജോലി അവർ ശരിയായി ചെയ്യുകയുംചെയ്യും

വീണ്ടും രാജ്യത്തിന്റെ മുതലെടുപ്പിനു നാശമുണ്ടാക്കുന്നതു എല്ലാവരെക്കാണ്ടും നല്ലവരെന്നു പറയിക്കുവാൻ ഉത്സാഹിച്ചുനടക്കുന്നവരാണെന്നു ഗ്ലാഡ്സ്റ്റൺ അഭിപ്രായപ്പെട്ടുന്നു. "എല്ലാവരേയും സന്തോഷിപ്പിച്ചു" ഉപദ്രവങ്ങളും ഒഴിക്കാനും മാരോ സ്ഥലത്തു ജനസ്വാധീനംസമ്പാദിക്കാനും കഴിയുമെന്നാണ് അവർ വിചാരിക്കുന്നതു. മന്ത്രിസഭയിൽ അവർ ചോദ്യങ്ങളും ചോദിക്കും, സങ്കടങ്ങളും പ്രസ്താവിക്കും, പ്രമേയങ്ങളും കൊണ്ടുവരും ഇതിന്റെയെല്ലാം ഫലം ചെലവുവർദ്ധിപ്പിക്കയാണ്. ഇങ്ങനെ ജനങ്ങളുടെ ശ്രദ്ധയാകർഷിച്ചുകൊണ്ടിരിക്ക

കറൻസി ഫലപ്രദമായ ഒരു നിയന്ത്രണാധികാരം കൊടുക്കാൻ ഗവണ്മെന്റ് വേണ്ട ഏർപ്പാടുകൾ ചെയ്യണം. കുറഞ്ഞപക്ഷം എല്ലാ പൊളിറ്റിക്കൽ പാർട്ടികളിലും അഭിപ്രായം പറയാനും ശിപാർശകൾ ചെയ്യാനും അവക്ക് അവസരം കൊടുക്കണം. ആധുനിക സ്ഥിതിക്ക് മറെറല്ലാതേരം ഗവണ്മെന്റ് തീണ്ടാവും ഉപയോഗകരവും ദോഷകരവും ആയിരിക്കും.

ഈശ്വരന്റെ കൃപകൊണ്ടും മഹാറാണി റീജന്റ് തിരുമനസ്സിലുടെ ധർമ്മനിഷ്ഠയും നീതിബോധവും ഈശ്വരന്റെ നിയമങ്ങളുടെ വ്യാഖ്യാനംകൊണ്ടും കാലതാമസംകൂടാതെ ജനപ്രതിനിധികൾക്കും ഗവണ്മെന്റുദ്യോഗസ്ഥന്മാർക്കും രാജ്യത്തിന്റെ നന്മയെ ഉദ്ദേശിച്ചു എപ്പോഴും സഹകരണംചെയ്യാൻ കഴിയുമെന്നു വിശ്വസിക്കുന്നു എന്നു അവസാനമായി പറഞ്ഞുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ ജാക്സന്റെ പ്രസംഗം ഞാൻ വളരെ ശ്രദ്ധയോടെ കേട്ടു. അദ്ദേഹത്തിന്റെ അച്ചടിച്ച പ്രതി പല പ്രാവശ്യം വായിച്ചു വിവേചനംചെയ്യാനും പഠിക്കാനും സാധിച്ചു. കോശസംബന്ധമായ ഒരു വിവരണത്തിന്റെ മുമ്പിൽ അല്പം എനിക്കു ഇഷ്ടാഭംഗത്തോടെയാണു ഉണ്ടാക്കിയതെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. ഫാമിൻ അവസാനത്തിലുണ്ടായ വെള്ളപ്പൊക്കം നിമിത്തം വരവുചെലവുകണക്കു തയാറാക്കാൻ ഉണ്ടായ പ്രയാസങ്ങളെപ്പറ്റി ഫൈനാൻഷ്യൽസെക്രട്ടറിതന്നെ ആറു പുറമുള്ള പ്രസംഗത്തിൽ മുന്നുപ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഈ സമയത്തു മിസ്റ്റർ ജാക്സ് സഭാമദ്ധ്യത്തിൽ കൊണ്ടുവന്നുകഴിച്ച കറൻസി ബാങ്കിനെപ്പറ്റി മെമ്പർമാർചെയ്ത പ്രസംഗങ്ങളും ഞാൻ വായിച്ചു. ഒന്നിലധികം മെമ്പർമാർക്കു വെള്ളപ്പൊക്കംകൊണ്ടുണ്ടായ നഷ്ടത്തെപ്പറ്റി ഫൈനാൻഷ്യൽ സെക്രട്ടറിയുടെ പ്രസ്താവങ്ങളും അതിശയോക്തികളാണെന്നു ഗ്രഹിപ്പാൻ ഞാനേവരും ധൈര്യപ്പെടുന്നതായി കാണുന്നു. ഫൈനാൻഷ്യൽസെക്രട്ടറിയുടെ ഭീതി അടിസ്ഥാനരഹിതമായിരുന്നെന്നു അനുഭവംകൊണ്ടു നമുക്കു മനസ്സിലായതിനാൽ ഞാൻ സന്തോഷിക്കുന്നു. വളരെക്കാലത്തെ പരിചയമുള്ള കോശവിദഗ്ധന്റെ അഭിപ്രായത്തെക്കാൾ സാധാരണക്കാരുടെ അഭിപ്രായം ശരിയായി പരിണമിച്ചതുകൊണ്ടു എന്റെ സന്തോഷം അധികമാകുന്നതേയുള്ളൂ.

ഫൈനാൻഷ്യൽസെക്രട്ടറി അനേകം ഞായ്യമുള്ളതായ പ്രസ്താവനകൾചെയ്തു. ആകെ വസൂലായ സംഖ്യയെപ്പറ്റി അദ്ദേഹത്തിനു തൃപ്തിയാണെന്നു തോന്നുന്നു. എങ്കിലും വിനയം നിമിത്തം അദ്ദേഹം സ്വയം തൃപ്തി ഭാവിക്കുന്നില്ല. തൃപ്തി അദ്ദേഹത്തിനു തോന്നുകതന്നെയുള്ളതാണെങ്കിൽ അദ്ദേഹത്തോടു യോജിക്കാൻ ഞാൻ ഒരുക്കമാണ്. ഇതുവരെ നടപ്പിലുള്ള ആയവ്യയമാർഗ്ഗങ്ങളും വാഹനമായ ആലോചനാപൂർവ്വം ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നയത്തിന്റെ ഫലമാണ്. വരവു വർദ്ധിപ്പിക്കാനോ ചെലവു കുറച്ചെടുക്കാനോ ഫൈനാൻഷ്യൽ സെക്രട്ടറി എന്തുചെയ്തിട്ടുണ്ടെന്നുള്ളതിനെപ്പറ്റി ലോകം അജ്ഞതയിലിരുന്നതുതന്നെ ഇരിക്കുന്നു. ഇതിനുംപുറമെ തന്റെ പ്രവർത്തികളെല്ലാം ഒരുദ്യോഗസ്ഥനുകൊണ്ടു അവബുദ്ധമായിരുന്നു എന്നു തെളിഞ്ഞിരിക്കുന്നു എന്നും അദ്ദേഹം സമ്മതിക്കുന്നു. തൃപ്തി ഗവണ്മെന്റിന്റേതായിരിക്കാനും പാടില്ല; എന്തെന്നാൽ വിദ്യാഭ്യാസച്ചെലവിന്റെ കാര്യത്തിൽ "ഭയങ്കര" മാണെന്നു മിസ്റ്റർ ജാക്സ്തന്നെ പറഞ്ഞിട്ടുണ്ടല്ലോ, "കണക്കും കൈയ്യുമില്ലാത്ത ഈ ശീലക്കുതിര" (അദ്ദേഹത്തിന്റെ വാക്കുതന്നെയാണ് ഞാൻ ഉദ്ധരിക്കുന്നത്) "ഉടനെ നിറുത്തേണ്ടതാണ്" എന്നും അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. വളരെ ആലോചിച്ചു നമ്മുടെ വിദ്യാഭ്യാസനയം എന്തായിരിക്കണമെന്നു നിർണ്ണയിക്കേണ്ടതാകുന്നു എന്നു അദ്ദേഹം വീണ്ടും പ്രസ്താവിക്കുന്നുണ്ട്.

ആർക്കൈവ്സ് സംരക്ഷണവ്യവസ്ഥയെപ്പറ്റി മിസ്റ്റർ ജാക്സ് അതിന്റെ പ്രവർത്തനരീതിയിൽ മുഖ്യമായ ചില ന്യൂനതകൾ ഉണ്ടെന്നും പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റിനെപ്പറ്റി വളരെ അതൃപ്തിയാണുള്ളതെന്നും ഈ അവസരത്തിലെങ്കിലും സമ്മതിക്കുന്നുണ്ട്. മുൻ ഭരണാധികാരിമാരുടെ കാലത്തു മരണം നടത്തിയതു ഫൈനാൻഷ്യൽസെക്രട്ടറിയുടെ വിവേകവും സൂക്ഷ്മതയും കാര്യക്ഷമതയും ഉള്ള സഹായത്തോടും തിരുവിതാംകൂർ ചരിത്രത്തിൽ പ്രശസ്തമായി സർവ്വസമ്മതമായി നാല്പതുവർഷം നമ്മെ ഭരിച്ചുപോന്ന മഹാരാജാവു തിരുമനസ്സിലെ മേധാധികാരത്തിൻകീഴിലും ആയിരുന്നു. ആ രേഖകളെപ്പറ്റി ഫൈനാൻഷ്യൽസെക്രട്ടറിതന്നെ ഇങ്ങനെ ആക്ഷേപം അസൂയതോന്നാത്ത വിധമുള്ള ഒരു അനുമോദനപ്രസ്താവം (ചിരി) ചെയ്തതു വിധിവിഹിതമെന്നേ പറവാനുള്ളൂ. കോശകാര്യങ്ങളിൽ ചിരപരിചിതനായ പുതിയ ദിവാൻ ഇപ്പോഴത്തെ വ്യവസ്ഥയുടെ വലിയ ന്യൂനതകളെ കണ്ടുപിടിച്ചതുകൊണ്ടു ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെന്റിന്റെ യാഥാസ്ഥിതികത്വം ഗണ്യമാക്കാതെ ഒരു പുതിയ പദ്ധതി ആരംഭിക്കയാണെന്നു ഈ വർഷത്തെ പ്രസംഗത്തിൽനിന്നു ഞാൻ ഗ്രഹിക്കുന്നു.

എക്സ്ചേഞ്ചിൽ ലൈസൻസുഫീസും മദ്യച്ചുങ്കവും വകയിൽ ഏകലക്ഷം രൂപാ കൂടുതൽ ഉണ്ടാകുമെന്നു കാണുന്നതു ചരിത്രത്തിനുഹേയകം അല്ലെന്നു ഞാൻ ആശങ്കിക്കുന്നു. റിബേറേറ് ഡ്യൂട്ടിയിൽ (കിഴിവുവക) കാണുന്ന കൂടുതൽ സ്റ്റാട്ടിസ്റ്റിക്സ് ഗവണ്മെന്റിന്റെ നിതിബോധത്തിൽ നിന്നുണ്ടായതല്ലാതെ തിരുവിതാംകൂർ ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെന്റിന്റെ പരിശ്രമംകൊണ്ടല്ല. കറയിൽവെച്ച കമ്പനിയിലേതിനു കിട്ടാനുള്ള സംഖ്യ കഴിഞ്ഞ രണ്ടുവർഷത്തെ കണക്കിൽ അടിസ്ഥാനമാക്കി ചേർത്തിട്ടുള്ളതാണ്. ഇങ്ങനെ എസ്റ്റിമേറു ചെയ്തതു ശരിയല്ലായിരിക്കാം. എന്നാൽ കറയിൽവെച്ച കമ്പനിയിൽ നിന്നു എസ്റ്റിമേറു കിട്ടിയില്ലെന്നുള്ള മിസ്റ്റർ ജോർജ്ജിന്റെ പ്രസ്താവം നിമിത്തം എനിക്കു സങ്കടവും ലജ്ജയുംതോന്നുന്നു. ഇതുതിരുവിതാംകൂർ ഉദ്യോഗസ്ഥന്മാരുടെ ഉണർച്ചയും കാര്യക്ഷമതയും തിരുവിതാംകൂർ ഗവണ്മെന്റുമായുള്ള ഉടമ്പടിപ്രകാരം ജോലിചെയ്യുന്ന ഒരു സ്വകാര്യകമ്പനിയോടുള്ള ബന്ധം മാന്യതയോടുപോലിച്ചു കൊണ്ടുപോകാൻ അവർക്കുള്ള സാമർത്ഥ്യവും എത്രമാത്രമാണെന്നു ശ്ലാഘിക്കുന്നു.

ചെലവുകഴിച്ചുബാക്കി കണക്കാക്കുന്നതിന് മിസ്റ്റർ ജാക്സ് ഉപയോഗിച്ചിട്ടുള്ളതു ഒരുതരം റീനരീതിയാണ്. പ്രത്യേകചെലവാണുമില്ലെങ്കിൽ പത്തുലക്ഷംരൂപ ബാക്കിവരുമെന്നാണു അദ്ദേഹംപറയുന്നതു. ഇതുകോശസംബന്ധമായ ഒരുപ്രസ്താവമല്ല കയികളുടെ സങ്കല്പമാകുന്നു. മഹാരാജാവു തിരുമനസ്സിലെ യാത്രച്ചെലവിനുനീക്കിവെച്ചിട്ടുള്ള ഒരു ലക്ഷംരൂപ ചെലവാകയില്ലായിരിക്കാം എന്നുപറഞ്ഞിട്ടാവശ്യമില്ലായിരുന്നു. ആ സംഖ്യ ചെലവാകയില്ലെന്ന് മിസ്റ്റർ ജാക്സിനു നിശ്ചയമുണ്ടായിരുന്നെങ്കിൽ അതു നീക്കിവെച്ചിട്ടാവശ്യം ഇല്ലായിരുന്നു.

തിരുവിതാംകൂറിന്റെ ഇപ്പോഴത്തെ ഉന്നതമല്ലാത്ത ധനസ്ഥിതിയും സാമൂഹികസ്ഥിതിയും ആലോചിച്ചാൽ നമ്മുടെ ആയവ്യയകണക്കിൽ മിച്ചംവരുത്തുന്നതു പ്രധാനപ്രകാരം തന്നെ പ്രയോഗത്തിൽ നിർവഹിക്കാൻ പറ്റില്ലാത്തതും ആകുന്നു. ഗവണ്മെന്റിന്റെ സാധാരണചെലവിനു ആവശ്യമുള്ള പണം മാത്രം ചുങ്കത്തിൽനിന്നു വസൂലാക്കാവു, അതിലധികം ചുമത്തരുതെന്നുള്ളതു എല്ലാരാജ്യങ്ങളിലും ധനശാസ്ത്രത്തെ സംബന്ധിച്ചു സ്വീകരിച്ചിട്ടുള്ള ഒരുപ്രമാണം ആകുന്നു. നമ്മുടെമുതലെടുപ്പിൽ ഒരുവലിയഭാഗം വസൂലാക്കുന്നതിനു ക്ഷയിച്ചുകിടക്കുന്ന ഭൂമിഭൂടമസ്ഥന്മാരോടാകുന്നു. എന്നാൽനമ്മുടെ ചെലവിന്റെസ്വഭാവം നോക്കിയാൽ അതിൽ ഒരുവലിയഭാഗം രാജ്യത്തിന്റെ പൈശാചത്തോട്ടു നേരിട്ടോ അല്ലാതെയോ സംബന്ധമില്ലാത്തകാര്യങ്ങൾക്കാണു ചെലവാക്കുന്നതു. കൃഷിസംരക്ഷണപ്രവൃത്തികൾക്കും ഗതാഗതസൗകര്യങ്ങൾക്കും നമുക്കു അധികം പണം വേണം. ഇതിനെപ്പറ്റി ഞങ്ങൾ അനേകവർഷമായി നിവേദനംചെയ്തുകൊണ്ടിരിക്കുന്നു. കൃഷിക്കുവേണ്ടതു സൌകര്യങ്ങൾ ഉണ്ടാക്കിതരണമെന്ന് ഈ സഭയിൽ വാഗ്ദാനംചെയ്ത രണ്ടു പ്രമേയങ്ങൾ ഗവണ്മെന്റുകയവായി സ്വീകരിച്ചു. എങ്കിലും കൃഷിസംരക്ഷണപ്രവൃത്തികൾക്കു അനുവദിച്ചിട്ടുള്ള സംഖ്യ, കഴിഞ്ഞ ഒരുവർഷം തുച്ഛമായും അതിനു മുമ്പുള്ള കണക്കിൽ എസ്റ്റിമേറായും കാണുന്നു. ഇതിനുസമാധാനം പറവാൻ കഴികയില്ല. സ്റ്റാൻഡിംഗ് കോൺഫാൻഷ്യൽ കമ്മിറിയുടെ നടപടികൾ രഹസ്യമായിതന്നെ ഇരിക്കുന്നു. അതു പ്രസിദ്ധംചെയ്തിരുന്നെങ്കിൽ അതുകമ്മിറിയിൽ അനുദ്യോഗസ്ഥമെമ്പർമാർ എന്തെല്ലാമാണു ചെയ്തിരുന്നതെന്നു അറിവാൻ കഴിയുമായിരുന്നു.

ഗവണ്മെന്റിന്റെ നടപടികളിൽ ഒരുസ്ഥിരത കാണണമെന്നാണു ഞങ്ങളുടെ ആശ. ഡിപ്പാർട്ടുമെൻറുമേലധികാരികൾ കൊടുക്കുന്നകണക്കുകളും വാഗ്ദാനങ്ങളും സ്വീകരിച്ചു അനുദ്യോഗസ്ഥാഭിപ്രായം തിരസ്കരിക്കയാണുഗവണ്മെന്റിന്റെ പതിവു. ഡിപ്പാർട്ടുമെൻറുമേധികാരികൾ എത്രതന്നെ ജനാധിപത്യവാഗ്ദാനം ചെയ്താലും എന്തെല്ലാം ആശകൾതന്നാലും അവരെയാണും അന്നവസ്ത്രാദികൾക്കുപകരം ഉപകരിക്കുന്നില്ല. തിരുവിതാംകൂറിനെപ്പോലെയുള്ള ഒരുരാജ്യത്തും ഓരോവ്യക്തികൾക്കും മെച്ചപ്പെട്ടും ഉണ്ടാകുന്നകാര്യങ്ങളെ ഗവണ്മെന്റിന്റെ ആലോചനാവിഷയമാകേണ്ടതു. രാജ്യത്തിന്റെ ക്ഷേമം വർദ്ധിപ്പിക്കാൻ ചുമതലപ്പെട്ടിട്ടുള്ള ഗവണ്മെന്റുഡിപ്പാർട്ടുമെൻറുകൾ ചെയ്യുന്നപരസ്യങ്ങൾകൊണ്ടും ചാരിതാർത്ഥ്യപ്രകടനകൾകൊണ്ടും യാതൊരുഗുണവുംസിദ്ധിക്കയില്ല. ഒരുനയത്തിന്റെ നന്മതിന്മകൾ അതിന്റെഫലംകണ്ടുവേണം. ഡിപ്പാർട്ടുമെൻറുമേലധികാരികൾക്കും മറ്റുദ്യോഗസ്ഥന്മാർക്കും തരപ്പാടുള്ള ശമ്പളവും സ്ഥാനവും സൌകര്യങ്ങളും കൊടുക്കുന്നതിനെപ്പറ്റി ജനങ്ങൾക്കു പരാതി ഇല്ല. എന്നാൽ അവർചെയ്യുന്ന ജോലിയുടെ അളവും ഗുണവും അറിവാൻ അവർക്കു അവകാശമുണ്ടു. സന്ദർഭാനുകൂല്യംകൊണ്ടും ശിപാർശബലംകൊണ്ടും ചിലപ്പോൾ അയോഗ്യരായ ഉദ്യോഗസ്ഥർ ചിലർ ഉന്നതസ്ഥാനങ്ങൾ പ്രാപിക്കാറുണ്ടു. സ്ഥാനംഉന്നതമാകുന്നതോറും തങ്ങളുടെ യഥാർത്ഥയോഗ്യതയ്ക്കനുസരിച്ചു പ്രവർത്തിക്കുവാനുള്ള ഉത്സാഹവും വളർത്തിക്കൊണ്ടുവരണം. എന്നാൽഞങ്ങൾ ഒരുശ്രേഷ്ഠവർഗ്ഗത്തിൽ പെട്ടവരാണെന്നും സാധുക്കൾ നിസ്സഹായരാകുന്നതും ഒരുസാധാരണപൗരന്റെ അപേക്ഷപ്രകാരം തന്റെ ഔദ്യോഗികമായ ഒരുശുപാർശചെയ്തുകൊടുക്കയോ കൊടുക്കാതിരിക്കയോ ചെയ്യുന്നതുതന്റെ ഇഷ്ടാനുസരണം ആകുന്നുംവിചാരിച്ചു പോരുന്നഉദ്യോഗസ്ഥന്മാർ തിരുവിതാംകൂറിൽഉണ്ടു. ഉദാഹരണമായി രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറു എടുക്കാം. തിരുവിതാംകൂറിലെ കടിയാന്മാരുടെപണം ആയിരക്കണക്കിനു വിദേശങ്ങളിൽ അയക്കുന്നതിന്റെ ഗുണം സിദ്ധിച്ചുവരുന്ന ചില ഉദ്യോഗസ്ഥന്മാർ, പുരുഷന്മാരും സ്ത്രീകളും അവിടെഉണ്ടു. അവർമടങ്ങിവന്നു ഉത്തരവാദിത്വമുള്ള ഉദ്യോഗങ്ങളിൽ നിയമിക്കപ്പെടുന്നു. എന്നാൽ അവർ അവരുടെ കുത്തഴിഞ്ഞുള്ള കാരണങ്ങളെല്ലാം മറന്നുതങ്ങളുടെവേലയ്ക്കും ജാഗ്രതയ്ക്കും അനുരൂപമല്ലാത്തവലിയഫീസ് കിട്ടണമെന്നു നിർബന്ധിച്ചുവരുന്നു. അവരിൽചിലർക്കുണ്ടായിട്ടുള്ള കുറിപ്പോട്ടുകളിൽതങ്ങളുടെ അസാധാരണയോഗ്യതകളും അപൂർവ്വപ്രവൃത്തികളും ഘോഷിപ്പാൻ അവകാശമുണ്ടു. ഗവണ്മെന്റു ചിലപ്പോഴും അവർപറയുന്നതെല്ലാം സത്യമാണെന്നു വിശ്വസിച്ചുകാര്യങ്ങൾചെയ്യുന്നു.

ഒരുപേക്ഷിൽ കൂടിക്കുടെ സക്കിട്ടിപോകുന്നുഎന്നുപറയുന്നതായി വിചാരിക്കുക. അല്പമെങ്കിലും പറയുന്നതിന്റെ പരമാർത്ഥം ശോധനചെയ്യാൻ വേണ്ടുന്നവിധം ഗവണ്മെന്റിനോടുചോദിപ്പാൻ ഈ സഭാംഗങ്ങൾക്കു അധികാരം ഇല്ലയോ? ഇപ്രകാരംതന്നെ താണപദവിയിലുള്ള ഒരുസബ് ഇൻസ്പെക്ടർ കണ്ടുപിടിച്ചുകേസുകൾ താൻകണ്ടുപിടിച്ചതാണെന്നു ഒരുഅസിസ്റ്റൻറു എഴുതിക്കൊടുക്കണമെന്നു പറവാൻ കഴിയും അഭ്യസ്തവിദ്യന്മാരുള്ള ഒരുമെഡിക്കൽ ഉദ്യോഗസ്ഥനപണം കരുതിയോ മാർഗംകരുതിയോ വഴിയരുകിലുടെ പോണതിനേക്കാൾ വിലയുള്ള സ്വാധീനം സമ്പാദിക്കാനോ ധനികന്മാരുടെയും ജന്മിസ്വാധീനമുള്ളവരുടേയും സേവയ്ക്കു പോകാനോ സൌകര്യം ഉണ്ടാക്കാൻകഴിയും. എന്നാൽ അസിസ്റ്റൻറു സർജ്ജൻമാർക്കും സബ്ബ് അസിസ്റ്റൻറു സർജ്ജന്മാർക്കും നിശ്ചിതസമയമെല്ലാം ആശുപത്രിയിൽതന്നെ ഇരിക്കാതെ കഴികയില്ല. അവർ ഉദ്യോഗത്തിൽ താഴ്ന്നവരാകയാൽ രോഗികളോടുള്ള സഹതാപം നിമിത്തം ശസ്ത്രക്രിയകളിൽ ഉണ്ടാകുന്ന ഭയവും ചഞ്ചലവും അണ്ടിഞ്ഞു സുഖമെടുക്കാതെകാലംകഴിക്കുന്നു. എന്നാൽ ലോകത്തിലുള്ള പ്രധാനശസ്ത്രക്രിയകളെല്ലാം ചെയ്തിനുള്ള മാനം കിട്ടുന്നതു ആശുപത്രിചാർജ്ജുള്ള ഉദ്യോഗസ്ഥനാണ്.

ഉൾപ്പടചോല്ലങ്ങൾ ഉണ്ടാകുമ്പോൾ സമയത്തും അസമയത്തും ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കാൻ ഗവണ്മെന്റിനുള്ള അധികാരത്തെ പ്രയോഗിക്കയാണെങ്കിൽ പ്രതിനിധിസഭകളും പത്രപ്രസ്താവനകളുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെന്റു അവലംബിക്കേണ്ടതു കക്ഷിയുടെ നിലയല്ല, ന്യായാധിപന്റെ സ്ഥാനമാകുന്നു. തരണം വിജയകരമായിരിക്കണമെങ്കിൽ ഉദ്യോഗസ്ഥന്മാർ കാര്യക്ഷമതയുള്ളവരായിരിക്കണം. ഉദ്യോഗസ്ഥന്മാർ സൃഷ്ടിക്കുന്ന കണക്കുകളെയും വാഗ്ദാനങ്ങളെയുംകാൾ വിശ്വാസ്യം ജനപ്രതിനിധികളുടെ വാക്കാകുന്നു. ഓരോ ഡിപ്പാർട്ടുമെൻറിലെയും വ്യവഹാരങ്ങൾ എന്തായിരുന്നാലും പൊതുനന്മനോക്കിയേടത്തോളം ജയാപജയങ്ങൾ നിർണ്ണയിക്കാൻ. ഗവണ്മെന്റിന്റെ ജോലിനിർവ്വഹണത്തിൽ ശമ്പളം, സ്ഥാനം, ജാതി, സ്ത്രീപുരുഷഭേദം ഇവ ആലോചനാവിഷയമാക്കിയാൽ പൊതുനന്മയ്ക്കു ഹാനിവരുമെന്നുള്ളതു തീർച്ചയാണ്.

ഈ പ്രസംഗത്തിൽ ഒരു നല്ലകാര്യം കാണുന്നുണ്ടു. അതു തെറ്റുകൾ കണ്ടാൽ കഴിവുണ്ടെങ്കിൽ ആ തെറ്റുകൾതീർക്കുക ഇപ്പോഴത്തെ രണ്ടാമതായി കാണുന്നതാണ്. ഇൻക്രിമെൻറു സംരക്ഷണത്തെപ്പറ്റിയുള്ള

ആലോചനയിൽ ഏനിക്കതികമ്മിഷണരെ സഹായിക്കാൻ തങ്ങളിൽനിന്ന ചിലരെ തിരഞ്ഞെടുക്കാൻ ഈ സഭയെ അധികാരപ്പെടുത്തുമെന്ന പ്രൈമാൻഷ്യൽ സെക്രട്ടറി വാശാനം ചെയ്തിരിക്കുന്നു. ആ ഉദ്യോഗസ്ഥന്റെ ഉദ്യോഗപ്പേര ഏനിക്കതിയും ആദായനികുതിയും കമ്മീഷണർ എന്നാണ്. ഉദ്യോഗപ്പേരു മാറ്റാൻ കാരണമെന്തായിരുന്നുവെന്ന് പ്രൈമാൻഷ്യൽ സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ടോ എന്നതു എനിക്കു നിശ്ചയമില്ല. (ചിരി) ഇങ്ങനെയുള്ള പ്രസ്താവനകൾ സാധാരണയായി ചെയ്യുവരുന്നതു മിവാൻപ്രെസിഡെന്റാണ്, അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനല്ല. എങ്കിലും ഗവൺമെന്റിന്റെ ആലോചനാപൂർവമായ തീർച്ചയാണ് മിസ്റ്റർ ജാജ് പറഞ്ഞതിനും ആധാരം എന്നു ഞാൻ വിശ്വസിക്കുന്നു. ഭരണവ്യവസ്ഥയിൽ ഉള്ള ചില ന്യൂനതകൾ നീക്കാൻ മിവാൻ നിശ്ചയിച്ചിരിക്കകൊണ്ടു ഞാൻ അദ്ദേഹത്തെ അനുമോദിച്ചുകൊള്ളുന്നു. ബഡ്ജറിനെപ്പറ്റിയുള്ള പതിവുപ്രതിവാദം അവസാനിക്കുമ്പോൾ ഉദ്യോഗസ്ഥന്മാർ തയ്യാറാക്കിക്കാണുവന്നിട്ടുള്ള അഭിപ്രായങ്ങളെക്കാൾ ശരിയും ഗുണകരവുമായ അഭിപ്രായങ്ങൾ അനുഭവജ്ഞാനമുള്ളവരുടെതാണെന്ന ഗവൺമെന്റിനു ബോദ്ധ്യമാകുമെന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു.

പ്രെസിഡെന്റ്: സഭ ഇപ്പോൾ മദ്ധ്യാഹ്നഭക്ഷണത്തിനായി പിരിയുകയും രണ്ടുമുക്കാൽ മണിക്കു വീണ്ടും കൂടുകയും ചെയ്യും.

സഭ മദ്ധ്യാഹ്നഭക്ഷണത്തിനായി 12 മണിക്കു പിരിഞ്ഞു. 2-30 മണിക്കു വീണ്ടും കൂടി.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, 1910-ലെ ബഡ്ജറിനു മിതമായ ഒന്നാമതെന്നു കാണുന്നതുകൊണ്ടു ഞാൻസന്തോഷിക്കുന്നു. 1910-ലെ റിവൈസ്ഡ് എസ്റ്റിമേറിനോടു ഒത്തുനോക്കിയതിൽ ഓരോ വരവുചെലവിനങ്ങളിലെ കൂടുതലുകളും വളരെ സൂക്ഷ്മതയോടെ കണക്കാക്കിയിട്ടുള്ളതായി കാണുന്നു. വരവുകണക്കു നോക്കിയതിൽ പുതിയതായി വല്ലകരവും ചുമത്താനുള്ള ലക്ഷണമൊന്നുമില്ല. 1911-ലെ റിവൈസ്ഡ് എസ്റ്റിമേറിനെക്കാൾ 1,25,000 രൂപ കൂടുതൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷ. ഈ കൂടുതൽ സാധാരണ അഭിവൃദ്ധിനിമിത്തം ഉണ്ടാകാവുന്നതാണ്. ചെലവിനങ്ങളിലും അപ്രതീക്ഷിത സംഭവങ്ങൾക്കെന്നു പറഞ്ഞു വലിയ സംഖ്യകൾ നീക്കിവച്ചിട്ടില്ല. പുതിയവ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനെന്നുപറഞ്ഞു ഒരു സംഖ്യയും നീക്കിവെച്ചിട്ടില്ലെന്നു കാണുന്നതു പ്രസ്താവയോഗ്യമാണ്. ഇതു സാധാരണപതിവിൽനിന്നു മാറിച്ചാണ്. സാധാരണയായി ഒരു പുതിയ ഭരണം ആരംഭിക്കുമ്പോൾ ബഡ്ജറിൽ ചില പുതിയ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിനെന്നുപറഞ്ഞു വലിയവലിയ സംഖ്യകൾ നീക്കിവെക്കുക പതിവാണ്. ആ പതിവനുസരിച്ചു ഈ ബഡ്ജറിൽ അങ്ങനെ ഒന്നും കാണുന്നില്ല. ഇപ്പോഴത്തെ ഗവൺമെന്റ്, പതിവുവിട്ടു പ്രവർത്തിച്ചുകാണുന്നതിനാൽ, വലിയ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നകാര്യങ്ങളിലും ആലോചനകൂടാതെ ഒന്നും പ്രവർത്തിക്കയില്ലെന്നു സമാധാനപ്പെടാം. ഭരണകർത്താക്കന്മാർ ഗവൺമെന്റിന്റെ ഭരണകാര്യങ്ങളും പുതിയതായി ഭരമേൽക്കുമ്പോൾ ആദ്യമായി ചെയ്യാൻതുടങ്ങുന്നതു എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും പുനസ്സംഘടനമാകുന്നു. തിരുവിതാംകൂറിൽ ഒരു ഡിപ്പാർട്ടുമെന്റിന്റെ പുനസ്സംഘടനമെന്നുപറഞ്ഞാൽ ആ ഡിപ്പാർട്ടുമെന്റിൽ വലിയ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും എണ്ണവും വർദ്ധിപ്പിക്കയാണ്. ചെലവു ചുരുക്കൽ എന്നുപറഞ്ഞാൽ ഉചിതമായ ശമ്പളംവാങ്ങുന്ന കുറെ ഉദ്യോഗസ്ഥന്മാരെയും ശിപായിമാരെയും പിരിച്ചുവിടുകയുമാണ്. ഈ പുനസ്സംഘടനകൾ മുകളിൽ ആരംഭിച്ചു എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും വലിയ ശമ്പളക്കാരുദ്യോഗസ്ഥന്മാർക്കു ശമ്പളക്കൂടുതൽ കൊടുത്തുകഴിയുമ്പോൾ പണമില്ലാതെയായിട്ടോ എല്ലാ ഡിപ്പാർട്ടുമെന്റിലുമുള്ള കുറഞ്ഞ ശമ്പളക്കാരുദ്യോഗസ്ഥന്മാരുടെ എണ്ണങ്ങളെ ഭ്രമിച്ചിട്ടോ ഗവൺമെന്റു കുറഞ്ഞ ശമ്പളക്കാരെയെല്ലാം പെരുവഴിയിൽതന്നെ വിട്ടേക്കാൻ നിർബന്ധിതരായിത്തീരുന്നു. ഓരോ ഡിപ്പാർട്ടുമെന്റും ഗവൺമെന്റുതന്നെയും മുകളിൽ ഓരംചേർന്നിരിയ്ക്കുന്നതാകുന്നതുള്ള പരാതിക്കു ഇതാകുന്നു കാരണം. ഓരോ ഡിപ്പാർട്ടുമെന്റും കീഴിൽനിന്നു പരിഷ്കരിച്ചാൽ മാത്രമേ കാര്യങ്ങൾ ശരിയാകയുള്ളൂ. കുറഞ്ഞ ശമ്പളക്കാരായ ഗവൺമെന്റുദ്യോഗസ്ഥന്മാർക്കു അടിക്കടി മുട്ടിപ്പോകാതവണ്ണമുള്ള ശമ്പളമെങ്കിലുംകൊടുത്തുവേണം നാം ആരംഭിക്കുന്നതു്. പൊലിസ്സ് കാൺസ്റ്റബിൾ, എക്സൈസ് ശിപായി, ഓരോ ഡിപ്പാർട്ടുമെന്റിലേയും ശിപായിമാർ ഇവർക്കുവേണ്ടം പട്ടിണികിടക്കാതവണ്ണം ശമ്പളം കൂട്ടികൊടുക്കാൻ, ഒരാൾക്കു മാസം 8 രൂപ ശമ്പളമെങ്കിലുണ്ടു് തനേറയും തന്റെ കുടുംബത്തിനേറയും ഉപജീവനം കഴിപ്പാൻ സാധിക്കയില്ല. ജീവസന്ധാരണത്തിനാവശ്യമുള്ള ശമ്പളമെങ്കിലുംകൊടുക്കാതെ പൊലീസ്സ് കാൺസ്റ്റബിളും എക്സൈസ്സ് ശിപായിയും കൈക്കൂലിക്കാരാണെന്നു പറയുന്നതിനു അർത്ഥമില്ല. ഗവൺമെന്റു അവരോടു നീതിയായി പ്രവർത്തിക്കാതെയിരുന്നാൽ അവർക്കു പേരാതെയുള്ളതായ എങ്ങനെയെങ്കിലും സമ്പാദിക്കാൻ നോക്കും, അതിനു ജനങ്ങളെ കൊള്ളചെയ്യുകയാണ് എളുപ്പവഴി. ഇനി ഒരുതരം ഗവൺമെന്റുദ്യോഗസ്ഥന്മാരുണ്ട്. ഒരു പട്ടാളം തന്നെന്നു; അവരുടെ പേരു മലയാളംസ്കൂൾ അദ്ധ്യാപകന്മാരെന്നാണ്. അവർ വിദ്യാഭ്യാസമുള്ളവരും രാജ്യത്തിലെ ഭാവിപൌരന്മാരുടെ സൃക്ഷിപ്പുകാരുമാണ്. നമ്മുടെ യുവാക്കന്മാർക്ക് വിദ്യാഭ്യാസംകൊടുപ്പാടെ ഉത്തമപൌരന്മാർക്കു വേണ്ടുന്ന സൽഗുണങ്ങളെല്ലാം ഉണ്ടാക്കികൊടുക്കയാണു അവരെ ഭരമേല്പിച്ചിട്ടുള്ളതു്. നമ്മുടെ യുവാക്കന്മാർക്കു മാതൃകയായിരിക്കത്തക്കവണ്ണം അവർ മാനസംമര്യാദയായി നടക്കണം. എങ്കിലും അവർക്കു കൊടുക്കുന്നശമ്പളം ഉപജീവനത്തിനു മതിയാകയില്ല. എനിക്കു കിട്ടീട്ടുള്ള അറിവു ശരിയാണെങ്കിൽ ഒരു ഗ്രാൻറ്സ്കൂളിലെ അദ്ധ്യാപകന്റെ ശമ്പളം 15 രൂപായും സ്കൂൾ പ്രാഥമിക സ്കൂളിലെ അദ്ധ്യാപകന്റെ ശമ്പളം 8 രൂ രൂപയും ആകുന്നു. നാട്ടുകാരുടെ മുഖപരീക്ഷണജയിച്ചു അദ്ധ്യാപകനുവേണ്ട യോഗ്യതസമ്പാദിച്ച ഒരുവൻ ശമ്പളക്കൂടുതൽ കിട്ടുമെന്നുള്ള ആശപോലുംഇല്ലാതെ 15-ഉം 8 രൂപാ ശമ്പളത്തിൽകിടന്നു നരയ്ക്കണം ഇതു മഹാ സങ്കടംതന്നെയാണ്, അവർക്കു വല്ല ആശ്വാസവും കൊടുക്കേണ്ടതാണ്എന്നു ഞാൻ വിചാരിക്കുന്നു. ഏതെങ്കിലും ഡിപ്പാർട്ടുമെണ്ടിന്റെ പുനസ്സംഘടനത്തിനു മുറപ്പെടുന്നതിനുമുമ്പായി ഗവൺമെന്റു ചെയ്യേണ്ടതു എല്ലാ ഡിപ്പാർട്ടുമെന്റുകളിലും 10 രൂപായും അതിൽകുറച്ചുശമ്പളമുള്ള എല്ലാ ഉദ്യോഗസ്ഥന്മാരുടേയും ശമ്പളം കൂട്ടികൊടുക്കയാകുന്നു എന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഇതൊരു വലിയസംഗതിയാണ്. ഗവൺമെന്റിനു അനേകലക്ഷംരൂപാ ചെലവുംഉണ്ടാകും, എങ്ങനെയായാലും അതു ചെയ്യാതെ നിവൃത്തിയില്ല. അവശ്യംവന്നാൽ അതിനായി ഗവൺമെന്റിന്റെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ഉള്ളവലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളംകുറയ്ക്കാൻ ഗവൺമെന്റു തയ്യാറായിരിക്കണം.

സാമ്പത്തീസ് കമ്മിറ്റിയുടേയും എഫിഷൻസി ആഡിറ്റ് ആഫീസരുടേയും റിപ്പോർട്ടുകൾ അനുസരിച്ച് ഡിപ്പാർട്ടുമെൻറുകൾ പുനസ്സംഘടനചെയ്യുക ഈയിടെയാണ്. എന്നാൽ അനുഭവത്തിൽതന്നെ ഓരോഡിപ്പാർട്ടുമെൻറുമേലധികാരികൾ തങ്ങൾക്കുകീഴിലെയും തങ്ങളുടെ വലിയ ശമ്പളക്കാരായ കീഴ്ദ്യോഗസ്ഥന്മാരുടെയൊക്കെയും ശമ്പളം കൂട്ടികൊടുക്കാനൊ വലിയശമ്പളത്തിൽ പുതുതായി ആളെ നിയമിച്ചുകിട്ടണമെന്നൊ അപേക്ഷിച്ചുവരുന്നതായികാണുന്നു. സ്വല്പശമ്പളക്കാരായ ഗവൺമെൻറുദ്യോഗസ്ഥന്മാരുടെസ്ഥിതി നന്നാക്കുന്നതുവരെ അങ്ങനെയുള്ള അപേക്ഷകൾ കഴിവുള്ളിടത്തോളം ഉപേക്ഷിക്കേണ്ടതാകുന്നു.

ലൈസൻസുഫീസ്വകയായും കള്ളും ചാരായവും ചുങ്കവുംവകയായും കൂടുതൽസംഖ്യ പ്രതീക്ഷിക്കുന്നതായി ബഡ്ജറ്റുകൊണ്ടു കാണുന്നു. ഈ ആദായമാർഗ്ഗം ജനങ്ങളുടെ ദുർമ്മാർഗ്ഗത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടും ഗവൺമെൻറിനും ജനപ്രതിനിധികൾക്കും ഒരുപോലെ അനിഷ്ടമായിട്ടുള്ളതുമാകുന്നു. ഗവൺമെൻറിൻെറ ഇപ്പോഴത്തെ നയത്തെപ്പറ്റി പൊതുജനങ്ങൾക്കു തൃപ്തിയില്ല. ഈയിടെവരവിൽ ഗണ്യമായ കുറവുകാണിക്കുന്നതുകൊണ്ട് രാജ്യത്തിൽ മദ്യപാനം കുറയ്ക്കുവാൻ ഗവൺമെൻറു ആഗ്രഹിക്കുന്നുഎന്നു പറയുന്നതു ഉത്സാഹവിശ്വാസമായി പറയുന്നതാണെന്നു വിശ്വസിപ്പാൻ തരമില്ല. അങ്ങുമിങ്ങും ചില ഷാപ്പുകൾനിരുത്തൽചെയ്യുകയോ അവയെ ഒരിടത്തുനിന്നു മറെറാരിടത്തു മാറിയുമുകൊണ്ടോ മദ്യപാനം കുറയ്ക്കുന്നതിനുള്ള ഗവൺമെൻറിനുള്ള ഉത്സാഹമൊന്നും കുറയുന്നതല്ല. ഗവൺമെൻറു താമസംകൂടാതെ എക്സൈസ്കമ്മിറ്റിയുടെ റിപ്പോർട്ടു ആലോചനക്കെടുത്തു അടുത്ത ഓഗസ്റ്റിയിൽതന്നെമദ്യപാനം ഈ നാട്ടിൽ കഴിയുന്നു നിരോധിക്കുന്നതിനുവേണ്ടി സ്വദേശമദ്യങ്ങളുടേയും വിദേശമദ്യങ്ങളുടേയും, കള്ളു, കറുപ്പു, കഞ്ചാവു ഇവയുടേയും ചെലവു ആണ്ടോടാണ്ടുകുറഞ്ഞുകുറഞ്ഞുവരുവാൻ തക്കവഴിഏർപ്പെടുത്തുക ഒരു കല്പന പുറപ്പെടുവിക്കുമെന്നു വിശ്വസിക്കുന്നു.

ഉപ്പുവ്യവസായം ഗവൺമെൻറിൻെറ മുതലെടുപ്പിൽ ഒരു പ്രധാന ആദായമാർഗ്ഗം ആകുന്നു. എന്നാൽഈ വ്യവസായത്തിൽ തന്നോടുപ്പിൽനിന്നുള്ള യഥാർത്ഥവരവു ഫാമൻ-ലു, ഫാമാം-ലും എസ്റ്റിമെറുചെയ്തിരുന്നതുകൊണ്ടു കുറവാണെന്നുകാണുന്നു. ഈ വ്യവസായത്തിനു ഗവൺമെൻറിൽനിന്നു കിട്ടുന്നതായ പ്രോത്സാഹനം കിട്ടുന്നില്ലെന്നുള്ളതിനു സംശയമില്ല. ഇപ്പോഴും രണ്ടുതരം അളങ്ങളുണ്ടു. പഴയതും പുതിയതും; പഴയ അളങ്ങൾ തൊഴിലാളികൾ, കൂട്ടുകച്ചവടക്കാർ, രാജാക്കന്മാർമുതലായി ഇങ്ങനെ മുന്നാണെള്ളതു. ഈ പഴയ അളങ്ങൾ മദ്രാസ്ലാൻഡ്സർവ്വേ ഉള്ളതായി റിക്കാർട്ടു പരിശോധിച്ചതിൽ കാണുന്നു. അന്നു അവയുടെ ഉടമസ്ഥന്മാർക്കു ഒന്നാംതരം മഹാരാജാവു നീട്ടികൊടുത്തതായി കാണുന്നു. ആ നീട്ടിൽ അവിടെവിളയുന്ന ഉപ്പിൽ ൪൦ ശതമാനം ഉടമസ്ഥന്മാർ എടുത്തുകൊള്ളുന്നതിനും ൬൦ ശതമാനം രാജഭോഗമായി ഗവൺമെൻറിലേക്കു എടുക്കുന്നതിനും വ്യവസ്ഥചെയ്തിരുന്നു. അതിൽപിന്നീടു ഉപ്പിൻെറവില മന്നിനു ൭ ക്ലിചക്രംവിലനിശ്ചയിച്ചു. ഉണ്ടാകുന്ന ഉപ്പുമുഴുവനും ഗവൺമെൻറിലെക്കു എടുക്കയും ഉടമസ്ഥന്മാർക്കു ൭ ക്ലി ചക്രത്തിൻെറ ൪൦ ശതമാനമായ൩ ചക്രം മന്നിനു വീതം കൊടുത്തുവരികയുംചെയ്തു. അതിൽപിന്നെ കാലം കുറെകഴിഞ്ഞു, ഉപ്പുവ്യവസായം പരിപ്പിച്ചുവർദ്ധിപ്പിക്കുന്നതിൻെറ അധികാരത്തിൽക്കൂടെ കടന്നുപോയി, ഉപ്പിനു നികുതിചുമത്തി, വേലക്കാരുടെ സ്ഥിതിയും കൂലിയും പലയിടമാറങ്ങളും ഉണ്ടായി എന്നാലും മി. കൃഷ്ണൻനായരുടെകാലംവരെ കഴിവാരം അതേനിലയിൽതന്നെനിന്നു. എന്നാൽ മി. കൃഷ്ണൻനായർ രാജ്യത്തിൽ ഈ വ്യവസായംആരംഭിച്ചുവരുടെകസ്ഥിതി ഗ്രഹിച്ചിട്ടു കഴിവാരം മന്നൊന്നിനു രണ്ടുരൂപയാക്കണമെങ്കിൽ ൫ ക്ലി ചക്രമായി വർദ്ധിപ്പിച്ചും ഈ ആനുകൂല്യം ഏറെറവും മതിയാകാത്ത ഒരു പ്രതിഫലമായിട്ടാണു ഉടമസ്ഥന്മാർ അന്നതന്നെ വിചാരിച്ചിട്ടുള്ളതു. ഈ അളങ്ങളും മറെറ സ്ഥാവരവസ്തുക്കളെപോലെ കൈമാറാചെയ്തുപോയിട്ടുണ്ടു. ഇപ്പോഴത്തെ ഉടമസ്ഥന്മാർ ഈ അളങ്ങൾ ഒരു സെൻറുവിസ്തീർണ്ണമുള്ള പടന ഒന്നുക്കു ൧൦ മുതൽ ൭൫ രൂപാവരെ വിലകൊടുത്തുവാങ്ങിയവരോ അവരുടെ സന്താനമൊ ആകുന്നു. ഞാനും ചില പടനകൾ വാങ്ങിട്ടുണ്ടു. എൻെറവശം തെളിയിക്കാനും ഇപ്പോഴത്തെ ഉടമസ്ഥന്മാർ അളങ്ങൾ കയ്യൊഴിക്കുവാൻ മുതൽ ഇറക്കിട്ടുള്ളവരാണെന്നു തെളിയിക്കാനും ആധാരങ്ങൾ ഹാജരാക്കാൻ എനിക്കു കഴിയും. അവരവരുടെ അളങ്ങളിന്മേൽ അവക്കു ഉടമസ്ഥാവകാശം ഉണ്ടെന്നും ഓർക്കേണ്ടതാണു. പുതിയഅളങ്ങൾ എട്ടുണ്ടു. വാരിയൂർഉള്ള ഒരുന്നാഴികെ ശേഷമെല്ലാം താമരക്കുളത്താണു. ഇവയൊരോന്നും ക വു ൟശേഷം ഗവൺമെൻറുമായി പലതരം ഉടമ്പടികൾചെയ്തു ഗവൺമെൻറുവക സ്ഥലങ്ങൾ ഓരോരുത്തർ ഏറെറവാങ്ങി ഉണ്ടാക്കിട്ടുള്ളവയാണു. അവക്കു ഉടമസ്ഥാവകാശംഇല്ല. ഗവൺമെൻറുസ്ഥലങ്ങളിൽ ഉപ്പുണ്ടാക്കാൻ മാരോ ടീഷ്കാലത്തെ കൺട്രാക്ടു അവകാശമെ അവക്കുള്ളു. ഓരോന്നിനും വ്യവസ്ഥകൾ വേറെവേറെയാണു. ഒരു അളക്കാരനു മന്നിനു മൂന്നര അണവീതം ഗവൺമെൻറിൽനിന്നു കിട്ടുന്നു. അവർ ഉണ്ടാക്കുന്ന് ഉപ്പെല്ലാം ഗവൺമെൻറിൽ ഏൽപ്പിക്കേണ്ടതാകുന്നു. ശേഷം പുതിയ അളങ്ങളിലെ ഉപ്പിൽ ഒരു നിശ്ചിതമുകമന്നിനു രണ്ടര മുതൽ ന. അണവരെ കഴിവാരത്തിന്മേൽ ഗവൺമെൻറിൽ ഏൽപ്പിക്കേണ്ടതും അധികം ഉണ്ടാകുന്ന ഉപ്പു ലൈസൻസുകാർതന്നെ, നികുതികൊടുത്തശേഷം, അന്നന്നുള്ളവിലയ്ക്കു ആർക്കെങ്കിലും വിറുകൊള്ളുന്നതുമാകുന്നു. ഈ സംഗതിയിൽ പുതിയ ലൈസൻസുകാർക്കു മന്നിനു ൫ അണവീതം ലാഭംകിട്ടുന്നു അവർ ഉണ്ടാക്കുന്നതിൽ ൫൦ ശതമാനം ഉപ്പു അവർ ഇങ്ങനെ വിറെറാണ് ചെലവാക്കുന്നതും ഇങ്ങനെ ഏഴു അളങ്ങളുടെ പുതിയ ലൈസൻസുകാർക്കു അവർ ഉണ്ടാക്കുന്ന ഉപ്പിനു ൫ അണമുതൽ ൭ അണവരെ മന്നാന്നിനു ശരാശരി ലാഭംകിട്ടുന്നു. പഴയ ലൈസൻസുകാർക്കു കിട്ടുന്ന രണ്ടര അണ കൂടിവാരവും പുതിയ ലൈസൻസുകാർക്കു കിട്ടുന്ന ൫ അണ ലാഭവും തമ്മിൽ ഒരു സാമ്യവും ഇല്ല. ഇങ്ങിനെയിരിക്കെയും ഗവൺമെൻറു ഏറെറവാങ്ങാതെ പഴയ അളങ്ങളിലെ ഉപ്പു രണ്ടും മൂന്നും വർഷത്തേക്കു കൂടിക്കിടക്കുവാൻ അനുവദിക്കുന്നതിനാൽ ഈ കാലം മുഴുവനും കൂടിവാരത്തിനുവേണ്ടി ലൈസൻസുകാർ കാത്തിരിക്കേണ്ടിവരുന്നു. പഴയ ലൈസൻസുകാർക്കു അവർമുടക്കിയ മുതലിനു അറുപതുമാനംപോലും ലാഭംകിട്ടുന്നില്ല. പുതിയ അളങ്ങൾ ഉണ്ടാക്കുന്നതിനു പുതിയ ലൈസൻസുകാർ അനവധിമുതൽ മുടക്കിയിട്ടുണ്ടെന്നു എക്സൈസ്കമ്മീഷണർ പറയുന്നതു കേട്ടിട്ടുണ്ടു. എന്നാൽ എൻെറ അറിവു ഒരു സെൻറുള്ള പടന ഒരോന്നിനും അവർ ൨൦ മുതൽ ൫൦ രൂപാ വരെ മാത്രമേ ചെലവാക്കിട്ടുള്ളു എന്നാണു പഴയ ലൈസൻസുകാരും അവരുടെ അളങ്ങൾക്കു കൊടുത്തിട്ടുള്ളതിൽ ഇതു എത്രയോ കുറവാണു. പുതിയ ലൈസൻസികൾ ഇറക്കിട്ടുള്ള മുതൽ ഇതുവരെ അവക്കു കിട്ടീട്ടില്ലെന്നു ഏതോ ഒരു അധികാരസ്ഥൻ പറയുന്നതും ഞാൻ കേട്ടിട്ടുണ്ടു. എന്നാൽ പണംമുടക്കിയതിനു ലാഭംകിട്ടുന്നുണ്ടു എന്നുള്ള വ്യവഹാരത്തിനു മുമ്പായി ഇറ

ക്കിയതുൽതന്നെ തിരിയെ കിട്ടണമെന്ന വല്ലവരും വല്ല വ്യവസ്ഥസംബന്ധിച്ചും ആശിക്കുന്നതായി ഞാൻ കേട്ടിട്ടില്ല. പഴയ ലൈസൻസുകാരുടെ പുതിയ ലൈസൻസുകാരോട് വഴക്കുണ്ടാനുമില്ല. അവർക്ക് അവകാശമുള്ളതേ അവർക്കുകിട്ടുന്നുള്ളുവല്ലോ. പുതിയ ലൈസൻസുകാരുടെ ഇടയിൽ പഴയലൈസൻസുകാർക്ക് കുഴപ്പംകഴിച്ചുപോകാൻ പ്രയാസമാണ്. അവർക്ക് പുതിയലൈസൻസുകാരെപ്പോലെ കൂലിക്കാർക്ക് കൂലികൊടുക്കാൻ കഴികയില്ല. ഇപ്പോഴത്തെ സ്ഥിതിതന്നെ നീണ്ടുനിന്നാൽ പഴയ അളങ്ങൾ നശിച്ചുപോകയേയുള്ളു, ഇക്കാര്യം ഗവണ്മെൻറ് ഉടൻതന്നെ ആലോചനവിഷയമാക്കി പഴയ ലൈസൻസുകാരുടെ സ്ഥിതി പുതിയ ലൈസൻസുകാരുടെ സ്ഥിതിക്ക സമമാക്കേണ്ടതു അത്യാവശ്യമാകുന്നു. ഈ സംസ്ഥാനത്തു ഉപ്പുവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനു ഗവണ്മെൻറ് ഒന്നാമതായി ചെയ്യേണ്ടതു ഇതാകുന്നു.

ഉടനെതന്നെ ആലോചനയ്ക്കെടുക്കേണ്ടുന്ന വേറൊരു കാര്യം താമരക്കുളത്തുള്ള എല്ലാ അളങ്ങളിലും നല്ലയുപ്പുവെള്ളം കയറുന്ന സംഗതിയാകുന്നു. പുതിയ അളങ്ങൾ ഉണ്ടാക്കുന്നതിനായി മണക്കുടിക്കായലിൻറെ അധികഭാഗവും എടുത്തുപോയിരിക്കുന്നു. ശേഷിപ്പുള്ള വെള്ളമാണ് താമരക്കുളത്തെ അളങ്ങൾക്കു കിട്ടുന്നതു. കൊതയാർ അണതീർന്നതുകൊണ്ടും പുതിയഅളങ്ങൾക്കു സ്ഥലംഎടുത്തുപോകുകൊണ്ടും മണക്കുടിക്കായലിൻറെ ഈ ഭാഗത്തെവെള്ളം ആണ്ടുതോറും ശ്രദ്ധയമായിതീരുന്നു. ഇങ്ങനെ വന്നിട്ട ഇപ്പോൾ ഉപ്പുണ്ടാക്കുന്നതു ശ്രദ്ധയത്തിൽനിന്നാണെന്നു തോന്നും. നല്ലഉപ്പുതയള്ളം ലഭിക്കാൻ വല്ലതും ചെയ്തില്ലെങ്കിൽ വിളയുന്നഉപ്പു കുറഞ്ഞു കുറഞ്ഞു ഇവിടത്തെ പ്രോത്സാഹിപ്പിക്കണമെന്നു പറയുന്ന ഉപ്പുവ്യവസായം സ്വപ്നമയമായിതീരും. ഈ അളങ്ങളെല്ലാം സമുദ്രത്തോടടുത്താണ് സ്ഥിതിചെയ്യുന്നതു് കായലിൻറെ ഒരു ഭാഗത്തു തക്കതായ ഒരു കുളം ഉണ്ടാക്കി അതിൽ സമുദ്രത്തിൽ നിന്നു ഉപ്പുവെള്ളം കയറ്റി നിറയ്ക്കയാണ് നല്ല ഉപ്പുവെള്ളം കിട്ടാൻ വഴികാണുകയെന്നതാണു. ഇതിനു ഗവണ്മെൻറിലേക്കുണ്ടാകുന്ന പ്രാരംഭച്ചെലവു ഒരു ലക്ഷം രൂപയ്ക്കും രണ്ടു ലക്ഷം രൂപയ്ക്കും മദ്ധ്യേ ഒരു സംഖ്യ വരുന്നേക്കാം. എന്നാൽ ഉപ്പു അധികം വിളഞ്ഞിട്ട ഈ മുതൽ പലമടങ്ങു ലാഭമുണ്ടാക്കിത്തിരിച്ചുകിട്ടും. എല്ലാ ഉപ്പുലൈസൻസികളുടെയുംസ്ഥിതി സമമാക്കുന്നതിനും, ഇപ്പോഴത്തെ അളങ്ങളിൽ നല്ല ഉപ്പുവെള്ളം ലഭിക്കാൻ മാർഗ്ഗംകണ്ടുപിടിക്കുന്നതിനും ഈ രാജ്യത്തെ ചെലവിനു വേണ്ടുന്ന ഉപ്പുമുഴുവനും ഇവിടെത്തന്നെ ഉണ്ടാക്കത്തക്കവണ്ണം ഇവിടത്തെ ഉപ്പുവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തെപ്പറ്റി ആലോചിക്കുന്നതിനും ഒരു കമ്മിറ്റി ഏർപ്പെടുത്തേണ്ടതാണെന്നുള്ള അവസാനമായി ബോധിപ്പിച്ചുകൊള്ളുന്നു.

ഇനി നമ്മുടെ വിദ്യാഭ്യാസച്ചെലവിനെപ്പറ്റിയും നമ്മുടെ വിദ്യാലയങ്ങളിൽ നൽകുന്ന വിദ്യാഭ്യാസ രീതിയെപ്പറ്റിയും അല്പംകീർഘമായി സംസാരിപ്പാനുണ്ടു്. നമ്മുടെ വിദ്യാഭ്യാസംവകച്ചെലവു നമ്മുടെ മുതലെടുപ്പിൻറെ വർദ്ധനയ്ക്കു കേവലം അനുരൂപമല്ലാതെവണ്ണം ഏറ്റവും അധികമധികം ആക്കുകയാണ് ചെയ്യുന്നതു. വിദ്യാഭ്യാസച്ചെലവു, കഴിഞ്ഞ പതിനഞ്ചുവർഷംകൊണ്ടു ൧൦൦ ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു ഡൈനാൻഷ്യൽസെക്രട്ടറി ഈമേഹത്തിൻറെ ബഡ്ജറ്റു പ്രസംഗത്തിൽ പ്രസ്താവിച്ചുവല്ലോ. ൧൯൦൦-ലെ അതുവരെച്ചിട്ടുള്ള സംഖ്യ നോക്കുമ്പോൾ ൧൯൦൦ രൂപാ അല്ലെങ്കിൽ പ്രതീക്ഷിച്ചിട്ടുള്ള ആകെ മുതലെടുപ്പിൻറെ ൧൯ ശതമാനം ആകുന്നു. ഈ അനുവദിച്ചസംഖ്യയിൽ ചെലവു അധികപ്പെട്ടുപോകയില്ലെന്നോ നാം പ്രതീക്ഷിച്ചിരിക്കുന്ന മുതലെടുപ്പു കുറഞ്ഞുപോകയില്ലെന്നോ ഇപ്പോൾ തീർച്ചപ്പെടുത്തുവാൻ സാധിക്കയില്ല. പ്രത്യേകതരംവിദ്യാഭ്യാസം നൽകുന്ന കൃഷിവ്യവസായം, ആയുർവേദം, സർവ്വേഡിപ്പാർട്ടുമെൻറുകളും വിദ്യാഭ്യാസ സംബന്ധമുള്ള തിരുവനന്തപുരം പബ്ലിക്കുലൈബ്രറി, പ്രാചീനസാഹിത്യസംരക്ഷണം ഇവയും സംബന്ധിച്ചും അധികം ചെലവുണ്ടു. ഇതിനുംപുറമെ പള്ളിക്കൂടങ്ങളും ഹോസ്റ്റലുകളും വകയായി രാജാമുതൽ ഡിപ്പാർട്ടുമെൻറും ആണ്ടുതോറും ഒരുഭീകസംഖ്യ വ്യയംചെയ്യുന്നുണ്ടു്. ഇങ്ങനെ ൧൯൦൦-ലെ വിദ്യാഭ്യാസം വക ചെലവു ആകെമുതലെടുപ്പിൻറെ ൨൨-൦൦ ശതമാനത്തിനുമധ്യേ ആയിരിക്കുമെന്നു സങ്കല്പിച്ചാൽ തെറ്റിപ്പോകയില്ല. കരംകൊടുക്കുന്നവരാണ് ഈ ചെലവു മുഴുവനുംവഹിക്കേണ്ടതു. അവരുടെദൃഷ്ടിഗതത്തിൽനിന്നുനോക്കിയാൽ ഇപ്പോഴത്തെവിദ്യാഭ്യാസച്ചെലവു രാജ്യത്തിനുവഹിക്കാൻ കഴിയാത്ത ഒരുഭാരമാണെന്നുപറയേണ്ടിയിരിക്കുന്നു. ചെലവുകൾ കുറച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള വരവു വർദ്ധിപ്പിച്ചും ഇപ്പോഴത്തെ വിദ്യാഭ്യാസരീതി ഭേദപ്പെടുത്തിയും ചെലവു കുറയ്ക്കാൻ മാർഗ്ഗം കണ്ടുപിടിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

മഹാരാജാവു തിരുമനസ്സിലെ എല്ലാ പ്രജകൾക്കും അവർക്ക ചെലവില്ലാതെ പ്രാഥമിക വിദ്യാഭ്യാസം നൽകേണ്ടുള്ള ഗവണ്മെൻറിൻറെ ധർമ്മമാണെന്നുള്ളകാര്യം ആരും വിസംവദിക്കയില്ല. ഇപ്പോഴത്തെക്കാൾ അധികം കൂട്ടികൊണ്ടുള്ള പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനു നിർബന്ധ പ്രാഥമിക വിദ്യാഭ്യാസം ഉൾപ്പടെ ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിനു ചെലവു അധികമായാലും ആരും വിരോധംഉണ്ടായിരിയില്ല. ഗവണ്മെൻറിൻറെ നോട്ടത്തിൽ ഒരു വലിയഭാഗം നല്ല ഗ്രാൻറുകൊടുത്തു സ്വകാര്യ ആളുകളേയും സംഘങ്ങളേയും ഏൽപ്പിച്ചാൽ ഈ കാര്യം നിർവ്വഹിക്കാവുന്നതാണു. പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതോടൊപ്പം അവരവരുടെ അധികാരപരിധിയ്ക്കുള്ളിൽ മുൻസിപ്പാലിറ്റികളേയും അടുത്ത ഭാവിയിൽ ഉണ്ടാകാൻപോകുന്ന ഗ്രാമപഞ്ചായത്തുകളേയും ഏൽപ്പിക്കാവുന്നതാണു. ഗവണ്മെൻറു സ്ഥാപനങ്ങളും സ്വകാര്യസ്ഥാപനങ്ങളെക്കാളും അധികച്ചെലവുള്ളതായിരുന്നേക്കും. ഇങ്ങനെയിരിക്കെ പ്രൈവറു വിദ്യാലയങ്ങൾക്കു പ്രോത്സാഹനം നൽകുന്നതു ഗവണ്മെൻറിനു ആദായകരമായിരിക്കുമെന്നുള്ളതിനു സംശയമില്ല.

ഈ രാജ്യത്തിലെ തമിഴ്വിദ്യാഭ്യാസത്തെക്കുറിച്ചും അല്പം പറവാനുണ്ടു. തിരുമനസ്സിലെ പ്രജകളിൽ ഒരു ഗണ്യമായഭാഗം തമിഴർ അതായതു തമിഴ് മാതൃഭാഷ ആയിട്ടുള്ളവർ ആകുന്നു. ആകെ ജനസംഖ്യയിൽ മൂന്നിൽ ഒരു ഭാഗം തമിഴരാണു. അവരുടെ സ്വാഭാവികമായ ആഗ്രഹം അവരുടെ മക്കൾക്കു തമിഴിൽ വിദ്യാഭ്യാസം ലഭിക്കണമെന്നും അവരുടെ മാതൃഭാഷയെ പോഷിപ്പിക്കണമെന്നും ആകുന്നു. അവരുടെ ഈ ആഗ്രഹത്തെ എൻറെ സ്നേഹിതന്മാർ അനുമോദിക്കയേയുള്ളുഎന്നു വിശ്വസിക്കുന്നു. കേവലം തമിഴ താലൂക്കുകളായി ഇപ്പോൾ നാലു താലൂക്കുകൾ ഉണ്ടു. തോവാള, അഗസ്തീശ്വരം, ചെങ്കോട്ട, തേവികുളം ചില താലൂക്കുകളിലെ ജനസംഖ്യയിൽ ഭൂരിപക്ഷം തമിഴരാണു. പഴയ ഇരണിയൽ, കൽക്കുളം, വിളവങ്കോട്ട ഇവ ഇങ്ങനെയുള്ള താലൂക്കുകളാണു. ഇതിനുംപുറമെ ഈ രാജ്യത്തിലെ പ്രധാന മുൻസിപ്പാൽ നഗരങ്ങളിൽ അധികം തമിഴരുണ്ടു.

ഇപ്പോൾ ഗ്രേഡ തമിഴ് താലൂക്കുകളിലെ വിദ്യാലയങ്ങളെല്ലാം തമിഴ് വിദ്യാലയങ്ങളാണ്. കൽക്കുളം, വിളവങ്കോട്, (പഴയ) ഇരണിയൽ ഈ താലൂക്കുകളിലും അനേകം തമിഴ് വിദ്യാലയങ്ങളുണ്ട്. ഈ തമിഴ് സ്കൂളുകളെല്ലാം ഇപ്പോൾ നാട്ടുഭാഷാ പുള്ളിക്കൂടം ഇൻസ്പെക്ടരുടെ അധികാരത്തിൻകീഴിലാണ്. ആ ഉദ്യോഗത്തിനു മലയാളത്തിലും തമിഴിലും ഒരുപോലെ കൈവഴക്കമുള്ള ഒരാളെ എപ്പോഴും കിട്ടുകയില്ല. തമിഴുമാത്രം അറിയാവുന്ന ഒരാളെ ആ ഉദ്യോഗത്തിനു നിയമിക്കുന്നതു വൃത്തികേടുമായ ഭാരത്തിൽ ചുമക്കുന്നതുപോലെ ഇരിക്കുമെന്നു എനിക്കറിയാം. പ്രാഥമികവിദ്യാലയങ്ങളും ഉൾപ്പെടെ സംസ്ഥാനത്തിലെ എല്ലാ തമിഴ് വിദ്യാലയങ്ങളുടെയും മേലന്വേഷണത്തിനുപുറമെ തമിഴ് മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും പരിശോധനനടത്തേണ്ടതും ഈ ഉദ്യോഗസ്ഥനാണ്. തമിഴ് അറിയാമെന്നു സങ്കല്പിച്ചിരുന്ന ആളുകൾ ചിലപ്പോൾ ഈ ഉദ്യോഗത്തിൽ ഇരുന്നിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ നാട്ടുഭാഷാ പുള്ളിക്കൂടം ഇൻസ്പെക്ടർക്കു തമിഴ് അറിയാമെന്നുള്ള നാട്യംപോലും ഇല്ലെന്നു എനിക്കു അറിയാം. ഇൻസ്പെക്ടരുടെ ആഫീസിൽ ഇപ്പോൾ കിട്ടുന്ന തമിഴ് എഴുത്തുകളെപ്പറ്റി മനസ്സിലാക്കാറുണ്ടോ എന്നു സംശയമാണ്. അങ്ങനെയാണെങ്കിൽ ആ ഇൻസ്പെക്ടരെയും നിൽക്കുന്തികളേയും കുറെപ്പഠിപ്പിച്ചിട്ടാവശ്യംഇല്ല. ഇനിയും ഇപ്പോൾ തമിഴ്സ്കൂളുകളുടെ മേലന്വേഷണംനടത്തുകയും അവയെ പരിശോധിക്കയും ചെയ്യുന്ന അസിസ്റ്റൻറ് ഇൻസ്പെക്ടർമാർ തമിഴ്ഭാഷാ പരിജ്ഞാനമില്ലാത്തവരാണു. എന്നുമാത്രമല്ല തമിഴ്ഭാഷയുടെ പരിപോഷണത്തിൽ അവർക്കു ജാഗ്രതയുണ്ടായിരിക്കുന്നതും തരമില്ല. ഇപ്പോഴത്തെ മേലന്വേഷണവും ഭരണവും അപൂർണ്ണമാണ്. ഈ നാട്ടിലെ തമിഴ് സ്ഥാപനങ്ങളുടെ ഭരണത്തിനും പരിശോധനയ്ക്കും ഒരു പ്രത്യേക ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാകുന്നു. ഇതുനിമിത്തം സർവ്വകണ്ടൻറ അധികച്ചെലവുവഹിക്കണമെന്നല്ല ഞാൻ പറയുന്നതു. സംസ്ഥാനത്തെ തമിഴ് സ്കൂളുകളും എല്ലാം ഒരു ഇൻസ്പെക്ടരുടേയും രണ്ടു അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടേയും കീഴിൽ ആക്കണം. മുഹമ്മദീയസ്കൂളുകൾക്കു ഒരു ഇൻസ്പെക്ടരെ നിയമിച്ചിട്ടുണ്ടല്ലോ. അതിനെ അനുകരിക്കണമെന്നേ ഞാൻ പറയുന്നുള്ളൂ. തമിഴ്സ്കൂൾ ഇൻസ്പെക്ടരായി നിയമിക്കുന്ന ആൾ ഒരു ഒന്നാംഗ്രേഡ് ഇൻസ്പെക്ടർ ആയിരുന്നാൽ മതിയാകും. അദ്ദേഹം ചീഫ് ഇൻസ്പെക്ടരുടെ കീഴിലും ആയിരിക്കാം. തമിഴ് സ്കൂളുകൾ എല്ലാം ഒരേരീതിയിൽ ആകുന്നതിനു ഇങ്ങനെയൊരു ഭേദഗതി ആവശ്യമാണു. അദ്ദേഹത്തെ സഹായിക്കുന്നതിനു രണ്ടു സ്ഥലത്തു ഹെഡ്ക്വാർട്ടേഴ്സ് ഉള്ള രണ്ടു തമിഴ് അസിസ്റ്റൻറ ഇൻസ്പെക്ടർമാർവേണം. മലയാളം സ്കൂളുകളോടുകൂടെ ഇടകലർന്നു തമിഴ് സ്കൂളുകൾ ഉള്ള കണക്കുകൾ, വിളവങ്കോടും (പഴയ) ഇരണിയലും താലൂക്കുകളിലെ തമിഴ് പ്രാഥമികസ്കൂളുകൾ എല്ലാം ഒരു തമിഴ് അസിസ്റ്റൻറ ഇൻസ്പെക്ടരുടെകീഴിൽ ആക്കാം. ഇങ്ങനെ ചെയ്യുമ്പോൾ ഈ താലൂക്കുകളിലെ ഇപ്പോഴത്തെ അധികാരാതിർത്തി ഭേദപ്പെടുത്തേണ്ടിവരും. അങ്ങനെചെയ്യുമ്പോൾ അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെ എണ്ണത്തിൽ ഒരാളെ കുറച്ചു അയാളെ തമിഴ്സ്കൂൾ ഇൻസ്പെക്ടരായി നിയമിക്കാൻ കഴിയും. തമിഴ് അസിസ്റ്റൻറ ഇൻസ്പെക്ടർമാരെയും നാട്ടുഭാഷാസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരെ തിരഞ്ഞെടുത്തു ഒരു ട്രെയിനിങ്ങ് ശമ്പളത്തിൽ നിയമിച്ചാൽ മതിയാകും. ഈ അഭിപ്രായങ്ങളെല്ലാം തമിഴ്സ്ഥാപനങ്ങളുടെ ഗുണത്തിനുവേണ്ടിയാണു. എന്നാൽ അതുനിമിത്തം ഗവർണ്മെൻറിനു അധികച്ചെലവുണ്ടാകരുതെന്നും ഞാൻ കൂട്ടിച്ചേർത്തിട്ടുണ്ട്. ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം മലയാളംമാത്രം അറിയാവുന്ന അസിസ്റ്റൻറ ഇൻസ്പെക്ടർമാർ തമിഴ് പ്രാഥമികസ്കൂളുകൾ പരിശോധനകഴിക്കുന്നു. യോഗ്യതയുള്ള ഇൻസ്പെക്ടർ തമിഴ് മിഡിൽസ്കൂളുകളും ഹൈസ്കൂളുകളും പരിശോധിക്കയും ഭരിക്കയും തമിഴ് പരിചയമില്ലാത്ത അദ്ധ്യാപകന്മാർ തമിഴ്സ്കൂളുകളിൽ പഠിപ്പിച്ചുവരികയും ചെയ്യുന്നു. ഈ വ്യവസ്ഥ മാറ്റപ്പെടത്തക്കതാണു.

മി. എസ്. പിറവിത്തപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തൂത്തുക്കുടി): സർ, മിസ്റ്റർ ഹാഡ്ലിന്റെ ഗുണഭോഗദർശകത്വം എനിക്കില്ല. അതുനല്ലതാണെന്നു വിചാരിച്ചുമില്ല എന്റെ അഭിപ്രായം അങ്ങനെയാണു. ബഡ്ജറ്റുകൊണ്ടുകാണുന്ന അഭിവൃദ്ധി യഥാർത്ഥസംഭവമോ താൽക്കാലികമോആണെന്നില്ല, നമ്മുടെ കോശസ്ഥിതി എപ്പോഴും നല്ലസ്ഥിതിയിലിരിക്കും എന്നതിന്റെ ലക്ഷണമാകുന്നു എന്നു ഗ്രഹിക്കാൻ എനിക്കു കഴിയുന്നില്ലഎന്നു ഞാൻ ഏറെപ്പറഞ്ഞുകൊള്ളുന്നു. മേഘംഗർജ്ജിച്ചു മഴയിടുകാണുന്നുണ്ടായിരിക്കാം എന്നാൽ മഴയിൽ നിശ്ചയമായും ഒരു ലക്ഷണവും കാണുന്നില്ല. ധനശാസ്ത്രനിയമപ്രകാരം ഒരു സ്ഥിരനയം ഇല്ലാതെ ഒരു രാജ്യത്തിന്റെ കോശസ്ഥിതി സ്ഥിരമായിരിക്കുന്നതുകാണ്മാൻ പ്രയാസമാണു. ഇപ്പോൾ ഒരു നയവും ഇല്ലാതെയാണിരിക്കുന്നതു. ഉണ്ടെന്നോൻ ശ്രമങ്ങളും ചെയ്തിട്ടില്ലെന്നും പറയാൻ പാടില്ല. ഇതിനെസംബന്ധിച്ചു രണ്ടു സംഗതികളും പറവാനുണ്ട്. (എ) വസ്തുച്ചെലവുള്ള ആദായകര പ്രവൃത്തികളും നടത്തേണ്ടതായ ആവശ്യമുള്ള പണം കടംമേടിച്ചും കടംമേടിച്ചുമായാലും ആകുന്നു, (ബി) ഒരു പ്രദേശത്തേക്കു പ്രത്യേകം ആവശ്യമായിവരുന്ന ചെലവിനെ ഒരു നല്ലപങ്കു തല്ദേശസംഘങ്ങളെക്കൊണ്ടു ചെയ്യിച്ചു ഗവർണ്മെൻറിന്റെ ചെലവുഭാരം കുറയ്ക്കുന്നതാകുന്നു.

പുതിയ കരങ്ങൾ ചുമത്താൻ സൌകര്യമില്ലാത്ത തിരുവിതാംകൂറിൽ ഈ രണ്ടു തത്വങ്ങളും സർവ്വപ്രധാനമായിട്ടുള്ളതാണു. നമ്മുടെ ഇപ്പോഴത്തെ മുതലെടുപ്പിൽ ഗണ്യമായ കുടുതൽ ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ ചുരുക്കം, ആദായനികുതി, പുകയില ഇവമാത്രമാണു.. ചെലവു വരുവിനെക്കാൾ ഭയങ്കരമാംവണ്ണം വർദ്ധിച്ചുവരുന്നു.

കൊച്ചീസ്സംസ്ഥാനത്തെപ്പറ്റി അല്പം പറവാനുണ്ടു, ആ വിഷയത്തിൽ പരിണമിച്ചാലും ഇൻറർപോർട്ടൽ വ്യാപാരം ഉടനടി—അതു എന്തിനെങ്കിലും തരംമാറ്റംചെയ്താൽ തരക്കേടില്ല—അനുസരിച്ചു നമുക്കു പറഞ്ഞിട്ടുള്ള അബ്കാരിയും നീക്കികിട്ടിയാലും നമ്മുടെ ഗുരുഭൂതങ്ങളെ ഉപേക്ഷിച്ചുകൂടാ. നമ്മുടെ എല്ലാ ഗുരുഭൂതങ്ങളിലും ചരക്കുകൾ കയറ്റുമതിചെയ്യാനും തെക്കൻ ഗുരുഭൂതങ്ങളിൽ ചരക്കുകൾ ഇറക്കുമതിചെയ്യാനും ഉള്ള ഭരണകർത്തൃങ്ങൾ വർദ്ധിപ്പിച്ചാൽ ഈ നാട്ടിലെ വ്യാപാരം അഭിവൃദ്ധിപ്പെടുകയും നമുക്കു കൂടുതൽ വരുമാനമുണ്ടാകയുംചെയ്യും. തിരുവനന്തപുരം ഗുരുഭൂതം വിശാലമാക്കാൻ വഴിയുണ്ടു, എന്നാൽ കടൽപ്പാലം നന്നാക്കി വലുതാക്കുന്നതോടുകൂടി അതിലക്ഷണീയമാംവിധത്തിൽ നടക്കുന്നില്ല.

ഇനി ഗവർണ്മെൻറ സഹായത്തോടുകൂടെ സ്ഥാപിക്കാൻപോകുന്ന ബാങ്കിനെപ്പറ്റി പറയാം. കമ്പനികളിൽ തിരുവിതാംകൂർകാരുടെ വിശ്വാസം ശിശുത്വത്തിൽ നശിച്ചുപോകുന്ന ഇക്കാലത്തു ഗവർണ്മെൻറുദ്യോഗസ്ഥന്മാർ അതിൽ ഒട്ടേറെ മാഹാത്മ്യംഎടുത്തു സാധാരണ ജനങ്ങളിൽ ഒരു വിശ്വാസം ജനിപ്പിക്കാതെ അത്യാവശ്യമുള്ള പണം അടുത്ത മാവിയിൽ പിരിഞ്ഞുകിട്ടുമോ എന്നു സംശയമാണു. അതു സാദ്ധ്യമായിവന്നാൽ തിരുവി

തിരുവിതാംകൂറിലെ ജനങ്ങൾക്കു പ്രത്യേകം കച്ചവടക്കാർക്കു ഒരു അനുഗ്രഹമായിരിക്കും എന്നുള്ളതിനു സംശയമില്ല. തിരുവിതാംകൂറിലുള്ളടത്തോളം കാലത്താമസംകൂടാതെ അതു സ്ഥാപിതമാക്കുന്നതിനു നാം ഉല്ലാവരും കടംപെട്ടവരാകുന്നു. ഈ ബാങ്കിന്റെ മാഹരികളെല്ലാം വിദേശിയർ എടുക്കാൻ ഒരുമ്പെട്ടിച്ചാൽ ഈ രാജ്യത്തിന്റെ ഐശ്വര്യവും ഒരുക്കവുംസംബന്ധിച്ചു ആത്മഹത്യയായിരിക്കും എന്നു നിങ്ങളുടെ ദൃഷ്ടിയിൽ പ്രത്യേകംപെടുത്തിക്കൊള്ളുന്നു. തിരുവിതാംകൂർകാരല്ലാത്തവരുടെ പണംകൊണ്ടു നടത്തുന്ന ഒരു ബാങ്കിൽ പണം ഇട്ടുന്നതിനെക്കാൾ വലിയ ഒരു അബദ്ധം ഇല്ലെന്നാകുന്നു എന്റെ അഭിപ്രായം.

ഡിപ്യൂട്ടി പ്രൈസിഡന്റു പ്രസ്താവിച്ചതുപോലെ, ഈ നാട്ടിൽ ചെലവാകുന്ന കറുപ്പിന്റെ മുഴുവൻ തീരുവ ഇവിടെത്തന്നെ കിട്ടത്തക്കവണ്ണം മദ്രാസ് ഗവൺമെന്റുമായി എഴുത്തുകുത്തുനടത്തി വിജയത്തിൽ അവസാനിപ്പിച്ചതിനു മുമ്പിലത്തെ മിമ്മാനെ അനുമോദിക്കേണ്ടിയിരിക്കുന്നു. കറുപ്പുനിമിത്തം ക്ര ഠ ക്ര-ലക്ഷം പ്രതീക്ഷിച്ചിട്ടുള്ള വരവു ക്ര·ഫ ലക്ഷം രൂപാ ആകുന്നു. എന്നാൽ പ്രജാസഭാ പ്രസംഗത്തിൽ എല്ലാകാര്യവും ഈ വരവു ഫ·ഉ ലക്ഷം ആയിരിക്കുമെന്നാണു പ്രതീക്ഷിച്ചിരുന്നതു. ഇതിനു പ്രത്യക്ഷത്തിൽതന്നെ സമാധാനം പറയേണ്ടതാണു.

ക്ര ഠ ഠ-ാം വർഷത്തെപ്പറ്റിയുള്ള നിരൂപണത്തിൽ ഖജനാവുകളിൽ ഉപയോഗിക്കാതെ കിടന്ന പണമെല്ലാം പബ്ലിക്കു കൊടുത്തതിനാൽ ' ൭ ലക്ഷം രൂപാ പബ്ലിക്കുകയിൽ കൂടുതൽ വരുമെന്നു ഫൈനാൻസ്സ്യൽ സെക്രട്ടറി പറയുന്നു. താമസിച്ചാണെങ്കിലും ഇങ്ങനെചെയ്തതിനു അദ്ദേഹത്തെ അങ്ങി നന്ദിക്കണം.

ആദായനികുതിയെപ്പറ്റി പറഞ്ഞാൽ ക്ര ഠ ഠ-ൽ പ്രതീക്ഷിച്ചിരുന്നതിലധികം രണ്ടുലക്ഷം രൂപാ അധികം വസൂൽചെയ്തതായി കാണുന്നു. ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്ന സംഖ്യ ഇ·ഉ ലക്ഷം രൂപായും റിവൈസ്ഡ് എസ്റ്റിമേറ്റിൽ ൪·൫ ലക്ഷം രൂപായും ആകുന്നു. ഈ കൂടുതലിൽ അധികഭാഗവും കരാഴികുകളിൽനിന്നുകിട്ടിയതാണെന്നു സമ്മതിച്ചിരിക്കുന്നു. മയിലയിൽനിന്നുള്ള ഒരുലക്ഷം രൂപാ കുറച്ചാൽ മറ്റു കരാഴികുകളിൽനിന്നുള്ള വരവു ക്ര·ക ലക്ഷം രൂപായുണ്ടു. കുന്നമായിപ്രകാരത്താൽ ക്ര ഠ ഠ-ലെറിവൈസ്ഡ് എസ്റ്റിമേറ്റുപ്രകാരമുള്ള ഇ·ഉ ലക്ഷം രൂപായിൽനിന്നു ബഡ്ജറ്റുപ്രകാരമുള്ള ന·ഋ ലക്ഷം രൂപായും മയിലയിൽനിന്നുള്ള കൂടുതൽ വരവു ഒരുലക്ഷം രൂപായും കുറച്ചാൽ തേയിലയല്ലാത്ത തൊഴിലുകളിൽനിന്നു ഇയാണ്ടിൽ കിട്ടിയ കൂടുതൽ വരവു ൨·൭ ലക്ഷം രൂപായാണു. കവളപ്പിപ്രൊക്കംതിനിമിത്തം ക്ര ൻ൯-ലും ക്ര ഠ ഠ-ലും "വ്യാപാരത്തിനുകേടു" "വ്യാപാരത്തിനും മതാഴിലുകൾക്കും കുഴപ്പവും" (ഫൈനാൻസ്സ്യൽ സെക്രട്ടറിയുടെ പ്രസംഗംനോക്കുക) ഉണ്ടായിരുന്നുഎന്നു സമ്മതിച്ചുകാണുന്നു. ക്ര ഠ ക്ര-ൽ വ്യാപാരാഭിവൃദ്ധി സംശയമാകയാൽ ആ കൊല്ലത്തിൽ പ്രതീക്ഷിച്ചിട്ടുള്ള വരവു ഇയാണ്ടത്തെ വരവിൽ ക്ര·ക ലക്ഷം രൂപാ കുറവാണു. സംഗതികൾ ഇങ്ങനെയായിരിക്കെ ക്ര ഠ ഠ-ൽ വ്യാപാരികളേയും മതാഴിലാളികളേയും താരതമ്യവിചാരമില്ലാതെ നികുതിചുമത്തിയിരിക്കുന്നു എന്നു അനുമാനിക്കാതെ നിവൃത്തിയില്ല. ഇതിൽനിന്നു കച്ചവടക്കാരുടെ കണക്കുകൾ ശരിയായി പരിശോധിക്കുന്നില്ലെന്നും അവരുടെ സങ്കടങ്ങൾ ശരിയായി കേൾക്കുന്നില്ലെന്നും അവരുടെ മുറവിളി അടിസ്ഥാനരഹിതമല്ലെന്നു തെളിയുന്നു. ഈ കാര്യം ശ്രദ്ധാപൂർവ്വം അന്വേഷണമർഹിക്കുന്നതാണു.

ഇനി ഉദ്യോഗസ്ഥന്മാരെപ്പറ്റി ചിന്തിച്ചാൽ എല്ലാ ഡിപ്പാർട്ടുമെൻറുകളിലേയും വലിയ ഉദ്യോഗങ്ങളിൽ തെല്ലുമാത്രമുദായത്തിനു ശരിയായ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്ന പരക്കെ പരാതിയുള്ളകാര്യം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തിരസ്കരിക്കപ്പെട്ടുകിടക്കുന്ന തമിഴർ ഉൾപ്പെടെ പ്രാതിനിധ്യമില്ലാത്ത സമുദായക്കാരിൽ യോഗ്യതയും അർഹതയുമുള്ളവരെ പ്രോത്സാഹിപ്പിക്കേണ്ടതു ഗവൺമെൻറിന്റെയും ഡിപ്പാർട്ടുമെൻറു മേലധികാരികളുടേയും കർത്തവ്യകർമ്മം ആകുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ ജി. രാമൻമേനോൻ പറഞ്ഞതിനോടെല്ലാം ഞാൻ പൂർണ്ണമായി യോജിക്കുന്നുഎന്നു ആദ്യമേ പറഞ്ഞുകൊള്ളട്ടെ. ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരിക്കുന്ന വരവിനേയും അനുവദിച്ചിരിക്കുന്ന ചെലവിനേയും അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന തയ്യാറെടുപ്പുകളെപ്പറ്റി ഒരാൾക്കു വാഗ്വാദിക്കുകയാതെചെയ്യുന്നതു്. ബഡ്ജറ്റിൽ വോട്ടുചെയ്യാൻ പാടില്ലെന്നു പറയുന്ന അനേകം ഇനങ്ങൾ ഉണ്ടു്. അവയെപ്പറ്റി ഞങ്ങൾക്കു——അതായതു ജനപ്രതിനിധികൾക്കു ഒന്നും പറവാൻ അധികാരമില്ല. അവയെപ്പറ്റിയല്ലാ ഞാൻ ഇപ്പോൾ പറയുന്നതു്. വോട്ടുചെയ്യാവുന്ന ഇനങ്ങളിലും സഭയോടു ആലോചിക്കാതേയും ജനങ്ങളെ അറിയിക്കപോലും ചെയ്യാതേയും ഗവൺമെൻറു ചെലവുചെയ്തുകഴിഞ്ഞശേഷം ആവശ്യമുള്ള അനുവാദത്തിനു ഗവൺമെൻറു സഭയോടു ചോദിച്ചിട്ടുള്ളതിന്റെ ഉദാഹരണങ്ങൾ അനേകം എടുത്തുപറവാനുണ്ടു്. ചെലവിന്റെ പ്രശ്നം സംബന്ധിച്ചുണ്ടായ സപ്ലിമെൻററി ഗ്രാൻറിന്റെകാര്യംതന്നെ പറയാം. ഡോക്ടർ കുഞ്ഞൻപിള്ള കഴിഞ്ഞപ്രാവശ്യം സൂചിപ്പിച്ചപ്രകാരം ഇങ്ങനെപറഞ്ഞു:— "എനിക്കു ൫,൦൦൦ രൂപാ കൂടെ വേണം. ഈ സംഖ്യ ചെലവുചെയ്തുകഴിഞ്ഞുപോയതാണെന്നും അതിനു ഞാൻ ഗവൺമെൻറിന്റെ അനുവാദം വാങ്ങിട്ടുണ്ടെന്നും നിങ്ങൾ ഓർക്കണം. അതുകൊണ്ടു നിങ്ങൾ സമ്മതിച്ചാലും സമ്മതിച്ചില്ലെങ്കിലും തരക്കേടില്ല. എങ്ങനെയായാലും ചെലവുചെയ്തുകഴിഞ്ഞു അനുവദിക്കയുംചെയ്തു. കണക്കിൽ ചേർക്കയുംചെയ്തു." ഇങ്ങനെയാണെങ്കിൽ ഇതൊക്കെ ഒരു കളിയോ തമാശയോ ആണെന്നു വിചാരിച്ചാൽ ക്ഷന്തവ്യമാണു്. ജനങ്ങളുടെ പണം അവരോടു ആലോചിക്കാതെ, പ്രത്യേകം നിയമസഭയുടെ ശ്രദ്ധയിൽ ഒന്നുള്ളപ്പോൾ, ഇങ്ങനെ ചെലവുചെയ്യുന്നതു് ന്യായക്കേടും രാജ്യതന്ത്രതത്ത്വങ്ങൾക്കു വിപരീതവും ആകുന്നു. ഇതിലധികം പറയണമെന്നു വിചാരിക്കുന്നില്ല.

ഫൈനാൻസ്സ്യൽ സെക്രട്ടറിയുടെ ബഡ്ജറ്റ് പ്രസംഗത്തെപ്പറ്റി ചിന്തിക്കുമ്പോൾ അദ്ദേഹം ബഡ്ജറ്റിൽ ബാങ്കികാണിച്ച കസ്തൂരിവിദ്യനിമിത്തം അദ്ദേഹത്തെ അനുമോദിക്കേണ്ടിയിരിക്കുന്നു. ബഡ്ജറ്റതയ്യാറാക്കുക

യും ബഡ്ജറ്റ് ഹാജരാക്കുകയും ചെയ്യുന്നതു സാധാരണക്കാർക്ക് ഗ്രഹിക്കാൻ കഴിയാത്ത ഒരു കലാവിദ്യയായി പരിണമിച്ചിട്ടുണ്ട്. ഒരുവിധം സ്വയപ്രസാദത്തോടും സംതൃപ്തിയോടും ഫൈനാൻഷ്യൽ സെക്രട്ടറി ഹാജരാക്കിയ ഈ ബഡ്ജറ്റ് യഥാർത്ഥത്തിൽ ഒരീകമ്മി (കുറവു) ബഡ്ജറ്റ് ആണെന്നാകുന്നതാൻ വിചാരിക്കുന്നതു്. ചില കണക്കുകൾ നോക്കുക. പ്രതീക്ഷിച്ചിട്ടുള്ള മുതലെടുപ്പിൽ ഏകദേശം കാലാശം എക്സ്പെൻസ് ഡിപ്പാർട്ടുമെൻറ് വക വരവാണ്. കണക്കുകൾ ഒന്നുകൂടെ പരിശോധിച്ചുനോക്കാം. ഫാൻ-ൽ നമ്മുടെ എക്സ്പെൻസ് വരവു രൂ. ലക്ഷം രൂപാ ആയിരുന്നു ഫാഫാ-ൽ രൂ. ലക്ഷം രൂപാ ഉണ്ട്. ഫാഫാ-ൽ രൂ. ലക്ഷം രൂപാ പ്രതീക്ഷിച്ചിരിക്കുന്നു. എക്സ്പെൻസ് വരവു വല്ലിക്കുന്നു കണക്കനുസരിച്ചതന്നെ ജയിൽ, ക്രിമിനൽ കോടതികൾ, മൈത്ര്യസഹായം, വ്യവഹാരങ്ങൾ (ഇതു രജിസ്ട്രേഷൻഫീസ്, സ്റ്റാമ്പുഫീസ്, കോർട്ടുഫീസ് ഇവയുടെ വല്ലാവുകൊണ്ടു കാണാം.), ഇവസംബന്ധിച്ചുള്ള ചെലവും വല്ലിച്ചുവരുന്നു. ഇതിൻറെ എന്താണ് അർത്ഥമെന്നു മനസ്സിലാകുന്നുണ്ടോ? നാം ഒരു അബദ്ധചക്രത്തിൽകിടന്നു വട്ടംതിരിയുകയാണെന്നാണ് എൻറെ തോന്നൽ. നാം പുതിയ സ്കീമുകൾക്കുവേണ്ടി പണം സമ്പാദിക്കുന്നു. ജനങ്ങൾക്കു മുമ്പുണ്ടായിരുന്നതിനേക്കാളധികം സൗകര്യങ്ങളും നാം ഉണ്ടാക്കിക്കൊടുക്കുന്നു. അവർക്കു ഭ്രാന്തുപിടിക്കുന്നു. അവർ വ്യവഹാരികളായിത്തീരുന്നു. കുറ്റങ്ങൾചെയ്യുന്നു. അവരെപിടിച്ചു ജയിലിൽ ഇടുന്നു. ജയിൽ പുതിയ ചെലവു വർദ്ധിപ്പിക്കുന്നു. സമാധാനരക്ഷയ്ക്കു അധികം പൊലീസുകാരെ നിയമിക്കേണ്ടിവരുന്നു. നാം പൊലീസ് കമ്മിഷണർക്കു പുതിയ ശമ്പളം കൊടുക്കുന്നു. ഇതിൻറെയെല്ലാം അർത്ഥമെന്തു? ഇതു അഭിവൃദ്ധിയാണെന്നു പറയാമോ? ഒരു ഗവൺമെൻറിനു തൃപ്തിവരുന്നതു് നമ്മുടെ മനഃശാസ്ത്രംമൂലമാണ്. ജയിൽചെലവിൻറെ വർദ്ധന, പൊലീസ്വകുപ്പിൻറെ ചെലവുവർദ്ധന, ക്രിമിനൽ കോടതിവക ചെലവു വർദ്ധന, മൈത്ര്യസഹായം വേണ്ടവരുടെ എണ്ണത്തിൽ വർദ്ധന, ഇവയെല്ലാം ജനങ്ങളുടെ സുഖത്തിലും സമാധാനത്തിലും അഭിവൃദ്ധി പ്രാപിക്കുന്നു എന്നു കാണിക്കുന്നുവോ? എനിക്കു അങ്ങനെ തോന്നുന്നില്ല. സ്വാതന്ത്ര്യം കുറച്ചുകൂടിലും വേണമെന്നു വാഞ്ഛിക്കുന്നവർ അങ്ങനെ തൃപ്തിപ്പെടുന്നതിനു എനിക്കു വിരോധമില്ല. എന്നാൽ ജനഭൂരിഷ്ഠാന്തമനോക്കിയാൽ കാണുന്നതു് ഒരു ഭയങ്കരസ്ഥിതിയാണ്.

ചെലവു ചുരുക്കുന്നതിനപ്പുറവും ഈ സഭാംഗങ്ങൾ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാണ്. ഫൈനാൻസ്സെക്രട്ടറിയും ഇതിനപ്പുറവും വാഗ്മിത്വത്തോടെ പ്രസംഗിച്ചു ചെലവു ചുരുക്കം ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നതിനാൽ സമ്മതിക്കുന്നു. എന്നാൽ ചുരുക്കിയുടങ്ങിയതു ശരിയല്ലാത്ത സ്ഥലത്താണെന്നു മാത്രമല്ലാതെ അതു് അവിടെ തുടർന്നു അവസാനിച്ചുപോയി. നാം, ഇവിടെയുള്ളവരെല്ലാവരും, ചെയ്യുന്ന ചാരം കൂടിയപ്പോയ ഒരു വ്യവസ്ഥയാണ് നമുക്കുള്ളതെന്നു സമ്മതിക്കുന്നുകാര്യമാണ്. കുറയ്ക്കുന്നതു് ഏകദേശമാണ്. ഇപ്പോൾ വെട്ടിക്കുറയ്ക്കുന്നതു് അടിയിൽ, മദ്ധ്യസ്ഥാനങ്ങളിൽ, പലപ്പോഴും ജനങ്ങളുടെ ജീവസന്ധാരണത്തിനു് ശ്രദ്ധേയമാകുന്നു. ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരുടെ ശോചനീയ സ്ഥിതിയെപ്പറ്റി ഈ സഭാമുമ്പാകെ പ്രസ്താവിച്ചിട്ടില്ലായ്മ ഉണ്ടെന്നു തോന്നുന്നില്ല. വിദ്യാഭ്യാസവകുപ്പിലെ ചെലവു നിയന്ത്രണം കുറയ്ക്കുവാൻ ഗവണ്മെൻറു ധിചാരിക്കുന്നു എന്നു പറയുന്നതു കേട്ടവരുണ്ടോ. എന്നാൽ എന്താണു ചെയ്തിട്ടുള്ളതെന്നു നോക്കുക. അവർ ഡയറക്ടർക്കു വേറൊരു പേർസണൽ അസിസ്റ്റൻറിനെ ആവശ്യപ്പെട്ടിരിക്കുന്നു. ആപ്പീസ് സിൽബന്ധികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. അതിനായി ചെലവു അധികമാക്കാനാണു അവർ ആലോചിക്കുന്നതു്. പ്രൈമറികസ്കൂൾ അദ്ധ്യാപകന്മാരുടേയും ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരുടേയും കാര്യം ഗവണ്മെൻറുടെ സ്മരണയിൽ ഉണ്ടോ എന്നു എനിക്കു നിശ്ചയമില്ല. ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കു അധികം പെർസണൽ അസിസ്റ്റൻറുമാരെ വേണം അധികം മാനേജർമാരെ വേണം. എന്നു നിശ്ചയിച്ചുകൊണ്ടതന്നെയിരിക്കുന്നു. ഉദ്യോഗസ്ഥന്മാർ സുഖജീവിതം അന്വേഷിക്കുന്നു. അവർക്കു പ്രയാസങ്ങളൊന്നും കഴികയില്ല; അധികം ശമ്പളംവേണം, കുറച്ചുജോലിമതി. വലിയ ഉദ്യോഗസ്ഥന്മാർക്കുള്ള ജോലിയില്ലായ്മ ഗൗരവമായ ആലോചനയുടെ വിഷയമാക്കേണ്ടുന്ന ഒരു സംഗതിയാണ് (ക്ഷിരി). ഇവിടെ ജോലിയില്ലായ്മചെയ്യാൻ ജോലിയില്ലാഞ്ഞല്ല അവർക്കു ചെയ്യാവുന്നതേതോക്കെ ജോലിയില്ലെന്നാണ്, അവരെക്കൊണ്ടു അധികം ജോലിചെയ്യിക്കാൻ വല്ല മാർഗ്ഗവും മറ്റൊരവിധമായി അന്വേഷിക്കണം. ഇന്നു എൻറെ കയ്യിൽതന്ന പ്രമേയങ്ങളുടെ പട്ടികയിൽ ചെലവു യഥാർത്ഥമായി ചുരുക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിക്കണമെന്ന ഒരു പ്രമേയം ഹാജരാക്കികാണുന്നതിനാൽ ഞാൻ പുളരെ സന്തോഷിക്കുന്നു. അതു ഫലവത്തായിതീരുമെന്നു ആശിക്കുന്നു.

ഉദ്യോഗസ്ഥന്മാരെ പൊതുജനദാസന്മാർ എന്നു വിളിക്കുന്നതു ഒരു അലങ്കാരപ്രയോഗം മാത്രമാണെന്നു ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട്. പൊതുജനദാസന്മാർ എന്നുള്ള ഭാവം അവർക്കില്ല. അവരുടെ നടപ്പു അങ്ങനെയല്ല. ഒഴിഞ്ഞാങ്ങാടം കണ്ടുപിടിക്കാൻ ഉഴന്നെങ്ങും പോകണ്ട ഈ സഭയിൽതന്നെ മെമ്പർമാരുടെ ചോദ്യങ്ങൾക്കു മറുപടി പറയുന്നതുതന്നെ നോക്കിയാൽമതി. ഉദ്യോഗസ്ഥന്മാർ ചോദ്യങ്ങളുടെ മറുപടികൾ മിക്കവാറും അനാദരം എറിഞ്ഞുതരികയാണു് ചെയ്യുന്നതു്. ചോദ്യങ്ങൾക്കു ശരിയായ മറുപടി തരികയില്ല. മറുപടി ഞങ്ങൾക്കു എറിഞ്ഞുതരുന്നതുപോലെയാണ്. കീഴുദ്യോഗസ്ഥന്മാർക്കു മാത്രമായിരിക്കുമെന്നു ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർ ഇങ്ങനെ കാണിക്കുന്നതു വ്യസനകരമാണ് ഇങ്ങനെ ഞാൻ പറയുന്നതു മുതൽക്കിയും പ്രത്യേക ഉദ്യോഗസ്ഥനെ മനസ്സിൽ വെച്ചുകൊണ്ടല്ലെന്നു പറഞ്ഞുകൊള്ളുന്നു. ഈ പരാതി ഒരു സാധാരണ പരാതിയാണ്. പുതിയതല്ല. വളരെ പഴയതാണ്. ഉദ്യോഗസ്ഥന്മാരുടെ നടത്ത തൃപ്തികരമല്ല. സേവനം എന്നുള്ള ഭാവം അവർക്കില്ല. അവരുടെ യജമാനന്മാരെന്നു പ്രസിദ്ധിയുള്ള ജനങ്ങളെ അവരുടെ യഥാർത്ഥ യജമാനന്മാരായി അവർ സ്വീകരിക്കയില്ല. തങ്ങളുടെകീഴെ തഹണപടിയിൽ കിടക്കുന്ന കുറെ ജനങ്ങളെ തങ്ങളുടെ യജമാനന്മാരാണെന്നു അല്പമെങ്കിലും ഗൗരവബുദ്ധിയോടെ വിചാരിക്കാൻ കഴിയുമോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഉദ്യോഗസ്ഥന്മാരിൽ ഒരു മാറ്റമുണ്ടാക്കേണ്ടതാവശ്യമാണെന്നു എനിക്കു തോന്നുന്നു. (മി. കെ. പി. നീലകണ്ഠപ്പിള്ള (കേരളപുരം, കേരളപുരം.)

ഞാൻ പറഞ്ഞ കണക്കുകൾ നമ്മെ വിചാരമുണർത്തണം. പുതുമുറ്റമെങ്കിലും ആദായം ഉണ്ടാക്കിയതുകൊണ്ടു മാത്രം ഗുണമില്ല. സ്ഥിരവും ഉപദ്രവകരമല്ലാത്തതുമായ മാർഗ്ഗങ്ങളിലൂടെ ഉണ്ടാകുന്ന ആദായമാണ് നമുക്കു വേണ്ടതു്. എക്സൈസ്ഡിപ്പാർട്ടുമെൻറിൽനിന്നു ക്ഷണം ക്ഷണം വർദ്ധിച്ചുവരുന്ന വരവു എവിടെച്ചെന്നു അവസാനിക്കുമെന്നു എനിക്കു അറിഞ്ഞുകൂടാ. തിരുവിതാംകൂർകാർ മുഴുവനും ഗ്രാന്തന്മാരാകുമെന്നാണ് തോന്നു

ന്നത്. അധികമധികം കളയ്ക്കുവേണം, ചായംവേണ്ടാ, കറപ്പുവേണം എന്നുള്ള ആഗ്രഹം ദിനമ്പ്രതി വർദ്ധിച്ചുവരുന്നു. അങ്ങനെകിട്ടുന്ന ആദായംകൊണ്ടു നാം തൃപ്തരാകയും ചെയ്യുന്നു. അതുകൊണ്ടാണ് നാം ഒരു അബദ്ധചക്രത്തിൽ കിടന്നു വട്ടംതിരികയാണെന്നു ഞാൻ പറഞ്ഞതു. നാം ഒരിടത്തുവാങ്ങി മറെറാരിടത്തു ചെലവു ചെയ്യുന്നു. നാം പോലീസിനുവേണ്ടി ചെലവുചെയ്യുന്നു, കസ്റ്റംസ് ജെയിലിനുവേണ്ടി ചെലവുചെയ്യുന്നു. വൈദ്യസഹായത്തിനായി അധികമധികം ചെലവു ചെയ്യേണ്ടിവന്നിരിക്കുന്നു. നാം ജനങ്ങൾക്കു ഭാരതന്മാരാകുവാൻ കഴിയാതെയുള്ളതും ഉറപ്പാക്കിക്കൊടുക്കുവാണ് ചെയ്യുന്നതു്.

വിദ്യാഭ്യാസവിഭാഗത്തെപ്പറ്റി ഒരു കാര്യം പറവാനുണ്ട്. അതായതു് കാലങ്ങൾ വിദ്യാഭ്യാസത്തിനുവേണ്ടി ചെയ്യുന്ന അമിത ചെലവിനെപ്പറ്റിയാണ്. മാത്തമാറിക്സ് (കണക്ക്) ഓണേഴ്സ്ക്ലാസ്സോ തത്വശാസ്ത്രക്ലാസ്സോ വെച്ചു് അവയ്ക്കു വേണ്ടിയ ചെലവുചെയ്തിട്ടു ആവശ്യമില്ല. ഈയ്യാണ്ടിൽ മാത്തമാറിക്സ് ഓണേഴ്സിനു പഠിച്ച വിദ്യാർത്ഥികളുടെയെണ്ണം അവരിൽ പകുതിപേർ ബ്രാഹ്മണരാണെന്നും അധികംപേരും വിദേശിയരാണെന്നുമാണ് എന്റെ അറിവു്. അല്പം ചിലക്കുവേണ്ടി ഒരു മാത്തമാറിക്സ് ക്ലാസു വെച്ചിട്ടു ഫലമെന്തു്? വിദേശീയർവന്നു നമ്മുടെ കാളജുകളിൽ പഠിക്കുന്നതിനു എതിരു വിരോധമില്ല. എന്നാൽ അല്പം ചിലക്കുവേണ്ടി വമ്പിച്ച ചെലവുചെയ്യുന്നതിന്റെ പ്രയോജനമെന്തു്? മദ്രാസിൽ പ്രെസിഡെൻസി കാളേജുണ്ട്. കണക്കിന്റെ ഉന്നതശാഖകളും പഠിക്കണമെന്നുള്ളവർക്കു അവിടെ പോകാം. ഒന്നരണ്ടു തിരുവിതാംകൂർകാരെ അഭ്യസിപ്പിക്കണമെന്നുണ്ടെങ്കിൽ അവരെ സ്കോളർഷിപ്പുകളും കൊടുത്തു മദ്രാസ്പ്രെസിഡെൻസി കാളേജിൽ പഠിക്കാൻഅയക്കാവുന്നതാണ്. കേവലപേക്ഷവേണ്ടി അധിക വ്യയംചെയ്യുന്നതു ബുദ്ധിയില്ലായ്മയാണ്. അതു യാതൊരു വിധത്തിലും നീതികരിക്കാവുന്നതല്ല. പ്രമാണങ്ങളും അടിസ്ഥാനമാക്കിത്തന്നെ ഞാൻ ഈവക ചെലവിനു കഠിനമായി എതിരുനിൽക്കുന്നു. ഈ ചെലവുകൊണ്ടു വല്ല ഗുണവും ഉണ്ടെന്നു ഗവണ്മെൻറുതന്നെവിചാരിക്കുന്നില്ല. എന്തെന്നാൽ കുറെകാലമായി പ്രധാന ഉദ്യോഗങ്ങൾക്കെല്ലാം നിയമിക്കുന്നതു വിദേശങ്ങളിൽ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരെയാണ് എന്നു നമുക്കു അറിയാമല്ലോ. ഇവിടെ യോഗ്യതയുള്ളവർ ഇല്ലാഞ്ഞിട്ടല്ല. ഉന്നത വിദ്യാഭ്യാസംകൊണ്ടു ഉണ്ടെന്നുപറയുന്ന ഗുണങ്ങൾ യഥാർത്ഥമാണെങ്കിൽ ഇവിടെകൊടുക്കുന്ന ഉന്നത വിദ്യാഭ്യാസം കാര്യക്ഷമതയുള്ള മതിയായതാകുന്നതുവരെ ഗവണ്മെൻറുതന്നെ വാസ്തവത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ ഇവിടെ വിദ്യാഭ്യാസം ലഭിച്ചവരെ ഈ രാജ്യത്തിലെ വലിയ ഉദ്യോഗങ്ങളിൽ നിയമിക്കാത്തതിനു കാരണമില്ല. അവർ ഇവിടെ ജനിച്ചുവളർന്നവരും ഭരണപ്രദേശങ്ങളിൽ പോയിട്ടില്ലാത്തവരുമാണ്. ഇവിടെത്തന്നെ യോഗ്യതയുള്ളവർ ഉള്ളപ്പോൾ നമ്മുടെ കാളേജുകളിൽ ട്യൂട്ടർമാരായും അസിസ്റ്റൻറു പ്രൊഫസർമാരായും പ്രൊഫസർമാരായും വിദേശിയരെ വരുത്തി നിയമിക്കുന്നതെന്തിനാണെന്നു ഞാൻ ആശ്ചര്യപ്പെടുന്നു. ഇവിടത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു സിവിൽസർവീസിനു പരിശീലനം കൊടുക്കുന്ന ഡിപ്പാർട്ടുമെൻറുപോലെയാണ് വിചാരിക്കുപോരുന്നതു്. അങ്ങനെയാണെങ്കിൽ ഇതിനായി നാംഇത്രയധികംപണം വ്യയംചെയ്യുകയും പുറത്തുനിന്നു ആളുകളെ വരുത്തുകയുംചെയ്യുന്നതു് എന്തിനു്?

ഇങ്ങനെ ഈ പ്രയോജനമില്ലാത്ത വിദ്യാഭ്യാസത്തിന്റെ ഫലമായ തൊഴിലില്ലായ്മയെപ്പറ്റി ഞാൻ വിചിന്തനം ചെയ്യേണ്ടതായി വന്നിരിക്കുന്നു. അവക്കു ജീവിതത്തിൽ വിജയത്തിനുപയുക്തമുള്ള യോഗ്യതകൾ കിട്ടുന്നില്ല. മദ്ധ്യമവിദ്യാഭ്യാസം പ്രാഥമികവിദ്യാഭ്യാസത്തിന്റെ തുടർച്ചയായി വിചാരിക്കുന്നതിനുപകരം കാളേജ്വിദ്യാഭ്യാസത്തിന്റെ പ്രഥമപടിയായിട്ടാണ് വിചാരിച്ചുവരുന്നതു്. നാഗരികതയുള്ള രാജ്യങ്ങളിലെ വിദ്യാഭ്യാസനയം ഗവണ്മെൻറു ഗ്രഹിച്ചിട്ടുണ്ടെങ്കിൽ മദ്ധ്യമ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസത്തിന്റെ തുടർച്ചയാക്കുന്നതു് എങ്ങനെയാണെന്നു ഗവണ്മെൻറു ആലോചിക്കേണ്ടതാണ്. വിദ്യാഭ്യാസം പലശാഖകളായിവിഭജിക്കപ്പെട്ടിരിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനും മദ്ധ്യമവിദ്യാഭ്യാസത്തിനും തമ്മിലുള്ള വ്യത്യാസമില്ലാതിരുന്നപ്പോൾ കാളേജ വിദ്യാഭ്യാസത്തിനു, ഞാൻ പറഞ്ഞപ്രകാരം പ്രാരംഭപടിയായി മാത്രംഗണിച്ചുവരുന്ന മദ്ധ്യമവിദ്യാഭ്യാസം, ചെലവധികമുള്ളതും അശേഷം പ്രയോജനമില്ലാത്തതും ആണെന്നുനാകുന്ന അനുഭവംകൊണ്ടു അറിഞ്ഞിട്ടുള്ളതുമാണ്.

ബഡ്ജറിൽ ഞാൻപ്രസ്താവിച്ചിട്ടുള്ളതുപോലെ ഗവണ്മെൻറു എന്തെങ്കിലും പ്രധാനവും അഭിവൃദ്ധിക്കപ്പെടുവാനും ആയ വല്ലവ്യവസ്ഥയും കരുതീട്ടുണ്ടെന്നു ഫൈനാഷ്യൽസെക്രട്ടറി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു എങ്കിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുമായിരുന്നു. കൊച്ചീഭാഗവുമായുള്ള സ്റ്റോറ് എക്സ്ചേഞ്ചിന്റെയും കായ്ക്കളെല്ലാമടങ്ങുന്ന വേരോടുകൂടിയുള്ള വ്യവസ്ഥയും ഞാൻ കാണുന്നില്ല. കൊച്ചീഭാഗവുമായുള്ള പ്രസ്തുതവിഷയത്തെപ്പറ്റി ഉദ്യോഗസ്ഥകാരുടെ അഭിപ്രായം എന്താണെന്നു ഞാൻപറയുന്നില്ലാപേക്ഷിക്കുന്നു. അതിനെ സംബന്ധിച്ചു പ്രസിഡൻറിന്റെ ഉത്തരവും എന്താണെന്നു എനിക്കറിയാം. അതിന്റെ യോഗ്യതായോഗ്യതകളെപ്പറ്റി വിമർശനംചെയ്യാൻ ഞാൻ വിചാരിക്കുന്നില്ല. ആ വ്യവസ്ഥയെപ്പറ്റി ജനങ്ങളോടു അഭിപ്രായം എന്താരുണ്ടെന്നു അനുകൂലമോ പ്രതികൂലമോ എന്നുള്ളസംഗതിയെ അധികാരസ്ഥന്മാരുടെ ഓർമ്മയിൽ കൊണ്ടുവരണമെന്നു മാത്രമേ എനിക്കുദ്ദേശമുള്ളൂ.

സ്റ്റോറ് എക്സ്ചേഞ്ച്ബാങ്കിന്റെരൂപവിഷയപ്പറ്റി എനിക്കു വലിയപ്രത്യാശയില്ല. തൽഫനാഷ്യൽസെക്രട്ടറിക്കുപോലും അതിനെപ്പറ്റി വലിയപ്രത്യാശയില്ലെന്നാണ് കാണുന്നതു. മുൻ പ്രാസംഗികന്മാർ പ്രസ്താവിച്ചതുപോലെ, അതിനാവശ്യമുള്ള മൂലധനംഉണ്ടാക്കാൻ പോകുന്നതു വിദേശധനികന്മാരാടാണെങ്കിൽ നവരത്നങ്ങളുടെ ഉദ്ദേശിച്ചപ്രകാരം അഞ്ചുലക്ഷം രൂപാ ആ ബാങ്കിൽ ഇട്ടതുകൊണ്ടു യാതൊരുപ്രയോജനവും ഇല്ല. നമ്മുടെ ആളുകൾ ആ ബാങ്കിൽ അധികംപണം മുടക്കിയിടാൻ തക്കശേഷിയുള്ളവരല്ലെന്നു നമുക്കു അറിയാവുന്നകാര്യമാണു. ഇങ്ങനെ ചെയ്യുന്നതിന്റെഫലം ബാങ്കുമുഴുവനും വിദേശിയരുടെതായി പോകുമെന്നതുള്ളൂ. മദ്രാസിലും മറെറാരുപുറദേശങ്ങളിലും ഉള്ള ധനികന്മാരും വണിക്പ്രമുഖന്മാരും ബാങ്കിന്റെ ഓഹരികൾവാങ്ങുകയും അപ്പർ ഓഹരികൾ എടുക്കാതിരിക്കാതക്കവണ്ണം ചട്ടങ്ങളിൽ യാതൊരുവ്യവസ്ഥയുംഇല്ല. ഓഹരികൾ എടുക്കാൻ അനുവദിച്ചശേഷം ബാങ്കിംഗിന്റെ നടത്തിപ്പിൽ നിഷ്കർഷയായതൊരു കൈകടുപ്പുമുണ്ടാകുകയുമില്ല. എന്നുപറഞ്ഞാൽ അശേഷം ന്യായമായിരിക്കയില്ല.

മി. കെ. ജോർജ്. (ഗവണ്മെൻറുഫൈനാൻഷ്യൽസെക്രട്ടറി) : മെമ്പറിനെതിരുത്തിക്കാണിക്കുകയും തിരുപിതാവുക്കുകാക്ക മുൻ അവകാശം ഉണ്ടെന്നു ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ടു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : ഉപ്പ്സർ, എനിക്ക അതറിയാം എന്നാൽ തിരുവ താംകൂർകാർമുമ്പോട്ടവന്നില്ലെങ്കിൽ മൻഅവകാശം എവിടെയാണ കാണിക്കുന്നു് എന്നാണ എന്റെചോദ്യം. ഇവിടത്തെസ്ഥിതി ആലോചിച്ചാൽ, ഓഹരികൾ എടുക്കാൻ അധികമാളുകൾ മുണ്ടാകയില്ല ജായിന്റസ്റ്റോക്ക് കമ്പനികൾ പരാജയത്തിൽ അവസാനിക്കയാണ് ഇവിടത്തെചരിത്രം. ഇന്ന പ്രസ്താവന ഉണ്ടായിട്ടുണ്ടെപ്പോ, ഇവിടെ ആരംഭിച്ച ജായിന്റ സ്റ്റോക്ക കമ്പനികളെല്ലാം പൊളിഞ്ഞുപോകയാണ് ചെയ്തിട്ടുള്ളത്. എന്തുകൊണ്ടെന്നു ശരിയായി പണംമുടക്കാൻ ആളില്ലാത്തിട്ടാണ്, ഓഹരികൾ എടുക്കാൻ ജനങ്ങളെ കിട്ടിയില്ല. ചട്ടങ്ങൾ ഉണ്ടായിരിക്കാം പക്ഷേകായ്ത്തിനും ചട്ടങ്ങൾ ഉണ്ടാക്കാൻ ഗവണ്മെൻറിനു കഴിയുമെന്ന എനിക്ക അറിയാം എന്നാൽ ജനങ്ങൾക്ക ഗുണമൊന്നും ഉണ്ടായില്ല, അവർക്കനഷ്ടമില്ലാഞ്ഞിട്ടല്ല, കഴിവില്ലാഞ്ഞിട്ടത്രേ. കുറഞ്ഞ പലിശയ്ക്കും പലിശക്കൂടാതെയും ജനങ്ങളിടയിൽ അത്യാപത്കാലത്തുപോ ബാങ്കിൽ ഉടൻ ആപ്പോഴിക്കുവാനും ഈ സംഗതിയും ആലോചിക്കേണ്ടതാണ്. ഇത്ര വലിയ ഖജനസംഖ്യ ബാങ്കിൽ നിക്ഷേപിക്കുമ്പോൾ അതി നെനിതീകരിക്കുന്നതിന ജനങ്ങൾക്ക അറ്റകൊണ്ടുണ്ടാകും എന്നുള്ള വ്യക്തകാരണമെന്തുള്ളൂ. അതിന്റെ ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം കുറെകാലത്തേക്ക അപകട എന്തെങ്കിലുമുണ്ടാകുമെന്ന ഞാൻ വിചാരിക്കുന്നില്ല.

സമയുടെസമയം ഇനിയും അധികം ഞാൻ എടുക്കുന്നില്ല. മദ്യപാനനിരോധനകാര്യം ഗവണ്മെൻറുത കുന്ന നടപടിൽ വളരെസന്തോഷമുണ്ടെന്നാകുന്നു. എന്നപറഞ്ഞുകൊണ്ട് ഞാൻ അവതരിപ്പിക്കുന്നു. മഹാരാണിത്തമന സ്റ്റിലെ ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള മാതൃകാപ്രവർത്തനം നിമിത്തം ഗവണ്മെൻറുതന്നെ ഒരുമദ്യപാനനിരോ ധനവ്യവസ്ഥയുണ്ടാക്കുന്നതു വളരെയും ഉചിതമായിരിക്കുമെന്നുഞാൻ വിചാരിക്കുന്നു. പ്രാഥമികവിദ്യാഭ്യാസം നടത്തുന്നതിന്റെ പ്രാധാന്യതയും ഞാൻ ദൃഷ്ടിയിൽപ്പെടുത്തിക്കൊള്ളുന്നു. ഗവണ്മെൻറുപണം കടംപൊങ്ങിയെങ്കിലും പ്രാഥമികവിദ്യാഭ്യാസം നിർബന്ധവും ചെലവില്ലാത്തതുമാക്കുമെന്ന ഞാൻ വിശ്വസിക്കുന്നു. അപ്പിദ്യാഭ്യാസം ഇപ്പോഴും ചെലവില്ലാത്തതാണ്. എന്നാൽ അതിന്റെഗുണം എല്ലാപേക്കും സിദ്ധിക്കുന്നില്ല. ഇന്നു വിടെ ഹാജരില്ലാത്ത മി. കുഞ്ഞിതൈമ്മൻ മുമ്പൊരു അവസരത്തിൽ പറഞ്ഞതു എതൻറസ്സുരണയിൽവരുന്നു. ഒരുയന്ദ്രമശപ്പറയുന്നു പലഹാരങ്ങൾവെച്ചിട്ട കുഞ്ഞുങ്ങളും പ്രായംചെന്നവരും എടുത്തുതിന്നുകൊള്ളാൻ പറയുന്നപോലെയാണ് അതെന്നാകുന്നു അദ്ദേഹം പറഞ്ഞതു. എന്നാൽ കുഞ്ഞുങ്ങൾക്ക കൈകൊണ്ടുകയില്ല. ഇങ്ങനെയാണ്നാം പ്രാഥമിക വിദ്യാഭ്യാസം സൗജന്യമായികൊടുക്കുന്നതു. പുലയർ, പറയർ മുതലായ അധകൃത വർഗ്ഗക്കാക്ക അതുകൊണ്ടുള്ളഗുണം എടുക്കാൻകഴിയുന്നില്ല. പ്രാഥമികവിദ്യാഭ്യാസം കൊണ്ടുള്ളഗുണം എല്ലാ വർക്കും ലഭിക്കത്തക്കവണ്ണം യഥാർത്ഥസൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കണമെന്നാണ് ഞാൻപറയുന്നതു. ഈ അഭിപ്രായയോടുകൂടെ ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

മി. സി. പി. തരകൻ (കുന്നത്തൂനാട്ടു): മി. ജാഫ്ഫ് ഈ സഭയിൽ ഹാജരാക്കിയിരിക്കുന്ന ബഡ്ജറിൽ നിന്നു നമ്മുടെ ധനസ്ഥിതി അത്രേക്കും അപകടത്തിലല്ലെന്നു കാണാം. എന്നിരുന്നാലും നമ്മുടെ ധനവിനിയോഗസംബന്ധമായ നയം അത്ര ആശാസ്യമാണെന്നു പറയാൻ നിവൃത്തിയില്ല. ജനസാമാന്യത്തിനു അത്യന്തം ആവശ്യകങ്ങളായ പലേ വിഷയങ്ങളിലും ഗവണ്മെൻറു പണം ചിലവാക്കാൻ മടിക്കുകയും അനാവശ്യമായിട്ടുള്ള പലേ സംഗതികളിലും ഗവണ്മെൻറു പണം ചിലവാക്കുന്നതിനു അശേഷം മടി കാണിക്കാതെ ഇരിക്കയും ചെയ്തിട്ടുണ്ടെന്നുള്ള സംഗതി ഈ ബഡ്ജറിൽനിന്നുംതന്നെ കാണാവുന്നതാണ്. ഉയർന്ന ഉദ്യോഗസ്ഥന്മാർക്ക ഗവണ്മെൻറു കൊടുത്തുപോരുന്ന ശമ്പളം അധികമാണെന്നു ജനപ്രാതിനിധ്യത്തിനും ആവശ്യപ്പെടുമ്പോൾ ഗവണ്മെൻറുഭാഗത്തുനിന്നും പറഞ്ഞ മറുപടി ഡാക്ടർ കുഞ്ഞൻപിള്ളയോ റാവുബഹദൂർ രങ്കസ്വാമിഅയ്യങ്കാരോ ബ്രിട്ടിഷ് ഇൻഡ്യായിലായിരുന്നു എങ്കിൽ രണ്ടായിരമോ മൂവായിരമോ ശമ്പളം ലഭിക്കുമായിരുന്നു എന്നാണ്. ഈ ചെറിയ രാജ്യത്തു ഇത്ര ചുരുങ്ങിയ ശമ്പളത്തിനു സേവിക്കുവാൻ സന്നദ്ധരായ ഡാക്ടർ കുഞ്ഞൻപിള്ള അവർകളുടെ സ്വദേശസ്നേഹത്തേയും മി. രങ്കസ്വാമിഅയ്യങ്കാരുടെ പരോപകാരതല്പരതയേയും അഭിനന്ദിക്കേണ്ടതുതന്നെ യാകുമെങ്കിലും ഈ ചെറിയ രാജ്യത്തു ഇപ്പോഴുള്ള ശമ്പളഭേദംതന്നെ വളരെ അധികമാണെന്നു പറയാതെ നിവൃത്തിയില്ല. വിദ്യാഭ്യാസത്തിലേക്ക ഗവണ്മെൻറുചെയ്യുകയുന്ന ചിലവു് വളരെ അധികമാണെന്നും അതുകൊണ്ടു കുറയ്ക്കേണ്ടതാണെന്നും ഗവണ്മെൻറിനുതന്നെ ബോധ്യപ്പെട്ട എന്നു കരുതുന്നു. സെക്രട്ടറിയുടെ പ്രസംഗത്തിൽ നിന്നും വെളിപ്പെടുന്നതാണ്, ജനപ്രാതിനിധ്യത്തിനും പുറപ്പെടുവിട്ടുള്ള അഭിപ്രായങ്ങളെ ആദരിക്കുന്നതിനു ഗവണ്മെൻറു ഇതുവരെ കാണിച്ചിട്ടുള്ള മടിമാത്രമാണ് ഈ ചിലവിൻ കാരണമെന്നുള്ളതു പ്രത്യക്ഷമാണ്.

ദസക്കണക്കിനുള്ളകുപ്പം കഴിവുള്ളിടത്തോളം തെമ്പ്രവറു മാനേജ്മെൻറിൽ വിട്ടുകൊടുക്കണമെന്ന പലനാളായി ഈ സഭയിലും പ്രജാസഭയിലും പല ആളുകളും ഗവണ്മെൻറിനോടു അപേക്ഷിച്ചിട്ടുള്ളതാണ്. ഈ കാര്യത്തിൽ ഡയറക്ടരവർകളും വലിയ ഉത്സാഹം കാണിച്ചിട്ടുണ്ടു എന്നു പറയാതെ നിവൃത്തിയില്ല. പലഭാഗത്തുനിന്നും ഡിപ്പാർട്ടുമെൻറിൽ സ്കൂളുകളും ഏറെറടുത്തു നടത്താൻ കഴിയുന്ന പല അപേക്ഷകളും വന്നിട്ടുണ്ട്, ചില ആളുകളും അതിനു തടസ്സം പറഞ്ഞിട്ടുണ്ടെന്നുള്ളതു് ശരിതന്നെ. ആ തടസ്സത്തെ കാരണമായി പറഞ്ഞു ഏജുക്കേഷനൽ ഡിപ്പാർട്ടുമെൻറിന്റെ മാനേജ്മെൻറിൽനിന്നുമാറി തെമ്പ്രവറ്മാനേജ്മെൻറിനു കൊടുക്കുന്നതിനു ഡിപ്പാർട്ടുമെൻറു പലപ്പോഴും വൈമനസ്യം പ്രകടിപ്പിച്ചിട്ടുള്ളതായിട്ടാണ് കാണുന്നതു്, ഇപ്പോഴത്തെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെ കുറയ്ക്കുന്നതിനും അനാവശ്യമായ ചിലവുകളെ കുറയ്ക്കുന്നതിനും ഗവണ്മെൻറു വൈമനസ്യമാണ് പ്രകടിപ്പിച്ചിട്ടുള്ളതു്. പ്രിപ്പറേറെറി മുതൽ Third form വരെയുള്ള വിദ്യാഭ്യാസത്തിനും മലയാളവും ഇംഗ്ലീഷും യോജിപ്പിച്ചു ചിലവു കുറയ്ക്കുന്ന രീതിയിൽ നടത്താൻ ഡയറക്ടർക്കും സൗകര്യമുള്ളതും ഏതു വിധത്തിൽ നമ്മുടെ വിദ്യാഭ്യാസച്ചിലവു വളരെ കുറയ്ക്കാവുന്നതുമാണ്. അതുപോലെതന്നെ പലേ സ്ഥലങ്ങളിലും പരീക്ഷിച്ചു വിജയപ്രദമായിട്ടുള്ള ഡബിൾ ക്ലിഫ്റൂസിസ്റ്റം ഏർപ്പെടുത്തുന്നതുകൊണ്ടു വിദ്യാഭ്യാസവിഷയത്തിൽ വളരെ ധനലാഭം ഉണ്ടാകുന്നതാണ്. ഈ വിഷയത്തിൽ വളരെ കായ്മയായി ശ്രദ്ധ പതിപ്പിക്കേണ്ടതിനുപകരം ഗവണ്മെൻറിൽനിന്നും ജനസാമാന്യത്തിനു ഏതുയും അത്യാവശ്യമായ പ്രാഥമിക വിദ്യാഭ്യാസകാര്യത്തിൽ ആണ് ചിലവു കുറയ്ക്കുന്നതിനു ഇതുവരെ ഉത്സാഹം പ്രകടിപ്പിച്ചുകാണുന്നതു്. ഈ തുച്ഛകാര്യത്തിനു ചിലവുകഴിക്കുന്ന ഗ്രാൻറസ്സ്യൂടെ അദ്ധ്യക്ഷന്മാർ വിദ്യാഭ്യാസവിഷയത്തിനുവേണ്ടി

ഈ ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുമെന്നു ഗവണ്മെൻറിനു അധികം ആലോചിക്കാതെതന്നെ അറിയാവുന്നതാണ്. ഡയറക്ടരവർകൾ ഈ സംഗതികൾ സമ്മതിക്കുമെന്നിരുന്നാലും ഒരിക്കലും പണം കൂട്ടികൊടുക്കൽ അനുവദിക്കുന്നില്ല.

കഴിഞ്ഞ കൊല്ലത്തിൽ 8 ലക്ഷം രൂപയും ഈ കൊല്ലത്തിൽ 8 ലക്ഷം രൂപയും മിച്ചംവെക്കുന്നതിനും അടുത്തകൊല്ലത്തിൽ 12 ലക്ഷം രൂപാ മിച്ചംവയ്ക്കത്തക്കവിധത്തിൽ ബഡ്ജറ്റു തയ്യാറാക്കുന്നതിനും ദൃഢപ്രതിജ്ഞയായ ഫിനാൻഷ്യൽസെക്രട്ടറി ആ സംഖ്യ പ്രാഥമിക അദ്ധ്യാപകന്മാർക്കു ശമ്പളക്കൂട്ടുതലിനു വിനിയോഗിക്കാതെയും മറ്റുള്ള ജനസാമാന്യത്തിന് പ്രയോജനകരമായ സംഗതിക്കായി അനുവദിക്കാതെയും ഇരിക്കുന്നതു കഷ്ടം എന്നല്ലാതെ മറെറാന്നും പറയുവാനില്ല.

ഇനി പറയുവാനുള്ളതു കൊച്ചിതുറമുഖത്തെ സംബന്ധിച്ചാണ്. അതു ഇവിടെ പ്രതിവാദവിഷയമല്ല എന്നു പ്രസിഡൻറും അവർകളും പ്രസ്താവിച്ചതുകൊണ്ടു അതിനെൻറ ഭരണസംബന്ധമായ സംഗതികളേക്കുറിച്ചു പറയണമെന്നു വിചാരിക്കുന്നില്ല. എന്നാൽ ഗവണ്മെൻറിൽനിന്നും വളരെ പണം ചിലവിട്ടു ഇങ്ങിനെ ഒരു സംഗതി തുടങ്ങാൻ ആലോചിക്കുമ്പോൾ ഈ സംഗതിയെ സംബന്ധിച്ചു നമ്മുടെ നാട്ടിൽ ഉള്ള ആളുകളിൽ കുറെപേരെ എങ്കിലും ഇഞ്ചിനീയർ മുതലായ ഉദ്യോഗങ്ങളിൽ പ്രവേശിപ്പിക്കുന്നതിന് ഗവണ്മെൻറു കഴിയുന്നതും ശ്രമം ചെയ്യുമോഎന്നു ജനസാമാന്യം അറിയാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു എന്ന് ഞാൻ അവിടത്തെ അറിയിച്ചുകൊള്ളുന്നു. തീവണ്ടിയേ സംബന്ധിച്ചും അതുപോലെതന്നെ ഒരു ആഗ്രഹം ജനസാമാന്യത്തിൻറെ ഇടയിൽ ധാരാളം ഉണ്ട്.

സാധാരണ ജനങ്ങൾക്കു അധികം ആവശ്യമുള്ളതായി റോഡുകൾ, തോട്ടുകൾ, മൈനർ ഇറിഗേഷൻവേലകൾ മുതലായവയിലേയ്ക്കു ധനവ്യയം ചെയ്യുന്നതിൽ ഗവണ്മെൻറിൻെറ മടി പണ്ടത്തെപ്പോലെതന്നെ ഇപ്പോഴും കാണുന്നു. വിശേഷിച്ചു തിരുവിതാംകൂറിൻെറ വടക്കേഭാഗത്തെ സംബന്ധിച്ചിടത്തോളം എത്രയും വ്യസ്സവമാണ്. ഇപ്പോഴത്തെ ചീഫ് ഇഞ്ചിനീയർ മിസ്റ്റർ നടേശയ്യർ ആ സ്ഥാനത്തു പ്രവേശിച്ചതിൻെറശേഷം വടക്കൻതിരുവിതാംകൂറിലെ കാര്യങ്ങൾ സല്പമായിട്ടെങ്കിലും ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും അതനുസരിച്ചു ഉത്സാഹം ഉത്സാഹമായി പ്രവർത്തിക്കുവരുന്നു എന്നും ഞാൻ വളരെ സന്തോഷത്തോടുകൂടെ അറിയിച്ചുകൊള്ളുന്നു. റോഡുകളെ സംബന്ധിച്ചു ഇനിയും വളരെ പ്രവർത്തിക്കാൻ ഉണ്ട്. തോട്ടക്കാർ മുതലായി നമ്മുടെ സംസ്ഥാനക്കാർ അല്ലാത്തവരുടെ ആവശ്യത്തിനു ഗവണ്മെൻറു ചിലവിട്ടുന്നതിലധികമൊന്നുമില്ലെങ്കിലും പണം ഈ വാട്ടുകാരുടെ ആവശ്യത്തിനുവേണ്ടി ചിലവിടുവാൻ വേണ്ട ഉത്സാഹം പ്രദർശിപ്പിക്കണമെന്ന് പ്രത്യേകമപേക്ഷിച്ചുകൊള്ളുന്നു. അതിനെ സംബന്ധിച്ചു എനിക്കു പറയാൻ ഒരു പ്രത്യേകസംഗതിയുള്ളതു മിസ്റ്റർ നടേശയ്യരുടെ ഉത്സാഹം ആ റോഡുകളെ നന്നായി ഉണ്ടാക്കുന്ന വിഷയത്തിൽ മി. നടേശയ്യരുടെ ശ്രദ്ധ അത്രതന്നെ പതിയുന്നില്ല എന്നുള്ളതാണ്. (ചിരി) റോഡുകൾക്കു വീതിക്കുട്ടിയുണ്ടാക്കുന്ന വിഷയത്തിലെ അദ്ദേഹത്തിൻറെ ഒഴിച്ചിപതിഞ്ഞുകാണുന്നില്ലാ അതു ജനങ്ങൾക്കു യഥാർത്ഥത്തിൽ ഗുണകരമായ ഒരു അഭിപ്രായമാണെന്നു എനിക്കു തോന്നുന്നില്ല. ധാരാളമായി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഗതാഗതത്തിനനുസരിച്ചു കൂടുതൽ പണം വ്യയംചെയ്തു അഭിവൃദ്ധിപ്പെടുത്തുകയും റോഡുകൾ തോട്ടുകൾ മുതലായവ നന്നായി ഉണ്ടാക്കുകയുംവേണം. കഴിവുകെ റോഡുകൾ ഗവണ്മെൻറിൽനിന്നും എടുത്തു അതിൽ മെയിൻറനൻസു നടത്തുന്നതിനായിട്ടു ഒരു നല്ല തുക ബഡ്ജറ്റിൽ കൊള്ളിക്കപ്പെടുക പതിവുണ്ടായിരുന്നു. എന്നാൽ അതു ഈ കൊല്ലത്തിൽ വളരെ കുറവാണെന്നു കാണുന്നു. കുടികളുടെയുകെ റോഡുകൾ ഗവണ്മെൻറിൽനിന്നും എടുത്തു മെയിൻറയിൻ ചെയ്യുന്നതിനെ സംബന്ധിച്ചു ഒരുനിയമം അടുത്തകാലത്തുണ്ടായിട്ടുണ്ട്. അതിലെ തത്വങ്ങളനുസരിച്ചു ഒരിഞ്ചുറോഡുപോലും ഗവണ്മെൻറിനു എടുക്കാൻ സാധിച്ചിട്ടില്ല. ഇനി എടുക്കാൻ സാധിക്കയുമില്ലെന്നാണ് എൻെറ പൂർണ്ണമായ അഭിപ്രായം. ഈ രൂപം ഒന്നു ഉടച്ചുവാർത്തു ജനസാമാന്യത്തിനു അതിൽ പ്രവേശിക്കാൻ സൌകര്യമുള്ള വിധത്തിൽ ഉണ്ടാക്കി തീർക്കാത്തപക്ഷം അതിൻറെ ഫലം ജനങ്ങൾക്കനുഭവിക്കാൻ സാധിക്കയില്ല. അതിനാൽ ഈ കൌൺസിലിലെ ഒരു സബ്കമ്മിറ്റി നിയമിക്കേണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ഇനി പറയാനുള്ളതു വരവിനങ്ങളെ കുറിച്ചാണ്. നമ്മുടെ രാജ്യത്തെ ചിലവു നടത്തുന്നതിനു ഗവണ്മെൻറിൽനിന്നും കണ്ടുപിടിച്ചിട്ടുള്ള ഒരു പ്രധാനവരുമാനം എക്സൈസ് ആണ് മദ്യപാനനിരോധനമാണ് ഗവണ്മെണ്ടു നയമെന്നു ഈ സഭയിൽ ഗവണ്മെൻറുഭാഗത്തുനിന്നും എക്സൈസ് കമ്മീഷണർ പറയുകയുണ്ടായിട്ടുണ്ടു. പക്ഷെ ആ വിഷയത്തിൽ കൂടുതൽ ഉത്സാഹത്തോടുകൂടി പ്രവർത്തിക്കയോ മദ്യപാനനിരോധനം ശരിയായ വിധത്തിൽ നടപ്പിൽ വരുത്താൻ ശ്രമിക്കയോ ചെയ്തിട്ടില്ല. അക്കാനി ചെത്താനുള്ള ഫ്രീ പാസു യാതൊരു പ്രയാസവുംകൂടാതെ ധാരാളമായി അനുവദിക്കേണ്ടതാണ്. അതു സംബന്ധിച്ചു ഗവണ്മെൻറിനു തടസ്സം പറയാനുള്ളതു ഫ്രീ പാസു അനുവദിക്കുന്നപക്ഷം അതു ഷാപ്പുകാർ ഉപയോഗിക്കുമെന്നുള്ളതാണ്. എന്നാൽ അങ്ങനെയെയപ്പെടാൻ അവകാശമില്ലാത്ത അവസരങ്ങളിൽപോലും ഡിപ്പാർട്ടുമെൻറിൽനിന്നും അങ്ങനെയുള്ള അനുവാദങ്ങൾ കൊടുത്തുവരുന്നില്ല എന്നാണ് എൻെറ അറിവ്. ൻ൯-ലെ ഭരണറിപ്പോർട്ടു ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുള്ളതിൽ അക്കാനി ഫ്രീ പാസു തിരസ്കരിച്ചിട്ടുള്ളതായി പരാതി ഉണ്ടായിട്ടില്ലെന്നു കാണുന്നു. ഇതുപോലെയുള്ള ശമ്പളവും മുതലായുമുള്ള എക്സൈസ്കമ്മിഷണർ തൻെറ ഭരണറിപ്പോർട്ടിൽ ഒരു അവാസ്തവപ്രസ്താവം ചെയ്തു എന്നു പറയുന്നതു ഈ കൌൺസിലിലെ ഒരു മെമ്പർ എന്ന നിലയിൽ അതു യോജിച്ചതല്ല എന്നു എനിക്കു ഓർമ്മയില്ലാതില്ല എങ്കിലും വാസ്തവം പറയാതിരിക്കാൻ നിവൃത്തിയില്ല. ഇങ്ങനെ ഒരു സംഗതി ൻ൯-ൽ ഉണ്ടായിട്ടുള്ളതായി എനിക്കതന്നെ നേരിട്ടറിയാം. മിസ്റ്റർ വാൻറാസിനും അതറിയാം.

മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മിഷണർ): അതു ഞാൻ നിഷേധിക്കുന്നു. ൻ൯-ൽ പരാതികൾഒന്നും കിട്ടീട്ടില്ലെന്നു എനിക്കുകിട്ടിയ റിപ്പോർട്ടുകൾകൊണ്ടു കാണുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഇങ്ങനെ ഒരുസംഗതി ഉണ്ടായിട്ടുള്ളതായി എക്സൈസ് കമ്മിഷണർക്കുതന്നെ അറിയാം. മി. വാൻറൊസിനു അതു നിഷേധിക്കാൻ കഴികയില്ലെന്നു ഞാൻ പറയുന്നു.

പ്രസിഡന്റ്: മെമ്പർ പറയുന്നതു ക്രമവിരുദ്ധമാണ്. മി. വാൻറോസ് നിഷേധിക്കുന്നു. മെമ്പർ അതുപറഞ്ഞാൽ അതു സ്ഥാപിക്കാൻവേണ്ടുന്ന തെളിവു ഹാജരാക്കാൻ തയ്യാറായിരിക്കണം.

മി. എ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മിഷണർ): പ്രൊസിക്യൂഷൻ ഒരു പ്രതി ഉണ്ടായിട്ടില്ലെന്നു ഞാൻ വീണ്ടും പറയുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഹർജി പ്രൊസിക്യൂഷൻ അയച്ചിട്ടുണ്ട്.

മി. എ. ജെ. വാൻറോസ്സ് (എക്സൈസ്സ്കമ്മിഷണർ): പ്രൊസിക്യൂഷൻ മാത്രം എന്നിരുന്നാലും ഒരു ഹർജി കിട്ടീട്ടുണ്ടു.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഞാൻ പറയുന്ന സംഗതി മി. വാൻറോസിനു നല്ലപോലെ അറിയാവുന്നതാണ്. ഒരുത്തൻ അപേക്ഷിക്കുന്നു പ്രീപാസ്സിനു അപേക്ഷിച്ചു. കീഴ്വഴിൽബന്ധികളോടു അപേക്ഷിച്ചിട്ടും കിട്ടാതെയായി. എന്നിട്ടു ഫാദർ പെട്ടിക്കാപ്പള്ളിയെക്കൊണ്ടു മി: വാൻറോസിനോടു ശുപാർശ ചെയ്തിട്ടും സാധിക്കാതെവന്നു.

ഈ സംഗതിയെ സംബന്ധിച്ചു ഫാദർ പെട്ടിക്കാപ്പള്ളിയുടെ അപേക്ഷപ്രകാരം ഞാൻതന്നെ എക്സൈസ് അസിസ്റ്റൻറുകമ്മിഷണരും ഇൻസ്പെക്ടരുംകൂടി നിൽക്കുമ്പോൾ മി. വാൻറോസിനോടു പറയുകയുണ്ടായി. ആ സമയത്തു അസിസ്റ്റൻറുകമ്മിഷണരും ഇൻസ്പെക്ടരും പറഞ്ഞ മറുപടി ഷാപ്പുകാർ യിരോധിക്കുന്നു എന്നാണ്. സാധാരണ ഗവർമ്മെൻറു നിയമം ഷാപ്പുകാർക്കു ആനുകൂല്യമുള്ളവക്കു കൊടുത്തുകൂടാ എന്നാണ്. ഷാപ്പുകാർക്കു വിരോധമുള്ളതു കൊടുത്തുകൂടാ എന്നാണ് ഡിപ്പാർട്ടുമെൻറിന്റെ നയം.

എന്നാൽ ഈ രണ്ടുംകൂടി യോജിക്കുന്നതെങ്ങനെ എന്നു എനിക്കു മനസ്സിലാകുന്നില്ല. എക്സൈസ്സ്കമ്മിഷണരെ ഫാദർ പെട്ടിക്കാപ്പള്ളി പ്രീപാസിനു നിർബന്ധിച്ചപ്പോൾ ആ മനുഷ്യൻ ഒരു എക്സൈസ്സ് പ്രൊഹിബിഷൻറ ശമ്പളം മാസംകൊടുക്കാൻ തയ്യാറുള്ളപക്ഷം പാസുകൊടുക്കാമെന്നാണ് അദ്ദേഹം പറഞ്ഞതു. ഈ മനുഷ്യൻ എക്സൈസ്സ്കമ്മിഷണരുടെ ശമ്പളം കൊടുക്കണമെന്നു പറയാത്തതു ഭാഗ്യമെന്നു എനിക്കു പറയാനുള്ളൂ. (ചിരി)

പുതിയൻകുളങ്ങരയിൽ കാഷ്യുത്തിലും ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന നയം അശേഷം തന്നെ പ്രതികരമാണെന്നു പറയാൻ നിവൃത്തിയില്ല. അടുത്തകാലത്തു പിറവം സർക്കിളിൽ കള്ളുവായി പുതിയൻകുളങ്ങര ചെത്തു് ധാരാളമായി നടക്കുന്നുഎന്നു കമ്മിഷണരോടു പരാതിപ്പെട്ടു. കമ്മിഷണർ ഉടൻതന്നെ ഉത്സാഹത്തോടുകൂടി ഉടനെതന്നെ കൊച്ചിക്കുപോയി. എന്നിട്ടു ഒരു ഇൻസ്പെക്ടരേയും രണ്ടു സബ് ഇൻസ്പെക്ടർമാരേയുംകൂടി കേസ്സു കണ്ടുപിടിക്കുവാൻ അയക്കുകയായിരുന്നു ചെയ്തതു. ഒരു അസിസ്റ്റൻറു കമ്മിഷണരുടെമേലുള്ള പരാതി യേപ്പറ്റി അന്വേഷിക്കുവാൻ ഇൻസ്പെക്ടരേയും സബ് ഇൻസ്പെക്ടറന്മാരേയും നിയമിക്കുന്ന സ്ഥിതിക്കു മിസ്റ്റർ വാൻറോസിനു ശമ്പളം കൊടുക്കുന്നതു് എന്തിനാണെന്നു എനിക്കുമനസ്സിലാകുന്നില്ല.

പ്രസിഡന്റ്: ബഡ്ജറ്റിൻറെ പൊതുനിരൂപണത്തോടു ഇതിൻറെ സംബന്ധം കാണുന്നില്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു) എക്സൈസ്സ് ഇനത്തിൽ ഗവർണ്മെൻറു ഉണ്ടാക്കുന്ന ആദായം ന്യായമായിട്ടുള്ളതല്ലാ എന്നുള്ളതിനെ സ്ഥാപിക്കുകയാണ് എൻറെ ക്രമം. ഡിപ്പാർട്ടുമെൻറു ഈ സംഗതിയെ മനസ്സിൽവച്ചുകൊണ്ടു പ്രവർത്തിക്കുന്നില്ലാ എന്നാണ് എനിക്കു പറയാനുള്ളതു.

പ്രസിഡന്റ്: സംബന്ധം കാണുന്നില്ല: അദ്ദേഹത്തോടു വാദം നടത്തുമ്പോൾ ഇതിനെപ്പറ്റി സംസാരിക്കുന്നതു പക്ഷേ ശരിയായിരിക്കും.

മി. സി. പി. തരകൻ (കുന്നത്തുനാടു): എന്നാൽ അപ്പോൾ പറയാം. ഗവർണ്മെൻറിൽനിന്നും ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി ചെലവിടുന്ന മറ്റൊരു ഡിപ്പാർട്ടുമെൻറു ആയുർവേദഡിപ്പാർട്ടുമെൻറാണ്. നമ്മുടെ സംസ്ഥാനത്തു വൈദ്യവിഷയമായി ഗവർണ്മെൻറിൽനിന്നും വ,വ്യ,൦൦൦ രൂപാ ചിലവാക്കുന്നതിൽ സാനിട്ടറി വകുപ്പിലേക്കുപോകുന്ന ൯൮,൦൦൦ രൂപാ കഴിച്ചു ബാ൫,൦൦൦ രൂപാ മാത്രമാണ് ആയുർവേദഡിപ്പാർട്ടുമെൻറിലേക്കു അനുവദിച്ചിട്ടുള്ളതു്. ബാക്കിയുള്ളതു ഇംഗ്ലീഷ് ചികിത്സയുടെ ചിലവിനായിട്ടു ഇപ്പോൾ ഉപയോഗിക്കുകയാണ്ചെയ്യുന്നതു. അതു ലജ്ജാവഹമെന്നല്ലാതെ മറ്റൊന്നും പറയുവാനുണ്ടു- ആയുർവേദത്തെ സംബന്ധിച്ചു കൂടുതലായി ശ്രദ്ധപതിഷ്കരിയും നിവൃത്തി ഉള്ളിടത്തോളം ആയുർവേദംതന്നെ നാട്ടിൽ എല്ലാ അളുകൾക്കും ഉപകരിക്കത്തക്കവണ്ണം വർദ്ധിപ്പിക്കയും ചെയ്യണമെന്നാണ് എൻറെ അപേക്ഷ.

ഒരു വസ്തുതന്നെ കൂലത്തും ഉച്ചയ്ക്കും രണ്ടുനേരവും അളന്നാൽ മുന്നു തരത്തിൽ അളവു കുണ്ടിക്കയും സംസ്ഥാനത്തിൻറെ വിസ്തീർണ്ണത്തെക്കുവേണ്ടി യുദ്ധം മുതലായ അനാവശ്യച്ചിലവുകൾ കൂടാതെ സംസ്ഥാനത്തിൻറെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനു സാമർത്ഥ്യം ഉള്ളവരെന്നു സുപ്രസിദ്ധന്മാരായ അസിസ്റ്റൻറു സർജൻമാരുടെ ശമ്പളം കുറയ്ക്കുകയും അങ്ങിനെയുള്ള ഉദ്യോഗങ്ങളെ നിർത്തുകയും ചെയ്യണമെന്നു പല പ്രാവശ്യവും ഈ സഭയിൽ അപേക്ഷിക്കയുണ്ടായി. എങ്കിലും ഗവർണ്മെൻറു ഇതുവരെ ഈ സംഗതിയെക്കുറിച്ചു ആലോചിക്കാതിരുന്നു. ഗവർണ്മെൻറിനു ബോധ്യപ്പെട്ടതായും അതനുസരിച്ചു ഒരു പുതിയ സ്കീം ഇപ്പോൾ എങ്കിലും ഈ സംഗതിയെപ്പറ്റി മി. റാബിൻസൺ തയ്യാറാക്കുന്നതായും അറിയുന്നതിൽ അതിയായി സന്തോഷിക്കുന്നു: ഈ കമ്മറ്റി താലൂക്കുകച്ചേരിയിലും പ്രകൃതിക്കുച്ചേരിയിലും നടക്കുന്ന പ്രവൃത്തിപദ്ധതിയെപ്പറ്റി കൂടെ ആലോചിച്ചു റിപ്പോർട്ടുചെയ്യുന്നതിനും ഈ വിഷയത്തിൽ കൂടെക്കൂടി കാര്യക്ഷമമായ തരണം നടപ്പാക്കുന്നതിനു ആവശ്യമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും ആവശ്യപ്പെടണമെന്നു ഗവർണ്മെൻറിനോടു അപേക്ഷിച്ചുകൊള്ളുന്നു.

പല വിഷയങ്ങളിലും വ്യയനിയന്ത്രണം ചെയ്യേണ്ട ആവശ്യമുണ്ടെന്നു ഫിനാൻഷ്യൽസിക്രട്ടറി അവർകൾക്കു ബോധ്യം ഉള്ളതായി അദ്ദേഹത്തിൻറെ ഫിനാൻഷ്യൽ സ്റ്റേറ്റുമെൻറിൽനിന്നു കണ്ടാറാം. അതിനായിട്ടു ശരിയായ ഒരു ശ്രമം ഗവർണ്മെൻറു ഇതുവരെ ചെയ്തിട്ടുള്ളതായി വിചാരിക്കാൻ നിവൃത്തിയില്ല. ഇതിനുമുമ്പു ഒരിക്കൽ റിട്രെഞ്ച്മെൻറുകമ്മിറ്റി എന്ന ഒരു കമ്മിറ്റിയെ നിയമിച്ചു എങ്കിലും ൫ ൬ ശ്രമപ്പായുള്ളതു മാത്രമേ ഉദ്ദേശം ഗവർണ്മെൻറുടെ ശമ്പളത്തെ സംബന്ധിച്ചു യുക്തമായ വ്യയനിയന്ത്രണംചെയ്യുവാൻ ഉപദേശം നൽകാൻ ഈ കമ്മറ്റിക്കു അശേഷം സാധിച്ചില്ല. അതിനാൽ സംസ്ഥാനത്തിലെ എല്ലാ ഉദ്യോഗങ്ങളേയും സംബന്ധിച്ചു വേണ്ട

പോലെ ആലോചിക്കാനും ആവശ്യമുള്ള വ്യയനിയന്ത്രണങ്ങളെ ഗവണ്മെന്റിനു ഉപദേശിക്കുന്നതിനും ആയി ഒരു കമ്മിറ്റിയെ രൂപീകരിക്കണമെന്നു ഞാൻ പ്രത്യേകമായി അപേക്ഷിച്ചുകൊള്ളുന്നു.

ഇതിനു ഗവണ്മെന്റിൽനിന്നും വരവു കുറയ്ക്കുവാൻ ഉള്ള ഒന്നോരണ്ടു സംഗതികൾകൂടി പറയാം. ഒന്നാമതായി കക്കാപോലത്തെ സംബന്ധിച്ചാണ്.

പ്രൈസിഡൻറ്: സമയമായി.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, കാലാവധിയെ നിർണ്ണയിച്ചുകൊണ്ടു ഈ രാജ്യത്തിന്റെ വരുന്ന വർഷത്തെ ജനകീയബജറ്റിനെയാണു മിസ്റ്റർ ജാക്ക് വീണ്ടും നമ്മുടെ മുമ്പാകെ വന്നിരിക്കുന്നു. അതിൽ എല്ലാം സന്തോഷാവഹമാണെന്നു. കഴിഞ്ഞവർഷത്തെ ബഡ്ജറ്റു പ്രസംഗത്തിന്റെ വ്യസനകരസ്വരം ഇന്നതിലില്ല. അദ്ദേഹം കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റു തയ്യാറാക്കിയപ്പോൾ കഴിഞ്ഞ കൊല്ലാവസാനത്തിൽ ഉണ്ടായ അസാധാരണ വെള്ളപ്പൊക്കത്തിന്റെ നിമിത്തം അദ്ദേഹത്തിന്റെ മനസ്സു ആശാശങ്കകളുടെയുദ്ധരംഗം ആയിരുന്നു—എങ്കിലും ഈ അന്ധകാരത്തിൽ ഉദിച്ചുയർന്നു അല്പം വെളിച്ചത്തിന്റെ സഹായം കൊണ്ടു അദ്ദേഹം ഒരു ബഡ്ജറ്റു തയ്യാറാക്കി. ആ ബഡ്ജറ്റു ഫാക്ടറാക്കിയപ്പോൾ താനു നിൽക്കുന്നതു ഉറച്ച നിലത്തല്ലെന്നു പറഞ്ഞതു അസ്ഥാനത്തിലായിരുന്നു എന്നും കണക്കിൽ ചില തെറ്റുകൾ വന്നുഎന്നും കാണുന്നു. അങ്ങനെയുള്ള സന്ദർഭത്തിൽ കുറെക്ക തെറ്ററിപ്പോയതുകൊണ്ടു ഞാൻ അദ്ദേഹത്തെ കുറ്റംപറയുന്നില്ല. അദ്ദേഹം ഒരു മനുഷ്യനാകുകൊണ്ടു മറ്റൊല്ലാവരേയുംപോലെ തെറ്ററിപ്പാൻ അദ്ദേഹത്തിനു അവകാശമുണ്ടു. എന്നാൽ മിസ്റ്റർ ജോജിന്റെ കാര്യത്തിൽ ഒരു വ്യത്യാസം ഉണ്ടു. എന്തെന്നാൽ അദ്ദേഹം നമ്മെ വാഴിക്കുകയും ഭൂരിപക്ഷം സമ്പാദിച്ചതിൽ തന്റെ തെറ്റുകൾ തന്നെക്കാൾ സന്തോഷത്തിനാണു പരിണമിച്ചതെന്നു പറയുന്നു. സന്തോഷത്തിൽ പരിണമിക്കുന്ന തെറ്റുകൾ ഉണ്ടാക്കാൻ അദ്ദേഹത്തിനു വാസനയുള്ളതായി കാണുന്നു. ഇതു അഭിനന്ദനീയംതന്നെയാണ്.

ഓരോ ഡിപ്പാർട്ടുമെന്റു മേലധികാരികൾ സമർപ്പിച്ച ഡിപ്പാർട്ടുമെന്റുവക രേഖാറിപ്പോർട്ടുകളുടെ ഗവണ്മെന്റു നിരൂപണങ്ങളും വായിച്ചുനോക്കിയതിൽ ഡിപ്പാർട്ടുമെന്റുമേലധികാരികൾ റിപ്പോർട്ടിൽ കൊള്ളിച്ച കണക്കുകളും മിസ്റ്റർ ജാക്കിന്റെ ഡിപ്പാർട്ടുമെന്റിൽനിന്നു ചൊട്ടത്ത കണക്കുകളും തമ്മിൽ വ്യത്യാസം കാണുന്നു. ഇതിന്റെ ഉദാഹരണങ്ങളായി ഒന്നോരണ്ടു ഡിപ്പാർട്ടുമെന്റു റിപ്പോർട്ടുകളുടെ നിരൂപണങ്ങളെ എടുത്തു കാണിക്കാം. കാവ്യൻ ചെയറാണ് സമർപ്പിച്ച മദ്രാസ് (ദൂരുഖംവക) ഡിപ്പാർട്ടുമെന്റു റിപ്പോർട്ടിന്റെ നിരൂപണത്തിൽ ഗവണ്മെന്റു ഇങ്ങനെ പറയുന്നു.

"പ്രിൻസിപ്പൽ പോർട്ട് ആഫീസരുടെ കണക്കുപ്രകാരം ഈ ഡിപ്പാർട്ടുമെന്റിന്റെ ഇയാണ്ടത്തെ ചെലവ് ഫ, വുമ്പ രൂപ ഫ ം ചക്രം ഫ ം കാശു ആകുന്നു. അക്കൗണ്ടാഫീസരുടെ കണക്കും പ്രകാരം ഫ, ൻ്റ രൂപമാത്രമേയുള്ളൂ"

ഇതിനെ തുടർന്നതന്നെ ഗവണ്മെന്റു ഇങ്ങനെ ഉത്തരവിട്ടിരിക്കുന്നു.

"പ്രിൻസിപ്പൽ പോർട്ടാഫീസർ അക്കൗണ്ടാഫീസരുടെ സംഖ്യ സ്വീകരിച്ചുകൊള്ളണം"

പ്രിൻസിപ്പൽ പോർട്ടാഫീസർ അക്കൗണ്ടാഫീസരുടെ സംഖ്യ സ്വീകരിച്ചുകൊള്ളണമെന്നു യാതൊരു അന്വേഷണവും കഴിക്കാതെ ഗവണ്മെന്റു കല്പിച്ചതു എങ്ങനെയാണെന്നു എനിക്കു ഗ്രഹിക്കാൻ കഴിയുന്നില്ല. ഇതിനും മിസ്റ്റർ ധനക്കോടിയുടെ ഡിപ്പാർട്ടുമെന്റു നിരൂപണത്തിൽ കാണുന്ന വ്യത്യാസങ്ങളും ഇവയിലും സാരമായവയാണ്. അക്കൗണ്ടാഫീസരുടെ കണക്കും ഡിപ്പാർട്ടുമെന്റുവക കണക്കും തമ്മിലേ ഗവണ്മെന്റു താഴെ പറയുന്ന വ്യത്യാസങ്ങളും കണ്ടു. ഇനം ക. പോലീസിൽ അക്കൗണ്ടാഫീസരുടെ കണക്കു ഫ൯,വുൻന്റ രൂപാ? ഡിപ്പാർട്ടുമെന്റുകണക്കു രൂപ ഫ ം,വുന്റ ൽ-ഫ ൽ-ഫ൯ ഇനം ഫ, മൈനർഫൊറസ്റ്റ് പ്രൊഡ്യൂസ്- അക്കൗണ്ടാഫീസ കണക്കു രൂപാ ൻഫ, ൽഫ൯; ഡിപ്പാർട്ടുമെന്റു കണക്കുരൂപാ ന്റ,ൻ്റ൯-ൽ൯-ഫ൯ മൂന്നാമത്തെ ഇനം—

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഈ സംഖ്യകൾ എന്റേതല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവ ഡിപ്പാർട്ടുമെന്റുവക കണക്കെന്നാണ് പറഞ്ഞിരിക്കുന്നതു—എല്ലാം മി. ധനക്കോടിയുടേതു അല്ലായിരിക്കും.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള ഫ ൻ-ാം പട്ടിക നോക്കിയാൽ ഈ സംഖ്യകൾ എന്റേതല്ലെന്നു കാണാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റു നിരൂപണമാണു ഞാൻ ആധാരമായി എടുത്തിരിക്കുന്നതു.

മൂന്നാമത്തെ ഇനം, ട്രഷറി: അക്കൗണ്ടാഫീസരുടെ സംഖ്യ രൂപാ വു,ൻ്റ ൽ ഡിപ്പാർട്ടുമെന്റുവക രൂപാ ൻ,ന്വന്റ ൽ-ഫ ന്റ-.ന്റ.

ശേഖരിച്ചു സമർപ്പിക്കുമ്പോൾ പ്രസ്താവിക്കാവുന്ന വ്യത്യാസങ്ങളും വേറെയും ഉണ്ടു. എന്നാൽ എന്റെ ഉദ്ദേശസാധ്യത്തിനു ഇവമതി. സംഖ്യകളും തമ്മിലുള്ള ഈ വ്യത്യാസം സംഖ്യകളുടെ പ്രകൃത്യാലുള്ള യഥാവാസനകൊണ്ടാണെന്നു പറവാൻ നിവൃത്തിയില്ല. അതുകൊണ്ടു സാധാരണയായി "തെറ്റു" എന്നു പറഞ്ഞുവരുന്നതു എവിടെയെങ്കിലും സംഭവിച്ചതിനാലാണെന്നു ഞാൻ വിചാരിക്കുന്നു.

പ്രൈസിഡൻറ്: ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. എന്തെന്നാൽ ചില ചെലവുകളും ചെയ്തതു റിപ്പോർട്ടിലെ കണക്കുകളും അയച്ചതിനു ശേഷമായിരിക്കാം. കണക്കുകൾ തരിപ്പെടുത്തുന്നതുകൊണ്ടു ഇങ്ങനെ വരാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതേ അവയെ തരിപ്പെടുത്താമായിരിക്കും. എന്നാൽ ഇപ്പോൾകാണുംപ്രകാരം അവ തെറ്റുകളാണ്.

സാമുവാകെ മിസ്റ്റർ ജാക്ക് ഹാജരാക്കിയ ബഡ്ജറ്റു ഡിപ്പാർട്ടുമെന്റുവക കണക്കുകളെ ശൂന്യമാക്കാതെ തയ്യാറാക്കിട്ടുള്ളതാണ്. ഇങ്ങനെയുള്ള കണക്കുകളെ വിശ്വസിച്ചു പ്രവർത്തിക്കാമോ— ഇതിലും മാന്യരവമായ ഒരു കാര്യംകൊണ്ടു പറഞ്ഞുകൊള്ളുന്നു. ഒരു മിസ്റ്റർ അകരനാരായണയ്യരുടെ നടപടിയെപ്പറ്റിയാണ് ഞാൻപറയുന്നതു അദ്ദേഹം കൊല്ലം ലജനാ ഉദ്യോഗസ്ഥൻ ആയിരുന്നു. ഒടുവിൽ അദ്ദേഹത്തിന്റെ

നടപടിയുടെ ഫലമായി പൂജപ്പുര ഒരു ഓട്ടമേഞ്ഞ ബംഗ്ലാവിൽ മഹാറാണി റീജൻറുതിരുമനസ്സിലെ ആതിഥ്യം സ്വീകരിച്ചു താമസിക്കാൻ നിർബന്ധിതനായി. (ചിരി) ഹൈക്കോടതിയുടെ ഈ കാര്യത്തിലെ വിധിയിൽ ആ വിഷാൻ തകൊല്ലം ഖജനാപട്ടേറ്റസ്ഥനായിരുന്ന എന്നും ക്രമമായി ആ ഖജനായിൽനിന്ന പണം അപഹരിച്ചുകൊണ്ടിരുന്നുഎന്നും പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ മിസ്റ്റർ ജാഡ്സ് അദ്ദേഹത്തിൻെറ അപ്രോപ്രിയേഷൻ സ്റ്റേറുമെൻറിൽ ഏതുതുകയിലും പണാപഹരണത്തെപ്പറ്റി പ്രസ്താവിക്കുന്നില്ല. ഇനി ഒരു മിസ്സപ്രോപ്രിയേഷൻ (പണാപഹരണം) സ്റ്റേറുമെൻറും അദ്ദേഹം തയ്യാറാക്കേണ്ടിവരുമെന്നാണു തോന്നുന്നത്. ആണ്ടിൻെറ ആദ്യത്തെ ബാക്കിയും അവസാനത്തെ ബാക്കിയും ഇതുയാണെന്നു അദ്ദേഹം പ്രസ്താവിക്കുമ്പോൾ അതു ബാക്കി അപഹരിച്ച പണം ഉൾപ്പെടെ ഖജനായിലുള്ള പണത്തിൻെറ സംപൂർണ്ണ അപഹരിച്ചുപോയ പണം കുറച്ചാണെന്നു എന്നു ചോദിക്കാൻ തോന്നിപ്പോകുന്നു. ഈ സംശയംമാത്രം എനിക്കു കുഴഞ്ഞിട്ടില്ല. മിസ്റ്റർ ശങ്കരനാരായണയ്യരുടെ നടപടിയിൽനിന്നു ഒരുകാര്യം മാത്രം തീർച്ചയാക്കുവാൻകഴിയും. ശങ്കരനാരായണയ്യർ ആദ്യം ജോലിയിൽപ്രവേശിച്ചതു ഹാജർഅക്കൌണ്ടും ഹൈനാൻസ്യലും സെക്ഷണിൽആയിരുന്നു. അദ്ദേഹം ഒരു ബി. എ യും ആണത്രേ. ആവശ്യമുള്ള പരിജ്ഞാനം ലഭിച്ചയും ഹൈനാൻസ്സെക്രട്ടറിയുടെ ആഫീസിലെ രഹസ്യങ്ങളും പ്രവർത്തനരീതികളും ഗ്രഹിക്കയും ചെയ്തശേഷം അദ്ദേഹത്തെ കൊല്ലം ഖജനായിലേക്കു നിയമിച്ചു. കൊല്ലത്തു പോയശേഷം തൻെറ പണാപഹരണങ്ങൾ കണ്ടുപിടിക്കപ്പെടാത്ത കൈക്കലത്തേക്കു നിശ്ചയം ഗവർണ്മെൻറിനെ വഞ്ചിച്ചുകൊണ്ടിരിക്കാമെന്നുള്ള ബോധം അദ്ദേഹത്തിനു ഉണ്ടായിരിക്കണം. ഇതിൽനിന്നു ഒരനുമാനം ഉണ്ടാകുന്നു ഹാജർആഫീസിലെ ഹൈനാൻസ്യൽവകുപ്പു അഴിഞ്ഞാട്ടവും ഉദാസീനവും ആകുന്നു എന്നാണു അല്ലെങ്കിൽ അക്കൌണ്ടാഫീസിൽ പരിശോധനംപ്രാപിച്ച ഒരാഠം ദിവസത്തിനുള്ളിൽ ഇങ്ങനെ ചെയ്യാൻ ധൈര്യപ്പെടുകയില്ലായിരുന്നു. അതുകൊണ്ടു ഹാജർആഫീസിലെയും ഹൈനാൻസ്യൽ വകുപ്പുകളുടെയും കാര്യത്തിൽ ഉടനെ ശ്രദ്ധ പതിയേണ്ടതാണ്. അല്ലെങ്കിൽ മിസ്റ്റർ ജാഡ്സ് ഈ സഭയിൽ ഹാജരാക്കുന്ന അപ്രോപ്രിയേഷൻ സ്റ്റേറുമെൻറിനുപുറമെ മിസ്സപ്രോപ്രിയേഷൻ സ്റ്റേറുമെൻറും തയ്യാറാക്കി ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടിവരും. ഹൈനാൻസ്യൽവകുപ്പും അക്കൌണ്ടാഫീസും ഇത്രപത്തിനു കാരണമാകുമെന്നാണ് എനിക്കു തോന്നുന്നതു. മുന്നൊരവസരത്തിൽ കാര്യക്ഷമതയും ജാഗ്രതയും സൂക്ഷ്മതയും മറവുകാരണങ്ങൾക്കും ഈ രണ്ടു വകുപ്പുകളും വേർതിരിക്കേണ്ടതാവശ്യമാണെന്നു ഈ സഭ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈപ്പോഴത്തെ കൊല്ലത്തെ സംഭവത്തിനു ശേഷം മിസ്റ്റർ ജാഡ്സ് തനിക്കു ചുമതലപ്പെടുത്തുവാൻകഴിയുന്നതിലധികം കണിശപ്പെടുത്തുമെന്നാണ് എനിക്കു തോന്നിയിട്ടുള്ളതു. അദ്ദേഹം ഹൈനാൻസ്യൽ വകുപ്പും അക്കൌണ്ടുവകുപ്പും തമ്മിൽ കൂട്ടിപിണച്ചിട്ടു ഭരിപ്പാൻ മേലാൽ അനുവദിക്കുന്നതെന്നാണു എൻെറ അഭിപ്രായം. അക്കൌണ്ടുവകുപ്പിൻെറ ഗുണം ആലോചിച്ചാൽ രണ്ടു വകുപ്പുകളും വേറുതിരിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ബഡ്ജറിനെപ്പറ്റി ഒന്നാമതായി എനിക്കു പറയാനുള്ള ആക്ഷേപം അതാകുന്നു.

ബഡ്ജറിൽനിന്നു വേറൊരു കാര്യം പ്രത്യക്ഷമാകുന്നതു ഇരുനാളും ബുദ്ധിമുട്ടി ചാക്കിൽ ഒളിച്ചുവച്ചിരുന്ന പൂച്ചയെ അതിൻറെ ചാക്കിൽനിന്നു പുറത്തെടുക്കാൻ മിസ്റ്റർ ജാജിനു ഇപ്പോൾ തോന്നിയതാണ്. ഉദാഹരണമായി കൊച്ചി ഗ്രാമമുഖ്യവ്യവസ്ഥ കുറെവർഷങ്ങളായി തമ്മുടെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന ഒന്നാണു. എന്നാൽ ഇതിനുമുമ്പായി സഭയിൽ ഹാജരാക്കീട്ടുള്ള യാതൊരു ഹൈനാൻസ്യൽ സ്റ്റേറുമെൻറിലും മിസ്റ്റർ ജാഡ്സ് അതിനെപ്പറ്റി യാതൊരു പ്രസ്താവനയും ചെയ്തിട്ടില്ല. ഈവക്കിൽ അദ്ദേഹം വാദവിഷയമാക്കാതെയല്ലെങ്കിലും കൊച്ചിയിൽ ഇതുവരെ എന്താണു നടന്നിട്ടുള്ളതു്, ഇനി ഗവർണ്മെൻറുകാര്യം അതിനോടുള്ള ബന്ധമതുമുതലായ എന്നതിനെ ഒരുവിധം ഗ്രഹിപ്പിച്ചിരിക്കുന്നു. ഇപ്പോൾ ഈ സംഗതി പുറത്താക്കിയതുകൊണ്ടു ഈ വ്യവസ്ഥയുടെ രണ്ടു പതനങ്ങൾ കഴിഞ്ഞുപോയി മൂന്നാമത്തെ പതനത്തിൽ നാം ഇപ്പോൾ പ്രവേശിക്കുന്നുഎന്നാണ് നമുക്കു മനസ്സിലാകുന്നതു.

പ്രൊസിഡൻറ്: സംഗതിയെപ്പറ്റി വാദപ്രതിവാദം ചെയ്യാൻ നിങ്ങൾ ഇനിയുണ്ടായിക്കുന്നതായി തോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇല്ല, ഞാൻ വാദത്തിനു പുറപ്പെട്ടുന്നില്ല. സംഗതികാര്യം പറയുന്നതേയുള്ളൂ. ഈ പ്രധാനവിഷയത്തെപ്പറ്റിയുള്ള സംഗതികാര്യം അദ്ദേഹം മുമ്പു പ്രസ്താവിച്ചിരുന്നുവെങ്കിൽ നമ്മുടെ കോശസംബന്ധമായ ചുമതലകാര്യം ഗ്രഹിപ്പാൻ സഭയ്ക്കു സഹായമായിരുന്നതെന്നു പ്രൊസിഡൻറിൻെറ കല്പനയനുസരിച്ചു ഞാൻ വിരമിക്കുന്നു. ഇന്നാം മിസ്റ്റർ ജാജിൻെറ പ്രസംഗത്തിനിടയിൽ എൻെറ സംശയനിവാരണത്തിനായി ചിലതൊക്കെ ചോദിക്കാൻ ഞാൻ ഭാവിച്ചു. ബഡ്ജറിൻെറ പ്രാരംഭനിരൂപണസമയത്തു അങ്ങനെ ചെയ്യാമെന്നാണ് താങ്കൾ അപ്പോൾ പറഞ്ഞതു. എങ്കിലും താങ്കളുടെ കല്പനയനുസരിച്ചു ഞാൻ ഇതു വിട്ടു വേറെ വിഷയത്തിലേക്കു പ്രവേശിച്ചുകൊള്ളുന്നു.

ഇനിയത്തെ വിഷയം വിദ്യാഭ്യാസമാണ്. അതു സർവ്വപ്രധാനവുമാകുന്നു. മുൻ അവസരങ്ങളിലും അതു ഈ സഭയിൽ വാദപ്രതിവാദവിഷയമായിട്ടുണ്ട്. എന്നുമാത്രമല്ല, ഒരിക്കൽ രണ്ടു ഉത്സാഹശീലന്മാരായ മെമ്പർമാർ, ഒരാഠം ഉദ്യോഗസ്ഥനും മറെറയാഠം അനുദ്യോഗസ്ഥനും, ഗാഢമായി വാദിച്ചുവാദിച്ചു സ്പഷ്ടവും സ്ഫുടനിയതവുമായ വാദരീതി സ്വീകരിക്കാനുള്ള ഭാവമായി. യദൃച്ഛയാ അവർ കൂട്ടിമുട്ടാതെ കാര്യം അവസാനിച്ചു. (ചിരി) അതൊരു ഉഗ്രവാദമായിരുന്നു. ആ അവസരങ്ങളിലെല്ലാം മിസ്റ്റർ ജാർട്ടും അദ്ദേഹം പ്രാതിനിധ്യംവഹിക്കുന്ന ഗവർണ്മെൻറും അനുദ്യോഗസ്ഥമെമ്പർമാരുടെ അഭിപ്രായത്തിനു എതിരായിരുന്നു. ഗവർണ്മെൻറിൻെറ തയം എന്താണെന്നു വിശദമാക്കിയുമില്ല. എന്നാൽ വിദ്യാഭ്യാസചെലവിൻെറ ഭാരംനിമിത്തം ഗവർണ്മെൻറിൻെറ നടുവെല്ലുമുടിഞ്ഞുപോകാറായിരിക്കുന്നു എന്നു മിസ്റ്റർ ജാഡ്സ് ഇപ്പോഠം ഒന്നും മറച്ചുവെയ്ക്കാതെ പറയുന്നു. വിദ്യാഭ്യാസചെലവു ചുരുക്കാൻ ഗവർണ്മെൻറിനു സാധിക്കയില്ലെന്നു മിസ്റ്റർ സുബ്ബയ്യർ അനുദ്യോഗസ്ഥമദ്ധ്യത്തുനിന്നു പറഞ്ഞു. മിസ്റ്റർ സുബ്ബയ്യർ പറഞ്ഞതു എത്രത്തോളം ശരിയാണെന്നു എനിക്കു നിശ്ചയമില്ല. ചെലവു ചുരുക്കാൻ സാധിക്കയില്ലെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാലും നാം വിദ്യാഭ്യാസംവക്കുള്ള ചെലവാക്കുന്ന രൂപ മുക്കാൽ ശതമാനമായ ഒരു പ്രതിഫലംനമുക്കു കിട്ടുന്നുണ്ടോ എന്നാണ് എൻെറ ചോദ്യം.

വിദ്യാഭ്യാസത്തിനു ഈ പണമെല്ലാം ചെലവാക്കിയാൽ അതിനു തക്കതായ പ്രതിഫലവും കിട്ടണമെന്നു നാം നിർബന്ധിക്കേണ്ടതാണ്. ആദ്യം ആലോചിക്കേണ്ടുന്ന സംഗതി നമ്മുടെ വിദ്യാഭ്യാസം ശ 0 ലക്ഷം രൂപ ചെലവുചെയ്യുന്നുമാകേണ്ടുന്ന കാര്യക്ഷമതയോടെ നടത്തപ്പെടുന്നുണ്ടോ എന്നാണ്. രണ്ടാമതായ ആലോചനാവിഷയം ഇതിൽനിന്നു ഉരുത്തിരിക്കുന്നതാണ്. ചെലവു ഇനിയ്ക്കുറച്ചു ഒരു മിതമായ സംഖ്യയാക്കാൻ കഴിയുമോ?

ഇപ്പോൾ പ്രചാരത്തിലുള്ള ഒരു സംഗതിയാകയാൽ ഇതിനു പ്രാധാന്യമുണ്ടെന്നും അനുദ്യോഗസ്ഥനായ ഒരാളെ ഒരു കമ്മീഷനിയുടെ അന്വേഷണത്തിനു വിഷയമാക്കേണ്ടതാണെന്നും.

ഈ സമയത്തിൽ ഉപേക്ഷവാക്കുകൊണ്ടു പ്രസ്താവിക്കാമെന്നു മിസ്റ്റർ ജോർജ് പി ചാമരിച്ചു വേറൊരു സംഗതി പറയുന്നതിനു മുമ്പായി എനിക്കുപോലെ അദ്ദേഹത്തിന്റെയും ശ്രദ്ധയാകർഷിക്കുന്നതായ അസിസ്റ്റന്റ് സർജൻമാരുടെ കാര്യത്തെപ്പറ്റി കാര്യമായി രണ്ടു വാക്കു പറയാം. ഓവന്നു ഡിപ്പാർട്ടുമെന്റിൽ നിന്നോ വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽനിന്നോ ആരെയെങ്കിലും ബഹിഷ്കരിക്കാൻ ശ്രമമുണ്ടായിട്ടുണ്ടെങ്കിൽ അതു എല്ലാവക്കും വെറുപ്പായ അസിസ്റ്റന്റ് സർജൻമാരെയാണു. മൂന്നു വർഷമായി അനുദ്യോഗസ്ഥന്മാർ അദ്ദേഹത്തെ പിടിക്കാൻ നടക്കുന്നു. എങ്ങനെയെല്ലാം നോക്കിട്ടും ഇതുവരെ അയാൾ രക്ഷപ്പെട്ടുകയാണുണ്ടായതു. അദ്ദേഹം ജനപ്രീതിയില്ലാത്ത ആക്ടും തുപ്തികൊടുക്കാത്ത രീതിയും ഉദ്യോഗസ്ഥനാണെന്നു ഗവർണ്മെന്റിനു തോന്നിയതുകൊണ്ടായിരിക്കുന്ന എന്നും അദ്ദേഹത്തെ രക്ഷിയ്ക്കുവാൻ ഗവർണ്മെന്റു ഒരുങ്ങുമെന്നാണു മിസ്റ്റർ ജോർജ് പറയുന്നതു. ഇതു ആനന്ദകരംതന്നെ. ഈ പ്രാവശ്യം പൂച്ചയെ ചാക്കിൽനിന്നു പുറത്തിറക്കുവാൻ മിസ്റ്റർ ജോർജ് സന്നദ്ധനാണെന്നു ഞാൻ പറഞ്ഞതിന്റെ രഹസ്യം ഇതാണ്.

ബഡ്ജറ്റിലെ സംഗതികളെ വിട്ടിട്ടു ബഡ്ജറിൽനിന്നു പ്രത്യക്ഷമാകുന്ന തയത്തെപ്പറ്റി അല്പം പ്രസ്താവിച്ചുകൊള്ളുന്നു. ഈ സഭയിലും ശ്രീമൂലംപ്രജാസഭയിലും പത്രങ്ങളിലും പ്രത്യക്ഷപ്പെടുകയുണ്ടായിട്ടുള്ള പ്രധാന വിഷയങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളവ ഗവർണ്മെന്റുസർവീസിലുള്ള നിയമനങ്ങളും രാജ്യത്തിലെ ഗതാഗതമാർഗ്ഗങ്ങളുമാകുന്നു. സഭയിൽ ചെയ്യുന്ന ചോദ്യങ്ങളും മിക്കവാറും ഇവയെ സംബന്ധിച്ചായിരിക്കുമെന്നു കാണാം.

ഗവർണ്മെന്റുനിയമനങ്ങളും നിയോഗനുവിഷയമാകാൻ കാരണം ഇപ്പോഴത്തെ ജോലിയില്ലായ്മയാണ്. ഗവർണ്മെന്റു സർവീസിൽ കയറാതെ ഉപജീവനംകഴിപ്പാൻ വിദ്യാഭ്യാസമുള്ളവർക്കും മാർഗ്ഗമില്ലെന്നുവന്നിട്ടുള്ളതു പരിതാപകരമാണ്. അതാണ് നമ്മുടെ ചിന്താവിഷയമാകേണ്ടുന്ന സംഗതി. ഗവർണ്മെന്റുദ്യോഗങ്ങളുടെ കാര്യത്തിൽ തന്നെ ന്യായരഹിതമായി വിചാരിക്കാവുന്ന ചില സംഗതികളും ഉണ്ടെന്നു പ്രയാസംകൂടാതെ കാണിപ്പാൻകഴിയും. കൃഷിഡിപ്പാർട്ടുമെന്റിലെ രസതന്ത്രജ്ഞന്റെ കാര്യംതന്നെ ഉദാഹരണമായി പറയാം. അദ്ദേഹത്തിന്റെ ശമ്പളം ബഡ്ജറിൽ കാണിച്ചിട്ടുള്ളതു ക്ക 0 മുതൽ ക 0 0 രൂപവരെയാണ്. അദ്ദേഹം മദ്രാസ് സർവകലാശാലാ ബി. എ. ആണ്. അതുകൊണ്ടു അദ്ദേഹത്തിനു എത്ര ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെന്നു അറിയാം. പിന്നെ അദ്ദേഹത്തെ പരിശീലനത്തിനായി പൂസായിലേക്കു അയച്ചു. അനന്തരം അദ്ദേഹം ഒരു ഇംഗ്ലീഷ് സർവകലാശാലയിൽ പോയി പഠിച്ചു. അതിന്റെ ചെലവിൽ ഒരോഹരി അദ്ദേഹംതന്നെയും ഒരോഹരി ഗവർണ്മെന്റുമാണ് വഹിച്ചതു. അദ്ദേഹം മടങ്ങിവന്നിട്ടു ഏകദേശം ക 0 0 രൂപയെ ശമ്പളമുള്ളു. കടൽസ്സെൽ വിളഗ്ധനും ഓയിൽ (എണ്ണ) വിളഗ്ധനും മറ്റും അദ്ദേഹത്തിന്റെ യോഗ്യതകൾക്കുടാതെയും ഗവർണ്മെന്റു സ്കോളർഷിപ്പോടുകൂടെയും ഇംഗ്ലണ്ടിൽ പോയി പാശ്ചാത്യകലാശാലകളിൽ പഠിച്ചിട്ടു മടങ്ങിവന്നു. അവക്കു ശമ്പളം ര 0 0 രൂപയോളമാണ് നിശ്ചയിച്ചിട്ടുള്ളതു. ഇതു പ്രത്യക്ഷമായി ഒരു അസമത്വമാണ്. ഈ അസമത്വം യദൃഛാ സംഭവമായിരിക്കാം. ഗവർണ്മെന്റു കരുതിക്കൂട്ടി വരുത്തിയതാണെന്നു ഞാൻ പറയുന്നില്ല. ഗവർണ്മെന്റു ഉദ്യോഗങ്ങൾക്കു ആളെ നിയമിക്കുമ്പോൾ ആളുകളുടെ യോഗ്യതകളെ താരതമ്യവിവേചനംചെയ്യാറില്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ഗവർണ്മെന്റിന്റെ ഉദ്യോഗനിയമനങ്ങളിൽ ഇങ്ങനെ സംഭവിക്കരുതു. ഗവർണ്മെന്റുദ്യോഗങ്ങൾ സമ്പാദിക്കാൻ വളരെ പ്രയാസമാണു. എന്നാൽ ഒരിക്കലതു കിട്ടിക്കഴിഞ്ഞാൽ അവിടെനിന്നു പുറത്തിറക്കുവാൻ വളരെ പ്രയാസമാണ്. ഉദ്യോഗസ്ഥൻ എന്തെല്ലാം അഴിമതികളെയാ ക്രമക്കേടുകൾ കാണിച്ചാലും മെയ്യുള്ള ഗവർണ്മെന്റു പുറന്തള്ളുന്നതിനു താമലിക്കുകയില്ലാതെ ചെന്നായ്ക്കു പിടികിട്ടിയിട്ടുകൊടുക്കുകയില്ല. അതാണ് ഗവർണ്മെന്റുദ്യോഗത്തിന്റെ ഗുണം. ന്യായമായി ചെയ്യേണ്ടതോളം ജോലി ചെയ്യുന്നതെന്നുണ്ടായിരുന്നെങ്കിൽ ഗവർണ്മെന്റുദ്യോഗം അധികംപേരെ ആകർഷിക്കയില്ലായിരുന്നു. പിടിപ്പുള്ള ജോലി ഓരോ ഉദ്യോഗസ്ഥനും ഉണ്ടായിരിക്കണം. ഗവർണ്മെന്റുദ്യോഗസ്ഥനായതുകൊണ്ടു ജോലി ഭാരമുള്ളതായിരിക്കണം, ഇതാണ് വിഷയത്തിന്റെ ഒരുവശം. സമുദായപ്രാതിനിധ്യവും ഒരു വാദവിഷയമാണ്.

ബഡ്ജറു തയ്യാറാക്കിയപ്പോൾ ഗതാഗതമാർഗ്ഗങ്ങളെപ്പറ്റി അത്ര ശ്രദ്ധവച്ചുകാണുന്നില്ല. ഈ സഭ സ്ഥാപിച്ചതുമുതൽക്കു അനേകം നിവേദനാപേക്ഷയുമാണ്. അതിനുമുമ്പുതന്നെയും അതിനെപ്പറ്റി പരാതിയുണ്ട്. പലേമാതിരി അപേക്ഷകളും സങ്കടങ്ങളും പരാതികളും യാചനകളും ഉണ്ടായിരുന്നിട്ടും അവയ്ക്കൊന്നിനും ചെവികൊടുക്കാതെ ഗവർണ്മെന്റു ചീഫ് എൻജിനിയരുടെ ഉപദേശപ്രകാരം ടൂരളികകളിലും വിജനപ്രദേശങ്ങളിലുമാണു അവരുടെ ശ്രദ്ധപതിച്ചിട്ടുള്ളതു. ചേർത്തലയും അമ്പലപ്പുഴയുംപോലെ ജനബാഹുല്യമുള്ള സ്ഥലങ്ങളിൽ ഞങ്ങൾക്കു റോഡുകളില്ലാതെ കഴിച്ചുകൂട്ടണം. എന്റെ താലൂക്കിനെസംബന്ധിച്ചിടത്തോളം ഞങ്ങൾ സാധാരണ സഞ്ചരിക്കുന്നതു ജലമാർഗ്ഗമാകകൊണ്ടു അതത്ര കാര്യമായി വിചാരിക്കാനില്ല. എന്നാൽ റോഡുകൾ അത്യാവശ്യമായിട്ടുള്ള ചേർത്തലതാലൂക്കിൽ ഡിപ്പാർട്ടുമെന്റു യാതൊന്നും ചെയ്യാതിരിക്കുന്നതു വലിയ കഷ്ടംതന്നെ.

പ്രെസിഡെന്റു. സമയമായി.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സമയത്തെപ്പറ്റി ഓർപ്പെടുത്തിയതിനു നന്ദിപറഞ്ഞുകൊള്ളുന്നു. അഗ്രാസനരുടെ കല്പനയെ ഞാൻ ലംഘിക്കുന്നില്ല. ഈ കാര്യത്തെപ്പറ്റി എനിക്കു വളരെ പറവാനുണ്ട്. എന്നാൽ അഗ്രാസനരുടെ കല്പനയനുസരിച്ചു ഇരുന്നുകൊള്ളുന്നു.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): സർ, നാം ഒരു പുതിയ വാഴ്ചകാലത്തും ഒരു പുതിയ ഭരണത്തിൻകീഴിലും പ്രവേശിച്ചിരിക്കുന്നു. ഈ സഭയുടെ ജനയിതാവായ മഹാരാജാവുതിരുമനസ്സിലെ തിരുമാസാടിയന്തിരം കഴിഞ്ഞിട്ട കുറെദിവസങ്ങളെ ആയിട്ടുള്ളൂ. തിരുമനസ്സിലെ വിയോഗംകൊണ്ടു നമുക്കു ഓരോരുത്തർക്കും ഉണ്ടായിട്ടുള്ള നഷ്ടം വിസ്മരിക്കാൻ കഴികയില്ല. പുതിയ വാഴ്ചകാലത്തു തങ്കളുടെ പക്ഷപാതമില്ലാത്ത ആലോചനകർത്തിമിത്തം രാജ്യത്തിന്റെ ഐശ്വര്യത്തിനു യാതൊരു ഹാനിയും ഉണ്ടാകയില്ലെന്നുള്ള വിശ്വാസം ഞങ്ങൾക്കു ആശ്വസിപ്പിക്കുന്നു. പാശ്ചാത്യദിക്കിൽനിന്നു വന്നിട്ടുള്ള ഒരു മന്ത്രി ഈ നാട്ടിൽ ഒരു മാധ്യസ്ഥി തീർന്നിട്ടുള്ളതും ഈ സഭയിൽ കുറെക്കാലമായി ആക്ഷേപവിഷയമായിരുന്നതുമായ ഉദ്യോഗസ്ഥാധികാരത്വത്തെ പ്രയാസംകൂടാതെ തരണംചെയ്യുമെന്നു ഞങ്ങൾക്കൊരു ആശ്വാസമുണ്ട്. ഇപ്പോഴത്തെ ഗവർണ്മെൻറിനു ജനങ്ങളുടെ നന്ദി സമ്പാദിക്കാൻ നല്ലൊരവസരമുണ്ട്. ഉദ്യോഗസ്ഥന്മാരുടെ കുറെകാലംനിന്നിരുന്നതും സമുദായമത്സരം കൊണ്ടും ഉണ്ടാകുന്ന സാധാരണ പ്രയാസങ്ങളെ ജയിപ്പാൻ അവർക്കു കഴിവുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു പരിഷ്കൃതഗവർണ്മെൻറിന്റെ പരമോദ്ദേശം ഉദ്യോഗങ്ങൾക്കു ആളെനിയമിക്കയും ഉദ്യോഗങ്ങളെ ഓരോരോസമുദായങ്ങൾക്കു പങ്കിട്ടുകൊടുക്കയും അല്ലെന്നു തിരുവിതാംകൂർഗവർണ്മെൻറു ഗ്രഹിക്കുണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ജനങ്ങൾ ആവശ്യപ്പെടുന്നതു അധികം റോഡുകൾ, അധികം തീവണ്ടിപ്പാതകൾ, അധികം ഭക്ഷണസാധനങ്ങൾ, അധികം ഉപകാരപ്രദമായ വിദ്യാഭ്യാസം, തങ്ങളുടെ കായ്ബാധികൾ നടത്താൻ തങ്ങൾക്കുതന്നെ അവകാശം ഇവയാകുന്നു. പ്രജാസഭയുടേയും നിയമസഭയുടേയും നടപടിനിശ്ചയിപ്പാർട്ടുകൾ വായിച്ചുനോക്കിയാൽ ഗവർണ്മെൻറു തെറ്റായി എന്തെങ്കിലും പ്രവർത്തിപ്പാൻ മുതുമ്പോഴൊക്കെയും ജനപ്രതിനിധികൾ അതിന്റെ വിപത്തുകൾ ചൂണ്ടികാണിക്കയും ഗവർണ്മെൻറിനെ ആ ദോഷത്തിൽ പലതിയിൽനിന്നു വിരമിപ്പിക്കാൻ ശ്രമിക്കയും ചെയ്തിട്ടുണ്ടെന്നു കാണാം. എന്നാൽ ഞങ്ങൾക്കു പ്രതിനിധിസ്ഥാപനങ്ങൾ തന്നിട്ടുണ്ടെന്നു അഭിമാനിക്കുന്ന ഗവർണ്മെൻറു തങ്ങളുടെ തെറ്റുകൾ സമ്മതിക്കാത്തതിനാൽ കുറെ വർഷങ്ങൾ കൊണ്ടു അവയുടെ ദുഷ്ഫലങ്ങൾ പ്രത്യക്ഷമായിട്ടുണ്ട്. അവർ പലപ്പോഴും തലതാഴ്ത്തേണ്ടിവന്നിട്ടുണ്ട്. ഇതിനു കാരണം ഡിപ്പാർട്ടുമെൻറുമേലധികാരികൾക്കു അവരുടെ അഭിപ്രായങ്ങൾ ഗവർണ്മെൻറിനെകൊണ്ടു സ്വീകരിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളതാണു. ചേർത്തലതോട്ട, വഞ്ചിയൂർസ്കൂൾ, പൊലീസ്സ് ഡിപ്പാർട്ടുമെൻറിലെ സക്കിൾ വ്യവസ്ഥ, അസിസ്റ്റൻറ് തഹശീൽദാരന്മാരുടെ നിയമനം ഇവ ഉദാഹരണങ്ങളായി പറയാം. വിഷയം സംശയകരമായ വ്യവസ്ഥകൾക്കും പ്രത്യക്ഷത്തിൽതന്നെ തെറ്റായ കായ്ങ്ങൾക്കുംവേണ്ടിയിരിയാനവന്മാരുടെപണം പാഴ്ചെലവുചെയ്യുന്നതു സങ്കടംതന്നെയാണു. ഇപ്പോഴത്തെ ഭരണകാലത്തു ഇങ്ങനെയുള്ള കായ്ങ്ങൾ സംഭവിക്കയില്ലെന്നു പ്രത്യാശിക്കുന്നു.

ഈ സങ്കടങ്ങൾ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരുടെ ന്യൂനതകളെ പലപ്പോഴും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തീട്ടുണ്ടു എന്നാൽ അവയെല്ലാം യഥാരോഗനമായിട്ടാണു പരിണമിച്ചിട്ടുള്ളതു. ഹൻറു-ടെബഡ്ഡുറ് വാളപ്രതിയാസമയം ഞാൻ ഇങ്ങനെ പറഞ്ഞു. "വ്യവസായംവകയ്ക്കു അനുവദിച്ചിട്ടുള്ള പണം അധികവും ശാസ്ത്രീയാന്വേഷണം കഴിഞ്ഞുവന്നിട്ടുള്ളവരുടെയും അവരുടെ സിൽബന്ധികളുടേയും ശമ്പളത്തിനാണു", നമ്മുടെ വ്യവസായ വ്യാപാരങ്ങളെ പരിപോഷിക്കുന്നതിന്റെ ആവശ്യകതയെപറ്റി മിസ്റ്റർ എ. ഗോവിന്ദമേനോൻ പ്രസ്താവിച്ചു. ധനപരിപോഷണം ബോർഡിലെ ഒരു തിരഞ്ഞെടുക്കപ്പെട്ട മെമ്പരും അല്ലാത്ത ഈ സഭാമെമ്പരും ആയിരുന്ന മിസ്റ്റർ ടി. കെ. വേലുപ്പിള്ള പരിപോഷണഡിപ്പാർട്ടുമെൻറുകളുടെ ജോലി നിർവഹണത്തെപ്പറ്റി അന്വേഷണം കഴിക്കുന്നതിനു ഉദ്യോഗസ്ഥമെമ്പറന്മാരും അനുദ്യോഗസ്ഥമെമ്പറന്മാരുമടങ്ങിയ ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു ഒരു പ്രമേയം ഹാജരാക്കി. ആ പ്രമേയത്തെ പലമെമ്പറന്മാർ അനുകൂലിച്ചു. ആ ഡിപ്പാർട്ടുമെൻറുകൾ അതുവരെ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നുള്ളതിന്റെ ഒരു വിവരണമായിരുന്ന ഉദ്യോഗസ്ഥമെമ്പർമാരുടെ പതിവിൻപ്രകാരമുള്ള സമാധാനം. ട്രിട്ടീഷ് ഇൻഡ്യയിൽ ഉള്ള വ്യവസായഡിപ്പാർട്ടുമെൻറിന്റെ സ്ഥിതിയും ന്യൂനതകളുംമാത്രമേ ഇവിടെ വ്യവസായ ഡിപ്പാർട്ടുമെൻറിനുംഉള്ളുഎന്നു തെളിയിപ്പാനായിരുന്ന വ്യവസായമന്ത്രിയുടെ ശ്രമം. പെൻസിൽ വ്യവസായം ആരംഭിച്ചുവസാനിപ്പിച്ചതു, കൈതയോല വ്യവസായം, തേനീച്ചുപരുത്തൽ, ചക്കരവ്യവസായം മുതലായി വ്യവസായ ഡിപ്പാർട്ടുമെൻറ്കാണിച്ചിട്ടുള്ള അബദ്ധങ്ങളുടെ ഒരു പട്ടിക പ്രമേയകർത്താവു ഹാജർക്കി. മദ്രാസിലെ, ബോംബെയിലെ, ബങ്കാളത്തെ, മൈസൂരിലെ, ബറോഡായിലെ ഇങ്ങനെയുള്ള അബദ്ധങ്ങൾ കാണിച്ചിട്ടുള്ളതായി പറയാമോ എന്നു മിസ്റ്റർ വേലുപ്പിള്ള ചോദിച്ചതിനു സമാധാനം പറവാൻ കഴിയാഞ്ഞിട്ടു ന്യൂനതകൾ ഇല്ലെന്നുപറവാൻ സാധിക്കയില്ലെന്നായിരുന്ന ഡയറക്ടർ മറുപടി പറഞ്ഞതു. ഡിപ്പാർട്ടുമെൻറിലെ വിദഗ്ദ്ധന്മാർ എന്നു പറയുന്നവർക്കു പ്രസ്താവയോഗ്യമായ ജോലികൾ ഒന്നുമില്ല. ഈ അവരുടെ പോരായ്മകൊണ്ടോ ഗവണ്മെൻറിന്റെ പ്രോത്സാഹനക്കുറവുകൊണ്ടോ എന്തുകൊണ്ടാണെന്നു എനിക്കറിഞ്ഞുകൂടാ. ഈ വ്യവസായശാലകളിൽ ചെറുപ്പക്കാരെ ഉദാസീനന്മാരായി കാലംകഴിപ്പാൻ വിട്ടേക്കുന്നതു കഷ്ടമാണു. തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നുണ്ടെന്നു ഉദ്യോഗസ്ഥന്മാർ പറയും. തങ്ങളുടെ കീഴുദ്യോഗസ്ഥന്മാരുടെ ഉദ്യോഗങ്ങൾ തുടർന്നുകൊണ്ടുപോകണമോ വേണ്ടയോ എന്നുള്ള വശം ഉണ്ടാകുമ്പോൾ മേലുദ്യോഗസ്ഥന്മാർ അവരെ ഉപേക്ഷിച്ചുകളയാതെ താങ്ങുന്നതു സർവീസ്സ്ചട്ടങ്ങളിലെ വ്യവസ്ഥയും ആയിരിക്കാം. എന്നാൽ ഇകൽവിദഗ്ദ്ധൻ, എണ്ണവിദഗ്ദ്ധൻ, നെയിത്തു വിദഗ്ദ്ധൻ ഇത്യാദി അനേകം വിദഗ്ദ്ധന്മാർ അവസാനമില്ലാത്ത ശാസ്ത്രീയാന്വേഷണംചെയ്തുകൊണ്ടിരുന്നുഎന്ന കുറെക്കാലമായി പറയുന്ന സമാധാനംകൊണ്ടു ഞങ്ങൾ തൃപ്തിപ്പെടുകയില്ല. ആണ്ടു മുഴുവനും എല്ലാ ദിവസവും ശാസ്ത്രീയാന്വേഷണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുഎന്നു പറയുന്നതു ധിക്കാരമാണെന്നുവേണംപറവാൻ. പാശ്ചാത്യരാജ്യങ്ങളിൽ പ്രയോഗത്തിൽ വരുത്തീട്ടുള്ളവയുടെ ഗുണംനോക്കി അവർ ഇവിടെയും വ്യവസായങ്ങൾ ആരംഭിക്കണ്ടതു ചെയ്യുന്നില്ല. ജനങ്ങളുടെ ഗുണത്തിനുള്ള എന്തെങ്കിലുംഒന്നു അവർ ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ ഈ വിധം സംസാരിക്കയില്ലായിരുന്നു. പ്രസംഗങ്ങളും അനുമാനങ്ങളും സഭയിൽ ഈ കാര്യത്തിരിക്കുന്നവരെ തൃപ്തിപ്പെടുത്തുകയില്ലെന്നു ഈ ഉദ്യോഗസ്ഥന്മാർ മനസ്സിലാക്കിയാൽകൊള്ളാം. എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നു ഞങ്ങളോടു പറയണം. കഴിഞ്ഞവ്യവസായങ്ങൾ പോഷിപ്പിക്കുവാൻ ഈയാണ്ടിൽ കുറെ പണംഅനുവദിച്ചുകാണുന്നതു ഞങ്ങൾക്കു സന്തോഷമാണു. ഇവിടത്തെ വ്യവസായ വിദ്യാലയങ്ങൾക്കു കൊടുക്കുന്ന സഹായധനവും ഉചിതമാകുന്നു.

കൃഷിഡിപ്പാർട്ടുമെൻറും ഇതിനെക്കാൾ വിശേഷമല്ലെന്ന ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളുന്നു. വ്യവസായവകുപ്പിലെ മറ്റെതിനേയോലെവ്യവസായംപോലെതന്നെ കൃഷിഡിപ്പാർട്ടുമെൻറിലെ മാളുകാതോട്ടങ്ങളും പ്രയോജനമില്ലാത്ത സ്ഥാപനങ്ങളാകുന്നു. പേരുക്കടയിലെ കന്നുകാലിത്തൊട്ടംവച്ചുകൊണ്ടിരിക്കുന്നതു ചിലവലിയ ഉദ്യോഗസ്ഥന്മാർക്കു കുറഞ്ഞവിലയ്ക്കു പാൽ കിട്ടുന്നതിനുമാത്രമാണു. ഒരു സാധാരണക്കാരൻ പാലിനാവശ്യപ്പെട്ടാൽ കേന്ദ്രിപിലാസുള്ളുംമറും വിരുന്നുകാർ വന്നിട്ടുണ്ടു, ഉദ്യോഗസ്ഥന്മാരുടേയും അവരുടെ സ്നേഹിതന്മാരുടെയുംവീടുകളിൽ കൊടുക്കണം അതുകൊണ്ടു പാൽലഭിച്ചുമില്ല എന്നാണു മറുപടിപറയുന്നതു. കന്തിയപ്പാർ പാലുക്കളിൽനിന്നു ആശിച്ചതുപോലെ പാൽ കിട്ടുന്നില്ലെന്നുപറയും. ഉദ്യോഗസ്ഥന്മാർ അവരുടെ സകുടുംബസകടങ്ങൾവിസ്തരിച്ചും മേലുദ്യോഗസ്ഥന്മാരെ കൂടക്കൂടെ കാണാൻ പോയും അവരുടെ സമയം പോക്കുന്നു. ജനങ്ങളുടെ മനസ്സിൽ അങ്ങനെയൊരു ഡിപ്പാർട്ടുമെൻറുണ്ടെന്നുള്ള ബോധമില്ല. അതിന്റെ ഉപയോഗം ഇന്നുവരെ തെളിഞ്ഞിട്ടുമില്ല. ഈ ഉദ്യോഗസ്ഥന്മാരുടെ ഉപദേശംകൊണ്ടു ഗുണമുണ്ടെങ്കിൽ അവർ ഓരോ സംഘങ്ങളായി പിരിഞ്ഞു ഓരോ ഗ്രാമങ്ങളിൽചെന്നു അവിടത്തെ ജനങ്ങൾ തങ്ങളുടെ ഉപദേശപ്രകാരം പ്രവർത്തിക്കാൻ ഉത്സാഹിപ്പിക്കാത്തതു എന്തുകൊണ്ടെന്നു എനിക്കു മനസ്സിലാകുന്നില്ല. ചിലവർഷങ്ങൾക്കുമുമ്പു കൃഷിഡയറക്ടർ ജനങ്ങളുടെ ഉപയോഗത്തിനായി പ്രസംഗങ്ങൾചെയ്തു പരിവുണ്ടായിരുന്നു. അദ്ദേഹവും ഈ പരിഷ്കാരത്തെപ്പറ്റി ബോധമില്ലാതിരിക്കുന്നതുകണ്ടിട്ടു ഞാൻ വ്യസനിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിലും അന്വേഷണവും പരീക്ഷകളുമെന്നുകുന്ന സാധാരണസമാധാനം. പരീക്ഷകൾകൊണ്ടു വിശ്വസിക്കുകയില്ല. വ്യവസായവും കൃഷിയും ഡിപ്പാർട്ടുമെൻറുകളുടെ ജോലിനിമിത്തം ജനസാമാന്യത്തിനു ഗുണമൊന്നുമില്ല.

മെഡിക്കൽവകുപ്പും കുറെകൊല്ലങ്ങളായി അനുദ്യോഗസ്ഥന്മാരുടെ ആക്ഷേപത്തിനു പാത്രമായി തീർന്നിട്ടുണ്ടു. ഔഷധങ്ങൾക്കു ഗവണ്മെൻറു വിലകൊടുക്കുന്നുണ്ടു എങ്കിലും സാധുക്കൾക്കു ഔഷധങ്ങൾ കിട്ടുന്നില്ല. ആണ്ടിൽ ആറുമാസം മിക്ക ആശുപത്രികളിലും ഔഷധങ്ങൾ ഉണ്ടായിരിക്കയില്ല. വിലപിടിച്ച ഔഷധങ്ങൾ കിട്ടുന്നതുകൊണ്ടു ആശുപത്രി ഉദ്യോഗസ്ഥന്മാർക്കു പ്രതിഫലംകൊടുക്കയുംവേണം. ആശുപത്രികളിൽ കിടക്കുന്ന രോഗികൾ കേവലം സാധുക്കളായിരുന്നാലും ആശുപത്രിചാർജ്വഹിക്കുന്ന ഉദ്യോഗസ്ഥനു പണംകൊടുക്കണം. ഔഷധങ്ങൾക്കു കൺട്രാക്ടു കൊടുക്കുന്നതു കേവലം അഴിമതിയായി തീർന്നിട്ടുണ്ടു്. ഇരുപതും മുപ്പതും വർഷങ്ങളായി ഔഷധങ്ങൾ ശരിയായി തന്നിരുന്ന പഴയ കമ്പനികളെ ഉപേക്ഷിച്ചു പരിചയവും നിലയും ഇല്ലാത്ത പുതിയ കമ്പനികൾക്കാണു, എന്തൊ സ്വാധീനപ്രയോഗംകൊണ്ടു, ഇപ്പോൾ കൺട്രാക്ടുകൾ കൊടുത്തുവരുന്നതു്. ഇപ്പോഴത്തെ മരുന്നുകൾക്കു ഗുണം വളരെ കുറയുകയും ഡോക്ടർമാരുടെ ചികിത്സകൊണ്ടു ഫലം കാണുന്നില്ലെന്നും പറയപ്പെടുന്നു. ആശുപത്രിചികിത്സകൊണ്ടുള്ള ഗുണം നാട്ടുംപുറങ്ങളിലെ ജനങ്ങൾക്കു അനുഭവമാകുന്നില്ല. രാജ്യത്തിൽ പല സ്ഥലങ്ങളിലും സഞ്ചാരആശുപത്രികൾ സ്ഥാപിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

സർ, മെഡിക്കൽ ഡിപ്പാർട്ടുമെൻറിനെപ്പറ്റി ഒരു വാക്കുകൂടി പറവാനുണ്ടു്. ഒരാൾ ന്യായമായിട്ടും സത്യസന്ധതയോടും ജോലിചെയ്യുന്നുവെങ്കിൽ ഉദ്യോഗക്കയറ്റമാണു് പ്രഥമാവശ്യം. എനിക്കു ന്യായബോധമോ മഹാന്മാരോടെങ്കിലും ഇല്ലാതില്ല. വഴ്ത്തിപ്പോരാട്ടം ചെയ്യാൻ വിചാരവും ഇല്ല. എങ്കിലും തിരുവനന്തപുരത്തെ ജനങ്ങളുടെ പ്രതിനിധിയായി ഇവിടെ നിൽക്കുന്ന എനിക്കു മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ സീനിയർ ഉദ്യോഗസ്ഥനായ ഡോക്ടർ രാമൻതമ്പിയുടെ നേരെ പ്രയോഗിച്ച നയം ഏറ്റവും അനീതിയായിപ്പോയിഎന്നു പറയേണ്ടതു എൻറെ ധർമ്മമാണെന്നു ഞാൻ വിചാരിക്കുന്നു. ഡോക്ടർ തമ്പിയുടെ സ്വഭാവഗുണവും സാമർത്ഥ്യവും മയയും ശ്രദ്ധാന്തിയും എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. അദ്ദേഹത്തിൻറെ യോഗ്യതനിമിത്തം അദ്ദേഹത്തെപ്പറ്റി തിരുവിതാംകൂർകാർക്കൊക്കെ വിശ്വാസമാകുന്നതുമാത്രമല്ല അദ്ദേഹത്തെ പൊളിറ്റിക്കൽ ഏജൻറിൻറേയും ദിവാൻറേയും കൈവല്യനായും നിയമിച്ചിട്ടുണ്ട്. അദ്ദേഹം മദ്രാസ് യൂനിവേർസിറ്റി ബി. എ. യും എഡിൻബറാ യൂനിവേർസിറ്റി എം. ഡി. യുമാണ്. എന്നാൽ മിസ്റ്റർ രാഘവയ്യായുടെ ഗവണ്മെൻറു അദ്ദേഹത്തെ എന്തെങ്കിലും അടിയന്തിരാവസ്ഥയിൽ ഇങ്ങനെയെങ്കിലും കുടുതി സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശുപത്രി ചാർജ്വഹിക്കുന്ന ലേഡി ഡോക്ടറെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻറെ ചാർജ്വഹിക്കാൻ നിയമിക്കയും ചെയ്തു. ഇതു ഈ രാജ്യത്തിലെ പുരുഷന്മാരെ അപമാനിക്കയാണെന്നാണ് ഞങ്ങൾക്കുള്ള ബോധം.

പ്രൊസിഡൻറു: - ഇതിനു ഫൈനാൻഷ്യൽ സ്റ്റേറ്റുമെൻറിനോടു എന്തെങ്കിലും സംബന്ധമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

ടി. എം. എൻ. പിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിലെ പ്രയാസങ്ങളെല്ലാം ഉദ്യോഗാധിക്യാരത്തിൽനിന്നുണ്ടാകുന്ന പ്രയാസങ്ങളാണ്. കാര്യക്ഷമതയും സഹിഷ്ണുതയും ഉള്ളപ്പോൾ അതനുസരിച്ചില്ലാത്ത പുഞ്ചിരിയോ മുഖക്കുരുപ്പോ നോക്കി നിയമനങ്ങൾ ചെയ്യരുതെന്നു് ഭരണാധികാരികൾ ഗ്രഹിക്കേണ്ടതാകുന്നു തിരുവിതാംകൂറിൽ സേവകപ്രിയം യഥേഷ്ടരൂപം പ്രാപിച്ചുവരുന്നു. അധികാരസ്ഥന്മാരുടെ മുഖസ്തുതി പാടിയോ ദിനസ്തുതി അവരുടെ വീട്ടിൽ കാവൽകിടന്നോ അവരുടെ ഭക്തനാണെന്നു നടിച്ചുനടന്നോ തങ്ങളുടെ ആഗ്രഹനിവൃത്തിയുണ്ടാക്കാമെന്ന വിചാരിക്കുന്ന ചിലരുണ്ട്. സ്ഥലംമാറ്റച്ചട്ടങ്ങൾ അവർക്കു ബാധകമല്ല. അവരുടെ അഴിമതികളും ഒഴുപ്പുങ്ങളും ദ്രോഹങ്ങളും ജനങ്ങൾക്കറിയാം. ഗവണ്മെൻറു് അതു നിഷേധിക്കാറുമില്ല. പുഞ്ചിരിയോടും എങ്കിലും പ്രസിദ്ധമായ ഏറ്റവും ചെയ്യാൻ മടിയില്ലാത്ത സ്വഭാവത്തോടുമല്ലാതെ സ്ഥാനം വഹിക്കുന്ന ചില കീഴുദ്യോഗസ്ഥന്മാരെ പ്രധാന തസ്തികയിൽതന്നെ വച്ചുകൊണ്ടിരിക്കുന്നുണ്ടു്. ചില വർഷംകൊണ്ടു വിദ്യാഭ്യാസച്ചെലവു ക്രമമില്ലാതെ വർദ്ധിച്ചിട്ടുള്ളതിനെപ്പറ്റി ഫൈനാൻഷ്യൽസെക്രട്ടറി അദ്ദേഹത്തിൻറെ പ്രസംഗമദ്ധ്യേ പ്രസ്താവിക്കയുണ്ടായി. ഈ അക്രമച്ചെലവു കുറയ്ക്കാൻ ഗവണ്മെൻറു ത്രുമം ചെയ്യാൻ മോവിക്കുന്നുണ്ടെന്നറിഞ്ഞു ഞങ്ങൾ സന്തോഷിക്കുന്നു. പ്രാഥമികവിദ്യാഭ്യാസവും കലാവിദ്യാഭ്യാസവും ഉപേക്ഷിച്ചിട്ടു ഉന്നതവിദ്യാഭ്യാസാർത്ഥം ആണ്ടുതോറും ഒരു വലിയസംഖ്യ ചെലവുചെയ്യുന്നുണ്ടു്. നമ്മുടെ കാളേജുകളിൽ ആവശ്യത്തിലധികം പ്രൊഫെസർമാരും ട്യൂട്ടർമാരും ഉണ്ടു്. ആഫ്രയിൽ ആരോ എഴുതാൻ മറന്നിക്കുർ മേലചെയ്യുന്നതിനു ഈ കാളേജുകളിൽ ദിനസ്തുതി വലിയശമ്പളത്തിൽ ആളെ നിയമിച്ചുവരുന്നു.

മേലനേഷണഉദ്യോഗസ്ഥന്മാർതന്നെ ആണ്ടുതോറും ഒരു വലിയസംഖ്യ തിന്നാട്ടുക്കന്ന, നാട്ടിലെ ഭാഷകറം അറിയ്ത്തവനം ഡിപ്പുർട്ടുമെൻറിൻറെ നാട്ടുഭാഷാശുഖയേട്ട സഹതാപമില്ലാത്തവനം ആയ ഒരാളാണ് നമ്മുടെ വിദ്യാഭ്യാസ ഡയറക്ടർ. സംസ്കൃതത്തിലും നാട്ടുഭാഷകളിലും ബിരുദമുണ്ടാക്കുന്നവരെ കൂടുതൽ ഗുണമാണ്. ഉദാഹരണമായി രണ്ടു കാളേജുകളിലും സംസ്കൃതവും നാട്ടുഭാഷകളും പഠിപ്പിക്കുന്നവർ മറ്റുള്ള പ്രൊഫസർമാരെപോലെ യോഗ്യതയുള്ളവരാണെങ്കിലും അവർക്ക് കുറഞ്ഞതൊന്നരയും തുടങ്ങി ശമ്പളവും കുറവാണ്. നാട്ടിലെ ഭാഷകറം അറിയാത്തവരെയാണ് നാട്ടുഭാഷാപഠിപ്പിക്കുന്നതിനുള്ള ഇൻസ്പെക്ടർമാരായി നിയമിക്കുന്നത്. പെണ്ണുങ്ങളിക്കൂടെ ഇൻസ്പെക്ട്രസിൻറെ കാര്യവും ഇങ്ങനെതന്നെയാണ്. വിദ്യാഭ്യാസവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർ വേണ്ടത്ര ചെയ്യേണ്ട കർമം നടപ്പിലാക്കുന്നില്ല.

ജനങ്ങളുടെ ഒന്നിയിൽ വരുത്തുവാനുള്ള പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസം. ഇതിനായി ഗവണ്മെൻറിൻറെ ഇപ്പോഴത്തെ ഭരണവ്യവസ്ഥപ്രകാരം ജനങ്ങളുടെ പൊതുവായ്ച്ചം, ഉദ്യോഗസ്ഥന്മാരുടെ സത്യസന്ധത, കാര്യക്ഷമത, ശ്രദ്ധാന്തി ഇവയെ ആശ്രയിച്ചാണിരിക്കുന്നത്. സ്വദേശാഭിമാനം ഉള്ള ഒരു ഗവണ്മെൻറിൻറെയും ഉദ്ദേശമനസ്സുള്ള ദിവാൻജിയുടെയും ഗവണ്മെൻറിൻറെ അശ്രദ്ധോചനയ്ക്കായി ഈ ചില സംഗതികൾ പറഞ്ഞുകൊള്ളുന്നു. ഈ ഗൌരവകാര്യങ്ങൾ അടുത്ത ഭാവിയിൽതന്നെ തീർച്ചയാക്കുമെന്ന പ്രത്യാശിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ഞങ്ങൾക്ക മറുപടി പറയുന്നതിന ഉപകരിക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥമെമ്പർമാർ ഇനി സംസാരിക്കയില്ലയോ ഉദ്ദേശം?

പ്രെസിഡെൻറ: അനുദ്യോഗസ്ഥമെമ്പർമാർ സംസാരിച്ചുതീർന്നശേഷം ഉദ്യോഗസ്ഥമെമ്പർമാർ സംസാരിക്കും. ഇനം സംസാരിക്കുന്നതിനു ഒരുങ്ങിവന്നിട്ടുള്ളവരായി വേറെ അനുദ്യോഗസ്ഥമെമ്പർമാർ ഇതല്ലുന്നതായറിഞ്ഞാൽ നമുക്ക തിങ്കളാഴ്ച രാവിലെ പതിനൊന്നരമണിവരെ യോഗം നിർത്തിവയ്ക്കാം.

തിങ്കളാഴ്ച ഫെ—ം മണിക്ക വീണ്ടും കൂടണമെന്നുള്ള നിശ്ചയത്തോടുകൂടിയാണ് സഭ പി—ം മണിക്ക പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

ചോദ്യോത്തരങ്ങൾ.

[൧൦-ാം നമ്പർ സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ച് അദ്ധ്യക്ഷൻതന്നെ ചെയ്ത ഉത്തരവ്:—

എ. ഒരു സഭായോഗത്തിൽ ചോദിക്കുന്ന ചോദ്യങ്ങളുടേയും പറയുന്ന മറുപടികളുടേയും ആവശ്യപ്രതികൾ അദ്ധ്യക്ഷൻ ആസനസ്ഥനാകുന്നതിനു ൧൫ മിനിട്ടിനുമുൻപു മേശമേൽ വച്ചിരിയ്ക്കണം.

ബി. ചോദ്യങ്ങൾ ചോദിക്കുകയും മറുപടിപറകയും ചെയ്യുന്നത് താഴെപറയുന്നപ്രകാരം വേണ്ടതാകുന്നു.

അസംക്ടിട്ടറി ഓരോ പ്രശ്നകർത്താവിന്റേയുംപേരു അതിൽ എഴുതിയിരിക്കുന്ന മുറയ്ക്കു വിളിക്കുകയും ചോദ്യങ്ങളുടെ ക്രമനമ്പരും പറയുകയും, മെമ്പർ ഉപപ്രശ്നങ്ങൾ ചോദിക്കുവാൻ താല്പര്യപ്പെടുന്നുണ്ടെങ്കിൽ അദ്ദേഹത്തിനു സ്വസ്ഥാനത്തു എഴുന്നേറ്റുനിൽക്കുന്നതിനു വേണ്ട സമയം നൽകുകയും ചെയ്യണം. ഉപപ്രശ്നങ്ങൾ അവശ്യപ്പെടുമായ പ്രധാന ചോദ്യങ്ങൾകഴിഞ്ഞാൽ ഉടൻ ചോദിക്കേണ്ടതാകുന്നു].

ജന്മികുടിയാൻ റഗ്ലേഷൻ ഭേദഗതി ബിൽ.

൧൫. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). (എ) കുടിയായ്മ സ്ഥിരമായിരിക്കണമെന്നുള്ള മൂലതത്വത്തെ നിലനിർത്തുന്നതിലേക്കു ൧൦൭൯-ലെ ൪-ാം നമ്പരായ ജന്മികുടിയാൻ റഗ്ലേഷനെ ഭേദപ്പെടുത്തേണ്ടതിനു നിയമമുണ്ടാക്കേണ്ടതു് എത്രയും അത്യാവശ്യമാണെന്നുള്ള ഗവണ്മെൻറിനറിയാമോ?

(ബി) ഭേദഗതിബിൽ ഉദ്ദേശം എപ്പോൾ ഹാജരാക്കാൻ ഇടയുണ്ടു്?

മി. കാശ്യപം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനൽ ഛീഫ്സെക്രട്ടർ വക്കിൽ): എ-യും ബി-യും. ഭേദഗതിവരുത്തുന്നതായ ഒരു റഗ്ലേഷൻ ഉണ്ടാക്കുന്നതു് തന്നു് എന്നുകരുതി ഒരു ബിൽ പ്രസിദ്ധംചെയ്തിട്ടുണ്ടു്. അതു കഴിയുന്നതും വേഗം ഹാജരാക്കുന്നതുമാണു്.

കൃഷ്ണപുരത്തുനിന്നും മുൻസിപ്പുകോടതി കായംകുളത്തേയ്ക്കു മാറ്റുക.

൧൬. മി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

(എ) ഇപ്പോൾ കൃഷ്ണപുരം കൊട്ടാരത്തിനടുത്തിട്ടിരിക്കുന്ന മുൻസിപ്പുകോടതി കുറേക്കാലങ്ങൾക്കുമുൻപു കായംകുളം പട്ടണത്തിൽത്തിക്കുള്ളിൽ കായംകുളം കുറ്റവാളനത്തിനു ഉദ്ദേശം ഒരു മെഖിനകത്തു സ്ഥിതിചെയ്തിരുന്നു എന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

(ബി) കൃഷ്ണപുരം മുൻസിപ്പുകോടതിയുടെ ഇപ്പോഴത്തെ അധികാരപരിധിയിൽ പെരിനാട്ട്, പുതുപ്പള്ളി, കൃഷ്ണപുരം, കണ്ടല്ലൂർ, കീരിക്കാട്ട്, പത്തിയൂർ, പെരുങ്ങള ഈ പകുതികരകളുമാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ എന്നും, മജിസ്ട്രേട്ടുകോടതി, വില്ലേജ്പഞ്ചായത്തും മുഞ്ചുമജിസ്ട്രേട്ടുകോടതികളും, പൊലീസ്സ്റ്റേഷൻ, സബ് രജിസ്ട്രാർആപ്പീസ്, ഹയർഗ്രേഡ് വിദ്യാലയങ്ങളും, കടകമ്പോളങ്ങളും മുതലായവയുടെ സാമീപ്യവും സാന്നിദ്ധ്യവുംകൊണ്ടു് കായംകുളത്തേക്കുള്ളമാറ്റം, മേൽപറഞ്ഞ പകുതികളിൽ പെരിനാടൊഴികെ ഉള്ള സ്ഥലങ്ങളിലെ ജനപക്ഷം ഇനങ്ങൾക്കും വളരെ ഉപകാരപ്രദമായിരിക്കുമെന്നു ഗവണ്മെൻറിനറിയാമോ?

(സി) കോടതി കെട്ടിടത്തിന്റേയും പരിസരപ്രദേശങ്ങളുടേയും ശുചീകരണം ഏർപ്പാടാക്കും, കോടതി കായംകുളം മുൻസിപ്പാലിറ്റിക്കകത്തു സ്ഥിതിചെയ്യുന്നതായാൽ കൂടുതൽ നല്ലവണ്ണം നടത്താവുന്നതാണെന്നു ഗവണ്മെൻറിനറിയാമോ?

(ഡി) നിർദ്ദേശിക്കപ്പെട്ട ഈ കൊടുതിമാറ്റത്തെ സംബന്ധിച്ചു ൧൦൭൯-ൽ ചീഫ്ജസ്റ്റിസിൽ നിന്നോ മൈക്കോടതിയിൽനിന്നോ കിട്ടിയിട്ടുള്ള അറിയിപ്പുകളുടെ താല്പര്യം എന്താണെന്നു സഭയെ പറയുമോ?

(ഇ) കോടതിക്കു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കെട്ടിടം തയ്യാറായിരിക്കുമെന്നു, ഈ മാറ്റത്തെസംബന്ധിച്ചു് ൧൧൦-ാം ശ്രീമൂലം പ്രജാസഭയിൽ കൊണ്ടുവരപ്പെട്ട നിവേദനത്തിനു മറുപടിയായിചെയ്ത വാഗ്ദാനം നിറവേറ്റുന്നതിനുള്ള താമസത്തിനു കാരണമെന്തെന്നു സഭയെ പറയുമോ?

(എഫ്) കായംകുളത്തു കോടതിയിടുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കെട്ടിടം ഉദ്ദേശം രണ്ടുമാസങ്ങൾക്കുള്ളിൽപുതന്നെ കാർത്തികപ്പള്ളി താലൂക്കിൽ കണ്ടല്ലൂർപകുതിയിൽ പെരുമന വേലുപ്പിള്ള അവർകളുടെ പണികഴിപ്പിച്ചിട്ടുണ്ടെന്നും, കോടതി പുതിയ കെട്ടിടത്തിലേക്കു മാറി അതിനുള്ള വാടക അനുവദിക്കുന്നതിൽ ഗവണ്മെൻറിനുള്ള കാലതാമസം ഹേതുവാൽ അദ്ദേഹത്തിനു വലിയനഷ്ടം നേരിട്ടിട്ടുണ്ടെന്നും ഗവണ്മെൻറിനറിയാമോ?

(ജി) അധികം താമസംകൂടാതെ കോടതി കായംകുളത്തേക്കു മാറ്റുന്നതിനു ഗവണ്മെൻറിനു ഒരുവ്യവസ്ഥയുണ്ടാക്കുമോ?

മി. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് സെക്രട്ടറി):

(എ) ഗവണ്മെൻറിനു യാതൊരറിവുമില്ല.

(ബി) ചോദ്യത്തിൻറെ ആദ്യത്തെ ഭാഗത്തിനുള്ള ''അറിയാം'' എന്നാണ്. ഈ മേഖലയിലെ പകുതിക്കളികൾ ഇരുപക്ഷം ജനങ്ങൾക്കും ഗുണകരമായിരിക്കുമെന്നുള്ളതിനെപ്പറ്റി കൂടെ നിവേദനങ്ങൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്.

(സി) ഒരു കോടതിക്കെട്ടിടത്തിൻറെയും പരിസരപ്രദേശങ്ങളുടെയും ശുചികരണ ചുമതല മുനിസിപ്പാലിറ്റിക്കാണ്, അതു എവിടെ സ്ഥിതിചെയ്യുന്നുവെങ്കിലും, തക്കതായ ശ്രദ്ധയും മേൽനോട്ടവുംകൊണ്ടു വേണ്ടപ്രകാരമാക്കാവുന്നതാണ്.

(ഡി) കോടതിയുടെ ഇരിപ്പിനെ ബാധിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല എന്നു ഹൈക്കോടതി റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ഇ)-യും (എഫ്)-ം (ജി)-ം. കെട്ടിടം പൂർത്തിയായിട്ടുണ്ടെന്നും അതു ഉപയോഗത്തിനു കിട്ടുമെന്നും ഗവണ്മെൻറിനറിയാം. കോടതി മാറിയിട്ടുകയും കെട്ടിട ഉടമസ്ഥനെ നഷ്ടത്തിൽനിന്നും രക്ഷിക്കുകയും ചെയ്യുണ്ടെ സംഗതിയിൽ ഗവണ്മെൻറിൻറെ ശ്രദ്ധ പതിഞ്ഞിട്ടുണ്ട്.

ക്ര ാ ഠ-ാമത്തെ മുൻപുള്ള ഗ്രന്ഥവരികളുടെയും ഒഴുകുകളുടെയും പ്രസിദ്ധീകരണം.

ക്ര ൭. മി. ജി രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

(എ) ക്ര ാ ഠ-ലും അതിനും മുൻപുംഉള്ള, നിലം പുരയിടങ്ങളുടെ ഗ്രന്ഥവരികളും ഒഴുകുകളും, അതിൻറെ പ്രതികൾ ആവശ്യക്കാർക്കുതാമസവും ഇച്ഛാഭംഗവും നേരിടാത്തവിധം ലഭിക്കുന്നതിലേക്കു, കിട്ടുന്നിടത്തോളം അച്ചടിപ്പിക്കുന്നതിനു ഗവണ്മെൻറിനു മയവുണ്ടാകുമോ?

(ബി) ഒഴുകുകളുടെ പകർപ്പിനു അപേക്ഷിക്കുമ്പോൾ, അസ്സൽപുകൾ ഇല്ലെന്നുപറഞ്ഞു അപേക്ഷകന്മാരെ താലൂക്കധികാരസ്ഥന്മാർ പലതവണയും ഇച്ഛാഭംഗപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി):

(എ) ക്ര ാ ഠ-ലും അതിനുമുൻപുള്ള ഒഴുകുകളുടെയും ഗ്രന്ഥവരികളുടെയും, കണ്ടെഴുത്തുകഴിഞ്ഞു ഇതുംകൂടിയായതിനുശേഷം ഇപ്പോൾതന്നെ അച്ചടിപ്പിക്കുന്നതു ആവശ്യമാണെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ല. അച്ചടിപ്പിക്കുന്നതിനു വളരെ ചെലവിയുണ്ടെന്നതുതന്നെയല്ല ചെലവിക്കുതക്ക ഫലം ഉണ്ടാകുകയുമില്ല. റവന്യൂ ആപ്പീസുകളിൽനിന്നും റിക്കാർഡുകളുടെ പകർപ്പുകൾ കൊടുക്കുന്നതിനുവച്ചിരിക്കുന്ന ചട്ടങ്ങൾ ഒഴുകുകളുടെ പകർപ്പുകൾ നൽകുന്നതിനും അനുവദിക്കുന്നുണ്ട്. കൂടാതെ, ഒഴുകുകളുടെ പകർപ്പുകൾവേണ്ടുന്നപക്ഷം അപേക്ഷകന്മാർക്കു കൊടുത്തുകൊള്ളണമെന്നു ഗവണ്മെൻറ് സർക്കുലർ ഉത്തരവുകൾ അയച്ചിട്ടുമുണ്ട്.

(ബി) ഗവണ്മെൻറിനു യാതൊരറിവുമില്ല.

അധഃകൃതവർഗ്ഗത്തിൽപെട്ട കുട്ടികൾക്കു വിദ്യാർത്ഥിവേതനങ്ങൾ.

ക്ര വു. മി. ജ്ഞാനജോഷ്വാ (നിയമിക്കപ്പെട്ട സഭാംഗം):

(എ) ഇതരസമുദായക്കാർക്കു നിരോധിക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥിവേതനങ്ങളുടെ കാര്യത്തിൽ, അധഃകൃതവർഗ്ഗക്കാരെ ഇപ്പോൾ വിദ്യാഭ്യാസത്തിൽ പിന്നോക്കംനിൽക്കുന്ന സമുദായങ്ങളുമായി കൂട്ടിച്ചേർത്തിരിക്കുന്നതുകൊണ്ട്, ആ വർഗ്ഗത്തിൽപെട്ട കുട്ടികൾക്കുമാത്രം വിദ്യാർത്ഥിവേതനങ്ങൾ ലഭിക്കുന്ന സംഗതിയിൽ അനുവർത്തിച്ചുവരുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്നു ഗവണ്മെൻറിനറിവുണ്ടോ?

(ബി) ഇല്ലെങ്കിൽ, അധഃകൃതവർഗ്ഗങ്ങൾക്കു ഓരോന്നിനും, അതാതിൻറെ സംഖ്യാബലമനുസരിച്ച്, ഇതരസമുദായക്കാർക്കു നിരോധിക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥിവേതനങ്ങളുടെ ഒരു ക്ലിപ്തസംഖ്യ നീക്കിവയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, വിദ്യാഭ്യാസവകുപ്പുവർക്കുമേൽ ഈ കാര്യത്തെപ്പറ്റി ഒരു റിപ്പോർട്ടയക്കുവാൻ ഗവണ്മെൻറ് സമയം ആജ്ഞാപിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി).

(എ) വിദ്യാർത്ഥിവേതനങ്ങൾ നൽകുന്നതിനു ഈ സ്കൂൾ വർഷത്തിൽ ഇടംപ്രഥമയിൽ ഒരു പരിക്ഷനടത്തുന്നതിനു നിശ്ചയിച്ചിട്ടുണ്ട്. ഈ പരീക്ഷയുടെഫലം കണ്ടതിനുശേഷം, ഇവിടെ പ്രസ്താവിച്ചുമാതിരിയുള്ള വർഗ്ഗവിഭജനത്തെപ്പറ്റി ആലോചിക്കുന്നതു നന്നായിരിക്കുമെന്നു ഗവണ്മെൻറ് വിചാരിക്കുന്നു.

(ബി) എ. ഭാഗത്തിൻറെ ഉത്തരംകൊണ്ടു ഈ ചോദ്യം സംഗതമല്ല.

ആലുവ റയിൽവേപാലത്തിൻറെവീതി വർദ്ധിപ്പിക്കൽ.

ക്ര ൻ. മി. സി. പി. തരകൻ (നിയമിക്കപ്പെട്ട സഭാംഗം): ആലുവായിലുള്ള റയിൽവേപാലത്തിൻറെ വീതി വർദ്ധിപ്പിക്കുന്നകാര്യം ഇപ്പോൾ എന്തുനിലയിൽ ഇരിക്കുന്നുഎന്നു ഗവണ്മെൻറ് സഭയം പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഷോറണ്ണൂർ-എറണാകുളം റയിൽപാതയെ ഒരു ബ്രോഡ്ഗേജ്ലയിനാക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി തെൻഇൻഡ്യൻറയിൽവേ അധികാരന്മാർ അതിനെ സർവ്വെചെയ്യാൻ പോകുന്നതായി ഗവണ്മെൻറിനറിവുതന്നിട്ടുണ്ട്. അതുപോലുള്ള പാലത്തിനെ സംബന്ധിച്ചുള്ള ജോലികൾ തൽക്കാലം നിറുത്തിവയ്ക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. എന്തെന്നാൽ ഉദ്ദേശിക്കുന്നപ്രകാരം അതിനെ ഒരു ബ്രോഡ്ഗേജാക്കുന്നപക്ഷം പാലത്തിൽചെയ്യുന്ന പണികൾ നിഷ്പ്രയോജനമായിതീരുന്നതാണ്.

മി. സി. പി. തരകൻ (കുന്നത്തുനാട്): കൊച്ചീഗവണ്മെൻറ് ഷോറണ്ണൂർ-എറണാകുളം തിരുവിതാംകൂർപാതയുടെവീതി കൂട്ടുന്നസമയത്തു തിരുവിതാംകൂറിൽനിന്നും കൂടുതൽ തുക കൊടുക്കേണ്ട ആവശ്യമുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): ആലുവാ തിരുവിതാംകൂർ ഭാഗം പണിയുന്നതിലധികമായി ക ൦,൦൦൦ രൂപ കൊടുക്കുന്നതായാൽ സാധാരണ വണ്ടികൾ യാതൊരുതടസ്സവുംകൂടാതെ കടന്നുപോകുന്നതിനു കൂടുതൽ സൌകര്യമുണ്ടാക്കാമെന്നു കൊച്ചി ഗവണ്മെൻറ് അറിയിച്ചിട്ടുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഇതിലേയ്ക്ക് നോട്ടീസ് ആവശ്യമാണ്.

മി. സി. പി. തരകൻ (കുന്നത്തുനാട്): നമ്മുടെ ഗവണ്മെൻറിൽനിന്നും ഷോറണ്ണൂർ റയിൽവേയ്ക്ക് ഭൂമികൊടുക്കേണ്ട ആവശ്യമുണ്ടാകുമ്പോൾ ആലുവാപ്പുറം സാധാരണ വണ്ടികൾ ഗതാഗതംചെയ്യുന്നതുക്കുവിധത്തിൽ പണിചെയ്യുവാൻ സാധിക്കുമെങ്കിലേ ഭൂമി കൊടുക്കയുള്ളുഎന്നു പറവാൻ ഗവണ്മെൻറ് തയാറാണോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു ആലോചിക്കേണ്ട വിഷയമാണ്.

തിരുവകളുടെ കൺട്രോളിംഗ് ആഫീസരായി എക്സൈസ് കമ്മീഷണരെ നിയമിച്ചുള്ള.

ഡോ: മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഫാർൻ—ൽ നിയമസഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ, അന്യക്കാരി കൊച്ചുക്കയിൽക്കൂടി കടത്തിക്കൊണ്ടുപോകുന്നതിനെപ്പറ്റി ഞാനും മി. എം. എൻ. പിള്ളയും ചോദിച്ച ചോദ്യങ്ങൾക്കുത്തരം മറുപടികളെ അടിസ്ഥാനമാക്കി എക്സൈസ് കമ്മീഷണരെ തിരുവകളുടെ കൺട്രോളിംഗ് ആഫീസരായി നിയമിച്ച പരസ്യമോ പരസ്യങ്ങളോ മേൽമേൽ വരുന്നതിനു ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി, മറുമൊഴിയിൽ): ഫാർൻ ഷെഡ്യൂൾവരി ര—നു—/ക്ര ക ൦ ൦ മകരം ക—നു—മല നിയമസഭാ യോഗത്തിൽ മി. ഹുസൈൻ ചോദിച്ച നൂ—ാം നമ്പർ ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി നോക്കുന്നതിനു മെമ്പറോടാവശ്യപ്പെട്ടുകൊള്ളുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മി. ഹുസൈനിനു കൊടുത്തിട്ടുള്ള മറുപടിയിൽ പറയുന്നതായ ഗവണ്മെൻറുത്തരവ് ഫാർ൦ ൪ നവമ്പർ ൧-നു-യിലേതാണ്. അതിൽ ഏതുഭാഗത്താണ് എക്സൈസ് കമ്മീഷണരെ കൺട്രോളിങ്ങ് ആഫീസരായി നിയമിച്ചിട്ടുള്ളതായി പറയുന്നത്?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി, മറുമൊഴിയിൽ): ഈ ഉപചോദ്യത്തിനു മറുപടിപറയുന്നതിനുമുമ്പു അദ്ധ്യക്ഷൻനിന്നും നിയന്ത്രണാജ്ഞ അപേക്ഷിച്ചുകൊള്ളുന്നു. ഇത് ഒരു വ്യാവഹാരികനടപടി ആയിരുന്നാൽ, സഭയുടെ ഇതവശത്തുമുള്ള എൻറെ വക്കീൽ സ്നേഹിതന്മാർ "ഒരിക്കൽ തീർച്ചചെയ്ത കാര്യങ്ങൾ വീണ്ടും എടുത്തുകൂടാ" എന്നുള്ള പ്രമാണത്തെ എടുത്തു ഉദാഹരിക്കുകയും, അവരുടെ വാദങ്ങളെ ബലപ്പെടുത്തുന്നതിനായി വലിയ നീതിതത്വങ്ങളെ എടുത്തു ഉദ്ധരിക്കുകയും ചെയ്തേനെ. ഈ സഭയുടെ ചട്ടങ്ങളും മേൽപറഞ്ഞ പ്രമാണത്തെ ബലപ്പെടുത്തുന്നുണ്ട്. ചട്ടങ്ങൾ അനുസരിച്ച്, ഒരിക്കൽ പൂർണ്ണമായി മറുപടികൊടുക്കപ്പെട്ട ഒരു ചോദ്യം വീണ്ടും ചോദിക്കാൻ പാടില്ലാത്തതും അതിലുള്ള ഏതെങ്കിലും ഒരു സംഗതിയെക്കുറിച്ചു വിശദമാക്കേണമെന്നുള്ളപക്ഷം ഒരുപചോദ്യം ചോദിക്കേണ്ടതുമാണ്. ഈ ചോദ്യത്തിനു ഒരിക്കൽ പൂർണ്ണമായി മറുപടികൊടുത്തിട്ടുള്ളതാണ്. അതിനെ മെമ്പർ വീണ്ടും ചോദിക്കുന്നു. മെമ്പറുടെ ചോദ്യത്തെ നിഷേധിക്കാതെ ഗവണ്മെൻറിനുവേണ്ടി ഞാൻ, മുമ്പേതന്നെ കൊടുത്ത മറുപടിയിലേക്കു, മെമ്പറുടെ ശ്രദ്ധയെ ആകർഷിക്കുന്നു. ഒരിക്കൽ മറുപടികൊടുക്കപ്പെട്ട ഒരു ചോദ്യത്തെ വീണ്ടും ചോദിക്കുവാൻ മെമ്പർക്ക് അവകാശമുണ്ടോ എന്നു ഞാൻ അദ്ധ്യക്ഷൻറെ നിയന്ത്രണാജ്ഞയെ അപേക്ഷിച്ചുകൊള്ളുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ചട്ടങ്ങളിൽ പറയുന്നതു ഒരു ചോദ്യംചോദിക്കുമ്പോൾ അതിനു തൃപ്തികരമായ മറുപടികിട്ടിയതിൽപിന്നീടു രണ്ടാമതു ചോദിക്കാൻ പാടില്ലാ എന്നുള്ളതാണ്. ഈ ചോദ്യത്തിനു അക്കാലത്തു തൃപ്തികരമായ മറുപടിപറയാത്തതുകൊണ്ടാണ് വീണ്ടും ചോദിക്കാൻ ഇടയായതു്. നിവൃത്തിയുള്ളിടത്തോളം അതിൽനിന്നും ഒഴിഞ്ഞുനിൽക്കയല്ലാതെ ശരിയായ മറുപടി പറഞ്ഞിട്ടില്ല. ആ ഗവണ്മെൻറുത്തരവിൽ ഏതുഭാഗത്താണ് എക്സൈസ് കമ്മീഷണരെ കൺട്രോളിങ്ങ് ആഫീസരായി നിയമിച്ചിട്ടുള്ളത് എന്നു ഞാൻ വായിച്ചുനോക്കിയതിൽ എനിക്കു മനസിലാകുന്നില്ല. അതുകൊണ്ടു ആഭാഗം ചൂണ്ടിക്കാണിച്ചുതരണമെന്നാണ് പറയുന്നതു്.

അദ്ധ്യക്ഷൻ: ആ ഗവണ്മെൻറുത്തരവ് ഇപ്പോൾ എൻറെ കൈവശം ഇല്ലെന്നു തോന്നുന്നു.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി, മറുമൊഴിയിൽ): ഞാൻ നിയന്ത്രണാജ്ഞയ്ക്കായി കാത്തിരിക്കുന്നു.

അദ്ധ്യക്ഷൻ: എനിക്കു ആ ഗവണ്മെൻറുത്തരവ് കാണണം.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി, മറുമൊഴിയിൽ): ഒരിക്കൽ തീർച്ചചെയ്തിട്ടുള്ള ഒരു കാര്യത്തെ വീണ്ടും കൊണ്ടുവരുന്നതിനുള്ള അവസരം ഇതല്ലെന്നാണ് എൻറെ താഴ്മയായ അഭിപ്രായം.

അദ്ധ്യക്ഷൻ: അതു്, ആ ചോദ്യത്തിനു പൂർണ്ണമായി മറുപടികൊടുത്തിട്ടുണ്ടോ, ഇല്ലയോ, എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി): മറുപടി തൃപ്തികരമാണോഎന്നുള്ളകാര്യം അനുസരിച്ചു അന്നു ആലോചിക്കേണ്ടതാണ്.

അദ്ധ്യക്ഷൻ: ഞാൻ അങ്ങനെ വിചാരിക്കുന്നില്ല.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി, മറുമൊഴിയിൽ): ഞാൻ നിയന്ത്രണാജ്ഞയ്ക്കു കീഴടങ്ങുന്നു.

അദ്ധ്യക്ഷൻ: ആ പരസ്യം ഞാൻ വായിച്ചു കേൾപ്പിച്ചാൽ മെമ്പർ തൃപ്തിപ്പെടുമോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പരസ്യം എൻറെ കൈവശമുണ്ട്. എക്സൈസ് കമ്മീഷണരെ തിരുവകളുടെ കൺട്രോളിങ്ങ് ആഫീസരായി നിയമിച്ചിരിക്കുന്ന സംഗതി ഈ പരസ്യത്തിൻറെ ഏതു ഭാഗത്താണടങ്ങിയിരിക്കുന്നതെന്നാണ് ഞാൻ അറിയാൻ ആവശ്യപ്പെട്ടതു്.

അദ്ധ്യക്ഷൻ: അതു്, എക്സൈസ് കമ്മീഷണർക്ക് തിരുവ ഉദ്യോഗസ്ഥൻറെ അധികാരത്തെ നിർവഹിക്കുന്നതു്, ഇതു്, അദ്ദേഹത്തിനു കൺട്രോളിങ്ങ് ആഫീസരുടെ അധികാരത്തെ നടത്തുന്നതിനു തുല്യംതന്നെ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ അതു് വളരെ സംശയിക്കുന്നു.

പുത്തൂർ വിഷചികിത്സാകേന്ദ്രം ഗവൺമെന്റ് ഏറ്റെടുക്കുക.

ചോ. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും):

(എ) വിഷചികിത്സക്ക് സൗകര്യങ്ങൾ കൊടുക്കാറുണ്ടോ?

(ബി) ഉണ്ടെങ്കിൽ, അങ്ങിനെയുള്ള സഹായങ്ങൾ എവിടെയെല്ലാം, ആരെക്കൊക്കെ കൊടുക്കുന്നുണ്ട്?

(സി) തെക്കൻ തിരുവിതാംകൂറിൽ വിഷചികിത്സക്കാരെക്കൊണ്ടും സഹായധനം അനുവദിപ്പിച്ചിട്ടുണ്ടോ?

(ഡി) കൽക്കുളം താലൂക്കിലെ ഒരു വിഷചികിത്സകനായ മി. നാരായണപിള്ള ഒരു ഗ്രാന്റിനപേക്ഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ ഗ്രാന്റു അനുവദിച്ചോ? അനുവദിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട്?

(ഈ) വിഷചികിത്സയിൽ മി. നാരായണപിള്ളക്കുള്ള സാമർത്ഥ്യത്തെ ആയുർവേദ ഡയറക്ടർ പരിശോധിച്ചിട്ടുണ്ടോ?

(എഫ്) ഇല്ലെങ്കിൽ, മി. നാരായണപിള്ള ഒരു ശ്രേഷ്ഠിയുള്ള വിഷചികിത്സകനാണെന്നു കാണുന്നപക്ഷം അദ്ദേഹത്തിനു ഒരു ഗ്രാന്റു അനുവദിച്ചുകൊടുക്കുന്നതിനു ഗവണ്മെന്റിനു മേലെഴുതാകുമോ?

മി. കെ. നാരായണൻ പണിക്കർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) താഴെപ്പറയുന്നവർക്ക് ഗ്രാന്റുകൾ കൊടുത്തുവരുന്നു.

1.	കെ. ഗോപാലകൈമൾ	പെരുന്താന്നി
2.	വർഗീസ് വർഗീസ്	തിരുവല്ലാ ടൌൺ
3.	കുഞ്ഞപിള്ള	എഴുമറ്റൂർ
4.	ശങ്കരൻ ശങ്കരൻ	എരവിപേരൂർ
5.	കെ. ഗോപാലപിള്ള	ആറൻമുള
6.	കെ. ഗോവിന്ദപ്പിള്ള	ചെങ്ങന്നൂർ

(സി) ഇല്ല.

(ഡി)-ഡും (എഫ്)-ഉം മെമ്പർ ഖേദപൂർവം മി. നാരായണപിള്ളയുടെ അപേക്ഷത്തീയതി അറിയിച്ചുതരികയോ അല്ലാത്തപക്ഷം അദ്ദേഹത്തിനോടു ഒരു പുതിയ അപേക്ഷ സമർപ്പിക്കുന്നതിനാവശ്യപ്പെടുകയോ ചെയ്താൽ, ഈ സംഗതി ഗൗരവമായി ആലോചിക്കുന്നതാണ്.

(ഈ) ഇല്ല.

ക്ലർക്ക്-ടൈപ്പിസ്റ്റ് ക്ലർക്ക് തസ്തികയ്ക്കു മേലുള്ള മഹമ്മദീയ ഉദ്യോഗസ്ഥന്മാരുടെസ്ഥിതി വിവരക്കണക്കെടുക്കും.

ചോ. മി. ഹബീബ്മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): ക്ലർക്ക് മുതൽ ക്ലർക്ക് വരെ ഓരോ ആണ്ടിലും താഴെപ്പറയുന്ന ഡിപ്പാർട്ട്മെന്റുകളിൽ ഉദ്യോഗത്തിലിരുന്ന മഹമ്മദീയരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുവാൻ മേലാൽ വകയുണ്ടോ?

വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ്		സാനിട്ടറി ഡിപ്പാർട്ട്മെന്റ്	
എക്സൈസ്	,,	രജിസ്ട്രേഷൻ	,,
റവന്യൂ	,,	ഫോറസ്റ്റ്	,,
പോലീസ്	,,	അക്കൗൺ	,,

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ വക്കീലുകളുടെ സ്ഥിതി വിവരക്കണക്കെടുക്കുന്നതിനു വേണ്ടിവരുന്ന ശ്രമത്തിനും സമയത്തിനും തക്കവണ്ണമുള്ള പ്രയോജനം അവയിൽനിന്നും ഉണ്ടാകുന്നതല്ല.

മി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): യോഗ്യതയുള്ള അപേക്ഷകന്മാർ ധാരാളം ഉണ്ടായിരുന്നിട്ടും ഈ സമയത്ത് സർക്കാർ സർവീസിലുള്ള മഹമ്മദീയ ഉദ്യോഗസ്ഥന്മാരുടെ എണ്ണം നിരന്തരം കുറഞ്ഞുകൊണ്ടിരുന്നുവെന്നു ഗവണ്മെന്റിനറിയാമോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റിനറിവില്ല.

മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): മഹമ്മദീയർക്ക് പബ്ലിക് സർവീസിലുള്ള അവകാശങ്ങളെ പുനർസ്ഥാപിക്കുന്നകാര്യത്തിൽ ഡിപ്പാർട്ട്മെന്റ് മേലദ്ധ്യക്ഷന്മാർ ഭരണാധികാരിയുടെ ഉത്തരവുകളെ എത്രകണ്ടു അനുസരിച്ചിട്ടുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): മെമ്പർ ചോദ്യം നല്ല ചോദ്യത്തിനപ്പുറമിറിയാണ് പറയുന്നത്.

ക്ലർക്ക്-നും ടൈപ്പിസ്റ്റ്-നും മദ്ധ്യേ സർക്കാർ സർവീസിലേക്കുള്ള മഹമ്മദീയ അപേക്ഷകന്മാർ,

ചോ. മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം):

ക്ലർക്ക്-നും, ടൈപ്പിസ്റ്റ്-നും മദ്ധ്യേ സർക്കാർ ജീവനത്തിനപേക്ഷിച്ചിട്ടുള്ള മഹമ്മദീയ ഗ്രാഡുവേറ്റുകളുടെയും അണ്ടർ ഗ്രാഡുവേറ്റുകളുടെയും എണ്ണം എത്രയെന്നും, തൽസമയത്ത് അവരിൽ എത്രപേരെ താഴെപ്പറയുന്ന ഡിപ്പാർട്ട്മെന്റുകളിലും ആപ്പീസുകളിലും നിയമിച്ചിട്ടുണ്ടെന്നും, ഗവണ്മെന്റു സദയംപറയുമോ?

ഹജൂർകച്ചേരി		ട്രഷറി ഡിപ്പാർട്ടുമെന്റു	
പോലീസ് ഡിപ്പാർട്ടുമെന്റു		വിദ്യാഭ്യാസ	,,
രജിസ്ട്രേഷൻ	,,	എക്സൈസ്	,,
ജുഡീഷ്യൽ	,,	അക്കൗൺ	,,

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കഴിഞ്ഞ വർഷങ്ങളിലെല്ലാം ഉള്ള അപേക്ഷകളുടെഎണ്ണം തിട്ടപ്പെടുത്തുന്നതിനു ബുദ്ധിമുട്ടുണ്ട്. ഒരു വർഷത്തെ കണക്കുകൊണ്ടു മെമ്പർ തൃപ്തിപ്പെടുമെന്നുള്ളപക്ഷം അവയെ വാങ്ങി തരുന്നതാണ്.

സക്കാർ സർവീസിൽ മഹമ്മദീയരുടെ നിയമനം.

ക*. മി. പി. ഹമ്പീബ് മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം):

(എ) സക്കാർ ജീവനംകിട്ടുന്ന കായ്ത്തിൽ മഹമ്മദീയ ഗ്രാഡുവേറ്റുകളും അണ്ടർ ഗ്രാഡുവേറ്റുകളും നാമക്കുനാമം ക്ലൂടതൽ ബുദ്ധിമുട്ടുകൾ അനുഭവിച്ചുവരുന്നുഎന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

(ബി) സക്കാർ ജീവനങ്ങൾ കൊടുക്കുന്ന കായ്ത്തിൽ യോഗ്യതയുള്ള മഹമ്മദീയരെ പ്രോത്സാഹിപ്പിക്കുന്നതിനു ഡിപ്പാർട്ടുമെൻറ് മേലധ്യക്ഷന്മാർക്ക് ഗവണ്മെൻറ് ഒയവുചെയ്തു വേണ്ട ഉത്തരവുകൾ അയച്ചുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി):

(എ) ഈ വസ്തുതയെ ഗവൺമെൻറ് നോട്ടുചെയ്യുന്നു.

(ബി) മഹമ്മദീയസമുദായത്തിലും, വിദ്യാഭ്യാസത്തിൽ പിന്നോക്കംനിൽക്കുന്ന ഇതരസമുദായങ്ങളിലുംള്ള അംഗങ്ങളെ സകല ഡിപ്പാർട്ടുമെൻറ്റ മേലധ്യക്ഷന്മാരും, സാമർത്ഥ്യം യോഗ്യത ഇവയ്ക്കനുസരിച്ചു, പ്രത്യേകം കരുതേണ്ടതാണെന്നുള്ള ഉള്ളതിനു സക്കുലർ ഉത്തരവുകൾ നടപ്പിലിരിപ്പുണ്ട്.

മി. പി. ഹമ്പീബ് മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം):

മേൽപറഞ്ഞ ഉത്തരവുകളെ ഡിപ്പാർട്ടുമെൻറ് മേലധ്യക്ഷന്മാർ എത്രമാത്രം അനുസരിക്കുന്നുണ്ട്, എന്നു ഗവണ്മെൻറിനറിയാമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി):

ഗവണ്മെൻറ് അന്വേഷിക്കാം.

മി. പി. ഹമ്പീബ് മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം):

കൺവെൻഷൻ വെച്ചിൽ 1917-ാമയിലെ ആർ. ഡിസ്സ് നമ്പർ 8 ദിവ/വെ/ജി. എ. ഉത്തരവിൻപ്രകാരം സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സമാധാനം സമർപ്പിച്ചിട്ടുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി):

ഇന്നറിവുതന്നിട്ടില്ലാത്തതുകൊണ്ടു ഈ ചോദ്യത്തിനവകാശമില്ല.

കായലുകളുടെ ഭാഗങ്ങൾ മേലംചെയ്യുന്നതുനിമിത്തം ഉണ്ടാകുന്ന സൌകര്യാവകാശങ്ങളുടെ ലംഘനം.

*1. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

(എ) കായലുകളുടെ വലിയ അംശങ്ങളെ ഗവണ്മെൻറ് മേലംചെയ്യും മറ്റും വിൽക്കുകനിമിത്തം, സമീപപ്രദേശങ്ങളിലുള്ള ഭൂമിയുടമസ്ഥന്മാർ വള്ളക്കാരെക്കൊണ്ടുള്ളായി അനുഭവിച്ചുവന്ന ഗതാഗതസൌകര്യങ്ങൾ, തൊണ്ടുകെട്ടുന്നതിനുവേണ്ട ഉപ്പുവെള്ളം എടുക്കുക, വയലുകളിൽനിന്നും വെള്ളം ചാലുകൾവഴി കായലിലേക്കുവിടുക മുതലായ സൌകര്യാവകാശങ്ങളെ പലപ്പോഴും ലംഘിച്ചുവരുന്നതായി ഗവണ്മെൻറിനറിവുണ്ടോ?

(ബി) ജനങ്ങളുടെ ന്യായമായ അവകാശങ്ങളെ ലംഘിക്കാതിരിപ്പാൻ വേണ്ടി പ്രവൃത്തിക്കുന്നതിനും ഇപ്രകാരമുള്ള ലംഘനങ്ങളെ മേലിൽ തടുക്കുന്നതിനും ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി):

(എ) ഇങ്ങനത്തിൽ യാതൊന്നും ഇതേവരെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഇതിനെസംബന്ധിക്കുന്ന ചട്ടങ്ങളിൽ രക്ഷാത്മകമായ വ്യവസ്ഥകൾ അടങ്ങിയിട്ടുണ്ട്.

(ബി) പ്രത്യേകശ്രദ്ധാന്തങ്ങൾ ഗവണ്മെൻറിന്റെ അറിവിൽ കൊണ്ടുവരുന്നതായാൽ അവയെ പരിശോധിക്കുന്നതായിരിക്കും.

മി. ജി രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

ഏതു മാത്രമെസംബന്ധിച്ചിടത്തോളം, ഏതെങ്കിലും സൌകര്യാവകാശങ്ങളെ ലംഘിച്ചിട്ടുണ്ടോ എന്നു അന്വേഷിക്കുന്നതിനു തഹശീൽദാരന്മാരോടു, ഗവണ്മെൻറ് ദയവുചെയ്തു ആജ്ഞാപിപ്പാൻ മേലധ്യക്ഷ

(ബി) അറിയാമെങ്കിൽ സക്കാർവക്കിൽപണിക്ക ഈയിട ഉണ്ടായിട്ടുള്ള നിയമനങ്ങളിൽ അദ്ദേഹത്തിന്റെ അവകാശങ്ങളെ അവഗണിച്ചതെന്തുകൊണ്ടാണെന്ന ഗവണ്മെന്റ മയവുചെയ്യുമോ?

മി. കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): (എ) അറിയാം എന്നപ്രാവശ്യം (ബി) പ്രത്യേകം ചില നിയമനങ്ങൾക്കായി ഓരോരുത്തരുടെയും അവകാശങ്ങളെപ്പറ്റി മെംബറായി വാളപ്രതിവാദം ചെയ്യുന്നതിന ഗവണ്മെന്റ തയ്യാറില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സക്കാർ വക്കിൽ ജോലിക്ക ആറു നിയമിക്കുകയുണ്ടായല്ലോ മിസ്റ്റർ പി. എ. കുഞ്ഞുപിള്ള അതിനൊരപേക്ഷകനല്ലായിരുന്നോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): അദ്ദേഹം ഒരപേക്ഷകനായിരുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എന്നാൽ എന്തുകൊണ്ടാണ് അദ്ദേഹത്തിന്റെ അവകാശങ്ങളെ വിഗണിച്ചത്?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഉത്തരം (ബി) ഭാഗത്തിനു കൊടുത്ത മറുപടിയിൽ അടങ്ങിയിട്ടുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അദ്ദേഹം അപ്പോയ്ന്റനാകണമെന്നുണ്ടായിരുന്നോ?

അധ്യക്ഷൻ: നമുക്ക പ്രത്യേകം ഒരാളിനെ സംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രവേശിക്കുവാൻ പാടില്ലെന്നു ഞാൻ ഒർമിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതു അദ്ദേഹത്തിന്റെ നേരെ പ്രവൃത്തിച്ചിട്ടുള്ള ഒരു നീതിയല്ലേ?

അധ്യക്ഷൻ. നമുക്ക പ്രത്യേകം ഒരാളിനെസംബന്ധിക്കുന്ന കാര്യങ്ങളെപ്പറ്റി വാളപ്രതിവാദം ചെയ്യാൻ പാടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരുപചോദ്യം ചോദിക്കുന്നതിനു എന്നെ അനുവദിക്കുമോ? എന്റെ ചോദ്യത്തിനു ഉത്തരംപറയേണ്ട സമയത്തു ഞാൻ ഇവിടെയല്ലായിരുന്നു.

അധ്യക്ഷൻ: ഒരുപചോദ്യം ചോദിക്കുന്നതിനു ഞാൻ നിങ്ങളെ അനുവദിക്കുന്നു.

കല്പാലക്കടവു റോഡിൽ അടഞ്ഞുനടക്കുന്ന കന്നുകാലികൾ.

*വു. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കന്നുകാലികളുടെ ആക്രമണത്തെസംബന്ധിച്ചു റസ്സലേഷൻ കമ്മറ്റിയംഗങ്ങൾക്കുപ്പിൽ പറഞ്ഞിട്ടുള്ളതനുസരിച്ചു, തിരുവനന്തപുരത്തു കോട്ടയ്ക്കകത്തുനിന്നും കടപ്പുറം വരെയുള്ള റോഡിൽ, മേൽനോട്ടത്തിനു ഉദ്യോഗസ്ഥന്മാരെ ആരെയെങ്കിലും ആക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥൻ ആരാണ്?

(ബി) പ്രസ്തുതറോഡിൽ കല്പാലക്കടവിനു സമീപം അനവധി ആടുകളും ആട്ടിൻകുട്ടികളും അലഞ്ഞുനടക്കുകയും റോഡിന്റെ ആഭാഗത്തു കൂട്ടംചേർന്നു നിൽക്കുകയും ചെയ്യുന്നതുകൊണ്ടു മോട്ടാർകാറുകൾക്കു നേരിടുന്ന വലിയ അസൌകര്യങ്ങളെപ്പറ്റി ഗവണ്മെന്റിനറിയാമോ?

(സി) മേൽപറഞ്ഞ കമ്മറ്റിറിപ്പോർട്ടനുസരിച്ചു, പൊലീസ്കാരോ, പ്രസ്തുത റോഡിനെസംബന്ധിച്ചു, ചുമതലയുള്ളയാരെങ്കിലും പ്രവൃത്തിക്കാതിരിക്കുന്നതിനു വല്ല കാരണവുമുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): (എ) ഇത്ര പ്രത്യേകം ഉദ്യോഗസ്ഥനില്ല. എന്നാൽ, പൊലീസുദ്യോഗസ്ഥന്മാർക്കും, മുൻസിപ്പൽ ഉദ്യോഗസ്ഥന്മാർക്കും ഇതിനെ സംബന്ധിച്ചു എന്തെങ്കിലും പ്രയത്നിക്കുന്നതിനുള്ള അധികാരമുണ്ട്.

(ബി) പ്രസ്തുതറോഡിലും, മറ്റു റോഡുകളിലും, ആടുകളും ആട്ടിൻകുട്ടികളും മറ്റു കന്നുകാലികളും അലഞ്ഞുനടക്കുന്നതായി പലപ്പോഴും കണ്ടുവരാറുണ്ട്.

(സി) ഇല്ല. ഈ വർഷത്തിൽ, തിരുവനന്തപുരം പട്ടണത്തിൽ പൊലീസുകാർ 6 കേസുകൾ എടുത്തിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): റോഡുകളിൽ മേൽനോട്ടത്തിനു ഒരുദ്യോഗസ്ഥനുണ്ടായിരിക്കുമെന്നതിനെപ്പറ്റി മേൽപറഞ്ഞ റസ്സലേഷനിൽ പറയുന്നില്ലേ.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതിൽ പറയുന്നുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ എന്തുകൊണ്ടാണ് കല്പാലക്കടവുറോഡിനു ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ വയ്ക്കാത്തത്?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): പക്ഷേ, അതിനു പൊലീസുദ്യോഗസ്ഥന്മാരും മുൻസിപ്പൽ ഉദ്യോഗസ്ഥന്മാരും മതിയാകുമെന്നു ഗവണ്മെന്റു വിചാരിക്കുന്നതുകൊണ്ടായിരിക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കല്പാലക്കടവുറോഡിനുസമീപം കന്നുകാലികൾ അലഞ്ഞുനടക്കുന്നകാര്യത്തെസംബന്ധിച്ചു പൊലീസുകാർ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഗവണ്മെന്ററിയുന്നതായിരിക്കും.

ബഡ്ജറ്റിനെസംബന്ധിച്ചുള്ള വാളപ്രതിവാദങ്ങൾ (തുടർച്ച)

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വിശദ്ധനായ ധനകാര്യദർശി അവർകൾ സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റസ്റ്റേറ്റുമെന്റിനെ (ആയ വ്യയഗണനപത്രിക) പറ്റി ചില ചുരുക്കിയ വിമർശനങ്ങൾ ചെയ്യുന്നതിനായിട്ടാണ് ഞാൻ എഴുന്നേൽക്കുന്നതു. എനിക്ക നൂതനമായി യാതൊന്നും നിർദ്ദേശിക്കുവാൻ ഇല്ല. എന്നാൽ ധനകാര്യം നടത്തുന്ന അവശ്യം സംബന്ധിക്കുന്നതും മുൻ പ്രാസംഗികന്മാർ എടുത്തുപറഞ്ഞിട്ടുള്ളതും ആയ പൊതുജനാസംഗടാവസ്ഥകളെപ്പറ്റി ബലമായി പ്രതിവാദിയ്ക്കാതിരിയ്ക്കുവാൻ തരമില്ല. ബ

ഡ്ജറിന്റെ ഭാവിഗണനം ഗുണകരമോ ദോഷകരമോ ആയി പരിണമിച്ചേയ്ക്കാം. എന്നാൽ വാദപ്രതിവാദങ്ങളുടെ അവസാനിയ്ക്കുമ്പോൾമാത്രമെ ബഡ്ജറിന്റെ യഥാർത്ഥ ഗുണഗണങ്ങൾ വെളിപ്പെട്ടുകയുള്ളു. അപ്പോഴാണ് വിവേചനബുദ്ധികൊണ്ടു, അതിനെ ബഹുമാനിക്കുന്നതിനോ ഇത്വാദഗതിയാൽ അപഹസിയ്ക്കുന്നതിനോ ഉള്ള സമയം. അതുവരെയ്ക്കും സ്തുതിയും അപസ്തുതിയും നിർത്തിവയ്ക്കുന്നതു നന്നായിരിക്കും.

ജനനാ തിരുവിതാംകൂർകാരനായിരുന്നിട്ടും നിരന്തരം കീർത്തി വഹിച്ചുകൊണ്ടുതന്നെയിരിയ്ക്കുന്ന ഉന്നത രാജ്യതന്ത്രജ്ഞനായിരുന്ന പരേതനായ ശങ്കരസുബ്ബയ്യർ പർകർ താഴെ പറയുന്ന അഭിപ്രായം ബലമായി സ്വീകരിച്ചിരുന്നു. അതായതു് ഒരാണ്ടത്തെ വരവിനു തുല്യമായ ഒരു നീക്കിയിരിപ്പു എപ്പോഴും ഉപയോഗിക്കത്തക്കവിധത്തിൽ ഉണ്ടായിരിക്കുന്നതു് ഒരു ഇൻഡ്യൻ നാട്ടുരാജ്യത്തിന്റെ ധനസ്ഥിരതയ്ക്കു ഉപയുക്തമാകുന്നതും, ആ ലേഖത്തിന്റെ വാക്കുകൾതന്നെ എടുത്തുപറയുന്നതായാൽ "അപ്രീജീക്ഷമായി ഉണ്ടാകുന്ന സംഗതികളും ഒഴിച്ചുകൂടാത്ത കർത്തവ്യങ്ങളും നിറവേറുന്നതു ആവശ്യകരവും ആകുന്നു" എന്നാണ്. യാഥാസ്ഥിതികനായ ഒരു കർഷിയാനവന്റെ നിലയും ഇതിനനുകൂലമായിട്ടാണുകാണുന്നതു്. എന്നാൽ ഈ രാജ്യത്തിലെ ധനകാര്യഭരണത്തെ സംബന്ധിച്ചുള്ള നയം പലമാറ്റങ്ങൾക്കും പാത്രമാകുകയും ആദായേല്പാദനവേലകൾ നീക്കിയിരിപ്പിന്റെ സ്ഥാനം പിടിക്കുകയും ചെയ്തിട്ടുണ്ടു്. ഈ രാജ്യത്തിൽ ഇതിന്റെ പ്രായോഗികമായ പ്രയോഗമാർഗ്ഗങ്ങളെപ്പറ്റി വിപരീതാഭിപ്രായങ്ങൾ ഉണ്ടായിരിയ്ക്കാം. എന്നാൽ ഇതിൽ ചുണ്ടായിട്ടുള്ള ശോചനീയമായ സംഗതി, നീക്കിയിരിപ്പുകൊണ്ടോ കടംവാങ്ങിയ പണംകൊണ്ടോ ഗവൺമെന്റു് ആരംഭിച്ചിട്ടുള്ള ആദായോല്പാദനവേലകളെ ഈ സമയുടെ അവലോകനത്തിൽനിന്നും ബഹിഷ്കരിച്ചിരിക്കുന്നു എന്നുള്ളതാണ്. എന്തെന്നാൽ ഇവയെ സംബന്ധിച്ചിടത്തോളം ഈ സമയുടെ വായ് മൂടപ്പെട്ടാണിരിക്കുന്നതു്. കടംവാങ്ങിയ മുതലിനെ ചുരുങ്ങിയ സമയത്തിനുള്ളിൽ ലാഭോത്പാദനമായ ധനം മുടക്കുവായി മാറുന്ന ആ വിശേഷസമ്പ്രദായത്തിൽനിന്നും തിരുവിതാംകൂർ ഇനിയും മാറിയിട്ടില്ല. ഞാൻ റെയിൽവേയെസംബന്ധിച്ചു ഒന്നും വിമർശിക്കുവാൻപോകുന്നില്ല സമയുടെ വാദപ്രതിവാദങ്ങളിൽനിന്നും ബഹിഷ്കരിച്ചിട്ടുള്ള വിഷയങ്ങളുടെ സംഖ്യ വർദ്ധിയ്ക്കുവാനുള്ള കൊളാണ് കാണുന്നതു എന്നു ഞാൻ ശങ്കിയ്ക്കുന്നു.

ഇനി ബഡ്ജറ്റ സ്റ്റേറ്റുമെൻറിലേക്കു പ്രവേശിയ്ക്കാം. തിരുവിതാംകൂർ രാജ്യഭരണത്തിന്റെ ഏറ്റവും പ്രത്യക്ഷമായിനിൽക്കുന്ന ഒരു സ്വഭാവം ഗവണ്മെൻറിന്റെ സാധാരണ സർവീസുകളിലും പതിവുവേലകളിലും ഉള്ള പതിവു ചിലവിന്റെ നിരന്തരവും ക്രമരഹിതവുംആയ വർദ്ധനയാകുന്നു. ഇതു് അടുത്തകാലത്തു ഒട്ടധികം വർദ്ധിച്ചിട്ടുണ്ടു്. അപ്രതീക്ഷിതമായ കാര്യങ്ങളേയും ഒഴിച്ചുകൂടാത്ത കർത്തവ്യങ്ങളേയും നിറവേറുന്നതിനു അത്യാവശ്യമായ ഒരു നീക്കിയിരിപ്പു ഉണ്ടാക്കേണ്ടകാലം വളരെ അകലമായിരിക്കുന്നു എന്നുള്ളതല്ല. എന്നാൽ വ്യയപ്രവർദ്ധന, രാജ്യത്തിന്റെ ധനകാര്യസ്ഥിരതയെ ആക്രമിച്ചിരിക്കുന്നു എന്നതാണ് ഞാൻ പറയുന്നതു്. ധനകാര്യസ്ഥിതി വളരെ ഭയാപ്രഹമായിരിക്കുന്നു എന്നുള്ള മുൻ പ്രാസംഗികന്മാരുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. കാര്യഗതിയുടെ അകസ്മികമായ ഒരു അവലോകനം, ചിലവും മുൻനിശ്ചിതവും അപ്രകാരം നിശ്ചയിച്ചിട്ടുള്ള ചിലവുകൾക്കു വേണ്ടിവരുന്ന ദ്രവ്യം പിന്നീടു ഉണ്ടാക്കേണ്ടതും ആയുള്ള അഭിപ്രായത്തെ ജനിപ്പിക്കുന്നതാണ്. വരവനുസരിച്ചു ചെലവുചെയ്യണമെന്നുള്ള നയമല്ല അനുവർത്തിച്ചുകാണുന്നതു്. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ മിച്ചമിരിപ്പു കാണിച്ചിട്ടുണ്ടെങ്കിൽ അതു് ചില യാദൃശ്ചിക സംഗതികളാലൊഡിപ്പാട്ടുമെൻറു സംബന്ധമായ ഉപേക്ഷനിമിത്തമോ ആണ്. മഹാരാജാവു തിരുമനസ്സിലെ എഴുന്നെള്ളത്തുകൊക്കായി മാറിവച്ചിരുന്ന ഒരു തുക മിച്ചംവന്നതും സാധുക്കളുടെ ആവശ്യത്തിനു മരുന്നുകൊടുക്കുവാങ്ങുന്നതിനായി അനുവദിച്ചു മറെറാരു തുക സാധുക്കളുടെ കണ്ണുപ്പാട്ടം സങ്കടവും വർദ്ധിപ്പിക്കുവാൻ കാരണമായ നിലയിൽ വിനിയോഗിയ്ക്കാതിരുന്നിട്ടുണ്ടതും ഇതിനു ഉദാഹരണങ്ങളാകുന്നു. ഒരു സംഗതിമാത്രം നിശ്ചയമായുണ്ടെന്നു തോന്നുന്നു, അതായതു ചെലവു ക്രമരഹിതമായി വർദ്ധിച്ചിട്ടുണ്ടെന്നുള്ളതും, അതിനെ ചുരുക്കുന്നതിനു ഒട്ടും താല്പര്യം കാണുന്നില്ലെന്നുള്ളതും ആകുന്നു. മറെറാരു സംഗതികൂടി ഇതുപോലെ തീർച്ചയുണ്ടു. അതെന്തെന്നാൽ ഈ ചെലവുകളെ നിർവഹിക്കുന്നതിനുള്ള വരവുകളുടെ ഉല്പത്തി അനിശ്ചിതമാണെന്നുള്ളതാകുന്നു.

മുൻപ്രാസംഗികന്മാർ പറഞ്ഞുവയെ ക്ഷയിതചെലവു ചെയ്യാൻ എനിക്കു തൽപരനസ്യം ഉണ്ടെങ്കിലും വരവിന്റെ പ്രധാനഉത്പത്തിസ്ഥാനങ്ങളുടെ ഒരു ചുരുക്കിയ പരിശോധന അല്പം രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു. ക ഠ ൻ—ൽ ര ഠ ലക്ഷം രൂപ വരവുണ്ടായിരുന്ന എക്സൈസിൽനിന്നും വരുന്ന ആണ്ടിൽ ര ന്ന ലക്ഷം രൂപാ വരവുണ്ടാകുമെന്നാശിക്കപ്പെട്ടിരിക്കുന്നു. ഈ വരവുമാർഗ്ഗത്തെ നിർദ്ദേഷം തരംപ്പിച്ചു രൂപമാ എന്നു തോന്നത്തക്കവിധം മദ്യപാനഭർവൃത്തിക്കെതിരായി വളർന്നുവരുന്ന പൊതുജനാഭിപ്രായധോരണിയെ ബഡ്ജറിലുള്ള മാഹിഗണനത്തിൽ കണക്കാക്കിട്ടില്ലെന്നു ഞാൻ ശങ്കിക്കുന്നു. ഈ ദീക്ഷണി ഒരു ചുരുങ്ങിയ കാലത്തേക്കു പക്ഷെ അടക്കിക്കിടന്നേക്കാമെന്നു സമ്മതിക്കുന്നതിനു ഞാൻ സന്നദ്ധനാണ്. എന്നാൽ ഈ അടുത്തകാലത്തുതന്നെ എക്സൈസ്സ് മുതലെടുപ്പിൽ അനിവാര്യമായ വിധത്തിലുള്ള ഒരു ഗണ്യമായ കുറവ് ഗവൺമെൻറിനഭിമുഖമായി വരാവുന്നതാണ്. സാമൂഹ്യികരംഗത്തിലോ, രാഷ്ട്രീയരംഗത്തിലൊ ഏതെങ്കിലും ഒരു അപ്രതീക്ഷിതമായ ക്ഷോഭമുണ്ടാകുന്നപക്ഷം, രാഷ്ട്രീയകാരണങ്ങളാൽ ഈ നികുതിയോടു എതിരിടുകയും മദ്യപാനഭർവൃത്തിയോടു ഇപ്പോഴുള്ള അപ്രീതിയെ മുതലെടുപ്പിക്കുകയും ചെയ്യിക്കാവുന്ന പല ശക്തികളും പുറപ്പെടുവന്നേക്കാം. ഈ ഇനത്തിൽ ബഡ്ജറിൽ രേഖപ്പെടുത്തിട്ടുള്ള തുക ആകയുള്ള വരുമാനങ്ങളുടെ ഫ ഠ ശതമാനമുണ്ടെന്നു കാണുവുന്നതാണ്. ഇതു വളരെ അധികമാണ്. പഞ്ചാബിൽ എക്സൈസ്സ് മുതലെടുപ്പ് ആകെ വരുമാനങ്ങളുടെ ക ഫ ര ശതമാനമാണുള്ളതു്. യുനൈറെറഡ്പ്രാവിൻസ്സിൽ (ഐക്യരാജ്യങ്ങളിൽ) ഇതു് ക ഫ ഭ ശതമാനവും ഇൻഡ്യഗവർമ്മെണ്ടു എടുത്തുനോക്കുന്നതായാൽ ക ഠ ശതമാനം മാത്രവുമാണ്. ഈ ഇനത്തിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ വർദ്ധനകൾ നിശ്ചയമായും നിന്നുപോകുന്നതും മദ്യോപഭോഗത്തെ ആട്ടിഓടിക്കുവാനുള്ള മാർഗ്ഗങ്ങളെ അനുകരിക്കുന്നതിനു പൊതുജനാഭിപ്രായത്താൽ ഗവണ്മെൻറു നിർബന്ധിതരാകുന്നതുമാണ്. ഈ വരവിനെ ആശ്രയിച്ചു വ്യയവർദ്ധനയ്ക്കുള്ള യാതൊരു പ്രേരണകളിലും പ്രവേശിക്കാൻ പാടുള്ളതല്ല എന്നുള്ള കാര്യം ബലപ്പെടുത്തുന്നതിനാണ് എന്റെ ശ്രമം.

തീരുവകളിൽനിന്നുമുള്ള മുതലെടുപ്പിനെ സാമാന്യം വലുതായി കണക്കാക്കുന്നതും, അതു വാണിജ്യവളർച്ചയുടെ അനുസരിച്ചു വർദ്ധിച്ചുകൊണ്ടിരിക്കുമെന്നുമാകുന്നു. ഈ ഇനത്തിൽ ഏകദേശം ൨൫ ലക്ഷം രൂപാ അടുത്ത ആണ്ടിലേക്കുള്ള ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. ൧൯൯൯-ൽ ഈ മുതലെടുപ്പിൽ ഒരു ഇടിവുകൂടി വന്നിട്ടുണ്ടായിരുന്നു. ൧൯൨൦-ലെ പുതിക്കിയ അടങ്കലനുസരിച്ച് ഈ ഇനത്തിൽവരവു ൨൫,൫൫,൦൦൦ ക., ആണ്. എന്നാൽ അടുത്ത വർഷത്തിൽ ലഭിക്കുമെന്നു കരുതിപ്പോരുന്നതിൽനിന്നും ൨൫,൦൦൦ ക. കുറച്ചാണ്. ഈ ഇനത്തിലുള്ള വരവു കേവലം ശാസ്ത്രീയമായി കണക്കാക്കുന്നതുപോലെയല്ലാതെ അതു ചെലവിനനുസരിച്ചു വർദ്ധിക്കുന്നതല്ലെന്നുള്ള സാക്ഷാൽ അനുഭവങ്ങൾകൊണ്ടു കണ്ടിട്ടുണ്ട്. എന്നുമാത്രമല്ല കഴിഞ്ഞ കുറെ വർഷങ്ങളിൽ അതു ചെലവിനനുസരിച്ചു വർദ്ധിച്ചിട്ടുമില്ല.

ഉപ്പിൽനിന്നുമുള്ള മുതലെടുപ്പു വലിയതും സാമാന്യം വർദ്ധനീയമായതെന്നു കരുതുകയുമാകുന്നു. എന്നാൽ നിർഭാഗ്യവശാൽ, ഈ വരുമാനത്തിനെപ്പറ്റിയുള്ളതും ഈ രാജ്യത്തിനുപുറത്തുള്ള രാഷ്ട്രീയാവസ്ഥകളെ ആശ്രയിച്ചാണിരിക്കുന്നത്. ബ്രിട്ടീഷ് ഇന്ത്യയിൽ വിശിഷ്യ രാഷ്ട്രീയകാരണങ്ങളാലുണ്ടാകുന്ന ഉപ്പുനികുതി ജനങ്ങൾക്കു ഭൂഷികരമല്ലാതെ ഒന്നാകണമെന്നു നമുക്കെല്ലാപേക്ഷം അറിയുമല്ലോ. എന്നതെന്നയല്ല, ശക്തിയേറിയുള്ള രാഷ്ട്രീയമായ അതൃപ്തി അതിനെതിരായി നിലനില്പിക്കുന്നതായും, ഭയത്തിനേറെയും നാശത്തിനേറെയും സംബന്ധിക്കുന്ന കാവിചീച്ചുകൾക്കു ഇടയാക്കുന്നതാണ്. അതുകൊണ്ടു ഈ മുതലെടുപ്പുമാർഗ്ഗത്തെ ആശ്രയമാക്കി ക്രമരഹിതമായി ചെലവുചെയ്യുന്ന ഒരു നയത്തെ സ്വീകരിക്കുന്നതു ആപൽക്കരമാകുന്നു.

അതുപോലെതന്നെ മറെറാരു മുതലെടുപ്പുമാർഗ്ഗമാകുന്നു, തീരുവ ഇനത്തിലുള്ള വരവിന്റെ വർദ്ധനക്രമമനുസരിച്ചു ഇതിൽനിന്നുമുള്ള വരവും വർദ്ധിച്ചേക്കാം. എന്നാൽ ഇതിന്റെ വർദ്ധനക്രമം പ്രോത്സാഹനീയമായിരിക്കുന്നില്ല. ൧൯൨൦-൨൧-ലെ ഈ ഇനം ൨൫ ലക്ഷം രൂ. ആയിരുന്നു. അടുത്ത വർഷത്തിൽ കിട്ടുമെന്നു വിചാരിക്കപ്പെട്ടിട്ടുള്ളതു ഏകദേശം ൨൬/൨ ലക്ഷം രൂ. മാത്രമാണ്. ഈ നൂതന മുതലെടുപ്പു ഉദ്ദേശിച്ചിടത്തോളം വർദ്ധിച്ചിട്ടില്ല. അതിനെ വർദ്ധിക്കുവാൻ കഴികയില്ലെന്നുള്ളതിനെ ഞാൻ ശങ്കിക്കുന്നു.

സ്റ്റാമ്പുവകയിൽ ഉള്ള ആദായം അതിന്റെ മൂർദ്ധന്യദശയെ പ്രാപിച്ചിട്ടുണ്ട്. എന്നുമാത്രമല്ല ഈയിടവരുത്തീട്ടുള്ള വർദ്ധനയെപ്പറ്റി ജനങ്ങൾ മുറവിളികൂട്ടുകയും ചെയ്യുന്നു. ഇനിമേൽ വരുത്തുന്ന വർദ്ധനയെ ജനങ്ങൾ ബലമായി നിരോധിക്കുവാൻ എളുപ്പമുണ്ട്.

റയിൽവേയിൽനിന്നുമുള്ള ആദായത്തിൽ ക്രമക്രമേണ ഏറെക്കാലത്തിൽ വരാവുന്നതാണ്. അത് ആകെയുള്ള വരവിന്റെ ഒരു ശതമാനംമാത്രമേ ആകുന്നുള്ളൂ. ഭാവിയെ സംബന്ധിച്ചു നോക്കുകയാണെങ്കിൽക്കൂടിയും ഈ ആദായത്തിനു ഏറെക്കുറവുകളിൽനിന്നും തീരെ വിട്ടുമാറിനിൽക്കുവാൻ കഴിയുകയില്ല.

ഭൂനികുതിയാണ് ഒടുവിലത്തെ മുതലെടുപ്പുമാർഗ്ഗം. ഇതു മിക്കവാറും സ്ഥിരമായിത്തന്നെ ഇരുന്നേക്കാം. എന്നാൽ ഇതിന്റെ സ്ഥിരത രാജ്യത്തെ കൃഷിയുടെ വളർച്ചയേയും കർഷകന്മാരുടെ ധനസ്ഥിതിയേയും ആശ്രയിച്ചിരിക്കുന്നു. കർഷകന്മാരുടെ ശക്തിക്കു തക്കവണ്ണമല്ല ഇപ്പോഴും നികുതി ചുമത്തിയിട്ടുള്ളതു്. കൃഷിചെയ്തുവരുന്ന ഭൂമികളിൽ ശരിപക്ഷവും തീരെ ആദായപ്രദമല്ലാത്തവയാകുന്നു. അതായതു നികുതി കൊടുക്കുന്നതിനു കർഷകന്മാർ അപ്രാപ്തന്മാരാകുന്നു. ഇപ്പോഴത്തെ നികുതിയിൽ അധികംഭാഗവും കർഷകന്മാർക്കു അതിഷ്ടിച്ചു ഉപജീവനം കഴിക്കുന്നതിനുമാത്രം മതിയാകുന്ന വകകളിൽനിന്നും സിദ്ധിച്ചിട്ടുള്ളതാണ്. ഒരു കൃഷിക്കാരന്റെ ആദായം മുഴുവനും അയാളുടെ സ്വന്തമനുഭവത്തിനു വിട്ടുകൊടുത്തിരുന്നാൽത്തന്നെ അയാളുടെ സാധാരണ ആവശ്യങ്ങൾക്കേ മതിയാകയുള്ളൂ. ഇത്തരത്തിലുള്ള ഒരാദായത്തിൽനിന്നുമാണ് അയാൾക്കു നികുതി കൊടുക്കുവാനുള്ളതു്. ഈ അവസ്ഥയിൽ കൃഷിചെയ്യുകയോ, പട്ടിണികിടക്കുകയോ എന്തുണ്ട് സ്വീകാര്യമായിട്ടുള്ളതു് ? ഈ രാജ്യത്തിലെ ജനങ്ങൾക്കു ദുസ്സഹത്വത്തിനോടു അതിയായ ഭ്രമമുണ്ടു്. അവ ദിഷ്ടകാലം ഒറ്റിയിൽ ഇരുന്നിരുന്നാലും അവയെ വിൽക്കുന്നതിനു അവർ ഒരിക്കലും മനസ്സുവരികയില്ല. ഗവണ്മെന്റിന്റെ നികുതിനയം ഏറെയും അധികം നികുതി വസൂലാകാത്തമെന്നുള്ള ഏകലക്ഷ്യത്തോടുകൂടിയതാണ്. ഈ തിനെ സാധുകരിക്കുന്നതിനു കർഷകന്റെ ധനസ്ഥിതിയെ അവഗണിച്ചു് ഭരണം കേവലം ശാസ്ത്രീയമാത്രം എടുത്തുകാണിക്കുന്നു. ഇതിലും കഷ്ടതരമായിട്ടുള്ളതെന്തെന്നാൽ ഈ നികുതി പിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ജനങ്ങൾക്കു ഉപദ്രവകരമായതും സർക്കാരിനു കൂടുതൽ മുതലെടുപ്പു സിദ്ധിക്കുന്നതിലേക്കു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമാകുന്നു എന്നുള്ളതാണ്. ൧൯൨൦-ൽ ൪ ലക്ഷത്തിൽപരം ഡിമാൻഡ് നോട്ടീസുകൾ അയക്കുകയും നിർബന്ധനടപടികളാൽ ൨൫ ലക്ഷം രൂപയോളം ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഒരുണ്ടൊന്നുക്ക മുന്നു ലക്ഷം രൂപ ചെലവുചെയ്തുവച്ചിട്ടുള്ള പ്രവൃത്തിയുദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി ഏകദേശം നൂറു ലക്ഷം രൂപ വരുന്ന കുടിശ്ശികനികുതി പിരിച്ചെടുക്കുന്നതിനു (ഇതിനിടയിൽ അധികം ഇകമയ സംബന്ധിച്ചു നിർബന്ധിതനടപടികളും നടത്തിയിട്ടും) പ്രയാസമായിരുന്നു. ഗവണ്മെന്റിനു കിട്ടാനുള്ള നികുതിയിൽ ഏകദേശം പകുതിയോളം ഈടാക്കുന്നതിനു നിർബന്ധിതനടപടികളും നടത്തേണ്ടിവരുമ്പോൾ നികുതിക്കൊടുക്കുന്നതിനു ജനങ്ങൾക്കു ശേഷിയില്ല എന്നു അനുമാനിക്കേണ്ടതാകുന്നു: ഡിമാൻഡ് നോട്ടീസുകൾക്കു ഏർപ്പെടുത്തിയിട്ടുള്ള ഫീസ്സ്, ഒര്ത്തുമാരായ കർഷകന്മാരുടെമേൽ ചുമത്തിയിട്ടുള്ള ഒരു കൂടുതൽഭാരവും, ഡിപ്പാർട്ടുമെന്റിന്റെ നടപടി എന്നു വേണ്ടപ്പെട്ടതിനോടുകൂടിയ ഒരു നൂതനനികുതിയുമാകുന്നു.

പുതുവൽഭൂമികരം ചേലംചെയ്യുകയും തൽനിമിത്തം അവയെ പരമ്പരയായി അനുഭവിച്ചുവരുന്ന കർഷകന്മാരുടെ സങ്കടത്തെയും കോപത്തേയും ഉണർത്തുകയും ചെയ്യുന്നു. മുതലെടുപ്പു വർദ്ധിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ജനങ്ങളുടെ മനസ്സിനെ ഇളക്കുന്നു. തൽഫലമായി പുതുവൽപതിവുകാരിൽ വളരെപ്പേരും താശാവ്യവസ്ഥയെ പ്രാപിക്കുകയും പണവ്യാപാരികളുടെ പിടിയിൽ അകപ്പെടുകയും ചെയ്തിട്ടുണ്ട്. ഭൂമികരം അതിവേഗത്തിൽ കർഷകന്മാരുടെ പക്കൽനിന്നും പണവ്യാപാരികളുടെപക്കൽ ചെന്നുചേരുന്നു. ൧൯൨൦-ൽ വിൽക്കുകയും ഒറിക്കൊടുക്കുകയും ചെയ്തിട്ടുള്ള സ്ഥാവരവസ്തുക്കളിൽ ൧൦ ശതമാനവും കർഷകന്മാർ പണവ്യാപാരികളുടെപേക്ക് എഴുതിക്കൊടുത്തിട്ടുള്ളതാണ്. കൃഷിചെയ്യുന്നതുകൂടാതെ പുതുവൽഭൂമികരം മിക്കവാറും എല്ലാം വിറ്റഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നു. ഈ അത്യുക്ഷോപാർഹമായ നടപടികൊണ്ടും മുതലെടുപ്പു വർദ്ധിക്കുവാൻ ഇടയില്ല. സർക്കാർ ഭൂമികളുടെ വിപ്ലവനയിൽനിന്നും സിദ്ധിച്ചിട്ടുള്ള മുതലെടുപ്പു ൧൦ ലക്ഷം രൂപ ആയിരുന്നു.

ക ഠ ൻ—ൽ അതു നഷ്ടപ്പെടുമെന്നു ഭയപ്പെടുന്നു. ഇതിനുപുറമെ ഇപ്പോൾ ഏകദേശം ഒരു ലക്ഷം രൂപ കടമുള്ള ഒരു കുടുംബത്തിന്റെ കാര്യം ഞാൻ പറയാം. ഈ കുടുംബത്തിന്റെ വാർഷികവരുമാനം ഏകദേശം 10,000 രൂപയാണ്. ഇതിൽ 5,000 രൂപ പലിശയായി കൊടുത്തുപോകുന്നു. ഇതിനുപുറമെ കുടുംബത്തിന്റെ ചെലവുകൾക്കായി 3,000 രൂപയും കൊടുക്കുന്നു. ഈ കുടുംബത്തിന്റെ ആകെ വരുമാനത്തിൽ 2,000 രൂപ മാത്രമേ അവർക്കു ചെലവഴിക്കാൻ കിട്ടുന്നുള്ളൂ. ഈ കുടുംബത്തിന്റെ കടം തീർക്കുന്നതിനുള്ള ഏക മാർഗ്ഗം അവരുടെ ചെലവു കുറയ്ക്കുകയാണ്. ഇതിനുള്ള ഏക മാർഗ്ഗം അവരുടെ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം കുറയ്ക്കുകയാണ്. ഇതിനുള്ള ഏക മാർഗ്ഗം അവരുടെ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം കുറയ്ക്കുകയാണ്. ഇതിനുള്ള ഏക മാർഗ്ഗം അവരുടെ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം കുറയ്ക്കുകയാണ്.

പുറമ്പോക്കുസ്വത്തു, ഭൂനികുതി ഇരുന്നതിന്റെ വേറൊരു ദോഷമാകുന്നു. ഇതിലുള്ള പ്രത്യക്ഷമായ ചില അനീതികൾനിമിത്തം (കുടികൾക്കു ഉപദ്രവകരമായ പലതും ചെയ്യുകഴിഞ്ഞതിൽപിന്നീടാണെങ്കിലും) ഈ ചട്ടത്തിൽ ചില ഭേദഗതികൾ വരുത്തുന്നതിനു ഗവൺമെന്റു പ്രേരിതരായിട്ടുണ്ട്. പുറമ്പോക്കു സംബന്ധമായ ജോലികൾ ഒട്ടുമുക്കാലും തീർന്നു എന്നാണ് തോന്നുന്നത്. അതുകൊണ്ടു ഈ ഭൂനികുതിയിൽ സിദ്ധിക്കുന്ന കൂടുതൽ ആദായവും നിന്നുപോകുന്നതാണ്.

ജംഗമസാമാനങ്ങളെ ഇപ്പോഴത്തെപ്പോലെ ഭൂനികുതി ഭാരപ്പെടുത്തുന്നതിൽ പരസ്യക്രമവും, അവയുടെ വാഹനച്ചെലവു കുറയുകയും ചെയ്തതിനുശേഷം കുടികൾക്കു പുതുതായി ഒരു സങ്കടകാരണംകൂടിയുണ്ടായിട്ടുണ്ട്. ഭൂനികുതി കൊടുക്കുന്നതിനുള്ള പരിഷ്കാരങ്ങളാൽ സങ്കടപ്പെടുന്ന കർഷകന്മാരുടെമേൽ ഈയിടെ ഈ കൂടുതൽ നികുതികൂടി ചുമത്തിയിരിക്കുന്നു.

ഭൂനികുതി കർഷകന്മാരുടെ ശക്തിക്കുതക്കവണ്ണമുള്ള ഒരു നികുതിയായിട്ടല്ല ഇരിക്കുന്നത്. എന്നാൽ അതു അവരുടെമേൽ ഒരു സ്വാധ്യതയായിട്ടാണ് നിന്നിരിക്കുന്നത്. കുറച്ചു വസ്തുവകകൾ മാത്രമുള്ള ഒരു കർഷകൻ കേവലം ഒരു കൃഷിജോലിക്കാരനാണ്. അയാൾ തന്റെ സ്വന്തവസ്തുവിൽ താമസിക്കുന്നതിനു കൂടുതൽ ഇഷ്ടപ്പെടുന്നു എന്നുള്ളതാണ് അയാളുടെമേലുള്ള കുറവു, അയാളുടെ വസ്തുവിന്മേൽ ചുമത്തിയിട്ടുള്ള നികുതി യഥാർത്ഥത്തിൽ അയാളുടെ വേലക്കൂലിയിൽ ചുമത്തിയിട്ടുള്ള ഒരു കുറവാകുന്നു. ദരിദ്രന്മാരായി തീർന്നിട്ടുള്ള കർഷകന്മാർക്കു വളരെ അത്യാവശ്യമായിരിക്കുന്ന സങ്കടനിവൃത്തി വരുത്തിക്കൊടുക്കേണ്ടതാണെന്നതിനെപ്പറ്റിയുള്ള പൊതുജനാഭിപ്രായം എത്രമാത്രം പ്രബലമായിട്ടുള്ളതാണെന്നും ഈ മാർഗ്ഗത്തിൽനിന്നും സിദ്ധിക്കുന്ന മുതലെടുപ്പു കുറഞ്ഞുപോകുന്നതിനു എത്രകണ്ടു എളുപ്പമുണ്ടെന്നും കണ്ടുപിടിക്കുന്നതിനാണ് ഞാൻ ഈ സംഗതികളെ പ്രത്യേകമെടുത്തു പറയുന്നത്. മിസ്റ്റർ ജാർജ്ജിന്റെ ശ്രമപ്രദീക്ഷക്കു ആസ്പദമായ അസ്ഥിവാരങ്ങളിൽ ഇളക്കമുള്ളവയാണെന്നും നമുക്കു ധനസ്ഥിരതയുണ്ടെന്നുള്ള അദ്ദേഹം പ്രസ്താവിച്ചതു അത്ര ശരിയല്ലെന്നുമാണ് എനിക്കു തോന്നുന്നതു.

രാജ്യകോശത്തിനു സ്ഥിരമായുണ്ടാകുന്നതിനാണ് ഉദ്ദേശമെങ്കിൽ നമ്മുടെ ചെലവുകളെ നിയന്ത്രണത്തിലും കുറയ്ക്കുന്നതിനും എല്ലാ കാര്യങ്ങളിലും മിതവ്യയശീലം അനുഷ്ഠിക്കുന്നതിനും എല്ലാറ്റിനുമുപരിയായി ജനങ്ങൾക്കു നികുതിഭാരം വഹിക്കുന്നതിനുള്ള ശക്തി വർദ്ധിപ്പിക്കുന്നതിനും ലേശമെങ്കിലും മടികൂടാതെ പാടില്ല. തീരെ ഒഴിച്ചുകൂടാത്തതെന്നു സൂക്ഷ്മപരിശോധനയിലും ബോദ്ധ്യംവന്നിട്ടുള്ള ചെലവുകളെ ഇരിപ്പുപ്പെടുത്തണം. ചെലവു ചുരുക്കുന്നതിനു ധാരാളം വഴിയുണ്ട് എന്നാണ് പൊതുവെയുള്ള ഒരു ധാരണ. ഇൻഡ്യാഗവൺമെന്റിനു പട്ടാളവകുപ്പിലേക്കു ആകെ മുതലെടുപ്പിന്റെ നാലു ശതമാനം ചെലവാകുന്നു. എന്നാൽ തിരുവിതാംകൂറിൽ ആവകയ്ക്കു വരുന്നതു ശതമാനം മാത്രമേ ചെലവാകുന്നുള്ളൂ. സിവിലിംഭരണത്തിനുള്ള ചെലവു ബ്രിട്ടീഷ്ഇൻഡ്യയിൽ ഉള്ളതുപോലെ ആക്കിത്തീർക്കാമെങ്കിൽ സാമ്രാജ്യഗവൺമെന്റിനു പട്ടാളച്ചെലവുവകയ്ക്കു വേണ്ടി വരുന്ന സംഖ്യതന്നെ നീക്കിവരുന്നതോതരത്തിലും തിരുവിതാംകൂറിലെ ചെലവുകളെ കുറയ്ക്കുവാൻ സാധിക്കുമല്ലോ എന്നാണ് നോക്കേണ്ടതു. രാജ്യത്തെ മുതലെടുപ്പിന്റെ അപചയസ്ഥനത്തിനുമുമ്പോൾ തിരുവിതാംകൂർ ഉദ്യോഗസ്ഥന്മാർക്കു മിതമല്ലാത്ത ശമ്പളം നൽകിവരുന്നു എന്നുള്ളതു സാധാരണയുള്ള ഒരഭിപ്രായമാണ്. ഈ അഭിപ്രായം പല സംഗതികളിലും ശരിയാണെന്നു തോന്നുന്നു. പ്രതിമാസം ഒരു ലക്ഷം രൂപയോളം ശമ്പളംനൽകി ഒരു ഡിപ്പാർട്ടുമെന്റ് മേധാവിക്കുവേണ്ടി വച്ചിട്ടുള്ളതായി യഥാർത്ഥത്തിൽ, ഈ രാജ്യത്തെ മുതലെടുപ്പുകൊണ്ടു നിർവ്വഹിക്കാവുന്ന ഒരു കാര്യമല്ല. എന്നാൽ ഇതു ഒരു വ്യത്യസ്തസംഗതിയാണ്. ഇപ്പോഴത്തെ വൈദ്യനെ നടത്തിവരുന്ന, ഡിപ്പാർട്ടുമെന്റു സംബന്ധമായ ജോലികളെ സംഘടിപ്പിക്കുന്നതിനു ധാരാളം സൌകര്യമുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. വലിയ ശമ്പളക്കാർക്കുവേണ്ടി വിശേഷതരമായ ചുമതലകളും ഉത്തരവാദിത്വമുള്ള ജോലികളുംനോക്കേണ്ടതുണ്ട്. തീരെ ആവശ്യമില്ലാത്ത ഉദ്യോഗങ്ങളും അനവധിയുണ്ട്. ഉയർന്നശമ്പളം ലഭിക്കുന്ന ഒരു റവന്യൂകമ്മീഷണർ, അതുപോലെ വലിയ ശമ്പളംപറ്റുന്ന നാലു ദിവാൻപേഷ്കാരന്മാർ, കണക്കെഴുത്തുകാലങ്ങളിലല്ലാതെ അതിനിടക്കുള്ള കാലങ്ങളിൽ അധികമൊച്ചിലുമുള്ള ഒരു സർവേസൂപ്രണ്ട്, എന്നീ ഉദ്യോഗങ്ങളും ഒരു ചെറിയ രാജ്യത്തിനു ആവശ്യമില്ലാത്ത നിയമനങ്ങളാണ്. അവ ദരിദ്രന്മാരായി തീർന്നിരിക്കുന്ന കുടിയാന്മാരുടെമേൽ ചുമത്തിയിട്ടുള്ള അനീതിയായ ഒരു ഭാരംതന്നെയാണ്. പലതരം അബവൻസുകളേയും കുറയ്ക്കുന്നതിനു ധാരാളം സൌകര്യവും ന്യായങ്ങളുമുണ്ട്. പല കാര്യങ്ങളിലും മിതവ്യയശീലം അനുഷ്ഠിക്കാവുന്നതാണ്. തൽക്കാലം ചുരുക്കാം.

ജനങ്ങൾക്കു നികുതി ഭാരംചുമക്കുന്നതിനുള്ള ശക്തി വർദ്ധിപ്പിക്കണമെന്നതിനെ സംബന്ധിച്ചു ചില വിമർശനങ്ങൾ ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നു. ജനങ്ങളുടെ സാമ്പത്തിതി എത്രയും ശോചനീയമായ ഒരവസ്ഥയെ പ്രാപിച്ചിരിക്കുന്നു ഒരു വലിയതത്വജ്ഞാനിയുടെ വാക്കുകളാണ് താഴെപ്പറയുന്നവ,

"കയറുമതിക്കാരുടെ ധാരാളിത്തമോ, വ്യവസായങ്ങളുടെ വർദ്ധനയോ, പട്ടണങ്ങൾ പണികഴിപ്പിക്കലോ, ഒരിക്കലും ജനങ്ങളുടെ ഐശ്വര്യത്തിന്റെ ലക്ഷണം. ഏതൊരു രാജ്യത്തിലാണ്, ഭൂരിഭാഗം ജനങ്ങൾക്കും മിതമായും സുഖമായും മനുഷ്യജീവിതം നയിക്കുന്നതിനു ആവശ്യമുള്ള സാധനങ്ങൾ സുകരമായി ലഭിക്കാൻ കഴിയുന്നതു, ആ രാജ്യത്തിനെയാണ് ഒരു അഭിവൃദ്ധിയുള്ള രാജ്യമായി പറയേണ്ടതു".

നമ്മുടെ ജനസംഖ്യയുടെ ഭൂരിഭാഗം (അതു ചെറുതോ, വലുതോ ആയിരിക്കട്ടെ) ആഹാരത്തിനോ, വസ്ത്രധാരണത്തിനോ വകയില്ലാതെ അലഞ്ഞുനടക്കുന്ന ഒരു കാഴ്ച നമുക്കാർക്കും അപരിചിതമായിട്ടുള്ള ഒന്നല്ല. ജനങ്ങളിൽ അധികഭൂരിപക്ഷം കേവലം ജീവിതസന്ധാരണത്തിനു മാത്രമായി യത്നിക്കുന്നവരാണ്. ഈ ജീവിതം ഹീനതരവും, ജീവിതോപകരണങ്ങളെ സംബന്ധിച്ചുള്ള മനോഭണ്ഡത്തിൽ മൃഗീയമായും ആകുന്നു. സാമ്പത്തികമായ അഭിവൃദ്ധിക്കു ഉതകുന്ന പദ്ധതികളിൽ മനസ്സിരുത്തേണ്ടതു എത്രയും അത്യാവശ്യമാണെന്നു കാണിക്കുന്ന ഒരവസ്ഥയാണിതു. ആഹാരം, വസ്ത്രം, വേതനം, എന്നീ ജീവിതോപകരണങ്ങൾ സിദ്ധിക്കുന്നതിനുള്ള വ്യവസായങ്ങ

തള്ള മതിയാംവണ്ണം വർദ്ധിപ്പിക്കണം. ഇതു ചെയ്യാതെ, മറ്റുസംഗതികളെപ്പറ്റി ആലോചിക്കുന്നതു സമയങ്ങളെ തെറ്റായി വിനിയോഗിക്കുകയാകുന്നു. ഒരുപക്ഷേ, അതു ഒരു സമുദായിക കുറ്റമെന്നതിലുപരി ചാപത്തക്കതാണ്. ഫിനാൻഷ്യൽ സെക്രട്ടറി താഴെ പറയുപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. അതു സന്തോഷാവഹംതന്നെ.

"തിരുവിതാംകൂറിനെ തൊഴിൽശാല വ്യവസായങ്ങളും വർദ്ധിപ്പിക്കുന്നതിനാണ് സമുദായത്തെ എന്നപേക്ഷിക്കുകിൽ ആയതു ഒരു വലിയതെറ്റാകുന്നു എന്നാണ് ഗവൺമെൻറ് വിചാരിക്കുന്നതു്. നമ്മുടെ വ്യവസായിക ശ്രമങ്ങളെ കൂടിൽവ്യവസായങ്ങളും നടപ്പിൽവരുത്തുന്നതിനും, അവയെ വർദ്ധിപ്പിക്കുന്നതിനായി ഗവൺമെൻറിനെ സുകരമായി വിനിയോഗിക്കാവുന്നതാണ്. ഇതിലേക്കു രണ്ടുലക്ഷം രൂപ [illegible] ആയി നീക്കിവച്ചിട്ടുണ്ട്."

ഈ പ്രസ്താവന, തിരുവിതാംകൂർകാരുടെ കുലാഭിമാനത്തെ ശരിയാംവണ്ണം ഉത്തേജിപ്പിക്കുന്നതാണ്. വിദേശവുമായുള്ള ക്രമരഹിതവും അന്യായവുമായ ചെലവുനിമിത്തം രാജ്യത്തിന്റെ കോശസ്ഥിതി വളരെ ക്ഷയിച്ചുപോയിട്ടുണ്ട് രാജ്യത്തെ വിദേശിയമേധാവിത്വത്തിനു വിട്ടുകൊടുത്തിരിക്കുന്നു. മിക്കഉദ്യോഗസ്ഥന്മാർക്കും നാട്ടുകാരുടെ ശരിയായ ഇംഗിതം നാട്ടിലെനിന്നും സിദ്ധിച്ചിട്ടുള്ളതാണ്. എന്നാൽ അതു ഇവിടെ ചെലവാകുന്നതല്ല ഇവിടത്തെ ഭരണകളിൽഉള്ള സ്ഥലച്ചുരുക്കത്തിനിമിത്തം, അന്യനാടുകളിൽ വിദ്യാഭ്യാസത്തിനു താമസിച്ചുവരുന്ന നൂറുക്കണക്കിനായി, ഇൻഡ്യയിലെ പല സ്ഥലങ്ങളിലേക്കും പണംഅയക്കുന്നതല്ലാതെ മറ്റൊരു വ്യാപാരവും കുന്നു. സിവിൽകോടതികൾ, ക്രിമിനൽകോടതികൾ, രജിസ്ട്രാർ ആഫീസുകൾ മുതലായവ ഭരണസൗകര്യങ്ങളിൽ സ്ഥാപിച്ചെയ്യുന്നതുനിമിത്തം, കൂടികൊണ്ടുള്ള ദ്രവ്യനഷ്ടം നേരിടുന്നു. സിവിൽകോടതികളിൽ ഒരു കെസ് തീർച്ചചെയ്യുന്നതിനു ശരാശരി ഏതു മാസക്കാലം വേണ്ടിവരുന്നു. തനിക്കു കടപ്പെട്ടിരിക്കുന്ന ഒരാളിൽനിന്നും, ഒരു സുരക്ഷിതമായ ഋണം വാങ്ങുന്നതിനു ശ്രമിക്കുന്ന ഒരു കർഷകന് കുറഞ്ഞപക്ഷം ഏതു തവണ കോടതിയിൽ നടന്നുകേണ്ടിവരുന്നു. എന്നതിനെയല്ല ഈടാക്കുവാൻ ഉദ്ദേശിക്കുന്നതുകയിലധികം അയാൾക്കു നഷ്ടപ്പെടേണ്ടതായിവരുന്നുണ്ട്. ഉദ്ദേശം ഒരുരൂപ വിലവരുന്ന ഒരു സാധനം മോഷ്ടാവുപോയതിനെ സംബന്ധിച്ചു് ഒരന്യായം ചൊട്ടുക്കുന്നതിനു ഇഷ്ടപ്പെടുന്ന ഒരാളിനു പോലീസ് ഇൻസ്പെക്ടറെക്കണ്ടെത്താൻ സാധിക്കുന്നതിനുമുമ്പുതന്നെ, മോഷണംപോയ സാമാനത്തിന്റെ വിലയുടെ ഇരട്ടിത്തുക ചെലവാക്കേണ്ടിവരുന്നു. അനുചിതമായ ഡിപ്പാർട്ടുമെൻറ് വ്യവസ്ഥകൊണ്ടുമൂലം ഉണ്ടാകുന്ന ഇത്തരം ചെലവുസംഗതികളും കർഷകനാക്കു താങ്ങാകാർണ്ണമായി ഭവിക്കുന്നു.

ഉദ്യോഗസ്ഥന്മാരുടെ ശ്രേഷ്ഠിക്കുറവു്, കർഷകന്മാരുടെ നാശത്തിനു കാരണമായ മറ്റൊരു സംഗതിയാകുന്നു. ഒരു മുൻസിഫിന്റെ വിധികളിൽ ഏ ൽ ശതമാനവും അപ്പീലിൻപ്രകാരം അസ്ഥിരപ്പെട്ടുപോകുന്നതായാൽ, തങ്ങൾക്കു ന്യായംലഭിക്കുന്നതിനുവേണ്ടി കോർട്ടഫീസിനും മറ്റുമായി അനുബന്ധിച്ചുവ്യയം ചിലവിടുന്ന കക്ഷികൾക്കു എവിടെയാണ് സംതൃപ്തി?.

തിരുവിതാംകൂറിൽ ഒരാളിന്റെ ശരാശരിവരവു് എന്താണെന്നു് യാതൊരറിവുമില്ല. ബ്രിട്ടിഷ് ഇൻഡ്യയിൽ ഇതു് പലതരത്തിലാണു് കണക്കാക്കിയിട്ടുള്ളതു്. ഒരു തിരുവിതാംകൂർകാരന്റെ ശരാശരിവരവു് അതിലുംവളരെ കുറവാണെന്നു് വിവേചനബുദ്ധിയുള്ളവർക്കു മനസ്സിലാക്കാവുന്നതാണ്. ബ്രിട്ടിഷ് ഇൻഡ്യയിൽ ആളൊന്നിനു നിരക്കു ക ാ ൻ വീതമാണ് എന്നാൽ തിരുവിതാംകൂറിൽ ഇതു ക ാ ൻ വീതം മാത്രമേയുള്ളു. തിരുവിതാംകൂറിൽ ഒരുവന്—ഒരു ദ്രുപക്ഷ വിശേഷത്തുനിന്നുംവരുന്ന അരിയുടെങ്കിലും, ഒരു കൽ വീതം കരംകൊടുക്കണംഎന്നും, ക ൽ വയസ്സിൽകവിഞ്ഞവർക്കു എല്ലാപേരും ഒരു ഉ. വീതം ചാരായം, ഉള്ളി, കഞ്ചാവുമുതലായവക്കു വെലവാക്കണംഎന്നും ഓർമ്മിക്കേണ്ടതാകുന്നു. ഇതുകഴിച്ചാൽ, കേവലം ജീവിതസന്ധാരണത്തിനു ആവശ്യമുള്ള ഉപകരണങ്ങളും ഉണ്ടാക്കുന്നതിനു എന്തുണ്ടു നീക്കിയിരിപ്പുള്ളതു്?. ജനസാമാന്യത്തിന്റെ അവസ്ഥയെ അഭിവൃദ്ധിയാകുന്നതിനും, നികുതിഭാരംവഹിക്കുന്നതിനു ജനങ്ങൾക്കുള്ള ശക്തി വർദ്ധിപ്പിക്കുന്നതിനും മാർഗ്ഗമൊന്നും കണ്ടുപിടിക്കണം. ഇക്കാര്യത്തിൽ, മുൻപേതന്നെ രംഗപ്രവേശം ചെയ്തിട്ടുള്ള ഒരു മാർഗ്ഗം പരസ്പരസഹായ പ്രസ്ഥാനമാകുന്നു. ഇതു് രാജ്യത്തു് ഉടനീളമായി വേരുറപ്പിച്ചിട്ടുണ്ട്. കൂടാതെ, ജനസാമാന്യത്തിന്റെ അഭിവൃദ്ധിക്കും, സാന്മാർഗ്ഗികമായ ഉൽകർഷത്തിനും ഇതു് നിശ്ചയമായും കാരണമാകുന്നതാണ്. ഈ പ്രസ്ഥാനത്തിന്റെ അവസാനവിജയം ഉദ്യോഗസ്ഥന്മാർ ഇതിൽനിന്നും പ്രോത്സാഹനം പിൻവലിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഈ പ്രസ്ഥാനത്തെ നയിക്കുന്നതിനും, പരസ്പരസഹായ തത്വങ്ങളെ ജനസാമാന്യത്തിനിടയിൽ പ്രചരിപ്പിക്കുന്നതിനും, പൊതുക്ഷേമപ്രസക്തിയാൽ ധർമ്മപ്രേരിതരായി സ്വമനസ്സാലെ ജോലിചെയ്യപ്പെട്ടിട്ടുള്ളവർ ഉണ്ടായിരിക്കണം. ഉദ്യോഗസ്ഥന്മാർക്കു അനേകദശവർഷങ്ങൾകൊണ്ടു് ചെയ്യാൻകഴിയുന്നികാര്യങ്ങൾ, അവർക്കു അതുപോലെ വർഷങ്ങൾകൊണ്ടു് ചെയ്യാൻസാധിക്കും. ഈ പ്രസ്ഥാനത്തെസംബന്ധിച്ചു ഗവർണ്മെൻറിനുള്ള ചെലവു് ഇപ്പോൾതന്നെ വളരെ വർദ്ധിച്ചിട്ടുണ്ടു്. ക ൻ—ൽ ഉ വു, ൦ ൦ ൦ ക. ചെലവായിട്ടുണ്ടു്, അതു് അടുത്തകൊല്ലത്തിൽ ൻ്നു, ക ൦ ൦ ക. ആയി വർദ്ധിച്ചുകാണുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതിൽനിന്നും, ശമ്പളമില്ലാത്ത നിയന്ത്രകന്മാരുടെ സഞ്ചാരപ്പടികൾക്കും, കോൺഫറൻസുകൾ സംബന്ധിച്ചുള്ള ചെലവുകൾക്കുമായി ഉ, ൦ ൦ ൦ ക. മാത്രമേ നീക്കിവച്ചിട്ടുള്ളു. ഒരിടത്തുമാത്രമായ കർഷകന്മാരെ മിതവ്യയശീലം അഭ്യസിപ്പിക്കുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു ഡിപ്പാർട്ടുമെൻറ്, അധികച്ചെലവുചെയ്യുന്ന എന്നുള്ള മോഷാരോപണത്തിനു ഇടകൊടുക്കാൻ പാടില്ലാത്തതാകുന്നു. പ്രാഥമികോപചാരമില്ലാതെ ജോലിചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അവരുടെ യാത്രച്ചെലവുകളും മറ്റു ഒഴിച്ചുകൂടാത്ത ചെലവുകളും നിർവഹിച്ചുകൊടുക്കണം. അവരുടെ സഹായത്തിനായി ശിപായിമാരോ, മറ്റു പരിചാരകന്മാരോ, ഉണ്ടായിരിക്കണം. ഈ പ്രസ്ഥാനത്തിന്റെ പരമോദ്ദേശം ജനസാമാന്യത്തിന്റെ ധനസ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിനായിരിക്കകൊണ്ടു് കടങ്ങൾവാങ്ങി അവശ്യ സംഘങ്ങൾക്കു് വായ്പകൊടുത്തിട്ടെങ്കിലും ഈ പ്രസ്ഥാനത്തിനു ധനസഹായം ചെയ്യുന്നതിനു ഗവർണ്മെൻറു തീരുമാനിക്കണം. പരസ്പരസഹായ വിദ്യാഭ്യാസത്തിനും, പ്രചരണജോലികൾക്കും നടത്തുന്നതിനുമായി ഒരു വാർഷിക സഹായധനം അനുവദിക്കുകയും, 'പരസ്പരസഹായം' സാങ്കേതികവിദ്യാലയങ്ങളിൽ ഒരു അധ്യയനവിഷയമായി ഉൾപ്പെടുത്തുകയും ചെയ്യുന്നതാണു്.

അദ്ധ്യക്ഷൻ:—സമയം.

മി. കെ. സി. മാമൻമാപ്പിള. (വാണിജ്യവും വ്യവസായവും, വടക്കു്): സർ, ഫിനാൻഷ്യൽ സെക്രട്ടറി അവർകൾ സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റിൽനിന്നും നമ്മുടെ കോശസ്ഥിതി വളരെ ഉറപ്പുള്ളതും തൃപ്തികരമായതും

ആയ ഒന്നാണെന്ന് വെളിവാകുന്നു എന്നാണ് എന്റെ അഭിപ്രായം. ഒരു രാജ്യത്തിന്റെയോ, ഒരു ഗവർണ്മെന്റിന്റെയോ, കോശസ്ഥിതി നിർണ്ണയിക്കുവാൻ ഉള്ള തോതു്, ഒരാളിനേയും, ഒരു കുടുംബത്തേയോ, അല്ല അവരുടെ കോശസ്ഥിതിയുടെ ഉറപ്പിനേയോ, ദ്രുണമോചനശക്തിയേയോ നിർണ്ണയിക്കുന്നതിനു ഉപയോഗിക്കുന്നതിൽനിന്നും വ്യത്യസ്തപ്പെട്ടിരിക്കുന്നു. ഫിനാൻഷ്യൽ സെക്രട്ടറിക്കെതിരായി ചെയ്തിട്ടുള്ള വിമർശനങ്ങൾക്കു ഇടയായിട്ടുള്ളതു്, ഈ പ്രധാനവ്യത്യസ്തത മനസ്സിലാകാത്തതുമൂലമാണെന്നു ഞാൻ ശങ്കിക്കുന്നു. എല്ലാ പരിഷ്കൃത ഗവർണ്മെന്റുകളും ശരിയെന്നു സ്ഥാപിച്ചിട്ടുള്ള പ്രമാണങ്ങളാലോ, മാർഗ്ഗങ്ങളാലോ നാം തീർച്ചചെയ്യുന്നതായാൽ, നമ്മുടെ കോശസ്ഥിതിയെപ്പറ്റി എനിക്കു് അശേഷം ഭയംതോന്നുന്നില്ല നമ്മുടെരാജ്യം, നാശകരമായ ക്ഷാമങ്ങൾക്കോ, പകർച്ചവ്യാധികൾക്കോ അധീനമായിട്ടുള്ള ഒന്നല്ല. നമുക്കു രണ്ടു വർഷകാലങ്ങൾ സിദ്ധിക്കുന്നുണ്ടു്. എന്നുമാത്രമല്ല ഫലസമൃദ്ധിയുള്ള ഒരു ഭൂമിയും നമുക്കിരുപതു നൂറുകോടി ഉപകാരങ്ങളെ സംബന്ധിച്ചിടത്തോളം, നമുക്കു പൊതുവെ തൃപ്തികരമായവിധത്തിലുള്ള ഒരു സ്ഥിരകരിഞായ്മ എപ്പോഴും ഉണ്ടു്. ഈ കാരണങ്ങളാൽ: രാജ്യത്തെ മുതലെടുപ്പും തീരെ ക്ഷയിച്ചുപോകുന്നതിനിടയില്ല. ആകയാൽ അഭിവൃദ്ധികരമായ ഒരു മാനത്തിന്റെ ആവശ്യങ്ങളെ നിവർത്തിക്കുന്നതിനു ക്ലേശത്തിൽ കവിയുകയോ നേരിട്ടുകൂടുകയോ ചിലപ്പോൾ ആവശ്യങ്ങൾക്കനുസരിച്ചു് മുതലെടുപ്പും വർദ്ധിക്കുകയില്ലെന്നു് വിചാരിക്കുന്നതിനു യാതൊരു കാരണവുമില്ല. രാജ്യകോശത്തിന്റെ ദ്രുതാംശത്തെ, അതായതു സേവിങ്ങ്സ്ബാങ്ക് നിക്ഷേപങ്ങളും, ഡിപ്പാർട്ടുമെന്റു സംബന്ധമായും, പോസ്റ്റാഫീസുകളിലുള്ള നിക്ഷേപങ്ങളും മുതലായ ആഗമപോയികട്ടായ കടങ്ങളെ സംബന്ധിച്ചിടത്തോളം, നമുക്കു്, കയ്യിൽ രൊക്കം നിക്കിയിരിപ്പുള്ളതും, ബാങ്കുകളിൽ ചുരുങ്ങിയകാലത്തേക്കു നിക്ഷേപിച്ചിട്ടുള്ളതുമായി വേണ്ടതിലധികം ദ്രവ്യം ഉണ്ടു് എന്നു ഞാൻ വിചാരിക്കുന്നു. ക്ലേശാനുഭവമനുഭവിക്കുന്നവർക്കായി ദീർഘകാലാവധിയിൽ വാങ്ങിയിട്ടുള്ള കടം, കൊടുത്തുതീർക്കുന്നതിനു, ആണ്ടിൽ രണ്ടുലക്ഷംരൂപാവീതം മാറ്റിവച്ചു് ഒരു ദ്രുണമോചനനിധി സംഘടിക്കുന്നുമുണ്ടു്. പ്രസ്തുതനിധി ഫൻഡ് ഓ-ലോ, അതിനു സമീപിച്ചോ, അതായതു് ഈ കടംവാങ്ങിയ പണം തിരിയെ കൊടുക്കേണ്ടതായുള്ളപ്പോൾ, അതിനുവേണ്ടുള്ള പലിശക്കുപലിശ മുതലുമായി ചേർന്നു കടംപിടിച്ചതിനു വേണ്ടതിലധികം ഉണ്ടായിരിക്കുകയുംചെയ്യും. ഇപ്രകാരം ഇരിക്കെ, നമ്മുടെ കോശസ്ഥിതി തീരെ തൃപ്തികരമായിട്ടുള്ളതല്ല എന്നു പറയുന്നതു് എന്തുകൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ഫിനാൻഷ്യൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ പലഭാഗങ്ങളെപ്പറ്റിയും, സമയമുള്ളപക്ഷം ചില നിർദ്ദേശങ്ങളും ചെയ്യുന്നതിനു് എനിക്കു താല്പര്യമുണ്ടു്. എന്നാൽ അനുവദിച്ചിട്ടുള്ള സമയത്തിനെ സംബന്ധിച്ചുള്ള കർശനമായ നിബന്ധനകളാൽ, ഈ ആഗ്രഹത്തെ തിരസ്കരിക്കുന്നതിനും, ഒന്നോരണ്ടോ സംഗതികളിൽമാത്രം എന്റെ ശ്രദ്ധചെലുത്തിക്കുന്നതിനും ഞാൻ നിർബ്ബന്ധിതനായിരിക്കുന്നു. ഫിനാൻഷ്യൽ സെക്രട്ടറി തന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്തു വിദ്യാഭ്യാസത്തിൽഉള്ള ചെലവിനെ 'ഭയാനകമായ' വർദ്ധനയെപ്പറ്റി പ്രസ്താപിക്കയുണ്ടായി. ഫാമിൽ വിദ്യാഭ്യാസവകുപ്പിലേക്കു മൊത്തച്ചെലവു് ൪,൭൫,൦൦൦ ക. ആയിരുന്നുഎന്നും ഫാമിൽ അതു് ൮,൭൫,൦൦൦ ക. ആയി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. അതുകൊണ്ടു താഴെ പറയുംപ്രകാരവും പറഞ്ഞുകാണുന്നു.

ഇങ്ങനെ കഴിഞ്ഞ ഏതു കൊല്ലങ്ങളേക്കാളും വിദ്യാഭ്യാസത്തിൽഉള്ള ചെലവു ൪൨ ശതമാനം അധികിച്ചിട്ടുണ്ടു. ഈ ഭയാനകമായ വർദ്ധന ഗൌരവമായ ശങ്കകൾക്കു തീർച്ചയായും ഇടയാക്കുന്നതാണു്. ഒരു രാജ്യത്തെ പ്രജകളുടെവിദ്യാഭ്യാസം അതിന്റെ ധനത്തിനും അഭിവൃദ്ധിക്കും അത്യന്താപേക്ഷിതമായിട്ടുള്ളതാണെന്നും അതിലേക്കു ന്യായമായി ചെലവാക്കിട്ടുള്ള പണം ജനങ്ങളുടെ മനഃപൂർവ്വമായ വർദ്ധനയാൽ പലമടങ്ങു തിരിച്ചുകിട്ടുമെന്നുമുള്ള കാര്യം ആരും വിസമ്മതിക്കുന്നില്ല. എന്നാൽ വിവേകശൂന്യമായ ഒരു ഗതിയെ സ്വീകരിക്കേണ്ടതാണെന്നു ഈ സഭ സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇവ ഫിനാൻഷ്യൽ സെക്രട്ടറിയിൽനിന്നും പുറപ്പെട്ടിട്ടുള്ള ഗൌരവകരമായ വാക്കുകളാണു. മുൻപേതന്നെ അനുവദിച്ചിട്ടുള്ള പ്രഭുതികളുടെ സ്വയംഗതത്തിപ്പുകൊണ്ടും മറ്റു കാരണങ്ങൾകൊണ്ടും നാം പുതിയ പ്രഭുതികളിൽ പ്രവേശിക്കാതിരുന്നാൽതന്നെയും വിദ്യാഭ്യാസത്തിലുള്ള ചെലവു ഇപ്പോഴത്തേതിലും വർദ്ധിച്ചുകൊണ്ടുവരുവാൻ ഇടയുണ്ടെന്നും സർക്കാർവകയോ ഗ്രാന്റു നൽകിവരുന്നവരയോ ആയ സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം ൪ രൂപവീതം കൂട്ടി സാരമാംവണ്ണം വർദ്ധിപ്പിക്കണം. (ആളൊന്നിനു ൫ ക കൂട്ടുന്നതായാൽതന്നെ പ്രതിവർഷം ൫ ലക്ഷം രൂപയിൽ കൂടുതൽ വേണ്ടിവരുമെന്നാണു് എന്റെ അറിവു്) എന്നുള്ളതു ഈ സഭയുടെ പ്രധാന അഭ്യർത്ഥനകളിൽ ഒന്നാണെന്നും നാം മനസ്സിലാക്കുമ്പോൾ ഈ ചെലവിന്റെ ഭയാനകമായ വർദ്ധന രാജ്യകോശത്തെ എത്രമാത്രം ബാധിക്കുന്നതാണെന്നു വെളിവാകും. സ്വല്പ ശമ്പളം ലഭിക്കുന്നവരും എന്നാൽ വളരെ യോഗ്യതയുള്ളവരുമായ ഈ തരപ്പെരിസ്സുകാരധ്യാപകന്മാരുടെ ആവശ്യങ്ങളെ നിറവേറിക്കിട്ടുക്കാൻ പോട്ടുള്ളതല്ല എന്നു അർത്ഥം പറയാൻകഴിയുന്നതല്ല. രാജ്യത്തെ മറ്റു ജീവിതസൌകര്യങ്ങൾ അല്പം ത്യജിച്ചിട്ടെങ്കിലും ഈ ആവശ്യത്തെ നിറവേറിക്കേണ്ടതാകുന്നു. എന്നാൽ അതിനെന്താണ് മാർഗ്ഗം? ഈ ആവശ്യത്തെ നിവൃത്തിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്താണെന്നു് ഗവർണ്മെന്റും ഈ സഭയും എന്നതിനെയുള്ള പൊളിറ്റിക്കൽ കാര്യങ്ങളെല്ലാമപേക്ഷിച്ചു കൂടിച്ചേർന്നു ഗൌരവമായി ആലോചിക്കേണ്ടതാകുന്നു. അതിലധികം ഇതിലധികം ചെലവു വർദ്ധിപ്പിക്കണമെന്നു നാം പറയുന്നതുകൊണ്ടായില്ല. അപ്രകാരം ചെയ്യുന്നതിനുള്ള നിവൃത്തിമാർഗ്ഗം എന്താണെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ടതു നമ്മുടെ കടമയാകുന്നു. ഈ ആവശ്യങ്ങൾ എത്രയും ന്യായമായിട്ടുള്ളവയാണെന്നു ഞാൻ സമ്മതിക്കുന്നുണ്ടെങ്കിലും ഇതിനു ക്ഷിപ്രമായ ഒരു പ്രഭുതി കാണിച്ചുതരുവാൻ എനിക്കു സാധിക്കുമെന്നു ഞാൻ അഭിമാനിക്കുന്നില്ല. ഈ തൃപ്തികരമല്ലാത്ത അവസ്ഥക്കു ഒരു തരത്തിലായ കാരണം വിദ്യാഭ്യാസത്തിൽ അനുകരിച്ചുവരുന്ന നയത്തിന്റെ ദുഷ്യമാണെന്നു പറയപ്പെടുന്നു. വിദ്യാഭ്യാസനയം തെറ്റായിട്ടുള്ളതാണെന്നു് ഇന്നോ ഇന്നലെയോ ഉള്ള ഒരു പരാതിയല്ല. എനിക്കു ഈ കാര്യത്തിൽ അല്പം താല്പര്യം ഉണ്ടായിത്തുടങ്ങിയ നാൾമുതൽക്കു ഇപ്പോഴത്തെ വിദ്യാഭ്യാസനയത്തെ ചുവടെ മാറ്റിപ്പിടിപ്പിച്ചു നൂതനമായ ഒരു നല്ല രീതി ഏർപ്പെടുത്തുവാൻ സിദ്ധിക്കുമെന്നു പുതിയ ഗിവാൺജിമാരിൽനിന്നും പുതിയ വിദ്യാഭ്യാസമേലധ്യക്ഷന്മാരിൽനിന്നും ഞാൻ പലപ്പോഴും കേട്ടിട്ടുണ്ടു. ഈ പുനസ്സംഘടനപ്രഭുതികളിൽ പലതിന്റേയും ചിലപ്പോൾ ആരംഭത്തിലും മറ്റു ചിലപ്പോൾ അന്തിമഘട്ടങ്ങളിലും ഞാൻ സഹായത്തിനുണ്ടായിരുന്നു. എന്നാൽ പ്രസ്തുതപ്രഭുതി

കും നടപ്പിൽ വരുത്തിയപ്പോൾ വലിയ ആശകളും ഉണ്ടായിരുന്നു എന്നുവരുകിലും ഭേദഗതികൾക്കുശേഷം പ്ര
യത്നത്തിനു ഗുണമൊന്നും സിദ്ധിച്ചിട്ടില്ല. അതുകൊണ്ടും ധൃതഗതിയിലുള്ള യത്നമായതുകൊണ്ടും ഈ പുനസ്സംഘടനപ്രവർത്തികളി
ലും ഈ സഭയുടെ അധികാരത്തെ ശക്തിയെ വിനിയോഗിക്കുവാൻ പാടുള്ളതല്ലെന്നും വിദ്യാഭ്യാസവകുപ്പിന്റെ
നയത്തിലൊ നിയന്ത്രണരീതിയിലൊ അടുക്കുകിൽ നമ്മുടെ നയത്തിലൊ എന്തെങ്കിലും ഭേദഗതികൾ വീണ്ടും വ
രുത്തണമെന്നുദ്ദേശിക്കുന്നപക്ഷം അതു വളരെ ആലോചിച്ചുവേണം ചെയ്യേണ്ടതെന്നും അതിന്നു പ്രവർത്തിക്കുന്ന
സമയത്തിനും ദ്രവ്യത്തിനും തക്ക ഫലം അതിൽനിന്നു സിദ്ധിക്കുന്നതിനു ശ്രമിക്കണമെന്നും ഞാൻ ഗ്രഹ സഭയോട്
അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഈ അതൃപ്തികരമായ അവസ്ഥയ്ക്കുള്ള ഒന്നാമത്തെ കാരണങ്ങൾ ഇവിടെ എടുത്തുപറയുന്നതിനു എനിക്കു
അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം കാര്യക്ഷമമായ്ത്തീരുന്നതിനു ധാരാളം കൂടുവും വ്യ
ത്തിക്കാതെ സകലമാനപേക്ഷം സുകരമാക്കിത്തീർക്കണമെന്നുള്ളതു സർവ്വസമ്മതമാണു. എന്നാൽ കൂടുതൽ ശ്രദ്ധാപൂർവ്വം
കൂടുവു ഡിസ്ട്രിക്ട്മിച്ചൽ വിദ്യാഭ്യാസഡയറക്ടറായ അവസരത്തിൽ പുറപ്പെടുവിച്ച നിർബന്ധത്തിൽവരുത്തിയിരു
ന്ന നയം ചെലവു കുറയ്ക്കുന്നതിനു ഒരുവിധത്തിലും ഉപകരിച്ചതായ്കാണുന്നു. പണ്ടത്തെ പ്രൈമറിസ്കൂളുകളിൽ
ണ്ടും പഠിച്ചിരുന്ന പെൺകുട്ടികളും ഓലമേഞ്ഞവയും കഷ്ടിച്ചു ചെറിയ അല്പം കവിഞ്ഞവയുമായിരുന്നു. എന്നാൽ ഡിസ്ട്രിക്ട് മിച്ചലിന്റെ പരിഷ്കാരത്തിന്റെ ഫലമായി ഓപ്രൈമറിസ്കൂളുകൾക്കും
രു ചെറുപ്പിടിക്കുവാൻ
രു ചെറുപ്പിടിക്കുവാൻ
രു ചെറുപ്പിടിക്കുവാൻ

അല്ല അടിസ്ഥാനരഹിതമായ ഒരു നയമായിരിക്കുന്നതാണ്. ഈ നയത്തെ ഗ്രണപ്പെടുത്തുവാൻവേണ്ടി ഞാൻ ചില ഉപായങ്ങളാണിവ

ഞാൻ ഭയപൂർവ്വം സമർപ്പിക്കുന്ന മറ്റൊരു സംഗതി ഇതാണ്. വാങ്ങണമെന്ന് നിർബന്ധമാക്കിവച്ചിരിക്കുന്ന പാഠപുസ്തകങ്ങളുടെയും നോട്ടുബുക്കുകളുടേയും കാര്യത്തിൽ ഒരു നല്ല ശതമാനം മാതാപിതാക്കന്മാരുടെയും രക്ഷകർത്താക്കന്മാരുടേയും ഭാരത്തെ ലഘൂകരിക്കുന്നതാകുന്നു എന്നു ഞാൻ ഇപ്പോൾ പറഞ്ഞില്ലെ. അതിനുപുറമെയിത്തന്നെ പ്രാഥമിക വിദ്യാലയങ്ങളിൽ ചുരുങ്ങിയ ഒരു ഫീസുനിരക്കുകൂടി ഏർപ്പെടുത്തണമെന്നു ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട്.—(അതിനു ഞാൻ സഭയോടു നിർബന്ധിക്കുന്നില്ല.)— പുലയർ പറയർ മുതലായ അധഃകൃതവർഗ്ഗക്കാരെ ഇതിൽനിന്നും ഒഴിച്ചുകൊള്ളുകയും മറ്റുസമുദായങ്ങളിൽപെട്ട ദരിദ്രന്മാരും എന്നാൽ യോഗ്യതയുള്ളവരും ആയ കുട്ടികൾക്കു വിദ്യാർത്ഥിവേതനങ്ങളും നൽകുന്നതെന്നാരു നിയമം പാസാക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ മറ്റുസമുദായങ്ങളിൽപെട്ടകുട്ടികളിൽ ദരിദ്രാധമത്തിനെ സംബന്ധിച്ചിടത്തോളം ഏതൊ പത്തൊ ചക്രംഫീസ് വയ്ക്കുന്നതു ഒരുവലിയ ഭാരമായിരിക്കുകയില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതുക്ലാസുകളിൽ?

മി. കെ. സി. മാമൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ): പ്രൈമറിക്ലാസുകളിൽ.

ഗവർണ്മെന്റിന്റെ ഭാരം ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗമാണു, വിദ്യാഭ്യാസപ്രചാരണത്തിൽ പ്രൈവറ്റു പ്രവൃത്തകന്മാരെ ഗവർമ്മെന്റുമായി സഹകരിക്കുന്നതിനു പ്രേരിപ്പിക്കുകയാകുന്നു. പ്രൈവറ്റുപ്രവൃത്തകന്മാരുടെനേക്ക് ഗവർമ്മെന്റിന്റെ നയം എന്തായിരിക്കണമെന്നുള്ളതിനെപ്പറ്റി വിപരീതാഭിപ്രായങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഗവർമ്മെന്റിന്റെ ഭാരംവർദ്ധിച്ചുവരുന്നതുകൊണ്ടോ മറ്റുവല്ല കാരണത്താലൊ വിദ്യാഭ്യാസം നടത്തുന്നകാര്യത്തിൽ ഗവർമ്മെന്റുമായി സഹകരിക്കുന്നതിനു പ്രൈവറ്റു ഏജൻസികളെ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് തീരുമാനിക്കുന്നതിനു സകല ഗവർമ്മെന്റുകളും നിർബന്ധിതരായിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രൈവറ്റു പ്രവൃത്തകന്മാരെ കഴിയുന്നിടത്തോളം ഒഴിച്ചുനിത്തണം എന്നുള്ള നയം അനുകരിക്കുന്നതിനു ഗവർമ്മെന്റിനെ പ്രേരിപ്പിച്ചസംഗതികൾ എന്താണെന്നു മിസ്റ്റർ മാമൻ മാപ്പിളക്കു സഭയെ ധരിപ്പിക്കാൻ സാധിക്കുമോ?

മി. കെ. സി. മാമൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ): പറയുന്നതു എനിക്കുനല്ലവണ്ണംമനസ്സിലാകുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രൈവറ്റു പ്രവൃത്തകന്മാരെ ഗവർമ്മെന്റുമായി സഹകരിക്കാൻ സമ്മതിക്കാതെ കഴിച്ചുനിത്തുന്നതിനു ഗവർമ്മെന്റിനെ പ്രേരിപ്പിച്ചിട്ടുള്ള കാരണങ്ങളെപ്പറ്റി അങ്ങേഹത്തിനു അറിവുണ്ടോ?

മി. കെ. സി. മാമൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പ): പ്രൈവറ്റു പ്രവൃത്തകന്മാരെ ഗവർമ്മെന്റു കഴിച്ചു നിത്തുന്നുഎന്നു ഞാൻപറയുന്നില്ല. സ്വകാര്യപരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതു ഒരുനല്ല നയമാണെന്ന് ഗവർമ്മെന്റു സമ്മതിക്കുന്നുണ്ട്എന്നാണു ഞാൻപറഞ്ഞതു. മി. പി. കെ. നാരായണപിള്ള ഇടക്കുകയറി സംസാരിച്ചപ്പോൾ ഞാൻ പറയുവാൻ മോഹിച്ചതു എന്തെന്നാൽ പ്രൈവറ്റുപ്രവർത്തകന്മാരെ അകറ്റി വിദ്യാഭ്യാസം നടത്തുന്ന കാര്യം മുഴുവനും ഗവർമ്മെന്റിനു ഭരമേൽക്കാൻ സാധിക്കുകയില്ലെന്ന് ഒട്ടുമുമ്പായ ഒരു വിദ്യാഭ്യാസമേലധ്യക്ഷൻ വിചാരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നുഎന്നാണ്.

അധ്യക്ഷൻ. സമയമായി.

മി. എസ്സ്. സി. എച്ച്. റൊബ്സൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സബ്ബുറവു സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളിൽ ഒരുപ്രാസംഗികനു പ മിനിട്ടനുവദിച്ചിട്ടുണ്ട് അതിൽ പ മിനിട്ടു അങ്ങേഹത്തിനോടുചോദിക്കുന്ന ചോദ്യങ്ങൾ എടുത്തുകളയുന്നു എന്നിരിയ്ക്കട്ടെ എന്നാൽസമയം നിശ്ചയിക്കുമ്പോൾ അതുകൂടെകണക്കാക്കുമോ?

അധ്യക്ഷൻ: അങ്ങിനെയാണെന്നുള്ളപക്ഷം എനിക്കവളരെ സൂക്ഷ്മമായി കണക്കുകൾ കൂട്ടികൊണ്ടിരിക്കേണ്ടതായി വരുമെന്നു ഞാൻ ശങ്കിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): നമ്മുടെരാജ്യത്തെസാമ്പത്തികസ്ഥിതിയെപ്പറ്റി പലരും നിരുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചിലസാമാജികന്മാർ നമ്മുടെ കോശസ്ഥിതി അഭിവൃദ്ധികരമായിരിക്കുന്നുഎന്നു പ്രസ്താവിച്ചു. മറ്റുചിലർ നമ്മുടെധനസ്ഥിതിക്കു സ്ഥിരതയില്ലെന്നും ക്ഷയിച്ചുപോകാൻ എളുപ്പമുണ്ടെന്നും അതുഒരു ശോചനീയാവസ്ഥയെ പ്രാപിച്ചിരിക്കുന്നുഎന്നും പ്രസ്താവിച്ചു. എന്നാൽ നമ്മുടെകോശസ്ഥിതി അത്രസ്ഥായിയുള്ളതല്ലെന്നു പറഞ്ഞ സാമാംഗങ്ങളോടുഞാൻപൂർണ്ണമായി യോജിക്കുന്നു. ഒരുപ്രാസംഗികൻ പ്രധാനമുതലെടുപ്പു മാർഗ്ഗങ്ങളുള്ള ഓരോന്നായി എടുത്തുപറയുകയും അവയെക്കുടുതലായി വർദ്ധിപ്പിക്കുന്നതിനു യാതൊരുമാർഗ്ഗവുമില്ലെന്നു കാണിക്കുകയും ചെയ്തു. എന്നാൽ അതേസമയത്തുതന്നെ ചെലവുകളെപ്പറ്റി പറ്റിയാലോചിക്കുന്നതായാൽ അവക്ഷയത്തെപ്രതിവർദ്ധിച്ചു വരുന്നതായികാണാം. ഇക്കൊല്ലത്തെ ബഡ്ജറിനെ കഴിഞ്ഞകൊല്ലത്തെയുമായി താരതമ്യപ്പെടുത്തി നോക്കുന്നതായാൽ രാജ്യാവസ്ഥകളിൽ സംഭവിക്കുന്ന സ്വല്പമായവ്യത്യാസങ്ങൾപോലും നമ്മുടെമുതലെടുപ്പിനെ ബാധിക്കുന്നതാണെന്നു് അങ്ങേക്കു മനസിലാകും. ചാൻസ്വ-ൽ ധനകാര്യത്തെപ്പറ്റി ഇപ്രകാരംപറഞ്ഞു.

"ധനസ്ഥിതിയിൽപെട്ടന്നു യാതൊരഭിവൃദ്ധിയും ഉണ്ടാകുമെന്നു് മുൻകൂട്ടിപറയാൻ സാധിക്കയില്ലെങ്കിലും, ആകപ്പാടെ, വളരെശോചനീയമായ ഒരുകാലത്തെനാംതരണംചെയ്തു കഴിഞ്ഞിരിക്കുന്നു എന്നും ആശാജനകവും അഭ്യുദയകരവും ആയ ഒരുകാലം നമുക്കുവരാൻപോകുന്നുഎന്നു വിശ്വസിക്കുന്നതിനു ധാരാളം കാരണങ്ങളും ഉണ്ടെന്നുംഞാൻപറയട്ടെ"

അടുത്തവർഷത്തിൽ വെള്ളപ്പൊക്കത്താൽ ഉണ്ടായകഷ്ടനഷ്ടങ്ങളുടെഫലമായി ധനകാര്യശ്രീയുടെസ്ഥിതിയുടെ അല്പംഇളക്കം തട്ടിയതായിതോന്നുന്നു. എന്നതന്നെയല്ല അടുത്തകൊല്ലത്തിൽ ബഡ്ജറവരവിൽ കൂടുതൽചെലവു കാണിക്കുന്ന ഒന്നായിരിക്കുമെന്നു അങ്ങേഹം പ്രവചിക്കുകയുംചെയ്തു. ഇക്കൊല്ലം അങ്ങേഹംവിചാരിച്ച

സന്തോഷകരമായിരിക്കുന്നു. ഇപ്രകാരം മാറിമാറി വന്നുകൊണ്ടിരിക്കുന്ന ആശയും ഭീതിയും മാത്രമാണ് നമ്മുടെ ധനകാര്യങ്ങളുടെ രഹസ്യം എന്നതോന്നുന്നു. ഒരുകൊല്ലത്തെപ്രകാശത്തോടുകൂടി അടുത്തകൊല്ലത്തിൽ ഇരുളിടിയുംആണ് ഉണ്ടാകുന്നതു നമ്മുടെ മുതലെടുപ്പു ചെലവിനനുസരിച്ചു വർദ്ധിക്കുമെന്നു പ്രോസംഗികന്മാരിൽ ഒരാൾപറഞ്ഞു. അതുശരിതന്നെ നമ്മുടെവരവു ഇന്നവരേയും നമ്മുടെചെലവുകളെ നിർവഹിക്കുന്നതിനു മതിയാ യിരുന്നുകൊണ്ടുതന്നേയിരിക്കുന്നു, എന്നാൽ ഇതുസാധിച്ചുപോരുന്നതു കൂടുതൽനികുതിചുമത്തിയിട്ടാണ്. നമ്മുടെ രാജ്യക്കാർക്കുടുതലായി യാതൊരുനികുതിയും വഹിക്കുന്നതിനു പ്രാപ്തിയുള്ളവരല്ലെന്നാണ് എന്റെഅഭിപ്രായം.ഉപജീവ്യക്ഷനവർകൾക്കു കൂടുതൽനികുതി ചുമത്തത്തക്ക രണ്ടുവരവുമാർഗ്ഗങ്ങളെപ്പറ്റി മാത്രമേ പറയുന്നതു കൊണ്ടു ദിവസംസാധിച്ചുള്ളു. അതിൽഒന്ന് റബ്ബർ കൃഷിയിൽനിന്നുമുള്ള ആദായത്തെപ്പറ്റിയായിരുന്നു. എന്നാൽറബ്ബർ കൃഷിക്കാർക്കുഇന്നലാഭമാണെങ്കിൽ നാളെനഷ്ടമായിരിക്കും എന്നുള്ളസ്ഥിതിയാണു കണ്ടുവരുന്നതു. എന്റെ സ്നേഹിതനായ ഉപജീവ്യക്ഷൻ റബ്ബറിനു കുറഞ്ഞതുമത്തണമെന്നുള്ള പ്രായപ്പെട്ടപ്പോൾ അതിനു റാത്തൽ ഒന്നിനു നാലു വിലയുണ്ടായിരുന്നു എന്നുള്ളതു പ്രസ്താവയോഗ്യമാണ്. എന്നാൽ ഇപ്പോൾഎനിക്കുകിട്ടിട്ടുള്ള അറിവു ശരിയാണെങ്കിൽഉള്ളപക്ഷം റബ്ബറിന്റെ വിലനാലുകയിൽനിന്നും കുറഞ്ഞുകയിട്ടില്ലെന്നുമാത്രമല്ല കൂടുതലായി എന്നുള്ളതിലും കുറവുംയിട്ടുണ്ടെന്നാണ്കാണുന്നതു. അതുകൊണ്ടു റബ്ബറിന്റെ വിലയുടെ അസ്ഥിരതയുള്ളകാലത്തോളം റബ്ബർകൃഷിക്കാരുടെമേൽ കുറഞ്ഞുമത്തുന്നതു അനിതരസാധാരണമായ ഒരുക്രൂരകൃത്യമായിരിക്കുമെന്നാണ് എന്റെമതം.

കൂടുതൽആദായം ഉണ്ടാക്കാമെന്ന് എന്റെസ്നേഹിതൻ നിർദ്ദേശിച്ച മറ്റൊരുമാർഗ്ഗം ഇടവകകളിലെ വിളവുകളിന്മേൽ കുറഞ്ഞുമത്തുക എന്നുള്ളതാകുന്നു, ആ അഭിപ്രായത്തിലും പിലറബ്ബർകമ്പനിക്കാർ വഴിയുള്ളആദായങ്ങളും ഉണ്ടാകുന്നുഎന്നും അതിനുയാതൊരാദായനികുതിയും അവർകൊടുക്കുന്നില്ലെന്നും ഉള്ളതു അദ്ദേഹത്തിനു വല്ലാത്ത അസഹ്യപ്പെട്ടുത്തി. എന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ആദായനികുതിറഗുലേഷനെ ഭേദപ്പെടുത്തുന്നതായാൽ തങ്ങളുടെകൃഷിയിൽനിന്നുമുള്ള ആദായങ്ങളിലും നികുതിക്കു പാത്രമാകും എന്നുള്ളസംഘടനകളായ ചേർക്കുന്നതിനുടെ രക്ഷക്കു അദ്ദേഹം യാതൊന്നും നിർദ്ദേശിച്ചിട്ടില്ല.

ടി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട ഉപാദ്ധ്യക്ഷൻ): അതുമാത്രമിരിയാതെ ഭേദഗതിയും വരുത്തണമെന്നുതോൻഅഭിപ്രായപ്പെട്ടില്ല. എന്നാൽ അതുഭേദഗതി ആവശ്യമുള്ളതുതന്നെസംശയമില്ലയോ എന്നുഗവണ്മെന്റു ആലോചിക്കണമെന്നാണ് എന്നുമാത്രമേതാൻപറഞ്ഞുള്ളു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): അതു അദ്ദേഹത്തിന്റെ അഭിപ്രായമായിരുന്നു.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട ഉപജീവ്യക്ഷൻ). അതുഎങ്ങിനെയാണ് ഭേദപ്പെടുത്തണ്ടതുഎന്ന് ഞാൻപറഞ്ഞില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): ഇടവകകളിൽ ഉള്ള കർഷകന്മാർ ഗവണ്മെന്റിനെയാതൊരു നികുതിയും കൊടുക്കുന്നില്ലഎന്ന അദ്ദേഹംപറഞ്ഞതിൽ നിന്നും ഞാൻമനസ്സിലാക്കുന്നതെന്തെന്നാൽ അദ്ദേഹത്തിന്റെഅഭിപ്രായപ്രകാരം ഈ സാധുക്കളായ കർഷകന്മാരുടെകൃഷിഫലങ്ങളിൽ മേലും ആദായനികുതിചുമത്തണമെന്നാണ് കർഷകന്മാർ ജന്മിമാക്കു ഗവണ്മെന്റിന്റെ നിശ്ചയമനുസരിച്ചുള്ള കരം കൊടുത്തുവരുന്നതുകൊണ്ടാണവരുന്നതു എന്നുള്ളവിചാരം അദ്ദേഹം മറന്നുപോയിരിക്കും. ഈ നികുതിമേൽട്ട് സർക്കാരിലേക്കുകൊടുത്തു കൊള്ളുന്നമെന്ന് ഉത്തരവാകുന്നതിനു ഗവണ്മെന്റിനു സ്വാതന്ത്ര്യമുണ്ടു.

മി. ഫിസ്സ്. സി. എച്ച്. റാബ്വാൻസൺ (ട്രഷറിയും ആദായനികുതിയും കമ്മീഷണർ): ആദായനികുതി ഭേദഗതിബില്ലുകൊണ്ടു ആദായനികുതി റഗുലേഷനെ ഭേദപ്പെടുത്തുന്നതിനു ഉദ്ദേശിക്കുമ്പോൾ ഈ നികുതി ജന്മിയെക്കൊണ്ടു കൊടുപ്പിക്കുന്നതിനാണു ശ്രമിച്ചിട്ടുള്ളതു എന്നുതോൻചൂണ്ടിക്കാണിക്കട്ടയോ? കർഷകന്മാരോടു ഈ നികുതികൊടുക്കുന്നതിനാജ്ഞാപിക്കുന്നതു ന്യായമാണെന്നു ഞങ്ങൾവിചാരിച്ചിരുന്നില്ല. ഗവണ്മെന്റിലേക്കു ശ്രോതിയൊ മറ്റുതരത്തിലുള്ള ഏതുകിട്ടിയാ നികുതിയൊ കൊടുക്കാത്ത ജന്മിമാരെക്കൊണ്ടു നികുതീടാരത്തിന്റെ ഒരംശം വഹിപ്പിക്കണമെന്നു ഞങ്ങൾക്കുതോന്നി. ഉപജീവ്യക്ഷൻ മി. സുബ്ബയ്യർ സൂചിപ്പിച്ചഭേദഗതിഅത്തരത്തിലുള്ള താണെന്നാണ് എനിക്കുതോന്നുന്നതു. കർഷകന്മാർ കൊടുക്കണമെന്നു ഞങ്ങൾആവശ്യപ്പെട്ടിട്ടില്ല. ജന്മികൾകൊടുക്കണമെന്നാണ് ഞങ്ങൾആവശ്യപ്പെട്ടതു ഈ സിംഗ്ൾകമ്മിറിയൽ തെളിവായി പ്രസ്താപിക്കപ്പെട്ടിരുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): ആദായനികുതി കമ്മീഷണർ പറഞ്ഞതു ഞാൻശരിയായിഗ്രഹിക്കുന്നപക്ഷം കർഷകന്മാർൽ നിന്നല്ല ജന്മിമാരിൽ നിന്നാണ് ആദായനികുതി പിരിക്കേണ്ടതു എന്നുള്ളതിനു അദ്ദേഹത്തിനു വിരോധമില്ലെന്നുതോന്നുന്നു. ഞാൻനിർബന്ധിക്കുന്നതും ഇതുതന്നേയാണു. ഉപജീവ്യക്ഷൻ അവർകളുടെ പ്രസംഗത്തിൽ കർഷകന്മാരെ ക്കൊണ്ടുകൊടുപ്പിക്കത്തക്കവണ്ണം ആദായനികുതിറഗുലേഷനെ ഭേദപ്പെടുത്തുന്നതു നന്നായിരിക്കുമെന്നു പറഞ്ഞഭാഗത്തെസംബന്ധിച്ചു മാത്രമാണ് ഞാൻ ഇവിടെ എടുത്തുപറഞ്ഞിട്ടുള്ളതു ഇപ്പോഴുള്ള റഗുലേഷൻ അനുസരിച്ചുകാര്യം നിലനിൽക്കുന്നതായാൽഎനിക്കു ഇതിനെ സംബന്ധിച്ചു യാതൊരു വിരോധവുമില്ല.

ഇങ്ങനെ ഒരുക്കി ഇരിക്കെ, രാജ്യത്തിൽ ഒരു പുതിയ നികുതി പുർപ്പെടുത്തുന്നതു ഒന്നാംതരമാണെന്നുള്ള വസ്തുത ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധാപാത്രമാക്കിക്കൊള്ളുന്നു. എന്നാൽ നാം ചെയ്യേണ്ടതു നമ്മുടെ അല്പമായ മുതലെടുപ്പിനെ നാനാവിധപ്പെടുത്താതെ ഇരിക്കുകയാകുന്നു. ഒരു പ്രത്യേകകാര്യത്തിനു മാറിവയ്ക്കുന്നതുകൊണ്ടുപോലെ മുഴുവനും ആ കാര്യത്തിനു വിനിയോഗിക്കണം. ചെലവുചെയ്യുന്ന ഡിപ്പാർട്ടുമെന്റുകളുടെ ഉർവ്വ്യയത്തെപ്പറ്റിയുള്ള പരാതിവളരേക്കാലമായുള്ള ഒന്നാകുന്നു. ഈ കാര്യത്തിൽ നഷ്ടപരിഹാരത്തിനോ ജനങ്ങളുടെ സംശയനിവാരണത്തിനോ ഒരു മാർഗ്ഗംകണ്ടുപിടിക്കുന്നതിനു ഗവണ്മെന്റിനു ഇതേവരെ സാധിച്ചിട്ടില്ല. ഇതിനുദാഹരണമായി പൊതുമരാമത്തു ഡിപ്പാർട്ടുമെന്റുതന്നെ എടുക്കാം. നമ്മുടെ മുൻഗാമികളിൽ ഒരാൾ ഈ ഡിപ്പാർട്ടുമെന്റിനെ "കൊള്ളയടിക്കുന്നഡിപ്പാർട്ടുമെന്റു" എന്നാണ് സംജ്ഞചെയ്തിട്ടുള്ളതു. യാതൊരുന്നതുടെനേക്കും അധിക്ഷേപം സൂചിപ്പിക്കാതെ, എന്റെ അഭിപ്രായം പറയുന്നതായാൽ ഈ ഡിപ്പാർട്ടുമെന്റിന്റെ സ്ഥിതി ഇന്നും എന്നും ഒരുപോലെ ശോചനീയമായിരിക്കുന്നു. ജോലിക്രമത്തിലുള്ള തോ

ന്ന്യായം വേലതീക്കുന്നതിനുള്ള അന്തിതരസാധാരണമായ കാലതാമസം കണ്ടിട്ടുകൊണ്ടും കാടുക്കുന്നസമ്പ്രദായം ഒ
തലായ ഈ ഡിപ്പാട്ടുമെൻറിനെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ ഒട്ടുംതന്നെ സഹനീയമായവയല്ല. പക്ഷേ
പൊതുജനങ്ങളുടെ ഡിപ്പാർട്ടുമെൻറിലെ കാര്യങ്ങൾ, കാലപ്പഴക്കവും പാരമ്പര്യവുംകൊണ്ട് തിക്കാതിതമായി
ത്തീർന്നിരിക്കാം. ഈ ഡിപ്പാർട്ടുമെൻറിന്റെ നടത്തിപ്പിൽ ഒരു പ്രത്യേകതരത്തിലുള്ള ഭയഭക്തിയുണ്ടെന്ന് ഈ വിധത്തിൽ
ആരെങ്കിലും അവകാശപ്പെടുന്നതായാൽ അതിൽ എനിക്കഭിപ്രായവ്യത്യാസമൊന്നുമുണ്ടായിരിക്കയില്ല. എങ്ങിനെ ആയാലും ഈ
അവസ്ഥയെ പരിഹരിക്കേണ്ടതുകൊണ്ടും അതിക്രമിച്ചിരിക്കുന്നു. സാധാരണമാഗ്രങ്ങളുടെ ഈ ഡിപ്പാർട്ടുമെൻറി
ലെ കീഴ്ദ്യോഗസ്ഥന്മാരുടെ നടത്തയിലുള്ള വീഴ്ചകളെ ശരിപ്പെടുത്തുന്നതിനു സാധിക്കുമെങ്കിലും അതിനേക്കാൾ
ക്ക ഏതെങ്കിലും കർശനമായവഴികൾ കണ്ടുപിടിക്കേണ്ടതാകുന്നു. ഈ ഡിപ്പാർട്ടുമെൻറിൽ ചെലവുചെയ്യുന്നതു
ണം എത്രമാത്രം ഫലോപയോഗപ്രദമാണോ അതു ചെലവാക്കുവാൻപോകുന്നതായ ഓരോ സ്ഥലത്തുള്ള ജനങ്ങളുടെ
സമ്മതത്തോടുകൂടിവേണം അപ്രകാരം ചെയ്യുവാൻ ഇക്കാര്യങ്ങളിൽ കീഴ്ദ്യോഗസ്ഥന്മാക്ക് ഇത്രമാത്രം സ്വാതന്ത്ര്യം
നൽകാതിരിക്കേണ്ടതിലേക്ക ഗവണ്മെൻറു പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടതാകുന്നു. പ്രാദേശികസമിതികളോ ഡിസ്ട്രിക്ട്
ബോർഡുകളോ നിമ്മിച്ച് അതാതുസ്ഥലങ്ങളിലുള്ള ചെലവുകൾ, അവയുടെ അനുമതിയോടുകൂടിമാത്രമേ ചെ
യ്യുവാൻ പാടുള്ളുഎന്നു തീർച്ചചെയ്യണം. ഉദ്ദ്യേശിക്കുന്ന തടയുവാനുള്ള ഏകമാർഗ്ഗം ഇതാകുന്നുവെന്നാണ് തോന്നുന്നതു
ഞാൻ ഒരു ഡിപ്പാർട്ടുമെൻറിനെ മാത്രമേ എടുത്തുപറഞ്ഞുള്ളുവെങ്കിലും പൊതുജനസമ്മതത്തെ ഡിപ്പാർട്ടുമെൻറിനെ
പ്പറ്റിപ്പറഞ്ഞതു ജനങ്ങളുടെ നന്മക്ക് എന്നുള്ള നാട്യത്തിൽ പണം ചെലവുചെയ്യുന്ന മറ്റെല്ലാ ഡിപ്പാർട്ടുമെ
ൻറുകളുടെ കാര്യത്തിലും വാസ്തവമാകുന്നു.

നമ്മുടെ പണം ഉദ്ദ്യോഗസ്ഥന്മാരുടെ കൈയിൽനിന്നു കൈമാറിയോ കൈമാറിയിട്ടുകയോ ചെയ്യാതിരിപ്പാൻ നാം പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്ന് ഞാൻ പറഞ്ഞുവല്ലോ നാം ആലോചിക്കേണ്ട മറ്റൊരുസംഗതി ഓരോഇനത്തിലും ഉള്ള ചെലവുകൾ നമ്മുടെ വരവിനനുസരണമായിരിക്കണം. എന്നുള്ളതാകുന്നു. വിദ്യാഭ്യാസവകുപ്പിലെ ചെലവിലേക്കായി നിർ
ദ്ദേശിക്കപ്പെട്ടിട്ടുള്ള ഇരുപത്തിനാലുശതമാനമായിവർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്എന്ന് നമ്മുടെ ധനകാര്യോദ്യോഗസ്ഥർ സമ്മതിച്ചിട്ടുണ്ട്. വിദ്യാഭ്യാസവിഷയത്തിൽ ചെലവുചെയ്യുന്നതിനു നിർദ്ദേശിക്കുന്നതുകയുടെ വർദ്ധന വളരെക്കാലമായി ഇടവിടാതെകൊണ്ടിരിക്കുന്നു. നാം തിരിഞ്ഞുനോക്കേണ്ട കാലമായിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. വി
ദ്യാഭ്യാസത്തിന്റെ കാര്യക്ഷമതയ്ക്കു കുറവുവരാതെ ഈ ഇനത്തിലുള്ള ചെലവിനെ കുറക്കേണ്ടതാകുന്നു. ഡാക്ടർ മി
ച്ചൽ ഫ്ലർപ്പെടുത്തിയ നയത്തിന്റെ ഫലമായിട്ടാണ്നമ്മുടെ ഉദ്യോഗങ്ങൾ നിർധനാവസ്ഥയെ പ്രാപിച്ചതെ
ന്നുനിർദ്ദാക്ഷിണ്യം പറയാവുന്നതാണ്. അടുത്തകൊല്ലത്തിൽ ആകെ മുതൽമുടക്കിൽ ഏ ൦ ന്നു ലക്ഷം രൂ. വരുമെന്നു
കണക്കാക്കീട്ടുണ്ട്. അതിൽനിന്നും സൻലക്ഷം രൂ. ഈ ഡിപ്പാർട്ടുമെൻറിലേക്കുമാത്രം ചെലവുചെയ്യുവാൻ നി
ശ്ചയിച്ചിട്ടുള്ളതായി ആയവ്യയപത്രത്തിൽ കാണുന്നു. ആകെയുള്ള വരവുകളുടെ ൪-ൽ ഒരുഭാഗം വിദ്യാഭ്യാ
സവകുപ്പിലേക്കുമാറ്റിവച്ചിരിക്കുന്നതായി കാണുന്നു. ഇതു ക്രമാതീതമായ ഒരു അനുപാതമാണ്, ആകെ ഈ
ടാകുന്ന ആദായത്തിൽ കൂടുതൽ വിദ്യാഭ്യാസത്തിനായി ചിലവുചെയ്യുന്നു. ബഡ്ജറിൽ നോക്കുമ്പോൾ, ഈ
വച്ചുകെട്ടായ്കണ്ടു് ആരും ആശ്ചര്യപ്പെടുകയില്ല. ഈ വകുപ്പിൽ ഗവണ്മെൻറിൽനിന്നും ഏ ചെലവും വ ൦ ൦ ൦
മുതൽ ക ൦ ൦ ൦ ൦ വരെ ആളുകളെ നിയമിച്ചിരിക്കുന്നതായി കാണുന്നു. ഇതു് സ്വയമേ ഒരു സൈന്യം തന്നെ
ഹംതന്നെ. ഇതിൽ ഏറിയഭാഗവും, നാട്ടുഭാഷാവിദ്യാഭ്യാസവകുപ്പിൽപ്പെട്ടവരാണെങ്കിലും, അവരിൽ ഏകദേ
ശംപേർ ഒഴികെ ശേഷമുള്ളവരുടെ സ്ഥിതിഎത്രയും ശോചനീയമായിരിക്കുന്നു. അതിനാൽ ഉദ്യോഗമ്പിച്ചുകൊണ്ടാണ
നമ്മുടെ മുതൽമുടക്കിനെ നശിപ്പിക്കുന്നതു് എന്നു നമുക്കു ധരിക്കുവാൻ പാടുള്ളതല്ല. ഈ വകുപ്പിൽ
ഉദ്ദ്യോഗത്തിനോ കൊള്ളുക്കോ വകയിരുത്തുകയുടെ ഒന്നുംതന്നെയില്ല. എന്നുവരുകിലും സ്വല്പം സ്വല്പം സൌകര്യ
ങ്ങൾ ഇല്ലാതെയും അല്ല. ഈ ഇനത്തിലുള്ള ചെലവു് ചുരുക്കുന്നതിനുള്ള ഏകമാർഗ്ഗം നമുക്കു ഉപയോഗത്തിലുള്ള
വാക്കിട്ടുള്ള ഈ നയത്തെ വ്യതിക്രമം ചെയ്യുകയാകുന്നു. രാജ്യത്തിൽ ഇപ്പോൾ അക്ഷരജ്ഞാനമുള്ളവർ വള
രെയുണ്ട്. ജനങ്ങൾക്കുതന്നെ തങ്ങളുടെ സന്താനങ്ങളുടെ വിദ്യാഭ്യാസകാര്യം കയ്യേൽക്കാവുന്നതാകുന്നു. ജന
ങ്ങൾ നടത്തുന്ന വിദ്യാലയങ്ങൾ സർക്കാർ വിദ്യാലയങ്ങളെക്കാൾ ഒട്ടും പിന്നോക്കമല്ല. നേരമറിഞ്ഞു് ശിക്ഷാക്രമ
വും അദ്ധ്യയനരീതിയും തപ്പെടുവാൻ വിദ്യാലയങ്ങളിലാണ് കുറെക്കൂടി നന്നായിരിക്കുന്നു് എന്നാൽ സർക്കാർവി
ദ്യാലയങ്ങളെ കഴിവുള്ളിടത്തോളം തപ്പെടുവാൻ ഏജൻസിയിലേക്ക വിട്ടുകൊടുത്തുള്ളുടായതു എന്തുകൊണ്ടാണ്? ഈവിഷയത്തിൽ മി. എം. സുബ്രഹ്മണ്യപിള്ളയുടെ അഭിപ്രായങ്ങളോടു ഞാൻ യോജിക്കുന്നു. വിദ്യാഭ്യാസം വി
ടിപ്പിക്കുന്നതിനു അതിലേക്കുള്ള പണംചെലവു ചുരുക്കുന്നതിനുമായിരിക്കണം നമ്മുടെ ഉദ്ദേശം വരവിനെക്കുറ്റു
യിച്ചുനോക്കുന്നതായാൽ അടുത്തുൾപ്പറ്റി പിരിഞ്ഞ ഉദ്യോഗസ്ഥന്മാരുടെ അടുത്തുൾവകക്കായി ചെലവാകുന്ന
തുക ഏറ്റവും അപരിമിതമായ ഒന്നാകുന്നു, ഇതിനെ കുറയ്ക്കുന്നതിനു ഗവർണ്മെൻറ് എന്തെങ്കിലും ചെയ്യുമെന്നു
വിശ്വസിക്കുന്നു.

നമ്മുടെ മുതൽമുടക്കിന്റെ സംരക്ഷണത്തെപ്പറ്റി ഇത്രമാത്രം പറഞ്ഞുകൊള്ളുന്നു നമുക്കു ലഭിക്കുന്നതി
നെ സൂക്ഷിക്കുന്നതുകൊണ്ടുമാത്രം നാം തൃപ്തിപ്പെട്ടുകൂടാ; എന്നാൽ നമ്മുടെ ധനസ്ഥിതിയെ അഭിവൃദ്ധിപ്പെട്ട
ത്തുന്നതിനും നാം ശ്രമിക്കേണ്ടതാകുന്നു. ജനങ്ങൾ അഭിവൃദ്ധിപ്പെടുമ്പോൾ ഗവർണ്മെൻറിന്റെ മുതൽമുടക്കിപ്പ്
പ്രകൃത്യാതന്നെ വർദ്ധിക്കുന്നതായിരിക്കും. സകല ഗവർണ്മെൻറുകളുടേയും പ്രധാനോദ്ദേശം ജനങ്ങളുടെ സ്ഥിതി
അഭിവൃദ്ധികരമാക്കുന്നതിനാണ്. ഇതിനുള്ള ഏകമാർഗ്ഗം രാജ്യത്തിൽ പ്രകൃതി ഭേദമായുള്ള ആളായമാർഗ്ഗങ്ങളെ
പോഷിപ്പിക്കുകയാകുന്നു. തിരുവിതാംകൂർ കർഷകപ്രധാനമായ ഒരു രാജ്യമായതു നാം കയറ്റുമതിചെയ്യുന്നതു നമ്മുടെനാട്ടിൽ പ്രകൃതിഭേദമായുള്ള സാധനങ്ങളെയാണ്. നമ്മുടെ വ്യവസായം പ്രധാനമായി തെങ്ങിൻഫലങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. നമ്മുടെ നിലങ്ങളിൽ വിദേശിയധാന്യങ്ങളെ അല്ല വിളയിക്കുവാൻ ശ്രമിക്കേണ്ടതു, എന്നാൽ ഇപ്പോടെയുള്ളവയെ പോഷമടങ്ങു നന്നാക്കുന്നതിനായിരിക്കണം എന്നു കൃഷിഡയറക്ടർ മുസംരംഭ
സരത്തിൽ ഈ സമയത്തിൽ വച്ചഭിപ്രായപ്പെട്ടുകയുണ്ടായി. ശരിയായിട്ടുള്ള മനോഭാവം അതാണെന്നാണ്ഞാൻ
വിചാരിക്കുന്നതു. ദീർഘകാലമന്ത അനുഭവംകൊണ്ട് നമ്മുടെനാട്ടിനു യോജിച്ചതാണെന്ന് ബോധ്യംവന്നിട്ടുള്ള
വിളകളെ കുറെക്കൂടി നന്നാക്കുന്നതിനു ശ്രമിക്കേണ്ടതാണ്. ഈ പ്രമാണം ശരിയായിട്ടുള്ള ഒന്നാണെ
ന്നു് സർവ്വസമ്മതമാണ്. എന്നാൽ ഇതിന്റെ പ്രായോഗികഭാഗത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഇവയുടെ

ഫലങ്ങൾ എത്രയും അഭിമാനിക്കുന്ന ഒരു വാക്കുന്നവയാകുന്നു എന്നു പറയേണ്ടിയിരിക്കുന്നു നമ്മുടെനാട്ടിൽ ഉള്ള പ്രകൃതിദത്തമായ മറ്റുള്ളതെല്ലാ അഭിവൃദ്ധിപ്പെടുത്തുന്നതിനു കൃഷിഡിപ്പാർട്ടുമെൻറും ഗവർണ്മെൻറും എന്താണ് ചെയ്തിട്ടുള്ളത്? ഈ വകക്കായി ആണ്ടുതോറും വലിയതുകകൾ ചെലവു ചെയ്യുവരുന്നു എന്നുള്ളതു നിസ്സംശയമാണ്. എന്നാൽ ചെലവിനെ അനുസരിച്ചുനോക്കുമ്പോൾ ഇതിൻറെ ഫലം ആശാജനകമാണോ? നമ്മുടെ നിലങ്ങളുടേയും പുരയിടങ്ങളുടേയും ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനു ഈ ഡിപ്പാർട്ടുമെൻറിനു സാധിച്ചിട്ടുണ്ടോ? ഉപയോഗിക്കേണ്ടതാണ് എന്നു ഈ ഡിപ്പാർട്ടുമെൻറിനാൽ അഭിപ്രായപ്പെട്ടിട്ടുള്ള വളങ്ങളെ ഉപയോഗിക്കുന്നതിനുവേണ്ടി വരുന്ന ചെലവും അതിനെ നിരോധിക്കുന്ന ഖനനാകുന്നു, നടത്തിട്ടുള്ള പരീക്ഷണങ്ങൾക്കു പുല്ലാറിനും തോപ്പിയാണ് പറഞ്ഞിട്ടുള്ളതു. തെങ്ങുകളെ ബാധിച്ചിരിക്കുന്ന വ്യാധി കൃഷിഡിപ്പാർട്ടുമെൻറുണ്ടായകാലം മുതൽക്കോ അതിനുമുമ്പു മുതലേക്കോ ഗവൺമെൻറിനുപയോഗവും ഇല്ലാതെ വ്യാപിച്ചുകൊണ്ടിരിക്കയാണ്. ഇപ്പോൾ അതു ഒരു ഭയങ്കരാവസ്ഥയെ പ്രാപിച്ചിട്ടുണ്ട്. എന്നുമാത്രമല്ലാ ഓരോ കൊല്ലങ്ങളും കഴിയുംതോറും തെങ്ങുവൃക്ഷം തിരുവിതാംകൂറിൽനിന്നും നിശ്ശേഷം അപ്രത്യക്ഷമാകുമെന്നുള്ളതിനു അഭിപ്രായമുണ്ട്. ഈ നാശകൃത്യം തടുക്കുന്നതിനു ഗവർണ്മെൻറു എന്തു ചെയ്തിട്ടുണ്ട്? ഈ ഡിപ്പാർട്ടുമെൻറിൻറെ നിലനില്പിനെ നിരീകരിക്കുന്നതിനു പ്രയോഗികമായ ഏതെങ്കിലും ഒരു പ്രതിവിധി ഇതിനു അവർ കണ്ടുപിടിച്ചിട്ടുണ്ടോ? തെങ്ങുരോഗം ഇപ്പോഴത്തെപ്പോലെ ഇനിമേലിലും ദ്രുതഗതിയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നതായാൽ നമ്മുടെ പ്രധാനകയറ്റുമതികളുടെ അവസ്ഥ എന്തായിരിക്കും? തിരുവിതാംകൂറിൻറെ അഭിമാനകരമായ ഐശ്വര്യം ഒരു പഴങ്കഥയായിത്തീരുന്നതാണ്. ഞാൻ ഒരു നിഘണ്ടുവാകയാണ് ഇതിനിടയിൽ പറഞ്ഞുകൂടാ. എന്നാൽ ഉത്തരതിരുവിതാംകൂറിലെ അവസ്ഥകളെപ്പറ്റി സ്ഥലത്തെത്തി പ്രതിശോധിക്കുന്നതായാൽ എൻറെ അഭിപ്രായം ഒരുപക്ഷേ തെറ്റായിരിക്കുമെന്നു ഞാൻ ഭയപ്പെടുന്നു.

വ്യവസായങ്ങളുടെ വർദ്ധനവിനായിട്ടു അധികവിഭവം ചിലവുചെയ്യുവരുന്നുണ്ട്. ഈ കാര്യത്തിലും ഇപ്പോൾനടപ്പിലിരിക്കുന്ന വ്യവസായങ്ങളെവേണം വർദ്ധിപ്പിക്കേണ്ടതെന്നു ഞാൻവാദിക്കുന്നതാണ്. വിദേശിയവ്യവസായങ്ങളെ ഈ സംസ്ഥാനത്തു നടപ്പിൽവരുത്തുന്നതിനുള്ള ശ്രമംകൊണ്ടുണ്ടാകുന്ന കാലതാമസവും നിരാശകിടയാകുന്നതാകുന്നു. രാജ്യാവസ്ഥകളാൽ പ്രകൃത്യാനടപ്പിൽവന്നിട്ടുള്ളതും മിതവ്യയംകൊണ്ടു നടപ്പിൽവരുത്താവുന്നതുമായവ്യവസായങ്ങളെ വർദ്ധിപ്പിക്കണം. ആകപ്പാടെനോക്കുന്നതായാൽ തിരുവിതാംകൂറിൽ വലിയവ്യവസായങ്ങൾപെട്ടന്നു നടപ്പിൽവരുമെന്നു നമുക്കാശിക്കാൻപ്പാടില്ലഎന്നാണ് എൻറെ അഭിപ്രായം. ഒരുപരിധിയുള്ളതായ രാജ്യം ഒരുവലിയ വ്യവസായകേന്ദ്രമായിത്തീരുവാൻ ഇടയില്ലെന്നുള്ളതു ധനതത്വശാസ്ത്രത്തിൽ ഒരുപ്രസിദ്ധതത്വമാകുന്നു. ഭൂമികൃഷിചെയ്തു അതിൽനിന്നും ഉണ്ടാകുന്നവിളവുകളെ കയറ്റുമതിചെയ്യുന്നതു ക്ലേശകരമായിരിക്കും, എന്നതന്നേയല്ല ജനങ്ങൾ പ്രകൃത്യാതന്നെ അതിനെഅനുകരിക്കയും ചെയ്യും. തരിശായികിടക്കുന്ന ഒരുരാജ്യത്തിൽ ജനങ്ങൾ അവരുടെ ആവശ്യങ്ങൾ കൃഷികൊണ്ടു നിറവേറുന്നതിനു സാധിക്കായ്കനിമിത്തംവ്യവസായവ്യാപൃതരാകുന്നതിനു നിർബന്ധിതരാകുന്നു. ഫലപുഷ്ടിയുള്ള പ്രദേശങ്ങളിലെ വ്യവസായങ്ങൾ അവിടെപ്രകൃതിത്തന്നെമായുള്ളഅവസ്ഥകളോടു സംഘടിപ്പിക്കപ്പെട്ടിരിക്കും, തിരുവിതാംകൂറിൽ വ്യവസായപദ്ധതികളിൽ പ്രവേശിക്കുമ്പോൾ ഈ തത്വങ്ങൾ ഓർമ്മിക്കേണ്ടതാകുന്നു, ജനസംഖ്യയധികമാകയും തരിശുഭൂമികൾ കുറഞ്ഞുവരുകയും ചെയ്യുന്നതോടുകൂടി കൃഷിയിൽനിന്നും ഉണ്ടാകുന്ന ആദായങ്ങളെക്കൊണ്ടു മാത്രം കുടുംബപോഷണംചെയ്യുന്നതുഅസാധ്യമാണെന്നു നാം കണ്ടറിയേണ്ടിവരുന്നതാകുന്നു. അക്കാലത്തു മറ്റുമാർഗ്ഗങ്ങളിലേക്കുതിരിയേണ്ടതായി വരുന്നതും അപ്പോൾ വ്യവസായങ്ങൾ കൃഷിയെക്കാൾ ഉപയോഗപ്രദമായിരിക്കുമെന്നു കാണാവുന്നതും ആകുന്നു. വ്യവസായഉദ്യമങ്ങളെ അടെച്ചുപ്പെടുത്തുന്നതിനോ വ്യവസായഡിപ്പാർട്ടുമെൻറിനെ അധിക്ഷേപിക്കുന്നതിനോ ഞാൻഉദ്ദേശിക്കുന്നില്ല. ഞാൻപറയുന്നതെന്തെന്നാൽ വ്യവസായവർദ്ധനവിനെ സംബന്ധിച്ചു നാംഉടനടി അതിശ്രദ്ധാലുക്കളാകാൻ പാടില്ലെന്നും, നമ്മുടെപ്രകൃതിദത്തമായവകകളെ ഉപയോഗപ്പെടുത്തുക വ്യവസായങ്ങളെ വർദ്ധിപ്പിക്കുന്നതിനു കൂടുതൽശ്രദ്ധ ചെലവാക്കണമെന്നും മാത്രംഞാനുണ്ട്.

അതാതുരാജ്യങ്ങളിലുള്ള പ്രകൃതിദത്തമായ അനുഭവങ്ങളെ കൃഷി, വ്യവസായം മുതലായവകകളുടെകൂടെവർദ്ധിപ്പിക്കുകയാണ് സകലഗവണ്മെൻറുകളുടേയും ചുമതലഎന്നു ഞാൻപറഞ്ഞുകഴിഞ്ഞല്ലൊ. ജനങ്ങൾ ഈമാർഗ്ഗങ്ങൾ അനുകരിക്കണമെങ്കിൽ അവക്കു സാമാന്യവിദ്യാഭ്യാസമുണ്ടായിരിക്കണം. ഇതു ഗവണ്മെൻറിൻറെ പ്രധാനകർത്തവ്യമാകുന്നു. സാഹിത്യസംബന്ധമായ വിദ്യാഭ്യാസം നൽകിയതുകൊണ്ടുമാത്രം ഗവണ്മെൻറു പ്രയോജനപ്പെട്തുകയില്ല. ഇപ്പോഴത്തെവിദ്യാഭ്യാസരീതി ചുവടെ തെറ്റായതാകുന്നു. ഏതാനുംശതാബ്ദങ്ങൾക്കുമുമ്പു ഈസ്റ്റിൻഡ്യാകമ്പനിക്കാർ തങ്ങളുടെ ആവശ്യാർത്ഥം കുറെ ഗുമസ്തന്മാരെ പരിശീലിപ്പിക്കുന്നതിലേക്കായിട്ടാണ്, ആദ്യമായി ഈ രീതിയെ ഏർപ്പെടുത്തിയതു. ആ രീതിതന്നെ ഇപ്പോഴുംതുടർന്നുവരുന്നു. തൽഫലമായി ഈരാജ്യം നാട്ടുഭാഷയിലും ഇംഗ്ലീഷ്ഭാഷയിലും പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള ആളുകളെകൊണ്ടു നിറഞ്ഞിരിക്കുന്നു. ഇക്കൂട്ടർ, ഈസ്റ്റിൻഡ്യാ കമ്പനിക്കാർ തങ്ങളുടെകച്ചവടസ്ഥലങ്ങളിൽ നിയമിച്ചിരുന്ന ഗുമസ്തന്മാരുടെ പിൻഗാമികളാകയാൽ അവക്കു എഴുത്തുകുത്തുകളും പകർപ്പെഴുത്തും മാത്രമേനിശ്ചയമുള്ളൂ. അവർങ്ങളുടെ ഔദ്യോഗികപിതാമഹന്മാരുടെ രക്ഷാവസ്ത്രങ്ങളായിരുന്ന പബ്ലിക്ക്ആഫീസുകളുടേയും കച്ചവടശാലകളുടേയും പടികടന്നുകിടക്കുന്നു. എന്നാൽ കാലമതൊക്കെമാറിപ്പോയി. ഇപ്പോൾ ആഫീസുമുറികൾഎല്ലാംഅടക്കുമുമ്പിൽ ചെന്നസ്ഥലംപിടിച്ചു അവരുടെ സഹോദരന്മാരെക്കൊണ്ടുതന്നെ നിറഞ്ഞുകഴിയുകയും യാതൊരുകാര്യം അടക്കപ്പെട്ടുകയും ചെയ്തിരിക്കുന്നു. എന്നാൽ അവിടെനിന്നും സ്വഭവനത്തിൽ ചെന്നുചേരുമ്പോൾ അവിടെയുള്ള ജോലികൾ ചെയ്യുന്നതിനും തങ്ങൾക്കു ശേഷിയില്ല എന്നു മനസിലാകുന്നു. അവരുടെ വിദ്യാഭ്യാസം തുമ്പയോ, നൽചക്കരയോ എടുക്കുന്നതു അപമാനകരമെന്നു വിചാരിക്കത്തക്ക ഒരുനിലയിൽ അവരെ വലുത്തിക്കളയിരിക്കുന്നു. എന്നുമാത്രമല്ല ആദായകരമായ ഏതെങ്കിലും ഒരുതൊഴിൽചെയ്തു കാലക്ഷേപംചെയ്യുന്നതിനു അവർ അശക്തന്മാരായിത്തീർന്നിട്ടുണ്ട്. ഗുമസ്തവൃത്തിക്കു യോഗ്യന്മാരാക്കിത്തീർക്കുന്നതിനുള്ള കവചം ഗ്രഹിക്കുകയും ആഗ്രഹിച്ചതാതിരിയുള്ളഫലം സിദ്ധിക്കുകയുംചെയ്തു. ഒരുപ്രതിഷേധംപോലും കൂടാതെയാണ് അതിൻറെഫലം ശാശ്വതമായതീർന്നിരിക്കുന്നു. ഇൻഡ്യാരാജ്യത്തിലെ മറ്റുഭാഗങ്ങളെപ്പോലെ ഈ രാജ്യവും ഉദ്യോഗാപേക്ഷണാർത്ഥം അലഞ്ഞുനടക്കുന്ന ബിരുദധാരികളായ ഒരു സമൂഹത്തെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. അവർ എല്ലായ്പോഴും സൽസ്വഭ

ോവികളും ബുദ്ധിമാന്മാരും ആകുന്നു. അവർ നാട്ടിലുള്ള രചിരപ്പിക്കാരിൽവച്ച് ഉത്തമന്മാർ ആണ്. എന്നാൽ അവരുടെ ബുദ്ധിയേയോ, ദേഹശക്തിയേയോ, രാജ്യത്തിന്റെയോ, തങ്ങളുടേയോ, നന്മയ്ക്കായി വിനിയോഗിക്കുന്നതിനുള്ള ഒസൗകര്യങ്ങളും അവർക്കില്ല. മടിയന്മാരായും അസംതൃപ്തന്മാരായും കാലംകഴിച്ചുകൂട്ടുന്നതിനു അവർനിർബന്ധിതരായിരിക്കുന്നു. നേരെമറിച്ചു അവരുടെ വിദ്യാഭ്യാസം രാജ്യത്തിനു ഉപയോഗപ്രദമായവിധത്തിൽ ഉള്ളതായ്തീരുകയാണെങ്കിൽ, ഇപ്പോൾവിദ്യാഭ്യാസമുള്ളവരുടെ ഇടയിലുള്ള തൊഴിലില്ലായ്മക്കു ഗവർണ്മെന്റിനു ഉത്തരവാദികളാകയില്ലായിരുന്നു. വിദ്യാവിഹീനന്മാരായ ആളുകൾതങ്ങളുടെ നിലങ്ങളിലും പുരയിടങ്ങളിലും കടകളിലുമായി സസന്തോഷം സമയംകഴിച്ചുകൂട്ടുന്ന ബുദ്ധിമാന്മാരും വിദ്വാന്മാരും ആയ ജനങ്ങൾക്കു എപ്പോഴെങ്കിലും സർക്കാർജീവനം ലഭിക്കുമെന്നുള്ള ആശയോടുകൂടി കാത്തിരുന്ന് തങ്ങളിൽ അന്തർലീനമായ ശക്തികളെ ക്ഷയിപ്പിച്ചു കളയുന്നതു നമ്മുടെ ഒരുവലിയ ദാഗ്യദോഷംതന്നെ.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ടസഭാംഗം). സർ, ഒരുമിച്ചുകിരിപ്പു കാണിക്കുന്ന ഒരുവെസ്റ്റേൺ ഒരാജ്യത്തെ അഭിവൃദ്ധിയുടെ ഒരുലക്ഷ്യമാകുന്നില്ല എന്ന് സഭയുടെ ഈ ഭാഗത്തുള്ള എന്റെസ്നേഹിതന്മാർൾ പലരുംപറയുന്നു. ഞാനും അങ്ങനെ ആയിരുന്നാൽ തന്നെയും, കൂട്ടുതൽനികുതി ചുമത്തുന്നതിനും, രാജ്യത്തിനുള്ളിലുള്ള നിവൃത്തിമാർഗ്ഗങ്ങളെ അപായപ്പെടുത്താതേയും രാജ്യത്തിന്റെ തൃപ്തികരമായ ഭരണത്തിനുവേണ്ട സകലആവശ്യങ്ങളേയും നിവൃത്തിച്ചുനിർത്തുന്നതിനും ഒരുമിച്ചുകിരിപ്പു കാണിക്കാൻ ഒരുഗവർണ്മെന്റിനു സാധിക്കുന്നപക്ഷം അതിനെ അഭിനന്ദിക്കാവുന്നതാണ്. അതിനാൽ കഴിഞ്ഞപ്രാവശ്യം ബഡ്ജറ്റിന്റെ വിജയത്തിൽ ഞാൻ ഫിനാൻഷ്യൽ സെക്രട്ടറിയെ അഭിനന്ദിച്ചുകൊള്ളുന്നു. ജനങ്ങളുടെ ഹൈശ്വര്യവർദ്ധനവിനെ ഉദ്ദേശിച്ചുള്ളസകല വകുപ്പുകൾക്കും ആപശ്ചാത്തിലും അധികം ശ്രദ്ധനൽകുന്നതിനു (അതു വളരെ ധാരാളമായിട്ടാണെങ്കിലും) അതിൽ വ്യവസ്ഥകൾ വരുത്തിയിട്ടുണ്ട്. രാജ്യാവസ്ഥയെ നല്ലവണ്ണം മനസിലാക്കി, ജനങ്ങളുടെ സാമ്പത്തികവും സാന്മാർഗ്ഗികവും ആയ അഭിവൃദ്ധിയുണ്ടാകുന്നതിന് ഏറ്റവും പറ്റിയപ്രകാരമായ മാർഗ്ഗങ്ങൾ ഏതാണെന്നുള്ളതിനെപ്പറ്റി ശരിയായ ഒഭിപ്രായം ജനിക്കുന്നതിനുമുമ്പ് പുതിയമാർഗ്ഗങ്ങളിൽ കൂടുതൽചെലവും കുടുതൽനികുതിയും ചുമത്തുന്നതിൽ ഒരുപുതിയ ഭരണാധികാരി പ്രദർശിപ്പിക്കുന്ന മൻകരുതൽ അഭിനന്ദനീയമായിരിക്കുന്നു. രാജ്യത്തിന്റെ സാമ്പത്തികവും സാന്മാർഗ്ഗികവും ആയ ഉൽകർഷത്തെ ഉദ്ദേശിച്ചു ഡിപ്പാർട്ടുമെന്റുകൾക്കു കൂടുതൽചെലവു വരുത്തുന്നതിനു ഇയശ്ചദ്രയാൽ സ്വരാജ്യത്തു തത്പ്രജാസേവനതത്പരം മടങ്ങിവന്നിട്ടുള്ള പുതിയ ലിവാൻജിങ്ങവർകൾ തന്നിക്ക സ്വാധീനതയായിരിക്കുന്നതുകൊണ്ടു അനുകമ്പയോടുകൂടി രാജ്യാവസ്ഥകളെ ആരാഞ്ഞറിയുമ്പോൾ ഒട്ടുംമടിക്കാണിക്കുകയില്ലാഎന്ന് നമുക്ക് ധൈര്യപ്പെടാം. ഫിനാൻഷ്യൽസെക്രട്ടറിയുടെ പ്രസംഗത്തിൽനിന്നും ഗവർണ്മെന്റിനു മിച്ചമിരിപ്പിനേയും ദീർഘനാവിൽ വൃഥാഇരുത്തുന്നതിനുപകരം പലിശകിട്ടത്തക്കവണ്ണം നിക്ഷേപിച്ചിരിക്കുന്നുഎന്നും തൽനിമിത്തം നമ്മുടെ മുതൽവർദ്ധിപ്പു അന്നേകംലക്ഷമായി വർദ്ധിച്ചിട്ടുണ്ടെന്നും കാണുന്നതു ആശ്വാസപ്രദമായിരിക്കുന്നു

ഈ പ്രാരംഭപ്രസ്താവനകളോടുകൂടി നമ്മുടെ ഭരണയന്ത്രത്തിൽ ഉള്ള ചിലപ്രധാനകാര്യങ്ങളെപ്പറ്റി ചുരുക്കം ചില നിരൂപണങ്ങൾ ചെയ്യാമെന്നു ഞാൻവിചാരിക്കുന്നു.

സകലഉയർന്നഉദ്യോഗസ്ഥന്മാരെയും 'കൈവിട്ടിരിപ്പായ്മ' ബാധിച്ചിരിക്കുന്നുഎന്നു മിസ്റ്റർ എ. കെ. പിള്ള പറഞ്ഞുവല്ലോ. അതിൽ ഞാൻ അദ്ദേഹത്തിനോടു അത്രയോജിക്കുന്നില്ലെന്നു വരികിലും, അവരുടെ സമയവും ശക്തികളും ജനങ്ങളുടെ നന്മക്കു യാതൊരുവിധത്തിൽ ആപശ്ചാത്തോ പ്രയോജനകരമോ ആയ ജോലികളിലാണോവിനിയോഗിച്ചുവരുന്നതെന്നും അവരെ അനാവശ്യമായ എഴുത്തുജോലിയിൽനിന്നും വിമുക്തരാക്കുന്നതിനു അവരുടെ ജോലിക്രമവും ജോലിവിഭജനവും ഭേദപ്പെടുത്താൻ തരമില്ലേയെന്നും ആലോചിക്കേണ്ടതാകുന്നു. ഉദ്യോഗസ്ഥന്മാരും അന്യോന്യോഗസ്ഥന്മാരും ഉൾപ്പെട്ട ഒരു ശക്തിമത്തായ കമ്മറിയാൽ ഒരന്വേഷണം നടത്താവുന്നതാകുന്നു. ഒരു 'എഫിഷ്യൻസി ആഡിറ്റ്' അഥവാ 'ആഫീസ്സർ' കൂപെകാലം ജോലിചെയ്തിരുന്നുഎന്നുവരികിലും അദ്ദേഹത്തിന്റെപ്രയത്നങ്ങളുടെഫലം എന്തെല്ലാമാണെന്നു പൊതുജനങ്ങളെ ഇതേവരെ അറിയിച്ചിട്ടില്ല.

ഞാൻഇവിടെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നതായ മറെറാരുസംഗതിക്കുടിയുണ്ട്. ഇയന്ത്രോദ്യോഗസ്ഥന്മാർമഹത്തരമായ വിദ്യകൊണ്ടും ഉപേക്ഷകൂടാതെയും കാരണക്കാരായിരുന്നിട്ടും അവർക്ക് അവരുടെ ജീവനത്തിനോ ശമ്പളത്തിനോ യാതൊരുതരക്കേടും ഉണ്ടാകയില്ലെന്ന നല്ലതൈര്യമുണ്ട്. നീതിന്യായക്കോടതികളിലില്ലാത്ത ഒരുയന്ത്രോദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ പ്രവർത്തികളിലും വീഴ്ചക്കു ശിക്ഷിക്കപ്പെട്ടിട്ടുള്ളതായി നാംകേട്ടിട്ടുള്ളൂ. നിർഭാഗ്യവശാൽ ഇതിനുകാരണം നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ അന്തരം സാധാരണമായസാമർത്ഥ്യവും ശേഷിയുമാണെന്ന് വിചാരിച്ചു സമാധാനപ്പെടുന്നതിനു പൊതുജനങ്ങൾക്കു സാധിക്കുകയില്ല. ഗവർണ്മെന്റു അവരുടെ ഉദ്യോഗസ്ഥന്മാരോടു ന്യായമായിട്ടതന്നെ പെരുമാറണം. എന്നാൽ അതേസമയത്തുതന്നെ നികുതികൊടുക്കുന്ന ജനങ്ങളും ന്യായംമാത്രമായി അർഹിക്കുന്നുണ്ട്. ഇവരുടെ സേവനാർത്ഥമാണല്ലോ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുള്ളതും പൊതുജനദ്രവ്യംചെലവുചെയ്യുന്നതിനു ഉത്തരവാദികളാക്കിയിട്ടുള്ളതും. ഇവർക്കിടയിൽ കാരണഭൂതന്മാരായിരുന്നിട്ടുള്ളപ്പോഴും അപർശിക്കുകൊള്ളപ്പെടാത്ത ഏതുപ്രകാരത്തിലാണ് രക്ഷനേടിയതു എന്ന് നമുക്കറിയാവുന്നതാണ്. ഉപേക്ഷാകാര്യങ്ങൾക്കും വീഴ്ചകാര്യങ്ങൾക്കും ശിക്ഷഅനുഭവിക്കേണ്ടിവരുമെന്നും അവയ്ക്കു കീഴുദ്യോഗസ്ഥന്മാരെ ഉത്തരവാദികളാക്കിത്തീർക്കാൻ ഏതുപ്പോഴും സാധിക്കുകയില്ലെന്നും ഒരുപോവുന്നതായതും ഉദ്യോഗസ്ഥന്മാരുടെ മനസിൽ ജനിപ്പിക്കേണ്ടകാലം വളരെ അതിക്രമിച്ചിരിക്കുന്നു. ഞാൻ ഒന്നോ രണ്ടോ ഉദാഹരണങ്ങൾ ഇവിടെഎടുത്തുപറയാം. ഗവർമെന്റു സ്കൂൾക്കായി പുതുവഴികൾ പതിച്ചുകൊടുക്കുന്നകാര്യം തൃപ്തികരമായിരിക്കുന്നില്ല എന്നു ദിവാൻജിഅവർകൾ ഭരണനിർവ്വഹണറിപ്പോർട്ടിൽ പ്രസ്താവിക്കുന്നതായി നാം കാണുന്നുണ്ട്. ഇതുനന്നുകിൽ ഇതിനുസംബന്ധിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ വീഴ്ചയല്ലെന്നു ഗവർണ്മെന്റു തീരുമാനിക്കണം. അല്ലാത്തപക്ഷം പ്രസ്തുതഉദ്യോഗസ്ഥന്മാർ തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ കുറെക്കൂടെ ഭാഗ്യശൂന്യന്മാരായിത്തീരുന്നതിലേക്കു അവർക്കു ശിക്ഷനൽകണം. സർ. പി. രാജഗോപാലാചാരി അവർകളുടെകാലത്തു കർവെയ്ക്കും മലയാളം പൊൺപള്ളിക്കൂടത്തിൽ സകലജാതിക്കാർക്കും പ്രവേശനംനൽകണമെന്നുത്തരവുണ്ടായിട്ടുണ്ട്. അതുക്ഷേത്രത്തിനുചുറ്റുമുള്ള സമീപത്താരെന്നുള്ള തടസ്സങ്ങളും ചിലർ പുറപ്പെടുവിച്ചു. അപ്പോൾ സ്കൂളിനെ മറെറാരുസ്ഥലത്തേക്കു മാറുന്നതിനുത്തരവുണ്ടായി. • എന്നാൽ അങ്ങനെയുള്ളസ്ഥലം എടുക്കുന്നതിനുവേണ്ടി

ദംബതിക്കുകയും പ്ലാൻ തടങ്കൽ മുതലായവ തയ്യാറാക്കുകയുംചെയ്തു. അദ്ദേഹത്തിനുപിന്നീട് രണ്ടുമൂന്നുപ്രാവശ്യം വന്നുകയും പോകുകയുംചെയ്തു. എന്നിട്ടും അയാളിനിയും നടപ്പിൽവന്നിട്ടില്ല. ഇതിൽനിന്നും മനസ്സിലാകുന്നതെന്തെന്നാൽ അധികൃതവർഗ്ഗക്കാരുടെയോ വിദ്യാഭ്യാസത്തിൽ പിന്നാക്കംനിൽക്കുന്ന മറുജാതിക്കാരുടെയോ ഉൽകർഷത്തെ ഉദ്ദേശിച്ചു ഗവർണ്മെൻറു ഏതുനയംതന്നെ സ്വീകരിച്ചാലും അതിനെ ബാധിച്ചുപോലെ നിരോധിക്കുന്നതിനും തങ്ങളുടെഇഷ്ടംപോലെ എന്തുംചെയ്യുന്നതിനും കഴിയും എന്ന് ഉദ്യോഗസ്ഥന്മാർക്ക് നിശ്ചയമുണ്ട് എന്നാണ്. എന്നുമാത്രമല്ല ഗവർണ്മെൻറിന്റെ ഉത്തരവുകൾ മറുമുള്ളവരെ അയുനടപ്പിൽ വരുത്തിക്കുന്നതിനപ്രേരിപ്പിക്കത്തക്കവണ്ണം പരമാർത്ഥവിശ്വാസത്തിൻമേൽ ഉള്ളവയല്ലെന്നും അത്മമാകുന്നുണ്ട്. ഗവണ്മെൻറു ഇങ്ങനെയുള്ള ഒരുദ്യോഗാരോപണത്തിൽനിന്നും വിമുക്തരാകണമെങ്കിൽ അപ്രകാരം തങ്ങളുടെ ഉത്തരവുകളെനിഷേധിക്കുന്ന ഉദ്യോഗസ്ഥന്മാരെ വേണ്ടപോലെ ശിക്ഷിക്കണം. ഭരണകർത്താവിന്റെയോ പ്രധാനപ്പെട്ടരാമിന്റേതെയോ യാത്രയ്ക്കു വേണ്ടഒരുക്കങ്ങൾ ചെയ്യുന്നകാര്യത്തിൽ ഒരുദ്യോഗസ്ഥൻ അമാന്തമായോ തൃപ്തികരമല്ലാതെയോ പ്രവൃത്തിക്കുന്നതായാൽ തന്റെ ഉപേക്ഷയുടെ ഫലമായി അദ്ദേഹത്തിനെ ക്ലേശങ്ങൾ സങ്കടപ്പെടുത്തുന്നതിനുള്ള വസ്തുത മുകളിലായാവുന്നതാണ്.

സർക്കാർ സർവ്വീസിനെ സംബന്ധിച്ചുള്ള മറെറാരുസംഗതി ഉദ്യോഗക്കയറ്റങ്ങൾ കൊടുക്കുന്ന രീതിയാണ് ഇപ്പോൾനടപ്പിൽ ഇരിക്കുന്ന ഏർപ്പാടു അനുസരിച്ചു ഉദ്യോഗക്കയറ്റങ്ങൾ കൊടുക്കുന്നകാര്യത്തിൽ ക്ലേശങ്ങൾ സർവീസുമാത്രമേ കണക്കാക്കുന്നുള്ളൂ. തരംതാഴ്ത്തലിനോ സസ്പെൻഷനോ പാത്രമാകാതെ ഒഴിഞ്ഞുപോകുന്ന ഏതുഉദ്യോഗസ്ഥനും താൻതൊട്ടുമുമ്പ് അടുത്തുള്ളപോസ്റ്റിൽ പിരിയുന്നതിരിക്കുന്നകാലം ഏറെറവും ഉയർന്നസ്ഥാനത്തേക്കു അവശ്യം കിട്ടുമെന്നുറപ്പുള്ളതുപോലെ കയറ്റപ്പെടുകയില്ലെന്നു തോന്നുപ്പെട്ടിട്ടുമായശ്രമമില്ല. എന്നതന്നേയല്ല ഏതെങ്കിലും ഒരുദ്യോഗസ്ഥനെ എല്ലാം പ്രത്യേകയോഗ്യതകളും ഉണ്ടായിരുന്നാലും തൻമൂലം ഏതെങ്കിലും പ്രത്യേകവിധത്തിൽ കൂടുതൽപ്പുട്ടുമെന്ന് ആശിക്കാവുന്നതുമല്ല. ഇതു നമ്മുടെ സർക്കാർ ഉദ്യോഗങ്ങളിലെ ചിറവും സമർത്ഥന്മാരെ ലഭിക്കുന്നതിനു ഉപയോഗപ്പെടുന്നതല്ല. കുറെപ്പേരുടെയിടത്തിൽ എപ്പോഴെങ്കിലും ഗവണ്മെൻറു കാര്യക്ഷമതയുള്ള എന്തെങ്കിലും യോഗ്യതനിക്ഷേപിച്ചു ഉദ്യോഗസ്ഥന്മാർക്കു പ്രത്യേകം സാമർത്ഥ്യംകാണിച്ചു കയറാംകിട്ടുന്നതിലേക്കു ഒരുപക്ഷേ നിർബ്ബന്ധിക്കേണ്ടതു ആവശ്യമായിരിക്കുന്നു.

ഇതോടുകൂടിതന്നെ സർക്കാർസർവീസിലുള്ള സകലഗ്രേഡുകളിലും ആളുകളെ കഴിക്കുന്നതിനു ഇപ്പോഴുള്ള ഏർപ്പാടിൽ മറെറാരു കുറവുണ്ട്. ഇപ്പോൾ ഒരുകൈവെപ്പുക്കാരനു താൻ ഒരു ബി. എ. ക്കാരനോ അല്ല ഒരു എം. എ. ക്കാരനോ ഒരു ഒന്നാംക്ലാസിൽ പാസായ ആളോ അല്ല മൂന്നാംക്ലാസിൽ പാസായആളോ ആകട്ടെ, സർവീസിൽ കടക്കാൻ ഒരുമാർഗ്ഗം മാത്രമേയുള്ളൂ. അതായതു ഒ ൿ കയിലോ അതിനുകുറച്ചോ ശമ്പളത്തിൽ കയറുകയ്ക്കുന്നു. അതിനുശേഷം തൻറെശക്തികൊണ്ടും എല്ലാം ചെയ്തുകൊണ്ടുമായി പ്രാപിച്ചിരിക്കുന്ന ഒരുകാലത്തു തന്നിക്കു ആത്മരോക്ഷകരമായ കഠിനജോലികളിൽ ഏർപ്പെട്ട സർവീസിലുള്ള സകലഗ്രേഡുകളേയും തരണംചെയ്യേണ്ടതായിവരുന്നു. തന്നിക്കു ൪൦ വയസ്സോ അതിലധികമോ ആകുന്നതുവരെവസരത്തിൽ മാത്രമേ തൻറെ ശക്തികളേയോ അധികാരങ്ങളേയോ പ്രയോഗിപ്പാൻ തരംലഭിക്കയുള്ളൂ. വാസ്തവത്തിൽ ചുരുക്കംചിലരുള്ള ഒരുസ്ഥാനവും അപ്പോഴെ ലഭിക്കയുള്ളൂ, എന്നാൽ ആപ്പീസിലുള്ള സാധാരണജോലികളെ നിർവഹിക്കുന്നതിനല്ലാതെ ധാരാളംഉപയോഗപ്രദമായ ശേഖരികാം ചെയ്യുന്നതിനു വേണ്ട മനശക്തിയോ ദേഹശക്തിയോ ഉപയോഗിച്ചു മാത്രമേ അയാളിൽ ശേഷിക്കയുള്ളൂ. പ്രത്യേകിച്ചും അടുത്തുള്ളൻപോസ്റ്റാണുള്ളതുകിലും ലക്ഷ്യംവച്ചിരിക്കുന്ന എന്നതുമുള്ളതും അപ്രകാരമേവരാൻതരമുള്ളൂ. ഇങ്ങനെ നമ്മുടെ എസ്റ്റാബ്ലിഷ്മെൻറു ഉദ്യോഗസ്ഥന്മാർ ഒരുമനസ്സുറപ്പോടെ ഇൻഡ്യയ്ക്കോ അവരുടെസ്ഥാനത്തെ വഹിക്കുന്നവരോടും ചോദിയോ സാമർത്ഥ്യമോ ഉള്ളവരല്ലഎന്നാണ് കാണുന്നതു. ഇതിന് ഒരുപരിഹാരം കണ്ടുപിടിക്കണമെന്നു ഞങ്ങൾ പലപ്പോഴും നിർബന്ധിച്ചിട്ടുണ്ട് ഒരുപ്രത്യേകഗ്രേഡിൽഉള്ള ഉദ്യോഗസ്ഥന്മാർ കൂടുതൽ ഓ കയറു രൂപ ശമ്പളം ലഭിക്കുന്നവരാണെന്നിരിക്കട്ടെ. അവരെനിയമിക്കുന്നകാര്യത്തിൽ വേണമെന്നുള്ളപക്ഷം വലിയചിലവുകൂടാതെ മറെറല്ലാഡിപ്പാർട്ടുമെൻറുകളിലും ഒരുപരിക്ഷനടത്താം. അങ്ങനെചെയ്യുന്നതായാൽ അവരുടെ മാനസികവും കായികവും ആയശക്തികൾപരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന സമയത്തുതന്നെ അവരെ ഉയർന്ന സ്ഥാനങ്ങളിൽ നിയമിക്കുവാനുള്ളതാകുന്നു.

ഉയർന്നഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുന്നതിനെപ്പറ്റി വീണ്ടും വീണ്ടും വിമർശനങ്ങൾ ചെയ്തുകയുണ്ടായി അതുപ്രായോഗ്യമായ ഒരുണ്ടതല്ലാ അല്ലെന്നു ഞാൻ ശങ്കിയ്ക്കുന്നു. നമുക്കയഥാർത്ഥത്തിൽ ചെയ്യാൻകഴിയുന്നതു മേൽപറഞ്ഞകുറവുകളെ ദൂരീകരിച്ചു പൊതുജനങ്ങളുടെ അവരുടെ ഉദ്യോഗസ്ഥന്മാരിൽനിന്നും അവർക്കുവേണ്ടിചെയ്യുന്നതായ ചെലവിനുതക്ക പ്രതിഫലംകിട്ടുന്നതിനു പ്രാപ്തരാക്കുകയും പ്രസ്തുതഉദ്യോഗസ്ഥന്മാർ ഉപേക്ഷയാലോ വഞ്ചനയാലോ നികുതികൊടുക്കുന്നവർക്കു ദ്രവ്യനഷ്ടം വരുത്തുന്നതിനു കാരണഭൂതന്മാർ ആയിതിരാതിരിപ്പാൻ ശ്രമിക്കുകയും ആകുന്നു.

മറുപുറമിരുമ്പുണ്ടിന്റെ ആരംഭഘട്ടത്തിൽ ഭരണാധികാരിമാറിപ്പോയ്കൊണ്ടിരുന്നുവെങ്കിലും സർക്കാർനയങ്ങളെ പഴയപോലെ തുടരേണ്ടതു അത്യാവശ്യമാണെന്ന് പ്രത്യേകം പ്രസ്താവിയ്ക്കുന്നതിനു ആരംഭത്തെന്നെ പ്രേരിതരാവുന്നതാണ്. കഴിഞ്ഞകാലങ്ങളിൽ അപ്രകാരംഉള്ളതായ സ്ഥിരതഇല്ലായിരുന്നു എന്നു നമുക്കു അനുഭവമാണ് തൻനിമിത്തം പൊതുജനങ്ങളുടെയും വളരെ സമയവും ചിലവുചെയ്തു ആരംഭിച്ചിട്ടുള്ള പദ്ധതികൾ അതിൽനിന്നും ഉദ്ദേശിയ്ക്കപ്പെട്ടിട്ടുള്ളതുപോലെ ഉള്ളവാകുന്നതിനു മുൻപു നിറുത്തിവയ്ക്കുകയോ നേരെനടത്താതിരിയ്ക്കുകയോ ചെയ്യുന്നു. സ്റ്റേറ്റ്എയ്ഡ്ഡ്ബാങ്കിനു ഗവണ്മെൻറിൽനിന്നും ന്യായമായി ലഭിയ്ക്കുവാനുണ്ടായിരുന്ന ഏതാണ്ടു ലക്ഷത്തിലധികം രൂപയെ ഏറെയ്ക്കുറെ ശമിപ്പിക്കാനും നാട്ടിൽ വിളവുകൾ വർദ്ധിപ്പിയ്ക്കുന്നതിനുംആയി ഉദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള മറെറാരുപദ്ധതിക്കുമിതുണ്ടു. ഞാൻ കാർഷികാഭിനിവേശപദ്ധതിയെയെയാണ് ഉദ്ദേശിയ്ക്കുന്നതു. ഈ പദ്ധതിയെ ഗവണ്മെൻറുതാല്പര്യത്തോടുകൂടി നടപ്പിൽ വരുത്തുമെന്നും അതിനെ വിജയീവേപ്പിയ്ക്കുന്നതിനു ജനങ്ങളെ പ്രോത്സാഹിപ്പിയ്ക്കുവാൻ വേണ്ടപ്രയത്നിയ്ക്കുമെന്നും വിശ്വസിയ്ക്കുന്നു. കുറയ്ക്കുവാനുള്ള ഇനത്തിലുള്ള ചെലവുകളെനോക്കുന്നതായാൽ അടുത്തുള്ളൻപകയിൽവർദ്ധിക്കുവരുന്ന ചെലവിനെപ്പറ്റി ഒന്നുരണ്ടുവാക്കുകൾ പറയുന്നതിനു ഞാൻ ആഗ്രഹിയ്ക്കുന്നു. സകലഉദ്യോഗസ്ഥന്മാരേയും ഭേദമെന്യേ അൻപത്തഞ്ചുവയസ്സിൽ തിരുവിതാംകൂർസർ

ല്ലാത്ത ചിലരെ അതിനുമുൻപും അടുത്തുണ്ടാകാറുണ്ടു പിരിച്ചയയ്ക്കുണ്ടെന്ന് ഈ സഭയുടെ ഈ ഭാഗത്തുള്ളവർ വാദിച്ചിട്ടുണ്ട്. പൊതുവ്യയം കുറയ്ക്കുന്നതിനു യത്നിയ്ക്കുണ്ടെവരായ ജനപ്രതിനിധികളുടെ ഒരു സംഘത്തിന്റെ സാധാരണ ഒരുനയം അല്ലെയിത് എന്നുള്ളതു വ്യക്തമാണ്. ഇപ്രകാരം ഒരുനയത്തെ സ്വീകരിയ്ക്കുന്നതിനു ഗവണ്മെന്റിനെ പ്രേരിപ്പിച്ചവരോടു ഞാൻ പൂർണ്ണമായിസഹതപിച്ചുകൊള്ളുന്നു. തിരുവിതാംകൂർകാരല്ലാത്തവരോ പ്രത്യേകം ഒരുജാതിയിൽപെട്ടതോ ആയ വളരെപേർ സർക്കാർ സർവ്വീസിൽ പ്രവേശിച്ചിരിയ്ക്കുന്നതുകൊണ്ടും ഉദ്യോഗകാലാവധിനീട്ടികൊടുക്കുമ്പോൾ അയ്യായിരത്തിൽ യോഗ്യതയുടെയും രാജ്യത്തിന്റെ നന്മയുടെയും കണക്കാക്കാതെ പ്രത്യേകവാത്സല്യം മാത്രംകരുതിയിയാണ് ചെയ്തിട്ടുള്ളതു എന്നുകൊണ്ടും ഉണ്ടായിട്ടുള്ള അതൃപ്തിയുടെ ഫലമായിട്ടാണ് ഈ നയം നടപ്പിൽവന്നിട്ടുള്ളതു് എന്ന് എനിയ്ക്കറിയാം. അതുകൊണ്ടു ഉദ്യോഗിക പ്രാപ്തിയുടെ കുറവുവരാത്തവിധത്തിൽ മാത്രമേ ഉദ്യോഗകാലാവധിനീട്ടികൊടുക്കുകയുള്ളുഎന്ന് ആരെങ്കിലും ജാമ്യം എടുക്കുന്നപക്ഷം അപ്രകാരം നീട്ടികൊടുക്കുന്നതിനെ ഞാൻ അനുകൂലിയ്ക്കുന്നതാകുന്നു. അതു അടുത്തഅളിന്റെ ഉദ്യോഗകയറ്റത്തെ തടയുമായിരിയ്ക്കാം, എന്നാൽ സർക്കാർ സർവീസ് ഒരു ഉദ്യോഗസ്ഥനെ ഉദ്ദേശിച്ചുള്ളതല്ല. ഉദ്യോഗസ്ഥൻ സർക്കാർ സർവീസിന്റെ ആവശ്യാർത്ഥം നിയമിയ്ക്കപെട്ടിട്ടുള്ളതാണ്. നിശ്ചിതകൊടുക്കുന്ന ജനങ്ങളുടെനേർക്കു ന്യായംനടത്തുന്നതായാൽ ഒരുപ്രത്യേകഉദ്യോഗസ്ഥന്റെ ആളായത്തെഅപേക്ഷിക്കുവാനായി ന്റെ ആളായത്തെയാണ് നാംകരുതേണ്ടതു്.

എന്നാൽ പ്രത്യേകതരത്തിലുള്ള ഒരു ക്ലാസ്സ് ഉദ്യോഗസ്ഥന്മാരുണ്ട്. ഞാൻ ഹൈക്കോടതി ജഡ്ജിമാരെ പറ്റിയാണു പറയുന്നതു്. ഈ ഗവണ്മെൻറിൽ ഹൈക്കോടതി ജഡ്ജിമാരെ ഒരിക്കൽ നിയമിച്ചാൽ പിന്നീട് പാർലമെൻറിലെ ശ്രീപദ്മനാഭപ്രായത്തോടുകൂടിയല്ലാതെ അവരെ പിരിച്ചയക്കുവാൻ പാടില്ല എന്നു നമുക്ക് അറിയാമല്ലൊ. ഹൈക്കോടതി ജഡ്ജിമാർ പ്രത്യേകംവിധത്തിൽ കരുതപ്പെട്ടുന്നതിനു ഒരിയ്ക്കലും ഗവണ്മെൻറിനെ ആശ്രയിക്കുവാൻ പാടുള്ളതല്ല എന്നായിരിക്കണം മദ്ദേടെ നിശ്ചയം. മദ്രാസിൽ ഹൈക്കോടതി ജഡ്ജിമാർ നാം വയസ്സു തികയുന്നതു വരെ ഉദ്യോഗത്തിൽ ഇരിക്കുന്നു. ഒരാൾക്കു അറുപതുവയസ്സുകഴിഞ്ഞാലും ജോലിചെയ്യുന്നതിനു ശേഷിയുണ്ടായിരുന്നാൽ തന്നെയും താൻ തന്റെ ചുമതലകളെ സ്വമനസ്സാലെ താഴ്ത്തുവയ്ക്കുമെന്നുള്ള ധാരണയിന്മേലാണു ഇപ്രകാരം വച്ചിരിക്കുന്നതു് എന്നു തോന്നുന്നു. അതുകൊണ്ടു അവിടേയും ജഡ്ജിമാർ ഉദ്യോഗകാലാവധി നീട്ടികിട്ടുന്നതിന് ഗവണ്മെൻറിനെ ആശ്രയിക്കുമെന്നു ശങ്കിച്ചിട്ടാവശ്യമില്ല. നമ്മുടെ ഹൈക്കോടതിയിൽ ചിലക്കുമാത്രം ഉദ്യോഗകാലാവധി നീട്ടികൊടുത്തിട്ടുണ്ടെന്നുണ്ട്. ചിലർ അതിനപേക്ഷിയ്ക്കുകയും മറ്റുചിലർ അവശ്യപ്പെടുന്നപക്ഷം ഉദ്യോഗകാലാവധി നീട്ടികൊടുത്തേയ്ക്കാം എന്നുവരികിലും അപേക്ഷിക്കാതിരിക്കുകയും ചെയ്തുണ്ട്. രാജ്യത്തിലെ ഏറ്റവും ഉയർന്ന നീതിന്യായ കോടതിയുടെ സ്വാതന്ത്ര്യത്തേയും ശ്രേഷ്ഠതയേയും സംരക്ഷിക്കുന്നതിനായി മദ്രാസ് ഹൈക്കോടതിയിലെ ചട്ടം മാറ്റപ്പെടേണ്ടതു അത്യാവശ്യമാണെന്ന് നാം കരുതേണ്ടതാകുന്നു. മേൽപറഞ്ഞസംഗതി കണക്കാക്കാതെതന്നെ ഹൈക്കോടതിയിൽ, ഇപ്പോൾ പെൻഷൻ പറ്റിവരുന്നവരായി ആരോ ഏഴോ ജഡ്ജിമാർ ഉണ്ട്. എന്നാൽ നാലു (൪) സ്ഥിരം ജഡ്ജിമാരും രണ്ടു (൨) ടെമ്പററി ജഡ്ജിമാരും മാത്രമേ യഥാർത്ഥത്തിൽ ജോലിയിൽ ഇരിപ്പുള്ളൂ. ധനകാര്യത്തത്വമനുസരിച്ചു ഇതു് ഒരു ആശാസ്യമായ അവസ്ഥയല്ല. അതുകൊണ്ടു ഹൈക്കോടതി ജഡ്ജിമാരെ സംബന്ധിച്ചിടത്തോളമെങ്കിലും അടുത്തുൺപറയുന്ന പ്രാപ്തിക്കുട്ടിവയ്ക്കുന്നതിനെപ്പറ്റി ഗവണ്മെൻറ് ധർമ്മമായി അനുചോചിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ഈ സംസ്ഥാനത്തുള്ള പ്രധാനപ്പെട്ട ധനപതിപോഷണ വകുപ്പുകളേപ്പറ്റി ഞാൻ മുമ്പുംചിലതുപറയാം. കൃഷിഡിപ്പാർട്ടുമെൻറിനെപ്പറ്റി പറയുന്നതായാൽ മറ്റുകാ കൃഷിഫാമുകളുടെ പ്രയോജനമില്ലാത്തവയാണെന്നു ഞാൻ മുമ്പേക്കാണിക്കാം അവയുടെഎണ്ണം കഴിയുന്നിടത്തോളം കുറയ്ക്കുകയേതാകുന്നു. ഈ കൃഷിത്തോട്ടങ്ങളിൽ നടത്തിവരുന്ന പരീക്ഷണങ്ങളുടെ ഫലങ്ങളും പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. ഈ പ്രസിദ്ധീകരണങ്ങളെ മുമ്പേ കർഷകന്മാരിൽ ധാരാളംപേർ വായിക്കുന്നുണ്ടെങ്കിലും, അവക്കു മുക്കാൽ ചിലപ്പോൾ മാത്രമേ ഈ പരീക്ഷണങ്ങളിൽ വിശ്വാസം ജനിക്കുന്നുള്ളു എന്നാണ് കാണുന്നതു്. എന്നാൽ നേരെമറിച്ചു കുറേകൂടി പ്രയോജനമായിട്ടുള്ളതെന്തെന്നാൽ താല്പര്യമുള്ളവക്കു ചെയ്യുന്നതെന്തെന്നും അതിന്റെ ഫലമെന്തെന്നും കണ്ടുമനസ്സിലാക്കുന്നതിനു സൌകര്യമുള്ളവിധം അതാതുസ്ഥലങ്ങളിൽ പ്രചാരത്തിലിരിക്കുന്ന വിളവുകൾ അനുസരിച്ചു പല സ്ഥലങ്ങളിൽ വച്ചു പലതരം പരീക്ഷണങ്ങളും നടത്തുകയാകുന്നു. ഇങ്ങനെ ചെയ്യുന്നതായാൽ നൂതനരീതി അനുസരിച്ചു വിതയ്ക്കുക നടുക വളമിടുക, മുതലായവചെയ്യാൻ ഉള്ള ഉണങ്ങളെപ്പറ്റി അവക്ക് എളുപ്പം വിശ്വാസംതോന്നുന്നതാണ്. ഗ്രാമങ്ങളിൽ ഇത്തരംപരീക്ഷണങ്ങളും നടത്തിട്ടുള്ളതായി എനിയ്ക്കറിയാം. മേലിൽ ഇത്തരം ജോലികൾക്കു കൂടുതൽപണം ചെലവുചെയ്യാമെന്നു മാത്രമേ ഞാൻ വാദിക്കുന്നുള്ളു. കർഷകന്മാർ വസ്തുവത്തിൽ കൂടിപാർക്കുന്ന നാട്ടുംപ്രദേശങ്ങളിൽ വച്ചു പ്രസംഗങ്ങളും ചെയ്യുകയും സകേരം കൂടുകയും ചെയ്തു പ്രസിദ്ധീകരണത്തിൽ കൂടുതൽ ശ്രമിക്കുന്നതുപോലെ ഈ ഡിപ്പാർട്ടുമെൻറിന്റെ ഉപയോഗങ്ങളെ വർദ്ധിപ്പിക്കുവാനുതന്നെയുള്ളു എനിക്കു തോന്നുന്നു. പ്രായോഗത നടത്തുന്ന രീതിയിൽ തല്സ്ഥാനത്തുവച്ചു ചെയ്യുന്ന പ്രസംഗങ്ങളും പ്രയോജനകരമായിരുന്നാലും അതുകൊണ്ടു നമ്മുടെ സകല ആവശ്യങ്ങളും നിറവേറാൻ സാധിക്കയില്ല. ഈ പ്രസ്താവന വ്യവസായ ഡിപ്പാർട്ടുമെൻറിനായും പരസ്പരസഹായ ഡിപ്പാർട്ടുമെൻറിനേയും സംബന്ധിക്കുന്നതാണു. ഞാൻ സകേരം എന്നപറഞ്ഞതു ശാസ്ത്രാനുസാരമായ അറിവാനുമില്ലെങ്കിലും പഴക്കവും തഴക്കവും ഉള്ളവരായ കർഷകന്മാരുമായി ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ആലോചിക്കുവാൻ സന്നദ്ധരായിരിക്കേണ്ടതാകുന്നു എന്നതുകൊണ്ടാണ്. അവർ കർഷകന്മാരിൽ നിന്നും ഒരുപാടുന്നു പഠിയ്ക്കുന്നതിനും വേണ്ടിടത്തു ശാസ്ത്രീയതത്വങ്ങളെ അതനുസരിച്ചു ഭേദഗതിചെയ്യുന്നതിനും തയ്യാറായിരിക്കേണ്ടതാകുന്നു.

വ്യവസായഡിപ്പാർട്ടുമെൻറിലേക്കു പ്രവേശിക്കുന്നതായാൽ വ്യവസായസംബന്ധമായകടങ്ങൾ ലഭിക്കുന്നതിനുവേ അപേക്ഷകൾ ഉണ്ടായിരുന്നതിൽ രണ്ടുണ്ണത്തിനുമാത്രമേ അനുവാദം സിദ്ധിച്ചിട്ടുള്ളു എന്നും, ൻ രണ്ടുവർഷവിദ്യാഭ്യാസത്തിനുള്ളതിൽ ഉദ്ദേശം ൪ ൦ എണ്ണം സഹായധനം ലഭിച്ചുവരുന്നതാണെന്നും കണ്ടതായ ഇക്കാരംതന്നെ ഉളവാക്കുന്നതാകുന്നു. ഈ നൂതനസഹായധന പദ്ധതിയുടെ നടത്തിപ്പിനിൻ൦ ആദിമഘട്ടങ്ങളിൽ അതുപോലെ വിദ്യാഭ്യാസങ്ങളുടെ സംഖ്യ വർദ്ധിച്ചുവരുന്നതാണെങ്കിലും, തൽസംബന്ധമായ ചട്ടങ്ങളുടെ കാഠിന്യം കുറയ്ക്കേണ്ടതാകുന്നു. സഹായധനം ലഭിച്ചുവരുന്ന സാധാരണ പാഠശാലകളുടെ ആദ്യചരിത്രത്തിൽ നിന്നും ഇതു

തെളിവാകുന്നതാണ്. എന്നാൽ പൊതുജനത്തിന്റെ പ്രയോജനരഹിതമായ വിദ്യാലയങ്ങളുടെ ആധിക്യത്തെ വൃഥാചെലവുചെയ്യുന്നതെന്നല്ല ഞാൻപറയുന്നത്. പരസ്പരസഹായഡിപ്പാർട്ടുമെൻറിനെക്കുറിച്ചാലോചിക്കുന്നതായാൽ, കടംകൊടുക്കുന്നതിനായി മാത്രം പുറപ്പെടുത്തിയിട്ടുള്ള സംഖ്യകളും, ൻപ൦ കടങ്ങൾകൊടുക്കുന്നതിനും വിപ്ലവകരം ആയതും, വിപ്ലവകരമായതുമായ ഉള്ളവ കൻ—ം ആണെങ്കിലും എന്നുകാണാം. പരസ്പരസഹായസംഘങ്ങൾ കടംവാങ്ങുന്ന ശീലത്തെ സുകരമാക്കുന്നതിനൊ, കടംവാങ്ങാനുള്ള ആവശ്യങ്ങളുടെ നിറവേറുന്നതിനൊ, മാത്രം വളരെക്കാലം തുടരുന്നതായാൽ അവയുടെ അവയുടെ നിലനില്പിനെ തിരികരിക്കുവാൻ പ്രയാസമായിരിക്കും. വിപ്ലവകരമായുള്ള സംഘങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനു രജിസ്ട്രാർ വേണ്ടത്ര പ്രോത്സാഹിക്കുന്നതായി വിശ്വസിക്കുന്നു.

ധനപരിപോഷണത്തെപ്പറ്റിയെപ്പറ്റി ഒരു വാക്കുപറയേണ്ടതു ആവശ്യമാണ്. ഈ സംഘത്തിന്റെ നാമധേയത്തിൽനിന്നും, അവർ തുടങ്ങിവച്ചു വരുന്നകാര്യങ്ങളിൽനിന്നും, ഈ സ്ഥാപനത്തിനു വളരെ ഒരുപോലെ കുടിയും കഴിയുമെന്നു തെളിവാകുന്നുണ്ട്. ഈ സംഘം കഴിഞ്ഞതവണത്തിൽ, രാജ്യത്തിന്റെ അഭിവൃദ്ധിയെ ഉള്ളതിച്ചു യഥാർത്ഥത്തിൽ ചെയ്തിട്ടുള്ള ഉപകാരങ്ങളുടെയും അവയിൽ എത്രപിണ്ണം ഗവണ്മെന്റു നിരംഗീകരിച്ചു, നടപ്പിൽ വരുത്തിട്ടുണ്ടെന്നും ഉള്ള കാര്യം അടങ്ങിയ യാതൊരു പ്രസ്താവനയും ഞങ്ങൾപ്പോർട്ടിലെ കാണുന്നില്ല. ഇപ്രകാരമുള്ള ഒരു പ്രസ്ഥാപനകൊണ്ടു മാത്രമേ, ഇങ്ങനെയുള്ള ഒരു സംഘത്തിന്റെ പ്രയോജനവും തെറ്റെന്നിപ്പോർട്ടിലെ കാണുന്നില്ല. ഞങ്ങൾക്കു മനസ്സിലാക്കുവാൻ സാധിക്കാത്തുള്ള കുന്നുള്ളതു വ്യക്തമാണ്.

പൊതുവേകമരാമത്തു ഡിപ്പാർട്ടുമെൻറിനെപ്പറ്റി പറയുന്നതായാൽ, മലമ്പ്രദേശത്തിലും മറ്റുമുള്ള വിനാംകുറിലും ക്ലേശകരമായ റോഡുകളും പാലങ്ങളും ഉണ്ടാക്കുന്നതിനുള്ള ആവശ്യകത്തെ ഞാൻ കുറച്ചുകാണുന്നതായിരിക്കും. ഇങ്ങനെയുള്ള പണികൾക്കു, ഒരു പ്രദേശങ്ങൾക്കുള്ള അവകാശങ്ങളും, ഗവണ്മെന്റു മുൻകാലങ്ങളിലും വിധത്തിൽ കൊടുത്തിയിട്ടു ഇപ്പോൾ വ്യത്യാസം രണ്ടു ദശാബ്ദങ്ങൾ കഴിഞ്ഞിരിക്കുന്ന മുൻകാലങ്ങളിൽ പ്രത്യേകശ്രദ്ധ ലഭിച്ചിരുന്ന തെക്കൻപ്രദേശങ്ങളിലെ പണിചെയ്യുക്കാൾ ഈ പ്രദേശങ്ങളിൽ കൂടുതൽശ്രദ്ധ പതിപ്പിക്കുന്നതിനു, വളരെക്കാലമുണ്ടായിരുന്ന ഈ ഉപേക്ഷ ആവശ്യമാക്കുന്നു. റോഡുചാർ സംഘടിപ്പിനിലക്കുന്നതിനു അന്യാവശ്യകതകാണോ, അവയെ ഗവണ്മെൻറിൽനിന്നും ഉണ്ടാക്കിച്ചു കിട്ടുന്നതിനുള്ള താമസം മേഘ്രയാണോ, സ്ഥലം വിലകൂടുകൊടുത്തു ആ പ്രദേശങ്ങളിൽ തന്നെത്താൻ റോഡുകൾ വെട്ടിക്കുന്നതിനു ജനങ്ങൾ പ്രേരിതരായിട്ടുണ്ടു എന്നുള്ളതു പ്രസ്താവയോഗ്യമാണ്. പ്രസ്തുത റോഡുകളുടെ അനിന്നശേഷം ഡിപ്പാർട്ടുമെൻറിൽനിന്നും പൂർത്തിയാക്കുകയും സംരക്ഷണാർത്ഥം കയ്യേറ്റുകയും ചെയ്തിട്ടുണ്ട്. ചിലതൻപ്രദേശങ്ങളിൽ ഇപ്രകാരം ഒന്നും ഒരിക്കലും ചെയ്തിട്ടില്ല. ഈ റോഡുകളുടെ കുടിയാനവന്മാരുടെ റോഡുകൾ എന്നു വിളിച്ചുവരുന്നു. ഇപ്രകാരമുള്ള റോഡുകളുടെ വെട്ടിയുണ്ടാക്കുന്നതിനുള്ള ചട്ടങ്ങൾ, രാജ്യത്തിന്റെ അയൽസ്ഥക്കനുസരിച്ചു ഭേദപ്പെടുത്തുകയും, ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ഇപ്രകാരമുള്ള റോഡുകൾ വെട്ടിക്കുന്നതിനു ജനങ്ങളെ യഥാർത്ഥത്തിൽ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതായാൽ അതു രാജ്യത്തിലെ വലയ പ്രദേശങ്ങളുടെ ഉപയോഗപ്രദമാക്കുന്നതിനും ജനങ്ങളുടെ ധനസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഉള്ള ഒരു മാർഗ്ഗമായിരിക്കുമെന്നു തീർച്ചതന്നെ. മുഴുവൻശ്രമവിയും തങ്ങൾതന്നെ ചെയ്തിപ്പിക്കുന്നതിനെക്കാൾ വളരെ ആലോചനകരമായ നിലയിൽ റോഡുകൾ തുറക്കുന്നതിന്, ഈ ഏർപ്പാടുമുഖം ഗവണ്മെൻറിനു സാധിക്കുന്നു. അതുകൊണ്ടു ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും ഇതിനു വേണ്ടപോലെ പ്രോത്സാഹിപ്പിക്കുമെന്നു വിശ്വസിക്കുന്നു

മെഡിക്കൽ, സാനിട്ടറി ഈ വകുപ്പുകളെ നോക്കുന്നതായാൽ, ആയുർവേദ വകുപ്പിലേക്കു ക്ലേശകരമായ ഒരു വ്യത്യാസം ഉണ്ടാകുമെന്നു ഞാൻ അപേക്ഷിക്കുന്നതായിരിക്കും. ഈ ചികിത്സാ സമ്പ്രദായത്തിനു ഇപ്പോൾതന്നെ ചെലവാക്കുന്നതുകയുടെ വർദ്ധനം യോഗ്യതയുണ്ടെന്നു ഗവണ്മെൻറു കണ്ടുപിടിക്കുകയാണു വേണ്ടതു. പാശ്ചാത്യചികിത്സാസമ്പ്രദായവും, പൌരസ്ത്യചികിത്സാസമ്പ്രദായവുംകൂടി, ജനങ്ങൾക്കു ഏറ്റവും നേരിടാവുന്ന വിധം സംഘടിപ്പിക്കുന്നതിനു ഏതെങ്കിലും ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതായിവരും

കൂടുതലായി എന്തെങ്കിലും പറയുന്നതിനുമുമ്പു്, മണിമയറർക്കിൽ ഉള്ള വള്ളംകളിയും പൊതുജനത്തിന്റെ പണിയുടെങ്ങുന്നതിന്റെ ആവശ്യകതയെപ്പറ്റി എനിക്കു ചിലതുപറയാനുണ്ടു്. മുമ്പിലത്തെ ദിവാൻജിമാർക്കും ഈ പാലം പണികഴിപ്പിക്കേണ്ട ആവശ്യകതയെപ്പറ്റി ബോധ്യംവരുകയും, പ്ലാൻവ്വ് അതു് അനുവദിക്കുകയും ചെയ്തു. എന്നാൽ അതിനുശേഷം, വടക്കൻതിരുവിതാംകൂറിൽ റയിൽപാത തുറക്കുന്ന കാര്യത്തെപ്പറ്റി തീർച്ചചെയ്യുന്നതുവരെ, ഈ യിത്തിവയ്ക്കുണ്ടാമെന്ന ഒരുതരത്തിലുള്ള തന്ത്രചിതം ഉണ്ടായിട്ടുള്ളതും, ഇനി ഉണ്ടാകുകയുമായ ആയ ഗൌരവതാമസം, അവിടത്തെ ജനങ്ങൾക്കു അസഹനീയമായിട്ടുള്ളതാണെന്നു് ഞാൻ വിനയപൂർവ്വം ബോധിപ്പിച്ചുകൊള്ളുന്നു. അപ്രകാരം അതിനെമാറ്റി വയ്ക്കുന്നതിനുള്ള കാരണത്തെ പൊതുജനങ്ങൾക്കു മനസ്സിലാകുന്നില്ല. ഈ ജില്ലക്കു, കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ ഒരനുവദിച്ചിട്ടുള്ളതുകയായി, ഞങ്ങൾ കൃതജ്ഞതയുള്ളവരായിരിക്കും. എന്നാൽ മേൽപറഞ്ഞ ഉത്തരവിനെ പുനരാലോചിച്ചു റദ്ദുചെയ്യാത്തപക്ഷം, ഈ തുക അടുത്ത കൊല്ലമാകുന്നാൾ ഉപയോഗിക്കാതിരുന്നു പോവുകയേയുള്ളു. അതുകൊണ്ടു, ഇതിനെസംബന്ധിക്കുന്ന ജനങ്ങളോടും, ചീഫ്എൻജിനീയർ, റയിൽവെ എൻജിനീയർ മുഖേനയോടും ക്ഷിപ്രമാലോചിച്ചു്, ഇതിനെ റദ്ദുചെയ്യുന്നതിനു ഗവണ്മെൻറിനു മതിയുണ്ടാകുന്നതാണെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇങ്ങിനെ ചെയ്യുന്നതായാൽ, റയിൽവെ സർവ്വെ എൻജിനീയരുടെ റിപ്പോർട്ടിനെ കണക്കാക്കാതെ അടുത്ത ആണ്ടിൽ കഴിയുന്നത്ര വേഗം ഈ ജോലി ആരംഭിക്കാവുന്നതാകുന്നു.

എനിക്കു ഇനി എത്ര മിനിട്ടുകൂടി സംസാരിക്കാം എന്നു പറയുമോ?

അദ്ധ്യക്ഷൻ: രണ്ടുമിനിട്ടുകൂടി.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ടസഭ്യംഗം): എനിക്കു വിദ്യാഭ്യാസത്തെക്കുറിച്ചു ചിലതു പറയാനുണ്ടു്. അതു ഇനി ഒരു ഘട്ടത്തിൽ ആയിക്കൊള്ളാമെന്നു വിചാരിക്കുന്നു.

മി. എൽ. വി. ജോസഫ് (പറവൂർ), സർ ഇന്നു് അന്യോദ്യോഗസ്ഥന്മാർക്കു സംസാരിക്കുന്നതിനു് എത്രസമയം ക്ലിപ്തപ്പെടുത്തിട്ടുണ്ടെന്നു സഭയം പറയുമോ?

അദ്ധ്യക്ഷൻ: അനാല്യോഗ്യരായ സാമാജികന്മാർ, ഉദ്യോഗസ്ഥസാമാജികന്മാരെ ആകെ രണ്ടുമണിക്കൂർ നേരം സംസാരിക്കുന്നതിനനുവദിക്കുമോ എന്നറിഞ്ഞാൽകൊള്ളാം. അനായത്ത നാലര മണിമുതൽ അങ്ങനെ ചെയ്താൽ കൊള്ളാമെന്നു തോന്നുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): അദ്ധ്യക്ഷന്റെ ശ്രദ്ധാവിഷയമാക്കിക്കൊള്ളുന്നതിനു ഞാൻ ആഗ്രഹിക്കുന്ന മറൊരുസംഗതി ഇരിപ്പിടങ്ങളാണ്. മുമ്പിലിരിക്കുന്നവർ കുറെക്കൂടി നല്ലസ്ഥാനങ്ങളിൽ ആണ് എന്നതല്ലായല്ല അദ്ധ്യക്ഷനഭിമുഖമായിരിക്കുന്നതിന് അവക്ക് കഴിയും. എന്നാൽ ഈ ഭാഗത്തിരിക്കുന്ന ഞങ്ങൾക്ക അതു സാധിക്കുകയില്ല.

അദ്ധ്യക്ഷൻ: കഴിഞ്ഞ സന്ദർഭത്തിൽ മി. നാരായണപിള്ള രണ്ടുമിനിട്ട താമസിച്ചുപോയി. അതുകൊണ്ട ഞാൻ ഇപ്പോൾ അദ്ദേഹത്തിനു കൂടുതൽ അവകാശം നൽകിയിരിക്കുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സർ ഫിനാൻഷ്യൽ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റിൽനിന്നും നമ്മുടെ കോശസ്ഥിതി ആശാസ്യമായിരിക്കുന്നു എന്നും, അടുത്തആണ്ടിൽ സകലചിലവുകളും കഴിച്ച് ന, ഉ൯, ൦ ൦ ൦ രൂപാ മിച്ചമിരിപ്പുണ്ടാകുമെന്നു മനസ്സിലാകുന്നതു സന്തോഷാവഹവും, ആശ്വാസപ്രദവും തന്നെ. എന്നാൽ പ്രസ്തുതബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള ധനാഗമമാർഗ്ഗങ്ങളെ സംബന്ധിച്ചു അമാന്തമായി ആലോചിക്കുമ്പോൾ നമുക്കാശ്വസിക്കുവാനുള്ള സന്തോഷം കുറെ അസ്ഥാനത്തിലായിപ്പോയെന്നു പറയാതിരിക്കാൻ നിവൃത്തിക്കാണുന്നില്ല. അടുത്തവർഷത്തേക്കു കണക്കാക്കിയിരിക്കുന്ന മൊത്തമായ വരവു് ൨, ൦ ന,൭൨,൦ ൦ ൦ രൂപായാകുന്നു. അതിൽ ൭൭,൯൨,൭൦൦ രൂപാ അഥവാ ൨൯൯ ൪ ശതമാനം സിദ്ധിക്കേണ്ടതു എക്സൈസ് വകുപ്പിൽനിന്നുമാണ്. എക്സൈസ് വിഭാഗത്തിൽ, കലാൽ, ചുങ്കം, ഉപ്പു് ഇങ്ങനെ മൂന്നു ഉപവിഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. ഇവയിൽ കലാൽ ഇനത്തിൽ കള്ള, ചാരായം, ഭീമമദ്യം അഫീൻ, ഗഞ്ചാ, പുകയില ഈ വിഷസാധനങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നതു്.

ജനങ്ങളുടെ സാന്മാഗ്ദികവും, സമാധാനപരവും, ഉൽക്കർഷേഛായുക്തവുമായ ജീവനത്തെ പാടെഹനിക്കുന്നസാധനങ്ങളുടെ ഉപയോഗം പുരസ്കരിച്ചു് ഒരു മുതലെടുപ്പുനയം സ്വീകരിക്കുന്ന ഗവർണ്മെൻറിനെ ഒരിക്കലും ഒരു പരിഷ്കൃത ഗവണ്മെൻറായി സ്വീകരിക്കാവുന്നതല്ല. ഏകദേശം നാലായിരം വർഷങ്ങൾക്കുമുമ്പു് ചൈനായിലെ ചക്രവർത്തി ലഹരിസാധനങ്ങളുടെ ഉപയോഗത്തെ തന്റെ സാമ്രാജ്യത്തിൽ നിരോധിച്ചു എന്നും, തന്നിമിത്തം മൂന്നു ദിവസത്തേക്കു ജനങ്ങളുടെ ഇടയിൽ കനകവർഷമുണ്ടായി എന്നും പറയപ്പെടുന്നു. ഇതുവിട്ടാൽ മായ ഒരു ഭൂതകാലഘട്ടത്തിൽ ഒരു വസ്തു ഒരണ്ണമധികമായാൽ തിരസ്കരിക്കപ്പെട്ട നിഷ്ഫല സാധനങ്ങളെ ഇന്നു നമ്മുടെ ഗവർണ്മെൻറ് നാട്ടിൽ വ്യാപരിപ്പിച്ചു് മുതലെടുപ്പുണ്ടാക്കുന്നു് ഏറ്റവും ഭയങ്കരവും ആപൽക്കരവുമായ ഒരു നയമാണ്. ഈ സാധനങ്ങളുടെ ഉപയോഗം നിശ്ശേഷം കാലക്രമേണ നിരോധിച്ചുകൊള്ളാമെന്നുള്ള ഗവണ്മെൻറിന്റെ നയം ഒട്ടും ആശാസ്യമല്ല. ഒന്നാഗ്രഹത്തേയും സന്മാഗ്രഹത്തേയും ഇണക്കിവച്ചുള്ള പ്രമാണം മനുഷ്യസ്വഭാവത്തിനു യോജിച്ചതുമല്ല. ഗവണ്മെൻറിന്റെ പ്രവ്യാപനവിശ്വാസത്തിൽ ജനങ്ങൾക്കു മതിപ്പുണ്ടാകണമെങ്കിൽ ഉടൻതന്നെ ഈ നിഷ്ഫലസാധനങ്ങളുടെ ഉപയോഗം നിരോധിക്കപ്പെടണം.

കലാൽവകുപ്പിൽനിന്നുമുള്ള ആദായമാഗ്രഹത്തെ ക്രമേണ ചുരുക്കിക്കൊണ്ടുവരുകയെന്നുള്ളതാണ് ഗവണ്മെൻറിന്റെനയം, എന്നറിഞ്ഞിരുന്നിട്ടും, എക്സൈസ്കമ്മിഷണർഎക്സൈസിലെമുതലെടുപ്പു കൂടുതലായികാണിക്കുവാൻ ഗൗരവപ്രയത്നംചെയ്തുകാണുന്നതു് ആക്ഷേപാർഹമാകുന്നു. ഫാർവൽ ഫനു൭ ൪ കള്ളുഷാപ്പുകൾലേലംചെയ്തു എന്നും ലേലംചെയ്യാൻ സാധിക്കാതെ കിടന്നുപോയ ൨ ഷാപ്പുകളുംകൂടി ഉൾപ്പെടുത്തി, ഫാർൻൽ ഫനു൭ ൭ കള്ളുഷാപ്പുകൾ ലേലംചെയ്യപ്പെട്ടുഎന്നും ഈ ഇനത്തിൽ തന്നാണ്ടിൽ ഫ൭,൭൪൨ രൂപാ കൂടുതൽ മുതലെടുപ്പുണ്ടെന്നും എക്സൈസ് കമ്മിഷണർ ഒരണ്ണറിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു ഗവണ്മെൻറിനും ജനങ്ങൾക്കും ഒട്ടും അഭിമാനകരമായിരിക്കുന്നില്ല. ജനങ്ങളുടേയും ഗവണ്മെൻറിന്റെയും ഹിതത്തിനും ആശകൾക്കും വിപരീതമായി എക്സൈസ് മുതലെടുപ്പു വർദ്ധിപ്പിക്കുന്ന ഹീനമായ സമ്പ്രദായം കമ്മിഷണർ ഇനിയും ഉടൻകൊണ്ടുപോകുന്നപക്ഷം അധ തിരുവിതാംകൂർ പൊതുജനവഴി സഹിക്കയില്ലെന്നും, ഈ നിന്ദ്യമായ സമ്പ്രദായത്തെ നാട്ടിൽനിന്നും പായിക്കുവാൻ അവർ മനഃപൂർവ്വം യത്നിക്കുന്നതാണെന്നുംകൂടി പറഞ്ഞുകൊള്ളട്ടേ.

നമ്മുടെ മുതലെടുപ്പിൽ ഈ ഇനത്തിനു ഭാവിയിൽ ഒരുസ്ഥാനവുംഇല്ല. അതുകൊണ്ടു ഈ ഇനത്തിലുള്ള മുതലെടുപ്പിനെ ആശ്രയിച്ചുള്ളവരിൽനിന്നും കുറച്ചുകൂടുന്നതിനു മേൽവേണ്ടം നമ്മുടെ കോശസ്ഥിതിയെപ്പറ്റി ആഹ്മാളിപ്പാൻ.

തിരുവിതാംകൂറിലെ ചുങ്കനികുതിയേയും തൽസംബന്ധമായ താരിപ്പു വ്യവസ്ഥയേയുംപറ്റി ഇനിയും പ വ്യാലോചിക്കാം. ഇവയും ഏറ്റവും ആക്ഷേപാർഹങ്ങളാണ്.

കയറുമതി, ഇറക്കുമതി എന്നീ തീരുവഇനങ്ങളിൽനിന്നും ഫാർൻ-ൽ ൨൯,൭൨,൭൯൯ രൂപാ ലഭിച്ചുവന്നതായി കാണുന്നു. ഇതിൽ ഇരുമ്പുഗവും കയറുമതിത്തീരുവയാണ്. കയറുമതിയിൽനിന്നു ഏകദേശം ന൦ ശതമാനം തെങ്ങിൽനിന്നും ഉളവാകുന്ന ചരക്കുകളുടെ തീരുവയിൽനിന്നു ലഭിക്കുന്നതാണെന്നു കാണുന്നു. ഇതിനെപ്പറ്റിയും എനിക്കു ആക്ഷേപങ്ങൾ പുറപ്പെടുവിക്കാനുണ്ട്.

കയറുമതിത്തീരുവയുടെ അടിസ്ഥാനം ആവക തീരുവ വിദേശീയരായ കച്ചവടക്കാർ തങ്കൊട്ടുത്തുകാള്ളുമെന്നുള്ള വിശ്വാസത്തിന്മേൽ നിലകൊള്ളുന്നു. ഇപ്രകാരം വിദേശീയർ സാധനങ്ങളുടെവിലക്കുപുറമേ ചുങ്കംകൂടികൊടുക്കണമെങ്കിൽ ആ കച്ചവടക്കാരുടെ വ്യാപാരാഭിവൃദ്ധിയിൽ, പ്രസ്തുതസാധനങ്ങൾ അപരിത്യാജ്യമാംവണ്ണം സ്ഥായിയായ ഉപയോഗത്തിലിരിക്കണം. അതായതു അവക്കു ആവക സാധനങ്ങൾക്കു ഒഴിച്ചുകൂടാത്ത ആവശ്യം ഉണ്ടായിരിക്കണം ഇതിനുംപുറമേ ആവക സാധനങ്ങളുടെ പൂർണ്ണമായ കൈവശാധികാരവും നികുതിചുമത്തുന്ന രാജ്യക്കാക്കായിരിക്കണം. ഈ രണ്ടു വ്യവസ്ഥകളേയും പാലിക്കുന്നുവെങ്കിൽ മാത്രമേ കയറുമതിത്തീരുവ വിദേശീയർ തങ്കൊട്ടുക്കുകയുള്ളൂ.

ഇക്കാലത്തു ഈ രണ്ടു പ്രത്യേക വ്യവസ്ഥകളും ഒരു പ്രത്യേക രാജ്യക്കാക്കു സ്വായത്തമല്ലാത്തതിനാൽ കയറുമതിത്തീരുവ ഈ സാധനങ്ങളുടെ ഉൽപാദകൻതന്നെ തങ്കൊട്ടുക്കുന്നില്ലെന്നു തോന്നുന്നു. ഈ സംഗതിയെ അടിസ്ഥാ

നപ്പെട്ടത്തിനാക്കുനോർ, നമ്മുടെ കയറ്റുമതിത്തീരുവ ഏർപ്പാട്ട ഈ നാട്ടിലെ ജനങ്ങളുടെ പരിശ്രമത്തിന്റെ ഒരു പ്രായശ്ചിത്തമായി പരിണമിച്ചുകാണുന്നു.

കയറ്റുമതിത്തീരുവയെ ഇനി വേറൊരുപ്രകാരത്തിൽക്കൂടി നീതികരിക്കാം. അതായത് അന്യനാട്ടുകാരുടെ മത്സരംനിമിത്തം ഈ സാധനങ്ങളുടെ ഉപയോഗം തന്നാട്ടുകാക്ക് നഷ്ടപ്പെട്ടുപോകാതിരിക്കാൻവേണ്ടി പുറപ്പെടുവിക്കുന്ന ഒരു നിരോധനാജ്ഞയായുംവരാം.

ഈ രണ്ടു തത്വങ്ങളേയും അടിസ്ഥാനപ്പെടുത്തിനാക്കുന്നപക്ഷവും, കരങ്ങൾനിന്നും സിദ്ധിക്കുന്ന ചരക്കുകളിൽ സ്ഥാപിക്കപ്പെട്ടുന്ന കയറ്റുമതിത്തീരുവ ഒരുവിധത്തിലും നീതികരിക്കപ്പെടാവുന്നതല്ല. തെങ്ങു തിരുവിതാംകൂറിലെ കല്പവൃക്ഷമാണ് ഈ നാട്ടുകാരുടെ ജീവിതസന്ധാരണം പ്രധാനമായി നാളികേര ഫലപുഷ്ടിയേ ആശ്രയിച്ചിരിക്കുന്നു. അവരുടെ സകല ആവശ്യങ്ങളും നടത്തുന്നതു തെങ്ങിൽനിന്നും ലഭിക്കുന്ന സാധനങ്ങളെ അന്യർക്കുകളിൽ അയച്ചു വിറ്റിട്ടാണ്. എത്രസമൃദ്ധിയായി നാളികേരം ഉണ്ടായാലും അതു വിദേശീയ വാണിജ്യശാലകളിൽ പ്രവേശിച്ചില്ലെങ്കിൽ ഭുജിക്കുന്ന നിധിപോലെ, ഉടമസ്ഥന്മാക്ക് അതുകൊണ്ടു യാതൊരുപ്രയോജനവുമില്ല. ഉടമസ്ഥന്മാക്ക് അവരുടെ ചരക്കു വിൽക്കാതിരിപ്പാൻ നിവ്വാഹമില്ലാത്തതുകൊണ്ടും, ഈ സാധനം തിരുവിതാംകൂറിലെന്നപോലെ മറ്റു രാജ്യങ്ങളിലും സമൃദ്ധിയായുണ്ടാകുന്നതുകൊണ്ടും, അന്യരാജ്യങ്ങളിൽ ഇതിന്റെ ഉപയോഗമൊഴിച്ചുകൂടാൻ പാടില്ലാത്തവണ്ണം അവിടത്തെ ജനങ്ങളുടെ ജീവിതാവശ്യങ്ങളിൽ സ്ഥാനം പിടിക്കാത്തതുകൊണ്ടും ഈ ഇനത്തിലുള്ള ചുങ്കം ജനങ്ങൾക്ക് ഭാരമായിത്തീരുന്നു.

ഈ രാജ്യത്തെ നാളികേരത്തിനു വിലക്കുറവു നേരിട്ടുകൊണ്ടിരിക്കുന്നതിനും ഈ വ്യവസ്ഥയും കാരണമായിത്തീരുന്നു.

ഇനി, സ്വരാജ്യത്തിലെ വ്യവസായപോഷണാർത്ഥമാണോ ജനങ്ങൾ ഈ നികുതി ചുമക്കുന്നതെന്നപക്ഷം അവിടേയും വ്യസനകരമായ ഒരു കാഴ്ചയാണു കാണുന്നതു. ഒരുപറ്റം കയറ്റുമതിക്കാരുടെ ലാഭം മാത്രം മടൽ വേണ്ടിയിരിക്കുന്നു. മടൽ കയർത്തുക്കുന്നതിനുവേണ്ടിവരുന്ന ശ്രമത്തിന്റെ കാരോ പങ്കിട്ടും, ജനങ്ങൾക്ക് ഓരോ വ്യവസായത്തിനു മാറ്റുംനൽകുന്നു. തന്നിമിത്തം ഈ വക വിധ്വംസകങ്ങളിൽപ്പെടുന്ന ജനങ്ങൾക്ക അവയിൽ ഓരോന്നും ഉപജീവനമാർഗ്ഗമായിത്തീരുന്നുണ്ട്. അതിനാൽ ഉപരക്ഷകകാംക്ഷയുള്ള ഒരു ഗവർമെന്റിനു അസംസ്കൃതസാധനമായ മടലിനുള്ളിടിയ തീരുവയും, അതു സമസ്തരിക്കുന്നോരും കയറുമതിത്തീരുവയും പുലത്തേതാണ്. എന്നാൽ നാം ഇവിടെക്കാണുന്നതു നേരെ വിപരീതമായ ഒരു നയമാണ്. ഒരു ലക്ഷം ഉറുപ്പിക വരുമുള്ള ഒരു ലക്ഷം മടലിനും കയറ്റുമതിത്തീരുവയായിരിക്കെ അതു മടലുപയോഗപ്പെടുത്തുന്ന ഒരു കയർ ഫാക്ടറിയുടെ ഏതാണ്ടു മുന്നൂറിരട്ടിയോളം രൂപാ തീരുവയുണ്ട്. ഈ തരത്തിലുള്ള വ്യവസ്ഥയുടെ ഫലമായി അസംസ്കൃതപദാർത്ഥമായ മടൽ ഇവിടത്തെ ജനങ്ങൾക്കു ജീവസന്ധാരണ സാമഗ്രിയായി ഉപകരിക്കാതെ വിദേശങ്ങളിലേക്കു യഥേഷ്ടം കയറുമതിചെയ്യപ്പെടുന്നു.

ആകെക്കൂടി പറയുന്നപക്ഷം ഇന്നു ലോകത്തു അപൂർവ്വം ചില രാജ്യങ്ങളിൽമാത്രം കയറുമതിയെത്തടുക്കുന്നതിനായി വച്ചിട്ടുള്ള കയറുമതിത്തീരുവ നമ്മുടെജീവിതത്തിനു നിദാനവും, മറ്റുപലപ്പോഴുമെന്നപോലെ രാജ്യക്ഷേമത്തിനുവേൽ ഉദ്ദേശമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ വിഷയത്തിലും ശ്രദ്ധപ്പിടിക്കുവാനുള്ള ഈ തീരുവ ഏർപ്പാടിൽ ജനക്ഷേമത്തെ അശേഷം കണക്കാക്കീട്ടില്ലെന്നുള്ളതുതന്നെ. ഈ വിഷയത്തിൽ കയറുമതിത്തീരുവ നിർത്തുകാള്ളാമെന്നു ഗവണ്മെന്റു കരുതേണ്ട. ഈ വരവ് ഉപവരപ്പെട്ടതെന്നപോലെയും.

ഇതിപ്പുറമാണുള്ളതു് ഇറക്കുമതിത്തീരുവയെസംബന്ധിച്ചുള്ളതു്. എല്ലാ രാജ്യങ്ങളിലും സ്വന്തവ്യവസായങ്ങളും ദേശീയവ്യവസായാഭിവൃദ്ധിക്കു ഉതകുന്നതുമായ ഇറക്കുമതിത്തീരുവയിലുള്ള മുതലെടുപ്പു തിരുവിതാംകൂറിൽ ഉദ്ദേശം ഇരുപതുലക്ഷം രൂപാ വരുമാണ്. ഈ ഇനത്തിലുള്ള വരവു ഫാൻസി ഫാൻസു, സിഗരറ്റു തുടങ്ങിയ വിദേശീയഭോഗാധിക്യങ്ങളിൽ നയിക്കപ്പെട്ടുപോരുന്ന ബ്രിട്ടീഷ് ഇൻഡ്യയിൽപ്പോലും കയറുമതിനിരുനത്തിൽ ഫാൻസി-, ഓട്ടൽ നാലുകോടി അമ്പതുലക്ഷം രൂപാ മുതൽവന്നിരിക്കെ, ഇറക്കുമതിത്തീരുവയിൽ ഏതുപ്രത്തഴുകോടി എഴുപത്തുലക്ഷം രൂപാ മുൻപന്നിട്ടുണ്ട്. തിരുവിതാംകൂറിലാകട്ടെ ഇറക്കുമതിത്തീരുവ കയറുമതിത്തീരുവയുടെ ഫാ-ൽ ഒരംശം മാത്രമേ വരുകയുള്ളു. ഇറക്കുമതിത്തീരുവയിനത്തിലും നിർദ്ദേശിക്കപ്പെടുന്ന സാധനങ്ങളായ ഇംഗ്ലീഷ് മദ്യം, കപ്പൽ, ഇംഗ്ലീഷ് പുകയില, ചുരുട്ടു, സിഗരറ്റു, ബീഡി മുതലായ സാധനങ്ങളിൽനിന്നും ഉണ്ടായിട്ടുള്ളതാണ്.

നമ്മുടെ താരിപ്പുനിയമം ഫാ ര ാ-മാണ്ടു ബ്രിട്ടിഷ് ഗവണ്മെന്റും കൊച്ചീസർക്കാരുമായുണ്ടാക്കിട്ടുള്ള ഇൻഡ്യൻപോർടലക്കൺവൻഷൻ എന്ന കരാറിപ്രകാരമാണ് സ്ഥിതിചെയ്യുന്നതു. ഈ കരാറിനെപ്പറ്റി ഈ സമയത്തു വാദിക്കാൻ അവകാശവുമില്ല. ബ്രിട്ടീഷ് ഇൻഡ്യയിലും കൊച്ചീസർക്കാരിലുംപ്പെട്ടതായോ, നിലനിന്നാ ഇറക്കുമതിചെയ്യപ്പെടുന്ന സാധനങ്ങൾക്കു വരുന്ന തീരുവ വസൂൽചെയ്യുവാൻ അധികാരവുമില്ല. ഈ കരാറനുസരിച്ചു ൻ-ാമാണ്ടേതേക്കു നമുക്കു വരേണ്ടതായിരുന്നതുക ഫാ, ഇന്നു ദ്രുപയാണ്.

ഇതിലും ഉപ്പിനത്തിലുള്ള തീരുവയെപ്പറ്റി പ്രത്യേകം പറയുന്നുണ്ട്. ഈ തീരുവയും നമുക്കു സ്വാതന്ത്ര്യമായി നിയോഗിക്കത്തക്കതല്ല. അതു ബ്രിട്ടീഷ് ഗവണ്മെന്റുമായുള്ള കരാറിലാണ് സ്ഥിതിചെയ്യുന്നതു. സ്വയംഭരണം വാദംചെയ്തിരുന്ന ബ്രിട്ടീഷ് ഇൻഡ്യയിലെ നിലകൊള്ളാമെന്നുപറഞ്ഞു ഉപ്പുനിരോധി നിർമ്മാണം നിന്നുപോകയോ നാമമാത്രമായിത്തീരുകയോ ചെയ്യുവാനിടയുണ്ട്. അതുതന്നെ ഈ ഇനത്തിലുള്ള മുതലെടുപ്പിനേയും സ്ഥായിയായി നണിക്കാൻ തരമില്ല.

നമ്മുടെ ദാരിദ്ര്യസ്ഥിതിയെ സന്മാർഗ്ഗപരമായ മുതലെടുപ്പിനെമാത്രം ആശ്രയിച്ചു കണക്കാക്കുന്നപക്ഷംതിരുവിതാംകൂറിലെ അടുത്തകാലത്തേ മുതലെടുപ്പു പന്ത്രണ്ടുകോടി രൂപായിൽ കവിയുകയില്ലെന്നു കാണാം.

ഈ സ്ഥിതിക്കു രാജ്യത്തെ ധനാഗമമാർഗ്ഗങ്ങൾ മാറ്റപ്രകാരേണ ഭാക്കേണ്ടതായിരിക്കുന്നു. ദുനികുതി ഇപ്പോഴുള്ളതുതന്നെ വഹിച്ചിരിക്കുന്നതുകൊണ്ട് ഇനിയും ആ ഇനത്തിൽനിന്നും ഊടാകാൻ നിവൃത്തിയില്ല. എന്നാൽ തിരുവിതാംകൂറിലെ ധനം ഡിപ്പാർട്ടുമെന്റിൽനിന്നും ഗണ്യമായ ആദായം സിദ്ധിക്കുന്നില്ലെന്നുള്ള വസ്തുത എല്ലാവർക്കും അറിയാവുന്നതാകയാൽ ആഫീസിലെ ഗവണ്മെന്റിൽനിന്നും നിഷ്കർഷയായി പരിശ്രമങ്ങൾ ചെയ്യുവാൻ ഇതിനും തരമാണെന്നു തോന്നുന്നില്ല. വനങ്ങളിൽനിന്നും വന്വിച്ച ആദായമുണ്ടാക്കാമെന്നുള്ള മുൻ അഭിപ്രായത്തെക്കുറിച്ചും

വനത്തിന്റെ പ്രധാന ആദായമാർഗ്ഗം തടിയെങ്കിലും തടി അധികമായിമുറിച്ചാൽ വനങ്ങൾക്ക് നാശകരമായിത്തീരുമെന്നും വനപരിപാലനതത്വങ്ങൾ അനുസരിച്ചു അധികം തടികൾ വെട്ടാതിരിക്കേണ്ടതു ഡിപ്പാർട്ടുമെന്റിന്റെ ചുമതലയാണെന്നുംമറും ഫോറസ്റ്റ് ബഡ്ജറവതരണസംഗത്തിൽ കൺസർവേറ്റർ പ്രസ്താവിച്ചുകാണുന്നു. എന്നാൽ തിരുവിതാംകൂറിന്റെ വിസ്തീർണ്ണതയിൽ 1/5 ഭാഗം അടങ്ങിയ വനങ്ങളിൽനിന്നും കിട്ടിവരുന്ന ആദായം എത്രയും ഉഛമായിരിക്കുന്നതിനു കൺസർവേറുടെ അഭിപ്രായം മതിയായ സമാധാനമായിരിക്കുന്നില്ല. ഫോറസ്റ്റ്-ന്റെ ഭരണനിർവ്വഹണച്ചിലവു 9, 10, 11 ലക്ഷം രൂപയാണെന്നും കൺസർവേഷൻസി ശമ്പളച്ചെലവു മുതലായവകയിലുള്ള ചിലവു 9, 10, 11 ലക്ഷം രൂപയാണെന്നും മനസിലാക്കാം. ഈ ചെലവു വരവിന്റെ 60 ശതമാനമാകുന്നു. ആകെക്കൂടി വനംവകുപ്പിൽനിന്നും 1൯-ൽ കിട്ടിയമിച്ചം അഞ്ചുലക്ഷത്തി എഴുപതിനായിരത്തിൽ ചില്വാനം രൂപമാത്രമാണ്. വനപരിപാലനം അത്യാവശ്യമാണെങ്കിലും വനത്തിൽനിന്നും ന്യായമായ ആദായം ഉണ്ടാകേണ്ടതിനുള്ള മാർഗ്ഗങ്ങൾ ഡിപ്പാർട്ടുമെന്റിൽനിന്നും കണ്ടുപിടിച്ചു പ്രവൃത്തിക്കേണ്ടതിനുള്ളകാലം അതിക്രമിച്ചിരിക്കുന്നു.

ഇനി ഈ രാജ്യത്തെ പൊതുമുതൽ വിനിയോഗിക്കുന്ന രീതിയെ പരിശോധിക്കട്ടെ. പൊതുമുതൽ വ്യയം ചെയ്യുന്നതിൽ നാലു പ്രധാന തത്വങ്ങൾ ഓർമ്മിക്കേണ്ടതായിട്ടുണ്ടു. അവ, പ്രയോജനം, മിതത്വം, അനുയോജ്യം, മിച്ചം, എന്നിവയാകുന്നു. ഈ തത്വങ്ങളിൽ ഊടങ്ങിച്ചിരിക്കുന്നസാരം പൊതുമുതലിനേറ വ്യയംകൊണ്ടു ഏറ്റവും കൂടുതലായ സാമൂഹ്യാനുഭവം ഉണ്ടാകണമെന്നാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി ഇപ്പോഴത്തെ വ്യയസ്ഥിതിയെ നിരൂപിക്കുമ്പോൾ ഏറ്റവും പരിതാപകരവും അനുകമ്പാശ്രയ്യവും ആയ നടപടിയാണ് കാണപ്പെടുന്നതു. പബ്ലിക്ക് സർവീസിലെ അംഗങ്ങളുടെ ശമ്പളംവർദ്ധനയും സഞ്ചാരപ്പടിവർദ്ധനയും ആഫീസ് ചിലവുകൾക്കായി ഇപ്പോഴത്തെ പൊതുമുതലെടുപ്പിന്റെ 30 ശതമാനത്തോളം ചെലവാക്കിയിരുന്നു. ലോകത്തിൽ ഏറ്റവും വലിയശമ്പളക്കൂടുതലുള്ള ബ്രിട്ടീഷ് ഇൻഡ്യയിൽ ആകെയുള്ള വരവിന്റെ 1൯.൪ -ം തെക്കേ ആഫ്രിക്കയിൽ 12.9 -ം ഇംഗ്ലണ്ടിൽ 11.൯ -ം ഫ്രാൻസിൽ 11.൯ -ം ജർമ്മനിയിൽ 1൯.൯ -ം ജപ്പാനിൽ 11.9 -ം ശതമാനംമാത്രം സർവീസിൽ ഭരണത്തിനായി ചെലവുചെയ്യുമ്പോൾ തിരുവിതാംകൂറിൽ 30 ശതമാനംഇപ്രകാരം ചിലവുചെയ്യുന്നതു നിരുത്തരവാദത്തിന്റെ പരമാവധിയെന്നേയാണ്. നിർദ്ദിഷ്ടപദ്ധതിയിൽ മുപ്പതുകോടി രൂപായുടെ വരവിനെമാത്രം ശക്തിയുള്ള തിരുവിതാംകൂറിൽ ഒരുകോടിരൂപായോളം ഭരണച്ചെലവിലേക്കായിമാത്രം നീക്കിവക്കുന്നതായാൽ ജനക്ഷേമകരങ്ങളായ പദ്ധതികളിലേക്കു ചെലവിടാനുള്ള പണം എവിടെ? ഇപ്പോൾ അഞ്ഞൂറും, അറുനൂറും, ഏഴുനൂറും തുടങ്ങി രണ്ടായിരത്തിനുമേൽ ശമ്പളംവാങ്ങിക്കുന്ന എത്ര ഉദ്യോഗസ്ഥന്മാരുണ്ട്? തിരുനൽവേലിജില്ലയോളംപോലും വലിപ്പമില്ലാത്ത ഈ തിരുവിതാംകൂറിൽ ഇരുപതിനായിരംകൊണ്ടു നടത്തുന്ന മാസപ്പടിവാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ആവശ്യകതയെന്തു? തിരുവിതാംകൂറിൽ ഇന്നു എത്രജനങ്ങളാണ് പ്രീതിയില്ലാതെ വഴിയമ്പലങ്ങളെ ശരണമാക്കി നിവാസയോഗ്യമല്ലാത്ത കുടിലുകളിൽ താമസിച്ചു ജീവിതക്ലേശം അനുഭവിക്കുന്നതു? തരുമിലില്ലാത്ത ഉന്നതബിരുദം ധരിക്കുന്നതിന് ജീവനപരീക്ഷാപ്രയാസങ്ങളും വിദ്യാഭ്യാസക്രമത്തിൽ അപേക്ഷയംപറഞ്ഞിടക്കുന്നവരും നിരക്ഷരകുക്ഷികളുംആയ എത്ര ജനങ്ങൾ സങ്കടം അനുഭവിക്കുന്നു? ഒരുനേരത്തേ ആഹാരത്തിനുപോലും മാർഗ്ഗമില്ലാതേയും അജ്ഞന്മാരായും എത്രജനങ്ങൾ കഷ്ടപ്പെടുന്നു? പ്രകൃതിദത്തപരിതൃക്കൊണ്ടുള്ള കുഷ്ഠവ്രണങ്ങളുടെ നാശംകൊണ്ടും മണ്ണിലെ പോഷകദ്രവ്യങ്ങളുടെ താരംകുറവും പകർച്ചവ്യാധികളുടെ ആക്രമണങ്ങളെ തടുക്കാനുള്ള അശക്തിയാലും എത്രജനങ്ങൾ ജീവിതം ദുർഭരമായിക്കഴിക്കുന്നു? വിദ്യാലയങ്ങളിൽ എത്രഎത്രയുംകുറവു ഉച്ചപ്പട്ടിണികിടക്കുന്നു. രാജ്യത്തിലെ പ്രജകൾ അസഹനീയമായ ഈ സങ്കടങ്ങൾ അനുഭവിക്കുന്നതു പരിഷ്കൃതരീതിയിലുള്ള വാഹനങ്ങളിലെ സഞ്ചരിച്ചു സഞ്ചാരപ്പടിയും ശമ്പളവും വാങ്ങി സുഖമനുഭവിക്കുന്ന നമ്മുടെ വലിയ ഉദ്യോഗസ്ഥന്മാർ അറിയുന്നുണ്ടോ? എഴുപത്തിഎട്ടുലക്ഷം രൂപായോളം ഒന്നാംതരക്രാസിക്കുന്ന ഉദ്യോഗസ്ഥവൃന്ദത്തിൽ ആരെങ്കിലും കുഗ്രാമങ്ങളിലുള്ള ഊടുവഴികളിലും കല്ലിലും മുള്ളിലും തോട്ടിലും സഞ്ചരിച്ചു പീഡിതരായ ജനങ്ങളുടെ അത്യാവശ്യങ്ങളെ അന്വേഷിച്ചറിഞ്ഞു ഗവണ്മെന്റിന്റെ ദൃഷ്ടിയിൽകൊണ്ടുവന്നിട്ടുണ്ടോ? ഇപ്പോഴത്തെ അനന്യസാധാരണമായരീതിയിൽ വർദ്ധിച്ചിരിക്കുന്ന ഉദ്യോഗങ്ങളുടെ എണ്ണം ഗവണ്മെന്റു ഇടരെ ഇടരെ കൂട്ടുകയല്ലേ ചെയ്യുന്നതു? ഈ മൂന്നിൽതന്നെ എത്രവലിയ ഉദ്യോഗങ്ങളാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. പെൻഷൻപറ്റാൻ കാലുവക്കുന്ന ഉദ്യോഗസ്ഥന്മാർക്കും സ്വാധീനശക്തിയുണ്ടെങ്കിൽ ഒരു സ്പെഷ്യൽ ആഫീസർസ്ഥാനം ലഭ്യമാവുന്നില്ലേ. ഓരോ ഉയർന്ന ഉദ്യോഗം സൃഷ്ടിക്കുമ്പോഴും പ്രജകളിൽ 100 പേർ പട്ടിണികിടക്കേണ്ടിവരുന്നു.

എന്നാൽ ഈ വമ്പിച്ചശമ്പളംവാങ്ങിക്കുന്നവർ തങ്ങളുടെ കീഴിലുള്ള ചെറുതരം ജീവനക്കാരോടുകാണിക്കുന്ന യാതൊരനുകമ്പയും പ്രദർശിപ്പിക്കുന്നില്ല. ഡിപ്പാർട്ടുമെന്റു പരിഷ്കാരംഎന്നു പറയുന്നതു ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടുന്നതിലായിട്ടാണ് പലപ്പോഴും കലാശിക്കാറുള്ളതു. ഈ സന്ദർഭത്തിൽ മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെസംഗതിയാണ് എന്റെ സ്മരണയിൽ വരുന്നതു. ഇവരെപ്പറ്റി അനേകം സാമൂഹികന്മാർ, ഇവിടെയും പ്രജാസഭയിലും ശക്തിയായി വാദിച്ചിട്ടുള്ളതുകൊണ്ടു ഞാൻ വിസ്തരിയായി യാതൊന്നും പറയുന്നില്ല. കഷ്ടം രൂപാ ശമ്പളംകൊണ്ടു ഇക്കാലത്തു ഒരദ്ധ്യാപകനും കുടുംബത്തിനും ജീവിക്കാൻ നിവൃത്തിമില്ലാതതിനാൽ മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. വമ്പിച്ച ശമ്പളംകൊടുക്കുന്ന ഉദ്യോഗങ്ങളുടെഎണ്ണം കുറച്ചോ, ശമ്പളത്തുകയിൽത്തന്നെ കുറവുവരുത്തിയോ, പണം മിച്ചമുണ്ടാക്കിയിട്ടെങ്കിലും അദ്ധ്യാപകന്മാർക്കു ശമ്പളവർദ്ധനവു നടത്തേണ്ടതാണ്.

ഈ ഘട്ടത്തിൽ ഉദ്യോഗവിതരണനയത്തെപ്പറ്റിയും രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. ഉദ്യോഗമണ്ഡലത്തിൽ അസമത്വം അനുഭവിക്കുന്ന പല സമുദായങ്ങളും ഇന്നു തിരുവിതാംകൂറിലുണ്ടു. ഒരുകാലത്തു നായന്മാർക്കു തിരുവിതാംകൂറിൽ പ്രാബല്യമുണ്ടായിരുന്നെങ്കിലും ഇന്നത്തെ ഉദ്യോഗനിലനോക്കിയാൽ അവരുടെസ്ഥിതി എത്രയും പരിതാപകരമാണ്. ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാരുടെകൂട്ടത്തിൽ ഒരേ ഒരു നായരെമാത്രമേ കണ്ടെത്തുള്ളു. ജനസംഖ്യയിലും, വിദ്യാഭ്യാസത്തിലും രാജ്യസ്നേഹത്തിലും അഭിവൃദ്ധിയുള്ളവരായ നായന്മാരുടെയിടയിൽനിന്നും ഒരു ഡിപ്പാർട്ടുമെന്റു മേലധ്യക്ഷൻമാത്രമേ ഉള്ളു എന്നു പറവാൻ എനിക്കു ലജ്ജയുണ്ടെങ്കിലും പരമാർത്ഥം അതുതന്നെയാണല്ലോ. നായർസമുദായത്തോടു കൂടുതൽ പക്ഷപാതിത്വംകാണിക്കണമെന്നില്ല. ആ സമുദായ

ത്തിന്റെ ന്യായമായ അവകാശങ്ങളെ അവഗണിക്കാതിരുന്നാൽമതി. നായന്മാരടക്കമുള്ള ഉല്പ്രേക്ഷാഭേത്തിൽ വിഷമിക്കുന്ന മറ്റൊരു സമുദായം ഈഴവരാണ്. വ്യവസായപരിശ്രമങ്ങളിലും, കർഷകവൃത്തിയിലും ഒന്നുപോലെ നിരന്തരമായി ഏർപ്പെട്ടു രാജ്യത്തിന്റെ സാമ്പത്തികശ്രീ വളർത്തുന്ന ഈ സമുദായത്തിനു ജനസംഖ്യയുടെ കണക്കാണ്ടും വിദ്യാഭ്യാസംകൊണ്ടും അതഹിക്കുന്നിടത്തോളം പ്രോത്സാഹനം ഗവർണ്മെന്റിൽ നിന്നുകുന്നില്ല. സ്വാതന്ത്ര്യത്തിനുശേഷം പ്രാഥമികപരിഗണനാവകാശങ്ങൾക്കുപോലും ഈ സമുദായത്തിനു അവകാശപ്പെടാൻ കഴിയുന്നതായിരിക്കുന്നു.

പൊതുസമ്മതം സമ്പാദിക്കാൻ മഹാരാജനിർജ്ജരുടെ തിരുമനസിലെ ഗവണ്മെന്റിനു ശ്രമിച്ചുവരുന്ന ഇക്കാലത്തെങ്കിലും ഈഴവരുടെ എല്ലാവക അസമത്വങ്ങളും നീങ്ങിപ്പോകേണമെന്നാഗ്രഹിക്കുന്നതാണു്.

ഇന്നത്തെ പബ്ലിക്ക്സർവീസിന്റെ ഘടനയെ ഞാനിപ്രാവം പരിഗണിച്ചു ഓരോ സമുദായത്തിനും ജനസംഖ്യാനുപാതത്തിന്റെ പൂർവ്വപ്രശസ്തിക്കും മഹത്വത്തിനും വിദ്യാഭ്യാസനിലവാരം അനുരൂപമായ പ്രോത്സാഹനം നൽകിയും നാട്ടിൽ സംതൃപ്തി വർദ്ധിക്കത്തക്കവണ്ണവും നമ്മുടെ കോശഭരണപദ്ധതിയെ ക്രമപരിണാമത്തിനു വിധേയമാക്കണമെന്നു ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

മി. സി. കേശവപിള്ള (ചടയമംഗലം): സർ, ധനകാര്യമന്ത്രി ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റ് എന്റെ അഭിപ്രായത്തിൽ വിശ്വസനീയമായ ഒന്നായിരുന്നു. വീണ്ടും വീണ്ടും ഒരു കിച്ചടിയിടിപ്പുകാണിക്കുന്ന ബഡ്ജറ്റ് സമർപ്പിക്കുന്നതിനു ധനകാര്യമന്ത്രിക്കു സാധിച്ചുവെന്നുള്ളതു വസ്തുതന്നെ ധനസ്ഥിരതയ്ക്കുവേണ്ടിയുള്ള ഒരു കാണിക്കുന്നു. ഗവണ്മെന്റിന്റെ ശ്രദ്ധയോടും, വിവേചനബുദ്ധിയോടും, ദീർഘദൃഷ്ടിയോടും, എല്ലാറ്റിനും ഉപരിയായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ സഹകരണത്തോടെ ആരംഭിക്കുന്നതിനുള്ള ആഗ്രഹത്തോടുംകൂടി അതിവിഷമതരമായ ധനകാര്യവിഷയത്തിലുണ്ടായിട്ടുള്ള ചിന്തിച്ചുറപ്പിച്ചിരിക്കുന്ന എന്നകാണുന്നതിനുള്ള ആശ്വാസജനകമാണ്.

ഇങ്ങനെയുള്ള തിരസ്കരിച്ചു അത്രമേയ ചരയെടുത്തു വിസ്തരിച്ചുപറയുന്നതു പക്ഷം ഒരു വിദഗ്ധന്റെ ചുമതലയാണ്. എന്നാൽ ഞാൻ ഒരു വിദഗ്ധനല്ല. സാമാന്യനായ എനിക്കു ഈ ധനകാര്യങ്ങളും കൂടിക്കുഴഞ്ഞു പൊരുളാത്ത ഒരു കുരുപൊരുളെയാണ്. വിദഗ്ധമണ്ഡലത്തിൽ തലയിടണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ബഡ്ജറ്റിനെയും രാജ്യഭരണത്തേയുംമാത്രംസംബന്ധിച്ചു ഞാൻ ചുരുക്കം ചില നിരൂപണങ്ങൾ ചെയ്യുന്നതായിരിക്കും.

ഒരു സ്റ്റേറ്റായിരുന്നപ്പോൾ ഒരു പഞ്ചായത്തിക്കു ഗവണ്മെന്റിന്റെ അനുമതിസിദ്ധിച്ചിട്ടുണ്ടു എന്നു കാണുന്നതിൽ എനിക്കുവളരെ സന്തോഷമുണ്ടു. ഇതു തിരുവിതാംകൂർ ജനതയിക്കു ഒരു വലിയ അനുഗ്രഹമായിരിക്കുകയും അതിനു അവർ ഗവണ്മെന്റിനോടു കൃതജ്ഞതയുള്ളവരായിരിക്കുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല. ഈ പദ്ധതിയുടെ പരിപൂർണ്ണവിജയത്തിലേക്കു ധനകാര്യമന്ത്രിയുടെ അഭ്യർത്ഥനയെ തങ്ങളുടെ സഹായസഹകരണങ്ങളുകൊണ്ടു രാജ്യവാസികളും സംതൃപ്തിപ്പെടുത്തുമെന്നാണ് എന്റെ ബോധ്യം.

ഇതുമാതിരി ഒരു പരീക്ഷണം, തൊഴിൽശാല വ്യവസായങ്ങളുടെ കാര്യത്തിലും വളരെ ആദായകരമായ വണ്ണം നടത്താവുന്നതാണെന്നും, അതിലേക്കു ഗവണ്മെന്റിന്റെ സഹായംകൂടി ചെലുത്തണമെന്നുമായിരുന്നു എന്റെ മതം, എന്നാൽ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽനിന്നും ഗവണ്മെന്റു തൊഴിൽശാല വ്യവസായങ്ങളെ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ പ്രതികൂലികളാണെന്നു മനസിലാകുന്നതു ഇവരാശംഗജനകമായിരിക്കുന്നു. ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരുന്ന രാജ്യാവശ്യങ്ങളെ നിറവേറ്റുന്നതിനു കൂടിയും, കൂടിയ വ്യവസായങ്ങളും എത്രതന്നെ വർദ്ധിപ്പിച്ചിരുന്നാലും മതിയാകുമോ, എന്നു എനിക്കു സംശയമാണ്. ശ്രമിയുടെ ഇതരഭാഗങ്ങളിൽ നടന്നുകാണ്ടിരിക്കുന്ന കാര്യങ്ങളെപ്പറ്റി സൂക്ഷ്മജ്ഞാനമില്ലാതെ, ഒഴിഞ്ഞ കീശയോടുകൂടി കയ്യുംവീശി നടക്കുന്ന പരിപൂർണ്ണവിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരും അസംതൃപ്തന്മാരും ആയ ചെറുപ്പക്കാർ രാജ്യത്തിൽ ദിനംപ്രതി വർദ്ധിച്ചുവരുന്നു. നാം നമ്മുടെ ശക്തികളെ കഴിവുള്ള സകല മാർഗ്ഗങ്ങളിലും പ്രയോഗിക്കാതിരുന്നാൽ അവശ്യക്കുള്ളപ്പോൾ ശരിയായ തൊഴിലുകൾ കൊടുക്കുന്നതിനു നമുക്കെങ്ങിനെ സാധിക്കും ? ഇതൊരാട്ടെങ്കിലും നയമാകണമെന്നാണ് എനിക്കു തോന്നുന്നതു്. നാം ഇപ്പോഴത്തെന്ന വേണ്ട മുൻകരുതലുകൾ ചെയ്യാതിരുന്നാൽ തൊഴിലില്ലായ്മയിൽനിന്നും ഉണ്ടാകുന്ന ഭയങ്കര അനുഭവങ്ങൾ അചിരേണ നമ്മേ ബാധിക്കുന്നതാണെന്നു് എനിക്കു ഭയമാകുന്നു. ഇപ്രകാരം തീരുമാനിക്കുന്നതിനു ഗവണ്മെന്റിനു ചില ശക്തിമത്തായ കാരണങ്ങൾ ഉണ്ടായിരിക്കും. അവ എന്താണെന്നറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ഈ ബഡ്ജറ്റിന്റെ പ്രത്യക്ഷമായ സ്വഭാവങ്ങളിൽ ഒന്നു് വിദ്യാഭ്യാസവിഷയത്തിലുള്ള ചെലവിന്റെ ധനകാര്യമന്ത്രി പറയുന്നതുപോലെ പറയുന്നപക്ഷം, 'ക്രമാതീതമായ വർദ്ധനവ്' ആകുന്നു. വിദ്യാഭ്യാസവളരെ പാവനമായ ഒന്നു തന്നെയാണു്, എന്നുമാത്രമല്ല നാട്ടിന്റെ നന്മയെ കാംക്ഷിക്കുന്ന യാതൊരുത്തനും ആ ഇനത്തിലുള്ള ചെലവിനെപ്പറ്റി പിറുപിറുക്കുകയില്ല. എന്നുവരുകിലും, ഈ പുരോഗമന കാലവർഷത്തിന്റെ ഇടകൊണ്ടു്, ചിലവു് 9 ലക്ഷം രൂപയിൽനിന്നും 90 ലക്ഷത്തിൽപരം രൂപവരെയായി വർദ്ധിച്ചിരിക്കുന്നതു് ഭയാനകവും അനിതരസാധാരണവും ആയ ഒന്നാണു്. എന്നുതന്നെയല്ല അതു് ഭരണാധികാരികളുടെ അനുപാതനാബോധമില്ലായ്മയേയും വെളിപ്പെടുത്തുന്നു ഈ വകുപ്പു് എത്രതന്നെ പ്രാധാന്യമുള്ളതായിരുന്നാലും അതിലേക്കു ഇപ്രകാരമുള്ള ക്രമാതീതമായ ചെലവു് മറ്റു വകുപ്പുകളുടെ നന്മക്കു ഹാനികരമല്ലാതിരിപ്പാൻ തരമില്ല. അതിനാൽ ഈ വസ്തുത ഗവണ്മെന്റിനു എത്ര വേഗം മനസിലാക്കുന്നുവോ, അത്രയുംനന്നു്. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി, ശരിയായിട്ടുള്ളതല്ല എന്നു് നാം മനസിലാക്കുമ്പോൾ, മുതലെടുപ്പിന്റെ ഏകദേശം കാൽ വരുന്ന ഈ ചെലവിന്റെ അധികത്വം നമുക്കു കുറെക്കൂടി അനുഭവപ്പെട്ടുന്നതാണ്. ബ്രിട്ടിഷ് ഇൻഡ്യയിൽ നടപ്പുള്ള വിദ്യാഭ്യാസരീതിയുടെ ശരിപ്പകർപ്പാണ് അതു്. അവിടെ അതുമാത്രം ജയപ്രദമായിരിക്കുന്നു എന്നു് എനിക്കു നിശ്ചയമില്ല. എന്നതേ നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം അതു് ജയപ്രദമല്ല. നമ്മുടെ അഭിരുചിക്കും മനസ്ഥിതിക്കും, ശീലത്തിനും ചേരാത്ത ഒരു ഏർപ്പാടു നമ്മിൽ നിർബന്ധപൂർവ്വം സ്വീകരിച്ചിട്ടുള്ളതു് നമ്മുടെ സകല ആവശ്യങ്ങളേയും നിറവേറ്റുന്നില്ല എന്നു കാണുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. സാമുദായികമായും രാഷ്ട്രീയമായും സാമ്പത്തികമായും ഉള്ള നമ്മുടെ ആദർശങ്ങൾക്കു വിപരീതമായിട്ടാണ് വിദ്യാഭ്യാസം നമ്മെ

നയിക്കുന്നത്. മദ്രാസ് സർക്കാരുമായോട്ട സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന കാലത്തോളം തൽക്കാലികാവസ്ഥ കറിക്കു യാതൊരു പരിഹാരവും ഉണ്ടാക്കാൻ സാധിക്കയില്ലായിരിക്കാം. എന്നാൽ അടുത്തകാലത്തുതന്നെ ചിര പ്രതീക്ഷിതമായ, വളരെനാളായി ജനങ്ങളുടെ സംസാരവിഷയമായിരിക്കുന്നതും ആയ തിരുവിതാംകൂർ സർക്കാരുമായുടെ ആവിർഭാവത്തോടുകൂടി ഈവക വിഷയങ്ങളിൽ യഥേഷ്ടം പ്രവൃത്തിക്കുന്നതിനു നമുക്കു സ്വാതന്ത്ര്യം ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

എന്റെ അഭിപ്രായത്തിൽ വളരെ പ്രധാനമായിട്ടുള്ളതാണെന്നു തോന്നുന്ന ഒരു കാര്യം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ഞാൻ ഇഷ്ടപ്പെടുന്നതാണ്. നിർഭാഗ്യവശാൽ, വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശം സർക്കാർജീവനം ലഭിക്കുകയാണ് എന്നു തിരുവിതാംകൂറിൽ സർവ്വസാധാരണയുണ്ട്. കുട്ടികളെ വിദ്യാലയങ്ങളിൽ അയച്ചുവരുന്ന മാതാപിതാക്കന്മാരിൽ നൂറു ശതമാനം ആളുകളുടെ ഉദ്ദേശവും ഇതുതന്നെയാണ്. തങ്ങളുടെ കുട്ടികളും, ഭാവിയിൽ മോട്ടാർവണ്ടികളിൽ കയറി ഉദ്യോഗപ്രമത്തതയോടുകൂടി സഞ്ചരിച്ചെയ്യുന്നതായി തങ്ങൾ നിത്യപ്രതി കാണുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരെപ്പോലെ ആയിത്തീരുമെന്നാണ് അവരുടെ വിചാരം. അപ്രകാരമല്ലാതെതന്നെ വിദ്യാർത്ഥികളിൽ നൂറു ശതമാനവും വല്ലവിധവും പരീക്ഷയിൽ കടന്നുകൂടി സർക്കാർജീവനത്തിൽ പ്രവേശിച്ചുകൊണ്ടാൽ മതി എന്നുള്ള ഉദ്ദേശക്കാരാണ്. അല്ലാതെകണ്ട് വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശം മഹത്തരമായ ഒന്നാണെന്നു അവർ വിചാരിക്കുന്നുണ്ടെന്നു തോന്നുന്നില്ല.

ഈ ഉദ്യോഗഭ്രാന്തു് രാജ്യത്തിനു എത്രമാത്രം ദോഷകരമായിട്ടുള്ളതാണെന്നു പറയുവാൻ പ്രയാസമാണു. സൂക്ഷ്മദൃക്കുകൾ ഇതു വളരെമുമ്പുതന്നെ മനസ്സിലാക്കിട്ടുണ്ട്. ബുദ്ധിമാന്മാർ ഇക്കാര്യത്തെപ്പറ്റി വളരെക്കാലം ആലോചിക്കുകയും വാചാലതപ്രാപിക്കുകയും ചെയ്തിട്ടുള്ളവർ ഇതിനെതിരായി വാദിക്കുകയും പ്രബലന്മാരായ എഴുത്തുകാർ അതിനെ നിർദ്ദയമായി അപഹസിക്കുകയും ചെയ്തിട്ടുണ്ട്. എന്നുവരികിലും ഈ ഉദ്ഭൂതി ഉത്തരോത്തരം വർദ്ധിച്ചുവരുന്ന ശക്തിയോടുകൂടി നമ്മുടെ ചെറുപ്പക്കാരെ ഒരു ഒഴിയാബാധ എണ്ണമില്ലാത്ത ദോഷത്തിലേക്കും, നാശത്തിലേക്കും വഴികാട്ടുന്നു. ഇതിനെ ഒഴിക്കാനുള്ള മാർഗ്ഗം എന്താണെന്നു ഞാൻ അറിയുന്നില്ല. എന്നാൽ ഒരുകാര്യം തീർച്ചയായും തന്നെയാണ്. അതു ചെയ്യുന്നതുവരെ നമ്മുടെ വിദ്യാഭ്യാസസംബന്ധമായ ശ്രമങ്ങളും നിഷ്പ്രയോജനകരങ്ങളും ഭഗ്നിലേക്ക ചിലവിടുന്ന ദ്രവ്യം ഒരു വലിയനഷ്ടവും ആയിരിക്കുന്നതാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-തെടമങ്ങാടും): മാനേജിംഗ്രേയുള്ള സ്പെഷ്യൽ സ്കൂളിനെ മെമ്പർ അനുകൂലിക്കുന്നുണ്ടോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. സി. കേരളവർമ്മ കോയിൽതമ്പുരാൻ (ഇടവക): ചുറുചുറുപ്പോടും നടക്കുന്ന യാതൊരുസംഗതിയും ഗണ്യമാക്കാതെ വിദ്യാഭ്യാസവകുപ്പ് അത്യാഗ്രഹമായി ജോലിചെയ്യുകയും പല തരത്തിലുള്ള ചരക്കുകളെക്കൊണ്ടു രാജ്യം മുഴുവനും നിറക്കുകയുംചെയ്യുന്നു. ആണ്ടോടാണ്ട് വെളിയിൽ വരുന്നവർ ആവശ്യത്തിനേയും അതികമിരുന്നു. ഈ വ്യവസായശാലയിലെ ചരക്കുകൾക്കു ഒരുകാലത്തു് ആവശ്യമുണ്ടായിരുന്നു. അപ്പോൾ അവരുടെവില അനിതരസാധാരണമായിരുന്നു. ഇപ്പോൾ അത് യുദ്ധാവസാനകാലത്തു ജർമ്മനിയിലെ മാർക്കുനാണ്യത്തിനൊപ്പം വിലപോലെ കുറഞ്ഞിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തു സംഭരണവും ആവശ്യവും സംബന്ധിച്ചുള്ള തത്വങ്ങളെ കണക്കാക്കാത്ത ഒരു വ്യവസായശാല മാത്രമായുള്ളു. അത് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറാണ്.

മറ്റൊരു സംഗതിയിലേക്കു പ്രവേശിക്കുന്നതായാൽ ദേഹപ്രയത്നവും വിദ്യാഭ്യാസവും തമ്മിൽതമ്മിൽ ചേച്ചുയില്ലാത്തതാണ് എന്നു നമ്മുടെ ഇംഗ്ലീഷ് വിദ്യാർത്ഥികളുടേയും നാട്ടുഭാഷാ വിദ്യാർത്ഥികളുടേയും ഇടയിൽ ഒന്നുപോലെ ഒരു തെറ്റായ ധാരണയുണ്ടെന്നു നാം കാണുന്നു. ഇപ്രകാരമുള്ള ഒരു ധാരണ ഏറ്റവും ആപൽകരമാകുന്നു. ഇതിനെ സമയോചിതമായി നിരോധിക്കാത്തപക്ഷം അത് നമ്മുടെ കൃഷിയേയും തൽസംബന്ധമായ വ്യവസായങ്ങളേയും ശോചനീയമാംവണ്ണം ബാധിക്കുന്നതാണ്. ചുരുക്കിപ്പറയുന്നതായാൽ ഈപ്പോഴത്തെ നയത്തെ നിവർത്തൽചെയ്യാത്തപക്ഷം നാം വളരെ താമസിയാതെതന്നെ ഒരു ഉർവ്വടംഖണ്ഡത്തെ പ്രാപിക്കുന്നതാകുന്നു.

നിങ്ങളുടെ ഉഷ്ണിയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിക്കുന്ന മറ്റൊരുസംഗതി നമ്മുടെ വിദ്യാലയങ്ങളിൽ മതസംബന്ധമായും സന്മാർഗ്ഗപരമായും ഉള്ള വിദ്യാഭ്യാസം തീരെ ഉപേക്ഷിച്ചുകാണുന്നു എന്നുള്ളതാണ്. കായിക പരിശീലനം ഇത്രതന്നെ ഉപേക്ഷിച്ചിട്ടില്ലെന്നുവരികിലും അതിലും ഒട്ടുവളരെ ദോഷകരം വരുത്തേണ്ടതായുണ്ട്. അധികൃതന്മാരുടെ ശ്രദ്ധയെ ഈ സംഗതിയിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

നമ്മുടെ പൊതുപാഠശാലകളിൽ മതസംബന്ധമായ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നകാര്യം അതിനെപ്പറ്റി വിപരീതാഭിപ്രായങ്ങൾ ഉള്ളതുകൊണ്ടു, കുറച്ചുകാലം പ്രയാസമായിട്ടുള്ളതാണ്. മതകാര്യങ്ങളെ വിദ്യാലയങ്ങളിൽ അധ്യയന വിഷയമാക്കിത്തീർക്കുന്നതിനു വളരെ വൈഷമ്യങ്ങൾ ഉണ്ടെന്നു ബലമായി വാദിക്കുകയും അക്കാര്യം സുകരമായി ഗൃഹങ്ങളിൽ ഇരിക്കുന്ന മാതാപിതാക്കന്മാരെ ഏറ്റെടുപ്പിക്കാവുന്നതാണെന്നു വിശ്വസിക്കുകയുംചെയ്യുന്നവർ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. ഇതിൽ വളരെ വൈഷമ്യങ്ങൾ ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അവ വേണ്ടെന്നു വിചാരിക്കുന്നപക്ഷം നമുക്കു തരണംചെയ്യാൻ സാധിക്കുമെന്നുള്ളവയാണ്. ഇപ്പോൾ ചെയ്യുവരുന്നതുപോലെ അഗണ്യമായി തള്ളിക്കളയത്തക്കവണ്ണം, മതതത്വങ്ങൾ അത്ര നിസ്സാരമായവയോ, ആപൽകരമോ ആണോ എന്നു ഞാൻ കാര്യമായി ചോദിച്ചുകൊള്ളുന്നു. നമ്മുടെ പൂർവ്വികന്മാർ മതത്തെ തങ്ങളുടെ വിദ്യാഭ്യാസത്തിന്റെ മുന്നണിയിൽ വച്ചിരുന്നു, എന്നാൽപ്പ്രാപഞ്ചികരായ പാശ്ചാത്യരിൽനിന്നും സിദ്ധിച്ചിട്ടുള്ള നമ്മുടെ പരമജ്ഞാനത്തിൽ അതിനെ നമ്മുടെ വിദ്യാലയങ്ങളിൽ കടത്തുന്നതിനുള്ള അർഹതയില്ലാത്ത ഒന്നായി കരുതുന്നു. അല്ലയോ നാട്ടുകാരെ, ഏതുതരത്തിലുള്ള അധഃപതനമാണ്? ഭൂമിയത്രത്തിനിടം കൊടുക്കുന്നതിനായി മനുഷ്യനിൽ സ്ഥിതിചെയ്യുന്ന ഈശ്വരാംശത്തെ ആട്ടിപ്പായിക്കുകയാണിപ്പോഴത്തെ മനോഭാവം എന്നു കാണുന്നതിൽ ഞാൻ വളരെ മനസ്താപിക്കുന്നു. നമ്മുടെ വിദ്യാലയങ്ങളിൽ മതസംബന്ധമായ വിദ്യാഭ്യാസം ഏർപ്പെടുത്തേണ്ടതാണെന്നു ഞാൻ പറയുമ്പോൾ, ആ പവനനാമം ധരിച്ചുള്ള സകല മതാചാര്യന്മാരേയും അതോടൊന്നിച്ചു കൊണ്ടുവരണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. അതിൽ സത്യവും മഹത്തും വിലയേറിയതുമായവയെ വളർത്തണമെന്നു മാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു. അനേകം ശതവർഷങ്ങളായി സാധുവും വിലയേറിയതും ആണെന്നു സ്ഥാപിച്ചിട്ടുള്ളതും ലോകബഹുമാനത്തിനു ഇപ്പോഴും പാത്രമായിരിക്കുന്നതും ആയ വളരെ തത്വങ്ങൾ അതിലുണ്ട്. ഇവയെ നമ്മുടെചെറുപ്പക്കാരുടെ ഹൃദയങ്ങളിൽ ഉൾപ്രവേശിപ്പിക്കുന്നപക്ഷം അവരുടെ സ്വഭാവത്തിനു ദിവ്യസ്പർശം ഉയർത്തുകയും ബലപ്പെടുത്തുകയും ചെയ്യും എന്നതിനെന്നുമല്ല മേയുമാലുള്ള

ഇ സന്ദർഭത്തിനു ഞാൻ ഉതകുകയുംചെയ്യും. എന്റെ അഭിപ്രായത്തിൽ മതത്തിനു സ്ഥാനമില്ലാത്ത വിദ്യാഭ്യാസം ഈ പേരിനെ ഒട്ടുംതന്നെ അർഹിക്കുന്നില്ല.

ഞാൻ ഇവി കൃഷി മത്സ്യവ്യവസായ ഡിപ്പാർട്ടുമെന്റിലേക്കു എന്റെ ശ്രദ്ധയെ തിരിച്ചുകൊള്ളുന്നു. ഈ ഡിപ്പാർട്ടുമെന്റും പ്രാധാന്യത്തിലും പ്രയോജനത്തിലും മറ്റു ഡിപ്പാർട്ടുമെന്റുകളെക്കാൾ ഒട്ടും പിന്നോക്കമില്ലെങ്കിലും, ധനസംബന്ധമായി അതിനോടുള്ള പെരുമാറ്റം, ആൾക്കിയോടുള്ള പേരെയുള്ള ചെറുതരം ഡിപ്പാർട്ടുമെന്റുകൾക്കൊപ്പമായിട്ടാണ്. അതിലേക്കു ഒരുലക്ഷം രൂപയിൽ ചില്വാനം വരുന്ന ഒരു നിസ്സാരമായ തുക മാത്രമേ മാറ്റി വച്ചിട്ടുള്ളൂ. കുഞ്ഞു വളരുന്ന വഴിയിൽ പുരുഷപ്രയത്നമായ ആവശ്യങ്ങൾ തോന്നിത്തുടങ്ങുകയും ചെയ്യും. എന്നിട്ടും പിതാവ് അവനെ ഒരു ശിശുവിനെപ്പോലെതന്നെ കരുതുന്നു. ഈ രാജ്യനിവാസികളുടെ പ്രധാനതൊഴിൽ കൃഷിയാണെന്നും, അതു മേലിൽ പുരോഗമിക്കേണ്ടതുതന്നെ ആയിരിക്കണമെന്നുമുള്ള വസ്തുത ഒരിക്കലും വിസ്മരിക്കുവാൻ പാടുള്ളതല്ല. ക്ഷീരവൃത്തി, തൊഴിൽശാല വ്യവസായങ്ങളെ പ്രോത്സാഹിപ്പിപ്പാനുള്ള ധനകാര്യങ്ങളിലൂടെ പ്രോത്സാഹനയെ ആസ്പദമാക്കിനോക്കുമ്പോൾ കൃഷിയുടെ പ്രാധാന്യത്തിനും, അതിനെ നന്നാക്കേണ്ടതിനുള്ള ആവശ്യവും വളരെ വർദ്ധിക്കുന്നു. എങ്ങനെ ആയാലും, ഡയറക്ടറായി ഇൻഡ്യാഒട്ടുക്കു, കിട്ടാവുന്നതിൽ ഏറ്റവും ഉത്തമന്മാരിൽ ഒരാൾ ഉണ്ടെന്നുള്ളതു നമ്മുടെ ഭാഗ്യംതന്നെ. അദ്ദേഹം സകല ശ്രമിക്കുന്നതിനും സമർത്ഥനാണ്. എന്നാൽ, ശരിയായ സഹായംകൂടാതെ അദ്ദേഹം വളരെയൊക്കെ ചെയ്യുമെന്നു നമുക്കു ആശിക്കാൻ പാടില്ല. ഞാൻ അതുകൊണ്ടു ഈ രാജ്യത്തിലെ കൃഷിയെ പരിഷ്കരിക്കുന്നതിലേക്കു ഒരു വിസ്തൃതമായ പദ്ധതി തയാറാക്കി കൊണ്ടുവരുന്നതിനു ഡയറക്ടരോടു ആജ്ഞാപിക്കണമെന്നും അദ്ദേഹത്തിനു കൂടെക്കൂടെ ധാരാളമായി ധനസഹായം ചെയ്യണമെന്നും ഗവണ്മെന്റിനോടുപേക്ഷിക്കുന്നതായിരിക്കും. ഡിപ്പാർട്ടുമെന്റു ഈ സ്ഥിതിയിൽതന്നെ വളരെക്കുറെ ചെയ്തിട്ടുണ്ടു; എന്നാൽ വളരെക്കൂടുതൽ ഇനി ചെയ്യേണ്ടതായുമുണ്ടു. അതിരി, ഈ രാജ്യത്തിലെ പ്രധാനരക്ഷണപദാർത്ഥമാകുന്നു എല്ലാവക്കും അറിയാമല്ലോ. കനൽകൃഷി മോശമായിതീരുന്നു. ഉന്നേഷമില്ലാത്ത ഉടമസ്ഥന്മാർ, അല്പപ്പട്ടിണിക്കാരായ കൃഷിക്കാർ, മെലിഞ്ഞ കാളകൾ, ക്ഷയിച്ച കലപ്പകൾ, മോശമായ വളങ്ങൾ, മോശമായ വിളവുകൾ ഇവകളാണു എവിടെനോക്കിയാലും കാണുന്നതു്. ഇതെങ്ങുരോഗം രാജ്യത്തിനെ യഥാർത്ഥത്തിൽ ശ്രദ്ധപ്പെട്ടുന്നു. യാതൊരു ഫലപ്രദമായ പ്രതിവിധിയും എന്റെ അറിവിൽപെട്ടിടത്തോളം ഇതേവരെയും കണ്ടുപിടിച്ചിട്ടില്ല. വൃക്ഷങ്ങളെ മുറിച്ചുകളയുക, ഓജസ്സവളം മുതലായവകൾ മാത്രമാണു് ഇതുവരെ നിർദ്ദേശിച്ചിട്ടുള്ള പ്രതിവിധികൾ. അങ്ങനെയാണെന്നുള്ളപക്ഷം, രോഗത്തെ നിശ്ശേഷം ഇല്ലാതാക്കുന്നതിനുള്ള ഏറ്റവും ഉത്തമമായമാർഗ്ഗം പക്ഷേ, വൃക്ഷങ്ങളെത്തന്നെ നിശ്ശേഷം ഇല്ലാതാക്കുകയാകുന്നു. രോഗത്തെ അമർച്ചചെയ്തിയിട്ടുണ്ടെന്നും ശ്രദ്ധേയമായ ഒരു മാറ്റം കാണുന്നുണ്ടെന്നും ഉത്തരവാദിത്വമുള്ള ഇടങ്ങളിൽനിന്നും നാം പലപ്പോഴും കേൾക്കുന്നുണ്ടു്. അതുപ്രകാരമാണോ? ഈ മാറ്റത്തെ കാണുന്നതിനു പക്ഷേ ഡിപ്പാർട്ടുമെന്റുകാരുടെ കണ്ണുകൾ വേണമായിരിക്കും. എന്റെ കണ്ണുകളെ സംബന്ധിച്ചിടത്തോളം—അവ സാധാരണയും ഡിപ്പാർട്ടുമെന്റുവകയല്ലാത്തതുമാണു്—അപ്രകാരം യാതൊരു മാറ്റവും ശ്രദ്ധിക്കുന്നില്ലായിരുന്നു. പഴയപോലെതന്നെ ഉപദ്രവകരമായി ആ രോഗം ഇപ്പോഴും ഉണ്ടു്. അതിനെക്കുറിച്ചുള്ള മുറവിളി ഏതാണ്ടു ശമിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ. അതു്, ജനങ്ങൾ മുറവിളിക്കുട്ടി ക്ഷീണിച്ചുപോയിട്ടുള്ളതുകൊണ്ടാണു്. മറ്റൊരു പ്രധാനവിളവായ കരിമ്പുകൃഷിയും അധഃപതിക്കുന്നു. ഡിപ്പാർട്ടുമെന്റു് അന്വേഷിക്കേണ്ടതായി മറ്റു വളരെ സംഗതികളുണ്ടു്. അതിനു ചെയ്യേണ്ടതായുള്ള ജോലി വാസ്തവത്തിൽ വളരെ ഭീമമായ ഒന്നാകുന്നു.

ഈ സന്ദർഭത്തിൽ, ഒരു സംഗതിയിലേക്കു ഡയറക്ടരുടെ ശ്രദ്ധയെ ആകർഷിക്കണമെന്നാഗ്രഹിക്കുന്നു. കൃഷിഡിപ്പാർട്ടുമെന്റു ജനങ്ങളുടെ ഡിപ്പാർട്ടുമെന്റാണു്. 'ഒരു ഡിപ്പാർട്ടുമെന്റു ജനങ്ങൾക്കുവേണ്ടിയുള്ളതല്ല; അതു് അതിനുവേണ്ടിതന്നെയാണു്' എന്നുള്ള പ്രമാണത്തെ മുൻനിറുത്തി പ്രവൃത്തിക്കുന്ന മറ്റു ചില ഡിപ്പാർട്ടുമെന്റുകളിൽനിന്നും ആ രോഗം പകരാതിരിപ്പാൻവേണ്ടി അതിന്റെ ഭിന്നോദ്യോഗസ്ഥന്മാരെ നിസ്സംശയം സൂക്ഷിക്കേണ്ടതാകുന്നു. കർഷകന്മാരുമായി ചേർന്നുപ്രവർത്തിച്ചു അവരുടെ രീതികളേയും ആവശ്യങ്ങളേയും മനസ്സിലാക്കണമെന്നു കൃഷിഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരോടു പ്രത്യേകം ശട്ടംകെട്ടേണ്ടതാണു്. സംഭാഷണമധ്യേ നമ്മുടെ കർഷകന്മാർ സ്വഭാവേന യഥാസ്ഥിതികന്മാരും മന്ദബുദ്ധികളുമാകുന്നു. അവരുടെ മന്ദതയെ ഇല്ലാതാക്കുകയും അവരിൽ ആത്മവിശ്വാസവും പരിശ്രമശീലവും ജനിപ്പിച്ചു തന്മൂലം അവരെ ശരിയായ വഴിയിൽക്കൂടി നയിക്കുകയും ചെയ്യേണ്ടതു ഡിപ്പാർട്ടുമെന്റിന്റെ ചുമതലയാകുന്നു.

കൃഷിസംബന്ധമായ പണവായ്പകൾ കൊടുക്കുന്നകാര്യം ഞാൻ ഇവിടെ പ്രസ്താവിക്കുന്നതിനു വിചാരിക്കുന്ന മറ്റൊരു വിഷയമാകുന്നു. ഈ വായ്പകൾ നടക്കുന്ന രീതിയെക്കുറിച്ചു ദരിദ്രന്മാരായ കർഷകന്മാരുടെ ഇടയിൽ അതൃപ്തി വർദ്ധിച്ചുവരുന്നു. ഇതുമൂലം ഈവിധത്തിൽ ചെലവാക്കുന്ന ജനങ്ങളുടെ ദുരിതാശ്വാസവും, തങ്ങൾ വേണമെന്നുവയ്ക്കുന്നപക്ഷം തങ്ങളുടെ ശ്രമികളെ നന്നാക്കുന്നതിനു മറ്റുമാർഗ്ഗങ്ങൾ ഉണ്ടാവുമെന്നുള്ള ധനികന്മാക്കാണ് സിദ്ധിച്ചുവരുന്നതു്. ഇതു് തീർച്ചയായും ദരിദ്രന്മാക്ക് ദോഷകരമാകുന്നു. കൃഷിക്കാവശ്യങ്ങൾക്കായി വായ്പകൾ അനുവദിക്കുന്നതിനായുള്ള പദ്ധതി നിർമ്മിച്ചിട്ടുള്ളതു മുഖ്യമായി അതിനർഹന്മാരായ ദരിദ്രന്മാരുടെ സഹായാർത്ഥമാണ്. ഇക്കാര്യത്തിൽ എല്ലായ്പോഴും ദരിദ്രന്മാക്ക് കൂടുതൽഅവകാശം നൽകണമെന്ന ഭയവായി ഉത്തരവാകുന്നതിനു ഗവൺമെന്റിനോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇതു ചെയ്യാത്തപക്ഷം ദരിദ്രന്മാരുടെ ന്യായമായ സങ്കടങ്ങളിൽ ഒന്നു് പരിഹരിക്കാതെ കിടന്നുപോകുന്നതാണ്. കൃഷിഡിപ്പാർട്ടുമെന്റു രാജ്യത്തിലെ കൃഷിയുടെ പ്രകൃത്യായുള്ള രക്ഷകർത്താവാകുന്നു. അതുകൊണ്ടു കൃഷിസംബന്ധമായ വായ്പകൾ, ജലസേചനവേലകൾ മുതലായ കൃഷിയെ പരിഷ്കരിക്കുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ളവയെല്ലാം ആ ഡിപ്പാർട്ടുമെന്റിന്റെ അധികാരസീമയിൽ കഴിയുന്നതു കൊണ്ടുവരേണ്ടതാകുന്നു.

എനിക്കു ഒന്നരണ്ടു വാക്കുകൾ പറയാനുള്ള ഒടുവിലത്തെ, എന്നാൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സംഗതി ദരിദ്രന്മാരുടെ കാര്യത്തെപ്പറ്റിയാണ്. ജോലിചെയ്യാൻ ശേഷിയുണ്ടു്. എന്നാൽ അതു ചെയ്യുകയില്ല എന്നുള്ള ദരിദ്രന്മാക്കുവേണ്ടി ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബുദ്ധിഹീനതകൊണ്ടോ, വാദ്ധ്യക്യംകൊ

ണ്ടോ ജോലിചെയ്യുവാൻ ശേഷിയില്ലാതെ അന്യന്മാരുടെ ഉദാരശീലത്തെ ഏകാവലംബമാക്കിക്കഴിയുന്ന ആ കഷ്ടപ്പെടുന്ന ജീവികർക്കുവേണ്ടിമാത്രമേ ഞാൻ വാദിക്കുന്നുള്ളൂ. തിരുവിതാംകൂറിനെ ധർമ്മരാജ്യമെന്നാണ് പുറമെ അറിയപ്പെടുന്നതെങ്കിലും ഇവിടത്തെ യഥാർത്ഥസ്ഥിതി അവരെയൊക്കെ രക്ഷിക്കത്തക്ക ബലമുള്ളതല്ല. അത്തരത്തിലുള്ള വളരെ ദരിദ്രന്മാർ വാസ്തവത്തിൽ പട്ടിണികിടന്നു ചാകുന്നു എന്നുള്ള വസ്തുത ഗവണ്മെന്റിനും പൊതുജനങ്ങൾക്കും മുട്ടംതന്നെ അഭിമാനകരമായിട്ടുള്ളതല്ല. ഇക്കാര്യത്തിൽ നാം കൈക്കൊണ്ടിരിക്കുകയും ലോകത്തിലെ സകല പരിഷ്കൃതരാജ്യങ്ങളും ചെയ്തിട്ടുള്ളതുപോലെ വല്ലതും പ്രവൃത്തിക്കുകയും ചെയ്യേണ്ടതാവശ്യമായിരിക്കുന്നു. മിസ്റ്റർ ഡഫാമിഡ്ജാക്ക് ചാൻസലർ അഫ് ദി എക്സ്ചെക്കർ ആയിരുന്നപ്പോൾ ഗ്രേറ്റ് ബ്രിട്ടണിൽ വയസ്സൻമാർക്ക് പെൻഷൻ കൊടുക്കുന്ന സമ്പ്രദായം ഏർപ്പെടുത്തി. നമ്മുടെ ചാൻസലർ അഫ് ദി എക്സ്ചെക്കറിനു, ഇംഗ്ലണ്ടിലെ തന്റെ നാമധാരിയായ മഹാനെയും വെല്ലണമെന്നുള്ള അഭ്യർത്ഥം ഉണ്ടാകുമെന്നാണ് ഞാൻ ആശിക്കട്ടെ?

മി. എൻ. വി. ജോസഫ് (പറവൂർ): ഇക്കാര്യം ജനങ്ങളിൽനിന്നും കഴിയുന്നിടത്തോളം നികുതി വസൂലാക്കുന്നതിനു ഗവണ്മെന്റിനു സാധിച്ചുഎന്നും, കഴിഞ്ഞ ആണ്ടത്തെ ബഡ്ജറ്റിൽ ധനകാര്യശ്രീ പ്രസ്താവിച്ചതുപോലെ യാതൊന്നും സംഭവിച്ചില്ലെന്നുമുള്ളതു അഭിനന്ദനീയമായ ഒരു സംഗതിയാണ്. അല്പോഹത്തിന്റെ ശങ്കകൊണ്ടു വളരെ ന്യായമായതുമായിരുന്നു എന്നതുകൊണ്ടല്ല കർഷകവർഗ്ഗം അതിൽ പങ്കുകാണ്ടിരുന്നു. എന്നാൽ ഖജനാവിൽ ആ പണം യഥേഷ്ടം എന്ന വസ്തുത നാട്ടുകാർക്ക് അതു കൊടുക്കുവാൻ ശേഷിയുണ്ടായിരുന്നു എന്നതിനൊരു ലക്ഷ്യമല്ല, രാജ്യത്തിലെ മൂലധനം, ജനങ്ങളുടെ ഇടയിൽ അതിന്റെ വിതരണം, അവർക്കു ലഭിക്കുന്ന ആദായം, അവരുടെ ചെലവു്, അവരുടെ സമ്പാദ്യം ഇവകളെ സംബന്ധിച്ചു നമുക്കു ശരിയായ കണക്കുകൾ ഉണ്ടായിരിക്കണം. ഇവ എല്ലാം നിശ്ചയമില്ലാതെ മുതലെടുപ്പിൽനിന്നും രാജ്യത്തിലെ ജനങ്ങൾക്കു അതു നൽകുന്നതിനു ശേഷിയുണ്ടെന്നു തീരുമാനിക്കുന്നതു നന്നല്ല. ഒരു ലാഭം നീക്കിവച്ചതിന്റെശേഷം ഈ നികുതികൾ കൊടുക്കുന്നതിനു എത്ര കർഷകന്മാർക്ക് സാധിച്ചിട്ടുണ്ടു് എന്നു ഇനിയും അറിയേണ്ടിയിരിക്കുന്നു എത്ര ഡിമാൻഡ്സ് നോട്ടീസ്സുകൾ അയക്കേണ്ടിവന്നു, എന്തെല്ലാം നിർബ്ബന്ധിതനടപടികൾ നടത്തേണ്ടിവന്നു, എത്ര ജനങ്ങൾക്കു അവരുടെ വസ്തുക്കളെ വിൽക്കുകയോ ഒരിടക്കാട്ടുകയോ ചെയ്യേണ്ടിവന്നു എന്നുംമറ്റും അറിഞ്ഞതിനുശേഷം മാത്രമേ അവർക്കു ശേഷിയുണ്ടായിരുന്നിട്ടാണോ അതു കൊടുത്തതു എന്നു തീർച്ചചെയ്യാൻ നിവൃത്തിയുള്ളൂ. നികുതി ഈടാക്കുന്നതു വിളവിൽനിന്നുമല്ല, എന്നാൽ വസ്തുക്കളിൽനിന്നുമാണ്. വസ്തുവിൽനിന്നും ജനങ്ങൾക്കു യാതൊരാദായവും ലഭിച്ചിട്ടില്ലെന്നുവരുകിലും കരംപിരിവു ചട്ടങ്ങളുടെയായി സർക്കാർ കരംപിരിവുകാരൻ അവിടെ എത്തുന്നു. അയാൾക്കു ജനങ്ങളിൽനിന്നും തൃപ്തിപിരിക്കുന്നതിനെളുപ്പമുണ്ട്, എന്നാൽ ജനങ്ങൾക്കു ഭൂമിയിൽനിന്നും ആദായം ലഭിക്കുന്നതിനതു എളുപ്പമില്ല എന്റെ സ്നേഹിതന്മാരിൽ ചിലർ പ്രസ്താവിച്ചതുപോലെ നാട്ടിൽ വലിയ കഷ്ടപ്പാടുകൾ ഉണ്ടു്. ഈ സന്ദർഭത്തിൽ ജനങ്ങളുടെയിടയിൽ പ്രചാരമുള്ള ഒരു ചൊല്ലിനെ എടുത്തുദ്ധരിക്കുന്നതിനുവേണ്ടി ഞാൻ നിർബ്ബന്ധിതനാകുന്നു.

"തൈമാസംപുല്ലുംമൂന്നുമാസം
ചക്കയുംമാങ്ങയുംമൂന്നുമാസം
കൊട്ടുംകുടിപ്പുംമൂന്നുമാസം
അങ്ങനെയുള്ളിങ്ങനെയുംമൂന്നുമാസം"

ഇങ്ങനെയാണ് ജനങ്ങൾ ജീവിതം കഴിച്ചുകൂട്ടുന്നതു്. യഥാർത്ഥത്തിൽ കഷ്ടപ്പെടുന്നവർ കുറച്ചുമാത്രം വസ്തുക്കൾമുള്ള കർഷകന്മാരാണ്. അവർക്കു ഗവണ്മെന്റിന്റെ ശ്രദ്ധിക്കപോലും തൊഴിലുമില്ല. എന്നുതന്നെയല്ല, കുറച്ചുമാത്രം വസ്തുക്കൾമുള്ള കർഷകന്മാർക്കു സാധാരണയായി ഒരേക്കറിൽ കൂടുതൽ ഭൂമിയില്ല. ഒരു പുരുഷൻ, ഒരു സ്ത്രീ, അധികരുടെ കുട്ടികൾ ഇപ്രകാരമുള്ള ആധാരം ഈ ഒരേക്കർ സ്ഥലമാണ്. അതുകൊണ്ടു് അവർക്കു മതിയാംവണ്ണമുള്ള തൊഴിൽ ഇല്ല. ഇങ്ങനെ ഇപ്പോഴത്തെ മുഖ്യ ആലോചനാവിഷയം തൊഴിലില്ലായ്മയാകുന്നു. ധനകാര്യശ്രീയുടെ പ്രസ്താവനയിൽ ഗവണ്മെന്റു ഇതിനു ശരിയായ മാർഗ്ഗമറിഞ്ഞു പ്രവൃത്തിച്ചിരിക്കുന്നു എന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ജനങ്ങൾക്കാവശ്യമായിരിക്കുന്നതു ഒരു സഹായികവ്യവസായത്തിലേക്കു ഗവണ്മെന്റു പോകുന്നതുപോലെ കുടിയ്യവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാകുന്നു. ജനങ്ങൾക്കു എന്തെങ്കിലും ദേവസ്വമായിരിക്കുന്ന ഇങ്ങിനെ അതു കുടിയ്യവ്യവസായത്തിൽ ഉള്ള ഒരു സഹായികവ്യവസായമാകുന്നു എന്നാണ് എന്റെ അഭിപ്രായം. അരി നമ്മുടെ മുഖ്യആഹാരസാധനവും കൃഷി നമ്മുടെ പ്രധാനതൊഴിലുമാകുന്നു. കൃഷിഡിപ്പാർട്ടുമെന്റു വളരെ പ്രയത്നങ്ങൾ ചെയ്യുന്നു എന്നുവരികിലും പ്രസ്തുത ഡിപ്പാർട്ടുമെന്റിനു നെല്ലുവിളവു വർദ്ധിപ്പിക്കുന്നതിനു സിദ്ധിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു? ഈ ഡിപ്പാർട്ടുമെന്റുകൊണ്ടു പറഞ്ഞിട്ടുള്ള മെച്ചങ്ങൾ നല്ലവയാണെന്നു നിസ്സംശയം പറയാം. എന്നാൽ സാധാരണ കർഷകന്മാർക്കു അനുകരിക്കുവാൻ പാടില്ലാത്തവിധം അവ കൂടുതൽ ചെലവുള്ളവയോ നിരോധനീയമായവയോ ആകുന്നു. ഡിപ്പാർട്ടുമെന്റു ഗുണകരമെന്നു പറഞ്ഞിട്ടുള്ള ശാസ്ത്രീയമാർഗ്ഗങ്ങൾ അനുകരിക്കത്തക്ക ധനശക്തി സാധാരണ കർഷകന്മാർക്കില്ല. അതു ഡിപ്പാർട്ടുമെന്റിന്റെ കുറവല്ല. ജനങ്ങൾക്കു പണമില്ലാഞ്ഞിട്ടാണ്. അതുകൊണ്ടു പരസ്പരസഹായസ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലും കുടിൽവ്യവസായങ്ങൾ ആരംഭിക്കുന്നതിലും കാർഷികവായ്പകൾ കൊടുക്കുന്നതിലുമാണ് ഇതിനുള്ള പ്രതിവിധി കാണേണ്ടതു എന്നാണ് എന്റെ അഭിപ്രായം. കൃഷിഡിപ്പാർട്ടുമെന്റിന്റെ ഈ ശ്രമങ്ങളെ ജനങ്ങൾ പ്രയോജനകരമാക്കാത്തപക്ഷം ഈ ഡിപ്പാർട്ടുമെന്റുണ്ടായിട്ടുള്ളതുകൊണ്ടു യാതൊരു ഗുണവുമില്ല. കൃഷിഡിപ്പാർട്ടുമെന്റിന്റെ യത്നങ്ങളോടൊത്തുചേർന്നു പരസ്പരസഹായസ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും, ധാരാളമായി കാർഷികവായ്പകൾ നൽകുകയുംചെയ്യുന്ന കാര്യത്തിൽ ഗവണ്മെന്റു കൂടുതൽ ശ്രദ്ധചെലുത്താത്തപക്ഷം, കൃഷിഡിപ്പാർട്ടുമെന്റിനായി ചെലവിടുന്ന പണത്തിനു തക്ക പ്രതിഫലമുണ്ടാകുന്നതല്ല.

ഞാൻ ഇവിടെ പറയണമെന്നാഗ്രഹിച്ച മറ്റൊരു സംഗതി, എന്റെ സ്നേഹിതന്മാരിൽ ചിലർ പ്രസ്താവിച്ചതുപോലെ, ആധുനിക വിദ്യാഭ്യാസത്തിന്റെ ഫലങ്ങളെപ്പറ്റി ആയിരുന്നു. പല സമാജികന്മാരും അതിനെപ്പറ്റി സംസാരിച്ചുകഴിഞ്ഞതുകൊണ്ടു, കൂടുതലായി യാതൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

നമ്മുടെ ഭരണഘടനയുടെ താഴ്ന്നതരം ജീവനക്കാരുടെ ശമ്പളഘടനയെപ്പറ്റി ചിലതു പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഒരു പൊലീസു കോൺസ്റ്റബിളിന്റെയും ഒരു എക്സ്ട്രാ ട്രിപ്പായിയുടെയും ശമ്പളം പ്രതിമാസം 18 രൂപയാണു. അതുകൊണ്ടു അവർ എങ്ങിനെയാണു ഉപജീവനം കഴിയ്ക്കുക? ഇതിന്റെ സ്വാഭാവികമായുള്ള ഫലമെന്തെന്നാൽ, കൈക്കൂലിവാങ്ങുന്നതിനു ഒരു 'ഇനാം' കൂടി കൊടുക്കുക എന്നുള്ളതാകുന്നു. പബ്ലിക്ക സർവീസിൽ നടപ്പുള്ള കൈക്കൂലി വാങ്ങലിനുള്ള മുഖ്യകാരണങ്ങളിൽ ഒന്നാണ് ഇതു. അവർ, ആവശ്യം നിമിത്തമാണ് കൈക്കൂലിവാങ്ങുന്നതു. ഓയ്യും കുഞ്ഞുങ്ങളും ഉള്ള ഒരാളിനു 18—0—0 രൂപാ കൊണ്ടു ഉപജീവിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടു, ജനങ്ങളുടെ വലിയ ഉപകാരം ലക്ഷ്യമാക്കിയുള്ള കമ്മീഷനുകളുടെ നടപടികളെ അഴിച്ചുവിട്ടു, ജനങ്ങളുടെ ഇടയിൽ യഥേഷ്ടം സഞ്ചരിക്കുന്നതിനനുവദിച്ചിരിക്കുന്നതു വളരെ അപകടകരമാകുന്നു. പൗരന്മാരുടെ ശമ്പളഘടനയെ 40—0—0 രൂപാ കൂടി കൂട്ടുന്നതായാൽ, അതു ലഞ്ചനാവിനെ വല്ലാതെ ബാധിക്കുന്നതാണെന്നു ഞാൻ അറിയാതിരിക്കുന്നില്ല. എന്നാൽ, നാം അതിനുള്ള മാർഗ്ഗം കണ്ടുപിടിക്കണം; എന്തെന്നാൽ അവർ ജനങ്ങളുടെ ഗുണത്തെക്കാൾ കൂടുതൽ ഉപദ്രവത്തെയാണ് ചെയ്യുന്നതു. പബ്ലിക്ക സർവീസിന്റെ താഴ്ന്ന ജീവനക്കാരുടെ ക്ഷേമമായ ശമ്പളം നൽകാനുപക്ഷം കൈക്കൂലിയെ നിശ്ശേഷം നിരുത്സാഹപ്പെടുത്തുവാൻ സാധിക്കയില്ല. ശിപായിമുതൽ അതുയജമാനൻവരെ വ്യാപിക്കും. ശക്തിമത്തായ ഒരു പൊതുജനാഭിപ്രായമില്ലെങ്കിൽ അതിനെ നിരുത്സാഹപ്പെടുത്തുവാൻ പ്രയാസമാണ് എന്നു എനിക്കറിയാം. അതുകൊണ്ടു പൊതുജനാഭിപ്രായം കൈക്കൂലിയെ തടയാനുള്ള ഒരു നല്ല മാർഗ്ഗമാകുന്നു. എന്നാൽ അതുതന്നെയാണു തിരുവിതാംകൂറിൽ നമുക്കു തീരെ ഇല്ലാത്തതു. പബ്ലിക്ക സർവീസിൽനിന്നും കൈക്കൂലിമുതലായ അനാചാരങ്ങളെ ബഹിഷ്കരിക്കുന്നതിനു, ആവശ്യമായ ഒരു നിരോധന മാർഗ്ഗമാകുന്ന ശക്തിമത്തായ ഒരു പൊതുജനാഭിപ്രായം നമുക്കില്ല, എന്നാണ് ഞാൻ പറയുന്നതു. നമുക്കുപൊതുജനാഭിപ്രായമുണ്ടായിരിക്കാം, എന്നാൽ ജനങ്ങളും പുറത്തുവരുന്നുമാട്ടി? ഭൂരിപക്ഷവ്യവസ്ഥയെന്നു പരിഷ്കൃതവും ജനപക്ഷകൃതവും ആയ ന്യായത്തെപ്പറ്റിയുപറയുമോ? അതുകൊണ്ടു ജനങ്ങളാണ് കുറ്റപ്പെടുത്തുകയും, ഇങ്ങിനെ ഒരവസ്ഥയിരിക്കെ, പൊതുജനാഭിപ്രായത്തെ പ്രതിബിംബിക്കുന്നതിനു ഒരു ദർപ്പണം നിർമ്മിക്കണമെന്നു ഞാൻ ഗവണ്മെന്റിനോടാവശ്യപ്പെടുകമാത്രം ചെയ്യുന്നു. ഇതാണു എന്റെ അഭിപ്രായം. മുനിസിപ്പൽ കൌൺസിലൊ, പഞ്ചായത്തുകോടതിയൊ പോലെ മാന്യന്മാരടങ്ങിയ ഒരു പ്രാദേശിക സഭ നാം സ്ഥാപിക്കുന്നു എന്നിരിക്കട്ടെ. അവരുടെ ജോലി, ഗവണ്മെന്റിന്റെ സ്വാഭിപ്രായത്തോടൊ, ജനങ്ങളുടെയൊ ഗവണ്മെന്റിന്റെയൊ ഉപചാർശയാലൊ, ഓരോരുത്തരെക്കുറിക്കേസുകളെപ്പറ്റി വിചാരണചെയ്തു, കാണുന്നതിനെ അധികൃതന്മാർക്കു റിപ്പോർട്ടുചെയ്കയും ആയിരിക്കുന്നതാണ്. ഇങ്ങനെ ഗവണ്മെന്റിനു പൊതുജനാഭിപ്രായം മനസ്സിലാക്കാൻ ഉതകുന്നതായ ഒരു പൊതുജനാഭിപ്രായദർപ്പണം നിർമ്മിക്കുവാൻ നമുക്കു സാധിക്കും.

ഉപസംഹരിക്കുന്നതിനുമുമ്പു, വടക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ബഡ്ജറിനെക്കുറിച്ചു ഒന്നോ രണ്ടോ വാക്കുകൂടി എനിക്കു പറയാനുണ്ടു. തിരുവിതാംകൂറിന്റെ വടക്കൻപ്രദേശങ്ങളിലുള്ള ജനങ്ങളുടെ ആവശ്യങ്ങളെ വിശിഷ്യ ചീഫ് എൻജിനീയർ വേണ്ടുംവണ്ണം ഗണ്യമാക്കിയിട്ടില്ലാ എന്നു എനിക്കു പറയാതിരിപ്പാൻ നിവൃത്തിയില്ല. മഴക്കാലങ്ങളിൽ ഞങ്ങളുടെ റോഡുകൾ വെള്ളത്തിനടിയിലാണു. ഉദ്യോഗസ്ഥന്മാർ ആഴ്ചവായിൽ കൂടിച്ചു താമസിക്കുന്നതിനുള്ള കാലത്തു മാത്രമേ വടക്കൻപ്രദേശങ്ങളിലെയ്ക്കു സർക്യൂട്ടുവരുന്നുള്ളു. ഈ സമയത്തിനും, അവരുടെ സർക്യൂട്ടിനും തമ്മിൽ എന്തൊ ബന്ധമുള്ളതുപോലെ തോന്നുന്നു. മിഥുനത്തിലൊ, കർക്കടകത്തിലൊ അവർ വരുന്നതും പോകുന്നതും വളരെ സന്തോഷമാണു. അപ്പോഴും ഞങ്ങൾ രാജകീയമായ സ്വീകാരം നൽകുന്നതാണു.

ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്ന മറെറാരു മുഖ്യവസ്തുവു, പെരിയാർ അണയെപ്പറ്റിയാണു. അതിന്റെ തിരുപ്രദേശങ്ങളിൽ നിവസിക്കുന്ന ജനങ്ങൾക്കു അതു എന്നെന്നേക്കും ഉള്ള ഒരു ഉപദ്രവമാർഗ്ഗമാകുന്നു. ഇതിനുള്ള പ്രതിവിധി എന്താണെന്നു എനിക്കറിഞ്ഞുകൂടാ. എങ്ങിനെ ആയാലും ഒരുത്തന്റെ പക്കൽനിന്നും പിടിച്ചുപറിച്ചു മറെറാരാൾക്കു കൊടുക്കുകയും മധുരക്കാരോടു പ്രതിപത്തി കാട്ടുകയും തിരുവിതാംകൂറിനോടു ദ്വേഷം ഭാവിക്കുകയും ചെയ്യുന്നതായ ഒരു പദ്ധതിയുടെ ദുർനിർണ്ണയങ്ങളിൽ നിന്നും നമുക്കെങ്ങിനെ രക്ഷപ്പെടുവാൻ കഴിയുമെന്നു ഒരു വക്കീലിനോടു അന്വേഷിക്കുന്നതിനു കുറെ പണം അനുവദിക്കണമെന്നു എന്റെ സ്നേഹിതനായ ധനകാര്യോദ്യോഗസ്ഥനോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. എസ്. ജ്ഞാനം ജോഷ്വാ (നിയമിക്കപ്പെട്ട സഭാംഗം): സർ, അടുത്ത കൊല്ലത്തെയുള്ള ബഡ്ജറിനെ ഏറക്കുറെ ശ്രദ്ധയോടുകൂടി ഞാൻ വായിച്ചുനോക്കി, തൽഫലമായി, പൊതുവേക്കണക്കുകളെപ്പറ്റി വിലയിരുത്തുന്നതിനുമാത്രമേ തൃപ്തികരമായി നിരൂപണംചെയ്യാൻ സാധിക്കയുള്ളു, എന്നുള്ളതിന്റെ അഭിപ്രായം സ്ഥിരപ്പെട്ടു. 4 കോടി 40 ലക്ഷത്തിൽ പരം രൂപാ മിച്ചമിരിപ്പുണ്ടാകുമെന്നും അതു തികച്ചുംപ്രയോജനപ്രദമായ ഒരു വർഷമായിരിക്കുമെന്നും, നമ്മുടെ പ്രധാന അക്കൌണ്ടാഫീസർ മി. ജാക്ക് പറയുന്നു. അനേകം വർഷങ്ങളിലെ സംഖ്യകളും സംഗതികളും അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കിയതിന്റെ ഫലമാണു അദ്ദേഹം ഇപ്രകാരം തീരുമാനിച്ചിട്ടുള്ളതെന്നു തോന്നുന്നു. ഈ ജോലിയിൽ അദ്ദേഹത്തിനു ചില പരിചയം സിദ്ധിച്ചിട്ടുണ്ടു. സൂക്ഷ്മമായ വിവരങ്ങളും അറിയാതെകണ്ടു, എനിക്കു മിസ്റ്റർ ജാക്കിന്റെ ഭാവിഗണനയെപ്പറ്റി ബുദ്ധിപൂർവ്വം പ്രതിവാദിക്കാൻ സാധിക്കുന്നതല്ല. അദ്ദേഹത്തിന്റെ ഭാവിഗണനങ്ങളുംപോലെ എല്ലാം സംഭവിച്ചില്ലെന്നുവരുന്നതിനേക്കാം. എന്നാൽ അവ ഏറക്കുറെ ശരിയായി പരിണമിക്കുന്നവയാണു. അദ്ദേഹത്തിനു കിട്ടിയിരുന്ന വിവരങ്ങളെ മനസ്സിലാക്കാതെ ഞാൻ ഒരു നിരൂപണം ചെയ്യുന്നതായാൽ എന്റെ നിരൂപണങ്ങളും താൽക്കാലികമായിരിക്കുന്നതാണു. കൂടുതൽ വിവരങ്ങളും കിട്ടുന്ന അവസരത്തിൽ അവയെ പിൻവലിയ്ക്കുന്നതിനു ഞാൻ സന്നദ്ധനാണ്. ഇതു വസ്തുവമായി പരിണമിക്കുന്നതിനു വളരെ എളുപ്പമുണ്ടു. എന്നാലെന്നെയല്ല സന്നിഗ്ദ്ധഭാവം മനുഷ്യജീവിതത്തിന്റെ മുക്കുനാകുന്നു: അതുകൊണ്ടു മിസ്റ്റർ ജാക്കിന്റെ അടുത്തകൊല്ലത്തെ വരവുചെലവു കണക്കുകളും ശരിയായി ഭവിക്കുമെന്നു ഞാൻ ആശിക്കുന്നു.

അടുത്തകൊല്ലത്തിൽ 4 കോടി രൂപായിലധികം ചെലവുചെയ്യുന്നതിനു തീച്ചുചെയ്തിരിക്കുകൊണ്ടും, ഒരു നിക്കിയിരിപ്പുണ്ടാകുമെന്നു മിസ്റ്റർ ജാക്ക് പ്രതീക്ഷിക്കുന്നതുകൊണ്ടും മൂന്നോ നാലോ കാര്യങ്ങളെ ഈ സഭയുടെ

പാകെ പ്രസ്താപിക്കുന്നതു ഉചിതമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒന്നാമതായി എനിക്കു പറയാനുള്ളതു, തമിഴ് താലൂക്കുകളിലും, ഇതര താലൂക്കുകളിലെ തമിഴ് സംസാരിക്കുന്ന സമുദായങ്ങളും അധിവസിക്കുന്നപ്രദേശങ്ങളിലും, തമിഴ് വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തുന്നതിനായി, കൂടുതൽ വിദ്യാലയങ്ങളും സ്ഥാപിക്കുന്നതിനും മറ്റുംവേണ്ടി ഗവണ്മെൻറു കൂടുതൽ പണം ചെലവാക്കണമെന്നാകുന്നു. ലോകത്തിലെ പുരാതനഭാഷകളിൽ ഇന്നും സംസാരഭാഷയായിട്ടിരിക്കുന്ന ഏകഭാഷയാണു തമിഴ്. അതിൻറെ പുരാതനത്വം, മേന്മ, അതിൽ അടങ്ങിയിരിക്കുന്ന വിചയേറിയ സാഹിത്യം ഇവകളെ ഗവണ്മെൻറിൻറെ ശ്രദ്ധയിൽ മുൻപേതന്നെ കൊണ്ടുവന്നിട്ടുണ്ട്. തമിഴ് സംസാരിക്കുന്നവരുടെ സംഖ്യ ആറു ലക്ഷമാണ്, അതായതു ഈ രാജ്യത്തെ ജനസംഖ്യയുടെ ഏഴു ശതമാനം. സകല തമിഴ് പാഠശാലകളിടേയും മേൽനോട്ടത്തിനു വിദ്യാഭ്യാസ ഡയറക്ടർ അവർകളുടനേരേ കീഴിലായി, ജോലിയിലുള്ള തക്ക ശമ്പളം വാങ്ങുന്ന ഒരു തമിഴ് ഇൻസ്പെക്ടരെ നിയമിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. തമിഴ്വിദ്യാഭ്യാസത്തിനായുള്ള ചെലവിനെ ബഡ്ജറിൽ 'വിദ്യാഭ്യാസം' എന്ന മഹാതലക്കെട്ടിൽ ഒരു പ്രത്യേകശീർഷകമായി കാണിക്കേണ്ടതാകുന്നു. ഇപ്പോഴുള്ള പ്രത്യേകശീർഷകത്തിനകത്തു അതായതു 'നാട്ടുഭാഷാവിദ്യാഭ്യാസം' ഇതിനെ രണ്ടു വ്യത്യസ്തമായ പ്രത്യേകശീർഷങ്ങളായി തിരിക്കാവുന്നതാണ്, അതായതു (ക) മലയാളംവിദ്യാഭ്യാസം (ഖ) തമിഴ്വിദ്യാഭ്യാസം ഇപ്രകാരം ഏതെങ്കിലും ഒരു വ്യവസ്ഥ എപ്പോഴെങ്കിലും ചെയ്യാത്തപക്ഷം ഈ സംസ്ഥാനത്തു തമിഴ്വിദ്യാഭ്യാസത്തിനു തൃപ്തികരമായവിധത്തിൽ അഭിവൃദ്ധിയുണ്ടാകുവാൻ തരമില്ല എന്നാണ് എൻറെ അഭിപ്രായം.

എൻറെ രണ്ടാമത്തെ നിർദ്ദേശമെന്തെന്നാൽ (ക) മുഖ്യർ (ഖ) അധഃകൃതവഗ്ഗക്കാർ (ഗ) പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾ എന്നിങ്ങനെ പറയപ്പെട്ടുന്ന സമുദായങ്ങളുടെ വിദ്യാഭ്യാസാഭിവൃദ്ധിയിൽ ഗവർണ്മെൻറു കുറേക്കൂടി ശ്രദ്ധാലുക്കളായിരിക്കണമെന്നാകുന്നു. ഈ സമുദായാംഗങ്ങൾ ആകെ ജനസംഖ്യയുടെ മൂന്നിലൊന്നിൽ അധികംവരുന്നു. അവർ മുഴുവൻ അജ്ഞന്മാരല്ലെന്നും എന്നാൽ മേൽതരമറിച്ചു അവർ ഉപയോഗമുള്ള സമുദായാംഗങ്ങൾ അതെന്നുമുള്ള വസ്തുത പ്രസ്താവിക്കുമ്പോഴും വിസ്മരിക്കുന്നുണ്ട്. അവർ തങ്ങളുടെ പരിശ്രമംകൊണ്ടു രാജ്യത്തിലെ മറ്റെശ്വര്യത്തെ പോഷിപ്പിക്കുന്നു. കഴിഞ്ഞ ഒരു നൂറു കൊല്ലങ്ങളായി ഈ സമുദായങ്ങളെ ഗവർണ്മെൻറു തീരെ അവഗണിച്ചുപോരികയാണുചെയ്തിട്ടുള്ളതു. എന്നുതന്നെയല്ല ഇപ്പോഴും അവക്കു നാമകീയിട്ടുള്ള പ്രത്യേകആപത്കാരങ്ങളും ഈ സമുദായങ്ങളെ വളരെക്കാലത്തേക്കു അവഗണിച്ചതിനു മതിയായ ഒരു പ്രായശ്ചിത്തംമാത്രമാകുന്നതേയുള്ളൂ. വർഷംതോറും കൊല്ലങ്ങൾക്കുമുമ്പു ഈ സമുദായക്കാർക്കു ഇഷ്ടംപോലെ വസ്ത്രധാരണം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമില്ലായിരുന്നു. യൂറോപ്യൻ മിഷ്യനറിമാരും തോട്ടക്കാരും ഈ സമുദായങ്ങളുടെ ഉദ്ധാരണത്തെ ഉദ്ദേശിച്ചു ചിലതൊക്കെചെയ്തിട്ടുണ്ട്. മിഷ്യനറിമാർ ഇവരുടെ ഉപയോഗാർത്ഥം അനവധി വിദ്യാലയങ്ങൾ സ്ഥാപിക്കുകയും തോട്ടക്കാർ ജോലിചെയ്യിക്കുന്നവരുടേയും ജോലിചെയ്യുന്നവരുടേയും നന്മയെ ഉദ്ദേശിച്ചു ഇവരെ തോട്ടങ്ങളിൽ തൽസംബന്ധമായ ജോലികളിൽ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മിഷ്യനറിമാരും തോട്ടക്കാരും പ്രസ്തുത സമുദായാംഗങ്ങളിൽ സാമാന്യം ഇംഗ്ലീഷ്പരിജ്ഞാനമുള്ളവരെ ഇവരിൽപ്പെട്ട കുറെക്കം ചില ഗ്രാമുപ്രമുഖന്മാരെ ഗ്രാമസ്ഥാക്കളായോ മജിസ്ട്രേട്ടന്മാരായോ മുൻസിപ്പന്മാരായോ നിയമിക്കുന്നതിനു നമ്മുടെ ഗവണ്മെൻറു ആലോചിക്കുമുമ്പുതന്നെ അദ്ധ്യാപകന്മാരായും ഉപദേശിമാരായും പുരോഹിതന്മാരായും തേയിച്ച, റബ്ബർ ഇവ ഉണ്ടാക്കുന്നവരായും ഗ്രാമസ്ഥാക്കൻ, കങ്കാണിക്കാരന്മാർ, അക്കൗണ്ടൻറന്മാർ എന്നിവരായും ധാരാളമായി നിയമിച്ചിട്ടുണ്ട്. ദക്ഷിണതിരുവിതാംകൂറിൽ ഈ സമുദായങ്ങളുടെഇടയിൽ കാണപ്പെടുന്ന അജ്ഞതയുള്ള തരവാട്ടുകാരും ആ നിലയിൽ എത്തിയിട്ടുള്ളതു തിരുവിതാംകൂറിലും സിലോണിലും മിഷ്യനറിമാരുടേയോ തോട്ടക്കാരുടേയോ കീഴിൽ ജോലിനോക്കിയിരുന്ന അവരുടെ പൂർവികന്മാർ സമ്പാദിച്ച സമ്പത്തുമൂലമാണെന്നു കാണപ്പെടുന്നു. ചില ആനുകൂല്യങ്ങളും നൽകി ഈ അജ്ഞകളുടെ കഷ്ടപ്പാടുകളെ പരിഹരിക്കുന്നതിനു ഗവണ്മെൻറു ഇപ്പോൾ ആരംഭിച്ചിരിക്കുന്നു. ഈ സമുദായാംഗങ്ങളുടെ മതവിശ്വാസത്തെ കണക്കാക്കാതെ ഒന്നാമതായി ഈ ആനുകൂല്യങ്ങളും നൽകിയതു മദ്രാസുഗവർണ്മെൻറാണ്. മദ്രാസ്ഗവർണ്മെൻറും ഇപ്പോഴിടക്കു ഈ നയത്തെ അനുകരിച്ചിട്ടുണ്ട്.

അധഃകൃതവഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കു ഇംഗ്ലീഷ്വിദ്യാലയങ്ങളിൽ അനുവദിച്ചിട്ടുള്ള ഫീസുസൌജന്യം എർപ്പാടിനെ കാരണങ്ങളും നടപ്പിൽ വരുത്തേണ്ടതാകുന്നു. എന്തെന്നാൽ ഈ സമുദായങ്ങളിൽനിന്നും പഠിക്കുന്ന കുട്ടികളുടെ സംഖ്യ അര ഡസനിൽ കൂടുതലാകുന്നിടയില്ല. ഇപ്പോൾ സയൻസുകോളജിലും ആർട്ട്സ്കോളജിലും അധഃകൃതവഗ്ഗത്തിൽപ്പെട്ട ഒരൊറ്റ കുട്ടിപോലും ഇല്ല. ഈ സമുദായങ്ങളുടെ വിദ്യാഭ്യാസാർത്ഥം ഗവർണ്മെൻറു ചെലവിടുന്ന കൃത്യംതുക പൊതുജനങ്ങൾ അറിയേണ്ടുന്നതിലേക്കു മൈസൂർസംസ്ഥാനത്തെ ബഡ്ജറിൽ ചെയ്യുവരുന്നതുപോലെ പ്രസ്തുതസംഗതിക്കായി നിർദ്ദേശിക്കുന്ന തുകയെ 'വിദ്യാഭ്യാസം' എന്ന പൊതുതലക്കെട്ടിൽ ഒരു പ്രത്യേകശീർഷമായി കാണിക്കേണ്ടതാകുന്നു. വിദ്യാഭ്യാസവിഷയത്തിൽ ഉള്ള ചെലവു ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്നു മി. ജാജ് ധനകാര്യറിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇതിനെപ്പറ്റി നല്ലതിനെന്നും ചെയ്യാഹോചിക്കാതെ ഗവർണ്മെൻറു യാതൊന്നും പ്രവർത്തിക്കയില്ലഎന്നു ഉറപ്പുപറയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. വിദ്യാഭ്യാസം അധഃകൃതവഗ്ഗക്കാരെ ആവേശിച്ചുതുടങ്ങിയിട്ടുണ്ടെന്നും അതു മലയരെ തീരെ സ്പർശിച്ചിട്ടുപോലുമില്ലെന്നും ഈ സന്ദർഭത്തിൽ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. പിന്നോക്കംനിൽക്കുന്ന സമുദായങ്ങളുടെഇടയിൽ ഒരു വളരെ കുറച്ചുമാത്രമെ വ്യാപിച്ചിട്ടുള്ളൂ. ഈ സമുദായങ്ങൾക്കു തന്നത്താൻ മുന്നുയിക്കാൻ ശേഷിയുണ്ടാകുമ്പോൾ ഈ ആനുകൂല്യങ്ങളെ പിൻവലിക്കാവുന്നതാണ്.

ഇനി എനിക്കു പറയാനുള്ളതെന്തെന്നാൽ ഈ ആളുകളുടെവക തെങ്ങുകളിൽ പോക്കുവരവിനുള്ള പാതകളും കിണറുകളും ഉണ്ടാക്കിക്കൊടുക്കേണ്ട കാര്യത്തെപ്പറ്റിയാണ്. പൊതുജനാഭിപ്രായമനുസരിച്ചുള്ള മെൻറു അവരുടെകൊല്ലങ്ങളായി നിലനിന്നുപോരുന്നു. എങ്കിലിന്നേയൊ ഗ്രാമങ്ങളിൽ പോക്കുവരവിനുള്ള പാതകളും കിണറുകളും ഉണ്ടാക്കിക്കൊടുത്തിട്ടില്ല എന്നു നാം കാണുന്നു. പകർച്ചരോഗങ്ങളും ഉള്ള കാലങ്ങളിൽ വെള്ളക്ഷാമം നിമിത്തം ഉണ്ടാകുന്ന കോളറാ മുതലായ രോഗങ്ങളാൽ ഇവരിൽ അനേകംപേർ മരിച്ചുപോകുന്നുഎന്നും നാം കാണുന്നുണ്ട്. അതുകൊണ്ടു ഈ വകക്കായി കൂടുതൽ ദ്രവ്യം അനുവദിക്കേണ്ടതാകുന്നു. കിണറുകൾക്കു

ഫാ ക്ടറി തുടങ്ങാൻ അനുമതി നൽകിയിട്ടുള്ളതായി ഞാൻ കാണുന്നു. അപ്പോൾ കിണറൊന്നിന് ഫാക്ടറി മാനേജ്മെന്റിന്റെ സമുദായത്തിലെ അംഗങ്ങളെ സഹായിക്കുന്നതിനു വേണ്ടി ഗവർണ്മെന്റ് ഫാക്ടറി അനുവദിച്ചിരിക്കുന്നു എന്നുകൂടി പറഞ്ഞിട്ടുണ്ട്. ഫാക്ടറി വീതം ചെലവുചെയ്തു കിണറുകൾ കഴിപ്പിച്ചുകൊള്ളുന്നതിനു ഈ ക്ലോട്ടേഷൻ അനുവദിച്ചിട്ടുള്ളതായി എന്തുകൊണ്ടാണെന്ന് എനിക്കറിഞ്ഞുകൂടാ. ഈ കിണറുകളും ഗവർണ്മെന്റ് ചെലവിലേൽ കഴിപ്പിക്കേണ്ടതാകുന്നു.

സഭ ലഘുഭക്ഷണത്തിനായി 2 മണിക്കു പിരിയുകയും 2.30 ന് വീണ്ടും ക്ലോട്ടുകൂടുകയുംചെയ്തു.

മി. സി. എൻ. ഉപ്പൻനംപൂതിരി (ജന്മി): സർ, കഴിഞ്ഞ ബുധനാഴ്ച ഈ സഭയുടെ പരിഗണനക്കായി ഫിനാൻസ്സ്യൽ സെക്രട്ടറി സമർപ്പിച്ച നക്കൽബഡ്ജറ്റ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ എത്രയോ പിന്നോക്കം നിൽക്കുന്ന ഒരു വർഗ്ഗക്കാരുടെ പ്രതിനിധിയും ആ ഭാഷയിൽ അപരിചിതനുമായ എന്നെ പലേവിധത്തിൽ അസഹ്യപ്പെടുത്തിയിരിക്കുന്നു. ഈ രാജ്യത്തെ ജനങ്ങളിൽ എത്രയോ ചെറിയതായ ഒരംശത്തെ ഒഴിച്ചു ബാക്കി മുഴുവൻ മലയാളികളും മലയാളം മാതൃഭാഷയായിട്ടുള്ളവരും ആണെങ്കിലും ഗവർണ്മെന്റ് ഓരോ ദിവസം ചെല്ലുംതോറും ജനങ്ങളുംകൂടി അറിഞ്ഞിരിക്കേണ്ട എഴുത്തുകുത്തുകളും പ്രസിദ്ധീകരണങ്ങളും അവക്കറിഞ്ഞുകൂടാത്ത ഒരു വിദേശഭാഷയിലാണ് നടത്തുന്നതു. ഇതു എത്രയോ ദയനീയമായ ഒരു സ്ഥിതിയായിട്ടാണ് ഞാൻ കാണുന്നതു. മലയാളഭാഷയുടെ പ്രാധാന്യംനോക്കേണ്ടുന്നതിനെപ്പറ്റി മിസ്റ്റർ തുവിക്രമൻ വാസുദേവൻ നായർ ഈ സഭയിൽ അവതരിപ്പിച്ച ഒരു പ്രമേയത്തെസംബന്ധിച്ചു വാഗ്പ്രതിവാദം നടത്തിക്കൊണ്ടിരുന്നപ്പോൾ "ഗവർണ്മെന്റിന്റെ ഇംഗ്ലീഷ് ഭാഷയെപ്പോലെ മലയാളത്തിനും പ്രാധാന്യം കൊടുത്തിട്ടുണ്ടെന്നു ഗവർണ്മെന്റിന്റെമെമ്പർ മറുപടി പറഞ്ഞതായി തിരുമനസ്സോടെപടികളും രണ്ടോമൂന്നുമാസം മുമ്പു ഞാൻ കാണുന്നു. ആ വാക്കും ഗവർണ്മെന്റിന്റെ അനന്തരനടപടികളും കൂടി നോക്കുമ്പോൾ അതിലുള്ള വ്യത്യാസത്തിൽ ഞാൻ വ്യസനിക്കുന്നു. നാട്ടുകാരായ പ്രതിപക്ഷം ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി ഒരു നാട്ടരാജാവിനാൽ ഭരിക്കപ്പെടുന്ന ഈ രാജ്യത്തിലെ ഭരണസംബന്ധമായ വിവരങ്ങൾ ഒരു വിദേശഭാഷയുടെ സഹായത്താൽ മാത്രമേ ധരിക്കുവാൻ പാടുള്ളൂ എന്നുവരുന്നതും ആ ഭാഷയ്ക്കു നാട്ടുഭാഷയെക്കാൾ കൂടുതൽ മാന്യത നൽകുന്നതും പരിഷ്കാരത്തിന്റെ പരിഹാസാസ്പദമായ ഒരു സ്വഭാവവിശേഷമാകുന്നു. ഈ മുഖവുരയോടുകൂടി ഞാൻ മനസ്സിലാക്കിയിടത്തോളം ബഡ്ജറ്റിനെപ്പറ്റി എനിക്കു പറയുവാനുള്ള കാര്യങ്ങൾ ഒക്കാണുംവണ്ണമുള്ളതാകുമല്ലോ.

നിരൂപണത്തിനായി എന്റെ കയ്യിൽ കിട്ടിയിട്ടുള്ളതായ ബഡ്ജറ്റിൽ കാണിച്ചിരിക്കുന്നപ്രകാരം സംഗതികൾ നടക്കുകയാണെങ്കിൽ അടുത്ത വർഷം ധനസംബന്ധമായ ബുദ്ധിമുട്ടുകൂടാതെ ഒരുവിധം കഴിച്ചുകൂട്ടാമെന്നതോന്നുന്നു. ക്രമാനുഗതമായ വരവിനങ്ങളും ചെലവിനങ്ങളും സാധാരണമായി ബഡ്ജറ്റിൽ വിശദപ്പെടുത്തുന്നുണ്ടു്. ചെലവു വർദ്ധിപ്പിക്കുന്നതിനനുസരിച്ചു വരവു വർദ്ധിപ്പിക്കുവാൻ ശ്രമംചെയ്യുന്നതും വർദ്ധിച്ചുവരുന്ന വരവിനനുസരണമായി ചെലവു വർദ്ധിപ്പിക്കുന്നതും ഇപ്പോൾ സാധാരണമായിരിക്കുന്നുണ്ടു്. ബഡ്ജറ്റിൽ എന്നുവച്ചാൽ വരവുചെലവുകളെ സമപ്പെടുത്തുകയാണെന്നുള്ള ആദ്യകാലത്തുള്ള ധാരണയിൽ നിന്നും ഞാൻ ധരിച്ചിരുന്നു. ആ ധാരണ ശരിയാണെന്നു ഇപ്പോൾമാത്രമാണ് മനസ്സിലാക്കേണ്ടിവന്നതു. എനിക്കു ലഭിച്ച ആയവ്യയ അടങ്കൽ ഇവിടത്തെ ധനസ്ഥിതിയെ ക്രമപ്പെടുത്തുന്നതല്ലെന്നും വരവുചെലവു ഇനികളെ ശരിപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും എനിക്കു തോന്നുന്നു. ഈ നിലയെ മാറി ധനസ്ഥിതിയെ നിയന്ത്രണംചെയ്യുന്നവിധത്തിലും അതിനെ ജനങ്ങൾക്കു മനസ്സിലാക്കാവുന്നവിധത്തിലും ബഡ്ജറ്റിനെ തയാറാക്കുന്നതു നന്നായിരിക്കുമെന്നാണു എന്റെ അഭിപ്രായം.

ബഡ്ജറ്റിനെപ്പറ്റി സാമാന്യമായി പറയുവാനൊരുങ്ങുമ്പോൾ ഹൃദയത്തിൽ മുമ്പിട്ടുനിൽക്കുന്നതു് ഈ രാജ്യത്തെ ജനങ്ങളുടെ ആഹാരസാധനസംഭരണമാണ്. ഇവിടത്തെ ജനങ്ങളുടെ പ്രധാനമായ തൊഴിൽ കൃഷി ആയിരുന്നിട്ടും നാട്ടുകാർ ആഹാരസാധനങ്ങൾക്കു അന്യനാട്ടുകാരെ ആശ്രയിക്കേണ്ടിയിരിക്കുന്നതു എത്രയോ ലജ്ജാവഹമാണ്. കുറേതാനം കൊല്ലങ്ങൾക്കുമുമ്പു നടന്നിരുന്ന ഭയങ്കരക്ഷാമം ഈ നാട്ടുകാരെ അവരുടെ ആഹാരസാധനങ്ങൾക്കു വിദേശങ്ങളെ ആശ്രയിക്കുന്നതു എത്രയോ ആപത്കരമാകുന്നു പഠിപ്പിക്കയുണ്ടായി. ഈ പാഠംകൊണ്ടു പ്രയോജനമുണ്ടാവണമെങ്കിൽ മേലാലെങ്കിലും ആഹാരസാധനങ്ങൾക്കു ഇതരദേശങ്ങളെ ആശ്രയിക്കാതെ നമുക്കു കഴിഞ്ഞുകൂടാറാകണം.

കൃഷിഡിപ്പാർട്ടുമെന്റിനുവേണ്ടി ഒരു വലിയ തുക ചെലവിടുകയും ആ തുക ശമ്പളത്തിനും മറ്റുമായി ഉപയോഗിച്ചു ചില മാതൃകാ കൃഷിത്തോട്ടങ്ങൾമാത്രം നടത്തുകയും ചെയ്യുന്നതുകൊണ്ടു ജനങ്ങൾക്കു ഗുണമായ പ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നില്ല. എനിക്കു കാണുവാനിടയായ ചിലതാനും മാതൃകാകൃഷിത്തോട്ടങ്ങൾ പരമാർത്ഥത്തിൽ അതിനടുത്തു സാധാരണ ജനങ്ങൾ സംരക്ഷിക്കുന്ന കൃഷിതോട്ടങ്ങളെ അപേക്ഷിച്ചു വിശ്വവിലും പ്രയോജനത്തിലും തീരെ മോശമായിരുന്നു. കൃഷിഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ പ്രസംഗിക്കുന്നതിനും ലഘുപത്രികകൾ വിതരണംചെയ്യുന്നതിലും സമർത്ഥന്മാരാണെന്നു ഞാൻ സന്തോഷിക്കുന്നു. പക്ഷേ അവർ ബഹുഭൂരിപക്ഷമായുള്ള കർഷകന്മാരുടെ ആവശ്യങ്ങളെ ആരാഞ്ഞറിയുന്നതിനും ഉല്പന്നങ്ങളെ വർദ്ധിപ്പിക്കുന്നതിനും പ്രായേണ വിമുഖന്മാരായിട്ടാണ് കാണുന്നതു്. കൃഷിയെ ശോഷിപ്പെടുത്തുന്ന അണുകൃമികളെ നശിപ്പിച്ചു് കൃഷിക്കു രക്ഷ നൽകുന്നതിനു ഉദ്യോഗസ്ഥരിലെ കർഷകന്മാർ എത്രയോ നാളായി മുറവിളികൂട്ടുന്നുണ്ടു്. കൃഷിഡിപ്പാർട്ടുമെന്റുകാർ അതിനു പല അന്വേഷണങ്ങളും നടത്തുന്നുണ്ടായിരിക്കും. എന്നാൽ അതുകൊണ്ടൊന്നും കൃഷിക്കാർക്കു പറയത്തക്ക പ്രയോജനം ഇതുവരെ കിട്ടിക്കഴിഞ്ഞിട്ടില്ല. മീനച്ചിൽ മുതലായ മിക്കതാലൂക്കുകളിൽ കുരുമുളകു ഇവക്കു പിടിപെട്ടിരിക്കുന്ന വസന്തരോഗത്തിനു പരിഹാരമായി ഡിപ്പാർട്ടുമെന്റുകാർ അതിനെ നശിപ്പിച്ചുകളയുന്നതിനു ഉപദേശിച്ചു എന്നു എനിക്കറിവുണ്ടു്. രോഗംപിടിച്ചു ചികിത്സയ്ക്കു ആവശ്യപ്പെടുന്ന രോഗികളെ മരുന്നുകൊടുത്തു സുഖപ്പെടുത്തുന്നതിനുപകരം തുക്കിലിട്ടുവാൻ കല്പിക്കുന്ന ഉപദേശമെന്നുമാത്രമാണ് കൃഷിഡിപ്പാർട്ടുമെന്റുകാരുടെ ഈ ഉപദേശം. ഞാൻ കൃഷിവകുപ്പിനുവേണ്ടി ചെലവിടുന്ന സംഖ്യ ആ വിഷയത്തിൽ ജനങ്ങൾക്കുണ്ടാകുന്ന സങ്കടങ്ങളെ പരിഹരിക്കുവാനും വിളവുകളെ വർദ്ധിപ്പിക്കുവാനും ആണ് ഉപകരിക്കേണ്ടതു്. രണ്ടുലക്ഷത്തോടടുത്ത ഒരു സംഖ്യ ചെലവിട്ടിട്ടും ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകുന്നില്ലെങ്കിൽ അതു് മഹാകഷ്ടംതന്നെയാണ്.

അടുത്തതായി എനിക്കു പറയുവാനുള്ളതു വിദ്യാഭ്യാസവകുപ്പിനെപ്പറ്റിയാണ്. സാങ്കേതികവിദ്യാഭ്യാസത്തിനുംപുറമെ നാല്പതു ലക്ഷത്തോളം രൂപാ ഈ ഇനത്തിലേക്കു നീക്കിവച്ചിട്ടുണ്ട്. ഈ രാജ്യത്തെ വരവിന്റെ സ്ഥിതി നോക്കുമ്പോൾ വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റിവച്ചിരിക്കുന്ന ഈ സംഖ്യ ഒരു വലിയതാണെന്നു പറയുവാൻ തരമില്ല. പക്ഷേ, എന്റെ സംശയം ഈ വമ്പിച്ച തുക വേണ്ടവിധിക്കാണോ ചെലവിടുന്നതു എന്നാണ്. നാട്ടുഭാഷാഭ്യാസനത്തിനും ഉപജീവനമാർഗ്ഗത്തിനുമുള്ള അറിവു സമ്പാദിക്കുന്നതിനും അല്ലാതെ ഈ തുകയുടെ അധികംഭാഗവും വിനിയോഗിക്കുകകാരണം നാട്ടിൽ അസമാധാനവും അസംതൃപ്തിയുമാണ് വർദ്ധിച്ചുവരുന്നതു. ഇതു അഭിമാനകരമോ, ആശാജനകമോ, ആണെന്നു പറവാൻ സാധിക്കുന്നില്ല. ഈ നിലയെ മാറ്റേണ്ടതു ഗവണ്മെന്റിന്റേയും ഈ സഭയിലെ അംഗങ്ങളുടേയും കടമയാണെന്നു ഞാൻ വിചാരിക്കുന്നു.

വിദ്യാഭ്യാസത്തെപ്പറ്റി പറയുമ്പോൾ ആ വിഷയത്തിൽ പിന്നോക്കം നിൽക്കുന്നവരുടേയും, അധഃകൃതവർഗ്ഗക്കാരുടേയുംകാര്യം വിസ്മരിക്കത്തക്കതല്ല. വിദ്യാലയങ്ങളിൽചേർന്നു പഠിക്കുന്നതിനുള്ള അസൌകര്യങ്ങളും ചെലവുകളും വർദ്ധിച്ചുവരുന്ന ഈ കാലത്തു സാധാരണക്കാർക്കും താണതരക്കാർക്കും ഗവണ്മെന്റിന്റെ പ്രോത്സാഹനമില്ലാതെ ഉന്നതവിദ്യാഭ്യാസം പ്രായേണ അസാദ്ധ്യമായിട്ടേ ഇരിക്കയുള്ളു. വിദ്യാർത്ഥിവേതനകാര്യത്തിലും ഫീസുകാര്യത്തിലും ഗവണ്മെന്റു കൈകൊണ്ടിരിക്കുന്നവിശാലമായ നയം അഭിനന്ദനീയംതന്നെ. പക്ഷേ, ആ നയം ഗവണ്മെന്റിനെ മുമ്പാകെ മുറയിട്ടിട്ടുന്നതിൽ അപ്രാപ്തന്മാരായവർക്കു യാതൊരു ഗുണവും ചെയ്യുന്നില്ല എന്നതു ശോചനീയംതന്നെ. സ്വന്തത്തെ പരിഗണിക്കാതെ വിദ്യാഭ്യാസത്തിലുള്ള സ്ഥിതിമയ നോക്കി ചിലവഴിക്കാൻ ഇപ്പോൾ ഗവണ്മെന്റുവകയിട്ടുകൊടുക്കുന്ന എത്രയും ധനസമൃദ്ധികളിൽനിന്നും മലയാളബ്രാഹ്മണരെ എത്രകൊണ്ടൊഴിവാക്കിയിരിക്കുന്നു എന്നറിവാൻ എനിക്കു ഗ്രഹമുണ്ടു. ഈ സംഗതി ഒരിക്കൽ ഈ സഭയുടെ ദൃഷ്ടിയിൽപ്പെട്ടെങ്കിലും ഗവണ്മെന്റു അതിനെ ആദരിച്ചതായി യാതൊരു ലക്ഷ്യവും കാണപ്പെട്ടിട്ടില്ല. വിദ്യാർത്ഥിവേതനക്കണക്കിന്റെയിൽ മലയാളബ്രാഹ്മണരുടെകാര്യം ആ സമുദായത്തെപ്പറ്റിയുള്ള പരിചയം അവരുടെ സ്ഥിതിയും അറിവുള്ള എന്റെ സ്നേഹിതൻ മിഃ പി. കെ. നാരായണപിള്ള കൊണ്ടുവന്നപ്പോഴും ഗവണ്മെന്റു അതിനെ കൈക്കൊള്ളുവാൻ തയ്യാറായിരുന്നില്ല. മലയാളബ്രാഹ്മണർ സ്വന്തമുള്ളവരും വിദ്യാഭ്യാസമുള്ളവരും ആണെന്നുള്ള ഒരു ധാരണ പലർക്കും ഉണ്ടു. കണക്കെഴുത്തുദ്യോഗങ്ങളിൽ ഭൂമിയുടെ ഇനം കാണിക്കുന്നിടത്തും എന്റെ സമുദായക്കാരുടെ പേരുകൾ പലപ്രാവശ്യവും മേത്തിട്ടുണ്ടായിരിക്കാം. പക്ഷേ ഈ നല്ല വിദ്യാഭ്യാസം എന്നു പറയുന്ന സർട്ടിഫിക്കറുകളും ബിരുദങ്ങളും സമ്പാദിച്ചിട്ടുള്ളവരും സമ്പാദിക്കുവാൻ തക്ക ധനശക്തിയുള്ളവരും മലയാളബ്രാഹ്മണരിൽ വളരെ കുറവാണു്. ജാതിതിരിച്ചുള്ള വിദ്യാർത്ഥികളുടെ കണക്കിൽനിന്നുംമറ്റും ഈ സംഗതി വെളിവാക്കുന്നുണ്ടെന്നാണ് എന്റെ ബോധ്യം. ഇംഗ്ലീഷ് സ്കൂൾകളിലും കോളേജുകളിലും പഠിക്കുന്നതും പഠിക്കുവാൻ ഉദ്ദേശിക്കുന്നതുമായ മലയാളബ്രാഹ്മണവിദ്യാർത്ഥികൾക്കു വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാർക്കുള്ള സഹായം ലഭിക്കേണ്ടതാകുന്നു. വിദ്യാഭ്യാസംചെയ്തുപ്പറ്റിയുള്ള മറ്റൊരു പ്രധാനസംഗതി നാട്ടുഭാഷാവിദ്യാലയങ്ങളുടെ ഭയങ്കരമായ സ്ഥിതിയാണ്. ഗവണ്മെന്റു വിദ്യാഭ്യാസത്തിനായി ചെലവിടുന്ന സംഖ്യയിൽ അധികഭാഗവും ഇപ്പോൾ ഇംഗ്ലീഷ്ശാഖക്കാണ് വിനിയോഗിക്കുന്നതു്. മലയാളം സ്കൂളുകളുടെ ശോചനീയസ്ഥിതിയും ഇംഗ്ലീഷ്സ്കൂളുകളുടെ പോഷിപ്പിക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധകമ്മിറ്റി അടുത്തകാലത്തു ഒരു ഗവണ്മെന്റിനാൽ നടത്തപ്പെട്ടുന്നതാകുന്നതായ മനസ്സിലാക്കുവാൻ ഇന്നു സാധിക്കുമെന്നു തോന്നുന്നില്ല. ഇടിഞ്ഞുപൊളിഞ്ഞ കുടിലും നനഞ്ഞുപൊളിഞ്ഞ മേൽക്കൂട്ടും മലയാളം സ്കൂളുകളുടെ ലക്ഷണമാണെങ്കിൽ ഉറപ്പുള്ള മതിലും, വെടിപ്പുള്ള ഭിത്തിയും, ഓടുമേഞ്ഞ പുരയുമാണ് ഇംഗ്ലീഷ്സ്കൂളുകളുടെ ലക്ഷണം. ഒരേ മേലധ്യക്ഷന്റെ കീഴിൽ ഒരേ സ്ഥലത്തു ഈ വിധം സ്കൂളുകളെ കാണുമ്പോൾ എല്ലുമുറിയെ പണിക്കും ഉണ്ടാകുന്ന ഏടയാപനെ എത്രമാത്രമെന്നു ഞാൻ ഇവിടെ എടുത്തു പ്രസ്താപിക്കണമെന്നു വിചാരിക്കുന്നില്ല. ഇംഗ്ലീഷ്സ്കൂളുകളിൽ താഴ്ന്നതരം അദ്ധ്യാപകൻ ൬൦ മുതൽ ൪൦വരെ രൂപാ ശമ്പളം വാങ്ങുമ്പോൾ മലയാളം പള്ളിക്കൂടത്തിലെ ഒരദ്ധ്യാപകൻ വെറും ൮൪ രൂപകൊണ്ടു തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. ഇയന്ന വിദ്യാഭ്യാസം ഇംഗ്ലീഷിലാണെങ്കിലെ മതിയാകയുള്ളു എന്നാണ് ഇവിടത്തെ ബോധ്യം. ഈ സമ്പ്രദായം മാറി മലയാളഭാഷാഭ്യാസനത്തിനു പ്രാധാന്യം നൽകുന്നതെന്നും ഇംഗ്ലീഷ്സാഹിത്യത്തിനു സാങ്കേതികമായി മാത്രം പ്രാധാന്യം നൽകിയാൽ മതിയാകുമെന്നുമാണ് എന്റെ അഭിപ്രായം.

മലയാളഭാഷയെ സംബന്ധിച്ചിടത്തോളമുള്ള ഗവണ്മെന്റുനയത്തെ സ്തുതിച്ചുതോട്ടുകൂടി മറ്റൊരു സ്തുതിയും എന്റെ ഹൃദയത്തിൽ ഉദിക്കുന്നുണ്ടു്. നിസ്സഹായന്മാരെയും രോഗികളേയും സംരക്ഷിക്കുക ഗവണ്മെന്റിന്റെ കർത്തവ്യങ്ങളിൽ ഒന്നാണല്ലോ. രോഗനിവാരണത്തിനും രോഗികളുടെ സംരക്ഷണത്തിനുമായി ഇവിടെയും നിസ്സാരമല്ലാത്ത ഒരു തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ടു്. പക്ഷേ ആ രോഗത്തും ദേശീയതയെ വിസ്മരിച്ചു വിദേശസമ്പ്രദായത്തെ പരിരക്ഷിക്കുവാൻ ശ്രമിക്കയാണ് ചെയ്തിട്ടുള്ളതു എന്നു പറയാതിരിക്കുവാൻ നിവൃത്തിമില്ല. ഈ രാജ്യത്തെ ഇംഗ്ലീഷ്ചികിത്സാസമ്പ്രദായം കടിയേറിയിട്ടു കൊല്ലങ്ങളധികമായിട്ടില്ലെങ്കിലും ആ പ്രസ്ഥാനത്തിനു ഗവണ്മെന്റു സഹായത്തോടുകൂടി സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇംഗ്ലീഷ്വൈദ്യത്തിനായി പ്രത്യേകം ഏർപ്പെടുത്തിയിട്ടുള്ള മെഡിക്കൽ വകുപ്പിലേക്കു അടുത്തവർഷത്തെ ബഡ്ജറ്റിലെ എട്ടുലക്ഷത്തി എൺപത്തിയാറായിരം രൂപ നീക്കിവച്ചിട്ടുള്ളതായി കാണുന്നുണ്ടു്. ഇതിൽനിന്നും നാട്ടുവൈദ്യമായ ആയുർവേദത്തിനുവേണ്ടി ചെലവുചെയ്യുവാൻ നിർദ്ദേശിച്ചിട്ടുള്ളതു നൂറൊന്നു രൂപമാത്രമാണു്. ശസ്ത്രക്രിയ ഒഴിച്ചാൽ ഈ ഇംഗ്ലീഷ്വൈദ്യസമ്പ്രദായം നാട്ടുവൈദ്യത്തെക്കാൾ എത്രയോ താഴ്ന്നപടിയിലാണെന്നേ ഈ നാട്ടുകാർ കരുതുന്നുള്ളു. ഈ രാജ്യത്തെ ഇംഗ്ലീഷ്വൈദ്യപ്രസ്ഥാനം ഇവിടത്തെ ധനസമൃദ്ധിയെത്തന്നെ നാട്ടുകടത്തുവാനുള്ള പുറപ്പാടുമാകുന്നതെന്നു പലരും ഭയപ്പെടുന്നുണ്ടു്. ഈ ദേശത്തിനും ഇവിടത്തെ ദരിദ്രപക്ഷം ജനങ്ങൾക്കും ഇന്നും ആയുർവേദചികിത്സാസമ്പ്രദായത്തോടാണു് കൂടുതൽ ആദരവുമുള്ളതു്. നാട്ടിൻപുറങ്ങളിൽ വൈദ്യസഹായം ആവശ്യപ്പെടുന്നവർ ആയുർവേദവൈദ്യനെ മാത്രമേ അന്വേഷിക്കാറുള്ളു. ആയുർവേദത്തിനും ഒരു സ്ഥാനം നൽകിയിട്ടുണ്ടെന്നുള്ളതു ഞാൻ ഇവിടെ വിസ്മരിക്കുന്നില്ല. ആ വകുപ്പിനു വേണ്ടതുപോലെ വളരാൻ ബഡ്ജറ്റിൽ തുകവച്ചിട്ടില്ലന്നേ ഞാൻ പറയുന്നുള്ളു. ഇംഗ്ലീഷ്വൈദ്യത്തെ താലോലിക്കുന്നതിലധികം അതിനുവകയിരുത്തപ്പെട്ട ആയുർവൈദവകുപ്പിനെ പരിപോഷിപ്പിക്കുകയും ചുട്ടതായി ആയുർവേദ ഔഷധശാലയങ്ങളും

ചികിത്സാലയങ്ങളും, ഔഷധശാലകളും രാജ്യത്തിൽ അവിടവിടെ സ്ഥാപിക്കുവാൻവേണ്ട സംഖ്യ അനുവദിക്കേണ്ടതും ഈ സഭയുടേയും കടമയാകുന്നു.

ഈ രാജ്യത്തെ പുരാതനരേഖകളെ അന്വേഷിച്ചറിയുന്നതിനും അവയെ സംരക്ഷിക്കുന്നതിനും എർപ്പെടുത്തിയിരിക്കുന്ന ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റ അടുത്ത മകരത്തോടുകൂടി നിർത്തലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നതായി ബഡ്ജറ്റുകൊണ്ടു ഞാൻ ഊഹിക്കുന്നു. ഇൻഡ്യയിലും ഇതരരാജ്യങ്ങളിലും പുരാതനവസ്തുക്കളെപ്പറ്റിയുള്ള അന്വേഷണങ്ങളും അവയെ സംരക്ഷിക്കുവാനുള്ള എർപ്പാടുകളും ക്ലിപ്തമായി ആരംഭിച്ചിരിക്കുമ്പോൾ ഇവിടെ അതിനെ തീരെ നിർത്തിക്കളയുവാൻ വിചാരിക്കുന്നതു എന്തു കാരണത്തിനുവേണ്ടിയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ചെലവു ചുരുക്കുവാനുള്ള ഉദ്ദേശം മാത്രമേങ്കിൽ ഗവർമെന്റു വകുപ്പുകളിൽ ചിലതിനെ സംബന്ധിച്ചും ഈ നയം സ്വീകരിക്കാമായിരുന്ന സാനിട്ടറി ഗ്രേഡർമാരുടെ ജോലി, ഫോട്ടോഗ്രാഫർ, സംസ്കൃതവും മലയാളവും ക്യൂറേറ്റർ എന്നീ അപ്രധാനഭാഗങ്ങളും എർപ്പാടുകളും നിർത്തുന്നതായിരുന്നു ഇതിലും അധികം നല്ലതു്. സംസ്കൃതവും മലയാളവും ക്യൂറേറർ തസ്തികയും, ഫോട്ടോഗ്രാഫർ വേണ്ടിടത്തോളം ജോലി സിദ്ധിക്കത്തക്ക കാളേജിലെ സംസ്കൃതവും മലയാളവും പ്രൊഫസംഗികന്മാർക്കു നൽകിയാൽ ക്ലൃപ്തത ചെലവുകൂടാതെ ഇപ്പോഴത്തെപോലെ തുടർന്നുകൊണ്ടിരിക്കുവാൻ സാധിക്കും. ഈ രാജ്യത്തിന്റെ പുരാതനതയും അന്നത്തെ കലാപ്രശസ്തങ്ങളും ചരിത്രരേഖകളും കൂടെയില്ലാതെ നമുക്കു കണ്ണുതുറക്കുന്ന യുവതലമുറയെ നല്ലപോലെ ഡിപ്പാർട്ടുമെന്റു കാരണം സാധിച്ചിട്ടുണ്ടെന്നുള്ളതു് ഓർത്തിരിക്കേണ്ടതാകുന്നു.

ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരസൗകര്യത്തെ സംബന്ധിച്ചും കുടി ചില കാര്യങ്ങൾ പ്രസ്താവിച്ചിട്ടു എന്റെ പ്രസംഗം ഉപസംഹരിച്ചുകൊള്ളാം. പൊതുമരാമത്തു വകുപ്പിലേക്കു വേർതിരിച്ചുകാണിക്കുന്ന, ഒന്നു ലക്ഷത്തിൽപരം രൂപയിൽ ചെറിയ ഒരംശമേ നാട്ടുപുറങ്ങളിലെ പുതിയ റോഡുകൾക്കായി നീക്കിവച്ചിട്ടുള്ളു. പുതിയതായി വെട്ടുവാൻ ഉദ്ദേശിച്ചിട്ടുള്ള റോഡുകളുടെ എണ്ണവും അവയുടെ ദൈർഘ്യവും, ആകെ ആ വകുപ്പിലേക്കു നീക്കിവച്ചിട്ടുള്ള സംഖ്യയുടെ വലിപ്പത്തെപ്പറ്റി ഓർക്കുമ്പോൾ എത്രയും നിസ്സാരമാണ്. ഉത്തരതിരുവിതാംകൂറിലെ ഉൾനാട്ടുകളിൽ സഞ്ചരിക്കേണ്ടിവരുന്ന ഒരു യാത്രക്കാരനു ഈ രാജ്യത്തു സഞ്ചാരസൗകര്യത്തിനുവേണ്ടി പണം അനുവദിക്കാറുണ്ടെന്നോ, ഏതിലേക്കു പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു എങ്കിലും ഡിപ്പാർട്ടുമെന്റുണ്ടെന്നോ മനസ്സിലാക്കുവാൻ തന്നെ പ്രയാസമാണ്. ദിനമായ കെട്ടിടവാടകയും ശമ്പളത്തിനുവേണ്ടി ഒട്ടധികം രൂപാ അനുവദിക്കുന്നതിനോടുകൂടി നാട്ടിൻപുറങ്ങളിലെ ജനങ്ങളുടെ സഞ്ചാരസൗകര്യവും മറന്നുപോകരുതെങ്കിൽ അതു് മഹാ കഷ്ടമാണെന്നേ ഞാൻ പറയുന്നുള്ളു. ഈ വക സംഗതികളിൽ സഭയുടെ ദൃഷ്ടി വേണ്ടുമാറുപോലെ പതിയണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (പേത്തമ): സർ. ബഡ്ജറിനെപ്പറ്റി പൊതുവെ ഒരു നിരൂപണം ചെയ്യാൻ തുടങ്ങിക്കുന്നതിനു മുമ്പു, തിരുവിതാംകൂർ ചരിത്രത്തിൽ ഇതിനു മുമ്പു, അറിയപ്പെടാത്തതായ ഭയങ്കര വെള്ളപ്പൊക്കത്താൽ ഉണ്ടായ കഷ്ടനഷ്ടങ്ങളുടെക്കാളും വിഷമതമമായ ഒരു കാലയളവിൽ, താല്പര്യമെന്നുള്ള വിശേഷകരമായി നയിച്ചുകൊണ്ടുപോയതിൽ ദിവാനെന്നിനേയും ഫൈനാൻഷ്യൽ സെക്രട്ടറിയേയും, എത്രയും ഇടപ്പെടുത്തിയിൽതന്നെ അഭിനന്ദിക്കേണ്ടതായുണ്ടു്. കഴിഞ്ഞകൊല്ലത്തെ ബഡ്ജറിൽ നാം, ൧൫൦ രൂപ നികുതിയാതെവരുമെന്നു ഫൈനാൻഷ്യൽ സെക്രട്ടറി പ്രതീക്ഷിച്ചിരുന്നു എങ്കിലും, യഥാർത്ഥനടത്തിപ്പിൽ അതിലധികം രൂപ മിച്ചംവരുമെന്നു കാണിച്ചിട്ടുണ്ടു്. അടുത്ത ആണ്ടത്തെക്കു തയ്യാറാക്കിയിട്ടുള്ള ബഡ്ജറിൽ ഏകദേശം ൪ ലക്ഷംരൂപയോളം മിച്ചമിരിപ്പുണ്ടാകുമെന്നു് അദ്ദേഹം ഉദ്ദേശിക്കുന്നു. ബഡ്ജറിൽനിന്നും വെളിവാകുന്ന വല്ല തുടരുന്ന ധനസ്ഥിരതയുടെ ഒരടയാളമാണെന്നു പറഞ്ഞാണു് അദ്ദേഹം തന്റെ റിപ്പോർട്ടു ഉപസംഹരിക്കുന്നതു്.

എന്നാൽ മിച്ചമിരിപ്പു കാണിച്ചിട്ടുള്ളതു് വർദ്ധനാമാർഗ്ഗങ്ങളെ തടഞ്ഞിട്ടുള്ളതിന്റെ ഫലമായിട്ടാണു്, എന്നു കാണുന്നതുകൊണ്ടു മിസ്റ്റർ ജാക്സിന്റെ പ്രശംസയിൽ പങ്കുകൊള്ളുന്നതിനു ഞാൻ തയ്യാറില്ല. പൊതുജനങ്ങളുടെ ക്ഷേമാഭിവൃദ്ധിയെ ഉദ്ദേശിച്ചുള്ള സംഖ്യം ജോലികൾക്കു മതിയാംവണ്ണം പണമനുവദിച്ചിട്ടില്ല. സകല വരവു മാർഗ്ഗങ്ങളുടെയും, അപായങ്ങളിന്നും ഇനി കൂടുതലായി യാതൊന്നും കഴിക്കാൻ വയ്യാത്തവണ്ണം, തഞ്ചക്കിട്ടിഴഞ്ഞിട്ടുണ്ടു്. നമ്മുടെ വരവു മാർഗ്ഗങ്ങളിൽ ചുരുങ്ങിയവയും വർദ്ധിക്കുവാൻ തുണിയില്ലാത്തവയും ആകുന്നു. നമുടെ ഒരു മുഖ്യ വരവുമാർഗ്ഗം തെങ്ങിൽനിന്നുമുള്ള ആദായമാകുന്നു. വടക്കൻ തിരുവിതാംകൂറിലെ കായലോരങ്ങളിൽ ഉള്ള തെങ്ങുകളെ കഴിഞ്ഞ പന്ത്രണ്ടു കൊല്ലങ്ങളായി ഒരുതരം കൂടിയ രോഗം ആക്രമിച്ചിരിക്കുന്നു. ഈ രോഗത്തെ പരിശോധിച്ചറിഞ്ഞു തക്കതായ പ്രതിവിധി കണ്ടുപിടിക്കാത്തപക്ഷം ഈ രാജ്യത്തെ മുതലെടുപ്പു വളരെ ക്ഷയിച്ചുപോകുന്നതാണു്. രണ്ടാമതായി ആണ്ടുതോറും നിരന്തരമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതും, ഗവർണ്മെന്റിന്റെ മുതലെടുപ്പിൽ ഒരു വലിയ ഭാഗം ആയിരിക്കുന്നതും തൻമൂലം ഖജനാവിൽ ധനസ്ഥിരത ഉളവാക്കുന്നതിനു പര്യാപ്തമായതും ആയ എക്സൈസ് ആദായം നമുക്കു ലജ്ജാവഹമായ ഒരു മുതലെടുപ്പാകുന്നു. അതു ജനങ്ങളുടെ തങ്കനാധികൊണ്ടു കഞ്ഞികുടിപ്പിഴിഞ്ഞുണ്ടാക്കിയിട്ടുള്ള ഒരു നിഷ്ഠൂരമായ ഉറവുമാകുന്നു. അതു് ഒരു ഉറച്ചു വരവുമാർഗ്ഗവും, ഉത്തമാർഗ്ഗപരമായ ഒരാദായവുംതന്നെ. അതുകൊണ്ടു ഒരു പരിഷ്കൃതരാജ്യക്കാർ എന്ന നിലയിൽ അതു നിശ്ശേഷം ഇല്ലാതാകുന്ന നാളിനെ ഉറ്റുനോക്കി നാം സന്തോഷിക്കേണ്ടതാണു്. മദ്യപാനനിരോധന പ്രസ്ഥാനം ഉത്സാഹമായി ജോലി നടത്തിത്തുടങ്ങുമ്പോൾ (അതു അടുത്തുതന്നെ ഉണ്ടാകുന്ന) ഖജനാവിന്റെ നാശം സംഭവിക്കാൻ ഇടയുണ്ടു്. അതുകൊണ്ടു എക്സൈസ് ഇനത്തിൽ സിദ്ധിക്കുന്ന ആദായത്തെ ഒരു സുസ്ഥിരമായ വരവുമാർഗ്ഗമായി കണക്കാക്കാൻ പാടില്ല.

ഗവർണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനു ഞാൻ ആഗ്രഹിക്കുന്ന മറ്റൊരു സംഗതി കക്കാക്കുത്തുകയ സംബന്ധിച്ചാണു്. ഈ കുത്തകയിൽനിന്നും ലഭിക്കുന്ന ആദായം പ്രതിവർഷം ൧൫൦ രൂപയിൽ അധികം ഇല്ല. ഇപ്പോഴിതിനും കുമ്മായത്തിന്റെ വില മുൻപിലത്തേതിൽ നല്ല ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ടു്. മുൻപു അര ചക്രം വിലയുണ്ടായിരുന്ന ഒരു പാട്ടക്കുമ്മായത്തിനു ഇപ്പോൾ ഏഴരചക്രം വിലയുണ്ടു്. വ്യാസ്യവത്തിൽ ഈ ഇടപാടിൽ ഗവർണ്മെന്റു നഷ്ടക്കാരായ്തീരുന്നതിനു തരമുള്ളതു്. എന്തെന്നാൽ പൊതുമരാമത്തുവകുപ്പിനും കൃഷിവകുപ്പിനും ആവശ്യമുള്ള കുമ്മായത്തിനു അവക്കു വലിയ വിലകൊടുക്കേണ്ടതായുണ്ടു്. അതുകൊണ്ടു

ഇതു യഥാർത്ഥത്തിൽ ഒരാദായമല്ല. എന്നുമാത്രമല്ലാ അധ്യയനവർഷത്തിൽപെട്ട അനവധി ജനങ്ങൾ ഇതിനെ ഒരു പുതിയവസ്ത്രമായി കരുതിപോന്നിരുന്നു എന്ന യഥാർത്ഥ്യമനുഭവംകൊണ്ടു എനിക്കറിയാം. ഈ കൂടുതൽ കയർപ്പാടിനെ ഗവണ്മെൻറു ഇടതുകയില്ല എന്നു വിശ്വസിക്കുന്നു.

അതുകൊണ്ടു മിസ്റ്റർ ജാർജിനെറ സഖിദ്ധാന്തമവാദത്തെ വിശേഷിപ്പിച്ചിക്കുണ്ടതായുണ്ടു്. ബഡ്ജറ്റിൽ കണ്ടതിനേക്കാളധികം വരവു ചെലവുകൾ ഉപ്പുമായിരിക്കുമെന്നു വിചാരിച്ചു സമാധാനപ്പെടാൻ ഞങ്ങൾക്കു നിവൃത്തിയില്ല. പണം ചുരുക്കവും, അതിന്റെ ആവശ്യം അത്യധികവും ആയിരിക്കുന്ന ഒരു ശ്രദ്ധേയ ദിവസത്തിൽ ഉപയോഗിക്കുന്നതിനായി എന്തെങ്കിലും മൻതുപോതമെന്നു കരുതിവയ്ക്കുണ്ടു് എതുയും അത്യാവശ്യമാണു്.

ഈ രാജ്യത്തെ ചെലവുകളെപ്പറ്റി പഠിച്ചാലോചിക്കുന്നതായാൽ, മിക്കവാറും എല്ലാഡിപ്പാർട്ടുമെൻറുകളിലും അടുത്ത ആണ്ടോടാണ്ടു വർദ്ധിച്ചുവരുന്നതായി കാണാം. എല്ലാ ഡിപ്പാർട്ടുമെൻറു പരിഷ്കാരങ്ങളും ചെലവു വർദ്ധിപ്പിക്കുന്നതിനുള്ള ഒഴികഴിവുകൾ മാത്രമാകുന്നു തെളിഞ്ഞിട്ടുണ്ടു്. ഇതു സ്വാഭാവികമത്രേ; എന്തെന്നാൽ അഭിവൃദ്ധികരമായ സകല ഗവണ്മെൻറുകൾക്കും വർദ്ധിച്ചുവരുന്ന ചെലവുകളെ നിവൃത്തിക്കുന്നതിനു കൂടുതൽ ചെയ്യേണ്ടതായുണ്ടു്.

അഭിവൃദ്ധികരമായ ഒരു ഗവണ്മെൻറിന്റെ ന്യായമായ സകല ആവശ്യങ്ങളേയും നിറവേറിയതിനേക്കാൾ ഒരു നീക്കിയിരിപ്പു വരുത്തുന്നതിനു സാധിക്കുന്നപക്ഷം അതു് അഭിനന്ദനീയമാണു്. എന്നാൽ സൃഷ്ടിപരമായ പദ്ധതികൾക്കു മതിയാംവണ്ണം പണം ചെലവുചെയ്യാതെ നമുക്കു ധനസ്ഥിരതയുണ്ടെന്നു കാണിക്കുന്നതിനുമായി ഒരു മിച്ചവിനിയോഗം വരുത്തുമ്പോൾ അതേമാതിരി ഒരാത്മസംതൃപ്തി നമുക്കുണ്ടാകുന്നതായാൽ അതു നീതികരിക്കാവുന്നതല്ല. ഇപ്പോൾ കയിൽവെ സംബന്ധിച്ചുള്ള കടം ഒരു വലിയ ഭാരമായിതീർന്നിട്ടുണ്ടു്. എന്നാൽ അതേസമയത്തുതന്നെ, അത്യാവശ്യമായിരിക്കുന്നതും എന്നാൽ അധികച്ചെലവുള്ളതും ആയ കൊല്ലാക്കരെ—അതുപോലെ കയിൽവെ പോലെ ഇറക്കുന്നകാര്യത്തിൽ നാം പ്രയാസിച്ചിട്ടുമുണ്ടു്. ഈ പരമ പ്രധാനമുണ്ടാക്കേണ്ടിയിരിക്കുന്ന. നമ്മുടെ അധീനത്തിൽ ഇപ്പോഴുള്ള വർദ്ധിയമല്ലാത്ത മാർഗ്ഗങ്ങളിൽനിന്നു ഇതെങ്ങിനെയാണു് നിവൃത്തിക്കുക? രാജ്യകൃത്യ ധനസ്ഥിതിയെപ്പറ്റി എന്തെങ്കിലും ഒരു തീർച്ചയായ അഭിപ്രായം പുറപ്പെടുവിക്കുന്നതിനു മുൻപു ആലോചിക്കേണ്ട കാര്യങ്ങളാണിവ. ആണ്ടോടാണ്ടു വരവു ചെലവുകളെ ഇല്യമാക്കുന്നതിനായി ശ്രമിക്കുന്നതിനുപകരം, ഫിനാൻഷ്യൽ സെക്രട്ടറിണ്ണവർകൾ ധാരാളം ആലോചനാശക്തി പ്രയോഗിക്കയും തദ്വാരാ മാവിയിൽ നമുക്കു വരാൻപോകുന്ന മേൽപറഞ്ഞ സംഗതികളിൽ ഉള്ള ഭീമമായ ചെലവിനെ നിർവഹിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ വെളിപ്പെടുത്തുകയുംചെയ്തിരുന്നു എന്നുവരുകിൽ, നമ്മുടെ ധനസ്ഥിതിക്കു സ്ഥിരതയുണ്ടെന്നു നമുക്കുച്ചത്തിൽ വിളിച്ചുപറയാമായിരുന്നു. മുതലെടുപ്പുമാർഗ്ഗങ്ങൾ വർദ്ധനീയമല്ലാത്തവയും ചെലവുകൾ നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നവയും ആയ ഒരു രാജ്യത്തു മുതലെടുപ്പു ചെലവുകളേക്കാൾ അധികമുണ്ടെന്നു വരുന്നക്കാം എങ്കിലും തുടരുന്ന ധനസ്ഥിരതയുണ്ടായിരിക്കാൻ പ്രയാസമാകുന്നു.

ഒരു രാജ്യത്തെ ധനസ്ഥിതിയെ രണ്ടുപ്രകാരത്തിൽ അഭിവൃദ്ധിപ്പെടുത്താവുന്നതാണു്. (ക) വരവുമാർഗ്ഗങ്ങളെ പരിഷ്കരിക്കുക. (ഖ) ചെലവുചെയ്യുന്നകാര്യത്തിൽ ലുബ്ധുകാണിച്ചില്ലെങ്കിലും ഒരു ശുദ്ധമായ നയം അനുകരിക്കുക; ഇവയാകുന്നു. ഈ രണ്ടു തത്വങ്ങളെ, സകല ഗവണ്മെൻറുകൾക്കും അനുകരിക്കേണ്ടതായുണ്ടു്. എന്നതെന്നെയല്ല നമ്മുടെ ഗവണ്മെൻറു ഇവകളെ മുമ്പു അനുകരിച്ചിരുന്നു എന്നു തോന്നുന്നു. എന്നാൽ, നമ്മുടെ വരവുമാർഗ്ഗങ്ങളെ പരിഷ്കരിക്കുന്നതിനും അനാവശ്യവും നഷ്ടകരവുമായ അമിത വ്യയത്തെ കുറയ്ക്കുന്നതിനും ഇനിയും ധാരാളം നിവൃത്തിയുണ്ടു്. നമ്മുടെ രാജ്യം കർഷകപ്രധാനമായ ഒന്നാകുന്നു; നമ്മുടെ മുതലെടുപ്പും കൃഷിയിൽനിന്നും ലഭിക്കുന്നതാണു്. നമ്മുടെ കൃഷിക്കു വേണ്ടിടത്തോളം വ്യാപിച്ചിയില്ല. ഈശ്വരാനുഗ്രഹത്താൽ, കാലാവസ്ഥ മണ്ണിന്റെ ഗുണം ഇവകൊണ്ടുണ്ടാകുന്നിമിത്തം ഉപയോഗപ്രദമായതും കൃഷിക്കാരന്റെ കഠിനപ്രയത്നത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതും ആയ വിസ്തീർണ്ണമുള്ള തരിശുഭൂമികൾ നമുക്കു ധാരാളമുണ്ടു്. അപ്രകാരമുള്ള സ്ഥലങ്ങളെ കൃഷിചെയ്യുക്തമാക്കിത്തീർക്കുന്നതു സാമൂഹ്യികമായും സാമ്പത്തികമായും ആവശ്യമായിരിക്കുന്നു. നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന സർവ്വസാധനങ്ങൾക്കും ലോകത്തിന്റെ നാനാഭാഗങ്ങളിലും പിരിയാത്തകക്ഷിയുണ്ടു്. നമ്മുടെ വാണിജ്യസ്ഥിതിയെ സ്ഥിരീകരിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണു് നാം വെബ്ബ്സ്ലി പ്രദർശനത്തിൽ പങ്കുകൊണ്ടിരുന്നതു്. ആ ഉദ്ദേശത്തെ ഇനിയും മുൻനിർത്തി പ്രവർത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇൻപേറ്റേൽ കൺവെൻഷനും വ്യവസ്ഥകളും കാര്യങ്ങളുടെ പോക്കനുസരിച്ചു യാദൃശ്ചികമായി നമുക്കനുകൂലമായിട്ടു മാറുന്നു എന്നുകാണുന്നതു സന്തോഷാവഹംതന്നെ. ഈസമയം പലപ്പോഴും ഉൽബോധിപ്പിച്ചിട്ടുള്ളതുപോലെ ഈ ഉടമ്പടിയെ പുനർ സ്ഥിരീകരിക്കേണ്ടതാണെന്നു ഞാൻ പ്രത്യേകം ചെയ്തുകൊള്ളുന്നു.

നമ്മുടെ രാജ്യത്തെ ഇനിയും വ്യവസായപ്രധാനമായ ഒന്നാക്കിത്തീർത്തിട്ടില്ല; എന്നാൽ ഒരു വ്യാവസായികമായ പരിവർത്തനം വരുത്തിക്കൂട്ടുന്നതിനു ഗവണ്മെൻറു ശ്രമിച്ചിട്ടുണ്ടു്. ഈ ഉദ്ദേശത്തോടുകൂടി അനവധി ദ്രവ്യം ചിലവുചെയ്തിട്ടുണ്ടെങ്കിലും, അതു സാധിച്ചുഎന്നു് നമുക്കു പറയാൻതരമില്ല. ഈ രാജ്യത്തെ വ്യവസായപ്രധാനമായ ഒന്നാക്കിത്തീർക്കയാണു് തന്റെ ഭരണത്തിനിടയിൽ ഉള്ള പ്രധാന ഉദ്ദേശങ്ങളിൽഒന്നു് എന്നു അഭ്യുക്ഷനവർകൾ അദ്ദേഹത്തിന്റെ അഭ്യുപ്രസ്ഥാനകളിൽ ഇന്നിൽ ചൂണ്ടികാണിച്ചിട്ടുണ്ടു്. അതുകൊണ്ടു കൂടുതൽ ശ്രദ്ധ, അറിവു്, ഇഷ്ടിക്കുന്നഫലം ഉളവാകണമെന്നുള്ള ദൃഢനിശ്ചയം ഇവയോടുകൂടി അദ്ദേഹം ഈ കാര്യങ്ങളെപ്പറ്റി ആരാഞ്ഞറിയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ചെലവുചുരുക്കൽ എന്നതു കഴിഞ്ഞസഭയുടെ കരിവാക്കായിരുന്നു. എന്നാൽ അനാവശ്യമായുള്ള സകലത്തിനേയും സർക്കാർ സഹിസിൽനിന്നും ബഹിഷ്കരിച്ചു എന്നുപറയാൻ വയ്യാ. ജോലി ഒന്നുംഇല്ലാതെ സൌജന്യമായി ശമ്പളം വങ്ങുന്നവർ ഇപ്പോഴും അനവധിയുണ്ടു്. പൊലീസ്വകുപ്പിൽ ഡി. എസ്. പി. മാരും എ. എസ് പി മാരും, ഇൻസ്പെക്ടർമാരും, പൊതുമരാമത്തുവകുപ്പിൽ, എൻജിനീയറന്മാർ, അസിസ്റ്റൻറ് എൻജിനീയറന്മാർ, സബ്ബ് എൻജിനീയറന്മാർ, ഓവർസിയറന്മാർ എന്നിവരും എക്സൈസ്വകുപ്പിൽ ഒട്ടുവളരെ അസിസ്റ്റൻറ കമ്മീഷണറന്മാരും അസംഖ്യം ഇൻസ്പെക്ടറന്മാരും സബ്ബ്ഇൻസ്പെക്ടറന്മാരും ഉണ്ടു്. ഈ

ഉദ്യോഗസ്ഥന്മാരുടെ വല്ലവരു ആഫീസിലെ കടലാസ്സും മഷിയുംകൊണ്ടുള്ള ജോലികളെ അധികമാക്കുക മാത്രമേ ചെയ്യുന്നുള്ളൂ. ക്ലേശിക്കുന്തോറും വിശപ്പും വർദ്ധിച്ചുവരുന്നു. ഉദ്യോഗസ്ഥന്മാരുടെ വർദ്ധനവു നിങ്ങളും വിണ്ടും വലിയ ചെലവുകൾ ഉണ്ടാക്കുന്നു. ഇതിനുദാഹരണമായി, എക്സ്ക്ടസ് ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റുമാരുടെ കമ്മീഷണർമാരുടെ എണ്ണം രണ്ടിൽ നിന്നും പത്തു ആക്കി വർദ്ധിപ്പിച്ചിട്ടുണ്ടു്. [illegible] കുന്നതിനു ശേഷിയില്ലായ്മകൊണ്ടു്, കമ്മീഷണർ ഒരു ആഫീസുമേനോർ വേണമെന്നാവശ്യപ്പെടുന്നു. പോസ്റ്റൽ അസിസ്റ്റന്റുമാർ ചെയ്തു പോരുന്നതായ ഉദ്യോഗസ്ഥന്മാരുടെ ഭാരവും ഉത്തരവാദിത്വവും കുറച്ചതിനാലാണു്, ഇതിന്റെയെല്ലാം ഫലം എന്തെന്നാൽ ചെലവു വർദ്ധിപ്പിക്കുന്നതിനുള്ള ഏറ്റവും ലഘുവായ മാർഗ്ഗം. അധിക ചെലവുകൾ ഉണ്ടാക്കുന്നതിനുള്ള ഏറ്റവും ലഘുവായ വിധി. കമ്മട്ടങ്ങളിലെ അന്യാധീനപ്പെടുത്തൽ [illegible] എന്നിവ തോന്നുന്നു. ഇതുകൂടാതെ, പ്രഫസറന്മാർ, അഡിഷ്ണൽ പ്രഫസർമാർ, ട്യൂട്ടർമാർ, സഹ ട്യൂട്ടർമാർ എന്നിവരുടെ ഒരു പ്രവാഹം ഉണ്ടായിക്കഴിഞ്ഞു. [illegible] തിനും, കസ്റ്റംമാർ, മൻസിഫുമാർ മുതലായവരും ഉണ്ടു്. [illegible] ചെലവിനെ ഗണ്യമായി വർദ്ധിപ്പിക്കുന്നു. ഏറ്റവും കുറഞ്ഞ പക്ഷം [illegible] മായി പരിണമിച്ചിട്ടുണ്ടു്. എന്നാൽ അധികം വിദ്യാഭ്യാസം, അധികം ചെലവു [illegible] തോ? പബ്ലിക്സർവീസുകളെ സംബന്ധിച്ചു ഇന്ത്യാഗവർമെന്റു [illegible] ഇറക്കിയിട്ടുള്ളതിനാൽ, ആവശ്യത്തിലധികമുള്ള [illegible] കൂടുതൽ കൂടുതൽ ചെലവു ചെയ്തു കൊണ്ടിരിക്കുന്നതിനും അതിനെ ധാരാളം കേമപ്പെടുത്തിക്കാണിക്കുന്നതിനും ഇടയായിരിക്കുന്നു.

ഗ്രിഫിത്ത് കമ്മീഷന്റെ നടത്തിപ്പിൽ ശ്രീമതിയായ മാർഗരറ്റ് ഗവർണർ [illegible] ക്കുന്നതിനെ കുറിച്ചു ഇലയ്ക്കിനപ്പുറം [illegible] വിചാരിച്ചിരുന്നില്ല. ഗവർണർ വിചാരിച്ചിരിക്കുന്നു ഭാഗത്തിനേക്കാളും രസകരമായി മിസ്റ്റർ ജഡ്സൺ റിപ്പോർട്ടിൽ [illegible] തെറ്റായരീതികളെ ഉടനടി നടപടി സ്വീകരിച്ചുകൊണ്ടു [illegible] മിസ്റ്റർ റാബിൻസൺന്റെ പ്രതിക്കൂടി [illegible] ഇതിനെ [illegible] ത്തുതന്നെവീണ്ടും സർവെ ചെയ്യേണ്ടതിനുള്ള ആത്യാവശ്യത്തെയും ഗവർണർ [illegible] സിക്കുന്നു.

വിദ്യാഭ്യാസവിഷയത്തിലുള്ള ക്രമരഹിതമായ ചെലവു [illegible] ക്കുന്നതിനെ ഒരുദ്യോഗസ്ഥൻ ക്ലേശപൂർണ്ണമായ ഒരു കുട്ടനി അഭിപ്രായം സൂചിപ്പിക്കയുണ്ടായി. ക്ലേശമെന്നു ഇതുചെലവു അടക്കണമെന്നുള്ള [illegible] ച്ചിട്ടുണ്ടെന്നു അഭിപ്രായം കാണിക്കുകയുംചെയ്തു. പക്ഷേ അനുഭവസ്ഥന്മാരായ സാമാന്യജനങ്ങളിൽ ഈ സിദ്ധാന്തത്തെ അയയ്ക്കപ്പെട്ടിട്ടുള്ളതിൽ ഒന്നാമത്തെ അദ്ധ്യാപകൻ ഞാൻ ആണെന്നു തോന്നുന്നു. വിദ്യാഭ്യാസത്തിൽ നമ്മുടെ ചെലവിന്റെ ന്യായാന്യായങ്ങളെപ്പറ്റി അഭിപ്രായങ്ങളൊട്ടു, അവ എത്രതന്നെ വിശേഷിക്കപ്പെട്ടിട്ടുള്ളതായിരുന്നാലും ഞാൻ ശ്രോതാക്കളെന്നു വിചാരിക്കുന്നതിനു നിവൃത്തിയില്ല. വിദ്യാഭ്യാസത്തിൽ ചെലവുചെയ്തിട്ടുള്ള പണത്തിനു തക്കഫലം ഉണ്ടായിട്ടുണ്ടു്. രിപ്പൺപ്രഭുവിന്റെ ഭരണകാലത്തെ ഉണ്ടായ പണഞെരുക്കത്തിന്റെ മദ്ധ്യത്തിന്റെ നിരോധനം, ഒരു പുരിയ യുഗത്തിന്റെ ആഗമനം, പൊതുജനബോധം, രാജ്യാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നതിനു ഈ നാട്ടുകാരനായ ഒരുവൻ പ്രദർശിപ്പിക്കുന്ന ബുദ്ധിവൈഭവം മനുഷ്യനെ മനുഷ്യനിൽനിന്നും, സഹോദരത്തെ സമുദായത്തിൽനിന്നും വേർതിരിക്കുന്ന ഉദാഹരണങ്ങളുടെ നാശം, എന്നുതന്നെയല്ല നാം ഇപ്പോൾ ഉദ്ദേശിക്കുന്നതല്ല, നവപ്രഭുവർഗ്ഗത്തിന്റെ ഫലങ്ങളാകുന്നു. വിദ്യാഭ്യാസത്തിലുള്ള ക്രമാതീതമായ ചെലവിനെപ്പറ്റിയാണു നാം പറയുന്നതു. എന്നാൽ തങ്ങളുടെ ചുരുങ്ങിയശമ്പളം ഒരുചാക്കു അരി വാങ്ങുന്നതിനപ്പോലും തികയുകയില്ല എന്നുള്ള അവസ്ഥയിൽ [illegible] ൽപരം നാട്ടാഫീസ് പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർ ഉണ്ടു്. ഈ പെട്ടിണിക്കാരെക്കൊണ്ടു അവർക്കു പലതും നിവൃത്തിക്കാനുണ്ടു്. ശ്രദ്ധയായി വസ്ത്രധാരണംചെയ്യുന്നതിൽ ഹാജരാകണം, ഒരു കുടുംബത്തെ സംരക്ഷിക്കണം (അവശ്യകടകാര്യത്തിൽ അതു നിർബ്ബന്ധമുള്ള [illegible] എന്നുമാത്രമല്ല രാജ്യത്തെ മുഴുവൻ പൊതുജനത്തെയും വിദ്യ അഭ്യസിപ്പിക്കേണ്ട ചുമതലകൂടി അവർക്കുണ്ടു്. [illegible] പേക്ഷ ലഭിക്കുന്നശമ്പളം കഴുത്തുമുറിയ്ക്കുന്നതിനു ഒക്കുന്നു കാര്യമുണ്ടു്. (ഞാൻ ബ്രാഹ്മിക് സ്കൂളുകളിൽ ഉദ്ദിശിക്കുന്നതായ അവരിൽ [illegible] രോടും, അന്യദേശങ്ങളിലാണു് ജോലിനോക്കിക്കഴുന്നതു. അവരുടെ സ്ഥാനക്കയറ്റത്തെ അപേക്ഷിച്ചു, ആ സ്ഥലങ്ങളിൽ അവർക്കു ഈ ചുരുങ്ങിയശമ്പളം ചെലവിനെ കുറച്ചു തീർച്ചയായുമല്ല. ഈശ്വരേച്ഛയാൽ, അദ്ധ്യാപകന്മാരും, അദ്ധ്യാപികമാരും തമ്മിൽ പെട്ടെന്നു വിവാഹബന്ധത്തിൽ ഏർപ്പെടുന്നു. എന്നാൽ ഡിപ്പാർട്ടുമെന്റിന്റെ അവരുടെമേൽ അകാരണമായ ചില ജീവിതസാഹചര്യങ്ങൾ മൂലമായ ഒരുശമ്പളം നാമകരണംചെയ്യുകയും അവരെ, അവരുടെ സ്വദേശങ്ങളിലേക്കു സ്ഥലംമാറ്റി കൊടുക്കുകയും ചെയ്യുന്നതാകുന്നു. രണ്ടുമൂന്നു പറഞ്ഞതുപോലെ എല്ലായ്പോഴും സൗകര്യപ്രദമല്ലെങ്കിൽ അവരെ, അവരുടെ സ്വദേശങ്ങളിൽനിന്നും വളരെ ദൂരത്തിലുള്ള വിദ്യാലയങ്ങളിലേക്കു മാറ്റി നിയമിക്കാവുന്നതാകുന്നു. സഭയുടെ ഈ വിഷയത്തിനു ചെലവു ചുരുക്കണമെന്നു പറയുന്നുവോ, കുറയ്ക്കുമെന്നുണ്ടോ യിരിക്കണമെന്നുണ്ടോ എന്നതാണു് ഇവിടെ പ്രാധാന്യം. എന്നാൽ, ഈ സാധുക്കളും, ദരിദ്രന്മാരുമായ അദ്ധ്യാപകന്മാരുടെ ശമ്പളത്തിന്റെ കുറവിനെയുദ്ദേശിച്ചു ഉദ്യോഗശേഷിപ്പുകൊച്ചു കാണാതിരിക്കുന്നതിനുള്ള കാരണം ഒരു രഹസ്യമല്ല. ഒരുപാടുള്ള എല്ലാവരും ഉദ്യോഗസ്ഥന്മാർ, പട്ടിണികിടക്കുന്ന ഇവർക്കു ആഹാരംകൊടുക്കുന്നതിനായ അവരുടെ ശമ്പളത്തിന്റെ ഒരു ഭാഗം ഉപേക്ഷിക്കണമെന്നുള്ളതിനെ ഞാൻ അഭിപ്രായപ്പെടുന്നതാണ്. എന്തെന്നാൽ അവരുടെയിടയിൽ ഒരു ശോചനീയമായ ഈ സംഗതി അല്ല അനാവശ്യവും ആകുന്നു. (ചിരി) ഇതിനുവേണ്ടി നാം മുതിരുന്നതെയെങ്കിലും പണമുണ്ടാക്കണം. ഇംഗ്ലീഷ്വിദ്യാഭ്യാസത്തിൽ ഗവർമെന്റിന്റെ ഒരു കുറ്റമില്ലാത്ത കാര്യത്തിനെ പ്രാമേണ പ്രാദേശിക സംഘങ്ങളിലേക്കു വിട്ടുകൊടുക്കുകയും ചെയ്യുന്നതാണ് എന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. അപകടമായി നാട്ടാഫീസ് വിദ്യാഭ്യാസം നിർബ്ബന്ധിതമാക്കുകയും ക്രമക്കുറവുള്ള തുകയുവാൻ തക്കവണ്ണം അതിനെ ആധീകരിക്കുകയും ചെയ്യണം. അങ്ങിനെ ചെയ്യുന്നതായാൽ തക്കതായ ശേഷിയും യോഗ്യതയുമുള്ള നാട്ടാഫീസ് പള്ളിക്കൂടത്തിലെ അദ്ധ്യാപകന്മാർക്കു കൂടുതൽ ശമ്പളം കൊടുക്കുന്നതിനു നമുക്കു സാധിക്കുന്നതുമാണ്.

നമ്മുടെ വിദ്യാഭ്യാസരീതി സകലകുറവും തീർന്നതാണെന്നു ഇതിൽക്കവിഞ്ഞും അഭിമാനിക്കുന്നില്ല. മെച്ചപ്പെടുത്തുന്നതിനു പക്ഷം അതു തൊഴിലില്ലായ്മയെ അധികരിപ്പിച്ചിട്ടുണ്ട്. "സാഹിത്യസംബന്ധമായ വിദ്യ നല്ലതാകുന്നു, എന്നാൽ അതു മനുഷ്യന്റെ പ്രാണം സമ്പാദിക്കുന്നതിനുള്ള ശേഷിയെ വർദ്ധിപ്പിക്കുന്നില്ല. എം. എ; ബി. എൽ. മുതലായ ബിരുദങ്ങളുള്ളവർ, 20—30 രൂപ ശമ്പളത്തിൽ തുടങ്ങുവാൻ തക്കവണ്ണം ഓരോരുത്തരെ നിയമിക്കുന്നതിനു, ഇംഗ്ലീഷുഭാഷയിൽ പ്രാപ്തന്മാരായിട്ടുള്ള ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാരെ ആശ്രയിക്കുന്നു. നമ്മുടെ വിദ്യാഭ്യാസത്തിൽ ഇംഗ്ലീഷുഭാഷ സാഹിത്യസംബന്ധമായതാണ്. ഉദ്യോഗത്തിനായി ഗവണ്മെന്റിനെ ആശ്രയിക്കുന്ന സ്വഭാവത്തെ നാം ഇല്ലാതാക്കണം. വിദ്യാഭ്യാസത്തിൽ "ഉപ്പും ചോറും" കിട്ടത്തക്ക ഒരു ആദർശമാണ് നാം വളർത്തേണ്ടതു്. കൃഷി, വ്യവസായം ഇവകളിലുള്ള പരിജ്ഞാനത്തിനു വിദ്യാലയങ്ങളെ നാം വർദ്ധിപ്പിക്കണം. കഴിഞ്ഞ ഒന്നരകാലത്തു നമ്മുടെ കാർഷികാഭിവൃദ്ധി ഉദ്ദേശിച്ചു ഗവർമെന്റു പ്രോത്സാഹനമായി ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്നു കാണാനുള്ള ചുമതല എനിക്കുണ്ടായിരുന്നു. അതിനുവേണ്ടി ഞാൻ ചില ഉദ്യോഗസ്ഥന്മാരോടു ചോദിച്ചു മനസ്സിലാക്കിയതിൽ നിന്നും ഞാൻ ഗ്രഹിച്ചതു് ഇതാണ്.

അവസാനമായി, എനിക്കു എന്റെ നിയോജകമണ്ഡലത്തിലെ (പേരാമ്പ്രയിലെ) കുറേപേർക്കുവേണ്ടി നിങ്ങളുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതായിട്ടുണ്ട്. അവരുടെ പരാതികൾ താഴെപ്പറയുന്നവയാണ്. പേരാമ്പ്രയിലുള്ള തെങ്ങിൽ നിന്നും, ആലപ്പുഴയിലുള്ള തെങ്ങിൽ വടക്കും ആയി സ്ഥിതിചെയ്യുന്ന മാരാർക്കുളത്തുള്ള കുടിവെള്ളത്തായ ഒരു തോടിലവിടെന്നിന്ന്, ഈ സഭയിലുള്ള എന്റെ സ്നേഹിതന്മാരെ ഞാൻ ക്ഷണിക്കുന്നതായാൽ, അവരെ തോടിന്റെ എന്തിക്കപാലമുള്ള സ്ഥലത്തു ചുമട്ടുകാളകളുടെ പോലെ അവരെ മുട്ടുകാലോടെ തൊഴിൽ കയറിയിരുന്നുകൊണ്ടുപോയിരിക്കുകയാകുന്നു. ഈ കാര്യത്തെപ്പറ്റി, തന്റെ കഴിഞ്ഞദിവസത്തെ പ്രസംഗത്തിന്റെ പ്രസ്താവനയിൽ ബഹു. മി. പി. കെ. നാരായണപിള്ളയും, മുന്നു പുതിയതായുണ്ടാക്കുന്നതിനായി അടുത്ത ബഡ്ജറ്റിൽ പണം അനുവദിച്ചിട്ടുള്ളതിനു ചീഫ് എൻജിനീയരോടും ഞാൻ കൃതജ്ഞതയുള്ളവനായിരിക്കുന്നു.

ഇനി ഞാൻ മറ്റൊരു പ്രധാനസംഗതിയെപ്പറ്റി പറയട്ടെ. വളരെ ശോചനീയാവസ്ഥയിലുള്ള ഒരു കാര്യം നമ്മെ പറയിൽ തരകൻ അവർകളുടെ പക്കൽനിന്നും—അദ്ദേഹത്തിന്റെ പേരു ഈ സഭാംഗങ്ങൾക്കു അപരിചിതമായിരിക്കുവാൻ തരമില്ല എനിക്കു ഇപ്പോൾ ഒരു കുറ്റപത്രം കിട്ടി. അദ്ദേഹം പറയുന്നതെന്തെന്നാൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും അടയ്ക്കുകയും ഉറക്കുകയും ചെയ്യുവരുന്ന അന്തകാരഴിയെ തൽക്കാലത്തേക്കു തുറക്കുവാൻ യാതൊരു നടപടിയും ചെയ്യുവരുന്നില്ല എന്നാകുന്നു കരിനിലങ്ങളിൽ യാതൊരു വിധത്തിലുള്ള കൃഷിയും ഇപ്പോൾ അവർക്കു മാത്രമേ കഴിയുകയുള്ളൂ. ഈ അഴിമുഖത്തിലെയോ മറ്റോ ആണ് ഉറക്കുന്നതെന്നും തന്നിമിത്തം കുന്നിക്കുഷി പിഴച്ചുപോയി എന്നും അദ്ദേഹം പറയുന്നു. അതു സാധാരണയായി ഇടവമാസത്തിലാണ് തുറക്കാറുള്ളതു്, എന്നാൽ, ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു വിചാരിക്കുന്നതെന്തെന്നാൽ ഈ അഴിയേയും, തത്സംബന്ധമായ ചിറകളേയും സംബന്ധിച്ചുള്ള ജോലികൾ ക, ഈ കരിനിലങ്ങളിൽ എന്തെങ്കിലും ബാധ്യതയുള്ള വർക്കുമാത്രമെ കണ്ട്രാക്ടുകൊടുക്കാൻ പാടുള്ളൂ എന്നതാണ്, ഈ പറഞ്ഞസ്ഥലത്തു താമസിക്കുന്നതിലധികമായി ഈ മാന്യൻ ക, ഠ ഠ രൂപാ കരംകൊടുത്തുവരുന്നുണ്ടു എന്നാണ് എന്റെ അറിവു്. അതുകൊണ്ടു് ഈ കണ്ട്രാക്ടു് മിസ്റ്റർ തരകനുതന്നെ കൊടുക്കുന്നതുകൊണ്ടു് യാതൊരു ദോഷവുമില്ല എന്നാണ് എന്റെ വിശ്വാസം. ഇതു് ഒരു ശുപാർശയല്ലെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ, ഈ കരിനിലങ്ങളിൽ കുറച്ചെങ്കിലും ഭൂമിയുള്ളവരുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ ഇതു പറയുന്നതു്. ഒരു വിധവ നഷ്ടപ്പെടുന്നതിനു നിർവാഹമുള്ള ഒരു ദേശമല്ലാ ചേർത്തല. അതുകൊണ്ടു് ഇക്കാര്യത്തിൽ എന്തെങ്കിലും സ്വാധ്യതയുള്ളവർക്കുമാത്രമെ മേലാൽ ഈ കണ്ട്രാക്ടു് കൊടുക്കാൻ പാടുള്ളൂ എന്നു വയ്ക്കുന്നതെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഈ സഭയെ സാമാജികന്മാർ പുറപ്പെടുവിക്കുന്ന വിഭ്രാന്തങ്ങളെപ്പറ്റി ഗവർണ്മെന്റു ഗൗരവമായി പരിശോധിക്കുമെന്നു ഞാൻ ആശിക്കുന്നു. തങ്ങൾ രാജ്യത്തിലെ പ്രതാപവന്മാരാണെന്നുള്ള ഭാവം ഒട്ടും വിട്ടുകൊണ്ടിരിക്കാതെ, തങ്ങൾ ജനങ്ങളുടെ സേവകന്മാർ മാത്രമാണെന്നു് ഗവർണ്മെന്റുദ്യോഗസ്ഥന്മാർ വിചാരിക്കുന്നപക്ഷം രാജ്യത്തിന്റെ ഐശ്വര്യത്തെ വളരെ വർദ്ധിപ്പിക്കുവാനുണ്ടു്. ഈ വിചാരത്തോടുകൂടിയാണു ബഡ്ജറ്റിനെക്കുറിച്ചുള്ള നിരൂപണങ്ങൾ സമർപ്പിച്ചിട്ടുള്ളതു്. അവയെ അനുകമ്പനസ്ഥിതിയോടുകൂടി സ്വീകരിക്കുമെന്നു് ഞാൻ ആശിക്കുകയും ചെയ്യുന്നു.

മി. തരിയൻ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴ): ആയവ്യയപത്രത്തിൽനിന്നും ഗവർണ്മെന്റിന്റെ കൊ സ്ഥിതി പ്രതിവത്സരം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നുഎന്നുള്ള കാണുന്നതു ഏറ്റവും സന്തോഷകരമായ ഒരവസ്ഥയാണ്. എന്നാൽ ആ വർദ്ധനകൊണ്ടു് ജനങ്ങളുടെ ദുരിതവും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതെന്നു് ഗവർണ്മെന്റു വിചാരിക്കുന്നുണ്ടെങ്കിൽ അതു വളരെ അപകടകരമായിരിക്കും. അടുത്തകാലങ്ങളിൽ ഓരോ പുതിയരാജ്യതിപ്പുകളും ചുമത്തിയും പഴയനികുതികളുടെ നിരക്കു വർദ്ധിപ്പിച്ചും ഉണ്ടാക്കിയിട്ടുള്ള ധനത്തെപ്പറ്റിയാണ് കൊ സ്ഥിതിയെ ഈവിധത്തിൽ പോഷിപ്പിച്ചിട്ടുള്ളതു. വാസ്തവത്തിൽ ജനങ്ങളുടെ ഐശ്വര്യം ക്ഷയിച്ചുകൊണ്ടിരിക്കുന്നതു. ഈ രാജ്യവാസികളിൽ വലിയഭാഗം കൃഷിക്കാരാണെല്ലാം. നാട്ടിൻപുറങ്ങളിലെ കൃഷിക്കാരുടെ തൊഴിൽസമ്പ്രദായവും ഉപജീവനമാർഗ്ഗങ്ങളും ശരിയായി അന്വേഷിക്കുന്നപക്ഷം നാമെല്ലാവരും അവർ ഐശ്വര്യത്തിൽ അധഃപതിച്ചുവരികയാണെന്നു സമ്മതിച്ചുപോകുന്നതാണ്. കൃഷിഭാഗങ്ങൾ ജനസംഖ്യയുടെ വർദ്ധനയ്ക്കനുസരിച്ചു വർദ്ധിക്കുന്നില്ല. ഒരോ ജില്ലയിലും ജനസംഖ്യ വർദ്ധിച്ചുവരുന്നതായി കാണിക്കുന്നു. ഫാമിന കണക്കിൽ വർദ്ധന കഴിഞ്ഞ സെൻസസ്സിനെക്കാളും വെളിപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ കൃഷിസ്ഥലങ്ങളുടെ വർദ്ധന (പ്രത്യേകം ഒരു കണക്കുകൊണ്ടു് കാണാൻ വയ്യെങ്കിലും) അധികമുണ്ടായിട്ടില്ല. നേരെമറിച്ചു ചിലപ്രദേശങ്ങളിൽ കുറഞ്ഞിരിക്കുന്നു. കൃഷിക്കാർ കൃഷിസ്ഥലങ്ങൾക്കു പോരാതെവരുമ്പോൾ പോകുവാൻ സ്ഥലങ്ങളില്ലാതെ അവർ അവിടെത്തന്നെ താമസിക്കുന്നു. കിഴക്കോട്ടുള്ള പ്രകൃതിസൗകര്യങ്ങൾ കുടിയേറ്റക്കാരെ ആകർഷിക്കുന്നുണ്ടെങ്കിലും തടുക്കുന്നു. നിരവധി പുരയിടങ്ങളുടെ വിസ്തീർണ്ണം റബ്ബർപോലെ വച്ചുനിർണ്ണയിക്കുവാൻ സാധിക്കയില്ല. അതുകൊണ്ടു കൂടുതൽ വിലവ് ഉണ്ടാകാനുള്ള ഫാക്ടറുകളെ കണക്കിലെടുത്തു ഭൂപ്രമാണത്തിൽ വരുത്തണം. അതിനു കൃഷിഡിപ്പാർട്ടുമെന്റുകാർക്കു വേണ്ട സൗകര്യങ്ങളും സ്വാധീനത്തും ഗവർണ്മെന്റു ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടു്. എന്നാൽ ഫലം കേവലം ശ്രദ്ധേയമെന്നു പറഞ്ഞുകൂടാ. അനവധിപ്രക്ഷുബ്ധമായ ഈ കാര്യത്തിൽ വ്യയംചെയ്യുന്നതിനു വളരെകാലമായിട്ടും തുടങ്ങിയ കൃഷിഫാം എസ്റ്റേറ്റുകളുടെ പുതിയകൃഷിസമ്പ്രദായങ്ങൾ രാജ്യത്തിൽ പ്രചരിപ്പിക്കുന്നതിനോ, കൃഷിക്കു സംഭവിക്കുന്ന രോഗങ്ങൾക്കു നിവാരണമുണ്ടാക്കുന്നതിനോ ഇതുവരെ കഴിഞ്ഞിട്ടില്ല. തെങ്ങുകൃഷിയോടുകൂടിയും നഷ്ടകരമായ കൃഷികളുടെ കാര്യമായിട്ടാണ് കാണുന്നതു്.

വ്യവസായത്തെസംബന്ധിച്ചു പറയുകയാണെങ്കിൽ ഇന്നിയും ഒരു നൂറാണ്ടുകാലത്തേയ്ക്കു ഈ രാജ്യം കർഷകപ്രധാനമായ രാജ്യമായിട്ടല്ലാതെ വ്യവസായപ്രധാനമായ ഒരു രാജ്യമാകാൻ സാധിക്കുന്നതല്ല. ധനപരിപോഷണകർമ്മവിദഗ്ദ്ധർ യാതൊരു ധനപരിപോഷണമാർഗ്ഗവും കണ്ടുപിടിച്ചു് രാജ്യത്തിൽ പ്രചരിപ്പിച്ചിട്ടില്ല. തൊഴിലാളികൾ പല്ലുകടിച്ചു മാർഗ്ഗമുറക്കാതെ തൊഴിലാളികളെ ക്ഷയിച്ചുവരുന്ന അവസരത്തിൽ പുതുതായ നികുതി ഏർപ്പെടുത്തി അവരെ കഷ്ടപ്പെടുത്തുന്നതു് ഒരിക്കലും യുക്തമല്ല. ഇനിയും നികുതിവർദ്ധിപ്പിക്കാൻ നിവൃത്തിയില്ലാത്തവണ്ണം ജനങ്ങൾ മോഷ്ടിക്കുകഴിഞ്ഞു. ഭൂനികുതി ഡിപ്പാർട്ടുമെൻറിൽനിന്നും പുറമ്പോക്കുകൈയ്യേറ്റക്കുത്തു് അന്വേഷിച്ചു പണം സാധുകൃഷിക്കാരെ തൊഴിപ്പിച്ചിറിങ്ങുണ്ടാക്കുന്നതുണ്ടു്. ആദായനികുതിപുതുതായ പുതിയ നികുതികളും രജിസ്ട്രേഷൻഫീസ്, മുദ്രവില മുതലായവയുടെ നിരക്കുവർദ്ധനയുംകൊണ്ടു് ജനങ്ങൾ വിഷമിച്ചുതൊഴുങ്ങിരിക്കുന്നു. പണ്ടൊരിക്കൽ സർവ്വെയ്യു പുറമ്പോക്കാണെന്നു് കടലാസിൽ എഴുതിവച്ചതനിമിത്തം ഓരോരുത്തരുടേയും കൈവശത്തിരുവത്തിൽ ഇരിക്കുന്ന പുരയിടങ്ങളെ പുറമ്പോക്കായിരുത്തിച്ചു് കോടതിയും ശിക്ഷിക്കുവാൻ തുടങ്ങിയിരിക്കുന്നു. രാജ്യത്തിൽ തൊഴിലാളിയും വർദ്ധിക്കണമെങ്കിൽ, കൃഷിസ്ഥലങ്ങൾക്കു വർദ്ധനയുണ്ടായേണം. അതുണ്ടാകണമെങ്കിൽ കൃഷിസമ്പ്രദായം കൂടുതൽ വിളവുണ്ടാകുന്നതുക്കു തക്ക നിലയിൽ ഉള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു പ്രചരിപ്പിക്കണം. എന്നാൽ കൂടുതൽ വിളവുണ്ടാകുന്നതുക്കുവെണ്ണമുള്ള കൃഷിസമ്പ്രദായം നടപ്പാക്കുവാൻ ഉടനെ സാധിക്കുമെന്നു തോന്നുന്നില്ല. കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിക്കാൻ മാർഗ്ഗമുണ്ടു്. കായൽപതിച്ചു കൃഷിയാക്കുവാൻ ധനവാന്മാർക്കുമാത്രമെ സാധിക്കയുള്ളൂ. രാജ്യത്തിൽ മുന്നിൽഒരുദ്യോഗവും റിസർവ്വായി ഇട്ടിട്ടുണ്ടു്. അമേരിക്കയിൽ യുനൈറ്റഡ് സ്റ്റേറ്റ്സിലും മറ്റും വളരെ ഉദ്യോഗങ്ങൾ റിസർവ്വായിട്ടുണ്ടെന്നു് പറയുന്നുണ്ടു്. അവിടത്തെ ജനസംഖ്യ ഒരു ചതുരശ്രൈമലിൽ നൂറു മാത്രമാണു്. ഇവിടെ ൪൫൬ ഉണ്ടു്. കൊച്ചിക്കഴിഞ്ഞാൽ ഇൻഡ്യയിലുള്ള നാട്ടുരാജ്യങ്ങളിൽ അധികം ആളുകൾ തിങ്ങിക്കിടപ്പാക്കുന്നതായ ഈ രാജ്യത്തിൽ മുന്നിൽഒരുദ്യോഗം ഉണ്ടെന്നു റിസർവ്വായി ഇട്ടിരിക്കുന്നതു് കഷ്ടാൽകഷ്ടതരമാണു്. ഇവിടത്തെ റിസർവ്വുകളിൽ പലയിടത്തും പണ്ടത്തെ രാജാക്കന്മാരുടേയും രാജഭരണങ്ങളുടേയും അവശിഷ്ടങ്ങൾ കാണാമെന്നുള്ളതുകൊണ്ടും മറ്റും പണ്ടു ജനങ്ങൾ അവിടെ ധാരാളം നിവസിച്ചുകൊണ്ടിരുന്നുഎന്നു് തെളിയുന്നുണ്ടു്. കനഷ്ട ലക്ഷം രൂപയാണു് വണ്ടംകുക വരവെന്നും ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതു്. അതിൽ രണ്ട് ലക്ഷംരൂപാ രാജകീയവൃക്ഷങ്ങളിൽനിന്നും വരുന്ന ആദായമാണു്. ഈ രാജകീയവൃക്ഷങ്ങൾ മിക്കവാറും ജനങ്ങളുടെ പതിവുപുരയിടങ്ങളിൽ ഉള്ളവയാണു്. ൫ ലക്ഷം രൂപയിൽനിന്നും ഈ രണ്ടിനവും പുഴുവൽ തളിവിലയും നീക്കിയാൽ ജനങ്ങളിൽനിന്നും ൫ ലക്ഷം രൂപയെങ്കിലും മുതലെടുപ്പു കാണുകയില്ല.

ഇവിടെയുള്ള ഒരു വലിയ വിഭാഗം ജനങ്ങൾ ദാരിദ്ര്യത്തിലുംതെ കഷ്ടപ്പെടുന്നുണ്ടു്. അവരിൽ പുലയർ, പറയർ മുതലായ അധഃകൃതവർഗ്ഗക്കാർ നല്ല കൃഷിക്കാരുമാണു്. റിസർവ്വിൽനിന്നും ഏതാനുംഭാഗം ഒഴിച്ചു ദാസ്യത്തിലുള്ളതുക്കു ആവശ്യംപോലെ കുറേശ്ശ പതിച്ചുകൊടുത്താൽ അവരുടെ ദാരിദ്ര്യത്തിനു നിവൃത്തിയുണ്ടാകും. കൃഷി വർദ്ധിക്കുകയും ചെയ്യും. വലിയ പറമ്പുകളോ അധിക വൃക്ഷങ്ങളുള്ള ഉന്നതതോട്ടങ്ങളോ ഒഴിക്കേണ്ട. ജനവാസത്തിനു സമീപമുള്ളതായ പ്രദേശങ്ങൾമാത്രം പതിച്ചുകൊടുത്താൽ മതി. ഇതുകൊണ്ടു റിസർവ്വുകൾക്കു സാരമായ ദോഷങ്ങൾ ഒന്നും ഉണ്ടാകയില്ല. റിസർവ്വുകളിൽ കൂടുതൽ ആദായം കിട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുമ്പോൾ ഇപ്പോൾ പതിച്ചുകൊടുക്കുന്നതു നഷ്ടമായി തീരുമെന്നു പറയുമായിരിക്കും. അതുകൊണ്ടുള്ള ഗുണദോഷങ്ങൾ വിചാരിച്ചു ഇപ്പോൾ അവശ്യം തീർച്ചാക്കിയിട്ടുള്ളതു വലിയ കഷ്ടമാണു്. ഒരു കുടുംബത്തിൽ ൪൦ വർഷത്തിനുശേഷം ഉണ്ടാകുന്ന തൊഴിലാളികളുടെ എല്ലാ അംഗങ്ങളും ഇപ്പോൾ പട്ടിണികിടക്കുന്നതു വലിയ കഷ്ടമാണെല്ലൊ. അതിനാൽ ഇപ്പോഴുള്ള വനത്തിൽ നാലിൽ ഒരുദ്യോഗമോ അഞ്ചിൽ ഒരുദ്യോഗമോ റിസർവ്വായിട്ടു ഇട്ടു ബാക്കിവരുന്നതിനെ ചില്വറയായിട്ടു വേലംകൊടുത്തു പതിച്ചുകൊടുക്കേണ്ടതാണു്. ഒരു കരിമ്പുകുടുംബത്തിനു ഒരേക്കർഭൂമിയും ഒരു വാക്കത്തിയും മൺവെട്ടിയും ഉണ്ടെങ്കിൽ ഉപജീവനം കഴിച്ചുകൂട്ടാം.

ഇനി സ്വല്പം പറയാനുള്ളതു മെഡിക്കൽ വകുപ്പിനെപ്പറ്റിയാണു്. ഇപ്പോൾ മെഡിക്കൽ ഡിപ്പാർട്ടുമെൻറുകൊണ്ടു യാതൊരു ഗുണവുമില്ല. ഉദ്യോഗകളിൽ അനേകം ആളുകൾ മയേറിയാപിടിപെട്ട് കഷ്ടപ്പെടുന്നുണ്ടു്. ആശുപത്രികളിൽചെന്നാൽ ധനവാന്മാർക്കു മാത്രമേ ഗുണമുള്ളൂ. മറ്റുള്ളവർക്കും കൂപ്പിയിൽ നിറച്ചു കൊടുക്കുന്നുണ്ടു്. (ചിരി) രോഗികളെ പോയിനോക്കുന്നതിനു ഡാക്ടർമാർക്കു നല്ല ശമ്പളം കൊടുക്കണം. ഡാക്ടർമാർക്കു രോഗികളെ ചെന്നുനോക്കുന്നതിനു ഒരു മൈലിനു എന്നു പടികൊടുക്കണമെന്നു വിധിക്കുന്ന ഒരു ബോർഡുവയ്ക്കണമെന്നു ഞാൻ ഗവർണ്മെൻറിനോടു അപേക്ഷിച്ചിട്ടുണ്ടായിരുന്നു. പണംകൊടുക്കാൻ നിവൃത്തിയില്ലാതെവരുന്ന രോഗികൾക്കും ഡാക്ടർമാർപോയി ചികിത്സിക്കുന്നതിനു നല്ല ശമ്പളംകൊടുത്തേക്കുകയും. ആ സ്ഥലങ്ങൾ മലമ്പാമ്പുകളാകയാൽ അധികം രോഡും ഇല്ല. എങ്ങിനെയെങ്കിലും രോഗിയെ കെട്ടിഎടുത്തു ആസ്പത്രിയിൽ കൊണ്ടുവരികയാണെങ്കിൽ അപ്പോൾതന്നെ അപകടമായി തീർന്നേക്കുന്നുമതി. ഡാക്ടർക്കു എന്നു പടികൊടുക്കണമെന്നു വിവരിക്കുന്ന ഒരു ബോർഡു് ഉണ്ടാക്കിവയ്ക്കണമെന്നു് ഞാൻ മുമ്പേതന്നെ ഗവർണ്മെൻറിനോടു അറിയിച്ചിട്ടുണ്ടു്. ഇനിയെങ്കിലും അങ്ങനെ ചെയ്തില്ലെങ്കിൽ സാധുക്കളായ ജനങ്ങൾ വളരെ കഷ്ടപ്പെടുന്നതിനു ഇടയായിതിരുന്നതാണു്. കൃഷിക്കുള്ള പാടങ്ങളോ തോരണങ്ങളോ പണയപ്പെടുത്തിയോ വിറ്റോ ആണു് സാധുക്കൾ ഡാക്ടർമാർക്കു പണം കൊടുക്കുന്നതു്. അങ്ങനെ കൊടുക്കുന്ന ഇക്കയ്യാലെ പടിയിൽ ഉൾപ്പെടുത്തിക്കൊള്ളും. ചികിത്സയ്ക്കു വേറെ പണം കൊടുക്കണം. ഡിപ്പാർട്ടുമെൻറു ഈ വകയ്ക്കു ധാരാളം പണം ചെലവുചെയ്യുന്നുമുണ്ടു്. അതുകൊണ്ടു് സാധുക്കൾക്കു ഗുണമില്ലെങ്കിൽ അതു വളരെ പരിതാപകരമായ ഒരവസ്ഥയാണു്. മറ്റു ഡിപ്പാർട്ടുമെൻറുകാർ പണം വാങ്ങുന്നതു കുറേകരമാണു്. എന്നാൽ ഈ ഡിപ്പാർട്ടുമെൻറുകാർക്കു വാങ്ങരുതെന്നു വകുപ്പിട്ടുണ്ടു്. അതു എത്രമാത്രം എന്നു് ഒന്നു ക്ലിപ്തപ്പെടുത്തുകയെങ്കിലും വേണം.

ഇനി പൊതുജനാരോഗ്യത്തെ സംബന്ധിച്ചാണു് പറയാനുള്ളതു്. ആ വകയ്ക്കു ധാരാളം പണം ചെലവാക്കേണ്ടതു കുടിവെള്ളം, തൊട്ടിപ്പുഴ മുതലായ ഉദ്യോഗങ്ങളിലാണു്. ഈ തലക്കെട്ടുകളിൽ ബഡ്ജറ്റുപ്രസംഗത്തിനു യാതൊരു ശ്രദ്ധയും ചേർത്തിട്ടില്ല. ഈ വകയ്ക്കു ഒരു വലിയ തുക ബഡ്ജറ്റിൽ ചേർത്തിട്ടുണ്ടെങ്കിലും അതെല്ലാം തെക്കൻതിരുവിതാംകൂറിലേക്കു കുടിവെള്ളവിതരണത്തിനുമാത്രമാണു്. റോഡുകൾ കൂടുതൽ ആവശ്യമുള്ളതു ഉദ്യോഗ

ട്ടുകളിൽനിന്ന്. കായലോരങ്ങളിലും മറ്റുമുള്ളവർക്ക് വലിയഭാരങ്ങളും മറ്റും വള്ളത്തിൽ കയറ്റി ചുരുങ്ങിയ ചെലവിൽ കൊണ്ടുപോകാൻ സാധിക്കും. ഉൾനാടുകളിൽ കാളവണ്ടിവഴിയെ കൊണ്ടുപോകാൻ സാധിക്കയുള്ളൂ. അതു സാമാന്യത്തിലധികം വിലയെക്കൂടുതൽ കൂലി അധികം കൊടുക്കേണ്ടിവരുന്നു.

കഴിഞ്ഞ സെൻസസ്സിൽ ജനസംഖ്യാവർദ്ധന ഏറിയ ആകെ കണക്കു വീതമാണെന്നു സെൻസസ് റിപ്പോർട്ടിൽ കാണുന്നു. കായലോരങ്ങളിൽ ക.ര.വു–ം മദ്ധ്യഭാഗങ്ങളിൽ ക.ഭ.വു–ം മലയോരങ്ങളിൽ വ.ക.ൻ–ം ആയിട്ടു വർദ്ധിച്ചിരിക്കുന്നു. ഇതിൽനിന്നും ജനങ്ങൾ മലയോരങ്ങളിലേയ്ക്കു കുടിയേറിക്കൊണ്ടിരിക്കുന്നു എന്നാണ് തെളിയുന്നതു. അതിനാൽ യാതൊരുവിധമായി വന്നിച്ചു ചെലവുകൾചെയ്തു യാത്രാസൗകര്യം വർദ്ധിപ്പിക്കേണ്ടതു മലയോടടുത്ത ഭാഗങ്ങളിലാണെന്നുള്ളതു പ്രത്യേകം പറഞ്ഞുകൊണ്ടു നിറുത്തുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ—ദേവികുളവും): സർ, അടുത്ത ആണ്ടത്തേയ്ക്കുള്ള ബഡ്ജറിനെ പറ്റി ഞാൻ ചുരുക്കം ചില വിമർശനങ്ങൾ ചെയ്യുന്നതായിരിക്കും. അടുത്ത കൊല്ലത്തേക്കുള്ള ബഡ്ജറിനെ തൃപ്തികരമായ ഒന്നാക്കി ഈ സഭ കയ്യടക്കത്തിനു ധനകാര്യമന്ത്രി ആശിക്കുന്നതായി അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. പല സഭാംഗങ്ങളും ഇക്കാര്യത്തിൽ തങ്ങൾക്കുള്ള അഭിപ്രായവ്യത്യാസങ്ങളെ പ്രകടിപ്പിച്ചിട്ടുണ്ട്. ബഡ്ജറു തൃപ്തികരമായ ഒന്നാകണോ, അല്ലയോഎന്നു ആലോചിക്കുമ്പോൾ, ഈ സംസ്ഥാനത്തെ ധനസ്ഥിതിയെപ്പറ്റി വിചിന്തനംചെയ്യേണ്ടതാണ് എന്തുകൊണ്ടും ആവശ്യമാകുന്നു. ചെലവുനിക്കി ഒരു മിച്ചമിരിപ്പു കാണുന്നതുകൊണ്ട് നമുക്ക് തൃപ്തിപ്പെട്ടുകൂടാ. കഴിഞ്ഞ ചില വർഷങ്ങളായി മുതലുചെലവും ചെലവും ക്രമമായി വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇതിൽനിന്നും ഈ രാജ്യത്തെ ദേശീയധനവും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് ഒരാൾ വിചാരിച്ചുപോയേക്കാം. എന്നാൽ കാര്യങ്ങളുടെ അവസ്ഥയെ സശ്രദ്ധം ആരാഞ്ഞറിയുന്നതായാൽ ഇപ്രകാരം ഒരഭിപ്രായം പുറപ്പെടുവിക്കുന്നതിനവകാശം അതിൽ യാതൊന്നുംതന്നെയില്ല എന്ന് കാണാവുന്നതാണ്. ഈ മുതലെടുപ്പ് ഏതു വിധത്തിലാണ് സിദ്ധിച്ചിട്ടുള്ളതെന്ന് പര്യാലോചിക്കുമ്പോൾ, ഈ വർദ്ധന രാജ്യത്തെ ദേശീയസമ്പത്തിന്റെ അഭിവൃദ്ധിമൂലം ഉണ്ടായിട്ടുള്ളതാണോ. അല്ലാത്തപക്ഷം മുൻപു ഉണ്ടായിരുന്ന വകകളിൽനിന്നും എടുത്തിട്ടുള്ളതാണോ എന്ന് നോക്കേണ്ടതായുണ്ട്. ഈ സംഗതിയെപ്പറ്റി ഇപ്രകാരം പര്യാലോചിക്കുന്നതായാൽ രാജ്യത്തിന്റെ കോശസ്ഥിതി തീരെ അരുചിജനകമായിട്ടുള്ളതാണെന്നു മനസിലാകുന്നതാണ്. ധനകാര്യങ്ങളിൽ ഗവണ്മെന്റനുവർത്തിച്ചുവരുന്ന നയം മൻകൂതലോടുകൂടിയ ഒന്നല്ല എന്നു പറയേണ്ടിയിരിക്കുന്നു. ബഡ്ജറിൽ മിച്ചമിരിപ്പു കാണുന്നുഎന്നുള്ള ഏകസംഗതി, രാജ്യത്തെ കോശസ്ഥിതി സ്ഥായിയായിട്ടുള്ളതാണെന്ന് സഭാംഗങ്ങൾക്കു ബോദ്ധ്യപ്പെടുത്താൻ പര്യാപ്തമായിട്ടുള്ളതാണെന്നു ഫിനാൻഷ്യൽ സേക്രട്ടറി അവർകൾ വിചാരിക്കുന്നുണ്ടെന്നു തോന്നുന്നു.

രാജ്യത്തെ മുതലെടുപ്പുമാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുമ്പോൾ, തിരുവിതാംകൂർ കർഷകപ്രധാനമായ ഒരു രാജ്യമാണെന്നു നാം അവശ്യം ഓർക്കേണ്ടതാണ്. നാളിലെ കൃഷിസമ്പ്രദായങ്ങളെ പരിപുഷ്ടരിക്കുന്നതിനു ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറ് സ്ഥാപിക്കുകയും അതിന്റെ മേലധ്യക്ഷനായി ഉയർന്ന ശമ്പളംതോറുംകൂടി ഒരുദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ ഡിപ്പാർട്ടുമെൻറിൽ പ്രതിവത്സരം അനവധി പണം ചിലവാക്കുന്നുമുണ്ട്. നാട്ടിൻപുറങ്ങളിലെ സാധാരണ കർഷകന്മാക്ക് ഈ ഡിപ്പാർട്ടുമെൻറുനിമിത്തം എന്തെങ്കിലും ഗുണം സിദ്ധിക്കുന്നുണ്ടോ എന്നുള്ളതാണ് ആലോചനാവിഷയം. ഈ ഡിപ്പാർട്ടുമെൻറ് സ്ഥാപിക്കുന്നതിനും നടത്തിക്കുന്നതിനും ആയി അനവധി ദ്രവ്യം ചെലവാക്കിയിട്ടുണ്ടെന്നുവരികിലും, മീനച്ചൽതാലൂക്കിലും പരിസരപ്രദേശങ്ങളിലും, എന്റെ അനുഭവത്തിൽ പെട്ടിട്ടുള്ളടത്തോളം, സാധാരണ കർഷകന്മാക്ക് ഈ ഡിപ്പാർട്ടുമെൻറുമൂലം ഗണ്യമായ ഗുണങ്ങളൊന്നും യാതൊന്നും സിദ്ധിച്ചിട്ടില്ലെന്നു കൃഷിഡയറക്ടരോട് എനിക്കു ഉറപ്പുപറയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തെങ്ങുരോഗത്തെ സംബന്ധിച്ചു കൃഷിഡിപ്പാർട്ടുമെൻറുകാർ കൊല്ലംതാലൂക്കിൽ ചെയ്തുവരുന്ന ജോലികളെപ്പറ്റി അങ്ങേയ്ക്കറിയാമോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ—ദേവികുളവും): കൊല്ലത്തെ കാര്യങ്ങളെപ്പറ്റി എനിക്കു വലിയ അറിവൊന്നുമില്ലെന്നു ഞാൻ അങ്ങേയ്ക്കു മറുപടികൊടുക്കുന്നു. എന്നാൽ വടക്കൻതിരുവിതാംകൂറിനെ വിശിഷ്യ മീനച്ചൽ, തൊടുപുഴമുതലായ സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം തെങ്ങുരോഗം നാശകരമാം വണ്ണം വർദ്ധിച്ചുകാണുന്നില്ലെന്നു തന്നെയുമല്ല അതിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിനു യാതൊന്നും പ്രവൃത്തിച്ചിട്ടില്ല. നാട്ടിൽ കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതിലേയ്ക്കും എന്തുകൊണ്ടും അത്യാവശ്യമാകുന്നതുള്ള സംഗതിയെ കൃഷിഡയറക്ടരവർകളുടെ ശ്രദ്ധാവിഷയമാക്കിത്തീർക്കുവാനുള്ളതിനും രാജ്യത്തെ കൃഷിസമ്പ്രദായങ്ങളെ പരിപുഷ്ടരിക്കയും കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കയുംചെയ്യണമെന്നും ഞാൻ അങ്ങേയ്ക്കുത്തിനോടാവശ്യപ്പെട്ടുന്നതാണ്. കഴിഞ്ഞകാലങ്ങളിൽ ഞങ്ങൾക്കുള്ള അനുഭവംകൊണ്ടു മനസ്സിലാകുന്നടത്തോളം ഞങ്ങളുടെ പ്രദേശങ്ങൾക്കു ഈ ഡിപ്പാർട്ടുമെൻറിൽനിന്നും പറയത്തക്ക ഗുണങ്ങളൊന്നും സിദ്ധിച്ചിട്ടില്ല എന്ന അഭിപ്രായത്തിനാണ് എനിക്കു സമ്മതിയ്ക്കുവാൻ കഴിയും. അങ്ങേയ്ക്കു ഈ പ്രദേശങ്ങളെ എത്ര പ്രാവശ്യം സന്ദർശിച്ചിട്ടുണ്ട് എന്നുള്ളതു എനിക്കു തൃപ്തമില്ല. നാട്ടുംപുറങ്ങളിലെ സാമാന്യ കർഷകന്മാർ കൃഷിഡിപ്പാർട്ടുമെൻറ് എന്നൊരു സ്ഥാപനം ഉള്ളതായി ഇതേവരെ മനസ്സിലാക്കീട്ടില്ലെന്നു തോന്നുന്നു.

നമ്മുടെ ദേശീയധനത്തിന്റെ അഭിവൃദ്ധിയെസംബന്ധിച്ചു പൊതുജനാഭിപ്രായത്തിലേക്കു ഞാൻ പ്രവേശിക്കുന്നു. തക്കതായ ഗതാഗതസൗകര്യങ്ങൾ ഉണ്ടാക്കി നാട്ടുംപുറങ്ങളെ പുറമേയുള്ള സ്ഥലങ്ങളുമായി സംഘടിപ്പിക്കുകയാണു നാട്ടിലെ ജനങ്ങളുടെ സാമ്പത്തികമായ അഭിവൃദ്ധിയുടെ ലക്ഷണം. വടക്കൻതിരുവിതാംകൂറിനേയും വിശിഷ്യ മീനച്ചൽ, തൊടുപുഴ ഈ താലൂക്കുകളേയും സംബന്ധിച്ചിടത്തോളം ഇഞ്ചിനീയർവകുപ്പ് പ്രസ്തുത പ്രദേശങ്ങളെ തീരെ ഗണ്യമാക്കുന്നില്ല എന്നാണ് എന്റെ അഭിപ്രായം. നഗരങ്ങളിലും നഗരസമീപങ്ങളിലും പക്ഷേ തെക്കൻതിരുവിതാംകൂറിലും ഗതാഗതസൗകര്യങ്ങൾക്കും കെട്ടിടങ്ങൾക്കുമായി അനവധി പണം ചെലവുചെയ്തിട്ടുണ്ട്. എന്നാൽ ഞാൻ പ്രസ്താവിച്ചുപോരുന്ന വടക്കൻതിരുവിതാംകൂറിനെസംബന്ധിച്ചിടത്തോളം ഈ ഡിപ്പാർട്ടുമെൻറ് വേണ്ടപോലെ ശ്രദ്ധപതിക്കുന്നതായി കാണുന്നില്ല. സാധാരണ കർഷകന്മാർ ഉദ്ദേശിക്കുക

ളിൽ കുറെ വളരെ പ്രയത്നപ്പെട്ട് ചില ഉദ്യോഗങ്ങളെ ഉളവാക്കുന്നു. എന്നാൽ അതിനുശേഷം അവയെ വിട്ടു നസ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്നതിനു അവർക്ക് വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നു. അവയെ ആലപ്പുഴ, കൊച്ചി മുതലായ സ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്നതിനു ചരക്കിന്റെ വിലയിൽ പകുതിയോളം ചില പ്പോൾ ചെലവാക്കേണ്ടിവരുന്നു, നാട്ടിൻപുറങ്ങളിലെ ഭൂമികളെ തക്കതായ രീതിയിൽ കൃഷിചെയ്യുകയും ഉണ്ടാക്കി മറ്റു സ്ഥലങ്ങളുമായി സംഘടിപ്പിക്കാത്തപക്ഷം ഉൾനാടുകളിൽ പരാശ്രയംകൂടാതെ ജീവിതംകഴിക്കുന്നതിനു മനഃപൂർവ്വം യത്നിക്കുന്ന ജനങ്ങൾക്കു എന്താണു നിവൃത്തിമാർഗ്ഗം?

ഭൂമിയധ്വാനത്തെ വർദ്ധിപ്പിക്കാവുന്ന മറ്റൊരു ഡിപ്പാർട്ടുമെൻറ് വ്യവസായഡിപ്പാർട്ടുമെൻറാകുന്നു. കൃഷി ഡിപ്പാർട്ടുമെൻറിനെപ്പറ്റി ഞാൻ പ്രസ്താപിച്ച സംഗതികളിൽ ചിലതു ഈ വകുപ്പിനും കുറ്റമില്ലായ്മയോടുകൂടിയും യോജിക്കുന്നവയാകുന്നു. ഞാൻ പറയുന്നതെന്തെന്നാൽ വ്യവസായഡയറക്ടർ മുറിക്കകത്തുവച്ചു നടത്തുന്ന പരീക്ഷണങ്ങളും മുതലായവമാത്രം ചെയ്താൽപോരാ എന്നാണു. അദ്ദേഹത്തിനു ഇപ്പോഴത്തെ അവസ്ഥകളെ യഥാർത്ഥത്തിൽ മനസ്സിലാക്കി തന്റെ പരിശോധനകളേയും ജോലിക്രമത്തേയും അവയ്ക്കനുസൃതമായി ക്രമപ്പെടുത്തേണ്ടതായുണ്ട്. വലിയ തൊഴിൽശാല വ്യവസായസമ്പ്രദായങ്ങളും ഈ രാജ്യത്തു ഇപ്പോൾ സാദ്ധ്യമല്ലായിരിക്കാം. എന്നാൽ ഇപ്പോൾ നടപ്പിൽവരിക്കുന്ന വ്യവസായങ്ങളെ പലപ്രകാരത്തിലും അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയും. വ്യവസായഡയറക്ടർ ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിക്കുമെന്നും വിദേശികളിൽ വടക്കൻ തിരുവിതാംകൂറിലെ ജനങ്ങൾക്കുവേണ്ടി ഈ കാര്യത്തിൽ കൂടുതലായി എന്തെങ്കിലും പ്രവർത്തിക്കാൻ ശ്രമിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

ധാരാളമായി അഭിവൃദ്ധിപ്പെടുത്താവുന്ന മറ്റൊരു മാർഗ്ഗം നമ്മുടെ വനങ്ങളാകുന്നു. എന്റെ സ്നേഹിതൻ മി. കുഞ്ഞിതൊമ്മൻ പ്രസ്താപിച്ചതുപോലെ ഈ രാജ്യത്തിൽ ചുരുങ്ങിയതു മൂന്നിൽ ഒന്നു വനങ്ങളുണ്ടാകുന്നു. ഇത്രമാത്രം വനപ്രദേശം രാജ്യത്തിനാവശ്യമില്ല എന്നുള്ള അഭിപ്രായത്തിന്റെ അഭിപ്രായത്തെ ഞാൻ പിൻതാങ്ങുന്നു. വനങ്ങൾ, വരുമാനത്തെ ഉദ്ദേശിക്കുമാത്രമുള്ളവയല്ല എന്നു ആക്ഷേപപൂർവ്വമല്ലാതെ പറയാം. കുറേക്കൂടി നല്ല രീതിയിൽ കൊണ്ടു നമ്മുടെ വനങ്ങളിൽനിന്നും കൂടുതൽ മുതലെടുപ്പുണ്ടാക്കുന്നതിനു സാധിക്കുകയില്ലയോ എന്നുള്ള സംശയത്തെ ഈ വാദംപോലും ബാധിക്കുന്നതല്ല. വനംവകയിൽ നിന്നും സിദ്ധിക്കുന്ന മുതലെടുപ്പിന്റെ പകുതിയിൽ അധികവും അതിനുവേണ്ടിത്തന്നെ ചെലവഴിക്കുന്നുഎന്നു നാം ബഡ്ജറ്റിൽനിന്നും കാണുന്നു. മറ്റു ചില സംഗതികളിലും ഇതുതന്നെയാണ് അവസ്ഥ. അതുകൊണ്ടും വനങ്ങളെ കുറേക്കൂടെ നല്ലവണ്ണം ഭരിക്കുന്നതായാൽ വനംവകയിൽനിന്നും ലഭിക്കുന്ന മുതലെടുപ്പു വർദ്ധിക്കുമാൻ എളുപ്പമുണ്ട്. ഇതു സാദ്ധ്യമല്ലഎന്ന കൺസർവേറ്റർഅവർകളും വിചാരിക്കുന്നപക്ഷം റിസർവുകളിൽ കുറേഭാഗം നാട്ടിലെ ജനങ്ങൾക്കു കൃഷിചെയ്യത്തക്കവിധത്തിൽ ആക്കിയിട്ടുകൊടുക്കുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു. ഈ സൂചന മീനച്ചിൽതാലൂക്കിൽ കടന്നുകിടക്കുന്ന വനങ്ങളുടെ ചില ഭാഗങ്ങളെ പ്രത്യേകം സംബന്ധിക്കുന്നതാണ്. ധാരാളം വൃക്ഷങ്ങളില്ലാത്തതുനിമിത്തം യാതൊരു ആദായവും ആശിക്കാൻതരമില്ലാത്തവിധത്തിൽ ഉള്ള പ്രദേശങ്ങളുണ്ട്. ഈ ഭാഗങ്ങളെ കൃഷിചെയ്യുന്നതിനു വിട്ടുകൊടുക്കുന്നപക്ഷം അവയിൽനിന്നും സാരമായ ഒരാദായം ലഭിക്കുന്നതാണ്.

ഞാൻ ഇനി വളരെ പ്രധാനപ്പെട്ട ഒരു സംഗതി അതായതു ഈ രാജ്യത്തെ വിദ്യാഭ്യാസാവിഷയത്തിലേക്കു പ്രവേശിക്കുന്നു. ഈ കാര്യത്തിൽ ഗവർമ്മെൻറു മുൻ കൈയെടുത്തിട്ടുള്ളതു എന്നാണ് എന്റെ അഭിപ്രായം. ധനകാര്യഭദ്രതയുടെ പക്കലും ഈ സംഗതിയെ ബുദ്ധിമുട്ടാക്കുന്നുണ്ട്. കൂടുതലും ബുദ്ധിശൂന്യതയുമായ ഒരു പോക്കിനെ അമർത്തണമെന്നാണു അദ്ദേഹം ഇന്നുപറകയുണ്ടായി. രാജ്യത്തെ പ്രജകളുടെ വിദ്യാഭ്യാസം അതിന്റെ നന്മയ്ക്കും മെച്ചപ്പെടുത്തിനും എത്രയും ആവശ്യമാണെന്നും ആ ഇനത്തിൽ ന്യായമായി ചെയ്യുവാൻകുന്നതു പ്രജകളുടെ വർദ്ധിച്ചുവരുന്ന മെച്ചപ്പെടുത്തൽ പലമടങ്ങു തിരിയെ കിട്ടുമെന്നും അതേസമയത്തുതന്നെ അദ്ദേഹം സമ്മതിക്കുന്നുണ്ട്. ഒരു രാജ്യത്തെ ജനങ്ങളുടെ വിദ്യാഭ്യാസം മേൽ ആദായകരമായ ഒന്നായിരിക്കുണമെന്നു സർവ്വരും സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാണ്. ഇപ്രകാരം വിദ്യാഭ്യാസവകുപ്പിൽ ന്യായമായി എത്രകണ്ടു ചിലവുചെയ്താലും അതു ഒരു നഷ്ടമല്ലെന്നുള്ളതാണ് ഞാൻ വിചാരിക്കുന്നതു. നാം അതിനെക്കുറിച്ചു മനസ്സാപിച്ചിട്ടില്ലായ്മയില്ല. എന്നാൽ ഇപ്പോൾ അനുകരിച്ചുവരുന്ന നയം ശരിയാണോഎന്നു വേണം നമുക്കിപ്പോൾ ആലോചിക്കാൻ ഉള്ളതു. ഈ വിദ്യാഭ്യാസനയത്തിൽ നമുക്കു ഒരു ന്യായമായ വ്യത്യാസം സ്വീകരിക്കേണ്ടതായുണ്ട്. ഈയിട വർണ്ണാകുലർസ്കൂൾഅദ്ധ്യാപകന്മാർക്കു മതിയായ ശമ്പളം കൊടുത്തുവരുന്നില്ല എന്നൊരു പരാതി നാനാഭാഗത്തുനിന്നും കേൾക്കുന്നുണ്ട്. ജനങ്ങൾക്കു പ്രാഥമികവിദ്യാഭ്യാസം എത്രകണ്ടു പ്രധാനമായിട്ടുള്ളതാണെന്നു ആലോചിക്കുമ്പോൾ ഈ അദ്ധ്യാപകന്മാർക്കു കുറേക്കൂടി നല്ല ശമ്പളം കൊടുക്കേണ്ടതാണെന്നു മനസ്സിലാകും. ഇംഗ്ലീഷ് സ്കൂൾവിദ്യാഭ്യാസം, കോളേജുവിദ്യാഭ്യാസം ഇവകളെപ്പറ്റി അന്വേഷിക്കുന്നതായാൽ ഈ വക വിദ്യാഭ്യാസത്തെ ഉത്തരവാദിത്വമുള്ള പ്രൈവറ്റുസ്ഥാപനങ്ങളെ വേണ്ടപോലെ ധനസഹായംനൽകി ഏറ്റെടുപ്പിക്കാവുന്നതും തദ്വാരാ ഗവർമ്മെൻറിന്റെ ചെലവു ചുരുക്കാവുന്നതുമാകുന്നു. എന്തായാലും ഇതൊരു പ്രധാനകാര്യമാണ്; എന്നുമാത്രമല്ല ഗവർമ്മെൻറു കാര്യങ്ങളുടെ അവസ്ഥ ഇപ്പോൾ മനസ്സിലാക്കിയിട്ടുണ്ട്. അടുത്തകാലത്തു അവർ കുറേക്കൂടി നല്ല ഒരു നയം സ്വീകരിക്കുവാൻ ഇടയുണ്ടെന്നുള്ള സന്തോഷാവഹമായതുതന്നെ.

വിദ്യാഭ്യാസത്തെസംബന്ധിച്ചു നോക്കുന്നതായാൽ വിദ്യാഭ്യാസമുദ്യോഗത്തോടു തൊഴിലില്ലായ്മയും സർക്കാർ സർവീസിൽ നിയമനത്തിനുള്ള പ്രമാണങ്ങളും പ്രതിബന്ധമായുണ്ട്. ശമ്പളങ്ങൾക്കും സ്ഥലാപേക്ഷികവ്യത്യാസമുണ്ടായിരുന്നതിന്റെ മുതലെടുപ്പിന്റെ ഏകദേശം ഒരു തൃതമാനം ചെലവാക്കിവരുന്നു. ഉയർന്ന സ്ഥാനങ്ങളിൽ ഉയർന്ന ശമ്പളം ലഭിക്കുന്ന ഉദ്യോഗസ്ഥന്മാർതന്നെവേണം; എന്നാൽ അവർക്കു കൂടുതൽജോലി നൽകണമെന്നാണ് എന്റെ അഭിപ്രായം. മി. ഏ. കെ. പിള്ള പറഞ്ഞതുപോലെ ഇപ്പോൾ ഉദ്യോഗസ്ഥന്മാരുടെ ഇടയിലാണ് തൊഴിലില്ലായ്മ. ചില ഉദ്യോഗസ്ഥന്മാർക്കു ഡപ്പുട്ടുമെൻറുകാര്യങ്ങളെ ഭരിക്കുന്നതിനും തങ്ങളുടെ സ്ഥാനത്തെക്കുറിച്ചുള്ള ഉത്തരവാദിത്വമുണ്ടായിരിക്കുന്നതിനും പ്രാപ്തിയില്ലെങ്കിൽ അവർക്കു എന്തിനാണ് അനാവശ്യമായി

ഞമ്പളംകൊടുക്കുന്നതു. ഉയർന്ന ശമ്പളക്കാരായ ചില ഉദ്യോഗസ്ഥന്മാർക്കു പേഴ്സണൽഅസിസ്റ്റന്റുമാരെ നിയമിക്കുന്ന ഒരു സമ്പ്രദായം ഈയിടെ നടപ്പുണ്ട്. കടലാസുകൾ ഒപ്പിട്ടുന്നതിനു മാത്രം ഇവർക്കുവേണ്ടി കൂടികളുടെ പണം ചെലവുചെയ്യുന്നതു ശരിയല്ല.

വ്യവസായം, കൃഷി, പൊതുമരാമത്തു ഈ വകുപ്പുകളെപ്പറ്റി പറഞ്ഞപ്പോൾ ദേശീയധനത്തെ വർദ്ധിപ്പിക്കുവാൻ ഇവകൊണ്ടു ധാരാളം മാർഗ്ഗമുണ്ടു് എന്നു ഞാൻ ചൂണ്ടികാണിച്ചു. ഈ വിഷയത്തിൽ ഗവർണ്മെന്റു മുൻകൈയെടുക്കുകയോ ഒരു നയം രൂപീകരിക്കുകയോ ചെയ്തിട്ടില്ലെന്നതാകുന്നു.

മറ്റു വകുപ്പുകളെപ്പറ്റി പറയുന്നതായാൽ ആയുർവേദ ഡിപ്പാർട്ടുമെന്റിനു കൂടുതൽ പണം അനുവദിക്കണമെന്നാണു എന്റെ അഭിപ്രായം. എന്തെന്നാൽ ആയുർവേദ ചികിത്സാസമ്പ്രദായം കൂടുതൽ ഫലപ്രദവും ലാഭകരവും തങ്ങളുടെ ആവശ്യങ്ങൾക്കു അനുയോജ്യവുമായതാണെന്നു ഈ രാജ്യത്തെ ജനങ്ങൾ കണ്ടു വരുന്നു.

പോലീസുവകുപ്പിനെപ്പറ്റി എനിക്കൊരു അഭിപ്രായം പറയാനുണ്ടു്. ഈ വകുപ്പിലും വിദ്യാഭ്യാസവകുപ്പിലെന്നപോലെ ചെലവു ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നുകാണുന്നതു പരിതാപകരമായ ഒരവസ്ഥയാണു്. വിദ്യാഭ്യാസവിഷയത്തിൽ ചെലവുചെയ്യുന്ന തുക വർദ്ധിച്ചുവരുന്നു എങ്കിൽ പോലീസുവകുപ്പിലും നീതിന്യായവകുപ്പിലും ഉള്ള ചെലവു കുറയുകയാണു് വേണ്ടതു്. അല്ലാത്തപക്ഷം വിദ്യാഭ്യാസത്തിനു വലിയ സംഖ്യകൾ ചെലവുചെയ്യുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. അതുകൊണ്ടു വിദ്യാഭ്യാസത്തിനെപ്പോലെ പോലീസു, നീതിന്യായം ഈ വകുപ്പുകളിലൊ ഉള്ള ചെലവു കുറക്കേണ്ടതാകുന്നു.

അവസാനമായി എനിക്കു പറയാനുള്ളതു ബഡ്ജറും തൃപ്തികരമായ ഒന്നാണെന്നു സ്ഥാപിക്കുന്നതിലേക്കു ധനകാര്യമന്ത്രി ചെയ്ത പ്രസ്താവനകൾ ശരിയാണെന്നു ഗണിക്കുവാൻപോന്നതല്ല എന്നാണു്. അദ്ദേഹം കുറെക്കൂടെ സ്ഥിരമായിട്ടുള്ള വരുമാനമാർഗ്ഗങ്ങളെ എടുത്തുപറയേണ്ടതാണു്. രാജ്യത്തെ നിവർത്തിമാർഗ്ഗങ്ങളെ കൂടുതൽ ആരോഗ്യകരമാക്കിത്തീർക്കുന്നതിനു നിർദ്ദേശിച്ചിട്ടുള്ള ചെലവുകൾ അദ്ദേഹം കാണിക്കേണ്ടിയിരുന്നു. ഇപ്പോൾ വരുമാനചെലവുകളെ എങ്ങിനേയോ ഒരു മിച്ചമിരിപ്പുസഹിതം സമപ്പെടുത്തിയിട്ടുണ്ടു്. ഇനിമേലെങ്കിലും ഈ കാര്യത്തെപ്പറ്റി ധനകാര്യമന്ത്രി ഗൗരവമായി ആലോചിക്കുകയും നാട്ടിലെ ദേശീയധനത്തിനെ കൂടുതൽ ആരോഗ്യകരമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെ വെളിപ്പെടുത്തുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ആർ. പരമനന്ദൻ (നിയമിക്കപ്പെട്ട സഭ്യൻ): ധനകാര്യമന്ത്രി സമർപ്പിച്ചിട്ടുള്ള ബഡ്ജറിനെക്കുറിച്ചു ചില നിർദ്ദേശങ്ങൾചെയ്യുമ്പോൾ രണ്ടു സംഗതികൾ ഓർമ്മിക്കേണ്ടതായുണ്ടു് എന്നു ചൂണ്ടിക്കാണിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നതാണു്. ഈ ബഡ്ജറു നമ്മുടെ കരുണയേറിയ ഗവർണ്മെന്റിന്റെ ഭരണനയത്തെ അടിസ്ഥാനമാക്കി നിർമ്മിച്ചിട്ടുള്ള ഒന്നാകുന്നു. അങ്ങനെ നോക്കുന്നതായാൽ ധനഭാരവാഹിയായ അംഗത്തെ അഭിനന്ദിക്കുന്നതിനു ഒരാൾ പ്രേരിതനായേക്കാം. എന്തെന്നാൽ അടുത്ത വർഷാവസാനത്തിൽ നാലൊൻപതു ലക്ഷം രൂപ മിച്ചമിരിപ്പുവരത്തക്കവണ്ണമുള്ള ഒരു ബഡ്ജറു അദ്ദേഹം തയാറാക്കിയിട്ടുണ്ടു്. അതേസമയത്തുതന്നെ പ്രസ്തുത ബഡ്ജറു കുറഞ്ഞപക്ഷം വരവിലധികം ചെലവുകാണിക്കുന്ന ഒന്നല്ല എന്നുള്ളതിലും ഒരാൾക്കു തൃപ്തിപ്പെടാവുന്നതാണു്.

എന്നാൽ ഇതിൽ മറ്റൊരു സംഗതിക്കുകൂടിയുണ്ടു്. സർക്കാർഭൂമികളുടെ വില്പനയിൽനിന്നും സിദ്ധിക്കുമെന്നു അനുമാനിച്ചിട്ടുള്ള ഏ ലക്ഷം രൂപ മുതലെടുപ്പിൽനിന്നും കുറയ്ക്കുന്നതായാൽ ബഡ്ജറു തികയാതെവരുന്ന ഒന്നായി പരിണമിക്കുന്നു. നാട്ടിലെ പതിച്ചുകൊടുത്തിട്ടില്ലാത്ത ഭൂമികളിൽ ഒരംശം പതിച്ചുകൊടുക്കുമ്പോൾ രാജ്യത്തെ ധനസ്ഥിതി അത്രയ്ക്കു ശോഷിച്ചുപോകുന്നു. ഈ വില്പനയിൽനിന്നും സിദ്ധിക്കുന്ന സംഖ്യയെ ഇപ്പോഴത്തെ മുതലെടുപ്പിന്റെകൂട്ടത്തിലാണു ഉൾപ്പെടുത്തിയിരിക്കുന്നതു. പതിച്ചുകൊടുത്തിട്ടില്ലാത്ത ഭൂമികൾ ഇനിയൊട്ടും ഇല്ലാതായിത്തീരുമ്പോൾ ഗവർണ്മെന്റു എന്തുചെയ്യും? ഒരു സാമാന്യജ്ഞൻ മുമ്പോട്ടെന്നു ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ബഡ്ജറു നിർമ്മാണത്തിൽ ഇത്തരം വില്പനകളിൽനിന്നും സിദ്ധിക്കുന്ന ആദായത്തെ ദേശീയമുടക്കുമുതലിൽ ഉൾപ്പെടുത്തുന്നതിനു ധനകാര്യമന്ത്രിയെ പ്രേരിപ്പിച്ചിട്ടുള്ള ധനശാസ്ത്രതത്ത്വങ്ങൾ എത്രമാത്രം തെറ്റിയായിട്ടുള്ളവയാണെന്നുള്ളതു ഒരു തർക്കവിഷയമാകുന്നു.

എക്സൈസിൽനിന്നുമുള്ള ആകെ വരവായ രണ്ടുലക്ഷം രൂപയിൽ മദ്യവർജ്ജനസമിതിയും നാട്ടുമദ്യം, കള്ളു ഈ രണ്ടിനുമുള്ള തീരുവയും ഇനത്തിൽമാത്രം പന്ത്രണ്ടുലക്ഷം രൂപ കിട്ടുന്നു. ഈ മുതലെടുപ്പു എവിടെനിന്നും വരുന്നു?. ദിനംപ്രതിയുള്ള തന്റെ വേലക്കൂലി അരിഷ്ടിച്ചു ഉപജീവനത്തിനു മതിയാകും എന്ന അവസ്ഥയിലുള്ള മദ്യപാനിയുടെ ബുദ്ധിമുട്ടിലുണ്ടാകീട്ടുള്ള പണമാകുന്നു, ഇതു് മദ്യപാനം മൂലം സകല ഉർദ്ധ്വനങ്ങളുടേയും മുന്നോടിയാകുന്നു പറയപ്പെടാവുന്നതാകുന്നു ഒരു സ്ഥലത്തു നടക്കുന്ന അക്രമങ്ങളുടെ സംഖ്യ അവിടെ സ്ഥിതിചെയ്യുന്ന ചാരായക്കാപ്പുകളുടേയും കള്ളുഷാപ്പുകളുടേയും സംഖ്യയനുസരിച്ചു വർദ്ധിക്കുന്നു. മദ്യപാനം കായികവും മാനസികവുമായ രോഗങ്ങളെ ഉളവാക്കുന്നു എന്നതിനെയല്ല കഠിനമായ ദാരിദ്ര്യത്തിനും അനിവാര്യമായ കഷ്ടതകൂടുക്കും അതു കാരണമാകുന്നു. നമ്മുടെ കരുണയേറിയ ഗവർണ്മെന്റിന്റെ പരമോദ്ദേശം അവരുടെ പ്രജകളുടെ മെച്ചപ്പെട്ടുവർദ്ധനയായിരിക്കെകൊണ്ടു അതിനു വിപരീതമായ ഫലമുളവാക്കുന്ന അവരുടെ ഇപ്പോഴത്തെ എക്സൈസ്നയത്തെ മാറ്റപ്പെടുത്തേണ്ടതു അത്യാവശ്യമാകുന്നു. ഈ നയത്തിന്റെ അനുകരണത്തെ നിന്ദാകരിക്കുന്നതിനു പലപ്പോഴും ഉദ്ധരിക്കാറുള്ള 'ഏറ്റവും വലിയ നികുതിയും ഏറ്റവും കുറഞ്ഞ ചെലവും' എന്നുള്ള പ്രമാണം ഒട്ടുംതന്നെ ശരിയല്ല. ഏറ്റവും വലിയ തീരുവ ചുമത്തുന്നതുകൊണ്ടു ഈ ഉദ്ദാഗ്രത്തെ പറയത്തക്കവണ്ണം കുറയ്ക്കാമെന്നുണ്ടെങ്കിൽ ഈ പ്രമാണം ശരിയായ ഒന്നാണെന്നു പറയാവുന്നതാകുന്നു. ഈ പ്രമാണം ശരിയായിട്ടുള്ളതല്ലഎന്നു് അമേരിക്കയിലെ ഐക്യനാട്ടുകാരും മറ്റു പരിഷ്കൃതരാജ്യക്കാരും മനസ്സിലാക്കിയിട്ടുണ്ടു്. ഇപ്രകാരം ആത്മഭ്രാന്തകരമായ ഒരു നയത്തെ അനുകരിക്കുന്നതിൽ ഗവർണ്മെന്റിനും, ഉദ്ദേശങ്ങൾ എന്തുതന്നെയായിരുന്നാലും ഏറ്റവും വലിയ തീരുവ ചുമത്തുന്നകാര്യത്തിൽ വർദ്ധിപ്പിക്കുകയും കൂടുതൽ പിരിവിനെ സാക്ഷാൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നിടത്തോളംകാലം ഇതിനു ഒരു പരിഹാരം കണ്ടുപിടിക്കുവാൻ തീരേ സാധിക്കയില്ല എന്നു് അവർക്കു അനുഭവമാകും. അതുകൊണ്ടു് കുറെ ഗവർണ്മെന്റിന്റെ തെറ്റായ നയത്തിലാണു് കിടക്കുന്നതു്, അല്ലാതെകണ്ടു് ആ നയത്തിന്റെ ആവശ്യങ്ങളെ നിറവേറുന്നതിനായിധനകാര്യമന്ത്രി ഈ സഭാസമക്ഷം സമർപ്പിച്ചിട്ടുള്ള ബഡ്ജറിന്റെ നിർമ്മാണത്തിലല്ല.

നാം ഗാഢമായി പര്യാലോചിക്കേണ്ടതും ഉടനടി എന്തെങ്കിലും ഒരു പരിഹാരം വരുത്തേണ്ടതുമായ മറ്റൊരു പ്രധാനവിഷയം വിദ്യാഭ്യാസകാര്യമാകുന്നു. ധനകാര്യമന്ത്രി വിദ്യാഭ്യാസത്തിൽ ഉള്ള ചെലവിന്റെ ക്രമതീതമായ വർദ്ധനവിനെപ്പറ്റി പരാതിപറയുകയും അടുത്ത കഴിഞ്ഞ ഏതു സംവത്സരത്തിനുള്ളിൽ ഇരുപതു ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ഇതിന്റെയൊക്കെ ഫലം എന്താണ്? ഗ്രാമുദ്യോഗസ്ഥന്മാരിൽ ചന്ദ്രക്കാരൻജോലിയും സ്ത്രീധനയന്ത്രം സ്വീകരിച്ചുവരുന്നു എന്നതിനു ഉദാഹരണങ്ങൾ ധാരാളമുണ്ട്. ഈ അവസ്ഥ എന്തിനെയാണ് കാണിക്കുന്നത്?. ജനാധിപത്യഭരണത്തെ ശുദ്ധമാക്കി നടത്തിവരുന്ന ഇപ്പോഴത്തെ വിദ്യാഭ്യാസരീതിമൂലം ഉളവാകുന്ന ദുഷ്യങ്ങളെ കണ്ടുതുടങ്ങിയിട്ടു വളരെക്കാലമായി. ഇപ്പോഴത്തെ രീതിയെ എത്രത്തോളം വേഗം ഉപേക്ഷിക്കുന്നുവോ? അതു നാടിയിലുള്ള തലമുറക്കാക്കു അത്രത്തോളം ഗുണപ്രദമായിരിക്കും. വിദ്യാഭ്യാസം പ്രദാനംചെയ്യുന്നകാര്യത്തിൽ നാം ഉദ്ദ്യമമാക്കിവയ്ക്കുന്ന മാറ്റങ്ങൾ കഴിയുന്നത്ര പ്രകൃതിക്കനുസൃതമായവയായിരിക്കണമെന്നുള്ളതു് ഒരു തർക്കമറ്റ വസ്തുതയാകുന്നു. ഇതിനുള്ള മാറ്റങ്ങൾ പ്രകൃതിവിരുദ്ധങ്ങളായി ഭവിക്കുമ്പോൾ സമയവും ശക്തിയും ദ്രവ്യവും അനാവശ്യമായി നഷ്ടപ്പെട്ടുത്തുന്നു എന്നതിൽ അല്പംപോലും പിഴവു വരുന്നില്ല. ഞാൻ യാതൊന്നും വളച്ചുകെട്ടിപറയുന്നില്ല. പ്രയാസമുള്ള ഒരു വിഷയത്തെ അറിവുസമ്പാദിക്കുന്നതിനു വളരെ സമയവും ശക്തിയും ദ്രവ്യവും നഷ്ടപ്പെടുത്തുന്നു എന്നാണ് ഞാൻ പറയുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസം നിശ്ശേഷം നിർത്തൽചെയ്യണമെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. ഞാൻ പറയുന്നതെന്തെന്നാൽ സ്കൂൾഫയിനൽക്ലാസുവരെയുള്ള വിദ്യാഭ്യാസം നാട്ടുഭാഷമുഖേനആയിരിക്കണം എന്നാണ്. എന്നാൽ ഇംഗ്ലീഷ്ഭാഷ പഠിപ്പിക്കേണ്ടകാര്യം നിശ്ചയമായും നിർബന്ധമാക്കേണ്ടതാണ്. കൃഷി, വ്യവസായം, വാണിജ്യം ഇവകളെസംബന്ധിച്ചുള്ള കാര്യങ്ങളിൽപരിശീലനം ഫീസുവാങ്ങാതെ ചെയ്യിപ്പിക്കണം. ഇപ്രകാരം നല്ലതും ഉപയോഗപ്രദവുമായ ഒരു വിദ്യാഭ്യാസം വലിയ ചെലവുകൂടാതെ നടത്തുകയെന്നതാണ്. ഇംഗ്ലീഷ് പഠിക്കുമ്പോഴത്തെ അധികച്ചിലവുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പിനും ഭരണത്തിനും വേണ്ടി വരുന്ന ചെലവുകളെ യഥാർത്ഥത്തിൽ നമുക്കു ലാഭപ്പെടുത്താൻസാധിക്കും. വിദ്യാഭ്യാസവകുപ്പിലെ ബിഡിധരീതിയെ നാം നിർത്തൽ ചെയ്യണം. ഈ ബിഡിധരീതിയെ വച്ചുകൊണ്ടിരിക്കുന്നതുമൂലമാണ് വിദ്യാഭ്യാസവിഷയത്തിൽ നമുക്കു ചെലവു ക്രമരഹിതമായി വർദ്ധിച്ചിട്ടുള്ളത്.

ഞാൻ ഇതുവരെ പറഞ്ഞതിൽനിന്നും സയൻസുകംളേജും ആർട്ട്സ്കംളേജും വച്ചുകൊണ്ടിരുന്നിട്ടാവശ്യമില്ലെന്നു ഞാൻ അഭിപ്രായപ്പെട്ടുന്നുഎന്നു വിചാരിച്ചുപോകരുത്. ആ സ്ഥാപനങ്ങളെ അവയ്ക്കുവേണ്ട സകല ഉപകരണങ്ങളേയും ശേഷിമാന്മാരായ അദ്ധ്യാപകന്മാരേയും നൽകി സംരക്ഷിക്കേണ്ടതു അത്യാവശ്യമെന്നുഎന്ന് ഞാൻ പൂർണ്ണമായിസമ്മതിക്കുന്നു. എന്നാൽ അവയുടെകാര്യത്തിൽ കൃത്രിമത്വവും അനാവശ്യസൗകര്യങ്ങൾക്കുമായി പൊതുമുതലിനെ നാനാവിധപ്പെടുത്തുന്നതിനു അധികൃതന്മാർക്കുള്ള താല്പര്യത്തിനു ഞാൻ തീരെ വിരോധിയാകുന്നു.

തീരുമാനമായി വിദ്യാഭ്യാസരീതിയെ ഉപയോഗപ്രദവും അധികച്ചിലവില്ലാത്തതും ആക്കിത്തീർക്കുന്നതിനുവേണ്ടി ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയെ പാടെ ഉടച്ചുവാർക്കേണ്ടതു എത്രയും ആത്യാവശ്യമാണെന്നു ഞാൻ ഉൽബോധിപ്പിക്കുന്നതായിരിക്കും. അതുകൊണ്ടു രാജ്യത്തിന്റെ ഭാഗധേയത്തിനു എത്രയും പ്രധാനമായ മേൽപ്പറഞ്ഞ കാര്യത്തെപ്പറ്റി ഗവർമെന്റു നല്ലവണ്ണം പര്യാലോചിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

കൃഷിമത്സ്യവ്യവസായവകുപ്പിനേയും വ്യവസായവകുപ്പിനേയുംപറ്റി പറയുമ്പോൾ അവയുടെ സംരക്ഷണത്തിനുവേണ്ട ചെലവുകളെ നിയ്ഹിക്കുന്നതിനു തക്കവണ്ണമെങ്കിലും അവകളിൽനിന്നും മുതലെടുപ്പു ലഭിക്കുന്നതിനു കഴിയുന്നതെല്ലാം പ്രവൃത്തിക്കേണ്ടതു എത്രയും ആവശ്യമാകണമെന്നു ഞാൻ ചൂണ്ടിക്കാണിക്കുന്നതായിരിക്കും. ഈ ഡിപ്പാർട്ടുമെൻറുകളിൽനിന്നും അവയുടെ ആദ്യഘട്ടങ്ങളിൽ പൊതുമുതലെടുപ്പിനത്തിൽ വലിയ ഉൽകർഷം ലഭിക്കണമെന്നുള്ളതിനെപ്പറ്റിയല്ല എന്നു് എനിക്കറിയാം. അവയുടെ ജീവികവും പ്രായോഗികമായ പരീക്ഷണങ്ങളും നടത്തുകയും ജനങ്ങൾക്കു പൊതുജന കാർഷികവും വ്യവസായികവുമായ വിദ്യാഭ്യാസം നൽകുകയുംമാത്രമല്ല എന്നും എനിക്കറിയാം. എന്നാൽ ആ ഘട്ടംകഴിഞ്ഞിട്ടു വളരെക്കാലമായിഎന്നു് എനിക്കു സരാധെയ്യും പറയാൻകഴിയും. ഗുണകരമായ ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളുടേയും നടത്തിപ്പിനെ ക്രമതീതമായിരിക്കുന്ന സമർത്ഥന്മാരും ഔന്നത്യമുള്ളവരുമായ രണ്ടു വിദഗ്ധന്മാരെപ്പറ്റി തിരുവിതാംകൂർകാക്കു അഭിമാനിക്കാൻ സകല കാരണങ്ങളുമുണ്ട്. പ്രയോജനകരമാണോഎന്ന സംശയമുള്ള പരീക്ഷണങ്ങളെ അവർ എന്നെന്നേക്കും തുടർന്നുകൊണ്ടിരിക്കണമെന്ന് ഞങ്ങൾക്കു വിചാരമില്ല. അവരുടെ ചെറിയ ഉപവാദനേകൃഷിത്തോട്ടങ്ങളും മറ്റും കൊണ്ടു ഞങ്ങൾ തൃപ്തിപ്പെടുന്നില്ല. ഞങ്ങൾ അവരിൽനിന്നും ആശിക്കുന്നതെന്തെന്നാൽ ഉപവാദനത്തിനുതകുന്നവയും തങ്ങളുടെ ഡിപ്പാർട്ടുമെൻറുകളെ കുറഞ്ഞപക്ഷം സ്വയംരക്ഷണംചെയ്യുന്നതിനു മതിയായ ഒരു പ്രതിഫലം നാട്ടിനുവാക്കുന്നവയുമായ പ്രായോഗികജീവികം ധാരാളമായി ചെയ്യുകകൂടി വേണമെന്നാണ്. കൃഷിഡിപ്പാർട്ടുമെൻറിൽനിന്നുംമാത്രം ഉള്ള മുതലെടുപ്പു ക ൪,൦൦൦ രൂപ വരുമെന്നു ബഡ്ജറ്റിൽ കണക്കാക്കിയിരിക്കുന്നു. ഈ തുക ഉദ്ദേശം രണ്ടു ലക്ഷം രൂപയോളം ഇല്ലായ്മചെയ്യുന്ന കൃഷിഡിപ്പാർട്ടുമെൻറിലെ വലിയ ഉദ്യോഗസ്ഥന്മാരെ വച്ചുപോറുന്നതിനുകൂടി ഇതു് തികയാത്തതാകുന്നു. കൃഷിയിൽനിന്നും മത്സ്യവ്യവസായത്തിൽനിന്നും ആകെ മുതലെടുപ്പു ഒ ൪,൦൦൦ രൂപയാണെന്നു കണക്കാക്കീട്ടുണ്ട്. ഉപപാദനത്തോട്ടങ്ങളേയും വളംഡിപ്പോകളേയും മാത്രം സംരക്ഷിക്കുന്നതിനു ചെലവുചെയ്യേണ്ട തുക വ൫,൯൫൫ രൂപായാണെന്നാണു അനുമാനിച്ചിട്ടുള്ളതു. എന്നാൽ കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെൻറിന്റെ ആകെചെലവു് ഏകദേശം ൨ ലക്ഷം രൂപയാകുന്നു. വ്യവസായഡിപ്പാർട്ടുമെൻറിന്റെ അവസ്ഥ ഇതിലും നിരാശാജനകമാണ്. ഈ വകുപ്പിൽനിന്നുമുള്ള വരവു ക ൭,൦൦൦ രൂപയും ചെലവു ക൯൫ ലക്ഷം രൂപയുംവീതമാകണമെന്നു കണക്കാക്കീട്ടുണ്ട്. ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളുടേയും സംരക്ഷണാർത്ഥം നാല്പ ലക്ഷം രൂപ ചിലവുചെയ്യുവരുന്നു എന്നു് ഇതിൽനിന്നും തെളിയുന്നു. ഈ അവസ്ഥയെ ഇനിമേലിൽ തുടരുന്നതിനു ഒട്ടുംതന്നെ അനുവദിച്ചുകൂടാ.

കൃഷിമത്സ്യവ്യവസായവകുപ്പിന്റെ വഴിച്ചു മുതലെടുപ്പു് എക്സൈസ്വകുപ്പിന്റെ വഴിച്ചു മുതലെടുപ്പു പോലുള്ളതല്ല. അഭ്യ് നാളിലെ പ്രകൃത്യാലുള്ള തിവൃത്തിമാഗ്രങ്ങളുടെ അഭിവൃദ്ധിയുടേയും ജനങ്ങളുടെ സാമ്പത്തികമായ ഉൽക്കർഷത്തിന്റേയും ഒരുത്തമ ലക്ഷ്യമാകുന്നു. നേരേമറിച്ചു പ്രജകളിൽ ഒരംശം എത്രമാത്രം മദ്യം കുടിച്ചുതീർത്തു എന്നു് ഏറിക്കുറെ കാണിക്കുന്ന വഴിച്ചു എക്സൈസ് മുതലെടുപ്പു രൂപകാഭ്യുദയത്തിനായി ഭരണസംഘം സ്വീകരിച്ചിട്ടുള്ള നീതിബോധതത്വങ്ങളുടെ സ്വഭാവത്തെയെങ്കിലുമറിയിപ്പാൻ തക്കവണ്ണമുള്ളതല്ല. മാന്യഹീനരായ പ്രജകളുടെ ദുർമ്മാഗ്രനടപടികളേയും കഷ്ടതകളേയും നിരാശ്രയത്വത്തേയും പ്രദർശിപ്പിക്കുന്നതിനതികൃത്യകരമായ ഒരു സ്തുതനയത്തെ അനുവർത്തിക്കുന്നകാര്യത്തിൽ ഗവർമ്മെന്റു് വേണ്ടത്ര പ്രവൃത്തിക്കാത്തപക്ഷം ഇപ്പോഴത്തെ ഭരണരീതിയെ അഭിവൃദ്ധികരമായ ഒന്നായി ഗണിക്കപ്പെടാവുന്നതെങ്ങിനെയെന്നു എനിക്കറിഞ്ഞുകൂടാ എന്നു് ഞാൻ പറയുന്നതായിരിക്കും.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): സർ, നിയമസഭയുടെ ഈ സമ്മേളനം സാധാരണയായി ബഡ്ജറ്റുസമ്മേളനം എന്നാണു അറിയപ്പെടുന്നതെങ്കിലും ഒരു പ്രവർത്തകന്റെ നിലയിൽ ഇതിനെ ഒരു പ്രവർത്തനസമ്മേളനമെന്നു വിളിക്കുന്നതിനു ഞാൻ തയ്യാറാണു്. എന്തെന്നാൽ ഈ സഭയിലെ സാമാജികന്മാരുടെ കർത്തവ്യം ഒരു പ്രവർത്തകവർഗ്ഗത്തിന്റെയുപോലെ മൂന്നു തരത്തിലുള്ളതാണു്. അതായതു (എ) നിയുക്തിയുള്ള സകല മാർഗ്ഗങ്ങളിൽനിന്നും അടുത്തകൊല്ലത്തിൽ എന്തു് ആദായം സിദ്ധിക്കുമെന്നും (ബി) അതിൽനിന്നും എത്രകണ്ടു സുകരമായി ചെലവുചെയ്യാമെന്നും (സി) ജീവിതത്തിൽ ഇനിമേലുള്ള കാലത്തിൽ ഉണ്ടായേക്കാവുന്ന അപ്രതീക്ഷിതമായ സംഗതികളെ നിർഹിക്കുന്നതിനു എത്രകണ്ടു ഒരു മിച്ചമിരിപ്പായി സൂക്ഷിയ്ക്കണമെന്നും കണക്കാക്കുകയാകുന്നു.

എ ബി സി-യേക്കളുള്ള ബഡ്ജറ്റുകൾ അനുസരിച്ചുള്ള ആദായത്തെ നോക്കുമ്പോൾ ഷേക്സ്പീയർ മഹാകവിയുടെ 'മിണ്ടുന്നതെല്ലാം പൊന്നല്ല' എന്ന മഹത്തേറിയ സത്യം എനിക്കോർമ്മവരുന്നു. എന്തെന്നാൽ എ ബി സി-മാണ്ടത്തേക്കുള്ള ബഡ്ജറ്റുകൾ ആണ്ടോടാണ്ടു സുസ്ഥിരമായ ചെലവുകളെ കണക്കാക്കുന്നതിനു മതിയായ ഒരു മാർഗ്ഗദർശിനിയല്ല. ആവർത്തിക്കുവാൻ അസാധ്യമായ പല വരവിനങ്ങളും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതുകൊണ്ടു് സുസ്ഥിരമായ ചെലവുകളെ നിർവ്വഹിക്കുന്നകാര്യത്തിൽ അവലംബയോഗ്യമായ ആശ്രയമായിരുന്നതു അപകടകരമായ ഒരു പരീക്ഷണമാകുന്നു. ആവർത്തിച്ചുകൊണ്ടിരിക്കാത്ത വരവിനങ്ങൾക്കുദാഹരണമായി എ ബി സി-യെ ആദായങ്ങളുടെ ബഡ്ജറ്റുകളിൽ നിന്നും ഞാൻ താഴെ പറയുന്നവയെ എടുക്കുന്നു.

		രൂപ.
(എ)	സർക്കാർഉദ്യോഗികളുടെ വിഭ്രമയിൽ നിന്നും സിദ്ധിക്കുന്ന വരവു	൪,൦൦,൦൦൦
(ബി)	ഭൂസംരക്ഷണച്ചട്ടലംഘനപ്രകാരം കരംചുമത്തൽ	൨൫,൦൦൦
(സി)	ചന്തകളിൽനിന്നുമുള്ള വരവു	൩൫,൦൦൦
(ഡി)	പ്രാസസ്റ്റ്യൂഡിസുകൾ പ്രായശ്ചിത്തങ്ങൾമുതലായവ	൭൫,൦൦൦
(ഇ)	ഉപ്പുവിഭ്രമയിൽ, പ്രായശ്ചിത്തംഇനത്തിൽവരവു	൨,൫൦,൦൦൦
(എ)	മദ്യം, കറുപ്പു്, കഞ്ചാവു ഇവകളുടെ വിഭ്രമയിൽനിന്നും സിദ്ധിക്കുന്ന മുതലെടുപ്പു	൨൩,൫൦,൪൦൦
(ജി)	കടിയാന്മാരുടെ പാട്ടുകളിൽനിന്നും രാജ്യരക്ഷണം വിൽക്കുന്നതിൽനിന്നുമുള്ള ആദായം	൨,൪൦,൦൦൦
(എച്ച്)	എക്സൈസുമുതലെടുപ്പിന്റെ പലിശ (ബാക്കി)	൨൩,൦൦൦
(ഐ)	മജിസ്ട്രട്ടുകോടതി പ്രായശ്ചിത്തങ്ങൾ	൪൩,൦൦൦
(ജെ)	മോട്ടോർവാഹനംറ്റാക്സേഷൻ ഇനത്തിൽവരവു	൭,൦൦൦
(കെ)	റയിൽവെ മുതലെടുപ്പു്	൨,൦൦,൦൦൦
(എൽ)	അവകാശികളില്ലാത്ത നിക്ഷേപങ്ങൾ	൩൦,൦൦൦
(എം)	മറ്റു പലഇനങ്ങളിൽ	൧,൦൦,൦൦൦
	ആകെത്തുക	൪൧,൫൩,൪൦൦

അതുകൊണ്ടു് എ ബി സി-യെ ബഡ്ജറ്റനുസരിച്ചു ൨൦ ലക്ഷം രൂപ ആകെവരവുള്ളതിൽ ഏകദേശം അമ്പതിൽമേൽ, ഒന്നുകിൽ സർക്കാർഉദ്യോഗികളുടെ വിഭ്രമയിൽനിന്നും സിദ്ധിക്കുന്ന വരവുപോലെയൊ മജിസ്ട്രട്ടുകോടതി പ്രായശ്ചിത്തങ്ങളും ഉപ്പു വിഭ്രമയിൽ കൺട്രാക്ടറന്മാരിൽനിന്നു പ്രായശ്ചിത്തമായി ഈടാക്കുന്നതുപോലെയൊ ആവർത്തിക്കാത്തതോ അല്ലാത്തപക്ഷം മദ്യം, കറുപ്പു്, കഞ്ചാവു മുതലായവയുടെ വിഭ്രമാഭിവൃദ്ധിക്കു ജനങ്ങളിൽ ഉത്സാഹത്തെ പ്രോത്സാഹിപ്പിക്കുന്നവകയിൽ ചേരുന്നതോതാകുന്നു. പ്രതിപത്രം ൪ ലക്ഷം രൂപ കൂടുതലുണ്ടാക്കുന്നതിനു ഗവർമ്മെന്റിനു ശ്രമിയില്ലെന്നും മജിസ്ട്രട്ടുകോടതിപ്രായശ്ചിത്തങ്ങളും കൺട്രാക്ടറന്മാരിൽനിന്നും പ്രായശ്ചിത്തമായി ഈടാക്കുന്ന സംഖ്യകളുംപോലുള്ള ഒരു ശിക്ഷയായിട്ടുള്ള കരംചുമത്തൽ സുസ്ഥിരമായ വരവുമാർഗ്ഗമായി കണക്കാക്കുന്നതല്ലെന്നും ഞാൻ പറയണമെന്നില്ലല്ലോ. എന്തെന്നാൽ സർ ഫി. രാജഗോപാലാചാരി അവർകളുടെ അഭിപ്രായമനുസരിച്ചു "നീതിന്യായവ്യവസ്ഥകളും ചുരുക്കം ചില അവസരങ്ങളിൽമാത്രം പ്രയോഗിക്കുന്നതിനായി ഗവർമ്മെന്റിനു കൈവശമുള്ള മറ്റൊരുപകരണമാത്രമാണു്. അവയിൽനിന്നും എന്തെങ്കിലും ലാഭം കിട്ടണമെന്നുദ്ദേശിക്കപ്പെട്ടിട്ടില്ല. എന്നതുകൊണ്ടല്ല മദ്യം, കറുപ്പു്, കഞ്ചാവു ഇവയുടെ വിഭ്രമമൂലം സിദ്ധിക്കുന്ന ആദായത്തെ മഹാരാജനീതിതുരന്ധരന്മാരിലെ പ്രമുഖരുടെ ശ്രദ്ധപക്ഷക്കാരുടെ ക്ഷോഭകരത്തെ ഉദ്ദേശിച്ചു നിന്ദ്യമെന്നു പറയുന്നതെന്നുകൂടെ പറയുന്നു".

ഈ സന്ദർഭത്തിൽ മദ്യപാനത്തെസംബന്ധിക്കുന്നിടത്തോളം തിരുവിതാംകൂറിന്റെ അവസ്ഥ എത്രമാത്രം പരിതാപകരമായിട്ടുള്ളതാണെന്നു ഞാൻ ഈ സമൂഹാകെ പ്രസ്താവിക്കുന്നതായാൽ അതു അനുചിതമായിരിക്കയില്ല. ൧൯൧൯ മുതൽ ൧൯൫൭ വരെ ഞ സംവത്സരം ഞാൻതന്നെ ഒരു അബ്കാരി കൺട്രാക്ടറായിരുന്നു. എന്നതന്നയല്ല ഒരു അബ്കാരി കൺട്രാക്ടരുടെനിലയിൽ ഞാൻ കണ്ടിട്ടില്ലാത്ത യാതൊരു താലൂക്കുമില്ല. ഞാൻ തിരുവനന്തപുരം, മധുര, തൂത്തുക്കുടി മുതലായ അയൽരാജ്യങ്ങളെയും കണ്ടിട്ടുണ്ട്. എന്നാൽ തിരുവിതാംകൂറിലെ ജനങ്ങൾ നാൾക്കുനാൾ കൂടുതലായി മദ്യപാനത്തെ ചെയ്യുവരുന്നു എന്നുള്ളതു സങ്കടകരമായിരിക്കുന്നു. വിടുകൾ പ്രത്യേകപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നതുകൊണ്ടും തൻനിമിത്തം ഉർവ്വരത്തുകൾക്കും മദ്യപാനത്തിൽ പ്രോത്സാഹനത്തിനും ധാരാളം വഴിയുള്ളതുകൊണ്ടുമാത്രമാണ് മദ്യപാനത്തിൽ ഇത്ര വർദ്ധനയുണ്ടായിട്ടുള്ളതു. പല വടക്കൻതാലൂക്കുകളിലും മാതാപിതാക്കന്മാർ നാലും അഞ്ചും വയസ്സുള്ള തങ്ങളുടെ കുട്ടികൾക്കു ഔഷധമായി മദ്യംകൊടുത്തുവരുന്നു. പ്രായമാകുമ്പോൾ അത്തരം കുട്ടികളുടെ സ്ഥിതി എന്തായിരിക്കുമെന്നുള്ളതു ഈ സഭയ്ക്കു അനുമാനിക്കാവുന്നതാകുന്നു. ഇക്കാര്യത്തിൽ ഗവർണ്മെന്റിടപ്പെട്ട മദ്യവിപ്ലവനയെ തിരോധിക്കാത്തപക്ഷം എന്തെങ്കിലും ഒരു സാരമായ പ്രതിവിധി വരുത്തുന്നതിൽ ഏതെങ്കിലും ഒരു മദ്യപാനനിരോധനപ്രസ്ഥാനം പയ്യാപ്പുമായിരിക്കുമെന്നു വിചാരിക്കുന്നതു തവറുതയാണ്. ആദ്യമായി ചാരായവിപ്ലവനയും പിന്നീടു കള്ളുവിപ്ലവനയും നിർത്തൽചെയ്യാവുന്നതാണ്. കഞ്ചാവും കറുപ്പും ബ്രിട്ടീഷ്ഇന്ത്യയിൽനിന്നു ഇറക്കുമതിചെയ്യുന്നതു ഇവിടെ വിൽക്കുന്നതതിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇതിനെ ഉടൻതന്നെ നിർത്തൽചെയ്യാവുന്നതാകുന്നു. റയിൽവേക്കാർ തങ്ങൾക്കു പ്രതിവത്സരം ൨ ലക്ഷം രൂപ തരുന്നുണ്ടു് എന്നു കായ്ത്തിൽ ഈ സഭയ്ക്കു സ്വയം അഭിനന്ദിക്കുവാൻ വഴിയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ ചെങ്കോട്ടയ്ക്കും പുനലൂരിനും മദ്ധ്യയുള്ള റയിൽപാത വളരെ ആപൽകരമായതാകുന്നു. എന്നതന്നെയല്ല വർഷകാലങ്ങളിൽഉള്ള വന്മാരിനിമിത്തം എന്തെല്ലാം നഷ്ടങ്ങൾ വന്നുകൂടുവാൻ ഇടയുണ്ടെന്നും പുനർസ്ഥാപിക്കുന്നതിന് ഗവർണ്മെൻറിനു എത്ര പണം ചെലവാക്കേണ്ടിവരുമെന്നും നാമൂഹിക്കുവാൻപാടില്ല. എന്നതന്നെയല്ല ൨ സംവത്സരത്തിനുമുമ്പു് റോളിംഗ്സ്റ്റോക്കു വാങ്ങുന്നതിനു നാം ൧൫ ലക്ഷം രൂപ ചെലവാക്കി എന്നുള്ളകാര്യം നാം വിസ്മരിച്ചിട്ടില്ല ഇതു വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കും. കൂടാതെ പ്രതിവത്സരം ൨ ലക്ഷമോ അതിൽ കൂടുതലോ രൂപ അതിലേക്കു കൊടുക്കുന്നതിനു തിരുവിതാംകൂർ ഗവർണ്മെൻറു കടപ്പെട്ടവരായിരിക്കും. അതുകൊണ്ടു റയിൽവേയിൽനിന്നും സിദ്ധിക്കുന്ന വരവുകളെ അവ സുസ്ഥിരമായ വരവുമാർഗ്ഗങ്ങളില്ലായ്കകൊണ്ടു ഈ കണക്കുകളിൽനിന്നും തള്ളിക്കളയുകയാവുന്നതാകുന്നു.

ഉപ്പുവിപ്ലവനയിൽനിന്നും ഈടാക്കുന്ന ഇനത്തിൽ ഉള്ള ഉക ജനങ്ങളിൽ ന്യായരഹിതമായി ചുമത്തിയിട്ടുള്ള നികുതിയിനിന്നും സിദ്ധിക്കുന്ന ഒരു മുതലെടുപ്പുകൂടുന്നു. എന്തെന്നാൽ അതും അവരുടെമേൽ ചുമത്തിയിട്ടുള്ള ഒരു കൂടുതൽ നികുതിയത്രേ. അതുകൊണ്ടു കൂടുതൽനികുതി ചുമത്തുന്ന സമ്പ്രദായത്തെ നിലനിർത്തുന്നതും ഒരു സ്ഥിരമായ മുതലെടുപ്പുമാർഗ്ഗമായി കരുതുവാൻ പാടുള്ളതല്ല.

രണ്ടുകോടിയോ, അതിൽകൂടുതലോ, ഒരുക സ്ഥിരമുതലെടുപ്പിനത്തിൽ ബഡ്ജറ്റിൽ ചേർക്കുന്നതു വെറും ഒരു ഗാട്യമാണെന്നും, ഞാൻ മുമ്പുപറഞ്ഞതിൽനിന്നു തെളിയുന്നു. ബഡ്ജറ്റിൽ ചേർത്തിട്ടുള്ള ആകെ മുതലെടുപ്പിന്റെ ൫-൶-ഭാഗം കണക്കിൽനിന്നും തള്ളുകയും, എല്ലാ ഇനങ്ങളിലുമുള്ള ചെലവിൽനിന്നും ൫-൶ ഭാഗം കുറയ്ക്കുകയും ചെയ്യേണ്ടതാകുന്നു.

എങ്ങിനെ ആയാലും, സക്കാർമുതൽ പതിച്ചുകൊടുത്തിട്ടോ, പ്രായത്തിനതീതരാകുമ്പോൾ ചുമത്തിയിട്ടോ, മദ്യപാനം ആദിയായവയാൽ ജനങ്ങളുടെ സ്വഭാവത്തെ ദുഷ്യമുള്ളതാക്കിത്തീർത്തിട്ടോ നോക്കിക്കാണുമ്പോൾ എന്നു നാം ഉദ്ദേശിക്കുന്ന ഈ അധികമുള്ള ൪ ലക്ഷം രൂപാ പൊതുജനങ്ങൾക്കു വലിയ ഉപദ്രവം കൂടാതെ, ധാരാളം സിദ്ധിക്കാവുന്നതാകുന്നു. റബ്ബറിന്മേൽ ഒരു ഇരുമ്പായ ഫീറകമതിച്ചുകൂടി ചുമത്തുന്നതായാൽ, എളുതായും ലക്ഷം രൂപ സിദ്ധിക്കുവാൻ നമുക്കു സാധിക്കുന്നതാണ്. ഉദ്യോഗസ്ഥന്മാർ കൂടുതലായി ശ്രദ്ധിക്കുന്നപക്ഷം ആദായനികുതി വർദ്ധിക്കുന്നതാകുന്നു. ആളുതെ കണക്കെഴുത്തിനുശേഷം നാം സംവത്സരങ്ങൾ കഴിഞ്ഞിട്ടുള്ള താലൂക്കുകളിൽ സൂക്ഷ്മമായ പരിശോധനകൾ നടത്തുന്നതായാൽ, ഭൂനികുതി വർദ്ധിക്കുന്നതാണ്. എക്സൈസ്വകുപ്പിലെ കീഴുദ്യോഗസ്ഥന്മാർ കൈക്കൂലിക്കാരായിരിക്കുകയും, അവരുടെ ജോലികൾ, മേലുദ്യോഗസ്ഥന്മാരാൽ ശരിയായി പരിശോധിക്കപ്പെടുകയും ചെയ്യുന്നപക്ഷം, തീരുവകളിൽ ഒരു സാരമായ വർദ്ധനയുണ്ടാകുന്നതാണ്. നമ്മുടെ സകല നദികളേയും ജലസേചനത്തിനായി ഉപയോഗിക്കുകയാണെങ്കിൽ, വളരെ തരിശ്ശു ഭൂമികളെ കൃഷിക്കുപയുക്തമാക്കിത്തീർക്കുകയും, ഭൂനികുതി പറയത്തക്കവണ്ണം വർദ്ധിപ്പിക്കുകയും ചെയ്യാൻ കഴിയും.

ഞാൻ മുമ്പ് പ്രസ്താപിച്ച മാർഗ്ഗങ്ങളിൽനിന്നും ന്യായമായ ഒരു ആദായം സിദ്ധിക്കുന്നതുവരെ കഴിയുന്നിടത്തോളം ചെലവു ചുരുക്കുകയും, അടുത്തുണ്ടുപറയുന്ന അവസരത്തിൽ തങ്ങൾക്കു പകരിശമ്പളമേ ചെലവുള്ളു എന്നും അപ്പോൾ ചെലവു ചുരുക്കുന്നതിൽ തീരെ നിവൃത്തികാണുകയില്ലെന്നും ഉള്ള സംഗതി തീരെ വിസ്മരിച്ചു തങ്ങൾക്കു കിട്ടുന്നതുമ്പളം മുഴുവനും ചെലവഴിക്കുന്ന നമ്മുടെ ചില ഉദ്യോഗസ്ഥന്മാരെപ്പോലെ, നമുക്കു ലഭിക്കുന്ന മുഴുവനും മിച്ചംവയ്ക്കാതെ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നതു് നന്നായിരിക്കും.

ഇനി കൃഷി, ഉപ്പു്, സഞ്ചായം, വിദ്യാഭ്യാസം ഇവകളിൽ വരുത്തേണ്ട ഭേദഗതികളെപ്പറ്റി ഞാൻ ചുരുക്കം ചിലതുപറയട്ടെ. കൃഷിയെ സംബന്ധിച്ചിടത്തോളം, ഗവർണ്മെൻറു എത്ര ശ്രദ്ധ ചിലവുചെയ്താലും, അതു തരിയായ ഒരു മാർഗ്ഗത്തിൽ വിനിയോഗിച്ചതായിട്ടേ ഇതിക്കു. ഇശ്വരൻ തിരുവിതാംകൂറിനെ വളരെ നദികളാൽ നിറഞ്ഞു അനുഗ്രഹിച്ചിട്ടുണ്ടു്. എന്നതന്നയല്ല നമുക്കു വർഷകാലങ്ങളും രണ്ടും സിദ്ധിക്കുന്നുണ്ടു്. നമ്മുടെ നദികളുടെ തിരത്തിയുള്ള ഇടങ്ങളിൽ എല്ലാം കൃഷിക്കു ഉപയോഗിക്കുകയും തിരുവിതാംകൂറിൽ നമുക്കു അതിനുപയോഗിക്കാവുന്ന സ്ഥലങ്ങളിലെല്ലാം കൃഷി നടപ്പിൽ വരുത്തുകയും ചെയ്യുന്നപക്ഷം, ധാന്യങ്ങളെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂർ ഒരിക്കലും പിന്നോക്കമായിരിക്കയില്ല. കൂടാതെ, താമരകളുടെയുള്ള ഉപദ്രവങ്ങളെ നശിപ്പിക്കുന്നതിനു വേണ്ട ശ്രദ്ധചെലുത്തുന്നതായാൽ ഉപ്പിനുവേണ്ടി തിരുവിതാംകൂർ വിദേശങ്ങളെ ആശ്രയിച്ചിട്ടിരിപ്പാനുമില്ല. ധാന്യം, ഉപ്പു, ഇവകളുടെ കാര്യത്തിൽ എന്നുതന്നെ ചെലവിടുന്നതിനും അവകളെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂർകാർക്കു സ്വാശ്രയശക്തിയുണ്ടാകുന്നതുവരെ, ഗവർണ്മെൻറു ഒട്ടുംതാമസ്സിക്കുകയും കാണിക്കുവാൻപാടില്ല.

നാടുനീങ്ങിയ രഹാരാജാവു തിരുമനസ്സിനേ ഞാൻ മുഖംകാണിക്കുവാൻ പോയിട്ടുള്ള അവസരങ്ങളിൽ തി
രുമനസുകൊണ്ടു കല്പിച്ചരുളിചെയ്തിട്ടുള്ള ഒരോപരമരഹസ്യ വാക്കുകളെ ഞാൻ ഈ സമയത്തെപ്പറ്റി ഓർത്തപേ
ക്ഷം ഈ പുണ്യാത്മാവിന്റെ നേരെ രാജദ്രോഹിയുള്ള ഒരു പ്രജ എന്നനിലയിൽ എനിക്കുള്ള കടമക്ക ഞാൻ വി
ഘ്നംവരുത്തുകയായിരിക്കും, "നമ്മുടെ രാജ്യത്തിന് വേണ്ട ഉപ്പും ധാന്യവും ഇവിടെത്തന്നെ ഉണ്ടാകണം"
എന്ന തിരുമനസ്സുകൊണ്ടു പലപ്പോഴും കല്പിച്ചരുളിയിട്ടുണ്ട്. തിരുമനസ്സിലെ ഈ വാക്കുകൾ, ഗവണ്മെൻറിന്റെ
ഈ സമയത്തെ ഒരു മാഗ്ദർശി ആയിരിക്കേണ്ടതിലേക്കും, തൻമൂലം ഈ രാജകീയ വചനത്തെ വാസ്തവമാക്കി പ
രിണമിപ്പിക്കുന്നതിനായിരിക്കണം അവരുടെ ശ്രദ്ധയെ, എന്നതിലേക്കും ആയി സവർണ്ണമിപികളിൽ എഴുതി ഈ
ഫാളിന്റെ ഒരു പ്രത്യക്ഷമായ രോഗത്തെ ശ്രദ്ധപ്പെടുവാൻ അർഹതയുള്ളവയാകുന്നു.

കൊച്ചുൽ ഉപ്പുവും രാജാക്കമംഗലം ഉപ്പുളവും പ്രയോജനശൂന്യങ്ങളും ഉപ്പു വിളയിക്കാത്തവയും ആകുന്നു.
ഈ രണ്ടളങ്ങളും ശ്രദ്ധാലുവും ഊറി ഇറങ്ങുന്നതുനിമിത്തം ഉപയോഗശൂന്യമായിത്തീർന്നിട്ടുണ്ട്. ഈ അളങ്ങളിൽ
രണ്ടിലും വ്യർത്ഥമാണ് പണം ചെലവാക്കിട്ടുള്ളത്. എന്തെന്നാൽ കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ഈ രണ്ടു അളങ്ങ
ളിൽനിന്നും യഥാർത്ഥത്തിൽ ഒട്ടുംതന്നെ ഉപ്പു കിട്ടിയിട്ടില്ല. അതുകൊണ്ടു ഈ സ്ഥാപനം ആവശ്യമില്ലാത്തതാ
കുന്നു. ഈ രണ്ടളങ്ങളേയും ഉടനടി നിറുത്തൽ ചെയ്യേണ്ടതാണ്. എന്നതന്നെയല്ല പ്രസ്തുത അളങ്ങളെ അവയു
ടെ പൂർവ്വസ്ഥിതിയിൽ ആക്കിത്തീർക്കുന്നതിന് വിചാരമുള്ളപക്ഷം അതു ഒരു മരിച്ച മനുഷ്യനെ ജീവൻപിടിച്ചുനിർത്തു
കുന്നതിനുള്ളതിക്കുന്നതുപോലെയാകുന്നു.

താമരക്കുളം ഉപ്പുളങ്ങളെക്കുറിച്ചു ഒരു വാക്കു പറയട്ടേ. ശ്രദ്ധാലുവെത്ത ഉപ്പുളങ്ങളെ ശുദ്ധിപ്പിക്കാതിരിപ്പാ
നായി ഒഴിച്ചുവിടുന്നതിനു വേണ്ടേ ഉടനടി പ്രവർത്തിക്കാത്തപക്ഷം, മിക്കതും ഈയ്യിട നടപ്പിൽ വന്നിട്ടുള്ളതായ
തിരമകളും ഉപ്പുളങ്ങളും, രാജാക്കമംഗലം, കൊച്ചുൽ ഈ സ്ഥലങ്ങളിലുള്ള അളങ്ങളെപോലെ ആയിത്തീർന്നേക്കാ
ൻ ഇടയുണ്ടെന്നു ഞാൻ വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. ഈ അളങ്ങളിൽ കടലിൽ നിന്നുപ്പുവെള്ളം
കിട്ടത്തക്കവണ്ണം വ്യവസ്ഥകളും ചെയ്യുകയും, ഉപ്പുവിളയിക്കുന്ന കാലങ്ങളിലെങ്കിലും പഴയാർജ്ജവത്തമണ്ണക്കിടക്കാ
യതിൽ വീഴാതിരിക്കത്തക്കവണ്ണം ഒഴിച്ചുവിടുകയും വേണം. എല്ലാറ്റിനും ഉപരിയായി, ബ്രിട്ടീഷ് ഇൻസ്പെക്ടർ
ചെയ്യുവരുന്നതുപോലെ, ഒരു പ്രോത്സാഹനമായി, പഴയ ലൈസൻസിമാരേയും പുതിയ ലൈസൻസിമാരേയും,
അവരിൽനിന്നും, തൻമേചലവുകൾക്കായി ഒരു ചെറിയ നികുതി ഈടാക്കിക്കൊണ്ട്, തീരുവ കൊടുത്തതിനുശേഷം
അവരുടെ ഉപ്പുമുഴുവനും വിറ്റുകൊള്ളുന്നതിന് അനുവദിക്കണം. എന്തെന്നാൽ ഗവണ്മെൻറ്, തീരുവകൊണ്ടു
തൃപ്തിപ്പെടുകയും, കൂടുതലായി യാതൊന്നിനും അവകാശപ്പെടാതിരിക്കുകയും, ഉപ്പുവില്പന, ലൈസൻസിമാർക്ക
വിട്ടുകൊടുക്കുകയും ചെയ്യുന്നതേ ന്യായവും ഉചിതവും ആയ്തു. ഈ സന്ദർഭത്തിൽ, ലിവാൻജി അയർകളുടെ
സ്പെൻഡിച്ചർ കമ്മിറ്റിയുടെ പരിശോധനക്കുവെപ്പിൽ നിന്നും താഴെപറയുന്നതു വായിച്ചാൽ രസകരമുള്ളതാകുമെന്നു ഞാൻ വി
ചാരിക്കുന്നു.

ഈ ഉപ്പുളങ്ങളുടെ കാര്യത്തിൽ ശ്രദ്ധചെലുത്തിക്കേണ്ട ഏറ്റവും പ്രധാനമായ സംഗതി, കോതയാർ ജലസേ
ചനപദ്ധതി അവസ്ഥയെ വളരെ സമീപസ്ഥകാലംവന്നിട്ടുള്ളതുനിമിത്തം അവസ്ഥയുള്ള ദോഷങ്ങളാകുന്നു എന്നു ഞാൻ
കാണുന്നു. നമുക്കു നമ്മുടെ ഉപ്പുളങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും രാജ്യത്തു ആവശ്യമുള്ളിടത്തോളമെങ്കിലും ഉ
പ്പുവിളയിക്കുകയും ചെയ്യണം. ഉപ്പുളങ്ങളിൽനിന്നും രാജ്യത്തിനു സിദ്ധിക്കുന്ന ആദായം ജലസേചനത്തിൽ നി
ന്നും സിദ്ധിക്കുന്നതിന്റെ ഉദ്ദേശം ഫ ൦ ൦ മടങ്ങു കൂടുതലാകുന്നു.

കൂടാതെ ആക്ടിംഗ് എക്സൈസ് കമ്മീഷണർക്കയച്ച ഫൻവ ൦ ഏപ്രിൽ വ൨൯-൩൦ യിലെ, വ ൦-ലെ ആർ.
എസ്. ഫ ൦ വ ൦/൭൩-ാം നമ്പരായ കത്തിൽഗവണ്മെൻറിപ്രകാരം പറഞ്ഞിട്ടുണ്ട്. "ഗവണ്മെൻറിന്റെ നയം
തീരുവപിരിക്കുന്നതിനു മാത്രം നിബന്ധനചെയ്തിട്ടുള്ളതായിരിക്കണം. അധികമായ കടത്തികൊണ്ടുപോകുന്ന കാ
ര്യവും വില്പനയും സാധാരണ ആളുകൾക്കു വിട്ടുകൊടുക്കണം"

സെക്രട്ടായം ഡിപ്പാർട്ടുമെൻറിൽ നിന്നുള്ള മുതലെടുപ്പിനെ സംബന്ധിച്ചു, നാം കണ്ടതേ ഏകസംഗതി
വനങ്ങളിലെ ഉല്പന്നങ്ങളിൽനിന്നും, കാലാനുക്രമമായി ഉണ്ടാകുന്ന താല്പര്യമായ സാധനങ്ങളിൽ നിന്നും ആണ്ടെ
ാറും സിദ്ധിക്കാവുന്ന മുതലെടുപ്പുകൾ മുഴുവനും ഈടാക്കുന്നതിനാണ്, രണ്ടാമതായി, പാട്ടപോയത്തും, കത്തി
പ്പോയതും ആയ വൃക്ഷങ്ങളെ കയറിലും മഴയും ഏറ്റു ചീത്തയായിപ്പോകാതിരിക്കാൻ, തോണ്ടിഎടുക്കുന്നതിനു
പ്രത്യേകം കണക്കേണ്ടതാകുന്നു. വനങ്ങളിലെ മരവൃക്ഷങ്ങളെ സംബന്ധിച്ചു അവയുടെ വിലകിട്ടുന്നകാര്യത്തിൽ
നാം ഒട്ടുംതന്നെ പരിശ്രമിച്ചിട്ടാവശ്യമില്ല. അവ അറിയുന്ന തേടിമുള്ളപക്ഷം, ആവശ്യം നേരിടുമ്പോൾ വിറക
പണമാക്കാവുന്ന സവർണ്ണക്കട്ടിയും വെള്ളിക്കട്ടിയും പോലെയാണ്, അവ. ആവശ്യമില്ലാത്തപ്പോൾ, വനങ്ങ
ളിൽ ഉള്ള തന്മുടെ വൃക്ഷങ്ങളെ മുറിച്ചു പല ഡിപ്പോകളിലായി ശേഖരിച്ചിട്ടുന്നതു ഒട്ടും ബുദ്ധിപൂർവ്വമായ ഒന്നല്ല.
ആവശ്യമില്ലായ്മകൊണ്ടു, ഡിപ്പോകളിൽ ശേഖരിച്ചിട്ടുള്ള തടികൾ കാലക്രമേണ, മഴയിലും മഴയും ഏറ്റുചീ
ത്തയാകുകയും, ഒടുവിൽ വേലയ്ക്കുപോലും നമുക്കു പലപ്പോഴും കിട്ടാതിരിക്കുകയും ചെയ്യുന്നു. അതുകൊണ്ടു,
അനാവശ്യമായ നഷ്ടത്തെ തടുക്കുന്നതിനായി ഡിപ്പാർട്ടുമെൻറുകാർ, കച്ചവടക്കാരിൽനിന്നും ഇൻഡെൻറുകൾ
വാങ്ങി അവർ തീരുവില്പനയിൽ ചെയ്യുന്നതുപോലെ ക്രിയവിധിയിലുള്ള അവരുടെ തടികൊടുക്കുന്നതു നന്നായിരിക്കും.
വനങ്ങൾ ഗവണ്മെൻറിന്റെ സ്വകീയ മുതലാകുന്നു. അവരുടെ തടികൾക്കു മേൽപറഞ്ഞപ്രകാരം, ഏറ്റവുംന
ല്ലവിലകിട്ടുന്നതിനു അവർ ശ്രമിക്കേണ്ടതുമാകുന്നു.

തിരുവിതാംകൂർ ഒരു ദരിദ്രരാജ്യമാകുന്നു എന്നു ഞാൻ പറയണമെന്നില്ലല്ലോ. ജനസംഖ്യയിൽ ഭൂരിപക്ഷ
വും ദരിദ്രന്മാരാണ്. അവരുടെരക്ഷ, തിരുവിതാംകൂറിൽ വ്യവസായങ്ങളുടെയും കച്ചവടത്തിന്റേയും വർദ്ധന
യെ ആശ്രയിക്കുന്നു. ഈ വർദ്ധനക്കു ധാരാളം മാർഗ്ഗമുണ്ട്. എന്നാൽ മൂലധനമില്ലായ്മകൊണ്ടു, വ്യവസായങ്ങ
ളുടെയും, കച്ചവടത്തിന്റേയും വർദ്ധനക്കു വളരെ പ്രതിബന്ധം നേരിട്ടിട്ടുണ്ട്. തിരുവിതാംകൂറിൽ കിട്ടുന്ന സക
ല അസംസ്കൃതസാധനങ്ങളും ഉപയോഗിച്ചു ജോലികൾ തുടങ്ങുന്നതിനു കണക്കുകൂട്ടുന്നതിനു കഴി
വുള്ളപക്ഷം ജനങ്ങൾക്കു ഉപജീവനമാർഗ്ഗം ഉണ്ടാവുകയും, ൨൫ കൊല്ലത്തിനകം രാജ്യം കൂടുതൽ സമ്പത്തുള്ള
തായിത്തീരുകയും ചെയ്യും. തിരുവിതാംകൂറിൽ നല്ലമുതലാളിമാരുടെ അഭാവം നിമിത്തം, ഗവണ്മെൻറുതന്നെ
മുമ്പോട്ടുവന്നു, സ്വന്തമായി ഒരു കടംകൊടുക്കുവാനുള്ള ഡിപ്പാർട്ടുമെൻറ് സ്ഥാപിക്കുകയും, തങ്ങളുടെകൈവശം

ഉള്ളിടത്തോളം ഒരു വ്യാപാരിക്കും പലവിധവ്യവസായങ്ങളും തുടങ്ങുന്നതിനായി കൊട്ടക്കുകയും ചെയ്യാത്തപക്ഷം ജനങ്ങൾക്ക് ഒരിക്കലും അഭിവൃദ്ധിപ്പെടുകയില്ല.

ഗവണ്മെൻറും 5 ലക്ഷം രൂപയിലധികം സംസ്ഥാനവരുമാനം പലിശക്കും, ഏകദേശം കാൽ ലക്ഷം രൂപ മതിപ്പാനം പലിശക്കും ഇൻഡ്യാഗവണ്മെൻറ് കടപ്പത്രത്തിൽ മുടക്കിയിട്ടുണ്ട് എന്നു ബഡ്ജറ്റിൽ നിന്നു ഞാൻ മനസിലാക്കുന്നു. സംസ്ഥാനവരുമാനം പലിശയുള്ള കടപ്പത്രങ്ങളുടെ ഇപ്പോഴത്തെവില ഉദ്ദേശം 8 ശതമാനം മാത്രമേ ഉള്ളൂ. അതുകൊണ്ടു ഈ കടപ്പത്രങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന് 5 ലക്ഷംരൂപാ നഷ്ടമുണ്ട്. ഗവണ്മെൻറ് അവരുടെ സ്വന്ത നാട്ടുകാർക്ക് ഈ പണം കടംകൊടുക്കുകമാത്രം ചെയ്തിരുന്നു എങ്കിൽ, ഇതിനിടക്കു രാജ്യത്തു പലതുണ്ടു വർദ്ധിക്കുമായിരുന്നു. ജനങ്ങളുടെ നന്മയിൽ താൽപര്യമുള്ള പക്ഷവും, വ്യവസായത്തിലും, കച്ചവടത്തിലും രാജ്യം അഭിവൃദ്ധിയെ പ്രാപിക്കണമെന്നു എവർക്കു ആഗ്രഹമുള്ളപക്ഷവും, ഈ കടപ്പത്രങ്ങളിൽ ഉള്ളപണം മുഴുവനും തിരിയ്ക്കുവാങ്ങുന്നതിനും അവരുടെ സ്വന്തമായി കടംകൊടുക്കുന്നതിനുള്ള ഒരു ഡിപ്പാർട്ടുമെൻറ് സ്ഥാപിക്കുകയും തങ്ങളുടെ നാട്ടുകാർക്ക് പുതിയ പലിശ നിരക്കിനു പണംകടംകൊടുക്കുകയും ചെയ്യുന്നതിനും അവർ തയ്യാറായിരിക്കണം. ഒരു സ്റ്റേറ്റ് മോർഡഡ്ബാങ്കു തുടങ്ങണമെന്നുള്ള ആലോചനകൊണ്ടു യാതൊരുപ്രയോജനവും ഉണ്ടാകയില്ല. എന്തെന്നാൽ ബാങ്കിൽ പണം ഇടുന്നതിനു ധനികന്മാർ തമ്മിൽതമ്മിൽ മത്സരമുണ്ടായിരിക്കയില്ല. എന്നതന്നെയല്ല അതു ഒരു തോഫ്വിയായി പരിണമിക്കുമെന്നാണ് എൻറെ അഭിപ്രായം. അതു ഒരു രാജ്യംവക ബാങ്കായിരിക്കണം. ഒരുബാങ്കു നേരത്തെ ഉണ്ടായിരുന്നുഎങ്കിൽ, ഇവിടെയുള്ള ഉണ്ടിയൽകടക്കാരുടെപക്കൽ തങ്ങളുടെപണംകൊടുത്തു അപകടത്തിൽ ചാടിയ നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ പലരും അപകടാവസ്ഥയിൽനിന്നും രക്ഷപ്പെട്ടുമായിരുന്നു.

ഗവണ്മെൻറിനു എത്ര ചെലവുവന്നാലും ജനങ്ങളെ വിദ്യാഭ്യാസംചെയ്യിക്കണം. എന്നാൽ ഇപ്പോഴത്തെ സ്കൂളുകളിലും കോളേജുകളിലും നടക്കിവരുന്നരീതിയിൽ വിദ്യാഭ്യാസം ജനങ്ങളുടെ ആവശ്യങ്ങളെ നിറവേറുകയല്ല. വിദ്യാഭ്യാസത്തിനുവേണ്ടിമാത്രം വിദ്യാഭ്യാസരീതി തുടരുന്നപക്ഷം വ്യയത്തിച്ചിട്ടാവശ്യമില്ല. വിദ്യാഭ്യാസരീതി സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി നാം കരുതുന്നകാലത്തോളം, ജനങ്ങൾക്കു നിരാതരമെവഴിയുള്ളുഎന്നും വിദ്യാഭ്യാസമുള്ള നമ്മുടെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മക്കു യാതൊരുപരിഹാരവും ഉണ്ടാകയില്ലഎന്നും ഞാൻ തറുക്കുന്നു.

സ്കൂളുകളിലും, കോളേജുകളിലും വിദ്യാഭ്യാസം നടക്കുന്നതിൽ ഗവണ്മെൻറിൻറെ പരമോദ്ദേശം ജനങ്ങളുടെ മനസ്സിനെ വികസിപ്പിക്കുകയാകുന്നു. സർക്കാർ സർവീസിൽ ഉദ്യോഗം നടക്കാംഎന്നു അവർ പ്രതിജ്ഞചെയ്യുന്നില്ല. തൊഴിലില്ലായ്മക്കു ഉപശാന്തിവരുത്തേണ്ടതു ജനങ്ങൾതന്നെയാകുന്നു. ഗവണ്മെൻറ് ജോലികൾ നടത്തുന്നതിനു കുറച്ചുപേരെമാത്രമെ ഗവണ്മെൻറിനാവശ്യമുള്ളൂ. ഇതിനുള്ള പരിഹാരമാർഗ്ഗം, മറ്റു എല്ലായാണിജ്യസാധനങ്ങളുംപോലെ, ആവശ്യത്തിനേയും വരവിനേയും ആശ്രയിച്ചിരിക്കുന്നു. വിദ്യാഭ്യാസമുള്ള നമ്മുടെ ചെറുപ്പക്കാർ സർക്കാർ സർവീസിൽ പ്രവേശിക്കണമെന്നു ആഗ്രഹിക്കുന്നുഎങ്കിൽ, അവർ ആഗ്രഹിച്ചുകാര്യം സാധിച്ചുകൊടുക്കാത്തതിനു അവരുടെ പരിപ്പുള്ള മതാപിതാക്കന്മാരാണ് ഉത്തരവാദികൾ. ഉണ്ടാകുന്നവസ്തു ആവശ്യത്തിലധികമുണ്ടായിരിക്കുമെന്നു അവർ മുൻകൂട്ടി മനസിലാക്കേണ്ടിയിരുന്നു. തൊഴിലില്ലായ്മക്കു ഒരു ശരിയായ പരിഹാരം ഗവണ്മെൻറുണ്ടാക്കുന്നതുവരെ ജനങ്ങൾ ആധൈര്യപ്പെട്ടുന്നപക്ഷം അതിനു എതിരു നിർത്തുവാൻ കഴിയുന്ന ഏറ്റവും എളുപ്പമായവഴി, അവർക്കു മുപ്പുവയസ്സുതികയുന്നതുവരെ അവരെ ജോലിയിൽ നിയമിക്കുകയല്ലുഎന്നു പറയുകയാകുന്നു. അങ്ങനെ ചെയ്യുന്നതായാൽ, മറ്റു ജീവിതോപാധികളിൽ ഉപജീവനമാർഗ്ഗം തുരായുന്നതിനു നമ്മുടെ ചെറുപ്പക്കാർ നിർബന്ധിതരാകുന്നതാണ്. ഗവണ്മെൻറ് സർവീസിനുവേണ്ടി, ഉദ്യോഗസ്ഥന്മാരേയും മറ്റും ആശ്രയിച്ചുനിൽക്കുന്നതിനു അവർ സന്നദ്ധരാവുകയില്ല. ഗവണ്മെൻറ് സർവീസ് നമ്മുടെ ശാസ്ത്രങ്ങളിൽ പരമ്പരിരിക്കുന്നു. മൂന്നു ഉപജീവനങ്ങളിൽ ഒടുവിലത്തേതാണ്.

സമയമില്ലായ്മകൊണ്ടു പൊതു ബഡ്ജറിനെപ്പറ്റിയുള്ള എൻറെ നിരുപണങ്ങളെ അവസാനിപ്പിക്കുന്നതിനു ഞാൻ നിർബന്ധിതനായിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഞാൻ ഒരു സംഗതി പറയട്ടയോ? അന്യോഗസ്ഥഭാഗത്തുനിന്നും ബഡ്ജറിനെപ്പറ്റി ധാരാളമായി പ്രതിവാദിച്ചുകഴിഞ്ഞു. ബഡ്ജറിനെകുറിച്ചു ഇനിയും തുടരെ വാദപ്രതിവാദങ്ങൾ നടത്തുന്നതിനു അന്യോഗസ്ഥസാമാജികന്മാരെ അവിടന്നനുവദിക്കുന്നപക്ഷം, ഉദ്യോഗസ്ഥഭാഗക്കാർക്കു മറുപടികൊടുക്കുവാൻ അവസരം കിട്ടാതെവരുമാനിടയുണ്ടു. ഞങ്ങൾ സമർപ്പിച്ചിട്ടുള്ള നിരുപണങ്ങൾക്കു മറുപടിപറയുന്നതിനു ഉദ്യോഗസ്ഥന്മാർക്കു അവസരം നാംകൊടുത്തു എന്നുള്ളതും ന്യായമായിട്ടുള്ളതാകുന്നു. അതുകൊണ്ടു ഇതിന്മേൽ വാദപ്രതിവാദങ്ങൾവക മേലെന്നു തുടർന്നുകൊള്ളട്ടെയെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ: ഉദ്യോഗസ്ഥന്മാർ പ്രസംഗിക്കുന്നതിനുമുമ്പുതന്നെ അന്യോഗസ്ഥസാമാജികന്മാർ, തങ്ങൾക്കു പറയാനുള്ളതു പറഞ്ഞുകൊള്ളട്ടേ. എന്നാൽ അന്യോഗസ്ഥന്മാർ മറന്നിരുന്ന ഉദ്യോഗസ്ഥന്മാരെ സംസാരിക്കുന്നതിനനുവദിക്കുകയെങ്കിൽ അതു കുറേകൂടി നന്നായിരിക്കും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നമുക്കു ഇനി അതുണ്ടാക്കിക്കൂർക്കുകയുള്ളൂ.

അദ്ധ്യക്ഷൻ: ഇനി ഉദ്യോഗസ്ഥന്മാർ സംസാരിക്കുന്നത് അന്യോഗസ്ഥന്മാർക്കു സമ്മതംതന്നെയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നാം സമർപ്പിച്ചിട്ടുള്ള നിരുപണങ്ങളെപ്പറ്റി തങ്ങൾക്കു പറയാനുള്ളതിനെ പറയുന്നതിനു ഉദ്യോഗസ്ഥന്മാർക്കു അവസരം നാംകൊടുക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): സഭ നടപടിക്കു 6-ാം വരെ നീട്ടിവക്കുന്നതിനു അദ്ധ്യക്ഷനവർകൾക്കു എന്തെങ്കിലും വിരോധമുണ്ടോ എന്നു അറിഞ്ഞാൽകൊള്ളാം. ഡിമാൻഡുകളെപ്പറ്റി പ്രതിവാദിക്കുമ്പോഴേതുമേ 6 മണിക്കുശേഷം സഭ ഇടരുവാൻ പാടില്ലാതെയുള്ളൂ. പൊതു വാദപ്രതിവാദങ്ങളുടെകാര്യത്തിൽ അങ്ങിനെ ഒരു നിബന്ധനയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇക്കാര്യത്തിൽ കിഴ്നടപ്പുകൊണ്ടു അനുകൂലമായുണ്ട്.

അദ്ധ്യക്ഷൻ: ഒരു ക്ലിപ്പുമില്ലാതെ വളരെ അധികംനേരംനിന്നിട്ടിക്കൊണ്ടുപോകാൻ നമുക്കു സാധിക്കയില്ല. സമയം നു മണിവരേയെയാ നുകാൽ മണിവരെയെങ്കിലും നീട്ടിവെക്കുന്നതിനു എനിക്കു യാതൊരുവിരോധവുമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): സർ, കമ്പനി—ലെക്കുള്ള ബഡ്ജറ്റിനെ ഈ സഭയുടെ നിരൂപണത്തിനായി സമർപ്പിച്ചിട്ടുണ്ട്. അനേകംപ്രഭുക്കന്മാരുടെ പ്രസംഗസാരം പ്രഥമദൃഷ്ടിയിൽ വളരെരസകരമായിരിക്കുന്നു. എന്നാൽ അതിനെ കൂടുതൽക്കൂടി ശ്രദ്ധാപൂർവ്വം വായിച്ചുനോക്കുമ്പോൾ അതു നിരാശതയെ ഉളവാക്കുന്നു. അതിലെ പലവിധകണക്കുകളിലും അവയെ മനസിലാക്കുന്നതിനതികമായ സൂക്ഷിരവും ആശ്രയിക്കത്തക്കതും ആയ എന്തെങ്കിലും ഉണ്ടോ എന്നു ഞാൻ വൃഥാ ആരായുന്നു. ഭരണസംബന്ധമായ നാനാശാഖകളിലും പണം വിനിയോഗംചെയ്തിട്ടുള്ളതായ ഒരു സ്ഥിരമായ രീതിയെ അനുസരിച്ചല്ല, അവശ്യമില്ലാതെയോജിപ്പിച്ചില്ല. ഓരോവകുപ്പും ഒറ്റതിരിഞ്ഞുനിൽക്കുകയും ചെലവുകൾകാണിക്കുന്ന ബഡ്ജറ്റിൽ കാലംതോറും കൂട്ടുതലായി അനുവദിക്കുന്നതുകയിൽനിന്നും പോഷണം സിദ്ധിക്കുകയും ചെയ്യുന്നു. തമ്മിൽ ചേർച്ചയുള്ള ഡിപ്പാർട്ടുമെൻറുകളുടെ കാര്യത്തിലെങ്കിലും, പരസ്പരസംബന്ധം യാതൊന്നുമില്ലെന്നുമാത്രമല്ല അവകളെ പ്രത്യേകംമാറിനിർത്തുന്നതിൽ തൊന്നാസമായ ഒരു നിശ്ചയച്ചിരിക്കുന്നു. അവയുടെ പ്രവൃത്തി ചിലപ്പോൾ അന്യോന്യം നിഷേധകവും വിരുദ്ധവും ആയിരിക്കുന്നു. അവയുടെ പ്രയോഗനത്തിനു ഫാനികരമായ അന്യോന്യസ്പർദ്ധ അവയിൽ സ്ഥിതിചെയ്യുന്നു. ചിലപ്പോൾ അതു രാജ്യത്തിൻറെ അഭിവൃദ്ധിക്കു ഒരു തടസ്സമായിഭവിക്കുന്നതിനുകൂടി അനുവദിക്കുന്നു.

സഭയുടെ മുമ്പാകെ ഇന്നുനിന്നും ആരംഭിച്ചതിനെയും പരിഹാസത്തെയും ഞാൻ ക്ഷണിച്ചുവരുത്തുകയാണ്ചെയ്യുന്നതു എന്നു എനിക്കറിയാം. അതു വിചാരിച്ചല്ലാനില്ല. അറിഞ്ഞും അറിയാതെയും സംഗതികളെ കൂട്ടിക്കുഴക്കുന്നതിനുദ്ദേശം ഉണ്ടായിട്ടുള്ള അവയുടെ ലഘുപരമായ വാങ്മയങ്ങളിൽ എനിക്കു ബഹുമാന്യരായി വന്നിട്ടില്ല. ഭരണരംഗത്തുടെ അകത്തുള്ള നടത്തിപ്പുകളിൽ, ഒരു സാധാരണക്കാരനു നിരാശയെ ജനിപ്പിക്കുന്നു. ഉയർന്നശമ്പളക്കാരുടെയും കീഴ്ജീവനക്കാരുടെയും മനസ്ഥിതിക്കു തമ്മിൽ വളരെ വ്യത്യാസമുണ്ട്. പബ്ലിക്ക്സർവ്വീസിലുള്ള അസംതൃപ്തി ഏകചക്രാധിപത്യംവഹിക്കുന്നു. തൽഫലമായി അഴിമതിക്കുവഴിവെക്കുന്നു നിരയുകയും, തടസ്സപ്പെടുത്തുവാനുദ്ദേശിക്കുന്നതിനുദ്യമിക്കുകയും ചെയ്യുന്നു. പെരുമാറ്റത്തിൽ ഉള്ള അതിനിന്ദ്യമായ അനീതി സർവ്വീസിൽ അസംതൃപ്തിയെ വളർത്തുന്നു. ഇതിനെ പ്രതിവിധിയായി ചെയ്തിരിക്കുന്നതു ആവശ്യത്തിലധികം ആർഭാടമനവും മേൽനോട്ടമുള്ള ഒരു എസ്റ്റാബ്ലിഷ്മെൻറിൻറെ സ്ഥാപനവും ആകുന്നു. നിർണ്ണയിച്ചിട്ടുള്ള പ്രത്യുത്പാദനം രോഗത്തെ അധികമാക്കുന്നു. തൽഫലമായി അന്യായാനം, ഉദാസീനത, നിരന്തരവാളിത്വം ഇവകളിൽ താല്പര്യവും അഭിവൃദ്ധിക്കു ഒരുവലിയ തടസ്സവും സംജ്ഞമായിരിക്കുന്നു.

ഉയർന്ന ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരുടെ അനാവശ്യമായ സംഖ്യാവർദ്ധന അവരുടെ വലിയ ശമ്പളങ്ങളുടെകൂട്ടൽ, താഴ്ന്നശമ്പളംകൊടുത്തുവരുന്ന മീഡിയക്കാരുടെഎണ്ണം കുറക്കൽ ഇവകൾ ഡിപ്പാർട്ടുമെൻറു പരിപ്പാരങ്ങളുടെയും വളരെ പ്രശംസിക്കപ്പെട്ട ചെലവു ചുരുക്കിയിൻറെയും സ്ഥാനംപിടിച്ചിരിക്കുന്നു. ഇതിൻറെ ഒക്കെഫലമായി, ബന്ധുക്കളോടു അതിപക്ഷം, വഞ്ചന, അസംതൃപ്തി, അഴിമതി, പബ്ലിക്ക്സർവ്വീസിൻറെ മാനസികവും സാന്മാർഗ്ഗികവുംആയ ഗതിക്കു അധഃപതനം ഇവകൾ ഉളവായിരിക്കുന്നു.

ഇവകൾ മതിയാക്കുന്നതു, എന്നു പിള്ളപറയാനുള്ളകാല അതിക്രമിച്ചിരിക്കുന്നു. പ്രത്യേകിച്ചു ഉയന്തരക്കാരുടെഭാഗത്തിൽ നിഷ്കാരുണ്യം ചെലവു കുറക്കണമെന്നുള്ള ഇപ്പോഴത്തെ ഏറ്റവും വലിയ അത്യാവശ്യമായി തീർന്നിരിക്കുന്നു. പലവിധത്തിൽകൂടികഠിനമുതൽ, കഴിയാത്തവരുടെ രക്ഷാനാഥകരുള്ളതെക്കിപ്പിഴിഞ്ഞിരിക്കുന്നു. അവരുടെ ധനസ്ഥിതി വളരെ മോശമായിരിക്കുന്നു അതിനു ഉടനടി എന്തെങ്കിലും ചെയ്യാത്തപക്ഷം, അതെങ്ങിനെ എല്ലാം പരിണമിക്കുമെന്നു ഈശ്വരനുമാത്രമേ അറിവുള്ളൂ. ഇപ്പോഴത്തെ അവസ്ഥ തടുക്കാൻ പാടില്ലാത്തതാണെന്നു വാദിക്കുന്നതിനു കോടതിവരാപുന്ന നീതികണക്കുകളും വാങ്മയങ്ങളേയുംപറ്റി ഇനിയുമധികം പറയേണ്ട. കായ്ക്കുശേഷി, അഭിവൃദ്ധികരമായതനം, ഇവകൾ വേണമെന്നു നിസംശയമെന്നുള്ള വസ്തുതകളെ സ്ഥാപിക്കുന്നതിനു മറുനാട്ടുദാഹരണങ്ങളും സ്റ്റാറ്റിസ്റ്റിക്സുമായി താരതമ്യപ്പെടുത്തുകയുമാണ് മുമ്പുള്ള എൻറെ സ്നേഹിതന്മാർ സ്വരക്ഷക്കും പരാക്രമത്തിനും ഉപയോഗിച്ചുവരുന്ന ആയുധങ്ങൾ അവർ കൂടുതൽശക്തിയെ ഒരു വിഗ്രഹമെന്നപോലെ ആരാധിക്കുന്നു എന്നു പറയുന്നതിനു എനിക്കശേഷാ മടിയില്ല. അതിനു അവർ വാദിക്കുന്നതുപോലെ ആക്ഷേപങ്ങളും നിഷേധങ്ങളും സ്വയമേവയുണ്ട്. ഉയർന്ന ശമ്പളങ്ങൾ, അതാതിടങ്ങളിൽ കിട്ടി, പ്രതാപം, ഇവകളെക്കുറിച്ചു മനസ്സിലായതുകൊണ്ടാണ ഇവകൾ കായ്ക്കുശേഷിപരിശോധിച്ചിട്ടില്ലയെന്നു. എന്നാൽ നേരെമറിച്ചു ജോലിയിൽ സ്വയമേവയുള്ള ഒരഭിരുചി സേവിക്കുന്നതിനുള്ള ഒരുത്സാഹം മഹാമനസ്കത സരാജ്യസ്നേഹം ഇവകളാണ് കായ്ക്കുശേഷി. വിശേഷിച്ചുമേധാവിത്വത്തിനുള്ള ഒരുദ്യമം സഹജാഭിസ്നേഹം വളർത്തുന്നസ്ഥലവും ആയിതിന്നിരിക്കുന്ന സർവ്വീസിൽ ഒട്ടേകിയും സ്വരാജ്യസ്നേഹശൂന്യരായിരിക്കുവാൻ കഴിയുന്നതാണോ? എന്നു ഞാൻ ചോദിക്കുന്നു. കുറുപ്പാട്ടം, വിശപ്പും മനോവേദനയും രാത്രിയും ജനങ്ങളെ ബാധിച്ചിരിക്കുന്നു. നാനാവിധ നികുതികളെചുമത്തി അവരെ കഠിനമായി പീഡിപ്പിക്കുന്നു. ഈ അവസരത്തിൽ വലിയശമ്പളങ്ങൾ ഇരുകൂട്ടരുടെയിടയിൽ തുല്യമായി കുറവുചെയ്യുന്നതുകൊണ്ടു മുമ്പുതോന്നിക്കുന്നതിനായും സാധ്യമായിട്ടുള്ളതാണോ? അഭിവൃദ്ധികരമായ ഭരണനീതിയെന്നു പറയുന്നു! രാജ്യത്തെ ധനത്തെ പ്രയോജനമില്ലാതാക്കുന്ന ആ സമ്പ്രദായത്തെഅഭിവൃദ്ധികരമായതെന്നു പറയുന്നതു? വഞ്ചിച്ചുവരുന്നതൊഴിവില്ലായ്മയാണോ അഭിവൃദ്ധി? സ്റ്റാട്ടിസ്റ്റിക്സുമായി താരതമ്യപ്പെടുത്തുന്നുവെന്നു പറയുന്നു! ലോകത്തിൽ ഏറ്റവും ഓരിളുള്ള ഒരു രാജ്യത്തിൽ, സ്ഥിരജീവക്ഷേമമുള്ള ഒരു ഗവർമ്മെൻറിനാൽ നടത്തിവരുന്ന ഒരു ഭരണമാണ് സ്റ്റാട്ടിസ്റ്റിക്സുകളിലേയ്ക്കു. ഭരണനേതാക്കന്മാരുടെ മനഃസ്ഥിതിയിലാണ് ഉദ്ദേശമുള്ള സ്വരാജ്യസ്നേഹമോ, മയമോ അതിനെ ഇളക്കുവാൻ പര്യാപ്തമായവയല്ല എന്നുള്ള അവസ്ഥയിൽ എത്തിയിരിക്കുന്നു എൻറെ താഴ്മയുള്ളസ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ള പറഞ്ഞതുപോലെ "സകലതും ഒരു ഉയർന്ന മണ്ഡലത്തിൽ പരിശുദ്ധമനംചെയ്യുന്നു": തടുക്കുവാൻ പര്യാപ്തമായ ഈ വിഭവകുത്സിതമായ രഹസ്യത്തെ, ഈ ബുദ്ധിശൂന്യതയോടുകൂടിയപോലിനെ നിരോധിക്കുവാൻ ശ്രമിക്കുന്നപക്ഷം അതു ഒരുവൻറെ ജീവിതകാലത്തിൽ ഒരു വലിയ കാര്യമായിരിക്കുന്നതാണ്.

ഇതരദേശക്കാരുടെ രേണരീതിയെ കണ്ണടച്ചുകൊണ്ടു് ബുദ്ധിശൂന്യമായി അനുകരിക്കുന്നതു് അപകടകരമാണെന്നുള്ള ഒരു നിതിബോധം ഉണ്ടായി വരുന്നുഎന്നുള്ള ബഡ്ജറിൽനിന്നു കാണുന്നതു് ആശ്വാസപ്രദവും സന്തോഷാവഹവുംആണു്. വിദ്യാഭ്യാസകാര്യത്തിൽ നമ്മുടെ ചെലവു ക്രമാതീതമായി വർദ്ധിച്ചുവരുന്നുഎന്നുള്ളതു് അപകടകരമാണെന്നും അതിനെ നിരോധിക്കേണ്ടതു് അത്യാവശ്യമാണെന്നും ഫിനാൻഷ്യൽസെക്രട്ടറിക്കു ബോദ്ധ്യംവന്നിരിക്കുന്നു. വലിയതോതിൽശാസ്ത്രവ്യവസായങ്ങളെ നിർമ്മിക്കുന്നതിനും മറ്റുമായി നമ്മുടെ പണവും ശക്തിയും വിനിയോഗിക്കുന്നതിൽപരം നമ്മുടെ പ്രാവസായിക പ്രാധാന്യമുള്ള കുടിൽവ്യവസായങ്ങളെ നിർമ്മിക്കുന്നതിനും അവയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി വിനിയോഗിക്കുകയാണുത്തമം എന്നും അദ്ദേഹം മനസിലാക്കിയിരിക്കുന്നു. അടങ്കലിൻപടിയുള്ള മുതലെടുപ്പു ഇരുടക്കുന്നതിനേക്കാൾ ചില ഡിപ്പാർട്ടുമെൻറുകളെ കുറെക്കൂടെ ശക്തിമത്തായി ജോലിചെയ്യുന്നതിനു പ്രേരിപ്പിക്കുവാൻ ഉദ്ദേശിച്ചുപ്പോലും, അവയിൽ കുറ്റക്കുറവും മേന്മനോട്ടമില്ലായ്മ ഇവകൊണ്ടെന്നു അദ്ദേഹത്തിനു ബോദ്ധ്യംവന്നതായി അദ്ദേഹം സമ്മതിക്കുന്നു. സ്റ്റോറേജ് സ്റ്റാന്റിംഗ് ഡഡ് ബാക്കിന്റെ സ്ഥാപനം ശ്ലാഘനീയമായ ഒരാരംഭംതന്നെയാകുന്നു. എന്നതുകൊണ്ടായില്ല അതു പുതിയതരത്തിനു ഒരു ശ്രമമായതുകൊണ്ടുംആണു്. ഒരു പുതുസ്ഥാപനത്തിന്റെ അടിത്തറ നിലനിലപ്പിനെ നീതീകരിക്കുവാൻ ശ്രമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതായതു അതു് ജനഹിതത്തെ മുൻനിർത്തി അതിനനുകൂലമായി പ്രവർത്തിക്കുണമെന്നുള്ളതാണു്. അല്ലാത്തപക്ഷം അതിനെ നിർത്തലാക്കേണ്ടതായിവരുന്നു. കൊച്ചിയുടെ പുരോഭിവൃദ്ധിയിൽനിന്നും തിരശ്ചീനമായ അല്പംമാറി അതിന്റെ രഹസ്യാന്തർഭാഗങ്ങളിലേക്കു ഒന്നു ഉളിഞ്ഞുനോക്കുവാൻ ഞങ്ങളെ അനുവദിച്ചതിൽ ഫിനാൻഷ്യൽ സെക്രട്ടറി അവർകളോടു ഞാൻ നന്ദിപൂർവ്വംകൊള്ളുന്നു. ഒരു സാരമായതുകയായ നികുതിപിരിക്കുന്നതിനെ അതിലധികമായ ശ്രദ്ധയോടെ അതിപ്രയത്നമായിമാറിയതിൽനന്നും, അതു എത്രമാത്രം പ്രയോജനകരവും പ്രാപ്തിയുള്ളതും ആണെന്നുള്ള മനസിലാക്കുവാൻ അദ്ദേഹം നമുക്കവസരംനൽകി.

ഈ ബഡ്ജറിനെ ഏറ്റവുമധികം കൊട്ടുന്ന സാധാരണ ബഡ്ജറുകളെ അപേക്ഷിച്ചു് അല്പം പ്രത്യേകതയുണ്ടു് എന്നാൽ അതു് അമ്മമാർ യാതൊരുത്രാസ്സും യുമില്ല. അതിന്റെ പ്രത്യേകത, അതിൽ കാണുന്നുവെന്നുള്ള പ്രസ്താവിക്കുന്നതിനുള്ള ഒരു ആഗ്രഹം അന്തർഭവിച്ചിരിക്കുന്നു എന്നുള്ളതാണു്. എന്നാൽ കാലപ്പഴക്കംകൊണ്ടു ബഹുമാന്യമായിത്തീർന്നിട്ടുള്ള ചില അനുകൂലപ്രതിവന്ധങ്ങൾ അതിനെ അതിന്റെ പൂർവ്വപന്ഥാവിലേക്കു അനുനയിക്കുന്നു.

സഭയുടെ ഈ മേഖലയിൽനിന്നും വീണ്ടും വീണ്ടും ഉണ്ടായിട്ടുള്ള അഭ്യർത്ഥനകളെ അഗണ്യമാക്കി ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറവുചെയ്യാതിരിക്കുന്നു. അതിലേക്കു നൂറു ശതമാനം ഇപ്പോഴും ചെലവുചെയ്തുവരുകയാണു്. അടുത്തയാണ്ടിൽ അനുകരിക്കേണ്ടതായ പരിപാലനനയം എന്തായിരിക്കുണമെന്നു ക്ലിപ്തപ്പെടുത്തിയിട്ടില്ല. ചിന്നനിക്കുതി ഫ്ലർപ്പു ദിനെ പുഴയപോലെ ഉഴിഞ്ഞുകൊണ്ടിരിക്കുന്നു. ഈ ഫ്ലർപ്പുദിനം പോഷണാത്മകമായതുകൊണ്ടും ഉല്പാദകക്ഷയകരം കിട്ടണമെന്നു ഏകഉദ്ദേശംമാത്രമുള്ള വിദേശി മിവാൻജിമാരെ ഇറക്കുമതിചെയ്യുന്നു.

റവന്യൂസംബന്ധമായി ഞാൻ ഇവിടെ പ്രത്യേകം പ്രസ്താവിക്കുണമെന്നില്ലാത്ത അനവധി വീഴ്ചകളുണ്ടു്. ഭൂനികുതിസംബന്ധിച്ചും ഭൂമാപകമായ ഒരു ഭൂ റക്കാർഡ്സംരക്ഷണ ഡിപ്പാർട്ടുമെന്റുണ്ടു്. അതു ഇപ്പോൾ കുറച്ചു മാസങ്ങൾക്കുമുമ്പായ നിലനിർക്കുകയുള്ളുഎന്നു കണ്ടതുനിമിത്തം ഞാൻ സന്തോഷിക്കുന്നു, "ഭൂമാവന്തി" എന്നതു് ഒരു നാട്യം മാത്രമാണു്. നികുതിപിരിക്കുന്നതിനു ഇപ്പോഴും പ്രയോഗിച്ചുവരുന്ന സമ്പ്രദായം വഴിയും ദോഷപൂർണമായ ഒന്നാകുന്നു. അധികൃതവർഗ്ഗക്കാരുടെപേരൽ പുതുവരുകയും പതിച്ചുകൊടുക്കുന്നകാര്യം തീരെ ആശാസ്യമായിരിക്കുന്നില്ല.

പൊതുവേ മരാമത്തുവകുപ്പു പണം കിമ്പടിക്കുന്ന ഒരു വലിയ ഡിപ്പാർട്ടുമെന്റാകുന്നു. അതുസംബന്ധിച്ചുള്ള ചെലവുകളെപ്പറ്റി എനിക്കു വിപരീതമായ അഭിപ്രായമൊന്നുമില്ല. എന്നാൽ അതിന്റെരീതിയിൽമാറ്റുന്ന കുറിവുകൾ കുറെയുണ്ടു്. ഉദ്ദേശം മൂന്നു ശതമാനംവരുന്ന ഒരു വലിയ അംശം സ്ഥിരവും, താൽക്കാലികവുമായ സ്ഥാപനങ്ങൾക്കുവേണ്ടിയും, സാമന്യം നല്ല ഒരംശം ഭിന്നമായ കെട്ടിടങ്ങൾ പണികഴിപ്പിക്കുന്നതിനായും ചെലവാക്കിവരുന്നു. ഭേദപ്പെടുത്തുന്ന ഫ്ലർപ്പാട്ട മിക്കവാറും അതിന്റെ ഒരു ഭൂപ്രകൃതിയായിത്തീർന്നിട്ടുണ്ടു്. ഒരു കാലഘട്ടത്തു റോഡിൽകൂടി നടക്കുന്നതിനു ഓരോ ആൾക്കും ഒരു കരഫ്ലർപ്പട്ടുള്ളതായാണെങ്കിൽ അതിൽ എനിക്കു കുറ്റം അഭിപ്രായമൊന്നുമില്ല രാജപാതയെ പൊതുജനങ്ങൾക്കുണ്ടു സംരക്ഷിക്കേണ്ടതു അവരുടെ ആദ്യത്തെ ചുമതലയാകുന്നു. അങ്ങളുടെ ഈ തത്ത്വത്തിനു അപവാദത്തെ ഒരിക്കലും വിസ്മരിക്കാവുന്നതല്ല. അതു അവരുടെ മുഖ്യമായതെ ചുമതലയാകുന്നു. ആരോഗ്യപ്രദമായിരിക്കുണമെന്നുള്ളതിലേക്കുവേണ്ടിയുള്ള ഒരു കായ്മമല്ല, അതു തെക്കൻതിരുവിതാംകൂറിനേക്കാൾ പൊതുമരാമത്തുപകുപ്പിനു വളരെ പ്രത്യേകമാണെന്നു വടക്കൻതിരുവിതാംകൂറിൽനിന്നുള്ള ഒരു സാമാജികൻ അഭിപ്രായപ്പെട്ടിട്ടുള്ളതു എനിക്കു ഓർമ്മയുണ്ടു്. അതു അങ്ങിനെയാണെന്നു സമ്മതിക്കുകയാണെങ്കിലുതന്നെ തെക്കൻതിരുവിതാംകൂറിൽനിന്നും മണ്ഡപത്തേക്കു എത്രചക്രം മുതലെടുപ്പുസിലിണ്ടറുണ്ടു എന്നുള്ള പ്രഗതി എന്റെ സുഹൃത്തിൽനിന്നു വിസ്തരിച്ചുചോദിക്കുന്നതു എന്തുകൊണ്ടാണെന്നു എനിക്കു മനസിലാകുന്നില്ല. പവണ്ടറുടെ വടക്കൻ തത്ത്വം താംകൂറിനെ പണം ചെലവാക്കുന്നതിൽ എനിക്കു യാതൊരുവിരോധവുമില്ല. (കേംപ്പൽ, കേംപ്പിനു) അധികൃതവർഗ്ഗക്കാരുടെ ഗ്രാമങ്ങളിലേക്കു പ്രവേശനറോഡുകളും വെട്ടിക്കുന്നകാര്യം ഇതേവരെ നടപ്പിൽവന്നിട്ടില്ല. റെയിൽവേസ്റ്റേഷനിലിങ്ങും നേരിട്ടുള്ള അറകിലോമീറ്ററുകൾ തീർക്കുന്നതിനുള്ള തുക്കം വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുന്നതായ ഒരു ചെലവിനമാണെന്നു ഫിനാൻഷ്യൽസെക്രട്ടറി സമ്മതിച്ചിട്ടുണ്ടു്. അല്ലുകൂലവിനെപ്പറ്റി മിസ്റ്റർ ഗോർഡൻപറഞ്ഞിട്ടുള്ളതിനെ അവഗണിച്ചു ഇതിനെ കെ. പി. ഡിവിക്കുനിലെ സംരക്ഷണപ്രവൃത്തികളുടെയുള്ളതിൽ ചേർത്തിരിക്കുന്നതെന്തുകൊണ്ടാണെന്നു എനിക്കറിയാൻപാടില്ല. കോതയാർ പ്രോജക്ടിനുപ്പിനു ചെലവുന്നതിനെയും രൂപപ്പൊക്കുനിമിത്തം നഷ്ടങ്ങൾ നേരിട്ടിട്ടുണ്ടു്. പ്രോജക്ടിനെസംബന്ധിച്ചു കണക്കുകൾ ശരിപ്പെടുത്തുന്നകാര്യത്തിൽ ക്ഷന്തവ്യമല്ലാത്ത വലിയ കുഴപ്പങ്ങൾ ഉണ്ടു്. അതിൽ ശ്രദ്ധചെലുത്തിക്കേണ്ടതു എത്രയും അപ്രാവശ്യമാകുന്നു.

ഇനി വിദ്യാഭ്യാസകാര്യത്തിലേക്ക് പ്രവേശിക്കാം. നമ്മുടെ വിദ്യാഭ്യാസരീതിയെ പാടെ ഉടച്ചുവാർക്കേണ്ടതാണെന്നുള്ളതു് എല്ലാപേർക്കും അറിയാവുന്ന ഒരു കാര്യമാകുന്നു. മനുഷ്യസ്വഭാവത്തിൽ ഉൽകൃഷ്ടമായിട്ടുള്ളവയെ പോഷിപ്പിക്കുന്നതിനുപകരം അതു നമ്മുടെ യുവാക്കന്മാരുടെ ഉൽകൃഷ്ടാശയങ്ങളെ പാടെ നശിപ്പിക്കുകയും, അവരെ സാമുദായിക പുനരുദ്ധാരണത്തിനുള്ള ഒരു ശക്തിയാക്കിത്തീർക്കുന്നതിനുപകരം സമുദായത്തിനു ഹാനികരമായവരാക്കിത്തീർക്കുകയും ആണ് ചെയ്യുന്നതു. അവരിൽ ഉള്ളിൽ സ്വാതന്ത്ര്യേച്ഛ പൊടുന്നുഷം ജ്വലകളെ അതു ഊറ്റിക്കെടുത്തുകയും കായികവും മാനസികവും ആയുള്ള ശക്തികളെല്ലാം ക്ഷയിച്ചു അവർ നിരാധാരന്മാരായിത്തീരുകയും ചെയ്യുന്നു. ഒഴിച്ചുകൂടാൻ പ്രയാസമായ സർക്കാർസർവീസ് ഒഴികെ അവർക്കു സ്വാതന്ത്ര്യമായ ജീവിതം നയിക്കുവാൻ യാതൊരുമാർഗ്ഗവുമില്ലാതായിത്തീരുന്നു. ഇപ്പോഴത്തെ കോളേജ് വിദ്യാഭ്യാസവും സ്കൂൾ ഫൈനൽ വിദ്യാഭ്യാസവും ഈ അവസ്ഥയെ ഒട്ടധികം പോഷിപ്പിക്കുന്നു. അസംതൃപ്തരായ അധ്യാപകന്മാർ തങ്ങളുടെ അധ്യാപകവൃത്തിയിൽ പ്രോത്സാഹനീയമായ യാതൊന്നും കാണുന്നില്ല. തൽനിമിത്തം ഉളവാകുന്ന വലിയശോഷങ്ങൾ വിദ്യാർത്ഥികളാണ് അനുഭവിക്കുന്നതു്. തങ്ങളിൽ സ്വതന്ത്രമനോബോധം ജ്വലിപ്പിക്കുന്നതിനുപകരം, അവർ അവരുടെ നിസ്സഹായാവസ്ഥയിൽ നമ്മുടെ അനുകമ്പയെയാണ് ജനിപ്പിക്കുന്നതു്.

നിരന്തരമായ പകപ്പിനെപ്പറ്റി രണ്ടു മോക്ഷോപായങ്ങളും സാധാരണമായി പുറപ്പെട്ടുന്നുണ്ട്. അതിൽ ഒന്നു നിയമനങ്ങളെസംബന്ധിച്ചാണ്. മദ്രാസ്സു ന്യായപരിപാലനത്തെക്കുറിച്ചാകുന്ന നിയമനങ്ങളുടെകാര്യത്തിൽ ഉത്തരവാദിത്വപ്പെട്ടവർ ആരാണെന്നു ആർക്കുംതന്നെ അറിയാൻ പാടില്ല. ഒരു സാധാരണക്കാരനു ഈ കാര്യങ്ങളെ നയിച്ചുകൊണ്ടുപോകുന്നതു ആരാണെന്നു നിശ്ചയമില്ല. ഈ നിയമനങ്ങളുടെകാര്യത്തിൽഉള്ള നയത്തെയോ, നയരാഹിത്യത്തെയോപറ്റി ഗവണ്മെൻറു ഒരു പ്രസ്താവിക്കയോ, പുനർപ്രസ്താവിക്കയോ ചെയ്യുന്നപക്ഷം, അതു ഔദ്യോഗികമായ ഒന്നായിരിക്കുന്നതാണ്. മുൻസിപ്പന്മാരെ നിയമിക്കുന്നകാര്യത്തിൽ അയ്യുചിച പ്രത്യേകസമുദായക്കാർക്കു നാംകണ്ണടച്ചുള്ള പ്രാമാണത്തെ മഹാഭൂരിപക്ഷം സ്വീകരിച്ചിരിക്കുകയാണ്. അതു ബ്രാഹ്മണർ, നായന്മാർ, ക്രിസ്ത്യാനികൾ, മറ്റു പലതരക്കാർ ഇങ്ങനെയാണ്. തൽനിമിത്തം ചില സമുദായക്കാർ അതിനെ അപകർഷജനകമായുള്ള ഒരവകാശമായി കരുതുന്നു. ക്രിസ്ത്യാനികൾക്കും നായന്മാർക്കും ഒപ്പം ബ്രാഹ്മണർക്കു സ്ഥാനമാനങ്ങൾ നൽകുകയും, തമിഴന്മാരെ പല തരക്കാരുടെ ഇടയിൽ ഈഴവർക്കൊപ്പം കണക്കാക്കുകയും ചെയ്തിരിക്കുന്നതു് എന്തുകൊണ്ടാണെന്നു ഇതേവരെ നീതികരിച്ചിട്ടില്ല. അതു തിരെ നീതീകരിക്കാവുന്നതല്ലാ. എന്നാൽ എങ്ങിനെയായാലും ഈ കാര്യപരിപാടി തിരിച്ചു ഭരിക്കുകയും, പണ്ടുചേരമാൻ പെരുമാളുടെ കാലത്തിനുശേഷം ഉണ്ടായിട്ടുള്ള രാഷ്ട്രീയ മുതലായുടെ അതിരുകൾ ഒരു സ്ഥാനത്തിനർഹനാണ്. ഡിസ്ട്രിക്ട് ജഡ്ജി സ്ഥാനങ്ങളിലേക്കുള്ള നിയമനങ്ങളിൽനിന്നും ഗവണ്മെൻറിനെ നയമെന്താണെന്നു് നാം മനസ്സിലാക്കുന്നപക്ഷം, അതു മുത്തംകൊടുക്കുന്നതെന്നപോലെ പ്രിയത്തെ അനുസരിക്കാണെന്നാണു തോന്നുന്നതു്. (ചിരി) ആകാശം നിലംപതിക്കുന്നതായാൽപോലും ന്യായംപരിപാലിക്കേണ്ട ബാദ്ധ്യതപ്പെട്ട മൈക്കോടതി അതിന്റെ ഭരണകാര്യങ്ങളെസംബന്ധിച്ചു ഇപ്രകാരമുള്ള പരാതികൾക്കിടയാകുന്നതു ഒരു വലിയ ഭാഗ്യദോഷം തന്നെ. ബാറിൽനിന്നും ഇപ്പോൾചെയ്യുവരുന്നതുപോലെയുള്ള നിയമനങ്ങൾക്കു ഞാൻ അനുകൂലിയല്ല. ഒരു പെട്ടിക്കട ഒരു ചീത്തപ്പേർ നാംകി അതിനെ തൂക്കിവിടുന്നതുപോലെയാണ് ഇതു്. ബാറിൽനിന്നോ, പുറമെനിന്നോ, ഉയർക്കാവുന്നതിൽ ഏറ്റവും ഉത്തമനെ സശ്രദ്ധം തിരഞ്ഞെടുക്കണമെന്നു അഭിപ്രായപ്പെടുന്നവരിൽ ഒരുവനാണ് ഞാൻ. അതിനു തക്കയാംവം ഒരു തമിഴൻ ആയിപ്പോയിരുന്നാൽ അതു ഒരുയോഗ്യതക്കുറവായിരിക്കാൻ പാടുള്ളതല്ല. അദ്ദേഹത്തിന്റെ അവകാശങ്ങളെ അവഗണിക്കുവാൻ പാടുള്ളതല്ല. ഇത്തരം സംഗതികളിൽ ഇരുവിഭാഗങ്ങളോടും സംഭവിക്കുന്നു. ആ മാതിരിനിയമനങ്ങളും ചെയ്തിട്ടുള്ളതു് മൈക്കോടതിക്കു ഒട്ടുംതന്നെ ശ്രേയസ്കരമായിട്ടുള്ളതല്ല. ഞാൻ മുൻപറഞ്ഞുപോലെയുള്ള വഗ്ദിയ ചിന്താഗതിയാണെന്നുള്ളപക്ഷം അതിനെ ഭീകരിക്കേണ്ടകാര്യം ഏകദേശം ഒഴിയിരിക്കുന്നു. ഇതൊന്നുശരിയല്ലാ.

നീതിന്യായപരിപാലനത്തെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ അപരിഹാരമായ ഒരു അവസ്ഥയെ പ്രാപിച്ചിരിക്കുന്നു. തൽനിമിത്തം വിമർശകന്മാർപോലും ധിരശാന്തരായിരിക്കുകയാണ്.

നീതിനടത്തുന്നതു സംബന്ധിച്ചുള്ള കാലവിളംബം പൂർവ്വോപരി വർദ്ധിക്കുന്നിരിക്കുന്നു എന്നുള്ളതാണ് ലോകമൊട്ടുക്കുള്ള ഒരു പരാതിയാണ്. ഇക്കാര്യത്തിൽ വക്കീലന്മാരും കോടതിക്കാരുമാണ് വലിയ കുറ്റവാളികളാണ്. വക്കീലന്മാരുടെ സംഖ്യ വളരെ വർദ്ധിച്ചിരിക്കുന്നു. തൽനിമിത്തം ഓരോ വക്കീലും തങ്ങളുടെ കക്ഷികളെ തീർത്തുകൊടുക്കുന്നതിനിടയാക്കാതെ നിലനിർത്തിപോരണമെന്നാഗ്രഹിക്കുന്നു. അതു വക്കീലന്മാരും കക്ഷികളും തമ്മിലുള്ള ഒരു വടംപിടിത്തമായിരിക്കുന്നു. കക്ഷികൾ നീട്ടിക്കൊണ്ടുപോകുന്ന കാര്യത്തിൽ വക്കീലന്മാർ സഹായിക്കയുമുണ്ട്. ഈ അവസ്ഥയിൽ, വക്കീലന്മാരുടെ സംഖ്യ വർദ്ധിക്കാതിരിക്കേണ്ടതിലേക്കു ചില നിബന്ധനകൾ ഏർപ്പെടുത്തണമെന്നു ഒരുവൻ ഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു. വളരെ സുകരവും നിരപേക്ഷവുകരവും ആയ ഒരു മാർഗ്ഗം, ലാക്കാളേജ് നിർത്തൽ ചെയ്യുകയായിരിക്കും. എന്നാൽ ഇതിനു പ്രതിബന്ധങ്ങളായി രണ്ടു സംഗതികൾ ഉണ്ട്. അതിൽ ഒന്നു, രാജ്യത്തിലെ മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങളെ അപേക്ഷിച്ചു അതു സാമ്പത്തികമായ ഒന്നാണ് എന്നുള്ളതാണ്. ഇനി ഒന്നു, അതു തിരുവനന്തപുരത്തുള്ള ഭൂരിഭാഗം വക്കീലന്മാരുടെ രക്ഷാമാർഗ്ഗമായിരിക്കുന്നു എന്നുള്ളതുമാകുന്നു. അടുത്തതായി ചെയ്യാവുന്നതിൽ ഏറ്റവും ഉത്തമമായതു് പ്ലീഡർഷിപ്പുക്ലാസ്സ് നിർത്തൽ ചെയ്യുകയാകുന്നു. എന്നാൽ തികയാത്ത ഒരു ബഡ്ജറ്റിനെ ക്ലേശം സുകരമായി നിർവഹിക്കാവുന്ന കാര്യങ്ങളല്ല ഇവ. നീതിന്യായപരിപാലനത്തിൽ കാലവിളംബം നേരിടുന്നു എന്നു് ഏതുതരം ജനങ്ങളാണ് പരാതി പറയുന്നതു എന്നു നമുക്കു ആരാഞ്ഞറിയേണ്ടതായുണ്ട്. നാം അവരെപ്പൊതുവെ കർഷകന്മാർ എന്നും കച്ചവടക്കാർ എന്നും തരം തിരിച്ചേക്കാം. കർഷകന്മാരെ സംബന്ധിച്ചേടത്തോളം, തങ്ങൾ ഇടപെട്ടിരിക്കുന്ന വ്യവഹാരത്തെ അതിവേഗത്തിൽ അവസാനിപ്പിക്കേണ്ട കടപ്പാടുള്ളപക്ഷം അവർ പരാതിപറയും. അതു അവർക്കു നേരമ്പോക്കാനുള്ള ഒരു വിദ്യയാണ്. അതു സാധാരണയായി, അവർ ഇടപെടുന്നതിൽ ബുദ്ധി ഉപയോഗിക്കേണ്ട ഏകവൃത്തിയാകുന്നു. അവരുടെ പരാതിയുടെസാരം കാലതാമസമല്ല. കച്ചവടക്കാരുടെ കാര്യത്തിൽ, അവരുടെ പരാതി യഥാർത്ഥമായിട്ടുള്ളതാണ്. അതു വിചാരണചെയ്യുന്നതി നർഹതയുള്ളതുമാകുന്നു. കച്ചവടസംബന്ധമായ വ്യവഹാരങ്ങളിൽ കാലതാമസം നേരിടുന്നതു് രാജ്യത്തിലെ യാ

ന്നിജ്യാഭിവൃദ്ധിക്ക പലപ്പോഴും ഹാനികരമായിട്ടുള്ളതാകുന്നു, പലപ്പോഴും, വക്കീലന്മാരും ജഡ്ജിമാരും വ്യാപാര
രസംബന്ധമായ നിയമങ്ങളെപ്പറ്റിയും നടപടികളെപ്പറ്റിയും ഒരുപോലെ അജ്ഞന്മാരായിട്ടാണ് കണ്ടുവരാറു
ള്ളത്. അതുകൊണ്ട് കച്ചവടസംബന്ധമായ വ്യവഹാരങ്ങളെ സാധാരണവ്യവഹാരങ്ങളെക്കാൾ വേഗത്തിൽ
തീരുമാനിക്കുന്നതിനു പുതിയ വഴികളും ഉപായങ്ങളും കണ്ടുപിടിക്കേണ്ടതു ഗവർണ്മെന്റിന്റെ ചുമതലയാകുന്നു.
ഈ കാര്യത്തെപ്പറ്റി അന്വേഷണങ്ങൾ നടത്തുന്നതിനു ഒരു കമ്മറ്റി നിയമിക്കേണ്ടതായിവരും. മറ്റു കാര്യ്യ
ങ്ങളെസംബന്ധിച്ചിടത്തോളം, നീതിന്യായ ഉദ്യോഗസ്ഥന്മാരിൽ നിന്നും അവർ ചെയ്യുന്ന ജോലിയുടെ കണക്ക
ചോദിക്കുന്ന ഇപ്പോഴത്തെ രീതി ഇപ്പോഴത്തെ അവസ്ഥയിൽ മാത്രമേ പരിണമിക്കാവുള്ളൂ. ഇപ്പോൾ യഥാ
ർത്ഥ ന്യായപരിപാലനത്തിനേക്കാൾ വളരെ പ്രാധാന്യമുള്ളതു് ചെയ്യുന്നിന്ന ജോലിയുടെ കണക്കുകളാണെന്നാണ്
വച്ചിട്ടുള്ളതു്.

കഴിയുന്നത്ര എളുപ്പം നിർത്തൽചെയ്യേണ്ടതായ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റുള്ളപക്ഷം അതു് മെഡി
ക്കൽ വകുപ്പാകുന്നു. സാധാരണക്കാരനായ ഒരു കേരളീയനവനു അതിൽനിന്നും യാതൊരു ഗുണവും സിദ്ധിക്ക
ന്നില്ല എന്നുള്ളതു് ഇപ്പോൾ ഏറക്കുറെ വാസ്തവമായി പരിണമിച്ചിരിക്കുന്നു. ഉദ്യോഗസ്ഥന്മാർക്കും ധനികന്മാർ
ക്കുമായിട്ടാണ് അതു പ്രധാനമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഒട്ടധികം മിഷ്യനറിസംഘങ്ങളും കൂപവിദ്യാരക്ഷ ന
ടകുന്നതിനു മനഃപൂർവ്വം ശ്രമിക്കുന്ന ഈ അവസരത്തിൽ ഗവർണ്മെന്റുവക ഒരു സ്ഥാപനം ഉണ്ടായിരിക്കേണ്ട
ആവശ്യം ഇല്ല. നെയ്യൂർ ക്രൈസ്തവ മിഷ്യൻ ആശുപത്രിയും നാഗർകോവിൽ രക്ഷാരാജസന്യ ആശുപത്രിയും
തിരുവിതാംകൂറിൽ കീർത്തിയിൽ അദ്വിതീയമായ ആശുപത്രികളാകുന്നു. ഈ മാർഗ്ഗങ്ങളിൽ സ്വകീയയത്നങ്ങളെ
ഗവർണ്മെന്റു ധാരാളമായി സഹായിക്കുകമാത്രം ചെയ്താൽ മതി. ഇംഗ്ലണ്ടിൽ നടപ്പിലിരിക്കുന്ന നയം ഇതാണെ
ന്നാണ് എന്റെ അറിവു. ഗവണ്മെന്റിന്റെ ഇപ്പോഴത്തെ നയം മറിച്ചൊന്നുതന്നെ ലക്ഷ്യമായിട്ടുള്ളതാകുന്നു. ഇപ്പോഴത്തെ നയം, ശ്രദ്ധേയമല്ലാത്ത അപ്രാപ്തിമാത്രമാകുന്നു. തിരുവനന്തപുരത്തുള്ള രണ്ടു
ആശുപത്രികളും ഇതിനു ധാരാളം സാക്ഷ്യം വഹിക്കുന്നുണ്ടു്. വാസ്തവത്തിൽ സമർത്ഥനായ ഒരു മെഡിക്കൽ പ്രാ
ക്ടീഷണർക്കു, തിരുവനന്തപുരത്തുള്ളതുപോലെയുള്ള ഒരു ഒന്നാംതരം ജനറലാശുപത്രിയെ തോൽവിപ്പെടുത്താൻ
സാധിക്കുമെന്നു നാം ഇന്നു നമ്മുടെ കണ്ണിൻമുമ്പിൽ കാണുന്നു. ഇന്നു മെഡിക്കൽ വകുപ്പിനു വലിയ മന്ദതയാ
ണുള്ളതു്. ഈ മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ തന്നെത്താൻ അവലംബമാക്കിക്കൊള്ളുന്നതിനും മറ്റുള്ളവർക്കും
പ്പും അതു നിവൃത്തിക്കുന്നതിനും അനുവദിക്കുന്നതായ ഒരു നല്ല ഗവണ്മെന്റു സ്വീകരിക്കുന്നെങ്കിൽമാത്രമേ അ
ല്ലാ അവർക്കു ഗുണകരമായിരിക്കുകയുള്ളൂ. എന്തുകൊണ്ടെന്നാൽ ഇപ്പോൾ അവരുടെ മേൽനോട്ടത്തിലിരിക്കുന്ന
ആശുപത്രി ഗവണ്മെന്റിനും കൂടികൂടെക്കും ഒരുപോലെ ഉപയോഗപ്രദമായിരിക്കുന്നതാണ്. തിരുവനന്തപുര
ത്തു സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ആയുള്ള ആശുപത്രിയുടെ വളപ്പിലകത്തു യാതൊരു ആൺ മെഡിക്കൽഉദ്യോ
ഗസ്ഥനും പ്രവേശനമനുവദിച്ചിട്ടില്ലാ എന്നു എല്ലാവർക്കും അറിയാൻ പാടില്ലായിരിക്കും. തിരുവനന്തപുരത്തു
അപ്രകാരം വളരെ രഹസ്യമുള്ള ഒരു സ്ഥാപനം ഉണ്ടായിരിക്കുന്നതിനു എന്തെങ്കിലും ന്യായമുള്ളപക്ഷം, അതു രാജ്യ
ത്തിനൊട്ടുക ഗുണപ്രദമായിരിക്കും എന്നുള്ളതാണ്. സകലമാന മെഡിക്കൽ ഉദ്യോഗസ്ഥന്മാരും നല്ലവണ്ണം
അറിഞ്ഞിരിക്കേണ്ട ഒരു പ്രത്യേകവിഷയമാണ് സൂതികർമ്മം. രാജ്യത്തുള്ള ഏതാ മെഡിക്കൽ ഉദ്യോഗസ്ഥന്മാ
ർക്കും സ്വീകാര്യമായിരിക്കേണ്ട പരിചയം ഒരു ബുദ്ധിശ്രൂന്യമായ ചട്ടത്താൽ നിരോധിക്കുന്നതായാൽ, അതു യ
ഥാർത്ഥത്തിൽ, ചികിത്സാപരിചയമില്ലാത്തമെഡിക്കൽ ഉദ്യോഗസ്ഥന്മാരെ തൽസ്ഥാനത്തിനു പുറമേയുള്ളസ്ഥല
ങ്ങളിൽ യഥേഷ്ടം വിട്ടയക്കുന്നതുപോലെയാകുന്നു. മദ്രാർണ്ണാറി ആശുപത്രികളിൽ മെഡിക്കൽ ഉദ്യോഗസ്ഥ
ന്മാർക്കു പ്രവേശനം നിരോധിക്കുന്നതു സകല പരിഷ്കൃത നടപടിക്രമങ്ങൾക്കും വിപരീതമായിട്ടുള്ളതാണ്. തിരു
വനന്തപുരത്തെ ജനങ്ങൾക്കു, തങ്ങളുടെ സ്വന്തമുപയോഗാർത്ഥം ഒരു ഫ്രൊക്കാശുപത്രി വേണമെന്നു വിചാരി
ക്കുന്നപക്ഷം അതിനെ നിർവ്വഹിക്കുന്നതിനു മുൻസിപ്പാലിറ്റിയുണ്ട്. കൂടാതെ മദ്രാർണ്ണാറി ആസ്പത്രിയിൽനി
ന്നും ഗോഷാആശുപത്രി വേർതിരിക്കുന്നതുകൊണ്ടുത്തിൽ യാതൊരു വിരോധവും ഉണ്ടായിരിക്കുന്നതല്ല. അതുകൊ
ണ്ടു, കഴിയുന്നിടത്തോളം, ഡിപ്പാർട്ടുമെന്റുള്ള സകല മെഡിക്കൽ ഉദ്യോഗസ്ഥന്മാരേയും തൽസ്ഥാനത്തിനു പു
റമെ അയക്കുന്നതിനുമുമ്പു് മദ്രാർണ്ണാറി ആശുപത്രിയിൽ കുറഞ്ഞപക്ഷം ഒരുമാസം സൂതികർമ്മം പരിശീലി
പ്പിക്കേണ്ടതു എന്തുകൊണ്ടും അത്യാവശ്യമാകുന്നു. അല്ലാത്തപക്ഷം, കൂടികൂടെ യാതൊരുപ്രയോജനവും ചെയ്യാത്ത
തായ ഈ ആശുപത്രിയെ നിർത്തൽചെയ്യണം.

നമ്മുടെ ധനസ്ഥിതിയെപ്പറ്റി ചുരുക്കത്തിൽ ഒന്നു വിമർശിക്കുന്നതായാൽ, അതിനു അഭിവൃദ്ധിയുണ്ടെന്നി
രുന്നാൽതന്നെ അതു ഒരു ആളോസന്റെ അഭിവൃദ്ധിപോലെമാത്രമാണ്. ഉപ്പിലുള്ള തീരുവ ഇരട്ടിക്കുക, പുതു
വൽഭൂമികൾ വിൽക്കുക മുതലായി പുനരാവർത്തിക്കാത്ത ചിലസംഗതികൾനിമിത്തം വിചാരിച്ചിരിക്കാതെ ഉ
ണ്ടായ ഭാഗ്യോദയങ്ങളെ കണക്കാക്കാതിരുന്നാൽ, പലവിധത്തിലുള്ള നികുതികൾ ചുമത്തിയിരുന്നിട്ടും, കഴിഞ്ഞ
അമ്പതുകൊല്ലങ്ങളായി ബഡ്ജറ്റു തികയാതെ വരുന്ന മന്നായിരുന്നേനെ. നമ്മുടെ ധനസ്ഥിതിയെ സ്ഥിരതയുള്ള
ഒന്നാക്കിത്തീർക്കണമെങ്കിൽ, പ്രളയത്തിനു മുൻപുണ്ടായിട്ടുള്ള കറൻസി-രൂപ ഇൻടർനാഷനൽ ട്രേഡ് കൺവെ
ൻഷനിൽ ധീരതയോടെ ഇടപെട്ടു അതിനെ പുനർശോധന ചെയ്യണം; റയിൽവെ നടത്തിപ്പിൽ ഒരു ഉന്നമായ
മേൽനോട്ടമുണ്ടായിരിക്കണം; റയിൽവെ കുത്തകയെ സമുചിതമായ വ്യവസ്ഥകളിന്മേൽ ഉടനടി പുനർ
ശോധനചെയ്യണം. റബ്ബറിൽ ഒരു കയറ്റുമതി തീരുവചുമത്തി അതിൽനിന്നും ഒരു നല്ല ആദായം ഈടാക്ക
ണം; ഇവിടത്തെ ഉപ്പു വ്യവസായത്തെ സഹായിക്കുകയും നല്ലവണ്ണം പ്രോത്സാഹിപ്പിക്കുകയുംചെയ്യണം; നമ്മുടെ
വനങ്ങളിൽനിന്നും സിദ്ധിക്കുന്ന ആദായത്തെ ശാസ്ത്രീയത്വം, ബുദ്ധിപൂർവ്വം വർദ്ധിപ്പിക്കണം; മദ്യവില്പനകാര്യ
ത്തിൽ, അതായുന്നതലങ്ങളുടെ ഇഷ്ടാനുരണം, താമസിയാതെ അതിന്റെ നിരോധനത്തിലേക്കു നയിക്കുന്ന
തായ ഒരു നയം സ്വീകരിക്കണം. വിദ്യാഭ്യാസരീതിയെ പാടെ മാറ്റേണ്ടതുണ്ട്. കുത്തിൽസംബന്ധമായും
സാങ്കേതികമായുമുള്ള പരിശീലനം നൽകുന്നതിനുള്ള ഉദ്ദേശത്തോടുകൂടി, ഒരു പ്രാഥമികസർവകലാശാല സ്ഥാ
പിച്ചിട്ടുണ്ടെങ്കിലും അതിലുള്ള തടസ്സങ്ങളെ സംരക്ഷിക്കണം, കൃഷിക്കും, കച്ചവടത്തിനും, കൂടിൽവ്യവസായങ്ങൾ
ക്കും പ്രത്യേകിച്ചു തുണതുടങ്ങിയതിനും മറ്റുമായിത്തിനും കൂടുതൽ രസതന്ത്രങ്ങൾക്കും നൽകണം; ഭരണസംബന്ധമായ
ചെലവുകളെ നിയ്ക്കാതുണ്ടും കുറക്കണം; എല്ലാറിനും ഉപരിയായി രാജ്യഭരണകാര്യങ്ങളിൽ ജനങ്ങൾക്കു

സാരവും കൂടുതൽ യഥാർത്ഥവും ആയ ഒരു പങ്കു നിർവഹണം. ഈ മാറ്റങ്ങളെ ഗവണ്മെൻറനുകരിക്കുന്നപക്ഷം, പൊതുസംതൃപ്തി, സമാധാനം, അഭിവൃദ്ധി ഇവകൾ പ്രതിഫലമായി ഉളവാകുന്നതാകുന്നു. പ്രജകളുടെ സമ്മതത്തോടും സഹകരണത്തോടുംകൂടിയ ഒരു ഗവൺമെൻറിനപേക്ഷം എത്രതന്നെ രേഖീയുള്ളതും അഭിവൃദ്ധികരവും ആയ ഒരു ഗവൺമെൻറുണ്ടായിരുന്നാലും അതു ഒരു നല്ലഗവണ്മെൻറായിരിക്കുന്നതല്ല എന്ന ഒന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ടു ഞാൻ ഉപസംഹരിക്കുന്നതാണ്. സകല പാർശ്വമൻറുകളുടെയും മാതൃസ്ഥാനം വഹിക്കുന്നതായ പാർലമെൻറിന്റെ ഉത്തരവാദം, മേലാകുന്നതിൽ ജനപ്രാതിനിധ്യഭരണം സുസാദ്ധ്യമാക്കുന്നതിനുള്ള വിദ്യയെ ചുമതലവഹിക്കുന്നതും ആയ ഒരു നാട്ടിൽനിന്നും പുതുതായി മാറിപോകുന്നു, അഭിപ്രായത്തിന്റെ ഭരണമഹത്വത്താൽ ജനതതിയെ കൂടുതൽതയുള്ളതാക്കുന്നു, മഹാരാജ്ഞി റീജൻറ തിരുമനസ്സിലെ പ്രിയ്യതമായ ഭരണത്തെക്കുറിച്ചു സമാസ്വരണയുള്ളവരായും ആകിത്തീർന്നിട്ടുപോയി എന്ന് ഇപ്പോഴത്തെ ദിവാൻജിതന്നെ അവർക്കുതന്നെപ്പറ്റി പറയുവാൻ നമുക്കു ഇടയായേക്കുന്നു ഇപ്പോഴത്തെ ഗവണ്മെൻറിന്റെ മഹാത്മ്യത്തെ വർദ്ധിപ്പിക്കുമെന്നു ഞാൻ ആശിക്കട്ടെയോ?

മി. പി. ഹമ്മീദ്മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): സർ ബഡ്ഡ്റോടകൂടിൽ മിസ്റ്റർ ജാക്സ്സൺ പറഞ്ഞുവച്ചിട്ടുള്ള അഭിപ്രായങ്ങളെപ്പറ്റി എന്റെ സ്നേഹിതന്മാരിൽ വളരെപേരുടെ വാഗ്വൈഭവത്തോടുകൂടിയ പ്രസംഗങ്ങളിൽ നിരൂപിക്കപ്പെട്ട എന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഫിനാൻഷ്യൽസെക്രട്ടറിയുടെ ഈ വർഷത്തെ ബഡ്ഡ്റോടകൂടിൽ ധനതത്വസംബന്ധമായും, ഭരണസംബന്ധമായും രാഷ്ട്രീയമായും അനേകം അബദ്ധങ്ങൾ ഉണ്ട്. തൽഭയം അവയെ ഓരോന്നായി പുറത്തുപറയുന്നതിനും അവയിൽ അന്തർഭവിച്ചിരിക്കുന്ന മറിമായത്തെ പുറത്താക്കുന്നതിനും, അനുദ്യോഗസ്ഥസംമോജിതന്മാർക്കും എല്ലാപേർക്കുമായി അനുവദിച്ചിട്ടുള്ള സമയത്തിൽ കൂടുതൽ വേണ്ടിവരും. അതിനാൽ ഇന്നു ഞാൻ മന്നോ, രണ്ടോ സംഗതികളെപ്പറ്റി മാത്രം ചിലതു പറയാം. ബഡ്ഡ്റോ മിച്ചമിരിപ്പുകാണിക്കുന്നുവെന്നുവെയ്ക്കൊണ്ടു ഫിനാൻഷ്യൽസെക്രട്ടറി തന്നെത്താൻ വളരെ പ്രശംസിക്കുന്നു. ചരിത്രം പഠിച്ചിട്ടുള്ള ഒരാളിന്റെ നിലയിൽ, ബഡ്ഡ്റോടിൽ മിച്ചമിരിപ്പുകാണിക്കുന്നതായ നയത്തെ ഉഭയമായി അനുവർത്തിക്കുമ്പോൾ അനേകം രാജ്യക്കാർ ഇതിനുമുമ്പു തിരിഞ്ഞാവസ്ഥയെ പ്രാപിച്ചിട്ടുണ്ട് എന്നു ഏവനിക്കറിയാം. ആവശ്യമുള്ളടത്തു വേണ്ടപോലെ ചെലവുചെയ്യാതിരിക്ക; അതേസമയത്തുതന്നെ ഭരണസംബന്ധമായ സ്ഥാപനങ്ങളെ വർദ്ധിപ്പിക്കുക; നികുതികുറക്കുമീതെ നികുതികൂടി ചുമത്തുക; ഇപ്രകാരംഎല്ലാം ചെയ്യുന്നതായാൽ നമുക്കു ഫിനാൻഷ്യൽസെക്രട്ടറിയുടെ വിദ്യ പലപ്രാവശ്യം കാണിക്കാൻ സാധിക്കും.

വിദ്യാഭ്യാസത്തിലുള്ള ചെലവുവർദ്ധന ഭീമമായതെന്നാണെന്നും അതു ഒരു ഇരട്ടിയിൽ കൂടുതലായി വർദ്ധിച്ചിട്ടുണ്ടെന്നും ഫിനാൻഷ്യൽസെക്രട്ടറി അവർകൾ വാഗ്വൈഭവത്തോടുകൂടി പ്രസ്താവിച്ചു. അതിനു, സഭയുടെ ഈ ഭാഗത്തുള്ള ആരുംതന്നെ അനുകരിക്കയില്ലാ എന്നു ഞാൻ വിശ്വസിക്കുന്നു. കൂടുതലായി ഒരു കണക്കുകൂടി ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ സമർപ്പിക്കട്ടെ. നമുക്കുണ്ടായിരുന്ന ഭരണകർത്താക്കന്മാരിൽ ഏറ്റവും മഹാത്മാവും ബുദ്ധിമാനുമായിരുന്ന കഴിഞ്ഞുപോയ മഹാരാജാവുതിരുമനസിലെ അതിവിശിഷ്ടമായ ഭരണത്തിന്റെ അന്ത്യകാലത്തിൽ വിദ്യാഭ്യാസവിഷയത്തിൽ ഉള്ള ചിലവു് ചിലപ്രകാരം ശ്രദ്ധേയമായിരുന്നു. അന്നത്തെപ്രാർത്ഥം വളരെദേശം നാലുമടങ്ങുവർദ്ധിച്ചിട്ടുണ്ട്. അതുമതിയാകുമോ? ശ്രദ്ധേയംചെയ്യുന്ന ജനങ്ങളെ ഭയപരവശരാക്കിത്തീർക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടെന്നാണോ, വിദ്യാഭ്യാസവിഷയത്തിലെ ചെലവുവർദ്ധനയെപ്പറ്റി മിസ്റ്റർ ജാക്സിനുള്ള ആക്ഷേപങ്ങളും വിദ്യാഭ്യാസസംബന്ധമായ ചെലവുചുരുക്കലിനെപ്പറ്റിയുള്ള റിപ്പോർട്ടിൽ അദ്ദേഹം ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ള ചില വിശേഷയഭിപ്രായങ്ങളുടെയും വളരെ യോജിക്കുന്നുണ്ട്. ചെലവുചുരുക്കുന്നകാര്യത്തിൽ അദ്ദേഹത്തിനു വഴിയധികാരിയുണ്ടെന്നിരുന്നിട്ടും പ്രസ്തുതറിപ്പോർട്ടിനായി ഒരു സാരമായ പ്രതിഫലംവാങ്ങുന്നതിനു അദ്ദേഹം ഒട്ടും മടിച്ചില്ല. ദേശീയ ജീവിതത്തിൽ വിദ്യാഭ്യാസം എത്രകണ്ടു പ്രധാനമായിട്ടുള്ളതാണെന്നു മനസിലാക്കുവാൻ പ്രാപ്തിയില്ലാത്ത ഒരു ഏടയസ്ഥിതിയെ അദ്ദേഹം ഒരു പുതിയകോയ്മക്കുവേണ്ടി ഇത്തരത്തിൽ ഭയാനകമാംവണ്ണം വെളിപ്പെടുത്തുകയില്ലെന്നാണ് ഞാൻ വിചാരിച്ചതു്. വിദ്യാഭ്യാസവിഷയത്തിൽ മേലേതന്നെ പണം ചിലവു ചെയ്യുന്ന കാര്യത്തിൽ കഴിഞ്ഞുപോയ മഹാരാജാവു് തിരുമനസുകൊണ്ടു ഇത്രമാത്രം ബുദ്ധിപൂർവ്വവും രാജ്യതന്ത്രനിപുണതയോടുകൂടിയതും ആയ ഒരുനയം അനുകരിച്ചിരുന്നില്ലെങ്കിൽ മിസ്റ്റർ ജാക്സിനു ഇവിടെ ഉണ്ടായിരിക്കുവാൻ സാധിക്കുകയില്ലായിരുന്നു. എന്നുവേണ്ടാ നാം ആരുംതന്നെ ഇപ്പോൾ ഇവിടെ കാണുകയില്ലായിരുന്ന സ്വേച്ഛാപ്രഭുത്വം ജനങ്ങളുടെ അജ്ഞതാം മൂലമാണ് ഉന്മൂലമായി നിലനിൽക്കുന്നതു അർദ്ധവിദ്യാഭ്യാസമുള്ളതോ പരിപൂർണ്ണവിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തതോ ആയ ഒരു ജനസമൂഹം ഒരു പ്രതിഷേധത്തിനു അതിന്റെ അധികാരത്തെ നടപ്പിൽവരുത്തുന്നതിനു അവസരം നൽകുന്നു വിദ്യാഭ്യാസം അതിനെ എല്ലാംലക്ഷ്യങ്ങളിലും ജനപ്രാതിനിധ്യഭരണത്തിന്റെ യഥാർത്ഥജീവനാകുന്നു. ജനപ്രാതിനിധ്യമുള്ള ഒരു ഗവർണ്മെൻറുണ്ടായിരിക്കണമെങ്കിൽ ജനങ്ങളും വിദ്യാഭ്യാസമുള്ളവരായിരിക്കണം. വിദ്യാഭ്യാസവിഷയത്തിൽ ഉള്ള അധികച്ചെലവു നിർത്തൽചെയ്യണമെന്നു എന്തുംതന്നെ അത്യാവശ്യമാണെന്നു ഫിനാൻഷ്യൽസെക്രട്ടറി വെളുമായി പ്രതിവാദിച്ചപ്പോൾ സിഡനിസ്മിത്തിന്റെ ഒരു കഥാപാത്രമായ മസ്സിസ് പാർഡ്ഗൺനെപ്പറ്റി എനിക്കു ഓർമ്മവന്നു എന്നു പറയുന്നതിനു ഞാൻ നിന്ദാസൂചകമായ് യതൊന്നും ഉദ്ദേശിക്കുന്നില്ല. മിസ്സസ്വാർഡിംഗ്ടൺ അറ്റോർണിക്കു് മഹാസമുദ്രത്തിലെ പുറകോട്ടുള്ളി മാറുന്നതിനു ഉപദേശിച്ചു. എന്നാൽ എളുപ്പത്തിൽ വെളിവാകുന്നപോലെ, ഈരണ്ടുകക്ഷികളും ഒരുപോലെ ശക്തിയുള്ളവരല്ലായിരുന്നു. അതുപോലെ മിസ്റ്റർ ജാക്സ് വിദ്യാഭ്യാസവർദ്ധനയെ തടയണമെന്നാഗ്രഹിക്കുന്നു. അദ്ദേഹം അതേക്കുറിച്ചായാണ് നിവൃത്തിക്കാൻ പോകുന്നതു് എന്നുള്ളതാണ് ചോദ്യം. അദ്ദേഹം തന്റെ കണക്കുകളിൽ പ്രയോഗിച്ചിട്ടുള്ള ഇന്ത്യാരാജ്യത്തിന്റെ ജനസംഖ്യവർദ്ധനവിനെ തടയുന്നതിനു സാധിക്കുമോ? വിദ്യാഭ്യാസത്തെ ആരായുന്ന ജനങ്ങളുടെ സംഖ്യയോടു അതേനിലയിൽ നിൽക്കണമെന്നു് ആജ്ഞാപിക്കുന്നതിനു ഫിനാൻഷ്യൽസെക്രട്ടറിക്കു കഴിയുമോ സ്കൂളുകളിൽ ഇനി കൂടുതൽ കുട്ടികളെച്ചേർക്കാൻ പാടുള്ളതല്ലെന്നു മിസ്റ്റർ സ്റ്റീഫൻസൺ ഒരുത്തരവയക്കുമോ? പുതിയ വിദ്യാലയങ്ങളുടെ സ്ഥാപനത്തെ തിരോധിക്കുമോ? മാനേജരന്മാർ കൂടുതൽ സഹായധനം വേണമെന്നു അപേക്ഷിക്കുന്നതു ഒരു

വർടസ്സ് കൂടുതൽ അപ്പം ആവശ്യപ്പെട്ടാൽ എന്നപോലെ അത്ര കുറഞ്ഞകരമായി പരിണമിക്കുമോ? പുതിയ സ്കൂളുകൾ ഇറക്കുക വിദ്യാലയങ്ങളിലെ അധ്യയനക്രമത്തെ ഉയർത്തുകയായവ കുറഞ്ഞകരമാണെന്നു വരുത്തുന്നതിലേക്കു പുതിയ മാമെമ്പർ യോഗം ഒരു ബിൽ അവതരിപ്പിക്കുമോ? കുറഞ്ഞ ശമ്പളക്കാരായ എലിമെൻറി സ്കൂൾ വാദ്ധ്യാന്മാർ തങ്ങൾക്കു കുറച്ചുകൂടി നല്ലശമ്പളം ലഭിക്കണമെന്നു അപേക്ഷിക്കുന്നതായാൽ അഴ് ഇനി മേചിൽ ഒരു കുറവായിരിക്കുമോ? അവരുടെ സങ്കടങ്ങളെപ്പറ്റി എൻറെ സ്നേഹിതൻ മിസ്റ്റർ എ. നക. പിള്ള സൂചിപ്പിച്ചുവല്ലോ.

ഫിനാൻഷ്യൽസെക്രട്ടറി ഈ ചോദ്യങ്ങൾക്കു എന്തെങ്കിലും മറുപടിതരുമെന്നു ഞാൻ വിശ്വസിക്കുന്നു. ജനസംഖ്യ വർദ്ധിക്കുന്നതോടുകൂടി വിദ്യാഭ്യാസവിഷയത്തിലുള്ള ചെലവും വർദ്ധിക്കുണ്ടു. ജനസംഖ്യവർദ്ധന; വിദ്യാഭ്യാസം സിദ്ധിക്കണമെന്നുള്ള അഭിലാഷം, വിദ്യാഭ്യാസത്തിനുള്ള സൌകര്യങ്ങളുടെ വർദ്ധന, വിദ്യാഭ്യാസവിഷയത്തിൽ അധികമധികം ചെലവുകളെ നിർവഹിക്കുന്നതിനു തക്കവണ്ണം രാജ്യത്തു ധനവർദ്ധന, ഇവകൾ ഈ ചെലവുവർദ്ധനവിനെ എത്രമാത്രം ബാധിക്കുമെന്നതിനെക്കുറിച്ചു തീർച്ചയില്ലാതിരിക്കുന്നതായാൽ പേർത്തുമാലോചിക്കുന്നതിനു കൂടെക്കൂടി എളുപ്പമുണ്ടു്. ഈ ഘട്ടത്തിൽ ഒരു കണക്കു ഈ സഭ അറിയുന്നതിലേക്കു സമർപ്പിക്കുന്നതിനു എന്നെ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലെ ഗവർണ്മെൻറു വിദ്യാഭ്യാസവിഷയത്തിൽ അതിൻറെ ആകെയുള്ള തിൻറെ ഇ൦ ശതമാനം ചെലവാക്കിയിരുന്നു. എന്നാൽ നമ്മുടെ ഗവർണ്മെൻറു അതിൻറെ മുതലെടുപ്പിൻറെ ഇ-ൽ ഒരുഭാഗത്തിൽ കവിയാത്തമാത്രമേ ചെലവുചെയ്യുന്നുള്ളു. ലോകത്തിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന രാജ്യങ്ങൾ മിക്കതും അവയുടെ പ്രതിവത്സരം ലഭിക്കുന്ന ആദായത്തിൽ നമ്മുടെ രാജ്യം ചെലവുചെയ്യുന്നതിലധികം ഒരു വലിയ അംശം ചെലവാക്കുന്നു.

മി. കെ. ജാജ് (ഗവണ്മെൻറ് ഫിനാൻഷ്യൽസെക്രട്ടറി)(അമേരിക്കയിലെ ഐക്യനാടുകളെപ്പറ്റിയുള്ള ഈ അറിവു് അദ്ദേഹത്തിനു എവിടെനിന്നുലഭിച്ചു എന്നു് ഞാൻ മെമ്പരോടു ചോദിച്ചുകൊള്ളട്ടയോ?

മി. പി. അബീബ്മഹമ്മദ് (നിയമിക്കപ്പെട്ട സഭ്യാംഗം): ആ പുസ്തകം ഇന്നതാണെന്നു ഞാൻ അദ്ദേഹത്തോടു പറയുന്നതായിരിക്കും.

നാം നമ്മെ തന്നെത്താൻ ഒന്നു് സ്തുതിക്കണമെന്നു വിചാരിക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസത്തെപ്പറ്റി നാം അഭിമാനത്തോടുകൂടി പ്രസ്താവിക്കുന്നു. നമ്മുടെ സമുദായക്കാർക്കു ഒരു വലിയഉദ്യോഗം കിട്ടണമെന്നു നാംവിചാരിക്കുമ്പോൾ, രാജ്യത്തു വിദ്യാഭ്യാസവിഷയത്തിൽ അതിനുള്ള ഉച്ചസ്ഥാനത്തെ നാം താഴ്മയായി ചൂണ്ടികാണിക്കുന്നു. എന്നാൽ, അകത്തുള്ള വരക്കുത്തു കടന്നു കഴിഞ്ഞാൽ, പിന്നെ മറവുള്ളവർക്കു അതിൽ പ്രവേശനം നൽകാതെ അവരെ അകറ്റിനിർത്തുന്നതിനു നമുക്കു ത്രമിക്കാം. ബ്രാഹ്മണർ, ക്രസ്ത്യാനികൾ, നായന്മാർ മുതലായ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സമുദായങ്ങൾക്കു, തങ്ങൾക്കു വിദ്യാഭ്യാസം സിദ്ധിച്ചുകഴിഞ്ഞതുകൊണ്ടു, മതിയാക്കണം എന്നു വിളിച്ചുപറയാൻ കഴിയും എങ്കിൽസമുദായംപോലെ വിദ്യാഭ്യാസത്തിൽ ഇനിയും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ മോചി യെപ്പറ്റി എന്താണ് പറയാനുള്ളതു്?

സക്കാർജീവനത്തിനൊ, പ്രതിഫലംകിട്ടുന്ന മറവിലെങ്കിലും ജോലിക്കൊ വിദ്യാഭ്യാസയോഗ്യത, മേലാൽവേണ്ടതായ ഒരുയോഗ്യത അല്ലായിരിക്കുമോ? ഇനിമേൽ ഉദ്യോഗനിയമനങ്ങൾ, പുരാതനകാലത്തു് അതതൻസിൽ ചെയ്യുന്നപോലെ, ചിട്ടിയിട്ടായിരിക്കുകയും ഉദ്യോഗകയറ്റങ്ങൾ നൽകുന്നകാര്യത്തിൽ വിദ്യാഭ്യാസമുള്ളവരെയും ഇല്ലാത്തവരെയും ഒരുപോലെ കണക്കുകയും ചെയ്യുമൊ? ഈ വിമർശനരീതി തുടരുന്നതിനു എതിരുവരുത്തുന്ന സങ്കടമുണ്ടു്. സ്കൂളുകളിൽ വേണ്ടുവോളം അദ്ധ്യാപകന്മാരെ വച്ചിട്ടില്ല. സാമാന്യം ചുരുക്കമാണു്. അദ്ധ്യാപകന്മാർക്കു ഉപജീവനം കഴിക്കുന്നതിനു മതിയായ ശമ്പളം നൽകുന്നില്ല. വിദ്യാഭ്യാസവകുപ്പിൽ എല്ലായിടത്തും ശമ്പളക്കുറവുകൊണ്ടു മേലിൽ ഗുണംസിദ്ധിക്കാത്തതുകൊണ്ടും അസംതൃപ്തി വ്യാപിച്ചിരിക്കുന്നു എന്നും മറവുള്ളപരാതി എല്ലായിടവും വ്യാപിച്ചിരിക്കുന്നു എന്നുള്ളതു്, ഈ സഭയുടെ വാളപ്രതിവാങ്ങളുടെ അച്ചടിപ്പകർപ്പിൽനിന്നും ഇനി മനസ്സിലാകുന്നതുപോലെ, കൂപ്രസിദ്ധമാണു. നമ്മുടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും എല്ലാവർക്കും വിദ്യാഭ്യാസം സിദ്ധിക്കുന്നതിനുള്ളസൌകര്യങ്ങൾ നൽകിയിട്ടില്ലെന്നും പരാതികൾ എല്ലായിടത്തും ഉണ്ടു. നിർവ്വാഹം സൂചിപ്പിച്ചിട്ടുണ്ടു. എന്നാൽ ആരാണ് അതിനുവേണ്ടപണംചെലവിടേണ്ടതു്? മി. ജാജ്ൻറെ പ്രസ്താവനകളെ അനുസരിച്ചാണു് അഴ് അനുവർത്തിക്കുന്നതെങ്കിൽ ഗവണ്മെൻറു അല്ലെന്നു എനിക്കുതീർച്ചയുണ്ടു. നമ്മുടെ ആൺകുട്ടികളിലും പെൺകുട്ടികളിലും ഒട്ടധികം പേർക്കു, നമ്മുടെകാളേജുകളിൽ പ്രവേശനം അനുവദിക്കായ്കകൊണ്ടൊ, അവകളിലെ സ്ഥലച്ചുരുക്കംകൊണ്ടൊ മല്ലാസ്, തുശിനാപ്പള്ളി മധുര തുടങ്ങിയസ്ഥലങ്ങളിലേക്കു പോകേണ്ടിവരുന്നു. ഈ യിട, നാം ഒരുകാളേജിനെ തണ്ടായിവിടുകയും മാരോന്നിലും ഇരട്ടി വിദ്യാർത്ഥികളെ ചേർക്കുന്നതിനു പ്രവർത്തിക്കുകയും ചെയ്തു. എന്നിട്ടും, ഈ വിജ്ഞാനത്തിനുശേഷം ചുരുക്കം ചില മാസങ്ങൾക്കുള്ളിൽ കാളേജ്കളിലെ സ്ഥലം ഴിയുന്നതും നമ്മുടെ വിദ്യാർത്ഥികളെതന്നെ പിടിച്ചുകഴിഞ്ഞു. അതേ സമയത്തുതന്നെ അവരിൽ പലരെയെങ്കിലും വീണ്ടും പ്രവേശമില്ലാതെ പുറത്തുനിൽക്കേണ്ടിവന്നു. അടുത്തയാണ്ടിലൊ, അതിനടുത്തയാണ്ടിലൊ അവർ വരുന്നഅവസരത്തിൽ അവർക്കു നാം എങ്ങനെസ്ഥലം നൽകും? ഗവണ്മെൻറു ഉയർന്നവിദ്യാഭ്യാസത്തിനുള്ള സംസ്ഥാനത്തിനുള്ളിൽതന്നെ കുട്ടികൾക്കും നൽകാത്തതുകൊണ്ടു്, തങ്ങളുടെകുട്ടികളെ മദ്രാസിലൊ, തുശിനാപ്പള്ളിയിലൊ അയക്കുന്നതിനു ശേഷിയുള്ള രക്ഷകർത്താക്കന്മാരോടു തദവാട്ടുകളും എഴുതുന്നു.

എന്തായാലും, ഈ കാർമേഘത്തിനിടയിൽ ഒരുചെറിയ വെള്ളിരേഖകാണുന്നുണ്ടു. വിദ്യാഭ്യാസസംബന്ധമായ ഒരുചെറിയസംഗതിയിൽഫിനാഷ്യൽസിക്രട്ടറിയുടേ ഭയത്തിനു കാച്ചുവിടുതട്ടിയിട്ടുണ്ടു. പട്ടിണികിടക്കുന്നകുട്ടിസ്കൂൾ അധ്യാപകന്മാരുടെ മുറവിളിക്കൊ, കൂടുതൽ അധ്യാപകന്മാരും, കൂടുൽസൌകര്യങ്ങളും കൊടുക്കണം വേണമെന്നു സ്കൂൾവേലക്കാർ കൂട്ടുന്നഅപേക്ഷകളുടെകൊ അദ്ദേഹത്തിൻറെ മനസിനെ ഇളക്കുവാൻ കഴിഞ്ഞുയില്ല. എന്നാൽതന്നെപ്പോലെയുള്ള ഒരുദ്യോഗസ്ഥൻറെ ഹൃദയത്തിലേക്കു കൂടുതൽശിപായിമാരും, കൂടുതൽ ഗ്രാമസ്ഥന്മാരും വേണമെന്നു ആവശ്യപ്പെടുമ്പോൾ അദ്ദേഹത്തിനു കാരുണ്യഭാവം കാട്ടാൻകഴിയും. കൂടു

ട്ടുണ്ടു. നമ്മുടെനന്ദികാട്ടുന്നതിനു നമുക്കു ലഭിയതായി ഒന്നും സൃഷ്ടിക്കുന്നതല്ലെന്നിരുന്നാലും, ചെറിയ കാരുണ്യ പോവങ്ങൾക്കായി നമുക്കു നന്ദിയുള്ളവരായിരിക്കാം. വിദ്യാഭ്യാസപ്രവർത്തനത്തിന്റെ മറ്റെല്ലാശാഖകളും അഭിവൃദ്ധിപ്പെട്ടുന്നതല്ലെന്നുവന്നാലും, ഡയറക്ടറാഫീസ് ഈ ആണ്ടിൽ അഭിവൃദ്ധിപ്രാപിക്കുന്നതാണ്. ഉയർന്നശമ്പളക്കാരായ രണ്ടു ഗ്രമസ്ഥന്മാർ, സാധാരണശമ്പളക്കാരായ രണ്ടുപേർ, ഇപ്പോൾ വിദ്യാഭ്യാസസംബന്ധമായ മൺവെട്ടുജോലിയിൽ പ്പർപ്പെട്ടിരിക്കുന്ന ഒരു ഡസൻശിപായിമാക്കുപുറമെ നാലുശിപായിമാർ, എന്നിവർ കൂടുതലായി ഉണ്ടായിരിക്കുന്നതാണ്. ഇക്കാര്യത്തിൽ വിദ്യാഭ്യാസഡയറക്ടക്ക് മാത്രമല്ല നല്ലസൽക്കാരം ലഭിച്ചിട്ടുള്ളതു് ഈ സഭയേയും, മി. ജാജിനോളം മഹാമനസ്കതയുള്ളതാണെന്നു വരുകിൽ ഇനിമേലാൽ ഡിപ്പാർട്ടുമെൻറു മേലധ്യക്ഷനു ഒരുമാടനജരെക്കൂടിചേർക്കാം.

മി. ജാജ്ജിന്റെപ്രസംഗം ശ്രവിച്ചുമാത്രയിൽ എനിക്കുണ്ടായ അത്ഭുതപാരവശ്യം അല്പംഒന്നടങ്ങിയ പ്പോൾ ഒരുകാര്യവിഷയത്തിലും പതിവില്ലാത്തവിധം ഇത്രയും കായ്ക്കുപുറത്തുചാടുന്നതിനു തരാറൊന്നുമില്ലെ എന്നു ഞാൻ അത്ഭുതപ്പെട്ടുപോയ്: ചോദ്യങ്ങൾക്കു മറുപടിപറയുന്ന അവസരത്തിൽ പ്രത്യേകിച്ചും ഇത്തരം പരമാർത്ഥത ഉണ്ടായിരിക്കുമെന്നു തീരെ ഉദ്ദേശിക്കാത്തതൊന്നായില്ല ഒരു ഡിപ്പാർട്ടുമെൻറിൽതന്നെ പ്രധാനമായിശ്ര ദ്ധചെലുത്തിച്ചുള്ളത് അവിടുത്തെ ശ്രേഷ്ഠസ്ഥന്മാരുടെ ശ്രേഷ്ഠഭൂഷണം അതിൽതന്നെചെലവിടട്ടെ എന്നും ദൈനംദിനത്തിലെ ശിക്ഷണഭാഗമെല്ലാം രക്ഷപ്പെട്ടുകൊള്ളട്ടെ എന്നും കരുതിയാണോ? പരമാർത്ഥമായ, ഈ സംശയം ബഡ്ജറ്റടുക്കുമ്പോഴെങ്കിലും പരിഹാരമുണ്ടാക്കുന്നതിനു എന്നു ഞാൻ പ്രാർത്ഥിച്ചു. ഭരണകേന്ദ്രത്തിലും ഡിപ്പാർട്ടുമെൻറുകളുടെ ഭരണത്തിലും, ഭരണകാര്യങ്ങൾക്കായുള്ള സ്ഥിരസ്ഥാപനങ്ങളിലാണ് ചെലവുചുരുക്കൽ ഏറ്റവും അത്യാവശ്യമായിരിക്കുന്നതു് എന്നാണ് എൻറാധാരണ. ഈ ഇനങ്ങളിൽ ഉള്ളതുചെലവിന്റെ വർദ്ധനവിദ്യാഭ്യാസഇനത്തിലുള്ള ചെലവിനെക്കാൾ വളരെഅധികം തോതാനുകൂലമായിട്ടുള്ളതാണ്. നമുക്കു ആരെയെങ്കിലും ഹിംസതന്നെ എടുക്കാം, ഒരു കൊല്ലങ്ങൾക്കുമുൻപു അങ്ങനെയുള്ളഡിപ്പാർട്ടുമെൻറുഴുവനും ഒരൊറയാളിനാലാണ്നടത്തിപോന്നിരുന്നതെന്നും. അദ്ദേഹത്തിനുസഹായത്തിനായി ഷ്രഷ്ടാസിസ്റ്റൻറുമാത്രമെ ഉണ്ടായിരുന്നുള്ളു എന്നും നിങ്ങൾക്കു എല്ലാപേക്കും നല്ലവണ്ണം അറിയാമെല്ലൊ. ഇപ്പോൾ മി. ഫോർജനു, ഒരു അസിസ്റ്റൻറന്മാരും, ഒട്ടവളരെ സൂപ്രണ്ടന്മാരും, അനവധിഗ്രമസ്ഥന്മാരും, ഒട്ടനവധി ശിപായിമാരുംഉണ്ട്. എന്നാൽ ആപ്രയോഗവൈഭവങ്ങളിൽ ധനകാര്യൽർശി മുമ്പോട്ടുവന്നു, തട്ടുക്കുവാൻ പ്രയാസമായിട്ടുള്ളതാണെന്ന് പ്രസ്താവിക്കത്തക്കവണ്ണമുള്ള മനക്ഷോഭജനകമായ പണമപഹരണങ്ങളെ പറ്റി ഞങ്ങൾകേട്ടിട്ടില്ല. ഇതുകൂടാതെ, അസിസ്റ്റൻറന്മാരും, സൂപ്രണ്ടന്മാരും, ഗ്രമസ്ഥന്മാരും, ശിപായിമാരും ഒഴിച്ചുള്ളഏതവിധം അത്യാവശ്യമായിട്ടുള്ളതാണെന്നാ? ഭരണയന്ത്രത്തിൽ ആകെയുള്ള ചെലവുവർദ്ധനക്കു കാരണമാക്കുന്നവിധം ഉയർന്നതും താഴ്ന്നതുമായ നിരക്കുകളിലും സ്ഥാപനങ്ങളിലും വരുത്തുന്ന എല്ലാവർദ്ധനയും നിരീക്ഷിക്കുന്നതുകൊണ്ടാണോ? ഒരു കൊല്ലങ്ങൾക്കുമുമ്പ് ഒരു പേഷ്കാരു്, തന്റെ അധികാരങ്ങളിൽപ്പെട്ടവയിൽ ചെന്നുചേരുന്നതിനു ചിലപ്പോൾ രു ദിവസം മുഴുവൻവേണ്ടിവന്നിരുന്നു. ഇന്നു് സാറിനുവടക്കൻപ്രവർത്തൽ കന്യാകുമാരിവരെ ഫാ മണിക്കൂറുകൊണ്ടു സഞ്ചരിക്കുന്നതിനുസാധിക്കും പഴയകാലങ്ങളിൽ ദിവാൻപേഷ്കാർ പ്രയത്നത്തിലുള്ള ജോലിഭാരംകൊണ്ടു മുമ്പന്തിക്കാരനായിരുന്നു. ഇപ്പോൾ അതൊക്കെ മറെഡിപ്പാർട്ടുമെൻറുകാർ കൈയേറിട്ടുണ്ട്. എന്നുവരുകിലും പേഷ്കാരന്മാരുടെ സംഖ്യയിൽ യാതൊരുകുറവും വരുത്തിയിട്ടില്ല. അവക്ക് എന്തിനാണ് ഇത്രയധികം അസിസ്റ്റൻറന്മാരെന്നുകൊടുത്തിരിക്കുന്നതു്? എല്ലാറിനും മേലായി പ്രയാസമേറിയ നാടുകാര്യങ്ങളും നോക്കിച്ചെയ്തിരുന്ന ഒരു ദിവാനുണ്ടായിരുന്നു കൂടാതെ കമ്മിഷണരുടെ ആവശ്യം എന്താണ്? കൂടാതെ, എല്ലാഹിംസകളിലേയും ശിപായിമാരുടെ സംഖ്യ ഏതുപ്രമാണമനുസരിച്ചാണ് നിശ്ചയപ്പെടുത്തിയിട്ടുള്ളതു? ബ്രിട്ടിഷ് ഇൻഡ്യയിൽ എസ്റ്റിക്ടിവുകൊൺസ്റ്റബിളുകളെ അല്ലാതെ ശിപായിമാരിൽ കൂടുതൽ ഇല്ല; പ്രൊവിഡൻഷ്യൽ ഗവർണ്മെൻറിന്റെ ഒരുസെക്രട്ടറിക്കു മൂന്നുശിപായിമാർ മാത്രമെയുള്ളു. മദ്രാസ്മാനിലെ ഒരുവിദ്യാസംസ്ഥാനത്തിലെ ഗവർണ്മെൻറുസെക്രട്ടേരിയേറ്റിൽ ഇരുപതുശിപായിമാരുടെ കൂടുതൽ ഇല്ലെന്നാണ് എൻറെഅറിവു് ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ എങ്ങിനെയാണ് ശിപായിമാരെ വിതരണംചെയ്തിട്ടുള്ളതെന്നു കാണിക്കുന്നതിലേക്കു, ബ്രിട്ടിഷ്ഇൻഡ്യയിൽ അതേപ്രകാരമുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്നു കൂടി പ്രസ്താവിക്കുന്നതായ ഒരുചെറിയപുസ്തകം മി. ഫോർജ് അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്യുന്നപക്ഷം അതു ഞങ്ങൾക്കു വലിയസഹായമായിരിക്കും. ഇതുപ്രസിദ്ധം ചെയ്യുവാൻ, ഫോർട്ടുസെക്രട്ടേറിയിലും അക്കൌണ്ടാഫീസിലും ഉള്ളശിപായിമാരുടെ സംഖ്യ അത്യന്യായരഹിതമായിട്ടുള്ളതാണെന്നു പേഷ്കാരേക്കാൾ അധികം. എന്നെപ്പോലെ ഒരുസാമാന്യനു അവതീരെ അനാവശ്യമായിട്ടുള്ളതാകണമെന്നാണ് ഇപ്പോൾ തോന്നുന്നതു*

നമുക്കിപ്പോൾശേഷിക്കുന്നതു് എന്തെന്നാൽ, അദ്ധ്യോഗസ്ഥന്മാർ മാത്രം അടങ്ങിയതും ബ്രിട്ടിഷ്ഇൻഡ്യയിൽ നിന്നും ഒരു ഉദ്യോഗസ്ഥനാൽ രക്ഷിക്കപ്പെടുവാൻ ന്യായമുള്ളതുമായ ഡയറക്ടുമെൻറു കമ്മറിയാകുന്നു. പ്രത്യേകംചില ഉദ്യോഗസ്ഥന്മാരുടേയും, നിയമനങ്ങളുടേയും ആവശ്യമുള്ളപ്പോഴും, വേറെയില്ലാത്തഉദ്യോഗങ്ങളുടെ നിർണ്ണയംചെയ്യുക, കമ്മറികളുടെ സെക്രട്ടറിസ്ഥാനം പോലുള്ളതായമനങ്ങളിൽ പ്രതിഫലത്തിനു പകരം ബഹുമതിനൽകുക വിദേശിയഉദ്യോഗസ്ഥന്മാർക്കുപകരം സ്വദേശികളെ നിയമിക്കുക. അധികാരപരിജ്ഞാനം, അധികാരസംക്രമണം, വ്യത്യസ്തഉദ്യോഗങ്ങളുടെ സംമിശ്രണം മുതലായ ഉദ്യോഗച്ചുമടുകളെപ്പറ്റിയും, ഈമാതിരി കാര്യങ്ങളുമായിബന്ധപ്പെടുത്തുകയും കൂടുതൽ അറിവുണ്ടാക്കുവാൻ എത്രമാത്രംസാധിക്കും എന്നുള്ളതിനെപ്പറ്റിയും ഈ കമ്മറി അന്വേഷിക്കണം. പണ്ഡിതനായ എൻറെസ്നേഹിതൻ മി. രാമുമേനോൻ ഗ്ലാസ്സ്ഗോനിന്നുംഎഴുതിഅയച്ചുതന്നിട്ടുള്ള യാതൊന്നുംചൂണ്ടുകയാൻ പ്രയാസമാവണ്ണം ചുരുക്കമായിരിക്കുകയില്ല. എങ്കിലും വാക്യത്തിനുവേണ്ടിയും പരമാർത്ഥമായിയാതൊന്നുംതന്നെ ഞാനിച്ചില്ല. ഈ കമ്മറിനാമകരണവ്യുൽപത്തിയെപ്പറ്റിതൻമൂലം കുറുക്കുന്നുമുണ്ടു് യാതൊരേയൊ അല്ല ഒരുശിപായിമാരെ ആശ്രയിക്കേണ്ട, ഉപയോഗപ്രദമെന്നും പ്രയോഗിക്കുന്നതാകുന്നു. അപ്രകാരം ഒരുകമ്മറി നിയമിക്കേണ്ടതു് എത്രയും അത്യാവശ്യമായിരിക്കുന്നു. ചെലവുകുറയ്ക്കുന്നതിനും ഭരണസംബന്ധമായ ഉദ്യോഗങ്ങളുടെ ഒരുചിത്രത്തെ നിർണ്ണയിക്കുന്നതിനും ഉള്ളപൂർണ്ണാധികാരം ജനപ്രതിനിധികൾക്കു തേരിട്ടുസിദ്ധിക്കുന്നതുവരെ ഈ സഭക്കു തൃപ്തിയടയുന്നതല്ല എന്നു വിചാരിക്കുന്നതിനു ഞാൻ തയ്യാറെടുക്കുന്നു.

അവസാനമായി, ജനങ്ങളുടെ എല്ലയങ്ങളിൽ ഉദിച്ചുവളർന്നവരുന്ന ഒരുയത്തെപ്പറ്റി പ്രസ്താവിക്കാതിരി ക്കുന്നപക്ഷം, ഞാൻ എന്റെകർത്തവ്യത്തെ നിവ്വഹിച്ചില്ലെന്നവരും ബ്രിട്ടീഷ്ഇൻഡ്യയിൽ അകപെ ഉദ്യോഗ ങ്ങളെ കഴിയുന്നത്ര ഇൻഡ്യാക്കാക്കായിട്ടനൽകിവരുന്ന ഈ അവസരത്തിൽ, നാട്ടരാജ്യങ്ങളിൽ മോരെമറിച്ചാണ ചെയ്യുവരുന്നത് എന്നശങ്കിക്കപ്പെട്ടിരിക്കുന്നു. ഒന്നുകിൽ വലിയഗ്രൂപാർശയുള്ള വിദേശികൾക്കുവേണ്ടിതന്നെ ഉ ദ്യോഗങ്ങളെ സൃഷ്ടിച്ചുവരുന്നു അല്ലെങ്കിൽ, ഇപ്പോഴുള്ള നിയമനങ്ങളെപ്പുറമെനിന്നകൊണ്ടുവരപ്പെട്ടവരെ കൊണ്ടുനിറച്ചുവരുന്നു. അവിടത്തെഭരണമാണിത്ര അഭിമതിപാത്രമായ പരാതിഉണ്ടാകയില്ലെന്നും, അവിടത്തെ ഭരണത്തിൽ, രാജ്യത്തിന്റെമുന്നഗതി, ഭരണകാര്യങ്ങളിലെ ജനങ്ങൾക്ക യഥാർത്ഥ സ്വരാജ്യത്തിലധിക്കതക്കവിധ ത്തിലുള്ള താണെന്നു് തിരുവിതാംകൂർ കാര്യങ്ങൾക്കുബോധ്യപ്പെടുകയുമെന്നും ഞങ്ങൾ ദൃഢമായിവിശ്വസിക്കുന്നു.

മി. എ. ജെ. ജാൺ (വൈക്കം): സർ, ഈ ബഡ്ജറിനെ തൃപ്തികരമായ ഒന്നായി ഗണിക്കുമെന്നുള്ളപ്രതീക്ഷ യോടുകൂടിയാണ് ഫിനാൻഷ്യൽ സെക്രട്ടറി തന്റെ പ്രസംഗം ഉപസംഹരിച്ചിട്ടുള്ളത്. എന്നാൽ ബഡ്ജറിനെ സൂ ക്ഷ്മമായി പരിശോധിക്കുന്നതായാൽ നമ്മുടെ ധനസ്ഥിതി അത്ര ഉറപ്പുള്ളതല്ലെന്നു കാണാവുന്നതാകുന്നു. അ നുമാനിച്ചിട്ടുള്ള കണക്കുകൾ ഈവർഷാവസാനത്തിൽ ഒരു മിച്ചമിരിപ്പു കണക്കാക്കുമെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ പ്രസ്തുതമിച്ചമിരിപ്പു സിദ്ധിച്ചിട്ടുള്ളതു ഏതുപ്രകാരത്തിലാണെന്നുള്ളതു ഒരാലോച നാവിഷയമാകുന്നു.

അടുത്തകൊല്ലത്തേക്കുള്ള അടങ്കലുംപ്രകാരം സർക്കാരിന്റെ ചക്ഷംറുപാ മിച്ചമിരിപ്പുവരുന്നുണ്ടു. എക്സൈസി ൽനിന്നുമുള്ള താൽക്കാലികവും ഉഹിച്ചുള്ളതുമായ ആദായത്തെക്കൂടി ഉൾപ്പെടുത്തിയിട്ടാണ് ഈ ഫലം സിദ്ധിച്ചി ട്ടുള്ളതു്. മദ്യപാനശീലത്തിനെ നിയ്ക്ഷേപം നിരോധിക്കുന്നതിനാണ് തങ്ങളുടെ നയം എന്നു് ഗവർണ്മെന്റു സ മ്മതിച്ചിട്ടുണ്ട് ഈ നയത്തെ ഈ വിഷയത്തിൽ പ്രവൃത്തിയിൽ കൊണ്ടുവന്നിരുന്നുഎങ്കിൽ ചുരുങ്ങിയ ലക്ഷം രൂപയുള്ള അബ്കാരി ആദായം തികച്ചും അപ്രത്യക്ഷമായേനെ. എന്നുതന്നെയല്ല ബഡ്ജറിൽ ചില ലക്ഷം രൂപയോളം തികയാതെവരികയുംചെയ്തേനെ.

അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റൊരാദായമാർഗ്ഗം സർക്കാർ ഭൂമികളുടെ വില്പനയാകുന്നു. ഈ ഇന ത്തിൽ ആകെ കിട്ടുമെന്നു അനുമാനിച്ചിട്ടുള്ളതു് അര ലക്ഷം രൂപയാണ്. സർക്കാർ ഭൂമികൾ ഇനി ചുരുക്കമാ കകൊണ്ടു ഈ ഇനത്തിലുള്ളവരവും അധികതാമസമെന്നു അപ്രത്യക്ഷമാകുന്നതാണ്. എന്നുതന്നെയല്ല പണ ത്തൊർല്ലത്തിനു തുടർന്നുകൊണ്ടിരിക്കുന്നപക്ഷം കണക്കാക്കിയിട്ടുള്ള മുതലെടുപ്പു അടുത്തവർഷത്തിൽതന്നെ ഇരട്ടാ കുമോ എന്നു് സംശയമാണ്.

ഫിനാൻഷ്യൽ സെക്രട്ടറി സുസ്ഥിരമായ ആദായമാർഗ്ഗങ്ങളെയും, ആവർത്തിക്കുന്ന ചിലവിനങ്ങളേയും പ്രത്യേക പ്രത്യേകം തരംതിരിച്ചിരുന്നു എന്നുവരികിൽ ബഡ്ജറിനു തികയാതെവരുന്ന തുകയായിരുന്നേനെ.

ബഡ്ജറിനെ യഥാസ്ഥിതി പരിശോധിക്കുന്നതായാൽ, ഈ മിച്ചമിരിപ്പു കാണിച്ചിട്ടുള്ളതു ഏതുപ്രകാരമാ ണെന്നു് മനസിലാക്കുന്നതു രസകരമായിരിക്കും. അടുത്തതുണ്ടത്തേക്കു കണക്കാക്കിയിട്ടുള്ള ആകെ മുതലെടുപ്പു് ചില ലക്ഷം രൂപയും പൊതുമരാമത്തുവകുപ്പിലേക്കു നിർദ്ദേശിച്ചിട്ടുള്ളതു ചില ലക്ഷം അതായതു ആകെ വരവിന്റെ ഉദ്ദേശം ——രൂപയും ആകുന്നു.

എന്റെ സ്നേഹിതന്മാരിൽ ചിലർ കഴിഞ്ഞുകൊല്ലത്തെ കണക്കുകളെപ്പറ്റി മുമ്പേതന്നെ ചിലതു സൂചിപ്പി ച്ചിട്ടുണ്ട്. എന്നതന്നേയല്ല, വരവു വർദ്ധനക്കനുസരിച്ചു പൊതുവകുമരാമത്തുപണികളിൽ ചെലവു വർദ്ധിപ്പി ക്കേണ്ടതാണെന്ന ന്യായമനുസരിച്ചു അവർ വാദിക്കുകയുംചെയ്തു. എന്നാൽ ബഡ്ജറു രൂപവൽകരിക്കുന്ന അവസര ത്തിൽ ഇതിനെ വേണ്ടപോലെ ഗണ്യമാക്കുന്നില്ല. എന്തെന്നാൽ അധിക വരവു ചെലവുകൾ ഇല്ലാതായിരിക്കു ന്ന ഒരു ബഡ്ജറു സമർപ്പിക്കണം. ഇതിനുവേണ്ടി, ഈ വകുപ്പിലേക്കുള്ള കണക്കുകളെ ക്രമീകരിക്കുന്നകാര്യ ത്തിൽ അവർ യഥേഷ്ടം പ്രവൃത്തിക്കുന്നു. ക ൻ ര —ൽ ആകെ മുതലെടുപ്പു ക ൻ ൻ ലക്ഷം രൂപ മാത്രമായി രുന്നു. അപ്പോൾ ഈ ഡിപ്പാർട്ടുമെന്റിലേക്കായി ഗവണ്മെന്റു നീക്കിയ ലക്ഷം രൂപ ചെലവാക്കി. ഗവ ണ്മെന്റിന്റെ ഇപ്പോഴത്തെ നയം, ബഡ്ജറിൽ വരവുചെലവുകൾ-ഇല്ലാതായിരിക്കുന്നതിനുവേണ്ടി പൊതുമരാ മത്തുപണികളിൽ ചെലവു ചുരുക്കുകയാകുന്നു എന്നു് ഇതൽനിന്നും കാണാവുന്നതാകുന്നു. വരവു ചെല വുകൾ ഇല്ലാതാകുന്ന ഈ സമ്പ്രദായം, പ്രധാനപ്പെട്ട ഈ പൊതു ആവശ്യത്തിനു അഭിവൃദ്ധികരമായിട്ടു ള്ളതല്ല.

പൊതുമരാമത്തുവേലകളുടെ കാര്യത്തിൽ, ക ൻ ൻ വരെ ഗവണ്മെന്റു അനുകരിച്ചിരുന്ന നയം, മഹാ ണ്ടതിരുവിതാംകൂറിൽ ഏറ്റവും അധികം പണം ചെലവാക്കണമെന്നുള്ളതായിരുന്നു. ശ്രീമൂലം പ്രജാസഭയി ലും ഈ സഭയിലും വടക്കൻ തിരുവിതാംകൂർ മെമ്പർമാർ വീണ്ടും വീണ്ടും ചെയ്തിട്ടുള്ള നിവേദനങ്ങളുടെ ഫല മായി ഗവണ്മെന്റു തങ്ങളുടെ നിലപാടല്പം മാറിയിട്ടുണ്ടു. ക ൻ ൻ—ൽ ഭരണപരിഷ്കാർട്ടിൽ ഗവണ്മെ ന്റു താഴെ പറയുംപ്രകാരം പ്രസ്താവിച്ചിരുന്നു. "വടക്കൻ തിരുവിതാംകൂറിനെ ഗതാഗത സൗകര്യങ്ങളു ടെകാര്യത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധാവിഷയമാക്കിക്കഴിഞ്ഞിട്ടുള്ളവകകളിൽ ഗവണ്മെന്റിന്റെ - പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ടെന്നുള്ളതു പ്രസ്താവനയാഗ്യമാണ്". ക ൻ ൻ—ൽ ചെലവു ലക്ഷം രൂപ ആകെ വരവു ണ്ടായിരുന്നതിൽ നിന്നും പുതിയ റോഡുകളും വെട്ടിക്കുന്നതിനും, ഗ്രാമപ്രദേശങ്ങളെ വണ്ടിത്തടങ്ങളാക്കുന്നതിനു മായി ക ൻ ൻ ലക്ഷംരൂപാ ചെലവായി. അതിനു ക ലക്ഷം രൂപയോളം തുടുവാ ഡിവിഷനിലും കോട്ട യം ഡിവിഷനിലുമാണ് ചെലവാക്കിയതു എന്നു് ഗവണ്മെന്റു പ്രസ്താവിക്കയുണ്ടായി. ഇതിൽ ഏകദേശം പ കുതിയോളം തേവികളും താപ്പുകളിൽ റോഡുപാലം വെട്ടിക്കുന്നതിനായിട്ടാണ് ചെലവാക്കിയതു്. ന്യായമായ ഭരണം തങ്ങളുടെ ആവശ്യാർത്ഥം വിനിയോഗിക്കുമെന്നാശിച്ചിരുന്ന ജനങ്ങൾക്കു ഇത്രമാത്രംമാത്രമാണുണ്ടായതു എ ന്നു ഞാൻ പറയണമെന്നില്ല. ഈ വർഷത്തിൽ പുതിയറോഡുകളും വെട്ടിക്കുന്നവകക്കു നിർദ്ദേശിച്ചിരുന്നതുക ക ൻ ൻ ലക്ഷം രൂപയായിരുന്നു. അതിൽ അമ്പലവും ഡിവിഷനിലേക്കും കോട്ടയം ഡിവിഷനിലേക്കും നൂറ്റമ്പതു രൂപ മാത്രമാണ് നിർദ്ദേശിച്ചിരുന്നതു. അടുത്തകൊല്ലത്തിൽ പുതിയറോഡുകളും വെട്ടിക്കുന്ന തിനു ക ൻ ൻ ലക്ഷം രൂപ മാത്രമേ നീക്കിവച്ചിട്ടുള്ളു. അതിൽ അമ്പലവും, കോട്ടയം, എന്നീ ഡിവിഷനുകളി

ചേക്കൻ മ, ൻ ം ം ശ്രപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. വിസ്തീർണ്ണം, ജനസംഖ്യ, മുതലെടുപ്പു ഇവകളേയും, ദീർഘവീക്ഷണമുണ്ടായിരുന്നുവെങ്കിൽ ആ സ്ഥലങ്ങളുടെകാര്യത്തിൽ ഉണ്ടായിരുന്ന പ്രേക്ഷണീയതയും കണക്കാക്കുന്നപക്ഷം, വടക്കൻ തിരുവിതാംകൂർ മുതൽക്കൂട്ടിനുള്ള തുകയിൽ നിന്നും വളരെ കുറവു തുകയേ അതിനുവേണ്ടി ചിലവാക്കിയിട്ടുള്ളൂ എന്നു കാണാം. പുതിയ റോഡുകൾക്കു നിർദ്ദേശിച്ചിട്ടുള്ള മുക്കുപാടു, കുന്നത്തുപക്ഷം വടക്കു ഭാഗം രാജ്യത്തിന്റെ ആ ഭാഗത്തുള്ള സ്ഥലങ്ങളുടെ ആവശ്യാർത്ഥം നിർമ്മിച്ചതുണ്ടെന്നാണെന്നു പറയുന്നതു ന്യായമായിട്ടുള്ളതുകൊണ്ടു.

മറ്റുമുള്ള പലകാര്യങ്ങളും, തത്സംബന്ധമായ ആറുകുറവുപണികളും ഗവണ്മെന്റുപണം അനുവദിക്കുന്നുണ്ടെങ്കിലും ഭൂരിപക്ഷവും, വിശിഷ്യ വടക്കൻ തിരുവിതാംകൂറിൽ, പണികളെ ആണ്ടു സാധാരണമായി മാറിപ്പോകുന്നുണ്ടു ഡിപ്പാർട്ടുമെന്റു സാധാരണമായി ചെയ്യുന്നുള്ളൂ. ഇതു വലിയ നഷ്ടങ്ങൾക്കിടവരുത്തുന്നു. എന്തുകൊണ്ടാൽ പണവായുള്ള വെള്ളപ്പൊക്കത്തിനുമുമ്പു പ്രവൃത്തികൾ നഷ്ടമായി ഭവിക്കുന്നു. ആണ്ടുസാധനത്തിനു മുമ്പു ഈ പ്രവൃത്തികളെ പൂർത്തിയാക്കേണ്ടതിലേക്കായിരിക്കണം ഡിപ്പാർട്ടുമെന്റിന്റെ പ്രയത്നം. അങ്ങനെചെയ്യുന്നതു മൂലം ഈ ഇനത്തിൽ ആവശ്യപ്പെടുന്നതിൽ നിന്നു കുറച്ചു പണം മാത്രമേ ഗവണ്മെന്റിനു സാധിക്കും.

വടക്കൻ തിരുവിതാംകൂറിലെ സംരക്ഷണകൃഷിസേചനവേലകളുടെ അവസ്ഥ അതിലും കഷ്ടതരമായിട്ടുള്ളതാണു്. ഇക്കാര്യത്തിൽ ഗവണ്മെന്റും വടക്കൻതിരുവിതാംകൂറിനപ്പുറത്തു പോകുന്നതേയില്ല. വയലുകളുടെ കൂടെ കൃഷിസേചനവേലകളുടെ ആവശ്യത്തെപ്പറ്റി അവിടെനിന്നും വന്നിരുന്ന ശ്രീമൂലം പ്രജാസഭാ സാമാജികന്മാർ ഗവണ്മെന്റിനെ ഇടയ്ക്കിടയ്ക്കു ഉദ്ബോധിപ്പിച്ചിട്ടുണ്ടു്. ഈ സഭയിൽത്തന്നെയും, വയലുകൾ സാമാജികൻ അതിനപ്പുറത്തു വീണ്ടും പ്രസ്താവിച്ചു. ഈ താലൂക്കിൽ ഉദ്ദേശം ൨,൭,൦൦൦ ഏക്കർ സ്ഥലത്തു നെൽകൃഷിചെയ്തു പോരുന്നു. അവിടെ ആവശ്യമുള്ള ജലസേചനത്തെപ്പറ്റിക്കുന്നതിനു ഗവണ്മെന്റിനു വലിയ ചെലവുണ്ടായിരിക്കയില്ല. എന്നിട്ടുമെന്തു, കഴിഞ്ഞകൊല്ലംവരെ, ജനങ്ങളുടെ ന്യായമായ അഭ്യർത്ഥനകളിൽ ഗവണ്മെന്റു യാതൊരു ശ്രദ്ധയും പതിച്ചുകാണുന്നില്ല. ഈവർഷത്തിൽ അതിലേക്കു ൨,൦൦൦ രൂപാ അനുവദിക്കുകയും, അടുത്തആണ്ടത്തേക്കു ഇനിയൊരു ൨,൦൦൦ രൂപാകൂടി നിർദ്ദേശിക്കയും ചെയ്തിട്ടുണ്ടു്. അനിർവ്വായ്യമായ ആവശ്യത്തേയും, ദീർഘകാലമായുള്ള അപേക്ഷകളേയും കണക്കാക്കുന്നതായാൽ ഈ ആവശ്യം നിറവേറുന്നതിനു ഈ തുക തുലോം തുച്ഛമായിട്ടുള്ളതും ആയതിനു മതിയാകാത്തതും ആണെന്നു കാണപ്പെടുന്നതാകുന്നു. വയലുകൾ താലൂക്കിൽ നെൽകൃഷിക്കു വളരെ ദോഷകരമായ മണലാണു വലിയതോതിൽ കിടയാക്കുന്നു. പ്രസ്തുതചിറ, മൂവാറ്റുപുഴ ആറിലെ വെള്ളത്തിനെ പ്രകൃത്യാഉള്ള ഒഴുക്കിനെ തടയുന്നു. എന്നുമാത്രമല്ല അതു് ആണ്ടോടാണ്ടു കൃഷിക്കു വലിയ ദോഷത്തെ ചെയ്യുന്നു. കഴിഞ്ഞ ൨൪ കൊല്ലങ്ങളായി ഇടയ്ക്കിടയ്ക്കു ഹർജികളും മെമ്മോറിയലുകളും അയക്കുകയും, ഡെപ്യൂട്ടേഷൻ പോവുകയുംചെയ്തുകൊണ്ടിരുന്നിട്ടും ഇക്കാര്യത്തിൽ ഗവണ്മെന്റു യാതൊന്നുംതന്നെ പ്രവൃത്തിച്ചിട്ടില്ല.

കൃഷിനമ്മുടെ രാജ്യത്തെ ഒരു പ്രധാനതൊഴിലാണു്. അതുകൊണ്ടു ഇപ്പോഴുള്ള പ്രധാന ആലോചനാവിഷയങ്ങളിൽ ഒന്നായിരിക്കണം അതു്. എന്നാൽ നിർഭാഗ്യവശാൽ അതിനെ അർഹമായ നിലയിൽ കൈകൊള്ളുന്നതിനും പണ്ടത്തെപോലെ ശ്രദ്ധവച്ചിട്ടില്ല. ഇന്നത്തെ ഒരു കർഷകന്നു പണമെന്നുള്ളതു അഭിവൃദ്ധിക്കു ഒരു തടസ്ഥമായി തീർന്നിരിക്കുന്നു. കൃഷിചെയ്യുന്നവർക്കു നിലങ്ങളെ ചെറിയചെറിയ ഖണ്ഡങ്ങളായി അംശിക്കുന്ന സമ്പ്രദായം ധനത്തെസംബന്ധമായി നോക്കുന്നതായാൽ പലകാരണങ്ങളാലും ദോഷകരമായിട്ടുള്ളതാകുന്നു. ഈ കൃഷിസമ്പ്രദായംനിമിത്തം, മൂലധനം, യത്നം, വേലക്കൂലി ഇവ ം വളരെ നഷ്ടപ്പെട്ടുപോകുന്നതാണു്. കൃഷിസമ്പ്രദായങ്ങളെ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതായാൽ തൊഴിച്ചില്ലായ്മ ഏറ്റവുമുണ്ടാകുമെന്നു ശങ്കിക്കാം. ഇപ്പോൾ ചെയ്തുവരുന്നതുപോലെ ഒന്നിലും ഒരു വ്യവസ്ഥയില്ലാത്ത നിസ്സഹായന്മാരായ കർഷകന്മാരെ നിരാശ്രയരായി വിട്ടേക്കുന്നതിനുപകരം അവരെ ആപത്തൽനിന്നും രക്ഷിക്കുകയും, അവരുടെഇടയിൽ ചില വ്യവസ്ഥകൾ ചെയ്യുന്നതിനു അവരെ സഹായിക്കുകയും അവർക്കു കൃഷിവായ്പകൾകൊടുക്കുകയുംചെയ്യുന്നതിനു വേണ്ട പണം അനുവദിക്കണം.

കൃഷിഡിപ്പാർട്ടുമെന്റിന്റെ പ്രഥമൻ-ഖേ 'ഭരണനിർപ്പാർട്ടിൽ' കഴിഞ്ഞ കുറെ വർഷങ്ങളായി പ്രസ്തുതഡിപ്പാർട്ടുമെന്റു നടത്തിയിട്ടുള്ള അനവധി പരീക്ഷണങ്ങളുടേയും ഉപയോഗങ്ങളുടേയും ഫലങ്ങൾ പുറത്തു വിടുകയും ഉപയോഗിക്കുകയും ശരിയായി ഉഴുകയും ശാസ്ത്രീയമായുള്ള വളങ്ങൾ ഇടുകയും തുടങ്ങിയ കൃഷിസമ്പ്രദായങ്ങളെ നടപ്പിൽവരുത്തുകയും ചെയ്യുന്നതായാൽ നിലങ്ങളിലെ വിളവു വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നു തെളിയിച്ചിട്ടുണ്ടു് എന്നു് പ്രസ്താവിച്ചുകൊള്ളുന്നു. എന്നാൽ ഡിപ്പാർട്ടുമെന്റിന്റെ ഈ പരിശ്രമങ്ങളുടെ ഫലമായി രാജ്യത്തു വിളവു വർദ്ധിച്ചിട്ടുണ്ടോഎന്നു് അറിയുന്നതു ദുസ്സാധ്യമായിരിക്കും. ആണ്ടോടാണ്ടു ഉൽപാദനത്തോട്ടങ്ങളുടെ തിട്ടപ്പെടുത്തുന്നതിനെപ്പറ്റിയും അതിന്റെ അളവിൽനിന്നും കാണാവുന്നതുപോലെ, ഉപയോഗത്തോട്ടങ്ങളുടെ മറ്റുമുണ്ടായിരുന്നിട്ടും അതു വർദ്ധിച്ചിട്ടില്ലെങ്കിൽ, അതിനു കാരണം, പ്രചാരപ്പെടുത്തുന്നതിനുള്ള ശ്രമക്കുറവാകാം. കർഷകന്മാർക്കു ഈ അഭിപ്രായങ്ങളിലുള്ള വിശ്വാസക്കുറവോ, ഇതിനു ചെലവായേക്കുന്നതുകയും ഉപകരണങ്ങളും വാങ്ങുന്നതിനു പണമില്ലായ്മയോ ആയിരിക്കാം. എന്തായാലും ഇപ്പോഴത്തെ അവസ്ഥയെ ഒന്നാമതായി തിരുത്തേണ്ടതു എത്രയും അത്യാവശ്യമാണു്.

ഈ രാജ്യത്തെ തെങ്ങിനെയധികമായി നാളികേരത്തെ ആശ്രയിച്ചുണ്ടിരിക്കുന്നതുകൊണ്ടു ഒരു പകർച്ചവ്യാധി ആക്രമിച്ചുതുടങ്ങിയിരിക്കുന്നു. വടക്കൻ തിരുവിതാംകൂറിൽ വിശിഷ്യ തെങ്ങുകളെ ഒരു പകർച്ചവ്യാധി ആക്രമിച്ചുതുടങ്ങിയിരിക്കുന്നു. വടക്കൻ തിരുവിതാംകൂറിൽ വിശിഷ്യ തെങ്ങുകളെ. ചേർത്തലയും ഈ രോഗം അതിവേഗത്തിൽ എങ്ങും പ്രാപിച്ചുവരുന്നു. ഈ രോഗത്തിനു ഡിപ്പാർട്ടുമെന്റു നിർദ്ദേശിച്ചുതായ ഒറ ഒരു പ്രതിരോധൗഷധംമാത്രമേയുള്ളൂ എന്നാകുകിൽ, ഏറെത്താഴെസിയതെങ്ങുകളും രോഗബാധനിമിത്തം നശിച്ചുപോകുമെന്നാണു് ഒരു സാമാന്യനു തോന്നുക. അടുത്തആണ്ടോടാണ്ടു് രാജ്യത്തേക്കു ഈ വൃക്ഷങ്ങളിൽനിന്നും കിട്ടുന്ന സാധനങ്ങളിൽനിന്നുമുള്ള മുതലെടുപ്പു, അതുകളിന്മേലുള്ള തീരുവകളും, മിക്കവാറും ഈ വൃക്ഷങ്ങളാൽ നിറഞ്ഞ പുരയിടങ്ങളുടെ നികുതിയും ഉൾപ്പെടെ ആകെ രണ്ടരലക്ഷം രൂപയിലധികം

യികം ഉണ്ടായിരിക്കും. ഈ വ്യവഹാരങ്ങൾ ഫലപ്രദമായി നടത്തിക്കൊണ്ടുപോകുന്നതിനു ആവശ്യമായ പണം കണ്ടുപിടിക്കുന്നതിനുപകരം, ജനങ്ങളുടെ കൈയിൽ നിന്നു പിരിച്ചെടുക്കുന്നതിനുള്ള ഒരു ഏർപ്പാടു ചെയ്യുന്നതിൽ, ഗവൺമെന്റ് കാണിക്കുന്ന ഉത്സാഹം ഏതു നിലയിൽ നോക്കിയാലും ഒരു തരത്തിലും ന്യായീകരിക്കുവാൻ സാധിക്കുന്നതല്ല. ഈ കാര്യത്തിൽ ഗവൺമെന്റിനെ ഉടനടി പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരു പ്രധാന കാരണം, ഇപ്പോഴത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഒരു പുതിയ നടപടിയാണ്, പൊതുജനങ്ങൾക്കു നൽകിവരുന്ന വിദ്യാഭ്യാസരീതിയാകുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിലെ ന്യൂനതകൾ എന്തൊക്കെയാണെന്നു മേലിൽ പ്രസ്താവിക്കുന്നുണ്ട്, ജനങ്ങളുടെ സാമ്പത്തികവും സാമ്പത്തികവുമായ ഉന്നമനത്തെ ഇവ എത്രകണ്ടു നിഷേധിക്കുന്നു എന്നുള്ളതു ഗവൺമെന്റിന്റെ കർത്തവ്യമാകുന്നു. വിദ്യാഭ്യാസം രാഷ്ട്രത്തിനും പ്രത്യേകിച്ചു വ്യക്തികൾക്കും പ്രയോജനകരമായിട്ടുള്ളതായിരിക്കണം. സർക്കാർ സർവീസിൽ മുമ്പെന്നത്തെക്കാളധികം വലിയ തിരക്കായിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയെ ഉപേക്ഷിക്കുന്നതുകൊണ്ടു തൊഴിലില്ലാത്തവരുടെ ഒഴിവു എന്തായിരിക്കുമെന്നു പറയുന്നതിനേക്കാൾ ഉപരി ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിൽ ഉപേക്ഷിക്കുന്നതുകൊണ്ടുള്ള ഉപയോഗം എന്തായിരിക്കുമെന്നു പറയുന്നതായിരിക്കും കൂടുതൽ പ്രയോജനകരമായിട്ടുള്ളതെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിൽ ഉപേക്ഷിക്കുന്നതുകൊണ്ടുള്ള പ്രയോജനം, ഇപ്പോഴത്തെ സകല പാഠശാലകളിലും മേലാൽ ജീവിതസന്ധാരണത്തിനു ഉപകാരപ്രദമായുള്ള സാങ്കേതിക വിദ്യാഭ്യാസം ഏർപ്പെടുത്തുകയും തൊഴിൽ ചെയ്യുന്നതു ബഹുമാന്യമായിട്ടുള്ളതാണെന്നുള്ള അഭിപ്രായം ജനിപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

വിദ്യാഭ്യാസത്തിൽ നമുക്കു ചെലവിനേക്കാൾ 'ലാഭകരമായ' രീതിയിൽ, ധനകാര്യശ്രീ പ്രസ്താവിച്ചതായ അഭിപ്രായം ഗവൺമെന്റിന്റെ ആവശ്യം ഇവിടുത്തെ കാര്യത്തിൽ ഒരു നിവൃത്തിമാർഗ്ഗമായി ചില സമാജികന്മാർ, നിർദ്ദേശിച്ചതെന്തെന്നാൽ ഇപ്പോഴുള്ള ഹൈസ്ക്കൂളുകളിലെ ലോവർ സെക്കൻഡറി ഡിപ്പാർട്ടുമെന്റിനെ വർണ്ണാക്കുലർ സ്ക്കൂളുകളിലേക്കു മാറ്റുകയും സെക്കൻഡറിസ്ക്കൂളുകളെയും സെക്കൻഡറിസ്ക്കൂളുകളെയും, അതതു സ്ഥലങ്ങളിലെ ഭരണത്തിനു കീഴ്പ്പെട്ടിരിക്കുന്ന സമിതിയുടെ സംരക്ഷണത്തിൽ കഴിയുന്നിടത്തോളം ഏല്പിക്കയും ചെയ്യണമെന്നാണ്. ഇതിനെ സാധിക്കണമെങ്കിൽ കോളേജ് ഡിപ്പാർട്ടുമെന്റിലെ ശമ്പളങ്ങളിലും അദ്ധ്യാപകന്മാരുടെയും കാര്യത്തിലുമായും ന്യായവിഛേദഖണ്ഡനം പ്രയോഗിക്കേണ്ടതാകുന്നു. ഈ നാട്ടിലെ സ്ക്കൂൾപഠിപ്പിക്കുന്നതിനും കായ്കേന്ദ്രീയും, പരീക്ഷാരീതിയും ഉള്ള അദ്ധ്യാപകന്മാരെ കിട്ടുമെന്നുള്ള പക്ഷം, ട്യൂട്ടോറിയൽ അസിസ്റ്റന്റ് പ്രൊഫസർജോലി മുതലായ പകരക്കാരെ പോകാതെ ഇവരിൽനിന്നുതന്നെ ആൾ നിയമിക്കണമെന്നും, ഇതു ഗവണ്മെന്റിനു വളരെ ലാഭകരമായിരിക്കുന്നതാണ്. ഈ സന്ദർഭത്തിൽ വർണ്ണാക്കുലർ സ്ക്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പറ്റി ഞാൻ ഒന്നുരണ്ടുവാക്കുകൂടി പറയാം. അവർ സംഖ്യയിൽ വളരെയധികം ഉള്ളതുനിമിത്തം അവരുടെശമ്പളം വർദ്ധിപ്പിക്കുന്നതിനു ഗവണ്മെന്റിനു യഥാർത്ഥത്തിൽ വലിയ ഒരു ബുദ്ധിമുട്ടുണ്ടായിരിക്കും. ഇതരവകുപ്പുകളിലും ഇതുപോലെ താഴ്ന്നതരക്കാരുടെശമ്പളം വളരെ ഉചിതമെന്നവണ്ണം അധികരിപ്പിക്കയും ചിലവുകഴിച്ചുകൂട്ടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ അദ്ധ്യാപകന്മാരുടെകാര്യത്തിൽ കൈക്കൂലി പറ്റുന്നതിനു പ്രത്യേക അവസരമുണ്ടായിട്ടില്ല.

ഈ രാജ്യത്തു സർക്കാർസർവീസിൽ, വിശിഷ്യ താഴ്ന്ന ജീവനക്കാരുടെയിടയിൽ വലിയ അഴിമതികാരണമായിട്ടുണ്ടെന്നുള്ള ഒരു വലിയ പരാതിയുണ്ട്. താഴ്ന്ന ജീവനക്കാരുടെ ഉചിതമായ ശമ്പളവും, മേലുദ്യോഗസ്ഥന്മാരുടെ മേൽനോട്ടക്കുറവും കൈക്കൂലി പറ്റുന്ന ഉദ്യോഗസ്ഥന്മാർക്ക് മാതൃകയായ ശിക്ഷനൽകാതിരിക്കുന്നതരത്തിലുള്ള ഗവണ്മെന്റിന്റെയും ഔദാര്യവുമാണ് അഴിമതികാരണങ്ങളുടെ പ്രധാനഹേതുക്കൾ. ഇതിനെ ഗവണ്മെന്റു നല്ലവണ്ണം നിർത്തലാക്കുമെന്നു ഞങ്ങൾ ആശിക്കുന്നു.

ഉദ്യോഗസ്ഥന്മാരുടെ സങ്കടനിവൃത്തിക്കായി ആണ്ടോടാണ്ടു ഒരു വലിയ സംഖ്യ നീക്കിവയ്ക്കുന്നുണ്ടെങ്കിലും, ഈ ഇടക്കാണ്ട് ജനങ്ങൾക്കു മതിയായ പണ്ടും ഗുണങ്ങളും ഒന്നും സിദ്ധിക്കുന്നില്ല. ചുമതലയുള്ള ഉദ്യോഗസ്ഥന്മാരിൽ ചിലരും, സർക്കാരിൽ ആയിരിക്കുമ്പോൾ, ജനങ്ങൾക്കു യഥാർത്ഥത്തിലുള്ള ആവശ്യങ്ങളെന്താണെന്നു അറിയുന്നതിനു ഗൌനിക്കുകപോലും ഇല്ല. തങ്ങൾ ജനങ്ങൾക്കുവേണ്ടിയാണ് ജോലിനോക്കുന്നതെന്നു ഈ ഉദ്യോഗസ്ഥന്മാർ വിചാരിക്കുന്നതേയില്ല. അന്യോന്യം സ്നേഹമനോഭാവവും ഐക്യവും ഉണ്ടായിരിക്കണമെന്നുള്ള ഒരുബോധം ഈ ഉദ്യോഗസ്ഥന്മാരിൽ ചിലരുടെയും ഹൃദയങ്ങളിൽ ജനിപ്പിക്കേണ്ടതാകുന്നു.

മി. ജെ സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): സർ, അഭ്യുപഗമവൃത്തിയിൽ എനിക്കു ധാരാളംപരിചയംസിദ്ധിച്ചിട്ടുണ്ട് ഈ പ്രത്യേകവഴ്ക്കാടെ ഞാൻ തൽക്കാലം അപ്രകാരംപറയുന്നതായാൽ, ഇപ്പോൾ ക്രമത്തിലധികം ജോലികൾ നമുക്കു ഭാരപ്പെടുത്തിയിട്ടില്ലയോ എന്നു ഞാൻ ശങ്കിക്കുന്നു. ഇപ്രകാരശമ്പളം വളരെ കുറഞ്ഞുപോകുന്ന ഒരു പരിഷ്കാരമാണു. ഞാൻ വളരെനേരത്തേക്കു സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. എങ്കിലും രണ്ടു കാര്യങ്ങൾ എനിക്കു വളരെ കുറച്ചുമാത്രമേ പറയാനുള്ളൂ. രണ്ടാമതായി എങ്ങനെ അനുഗമിക്കുന്നതിനു മറ്റു പ്രസംഗികന്മാർ പലരുമുണ്ടു് എന്നുഞാൻ വിചാരിക്കുന്നു.

ധനകാര്യശ്രീ പ്രസ്താവിച്ച എടുത്തുപറഞ്ഞതുപോലെ, ഈ രാജ്യത്തെ മുതലെടുപ്പിന്റെ ഒരു വലിയ അംശം വിദ്യാഭ്യാസത്തിനായി ചെലവാകുന്നുണ്ടു്. അതുകൊണ്ടു് ഈ വാദപ്രതിവാദങ്ങളുടെ ഏറിയഭാഗവും വിദ്യാഭ്യാസത്തെക്കുറിച്ചായ കാര്യമെന്നുള്ളതിൽ സംശയപ്പെടുവാനില്ല.

എനിക്കു അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ ഇന്നിവിടെ വിമർശിക്കപ്പെട്ട പല സംഗതികളെപ്പറ്റിയും എനിക്കുപറയാൻ കഴിഞ്ഞില്ലെന്നുവരുമെങ്കിലും. അതുകൊണ്ടു് ഈ ഘട്ടത്തിൽ ഒന്നോ രണ്ടോ പൊതുസംഗതികളെപ്പറ്റിമാത്രം ഞാൻ ചുരുക്കിപ്പറയാമെന്നു വിചാരിക്കുന്നു. വിദ്യാഭ്യാസചെലവിനെസംബന്ധിച്ചുള്ള ഉപക്ഷേപത്തെക്കുറിച്ചുള്ള പരാമർശത്തോടു മറുപടിയുടെയിടയിൽ പറഞ്ഞുകൊള്ളാം.

വിദ്യാഭ്യാസത്തിലുള്ള ചെലവിനെപ്പറ്റി ധനകാര്യശ്രീയുടെ പ്രസംഗത്തിന്റെ പ്രാരംഭത്തിൽതന്നെ പ്രസ്താവിച്ചിട്ടുണ്ട്. എന്നതെന്തെല്ലാം ഒന്നിച്ചുകൂടി അന്യോന്യാസ്ഥാസാമാജികന്മാർ അതിനെപ്പറ്റി നല്ലപോലെ സമർപ്പിക്കുകയുചെയ്തു. ചെലവിനെസംബന്ധിച്ചു നോക്കുന്നതായാൽ, കാര്യങ്ങളുടെ സ്ഥിതിയെപ്പറ്റി ഒന്നു ആലോചിച്ചാൽ, പരിഹരിക്കേണ്ടതായ ഈ അപാകത എത്രമാത്രം വിഷമതരമായിട്ടുള്ളതാണെന്നു കാണിക്കുന്നതാണ്.

പൊതുമരാമത്തുപകുപ്പു വിദ്യാഭ്യാസസംബന്ധമായ കെട്ടിടങ്ങൾ പണിചെയ്യുന്നതിനുംമറ്റും ചെലവുചെയ്യുന്നതും, പബ്ലിക്ക് ലൈബ്രറി, പൌരസ്യസ ഹിത്യകൃതികളെ സംരക്ഷിക്കുവാൻള്ള ഡിപ്പാർട്ടുമെന്റു ഇവകളുടെ ചെലവും ഉൾപ്പെടെ ഗവൺമെൻറിന് വിദ്യാഭ്യാസത്തിനായി ആകെ ചെലവു ജനസംഖ്യയുമായി താരതമ്യപ്പെടുത്തുന്നതായാൽ, ആകെത്തുകയിൽ വലിയ വ്യത്യാസം കാണുന്നില്ല. ഇതിനെ കുറവെന്നു പറയുകയോ യിരുത്തുവാൻ പാടില്ല. ഇന്നാട്ടിൽ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ചെലവു ആകെ മുതലെടുപ്പിന്റെ വലിപ്പമാനുസരിച്ചുള്ളതു തക്കതെന്നു തീർച്ചയായും പറയാം.

വിദ്യാഭ്യാസത്തിനു സർക്കാരിൽനിന്നും ചെലവാക്കുന്നതിനും പ്രസ്തുതവകുപ്പിൽനിന്നും സ്വകീയസംഘങ്ങൾ കൊടുക്കുന്ന സഹായധനങ്ങൾക്കും പുറമെ, മേൽപറയുന്ന സംഘങ്ങളും അനുവദിക്കുന്ന തുകയും ചെലവുചെയ്യുന്നു. സ്വകീയസംഘങ്ങൾ നടത്തുന്ന വിദ്യാഭ്യാസത്തിനു ഗവൺമെൻറിന്റെ ചെലവു സർക്കാർ വിദ്യാലയങ്ങളിൽ നടക്കുന്ന വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ചെലവിനെക്കാൾ വളരെ കുറവായിരിക്കുന്നു.

അതുകൊണ്ടു കൂടുതൽ വിദ്യാലയങ്ങൾതുടങ്ങി സ്വകീയ പരിശ്രമത്തിലേക്കു വിട്ടുകൊടുക്കുന്നതായാൽ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ചെലവു കുറഞ്ഞുവരുന്നതാണ് എന്നു ചിലർ പ്രസ്താവിക്കുണ്ടായി. ധനസ്ഥിതിയമാത്രം ആസ്പദമാക്കി പറയുമ്പോൾ അതു ശരിയായിരിക്കാം. എന്നാൽ അതിനെ സംബന്ധിച്ചുള്ള മറ്റു പ്രധാനപ്പെട്ട പരിഗണനകൾക്കുമായി രിക്കണമെന്നുള്ളതിനു സംശയമില്ല. എന്നാൽ അതിനെ സംബന്ധിക്കുന്നതിനുമുമ്പു ഇതിനുള്ള വൈഷമ്യങ്ങളെക്കുറിച്ചുള്ള ചില ഗന്ധമായി പറയുമ്പോൾ കൊള്ളാം. സ്വകീയസംഘങ്ങൾ നടത്തുന്ന വിദ്യാഭ്യാസം ചെലവുകുറഞ്ഞതായിരിക്കുമെന്നുള്ളതിനു സംശയമില്ല. എന്തുകൊണ്ടെന്നാൽ സ്വകീയസംഘങ്ങൾ സ്വന്തമായി കെട്ടിടങ്ങൾ പണിപ്പിച്ചു സംരക്ഷിച്ചുവരുന്നു. എന്നുതന്നെയല്ല ഈ പാഠശാലകളുടെ അധ്യാപകന്മാരുടെ സഹായത്തോടെ ഗവൺമെൻറുവകയിലുള്ള ഗ്രാൻറുകൊണ്ടു സർക്കാർ പാഠശാലകളിലെ അധ്യാപകന്മാരുടെ ശമ്പളചിലവിനെക്കാൾ കുറഞ്ഞവയാകുന്നു. കൂടാതെ പല സ്വകീയപാഠശാലകളിലും ഗവൺമെൻറു നൽകിവരുന്ന സഹായധനംതന്നെ ശമ്പളമായികൊടുക്കാറുള്ളതുമല്ല. ഈ സർക്കാർ പാഠശാലകളിലെ അധ്യാപകന്മാരുടെ ശമ്പളത്തെക്കാൾ ഉയരം കുറവാകുന്നു.

ഡിപ്പാർട്ടുമെൻറധ്യാപകന്മാരുടെ ശമ്പളം കുറവാണെന്നും അതു് വർദ്ധിപ്പിക്കണമെന്നും ഈ സഭയിൽ ഒന്നിലധികം പ്രാവശ്യം പ്രത്യേകിച്ചു് ഈ വാരപ്രതിവാരങ്ങൾക്കിടയിൽ, ഉപക്ഷേപിച്ചിട്ടുണ്ടു്. ഇതേ സംഗതിതന്നെ അന്യോദ്യോഗസ്ഥ സഭാംഗങ്ങളുടെ പ്രശ്നങ്ങളിൽ പലതിലും സൂചിപ്പിച്ചിട്ടുണ്ടു്. പ്രൈവറ്റ് സ്കൂളുകളിലെ അധ്യാപകന്മാരുടെ ശമ്പളത്തെ സർക്കാർ സ്കൂളുകളിലെ അധ്യാപകന്മാരുടെ ശമ്പളത്തിനൊപ്പം വർദ്ധിപ്പിക്കേണ്ടതാണെന്നുംകൂടി അവരിൽ ഒരാൾ പറയുകയുണ്ടായി.

സർക്കാർ സ്കൂളുകളെ പ്രൈവറ്റ് മേൽവാഹിത്വത്തിലേക്കു വിട്ടുകൊടുക്കുന്നതായാൽ എന്തെങ്കിലും ലാഭം ഉണ്ടാകുമെങ്കിൽ അതു് അവരുടെ ധനസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നു. പ്രൈവറ്റ് സ്കൂൾ മാനേജരന്മാരുടെ ഇപ്പോഴത്തെ നയംനിമിത്തം അപ്രകാരം ഒരു ലാഭം സിദ്ധിക്കുന്നതിനു ശ്രമിക്കുന്നതു അധ്യാപകന്മാർക്കു ദോഷകരമാകുന്നു. പ്രൈവറ്റ് സംഘങ്ങൾക്കു വിദ്യാലയങ്ങളെ വിട്ടുകൊടുക്കുന്നപക്ഷം സാരമായി സഹായധനങ്ങളും വർദ്ധിപ്പിക്കേണ്ടതാകുന്നു. ഈ ഫിർപ്പാടുനിമിത്തം വലിയ ലാഭം ഒന്നും സിദ്ധിക്കയില്ല.

അടുത്തതായി പ്രതിവാദിക്കപ്പെട്ട ഒരു പ്രധാനസംഗതി, സ്കൂളുകളിൽ നടക്കിവരുന്ന അദ്ധ്യയനത്തിന്റെ രീതിയെ സംബന്ധിച്ചാണ്. അതിനെപ്പറ്റി പല സഭാംഗങ്ങളും മാറിമാറി വിവരിച്ചു പറയുകയുണ്ടായി. ഈ വിദ്യാഭ്യാസരീതിയെ ആകെ ഒന്ന് മാറ്റിപ്പണിയേണ്ടതാണെന്നു മിസ്റ്റർ എം എൻ. പിള്ളയും, ഇപ്പോഴത്തെ വിദ്യാഭ്യാസത്തെപ്പറ്റിയൊ അതിൽ ഒരുഭാഗത്തിനെ മാത്രം സംബന്ധിച്ചോ, (അദ്ദേഹം പറഞ്ഞതു ഞാൻ അത്ര നല്ലവണ്ണം കേട്ടില്ല.) അതു് ഉപയോഗശൂന്യമായതാണെന്നു മിസ്റ്റർ എ. കെ. പിള്ളയും, അതൊരു കുഴമറിച്ചിയാണെന്നു മിസ്റ്റർ കെ. കെ. തോമസും, ഈ രീതി തീരെ തെറ്റായ ഒന്നാണെന്നു മിസ്റ്റർ ടി. ജെ. മാത്യൂവും പ്രസ്താവിക്കയുണ്ടായി. ഈ കാര്യത്തെപ്പറ്റി പൂർണ്ണമായി പ്രതിവാദിക്കുന്നതിനു എനിക്കു സമയമുണ്ടായിരിക്കയില്ല. ഈ കാര്യത്തെ ഏറ്റവുംക്രമമായ മനസ്സിലാക്കുവാൻ നമുക്കു സഹായമായിരിക്കുന്ന ചുരുക്കം ചില കണക്കുകളും എടുത്തു പറയുന്നതിനു എന്നെ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള പാഠശാലകളിൽ വിദ്യാഭ്യാസം ചെയ്യുവന്ന കുട്ടികളിൽ ഏകദേശം കോളേജുകളിലും ഏകദേശം ഇംഗ്ലീഷ് സ്കൂളുകളിലും ഏതാണ്ടു നാട്ടുഭാഷാവിദ്യാലയങ്ങളിലുമായിരുന്നു.

കോളേജുകളിലേക്കു ആകെ ചിലവ് രണ്ടുലക്ഷം രൂപായിൽ അല്പം കുറവും ഇംഗ്ലീഷ് സ്കൂളുകളിലേക്കു ഏകദേശം ലക്ഷവും നാട്ടുഭാഷാ വിദ്യാലയങ്ങളിലേക്കു ഗവൺമെൻറു ലക്ഷം രൂപ ആയിരുന്നു.

ഈ വിദ്യാലയങ്ങളിൽ ഉള്ള ചെലവിനു തക്ക പ്രയോജനം ഭാവിയിൽ സിദ്ധിക്കുന്നുണ്ടോ എന്നതിനെ സംബന്ധിച്ചു വിഭിന്നാഭിപ്രായങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ അതിനെപ്പറ്റി പ്രതിവാദിക്കുന്നതിനു ഞാൻ ഇപ്പോൾ വിചാരിക്കുന്നില്ല. കുട്ടികളിൽ അധികംപേർ വിദ്യാഭ്യാസം ചെയ്യുവരുന്നതു നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലാണെന്നും അവകളിലാണു് അധികമായ ചെലവും ധനക്കുടുന്നതെന്നും കണക്കുകളെ പ്രത്യേകം എടുത്തുപറഞ്ഞതു്.

ഈ പാഠശാലകളിൽ നടക്കിവരുന്നതു് സാമാന്യ വിദ്യാഭ്യാസമാകുന്നു. അതു കുട്ടികളുടെ മനസംസ്കരണാർത്ഥമുള്ളതാകുന്നു. ഈ രാജ്യത്തു രണ്ടു ലക്ഷം ജനങ്ങളിൽ ഉള്ളതിൽ, ഏകദേശം അധികംപേർക്ക് കോളേജുകളിലും, ഏകദേശം ഇംഗ്ലീഷ്സ്കൂളുകളിലും അതായതു വിദ്യാലയങ്ങളിലെ രീതിയനുസരിച്ചു മനസംസ്കരണാർത്ഥമുള്ള ഒരു സാമാന്യ വിദ്യാഭ്യാസം സിദ്ധിക്കുന്നതു ഒട്ടും തരക്കേടാണെന്നു എനിക്കു തോന്നുന്നില്ല. ഇപ്രകാരം വിദ്യാഭ്യാസം സിദ്ധിക്കുന്നവർക്കു അതിനുശേഷം എന്തെങ്കിലും തൊഴിൽ കണ്ടുപിടിക്കുന്നതിനുള്ള ഒരു തൊഴിൽ കുറവുണ്ടു്. ഇതു് ഒരു ഗൗരവമായ സംഗതിയാകുന്നു. ഇതിനെ പരിഹരിക്കേണ്ടതു് വിദ്യാഭ്യാസവകുപ്പിന്റെ കടമതന്നെയല്ല. വിദ്യാഭ്യാസവകുപ്പിനു സഹായംചെയ്യാൻ കഴിയും എന്നുള്ളതിനു തർക്കമില്ല. എന്നാൽ ഇതിനു ഒരു പരിഹാരം ഉണ്ടാക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെൻറിനു പ്രാരംഭമായി യാതൊന്നും ചെയ്യാൻ സാധിക്കയില്ല.

സാമാന്യ വിദ്യാഭ്യാസമെന്നതോടൊന്നിച്ചു തൊഴിൽസംബന്ധമായ വിദ്യാഭ്യാസം കൂടി നൽകുന്നകാര്യം വ്യ ക്തമായ രൂപരേഖയുടെ ഒന്നാകുന്നു. തിരുവിതാംകൂറിൽ അതു കൂടുതൽ പ്രയാസമായ കാര്യമാണ്. ഇവിടെ തൊ ഴിലുകൾ പരിതാപകരമാംവണ്ണം വളരെ ചുരുക്കമാണ്.

ഞാൻ മുമ്പു പറഞ്ഞതിനെ ഇടയാക്കുന്നപക്ഷം ഈ രാജ്യത്തെ വിദ്യാഭ്യാസത്തിനു പുരോഗമനോന്മുഖമായ നാട്ടുഭാ ഷാ വിദ്യാലയങ്ങളെ ൽ നൽകിവരുന്നതാണ്. അതായതു പ്രൈമറിസ്കൂളുകൾ, ഹൈസ്കൂളുകളിലും ഫ്രം ൽ വൺ ശതമാനം പ്രൈമറിസ്കൂളുകളിലും ൭൦ ശതമാനം മിഡിൽസ്കൂൾ ക്ലാസുകളിലും ഫ്രം തൊണ്ണൂറു ശതമാനം ഇയ ൻക്ലാസുകളിലും ആകുന്നു.

ഇതോടൊന്നിച്ചു കാട്ടുജാതികളിലും സ്ത്രീകളിലും ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള വർദ്ധന നോക്കുന്നതായാൽ ഏകദേശം പതിനഞ്ചു ശതമാനം പ്രൈമറി ക്ലാസുകളിൽ പഠിക്കുന്നവരാണ്. അതായതു നാട്ടുഭാ ഷാ പള്ളിക്കൂടങ്ങളിലെ ഫസ്റ്റ് ഫോറം വരെയുള്ള ക്ലാസുകളിൽ പഠിക്കുന്നവർ ഇതരം വിദ്യാഭ്യാസത്തിനു തയ്യാറായാണ് പഠിപ്പിൽനിന്നും അധികംപേരും പെട്ടെന്നു പിരിഞ്ഞുപോകുന്നത്. സാമാന്യ വിദ്യാഭ്യാസത്തിന്റെയും, തൊഴിൽസംബന്ധമായ വിദ്യാഭ്യാസത്തിന്റെയും പ്രയോജനത്തെക്കുറിച്ചുള്ള അജ്ഞതയാണ് ഇങ്ങനെയുണ്ടാകുന്നതിനു കാരണമെന്നാലും പ്രൈമറിസ്കൂളുകളിൽ നാലാംക്ലാസുവരെ നടത്തിവരുന്ന സാമാന്യ വിദ്യാഭ്യാസം ഇങ്ങനെയുള്ള കാവിക്ഷീ വിതമാറ്റങ്ങളെ ഏറ്റുവാങ്ങാൻ പര്യാപ്തമായിട്ടുള്ളതാണെന്നുള്ള കാര്യം അവിതർക്കിതമാകുന്നു.

ഈ വിദ്യാലയങ്ങളിലെ അധ്യയനക്രമത്തെ വളരെ പരിഷ്കരിക്കാവുന്നതാണ് എന്നതിനു തർക്കമില്ല. എന്നാൽ ഈത് ശിക്ഷാക്രമ പഠനശാല അദ്ധ്യാപകവൃന്ദത്തിന്റെയും ഇൻസ്പെക്ടറന്മാരുടെയും സഹായംകൊണ്ടും സഹ യമാണെങ്കിൽ മാത്രമേ നടപ്പിലെവരുത്തുവാൻ സാധിക്കയുള്ളൂ.

വാഗ്പ്രതിവാദങ്ങൾക്കു മദ്ധ്യേ വിമർശിക്കപ്പെട്ട മറ്റു സംഗതികളെപ്പറ്റി വിദ്യാഭ്യാസവകുപ്പാത്മ കമായും ആവശ്യപ്പെട്ടതനുസരിച്ചുള്ള ഉപേക്ഷപങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ ഞാൻ പ്രതിവാ ദിച്ചുകൊള്ളാം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): സർ. ബഡ്ജറിനെസംബന്ധിച്ചു പൊ തുവെ വാഗ്പ്രതിവാദങ്ങൾ ചെയ്തുള്ളതിൽ, കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ട കാര്യത്തെപ്പറ്റി പല സഭാംഗങ്ങളും സംസാരിക്കയുണ്ടായി നമ്മുടെ ആഹാരസാധനങ്ങളെ ഈ രാജ്യത്തുതന്നെ ഉണ്ടാക്കുന്നതിലേക്കു കൂടുതൽ ശ്രദ്ധ പതിക്കേണ്ടതാകുന്നു. എന്നു മറുഭാഗത്തുള്ള എന്റെ ചില സ്നേഹിതന്മാർ പ്രസ്താവമായി പ്രതിവാദിച്ചിരിക്കു ന്നു. അവരുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. എല്ലാത്തരം ആഹാരസാധനങ്ങളേയും വിശിഷ്യ നെല്ലും ഈ രാജ്യത്തു ധാരാളമായി വിളയിക്കുന്നതിനു കഴിയുന്നത്ര ശ്രമങ്ങളും ചെയ്യേണ്ടതാണ്. എന്നു കാര്യത്തെപ്പറ്റി ഗവണ്മെന്റു വിചാരിക്കാതിരിക്കയില്ല. ഈ തയത്തെ ആസ്പദമാക്കി, ഗവണ്മെന്റു റിസർവു വനങ്ങളെ വെട്ടിത്തെളിച്ചു കൃഷിചെയ്യുന്നതിനു പ്രയോജനമാക്കി ഇട്ടുകയുംചെയ്യുന്നുണ്ട്. കൂടാതെ നെൽകൃഷി ക്കു പറ്റിയ ഭൂമികളെ കഴിയുന്നടത്തോളം പതിച്ചുകൊടുക്കുകയും നെൽകൃഷിക്കു അത്യന്താപേക്ഷിതമായ കൃഷി സേചന വേലകളിലേക്കു കൂടുതലായി പണം ചെലവാക്കുകയും ചെയ്യുവരുന്നു. എന്നാൽ ഇക്കാര്യങ്ങളിൽ നമുക്കു ചെയ്യാൻ സാധിക്കുന്ന പ്രവർത്തികൾക്കു ഒരതിരുണ്ട്. ഈ വിഷയത്തെസംബന്ധിച്ചു ഞാനിപ്പോൾ കൂടുതൽ പറയുന്നതിനാവശ്യം കൊണ്ടുവന്നിട്ടുള്ള വാഗ്ദാനം എന്തെല്ലാമാണെന്നു കഴിഞ്ഞ സഭായിലെ സാമാജികന്മാരുമിരുന്ന മറുഭാഗത്തുള്ള എന്റെ ചില സ്നേഹിതന്മാക്കറിയാം. ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരുന്നതോടു കൂടി ജനങ്ങളുടെ ആവശ്യങ്ങളും വർദ്ധിച്ചുവരുന്നു. എന്നാൽ ഇവയെ നിർവഹിക്കുന്നതിനു നമ്മുടെ അധീനത്തിലുള്ള വഴികൾ വളരെ ചുരു ക്കമാകുന്നു. ഇപ്പോൾ നെൽകൃഷി ചെയ്യുവരുന്ന സ്ഥലങ്ങളുടെ ആകെ വിസ്തീർണ്ണം നൂറ്, ൦൦,൦൦൦ ഏക്കറും ജനസംഖ്യ ൪൫ ലക്ഷവും ആകുന്നു. അതുകൊണ്ടു കൃഷിചെയ്യുന്ന ഭൂമി ആളൊന്നിനു ശരാശരി ഫസ്റ്റ് സെന്റു മാത്രമേ കാണുകയുള്ളൂ.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരിമേടും): ൪൫ ലക്ഷം എന്ന സംഖ്യ ഡയറക്ടർ എങ്ങിനെ കിട്ടി എന്ന് അറിഞ്ഞാൽകൊള്ളാം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): ഞാൻ ക്ഷമായാചനം ചെയ്യുന്നു. അതു ൪൦ ലക്ഷമാണ്. ഈ സ്ഥലങ്ങളിൽഎല്ലാം നാം ക്ലിപ്തമായ സ്ഥലത്ത് കൃഷി ഗണിച്ചിട്ടുണ്ടോ പൂർണ്ണ ഒ നടപ്പിൽവരുത്തുകയാണെങ്കിൽതന്നെ ഈ ഫസ്റ്റ് സെന്റു ഭൂമിയിൽനിന്നും ഒരാൾക്കു ആവശ്യമുള്ള ഭക്ഷണമോ ആ ഹാരസാധനങ്ങളോ സിദ്ധിക്കയില്ലെന്നു നമുക്കു ഏറ്റവുമധികം അനുമാനിക്കാവുന്നതാണ്.

മി. കെ. കെ. തോമസ്സ് (കോട്ടയം): നെൽകൃഷിചെയ്യുവരുന്ന ഭൂമിയിൽ ഏക്കറിൽനിന്നും എത്രമാത്രമാണ് കിട്ടുമെന്നു ഡാക്ടർ ദയവായി പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): എനിക്കു സൂക്ഷ്മമായ കണക്കുകൾ പറയുന്നതിനു സാധിക്കയില്ല. എന്നാൽ രണ്ടുകൊല്ലത്തിനുമുമ്പു ഞാൻ ഏകദേശം നിർണ്ണയിച്ചിട്ടുള്ള കണക്കനുസരിച്ച് തിരുവിതാംകൂറിൽ നൂറ്റിരുപതിനായിരം ടൺ നെല്ലു വിളയുന്നുണ്ടെന്നും ബന്ധപ്പെട്ടുള്ള രാജ്യങ്ങളിൽനിന്നും ഏകദേശം ഏഴുപതിനായിരം ടൺ നെല്ലു് ഇറക്കുമതി ചെയ്യുന്നുണ്ടെന്നും കാണുന്നു

മി. കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇതു് എത്രമാത്രം വിശ്വാസയോഗ്യമാണെന്നും ഈ ഫസ്റ്റ് സെന്റു ഭൂമിയിൽനിന്നും എത്രമാത്രം നെല്ലു കിട്ടുമെന്നും ഡയറക്ടർക്കു പറയുവാൻ സാധിക്കുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): ശരാശരി വിളവു് ൭ ഒ. വു ൪. മേനിയാകുന്നു. അല്ല, സാമാന്യം നല്ല ഒരു വിളവാണെന്നുള്ളപക്ഷം ഫസ്റ്റ് മേനിയും കാണും. ഭൂമികൾക്കു നല്ലുതും ചീത്തയും ഉണ്ട്. അതുകൊണ്ടു ശരാശരി ൭ ഒ. വു ൪. മേനി ആയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. കെ. തോമസ്സ് (കോട്ടയം): ഈ ഫസ്റ്റ് സെന്റു സ്ഥലത്തു കൃഷിയിറക്കുന്നതിനെത്ര ചെലവാകുമെന്നു ദയവു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായഡയറക്ടർ): നെൽകൃഷിക്കു സാധാരണ ഏക്കർ-മിനു ശരാശരി ൪൦ മുതൽ ൫൦ രൂപാവരെ ചിലവുവരും.

മി. എൻ. വി. ജോസഫ് (പറവൂർ): ക്ഷിപ്രമായ നടപടിയുണ്ടാകുന്നതുകൊണ്ടു നമുക്ക് എത്രയുമാശ്വാസം ലഭിക്കുമെന്നാശിക്കാം?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഞാൻ അതിനെപ്പറ്റി പറയാൻ പോകയാണ്. ഞാൻ പറഞ്ഞുകൊണ്ടുവന്നത് എന്തെന്നാൽ ആളൊന്നിന പ്രൊസൻറു കൃഷിക്കു പയോഗിക്കാവുന്ന ഭൂമിമാത്രമേ ഉള്ളൂ എന്നും ഭൂമിയെത്തന്നെയും ഫലപ്രദമാക്കിക്കൃഷി ചെയ്തിരുന്നാലും നമുക്കാവശ്യമുള്ളിടത്തോളം നെല്ലുവിളയിക്കുവാൻസാധിക്കയില്ലെന്നും തുടർന്നു, നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുവാൻതാംനമ്മാൽകഴിയുന്നിടത്തോളം ശ്രമിക്കണമെന്നു സഭാംഗങ്ങൾ പറഞ്ഞതിൽ എനിക്കു തീരെ വിപരീതാഭിപ്രായമില്ല. നാം നമുക്കാവശ്യമുള്ളിടത്തോളം നെല്ലുവിളയിക്കുന്നില്ലെന്നു ചൂണ്ടിക്കാണിച്ചു. എന്നാൽ നമുക്കു കൂടുതൽ നാളികേരം ക്ഷിക്കുന്നുണ്ട്. എന്നുമാത്രമല്ല നാളികേരം ഏറ്റുമതി ചെയ്തുവരുത്തു നാം പുറമേയുള്ള രാജ്യങ്ങളിൽനിന്നും അരിക്കു നെല്ലിനുകൊടുക്കുന്നതിലും അധികപ്പണം വാങ്ങുന്നു. തങ്ങളുടെ നെല്ലിൻതോപ്പുകളെ നിലനിർത്തുന്നതു ഇന്ത്യാക്കാരുടെ ഉപ്പിക്കാരമാണെന്നുള്ളുപക്ഷം, നമുക്കു ആവശ്യമുള്ള നെല്ലുമുഴുവനും ഇവിടെ വിളയിക്കുന്നതിനു സാധിച്ചുഎന്നുവരാം. എന്നാൽ ഇതു നടപ്പിൽ വരുത്താവുന്ന ഒരുകാര്യമല്ല. കഴിഞ്ഞ യുദ്ധകാലത്തു വന്നുകൂടിയതുപോലെ അപ്രതീക്ഷിതമായി എന്തെങ്കിലും വന്നുചേരുവാൻ ഇടയുണ്ടെങ്കിലും അത്തരം സംഭവങ്ങളും വളരെ ദർലഭമാകുന്നു. അങ്ങനെ വരുന്നതായാൽ ആഹാരസാധനങ്ങളും ലഭിക്കുന്നതിനു വളരെ ബുദ്ധിമുട്ടുകളും വന്നേക്കാമെങ്കിലും, നമുക്കു സഹായത്തിനായി അയൽവാസികളും ഉണ്ടെന്നു് ഓർമ്മിക്കേണ്ടതാകുന്നു. മാത്രമല്ല, നെല്ലുവിളയിച്ചു തിരുവിതാംകൂറിലേക്കു അയച്ചുതരുമ്പോൾ, നാം ധാരാളം നാളികേരം പിഴിപ്പിച്ചു വെളിച്ചായിലേക്കയക്കുന്നു. ഈ പരസ്പരസഹായം ഇരുകൂട്ടർക്കും ഉപകാരപ്രദമാകുന്നു. രാജ്യത്തു നെൽകൃഷി വർദ്ധിപ്പിക്കുവാൻ നമ്മാൽ കഴിയുന്നിടത്തോളം ശ്രമിക്കാമെന്നല്ലാതെ സഭാംഗങ്ങൾ പറഞ്ഞതിൽ എനിക്കു തീരെ വിപരീതാഭിപ്രായമില്ല. തിരുവിതാംകൂറിൽ നെൽകൃഷി ചെയ്യുന്നതുകൊണ്ടു നിലങ്ങളുടെ വിസ്തീർണ്ണം വളരെ കുറവാണെന്നും അതിനെ വർദ്ധിപ്പിക്കുന്നതിനു യാതൊരു നിവൃത്തിയുമില്ലെന്നും എനിക്കു പറയേണ്ടിയിരിക്കുന്നു. നമുക്കു ചെയ്യുവാൻകഴിയുന്ന ഏകസംഗതി, ഇപ്പോഴുള്ള നിലങ്ങളിൽ വിളവു വർദ്ധിപ്പിക്കുക, എന്നതാണ്, ഇതിനു ഏറ്റവും ആവശ്യമായിരിക്കുന്നതു, ജലസേചനത്തിനു കൂടുതൽ സൌകര്യങ്ങളും ഉണ്ടാക്കുകയാകുന്നു. തിരുവിതാംകൂർ ഗവണ്മെൻറു ജലസേചനത്തിനായി ധാരാളം പണം ചെലവാക്കി കഴിഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എത്രാണ്ടുമുതല്ക്കു മൈനർ ഇറിഗേഷൻ വേലകൾക്കു പണം ചിലവാക്കിവരുന്നുണ്ടു?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഈ കണക്കുകൾ എൻറെപക്കൽ ഇല്ലെന്നു ദുഃഖസമേതം അറിയിച്ചുകൊള്ളുന്നു. എൻറെ സ്നേഹിതൻ ചീഫ്എൻജിനീയർക്കു ഈ കാര്യത്തെപ്പറ്റി പറഞ്ഞുതരുന്നതിനു കൂടുതൽ ശ്രമിയുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു് ഫാമിനു മുതൽക്കൂട്ടായ ഒരു മാർഗമാണ്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഞാൻ ജലസേചനത്തെപ്പറ്റി പൊതുവായാണ് പറയുന്നതു്. മൈനർ ഇറിഗേഷനെക്കുറിച്ചു മാത്രമല്ല. കോതയാർ പ്രോജക്ടിനായി ഗവണ്മെൻറു സാമാന്യം ഒരു വലിയതുക ചെലവുചെയ്തിട്ടുണ്ട്. അതുകൊണ്ടു തെക്കൻതിരുവിതാംകൂർകാർക്കു വളരെ ഗുണം സിദ്ധിച്ചിട്ടുണ്ട്. എൻറെ സ്നേഹിതൻ മി. കുമാരപിള്ളയ്ക്കു അതറിയാമല്ലൊ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു് ഒരു ആശായോല്പാദനവേലയാണ്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഗവണ്മെൻറു ജലസേചനം പ്രമാണിച്ചു ചിലവാക്കുന്ന പണത്തിനെ കുറിച്ചുമാത്രമാണ് ഞാൻ സംസാരിക്കുന്നതു്. കോതയാർ പ്രോജക്ടു് ഒരാശയോല്പാദനവേലയാകുന്നുവെങ്കിലും, അങ്ങനെയുള്ളതിൽ ഗവണ്മെൻറതിൽ ധാരാളംപണം ചെലവുചെയ്തിട്ടുണ്ട്. മൈനർ ഇറിഗേഷൻ വേലകൾക്കായി നിർദ്ദേശിച്ചിട്ടുള്ളതുക മതിയായതല്ല എന്നു് ഈയിട സഭാംഗങ്ങൾ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചിട്ടുണ്ട്. മൈനർഇറിഗേഷൻ വേലകൾക്കു കൂടുതൽപണം ചെലവിടുന്നു എന്നാണ് എൻറെ അഭിപ്രായം. ഇതിനെപ്പറ്റി പാർലമെൻറിൽ നടത്തിട്ടുണ്ടെന്നു എനിക്കറിയാം.

മി. സി. പി. തരകൻ (നിയമിക്കപ്പെട്ട സഭാംഗം): വടക്കൻ തിരുവിതാംകൂറിൽ മൈനർ ഇറിഗേഷൻവേലകൾക്കായി ഇതുവരെയും എത്രരൂപ ചെലവാക്കിവരുന്നുണ്ടു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എനിക്കു നിശ്ചയമില്ല. ഇക്കാര്യം ചീഫ് എൻജിനീയർ ഉത്തരംപറയേണ്ട ഒരു ചോദ്യമാണ്. ബഡ്ജറിലെ കണക്കുകളിൽനിന്നും, മൈനർ ഇറിഗേഷൻ വേലകൾക്കു ഗവണ്മെൻറു കൂടുതൽപണം ചെലവുചെയ്യുകയുണ്ടു് എന്നു് എനിക്കറിയാം. തിരുവനന്തപുരം ഡിവിഷനിലെ മൈനർഇറിഗേഷനെ സംബന്ധിച്ചു അന്വേഷണങ്ങൾ നടത്തുന്നതിനു ഒരു പ്രത്യേക സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടു് അതുപോലെയുള്ള അന്വേഷണങ്ങൾ നടത്തുന്നതിനായി കോട്ടയം, കൊല്ലം, ആലുവാ ഈ സ്ഥലങ്ങളിലെപ്പോലുമൊരാളെ ഡിവിഷനുകളിലേക്കു കൂടുതൽപണം അനുവദിച്ചിട്ടുണ്ടെന്നും തോന്നുന്നു. മൈനർ ഇറിഗേഷൻ ജോലികൾക്കു ഗവണ്മെൻറു ആവശ്യമുള്ള സൌകര്യങ്ങളെല്ലാം നാംകൊടുത്തിട്ടുണ്ടെന്നു് ഞാൻ പറയുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ അവർ കൂടുതൽശ്രദ്ധ പതിക്കുകയും, കൂടുതൽപണം ചെലവിടുകയും ചെയ്യുവരുന്നുണ്ടു്. നെൽവിളവു വർദ്ധിപ്പിക്കേണ്ടതു ആവശ്യമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടു എന്നമാത്രമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുവാൻ അനുഗ്രഹിക്കുന്നതു്.

ജലസേചനത്തിനെന്നപോലെ ക്ഷിപ്രസ്ഥലത്തു കൃഷിവർദ്ധിപ്പിക്കുന്ന ഫർട്ടിലൈസർ നടപ്പിൽ വരുത്തുന്നതിനു ഗവണ്മെൻറു ശ്രദ്ധപതിക്കുകയും പണം ചെലവിടുകയും ചെയ്യുന്നുണ്ടു്. പരീക്ഷണങ്ങളുടെ ഉപയോഗത്തെയും നിരുപയോഗത്തെയുംപറ്റി ഒന്നിലധികം സഭാംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. ഈ സഭാംഗങ്ങളുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. പരീക്ഷണങ്ങൾ—ഈ സന്ദർഭത്തിൽ ഞാൻ എൻറെ സ്നേഹിതൻ മി. ചാക്കോയ്ക്കുവേണ്ടി ക്ഷമിയാണ് പറയുന്നതു്—പരീക്ഷണങ്ങൾ ആവശ്യമാണ്. ഞങ്ങൾക്കു ചില പരീക്ഷണങ്ങൾ നടത്തേണ്ടതായുണ്ടു്. എന്നാൽ പരീക്ഷണങ്ങളേപ്പോലെതന്നെ അതിനെ സംബന്ധിച്ചുള്ളതെല്ലാം നിന്നുപോകുന്നു എന്ന നിങ്ങൾ പറയുന്നു.

എന്നാൽ ഞങ്ങൾ പരീക്ഷണങ്ങൾ മാത്രംകൊണ്ട് അവസാനിപ്പിച്ചിട്ടില്ല. ഞങ്ങൾ പരീക്ഷണങ്ങൾ നടത്തിത്തുടങ്ങിയിട്ടുണ്ട് എന്നതന്നെയല്ല അവയെ തുടർന്നുകൊണ്ടും ഇരിക്കുന്നു. അവയിൽ ജയപ്രദമായി പരിണമിക്കുന്നവയുടെ ഫലങ്ങളെ ഞങ്ങൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നുമുണ്ട്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): നിങ്ങൾ പരീക്ഷണങ്ങൾ മാത്രമല്ലാതെ മറ്റു കാര്യങ്ങളും ചെയ്യുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെ പരാതി.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എന്റെ ഡിപ്പാർട്ടുമെന്റിന്റെ സംബന്ധിച്ചിടത്തോളം പരീക്ഷണങ്ങൾക്കപ്പുറമെ കൂടുതലായി ചിലതൊക്കെ ഞാൻ ചെയ്തിട്ടുണ്ടെന്നു കൂടി പറയുവാൻ ഞാൻ മോഹിക്കയായിരുന്നു. ഞാൻ മുമ്പേതന്നെ ചില ഉദാഹരണങ്ങളും പറയാം. ഈ ഡിപ്പാർട്ടുമെന്റു സ്ഥാപിച്ചകാലത്തു, തിരുവിതാംകൂറിലെ കർഷകന്മാർക്കു കുടിവെള്ളത്തിന്റെ പ്രാധാന്യമോ അറിയാൻ പാടില്ലായിരുന്നു എന്നുമാത്രമല്ല അതു വിളവുകൾക്ക് ദോഷം ചെയ്യുന്നതാണെന്നുകൂടി അവർ വിചാരിച്ചിരുന്നു. ഇതിനെ ഉപയോഗിക്കുന്നതിനു ജനങ്ങളെ പ്രേരിപ്പിക്കുന്നതിനായി ഞാൻ എന്റെ സമയംചിലവഴിച്ചു. ഇപ്പോൾ കുട്ടനാട്ടു കുമ്മായം സാധാരണയായി ഉപയോഗപ്പെടുത്തി വരുന്നു എന്നുള്ളതിനു, കുട്ടനാട്ടുനിന്നും വന്നിട്ടുള്ള എന്റെ സ്നേഹിതന്മാർ സാക്ഷ്യം വഹിക്കുന്നതാണ്. കൂടാതെ, ഇപ്പോൾ ഉപയോഗപ്പെടുത്താത്തതായ മിക്കവളങ്ങളേയും ഉപയോഗിക്കുന്നതായാൽ വിളവ് വർദ്ധിപ്പിക്കാൻ കഴിയുമെന്നും ഡിപ്പാർട്ടുമെന്റു ജനങ്ങളെ മനസ്സിലാക്കിയിട്ടുണ്ട്. പഴയവളങ്ങളുടെ സ്ഥാനത്തു പുതിയവളങ്ങളും ഉപയോഗിക്കണമെന്നല്ല ഞങ്ങൾ പറയുന്നില്ല. എന്നാൽ അവയെ ആവശ്യാനുസരണം പുതിയവളങ്ങളുമായി കൂട്ടിച്ചേർത്തു ഉപയോഗിക്കണമെന്നാണ് ഞങ്ങൾ പറയുന്നതു്. മത്സ്യവളം, പിണ്ണാക്കു, ഇവകളെ അവർ ഇപ്പോഴും വൃഥാ കളയുകയാണെന്നു് ഞാൻ ജനങ്ങളെ ധരിപ്പിച്ചു. തിരുവിതാംകൂറിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിനു നല്ല പരിചയം സിദ്ധിച്ചിട്ടുള്ള ഏവർക്കും, പ്രസ്തുതവളങ്ങളുടെ ജനപ്രീതിയും ധാരാളമായി ഇപ്പോൾ ഉപയോഗച്ചുവരുന്നുണ്ട്എന്നു പറയാൻ സാധിക്കും. എനിക്കിതിനു വളരെയൊന്നുകൂടി എടുത്തുപറയുവാൻ സാധിക്കും. പുതിയമാതിരി വിത്തുകളെ ജനങ്ങളുടെ ഇടയിൽ പ്രചാരത്തിൽ വരുത്തുന്നതിനു ഞങ്ങൾ ശ്രമിക്കയാണ്. ഞങ്ങൾക്കു നാഗരുകോവിലിൽ നെല്ലുകുത്തിക്കായി ഒരു തോട്ടമുണ്ട്. അതു് യഥാർത്ഥത്തിൽ വളരെ സാമർത്ഥ്യമുള്ള ഒരാളിന്റെ മേൽനോട്ടത്തിൽ ഇരിക്കുകയാണ്. അദ്ദേഹം പുതിയമാതിരി വിത്തുകൾ ഉണ്ടാക്കിവരുന്നു എന്നതുകൊണ്ടുമാത്രമല്ല അവയെ പരസ്പരസഹായസംഘങ്ങൾ മുഖാന്തിരം കർഷകന്മാരുടെ ഇടയിൽ പ്രചാരപ്പെടുത്തുകയും ചെയ്തുവരുന്നു. ഇതെല്ലാം, പരീക്ഷണങ്ങൾക്കപ്പുറമെ ഞങ്ങൾ ചിലതൊക്കെ പ്രവർത്തിച്ചിട്ടുണ്ട് എന്നുള്ളതിനുദാഹരണങ്ങളാണ്.

മി. എൻ. വി. ജോസഫ് (പറവൂർ): നെൽകൃഷി ചെയ്തുവരുന്ന പ്രദേശങ്ങളുടെ എത്രശതമാനം സ്ഥലങ്ങളിൽ ഈ പുതിയവളങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മധ്യതിരുവിതാംകൂറിൽ—കോട്ടയം, ആലപ്പുഴ, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി ഈ സ്ഥലങ്ങളിൽ ഒരുവിധം ശതമാനം ജനങ്ങൾ ഇതുപയോഗിച്ചുവരുന്നുണ്ട്. അവർ ഇതിനെ നമ്മുടെകിൽ നേരിട്ട ഗവണ്മെന്റിന്റെ പക്കൽനിന്നോ, അല്ലാത്തപക്ഷം മറ്റു വല്ലപ്രകാരമോ വാങ്ങിവരുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): ഇതു് സൂക്ഷ്മമായി എത്രശതമാനം വരുമെന്നു് പറയുന്നതിനു അദ്ദേഹത്തിനു സാധിക്കുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എനിക്കു സാധിക്കയില്ല എന്നു് ഞാൻ വ്യസനസമേതം പറഞ്ഞുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) ചേർത്തലയുള്ള വളംഡിപ്പോ അദ്ദേഹം ഇപ്പോഴും വച്ചുകൊണ്ടിരിക്കുന്നുണ്ടോ? എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഇല്ല. അവിടെ ഞങ്ങൾക്കുള്ള വളംഡിപ്പോ'' ഉണ്ടായിരുന്നു. ഞങ്ങൾ അതിനെ നിറുത്തൽചെയ്യുകയും ഒരു പ്രൈവറ്റു എജൻസിനെ ഏർപ്പിടിക്കുകയുംചെയ്തു. ഞങ്ങളുടെ നയം——

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എന്തുകൊണ്ടാണ് അതിനെ കൊടുത്തുകളഞ്ഞതു്?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): എന്തെന്നാൽ പ്രൈവറ്റു എജൻസിന്മാർ അതിനുവേണ്ടി ആവശ്യപ്പെട്ടു. ഞങ്ങളുടെ നയം, ഇത്തരം ഡിപ്പോകളെ നടപ്പിൽവരുത്തി ആവശ്യക്കാരുള്ളപക്ഷം പ്രൈവറ്റു എജൻസിന്മാർക്കു വിട്ടുകൊടുക്കുക എന്നുള്ളതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ജനങ്ങൾ ഇതിനെ ഉപയോഗിക്കായ്കനിമിത്തംതന്നെ നഷ്ടകരമാണെന്നു ഡിപ്പാർട്ടുമെന്റു കണ്ടുവോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഈ വളംഡിപ്പോനിമിത്തം യാതൊരു നഷ്ടവും നേരിട്ടിട്ടില്ല. ഞങ്ങൾ കുറെവളങ്ങൾ ശേഖരിച്ചു അവയെ വാങ്ങിയ വിലയ്ക്കുതന്നെ വിൽക്കുകയുംചെയ്തു.

മി. കെ. കെ. തോമസ്സ് (കോട്ടയം): കുമ്മായം ഉപയോഗിക്കുന്നതു് എല്ലായ്പോഴും ഗുണകരമായിട്ടുണ്ടോ കണ്ടിട്ടുള്ളതു്?

ഡാക്ടർ എൻ: കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ചില സന്ദർഭങ്ങളിൽ കുമ്മായം മണ്ണിൽതന്നെ പക്കേടു ഉണ്ടായിരിക്കും. കൂടുതലായി ചേർക്കുന്നതായാൽ അതു് അനാവശ്യമായിരിക്കുകയും ചെയ്യും.

മി. കെ. കെ. തോമസ്സ് (കോട്ടയം): അതു് മണ്ണിലുള്ള വളങ്ങളെ നശിപ്പിച്ചുകളയുകയില്ലേ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഉവ്വ്. സ്വയമെ കുമ്മായം ധാരാളമുള്ളമണ്ണിൽ അതു് കുറെ കേടുതന്നെ ചെയ്യുന്നുണ്ടു്. ഒരു പ്രത്യേകശതമാനം കുമ്മായം അത്യന്താപേ-

ക്കിതമാണ്. എന്നാൽ കൂടുതൽ ഉപയോഗിക്കുന്നപക്ഷം നിശ്ചയമായും അതുമൂലം ദോഷകരമായി പരിണമിക്കുന്നതാണ്. കൂടുതൽ കുമ്മായം ഇടുകയേയുള്ളൂ. നമ്മുടെ മണ്ണിൽ പൊതുവെ, ആവശ്യത്തിലധികം കുമ്മായം അടങ്ങിയിട്ടില്ല.

തങ്ങളുടെ അഭിപ്രായമായി പരിണമിച്ച പരീക്ഷണങ്ങളുടെ ഫലങ്ങളെ ഡിപ്പാർട്ടുമെന്റുകാർ ജനങ്ങളുടെ ഇടയിൽ പരത്തുന്നതിനുവേണ്ടിയുള്ള പ്രയത്നങ്ങൾക്കു ഉദാഹരണങ്ങളാണിവ. ഞങ്ങൾ ഞങ്ങളുടെ പരീക്ഷണങ്ങൾ എല്ലാം നടത്തിക്കഴിഞ്ഞു; ഇനി മറ്റുള്ളോരിടങ്ങളിൽ ഇതുപോലെ ഞങ്ങൾക്കു സാധിക്കും; എന്നു എപ്പോഴെങ്കിലും ഞങ്ങൾക്കു പറയാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഞങ്ങൾക്കു ആണ്ടോടാണ്ടു പരീക്ഷണങ്ങൾ തുടർന്നുകൊണ്ടിരിക്കേണ്ടതുണ്ട്. പ്രസിദ്ധപ്പെട്ട റൊത്താംസ്റ്റെഡ് പരീക്ഷണശാലപോലെ ഏകദേശം ഒരു നൂറാണ്ടുകാലമായി നിലനിന്നുപോരുന്ന അനേകം പരീക്ഷണശാലകൾ ഉണ്ട് എന്ന ഈ സമയത്തെ മറ്റുശാസ്ത്രജ്ഞന്മാർക്ക് അറിയാമായിരിക്കണം. ഈ ശാലകളിൽ സമർത്ഥന്മാരായ വളരെ അധികം പരീക്ഷണങ്ങൾ ഇപ്പോഴും നടത്തിവരുന്നു. അതുകൊണ്ടു പ്രസ്തുതപരീക്ഷണങ്ങൾ അവ അഭിപ്രായമോ, അല്ലാത്തതോ ആകട്ടെ, എന്തും ആവശ്യമുള്ളവയാണ്, ഞങ്ങൾ ചിലപ്പോൾ ചില തെറ്റുകൾ ചെയ്തുപോയി എന്നവരാം. തീച്ചയായും ഞങ്ങളുടെ തെറ്റുകളെ ഈ സഭാംഗങ്ങൾ ഞങ്ങൾക്കു ചൂണ്ടിക്കാണിച്ചുതരുന്ന പക്ഷം ഞങ്ങൾ അവയെ പരിഹരിക്കുന്നതായിരിക്കും പല മാന്യന്മാരും പറഞ്ഞതുപോലെ "തെറ്റുചെയ്യുന്നതു് മനുഷ്യസഹജമത്രേ" എന്നാൽ ഞങ്ങളെ ആക്ഷേപം ഗുണദോഷിക്കാവുന്നതാണ്.

ഉപസംഹരിക്കുന്നതിനു മുൻപായി എനിക്കുവേണ്ടി വാദിക്കുകയും കൃഷിഡിപ്പാർട്ടുമെന്റിന്റെ ആവശ്യത്തിലേക്കു കൂടുതൽത്തുക നിർദ്ദേശിക്കേണ്ടതാണെന്നു് അഭിപ്രായപ്പെടുകയും ചെയ്തിട്ടുള്ള സഭാംഗങ്ങളോടു ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. മറ്റു രാജ്യങ്ങളിൽ കൃഷിഡിപ്പാർട്ടുമെന്റുകൾക്കു ചെലവിടുന്ന തുക എത്രയുണ്ട് എന്നു് നിങ്ങൾ മനസ്സിലാക്കുന്നപക്ഷം നമ്മുടെ കൃഷിഡിപ്പാർട്ടുമെന്റിലേക്കു നിർദ്ദേശിക്കുന്ന തുകയെ അനിർദ്ദാക്ഷിണ്യം വർദ്ധിപ്പിക്കേണ്ടതാണെന്നു നിങ്ങൾക്കു ബോദ്ധ്യംവരും. ഈവകയ്ക്കു നിർദ്ദേശിച്ചിട്ടുള്ള പണത്തെ ശരിയായംവണ്ണം വിനിയോഗിപ്പിക്കേണ്ടതു് പൊതുജനങ്ങളുടെയും ഈ സഭയിലെ അന്യോദ്യോഗസ്ഥസാമാജികന്മാരുടെയും ചുമതലയാകുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര) കൃഷിഡയറക്ടർ ഗവണ്മെന്റിനുവേണ്ടിയാണോ, അഥവാ അദ്ദേഹത്തിനുവേണ്ടിത്തന്നെയോ, ആക്ഷേപിച്ചാണ് സംസാരിക്കുന്നതു് എന്നറിഞ്ഞാൽകൊള്ളാം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായഡയറക്ടർ): കൃഷിഡിപ്പാർട്ടുമെന്റിലേക്കു നിർദ്ദേശിക്കുന്നതായ തുക വർദ്ധിപ്പിക്കുന്ന കാര്യത്തെപ്പറ്റി ഞാൻ മുടവിൽ പറഞ്ഞ ചില വാചകങ്ങൾ എനിക്കു വേണ്ടിത്തന്നെയാണ് ഞാൻ പുറപ്പെടുവിച്ചതു്.

മി. കെ. ജാജ്ജ് (ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി) സർ, സമയം വളരെ അതിക്രമിക്കുന്നു. തോമ്പം ഇനി നീട്ടിക്കൊണ്ടുപോകുന്നതു് തൃപ്തികരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഈ ബഡ്ജറ്റ് ഹാജരാക്കിയ ഫിനാൻഷ്യൽസിക്രട്ടറിയുടെ നിലയിൽ എനിക്കു മറുപടി പറയേണ്ടതായ ചില സംഗതികൾ ഉണ്ടു്, ഈ വർഷത്തെ ബഡ്ജറ്റ് സംബന്ധിച്ചുള്ള നിരൂപണങ്ങൾ പതിവുപോലെ ഉള്ളവയായിരുന്നു. സാമാന്യം തൃപ്തികരമായ ഒരു ബഡ്ജറ്റു ഹാജരാക്കിയതിനു ചിലർ എന്നെ അനുമോദിച്ചു. എന്നാൽ ഈ അനുമോദനങ്ങളെ തുടർന്നു ബഡ്ജറ്റിനെ സംബന്ധിച്ചു് ചില കർക്കശമായ ഖണ്ഡനങ്ങളും ഉടൻതന്നെ അവർ പുറപ്പെടുവിച്ചു. നിരൂപണങ്ങൾ യാഥാർത്ഥം ഉണ്ടായിരുന്നു. എന്നാൽ അവയിൽ സൃഷ്ടിപരമായ നിർദ്ദേശങ്ങൾ എന്തെങ്കിലും ഉണ്ടായിരുന്നുവോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ദയവുചെയ്തു കുറേക്കൂടി ഉച്ചത്തിൽ പറയണേ.

മി. കെ. ജാജ്ജ് (ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി) സൃഷ്ടിപരമായ നിർദ്ദേശങ്ങൾ എന്തെങ്കിലും ഇണ്ടായിരുന്നുവോ? ഈ സാമാജികന്മാരിൽനിന്നും അപ്രകാരം സൃഷ്ടിപരമായുള്ള നിർദ്ദേശങ്ങളെ ഞാൻ സസന്തോഷം സ്വീകരിക്കുമായിരുന്നു.

മി. റവി. ജെ. മാത്തു (ചങ്ങനാശ്ശേരിയും-പീരുമേടും): ബഡ്ജറ്റിനെസ്സംബന്ധിച്ചു അദ്ദേഹം ഞങ്ങളിൽനിന്നും സൃഷ്ടിപരമായ നിർദ്ദേശങ്ങൾ എന്തെങ്കിലും ആവശ്യപ്പെട്ടുന്നുവോ?

മി. കെ. ജാജ്ജ് (ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി). ഇല്ല. അതു എനിക്കുതന്നെ അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. അസംഖ്യം സാമാജികന്മാർ മുതലെടുപ്പിന്റെ അസ്ഥിരതയെപ്പറ്റി സംസാരിക്കുകയും ചില മുതലെടുപ്പുമാഫ്യക്കാരെ കഠിനമായി അധിക്ഷേപിക്കയുംചെയ്തു. എന്നതിനെക്കുറിച്ചു ഞാൻ പറയുവാൻ തുടങ്ങുകയായിരുന്നു. എങ്കിലുമവ മുതലെടുപ്പു നിശ്ചയമായും കുറഞ്ഞുപോകുമെന്നു ചില സഭാംഗങ്ങൾ പ്രസ്താവിച്ചു. മറ്റുചിലർ സക്കാർഭൂമികളുടെ വില്പന നിർത്തൽ ചെയ്യേണ്ടതാണെന്നു ചൂണ്ടിക്കാണിച്ചു. ഇടുക്കി തിരുവിതാംകൂറിൽ ഉണ്ടാകുന്ന സാമാന്യങ്ങളുടെ ഏറ്റവുമതിത്തീരുവക്കച്ചവടത്തിൻ ദോഷകരമാണെന്നും അതുകൊണ്ടു അതിനെ നിർത്തൽചെയ്യണമെന്നും ഒരു സാമാജികൻ അഭിപ്രായപ്പെട്ടു. ഇപ്രകാരം നോക്കുന്നതായാൽ സകല മുതലെടുപ്പുകളേയും നിർത്തൽചെയ്യേണ്ടതായി വരും. ഗവണ്മെന്റിന്റെ മുതലെടുപ്പു വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെന്റിനെ സഹായിക്കുന്നതിനു തങ്ങൾ എത്ര നിർദ്ദേശിക്കുന്നു എന്നു വളരെ ചുരുക്കംപേരെ പറഞ്ഞിട്ടുള്ളൂ. അതാണ് ഈ സഭയുടെ ചുമതലകളിൽ ഒന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

മി. എ. കെ. പിള്ള (കുമരനാശാൻസ്മാരകം): മുതലെടുപ്പിനെക്കുറിച്ചു പ്രതിപാദിക്കാൻ നിർദ്ദേശിക്കുവാൻ ഞങ്ങൾക്കു കഴിയുന്നതല്ലെന്നും അതു ഞങ്ങളുടെ അധികാരത്തിൽപ്പെട്ടതല്ലെന്നും ഫിനാൻഷ്യൽ സെക്രട്ടറിക്കു അറിയാമോ?

മി. കെ. ജാജ്ജ് (ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): രാജ്യത്തെ മുതലെടുപ്പിനെ വർദ്ധിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ചു എന്തെങ്കിലും അഭിപ്രായം പുറപ്പെടുവിക്കുന്നതിനു യാതൊരു പ്രതിബന്ധവും ഇല്ല. സാമാജികന്മാരിൽനിന്നും സൃഷ്ടിപരമായ നിർദ്ദേശങ്ങളാണു ഞങ്ങൾ ആവശ്യപ്പെടുന്നതു്. അതു ഇവിടെ മുതലാണ്, അതു അവിടെ മുതലാണ്, എന്നുപായുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഇല്ല.

മി. എം. ശിവരാമപിള്ള (തോമ്പാള): ചെലവുചുരുക്കൽ മുതലെടുപ്പുവഷ്നവിനെ ഒരു ഒന്നാംതരം മാസ്റ്റ്മാണെന്നു ഞാൻ ചൂണ്ടിക്കാണിക്കട്ടയോട്ടെ?

മി. കെ. ജാജ്: (ഗീവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): അതു ഒരു ഒന്നാംതരം മാസ്റ്റ്മാണെന്നു ഞാൻ അശേഷം വിചാരിക്കുന്നില്ല. അതു ഒരു മാസ്റ്റ്മാണെങ്കിൽതന്നെ അതു ഒരു മൂന്നാംതരം മാസ്റ്റ്മായിരിക്കും. ബഡ്ജറിനെ പ്രതികൂലമായി ചെയ്തിട്ടുള്ള നിരൂപണങ്ങളെക്കുറിച്ചു എനിക്കു ഇനി ചിലതൊക്കെ പറയാനുണ്ട്. എല്ലാ സാമാജികന്മാരാലും പുറപ്പെടുവിക്കപ്പെട്ട വിമർശനങ്ങളെ എല്ലാം ക്ഷമയോടെ പരിശോധിക്കുന്നതിനു എനിക്കു സാധിക്കുകയില്ല. എന്നാൽ മറുപടി പറയുന്നതിനു ഞാൻ കടപ്പെട്ടിരിക്കുന്നു. ചില പൊതുവായ വിമർശനങ്ങൾ ഉണ്ട്.

മി. ടി. എം. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ഈ വിമർശനങ്ങൾ ഫൈനാൻഷ്യൽസെക്രട്ടറിയെ പ്രത്യേകം ഉദ്ദേശിച്ചിട്ടുള്ളവയല്ല. എന്നാൽ സകല ഡിപ്പാർട്ടുമെൻറ മേലധികാരികളെയും ഉദ്ദേശിച്ചുള്ളവയാണ് എന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

മി. കെ. ജാജ് (ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): ഞാൻ ബഡ്ജറിനെക്കുറിച്ചുള്ള നിരൂപണങ്ങളെ കുറിച്ചാണ് സംസാരിക്കുന്നത്. പ്രത്യേകിച്ചു എന്തെക്കുറിച്ചുള്ളവയെപ്പറ്റിയല്ല.

മി. ടി. എം. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ഇവിടെ ഞാൻ പ്രത്യേകിച്ചു് എന്നുപറയുന്നതു് ഫിനാൻഷ്യൽസെക്രട്ടറിയെ ഉദ്ദേശിച്ചാണ്.

മി. കെ. ജാജ് (ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): അതിനു ഉത്തരംപറയേണ്ട ആവശ്യം എനിക്കില്ല. എന്തെന്നാൽ ഗവണ്മെൻറുവക ബഡ്ജറായിട്ടാണ് ഫിനാൻഷ്യൽസെക്രട്ടറി ഈ ബഡ്ജറിനെ സമർപ്പിച്ചിട്ടുള്ളതു്. ബഡ്ജറിൽ ഒരു മിച്ചം ഇരിപ്പുകാണുന്നുണ്ടെങ്കിലും അതുയഥാർത്ഥത്തിൽ ഉള്ള ഒന്നല്ല എന്നാണ് മിക്കവാറും എല്ലാ സാമാജികന്മാരുടെയും അഭിപ്രായം. ഗവൺമെൻറിൻറെ അവസ്ഥ ഏറക്കുറെ നിർഭാഗ്യപരമായിട്ടുള്ളതാണ്. ബഡ്ജറു വരവിലധികം ചെലവു കാണിക്കുന്ന ഒന്നായി പരിണമിക്കുന്നപക്ഷം ഒരു ദോഷകരമായ നയം അനുകരിച്ചു എന്നുള്ള കുറ്റം ഗവണ്മെൻറിൻറെമേൽ ചുമത്തുന്നു. നേരെ മറിച്ചു ഒരു മിച്ചംഇരിപ്പു കാണിക്കുന്ന ബഡ്ജറു സമർപ്പിക്കുന്നതിനു ഗവണ്മെൻറിനു സാധിച്ചു എന്നുവരികിൽ അതു് യഥാർത്ഥത്തിൽ ഉള്ള ഒന്നല്ലെന്നും ഗവൺമെൻറു ഉദ്ദേശിക്കുന്ന മുതലെടുപ്പുകൾ ഈടാക്കുകയില്ലെന്നും ചെലവുകളിൽ ലോഭം കാണിച്ചിട്ടുണ്ടെന്നും പറയുന്നതിനു സാമാജികന്മാർ ഒരുങ്ങുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സഭയുടെ ഈ ഭാഗത്തുനിന്നും പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങളിൽ ഫിനാൻഷ്യൽ സിക്രട്ടറിക്കു നീരസം തോന്നുന്നുണ്ടോ?

മി. കെ. ജാജ് (ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): ഇല്ല. ഞാൻ അങ്ങിനെ പറഞ്ഞില്ല. മിച്ചംഇരിപ്പു കാണിക്കുന്നതോ നേരെ മറിച്ചു തിരുത്താതെ വരുന്നതോ ആയ ഒരു ബഡ്ജറു് ആണു ഗവണ്മെൻറു സമർപ്പിക്കുന്നു എങ്കിൽ ഏതു തരത്തിലായാലും സഭാംഗങ്ങളുടെ ഖണ്ഡനങ്ങളിൽ നിന്നും ഒഴിഞ്ഞുപോകുന്നതിനു ഗവണ്മെൻറിനു സാധിക്കുന്നതല്ല.

മി. കെ. ശിവരാമപണിക്കർ (ചേർത്തല) നിരൂപണങ്ങളും മിച്ചം ഇരുപ്പിനെ സംബന്ധിച്ചല്ല. എന്നാൽ അവ ധനകാര്യസ്ഥിതിക്കു സ്ഥിരതയുണ്ടു എന്നു പറഞ്ഞതിനെപ്പറ്റിയാണ്.

മി. കെ. ജാജ് (ഗവണ്മെൻറു ഫിനാൻഷ്യൽ സിക്രട്ടറി): ആ പ്രസ്താവംതന്നെ തെറ്റാണ്. ധനസ്ഥിരതയുണ്ടാകാൻ പോകുന്നു എന്നു ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല, ഇക്കൊല്ലത്തെ മിച്ചം ഇരിപ്പു ഇനിമേലും തുടർന്നുകാണിരിക്കുമെന്നു ഞാൻ പ്രതിക്ഷിക്കുമാത്രമേ ചെയ്തിട്ടുള്ളൂ.

ഈ ബഡ്ജറു ഒരു ഗ്രന്ഥമറിമായമാണെന്നും വാസ്തവത്തിൽ അതു ഒരു വലിയ കുറവിനെ മറച്ചു വയ്ക്കുവാണെന്നും സ്ഥാപിക്കുന്നതിനു വളരെയൊക്കെപറഞ്ഞു. അതുകേട്ടപ്പോൾമുതൽ ഞാൻ ചൂണ്ടിക്കാണിച്ച മിച്ചംഇരിപ്പു യഥാർത്ഥത്തിൽ ഒരു കുറവു് ആണെന്നു ഞാൻ തന്നെ വിശ്വസിച്ചുപോയി. ഒരുവൻ ഒരാടിനെ മേടിച്ചുകൊണ്ടുവരുന്ന വഴിക്കു അതു ഒരു പട്ടിയാണ് എന്നു അയലുടെ സ്നേഹിതന്മാർ പിന്നെയും പിന്നെയും പറകയും ഒടുവിൽ അതു ഒരു ആടല്ല, ഒരു പട്ടിതന്നെയാണെന്നു അയാൾ വിശ്വസിച്ചുപോകയും ചെയ്തു. അതുപോലെയാണു എൻറെ അവസ്ഥ. (ചിരി) എൻറെ വിശ്വാസത്തിൽപെട്ടിടത്തോളം സാമാന്യം തൃപ്തികരമായ ഒരു ബഡ്ജറാണു നമുക്കുള്ളതു എന്നു ഈ സഭയോടു എനിക്കു തീർച്ചു പറയാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): ബഡ്ജറു തൃപ്തികരമായ ഒന്നു അല്ലെന്നു എന്തു കാരണത്താൽ അങ്ങു അഭിപ്രായപ്പെടുന്നു. മിച്ചം ഇരിപ്പുകാണിക്കുന്ന ഒന്നാകകൊണ്ടോണോ?

മി. കെ ജാജ് (ഗവണ്മെൻറ ഫിനാൻഷ്യൽസിക്രട്ടറി): ഒരു വ്യവ ചെയ്ത് മെമ്പർ എന്തെന്നു സംസാരിക്കുവാൻ ആരംഭിക്കുന്നുവെങ്കിൽ (ചിരി)

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): ഫിനാൻഷ്യൽ സിക്രട്ടറി ബഡ്ജറിനെ തൃപ്തികരമായ ഒന്നായി ഗണിക്കുന്നതു എന്തുകൊണ്ടാണെന്നു അങ്ങേഹത്തിൽനിന്നും അറിവാൻ ആഗ്രഹിക്കുന്നു. അതു് ന ലക്ഷത്തിൽപരം രൂപാ മിച്ചം ഇരിപ്പുകണക്കുകാണിക്കുന്നതുകൊണ്ടോണോ; അല്ലാ മുതലെടുപ്പുകൾ ശരിയായ മാർഗ്ഗങ്ങളിൽനിന്നും ആണ് സിദ്ധിച്ചിട്ടുള്ളതെന്നും രാജ്യത്തിൽ പ്രകൃത്യാ ഉള്ള മാർഗ്ഗങ്ങളിൽനിന്നും കൂടുതൽ ധനം ഉളവാകത്തക്കവണ്ണമാണു ചെലവുകൾ ചെയ്തിട്ടുള്ളതെന്നും അങ്ങേഹം കരുതുന്നതുകൊണ്ടോ? ഇതു ധനകാര്യസ്ഥർക്കു ഉത്തരംപറയേണ്ട ഒരു ചോദ്യമാണെന്നാണു എൻറെ വിശ്വാസം.

അദ്ധ്യക്ഷൻ. "തൃപ്തികരം" എന്നതിൻറെ അർത്ഥം സകലർക്കും അറിയാം എന്നാണു ഞാൻ വിചാരിക്കുന്നതു്. അതിനു കൂടുതലായി ഏതെങ്കിലും ഒരു വ്യാഖ്യാനം വേണമെന്നു എനിക്കു തോന്നുന്നില്ല.

മി. കെ. ഐ. ജോസഫ്. (മീനച്ചിലും മേലുകാവും): ബഡ്ജറിൽ ഒരു മിച്ചം ഇരിപ്പു കാണിച്ചിട്ടുള്ളതുകൊണ്ടോ അതല്ല ന്യായമായ മാർഗ്ഗങ്ങളിൽ നിന്നുമാണു മുതലെടുപ്പു സിദ്ധിച്ചിട്ടുള്ളതെന്നും ന്യായമായവിധത്തിലാണു ചിലവുകൾ ചെയ്തിട്ടുള്ളതെന്നും അങ്ങേഹം വിചാരിക്കുന്നുകൊണ്ടോ, എന്തുകൊണ്ടോണു ബഡ്ജറിനെ തൃപ്തികരമായ ഒന്നായി അങ്ങേഹം ഗണിക്കുന്നു എന്നു എനിക്കു അറിഞ്ഞാൽ കൊള്ളാം. ബഡ്ജറു തൃപ്തിക

രമായ മനോഭാവത്തോടെ വിചാരിക്കണമെങ്കിൽ മുതലെടുപ്പുകാർ ന്യായമായ മാർഗ്ഗങ്ങളിൽനിന്നു സിദ്ധിച്ചിട്ടുള്ളവയും ചെലവുകാർ ന്യായമായ വിധത്തിൽ ഉള്ളവയും ആയിരിക്കണമെന്നാണു എന്റെ അഭിപ്രായം. ഒരു ബഡ്ജറും തൃപ്തികരമായിട്ടുള്ളതാണെന്നോ അല്ലെന്നോ എന്നു തീരുമാനിക്കുന്നതിനു ഇതാണു ശരിയായിട്ടുള്ള മാനദണ്ഡം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെമ്പറിനു ഇപ്പോഴും ഒരു പ്രസംഗം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടോ? അതോ ഒരു ചോദ്യം ചോദിക്കുവാൻ മാത്രമേ പാടുള്ളോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ഭേവികുളവും): ഞാൻ എന്റെ വിഷമതയെ വിശദീകരിക്കുകയായിരുന്നു.

അദ്ധ്യക്ഷൻ. അങ്ങേയ്ക്കു തന്റെ ചോദ്യത്തിന്റെ ഔചിത്യക്കുറവു വിശദീകരിക്കുകയായിരുന്നു.

മെമ്പറുടെ ചോദ്യം ഒരു വാദപ്രതിവാദത്തിനു വാസ്തവത്തിൽ കാരണമാകുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ തൃപ്തികരം എന്നതു മിക്കവാറും എല്ലാപേർക്കും മനസ്സിലാകുന്ന ഒരു പദം ആണ്. എന്നതു മന്നയല്ല മി. ജാജിന്റെ മുമ്പാകെ മുതലെടുപ്പു മാർഗ്ഗങ്ങളുടെ ന്യായാ ന്യായങ്ങളെപ്പറ്റിപ്പറയുന്നതിനോ ആലോചിക്കുന്നതിനോ അല്ല; എന്നാൽ കായ്യവിവരങ്ങൾ ഏടുത്തു കാണിക്കുക മാത്രമാണ്.

മി. കെ. ജാജ് (ഗവർണ്മെൻറ് ഫിനാൻഷ്യൽ സിക്രട്ടറി): മിച്ചം ഇരിപ്പു യഥാർത്ഥമായ തെല്ല എന്നു തെളിയിക്കുന്നതിനു കൊണ്ടുവന്നിട്ടുള്ള വാദങ്ങൾ രണ്ടാണ്. ഒന്നു സ്ഥിരമല്ലാത്ത ചില മുതലെടുപ്പുകളെ വരവിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നും മറ്റൊന്നു ജനക്ഷേമാർത്ഥമുള്ള ഡിപ്പാർട്ടുമെന്റുകൾക്കു ഞാൻ അവയെ പൊതുജനക്ഷേമാർത്ഥമുള്ള ഡിപ്പാർട്ടുമെന്റുകൾഎന്നു വിളിക്കുന്നതായിക്കും—മതിയാംവണ്ണം പണം അനുവദിക്കുന്നില്ല എന്നും ആകുന്നു. ഈ രണ്ടു പ്രധാനകാര്യങ്ങളാണു സഭയുടെ മുമ്പാകെ ഇന്നു ഉള്ള വാദങ്ങൾക്കു കാരണഭൂതങ്ങൾ. ഇതിനെ രണ്ടിനേയും പരിശോധിക്കുന്നതിനു ഞാൻ മുമ്പാകാം.

മെമ്പറുടെ ഗവർണ്മെൻറിന്റെ സാധാരണ ചിലവുകൾക്കായി ഗവർണ്മെൻറു തീർച്ചയില്ലാത്ത വരവുകളെ കണക്കാക്കുന്നു എന്നുള്ളതാകുന്നു. ഒരു തരത്തിൽ ആലോചിക്കുന്നതായാൽ ആയതക്കുള്ള ന്യായങ്ങൾ ഒഴികെയേ ക്കുമുള്ളവയെല്ലാം അസ്ഥിരങ്ങളാണ്. ഉദാഹരണമായി ആദായനികുതി എടുക്കുക. അതു കച്ചവടത്തിന്റെ അഭിവൃദ്ധിയെ അനുസരിച്ചിരിക്കുന്നു. തീരുവകളെ നോക്കുക. അതു ഏറുമതി ഇറക്കുമതികളുടെ വർദ്ധനകളെ—കച്ചവടവർദ്ധനയെ ആശ്രയിച്ചിരിക്കുന്നു. അല്ലെങ്കിൽ എക്സൈസിൽനിന്നോ ഉപ്പിൽനിന്നോ ഉള്ള വരവിനെ നോക്കുക. അതു ചിലവിനെ ആശ്രയിച്ചിരിക്കുന്നു. വാസ്തവത്തിൽ പരിപൂർണ്ണമായ സ്ഥിരത ഉള്ളതു കൊണ്ടു ഒരു വരവിനത്തെപ്പറ്റി എനിക്കു ആലോചിക്കാൻപോലും കഴിയുന്നില്ല. നാം ഇത്തരംവരവുകളെ ഒഴിച്ചുവയ്ക്കുന്ന പക്ഷം ഈ ഇനത്തിൽ ചേർക്കുന്നതിനു വേറെ യാതൊന്നും ശേഷിക്കുകയില്ല. കാലക്രമേണ കൂടുംപോകുന്നതും ഒരു പക്ഷേ നിന്നുപോകുന്നതും ആയ രണ്ടു തരം മുതലെടുപ്പുകൾ ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അവ സർക്കാർ ഭൂമികൾ വിൽക്കുന്നതിൽനിന്നും ലഭിയ്ക്കുന്നവരവും അബ്കാരി മുതലെടുപ്പും ആണ്. എക്സൈസ് മുതലെടുപ്പിനും അബ്കാരി മുതലെടുപ്പിനും തമ്മിൽ ഞാൻ വ്യത്യാസം കല്പിക്കുന്നുണ്ട്. എന്തെന്നാൽ എക്സൈസ്സിൽ പുകയിലക്കുടി ഉൾപ്പെടുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അബ്കാരി ഇനത്തിലുള്ള മുതലെടുപ്പു അടുത്തകാലത്തു ക്ഷയിച്ചുപോകാനിടയുണ്ടോ എന്നും ആ ഇനത്തിൽ അടുത്ത കാലത്തു വല്ല കുറവും നേരിടുമെന്നു അങ്ങേയ്ക്കു വിചാരിക്കുന്നുണ്ടോ എന്നും ധനകാര്യശ്രേഷ്ഠി സഭയെ പറയുമോ?

മി. കെ. ജാജ് (ഗവർണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ഈ സഭ പുറപ്പെടുവിച്ചതായ ആജ്ഞയാണ് അതു. സർക്കാർ ഭൂമികളുടെ വിൽപ്പനയെ സംബന്ധിച്ചു മനോരമ്യനായാൽ അയാളുടെ ദോഷകരമാണെന്നു മി. രാമമേനോൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിൽ ഞാൻ പങ്കുകൊള്ളുന്നില്ല. നേരെ മറിച്ചു ഗവർണ്മെൻറിന്റെ അധീനത്തിൽ ഇരിപ്പുള്ളതിൽ റിസർവു വനങ്ങൾ ഒഴികെ എല്ലാ ഭൂമികളും കൃഷി ചെയ്യുന്നതിനു ജനങ്ങൾക്കു വിട്ടുകൊടുക്കണമെന്നാണു എന്റെ അഭിപ്രായം. അതുകൊണ്ടു സർക്കാർ ഭൂമികളുടെ വില്പനകാര്യത്തിൽ ഗവർണ്മെൻറിന്റെ നയം ശരിയായിട്ടുള്ളതാകണമെന്നാണ് ഞാൻ കരുതുന്നതു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ഭൂമികളുടെ വില്പനയെ ആസ്പദമാക്കി ഗവർണ്മെൻറു ഇപ്പോഴുള്ള ചെലവുകളെ വർദ്ധിപ്പിക്കുവാൻ പാടില്ലാ എന്നും സർക്കാർ ഭൂമികളുടെ വില്പനയിൽനിന്നും സിദ്ധിക്കുന്ന മുതലിനെ കൃഷി ചെയ്യേണ്ട സ്ഥലങ്ങളെ സംരക്ഷിക്കുന്നതിനായി വിനിയോഗിക്കേണ്ടതാകുന്നു എന്നും മാത്രമേ ഞാൻ പറയുന്നുള്ളൂ.

മി. കെ. ജാജ് (ഗവർണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ഈ ഭൂമികളുടെ വില്പനയിൽനിന്നും സ്വീകരിക്കുന്ന മുതലിനെ വീണ്ടും വീണ്ടും ആവർത്തിക്കുന്ന ചെലവുകളെ വർദ്ധിപ്പിക്കുന്നതിനു ഉപയോഗിച്ചുകൂടാ എന്നുള്ള അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. എന്നാൽ മിതവ്യയശീലമുള്ള ഒരു ആയവ്യയ ശാസ്ത്രജ്ഞനെ ഒഴിയിൽ അല്ല അടുത്ത ഭാവിയിൽനിന്നുപോകാത്ത ഒരു മുതലെടുപ്പാണു. നമുക്കു ഇനി ഒരു റെയിൽവേ തൊക്കുള്ളി വിൽക്കുന്നതിനു വേണ്ട ഭൂമിയുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ പ്രസ്ഥാപനയെ ഒഴിവാക്കപ്പെടുത്തുന്നതിനു കണക്കുകൾ വല്ലതുകൊണ്ടും അങ്ങേയ്ക്കു തെളിവുണ്ടോ?

മി. കെ. ജാജ് (ഗവർണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ഇതു എനിയ്ക്കു കിട്ടിയ അറിവാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): റവന്യൂ കമ്മീഷണർ സൂക്ഷ്മമായ കണക്കുകൾ തയ്യാറാക്കിയോ?

മി. കെ. ജാജ് (ഗവർണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ഇല്ല.

എക്സൈസ് മുതലെടുപ്പിലേക്കു പ്രവേശിക്കുന്നതായാൽ അബ്കാരി മുതലെടുപ്പിനുകൂടി അഭിമാനകരമായതെല്ല എന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഇതിലും ഒരു ആയ വ്യയശാസ്ത്രജ്ഞൻ എന്ന നിലയിൽ എനിക്കു ചെയ്യാനുള്ളതു എന്തെന്നാൽ നിവൃത്തി മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുകയാകുന്നു. ഇനി ഒരു റെയിൽ കൊല്ലത്തിനുള്ളിൽ ക്രമേണ തിന്നുപോകുന്ന ഒരു വരവു മാർഗ്ഗമാണിതു. ഇതിനെ അടുത്ത ആണ്ടുകാർക്കുള്ള ഫണ്ടുറവു

ത്രപ്പീകരിക്കുമ്പോൾ ഞാൻ കണക്കാക്കുകയും പ്രസ്തുത മുതലെടുപ്പു ഓഫീയിൽ കാണിച്ചിക്കുവുന്ന ഓഫീസർമാരുകളെയും ചെയ്തുകളേയും ഒട്ടും സംബന്ധിച്ചിട്ടില്ലെങ്കിലും അതിനുവേണ്ടി ഒരു ഒഴിവു ചെയ്യുകയും വേണമോ? അതു ന്യായമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നു മാത്രമല്ല ഏതെങ്കിലും ഒരു രാഷ്ട്രത്തും ഈ വിധത്തിൽ ബഡ്ജറ്റ് ത്രപ്പീകരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. എക്സൈസ് മുതലെടുപ്പു അധികാരമായി നിശ്ചയിക്കുകയും നിന്നുപോകുന്നപക്ഷം അതിനുപകരം മറ്റേതെങ്കിലും ഫ്ലാറ്റ്പ്പെടുത്തേണ്ടതാണ്. നമ്മുടെ എക്സൈസ് ആദായം പ്രാരംഭ നിന്നുപോയേക്കാം എന്നുള്ള കാരണത്തിന്മേൽ നമുക്കു നമ്മുടെ ചിലവുകളെ ചുരുക്കുവാൻ സംഗതിയില്ല. അതിനെപ്പറ്റി ആലോചിക്കേണ്ടസമയം ഇനിയും അയിട്ടില്ല. ക്ലൂ ഒരു ആദായ പരിശോധന കൊല്ലത്തിൽ കഴിഞ്ഞു മാത്രമേ പരിശോധിക്കുവാൻ കഴിയുള്ളുവെന്നിരിക്കാം. അപ്പോൾതന്നെ അതു നിർത്തലാക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ടതായിട്ടില്ല എന്നതുതന്നെയല്ല അതിനെ നിർത്തലാക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ട കടമ മറ്റൊരുവല്ലുവർക്കും ഉള്ളതായിരിക്കാം നിന്നുപോകുമെന്നു ഞാൻ കരുതുന്നുമില്ല എന്നു ഞാൻ വിചാരിക്കുന്നുമില്ല. ചില മുതലെടുപ്പുകൾ അസ്ഥിരമായിരിക്കുമെങ്കിലും പർച്ചേസ് ടാക്സ് ഇല്ലാതാക്കുകയും അതു എത്രമാത്രം വരുമെന്നു ഗവണ്മെന്റിനു പുറമേ അനുമാനിക്കുന്നതിനു സംഗതിയുണ്ടാക്കുകയും ചെയ്യുന്നുണ്ട്. മറ്റുചില ചിലസാമാജികന്മാർ, പീസ്, പ്രായശ്ചിത്തങ്ങൾ ഇവകളെപ്പറ്റി പ്രസ്താവിക്കുണ്ടായി. സൂക്ഷ്മമായുള്ള നിശ്ചയമില്ലെങ്കിലും, പ്രതിപക്ഷം പീസ്, പ്രായശ്ചിത്തങ്ങൾ, ഈ ഇനങ്ങളിൽ ഒരു തുക ഗവണ്മെന്റിനു ലഭിക്കുമെന്നതിൽ തർക്കിയാനും ഇടയില്ല.

രണ്ടാമതായി ചൂണ്ടിയ വിഷയം, ഗവണ്മെന്റു പൊതുജനക്ഷേമാർത്ഥമുള്ള വകുപ്പുകളിൽ പണം ചിലവാക്കുന്നകാര്യത്തിൽ മിതാരംഭക്കാണിക്കുന്നു എന്നുള്ളതാണ്. അതു എന്റെ സ്നേഹിതൻ മിസ്റ്റർ കുമാരപിള്ള ശക്തിയുക്തമായിപ്രതിപാദിച്ച ഒരു സംഗതിയാണ് ഒരർത്ഥത്തിൽ കഴിഞ്ഞ കൊല്ലത്തെ വിഭാഗങ്ങളെ എടുത്തുപറഞ്ഞു. അടുത്തകൊല്ലത്തെ ആവശ്യങ്ങൾക്കു നാം പറയത്തക്കവണ്ണം തുക് കണ്ടിച്ചിട്ടുണ്ടെന്നു അദ്ദേഹം പറയുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ജി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഫാൻസ് മുതൽ ഫാൻസ് വരെ.

ശ്രീ. കെ. ജോജ് (ഗവണ്മെന്റു ഫിനാൻസ്സ്യൽ സെക്രട്ടറി): അതു മുഴുവനും തരംചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അതിലും അദ്ദേഹത്തിന്റെ അഭിപ്രായം ശരിയായിട്ടുള്ളതല്ല എന്നു എനിക്കു ചൂണ്ടിക്കാണിക്കേണ്ടതായുണ്ട്. ഫാൻ ഠ-പേയും ഫാ ഫാ ഠ—പേയും കണക്കുകളെ ഞാൻ താരതമ്യപ്പെടുത്താം. ഫാൻ ഠ-എടുക്കാം, എന്തെന്നാൽ ആ കൊല്ലത്തിലാണ് ഇഞ്ചിനീയർ വകുപ്പിലേക്കു ഏറ്റവും അധികം ചെലവാക്കിയിട്ടുള്ളതു്. അതുകൊണ്ടു അതിനെ ഫാ ഠ ഫ-നോടു താരതമ്യപ്പെടുത്തി നോക്കുന്നതു നന്നായിരിക്കും. ഫാൻ ഠ-ൽ കൃഷിഡിപ്പാർട്ടുമെന്റുവകക്കു വു ഫാ ഠ ഠ രൂപചെലവാക്കി. ഫാ ഠ ഫ-ൽ ഫ,ൻന്നു,ഠ ഠ ഠ രൂപ അനുവദിച്ചിട്ടുണ്ട്. ഫാൻ ഠ-ൽ വ്യവസായ ഡിപ്പാർട്ടുമെന്റിലേക്കു യാതൊന്നും തന്നെ ചെലവാക്കിയിട്ടില്ല. എന്നാൽ അടുത്തകൊല്ലത്തിൽ അതിലേക്കു ഫ,൭ഉ,ഠ ഠ ഠ രൂപ അനുവദിക്കേണ്ടതായുണ്ട്. മെഡിക്കൽ

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഫാൻ ഠ—ൽ വ്യവസായ ഡിപ്പാർട്ടുമെന്റുണ്ടായിരുന്നുവോ?

ശ്രീ. കെ. ജോജ് (ഗവണ്മെന്റു ഫിനാൻസ്സ്യൽ സെക്രട്ടറി): മെഡിക്കൽ, സാനിട്ടറി ഈ വകുപ്പുകൾക്കുവേണ്ടി ഫാ ഫാ ഠ—ൽ തുടങ്ങിക്കു വു,വു ഫ,ഠ ഠ ഠ രൂപ നീക്കിവയ്ക്കുണ്ടായിരിക്കുന്നു.

ശ്രീ. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നേടുമങ്ങാടും): ശ്രീ. ജോജ് സാനിട്ടറി ഡിപ്പാർട്ടുമെന്റിനു പ്രത്യേകം കണക്കുകൾ തുടങ്ങിക്കുമോ?

ശ്രീ കെ. ജോജ് (ഗവണ്മെന്റു ഫിനാൻസ്സ്യൽ സെക്രട്ടറി)- സാനിട്ടറിഡിപ്പാർട്ടുമെന്റിന് പ്രത്യേകംകണക്കുകൾ എന്നെപക്കൽ ഇല്ല. മെഡിക്കൽ,സാനിട്ടറിഈ ഡിപ്പാർട്ടുമെന്റുകൾക്കു ഫാ ഠ ഠ-ാം നു,ഫ൭,ഠ൭ രൂപ നീക്കിവച്ചിരുന്നു.

ശ്രീ. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മുതലെടുപ്പിന്റെ വർദ്ധനക്രമം അറിയാതെ ഇങ്ങനെ താരതമ്യപ്പെടുത്തുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല എന്നു ഞാൻ ചൂണ്ടിക്കാണിക്കട്ടെയോ?

ശ്രീ. കെ. ജോജ് (ഗവണ്മെന്റു ഫിനാൻസ്സ്യൽസെക്രട്ടറി): പൊതുക്ഷേമാർത്ഥമുള്ള ഡിപ്പാർട്ടുമെന്റുകൾക്കു കൂടുതൽ കൂടുതൽ പണം അനുവദിക്കുന്നുണ്ട് എന്നുമാത്രമേ ഞാൻ കാണിക്കുന്നുള്ളൂ.

വിദ്യാഭ്യാസവകുപ്പിൽ നടപ്പടി ഫവു,നഫ,ഠ ഠ ഠ രൂപ ചെലവാക്കി, ഇപ്പോൾ അതു നവലക്ഷത്തിൽ പരം രൂപയാണ്. ഇക ഫാൻ ഠ-ൽ അനുവദിച്ചിട്ടുണ്ടായിരുന്നതിൽ നിന്നും കുറച്ചിട്ടുള്ളതു് ഒരു ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിൽമാത്രമാണ്. അതു പൊതുമരാമത്തു ഡിപ്പാർട്ടുമെന്റാണ്. ഇതിലും ചെലവിന്റെ ഗതിക്കു ഒരു ഗുണകരമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ഫാൻ ഠ-ൽ ചെലവുകൾ താഴെ പറയുംപ്രകാരമായിരുന്നു.

കെട്ടിടങ്ങൾ	ൻ,ൻന,ന്നുവ
ഗതാഗതങ്ങൾ	ഫ൪,൭൪,ന്നഴവ
പലവക പൊതുപരിഷ്കാരങ്ങൾ	ൻൻ,൪ഠഠ
മൈനർ ഇറിഗേഷൻ	ഴവ,ന൭ൻ

ശ്രീ. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും—പീരുമേടും): അതുകുറയ്ക്കുക എത്രയാണ്?

ശ്രീ. കെ. ജോർജ് (ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): വ൭,ഫഫ,ഫവൻ രൂപ.

ശ്രീ. സി. പി. തരകൻ (കുന്നത്തുനാട്ടു): വടക്കൻ തിരുവിതാംകൂറിൽ ഗതാഗതമാഗ്ഗങ്ങൾക്കായി ഫാ ഫ ഫ-ൽ എത്രപണം നീക്കിവച്ചിട്ടുണ്ട്?

ശ്രീ. കെ. ജോജ് (ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): എന്റെ സ്നേഹിതൻ ചീഫ് എൻജിനീയർ മറുപടിപറയേണ്ടതായ ഒരു ചോദ്യമാണ് അതു്. ബഡ്ജറ്റ് സൂക്ഷ്മമായി പരിശോധിക്കാത്ത എനിക്കു ആ ചോദ്യത്തിനുത്തരം പറയുവാൻ സാധിക്കുകയില്ല. ഫാ ഠ ഫ-ലെ ചെലവുകൾ താഴെ പറയുംപ്രകാരമാണ്.

കെട്ടിടങ്ങൾ (ഡഡൽഹികൊട്ടാരം), പട്ടാളം, അജ്ഞൽ ഈ വകകളുള്ള	രൂപാ
കെട്ടിടങ്ങൾ	൪,ന്ൻ,൭ ഠ൪
ഗതാഗതമാഗ്ഗങ്ങൾ	ഫ൪,വഠ,നഫവ

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഗവൺമെന്റുമായിട്ടുള്ള സംബന്ധം ഇല്ലാതാക്കിയ പണി കഴിഞ്ഞു നീക്കിവച്ചിട്ടുള്ളതാണ് എത്രയാണ്?

ശ്രീ. കെ. ജോർജ് (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): അതിനെ ഞാൻ പ്രത്യേകം കണക്കുണ്ടാക്കിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റുമായിട്ടുള്ള ബന്ധം നിലവിലുള്ളതുകൊണ്ടു കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക തന്നെയാണ്. പലവക പൊതുപരിഷ്കാരങ്ങൾക്കു വേണ്ടിയുള്ള ഗ്രാന്റ്, ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ ഫണ്ട്, ഡെപ്യൂട്ടേഷൻ അലവൻസ് തുടങ്ങിയവയാണ്. അടുത്തകൊല്ലത്തേക്കു നിർദ്ദേശിച്ചിട്ടുള്ള തുക ഏതാണ്ട് ൪,൦൦,൦൦൦ രൂപ കവിയുമെന്നുള്ളതിനു സംശയമില്ല. എന്നാൽ അതുമുഴുവനും കൊടുക്കേണ്ടിവരുമെന്നല്ല. ഗവൺമെന്റുമായിട്ടുള്ള ബന്ധം നിർത്തലാക്കിയതുകൊണ്ടു കുറച്ചു തുക ലാഭിക്കുന്നുണ്ട്. എന്നാൽ ചീഫ് എൻജിനിയറുടെ പക്കൽ ൩,൦൦,൦൦൦ രൂപയിരുപ്പുണ്ട് പോരാത്തതു ധനസ്ഥിതിയിൽ പരിഹരിക്കുവാൻ ശ്രമിക്കുന്നതാണ്.

ഇപ്പോഴുണ്ടായിട്ടുള്ള വകുപ്പിനെ പുനഃസംഘടിപ്പിച്ചതിനെ ഒരുദ്ദേശ്യമുണ്ട് എന്നു ഇതു സന്ദർശിച്ചതിൽ ഓർമ്മിക്കുന്നു. ഗവൺമെന്റിനെ പൊതുമരാമത്തു വകുപ്പിനെ ഏറ്റവും ശ്രദ്ധയിലിരിക്കുന്ന ഡിപ്പാർട്ടുമെന്റാണ് പൊതുമരാമത്തു വകുപ്പിനെ. പരമാവധി പൊതുമരാമത്തു എസ്റ്റാബ്ലിഷ്മെന്റിനെ, ൯ ചീഫ് എൻജിനീയർമാരും, ൧൨ സൂപ്രണ്ടിങ് എൻജിനീയർമാരും, ഇപ്പോൾ സൂപ്രണ്ടിങ് സർവെയർമാരും ഉണ്ടായിരുന്നു. ഇപ്പോൾ ൩ ചീഫ് എൻജിനീയർമാരും ൧൨ സൂപ്രണ്ടിങ് എൻജിനീയർമാരും ൧൨ അസിസ്റ്റന്റ് സൂപ്രണ്ടിങ് സർവെയർമാരുമുണ്ട് ഉള്ളതു.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): റോഡുവെട്ടിക്കുന്നതിനും കെട്ടിടങ്ങൾ പണിയിക്കുന്നതിലുംമാത്രമേ ഡിപ്പാർട്ടുമെന്റ് വ്യാപൃതമാകുന്നുള്ളോ?

ശ്രീ. കെ. ജോർജ് (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): എനിക്കു മറുപടി പറയാൻ സാധിക്കയില്ല. അതു വളരെ സാങ്കേതികമായ ഒരു ചോദ്യമാണ്, അതുകൊണ്ടു അതിനെപ്പറ്റി പറയുന്നതിനു ഞാൻ പ്രാപ്തനല്ല. എസ്റ്റാബ്ലിഷ്മെന്റിനു വളരെ കുറവുകൾ വരുത്തിയതിനുശേഷവും ഡിപ്പാർട്ടുമെന്റു പഴയചെലവു തുടർന്നുകൊണ്ടിരിക്കുമെന്നു നമുക്കു അനുമാനിക്കാൻ പാടുള്ളതല്ല. അതിനാൽ പൊതുമരാമത്തു വകുപ്പിനു പരമാവധി കടന്നുള്ളുജോലി നടക്കുന്നതിനു സാധിക്കുകയില്ല എന്നതുകൊണ്ടു ഗവൺമെന്റിനു അനുഭവപ്പെടുന്ന ജോലിചെയ്യിക്കുന്നുണ്ടോഎന്നുള്ളതാണ് ചോദ്യം. പൊതുക്ഷേമാർത്ഥമുള്ള മരാമത്തുകളെ സംബന്ധിച്ചിടത്തോളം കൂടുതൽ പണംചെലവാക്കുന്നതിനു ഗവൺമെന്റിനു ഇഷ്ടപ്പെടുമെന്നുള്ളതു വാസ്തവമത്രെ. എന്നാൽ പണംചെലവാക്കുന്നതുകൊണ്ടു മാത്രമായില്ല നാം ബുദ്ധിപൂർവ്വമായി പണംചെലവുചെയ്യണം.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): വഞ്ചിയൂർസ്കൂളിലും നാഗരുകോവിൽ സ്കൂളിലും പണംചെലവുചെയ്തിട്ടുള്ളതു ബുദ്ധിപൂർവ്വമായിട്ടായിരുന്നു എന്നു അങ്ങേഹംവിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. ജോർജ് (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഞാനിപ്പോൾ പൊതുമരാമത്തു വകുപ്പിനെപ്പറ്റിയല്ല സംസാരിക്കുന്നതു്. ഞാൻ ഇപ്പോൾ മറ്റു ഡെവലപ്പുമെന്റു ഡിപ്പാർട്ടുമെന്റുകളെപ്പറ്റിയാണു് പറയുന്നതു് പ്രയോജനകരമായ പദ്ധതികൾ നടത്തിവരുകയാണു്, അവ എസ്റ്റാബ്ലിഷ്മെന്റു വർദ്ധിക്കുന്നതിനുമാത്രം ഉദ്ദേശിച്ചിട്ടുള്ളതല്ലെങ്കിൽ, അവയ്ക്കു നിശ്ചയമായും പണമനുവദിക്കുമെന്നുള്ളതിനു യാതൊരു തടസ്സവുമില്ല. നമുക്കു സാമാന്യം നല്ല ഒരുദ്യോഗം പ്രത്യേകം നീക്കിയിരുപ്പുണ്ടു് എന്നു ഞാൻ സന്തോഷത്തോടുകൂടി പറയുന്നു. മറ്റു വിധത്തിൽ ഉടക്കിയിട്ടുള്ളതു്, അടുത്തമാസാവസാനത്തോടുകൂടി ഏകദേശം ൧,൫൦,൦൦൦ രൂപ വരും. അതിൽനിന്നും ൧൦ മുതൽ ശതമാനം പലിശയുള്ള കടപ്പത്രങ്ങളുടെ വിലകൊടുപ്പിനായി ൧൫,൦൦,൦൦൦ രൂപ നാം കൊടുക്കുന്നതായാൽ അതിൽപിന്നിട്ടും നമുക്കു ഒരുകോടി രൂപയോളം നീക്കിരിപ്പുണ്ടായിരിക്കുന്നതാണു. അതു അടുത്തവർഷത്തേക്ക്, നമ്മുടെ പ്രത്യേക നീക്കിയിരിപ്പിൽനിന്നും പുതിയപദ്ധതികൾക്കു പണം അനുവദിക്കുന്നതിനു സാധിക്കും.

ഇന്നിവിടെചെയ്ത മരാമരാമത്തു തിരുപ്പണം, ബഡ്ജറ്റിൽ കാണുന്ന മിച്ചമിരിപ്പു രാജ്യഭരണത്തിന്റെ ചെലവുചുരുക്കത്തിന്റെ ഒരു ലക്ഷ്യമല്ലെന്നുള്ളതിനെപ്പറ്റിയായിരുന്നു. അതു ഒരു വലിയ തർക്കവിഷയമാണെന്നു മാത്രമല്ല അതിനെക്കുറിച്ചു തർക്കിച്ചിട്ടു യാതൊരു പ്രയോജനവും ഇല്ലതാനും. ഇങ്ങനെ തീരുമാനിക്കുന്നതിനു നമുക്കു തീർച്ചയുള്ള യാതൊരടിസ്ഥാനവുമില്ല. ൧൯൫൫-ാം ൧൯൫൬-ാം മദ്ധ്യേഗവർണ്മെന്റിന്റെ കൂടുതൽ നിക്ഷേപത്തിനും ഒരു ലക്ഷ്യം ഏർപ്പെടുത്തിയിട്ടില്ലെന്നു വരികിലും, പ്രതിവർഷമുള്ള മുതലെടുപ്പിൽ പറയത്തക്ക ഒരു വ്യത്യാസം കാണുന്നുണ്ടോ എശ്രീയുടെ ലക്ഷ്യമല്ലെങ്കിൽപിന്നെ എന്തിന്റെ ലക്ഷ്യമാണു?

ശ്രീ. എസ്. പിരവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): ൧൯൫൫-ാം ൧൯൫൬-ാം മദ്ധ്യേ കച്ചവടത്തിനു പറ്റിയ ഭിന്നിപ്പിനേയും, അഭിപ്രായ ഐധ്യപ്പെടാത്തതിനേയും കണക്കാക്കുന്നതായാൽ തൊഴിലുകളിൽ മുതലിയിട്ടുള്ള ആദായനികുതിയുടെ വർദ്ധനക്കു ഫിനാൻഷ്യൽ സെക്രട്ടറി എന്താണ് കാരണം പറയുന്നതു്.

ശ്രീ. കെ. ജോർജ് (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): കച്ചവടത്തിനു ഒരു ഉടവുതട്ടിഎന്നാണ് മെമ്പർ പറയുന്നതു. എനിക്കു അതിനെക്കുറിച്ചു് ശരിയായ അറിവാണം കിട്ടിയിട്ടില്ല.

ശ്രീ. എസ്. പിരവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്കു): ഫിനാൻഷ്യൽ സെക്രട്ടറിഅവർകളുടെ ബഡ്ജറ്റ്സ്പീച്ചിൽ, ൧൯൫൫-ൽ കച്ചവടത്തിനു കഴപ്പം ഉണ്ടായിരുന്നുഎന്നു അദ്ദേഹംപറയുന്നു. ഇതെക്കാളുപരി അദ്ദേഹം അതേസംഗതിതന്നെ പറയുന്നു.

ശ്രീ. കെ. ജോർജ് (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ അതു പറഞ്ഞില്ല. വെള്ളപ്പൊക്കനിമിത്തം തൊഴിലുകൾക്കു ചില കഴപ്പുണ്ടായി എന്നു ഞാൻ ശങ്കിച്ചു.

ശ്രീ. എസ്സ്. പിരവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): ൧൯൫൫-ൽ?

ശ്രീ. കെ. ജോർജ് (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): അതേ, ൧൯൫൫-ലും-മെമ്പർക്ക് എന്താണറിയേണ്ടതു്?

ശ്രീ. എസ്. പിരവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്കു): തൊഴിലുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ആദായനികുതിയിൽ ൭ ൪ ലക്ഷം രൂപ വർദ്ധിച്ചിട്ടുണ്ടു; അതിന് അദ്ദേഹം എന്തു കാരണമാണ് കല്പിക്കുന്നതെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): അതിനെ വിശദീകരിക്കുവാൻ ആഭ്യന്തര കുതികമ്മീഷണക്ക് ഇനി ഒരവസരത്തിൽ കഴിയുന്നതാണ്.

ഞാൻ പറഞ്ഞുകൊണ്ടിരുന്നതു ഇതാണ്. കഠിനംകുളം കായൽ മത്സ്യനികുതി പിരിവിൽ ഒരു വർദ്ധനയുണ്ടായിരുന്നു. അതു ഐശ്വര്യവർദ്ധനയെ സൂചിപ്പിക്കുന്നു എന്നാണ് ഞാൻ പറയുന്നത്. എന്തായാലും ഈ സംഗതിയെപ്പറ്റി ഇനി അധികം സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

അടുത്തതായി ഈ സഭയിൽ വിമർശിക്കപ്പെട്ടതും ഇന്ന് ഇവിടെ വിമർശിക്കപ്പെട്ടതും ആയ ഒരു സംഗതി ശമ്പളവർദ്ധനയാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ അതിനു ചില സമാധാനങ്ങൾ നാം കിയതുകൊണ്ട് അതു ഇനി വീണ്ടും ഉന്നയിക്കുകയില്ലെന്നാണ് ഞാൻ വിചാരിച്ചതു. എന്നാൽ അതിനെ വീണ്ടും ഉന്നയിക്കുകയും എനിക്കു അതിനെക്കുറിച്ചു ചിലതു പറയുവാനുണ്ട്. രണ്ടായിരത്തിലധികം ഉദ്യോഗസ്ഥന്മാരുണ്ടെന്നും അവരുടെ ശമ്പളം ക്രമാതീതമായിട്ടുള്ളതാണെന്നും ആണ് അതിന്റെ അർത്ഥം എന്നു എനിക്കു തോന്നുന്നു. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളംപ്രത്യേകം ഏതു ഡിപ്പാർട്ടുമെന്റിലാണെ ആവശ്യത്തിലധികം ഉദ്യോഗസ്ഥന്മാരുള്ളതു എന്നു ആരും പറഞ്ഞിട്ടില്ല. ഈ ബഡ്ജറിനെ ധനകാര്യക്കമ്മറിമുമ്പാകെ സമർപ്പിച്ചപ്പോഴും അതിനു ശേഷം ഈ സഭയിൽ സൂക്ഷ്മമായി പരിശോധനയ്ക്കു വിഷയീഭവിപ്പിച്ചപ്പോഴും ഏതെങ്കിലും ഒരുദ്യോഗം അനാവശ്യമായിട്ടുള്ളതാണെന്നും അതും ചൂണ്ടിക്കാണിച്ചിട്ടില്ല.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): ധനകാര്യക്കമ്മറിക്കു നിയമങ്ങളെ ഭേദപ്പെടുത്താനുള്ള അധികാരമുണ്ടോഎന്നു് എനിക്കറിഞ്ഞാൽകൊള്ളാം?

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): ഉദ്യോഗങ്ങൾ നിർത്തൽ ചെയ്യുന്നതിനു അവക്കു ഗ്രൂപാർശചെയ്യാം.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): ഗ്രൂപാർശചെയ്യുന്നതിനുപോലും?

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): അതേ; അവക്കു ഗ്രൂപാർശചെയ്യാം. ബഡ്ജറിന്റെ ഫലം ഭാഗം നോക്കുന്നതിനു ഞാൻ അവരോടു ആജ്ഞാപിച്ചിട്ടുകൊള്ളുന്നു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): അതിനെ സൂക്ഷ്മമായി പരിശോധിക്കുന്നതിനാണോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): അതേ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ബഡ്ജറിനെ സംബന്ധിച്ചുള്ള പൊതുപ്രതിവാദങ്ങൾക്കു മധ്യേ മെമ്പറന്മാക്കു അങ്ങനെയുള്ള ഗ്രൂപാർശകൾ ചെയ്യാമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): പൊതുവാദപ്രതിവാദങ്ങളെ ഇടയ്ക്കു വോട്ട് എടുക്കുന്നുണ്ട്.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): കഴിഞ്ഞുപോന്ന കൊല്ലങ്ങൾക്കിടയിൽ, അനാവശ്യമായിട്ടുള്ളതാണെന്നു ഞങ്ങൾക്കു ബോധ്യംവന്നിട്ടുള്ള നിയമനങ്ങളുടെ കാര്യത്തിൽ, ഈ സഭ, യാതൊരു കരാറിധാരണക്കും ഇടകൊടുക്കാതെ അതിന്റെ പ്രാതികൂല്യത്തെ പ്രദർശിപ്പിച്ചിട്ടുണ്ട് എന്നു ഫിനാൻഷ്യൽ സെക്രട്ടറിക്കു അറിയാമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): അങ്ങുമിങ്ങും ചില പ്രത്യേക നിയമനങ്ങളെ കുറ്റപ്പെടുത്തുന്നതിനു ഈ സഭ വോട്ടുചെയ്തിരിക്കാം എന്നു ഞാൻ പറയാൻ മോഹിയ്ക്കുകയായിരുന്നു. എന്നാൽ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിൽ, എസ്റ്റാബ്ലിഷ്മെന്റിൽ സാരമായ ഒരു കുറവു വരുത്തുന്നതിനെപ്പറ്റി എന്തെങ്കിലും ഒരു നിർദ്ദേശമുണ്ടായിരുന്നുവോ?

ഭരണത്തിൽ കാണുന്ന വർദ്ധിച്ച വിവിധത്വം, പുതിയ ചട്ടങ്ങളുടെ ആഗമനം, സ്കൂളുകൾ, കോളേജുകൾ പുതിയ ആശുപത്രികൾ, ഡിസ്പെൻസറികൾ മുതലായ സ്ഥാപനങ്ങളുടെ സംഖ്യാവർദ്ധന, പുതിയ ഡിപ്പാർട്ടുമെന്റുകളുടെ സൃഷ്ടികളും അവയുടെ വർദ്ധനയും ഇവകളാണ് ഉദ്യോഗസ്ഥന്മാരുടെ സംഖ്യാ വർദ്ധനക്കുള്ള യഥാർത്ഥകാരണങ്ങൾ. കണക്കുകളെ ഒന്നു പരിശോധിക്കുന്നപക്ഷം, ഈ രാജ്യത്തു സകലഡിപ്പാർട്ടുമെന്റുകളിലുമായി ശമ്പളം വകയ്ക്കു 9 ഒന്നര ലക്ഷം രൂപ ചെലവുള്ളതിൽ നാലര ലക്ഷം രൂപ സാമാന്യനികുതിയും സാമ്പത്തികവും ആയ അഭിവൃദ്ധിയെ ഉദ്ദേശിച്ചുള്ള ഡിപ്പാർട്ടുമെന്റുകൾക്കു വേണ്ടിയാണു ചെലവാക്കുന്നതുഎന്നു് കാണാവുന്നതാണ്. വിദ്യാഭ്യാസത്തിനുമാത്രം ചെലവും ഒന്നര ലക്ഷം രൂപയാകുന്നു. നികുതി പിരിക്കുന്ന വകുപ്പുകളിലെല്ലാറ്റിലുമായി ഏഴര ലക്ഷം രൂപ അതായതു വിദ്യാഭ്യാസത്തിനുള്ള ചെലവിൽനിന്നും ഒരു ലക്ഷം രൂപ കുറവായിട്ടാണു കണക്കുകളെ സൂക്ഷ്മമായി ഒന്നു പരിശോധിക്കുന്നതാൽ, തിരുവിതാംകൂറിലെ ഭരണവകുപ്പുകളിലെ ശമ്പളം തുലോം കുറവാണു എന്നു് ആർക്കും ബോധ്യംവരുന്നതാണ് പ്രസിദ്ധപ്പെട്ട വലിയശമ്പളങ്ങളെപ്പറ്റിയുള്ള വിവാദങ്ങളെ ഏറുകുറെ നല്ലവണ്ണം പരാമർശിക്കുന്നതിനു എനിക്കു സമയം കിട്ടുന്നുണ്ടെങ്കിൽ കൊള്ളാമായിരുന്നു. അതിനെപ്പറ്റി ഞാൻ ഒരു സംഗതി പറയുന്നതായിരിക്കും. ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാരിൽ അധികംപേരും, തങ്ങളുടെ ഉദ്യോഗങ്ങൾക്കു പണ്ടുപണ്ടേ ക്ലിപ്തപ്പെടുത്തിയിട്ടുള്ള ശമ്പളമാണ് വാങ്ങിവരുന്നതു്. അവരിൽ ചിലർക്കു തങ്ങളുടെ മുൻഗാമികൾക്കു ലഭിച്ചിരുന്നതിലും കുറഞ്ഞശമ്പളമേ ലഭിക്കുന്നുള്ളൂ. ദിവാൻപേഷ്കാരന്മാർ, ഹൈക്കോടതിജഡ്ജിമാർ, എക്സിക്യൂട്ടിവ്എൻജിനീയന്മാർ, സർജൻമാർ എന്നിവർ തങ്ങൾക്കു പണ്ടുപണ്ടേ ക്ലിപ്തപ്പെടുത്തിയിട്ടുള്ള ശമ്പളമാണ് വാങ്ങിവരുന്നതു്. ഡിവിഷൻ അസിസ്റ്റൻറന്മാരും, വനംവകുപ്പ് കൺസർവേറേറരും കോളേജ് പ്രഥമാദ്ധ്യാപകരും എക്സൈസ്കമ്മീഷണർ. സാനിട്ടറികമ്മീഷണർ എന്നിവരും മറ്റു പലരും അവരുടെ മുൻഗാമികൾക്കു ലഭിച്ചിരുന്നാലും കുറഞ്ഞശമ്പളമാണ് വാങ്ങുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പേഷ്കാരന്മാർക്കു അനുഭവമായിരുന്ന ജോലികളെല്ലാം ഇന്നുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): മി. കുമാരപിള്ള, പേഷ്കാരന്മാരുടെ ശമ്പളംകൂടുതലെന്നു പറയുകയാണോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): പോലീസ് കമ്മീഷണരുടെ ശമ്പളത്തെപ്പറ്റി എന്തു പറയുന്നു?

മി. കെ. ജാർജ് (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി):- അതു് ഒരൊറ്റ ഉദാഹരണമായി കരുതാം. എന്നാൽ അതേഹം ഈ സംസ്ഥാനത്തേക്ക് സ്ഥിരമായി ഗവണ്മെൻറ് കടമായി നൽകിയിട്ടുള്ള ഒരുദ്യോഗസ്ഥനാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രഥമസെക്രട്ടറിമാരുടെ ശമ്പളത്തെപ്പറ്റി എന്തു പറയുന്നു?

മി. കെ. ജാർജ് (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): പ്രഥമസെക്രട്ടറിമാരുടെ ശമ്പളം കുറച്ചിട്ടുണ്ട്. മുമ്പു ഒരു പ്രഥമസെക്രട്ടറിയുടെ കുറഞ്ഞശമ്പളം പ്രതിമാസം ൨൫൦ രൂപയും ഏറ്റവും ഉയർന്നശമ്പളം ൪൫൦ രൂപയും ആയിരുന്നു. ആണ്ടിലൊരിക്കൽ പത്തു രൂപ വീതം ആയിരുന്നു. ഇപ്പോൾ ഒരു പ്രഥമസെക്രട്ടറിയുടെ കുറഞ്ഞ ശമ്പളം ൩൫൦ രൂപയും കൂടിയ ശമ്പളം ൪൫൦ രൂപയുമാക്കി കുറച്ചിട്ടുണ്ടു പ്രതിവർഷമുള്ള വർദ്ധനയും ൫൦ രൂപയാക്കി കുറച്ചിട്ടുണ്ട്. ഇതു എന്റെ അഭിപ്രായത്തിൽ ഒരു ഗണ്യമായ കുറവാണ്.

എപ്പോഴെല്ലാം ഒരു ഡിപ്പാർട്ടുമെൻറിനെ പരിഷ്കരിക്കുന്നുവൊ, അപ്പോഴെല്ലാം മേലുദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നുഎന്ന് പല സാമാജികന്മാരും പ്രസ്താവിക്കയുണ്ടായി. അതു വാസ്തവമല്ലെന്നു ഞാൻ പറയുന്നു. ൧൯൫൫ ൽ നടത്തിയ കഴിഞ്ഞ ശമ്പളപരിഷ്കാരത്തിൽ, പ്രതിമാസം ൩൦ രൂപയും അതിൽകുറച്ചുശമ്പളം വാങ്ങുന്നവരുടെ അവശ്യശമ്പളത്തെ ആദ്യമായും അതിനുശേഷം ൩൦ മുതൽ ൧൫൦ വരെ ശമ്പളം വാങ്ങുന്നവരുടെ കാര്യം അപൂർണ്ണമായിട്ടും ആണ് ഗണിച്ചിട്ടുള്ളതു. ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാരുടെ ശമ്പളത്തിൽസ്പർശിച്ചിട്ടതന്നെയില്ല. നോക്കുമ്പോൾ അവസരം ലഭിച്ചിട്ടുള്ളപ്പോഴൊക്കെ, ഗവണ്മെൻറ് മേലധികാരികളുടെ ശമ്പളം കുറച്ചുകളഞ്ഞുഎന്നുള്ളതാണ് ഈയിടെയുള്ളപരാതി.

ഇവിടെ വിമർശനവിഷയമായിരുന്ന വേറെ ഒന്നുരണ്ടു സംഗതികളെപ്പറ്റി കൂടി ചിലതു പറയണമെന്നു ഞാൻ വിചാരിക്കുന്നു. വിദ്യാഭ്യാസത്തിൽഉള്ള ചെലവിനെപ്പറ്റി ഞാൻ പറഞ്ഞവയെ സംബന്ധിച്ച് സാമാജികന്മാരുടെ മനസ്സിൽ ചില തെറ്റിദ്ധാരണകൾ ഉണ്ടായിട്ടുണ്ടു. വിദ്യാഭ്യാസത്തിൽ ഉള്ള ചെലവിനെ നിഷ്കാരുണ്യം കുറയ്ക്കുന്നതെന്നു ഞാൻ അഭിപ്രായപ്പെട്ടില്ല. എന്നാൽ കായ്ബോധമുള്ള എന്റെ സ്നേഹിതൻ മിസ്റ്റർ സുബ്ബയ്യർപോലും ഞാൻ അങ്ങനെ അഭിപ്രായപ്പെട്ടതായി പ്രസ്താവിച്ചു.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട) (ഉപാദ്ധ്യക്ഷൻ): ഞാൻ യാതൊന്നും തെറ്റിദ്ധരിച്ചിട്ടില്ല ചെലവിനെ നമുക്കു കുറയ്ക്കുവാൻ കഴികയില്ലെന്നാണ് ഞാൻ പറഞ്ഞതു്. എന്നാൽ നാം ചില മുതലെടുപ്പുമാർഗ്ഗങ്ങളെ കണ്ടുപിടിക്കണം എന്നായിരുന്നു. —ഞാൻ ആരേയും കുറ്റം പറയണമെന്നു വിചാരിക്കുന്നില്ല.

മി. കെ. ജാർജ് (ഗവർണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): മിസ്റ്റർ സുബ്ബയ്യരുടെ പ്രസംഗത്തിനെക്കുറിച്ചു എനിക്കുണ്ടായിരുന്ന അഭിപ്രായം അതല്ല എങ്ങിനെയെങ്കിലും ആരോ എന്റെപ്രസംഗത്തിന്റെ ആദ്യഭാഗത്തെപ്പറ്റിവിമർശിക്കുകയും അതിൽനിന്നുതന്നെവിദ്യാഭ്യാസത്തിൽ നമ്മുടെചെലവു് നിഷ്കാരുണ്യം കുറക്കണമെന്ന് അഭിപ്രായപ്പെട്ടതായി സൂചിപ്പിക്കുകയുംചെയ്തു. ഞാൻ അങ്ങനൊരുപറഞ്ഞില്ല. നമ്മുടെനിവൃത്തിമാർഗ്ഗങ്ങളെകുറിച്ചു ചിന്തിക്കണമെന്നും ഭാവിയിൽ ഇതിനെസംബന്ധിച്ചു ചെലവുകുറച്ചുപ്രതീക്ഷിക്കണമെന്നും മാത്രമാണ്ഞാൻ പറഞ്ഞതു. വിദ്യാഭ്യാസകാര്യങ്ങളിൽ മന്ദമായകരണമെന്നും അനുകരിക്കണമെന്നു സൂചിക്കപോലും ചെയ്തിട്ടില്ലാത്തതാകുന്നു. അഭിവൃദ്ധിയുള്ളതായിരിക്കണമെന്നതുതന്നെയല്ല അതുപ്രയോഗിക്കയുമല്ല. കായ്ബോധമുള്ള ഒരു ഗവർണ്മെൻറിനു ഒരു പുരോഗതിയുടെ പരിണാമത്തെപ്പറ്റിയും പോക്കിനേയും തിണ്ണയിക്കുകയും അപ്രകാരംനിർണ്ണയിച്ചു തിട്ടപ്പെടുത്തുന്ന പരിഷ്കാരങ്ങളെ നടപ്പിൽവരുത്തുന്നതിനുപണം ചെലവാക്കേണ്ടുന്നതിനു് എന്തെല്ലാം ചെയ്യണമെന്നു നിശ്ചയിക്കുകയും ചെയ്യേണ്ടതായുണ്ട്. ഞാൻപറഞ്ഞതു ഇതാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നോർത്തുമണ്ഡലം): "ചെലവുകളുടെ മേന്മകുറയ്ക്കുവാൻ" എന്നുപറഞ്ഞതിൽനിന്നും ഉണ്ടാകാൻ ഇടയുള്ള അഭിപ്രായം എന്താണ്?

മി. കെ. ജാർജ് (ഗവർണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): വിദ്യാഭ്യാസത്തിലുള്ള ചെലവിന്റെ ചെലവുകുറയ്ക്കുന്നതുകൊണ്ടുള്ള വിഷമതകളെ നമുക്കു കുറയ്ക്കുവാൻ കഴിയുമെന്നുള്ള വിശ്വാസത്തിലേക്കു ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കേണ്ട ആവശ്യമുണ്ടായിരുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഫിനാൻഷ്യൽ സെക്രട്ടറിഅപ്രകാരം പ്രസ്താവിച്ചപ്പോൾ അഞ്ചുകൊല്ലങ്ങൾക്കു മുമ്പു അദ്ദേഹം തയ്യാറാക്കിയ വിദ്യാഭ്യാസസംബന്ധമായ ചെലവിനെപ്പറ്റി ആലോചിക്കാൻ ഏർപ്പെടുത്തപ്പെട്ട കമ്മറ്റിയുടെ റിപ്പോർട്ടിനെപ്പറ്റി അദ്ദേഹത്തിനു ഓർമ്മയുണ്ടായിരുന്നുവോ?

മി. കെ. ജാർജ് (ഗവർണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): തീർച്ചയായും ഓർമ്മയുണ്ടായിരുന്നു. ആസംഗതി അഞ്ചുവർഷംമുമ്പുതന്നെ ഗവർണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട് എന്നമാത്രമാണ് അതിൽനിന്നും പെട്ടെന്നു വിശ്വസിക്കുന്നതു്.

ചിലസംഖ്യകൾ തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ആരോ ഈ സഭയിൽ പ്രസ്താവിച്ചതായ ഒരുനിസ്സാരസംഗതിയെപ്പറ്റികൂടി പറയാനുണ്ട്. കരുപ്പു തീരുവയിൽ വാശി ഇനത്തിലുള്ള അടങ്കലിനെപ്പറ്റി ഞാൻ ഒന്നാമതു സംസാരിക്കുന്നതായിരിക്കും.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട) (ഉപാദ്ധ്യക്ഷൻ): ഞാൻഅതിനെപ്പറ്റി പ്രസ്താവിച്ചു.

മി. കെ ജാർജ് (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ആണ്ടോടാണ്ടു ഈ ഇനത്തിൽ വരുമാനക്കുറവുണ്ടാകുന്നുവെന്നതുകൊണ്ടാണ് ഞങ്ങൾ ഒരുപക്ഷേ ഇതിനെപ്പറ്റി പ്രസ്താവിച്ചിരുന്നതു. ഉടമ്പടി പ്രകാരം കരുപ്പിൽ കുറഞ്ഞതുകൾക്കു നടപ്പിൽവന്നു. എന്നാൽ അതിനപ്പുറം മുൻപു തന്നെതന്നെ കുറെകരുപ്പു പാങ്ങിയിരുന്നു. അടുത്തധനകാര്യവർഷത്തിൽ ഞങ്ങൾ ഒരുപക്ഷേ നൂറു ടൺ മാത്രമേ വാങ്ങുകയുള്ളു. ഈ വാശിയിലുള്ള കുറവിന്റെ കാരണം അങ്ങനെയുണ്ടായിട്ടുള്ളതാണ്.

മി. പി. സുബ്ബയ്യർ (നിയമവകുപ്പ് സെക്രട്ടറി) (ഇൻസ്പെക്ഷൻ): എനിക്ക് ഇതേ സംശയംതന്നെ പുറപ്പെടുവിക്കേണ്ടിവന്നു.

മി. കെ. ജാർജ് (ഗവൺമെന്റ് ഹിനാൻസ്യൽ സെക്രട്ടറി): കടംവാങ്ങിയതുമുതൽ തിരിയുകയായ ഒരു പണംമുടക്കുമുതലായി എടുക്കപ്പെടേണ്ട പേരാണ് ഏതെന്നതിനെപ്പറ്റി ഇപ്പോൾ പ്രസ്താവിക്കപ്പെട്ട മറ്റൊരുകാര്യത്തെപ്പറ്റി ഞാൻ ചിലതുപറയാം.

മി. പി. കെ. നാരായണപിള്ള (നിയമവകുപ്പ്): അതിനെപ്പറ്റി ഇവിടെ വാദപ്രതിവാദം ചെയ്തിട്ടില്ല.

മി. കെ. ജാർജ് (ഗവർണ്മെന്റ് ഫിനാൻസ്യൽ സെക്രട്ടറി): ഈ സംഗതിയെപ്പറ്റി ഞാൻ സഭമുമ്പാകെ പ്രസ്താവിക്കട്ടെയോ?

ചെയർമ്മൻ: അതിനെന്താ ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. ജോർജ് (ഗവർണ്മെന്റ് ഹിനാൻസ്യൽ സെക്രട്ടറി): ഫോറസ്റ്റാഫിസുമായിട്ടും ഡിപ്പാർട്ടുമെന്റിലെ മേലധികാരികളുടെയും കണക്കുകളിൽ പ്രത്യേകം പ്രത്യേകം രേഖകളിൽ നോക്കിയാലും അതെത്രയാണെന്നുള്ള കണക്കുകൾ വാസ്തവത്തിൽ കിട്ടുകയില്ല. അവരവരുടെ ഉദ്യോഗസ്ഥന്മാരുടെ പേരാണ് തരക്കേടുവരുമ്പോൾ കണക്കുകളും ഡിപ്പാർട്ടുമെന്റ് കണക്കുകളും തമ്മിൽ പൊരുത്തപ്പെടുത്തുന്നതിനുള്ള പ്രയാസം കാണുന്നുണ്ടെങ്കിൽ ഡിപ്പാർട്ടുമെന്റുകണക്കുകളെ തെറ്റായിരുന്നേക്കാമെന്നു ഗ്രഹിക്കുന്നതിനാണ്. അതുകൊണ്ടാണ് ഓഫീസിൽ ഇതേവരെ ചേർത്തിട്ടുള്ള പലസംഗതികളേയും ഡിപ്പാർട്ടുമെന്റ് കണക്കുകളിലെ മറുവല്ല ഭാഗങ്ങളിലായ് ർക്കാംചേർത്തിട്ടുള്ളതു്. മിസ്റ്റർ പി. കെ. നാരായണപിള്ള ഏർപ്പെടുത്തിയ ഓഫീസായതിനെ കാണാതെ വ്യവസ്ഥാനുസരണമായിട്ടുള്ള അധികവും അതിനുശേഷം തരംതിരിച്ചിട്ടുള്ള വ്യത്യാസങ്ങളും ഉള്ളവയാണ്. ഓഫീസർ പ്രോഡ്യൂസ് ഇവയെല്ലാം വകയ്ക്കുഡിപ്പാർട്ടുമെന്റുകാർ മുമ്പു തന്നെ തയ്യാറായിട്ടുള്ള സാധനങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഓഫീസിന്റെ ബുക്കിൽ അവയെപ്പറ്റി കൃത്യമായ് ചേർത്തിട്ടുള്ളതുമാണ്.

മി. പി. കെ. നാരായണപിള്ള (നിയമവകുപ്പ്): തിങ്കളാഴ്ചയ്ക്കകം പൊതുവെയുള്ള കണക്കുകൾ തന്നുതീരുമെല്ലോ?

മി. കെ. ജാർജ് (ഗവർണ്മെന്റ് ഫിനാൻസ്യൽ സെക്രട്ടറി): അക്കൗണ്ടാഫീസ് ഇതുവിഭാഗത്തിനെ സംബന്ധിച്ചിടത്തോളം ഒരു ക്ലിപ്തമായനിലയിലുണ്ട്. അതുസംബന്ധിച്ചുള്ള വിഷയങ്ങളിലും ഞാനന്വേഷിച്ചിരിക്കാം എന്നാൽ മറുവല്ലകാരണത്താൽ ഡിപ്പാർട്ടുമെൻറുകാർ അവയെ മറേറാരുകിലും വിധത്തിൽ തരംതിരിച്ചിരിക്കാം.

മി. എം. തിവരാണപിള്ള (തോവാള): ആകെയുള്ളകണക്കുകൾ ഒന്നുതന്നെയാണോ?

മി. ജോർജ് (ഗവർണ്മെന്റ് ഫിനാൻസ്യൽ സെക്രട്ടറി): ചിലപ്പോൾ ആകെയുള്ളകണക്കുകളിലും അല്പം വ്യത്യാസം കണ്ടേക്കാം. ഇതു ഡിപ്പാർട്ടുമെന്റുകാർ തന്നാണ്ടിനെ ചെയ്യുന്ന ചില എഴുത്തുകുറവും നിമിത്തവും അക്കൗണ്ടാഫീസർ അവയെ ഓട്ടുത്തകൊല്ലത്തെ കണക്കുകളിൽ മാത്രം കൊണ്ടുകൊണ്ടുള്ളതുമായിരിക്കാം.

മി. ജി. രാമൻ മേനോൻ (മാവേലിക്കര യും കാർത്തികപ്പള്ളിയും): അക്കൗണ്ടാഫീസറും ഡിപ്പാർട്ടുമെൻറ് മേലധ്യക്ഷന്മാരും തമ്മിൽക്കണക്കിപ്പോൾകാരം ഉടനടിയുടെ സകല ഗവർണ്മെന്റ് റിപ്പോർട്ടുകളും ഉദ്ദേശിയതിയിലുള്ള കണക്കുകളും സംബന്ധിച്ചുള്ളവയല്ലേ എന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാർജ് (ഗവർണ്മെന്റ് ഫിനാൻസ്യൽസെക്രട്ടറി): തീർച്ചയായും അതേ

മി. ടി. രാമൻതമ്പിസാൻ (ആവേലിക്കരയും കാർത്തികപ്പള്ളിയും): കണക്കുകൾ ഉദ്ദേശിയതിലുള്ളവയാകുകൊണ്ട് സകലഡിപ്പാർട്ടുമെന്റ് മേലധികാരികളും അക്കൗണ്ടാഫീസറും അവരുടെ സ്റ്റോറുകീപ്പർകണക്കുകളും അതതു സമയത്തു ശരിപ്പെടുത്തുന്നതിനു നിർദ്ദേശിച്ചിട്ടുള്ളതാണ്.

മി. കെ. ജാർജ് (ഗവർണ്മെന്റ് ഫിനാൻസ്യൽസെക്രട്ടറി): ഈതിൽ അല്പംസാങ്കേതികതത്വം അന്തർഭവിച്ചിട്ടുണ്ട്. വർഷാവസാനത്തിൽ ഇന്ത്യാഗവൺമെന്റിലുള്ള തെറ്റുകളെകണ്ടുപിടിച്ചുകാണിക്കാം. ഇവയെല്ലാം ശരിപ്പെടുത്തുന്നതിന് ധനകാര്യവർഷം കഴിഞ്ഞു മൂന്നുമാസം പരിശോധനാകാലമുണ്ട്. പിഴകളെ ഈ മൂന്നുമാസത്തിനുള്ളിൽ അക്കൗണ്ടാഫീസർ ശരിയാക്കുന്നുണ്ട്. ഒരുവർഷത്തെ കണക്കുകൾ തീർത്തശേഷം മാത്രമേ പിഴകൾ അക്കൗണ്ടാഫീസറുടെ ഓഫീസിൽ പൊട്ടുകയുള്ളൂ. അതിനുമുമ്പായി തെറ്റുകളെ കണ്ടുപിടിക്കുന്നതിനും അക്കൗണ്ടാഫീസർക്കു സാധിക്കയില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അല്പകാലം മുമ്പുവരെയും പിന്നിലേക്കും അതിനെപ്പറ്റിവിചാരിച്ചതിനൊ ഫിനാൻസ്യൽ സെക്രട്ടറി ഒരുദാഹരണം പറയുമോ?

മി. കെ. ജാർജ് (ഗവർണ്മെന്റ് ഫിനാൻസ്യൽ സെക്രട്ടറി): അത്തരത്തിൽ എത്രയേണമെങ്കിലുമുണ്ട്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): എന്നാൽ ഒരൊറ്റ ഉദാഹരണം കേൾപ്പിക്കട്ടേ?

മി. കെ. ജാർജ് (ഗവർണ്മെന്റ് ഫിനാൻസ്യൽ സെക്രട്ടറി): ഓരോ ഡിപ്പാർട്ടുമെന്റിൽനിന്നും മറ്റൊരു ഡിപ്പാർട്ടുമെന്റിലേക്കു തുടർച്ചയായുള്ള അതിന്റെ കണക്കുവിവരം കഴിഞ്ഞ കൊല്ലം ഏപ്രിൽമാസത്തിൽ അയയ്ക്കുകയും കഴിഞ്ഞകൊല്ലം ജൂലൈമാസത്തിൽ തിരുവനന്തപുരത്തുനിന്നിരിക്കുമ്പോൾ ഈ കണക്കുവിവരം വ്യത്യാസത്തിൽ മാത്രമേ അക്കൗണ്ടാഫീസറുടെ വശമുണ്ടായിരുന്നുള്ളൂ. തൽഫലം ആ തുക അടുത്തകൊല്ലത്തിൽ മാത്രമേ വരവുവയ്ക്കുകയുള്ളൂ. ഇതുപോലെ പല കണക്കുകളിൽ മാത്രമേ വരവുവയ്ക്കുകയുള്ളൂ.

മി. ടി. കുമാരപിള്ള (കുന്നത്തൂരും വിളവങ്കോടും): രണ്ടുഭരണറിപ്പോർട്ടിലും സ്ഥിതിവിവരക്കണക്കിലും കൊടുത്തിട്ടുള്ള സംഖ്യകളിൽ വ്യത്യാസമുള്ളപ്പോൾ ഏതാണ് ശരിയെന്നു വിചാരിക്കേണ്ടതു്?

മി. കെ. ജോർജ് (ഗവർണ്മെന്റ് ഫിനാൻസ്യൽ സെക്രട്ടറി): അതുനിശ്ചയിക്കുകടം. ഏതെങ്കിലും സംഖ്യകൾ ശരിയാണെന്നുമാത്രമേ എനിക്കുപറയാൻ കഴിയുകയുള്ളൂ.

മി. ടി. കുമാരപിള്ള (കുന്നത്തൂരും വിളവങ്കോടും): അതെങ്ങനെയാഫീസുടെ സംഖ്യകൾ ഏതുറിപ്പോർട്ടിലാണ് കൊടുത്തിരിക്കുക.

മി. കെ. ജാർജ് (ഗവർണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): കണക്കുകൾ പ്രസിദ്ധംചെയ്തിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): രാജ്യഭരണറിപ്പോർട്ടിലെ സംഖ്യകൾ അക്കൌണ്ടോഫിസ്സുടെതാണോ?

മി. കെ. ജാർജ് (ഗവർണ്മെൻറ് ഫിനാൻഷ്യൽസെക്രട്ടറി): രാജ്യഭരണ റിപ്പോർട്ടിൽ ചേർത്തിട്ടുള്ളത് അക്കൌണ്ടോപ്പീസ് സംഖ്യകളാണെന്ന് ഞാൻവിശ്വസിക്കുന്നു.

അവസാനമായി മി. പി. കെ. നാരായണപിള്ള ഇവിടെഎടുത്തു പറഞ്ഞതായ ഒഷറി പണാപഹരണക്കേസിനെപ്പറ്റി എനിക്കുചിലതുപറയേണ്ടതായുണ്ട്. അക്കൌണ്ടോഫിസ്സുടെ പണാപഹരണറിപ്പോർട്ടിനെപ്പറ്റി മിസ്റ്റർ നാരായണപിള്ള പരിഹാസസ്വരത്തിൽ പ്രസ്താപിക്കയുണ്ടായിഎന്നതന്നെയല്ല ഒരു മിസ് അപ്രോപ്രിയേഷൻ റിപ്പോർട്ടുകൂടി അയക്കേണ്ടതായുണ്ടെന്ന് പറയുകയുംചെയ്തു. ആണ്ടിതോറും എനിക്ക മിക്കവാറും ഒരു മിസ് അപ്പ്രാപ്രിയേഷൻ റിപ്പോർട്ട അയക്കേണ്ടിവരുന്നുണ്ട്. സകലപണാപഹരണങ്ങളേയും ധനകാര്യങ്ങളിലുള്ള ക്രമക്കേടുകളേയും പറഞ്ഞു ഒരുആഡിറഭിപ്രായറിപ്പോർട്ട ഞാൻ ആണ്ടിതോറും ഗവർണ്മെൻറിനെ സമർപ്പിക്കുന്നുണ്ട്. ഈ പണാപഹരണത്തെപ്പറ്റി ഫൈൻൻസ്–ലെ കണക്കുകളെപ്പറ്റിയുള്ള റിപ്പോർട്ടിൽ സവിസ്തരം പ്രസ്താപിച്ചിട്ടുണ്ട്. അത് എൻറപക്കൽഉണ്ട്. അത് ആ കാര്യത്തെ ഏറെക്കുറവിശദീകരിക്കുമെന്നുഞാൻ വിചാരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപഹരിച്ച തുക എത്രയെന്ന അതിൽ കാണിച്ചിട്ടുണ്ടോ; ഇല്ലേ?

മി. കെ. ജാർജ് (ഗവണ്മെൻറ് ഫിനാൻഷ്യൽസെക്രട്ടറി): ഉണ്ട്. താഴെപറയുന്നത് പ്രസ്തുതറിപ്പോർട്ടിൽനിന്നും എടുത്തിട്ടുള്ളതാകുന്നു.

"നാം ഇപ്പോൾ നിരൂപണംചെയ്യുന്നതായ വർഷത്തിൽ നടന്നിട്ടുള്ള ധനകാര്യസംബന്ധമായ അഴിമതികളിൽ ഏറ്റവുംപ്രധാനമായത് കൊല്ലംഡിവിഷൻ ട്രഷറിആഫീസർ സർക്കാർ പണത്തിൽനിന്നും ഫൈൻ രൂപ മനഃപൂർവ്വം അപഹരിച്ചു എന്നുള്ളസംഗതിയാണ്. പ്രസ്തുത പണാപഹരണം ഫൈൻവു ചിങ്ങം മുതൽ ഫൈൻ മീനംവരെയുള്ള ഏൻ മാസങ്ങളായി നടത്തിയിട്ടുള്ളതാണ്. ട്രഷറിആഫീസർ അക്കൌണ്ടോഫീസർക്ക് സമർപ്പിച്ചിട്ടുള്ള മാസാന്തകണക്കുകളും ട്രഷറിയിൽ സൂക്ഷിച്ചിരുന്ന കണക്കുകളും തമ്മിൽ വ്യത്യാസമുണ്ടായിരുന്നതുകൊണ്ടാണ് അയാൾ ഇത്രവളരെക്കാലം കണ്ടുപിടിക്കാതെ കിടന്നുപോയത്. എന്നതന്നെയല്ല. അവികട നടന്നുകൊണ്ടിരുന്ന സംഗതികളെ ട്രഷറി ഉദ്യോഗസ്ഥന്മാരിൽനിന്നും മറയ്ക്കുന്നതിനുവേണ്ടി പ്രസ്തുതകണക്കുകളെ അദ്ദേഹത്തിൽ സ്വന്തകൈയക്ഷരത്തിൽ എഴുതി ഉണ്ടാക്കുകയാണ്ചെയ്തിട്ടുള്ളത്. ഈ പണാപഹരണം പുറത്തുവന്നത് താഴെപ്പറയുംപ്രകാരമാണ്.

അന്നത്തെ ട്രഷറിആഫീസർ ഫൈൻവു-ന്റെ പ്രാരംഭത്തിലാണ് ട്രഷറിമേധാവി. അന്നുമുതൽക്കു, ഒബ്ജക്ഷൻസ്ലോറുമെൻറും അതിൻറ മറുപടികളും, പണംസംബന്ധിച്ചുള്ള കണക്കുകളും, സ്റ്റാമ്പുപിച്ചിനകണക്കുകളും, കൊടുക്കപ്പെട്ട ഉകകളുടെ ലിസ്റ്റുകളും മുതലായവയും അക്കൌണ്ടോഫീസിലേക്ക ക്ലിപ്തസമയങ്ങളിൽ അയച്ചിട്ടില്ലാ എന്നുമാത്രമല്ല അവയെ തീരെ ശ്രദ്ധയില്ലാതെയാണ് നിന്നിച്ചിട്ടുള്ളതും ട്രഷറിയുമായി പണമിടപാടുകളും ഉണ്ടായിരുന്ന ആഫീസു മേലധികാരികളിൽനിന്നും ഡിപ്പാർട്ടുമെൻറ മേലധികാരികളിൽനിന്നും അദ്ദേഹത്തിനെക്കുറിച്ചു പരാതികളും വന്നുകൊണ്ടിരുന്നു. അദ്ദേഹത്തിനു നേരിട്ടും, കൺട്രോളിങ്ങ് ആഫീസർമുഖേനയും അയച്ചിട്ടുള്ള എഴുത്തുകളുംനിമിത്തം സംഗതികൾക്കു യാതൊരു പരിഹാരവുമുണ്ടാകാഞ്ഞതുകൊണ്ട് ഈ കാര്യത്തെ സംബന്ധിച്ചു ഗവണ്മെൻറിലേക്ക റിപ്പോർട്ടുചെയ്തു. തൽഫലമായി ഫൈൻ മീനത്തിൽ അദ്ദേഹത്തിനെ കൊല്ലം ട്രഷറിആഫീസിൽനിന്നും തിരുവനന്തപുരത്തു കമ്മട്ടംസൂപ്രണ്ടായി സ്ഥലംമാറി.

കൊല്ലം ട്രഷറിയിൽനിന്നും അദ്ദേഹത്തിനു സ്ഥലംമാറുന്നതിനുമുമ്പു, തൻറെ സേവിംഗ്സ്ബാങ്ക് പാസ്സ് ബുക്ക കണക്കു തീർക്കുന്നതിലേക്ക ഹാജരാക്കിയ ഒരു നിക്ഷേപകൻറെ ഒപ്പിട്ട ഒരു എഴുതാത്ത പണം തിരികെ എടുക്കാനുള്ള ഫാറം അദ്ദേഹത്തിൻറ കൈവശം ഉണ്ടായിരുന്നു. ഈ ഒപ്പിട്ട പണം തിരികെ എടുക്കാനുള്ള ഫാറത്തിൻറെ സഹായത്തോടുകൂടി നിക്ഷേപകൻറെ കണക്കിൽനിന്നും അദ്ദേഹം ൫൦൦ രൂപ വാങ്ങി എടുക്കുകയുംചെയ്തു. എന്നാൽ എടുത്ത തുകയെപ്പറ്റി പാസ്ബുക്കിൽ യാതൊന്നും രേഖപ്പെടുത്തിയിരുന്നില്ല. അതിനുശേഷം അദ്ദേഹം പാസ്ബുക്കിനെ കണക്കു തീർക്കുന്നതിലേക്ക അക്കൌണ്ടോഫീസുക്കയച്ചു. എന്നാൽ പാസ്ബുക്കിലെ കണക്കു തീർത്തു് അതിനെ തിരികെ ട്രഷറിയിലേക്കയക്കുംമുൻപു അദ്ദേഹത്തിനെ ട്രഷറിയിൽ നിന്നും സ്ഥലംമാറി. മുഴുവൻ തുകയും കൊടുക്കുന്നതിനുള്ള ഉത്തരവുസഹിതം പാസ്സ്ബുക്ക തിരിയെ-അയച്ചപ്പോൾ, ആ കണക്കിൽ മുമ്പേതന്നെ ൫൦൦ രൂപ ട്രഷറിയിൽനിന്നും കൊടുത്തിട്ടുള്ളതായി സേവിങ്ങ്സ് ബാങ്ക് ലെഡ്ജറിൽ കാണുന്നുണ്ടെന്നു ട്രഷറിആഫീസർ റിപ്പോർട്ടുചെയ്തു തൻനിമിത്തം സംശയംജനിക്കുകയും ഡിവിഷൻ ട്രഷറിആഫീസരുടെ റിപ്പോർട്ടുകൾ ശരിയായിട്ടുള്ളതാണോ എന്നു പരിശോധിക്കുവാനായി ഒരു അസിസ്റ്റൻറ അക്കൌണ്ടോഫീസരെ അങ്ങോട്ടയക്കുകയുംചെയ്തു. അപ്പോഴാണ് ഈ പണാപഹരണം പുറപ്പെടുവന്നത്. ഈ പണാപഹരണത്തെസംബന്ധിച്ചുള്ള വിവരങ്ങൾ ഇതിൽ ചേർക്കാൻ പ്രയാസമാംവണ്ണം അത്ര വലുതായുണ്ട്".

ഇതിനെക്കുറിച്ചു വിസ്തരിച്ചുപറഞ്ഞു സഭയെ മുഷിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ എനിക്ക ഒരുകാര്യം പറയാനുണ്ട്. ഈ സംഗതിയിൽ, കണക്കു പരിശോധനയ്ക്കിടയിൽ കണ്ടുപിടിക്കുന്ന ക്രമരാഹിത്യങ്ങളുടെ കാര്യത്തിലെന്നപോലെ, ആദ്യമായി അതിൻറ കാരണത്തെന്മാത്രമായും പിന്നീട കൺട്രോളിംഗ് ആഫീസ്സുമാരെയാ, ആഫീസറന്മാരുമായൊ, എഴുത്തുകുത്തുകളും നടത്തുകയും അവസാനത്തിൽ ഗവണ്മെൻറിലേക്ക റിപ്പോർട്ടുചെയ്യുകയും ചെയ്യേണ്ടതു അക്കൌണ്ടോഫീസരുടെ മുമതലയാകുന്നു. സകല ക്രമരാഹിത്യങ്ങളുടെ കാര്യത്തിലും അക്കൌണ്ടോഫീസർ അനുകരിക്കേണ്ടതായ നടപടിക്രമം ഇപ്രകാരമാകുന്നു. ഈ പ്രസ്താവന

സംഗതിയിലും അക്കൌണ്ടാഫീസർ ഇതുപോലെത്തന്നെയാണ് പ്രവൃത്തിച്ചിട്ടുള്ളതെന്ന ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ട്രഷറിയുമായി പണമിടപാടുകൾ ഉള്ള പല ഡിപ്പാർട്ടുമെന്റുകളിലെ മാസാന്ത്യ കണക്കുകളോടൊന്നിച്ചു കൊല്ലം ട്രഷറിആഫീസിൽനിന്നും അയച്ചിട്ടുള്ള മാസാന്ത്യക്കണക്കുകളെ പരിശോധിക്കുന്നില്ലേ? ഉദാഹരണമായി, സ്റ്റാമ്പുനിർമ്മാണശാലയിൽനിന്നും അക്കൌണ്ടാഫിസിലേക്കു മാസാന്ത്യക്കണക്കുകൾ അയക്കുന്നില്ലേ?

മി. കെ. ജാർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): ഉണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്റ്റാമ്പു മാനുഫാക്ടറിയിൽനിന്നും അയച്ചിട്ടുള്ള അതതു മാസാന്ത്യക്കണക്കിനെ, കൊല്ലം ട്രഷറിആഫീസിലെനിന്നും അയച്ചതായ മാസാന്ത്യക്കണക്കുമായി ഒത്തുനോക്കി പരിശോധന കഴിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): ഉണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മാസാന്ത്യക്കണക്കുകളിലെ സംഖ്യകളെ ഒത്തുനോക്കിയിരുന്നു എങ്കിൽ ഈ വഞ്ചനയെ കുറേക്കൂടി മുമ്പേതന്നെ കണ്ടുപിടിക്കുവാൻ സാധിക്കയില്ലായിരുന്നോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): എൻവു വർഷിക്കം വരെ, ട്രഷറി ആഫീസിൽനിന്നും കിട്ടിയിട്ടുള്ള സ്റ്റാമ്പുവില്പനക്കണക്കുകൾ, ട്രഷറിയിൽ സൂക്ഷിച്ചിരുന്ന കണക്കുകളുമായി ചേർത്തു നോക്കുവിധത്തിലാണ് എഴുതി ഉണ്ടാക്കപ്പെട്ടിരുന്നത്. എൻവു ധനു മുതൽക്കു സ്റ്റാമ്പുവില്പനക്കണക്കുകൾ സമർപ്പിക്കുന്ന കാര്യത്തിൽ വീഴ്ചവരുത്തിത്തുടങ്ങി. ട്രഷറി ആഫീസറന്മാർ കണക്കുകൾ താമസിച്ചുഅയക്കുക പതിവായിരുന്നതിനാൽ സംശയങ്ങൾ ഒന്നും തോന്നിയില്ല. ഇങ്ങനിരിക്കെ ധനുവിലെ മാസാന്ത്യക്കണക്കുകൾ വന്നുചേർന്നപ്പോൾ ഞങ്ങൾ അവയെ പരിശോധിച്ചു ചില വ്യത്യാസങ്ങൾ കണ്ടുപിടിച്ചു അക്കൌണ്ടാഫീസറെ വിവരം അറിയിച്ചു. അപ്പോൾ അയാൾ ഗ്രാമസ്ഥന്മാരുടെ പേരിലുള്ള പിശകായിരുന്നു എന്നു അറിയിച്ചു മറുപടിതന്നു. അതിനിടയ്ക്കു രണ്ടുമാസം കഴിഞ്ഞിരിക്കും. അപ്പോൾ അടുത്ത മാസത്തെ കണക്കുകളും വന്നുചേർന്നു. അതും മുമ്പിലത്തെകണക്കുകളുമായി ചേർച്ചയില്ലാത്തവയായിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ ആഫീസ്സരുടെ മനസ്സിൽ, ഈ കുറ്റം കണ്ടുപിടിക്കുമെന്ന ഘട്ടത്തിൽ സംശയം ജനിക്കുന്നതിനു വളരെമുമ്പുതന്നെ ഇത്തരം വ്യത്യാസങ്ങൾ കണ്ടുപിടിക്കപ്പെട്ടിരുന്നുവോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി). അവകളെ എൻവു ധനു മുതൽക്കു കണ്ടുപിടിച്ചുതുടങ്ങി ട്രഷറി ആഫീസരുമായി എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ എഴുത്തുകുത്തുകൾ എത്രകാലത്തേക്കു നടന്നുകൊണ്ടിരുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) എൻവു മിഥുനം വരെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അഞ്ചുമാസക്കാലത്തേക്കോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): അതേ. തെറ്റുകളെ പരിഹരിക്കുവാൻ ഞങ്ങൾക്കു സാധിക്കുമുമ്പു ചിലപ്പോൾ രണ്ടുകൊല്ലത്തിലധികം കാലം എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കേണ്ടതായിവരുന്നു. ഇതിനെസംബന്ധിച്ചു അഞ്ചുമാസക്കാലം എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്നു. പിന്നെ ഞാൻ കൺട്രോളിങ്ങ് ആഫീസർക്കു റിപ്പോർട്ടുചെയ്തു. നിർഭാഗ്യവശാൽ എൻവു ധനു മുതൽക്കുള്ള കണക്കുകൾ കൺട്രോളിങ്ങ് ആഫീസരുടെ മുമ്പാകെ കിട്ടിയിട്ടുള്ളൂ; അതായതു അഞ്ചുമാസങ്ങൾക്കുശേഷം എന്നിട്ടും, ട്രഷറിആഫീസരോടു പിഴകളെ തിരുത്തുന്നതിനു ആജ്ഞാപിച്ചിട്ടുണ്ടു എന്നറിയിരുന്നു മറുപടി. ഞാൻ കുറേക്കാലംകൂടി കാത്തിരുന്നു. അതിനുശേഷം എൻവു കർക്കടകത്തിൽ ഈ സംഗതിയെപ്പറ്റി ഞാൻ ഗവണ്മെന്റിലേക്കു റിപ്പോർട്ടുചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ, സ്റ്റാമ്പു വില്പനക്കണക്കുകൾ ക്ലിപ്തസമയങ്ങളിൽ അയച്ചിട്ടില്ലെന്നു പ്രത്യേകം മുണ്ടിക്കാണിക്കയും ട്രഷറിആഫീസരെ കൊല്ലത്തുനിന്നും ഉടനെ സ്ഥലംമാറണമെന്നു ഗവണ്മെന്റിനോടു ബലമായി ശുപാർശചെയ്കയും ചെയ്തിരുന്നു. ഇങ്ങനെ അക്കൌണ്ടാഫീസരുടെ ആള്ള നടപടികളുടെ ഫലമായിട്ടാണ് ഈ സംഗതി ഇപ്പോഴത്തെ പുറത്തുവന്നതു. ട്രഷറിഭരണത്തെസംബന്ധിച്ചു "അക്കൌണ്ടന്റ്ജനറൽ" അടങ്ങിയിരിക്കുന്ന ചട്ടങ്ങളെ ഞാൻ ഈ അവസരത്തിൽ എടുത്തു പറയിക്കട്ടെ.

"ട്രഷറി, ട്രഷറിആഫീസരുടെ നേരേകീഴിലാണ്, എന്നാൽ ഡിവൻപേഷ്യാഫീസർക്കും ഡിക്കൂട്ടും കമ്മിഷ്ണർക്കും അതായതു ഡിവിഷനുകളിലുള്ള ട്രഷറികളിൽ മേൽ പ്രൊയുവെ രേണാധികാരമുണ്ടായിരിക്കുന്നതാണ്".

അടുത്ത വകുപ്പിൽ (സെക്ഷൻ) ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"ട്രഷറിജോലികൾ സംബന്ധിച്ചുള്ള സകല പ്രധാനറിയിപ്പുകളേയും അക്കൌണ്ടാഫിസർ കൺട്രോളിങ്ങ് ആഫീസ്സർക്കയക്കുന്നു. അതുമാതിരി എഴുത്തുകുത്തുകളുടെ മറുപടികളും പ്രധാനപ്പെട്ട സകല എഴുത്തുകുത്തുകളും കൺട്രോളിംഗ് ആഫീസ്സരുടെ ഒപ്പോടുകൂടിയൊ, അന്നമതിയോടുകൂടിയൊ അയക്കേണ്ടതാകുന്നു. ട്രഷറി രേണത്തിനു ഒരു കീഴ്ദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നതുകൊണ്ടു കൺട്രോളിംഗ് ആഫീസ്സരുടെ ചുമതലയെ അതു ഒരുതരത്തിലും ലഘുകരിക്കുന്നില്ല. ഈ ചുമതല, തരുക്കം മിച്ചമിരിപ്പു, സ്റ്റാമ്പുകൾ മറ്റു സർക്കാർ സാമാനങ്ങൾ മുതലായവ സൂക്ഷിക്കുക, കീഴ്ദ്യോഗസ്ഥന്മാർ ചെയ്യുന്ന ക്രമരഹിതമായ നടപടികളെ കണ്ടുപിടിക്കുക ഈ കാര്യങ്ങളിൽ മാത്രമല്ലാ. എല്ലാ രജിസ്റ്ററുകളിലേയും കണക്കുകളിലേയും ശരിയായ പരിപാലനം, മാസാന്ത്യക്കണക്കുകൾ ക്ലിപ്തസമയങ്ങളിൽ സമർപ്പിക്കുക, അക്കൌണ്ടാഫീസിൽനിന്നും അയക്കുന്ന ഉത്തരവുകൾ അനുസരിച്ചു ട്രഷറി ആഫീസർ പ്രവൃത്തിക്കുന്നുണ്ടോ എന്നു അന്വേഷിക്കുക, ഈ കാര്യങ്ങളിലും ഉണ്ടായിരിക്കുന്നതാണ്."

ട്രഷറി ഭരിക്കുന്ന, അതുകൊണ്ടാഫിസുകളുടേയും പേഷ്ക്കാരന്മാരുടേയും യഥാക്രമമായ ചുമതലകൾ എന്തെല്ലാമാണെന്നു അതിൽ തെളിവായി പറയുന്നുണ്ട്. പേഷ്ക്കാരന്മാർ തങ്ങളുടെ അധികാരം ഏതുപ്രകാരത്തിലാണു പ്രയോഗിക്കേണ്ടതു എന്നതിനെപ്പറ്റി ഗവണ്മെൻറു വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. അതു കേൾക്കണമെന്നു സഭ ആഗ്രഹിക്കുന്നപക്ഷം ഞാൻ :—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സംഖ്യയെ സംസ്ഥാന കണക്കുകളിൽ എവിടെ എങ്കിലും ചേർത്തിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): അതിനെ അഡ്വാൻസുകൾ എന്ന ഇനത്തിൽ കൊണ്ടുചിച്ചിട്ടുണ്ട്. എന്നുമാത്രമല്ല അതിനെ, ട്രഷറിആഫീസ്സറിൽനിന്നും കിട്ടേണ്ടതായ ഒരു തുകയായിട്ടാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിപ്പോൾ ഒരു അഡ്വാൻസ് ആയിട്ടാണിരിക്കുന്നതു്, അല്ലേ?

മി. കെ. ജാർജ് (ഗവണ്മെൻറു ഫിനാൻഷ്യൽസെക്രട്ടറി): അതെ. തിരിയെ ഈടാക്കത്തക്ക ഒരു അഡ്വാൻസ് ആയിട്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഈ ഉദ്യോഗസ്ഥൻ കൽക്കുളം ട്രഷറിആഫീസരായിരുന്നകാലത്തു സർക്കാർ പണം എടുത്തു സ്വന്ത ആവശ്യങ്ങൾക്കുപയോഗിച്ചിരുന്നു എന്നു ഹർജികൾ വന്നിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ അത്തരത്തിൽ യാതൊന്നുമതന്നെ കേട്ടിട്ടില്ല.

നിരൂപണംചെയ്യേണ്ട ആവശ്യമുള്ള മറെറാ യാതൊരുസംഗതിയുമില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

അദ്ധ്യക്ഷൻ: നാം ഇപ്പോൾ പിരിഞ്ഞു, അടുത്ത വ്യാഴാഴ്ച കാലത്തു ക-ന-ാ-ന വിണ്ടും കൂടാം.

ന-ന-ാ-ന സഭ പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation)

T. RAMALINGOM PILLAI,
Head Translator to Government.

രണ്ടാമത്തെസഭ

ഒഫിഷ്യൽറിപ്പോർട്ട്.

ചൊവ്വ ആഗസ്റ്റ് ന-മത്തെ-വ്യാഴാഴ്ച

സഭയുടെ യോഗം പതിനൊന്നു മണിയ്ക്കു വിക്ടോറിയാ ജൂബിലിടൗൺഹാളിൽ വച്ചു കൂടി. പ്രസിഡൻറ് അഗ്രാസനധിഷ്ഠിതനായി വഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

സ്റ്റാൻഡിംഗ്ഓർഡർ പ്രകാരം പ്രസിഡൻറ് പാസ്സാക്കിയ ഉത്തരവ്: —

ക. സഭയുടെ ഓരോയോഗത്തിൽ ചോദിക്കാനുള്ള ചോദ്യങ്ങളുടേയും അവയ്ക്കു കൊടുക്കുന്ന ഉത്തരങ്ങളുടേയും അച്ചടിച്ചു വിതരണംചെയ്യുകയും പ്രസിഡൻറ് അനുസന്ധാനംചെയ്യുന്നതിനു മുമ്പായി മേശപ്പുറത്തു വച്ചിരിക്കുകയും വേണം.

ഖ. ചോദ്യങ്ങളും ചോദിക്കുന്നതും മറുപടികളും കൊടുക്കുന്നതും ഉൾപ്പെടുത്തിയിരിക്കുന്ന ക്രമപ്രകാരമായിരിക്കണം:—

ഓരോ പ്രശ്നകർത്താവിൻറെയും പേരു നമ്പർ ക്രമപ്രകാരം സെക്രട്ടറി വിളിക്കുകയും അദ്ദേഹത്തിൻറെ ചോദ്യങ്ങളുടെ നമ്പർ പ്രസ്താവിക്കുകയും ചെയ്തിട്ട്, അദ്ദേഹത്തിനു പല്ല പ്രധാനചോദ്യങ്ങളും ചോദിക്കാനുണ്ടെങ്കിൽ അതിനെ സംബന്ധിക്കുന്നതും ഉണ്ടാകത്തക്കവണ്ണം തൻറെ സ്ഥാനത്തു എഴുന്നേറ്റുനിൽക്കാൻ അപ്പുന്നയം കൊടുക്കണം. പ്രധാനചോദ്യങ്ങളെ തുടർന്നതന്നെ അവയെസംബന്ധിച്ച ഉപചോദ്യങ്ങളും ചോദിക്കേണ്ടതാകുന്നു.

ആടുവളർത്തലും കന്നുകാലിവളർത്തലും.

ഡോ. ടി. എം. ശിവതാണുപിള്ള (തോവാള): (എ) തോവാളയും അഗസ്തീശ്വരവും വിളുക്കുകുട്ടിക്കുന്ന രണ്ടു താലൂക്കുകളിൽസ്ഥലങ്ങൾ ഇല്ലാത്തതുകൊണ്ടും വേണ്ടപ്രകാരമുള്ള പ്രോത്സാഹനമില്ലാത്തതുകൊണ്ടും ആടുവളർത്തലും പശുക്കാലിവളർത്തലും ക്രമേണ ക്ഷയിച്ചുവരുന്നു എന്നും അതുമൂലം കൃഷിക്കു വലുതായ ഹാനിവരുത്തിവയ്ക്കുന്നു എന്നും ഗവർണ്മെൻറിനു അറിയാമോ?

(ബി) ഇക്കാര്യത്തെപ്പറ്റി അന്വേഷിച്ചു് ആവശ്യമുള്ള മേച്ചിൽസ്ഥലങ്ങൾ നൽകുന്നതിനും കൃഷിസംഗതികൾക്കായി ഈ സ്ഥലങ്ങളിൽ വിദേശിയ ആടുകൾക്കു തടസ്സംകൂടാതെ വരുന്നതിലേയ്ക്കു പ്രോത്സാഹിപ്പിക്കുന്നതിനും ഗവർണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

മി: ഡബ്ലിയു. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവർണ്മെൻറ് സെക്രട്ടറി):

(എ) തിരുവിതാംകൂർ കർഷകന്മാരുടെ വക കന്നുകാലികൾക്കു യാതൊരുപദ്രവവും നൽകാതെ മേയുന്നതിന് തോവാളയും അഗസ്തീശ്വരവും താലൂക്കുകളിൽ ഒഴിച്ചിടാത്തതും പൊന്മേക്കും ഭൂമികൾ ധാരാളമുണ്ട്.

(ബി) (എ) ഭാഗത്തിനു നൽകിയ ഉത്തരംമൂലം മേച്ചിലിനായി കൂടുതൽസ്ഥലങ്ങൾ മാറിവയ്ക്കേണ്ട ആവശ്യമുള്ളതായി തോന്നുന്നില്ല.

ന്യായരഹിതമായ മേച്ചിൽമൂലം വനങ്ങളിലുണ്ടാകുന്ന സാധനങ്ങൾക്കു സാരതരമായ ഹാനി സംഭവിക്കുന്നതാണ്; അതു് ഹേതുവായി മുതലെടുപ്പിൽ നഷ്ടമുണ്ടാകും. അതുകൊണ്ടു് വിദേശിയ ആടുകളെ യാതൊരു തടസ്സവുംകൂടാതെ പ്രവേശനം നൽകാവുന്ന മേയുന്നതിനു് അനുവദിക്കാൻപാടില്ല. ബ്രിട്ടീഷ് ഇൻഡ്യയിൽപോലും ആടുമേച്ചിൽസംബന്ധിച്ചു് അപ്രകാരമുള്ള സൌജന്യം അനുവദിക്കുന്നില്ല.

അത്രക്കറിചൌക്കയിൽക്കൂടി കവളിച്ചെണ്ണ വ്യാജമായി കടത്തിക്കൊണ്ടുപോയതു്.

ഡോ. മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): (എ) അത്രക്കറിചൌക്കയിൽക്കൂടി കൂടുകം കൊടുക്കാതെ കവളിച്ചെണ്ണ കടത്തിക്കൊണ്ടുപോയതിനെപ്പറ്റി ക ൦ൻ കക്കടകം ക ൦-നു ഞാൻ ചോദിച്ച ന-ാം ചോദ്യത്തിനു് നൽകിയ ഉത്തരം സംബന്ധിച്ചു്, കടൽകുകം റ്റാലേഷൻ ഡ ഡ-ാംവകുപ്പിലെ (ബി) ഖണ്ഡപ്രകാരം ചെയ്യപ്പെട്ടുന്നതരു കുറ്റത്തിനുള്ള ശിക്ഷ അഞ്ഞൂറുരൂപയിൽ കവിയാത്ത പിഴയും അപ്രകാരമുള്ള സാമാനങ്ങളെ മേൽ പ്രസ്താവിച്ച റ്റാലേഷൻസ് ഡ-ാംവകുപ്പ് ഉ-ാ ഖണ്ഡത്തിൽ ക്ലൃപ്തപ്പെടുത്തിയിരിയ്ക്കുന്നതിനെക്കാൾ കുറഞ്ഞ വിലയ്ക്കു മുതൽക്കൂട്ടുന്നതും ആയിരിക്കുമെന്നു് വ്യവസ്ഥചെയ്തിരിക്കെ പ്രസ്തുത സാമാനങ്ങളെ ആ റ്റാലേഷനിലെ മേൽപ്പറഞ്ഞ വ്യവസ്ഥയനുസരിച്ചു് ഗവർണ്മെൻറിലേക്കു മുതൽക്കൂട്ടാത്തതെന്താണെന്നു ദയവായി പറയുമോ?

(ബി) അപ്രകാരമുള്ള സംഗതികളിൽ എക്സൈസ്കമ്മീഷണക്കു ഉചിതമെന്നു തോന്നുന്നതുപോലെ അങ്ങനെയുള്ള സാമാനങ്ങളെ ഗവർണ്മെൻറിലേക്കു മുതൽ കൂട്ടുകയോ കൂട്ടാതിരിക്കയോ ചെയ്യാമെന്നു് ഏതുചട്ടത്തിലാണ് പറഞ്ഞിരിക്കുന്നതു്?

(സി) ഈ സംഗതിയെപ്പറ്റി ആവശ്യമുള്ള നടപടികൾ നടത്തിയിട്ടുള്ളതും പ്രസ്തുത കുറ്റം ക ക-ാം വകുപ്പിലെ (സി) ഖണ്ഡത്തിൽ വരുന്നതാണെന്നും, ക ൦ ൦ രൂപ പിഴ ചുമത്തേണ്ടതാണെന്നും, വ്യാജചരക്കുകളെ സർക്കാരിലേക്കു മുതൽ കൂട്ടേണ്ടതാണെന്നും, തീരുമാനിച്ചുവന്ന സ്ഥലത്തുള്ള കീഴ്ക്കോടതിസ്ഥാനത്തിൻറെ റിപ്പോർട്ടു കിട്ടുന്നതിനുമുമ്പായി ക ക-ാംവകുപ്പിലെ (ബി) ഖണ്ഡത്തിലാണ് പ്രസ്തുത കുറ്റം വരുന്നതെന്നു എക്സൈസ് കമ്മീഷണർ തീരുമാനിച്ചു് ഇ ൦ ൦ രൂപ പിഴയിട്ടതെങ്ങിനെ?

(ഡി) മേൽ വിവരിച്ചപ്രകാരം തീരുമാനിക്കുന്നതിനു് എക്സൈസ് കമ്മീഷണരെ അധികാരപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതുചട്ടപ്രകാരമാണു്?

(ഇ) പിഴകൊടുത്തതിനുശേഷം സാമാനങ്ങളെ വിട്ടുതൽചെയ്യണമെന്നു ചട്ടങ്ങളിൽ പ്രത്യേകം പറഞ്ഞിരിക്കുമ്പോൾ പിഴ വസൂലാക്കുന്നതിനു മുമ്പു അവയെ വിട്ടുതൽചെയ്തു് ക്രമക്കേടായിപ്പോയി എന്നുമാത്രം ഗവർണ്മെൻറ് എക്സൈസ് കമ്മീഷണരോടു പറഞ്ഞതു എന്തുകൊണ്ടാണു്?

G. P. T. 1802. 150. 28-2-1103.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവർണ്മെൻറ്സെക്രട്ടറി): (എ)ം (ബി)ം (ഡി)ം കരച്ചുങ്കം റഗുലേഷൻ സമ്പ്രാംവകുപ്പിൽ "സാമാനങ്ങൾ ഗവർണ്മെൻറിലേക്ക മുതൽക്കൂട്ടുന്നതിന ബാധ്യതപ്പെട്ടവനാകുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്; അതിനാൽ എക്സൈസ്ചുമ്മീഷണർ ചുങ്കങ്ങളുടെ നിയന്ത്രണ ഉദ്യോഗസ്ഥനായിരിക്കുന്നതുകൊണ്ട് സാമാനങ്ങളെ ഗവർണ്മെൻറിലേക്ക മുതൽക്കൂട്ടണമൊ വേണ്ടയൊ എന്നു നിശ്ചയിക്കുന്നതിന് അദ്ദേഹത്തിന് അധികാരമുള്ളതാകുന്നു. അതൊരു നിർബന്ധവ വസ്തയല്ല.

(സി) സംബന്ധപ്പെട്ട അസിസ്റ്റൻറ എക്സൈസ്കമ്മീഷണരുടെ റിപ്പോർട്ടുകിട്ടി വളരെനാൾകഴിഞ്ഞതിനശേഷമാണ് പിഴ ചുമത്തിയിട്ടുള്ളത്.

(ഇ) വാസ്തവത്തിൽ പിഴ ഈടാക്കുന്നതിന്മുമ്പായിട്ടല്ല എണ്ണയെ വിട്ടയൽചെയ്തതെന്നു ഗവർണ്മെൻറ് പിന്നിട മനസ്സിലാക്കിയിരിക്കുന്നു. പിഴകൊടുക്കുന്നതുവരെ അളു നുന്ന മതൊത്തെൻറ കൈവശത്തിരുന്നു യിരുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അരുക്കുറ്റിചവുക്കിൽക്കൂടി വെള്ളച്ചെണ്ണകൊണ്ടുപോയതു കണ്ടുപിടിച്ചു എത്രദിവസം കഴിഞ്ഞിട്ടാണ് ആ കക്ഷികൾ എക്സൈസ്കമ്മീഷണരുടെ മുമ്പാകെ ഹാജരായതു?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവർണ്മെൻറ്സെക്രട്ടറി): സൂക്ഷ്മമായതിയത്തയപ്പറ്റിയതൊരു വിവരവുമില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഉദ്ദേശം പറയാൻ സാധിയ്ക്കുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവർണ്മെൻറ്സെക്രട്ടറി): ഇല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആരാണ് അവിടെനിന്നും അദ്ദേഹത്തെകൊണ്ടാൻ വന്നതു? കച്ചവടക്കാരൊ അവരുടെ ആളുകളൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവർണ്മെൻറ്സെക്രട്ടറി): അതിനെപ്പറ്റിവുള്ള വിവരവും ഇല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എക്സൈസ് കമ്മീഷണരെ കക്ഷികൾ വന്ന് അറിയച്ചപ്പോൾ ആ സാമാനം വിട്ടുകൊടുക്കാനെല്ലെ ഷർപ്പാടുചെയ്തതു?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവർണ്മെൻറ്സെക്രട്ടറി): ഉണ്ടാമതൊരു ഉദ്യോഗസ്ഥൻറെപക്കലായിരുന്നു എണ്ണയിരുന്നതെന്നാണ് തോന്നുന്നതു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അദ്ദേഹത്തെ കാണാൻവന്ന ആളുകൾ ആരാണ്?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവർണ്മെൻറ് സെക്രട്ടറി): വന്ന ആളുകൾ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എക്സൈസ് കമ്മീഷണരുടെ തീരുമാനം അസിസ്റ്റൻറ്കമ്മീഷണരെ കമ്പി മുഖേനയാണൊ അറിയിച്ചിട്ടുള്ളതു?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവർണ്മെൻറ് സെക്രട്ടറി): ഇതിനെപ്പറ്റിയതൊരു വിവരവുമില്ല.

മി ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഏതെങ്കിലും ധൃതിയായിട്ടാണ് അറിയിക്കുതെന്നു ഗവർണ്മെൻറിനറിയാമൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവർണ്മെൻറ് സെക്രട്ടറി): ഇക്കാര്യത്തെപ്പറ്റിയും യാതൊരു വിവരവുമില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെ ധൃതിയിൽ ചെയ്യുക എന്തിനെന്ന് ഗവർണ്മെൻറ് അന്വേഷിച്ചറിഞ്ഞിട്ടില്ലെ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവർണ്മെൻറ് സെക്രട്ടറി): ധൃതിയായി എന്തെങ്കിലും നടന്നതായി ഗവർണ്മെൻറിന അറിവില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പെട്ടിച്ചെണ്ണ തിരിയെ കൊടുക്കണമെന്നു വന്നപേക്ഷിച്ചതായും ഉടനെ തന്നെ കമ്പി വഴി കമ്മീഷണരെ അറിയിച്ചതായും പറയുന്നതിനെപ്പറ്റി ഗവർണ്മെൻറ് അന്വേഷിക്കയൊ അറിയുകയൊ ചെയ്തിട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവർണ്മെൻറ് സെക്രട്ടറി): എന്തിനെപ്പറ്റിയാണ്?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ എണ്ണ തിരിച്ചു കൊടുക്കണമെന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവർണ്മെൻറ് സെക്രട്ടറി): എൻറെ ഓർമ്മശരിയാണെന്നുവരുകിൽ ഇക്കാര്യത്തെപ്പറ്റി മെംബർ മുമ്പൊരിക്കൽ അതായതു, ഫൻവരി മാസത്തിലായിരിക്കണം ഒരു ചോദ്യം ചോദിച്ചിട്ടുള്ളതാകുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആ ചോദ്യത്തിനു കമ്പി അയച്ചു എന്നാണ് മറുപടി പറഞ്ഞിട്ടുള്ളതു. അങ്ങനെ കമ്പി അയക്കുന്നതിനുള്ള കാരണമെന്താണെന്നു പറയാമോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവർണ്മെൻറ് സെക്രട്ടറി): ധൃതിയുണ്ടായിരുന്നു എന്നു മെംബർ പിന്നും സൂചിപ്പിക്കുന്നു. അതു അഭിപ്രായമുള്ള ഒരു സംഗതിയാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഒരുസങ്കടക്കാരൻ വന്നു പറയുമ്പോൾ—വെള്ളിച്ചെണ്ണ തൊണ്ടിയായി എടുത്തിരിക്കുന്നതിനെ വിട്ടു തരണമെന്നു പറയുമ്പോൾ—

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവർണ്മെൻറ് സെക്രട്ടറി): അക്കാര്യത്തെപ്പറ്റി മുമ്പുതന്നെ ഉത്തരം പറഞ്ഞിട്ടുള്ളതാകുന്നു. മെംബറിൻറെ ആവശ്യത്തിനായി ഉത്തരത്തെ വീണ്ടും പറയണമെങ്കിൽ ഞാൻ അങ്ങനെ ചെയ്യാം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഉടൻതന്നെ കമ്പി അടിച്ചു ആ സാമാനം വിട്ടുകൊടുക്കാനുണ്ടായ കാരണം എന്താണ്?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): അതൊക്കെ നല്ല നിലയിലുള്ള കച്ചവട സ്ഥാപനമായിരുന്നു. അതു കൊണ്ടു അതിനെ വിശ്വസിച്ചു. ആവശ്യമുണ്ടെങ്കിൽ മുൻപുണ്ടായ ഉത്തരത്തിൽ നിന്നു ഞാൻ വായിക്കാം.

"അതു വളരെ വിശ്വാസയോഗ്യതയുള്ള ഒരു കമ്പനിയാണ്. അങ്ങനെയുള്ള കമ്പനിയുടെ അനാവശ്യമായ നഷ്ടം നികത്തുകയെന്നുള്ള ഉദ്ദേശത്തോടെ കൂടിയാണ് അങ്ങനെ ചെയ്തിട്ടുള്ളത്".

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു മറുപടി കൊണ്ടു തൃപ്തിയാകാത്തതുകൊണ്ടാണ് വീണ്ടും ചോദിക്കാനിടയായത്. അതു വിശ്വാസയോഗ്യതയുള്ള ഒരു കമ്പനിക്കാർ സാധാരണ കളവു ചെയ്യുവാൻ പാടില്ലെന്നാണ് മനസ്സിലാക്കീട്ടുള്ളത്. അതു കൊണ്ടാണ് വീണ്ടും ചോദിച്ചിട്ടുള്ളത്.

മി. എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): അക്കാര്യത്തെപ്പറ്റി മുമ്പൊരിക്കൽ പ്രതിവാദിച്ചിട്ടുള്ളതാകുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അന്നു കമ്പി അടിക്കുന്നുള്ള ചിലവു ആരാണ് കൊടുത്തത്? ഗവണ്മെൻറ കക്ഷികളോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): ആ ചോദ്യത്തിനു എനിക്കു നോട്ടീസു കിട്ടണം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ നിയമപ്രകാരം പ്രായശ്ചിത്തം ഈടാക്കിയതിനു മേൽ സാധനം വിട്ടുകൊടുക്കാറുണ്ടോ എന്നില്ലെ? അതിനു വിരോധമായ് സാധനം വിട്ടു കൊടുക്കാനുള്ള കാരണമെന്തു?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി) അപ്രകാരം സാധനങ്ങളൊന്നും കൊടുത്തതായി പറഞ്ഞിട്ടില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഒരു ബൈയിലിയെ ഏർപ്പാടുചെയ്തതായി പറയുന്നുണ്ടു. ആ ബൈയിലി മോഷ്ടിച്ചു കൊണ്ടുവന്ന ആൾതന്നെയാണോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): ഇല്ല, കമ്പനിയുടെ ഉടമസ്ഥനാണ്. മേലാളാണ് എണ്ണ മോഷ്ടിച്ചത്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആ പ്രായശ്ചിത്തം ഉടനെ ഈടാക്കാഞ്ഞതെന്തു?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): നിയമപ്രകാരം ഒരു പിഴചുമത്തുകയാണു ചെയ്തതു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): സാധാരണ അങ്ങനെയാണോ നിയമപ്രകാരം ചെയ്യാറുള്ളത്?

മി. എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): അതാണു നിയമം. കക്ഷിതന്നെത്താനെ പിഴകൊടുക്കാത്തപക്ഷം നിയമപ്രകാരം പിഴ വസൂലാക്കുകയാണ് ചെയ്യുന്നതു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ വെളിച്ചെണ്ണ ആ ബൈയിലിയുടെ കയ്യിൽ എത്രകാലം വച്ചിട്ടുണ്ടായിരുന്നു?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): സമയത്തിൻറ കൃത്യത്തെപ്പറ്റി എനിയ്ക്കു അറിവില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിനെപ്പറ്റിയുള്ള വിവരം ഗവണ്മെൻറ അന്വേഷിക്കുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): അതാവശ്യമെന്നു മെംബർക്കു തോന്നുന്നപക്ഷം ഗവണ്മെൻറ അന്വേഷിക്കാം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതറിയുന്നതിനു ഞാൻ വളരെ ആഗ്രഹിക്കുന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): എനിയ്ക്കു നോട്ടീസു കിട്ടണം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അസിസ്റ്റൻറ കമ്മീഷണരുടെ റിപ്പോർട്ടു വരുന്നതിനുമുമ്പു കേസ്സു തീരുമാനിക്കാനുള്ള ബുദ്ധിമുട്ടു എന്തായിരുന്നു?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): അസിസ്റ്റൻറ എക്സൈസ് കമ്മീഷണരുടെ പക്കൽനിന്നു റിപ്പോർട്ടുവരുന്നതിനു മുമ്പു കേസു തീരുമാനിച്ചതായി പറഞ്ഞിട്ടില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പിന്നെ ഇന്ന കുറ്റം എന്നും ഇന്ന സെക്ഷനിൽ ഉൾപ്പെട്ടു എന്നും നിശ്ചയിച്ചതെങ്ങിനെ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): അസിസ്റ്റൻറ എക്സൈസ് കമ്മീഷണരുടെ പക്കൽ നിന്നു റിപ്പോർട്ടു വരുന്നതിനുമുമ്പു കേസു തീരുമാനിച്ചതായി ഗവണ്മെൻറ പറഞ്ഞിട്ടില്ലെന്നുള്ള എൻറെ ഉത്തരം വീണ്ടും പറഞ്ഞു കൊള്ളുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): വെളിച്ചെണ്ണ വിട്ടുകൊടുക്കാൻ പറഞ്ഞ പ്രവൃത്തിക്കു എന്താണു നാമകരണം ചെയ്യുന്നതു?

അദ്ധ്യക്ഷൻ: വെളിച്ചെണ്ണവിട്ടു കൊടുത്തതായി മെംബർ വിചാരിക്കുന്നു. വാസ്തവത്തിൽ അതു വിട്ടുകൊടുത്തില്ല.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി). ഗവണ്മെൻറിനു വേണ്ടി അതൊരു ബൈയിലിയെ ഏർപ്പാടുചെയ്തതാണെന്നായിട്ടുള്ളതു.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): നിശ്ചയമായും അതു ചെയ്തിട്ടുള്ളതാണ്. അതനുസരിച്ചാണ് പ്രസംഗിക്കുന്നത്.

ശ്രീ. എൻ. നീലകണ്ഠപ്പിള്ള (ചേരമങ്ങലം വെസ്റ്റ് ഗവൺമെൻറ് സെക്രട്ടറി): ഒരു ഭൂപ്രമാണിയുടെ സാമ്പത്തികം ഏറ്റെടുക്കുന്നതു നടപടിക്രമം ചെയ്യുന്ന ഒരു കാര്യമാണ്.

ഒരുക്കോടി ചക്രങ്ങൾ ഇല്ലാതെ വെള്ളിച്ചെണ്ണ വ്യാജമായി കടത്തിയതിനെ തുടർന്നുണ്ടായിട്ടുള്ള കേസിലെ സംഗതികളിൽ സ്വീകരിച്ചിട്ടുള്ള നടപടി.

*നമ്പർ. ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (എ) ശ്രീ. [illegible] വെള്ളിച്ചെണ്ണ രസീതുകൊടുക്കാതെ അഞ്ചു തവണകളായി തിരുവനന്തപുരത്തുകൊണ്ടുപോയി എന്നും പ്രസ്തുത വിവരം പിന്നീട് ചുമതലപ്പെട്ട ഏജന്റിനെ അറിയിച്ചിട്ടുള്ളതായും സംബന്ധിച്ച കാര്യത്തിൽ തിരുവനന്തപുരത്തുള്ള പബ്ലിസിറ്റി ഓഫീസറുടെ റിപ്പോർട്ടിനെ തുടർന്നുണ്ടായിട്ടുള്ള നടപടി എന്താണെന്നും അതിന്റെ ഫലമെന്തായിരുന്നുവെന്നും ഗവൺമെന്റിനു ബോധ്യപ്പെട്ടിട്ടുണ്ടോ എന്നും ഉള്ള ചോദ്യത്തിന് എടുത്ത നടപടി നടത്തി എന്നും, അതിന്റെ ഫലമെന്തായിരുന്നുവെന്നും ഗവൺമെന്റിനു ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി) ആ കേസുകളിൽ തിരുവ കൊടുക്കാതെ വെള്ളിച്ചെണ്ണ കടത്തിയതുമൂലം ഖജനാവിനുണ്ടായ നഷ്ടം എത്രയായിരുന്നു? ഏതു തീയതികളിലാണ് തിരുവ വസൂൽ ചെയ്തത്?

(സി) തിരുവ മാത്രം വസൂലാക്കിയതിനു മുമ്പു ചട്ടങ്ങൾ അനുസരിച്ചാണോ?

(ഡി) വ്യാജമായി കടത്തിവിടുന്നതു തടയുന്നതിനു എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

(ഇ) മുമ്പു വെള്ളിച്ചെണ്ണ വ്യാജമായി കടത്തിയതിനെപ്പറ്റി കമ്പനിക്കു നോട്ടീസു നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? അഥവാ ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നു ഗവൺമെന്റിനു അറിയാമോ? അഥവാ ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നു പറയാമോ?

ശ്രീ. എൻ. നീലകണ്ഠപ്പിള്ള (ചേരമങ്ങലം വെസ്റ്റ് ഗവൺമെന്റ് സെക്രട്ടറി): (എ) വ്യാജമായി ചരക്കുകൊണ്ടുപോയിട്ടുള്ള അഞ്ചു തവണകളിൽ ഓരോ തവണയും 100 രൂപാവീതം കമ്പനിക്കു പിഴയിട്ടു.

(ബി) ഫാ-വ-ക്രമൻ, ഫനു-വ-ക്രമൻ, കാ-ശു-ക്രമൻ, ഫനു-റു-ക്രമൻ എന്നീ തീയതികളിലാണ് തിരുവ കൊടുക്കാതെ എണ്ണ കടത്തിക്കൊണ്ടുപോയിട്ടുള്ളതു്. കാശുക്രമൻ ദിവസം ഒട്ടുവിൽ, അന്നായ പ്രസ്തുത വസ്തുത കണ്ടുപിടിച്ചു ഉടനെതന്നെ തിരുവ ഈടാക്കി.

(സി) ഈ വിഷയത്തെപ്പറ്റി പ്രത്യേകമായി ചട്ടങ്ങളൊന്നുമില്ല.

(ഡി) (എ) ഭാഗത്തിനുള്ള ഉത്തരം മെംബർ നോക്കണം.

(ഇ) പ്രസ്തുത കമ്പനി നിന്നുപോയിട്ടുള്ളതായി അറിയുന്നു

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): വെള്ളിച്ചെണ്ണ ഇതിനുമുമ്പു അഞ്ചവസരങ്ങളിൽ തിരുവ തിക്കാതെ കൊണ്ടുപോയിട്ടുള്ളതായി പറയുന്നു. അതു കണ്ടുപിടിച്ചതിൽപിന്നെ ഓരോന്നിനും 100 രൂപാവീതം പ്രായശ്ചിത്തം ഇട്ടിരിക്കുന്നതായി മറുപടിയിൽ പറയുന്നു. അതു ഏതു നിയമത്തെ അടിസ്ഥാനമാക്കിയാണ് ചെയ്തതു്?

ശ്രീ. എൻ. നീലകണ്ഠപ്പിള്ള (ചേരമങ്ങലം വെസ്റ്റിൽ ഇരിക്കുന്ന ഗവൺമെന്റ് സെക്രട്ടറി): ചോദ്യം വ്യക്തമാകുന്നില്ല. മെംബർ വ്യക്തമായി പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതാണ് മറുപടി.—

(എ) "വ്യാജമായി ചരക്കുകൊണ്ടുപോയിട്ടുള്ള അഞ്ചു അവസരങ്ങളിലും ഓരോ തവണയും 100 രൂപാവീതം കമ്പനിക്കു ഗവൺമെന്റു പിഴയിട്ടു."

എന്റെ ചോദ്യം ഇതാണ്. അഞ്ചു പ്രാവശ്യം ഇങ്ങനെ കൊണ്ടുപോയതിൽപിന്നീടാണ് കണ്ടുപിടിച്ചതു്. അതിൽപിന്നീടു ഓരോ അവസരങ്ങളിലും 100 രൂപാവീതം പിഴ ഈടാക്കിയിരിക്കുന്നു എന്നാണ് കാണുന്നതു്. അതു ഏതിനെ അടിസ്ഥാനമാക്കിട്ടാണ്? ഏതു വകുപ്പിനെ അനുസരിച്ചാണ് ഈടാക്കിയതു്?

ശ്രീ. എൻ. നീലകണ്ഠപ്പിള്ള (വേരമങ്ങലം വെസ്റ്റിലിരിക്കുന്ന ഗവൺമെന്റ് സെക്രട്ടറി): കരുതുക്കം റഗുലേഷൻ അനുസരിച്ചു്.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിൽ ഏതുവകുപ്പാണ്? 14 (ബി) അതുതന്നെയോ?

ശ്രീ. എൻ. നീലകണ്ഠപ്പിള്ള (വേരമങ്ങലം വെസ്റ്റിലിരിക്കുന്ന ഗവൺമെന്റ് സെക്രട്ടറി): അതുനോക്കി അറിയാവുന്ന സംഗതിയാണ്.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): 14 (സി) വകുപ്പു താഴെപ്പറയുന്ന പ്രകാരമാണ്:—

"ഏതുപ്രകാരമുള്ള ഉദ്യോഗസ്ഥനും ഏതുപ്രകാരമുള്ള സാമാനങ്ങളും ഒരു ചുങ്കസ്ഥലത്തിനും അകത്തായിട്ടും പുറത്തായിട്ടും കാണുകയും സാമാനംകൊണ്ടുപോകുന്ന ആൾ അതിന്മേൽ ചുമത്താവുന്ന തിരുവ മുഴുവനും കൊടുത്തതു എന്നുള്ളതിനു കാണിക്കുന്ന ഒരു സർട്ടിഫിക്കേറും ആവശ്യപ്പെട്ടതനുസരിച്ചു കാണിക്കാതിരിക്കയും ചെയ്യുന്നപക്ഷം ആ ആളിനു 500 രൂപയിൽ കവിയാതുള്ള ഒരു പിഴ ഇടാവുന്നതാകുന്നു."

ശ്രീ. എൻ. നീലകണ്ഠപ്പിള്ള (വേരമങ്ങലം വെസ്റ്റിലിരിക്കുന്ന ഗവൺമെന്റ് സെക്രട്ടറി): അതു അഭിപ്രായമനുസരിച്ചു ചെയ്യാവുന്ന ഒരു കാര്യമാണെന്നു ഞാൻ സമ്മതിക്കാം. അതു ഏതു വകുപ്പനുസരിച്ചാണ് ചെയ്തതെന്നു മാത്രമേ എനിക്കറിയേണ്ടതുള്ളൂ.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതൊരു നിയമസംഗതിയല്ലയോ എന്നറിഞ്ഞാൽ കൊള്ളാം

അധ്യക്ഷൻ: അതൊരു നിയമവ്യാഖ്യാനമാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതൊരു നിയമവിഷയമാണെന്നു ഞാൻ ഒന്നുകൂടി പറഞ്ഞുകൊള്ളുന്നു.

അധ്യക്ഷൻ: നിങ്ങടെ ഓർഡറിൽ അല്ലെന്നു തോൻ ഭയപ്പെടുന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): കൊച്ചുങ്കം റഗുലേഷനിലെ സെ (൨) (൪) അല്ലങ്കിൽ അതുപോലെയുള്ളതൊ ആയ വകുപ്പിൽ അടിസ്ഥാനത്തിലാണ് വരാവുന്നതാണ്. ചുങ്കപ്പുരയിൽനിന്നു അനുവാദത്തിനുശേഷം സാമാനങ്ങളെകൊണ്ടുപോയി. സാമാനങ്ങളെ പിടിച്ചെടുത്തിട്ടില്ല.

മി: ടി. കുമാരപ്പിള്ള (കൽക്കുളവും വിളവങ്കോടും): അപ്രകാരമിരുന്നാലും പ്രസ്തുതവകുപ്പു എങ്ങനെ ഉപയോഗിച്ചു എന്നു എനിയ്ക്കു മനസ്സിലാകുന്നില്ല.

അധ്യക്ഷൻ: മെംബറിന്റെ ചോദ്യം ദയവുചെയ്തു ഒന്നുകൂടി പറയുമൊ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഞങ്ങൾ പ്രത്യേകവിദഗ്ധന്മാരല്ലാത്തതുകൊണ്ടു ആ വകുപ്പു എങ്ങനെ ഉപയോഗപ്പെടുത്തി എന്നു ഞങ്ങൾക്കു അറിഞ്ഞാൽകൊള്ളാം. ഈ ൪൦൦ രൂപാഈടാക്കിയതു ഏതു സെക്ഷൻ അനുസരിച്ചെന്നറിയണം. എക്സൈസ് കമ്മിഷണർ അയച്ചിട്ടുള്ള റിപ്പോർട്ടിൽ ഏതു സെക്ഷനെ അടിസ്ഥാനമാക്കിയാണ് ഈ തുക ഈടാക്കിയതെന്നു പറഞ്ഞിട്ടുണ്ടൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): വകുപ്പു ക്ലിപ്തപ്പെടുത്തി എക്സൈസ് കമ്മീഷണർ റിപ്പോർട്ട അയച്ചു എന്ന ചോദ്യത്തിൽ അർത്ഥം വരുന്നുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇങ്ങനെ ഗവണ്മെൻറിനു വലുതായ നഷ്ടംവരുന്ന സംഗതിയിൽ റിപ്പോർട്ടചെയ്തിരിക്കുമെന്നുള്ളേശിക്കാൻ ന്യായമുള്ളതുകൊണ്ടാണ് ചോദിച്ചതു്. ഇന്ന സെക്ഷൻ പ്രകാരം ഈതുക ഈടാക്കിയിരിക്കുന്നു എന്നു കാണിക്കാതെയാണൊ റിപ്പോർട്ടചെയ്തിട്ടുള്ളതു്?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): അതിൽ ഗവണ്മെൻറിലേക്കു എക്സൈസ് കമ്മീഷണർ റിപ്പോർട്ടചെയ്തിട്ടുണ്ടെന്നു അർത്ഥമാകുന്നു.

അധ്യക്ഷൻ: പിഴ ഇട്ടതായി ഗവണ്മെൻറിനു റിപ്പോർട്ടു കിട്ടിയിരിക്കണമെന്നാണ് മെമ്പർ പറയുന്നതു് ഏതു വകുപ്പനുസരിച്ചാണ് പിഴ ഇട്ടിട്ടുള്ളതെന്നാണ് അദ്ദേഹത്തിനറിയേണ്ടതു്. പിഴ ചുമത്തുന്നതിലേയ്ക്കു ഒരു വകുപ്പു ഉണ്ടായിരിക്കണമെല്ലോ.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): എനിയ്ക്കു നോട്ടീസു വേണം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (ഡി) ഭാഗത്തിനുള്ള ഉത്തരം ഇതാണ് "(എ) ഭാഗത്തിനുള്ള ഉത്തരം മെംബർ നോക്കേണ്ടതാണ്" അതായതു്, "വ്യാജമായി ചരക്കു കൊണ്ടുപോയിട്ടുള്ള അനേകം അവസരങ്ങളിലും ഓരോ തവണയും ൪൦൦ രൂപാവീതം കമ്പനിയ്ക്കു ഗവണ്മെൻറ പിഴയിട്ടു." അതിൽ പറയുന്നതു മോഷ്ടിച്ചുകൊണ്ടുപോയതു് കണ്ടുപിടിച്ചു ഉടനെ ൪൦൦ രൂപാ പിഴയിട്ട എന്നാണ്. അതു മാത്രമെ ശിക്ഷ കൊടുത്തിട്ടുള്ളൂ? ഇപ്പോഴും മോഷ്ടിച്ചുകൊണ്ടുപോവുക. കണ്ടുപിടിക്കുന്ന കാലത്തു പിഴ കൊടുത്തുകൊള്ളുക. ഇതാണൊ ഉദ്ദേശം? ഒരു പ്രാവശ്യം മോഷ്ടിച്ചുകൊണ്ടുപോയി. ഒരു കാലത്തു കണ്ടുപിടിച്ചു. ൪൦൦ രൂപാവീതം പിഴയിട്ടു. ഒരു ലക്ഷം രൂപയുടെ സാമാനം കൊണ്ടുപോയാലും ൪൦൦ രൂപാ പിഴ ഒടുക്കിയാൽ മതിയൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): പിഴ മാത്രമല്ല ചുമത്തിയതു്. വസൂലാക്കേണ്ടതായ കൂടുതൽ തീരുവകൂടി വസൂലാക്കി.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു ഈ ൪൦൦ രൂപയിൽ ഉൾപ്പെടുത്തിയൊ അതിനുംപുറമെയൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): വസൂലാക്കേണ്ടതായ കൂടുതൽതീരുവയ്ക്കു പുറമെയാണ് പിഴ ചുമത്തപ്പെട്ടതു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിനു പ്രായശ്ചിത്തം മാത്രമെ തിക്ഷയുള്ളൂ എന്നാണൊ പറയുന്നതു്?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമത്തെ സംബന്ധിച്ചിടത്തോളം അതാണ് സ്ഥിതി.

അദ്ധ്യക്ഷനിന്റെ ചാവുകയിൽ വെളിച്ചെണ്ണ വ്യാജമായി കടത്തിക്കൊണ്ടുപോയ കേസുകളിൽ പിഴ ഈടാക്കിയതിനെ സംബന്ധിച്ചു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (എ) തീരുവ കൊടുക്കാതെ അദ്ധ്യക്ഷനിന്റെ ചാവുകയിൽക്കൂടി വെളിച്ചെണ്ണ കടത്തിക്കൊണ്ടുപോയ സംഗതിയിൽ ഫൈൻ കക്കടകം സർക്കിളിലെ എക്സൈസ് കമ്മീഷണരുടെ തീരുമാനം അനുസരിച്ചു വസൂലാക്കപ്പെടേണ്ട പിഴയായ ൪൦൦ രൂപ അദ്ദേഹം എന്നാണു വസൂലാക്കിയതെന്നു ദയവുണ്ടായി പറയുമൊ?

(ബി) അക്കാര്യത്തിൽ കരംപിരിവുറഗുലേഷന്റെ സഹായത്തെ ഉപയോഗപ്പെടുത്തിയിട്ടുണ്ടൊ? ഉണ്ടെങ്കിൽ ഫലം എന്തായിരുന്നു?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): (എ) ഫൈൻവിഷയത്തിൽ

(ബി) ഉണ്ടു്. ഫൈൻ-ലെ ൨-ാം റഗുലേഷനായ കരച്ചുങ്കം റഗുലേഷൻ ൪ ൪-ാം വകുപ്പനുസരിച്ചു റവന്യൂഅധികാരസ്ഥന്മാരാണ് പ്രസ്തുത തുക ഈടാക്കിയതു്.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (എ) ഭാഗം. വെളിച്ചെണ്ണ മുന്നാംസ്ഥാനം എടുപ്പിച്ചതിൽ പിന്നെ എത്രകാലം കഴിഞ്ഞിട്ടാണ് ഇ ഠ ഠ രൂപ പിഴ ഈടാക്കിയത്? ൻ൭ കക്കടകം സമ്പന്ധമായ കേസു തീരുമാനിച്ചു. ൻവ മിഥുനത്തിൽ ആണ് പിഴ ഈടാക്കിയത്. ഇത്രയും കാലം ആവെളിച്ചെണ്ണ മുന്നാം സ്ഥാനക്കാരന്റെ കയ്യിലാണോ ഇരുന്നത്?

ശ്രീ. എൻ. നീലകണ്ഠപിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റ് സെക്രട്ടറി): അങ്ങനെ ആയിരിക്കണം നടന്നത്.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇതിനുമുമ്പൊരിക്കൽ എന്നോടു പറഞ്ഞിട്ടുള്ള മറുപടി വെളിച്ചെണ്ണ എടുപ്പും നടത്തിച്ചു പോകുന്ന സംഭവമായതുകൊണ്ടു ഉടൻ കേസു തീരുമാനിയ്ക്കേണ്ടതായിവന്നു എന്നാണ്. അങ്ങനെയാണെങ്കിൽ ൻ൭ കക്കടകം സമ്പാദനം മുതൽ ൻവ മിഥുനം വരെ വെളിച്ചെണ്ണ മുന്നാംസ്ഥാനക്കാരന്റെ കയ്യിൽ ശോഷപ്പെടാതെയിരുന്നതെങ്ങനെ?

ശ്രീ. എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെണ്ടു സെക്രട്ടറി): മെമ്പർ പറഞ്ഞതു പ്രസ്തുതമായ പടിയിൽ ഏതുസ്ഥലത്താണ് വരുന്നതെന്നു മയവുണ്ടായി പറയുന്നതിനപേക്ഷിക്കുന്നു. ഇതുസംബന്ധിച്ചു മറു പ്രസ്താപന ഉണ്ടായിട്ടുണ്ടെന്നു അഭിപ്രായം പറയുന്നു. ആയതു കണ്ടുപിടിക്കുന്നതിനു എനിയ്ക്കു സാധിച്ചില്ല.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഒരു പ്രസ്താപന ഉണ്ടായിരുന്നതായി ഞാൻ മനസ്സിലാക്കുന്നു. ആയതു കണ്ടുപിടിക്കുന്നതിനു മെംബറോടു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെണ്ടു സെക്രട്ടറി): ഞാൻ ശ്രമിച്ചുനോക്കിയതിൽ അതായതു കണ്ടുപിടിക്കാൻ എനിയ്ക്കു സാധിച്ചിട്ടില്ല. ആയതു ഞാൻ കണ്ടുപിടിക്കുന്നതിനു അദ്ദേഹം അവസരപ്പെടുത്തുപക്ഷം എനിക്കു നോട്ടീസുവേണം.

കൊല്ലം, തിരുവനന്തപുരം എന്നീസ്ഥലങ്ങളിലുള്ള കവർപ്പും കഞ്ചാവും ഷാപ്പുകൾ.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും):

നമ്പ. (എ) ക ൻ൭-ം ക ൻവ-ം ആണ്ടുകളിൽ കൊല്ലത്തുള്ള കവർപ്പും കഞ്ചാവും ഷാപ്പു എന്തു തുകയ്ക്കാണു ലേലം ചെയ്തിട്ടുള്ളത്? ഷാപ്പു ലേലത്തിൽ പിടിച്ച ആളിന്റെ പേരു എന്താണ്?

(ബി) ആ ഷാപ്പു ക ൻൻ-ം ക ക ൻ൦-ം ആണ്ടുകളിൽ എന്തു തുകയ്ക്കാണ് ലേലത്തിൽ വിറ്റതു? ഈ കൊല്ലങ്ങളിലെ കൺട്രാക്ടരുടെ പേരു എന്താണ്?

(സി) ആ ഷാപ്പിനുള്ള കൺട്രാക്ടു് തുക കഴിഞ്ഞ കൊല്ലങ്ങളെ അപേക്ഷയിച്ചു കുറവാണോ? അതെങ്കിൽ എന്തുകൊണ്ടാണ്?

(ഡി) കഴിഞ്ഞ കൊല്ലങ്ങളെ അപേക്ഷിച്ചു കുത്തകത്തുക കുറവാണെന്നുവരികിൽ ഷാപ്പുകളെ വീണ്ടും ലേലം ചെയ്യുന്നതു പതിവാണോ? അങ്ങിനെ അതെങ്കിൽ പ്രസ്തുതഷാപ്പിനെ വീണ്ടും ലേലംചെയ്തോ? ഇല്ലെങ്കിൽ എന്തുകൊണ്ടു?

(ഇ) ക ൻൻ-ൽ തിരുവനന്തപുരത്തുള്ള കവർപ്പും കഞ്ചാവും ഷാപ്പുകളെ വീണ്ടും ലേലംചെയ്തതിൽ കൂടുതൽ കിട്ടിയ തുക എന്താണ്.

ശ്രീ. എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെണ്ടു സെക്രട്ടറി): ക ൻ൭-ം ക ൻവ-ം കൊല്ലങ്ങളിൽ ഷാപ്പിനെ ആണ്ടൊന്നുക്കു സ,൫ ൪൪ രൂപാവീതം കൊല്ലം ഉളിയകോവിൽശേരി വടക്കെ കീശേരിവീട്ടിൽ അയ്യപ്പൻപിള്ള കുഞ്ഞുപിള്ളയ്ക്കു ലേലത്തിൽ വിറ്റു.

(ബി) ക ൻൻ-ം ക ക ൻ൦-ം കൊല്ലങ്ങളിൽ യഥാക്രമം സ,൭ ൦൦ രൂപയായും സ,൯൦൦ രൂപയായും ഷാപ്പിനെ അയ്യപ്പൻപിള്ള കുഞ്ഞുപിള്ളയ്ക്കു ലേലത്തിൽ വിറ്റു.

(സി) അതെ. ക ൻ൭-ൻവ എന്നീ ആണ്ടുകളെ അപേക്ഷിച്ചു കുത്തകത്തുകയിൽ കുറവുവന്നതിന്റെ കാരണം ക ൻ൭-ൻവ എന്നീ ആണ്ടുകളിലെ കുത്തകത്തുക ഷാപ്പിന്റെ യഥാർത്ഥവിലയെ കാണിക്കുന്നില്ലെന്നുള്ള വസ്തുതകൊണ്ടാകണമെന്നു ഗവണ്മെണ്ടിനു അറിവുകിട്ടിയിരിക്കുന്നു. ഷാപ്പിലുള്ള സാമാനങ്ങളുടെ ചിലവിനെ ആസ്പദമാക്കി നോക്കുന്നതായാൽ അതു വളരെ കൂടുതലായിരുന്നു. വളരെ കൂടുതലായ തുകയ്ക്കുള്ള കാരണം ലേലം വിളികേട്ടയാളും ലേലത്തിൽ പങ്കുകൊണ്ട വേറൊരാളും തമ്മിൽ ലേലം പിടിക്കുന്നതിലുണ്ടായ മത്സരമാണ്. കവർപ്പും കഞ്ചാവും സംബന്ധിച്ചു ചില കുറങ്ങൾ ചെയ്തതിനു മുമ്പായി പറഞ്ഞ ആളിനെ ശിക്ഷിച്ചതുകൊണ്ടു ക ൻൻ-ലെ ലേലത്തിൽ പങ്കുകൊള്ളുന്നതിനു അയാളെ അനുവദിച്ചില്ല. ഇതുകൊണ്ടു മത്സരമില്ലാതിരുന്നു. അതിനാൽ സാമാനങ്ങളുടെ ചിലവനുസരിച്ചുള്ള തുകയ്ക്കു പ്രസ്തുതഷാപ്പു ലേലത്തിൽ വിൽക്കപ്പെട്ടു.

(ഡി) ഇതു എല്ലാസമയങ്ങളിലും നടക്കുന്ന ഒരു ഏർപ്പാടല്ല. ഏറ്റവും കൂടുതൽ വിളികേൾക്കപ്പെട്ടുന്ന തുക കഴിഞ്ഞ കുത്തകത്തുകയെ അപേക്ഷിച്ചു കുറവാണെങ്കിൽ അയാളെ വീണ്ടും ലേലം ചെയ്യാവുന്നതാണ്; എന്നാൽ മറു കാരണങ്ങൾകൂടി ആലോചിക്കപ്പെടുന്നതാകുന്നു. ലേലത്തിൽ വിളികേൾക്കുന്നവരുടെ സ്ഥിതി മുതലായവ, ഒരൊറ്റലേലത്തുക ഇവ ഉദാഹരണങ്ങളായി എടുക്കാം. ചിലവാക്കപ്പെടുന്ന കവർപ്പും കഞ്ചാവും താരതമ്യപ്പെടുത്തി നോക്കുന്നതായാൽ ലേലത്തിൽ വിളികേട്ട തുക സ്വീകായ്യയോഗ്യമായതുകൊണ്ടു വാദവിഷയമായ ഷാപ്പു വീണ്ടും ലേലം ചെയ്യപ്പെട്ടില്ല.

(ഇ) തിരുവനന്തപുരത്തെ കവർപ്പും കഞ്ചാവും ഷാപ്പുകളെ ക ൻൻ-ൽ വീണ്ടും ലേലം ചെയ്തില്ല.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): കൺട്രാക്ടർ കുഞ്ഞുപിള്ളയും എക്സൈസ് കമ്മീഷണരും പ്രത്യേകം അടുപ്പമുള്ളതായി ഗവണ്മെണ്ടിനു ഏതെങ്കിലും നിലയിൽ അറിവു കിട്ടിട്ടുണ്ടോ

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെണ്ടു സെക്രട്ടറി): എനിക്കറിവില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ൻ ഉം ൻന്നു മും ഈ കുഞ്ഞുപിള്ളയും വേറെ ഒരു കൺട്രാക്ടർ വേലുപ്പിള്ളയും തമ്മിൽ മത്സരമുള്ളതായ റിക്കാർഡുകൾ എന്തെങ്കിലും ഗവണ്മെണ്ടിനു കിട്ടാൻ ഇടയായിട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെണ്ടു സെക്രട്ടറി): അതിനെപ്പറ്റിയും എനിക്കറിവില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇതിനെപ്പറ്റി ആരെങ്കിലും ഗവണ്മെണ്ടിനു ഹർജിയൊ ഹർജികളൊ അയച്ചിട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിരിക്കുന്ന ഗവണ്മെണ്ടു സെക്രട്ടറി): എനിക്കു നോട്ടീസുകിട്ടണം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ൻ ഉ ലും ൻവു ലും ന്യ,ര ൽ ൽ രൂപയായി വേലത്തിൽ പോയിട്ടുള്ള ഷാപ്പുകൾ ൻൻ-ൽ ന ഉ ം ം രൂപയായി കുറയാനുള്ള കാരണമെന്താണ്?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെണ്ടുസെക്രട്ടറി): (സി) ഭാഗത്തിനുള്ള ഉത്തരത്തിൽ അതു കൊടുത്തിട്ടുണ്ട്.

മി: ടി. കുമാരപിള്ള (കൽകുളവും വിളവംകോടും): ഈ ന,ഉ ം ം രൂപയ്ക്കു സ്ഥിരപ്പെട്ടതിൽ എതിരഭിപ്രായമുണ്ടായപ്പോൾ വേറെ ഒരാൾ കൂടുതൽ കൂടുകയും പിടിക്കാമെന്നു ഗവണ്മെണ്ടിനു ഹർജികൊടുത്തിട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറുസെക്രട്ടറി): ചോദ്യം സ്പഷ്ടമാകുന്നില്ല. "വേറെ ഒരാൾ" എന്നു അദ്ദേഹം പറയുന്നു. അതു സ്പഷ്ടമാകുന്നില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇതിനെ സംബന്ധിച്ചു ഫയിൽ ഒന്നായിക്കൂട്ടിച്ചേർത്തു വച്ചിട്ടുള്ളതു കളക്ടർ ആഫീസിൽ ഇപ്പോഴുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെണ്ടു സെക്രട്ടറി): എനിക്കു നോട്ടീസുകിട്ടണം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അദ്ദേഹം നോട്ടീസു ആവശ്യപ്പെടുന്നതിൽ ഞാൻ മനസ്സാപിക്കുന്നു. സെക്രട്ടറിയേറിയെ ഫയിൽ അദ്ദേഹം നോക്കുന്നതായാൽ ഇക്കാര്യം വളരെ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്.

അദ്ധ്യക്ഷൻ: സെക്രട്ടേറിയേറിലെ റിക്കാർഡു സൂക്ഷിക്കുന്നതിനുള്ള ഏർപ്പാടു ഈ ചോദ്യത്തിൽ വരുന്നതായി ഞാൻ വിചാരിക്കുന്നില്ല.

മി: ടി. കുമാരപിള്ള (കൽകുളവും വിളവംകോടും): എല്ലാറിക്കാർഡുകളും ഒരു ഫയിലിൽ ആയിരിക്കേണ്ടതാണ്.

അദ്ധ്യക്ഷൻ: ഹജൂർ സെക്രിടറിയേറിലെ റിക്കാർഡു സൂക്ഷിപ്പിനെപ്പറ്റിയുള്ള ഒരു വാസ്തവമായ അറിവു നേരിട്ട മെംബറിനുള്ളതായി അദ്ദേഹം വിചാരിക്കുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): കുത്തകക്കാരന്റെ എല്ലാ എഴുത്തുകളും ഒരു ഫയിലിലാണ് ഇരിക്കുന്നത്.

അദ്ധ്യക്ഷൻ: കുത്തകക്കാരൻ വേറൊരുരീതിയിലുള്ള റിക്കാർഡുസൂക്ഷിക്കുന്ന ഏർപ്പാടു അനുകരിച്ചുകൂടാം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ൻൻ-ാമ ലേലത്തെസംബന്ധിച്ചു കൺട്രാക്ടർ മിസ്റ്റർ വാൻറാസിനു ഹർജികൊടുത്തിട്ടുള്ളതായി ഗവണ്മെണ്ടിനറിയാമൊ? ന,ഉ ം ം രൂപാ വളരെ കുറവാണെന്നും, ര ൽ ം ം രൂപയ്ക്കു പിടിച്ചുകൊള്ളാമെന്നും ഒരു ജോസഫ് എക്സൈസ്കമ്മീഷണർക്കു ഹർജി കൊടുത്തിട്ടുണ്ടൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെണ്ടു സെക്രട്ടറി): അതു ന,ര -ാമതുചോദ്യത്തിൽ വരുന്നുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ആ ചോദ്യംകൂടി ഞാൻ സപ്ലിമെൻററിചോദ്യം ചോദിക്കയില്ല. ഈ മൂന്നുചോദ്യങ്ങളും വാസ്തവത്തിൽ ഒന്നുതന്നെയാണ്.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെണ്ടു സെക്രട്ടറി): എനിയ്ക്കു നോട്ടീസുകിട്ടണം.

അദ്ധ്യക്ഷൻ: നമുക്കു ന,ര -ാമതു ചോദ്യത്തിൽ പ്രവേശിക്കാം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതിനുമുമ്പു ചോദിക്കുന്നു, ഈ മിസ്റ്റർ ജോസഫ് ഹർജി കൊടുത്തിട്ടുണ്ടൊ അതു ൻവു മിഥുനം ൽ കാണ്മാൻ-ഉച്ചയ്ക്കു പന്ത്രണ്ടു മണിക്കല്ലെ?

മി. എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെണ്ടു സെക്രട്ടറി): ഇത്രമണിക്കാണെന്നു എനിക്കു കൃത്യമായി അറിയില്ല. എനിയ്ക്കു നോട്ടീസു കിട്ടണം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഹർജിയിൽ ഇത്ര മണിക്കാണെന്നുകൂടി പറഞ്ഞിട്ടുണ്ട്. ൻവു മിഥുനം ൽ കാണ്മാൻ- കാൽ മണിക്കു ഈ കൺട്രാക്ടർ ഗവണ്മെൻറിനു ഹർജികൊടുത്തിട്ടുണ്ടൊ? ഈ ഹർജിക്കു ഗവണ്മെൻറിൽനിന്നും എന്തെങ്കിലും മറുപടി കൊടുത്തിട്ടുണ്ടൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറു സെക്രട്ടറി): എനിയ്ക്കു നോട്ടീസുകിട്ടണം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): (സി) ഭാഗം "ഷാപ്പിലുള്ള സാമാനങ്ങളോടെ ചിലവിനെ ആസ്പദമാക്കി നോക്കുന്നതായാൽ അതു വളരെ കൂടുതലായിരുന്നു. വളരെ കൂടുതലായ ഒരു തുക

കാരണം മേലം വിളികേട്ടയാളും ലേലത്തിൽ പങ്കുകൊണ്ട വേറൊരു ആളും തമ്മിൽ ലേലം പിടിക്കുന്നതിലു ണ്ടായ മത്സരമാണ്. കുറ്റവും കണ്ടുവും സംബന്ധിച്ച് ചില കുറ്റങ്ങൾ ചെയ്തതിനു രണ്ടാമതും പറഞ്ഞ ആ ളിനെ ശിക്ഷിച്ചുകൊണ്ട് ഫാൻസി ലേലത്തിൽ പങ്കുകൊള്ളുന്നതിന് അയാളെ അനുവദിച്ചില്ല. ഇതു കൊണ്ട് മത്സരമില്ലാതിരുന്നു. അതിനാൽ സാമാനങ്ങളുടെ ചിലവനുസരിച്ചുള്ള തുകയ്ക്കു പ്രസ്തുത ഷാപ്പ് ലേല ത്തിൽ വിൽക്കപ്പെട്ടു".

ഇതിൽ വേറൊരുദ്യോഗം പറയുന്നത് കുറ്റവും കണ്ടുവിനും ശരിയായിട്ടുള്ളതുക ന,൭൦൦ രൂപയാണ് ഗവണ്മെന്റു നിശ്ചയിച്ചിട്ടുള്ളത്. അതിൽ കൂടുതലായാൽ കളവുണ്ടാകുമെന്നാണോ ഗവണ്മെന്റിന്റെ ഉ ദ്ദേശം?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെന്റു സെക്രട്ടറി): അതൊരു നല്ല വിഷയമാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അപ്പോഠം അതിനു മുമ്പിലത്തെ ആണ്ടിൽ ന,൫൦൦-ൽ ചിലപ്പോൾ രൂപയ്ക്കു ഒരാളിനു എങ്ങിനെ കൺട്രാക്ടുകൊടുത്തു?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റു സെക്രട്ടറി): (സി) ഭാഗത്തിൽ ഉത്തരം കൊടുത്തിട്ടുള്ളതാകുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെ ആവശ്യത്തിൽ കൂടുതലായി ഒരാൾ ലേലത്തിൽ കൂടുന്നപക്ഷം അവിടെ കളവു നടക്കുമെന്ന് എക്സൈസ് കമ്മീഷണർക്കു ഉദ്ദേശിക്കാൻ അവകാ ശമില്ലേ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റു സെക്രട്ടറി): അതു അഭിപ്രായമു ള്ള ഒരു സംഗതിയാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഒരു കൺട്രാക്ടരെ ലേലത്തിൽനിന്നും മാറിനിർത്തി എന്നു പറയുന്നു. ആ കൺട്രാക്ടർക്കു വേറെ കൺട്രാക്ട് കൊടുത്തിട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റു സെക്രട്ടറി): എന്നുള്ള തോട്ടി സ കിട്ടണം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ കൊല്ലം ഷാപ്പ് ന,൦൦൦ രൂപയിൽ നിന്നും ന,൭൦൦ രൂപയായി കുറഞ്ഞപ്പോൾ വീണ്ടും അതിനെ ലേലം വിളിച്ചിട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റു സെക്രട്ടറി): അതുയു മറുപടി യിൽ ഉണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും). അന്നു ഈ കൊല്ലം ഷാപ്പു ന,൭൦൦ രൂപയ്ക്കു ഒരാൾക്കുതന്നെ കൊടുത്തതിനാൽ അതിനെ വീണ്ടും ലേലം വിളിക്കാൻ ഇടവന്നി ട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റു സെക്രട്ടറി): ഇല്ല രണ്ടാമതു ലേലം ഉണ്ടായില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): തിരുവനന്തപുരത്തെ കുറ്റവും കണ്ടുവും ഷാപ്പു കാരൻ-ൽ രണ്ടാമതു ലേലം വിളിച്ചിട്ടില്ലെന്നു മറുപടി പറഞ്ഞിരിക്കുന്നതു ശരിയല്ലെന്നാണ് എന്റെ അ റിവു; രണ്ടാമതു ലേലം വിളിച്ചപ്പോൾ ഫ,൫൦൦ രൂപാ കൂട്ടി മിസ്റ്റർ ജോസഫ് പിടിച്ചിട്ടുണ്ടോ എന്നു അ ന്വേഷിക്കുമോ?

ഇതു എന്റെ ഒരു പ്രസ്താവനയാണ്. എന്നാൽ രണ്ടാമതു ലേലം വിളിച്ചില്ലെന്നാണ് മറുപടി. വാസ്തവത്തിൽ രണ്ടാമതുലേലം വിളിക്കയും തുക കൂട്ടുകയും ചെയ്തു.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റു സെക്രട്ടറി): മെംബറുടെ പ്ര സ്താവന വാസ്തവമാണോ എന്നു ഗവണ്മെന്റു അന്വേഷിക്കാം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെ രണ്ടാമതു ലേലം വിളിച്ചിട്ടില്ലേ? ഞാൻ മന്ത്രിയോടു ചോദിക്കുന്നു. തിരുവനന്തപുരം ഷാപ്പ് ൻ-ൽ രണ്ടാമതു ലേലം വിളിച്ചിട്ടില്ലേ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റു സെക്രട്ടറി): (ഇ) ഭാഗത്തിൽ ഉത്തരം കൊടുത്തിട്ടുണ്ട്. അതു തെറ്റാണെന്ന് മെംബർ പറയുന്നപക്ഷം അതിനെപ്പറ്റി ഗവണ്മെന്റു വീണ്ടും അന്വേഷിക്കാം.

ഫാൻസി-മാണ്ടേത്തുള്ള കുറ്റവും കണ്ടുവും ഷാപ്പുകളെ ലേലം വിളിച്ചതു സംബന്ധിച്ചുള്ള ആവലാ ധികൾ.

൫൪. മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (എ) തലേ ആണ്ടുകളെ അപേക്ഷിച്ച് ഫാൻസി-ലേയ്ക്കുള്ള കൊല്ലം ഷാപ്പിന്റെ കുത്തകയുക വളരെ കുറവാണെന്നറിഞ്ഞു താൻ ആ ഷാപ്പിനെ കൂടുതൽ തുകയ്ക്കു ഏറ്റുക്കാൻ തയ്യാറാണെന്നും രണ്ടാമതൊരു ലേലം നടത്തണമെന്നും കാണിച്ച് തിരുവനന്ത പുരത്തു പൊളയം ലക്ഷ്മിവിലാസം ബംഗ്ലാവിൽ മിസ്റ്റർ ജെ. ജോസഫ് ഗവണ്മെന്റിനു ഹർജി അയച്ചി ട്ടുണ്ടോ?

(ബി) അതനുസരിച്ച് രണ്ടാമതു ലേലം വിളിക്കുന്നതിനു ഗവണ്മെന്റു ഉത്തരവയച്ചിട്ടുണ്ടോ?

(സി) ആ ഉത്തരവ് എക്സൈസ് കമ്മീഷണർക്കു അയച്ചോ?

(ഡി) ഉണ്ടെങ്കിൽ കുറഞ്ഞതുകയ്ക്കു ആദ്യം ആരുടെപേർക്കാണോ കുത്തക സ്ഥിരപ്പെടുത്തിയൊ അയാ ൾക്കുതന്നെ ആയതു കൊടുക്കണമെന്ന് എക്സൈസ് കമ്മിഷണർ ഗവണ്മെന്റിലേക്കു എഴുതി അയച്ചിട്ടുണ്ടോ?

(ഇ) ഇല്ലെങ്കിൽ ദിവാൻജിയുമായി ഒരഭിമുഖ സംഭാഷണം നടത്തിയതിനുശേഷമാണോ മേൽപ്പറഞ്ഞ ഉത്തരവിനെ റദ്ദാക്കിയതു?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): (എ)-യും (ബി)-യും (സി)-യും (ഇ)-യും ഓരോ സംഗതിയിലും ഉണ്ടെന്നോണ്ട് ഉത്തരം.

(ഡി) അതേ. എന്നാൽ ആ സമയത്തു കുത്തക സ്ഥിരപ്പെടുത്തിയിട്ടില്ലായിരുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഗവണ്മെൻറ അങ്ങനെ രണ്ടാമതും ലേലം വിളിക്കണമെന്നു തീരുമാനിച്ചതിൽപ്പിന്നേയുള്ള നടപടി എന്തായിരുന്നു? ഗവണ്മെൻറ ഉത്തരവുപ്രകാരം വീണ്ടും ലേലം നടത്തിയൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): ചോദ്യം സ്പഷ്ടമാകുന്നില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിനുമുമ്പു രണ്ടാമതു ലേലം നടത്തുന്നതിനു ഗവണ്മെൻറ ഉത്തരവു ആയച്ചൊ? അതാണ് (ബി) ഭാഗം (എ), (ബി), (സി), (ഇ) എന്നിവക്കു ഓരോന്നിനും ഉണ്ടെന്നാണ് മറുപടിതന്നിട്ടുള്ളതു്. അങ്ങനെ ഓർഡർ കൊടുത്തിട്ടുള്ളതനുസരിച്ചു് രണ്ടാമതു ലേലം ചെയ്തിട്ടുണ്ടൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): (ഡി) ഭാഗത്തിനുള്ള മറുപടിയിൽ അതു സംബന്ധിച്ചുള്ള വിവരം കൊടുത്തിട്ടുള്ളതാകുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എന്റെ ചോദ്യം അതല്ല, ഗവണ്മെൻറ രണ്ടാമതു ലേലം വിളിക്കാനായി ഓർഡർ കൊടുത്തിട്ടുണ്ടൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): ഉണ്ടു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആ ഓർഡറിനെ എക്സൈസ് കമ്മീഷണർ നടത്തിട്ടുണ്ടൊ? ഗവണ്മെൻറ ഓർഡറിനെ എക്സൈസ് കമ്മീഷണർ നടത്താതിരിക്കാനുള്ള കാരണമെന്താണെന്നു പറയുമൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): ആവശ്യപ്പെട്ടതായ വിവരം (ഡി)-യിലും (ഇ)-യിലും കൊടുത്തിട്ടുണ്ടു്.

അദ്ധ്യക്ഷൻ. മെംബർ പറയുന്നതെന്തെന്നാൽ വീണ്ടും ഒരു ലേലം നടത്തണമെന്നു ഗവണ്മെൻറ ഉത്തരവു അയച്ചിട്ടുണ്ടെന്നും, ആ ഗവണ്മെൻറ ഉത്തരവിനെ നടത്തി രണ്ടാമതു ലേലം ചെയ്തൊ എന്നും ആണ്.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): രണ്ടാമതൊരു ലേലം നടത്തിയിട്ടില്ല. എന്തെന്നാൽ, മെംബറോടു പറഞ്ഞതുപോലെ പ്രസ്തുത ലേലം ആവശ്യമില്ലെന്നു എക്സൈസ് കമ്മീഷണർ, അതായതു അക്കിംഗ് എക്സൈസ് കമ്മീഷണർ, എഴുതി അയച്ചു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു ഞാൻ ചോദിച്ചില്ല. എനിക്കറിയാനുള്ളതു ഗവണ്മെൻറ ഓർഡറിനെ എക്സൈസ് കമ്മീഷണർ നടത്തീട്ടുണ്ടൊ എന്നാണ്.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): ഇല്ലെന്നാണു മറുപടി.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇങ്ങനെ ഗവണ്മെൻറോർഡർ നടത്താതിരിക്കാനുള്ള കാരണമെന്താണ്?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): അതിനു സമാധാനം പറഞ്ഞിട്ടുണ്ടു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും). ഏവിടെ? ഈ മറുപടികൊണ്ടു ഞാൻ സമാധാനപ്പെട്ടുന്നില്ല.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): (ഡി)-യും (ഇ)-യും ഉള്ള ഉത്തരങ്ങളിൽ വിവരം കൊടുത്തിട്ടുണ്ടു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും), അതിനുള്ളകാരണം എന്താണെന്നു പറയുമൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): രണ്ടാമതൊരു ലേലം ഗവണ്മെൻറിനു ഗുണകരമായിരിക്കയില്ലെന്നു ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തിയതായ ഒരു റിപ്പോർട്ടു എക്സൈസ് കമ്മീഷണർ അയച്ചു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു റിപ്പോർട്ടുമുഖമൊ? കണ്ടു സംസാരിച്ചതനുസരിച്ചൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): കണ്ടു സംസാരിച്ചതനുസരിച്ചാണ്..

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു തന്നത്താനെ കണ്ടു സംസാരിച്ചതനുസരിച്ചാണൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): അതെ ചോദ്യത്തിൽ മെംബർതന്നെ പറയുന്നതുപോലെ തന്നത്താനെ കണ്ടു സംസാരിച്ചാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെ തന്നത്താനെ കണ്ടുസംസാരിച്ചതിന്റെ ഫലമായിട്ടാണൊ ഗവണ്മെൻറ പിൻവലിച്ചതു്?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറസെക്രട്ടറി): രണ്ടാമതൊരു ലേലം നടത്തണ്ട ആവശ്യമില്ലെന്നു ഗവണ്മെൻറ തീരുമാനിച്ചു.

അദ്ധ്യക്ഷൻ: രണ്ടാമതൊരു ലേലം ഗവണ്മെൻറ വേണ്ടെന്നുവച്ചു എന്നാണ് അദ്ദേഹം പറയുന്നതിന്റെ അർത്ഥം.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അതിലേയ്ക്കു രേഖാമൂലമായ ഉത്തരവുണ്ടൊ?

അതിലേക്ക എന്തെങ്കിലും ഒരു ഉത്തരവുണ്ടായിരിക്കണം. വീണ്ടുമൊരു ലേലം നടത്തണമെന്ന ഗവണ്മെന്റ് ഉത്തരവുചെയ്തു. ആയതു റദ്ദാക്കുന്നതിന് ഏതെങ്കിലും രേഖാമൂലമായ ഉത്തരവുണ്ടായിരിക്കണമെല്ലോ.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റ് സെക്രട്ടറി): അതെ, രേഖാമൂലമായ ഒരു ഉത്തരവുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടം): അതിനുള്ള കാരണമെന്താണ്? ക്ലൂട്ടൽ ഭൂമി ൪,൭൦൦ രൂപാ കൊടുക്കാമെന്ന് ഒരു കക്ഷി ഹങ്കികെട്ടിത്തന്നപ്പോൾ ൩,൭൦൦ രൂപയ്ക്ക കൊടുക്കണമെന്ന് അർഡർചെയ്യാനുള്ള കാരണമെന്താണ്?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റ് സെക്രട്ടറി): ഈ എഴുത്തുകുത്തുകൾ സകാര്യമായിട്ടുള്ളവയാണ്; അവയെ പരസ്യം ചെയ്യാമോ എന്നുള്ളതു ആലോചിക്കേണ്ടതായ ഒരു വിഷയമാകുന്നു. അതിനാൽ ആ ചോദ്യത്തിനു എനിക്ക നോട്ടീസുകിട്ടണം.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടം): കാൺഫിഡൻഷ്യൽ കമ്മൂണിക്കേഷൻ ഒന്നാം പൂ, നിക്കറിയണമെ; കാര്യമാത്രം പറഞ്ഞാൽമതി. ഗവണ്മെൻറിന്റെ രഹസ്യപ്രമാണങ്ങൾ ഒന്നാം പൂ.നിക്കറിയണമെന്നില്ല.

അദ്ധ്യക്ഷൻ: സബ്-റൂൾ ചോദ്യം (ഡി) ഭാഗത്തിനുള്ള മറുപടിയിൽ ആവശ്യമുള്ള ഉത്തരം മെംബർ കാണുമെന്ന ഞാൻ വിചാരിക്കുന്നു. ക്ലൂട്ടൽ ഭൂമി വിട്ടുകൊടുക്കാൻ ആളുണ്ടെങ്കിൽ ആയതു രണ്ടാമതൊരു ലേലം നടത്തുന്നതിനു കാരണമായിത്തീർന്നേക്കാം. എന്നാൽ മറ്റുകാരണങ്ങളും, ഒന്നാന്തരമായ് ലേലം വിളിക്കുന്ന ആളുകളുടെ സ്ഥിതിഗതികളായവയും ഇതിൽ ആലോചിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യങ്ങളിൽ ഗവണ്മെൻറ് എന്തു ചെയ്യാമെന്ന് വാശാനം ചെയ്യുന്നില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടം): ഈ സംഗതി വ്യക്തമായി അറിഞ്ഞേണ്ടതായ ആവശ്യമുണ്ട്. ഈ സംഗതിയെപ്പറ്റി ഈ രാജ്യത്തിലെ ൪൦ ലക്ഷം ജനങ്ങൾക്കും അറിഞ്ഞാവുന്നതായ്തുകൊണ്ട് എന്തു കാരണത്തിന്മേലാണ് വീണ്ടും ലേലം നടത്താത്തതു എന്നറിയാൻ എല്ലാവർക്കും ആഗ്രഹമുണ്ട്. അതുകൊണ്ടാണ് ഈ ചോദ്യം ചോദിച്ചതു്.

അദ്ധ്യക്ഷൻ: അതുതന്നെയാണ ഞാനും പറയുന്നതു്. ഈ വിഷയത്തിൽ പലേസംഗതികളും ആലോചിക്കേണ്ടതായിട്ടുണ്ട്. അതു ഒരൊറ്റക്കാരണമായിരിക്കണമെന്നില്ല; അതു രേഖപ്പെടുത്തേണ്ട ആവശ്യമില്ലാത്തതായ കാരണങ്ങളായിരിക്കാം. അതു അഭിമുഖസംഭാഷണത്തിൽ പറയാവുന്നതായ കാരണങ്ങളായിരിക്കാം.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടം): ൪,൭൦൦ രൂപാ വേണ്ടെന്നും ൩,൭൦൦ രൂപാ മതിഎന്നും പറയാനുള്ള കാരണമെന്താണ്? ആർഡറിൽ ഇന്നയിന്ന കാരണത്താൽ അങ്ങനെ പറഞ്ഞിരിക്കണം. ആ കാരണമാണ് അറിയേണ്ടതു്.

അദ്ധ്യക്ഷൻ: ഗവണ്മെൻറിന്റെ ഉത്തരവുകളെല്ലാം രേഖപ്പെടുത്തണമെന്ന് നിർബന്ധമില്ല. രേഖാമൂലമായ ഉത്തരവു പോലെതന്നെ വാക്കാലുള്ള ഉത്തരവും ബലമുള്ളതാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടം): പണം സംബന്ധമായ കാര്യങ്ങളിൽ ഇങ്ങനെ ഉണ്ടാകയില്ലെന്നാണ് ഞാൻ വിചാരിച്ചതു്.

അദ്ധ്യക്ഷൻ: ഇതിനെ മനസ്സിലാകത്തക്കവിധത്തിൽ വഹുകരിക്കുന്നതിനാണ് ഞാൻ ഉദ്ദ്യമിക്കുന്നതു്. ഈ വിഷയത്തെപ്പറ്റി മുൻപു ആലോചിച്ചപ്പോൾ പ്രാധാന്യം നൽകപ്പെട്ട കാരണങ്ങൾ ഇന്നവയാണെന്നു പ്രത്യേകം തിരിച്ചുപറയുന്നതു എപ്പോഴും എളുപ്പമല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടം): ഉത്തരവു് എന്താണെന്നു എനിയ്ക്കു അറിയണം. രേഖാമൂലമായ ഉത്തരവുണ്ടെങ്കിൽ എന്തെങ്കിലും കാരണം അതിൽ പറഞ്ഞിരിക്കണം.

അദ്ധ്യക്ഷൻ: രേഖാമൂലമായ ഉത്തരവുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറ് സെക്രട്ടറി): രേഖാമൂലമായ ഉത്തരവുണ്ടെന്നു ഞാൻ മുമ്പുപ്രസ്താപിച്ചിട്ടുണ്ട്.

അദ്ധ്യക്ഷൻ: (ഉത്തരവു നോക്കിയതിനു ശേഷം) ഇതിലേക്ക മറുപടിക്കുറിയെ കഴിയു എന്നു മെംബർ പറയുന്നോ? ആയതു ലേലത്തിൽ സംബന്ധപ്പെട്ട ആളുകൾക്ക അതു നല്ലതായിട്ടുള്ളതാണെന്നു തോന്നുന്നില്ല. മെംബർ വേണമെന്നു പറയുന്നപക്ഷം ഞാൻ കാരണങ്ങൾപറയാം.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടം): ഞാൻ ഇതുവും ഉപചോദ്യങ്ങളും ചോദിച്ചതിന്റെ ഉദ്ദേശ്യം ഇന്നത്തെ തിരുവിതാംകൂർ ദിവാൻജി ഈ റിക്കാഡുകൾ കാണണമെന്നുള്ളതുകൊണ്ടാണ്. അതു സാധിച്ചുതരുകൊണ്ട് ഇനി എനിക്കുത്തരം വേണ്ടാ.

അദ്ധ്യക്ഷൻ: മെംബർ ശഠിക്കുന്നപക്ഷം ഞാൻ ഉത്തരവു വായിക്കാം.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടം): അങ്ങനെയാണെങ്കിൽ കാരണങ്ങൾ അറിഞ്ഞാൽ കൊള്ളാം.

അദ്ധ്യക്ഷൻ: ഉത്തരവു ഞാൻ ഇപ്പോൾ വായിച്ചു. നല്ലകാരണങ്ങൾകൊണ്ട് ക്ലൂട്ടൽ ഭൂമി കൊടുത്തുകൂടാ സ്വീകരിച്ചില്ലെന്നാണ് എനിയ്ക്കു തോന്നുന്നതു്. എന്നാൽ അതു വായിക്കണമെന്ന് മെംബർ നിർബന്ധിക്കുന്നപക്ഷം ഞാൻ അങ്ങനെചെയ്യാം.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടം): അങ്ങനെ ആക്ഷേപമില്ലെങ്കിൽ അറിഞ്ഞാൽ കൊള്ളാം.

അദ്ധ്യക്ഷൻ: മെംബർ എന്റെ ഉണർത്തോഷം സ്വീകരിക്കുന്നപക്ഷം ആയതുവായിക്കുന്നതിനു അഭിമാനിക്കയില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടം): ഞാൻ നിർബന്ധിക്കുന്നില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ചോദ്യങ്ങൾക്കു മറുപടിപറയുന്നതിനു ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാരോടു ആവശ്യപ്പെടാൻ പാടില്ലെന്നു റൂളു ചട്ടവും സ്ഥിരം ഉത്തരവുകളിൽ ഉണ്ടോ? ചോദ്യങ്ങൾക്കു ശിഘ്രമായ മറുപടി കിട്ടണമെന്നുള്ള എൻറെ ആഗ്രഹം കൊണ്ടാണ് ഞാൻ ഇതു നിർദ്ദേശിച്ചിട്ടുള്ളത്.

അദ്ധ്യക്ഷൻ: കഴിവുള്ളടത്തോളം പൂർണ്ണമായ മറുപടികൾ നൽകുന്നതിനു എൻറെ ഉദ്യോഗസ്ഥന്മാർ എപ്പോഴും ശ്രമിച്ചുവരുന്നുണ്ട്. റിക്കാർഡുകളെല്ലാം അവർ പഠിച്ചിട്ടില്ലെന്നു വരുമെങ്കിൽ: അതിനാൽ അല്പം സമയം വേണ്ടിവരും, ആയതു മെംബറന്മാർ സഹിക്കേണ്ടതാണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): നിയമസഭാമെംബറന്മാരായ ഡിപ്പാർട്ടുമെൻറു മേധാധികാരികൾ അവരുടെ ഡിപ്പാർട്ടുമെൻറു കാര്യങ്ങളെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്കു മറുപടി പറയാൻ പാടില്ലെന്നു വല്ല ചട്ടവും സ്ഥിരം ഉത്തരവുകളിലുണ്ടോ എന്നാണ് എനിക്കറിയേണ്ടതു്.

അദ്ധ്യക്ഷൻ: അവർ അങ്ങിനെ ചെയ്യാൻ ഞാൻ അനുവദിക്കാതിരിക്കാൻ യാതൊരു ചട്ടവുമില്ല. ഉദാഹരണമായി ഈ ചോദ്യത്തിനു മറുപടിപറയാൻ മിസ്റ്റർ വാൻറാസ്സിനെ അനുവദിക്കുന്നപക്ഷം ആയതു കൂടുതൽ എളുപ്പമായിരിക്കുന്നതാണ്. എന്നാൽ സെക്രട്ടറിമാർ ചോദ്യങ്ങൾക്കു മറുപടി പറയുകയെന്നുള്ളതു ഒരു ഏർപ്പാടായിരിക്കയാണു ചെയ്യുന്നതു്. ആ ഏർപ്പാടിൽ ഒരു വ്യത്യാസം വരുത്തുന്നതു ആലോചിച്ചുചെയ്യേണ്ട ഒരു കാര്യമാണ്.

കുറുമാണ്ടൂരത്തെയ്ക്കുള്ള മരാമത്തു കരിപ്പും കണ്ണാവും ഷാപ്പുകളെ ലേലംചെയ്യുന്നുസംബന്ധിച്ചുള്ള ആവശ്യങ്ങൾ:

൯൫൪. മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): (എ) കുറുമാണ്ടൂരത്തെയ്ക്കു കൊല്ലത്തുള്ള കരിപ്പും കണ്ണാവും ഷാപ്പ് ൯,൫൦൦ രൂപായ്ക്കാണൊ ലേലത്തിൽ പിടിച്ചതു്?

(ബി) പ്രസ്തുത ഷാപ്പ് വീണ്ടും ലേലം ചെയ്യണമെന്നും അയാളെ ൪,൫൦൦ രൂപായ്ക്കു ലേലത്തിൽ പിടിയ്ക്കുന്നതിനു താൻ തയ്യാറാണെന്നും കാണിച്ചു മിസ്റ്റർ ജെ. ജോസഫ് ഗവണ്മെൻറിലേക്കു ഹർജിബോധിപ്പിച്ചിട്ടുണ്ടോ?

(സി) പ്രസ്തുത ഷാപ്പ് വീണ്ടും ലേലം ചെയ്യണമെന്നു് ഗവണ്മെൻറു ഉത്തരവു് അയച്ചിട്ടുണ്ടോ?

(ഡി) ൪,൫൦൦ രൂപായ്ക്കു അയാളെ പിടിയ്ക്കാൻ ഇഷ്ടമുണ്ടായിരുന്ന മിസ്റ്റർ ജോസഫിനു് കൂടുതൽ കൊടുക്കാൻ പാടില്ലെന്നും ആദ്യം ലേലം പിടിച്ചയാളിനുതന്നെ അയാളെ സ്ഥിരപ്പെടുത്തി കൊടുക്കണമെന്നും എക്സൈസ് കമ്മീഷണർ ഗവണ്മെൻറിലേക്കു ശുപാർശചെയ്തിട്ടുണ്ടോ?

(ഇ) ആ ശുപാർശ ഗവണ്മെൻറു അനുവദിച്ചുവോ, അനുവദിച്ചെങ്കിൽ എന്തുകൊണ്ടാണു്?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറുസെക്രട്ടറി):

(എ) അതെ.

(ബി) മിസ്റ്റർ ജോസഫ് ബോധിപ്പിച്ച ഒരു ഹർജിയിൽ ഷാപ്പിനു് ൪,൫൦൦ രൂപ കൊടുക്കാമെന്നു പറഞ്ഞു.

(സി) ഉണ്ടു്.

(ഡി)-യും (ഇ)-യും അസ്സിസ്റ്റൻറ് എക്സൈസ് കമ്മീഷണർ മിസ്റ്റർ ഗോവിന്ദപ്പിള്ള അയച്ച ഒരു റിപ്പോർട്ടുനോക്കിയതിൽ രണ്ടാമതൊരു ലേലം ആവശ്യമില്ലെന്നു ഗവണ്മെൻറു തീരുമാനിക്കുകയും ആദ്യത്തെ ലേലം അനുവദിക്കുകയും ചെയ്തു.

കൊല്ലത്തുള്ള ചാരായ ഷാപ്പു്.

൯൫൫. മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും):

(എ) സ്ഥലത്തെ കണ്ണാവും കരിപ്പും ഷാപ്പു എടുത്തിട്ടുള്ള ആളിനു കൊല്ലത്തെ ചാരായ ഷാപ്പു് കൊടുത്തിട്ടുണ്ടോ?

(ബി) പ്രസ്തുതഷാപ്പു് ക ൦ സൻ-൩മാണ്ടത്തേതിൽ നിന്നും കുറഞ്ഞ തുകയ്ക്കാണൊ ക ക ൦ ൦-ൽ ലേലം ചെയ്തിട്ടുള്ളതു?

(സി) ഉണ്ടെങ്കിൽ വ്യത്യാസം എന്താണു? അതു എന്തുകൊണ്ടാണു?

മി: എൻ. നീലകണ്ഠപിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറുസെക്രട്ടറി):

(എ) ഉണ്ടു്.

(ബി) അതെ.

(സി) വ്യത്യാസം വ ക ൦ രൂപയാണു്; ആയതു ക ൦ സ൯വ-ൻ൯-ൽ ആ ഷാപ്പിൽ ചാരായത്തിൻറെ ചിലവിൽ കുറവുവന്നതുകൊണ്ടാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ചാരായം എത്ര കുറവാണു്?

മി: എൻ. നീലകണ്ഠപിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറുസെക്രട്ടറി): അപ്രകാരമുള്ള ലേഖനങ്ങൾ എക്സൈസ് കമ്മീഷണർ സ്ഥിരപ്പെടുത്തുന്നതുകൊണ്ടു് കണക്കുകൾ ഇല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഇങ്ങനെ ഒരു മറുപടി പറയുന്നതിനു ഉപയോഗപ്പെടുത്തിയ റിക്കാർഡുകൾ ഏതാണെന്നറിഞ്ഞാൽ കൊള്ളാം. അതിനു ഒരു ഫിഗർ ഉണ്ടായിരിക്കണം. അതറിഞ്ഞാൽകൊള്ളാം.

മി: എൻ. നീലകണ്ഠപിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറുസെക്രട്ടറി): ആ കണക്കുകളൊപ്പോം ഇവിടെ ഇല്ല. എനിക്കു നോട്ടീസു കിട്ടണം.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഈ ഷാപ്പിനു വേറെ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ?

മി. എൻ. നീലകണ്ഠപിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെന്റ സെക്രട്ടറി): ആ ചോദ്യത്തിനും എന്നിക്ക നോട്ടിസു കിട്ടണം.

കാട്ടാനകളുടെ ശല്യം നിമിത്തം നെടുമങ്ങാട്ട താലൂക്കിൽ ഉണ്ടാകുന്നനഷ്ടം.

൩൭. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും):

(എ) കാട്ടാനകൾ മൂലം വീടുകൾക്കും തെങ്ങു കൾക്കും മറ്റു സസ്യാദികൾക്കും നാശം സംഭവിക്കുന്നതി നെപ്പറ്റി നെടുമങ്ങാട താലൂക്കിലെ ആര്യനാടും മണ്ണൂർക്കരയിലും പകുതിയിലെ ആളുകളിൽ നിന്നഹർജികൾ ഗവണ്മെൻറിന് കിട്ടീട്ടിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തു നടപടി നടത്തീട്ടുണ്ടെന്നും ദയവായി പറയുമോ?

(ബി) ആ പ്രദേശങ്ങളെ പരിശോധിച്ചു ജനങ്ങൾക്കു സംഭവിച്ചിട്ടുള്ള നഷ്ടത്തിൻറ ഒരു കണക്കെടു ക്കുന്നതിനു ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനു ഗവണ്മെൻറിനു ഭയവുണ്ടോകുമോ?

മി: എൻ. നീലകണ്ഠപിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി):

(എ)-യും (ബി)-യും: ഹർജികൾ കിട്ടുകയും അക്കാര്യത്തെപ്പറ്റി ഒരു പൂർണ്ണമായ അന്വേഷണം വനം ഡി പ്പാർട്ടുമെൻറ നടത്തുകയും ചെയ്തു. ഫൻറ ൪ മേയ് ൪-൦൦-യിലെ ഗവണ്മെൻറ ഗസറ്റ, ധനം വിഭാഗം നമ്പ്യവ-൦൦ വശത്തുള്ളിലുള്ള നോട്ട നോക്കേണ്ടതാകുന്നു.

സെൻട്രൽ ജയിലിലെ ഡർബാർഹിസിഷ്യൻറ മെഡിക്കൽ പരിശോധന.

൩൮. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും):

(എ) ൧൯൦൦ ചിങ്ങം ൧-൦൦- മുതൽ മിഥുനം ൧൪-൦൦- വരെ ഡർബാർഹിസിഷ്യൻ സെൻട്ര ൽ ജയിലിൽ എത്രപ്രാവശ്യം സന്ദർശിച്ചു എന്ന ഗവണ്മെൻറ ദയവായിപറയുമോ?

(ബി) അക്കാലത്തു് പ്രിസിൺ വിസിറേഴ്സ് പുസ്തകത്തിൽ ഡർബ്ബാർഹിസിഷ്യൻ എഴുതീട്ടുള്ള അഭിപ്രാ യങ്ങളുടെ പകർപ്പുകൾ ഗവണ്മെൻറ ദയവായിമേശമേൽ വയ്ക്കുമോ?

(സി) കഴിഞ്ഞരണ്ടു കൊല്ലങ്ങളിൽ സെൻട്രൽ പ്രിസിൺ ചാർജ്വഹിച്ചിരുന്ന മെഡിക്കൽ ഉദ്യോഗസ്ഥ ൻറയോ ഉദ്യോഗസ്ഥന്മാരുടെയോ ഗ്രേഡും സർവീസിൻറ കാലവും എന്താണ്?

മി: കെ. നാരായണൻ പണിക്കർ (പകരം: ഗവണ്മെൻറ ചീഫ്സെക്രട്ടറി):

(എ) ഒരുപ്രാവശ്യം.

(ബി) താഴെ കൊടുത്തിരിക്കുന്നതാണ് ഡർബാർ ഹിസിഷ്യൻറെ അഭിപ്രായം:

"ഈകാലത്തു ജയിൽ ആശുപത്രിസന്ദർശിച്ചു; അടുക്കളയും ചില ബ്ലാക്കുകളും ചുറ്റിനടന്നു നോക്കി. പരിശോധനയിലിരിക്കുന്ന ഒരു അക ദീനക്കാരൻ ഉണ്ട്. ആവശ്യമുണ്ടെങ്കിൽ അയാളെചികിത്സക്കായിജന രൽ ആശുപത്രിയിലേക്ക മാറ്റുന്നതിനു മെഡിക്കൽ ഉദ്യോഗസ്ഥനെ ഞണ്ടോഷിച്ചു".

(സി)	ഗ്രേഡ്.	പേര്.	൧൯൦൦ കക്കടകം ൧൪-൦൦- വരെയുള്ള സർവീസിൻറ ദൈർഘ്യം.				
			ആണ്ടു.		മാസം.		ദിവസം.
ക.	അസിസ്റ്റൻറ സർജൻ എൻ. കൃഷ്ണപിള്ള		൧൧	–	൬	–	൦
ഖ.	ടി. കെ. കേശവപിള്ള		൬	–	൬	–	൧൪
ഗ.	ടി. എസ്സ്. ശിവതാണുപിള്ള		൬	–	൦	–	൧൦
ഘ.	ടി. എൻ. മാധവപ്പണിക്കർ		൯	–	൯	–	൧൦
ങ.	എം. ശങ്കരമേനോൻ		൧൦	–	൧൧	–	൪

എക്സൈസ് കമ്മീഷണർ മിസ്റ്റർ എ. ജെ. വാൻറാസ്സിനു ശമ്പളംകൂട്ടുതൽ കൊടുക്കുന്നതിനെ സംബ ന്ധിച്ചു:

൩൯. മി: എം. എൻ. പിള്ള (തിരുവനന്തപുരം):

(എ) തനിയ്ക്കു ൯൦൦ രൂപയായി ശമ്പളം വർദ്ധിപ്പിക്കണം എന്നു കാണിച്ചു എക്സൈസ് കമ്മീഷണർ ഗവണ്മെൻറിലേയ്ക്കൊരുമെമ്മോറിയൽ സമർപ്പിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എക്സൈസ് കമ്മീഷണരുടെ അപേക്ഷയെ അനുവദിക്കാൻ ഗവണ്മെൻറ വിചാരിക്കു ന്നുണ്ടോ?

മി: എൻ. നീലകണ്ഠപിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി):

(എ) തൻറെ ശമ്പളത്തിൻറ പരമാവധി൯൦൦ രൂപയായി വർദ്ധിപ്പിക്കുന്നതെന്നു മിസ്റ്റർവാൻറാസ്സ് ഗവണ്മെൻറിലേക്കു അപേക്ഷിച്ചിട്ടുണ്ട്,—

(ബി) അപേക്ഷ ആലോചനയിലിരിക്കുന്നു.

എക്സൈസ് ഡിപ്പാർട്ടുമെൻറിലേക്കു ആയുധങ്ങളുള്ള ഉടുപ്പുമുതലായവ കൊടുക്കുന്നതിനെ സംബന്ധിച്ചു:

൪൦. മി: എം. എൻ. പിള്ള (തിരുവനന്തപുരം):

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറിലേക്കു ഉടുപ്പു മുതലായവ ഏൽപ്പിച്ചുകൊടുക്കുന്നതു സംബന്ധിച്ചുള്ള കഴിഞ്ഞകൊല്ലത്തെ കരുതകസംബന്ധിച്ചു കരുതകയിൽ പറഞ്ഞിരുന്നതിനു വിപരീതമായി കുറഞ്ഞതരം സാ ധനം കൊടുത്തിട്ടുള്ളതു വാസ്തവമാണോ എന്നും,

(ബി) കഴിഞ്ഞകൊല്ലം കരുതകക്കാരൻ ഏറ്റുപ്പിച്ച സാമാനത്തിൻറ ഗുണത്തെ പരിശോധിക്കുന്നതിനു ഏൽപ്പിക്കേണ്ടതായ സാമാനം മുഴുവനും ഏൽപ്പിച്ചതിനുശേഷം, എക്സൈസ് അധികാരികൾ അവസാനമുട്ട ത്തിൽ ഗവണ്മെൻറ നെയ്ത്തു വിദഗ്ദ്ധൻറ സഹായം അപേക്ഷിച്ചിട്ടുള്ളതു വാസ്തവമാണോ എന്നും,

(സി) അപ്രകാരമാണെങ്കിൽ നെയ്ത്തു വിദഗ്ദ്ധൻറ പരിശോധനയുടെ ഫലമെന്തായിരുന്നു എന്നും, ഗവണ്മെൻറ ദയ വെച്ചു പറയുമോ?

(ഡ) മേൽപ്പറഞ്ഞതിനേയും നടപ്പുവർഷത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിലേക്ക് പുതിയ ഉടുപ്പ് സാമാനങ്ങളുടെ കണക്കുകൾ പറഞ്ഞ കണക്കുകാരനെ തന്നെ തുടർന്നിരിക്കണം എന്നുള്ള വസ്തുതയും പരിഗണിച്ച് ആയതു സ്വീകരിക്കപ്പെടുന്നതിനുമുൻപായി അവയെ പരിശോധിക്കുന്നതിനു നെയ്ത്തു വിദഗ്ദ്ധനെ നിയോഗിക്കുന്നതിനു ഗവണ്മെന്റിന് മടിയുണ്ടാകുമോ?

മി: എൻ. നീലകണ്ഠപിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെന്റ്സെക്രട്ടറി):

(സി) (എ) കണക്കുകാരൻ പുതിയസാമാനം പുതിയതാക്കണമെന്നു പറഞ്ഞിരുന്ന തരത്തിനോടുതുല്യമായിരുന്നു.

(ബി)യും (സി)യും: തുണിനെയ്ത്തു വിദഗ്ദ്ധൻ പരിശോധിച്ചു, പുതിയതാക്കണമെന്നുപറഞ്ഞിരുന്ന തരത്തിൽ ഒട്ടും ചിന്തയില്ലെന്നു കണ്ടു.

(ഡ) നടപ്പുവർഷത്തേക്കു കണക്കുകാരൻ പുതിയതാക്കിയ ഉടുപ്പുമുതലായവ അംഗീകരിക്കപ്പെട്ട തരത്തിനോടുതുല്യമായിട്ടുള്ളതും അവ അപ്രകാരമായിരിക്കുന്നതിനു വേണ്ട മുൻകരുതലുകൾ ചെയ്യുന്നതും ആകുന്നു. ഉടുപ്പുമുതലായവയെ പരിശോധിക്കുന്നതിനു നെയ്ത്തു വിദഗ്ദ്ധനെ ആജ്ഞാപിക്കുന്നതാകുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം):

പുതിയതായ ഉടുപ്പുമുതലായവ പെട്ടെന്നുതന്നെ ഉണ്ടാക്കിയിടുക്കണമെന്ന മാർഡർചെയ്തിരിക്കെ അതിനുപകരം തുണിസ്റ്റ്രിൽനിന്നുണ്ടാക്കിയിട്ടുള്ളതാണെന്നുള്ളതു വാസ്തവമാണോ?

മി: എൻ. നീലകണ്ഠപിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെന്റ്സെക്രട്ടറി): അങ്ങിനെയാണെന്നു ഗവണ്മെന്റിനു അറിവില്ല.

മി: എം. എൻ. പിള്ള. (തിരുവനന്തപുരം): സപ്ലൈചെയ്ത ഉടുപ്പുസാമാനങ്ങളും സാമ്പിളിനെ അപേക്ഷിച്ചുകുറഞ്ഞസാമാനങ്ങളാണെന്നുനെയ്ത്തു വിദഗ്ദ്ധൻ അഭിപ്രായപ്പെട്ട എന്നുപറയുന്നതു വാസ്തവമാണോ?

അദ്ധ്യക്ഷൻ: സാമ്പിളിൽ നിന്നു കുറഞ്ഞതരത്തിലുള്ളതല്ല എന്നു നെയ്ത്തുവിദഗ്ദ്ധൻ അഭിപ്രായപ്പെട്ടുഎന്നാണ് ഉത്തരം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം.): ഇപ്പോൾ സപ്ലൈചെയ്തിട്ടുള്ള ഉടുപ്പുമുതലായവ ബക്കിംഗ്ഹാം മിൽതുണി കൊണ്ടുണ്ടാക്കിയതാണെന്നു പറയുന്നതുവാസ്തവമാണോ?

മി: എൻ. നീലകണ്ഠപിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെന്റ്സെക്രട്ടറി): അപ്രകാരമല്ല ഗവണ്മെന്റിന്റെ അറിവു

മി: എം. എൻ. പിള്ള (തിരുവനന്തപുരം): സപ്ലൈചെയ്ത സാമ്പിനു പെട്ടെന്നു മിൽതരമാണെന്നു പറയുന്നതു വാസ്തവമാണോ?

മി: എൻ. നീലകണ്ഠപിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെന്റ്സെക്രട്ടറി): എനിക്കുനോട്ടീസുകിട്ടണം.

ഗ്രാഡ്യുവേറ്റുകളും മെഴിലില്ലായ്മയും.

*മി. മി: സി. എൻ. ഇപ്പൻ നമ്പൂതിരി (ജന്മി): പുതുതായുണ്ടാക്കുന്ന സംഗതിപരിക്കുവിവരങ്ങളും അടങ്ങിയ ഒരു സ്റ്റേറ്റുമെന്റു ഗവണ്മെന്റു മുമ്പായി മേശമേൽ വയ്ക്കുമോ?

(എ) സംസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചുകൊല്ലങ്ങളിൽ സർവകലാശാല ബിരുദങ്ങളും എടുത്തിട്ടുള്ള ആളുകളുടെ സംഖ്യ:

(ബി) അവരിൽ സർക്കാർജീവനം സ്വീകരിച്ചിട്ടുള്ളവരുടെ സംഖ്യയും നിയമജോലിയിലോ സ്വതന്ത്ര സമ്പാദനം ചെയ്യുന്നവരുടെ സംഖ്യ:

(സി) മേൽപ്പറഞ്ഞ പ്രകാരത്തിൽ ജോലി കിട്ടാൻ സാധിക്കാത്തവരുടെ നിത്യവൃത്തി എങ്ങിനെ കഴിഞ്ഞുകൂടുന്നു എന്നതിനെപ്പറ്റി ഗവണ്മെന്റു നടത്തിയിട്ടുള്ള അന്വേഷണങ്ങളും.

മി: കെ. നാരായണൻപണിക്കർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): (എ)യും (ബി)യും ആവശ്യപ്പെട്ട വിവരങ്ങളും നൽകുന്നതിനു കണക്കുകളില്ല.

(സി) അന്വേഷണങ്ങളും നടത്തിയിട്ടില്ലാത്തതും നടത്താനും സാധിക്കാത്തതും ആകുന്നു.

പിറവത്തുള്ള ഡിസ്പെൻസറി.

*൨൬. മി: തരിയത്തുകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): പിറവം മൂവാറ്റുപുഴതാലൂക്കിലെ ജനബാഹുല്യമുള്ള ഒരു സ്ഥലമാകകൊണ്ട് അവിടെ ഒരു ഡിസ്പെൻസറി ഉടൻ ആരംഭിക്കുന്നതിനു ഗവർണ്മെൻറിനു മടിയുണ്ടോയെന്നു?

മി: കെ. നാരായണൻപണിക്കർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): ഇക്കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണ്.

ഉദ്യോഗസ്ഥന്മാരുടെപേരിലുള്ള പരാതികൾ.

*൨൭. മി: തരിയത്തുകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): കഴിഞ്ഞ നാലുകൊല്ലങ്ങളിൽ ഓരോ രൂപയും അതിൽകൂടുതലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെപേരിൽ ജനങ്ങൾ അയച്ചിട്ടുള്ള ആവലാധികൾ എത്ര എന്നും, അതനുസരിച്ചു അന്വേഷണം നടത്തപ്പെട്ട ആവലാധികൾ എത്രയെന്നും, ശിക്ഷിക്കപ്പെട്ട ആളുകളുടെ സംഖ്യ എത്രയെന്നും, ഓരോസംഗതിയിലും ഇന്നശിക്ഷയാണ് കൊടുത്തിട്ടുള്ളതെന്നും കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറു ഗവർണ്മെൻറു മുമ്പായി മേശമേൽ വയ്ക്കുമോ?

മി: കെ. നാരായണൻപണിക്കർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): ആവശ്യപ്പെട്ടതന്ന കണക്കുകൾ എടുക്കുന്നതിനു വേണ്ടിവരുന്ന സമയവും യത്നവും ആയതിന്റെ ഫലത്തെ ഓർക്കുമ്പോൾ വളരെ കൂടുതലാണെന്നു ഗവർണ്മെൻറു അഭിപ്രായപ്പെടുന്നു.

ഗ്രാൻറുകൾക്കുള്ള ഡിമാൻറുകൾ.

അദ്ധ്യക്ഷൻ: ഗ്രാൻറുകൾക്കുള്ള ഡിമാൻറുകൾ വോട്ടുചെയ്യുന്നതിനു നടുക്കിനി ആരംഭിക്കാം.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ,—

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അഡിഷ്ണൽ ബെഞ്ചിന്റെ സ്ഥാനം ആരംഭിച്ചതുമുതൽ ഡിമാന്റ് ആയതുകൊണ്ടാണ് ഞാൻ ഇതിനെ സ്നേഹിതൻ ഒരു ഫഡറിന്റെ അല്ലെ നാണ് ഞാൻ വിചാരിക്കുന്നത്.

ഡിമാന്റ് ഫ ലാൻറവന്യൂ.

മി: ചെയ്സ്. സ്. എബ്ര്. റാബിൻസൺ (ലാൻറവന്യൂവും ആദായനികുതിയും കമ്മീഷണർ): ഡിമാന്റ് ഫ ലാൻറവന്യൂ ഹെഡിന്റെ വുന്നം രൂപയിൽ കൂടാത്തതായ ഒരു ഗ്രാന്റിനു ഞാൻ അപേക്ഷിക്കുന്നു.

ഉപദേശിവം ഫ.

ഡോ: ജി. രാമൻമേനോൻ (മാപ്പേഷിംഗും കാത്തിരുപ്പുള്ളിയും): സർ, ഈ ഗ്രാന്റിനെ ഹാജരാക്കുന്നതിനു മുൻപ് ഉദ്ദേശിക്കുന്നു:—

ഫ. എല്ലാബ്ബിളിൽ ഉൾപ്പെടുത്തിയിട്ടുള്ള പന്ത്രണ്ടു ലക്ഷം രൂപയിൽനിന്നു പത്തു രൂപ കുറച്ചു ചെയ്യണമെന്നു.

ഞാൻ ഈ ഉദ്ദേശത്തെ ഹാജരാക്കുന്നതിനുള്ള കാരണം, ഗവർണ്മെന്റിന്റെ വിവിധ അധികാരപ്പെട്ടവരുടെ ഇടയിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന ചില വ്യവസ്ഥകളെപ്പറ്റി ഞാൻ ഇവിടെ പരാമർശിച്ചിട്ടുണ്ടല്ലോ. ചില വകുപ്പുകളിൽ ഗവർണ്മെന്റിനു നല്ലതുപോലെ ലാഭമുണ്ടാക്കുന്നതിനു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ചില നിയമങ്ങൾ നിമിത്തം ഗവർണ്മെന്റിനു ഗണ്യമായ നഷ്ടം സംഭവിക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞുവല്ലോ. ഒരു ഉദാഹരണം പറയാം. ഗവർണ്മെന്റിനു ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സ്റ്റാമ്പ്

ഡിപ്പാർട്ടുമെൻറുകാരുടെ വേണ്ട നിക്കുതിപിടിക്കുന്ന ജോലിയാകട്ടെ, ഇപ്പോഴുള്ളതുപോലെ റവന്യൂഡിപ്പാർട്ടുമെൻറിലേക്കാണ് തള്ളി വിടുന്നത്; എന്നാൽ, ഞാൻ മുൻപുപറഞ്ഞതുപോലെ ഞങ്ങൾക്ക് കൂടുതൽ സിൽബന്ധികളോ കൂടുതൽ ശമ്പളമോ തരുന്നില്ല. ഡിപ്പാർട്ടുമെൻറ് രൂപീകരിക്കപ്പെട്ട സമയംതൊട്ടുള്ള കഴിഞ്ഞ നാലുകൊല്ലങ്ങളായി എൻറെ ആഫീസിലുള്ള എഴുത്തുകുത്തു നാലുമടങ്ങു വർദ്ധിച്ചിട്ടുണ്ട്. ഫൻറ് ഫാൽക്കറൻറ് ഫയലുകളുടെ എണ്ണം ക, ഉ വരെ ആയിരുന്നിടത്ത് ഫൻറ് ഡ-ൽ ര, ങ ര ആയും ഫൻറ് സ-ൽ ര, ന്വ ര ആയും ഫൻറ് ര-ൽ ര, ന്വ ര ആയും വർദ്ധിച്ചിരിക്കുന്നു. ഇഫൻ ഹർജികൾ ആട്ടം ഉണ്ടായിരുന്നിടത്തിക്കെ അവ ഇപ്പോൾ ഫൻറ് ഉ വരെ വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെ എൻറെ ആഫീസിലുള്ള എഴുത്തുകുത്തുകോലിമാത്രം നാലുമടങ്ങായി വർദ്ധിച്ചിട്ടുണ്ടെന്നും എന്നാൽ അതിനു തക്കവണ്ണം സിൽബന്ധികളെ വർദ്ധിപ്പിച്ചിട്ടില്ലെന്നും ഞാൻ മനസ്സിലാക്കുന്നതാണ്. ഉജോലി നിക്കുന്നതിലേക്കു ആഫീസുസമയത്തിനുപുറമെ എൻറെ ക്ലാർക്കുകൾ ജോലി ചെയ്യുന്നതായി എനിക്കറിയാം; കഴിഞ്ഞ ചില ഒഴിവുദിവസങ്ങളിൽപോലും അവർ ജോലിചെയ്യുണ്ടായിട്ടുണ്ട്, കഴിഞ്ഞ രണ്ടു ഒഴിവുദിവസങ്ങളിലും പകുതിദിവസം അവർ ജോലിചെയ്യുകയുണ്ടായിരുന്നു. എല്ലാസംഗതികൾകൊണ്ടും ഒരു അറുതിയുണ്ടായിരിക്കണമെന്നതാണ്; അല്ലാത്തപക്ഷം ഒട്ടകത്തിൻറെ പുറം ഒടിഞ്ഞുപോകുന്നതാണ്. എന്നാൽ റവന്യൂഡിപ്പാർട്ടുമെൻറുസംബന്ധിച്ചേത്തോളം ഇതൊരു പ്രത്യേകസ്ഥിതിയാണെന്നു ചെയ്യുന്നത്. ഇനിയും ആളുകളെ കൂടുതലായി നിയമിക്കുന്നതുപക്ഷം ജോലിനടക്കുന്നതല്ല.

ഈ സന്ദർഭത്തിൽ വേറൊരുകാര്യം കൂടി മനസ്സിലാക്കിയിട്ടില്ലെന്നാണ് തോന്നുന്നത്. എന്നാൽ അതു സഭയിലുണ്ടായിരിക്കേണമെന്നുള്ള ഒരു സംഗതിയാണെന്നു ഞാൻ ആഗ്രഹിക്കുന്നു; ആയതു പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത വർഗ്ഗക്കാരെ റവന്യൂഡിപ്പാർട്ടുമെൻറിൽ ജോലികൊടുക്കുന്നതിനു പേരുവേടുമെന്നും സൌകര്യം അതിനു സിദ്ധിച്ചിട്ടില്ല എന്നുള്ളതാകുന്നു. പരിഷ്കാരസമ്പന്നരായ അനേകം സൂപ്പർന്യൂമറാരികൾ ഉണ്ടായിരുന്നു; അതായത് ഇല്ലാതാക്കുന്നതിനു ഒന്നരക്കൊല്ലം വേണ്ടിവന്നു. അവരെല്ലാം സവർണ്ണഹിന്ദുക്കളായിരുന്നു. അതിനുശേഷം മേല്പറഞ്ഞ പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത വർഗ്ഗക്കാരിൽ ഉൾപ്പെട്ട ആളുകൾക്കു ജോലികൊടുക്കുന്നതിനുദ്യമിക്കുമ്പോൾ സിൽബന്ധികളുടെ കൂടുകയാണ്; ഇതിൻറെ ഫലമായി നിയമിക്കപ്പെട്ട ആളുകൾക്കു ജോലിയില്ലാതാകുന്നു. പിന്നീടുള്ള ഡിവിഷൻ അസിസ്റ്റൻറിൻറെ എസ്റ്റാബ്ലിഷ്മെൻറു കഴിഞ്ഞകൊല്ലം നിറുത്തൽചെയ്തു. ഇതിൻറെ ഫലമായി ചില ആളുകളെ കുറയ്ക്കേണ്ടതായും ഒടുവിൽ നിയമിക്കപ്പെട്ട ആളുകൾക്കു ജോലിയില്ലാതേയും വന്നുകൂടി. ഒടുവിൽ നിയമിക്കപ്പെട്ട ആളുകൾ പ്രാതിനിധ്യം സിദ്ധിക്കാത്ത വർഗ്ഗങ്ങളിൽപെട്ടവരാണെന്നു പറയേണ്ടതില്ലല്ലോ ഇങ്ങിനെ ആളുകളെ കുറയ്ക്കുന്നതായ നയം ഇടർന്നുകൊണ്ടിരിക്കുന്നപക്ഷം പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത വർഗ്ഗക്കാർക്കു ഡിപ്പാർട്ടുമെൻറിൽ ജോലികിട്ടുന്നതിനു ഒരിക്കലും സാധിക്കയില്ല. ഇക്കാര്യംകൂടി ഓർമ്മിക്കേണ്ടതാണെന്നു ഞാൻ ആഗ്രഹിക്കുന്നു. ജോലി വർദ്ധിച്ചിട്ടുണ്ട്; അക്കാര്യം എല്ലാവർക്കും അറിയാമെന്നുള്ളതാണെന്നു ഞാൻ വിചാരിക്കുന്നു. എല്ലാ ഡിപ്പാർട്ടുമെൻറിൽനിന്നും വരുന്ന ജോലി ഞങ്ങൾ ചെയ്യണം; വെള്ളപ്പൊക്കം സംബന്ധിച്ചോ മറ്റേതെങ്കിലും സംബന്ധിച്ചോ ഉണ്ടാകുന്നതായ ജോലി കൂടുതൽ സിൽബന്ധികളില്ലാതേയും കൂടുതൽ പ്രതിഫലമില്ലാതേയും ഞങ്ങൾ ചെയ്യണം, അതിനാൽ ഉപക്ഷേപത്തെ മെമ്പർ ഉപയോഗിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ ആദ്യം പറഞ്ഞതുപോലെ സിൽബന്ധികളെ കുറയ്ക്കുന്നതു ആവശ്യകതയായ ഗവർണ്മെൻറിനെ മനസ്സിലാക്കണമെന്നുമാത്രമേ എനിയ്ക്കു ഉദ്ദേശമുള്ളൂ. ഇനിയും സിൽബന്ധികളെ കുറയ്ക്കുന്നപക്ഷം ജോലി ശരിയാകുമെന്നു ചെയ്യുന്നതിനു തനിക്കു നിവൃത്തിയില്ലെന്നു മാർക്കുറവന്യൂകമ്മീഷണർ ഇപ്പോൾ പറയുന്നസ്ഥിതിക്കു ഒരുകാലത്തു ഈ ജോലിയെല്ലാം ഹജൂർ ആഫീസിൽ ചെയ്തുവന്നിരുന്നു എന്നും റവന്യൂ സെക്ഷനിൽ ഇപ്പോഴും കുറെ സിൽബന്ധികൾ ഉണ്ടെന്നും ഉള്ള വസ്തുതയെ ഞാൻ ഗവർണ്മെൻറിൻറെ ഓർമ്മയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ഹജൂർ ആഫീസിലെ റവന്യൂ സെക്ഷൻ റവന്യൂകമ്മീഷണരുടെ ആഫീസ്, എന്നീ രണ്ടു ആഫീസുകളും പരിശോധിച്ചു ജോലിയെ സംബന്ധിച്ചിടത്തോളം പരിഷ്കാരം വരുത്തുന്നതായാൽ ഈ രണ്ടു എസ്റ്റാബ്ലിഷ്മെൻറുകളിലും സിൽബന്ധികളെ കുറയ്ക്കുവാൻ കഴിയുന്നതാണെന്നു ഞാൻ വിശ്വസിക്കുന്നു. അല്ലാത്തപക്ഷം റവന്യൂകമ്മീഷണരെ റവന്യൂമിനിസ്റ്ററായി നിയമിച്ചു അദ്ദേഹത്തെ ഹജൂർ ആഫീസിൽതന്നെ ആക്കാമെന്നു ഞാൻ നിർദ്ദേശിക്കുന്നു. തൽക്കാലം ഇപ്രകാരം നിർദ്ദേശിച്ചുംകൊണ്ടു ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുമതി ചോദിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം 5.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): റവന്യൂ ഡിപ്പാർട്ടുമെൻറിൽ തങ്ങൾക്കു സ്വന്ത ആഫീസിൽ സിൽബന്ധികൾ അധികമില്ല എന്നു റവന്യൂകമ്മീഷണർ വാദിക്കുന്നുണ്ടല്ലോ. ആ സമാധാനംതന്നെ ഇതിലും കൊണ്ടുവരുമെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. ജാർജ്ജ് (ഗവർണ്മെണ്ടു ഫിനാൻഷ്യൽ സെക്രട്ടറി): ഓർഡർസംബന്ധമായി ഞാനൊരുചോദ്യം ചോദിച്ചുകൊള്ളുന്നു. ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു മെംബർ ഉദ്ദേശിക്കുന്ന എങ്കിൽ അദ്ദേഹത്തിനു പ്രസംഗിക്കാമോ?

അദ്ധ്യക്ഷൻ: ഇതു വേറൊരു ഉപക്ഷേപമാണ്.

മി: കെ. ജാർജ്ജ് (ഗവർണ്മെണ്ടു ഫിനാൻഷ്യൽ സെക്രട്ടറി): അദ്ദേഹം ഉപക്ഷേപിച്ചില്ലെങ്കിൽ അയാളു ഹാജരാകുന്നില്ലെന്നു പറകയല്ലാതെ അദ്ദേഹം പ്രസംഗിച്ചുകൂടാത്തതാകുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇക്കാര്യത്തിലും ഇതെല്ലാം നല്ലതിനുവേണ്ടിയാണെന്നു ആലോചിക്കേണ്ട ആവശ്യകതയെപ്പറ്റി ഗവർണ്മെൻറിനെ അറിയിക്കുമാത്രമേ ഞാൻ ചെയ്യുന്നുള്ളൂ.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മിസ്റ്റർ രാമൻമേനോൻ ഉപക്ഷേപത്തെ ഹാജരാക്കുന്നുണ്ടോ എന്നു അദ്ദേഹത്തിൻറെചെക്കൽനിന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉപക്ഷേപം പിൻവലിക്കുന്നതിനുള്ളതാൻ ഉദ്ദേശിക്കുന്നു.

അതിനെണ്ണം ചുവടെ ചേർത്തിട്ടുള്ള ഉപക്ഷേപം ഹാജരാക്കിയിട്ടില്ല.

മി: ജി. രാമൻമേനോൻ.

ഉ. എസ്റ്റാബ്ലിഷ്മെൻറ ഇനത്തിൽ ൪൪,൦൫൫ രൂപയിൽനിന്നു ൧,൯൫൫ രൂപാ കുറയ്ക്കണമെന്ന്.

ഉപക്ഷേപം. ന.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചുവടെ ചേർക്കുന്ന ഉപക്ഷേപം ഹാജരാക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു:—

ന. റിക്കാർഡുകൾ ഇനം തിരിക്കുന്നതിനും പ്രിസ്റ്റർ ചെയ്യുന്നതിനുമായി താൽക്കാലിക എസ്റ്റാബ്ലിഷ്മെൻറിനു വേണ്ടിയുള്ള ൯൫൫ രൂപ എടുത്തുകളയണമെന്ന്

തിരുവനന്തപുരം സിവിഷൻ കച്ചേരിയിൽ റിക്കാർഡുകൾ ഇനം തിരിക്കുന്നതിനും പ്രിസ്റ്റർ ചെയ്യുന്നതിനുമായി താൽക്കാലിക എസ്റ്റാബ്ലിഷ്മെൻറിനു വേണ്ടിയുള്ള ൯൫൫ രൂപ എടുത്തുകളയണമെന്നാണ് എന്റെ ഉപക്ഷേപം.

ഈ വിഷയത്തിൽ തിരുവനന്തപുരം ഡിവിഷൻ കച്ചേരിക്കു മാത്രം ഈ വിധമുള്ള പ്രത്യേക ഒരു സൌജന്യം നൽകുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. റിക്കാർഡുകളെ ശരിയാക്കുന്നതും തരം തിരിച്ചു വയ്ക്കുന്നതിനു ചുമതലപ്പെട്ട ആളുകളുടെ അലസത കൊണ്ടു റിക്കാർഡുകൾ കുഴപ്പമായി കിടക്കുന്നു എന്നു വരുന്നെങ്കിൽ, അങ്ങിനെയാണെങ്കിൽ ഡിവിഷൻ കച്ചേരിയിലുള്ള കുറേക്കാരനായ ഒരു ഉദ്യോഗസ്ഥന്റെ തലയിൽ കെട്ടിവച്ചു രക്ഷപ്പെടുന്നതിനായിട്ടു ഈ സഭയോടു പണം ചോദിക്കുന്നതിൽ ഔചിത്യമുള്ളതായി തോന്നുന്നില്ല.

ഇതിനും പുറമെ, ഇപ്രകാരമുള്ള സൌജന്യങ്ങൾ തിരുവനന്തപുരം ഡിവിഷൻ കച്ചേരിക്കു പ്രദാനം ചെയ്യുമ്പോൾ അവിടെയുള്ള ചില ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകളെ വച്ചു വാഴ്ത്തുന്നതായാൽ ഓരോ ഡിവിഷൻ കച്ചേരിയിലും റിക്കാർഡുകൾ കുഴപ്പസ്ഥിതിയിൽ കിടക്കുന്നതിന് അനുവദിച്ചു ഇതേ സൌജന്യങ്ങൾ ആവശ്യപ്പെടുകയില്ലയോ എന്നാണ് എനിക്കുള്ള ഭയം (ചിരി). അതൊരു ചിന്തനീയ നാമാണ്. ഇതു സംബന്ധിച്ചുണ്ടായേക്കാവുന്ന പലേ പുലിവാലുകളെപ്പറ്റിയും ഞാൻ ചിന്തിക്കുമാത്രമാണ് ചെയ്യുന്നതു്. ഈ തിരുവനന്തപുരം ഡിവിഷൻ കച്ചേരിക്കു മാത്രം ഇപ്രകാരമുള്ള ഒരു വിശേഷാവസ്ഥ നേരിട്ടതിനുള്ള കാരണത്തെപ്പറ്റി പറഞ്ഞതായും പ്രകടമായി പറയുന്നില്ല. തടുക്കാൻ പാടില്ലാത്ത വല്ല കാരണവശാലും ഉണ്ടായേക്കാവുന്ന സംഭവങ്ങളിലൊഴികെ പ്രസ്തുത ഡിവിഷൻ കച്ചേരിയുടെ വീഴ്ചകൾ തിരുത്തുന്നതിനോ അലസതയകറ്റുന്നതിനോ യാതൊരു സൌജന്യവും നൽകുന്നതിനു ഞാൻ തയ്യാറില്ല. അതിനാൽ ഈ ആണ്ടിൽ പ്രസ്തുത ജോലി നിർവ്വഹിക്കുന്നതിനുണ്ടായിട്ടുള്ള കാരണത്തെപ്പറ്റിയുള്ള ഓൺറവന്യൂ കമ്മീഷണരുടെ സമാധാനം അറിയാൻ ഞാൻ കാത്തിരിക്കുന്നു; അതിനു ശേഷം പ്രസ്തുത ഡിമാൻറിനു വാസ്തവത്തിൽ വല്ല ന്യായമുണ്ടോ എന്നു നോക്കി ആവശ്യമുള്ള പക്ഷം അതിനെപ്പറ്റി പ്രതിവാദിക്കാം. അതിനാൽ ഈ ബഡ്ജറിൽ നിന്നു ഈ ഇനം കുറവുചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു,

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറ റവന്യൂവും ആദായനികുതിയും കമ്മീഷണർ): സർ, കഴിഞ്ഞ ഉപക്ഷേപം ഹാജരാക്കാത്തതിൽ ഞാൻ മനസ്സാവിക്കുന്നു. അപ്രകാരം ഹാജരാക്കിയിരുന്നു എങ്കിൽ റവന്യൂഡിപ്പാർട്ടുമെൻറിലെ മറ്റു ആഫീസുകളിൽ എത്രമാത്രം ജോലിഭാരമുണ്ടെന്നു കാണിക്കാൻ ഒരു സന്ദർഭം എനിക്കു കിട്ടുമായിരുന്നു. ഇക്കൊല്ലത്തിൽ പഴയ പത്മനാഭപുരം ഡിവിഷൻ നിറുത്തൽ ചെയ്തു അതിനെ തിരുവനന്തപുരം ഡിവിഷനോടു ചേർത്തപ്പോഴും പഴയതും കൊൻറ് ഫയിലുകളും തിരുവനന്തപുരം ഡിവിഷൻ കച്ചേരിയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ടായിരുന്നു. അവ വണ്ടി വണ്ടിയായിട്ടു ഇവിടെ വന്നു. അവയെ ശരിയാക്കുവാനും തരം തിരിച്ചു വയ്ക്കുന്നതിനും ഞങ്ങൾക്കു സമയമുണ്ടായിരുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാണ് പത്മനാഭപുരം ഡിവിഷൻ നിറുത്തൽ ചെയ്തു തിരുവനന്തപുരം ഡിവിഷനോടു ചേർത്തതു്?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറ റവന്യൂവും ആദായനികുതിയും കമ്മീഷണർ): രണ്ടു കൊല്ലങ്ങൾക്കു മുമ്പാണെന്നു തോന്നുന്നു. അപ്പോൾ തിരുവനന്തപുരം ഡിവിഷൻ ആഫീസിലെ റിക്കാർഡുകൾ വളരെ അധികമായും ആ ആഫീസിലെ ജോലി ലഘൂകരിക്കുന്നതിനു റിക്കാർഡുകളെ വീണ്ടും തരം തിരിച്ചു വയ്ക്കുന്നതിനു അത്യാവശ്യം നേരിടുകയും ചെയ്തു. അപ്പോൾ അവിടെ ഉണ്ടായിരുന്ന സിൽബന്ധികൾക്കു ക്ഷേത്രം സംബന്ധിച്ചുള്ള ജോലികളും, കഴിഞ്ഞകൊല്ലത്തിൽ തിരുവിതാംകൂറിൽ ഉണ്ടായ വെള്ളപ്പൊക്കം മൂലമായ വൈഷമ്യങ്ങൾ മൂലം വേണ്ടിവന്ന നിവാരണമാർഗ്ഗങ്ങൾ സംബന്ധിച്ചുള്ള ജോലികളും വേണ്ടുവോളമുണ്ടായിരുന്നു. ഈ സംഗതികൾ പ്രസ്തുത സിൽബന്ധികൾക്കു ധാരാളം ജോലി നൽകി; അതിനാൽ റിക്കാർഡുകൾ പരിശോധിച്ചു അവയെ തരം തിരിച്ചു വയ്ക്കുന്നതിനു അവർക്കു സമയമുണ്ടായിരുന്നില്ല. മേൽപ്പറഞ്ഞ സംഗതികൾക്കായി ഒരു കടംബറി സ്റ്റാഫിനെ നിയമിക്കുന്നതിനു ദിവാൻ പേഷ്കാർ വളരെക്കാലമായി അപേക്ഷിക്കയായിരുന്നു; പ്രസ്തുത റിക്കാർഡുകളെ ശരിയാക്കുന്നതും തരം തിരിച്ചു വയ്ക്കാത്തപക്ഷം കറൻറ എഴുത്തുകുത്തുകളെ സൂക്ഷ്മമായി പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നതും അതുമൂലം പൊതുജനങ്ങൾ സങ്കടമനുഭവിക്കുന്നതും ആകുന്നു; എല്ലാ കറൻറ സംഗതികളിലും ക്ഷിപ്രതയുണ്ടാക്കുന്നതിനു ഇവയെ ആകുന്നിടത്തോളം വേഗത്തിൽ തരം തിരിച്ചു വയ്ക്കേണ്ടതുണ്ട്. ഇതിനും പുറമെ എല്ലാ കുടിശ്ശികകളും സമയത്തിനു കിട്ടാത്തപക്ഷം ആയതു ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരെ വൈഷമ്യങ്ങളിൽ തള്ളിവിടുന്നതിനു പുറമെ ഗവൺമെൻറിനും പൊതുജനങ്ങൾക്കും നഷ്ടമുണ്ടാക്കിത്തീർക്കുന്നതുകൂടിയാകുന്നു. ഇതിനെപ്പറ്റി കൂടുതൽ സമാധാനം എൻറെ പക്ഷത്തിനിന്നു ആവശ്യപ്പെടുന്നതായി ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ അപേക്ഷിച്ചിട്ടുള്ള പലരെ കുറഞ്ഞ തുകയായ ൯൫൫ രൂപ അനുവദിക്കുന്നതു അത്യാവശ്യമാണെന്നുള്ള കാര്യം മിസ്റ്റർ. നാരായണപിള്ള മനസ്സിലാക്കുമെന്നു എനിക്കു തീർച്ചയുണ്ടു്. ഈ വലുതായ ജോലി ചെയ്തു റിക്കാർഡുകൾ തരം തിരിക്കുന്നതിനു പതിനൊന്നു മാസത്തേക്കു രണ്ടു ക്ലാർക്കുമാരെയും

കത്ത ശ്പായിയേയും നിയമിക്കുന്നതിനാണ് ഈ പണം അപേക്ഷിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ തുക വെട്ടിക്കുറയ്ക്കുന്നതിന്റെ ആവശ്യകതയില്ലെന്നു അദ്ദേഹം മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതിനെ സംബന്ധിച്ചു ചില വിവരങ്ങൾ എനിക്കു പറയേണ്ടതായിട്ടുണ്ട്. മിസ്റ്റർ. പി. കെ. നാരായണപിള്ള പറഞ്ഞതു് ഇതു മാതിരി എല്ലാ ഡിവിഷൻ കച്ചേരികൾക്കും വേണ്ടി ചെന്നെയ്ക്കു് അപ്പീൽ പോകേണ്ടതായിവരുമെന്നാണ്. അതു വളരെ പ്രയാസമാണ്. ഇപ്പോൾ ബഡ്ജറ്റിൽ ചേർത്തിരിക്കുന്ന സംഖ്യ പത്മനാഭപുരം ഡിവിഷൻ കച്ചേരി റിക്കാർഡുകളെ ശരിപ്പെടുത്തിവയ്ക്കാൻ തുണ്ട്. പത്മനാഭപുരം ഡിവിഷൻ കച്ചേരി റിക്കാർഡുകളെ സംബന്ധിച്ചു ഇവിടെയുള്ള ദ്യോഗസ്ഥന്മാരെക്കാൾ കൂടുതൽ വിവരം എനിക്കുണ്ട്. പത്മനാഭപുരത്തുനിന്നും റിക്കാർഡുകളെ ഇങ്ങോട്ടു മാറ്റി സൂക്ഷിച്ചിട്ടുള്ളതും ആ റിക്കാർഡുകളുടെ സ്ഥിതിയെന്താണെന്നും എനിക്കു നല്ലവണ്ണം അറിയാം. അന്നു തന്നെ ഇതിനെ സംബന്ധിച്ചു അധികൃതന്മാരെ അറിയിക്കയും ചെയ്തിട്ടുണ്ട്. ഈ റിക്കാർഡുകളിൽ ഒരു മുറിയിൽ വാരി കൂട്ടിയിട്ടിരിക്കയായിരുന്നു, അതിൽ ഉപയോഗമുള്ള പല റിക്കാർഡുകളും പലതും ഉറുമ്പരിയും ഭസ്മവും പൊതിഞ്ഞു കൊണ്ടു പോയിട്ടുണ്ട്. ജനങ്ങൾക്കു അത്യാവശ്യമായ പല റിക്കാർഡുകളും നഷ്ടപ്പെട്ടു പോയിട്ടും ഉണ്ട്. ഇത്രയും പറയാനുള്ളകാരണം ഇന്നത്തെ ഭരണത്തിലുള്ള കാര്യക്ഷമതയെ വ്യക്തമായി കാണിക്കാനാണ്. ഓരോ അവസരങ്ങളിലും ശമ്പളം വർദ്ധിപ്പിക്കുമ്പോൾ പറയുന്നതു ഭരണത്തിന്റെ കാര്യക്ഷമതയ്ക്കുന്നാണ്. പത്മനാഭപുരം ഡിവിഷനിലുള്ള റിക്കാർഡുകളെ തിരുവനന്തപുരത്തു കൊണ്ടുവരുന്നതിനു തക്കതായ ഉദ്യോഗസ്ഥന്മാരില്ല. അതു കൊണ്ടു ഇതിനും രൂപാ കൊടുക്കേണ്ടിവന്നു. അതിനുശേഷവും ഓരോ ആളുടെ അവതിൽ നിന്നും ഈടാക്കുകയാണു വേണ്ടതു്. പാവപ്പെട്ടവർ കൊടുക്കുന്ന പണം അന്യായമായി ചിലവാക്കുന്നതു അക്രമമാണെന്നാണ് എനിക്കു തോന്നുന്നതു്. അതു കൊണ്ടു ആ റിക്കാർഡുകളും ഈ വിധത്തിൽ നശിക്കുന്നതിനു ഉത്തരവാദികളായവരെ അവരിൽ നിന്നും പണം ഈടാക്കി അതിൽ നിന്നും ഈ വകയ്ക്കു ചിലവു ചെയ്യുകയെന്നാണ് എന്റെ അഭിപ്രായം. അങ്ങിനെയെങ്കിലും പൊതുജനങ്ങളുടെ പണം ചിലവാക്കുന്നതു ക്രമമാണ്.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, മിസ്റ്റർ റാബിൻസൺ നൽകിയിട്ടുള്ള സമാധാനം എന്നെ നല്ലതിനുണ്ണും തൃപ്തിപ്പെടുത്തിയിട്ടില്ലെന്നു പറയാതെ നിവൃത്തിയില്ല. എന്നാൽ ഈ അപേക്ഷ മിസ്റ്റർ റാബിൻസണിന്റെ പക്കൽ നിന്നും വരുന്നതു കൊണ്ടു അതിനെ കുറെക്കൂടി ഗുണകരമായി ഞാൻ ആലോചിക്കാം. (ചിരി) മിസ്റ്റർ റാബിൻസൺ കർത്തവ്യബോധമുള്ള ഉദ്യോഗസ്ഥനാകകൊണ്ടു എനിക്കു അദ്ദേഹത്തിൽ വിശ്വാസമുണ്ട്; ഈ ൻവരെ രൂപ അനുവദിക്കാതിരിക്കുന്നപക്ഷം റിക്കാർഡുകളെ ശരിയാക്കുവണ്ണം തരം തിരിച്ചു വയ്ക്കുന്നതിനു നിവൃത്തിയില്ലെന്നു അദ്ദേഹം പരിതാപകരമായി പറയുന്ന സ്ഥിതിക്കു ഞാൻ കീഴടങ്ങണമെന്നു എനിക്കു തോന്നിപ്പോകുന്നു. ഇതു എന്റെ സ്വന്തമായിട്ടല്ല മിസ്റ്റർ ടി. കുമാരപിള്ള പറഞ്ഞതുപോലെ യാതൊരു അടിസ്ഥാനവുമില്ലാത്ത സമാധാനത്തിന്റെ വില മതിപ്പു കൊണ്ടല്ല; എന്നാൽ പ്രസ്തുത അപേക്ഷയിന്മേൽ ഉദ്യോഗസ്ഥന്റെ പക്കൽ നിന്നു വരുന്നുവോ ആ ഉദ്യോഗസ്ഥനെ വിശ്വസിക്കാമെന്നുള്ളതു കൊണ്ടാണ്. തൽക്കാലത്തേക്കു കീഴടങ്ങുകയും ഉപക്ഷേപം പിൻവലിക്കയും ചെയ്യുന്നു.

സഭയുടെ അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൪.

താഴെ കൊടുത്തിട്ടുള്ള ഉപക്ഷേപം ഹാജരാക്കിയില്ല.

ശ്രീ: സി. പി. കൊച്ചുകുഞ്ഞുപ്പിള്ള: ൪. ഡിവിഷൻ കച്ചേരികളിലുള്ള ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപ്പടി വകയിൽ നീക്കിവച്ചിട്ടുള്ള ൧൫,൦൦൦ രൂപയിൽ നിന്നു ൫൦൦ രൂപ കുറയ്ക്കുന്നുമെന്നു്.

ഉപക്ഷേപം ൫.

ശ്രീ: ജി. പരമേശ്വരൻ പിള്ള (നെയ്യാറ്റിൻകര): സർ, ഡിവിഷൻ കച്ചേരികൾക്കു നീക്കിവച്ചിട്ടുള്ള ൭൭,൫൭൫ രൂപയിൽ നിന്നു ൫൦൦ രൂപ കുറയ്ക്കുന്നുമെന്നുള്ള ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

സർ, മജിസ്ട്രേസിയെ റവന്യൂവിൽ നിന്നു വേർപ്പെടുത്തുന്ന സംഗതിയും നടപ്പിലിരിക്കുന്ന ജുഡീഷ്യൽ റിഫോമിന്റെ നിവൃത്തൽ ചെയ്യുന്ന സംഗതിയും ഗൗരവമായി ആലോചിക്കേണ്ട ആവശ്യകതയെപ്പറ്റി ഗവണ്മെന്റിന്റെ അറിവിൽ കൊണ്ടു വരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ എന്റെ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതു്. എക്സിക്യൂട്ടിവ് വകുപ്പിൽ നിന്നു ജുഡീഷ്യറിയെ വേർപ്പെടുത്തേണ്ട വിഷയത്തെപ്പറ്റി ക ൦ൻ ൫ ലാമാസത്തിൽ ഈ സഭയിൽ വച്ചു നല്ലതിനുണ്ണും പ്രതിപാദിച്ചിട്ടുള്ളതും ആ പ്രമേയത്തിന്റെ തത്വം നടപ്പിൽ കൊണ്ടു വരുന്നതിനു പ്രയോഗികമായിട്ടുള്ള ചില ബുദ്ധിമുട്ടുകളുണ്ടെന്നു അവർ പറഞ്ഞതുകിലും ആയതിനെ ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതും ആകുന്നു സബ് മജിസ്ട്രേസിയെ സംബന്ധിച്ചിടത്തോളം നെടുമങ്ങാടു, പത്തനംതിട്ട പത്തനാപുരം, മീനച്ചൽ, തൊടുപുഴ എന്നീ അഞ്ചു താലൂക്കുകളൊഴിച്ചു തഹശീൽദാരന്മാർ മജിസ്ട്രീരിയൽ ജോലി നോക്കി വരുന്നില്ലെന്നു പ്രസ്താവിക്കയുണ്ടായി. ഈ അഞ്ചു താലൂക്കുകളെ സംബന്ധിച്ചിടത്തോളം റവന്യൂ ജോലി അധികമില്ലെന്നും, മജിസ്ട്രീരിയൽ ജോലിയും അധികമില്ലെന്നും അതുകൊണ്ടു രണ്ടു ജോലികളും കൂടെ ചെയ്യുകൊള്ളുന്നതിനു അവരെ ആജ്ഞാപിച്ചിട്ടുണ്ടെന്നും പ്രസ്താവിക്കയുണ്ടായി. ഈ തത്വത്തെ സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്കു മേൽപ്പറഞ്ഞ അഞ്ചു താലൂക്കുകളെ സംബന്ധിച്ചിടത്തോളം അടിയന്തരമായ പ്രസ്തുത തത്വത്തെ നടപ്പിൽ കൊണ്ടുവരാതിരിക്കുന്നതിനു യാതൊരു കാരണവും ഞാൻ കാണുന്നില്ല. റവന്യൂ ജോലി വളരെ അധികമില്ലെന്നു പറയുന്നു. ലാഭം വരുത്തുന്നതിനു ഒരു നല്ലമാർഗ്ഗമുണ്ടു; ഈ താലൂക്കുകളിലുള്ള അസിസ്റ്റൻറ് തഹശീൽദാരന്മാരെ നിവൃത്തൽ ചെയ്യാമെന്നുള്ളതാകുന്നു; ഇവരെ നിയമിച്ചിട്ടുള്ള ശമ്പളം റവന്യൂജോലി സംബന്ധിച്ചുള്ള കെടുതിവു തീർക്കുന്നതിനാണെല്ലൊ. സാധാരണയുള്ള റവന്യൂ ജോലി അധികമില്ലെങ്കിൽ അസിസ്റ്റൻറ് തഹശീൽദാരന്മാരുടെ വകയിൽ ലാഭം ഉണ്ടാക്കാതിരിക്കുന്നതിനു യാതൊരു കാരണവും ഇല്ലാത്തതും അതുമൂലം റവന്യൂവിൽ നിന്നു മജിസ്ട്രേസിയെ വേർപ്പെടുത്താമെന്നുള്ളതുമാകുന്നു.

ഉയർന്തരം മജിസ്ട്രേട്ടുമാരെ സംബന്ധിച്ചിടത്തോളം ഇപ്പോഴുള്ള ഫുൾ ഡിവിഷൻ അസിസ്റ്റൻറുമാർ ചെയ്യുന്നതുപോലെ പുറമെ മൂന്നാംക്ലാസ് മജിസ്ട്രേട്ട അധികാരം ഉപയോഗപ്പെടുത്തുന്നുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ചില ഡിവിഷൻ അസിസ്റ്റൻറുമാരെ റവന്യൂജോലിക്കായും വയ്ക്കുണ്ട എന്നുള്ള ആവശ്യം നേരിട്ടിരിക്കുന്നു എന്നുള്ള ഗവൺമെൻറ് നമ്മോടു പറഞ്ഞിട്ടുള്ളതുകൊണ്ടും, അങ്ങനെ പ്രസ്താവിച്ചതു ഫാമിൻ ഇയർ കമ്മീഷൻ പ്രജാസഭയിൽവച്ചുണ്ടായ ദിവാൻറെ ഉപക്രമപ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.—

"കഴിഞ്ഞ ആണ്ടത്തെ എൻറെ ഉപക്രമപ്രസംഗത്തിൽ ക്രമപ്രാപ്തമായ ഖണ്ഡിച്ചിൽ പറഞ്ഞിരുന്ന റവന്യൂജോലിക്കും ജുഡിഷ്യൽ ജോലിക്കും പ്രത്യേകംപ്രത്യേകം ഡിവിഷൻ അസിസ്റ്റൻറുമാരെ നിയമിക്കണമെന്നുള്ള പദ്ധതി അവസാനഉത്തരവുകൊണ്ടു പുറപ്പെടുത്തുവാൻ പാകം വന്നിട്ടില്ലായിരുന്നു. എന്നാൽ അതു ഗവൺമെൻറിൻറെ ഗാഢമായ ശ്രദ്ധയിൽ ഇരിക്കയാണ്."

കോയ്മത്തിൻറെ അവസ്ഥയെപ്പറ്റി മജിസ്ട്രീയൽ ജോലിയിൽനിന്നും റവന്യൂജോലിയിൽനിന്നും ഡിവിഷൻ അസിസ്റ്റൻറുമാരെ വിടുവിക്കണമെന്ന ഗവൺമെൻറു വിചാരിക്കുന്നസ്ഥിതിക്കു ആ നയം നടപ്പിൽ വരുത്തുന്നതിൽ ഒട്ടും താമസിക്കരുതെന്നാണു എൻറെ പക്ഷം. ഇപ്രകാരം ഡിവിഷൻ അസിസ്റ്റൻറുമാരെ മേൽപ്പറഞ്ഞപ്രകാരം വിടുവിക്കുന്നപക്ഷം റവന്യൂജോലിക്കുമാത്രം അവരെ ഉപയോഗപ്പെടുത്തുന്നതിനു സാധിക്കുന്നതല്ല; ഇങ്ങനെ ചെയ്യുകയാണെങ്കിൽ വർഷത്തിൻറെ അവസാനഘട്ടത്തിൽ ഡിവിഷൻ അസിസ്റ്റൻറുമാർ പതിവിൽ കവിഞ്ഞതോതിലും സഞ്ചരിച്ചു അധികം ഹേതുവായി അവരുടെ സാധാരണ ജോലിക്കു വിഘ്നംവരുത്തി നടപ്പുള്ള ഇപ്പോഴത്തെ ക്രമം ബന്ധി ഏർപ്പാടു നിറുത്തൽ ചെയ്യുന്നതിനു സാധിക്കുന്നതാണ്. തങ്ങളുടെ മജിസ്ട്രീയൽ ജോലികളെ റവന്യൂ ഉദ്യോഗസ്ഥന്മാരായ ഡിവിഷൻ അസിസ്റ്റൻറുമാരിലൊന്നിനു എടുത്തുകളയുന്നപക്ഷം അവരുടെ ഡിസ്ട്രിക്ടുകളിൽ ക്ലേശം പലപ്പോഴും സഞ്ചരിച്ചു കുറെക്കൂടി തൃപ്തികരമാക്കുംവണ്ണം റവന്യൂജോലി അവർക്കു നടത്താവുന്നതാണ്. അതിനാൽ ഈ വിഷയത്തെപ്പറ്റി ഉടനടി ഗവൺമെൻറു ആലോചിച്ചു അവസാന ഉത്തരവുകൊടുപ്പാക്കേണ്ടതു അത്യാവശ്യമാണ്.

ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാരെ സംബന്ധിച്ചിടത്തോളം അവർ ഇപ്പോൾ അവരുടെ റവന്യൂജോലിയെടുക്കുന്നതിനാൽ ക്രിമിനൽ ജോലിയും നോക്കിവരുന്നു; ചില അപ്പീൽ സംബന്ധിച്ചുള്ള ജോലിയും ക്രിമിനൽ നടപടിനിയമത്തിലെ പ്രിവൻറീവ് വകുപ്പുകൊടുപ്രകാരം നടപടിനടത്തുന്ന ജോലിയും ആണ് അവർ ചെയ്യുന്നതു്. അന്യോദ്യോഗസ്ഥരംഗങ്ങളായ ഞങ്ങളിൽ ചിലർ പ്രസ്തുത വേർപെടുത്തൽ പ്രായോഗികമായി നടപ്പിൽ കൊണ്ടുവരുവാനായ ഒരു പദ്ധതി ഗ്രഹിക്കരിക്കാമെന്നു അപ്പോൾ നിർദ്ദേശിച്ചിരുന്നു. എന്നാൽ അതിനെ സംബന്ധിച്ചു വീണ്ടും ആലോചിക്കേണ്ടതായും അന്വേഷണം നടത്തേണ്ടതായും ഇരിക്കുന്നു. അക്കാര്യത്തെപ്പറ്റിയും ഗവൺമെൻറു ആലോചിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

പ്രധാനമായി ഒന്നാംക്ലാസ്സ് കേസുകളിൽ ഏർപ്പെട്ടിരിക്കുന്ന ഡിവിഷൻ അസിസ്റ്റൻറുമാരെ സംബന്ധിച്ചിടത്തോളം കാലതാമസത്തിനു ആവശ്യമില്ല. ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാരെ സംബന്ധിച്ചും പ്രിവൻറീവ് ജോലിയുടെ കാര്യത്തിൽ മറ്റു സ്ഥലങ്ങളിലെ ബ്രിട്ടീഷ് ഇൻഡ്യയിലെ ആക്ടുകളും പ്രസ്തുതനടപടിൽ കൊണ്ടുവരുന്നതിനു യാതൊരു പ്രതിബന്ധമായും നീണ്ടിട്ടാറുമില്ല. ആ ഗവൺമെൻറിനെ പ്രേരിപ്പിക്കുന്നതായ പലേ കാരണങ്ങളിൽ യാതൊന്നുംതന്നെ തിരുവിതാംകൂറിനെ ബാധിക്കുന്നില്ല. ക്രിമിനൽപടപടിയിലും തെളിവുനിയമത്തിലും പ്രത്യേകിച്ചും പ്രിവൻറീവ് വകുപ്പുകളും അനുസരിച്ചു മജിസ്ട്രേട്ടുമാർ ചെയ്യുന്നതായ ഉദ്യോഗങ്ങളുടെ ഗൗരവമാണു ഡിസ്ട്രിക്ട് ഉദ്യോഗസ്ഥന്മാരുടെ ചെയ്യുന്നതെന്നുള്ള അഭിപ്രായപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നു. ആ വിഷയത്തെപ്പറ്റി ഈ സഭയിൽ നല്ലതിനുള്ളം പ്രതിപാദിച്ചിട്ടുള്ളതും പ്രായോഗികപദ്ധതികളും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും ആകുന്നു. അഭിപ്രായങ്ങളെ ഈ പത്രമിറങ്ങിയ സമയത്തിനിടയിൽ അതിനെപ്പറ്റി വീണ്ടും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഇക്കാര്യത്തെപ്പറ്റി ഗവൺമെൻറു ഗാഢമായി ആലോചിക്കണമെന്നും നടപ്പിലിരിക്കുന്ന ഇപ്പോഴത്തെ ക്രമം നന്നായി എടുപ്പാടു നിറുത്തൽചെയ്യാൻ പാടില്ലയോ എന്നു നോക്കുന്നതിനും മജിസ്ട്രീയൽ ജോലികളെ ബുദ്ധിമുട്ടിപ്പിക്കാതെ റവന്യൂ ഉദ്യോഗസ്ഥന്മാർ അവരുടെ ജോലികളും കുറെക്കൂടി തൃപ്തികരമാക്കുംവണ്ണം വഹിക്കുന്നതിനു ഏർപ്പാടുകളും ചെയ്യുന്നതിനുംമാത്രം ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: കെ. കെ. തോമസ്സ് (കോട്ടയം): സർ, ജുഡിഷ്യൽ ജോലികളും എക്സിക്യൂട്ടീവ് ജോലികളും വേർപ്പെടുത്തേണ്ട സംഗതിയെപ്പറ്റി പ്രതിവാദിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇതുപോലെതന്നെ ഒരു ഉപക്ഷേപം ഞാനും അയച്ചിട്ടുണ്ട്. എന്നാൽ എൻറെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ള അതിനെപ്പറ്റി വളരെ സാമർത്ഥ്യത്തോടുകൂടി പ്രതിപാദിച്ചിരിക്കുന്ന സ്ഥിതിക്കു അതുസംബന്ധിച്ചു ചില കാര്യങ്ങളെപ്പറ്റി മാത്രമേ ഞാൻ പറയുന്നുള്ളൂ. റവന്യൂവിൻറെ പലേ അവസരങ്ങളിലും എക്സിക്യൂട്ടീവിൽനിന്നു ജുഡിഷ്യറിയെ വേർപ്പെടുത്തണമെന്നുള്ള തത്വത്തെ അനുവദിച്ചുതന്നിട്ടുള്ളതും അവർ "പോയുകൊള്ളുക" എന്നുള്ള തത്വത്തെ അനുസരിക്കുകയും സൂക്ഷിച്ചുകൊണ്ടിരുന്നതും ആകുന്നു. കണ്ണൻ മൺട്രോവിൻറെ കാലത്തുതന്നെ, അതായതു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ടുമാരായി തിരുമനസ്സിലെ കാലത്തു ജുഡിഷ്യൽ ജോലികളും റവന്യൂജോലികളും മുഴുവനെ വേർതിരിച്ചിട്ടുള്ളതും തഹശീൽദാരന്മാർ എന്നുള്ള നാമധേയം കൊടുത്തു കുറ്റക്കാരന്മാരെ വെറും റവന്യൂ ഉദ്യോഗസ്ഥന്മാരാക്കിയിട്ടുള്ളതും ആകുന്നു. കിഴക്കൻ പ്രദേശത്തു നടപ്പുള്ള ഏർപ്പാടിനെ കുറ്റവിവേചനംകൂടാതെ അനുകരിച്ചുകൊണ്ടാണു് തഹശീൽദാർ എന്ന ഉദ്യോഗസ്ഥനിൽ മജിസ്ട്രീയൽ ജോലിയും റവന്യൂജോലിയും കൂട്ടിച്ചേർത്തതെന്നു ഞാൻ മനസ്സിലാക്കുന്നു. ഈ തത്വത്തിൻറെ മാഹാത്മ്യം സമ്മതിച്ചു ആ വിഷയത്തിൽ ഗവൺമെൻറു ക്രമേണ മുമ്പോട്ടു പോകുന്നുണ്ട്. കേവലം ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരായ ബഞ്ചുമജിസ്ട്രേട്ടന്മാരും ഫൈംക്ലാസ്സ് സ്റ്റേഷനറിമജിസ്ട്രേട്ടന്മാരും നമുക്കിപ്പോഴുണ്ട്. ഇപ്പോഴും നശിച്ചുപോകാതെയിരിക്കുന്ന ആ ഏർപ്പാടിൻറെ അവശിഷ്ടങ്ങൾകൂടി തഹശീൽദാരന്മാരിലും ഡിവിഷൻ അസിസ്റ്റൻറുമാരിലും ദിവാൻപേഷ്കാർ ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാരിലും കാണുന്നുണ്ട്. മജിസ്ട്രേട്ടന്മാർ വെറും ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരായിരിക്കണമെന്നും എക്സിക്യൂട്ടീവ് ഭരണത്തിനോ അനീതിക്കോ അവർ പാത്രമായിരിക്കരുതെന്നുമാണ് ഈ അടുത്തകാലത്തു അഭിപ്രായപ്പെട്ടുണ്ടായതു് പ്രൈംമിനിസ്റ്റർ കമ്മീഷണറുടേയും പോലീസ് കമ്മീഷണറുടേയും മറ്റുള്ളവരുടേയും പക്കൽനിന്നു എക്സിക്യൂട്ടീവ് മേധാവികൾക്കു

പ്രതികൂലമായ റിപ്പോർട്ടുകൾ കിട്ടുന്നതോടുകൂടി മജിസ്ട്രേട്ടന്മാരെ തരംതാഴ്ത്തുകയോ അവരുടെ ഉദ്യോഗക്കയറ്റം തടുക്കയോ ചെയ്യുക എന്നുള്ളതു അപൂർവ്വമല്ല. പ്രോസിക്യൂട്ടരുടെ നിലയിൽ ഏവഞ്ചൽവെത്തിക്കുന്ന അവസരങ്ങളിൽ ന്യായം നടക്കാത്തതു അപൂർവമല്ല.

മജിസ്ട്രേട്ടന്മാർക്ക് എക്സിക്യൂട്ടീവ് ജോലികൾക്കിടയിൽ കൊടുക്കുന്നതിന്റെ അനൗചിത്യത്തെപ്പറ്റി ഈ ഉപക്ഷേപം ഹാജരാക്കിയ മാന്യൻതന്നെ പ്രതിപാദിക്കയുണ്ടായി. വിസ്താരത്തിനായി ഏതെങ്കിലും കേസ് വച്ചിരിക്കുന്ന ദിവസം വല്ല വലിയ ആളും ആ സ്ഥലം സന്ദർശിക്കുന്നതിനു വരികയോ അല്ലെങ്കിൽ സക്കീട്ടിനായോ ഇൻസ്പെക്ഷൻ ജോലിക്കായോ മജിസ്ട്രേട്ടിനു പോകേണ്ടിവരികയോ ചെയ്യാവുന്നതാണ്. അങ്ങിനെയുള്ള കാര്യങ്ങളിൽ കക്ഷികൾക്കും വക്കീലന്മാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒട്ടും ചില്ലറയല്ല. ഈ ന്യൂനതകളെല്ലാം മാറുന്നതിലേക്കു വേറും ഒന്നാംക്ലാസ് മജിസ്ട്രേട്ടന്മാരേയും ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരേയും നിയമിക്കാവുന്നതാണ്.

പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത സമുദായക്കാരെ റവന്യൂഡിപ്പാർട്ടുമെന്റിൽ ഉദ്യോഗങ്ങളിൽ നിയമിക്കുന്നതിനെപ്പറ്റി എനിക്കു ചിലതു പറയാനുണ്ട്. പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത സമുദായക്കാർക്ക് ജോലികൊടുക്കുന്ന സംഗതിയിൽ മിസ്റ്റർ റാബിൻസൺ അനുവേചിച്ചുപോരുന്ന ബുദ്ധിമുട്ടുകളെപ്പറ്റി അദ്ദേഹം പറയുണ്ടായി. അപ്പോഴപ്പോഴുണ്ടാകുന്ന ഒഴിവുകളിൽ പകരം ജോലി നോക്കിയിട്ടുള്ള ആളുകളേയൊ അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റിലുള്ള മറവു വല്ല ഉദ്യോഗസ്ഥന്മാരേയൊ നിയമിക്കേണ്ടിയിരിക്കുന്നു എന്നു അദ്ദേഹം പറഞ്ഞു. എന്നാൽ പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത വർഗ്ഗക്കാർക്ക് റവന്യൂഡിപ്പാർട്ടുമെന്റിൽ ന്യായമായി കിട്ടേണ്ട ഉദ്യോഗങ്ങൾ അവർക്കു കിട്ടുന്നില്ലെന്നുള്ള വസ്തുത പൊതുജനങ്ങളെ പ്രാകുലപ്പെടുത്തുന്നുണ്ട്. ഈ തെറ്റിനെ പരിഹരിച്ചു ഈ ഡിപ്പാർട്ടുമെന്റിൽ ശരിയാംവണ്ണം പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത സമുദായക്കാർക്ക് പ്രവേശനം നൽകേണ്ട ആവശ്യകതയെപ്പറ്റി ഗവണ്മെന്റിനെ അറിയിച്ചുകൊള്ളുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയെ പിൻതാങ്ങിക്കൊള്ളുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ആഭ്യന്തരനികുതിയും കമ്മിഷണർ): റവന്യൂഡിപ്പാർട്ടുമെന്റിൽനിന്നു മജിസ്ട്രേസിയെ വേർപെടുത്തുന്നകാര്യം സംബന്ധിച്ചിടത്തോളം അതിലേയ്ക്കുള്ള പദ്ധതി ഗവണ്മെന്റിന്റെ ആലോചനയിലിരിക്കയാണെന്നാണ് എന്റെ വിശ്വാസം. ഡിപ്പിഷൻ അസിസ്റ്റന്റുമാരെപ്പറ്റി ഞാൻ ഇപ്പോൾതന്നെ ചില ശുപാർശകൾ ഗവണ്മെന്റിലേക്കു സമർപ്പിച്ചിട്ടുള്ളതും അവ ആലോചനയിലിരിക്കുന്നതുമാകുന്നു. നെടുമങ്ങാട്ടും മീനച്ചിൽ മുതലായ മറവുചില സ്ഥലങ്ങളിലുമുള്ള തഹശിൽദാരന്മാരുടെ ജോലി ലഘൂകരിക്കുന്നകാര്യം ഗവണ്മെന്റു ആകുന്നിടത്തോളം വേഗത്തിൽ ആലോചിക്കുന്നതാകുന്നു. ഇതുസംബന്ധിച്ചു ചില ബുദ്ധിമുട്ടുകളുണ്ട്. എന്നാൽ അവയ്ക്കു ഒരു പരിഹാരമുണ്ടാകുമെന്നു എനിക്കു തോന്നുന്നു.

തിരുവിതാംകൂറിലെ ജന്മബന്ധിയെപ്പറ്റി അധികമൊന്നും പറഞ്ഞിട്ടില്ലെന്നു ഞാൻ കാണുന്നു. തിരുവിതാംകൂറിൽ ഇതു തെറ്റായി കൊടുത്തിട്ടുള്ള ഒരു പേരാണ്. ഇവിടെയുള്ള ജന്മബന്ധി ബ്രിട്ടീഷ്ഇൻഡ്യയിലുള്ളതുപോലെയല്ല. ബ്രിട്ടീഷ്ഇൻഡ്യയിൽ റവന്യൂ സംബന്ധിച്ചും മറവു ചില്ലറകാര്യങ്ങളും സംബന്ധിച്ചുമുള്ള ഗ്രാമങ്ങളുടേയും താലൂക്കുകളിലേയും കണക്കുകൾ തയ്യാറാക്കുന്നതിലും സംരക്ഷിക്കുന്നതിലുമാണ് പ്രധാനമായി ശ്രദ്ധ പതിയുന്നതു്. എന്നാൽ തിരുവിതാംകൂറിൽ ഗ്രാമങ്ങളിൽ കാലക്കുട്ടി വച്ചിട്ടുള്ള കണക്കുകൾ പരിശോധിക്കുമാത്രമാണ് ചെയ്യുന്നതു്. അതു വാസ്തവത്തിൽ ഒരു പരിശോധനമാത്രമാണ്. പൂർവകാലങ്ങളിൽ ഓരോ ഉദ്യോഗസ്ഥനും അദ്ദേഹത്തിന്റെ താലൂക്കിൽ ഒരു വ്യത്യസ്തമായ രീതിയിൽ പരിശോധന നടത്തുകയും ചില കണക്കുകളെ പരിശോധിക്കാതെയിരിക്കയും ചെയ്തിരുന്നതുകൊണ്ടാണ് ജന്മബന്ധി നിറുത്തൽചെയ്യാൻ പാടില്ലെന്നു ഞാൻ വാദിക്കുന്നതു്. ജന്മബന്ധി പരിശോധന എന്നു നാം പറയുന്ന ഏർപ്പാടിൽ അനേകം പ്രധാന കാര്യങ്ങൾകൂടി ഉത്തരം പറയേണ്ടതും അവയെല്ലാം നാം ആലോചിക്കേണ്ടതും ആകുന്നു. ഇപ്പോൾ കുറെക്കൂടി തൃപ്തികരമായ പരിശോധനകളുള്ളതും പ്രസ്തുത ജോലി നവീനസമ്പ്രദായത്തിൽ വന്നുകൊണ്ടിരിക്കുന്നതുമാകുന്നു. ഒരു കേസു തീർച്ചചെയ്യുന്നതിനു അനേക കൊല്ലങ്ങൾ വേണ്ടിവന്നിരുന്നു എന്നുള്ളതു പൂർവകാലങ്ങളിലെ ഒരു സാധാരണ ഏർപ്പാടായിരുന്നു. ഒരു കേസു തീർച്ചചെയ്യുന്നതിനു പത്തുകൊല്ലത്തോളം വേണ്ടിവന്നു എന്നു എനിക്കറിയാം. എന്നാൽ പുതിയ ഏർപ്പാടനുസരിച്ചു അപേക്ഷകളെ വളരെ ശീഘ്രമായി തീർച്ചചെയ്യുന്നു. അതുകൊണ്ടു നാം ജന്മബന്ധി എന്നു നാമകരണംചെയ്തിരിക്കുന്ന ഏർപ്പാടു ഇടരേണ്ടതാണെന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത സമുദായങ്ങളിൽ ഉൾപ്പെട്ട ആളുകളെ ഡിപ്പാർട്ടുമെന്റിൽ കൂടുതലായി നിയമിയ്ക്കണമെന്നതാണെന്നു മിസ്റ്റർ കെ. കെ. തമ്മസ്സ് പറഞ്ഞതായി ഞാൻ ഓർക്കുന്നു. ഇതു സംബന്ധിച്ചുള്ള ബുദ്ധിമുട്ടുകളെപ്പറ്റി ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിലുള്ള ആളുകൾ മരിയ്ക്കുകയോ, ജോലി വിടുകയോ ഇനിയും ആളുകളെ കുറയ്ക്കാതിരിക്കയോ ചെയ്യാത്തപക്ഷം ഈ വർഗ്ഗക്കാരെയെല്ലാം നിയമിക്കുന്നതിനു വളരെ പ്രയാസമാണ്. ഞാൻ പറഞ്ഞ ഇക്കാരണങ്ങളെ ആലോചിച്ചു ഉപക്ഷേപത്തെ ഹാജരാക്കുന്നതിനു മെമ്പരോടു ഞാൻ അപേക്ഷിക്കുന്നു. ഇതിനപ്പുറമെ ആണ്ടവസാനത്തിൽ സാദ്ധ്യം ചില ചിലവുകൾ നേരിടുമ്പോൾ ൨൦൦ രൂപയോ ൩൦൦ രൂപയോ ഞങ്ങൾ സ്വീകരിക്കുമെന്നുള്ളതാകുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മജിസ്ട്രേസിയെ വേർപ്പെടുത്തുന്നതിനുള്ള പദ്ധതി ആലോചനയിലിരിക്കയാണെന്നു അറിഞ്ഞിട്ടു കാലം കുറെയായി. എന്നാൽ ഇതുവരയ്ക്കും അതിന്റെ അവസാനം കണ്ടിട്ടില്ല. ഇനി കൂടുതൽ താമസംകൂടാതെ ഗവണ്മെന്റിന്റെ പദ്ധതി എന്താണെന്നു അറിയുന്നതിനു ഞങ്ങൾ വളരെ ആഗ്രഹിക്കുന്നു. ജന്മബന്ധി ഇടരുന്നതിന്റെ ആവശ്യകതയെപ്പറ്റി വീണ്ടും ആലോചിക്കുന്നതിനുംകൂടി ഞാൻ ഈ സഭയോടു അപേക്ഷിക്കുന്നു. ഈ വിമർശനങ്ങളോടുകൂടി ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

അദ്ധ്യക്ഷൻ: ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നതായി ഞാൻ വിചാരിക്കട്ടെ? അങ്ങനെവാളപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നം-൩൯

താഴെപ്പറയുന്ന ഉപക്ഷേപങ്ങളും ഹാജരാക്കപ്പെട്ടില്ല.

ശ്രീ: കെ. ജെ. തോമസ്.

നം. ഡിവിഷൻകച്ചേരികൾക്കുള്ള നീക്കിവച്ചിട്ടുള്ള ൭൭,൦൦൦ രൂപയിൽ നിന്നും ൫൦൦ രൂപ കുറയ്ക്കണമെന്നു.

ശ്രീ: സി. പി. തരകൻ:

൭. ഡിവിഷൻകച്ചേരികൾക്കുള്ള നീക്കിവച്ചിട്ടുള്ള ൭൭,൦൦൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണമെന്നു.

ഉപക്ഷേപം വ.

ശ്രീ: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നതിനു ഞാൻ വിചാരിക്കുന്നു.

എസ്റ്റാബ്ലിഷ്മെൻറിനു നീക്കിവച്ചിട്ടുള്ള ൯൫,൯൫൫ രൂപയിൽനിന്നും ൭,൫൦൦ രൂപ കുറയ്ക്കണമെന്നു.

താലൂക്കകച്ചേരികളുടെ സംഗതിയിൽ ഇപ്പോൾ തഹശീൽദാരന്മാർക്ക് വേണ്ടുവോളം ജോലിയില്ലെന്നുപറയപ്പെടുന്നു. മജിസ്ട്രേട്ടജോലികൾകൂടി തങ്ങൾതന്നെ ചെയ്തുകൊള്ളാമെന്നു അവരിൽ ചിലർ പറയുകകൂടി ചെയ്യുന്നുണ്ട്. ഈ അടുത്തകാലത്തു താലൂക്കകച്ചേരികളിൽ ഓരോന്നിലും അവരുടെ ക്ലാർക്കുകളിൽ ഒന്നുവീതം കുറയ്ക്കുന്നതു ആശാസ്യകരമായിരിക്കുമെന്നു എനിക്കുതോന്നുന്നു. ഹെഡ്അക്കൗണ്ടൻറും ഹെഡ്ക്ലാർക്കും ഉൾപ്പെടെ ഓഫീസകച്ചേരിയിലും ശരാശരി ഏഴു ക്ലാർക്കുകൾവീതം ഉണ്ട്. ആറു ക്ലാർക്കുകൾ മതിയാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇക്കാരണംകൊണ്ടു താലൂക്കകച്ചേരികളിലെ എസ്റ്റാബ്ലിഷ്മെൻറിനുള്ള തുകയിൽനിന്നു ൭,൫൦൦ രൂപ കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ആളോയനികുതിയും കമ്മീഷണർ): സർ, ഈ ഇനത്തിൽ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള നൂറു,നൂറുറുപ സംസ്ഥാനത്തൊട്ടുക്കുള്ള സിൽബന്ധികളുടെ സമ്പളമാണ്. ൫൪ മുതൽ ൪൦ രൂപ വരെയുള്ള ൩൯ ക്ലാർക്കുകൾ. ൫൦ മുതൽ ൫൦ വരെയുള്ള ഏന്നൂറു ക്ലാർക്കുകൾ. ൫൪ രൂപയിലുള്ള ൫൪ പകർപ്പെഴുത്തുകാർ. ൫൭ രൂപയിലുള്ള രണ്ടു നോട്ടക്കാർ.

ഇതു കൂടാതെ ൫൦ താലൂക്കകച്ചേരികളിലുള്ള മൊത്തം ക്ലാർക്കുകളുടെ സംഖ്യയെ കുറിച്ചുന്നു. വാസ്തവത്തിൽ ആവശ്യമുള്ളതിനെ പരിഗണിച്ചാണ് പരിഷ്കരണമയത്തു ഓരോ ആഫീസിലും ക്ലിപ്തപ്പെടുത്തിയിട്ടുള്ള സിൽബന്ധികൾ. ഈ ഡിപ്പാർട്ടുമെൻറു പരിഷ്കരിച്ചുകഴിഞ്ഞിട്ടു അധികകാലമായിട്ടില്ല. പരിഷ്കാരത്തിനുശേഷം സിൽബന്ധികളില്ലാത്തതുകൊണ്ടു ജോലിനടക്കാത്ത പലേ താലൂക്കകച്ചേരികളും കൂട്ടത്തിൽ സിൽബന്ധികൾ വേണമെന്നു ദിവാൻപേഷ്കാരന്മാർ തുടച്ചയായി അപേക്ഷിച്ചുകൊണ്ടിരിക്കയാണ്. വളരെ കൂട്ടത്തിൽ ജോലിയില്ലാത്ത ആഫീസുകളിൽനിന്നു വളരെ അധികം ജോലിയുള്ള ആഫീസുകളിലേക്കു സിൽബന്ധികളെ മാറ്റുന്നതിനു ഞങ്ങൾ പലപ്പോഴും ശ്രമിച്ചു. ഇതു ഫലപ്രദമായി പരിണമിച്ചില്ല. ഇതിനുംപുറമെ പീരിമേട്ടിലുള്ള ഡിവിഷൻ അസിസ്റ്റൻറിൻെറ ആഫീസ് നിർത്തൽ ചെയ്തതോടുകൂടി പീരുമേടു തഹശീൽദാരുടെ ജോലി വർദ്ധിച്ചിട്ടുള്ളതും അപ്രകാരം ഉണ്ടായിട്ടുള്ള കൂട്ടത്തൽജോലി നിർവഹിക്കുന്നതിനു രണ്ടു ക്ലാർക്കന്മാരെയും രണ്ടു പകർപ്പെഴുത്തുകാരേയുംകൂടി അനുവദിക്കുന്നതിനു ഗവണ്മെണ്ടിനോടു അപേക്ഷിച്ചിരിക്കയാണ്. ഒരു തഹശീൽദാരുടെ ജോലി അധികമുണ്ടെന്നും അയാളെ ബുദ്ധിമുട്ടുള്ളതാണെന്നും കാലതാമസം അത്ര അസാധാരണയായിപ്പോകുന്നും ഈ സഭയ്ക്കു അറിയാമെന്നുള്ളതാണ്. ജോലി അനുസരിച്ചുള്ള സിൽബന്ധികളില്ലെന്നാണു ഞാൻമിക്ക ആഫീസുകളിലും കണ്ടുവരുന്നതു. റവന്യൂക്കാര്യങ്ങളിൽ വേണ്ടവണ്ണം ശ്രദ്ധ പതിയുന്നതിനു ക്ലാർക്കന്മാർക്കു സമയമില്ല. എന്നാൽ ദേവസ്വം വിളംബനം നടപ്പിൽവന്നതുകഴിഞ്ഞതുകിലും ക്ഷേത്രങ്ങളിൽ നടക്കുന്ന എല്ലാ ഉത്സവങ്ങളിലും അവർ പംക്തികാരുള്ളതുതായിട്ടുണ്ട്. തിരുവനന്തപുരം ക്ഷേത്രത്തിൽ നടന്നുകഴിഞ്ഞ തിരുമാസം അടിയന്തിരസമയം യാതൊരു റവന്യൂജോലികളും വസ്സുവത്തിൽ നടക്കാതാണിരുന്നിട്ടുള്ളതു്. അടിയന്തിരകാലത്തു നെടുമങ്ങാട്ടുതാലൂക്കിൽ ഞാൻ സഞ്ചരിച്ചുപോയിട്ടുണ്ടായിരുന്നു. അപ്പോൾ സിൽബന്ധികളെല്ലാം തിരുമാസമടിയന്തിരത്തിൽ ഏർപ്പെട്ടിരുന്നതുകൊണ്ടു ആഫീസ് പരിശോധിക്കുന്നതിനു ഞാൻ വളരെ ബുദ്ധിമുട്ടി. സംസ്ഥാനഅതിഥികൾ വന്നു ചേരുമ്പോൾ അവരുടെ താമസത്തിനുള്ള സ്ഥലസൌകര്യം ആഹാരംമുതലായ സംഗതികൾക്കു ക്ലാർക്കന്മാർ ഏർപ്പാടു ചെയ്യേണ്ടതായിട്ടുണ്ട്. റവന്യൂഡിപ്പാർട്ടുമെൻറിലെ ക്ലാർക്കന്മാർതന്നെ മറ്റു ഡിപ്പാർട്ടുമെൻറുകളിലെ റവന്യൂ പിരിയ്ക്കണം. കൂട്ടത്തൽ ആളുകളെ തരാതരപക്ഷം ഞങ്ങൾക്കു കഴിച്ചുകൂട്ടുന്നതിനു വളരെ പ്രയാസമാണ്. ഇതിനുദാഹരണമായി ഓവുള്ളപ്പോക്കം സംബന്ധിച്ചുള്ള ജോലിയിൽ താലൂക്ക ഉദ്യോഗസ്ഥന്മാരെക്കൊണ്ടു അതികഠിനമായി ജോലിചെയ്യിപ്പിച്ചു. എല്ലാജോലികളിലും റവന്യൂഡിപ്പാർട്ടുമെൻറിനു ഒരു പംക്തിയുണ്ട്. ഇതു ദിവസേന കൂടിയാണ വരുന്നതു. ഈ സംഗതി എല്ലാവർക്കും അറിയാമെന്നുള്ളതാകുന്നു. ഇപ്രകാരം കൂട്ടത്തൽ ജോലി ചെയ്യുതീർക്കുന്നതിനു കൂട്ടത്തൽ സിൽബന്ധികളെ തരാതരപക്ഷം ജോലിയിൽ കുടിശിക ഉണ്ടാക്കുന്നതാണു. അതിനാൽ ഉപക്ഷേപം ഹാജരാക്കരുതെന്നു ഞാൻ മന്ത്രിയോടു അപേക്ഷിക്കുന്നു. താലൂക്കആഫീസുകളെപ്പറ്റി നല്ല അറിവുള്ള ഈ സഭയിലെ മെമ്പറന്മാർ താലൂക്കആഫീസുകളിൽ ആവശ്യമുള്ളടത്തോളം സിൽബന്ധികളില്ലെന്നു സമ്മതിക്കുമെന്നു എനിക്കു തീർച്ചയുണ്ട്.

തഹശീൽദാർന്മാരുടെ കായ്ത്തിൽ അവർക്കു വേണ്ടുവോളം ജോലിയില്ലാത്തതുകൊണ്ടല്ലേ അവർ മജിസ്ട്രീരിയൽ ജോലികൂടി നോക്കുന്നതു്. ആ ഏർപ്പാടു ആദായകരമാകകൊണ്ടാണു അങ്ങിനെ ചെയ്യുന്നതു്. മറ്റു മന്ത്രിക ജോലിയും അവരെ ഏൽപ്പിക്കുന്നുണ്ട്. ഇക്കാരണങ്ങളാൽ മെമ്പർ ഉപക്ഷേപത്തെ പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: ജി. രാമൻനായർ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉപക്ഷേപം പിൻവലിക്കുന്നതിന് എനിക്കനുവാദമുണ്ടോകണമെന്ന് അപേക്ഷിക്കുന്നു.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം 8.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): താഴ്ന്നുവരുന്ന ഉപക്ഷേപം ഭാരമാക്കുന്നു. ചന്തകളെ നന്നാക്കുന്ന ഇനത്തിൽ ചന്തകളിലെ താണതരം ജീവനക്കാർക്കുള്ള ശമ്പളത്തിനായി നീക്കിവച്ചിട്ടുള്ള ന്യൂനപക്ഷം രൂപ എടുത്തുകളയണമെന്നു.

ഇപ്പോൾ ചില ചന്തകളും ചില കടകളും ശുചിയായി വയ്ക്കാനാണ് ഉപയോഗിക്കുന്നതെങ്കിൽ അതിലേക്കു താണതരം ജീവനക്കാരെ എനിക്കു കേൾക്കുന്നില്ല. കൺട്രാക്ട് കൊടുക്കുമ്പോൾ അവരെക്കൊണ്ടു എഴുതിവയ്ക്കുന്നതിനു ചന്തകൾ വൃത്തിയാക്കിവയ്ക്കണം എന്നുകൂടി എഴുതിവയ്പിച്ചാൽ മതി. അല്ലാതെ പണം ചിലവാക്കുന്നതായാൽ ഇപ്പോഴും ചില മുനിസിപ്പാലിറ്റികളിൽ വന്നിരിക്കുന്ന ദോഷം ഇതിനും വന്നുചേരും. അതായതു പൊതുജനങ്ങളുടെ പണംവാങ്ങിച്ചിട്ടു അങ്ങോട്ടു ഒന്നും ചെയ്യാൻ സാധിക്കയില്ല. കുറെ ശമ്പളക്കാർക്കു മുനിസിപ്പാലിറ്റിയിൽനിന്നും ശമ്പളംമാത്രം കൊടുക്കുന്നു. അതുപോലെ ഈ ചന്തകളുടെ സ്ഥിതിയും വന്നുചേരും. ഈ സർക്കാർ ചന്തകളിലെല്ലാം ഒരോ ആളിനെ നിയമിക്കുന്നതായാൽ അതിലുള്ള ഭൂരിപക്ഷം പണവും ഇതിലെക്കു ചിലവാക്കേണ്ടിവരും. അതുകൊണ്ടു ഈ പണം ചിലവാക്കുന്നതു ദുർവ്യയമാണെന്നാണ് എന്റെ അഭിപ്രായം.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരനികുതിയും കമ്മീഷണർ): സർ, സംസ്ഥാനത്തിലെ പലചന്തകളേയും ശുചിയായും വൃത്തിയായും വച്ചുകൊണ്ടിരിക്കുന്നതിനാണ് ഈ പണംതന്നെ അധികം ചോദിച്ചിട്ടുള്ളതു്. എന്തു ചെലവുചെന്നാലും ശുചിയായും വൃത്തിയായും വയ്ക്കേണ്ട ഒരു സ്ഥലമാണു ചന്ത. ചന്തഗ്രാമപ്രദേശത്തിന്റെ പ്രവർത്തനം ഇപ്പോൾ ആരംഭിച്ചിട്ടേയുള്ളു. എല്ലാ ചന്തകളേയും തൃപ്തികരമായ ഒരു രീതിയിൽ കൊണ്ടുവരുന്നതുവരെ അവയിൽനിന്നുകിട്ടുന്ന വരവിന്റെ ഒരു ചെറിയ അംശം അവയുടെ പരിഷ്കാരത്തിനായി ചിലവുചെയ്യുന്നതിനു സഭ ഒരിക്കലും ശങ്കിക്കരുതെന്നാണ് എനിക്കു തോന്നുന്നതു്. ചന്തകളിൽനിന്നു സാരമായ മുതലെടുപ്പു നമുക്കു കിട്ടുന്നുണ്ടു്. അവയെ വൃത്തിയായും ശുചിയായും വച്ചുകൊണ്ടിരിക്കുന്നതിനു ഒരു ചെറിയ സംഖ്യമാത്രമെ ഞാൻ ആവശ്യപ്പെടുന്നുള്ളൂ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ചന്തകളിലെ താണതരം സിൽബന്ധികളെ പരിശോധിക്കുന്നതിനു ആരുപോകുന്നുണ്ടു്.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരനികുതിയും കമ്മീഷണർ): താഴെനിൽക്കാർ.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താണതരം ജീവനക്കാരെ ആഫീൽഡുദ്യോഗസ്ഥന്മാർ പരിശോധിക്കയോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരനികുതിയും കമ്മീഷണർ): ഞങ്ങൾക്കു എത്രപേരുണ്ടെന്നു പറയുന്നതിനെപ്പറ്റി എനിക്കറിവില്ലാത്തതുകൊണ്ടു ഏതെങ്കിലും വലുതായപേക്ഷതി ഏർപ്പെടുത്തുന്നതിനു ഞാൻ നിർദ്ദേശിക്കുന്നില്ല. മിസ്റ്റർ ടി. കുമാരപിള്ള നിർദ്ദേശിക്കുന്നതുപോലെ പാട്ടക്കാരെ ചന്തകളെ വൃത്തിയായിവച്ചുകൊള്ളണമെന്നു കാണ്ട്രാക്ടിൽ ഒരു ഖണ്ഡം ചേർത്താൽ നമ്മുടെ ഉദ്ദേശം സാധിക്കുന്നതാണ്. അക്കാര്യത്തെപ്പറ്റി ഞാൻ ഇതുവരെ ചിന്തിച്ചിട്ടില്ല. ഏതെങ്കിലും നിർദ്ദേശങ്ങൾ ഹാജരാക്കുന്നപക്ഷം ഞങ്ങൾ വളരെ നന്ദിയുള്ളവരായിരിക്കും. അങ്ങനെ സംബന്ധിച്ചു എനിക്കു ചെയ്യാവുന്നിടത്തോളം ഞാൻ ചെയ്യാം.

മി: കെ. നാരായണൻ പണ്ടാല (അ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എന്റെ സ്നേഹിതൻ ഹാജരാക്കിട്ടുള്ള ഉപക്ഷേപത്തെപ്പറ്റി എനിക്കു ഒന്നുരണ്ടു വാക്കുകൾ പറയേണ്ടതായിട്ടുണ്ടു്. കുറെകൊല്ലം ഞാനും ജീവാൻപേഷ്കാരായിരുന്നിട്ടുണ്ടു. ഈ ചന്തകളുടെ വാസ്തവത്തിലുള്ള പ്രവർത്തനത്തെപ്പറ്റി എനിക്കറിയാം. ഈ ചന്തകൾ തഹശീൽദാരന്മാരുടെ നിയന്ത്രണത്തിലും പരിശോധനയിലും ഇരിക്കയാണു. രണ്ടുതരങ്ങളിലാണ് ചന്തകൾ; അതായതു പബ്ലിക്കു ചന്തകളും, കുടിവക ചന്തകളും. പബ്ലിക്കുചന്തകൾക്കുമാത്രമെ താണതരംജീവനക്കാരെ നിയമിക്കുന്നുള്ളൂ. നിയമപ്രകാരം ഈ ചന്തകളെ ശുചിയായും വൃത്തിയായും വച്ചുകൊണ്ടിരിക്കുന്ന ചുമതല ഗവണ്മെന്റിലാണു് സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു ചന്തകളെ ശുചിയായി വച്ചുകൊണ്ടിരിക്കേണ്ട ജോലി പാട്ടക്കാരെ ഏൽപ്പിക്കുന്നതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കഴിഞ്ഞകൊല്ലത്തിൽ താണതരം ജീവനക്കാർക്കു പ്രതിഫലം കൊടുക്കുന്നതിനു എത്രപണം ചിലവാക്കിയെന്നു ചീഫ്സെക്രട്ടറിയുടെ പക്കൽനിന്നു അറിഞ്ഞാൽകൊള്ളാം.

മി: കെ. നാരായണൻ പണ്ടാല (അ: ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ശുക ഇന്നതാണെന്നു കൃത്യമായി പറയുന്നതിനു ഇപ്പോൾ-എനിക്കു സാധിക്കയില്ല

ചന്തകളെ വൃത്തിയാക്കുന്നതിനു മാത്രമല്ല കക്കൂസുകൾ മുതലായവയെ വൃത്തിയാക്കി വയ്ക്കുന്നതിനും കൂടിയാണ് ഈ താണതരം ജീവനക്കാരെ നിയമിച്ചിരിക്കുന്നതു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ചാറ്ററയിനംമറ്റും ഉള്ളതായി വല്ല ചന്തകളും തിരുവിതാംകൂറിലുണ്ടോ?

മി: കെ. നാരായണൻപണ്ടാല (അ: ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഉണ്ടു്. കൊങ്ങന്നൂരിൽ ഒരു ചന്തയുണ്ടു്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ചന്തകളെ ശുചിയായി വച്ചുകൊണ്ടിരിക്കാൻ പാട്ടക്കാരോടു ആവശ്യപ്പെടാൻ പാടില്ലെന്നു വല്ല വ്യവസ്ഥയും റൂളുബുക്കിൽ ഉണ്ടോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. നാരായണൻപണ്ടാല (ആ: ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഈ ചുമതല പാട്ടക്കാരുടെമേൽ ചുമത്തുന്നതു ന്യായമാണോ എന്നുള്ളതു് ആലോചിക്കേണ്ട ഒരു കാര്യമുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഗവണ്മെന്റാ പാട്ടക്കാരൊ ചന്തകൾ നടത്തുന്നതു്?

മി: കെ. നാരായണൻപണ്ടാല (ആ: ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): പിരിവിലേക്കായി ഈ പാട്ടക്കാരെ ഏർപ്പെടുത്തുകയും തഹശീൽദാരന്മാർ ചന്തയെ പരിശോധിക്കയും നിയന്ത്രിക്കയും ചെയ്യുന്നു. ചന്തകളുമായിബന്ധപ്പെട്ട ചട്ടങ്ങളിലെ പ്രധാനപ്പെട്ട ചട്ടം താഴെപ്പറയുന്നപ്രകാരമാണു,—

"ചന്തകളിൽ കൂടിക്കൂടുന്നതിനും കഴിക്കുന്നതിനും ധാരാളം നല്ലവെള്ളം കിട്ടുന്നതിനും നല്ലതായകക്കൂസിനും ജനങ്ങൾ ശരിയായവിധത്തിൽ ഒഴിഞ്ഞുപോകുന്നതിനുമുള്ള ഏർപ്പാടുകൾ ഗവണ്മെണ്ടിൽനിന്നു ചെയ്യേണ്ടതാകുന്നു."

മി: ചാ. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശുചികരണജോലി ഗവണ്മെണ്ടുതന്നെ ചെയ്യണമെന്നു കാൺട്രാക്ടിൽ വല്ലവ്യവസ്ഥയുണ്ടോ?

മി: കെ. നാരായണൻപണ്ടാല (ആ. ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഇല്ല.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പറും ഡിപ്പുട്ടിപ്രസിഡണ്ടും): ഈ ചന്തകളെ പാട്ടത്തിനു കൊടുക്കുന്നതു കരംപിരിക്കുന്നതിനുമാത്രമാണെന്നു ചീഫ്സെക്രിട്ടറിയിൽനിന്നു ഞാൻ മനസിലാക്കട്ടെ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആളിനാണു പാട്ടം കൊടുക്കുന്നതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): തങ്ങൾതന്നെതാനെ വന്നു ലേലത്തിൽ പങ്കുകൊള്ളുന്ന കുത്തകക്കാരുണ്ടെന്നു ഞാൻവിചാരിക്കുന്നു. അപ്രകാരമാണെങ്കിൽ അവർതന്നെ തുകയും കരവും പിരിക്കുന്നു. ഒരുപക്ഷേ അവർ ചിലപ്പോൾ ആളായംകൂടി എടുക്കുന്നുണ്ട്.

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): അവർ അങ്ങനെ ചെയ്യുമെന്നുചെയ്യുന്നതായൊ ഇരിക്കാം.

മി: കെ. കെ. താമസ്സ് (കോട്ടയം): മുനിസിപ്പൽ അതൃത്തികളിലുൾപ്പെട്ട ചന്തകൾക്കും ഇതു ബാധിക്കുന്നുണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രിട്ടറി): മുനിസിപ്പൽ അതൃത്തികളിലുൾപ്പെട്ട ചന്തകളെ റഗ്ലേഷൻ ബാധിക്കുന്നില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കൗൺസുപ്രകാരം ചന്തകൾ തന്നാക്കിയതിനുശേഷമല്ലെ മീനിയൽസിനെ ഏർപ്പെടുത്തുന്നതു്?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രിട്ടറി): അതെ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആയിരം രൂപാ ചിലവിനു നിശ്ചയിച്ചിട്ടുള്ളതു് ഏതു ചന്തകൾക്കാണു്.

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രിട്ടറി): കഴിൻ അവസാനത്തിൽ കഴക്കൂ പബ്ലിക്ക ചന്തകൾ ഉണ്ടായിരുന്നു. അതിനുശേഷം അവയുടെ എണ്ണം വർദ്ധിച്ചിരിക്കണം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആ ചന്തകളിൽ വല്ല വേലകളും ചെയ്തിട്ടുണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രിട്ടറി): പ്രാധാന്യമില്ലാത്ത പരിഷ്കാരങ്ങളും ഏർപ്പെടുത്തുന്നതിനുമുമ്പിൽ ശുചീകരണജോലികളും ചെയ്യേണ്ടതായിട്ടുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ റഗ്ലേഷൻ എപ്പോഴാണു നടപ്പിൽവന്നതു്?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രിട്ടറി): കുറച്ചുകൊല്ലങ്ങൾക്കു മുമ്പുമാത്രമെ ചട്ടങ്ങളും ഏർപ്പെടുത്തിയുള്ളൂ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): റഗ്ലേഷൻമാത്രം കൊണ്ടാണൊ ഇതുവരെ നടന്നതു്?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രിട്ടറി): ചട്ടങ്ങളും പുറപ്പെടുവിച്ചതിനുശേഷം മാത്രമാണു് റഗ്ലേഷൻ വാസ്തവത്തിൽ പ്രവർത്തനത്തിൽ വന്നതു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മാർക്കറ്റ്സ് റഗ്ലേഷൻ പാസ്സായ ഉടനെ ആയ നടപ്പിൽ വരുത്തിയില്ലെ?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രിട്ടറി): റഗ്ലേഷൻ പ്രവർത്തനത്തിൽ വന്നില്ല. ചട്ടങ്ങളും തുപിചികരിച്ചതിനു ശേഷം മാത്രമാണ് നിയമം പ്രവർത്തനത്തിൽ കൊണ്ടുവരപ്പെട്ടതു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കൗൺസ് ഉണ്ടാക്കിയതു മുതലേ റഗ്ലേഷൻ പ്രവൃത്തിയിൽ വന്നിട്ടുള്ളതാ?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രിട്ടറി): അതെ സർ, അതുകൊണ്ടു് ചന്തകളുടെ ശുചികരണം കൊണ്ടും ജനങ്ങളുടെ ആരോഗ്യത്തെ പരിഗണിച്ചും ഈ വ്യവസ്ഥ അത്യന്തം ആവശ്യമാണ്. അതുകൊണ്ടു് ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനു എനിക്കു വളരെ സന്തോഷമുണ്ടു്. എന്റെ കാരണങ്ങൾ ചുരുക്കത്തിൽ താഴെപറയുന്നവയാണ്. പാട്ടംകൊടുക്കുന്ന ആൾ ഗവണ്മെൻറാണെന്നും കുത്തകക്കാർ പാട്ടക്കാരാർണെന്നും ഗവണ്മെൻറ സമ്മതിച്ചിരിക്കുന്നു. അപ്രകാരമുള്ള ഏർപ്പാടിന്റെ വ്യവസ്ഥകളെന്തെല്ലാമാണെന്നു ഞാൻ ചോദിച്ചു; ഈ ചന്തകളെ ശരിയാകുന്നവിധത്തിൽ വച്ചുകൊണ്ടിരിക്കേണ്ട ചുമതല ആക്കാണുള്ളതിനെപ്പുറ്റി യാതൊരു വ്യവസ്ഥയുമില്ലെന്നു ചീഫ്സെക്രിട്ടറി പറകയുണ്ടായി. പാട്ടംകൊടുക്കുന്ന ആളേയും പാട്ടംപറ്റുന്ന ആളേയും സംബന്ധിച്ചുള്ള സാധാരണനിയമം പാട്ടക്കാരൻ തന്റെ സ്ഥലം വൃത്തിയായി വച്ചുകൊണ്ടിരിക്കണമെന്നാണ്. ഈ വിഷയത്തിൽ ഗവണ്മെൻറും പലേ പാട്ടക്കാരും തമ്മിലുള്ള കൺട്രാക്ടിൽ ചന്തകളെ വേണ്ടംവണ്ണം ശുചിയായി വച്ചുകൊണ്ടിരിക്കേണ്ടതു ഗവണ്മെൻറിന്റെ ചുമതലയാണെന്നു വെളിപ്പെടുത്തുന്നതായാതൊരു വ്യവസ്ഥയുമില്ലാത്ത സ്ഥിതിക്കു പാട്ടക്കാരനോടു വേണ്ട

ഫ്ലർപ്പാട്ടെ ചെയ്യുന്നതിൽ ഗവണ്മെൻറ് അനാവശ്യമായ കാണിക്കുന്നതിന്റെ അർത്ഥം എനിക്ക മനസ്സിലാകുന്നില്ല.

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഈ ചുമതല ഗവണ്മെൻറിന്റെ പക്കലാണെന്ന് കാണിക്കുന്ന ചട്ടം ഞാൻ പറയിച്ചു എന്നു ഏ.ന്റെ സ്നേഹിതനോട് പറഞ്ഞുകൊള്ളുന്നു; അങ്ങനെ ഒരു വ്യക്തമായ ഒരു ചട്ടമുള്ളസ്ഥിതിക്ക് കൂടുതൽ ഒരു വ്യവസ്ഥ കൂട്ടിച്ചേർക്കുന്നതിന്റെ ആവശ്യകതയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെൻറിന്റെ നിയന്ത്രണത്തിൻ കീഴിലിരിക്കുന്ന ചന്തയുടെ സംഗതിയിൽ പ്രസ്തുത വാദത്തിന്റെ ഔചിത്യം എനിക്ക മനസ്സിലാകുന്നുണ്ട്. എന്നാൽ അന്യന്റെ പേരിൽ ഗവണ്മെൻറ് പാട്ടം കൊടുക്കുമ്പോൾ പ്രസ്തുത ചുമതല ഗവണ്മെൻറിന്റെ മേൽ ആക്കത്തക്ക വിധത്തിൽ ചട്ടം വ്യാഖ്യാനിക്കപ്പെടുന്നതിന്റെ അർത്ഥം എനിക്ക മനസ്സിലാകുന്നില്ല. സർ, സാധാരണ വ്യവസ്ഥ എന്താണെന്ന എനിക്കറിയാം. പണ്ടാരപ്പാട്ടമായി ഗവണ്മെൻറിൽനിന്ന നാമെല്ലാംവരും ഭൂമി വാങ്ങുന്നുണ്ട്. ആ ഭൂമികളെ വൃത്തിയായും ശ്രുചിയായും വച്ചുകൊണ്ടിരിക്കേണ്ടതായ ചുമതല ഗവണ്മെൻറിന്റെ പക്കലാണെന്ന വിചാരിക്കുന്നുണ്ടോ? പണ്ടാരപ്പാട്ടം ഭൂമി ഉടമസ്ഥനെ ഒരുതരം പാട്ടമാകുന്നു. സ്ഥലം വൃത്തിയാക്കി വയ്ക്കേണ്ട ചുമതല ഗവണ്മെൻറിനാണെന്ന ചീഫ് സെക്രട്ടറി ഒരിക്കലും പറകയില്ലെന്ന എനിക്ക വിശ്വാസമുണ്ട്.

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഇതിലൊരു വ്യത്യാസമുണ്ട്. പ്രസ്തുത ചുമതല കക്ഷിയിന്മേലാക്കുന്ന ക്ലിപ്തമായ വ്യവസ്ഥയില്ലെന്ന എന്റെ സ്നേഹിതൻ പറയുന്നു. പ്രസ്തുത സംഗതിയിൽ വ്യക്തമായ നിയമമുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): റഗ്ലേഷൻപ്രകാരം പാട്ടക്കാരൻ ഒഴിവാൻപേക്ഷിക്കുമ്പോൾ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അനുസരിക്കുന്നതിന ബാധ്യതപ്പെട്ടവനല്ലെ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചന്ത റഗ്ലേഷൻ നാലാം വകുപ്പ് താഴെപ്പറയുംപ്രകാരമാണ്:—

"പാട്ടക്കാരനും മുൻപു സ്വീകരിച്ച വകുപ്പിലെ (ഡ)ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള താൽക്കാലികപുരകഠിനക്കുള്ള നികുതി, കരം, പീസു മുതലായവ പിരിക്കുന്നതിന നിയമിച്ചിട്ടുള്ള എല്ലാ ആളുകളും അതിനെസംബന്ധിച്ചിടത്തോളം,

(എ) അവരുടെ നടത്തിപ്പിനുവേണ്ടി ദിവാൻപേഷ്കാർ പുറപ്പെടുവിക്കുന്ന ഏതുത്തരവും അനുസരിക്കേണ്ടതും;

(ബി) ഈ റഗ്ലേഷൻ അനുസരിച്ചു നമ്മുടെ ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരിൽ ഉപയോഗപ്പെടുത്തുവുന്നതും അപ്പോഴപ്പോൾ നമ്മുടെ ഗവണ്മെൻറ് അവക്ക നൽകിക്കൊണ്ടിരിക്കുന്നതുമായ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും;

(സി) മേൽപ്പറഞ്ഞ നികുതി, കരം, പീസു മുതലായവ സംബന്ധിച്ചുള്ള നടത്തിപ്പിനും പിരിവിനും അവരെ നമ്മുടെ ഗവണ്മെൻറിൽനിന്ന നിയമിച്ചിരുന്ന എങ്കിൽ അവക്ക് എന്തെല്ലാം പരിഹാരങ്ങളുണ്ടായിരിക്കുമോ ആ പരിഹാരങ്ങളും ഉണ്ടായിരിക്കുന്നതും, ഏതെല്ലാം ചുമതലകളിൽ ഉൾപ്പെട്ടിരിക്കുമോ ആ ചുമതലകളിൽ ഉൾപ്പെട്ടതുന്നതും ആകുന്നു.

അങ്ങനെയുള്ള ചന്തകളെ തരിയാക്കുംവണ്ണം വച്ചുകൊണ്ടിരിക്കുന്നതിന ദിവാൻപേഷ്കാർ ആവശ്യമുള്ള ഉത്തരവുകൾ പുറപ്പെടുവിക്കണമെന്നേയുള്ളു; വേറെ യാതൊന്നും ചെയ്യേണ്ട ആവശ്യമില്ല. ഈ ചന്തകളെ ഗവണ്മെൻറിന വൃത്തിയാക്കി വച്ചുകൊണ്ടിരിക്കേണ്ടതെന്ന അവർ വിചാരിച്ചിട്ടുണ്ടാവശ്യം?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ദിവാൻ പേഷ്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നിയമമനുസരിച്ചിട്ടുള്ളവ ആയിരിക്കണമെന്ന ഞാൻ പറഞ്ഞുകൊള്ളട്ടേയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെ, അവ അപ്രകാരമുള്ളതായിരിക്കണം. ചീഫ് സെക്രട്ടറി വായിച്ച ചട്ടത്തിന്റെ അർത്ഥം ഇപ്രകാരമാണ്. ചന്തകളെ വൃത്തിയാക്കിവച്ചുകൊണ്ടിരിക്കേണ്ട ഗവണ്മെൻറിന്റെ പ്രധാന ജോലിയാകുന്നു. ഈ ചട്ടമില്ലെങ്കിലും പൊതുജനങ്ങളുടെ നന്മയുടേയും ഗുണത്തിന്റേയും സൂക്ഷിപ്പുകാരെന്നനിലയിൽ ഈ ചന്തകളെല്ലാം വൃത്തിയാക്കി വച്ചുകൊണ്ടിരിക്കുന്നതിന ഗവണ്മെൻറ് ബാധ്യതപ്പെട്ടവരാകുന്നു. അല്ലാത്തപക്ഷം അഴുക്ക മുതലായവ വലിച്ചു ആയതു ജനോപദ്രവകരമായിത്തീരുന്നതാകുന്നു, അതെനിക്ക മനസ്സിലാകുന്നുണ്ട്. ഇവയെല്ലാം അവർ വൃത്തിയാക്കി വച്ചുകൊണ്ടിരിക്കുമെന്ന വ്യവസ്ഥചെയ്യുന്ന നിയമം വളരെ നല്ലതുതന്നെ.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ: അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): വസ്തുവിന്റെ അവകാശം ഗവണ്മെൻറ് വിട്ടുകൊടുക്കുന്നില്ല. ചുങ്കംപിരിക്കുന്നതിനുള്ള അവകാശം മാത്രമെ അവർ വിട്ടുകൊടുക്കുന്നുള്ളു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്ഥലം വൃത്തിയാക്കിവച്ചുകൊണ്ടിരിക്കേണ്ട ജോലി പാട്ടക്കാരനാണ്. അതുകൊണ്ട് ഒരിക്കൽ പാട്ടമായി ചന്തകൾ കൊടുക്കുമ്പോൾ പാട്ടക്കാരിൽനിന്ന പാട്ടം പിരിക്കേണ്ട ജോലിമാത്രമെ ഗവണ്മെൻറിനുള്ളു. അതുകൊണ്ട് ചന്തകളെ ശ്രുചിയായി വയ്ക്കുന്നതു പാട്ടക്കാരുടെ ഗുണത്തിലേക്കായിട്ടാണ്. ചന്തകളെ നല്ലതിനണ്ണം ശ്രുചിയായി വച്ചുകൊണ്ടിരുന്നാൽ ആയതു വിൽക്കുന്നവരേയും വാങ്ങുന്നവരേയും ആകർഷിക്കുന്നതാകുന്നു; അങ്ങിനെയുള്ള സ്ഥലങ്ങളെ സുഖസ്ഥലങ്ങളായി കൂത്തകക്കാർ വച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇതെല്ലാം കൂത്തകക്കാരുടെ ജോലിയാകുന്നു. ഇപ്പോഴത്തെ വാടകപ്രതിവാദം നോക്കിയിട്ട ചന്തകളുടെ കൂത്തകക്കാക്കുവേണ്ടി ഗവണ്മെൻറ് ഇത്ര പരിശ്രമം കാണിക്കുന്നതിന്റെ ഔചിത്യം ഇന്നതാണെന്ന മനസ്സിലാക്കാൻ ഇനിയും സമാധാനം വേണ്ടിയിരിക്കുന്നു. ഗവണ്മെൻറിന്റെ കീഴിലുള്ള മറ്റു പലേ കൂത്തകക്കാരെ സംബന്ധിച്ചിടത്തോളം ഇപ്രകാരം യാതൊരു ചുമതലയും ഗവണ്മെൻറ് വഹിയ്ക്കുന്നില്ലെന്നതെ തിരുവിതാംകൂറിലുള്ള എല്ലാ കടത്തു സ്ഥലങ്ങളിലേയും ശ്രുചീകരണം ഗവണ്മെൻറിൽനിന്നും കയ്യേൽക്കുമോ? അവർ അങ്ങിനെ ചെയ്കയില്ല. ചുങ്കസ്ഥലങ്ങളിലെ ശ്രുചീകരണം അവർ കയ്യേൽക്കുമോ? അല്പകാരം അവർ ചെയ്യുന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും മേവികളവും): പാട്ടം കൊടുക്കുന്നതു ചന്തകളേയാണോ അതു ചുങ്കം പിരിക്കുന്ന അവകാശത്തെ മാത്രമാണോ?

അദ്ധ്യക്ഷൻ: ചുങ്കം പിരിക്കുന്നതിനുള്ള അവകാശം മാത്രമേ പാട്ടം കൊടുക്കുന്നുള്ളൂ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കരംപിരിക്കുന്നതിനുള്ള അവകാശം പാട്ടം കൊടുക്കുന്നത് ചന്തകളെ പാട്ടം കൊടുക്കുന്നു എന്നു പറയുന്നതു്: (ചിരി).

അദ്ധ്യക്ഷൻ: ഗവണ്മെൻറിനു ചില അവകാശങ്ങളും ചില ചുമതലകളും ഉള്ളതാകുന്നു. അവയ്ക്കുള്ള അവകാശങ്ങളെ അവർ പാട്ടംകൊടുക്കുന്നു; ഉദാഹരണമായി കരംപിരിക്കുന്നതിനുള്ള അവകാശം അവരുടെ ചുമതലകൾ, അതായതു ചന്തകളെ വൃത്തിയായും ശുചിയായും വച്ചുകൊണ്ടിരിക്കേണ്ട ചുമതല അവരിൽ തന്നെ സ്ഥിതിചെയ്യുന്നു; എന്തെന്നാൽ റഗുലേഷൻപ്രകാരം നിർബന്ധമാക്കിയിട്ടുള്ള ചുമതലകളെ ഈ പാട്ടക്കാർ വേണ്ടുംപ്രകാരം നിവഹിക്കുമെന്നു് എന്നുള്ളതുകൊണ്ടു് ഗവണ്മെൻറിനു ഒരിക്കലും തീച്ചയില്ലാത്തതാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വാദപ്രതിവാദത്തിനിടക്കു ലാ മെംബർ ചൂണ്ടിക്കാണിച്ച വ്യത്യാസം എനിക്കു നല്ലതിനണ്ണം മനസ്സിലായി. താഴെപ്പറയുന്ന സംഗതിയാണ് എന്നെ മനസ്സിലാക്കാൻ അദ്ദേഹം ശ്രമിച്ചതു്. കരംപിരിക്കുന്നതിനുള്ള അവകാശത്തെ മാത്രമാണ് പാട്ടംകൊടുത്തിട്ടുള്ളതെന്നു അദ്ദേഹം പറയുന്നു. പാട്ടം കൊടുക്കപ്പെട്ട അവകാശത്തിനോടുകൂടി ചന്തകളെ വൃത്തിയാക്കിവച്ചുകൊണ്ടിരിക്കേണ്ട ചുമതലയും കുത്തകക്കാരിൽ സ്ഥിതിചെയ്യുന്നു എന്നാണ് ഞാൻ പറയുന്നതു്.

അദ്ധ്യക്ഷൻ: അങ്ങിനെ വേണമെന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എല്ലാ അവകാശങ്ങൾക്കും തുല്യമായി ചുമതലകളുള്ളതാകുന്നു.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): ചുങ്കം പിരിക്കുന്നതിനുള്ള അവകാശം പാട്ടമായി എടുക്കുന്ന ഒരു പാട്ടക്കാരന്റെ ചുമതല ഗവണ്മെൻറിലേക്കു ക്ലിപ്തമായ ഒരു ഉക കൊടുക്കണമെന്നുള്ളതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു് എല്ലാ പാട്ടങ്ങളിലും അടങ്ങിയിട്ടുള്ള ചുമതലയാകുന്നു. സാധാരണയുള്ള ശ്രദ്ധ പാട്ടംകൊടുക്കുന്നു എന്നു വിചാരിക്കുക. ഇതിലെല്ലാം പാട്ടം കൊടുക്കുന്ന ആൾക്കു പാട്ടം വാങ്ങുന്ന ആൾ ഒരു നിശ്ചിതം ഉക കൊടുക്കേണ്ടതാണ്; ഇതു് ശ്രദ്ധയെ ശുചിയായി വച്ചുകൊണ്ടിരിക്കണമെന്നുള്ള ആ വ്യവസ്ഥ ഇല്ലെന്നിരുന്നാലും ചെയ്യേണ്ടതായ ഒരു ജോലിയാണ്. ഇങ്ങിനെയിരുന്നാലും സാധാരണയായി എല്ലാ പാട്ടങ്ങളുടെ സംഗതിയിലും സ്ഥലം ശുചിയായി വച്ചുകൊണ്ടിരിക്കേണ്ട ചുമതല പാട്ടക്കാരനിലാണ് സ്ഥിതിചെയ്യുന്നതു്.

മി: എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്കു്): ചന്ത സ്ഥലങ്ങളിൽനിൽക്കുന്ന വൃക്ഷങ്ങളിലെ അനുഭവമെടുക്കുന്നതിനു പാട്ടക്കാരെ അനുവദിക്കുന്നുണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു കക്ഷികൾ തമ്മിലുള്ള ഏർപ്പാടു് അനുസരിച്ചിരിക്കും.

പാട്ടം കൊടുത്ത ആൾക്കു പാട്ടക്കാരൻ പാട്ടം കൊടുക്കണമെന്നുള്ളതൊഴിച്ചു് സാധാരണ എല്ലാ പാട്ടങ്ങളിലും വേറെ യാതൊരു വ്യവസ്ഥയും ഇല്ലെന്നാണു ഞാൻ പറയുന്നതു്. എങ്കിലും സ്ഥലം ശുചിയായി വച്ചുകൊണ്ടിരിക്കേണ്ട ചുമതല പാട്ടക്കാരനിലാണ് സ്ഥിതിചെയ്യുന്നതു്.

അദ്ധ്യക്ഷൻ: അങ്ങിനെ വേണമെന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കറഡ്മാന്റെ "ലാൻഡ്ലാർഡും ടെനൻറും" എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണ്. വിപരീതമായി വേറെ യാതൊരു വ്യവസ്ഥയുമില്ലെങ്കിൽ പാട്ടംകൊടുത്തിട്ടുള്ള സ്ഥലം അറ്റകുറ്റമില്ലാതെ വച്ചുകൊണ്ടിരിക്കേണ്ട ചുമതല പാട്ടക്കാരനിലാണെന്നു് അദ്ദേഹം ആ പുസ്തകത്തിൽ പ്രത്യേകം പറയുന്നുണ്ടു്.

മി: ഡബ്ലിയു. എച്ചു്. പിറൻ (പോലീസ് കമ്മീഷണർ): ചുങ്കം വാങ്ങൽ കുത്തകക്കാരാണു്; റോഡുകളെ ശരിയാകുംവണ്ണം വച്ചുകൊണ്ടിരിക്കേണ്ട ചുമതല അവക്കാണോ എന്നു മിസ്റ്റർ പി. കെ. നാരായണപിള്ളയോടു ഞാൻ ചോദിച്ചുകൊള്ളുന്നു. (ചിരി).

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ സംഗതിയിൽ ചുങ്കം വാങ്ങുകളെ ശരിയാകുംവണ്ണം വച്ചുകൊണ്ടിരിക്കേണ്ടതു് കുത്തകക്കാരന്റെ ചുമതലയാകുന്നു.

അദ്ധ്യക്ഷൻ: ചന്തകളുടെ കാര്യത്തിലും പീസ് ശരിയാകുംവണ്ണം പിരിക്കുന്നതിനു് ആവശ്യമുള്ള സിങ്ങ് ബന്ധികളെ പാട്ടക്കാരൻ വച്ചുകൊണ്ടിരിക്കേണ്ടതാണു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): "ചന്തയിൽനിന്നും ചുങ്കം പിരിക്കുന്നതിനുള്ള എന്റെ അവകാശത്തെ നിങ്ങൾക്കു ഞാൻ പാട്ടം തരുന്നു" എന്നു ഗവണ്മെൻറു പാട്ട ആധാരത്തിൽ വ്യവസ്ഥചെയ്യുന്നു. അങ്ങനെയുള്ള അവകാശത്തിൽ അന്തർഭവിച്ചിരിക്കുന്ന ചുമതല എന്തെന്നാൽ ആ അവകാശത്തെ ഉടൻപോയോഗിക്കുന്നതിനു ആവശ്യമുള്ള എല്ലാജോലികളും കുത്തകക്കാരൻ നോക്കിക്കൊള്ളണമെന്നുള്ളതാകുന്നു. ചന്തകളെ വൃത്തിയാക്കിവച്ചുകൊണ്ടിരിക്കേണ്ട ചുമതല ഗവണ്മെൻറിൽ മറ്റും സ്ഥിതിചെയ്യുന്നു എന്നു കാണിക്കുന്നതായ യാതൊരു വ്യവസ്ഥയും പ്രസ്തുത കാണ്ട്രാക്ടിൽ ഇല്ലാത്തതാകുന്നു. അപ്രകാരമിരിക്കെ കുത്തക ഏറ്റെടുത്തതിരിക്കുന്നിടത്തോളംകാലം ചന്തകളുടെ ശുചീകരണജോലി പാട്ടക്കാരിൽതന്നെ സ്ഥിതിചെയ്യുന്നു എന്നാണ് എനിക്കു തോന്നുന്നതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (ഏ. അഡിഷനൽ ഹെഡ്സക്കാർ വക്കീൽ): അബ്ക്കാരികുത്തകപ്പാട്ടക്കാർ കുത്തകസ്ഥലങ്ങളെ വൃത്തിയാകുന്നുണ്ണം വച്ചുകൊണ്ടിരിക്കുന്നതിനു ബാധ്യതപ്പെട്ടവരാണോ എന്നു മെംബരോടു ഞാൻ ചോദിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ഇതിനു താരതമ്യമായിട്ടുള്ളതാണെന്നു തോന്നുന്നില്ല; എന്തെന്നാൽ അബ്ക്കാരികുത്തകം തിരുവിതാംകൂർഒട്ടുക വ്യാപിച്ചിട്ടുള്ളതാണ്. ചന്തകളുടെ കാര്യം അങ്ങനെയുള്ളതല്ല. ഈ വിഷയത്തെപ്പറ്റിയുള്ള എന്റെ അഭിപ്രായം ഇത്രമാത്രമാകുന്നു.

മി: കെ. കെ. തോമസ്സ് (കോട്ടയം): ചീഫ്സെക്രട്ടറി ഒയവായി പറയുമോ—

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ, ഡപ്യൂട്ടിപ്രസിഡൻറ): സർ, സഭയിൽ ചീഫ്സെക്രട്ടറി സംസാരിക്കാതിരിക്കുന്നസ്ഥിതിക്ക മെംബർ ഓർഡറിൽ അല്ലുന്ന ഞാൻ വിചാരിക്കുന്നു.

മി: പി. കെ. നാരായണപിള്ളയുടെ അഭിപ്രായത്തെപ്പറ്റി എനിക്ക അല്പം പറയാനുണ്ട്. അദ്ദേഹത്തിനു നിരായി കൊണ്ടുവന്നിട്ടുള്ള വാദപ്രതിവാദങ്ങളൊന്നും തന്നെ അദ്ദേഹത്തെ തൃപ്തിപ്പെടുത്താത്തതുകൊണ്ടും—അങ്ങനെ എനിക്ക പറയാൻ അവസരമുണ്ടെങ്കിൽ—അദ്ദേഹം അതിസാമർത്ഥ്യത്തോടുകൂടി അദ്ദേഹത്തിൻറെ നിലയെപ്പറ്റി വാദിച്ചതുകൊണ്ടും അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. ഇക്കാര്യത്തെപ്പറ്റി അധികമായി നിയമത്തിൽ കടക്കുന്നതിനെന്നു എനിക്ക തോന്നുന്നില്ല. എന്തെന്നാൽ ഫീസ് പിരിക്കുന്നതിനൊ, തൽക്കാലിക കടകം കെട്ടുന്നതിനൊ പാട്ടം പിരിക്കുന്നതിനൊ ഉള്ള അവകാശം മാത്രം കൊടുക്കുന്ന എന്നു റെഗുലേഷനിലെ വ്കുപ്പിൽ പറയുന്നതല്ലാതെ വസ്തു കൈവശം കൊടുക്കുന്നതായൊ ഉടമസ്ഥത കൈമാറുന്നതായൊ അതിൽ പറഞ്ഞിട്ടില്ല. ഈ വിഷയത്തെപ്പറ്റി വേറൊരുസംഗതിക്കുടി ആലോചിക്കേണ്ടതായിട്ടുണ്ട്. ചീഫ്സെക്രട്ടറി വായിച്ച ചട്ടത്തിൽ ഗവണ്മെൻറപാട്ടം കൊടുക്കുന്ന ചന്തകളെ ശുചിയായിവച്ചുകൊണ്ടിരിക്കാൻ തയ്യാറാണെന്ന് അവർ സ്വീകരിപനം ചെയ്തിട്ടുണ്ട്. ആ ഉടമ്പടി അനുസരിച്ച് ചന്തകളെ സൂക്ഷിക്കുന്നു, ഒരാൾ കൊണ്ട് ഒരുത്തൻ ചന്തലേലത്തിൽ വിളികേൾക്കുമ്പോൾ അതിനെ ശുചിയായിവച്ചുകൊണ്ടിരിക്കുന്നതിനു ആവശ്യമുള്ള ചിലവ് ഗവണ്മെൻറു വഹിക്കുമെന്നു അയാൾ വിശ്വസിക്കുന്നു. ആ ചിലവ് ഗവണ്മെൻറ് സഹിക്കുന്നതല്ലെന്നു അയാളോടു പറഞ്ഞിരുന്നെങ്കൽ അയാൾ കുറഞ്ഞതുകക്ക വിളികേൾക്കുമായിരുന്നു. "ഞാൻ പാട്ടം സ്വീകരിച്ച സമയത്തു കരംപിരിക്കുന്നതിനല്ലാതെ മറ്റു യാതൊന്നിനും ഞാൻ ചിലവുചെയ്യേണ്ടതായിട്ടില്ലെന്നു എന്നു ധരിപ്പിച്ചതുകൊണ്ടാണ് ഈ തുക പാട്ടമായികൊടുക്കാൻ ഞാൻ സമ്മതിച്ചതു; സ്ഥലം വൃത്തിയായിവച്ചുകൊണ്ടിരിക്കുന്നതിനും കൂടി ഞാൻ പണം ചിലവുചെയ്യണമെന്നു അറിഞ്ഞിരുന്നെങ്കിൽ ഞാൻ ഈ വക്കിയതുകയ്യുപിടിക്കയില്ലായിരുന്നു" എന്നു കുത്തകക്കാരൻ പറയും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചന്തയിൽനിന്നു ആളുകളെ പുറത്താക്കുന്നതിനുള്ള അധികാരം ചന്തക്കുത്തകക്കാരനുണ്ടോ എന്നു മിസ്റ്റർ സുബ്ബയ്യരിൽ നിന്നറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ, ഡിപ്യൂട്ടിപ്രസിഡൻറ): ഇല്ല. ആ അധികാരം പോലീസ്സ്റ്റേഷനിലാണു സ്ഥിതിചെയ്യുന്നതെന്നു ക്ലപ്തപ്പെടുത്തിയിരിക്കുന്ന ഒരു വകുപ്പ് റെഗുലേഷനിൽ ഉണ്ടെന്നാണ് എൻറെ വിശ്വാസം. എന്നാൽ പോലീസ്സ്റ്റേഷനുള്ളതൊ അദ്ദേഹത്തിൻറെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനുള്ളതൊ ആയ ഏതെങ്കിലും അധികാരം പാട്ടക്കാരനു അപ്രകാരം അധികാരം നൽകാത്തപക്ഷം അയാൾക്ക അധികാരമില്ലാത്തതാകുന്നു അപ്രകാരം പോലീസ്സ്റ്റാർ നൽകുന്ന അധികാരത്തിനുപ്പെട്ട പാട്ടക്കാരനു യാതൊരു അധികാരവും ഇല്ലാത്തതാകുന്നു.

ചന്തയെ ശുചിയായി വച്ചുകൊണ്ടിരിക്കുന്നതുമൂലം നഷ്ടമുണ്ടാകുന്നവർ അനുസരിച്ചു ലേലം പിടിച്ചിരിക്കുന്നസ്ഥിതിക്ക പാട്ടക്കാരൻ ആ ചിലവു സഹിക്കണമെന്നു നാം ഇപ്പോൾ പറയുന്നപക്ഷം ആയതു ഗവണ്മെൻറ് തിനിന്നു പിൻവാങ്ങും ലേലം ചെയ്യുകയൊ അല്ലാത്തപക്ഷം താൻ കൊടുക്കുന്നതിനു ബാധ്യതപ്പെട്ട പാട്ടത്തിനെനിന്നു ചന്തകർ വൃത്തിയാക്കി വച്ചുകൊണ്ടിരിക്കുന്നതിനു നിയമിച്ചിട്ടുള്ള സിൽബന്ധികളുടെ ശമ്പളം പാട്ടത്തിൽനിന്നു കുറയ്ക്കുകയൊ ചെയ്യണമെന്ന് പാട്ടക്കാരനു പറയാമെന്നുള്ളതാകുന്നു. പാട്ടം പിരിക്കുക എന്നുമാത്രം പാട്ടക്കാരനുകൊടുത്തിട്ടുള്ളതും ഈ ക്ലപ്തമായ വ്യവസ്ഥക്കുപ്പെട്ടാണ് ഇതും അയാൾ സ്വീകരിച്ചിട്ടുള്ളതും എന്നാണ് എൻറെ വാദം. അതുകൊണ്ട് കൂടുതൽ എന്തെങ്കിലും ചുമതല അയാളിൽ ചുമത്തുന്നതായാൽ ചന്തകളെ ശുചിയായിവച്ചുകൊണ്ടിരിക്കുന്നതിനു അയാൾ ചുമതലപ്പെട്ടവനല്ലെന്നും ആ ജോലിയുടെ നിർവഹണം ഗവണ്മെൻറു ഏറ്റിട്ടുണ്ടെന്നും പാട്ടക്കാരനു പറയാവുന്നതാണ്.

"ജന്മിയും കുടിയാനും" തമ്മിലുള്ള നിയമബന്ധത്തെ സംബന്ധിച്ചിടത്തോളം സാധാരണയുള്ള ധാരണയെപ്പറ്റി ചിന്തിക്കുന്നതായാൽ ഈ സംഗതിയിൽ അതിനെപ്പറ്റി ആലോചിച്ചിട്ടാവശ്യമില്ല. എന്തെന്നാൽ വിപരീതമായ യാതൊരു കരാറും ഇല്ലെങ്കിൽ മാത്രമെ പാട്ടക്കാരൻ സ്ഥലം വൃത്തിയാക്കിവച്ചുകൊണ്ടിരിക്കേണ്ടതായിട്ടുള്ളു. ഇതു എൻറെ സ്നേഹിതൻതന്നെ സമ്മതിച്ചിട്ടുള്ളതാകുന്നു. വാദവിഷയമായ സംഗതി സംബന്ധിച്ചിടത്തോളം ചീഫ്സെക്രട്ടറി വായിച്ച ചന്ത റെഗുലേഷനിലെ ചട്ടത്തിൽ വിപരീതമായ ഒരു കരാറിനെപ്പറ്റി പറയുന്നുണ്ട്. ചന്തകളെ ശുചിയായി വച്ചുകൊണ്ടിരിക്കേണ്ട ചുമതല ഗവണ്മെൻറു വഹിക്കണമെന്ന അതിൽ പറയുന്നുണ്ട്. ഇതു വാസ്തവത്തിൽ വിപരീതമായ ഒരു വ്യവസ്ഥയാണ്. അതുകൊണ്ട് മിസ്റ്റർ പി. കെ. നാരായണപിള്ള നിർദ്ദേശിച്ചിട്ടുള്ളതുപോലെ സാധാരണയായി ജന്മികുടിയാൻ കാര്യത്തിൽ ഉള്ള നിയമം ഇതിനെ ബാധിക്കുന്നതല്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ചന്തകളുടെചുറവും വേലികെട്ടുന്നതിനു ചന്തകളിലെ എല്ലാപാട്ടക്കാർക്കും അധികാരമുണ്ടൊ എന്നു മിസ്റ്റർ സുബ്ബയ്യരിൽ നിന്നു അറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ ഡിപ്യൂട്ടിപ്രസിഡൻറ): ഉണ്ട്. ചുങ്കം ശരിയായി പിരിക്കുന്നതിനും ഉള്ളിലും ചുങ്കംകൊടുക്കാതെ ചന്തക്കകത്തു വരികയൊ പുറത്തുപോകയൊ ചെയ്യാതിരിക്കുന്നതിനും അവർ അപ്രകാരം ചെയ്യുന്നുണ്ട്.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ലേലവിളിയുടെയും കുത്തകവ്യവസ്ഥകൾക്കുമുള്ള പരസ്യം ഭേദപ്പെടുത്താൻ പാടില്ലയൊ എന്നറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ, ഡിപ്യൂട്ടിപ്രസിഡൻറ): ചന്തകളെ വൃത്തിയാക്കിവച്ചുകൊണ്ടിരിക്കേണ്ട ചുമതല പാട്ടക്കാരിൽ സ്ഥിതിചെയ്യുന്നതുകൊണ്ടും ചട്ടങ്ങളെയൊ കുത്തകവ്യവസ്ഥകളെയൊ ഭേദപ്പെടുത്തുന്നതായാൽ ഇപ്പോൾ ചന്തകളെ പാട്ടംകൊടുത്തിരിക്കുന്നതുകയിൽനിന്നു ദേവിയിൽ തീർച്ചയായും കുറഞ്ഞുപോകുന്നതാണ്. ഇതൊരു കണക്കു വിഷയം മാത്രമാണെന്നു ഞാൻ വിശ്വസിക്കുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നമുക്കു പരിശോധിച്ചുകൂടയൊ?

ശ്രീ. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): സർ, ഇപ്പോൾ ഈ ചന്തകളെ വൃത്തിയാക്കിവയ്ക്കുന്നതിനുള്ള സിങ്ബന്ധികളെപ്പറ്റി മാത്രമാണ് അഭിപ്രായവ്യത്യാസമുള്ളതെന്നു എനിക്കു തോന്നുന്നു. ആയതു സക്കാരിൽ നിന്നുതന്നെ അവരുടെ ആളുകൾമുഖാന്തിരം ചെയ്യണമോ അതല്ല കുത്തകക്കാർതന്നെ ആ ജോലി ചെയ്യണമോ ഇതാണു തർക്കവിഷയം. പാട്ടംകൊടുക്കുന്ന ആളും പാട്ടംവാങ്ങുന്ന ആളും തമ്മിലുള്ള അവകാശങ്ങളും ചുമതലകളും ഉടമ്പടിയിൽ അന്യോന്യം ചേർത്തിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു; ഇതു അവർതമ്മിലുള്ള ബന്ധം അവ്യക്തമാക്കിയിട്ടുള്ളതുപോലെ കൊണ്ടല്ല; എന്നാൽ സൌകര്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്. എല്ലാചന്തകളും, പ്രത്യേകിച്ച് പബ്ലിക്ക് ചന്തകളും നല്ലതിനണ്ണം വൃത്തിയാക്കിവച്ചുകൊണ്ടിരിക്കേണ്ടതാണെന്ന് എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണ്. തഹശീൽദാർക്ക് കുത്തകക്കാരന്റെ മേൽ എത്രത്തോളം നിയന്ത്രണം ഉണ്ടായിരിക്കെ ഈ ശുചികരണ ജോലി കുത്തകക്കാരൻതന്നെ ചെയ്യണമെന്നു നിയമമുണ്ടാക്കുന്നതൊ അതല്ല തഹശീൽദാരെത്തന്നെ പ്രധാനമായി ചുമതലപ്പെടുത്തുന്നതൊ നടപ്പുള്ളതാക്കുന്നതാണ് എന്നുള്ളതാണ് നാം ആലോചിക്കേണ്ടതായിട്ടുള്ള വിഷയം. പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ച് രണ്ടാമതുപറഞ്ഞതാണ് കുറെക്കൂടി ആശാസ്യകരമായ ഏർപ്പാടെന്നാണ് ഞാൻ വിചാരിക്കുന്നു. ചന്തയെ ശുചിയായിവച്ചുകൊണ്ടിരിക്കാൻ കുത്തകക്കാരനോടു തഹശീൽദാർ നിർബന്ധിക്കാതിരിക്കുന്നപക്ഷം അദ്ദേഹത്തെ ശിക്ഷിക്കുന്നതുപോലും സാധിക്കുന്നതല്ല. നേരെമറിച്ച് പ്രസ്തുതജോലിസംബന്ധിച്ച് തഹശീൽദാരെ പ്രധാനമായി ചുമതലപ്പെടുത്തുന്നപക്ഷം ജോലിയിലെ ന്യൂനതകളിലും വീഴ്ചവരുത്തിയാൽ നമുക്കദ്ദേഹത്തെ ശിക്ഷിക്കാം. അതുകൊണ്ട് പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചും ഈ ചന്തകളിൽ നിന്നു വലുതായ ആദായം ഗവണ്മെൻറിനു കിട്ടിവരുന്ന സംഗതിയെ ആലോചിച്ചും പ്രസ്തുതജോലിചെയ്യുന്നതിൽ പ്രധാനമായി തഹശീൽദാരെത്തന്നെ ചുമതലപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. ചന്തകളിൽനിന്നു വലുതായ ആദായം ഗവണ്മെൻറിനു കിട്ടുന്ന കാര്യത്തെ പരിഗണിച്ച് ഈ പ്രധാനജോലി മറ്റാരെയെങ്കിലും ഏൽപ്പിക്കാതെ തഹശീൽദാരന്മാർ മുഖാന്തിരം ഗവണ്മെൻറുതന്നെ നടത്തുന്ന ഈ ആശാസ്യകരവും സൌകര്യപ്രദവും ആണെന്നു ഞാൻ നീട്ടുമായും വിചാരിക്കുന്നു. അതിനാൽ ചന്തകളെ പരിഷ്കരിക്കുന്നതിലേക്കായി ഇനിയും കൂടുതൽ പണം ചെലവഴിക്കുന്നതു ആശാസ്യകരമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു. എന്നാൽ ഈ അവസരത്തിൽ ഒരു സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്; ആ സംഗതിയായിരിക്കണം പണം കൂടുവചെയ്യണമെന്നു ഉപക്ഷേപകനെ നിർബന്ധിച്ചിട്ടുള്ളതു്, അതു് ഈ ചന്തകളെ ശുചിയായി വച്ചുകൊണ്ടിരിക്കുന്നില്ല എന്നുള്ളതാകുന്നു. ചന്തകളെപരിഷ്കൃതരീതിയിൽ വച്ചുകൊണ്ടിരിക്കുന്നതിനു ചുമതലപ്പെട്ടവരായി ഇപ്പോൾ ആരുതന്നെ ഇല്ല. കൊല്ലം ദിവാൻപേഷ്കാരായിരുന്ന ഗവണ്മെൻറു ചീഫ്സെക്രട്ടറിയുടെപക്കൽനിന്നും കൊല്ലം ഡിവിഷനിൽ ആകപ്പാടെ കുക്കുസ്സും മൂന്നുപ്പുരയും ഉള്ളചന്ത ഒന്നുമാത്രമേയുള്ള എന്നു അറിയുന്നതിൽ അൽഭുതപ്പെടുന്നു. ഇതു വളരെ ശോചനീയം തന്നെ. ആയതു നമ്മുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നുകാണിക്കുന്നു. ഈ ചന്തകളെ വൃത്തിയായിവച്ചുകൊണ്ടിരിക്കുന്നതിനും അവയുടെ സ്ഥിതി പരിഷ്കരിക്കുന്നതിനും ഉള്ള അത്യുത്സാഹത്തെ ഗവണ്മെൻറിന്റെ ഒഴിയിൽ കൊണ്ടുവരുന്നതിനായിരിക്കാം ഈ ഉപക്ഷേപം എന്റെ സ്നേഹിതൻ മിസ്റ്റർ കുമാരപിള്ള ഹാജരാക്കിയിട്ടുള്ളതു്. ഇതാണ് എന്റെ അഭിപ്രായം. ഇക്കാരണങ്ങളാൽ ഈ സംഗതിയെപ്പറ്റി ഗവണ്മെൻറു അവധാനപൂർവം ചിന്തിക്കുകയും അവരുടെ പ്രാദേശിക ഉദ്യോഗസ്ഥന്മാരെ ഉത്സാഹപ്പെടുത്തി ആകുന്നിടത്തോളം വേഗത്തിൽ ഈ ചന്തകളുടെ അവസ്ഥയെ പരിഷ്കരിക്കുകയും ചെയ്യണമെന്നാകുന്നു.

ശ്രീ. എൻ. വി. ജോസഫ് (പറവൂർ): ചന്തകളെ കുറെക്കൂടി നല്ലതിനണ്ണം നോക്കണമെന്നുള്ളതാണ് വളരെവിഷയമെന്നു ഞാൻ വിചാരിക്കുന്നു. ഈ ചന്തകളെ വേലത്തിൽ പിടിക്കുന്നതിനു ആളുകളില്ലെന്നപക്ഷം അവയെപ്പാട്ടം കൊടുക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ചന്തകളെ വൃത്തിയാക്കിവച്ചുകൊണ്ടിരിക്കേണ്ട സംഗതി സംബന്ധിച്ചിടത്തോളം ആയതു ഗവണ്മെൻറു ചെയ്യുന്നതും കുത്തകക്കാരൻ ചെയ്യുന്നതും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാത്തതാകുന്നു. എന്റെ ചില സ്നേഹിതന്മാർ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ശുചീകരണജോലി കുത്തകക്കാരെ ഏൽപ്പിക്കുന്നപക്ഷം അവർ കുറഞ്ഞതുകയ്ക്കു വിളിച്ചേൽപ്പിക്കുവാൻ ഇടയുള്ള. ആ ആദായം മുഴുവനും ഗവണ്മെൻറിനു നഷ്ടം വരുന്നതാണ്. ചന്തകളെ കുറെക്കൂടി നല്ലതിനണ്ണം നോക്കേണ്ടവിഷയം പ്രധാനമായിട്ടുള്ളതാകുന്നു. താണതരം സിൽബന്ധികളുടെ സഹായത്തോടുകൂടി ചന്തകളിലെ ശുചീകരണജോലി തഹശീൽദാർതന്നെ കയ്യേൽക്കുന്നപക്ഷം അതായിരിക്കും കുറെക്കൂടി നല്ലതായ ഏർപ്പാടെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ ജി. പരമേശ്വരൻപിള്ള നിർദ്ദേശിക്കയുണ്ടായി. ഈ ജോലിസംബന്ധിച്ചുള്ള ചുമതല ഇപ്പോൾ തഹശീൽദാരിൽതന്നെ സ്ഥിതിചെയ്യുന്നു എന്നും, ചന്തകളെ വേണ്ടുവോളം ശുചിയായിവച്ചുകൊണ്ടിരിക്കുന്നില്ലാഎന്നും---എനിക്കു തൊന്നിപ്പോയില്ലെന്നു വിശ്വസിക്കുന്നു---അദ്ദേഹം നമ്മളോടിപ്പോൾ പറയുകയുണ്ടായി. എന്നാൽ ഈ ജോലി പാട്ടക്കാരനെ ഏൽപ്പിക്കുന്നപക്ഷം ആയതു കുറെക്കൂടി നല്ലതിനണ്ണം നിവ്വഹിക്കുമെന്നാണ് എനിക്കു തോന്നുന്നതു. എന്തെന്നാൽ ചന്തയുടെ സംരക്ഷണവിഷയത്തിൽ തഹശീൽദാർക്കുണ്ടായിരിക്കുന്നതിനെക്കാൾ കൂടുതൽ താല്പര്യം പാട്ടക്കാരനുണ്ടായിരിക്കും. കൂടുതൽ ആളുകൾ ചന്തയെ ഉപയോഗപ്പെടുത്തണമെന്നുവരികിൽ അയാൾ ചന്ത ശുചിയായിവച്ചുകൊണ്ടിരിക്കണം. തഹശീൽദാർക്കു ഇപ്പോൾതന്നെ അനേകം ജോലികൾ നിവ്വഹിക്കേണ്ടതായിട്ടുണ്ട്. അദ്ദേഹം ചന്തയിൽനിന്നു വളരെ അകലെയാണിരിക്കുന്നതു; അദ്ദേഹത്തിനു താണതരം സിൽബന്ധികളുടെ ജോലി പരിശോധിക്കുന്നതിനു സാധിക്കയില്ല. എന്നാൽ ഇന്നു പേരൊരുമ്പെട്ടു മുട്ടുകുത്തിയുണ്ട്. നാം നിർദ്ദേശിക്കുന്നവ്യവസ്ഥകൾക്കുവിധേയപ്പെട്ട ഈചന്തകളെ പാട്ടം വാങ്ങാൻ സന്നദ്ധന്മാരായി ആരുംതന്നെ പരാത്തപക്ഷം പല ചന്തകളിൽനിന്നു മുക്കാൽ പിരിക്കുന്ന ജോലി തഹശീൽദാർതന്നെ ചെയ്യേണ്ടിവരികയും ചന്തവൃത്തിയാക്കിവയ്ക്കുന്നതിനു അദ്ദേഹം കൂടുതൽപണം ചിലവാക്കേണ്ടിവരികയും ചെയ്യുന്നു. ഈ ചന്തകളെ വൃത്തിയാക്കിവയ്ക്കുന്നതിനു നാം പണം അനുവദിക്കാത്തപക്ഷം ലേലത്തിൽ വിളികേൾക്കാൻ ഒരുപക്ഷേ ആരുംതന്നെ വരാതിരിക്കുമെന്നാണ് ഞാൻ പറയുന്നതു. അതുകൊണ്ടു ലേലത്തിൽ വിളികേൾക്കാൻ ആളുകളുണ്ടെങ്കിൽ ഗവണ്മെൻറും അവരുമായിഏർപ്പെടുന്നകാൺട്രാക്ടിൽ പ്രസ്തുതജോലി അവർ നിവ്വഹിക്കുന്നതിലേക്കു ഒരു ക്ലുപ്തമായ വ്യവസ്ഥചേർക്കാമെന്നാണ് എന്റെ അഭിപ്രായം. ലേലത്തിൽ പങ്കുകൊള്ളാൻ ആരുമില്ലെങ്കിൽ തഹശീൽദാർ അതുകൂടി കരംപിരിക്കേണ്ടതായും ചന്ത ശുചിയായി വച്ചുകൊണ്ടിരിക്കേണ്ടതായും വരുന്നു.

മി: കെ. കെ. തോമസ്സ് (കോട്ടയം): മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞതുപോലെ ചന്തകളുടെ ശുചീകരണജോലി ആരുമൂലമാണ് ചെയ്യേണ്ടതു എന്നുള്ളതാണ് വാദവിഷയം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിലേക്കു പ്രത്യേകയുക നീക്കിവയ്ക്കേണ്ട സംഗതിക്കു ടെ ഇല്ലയൊ?

മി: കെ. കെ. തോമസ്സ് (കോട്ടയം): "അതു ആരുചെയ്യണം"? എന്നുള്ളതാണു പ്രധാനസംഗതി. വർഷത്തിന്റെ അവസാനമായിരിക്കുന്നു. ഇപ്പോൾ തന്നെ പാട്ട ഉടമ്പടി നടത്തികഴിഞ്ഞോ എന്നും, കഴിഞ്ഞെങ്കിൽ എത്രകൊല്ലത്തേക്കാണെന്നും ചീഫ്സെക്രട്ടറിയുടെ പക്കൽനിന്നു എനിക്കറിയേണ്ടതായിട്ടുണ്ടായിരുന്നു. കാൺട്രാക്റ്റൊപ്പിട്ടുകഴിഞ്ഞിട്ടുണ്ടെങ്കിൽ നമുക്കവേണ്ടി ചന്തകളെ വൃത്തിയാക്കി വയ്ക്കാൻ കുത്തകക്കാരോടു നമുക്കാവശ്യപ്പെടാൻ പാടില്ലെന്നാണു എനിക്കുതോന്നുന്നതു്. നേരത്തറിച്ചു് പാട്ടം കൊടുത്തിട്ടില്ലാത്തപക്ഷം നമ്മുടെ സിൽബന്ധികളൊ കുത്തകക്കാരൊ നല്ലതെന്നു നമുക്കാലോചിക്കാവുന്നതാണു്. ചന്തകളുടെ ശുചീകരണം സംബന്ധിച്ചു് എനിക്കു അല്പം അനുഭവമുണ്ടു്. നമ്മുടെ സിൽബന്ധികളെത്തന്നെ ഏർപ്പെടുത്താത്തപക്ഷം ചന്തകളുടെ ശുചീകരണജോലി കുത്തകക്കാരൻ ശരിയാകുന്നുണ്ണം നിവ്വഹിക്കയില്ലെന്നാണ് എന്റെ അനുഭവത്തിൽനിന്നു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. കോട്ടയം മുനിസ്സിപ്പാലിറ്റിയുടെ ചാർജ്ജു വഹിച്ചിരുന്നപ്പോൾ കുത്തകക്കാർ ഈ ജോലികൾ ശരിയാകുന്നുണ്ണം വഹിച്ചിരുന്നില്ലെന്നു എനിക്കറിയാം, ചന്തകളിൽ അധികം ആളുകൾ വരുമ്പോൾ ആയിരുന്നു അപ്രകാരം സംഭവിച്ചിട്ടുള്ളതു്. അതുകൊണ്ടു് തഹശീൽദാർതന്നെ ഈ ജോലി നിവ്വഹിക്കണമെന്നാണു് എന്റെ അഭിപ്രായം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കോട്ടയത്തു ഏതെങ്കിലും ചന്തകളെ കുത്തകക്കാർ ശുചിയാക്കുന്നുണ്ടൊ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. കെ. തോമസ്സ് (കോട്ടയം): കുതിരലായങ്ങൾ, വണ്ടിപ്പേട്ടകൾ മുതലായവ സ്ഥിതിചെയ്യുന്ന ചില സ്ഥലങ്ങൾ അവർ ശുചിയാക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): കോട്ടയം മുനിസിപ്പൽ ആഫീസിൽനിന്നു് പബ്ലിക്ക ചന്തയിലേക്ക എത്തുടരുമുണ്ടു്?

മി: കെ. കെ. തോമസ് (കോട്ടയം): ഏകദേശം അരനാഴിക. ശുചീകരണജോലിക്കാരില്ലാത്തപക്ഷം തഹശീൽദാരന്മാരെത്തന്നെ ഈ ജോലി ഏർപ്പിക്കുന്നതു നന്നായിരിക്കും.

മി: പി. കെ നാരായണപിള്ള (അമ്പലപ്പുഴ): തഹശീൽദാർ ശുചീകരണജോലി നിർവഹിച്ചാലും ചന്തക്കുള്ളിൽ ചവറുമുതലായവകൊണ്ടുവരുന്നതിനൊ അവിടെയവച്ചുകൊണ്ടിരിക്കുന്നതിനൊ കുത്തകക്കാരെ പാടില്ലയൊ?

മി: കെ. കെ. തോമസ്സ് (കോട്ടയം): ചിലവ്യവസ്ഥകൾ അനുസരിച്ചാണു് പാട്ടം കൊടുക്കുന്നതു്. പാട്ടം ഇപ്പോൾ തന്നെ കൊടുക്കണമെങ്കിൽ നാം വൃദ്ധാ സമയം കളഞ്ഞിട്ടാവശ്യമില്ല. അതുകൊണ്ടു് പാട്ടങ്ങൾ കൊടുത്തുകഴിഞ്ഞൊ എന്നു് ചീഫ്സെക്രട്ടറിയുടെ പക്കൽ നിന്നൊ കമ്മീഷണരുടെ പക്കൽനിന്നൊ അറിയാൻ ആഗ്രഹിക്കുന്നു. പാട്ടം കൊടുത്തിട്ടില്ലെങ്കിൽ മാത്രമെ ചന്തകളുടെ ശുചീകരണ ജോലി ആരെ ഏർപ്പിക്കണമെന്നുള്ള വിഷയം പ്രതിവാദിക്കേണ്ട ആവശ്യമുള്ളു. സ്വന്തനിലയിൽ പറയുന്നപക്ഷം ഗവണ്മെൻറുദ്യോഗസ്ഥന്മാർ തന്നെ ഈ ജോലി ചെയ്യണം.

മി: കെ. എ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ ഉപേക്ഷേപം മിസ്റ്റർ കുമാരപിള്ള ഹാജരാക്കിയതിന്റെ പ്രധാന ഉദ്ദേശം ചന്തകളെ വൃത്തിയാക്കി വച്ചുകൊണ്ടിരിക്കുന്നതിന്റെ ആവശ്യകതയെ ഗവണ്മെൻറിന്റെ ശ്രദ്ധിയിൽ കൊണ്ടുവരണമെന്നുള്ളതാണെങ്കിൽ അദ്ദേഹത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ചന്തകളെ ഇപ്പോൾ ശരിയായി വച്ചുകൊണ്ടിരിക്കുന്നില്ല എന്നും അതിനാൽ ജനങ്ങൾക്കു പാസ്സുവഞ്ചിക്കു ബുദ്ധിമുട്ടു അനുഭവിക്കുന്നുണ്ടെന്നും എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. എന്നാൽ ഈ ചന്തകളെ ശുചിയായി വച്ചുകൊണ്ടിരിക്കേണ്ട ചുമതല പാട്ടക്കാരെ ഏൽപ്പിക്കണമെന്നാണ് മിസ്റ്റർ കുമാരപിള്ള പറയുന്നെങ്കിൽ ഞാൻ അദ്ദേഹത്തോടു യോജിക്കുന്നില്ല. എന്തെന്നാൽ ഇപ്പോഴത്തെഏർപ്പാടനുസരിച്ചു് ചന്തകളെ ശുചിയാക്കി വച്ചുകൊണ്ടിരിക്കേണ്ട ചുമതല ഗവണ്മെൻറു വഹിച്ചുവരികയാണ്. കരം പിരിക്കുന്ന അവകാശം മാത്രമെ അവർ പാട്ടം കൊടുത്തിട്ടുള്ളു. അതുകൊണ്ടു യാതൊരുവിധത്തിലും പാട്ടക്കാരൻ ചന്തകളെ വൃത്തിയാക്കിവച്ചുകൊണ്ടിരിക്കുന്നതിനു ബാധ്യതപ്പെട്ടവനല്ല. ഇക്കാര്യത്തെ പരിഗണിച്ചു് ചന്തകളെ ശുചിയാക്കി വച്ചുകൊണ്ടിരിക്കേണ്ട ചുമതല പ്രധാനമായി ഗവണ്മെൻറു തന്നെ വഹിക്കണമെന്നു ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു. സാധാരണയുള്ള ജന്മി കുടിയാൻ ചട്ടങ്ങൾ ഈ വിഷയത്തിൽ യോജിക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): കുത്തകക്കാരൻ ചെയ്യുന്നതൊ ഗവണ്മെൻറു ചെയ്യുന്നതാലാണം?

മി: കെ. എ. ജോസഫ് (മീനച്ചലും ദേവികുളവും): ലാഭമല്ലനോക്കേണ്ടതു്. ഇതൊരു തത്വവിഷയമായ ഒരു കാര്യമാണ്

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ചന്തയിൽ വരുന്ന ആളുകളുടെ സൌകര്യത്തിനു വേണ്ടി കുത്തകക്കാർ താൽക്കാലിക പുരകൾ കെട്ടീട്ടുള്ളതായി മെമ്പറിനു അറിവുണ്ടൊ?

മി: കെ. എ. ജോസഫ് (മീനച്ചലും ദേവികുളവും): അതിനെപ്പറ്റി എനിക്കു അറിഞ്ഞുകൂടാ. ഇക്കാര്യത്തിൽ അടങ്ങിയിട്ടുള്ള തത്വത്തെപ്പറ്റിയാണ് ഞാൻ സംസാരിക്കുന്നതു്. ന്യായം നോക്കുന്നതായാൽ പിരിച്ചെടുക്കുന്നതിനുള്ള അവകാശം മാത്രമാണ് പാട്ടം കൊടുത്തിട്ടുള്ളതു്; അങ്ങിനെയിരിക്കെ ചന്തയെ വൃത്തിയാക്കി വയ്ക്കുന്നതിനു പാട്ടക്കാരെക്കൊണ്ടു ബുദ്ധിമുട്ടിക്കാൻ പാടില്ലാത്തതാകുന്നു. ഈ ജോലി നിർവഹിക്കുന്നതു സംബന്ധിച്ചുള്ള മുഴുവൻ ചുമതലയും ഗവണ്മെൻറിനാണ്. ഈ വിമർശനങ്ങളോടുകൂടി ഉപേക്ഷേപം പിൻവലിക്കുന്നതിനും അതിനെ പ്പറ്റി ഇനിയും വാദപ്രതിവാദം നടത്തി സമയം കളയാതിരിക്കുന്നതിനും അപേക്ഷിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ വാദപ്രതിവാദം നടത്തുന്നതിൽ വച്ചു സമയം വെറുതെകളയുന്നു എന്നു മെംബർ പറയുന്നതു ഓർഡറിനു വിരോധമാണു്.

മി: സി. പി. തരകൻ (കുന്നത്തുനാടു): ഈ മോഷൻ ഇപ്പോൾ തന്നെ വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞാൻ അതിനെ പിൻതാങ്ങുന്നു. വാദപ്രതിവാദം നിറുത്തണമെന്നുള്ള മോഷൻപാസ്സാക്കി.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ചന്ത കൂടിവരുന്ന സ്ഥലങ്ങളെ ശ്രുചിയാക്കിക്കൊടുക്കേണ്ടുന്നതല്ല റൂൾസിനാൽ ഗവണ്മെന്റിന്റെ കടമയിൽ വച്ചിരിക്കുന്നു. ഇങ്ങിനെയുള്ള റൂൾ എഴുതിഉണ്ടാക്കുമ്പോൾ ഇപ്പോൾ എങ്ങിനെ നടന്നു വരുന്നു എന്നുകൂടി അന്വേഷിച്ചിട്ടുവേണ്ടതായിരുന്നു. റൂൾസിൽ ഇങ്ങിനെ വ്യവസ്ഥ ചെയ്തിട്ടുള്ളതും അനുഭവത്തിൽ ഇപ്പോൾനടന്നുവരുന്നതും എനിക്കറിയാവുന്നതുകൊണ്ടാണ് ഇങ്ങിനെയൊരു മോഷൻ കൊണ്ടുവരുവാൻ ഇടയായിട്ടുള്ളതു്. കഴിഞ്ഞയാണ്ടിൽ ഇങ്ങനെയൊരു യുക മീനിയൽസിനു വേണ്ടി ചിലവാക്കീട്ടുണ്ടെന്നുള്ളതു തന്നെ ചീഫ്സെക്രട്ടറിപറഞ്ഞതിൽ പിന്നീടു മാത്രമേ എനിക്കറിയാനിടയായുള്ളു. ഓരോ ചന്തകളിലും ഇപ്പോൾ മീനിയൽസ് നടത്തിപ്പോരുന്ന ശ്രുചീകരണജോലികളും അതിലേക്കു അവക്കു ശമ്പളം കൊടുത്തു വരുന്ന സംബ്രമായങ്ങളും അറിയുന്നതായാൽ പൊതുജനങ്ങളിൽ ചന്തക്കരം പിരിച്ചുവരുന്ന പണത്തിൽ നിന്നും ഇതിലേക്കു ചിലവാക്കേണ്ട ആവശ്യമില്ലെന്നും ബോധ്യപ്പെടുന്നതാണ്. മീനിയൽസിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള യുകമുഴുവനും ശരിയായവിധം ചിലവാക്കുന്നതിനും, ശ്രുചികരണം തൃപ്തികരമായി നടത്തുന്നതിനും സ്ഥലം തഹശീൽദാരന്മാരെ ചുമതലപ്പെടുത്തണമെന്നൊരു വാദം പറഞ്ഞുകാണുന്നു. ഈ ജോലിക്കാരെകൊണ്ടു തൃപ്തികരമായി നടത്താൻ സാധിക്കുന്നതല്ല. തഹശീൽദാരുടെ തലസ്ഥാനത്തു നിന്നും ഒരു ചന്ത നാലുമൈൽ ദൂരെ ആയിരിക്കും. മറ്റൊന്നു പത്തുനാലുമൈൽദൂരത്തായിരിക്കും, വേറൊന്ന് അതിലും കൂടുതലായുള്ളദൂരത്തായിരിക്കും. ഇങ്ങിനെ സ്ഥിതിചെയ്യുന്ന ചന്തകളുടെ ശ്രുചീകരണ ജോലി ശരിയായിനടത്താൻ തഹശീൽ ദാരന്മാരുടെ ബാഹുല്യകൃത്യങ്ങളിൽ ഒരിക്കലും സാധിക്കുന്നതല്ലാ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈസ്ഥിതിക്കു കൂടുതൽ അസിസ്റ്റന്റു തഹശീൽദാരുമാരുടെ നിയമനത്തിനുകാരണമാകുന്നില്ലയൊ? റവന്യൂ സംബന്ധമായജോലിക്കു പുറമെ ഈ ജോലിയ്ക്കുകൂടി കൂടുതൽ അസിസ്റ്റന്റു തഹശീൽദാരന്മാരെ ആവശ്യപ്പെടുകയില്ലെ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ സ്ഥിതിയിൽ കൂടുതൽ അസിസ്റ്റന്റു തഹശീൽദാന്മാരെ ആവശ്യപ്പെടുകതന്നചെയ്യും, കാലക്രമംകൊണ്ടു അവരെക്കൊണ്ടുതന്നെ തൃപ്തിപ്പെടുമെന്നു കൂടിഎനിക്കു സംശയം തോന്നുന്നു. ഇയുകസ്റ്റാക്കാനിന്നും ഇടയാക്കാതേയും പൊതുജനങ്ങളുടെ പണം ദുർവ്യയം ചെയ്യാതേയും ഇന്നത്തെ സ്ഥിതിനും കാര്യസാമ്പ്രത്തിനും അനുരൂപമായവിധം റൂൾസിനെ ഭേദപ്പെടുത്തുന്നതിൽ വിഷമമില്ലാത്തതാണ്. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസങ്ങളിലാണ് ചന്തകൾ സാധാരണ കൂടിവരുന്നതു. ആ ദിവസങ്ങളിൽ ആരെക്കിലും ഓരോ ചക്രം വീതം കൊടുക്കുന്നതായാൽ ചന്തകളെ ശ്രുചിയാക്കിവച്ചുകൊണ്ടിരിക്കാൻ സാധിക്കുന്നതാണ്. ഞാൻ ഒരു അന്തിക്കടയുടെ ഉടമസ്ഥനാണ്. അതിലേക്കു ഗവണ്മെന്റിൽ നിന്നുംനിശ്ചയിച്ചിട്ടുള്ള ഫീസ് ഞാനിതുവരെ വാങ്ങീട്ടില്ല. ആ കടയെ ശ്രുചിയാക്കിവച്ചുകൊണ്ടിരിക്കുന്നതിനു ഇങ്ങനെയാണ് ഞാൻ ചെയ്തുവരുന്നതു്. ഈ സ്ഥിതിയിൽ ചന്തകളെ ശ്രുചിയാക്കി വച്ചുകാത്തുകൊള്ളുന്നതിനു അതിലെകൺട്രാക്ടർന്മാരെ ചുമതലപ്പെടുത്തുന്നതിനു തക്കവണ്ണമുള്ള വ്യവസ്ഥകളോടുകൂടി റൂൾസിനെഭേദപ്പെടുത്തേണ്ടതാണ്. അങ്ങനെ ചെയ്യാതെ ഓരോ ചന്തകൊക്കും മീനിയൽസിനെ നിയമിക്കുന്നതു ദുർവ്യയമായി തീരുമെന്നുള്ളതു കൊണ്ടു ഈ മോഷനെ വോട്ടിനിടേണ്ടതാണ്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ആഭ്യന്തരകൃഷിയും കമ്മീഷണർ): ഇപ്പോൾ ആലോചിക്കേണ്ടതായ കാര്യം ചന്തകളെ ശ്രുചിയാക്കി വച്ചുകൊണ്ടിരിക്കുന്നതിനു ആരെ ഏൽപ്പെടുത്തണമെന്നുള്ളതു മാത്രമാണ്. ഇപ്പോൾ ഞങ്ങൾ തന്നെ ഉടമ്പടി നടത്തിയിട്ടുള്ളതുകൊണ്ടു, ഗവണ്മെന്റിനു ഇപ്പോൾ ആ ഉടമ്പടിക്കു വിപരീതമായി യാതൊന്നും ചെയ്യാൻ പാടില്ല; ചന്തയിലെ ശ്രുചീകരണജോലി കുത്തകക്കാർ തന്നെ ചെയ്യണമെന്നു ഞങ്ങൾ ഉടമ്പടിയിൽ യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ലാത്തതിനാൽ ശ്രുചീകരണജോലി ഗവണ്മെന്റു ചിലവിന്മേൽ തന്നെ ചെയ്യേണ്ടിയിരിക്കുന്നു. ഞാൻ മുൻപു പ്രസ്താവിച്ചതുപോലെ മിസ്റ്റർ കുമാരപിള്ളയും സഭയിലെ മറ്റു മെംബറന്മാരും നിർദ്ദേശിച്ചിട്ടുള്ളതെല്ലാം ആലോചിക്കപ്പെടുന്നതാകുന്നു. എന്നാലിപ്പോൾ ചന്തകളെ വൃത്തിയാക്കിവച്ചു കൊണ്ടിരിക്കുന്നതിനു എന്തെങ്കിലും മാർഗ്ഗം ഞങ്ങൾക്കു വേണ്ടിയിരിക്കുന്നു ഈ പണം അനുവദിക്കാത്തപക്ഷം ഞങ്ങൾക്കു അതു ചെയ്യുന്നതിനു യാതൊരുമാർഗ്ഗവുമില്ല. അതുകൊണ്ടു അടിയന്തരത്തിന്റെ ഉപക്ഷേപമനുസരിച്ചുള്ള യുക കുറവു ചെയ്തു ഗവണ്മെന്റിനെ ബുദ്ധിമുട്ടിക്കാതിരിക്കുന്നതിനു മിസ്റ്റർ കുമാരപിള്ളയോടു ഞാൻ അപേക്ഷിക്കുന്നു. ഈ യുക അനുവദിച്ചില്ലെങ്കിൽ ഒരൊറ്റ ചന്തയും ശ്രുചിയായി വച്ചുകൊണ്ടിരിക്കുന്നതിനു ഞങ്ങൾക്കു സാധിക്കയില്ല. ചില ചന്തകളിലും ഈ ജോലി നടത്തിയുന്നില്ലെന്നു മിസ്റ്റർ കുമാരപിള്ള പറയുന്നു. മിസ്റ്റർ കുമാരപിള്ള തന്നെ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഈ ചന്തകൾ താലൂക്കിന്റെ പലഭാഗങ്ങളിലുമായി സ്ഥിതിചെയ്യുന്നതും, അവിടെയെല്ലാം ചെന്നു ശ്രുചീകരണ ജോലി ശരിയാംവണ്ണം നടത്തുന്നതിനു തഹശീൽദാർക്കു സാധിക്കാത്തതും ആകുന്നു. ഇക്കാര്യത്തിൽ ജോലി നിർവ്വഹിക്കുന്നില്ലെന്നുള്ള വസ്തുത തഹശീൽദാരുടെയൊ, എ.ൻെറയൊ, ഗവണ്മെന്റിന്റെയൊ ശ്രദ്ധയിൽ കൊണ്ടുവരുന്നതായാൽ താണതരം സിൽബന്ധികൾ അവരുടെ ജോലിയിൽ അമാന്തം കാണിക്കാതിരിക്കുന്നതിനു നടപടികൾ നടത്തുന്നതാകുന്നു.

മി: കെ. കെ. തോമസ്സ് (കോട്ടയം): പാട്ടം ഇപ്പോൾ തന്നെ കൊടുത്തു കഴിഞ്ഞൊ എന്നു അറിഞ്ഞുകൊൾകൊള്ളാം.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഡാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): ക ൂ 0 ക-ാമാണ്ടേത്തേക്കുള്ള പാട്ടം കൊടുത്തുകഴിഞ്ഞു.

ഈ പണം അനുവദിക്കാതപേക്ഷം സംസ്ഥാനത്തൊട്ടുക്കുള്ള ചന്തകളിലെ ശ്രുചീകരണജോലിയ്ക്കു ഒരുത്തനെയെങ്കിലും നിയമിക്കുന്നതിനു സാധിക്കയില്ല. ജോലി ശരിയായി നിവ്വഹിക്കപ്പെടാത്ത ഉദ്യോഗങ്ങളും ഉണ്ടായിരിക്കാം. അങ്ങിനെയുള്ള ഉദ്യോഗങ്ങളെ ഗവണ്മെൻറിന്റെ നോട്ടീസിൽ കൊണ്ടു വരേണ്ടതാണെന്നു മാത്രംഞാൻ അപേക്ഷിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): തഹശിൽദാരന്മാർ ഈ ചന്തകളിൽ എടുതിനെയെങ്കിലും ആണ്ടിലൊരിക്കൽ സന്ദർശിക്കുന്നുണ്ടോ എന്നു മിസ്റ്റർ റാബിൻസൺനോട ഞാൻ ചോദിക്കുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഡാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): ഈ വർ അത്യുകാരം ചെയ്യേണ്ടതാകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതു സംബന്ധിച്ചു വല്ല കണക്കുകളും ഡാൻഡറവന്യൂകമ്മീഷണരുടെ പക്കലുണ്ടോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഡാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): അതു ഇപ്പോൾ എന്റെ പക്കലില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഇതിലേക്ക നിക്കിവച്ചിട്ടുള്ള പണം തഹശിൽദാർ മുഖിയാകംവണ്ണം ഉപയോഗിക്കുന്നുണ്ടോ എന്നു അറിയുന്നതിനു വല്ലമാർഗ്ഗവുമുണ്ടോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഡാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): അതു സംബന്ധിച്ചു അന്വേഷണങ്ങൾ ഞാൻ നടത്തുന്നതാണ്.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ ഡെപ്യൂട്ടിപ്രസിഡൻറ): ഇതിലേക്ക ഇക്കൊല്ലം ഇതുവരയ്ക്കും പണം ചിലവാക്കിയിട്ടുണ്ടോ? ബഡ്ജറ്റിൽ ഞാനൊന്നും കാണുന്നില്ല.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഡാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): സപ്ലിമെൻററി ഗ്രാൻറിനു ഞാൻ അപേക്ഷിച്ചിരുന്നു. യാതൊന്നും നോക്കാതെ എതു പണം ഗവണ്മെൻറിൽ നിന്നുവലിച്ചു എന്നു എനിയ്ക്കു പറയാൻ പാടില്ല.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ ഡിപ്യൂട്ടിപ്രസിഡൻറ): ക ക ം 0-ലേക്കുള്ള ബഡ്ജറ്റിൽ യാതൊന്നും കൊള്ളിച്ചിട്ടുള്ളതായി ഞാൻ കാണുന്നില്ല.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഡാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): ഇതിലേക്ക പണം വേണമെന്നു പേഷ്കാരന്മാർ ആവശ്യപ്പെടുകയും അതിലേക്ക ഗവണ്മെൻറിനോട ഞാൻ അപേക്ഷിക്കയും ചെയ്തു.

മി: സി. പി. തരകൻ (കുന്നത്തുനാട്): മാക്കറികൻറ ലേലം സ്ഥിരപ്പെടുത്തുന്നതാരാണ്?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഡാൻഡറവന്യൂവും ആദായനികുതിയുംകമ്മീഷണർ): പേഷ്കാരന്മാരാണെന്നാണ് എനിക്കുതോന്നുന്നത്.

മി: സി. പി. തരകൻ (കുന്നത്തുനാട്): അടുത്ത കൊല്ലത്തേയ്ക്കുള്ള ചന്തകളുടെ പാട്ടം സംബന്ധിച്ചുള്ള എല്ലാ ലേലങ്ങളും സ്ഥിരപ്പെടുത്തിക്കഴിഞ്ഞോ എന്നു മിസ്റ്റർ റാബിൻസൺൻറെ പക്കൽ നിന്നറിഞ്ഞുകൊള്ളാം.

മി: കെ. കെ. താമസ്സ് (കോട്ടയം): ക ക ം ക-ാമാണ്ടേത്തേയ്ക്കുള്ള ചന്തകളുടെ പാട്ടം കൊടുത്തു കഴിഞ്ഞോ എന്നു മിസ്റ്റർ റാബിൻസൺൻറെ പക്കൽ നിന്നു അറിഞ്ഞുകൊള്ളാം.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഡാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): അതേ. അതു കൊണ്ടു ഉപക്ഷേപം ഹാജരാക്കുന്നതെന്നു മിസ്റ്റർ കുമാരപിള്ളയോട ഞാൻ അപേക്ഷിക്കുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇപ്പോൾ അടുത്ത ആണ്ടത്തേക്ക ലേലം വിളിച്ചു പോയി എന്നു പറയുന്നു. ലേലം വിളിച്ചു പോയതുകൊണ്ടു ഗവണ്മെൻറിനു ശ്രുചീകരണജോലിയെ ക്രമത്തിലാക്കാൻ വിരുദ്ധമായില്ല. എന്നാൽ അടുത്ത തവണ ലേലം വിളിക്കുന്നതിനു മുമ്പു ഈ റിപ്പോർട്ടിനെ അനുരൂപമായി ലേലപ്പെടുത്തി ആ പണം അത്യാവശ്യമായ കാര്യങ്ങളിൽ ചിലവാക്കുന്നതിനു വിധത്തിൽ വേണ്ടതു ചെയ്യാമെന്നു വാഗ്ദാനം ചെയ്യുന്നപക്ഷം എനിയ്ക്കു പ്രമേയം പിൻവലിക്കുന്നതിൽ വിരോധമില്ല.

അദ്ധ്യക്ഷൻ: പ്രതിവാദത്തിനെ ആസ്പദമാക്കി ഈ വിഷയത്തെപ്പറ്റി ആലോചിക്കാമെന്നു ഗവണ്മെൻറ ഉറപ്പുപറയുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഡാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): ഉപക്ഷേപം നിർബന്ധിക്കരുതെന്നു മാത്രമാണ് മിസ്റ്റർ കുമാരപിള്ളയോട ഞാൻ ആവശ്യപ്പെടുന്നത്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഉപക്ഷേപം ഞാൻ പിൻവലിക്കുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ര.ശ്ര-ന ലഘുക്ഷേണത്തിനായി സഭ പിരിയുകയും ര. ശ്ര വു-ന സഭ വീണ്ടും കൂടുകയും ചെയ്തു.

ഉപക്ഷേപം ക 0.

താഴെ കൊടുത്തിട്ടുള്ള ഉപക്ഷേപം ഹാജരാക്കപ്പെട്ടിട്ടില്ല.

മി: എ. ജെ. ജോൺ.

ക 0. ചന്തകളുടെ പരിഷ്കരണത്തിനു നീക്കിയച്ചിട്ടുള്ള ക ൩, 0 0 0 രൂപ എടുത്തു കളയണമെന്നു.

ഉപക്ഷേപം ക.

മി: കെ. കുമാരപിള്ള (കൽക്കുളവും വിളവംകോടും): സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

ക. ചന്തകളുടെ പരിഷ്കരണത്തിനു നീക്കിവച്ചിട്ടുള്ള ക ൪,൦൦൦ രൂപയിൽ നിന്നു ക൦൦൦ രൂപ കുറവുചെയ്യുണമെന്ന്.

ഇതിൽ എനിക്കു രണ്ടു മുന്നു സംഗതികളാണു പറയാനുള്ളതു്. ഈവിനിങ്ങ്മാർക്കറ്റുകൾ ഇപ്പോൾ നടത്തുന്ന രീതി മാറ്റി മേടപ്പട്ടണത്തണം. രണ്ടാമതു, ഈ ചന്തകളിൽ നടത്തിവരുന്നതായ അറുകുറ വേലകൾക്ക് നിയമപ്രകാരം നന്നാക്കുന്നതിനും ഇപ്പോൾ അനുവദിച്ചു വരുന്ന തുക പോരാ. മൂന്നാമതു, ഈവിനിങ്ങ്മാർക്കറ്റിൽ നിന്നും ഫീസ് ഈടാക്കുന്നതു കഷ്ടമാണു എന്നുള്ളതാണ്. ഈ ഈവിനിങ്ങ്മാർക്കറ്റിൽ അധികവും സാധുക്കളാണ് വരുന്നതു്. കൂലിവേലക്കാർ കൊണ്ടുവന്നേരം കമ്പളം വാങ്ങി വല്ല അരിയോ ഉപ്പോ മുളകോ മറ്റോ വാങ്ങാനായി വരുന്ന സ്ഥലമാണ്. ഈ മാർക്കറ്റിനും മറ്റു മാർക്കറ്റുകൾക്കും പോലെ ഫീസ് ചുമത്തിക്കാണുന്നു. സാധുക്കൾ ചില്ലറസാമാനം വാങ്ങാൻ രണ്ടു തേങ്ങയോ അരുല്ലുകിൽരണ്ടുമൂട്ടയോ മറ്റോ വിൽക്കാനായിട്ടുകൊണ്ടുവരുന്നതു സാധാരണയാണ്. അങ്ങനെ കൊണ്ടുവരുന്ന സാമാനങ്ങൾക്കു കൺട്രാക്ടർ ചുങ്കം ചുമത്തുന്നുണ്ട് ഗവണ്മെൻറു നിയമപ്രകാരം കൈച്ചുമടിനു രണ്ടു കാശേ ഉള്ളു എങ്കിലും അവർ രണ്ടു കാശായി വാങ്ങിക്കുന്നതു വളരെ അപൂർവ്വമാണ്. മിക്കവാറും നാലുകാശാണ് വാങ്ങിക്കുന്നതു്. ഇങ്ങനെ കൂടുതൽ പിരിച്ചുവരുന്ന എന്നു മുമ്പത്തെ പ്രജാസഭയിൽ ആ മെമ്പർ അറിയിച്ചു. അതിനു അന്നത്തെ പ്രസിഡൻറു പറഞ്ഞതു്, അങ്ങനെ ഒരിക്കലും നടക്കയില്ല; അതു നിങ്ങൾക്കറിയാൻ പാടില്ലാത്തതുകൊണ്ടാണ്; ഞാൻ ഒരിക്കൽ പരിശോധിച്ചു; ഒരു മനുഷ്യനും കൂടുതൽ ചുങ്കം വാങ്ങുന്നതായി കണ്ടില്ല; എന്നാണ്. ഒരു തിരുവിതാംകൂർ ദിവാൻജി ഒരു ചന്തയുടെ ഏതെങ്കിലും മൂലയിൽ വന്നു നിന്നാൽ കൺട്രാക്ടറന്മാർ ന്യായരഹിതമായ ഫീസ് ഒരിയ്ക്കലും വാങ്ങിക്കയില്ലാ. അതു കൊണ്ടു തിരുതിതാംകൂർ സംസ്ഥാനത്തുള്ള ചന്തകളിൽ കൂടുതൽ ചുങ്കം പിരിക്കുന്നില്ലാ എന്നു പറയുന്നതു് അർത്ഥമില്ലാത്തതാണ്. ഈ കൂടുതൽ ചുങ്കം പിരിക്കുന്നതിനെപ്പറ്റി അന്വേഷിക്കുന്നതിനും അതിനെ സംബന്ധിച്ചു നടപടി നടത്തുന്നതിനും ഇവിടെ ആരും തയ്യാറില്ലാ. തഫശീൽദാരന്മാർ ഈ കടകളിൽ പോകാനും അന്വേഷിക്കാനും സാധിക്കുമെങ്കിലും അങ്ങനെ ചെയ്തു വരാറില്ല. പിന്നെ പോലീസുകാരുണ്ട്. പോലീസുകാരേക്കൊണ്ടു മറ്റുണ്ണിലുള്ളവക്കാണു പ്രധാന ആവശ്യം. ഉദ്യോഗസ്ഥന്മാർ ആളുകൾ കുറവാണ്. അതുകൊണ്ട് അവരിൽ നിന്നും രക്ഷയില്ലാ. കൺട്രാക്ടറന്മാരുടെ ഒരു മയവിലാണ് ഇവിടെയുള്ള സാധുക്കൾകഴിച്ചുകൂട്ടുന്നതു്. ഈ ആണ്ടിൽ ചന്തകളിലും ഈവിനിങ്ങ്മാർക്കറ്റുകളിലും നിന്നു ന൭,൦൦൦ രൂപായെ കിട്ടുന്നുള്ളു. ഈവിനിങ്ങ്മാർക്കറ്റിൽ നിന്നുമാത്രം ആയിരമോ രണ്ടായിരമോ രൂപാ വരുമായിരിക്കാം. സാധുക്കൾ ഒരു തേങ്ങയോ രണ്ടു മുട്ടയോ കൊണ്ടുവരുമ്പോൾ അവരിൽ നിന്നും നാലുകാശു വാങ്ങി മുതൽകൂട്ടിട്ടു തിരുവിതാംകൂർ ഗവണ്മെൻറിനു യാതൊരു ആവശ്യവുമില്ല. ഞങ്ങളുടെ വരവുചിലവൊന്നും നോക്കാതെ കൂടുതൽ ഗവണ്മെൻറു ചുമത്തുന്ന പക്ഷംഞങ്ങൾ കൊടുക്കാൻ തയ്യാറാണ്. ഈ പാവങ്ങളുടെ രക്ഷയ്ക്കു വേണ്ടി ഈ രണ്ടായിരം രൂപാ ഞങ്ങളിൽ നിന്നു ഈടാക്കിയാലും കൊള്ളാം. എന്നാൽ മാർക്കറ്റു ഡ്യൂസ് ഉണ്ടാക്കുന്ന കാലത്തു പ്രജാസഭയിലും ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. സാധുക്കളെ രക്ഷിക്കാൻ വേണ്ടി ഈവിനിങ്ങ്മാർക്കറ്റിനു ചുമത്തിട്ടുള്ള ഫീസ് കുറയ്ക്കണം.

ആട്ടുകാലത്തു ഈ ചന്തയിൽ നിന്നും പിരിക്കുന്ന പണത്തിൽ ക൦൦-നു ൪൦ വീതം ആ ചന്തകൾക്കുതന്നെ ചിലവാക്കാമെന്നു ഡിപ്യൂട്ടിപ്രസിഡൻറു മിസ്റ്റർ സുബ്ബയ്യർ പറയുകയുണ്ടായി. അതു ന്യായമാണ്. മാർക്കറ്റുബിൽ നിയമസഭയിൽ കൊണ്ടുവന്നപ്പോൾ അതിനെപ്പറ്റി വാഗ്പ്രതിവാദമുണ്ടായിരുന്നു. അന്നു ചന്തകൾ വൃത്തിയാക്കുന്നതിനല്ലാതെ ഈ പണം പൊതുമരാമത്തിനോടു ചേർക്കയൊ മറ്റുനിലയിൽ വിനിയോഗിക്കുകയൊ ചെയ്കയില്ലാ എന്നു പറഞ്ഞതുകൊണ്ടാണ് അന്നു അതു പാസാക്കിയതു്. ഫസ്റ്റ്-മതത്തെ പ്രജാസഭയിൽ ചന്തകൾ നന്നാക്കുന്ന വിഷയത്തെപ്പറ്റി ഒരു പ്രമേയം കൊണ്ടു വന്നപ്പോൾ അന്നു കിട്ടിയ മരാമത്തിൽ നിന്നും വരുന്ന പണം അതേ ഇനത്തിൽ തന്നെ ചിലവാക്കണമെന്നുള്ള തത്വത്തിൽ ഗവണ്മെൻറു ഒരിക്കലും യോജിക്കുന്നതല്ലാ എന്നാണ്. പിന്നെ മിസ്റ്റർ സുബ്ബയ്യർ പറഞ്ഞതു പോലെ ക൦൦-നു ൪൦ വീതമെങ്കിലും ഇതു നന്നാക്കാൻ ചിലവാക്കണമെന്നു പറഞ്ഞു. അപ്പോൾ മാന്യസ്നേഹിതൻ മിസ്റ്റർ കാർത്തികേയൻ ഞങ്ങളുടെ ബഡ്ജറ്റിൽ ഇതാ അനുവദിച്ചിരിക്കുന്നു എന്നു പറഞ്ഞു. അതിൽ ചില രഹസ്യങ്ങൾ ഉള്ളതു മിസ്റ്റർ സുബ്ബയ്യർക്കു അറിയാമായിരിക്കാം. ഈ രഹസ്യമെന്താണെന്നു വച്ചാൽ, ൯൭-ലെ ബഡ്ജറ്റിൽ ക൦,൦൦൦ രൂപാ ആയിരുന്നു അനുവദിച്ചിരുന്നതു്. അതിൽ ൨൫൦൦ രൂപായെ ചിലവാക്കീട്ടുള്ളു. അതു പോലെ ൯൮-ലെ ബഡ്ജറ്റിൽ ക൨,൦൦൦ രൂപാ അനുവദിച്ചു. അതിൽ ൭,൦൦൦-ൽ പരം രൂപാമാത്രം ചിലവാക്കി.

പിന്നെ മറെറാരു സംഗതി ഉള്ളതു ശ്രദ്ധിക്കുവാൻ വളരെ വഴിക്കുന്നു എന്നുള്ളതാണ്. അതിനുള്ള കാരണം ഈ പണപിരിവുള്ളതുകൊണ്ടാണ്. സാധുക്കൾക്കു പരാതിപറയാൻ പോയാൽ അവരുടെ കുഞ്ഞുകുട്ടികൾക്കു നാലഞ്ചു ദിവസം പട്ടിണിയുമാണ്. ഒരു കടയിൽ ഒരു പാവപ്പെട്ട സ്ത്രീയുടെ മുട്ട മടിയിൽ കെട്ടികൊണ്ടുവന്നു. കൺടാക്ടർ നാലുകാശു തരണമെന്നു ചോദിച്ചു. "നാലുകാശുതരാൻ നിവൃത്തിയില്ല. മുട്ടവിറ്റിട്ടു വേണം ഇന്നത്തേക്കു സാമാനം മേടിക്കാൻ" എന്നു ആ സ്ത്രീ പറഞ്ഞു. കൺട്രാക്ടർ നാലുകാശുതരണമെന്നു നിർബന്ധിച്ചു. ആ സ്ത്രീ രണ്ടുമുട്ടയും അവന്റെ മുമ്പിൽ എറിഞ്ഞു കരഞ്ഞുംകൊണ്ടുപോയി. ഇതു ഞാൻ കണ്ടതായ കാര്യമാണ്. ഇങ്ങനെ തിരുവിതാംകൂർ സംസ്ഥാനത്തേയ്ക്കു പണം ഉണ്ടാക്കീട്ടു ഒരു ആവശ്യവുമില്ല. അത്തരപ്പെട്ടിണിക്കിടന്നു, ഉടുക്കാനും കുടിക്കാനും ഇല്ലാത്ത സാധുക്കളുടെപക്കൽ നിന്നും ഈ മാതിരി പണം പിഴിച്ചു ഗവണ്മെൻറിനു മുതൽകൂട്ടീട്ടു എന്താണ് ആവശ്യം? അതിനു വേണ്ടി മറെറാരു വക എന്തു തന്നെ നികുതിഭാരം ചുമത്തിയാലും ഈ ഏർപ്പാടുനിർത്തണം എന്നാണ് എനിക്കു പ്രധാനമായി പറയാനുള്ളതു്. പ്രൈമറുമാർക്കറ്റുകൾക്കു ലൈസൻസ് കൊടുക്കുന്നതുവരെ സൂക്ഷിച്ചുവേണം. ൯൭-ൽ ക൯൮ കടകൾ ഉണ്ടായിരുന്നതു് ൯൮-ൽ ൨൯൮ ആയി, ൯൯-ൽ ൨൫൭ ആയി. ഇങ്ങനെ ഓരോ ആണ്ടിലും വർദ്ധിച്ചുവരുന്നതുകൊണ്ടു

ഷാക്കറിന്റെ ലൈസൻസു കൊടുക്കുമ്പോൾ വളരെ ആലോചിച്ച് ജനങ്ങൾക്കാവശ്യമുണ്ടോ എന്നു അന്വേഷിച്ച് കൊടുക്കണം. അന്തിക്കടകളോട ഫീസ് കുറച്ചാൽ മാത്രമെ ജനങ്ങൾക്കു രക്ഷ ഉണ്ടാകയുള്ളൂ.

അദ്ധ്യക്ഷൻ:—ഇതുവിനിങ്ങ് മാക്കറുകളിൽ ചുമത്തിവരുന്നതും അതു മൂലം സാധുക്കൾക്കു ബുദ്ധിമുട്ടിനു തോന്നിട്ടുണ്ടും ആയ ഫീസ് അതുകുന്നിടത്തോളം വോത്തിൽ നിറുത്തൽചെയ്യുന്നതാണെന്നു ഗവർണ്മെന്റിനു വേണ്ടി ഞാൻ നിങ്ങൾക്കു ഉറപ്പുതരുന്നു (ഹസ്തതാഡനം).

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): സർ, ഇങ്ങനെ കേട്ടതിൽ എനിക്കു അധികമായ സന്തോഷം തോന്നുന്നു; അതിലേക്കു ഞാൻ നന്ദി പറഞ്ഞു കൊള്ളുന്നു. ഞാൻ അതിലേക്കായി നന്ദി പറയുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറവന്യൂവും ആലായ നികുതിയും കമ്മീഷണർ): സർ--

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അദ്ധ്യക്ഷന്റെ പക്കൽനിന്നും ഉറപ്പുതന്നതിനു ശേഷം ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിച്ചു.

അനന്തരപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം കൂ.

മി: കെ. കെ. താമസ്സ് (കോട്ടയം): സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നു:—

കൂ. താലൂക്കുകച്ചേരികൾക്കു നീക്കിവച്ചിട്ടുള്ള ൨,൪൪,൫൫൦ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കുണമെന്നു്.

ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതിന്റെ ഉദ്ദേശം മേപ്പടിപ്പു റഗുലേഷൻ ൭-ാം വകുപ്പനുസരിച്ച് ൫൦൦൦ രൂപാ കുടിയ കണ-ാംതു- ഗവർണ്മെന്റിൽനിന്നും രൂപീകരിച്ചിട്ടുള്ള പുതുവൽ ചട്ടങ്ങളുടെ പ്രവർത്തനം മൂലമുണ്ടാകുന്ന ഉപദ്രവത്തെപ്പറ്റി ഈ സഭയെ മനസ്സിലാക്കണമെന്നുള്ളതാകുന്നു. ചട്ടങ്ങളിലെ നടപടി സംബന്ധിച്ചുള്ള ഭാഗം സ്വീകാര്യയോഗ്യമാകണമെങ്കിലും, ഭൂമിയ്ക്കും വൃക്ഷങ്ങൾക്കും ഉള്ള സ്റ്റാൻഡാർഡ് നികുതിരേറുകളുടെയും അതിൽ നിശ്ചയിച്ചിരിക്കുന്ന തറ വിലയുടെയും തോതു് നാട്ടിൻപുറങ്ങളിലെ ഭൂമി ഉടമസ്ഥന്മാരായ തിരുവിതാംകൂറിലുള്ള ജനങ്ങളെ വളരെ കഷ്ടപ്പെടുത്തുന്നുണ്ടു്. പട്ടണങ്ങളിലെ ഭൂമികളെ പതിച്ചു കൊടുക്കുന്നതു സംബന്ധിച്ചുള്ള ചട്ടങ്ങളെപ്പറ്റി പറയുന്നതായാൽ അവ കൂടുതൽ ബുദ്ധിമുട്ടിനു ഇടയാക്കിത്തീർക്കുന്നവയും നടപ്പിൽ വരുത്താൻ പ്രയാസമായിട്ടുള്ളവയും ആകുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള അതിനെപ്പറ്റി സാമാന്യ വാഗ്പ്രതിവാദത്തിൽ നല്ലതിനണ്ണം പ്രസംഗിച്ചിട്ടുണ്ടു്. ഈ ഭേദഗതികൾ എത്രതന്നെ കൂടുതലായിരുന്നാലും ഇപ്പോൾ അവ പുതുവൽ ഭൂമികളെ രജിസ്റ്റർ ചെയ്തു കിട്ടുന്നതിനു ആവശ്യപ്പെടുന്നവരെ മാത്രമെ ബാധിക്കുന്നുള്ളൂ; എന്നാൽ അപ്രകാരമുള്ള ആളുകളുടെ സംഖ്യവളരെ കുറവായിരിക്കെ അതിനെപ്പറ്റി നാം ഇപ്പോൾ വകവയ്ക്കാതിരിക്കാം. എന്നാൽ ഈ ചട്ടങ്ങൾ സ്ഥിരമായി നടപ്പിൽ വന്നിരിക്കുന്നു എന്നും അവ മായിയ്ക്കൽ ധനികന്മാരെയും പാവപ്പെട്ടവരെയും ഒന്നുപോലെ ബാധിക്കുമെന്നും ഈ സഭയിലുള്ള എല്ലാവർക്കും അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. സെറ്റിൽമെന്റു വിളംബരം അനുസരിച്ചും ഇപ്പോഴത്തെ ചട്ടങ്ങൾ അനുസരിച്ചും ഉള്ള നിരക്കുകളെ താരതമ്യപ്പെടുത്തിനോക്കുന്നതായാൽ റേറുകൾ വളരെ കൂടുതലാണെന്നും അതു ആക്ഷേപാർഹമാണെന്നും സഭയ്ക്കു മനസ്സിലാക്കുന്നതാണു്. പ്രത്യേകിച്ചും നാം ഒരു പുതിയ കണക്കെടുത്തിന്റെ പ്രാരംഭദശയിലിരിക്കുന്നകാര്യം ഓർക്കുമ്പോൾ—൩൰ കൊല്ലങ്ങൾക്കുമുമ്പു് ഉടങ്ങപ്പെട്ട തെക്കൻതാലൂക്കുകളിലെ കണക്കെടുത്തുവേലകൾ—ആയതു നമ്മെ ഉൽഖിതരുള്ളവരാക്കിത്തീർക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. സെറ്റിൽമെന്റു അനുസരിച്ചു പുരയിടങ്ങൾക്കുള്ള ഏറ്റവും കുറഞ്ഞ കരം ഒരു പണമായിരിക്കെ ചട്ടങ്ങളനുസരിച്ചു ഏറ്റവും കുറഞ്ഞ നിരക്കു ൫ പണം അല്ലെങ്കിൽ ഒരു രൂപയാകുന്നു. പുതുവൽ ചട്ടങ്ങളിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള നിരക്കു യഥ്വിപ്പിക്കാമെന്നുള്ളതാണെന്നും, കുറെക്കൊല്ലങ്ങളായി പൊതുജനങ്ങൾ യാതൊരു ആക്ഷേപവും കൂടാതെ ഈ നിരക്കിനെ സ്വീകരിച്ചിരിക്കുന്നതു കൊണ്ടു ഈ ചട്ടങ്ങളെയോ അതല്ല ഇനിയും കൂടുതലായ ഒരു നിരക്കിനേയോ അടുത്ത സെറ്റിൽമെന്റിൽ ഏർപ്പെടുത്താമെന്നുള്ളതാണെന്നും എല്ലാവർക്കും അറിയാമെന്നുള്ള കാര്യമാണ്. പുതിയസെറ്റിൽമെന്റിൽ ഉപയോഗശൂന്യമായതും ഏക്കറൊന്നിനു ഇരുപതോ മുപ്പതോ രൂപ കൂടി കിട്ടാത്തതും ആയ ഏറ്റവും ചീത്ത പുരയിടങ്ങൾക്കു ഏക്കറൊന്നിനു ഒരു രൂപാ വീതം കണക്കു ചുമത്തുന്നതും, അപ്രകാരം ഏക്കറൊന്നിനുള്ള ശരാശരി നിരക്കു ഏകദേശം ൫൦ പണം വീതമായിരിക്കുന്നതും ആകുന്നു. അതുകൊണ്ടു ഇപ്പോൾ ഒരു പണം കൊടുക്കുന്ന ആൾ ഏക്കറൊന്നിനു അതിൽ പത്തുണ്ടോ പതിനൊന്നോ മടങ്ങുകൊടുക്കേണ്ടതായിവരും.

ഇതുമൂലം ഭൂമിക്കുള്ള വില വളരെ കുറഞ്ഞു അനേകം ഇടത്തരം കുടുംബങ്ങളും ഉയന്തരം കുടുംബങ്ങളും നശിച്ചുപോകുന്നതാണ്. മരച്ചീനി മുതലായവ അടുപ്പുകാര്യത്തിലൊരിക്കൽ കൃഷികാരം ചെയ്യുന്നതിനും, പുഞ്ചകൃഷിക്കു ചിറകളും വരമ്പുകളും ഉണ്ടാക്കുന്നതിനു ഏറ്റവും അത്യാവശ്യമായ പുല്ല് (brush wood) വളർത്തുന്നതിനും, പച്ചിലവളം ഉണ്ടാക്കുന്നതിനും ഉപയോഗപ്പെടുത്തിവരുന്ന വളരെയില്ലാത്ത വിസ്താരമേറിയ ഭൂമികാരം തിരുവിതാംകൂറിലെ ഓരോഭാഗത്തും ഉണ്ടെന്നു എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇപ്പോഴത്തെ നിരക്കനുസരിച്ച് ഈ ഭൂമികാരം കരം ചുമത്തുന്നതു് കപ്പാൻമുട്ടയിട്ടു താറാവിനെ കൊല്ലുന്നതിനു സമമാണ്. പട്ടണത്തിലെ ഭൂമികാരം സംബന്ധിച്ചുള്ള ചട്ടങ്ങളെപ്പറ്റി പറയുന്നതായാൽ നിരക്കു വളരെ കൂടുതലാണ് ൨-ാം അനുബന്ധത്തിൽ കൊടുത്തിട്ടുള്ള നിരക്കുകളിൽ ഏറ്റവും കുടിയനിരക്കു ഏക്കറൊന്നിനു ൪൭൫ രൂപ ക്രമചക്രവും ഏറ്റവും കുറഞ്ഞനിരക്കു ഏക്കറൊന്നിനു ൭ രൂപ ൪ ചക്രവും ആണ്. ഒരു പട്ടണം എന്നുവച്ചാൽ എന്താണെന്നു ൩-ാം ചട്ടത്തിൽ താഴെപ്പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

(എ) മുനിസിപ്പൽഗ്രേഷൻ ഉൾപ്പെടുത്തിയിരിക്കുന്നതല്ലാത്തതും (ബി) അടുത്തടുത്തുള്ള വീടുകളിൽ പാർക്കുന്ന ൩,൫൦൦ ജനങ്ങളിൽ കുറയാതെ ജനസംഖ്യയില്ലാത്തതും ആയ യാതൊരുസ്ഥലവും ഒരു പട്ടണമായി ഗണിക്കപ്പെടുന്നതല്ല.

ഇപ്രകാരം രാജ്യത്തിന്റെ ഏതൊരു ഭാഗത്തെയും ഗവർണ്മെന്റ പരസ്യംമൂലം ഒരു മുനിസിപ്പാലിറ്റിയായി പ്രഖ്യാപനം ചെയ്യുന്നപക്ഷം പ്രസ്തുത റേറുകാർ ആ പട്ടണത്തിലുള്ള എല്ലാഭൂമികളേയും ബാധിക്കുന്നതാകുന്നു. ഇപ്പോൾ ധാരാളം ക്രയവിക്രയമുള്ള പ്രധാനസ്ഥലങ്ങളോ ചന്തകളോ ഒഴിച്ച് തിരുവിതാംകൂറിലുള്ള മുനിസിപ്പൽ പട്ടണങ്ങൾ സാധാരണയായി നാട്ടിൻപ്രദേശങ്ങൾക്കു തുല്യമാകുന്നു. മുനിസിപ്പൽ റഫറൻസ് പ്രവർത്തനത്തിലിരിക്കുന്ന കോട്ടയം, ചങ്ങനാശേരി, ആറന്മുള, തിരുവല്ലാ എന്നീസ്ഥലങ്ങളിൽ ചന്തകളുടേയും ക്രയവിക്രയംനടക്കുന്ന മറ്റു സ്ഥലങ്ങളുടേയും പരിസരപ്രദേശങ്ങളൊഴിച്ച്, മറ്റെല്ലാസ്ഥലങ്ങളും നാട്ടുംപ്രദേശങ്ങളാണ്; അവിടെ സാധാരണ ഒരുത്തന്റെ കൈവശമിരിക്കുന്ന സ്ഥലം വളരെ വിസ്താരമുള്ളതാണ്. വല്ലരെ സ്ഥലങ്ങളും കെട്ടിപ്പൊക്കിപ്പിടിച്ചിട്ടുള്ളതോ പുല്ലില്ലാതെ (brush wood) മറ്റു യാതൊരു കൃഷിയും ഇല്ലാത്തതോ ആയിരിക്കും. ഒരു പട്ടണത്തിന്റെയോ സാധാരണ ഒരു ഗ്രാമത്തിന്റെയോ അടയാളം ലേശംപോലുമില്ലാത്ത ഒരു സ്ഥലത്തെ ഒരു പട്ടണമാക്കിയിരിക്കുന്നു എന്നു ഗവർണ്മെന്റിനു എഴുതിച്ചേർക്കുന്നതാകുന്നു. ചട്ടങ്ങളും അനുസരിച്ചുള്ള നികുതി നിരക്കുകളും വളരെ കൂടുതലും ഭൂമിയെ പ്രസ്തുത കരം താങ്ങുന്നതിലധികം ഞെക്കിത്തിരിക്കുന്നതിനു യാതൊരുത്തനും സാധിക്കാത്തവനും ആകുന്നു.

ഈ ഭൂമികൾക്കു കരം ചുമത്തേണ്ടക്രമം നമ്മുടെ ചട്ടത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ക്രയവിക്രയവിലയൊന്തമായി തിരുമാനിച്ച് അതിന്റെ മുക്കാൽഭാഗത്തെ ൨൫ കൊണ്ടു ഹരിക്കുന്നതിന്റെ ഫലമാണ് കരമായി ക്രമപ്പെടുത്തിയിരിക്കുന്നത്. ഇതു മൂന്നു ശതമാനമാകുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള പ്രസ്താവിച്ചതിനുണ്ണം ഭൂമിയിൽ പണം മുടക്കുന്നപക്ഷം മൂന്നാ നാലോ ശതമാനത്തിനു കൂടുതൽ ആദായം കിട്ടുന്നതല്ല; മൂന്നു ശതമാനം, അതായതു് ഭൂമിൽനിന്നു കിട്ടുന്ന ആദായം മുഴുവനും നികുതിയായി കൊടുക്കണമെങ്കിൽ അതു എങ്ങിനെ കൊടുക്കാൻ സാധിക്കുമെന്നു നമുക്കറിയാൻപാടില്ല. ഭൂമിയിൽനിന്നു കിട്ടുന്ന ആദായത്തിന്റെ ചെറിയ ഒരംശം ആയിരിക്കണം നികുതി എന്നാണ് എല്ലായിടത്തും അനുകരിക്കപ്പെട്ടുവരുന്ന നികുതി സംബന്ധിച്ചുള്ള തത്വം. എന്നാൽ ഈ തത്വം ചട്ടങ്ങളിൽ അനുകരിച്ചിരിക്കുന്നതായി കാണുന്നില്ല. ആദായത്തെ പരിഗണിക്കാതെ സ്ഥലത്തിന്റെ കിടപ്പനുസരിച്ചാണ് ആയതു ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു്. പുരയിടവും നിലവും തമ്മിൽ യാതൊരു വ്യത്യാസവും കാണിച്ചിട്ടില്ല. പട്ടണത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ടു് ഏതുതരത്തിലും ഗുണം സിദ്ധിക്കുന്നതുകൊണ്ടു് അതു ന്യായം പറഞ്ഞതിനുമാത്രമേ സിദ്ധിക്കുന്നുള്ളൂ. നിലങ്ങൾ എത്രതന്നെ താണുകിടന്നാലും കൃഷിയ്ക്കുപയോഗമില്ലെങ്കിലും പട്ടണത്തിൽ സ്ഥിതിചെയ്യുന്ന ഭൂമിയെപ്പോലെ ഗണിക്കപ്പെടുന്നു.

മുൻപു കർഷകന്മാരോടു നിരന്തരമായി ഗവർണ്മെന്റു കാണിച്ചുവന്നിരുന്ന സൌജന്യവും ദയവും പ്രത്യുപകാരേച്ഛയും അവരോടു ഗവർണ്മെന്റു കാണിച്ചുവരുന്നില്ലെന്ന ഈ വേളയിൽ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. പാട്ടഭൂമികളിലുള്ള ജന്മാവകാശം നൽകുന്ന പ്രഖ്യാപനവിളംബരം, നിലങ്ങളുടെ കരംസംബന്ധിച്ചുള്ള പ്രഖ്യാപനവിളംബരം മുതലായ കരുണാനിധികളായ നമ്മുടെ മഹാരാജാക്കന്മാരുടെ പേരുള്ള വിളംബരങ്ങൾ നാം വായിച്ചു നോക്കുന്നപക്ഷം ഭൂമി ഉടമസ്ഥന്മാരുടെസ്ഥിതി നന്നാക്കുന്നതിനു ഗവർണ്മെന്റു ചെയ്തിരുന്ന ഗുണകരങ്ങളായ പ്രവൃത്തികളെപ്പറ്റി ചിന്തിച്ചു് നമ്മുടെ ഹൃദയം അലിഞ്ഞുപോകും; അതിനുംപുറമെ അപ്രകാരമുള്ള രാജ്യഭരണതന്ത്രജ്ഞന്മാരുടെ ബുദ്ധിസാമർത്ഥ്യത്തെപ്പറ്റി നാം അതിശയിക്കയുംചെയ്യും.

നവീനകാലത്തെപ്പറ്റി പറയുന്നതായാൽ ഗവർണ്മെന്റു രാജ്യഭരണം നടത്തുന്നതിനു നാനാപ്രകാരേണ പണമുണ്ടാക്കുന്ന ഒരു യന്ത്രമായിതീർന്നിരിക്കുന്നു എന്നു വ്യസനസമേതം പറയാതെ നിവൃത്തിയില്ല. ഈ വിഷയത്തിൽ കൂടുതൽ ഒന്നുകൂടി ഒന്നുകൂടി ഞാൻ പറയുന്നു. പണംസംബന്ധമായ ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ ഗവർണ്മെന്റു അത്യന്തം നിയമമാക്കുന്നതിനുമുമ്പായി അന്യോന്യോഗസ്ഥന്മാരോടു ആലോചിച്ചു് അവരുടെ അഭിപ്രായം പരിശോധിക്കപ്പെടേണ്ടതാകുന്നു എന്നു ഞാൻ ഈ അവസരത്തിൽ തിർത്തേഴിച്ചുകൊള്ളുന്നു.

അപ്പോഴപ്പോൾ പുതുവൽ ചട്ടങ്ങളെ രൂപീകരിക്കുമ്പോൾ രസീറിൽജനറൽവിളംബരത്തിലെ പ്രഖ്യാപനത്തിൽ അടങ്ങിയിട്ടുള്ള ഉദ്ദേശത്തെ അനുകരിക്കപ്പെടണമെന്നും കസ്റ്റഡിൽജനറൽ വ്യവസ്ഥചെയ്തിട്ടുള്ള നിലകളുടെ തുടരണമെന്നും രാജ്യത്തിന്റെ സ്ഥിതിക്കനുസരണമായി പുതുവൽ ചട്ടങ്ങളെ വീണ്ടും പരിശോധിച്ച് ഭേദപ്പെടുത്തണമെന്നുംകൂടി ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളുന്നു. ഈ വിമർശനങ്ങളോടുകൂടി മൊത്തം നീക്കിവച്ചിട്ടുള്ള ൨,൫൫,൫൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറവുചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ജി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): സർ, പട്ടണത്തിലെ ഭൂമിയെപ്പറ്റിയുള്ള ചട്ടങ്ങളെ എന്റെ സ്നേഹിതൻ മിസ്റ്റർ തോമസ് വായിച്ചു വ്യാഖ്യാനിക്കയും, കരം കണക്കാക്കുന്നതിനെപ്പറ്റി പഠകയും ചെയ്തു. പട്ടണങ്ങളിൽ വീടുകൾ പണികഴിപ്പിക്കാൻ ഭൂമികൾ പതിച്ചുകൊടുക്കുന്നതിനു മാത്രമേ പ്രസ്തുത ചട്ടങ്ങൾ ഉദ്ദേശിച്ചിട്ടുള്ളു എന്നാണ് എനിക്കു ബോദ്ധ്യമായി പറയാനുള്ളതു്. ഡ്രോസ് റവന്യുബോർഡിലെ സ്റ്റാൻറിംഗ് ഉത്തരവുകളിൽ ചേർക്കപ്പെട്ടിട്ടുള്ളതും ബ്രിട്ടിഷ്ഇന്ത്യയിൽ നടപ്പിലിരിക്കുന്നതുമായ ചട്ടങ്ങളെ അനുകരിച്ചാണ് അവയെ നമ്മുടെ പുതുവൽ ചട്ടങ്ങളിൽ ചേർത്തിട്ടുള്ളതു്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അപ്രകാരമുള്ള ഏതെങ്കിലും വ്യത്യാസം ചട്ടങ്ങളിൽ തന്നെ ഉണ്ടോ?

മി: ജി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): ബ്രിട്ടീഷ്ഇൻഡ്യയിൽനിന്നു ചട്ടങ്ങളെ നേരായി താം പകർത്തുകയാണ് ചെയ്തിട്ടുള്ളതു്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും) പട്ടണ അതിർത്തികൾക്കു പുറം തൊട്ടുകിടക്കുന്നതും ഗൃഹങ്ങൾ കെട്ടുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടില്ലാത്തതുമായ പുതുവൽ ഭൂമികളെ പതിച്ചുകൊടുക്കുന്ന വിഷയത്തിൽ പ്രസ്തുത ചട്ടങ്ങളെ ഉപയോഗപ്പെടുത്തുകയില്ലെന്നാണോ നാം മനസ്സിലാക്കേണ്ടതു്?

മി: ടി. പി. (രാമസുബ്ബയ്യർ ഗവർണ്മെന്റ സെക്രട്ടറി): ഈ ചട്ടങ്ങൾ ഗൃഹങ്ങൾ കെട്ടുന്നതിനുള്ള ഭൂമി പതിച്ചുകൊടുക്കുന്ന സന്ദർഭത്തിലോ ഗൃഹങ്ങൾ കെട്ടുന്നതിനുള്ള സ്ഥലം വർദ്ധിപ്പിക്കുന്ന സംഗതിയിലോ ഉപ,

യോഗപ്പെടുത്താൻ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ. സാധാരണയായി പട്ടണങ്ങളിലുള്ള എല്ലാ ഭൂമികളേയും ഈ ചട്ടങ്ങൾ ബാധിക്കുന്നതുകൊണ്ട് മാത്രമേ കഷ്ടതകൾ നേരിടാൻ പാടുള്ളൂ.

ശ്രീ: പി. സി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും) അപ്രകാരമുള്ള യിഷ്ക്കൂഷ്കർ ത ഫയിൽഓരന്മാക്ക് അയച്ചിട്ടുണ്ടോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറ് സെക്രട്ടറി): ചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള നിഷ്കൃഷ്കൃ ല്ലാതെ വേറെ ഒന്നും കൊടുത്തിട്ടില്ല.

ശ്രീ: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ വ്യത്യാസങ്ങൾ തഹശീൽദാന്മാർ മനസ്സിലാക്കിയി ട്ടില്ലെന്നുള്ള വിവരം ഗവർണ്മെൻറിനറിയാമോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറ് സെക്രട്ടറി): ഇതു സംബന്ധിച്ചുള്ള ചട്ടങ്ങളേയുള്ളൂ; അവയെ പ്രാ വർത്തനത്തിൽ കൊണ്ടുവന്നിട്ടുമുണ്ട്. ഗവർണ്മെൻറിൻറെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള ബുദ്ധിമുട്ടുകളെ പരിഗ ണിച്ചു കഴിയുന്നതും വേഗത്തിൽ അവയെ ഗവർണ്മെൻറ് പരിശോധിക്കുന്നതാണെന്ന ഞാൻ പറഞ്ഞുകൊള്ളു ന്നു. ചട്ടങ്ങളിൽ അന്തർഭവിച്ചിട്ടുള്ള തത്വം താഴെപ്പറയുന്നതാണ്. ആദ്യമായി കരം ക്ലിപ്തപ്പെടുത്തുന്നു; അ തു സാധാരണ വിലയുടെ മുക്കാൽഭാഗത്തിനെ ഇരുപത്തിഅഞ്ചുകൊണ്ട് ഹരിച്ചുണ്ട് കുണക്കാക്കുന്നതു്. തരവില മനംപൂർവ്വമായി വളരെ കുറച്ചിട്ടുണ്ട് കണക്കാക്കിയിരിക്കുന്നതു്; ഇരുപത്തിഅഞ്ചുകൊല്ലത്തേക്കുള്ള നികുതി താം വസൂലാക്കുമ്പോൾ തരവില ഉൾപ്പെടെ, അതായതു സാധാരണവിലയുടെ മുഴുവൻ അംശമോ പതിച്ചുകൊടു ത്തസമയം ഈടാക്കീട്ടുള്ള മേലുൾകൈയോ ഉൾപ്പെടെ ഭൂമിക്കുള്ള മുഴുവൻ വിലയും ഗവർണ്മെൻറ് ഈടാക്കുന്നതെ ന്നാണ് ധാരണ. ജന്മദാനം വിലകൊടുത്തു എടുപ്പുണ്ടിൽ ഭൂമി വാങ്ങുന്നതിലേക്കു പതിച്ചുകൊടുക്കുന്ന സമയം നാമമാത്രമായ ഒരു തുക മാത്രമാണ് ഞങ്ങൾ ഈടാക്കുന്നുള്ളൂ. ഇതാണു ചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള തത്വം; അതിനാൽ നികുതി കൂട്ടുതലാകാതിരിക്കാൻ നിവൃത്തിയില്ല. ഞാൻ പ്രസ്താവിച്ചുപോലെ ഇരുപത്തിഅഞ്ചു കൊല്ലത്തേക്കുള്ള നികുതി ഈടാക്കുന്നതോടുകൂടി ഭൂമിയുടെ വിലയും ഗവർണ്മെൻറ് ഈടാക്കുന്നു. പട്ടണങ്ങ ളിൽ ഭൂമിക്കുള്ള വില വളരെ കൂട്ടുതലാണെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഭൂമിയുടെ മാർക്കറവിലയുടെകാൽഭാഗം മാത്രമേ തരവിലയായി ഈടാക്കപ്പെടുന്നുള്ളൂ എന്നുകൊണ്ട് കരം അധികമായിരിക്കുന്നെന്നു പറയുന്നതു കൊണ്ട് ചട്ടങ്ങൾ മുഖം കഷ്ടതരമാക്കുന്നതാണെന്നു പ്രസ്താവിച്ചിരിക്കുന്നതുകൊണ്ട് ഗവർണ്മെൻറ് അവയെ വീണ്ടും പരിശോധിക്കുന്നതാകുന്നു.

പട്ടണത്തിൽ സ്ഥിതിചെയ്യുന്ന ഭൂമിയല്ലാത്ത മറ്റു ഭൂമിക്കുള്ള കരം ഏക്കറൊന്നിനു ഒരു രൂപ മാത്രമേയുള്ളൂ. അതു ജനങ്ങൾക്കു ബുദ്ധിമുട്ടിനു ഇടയാക്കുന്നതല്ല.

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഈ ക്രിസിനെ സംബന്ധിച്ചു് എന്തെങ്കിലും പുന രാലോചിക്കാൻ വിചാരിക്കുന്നുണ്ടോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറ്സെക്രട്ടറി): ഉണ്ടു്.

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഇത്രഗുണകരമായ ഒരേർപ്പാടിനെപ്പറ്റി പുനരാ ലോചിക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറ്സെക്രട്ടറി): എന്തെന്നാൽ ഇതിനെപ്പറ്റി അടുത്തടുത്തുള്ള പ്ര ജാസഭാ സമ്മേളനങ്ങളും മുഖേനയും ഈ സഭ മുഖേനയും ഗവർണ്മെൻറിൻറെ അറിവിൽ കൊണ്ടുവന്നിട്ടുള്ളതാകു ന്നു. ഇപ്പോഴത്തെ ഈ സഭയിൽ നടന്ന ബഡ്ജറിൻറെ സാമാന്യ വാഗ്പ്രതിവാദത്തിലും അതിനെപ്പറ്റി ബ ഹുമായി പറഞ്ഞിട്ടുള്ളതാകുന്നു. അതുകൊണ്ട് പട്ടണങ്ങളിൽ സ്ഥിതിചെയ്യുന്ന ഭൂമികളെ സംബന്ധിച്ചിടത്തോ ളം ചട്ടങ്ങൾ വീണ്ടും പരിശോധിക്കപ്പെടണമെന്നു ഗവർണ്മെൻറ് വിചാരിക്കുന്നു.

ശ്രീ: കെ. കെ. തോമസ്സ് (കോട്ടയം): പട്ടണങ്ങളിൽ സ്ഥിതിചെയ്യുന്ന ഭൂമികളല്ലാത്ത മറ്റു ഭൂമിക ളെസംബന്ധിച്ചുള്ള ചട്ടങ്ങളെപ്പറ്റിയും ഗവർണ്മെൻറ് ആലോചിക്കുമോ?

ശ്രീ: ജി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സിക്രട്ടറി): ആ ചട്ടങ്ങൾ സംബന്ധിച്ചിടത്തോളം അധി കം ബുദ്ധിമുട്ടുകളൊന്നുമില്ല. പട്ടണത്തിൽ സ്ഥിതിചെയ്യുന്ന ഭൂമിയുടെ കായ്ത്തിരുള്ളപോലെ കഷ്ടതകൾ അവയ്ക്കില്ല.

ശ്രീ: സി. പി. തോമസ്സ് (നിയമിക്കപ്പെട്ട മെംബർ): ചട്ടങ്ങളിൽ ചിലതിനെ വീണ്ടും പരിശോധിക്കുന്ന തിനു ഗവണ്മെൻറ് തയ്യാറാണെങ്കിൽ മുഴുവൻ ചട്ടങ്ങളേയും വീണ്ടും പരിശോധിക്കുന്നതോ?

ശ്രീ: ജി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സിക്രട്ടറി): മുഴുവൻ ചട്ടങ്ങളേയും വീണ്ടും പരിശോധിക്കാം.

അദ്ധ്യക്ഷൻ: അനുദ്യോഗസ്ഥന്മാർക്കു ഇഷ്ടമുണ്ടെങ്കിൽ അവരിൽ ഒന്നോ രണ്ടോ പേരെ കൂടി ചട്ടങ്ങളെ വീണ്ടും പരിശോധിക്കപ്പെടുന്ന കമ്മിറ്റിയിൽ ചേർത്തുകൊള്ളാമെന്നുള്ളതാകുന്നു.

ശ്രീ: കെ. കെ. തോമസ്സ് (കോട്ടയം): അപ്രകാരമാകാം.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനെ ഞങ്ങൾ വളരെ സന്തോഷത്തോടുകൂടി സ്വീകരിക്കുന്നു.

അദ്ധ്യക്ഷൻ: അതിനു സമയമാകുമ്പോൾ നിങ്ങളിൽനിന്നു രണ്ടോ മൂന്നോ പേരെ നിങ്ങൾക്കു തന്നെ തെരഞ്ഞെടുക്കാം.

ശ്രീ: കെ. കെ. തോമസ്സ് (കോട്ടയം): മെംബർ ഗവണ്മെൻറിനുവേണ്ടി ഉറപ്പുതന്നിരിക്കുന്ന സ്ഥിതിക്കു ഈ വാഗ്പ്രതിവാദം ഇനിയും തുടർന്നിട്ടു പ്രയോജനമൊന്നുമില്ല. പട്ടണത്തിൽ സ്ഥിതിചെയ്യുന്ന ഭൂമിയെ സം ബന്ധിച്ചുള്ള ചട്ടങ്ങൾ മുഴുവൻ ജനസമൂഹത്തെ ബാധിക്കുന്നില്ല. ഏക്കറൊന്നിനു ക്ലിപ്തപ്പെടുത്തേണ്ടതായ കര ത്തിൻറെ ഏറ്റവും കുറഞ്ഞ നിരക്കിനെപ്പറ്റിയാണ് പ്രധാനമായി പറയണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നതു്. അതു രാജ്യത്തെമാട്ടുക്ക ബാധിക്കുന്ന ഒരു സംഗതിയാണ്. അതുകൊണ്ടു അടുത്ത കൗൺസിൽമെൻറിനുമുമ്പായി ഗവ ണ്മെൻറ് അതിനെപ്പറ്റി വീണ്ടും ആലോചിക്കാമെങ്കിൽ ഞാൻ ഉപക്ഷേപത്തെ പിൻവലിക്കാം.

ശ്രീ: എസ്സ്. സി. എച്ച്. റാബിൻസൺ (ചാർട്ടേർഡ് അക്കൗണ്ടന്റും ആദായനികുതിയുടെ കമ്മീഷണർ): പുതിയ ചട്ടങ്ങളെ വീണ്ടും പരിശോധിക്കുമ്പോൾ ഇക്കാര്യം മുഴുവനും ആലോചിക്കാമെന്നുള്ളതാകുന്നു. അപ്പോൾ അനു ദ്യോഗസ്ഥന്മാരോടുകൂടി ആലോചിക്കേണ്ടുന്നതാകുന്നു.

ശ്രീ. കെ. കെ. താമസ്സ് (കോട്ടയം): ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

ബഹു പ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക്രമം.

ശ്രീ: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു:—

ക്രമം. തപുക്ഷചെയ്തിരിക്കുന്ന നീക്കിവച്ചിട്ടുള്ള ൨,൪൫,൫൦ രൂപയിൽനിന്നു ൫൦൦ രൂപാ കുറക്കുന്നതാണെന്നു്.

ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം ൫൦൦-ലും അതിനുമുമ്പുള്ള കൊല്ലങ്ങളിലും അയച്ചിട്ടുള്ള ഡിമാൻറു നോട്ടീസുകളുടെ സംഖ്യയിൽ ഉണ്ടായിട്ടുള്ള അപരിമിതമായ വർദ്ധനയേയും, അതനുസരിച്ചു പിരിച്ചിട്ടുള്ള ഫീസിന്റെ തുകയേയും അതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള കഷ്ടതയേയും സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ളതുകൊണ്ടു്. മേനേജിപ്പുർട്ടിന്റെ ൯-ാം വകുത്തു ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു:—

"കഴിഞ്ഞ കൊല്ലവുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ, ൫൦൦-ൽ ഡിമാൻറുനോട്ടീസു് അയച്ചിട്ടുള്ള കേസുകളുടെ സംഖ്യ ൨,൭൯,൭൫൮-ൽനിന്നു ൪,൫൭,൫൭൫ ആയി വർദ്ധിച്ചിരിക്കുകയും അതു സംബന്ധമായുള്ള തുക ൨൪,൦൫,൯൭൫ രൂപയിൽനിന്നു ൨൮,൯൭,൦൫൨ രൂപയായി വർദ്ധിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. ജംഗമസാമാനങ്ങളെ ജപ്തിചെയ്യുവകയിലും സ്ഥാവരവസ്തുക്കളെ ജപ്തിചെയ്യുവകയിലും കേസുകളുടേയും തുകയുടേയും സംഖ്യയിലും വർദ്ധനയുണ്ടായിരുന്നു. 'ജംഗമസാമാനങ്ങളുടെ വില്പന'' എന്ന ഇനത്തിൽ കേസുകളുടെ എണ്ണത്തിലും തുകയിലും വർദ്ധനയുണ്ടു്. എന്നാൽ സ്ഥാവരവസ്തുക്കളുടെ വില്പനയിൽ കേസുകളുടെ എണ്ണത്തിൽ അല്പം വർദ്ധന ഉണ്ടായിരുന്നെങ്കിലും വില്പനയിൽ കൊണ്ടുവന്ന വസ്തുവിന്റെ വിലയിൽ കുറവുണ്ടായിരുന്നു."

ജംഗമസാമാനങ്ങളുടെ ജപ്തിസംബന്ധിച്ചും സ്ഥാവരവസ്തുക്കളുടെ ജപ്തി സംബന്ധിച്ചും ൫൦൦-ലും ൫൦൦-ലും ഉണ്ടായിട്ടുള്ള കേസുകളുടെ എണ്ണം യഥാക്രമം ൪,൯൫൪-ം ൯,൩൭൩-ം ആയതു സംബന്ധിച്ചുള്ള തുക യഥാക്രമം ൫,൦൫,൨൯൨ രൂപയും ൫,൫൭,൫൦൩ രൂപയുമായിരുന്നു. സർ, ൫൦൦-ൽ അയച്ചിട്ടുള്ള ഡിമാൻറുനോട്ടീസുകളുടെഎണ്ണം അതിനുമുമ്പുള്ള കൊല്ലത്തിൽ ഉണ്ടായിരുന്നതിൽ ഇരട്ടി ഉണ്ടായിരുന്നു എന്നാണു് ഈ കണക്കുകൾ കാണിക്കുന്നതു്. വേറെ ഒരു പ്രകാരത്തിൽ പറയുന്നതായാൽ ൫൦൦-ൽ ട്രേഷറിയിൽ ഫീസ്സായും ഡിമാൻറുനോട്ടീസ്സുകൾക്കായും പിരിച്ചിട്ടുള്ള പണം ൪,൫൭,൫൭൫ പണം അതായതു എഴുപതിനായിരത്തി ചില്വാനം രൂപയായിരുന്ന ഈ കുറഞ്ഞകാട്ടുക്കുന്ന സാധുക്കൾക്കു ഒരു അനാവശ്യഭാരമാണെന്നു ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഇക്കൊല്ലത്തിൽ അയച്ചിട്ടുള്ള നോട്ടീസുകളുടെഎണ്ണം കഴിഞ്ഞ കൊല്ലങ്ങളേക്കാളധികമായിരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഇക്കൊല്ലത്തിനു മുമ്പുണ്ടായിരുന്ന കേസുകളുടെ എണ്ണം വളരെ ഉപരമായിരുന്നു എന്നു എനിക്കറിയാം. മുമ്പുള്ള കാലങ്ങളിൽ പാവപ്പെട്ടകാരണങ്ങൾ ശിപായിമാരും അനേകസംഗതികളിൽ അക്കൌണ്ടന്റന്മാരും ഈ നികുതി പിരിച്ചെടുക്കുന്നതിനു ഗ്രാമങ്ങൾതോറും പോയ്ക്കൊണ്ടിരുന്നു. അപ്രകാരം ഈ പകുതി ഉദ്യോഗസ്ഥന്മാർ അവരുടെ ജോലികൾ ഉപേക്ഷിക്കുകയുണ്ടായില്ല; യാതൊരു വീഴ്ചകൾക്കോ ആവലാതികൾക്കോ ഇടവരുത്തിയിരുന്നതുമില്ല. കുറച്ചുകാലത്തിനിപ്പുറമായി ഡിപ്പുട്ടിപ്രസിഡൻറു മുമ്പാകെ പറഞ്ഞുപോലെ അവരവരുടെ കുറഞ്ഞ ക്ലിപ്തസമയത്തിൽ കൊടുത്തുതീർക്കേണ്ടുന്ന നികുതിദായകന്മാരുടെ ചുമതലയായതുകൊണ്ടു പകുതി ഉദ്യോഗസ്ഥന്മാർ ഗ്രാമങ്ങൾതോറും പോയിട്ടാവശ്യമില്ലെന്നും അപ്രകാരം നികുതി കൊടുക്കാത്തപക്ഷം ഡിമാൻറുനോട്ടീസുകൾ അയക്കണമെന്നും ഒരു ചട്ടമോ എന്തോ ഒരു ഏർപ്പാടോ ഉള്ളതായിക്കാണുന്നു. സർ, നികുതികൊടുക്കാൻ ഇഷ്ടമില്ലാത്തവർക്കോ നികുതി കൊടുക്കാൻ സാധിക്കാത്തവർക്കോ, കണ്ടുകിട്ടാൻ എളുപ്പമില്ലാത്തവർക്കോ ഡിമാൻറുനോട്ടീസുകൾ അയക്കേണ്ടതാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അടുത്ത കൊല്ലങ്ങളിൽ അപ്രകാരമുള്ള നോട്ടീസുകൾ യാതൊരു വ്യത്യാസത്തേയും അടിസ്ഥാനമാക്കാതെ എല്ലാ നികുതിദായകന്മാർക്കും അയച്ചുവരുന്നു. കഴിഞ്ഞ കിവസമുണ്ടായ സാമാന്യ വാളപ്രതിവാളത്തിനിടയിൽ കുടിക്കാരൻ അറിഞ്ഞോ പ്രണം കൊടുക്കേണ്ടതു അയാളെ കണ്ടുപിടിച്ചു പണം കൊടുക്കേണ്ടതാണെന്നു നാം ആഗ്രഹിച്ചിട്ടാവശ്യമില്ലെന്നു നമ്മുടെ ഡെപ്യൂട്ടിപ്രസിഡൻറു പറകയുണ്ടായി; അറിഞ്ഞോ പണം കിട്ടേണ്ടുന്ന അയാൾ ഓടിനടന്നു അയാൾക്കു വരാനുള്ള പണത്തെ ആവശ്യപ്പെടുകയും അയാൾക്കു പണം കിട്ടാത്ത സംഗതികളിൽ നോട്ടീസുകൾ അയയ്ക്കുകയും ചെയ്യുന്നതാണു്. ഡിമാൻറുനോട്ടീസുകൾ അതായതു അറിയിക്കുകൾ കൊടുക്കുന്നതിനു പകുതിയിലെ ശിപായി ചുറ്റിനടക്കേണ്ടതായിട്ടുണ്ടു്. അനേകം ഡിമാൻറുനോട്ടീസുകൾ തയ്യാറാക്കുന്നതിനു പാർവത്യകാരന്മാർ അവരുടെ സമയം വ്യയംചെയ്യേണ്ടതായിട്ടുണ്ടു്. പകുതിയിലെ ശിപായിമാർ കർഷകന്മാരുടെ അടുക്കൽ പോകുന്നതിനു അവർ ചിലവാക്കുന്ന സമയവും ഈ അസംഖ്യം ഡിമാൻറുനോട്ടീസുകൾ തയ്യാറാക്കുന്നതിനു പാർവത്യകാരന്മാർ ചിലവഴിക്കുന്ന സമയവും ചിലവാക്കിയാൽ കർഷകന്മാരുടെ അടുക്കൽ ചെന്നു മുഖാന്തിരം പണം ആവശ്യപ്പെടാമെന്നാണു് ഞാൻ പറയുന്നതു്. അങ്ങിനെ ചെയ്താലും അവർ അവരുടെ നികുതി ക്ലിപ്തസമയത്തുകൊടുക്കാത്തപക്ഷം ഡിമാൻറുനോട്ടീസുകൾ അയക്കുന്നതു ന്യായീകരിക്കത്തക്കതാണു്. നികുതി കൊടുക്കാതിരിക്കാൻ യാതൊരു നികുതിദായകനും സാധിക്കുന്നതല്ല. വാസ്തവത്തിൽ ഒരുത്തനും തന്റെ നികുതി കൊടുക്കാതിരിക്കുന്നതു രാജഭക്തി ഇല്ലായ്മ ആകുന്നു; നമ്മുടെ നികുതിദായകന്മാർ എല്ലാവരും രാജഭക്തന്മാരാണു്. ഈ നോട്ടീസുകൾ അയയ്ക്കുന്നതിൽ ഇനി വേറൊരു പരിതാപകരമായ സംഗതികൂടിയുണ്ടു. പല പട്ടയങ്ങൾ അനുസരിച്ചു നികുതി കൊടുക്കേണ്ടതായ ഒരുത്തന്റെ ഭൂമികൾ ഒരേപകുതിയിൽ തന്നെ സ്ഥിതിചെയ്യുന്നതായാൽ പോലും പ്രത്യേകനോട്ടീസുകൾ അയയ്ക്കുന്നു. നികുതിദായകൻ സ്ഥിരമായി താമസിക്കുന്ന സ്ഥലത്തിൽ അധികാരമുള്ള പാർവത്യകാരനോടു രണ്ടോ മൂന്നോ താലൂക്കുകളിൽ സ്ഥിതിചെയ്യുന്ന വസ്തുക്കൾക്കു അയാൾ കൊടുക്കാനുള്ള മുഴുവൻ കരവും പിരിച്ചെടുക്കാൻ ആവശ്യപ്പെടുന്നതായ ഒരു ചട്ടം റവന്യൂഡിപ്പാർട്ടുമെൻറിൽ ഉള്ളതായി എനിക്കറിയാം. ഞാൻ ഈ ആണ്ടിൽ കൊടുക്കാനുള്ള കരം കൊട്ടാരക്കര പാർവത്യകാരന്റെ പക്കലാണു് ഏൽപ്പിച്ചതു്. അതു പത്തനാപുരം താലൂക്കിലെ പുനലൂർ പാർവത്യകാരന്റെയും അടുക്കൽ

പാർവത്യകാരന്റെയും പക്കലാണ് ഏൽപ്പിക്കേണ്ടിയിരുന്നത്.* അതുകൊണ്ട് ഒരാളുടെ പക്കൽനിന്ന് ഈടാക്കേണ്ട എല്ലാ നികുതികൾക്കും ഒരു നോട്ടീസുമാത്രമേ അയക്കാവൂ എന്നാണ് ഞാൻ പറയുന്നത്. സർ, മേൽപ്രസ്താവിച്ച കാരണങ്ങൾകൊണ്ട് പകുതി ഉദ്യോഗസ്ഥന്മാർ ആവശ്യപ്പെട്ടതിനുമുമ്പായി കരംകൊടുക്കേണ്ടതാണെന്ന ഗവണ്മെന്റ് പറയുന്നത് സാഹസമാണ്. ഇതിനുംപുറമെ നികുതി നാലു കാശോ ഒരു ചക്രമോ ആയിരുന്നാലും ഡിമാൻഡുനോട്ടീസുകൾക്കുള്ള ഫീസ് നാലുചക്രമാണ്. ഇത് വളരെ ക്ലിഷ്ടതരമായ ഫീസാണ്. അതുകൊണ്ട് കരംകൊടുക്കേണമെന്നുള്ള ഉത്തരവോടുകൂടി ആവശ്യപ്പെടുന്നതിനുമുമ്പ് ഡിമാൻഡു നോട്ടീസുകൾ അയക്കാൻ പാടില്ലെന്നും വീടുകൾതോറും ചെന്ന പിരിവുനടത്തിക്കൊണ്ടിരുന്ന മുമ്പിലത്തെ ഏർപ്പാട് വീണ്ടും ആരംഭിക്കണമെന്നും ആണ് എന്റെ ഒന്നാമത്തെ അപേക്ഷ. വെയ്യേറെ പട്ടയങ്ങൾ അനുസരിച്ചു നികുതി കൊടുക്കേണ്ട ഒരുത്തനു പ്രത്യേകം നോട്ടീസുകൾ അയക്കാൻ പാടില്ലെന്നാണ് ഞാൻ രണ്ടാമതായി അപേക്ഷിക്കുന്നത്. ഡിമാൻഡുനോട്ടീസിനുള്ള ഫീസ് ഒരു ചക്രമായി കുറയ്ക്കണമെന്നുള്ളതാണ് എന്റെ മൂന്നാമത്തെ അപേക്ഷ.

ടി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) സർ, എന്റെ സ്നേഹിതൻ മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള മുമ്പിൻ പ്രസംഗിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ വിഷയത്തെപ്പറ്റി പ്രതിവാദിക്കുന്നതിനു ഞാൻ വേറൊരു ഉപക്ഷേപം അയച്ചിട്ടുണ്ട്. അതായത് ക്ലാസ്സ് നമ്പർ ഉപക്ഷേപം, അതിനെ എടുക്കയാണോ ചെയ്തിരിക്കുന്നതെന്ന അറിവാൻ പാടില്ലാത്തതുകൊണ്ട് ആവിഷയം ഞാൻ ഹാജരാക്കി. പാർവത്യകാരന്റെയും അയാളുടെ ശിപായിമാരുടേയും സഞ്ചാരച്ചെലവ് അപഹരിച്ചുപോകുമെന്നു ഞാൻ വിചാരിച്ചു. അപ്രകാരമാണ് ആ വിഷയം ഞാൻ കൊണ്ടുവന്നിട്ടുള്ളത്. ഡിമാൻഡുനോട്ടീസുസംഗതി സംസ്ഥാനസമിതിക്കു വിസ്തരിക്കുന്നതിൽ ബുദ്ധിമുട്ടിനു ഇടയാക്കിത്തീർന്നിട്ടുണ്ട്. റവന്യൂഡിപ്പാർട്ടുമെന്റിൽനിന്നു ഇറക്കിവിടുന്ന അസംഖ്യം ഡിമാൻഡുനോട്ടീസുകൾ അല്പകാലത്തിനുമുമ്പായി ഉൽഭവിച്ചിട്ടുള്ളതാണ്. അതെങ്ങിനെയായിരുന്നാലും തലയ്ക്കൽ അയച്ചിട്ടുള്ള നോട്ടീസുകളുടെ സംഖ്യയ്ക്കും ഇക്കൊല്ലത്തിൽ അയച്ചിട്ടുള്ള നോട്ടീസുകളുടെ സംഖ്യയ്ക്കും തമ്മിൽ വളരെ വ്യത്യാസമുള്ളതായി കാണുന്നു. ഈ പക്ഷം ഡിമാൻഡുനോട്ടീസുകൾ ഇക്കൊല്ലത്തിൽ അയച്ചിട്ടുള്ളതായി കാണുന്നു. ഈ വിഷയത്തെ സംബന്ധിച്ചുള്ള ചില കാര്യങ്ങൾ സഭയെ അറിയിക്കുമ്പോൾ ഈ അനീതിയെപ്പറ്റി എളുപ്പത്തിൽ ഊഹിക്കാവുന്നതാണ്. നികുതിമായകന്റെ പക്കൽനിന്നും നികുതി ഈടാക്കേണ്ടതായിട്ടുണ്ടെന്നു അയാളെ അറിയിക്കുകമാത്രമാണോ ഡിമാൻഡുനോട്ടീസുകളുടെ വിസ്തൃതിയിലുള്ള പ്രവൃത്തി. അതുപോലെ പക്കൽനിന്നാണ് നികുതി ഈടാക്കേണ്ടതു അയാളുടെ പേരിൽ ഒരു അക്കൗണ്ടുകാർഡിൽ പാർവത്യകാരനോ അയാളുടെ അസിസ്റ്റന്റോ എഴുതി അയയ്ക്കുന്നപക്ഷം അതു കാശുമാത്രമേ ചെലവാകുന്നൊള്ളൂ. എന്നാൽ പാർവത്യകാരന്റെ ഒരു ഉറക്കംതൂങ്ങിയ ശിപായി എന്തോ എഴുതിയിട്ടുള്ള ഒരു കടലാസുമായുണ്ടുകൊണ്ടുപോയി കൊടുക്കുന്നെങ്കിൽ പാർവത്യകാരന്റെ അടുത്തു താമസിക്കുന്ന ഒരുത്തനെക്കൊണ്ടു ശിപായിക്കുപ്പിടിച്ചതാണെങ്കിലും അതിനുള്ള ചെലവു നാലു ചക്രമാകുന്നു. അമ്പലപ്പുഴഫീസുകാരൻ മുഖേന അയയ്ക്കുന്ന നോട്ടീസിന്റെ ചെലവിനും റവന്യൂഡിപ്പാർട്ടുമെന്റുമുഖേന അയക്കുന്ന നോട്ടീസിന്റെ ചെലവിനും തമ്മിൽ ഇപ്പോഴും ഉള്ള വലിയ വ്യത്യാസത്തിനുള്ള കാരണം എന്താണെന്നു എനിക്കു മനസിലാകുന്നില്ല. റവന്യൂ അധികാരസ്ഥന്മാർക്കു അകുന്നിടത്തോളം അധികാരം ഉപയോഗപ്പെടുത്താമെന്നുള്ളവിധം കരംപിരിവുറഗുലേഷനെ (നടപ്പിലിരിക്കുന്ന റഗുലേഷൻ ക ഠ നുവുകലെ ക-ംറഗുലേഷനാണ്) ഭേദപ്പെടുത്തിട്ടുള്ളതായ വാസ്തവംതന്നെ. ക ഠ വു ഉ-ൽ ഒരു ഭേദഗതിയുണ്ടായി; ക ഠ ൻ ര-ൽ വേറൊരുണ്ടായി. പിന്നീടു ക ഠ ൻ ഉ:ൽ മൂന്നാമതായും ഭേദഗതിയുണ്ടായി. ആ റഗുലേഷനാണ് അവർ ഇപ്പോൾ ഉപയോഗപ്പെടുത്തിവരുന്ന അധികാരത്തെ അവർക്കു നൽകീട്ടുള്ളതു. അല്ലാതെ ക ഠ നുവു-ലെ ക-ംറഗുലേഷൻ നു-ാം വകുപ്പിൻപ്രകാരം നിർബന്ധികനടപടികൾ നടത്തുന്നതിനു വ്യവസ്ഥചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ കരംകൊടുക്കാത്ത ഒരുത്തന്റെ മേൽ ഈ നടപടികൾ നടത്തുന്നതിനുമുമ്പായി അയാൾക്കു ഒരു ഡിമാൻഡുനോട്ടീസു അയക്കണം. ആ വകുപ്പു ക ഠ ൻ ഉ-ൽ മിസ്റ്റർ സുബ്ബയ്യർ റദ്ദാക്കി; അതിനുപകരം രണ്ടുവകുപ്പുകൾകൂടി അതായതു ക ഠ ൻ ഉ-ലെ ക ഠ -ംറഗുലേഷൻ ഡ-ാംവകുപ്പും ഡസ വകുപ്പും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ റദ്ദാക്കലിന്റെ ഫലമായി ഓരോതരം നിർബന്ധിതനടപടിക്കും ഒരു ഡിമാൻഡുനോട്ടീസുവേണ്ടിയിരിക്കുന്നു. ഇതിനുദാഹരണമായി നടപടിനടത്തണമെന്നുദ്ദേശിക്കുന്ന ഒരു പാർവത്യക്കാരനൊ അയാളുടെ ശിപായിക്കൊ ജപ്തിചെയ്യുന്നതിനുള്ള ഡിമാൻഡുനോട്ടീസു അയക്കാമെന്നുള്ളതാണ്. ഞാൻ പ്രസ്താവിച്ചതു വാസ്തവമല്ലെന്നു എന്റെ സ്നേഹിതൻ പറയുന്നു. ക ഠ ൻ ഉ-ലെ ക ഠ -ംറഗുലേഷൻ ഡ-ാംവകുപ്പു നോക്കുന്നതിനു ഞാൻ അദ്ദേഹത്തോടുപക്ഷിക്കുന്നു. അതിൽ ജപ്തിചെയ്യുന്നതിനു ഒരു ഡിമാൻഡുനോട്ടീസു അയക്കാമെന്നു പറഞ്ഞിരിക്കുന്നു. സ്ഥാവരവസ്തുക്കളെ ജപ്തിചെയ്യുന്നതിനു ഡിമാൻഡുനോട്ടീസയക്കാമെന്നു ഡസ എ വകുപ്പിൽ പറഞ്ഞിരിക്കുന്നു. എന്നാൽ മുമ്പിലത്തെ റഗുലേഷൻ അനുസരിച്ചു എല്ലാ നടപടികൾക്കും ഒരു ഡിമാൻഡുനോട്ടീസു മതിയാകുന്നതാണു. ഓരോ സംഗതിയിലുമുള്ള വസ്തുവിന്റെ ഇനം അനുസരിച്ചു മിസ്റ്റർ സുബ്ബയ്യർ നടപടികളെ വഴിപിരിച്ചിരിക്കുന്നു. ഇതുകൊണ്ടാണ് ഡിമാൻഡുനോട്ടീസുകൾ വർദ്ധിക്കുന്നതിനുള്ള കാരണമെന്നാണ് ഞാൻ പറയുന്നതു.

ബാറാ മുതലായവ സംബന്ധിച്ചുള്ള വ്യവസ്ഥകൾക്കു ഗവണ്മെണ്ടിൽനിന്നു ചട്ടങ്ങളുണ്ടാക്കുന്നതിനു ക ഠ നുവു-ലെ റഗുലേഷൻ ര നു-ാംവകുപ്പു അനുവദിക്കുന്നുണ്ട്. പ്രാസസ്സുകൾക്കു ഗവണ്മെണ്ടിൽനിന്നു ചട്ടങ്ങളുണ്ടാക്കിട്ടുണ്ട്. അഞ്ചു നാഴികക്കകം അതിന്റെ വിഭാഗത്തിനൊ നാലു ചക്രം ബാറാ ഉണ്ടായിരിക്കുന്നതാണെന്നും കൂടുതൽ അഞ്ചുനാഴികക്കകം അതിന്റെ വിഭാഗത്തിനൊ കൂടുതൽ രണ്ടുചക്രം ബാറാ ഉണ്ടായിരിക്കുന്നതാണെന്നും ചട്ടങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഡിമാൻഡുനോട്ടീസു പ്രാസസ്സാണൊ എന്നുള്ളതു തർക്കവിഷയമാണ്. അതൊരു വെറും നോട്ടീസല്ലാതെ പ്രാസസ്സ് അല്ലെന്നുള്ളതു വാദിക്കത്തക്കതാകുന്നു. ഇക്കാര്യത്തെപ്പറ്റി അധികമൊന്നും പറയുന്നില്ല. എന്നാൽ ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ രണ്ടു അക്കൗൽ സ്റ്റേഷനുകളിലെ തമ്മിൽ എത്രതന്നെ ദൂരമുണ്ടായിരുന്നാലും നാമൊരു അക്കൗൽ കാർഡിനു അഞ്ചുകാശു കൊടുത്താൽമതിയാകുന്നതാണെന്നും കാർഡിന്റെ അകത്തും പുറത്തും എഴുതാമെന്നുള്ളതാണെന്നും ഞാൻ ഗവണ്മെണ്ടിനെ ധരിപ്പിച്ചുകൊള്ളുന്നു. ഇവിടെനിന്നും പറയുക ഒരുത്തനു എഴുതണമെങ്കിൽ അഞ്ചു കാശുകൊടുത്താൽ മതിയാകുന്നതാണ്. എന്നാൽ ഒരു റഗുലേഷൻപ്രകാരം ദൂരം അധികരിക്കുന്തോറും ഫീസും കൂടുന്നു. ഇതു വളരെ ബുദ്ധിമുട്ടിനിടയാക്കിത്തീർക്കുന്നു. എന്തുതന്നെ ആയാലും റഗുലേഷന്റെ ഉദ്ദേശം വാസ്തവത്തിൽ മനസ്സിലാക്കുന്നപക്ഷം ഡിമാൻഡു നിർബന്ധിക

നടപടിക്ക് നടത്തുന്നതിനുമുമ്പായി ആവശ്യമുള്ള ഒരു നടപടി മാത്രമാണ് ഡിമാൻഡ്നോട്ടീസുകൊടുക്കുന്നതിനുള്ള വ്യവസ്ഥയെപ്പറ്റിയുള്ള ഭേദഗതിയെപ്പറ്റിയുള്ള ചർച്ചയിൽ പാർത്ഥസാരഥിപിള്ളയും ആലുങ്കൽ ശിവപാലനും വേണ്ടതിലധികം ചെലവാക്കുന്നുണ്ടെന്നും, ഡിമാൻഡ് നോട്ടീസയച്ചില്ലെന്നും എന്നാൽ പാർവ്വത്യകാരൻ ഒരു നോട്ടീസുവായിക്കിട്ടി തന്റെ പക്കൽനിന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട എന്നും മിസ്റ്റർ സുബ്ബയ്യർതന്നെ കൂറച്ചുമുൻപു പ്രസ്താവിക്കയുണ്ടായി. ഇപ്രകാരം ക്ലൂട്ടൻ ക്ലൂട്ടൻ മുതലെടുപ്പുണ്ടാക്കുന്നതിനു താണതരം നിർബന്ധികരം ശ്രമിച്ചുവരുന്നതായി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം പിരിവുറെഗുലേഷൻ അനുസരിച്ചു അപ്പോഴപ്പോൾ എടുത്തിട്ടുള്ള നിർബന്ധിത നടപടികളുടെ വ്യത്യാസത്തിൽനിന്നും എഴുതപ്പെട്ട നോട്ടീസുകളുടെ സംഖ്യയിൽനിന്നും മനസ്സിലാക്കുവാനുള്ളതാണ്, വാസ്തവത്തിൽ പാർവത്യകാരൻ എത്ര കേസുകളിലും ആരംഭിച്ചു എന്നും അറിയാവുന്നതാണ്. എടുത്തിട്ടുള്ള കേസുകളുടെ സംഖ്യയും അയച്ചിട്ടുള്ള ഡിമാൻഡുനോട്ടീസുകളുടെ സംഖ്യയും തമ്മിൽ വാസ്തവത്തിൽ വലുതായ വ്യത്യാസമുണ്ടായിരിക്കണം. അതുകൊണ്ടു ഞാൻപറയുന്നതു ഇതാണ്: സാധുക്കളായ നികുതിദായകന്മാരെ ഉപദ്രവിക്കുന്നതിനു ഒരു യന്ത്രമായിട്ടാണ് ഈതിനെ ഉപയോഗിച്ചുപോരുന്നതു്. അതുകൊണ്ടു ഇപ്രകാരം ചെലവുള്ള ഒരു കളിയിൽ റവന്യൂഅധികാരസ്ഥന്മാർപ്പെടാതിരിക്കാൻ ഗവണ്മെൻറു നിഷ്കർഷചെയ്യേണ്ടതാകുന്നു. മുമ്പേപ്രകാരം ക്രമനികുതിയായി കൊടുക്കേണ്ട ഒരുത്തനെ ഡിമാൻഡുനോട്ടീസു ഇനത്തിൽ ചിലപ്പോൾ ഏറ്റപ്രകാരംകൊടുക്കേണ്ടിവരുന്നു. ഇതു വലുതായ ഒരു കഷ്ടമയാണ്. ഇതാണ് എന്റെ ആക്ഷേപം.

ക്രമനികുതിസംബന്ധിച്ചും ഇതു സ്വീകാര്യമല്ലാത്ത ഒരു രീതിമാണ്. അതുപോലെതന്നെ, സംബന്ധിച്ചു ധനികന്മാർ ൨,൦൦൦ രൂപാമുതൽ മേൽപ്പോട്ടുള്ള സംഖ്യക്കുമാത്രമെ ആദായനികുതി കൊടുക്കേണ്ടതായിട്ടുള്ളു. എന്നാൽ നിർഭാഗ്യവശാൽ ഒരുത്തനു അല്പം വസ്തു ഉണ്ടെങ്കിൽ ഗവണ്മെണ്ടു് ഉടൻതന്നെ അയാളോടു അതിനു നികുതികൊടുക്കുന്നതിനും ഡിമാൻഡുനോട്ടീസിനുള്ള ഫീസുകൊടുക്കുന്നതിനും ആവശ്യപ്പെടുന്നു. എന്നാൽ ആ അനീതിയെപ്പറ്റി ഞാൻ ഇപ്പോൾ പ്രതിവാദിക്കുന്നില്ല. എന്തായാലും പാവ്വത്യകാരന്റെ ഇപ്രകാരമുള്ള ഡിമാൻഡു അങ്കുന്നിടത്തോളം കാര്യത്തിൽ നിഷ്പ്രയോജനമാണെന്നും കൂടാതെ ഡിമാൻഡു ഇങ്ങുകടലസുകൾ വിതരണംചെയ്തു ഒരു ലാഭമുണ്ടാക്കുന്നതിനു ഗവണ്മെൻറു ആലോചിക്കുകയെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു. ശ്രീ പായിമാക്കം പാവ്വത്യകാരനും ഒരു നല്ല സഞ്ചാരപ്പടി ബഡ്ജറിൽ അനുവദിച്ചിട്ടുണ്ട്. അപ്രകാരമിരിക്കെ—

മി. എസ്. സി. എച്ച്. റാബിൻസൺ (ഡപ്യൂട്ടി റവന്യൂവും ആഭ്യന്തരനികുതിയും കമ്മിഷണർ), അവക്കു യാതൊരു സഞ്ചാരപ്പടിയുമില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) അവക്കു സഞ്ചാരപ്പടി കൊടുക്കണം. എനിക്കു യാതൊരു ക്ഷോഭവുമില്ല. എന്നാൽ ആശാസ്യകരങ്ങളല്ലാത്ത വഴികളിൽക്കൂടി മുതലുണ്ടാക്കാൻ അയാളെ അനുവദിക്കാൻപാടില്ലെന്നു ഗവണ്മെണ്ടു വിചാരിയ്ക്കുന്നപക്ഷം നോട്ടീസുകൊടുപ്പാനും ഒരുപക്ഷം രൂപയുണ്ടാക്കാൻ പാടില്ലെന്നാണ് ഞാൻപറയുന്നതു്. മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ടു. അദ്ദേഹത്തിന്റെ ഉപക്ഷേപത്തോടും അദ്ദേഹം പറഞ്ഞ എല്ലാക്കാര്യങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു. എന്റെ ഉപക്ഷേപവും ഇതിനോടുകൂടി പ്രതിവാദിക്കപ്പെടുന്നതിനു ഞാൻ അപേക്ഷിക്കുന്നു.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ ഡെപ്യൂട്ടിപ്രസിഡൻറു): ഞാനും മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. എന്നാൽ മിസ്റ്റർ പി. കെ. നാരായണപിള്ള എന്നിൽ സ്ഥാപിച്ചു പറഞ്ഞിട്ടുള്ള ആരോപണങ്ങളെ കൈപ്പറ്റാൻ ഞാൻ തയ്യാറില്ല. ഫാൻറെ ഫാം റഗുലേഷൻ ഇല്ലാതിരുന്ന എങ്കിൽ ഡിമാൻഡു നോട്ടീസുകൾ നടപ്പിൽ വരികയില്ലായിരുന്ന എന്നും ആ റഗുലേഷൻ അവയെ വലിച്ചുപുറത്താക്കയാണ് ചെയ്തിട്ടുള്ളതെന്നും അദ്ദേഹം പ്രസ്താവിച്ചതായി തോന്നുന്നു. അദ്ദേഹത്തോടു ഞാൻ യോജിക്കുന്നില്ല. ജംഗമവസ്തുക്കളുടെ ജപ്തിയുടെകാര്യത്തിൽ പാവ്വത്യക്കാരൻ സ്ഥലത്തുചെല്ലുമ്പോൾ അവയെ ജപ്തിചെയ്യുന്നതിനു അയാൾക്കു സൌകര്യമുണ്ടായിരിക്കണം എന്നുള്ളതാണ് ബില്ലിന്റെ ഉദ്ദേശം; പണം കൊടുക്കുന്നതിനു വിഴുവരുത്തിയിട്ടുള്ള ആളിന്റെ വക ജംഗമവസ്തുക്കളുടെ ജപ്തി സംബന്ധിച്ചു് നോട്ടീസു കൊടുക്കയാണെങ്കിൽ അവയെ ഒളിച്ചുവയ്ക്കുന്നതിനു അയാൾക്കു സൌകര്യമുണ്ടാക്കിക്കൊടുക്കയാണ് ചെയ്യുന്നതു്. അതുകൊണ്ടാണ് സ്ഥാവരവസ്തുക്കളെ സംബന്ധിച്ചിടത്തോളം പ്രസ്തുത വ്യവസ്ഥ ചെയ്തിട്ടുള്ളതു്. സ്ഥാവര വസ്തുക്കളെ സംബന്ധിച്ചിടത്തോളം ജപ്തിക്കു മുമ്പായി ഡിമാൻഡുനോട്ടീസുകാരുടെ അനുവാദം എപ്പോഴും ആവശ്യപ്പെടേണ്ടതാണെന്നായിരുന്ന ഈപ്പോഴുണ്ടായിരുന്ന റഗുലേഷനിലെ വ്യവസ്ഥ. ആ റഗുലേഷന്റെ പ്രാബല്യത്തെ സംബന്ധിച്ചിടത്തോളം ആ വ്യവസ്ഥ വളരെ കാലതാമസത്തിനു ഇടയാക്കി. അതുകൊണ്ടു് അനുവാദം നൽകുന്നതിനു തഹശീൽദാരേയോ അധികാരമുള്ള മറേറതെങ്കിലും ഉദ്യോഗസ്ഥനേയോ അധികാരപ്പെടുത്തി ബില്ലു സഭയിൽനിന്നും ഒട്ടുവിൽ പാസ്സാക്കിയപ്പോൾ സ്ഥാവരവസ്തുക്കളുടെ സംഗതിയിലും എന്തെങ്കിലും നോട്ടീസു നൽകേണ്ടതാണെന്നു തോന്നി. അതുകൊണ്ടാണ് പ്രസ്തുത വ്യവസ്ഥയെ അതിൽ ഉൾപ്പെടുത്തിയതു്. ഇപ്രകാരം മുമ്പു നടപ്പിൽ ഇല്ലാതിരുന്നതായ ഡിമാൻഡുനോട്ടീസു് ഏർപ്പാടു ഈ റഗുലേഷൻ ആദ്യമായി കൊണ്ടുവന്നിട്ടുള്ളതല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ അങ്ങിനെ ഒരിക്കലും പറഞ്ഞിട്ടില്ല.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡൻറു): സ്ഥാവര വസ്തുക്കളെ ജപ്തിചെയ്യുന്നതിനു ഡിമാൻഡു നോട്ടീസുണ്ടയക്കണമെന്നും, എന്നാൽ അതു പേഷ്കാർന്മാരുടെ മുമ്പെത്തിയുള്ള അനുവാദമില്ലാതെതന്നെ ചെയ്യാമെന്നും മാത്രമെ റഗുലേഷൻ പറയുന്നുള്ളു. അതുകൊണ്ടു റഗുലേഷനെ കുറെപ്പറഞ്ഞിട്ടാവശ്യമില്ല; പക്ഷെ അതിന്റെ പ്രവർത്തനത്തിൽ ദുഷ്പ്രയങ്ങളുണ്ടായേക്കാം. ഇതൊഴികെ, ഇപ്പോൾ നടപ്പിലിരിക്കുന്ന ചട്ടത്തിൽ—അല്പകാരം വല്ല ചട്ടവുമുണ്ടെങ്കിൽ—എന്തെങ്കിലും ഭേദഗതിചെയ്യണമെന്നു പറയുന്നതിനു മിസ്റ്റർ പി. കെ. നാരായണപിള്ളയോടു ഞാൻ യോജിക്കുന്നു. പാവ്വത്യക്കാരൻ അയാളുടെ സ്ഥലത്തു ചുറ്റി സഞ്ചരിക്കുന്നതായി കാണുന്നില്ല. അയാളും അയാളുടെ അക്കൌണ്ടൻറന്മാരും വളരെ പ്രീതിയായി ഡിമാൻഡു നോട്ടീസുകൾ എഴുതുകയായിരിക്കും. അഞ്ചുലക്ഷം ഡിമാൻഡു നോട്ടീസുകൾ എഴുതിതീർക്കാൻ പ്രവർത്തികച്ചേരിക്കളിലെ ക്ലാർക്കന്മാരെന്നു വിളിക്കപ്പെടുന്ന അക്കൌണ്ടന്മാർക്കു വളരെ ജോലി കൊടുക്കുന്നതായ ഒരു സംഗതിയാ

ണ്ട്. ഈ നോട്ടീസുകൾ പലരെ ആളുകൾക്കും കൊടുക്കുകയൊ കൊടുക്കപ്പെട്ടതായി വിചാരിക്കപ്പെടുകയൊ ചെയ്യുന്നു. ഈ നോട്ടീസുകൾ വളരെ ഗർല്ലമോയിട്ടെ കൊടുക്കപ്പെടുന്നുള്ളു എന്ൻ പറയുന്നതിൽ ഞാൻ മിസ്റ്റർ പി. കെ. നാരായണപിള്ളയോട് യോജിക്കുന്നു. ഞാൻ കുറെമുമ്പിൽ പുളിയറ ആയിരുന്നപ്പോൾ നികുതി കൊടുക്കണമെന്ന പാവപ്പെട്ടക്കാരൻ എന്നോടാവശ്യപ്പെട്ടപ്പോൾ കൊടുക്കാമെന്ന ഞാൻപറഞ്ഞു. ഡിമാൻറനോട്ടീസിന്റെ ചിലവുകൂടി വേണമെന്ന അയാൾ എന്നോടാവശ്യപ്പെട്ടു. എനിക്കു ഒരിക്കലും കിട്ടിയിട്ടില്ലന്ന ഞാൻ മറുപടി പറഞ്ഞു. "അതു് എന്റെ പക്കലുണ്ടു; അതിനെ എന്റെ പക്കൽനിന്നു സ്വീകരിക്കാം" എന്ന അയാൾപറഞ്ഞു (ചിരി). ഈ ആളുകൾ മാസംതോറും ക-ാംനം- മുതൽ ക ങ-ംനം- വരെ ഡിമാൻറ നോട്ടീസുകൾ കൊടുക്കുന്നു; അവ കൊടുക്കപ്പെടേണ്ട ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും അവർ അങ്ങിനെ ചെയ്യുന്നു. അതൊരു അന്യായമായ നികുതി ചുമത്തലാണെന്നു വിചാരിക്കപ്പെടുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്. വാസ്തവം പറഞ്ഞതായാൽ നികുതികൊടുക്കാനുണ്ടെന്നു ഓർമ്മപ്പെടുത്തുന്നപക്ഷം അതുടനെ കൊടുക്കാൻ തയ്യാറുള്ള അനേകമാളുകളുണ്ടു്. നികുതികൊടുക്കാതെ വസ്തു കൈവശം വച്ചുകൊണ്ടിരിക്കുന്നതിനു യാതൊരുത്തനും സാധിക്കുന്നതല്ല; ഓർമ്മപ്പെടുത്തുന്നപക്ഷം നികുതികൊടുക്കുന്നതിനു എല്ലാവരും തയ്യാറാണു്; കൂടാതെ കൊടുക്കുന്നതിൽ കർഷകന്മാർ യാതൊരു അമാന്തവും കാണിക്കുന്നതിനു ഇഷ്ടപ്പെടുന്നില്ല. അപ്രകാരമിരിക്കെ പ്രവർത്തിക്കുദ്ദേശ്യമില്ലാതെ നികുതി കൊടുക്കുന്നതിനു ജനങ്ങളോടാവശ്യപ്പെടുന്നതിനു പകരം ക ങ-ംനം-വരെ നികുതി കൊടുത്തുതീർക്കാത്ത പക്ഷം പാവപ്പെട്ടക്കാരൻ ചുറ്റിനടന്നു ഡിമാൻറ നോട്ടീസുകൾ അയക്കുന്നതിനു അയാളെ ആജ്ഞാപിക്കുന്നതായാൽ അതു വളരെ നന്നായിരിക്കും. ചട്ടങ്ങളിൽ വല്ല ഭേദഗതികളും വരുത്തേണ്ടതാകുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ചാൻറവെന്യൂവും ആദായനികുതിയും കമ്മീഷണർ): ഈ ഉപക്ഷേപത്തിൽ രണ്ടു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു ആദ്യത്തേതു ഒരാൾക്കു ഒരു ഡിമാൻറ നോട്ടീസിൽ കൂടുതൽ അയക്കുന്നതിനെസംബന്ധിച്ചാണ്. പാവപ്പെട്ടക്കാരനാർ ഡിമാൻറ നോട്ടീസുകൾ തയ്യാറാക്കി ഒപ്പുവയ്ക്കുന്നതിനു തഹശീൽദാർക്കു അയക്കുന്നു. പല പകുതികളിലായി ഒരാൾക്കു വസ്തു ഉണ്ടെങ്കിൽ ഓരോ പാവപ്പെട്ടക്കാരനും അയാളുടെ പകുതിയിൽ സ്ഥിതിചെയ്യുന്ന വസ്തുക്കൾക്കുള്ള ഡിമാൻറ നോട്ടീസു തയ്യാറാക്കി തഹശീൽദാരുടെ ഒപ്പിനായി അദ്ദേഹത്തിനു അയക്കുന്നു. അതുകൊണ്ടു് ഒരാൾക്കു പലേ പകുതികളിലും വസ്തുഉണ്ടെങ്കിൽ ഓരോ പകുതിയിലുമുള്ള വസ്തുക്കൾക്കു ഓരോ ഡിമാൻറ നോട്ടീസുവീതം അയക്കാതെ നിവൃത്തിയില്ല. എന്നാൽ ഒരു പകുതിയിൽ മാത്രം അയാൾക്കു ഒന്നിലധികം വസ്തുക്കളുള്ളപക്ഷം ആ പകുതിക്കു ഒന്നിലധികം നോട്ടീസ് അയാൾക്കു അയക്കുന്നില്ല. ഒന്നിലധികം നോട്ടീസു അയക്കുന്നതു പിശുക്കാണ്; അങ്ങിനെ ചെയ്യുന്നതായാൽ പിശുക്കു തിരുത്തുന്നതിനു നടപടികൾ നടത്തപ്പെടും. എന്നാൽ മറെറ സംഗതിയിൽ, ഈതായതു പലേ പകുതികളിലുമായി ഒരാൾക്കു വസ്തു ഉണ്ടെങ്കിൽ ഓരോ പകുതിയിലേയും പാവപ്പെട്ടക്കാരൻ ആ പകുതിയിൽ സ്ഥിതിചെയ്യുന്ന വസ്തുക്കളെസംബന്ധിച്ചിടത്തോളം വസ്തുഉടമസ്ഥനു ഡിമാൻറ നോട്ടീസു അയക്കാതെ നിവൃത്തിയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അജ്ഞൻ ആഹ്വാനംചെയ്യുന്നതിനു ഡിമാൻറ ചെയ്യുന്നതിനു എന്തെങ്കിലും ആക്ഷേപമുണ്ടൊ?

മി: എസ്സ്. സി. എച്ച് റാബിൻസൺ (ചാൻറവെന്യൂവും ആദായനികുതിയും കമ്മീഷണർ): നോട്ടീസു കൊടുക്കുന്നോ ഇല്ലയൊ എന്നുള്ള വിവരം ഞങ്ങൾക്കു എങ്ങിനെ അറിയാം?

ക ൻ ങ-ാം ശേഷം ഡിമാൻറനോട്ടീസുകളുടെ സംഖ്യ അടിസ്ഥാനമാക്കി വർദ്ധിച്ചു വരുന്നതായി സമ്മതിക്കാം.

മി: സി. പി. തരകൻ (കുന്നത്തുനാടു): ഡിമാൻറനോട്ടീസയച്ചാൽ കക്ഷിയെക്കണ്ടു ഒപ്പു ഇടുവിക്കണമെന്നു നിയമം വല്ലതുമുണ്ടൊ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ചാൻറവെന്യൂവും ആദായനികുതിയും കമ്മീഷണർ): സിവിൽ നടപടിനിയമം ഒരു പ്രകാരപ്പെടുത്തിയിട്ടുള്ളതുപോലെ കക്ഷിയുടെപക്കൽതന്നെ നോട്ടീസുകൊടുക്കണമെന്നാണ് എനിക്കു തോന്നുന്നതു; നോട്ടീസു വാങ്ങേണ്ട ആളുടെ അഭാവത്തിൽ ഇല്ലങ്കിൽ പ്രായപൂർത്തിവന്ന വീട്ടിലെ ഏതൊരു പുരുഷനും കൊടുക്കാവുന്നതാണു; അപ്രകാരം ആരുമതന്നെ ഇല്ലെങ്കിൽ വീട്ടിന്റെ വാതലിൽ പതിക്കേണ്ടതാണു്.

കരംപിരിവു റഗുലേഷൻ ഉപയോഗപ്പെടുത്തുന്നതിന്റെ കാഠിന്യംമൂലം ഉണ്ടാകുന്നുവെന്നു വിചാരിക്കപ്പെട്ടുപോരുന്ന ഈ വൈഷമ്യങ്ങളുടെ കാരണം പലതുമുണ്ടു്. ഇവയിൽ ആദ്യത്തേതും പ്രധാനമായിട്ടുള്ളതും ആയ കാരണം ഗ്രാമത്തിലെ കണക്കുകൾ, പ്രത്യേകിച്ചും നികുതികൊടുക്കാതെ വീഴ്ചവരുത്തുന്നവരുടെ കണക്കുകൾ, വളരെ നിഷ്കൃഷ്ടയോടെ സംരക്ഷിച്ചുപോരുന്നതാണ്. ഇതു സംബന്ധിച്ചുള്ള ചട്ടം താഴെപ്പറയുന്നതാണ്. ഒരു മാസത്തിൽ കൊടുത്തുതീർക്കേണ്ടുകരം ആ മാസം ക ങ-ം തീയതിക്കകം കൊടുത്തുതീക്കണം; ആ തീയതി കഴിഞ്ഞുടനെ, നികുതികൊടുക്കാൻ വീഴ്ചവരുത്തിയിട്ടുള്ള ആളുകളുടെ പേരുകൾ കാണിക്കുന്ന കണക്കുകൾ തയ്യാറാക്കി, റഗുലേഷനിൽ വ്യവസ്ഥചെയ്തിട്ടുള്ള നിർബന്ധിക നടപടികൾ നടത്തി വർഷാവസാനത്തിനുമുമ്പു നികുതിത്തുകകൾ പിരിക്കുന്നതിനുവേണ്ടി ഡിമാൻറ നോട്ടീസുകൾ അയക്കണം. ഈ കണക്കുകൾ കണിശമായി വച്ചുകൊണ്ടിരിക്കുന്നതിനു വില്ലേജു ഉദ്യോഗസ്ഥന്മാരെ പ്രാപ്തരാക്കുന്ന വിഷയത്തിൽ ഗവൺമെൻറിൽനിന്നു ഏർപ്പെടുത്തിയിട്ടുള്ള ജമാബന്ദി പരിശോധന ഏർപ്പാടു വളരെ സഹായിച്ചിട്ടുള്ളതാകുന്നു. ഈ വിഷയത്തെ സംബന്ധിച്ചുള്ള നടപടി പണ്ടു കാലങ്ങളിൽ അല്പം അയഞ്ഞമട്ടിലായിരുന്നു; റഗുലേഷൻ അനുസരിച്ചുള്ള നിർബന്ധിക നടപടികൾ വില്ലേജു ഉദ്യോഗസ്ഥന്മാർ നടത്തുന്നതിനു പകരം ഭയിയിൽ പിരിച്ചെടുക്കേണ്ടതായും എന്നാൽ പിരിച്ചെടുത്തിട്ടുള്ളതും ആയ നികുതി പിരിവിനെ നടപ്പുവർഷത്തെ നികുതിക്കായി ഉപയോഗിച്ചുവന്നിരുന്നു. തന്മൂലം കണക്കുകൾ അതാതു സമയങ്ങളിൽ എഴുതിക്കൊണ്ടിരുന്നില്ല; വാസ്തവത്തിൽ നികുതികൊടുക്കാൻ വീഴ്ചവരുത്തുന്നവർക്കു ഡിമാൻറ നോട്ടീസുകൾ അയക്കാറു പതിവില്ലായിരുന്നു. എന്നാൽ റഗുലേഷനും ചട്ടങ്ങളും അനുസരിച്ചു പ്രവർത്തിക്കുന്നതിനും കണക്കുകൾ കണിശമായി വച്ചുകൊണ്ടിരിക്കുന്നതിനും വില്ലേജു ഉദ്യോഗസ്ഥന്മാരെ ഇപ്പോൾ പരിശീലിപ്പിച്ചുവരുന്നു. ഇതുമൂലം നികുതികൊടുക്കാൻ വീഴ്ചവരുത്തുന്നവരുടെ പേരു അതു സംബന്ധിച്ചുള്ള കണക്കു പുസ്തകങ്ങളിൽ എഴുതുകയും റഗുലേഷൻ അനുസരിച്ചുള്ള നിർബന്ധിക നടപടികൾ ശരിയായി നടത്തിവരികയും ചെയ്യുന്നു.

[illegible] ഗവൺമെന്റിൽ നിന്നുണ്ടായിട്ടുള്ള ഉത്തരവനുസരിച്ച് വീടുകൾ തോറും ചെന്ന കരംപിരിക്കുന്നതിനു പകരം ഓരോ പഞ്ചായത്തിലും തങ്ങളുടെ കച്ചേരിയിൽ തന്നെ ഇരിക്കണമെന്നു പാർവ്വത്യക്കാരെയും അറിയിച്ചിട്ടുണ്ടു്. ഇതിനുമുമ്പുള്ള കാരണം, ന്യായമായി ഗവൺമെന്റിനു കിട്ടേണ്ടുന്ന പണമല്ലാതെ ഇടം. ഇന്നതിനു പകരം ഇന്നതു കൊടുത്തുതീർക്കണമെന്നു പട്ടയത്തിൽ കുഴപ്പപ്പെടുത്തിയിട്ടുള്ളതു്, കക്ഷികൾക്കു കാലപരിധി രേഖയാവുന്നതും അയഫോണം പിരിക്കുന്നതിനുവീടുകൾ തോറും പോകുന്ന ഈ ഏർപ്പാടു വിലപ്പെട്ട രണ്ടതിലധികം ഉദ്യോഗസ്ഥന്മാർ വില്ലേജുഓഫീസുകളിൽ ഇപ്പോൾ ഇരിക്കുന്നതുമൂലം ചുരുങ്ങിയ അനുസരിച്ചു വ്യവസ്ഥചെയ്തിട്ടുള്ള പലതരം രജിസ്റ്ററുകളും രേഖകളും പരിപാലിക്കുന്നതിലുണ്ടാകുന്ന [illegible] ഹാനിയും ഏറ്റം വിവാൽപ്പേക്ഷ്യാർന്നാർ റിപ്പോർട്ടു ചെയ്തുകാണുന്നതു കൂടാതെ ഇത്തരമുള്ള ഏർപ്പാടുകൾ നിലവിലിരിക്കുന്നതിലേക്കു നിലോഗിക്കപ്പെട്ടു വന്നിരുന്ന ആ ഉദ്യോഗസ്ഥന്മാരുടെ ശിപായിമാരുടെ ശമ്പളത്തിനുവേണ്ടി പിരിച്ചുകൊണ്ടുവരുന്ന പണത്തിൽ കുറച്ചുതുക ചെലവുചെയ്യപ്പെടുന്നതും അപേക്ഷിച്ചു നോക്കുമ്പോൾ ഏറ്റവും [illegible] കുറഞ്ഞ ചെലവുള്ളതായ ഒരേർപ്പാടാണു്. ഈ വിഷയത്തിൽ ഇപ്പോൾ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ഇച്ഛാഭംഗത്തിനു കാരണം ഇതിനുമുമ്പുള്ള ഏർപ്പാടിൽ അവർക്കു കിട്ടിയിരുന്ന ഏതാണ്ടു പൂർണ്ണമായ സ്വാതന്ത്ര്യം ഇപ്പോൾ നഷ്ടപ്പെട്ടുപോയതുകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു. ഈ ഏർപ്പാടിനെ ഉപേക്ഷിക്കുന്നതിനുള്ള ഒരു കാരണമായി ഇതിനെ ഞാൻ കരുതുന്നില്ല. ഇതിന്റെ ഫലമായി സർവ്വസാധാരണമായുണ്ടായിട്ടുള്ള വിഷമങ്ങൾ കണക്കിലെടുത്തു ശിപായിമാരുടേയും കണക്കപ്പിരിവു സംബന്ധിച്ചുള്ള സമ്പ്രദായങ്ങളിലും കുറച്ചു മാറ്റം വരുത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

ട്രഷറിക്കാർക്കുസംഭവിക്കുന്ന സംബന്ധിച്ചു വില്ലേജുസർ ബന്ധപ്പെടുന്നതിനു അധികമായ ജോലിയെടുക്കേണ്ടിവരുന്നു. ഇതാണു് ഫൈനുവലും ഫൈൻസ്സും ഉണ്ടായതിനുള്ള മൂന്നാമത്തെ കാരണം. ഈ ഇനത്തിൽ ഫൈനുകൾ മുഴുവൻ ഏല്പിക്കുന്നതിലും ജാഗ്രതയായ ജോലിയുണ്ടാകുന്നതുകൊണ്ടു മാത്രമല്ല പെട്ടെന്നുണ്ടാകുന്ന കുറയ്ക്കുന്നതിനു ഇനത്തിനും കറൻസിനുള്ള ഇനത്തിലും, പുറമ്പോക്കുകേസുകൾ സംബന്ധിച്ചുള്ള പിഴ മുതലായ ഇനത്തിലും അടുത്തകിടുള്ള പാർട്ടുവകയിലും, നിരക്ഷരപക്ഷമായി പതിച്ചുകൊടുക്കപ്പെടാവുന്ന തുണ്ടു പുറമ്പോക്കുകൾ പതിച്ചു കൊടുത്ത ഇനത്തിലും കൊടുക്കേണ്ടുന്ന തുകകൾ പെട്ടെന്നു കക്ഷികളിൽ നിന്നു പിരിക്കാവുന്നതായിരുന്നു. ഈ പണമെല്ലാം നിർബന്ധികനടപടികൾ മുഖം പിരിക്കേണ്ടതായിവന്നു. ഫൈൻ ഒ, ഫൈനുവ, ഫൈൻസ്സിന്റെ മൂന്നു കൊല്ലങ്ങളിൽ തിട്ടപ്പെടുത്തപ്പെട്ട പുറമ്പോക്കു കേസ്സുകൾ ക്രമാക്രമം ഒ, വ, ഫൈ, ഫൈനു, വ ൻ സംഖ്യകളായിരുന്നു. ഇതുകൊണ്ടു മേൽ പ്രസ്താവിച്ചതിന്റെ വാസ്തവം സ്പഷ്ടമാകുന്നതാണ്.

അടയ്ക്കപ്പെട്ട നോട്ടീസുകളുടെ സംഖ്യക്കനുസൃതമായി വില്ലേജു ഉദ്യോഗസ്ഥന്മാരുടെ പിരിപ്പുശമ്പളത്തിലും സാരമായ വർദ്ധനയുണ്ടായിട്ടുണ്ടെന്നും, വർഷത്തിന്റെ അവസാനത്തെ മാസങ്ങളിലെ കണക്കിൽ കൊള്ളിച്ച തുകകൾ സംബന്ധിച്ചുള്ള ബാക്കിയിൽ അല്പം കൂടുതലുണ്ടെങ്കിലും ഡിമാന്റിലെ സാരമായ വർദ്ധനയുണ്ടായിട്ടുണ്ടെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഡിമാന്റു നോട്ടീസുകൾ അയക്കാനുള്ള കാലങ്ങളിൽ അയക്കാതിരുന്നാൽ കണക്കുകളിൽ തിട്ടയായും തകരാറുകൾ സംഭവിക്കുന്നതും പിരിച്ചെടുക്കേണ്ട തുകയിൽ വലുതായ കുടിശ്ശികവരുന്നതും ആകുന്നു.

ഡിമാന്റുനോട്ടീസുകൾ അയക്കുന്ന ഫീർപ്പാടുസംബന്ധിച്ചും അവയെ അതാതു കച്ചേരികൾക്കു കൊടുക്കുന്നതിനെക്കുറിച്ചും ചിലവിവരങ്ങൾ ഈ സന്ദർഭത്തിൽ പറയാമെന്നു ഞാൻ വിചാരിക്കുന്നു. ഫൈനുകൾ മുഴുവൻ ഡിമാന്റുനോട്ടീസുകൾ കൊടുത്തുകൊണ്ടിരുന്നതു ഏതാനം തൽക്കാലിക ബാറാ ശിപായികളായിരുന്നു. അവരെ ഈ ജോലിക്കു പ്രത്യേകമായി ഓരോതാല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. താലൂക്കുകച്ചേരിയിലെ നിന്നു നികുതികൊടുക്കാൻ വീഴ്ചവരുത്തിയ ആളിന്റെ താമസസ്ഥലത്തേക്കുള്ള ദൂരമനുസരിച്ചായിരുന്നു ഫീസിന്റെ നിരക്കു. ആയതു കക്ഷികളിനേൽ ചുമത്തി ബാറാശിപായിമാർക്കു കൊടുത്തുവന്നിരുന്നു; അതു കണക്കിൽ ചെലവിനത്തിലോ ചിലവു ഇനത്തിലോ ചേർത്തിരുന്നില്ല. ഈ ഏർപ്പാടു നിർത്തൽചെയ്യുമ്പോൾ മേൽപ്പറഞ്ഞതരം ആസ്പദമാക്കാതെ ഡിമാന്റുനോട്ടീസിന്റെ ഫീസു ഒരു ചക്രമായി ക്രമപ്പെടുത്തി അപ്രകാരം വസൂൽചെയ്യുന്ന തുക കണക്കുകളിൽ കൊള്ളിച്ചു താൽക്കാലികസിൽബന്ധികൾക്കു ചെലവു ചേർക്കുന്നതിലും സ്ഥിരം ശിപായിമാരെ നിയമിച്ചു ക്രിമപ്രകാരമുള്ള കരംകൊടുക്കാൻ വീഴ്ചവരുത്തുന്ന പട്ടാഭരന്മാരിൽനിന്നോ മറ്റുള്ളവരിൽനിന്നോ ഈടാക്കുന്ന ഫീസിനത്തിനു സിൽബന്ധികളുടെ ശമ്പളം കൊടുക്കണമെന്നാണുദ്ദേശിച്ചിരിക്കുന്നതെന്നു ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു.

മി: കെ. പരമേശ്വരൻപിള്ള (കൊല്ലം): ഫൈൻ-ൽ ഈ നോട്ടീസുകൾ അയക്കുന്നതിനു വാസ്തവത്തിൽ എന്തുചെലവായി?

മ: എ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ): അതുസംബന്ധിച്ചുള്ള വിവരം എന്റെപക്കൽ ഇല്ല.

ഡിമാന്റുനോട്ടീസുകൾ അയക്കുന്നതിൽ കുറവുചെയ്യണമെന്നു ആരെങ്കിലും നിർദ്ദേശിക്കുന്നപക്ഷം തങ്ങളുടെ നികുതി കണിശമായികൊടുക്കുന്ന കർഷകന്മാർ നികുതികൊടുക്കാൻ വീഴ്ചവരുത്തുന്നവർ ന്യായമായിസഹിക്കേണ്ടതായ ചെലവിന്റെ അംശംകൂടി കൊടുക്കേണ്ടതായിവരും. ഡിമാന്റുനോട്ടീസുകൾ അയക്കുന്നതിന്റെ ഉദ്ദേശം സംബന്ധിച്ചുള്ള ചില തെറ്റിദ്ധാരണകളെ മാറ്റുന്നതിനും ഇവിടെയുണ്ടെന്നുപറഞ്ഞ അപേക്ഷിക്കാതിരിക്ക

ന്നതിനും വില്ലേജുകണക്കുകളെ ശരിയായി ചുരുക്കുന്നതിനും ഗവണ്മെന്റിനു ചെലവുണ്ടായതു കണക്കാക്കുന്നതിനും ചാമസംക്രമാതര പിരിച്ചെടുക്കുന്നതിനും ഡിമാൻഡുനോട്ടീസുകൾ എത്ര ഉപകാരപ്രദമായിട്ടുള്ളതാണെന്നു കാണിക്കുന്നതിനു മാത്രമായിട്ടാണ് ഞാൻ ഇതുവരെക്കും പറഞ്ഞത്.

തങ്ങൾ എത്രപണമാണു കൊടുക്കേണ്ടതെന്നു അറിയാൻ പാടില്ലാത്ത ആളുകളുടെ പക്കൽ നിന്നു പായ്ത്തുകാരൻ മുന്നൊന്നായൊരു രൂപ ആയിരത്തിനുപുറമെ അതിന്റെ പാട്ടത്തുവരുന്നതുണ്ടെന്നും ചില ആളുകൾ പറയുന്നു. കക്ഷികൾ എത്രപണമാണ് പാർപ്പുകാരനുള്ളതെന്നു ഇപ്പോൾ തയ്യാറാക്കുന്ന ഡിമാൻഡുനോട്ടീസുകളിൽ കാണുകയുണ്ടല്ലോ. അതു വായിക്കപ്പെടുന്ന രീതിയിലുള്ള കണക്കിൽ തയ്യാറാക്കുന്നുണ്ടോ എന്നു നമുക്കു കണ്ടുപിടിക്കാൻ കഴിയുന്നു. ഫണശതമായി ചേർത്തുകൊടുക്കുന്ന യാതൊരാൾക്കും ഡിമാൻഡുനോട്ടീസുകിട്ടുന്നില്ല. ഡിമാൻഡുനോട്ടീസുസർവീസിലുണ്ടെങ്കിൽ ആ ചെലവു ഗവണ്മെന്റിന്റെ പക്കൽനിന്നു പെൻഷനുവേണ്ടപ്പെട്ടിരിക്കുന്നു.

ശ്രീ: ഡി. ഡബ്ലയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട്): പ്രസ്തുതചട്ടത്തെ അവതരിപ്പിച്ച പണപ്പിരിവിനായി ക്ലർക്കുകളെ പാർവത്യക്കാരനോ അയാളുടെ അനന്തരവകാശിയോ ചുമതലപ്പെടുത്തണമെന്നു ഭേദഗതിചെയ്യുന്നതിൽ വല്ല ആക്ഷേപവുമുണ്ടോ?

ശ്രീ: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരകാര്യങ്ങളും കമ്മീഷണർ): അങ്ങിനെ ചെയ്താൽ ഡിമാൻഡുനോട്ടീസുകൾ അയയ്ക്കുന്നതിനും ആവശ്യമുള്ളപ്പോൾ മേൽനടപടികളും നടത്തുന്നതിനും ഞങ്ങൾക്കു സമയംകിട്ടാതെ വരുന്നതും സ്കൂൾപിടിച്ചെടുക്കുന്നതിനു വളരെ താമസം നേരിടുകയും ചെയ്യും.

ശ്രീ: ഡി. ഡബ്ലയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട്): ക്ലർക്കുകളുടെ ക്ലർക്കുകൾക്കുമാണു ഡിമാൻഡുനോട്ടീസുകൾ എഴുതുന്നതിനുള്ള അധികാരം നിയമപ്രകാരം ഏർപ്പെടുത്തിയിട്ടുള്ളത്. അങ്ങിനെയാണെങ്കിൽ ക്ലർക്കുകൾ കുറെപിരിക്കുന്നതിനു പാർവത്യക്കാരനോടാവശ്യപ്പെടുന്നതിൽ എന്താക്ഷേപമുണ്ടുള്ളൂ.

ശ്രീ: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരകാര്യങ്ങളും കമ്മീഷണർ): അങ്ങനെയാണെങ്കിൽ പേരുതെറ്റിയുള്ള മറുപടിയുടെ ഹാനിതന്നെ ഏറിടും. പൂജവയ്പു പതിച്ചുകൊടുക്കുന്നതിനുള്ള അപേക്ഷകളുടെ സംബന്ധിച്ചു അവക്ക് ജോലിചെയ്യണമെന്നായിട്ടുണ്ട്. ഒസ്സ്യത്തുകളും തഹലിയ പരിശോധിക്കുകയും അവർ ചെയ്യേണ്ടതായിട്ടുണ്ട്. ഇവയെല്ലാം പാടെ നേരിടും.

ശ്രീ. കെ. കെ. നമ്പ്യർ (കോട്ടയം): പാർവത്യകാരന്മാർ ഡിമാൻഡുനോട്ടീസുകൾ സഹിതം പിടികൂടുന്നതുവരെ ഇപ്പോഴും പൊയ്ക്കൊണ്ടിരിക്കുന്നതായി അങ്ങേഹത്തിനറിയാമോ?

ശ്രീ: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരകാര്യങ്ങളും കമ്മീഷണർ): ഉണ്ടായിരുന്നതുപോലെ ഇപ്പോഴില്ല.

ശ്രീ: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ ഭേദഗതി ഏർപ്പെടുത്തിയതിനുശേഷം കരംപിരിവിൽ സാരമായ കുറവു വന്നിട്ടുള്ള വിവരം അങ്ങേഹത്തിനറിയാമോ

ശ്രീ: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരകാര്യങ്ങളും കമ്മീഷണർ): കഴിഞ്ഞകൊല്ലം അങ്ങിനെയായിരുന്നു. കണക്കുകൾ നിങ്ങൾ നോക്കുന്നപക്ഷം പിരിച്ചെടുത്തിട്ടുള്ളതുക വളരെ വർദ്ധിച്ചിട്ടുണ്ടെന്നു നിങ്ങൾക്കു മനസിലാകും. ഇങ്ങനെയൊക്കെ ചോദ്യമുണ്ടാകുമെന്നു ഞാൻ കരുതിക്കൊണ്ടിരുന്നതുകൊണ്ട് അതിനെപ്പറ്റി അന്വേഷണം നടത്തിയതിൽ ഞാൻ പ്രസ്താവിച്ചതുപോലെയാണെന്നു കണ്ടു.

ശ്രീ: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ ഡിപ്പാർട്ടുമെന്റിലെ ഭരണത്തെ സംബന്ധിച്ചു ഗവണ്മെന്റു വിമർശനത്തിൽ താഴെപ്പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.—

"കരൻറെ ഡിമാൻറിനത്തിൽ പിരിച്ചെടുത്തതു ക ൦ൻവു-ൽ ൯൭൮൬ ശതമാനമായിരുന്നിരിക്കെ ക ൦ൻൻ-ൽ അതു ൯൫൭ എന്ന ശതമാനം മാത്രമായിരുന്നു. കുടിശ്ശികകളും കരൻറെറവന്യൂവും ചേർത്തുനോക്കുമ്പോൾ ക ൦ൻവു-ൽ ൯൪.൯൯൯ ശതമാനമായിരുന്നതു ക ൦ൻൻ-ൽ ൯൩.൯൯൯ ശതമാനമായി കുറഞ്ഞിരിക്കുന്നു. ഈ സ്ഥിതിയ്ക്കു എല്ലാ ഡിവിഷനുകളും ഉത്തരവാദികളാണെങ്കിലും കോട്ടയം ഡിവിഷനിലാണു വലുതായ കുറവുവന്നിട്ടുള്ളതു: അവിടെ ൯൫൭൯ ശതമാനത്തിൽനിന്നു ൯൫.൭൯ ശതമാനമായി അതായതു ൪.൭ ശതമാനം കുറഞ്ഞിട്ടുണ്ട്. ഇപ്രകാരം പിരിവിൽ കുറവുവന്നിട്ടുള്ളതിനു യാതൊരുകാരണവും റവന്യൂകമ്മീഷണർ പറഞ്ഞുകാണുന്നില്ല. ആണ്ടവസാനത്തിലെ വെള്ളപ്പൊക്കം മൂലം ഉണ്ടായ അനന്തരസംഭവങ്ങൾകൊണ്ടു റവന്യൂപിരിയ്ക്കുന്നതിനു വില്ലേജ് സിൽബന്ധികൾ വീടുതോറും കയറിയ്ക്കൊണ്ടിരുന്ന ഏർപ്പാടുനിർത്തലാക്കിയതുകൊണ്ടു മാൻറെറവന്യൂ പിരിയ്ക്കുന്ന ഏർപ്പാടിൽ വരുത്തിയിട്ടുള്ള ഭേദഗതികൊണ്ടും ആയിരിക്കാം ഇങ്ങനെ സംഭവിച്ചിട്ടുള്ളതു. ഇതിന്റെ ഫലമായി ആണ്ടവസാനത്തിൽ പിരിച്ചെടുക്കേണ്ടതായതുക ക ൦ൻവു-ൽ ക,൯൭൦,൯൭൯ രൂപയായിരുന്നതു ക ൦ൻൻ-ൽ ൬,൯൫,൦൦൫ രൂപയായി വർദ്ധിച്ചു."

ശ്രീ: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരകാര്യങ്ങളും കമ്മീഷണർ) ശതമാനക്കണക്കുകൾമാത്രം ലക്ഷ്യങ്ങളല്ല. ക ൦ർ൭-ൽ പിരിച്ചതുക ൫൨ ലക്ഷവും ക ൦ൻവു-ൽ പിരിച്ചതുക ൫൩ ലക്ഷവും ക ൦ൻൻ-ൽ പിരിച്ചതുക ഏകദേശം ൫൩ലക്ഷത അക്ഷവുമാണ്. ഓരോ ആണ്ടത്തെയും ഡിമാൻറിനും വ്യത്യാസമുണ്ട്. മുമ്പിലുണ്ടായിരുന്ന സിൽബന്ധികൾമാത്രമേ ഞങ്ങൾക്കു ഇപ്പോഴുള്ളുകിലും വാസ്തവത്തിൽ പിരിച്ചെടുക്കുന്നതു മുമ്പത്തെതിലും വളരെ കൂടുതലാണ്.

ശ്രീ: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): റിപ്പോർട്ടിൽ കൊടുത്തിട്ടുള്ള ശതമാനം തെറ്റാണോ?

ശ്രീ: എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരകാര്യങ്ങളും കമ്മീഷണർ): അങ്ങിനെ ഞാൻ പറയുന്നില്ല. ശതമാനം മുമ്പിലത്തെതിലും കുറവാണ്; എന്നാൽ മുമ്പുള്ള സിൽബന്ധികൾതന്നെ അധികം പിരിച്ചിട്ടുള്ളതുകൊണ്ടും പിരിച്ചെടുത്തിട്ടുള്ള തുക മുമ്പിലത്തെതിലും കൂടുതലാണ്.

ശ്രീ: കെ. പരമേശ്വരൻപിള്ള (കൊല്ലം): ഡിമാൻഡുനോട്ടീസുകൾക്കുള്ള ഫീസു കുറയ്ക്കാൻ സാധിക്കയില്ലയോ എന്നു മിസ്റ്റർ റോബിൻസനോടു ഞാൻചോദിക്കുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും അളയന്ത്രികതിയും കമ്മീഷണർ): അതു ആലോചിക്കേണ്ടതായ ഒരു വിഷയമാണ്. എന്നാൽ അതിയായ മതിയാകുന്നില്ലെന്നും അതിനെപ്പറ്റി ഗവൺമെന്റിനു നിന്നും ആലോചിക്കേണ്ടതാണെന്നും ലിവാൻപോസ്റ്റ്മാന്മാരിൽ പലരും നിർബന്ധിക്കുന്നുണ്ട്.

മി: കെ. പരമേശ്വരൻപിള്ള (കൊല്ലം): അതെന്തുകൊണ്ടാണ മതിയാകാത്തത്? അതുമൂലം ഒരു പുതിയ സ്റ്റാഫിനെ ഏർപ്പെടുത്തേണ്ടതായി വരുമോ? അങ്ങനെങ്കിൽ അതിനു എത്ര ചെലവാക്കേണ്ടിവരും?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും അളയന്ത്രികതിയും കമ്മീഷണർ): അതു ക്ലിപ്തസമയങ്ങളിൽ നികുതികൊടുക്കുന്നതിനു സഹായിക്കുന്നില്ല. അതുപോലെ കുറയ്ക്കപ്പെടണമെന്നുള്ളതും പിരിക്കുന്നതിനുള്ള ചിലവു മുഴുവായവ ഉൾപ്പെടുത്തുകവണ്ണം അതു എത്രമാത്രം കുറയ്ക്കപ്പെടുമെന്നുള്ളതും ഗവൺമെന്റു ആലോചിക്കേണ്ട ഒരു വിഷയമാണ്. അതു വേണ്ടിടത്തോളം ശക്തിയുള്ളതായി കാണുന്നില്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഡിമാൻഡു നോട്ടീസിനുള്ള ഫീസ് രണ്ടണ ഒന്നിനു ഒരു ചക്രമായിരുന്നെന്നും അതു പ്രജാസഭയിലെ ചില മെംബറന്മാരുടെ നിവേദനമനുസരിച്ചു നോട്ടീസ്സൊന്നുക്കു ര ചക്രമായി കുറവുചെയ്തു എന്നും മിസ്റ്റർ റാബിൻസൺ നു അറിയാമോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും അളയന്ത്രികതിയും കമ്മീഷണർ): അതെനിക്കു അറിയാം.

മി: കെ. നാരായണൻപണ്ടാല (അഡ്: ഗവൺമെന്റു ചീഫ് സെക്രട്ടറി): സർ, ഇക്കാര്യത്തെപ്പറ്റി എനിക്കു അധികമൊന്നും പറയാനില്ല. എന്നാൽ ഒന്നരണ്ടു സംഗതികൾമാത്രം സഭയുടെ അറിവിനായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽപോലും നികുതി പിരിക്കുന്നതിനേക്കു വില്ലേജ് ഉദ്യോഗസ്ഥന്മാർ വീടുതോറും പോകുന്നുവെന്നു എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ സുബ്ബയ്യർ പറകയുണ്ടായി. എന്നാൽ ഒരു പ്രധാനകാര്യം (ദയവുചെയ്തു ഉറക്കെ പറയണം) അദ്ദേഹം മറന്നുപോയിട്ടുള്ളതായി ഞാൻ വിചാരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ ഗ്രാമത്തിലെ സ്ഥിതികളും തിരുവിതാംകൂറിലുള്ള ഒരു ഗ്രാമത്തിലെ സ്ഥിതികളും തമ്മിൽ വലുതായ വ്യത്യാസമുണ്ട്. (മിസ്റ്റർ ജി. പരമേശ്വരൻപിള്ള (ഹീയർ, ഹീയർ). ബ്രിട്ടീഷ് ഇൻഡ്യയിൽ വില്ലേജ് സിൽബന്തികൾക്കു വില്ലേജ് ഉദ്യോഗസ്ഥനോ അക്കൌണ്ടന്റോ രാപകലിലെ പോയി എല്ലാ നികുതിപായകന്മാരുടേയും വീടുകൾ സന്ദർശിച്ചു കൂടെക്കൂടെയും കുടിശ്ശികവരുവാനുണ്ടെന്നും പറയുന്നു.

മി: വി. സുബ്ബയ്യർ (നിയമനിർമ്മാണസഭയിലെ മെംബർ, ഡിപ്യൂട്ടിപ്രസിഡന്റു): അതു ചെങ്കോട്ടയ്ക്കുമാത്രമെങ്കിലും സംബന്ധിക്കയില്ലെ?

മി: കെ. നാരായണൻ പണ്ടാല (അഡ്. ഗവൺമെന്റിന്റെ ചീഫ്സെക്രട്ടറി): അതിനെപ്പറ്റി ഞാൻ പിന്നീടു പറയാം. ബ്രിട്ടീഷ് ഇൻഡ്യയിൽ എല്ലാ വീടുകളും ഗ്രൂപ്പുകളായിട്ടാണ് സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു വില്ലേജ്സ്റ്റാഫിനു ഓരോ നികുതിപായകരുടെയും അടുക്കൽചെന്നു പണംപിരിക്കുന്നതിനു വളരെ പ്രയാസമുള്ള ഒരു കാര്യമല്ല നേരെമറിച്ചു തിരുവിതാംകൂറിൽ വീടുകൾ വളരെ ദൂരദൂരെ ആയിട്ടാണ് സ്ഥിതിചെയ്യുന്നതു്. അതിനാൽ നികുതിപായകന്മാരെ കണ്ടുപിടിച്ചു കരംപിരിക്കുന്നതിനു പാർവത്യക്കാരനോ അക്കൌണ്ടന്റോ ഒരു ദിവസം ചെലവാക്കേണ്ടിവരുന്നു. ചില സംഗതികളിൽ നികുതിപായകനെ കണ്ടുകിട്ടിയാലും നികുതികിട്ടാതെ തിരിച്ചുപോകേണ്ടിവരുന്നു. ഇപ്രകാരം മുഴുവൻദിവസവും വെറുതെ കളയുന്നു.

ബ്രിട്ടീഷ് ഇൻഡ്യയിലെ ഗ്രാമത്തിനും തിരുവിതാംകൂറിലെ ഗ്രാമത്തിനും തമ്മിൽ ഇനിയൊരു വ്യത്യാസംകൂടിയുണ്ട്. എന്റെ ഓർമ്മ സൂക്ഷ്മമായിട്ടുള്ളതാണെങ്കിൽ ബ്രിട്ടീഷ് ഇൻഡ്യയിലെ ഒരു ഗ്രാമത്തിന്റെ വിസ്തീർണ്ണം അഞ്ചു ചതുരശ്രമൈലിൽ കൂടുതലില്ല. എന്നാൽ തിരുവിതാംകൂറിലുള്ള ഒരു ഗ്രാമത്തിന്റെ വിസ്തീർണ്ണം രണ്ടു ചതുരശ്രമൈൽ മുതൽ ഇരുന്നൂറു ചതുരശ്രമൈൽവരെ ആയിരിക്കുന്നതും വീടുകൾ വളരെ അകലെ സ്ഥിതിചെയ്യുന്നതും ആകുന്നു. വില്ലേജ് സിൽബന്തികളെ വീടുകൾതോറും ചെന്നു നികുതിപിരിക്കാൻ ഏർപ്പാടുചെയ്യുന്നപക്ഷം മേൽ വിവരിച്ച അസൌകര്യങ്ങളെ മാറ്റേണ്ടതായിട്ടുണ്ട്.

മി: കെ. പരമേശ്വരൻപിള്ള (കൊല്ലം): ഫർവ്വൽ വാദവിഷയമായ ഭേദഗതി ഏർപ്പെടുത്തിയിരുന്നില്ലാത്ത സ്ഥിതിയ്ക്കു അക്കൊല്ലത്തിൽ സിൽബന്തികൾ എങ്ങനെ കാര്യം നടത്തിവന്നിരുന്നു എന്നു ചീഫ്സെക്രട്ടറി പറയുമോ?

മി: കെ. നാരായണൻപണ്ടാല (അഡ്: ഗവൺമെന്റിന്റെ ചീഫ്സെക്രട്ടറി): അവരുടെ ജോലി നല്ലതിനല്ലാം നടത്തിയിരുന്നില്ല. ജോലിയിൽ താമസവും വീഴ്ചയും നേരിട്ടാൽ വില്ലേജ്സ്റ്റാഫിനോടു സമാധാനം ചോദിയ്ക്കും; നികുതി പിരിക്കുന്നതിലേക്കു അവർ പോയിരുന്നു എന്നു അവർ സമാധാനം പറഞ്ഞുവന്നിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): പാർവത്യകാരന്മാരുടെ സംഖ്യ ൨൦൦-ൽനിന്നു ൫൦൦ ആയി വർദ്ധിപ്പിച്ചിട്ടില്ലേ.

മി: കെ. നാരായണൻപണ്ടാല (അഡ്: ഗവൺമെന്റിന്റെ ചീഫ്സെക്രട്ടറി): ഇല്ല; അടുത്തകാലത്തു വർദ്ധിപ്പിച്ചിട്ടില്ല.

മി: ഠറി. ജെ. മാത്യൂ (ചങ്ങനാശ്ശേരിയും-പീരിമേടും): സെറിൽമെന്റുസമയത്തു വിഭാഗം നടന്നില്ലെ.

മി: കെ. നാരായണൻപണ്ടാല (അഡ്. ഗവൺമെന്റിന്റെ ചീഫ്സെക്രട്ടറി): ഉണ്ടായിരുന്നു. സെറിൽമെന്റുസമയത്തു അനേകം വലിയ പകുതികളെ ചെറിയ പകുതികളായി ഭാഗിച്ചു; എന്നാൽ പരിഷ്കാരസമയത്തു അവ ഇരുന്നിരുന്നതുപോലെതന്നെ വച്ചിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സർ. പി. രാജഗോപാലാചാരിയുടെ കാലത്തല്ലെ വില്ലേജ് ഏർപ്പാടു പുതുക്കപ്പെട്ടതു്.

മി: കെ. നാരായണൻപണ്ടാല (അഡ്: ഗവൺമെന്റിന്റെ ചീഫ്സെക്രട്ടറി): പകുതികളുടെ എണ്ണത്തെസംബന്ധിച്ചോ പകുതി ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചോ അല്ല; എന്നാൽ പകുതി സിൽബന്തികളുടെ ശമ്പളം സംബന്ധിച്ചായിരുന്നു.

ഇവരെ സഞ്ചരിക്കാൻ അനുവദിച്ചാൽ ഈ രണ്ടു ബുദ്ധിമുട്ടുകളാണ് നമുക്കുണ്ടാകുന്നതു്. ഇടക്കാലത്തുണ്ടാകുന്ന ജനനമരണക്കണക്കു രജിസ്റ്റർ ചെയ്യുന്നതു നിർബന്ധമാക്കിയിട്ടുണ്ടു്; ക്ലിപ്തസമയങ്ങളിൽ പാർവത്യ

ക്കാരനോ അക്കൌണ്ടന്റോ പകുതിക്കച്ചേരിയിൽ ഉണ്ടായിരിക്കണമെന്ന ആജ്ഞാപിച്ചിട്ടുണ്ട്.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നികുതിപിരിവുസംബന്ധിച്ചുള്ള സംഗതി മഴിക്കെ അവരുടെ മറ്റു ഔദ്യോഗിക ജോലികൾ സംബന്ധിച്ചു അവർ സഞ്ചരിക്കേണ്ടതായിട്ടില്ലയോ എന്നു ചീഫ്സെക്രട്ടറി പറയുമോ?

ശ്രീ: കെ. നാരായണൻപണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഉണ്ട്. അവരിൽ ഒരാൾ പാർവത്യക്കാരനോ അക്കൌണ്ടന്റോ പകുതിക്കച്ചേരിയിൽ ഉണ്ടായിരിക്കണമെന്നുണ്ട്. ഇവരെ നികുതി കൊടുക്കാനുള്ള മാസം ഫെബ്രുവരിമുതൽ ഏപ്രിൽവരെ സഞ്ചരിക്കുന്നതിനു അനുവദിക്കുന്നപക്ഷം നികുതി കൊടുക്കാൻ പകുതിക്കച്ചേരിയിൽ ആളില്ലാതെ പോകുമ്പോൾ ആഫീസിൽ ആരുംതന്നെ ഇല്ലാതിരിക്കയും നികുതികൊടുക്കാതെ അവർ തിരിച്ചുപോകേണ്ടതായും വരും.

ശ്രീ: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഫാമിൻവർഷത്തിനു മുമ്പു എന്തു ഏർപ്പാടുണ്ടായിരുന്നു എന്നു ചീഫ്സെക്രട്ടറി പറയുമോ?

ശ്രീ: കെ. നാരായണൻപണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രട്ടറി): പണപ്പിരിവിനായി പാവപ്പെട്ടക്കാരന്മാർ ആളുകളുടെ അടുക്കൽ ചെല്ലുമെന്നു അവകാശപ്പെടുകയുണ്ടായിരുന്നു.

ശ്രീ: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അപ്പോൾ ആഫീസിൽ ആരുംതന്നെ പോയിരുന്നില്ലെന്നാണോ പറയുന്നതു?

ശ്രീ: കെ. നാരായണപണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രട്ടറി): ചിലയവസരം പോയെന്നു വരുന്നേക്കാം. എന്നാൽ അങ്ങനെയുള്ള സംഭവങ്ങൾ വളരെ ചുരുക്കമായിരുന്നു.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ടം): വില്ലേജ് സിൽബന്ധികൾക്കു കൊല്ലത്തിൽ എന്തു ചെലവാകുന്നുണ്ടു? മുന്നലക്കത്തിൽ കൂട്ടുതലുണ്ടോ?

ശ്രീ. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): അടുത്ത കൊല്ലത്തേക്കുള്ള അടങ്കൽ ഫാമിൻ ഫണ്ടിൽനിന്നു രൂപയാണ്. ഫസ്ലി ൽ അതു ലക്ഷം രൂപയായിരുന്നു.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ടു): അപ്പോൾ അതു ഏകദേശം പകുതിയോളം രൂപയാണ്. അവർ പിരിച്ചെടുക്കേണ്ടതു എന്താണു?

ശ്രീ: കെ. നാരായണൻപണ്ടാല (ആ: ഗവർണ്മെൻറ ചീഫ്സെക്രട്ടറി:). അതിന്റെ തുക എന്താണെന്നു എനിയ്ക്കറിഞ്ഞുകൂടാ.

ശ്രീ: സി. പി. തരകൻ (കുന്നത്തുനാടു): ഈ ഏർപ്പാടു നടപ്പിൽവന്നതിനുശേഷം മറ്റു ജോലിക്കാരുടെ സൌകര്യങ്ങൾക്കു വല്ല കുറവും ഉണ്ടായിട്ടുണ്ടോ?

ശ്രീ: കെ. നാരായൻപണ്ടാല (ആ. ഗവർണ്മെൻറ ചീഫ്സെക്രട്ടറി): വളരെ ഉണ്ടായിട്ടുണ്ടു്. ഈ വില്ലേജ് സിൽബന്ധികളെ സഞ്ചരിക്കാൻ അനുവദിക്കുന്നതിൽവച്ചുണ്ടാകുന്ന പകുതി ജോലിയിലെ ഹാനിയേയും രപ്പോളജനങ്ങൾക്കുണ്ടാകുന്ന നഷ്ടത്തെയും ആലോചിച്ചു ഡിമാൻറനോട്ടീസിൽനിന്നുണ്ടാകുന്ന വരവു വർദ്ധനയെ ഒരു തൊരവഷയമായി സഭ വിചാരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ഡിമാൻറനോട്ടീസുകൊണ്ടുമുണ്ടാകുന്ന നികുതിപിരിക്കുന്നതിനുപകരം വില്ലേജു സിൽബന്ധികളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതു കൂടുതൽ സഹായമായിരിക്കയില്ലയോ? പൊതുജനങ്ങളുടെ സ്ഥിതിയെ മാത്രം ഈ ഡിമാൻറനോട്ടീസുകളിൽ ആശ്രയിച്ചിരിക്കാതെ കൂടുതൽ ശമ്പളക്കാരെ നിയമിച്ചു മുമ്പുള്ള കുടംപിരിവു ഏർപ്പാടു വീണ്ടും നടപ്പാക്കുന്നതല്ലയോ കൂടുതൽ ചിലവു ചുരുങ്ങിയ നയം?

ശ്രീ: കെ. നാരായണൻപണ്ടാല (ആ: ഗവർണ്മെൻറ ചീഫ്സെക്രട്ടറി): അതിലേക്കു വളരെ പണം ചിലവാകും. എന്തെന്നാൽ ഡേമണി വച്ചിട്ടില്ലാത്ത ആളുകളെ കുടം പിരിവു ജോലി ഏൽപ്പിക്കുന്നതു സാധാരണയായി വിശ്വസിക്കത്തക്ക ഒരു ഏർപ്പാടല്ല. പ്രസ്തുത വില്ലേജു ഉദ്യോഗസ്ഥന്മാരും അക്കൌണ്ടൻറന്മാരും പിരിച്ചെടുത്ത പണം അപഹരിച്ചിട്ടുള്ള കേസുകളുണ്ടായിട്ടുണ്ടു്. അതിനാൽ അവരെ നിയമിച്ചു അവരിൽനിന്നു ഡേമണി സ്വീകരിക്കാതെ കുടം പിരിവുജോലി അവരെ ഏൽപ്പിക്കുന്നതു നന്നല്ല.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പാവപ്പെട്ടക്കാരനും അക്കൌണ്ടൻറിനും ഉള്ള ഡേമണിത്തുക എന്തൊക്കെയാണ്?

ശ്രീ: കെ. നാരായണൻപണ്ടാല (ആ: ഗവർണ്മെൻറ ചീഫ്സെക്രട്ടറി): പാവപ്പെട്ടക്കാരനു ൪൦൫ രൂപയും അക്കൌണ്ടിനു ൨൦൦ രൂപയും ആണ്. ഇപ്പോൾ സർക്കാരിട്ടിയിട്ടുള്ള വിവരങ്ങളെപ്പറ്റി ആലോചിക്കുന്ന പക്ഷം ഇപ്പോഴത്തെ ചിലവു ബുദ്ധിമുട്ടുകളെ ഇല്ലാതാക്കുന്നതിനാണ് പുതിയ ഏർപ്പാടു നടപ്പാക്കിയതെന്നു സഭ മനസ്സിലാക്കിയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): കരം തീർത്തതിൽപിന്നിട്ട ഡിമാൻറനോട്ടീസ് എഴുതിയതായി ഓഫീസന്തരങ്ങൾ വല്ലതും അറിയാമോ?

ശ്രീ: കെ. നാരായണൻപണ്ടാല (ആ: ഗവർണ്മെൻറ ചീഫ്സെക്രട്ടറി): അങ്ങനെയുള്ള കേസ് എന്റെ ഓഫീസിയിൽ വന്നിട്ടില്ല. അങ്ങിനെ ഉണ്ടായിട്ടുണ്ടെങ്കിൽ അതു തെറ്റാണ്.

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അങ്ങിനെ ഉണ്ടായിട്ടുണ്ടു്. അതു തെളിയിക്കാൻ ഇവിടെ ആളുണ്ടു്.

ശ്രീ: കെ. നാരായണൻപണ്ടാല (ആ: ഗവർണ്മെണ്ടു ചീഫ്സെക്രട്ടറി) ഇരിക്കട്ടെ.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും) അങ്ങിനെയുള്ള സങ്കടംകൊണ്ടാണ് ഈ സംഗതി ഇവിടെ പറയാനിടയായതു്.

ശ്രീ. കെ. നാരായണൻപണ്ടാല (ആ. ഗവർണ്മെൻറ ചീഫ്സെക്രട്ടറി) അങ്ങിനെയുണ്ടെങ്കിൽ അതു തീർക്കേണ്ടതു അത്യാവശ്യമാണ്.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും) അതു നിൽക്കാൻ സാധിക്കുമോ എന്നുള്ള സംശയംകൊണ്ടാണ് ഇവിടെ ചോദ്യത്തിനിടയായതു്.

മി: കെ. നാരായണൻപണ്ടാല (അ: ഗവർണ്ണരുടെ ചീഫ്സെക്രട്ടറി): ഇതൊരു സ്ഥിരമല്ലാത്ത ഏർപ്പാടു മാത്രമാണ്; എന്തെന്നാൽ പ്രത്യേകപ്പെട്ടതായിട്ടുള്ള തീയതിക്കു നികുതി കൊടുക്കണമെന്നും അല്ലാത്തപക്ഷം ഡിമാൻഡുനോട്ടിസു അയക്കപ്പെട്ടുമെന്നും ജനങ്ങൾ മനസ്സിലാക്കുമ്പോൾ ഇപ്പോൾ ഇതു വളരെ ഡിമാൻഡുനോട്ടിസുകൾ അയക്കണ്ട ആവശ്യം വരികയില്ലായിരിക്കാം.

മി: ഒറി. ജെ. മാത്യൂ (ചങ്ങനാശേരിയും പീരുമേടും): തയ്യാറാക്കപ്പെട്ട അഞ്ചുലക്ഷം ഡിമാൻഡുനോട്ടീസുകളിൽ എത്രയെണ്ണം വാസ്തവത്തിൽ അയച്ചിട്ടുണ്ടെന്നു ചീഫ്സെക്രട്ടറി പറയുമോ?

മി: കെ. നാരായണൻപണ്ടാല (അ: ഗവർണ്ണരുടെ ചീഫ്സെക്രട്ടറി): അതിനെപ്പറ്റി എനിക്കറിവില്ല.

മി: ഒറി. ജെ. മാത്യൂ (ചങ്ങനാശേരിയും പീരുമേടും): തിരുവിതാംകൂറിലുള്ള ഗ്രാമങ്ങളും ബ്രിട്ടീഷ് ഇന്ത്യയിലുള്ളവയെക്കാൾ കൂടുതൽ വിസ്താരമുള്ളവയാണെന്നും വീടുകൾ വളരെ ദൂരെ ദൂരെയായിട്ടാണു ഇരിക്കുന്നതെന്നും ചീഫ്സെക്രട്ടറിതന്നെ പറഞ്ഞിരിക്കുന്നസ്ഥിതിക്കു ബ്രിട്ടീഷ്ഇൻഡ്യയെ അപേക്ഷിച്ചു് ഇവിടെ നോട്ടീസുകൾ അയച്ചു കൈപ്പറ്റാറാക്കിയിരിക്കാൻ കൂടുതൽ എളുപ്പമില്ലയോ?

മി: കെ. നാരായണൻപണ്ടാല (അ: ഗവർണ്ണരുടെ ചീഫ്സെക്രട്ടറി): അതു അഭിപ്രായമുള്ള ഒരു സംഗതിയാണു്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർ, മറുപടിപറയുന്നതിൽ സമയം കടക്കുന്നതിനെ ഇനിയും വ്യയംചെയ്യണമെന്നു എനിക്കാഗ്രഹമില്ല. എന്നാൽ ചീഫ്സെക്രട്ടറി പ്രസ്താവിച്ച ഒരു സംഗതിയെ സംബന്ധിച്ചിടത്തോളം, അതായതു വീടുതോറും ചെന്നുള്ള പിരിവുനടത്തലിന്റെ വിഷമതയെ സംബന്ധിച്ചിടത്തോളം എനിക്കു ഒരു വാക്കു പറയേണ്ടതായിട്ടുണ്ടു്. പകുതി ഉദ്യോഗസ്ഥന്മാർ വീടുതോറും പോകേണ്ടതിനേറെയും എല്ലാവീടുകളിൽ പോകേണ്ടതിനേറെയും ആവശ്യമില്ല. അപ്രകാരമല്ല മുൻപു ചെയ്തുകൊണ്ടിരുന്നതു്. അനേകം കരകൾ ഉൾപ്പെട്ടതാണു് ഒരു പകുതി എന്നുള്ളകാര്യം നമുക്കെല്ലാവർക്കും അറിയാം. പാവപ്പെട്ടകാരനും അയാളുടെ സിൽബന്ധികളും കരയിലുള്ള ഏതെങ്കിലും ഒരു ഗൃഹത്തിൽചെന്നു, സാധാരണയായി ഒരു പണക്കാരന്റെ വീട്ടിൽചെന്നു—ഇതു വേറെ വല്ല കാരണവശാലുമാണു്—താമസിക്കും; അവിടെനിന്നു അയാളുടെ ശിപായിമാരെ കരയിലുള്ള നികുതിദായകന്മാരുടെ അടുക്കൽ അയക്കുന്നു; ഇതാണു മുമ്പിൽ നടന്നുവന്നിരുന്ന ഏർപ്പാടു്. അവർക്കു അളിയച്ചു പാവപ്പെട്ടകാരൻ താമസിക്കുന്നസ്ഥലത്തു കൊണ്ടുചെല്ലുന്നു. ഇപ്രകാരം പകുതിയിൽ എല്ലായിടത്തും ചുറ്റിസഞ്ചരിച്ചു് ഓരോ വീടുകളിൽ നിന്നും പണം പിരിച്ചെടുക്കുന്നു. അതുകൊണ്ടു് പകുതിഉദ്യോഗസ്ഥന്മാക്കു ഇപ്രകാരം ജോലിനടത്താൻ ആവശ്യം വേണ്ടിവന്നേക്കുമെന്നു ചീഫ്സെക്രട്ടറി അഭിപ്രായപ്പെട്ടതിനെത്തോളം സമയം ആവശ്യമില്ല. അവർ പകുതിയിലെ ഓരോ ഗൃഹത്തിലും ചെല്ലേണ്ട ആവശ്യവുമില്ല.

മി: എസ്സ്. സ്. എച്ച്. റാബിൻസൺ (ലാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): പാവപ്പെട്ടകാരനും അയാളുടെ സിൽബന്ധികളും കരയിലുള്ള ഏറ്റവും വലിയ വീട്ടിൽചെന്നു അവിടെ കുറച്ചുദിവസം താമസിക്കണമെന്നാണോ മെംബർ നിർദ്ദേശിക്കുന്നതു്? അപ്രകാരം ചെയ്താൽ ആവലാധികൾക്കു ഇടയാവുകയില്ലേ;

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അദ്ദേഹം പറയുന്നതു എന്താണെന്നു എനിക്കു കേൾക്കാൻ പാടില്ല.

അദ്ധ്യക്ഷൻ: താഴെപ്പറയുംപ്രകാരമാണു് മിസ്റ്റർ റാബിൻസൺ ചോദിക്കുന്നതു്. പാവപ്പെട്ടകാരൻ കരയിലുള്ള ഒരു വലിയവീട്ടിൽചെന്നു താമസിക്കുന്നതുമൂലം ആവലാധി ഉണ്ടാകയില്ലേ?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും—കുന്നത്തൂരും): അങ്ങിനെ ഒരിക്കലും ഉണ്ടാകുന്നതല്ല.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): മുമ്പുണ്ടായിരുന്ന കരംപിരിവു ഏർപ്പാടു വീണ്ടും നടപ്പാക്കണമെന്നാണോ മെംബർ പറയുന്നതു?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കരംപിരിച്ചുവന്നിരുന്ന മുമ്പിലത്തെ ഏർപ്പാടു വീണ്ടും നടപ്പാക്കണമെന്നാണു ഞാൻ ആവശ്യപ്പെടുന്നതു്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): കരംപിരിവു ആളുകൾമൂലം ജനങ്ങൾക്കു പല ന്യൂനതകളും ഉണ്ടാക്കിക്കൊണ്ടിരുന്ന മുമ്പിലത്തെ ഏർപ്പാടു വീണ്ടും നടപ്പാക്കണമെന്നു മെംബർ ആഗ്രഹിക്കുന്നോ?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർ, വാസ്തവത്തിൽ യാതൊരു ന്യൂനതയുമുണ്ടായിരുന്നില്ല. ഉപക്ഷേപം സഭയിൽ വോട്ടിനിടണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ): കൂടുതലായിയാതൊന്നും പറയാനുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഡിമാൻഡുനോട്ടീസുണ്ടായിരിക്കുന്നതിന്റെ നന്മകളെപ്പറ്റി ഞാൻ പ്രസ്താവിച്ചു. അവ ഫൈനൽ-സെറ്റിൽമെന്റിനുശേഷം അയക്കപ്പെടുന്നതായി വിചാരിക്കപ്പെട്ടുപോരുന്നതും ശരിയായി നിർണ്ണയിക്കുന്നതുവരെ അതുമൂലം യാതൊരു ബുദ്ധിമുട്ടും ഇല്ലാത്തതും ആകുന്നു. ഡിമാൻഡുനോട്ടീസുകൾ അയക്കുന്നതുസംബന്ധിച്ചുള്ള സിൽബന്ധികൾ സ്റ്റേഷനറി മുതലായവകയ്ക്കുള്ള ചെലവു നികുതികൊടുക്കാൻ വീഴ്ചവരുത്തുന്ന ആൾ കൊടുക്കണമെന്നുള്ള മാത്രമേയുള്ളൂ. നാലുചക്രം ഫീസിനെ സംബന്ധിച്ചിടത്തോളം അതിനെ എല്ലായിടത്തിലാണു ക്ലിപ്തപ്പെടുത്തിയെന്നു എനിയ്ക്കറിഞ്ഞുകൂടാ; എന്നാൽ നിർദ്ദേശങ്ങളുണ്ടായിരുന്നു എന്നു എനിയ്ക്കറിയാം. അതു മതിയാകുമോ ഇല്ലയോ എന്നുള്ള കാര്യം നമുക്കിനിമേൽ ആലോചിക്കാമെന്നാണു എനിയ്ക്കു തോന്നുന്നതു്; എന്നാൽ പാവപ്പെട്ടകാരന്മാർ ഗ്രാമത്തിലുള്ള ഏറ്റവും വലിയവീട്ടിൽ പോകണമെന്നുള്ള നിർദ്ദേശം ഉപയോഗപ്രദമായിരിക്കുമെന്നു എനിയ്ക്കു തോന്നുന്നില്ല. ഇപ്പോഴും നമുക്കു് ബുദ്ധിമുട്ടില്ലാതാക്കേണ്ടിയിരിക്കുന്നു.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ, ഡിപ്യൂട്ടിപ്രസിഡൻറ്): അന്യോദ്യോഗസ്ഥഗണങ്ങളും പ്രത്യേകപ്പെടുവിച്ചിട്ടുള്ള അഭിപ്രായത്തെ പരിഗണിച്ചു പാവപ്പെട്ടകാരൻ ഒരു ഗൃഹത്തിലും പോയിട്ടാവശ്യമില്ലെന്നുള്ള ചട്ടത്തെങ്കിലും കാറിന്നുള്ളതുകൊടുക്കുന്നതു പ്രത്യേകശ്രദ്ധ കിട്ടുകയില്ലയോ എന്നു മിസ്റ്റർ റാബിൻസൺനോടു ഞാൻ

ചോദിച്ചുകൊള്ളുന്നു. ആ ഭാഗത്തെ സംബന്ധിച്ചിടത്തോളം മാത്രമേ കഠിനമായ ആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ളൂ. ആ ഭാഗത്തെ എടുത്തുകളയുന്നതു മൂലം അയാൾ വീടുതോറും പോകേണ്ടതായിട്ടുണ്ടെന്നു ഞങ്ങൾ കരുതുന്നില്ല. അയാൾക്കു വേണമെന്നു തോന്നുന്നപക്ഷം വീടുതോറും അയാൾക്കു പോകാം. അയാൾ വീടുകളിൽ പോയിട്ടേ ആവശ്യമില്ലെന്നു യാതൊരു വ്യവസ്ഥയും മിസ്റ്റർ ജി. പരമേശ്വരൻപിള്ള പ്രസ്താവിച്ചു ഗവണ്മെൻറ് ഉത്തരവിൽ ഉണ്ടെന്നുതോന്നുന്നില്ല. അതുകൊണ്ട് മുമ്പിലത്തെ ചട്ടം ഏർപ്പെടുത്തി ആയതിനെ തൃപ്തികരമാക്കേണ്ടതു വളരെ പ്രയത്നത്തിൽ കൊണ്ടുവരാൻ നമുക്കു ശ്രമിക്കാം.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറ് റവന്യൂവും ആദായനികുതിയും കമ്മീഷണർ): അപ്രകാരം ചെയ്യുന്നതു തൃപ്തികരമാണെന്നു തോന്നുന്നു.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ, ഡിപ്യൂട്ടിപ്രസിഡൻറ്): അതു മൂലമാണു ഇക്കൊല്ലത്തിൽഡിമാൻറ് നോട്ടീസുകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. വ്യവസ്ഥയെ ഭേദപ്പെടുത്തുന്നതിനു നിങ്ങൾക്കു കഴിയുമോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറ് റവന്യൂവും ആദായനികുതിയും കമ്മീഷണർ): വീടുകൾതോറും പോയി പിരിവു നടത്തുന്ന ഏർപ്പാടുനിർത്തൽ ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡൻറ്): ആ ചട്ടം എടുത്തുകളഞ്ഞു ആദ്യേഹത്തിനു യുക്തമെന്നു തോന്നുന്നവിധം ചെയ്യുന്നതിനു അനുവദിക്കാമെന്നുള്ളതാകുന്നു.

അദ്ധ്യക്ഷൻ: മിസ്റ്റർ റാബിൻസൺ, നിങ്ങൾ ദയവുചെയ്തു പരസ്യം വായിക്കുമോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറ് റവന്യൂവും ആദായനികുതിയും കമ്മീഷണർ): "ലാൻറ് റവന്യൂ ഇനത്തിൽ വരേണ്ടതായ നികുതി മുതലായവ പകുതിയിലെ ഉദ്യോഗസ്ഥന്മാരുടെ പക്കൽ കൊടുക്കുന്നതിനു സാധാരണയായി ക്ലിപ്തസമയത്തു പകുതികച്ചേരികളിൽ കൊണ്ടുചെല്ലുന്നില്ലെന്നും, അപ്രകാരമുള്ള നികുതികൾ വാങ്ങാൻ വില്ലേജു സിൽബന്ധികൾ പട്ടാളാരന്മാരുടെയും മറ്റും വീടുകളിൽ ചെന്നു വാങ്ങുന്നതിനു കാത്തിരിക്കയാണു ചെയ്യുന്നതെന്നും ഉള്ള വിവരം ഗവണ്മെൻറിൻെറ ദൃഷ്ടിയിലേക്കു കൊണ്ടുവന്നിരിക്കുന്നു. വില്ലേജു ഉദ്യോഗസ്ഥന്മാർ കാരണമുണ്ടാക്കി രസീതുകൾ തയ്യാറാക്കി വീടുതോറും കൊടുത്തുകൊണ്ടിരുന്ന മുറയായ ഏർപ്പാടിൽ നിന്നാണ് വാസ്തവത്തിൽ ഈ പരിവു ഉൽഭവിച്ചിട്ടുള്ളതു്. ആക്ഷേപാർഹമായ ഈ പരിവു തങ്ങളുടെ നികുതി സമയാസമയത്തു കൊടുത്തുതീർക്കുന്ന സംഗതിയിൽ വസ്തു ഉടമസ്ഥന്മാരുടെ ചുമതലയെ സംബന്ധിച്ചിടത്തോളം കുറവുവരുത്തിയിട്ടുള്ളതും അതുമൂലം പിരിവിൽ അഗ്രമുഖകുണിച്ചുവരുന്നതും അനാവശ്യമായ നിർബന്ധിക നടപടികൾക്കു ഇടയാക്കിത്തീർക്കുന്നതും, അതു ഹേതുവായി പട്ടാളാരന്മാർക്കെന്നു കഷ്ടപ്പാടുണ്ടാക്കിത്തീർക്കുന്നതും ആകുന്നു. ആയതു സർക്കാർമുതലിൽ വരവുവയ്ക്കാതെ രസീതുകൾ കൊടുത്തിട്ടുള്ള കേസുകൾക്കു ഇടയാക്കിത്തീർത്തിട്ടുള്ളതാകുന്നു. ഇതുമൂലം വസൂലാക്കപ്പെട്ട പണത്തെ അപഹരിക്കുന്നതിനു സന്ദർഭമുണ്ടാക്കിയിട്ടുള്ളതുമാകുന്നു. മേൽപ്പറഞ്ഞ അസൗകര്യങ്ങളും നഷ്ടങ്ങളും പരിഹരിക്കപ്പെടുന്നതിനും പട്ടാളാരന്മാരുടെ കഷ്ടപ്പാടു കുറയ്ക്കുന്നതിനുമായി മേൽപ്പറഞ്ഞപ്രകാരം സർക്കാർകരം പിരിക്കുന്നതിനു വില്ലേജുദ്യോഗസ്ഥന്മാർ പട്ടാളാരന്മാരുടെ വീടുകൾതോറും ചെന്നു മുമ്പേകൂട്ടി തയ്യാറാക്കപ്പെട്ട രസീതുകൾ കൊടുക്കുന്ന ആക്ഷേപാർഹമായ നടപടി ഉടൻ നിർത്തൽചെയ്യുന്നതിനും ലാൻറ് റവന്യൂവസൂൽ ചെയ്യുന്ന സംഗതിയിൽ താഴെപറയുന്ന ചട്ടങ്ങളെ കണിശമായി അനുകരിയ്ക്കുന്നതിനും ഗവണ്മെൻറു ഇതിനാൽ ആജ്ഞാപിച്ചിരിക്കുന്നു."

മി: വി. സുബ്ബയ്യർ (ഡെപ്യൂട്ടിപ്രസിഡൻറു, നിയമിക്കപ്പെട്ട മെംബർ): ഈ ചട്ടത്തെപ്പറ്റി വീണ്ടും ആലോചിച്ചു നികുതിപിരിക്കുന്നതിനു ക ഉ-നു വരെ പകുതി ഉദ്യോഗസ്ഥന്മാർ സഞ്ചരിക്കണമെന്നു നിർബന്ധമാക്കുന്നതല്ലയൊ കൂടുതൽ നല്ലതു്?

അദ്ധ്യക്ഷൻ: മിസ്റ്റർ സുബ്ബയ്യരുടെ നിർദ്ദേശത്തെപ്പറ്റി ആലോചിക്കുന്നതു നന്നായിരിക്കും.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഉപക്ഷേപത്തെ വോട്ടിനിടണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

അദ്ധ്യക്ഷൻ: ഉപക്ഷേപത്തെ സഭയുടെ വോട്ടിനിടുന്നു.

ഉപക്ഷേപത്തെ വോട്ടിനിട്ടു.

അതു പാസ്സായി. നക പേർ അനുകൂലിച്ചു; കര പേർ പ്രതികൂലിച്ചു.

കര മുതൽ കഉ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഫാജരാക്കപ്പെട്ടില്ല.—

മി: പി. കെ. നാരായണപിള്ള:

കര. റവന്യൂഇൻസ്പെക്ടറന്മാർക്കു നീക്കിവച്ചിട്ടുള്ള ക,നഢ ം രൂപയിൽനിന്നു ഒരു രൂപ കുറവുചെയ്യണമെന്നു.

മി: കെ. മാധവൻപിള്ള:

കരു. റവന്യൂഇൻസ്പെക്ടറന്മാർക്കു നീക്കിവച്ചിട്ടുള്ള ക,ഞഢ ം രൂപ കുറവുചെയ്യണമെന്നു.

മി: ടി. കുമാരപിള്ള:

കന്നു. മൂന്നു റവന്യൂഇൻസ്പെക്ടറന്മാരുടെ ശമ്പളത്തിനു നീക്കിവച്ചിട്ടുള്ള ക,നഢ ം രൂപ കുറവുചെയ്യണമെന്നു.

മി: പി. കെ. നാരായണപിള്ള:

കഉ. സഞ്ചാരപ്പടി ഇനത്തിൽ നീക്കിവച്ചിട്ടുള്ള ന,നരു ം രൂപയിൽനിന്നു ക ം ം രൂപ കുറവുചെയ്യണമെന്നു.

ഉപക്ഷേപം കവു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): താഴെപ്പറയുന്ന ഉപക്ഷേപത്തെ ഞാൻ ഫാജരാക്കുന്നു.

ചവു. കണ്ടെക്ടിക്കച്ചേരികൾക്കും നെൽപ്പുരകൾക്കും നിക്കിവച്ചിട്ടുള്ള ന ം, ക ര ം രൂപയിൽനിന്നു ക ാ ം രൂപ കുറവുചെയ്യണമെന്ന്.

സർ, കണ്ടെക്ടി വസ്തുക്കളെ സംബന്ധിച്ചിടത്തോളം ഇനമായി കൊടുക്കുന്ന പ്ലിർപ്പാടിനെ ഉടനടി പണമായികൊടുക്കുന്ന പ്ലിർപ്പാടാക്കേണ്ട ആത്യാവശ്യത്തെ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനായിട്ടാണ് ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളത്. കൊടുത്തുതീർക്കേണ്ടതിനെ ഇനമായി കൊടുത്തു തീർക്കണമെന്നു നിർബന്ധമായുണ്ടെങ്കിലും അവശ്യപ്പെടുന്നതു മൂലം അയാൾക്കു വളരെ കഷ്ടതകൾക്കു ഇടയാകുന്നു. പ്രധാനമായി അതിനെപ്പറ്റി പറയുന്നതിനാണ് ബഡ്ജറ്റുസംബന്ധിച്ചു ഈ ഉപക്ഷേപം അറിയിച്ചിട്ടുള്ളത്. ഇതുപോലെയുള്ള ഒരു വിഷയം സംബന്ധിച്ച് ഞാൻ അറിയിച്ചിരുന്ന ഒരു പ്രശ്നത്തിന്റെ ഉത്തരത്തിൽനിന്നു ഇക്കാര്യത്തെപ്പറ്റി ഗവണ്മെൻറു ആലോചിച്ചുവരുന്നതായി ഞാൻ മനസ്സിലാക്കുന്നു. ഇക്കാര്യത്തെപ്പറ്റി വേഗത്തിൽ ഒരു തീരുമാനം ഉണ്ടാകുന്നപക്ഷം ഉപക്ഷേപം ഹാജരാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിനെപ്പറ്റി ആകുന്നിടത്തോളം വേഗത്തിൽ ആലോചിക്കുമെന്നും അടുത്തകൊല്ലം പണമാക്കാമെന്നും ഗവണ്മെൻറിൽനിന്നു ഉറപ്പുതരുന്നപക്ഷം ഞാൻ പിൻവലിക്കട്ടെ.

അദ്ധ്യക്ഷൻ: വാസ്തവം പറയുന്നതായാൽ ഈ സംഗതി വളരെ ഗൗരവമായി ആലോചിക്കപ്പെട്ടവരികയാണ്; പക്ഷെ ശിശുമായി ആലോചിക്കപ്പെട്ടവരുന്നു എന്നു പറയാൻ പാടില്ല; എന്തുകൊണ്ടെന്നാൽ അതിൽ വളരെ വൈഷമ്യങ്ങളുണ്ട്. ഇനത്തെ പണമാക്കുന്നതിൽ നിങ്ങളെത്രയാളും ആഗ്രഹിക്കുന്നുവോ അത്രത്തോളം ആഗ്രഹം ഗവണ്മെൻറിനു മുണ്ടെന്നു മാത്രമേ ഞാനിപ്പോൾ പറയുന്നുള്ളൂ. (മിസ്റ്റർ കെ. മാധവൻ പിള്ള ഹീയർ, ഹീയർ). എന്നാൽ ഇതു സംബന്ധിച്ചു ഗൗരവതരങ്ങളായ ബുദ്ധിമുട്ടുകളുണ്ട്. ഗവണ്മെൻറു ആവശ്യം പ്രമാണിച്ച് കുറെ നെല്ല വേണ്ടതായിട്ടുണ്ട്. ഇപ്രകാരമൊരു പ്ലിർപ്പാടില്ലെങ്കിൽ ചന്തയിൽനിന്നു നെല്ലുവാങ്ങേണ്ടതായിട്ടുണ്ട്. എന്തായാലും അവധാനമായി ചിന്തിച്ചതിനുശേഷം മാത്രമേ ഇക്കാര്യങ്ങളെപ്പറ്റി തീരുമാനിക്കാവൂ. ഇതിനും പുറമെ ഇവ രാജകീയ ഭൂമികളെ സംബന്ധിച്ചുവയാണെന്നും കൂടി നാം ഓർക്കണം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയിരുന്നാലും അവ ഗവണ്മെൻറാണു ഭരിക്കപ്പെട്ടവരുന്നതു്.

അദ്ധ്യക്ഷൻ: അതു വാസ്തവം തന്നെ. മഹാരാജാവുതിരുമനസ്സിനുവേണ്ടിയാണു ഈ ഭൂമികളെ ഗവണ്മെൻറു ഭരിക്കുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ വിഷയത്തെപ്പറ്റി ഇത്രമാത്രമേ ഞാൻ പറയുന്നുള്ളൂ. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ ഒരു തീർച്ചപ്പെടുത്തുന്നതിനു തൽക്കാലം സാധിക്കയില്ലായിരിക്കാം; എന്നാൽ, ഏതെങ്കിലും ഒരു പ്ലിർപ്പാടു നടപ്പിൽ വരുത്തുകയും അതിൽ ഏതെങ്കിലും ദുഷ്പ്രങ്ങൾ കണ്ടാൽ ഉടനടി അതിനെ മാറ്റാമെന്നുള്ളതാണു്. അദ്ധ്യക്ഷന്റെ പക്കൽ നിന്നുണ്ടായ നിർദ്ദേശത്തെ ആസ്പദമാക്കി ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

അനുവാളപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക൯;

താഴെക്കൊടുത്തിട്ടുള്ള ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല:

മി: ജി. രാമൻനമ്പൂതിരിപ്പാൻ:

ക൯. കണ്ടെക്ടി കുരുമുളകിനും നെൽപ്പുരകൾക്കും നിക്കിവച്ചിട്ടുള്ള ന ം, ക ര ം രൂപയിൽ നിന്നു ക ാ ം രൂപ കുറവുചെയ്യണമെന്ന.

ഉപക്ഷേപം ന ാ.

മി: കെ. കെ. താമസ്സ് (കോട്ടയം): എന്റെ ഉപക്ഷേപം കണ്ടെക്ടിക്കുരുമുളകിനും നെൽപ്പുരകൾക്കും നിക്കിവച്ചിട്ടുള്ള ന ം, ക ര ം രൂപയിൽ നിന്നു ക ാ ം രൂപ കുറയ്ക്കണമെന്നാണ്; ഇനമായി കൊടുത്തുവരുന്നതിനെ പണമാക്കണമെന്നു ഗവണ്മെൻറിനോടു അപേക്ഷിക്കണമെന്നുള്ള പ്രധാനോദ്ദേശത്തോടുകൂടിയാണ് ഉപക്ഷേപത്തെ ഞാൻ ഹാജരാക്കിയിട്ടുള്ളതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെംബർ ഓർഡറിലല്ല. ഉപക്ഷേപം ഹാജരാക്കുന്നതിനു മുൻപു അദ്ദേഹത്തിനു പ്രസംഗിക്കാമോ?

മി: കെ. കെ. താമസ്സ് (കോട്ടയം): സാമ്പത്തിക നിരൂപണം സംബന്ധിച്ചുള്ള എന്റെ പ്രസംഗത്തിൽ ഇതിനെപ്പറ്റി ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. ഗവണ്മെൻറും അതിനെപ്പറ്റി വേണ്ടുവോളം പ്രസ്താവിച്ചു കഴിഞ്ഞു. അതിനാൽ ഞാൻ ഉപക്ഷേപം ഹാജരാക്കുന്നില്ല.

അതിനുള്ളതിൽ ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി: കെ. കെ. താമസ്സ്.

ക ം, കണ്ടെ കുരുമുളകിനും നെൽപ്പുരകൾക്കും നിക്കിവച്ചിട്ടുള്ളതു ന ം, ക ര ം രൂപയിൽനിന്നു ക ാ ം രൂപ കുറയ്ക്കണമെന്ന്.

ക ക മുതൽ ക ഘ വരെയുള്ള ഉപക്ഷേപങ്ങളും.

താഴെപ്പറയുന്ന ഉപക്ഷേപങ്ങളും ഹാജരാക്കപ്പെട്ടില്ല:—

മി: ജി. രാമൻനമ്പൂതിരിപ്പാൻ:

ക ക. താൽക്കാലിക ആഫീസു സിൽബന്ധികൾക്കു നിക്കിവച്ചിട്ടുള്ള ക, ൻന്നൂ രൂപയിൽ നിന്നു ര വു ം രൂപ കുറവുചെയ്യണമെന്ന്.

മി: എ. ജെ. ജാൺ:

ക ഖ. അസിസ്റ്റൻറു തഹശിൽദാരന്മാർക്കും ശിപായികൾക്കും നിക്കിവച്ചിട്ടുള്ള ൻ, ഇ ൭ ക രൂപ കുറവു ചെയ്യണമെന്നു.

ഉപക്ഷേപം ചെയ്തു.

ശ്രീ: എൻ. വി. ജോസഫ് (പറവൂർ): താഴെപ്പറയുന്ന ഉപക്ഷേപത്തെ ഞാൻ ഹാജരാക്കുന്നു:— ചെയ്യുന്നതിനു അസിസ്റ്റന്റ് തഹശീൽദാരന്മാർക്കും ശിപായികൾക്കും നിക്കിവച്ചിട്ടുള്ള ൻ, ൪ ൨ ചെ രൂപ കുറവു ചെയ്യണമെന്നു.

ഇപ്രകാരം നീക്കിവച്ചിട്ടുള്ള സംഖ്യ ഭൂമി റിക്കാർഡു സംരക്ഷണഡിപ്പാർട്ടുമെന്റിനെ ഇപ്പോഴും ഇരിക്കുന്ന സ്ഥിതിയിൽ ചെന്നു ഫ്രാ൦ഫ് ഇലാമംസം അവസാനംവരെ തുടരുന്നതിലേക്കു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും, അതിനുശേഷം ഡിപ്പാർട്ടുമെന്റിലെ വിണ്ടുമുള്ള പ്രവർത്തനം സംബന്ധിച്ചു ഒരു പദ്ധതി ആലോചനയിലിരിക്കുന്നു എന്നും എനിക്കറിയാം. അസിസ്റ്റന്റ് തഹശീൽദാരെപ്പറ്റി ഈ സഭയിലുള്ളവർക്കും പുറമെയുള്ളവർക്കും ഒരു പോലെ അറിയാവുന്നതാണ്. ഈ അസിസ്റ്റന്റ് തഹശീൽദാരന്മാർ ഈ സഭയ്ക്കും പൊതുജനങ്ങൾക്കും വേണ്ടപോലെ മുട്ടുകൾ തന്നിട്ടുള്ളവരാണ്. സർ, ഭൂമി റിക്കാർഡു സംരക്ഷണം റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഒരു പ്രധാന ജോലിയാണെന്നു ഞാൻ സമ്മതിക്കാം; ഈ സഭയുടെ മുമ്പിലത്തെ അജണ്ടയിൽ ചേർത്തതു പോലെ അതൊരു വളർച്ചയുള്ള ഇനമാണെന്നുള്ളതും ശരിതന്നെ. അതു വാസ്തവംതന്നെ; എന്നാൽ അതിന്റെ സ്വഭാവത്തെപ്പറ്റിയും, അതിന്റെ പ്രവർത്തനത്തെപ്പറ്റിയുമുള്ള ജനങ്ങൾക്കു മിനാഭിപ്രായമുള്ളതു്. കഴിഞ്ഞ പൊതു സഭയിലും സൊസൈറ്റിമെന്റും പൂർത്തിയായതേടുകൂടിയാണു ഭൂമിറിക്കാർഡു സംരക്ഷണ എസ്റ്റാബ്ലിഷ്മെന്റിന്റെ ആരംഭിക്കപ്പെട്ടതു്. ഈ എസ്റ്റാബ്ലിഷ്മെന്റിനെ ചിലവു മൂന്നു ഭാഗങ്ങളായി വിഭാഗിക്കാം:—

(എ) ൧൯൨൫ മുതൽ ൧൯൨൯ വരെ.

(ബി) ൧൯൨൯ മുതൽ ൧൯൩൨ വരെ.

(സി) ൧൯൩൨ മുതൽ നാളതുവരെയുള്ള തിയതിവരെ.

ആദ്യത്തെ രണ്ടു ഘട്ടങ്ങളിലും താലൂക്കു സർവ്വേയരന്മാരായിരുന്ന പ്രധാനപ്പെട്ട ആളുകൾ. അതിനു ശേഷമാണു അസിസ്റ്റന്റ് തഹശീൽദാരന്മാരെ നിയമിച്ചതു്. മിസ്റ്റർ റാബിൻസൺ തന്നെ പ്രസ്താവിച്ചതു പോലെ, താലൂക്കുസർവ്വേയരന്മാർ പ്രാധാന്യമുള്ള ജോലി വഹിക്കുകയും വളരെക്കാലം പലേ സന്ദർഭങ്ങളിലും അവരെപ്പറ്റി ക്ഷിച്ചു നോക്കിയതിൽ അവർ അപ്രാപ്തന്മാരായി കാണുകയും ചെയ്തു. മുമ്പുണ്ടായിരുന്ന ഏർപ്പാടിനെ പരിശോധിച്ചു നോക്കി; അപ്പിടത്തെ ഗവൺമെന്റു ഈ വിഷയത്തെപ്പറ്റി പലേ റവന്യൂ ഉദ്യോഗസ്ഥന്മാരുമായിട്ടു ആലോചിച്ചതിന്റെ ഫലമായി ഇപ്പോഴുള്ള ഏർപ്പാടു നടപ്പാക്കപ്പെട്ടു. ഈ ഏർപ്പാടിനെപ്പറ്റിയുള്ള പൊതുജനങ്ങളുടെ അഭിപ്രായം അവർ ആകെന്നിടത്തോളം വേഗത്തിൽ പുറപ്പെടുവിച്ചു. ആദ്യത്തോടുണ്ടു ഈ സംഗതി സഭയുടെ ആലോചനാവിഷയമായിത്തീർന്നു; അസിസ്റ്റന്റ് തഹശീൽദാരന്മാരെ നിർത്തൽചെയ്യുന്നതിനു അനുദ്യോഗസ്ഥാംഗങ്ങളും ഒന്നു ചേർന്നു ശക്തിയോടുകൂടി തുടരെത്തുടരെ പ്രയത്നിച്ചു. നാനാപ്രകാരേണയുള്ള വാദങ്ങളും അടിസ്ഥാനമാക്കി അവരെ വച്ചുകൊണ്ടിരിക്കുന്നതിനു കഴിഞ്ഞു ഗവണ്മെന്റു ആകെന്നിടത്തോളം ശ്രമിച്ചു. അസിസ്റ്റന്റ് തഹശീൽദാരന്മാർക്കനുകൂലമായി ഗവണ്മെന്റിൽനിന്നും കൊണ്ടുവന്നവയെല്ലാ വാദങ്ങളെയും അവയ്ക്കെതിരായി സഭയിലെ അനുദ്യോഗസ്ഥാംഗങ്ങളും കൊണ്ടുവന്ന വാദങ്ങളേയും ഞാൻ വീണ്ടും പ്രസ്താവിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ സഭയിൽവച്ചു പലേ അവസരങ്ങളിലും അതിനെ നല്ലതിനുവേണ്ടം പ്രതിവാദിച്ചിട്ടുണ്ടു്. ഇപ്പോഴിരിക്കുന്ന ഏർപ്പാടിനെപ്പറ്റി പൊതുജനങ്ങളും, സഭയും, ഗവണ്മെന്റും ആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു ഇപ്പോഴും നടപ്പിലിരിക്കുന്ന ഏർപ്പാടു കാലോചിതമായിട്ടുള്ളതല്ലാത്തതുകൊണ്ടു പേരൊന്നു പക്ഷേതി ശ്രുതീകരിക്കപ്പെടണമെന്നു ഗവണ്മെന്റു തന്നെ സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു നടപ്പിലിരിക്കുന്ന ഇപ്പോഴത്തെ ഏർപ്പാടിൽ എന്തൊ ന്യൂനതയുള്ളതായി സമ്മതിക്കുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഈ സഭയിലെ അനുദ്യോഗസ്ഥാംഗങ്ങളുടെ നിലയിലിരുന്നുകൊണ്ടു അടിസ്ഥാനമുള്ളതായി ഗണിക്കപ്പെടേണ്ടിയിരിക്കുന്നു. നടപ്പിലിരിക്കുന്ന ഇപ്പോഴത്തെ ഏർപ്പാടു കാലോചിതമായിട്ടുള്ളതല്ലെന്നു ഗവണ്മെന്റു സമ്മതിക്കുന്നതുകൊണ്ടു ഇനിയും മൂന്നു മാസത്തേക്കുകൂടി അസിസ്റ്റന്റ് തഹശീൽദാരന്മാരുടെ കാലാവധി നീട്ടിയിട്ടുണ്ടെന്നു എനിക്കു നല്ലതിനുണ്ണം അറിയാം. പല കാരണങ്ങളും കൊണ്ടും ഇതനുവദിച്ചു കൂടെന്നാണു ഞാൻ പറയുന്നതു്. ഒന്നാമതായി ഇപ്പോഴത്തെ അസിസ്റ്റന്റ് തഹശീൽദാർ ശിക്ഷിക്കപ്പെട്ടിട്ടുള്ള ഒരാളാണു്. വളരെ ബുദ്ധിമുട്ടിന്റെ ഫലമായിട്ടാണു ഗവണ്മെന്റിൽനിന്നു ഇവരെ ശിക്ഷിച്ചിട്ടുള്ളതു്. ഇപ്രകാരമുള്ള ശിക്ഷക്കുശേഷം അവരെ പൊതുജനങ്ങളുടെ ഇടയിൽ അഴിച്ചുവിടുന്നതു അത്ര ശാസ്ത്രമായ ഒരേർപ്പാടല്ല. വേറെ വല്ലടിക്കിലുമാണെ അയാൾക്കു വാസ്തവത്തിൽ കൊടുക്കേണ്ടതായ സ്ഥാനം. സർ, ഈ വിഷയം പൊതുജനങ്ങളുടെ അഭിപ്രായത്തിനു വിട്ടുകൊടുക്കയും ജാതി, മതഭേദമെന്നു തിരുവിതാംകൂറിലുള്ള എല്ലാ ആളുകളുടെയും അഭിപ്രായം അറിയുകയും ചെയ്യുന്നതായാൽ പ്രസ്തുത ഉദ്യോഗസ്ഥന്മാർ ഓരോ വീട്ടിലും പോകാതിരിക്കുന്ന പക്ഷം അയ്യായിരം രൂപ കൂടി കൊടുക്കാൻ തയ്യാറാണെന്നു എനിക്കു നിശ്ചയമുണ്ടു്. പുറമ്പോക്കു ആക്രമണം സംബന്ധിച്ചു അയാൾ പോകേണ്ടതുതന്നെ. ഇതൊരു താൽക്കാലിക വ്യവസ്ഥമാത്രമെ ആയിരുന്നുള്ളു. ഈ ഉദ്യോഗം ഗവണ്മെന്റു നിർത്തൽ ചെയ്യുമെന്നു ആണ്ടോടാണ്ടു ഈ സഭയിലെ അനുദ്യോഗസ്ഥാംഗങ്ങൾ വിശ്വസിച്ചു പോന്നിരുന്നു. പ്രസ്തുത ഉദ്യോഗം ഒരു കൊല്ലത്തേക്കു മാത്രമെയുള്ളു എന്നു ഗവണ്മെന്റു പറഞ്ഞുവന്നു. മൂന്നു പ്രാവശ്യം അവർ ഈ ഉപായം പ്രയോഗിച്ചു; മൂന്നു പ്രാവശ്യവും അവർ ജയിച്ചു. മൂന്നുമാസത്തിനുശേഷം കാലാവധി വീണ്ടും നീട്ടുമെന്നാണു ഞാൻ സംശയിക്കുന്നതു്.

ഈ വിഷയത്തെപ്പറ്റി ആലോചിക്കുന്നതിനു ഒരു കമ്മിറിയെ നിയമിക്കാവുന്നതാണു്. കമ്മിറിയിൽനിന്നു ഈ വിഷയത്തിനു ഒരു പരിഹാരം കണ്ടുപിടിക്കണം; എന്നാൽ മൂന്നുമാസത്തിനകം അവരുടെ റിപ്പോർട്ടു സമർപ്പിക്കുമോ?

അദ്ധ്യക്ഷൻ: ഇക്കാര്യത്തെപ്പറ്റിചിന്തിക്കുന്നതിനു ഒരു കമ്മറിയെനിയമിക്കുന്നതാണെന്നു ഗവണ്മെന്റു പക്ഷമായി പറഞ്ഞിട്ടുണ്ടു്.

മി: എൻ. വി. ജോസഫ് (പറവൂർ): ഒരു കമ്മിറ്റി നിയമിക്കപ്പെട്ടുമെന്നുള്ളതു നിശ്ചയമാണു; എന്നാൽ കമ്മിറ്റിയുടെ കാലാവധിയെ സംബന്ധിച്ചും കമ്മിറ്റിയുടെ ജോലിയുടെഫലമെന്തായിരിക്കുമെന്നുള്ളതിനെ സംബന്ധിച്ചും യാതൊരു നിശ്ചയവുമില്ല. ഇലാമാസാവസാനത്തിനുമുമ്പായികമ്മിറ്റി അവരുടെ റിപ്പോർട്ടുസമർപ്പിച്ചില്ലെന്നു വിചാരിക്കുക, അങ്ങിനെയാണെങ്കിൽ അസിസ്റ്റന്റു തഹശീൽദാരന്മാർക്കു എന്തുസംഭവിക്കും?

മി: എസ്സ്. സി. എച്ച്. റാബിൻസൺ. (ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മിഷണർ): രണ്ടാഴ്ചക്കകം ഒരു റിപ്പോർട്ടു സമർപ്പിക്കാൻ കഴിയുന്ന ഒരുകമ്മറിയെ മെംബർ തിരഞ്ഞെടുക്കുകയാണോ?

മി: എൻ. വി. ജോസഫ് (പറവൂർ): അനുദ്യോഗസ്ഥാംഗങ്ങളുമാത്രം അടങ്ങിയഒരു കമ്മറിയായാലുണ്ടാകുന്ന ഞാൻ ഉപേക്ഷിക്കുന്നുണ്ട്.

അദ്ധ്യക്ഷൻ. കമ്മറിയിൽ ഒരു ഉദ്യോഗസ്ഥ അംഗംഉണ്ടെങ്കിൽ ജോലി ത്വരിതപ്പെടുമെന്നാണൊ മെമ്പർ പറയുന്നതു?

മി: എൻ. വി. ജോസഫ് (പറവൂർ):അങ്ങിനെ ഞാൻ പറയുന്നില്ല; അനുദ്യോഗസ്ഥാംഗങ്ങളുടെയുമാത്രം ഒരു കമ്മറിക്കു ജോലി ചെയ്തു തീർക്കാൻ സാധിക്കുമോ എന്നുചോദിച്ചിരിക്കുന്ന സ്ഥിതിക്കു ആ ജോലി ചെയ്തുതീർക്കുന്നതുമതല ഞങ്ങളിൽ സ്ഥിതിചെയ്യുന്നു.

അദ്ധ്യക്ഷൻ: അനുദ്യോഗസ്ഥാംഗങ്ങളും അവരുടെപ്രതിനിധികളെതിരഞ്ഞെടുക്കുന്നപക്ഷം ജോലി ഉടൻ ആരംഭിക്കാമെന്നുള്ളതാണ്. അതാണ് വാസ്തവത്തിൽ മിസ്റ്റർ റാബിൻസൺ പ്രസ്താവിച്ചതു.

മി: എൻ. വി. ജോസഫ് (പറവൂർ): ഞങ്ങളുടെ പ്രതിനിധികളെ ഞങ്ങളും തിരഞ്ഞെടുക്കയും ഞങ്ങളോടാലോചിച്ചു ഉദ്യോഗസ്ഥാംഗങ്ങളുംമനഃപൂർവമായി ജോലിചെയ്യുമെന്നു വിചാരിക്കുക. സർ, അപ്രകാരം കാര്യങ്ങളും റിപ്പോർട്ടു എഴുതി മൂന്നു മാസത്തിനകം സമർപ്പിക്കുന്നതിനു അവർക്കു സാധിച്ചില്ലെന്നു വന്നേക്കാം. കമ്മറിയിലെ ഉദ്യോഗസ്ഥ അംഗങ്ങളും അനുദ്യോഗസ്ഥാംഗങ്ങളും മനഃപൂർവമായിജോലി ചെയ്താലും മൂന്നു മാസത്തിനകം റിപ്പോർട്ടു എഴുതുന്നതിനു സാധിക്കാതെ വന്നേക്കാമെന്നാണു ഞാൻ പറയുന്നതു,

മി: എസ്സ്. സി, എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ആദായ നികുതിയുംകമ്മിഷണർ): എല്ലാ വിധത്തിലുമുള്ളവൈഷമ്യങ്ങളെപ്പറ്റിയും നാം ആലോചിച്ചിട്ടുതന്നാവശ്യമാണുള്ളതു?

അദ്ധ്യക്ഷൻ: മെംബർമാരോടൊക്കെകഴിയുന്ന ഒരാളാകണമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): ഉദ്യോഗസ്ഥാംഗങ്ങളും ആവശ്യത്തിലധികം ഉള്ളടങ്കിതരുമുള്ളവരായിരിക്കാം. അതു അഭിപ്രായമുള്ള ഒരു സംഗതിയാണ്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ):കമ്മറിയിൽ ഉദ്യോഗസ്ഥ ഭൂരിപക്ഷമുണ്ടായിരിക്കുന്നതാണ്.

മി: എൻ. വി. ജോസഫ് (പറവൂർ): അങ്ങിനെയാണെങ്കിൽ എന്തു സംഭവിക്കുമെന്നു മിസ്റ്റർ റാബിൻസൺ ഞങ്ങൾക്കുപറഞ്ഞു തരാമോ?

അദ്ധ്യക്ഷൻ: അനുദ്യോഗസ്ഥാംഗങ്ങൾ എന്തു ചെയ്യുമെന്നു മുമ്പുകൂട്ടിപറയുന്നതിനു അനുദ്യോഗസ്ഥാംഗത്തിനുപറയാൻ സാധിക്കയില്ല.

മി: എൻ. വി. ജോസഫ് (പറവൂർ): ഇലാ മാസം അവസാനത്തിൽ റിപ്പോർട്ടു സമർപ്പിച്ചില്ലെങ്കിൽ വ്യക്തികമാസത്തിലെന്തു സംഭവിക്കും.

അദ്ധ്യക്ഷൻ: കാര്യത്തിന്റെസ്ഥിതിപോലെ രാജ്യക്ഷേമത്തിനു എന്തു ചെയ്യണമെന്നു ഗവണ്മെന്റിനു തോന്നുമോ അതു ഗവണ്മെന്റു ചെയ്യും.

മി: എൻ. വി. ജോസഫ് (പറവൂർ): അതു കൊണ്ടു മൂന്നു മാസത്തിനകം റിപ്പോർട്ടു സമർപ്പിച്ചില്ലെന്നുവരുന്നതാണ്. അതിനാൽ ഇപ്പോഴത്തെ അസിസ്റ്റന്റു തഹശീൽദാരന്മാരെ ഉടനടിയെന്നു ഗവണ്മെന്റു ആവശ്യപ്പെടുകയും ആ ലിസ്റ്റുപ്പാട്ടു പിന്നീടു ഉടൻതന്നെകൊണ്ടിരിക്കയും ചെയ്യുന്നതാണ്.

അദ്ധ്യക്ഷൻ: സമയമായി നിങ്ങൾക്കു ഞാൻരണ്ടു മിനിട്ടു കൂടുതൽ സമയം തന്നു കഴിഞ്ഞു.

മി: എൻ. വി. ജോസഫ് (പറവൂർ): അതു ഞാൻ അറിഞ്ഞില്ല; അതുകൊണ്ടു ഞാൻ അതിനെ ഉപയോഗപ്പെടുത്തിയില്ല. ഞാൻ അറിഞ്ഞിരുന്നെങ്കിൽ അതുപയോഗപ്പെടുത്തിയേനെ.

മി: എ. കെ. പിള്ള (കുന്നംഗപ്പള്ളി): ആക്ഷേപിക്കപ്പെട്ടിട്ടുള്ളതും വളരെ സംശയിക്കപ്പെട്ടിട്ടുള്ളതുമായ അസിസ്റ്റന്റു തഹശീൽദാരന്മാരെ സംബന്ധിച്ചിടത്തോളം അംഗീകരിക്കപ്പെട്ടിരിക്കുന്ന ന്യായരഹിതമായ നിലയെ ഗവണ്മെന്റിനെ അറിയിക്കണമെന്നുള്ള പ്രധാന ഉദ്ദേശത്തോടുകൂടി ഞാൻ ഈ ഉപേക്ഷാപത്രത്തെ പിൻതാങ്ങുന്നു (ഒയവുചെയ്തു ഉറക്കെപ്പറയണം). ബഡ്ജറ്റു അവതരിപ്പിച്ചു സമയം തന്നെ പ്രസംഗത്തിൽ ഫിനാൻസ്സ്യൽ സെക്രട്ടറി ഇങ്ങനെപ്രസ്താവിച്ചിരിക്കുന്നു:—

"നടപ്പിലിരിക്കുന്ന പ്രസ്തുതപദ്ധതിയെ സംബന്ധിച്ചിടത്തോളം ചിലഗൗരവതരങ്ങളായന്യൂനതകളുണ്ടെന്നും പൊതുജനങ്ങളും അതിനെ ഒട്ടുംതന്നെ ഇഷ്ടപ്പെടുന്നില്ലെന്നും സമ്മതിക്കുന്നു. അതുകൊണ്ടു പൊതുവെഅംഗീകരിക്കപ്പെടുന്നതായ പുതുക്കിയ ഒരു പദ്ധതിയിൻപ്രകാരത്തുണമെന്നു ഗവണ്മെന്റു ആശിക്കുന്നു. ഇതു സംബന്ധിച്ചു ആളുത്തെ മൂന്നു മാസങ്ങൾക്കു നീക്കിവച്ചിട്ടുള്ള തുകയ്ക്കുപുറമെ കൂടുതൽപണത്തിന്റെആവശ്യം നേരിടും".

കഷ്ടം ഇലാം അവസാനം വരെ നീട്ടുന്നതിനു അഭിപ്രായം ഉദ്ദേശിക്കുന്നതായി ഇതിൽ നിന്മകാണുന്നതാണ്.

മി: എസ്. സി. എച്ച്. റാബിൽസൺ (ലാൻഡ് റവന്യൂവും തൊഴിലുകൾ നിയമനവും കമ്മീഷണർ): അദ്ദേഹത്തിന്റെ തെറ്റിദ്ധാരണയെ ഞാൻ തിരുത്തിക്കൊള്ളുന്നു. നടപ്പിലിരിക്കുന്ന ഇപ്പോഴത്തെ ഏഴ്പ്പാട്ട കാലാവധി വസാനംവരെ തുടരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഞാൻ ഇപ്പോൾ പണം ആവശ്യപ്പെട്ടതു്. പുതിയ പദ്ധതി നടപ്പിൽ വരുന്നതുവരെ ജോലി നടത്തിക്കുന്നതിലേക്കു മാത്രമാണു ഞാൻ കുറെ പണം ആവശ്യപ്പെട്ടതു. ഇതിനെ സംബന്ധിച്ചു ആവശ്യമുള്ള വിജ്ഞാപനം തന്നിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നു. പുതിയപദ്ധതിയുടെ സംബന്ധിച്ചു സാരതരമായ ചോദ്യമുണ്ട്. പുതിയപദ്ധതി കാലതാമസംകൂടാതെ പ്രവർത്തിമാർഗ്ഗത്തിൽ കൊണ്ടുവരുമെന്നു ഞാൻ വിശ്വസിക്കുന്നു. സഭയുടെ അടുത്തയോഗത്തിൽ എനിക്കു പണംകിട്ടാൻ സാധിക്കയില്ല. അതിനാൽ പുതിയ ഏർപ്പാട് നടപ്പിൽ വരുന്നതുവരെ ചെയ്യേണ്ടതായ ജോലിയ്ക്കു തുടർച്ചയുണ്ടാക്കുന്നതിനു കുറെ പണം ആവശ്യമുണ്ട്.

മി: ടി. കെ. പിള്ള (കുടനാട്ടപ്പുഞ്ച): പ്രസ്തുതപദ്ധതിയിൽ ഗൌരവതരങ്ങളായ ന്യൂനതകളുണ്ടെന്നു ഗവണ്മെണ്ടു സമ്മതിയ്ക്കുന്ന സ്ഥിതിക്കു ആയതിനെ തുടരുന്നതിന്റെ ആവശ്യമെന്താണെന്നു എനിക്കു മനസിലാകുന്നില്ല. ഈ ഏർപ്പാടിൽ സാരതരങ്ങളായ ന്യൂനതകളുണ്ടെന്നു ഗവണ്മെന്റു വിചാരിയ്ക്കുന്നപക്ഷം മൂന്നുമാസത്തേയ്ക്കുകൂടി അതു തുടരുന്നതെന്തിനാണ്?

ഇനി എനിയ്ക്കു മനസിലാക്കാത്ത ഒരു സംഗതി കൂടിയുണ്ട്. നടപ്പിലിരിയ്ക്കുന്ന ഏർപ്പാടു ജൂലാം അവസാനംവരെ തുടരുന്നതിനു മാത്രമല്ല ഗവണ്മെന്റു പണം ആവശ്യപ്പെട്ടിരിയ്ക്കുന്നതു്. വൃശ്ചികമാസംമുതൽക്കു ഉഭിരിക്കാർഡ് സംരക്ഷണജോലി തുടരുന്നതിനു നടപടി സ്വീകരിയ്ക്കുകൂടി വ്യവസ്ഥ ചെയ്തിരിയ്ക്കുന്നു. ഇതെനിയ്ക്കു കുട്ടം മനസ്സിലാകുന്നില്ല. ബാങ്കേയുടെ ശിരസുപോലെ അസിസ്റ്റൻറുതഹശീൽദാർ വീണ്ടും വീണ്ടും പ്രത്യക്ഷമാകുന്നു. പലേ അവസരങ്ങളിലും അസിസ്റ്റൻറു തഹശീൽദാരന്മാരെ എതിർക്കുന്നു. ഗവണ്മെൻറുതന്നെ പ്രസ്തുതപദ്ധതിയിൽ വല്ലയന്യൂനതകളുണ്ടെന്നു സമ്മതിച്ചിരിക്കയും കുറെ ജൂലാം കഴിഞ്ഞിട്ടുള്ള ഇപ്പോഴത്തെ ഏർപ്പാടനുസരിച്ചു പ്രസ്തുതജോലി തുടരാൻ അവർ ഉദ്ദേശിച്ചിട്ടില്ലാത്തതായും ഇരിയ്ക്കുന്ന സ്ഥിതിയ്ക്കു ഈ ജോലി തുടരണമെന്നു ഗവണ്മെൻറുതീരുമാനിയ്ക്കുന്നതിന്റെ ന്യായം എനിയ്ക്കു മനസിലാകുന്നില്ല. എന്നിട്ടും ജോലി തുടരുന്നതിനു അവർ നടപടി സ്വീകരിച്ചിരിയ്ക്കുന്നു. ഈ സംഗതി എനിയ്ക്കു മനസിലാകുന്നില്ല.

ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിറ്റി പദ്ധതിയെപ്പറ്റി ആലോചിക്കണമെന്നും ആ ജോലി കുറയ്ക്കുടി നന്നാക്കുന്നതിനു വഴികളും സൌകര്യങ്ങളും കണ്ടുപിടിക്കണമെന്നും ഗവണ്മെൻറു നിർദ്ദേശിയ്ക്കുന്നു. കാലതാമസംകൂടാതെ ശുപാർശചെയ്യപ്പെടാൻ നിശ്ചയിച്ചിരിയ്ക്കുന്ന കമ്മിറ്റിയുടെ റിപ്പോർട്ടിനെമാത്രം അവർ പ്രതീക്ഷിച്ചിരിക്കുന്നെങ്കിൽ ഈ നടപടി മാറ്റിവച്ചിരിയ്ക്കുന്നതിന്റെ കാരണമെന്താണെന്നുള്ള സാധാരണ ഒരു മനുഷ്യന്റെ നിലയിൽ എനിയ്ക്കു മനസ്സിലാകുന്നില്ല. മെമ്പർ അതിനെപ്പറ്റി വ്യക്തമായി പറയുമെന്നു ഞാൻ വിശ്വസിയ്ക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അസിസ്റ്റൻറു തഹശീൽദാർ എന്നു പറയപ്പെടുന്ന ഉദ്യോഗസ്ഥന്റെ നടപടിമൂലം ജനങ്ങൾക്കുണ്ടാകുന്ന കഷ്ടതകളെപ്പറ്റി ഈ സഭയിലെ അനുദ്യോഗസ്ഥാംഗങ്ങളെല്ലാം കഴിഞ്ഞ കൊല്ലങ്ങളിൽ വളരെയധികം പറഞ്ഞിട്ടുള്ളതാണ്. ആ വിമർശനങ്ങളെല്ലാം ഒന്നുകൂടി ഈ അവസരത്തിൽ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഗവണ്മെൻറുയന്ത്രത്തിൽ അസിസ്റ്റൻറു തഹശീൽദാരെ ശുപാർശചെയ്യാൻ ഉദ്ദേശിക്കപ്പെട്ടിരിയ്ക്കുന്ന പദ്ധതിയിൽ വീണ്ടും എങ്ങിനെയാണോ കൊള്ളിക്കേണ്ടതെന്നുള്ളതിനെപ്പറ്റി അനുദ്യോഗസ്ഥാംഗങ്ങളിൽ ഒരാൾക്കല്ലാം ദോഷൈകദൃക്കായുണ്ടെന്നു അദ്ധ്യക്ഷന്റെ അഭിപ്രായത്തെ സംബന്ധിച്ചേടത്തോളം എനിയ്ക്കു ഒന്നുകൂടി പറയാനുണ്ട്. ഇക്കാര്യത്തെപ്പറ്റി ഞങ്ങൾക്കു ദോഷൈകദൃക്കായുണ്ടായിരിയ്ക്കുന്നതിനു ബലമായ കാരണങ്ങളുള്ളതാകുന്നു. എന്തെന്നാൽ ഞങ്ങളുടെ സ്ഥിതി ഖാൻഡേശുടെ പദ്യത്തിൽ പറഞ്ഞിട്ടുള്ള കുതുകന്റെ സ്ഥിതിയുമായി അല്പം സാമീപ്യമുണ്ട്. അതിൽ കാമുകൻ തന്റെ പ്രിയതമയോടു ഇപ്രകാരം പറയുന്നു.

"നിങ്ങളും സംസാരിക്കയും നിങ്ങളും ചിരിക്കയും ചെയ്യു; ആയതു ഞാൻ വിശ്വസിച്ചു. ഓരോ വാക്കും ചിരിയും മൂലം ഞാൻ വഞ്ചിക്കപ്പെട്ടു. വേറൊരുത്തൻ ഇതിൽ കൂടുതൽ യാതൊന്നും ആശിക്കയില്ല; മുമ്പിൽ ഞാൻ ആശിച്ചതുപോലെ ഞാൻ ഇപ്പോൾ ആശിയ്ക്കുന്നതുമില്ല. എന്നാൽ എന്റെ ഈ അവസാനത്തെ അപേക്ഷ നിഷ്ഫലമാകാതിരിക്കട്ടെ; എന്നെ വീണ്ടും ചതിയ്ക്കുക".

അസിസ്റ്റൻറുതഹശീൽദാരന്മാരെ സംബന്ധിച്ചേടത്തോളം ഈ സഭയുടെ അനുഭവം ഇതാണെന്നതാണു്. ഒരുകൊല്ലത്തേയ്ക്കുമാത്രമേ അസിസ്റ്റൻറുതഹശീൽദാരന്മാരുടെ സഹായം ആവശ്യമുള്ളു എന്നു ഓരോ കൊല്ലവും ഗവണ്മെൻറുപറഞ്ഞുകൊണ്ടിരുന്നു. അങ്ങിനെ മൂന്നുകൊല്ലങ്ങൾ കഴിഞ്ഞു; ഇപ്പോൾ വീണ്ടും മൂന്നു മാസത്തേയ്ക്കുകൂടി അസിസ്റ്റൻറു തഹശീൽദാരന്മാരെ ഉടനടുത്തതിനുവേണ്ടിയുന്നതായ ഒരു വ്യവസ്ഥ ഇപ്പോൾ കൊണ്ടുവന്നിരിയ്ക്കുന്നു. ഇങ്ങനെതോരും അസിസ്റ്റൻറുതഹശീൽദാരന്മാർ തുടരണമെന്നു ഗവണ്മെൻറു ആവശ്യപ്പെടുന്നു. ഇപ്പോൾ മൂന്നുമാസത്തേക്കുകൂടി കാലാവധി നീട്ടിക്കൊടുക്കണമെന്നു അവർ ആവശ്യപ്പെടുന്നു. ഇപ്രകാരം ചെയ്യുന്നതു മുമ്പിൽ കൊല്ലംതോറുമുള്ള കാലാവധി നീട്ടലിനുപകരം മൂന്നുമാസത്തിലൊരിയ്ക്കൽ കാലാവധി നീട്ടിക്കൊടുക്കണമെന്നു അവർ ആവശ്യപ്പെട്ടു തുടങ്ങുന്നതിനായിരിയ്ക്കും. അതുകൊണ്ടു അനുദ്യോഗസ്ഥാംഗങ്ങൾ ദോഷൈകദൃക്കായുള്ളവരായിരിയ്ക്കുന്നതിനു മതിയായ കാരണങ്ങളുള്ളതുകൊണ്ടു. ബഡ്ജറ്റിൽ വ്യവസ്ഥചെയ്തിട്ടുള്ള കാലത്തിനകം അസിസ്റ്റൻറു തഹശീൽദാരന്മാരെ നിർത്തൽചെയ്യാത്തപക്ഷം അസിസ്റ്റൻറുതഹശീൽദാരന്മാരെ വീണ്ടും വച്ചുകൊണ്ടിരിയ്ക്കുന്നതിനു ഗവണ്മെണ്ടു അപേക്ഷിക്കയില്ലയൊ എന്നു ആലോചിക്കേണ്ടതായിട്ടുണ്ട്. ഗവണ്മെൻറിൽനിന്നും നിർദ്ദേശിച്ചിട്ടുള്ളതുപോലെ ശുപാർശചെയ്യപ്പെടാൻ പോകുന്ന പദ്ധതി ആരംഭിയ്ക്കുന്നതിനു മുമ്പായിട്ടും അടുത്ത ജൂലാമാസത്തിനുശേഷമായും അസിസ്റ്റൻറുതഹശീൽദാരന്മാരുടെ ജോലി നിർവഹിക്കാൻ ആളില്ലാതെ വരുന്നതാണ്. ഇതുസംബന്ധിച്ചാണ് അനുദ്യോഗസ്ഥാംഗങ്ങൾക്കുള്ള ഭയം. മുമ്പു ഇതുതന്നെ അനുഭവപ്പെട്ടിരുന്നിരുന്നാലും അസിസ്റ്റൻറുതഹശീൽദാരന്മാരെ താൻ നിർത്തൽചെയ്യുമെന്നു

മിസ്റ്റർ റാബിൻസൺ ഉദ്ദേശിക്കുന്നപക്ഷം ആയതു സ്വീകരിക്കപ്പെടാമെന്നു ഞാൻ വിചാരിക്കുന്നു വാസ്തവത്തിൽ അനുദ്യോഗസ്ഥാംഗങ്ങളുടെ അഭിപ്രായംതന്നെ ഗവണ്മെൻറും സ്വീകരിച്ചിരിക്കുന്നു. അതിനാൽ ഇപ്പോൾ നാം തമ്മിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. ഇക്കൊല്ലത്തിൽ അപ്രകാരമുള്ള ഒരു വ്യത്യാസമുണ്ട്, അതിനാൽ ചാൻറവന്യൂകമ്മീഷണർ ഒരു ക്ലിപ്തമായ ഉദ്ദേശനപക്ഷം ആയതു നമുക്കു സ്വീകരിക്കാമെന്നാണു ഞാൻ പറയുന്നതു്. ഏറ്റവും ആവശ്യമില്ലാത്തതായ ഈ ഉദ്യോഗസ്ഥനെ ഇനിയും മൂന്നുമാസത്തേക്കുകൂടി ഇവിടെ കൊള്ളുന്നതിനു നാം അനുവദിച്ചു അയാളുടെ അതിനുശേഷം നിഷ്കർഷിക്കണമെന്നാണു ഞാൻ പറയുന്നതു്. ചിലബുദ്ധിമുട്ടുകളെപ്പറ്റി ഉദ്യോഗസ്ഥാംഗങ്ങളും പറയുകയുണ്ടായി. ഈ ഉദ്യോഗസ്ഥൻറെ ഉപയോഗത്തെയും ആവശ്യത്തേയുംപറ്റി നമുക്കു ഭിന്നാഭിപ്രായമൊന്നുമില്ലെന്നു. ഈ വിഷയത്തെപ്പറ്റിയുള്ള എൻറെ അഭിപ്രായം ഇത്രമാത്രമെയുള്ളു; ഇപ്പോൾ എന്നെ സംബന്ധിച്ചേടത്തോളം മാത്രമേ ഞാൻ പറയുന്നുള്ളു. അനുദ്യോഗസ്ഥാംഗങ്ങളായ എൻറെ ഇളയ സഹോദരന്മാർക്കു അസിസ്റ്റൻറു കമ്മീഷണർമാരോടു വെറുപ്പാണുള്ളതു് അതുകൊണ്ടു ഞാൻ ഇരിയ്ക്കണമെന്നു അവർ ആവശ്യപ്പെടുന്നു.

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ചാൻറവന്യൂവും ആദായനികുതിയും കമ്മീഷണർ) സർ, ഇപ്പോഴുള്ള സിൽബന്ധികളെ നിൽക്കുചെയ്യുകയും അവരുടെ ജോലി എൻറെ ഡിപ്പാർട്ടുമെൻറിലുള്ള സ്ഥിര സിൽബന്ധികളെ ഏല്പിക്കണമെന്നാണു് വാസ്തവത്തിൽ ഞാൻ നിർദ്ദേശിക്കുന്ന ഭേദഗതി. ഭൂമിറിക്കാർഡു സംരക്ഷണ ജോലി സ്ഥിരസിൽബന്ധികളെക്കൊണ്ടു ചെയ്യിപ്പിക്കണമെന്നു ഏകദേശം ഒരു കൊല്ലത്തിനുമുമ്പു ഈ സഭയിൽ മിസ്റ്റർ കൃഷ്ണപിള്ള നിർദ്ദേശിക്കയുണ്ടായി. വാസ്തവത്തിൽ അതുതന്നെയാണു ഞാൻ നിർദ്ദേശിക്കുന്ന ഭേദഗതിയും. ഇതുവരെ ചെയ്തിട്ടുള്ള ജോലി എന്തായാലും ഇനി ഏതു ജോലിചെയ്യുന്നതിനും കണക്കുകൾ എൻറെ പക്കലുണ്ടു്; എന്നാൽ അതിനെപ്പറ്റി പ്രതിവാദിക്കുന്നതിനു സമയമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. എനിക്കു പത്തുമിനിട്ടുമാത്രമെ തന്നിട്ടുള്ളു. താഴെ പറയുംപ്രകാരമാണു് എൻറെ ഭേദഗതി. ഭൂമിറിക്കാർഡുസംരക്ഷണജോലി എൻറെ ഡിപ്പാർട്ടുമെൻറിലുള്ള സ്ഥിരസിൽബന്ധികളെ ഏല്പിക്കണം. ഭൂമിറിക്കാർഡുസംരക്ഷണസിൽബന്ധികളെ നിയമിക്കുന്നതിനു മുൻപുണ്ടായിരുന്നതുപോലെ ജോലിയിൽ കുടിശിക വന്നേയ്ക്കുമെന്നു ആ നിർദ്ദേശത്തെ സംബന്ധിച്ചിടത്തോളം ഒരു ആക്ഷേപം ഉണ്ടായിരിക്കാം. പൂവ്കാലങ്ങളിൽ റവന്യൂജോലിയിലെ എല്ലാ ശാഖകളിലും ജോലി കുടിശികയായി കിടന്നിരുന്നു എന്നാണു് എനിക്കുള്ള സമാധാനം. എന്നാൽ ജമാബന്ദി മുതലായ ഏർപ്പാടുകൾ നടപ്പാക്കിയതിനുശേഷം എല്ലാ ജോലിയും കുടിശികയില്ലാതെ വച്ചുകൊണ്ടിരിക്കയാണു്. അനേകം താലൂക്കുകളിലും കുടിശിക ഇല്ലാതിരിക്കയാണു്. താലൂക്കു ആഫീസുകളിൽ പലതിലും ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചോ മറെറതിനെയെങ്കിലും സംബന്ധിച്ചോ യാതൊരു പഴയ അപേക്ഷയും തീരുമാനിക്കാതെ കിടക്കുന്നില്ല. എൻറെ പക്ഷം അനുസരിച്ചു വളരെ കുറച്ചു സിൽബന്ധികളെ മാത്രമെ ഞാൻ ആവശ്യപ്പെടുന്നുള്ളു. അതനുസരിച്ചു ഭൂമിറിക്കാർഡുസംരക്ഷണജോലി കുടിശ്ശികയില്ലാതെ വച്ചുകൊണ്ടിരിക്കുന്നതിനു എനിക്കു സാധിക്കുന്നതാണു്. ഭൂമി ആക്രമണം സംബന്ധിച്ചു സ്ഥിരം ജോലിക്കാരെപ്പറ്റി എന്തെങ്കിലും ആവലാധിയുണ്ടാകുന്നപക്ഷം കക്ഷികൾക്കു ഉടൻതന്നെ തഹശീൽദാരെക്കണ്ടു വിവരം തെറ്റിപ്പെടുത്തുന്നതിനു സൗകര്യമുണ്ടാകുന്നു. തഹശീൽദാർ താലൂക്കിൻറെ മദ്ധ്യഭാഗത്തു താമസിക്കുന്നയാളും അതിനാൽ അദ്ദേഹത്തെ എളുപ്പത്തിൽ കാണാവുന്നതുമാകുന്നു. പുതുവഴിയും മറെറാ റവന്യൂകേസുകളും സംബന്ധിച്ചു അവിടെ അദ്ദേഹത്തിൻറെ അടുക്കൽ പോകാതിരുന്നുള്ളതാകുന്നു; തഹശീൽദാരുടെ തീരുമാനങ്ങളിന്മേൽ അവിടെ ഡിസ്ട്രിക്ടിൻറെ മദ്ധ്യഭാഗത്തു താമസിക്കുന്ന ദിവാൻപേഷ്കാരുടെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതും അവിടെനിന്നു എൻറെ അടുക്കലൊ ഗവണ്മെൻറിൻറെ അടുക്കലൊ അപ്പീൽതന്നെ ബോധിപ്പിക്കാവുന്നതും ആകുന്നു. ഇപ്പോൾ പറയൂരിൽനിന്നൊ അല്ലാത്തപക്ഷം വടക്കൻ തിരുവിതാംകൂറിൽ വല്ലയിടത്തുംനിന്നൊ ഭൂമിറിക്കാർഡുസംരക്ഷണസൂപ്രണ്ടിനെ കാണുന്നതിലേക്കായി കക്ഷികൾക്കു വരേണ്ടിയിരിക്കുന്ന സംസ്ഥാനമൊട്ടുക്കു ഒരാഴ്ചമാത്രമെയുള്ളു. ഭൂമിറിക്കാർഡുസംരക്ഷണസൂപ്രണ്ടിനെ കാണുന്നതിനു കക്ഷി തിരുവനന്തപുരത്തു വരുമ്പോൾ അദ്ദേഹം കൊല്ലത്തു പോയിരിക്കുന്നതായി അവർ മനസ്സിലാക്കുന്നു. കക്ഷിയുടനെ കൊല്ലത്തുപോകും; അപ്പോഴേക്കും ഭൂമിറിക്കാർഡുസൂപ്രണ്ടു കൊല്ലത്തുനിന്നു കന്യാകുമാരിക്കുപോകുന്നു. കക്ഷി തഹശീൽദാരുടെ അടുക്കലും അവിടെനിന്നു ദിവാൻപേഷ്കാരുടെ അടുക്കലും പോകുന്നപക്ഷം അയാൾക്കു ജീവിതത്തിൽ തൻറെ സങ്കടങ്ങൾക്കു നിവൃത്തിയുണ്ടാകുന്നു.

കല്ലിടുന്നതിനെ സംബന്ധിച്ചാണു് ഇനി എനിക്കു പറയാനുള്ളതു്. കല്ലുകളിട്ടശേഷം അവയെ മറപ്രകാരം ഇട്ടെങ്കിലും ഇട്ടില്ലെങ്കിലും നാട്ടിയിട്ടുള്ള കല്ലുകൾക്കുള്ള ക്രമവില തഹശീൽദാർ പിരിച്ചെടുക്കേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ നാട്ടിയിട്ടുള്ള കല്ലുകളുടെ സംഖ്യയെപ്പറ്റിയൊ മറേറതെങ്കിലും വിവരങ്ങളെക്കുറിച്ചൊ തഹശീൽദാക്കു യാതൊരു വിവരവുമില്ലാത്തതാണു്. പലരും ആളുകളിൽനിന്നും വസൂലാക്കേണ്ടതായ തുകയെ കുറിക്കുന്ന ഒരു ലിസ്റ്റു് അദ്ദേഹത്തിനു കിട്ടുന്നു; അതനുസരിച്ചുള്ള തുക അദ്ദേഹം പിരിക്കേണ്ടതു മാത്രമെയുള്ളു. നടപ്പിലിരിക്കുന്ന ഏർപ്പാടനുസരിച്ചു ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം തഹശീൽദാക്കു യാതൊന്നും ചെയ്യാൻ പാടില്ല. അതു സംബന്ധിച്ചു അദ്ദേഹം എന്തെങ്കിലും നടപടി നടത്തുന്നതായാൽ അതിൽ കൈകടത്തുന്നതിനു അദ്ദേഹത്തിനു കാര്യമില്ലെന്നും വസൂലാകേണ്ട പണം മാത്രം അദ്ദേഹം പിരിച്ചെടുത്താൽ മതിയെന്നും ഗവണ്മെൻറു അദ്ദേഹത്തോടു പറയും. എന്നാൽ ഈ ജോലി സ്ഥിരം സിൽബന്ധികളെ ഏല്പിക്കുന്നപക്ഷം ഈ വിഷയത്തെപ്പറ്റിയുള്ള സകല വിവരങ്ങളും തഹശീൽദാക്കറിയാൻ ഇടവരുന്നു. ഇതിനെപ്പറ്റി ആവലാതികിട്ടുന്ന ആളുകളെ തൃപ്തിപ്പെടുത്താൻ തഹശീൽദാക്കു സാധിക്കും. കല്ലുകൾ നാട്ടിയിട്ടുണ്ടൊ ഇല്ലയൊ എന്നതിനെപ്പറ്റി അദ്ദേഹത്തിനറിയാൻ സാധിക്കും. ഇതാണു് എൻറെ പദ്ധതിയിൽ പ്രധാനമായി അടങ്ങിയിട്ടുള്ളതു്. രസ്സീതുകൾ തയ്യാറാക്കുക മുതലായ സംഗതികളെപ്പറ്റി മറെറ വിവരങ്ങൾ പറയേണ്ടതായിട്ടുണ്ടു്. അവയെല്ലാം കമ്മിറ്റി ആലോചിച്ചു തീരുമാനിക്കുന്നതാണു്. കമ്മിറ്റിയിൽ അനുദ്യോഗസ്ഥന്മാർ ഭൂരിപക്ഷമുണ്ടായിരിക്കണമെന്നു ഞാൻ മുമ്പുതന്നെ നിർദ്ദേശിച്ചിട്ടുള്ളതാകുന്നു; എന്തെന്നാൽ അതു കൂടെക്കൂടി സ്വീകാര്യയോഗ്യമായിരിക്കുന്നതു, പുതിയ പദ്ധതിയിലെ ഗുണങ്ങളെപ്പറ്റി അവർക്കു മനസ്സിലാകുന്നതും ആകുന്നു. പുതിയ പദ്ധതിയിയെ എല്ലാവർക്കും അവർ അനുകൂലമാക്കിത്തീർക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനു ആവശ്യമുള്ള സമയത്തെപ്പറ്റിയും സംബന്ധിച്ചിടത്തോളം അവരിൽതന്നെയാണു് അതു സ്ഥിതി

ചെയ്യുന്നതു് നാളെത്തന്നെ കമ്മിറിറിക്കുടി അടുത്തമാസം മുതൽ പുതിയ പ്രവർത്തിമാസ്റ്റത്തിൽ കൊണ്ടുവരുന്നതിനു അവർ തുടങ്ങുകയാണെങ്കിൽ എനിക്കു സന്തോഷമേയുള്ളൂ. പുതിയ പലതിനടപ്പിൽ വരുന്നതുവരെ ഇടങ്ങപ്പെട്ട ജോലി തുടരുന്നതിനുമാത്രമാണു ഞാൻ പണം ആവശ്യപ്പെട്ടതു്. അധികം ജോലിനടത്തിക്കഴിഞ്ഞിരിക്കുന്നു. ആ റിക്കാർഡുകൾ മുഴുവനും ഇപ്പോൾ ഭൂമി റിക്കാർഡു അസിസ്റ്റൻറുമാരുടെ പക്കലാണ്ിരിക്കുന്നതു. അസിസ്റ്റൻറു തഹശീൽദാരന്മാരെ ഉടനടി പിരിച്ചുവിടാൻ പാടില്ലാത്തതാണ്. അവരുടെ പക്കലിരിക്കുന്ന റിക്കാർഡുകളും അവർ ഉപയോഗിച്ചുകൊണ്ടിരുന്ന ആയുധങ്ങളും അവരുടെ അടുക്കൽനിന്നു തിരിച്ചുവാങ്ങേണ്ടിയിരിക്കുന്നു. അതിനാൽ പുതിയ ഫുർപ്പാട്ട നടപ്പിൽ വരുന്നതുവരെ കുറച്ചുകാലത്തേക്കുകൂടി ജോലിനടത്തിക്കുന്നതിനു ഈ പണം ഞാൻ ആവശ്യപ്പെട്ടുന്നു; അതുകഴിഞ്ഞാലുടൻ വേഗത്തിൽ പലതിയെ നടപ്പിൽവരുത്തുന്നതിനു അനുഭവസ്ഥരായിട്ടുള്ള ആളുകളെ തിരഞ്ഞെടുക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): കമ്മിറിയിൽനിന്നു പലതി രൂപീകരിക്കപ്പെട്ടതിനുശേഷമേ അതിനെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനു ഈ സഭക്കു സൌകര്യം നൽകുമോ എന്നാണു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറുറവന്യൂവു ആഭ്യന്തരനികുതിയും കമ്മീഷണർ): അങ്ങേഹം എന്താണു പറഞ്ഞതെന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

അദ്ധ്യക്ഷൻ: നിങ്ങളും കമ്മിറിയുംകൂടി പ്രസ്തുത പലതിയെ രൂപീകരിച്ചതിനുശേഷം ഈ സഭയുടെ അനുമതിനെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനു സൌകര്യം നൽകുമോ എന്നാണു മിസ്റ്റർ ജോസഫിനു അറിയേണ്ടതു്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറുറവന്യൂവും ആഭ്യന്തരനികുതിയും കമ്മീഷണർ): അടുത്തമാസത്തിനകം പുതിയ പലതി നടപ്പാക്കുമെന്നു ഞാൻ വിചാരിക്കുന്നു; അടുത്തമാസത്തിൽ സഭകൂടുമെന്നു ഞാൻ വിചാരിക്കുന്നില്ല. പലതി തൃപ്തികരമായിട്ടുള്ളതല്ലെന്നു സഭ വിചാരിക്കുന്നപക്ഷം അടുത്തസമയം സഭകൂടുമ്പോൾ അതിനെ പറ്റിയുള്ള അക്ഷേപം സഭയ്ക്കു പുറപ്പെടുവിക്കാമെന്നുള്ളതാണല്ലോ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തുലാമാസത്തിൽ സഭയുടെ സമ്മേളനമുണ്ടാകുമെന്നു വിചാരിക്കുക. കമ്മിറിയുടെ റിപ്പോർട്ട അപ്പോൾ സമർപ്പിച്ചു ഞാൻ മുൻപ്രസ്താവിച്ചുപോലെ ജോലി നടത്താൻ തുടങ്ങിയിരിക്കുന്ന കാലത്തെ ഒഴിക്കാൻ സാധിക്കയില്ലയോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറുറവന്യൂവും ആഭ്യന്തരനികുതിയും കമ്മീഷണർ): പുതിയപദ്ധതി അപ്പോഴേക്കു ഒരു പക്ഷേ നടപ്പിൽവരുന്നതും ആണ്ടുമുഴുവനും അതുനടപ്പിലിരിക്കുന്നതും ആകുന്നു. അതിനെ സംബന്ധിച്ചുള്ള അക്ഷേപം പുറപ്പെടുവിക്കുന്നതിനൊ ഏതെങ്കിലും പരിഷ്കാരം നിർദ്ദേശിക്കുന്നതിനൊ ഈ സഭക്കു എപ്പോഴും സൌകര്യമുള്ളതാകുന്നു. മൂന്നു മാസത്തേക്കുള്ള ജോലിനടപ്പിനു മാത്രമായിട്ടാണു ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള തുക; പുതിയ പലതി അനുസരിച്ചു വലുതായിട്ടുള്ള ലാഭമുണ്ടാകുമെന്നും ആ ജോലി പ്രാപ്തരായിട്ടുള്ള ആളുകൾ നടത്തുമെന്നും ഞാൻ വിശ്വസിക്കുന്നു.

അദ്ധ്യക്ഷൻ: മിസ്റ്റർ റാബിൻസൺ, നിങ്ങൾക്കുള്ള സമയം കഴിഞ്ഞു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ൯൬,൦൦൦ രൂപ നെന്നായിട്ടാണു നീക്കിവച്ചിരിക്കുന്നതു്. ഇപ്രകാരം നീക്കിവച്ചിട്ടുള്ളതൊത്തം തുകയെ, പുതിയ പലതി സംബന്ധിച്ചുള്ള ഈ സഭയുടെ അഭിപ്രായം പുറപ്പെടുവിച്ചതിനുശേഷം ഗവണ്മെൻറു ഉപയോഗപ്പെടുത്തത്തക്കവണ്ണം കമ്മിറിയിൽനിന്നു സമർപ്പിക്കുന്ന പലതിയെ പരിശോധിക്കുന്നതിനു സഭയ്ക്കു സൌകര്യം നൽകുമോയെന്നു അറിയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറുറവന്യൂവും ആഭ്യന്തരനികുതിയും കമ്മീഷണർ): അടുത്ത പത്തൊ പതിനഞ്ചൊ ദിവസത്തിനകം ഞങ്ങൾ അതിനെ രൂപീകരിക്കുമെന്നു വിചാരിക്കുക. അപ്പോൾ സഭയുടെയോഗം കൂടുന്നതല്ല വീണ്ടും സഭകൂടുന്നതുവരെ ജോലിചെയ്യുന്ന സാധുക്കൾക്കു അവരുടെ ജോലിക്കുള്ള ശമ്പളം കൊടുക്കണം. അതുകൊണ്ടു അതുവരെയുള്ള ജോലിചെയ്യുന്നതിനും അതുവരെ ജോലിചെയ്യുന്നവർക്കു ശമ്പളം കൊടുക്കുന്നതിനും പണം എനിക്കാവശ്യമുണ്ടു്. വീണ്ടും സഭകൂടുമ്പോൾ പലതിയെപ്പറ്റിയുള്ള അക്ഷേപങ്ങൾ പുറപ്പെടുവിക്കാമെന്നുള്ളതാണു്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഇനി അസിസ്റ്റൻറുതഹശീൽദാരന്മാരെ എടുത്തുചെയ്യാൻപോകുന്നു എന്നതിനെക്കുറിച്ചുള്ള അങ്ങേഹത്തിൻറെ നിർദ്ദേശമെന്താണു്?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറുറവന്യൂവും ആഭ്യന്തരനികുതിയും കമ്മീഷണർ): തഹശീൽദാരന്മാർക്കു തങ്ങളുടെ ആഫീസു അസിസ്റ്റൻറന്മാരായി കുറെക്കൂടി യോഗ്യതയുള്ളവരെ കൊടുക്കണമെന്നാണു് എൻറെ ഉദ്ദേശം; ഭൂമിറിക്കാർഡുജോലി ചെയ്യാൻ മാത്രമല്ല, പുതുവൽ പതിച്ചുകൊടുക്കുന്നതു സംബന്ധിച്ചു പരിശോധന നടത്തുക, പട്ടേ പകുതികളും പരിശോധിക്കുക, തഹശീൽദാരുടെ എല്ലാത്തരം ജോലികളും നോക്കുക ഇവചെയ്യുന്നതിനാണ്. ഇപ്പോൾ മുമ്പിലുണ്ടായിരുന്ന ഡെപ്യൂട്ടി തഹശീൽദാരുടെ സ്ഥാനത്തുള്ള താലൂക്കു ആഫീസിൽ ആരുംതന്നെയില്ല. അതിനാൽ ഓരോ തഹശീൽദാർക്കും ഒരു അസിസ്റ്റൻറിനെ കൊടുക്കണമെന്നാണു ഞാൻ ഉദ്ദേശിക്കുന്നതു്. അസിസ്റ്റൻറു തഹശീൽദാർ എന്നുള്ള നാമധേയം ആർക്കും തന്നെ രസിക്കാത്തതുകൊണ്ടു് ആ നാമധേയം അയാൾക്കു നൽകാൻ ഞാൻ വിചാരിക്കുന്നില്ല. അയാൾക്കു ഡെപ്യൂട്ടിതഹശീൽദാരെന്നോ മറെറാ നാമധേയം കൽപ്പിക്കും. ഇപ്പോൾ തഹശീൽദാർക്കു ചെയ്യേണ്ടതായ എല്ലാജോലികളും ചെയ്തീർക്കുന്നതിനു അങ്ങേഹത്തിനു സമയമില്ല. അങ്ങേഹത്തിനു താലൂക്കിൽ അഞ്ചുകിവസം ക്ഷുദ്രനാചാർജ്ജുണ്ടു്. അങ്ങേഹം പട്ടേപകുതികളിലും ചെന്നുപരിശോധനനടത്തേണ്ടിയിരിക്കുന്നു; ഒരു താലൂക്കിൽ ക ഉ പകുതികളുള്ളപക്ഷം ആ ജോലി ചെയ്തീർക്കുന്നതിനു അങ്ങേഹത്തിനു സാധിക്കുന്നില്ല. വേണ്ടെയിടം ജോലി ചെയ്യേരിക്കുന്നതിനു അങ്ങേഹത്തിനൊരു അസിസ്റ്റൻറിനെ ആവശ്യമുണ്ടു്. അതിലേക്കായി എൻറെ പുതിയ പലതിയിൽ ഞാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. എനിക്കു വിനിയോഗിക്കാൻ കൂടുതൽ സമയമുണ്ടെങ്കിൽ ഞാൻ നിർദ്ദേശിക്കുന്ന പുതിയ പലതിയിലുള്ള പലേ ഗുണങ്ങളെക്കുറിച്ചും സഭയിൽ വർണ്ണിക്കുന്നതിനു എനിക്കു കഴിയുമായിരുന്നു. അതിനെപ്പറ്റിനിങ്ങളുടെ സന്തകമ്മിറിയിൽതന്നെ പ്രതിവാദിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ: എൻ. വി. ജോസഫ് (പറവൂർ): പദ്ധതി നടപ്പിലാക്കപ്പെടുന്നതിനു മുൻപായി അതിനെപ്പറ്റി ആലോചിക്കുന്നതിനു സമയം കൊടുക്കുമെന്നാണോ മിസ്റ്റർ റോബിൻസൺ വിചാരിക്കുന്നത്?

അദ്ധ്യക്ഷൻ: അതു ഇപ്പോൾ സഭ തീരുമാനിക്കുന്നതുപോലെയിരിക്കും.

ശ്രീ: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): പദ്ധതി നടപ്പിലാക്കപ്പെടുന്നതിനു മുൻപായി അതിനെപ്പറ്റി ആലോചിക്കുന്നതിനു ഞങ്ങൾക്കു മെമ്പർമാർക്കും രണ്ടുമൂന്നു ദിവസമെങ്കിലും കിട്ടുമെന്നു ഉറപ്പുതരുന്ന പക്ഷം ഉപക്ഷോപത്തെ ഞങ്ങൾ പിൻവലിക്കാം.

അദ്ധ്യക്ഷൻ: കമ്മിറ്റിയുടെ ശുപാർശയെപ്പറ്റി ഇപ്പോഴത്തെ യോഗത്തിൽ ആലോചിക്കുന്നതിനു സൗകര്യമില്ലെന്നുള്ളതാണു ഒരു ബുദ്ധിമുട്ട്.

ശ്രീ: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): അതിനെപ്പറ്റി ഇപ്പോഴത്തെ യോഗത്തിൽതന്നെ ആലോചിച്ചുകൊണ്ടുതന്നെ ഞങ്ങൾ അവശ്യപ്പെട്ടുന്നില്ല.

അദ്ധ്യക്ഷൻ: സഭ വീണ്ടും കൂടുന്നതുവരെ അതുസംബന്ധിച്ചുള്ള നടപടിക്രമം മൂന്നു മാസം കഴിഞ്ഞുപോകുന്നതും മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞതുപോലെ എസ്റ്റാബ്ലിഷ്മെൻറ് നടത്തുന്നതിനാവശ്യമുള്ള തുക കരുതുകയും വേണ്ടതുണ്ടെന്നതും ഓർക്കുമ്പോൾ ഞങ്ങൾക്കു ഉടൻതന്നെയോ മൂന്നുമാസം കഴിഞ്ഞിട്ടോ അങ്ങനെയുള്ള ഒരു ഫണ്ടു ഉണ്ടാക്കിത്തീർക്കണമോ, അതല്ല മൂന്നുമാസത്തിനുശേഷം ഒരു മാസത്തേക്കോ മറ്റോ സഭയുടെ അഭിപ്രായം അറിയുന്നതുവരെ അയയ്ക്കുടരണമോ എന്നുള്ളതാണ് വാദവിഷയം.

ശ്രീ: എ. കെ. പിള്ള (കരുനാഗപ്പള്ളി): നമ്മുടെ ഈ എന്ന ജില്ലയിലുള്ളവരുടെ ഇടയിൽ ഇപ്രകാരമുള്ള ഉദ്ദേശിച്ചിരിക്കുന്ന കുടിനടപ്പ് മിസ്റ്റർ റോബിൻസൺ എങ്ങനെ മനസ്സിലാക്കുമോ?

ശ്രീ: എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരവകുപ്പും കമ്മീഷണർ): സർ, ജോലിനടത്തിക്കുന്നതിനു എനിക്കു കുറെ പണം ആവശ്യമുണ്ട്. മൂന്നുമാസത്തേക്കു ആവശ്യമുള്ള പണം എന്താണെന്നു അറിയുന്നതിലേക്കു മൊത്തം ജനസംഖ്യയെ നാലുകൊണ്ടു ഹരിച്ചിട്ടാണ് പ്രസ്തുത തുക കണക്കാക്കിയിട്ടുള്ളതു്.

ശ്രീ: എ. കെ. പിള്ള (കരുനാഗപ്പള്ളി): അസിസ്റ്റൻറ് തഹശീൽദാരെ ഇടയ്ക്കിടെ ഇടയ്ക്കിടെയോ എന്നുള്ള സംഗതി കമ്മിറ്റി ആലോചിക്കേണ്ടതായ സംഗതികളിൽ ഉൾപ്പെട്ടതോ എന്നു മിസ്റ്റർ റോബിൻസൺ എങ്ങനെ അറിയിക്കുമോ?

ശ്രീ: എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരവകുപ്പും കമ്മീഷണർ): എനിക്കു കേൾക്കാൻ പാടില്ല.

അദ്ധ്യക്ഷൻ: അസിസ്റ്റൻറ് തഹശീൽദാരെ നിയമിക്കേണ്ടതു അതല്ല ഇടയ്ക്കിടെയോ എന്നുള്ള സംഗതി കമ്മിറ്റിയുടെ അഭിപ്രായവിഷയങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നാണ് മിസ്റ്റർ എ. കെ. പിള്ളയ്ക്കു അറിയേണ്ടതു്.

ശ്രീ: എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരവകുപ്പും കമ്മീഷണർ): ആ വിഷയത്തെപ്പറ്റിയെല്ലാം കമ്മിറ്റി ആലോചിക്കുന്നതാകുന്നു.

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): അടുത്തകൊല്ലത്തിലെ ആദ്യത്തെ മൂന്നുമാസങ്ങളിൽ ഈ അസിസ്റ്റൻറ് തഹശീൽദാരന്മാരുടെ ജോലി എന്തായിരുക്കുമെന്നു മിസ്റ്റർ റോബിൻസൺ പറയുമോ?

ശ്രീ: എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരവകുപ്പും കമ്മീഷണർ): ഈ പുതിയ ഡെപ്യൂട്ടി തഹശീൽദാരന്മാർ—അവരെ അസിസ്റ്റൻറ് തഹശീൽദാരന്മാരെന്നു ഞാൻ നാമകരണം ചെയ്യുന്നില്ല—ലാൻഡ് റിക്കാർഡുജോലി ചെയ്യുന്നതിനു തഹശീൽദാരന്മാരെ സഹായിക്കുന്നതിനുപുറമെ—

അദ്ധ്യക്ഷൻ: "അടുത്തകൊല്ലത്തിലെ ആദ്യത്തെ മൂന്നുമാസങ്ങളിൽ അവരുടെ ജോലി എന്തായിരിക്കും" എന്നാണു ചോദിക്കുന്നതു്.

ശ്രീ: എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരവകുപ്പും കമ്മീഷണർ): സ്കെച്ചുകൾ മുതലായവ പൂർത്തിയാക്കുന്നതിനു അവർ തുടർന്നു ജോലിചെയ്യും. പുതിയപദ്ധതിയെ ആകുന്നിടത്തോളം വേഗത്തിൽ നടപ്പാക്കണമെന്നാണ് എൻറെ വലുതായ മോഹം.

ശ്രീ: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, ഈ ഉപക്ഷേപത്തെപ്പറ്റി എനിക്കല്പം പ്രസ്താവിക്കാനുണ്ട്. ഭൂമിറിക്കാർഡുസംരക്ഷണപദ്ധതിയെ കമ്മിറ്റിയിൽനിന്നും പുതുക്കുന്നതുവരെ മൂന്നുമാസത്തേയ്ക്കു പക്ഷെ പുതിയപദ്ധതിയെപ്പറ്റി സഭയ്ക്കുള്ള അഭിപ്രായം അറിയുന്നതിനു വേണ്ടിവരുന്ന കാലത്തേക്കും അസിസ്റ്റൻറ് തഹശീൽദാന്മാരുടെ ഓഫീസ് തുടരുന്നതാണെന്നു പറയുകയുണ്ടായി.

ശ്രീ: എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരവകുപ്പും കമ്മീഷണർ): അങ്ങിനെ അന്ത്യമാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

അദ്ധ്യക്ഷൻ: ഇല്ല, സഭ അതിനെപ്പറ്റി ആലോചിക്കേണ്ടതും അതു സംബന്ധിച്ചുള്ള അഭിപ്രായം പുറപ്പെടുവിക്കേണ്ടതുമാകുന്നു.

ശ്രീ: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): കമ്മിറ്റിയിൽനിന്നും ഏതൊരു പദ്ധതിയും രൂപികരിക്കപ്പെട്ടെന്നുകിലും, അതു നല്ലതായാലും കൊള്ളാം ചീത്തയായാലുംകൊള്ളാം, അതിനെപ്പറ്റി ചർച്ചചെയ്യേണ്ടതു് സഭ മുഴുവനും—സഭയിലെ അനദ്ധ്യോഗസ്ഥാംഗങ്ങൾ മാത്രമെങ്കിലും—ആണെന്നാണു ഈ സഭയുടെ അഭിപ്രായം; ആ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു; അതു സഭ സമ്മതിക്കുന്നതുവരെ ഗവർമെൻറിനു നിന്നും യാതൊരുവിധമായ ചെലവും ചെയ്യാൻ പാടില്ലാത്തതാകുന്നു. അതുസംബന്ധിച്ചു നീക്കിവച്ചിട്ടുള്ള തുക ബഡ്ജറിൽനിന്നും നാം എടുത്തുകളയാത്തപക്ഷം അടുത്ത പ്രസ്തുത പദ്ധതിയെ സഭയിൽ സമർപ്പിക്കാൻവേണ്ടി വരുന്നകാലത്തോളം ഇടയ്ക്കതായിത്തന്നെയിരിക്കുന്നു.

അദ്ധ്യക്ഷൻ: അതിനെസംബന്ധിച്ചുള്ള അഭിപ്രായം സഭ പുറപ്പെടുവിക്കുന്നതുവരെ.

ശ്രീ: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതെ, അപ്രകാരം സംഭവിക്കുന്നതായാൽ, ഭൂമിറിക്കാർഡുസംരക്ഷണം സംബന്ധിച്ചുള്ള അനാശാസ്യമായ ജോലികളെ തുടരുന്നതിനു് അസിസ്റ്റൻറ് തഹശീൽദാരെ അനുവദിക്കാൻ പാടില്ലെന്നാണ് എൻറെ അഭിപ്രായം. പുറമ്പോക്കുകളുടെ സർവ്വെ നിർത്തിവയ്ക്കുന്നതും ഭൂമി

ന്ത്കാർഡുസംരക്ഷണചട്ടങ്ങളിലെ നമ്പർ ചട്ടമനുസരിച്ചുള്ള അസിസ്റ്റന്റുതഹശിൽദാരുടെ ഇപ്പോഴത്തെ ജോലി നിറുത്തിവയ്ക്കുന്നതും അഭികാമ്യം. ഇപ്പോഴത്തെ നടപടിക്രമം വിപരീതമാണെന്നു പ്രത്യക്ഷമായിരിക്കുന്ന റിക്കാർഡുകളെ സംബന്ധിച്ചിടത്തോളം ഭാരതസർക്കാരിനെ അഭിപ്രായം ചെയ്യാൻ അദ്ദേഹത്തെ അനുവദിച്ചുകൊടുത്തതായും കാണുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ആഭ്യന്തരകൃഷിയും കമ്മീഷണർ): ഇപ്പോൾതന്നെ ഗവർണ്മെന്റിന്റെ നമ്പർ ചട്ടത്തിന്റെ ദോഷപ്പെടുത്തിയിട്ടുണ്ട്.

മി: കെ. പരമേശ്വരൻപിള്ള (കൊല്ലം): ഭൂമിറിക്കാർഡുസംരക്ഷണപദ്ധതി ഏതുപ്രകാരം സഭയിൽ സമർപ്പിക്കുമെന്നും നടപ്പിലാക്കുന്നതുവരെ മെംബറിൽനിന്നു എനിക്കറിഞ്ഞാൽകൊള്ളാം.

അദ്ധ്യക്ഷൻ: ഏതുപ്രകാരത്തിൽ പദ്ധതി സഭയിൽ ഹാജരാക്കപ്പെട്ടുമെന്നുള്ള ഒരു നല്ല വാദമുഖം മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള കൊണ്ടുവന്നിരിക്കുന്നു.

മി: ഡി. ഡബ്ബ്യൂയർ (നിയമിക്കപ്പെട്ട മെംബർ, ഡിപ്പ്യൂട്ടിപ്രസിഡൻറ്): കമ്മിറ്റി സ്വീകരിക്കുന്ന പക്ഷത്ത് സഭ അംഗീകരിക്കണമെന്നുള്ള ഒരു പ്രമേയം മിസ്റ്റർ റാബിൻസൺ ഹാജരാക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. പരമേശ്വരൻപിള്ള (കൊല്ലം): അതു ഗവർണ്മെന്റിൽനിന്നും ഉത്ഭവിക്കുന്ന ഒരു പ്രമേയമായിരിക്കുമെന്നു ഞാൻ കരുതുന്നു. അപ്രകാരം ചെയ്യുന്നതായാൽ ഗവർണ്മെന്റിന്റെ ഒരു പ്രതിനിധി എന്ന മട്ടിൽ മിസ്റ്റർ റാബിൻസൺ ഗവർണ്മെന്റിനോടു ഒരു ശുപാർശചെയ്യുന്നതായി ഗണിക്കപ്പെടേണ്ടിയിരിക്കുന്നു. എന്നായാലും ഗവർണ്മെന്റിന്റെ അംഗീകരണത്തിനായി മിസ്റ്റർ റാബിൻസൺ ഒരു പ്രമേയം ഹാജരാക്കുകയെന്നുള്ള സംഗതി മനസ്സിലാകുന്നതു പ്രയാസംതന്നെ.

അദ്ധ്യക്ഷൻ: മിസ്റ്റർ റാബിൻസൺ കമ്മിറ്റിയിലെ ഒരു അംഗമായിരിക്കുന്നതാണ്.

മി: കെ. പരമേശ്വരൻപിള്ള (കൊല്ലം): എന്നാൽ ഒരു ഉദ്യോഗസ്ഥാംഗം ഒരു പ്രമേയം ഹാജരാക്കുകയെന്നുള്ള സംഗതി എനിക്കു മനസ്സിലാകുന്നില്ല.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ, ഡിപ്പ്യൂട്ടിപ്രസിഡൻറ്): മദ്രാസു നിയമസഭയിലും ബെങ്കി സ്ലേറ്ററീവ് അസംബ്ലിയിലും ഉദ്യോഗസ്ഥാംഗങ്ങൾ ദിവസംപ്രതി പ്രമേയങ്ങൾ ഹാജരാക്കുന്നുണ്ട്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): എതൊരു മെംബറിനും പ്രമേയം ഹാജരാക്കാമെന്നു നമ്പർ ചട്ടത്തിൽ പ്രസ്താപിച്ചിരിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, ഞാൻ ഓർഡറിലായിരുന്നോ എന്നു മിസ്റ്റർ പരമേശ്വരൻപിള്ള സൂചിപ്പിച്ചപ്പോൾ ഞാൻ നിയമാനുസൃതം സഭയിൽ സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. പ്രസ്തുത പദ്ധതിയെ എങ്ങിനെയെങ്കിലും അംഗീകരിക്കുമെന്നു മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പറഞ്ഞ സംഗതിതന്നെയാണു ഞാൻ നിർദ്ദേശിക്കണമെന്നു ഉദ്ദേശിച്ചിരുന്നതും പ്രസ്താപിക്കാൻ തുടങ്ങിയതും. സർ, ഉദ്യോഗസ്ഥന്മാർ, തൽചിലവുകൾ മുതലായ ഇനങ്ങളിൽ ചെലവാക്കുന്നതിനെ വിചാരമായി കാണിച്ചു ഭൂമിറിക്കാർഡുസംരക്ഷണത്തിനായി ഒരു സപ്ലിമെൻററിഗ്രാൻറു ആവശ്യപ്പെടണം. അപ്രകാരം ചെയ്യുന്നതുസഭയുടെ അഭിപ്രായം അറിയുന്നതിനു ഏറ്റവും ഉത്തമമായ വഴിയായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ബഡ്ജറ്റിൽ വിവരണങ്ങളോടുകൂടിയുള്ള അപ്പോട്ടുമെൻറിനുപകരം മൊത്തമായ ഒരു തുക നീക്കിവച്ചിരിക്കയാണ് ചെയ്തിട്ടുള്ളതു്. പ്രവർത്തനത്തിനു കൊണ്ടുവരണമെന്നുദ്ദേശിക്കപ്പെട്ടിരിക്കുന്ന പുതിയ പദ്ധതിയെ സകല വിവരങ്ങളോടുകൂടി റവന്യൂകമ്മീഷണർ ഒരു സപ്ലിമെൻറു ഡിമാൻറു രൂപത്തിൽ സഭയിൽ ഹാജരാക്കണം. നാം ഇന്നു് അനുവദിക്കുന്ന മൊത്തം തുകയിൽ നിന്നു് മുമ്പേക്കൂട്ടി അനുവദിച്ചിട്ടുള്ളതുകയെ ഉപയോഗപ്പെടുത്തുമെന്നു മാത്രമേയുള്ളൂ. അതിനാൽ മൊത്തം തുക നാം ഇന്നു അനുവദിക്കുന്നതിനെ പ്രത്യേകം പരിഗണിച്ചു ഭൂമിറിക്കാർഡുസംരക്ഷണത്തിനെ സംബന്ധിച്ചിടത്തോളം ഒരു ഗ്രാൻറു ആവശ്യപ്പെടുന്നതിൽ നിയമവിരോധമായി യാതൊന്നുംതന്നെയില്ല. അതുകൊണ്ടു യാതൊരു ബുദ്ധിമുട്ടും നേരിടാത്തതും പ്രവർത്തനത്തിനു കൊണ്ടുവരണമെന്നുദ്ദേശിക്കപ്പെട്ടിരിക്കുന്ന മുഴുവൻ പദ്ധതിയേയും സഭയിൽ സമർപ്പിച്ചു അതിനെപ്പറ്റി ആലോചിക്കാവുന്നതും അഭികാമ്യം.

മി: കെ. പരമേശ്വരൻ പിള്ള (കൊല്ലം): കാലേക്കൂട്ടി സഭയിൽ നിന്നും അനുവദിക്കപ്പെട്ട ഒരു ഗ്രാൻറിനെ സംബന്ധിച്ചിടത്തോളം ഒരു സപ്ലിമെൻററി ഗ്രാൻറു ആവശ്യപ്പെടാൻ ഗവണ്മെൻറിനു അവകാശമുണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സപ്ലിമെൻററി ഗ്രാൻറിൽ വിവരണങ്ങളൊന്നും കൊടുത്തിരിക്കും. ഇപ്പോൾ നീക്കിവച്ചിട്ടുള്ളതുക ഒരു മൊത്തത്തുക മാത്രമാണ്. ഇപ്പോൾ തീർച്ചപ്പെടുത്താവുന്നതുകാലേക്കൂട്ടി അറിയപ്പെടാവുന്നതൊ പാഴില്ലാത്ത ഒരു ക്രമം അനുസരിച്ചു ആ തുകയെ ഉപയോഗപ്പെടുത്തണമെന്നു ഗവണ്മെൻറു ഇനിമേൽ നമ്മളോടാവശ്യപ്പെട്ടാൽ; അപ്രകാരമുള്ള ഒരു ഏർപ്പാടിനെ തടയുന്നതായ യാതൊരു ചട്ടമൊ സ്റ്റാൻഡിംഗ് ഉത്തരവൊ ഞാൻ കാണുന്നില്ല. വാസ്തവത്തിൽ ഒരിക്കൽ ഇപ്രകാരം നടത്തിട്ടുമുണ്ട്. മുമ്പുകൂട്ടി അനുവദിക്കപ്പെട്ടിരുന്ന പണത്തിൽ നിന്നു ഡാക്ടർ കുഞ്ഞൻപിള്ള ചിലവാക്കുകയും ആ ഗ്രാൻറിൽ ഉൾപ്പെട്ടിരുന്ന പണത്തിനായി ഒരു സപ്ലിമെൻററി ഡിമാൻറു ഈ സഭയോടു അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തു. അപ്രകാരമുള്ള ഒരു നടപടിയിൽ യാതൊരു നടപടി പിശകുമില്ലാത്തതാകുന്നു; അതു സംബന്ധിച്ചു യാതൊരു ബുദ്ധിമുട്ടുമില്ലതന്നെ. എന്തായാലും കാര്യസ്ഥിതിപ്രകാരം ഒരു സപ്ലിമെൻററി ഡിമാൻറു മുഖേനയോ അല്ലാത്തപക്ഷം ഒരു പ്രമേയമനുസരിച്ചോ പദ്ധതി നടപ്പിൽ വരുത്തുന്നതിനു മുൻപായി ഈ സഭയുടെ അഭിപ്രായം അറിയേണ്ടതാണ്.

മി: എൻ. വി. ജോസഫ് (പറവൂർ): സർ, അസിസ്റ്റൻറു തഹശിൽദാരെപ്പറ്റി ജനങ്ങൾക്കുള്ള അഭിപ്രായം എന്താണെന്നു ഗവണ്മെൻറിനെ ധരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ പ്രമേയം ഹാജരാക്കിയിട്ടുള്ളതു്. ഈ വിഷയത്തെപ്പറ്റി ഗവണ്മെൻറു വീണ്ടും ആലോചിക്കുന്നതാണെന്നും എങ്കിലും പുതിയ പദ്ധതി നടപ്പിൽ വരുത്തുന്നതിനു മുൻപു ഈ സഭയുടേയും അൻമതിക്കു ആവശ്യപ്പെടുമെന്നും ഗവണ്മെൻറു പറഞ്ഞിരിക്കുന്നതിൽ ഞങ്ങൾ വളരെ നന്ദിയുള്ളവരായിരിക്കുന്നു. ആയതു നടപ്പിൽ വരുത്തുന്നു

തിനുമുൻപു ഈ സഭയുടെ അനുമതി കൂടി ചോദിക്കുന്നതാണെന്നു അദ്ധ്യക്ഷൻ ഞങ്ങൾക്കറിഞ്ഞു തന്നിരിക്കുന്നു. അതിനാൽ ഉപക്ഷേപകനെ ഞാൻ പിൻവലിക്കുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ചാർജ്ജുള്ള റവന്യൂവും അഭ്യന്തരവകുപ്പിലും കമ്മീഷണർ): സർ, കമ്മിറ്റിയിലെ മെംബറന്മാരെ ഇന്നുതന്നെ തിരഞ്ഞെടുക്കണമെന്നു ഞാൻ നിർദ്ദേശിക്കട്ടെയോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ: ഡിപ്യൂട്ടി പ്രസിഡൻറു): നാളെ നമുക്കു മെംബറന്മാരെ തിരഞ്ഞെടുക്കാം.

അദ്ധ്യക്ഷൻ: അനുദ്യോഗസ്ഥാംഗങ്ങളേക്കൊണ്ടു ചെയ്യണമെന്നു ഗവർണ്മെൻറു ആവശ്യപ്പെട്ടതനുസരിച്ചു ജോലി ആരംഭിക്കണമെന്നുണ്ടു് ഞാനിപ്പോൾ പറയാൻ പോകുന്നതു്. കമ്മിറ്റിയിൽ നിന്നു കയ്യൊഴിക്കാൻ പോകുന്നജോലിയുടെ പുറമേയുള്ള ആകൃതി കാണിച്ചു തരുന്നതിനു പുറമെ മിസ്റ്റർ റാബിൻസൺ യാതൊന്നും തന്നെ ചെയ്കയില്ല. എന്നാൽ ആ രൂപത്തിനെ ശക്തിമത്താക്കുന്നതിലെ ഒരു പുതിയ പദ്ധതി രൂപീകരിക്കുന്നതിലെ നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണു്. അപ്രകാരമിരിക്കെ പദ്ധതിയെ സഭയിലെ അനുദ്യോഗസ്ഥാംഗങ്ങൾ തന്നെ പ്രവർത്തിപ്പിക്കേണ്ടിയിരിക്കുന്നു; അതിലേക്കുള്ള മുഴുവൻ ചുമതലയും അവർ തന്നെ വഹിക്കേണ്ടതുമാണു്; ഉദ്യോഗസ്ഥചക്രത്തിൻറെ ഒരു ഭാഗം സംബന്ധിച്ചുള്ള നയത്തെ അനുദ്യോഗസ്ഥാംഗങ്ങൾ രൂപീകരിക്കുന്നതു കാണാൻ വളരെ കൌതുകകരമായിരിക്കും. (ഹിയർ, ഹിയർ).

തൻറെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു മിസ്റ്റർ ജോസഫിനെ സഭ അനുവദിക്കുന്നുവെന്നു ഞാൻ വിചാരിക്കുന്നു,

അനുമതി പ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൪ മുതൽ നമ്പർ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല:—

മി: ജി. പരമേശ്വരൻപിള്ള:

൨൪. ഭൂമി റിക്കാർഡു എസ്റ്റാബ്ലിഷ്മെൻറിനു നീക്കിവച്ചിട്ടുള്ള ക,കക,നന്നു രൂപയിൽനിന്നു കഠ രൂപ കുറയ്ക്കണമെന്നു.

മി: ടി. കുമാരപിള്ള:

൨൫. ഭൂമി റിക്കാർഡു എസ്റ്റാബ്ലിഷ്മെൻറിനു നീക്കിവച്ചിട്ടുള്ള ക,കക,നന്നു രൂപയിൽനിന്നു കഠ രൂപ കുറയ്ക്കണമെന്നു,

മി: കെ. പി. നീലകണ്ഠപ്പിള്ള:

൨൬. ഭൂമിറിക്കാർഡു എസ്റ്റാബ്ലിഷ്മെൻറിനു നീക്കിവച്ചിട്ടുള്ള ക,കക,നന്നു രൂപയിൽ നിന്നു കഠ രൂപ കുറയ്ക്കണമെന്നു,

മി: ജി. രാമൻമേനോൻ:

൨൭. ഭൂമി റിക്കാർഡുഎസ്റ്റാബ്ലിഷ്മെൻറിനു നീക്കിവച്ചിട്ടുള്ള ക,കക,നന്നു രൂപയിൽനിന്നു കഠ രൂപ കുറയ്ക്കണമെന്നു,

മി: ജി. രാമൻമേനോൻ:

൨൮. ഫീൽഡുഎസ്റ്റാബ്ലിഷ്മെൻറിനു നീക്കിവച്ചിട്ടുള്ള ൨൯,൪൨൯ രൂപയിൽനിന്നു ൪൨൯ രൂപ കുറയ്ക്കണമെന്നു.

മി: ടി. കുമാരപിള്ള:

൨൯. സഞ്ചാരപ്പടിക്കു നീക്കിവച്ചിട്ടുള്ള ൪,കഠ൦ രൂപയിൽനിന്നു ക,൦൦൦ രൂപ കുറയ്ക്കണമെന്നു.

മി: കെ. മാധവൻപിള്ള:

൩൦. റവന്യൂസർവേയന്മാർക്കു നീക്കിവച്ചിട്ടുള്ള ൩൫,൨൦൦ രൂപയിൽ നിന്നു കഠ൦ രൂപ കുറയ്ക്കണമെന്നു.

മി: ജി പരമേശ്വരൻപിള്ള:

൩൧. ഡിമാൻറു ക ഇനത്തിൽ മൊത്തം നീക്കിവച്ചിട്ടുള്ള വ.൩൦ ലക്ഷം രൂപയിൽ നിന്നു കഠ൦ രൂപകുറയ്ക്കണമെന്നു.

മി: കെ. ഐ. ജോസഫ്:

൩൨. ഡിമാൻറു ക ഇനത്തിൽ മൊത്തം നീക്കിവച്ചിട്ടുള്ള വ.൩൦ ലക്ഷം രൂപയിൽ നിന്നു കഠ൦ രൂപകുറയ്ക്കണമെന്നു.

മി: എൻ. വി. ജോസഫ്:

൩൩. ഡിമാൻറു ക ഇനത്തിൽമൊത്തം നീക്കിവച്ചിട്ടുള്ള വ.൩൦ ലക്ഷം രൂപയിൽ നിന്നു കഠ൦ രൂപകുറയ്ക്കണമെന്നു.

അദ്ധ്യക്ഷൻ: ചാർജ്ജുള്ള റവന്യൂ—ഡിമാൻറു ക ഇനത്തിൽ കഠ൦ രൂപ കുറച്ചു വ.൩൦ ലക്ഷം രൂപ അനുവദിക്കുന്നതിനു ഞാൻ സഭയിൽവോട്ടിനിടുന്നു.

ഗ്രാൻറു അനുവദിച്ചു.

അടുത്ത ദിവസം കകഠ-൩൦ മണിക്കു വീണ്ടും കൂടാനുള്ള നിശ്ചയത്തോടുകൂടി ൪-കഠ മണിക്കു യോഗം പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി,

(A true translation)

T. RAAMLINGAM PILLAI,
Head Translator to Government.

രണ്ടാമത്തെ സഭ.

കൊ ൦൦-ാമെ ആണ്ടാരംഭത്തെ സെഷൻ. കൊ൨൬ ആഗസ്റ്റ് ൭-ാംനു വെള്ളിയാഴ്ച

അഫിഷ്യൽ റിപ്പോർട്ട്.

നിയമനിർമ്മാണസഭ കാലത്തു പതിനൊന്നരയ്ക്കു മുമ്പു മിന്നിട്ടായപ്പോൾ വിളംബരം ചെയ്ത ശ്രീമൂലം ഹാളിൽ നിയമസഭാപ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും.

സ്റ്റാൻഡിങ്ങ് ഓർഡർ നമ്പർ കൊ൨ പ്രകാരം പ്രസിഡൻറ് പാസ്സാക്കിയ ഉത്തരവു്:—

(എ) സഭയുടെ ഓരോ യോഗത്തിലും ചോദിക്കാനുള്ള ചോദ്യങ്ങളുടേയും അവയ്ക്കു കൊടുക്കുന്ന മറുപടികളുടേയും അച്ചടിച്ച പകർപ്പുകൾ പ്രസിഡൻറ് ഓഫീസിലാകുന്നതിനു കുറഞ്ഞതു മുമ്പായി മേശപ്പുറത്തുവച്ചിരിക്കണം.

(ബി) ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടികൾ കൊടുക്കുന്നതും താഴെ കാണിച്ചിട്ടുള്ള ക്രമപ്രകാരം ആയിരിക്കണം.

ഓരോ പ്രശ്നകർത്താവിന്റേയും പേർ, നമ്പർ ക്രമപ്രകാരം സെക്രട്ടറി വിളിക്കുകയും അങ്ങനെ അദ്ദേഹത്തിന്റെ ചോദ്യങ്ങളുടെ നമ്പർ പ്രസ്താപിക്കയും ചെയ്തിട്ടു്, അദ്ദേഹത്തിനു വല്ല ഉപചോദ്യങ്ങളും ചോദിക്കാനുണ്ടെങ്കിൽ അതിനു സൌകര്യമുണ്ടാകത്തക്കവണ്ണം തന്റെ സ്ഥാനത്തു എഴുന്നേറ്റുനിൽക്കാൻ അല്പസമയം കൊടുക്കണം. പ്രധാന ചോദ്യങ്ങളെ ഉടൻതന്നെ അതുമായി സംബന്ധിച്ച ഉപചോദ്യങ്ങളും ചോദിക്കേണ്ടതാകുന്നു.

൪൪. മലക്കാട്ടകളും ജലസംഭരണസ്ഥലം.

മി. എം. ശിവതാണുപിള്ള (തോവാള): (എ) ആരുവാമൊഴിക്കു സമീപമുള്ള മലക്കാട്ടകളും ജലസംഭരണ പദ്ധതിയെ സംബന്ധിച്ചു എന്തെല്ലാം നടപടികളും നടത്തിയിട്ടുണ്ടെന്നു ഗവൺമെൻറു ദയവായി പറയുമോ?

(ബി) ഈ പദ്ധതി നടപ്പിൽ വരുത്തുന്നതായാൽ ഏകദേശം ൧൫,൦൦൦ ഏക്കർ സ്ഥലത്തിനു ജലസൌകര്യം ഉണ്ടാക്കികൊടുക്കുമെന്നു ഗവൺമെൻറിനു അറിയാമോ?

(സി) ഈ പദ്ധതി കഴിവുള്ളതാണോ, നടപ്പിൽ വരുത്തുന്നതിനു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

മി. ജി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) ഈ ജലസംഭരണത്തിന്റെ ആവശ്യത്തെ നിർണ്ണയിക്കുന്നതിനു വേണ്ട അന്വേഷണം നടത്തേണ്ടതായിട്ടാണ് ഇരിക്കുന്നതു. കൃഷിയ്ക്കുപയുക്തങ്ങളായ കുളങ്ങളും ഇപ്പോൾ നന്നാക്കിയിരുന്നുണ്ടു്. ഈ കുളങ്ങളെ നന്നാക്കുന്നതുകൊണ്ടുള്ള പ്രയോജനം അറിഞ്ഞതിനുശേഷം ജലസംഭരണം സംബന്ധിച്ചുള്ള അന്വേഷണം ആരംഭിക്കുന്നതാണ്.

(ബി) ഏകദേശം ൯,൦൦൦ ഏക്കർ സ്ഥലത്തിനു് ഇതുകൊണ്ടു പ്രയോജനം സിദ്ധിക്കുമെന്നുപറഞ്ഞതു തൽപ്രദേശത്തെ ശ്രീമൂലം പ്രജാസഭായോഗത്തിൽ ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടു്.

(സി) ഒന്നാം ഓപ്പറേഷനുള്ള മറുപടിനോക്കുക.

മി. ശിവതാണുപിള്ള (തോവാള) മുമ്പു ഇവിടെ എഞ്ചിനീയർ ആയിരുന്ന മി. ഫഴ്സ്ലെ, ആരുവാമൊഴിക്കുസമീപം ഒരു ജലസംഭരണം ഉണ്ടായിരിക്കേണ്ട ആവശ്യത്തെ നോട്ടീലാക്കിയിരുന്നുഎന്നു ഗവൺമെൻറിനറിയാമോ?

മി. ജി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു് സെക്രട്ടറി): അതേ സംബന്ധിച്ചുള്ള വിവരങ്ങളും ഇപ്പോൾ അറിയാൻ നിവൃത്തിയില്ല.

മി. ശിവതാണുപിള്ള (തോവാള): കൃഷിയ്ക്കുപയുക്തങ്ങളായി മുമ്പു് അവിടെയുണ്ടായിരുന്ന തടങ്ങളുടെ വിവരങ്ങൾ അന്വേഷണം നടത്തുന്നതിനു ഒരു പ്രത്യേക വകുപ്പു അവിടെ ഇല്ലയൊ?

മി. ജി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): എനിക്കറിവില്ല.

മി. ശിവതാണുപിള്ള (തോവാള): ഉദ്ദേശിച്ചിട്ടുള്ള ഈ ജലസംഭരണസ്ഥലത്തിനടുത്തുള്ള കുളങ്ങളെ തരിപ്പെടുത്തി സൂക്ഷിക്കുന്നതിനു് എന്തു ചെലവുവരുമെന്നു പറയാൻ മെമ്പറിനു ദയയുണ്ടാകുമോ?

മി ജി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): നോട്ടീസുകിട്ടണം.

൪൫. മാവേലിക്കരത്താലൂക്കിൽ വെട്ടിയാറു പുഞ്ചയിലുള്ള വെള്ളം കവളിയിൽ കളയുന്നതിനു ഒരു തോടു കുഴിക്കണം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

(എ) സമീപമുള്ള ആറു ലേക്കു വെള്ളംപായിച്ചുകളയുന്നതിനു് ഉപയുക്തമായ തോടുകൾ ഇല്ലാത്തതുകൊണ്ടു് മാവേലിക്കരത്താലൂക്കിൽ വെട്ടിയാറു കൊറ്റവേലി പുഞ്ച ഉടമസ്ഥന്മാർക്കു് ഉണ്ടായ കൊണ്ടിരിക്കുന്ന ചേതമായ നഷ്ടത്തെപ്പറ്റി അവർ കൂടക്കൂടെ അറിയിച്ചുകൊണ്ടിരിക്കുന്ന ഹർജികളെ സംബന്ധിച്ചു ഗവൺമെൻറു എന്തുനടപടി നടത്തിയിട്ടുണ്ടെന്നു പറയാൻ ദയയുണ്ടാകുമോ?

(ബി) അപേക്ഷിച്ചിട്ടുള്ള തോടു ഉടനെ പുഞ്ചകൃഷിയ്ക്കുമുമ്പോ അല്ലെങ്കിൽ കഴിയുന്ന വേഗത്തിലോ, വെട്ടുന്നതിനുവേണ്ട ഉത്തരവുകൾ അയയ്ക്കുവാൻ ഗവൺമെൻറിനുദ്ദേശമുണ്ടോകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) വെട്ടിയാൻ തൊട്ടിനെ ഡാം ഭാഗം ഫ്രവ്യാം നമ്പർ പുതിയ വേലകളുടെ ഇതത്തിൽചേർത്തുകൊള്ളുന്നതിന കഫ ക-ലേക്കുള്ള പ്രീലിമിനറി ബഡ്ഡുറിൽവേണ്ട പ്രവർത്തനചെയ്തിട്ടുണ്ട്.

(ബി) എസ്റ്റിമേറു തയാറാക്കി സ്വന്തമാക്കിച്ചശേഷം ഈ സഭയിൽ ബഡ്ഡുറിലുള്ള തുക അനുവദിക്കുന്ന എങ്കിൽ മാത്രമേ ആരംഭിക്കുന്നതാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ബഡ്ഡുറിൽ നിക്ഷേപിച്ചിട്ടുള്ള തുക ആ പേലെ പൂർത്തിയാക്കുന്നതിന മതിയാകുമോ? ഈതോ, ഈതിന്റെ എത്രാമത്തെഭാഗംമാത്രം ജോലിനടത്തുന്നതിനാ ണുദ്ദേശിച്ചിട്ടുള്ളതാ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): കഫ ക-ലെ ബഡ്ഡുറിൽ നിക്ഷേപിച്ചിട്ടുള്ള തുക ക, 5 0 0 രൂപയാകുന്നു. പണിപൂർത്തിയാക്കാൻ ഏതു മതിയാകുമോ എന്നു പറയാൻ എന്നാൽ സാധിക്കയില്ല.

൪൩. പത്തിയൂർ ക്ഷേത്രത്തിന സമീപം കായംകുളത്തോട്ടിൽ ഉള്ള പാലം കേടുതീർത്തു നന്നാക്കണം.

ശ്രീ. രാമൻമേനോൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): (എ) കീരിക്കാട്ട, പത്തിയൂർ മുതലായ സ്ഥലങ്ങളിൽനിന്നും , മാവേലിക്കരയ്ക്കു പോ യില്ലേയ്ക്കുറോഡിൽ പത്തിയൂർ ക്ഷേത്രത്തിന കിഴക്കുവശത്തു കാ യംകുളം തോട്ടിൽ ഉണ്ടായിരുന്ന പാലം അനേകം സംവത്സരങ്ങളായി ജീർണ്ണിച്ചു് ഇപ്പോൾ അങ്ങുമിങ്ങും ചില ഇരുമ്പുതൂണുകൾമാത്രം നില്പുള്ളതായി അറിയാമോ?

(ബി) ധങ്ങികൾക്ക ഗതാഗതം ചെയ്യത്തക്കവിധത്തിലുള്ള ഒരു പാലം പണിയിച്ചു് ജനങ്ങൾക്ക് ഇപ്പോഴുള്ള ആപത്തിനെയും അസൗകര്യത്തെയും പരിഹരിക്കാൻ ഗവണ്മെൻറിന ഒരുദ്ദേശമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) കഫ ൻ വു-ൽ പാലം ഉപയോഗശൂന്യമായതുകൊണ്ടു പൊളിച്ചുകളഞ്ഞു, അവിടെ ഒരു കടത്തുവള്ളം നടപ്പിലാക്കി.

(ബി) പാലംപണികഴിപ്പിക്കാം. കഫ ഫ-ലെ പ്രീലിമിനറി ബഡ്ഡുറിൽപാലം പണിക്കുള്ള തുക വകയാക്കിയിട്ടുണ്ട്.

൪൭. കായംകുളംതോട്ടിൽ എരുവയ്ക്കു സമീപമുള്ള പാലം നന്നാക്കണം.

ശ്രീ. ജി. രാമൻമേനോൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): (എ) എരുവക്ഷേത്രത്തിന കിഴക്കുവശത്തു കായംകുളം തോട്ടിലുള്ള പാലം ജീർണ്ണിച്ചു ഗതാഗതംചെയ്യുന്നതു് അപകടകരമായ നിലയിലാണെന്നു ഗവണ്മെൻറിനറിയാമോ?

(ബി) അതു കഴിയുന്ന വേഗത്തിൽ നന്നാക്കുന്നതിന ഗവണ്മെൻറിന ഒരുദ്ദേശമുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ യും ബി യും) പാലം ജീർണ്ണപ്പെട്ടകിടക്കയായിരുന്നു. എന്നാൽ ഗതാഗതത്തിന ആപത്തില്ലാത്തവിധത്തിൽ നന്നാക്കിയിട്ടുള്ളതായി റിപ്പോർട്ടു കിട്ടിയിട്ടുണ്ട്. അതു പൂർണ്ണമായി പണികഴിപ്പിക്കുന്നതിനുള്ള എസ്റ്റിമേറു തയ്യാർചെയ്യുവരുന്നു.

൪൮. സാംബവരുടെ ഗ്രാമത്തിലേക്കുള്ള റോഡ്.

മി. ഇന്നാസുജോഷ്വ (ഗവണ്മെൻറ നിയമനം): (എ) നെടുമ്പനാട്ടിലെ സാംബവരുടെ ഗ്രാമത്തിലേയ്ക്കുള്ള റോഡുകൾ എപ്പോഴാണ് അറ്റകുറ്റപണിചെയ്തിട്ടുള്ളതെന്നു ഗവണ്മെൻറ ദയവായി പറയുമോ?

(ബി) ഗ്രാമങ്ങളിലേക്കു നയിക്കുന്ന ഏതു റോഡുകൾ പണികഴിപ്പിച്ചിട്ടുണ്ടെന്നും ഏതു പണികഴിപ്പിക്കേണ്ടതായിട്ടുണ്ടെന്നും പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) റോഡുകളുടെ ലിസ്റ്റ് ഗവണ്മെൻറ അന്വേഷിച്ചുവരുന്നു എന്നു അക്കോബർ മാസത്തിലാണ്.

(ബി) ചുരുങ്ങിയ റോഡുകൾ പണിതീർത്തുകഴിഞ്ഞു. നാല്പത്തൊന്നു റോഡുകൾകൂടി ഉണ്ടാക്കണം ഇതിനുള്ള താമസം ഭേദിക്കിടുന്നതിനുള്ള വൈഷമ്യവും ചേരികളിലെ ജനങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതുപോലെ മണ്ണുവേലയിൽ കാണിക്കുന്ന അശ്രദ്ധയും ആണ്.

൪൯. കോടതികളിലേക്കു റഗുലേഷൻ ചട്ടങ്ങൾ ഇവയുടെ ഓരോ പ്രതിവീതം കൊടുക്കണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): (എ) ഓരോ സഭയങ്ങളിലായി ഉണ്ടാക്കുന്ന റഗുലേഷൻസിന്റെയും അവയെ സംബന്ധിച്ചുള്ള ചട്ടങ്ങളുടെയും പ്രതികൾ ഈ താലൂക്കിലുള്ള കോടതികളിലേക്കു അയച്ചുകൊടുക്കുന്നുണ്ടോ?

(ബി) അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അവ അയച്ചുകൊടുക്കേണ്ടതാണെന്നു ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ?

മി. നാരായണൻ പണിക്കർ (അസ്സിസ്റ്റിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) ഇപ്പോൾ കോടതികളിലേക്കു അയച്ചുകൊടുത്തുവരുന്ന സർക്കർ ഗസറ്റിൽ റഗുലേഷൻസും ചട്ടങ്ങളും പ്രസിദ്ധം ചെയ്യുന്നതുകൊണ്ടു് ഇപ്പോൾ അവയെ പ്രത്യേകമായി അയച്ചുകൊടുക്കുന്നില്ല.

(ബി) ഈ നിർദ്ദേശത്തിന ഗവണ്മെൻറ മെമ്പറിനു നന്ദിപറഞ്ഞുകൊള്ളുന്നു. മേലാൽ ഇവ അയച്ചുകൊടുക്കുന്നതിനു ക്രമീകരണംചെയ്തുകൊള്ളാം.

൫൦. ആലുവാ പാലം പണിയുന്നതിനുള്ള എസ്റ്റിമേറു്.

മി. സി. പി. തരകൻ (കുന്നത്തുനാടു): ആലുവാ കടത്തുകടവിൽ പുതുതായി പണികഴിപ്പിക്കേണമെന്നു് ഉദ്ദേശിക്കുന്ന പാലത്തിനുള്ള എസ്റ്റിമേറു് ചീഫ്എഞ്ചിനീയർ ആഫീസിൽ തയ്യാറായിട്ടുണ്ടോ എന്നു പറയാൻ ഗവണ്മെൻറിന ഒരുദ്ദേശമുണ്ടാകുമോ?

മി ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അതേപ്പറ്റിയുള്ള ഒരു എസ്റ്റിമേറു് ഇപ്പോൾ ചീഫ്എഞ്ചിനീയരുടെ ആഫീസിൽ ആലോചനയിൽ ഇരിക്കയാണ്.

മി. സി. പി. തരകൻ (കുന്നത്തുനാട്): എസ്റ്റിമേറ്റ് എന്നത്തേയ്ക്ക് തയ്യാറാകുമെന്ന ഉദ്ദേശമായെങ്കിലും പറയാൻ സാധിക്കുമോ?

മി. ടി. പി. രാമസുബ്ബയർ (ഗവണ്മെൻറ് സെക്രട്ടറി): ചീഫ് എഞ്ചിനീയർ പറയുന്നതിങ്ങനെയാണ്.

"ഗവണ്മെൻറിലേക്ക് സമർപ്പിച്ചിരുന്നതും ഏകദേശം 2 ലക്ഷം രൂപയുടെ ചെലവു വരുന്നതുമായ ഒരു എസ്റ്റിമേറ്റ് ഇപ്പോൾ ഡിവിഷൻ ആഫീസർ അയച്ചുതന്നിട്ടുള്ള സർവ്വേ, നിരപ്പ്, ആഴം, അളവു മുതലായ ആധുനിക സ്ഥിതികാര്യങ്ങൾ യോജിക്കുമോ എന്നും ഇല്ലെങ്കിൽ ഇപ്പോഴത്തെ സാമാനവില, വേലക്കൂലി ഇവയ്ക്കനുസരണമായി പുതുക്കുന്നതിനു ഇപ്പോൾ ചീഫ് എഞ്ചിനീയരാഫീസിൽ അയച്ചു പരിശോധനയിൽ ഇരിക്കുന്നു."

ആവശ്യമെന്നു തോന്നുന്നുവെങ്കിൽ അതു പുതുക്കേണ്ടതായും വരും. അതുകൊണ്ടു എസ്റ്റിമേറ്റ് എപ്പോൾ തയ്യാറാകുമെന്നു പറയാൻ വയ്യാതിരിക്കുന്നു.

൪൭. മുനമ്പത്തു് ഉപ്പുവില്പന സംബന്ധിച്ചു അഴിമതികൾ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): (എ) മുനമ്പത്തു് ഉപ്പുപണ്ടകശാലയിലെ ഉപ്പുവില്പനയിൽ ഉള്ള അഴിമതികളെ സംബന്ധിച്ചു കൺവർ ആഗസ്റ്റ് മാസം ന്യൂനം നിയമസഭാമ്യൂക്ഷൻ ചെയ്തിട്ടുള്ള സ്റ്റേറ്റുമെൻറിനെ സംബന്ധിച്ചു ഗവണ്മെൻറ് എന്തെങ്കിലും പുതിയ അന്വേഷണം നടത്തിട്ടുണ്ടോ?

(ബ) ഉണ്ടെങ്കിൽ ആ അന്വേഷണത്തിൻറെ സ്വഭാവവും അതിന്മേൽ ചെയ്തിട്ടുള്ള തീരുമാനവും എന്തു്?

(സ) യാതൊരു തീരുമാനവും ഇതേവരെ ചെയ്തിട്ടില്ലെങ്കിൽ അതേ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടത്തുന്നതിലേക്കായി അന്വേഷ്യോഗസ്ഥ ശ്രീപക്ഷത്തുള്ള ഒരു കമ്മീഷനിയെ രൂപവൽകരിക്കുന്നതിനു ഗവണ്മെൻറിനു മയയുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി വേറെജോലി): 1-ം ബ-ം സ-ം ആഗസ്റ്റ് മാസം ന്യൂനം നിയമസഭാ പ്രസിഡൻറ് മുനമ്പം ഡിപ്പോയിലെ ഉപ്പുവില്പനയിലുള്ള അഴിമതികളെസംബന്ധിച്ചു ചെയ്തിട്ടുള്ള സ്റ്റേറ്റുമെൻറിനെസംബന്ധിച്ചു വേണ്ട അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. മേൽ പ്രസ്താവിച്ച തീയതിയിലെ നിയമസഭായോഗത്തിൽ ഉപ്പിനു തീരുവ വർദ്ധിപ്പിക്കുന്നതിനു മുമ്പും ഉപ്പുവില്പനയിൽ അഴിമതികൾ നടക്കുന്നുണ്ടായിരുന്നു എന്നു മി. കുമാരപിള്ള പറഞ്ഞിട്ടുള്ളതു ശരിയല്ല. ഈ പ്രകാരം ഉപ്പുനികുതി വർദ്ധിപ്പിച്ചതിനുശേഷമേ ഉണ്ടായിട്ടുള്ളൂ. കൂടാതെ മി. കാതരുപിള്ളയുടെ വാദം ഉപ്പുനികുതിയുടെ വർദ്ധനയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണെന്നു് എക്സൈസ് കമ്മീഷണർ അല്ല പറഞ്ഞിട്ടുള്ളതു്. മി. കുമാരപിള്ളതന്നെയാണ്. പരാതിയെ സംബന്ധിച്ചു മി. കാതരുപിള്ള ആരംഭിച്ചിരുന്ന അന്വേഷണം തുടരണമെന്നു കാതരുപിള്ള എക്സൈസ് കമ്മീഷണരോടു് ആവശ്യപ്പെട്ടില്ല. അതുകൊണ്ടു അതേസംബന്ധിച്ചുള്ള അന്വേഷണത്തിൻറെ ആവശ്യം ഇല്ലാതായി.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതു് ഇങ്ങനെയാണ്.

"ക്രൻവർ ആഗസ്റ്റ് മാസം ന്യൂനം നിയമസഭാപ്രസിഡൻറ് മുനമ്പം ഉപ്പുവില്പനയെ സംബന്ധിച്ചു ചെയ്തിട്ടുള്ള സ്റ്റേറ്റുമെൻറിനെ തുടർന്നു വേണ്ട അന്വേഷണം നടത്തിയിട്ടുണ്ട്."

ഗവണ്മെൻറ് നടത്തിയിട്ടുള്ള ഈ നടപടിയുടെ ഫലം എന്താണെന്നു പറയുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി വേറെജോലി): അടുത്ത വാചകം നടപടികളുടെ ഫലത്തെപ്പറ്റിയാണു പറയുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതു സംബന്ധിച്ചുതന്നെയാണു ഞാൻ ചോദിക്കാൻ വിചാരിക്കുന്നതു്. ഗവണ്മെൻറ് വീണ്ടും നടപടിനടത്തിയതിൻറെ ഫലം എന്തായിരുന്നു എന്നാണ് ചോദിക്കുന്നതു്.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി വേറെജോലി): അന്വേഷണങ്ങളുടെ ഫലമായി അടുത്ത വാചകത്തിൽ പറഞ്ഞിരിക്കുന്ന സംഗതികൾ വെളിവായി.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അടുത്ത വാചകം ഇങ്ങനെ പറയുന്നു.

"മേൽ പ്രസ്താവിച്ച നിയമസഭായോഗത്തിൽ, ഉപ്പുനികുതി വർദ്ധിപ്പിച്ചതിനുമുമ്പും ഉപ്പുവില്പനയിൽ അഴിമതികൾ നടക്കുന്നുണ്ടായിരുന്നു എന്നു് മി. കുമാരപിള്ള പറഞ്ഞിട്ടുള്ളതു ശരിയല്ല".

ഞാൻ അപ്രകാരം പറഞ്ഞിട്ടുള്ളതെവിടെയാണെന്നു് അറിയാൻ അനുഗ്രഹിക്കുന്നു.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി വേറെജോലി): ക ൻ വ ർ ന-ം മാണ്ടു കർക്കടകമാസം വ ർ-ാന-യിലെ നിയമസഭാ റിപ്പോർട്ട് ക-ാം വാല്യം ന്യ-ാം നമ്പർ; ന ഉ ക, ന ന്ത ന, ന വ ാ ഇവ വശങ്ങളിൽ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഏതു ഭാഗത്താണ്. മെമ്പർ ആ ഭാഗം വായിക്കുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി വേറെജോലി): നിങ്ങളുടെ പ്രസംഗസാരം ഏതാണ്ടു അങ്ങനെയാണ്. എനിക്കു ആ പ്രത്യേകഭാഗം വായിക്കാൻ സാദ്ധ്യമല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): എനിക്കതു മനസിലാകുന്നില്ല. മറുപടിയിൽ പറഞ്ഞിട്ടുള്ളതു ഇങ്ങനെയാണ്.

"മേൽ പ്രസ്താവിച്ച നിയമസഭായോഗത്തിൽ ഉപ്പുനികുതി വർദ്ധിപ്പിച്ചതിനുമുമ്പും ഉപ്പുവില്പനയിൽ അഴിമതികൾ നടക്കുന്നുണ്ടായിരുന്നു എന്നു് മി. കുമാരപിള്ള പറഞ്ഞിട്ടുള്ളതു ശരിയല്ല".

ഞാൻ കുറെ പ്രത്യേക സ്റ്റേറ്റുമെൻറ് ഉണ്ടാക്കയിട്ടുള്ളതായി സ്പഷ്ടമായിപ്പറയുന്നു. ഞാൻ അപ്രകാരം ചെയ്തിട്ടുള്ളതു് എവിടെ ആണെന്നറിയാൻ അനുഗ്രഹിക്കുന്നു.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ സെക്രട്ടറി, വേർതിരിവ്): പ്രസംഗം മുഴുവൻ വായിക്കുന്നതിൽനിന്നും ഉണ്ടാകുന്ന അഭിപ്രായം അങ്ങനെയാണ്.

മി. ടി കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): ഞാൻ അങ്ങനെ പറഞ്ഞിട്ടില്ലെന്ന വ്യസനസമേതം അറിയിക്കേണ്ടിയിരിക്കുന്നു ഞാൻ പറയാത്ത സംഗതിയാണ് ഇതിൽ പറഞ്ഞു എന്നു സ്ഥാപിച്ചിട്ടുള്ളത്. ഞാൻ അങ്ങനെ പറഞ്ഞെങ്കിൽമാത്രമേ ഈ മറുപടിക്കു രക്ഷയുള്ളൂ.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ സെക്രട്ടറി, വേർതിരിവ്): ഈ ചട്ടത്തിനു അനുസരണമാണോ എന്നു ഞാൻ സംശയിക്കുന്നു. ഈ അവസരത്തിൽ മെമ്പറിനു ഒരു പ്രസംഗം ചെയ്യുവാൻ അനുവാദം ഉണ്ടോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): ഇതൊരു പ്രസംഗമല്ല. സംഗതികളെ വിവരിച്ചു പറഞ്ഞു അല്പക്ഷണം മനസിരുത്തണമെന്നേ ഞാൻ വിചാരിക്കുന്നുള്ളൂ. അല്പം പാടില്ലെങ്കിൽ ഞാൻ തുടരണമെന്നു വിചാരിക്കുന്നില്ല.

പ്രസിഡൻറ: അതു അതു നിയമാനുസൃതമല്ല. നിങ്ങൾക്കു എപ്പോഴും ഒരു ഉപചോദ്യമേ ചോദിക്കാവൂ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): സർ. ശരി. അതിലേക്കു നന്ദിപറഞ്ഞുകൊള്ളുന്നു. മി കാതർപിള്ള പറഞ്ഞിട്ടുള്ളതു അങ്ങനെയല്ല. ഉനമ്പം ഉപ്പുപണ്ടകശാലയിൽ നിന്നും ഉപ്പു വാങ്ങണമെങ്കിൽ സിംബന്ധികർക്കു നൂറു പൈസാവീതം കൊടുക്കണം എന്നാണ്. അതിനു ഗവണ്മെൻറ എന്തു നടപടി നടത്തി?

മറുപടിയിൽ ഇങ്ങനെ പറയുന്നു.

"കൂടാതെ മി കാതർപിള്ളയുടെ വാദം, ഉപ്പുസിംകതിയുടെ വഞ്ചനയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണെന്ന എക്സൈസ് കമ്മിഷണർ അല്ല പറഞ്ഞിട്ടുള്ളതു, എന്നാൽ മി. കാതർപിള്ളതന്നെയാണ്".

മി. കാതർപിള്ള അങ്ങനെ പറഞ്ഞിട്ടില്ല.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ സെക്രട്ടറി, വേർതിരിവ്): ചോദ്യത്തിൽ ഒരു തെറ്റായ സ്റ്റേറ്റുമെൻറുണ്ട്. സിംബന്ധികർക്കു നൂറു പൈസായും അസിസ്റ്റൻറ എക്സൈസ് കമ്മിഷണർക്ക് ഒരു രൂപായും വീതം കൊടുക്കണമെന്നു മി. കാതർപിള്ള പറഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): ഞാൻ ആ ഭാഗം വായിക്കട്ടെയൊ?

പ്രസിഡൻറ: നിങ്ങൾ വായിക്കണം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): മി. കാതർപിള്ള പറയുന്നതു ഇപ്രകാരമാണ്.

"ഉപ്പു വാങ്ങുന്നതിൽ ഉപ്പുകൊടുക്കാൻ ചുമതലപ്പെട്ട എക്സൈസ് അധികാരികൾ അസിസ്റ്റൻറ കമ്മിഷണർക്കോ മറെറാ പ്രത്യേകമായുള്ള ചിലരെ തിരഞ്ഞെടുക്കുന്നു. വല്ലതും കൈക്കൂലി കൊടുക്കുകയൊ അങ്ങനെയല്ലെങ്കിൽ മറുവല്ലവിധത്തിലും അസിസ്റ്റൻറ കമ്മീഷണരുടെയുംമറവും പ്രീതിയും പാത്രവാന്മാരായവർക്ക് മാത്രമേ ഉപ്പു കിട്ടുന്നുള്ളൂ എന്നുള്ളതിലേയ്ക്കു വേണ്ടതെളിവു ഞാൻതരാം".

വേറൊരു ഭാഗത്തു അദ്ദേഹം പറയുന്നു.

"ഉനമ്പം ഉപ്പുഡിപ്പോയിൽ ഉപ്പുകിട്ടുന്നതിലേയ്ക്കു ഡിപ്പോ സിംബന്ധികർക്കു നൂറു പൈസാവീതം കൊടുക്കണം. മുൻപിൽക്കൂട്ടി ഉപ്പുകിട്ടുന്നതിലേക്കു കച്ചവടക്കാർ ഇതിലുംകൂടുതൽ കൊടുക്കണം. അല്ലാത്തപക്ഷം അവർക്കു അവിടെ അധികദിവസത്തെ താമസമുണ്ടാകുന്നു. 'എന്തിക്കിപ്പോൾ സൌകര്യമില്ല. വേറെ പലർക്കും കൊടുക്കാനുണ്ടു" എന്നുംമറും ഡിപ്പോ ആഫീസർ ഒഴിവുകഴിവുകൾപറയും. അതുകൊണ്ടു നേരത്തെ ഉപ്പുകിട്ടണമെങ്കിൽ ഉദ്യോഗസ്ഥന്മാർക്ക് വല്ലതും കൊടുക്കേണ്ടതായി വരുന്നു".

മി. കാതർപിള്ളയുടെ സ്റ്റേറ്റുമെൻറ ഇപ്രകാരമാണ്.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറസെക്രട്ടറി, വേർതിരിവ്): മറുപടി ആവശ്യമുള്ള ചോദ്യം ഏതാണെന്നു അറിഞ്ഞാൽകൊള്ളാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): മി. കാതർപിള്ള പറഞ്ഞിട്ടുള്ള നൂറു പൈസാവീതം മുനമ്പം ഡിപ്പോവിലെ അധികൃതന്മാർ വാങ്ങിവരുന്നു എന്ന സംഗതിയെപ്പറ്റി ഗവണ്മെൻറ അന്വേഷിക്കയൊ നടപടി നടത്തുകയൊ ചെയ്തിട്ടുണ്ടൊ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറസെക്രട്ടറി, വേർതിരിവ്): വാദത്തിൽനിന്നും മനസ്സിലായ പുതിയ സംഗതികളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): ആ പുതിയ സംഗതികൾ എന്തെല്ലാമെന്നു് എനിക്കു മനസിലാകുന്നില്ല.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറസെക്രട്ടറി, വേർതിരിവ്): അതു മെമ്പറിൻറ പ്രസംഗത്തിൻറ അവസാനത്തു കൊടുത്തിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം): എത്രമേത്തപുറം.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറസെക്രട്ടറി, വേർതിരിവ്): നൂറു 0—ാം പുറം. അവിടെ ഇങ്ങനെ പറയുന്നു.

"ഹാർസ്റ്റ് കമ്മിറിയുടെ തീയതി ഫാർസ്റ്റ് കൺസർവേറേറരുടെ അടുക്കൽനിന്നും മനസിലായതി എക്സൈസ് കമ്മിഷണരുടെ അടുക്കൽനിന്നും അറിയാം".

പ്രസിഡൻറ: മി കുമാരപിള്ള ഞാൻ അതിനെപ്പറ്റി പറയാമെന്നു വിചാരിക്കുന്നു. അതേ സംബന്ധിച്ചുള്ള അന്വേഷണം നടത്തിക്കൊണ്ടിരിക്കുമ്പോഴൊ അതൊ അതിൻറ പ്രാരംഭത്തിലൊ മറെറാ മി. കാതർപിള്ളയുടെ പ്രസ്താവം അത്ര ശരിയല്ല എന്നു അദ്ദേഹത്തിനുതന്നെ തോന്നുകയാൽ അതേസംബന്ധിച്ചുള്ള അന്വേഷണം വരുത്തുന്നതിനായി അദ്ദേഹംതന്നെ എക്സൈസ് കമ്മീഷണരോടു പറയുകയുണ്ടായി.

മി. ടി കുമാരപിള്ള (കൽക്കുളവും വിളവംകോട്ടം); അങ്ങനെ അദ്ദേഹത്തിനു പറയാൻപാടില്ല. ഇങ്ങനെ പറഞ്ഞിട്ടുള്ള നിയമസഭയിൽവച്ചായിരുന്നു.

പ്രസിഡൻറ്: തങ്കൻറ അഭിപ്രായം വാസ്തവമല്ല എന്ന അഭിപ്രായത്തിനു തോന്നുകയാൽ അതേസംബന്ധിച്ചുള്ള അന്വേഷണം നിറുത്തിവയ്ക്കുന്നതിനു നിയമസഭയ്ക്കു പുറത്തുവച്ചു അഭിപ്രായംതന്നെ പറയുകയുണ്ടായി.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): നിയമസഭയിൽവച്ചു പറഞ്ഞ ഒരു അഭിപ്രായത്തിനു വിപരീതമായി പുറത്തുവച്ചു അഭിപ്രായത്തിനു പറയാൻപാടില്ല.

പ്രസിഡൻറ്: സ്വതന്ത്രനായ ഒരു എഞ്ചിനീയർ ആണ് അഭിപ്രായം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): നിയമസഭാ സാമാജികന്മാരുടെ നിലയിൽ ഞങ്ങൾക്കു അതു അനുവദിക്കാൻപാടില്ല.

പ്രസിഡൻറ്: അഭിപ്രായത്തെ വിളിച്ചു നിങ്ങൾക്കു അതേപ്പറ്റി ചോദിക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): സർ, വേണ്ടാ. അപ്രകാരം ചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല.

പ്രസിഡൻറ്: ആരോപിക്കപ്പെട്ട കുറ്റം അവാസ്തവമാണെന്നു അഭിപ്രായം കണ്ടതിനാൽ തുടർന്നുകൊണ്ടുപോയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അടുത്തചോദ്യം എനിക്കുള്ളതു ക-ാം തീയതി ഉപ്പിനു വിലകൂട്ടി എന്നുള്ളവിവരം സ-ാം തീയതി മാത്രമേ മുനമ്പത്തു അറിവുകിട്ടിയുള്ളൂ എന്നാണ്; ക-ം ട-ം തീയതികളിൽ വിറ്റിട്ടുള്ള ഉപ്പിൻെറ നഷ്ടം പിന്നീടു കൂടുതൽ ഈടാക്കി എന്നാണ് പറഞ്ഞിട്ടുള്ളത്. അതിനെപ്പറ്റി വസ്തുതാ ഗവൺമെൻറ് അന്വേഷിക്കുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവൺമെൻറ് സെക്രട്ടറി, വേറെജോലി): വാദത്തിൽനിന്നും ലഭിച്ച പുതിയ സംഗതികളെ അടിസ്ഥാനപ്പെടുത്തി അന്വേഷിച്ചതിൽ ആലുവായിൽവച്ചുള്ളതായ ഫാക്ടറി മീറ്റിങ്ങ് ക-ാം ക-ാം തീയതികളിൽ ആണെന്നും ഉപ്പുനികുതിവർദ്ധന ക-ം-ക-ാം തീയതിയിൽ ആണെന്നും, വാദസമയത്തിൽ മി. കാതർപിള്ളയുടെ എഴുത്തു ക-ം-ക-ാം തീയതിയിൽ ആണെന്നും മനസ്സിലായി. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണു മറുപടിപറഞ്ഞിട്ടുള്ളത്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): സർ, അവിടത്തെ അറിവിനായി ആ വാദത്തിലെ ഒരു ഭാഗം വായിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

പ്രസിഡൻറ്: ഇപ്പോഴും നിങ്ങൾ എന്തെങ്കിലും അറിവുതരുമെന്നു ഞാൻ വിചാരിക്കുന്നില്ല. നിങ്ങൾക്കു ഒരു ചോദ്യംമാത്രം ചോദിക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): പ്രസിഡൻറ് ഇപ്രകാരം പറഞ്ഞിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ചോദ്യോത്തരസമയത്തു മെമ്പർ ഒരു പ്രസംഗംചെയ്യുന്നതും മറ്റു പ്രസംഗങ്ങളെപ്പറ്റി സൂചിപ്പിക്കുന്നതും നിയമാനുസൃതമാണോ എന്നു ഞാൻ സംശയിക്കുന്നു. ചട്ടമനുസരിച്ചു വാദത്തിൽനിന്നും ഉണ്ടാകുന്ന അറിവുകളെമാത്രമേ ഉപയോഗിക്കാവൂ. വാദങ്ങളുടെ തീരുമാനങ്ങളോ, പ്രസംഗങ്ങളോ അവയുടെ സൂചനകളോ പാടുള്ളതല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): നിയമാനുസൃതമോ എന്നു നിശ്ചയിക്കേണ്ടതു പ്രസിഡൻറാണ്.

പ്രസിഡൻറ്: മെമ്പറുടെ ഇപ്രകാരമുള്ള പ്രവൃത്തികളെ ഞാൻ നിയന്ത്രിക്കുന്നു. ചോദ്യങ്ങൾമാത്രമേ അനുവദിക്കുന്നുള്ളൂ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): "മെസ്സേഴ്സ് ഡാനിയലും കാതർപിള്ളയും തന്നിട്ടുള്ള സ്റ്റേറുമെൻറിനെസംബന്ധിച്ചു് ആ അവസരത്തിൽ അന്വേഷണംനടത്തിയിട്ടുണ്ട്. കൂടുതൽ സ്റ്റേറുമെൻറ് ഉണ്ടാകുന്നുവെങ്കിൽ കൂടുതൽ അന്വേഷണംനടത്തിക്കൊള്ളാം".

പ്രസിഡൻറ്: ഇങ്ങനെയാണോ പറഞ്ഞിട്ടുള്ളതു്?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവൺമെൻറ് സെക്രട്ടറി, വേറെജോലി): അതുസംബന്ധിച്ച അന്വേഷണത്തിൻറ വിവരങ്ങൾ ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതിനെപ്പറ്റി വീണ്ടും ഗവൺമെൻറ് അന്വേഷിക്കാൻ വിചാരിക്കുന്നുണ്ടോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവൺമെൻറ് സെക്രട്ടറി, വേറെജോലി): നോട്ടീസു കിട്ടണം.

ഇവ. ഡാക്ടർ എമ്പെരുമാൾ നായിഡുവിൻേറപേരിലുള്ള നിരോധന ഉത്തരവു്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം):

(എ) കൊല്ലം തിരുവനന്തപുരം എന്നീ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടന്മാരുടെ അധികാരാതിർത്തിക്കുള്ളിൽ നാഗർകോവിൽ സ്വദേശിയായ ഡാക്ടർ എമ്പെരുമാൾ നായിഡു പ്രസംഗിച്ചുകൂടാ എന്നുള്ള നിരോധന ഉത്തരവു ഇപ്പോഴും പ്രാബല്യത്തിൽ ഇരിക്കുന്നതായി ഗവൺമെൻറിനു അറിയാമോ?

(ബി) ആ ഉത്തരവിനെ പിൻവലിക്കുന്നതിനു ഗവൺമെൻറിനു ഭയമുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാര (ആക്ടിങ്ങ് ചീഫ് സെക്രട്ടറി): (എയും ബിയും) ഈ നിരോധന ഉത്തരവുകളെ പിൻവലിക്കുന്നതിനെസംബന്ധിച്ചു ഗവൺമെൻറ് ആലോചിച്ചുവരുന്നു.

ഇവ. ഡാക്ടർ എമ്പെരുമാൾ നായിഡു മുതലായവരുടെ പേരിലുള്ള നിരോധന ഉത്തരവു.

മി. എ. കെ. പിള്ള (കുരുനാഗപ്പള്ളി) ഡാക്ടർ എമ്പെരുമാൾ നായിഡു സ്വാമിനാഥ്യവൃതൻ, മെസ്സേഴ്സ് എം. മാത്തുണ്ണി, കെ. കുഞ്ഞൻപിള്ള, കൂടാ നീലകണ്ഠൻ നംപൂരിപ്പാട്ട എന്നിവർ പബ്ലിക്കായി പ്രസംഗിക്കയോ പൊതുയോഗങ്ങളിൽ പങ്കുകൊള്ളുകയോ ചില പ്രത്യേകസ്ഥലങ്ങളിൽ പ്രവേശിക്കയോ ചെയ്യുകൂടാ എന്നുള്ള നിരോധന ഉത്തരവുകൾ ഇപ്പോഴും പ്രാബല്യത്തിൽതന്നെ വച്ചുകൊണ്ടിരിക്കുന്നതു എന്തുകൊണ്ടെന്നു ഗവൺമെൻറ് മറുപടിയുണ്ടായി പറയുമോ?

മി. കെ. നാരായണൻപണ്ടാര (ആക്ടിങ്ങ് ചീഫ് സെക്രട്ടറി): മി. കൂടാ നീലകണ്ഠൻ നംപൂരിപ്പാട്ടിയുടെ മേൽഉള്ള നിരോധന ഉത്തരവു പിൻവലിച്ചുകഴിഞ്ഞു. മറ്റുള്ളവരുടെ മേലുള്ള നിരോധന ഉത്തരവുകളും പിൻവലിക്കുന്നതിനെപ്പറ്റി ഗവൺമെൻറ് ആലോചിച്ചുവരുന്നു.

മി. എ. കെ. പിള്ള (കൊല്ലം): എന്റെ ചോദ്യത്തിനു പൂർണ്ണമായ ഉത്തരം ലഭിച്ചിട്ടില്ലാത്തതിനാൽ ഞാൻ വീണ്ടും ആദ്യചോദ്യംതന്നെ ചോദിച്ചുകൊള്ളുന്നു.

ഡാക്ടർ എസ്സമ്മമാർ നായിഡു, സ്വാമിസത്യവ്രതൻ, മദേസ്സേഴ്സ് എം. മാത്തുണ്ണി, കെ. കുഞ്ഞൻപിള്ള കുറുപ്പ് നീലകണ്ഠൻനംപൂതിപ്പാട്ട എന്നിവർ പബ്ലിക്കായോ പ്രസംഗിക്കയോ പൊതുയോഗങ്ങളിൽ പങ്കുകൊള്ളുകയോ ചില പ്രത്യേകസ്ഥലങ്ങളിൽ പ്രവേശിക്കയോ ചെയ്യുകൂടാ എന്നുള്ള നിരോധന ഉത്തരവുകൾ ഇപ്പോഴും പ്രാബല്യത്തിൽതന്നെ വച്ചുകൊണ്ടിരിക്കുന്നതു് എന്തുകൊണ്ടെന്നു ഗവണ്മെന്റു ദയവുണ്ടായി പറയുമോ?

ഗവണ്മെന്റു നിരോധന ഉത്തരവുകളെ പിൻവലിക്കുന്നതിനു ആലോചിച്ചുവരുന്നുഎന്നു ഉറപ്പുപറഞ്ഞതിനു ഞാൻ നന്ദിയുള്ളയാളായിരിക്കുന്നു. ആ ഉത്തരവുകൾ എന്തുകൊണ്ടു ഇപ്പോഴും പ്രാബല്യത്തിൽ വച്ചുകൊണ്ടിരിക്കുന്നുഎന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിങ്ങ് ചീഫ് സെക്രട്ടറി): ആ ഉത്തരവുകളെ പിൻവലിക്കുന്നതിനു ഗവണ്മെന്റു നിശ്ചയിക്കയും അതേസംബന്ധിച്ചു വേണ്ട നടപടികൾ നടത്തുകയും ചെയ്യുന്നുണ്ടു്.

മി. എ. കെ. പിള്ള (കൊല്ലം): ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

ഗ്രാൻറിനുള്ള അപേക്ഷകൾ.

ഡിമാൻഡ് ൨. ആദായനികുതി.

പ്രസിഡൻറ്: ഗ്രാൻറിനുള്ള അപേക്ഷകൾ വോട്ടുചെയ്യുന്നതിനു നമുക്കു ഇനി ആരംഭിക്കാം.

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ഡപ്യൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ): സർ, ചാർജ്ജ് നമ്പർ ഡിമാൻഡ് ആദായനികുതിസംബന്ധിച്ച ചെലവിലേക്ക് ക്ര൪ ലക്ഷം രൂപ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

പ്രമേയം. സ൪.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): സർ, ഇപ്പോൾ നികുതിദായകൻ—

പ്രസിഡൻറ്: ദയവുചെയ്തു ഉച്ചത്തിൽ സംസാരിക്കണം.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഇപ്പോൾ ആദായനികുതിദായകനെതിരെ അവലംബിച്ച മൻകൊല്ലത്തെ ആദായം കണക്കാക്കിയാണ് നികുതി ചുമത്തിവരുന്നതു്. കഴിഞ്ഞകൊല്ലത്തെ ആദായം കണക്കാക്കി ഇക്കൊല്ലം നികുതികൊടുക്കണമെന്നുള്ളതു് ഒരേ കഠിനമായ ഒരു ഏർപ്പാടാണ്. ചില രണ്ടാഴിലുകാർ യാതൊരുമുതലാഴിലും നടത്തുന്നുണ്ടായിരിക്കയില്ല—

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇതു നിയമാനുസൃതമോ എന്നു ഞാൻ സംശയിക്കുന്നു. ഒരു പ്രമേയം അവതരിപ്പിച്ചിട്ടില്ലാത്തസ്ഥിതിക്കു ഒരു പ്രസംഗംചെയ്യുന്നതിനു മി. കരയാളക്കു അവകാശമുണ്ടോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): സർ, ഞാൻ താഴെപറയുന്നപ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

സ൪, ആദായനികുതി ഇൻസ്പെക്ടർമാർക്കായി നിശ്ചയിച്ചിട്ടുള്ള ര ൦ ൬ ൫ രൂപായിൽനിന്നും ക ൦ ൦ രൂപ കുറക്കണം.

മുൻകൊല്ലത്തെ ആദായം കണക്കാക്കി ഒരുകൊല്ലത്തേക്കു നികുതിചുമത്തുന്നതിൽനിന്നും നികുതിദായകന്മാർ സഹിക്കേണ്ടിവരുന്ന സങ്കടങ്ങളെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതാണ് ഈ പ്രമേയം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം. ഒരു കൊല്ലത്തിൽ ഒരുവൻ യാതൊരുതൊഴിലിലും ഏർപ്പെട്ടന്നില്ലെന്നുവരാം. അപ്പോൾ കഴിഞ്ഞ കൊല്ലത്തെ ആദായം കണക്കാക്കി നികുതികൊടുക്കുക എന്നുവരുന്നതു വളരെ സങ്കടകരമാണു്. ചിലപ്പോൾ അടുത്തകൊല്ലത്തിന്റെ ആരംഭത്തിൽ ആ ആൾ മരിച്ചുപോയി എന്നുംവരാം. അങ്ങനെയുള്ളപ്പോൾ ആ മരിച്ച ആളിന്റെമേൽ കഴിഞ്ഞകൊല്ലത്തിനനുസരിച്ചു നികുതി ചുമത്തുന്നതു വളരെ സങ്കടമാണ്. ഇക്കൊല്ലത്തെ നികുതി ഇക്കൊല്ലത്തിലുള്ള ആദായം കണക്കാക്കി അടുത്ത വർഷത്തിലേ വസൂൽചെയ്യാവൂ എന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. ഇപ്രകാരമാണ് ബ്രിട്ടീഷ് ഇൻഡ്യയിൽ ചെയ്തുവരുന്നതു്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഡപ്യൻഡ്റവന്യൂവും ആദായനികുതിയും കമ്മിഷണർ:) ഇത്തരം ദോഷങ്ങളെ പരിഹരിക്കുന്നതായ ഒരുദ്ദേശ്യത്തിലേ ഫൻ-ാം കേസ്സിലേക്കു കമ്പനികൾ ശ്രദ്ധയേ ക്ഷണിച്ചുകൊള്ളുന്നു. ഒരു കൊല്ലത്തിൽ ഒരുവൻ കഴിഞ്ഞകൊല്ലത്തപ്പോലെ ആദായം ഉണ്ടാക്കുന്നില്ല എന്നവരുമ്പോൾ അയാൾക്കു അപ്പോൾതന്നെ നികുതിയെ ശരിപ്പെടുത്തുന്നതിനു അവകാശപ്പെടാവുന്നതാകുന്നു എന്നാണ് ആ വകുപ്പു.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): എതായാലും വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടു്. നികുതിദായകന്മാർ ആദ്യം പണം ഒടുക്കി അടുത്തകൊല്ലം തിരികെ വാങ്ങേണ്ടതായിരിക്കുന്നു, അകുതുമായി പണം ഒടുക്കിച്ചു തിരികെ വാങ്ങാൻ അപേക്ഷിപ്പിക്കുന്നതു സങ്കടംതന്നെയാണ്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഡപ്യൻഡറവന്യൂവും ആദായനികുതിയും കമ്മീഷണർ). അതു പരമാർത്ഥമല്ല. ഒരു കൊല്ലത്തെ നികുതി നിശ്ചയിക്കുന്നതു കഴിഞ്ഞ കൊല്ലത്തെ ആദായത്തെ അനുസരിച്ചാണ്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മി. റാബിൻസൺ മി. കരയാളുടെ ചോദ്യത്തിനു മറുപടിപറകയാണോ എന്നറിഞ്ഞാൾകൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഡപ്യൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ): ഞാൻ മി. കരയാളുടെ പിശകായ സ്റ്റേറ്റുമെൻറു ശരിപ്പെടുത്തുകയാണ്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അദ്ദേഹത്തിനു് അതു മറുപടിയിൽ മാത്രമല്ലാതെ ഇപ്പോൾ അങ്ങനെ ചെയ്യാമെന്നു തോന്നുന്നില്ല.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഇക്കൊല്ലത്തെ ആദായനികുതി കഴിഞ്ഞകൊല്ലത്തെ ആദായത്തിൽനിന്നും കൊടുക്കേണ്ടിവരുന്നതിൽനിന്നുമാണ് വൈഷമ്യം ഉണ്ടാകുന്നത്. അതു വിഷമമേറിയ ഒരു ഏർപ്പാടാണ്. ഞാൻ പറഞ്ഞതുപോലെ നികുതിദായകന്മാർ ജീവിച്ചിരിപ്പില്ലാത്ത ചില അവസരങ്ങളിൽ കഴിഞ്ഞകൊല്ലത്തെ ആദായം കണക്കാക്കി അവർ ആദായനികുതി കൊടുക്കേണ്ടിവരുന്നതായ പല ദൃഷ്ടാന്തങ്ങളും ഉണ്ട്. അതു സങ്കടകരമായ ഏർപ്പാടാണ്. അതുകൊണ്ടു ഞാൻ ആവശ്യപ്പെടുന്നതെന്തെന്നാൽ ഓരോകൊല്ലത്തേയും ആദായനികുതി അടുത്തകൊല്ലത്തെ ആദായം കണക്കാക്കി ഈടാക്കേണ്ടതാണെന്നും അല്ലാതെ മുൻ കൊല്ലത്തെ ആദായത്തിൽ ചുമത്തിക്കൂടാ എന്നുമാണ്. അങ്ങനെയാണ് സ്കോട്ടിഷ് ഇൻഡ്യയിൽ നടത്തിവരുന്നത്.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം): (ഡിപ്യൂട്ടി പ്രസിഡൻറ്) മി. കരയാളരുടെ അഭിപ്രായം എനിക്കു നല്ലപോലെ മനസ്സിലാകുന്നില്ല. പ്രമേയത്തിൻറെ കടുവിലത്തെ അഭിപ്രായം ആദ്യത്തതിൽനിന്നും വ്യത്യസ്തമായിരിക്കുന്നില്ലെ?

മി. എസ്സ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): എനിക്കു മി. സുബ്ബയ്യർ പറയുന്നതു മനസ്സിലാകുന്നില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ആദായനികുതിയും കമ്മീഷണർ): ആദായനികുതി ഓഡ്രേഷന്റെ ചട്ടങ്ങൾ വേണ്ടുവണ്ണം മെമ്പർ മനസ്സിലാക്കിയിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഞങ്ങൾ സാധാരണയായി ചെയ്യുന്നതു എങ്ങനെയെന്നാൽ ഉദാഹരണമായി ഫ ൦ ൻ ആരംഭത്തിൽ ഒരു നികുതിദായകനെ അയാളുടെ ഫ ൦ ൻവു-കല ആദായക്കണക്കനുസരിച്ചുള്ള നികുതി ചുമത്തുന്നു. ഫ ൦ ൻ അവസാനത്തിലോ ഫ ഫ ൦ ൦ ആരംഭത്തിലോ അയാളുടെ കണക്ക പരിശോധിച്ചു മുൻകൊല്ലത്തിനെ അപേക്ഷിച്ചിട്ടില്ലെങ്കിൽ അധികമുള്ള സംഖ്യ തിരികെ കൊടുക്കുകയും കുടുതലുണ്ടെങ്കിൽ അതു ഈടാക്കുകയും ചെയ്യുന്നു. ഫൻറാം വകുപ്പനുസരിച്ചു ആദായക്കുറവുണ്ടെന്നു അയാൾക്കു തോന്നുന്നുവെങ്കിൽ ഒടുക്കിയിട്ടുള്ളതുക ആവശ്യപ്പെടുന്നതിനു അയാൾക്കു അധികാരമുള്ളതുമാകുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): പണം തിയ്യതി വാങ്ങുന്നതിനു എല്ലാവശ്യം അനുവദിക്കുന്ന സങ്കടങ്ങളെപ്പറ്റി അറിവുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ആദായനികുതിയും കമ്മീഷണർ): അപ്രകാരമുള്ള ദോഷങ്ങളെ ഗവണ്മെൻറിൻറെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതായാൽ അവയിൽ ഏതെങ്കിലും ദോഷമുണ്ടെങ്കിൽ പരിഹരിക്കാൻ ശ്രമിയ്ക്കാം.

മി. വി സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം): (ഡിപ്യൂട്ടിപ്രസിഡൻറ്) സർ ഞാൻ സംഗതികളെ വിശദീകരിക്കാം. മി. കരയാളരുടെ വിഷമതകളും എന്തെല്ലാമെന്നു എനിക്കു മനസ്സിലാകുന്നില്ല. ആദായനികുതി റീഓഡ്രേഷനെ സംബന്ധിച്ചു എനിക്കും ചുമതല ഉണ്ടായിരുന്നതുകൊണ്ടു മി. കരയാളരുടെ തെറ്റിദ്ധാരണകൾക്കു സമാധാനം പറയാമെന്നുവിചാരിക്കുന്നു.

ഒന്നാമതായി മുന്നാണ്ടത്തെ ആദായം കണക്കാക്കി ഒരുവനെ നികുതി ചുമത്തുന്നതു ന്യായമല്ല എന്നുപറയുന്നതു എന്തുകൊണ്ടെന്നാൽ ചിലപ്പോൾ അയാളിൻ നികുതിചുമത്തിയിരിക്കുന്ന വർഷത്തിലും അയാൾ ഒരു തൊഴിലിലും ഏർപ്പെട്ടിട്ടില്ലാ എന്നു വന്നേയ്ക്കാം അങ്ങനെയുള്ള അവസരങ്ങളിൽ നികുതി ചുമത്തുന്നതു ന്യായമല്ല.

ഇങ്ങനെ വരുമ്പോൾ മി. റാബിൻസൺ പറയുന്നതുപോലെ അയാൾക്കു റീഫണ്ടു ആവശ്യപ്പെടാം. സ്കോട്ടിഷ് ഇൻഡ്യയിലെ രീതിയനുസരിച്ചു മുൻകൊല്ലത്തെ ആദായം കണക്കാക്കി നികുതി വസൂൽചെയ്യണമെന്നു പറഞ്ഞു അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു ഈ റഗുലേഷന്നിൽ ഭേദഗതികൾ വരുത്തിയ കഴിഞ്ഞ നിയമസഭയിലും ഇദ്ദേഹം ഒരു മെമ്പർ ആയിരുന്നു. അടുത്തവർഷത്തെ റീഫണ്ടിനെയും ശരിപ്പെടുത്തലിനേയും സംബന്ധിച്ചു ഇപ്പോൾ ഒരു ചോദ്യവും ഇല്ല എന്നുള്ളതു മി. കരയാളരുടേയും മി. തരകൻറേയും തെറ്റിദ്ധാരണകളെ അകറ്റുമെന്നു ഞാൻ വിചാരിക്കുന്നു. ചില കമ്പനികളുടേയും കച്ചവടക്കാരുടേയും സംഗതിയിൽ സ്കോട്ടീഷ് ഇൻഡ്യൻ രീതിയനുസരിച്ചു മുന്നാണ്ടത്തെ ആദായം കണക്കാക്കി നികുതി ചുമത്തേണ്ടതാണ്. അതാണ് ഭേദഗതി റഗുലേഷൻമൂലം ചെയ്യാൻ വിചാരിക്കുന്നതു. ഭേദഗതിറഗുലേഷൻ നടപ്പിൽ വരുമ്പോൾ ഈ വിഷമം ഉണ്ടാകുമെന്നു തോന്നുന്നില്ല. പരസ്പരവിരുദ്ധമായുള്ളതിനെ സംബന്ധിച്ചു ഇനി പറയാം. ചിലകഴപ്പുകളും സ്വല്പം അനീതികളും എപ്പോഴും ഉണ്ടായിക്കൊണ്ടുതന്നെയിരിക്കും. കഴിഞ്ഞകൊല്ലത്തിൽ തൊഴിൽനടത്തി ആദായം ഉണ്ടാക്കാത്ത ഒരുവൻ ഈയാണ്ടുമുതൽ തൊഴിൽ ആരംഭിക്കുന്ന എങ്കിൽ അയാളിൽ നികുതി ചുമത്തപ്പെടുന്നില്ല. അതു അയാളെ ലാഭപ്പെടുത്തുന്നു. ഇങ്ങനെയുള്ളവ വലിയ തെറ്റിദ്ധാരണകളെ ഉണ്ടാക്കുമെന്നുഞാൻ വിചാരിക്കുന്നില്ല.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): മി. സുബ്ബയ്യർ വിശദപ്പെടുത്തിത്തന്ന സംഗതികളെ പുരസ്കരിച്ചു ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡൻറ്. പ്രമേയം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നതായി വിചാരിക്കുന്നു.

പ്രമേയം അനുവാദത്തോടുകൂടി പിൻവലിക്കപ്പെട്ടു.

പ്രമേയം ന. ൪.

താഴെപറയുന്ന പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): എസ്റ്റാബ്ലിഷ്മെൻറ് ചെലവിനുള്ള നൂറ്റമ്പത് രൂപയിൽ ൪ വ ൦ രൂപ കുറവുചെയ്യണം.

പ്രമേയം നന്നു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): താഴെപറയുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളട്ടെ.

നന്നു രണ്ടാംനമ്പർ ഡിമാൻറ് അപേക്ഷയിൽ ഉള്ള ൫൪ ലക്ഷം രൂപായിൽ ൫ ൦ ൦ രൂപ കുറയ്ക്കണം.

ഈ പ്രമേയം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം ആദായനികുതി നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാനതത്വങ്ങളിൽ പുതുക്കേണ്ട ആവശ്യത്തെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ്. അങ്ങനെ പുതുക്കേണ്ട ആവശ്യം റ്റഗുലേഷന്റെ മൂലതത്വങ്ങളിൽപോലും കാണുന്നു. നികുതി ചുമത്തുന്നതിനുള്ള ആദായത്തിന്റെ തോതുകളിൽ പുതുക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. ഇപ്പോഴത്തെ കണക്കനുസരിച്ചു ഫസ്റ്റ് ഗ്രൂപ്പ് ആദായമുള്ള ഒരുവൻ യാതൊരു നികുതിയും കൊടുക്കേണ്ടതായിട്ടില്ല. എന്നാൽ ഫോർ ഗ്രൂപ്പയോ അതിൽ കൂടുതലോ ഉള്ള ഒരാൾ റ്റഗുലേഷൻപ്രകാരം ഗവണ്മെന്റു നിശ്ചയിച്ചിട്ടുള്ള മുഴുവൻ തുകയ്ക്കും നികുതികൊടുക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം): (ഡിപ്യൂട്ടിപ്രസിഡന്റു്) എല്ലായ്പ്പോഴും അപ്രകാരമല്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): എല്ലായ്പ്പോഴും അങ്ങനെയല്ല എന്നു എനിക്കറിയാം. ഫോർ ഗ്രൂപ്പയാണെങ്കിൽ നികുതികൊടുക്കണം. ഫോർ ഗ്രൂപ്പിനും നികുതികൊടുക്കണമെന്നു തോന്നുന്നു. ഈ രണ്ടു ഗ്രൂപ്പ വ്യത്യാസം നിസ്സാരമായി ഗണിക്കപ്പെടാവുന്നതാണു്, സർ ഇപ്പോൾ നാം തുടർന്നുവരുന്ന ഈ നയം അന്യായവും അബദ്ധവുമായ ഒന്നാണെന്നാണു് എന്റെ വാദം. ഫസ്റ്റ് ഗ്രൂപ്പയോ, ഫോർ ഗ്രൂപ്പായോ ആദായമുള്ളവർക്കു അനുവദിച്ചിട്ടുള്ളതുപോലെ നിശ്ചിത തുകയിൽ കൂടുതൽ ഉള്ള സംഖ്യയ്ക്കു മാത്രമേ നികുതി ചുമത്താൻ പാടുള്ളു. ഈ റഗുലേഷനിലെ വ്യവസ്ഥ അനുസരിച്ചു ആദായനികുതി കൊടുക്കുന്നവർക്കും ഇതു് അനുവദിച്ചുകൊടുക്കേണ്ടതാണു്. ഇംഗ്ലണ്ടിൽ തുടർന്നുവരുന്ന നയം ഇങ്ങനെയാണു്. ജനപ്രാതിനിധ്യം അല്പപക്ഷം മാത്രമുണ്ടായിരുന്ന ഫോർട്ടി-ടൂ നിയമസഭയിലാണു് ഈ പ്രമേയം ആദ്യമായി അവതരിപ്പിക്കപ്പെട്ടതു്. അന്നു ഞാൻ പുറപ്പെടുവിക്കയും അന്നു് ഒരു അനുദ്യോഗസ്ഥനുമ്പറായിരുന്ന ഇന്നത്തെ ലാമെമ്പർ—ഞാൻ പറയുന്നതു ശരിയാണെന്നു തോന്നുന്നു—എന്നെ അനുമോദിക്കുകയും ചെയ്തിട്ടുണ്ടു്. ഇന്നു നാം നിർദ്ദേശം ചെയ്യുന്നതും ഇനിമേൽ കൈയ്യേൽക്കേണ്ടതുമായ പരിഷ്കരണത്തിനും ഉത്തരവാദിയായിരുന്ന ഒരു മെമ്പർ ഇന്നു ജനപക്ഷത്തു തന്നെയുള്ളതും രസകരമായിരിക്കുന്നു. ഓരോ പ്രത്യേക റഗുലേഷൻസിന്റെയും പ്രത്യേകവകുപ്പുകളുടെ ന്യായാന്യായങ്ങളെ വിശദപ്പെടുത്താൻ ഇപ്പോൾ അദ്ദേഹം ഇവിടെയുള്ളതു ഉപകാരംതന്നെ, ഗവണ്മെന്റു ഉദ്യോഗം നിർബാധം വഹിച്ചുകൊണ്ടുപോകുവാനായി അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളെത്തന്നെ അദ്ദേഹം ഇന്നും മുറുകെപിടിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം): (ഡിപ്യൂട്ടിപ്രസിഡന്റു): എനിക്കു ബോദ്ധ്യം വരുന്നവ സമ്മതിക്കാൻ ഞാൻ പ്രത്യേകം തയ്യാറാണു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞാനും അങ്ങനെതന്നെ വിചാരിക്കുന്നു. വിശാലമായ ഏതൊരു ഗവണ്മെന്റും ഇന്നത്തെ ആദായനികുതി റഗുലേഷൻപ്രകാരം അന്യായവും അനീതിപരവുമായ ഈ നികുതി ചുമത്തലിനെ സംബന്ധിച്ചു വേണ്ടത്ര പ്രവർത്തിക്കുമെന്നതന്നെയാണു എന്റെ വിചാരം. സ്റ്റാമ്പ് നിയമത്തെ ഒരാൾക്കു ഉദ്ധരിക്കാം, ഫോർ ഗ്രൂപ്പയെ നിയമനത്തിൽ ഇതിനെ അനുക്ലമാക്കിച്ചും എന്റെ പ്രമേയത്തെ എതിർത്തും മി. സുബ്ബയ്യർ സംസാരിച്ചപ്പോൾ അദ്ദേഹവും അങ്ങനെ ആണ് ചെയ്തതു്.

മി. കെ. കെ. തോമസ് (കോട്ടയം): തിരുവിതാംകൂറിലെ ആദായനികുതി റഗുലേഷനിൽ സ്ഥാപിതമായ തത്വം എന്താണെന്നു മെമ്പർ ദയചെയ്തു പറയാമോ?

മി. ജി പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതു് സാധൂകരിക്കാൻ തീരെ നിവൃത്തിയില്ലാത്തതും യാതൊരു തത്വത്തെയും അനുസരിച്ചുണ്ടാക്കിയിട്ടുള്ളതല്ലാത്തതും ആണെന്നാണു എനിക്കു തോന്നുന്നതു്. ശരിയായ തത്വം ഗ്രേറ്റ്ബ്രിട്ടനിൽ തുടർന്നുകൊണ്ടുപോരുന്ന ഒന്നുമാത്രമാണെന്നുണ്ടു എനിക്കു തോന്നുന്നതു്. സ്റ്റാമ്പ്ഇൻഡ്യൻ നിയമങ്ങളെ അവ അവിടെ നടപ്പിലിരിക്കുന്ന എന്ന ഏകകാരണത്താൽ ഇങ്ങോട്ടു പകർത്തുന്നതിൽ യാതൊരു അർത്ഥവുമില്ല. സ്റ്റാമ്പ്ഇൻഡ്യയിലേയും പ്രവിശ്യകളിലേയും നിയമങ്ങളെ ഗണിക്കാതെ ഇൻഡ്യയ്ക്കു പുറത്തുള്ള രാജ്യങ്ങളിൽ നടപ്പിൽഇരിക്കുന്ന ചട്ടങ്ങളും സ്വീകാര്യമായി തോന്നുന്നപക്ഷം സ്വീകരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ ന്യായത്തിനും നിയമത്തിനും യോജിച്ചവിധം വേണ്ട ഭേദഗതികൾ ഇന്നത്തെ റഗുലേഷനിൽ കൊണ്ടുവരുവാൻ കഴിയുന്ന വേഗത്തിൽ ശ്രമിക്കണമെന്നു ഞാൻ ഒന്നുകൂടി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ): ഫോർ ഗ്രൂപ്പയിൽ കൂടുതൽ ആദായമുള്ള ഒരുവനെ ഫോർ ഗ്രൂപ്പയിൽ കൂടുതലുള്ള സംഖ്യയ്ക്കു മാത്രം നികുതി ചുമത്തിയാൽ മതിയെന്ന മെമ്പർ അഭിപ്രായപ്പെട്ടതായി തോന്നുന്നു. കൊള്ളാം നമുക്കു ആദായനികുതിയിലുള്ള മുതലെടുപ്പു് വേണമോ വേണ്ടയോ എന്നുചിന്തിക്കണമെന്നുള്ളതുമാത്രമാണു അതിന്റെ താല്പര്യം. പൊതുജനാഭിപ്രായപ്രകാരമാണു് ആദായനികുതി ഏർപ്പെടുത്തിയിട്ടുള്ളതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): നിരക്കു എല്ലായ്പ്പോഴും ഒരേകണക്കിനു ഇരിക്കണമെന്ന അഭിപ്രായം ഞാൻ ഉദ്ദേശിച്ചിട്ടില്ല എന്നു ഞാൻ അറിയിച്ചുകൊള്ളട്ടേ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ): ശ്രീമൂലംപ്രജാസഭ, നിയമനിർമ്മാണസഭ ഇവ മാത്രം പൊതുജനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ചാണു പ്രസ്തുത റഗുലേഷൻ നിയമസഭയിൽ ഭേദഗതിചെയ്തിട്ടുള്ളതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഇപ്പോൾ നികുതി ചുമത്തുന്ന സമ്പ്രദായം നിയമസഭയിലും പ്രജാസഭയിലും ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ): ഉണ്ടു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ആദായനികുതി നടപ്പിൽവരുത്തണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടു. എന്നാൽ നികുതിചുമത്തുന്നരീതി ഞങ്ങൾ സ്വീകരിച്ചിട്ടില്ല. ഫോർ ഗ്രൂ—ലെ നിയമസഭയിൽ ഇതിനു ഉത്തരവാദിയായിരുന്ന ഏതു അന്നത്തെ ഉദ്യോഗസ്ഥ സാമാജികൻ ഇതിനെ എതിർക്കുകയാണു് ചെയ്തിട്ടുള്ളതു്.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ): ഈ നികുതിക്രമം നിശ്ചയിച്ചതു് ആരാണെന്നു എനിക്കു അറിഞ്ഞുകൂടാ. ഗവണ്മെന്റാണെന്നാണ് തോന്നുന്നതു്. എങ്ങനെ ഇരുന്നാലും ഇനി എന്തെങ്കിലും ഭേദഗതികൾ വരുത്തുമ്പോൾ ഇതേപ്പറ്റി ആലോചിച്ചുകൊള്ളാം

മി. വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമനം) ഡിപ്യൂട്ടിപ്രസിഡൻറു): ഈൻറു നാമധേയത്തിൽ മി. ജി. പരമേശ്വരൻപിള്ള ഈ അവസരത്തിൽ വലിച്ചിഴച്ചുകൊണ്ടു വന്നിട്ടുള്ളതുകൊണ്ടു ഞാൻ ഇതേപ്പറ്റി അല്പം പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു ഈ വിഷയത്തെപ്പറ്റി അദ്ദേഹം എന്താണു പറയാൻ ആരംഭിക്കുന്നതെന്നു ഞാൻ അറിഞ്ഞിരുന്നില്ല. അല്ലെങ്കിൽ ഇവയെക്കുറിച്ചുള്ള എൻറെ ഓർമ്മശക്തിയെ ഞാൻ ഒന്നു ശരിപ്പെടുത്തുമായിരുന്നു. എൻറെ ഓർമ്മശക്തിയിൽ ഏതെങ്കിലുമൊരു അശ്രദ്ധയിൽനിന്നും അദ്ദേഹത്തിൻറെ വാദം അത്രവലുതായ ഒന്നാണെന്നു തോന്നുന്നില്ല. ഫർസൻ രൂപ ആദായമുള്ളവരെ നികുതി ചുമത്തേണ്ടുന്നു എന്നും ഈ സംഖ്യയ്ക്കു അധികരിച്ചുള്ള ആദായത്തിനു മാത്രം നികുതി ചുമത്തിയാൽ മതിയെന്നുമാണു അദ്ദേഹത്തിൻറെ അഭിപ്രായം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര); ഞാൻ ഇന്നതുതന്നെ എന്നു നിശ്ചയിച്ചിട്ടില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമനം) (ഡിപ്യൂട്ടിപ്രസിഡൻറു): ഏറ്റവും കുറഞ്ഞതുക ഫർസൻ രൂപയോ ഫർസൻ രൂപയിൽ അധികമുള്ളതുമായ ആദായത്തിനാണു ഇപ്പോൾ നികുതി ചെയ്യുവാൻ പോകുന്നതു്. എങ്ങിനെയെന്നാൽ ഫർസൻ രൂപയിൽ കുറഞ്ഞ ആദായമുള്ള ഒരാൾക്കു ഒരു ഷില്ലിങ്ങു വീതം നികുതി കൊടുക്കേണ്ടിവരുന്നു. ഫർസൻ രൂപയിൽ കൂടുതൽ ആദായമുള്ള ഒരാൾക്കു ഫർസൻ രൂപയ്ക്കു നികുതി കൊടുത്തശേഷം ഫർസൻ രൂപ ആദായമുള്ള ഒരാളിനെക്കാൾ കൂടുതൽ ആദായം എങ്കിലും ഉണ്ടായിരിക്കണമെന്നാണു്. മറുപ്രകാരത്തിൽ പറയുകയാണെങ്കിൽ ഫർസൻ രൂപയിൽ കൂടുതൽ ആദായമുള്ളവർക്കു നികുതിക്രമം നിശ്ചയിച്ചു ഫർസൻ രൂപ എങ്കിലും മിച്ചം ഉണ്ടായിരിക്കത്തക്കവിധത്തിൽ ആണു് നികുതി ചുമത്തിയിരുന്നതു് അങ്ങനെയാണു ന്യായം ഉണ്ടാക്കിയിട്ടുള്ളതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഫർസൻ രൂപാ ആദായമുള്ള ഒരാളുടെ സ്ഥിതി എന്താണ്.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമനം) (ഡിപ്യൂട്ടിപ്രസിഡൻറു): ഫർസൻ രൂപ ആദായമുള്ള ആളുടെ സ്ഥിതിയെക്കാൾ കഷ്ടമായിരിക്കയില്ല.

മി. ജി പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഫർസൻ രൂപയ്ക്കു ഷില്ലിങ്ങു നികുതി കൊടുക്കേണ്ടതല്ലേ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമനം) ഡിപ്യൂട്ടിപ്രസിഡൻറു): ഫർസൻ രൂപയാണു് കുറഞ്ഞസംഖ്യ നികുതി കഴിച്ചു ആകെ അയ്യായിരിക്കണമായിരിക്കണം.

മി. ജി പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഫർസൻ രൂപ ആദായമുള്ള ഒരാളും അതിലുള്ള ഓരോ രൂപയ്ക്കും നികുതി കൊടുക്കേണ്ടതായിട്ടല്ലയോ ഇരിക്കുന്നതു എന്നു മിസ്റ്റർ സുബ്ബയ്യർ പറഞ്ഞാൽകൊള്ളാം.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമനം) (ഡിപ്യൂട്ടിപ്രസിഡൻറു): അതെ. അങ്ങനെതന്നെയാണു്. ഫർസൻ രൂപയിൽ കവിഞ്ഞുള്ള ആദായം എന്തുതന്നെ ആയിരുന്നാലും നികുതിയിളവു കഴിച്ചു ഫർസൻ രൂപയെങ്കിലും ഉണ്ടായിരിക്കേണമെന്നാണു് ഞാൻ പറയുന്നതു്. മറുപ്രകാരത്തിൽ പറയുകയാണെങ്കിൽ ഫർസൻ രൂപ ഏറ്റവും കുറഞ്ഞതുകയായിരിക്കുന്നതുമൂലം നികുതി ചുമത്തുന്നതായ ആഡംബര ചെലവുകൾക്കുള്ള തുകയിൽ അതുമൂലം ഉണ്ടായിരിക്കേണമെന്നുമാണു്.

മി. കെ. കെ. തോമസ്സ് (കോട്ടയം): ആഡംബരചെലവുകൾക്കുള്ള തുകയിന്മേലാണോ നികുതി ചുമത്തുന്നതു്?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമനം) (ഡിപ്യൂട്ടിപ്രസിഡൻറു): അതെ. ഫർസൻ രൂപ കഴിച്ചുള്ള തുകയ്ക്കുതന്നെ. മിസ്റ്റർ പരമേശ്വരൻപിള്ളയുടെ അഭിപ്രായം സ്വീകരിക്കുന്നതു് ഗവണ്മെൻറിനു ഗുണകരമാകുകകൊണ്ടു അതു് സ്വീകരിക്കേണമെന്നാണു് ഞാൻ ഗവണ്മെൻറിനോടപേക്ഷിക്കുന്നതു്. ഇതേപ്പറ്റി കിന്തിക്കാതെയല്ല ഗവണ്മെൻറു ഈ റഗുലേഷൻ നടപ്പിൽ വരുത്തിയിട്ടുള്ളതു്. ഇംഗ്ലണ്ടിലെ നികുതി വളരെ കൂടുതലാണു്. അവിവാഹിതനായ ഒരാൾക്കു അയാളുടെ ചെലവിനും വിവാഹം കഴിഞ്ഞ ആൾ ആണെങ്കിൽ അയാളുടെ ഭാര്യക്കുംകൂടിയുള്ള ചെലവിനും കുട്ടികളുണ്ടെങ്കിൽ അവരുടെ ചെലവിനുംകൂടി നിശ്ചിതമായ ഒരു സംഖ്യകഴിച്ചു ബാക്കിയുള്ള ആദായത്തിനു വളരെ കൂടുതലായ നികുതിയാണ് അവിടെ ചുമത്തിവരുന്നതു്. ഈ സ്ഥിതിയിൽ ആലോചിക്കേണ്ടതു ഒരാൾക്കും ഭാര്യക്കും കുട്ടികൾക്കുംകൂടി അത്യാവശ്യമായ ചെലവിലേക്കുള്ള സംഖ്യ എത്രയെന്നു നിശ്ചയിക്കുന്നതു സാദ്ധ്യമാണോ എന്നുമാത്രമാകുന്നു. ഒരാൾക്കും ഭാര്യക്കും കുട്ടികൾക്കും വേണ്ട ചെലവു നിശ്ചയിക്കുന്ന മറ്റൊക്ഷ്യത്തിനായ സംഗതികളെ വിചിന്തനംചെയ്യാതെ, രാജ്യത്തിനേറെയും സാധുജനങ്ങളുടേയും സ്ഥിതിയെമാത്രം നോക്കിയാണ് ഇവിടെ ഏറ്റവും കുറഞ്ഞ തുക നിശ്ചയിച്ചിട്ടുള്ളതു്. ഒരു കുടുംബത്തിനു അത്യാവശ്യംവേണ്ട ചെലവു നിശ്ചയിക്കുക എന്നുള്ളതു ഏറ്റവും പ്രയാസമേറിയ ഒരു കോലിയാണ്. ഇംഗ്ലണ്ടിൽ അനേകകാലത്തെ അനുഭവംകൊണ്ടും തരക്കില്ലാത്ത "സ്റ്റാറിപ്പുക്സി"ൻറെ സഹായംകൊണ്ടുമാണ് നികുതിക്രമം നിശ്ചയിച്ചിട്ടുള്ളതു്. അതുകൊണ്ടു പിന്നീടു തരക്കേ ഏറ്റവും ഉത്തമമായി തോന്നിയതു ഇതേ സ്ഥിതിഗതിക്രമത്തെയുള്ളതായ ബ്രിട്ടീഷ്ഇൻഡ്യൻനീതിയെ അനുകരിക്കുക എന്നുള്ളതായി തോന്നുകയാൽ ആ രീതിതന്നെ ഇവിടേയും സ്വീകരിച്ചു. ഈ രീതിയെ സംബന്ധിച്ചു അവിടെ വലുതായ അഭിപ്രായഭിന്നതയും ഉള്ളതായി അറിയുന്നില്ല. എന്നാൽ ഇപ്പോഴത്തെ രീതി ശരിയല്ല എന്നു മിസ്റ്റർ പരമേശ്വരൻപിള്ള വിചാരിക്കുകയും ഒരു പുതിയരീതി നടപ്പിൽവരുത്തണമെന്നു അഭിപ്രായം ഉല്പാദിപ്പിക്കയും ചെയ്യുന്ന പക്ഷം ഒരു അന്വേഷണസ്ഥാപനം സാമാജികന്മാരുടെ സഭയിൽ ഞാൻ അഭിപ്രായപ്പെടുന്നതു് രാജ്യശ്രേയസ്സിനുവേണ്ടി അദ്ദേഹം ഒരു പുതിയ ബിൽ അവതരിപ്പിക്കേണമെന്നാണ്.

മി. പി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഗവണ്മെൻറുവാദംകൂടാതെ ഒരു ബിൽ അവതരിപ്പിക്കുന്നതിനുള്ള നമ്മുടെ അവകാശത്തെ തടഞ്ഞുനിറുത്തുന്ന ഉത്തരവാദിത്വം അദ്ദേഹത്തിനുതന്നെയാണു്.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമനം) (ഡിപ്യൂട്ടിപ്രസിഡൻറു): മെമ്പർ അതു പാടെ ചോദിച്ചില്ല എന്നും ഗവണ്മെൻറു പ്രതിരോധം പറഞ്ഞില്ല എന്നും ഞാൻ വിചാരിക്കുന്നു. ശ്രമം കൂടാതെ എങ്ങനെയാണു് അദ്ദേഹത്തിനു അതു പറഞ്ഞതു്. അതുമായി അദ്ദേഹം ഒന്നു ശ്രമിച്ചുനോക്കട്ടെ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ധനകാര്യസംബന്ധമായ ബില്ലുകളെപ്പറ്റി ഞങ്ങൾക്കു സ്വാതന്ത്ര്യമില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമനം) (ഡിപ്പ്യൂട്ടിപ്രസിഡന്റ്): അദ്ദേഹം എപ്പോഴെങ്കിലും ശ്രീമതിയായി എനിക്കറിവില്ല. ധനകാര്യസ്ഥിതികളെ സംബന്ധിച്ച മറ്റു ബില്ലുകളെപ്പോലെയുള്ള സ്വാതന്ത്ര്യം ഉണ്ട്.

ദിവാൻ ബഹദൂർ കെ. ഗോദവർമ്മരാജ (കോട്ടയം): മിസ്റ്റർ ജി. പരമേശ്വരൻപിള്ളയുടെ അഭിപ്രായത്തെ അനുകൂലിക്കുവാൻ എനിക്കു പൂർണ്ണമായ സമ്മതമാണുള്ളത്. ഇപ്പോൾ തുടർന്നുവരുന്ന നികുതിക്രമം ശരിയല്ല എന്നു ഈ സഭയ്ക്കു സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു. മാസ്സുക്കും കൂടുംബത്തിനും ആവശ്യമുള്ള തുകയുടെ ചുരുങ്ങിയ ഭാഗത്തിനു നികുതി ചുമത്താൻ പാടില്ലാത്തതാണ്. ഈ സംഗതിയുടെ മുൻനിറുത്തി റവന്യൂ ബോർഡിൽ വരുത്തുന്ന ഭേദഗതികളും ഗവണ്മെന്റിനു പൊതുജനങ്ങൾക്കും സമ്മതമായിരിക്കും. റവന്യൂ കുറയായിരിക്കണമെന്നുള്ള ഗവണ്മെന്റിന്റെ ഉദ്ദേശ്യവും ആലോചിക്കേണ്ടതാണ്. ഈ അഭിപ്രായത്തോടുകൂടി ഞാൻ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമനം) (ഡിപ്പ്യൂട്ടിപ്രസിഡന്റ്): നികുതി വർദ്ധിപ്പിക്കണമെന്നുള്ള താങ്കളുടെ അഭിപ്രായം?

മി. കെ. കെ. തോമസ്സ് (കോട്ടയം): കൂടുതലുള്ള സംഖ്യയ്ക്ക്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ആദായനികുതി റഗ്ലേഷനിൽ ഭേദഗതിവരുത്തുമ്പോൾ ഈ സംഗതിയെപ്പറ്റി ചിന്തിക്കുന്നതാണെന്നുള്ള മിസ്റ്റർ റാബിൻസൺന്റെ അഭിപ്രായം അനുസരിച്ച്—

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ആദായനികുതിയും കമ്മീഷണർ): അടുത്ത പ്രാവശ്യം ഭേദഗതി വരുത്തുമ്പോൾ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതെ. അടുത്തപ്രാവശ്യം ഭേദഗതി വരുത്തുമ്പോൾ ഈ കാര്യത്തെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടതാണ് ഈ സംഗതിയെ പൂർണ്ണമായും ആലോചനയ്ക്കുവിടുമെന്നുള്ള എന്റെ അപേക്ഷ. അതു വരുമ്പോൾ പരട്ടെ എന്നു തള്ളിക്കളയേണ്ടതല്ല. റഗ്ലേഷൻ കഴിയുന്നതുവരെത്തിൽ പുതുക്കേണ്ടതായ എന്തെല്ലാം ആവശ്യമാണ്. ഈ അപേക്ഷയെടുക്കുടി ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: ഈ പ്രമേയം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നതായി ഞാൻ വിചാരിക്കുന്നു.

അനുവാദത്തോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

ആദായനികുതി സംബന്ധിച്ച ചെലവിലേയ്ക്കു 4 ര ലക്ഷം രൂപ 4—ാം നമ്പർ അപേക്ഷ അനുസരിച്ചു അനുവദിച്ചിരിക്കുന്നതായി ഞാൻ കരുതുന്നു.

പ്രമേയം പിൻവലിക്കുകയും അപേക്ഷ അനുവദിക്കുകയും ചെയ്തു.

ഡിമാൻഡ് നം. എക്സൈസ്സ് ഡിപ്പാർട്ടുമെന്റ്.

ദിവാൻ ബഹദൂർ എ. ജെ. വാൻറോസ്സ് (എക്സൈസ്സ് കമ്മീഷണർ): 5—ാം നമ്പർ ഡിമാൻഡ് എക്സൈസ്സ് ചെലവിലേയ്ക്കു 9'4 ര ലക്ഷം രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കേണമെന്ന അപേക്ഷിച്ചുകൊള്ളുന്നു.

പ്രമേയം നം 9.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളട്ടെ.

നം 9. ഇൻസ്പക്ടർമാരുടെ ശമ്പളത്തിനുള്ള സംഖ്യ 9'8 രൂപയിൽ 4 0 0 രൂപ കുറക്കണം.

ഈ പ്രമേയം അവതരിപ്പിക്കുന്നതിൽ എനിക്കുള്ള ഉദ്ദേശം എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ രാജാക്കന്മാരും കൂടുകുടുംബികളുമല്ലാത്ത ഉദ്യോഗസ്ഥന്മാരെപ്പറ്റി പ്രസ്താവിച്ചതിൽ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീപദ്മനാഭന്റെ ഉൽസവം ഉണ്ടാകുന്നതുകൊണ്ടു ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഒരു സ്ഥലം യോജിച്ചതല്ല എന്നും അതിനാൽ ആ അളുങ്ങം നിറുത്തൽ ചെയ്യുന്നതാണെന്നുമാണ് എന്റെ അഭിപ്രായം. അവിടെ എത്രപണംതന്നെ ചെലവുചെയ്താലും അതു ഒരു ദുർവ്യയമായിത്തീരുന്നതാണ്. കഴിഞ്ഞ എട്ടുനാലു വർഷങ്ങളിലെ അനുഭവം, അവയെ ശരിപ്പെടുത്തുന്നതിനും അളുങ്ങം സൃഷ്ടിക്കുന്നതിനുമായി ചെലവുചെയ്യുന്ന പണത്തിനു അനുസരണമായ ആദായം ലഭിക്കുന്നില്ല എന്നും അതു വെറുമൊരു ദുർവ്യയമാകുന്നുവെന്നും നമ്മെ മനസ്സിലാക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ രണ്ടു അളുങ്ങുകളുടെയും സ്ഥിതിയെ നന്നാക്കുന്നതിനു വേണ്ടതെല്ലാം ചെയ്തുകഴിഞ്ഞു എന്നു അങ്ങനെ മനസ്സിലാക്കിയിട്ടുണ്ടോ? അതിനെപ്പറ്റി റിപ്പോർട്ടു വായിച്ചുനോക്കിയോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): അറിയാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ശ്രീപദ്മനാഭന്റെ ഉത്സവം നടയുന്നതിനുള്ള പണി പൂർത്തിയായിട്ടുണ്ടോ എന്നുള്ള റിപ്പോർട്ടിന്റെ ഭാഗം അതിനെപ്പറ്റി വായിച്ചിട്ടുണ്ടോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ആ കുളത്തിന്റെ ഉറവ് നടയുന്നതു അതു എടുപ്പിച്ചതല്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ ശ്രമം വിജയപ്രദമായിട്ടില്ലയോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഇല്ല. ഫലം ഉപ്പ് ഉണ്ടാക്കുന്നതിലാണ് കാണേണ്ടതു്. ഇതേവരെ അവിടെ ഉപ്പ് ഉണ്ടാക്കിയിട്ടില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ അളുത്തിലെ ആവശ്യത്തിലേക്കായി ഉപയോഗിക്കുന്ന മണ്ണെണ്ണ തൃപ്തികരമായിട്ടുള്ളതാണോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): അടുത്തുള്ള സമുദ്രത്തിൽ കണ്ണെണ്ണ ധാരാളമുണ്ട്. എന്നാലും ശ്രീപദ്മനാഭന്റെ ഉറവ് ഉണ്ടാകുന്നതുകൊണ്ടു ഉപ്പു ഉണ്ടാക്കാൻ പ്രയാസമാണ്.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ശ്രീപദ്മനാഭന്റെ ഉറവ്കൊണ്ടു ഒരിക്കൽ നിറുത്തൽചെയ്ത പാരിയൂർ ഉപ്പ് അളുങ്ങളിൽ ഇപ്പോഴും ഉപ്പുണ്ടാക്കുന്നതായി അറിയുമോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ചെലവിനു അനുസരണമായ ആദായം ഉണ്ടാകുന്നില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): തീരെ ഉപ്പ് ഉണ്ടാക്കുന്നില്ല എന്നാണോ അർത്ഥമാക്കുന്നത്.

മി. ഡബ്ലിസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): കുറച്ചു ഉപ്പ് ഉണ്ടാക്കുന്നുണ്ട്. എന്നാൽ അതിലേക്കായി ചെലവഴിച്ചിട്ടുള്ള പണത്തിനു അനുസരണമായ ഫലം കാണുന്നില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ കൊല്ലം അവിടെ ഉണ്ടാക്കിയ ഉപ്പ് എത്രയാണെന്നു അറിയാമോ?

മി. ഡബ്ലിസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): വളരെ കുറച്ചുമാത്രം.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): കഴിഞ്ഞ കൊല്ലമോ?

മി. ഡബ്ലിസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഏകദേശം ക ഠ ഠ ഠ മണ്ടകമാത്രം. അല്ല അളത്തിന്റെ സൂക്ഷിപ്പിനുള്ള ചെലവിനു മതിയാകുന്നില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ആ അളത്തിന്റെ വിസ്തീർണ്ണം എന്തെന്നറിയാമോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഏകദേശം ഴ ഏക്കർ.

ഈ അളങ്ങൾ ഉപയോഗശൂന്യവും അവ നന്നാക്കുന്നതിനായി ഗവർണ്മെന്റ് ചെലവുചെയ്യുന്ന പണം നഷ്ടവും ആണെന്നാണ് ഞാൻ വിചാരിക്കുന്നത്.

മി. കുഞ്ഞനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അനുകൂലമായ കാലസ്ഥിതികൾ ഉള്ള അവസരത്തിൽ താഴ്ന്നപ്രദേശത്തു ഉണ്ടാക്കിയിട്ടുള്ള ഉപ്പു എത്രയെന്നു മിസ്റ്റർ കരയാളർ പറയുമോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): വളരെ കുറച്ചുമാത്രം.

മി. കുഞ്ഞനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എപ്പോഴെങ്കിലും അവിടെ ഉപ്പ് ഉണ്ടാക്കിയിട്ടുണ്ടോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഒരു ലക്ഷം മണ്ട് ഉപ്പുവരെ അവിടെ ഉണ്ടായിട്ടുണ്ട്. എന്നാൽ അതു വളരെ കൊല്ലങ്ങൾക്കു മുമ്പാണ്. പേച്ചിപ്പാറ അണയിൽനിന്നുമുള്ള പെള്ളത്തള്ളൽ തുടങ്ങിയതിനുശേഷം അതു വളരെ കുറഞ്ഞുപോയി.

മി. എ. ജെ. വാൻറോസ്സ് (എക്സയിസ്സ് കമ്മീഷണർ): സർ ഈ അളങ്ങളിലെ ശരിയായജോലി നടത്തിപ്പിനെ രണ്ടു വിഷമങ്ങളുണ്ടാകുന്നുണ്ട്. ഒന്നു ശുദ്ധജലത്തിന്റെ ഊറൽ ആകുന്നു. കോതയാറെന്നു, അളങ്ങളുടെ വളരെ സമീപത്തായി ധാരാളം ശുദ്ധജലം കെട്ടിനിൽക്കുന്നു. തൽഫലം അളങ്ങളിൽ സാധാരണയായി ധാരാളം ശുദ്ധജലംഊറിവരുന്നുണ്ടു. രണ്ടാമതായി ആവശ്യത്തിനുപോലുമിടത്തോളം തെളിവുൻ ശുദ്ധമായികിട്ടാൻ പ്രയാസമായിരിക്കുന്നു. ഈ അളങ്ങളിൽ ശുദ്ധജലത്തിന്റെ ഊറൽ ഉണ്ടാകാതിരിപ്പാൻ പലവേലകളുമുണ്ടാക്കിയിട്ടുണ്ടു. കുറെപ്പണംചെലവു ചെയ്തു പേഴ്സ്യൻചക്രങ്ങളുടെ നടത്തിപ്പുകൊണ്ടു വൃത്താകാരത്തിലുള്ള തോട്ടിൽ വരുന്ന ശുദ്ധജലം മുഴുവൻ അളത്തിൽനിന്നും മാറ്റം ചെയ്യാവുന്നതാണ്. എന്നാൽ ഇന്നാംതരം തെളിവുൻ കിട്ടുന്നതിനാണ് വലുതായാവിഷമം. സമുദ്രത്തിൽനിന്നും ആവശ്യമുള്ളിടത്തോളം നല്ല തെളിവുൻ കഴൽമാർഗ്ഗം അളത്തിലേക്കു കൊണ്ടുവരുന്നതിനുള്ള ചിലമാർഗ്ഗങ്ങളും നിർദ്ദേശിച്ചു ഞാൻ ഗവർണ്മെന്റിലേക്കു റിപ്പോർട്ടുചെയ്തിട്ടുണ്ട്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ആ പദ്ധതി ഗവർണ്മെന്റിൽ സമർപ്പിച്ചിട്ടു എത്രനാൾ കഴിഞ്ഞു?

മി. എ. ജെ. വാൻറോസ്സ് (എക്സയിസ്സ് കമ്മീഷണർ): ഇപ്പോൾ കുറെമാസങ്ങളായി എന്താചിലകാരണങ്ങളാൽ ആ പദ്ധതിയെ സംബന്ധിച്ചു തീരുമാനംചെയ്യാൻ ഗവർണ്മെന്റിനു ഇതുവരെ സാധിച്ചിട്ടില്ല. രാജാക്കന്മാരുടെ കാലത്തുള്ള അളത്തിൽനിന്നും ഫലവും മറ്റെ അളത്തിൽനിന്നും മുക്കാൽലക്ഷംമണ്ടും ഉപ്പുവീതം ഉണ്ടാക്കാമെന്നാണ് എന്റെ അഭിപ്രായം. ഒന്നാംതരം തെളിവുൻ സുലഭമായികിട്ടുന്നുഎങ്കിൽ ഒന്നരമുക്കാൽലക്ഷംമണ്ടു ഉപ്പു ഈ രണ്ടു അളങ്ങളിൽനിന്നും കിട്ടും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ കണക്ക് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് പറഞ്ഞിട്ടുള്ളത് ?

മി. എ. ജെ. വാൻറോസ്സ് (എക്സയിസ്സ് കമ്മീഷണർ): കഴിഞ്ഞകൊല്ലത്തിൽ കിട്ടിയ ഉപ്പിന്റെ ആളായത്തെ അടിസ്ഥാനപ്പെടുത്തിയാണ് പറഞ്ഞതു് ഞാൻ പറഞ്ഞതുപോലെ ഈ അളങ്ങളിൽനിന്നും ഒന്നരമുക്കാൽലക്ഷം മണ്ട് ഉപ്പുണ്ടാക്കാം. ഇവിടങ്ങളിൽ ശോധി നടത്തിക്കുന്നതിനുവേണ്ടി അന്യസ്ഥലത്തുനിന്നും ഉപ്പുവെള്ളം കയറ്റുകയാണെങ്കിൽ ആണ്ടിൽ ഏ ലക്ഷംമണ്ടുപോലെ അന്യനാട്ടുകാക്കു കൊടുക്കേണ്ടതായിവരും. ഈ സ്ഥലങ്ങളിൽ ശരിയായി ശോധിനടത്തുകയാണെങ്കിൽ ഈ മുഴുരാജ്യത്തിൽ നിന്നും നഷ്ടമാകാതെ ഇരിക്കും. ഉപ്പുവ്യവസായത്തെ വർദ്ധിപ്പിക്കേണ്ടതാണ്. കുറെപണംകൂടി ചെലവുചെയ്തു ധാരാളം ഉപ്പുണ്ടാക്കാമെന്നിരിക്കെ അങ്ങനെ ചെയ്യാതെ ഈ അളങ്ങളെ നിർത്തൽചെയ്യുന്നതു ബുദ്ധിശൂന്യമാകുന്നു.

മി. കുഞ്ഞനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇതിലേക്കു എത്ര രൂപയോളം ആവശ്യമുണ്ടായിരിക്കും ?

മി. എ. ജെ. വാൻറോസ്സ് (എക്സയിസ്സ് കമ്മീഷണർ): ഏകദേശം ക ഒ ഠ ഠ രൂപ ആയ്ക്കൊള്ളേണ്ടതായ എസ്റ്റിമേറാണ്.

മി. കെ. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേടും): രണ്ടിനുംകൂടിയാണോ ?

മി. എ. ജെ. വാൻറോസ്സ് (എക്സയിസ്സുകമ്മീഷണർ): അതെ.

മി. കെ. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേടും): ഈ രാജ്യത്തേക്കാവശ്യമുള്ള ഉപ്പ് ഇവിടെ ഉണ്ടാക്കേണമെന്നു് ആവശ്യമായിരിക്കുകൊണ്ടു് ഈ അളങ്ങളും നിലനിറുത്തേണമെന്നുള്ള പ്രമേയത്തെ ഞാൻ എതിർക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ ഞാനും ഈ പ്രമേയത്തെ എതിർക്കുന്നു. കോതയാറണ പുതിയായി ഇവിടെ ശുദ്ധജലത്തിന്റെ ഊറൽഉണ്ടാക്കുന്നതിനുമുമ്പുവരെ ഇവിടെനിന്നും ധാരാളം

ഉപ്പു കിട്ടിക്കൊണ്ടിരുന്നു. ഗവൺമെന്റു ഇതിലേക്ക് കുറച്ചധികം ചെലവാക്കാൻതയ്യാറുണ്ടെങ്കിൽ ഈ ഉദ്യോഗസ്ഥനിയമത്തിനു വരുന്നതാണ്. ഈ ജോലി കഴിയുന്നതുവരെത്തിൽ തുടരേണ്ടതാണ്. അതൊരു ദുഷ്കരമായിതീരുകയില്ല. ബഡ്ജറ്റു വാചകപ്രതിയാകത്തിൽ ഞാൻ ഇതെപ്പറ്റി വിശദമായി പ്രസംഗിച്ചിട്ടുണ്ട്. ഈ അളങ്ങളുടെ ഉന്നതിക്കായി ഗവൺമെന്റു വേണ്ടത്ര പ്രവർത്തിക്കുന്നില്ല എന്നാണ് എന്റെ അഭിപ്രായം. ലൈസൻസു എടുത്തിട്ടുള്ള വർഷവേണ്ട പ്രോത്സാഹനം ലഭിക്കാത്ത രണ്ടു പ്രധാന അളങ്ങളാണ്ഇവ. ഞാൻ മുൻപു പറഞ്ഞതുപോലെ മനോന്നിനു രണ്ടരച്ചക്രംവീതമെങ്കിലും കിട്ടുന്നുള്ളു. അതു മതിയായ ഒരു പ്രതിഫലം അല്ല.

മി. വാൻറോസ്സ് (എക്സയിസ്സു കമ്മീഷണർ): ടെലസ്സൻസ്സ് എടുത്തിട്ടുള്ളവർക്ക് വേണ്ടപ്രോത്സാഹനം കിട്ടുന്നില്ലഎന്ന് ബഹുമാനപ്പെട്ട അംഗം പറയുന്നു. എക്സൈസ്സ് ഡ്യൂട്ടി കുറച്ചുകൂടി സ്വീകരിക്കാമോ എന്നു രാജാക്കന്മാരുടെ അടുത്തിരുന്നു ഞാൻ ചോദിച്ചു. അവർ അതു നിരസിച്ചു ഇപ്പോഴത്തെ ഡ്യൂട്ടി മതിയെന്നാണ് പറഞ്ഞതു്.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതിനെപ്പറ്റി എനിക്കറിവില്ല. അങ്ങനെയാണെന്നു ഞാൻ വിചാരിക്കുന്നില്ല ഞാൻ അങ്ങനെ വിശ്വസിക്കുന്നു. ഇപ്പോഴത്തെഡ്യൂട്ടി അനുസരിച്ചു അവർ ഉടമ്പടിയനുസരിച്ചു പോകുമെന്നു സമ്മതിക്കുന്നു എങ്കിൽ ഗവൺമെന്റു ചെലവുചെയ്തു ധാരാളംബ്രൈൻ കിട്ടുന്നതിനുള്ള വിഷമത്തെ പരിഹരിക്കേണ്ടതാണ്. ഗ്രന്ഥശാലയിലെന്റെ ഉദാഹരണംകൊണ്ട് ഈ അളങ്ങളിൽ ഉണ്ടാകുന്നവിഷമതയെ ഗവൺമെന്റു സ്വല്പം ധനം ചെലവുചെയ്താൽ പരിഹരിക്കാം. നല്ല ബ്രൈൻ കൊടുക്കുന്നുഎങ്കിൽ ഒരു മഴകഴിഞ്ഞാൽ ഉടൻ ഉപ്പുണ്ടാക്കാൻ തുടങ്ങിക്കാം. മഴവെള്ളം കൊണ്ടു അളം മുങ്ങിക്കിടക്കുമ്പോഴും അവർ ഇപ്പോഴും—ആ വെള്ളം അവിടെ നിന്നുതിരി അതിന്റെ നിരപ്പുകുറെ താഴാൻ അനുവദിക്കുന്നു. അപ്പോഴേക്കും പിന്നെയും മഴയുണ്ടാകുകയും അങ്ങനെ ഉപ്പുഉണ്ടാകേണ്ടതായ സമയംകഴിഞ്ഞുപോകുകയും ചെയ്യുന്നു. ഉപ്പുവ്യവസായം വർദ്ധിപ്പിക്കണമെന്നു ഗവൺമെന്റു വിചാരിച്ചുവെങ്കിൽ അതിനുള്ള ആരംഭം എത്രയുംവേഗത്തിൽ ആരംഭിക്കണം. ഈ സംഗതികളെപ്പറ്റി അധികം പറയുന്നതിനു ഒരു കമ്മിറ്റി രൂപീകരിക്കുന്നതും നന്നായിരിക്കും.

മി. എ. ജെ. വാൻറോസ്സ് (എക്സയിസ്സ്കമ്മീഷണർ): ഈ വേലകൾ ഗവൺമെന്റു നടത്തിക്കേണ്ടതാണ് കുത്തകക്കാരെത്തിട്ടുള്ള അളമാകയാൽ ഇങ്ങനെയുള്ള പ്രധാനപ്പെട്ടജോലികൾ ഗവൺമെന്റാണ് നടത്തിക്കേണ്ടതു്.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മി. വാൻറോസ്സ് പറഞ്ഞതുപോലെ എക്സയിസ്സ് ഡ്യൂട്ടി ആവശ്യമില്ലെങ്കിൽ ഗവൺമെന്റു ഉടൻ ഈ വേലകൾ ആരംഭിക്കേണ്ടതാണ്. നല്ല ബ്രൈൻ സുലഭമായി കിട്ടുമെങ്കിൽ കന്യാകുമാരി മുതൽ ഉപ്പു പ്രതിവർഷം ഉണ്ടാക്കാമെന്നു അദ്ദേഹം പറഞ്ഞുകഴിഞ്ഞു. അതേസംബന്ധിച്ചു പുതിയായി ഉണ്ടാക്കീട്ടുള്ള പദ്ധതി ഇപ്പോൾ ഗവൺമെന്റു പരിശോധനയിൽ ഇരിക്കയാണ്. അതുകൊണ്ടു അളങ്ങൾ ഇപ്പോൾ നിറയ്ക്കാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം.

മി. പി. കെ നാരായണപിള്ള (അമ്പലപ്പുഴ): എക്സയിസ്സ്കമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതി വിജയകരമായിത്തീരുമെന്നു സഭയ്ക്കു ഉറപ്പുതരാൻ മെംബറിനു സാധിക്കുമോ ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ആ പദ്ധതിയെ സംബന്ധിച്ചുള്ള പൂർണ്ണമായ അറിവു എനിക്കില്ല.

മി. എസ്സ്. സുബ്രഹ്മണ്യ കരയാളർ (പത്തനാപുരവും-ചെങ്ങന്നൂരും): ഞാൻ എക്സയിസ്സ്കമ്മീഷണരിൽനിന്നും—

മി. എൻ. കുമാരൻ (ഗവൺമെന്റു നിയമനം): വേറൊരു മെംബർ സംസാരിക്കുമ്പോൾ മി. കരയാളർ എക്സയിസ്സുകമ്മീഷണരോടു ചോദിക്കുന്നതു നിയമവിരുദ്ധമല്ലെ എന്നു ഞാൻ സംശയിക്കുന്നു.

മി. എസ്സ്. സുബ്രഹ്മണ്യ കരയാളർ (പത്തനാപുരവും-ചെങ്ങന്നൂരും): പ്രതിവർഷം ഫലക്ഷത്തി ഏ ഇ ആയിരം മണ്ണ ഉപ്പു അവിടെനിന്നും ഉണ്ടാക്കാമെന്നു എക്സയിസ്സ്കമ്മീഷണർ പറഞ്ഞതുകൊണ്ടു പ്രമേയം ഞാൻ പിൻവലിക്കുന്നു.

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം നമ്പ. .

മെംബർ ഹാജരില്ലായ്കയാൽ താഴെപറയുന്ന പ്രമേയം സഭാസമക്ഷം അവതരിപ്പിച്ചില്ല.

മി. കെ. വി. മാത്തൻമാപ്പിള:

ഇൻസ്പെക്ടർമാരുടെ ശമ്പളത്തിനുള്ള ഏ ഇ എ രൂപയിൽനിന്നും എ ഠ ഠ രൂപകുറക്കണം.

പ്രമേയം നമ്പ. ൯൯.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): സർ താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളട്ടെ.

നമ്പ. ശമ്പളത്തിനും എസ്റ്റാബ്ലിഷ്മെന്റിനുമായുള്ള രനര ഏഠ രൂപയിൽനിന്നും നനഏഠ രൂപകുറയ്ക്കണം.

ഉപ്പളങ്ങളിലെ ജീവനക്കാരിൽ ഒരു ഇൻസ്പെക്ടർ എ ഠ പെറിങ്ങോഫീസർ നന്നു ശിപായിമാർ ഇവരെ യാതൊരുബുദ്ധിമുട്ടും കൂടാതെ കുറയ്ക്കുവുന്നതാണ്. ഇപ്രകാരം ജീവനക്കാരെ കുറക്കുന്നതിനു കഴിഞ്ഞതവണ ഇതേ സമയത്തു മി. സുബ്രഹ്മണ്യകരയാളർ മെമ്മോറാൻഡം കൊണ്ടുവരികയും കൗൺസിലിൽ വേണ്ടതുപോലെ പ്രതിപാദിക്കയും ചെയ്തിട്ടുണ്ട്. മി. കരയാളർ അവിടത്തെ ഉപ്പുകൃഷിക്കാരിൽ ഒരാളും അവിടത്തെ സ്ഥിതികളെപ്പറ്റി നല്ലപോലെ അറിയാവുന്ന ആളുമാണ്. മി. കരയാളരുടെ വാദങ്ങൾകൊണ്ടു അന്നത്തെ ആക്ടിങ്ങ് എക്സയിസ്സ്കമ്മീഷണർ പലസാമാധാനങ്ങളും പറഞ്ഞിരുന്നു. ഓരോ ഫാക്ടറികളിലും ധാരാളം ഉപ്പുണ്ടാകുന്നു. അതുകളെ ലേലത്തിൽ വാങ്ങിക്കുകയും വിൽക്കുകയും ചെയ്യേണ്ടതു് ഇൻസ്പെക്ടർ ആവശ്യമെന്നും ഇതിനും പുറമെ ഉപ്പുണ്ടാകുന്ന

തിനു ഉപയോഗിക്കുന്ന മണ്ണിന്റെ പരിശോധിക്കേണ്ടതും നല്ല ഉപ്പിൽനിന്നും ചീത്ത ഉപ്പിനെ വേർതിരിച്ചു മാറേണ്ടതും ഇൻസ്പെക്ടർ ആണെന്നും പറഞ്ഞിരിക്കുന്നു.

ഈ ജോലികൾ എല്ലാദിവസവും ഇൻസ്പെക്ടർമാർക്ക് ഉണ്ടായിരിക്കുന്നതല്ല. ഈ ജോലികളിൽ ഇൻസ്പെക്ടർമാരെ സഹായിക്കുന്നതിനു ന്യായമായ ശമ്പളം വേണമെന്നു വിചാരിച്ചിട്ടുള്ള പെറിഅഫീസർമാർ ഉണ്ട്. നമ്മുടെ ഉപ്പുപാടങ്ങളിൽ ധാരാളം ഉപ്പുകൃഷി വർദ്ധിച്ചുവരികയാണെങ്കിൽ ശമ്പളക്കാരേയും ശമ്പളച്ചെലവുകളേയും വർദ്ധിപ്പിക്കുന്നതിനു എല്ലാവർക്കും സന്തോഷമുണ്ടായിരിക്കുന്നതാണ്. അടുത്തകാലങ്ങളിൽ ഉപ്പുകുറിക്കായുള്ള സ്ഥലങ്ങളും അതിലെ വിളവും കുറഞ്ഞുവരികയാണ് ചെയ്തിട്ടുള്ളതു്.

ഇവിടത്തെ ഉപ്പളങ്ങളിൽനിന്നും ക ഠ ൻസ-ൽ ൽ, ഠ ക, ഫ വ മണ്ണ വിളഞ്ഞ് കിട്ടിക്കൊണ്ടിരുന്നതു് ക ഠ ൻൽ—ൽ സ, ര ഠ ഠ സ ൽ മണ്ണായി കുറയുകയാണ് ചെയ്തിട്ടുള്ളതു്.

ഉപ്പു കൃഷിചെയ്യുവാനുള്ള സ്ഥലങ്ങളുടെ വർദ്ധനയെപ്പറ്റി നോക്കുന്നതായാൽ ക ഠ ൻ ഠ—ൽ ര ക ൻ ഏക്കറായിരുന്നതു ക ഠ ൻൽ-ൽ സന്യ ക ഏക്കറായി കുറയുകയാണ് ചെയ്തിട്ടുള്ളതു്. ഉപ്പുപാത്തികളിൽനിന്നും ഉപ്പു വിളഞ്ഞുകിട്ടുന്നതിനെപ്പറ്റി നോക്കുന്നതായാൽ ക ഠ ൻസ്യ ൽ ഏക്കർ ഒന്നിനു ക, സ ഠ ഠ മണ്ണുപ്പുവിളഞ്ഞുകിട്ടിയിരുന്നതു ക ഠ ൻൽ—ൽ ൻര ഠ മണ്ണായി കുറഞ്ഞിരിക്കുന്നു. ഇങ്ങനെ ഉപ്പുപാടങ്ങളുടെ സ്ഥിതി ഓരോദിവസവും ക്ഷയിച്ചുവരുമ്പോഠ ക ഠ ൻവ—ൽ വാരിയർ ഉപ്പളത്തിലേക്ക ഒരു ഇൻസ്പെക്ടർ രണ്ട് പെറ്റി ഓഫീസർമാർ ആറു ശിപായിമാർ ഇത്രയും പേരെ കൂടുതലായി നിയമിച്ചിരിക്കുന്നു. ഇങ്ങനെ അനാവശ്യത്തിൽ കൂടുതലായി വർദ്ധിപ്പിച്ചിട്ടുള്ളശമ്പളച്ചെലവുകളെ വഹിക്കേണ്ടിവരികയും ഈ അനാവശ്യമില്ലാത്തതാണു. ഈ കാരണങ്ങളാൽ ഉപ്പളങ്ങളിൽ ഇപ്പോഠ ഉള്ളതിൽ ഒരു ഇൻസ്പെക്ടർ ക ഠ പെറ്റി ഓഫീസർമാർ നന്യ ശിപായിമാർ ഇവരെ കുറക്കേണ്ടതാണ്.

മി. എച്ച്. ജെ. വാൻറോസ്സ് (എക്സൈസ്സ് കമ്മീഷണർ): മെമ്പർ പറഞ്ഞതുപോലെ ഇതൊരു പ്രധാനപ്പെട്ട വിഷയം തന്നെയാണു. മി. സുബ്രഹ്മണ്യംകരയാളർ ഹാജരാക്കിയിട്ടുള്ളതിനെപ്പറ്റി ക ഠ ൻ-ൽ മാത്രമല്ല ക ഠ ൻ ഠ-ലും ക ഠ ൻവ—ലും വേണ്ട വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ട്. ഇതിലും അധികമുള്ള സമാധാനം വീണ്ടും പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അന്നു പറഞ്ഞിരുന്ന സമാധാനം ജീവനക്കാർക്കുള്ള ജോലികളുടെ ഒരു വിപരീതമാണെന്നുമാത്രമേ ഇപ്പോഠ അവരെപ്പറ്റിയുള്ള സഹതാപത്തിനായിരിക്കും, എന്തെന്നാൽ അവിടെയുള്ള ജോലികളിൽ ഇടപെടാത്ത ഒരാൾക്ക അവിടെ എത്രമാത്രം ജോലിയുണ്ടെന്നു അറിയാൻ സാധിക്കയില്ല. ക ഠ ൻവ—ൽ നടത്തിയ പരിശോധനസമയത്തു ഓരോ അളത്തിലുമുള്ള ജീവനക്കാരുടെ വേല പരിശോധിച്ചു വേണ്ട കുറവു വരുത്തിയിട്ടുണ്ട്. ഞാൻ സൻ പേരെ- സര പ്ലൂൺസ്ഉംപ്പെടെ- പിരിച്ചുവിട്ടിട്ടുണ്ട്. യാതൊരുകുറവും വരുത്താൻ നിവൃത്തിയില്ലാത്ത ഒരുപരുതനത്തിൽആണ് ഇപ്പോഠ ഇരിക്കുന്നതു. ഉണ്ടാക്കേണ്ടതായ ഉപ്പിന്റെ ഗുണത്തേയും രക്ഷയേയുംകരുതി എന്റെ അറിവിൽ പെട്ടിടത്തോളം ഇനി അവിടെ ഒരുകുറവും ചെയ്യാൻതരമില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): ഇങ്ങനെ കുറവുവരുത്തിയതു ഏതുകൊല്ലത്തിൽ ആണ് ?

മി. എച്ച്. ജെ. വാൻറോസ്സ് (എക്സൈസ്സ് കമ്മീഷണർ): ക ഠ ൻവ—ൽ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ആ ആണ്ടിൽതന്നെ ഒരു സബ് ഇൻസ്പെക്ടർ, രണ്ടു പെറ്റിഓഫീസർ, ആറു ശിപായിമാർ ഇവരെ കൂട്ടീട്ടുണ്ടോ ?

മി. എച്ച്. ജെ. വാൻറോസ്സ് (എക്സൈസ്സ് കമ്മീഷണർ): അതു് പുതുതായി ഏർപ്പെടുത്തിയ വാടിയൂർ അളത്തിൽ ആണ്. ഞാൻ താമരക്കുളം അളത്തെപ്പറ്റിയാണ് പറയുന്നതു. സംരക്ഷണം, അഴിവു്, ഇറക്കുമതി, എന്നുടങ്ങിയുള്ള കാര്യങ്ങൾ അന്വേഷിക്കുന്നതിനുള്ള ചുമതല ഇൻസ്പെക്ടർ ആണ് വഹിക്കുന്നതു്, മനഃ സാക്ഷിയേടുകൂടി ഇനി ഒരു കുറവുംചെയ്യാൻ നിവൃത്തിയില്ല. ക ഠ ൻസ്യ-ാമാണ്ടുമുതൽക്ക അളങ്ങളിലെ ആളായം കുറയുന്നുഎന്നു മി. കുമാരപിള്ള പറയുകയുണ്ടായി. വ്യവസ്ഥാസമേതം ഞാനും അതു സമ്മതിക്കാം അതു കുത്തകക്കാരുടെ പ്രയത്നക്കുറവൊ അവക്ക് നൽകുന്ന പ്രോത്സാഹനക്കുറവൊ കൊണ്ടല്ല എന്നു ഇവിടെയുള്ള ഒന്നാംതരം കുത്തകക്കാർ സാക്ഷ്യംവഹിക്കും. അകാലത്തുള്ളമഴ ഈ കുറവിന് ഒരു കാരണമാണ്. ചില ലൈസൻസുകാർ മണ്ണെടുത്തു കിണറുകളും കണ്ടുപിടിച്ചു ഉപ്പുകൃഷിക്കു മണ്ണെടുത്തു ശേഖരിക്കാൻ വളരെപണം ചെലവുചെയ്തു. എന്നാൽ പേരെചില ലൈസൻസുകാക്ക ഉപ്പുകൃഷിതന്നെ ചെയ്യാൽ സാധിച്ചില്ല. കടൽവെള്ളം തുക്കത്തിൽ ഏകദേശം ന ഡിഗ്രിയാണ്. എന്നാൽ അതു ശ്രദ്ധാപൂർവം നിറഞ്ഞ മണൽക്കിടക്കയിലിൽവന്നുചേരുമ്പോഠ ശ്രദ്ധാപൂർവമായിചേന്ന ക ഡിഗ്രി തുക്കമുള്ളതുമാത്രമായി കുറഞ്ഞുപോകുന്നു. ഈ മണ്ണുപ്പുണ്ടാക്കിഎടുക്കുന്നതിനു കാലതാമസം നേരിടുകയും തൻമൂലം ഉണ്ടാകാവുന്ന ഉപ്പു വളരെ കുറഞ്ഞുപോകുകയും ചെയ്യുന്നു. അനുകൂലമല്ലാത്ത കാലസ്ഥിതി കഴിഞ്ഞ മൂന്നുകൊല്ലമായി ഇടവിടാതെകാണുന്നിരിക്കുന്നു. ഇവയാണ് ഈ അളങ്ങളിൽനിന്നുള്ള ഉപ്പിന്റെ വരുമാനം കുറയാനുള്ള കാരണങ്ങൾ. നല്ല മണ്ണുപ്പുകിട്ടുന്നതിനുള്ള മാർഗ്ഗങ്ങളെ നിർദ്ദേശിച്ചു ഞാൻ ഗവണ്മെന്റിലേക്ക എഴുതിയിട്ടുണ്ടു. അതു ചീഫ്ഇഞ്ചിനീയരുടെ പരിശോധനയിൽ ഇരിയ്ക്കുകയാണെന്നുതോന്നുന്നു. ഇപ്പോഠ അതു് ഏതു സ്ഥിതിയിൽ ഇരിക്കുന്നു എന്നു എനിക്ക അറിഞ്ഞുകൂടാ. അതേസ്സംബന്ധിച്ചുള്ള അവസാനഉത്തരവുകഠ ഇതേവരെ കിട്ടിച്ചിട്ടില്ല. എന്റെ നിർദ്ദേശങ്ങഠ നടപ്പിൽവരുമ്പോഠ ഉപ്പു ധാരാളമായി കിട്ടും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): പഴയാറിന്റെ വിസ്താരം കുറഞ്ഞുപോകുന്നതുകൊണ്ടു് ഉപ്പളങ്ങൾക്ക് കേടുപറ്റിയിട്ടുണ്ടോ ?

മി. എച്ച്. ജെ. വാൻറോസ്സ് (എക്സൈസ് കമ്മീഷണർ): മണക്കടിക്കായലിനെപ്പറ്റിയാണ് മെമ്പർപറയുന്നതെന്നു ഞാൻ വിചാരിക്കുന്നു. പഴയാറിന്റെ വിസ്താരം കുറഞ്ഞിട്ടില്ലാ. മണക്കടിക്കായലിന്റെ വിസ്താരം കുറഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മണക്കടിക്കായലിന്റെ ഇരുവശങ്ങളും ഉപ്പളങ്ങൾക്കായി പതിച്ചുകൊടുത്തതിൽവന്നിട്ടുള്ള വിസ്താരക്കുറവു ഉപ്പളങ്ങൾക്ക ദോഷമായി വന്നിട്ടില്ലേ ?

മി. എ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): കായലിന്റെ വിസ്താരക്കുറവ് ഉപ്പിന്റെ അളവുകൂടുന്നതുകൊണ്ടല്ല. എന്നാൽ വർഷകാലത്തു വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അളങ്ങളിൽ കയറി നാശംചെയ്യുന്നതുകൊണ്ട് അവയുടെ രക്ഷയ്ക്കു സാരമായ ഹാനിസംഭവിച്ചിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അതിനെ വിസ്താരം കൂട്ടണമെന്നുള്ളതിനു എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ?

മി. എ. ജെ. വാൻറോസ്സ് (എക്സൈസ് കമ്മീഷണർ): ഉണ്ട്. എന്നാൽ അതു നദികളുടെ സമീപത്തുള്ള അളങ്ങളെ സംബന്ധിച്ചാണ്. സമുദ്രത്തിലെ വെള്ളത്തോടു തുല്യബന്ധമുള്ള ശബ്രോൻ മണക്കടിക്കായിൽ ശേഖരിയ്ക്കുന്നതിനു നിവൃത്തിയില്ലാത്തതുകൊണ്ടാണ് കൊടുവാരണയിങ്കനിന്നും കൂടക്കൂടെ വെള്ളം ഒഴുകിവന്ന് അതിൽ ചേരുന്നതുകാണ്ടാണ്

മി. കെ. മകെ. തോമസ്സ് (കോട്ടയം): പുഴയാറിന്റെ ഗതിമയത്തിരിക്കാൻ ഒരു ആലോചന ഉണ്ടായിരുന്നില്ലേ ?

മി. എ. ജെ. വാൻറോസ്സ് (എക്സൈസ്സ് കമ്മീഷണർ): ഉണ്ടായിരുന്നു. അങ്ങനെ ഒരു ആലോചനയുണ്ടായിരുന്നു. എന്നാൽ അതു പ്രായോഗികമല്ല എന്നു ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ട അതുകൊണ്ടാണെന്നയാണ് വേറൊരുമാർഗ്ഗം- ശബ്രോൻ പണംചെയ്യുകൽമാർഗ്ഗം അളങ്ങളിലേയ്ക്കു അയയ്ക്കുക— ഞാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആ നവീനപദ്ധതിയിപ്പോൾ ഗവണ്മെൻറ് ആലോചനയ്ക്കു വിഷയീഭവിച്ചിരിക്കുകയാണ്. മി. കരയാളുടെ ഉപ്പളങ്ങളെപ്പറ്റി അറിവുള്ളതായി മി. കുമാരപിള്ള പറയുകയുണ്ടായി. അതുകൊണ്ടു മി. കരയാളുടെ അഭിപ്രായം സ്വീകാര്യമാകുമെന്നു. മി. കരയാളുടേയും ഗവണ്മെൻറിന്റേയും ഉപ്പിനെ സംബന്ധിച്ചുള്ള തല്പരത വ്യത്യസ്തങ്ങളാണുണ്ട്. മി. കരയാളുക്ക് ഒരുമന്നാപ്പിൽ രണ്ടോ മൂന്നോ അണയുടെ നോട്ടമേയുള്ളു. ഗവണ്മെൻറിനു കിട്ടിരൂപായെ സംബന്ധിച്ചു നോക്കേണ്ടതായിട്ടുണ്ടു. അതുകൊണ്ടു ചുമതലക്കാരുടെസംഖ്യ കുറയ്ക്കുന്നതിൽ മൈസൻസ്സുകാർ യാതൊരു വൈമനസ്യവും കാണിക്കയില്ല. എന്നാൽ അവിടെ മോഷണംവർദ്ധിക്കാൻ ഇടയുള്ളതുകൊണ്ടു ഗവണ്മെൻറിനു കൂടുതൽ സൂക്ഷിക്കാതെയിരിക്കാൻപാടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇപ്പോഴും അങ്ങനെ മോഷണംപോകുന്നുണ്ടോ?

മി. എ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മിഷണർ). ഉണ്ട്. ഈയിടെ ഒരു സംഭവം ഉണ്ടായി. മോഷണത്തിനുശ്രമിച്ച ഒരുവനെ ഒരു പ്യൂൺ കൊന്നു.

ഏതായാലും പോന്നയ്യാനാടാരുടെ അളത്തിലേക്കു നിശ്ചയിച്ചിട്ടുള്ള 2 പ്യൂണിനേയും 1 പ്യൂണിനേയുംകൂടുചെയ്യാൻ ഞാൻതയ്യാറാണ്. ഈ അളം വിജയകരമല്ല എന്നുകണ്ടതിനാൽ ലൈസൻസ് റദ്ദ്ചെയ്യുകയുണ്ടായി.

മി. എം. സുബ്രഹ്മണ്യപിള്ള (അതസ്സീശ്വരം): ൧൯൨൫—൧൯൨൬-൧൯൨൭ എന്നിവർഷങ്ങളിൽ ന്യായമായവിധത്തിൽ ഉപ്പുണ്ടായിട്ടില്ല എന്ന കാരണത്തെ ആസ്പദമാക്കിയാണെന്നതോന്നുന്നു ഈ പ്രമേയം ഹാജരാക്കിയിട്ടുള്ളത്. ആ അളങ്ങളിൽ ഈ മൂന്നുകാലുങ്ങളിലായി വളരെ കുറച്ചു ഉപ്പുമാത്രമേ ഉണ്ടായിട്ടുള്ളു എന്നു എനിക്കും അറിയാം. ഈ കൊല്ലങ്ങളിൽ മഴയുടെശല്യംകൊണ്ടു വലുതായ നഷ്ടം നേരിട്ടിട്ടുണ്ട്. മാർകഴി വൈകാശി ഈ മാസങ്ങളുടെ ഇടയ്ക്കുള്ള തൈപ്പാനി എന്ന സമയത്താണ് ഉപ്പു വിളയിക്കുന്നതു. ഈ കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ഉപ്പുകൃഷിക്കു ആരംഭിക്കുമ്പോഴും മഴയുണ്ടാകുകയും ഉപ്പുകൃഷി നിറുത്തിവയ്ക്കുകയുമാണ് ഉണ്ടായിട്ടുള്ളതു. ഇതുപോലെ ജോലിനിറുത്തിവയ്ക്കേണ്ട മറവുസമരങ്ങളും ഉണ്ടായി. ഇങ്ങനെ കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരുന്ന മഴനിമിത്തം ഉപ്പു വളരെ കുറഞ്ഞുപോയി. എന്നാൽ ഈ അളങ്ങളുടെ രക്ഷയ്ക്കായുള്ള ജീവനക്കാരുടെ സംഖ്യ കുറയ്ക്കുന്നതിനു മതിയായ കാരണമല്ല. കാലസ്ഥിതിനന്നായിരുന്നു എങ്കിൽ മുൻകാലുങ്ങളിലെ വിളവിനേറ മുക്കാൽഭാഗം എങ്കിലും ഉണ്ടാകുമായിരുന്നു, ഇതു എല്ലാ അളങ്ങളിലുമുള്ള ഒരുകഥ വാണ്. ആ കാരണത്തെ അടിസ്ഥാനപ്പെടുത്തി എല്ലാ അളങ്ങളിലേയും ജീവനക്കാരുടെ സംഖ്യ കുറയ്ക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഞാൻ ആ പ്രമേയം പിൻവലിച്ചുകൊള്ളുന്നു. അനുവാദത്തോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം ൪൦൦ ൪൫൦.

താഴെപ്പറയുന്ന പ്രമേയങ്ങൾ അവതരിക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള:

൪൦൦. ചില്ലറപ്പണികൾക്കും അറ്റകുറ്റപ്പണികൾക്കുമായുള്ള ൨൯൫൦ ഈ രൂപായിൽ ൫൦൦ രൂപാ കുറയ്ക്കുണം.

മെമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെപ്പറയുന്ന പ്രമേയം ഹാജരാക്കപ്പെട്ടില്ല.

മി. കെ. സി. മാമ്മൻമാപ്പിള:

൪൫. ഇൻസ്പെക്ടർമാരുടെ ശമ്പളത്തിനുള്ള ൩൫൯൫ രൂപായിൽ ൫൦൦ രൂപാ കുറവുചെയ്യണം,

പ്രമേയം ൪൬.

മി. സുബ്രഹ്മണ്യകുരയാളർ (പത്തനാപുരവും ചെങ്കോട്ടയും): സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളട്ടെ.

൪൬. ഉപ്പു കയറിറക്കുന്നതിനുള്ള ൩൦൦൦ രൂപ മുഴുവനും ഉപേക്ഷിക്കണം.

൧൯൨൬-൨൭മാണ്ടു ഉണ്ടായ ഭയങ്കരമായ വെള്ളപ്പൊക്കംമൂലം മെസ്സേഴ്സ് അവങ്കാനിയക്കിനും മറ്റുപല കക്ഷികൾക്കുണ്ടായ ഭീമമായ നഷ്ടത്തെ പരിഹരിക്കുന്നതിന് തോന്നിയതിൽഉള്ള കൃതജ്ഞതയെ സൂചിപ്പിക്കുക എന്നുള്ളതാണ് ഈ പ്രമേയം അവതരിപ്പിക്കുന്നതിൽ എനിക്കുള്ള ഉദ്ദേശ്യം. നഷ്ടത്തിന്റെ ഒരു ഭാഗമെങ്കിലും പരിഹരിക്കണമെന്നു ശിപാർശചെയ്യാൻ എക്സൈസ് കമ്മീഷണർക്കു മയയുണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു.

പ്രസിഡൻറ്: നിങ്ങളുടെ പ്രമേയത്തിനും ഇതിനും തമ്മിൽ എന്തുബന്ധമാണുള്ളതു ?

മി. എസ്സ്. സുബ്രഹ്മണ്യകുരയാളർ (പത്തനാപുരവും ചെങ്കോട്ടയും): അതേപ്പറ്റി ഞാൻ പിറയാം. കഴിഞ്ഞകൊല്ലത്തേയും ഇക്കൊല്ലത്തിലേയും ഉപ്പു അർദ്ധഭാഗത്തിനു ഇളവുചെയ്തുകൊടുത്തു. ഇതേമാതിരി ഇളവു

കരം ഒഴികെ അളങ്ങളിലെ ഉടമസ്ഥന്മാക്കും ഗവണ്മെൻറു ചെയ്യുകൊടുക്കുമെന്നു ഞാൻ വിചാരിക്കുന്നു. കരം ഒഴികെ അളങ്ങളിലെ ഉടമസ്ഥന്മാക്കും ഗവണ്മെൻറു ചെയ്യുകൊടുക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഗ്രൂപ്പുചെയ്തിട്ടുള്ള ഉപ്പുകച്ചവടത്തിൽ ഉപ്പുകച്ചവടം ഏതുവരെ ലാഭകരമായിട്ടു നടത്തിക്കൊണ്ടുപോകാം എന്നുള്ളതിനെപ്പറ്റി ഉദ്യോഗസ്ഥന്മാരുടെ ഉപദേശങ്ങൾ കായൽതൊഴിലാളികളിൽ ഉപ്പുകച്ചവടം കുറവാ യതുകൊണ്ടും വളരെ കുടിശ്ശികയിട്ടിട്ടുണ്ട്. ഗവണ്മെൻറിലേക്കു കൊടുക്കേണ്ടതായ ഉപ്പു മുഴുവൻ തൊണ്ടിസ്സർട്ടിഫിക്കറ്റു കൊടുത്തിട്ടുള്ളവർ കൊടുക്കുകയാണെങ്കിൽ പിന്നീടു യാതൊരു ആളായവും ഇല്ലാതെവരുന്നു. അതുകൊണ്ടു മി. അവതാനിയലിനെ അനുവദിച്ചിട്ടുള്ളതുപോലെയുള്ള ഒരു കുറവു മറ്റു അളങ്ങളിലെ ഉടമസ്ഥന്മാക്കും അനുവദിച്ചുതരണമെന്നു പ്രാർത്ഥിച്ചുകൊള്ളുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര). മി. അവതാനിയലിനെ അനുവദിച്ചിട്ടുള്ളതുകുറവ് ചില്ലറയായിട്ടുള്ളതാണ്. ആ അളത്തിൽനിന്നും ഉപ്പു ഒട്ടും കൊടുക്കേണ്ട എന്നാണോ ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): കരം അനുസരിച്ചു പ്രതിവർഷം ൨൦൦൦ മണ്ണിനും ൫൦൦൦ മണ്ണിനും ഇടയ്ക്കുള്ള ഒരുതുക കൊടുക്കണമെന്നാണ്. ഇപ്പോൾ ഇതുപോലെതന്നെ ഉണ്ടാക്കാൻ സാധിക്കുന്നില്ല. എൻറെ അപേക്ഷ ഓരോ അളത്തിലും വിളയിക്കുന്ന ഈ ഉപ്പിൻറെയുകതന്നെ ക്കാതെ നിശ്ചിതസംഖ്യ മുഴുവൻ ആവശ്യപ്പെടാൻ പാടില്ല എന്നാണ്. മി. അവതാനിയലിനെ ഗവണ്മെൻറു കുറവുചെയ്തുകൊടുത്തു. അതുപോലെ അതിൽ കൂടുതലായൊ നഷ്ടംനേരിട്ടിട്ടുള്ള എല്ലാ ലൈസൻസുകാക്കും ഏതാണ്ടുമായ ഇളവുചെയ്തുകൊടുക്കേണ്ടതാണെന്നാണു എൻറെ പ്രാർത്ഥന.

പ്രസിഡൻറു: ഈ അവസരോചിതമല്ല എന്നാണ് ഞാൻ വിചാരിക്കുന്നത്. പ്രമേയം ഉപ്പുകയറ്റി ഇറക്കുന്നതിനുള്ള ചെലവു ഉപേക്ഷിക്കണമെന്നുള്ളതാണ്. മെമ്പർ പറയുന്നതിനും പ്രമേയത്തിനും തമ്മിലുള്ള ബന്ധം എന്താണെന്നുപറയാമൊ ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഉപ്പു കൊല്ലത്തേക്കു കയറ്റി ഇറക്കണം. വിളയിച്ചു ഉപ്പു മുഴുവൻ ഗവണ്മെൻറു ആവശ്യപ്പെടുകയുംചെയ്യുന്ന ഒരു ലൈസൻസുകാരൻ ൧൦൦൦ മണ്ണ ഉപ്പു മാത്രമേ വിളയിക്കുന്നുള്ളു എന്നു വിചാരിക്കുക. അയാളുടെ ഉപ്പു മുഴുവൻ ഗവണ്മെൻറിലേക്കു കൊടുക്കേണ്ടിവന്നാൽ അയാൾ എന്താണ് ചെയ്യുക.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മെർസ്സെഴ്സ് അവതാനിയൽ വിളയിച്ച ഉപ്പു ഗവണ്മെൻറിലേക്കു കൊടുക്കേണ്ടഎന്നും അവർ ഗവണ്മെൻറിലേക്കു അതിനുപറ്റിയ കൊടുക്കേണ്ട എന്നുമാണോ മെമ്പർ അഭിപ്രായപ്പെടുന്നത്.

മി. കെ. കെ. തോമസ്സ് (കോട്ടയം): അവർ ഒരു കമ്പനി മുതലാളികൾ അല്ലേ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): അതേ. എന്നാൽ ഈ സൌജന്യം പ്രത്യേകകാരണങ്ങളാൽ ചെയ്തിട്ടുള്ളതാണ്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം). ഈ സൌജന്യം അനുവദിച്ചാൽ ഉപ്പു ആവശ്യപ്പെടാതിരിക്കുമൊ എന്നും മി. കരയാശ്യപ്പെടുമൊഎന്നും ഈ സൌജന്യം അനുവദിച്ചില്ലെങ്കിൽ ഉപ്പു ആവശ്യപ്പെടുമൊ എന്നും മി. കരയാളർ പറയുമോ ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): ഈ സൌജന്യം അനുവദിച്ചാൽ കൊടുക്കേണ്ടഉപ്പു ആവശ്യപ്പെടുകയില്ല.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എന്നാൽ അളേഹത്തിനു ഉത്തമമാഗ്രഹമായിട്ടുള്ളതു ഈ സൌജന്യത്തിനു അപേക്ഷിക്കയാണ്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും). നൈൻ ഇങ്ങനെ ഒരു സൌജന്യത്തിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ട്. ഗവണ്മെൻറു അതു അനുവദിക്കാൻ ചുമതലപ്പെട്ടതുമാണ്.

പ്രസിഡൻറു. ഈ പ്രമേയത്തിൻറെ ഫലമായി എന്തെങ്കിലും സൌജന്യം അനുവദിച്ചുകിട്ടണമെന്നൊ കൊടുത്തതിൽകൂടുതൽ വകവച്ചുകിട്ടണമെന്നൊ ആവശ്യപ്പെടുന്നതു ന്യായമല്ല.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): ഞാൻ ഇങ്ങനെ ഒരു സൌജന്യം അനുവദിച്ചുകിട്ടണം എന്നു അപേക്ഷിച്ചിട്ടുണ്ട്. ഒരാൾക്കു അനുവദിച്ചസൌജന്യം എല്ലാവർക്കും അനുവദിക്കണമെന്നും അങ്ങനെവരുമ്പോൾ ഈയുകയുടെ ആവശ്യം ഉണ്ടാകയില്ലെന്നുമാണ ഞാൻ പറയുന്നത്.

പ്രസിഡൻറു: പ്രമേയത്തിനും സൌജന്യത്തിനും തമ്മിൽ സ്വീകാര്യമായ യാതൊരുബന്ധവും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. ഫ്ലെ ജെ. വാൻറോസ്സ് (എക്സൈസ് കമ്മീഷണർ): സർ, ഗവണ്മെൻറു ആണ്ടുതോറും അളങ്ങളിൽനിന്നും ഡിപ്പോകളിലേക്കു ഉപ്പു കയറ്റിഅയയ്ക്കുന്നു. അങ്ങനെ കയറ്റിഅയയ്ക്കുന്നഉപ്പു ലൈസൻസുകാരിൽനിന്നും ഗവണ്മെൻറിനു അവകാശപ്പെട്ടതാണ്. മി. കരയാളരും വേറൊരു ലൈസൻസുകാരനും, അവരിൽനിന്നും ഇങ്ങനെ കിട്ടേണ്ടതായ ഉപ്പിൽ സൌജന്യം ചെയ്തുകൊടുക്കണമെന്നു അപേക്ഷിച്ചിട്ടുണ്ട്. അങ്ങനെ അപേക്ഷ അനുവദിക്കുന്നപക്ഷം കയറ്റിഇറക്കേണ്ട ആവശ്യം വരികയില്ലാത്തതുകൊണ്ടു ഈപണത്തിൻറെ ആവശ്യം വരികയില്ല എന്നാണ് അളേഹംപറയുന്നത്. അതിലേക്കുള്ളപണം അനുവദിക്കുന്നില്ലഎങ്കിൽ കയറ്റിഇറക്കാൻ നിവൃത്തിയില്ലാതെവരുന്നു ഗവണ്മെൻറു ആ സൌജന്യം അനുവദിക്കാൻ നിർബന്ധിതരാകുമെന്നാണ് അളേഹം വിചാരിക്കുന്നത്.

പ്രസിഡൻറു: അതേപ്പറ്റി നിങ്ങടെ ബുദ്ധിമുട്ടുണ്ട ആവശ്യം. ഉണ്ടെന്നുതോന്നുന്നില്ല.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): എന്നാൽ ഞാൻ അങ്ങനെ ചെയ്യുന്നില്ല. ഉപ്പു കയറ്റിഇറക്കുകയും ഗവണ്മെൻറു ലൈസൻസുകാരുടെ സൌജന്യത്തിനുള്ള അപേക്ഷ അനുവദിക്കുകയും ചെയ്യാതിരിക്കുകയും ഗവണ്മെൻറു ഈപണത്തിൻറെ ആവശ്യമില്ല. അപ്രകാരം അല്ലെങ്കിൽ പണം അത്യാവശ്യമാണ്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): ഇപ്രകാരമുള്ള സൌജന്യം അനുവദിക്കാമെന്നു എക്സൈസ്സ് കമ്മീഷണർ പറയുന്നതുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡൻറു: അങ്ങനെ കമ്മീഷണർ പറഞ്ഞിട്ടുള്ളതായി എനിക്കു തോന്നുന്നില്ല.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): അങ്ങനെ ഒരു സൌജന്യം ചെയ്യാൻ അവർ ഉദ്ദേശിക്കുന്നുണ്ട്.

പ്രസിഡൻറ്: അങ്ങനെ ഉദ്ദേശിക്കുന്നുഎന്നാം കമ്മീഷണർ പറഞ്ഞിട്ടുള്ളതായും തോന്നുന്നില്ല.

മി. എസ്. സുബ്രഹ്മണ്യകൈമൾ (പത്തനംതിട്ടയും-ചെങ്കോട്ടയും); ഞാൻ ഉപക്ഷേപത്തെ പിൻ വലിച്ചുകൊള്ളുന്നു.

അനുവാദലബ്ധപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം ൯൯.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): സർ, താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു കൊള്ളുന്നു.

൯൯. ആഫീസുചിലവുകൾക്കും മറ്റു ചില്ലറചെലവുകൾക്കുമായുള്ള ൧൪൦൦ രൂപയിൽ ൪൦൦ രൂപാ കുറയ്ക്കുണം.

ഈഇനത്തിലെ ചെലവു ഓരോ ആണ്ടിലും വർദ്ധിച്ചുവരുന്നതു ന്യായമാണെന്നു തോന്നുന്നില്ല. അതുകൊണ്ടു ഈ ൪൦൦ രൂപ കുറയ്ക്കുണ്ടതാണ്.

മി. ഡബ്ലി. ജെ. വാൻറോസ്സ് (എക്സൈസ് കമ്മീഷണർ): ആണ്ടുതോറും ചെലവു വർദ്ധിക്കുന്നില്ല. ൧൩൯൰൰ൽ ഉണ്ടായ ചെലവു ൯൦൦ രൂപായായിരുന്നു. ൧൪൦൦ രൂപഎന്നു നിശ്ചയിച്ചിട്ടുള്ളതു കഴിഞ്ഞ കൊല്ലം അനുവദിച്ചതു അതുമായിരുന്നതുകൊണ്ടാണ്. ൧൩൯൰൰ൽ യഥാർത്ഥചെലവിനെക്കാൾ കൂടുതലുള്ള ൧൪൦൦ രൂപ—ആവശ്യംവരുവാൻ ചില പ്രത്യേകകാരണങ്ങൾ ഉണ്ട്. ഈയുള്ള ആഫീസുചെലവിനും ഡിപ്പോകളിൽ ഉള്ള ഉപ്പിൻറനക്കുത്തിനും ആയിട്ടാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഈ രണ്ടിനങ്ങളും കൂട്ടിച്ചേർക്കാതെ പ്രത്യേകം പ്രത്യേകമായി വയ്ക്കുവാൻ സാധിക്കയില്ലെ?

മി. എച്ച്. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): സാധിക്കും. ഇനിമേൽ അങ്ങനെ ആവശ്യപ്പെട്ടാൽ സാധിക്കും. ഉപ്പു ചീത്തയായി പോകുന്നതുമൂലം ഉണ്ടാകുന്നനഷ്ടം എത്രമാത്രമെന്നു നിർണ്ണയിക്കുവാൻ വഹിയാ. ഒരുകൊല്ലത്തിൽ അതു വളരെകൂടുവായും അടുത്തകൊല്ലത്തിൽ അതു വളരെ കുറയുവാനും സംഗതിയുണ്ട്. കൂടുതലാണെങ്കിൽ കൂടുതൽപണത്തിനു അപേക്ഷിക്കേണ്ടതായിവരും. ൧൩൯൪-ൽ ഈ ഇനത്തിലുണ്ടായചെലവു ൧൪൦൦ രൂപയും ൧൩൯൫-ൽ ൧൫൦൦ രൂപയും ആയിരുന്നു. ഈകുറവു സംഭവിക്കുന്നതിൽ നിന്നിക്കു വിരോധമില്ല. കൂടുതലായതൊന്നും വരുന്നുഎങ്കിൽ കൂടുതലായി പണം ആവശ്യപ്പെടേണ്ടതായിവരും. ഞാൻ ഇതേപ്പറ്റി നേരത്തെ ചിന്തിച്ചില്ല എന്നകുറവിനു പാത്രമാവുകയുംചെയ്യാം.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ൯൯-ൽ ൯൫൦൦ രൂപയെ ചെലവായിട്ടുള്ളു. അതിൽ ഉപ്പിൻറകൂവും ഉൾപ്പെട്ടതായിട്ടുണ്ട്. ആഫീസ് എക്സ്പെൻസു, പലവകഎന്ന രണ്ടിനങ്ങളും ഒന്നായി കൂട്ടിച്ചേർത്തിരിക്കുന്നതുകൊണ്ടു അതിൻറെ ആവശ്യങ്ങളുടെ ഗുണദോഷനിരൂപണത്തിനു വഴിയില്ലാതെ വരിക്കുന്നു. എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഈ രണ്ടുചെലവുകളേയും ഒന്നായി കൂട്ടിച്ചേർത്തുകാണുന്നു. അതുകൊണ്ടു രണ്ടും പ്രത്യേകം പ്രത്യേകം ആക്കേണ്ടതാണ്. ൯൯-ൽ ഇത്രയുംരൂപ ചെലവാക്കിയിട്ടില്ല എന്നുള്ളതുകൊണ്ടും ൧൪൦൦-ാമണ്ടിൽ ഇത്രയുംരൂപ ചെലവാക്കേണ്ട ആവശ്യം ഇല്ലാത്തതാണ്. ഓരോ ഡിപ്പാർട്ടുമെൻറധികൃതന്മാരും നിവൃത്തിയുള്ളിടത്തോളം ഈഇനത്തിൽ ലാഭമുണ്ടാക്കാൻ നോക്കുകയാണെങ്കിൽ അതു വലുതായ ഒരുതുകയായി രൂപീകരിക്കുന്നതാണ്.

മി. എച്ച്. ജെ. വാൻറോസ്സ് (എക്സൈസ് കമ്മീഷണർ): ലാഭം എടുക്കാനൊ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഈ ഇനത്തിലേക്കു അനുവദിക്കുന്നതുക അധികം മോടിക്കുന്നുഎന്നു ഞാൻ പറഞ്ഞില്ല. മിതമായിട്ടു ചെലവാക്കി ലാഭംഎടുത്താൽ ഒരുവകയിലുള്ള മിച്ചംവരുത്താൻ സാധിക്കുമെന്നാണ് പറഞ്ഞതു. എന്നായിരുന്നാലും ൯൯-ലെ തുകയിൽനിന്നും കൂടുതൽ ചെലവാക്കാൻ പാടില്ല എന്നാണ് എനിക്കു അഭിപ്രായം ഉള്ളതു.

മി. കെ. ജോർജ്ജ് (ഗവർണ്മെൻറു സൈനാക്ഷ്യൽ സെക്രട്ടറി): ആഫീസുചെലവുകളേയും ചില്ലറ ചെലവുകളേയുംതമ്മിൽ കലർത്തിയിരിക്കുന്നതായി മി. കുമാരപിള്ള പറയുകയുണ്ടായല്ലൊ. സബ്ബ് ഹെഡ്സ് വർദ്ധിപ്പിക്കാതിരിക്കാൻ മാത്രമാണ അങ്ങനെ ചെയ്തിട്ടുള്ളതു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കയും-കുന്നത്തുനാടും): മി. കുമാരപിള്ള മറുപടി പറയുന്നതിനിടയിൽ ഉദ്യോഗസ്ഥന്മാർ സംസാരിക്കുന്നതു നിയമവിരുദ്ധമാണ്.

പ്രസിഡൻറ്: ഇവരണ്ടും വേർതിരിക്കണമെന്നു മി. കുമാരപിള്ള വിചാരിക്കുന്നുഎങ്കിൽ അങ്ങനെചെയ്യാം. ഒന്നായി ചേർത്തതിനുള്ള കാരണം കൂടുതൽ സബ്ബ്ഹെഡ്സ് ഇണ്ടാക്കണ്ടാ എന്നുവിചാരിച്ചു മാത്രമാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): എൻറെ പ്രമേയം വോട്ടിനിടണം.

പ്രമേയം വോട്ടിനിട്ടതിൽ തള്ളപ്പെട്ടതായി പ്രസ്താവിച്ചു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): എണ്ണിവോട്ടെടുക്കണം.

എണ്ണിവോട്ടെടുത്തതിൽ താഴെപറയുംപ്രകാരം കണ്ടു.

അനുകൂലിച്ചവർ ൧൩.

൧	മിസ്റ്റർ	സി. പി. കൊച്ചുകുഞ്ഞുപിള്ള	൮	മിസ്റ്റർ	ആർ. പരമേശ്വരൻ
൨	,,	എ. കെ. പിള്ള	൯	,,	ജി. പരമേശ്വരൻപിള്ള
൩	,,	എൻ. കുമാരൻ	൧൦	,,	ചങ്ങനാശ്ശേരി കെ. പരമേശ്വരൻ പിള്ള
൪	,,	ടി. കുമാരപിള്ള			
൫	,,	തയ്യൂർ കുഞ്ഞിത്തൊമ്മൻ	൧൧	,,	ജി. രാമൻമേനോൻ
൬	,,	കല്ലൂർ നാരായണപിള്ള	൧൨	,,	തിരുനാമപ്പണിക്കർ
൭	,,	പി. കെ. നാരായണപിള്ള	൧൩	,,	എം. തിരുതാണുപിള്ള
൮	,,	കെ. പി. നീലകണ്ഠപ്പിള്ള	൧൪	,,	സി. പി. തരകൻ
൯	,,	എം. എൻ. പിള്ള			

പ്രസംക്ഷേപിച്ചവർ ൨൦.

൧	മിസ്റ്റർ	ഐ. സി. ചാണ്ടക്കാ	൧൨	മിസ്റ്റർ	ഡബ്ലിയു എച്ച്. പിറ
൨	,,	ജെ. ബി. കൂടെ	൧൩	മിസ്സസ്	പുന്നൻ പൂവക്കാസു
൩	,,	ആർ. ധനുഷ്കോടിപ്പിള്ള	൧൪	മിസ്റ്റർ	ടി. പി. തോമസുബ്ബയ്യർ
൪	,,	കെ. ജോഷ്വ	൧൫	,,	റാവുബഹദ്ദൂർ കെ. വി. രങ്ക
൫	,,	എസ്. ജഗന്നാഥജോഷ്വാ			സ്വാമിഅയ്യങ്കാർ
൬	ഡാക്ടർ	എൻ. കുഞ്ഞൻപിള്ള	൧൬	,,	എസ്. സ . എച്ച്. റാബിൻ
൭	മിസ്റ്റർ	എക്സ് ജി. ഫോപ്പസു			സൺ
൮	,,	കെ. നാരായണൻപണ്ടാല	൧൭	,,	ജെ. സ്റ്റീഫൻസൺ
൯	,,	കെ വി. നടേശയ്യർ	൧൮	,,	വി. സുബ്ബയ്യർ
൧൦	,,	എൻ. നിലകണ്ഠപ്പിള്ള	൧൯	,,	സി. പി. തോമസ്
൧൧	,,	കയ്യാലം പരമേശ്വരൻപിള്ള	൨൦	,,	എ. ജെ. വാൻറോസ്സ്

പ്രസിഡൻറ്: ൧൬ പേർ അനുകൂലിക്കുകയും ൨൦ പേർ പ്രതികൂലിക്കുകയും ചെയ്തയാൽ പ്രമേയം തള്ളപ്പെട്ടുപോയി.

പ്രമേയം ൫൫.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). സർ, താഴെപറയുന്ന പ്രമേയം അവതരിപ്പിക്കുന്നതിനു അനുവാദംകിട്ടണമെന്നപേക്ഷിച്ചുകൊള്ളുന്നു.

൫൫. ഉപ്പു ഇടപാട്ടിനായി വച്ചിരിക്കുന്ന ൪൫൦൦൦ രൂപയിൽ ൧൦൦ രൂപാ കുറയ്ക്കണം.

ഈ പ്രമേയം അവതരിപ്പിക്കുന്നതിലുള്ള ഉദ്ദേശം, ഈ രാജ്യത്തെയ്ക്കാവശ്യമുള്ള ഉപ്പുമുഴുവനും ഇവിടെതന്നെ ഉണ്ടാക്കാൻ സാധിക്കുമോ എന്നുള്ളതിനെപ്പറ്റി ആലോചിക്കുന്നതിനാണ്. ബഡ്ജറ്റു വാദപ്രതിവാദത്തിൽ രാജ്യത്തിലെ വ്യവസായം വളർത്തിപ്പിക്കേണ്ടതിനെപ്പറ്റി പറഞ്ഞുകഴിഞ്ഞു. ഈ രാജ്യത്തേക്കാവശ്യമുള്ള ഉപ്പുമുഴുവൻ ഇവിടെതന്നെ ഉണ്ടാക്കാൻ ശ്രമിക്കുന്നതുതന്നെ വ്യവസായവർദ്ധനയ്ക്കുള്ള പ്രാരംഭപടികളാണ്. ഈ സംഗതിതന്നെ ചേരാത്തപ്രകാരത്തിൽ, അനാദ്യോഗസ്ഥപക്ഷത്തേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടില്ലാത്ത മി. ഹഗാർഫ് ഏറ്റവും ശക്തിമത്തായി വാദപ്രതിവാദത്തിൽ കൊണ്ടുവന്നിട്ടുണ്ട്. (മി. ജി. പരമേശ്വരൻപിള്ള, ശ്രുവിക്കുവിൻ ശ്രുവിക്കുവിൻ). എക്സൈസ് കമ്മീഷണരുടെ വാർഷികറിപ്പോർട്ടിൽനിന്നും ൧൦൯-ൽ ഈരാജ്യത്തു ചെലവായിട്ടുള്ള ഉപ്പു ൧൦,൩൩,൦൦൦ മണം, ൧൦൯൮-ൽ ൧൦,൪൩,൦൦൦ മണം ആണെന്നു കാണുന്നു. പ്രതിവർഷം ഉപ്പിൻറെ ആവശ്യം വർദ്ധിച്ചുവരികയാണെന്നു ഇതിൽനിന്നും സ്പഷ്ടമാകുന്നതാണ്. ൧൦൯-ൽ ഇവിടെയുണ്ടായ ഉപ്പു ൩,൩൩,൦൦൦ മണം, ൧൦൯൮-ൽ ൪,൨൨,൦൦൦ മണം ആണ്. ഈ കുറവിനുള്ള കാരണം ൧൦൯-ൽ ഉണ്ടായ അസാധാരണമായ കാലസ്ഥിതിയായിരുന്നു എന്നു സമാധാനം പറയുന്നു. നമുക്ക് അതു സ്വീകരിക്കാം.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മിഷണർ): ൧൦൯-ൽ മാത്രമല്ല ൧൦൯-ഉം ൧൧൦-ഉം അങ്ങനെതന്നെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ ഈ രണ്ടു കൊല്ലങ്ങളിലെ കണക്കാണ് താരതമ്യപ്പെടുത്തിയത്. നമുക്ക് എക്സൈസ് കമ്മീഷണരുടെ സ്റ്റേറ്റുമെൻറ് സ്വീകരിക്കാം. ൧൦൯-ൽ ഈ രാജ്യത്തിലേക്കാവശ്യമുള്ള ഉപ്പിൽ പ്രദേശം പകുതിയോളം ഇവിടെത്തന്നെ ഉണ്ടാക്കിയതായിരുന്നു.

ഈ അവസരത്തിൽ ഒന്നുരണ്ടു അളങ്ങളം നിർത്തൽചെയ്യുന്നതിനെപ്പറ്റി മിസ്റ്റർ കുരയാളർ പറഞ്ഞതുകൂടി ആലോചിക്കാം. ശ്രീരംഗത്തിൻറെ ഉറൽകൊണ്ടും, ബ്രൈൻ നല്ലതായി കിട്ടുവാനുള്ള വിഷമംകൊണ്ടും, തന്മൂലം അളങ്ങളുടെ സ്വാഭാവികമായി ചില ദോഷങ്ങളും ഉണ്ട്. ശ്രീരംഗത്തിൻറെ ഉറൽ നിറുത്തുന്നതിനും ആവശ്യത്തിനനുസരണം ബ്രൈൻ നല്കുന്നതിനും വേണ്ട ഏർപ്പാടുകളും ചെയ്താൽപോലും ഈ രാജ്യത്തേക്കാവശ്യമുള്ള ഉപ്പു മുഴുവൻ ഇവിടെ വിളയിക്കാമെന്നു തോന്നുന്നില്ല. അതു സാധിക്കണമെങ്കിൽ മിഡാൻജിയുടെ കീഴിൽ ഉപ്പുരേണം നടത്തുന്നതിനായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു ആ ഡിപ്പാർട്ടുമെൻറിനെ എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും വേർതിരിക്കണം. അങ്ങനെ ചെയ്യുന്നപക്ഷം ഈ രാജ്യത്തേക്കാവശ്യമുള്ള ഉപ്പു മുഴുവൻ ഇവിടെത്തന്നെ ഉണ്ടാക്കാൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്. നമുടെ രാജ്യത്തേക്കാവശ്യമുള്ള ഉപ്പു മുഴുവൻ ഇവിടെത്തന്നെ ഉണ്ടാക്കാൻ സാധിക്കുമെന്നുള്ള എൻറെ അഭിപ്രായത്തോടു താഴെയുദ്യോഗസ്ഥ സാമാജികന്മാർ യോജിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. എന്നാൽ ഗവർമെൻറിനു ചെലവു അധികരിക്കുന്നതായ ഒരു പുതിയ ഡിപ്പാർട്ടുമെൻറുകൂടി സൃഷ്ടിക്കണമെന്നുള്ള ഭാഗത്തിനു മാത്രമേ അഭിപ്രായവ്യത്യാസമുണ്ടാകാൻ ഇടയുള്ളൂ. അതിലധികം വലുതായ കൂട്ടുതൽ ചെലവുണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. ഒരു പുതിയ ഡിപ്പാർട്ടുമെൻറു രൂപീകരിക്കുമ്പോൾ ഒരു പുതിയ ഉദ്യോഗസ്ഥനും അയാളുടെ ആഫീസ് ജീവനക്കാർക്കും ഉള്ള ചെലവുണ്ടാകും. ഉപ്പളങ്ങളിൽ ഇപ്പോൾതന്നെയുള്ള ഉദ്യോഗസ്ഥന്മാർ ഇതിലധികം ജോലിചെയ്യുന്നതായി തൽക്കാലം മതിയാകുമെന്നാണ് എൻറെ അഭിപ്രായം. ഉപ്പളങ്ങളുടെ ഭരണത്തിൽ തന്നെ പുണ്യമുള്ള ഒരു അസിസ്റ്റൻറ് എക്സൈസ് കമ്മീഷണരെ അതിൻറെ ഭരണം ഏൽപ്പിക്കണം. അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാരെ രണ്ടോണ്ടിൽ ഒരിക്കൽ സ്ഥലം മാറുന്ന ഏർപ്പാടു അളങ്ങളുടെ ചാർജ്ജു വഹിക്കുന്ന അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാരെ സംബന്ധിച്ചേടത്തോളം പ്രയോഗിക്കാൻ പാടില്ലാഎന്നുകൂടി ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളുന്നു. നിശ്ചയമായും അവർക്ക അവിടെ ചിലതെല്ലാം പുതുതായി മനസ്സിലാക്കാൻ ഉണ്ടായിരിക്കും. അളങ്ങളിലെ ജോലികളിൽ ധാരാളം പരിചയമുള്ളവരെ കിട്ടാൻ പ്രയാസമുണ്ടെങ്കിൽ ഒരാളെ ഇതിലേക്കു ബാംബയിലോ മറ്റോ അയച്ചു നാലഞ്ചുമാസം പരിശീലിപ്പിച്ചു വരുത്തുന്നതും നല്ലതുതന്നെ. അങ്ങനെയാണെങ്കിൽ പരിഷ്കൃതവ്യവസായരീതി നടപ്പിലാക്കാൻ അവർക്കു സാധിക്കും. ഇങ്ങനെ രണ്ടുമൂന്നുകൊല്ലത്തിനകം ഇവിടെ ആവശ്യമുള്ള ഉപ്പു മുഴുവനും ഇവിടെത്തന്നെ ഉണ്ടാക്കാൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്. മെമ്പർമാർ ഈ അഭിപ്രായത്തെ നിസ്സാരമാക്കി തള്ളിക്കളകയില്ല എന്നു ഞാൻ വിശ്വസിക്കുന്നു. ഈ ഗൗരവമേറിയ

സംഗതികയപ്പററി മെമ്പർമാർ വേണ്ടവിധം ചിന്തിക്കേണമെന്നാണ് എന്റെ അപേക്ഷ. ഗൌരവമായ ആലോചനയുടെ ഇവ വിക്ഷയീഭവിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്): മിസ്റ്റർ ശിവരാമപ്പണിക്കർ പറഞ്ഞതായ അഭിപ്രായത്തോടുകൂടി യോജിക്കാൻ അശേഷം നിവൃത്തിയില്ല. എന്തെന്നാൽ അങ്ങനെ ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റു സൃഷ്ടിച്ചു അതു പേരെ ആക്ഷേപത്തോടുകൂടി ഗവർണ്മെന്റിനു ചെലവു വർദ്ധിക്കാൻ ഇടയാകുമെന്നുള്ളതുകൊണ്ടാണ് ആ അഭിപ്രായത്തോടുകൂടി യോജിക്കാൻ നിവൃത്തിയില്ല എന്നു പറഞ്ഞതു്. ഇപ്പോഠം ഉള്ള അസിസ്റ്റന്റു കമ്മിഷണരുമാരും ആ ജോലി നോക്കാൻ മില്ലിക്കയും ഇപ്പോഠം ആ ശമ്പളത്തിൽ അതിലധികത്തെക്കാണ്ടെന്നെ ജോലി നടത്തിക്കാമെന്നുപറയുകയും—സാധാരണഗതിയിൽ നമ്മുടെ രാജ്യത്തു കണ്ടുവരുന്ന പതിവു അനുസരിച്ചു—പ്രത്യേകം ഡിപ്പാർട്ടുമെന്റായിതീർന്നാൽ ക്രമേണ അതിലധികത്തിന്റെ ശമ്പളം കൊടുക്കാൻ ഉള്ള ആലോചന പുറപ്പെടുന്നതിനും തന്നിമിത്തം ഗവർണ്മെന്റിനു അധികത്തിന്റെമേൽ ഭാരം വർദ്ധിക്കുന്നതിനും ഇടയാകും. അങ്ങനെ ഡിപ്പാർട്ടുമെന്റിൽനിന്നും ശമ്പളം വർദ്ധിപ്പിച്ചു കുറെ കഴിയുമ്പോഠം കോടി അധികമാണെന്നും അതുകൊണ്ടു പേഴ്സനൽ അസിസ്റ്റന്റുമാരും മറ്റും വേണമെന്നും ആ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടേയ്ക്കാം. പ്രത്യേകഡിപ്പാർട്ടുമെന്റു സൃഷ്ടിക്കുന്നപക്ഷം ഗവർണ്മെന്റിനു ചെലവു വർദ്ധിക്കാൻ ഇടയാകുമെന്നാണ് എന്റെ അഭിപ്രായം.

ഈ കൌൺസിലിന്റെ അഭിപ്രായം അനുസരിച്ചു ഉപ്പിനെ സംബന്ധിച്ചു കൂടുതൽ പരിചയമുള്ള മിസ്റ്റർ നീലകണ്ഠനെതന്നെ അവിടെ നിയമിക്കയും ഇപ്പോഴും അദ്ദേഹംതന്നെ ആ ജോലി നോക്കിപോരികയും ചെയ്യുന്നുഎന്നാണ് എന്റെ അറിവു്. അദ്ദേഹത്തിനു പരിചയം പോരാഎന്നുണ്ടെങ്കിൽ കുറെക്കൂടി പരിചയിക്കുന്നതിനു സ്റ്റിട്ടിക്കിലൊ മറെറാ ൪—൬ മാസത്തേയ്ക്കു അയയ്ക്കുന്നതിനു വിരോധമില്ലാ. ഉപ്പുവകുപ്പു ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റാക്കുന്നതു് പലവിധത്തിലും ഗവർണ്മെന്റിനു ചെലവു വർദ്ധിക്കുന്നതിനു കാരണമാകുമെന്നുള്ളതിനാൽ മിസ്റ്റർ പണിക്കരുടെ അഭിപ്രായത്തെ ഞാൻ എതിർക്കുന്നു.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മിഷണർ): ഈ നാട്ടിലേക്കാവശ്യമുള്ള ഉപ്പു ഇവിടെത്തന്നെ ഉണ്ടാക്കണമെന്ന സംഗതിയെപ്പററി പ്രസ്താവിക്കുന്ന അവസരത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും ഉപ്പുഡിപ്പാർട്ടുമെന്റു വേർതിരിക്കേണമെന്ന അഭിപ്രായപ്പെട്ടതെന്നു ഞാൻ കരുതിയിരുന്നില്ല. ഇങ്ങനെ ഒരു വിജ്ഞാനത്തിന്റെ ആവശ്യത്തെപ്പററി ക ൦ ൻ—ചെ ബഡ്ഡാറുയോഗത്തിൽ വേണ്ട വാഭപ്രതിവാദം നടത്തി. എന്നാൽ അതു പ്രയോജനപ്പെടുന്നതായില്ല. ഈ സമയോടെ അഭിപ്രായം അനുസരിച്ചു ബ്രിട്ടീഷ് ഇൻഡ്യയിലുള്ള അളുകളുമായി പരിചയം സിദ്ധിച്ചിട്ടുള്ള മി. നീലകണ്ഠനെ അവിടെ അസിസ്റ്റന്റു എക്സൈസ് കമ്മീഷണരായി നിയമിച്ചിട്ടുണ്ട് ഉപ്പളങ്ങളുടെ ഭരണത്തിനു വേണ്ട അധികാരങ്ങളും അദ്ദേഹത്തിനു നൽകീട്ടുണ്ട്. അവയെ സംബന്ധിച്ചു കമ്മീഷണർക്കു മിക്കവാറും അധികാരം ഇല്ല എന്നതുകൊണ്ടുപറയാം. ചില സാധാരണ മേൽഭരണ അധികാരം മാത്രമെ കമ്മിഷണർക്കു അവിടെയുള്ളു. ഉപ്പളങ്ങളുടെ അഭിവൃദ്ധിക്കു ആവശ്യമുള്ള സകല അധികാരങ്ങളും മി. നീലകണ്ഠനു അവിടെ ഉണ്ടു്. ഉപ്പുഡിപ്പാർട്ടുമെന്റു എക്സൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും വേർതിരിക്കുന്നതുകൊണ്ടു വലിയ പ്രയോജനം ഒന്നുമില്ല.

രണ്ടാമതായി ഈ ഡിപ്പാർട്ടുമെന്റുകളെ വിഭജിക്കണമെങ്കിൽ —

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ അളങ്ങളോടുചേർന്നു പ്രായോഗികശാലകളും രസതന്ത്ര പരീക്ഷണസാധനങ്ങളും ഉണ്ടൊ?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): പ്രായോഗികശാലകളും രസതന്ത്രസാമഗ്രികളും അവിടെ ഉണ്ടാക്കികൊടുക്കാൻ ഒരു വലിയ എസ്റ്റിമേറു ഗവർണ്മെന്റു ആവശ്യപ്പെട്ടിട്ടുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ പദ്ധതി ഗവർണ്മെന്റു പരിശോധനയിൽ എത്രനാളായി ഇരിക്കുന്നു?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മിഷണർ): ഈ പദ്ധതി ക ക ൦ ക ക്കിങ്ങമാസം ആദ്യം മുതൽ മിക്കവാറും പ്രയോഗത്തിൽ കൊണ്ടുവരാമെന്നു തോന്നുന്നു.

ഈ ഡിപ്പാർട്ടുമെന്റു് വിഭജിക്കുന്നതിൽ വേറെയും വിഷമങ്ങൾ ഉണ്ടു്. നമുക്കു കൊച്ചി, തിരുനൽവേലി എന്നിങ്ങനെ രണ്ടു അതിർത്തിസ്ഥലങ്ങളാണ് ഉള്ളതു്. തിരുവിതാംകൂറിലേയ്ക്കു വ്യാജമായി വെളിയിൽനിന്നും ഇപ്പോഠം ഉപ്പു കൊണ്ടുവരാതെ സൂക്ഷിക്കുന്നതു് എക്സൈസ് ഡിപ്പാർട്ടുമെന്റുകാരാണ്. കൊപ്രാ, കയറു, കഞ്ഞിവു, കറുപ്പു് ഇങ്ങനെയുള്ള സാധനങ്ങൾ ഇങ്ങോട്ടു കടത്തിവിടാതെ സൂക്ഷിക്കുന്നതു് എക്സൈസ് ഡിപ്പാർട്ടുമെന്റുകാർ ആണ്. ഇപ്പോഠം ഉപ്പിനെ സംബന്ധിച്ചും ഞങ്ങൾ നോക്കുന്നുണ്ട്. ഒരിക്കൽ ഈ ഡിപ്പാർട്ടുമെന്റുകൾ വിഭജിച്ചുകഴിഞ്ഞാൽ ഉപ്പിനെപ്പററിയുള്ള സൂക്ഷ്മത സ്വാഭാവികമായി അവരിൽനിന്നും വിട്ടുപോകും. അപ്പോഠം അങ്ങനെയുള്ള വ്യാജഉപ്പു കടത്തിവിടാതെ സൂക്ഷിക്കുന്നതിലേക്കു പ്രത്യേകം ആളുകളെ നിയോഗിക്കേണ്ടതായിവരും. ഈ ഡിപ്പാർട്ടുമെന്റുകളുടെ വിഭജനം അനാവശ്യമായ അധികചെലവുകളെ വർദ്ധിപ്പിക്കുന്നതിനും ചില ചില്ലറശല്യങ്ങളെ ഉണ്ടാക്കുന്നതിനും ഇടയായി തീരുന്നതാണ്.

കഴിഞ്ഞ രണ്ടുമൂന്നുകൊല്ലങ്ങളിലായി ഉപ്പു വിളയിക്കുന്നതിൽ വന്നിട്ടുള്ള കുറവു നല്ല മ്രൈൻ കിട്ടായ്കകൊണ്ടും, അധികമായ മഴകൊണ്ടും വന്നിട്ടുള്ളതാണ്. ഇതിനു മിസ്റ്റർ സുബ്രഹ്മണ്യകരയാളരും, മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും സാക്ഷ്യംവഹിക്കുമെന്നു വിശ്വസിക്കുന്നു. വിളവുകുറവിനുള്ള പ്രധാനകാരണം അധികമഴയാണ്. ഈ അളങ്ങൾക്കു നല്ല മ്രൈൻ രേഖപ്പെടുത്തുകൊടുക്കുന്നതിനു സഹായിക്കുന്ന ഒരു പദ്ധതി ഞാൻ ഗവർണ്മെന്റിലേക്കു അയച്ചിട്ടുണ്ട്. അതിനെ ഗവർണ്മെന്റു ഒരുപൂർവം ആലോചിച്ചു അനുകൂലമായ തീരുമാനം ചെയ്യുമെന്നു ആശിക്കുന്നു. ഈ പദ്ധതിയും വിജയകരമായിത്തീരാത്തപക്ഷം പുതിയ നിർദ്ദേശങ്ങൾ ഗവർണ്മെന്റിനു കൊടുക്കാം. ഇപ്പോഠം ഈ ഡിപ്പാർട്ടുമെന്റുകളെ വേർതിരിക്കേണ്ട ആവശ്യം കാണുന്നില്ലാ.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും—പീരിമേടും): ഇക്കൊല്ലത്തിൽ കഴിഞ്ഞമർക്കത്തേക്കാൾ കൂടുതലായി ഉപ്പു ഉണ്ടായിട്ടുണ്ടോഎന്നു പറയാമൊ?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മിഷണർ): ഇല്ല. കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ചു ഈ കൊല്ലം കുറവാണ്. അതിനുള്ള കാരണം കാലസ്ഥിതി പ്രതികൂലമായിരുന്നുകൊണ്ടുതന്നെ. ഞാൻ അങ്ങനെതിരുവി

താംക്കുറിച്ചെ അളങ്ങാം കഴിഞ്ഞ മീനത്തിൽ സന്ദർശിച്ചു. ഞാൻ അവിടെയുണ്ടായിരുന്ന അവസരത്തിൽതന്നെ വലുതായ മഴയുണ്ടായി ശേഖരിച്ചിരുന്ന ഉപ്പു മുഴുവൻ നഷ്ടപ്പെട്ടുപോയി. എങ്കിൽ വിശ്വാസം—

മി. കെ. കെ. തോമസ് (കോട്ടയം): ഓഖിയിൽ കാലസ്ഥിതി നന്നാകുമെന്നു തോന്നുന്നുണ്ടോ? (ചിരി)

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): ഈ പ്രതികൂലമായ കാലസ്ഥിതി എന്നും ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുമെന്നു ഞാനിക്കു തോന്നുന്നില്ല. എന്നായാലും അനുകൂലമായ കാലാവസ്ഥ നമുക്കു ഉണ്ടാകാം. വലുവില്ലാത്ത മാറ്റമില്ല.

ഒരു ഏക്കറിൽ ഇരുപതുപറ കൂടുതലായി കിട്ടിയിട്ടുള്ളതു് ഫാക്ടറി മണ്ണ് ഉപ്പാണ്. നമുക്കു ഇപ്പോൾ ഉപ്പുകൃഷിക്കായി ഒരു ഏക്കർ സ്ഥലമുള്ളതും അവിടെനിന്നും ശരിയായി ഉപ്പു കിട്ടുകയാണെങ്കിൽ ഫസ്റ്റ് ക്ലാസ് മണ്ണ് ഉപ്പു പ്രതിവർഷം ഉണ്ടാക്കുന്നതാണ്. ഫസ്റ്റ് ക്ലാസ് മണ്ണ് ഉപ്പുമാത്രമേ നമുക്കു ഇവിടെ ആവശ്യമുള്ളൂ. നല്ല വൈദ്യുത ആവശ്യത്തിനു ചെന്നിടത്തോളം ഉണ്ടാക്കുന്നുഎങ്കിൽ നമ്മുടെ ആവശ്യത്തിനു വേണ്ട ഉപ്പു ഇവിടെ നിന്നുംതന്നെ ലഭിക്കുമെന്നാണ് എന്റെ അഭിപ്രായം.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഫാൻ-ടെ എക്സൈസ് ഡ്യൂട്ടിയെപ്പറ്റി ഫവ്വാവശം ഫാം കാലത്തിൽ—

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): എത്ര ഖണ്ഡിക?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഫവ്വാംപുറത്തു ഫാമത്തെവരി.

"താഴെപ്പറയുന്ന സ്റ്റോറുകീപ്പർ ആലപ്പുഴയിലെ കോൺട്രാക്ടർ തിരുനൽവേലിയിൽനിന്നും ഉപ്പു കൊണ്ടു പന്നതിനേയും വിറ്റതിനേയും സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ നല്കുന്നു. അതുകൊണ്ടും വിറ്റ ഉപ്പു നഷ്ടം, ഇന്നതു മന്നാണെന്ന് സ്റ്റോറുകീപ്പർ കാണിക്കുന്നു"

ആലപ്പുഴയിലെ വിറ്റ തിരുനൽവേലിയുപ്പിന്റെ ശരിയായ ലകയാണോ അതിൽ കാണുന്നതു?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): അതെ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അടുത്ത സ്റ്റോറുകീപ്പറുടെ വെട്ടിയിൽക്കൊടുത്ത തിരുനൽവേലിയുപ്പിന്റെ സ്റ്റാക്കും ഡിപ്പോവിലുള്ള മിച്ചവും കാണിക്കുന്നു. അപ്പോൾ തന്നാണ്ടുവിറ്റ ഉപ്പിന്റെ ലകയൻറ്, സ്റ്റാ ഫാം എന്നും കാണുന്നു. അതു എന്തിനെയാണ് സൂചിപ്പിക്കുന്നതു?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): അതു കൊല്ലം ഡിപ്പോവിൽവിറ്റ തിരുനൽവേലിയുപ്പിന്റെ ലകയാണ് ആലപ്പുഴ മിസ്റ്റർ കരയാളുടെ ഉപ്പു ഈ സ്റ്റോറുകീപ്പറിൽ കൊള്ളിച്ചിട്ടില്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അപ്പോൾ ഒരു ഫാം ഖണ്ഡികയിലെ ആകെ വരുത്തിയതും വിറ്റതുമായ സ്റ്റോറുകീപ്പറിൽ മിസ്റ്റർ കരയാളുടെയുടെ ഉപ്പു ഉൾപ്പെട്ടുന്നില്ല.

മി. എ. ജെ, വാൻറോസ്സ് (എക്സൈയിസ്സ് കമ്മീഷണർ): ഇല്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അങ്ങനെയെങ്കിൽ സ്റ്റാക്കിലെന്റെ ശിഷ്ടം കാണുന്നതു സ്റ്റാ ഫാ, ൻ ര ഒ മന്നം സ്റ്റാ, ൻ, ഒ ര ൻ മന്നു നാട്ടുപ്പുമാണ്. റിപ്പോർട്ടിൻപ്രകാരം മഴകൊണ്ടു നഷ്ടപ്പെട്ടുപോയ കാരഉപ്പു ചേർക്കേണ്ടതായിട്ടുണ്ടു. വർഷത്തിന്റെ ആരംഭത്തിൽ സ്റ്റാക്കിലെന്റെശിഷ്ടം ഒ, ര സ്റ്റാ, ൻ ഒ ഫ മന്നുമാണ്. ഈ നാട്ടിൽ സ്റ്റാ, ര ഠ, ഠന്നു മന്നു ഉപ്പുണ്ടായിട്ടുണ്ടു്. അതുകൂടിക്കൂട്ടുമ്പോൾ ഫാ ഠ ലക്ഷത്തിൽ ചില്വാനം മന്നുപ്പു് ഉള്ളതായികാണുന്നു. യഥാർത്ഥമായി നാട്ടിലുചെലവായിട്ടുള്ളതു് ഒ, ര സ്റ്റാ, ൻ ഒ ക മന്നപ്പാണ്. അങ്ങിനെയിരിക്കെ ര ലക്ഷംമന്നു് ഉപ്പു അന്യനാട്ടിൽനിന്നും എന്തിനായിട്ടാണാവശ്യത്തിയിട്ടുള്ളതു?

മി. എ ജെ. വാൻറോസ്സ് (എക്സൈയിസ്സ് കമ്മീഷണർ): നാട്ടിൽപ്രതിവർഷം ആവശ്യമുള്ളതു് ഫാ ഠ ലക്ഷംമന്നു് ഉപ്പു് ആയതുകൊണ്ടു്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതിൽ മി. കരയാളർ തന്നഉപ്പുകൂടി ഉൾപ്പെട്ടുമോ ?

മി. എ. ജെ. വാൻറോസ്സ് (എക്സൈയിസ്സുകമ്മീഷണർ): ഉവ്വ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതുനീക്കിയപ്പോൾ ഒ, ര ര, ഠ ഠ ഠ മന്നു് ഉപ്പുണ്ടു്.

മി. എ. ജെ. വാൻറോസ്സ് (എക്സൈയിസ്സ് കമ്മീഷണർ): നിങ്ങൾനാട്ടുപ്പിനെപ്പറ്റിയാണോ പറയുന്നതു?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഞാൻനാട്ടിൽ ചെലവാകുന്ന ഉപ്പിനെപ്പറ്റിയാണു പറയുന്നതു. ര ര-ാംഖണ്ഡികയിൽ മി. കരയാളർ തന്നഉപ്പുകഴിച്ചു ബോംബേഉപ്പും നാട്ടുപ്പുമായി ന്നു, ഠ ഠ, ഠ ഠ ഠ മന്നു് ൻ ൻ-ൽ ക്കൂട്ടിയിരിക്കുന്നു. എഴുതേണ്ടുകകൂറച്ചാണ്ടു് സൂക്ഷ്മമായി ചെലവാകുന്നഉകയിൽവന്നിട്ടുള്ളതു. അപ്പോൾനാട്ടിൽ ഉണ്ടാകുന്ന ഉപ്പു് ന ലക്ഷത്തിൽ ചില്വാനം ആണെന്നുകാണുന്നു.

മി. എ. ജെ. വാൻറോസ്സ് (എക്സൈയിസ്സ് കമ്മീഷണർ): അതേ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ നാട്ടിലേക്കാവശ്യമുള്ള ഉപ്പു ഒ, ര ന, ഠ ഠ മന്നാണ് ഇവിടെ ഫ ഠ ഠ, ഠ ഠ മന്നുപ്പുമാത്രംകൂടുതലായി ആവശ്യമുണ്ടായിരുന്നപ്പോൾ ഡിപ്പാർട്ടുമെന്റ് ബോംബെയിൽനിന്നും, തിരുനൽവേലിയിൽനിന്നുമായി ര ലക്ഷം മന്നു് ഉപ്പുവരുത്തുകയുണ്ടായി.

മി. എ. ജെ. വാൻറോസ്സ് (എക്സൈയിസ്സ് കമ്മീഷണർ): മെമ്പർ എയുസ്റ്റോറുകീപ്പറിനെപ്പറ്റിയാണ് പറയുന്നതു.

ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള(കൊല്ലം): എല്ലാംഅവിടെത്തന്നെയുണ്ടു്. വർഷത്തിന്റെആരംഭത്തിൽ സ്റ്റാക്ക കഴിച്ചുള്ള ശിഷ്ടം തന്നാണ്ടിൽ കിട്ടിയിട്ടുള്ളഉക വില്പനകഴിച്ചുള്ളഉക ചീത്തയായതിനുപകരം ഇറക്കിയതും, വിറ്റതും വർഷാവസാനത്തിൽ സ്റ്റാക്കിലുള്ള ശിഷ്ടം എല്ലാം അവിടെത്തന്നെയുണ്ടു്.

മി. എ. ജെ. വാൻറോസ്സ് (എക്സൈയിസ്സ കമ്മീഷണർ): സ്റ്റാ ര ഠ, ഠ ഠ ഠ മന്നു് ബോംബേ ഉപ്പുവരുത്തിയിട്ടുണ്ടു്.

ശ്രീ. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഫ,ഒ,ഫ ൦ ഒ മൻസ് തിരുനൽവേലിഉപ്പും അല്ലെങ്കിൽ രണ്ടര ലക്ഷംമൻസുള്ള ചെലവിലേക്ക ഫ ലക്ഷം മൻസുള്ള മതിയാകുമായിരുന്നപ്പോൾ എന്തിനായിട്ട് രണ്ടര ലക്ഷം മൻസ് ഉപ്പുവരുത്തി?

ശ്രീ. എ. ജെ. വാൻറോസ്സ് (എക്സൈയിസ്സ് കമ്മീഷണർ): വാങ്ങിയ ഉപ്പുഉപ്പുപ്പെടെ തന്നാണ്ടിൽ വിപ്പനക്കായിട്ടുള്ള കണക്കനുസരിച്ചുള്ള ഫസ്റ്റ് മാസത്തേയ്ക്കുള്ള സ്റ്റാക്കാണ് അതു. അവിചാരിതമായതാമസമുണ്ടാകുകയാലും ഉപ്പുണ്ടായിരിക്കേണ്ടതിലേക്കായി ഞങ്ങൾ ഫവ മാസത്തേക്കുള്ള ഉപ്പു ശേഖരിക്കുന്നു. അതാണ് ഫസ ലക്ഷം മൻസ് ഉപ്പുകാണുവാനുള്ള കാരണം.

ശ്രീ. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): "വിപ്പനക്ക കൊടുക്കാനുള്ള" എന്നകാളത്തിൽ ഒ ലക്ഷംമൻസ് നാട്ടുപ്പ സ്റ്റാക്കായികാണുന്നു. അതു ഫ ൦ ലക്ഷം എന്നായിരിക്കേണ്ടതാണെന്നു തോന്നുന്നു. തന്നാണ്ടിൽവാങ്ങിയിട്ടുള്ള ഉപ്പിന്റെ ഇകയേക്കാൾ൦ വിപ്പനക്കുള്ള ഉപ്പിന്റെ ഇക കുറഞ്ഞുകാണുന്നതിന്റെ കാരണം എന്തു്.

ശ്രീ. എ. ജെ. വാൻറോസ്സ് (എക്സൈയ്സ്സ് കമ്മീഷണർ): വെള്ളപ്പൊക്കംമൂലം നഷ്ടപ്പെട്ടിട്ടുണ്ട്.

ശ്രീ. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അപ്പോൾശരിതന്നെ. എത്രയുപ്പാണ ചെലവിലേക്ക ഇവിടെ വേണ്ടതു?

ശ്രീ. എ. ജെ. വാൻറോസ്സ് (എക്സൈയിസ്സ് കമ്മീഷണർ): ഫ ൦ മുക്കാൽ ലക്ഷംമൻസ്.

ശ്രീ. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അല്ല. ഒ,രു,ൻ ഒ ഫ മന്നുള്ളുമതി.

ശ്രീ. എ. ജെ. വാൻറോസ്സ് (എക്സൈയിസ്സ്കമ്മീഷണർ): ആ അംശം എവിടെനിന്നുകിട്ടി?

ശ്രീ. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): "കുറവിനുപണംവാങ്ങിച്ചുമിറയുമാക്കാം" എന്നകാട്ടങ്ങിൽ ചെലവിനു ആവശ്യമുള്ളതുക ഒ,രു,ൻ ഒ ഫ മന്നു് എന്നുള്ളതുള്ളു.

ശ്രീ. എ. ജെ. വാൻറോസ്സ് (എക്സൈയിസ്സ്കമ്മീഷണർ): അളവിറയുകയാണ്. എട്ടുകേശം നൂ ലക്ഷം മന്നോളം വരുന്ന ശ്രീ. കരമാളുടെ ഉപ്പുനിക്കിയുള്ളതുകയാണ അതു.

ശ്രീ. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): രണ്ടു ഈ കണക്കിൽ കൊള്ളിച്ചിട്ടില്ല.

ശ്രീ. എ. ജെ. വാൻറോസ്സ് (എക്സൈയിസ്സ് കമ്മീഷണർ): ഞാൻ പറഞ്ഞതുപോലെ ഞങ്ങൾ അവിചാരിതമായ തടസ്സങ്ങളിൻനിന്നും ബുദ്ധിമുട്ടാതിരിക്കുന്നതിനു ഫവ മാസത്തേക്കുള്ള ഉപ്പു ശേഖരിക്കുന്നു. അപ്രകാരമാണ് എസ്റ്റിമേറുതയ്യാർ ചെയ്തിട്ടുള്ളതു്. ഫരണ്ടര വർഷത്തേക്കുള്ള ചെലവനുസരിച്ചാണ് ഈ തുക കണക്കാക്കിയിട്ടുള്ളതു.

ശ്രീ. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): തൽഫലമായി ന്യൂ ലക്ഷം മന്നോളം ഇന്നാട്ടുപ്പു പിരാറാഴിയാതെ ആണ്ടവസാനത്തിൽ മിച്ചമായികിടപ്പുണ്ടു്.

ശ്രീ. എ. ജെ. വാൻറോസ്സ് (എക്സൈയിസ്സ് കമ്മീഷണർ): പുതുതായി ഉപ്പു അടുത്തവ്യവഹാരമാസത്തോടുകൂടിയേകിട്ടുകയുള്ളു.

ശ്രീ. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അപ്പോഴും അടുത്ത ആണ്ടവസാനത്തിലും കൂടെ മിച്ചംവരും.

ശ്രീ. എ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ); ഉവ്വ്, ഞാൻതന്നെയാണ് സ്റ്റാക്കുചെയ്യാനുള്ള ഉപ്പിനെയിഴുതിഅയയ്ക്കുന്നതു് അതിൽ ന്യൂ മാസത്തെയ്ക്കുള്ളതും നഷ്ടം വരുന്ന ൪ ശതമാനവും കൂടി ഉൾപ്പെടുത്തുന്നു. ഇപ്രകാരം കണക്കുകൂട്ടുമ്പോൾ ഈ സംഖ്യ കിട്ടുന്നു. അതേസംബന്ധിച്ചുള്ള സ്റ്റോറുമെൻറിനു ഇപ്പോൾ എതൻറെകൈവശമില്ല സാധാരണമായി ഫവ മാസത്തേക്കുള്ള സ്റ്റാക്കാണ്ടുവാങ്ങി ഡിപ്പോകളിലേയ്ക്കു സൂക്ഷിക്കുന്നതു.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളപ്രംകോട്ടം): എൻറെസ്നേഹിതൻ മിസ്റ്റർ കെ. പരമേശ്വരൻപിള്ളയുടെ ചോദ്യോത്തരങ്ങൾ കേട്ടപ്പോൾ ഈ വിഷയത്തെപ്പറ്റി എനിക്കും ചിലതു സംസൂചിപ്പിച്ചുകൊള്ളുവാൻ തോന്നുന്നു. ഈ രാജ്യത്തിലെ ആവശ്യത്തിനു് ആണ്ടുതോറും ഫ ൦ ലക്ഷത്തിൽപരം മൻസ് ഉപ്പുവേണ്ടതായിരിക്കുന്നു. ഇതിനു പുറമേനിന്നും മറുനാടൻ ഉപ്പുവരുത്തീട്ടുള്ളതിൻറെ കണക്കുനോക്കാം. ഫ ൦ൻസു-ൽ വു,ര ര,സുരൻ മന്നും ഫ ൦ൻ ഉ-ൽ ഇ,ൻ ഇ,ഉൻര മന്നും ഫ ൦ൻവു-ൽ ഇ,സു ഉ,ഉൻവ മന്നും ഫ ൦ൻൻ-ൽ ഉ,രു,ഇവുൻ മന്നും ചീതം ഉപ്പു പുരുത്തിയിരിക്കുന്നു. ഇത്രകൂടുതലായതുകൊണ്ടു മറുനാടൻ ഉപ്പുവരുത്തേണ്ടആവശ്യമുണ്ടോഎന്നും മുമ്പു് അങ്ങിനെ വരുത്തി വന്നിരുന്നോ എന്നും ആണ് ഇനിനോക്കേണ്ടതു.

എക്സൈയിസ്സ് കമ്മീഷണർ മിസ്റ്റർ വാൻറോസ്സ് എക്സൈയിസ്സുവകുപ്പിലെ മേധാവി ആയിരിക്കുന്നതിനുമുമ്പു മൂന്നുവർഷങ്ങളിലും അതിൽപിന്നീടുള്ള മൂന്നുവർഷങ്ങളിലും ആണ്ടവസാനം ചെലവുനീക്കികിടപ്പുവന്നിട്ടുള്ള ഉപ്പിൻറെ കണക്കുകളെ പരിശോധിക്കാം.

എക്സൈസ് കമ്മീഷണരായിരുന്ന മിസ്റ്റർ രാമൻപിള്ളയുടെ ഭരണകാലമായ ഫ ൦ൻസു-ൽ ഇ,രു ഇ,ൻസു മന്നും ഫ ൦ൻര-ൽ ഒ രു വ ൻ ൦ സു മന്നും ഫ ൦ൻ ഉ-ൽ ഇ,സുവു,ഉ ര ഫ മന്നും ഉപ്പു ആണ്ടവസാനത്തിൽ കിടപ്പുണ്ടായിരുന്നു. മിസ്റ്റർ വാൻറോസ്സിൻറെ ഭരണമായ ഫ ൦ൻസു-ൽ ൻ,ര ഫ,ഒ വ ഇ മന്നും ഫ ൦ൻഒ-ൽ ൻ,ഉ ര,ഒ ൦ ൦ മന്നും ഫ ൦ൻവു-ൽ ൻ,ഒ ര,ര വുസു മന്നും ഉപ്പു ആണ്ടവസാനത്തിൽ നീക്കിയിരുപ്പുണ്ടായിരിക്കുന്നു. ഇങ്ങിനെ ആവശ്യത്തിൽ കൂടുതലായി മറുനാട്ടിൽ നിന്നും ഉപ്പുവരുത്തി ഇത്രവളരെ നീക്കിയിരിപ്പു വയ്ക്കുന്നതിനു് മിസ്റ്റർ വാൻറോസ്സിനെ പ്രേരിപ്പിച്ചസംഗതികൾ എന്താണെന്നുള്ളതു ഈവേളയിൽ നിന്നും അന്വേഷിച്ചറിയുവാൻ സാധിച്ചിരുന്നുകിൽ അതിനെപ്പറ്റി അന്വേഷിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

തന്നാട്ടുപ്പു വർദ്ധിക്കാതിരിക്കുന്നതിനുള്ള പ്രധാനകാരണം ഉപ്പളങ്ങളിലെ കൃഷിക്കാരുടെ കാലാകാലങ്ങളിൽ അവരുടെഉപ്പിനെ തൂക്കിഏറുകൂടിവിലകൊടുത്തു അവരെപ്രോത്സാഹിപ്പിക്കാത്തതുതന്നിലാണ് ഫാക്ടറികളിൽ ഫ ൦ൻസു-ൽ സു,ര ൦,ര ൦സു മന്നു് കുടപ്പുണ്ടായിരുന്നതു് ഫ ൦ൻഒ-ൽ സു,ൻ ൦,വു ൦ ര മന്നു ഉപ്പായും ഫ ൦ൻവു-ൽ സു,ഒസു,ഉ ഫ സു മന്നു് ഉപ്പായും വർദ്ധിപ്പിക്കുന്നതിനു കാരണമായതു വിളഞ്ഞു കിടക്കുന്ന ഉപ്പിനെകൃഷിക്കാരിൽനിന്നും അതാതുസമയങ്ങളിൽ തൂക്കിപ്പുറം കൂടിവില കൊടുക്കാതിരിക്കുന്ന എക്സൈയിസ്സ് കമ്മീഷണരുടെനയംതന്നാണ്. ഉപ്പുകൃഷിക്കാരുടെ പ്രയാസകഷ്ടനഷ്ടങ്ങളും ഉണ്ടാക്കുകയും അതിനെപ്പറ്റി അവർ ഫ ൦ൻഒ-ൽ

ഫങ്കിരുവഴിയായും നേട്ടിനുമുലഭായും മിസ്റ്റർ വാൻറോസ്സിനേയും ഗവണ്മെൻറിനേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്.

താമരക്കുളം ഉപ്പുകൃഷിക്കാരുടെ അപേക്ഷ അനുസരിച്ചു ഫ്രാഞ്ചൈസികളിൽ അവർശേഖരിച്ചിരുന്ന് ഉപ്പിനെയുക്കി ഫ്ലറിരുന്ന എങ്കിൽ ക്രമേൻവ വ്യവസ്ഥകത്തിൽ മുന്നുലക്ഷത്തിൽപരം മണ്ട് ഉപ്പുഅപേക്ഷ നഷ്ടംവന്നിട്ടുള്ളതിനു അനുഭവമായിരുന്ന സൈക്ലോണിനെ കുറച്ചുപ്പെട്ടുവാൻ ഇടവരികില്ലായിരുന്നു. സൈക്ലോൺഉണ്ടാകുന്നതിനും എത്രയോ മുമ്പുതന്നെ മിസ്റ്റർ സുബ്രഹ്മണ്യകരയാളർ ക്രമേൻവ്വുമെന്ത്രിമുലംപ്രജ്ഞാസഭയിൽ ഉപ്പുകൃഷിക്കാർക്കുണ്ടായിട്ടുള്ള് കഷ്ടനകളെ വേണ്ടപോലെ അറിയിച്ചിട്ടുണ്ടായിരുന്നു. അതുപോലെ തൈപ്പണിയിലും പൂർട്ടാധിപണിയിലും അനുവദിച്ചിട്ടുള്ള ഉപ്പിനെ തൂക്കി ഫ്ലറിട്ടില്ലഎന്നും അതിനായി അടുത്തുവരുന്ന തൈപ്പണിയിൽ എടുക്കുന്ന ഉപ്പിനെ ശേഖരിച്ചിടാൻ സ്ഥലമില്ലാതെ വിഷമിക്കുകയാണെന്നും ഇപ്പിടുത്തെ അളുകളിൽഉണ്ടാകുന്ന ഉപ്പിനെ ഉടനടൻ തൂക്കിയോരു അവരെ പ്രോത്സാഹിപ്പിക്കുന്നപക്ഷം മറുനാടൻഉപ്പു വരുത്തേണ്ടതായി വരികയില്ലെന്ന്മായിരുന്നു. ഇങ്ങിനെമിസ്റ്റർ കരയാളർ പറഞ്ഞിട്ടുള്ളതിനു ദിവാൻജിഅവർകൾ ചുവടെവിവരിക്കുന്ന മാതിരി മറുപടിപറഞ്ഞിരിക്കുന്നു.

> "പ്രർഷാരംഭത്തിൽ ക്രമേ ലക്ഷം മണ്ട്ഉപ്പുഇവിടെ ഉണ്ടായിരുന്നുഎങ്കിലും രാജ്യത്തിനു പുറമെനിന്നും കുറെഉപ്പുകൂടി വരുത്തി എന്നുനിങ്ങൾ പറയുന്നു. ഈ നാട്ടിലെഉപ്പുശേഖരിച്ചു കഴിഞ്ഞാൽ ഉടൻ അതുഉപയോഗയോഗ്യമല്ലെന്നുള്ള സംഗതി നിങ്ങൾ വിസ്മരിച്ചുപോലെ ഏനിക്കുതോന്നുന്നു. ഉപ്പുശേഖരിച്ചു കഴിഞ്ഞാൽ ഒന്നുരണ്ടോ മാസം പഴക്കംചെല്ലുകയുമുതെ ഉപയോഗിക്കാൻ കൊള്ളുകയില്ല എന്നു നിങ്ങൾക്കറിയാം"

താമരക്കുളം ഉപ്പുകൃഷിക്കാർ ശേഖരിച്ചിട്ടുള്ള ഉപ്പിനെ കാലകാലങ്ങളിൽ തൂക്കി ഫ്ലൽക്കാരെയും കൂലിപോലുകൊടുക്കാതെയും അവരെ നഷ്ടപ്പെടുത്തിയതിനെപ്പറ്റി പരാതിപറഞ്ഞപ്പോൾ മിസ്റ്റർ വാൻറോസ്സ് പറഞ്ഞിട്ടുള്ള സാമാധാനത്തെ ഗവൺമെൻറുസ്വീകരിച്ച് അപ്പോൾ ഇങ്ങനെ മറുപടിപറഞ്ഞിരിക്കുന്നു. എന്നാൽ ഉപ്പുപാത്തികളിൽ നിന്നും ശേഖരിക്കുന്നഉപ്പു ഉപയോഗിക്കുന്നതിനു എത്രകാലത്തെപ്പഴക്കം വേണമെന്നുള്ളതിനു വല്ല ക്ലിപ്പും ഉണ്ടോഎന്ന് ക്രമേൻവ കക്കടകത്തിൽ നടന്ന നിയമസഭയിൽ ഞാൻ ഒരുചോദ്യം ചോദിച്ചതിനു അപ്പോൾ ഇങ്ങനെ മറുപടിപറഞ്ഞിരിക്കുന്നു.

> "ഉപ്പുശേഖരിച്ചുകഴിഞ്ഞാൽ എത്രമാസത്തിനകം അതു ഉപയോഗയോഗ്യമായിതീരുമെന്നു തീർച്ചപ്പെടുത്തിയിട്ടില്ല. ശേഖരിക്കുന്ന ഉപ്പു നല്ലവണ്ണം ഉണക്കിയതിനുശേഷം മാത്രമെ അതു വില്പനയ്ക്കായികൊടുക്കുന്നുള്ളു. ഇങ്ങനെഉണക്കാൻ ആവശ്യമുള്ള സമയം കാലസ്ഥിതിയേയും ശേഖരിച്ച ഉപ്പിൻറെ തുകയേയും ആശ്രയിച്ചിരിക്കും സാധാരണമായി ഉണക്കാനുള്ള സമയം മൂന്നുമാസമാണ്"

ഒരേസംഗതിയെപ്പറ്റി രണ്ടുദിവസങ്ങളിൽ പരസ്പരവിരുദ്ധമായ രണ്ടഭിപ്രായം ഗവർണ്മെൻറു പറഞ്ഞിട്ടുള്ളതു നോക്കുമ്പോൾ ഓരോന്നവസരങ്ങളിലും എക്സൈസ്കമ്മീഷണരുടെ പ്രവൃത്തികളെ സാധുകരിക്കുന്നതിനു ഒരുതന്ത്രപരമായ ഓരോഅഭിപ്രായങ്ങളെ ഗവൺമെൻറിനെ ധരിപ്പിച്ചിട്ടുള്ളവിൻറെ ഫലമാണെന്ന് ആക്ഷേപമാനിക്കാവുന്നതാണ്. ഗവൺമെൻറിനു ആദായവും ജനങ്ങൾക്കു സൌകര്യവുമായേ സ്വദേശത്തുള്ള ഉപ്പുവ്യവസായത്തിൽ എക്സൈസ്കമ്മീഷണർ മിസ്റ്റർ വാൻറോസ്സിൻറെ പ്രോത്സാഹനത്തിനും ഇങ്ങനെയാണ് നിൽക്കുന്നത്.

ഇവിടെ ആവശ്യങ്ങൾക്കു വളരെകൂടുതലായും മൻകാലങ്ങളിലെതോളുകൊടുക്കുവാൻ തക്കതായ സാമ്പത്തികസ്ഥിതിയില്ലാതേയും മറുനാടൻ ഉപ്പുവരുത്തിപ്രചരിപ്പിക്കുന്നതുകൊണ്ടു നാടൻഉപ്പിനു കാലക്രമേണ കുറഞ്ഞുവരികയും നാടൻ ഉപ്പിൻറെ വ്യവസായത്തിൽ വലുതായ ഉടവുണ്ടാകയും ചെയ്യുന്നു. എന്നുമാത്രമല്ലാ, ആവശ്യത്തിൽ വളരെ കൂടുതലായി മറുനാടൻ ഉപ്പു വരുന്നതിനാൽ ഈ രാജ്യത്തുനിന്നും എത്രയോ ലക്ഷം രൂപാ അന്യായമായി പുറമെ പോകുന്നു എന്ന സംഗതി ഏറെറവും ഖേദകരമായിട്ടുള്ളതാണ്. ഈ കാര്യങ്ങളെപ്പറ്റി വേണ്ടപോലെ ആലോചിക്കുന്നതിനും ആവശ്യത്തിൽ കൂടുതലായി മറുനാടൻഉപ്പു വരുത്തുന്ന സംഗതിയിലുള്ള പ്രോത്സാഹനങ്ങളിൽ വഴിപ്പെടാതിരിക്കുന്നതിനും തക്കതായ ഒരാളാണ് ആ വകുപ്പിലെ ആദ്ധ്യക്ഷനായിരിക്കേണ്ടതു്. ഈ വാക്കുകളോടുകൂടി ഞാൻ മിസ്റ്റർ ശിവരാമപ്പണിക്കരുടെ പ്രമേയത്തെ ഹാർദ്ദവമായി അനുകൂലിക്കുന്നു.

മി. എ. ജെ. വാൻറോസ് (എക്സൈസ്കമ്മിഷണർ): മെമ്പർ ഉദ്ധരിച്ച അക്കങ്ങളും എവിടെനിന്നും കിട്ടിഎന്നു പറയുമോ? ഭരണറിപ്പോർട്ടിൽ ഞാൻ അവയെ കാണുന്നില്ല.

മി. ടി. കുമാരപിള്ള (കല്ലുളവും–വിളവംകോടും): മെമ്പർ ആവശ്യപ്പെട്ടതായ ഏതക്കങ്ങളും ആണ്.

മി. എ. ജെ. വാൻറോസ് (എക്സൈസ്കമ്മിഷണർ): ൻ ലക്ഷത്തിൽ ചിലപ്പോൾ എന്നും മറുമുള്ള അക്കങ്ങളും.

മി. ടി. കുമാരപിള്ള (കല്ലുളവും–വിളവംകോടും): രാജ്യഭരണറിപ്പോർട്ടിൽനിന്നും.

മി. എ. ജെ. വാൻറോസ് (എക്സൈസ്കമ്മിഷണർ): ഏതുകൊല്ലത്തെ?

മി. ടി. കുമാരപിള്ള (കല്ലുളവും-വിളവംകോടും): പല കൊല്ലങ്ങളിലെ, ക്രമേൻവ മുതൽ ക്രമേൻവ വരെയുള്ളവ.

മി. എ. ജെ. (വാൻറോസ്): (എക്സൈസ്കമ്മിഷണർ): എനിക്കു മുൻകൊല്ലങ്ങളിലെ അക്കങ്ങളും ഇല്ല. മെമ്പർ സംസാരിച്ചുകൊണ്ടിരുന്നതു—

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഇപ്പോൾ രണ്ടാമത്തെ പ്രാവശ്യമാണ് ഉദ്യോഗസ്ഥമെമ്പർ സംസാരിക്കുന്നത്. അതു നിയമാനുസൃതമല്ല.

മി. എ. ജെ. വാൻറോസ് (എക്സൈസ്കമ്മിഷണർ): പുതിയസംഗതികളെ അവതരിപ്പിച്ചുകൊണ്ടു എനിക്കു അവയ്ക്കും മറുപടി പറയേണ്ടതായിവന്നു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): അദ്ധ്യേഹത്തിന്റെ പ്രവർത്തികളുടെ സമയം വരുമ്പോൾ പറയാം. ഇപ്പോൾ എന്തെങ്കിലും ചോദ്യമായി ചോദിക്കാമെന്നാണ് ഞാൻ പറഞ്ഞത്.

പ്രസിഡന്റ്: മി. വൻറോസ്, മി. ശിവരാമപ്പണിക്കരുടെ മറുപടിക്കുശേഷം ഇനി നിങ്ങൾക്കു സംസാരിക്കാം. മി. രാമൻമേനോൻ സംസാരിക്കുന്നതായി എഴുന്നേറ്റുകഴിഞ്ഞു. അവസാനപ്രമേയത്തെ അനുകൂലിച്ചതാണിതിട്ടില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കുന്നത്തൂരുമുള്ള പ്രതിനിധി): മി. ശിവരാമപ്പണിക്കരുടെ പ്രമേയത്തിന്റെ ഉദ്ദേശ്യം ഈ നാട്ടിലേക്കു ആവശ്യമുള്ള ഉപ്പ് ഇവിടെത്തന്നെ വിളയിക്കണം എന്നുള്ള സംഗതിയെപ്പറ്റി ചിന്തിപ്പിക്കുന്നതിനാണ്. ഇതേപ്പറ്റി സ്വന്തപരിചയശക്തി അടിസ്ഥാനപ്പെടുത്തി രണ്ടുവാക്കുപറയാമെന്നു ഞാനും ഉദ്ദേശിക്കുന്നു. മി. കുമാരപിള്ള ഉദ്ധരിച്ച കണക്കിൽനിന്നും ഉപ്പുവ്യവസായത്തിനു തക്ക പ്രോത്സാഹനം ഗവണ്മെന്റു നൽകുന്നില്ല എന്നു വ്യക്തമാകുന്നു. എന്റെ സ്ഥലമായ കായംകുളത്തിനു സമീപം മുൻപു ചില ഉപ്പുപുരകൾ ഉണ്ടായിരുന്നു. ഗവണ്മെന്റിലെ അധികാരികളും അന്യരാജ്യത്തുനിന്നും കൂടുതൽ ഉപ്പു വരുത്തുന്നതിലേക്കുമാത്രമായിട്ടാണ് ഈ അളവും നിശ്ചയിച്ചതെന്നു ജനങ്ങളും ഇന്നും പറഞ്ഞുവരുന്നു. ഗവണ്മെന്റിന്റെയും അധികാരികളുടെയുംമേൽ ആരോപിതമായ കുറ്റത്തിനു ഇങ്ങനെ ബഹുമതിക്കുന്നു. ഇന്നാട്ടിലേക്കാവശ്യമുള്ള ഉപ്പുമുഴുവനും, അല്ലെങ്കിൽ ഇപ്പോൾ ഉണ്ടാക്കുന്നതിൽ കൂടുതൽ ഉപ്പു ഇവിടെ ഉണ്ടാക്കാൻ പാടില്ലയോ എന്നാണ് ചിന്തിക്കേണ്ടതായുള്ളത്. ഇവയെപ്പറ്റി ഗവണ്മെന്റും കായംകുളം അളുകളെ പുനരുജ്ജീവിപ്പിക്കുമോ എന്നു ചിന്തിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

മി. എസ്. സുബ്രഹ്മണ്യൻ കരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): സർ, മി. ശിവരാമപ്പണിക്കരുടെ പ്രമേയത്തിനു എതിരായി എനിക്കു ചിലതു പറയാനുണ്ട്. ഉപ്പുണ്ടാക്കുന്നതിന്റെ കുറവുതിക്കുന്നതിനു ഒരു പ്രത്യേകഉദ്യോഗസ്ഥന്റെ ആവശ്യം ഇല്ല. അതിലേക്കാവശ്യമുള്ള ലഘുസാധനം ഒന്നാംതരം ലൈസൻസുമാത്രമാണ്. അതു സുലഭമായി കിട്ടുകയും പ്രകൃതി അനുകൂലമായിരിക്കയുംചെയ്താൽ ഇവിടെ ഉപ്പു ധാരാളമായി വിളയിക്കാം. അതുകൊണ്ടു ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ ആവശ്യം ഇല്ല. തെക്കൻതിരുവിതാംകൂറിലെ അളുകൾ നാഗർകോവിൽ സബ്കളക്ടറുടെ അസിസ്റ്റന്റു കമ്മീഷണരുടെ ഭരണത്തിൻകീഴിൽ ആകുന്നതിലും വിഷമമില്ല എന്നാണ് എന്റെ അഭിപ്രായം. അത്യാവശ്യമായി നമുക്കുവേണ്ടിയിരിക്കുന്നതു സമുദ്രത്തിങ്കലിനിന്നും ഒന്നാംതരം ലൈസൻ കിട്ടണമെന്നുള്ളതാണ്. അതില്ലെങ്കിൽ നമ്മുടെ അളുകൾ വേഗത്തിൽ നിന്നുപോകും.

മി. എൻ. വി. ജോസഫ് (പറവൂർ): ഈ രാജ്യത്തേക്കാവശ്യമുള്ള ഉപ്പ് ഇവിടെതന്നെ ഉണ്ടാക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിച്ചുകൊള്ളുന്നു. എന്നാൽ അതിനുള്ള മാർഗ്ഗമായി ഒരു നവീനഡിപ്പാർട്ടുമെന്റു സൃഷ്ടിക്കണമെന്നുള്ള അഭിപ്രായത്തോടു യോജിക്കാൻ നിവൃത്തിയില്ല. ഉപ്പുവിളവു വർദ്ധിപ്പിക്കുന്നതിനു പല മാർഗ്ഗങ്ങളും ഉണ്ട്. ഉദാഹരണമായി ഒരു വിദഗ്ധനെവരുത്തി അതേപ്പറ്റി അന്വേഷിപ്പിക്കയോ അല്ലെങ്കിൽ തത്സംബന്ധമായുള്ള ആലോചനയ്ക്കായി ഒരു കമ്മറ്റി രൂപീകരിക്കയോചെയ്യാം. എന്നാൽ മി. കുമാരപിള്ളയുടെ പ്രസംഗത്തിൽ ഒരു കുറാഭോപണം കാണുന്നുണ്ട്. തന്നാട്ടുപ്പ് ഉണ്ടാക്കുന്നതിനു യാതൊരു ഉത്സാഹവുമില്ലാത്ത ഒരുവനെയാണ് ആ ഭരണം ഏൽപ്പിച്ചിട്ടുള്ളതെന്നു പറഞ്ഞുകാണുന്നു. എനിക്കതേപ്പറ്റി ഒന്നും പറവാൻ നിവൃത്തിയില്ല. എങ്കിലും ഈ വിജ്ഞാനം ഉപ്പുവിളയിക്കുന്നതിനു എങ്ങനെ സഹായിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. അതേസംബന്ധിച്ചു എനിക്കു ആ പ്രമേയത്തെ എതിർക്കേണ്ടതായിട്ടാണ് തോന്നുന്നത്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഉപ്പുഡിപ്പാർട്ടുമെന്റു എക്സൈസിൽനിന്നും വിടുവിച്ചാൽ ഈ നാട്ടിലേക്കാവശ്യമുള്ള ഉപ്പു ഇവിടെത്തന്നെ ഉണ്ടാക്കാൻ സാധിക്കുമെന്നു പറഞ്ഞതു എന്റെ സ്നേഹിതൻ മി. എൻ. വി. ജോസഫിനു മനസ്സിലാകാത്തതിൽ വ്യസനിക്കുന്നു. വിജ്ഞാനം എന്നതുകൊണ്ടു ഞാൻ അർത്ഥമാക്കിയതു എക്സൈസ്ഡിപ്പാർട്ടുമെന്റിനെ വേർതിരിച്ചു കമ്മീഷണർക്കു പൂർണ്ണസമയവും അദ്ദേഹത്തിന്റെ ഓഫീസുകാർക്കുകൂടി അന്വേഷിക്കുന്നതിനു അനുവദിക്കണമെന്നും മുഴുവൻ സമയം ഉപയോഗിക്കുന്നവിധത്തിലുള്ള മറ്റൊരു ഉദ്യോഗസ്ഥൻ ഉപ്പുഡിപ്പാർട്ടുമെന്റുണ്ടാകണമെന്നുമാത്രമാണ്. വിജ്ഞാനം എന്നതിൽ ദീർഘമായ ശമ്പളംകൊടുത്തു ഒരുവനെ ഉദ്യോഗസൃഷ്ടിയുണ്ടാക്കണമെന്നില്ല. ഈ കാര്യമായാണെന്നു തോന്നുന്ന പ്രമേയത്തിന്റെ ഈ ഭാഗത്തിനു ഇതു ശക്തിഭേദമായ തിന്നഭിപ്രായം ഉണ്ടായതു്. ഇപ്പോൾ അവിടെയിരിക്കുന്ന അസിസ്റ്റന്റുകമ്മീഷണരെത്തന്നെ പൂർണ്ണ അധികാരങ്ങൾ കൊടുത്തു വേണമെങ്കിൽ ഈടാരം ഏർപ്പെടുത്താം. എന്റെ അഭിപ്രായം അങ്ങനെയാണ്. ശമ്പളം കൂട്ടേണ്ടതായ ആവശ്യമില്ല. ആഫീസുകളുള്ള ജില്ലാകോടതികൾക്കു വേണമെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കാം. കണക്കുകൊടുക്കുന്നതിനു എക്സൈസ്ഡിപ്പാർട്ടുമെന്റിൽനിന്നും അതിനുവേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ല എന്നു കാണുന്നതിനാൽ ഈ ഡിപ്പാർട്ടുമെന്റിൽ ഉപ്പുപുരകളുടെ ഒരു ഉദ്യോഗസ്ഥനെ അതിന്റെ ഭരണം ഏൽപ്പിക്കണമെന്നേയുള്ളൂ. എക്സൈസ്ഡിപ്പാർട്ടുമെന്റിലെ വകുപ്പുശട്ടത്തിന്റെ ൧-ാം ഖണ്ഡികയിൽ തഴെ പറയുംപ്രകാരം പറഞ്ഞിരിക്കുന്നു.

> "ഇങ്ങിനെ കൂടുതലുള്ള സമയത്തുതന്നെ ഈ നാട്ടിൽ വിളയുന്ന ഉപ്പിൽ (൧) ഭരണം കുറഞ്ഞിരിക്കുന്നതായും കാണുന്നു. ഈ കുറവിനുള്ള പ്രധാനകാരണങ്ങൾ (൧) ഇടക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിവർഷം. (൨) ലൈസൻസ്സുകാരുടെ ഉത്സാഹശൂന്യത. (൩) സമീപത്തു കൃഷികഴിക്കുന്നതായ കരഭൂമികളിൽനിന്നുള്ള ഉപ്പുലവണത്തിന്റെ ഊറൽ ഇവയാണ്. ഫാറൻ ഹീറ്റ് ൧൫൦ ഡിഗ്രി ചൂടുള്ള ഒരു ഉത്സാഹശൂന്യതയെ ലൈസൻസ്സുകാർക്കു കാണുകയാണെങ്കിൽ ഉപ്പുപുരയിലേക്കുള്ളവകാശം അവരെ നിർബന്ധിക്കുന്നതായ വല്ല മാർഗ്ഗങ്ങളുണ്ടോ എന്നു അന്വേഷിക്കയുണ്ടായി. അതേസംബന്ധിച്ചുള്ള റിപ്പോർട്ടു അടുത്തുതന്നെ അയച്ചുകൊള്ളുന്നതാണ്."

തത്സംബന്ധമായ റിപ്പോർട്ടു കമ്മീഷണർ അയച്ചിരുന്നില്ല എന്നു അതിൽനിന്നും കാണാവുന്നതാണ്. ഇപ്പോൾ ആ റിപ്പോർട്ടു അയച്ചിട്ടുണ്ടോഎന്നു അറിഞ്ഞുകൂടാ. ജോലികൾ ശരിയായി നടക്കു

ന്നില്ലാ എന്ന ഇതിൽനിന്നു കാണാവുന്നതാണ്. ഞാൻ കമ്മീഷണരെ കുറച്ചുപ്പെടുത്തുകയല്ല. അളേഹത്തി
ന ധാരാളം ജോലിയുണ്ട്. ചുങ്കം, അബ്കാരി, കരപ്പു്, കണ്ടുവു് എന്നിങ്ങനെ ഒരാളുടെ ശ്രദ്ധയ്ക്കു അതി
തമായ പലവിധജോലികളും അളേഹത്തിനു നോക്കേണ്ടതായിട്ടുണ്ടു. ഇങ്ങിനെ എല്ലാറവും വിഷമമേറിയ കാ
ര്യങ്ങളിൽ ഒരുമിച്ചു പ്രവർത്തിക്കുന്നതിനു അളേഹം ഈശ്വരാംശവും മറ്റൊരുമല്ല എന്നു നമുക്കു് തന്നെ
പോലെ അളേഹവും ഒരു സാധാരണ മനുഷ്യൻമാത്രമാണു. നാം മനുഷ്യർ അല്പനിന്നും ആശിക്കേണ്ടതു മാത്രമേ
അളേഹത്തിൽനിന്നും ആശിക്കേണ്ടതായിട്ടുള്ളൂ. അളേഹത്തിനു സമയമില്ല. അതുകൊണ്ടാണു് ഒരു ആഫീസു
മാനേജരെ വേണമെന്നു ആവശ്യപ്പെട്ടതു. നാം എന്തിനായി ഒരു മാനേജരെ അളേഹത്തിനു അനുവദിച്ചുകൊ
ടുക്കുന്നു? ഇതുസംബന്ധമായി കുറെ പണം കൂടുതലായി ചെലവു വന്നാലും ആ പണവും തന്നാട്ടാവശ്യത്തിനു
തന്നെ ഉപ്പു ഇവിടെത്തന്നെയുണ്ടാക്കുവാൻ സാധിക്കുന്നു എന്നുള്ള തൃപ്തിയും നമുക്കു പ്രതിഫലമായി ലഭിക്കുന്നു. നമ്മു
ടെ വ്യവസായങ്ങളെ വളർത്തിക്കൊണ്ടുവരണമെന്നു നാം ഉച്ചത്തിൽ മുറവിളികൂട്ടുന്നു. ഇതുതന്നെയാണു് നാം പ്രധാ
നവ്യവസായമായി സ്വീകരിക്കേണ്ടതു. ഉപ്പു് സമുദായത്തിൽ ഉയർന്നവനും താഴ്ന്നവനും രാജാവിനും ദരിദ്രനും
ഒരുപോലെ ഉപയോഗമുള്ള വസ്തുസാധനമാണു്. ഇതിനേക്കാൾ പ്രധാനമേറിയതോ പ്രോത്സാഹിപ്പിക്കത്തക്ക
തോ ആയ വേറൊരു വ്യവസായം ഞാൻ കാണുന്നില്ല. ഇപ്പോൾ ഇതിനു കടന്നുകൂടിയിട്ടുള്ള ദോഷങ്ങളെ
ക്രമേണ ഗവണ്മെൻറു ചെലവുചെയ്തു മുഴുവൻ സമയം വിനിയോഗിക്കത്തക്ക ഒരു ഉദ്യോഗസ്ഥനെ നിയമിക്കണമെന്നു കമ്മീഷ
ണർ ശിപാർശചെയ്യാതിരുന്നതു എന്തുകൊണ്ടെന്നു എനിക്കു മനസ്സിലാകുന്നില്ല. അളേഹം ശരിയായ പരിഹാ
രമാർഗ്ഗങ്ങൾ കണ്ടു അതിനു വേണ്ട ശിപാർശ ഗവണ്മെൻറിലേക്കു അയച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അ
പ്രകാരം അളേഹം ചെയ്തിരുന്നു എങ്കിൽ ഈ ദോഷങ്ങളെല്ലാം മാറുമായിരുന്നു. കഴിഞ്ഞ പലകൊല്ലങ്ങളിലേ ക
ണക്കു പരിശോധിച്ചാൽ ഇവിടെ വിളയുന്ന ഉപ്പു പ്രതിവർഷം കുറഞ്ഞുവരുന്നതായി കാണാം. ഇങ്ങനെ ആ
ണെങ്കിൽ ഇവിടെനിന്നും കുറച്ചു ഉപ്പു മിച്ചാതേയും വന്നേക്കാം. ആ ഭയത്താലാണ് ഞാൻ ഈ പ്രമേയം അവത
രിപ്പിച്ചതു. ഇതേപ്പറ്റി മെമ്പർമാർ വീണ്ടും ആലോചിച്ചു വേണ്ടുന്നതു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

മി. എ. ജെ. ഡാൻറോസ് (എക്സൈസ് കമ്മിഷണർ): മെമ്പർ സൂചിപ്പിച്ചതായ റിപ്പോർട്ടു ഗവണ്മെ
ൻറിലേക്കു അയച്ചുകഴിഞ്ഞു. പഴയ ലൈസൻസുകാർ ആയിരുന്ന ഉപ്പുണ്ടാക്കുന്നതിൽ ഉത്സാഹശൂന്യന്മാർ, അ
വർ പുതുക്കിയ എക്സൈസ് സിസ്റ്റമനുസരിച്ചു പ്രവർത്തിക്കണമെന്നു ആവശ്യപ്പെട്ടതു. അതേ സംബന്ധിച്ചു റിപ്പോർട്ടും
ഗവണ്മെൻറിലേക്കു അയച്ചുകഴിഞ്ഞു. മെമ്പർ അളേഹത്തിൻറെ പ്രസംഗം ശരിയായി അടിസ്ഥാനപ്പെടുത്തുകയല്ല
മോക്കിയല്ല ചെയ്തിട്ടുള്ളതു് എന്നുമാത്രമേ എനിക്കു പറയാനുള്ളൂ. ഉപ്പുരേണത്തിനു ഒരു പ്രത്യേക ഉദ്യോഗസ്ഥൻ
ഇല്ലാത്തതുകൊണ്ടാണു ഉപ്പു കുറഞ്ഞുപോയതെന്നു അളേഹം സ്ഥാപിച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ഇപ്പോഴത്തെ എക്സൈസു കമ്മിഷണരുടെ
ഉപേക്ഷകൊണ്ടാണോ?

മി. എ. ജെ. ഡാൻറോസ് (എക്സൈസ് കമ്മിഷണർ): അല്ല. അതേപ്പറ്റി അന്വേഷിക്കുന്നതിനു ഒ
രു പുതിയ ഉദ്യോഗസ്ഥൻ ഇല്ലാത്തതുകൊണ്ടാണു ഉപ്പു കുറഞ്ഞുപോയതെന്നു അളേഹം തെളിയിച്ചിട്ടില്ല എന്നാ
ണ്. എന്നാൽ അതിനുള്ള കാരണം മഴയും നല്ല വെയിൽ കിട്ടായ്കയും ആണെന്നു ഞാൻ തെളിയിക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ലൈസൻസുകാർ കുറച്ചു ഉത്സാഹശൂന്യതയെ ഇല്ലായ്മ
ചെയ്യുന്നതിനു കമ്മീഷണർ ഒന്നും പ്രവർത്തിച്ചിരുന്നതുമില്ല.

മി. എ. ജെ. ഡാൻറോസ് (എക്സൈസ് കമ്മിഷണർ): അതു അളങ്ങളുടെ പഴയ ഉടമസ്ഥന്മാരെപ്പു
റ്റിയാണ്. നഷ്ടത്തിനു വേലചെയ്തിരുന്നതുകൊണ്ടു അവർ ശരിയായി ജോലിനടത്തിയിരുന്നില്ല. അതുകൊ
ണ്ടു പുതുക്കിയ എക്സൈസ് ഫർമ്മാട്ടു അവരെ സംബന്ധിച്ചിടത്തോളം നടപ്പിൽ വരുത്താൻ ഞാൻ ഗവണ്മെ
ൻറിലേക്കു ശിപാർശചെയ്തിട്ടുണ്ടു. ശരിയായി ജോലിനടക്കാതിരുന്നതു ഒരു അളത്തിൽ മാത്രമായിരുന്നു. അ
ളത്തിനുള്ള ലൈസൻസു പിന്നീടു റദ്ദുചെയ്തു. ഉപ്പുവിളവു കുറവിനുള്ള അടുത്തകാരണം അസമയത്തുള്ള മഴയും
നല്ല വെയിൽ ഇല്ലായ്മയുമാണെന്നു ഞാൻ തെളിയിച്ചുകഴിഞ്ഞു.

മി. കെ. കെ. ജോസഫ് (മീനച്ചിലും-മേവികളുവും): ഉപ്പു വ്യവസായത്തെപ്പറ്റി കമ്മീഷണർ വ്യ
വസായധുരന്ധരരോടു ആലോചിച്ചിട്ടുണ്ടോ?

മി. എ. ജെ. ഡാൻറോസ് (എക്സൈസ് കമ്മീഷണർ): ഇതേ സംബന്ധിച്ചു അളേഹത്തിൻറെ അഭി
പ്രായം അന്വേഷിക്കുമെന്നതിനാൽ അപ്രകാരം ചെയ്തിട്ടില്ല.

മി. കെ. കെ. ജോസഫ് (മീനച്ചിലും-മേവികളുവും): ഇതേസംബന്ധിച്ചു വ്യവസായധുരന്ധരരുടെ
അഭിപ്രായംകൂടി ഉണ്ടായിരിക്കേണ്ടതാണെന്നു കമ്മീഷണർക്കറിയാമോ?

മി. എ. ജെ. ഡാൻറോസ (എക്സൈസ്കമ്മീഷണർ): പുറമേയിന്നും എന്തെങ്കിലും അഭിപ്രായം ആവ
ശ്യമുണ്ടെന്നു തോന്നുന്നുവെങ്കിൽ മാത്രം അതു് ആവശ്യപ്പെട്ടാൽമതി.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഡർ, വ്യവസായധുരന്ധർ സ്വയമേവ ഇതേസംബ
ന്ധിച്ചു എന്തെങ്കിലും അറിവു നിങ്ങൾക്കു നൽകിയിട്ടുണ്ടോ? (ചിരി)

മി. എ. ജെ. ഡാൻറോസ് (എക്സൈസ്കമ്മീഷണർ): ഇല്ല. അങ്ങനെ ഒരു അഭിപ്രായം ഇതേവരെത്തെ
ങ്ങും തന്നിട്ടില്ല. ഉപ്പുസംബന്ധമായ സകല ജോലികളിലും പരിചയമുണ്ടെന്നു വിചാരിക്കപ്പെടുന്ന ഒരു
ഉദ്യോഗസ്ഥൻ എൻറെ ആഫീസിൽ ഉണ്ടു്. ലൈസൻസ് എടുത്തിട്ടുള്ള പക്ഷം അളവാന്മാക്കം ഇതുസംബന്ധി
ച്ചു സകല ജോലികളിലും പരിചയമുണ്ടു്.

മി. ടി. കുമാരപിള്ള (ചിറയിൻകീഴ്): ഉപ്പുവിളവു കണക്കാക്കുന്നതിനു ഒരു നിശ്ചിതമായ ഏർപ്പാടു
ചെയ്യണമെന്നു ഞാൻ പറഞ്ഞിരുന്നുവല്ലോ. ഏതാനും കണക്കുകൾ ഞാൻ ശേഖരിച്ചിട്ടുണ്ടു. ഈ കണക്കുകൾ
പരിശോധിക്കയും ചെയ്തു. ഈ കണക്കുകൾ എങ്ങനെ സിദ്ധിച്ചു എന്നു് എനിക്കറിഞ്ഞുകൂടാ. ഫാൻറ്, ഫാൻവു,
ഫാൻൻ എന്നിങ്ങനെ മൂന്നുകളിലെ വണ്ണകൊ എൻറെ പക്കൽ ഉണ്ടു്. ഫാൻറ—ൽ അളങ്ങളിലും ഡിപ്പോക
ളിലും ചെന്നുകാണുന്ന ഉപ്പുകൂമ്പാരങ്ങളുടെ കണക്കും മറ്റും ഉപ്പു ശിക്കും ഉണ്ടായിരുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും പിള്ളവങ്കോട്ടം): മഴയുചെയ്തു എത്രാംപുറത്തു്?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): കാൻവാ-ലെ റിപ്പോർട്ടിൽ വൃക്ഷാംശത്തിന് കാരണം അനുബന്ധത്തിൽ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കൺ—ാകുറം അളവിനെ ഒന്നു നോക്കിയാൽ കൊള്ളാം.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ). എന്തിനാണ്?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എക്സൈസ് കമ്മിഷണരുടെ വാർഷികറിപ്പോർട്ടിനാണ്.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): വ്യത്യാസമുണ്ടോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കാൻവാ-ലെ.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): ഞാൻ കാൻവാ-ലെ റിപ്പോർട്ടിനെപ്പറ്റിയാണ് സംസാരിക്കുന്നത്. കാൻവാ-ലെ റിപ്പോർട്ട് എന്റെ കൈവശമില്ല. കാൻ ഉം മാസം ആരംഭത്തിൽ ഉണ്ടായിരുന്ന സ്റ്റോക്ക് വാൻവാ മന്നം, കാൻവാ മുദ്ര ഇ കാ ാ മന്നം ഇവയിരുന്നു. അളങ്ങളിൽ ഉള്ള അധികമായി കിടക്കുന്നതിനേയും ലൈസൻസുകാർ അവയെ അവിടെനിന്നും മാറ്റുന്നതിനു അപേക്ഷിച്ചതിനേയും പറ്റി എന്തോ മി. കുമാരപിള്ള പരാതികളുണ്ടായി അവയൊന്നും പരമാർത്ഥങ്ങളായി ഞാൻ കരുതുന്നില്ല. ഒന്നാമതായി അവ ഇവിടെ പറയേണ്ട ആവശ്യമില്ല. രണ്ടാമതായി സ്ഥിതിവിവരം വേണ്ടവണ്ണം പറഞ്ഞിട്ടില്ല. ലൈസൻസുകാരുടെ പക്കൽനിന്നും ഉള്ള് സാധാരണയായി സ്വീകരിക്കുന്നത് അവയെ ഡിപ്പോകളിലേക്ക് കയറ്റിഅയക്കാൻ ഉടങ്ങുവാറും മാത്രമാണ്. അങ്ങനെ കയറ്റിഅയയ്ക്കുന്നത് അണ്ടുതോറും വർദ്ധിക്കുമാസത്തിലാണ്. പണത്തിനു അത്യാവശ്യമുണ്ടായിരുന്ന ചില തരം ലൈസൻസുകാർ മേടമാസത്തോടുകൂടി അവ സ്വീകരിക്കണമെന്നു നിർബന്ധപ്പെട്ടു. പതിവിനു വിരുദ്ധമായതുകൊണ്ട് സ്വീകരിക്കാൻ നിവൃത്തിയില്ല എന്നു പറഞ്ഞതിനെ സംബന്ധിച്ചു അവർ ഉണ്ടാക്കിയ ബഹളത്തെ തുടർന്ന് മി. കുമാരപിള്ള ഒർഡർ എന്നുപറഞ്ഞതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കാൻവാ തുടക്കത്തിൽ വെന്നുവരെ മന്നാണ് ഉള്ളത് മിച്ചം ഉണ്ടായിരുന്നു. അതു വൃക്ഷാംശത്തിന് കാരണം ഇപ്പോൾ ഇല്ല.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): അവിടെ മൂന്നു സ്റ്റോറേജുകൾകൂടി ഉണ്ട്. അവയിൽ ഏതിനെപ്പറ്റിയാണ് മെമ്പർ പറയുന്നത്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മദ്ധ്യത്തിലുള്ള സ്റ്റോറേജിൽ.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): ആകെയുള്ള സ്റ്റോക്ക് വെന്നുവരെ മന്നാണ്. നിങ്ങൾ നാട്ടുപ്പിനെ മാത്രമെ ഉദ്ദേശിച്ചുള്ളു എന്നാണ് ഞാൻ വിചാരിച്ചത്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): സർ, അല്ല, ഞാൻ മുഴുവൻ സ്റ്റോക്കിനെ ആണ് ഉദ്ദേശിച്ചത്. ഞാൻ പറഞ്ഞത് ഇവിടത്തെ പ്രധാനപ്പെട്ടവരുടെ കാ ലക്ഷം മന്നു ഉള്ളത് ആവശ്യമുള്ളതല്ലെന്നും ഇപ്പോൾ ൽ ലക്ഷം മന്നു ഉള്ളത് നീക്കിയിരിപ്പ് ഉണ്ടെന്നുമാണ്.

അതുകൊണ്ട് എന്നെസംബന്ധിച്ചു മി. വാൻറോസ് പറഞ്ഞ സ്റ്റോറേജുകൾ പിൻവലിക്കാൻ അടിയന്തരമായി ആവശ്യപ്പെടണമെന്നു ഞാൻ പ്രസിഡന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. വാൻറോസ് (എക്സൈസ് കമ്മീഷണർ): ഏതു സ്റ്റോറേജുകൾ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എന്റേതു അസത്യമായ സ്റ്റോറേജുകളാണെന്നുള്ള സ്റ്റോറേജുകൾ.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): മെമ്പർ ഇന്നാട്ടുപ്പിനെ സംബന്ധിച്ചു മാത്രമാണ് പറയുന്നതെന്നു ഞാൻ വിചാരിച്ചു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നേരം രണ്ടുമണിയായിരിക്കുന്നു. തൽക്കാലം നിറുത്തുന്നതല്ലേ?

മി. കെ. കെ. തോമസ്സ് (കോട്ടയം): ഉദ്യോഗസ്ഥാരംഭത്തിനുള്ള സമയം കഴിഞ്ഞില്ലേ?

പ്രസിഡന്റ്. മി. വാൻറോസ് നിങ്ങൾക്കുള്ള സമയം കഴിഞ്ഞിരിക്കുന്നു. നാം എഴുന്നേൽക്കുന്നതിനു മുമ്പു പ്രമേയം പിൻവലിക്കുമോ ഇല്ലയോ എന്നു നോക്കട്ടെ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, എന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽതന്നെ എനിക്കുള്ള ഉദ്ദേശ്യം—

പ്രസിഡന്റ്. നിങ്ങൾക്കു ഒരു പ്രസംഗംചെയ്യാൻ പാടില്ല. നിങ്ങൾ പ്രമേയം വോട്ടിനിടണമോ വേണ്ടയോ എന്നു മാത്രം പറയണം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എക്സൈസ് കമ്മീഷണരുടെ സമാധാനം അതു സ്വീകാര്യമായി എനിക്കു തോന്നുന്നില്ല എങ്കിലും ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

സഭ ഭക്ഷണത്തിനായി കാ-ൽ ന-ന പിരിഞ്ഞു വീ—ാ ഉ-ന യീണ്ടും കൂടി.

പ്രമേയം ാ ഉ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ാ ഉ. ഉപ്പിനത്തിലേക്കായി നിശ്ചയിച്ചിട്ടുള്ള കാ വു ഉ ാ രൂപയിൽ കാ ാ രൂപ കുറവു ചെയ്യണം.

സർ, ഉപ്പ് കയറ്റിഇറക്കുന്നതിനുള്ള ഫീസുകളിൽ എല്ലാ തിയ്യതികളിലുള്ള സംഗതികളും അറിഞ്ഞു അവയെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായിട്ടാണ് ഞാൻ ഈ പ്രമേയം വാദിച്ചുരാക്കിയിട്ടുള്ളതു്. ഈ ഇനത്തിൽ കാ ാ ാമാണ്ടു വസ ാ, ാ ാ രൂപ ബഡ്ജറ്റ് അനുവാദ

മുള്ളതായി കാണുന്നു. കഴിഞ്ഞകൊല്ലത്തെ എസ്റ്റിമേറ്റും ഏതാണ്ട് അതുപോലെതന്നെയാണ്. അപ്പോഴത്തെ ഡിപ്പോകളിലും ഉള്ള ഉപ്പിന്റെ കഴിഞ്ഞകൊല്ലത്തിൽ ആകെ ക ൦ന്നു, ൦ ൦ ൦ രൂപ വിലയുറപ്പിൽ കൊള്ളിച്ചിട്ടുള്ളതായും കാണുന്നു. ഇതു് ഉപ്പിന്റെ വിലുനവിലയെ വർദ്ധിപ്പിക്കുന്നതാകുമോന്ന്. അതുകൊണ്ട് ഉപ്പു വാങ്ങി ഉപയോഗിക്കുന്ന പാവപ്പെട്ട ഗ്രാമത്തുകാരുടെ പിലും, കൊലവും നഷ്ടപ്പെടുന്ന ഉപ്പും കണക്കാക്കി കഴിയുന്ന കുറഞ്ഞവിലയ്ക്കു വിൽക്കണമെന്നാണ്. ഈ സംഗതിയെപ്പറ്റി അന്വേഷിക്കേണ്ടതാണ് എന്നു ഗവർമെന്റിനെ അറിയിക്കുന്നതാണ് ഈ ചൂണ്ടിക്കാണിച്ചതിന്റെ ഉദ്ദേശ്യം. ഈ പ്രമേയത്തെപ്പറ്റി വേണ്ട അന്വേഷണം നടത്താമെന്നു ഉറപ്പുതരാമെങ്കിൽ ഞാൻ പ്രമേയം പിൻവലിക്കുകയുമാം.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): മെമ്പർ സൂചിപ്പിച്ച പ്രകാരത്തിലുള്ള നടപടിയുണ്ടാകുന്നതിനെപ്പറ്റി അന്വേഷിക്കുന്നതിനു വിരോധമില്ല.

മി. കെ പരമേശ്വരൻപിള്ള (തെയ്യാറിൻകര): ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

അനുമതിപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം ൫൨.

മെമ്പർ ഹാജരില്ലായിരുന്നതിനാൽ താഴെപ്പറയുന്നപ്രമേയം ഹാജരാക്കിയില്ല.

കെ. സി. മമ്മൻമാപ്പിള.

൫൨. എസ്റ്റാബ്ലിഷ്മെൻറിനുള്ള ചെ, ഴ്സവു ത്രൂപയിൽ ൧ ൦ ൦ രൂപ കുറയ്ക്കുണം.

പ്രമേയം ൫൩.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

൫൩. എസ്റ്റാബ്ലിഷ്മെൻറു ചെലവുകഠിക്കുള്ള ചെ, ഴ്സവുത്രൂപയിൽ ൧ ൦ ൦ രൂപാകുറയ്ക്കുണം.

ഇതുമാതിരിയുള്ള ചിലകുറവുചാർജ് മറ്റു ആഫീസുകളുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടും മറ്റും ഞാൻ ശ്രമിച്ചു. സമയപരിമിതിയും മറ്റുമുള്ള കാരണങ്ങളാൽ അവയെപ്പറ്റി നിർബന്ധമായി പറഞ്ഞില്ല. എന്നാൽ ഈ പ്രമേയം അവതരിപ്പിക്കാൻ എനിക്കു വേറെയും കാരണങ്ങൾ ഉണ്ട്. എസ്റ്റാബ്ലിഷ്മെൻറു കുറവുകൂടി സൂക്ഷ്മമായി പരിശോധിച്ചു പറഞ്ഞ കുറവുകൾ ചെയ്യുന്നതുകൊണ്ടെന്നു ഞാൻ മുൻപുതന്നെ പറഞ്ഞുകഴിഞ്ഞു. നമുക്കു ചില ചില്ലറ കുറവുകളില്ലാതെ അധികപ്പണം കുറവുചെയ്യാൻ നിവൃത്തിയില്ല. മൂന്നു ടൈപ്പിസ്റ്റ് മാർ ഉൾപ്പടെ ഇപ്പോൾ നമുക്കു ക്ലാർക്കുകൾ ഉണ്ട്. ക്ലാർക്കുകളുടെ സംഖ്യ ഇന്നംതിരിച്ചു കാണിച്ചിട്ടുള്ളവർ നമ്മെ നന്ദിപറഞ്ഞുകൊള്ളുന്നു. കമ്മീഷണരെ സഹായിപ്പാൻ ഇപ്പോൾ ഒരു അസിസ്റ്റൻറു കമ്മീഷണർ കൂടിയുണ്ട്. അടുത്തകൊല്ലത്തെ ബഡ്ജറ്റിൽ ഒരു മാനേജർക്കുള്ള ശമ്പളം കൂടിക്കാണുന്നതിനാൽ അങ്ങനേയും ഒരു ഉദ്യോഗസ്ഥൻ ഉണ്ട്. കൂടാതെ ത്രൂപയ്ക്കുമേൽ ശമ്പളമുള്ളവരെപ്പറ്റി നമുക്കൊന്നും പറയാൻപാടില്ല. അതുകൊണ്ട് ഓഫീസിൽ നമുക്കു ക്ലാർക്കുകൾ ഉള്ളതുകൊണ്ടും ഒരു മാനേജർകൂടി ഉണ്ടെന്നുള്ള ആവശ്യപ്പെടുന്നതുകൊണ്ടും ൫ ൦ രൂപ ശമ്പളമുള്ള ഒരു ക്ലാർക്കിനെ കുറവുചെയ്യുന്നതിനു കമ്മീഷണർ സമ്മതിക്കുമെന്നു വിചാരിക്കുന്നു. ഇങ്ങനെയുള്ള ഡിപ്പാർട്ടുമെൻറുകളിൽ ഉദാഹരണമായി റവന്യൂകമ്മീഷണരുടെ ആഫീസിൽ ൨ ൦ ക്ലാർക്കുകളുമുള്ളതു്. ഈ കാരണങ്ങളാൽ ഈ കുറവു വരുത്തേണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): സർ, ൫ ൦ രൂപ ശമ്പളമുള്ള ഒരു ക്ലാർക്കിനെ എൻറെ ആഫീസിൽനിന്നും കുറവുചെയ്യണമെന്നു മി. രാമൻമേനോൻ ആവശ്യപ്പെടുന്നു. അവിടെ ൨൯ ക്ലാർക്കുകളും ൩ ടൈപ്പിസ്റ്റുകാരുമാണുള്ളതു്. എൻറെ ആഫീസിൽ ജോലി വളരെ കൂടുതലുണ്ട്. ഇപ്പോൾ ഉള്ള വർത്തനോ ജോലിക്കു മതിയാകാതെയാണ് ഞാൻ കരുതുന്നതു്. ൫ ൦ രൂപ വരുമാനത്തെക്കുറിച്ചു സെഷൻ ഇരുപ്പുറപ്പിനെപ്പറ്റി വേണ്ടപോലെ ആലോചിച്ചു ജോലിനടത്തിപ്പിനു സാരമായ കേടുപാടുകൂടാതെ ഒരു കുറവുംചെയ്യാൻ നിവൃത്തിയില്ല എന്നുകണ്ടു. ഇപ്പോൾ ഉള്ള ഈ സംഖ്യ ൫ ൦ വൻ–ൽ അതായതു ൫൫ വർഷങ്ങൾക്കുമുമ്പു നിശ്ചയിച്ചിട്ടുള്ളതാണ്. അതിനുശേഷം റവന്യൂവർദ്ധനകൊണ്ടും സ്വാതന്ത്ര്യമായ ക്യാപ്പേർപ്പാടുകൊണ്ടും മറ്റും ജോലി വളരെ വർദ്ധിച്ചിട്ടുണ്ട്. നിയമസംബന്ധമായുള്ള ജോലികളും ധാരാളം ഉണ്ട്. ഇങ്ങനെ ജോലി വർദ്ധിച്ചിട്ടുണ്ടെങ്കിലും ക്ലാർക്കുകളുടെ സംഖ്യ അതിനനുസരണമായി വർദ്ധിച്ചിട്ടില്ല. റവന്യൂകമ്മീഷണർ ആഫീസിലെ ക്ലാർക്കുകളുടെ സംഖ്യ ൫ ൦ എന്നുപറഞ്ഞതു ഞാനും സമ്മതിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ആദായനികുതി ആഫീസിലെ ക്ലാർക്കുകളെ കൂടി ചേർത്താണോ?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): ആ ഡിപ്പാർട്ടുമെൻറിലേതു ഒഴിച്ചു ബാക്കി റവന്യൂകമ്മീഷണർക്കു താഴെ ഡിപ്പിക്കൻപെൻഷണർമാരുണ്ട്. അവരുടെ ക്ലാർക്കുകളെ കൂടിചേർത്താൽ—

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അസിസ്റ്റൻറു എക്സൈസ് കമ്മീഷണർമാരുണ്ട്.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): അവർ ഭരണകർത്താക്കന്മാർ അല്ല. ഭരണജോലി മുഴുവൻ ഞാനാണ് നടത്തുന്നതു്. അവരുടെ കണക്കെടുത്താൽ ഈ മാനേജർമാരും ക്ലാസ്സു ക്ലാർക്കുകളും ഉള്ളതായി കാണാം. ൨൯ ക്ലാർക്കുകളേയും ൩ ടൈപ്പിസ്റ്റിനേയും കൊണ്ടാണോന്ന് ഞാൻ എൻറെ ആഫീസ് ഭരിക്കുന്നതു്. ഓരോ ക്ലാർക്കും ചെയ്യുന്ന ജോലിയെസംബന്ധിച്ചുള്ള പൂർണ്ണവിവരം മെമ്പർ ആവശ്യപ്പെടുന്നപക്ഷം പറയാൻ തയ്യാറാണ്. എന്നാൽ അതു സഭയെ മുഷിപ്പിക്കുമെന്നു തോന്നുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പൂർണ്ണവിവരങ്ങൾ വേണ്ടെന്നില്ല. ൨ ക്ലാർക്കുകൾ മതിയാകും.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): അവരുടെ സംഖ്യ കുറയ്ക്കാൻ നിവൃത്തിയില്ലാത്തതിനെപ്പറ്റിയാണ് ഞാൻ വ്യസനിക്കുന്നതു്. ഒരു കുറവുചെയ്യുന്നതിനുള്ള ആലോചന ഇപ്പോൾ ഗവർമെൻറിന്റെ മുമ്പിലിരിക്കുന്നു. അതു ൫ ൦ രൂപ ശമ്പളമുള്ള ഒരു സ്ഥാനമാണ്. ഇപ്പോൾ ഈ സ്ഥാനത്തിരിക്കുന്നതു ഞാൻതന്നെയാണ്. ഇപ്പോൾ ചെയ്യുന്ന ജോലിയെക്കാൾ കുറഞ്ഞ ജോലിയേ അതിനുണ്ടാകയുള്ളു. അതുകൊണ്ടു ഞാൻ ഒഴിഞ്ഞുതരുന്നതുവരെ ഒരു കുറവുചെയ്യാൻ നിവൃത്തിയില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ഇതുകൂടാതെ ചില പെറിഫെറി സർക്കാർക്കുടി ആ ആഫീസിൽ ഉണ്ടെന്നു അറിയുന്നതിനാൽ പ്രമേയം പോട്ടിനിടണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): അവർ എഴുത്തുപണി നോക്കുന്നവർ അല്ല. റിസർവിൽപെട്ടവർതന്നെ.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ചില പെറി ആഫീസർമാർ ഉണ്ടു കൂടെ അവിടെ കുറെ പേർ ഉണ്ടു്.

പ്രസിഡൻറ്: അവർ റിസർവിൽപെട്ടവർ ആണെന്നും ക്ലാക്കുജോലി നടത്തുന്നില്ലെന്നും കമ്മീഷണർ പറയുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): പ്രമേയം പോട്ടിനിടണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പ്രസിഡൻറ്: ക്ലാക്കുകളുടെ ജോലിനോക്കുന്ന ചില പെറിഫെറി ആഫീസർമാർ ഉണ്ടെന്നുള്ള ധാരണയിൽ പ്രമേയം പോട്ടിനിടണമെന്നാണോ ആവശ്യപ്പെടുന്നതു്?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ഒരു ക്ലാക്കിനെ കുറവുചെയ്യുന്നകാര്യം തഹസിൽദാരുടെ ആലോചനയിൽ ഇരിക്കുന്നതിനാൽ പ്രമേയം പിൻവലിക്കാം.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): ഒരു ക്ലാക്കിനെ കുറക്കാമെന്നു ഞാൻ പറയുന്നില്ല.

പ്രസിഡൻറ്: ഒരു ക്ലാക്കിനെങ്കിലും സ്കെയിൽ മേസ്ത്രിയെങ്കിലുണ്ടു് കുറയ്ക്കാമെന്നു കമ്മീഷണർ പറഞ്ഞിട്ടുണ്ടു്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): പ്രമേയം വോട്ടുചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല.

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം ൪൫.

മി. സി. പി. തരകൻ (കുന്നത്തുനാടു): സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളട്ടെ.

൪൫. സഞ്ചാരപ്പടിക്കുള്ള ൨൦൦൦ രൂപയിൽനിന്നും @൦൦ രൂപ കുറയ്ക്കുണം.

സഞ്ചാരപ്പടിക്കുവകയിട്ടുള്ള ൨൦൦൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കുണമെന്നാണു് എൻറെ പ്രമേയം. ഫാൻസ്-ൽ ഈ ഇനത്തിൽ കണ്ടുകണ്ടു രൂപ മാത്രമേ ചെലവായിട്ടുള്ളു. അതിനാൽ ഇപ്പോഴും ഈ കൂട്ടത്തുകകൊടുക്കേണ്ട ആവശ്യമില്ല.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): സർ, ഫാൻസ്—ൽ കണ്ടുകണ്ടു രൂപയെ ഈ ഇനത്തിൽ ചെലവായിട്ടുള്ളു എന്ന മെമ്പർ പറഞ്ഞതു തെറ്റാണു. ഡിസ്പാർട്ടുമെൻറു മേധാവിയുടെ സർക്കുട്ടി നെസ്സുദിശിക്കുന്നതായ പല സംഗതികളുംഉണ്ടു്. ഒരു കൊല്ലത്തിൽ നടത്തുന്ന സഞ്ചാരംപോലെമാത്രമേ അടുത്തകൊല്ലത്തിലും ഉണ്ടായിരിക്കുകയുള്ളു എന്നു ഗോരത്തെ നിശ്ചയിക്കാൻ നിവൃത്തിയില്ല. ഒരു കൊല്ലത്തിൽ പലകാര്യങ്ങളാലും ആഫീസിൽതന്നെ അധികസമയവും വിനിയോഗിക്കേണ്ടതായിവരാം. അപ്പോൾ സർക്കുട്ടു വേറൊരുകൊല്ലത്തേക്കാൾ കുറഞ്ഞിരിക്കും. ചില കൊല്ലങ്ങളിൽ അവിചാരിതമായി ഉണ്ടാകാവുന്ന പല കാരണങ്ങളാൽ ദൂരസ്ഥലങ്ങളിൽ പോകേണ്ടതായുംവരാം. അപ്പോൾ യാത്രച്ചെലവു വർദ്ധിക്കും. ഫാൻ-ൽ ദേവികുളത്തുപോയി ഷാപ്പു ലേലംനടത്തേണ്ടതായിട്ടുള്ളതുകൊണ്ടു യാത്രച്ചെലവു ഈ കൊല്ലത്തേക്കാൾ വർദ്ധിക്കാൻ ഇടയുണ്ടു്. ഫാൻ൭-ൽ യാത്രച്ചെലവു ഇനത്തിൽ ൨,൦൫൨ രൂപയും, ഫാൻ൫൨-ൽ ൫,൫൫൦ രൂപയും ചെലവായിട്ടുണ്ടു്. അടുത്തകൊല്ലത്തിൽ കുറയ്ക്കാൻ സാധിച്ചേയ്ക്കുമെന്നു തോന്നുന്നു. ഈ കാരണങ്ങളാൽ യാത്രച്ചെലവിലേക്കുള്ള ൨,൦൦൦ രൂപയും അത്യാവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): മി. വാൻറോസിൻറെ നിശ്ചയത്തെ അനുസരിച്ചു ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം ൪൯.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളയംകോടും): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

൪൯. കമ്മീഷണർക്കായി നിശ്ചയിച്ചിട്ടുള്ള ൪൫൫൦൦ രൂപയിൽ ൫൦൦ രൂപാ കുറയ്ക്കുണം.

ഫാൻവു മുതൽ എക്സൈസ് കമ്മീഷണരുടെ ആഫീസിൽ മാനേജരെ കുറച്ചിട്ടുള്ളതിനെ വീണ്ടും നിയമിക്കുന്നതിനു ബഡ്ജറ്റിൽ കാണുന്നതുകയെ വീണ്ടും അനുവദിക്കാൻ പാടില്ലെന്നുള്ള മി. നീലകണ്ഠപ്പിള്ളയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതിനുള്ള പ്രധാനകാരണം അധികാരവിഭജനത്തെപ്പറ്റി നേരത്തേപോലെ പത്രാധിപരുടെ റിപ്പോർട്ടുചെയ്യുന്നതിനു ഗവണ്മെൻറിൽനിന്നും ഇപ്പോൾ ഒരു ആഫീസരെ നിയമിച്ചിരിക്കുന്നു. അദ്ദേഹത്തിൻറെ റിപ്പോർട്ടുകിട്ടി അതിന്മേലുള്ള ഗവണ്മെൻറിൻറെ തീരുമാനം ഉണ്ടാകുന്നതുവരെ ഒരു പുതുമയായ ഉദ്യോഗസൃഷ്ടിയും അനുവദിക്കാൻ പാടില്ലാത്തതാകുന്നു. വിദഗ്ദ്ധനായ ഉദ്യോഗസ്ഥൻറെ പരിശോധനകളിൽ എക്സൈസ് കമ്മീഷണരുടെ ആഫീസ്ജോലികളെ കുറയ്ക്കാൻ സാധിച്ചുവെന്നുവരാം. അങ്ങനെവരുമ്പോൾ ഇപ്പോൾ ഒരു മാനേജരെ നിയമിക്കുന്നതായാൽ അപ്പോൾ പല വിഷമങ്ങൾക്കും കാരണമായിത്തീരുന്നതാണു്.

രണ്ടാമതായി എനിക്കു പറയാനുള്ളതു ഫാൻവു-ലെ ബഡ്ജറ്റിനെപ്പറ്റി നടന്ന വാഗ്പ്രതിവാദങ്ങളിൽ മാനേജരുടെ ആവശ്യമില്ലായ്മയെ വേണ്ടപോലെ കത്തിയിക്കുകയും കൌൺസിലിൽനിന്നും ആ ഉദ്യോഗം ഒഴിവാക്കുകയും ചെയ്തിട്ടുണ്ടു് എന്നുള്ളതാണു്. ഇപ്പോൾ ആ ഉദ്യോഗത്തെ വീണ്ടും സൃഷ്ടിക്കുന്നതിനു ക്ല

ട്ടതലായ കാരണങ്ങളാൽ ഒന്നംതരം കാണുന്നില്ല. ഫ്രാൻവു-ഒഴു ബഡ്ഡുറിൽ മാനെജരെ കറയ്ക്കുൻ പാടില്ല എന്നു മിസ്റ്റർ വാൻറോസ് പറഞ്ഞിട്ടുള്ള കാരണങ്ങളെ പരിശോധിക്കാം.

രാജ്യം മുഴുവൻ അധികാരാതിൎത്തിയുള്ളതായ ഒരു ഉദ്യോഗസ്ഥനു മിക്കവാറും സമയങ്ങളിൽ സഞ്ചരിക്കേണ്ടതായി വരുമെന്നും അതിനാൽ എഴുത്തുകുത്തുകാൎയ്യം വഴിച്ചുവരുന്ന ഇക്കാലത്തു ആഫീസിൽ ഒരു മാനേജർ വേണമെന്നുമാണ്. എക്സൈസ് കമ്മീഷണരുടെ സഞ്ചാരം, അതിൽ നടത്തിപ്പോരുന്ന പരിശോധനകളും തലവരാ ഡിപ്പാർട്ടുമെൻറിനു ലഭ്യമാകുന്ന ഗുണങ്ങളും കഴിഞ്ഞ നിയമസഭയിൽ ചോദിച്ച ചോദ്യങ്ങൾക്കുകിട്ടിട്ടുള്ള മറുപടികളിൽനിന്നും വ്യക്തമാകുന്നതാണ്.

മറ്റൊരുകാരണം പറഞ്ഞിട്ടുള്ളതു് വലിയ ആഫീസുകളിൽ ഒരു സൂപ്രണ്ടോ അല്ലെങ്കിൽ ഒരു മാനേജരോ വേണമെന്നാണ്. അതിലേക്കു എക്സൈസ് കമ്മിഷണരുടെ ആഫീസിൽ സൂപ്രണ്ടിനേക്കാൾ എത്രയോകൂടിയതരത്തിലുള്ള ഒരു അസിസ്റ്റൻറു എക്സൈസ് കമ്മീഷണരെ കൊടുത്തിരിക്കുന്നു. മൈസൂർ എക്സൈസു കമ്മിഷണരാഫീസിൽ ഒരു അസിസ്റ്റൻറു എക്സൈസ് കമ്മീഷണരെ കൊടുത്തിട്ടുള്ളതല്ലാതെ ഒരു മാനേജരെക്കൂടി നിയമിച്ചിട്ടില്ല.

മി. കെ. ജാൎജ്ജ് (ഗവൎണ്മെൻറു ഫൈനാൻഷ്യൽ സെക്രട്ടറി): മൈസൂർരാജ്യത്തിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും പ്രതിവർഷം എന്തു ആദായംചെയ്യുന്നുഎന്നു മെമ്പരിനു അറിയാമോ?

പ്രസിഡൻറു: മൈസൂരിലെ ആ ഡിപ്പാർട്ടുമെൻറിൽ എത്ര ജീവനക്കാർ ഉണ്ടെന്നു മെമ്പറിനു അറിയാമോ?

മി. ജി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അറിയാൻ പാടില്ല. വിജ്ഞാനാദ്യോഗസ്ഥർ റിപ്പോർട്ടുവന്നതിനശേഷമേ കൂടുതൽ ഉദ്യോഗങ്ങൾ സൃഷ്ടിക്കാവു.

എക്സൈസ് കമ്മിഷണരുടെ ആഫീസിൽ എഴുത്തുകുത്തുകാൎയ്യം വഴിച്ചുവരുന്നുഎന്നും എല്ലാ ഫയലുകളും അദ്ദേഹത്തിനു പരിശോധിക്കാൻ സാധിക്കുകയില്ല എന്നും ആയതിനാൽ ചുമതലയുള്ള ഒരാൾ അതിനെ പരിശോധിച്ചു അതിൽ അടയാളംവയ്ക്കാൻ ഒരു മാനേജർ ആവശ്യമെന്നുമാണ് പറയുന്നതു്. എക്സൈസ് കമ്മീഷണരുടെ ആഫീസിലുള്ള എഴുത്തുകുത്തുകാൎയ്യം വഴിവച്ചുവരുന്നതിനുള്ള കാരണം എക്സൈസ് അസിസ്റ്റൻറു കമ്മീഷണർമാരെ വിട്ടുകൊടുക്കേണ്ടതായ അധികാരങ്ങളെ അവൎക്കു കൊടുക്കാതെ എക്സൈസ് കമ്മിഷണർതന്നെ അപഹരിച്ചു വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ്. അധികാരശക്തി നടത്താനുള്ള ത്രാണം കൂടുകയും ന്യായമായുള്ള അധികാരങ്ങളെ ആ ഉദ്യോഗസ്ഥന്മാൎക്കു വിട്ടുകൊടുക്കാനുള്ള മനഃസ്ഥിതിവിശേഷവും ചെയ്യുമ്പോൾ ആഫീസിലെ ജോലികളും മാനേജരെക്കൂടാതെ നടത്തത്തക്കനിലയിൽ കുറഞ്ഞുപോകുമെന്നുള്ളതിനും സംശയമില്ലാത്തതാണ്.

വേറൊരുകാരണം പറഞ്ഞിട്ടുള്ളതു് ഈ രാജ്യത്തിൽ അനേകം താലൂക്കുകളിൽ ഇൻഡിപെൻഡൻറഷാപ്പുസിസ്റ്റം ഏർപ്പെടുത്തീട്ടുണ്ട്. അതുകൊണ്ടു അധികസംബന്ധമായുണ്ടെന്നു അദ്ദേഹം പറഞ്ഞിട്ടുള്ള ജോലികൾക്കു വളരെകൂടുവാനിടുള്ളതാണ് ഈ കാരണങ്ങളാൽ ഇപ്പോൾ ഒരു മാനേജരെ വീണ്ടും കൊടുക്കേണ്ട ആവശ്യമില്ല.

അടുത്തതായി എനിക്കു പറയാനുള്ളതു എക്സൈസ് ഡിപ്പാർട്ടുമെൻറിലുള്ള ചില ഭരണന്യൂനതകളെപ്പറ്റിയാണ്. എക്സൈസ് ഇനത്തിലെ വരവു ക൦൧൯-ൽ ൯൯,൯൯,൦൦൦ രൂപയായിരുന്നതു ക൦൨൦-൨൧ൽ എത്തിയപ്പോൾ ൯൯,൫൯,൫൦൦ രൂപയായി കുറഞ്ഞിരിക്കുന്നു. അതായതു ക൦൧൯-ൽനിന്നും ക൦൨൦-ൽ എത്തിയപ്പോൾ ൫,൦൨,൫൦൦ രൂപ കുറഞ്ഞിരിക്കുന്നു. ഈ കുറവു ജനങ്ങളുടെ ഇടയിൽ മദ്യനിസാധനങ്ങൾ ഉപയോഗിച്ചുവരുന്നതിലുള്ള കുറവായിരുന്നുവെങ്കിൽ അതു ഏറ്റവും സന്തോഷിക്കത്തക്കകാര്യംതന്നെയാണ്. പല കാരണങ്ങളാലും വാസ്തവം അങ്ങനെയല്ല എന്നു വിചാരിക്കുന്നതിൽ ആക്ഷേപമുണ്ടെന്നു തോന്നുന്നില്ല.

അതുപോലെതന്നെ കസ്റ്റംസ് വരവിൽ ക൦൧൭-ൽ ൫൩,൫൩,൫൫൫ രൂപ വരവുണ്ടായിരുന്നതു ക൦൨൦-ൽ ൫൪,൩൪,൦൦൦ രൂപയായി കുറഞ്ഞിരിക്കുന്നു. അതായതു ക൦൧൭-ൽ നിന്നും ക൦൨൦-ൽ എത്തിയപ്പോൾ ആ ഇനത്തിൽ ൧,൭൫,൫൫൫ രൂപാ കുറയുകയാണ് ചെയ്തിട്ടുള്ളതു്. ഇങ്ങനെ എക്സൈസിനത്തിലും കസ്റ്റംസ് ഇനത്തിലും കുറവുവരുന്നതിനുള്ള പ്രധാനകാരണം എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഭരണകാര്യക്ഷമത കുറഞ്ഞുവരുന്നതിനാലും ക൦൧൭ ഉദ്ദേശം ക൦൧൮ മുതൽ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ വരുത്തിയിട്ടുള്ള പരിഷ്കാരത്തിൻറെ ഫലമായിട്ടാണെന്നു പറയാതെതരമില്ല. എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഈ പരിഷ്കാരം എന്തെല്ലാം ദോഷങ്ങളെ ചെയ്തിട്ടുണ്ടെന്നു ആദ്യമായി പരിശോധിക്കാം. എക്സൈസ്ഡിപ്പാർട്ടുമെൻറിലെ വിജയകരമായ ഭരണം നിലനിൎത്തുന്നതു ശ്രേഷ്ഠമായ പ്രിവൻറീവുജോലികളിലും നിയമവിരോധമായ കള്ളുകളെ ശ്രദ്ധാപൂൎവ്വമായ കണ്ടുപിടിക്കുന്നതിലുമാണെന്നു ആരുംസമ്മതിക്കുന്നതാണു, എന്നാൽ ക൦൧൬-ൽ നടത്തിയ പരിഷ്കാരത്തിൻറെ ഫലമായി മേൽ പരിശോധകന്മാരുടെ എണ്ണത്തെ വൎദ്ധിപ്പിക്കയും പ്രിവൻറീവുജോലികാരുടെ സംഖ്യ കുറയ്ക്കുകയുമാണു ചെയ്തിട്ടുള്ളതു. മൂന്നു ഴ അസിസ്റ്റൻറുകമ്മീഷണർമാരും പുതുക്കിയ ആഫീസറന്മാരും ഉണ്ടായിരുന്നതിനെ ക൦൨ അസിസ്റ്റൻറുകമ്മീഷണന്മാരാക്കിതീൎത്തു. ൪ൻ റേഞ്ചുകാരും ഉണ്ടായിരുന്നതിനെ ൩൨ ആയി കുറയ്ക്കുകയും ഇൻസ്പെക്ടർമാരുടെ സംഖ്യ ൭൩-ൽനിന്നും ൪൩ ആയി കുറയ്ക്കുകയും ചെയ്തു. പെറോറിആഫീസറന്മാരുടെ സംഖ്യ ൩൦൨-ൽ നിന്നും ൨൫൩ ആക്കിതീൎത്തു. ശിപായിമാരുടെസംഖ്യ ക൨,൩൪൭-ൽനിന്നും ക൨,൨൪൫ ആയി കുറച്ചു. ഇങ്ങനെ ക൭ ഇൻസ്പെക്ടർമാർ, ൪൦ പെറോറിആഫീസറന്മാർ, ക൦൩൨ ശിപായിമാർ ഇതുമായി ആളുകളെ കുറച്ചിട്ടുള്ളതിനു പരിഹാരമായും എക്സൈസ് വകുപ്പിലെ കാൎയ്യക്ഷമതയെ വൎദ്ധിപ്പിക്കുന്നതിനുള്ള സങ്കല്പത്തോടുകൂടിയും ഇൻസ്പെക്ടർമാരുടേയും പെറോറിആഫീസറന്മാരുടേയും മദ്ധ്യേ സബ്ബ് ഇൻസ്പെക്ടർഉദ്യോഗത്തെ പുതുതായി സൃഷ്ടിച്ചു അതിലേക്കു ൩൭ പേരെ നിയമിക്കാൻ ഇടയായി.

ഈ പരിഷ്കാരപ്രകാരം അസിസ്റ്റൻറു കമ്മീഷണൎക്കും ഇൻസ്പെക്ടൎക്കും തമ്മിൽ ൪൦ രൂപായുടെ വ്യത്യാസമേയുള്ളു. ആയ്തുപോലെതന്നെ ഇൻസ്പെക്ടൎക്കും സബ്ബ് ഇൻസ്പെക്ടൎക്കും തമ്മിൽ ക൪ രൂപയും സബ്ബ് ഇൻസ്പെക്ടൎക്കും പെറോറിആഫീസൎക്കും തമ്മിൽ ൭ രൂപായും പെറോറിആഫീസൎക്കും ശിപായിയ്ക്കും തമ്മിൽ ൨ രൂപായും മാത്രമേ ശമ്പളത്തിൽ വ്യത്യാസമുള്ളു. മേലധികാരികൾ അവരുടെ കീഴ്ജീവനക്കാരെക്കാണ്ടു വേണ്ടതികേടുപ്പിക്കുന്നതും അവരെക്കൊണ്ടു ജോലിചെയ്യിക്കുന്നതും എങ്ങനെആയിരുന്നാലും ആ ഡിപ്പാർട്ടുമെൻറിലെ കാൎയ്യക്ഷമത എങ്ങനെയിരിക്കുന്നു എന്നും വ്യാഖ്യാനിക്കേണ്ട ആവശ്യം ഇല്ലാത്തതാണ്.

എക്സൈസ് ഡിപ്പാർട്ടുമെന്റിലെ മുതലെടുപ്പു വർദ്ധിച്ചുവരുന്നതോടൊപ്പം മറ്റുകാര്യങ്ങളിലും വിസ്മരണത്തെ കുറച്ചു കൂടുതൽ ഗൗരവസ്സുള്ളവരെ നിയമിക്കേണ്ടതിനു പകരം ഇൻസ്പെക്ടർമാരെ കുറയ്ക്കുകയും മറ്റുകാര്യങ്ങളിലെ വിസ്മരണത്തെ വർദ്ധിപ്പിക്കുകയും അതോടൊപ്പം സബ് ഇൻസ്പെക്ടർമാരെ സൃഷ്ടിക്കുകയും ചെയ്തതാണ്. ഫൗൺവുഡിലെ പരിക്ഷണത്തെ പ്രയോജനപ്രദമായ പരാജയത്തെ ഉണ്ടാക്കിയിട്ടുള്ളതു് സബ് ഇൻസ്പെക്ടർമാരുടെ സൃഷ്ടിയിലൂടെ എക്സൈസ് കമ്മീഷണറുടെ നിയമനാധികാരത്തിൽ കുറെ മുട്ടുകൾ ക്രമേണയായി കിട്ടിക്കുന്നല്ലാതെ അവരെക്കൊണ്ടു ഡിപ്പാർട്ടുമെന്റിനു പ്രയോജനപ്പെടുകയോ കാര്യക്ഷമതയുണ്ടാക്കുകയോ ചെയ്തിട്ടില്ല. മറിച്ചുമുള്ള ഇൻസ്പെക്ടർമാരുടെയും സബ് ഇൻസ്പെക്ടർമാരുടെയും യോജിപ്പില്ലായ്മയുടെ ഫലമാണ്, രാജ്യത്തിൽ ഓരോ ദിവസവും വ്യാപകമായി വർദ്ധിച്ചുവരുന്നതു് ഈ സംഗതി ഡിപ്പാർട്ടുമെന്റിലെ അധികൃതന്മാരെ അറിയാൻ സൗകര്യമുള്ളതിനേക്കാൾ ജനങ്ങൾക്കാണ് കൂടുതൽ സൗകര്യമുള്ളതു്. ഇതാണ് എക്സൈസ് ഇനത്തിലെ വരവുകുറഞ്ഞുപോകാൻ മുഖ്യമായിട്ടുള്ളതു്. അല്ലാതെ മദ്യപാനനിരോധന സംഘക്കാരുടെ ശ്രമത്തിലെ ജനങ്ങളുടെ ഇടയിൽക്കൂടി കുറഞ്ഞുവരുന്നതിനെക്കാൾ ഇരുമടങ്ങു പണമില്ലാത്തതിനാലോ അല്ല.

ഇന്നത്തെ എക്സൈസ്കമ്മീഷണറുടെ കീഴിൽ ഈ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമത കുറഞ്ഞുവരുന്നതിനും അഴിമതികൾ വർദ്ധിച്ചുവരുന്നതിനും എത്രയോ ഒപ്പോസിഷൻകാരും ഈ കൌൺസിലിന്റെ മുമ്പിൽ കൊണ്ടുവന്നിട്ടുള്ളതാണ്.

ക. അത്രക്കാറി സ്കിറിം രണ്ടായിരത്തിലധികം ചെത്തുകാർ ഉണ്ടായിരിക്കുമെന്നും അരേട്ട അവിടത്തെ എക്സൈസ് ഉദ്യോഗസ്ഥന്മാർ മാസംതോറും ഒന്നരരൂപാവീതം കൈക്കൂലിവാങ്ങി വരുന്നുവെന്നും എഴുന്നുകൂടുകൾ കാൽ ഭാഗത്തിലധികം വർദ്ധിച്ചുവരുന്നതിനും പുറമേ അനേകം ചോദ്യങ്ങളാലും മറുപടിയും അവസരങ്ങളിലും ഉണ്ടായിട്ടുള്ള വാഗ്വാദപ്രതിവാദങ്ങളാലും കൌൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതിനു എക്സൈസ്കമ്മീഷണർ യാതൊരു സമാധാനവും പറയാതെ കഴിച്ചുകൂട്ടുകയാണ് ചെയ്തിട്ടുള്ളതു്.

ഖ. ഫൗൺവുഡിനെപ്പറ്റി മുള്ള നക്ഷത്രചിഹ്നങ്കലുള്ള മുന്നൂറും മുതലായ ഉപ്പുപണ്ടകശാലകളിൽ ഉപ്പുവില്പനയിൽ അവിടത്തെ അസിസ്റ്റന്റുകമ്മീഷണരും അദ്ദേഹത്തിന്റെ സിൽബന്ധികളും കൈക്കൂലിവാങ്ങുന്നതായി തുറന്ന കൌൺസിലിൽ മിസ്റ്റർ കാളത്തുപിള്ള പറഞ്ഞിട്ടുള്ളതിന് എക്സൈസ്കമ്മീഷണർ കുറെക്കാലത്തെ മറച്ചുനിന്നു രക്ഷിക്കാൻ നോക്കിയതല്ലാതെ ഒരു നാഴിയിടുടെ വാസ്തവത്തെ അന്വേഷിക്കുന്നതിനോ അവരെ ശിക്ഷിക്കുന്നതിനോ ശ്രമിക്കാതിരിക്കയാണ് ചെയ്തിട്ടുള്ളതു്. ഈ സംഗതിയിൽ വീണ്ടും അന്വേഷണം നടത്താമെന്നു ഗവർമെന്റു പറഞ്ഞുവെങ്കിലും അതേപ്പറ്റി യാതൊന്നും ചെയ്യാതെ മൌനം ഭീക്ഷിക്കയാണ് ചെയ്തുപോരുന്നതു്.

ന. കള്ളുചെത്തുന്നതിനു നമ്പരടിച്ചുകൊടുക്കുന്നതിനുള്ള അപേക്ഷകളുടെ വന്ന ദിവസങ്ങൾക്കുമുമ്പും ലൈസൻസുകൊടുത്തതു മുന്നാഴ്ചക്കകവും ആ വൃക്ഷങ്ങളെ നമ്പരടിച്ചു കൊടുക്കേണമെന്നാണ് ക്ലിപ്തം ചെയ്തിട്ടുള്ളതു്. എന്നാൽ ഫൗൺവു-ഫൗൺവു ഈ ആണ്ടുകളിൽ ചിങ്ങം കന്നി തുലാം ഈ മാസങ്ങളിൽ അയച്ചിട്ടുള്ള അപേക്ഷകളിൽ ഓരോ ആണ്ടിലും ഇലാഖാസാവസാനംവരെ റൂംസിൻപ്രകാരം നമ്പരടിച്ചുകൊടുക്കാത്ത വൃക്ഷങ്ങളുടെ കണക്കുകളും നോക്കുന്നതായാൽ ഫൗൺവു-ൽ നൂറുവൃക്ഷം ഫൗൺവു-ൽ ഇരുനൂറും വൃക്ഷങ്ങളും നമ്പരടിച്ചു കൊടുക്കാതിരുന്നിട്ടുണ്ടെന്നു കാണാവുന്നതാണ്. ക്ലിപ്തകാലത്തിനുള്ളിൽ വൃക്ഷങ്ങൾക്കു നമ്പരടിച്ചുകൊടുക്കാത്തപക്ഷം ഗവർമെന്റിനു വലുതായ നഷ്ടം വരുന്നതാണ്. അതിനുംപുറമെ എക്സൈസ്ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്കു ചെത്തുകാരോടു കൈക്കൂലിവാങ്ങാൻ സൌകര്യമുള്ള ഒരു വഴിയായി തിരുന്നതാണ്.

ര. ഇന്നത്തെ എക്സൈസ്കമ്മീഷണറുടെ ഭരണം ഉടങ്ങിയതിൽപിന്നെ ഇവിടത്തെ ആവശ്യങ്ങൾക്കു എത്രയോ കൂടുതലായി മദ്യം വാടൻഉപ്പു വരുത്തുന്നതിൽ പ്രത്യേകം താല്പര്യം കാണിച്ചുവരുന്നു. ഈ സംഗതിയുടെ ഇടയിൽ പലവിധമായ വ്യാപാരങ്ങൾക്കും കാരണമായിത്തീർന്നിരിക്കുന്നു. ചുരുക്കി വിവരിക്കുന്നതുകൊണ്ടു ആ സംഗതി വ്യക്തമാകുന്നതാണ്.

മിസ്റ്റർ രാമൻപിള്ളയുടെ ഭരണകാലമായ ഫൗൺസു-ൽ ഇ,രു ഉ,ൻസു മണം ഫൗൺരു-ൽ ഒ,രു വു,ൻ൦സു മണം ഫൗൺഉ-ൽ ഇ,സുവു,രു ഫ മണം ഉപ്പു ആണ്ടവസാനത്തിൽ കിടപ്പു വന്നിട്ടുള്ളതായികാണുന്നു. ഇവിടത്തെ ആവശ്യങ്ങൾക്കു ഒരാണ്ടത്തേയ്ക്കു ഫ൦ ലക്ഷത്തിപരം മണം ഉപ്പു വേണ്ടതായ, ഇരിക്കുമ്പോൾ ഫ൦ ലക്ഷത്തോളം മണ്ട് ഉപ്പു ആണ്ടവസാനത്തിൽ നീക്കിയിരിപ്പു വയ്ക്കുണ്ടെ ആവശ്യം ഇല്ലാത്തതാണ്.

ഒ. ഈ തരണ നയത്തോടുകൂടി ഇവിടത്തെ ഉപ്പുഉണ്ടാളിൽ കൃഷിക്കാർ ശേഖരിച്ചിട്ടുള്ള ഉപ്പിനെ സമയാസമയങ്ങളിൽ തൂക്കിയെടുക്കാതേയും ഉപ്പു കൃഷിക്കാക്കു സമയാസമയങ്ങളിൽ കടംവിലതരാടുക്കാതേയും അവർക്കു കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കുകയും അതിനാൽ തന്നാട്ടു ഉപ്പു വ്യവസായത്തെ തടയുകയും ചെയ്തുവരുന്നു.

ന്യ. റൂംസിനു വിരുദ്ധമായി വ്യാജമായി ചാരായം വാറ്റുപോകുന്നതിനും ലൈസൻസില്ലാത്ത സ്ഥലങ്ങളിൽ വച്ചു വിൽക്കുന്നതിനും ഡിപ്പാർട്ടുമെന്റിലെ അധികൃതന്മാർ സഹായികളായി നിൽക്കുന്നു. എക്സൈസ് സബ് ഇൻസ്പെക്ടർ മിസ്റ്റർ ആമേസനേരേ സമാധാനംചോദിച്ചിട്ടുള്ളതും എക്സൈസ് ഇൻസ്പെക്ടർ മിസ്റ്റർ രാമയ്യങ്കാരുടെമേൽ കുറ്റം ആരോപിച്ചിട്ടുള്ളതും ഇതിലേക്കു ഒടുവിലത്തെ ഉദാഹരണങ്ങൾ ആണ്.

ഉ. ചാരായസ്ഥലങ്ങളിൽ നടന്നുവരുന്ന ഈമാതിരികളെ ന്യായമായവിധം തടയാതിരിക്കയും അവർക്കു ന്യായമായ ശിക്ഷകൾ കൊടുക്കാതിരിക്കയും ചെയ്യുന്നു. അന്യായമായി വഴി തിരുവ തീർക്കാതെ വെളിച്ചെണ്ണ കൊണ്ടുപോയിട്ടുള്ളകേസ്സും അതിന്റെ നടപടികളും തിരുമാനവും ഇതിലേക്കു ഉത്തമദൃഷ്ടാന്തമായി നിൽക്കുന്നു.

പ്രസിഡന്റ്. നിങ്ങളുടെ സമയംകഴിഞ്ഞു എന്നാൽ ഒന്നോ രണ്ടോ മിനുട്ടു കൂടി അനുവദിക്കാം,

മി. ഠി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഞാൻ ഉടനടയാണെങ്കിൽ കുറെസമയം കൂടി വേണ്ടിവരും അതിനാൽ നിറുത്താം.

ബ. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): സർ, ഞാൻ ഇത്തരത്തിലുള്ള ഒരു പ്രമേയം അയച്ചിട്ടുണ്ടു.

പ്രസിഡൻറ്, മി. കുമാരപിള്ളയുടെ പ്രമേയംപോലെയുള്ളതാകേണ്ട അഭിപ്രായമുണ്ടെന്നു തോന്നുന്നില്ല. ഞാൻ മി. കുമാരപിള്ളയുടെ പ്രമേയം അനുവദിക്കാം; അല്ലാതെ നിങ്ങളുടെ പ്രമേയം കൂടി ഫാജരാക്കേണ്ട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): ഞാൻ മിസ്റ്റർ കുമാരപിള്ളയുടെ പ്രമേയത്തെപ്പറ്റിയാണു സംസാരിക്കുന്നത്.

പ്രസിഡൻറ്, മി. കുമാരപിള്ളയുടെ പ്രമേയം അനുവദിക്കാമെന്നു ഞാൻപറഞ്ഞു. നിങ്ങൾക്കു പറയാനുള്ളതു ഇപ്പോൾപറയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മി. കുമാരപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങുന്നതിൽ എനിക്കു അതിയായ സന്തോഷം ഉണ്ട്. ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നതിനുള്ള കാരണം എക്സിക്യൂട്ടീവ് ഡിപ്പാർട്ടുമെൻറിനെ അധർമ്മപരമായ നയത്തിൽ എനിക്കുള്ള അതൃപ്തികരമായ കാണിക്കുന്നതിനാണു.—

പ്രസിഡൻറ്. അധർമ്മപരമായ നയം എന്ന ഉദ്ധരിച്ചുകൊണ്ടു ആ ഉദ്ധരണത്തെ അർത്ഥമാക്കി സംസാരിക്കാൻപാടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരിക്കൽ നിരത്തൽചെയ്തിട്ടുള്ള എക്സൈസ്കമ്മീഷണർആഫീസിലെ മാനേജർഉദ്യോഗം പുനഃസൃഷ്ടിപ്പിക്കാൻ കമ്മീഷണർ ആവശ്യപ്പെടുന്നു. അവിടെ ആ ഉദ്യോഗം ഒരിക്കൽകൂടി സൃഷ്ടിക്കുന്നതിനു യാതൊരുആവശ്യവും കാണുന്നില്ല. കൂടാതെ അടുത്ത ഈ കൗൺസിൽസമ്പ്രദായത്തിനു ഒരു കുറവുംവരുത്തുന്നുണ്ട്. എക്സൈസ്കമ്മീഷണർആഫീസിൽ ഒരു മാനേജർ ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി വേണ്ടവിധത്തിൽ ആലോചിച്ചു അതിനൊരു ആവശ്യം ഇല്ല എന്നും അതു ഭരനാവശ്യമായ ഒരു അധികച്ചിലവാകുമെന്നും കഴിഞ്ഞ മാസക്കൂടം തീരുമാനിച്ചുകഴിഞ്ഞതും. ഇപ്പോൾതന്നെ ഭീമമായി വർദ്ധിച്ചിരിക്കുന്ന ആളോഹത്തിൻറ് ആഫീസിൽ ഒരു മാനേജർകൂടി വേണമെന്നു ആവശ്യപ്പെട്ടതുകൊണ്ടു കമ്മീഷണർ വന്നിരിക്കുന്നു. രാജ്യഭരണമേധാവിയും ഈ സഭയിലെ പലഅംഗങ്ങളും പുതുതായുണ്ടാക്കുന്നതുള്ള വിശ്വാസമായിരിക്കാം ഇതിനു കമ്മീഷണരെ നിയമിച്ചിട്ടുള്ളത്. എന്നാൽ ആളോഹത്തിനു വലുതായപിശകുപറ്റിപ്പോയി എന്നു ഞാൻ ഭയപ്പെടുന്നു.

മി. സി. പി. തരകൻ (കുന്നത്തൂനാട്ടു): അന്നു മാനേജർ ഉദ്യോഗം പരീക്ഷണാർത്ഥം ഒരുകൊല്ലത്തേക്കുമാത്രമേ ഉണ്ടായിരുന്നുള്ളു എന്നു മെമ്പറിന് അറിയാമോ ?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അതു എനിക്കറിയാം. എങ്കിലും സാധാരണക്കാരിക്കാർ ഇതേപ്പറ്റി വേണ്ടുപോലെ ആലോചിച്ചു അവിടെയൊരു മാനേജർ ആവശ്യമില്ലെന്നു തീരുമാനിച്ചു. എങ്കിലോകം ഒരു കൊല്ലമായി ശ്രീമൂലംപ്രജാസഭാമെമ്പർമാർ പബ്ലിക്സർവീസിലെ ഉയർന്ന ഉദ്യോഗങ്ങളിലും അന്യായമായി വർദ്ധിച്ചുപോയി എന്നു മുറവിളികൂട്ടുന്നു. ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനു എനിയ്ക്കുള്ള മറ്റൊരുകാരണം ഇതുതന്നെയാണ്. ഈ ഡിപ്പാർട്ടുമെൻറിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ വർദ്ധനയെ പലരുകൊള്ളരുതായി ഈ സഭതന്നെ ശ്രദ്ധിച്ചുകാണുന്നിരിക്കുന്നു. മാനേജർഉദ്യോഗത്തെപ്പറ്റി പൊതുവായ വാദപ്രതിവാദം നടത്തിയിട്ടുണ്ട്. കൂടാതെ എക്സൈസ്കമ്മിഷണറിക്കാരുടെ റിപ്പോർട്ടും അവരുടെതന്നെ കൈവശം ഉണ്ട്. എക്സൈസ്, ചുങ്കം എന്നീ ഡിപ്പാർട്ടുമെൻറുകളിൽ തിന്നും ഉപ്പുഡിപ്പാർട്ടുമെൻറിനെ വേർതിരിക്കണമെന്നുഎല്ലാ അന്യോദ്യോഗസ്ഥന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട അനുസരിച്ചു അവരുടെതന്നെ പ്രവർത്തിക്കണമെന്നു വിചാരിക്കുന്നുവെങ്കിൽ അവിടെ നിശ്ചയമായും ഒരു മാനേജരുടെആവശ്യമില്ല.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): എക്സൈസ്കമ്മിറ്റിയിൽ ഞാനും ഒരു മെമ്പർആയിരുന്നുകൊണ്ടു എൻറെ സ്നേഹിതൻ പറഞ്ഞതിൽ യാതൊരംശം തിരുത്തിക്കാണുന്നില്ല. എക്സൈസ്, ചുങ്കം എന്നീ ഡിപ്പാർട്ടുമെൻറുകളിൽനിന്നും ഉപ്പുഡിപ്പാർട്ടുമെൻറിനെ വേർതിരിക്കണമെന്നല്ല കമ്മിറ്റിക്കാർ അഭിപ്രായപ്പെട്ടിട്ടുള്ളതു. റവന്യൂ പിരിക്കുന്ന ചുമതല റവന്യൂ ഡിപ്പാർട്ടുമെൻറുകാരെ ഏൽപ്പിക്കണമെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങിനെയാണെങ്കിലും അതു എക്സൈസ്കമ്മീഷണരുടെജോലിയെ വളരെ കുറയ്ക്കും. അതുകൊണ്ടു അവിടെയൊരു മാനേജരുടെ ആവശ്യംഇല്ല. എസ്റ്റാബ്ലിഷ്മെൻറുചെലവിൽതന്നെ ധാരാളം കുറവുവരുത്താമെന്നു നാം അഭിപ്രായപ്പെട്ടതുകൊണ്ടിരിയ്ക്കയായിരുന്നു. ഈ സംഗതികൾ അനുഭവത്തോടുകൂടിയ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ഇതേപ്പറ്റി മി. ജി. പരമേശ്വരൻപിള്ളയും മി. കുമാരപിള്ളയും പ്രമേയങ്ങൾ ഫാജരാക്കുകയുംചെയ്തിട്ടുണ്ട്. ഏതെങ്കിലുംരണ്ടു ഡിപ്പാർട്ടുമെൻറിൽ ഇതിലധികം വകിയുദ്യോഗസ്ഥനെ നിയമിക്കണോ വേണ്ടയോ എന്നുള്ളതിനു ഒരു അവസാനതീർപ്പു ഇപ്പോൾതന്നെയുണ്ടാക്കാം. മി. കുമാരപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങുന്നതിനുള്ളകാരണം ഇതുതന്നെയാണ്.

പ്രസിഡൻറ്. നിങ്ങൾ ഒടുവിൽപറഞ്ഞ ഭാഗം ശരിയായി മനസ്സിലായില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഇതിലധികമായ വകിയുദ്യോഗസ്ഥനെ നിയമിക്കുന്നകാര്യത്തിൽ ഞങ്ങൾ വിപരീതാഭിപ്രായക്കാർ ആണ്. ഈ സംഗതി ഞങ്ങളുടെതായ നിയമസഭയിൽ വരുന്നതുണ്ടു. ഇതേപ്പറ്റി ഇവിടെയുള്ള തീരുമാനംഉണ്ടാകുന്നതുവരെ ഒരുഡിപ്പാർട്ടുമെൻറിലും പുതുതായി വകിയുദ്യോഗസ്ഥന്മാരെ നിയമിച്ചുകൂടാ. ഇതേസംഗതിതന്നെ ഇനിയും ഈ സഭയിൽവരുന്നവരുമ്പോൾ വൃഥാകളയാൻ ഇടയാകരുതെന്നുതോന്നുന്നു.

മി. കെ. കെ. തോമസ്സ്. (കോട്ടയം): ഉയൻശമ്പളം എന്നുപറയുന്നതിൽ മെമ്പർ എന്തു അർത്ഥമാക്കുന്നുഎന്നറിഞ്ഞാൽകൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ നിയമസഭയിലെ അന്യോദ്യോഗസ്ഥസാമാജികന്മാരുടെ ശമ്പളം പോട്ടെചെയ്യാൻ അധികാരമില്ലാത്തശമ്പളം എന്ന്.

പ്രസിഡൻറ്: വാദപ്രതിവാദംകഴിക്കാൻ അധികാരമില്ലാത്തശമ്പളം എന്നാണോ അർത്ഥമാക്കുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സംഗതികളെ സഭയുടെശ്രദ്ധയിലും വിഷയീഭവിപ്പിച്ചുകൊണ്ടു ഞാൻ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാനും അധ്യക്ഷപ്പെടുത്തുന്ന പ്രമേയത്തെ സഭയിൽ അവതരിപ്പിക്കാതെ മി. കുമാരപിള്ളയുടെ ഉപക്ഷേപത്തെ അനുമോദിച്ചുകൊള്ളുന്നു.

ഏകദേശം രണ്ടുകൊല്ലത്തിനുമുമ്പാണെന്നതോന്നുന്നു ഈ സംഗതി മുൻകൂട്ടി ഉദ്ദേശിച്ചിരിക്കാതെ ഈ സഭയിൽ വരികയും അതു ചില സന്ധിവ്യവസ്ഥയിൽ അവസാനിക്കുകയും ചെയ്തതാണ്. ഈ സംഗതി ഒരു ചോദ്യോപത്തിൽ അതായതു കമ്മീഷണർ ഓഫീസിൽ അസിസ്റ്റൻറ് കമ്മീഷണരോ മാനേജരോ വേണ്ടതാണ് ? എന്നവന്നു. അസിസ്റ്റൻറ് കമ്മീഷണരും മാനേജരും രണ്ടുപേരും അവിടെ ആവശ്യമില്ല എന്ന കണ്ടു. അന്നു എക്സൈസ് കമ്മിഷണർ ആ അഭിപ്രായത്തെ പിൻവലിച്ചു. ഞാൻ എൻറെ ബഡ്ജറ്റു പ്രസംഗത്തിൽ ഇതേപ്പറ്റി പ്രസ്താവിക്കയും കൂടുതൽ നിയമനം പിന്നെയും കൂട്ടുന്നതിനു കാരണമായി തീരുമെന്നുപറകയും ഉണ്ടായി. ഇതു അതിനു ഉദാഹരണമാണ്. നമ്മുടെ ഉദ്ദേശ്യം കഴിയുന്നതു ഉദ്യോഗസ്ഥന്മാരെ കുറവുചെയ്യണമെന്നുള്ളതാണ്. ഏറ്റവുംചുരുക്കമായ ഇന്ത്യാരാജ്യത്തിലെ ഉദ്യോഗസ്ഥന്മാരുടെസംഖ്യയെവളരെവലിച്ചുപോയിഎന്ന നാംവളരെക്കാലമായി മുറവിളികൂട്ടുന്നു. ഏതുകിലും കാരണത്താൽ ഇതു ന്യായീകരിക്കാമെന്നു എനിയ്ക്കു തോന്നുന്നില്ല. എക്സൈസ് കമ്മീഷണർക്കു അനേകകാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതായുണ്ടെന്നും അദ്ദേഹത്തിൻറെ ആഫീസിൽ ധാരാളം ജോലിഭാരമുണ്ടെന്നും ഞാനും സമ്മതിക്കാം. അദ്ദേഹത്തിൻറെ ആഫീസിൽ മറ്റപേക്ഷി അയയ്ക്കാത്ത പലേ റിപ്പോർട്ടുകളും കാണാം. നമുക്കെല്ലാവർക്കും അതു കാണുകയുംചെയ്യാം. ഉച്ചബുദ്ധിപ്പോർട്ടുമെൻറിനെ വേർതിരിക്കുന്നകാര്യം ഇന്നു രാവിലെപറഞ്ഞപ്പോൾ അദ്ദേഹം അനുകൂലിയ്ക്കുന്നതായി കണ്ടില്ല. സകലതും അദ്ദേഹത്തിനുതന്നെവേണം; ജോലിയുടെ ഏതാണ്ടംശം കീഴുദ്യോഗസ്ഥന്മാർക്ക് വിട്ടുകൊടുക്കാൻ തയ്യാറില്ല. അപ്പോഴേതന്നെ തനിക്കു ധാരാളം ജോലിയുണ്ടെന്നു സങ്കടപ്പെടുകയുംചെയ്യുന്നു. കൂടുതൽ ഉദ്യോഗസ്ഥന്മാരെ അദ്ദേഹം ആവശ്യപ്പെടുന്നു. ഡിപ്പുട്ടർട്ടുമൻറു വിഭജനം കൂടുതൽ ചെലവുകൂടാതെ ഈ നാട്ടിലെ ആവശ്യത്തിനു വേണ്ടുവോളം ഉപ്പു ഉണ്ടാക്കത്തക്കവിധത്തിൽ പൊതുജന നന്മയ്ക്കായി സാധിക്കാമെന്നു കരുതിയിരുന്നു. അപ്രകാരംചെയ്യുന്നതിനു കമ്മീഷണർക്കു ഒരു മാനേജരെ ചേർക്കേണ്ട ആവശ്യം വരികയില്ലായിരുന്നു. ഈ അവസരത്തിൽ, ഏകദേശം രണ്ടുകൊല്ലംമുമ്പു മി. വാൻറോസ്സ് ഈ സഭയിൽ ചെയ്ത പ്രസംഗത്തിലെ പരസ്പരവിരുദ്ധതയെക്കുറിച്ചുണർത്തിക്കാണിക്കാമെന്നു വിചാരിക്കുന്നു.

> "രാജ്യത്തുടനീളവൻ ഇൻഡിപെൻഡൻഡ് ക്യാപ്പുസിസ്റ്റും നടപ്പിൽ വരുത്തിയതോടുകൂടി മഹാനിസാധനങ്ങളെ സംബന്ധിച്ചുള്ള ജോലി പൂർവ്വാധികം വർദ്ധിച്ചുവരുന്നു. സ്വതന്ത്രമായ ക്യാപ്പേർപ്പാടിനുമുമ്പു ഓരോ താലൂക്കിലും സായാരണമായി മൂന്നു കുത്തകക്കാരെ ഉണ്ടായിരുന്നുള്ളൂ. ഒന്നു കള്ളിനും ഒന്നു ചാരായത്തിനും ഒന്നു കറുപ്പിനും ആയിരുന്നു."

പിന്നിട്ട നാലു കൊല്ലവും അതെ പ്രസംഗത്തിൽതന്നെയെന്നു തോന്നുന്നു.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): മെമ്പറിൻറെ സമയവും അധികം വായിക്കുന്നതിനു ബുദ്ധിമുട്ടും ഞാൻ ഇല്ലാതാക്കാം. ഞാൻ ആ പരസ്പരവിരുദ്ധത സമ്മതിക്കുന്നു. അതു അച്ചടി പിശകാണ്. ഈ സംഗതി ഞാൻ ഗവണ്മെൻറിൻറെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അന്നു അച്ചടിയുടെ ആല്യപകർപ്പു അയച്ചുതന്നു ഏർപ്പാടു ഇല്ലാതിരുന്നതുകൊണ്ടു അതു തിരുത്തൽചെയ്യാൻ സാധിക്കാത്തതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എന്നാൽ കൂടുതലായി അതു വായിക്കാൻ വിചാരിക്കുന്നില്ല. അതു അദ്ദേഹം സമ്മതിക്കുന്നതുകൊണ്ടു ഇനി അതേസംബന്ധിച്ചു കൂടുതലായി പറയണമെന്നു തോന്നുന്നില്ല. ഈ സംഗതികളെ പ്രസ്താവിച്ചുകൊണ്ടു ഞാൻ മിസ്റ്റർ കുമാരപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): ഈ പ്രമേയത്തെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനു എത്ര സമയം കൂടിയുണ്ടെന്നു പറയുമോ?

പ്രസിഡൻറു. നാലര വരെ സംസാരിക്കാം.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മിഷണർ): എനിക്കു അരമണിക്കൂതിൽ കൂടുതലായി കുറെസമയംകൂടി വേണമെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ (ദയവുചെയ്തു ഉച്ചത്തിൽ സംസാരിക്കണം.) മിസ്റ്റർ കുമാരപിള്ള മുതലായവർ പറഞ്ഞിട്ടുള്ളതിനു എല്ലാം സമാധാനം പറയേണ്ടതായിട്ടുണ്ട്.

പ്രസിഡണ്ടു്. നിങ്ങൾക്കുള്ള സമയംകൊണ്ടു അതു സാധിക്കണം.

മി. എ. ജെ. വാൻറോസ് (എക്സൈസ്കമ്മിഷണർ): എന്നാലതായി ഞാൻ ഒരു സ്വതന്ത്രമായ ഉദ്യോഗസ്ഥനുള്ളതിനല്ല ആവശ്യപ്പെടുന്നതു്. എൻറെഓഫീസിലേക്കു ഒരു മാനേജർ വേണ്ട കാര്യത്തെ പ്പറ്റി ഫാമിൻ കമ്മിഷണറുടെയാഗത്തിൽ വഴുതായ വാദപ്രതിവാദം നടത്തി. പ്രമേയത്തെ പെട്ടന്നു പ്രതികൂലിക്കാതെ ഒരു മാനേജരെക്കൂടാതെ സാധിക്കാമോഎന്നു ഒന്നു പരീക്ഷിച്ചുനോക്കാൻ എനിക്കാഗ്രഹത്തിനും എൻറെ സ്നേഹിതൻ മി. പി. കെ. നാരായണപിള്ള ആവശ്യപ്പെട്ടു. ആ അഭിപ്രായത്തെ ആദരിച്ചു ഇപ്പോൾ മൂന്നുകൊല്ലമായി ഞാൻ പരീക്ഷണാർത്ഥം ജോലിനടത്തിവരികയാണ്. ഞാൻ അതു തരിയായി പരീക്ഷിച്ചുനോക്കിയില്ല എന്നു പറയുവാൻ തരമില്ല

മി. കെ. പി. മീരാകണ്ണപ്പിള്ള (പിറയിൻകീഴ്): ഒരു മാനേജരുടെ അഭാവംകൊണ്ടു അവിടെ ജോലി കുഴഞ്ഞു വിഘ്നപ്പെട്ടിട്ടുണ്ടോ?

മി. എ. ജെ. വാൻറോസ് (എക്സൈസ്കമ്മിഷണർ): ഞാൻ ഇന്നേദിവസം ഈ സംഗതിക്കായി തിരുമുടുമുമ്പിൽ വന്നുനിൽക്കുന്നതുതന്നെ അതിനു മതിയായ ലക്ഷണമാണ്, ഒരു ഗ്രാൻറ് അനുവദിപ്പിക്കുന്നതിനുള്ള രേഖകളുടെ നല്ലവണ്ണം അറിഞ്ഞിരുന്നതുകൊണ്ടു് യഥാർത്ഥമായ ആവശ്യം ഇല്ലായിരുന്നു എങ്കിൽ ഞാൻ ഇതിലേക്കു ആവശ്യപ്പെടുകയില്ലായിരുന്നു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): ഈ അവശ്യത്തെ സാധിക്കുന്നതിനു വേറെമാർഗ്ഗങ്ങളും ഇല്ലയോ?

മി. എ. ജെ. വാൻറോസ് (എക്സൈസ്കമ്മിഷണർ): മാനേജരെകൂടാതെ സാധിക്കാമോ എന്നു ഞാൻ തുടക്കംമുതലേ ശ്രമിച്ചുനോക്കുകയും അതു സാധ്യമല്ല എന്നുകാണുകയും ചെയ്തിരിക്കുന്നു. ഫാമിൻ ഞാൻ കാണിച്ചിരിക്കുന്നതിൽ കൂടുതലായ കാരണങ്ങൾ ആവശ്യമുണ്ടെങ്കിൽ ഞാൻ വീണ്ടും അതേ അപേക്ഷയോടു കൂടി

ഇവിടെ വന്നിരിക്കുന്ന എന്നുള്ള ഏകസംഗതിയിൽതന്നെ അവരുണ്ട്. സഭയുടെ ഈ ഭാഗത്തുള്ള മെമ്പറന്മാരും എതിർഭാഗത്തുള്ള മെമ്പറന്മാർ—

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹത്തിന്റെ ആഫീസിൽ എഴുത്തുകുത്തുകൾ പരിശോധിക്കുവിധത്തിൽ വല്ലിച്ചിട്ടുണ്ടോ?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മിഷണർ): ഉണ്ട്. ധാരാളമായി വല്ലിച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുസംബന്ധിച്ചുള്ള ചില കണക്കുകൾ അറിഞ്ഞാൽ കൊള്ളാം.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മിഷണർ): ഏകദേശം ൪൫,൦൦൦ എഴുത്തുകുത്തുകൾ അതുണ്ടായിട്ടുണ്ട് അതു ദിവസംപ്രതി ഏന്ദ്രം എഴുത്തുകളാമെന്നു കാണാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞകൊല്ലത്തേക്കാൾ ൪൦൦ എഴുത്തുകളെ കൂടുതലായി കാണുന്നുള്ളൂ. അതിലേക്ക കമ്മിഷണർ ഒരു മാന്വേജരെ ആവശ്യപ്പെട്ടുന്നു.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മിഷണർ): ൪൦൦ എഴുത്തുകളെ കൂടുതലുള്ളൂ എന്നു മെമ്പർ പറയുന്നതു ശരിയല്ല. കഴിഞ്ഞ ഏതാണ്ടകൊല്ലങ്ങളിലെ സംഖ്യതോക്കിയാൽ എന്റെ ആഫീസിൽ എഴുത്തുകുത്തുകൾ വളരെ വല്ലിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്.

ഈ കൌൺസിൽ എത്രമാത്രം സൂക്ഷ്മപൊലുതൽ ചിലവഴിക്കുന്നതിൽ വിരോധമില്ലെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ശമ്പളംസംബന്ധിച്ചു കാണിക്കുന്നു എന്നു ഈ ഭാഗത്തിരിക്കുന്ന മെമ്പറന്മാർക് അറിയാം. ഈ ബുദ്ധിമുട്ടുകൾ എല്ലാം തള്ളിവച്ചും മനസ്സിലാക്കിക്കൊണ്ടാണ് ഇന്നു ഒരു മാന്വേജരെക്കൂടി വേണമെന്നു ഞാൻ ആവശ്യപ്പെടുന്നത്. ആ ഒരു പ്രകാരണംമാത്രം ഞാൻ ൧൦൯൰ൽ പറഞ്ഞ സംഗതികളെ പിന്നും ആവർത്തിപ്പിക്കാതെ ഇരിക്കുമെന്നു വിചാരിക്കുന്നു. എന്റെ ആഫീസിലെ ജീവനമായ ജോലിയെസംബന്ധിച്ചു ഒരു ഉദാഹരണം പറയാം. ഒരുകൊല്ലത്തിൽ സ്വീകരിക്കുന്നതും അയയ്ക്കുന്നതുമായ എഴുത്തുകളുടെ എണ്ണം ൪൫,൦൦൦ ആണ്. ആണ്ടിൽ ൨൫൦ ദിവസങ്ങളിൽ ജോലിചെയ്തുതായി വിചാരിച്ചാൽ ദിനംപ്രതി സ്വീകരിക്കുന്നതും അയയ്ക്കുന്നതുമായ എഴുത്തുകളുടെ സംഖ്യ ൧൮൦ വരുമെന്നുകാണാം. ഈ ജോലി ഒരു അസിസ്റ്റൻറിനെകൊണ്ടു തീർക്കുകയെന്നുള്ളതു തീരെ അസാദ്ധ്യമാണെന്നു പറയാതെ അറിയാമല്ലോ? ആരോഗ്യത്തേയും തൃപ്തികരമായ ജോലിയേയും ഇല്ലായ്മചെയ്തിട്ടുവേണം ഇവ സാധിക്കേണ്ടതു്. എന്റെ ആഫീസിലെജോലി മുഴുവൻ ഇങ്ങനെ വിസ്തരിച്ചു പറയാവുന്നതാണ്. എന്നാൽ അവ എടുത്തുപറയുന്നതുകൊണ്ടു വലിയ പ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നില്ല. അന്വേഷിച്ചിട്ടുള്ളവർക്ക മാത്രമേ അതേപ്പറ്റി അറിയാൻ സാധിക്കയുള്ളൂ.

ഈ ജോലി ചെയ്യുന്നതുള്ള കാരണം അസിസ്റ്റൻറുമാർക്കുണ്ടായ ചില അധികാരങ്ങൾ കൊടുക്കാത്തതുകൊണ്ടാണെന്ന മിസ്റ്റർ കുമാരപിള്ള എന്നിൽ കുറ്റംചുമത്തി കൂടുതൽ ജോലിചെയ്യുന്നതിനുള്ള അത്യുത്സാഹം കൊണ്ടല്ലേ എന്റെ ആഫീസിൽ ജോലി വല്ലിച്ചിട്ടുള്ളതു്. അതിനു തക്കതായ കാരണങ്ങൾ ഉണ്ട്, എക്സൈസ് അസിസ്റ്റൻറ് കമ്മീഷണരുടെ ശമ്പളത്തിലും സ്ഥിതിയിലുള്ളവരെ വലിയ ചുമതലയുള്ള കാര്യങ്ങൾ ഏൽപ്പിക്കാൻ സാധിക്കയില്ല.

മി. ജി. പരമേശ്വരൻപിള്ള (തയ്യാറിൻകര): ഒരു അസിസ്റ്റൻറ് കമ്മീഷണർക്ക് ഇപ്പോൾ കൊടുത്തുവരുന്ന കൂടുതൽ ശമ്പളമെന്തു്?

ജി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): നൂറു രൂപമുതൽ ൨൦൦ രൂപ വരെ ശമ്പളമുള്ള ഒരു അസിസ്റ്റൻറ് കമ്മീഷണർ ഉണ്ട്. അദ്ദേഹമാണ് സിവീസു കൂടുതലുള്ള സീനിയർ അസിസ്റ്റൻറ് കമ്മീഷണർ. ശേഷമുള്ളവരിൽ ചിലർക്കും ൧൭൫ രൂപമുതൽ ൨൫൦ രൂപവരെ ശമ്പളംവാങ്ങുന്നവർ ആണ്.

മി. ജി. പരമേശ്വരൻപിള്ള (തയ്യാറിൻകര): മുമ്പ് ഉണ്ടായിരുന്ന സർക്കിൾ ആഫീസറന്മാരെ ഇപ്പോൾ അസിസ്റ്റൻറ് കമ്മീഷണർമാരായി കയറ്റിവരുന്നില്ലേ?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): ഒടുവിലത്തെ ഗ്രേഡിലുള്ളവരുടെ ശമ്പളം വളരെ കുറവാണെന്നു എതിർക്കുന്നതായി തോന്നുന്നു. അതുകൊണ്ടു കുറെയധികം കൂടുതലുള്ള സ്ഥലങ്ങളിൽ അവരെ നിയമിക്കാൻ നിവൃത്തിയില്ല. അങ്ങിനെ ചെയ്യുന്നതു ഡിപ്പാർട്ടുമെൻറിനു അനഭിലഷണീയവും അവരുടെതന്നെ ഒരു അധ്വാനവുമായിരിക്കും. ൧൦ വർഷം മിസ്റ്റർ രാമൻപിള്ള ഡിപ്പാർട്ടുമെൻറു ഭരണം കയ്യേറപ്പോൾ അദ്ദേഹത്തിനും ഇങ്ങനെതന്നെതോന്നി. അന്നു ൪ ഡിവിഷൻഉദ്യോഗസ്ഥന്മാരും അവരുടെകീഴിൽ സബ്ഡിവിഷൻ ഭരിക്കുന്നതിനുസബ്ഡിവിഷൻ ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. അവരുടെശമ്പളം കുറവായിരുന്നതിനാൽ ൨൫൦ മുതൽ ൩൦൦ വരെ—ചുമതലയേറിയ ജോലികളും അവരെ ഏൽപ്പിക്കാൻ നിവൃത്തിയില്ലാതെ, അവർ ഈജോലി അധികം ഇല്ലാത്തവരായി, എഴുത്തുകുത്തുകളും നടത്തിനമാത്രം ഇടനിലഉദ്യോഗസ്ഥന്മാരായി കഴിച്ചുകൂട്ടി.

മി. ജി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അന്നു മിസ്റ്റർ രാമൻപിള്ളയുടെ ശമ്പളം എന്തായിരുന്നു എന്നു പറയാമോ?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): ൩൦൦ രൂപ മുതൽ ൬൦൦ രൂപവരെ.

അവർ ഇങ്ങനെ ഇടനിലജോലിക്കാരായി കഴിച്ചുകൂട്ടിയിരുന്നതിനാൽ ചുമതലയേറിയ ജോലികളും ഏൽപ്പിക്കാൻ നിവൃത്തിയില്ലാതെ ഉയർന്നിതമായ ഭരണം വിഷമമായിത്തീർന്നു. ഉത്തരവുകൾ ഉദ്യോഗസ്ഥകളിൽ എത്തുന്നതിനുമുമ്പു തന്നെ ഉദ്യോഗസ്ഥന്മാരിൽകൂടി കടന്നുപോകേണ്ടതായിരുന്നു. അപ്രകാരമെങ്കിലും റിപ്പോർട്ടുകളും മറ്റും ഇവരിൽകൂടി കടന്നുവരേണ്ടതായിരുന്നതുകൊണ്ടു പ്രധാനആഫീസിൽ എത്തുന്നതിനു വളരെ താമസം നേരിട്ടു. ഇതു ഉയർന്നിതമായ ഭരണത്തിനു തടസ്ഥമായിത്തീർന്നു. അതുകൊണ്ടു മിസ്റ്റർ രാമൻപിള്ള ഡിവിഷൻആഫീസറന്മാരുടെ ഉദ്യോഗം നിറുത്തൽചെയ്തു. കായ്ശേഷിയുള്ളവനും ജോലിക്കു വളരെ സമർത്ഥനുമായ ഒരു ഉദ്യോഗസ്ഥനായിരുന്ന മിസ്റ്റർ രാമൻപിള്ള എന്നു തിരുവിതാംകൂറിൽ എല്ലാം അറിയാം. ഇങ്ങനെ സൃഷ്ടിക്കപ്പെട്ട അസിസ്റ്റൻറ് എക്സൈസ് കമ്മീഷണറന്മാരെ ചുമതലയേറിയ ജോലികളും ഏൽപ്പിച്ചു എന്റെ ആഫീസുജോലി കുറക്കുക എന്നുള്ളതു ആലോചനയുള്ളതെന്ന വിഷയമാക്കേണ്ട ഒരു കാര്യമല്ല. ചുമതലയേറിയ ജോലികളും അതുക്ക് വീതിച്ചുകൊടുക്കണമെങ്കിൽ ഡിവിഷൻപേഷ്കാരന്മാരുടെ ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരെ നിയമി

കിച്ചു എക്സൈസ് മന്ത്രിക്കുടെ ആകപ്പാടെ ആഴിച്ചുപണിയേണ്ടതായിവരും. എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും പുതിയ പരിഷ്കാരം വരുത്തുന്നതിനു ഞാൻ അനുകൂലിയല്ല. എന്റെ ഡിപ്പാർട്ടുമെന്റിലെ ജോലിയുടെ സ്ഥിതിക്ക്, റവന്യൂസംബന്ധമായ ഉത്തരവുകൾ കഴിയുന്നത്ര ചുരുങ്ങിയവേഗത്തിൽ ഉദ്യോഗസ്ഥന്മാരുടെ മേശപ്പുറത്തിൽ എത്തിക്കുന്നതിനും മറ്റുമായി, മന്ത്രിയുടെ ഡിപ്പാർട്ടുമെന്റ് മേധാവിയുടെ കയ്യിൽതന്നെ കുറേ താളത്തേക്കുകൂടി ഇരിക്കേണ്ടതാണ്.

ശ്രീ. ജി. പരമേശ്വരൻപിള്ള (മനയ്ക്കാറിൻകര): റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഡിവിഷൻ അസിസ്റ്റന്റ് മാരോട്ട ഉദ്യോഗസ്ഥന്മാരുള്ള അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ ഇപ്പോഴും അവിടെ ഉണ്ടോ?

മി. എ. ജി. വാൻറോസ് (എക്സൈസ് കമ്മീഷണർ): ഉണ്ട്. ധാരാളം ഉണ്ട്. അതു സീനിയർ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ആണ്.

കൊല്ലത്തിനുവടക്കു സ്വതന്ത്രഷാപ്പുകൾപ്പാട്ട ഇയ്യിടമാത്രം തുടപ്പിൽവന്നുചേർന്ന ചില താലൂക്കുകളിൽ ജോലി ഭാരവ്യാധിയിൽ കുറച്ചുപ്പെട്ടിട്ടില്ല. ഭരണം ശരിയായി ക്രമീകരിക്കപ്പെട്ടിട്ടില്ലാത്ത താലൂക്കുകളിൽ എക്സൈസ് നയം ബലപ്പെടുത്തുന്നതിനും റവന്യൂ സൂക്ഷിക്കുന്നതിനും കമ്മീഷണറുടെ ആജ്ഞ ശക്തിമത്തായി പ്രയോഗിക്കേണ്ടിയിരിക്കുന്നു. ഈ ആവശ്യത്തെ ശരിയായി മനസ്സിലാക്കി മിസ്റ്റർ രാമൻപിള്ള ചാള്ളു ഏറ്റപ്പോൾ ചെയ്ത പരിഷ്കാരം അദ്ദേഹം ഉദ്യോഗത്തിൽനിന്നും പിരിയുന്നതുവരെ തുടർന്നുകൊണ്ടുപോകുകയും അത് ഏറ്റവും ഉത്തമമായ ഒന്നാണെന്നു തെളിയുകയുംചെയ്തു.

പ്രസിഡൻറ്. നിങ്ങൾക്കുള്ള സമയംകഴിഞ്ഞു. എന്നാൽ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു ചില ആക്ഷേപകരമായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുകൊണ്ടു അതിനു സമാധാനം പറയുന്നതിലേക്കു മുന്നു മിനിട്ടുകൂടി അനുവദിക്കാം. പല മെമ്പറന്മാരും വളരെ മിതമായ സ്വരത്തിലാണ് സംസാരിച്ചതെങ്കിലും ഒരു മെമ്പർ—പേർ പറയണമെന്നു വിചാരിക്കുന്നില്ല— ഇപ്പോഴും പുതിയ മന്ത്രിയും പുതിയ സഭയും ആരുടെയെങ്കിലും ഉദ്ദേശ്യത്തെയോടുകൂടി സൂത്രത്തിൽ കാര്യം സാധിച്ചുകൊണ്ടുപോകാമെന്നാണ് വിചാരിച്ചതു എന്നു പറകയുണ്ടായി. അതു ഏറ്റവും ആക്ഷേപകരമായ ഒരു അഭിപ്രായമാണെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾക്കു ശരിയായ സമാധാനം പറയാൻ അവകാശമുണ്ട്. ഞാൻ നിങ്ങൾക്കു മുന്നു മിനിട്ടുകൂടി അനുവദിക്കാം.

മി. എ. ജി. വാൻറോസ് (എക്സൈസ് കമ്മീഷണർ): ഫീസ് വർദ്ധന-ൽ ഒരു ലക്ഷംരൂപ വരവുണ്ടായിരുന്നതു ഞാൻ ചാള്ളു എടുത്ത ഫീസ്-ൽ ഒന്നു ലക്ഷമായി വർദ്ധിച്ചു. അതിനുശേഷം ആദായം വർഷംപ്രതി സ്ഥിരമായി വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. ഫീസ് മുതൽ ഫീസ് വരെ ഇങ്ങനെ ക്രമമായി വർദ്ധിച്ചു ഇപ്പോൾ ഫീസ് ലക്ഷത്തിൽ കൂടുതലായിതീർന്നിട്ടുണ്ട്. അതുകൊണ്ടു ഇപ്പോഴത്തെ രീതി ഏറ്റവും ഉത്തമമായ ഒന്നാണെന്നു തെളിയുന്നു. ഈ ഡിപ്പാർട്ടുമെന്റിലെ ആദായവർദ്ധനയ്ക്കു ഏറ്റവും യോജിച്ച ഈ രീതിയിൽ എന്തെങ്കിലും വ്യത്യാസം വരുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. ജോലി വീതിച്ചുകൊടുക്കേണ്ടതെങ്കിൽ രീതിയെ ആകപ്പാടെ മാറ്റി ഡിവിഷൻഉദ്യോഗസ്ഥന്മാരെ വീണ്ടും നിയമിക്കണം. റവന്യൂവർദ്ധനയുടെ ആദായത്തെ കുറയ്ക്കുന്ന ഇങ്ങനെയുള്ള വ്യത്യാസങ്ങൾ വരുത്തുന്നതിനു ഞാൻ അനുകൂലിക്കുന്നില്ല. ഡിവിഷൻ ഉദ്യോഗസ്ഥന്മാരെക്കൂടി നിയമിക്കണമെങ്കിൽ എണ്ണൂറു കൂടുതൽരൂപചെലവു വരുമെന്നു ഞാൻ ഒന്നു പരീക്ഷിച്ചുനോക്കുവാനായി ഒരു എസ്റ്റിമേറും തയ്യാറാക്കി. ഏറ്റവും കുറഞ്ഞ കണക്കുവച്ചു നോക്കിയതിൽ ൭൦൦൦ രൂപ വേണമെന്നു കാണുന്നു. അങ്ങനെതോന്നും ഉണ്ടായിരിക്കാവുന്ന ഈ ഭീമമായ ചെലവിനുപകരം ഒരു മാനേജരെ നിയമിക്കാൻ ഫസ്.൭൦ രൂപയെ ഞാൻ ആവശ്യപ്പെട്ടതുള്ളൂ. അതു അനുവദിക്കുന്ന പക്ഷം എന്റെ ആഫീസിലെ ജോലി ഒരുവിധം തൃപ്തികരമായി നടത്തുന്നതിനും അനേകരെകൊല്ലത്തെ അനുഭവംകൊണ്ടു ഉത്തമമെന്നു തോന്നുന്ന രീതിയെ തുടർന്നുകൊണ്ടുപോകാനും സാധിക്കും.

അധികാരവിതരണഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ റിപ്പോർട്ടുകിട്ടി അതനുസരിച്ചു ഒരു തീരുമാനം ഉണ്ടാക്കുന്നതുവരെ മാനേജരെ നിയമിക്കണമെന്നുള്ള അഭ്യർത്ഥന തീട്ടിവയ്ക്കുന്നതോ എന്നും ചോദിക്കയുണ്ടായി. ഞാൻ അതനുസരിച്ചു ആലോചിച്ചു. ആ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുള്ളതു ഒരു ഡിപ്പാർട്ടുമെന്റിലുംഉള്ള രണരീതിയെ പരിഷ്കരിക്കുന്നതിനല്ല. ഇപ്പോഴും മേലാൽ ഡിപ്പാർട്ടുമെന്റിലും പല ഗ്രേഡുകളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു എന്തെല്ലാം അധികാരങ്ങൾ നൽകണം എന്നുള്ളതിനെപ്പറ്റി ആലോചിച്ചു റിപ്പോർട്ടു ചെയ്യുന്നതിനുമാത്രമാണ്. ഞാൻ പറഞ്ഞതുപോലെ ഇപ്പോഴത്തെ ശമ്പളവും ഗ്രേഡുംഉള്ള അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കു മുമ്പത്തെ ഏറിയ അധികാരങ്ങൾ കൊടുക്കാൻ നിവൃത്തിമില്ലാത്തതിനാൽ അതു എന്റെ ആഫീസിലുള്ള ജോലിവർദ്ധനയ്ക്കു ഒരു പരിഹാരമായിത്തീരുമെന്നു തോന്നുന്നില്ല. അതുകൊണ്ടു അദ്ദേഹത്തിന്റെ റിപ്പോർട്ടിനെ പ്രതീക്ഷിച്ചിരിക്കുന്നതുകൊണ്ടു ഈ സംഗതിയെപ്പറ്റി വലുതായ ഫലം ഒന്നും ഉണ്ടാകാനില്ല.

പുതിയ മന്ത്രിയും മെമ്പറന്മാരുമായതുകൊണ്ടാണ് ഞാൻ ഈ അഭ്യർത്ഥന അവതരിപ്പിച്ചിട്ടുള്ളതെന്നു മിസ്റ്റർ നീലകണ്ഠപ്പിള്ള പറഞ്ഞതു ന്യായമല്ല. ഒരു മാനേജരെ ആവശ്യമുണ്ടു എന്ന സംഗതി ഞാൻ ആണ്ടുതോറും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്. ഞാൻ നല്ലതുപോലെ പരീക്ഷിച്ചുനോക്കിയതിനുശേഷമാണ് അഭ്യർത്ഥന ഹാജരാക്കിയിട്ടുള്ളതു്. ഈ സഭയിൽ പുതിയ മെമ്പറന്മാർ ധാരാളം ഉണ്ടെങ്കിലും പഴയ മെമ്പറന്മാരും ധാരാളം ഉണ്ടല്ലോ.

അനുക്കുറി എണ്ണക്കേസ്സിനേയും മറുപടിപറഞ്ഞു മിസ്റ്റർ കുമാരപിള്ള പറകയുണ്ടായി. ആ കേസ്സിനെ സംബന്ധിച്ചു നല്ലപോലെ അന്വേഷിക്കുന്നതും അതനുസരിച്ചു യാതൊരു ആക്ഷേപവും ഇല്ല എന്നു മിസ്റ്റർ കുമാരപിള്ളയ്ക്കുതന്നെ അഭിപ്രായംവരുന്നതുമാണ്. അദ്ദേഹത്തിനെ തൃപ്തിപ്പെടുത്തുന്നതിനായി അതുസംബന്ധിച്ചുള്ള സകല നടപടികളും അദ്ദേഹവും ഒത്തുചേർന്നു ഇങ്ങനെ പരിശോധിക്കുന്നതിനു തയ്യാറാണ്. വ്യാജമായ ഏർപ്പാടുകളെപ്പറ്റിയും പറകയുണ്ടായി. എല്ലാ ഡിപ്പാർട്ടുമെന്റുകളിലും വ്യാജമായ നടപടികൾ ഉള്ളതും അവയുടെ പരിഹാരത്തിനായി ആളുകളെ നിയമിച്ചിട്ടുള്ളതും ആകുന്നു.

പ്രസിഡൻറ്: സമയം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എക്സൈസ്സ് കമ്മിഷണറിരിപ്പിട്ട് എങ്ങനെയിരിക്കുന്നു.

മി. എ. ജെ വാൻറോസ് (എക്സൈസ് കമ്മീഷണർ): റവന്യൂ ശേഖരിക്കുന്നതിനുള്ള അധികാരം റവന്യൂഡിപ്പാർട്ടുമെൻറിലേക്ക വിട്ടുകൊടുക്കാൻ കമ്മറിക്കാർ ശിപാർശ ചെയ്യുന്നില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): കമ്മറിയിലെ തിരഞ്ഞെടുക്കപ്പെട്ട അനുദ്യോഗസ്ഥ മെമ്പാന്മാരുടെ ഐകകണ്ഠ്യമായ റിപ്പോർട്ടിനെപ്പറ്റി എന്തുചെയ്തു?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): കമ്മറിക്കാർ ഏകകണ്ഠ്യമായ് ചെയ്ത ശുപാർശ റിപ്പോർട്ടല്ല അതു. അതു ഒരു അല്പപക്ഷറിപ്പോർട്ട മാത്രമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശിപാർശകളെ സ്വീകരിക്കുന്നപക്ഷം എക്സൈസ് കമ്മീഷണർ ആഫീസിലെ ജോലിക്ക കുറവുണ്ടാകുകയില്ലേ?

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മീഷണർ): അതു ഇപ്പോൾ പറയുവാൻ തരമില്ല. അതു അപ്പോൾ ചെയ്യുന്ന ഏർപ്പാടുകളെ അനുസരിച്ചിരിക്കും.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും—പീരുമേടും): സർ, ഞാൻ പ്രമേയത്തെ എതിർക്കുന്നതിനാണ് ആരംഭിക്കുന്നതു. അതിനുവേണ്ടി ഉദ്ദേശിച്ചു ചെയ്യുന്നതായാൽ എക്സൈസ് ഡിപ്പാർട്ടുമെൻറ ഈ രാജ്യത്തെയ്ക്ക ഏറ്റവും പ്രധാനമായ ഒന്നാണ്. ഏകദേശം 8 ലക്ഷം രൂപാമേലുള്ള ആദായം ഉണ്ടാക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണ് അതു എന്നു എക്സൈസ് കമ്മീഷണർ പറകയുണ്ടായി അദ്ദേഹത്തിൻറ ചിഴിൽ—ഞാൻ പറയുന്നതു ശരിയാണെങ്കിൽ—പത്തു ഡിവിഷൻ ഉണ്ടു. റവന്യൂകമ്മീഷണരുമായി എക്സൈസ് കമ്മിഷണരെ സാദൃശ്യപ്പെടുത്തുക ഉണ്ടായി. എൻറ അഭിപ്രായത്തിൽ ഇവർ തമ്മിൽ വലുതായ വ്യത്യാസമുണ്ടു. റവന്യൂകമ്മീഷണരുടെ കീഴിൽ റവന്യൂഭരണസംബന്ധമായി ധാരാളം അധികാരമുള്ള രു ഉദ്യോഗസ്ഥന്മാർമാത്രം ഉള്ളപ്പോൾ എക്സൈസ് കമ്മീഷണരുടെ കീഴിൽ 40 പേർ ഉണ്ടു. അതുകൊണ്ടു റവന്യൂ ഏജൻസി കമ്മീഷണരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുമായുള്ള എഴുത്തുകുത്തുകളെക്കാൾ വളരെ കൂടുതൽ എഴുത്തുകുത്തുകൾ ഇവിടെ ഉണ്ടായിരിക്കുന്നതാണ്. മിസ്റ്റർ വാൻറോസ്സിനെ പറഞ്ഞയക്കുകയിൽനിന്നും ആഫീസിലുള്ള ജോലിവർദ്ധനയെപ്പറ്റി നമുക്ക മനസ്സിലാക്കാവുന്നതാണ്. അദ്ദേഹം ആവശ്യപ്പെടുന്ന മാനേജർഉദ്യോഗം ഒരു പുതിയ സൃഷ്ടിയല്ലാഎന്നും അദ്ദേഹം പറകയുണ്ടായി. മുമ്പതന്നെ അവിടെ ഒരു മാനേജർ ഉണ്ടായിരുന്നു. കമ്മീഷണരുടെ ബഡ്ജറ്റ വാഗ്വിതിവാദത്തിൽ ഒരു മാനേജരെ വച്ചുകൊണ്ടിരിക്കുന്നതിൽ തങ്ങൾ വിപരീതാഭിപ്രായം പുറപ്പെടുവിച്ചു അതു അഭിപ്രായത്തെ ആദരിച്ചു ഒരു മാനേജരെക്കൂടാതെ ജോലി നിർവ്വിക്കുവാൻ കഴിച്ചുകൂട്ടുമോ എന്നു പരീക്ഷിച്ചുനോക്കാമെന്നു അദ്ദേഹം സമ്മതിച്ചു. പരീക്ഷിച്ചുനോക്കിയതിനുശേഷം തൃപ്തികരമായ ജോലി നടത്തിപ്പിനു മാനേജർ അത്യാവശ്യമാണെന്നു ആ ഡിപ്പാർട്ടുമെൻറിലെ മേധാവി പറയുന്നു. അദ്ദേഹത്തിൻറെ ആ സ്റ്റേറ്റുമെൻറിനെ അവിശ്വസിക്കുന്നതിനോ അതു തള്ളിക്കളയുന്നതിനോ മതിയായ കാരണങ്ങളൊന്നുമില്ല. കേവലം രൂപാ മാത്രം ശമ്പളമുള്ള മാനേജരുടെ അഭാവംകൊണ്ടു, ആ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ പിരിച്ചെടുക്കുന്ന ആദായവും കമ്മിഷണരാഫീസിലെ തൃപ്തികരമായ ജോലിനടത്തിപ്പും രാജ്യത്തിനുണ്ടാകുന്ന ഹാനി തട്ടാൻ പാടില്ലാത്തതാകുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ഒരു അസ്സിസ്റ്റൻറ കമ്മീഷണർ ആഫീസിൽ ഉണ്ടായിരുന്നപ്പോഴും മാനേജർ ഉണ്ടായിരുന്നോ?

പ്രസിഡൻറ: ഈ പ്രമേയത്തിനുള്ള സമയം കഴിഞ്ഞുപോയി. അതുകൊണ്ടു പ്രമേയം മേവാട്ടചെയ്യുന്നതിനു ഉടങ്ങാം.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും—പീരുമേടും): മാനേജർഉദ്യോഗം പുനഃസ്ഥാപിപ്പിക്കുന്നതിനു ആവശ്യത്തെപ്പറ്റി ഞാൻ വേണ്ടതു പറഞ്ഞുകഴിഞ്ഞു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഞാൻ ഉപയോഗിച്ച വാക്കുകളെപ്പറ്റി സമാധാനം പറഞ്ഞുകൊള്ളട്ടെ.

പ്രസിഡൻറ: ഞാൻ പ്രമേയം വോട്ടിനിട്ടുകഴിഞ്ഞതിനുശേഷം നിങ്ങൾക്ക സമാധാനംപറയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അവിടുത്തെ അനുവാദത്തോടുകൂടി ഞാൻ ഒരു കാര്യം ഓർമ്മപ്പിച്ചുകൊള്ളട്ടെ. പ്രമേയകർത്താവിനും ഉദ്യോഗസ്ഥമെമ്പറിനും സംസാരിപ്പാൻ അവകാശമുണ്ടു.

പ്രസിഡൻറ: ഉണ്ടു. മിസ്റ്റർ നാരായണപിള്ളയ്ക്ക നന്ദിപറഞ്ഞുകൊള്ളുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവംകോടും): എനിക്ക കൂട്ടത്തായി ഒന്നും പറയാനില്ല.

മി. എ. ജെ. വാൻറോസ് (എക്സൈസ് കമ്മിഷണർ): ഈ പ്രമേയത്തെപ്പറ്റി കൂട്ടത്തലായി ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

പ്രസിഡൻറ: മിസ്റ്റർ കുമാരപിള്ള. ആവശ്യപ്പെടുന്നുഎങ്കിൽ ഞാൻ പ്രമേയം വോട്ടിനിടാം.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവംകോടും): വോട്ടിനിടണം.

പ്രമേയം വോട്ടിനിട്ടതിൽ തള്ളപ്പെട്ടുപോയി.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവംകോടും): ആളെണ്ണി വോട്ടെടുക്കണം.

ആളെണ്ണി വോട്ടെടുത്തതിൽ താഴെ പറയുന്നപ്രകാരം കണ്ടു.

അനുകൂലം 42.

1	മിസ്റ്റർ പി. ഹമ്മീബ് മഹമ്മദ	
2	,, സി. പി. കൊച്ചുകുഞ്ഞുപിള്ള	
3	,, ഏ. കെ. പിള്ള	
4	,, എൻ. കുമാരൻ	
5	,, ടി. കുമാരപിള്ള	
6	,, കല്ലൂർ നാരായണപിള്ള	
7	,, പി. കെ. നാരായണപിള്ള	
8	,, കെ. പി. നീലകണ്ഠപ്പിള്ള	
9	,, എം. എൻ. പിള്ള	
10	മിസ്റ്റർ ആർ. പത്മനാഭൻ	
11	,, ജി. പരമേശ്വരൻപിള്ള	
12	,, ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള	
13	,, എസ്. പിറവിപെരുമാൾപിള്ള	
14	,, ജി. രാമൻമേനോൻ	
15	,, കെ. ശിവരാമപ്പണിക്കർ	
16	,, എം. ശിവതാണുപിള്ള	
17	,, എം. സുബ്രഹ്മണ്യപിള്ള	
18	,, സി. പി. തരകൻ	

പ്രതിപക്ഷം വസ.

ക	മിസ്റ്റർ ഐ. സി. ചാക്കോ	കര	മിസ്റ്റർ എൻ. നീലകണ്ഠപ്പിള്ള
വ	,, ആർ. ധനക്കോടിപ്പിള്ള	കള	,, എ. ജെ. ജാൺ
ന	,, കെ. ജാജ്ജ്	കന്ന	,, കയ്യാലം പരമേശ്വരൻപിള്ള
ര	,, കെ. കെ ജോസഫ്	കഴ	,, ഡബ്ല്യു. എച്ച്. പിറവ്
ള	,, എൻ. പി. ജോസഫ്	കവ	മിസ്സസ്സ്. പുന്നൻ മുക്കോസ്
റ	,, എസ്. ജനാനന്ദാശാചാര	കൻ	മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ [യ്യങ്കാർ
ഴ	ഡാക്ടർ എൻ കുഞ്ഞൻപിള്ള	വ ം	,, രാവുണ്ണിമേനോൻ കെ. വി. രങ്കസ്വാമി അ
വ	മിസ്റ്റർ തയ്യൂർ കുഞ്ഞിനെത്തമ്മാൻ	വക	,, എസ്. സി എച്ച്. റാബിൻസൺ
ൻ	,, എക്സ്. ജി. മൊപ്പസ്സ്	വഖ	,, ജെ. സ്റ്റീഫൻസൺ
കം	,, കെ. സി. മാമ്മൻമപ്പിള്ള	വന	,, എസ്. സുബ്രഹ്മണ്യ കരയാളർ
കക	,, ടി. ജെ. മാസ്സ്	വര	,, സി. പി. തോമസ്
കവ	,, കെ. നാരായണൻപെരുമാൾ	വള	,, സി. എൻ. ഇപ്പൻനംപൂരി
കന	,, കെ. വി. നടേരയ്യർ	വസ	,, എം. ജെ. വാൻറോസ്

പ്രമേയം തള്ളപ്പെട്ടുപോയതായി പ്രസ്താവിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പക്ഷത്തിലും ചേരാത്തവരുടെ പേരുകൂടി രേഖപ്പെടുത്തണമെന്നു മുമ്പായപ്പെടുന്നു.

ഒരു പക്ഷത്തിലും ചേരാത്തവർ താഴെപ്പറയുന്നവർ ആയിരുന്നു.

നിഷ്പക്ഷമായി നിന്നവർ ൩.

ക	മിസ്റ്റർ സി. കേരള വർമ്മകോയിത്തമ്പുരാൻ	
വ	,, പി. സുബ്ബയ്യർ	
ന	,, കെ. കെ. തോമസ്	

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഇനി സമാധാനം പറഞ്ഞുകൊള്ളട്ടയോ?

പ്രസിഡന്റ്: പറയാം.

മി. കെ പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ആ വാക്കുകൾ ഉപയോഗിച്ചപ്പോൾ പിന്തയായ ഒരു ഉദ്ദേശ്യമോ ആരെയെങ്കിലും ഉദ്ദേശിക്കണമെന്ന വിചാരമോ ഉണ്ടായിരുന്നില്ല.

പ്രസിഡന്റ്: ആ സമാധാനം ഞാൻ സന്തോഷത്തോടുകൂടി സ്വീകരിക്കുന്നു.

താഴെപ്പറയുന്ന ൪൦ മുതൽ ൫൨ വരെയുള്ള പ്രമേയങ്ങൾ ഗ്രാന്റ് അപേക്ഷിക്കുന്നതിനുള്ള സമയം കഴിഞ്ഞു പോയതിനാൽ സ്വീകരിച്ചില്ല.

മി. കെ. പി നീലകണ്ഠപ്പിള്ള:

൪൦. കമ്മീഷണർക്കുള്ള ൪൦൫൩ രൂപായിൽ ൫൦൦ രൂപാ കുറക്കണം.

മി. കെ ശിവശേഖരപിള്ള:

൪൧. കമ്മീഷണർക്കുള്ള ൪൦൫൩ രൂപായിൽ ൫൦൦ രൂപ കുറക്കണം.

മി. സി. പി. തരകൻ:

൪൨. യാത്രച്ചിലവിനുള്ള ൫൦൦൦ രൂപായിൽ ൫൦൦൦ രൂപ കുറക്കണം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള:

൪൩. എസ്റ്റാബ്ലിഷ്മെന്റ് ചിലവിനുള്ള ൫൩൭൦ രൂപായിൽ ൨൩൭൦ രൂപ കുറയ്ക്കണം.

മി. സി. പി തരകൻ:

൪൪. എസ്റ്റാബ്ലിഷ്മെന്റ് ചിലവിനുള്ള ൫൩൭൦ രൂപായിൽ ൨൩൭൦ രൂപ കുറയ്ക്കണം.

സബ്ബ് ഇൻസ്പെക്ടർ ഉദ്യോഗം നിർത്തൽ ചെയ്യുന്നതിനു.

മി. എസ്. സുബ്രഹ്മണ്യ അയ്യർ:

൪൫. വസ്തുക്കൾ വാങ്ങുന്നതിനുള്ള ൨൦൦൦ രൂപായും കുറവുചെയ്യണം.

ഇതുപോലുള്ള അനാവശ്യമായിട്ടുള്ള ചിലവുകൾ കുറവുചെയ്യുന്നതിനുള്ള പ്രമേയം.

മി. കെ. ശിവശേഖരപിള്ള:

൪൬. റേഷൻസിനുള്ള ൨൫൭൦൦ രൂപായിൽ ൫൦൦ രൂപ കുറവുചെയ്യണം.

മി. എൻ. പി. ജോസഫ്:

൪൭. എക്സൈസ് ഇൻസ്പെക്ടർമാരുടെ ചിലവിനുള്ള ൫൫൭൦ രൂപായിൽ ൫൦൦ രൂപ കുറയ്ക്കണം.

മി. ടി. കുഞ്ഞൻപിള്ള:

൪൮. തീരുവകയ്ക്കുള്ള ൨൭൫൦൦ രൂപായിൽ ൫൦൦ രൂപ കുറയ്ക്കണം.

മി. പി. കെ. നാരായണപിള്ള:

൪൯. തീരുവകയ്ക്കുള്ള ൨൭൫൦൦ രൂപായിൽ ൫൦൦ രൂപ കുറയ്ക്കണം.

ഡിമാൻഡ് നം-ൽ ഉള്ള ആകെയിൽ ൨൫൦൦ രൂപ കുറവ്.

മി. ജി. പരമേശ്വരൻപിള്ള:

൫൦. എക്സൈസ്ഡ്യൂട്ടി മൻസ്സ് ചെയ്തുള്ള ൪,൫൨ ലക്ഷം രൂപായിൽ ൫,൦൦ രൂപ കുറയ്ക്കണം.

പ്രസിഡന്റ്: ഡിമാൻഡ് നം ൨൦ എക്സൈസ് ഡിപ്പാർട്ടുമെന്റിലേക്കുള്ള ൪൫൫ ലക്ഷം രൂപായ്ക്കുള്ള അപേക്ഷ അവലംബിക്കുന്നതായി വിചാരിക്കുന്നു.

അപേക്ഷ അനുസരിച്ചു ഗ്രാൻറ് അനുവദിച്ചു.

ഡിമാൻഡ് ര. വനംവകുപ്പ്.

ബി. ആർ. ധനുക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): സർ, ഡിമാൻഡ് ര. ഒന്ന് വകുപ്പുകളുടെ ആവശ്യത്തിലേക്കായി രൂപ ഒരു ലക്ഷം രൂപാവിൽക്കവിയാതെ ഒരു സംഖ്യ അനുവദിക്കേണമെന്ന അപേക്ഷിച്ചുകൊള്ളുന്നു.

പ്രമേയം സ്വീകരിച്ചു.

ബി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാഞ്ഞിക്കപ്പള്ളിയും): ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളട്ടെ.

സ്വീകരിച്ചിട്ടുള്ള എസ്റ്റാബ്ലിഷ്മെൻറ് ചിലവിലേയ്ക്കു നിശ്ചയിച്ചിട്ടുള്ള ക ൦ ൦ ൦ രൂപായിൽ ര വും രൂപ കുറവു ചെയ്യണം.

മാറഡിപ്പാർട്ടുമെൻറുകളിലുണ്ടായിട്ടുള്ള ഏറ്റവും ശോചനീയമായ പ്രവർത്തനങ്ങൾ അവതരിപ്പിച്ചപ്പോൾ പറഞ്ഞുകൊണ്ടിരുന്നതുപോലെതന്നെയാണ് ഈ പ്രമേയം അവതരിപ്പിക്കുന്നതിനും സംഗതിയായിട്ടുള്ളത്. ഫോൺസർവേറുടെ സഹായിക്കുന്നതിലേക്കു ഒരു ഡെപ്യൂട്ടി കൺസർവേറും ഒരു മാനേജരും അനേകം ക്ലാർക്കന്മാരും ഉണ്ട്. അതുകൊണ്ട് ര ൦ രൂപ മാസത്തിലുള്ള ഒരു ക്ലാർക്കിനെ കുറവുചെയ്യുന്നതുകൊണ്ടു ഡിപ്പാർട്ടുമെൻറിലെ കാര്യനടത്തിപ്പിനു യാതൊരു ക്ഷോഭവും ഉണ്ടാകാൻ ഇടയില്ല.

ബി. ആർ. ധനുക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറർ): സർ, വനംവകുപ്പ് ക ൦ സ്വ-ാമാണെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനു കൺസർവേറുടെ ആഫീസിൽ മുന്നോ നാലോ ടൈപ്പറിസ്റ്റുകളുടെ കൂടാതെ വേറെ ക്ലാർക്കന്മാർ ഉണ്ടായിരുന്നു. എന്നാൽ പരിഷ്കാരത്തിനുശേഷം ക്ലാർക്കന്മാരുടെ സംഖ്യ വളരെ കുറഞ്ഞുകയും മാനേജർ സൂപ്രണ്ടായി ഉയർത്തുകയും ചെയ്തു. സൂപ്രണ്ടുമാനേജരുടെ സ്ഥാനത്തു ര ൦ രൂപ ശമ്പളമുള്ള ക്ലാർക്കിനെ സ്ഥാനം ആവശ്യമില്ലാതെയും കിടന്നു. ഈ ഭേദഗതിയും വരുത്തിയതു എൻറെ മുൻഗാമിയായിരുന്ന മി: രാമൻമേനോൻറെ കാലത്തായിരുന്നതിനാൽ എനിക്കു അതിൽ യാതൊന്നും ചെയ്യാൻ ഉണ്ടായിരുന്നില്ല. ഞാൻ ഡിപ്പാർട്ടുമെൻറു ഭരണം ഏറ്റെടുത്തിട്ടു ഇപ്പോൾ രണ്ടു വർഷമാകുകയും ആ സമയമെല്ലാം അപ്പീടെ ചെയ്തിരിക്കേണ്ടതായ ജോലിക്കനുസരണമായി വേണ്ട ആൾ ഇല്ലാഞ്ഞതുകൊണ്ടു വളരെ ബുദ്ധിമുട്ടി ഭരണനിർവ്വഹണവും ചെയ്തുവരികയാണ്. അപ്പീടെയുള്ള കുഴിയിലടക്കുന്നതിനുള്ള സംബന്ധിച്ചു ധാരാളം പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി നമുക്കറിയാം. കുഴിപില ശരിയായി ചിലർക്കുകിട്ടുന്നില്ല എന്നുള്ള പരാതി ഈ സഭയിൽതന്നെ ഉണ്ടായിട്ടുണ്ട്. അതുസംബന്ധിച്ചു എൻറെയും ഡിവിഷൻ ആഫീസറന്മാരുടെയും ആഫീസുകളിലേക്കു ഒരു ക്ലാർക്കിനെ പ്രത്യേകമായി നിയമിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടു. ഇപ്പോൾ എൻറെ ആഫീസിൽ വേണ്ട ക്ലാർക്കന്മാർ ഉള്ളതിൽ അധികം പേരെ ചെയ്യേണ്ടതായിരിക്കുന്നതു വേണ്ടപോർ മാത്രമാണ്. മറ്റുള്ളവർ ജൂനിയർക്ലാർക്കന്മാരാണ്. ഇതുകൊണ്ടെല്ലാം ഫലമായി വഷളാക്കിക്കൊണ്ടിരുന്ന ജോലി നിയന്ത്രിക്കാനല്ലാതെ കുഴിപിലജോലികൾ തീർക്കാൻ നിവൃത്തിയില്ലാതെവന്നു. എൻറെ പക്കൽ ഉള്ള കണക്കുകളിൽനിന്നും ര ൦ വരെ മുതലുള്ള കയ്യിലിരുപ്പിൽ വേണ്ടിയും ലക്ഷം രൂപയോളം തറപിലയും കുഴിച്ചിടുകിടക്കുന്നതായി കാണുവാനുണ്ട്. തടിയെ സംബന്ധിച്ചു നിരവധിനല്ല അബ്ജക്ഷൻസ്റ്റോറുകളുടെ തന്നെ നാനൂറോളം ഉണ്ട്. ഇതിയിടയായി നിയമനടപടിലെ ചോദ്യങ്ങൾക്കും ഉത്തരംപറയേണ്ടതായ ജോലി കൂടുതലായി വന്നിട്ടുണ്ട്. അതുകൊണ്ടു മിടുക്കന്മാരെ കുറവുചെയ്യുന്നതായാൽ ആഫീസുജോലി വഷളായ കഴപ്പത്തിൽ ആയിത്തീരും.

ബി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാഞ്ഞിക്കപ്പള്ളിയും): ക്ലാർക്കന്മാരുടെ സംഖ്യയിൽവേണ്ട കുറവുചെയ്തു കഴിഞ്ഞുപോകുന്നതിനാൽ ഇപ്പോൾ ജോലിയുടെതിപ്പിനു പിന്നീടു വരാത്തവിധത്തിൽ യാതൊരുകുറവും ചെയ്യാൻ നിവൃത്തിയില്ല എന്നുള്ളതും ഒരു സാധാരണ സമാധാനമായിരിക്കുന്നു. എന്നാൽ പൊതുജനപക്ഷത്തുനിന്നും എനിക്കു പറയാനുള്ളതു ശരിയായ ജോലിനടത്തിപ്പിനു അത്യാവശ്യമായിട്ടുള്ള ക്ലർക്കൽ ക്ലാർക്കന്മാർ അല്ലെന്നും മേലുദ്യോഗസ്ഥന്മാരുടെ പരിശോധനയും പൊതുജനങ്ങളുടെയും അവരുടെ പ്രതിനിധികളുടെയും പരാതിയുമാണ് എന്നുള്ളതാണ്. പൊതുജനപ്രതിനിധി എന്നനിലയിൽ എനിക്കു തോന്നുന്നതു എല്ലാം മഹിസിലെന്നും പ്രത്യേകിച്ചു ധാരാളംജോലിയുള്ള ഫോൺസർവേറുടെ ആഫീസിൽനിന്നും ചിലതരം കുറവുചെയ്യുന്നതു സ്വാഭാവികമാണ് എന്നുകൂടെ, ഇതാണ് പൊതുജനാഭിപ്രായം. ഈ ഡിപ്പാർട്ടുമെൻറു ഭരണം നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും പൊതുജനപ്രതിനിധികൾക്കും ഗവൺമെൻറു അധികാരം നൽകുന്നതുവരെ ഇപ്പോഴുള്ള കുറവുകൾ വരുത്തുന്നതിനു ഞാനുൾപ്പെടെയുള്ള ഈ പക്ഷത്തിലുള്ളവർക്കു ന്യായമായിട്ടുള്ള അഭിപ്രായമാണ്. ആ പക്ഷത്തിൽ ഞാൻ പ്രമേയത്തെ പിൻവലിക്കണമെന്നുവിചാരിക്കുന്നില്ല.

ബി. ആർ. ധനുക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറർ): എനിക്കു മുപ്പറഞ്ഞതിൽ കൂടുതലായി ഒന്നും തന്നെ പറയാനില്ല. എന്നാൽ ഡിപ്പാർട്ടുമെൻറു പരിഷ്കരിച്ച അവസരത്തിൽ അങ്ങുപോകെ കുറച്ചുപേരെന്നും ജോലിനടത്തിപ്പിനു പ്രയാസം വരുത്താതെ ഇനിമേൽ യാതൊരു കുറവും വരുത്താൻ മടിയുമില്ല എന്നു അറിയിച്ചുകൊള്ളുന്നു.

ബി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ വയസ്സു കഴിഞ്ഞ എത്രപേർ ആ ആഫീസിൽ ഉണ്ടെന്നു പറയാമോ?

ബി. ആർ. ധനുക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറർ): ആരുമില്ല.

പ്രസിഡൻറു: ഞാൻ പ്രമേയം വോട്ടിനിടാം.

ബി: എ. കെ. പിള്ള (ചങ്ങനാശ്ശേരി): കുറെക്കാലം പ്രമേയം പിൻവലിച്ചതായി ഞാൻ വിശ്വസിക്കുന്നു.

പ്രസിഡണ്ടു: പ്രമേയം വോട്ടിനിടണമെന്നുണ്ടോ മെമ്പർ പറഞ്ഞതെന്നു എനിക്കു തോന്നുന്നു.

ബി. ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിക്കപ്പള്ളിയും): പ്രമേയം വോട്ടിനിടണമെന്നില്ല. (ചിരി)

ബി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ ഞാൻ എൻറെ വോട്ടു പിൻവലിച്ചുകൊള്ളുന്നു.

അനുവാദത്തോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം നമ്പ.

താഴെപ്പറയുന്നപ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള.

നമ്പ. യാത്രപ്പടിയിനത്തിലുള്ള ചെലവു, ൦ ൦ ൦ രൂപായിൽ ൨, ൦ ൦ ൦ രൂപ കുറയ്ക്കുണം.

പ്രമേയം നമ്പ.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരിമേട്ടും): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

നമ്പ. ൪-ാംനമ്പർ ഡിമാൻഡിൻപ്രകാരമുള്ള ചെലവു മുക്കാൽ ലക്ഷം രൂപായിൽ നിന്നും ൫൦൦ രൂപാ കുറയ്ക്കുണം.

ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം വനം വകുപ്പിന്റെ ഇപ്പോഴത്തെ ഭരണനയത്തെ തന്നെ ഗവണ്മെന്റിനെയും ഈ സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഭൂമി വിസ്തൃതിയിലുള്ള കുടിയേൽ ഭൂമി റിസർവായി മുഴിച്ചിടുന്ന പദ്ധതി ജനങ്ങൾക്കുമത്തിനു ഹാനികരവും അതുണ്ടാക്കുവാൻ മാത്രമാകുന്നു. കഴിഞ്ഞമ്മു പ്രത്യേകിച്ചും വനം വകുപ്പായി അധികം ഭൂമി ഇനിമേൽ ഗവണ്മെന്റ് മുഴിച്ചിടാൻ തീരുമാനിക്കുമെന്നു തോന്നുന്നില്ല എന്നു പറയുന്നതിനു ആഭ്യുഭാൻ പറയുണ്ടായി. ഇതു കഴിഞ്ഞിട്ട് ഇപ്പോൾ നു വർഷമായെങ്കിലും ഇന്നും വനംവകുപ്പു ധാരാളം ഭൂമി റിസർവിൽചേർത്തു പരമ്പരയുടെ അധ്വാനഫലമായിൽ സൃഷ്ടിക്കുന്നതിനു തുനിയുകയാണ്, സർ, തിരുവിതാംകൂർ ജനങ്ങൾ കുടിയേറ്റ ഉപയുക്തമാക്കിയ ഭൂമി മുഴുവൻ അന്യാധീനപ്പെടുന്നു. ഇപ്രകാരം ഗവണ്മെന്റിൽനിന്നും നടത്തിയ പരിശ്രമത്തിനിടയിൽ വനം പെരുന്തേനിൽ വന്നു എക്സ്റ്റൻഷൻ റിസർച്ച് എന്ന പേരിൽ ഏകദേശം ൧൦ ഏക്കർ സ്ഥലം സൃഷ്ടിക്കാൻ പിടിച്ചെടുത്തിരിക്കുന്നതായി കാണുന്നു. ഇതേപ്പറ്റി ഞാൻ കൺസർവേറ്ററോടു ചോദിച്ച ചോദ്യത്തിനു ഒരു മറുപടിയും തന്നിട്ടില്ല. റിസർവായി സൃഷ്ടിക്കുന്നുമെന്നു വിചാരിക്കുന്ന സ്ഥലങ്ങളിൽ മിക്കപ്പോഴും കുടിയാന്മാർ കുടിപാർപ്പുണ്ട്, ആ സ്ഥലത്തിന്റെ മദ്ധ്യഭാഗത്തു ഒരു കോടതിയും അതിനു ചുറ്റുമായി കുടിപാർപ്പും ഉണ്ട്. ഏകദേശം ൪ വർഷക്കാലംകൊണ്ടു കടൽകല്ലും ചെറിയചീളുകളും കൊണ്ടു ൧൦൦ കുടുംബം അടുക്കും ചിട്ടയുമായി വസിക്കുന്നതായ അറിവു അവിടെ ഇക്കൂട്ടർക്കും സ്ഥലമുള്ളതും വെള്ളം, തെങ്ങു, നല്ലമുളകു ഇടക്കിടെ ആദായകരമായ കൃഷികളും ചെയ്യുവരുന്നു. താമസക്കാരായ ആളുകളെ പിടിച്ചാൽ അവിടെ നിന്നും ഓടിച്ചു ആ സ്ഥലം റിസർവായി സൃഷ്ടിക്കുണമെന്നു ഗവണ്മെന്റു ആഗ്രഹിക്കാമെങ്കിലും ഏതുകാരണത്താലാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഗവണ്മെന്റിനു ആ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉണ്ടെങ്കിലും കൃഷിചെയ്യുന്ന ആളുകൾക്കും ഗവണ്മെന്റു സ്ഥലത്തു പ്രത്യേകിച്ചു കൃഷിയുടെയും സ്ഥലം എങ്ങളുടെ പേരിൽ പതിച്ചുതരണമെന്നു അപേക്ഷിക്കുന്നതു സാധാരണമാണ്. അപേക്ഷിച്ചു കുടിശ്ശിക പണം ഈടാക്കി അങ്ങനെയുള്ള സ്ഥലങ്ങൾ ഗവണ്മെന്റു പതിച്ചുകൊടുക്കാറുണ്ടു. കൈവശക്കാരായ ജനങ്ങളെ മാറ്റി സ്ഥലം റിസർവായി സൃഷ്ടിക്കുന്ന പതിവു ഗവണ്മെന്റു ഇതിനുമുമ്പും ചെയ്തിട്ടുണ്ട്. രാജ്യത്തിന്റെ പുന്നിലൊരു ഭാഗത്തിൽ കുടിയേൽ ഇപ്പോൾ റിസർവ് സ്ഥലങ്ങളുടെ കിടക്കയാണ്. ഈ വാട്ടുകളെ ജനസംഖ്യയെപ്പറ്റി ആലോചിക്കുമ്പോൾ ഇതു വളരെ കുടിയേലാണ്. കൃഷിക്കു ഉപയുക്തമാക്കുവാൻ കഴിയുന്ന വസ്തുക്കളും വനംവകുപ്പുകാരായി വിട്ടുകൊടുക്കാതെ അവയെ സൃഷ്ടിക്കുന്നതിനു ഗവണ്മെന്റു വിചാരിക്കുന്നു എങ്കിൽ അതു ഉപജീവനമാർഗ്ഗത്തിനു പ്രകൃതിയെ മാത്രം ശരണപ്രാപിക്കുന്ന ഈ നാട്ടിലെ സാധുജനങ്ങളോടു ചെയ്യുന്ന ഒരു ക്രൂരകൃത്യം തന്നെയായിരിക്കും.

പ്രസിഡന്റ്: സമയം.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഈ കാരണങ്ങളാൽ ആണ് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇങ്ങനെയുള്ള കാടുകളെ വിട്ടുകൊടുത്താൽ അതു ഇവിടത്തെ കാലവർഷത്തിനു ഹാനികരമായിരിക്കയില്ല എന്നു നിശ്ചയമുണ്ടോ?

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഞാൻ പറഞ്ഞ സ്ഥലത്തു വൃക്ഷങ്ങളും മറ്റൊന്നുമില്ല. അതുകൊണ്ടു ഈ സ്ഥലം പതിച്ചുകൊടുത്താൽ കാലാവസ്ഥക്കു യാതൊരുള്ള മാറ്റവും ഉണ്ടാകാനില്ല എന്നാണ് എന്റെ അഭിപ്രായം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, പോരെ ചില കാരണങ്ങളാൽ മി. മാത്യുവിന്റെ പ്രമേയത്തെ അനുകൂലിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. വനംവകുപ്പിൽനിന്നും വളരെയായ ആളുകളെ ആക്കിയേണ്ട എന്ന അഭിപ്രായത്തെ മുമ്പൊരവസരത്തിൽ പറയുകയുണ്ടായി. ഫോറസ്റ്റ് കൺസർവേറ്ററുടെ ഈ അഭിപ്രായമാണെങ്കിൽ അതിൽനിന്നും സ്വാഭാവികമായി ഉണ്ടാകുന്ന ചോദ്യം എന്തിനായി കുടിയേൽ ഭൂമി റിസർവായി സൃഷ്ടിക്കുന്നു എന്നുള്ളതാണ്. കൺസർവേറ്റർതന്നെ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം ആ ഡിപ്പാർട്ടുമെന്റിലെ കച്ചവടം ഏർപ്പാടുകളും അധികവും ഈ രാജ്യത്തുള്ള മറ്റു ഡിപ്പാർട്ടുമെന്റുകളുമായിട്ടാണെന്നു കാണാവുന്നതാണ്. ഈ ഡിപ്പാർട്ടുമെന്റുകളിൽനിന്നും തടിവില ഈടാക്കുന്നതു കുടിയേൽ നിരക്കനുസരിച്ചാണു. എന്നാൽ പൊതുജനങ്ങൾക്കു നടത്തുന്ന വില്പനയിൽ ഈ നിരക്കനുസരിച്ചുള്ള വില കിട്ടുന്നില്ല. ഇങ്ങനെ പരമാർത്ഥമല്ലാത്ത ആദായം കാണിക്കുന്നു. ഡിപ്പാർട്ടുമെന്റിൽനിന്നും കാണിക്കുന്നതായ ആദായം അവിടെനിന്നും ഉണ്ടാകുന്നില്ല എന്നു കാണിക്കാനാണ് ഞാൻ ഈ സംഗതികളും പറയുന്നതു. അങ്ങനെ ഇരിക്കെ കാണുന്നസ്ഥലങ്ങളും എല്ലാം പ്രത്യേകിച്ചും മി. മാത്യു പറഞ്ഞരീതിയിൽ ആരംഭിച്ചിട്ടുള്ള വസ്തുക്കളാണോ നിസർവിൽ ചേർക്കപ്പെടാവുന്നതാണോ എന്ന ചോദ്യമുണ്ടാകുന്നു. ഇതു ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. റിസർവിനത്തിലേക്കപ്പെട്ട പല ഭൂമികളും മുടർച്ചയായ പ്രയത്നം യിമിത്തം തെളിഞ്ഞു പോയി എന്നു കൺസർവേറ്റർ അഭിപ്രായപ്പെടുകയുണ്ടെങ്കിലും അങ്ങനെയുള്ള സ്ഥലങ്ങൾ കൺസർവേറ്റർക്കു വിട്ടുകൊടുക്കേണ്ടതാണ്. എന്നാൽ കൺസർവേറ്റർ പറയുന്നതു കുടിപാർപ്പുള്ള സ്ഥലങ്ങളിൽനിന്നുപോലും ആളുകളെ മാറിച്ചു അധ കുടിറിസർവാക്കിതിരിക്കണമെന്നാണ്. തിരുവിതാംകൂറിൽ ജനസംഖ്യ വർദ്ധിച്ചുവരുന്ന ഈ നയം സ്വീകരണയോഗ്യമായിട്ടുള്ളതല്ല. ഈ കാരണങ്ങളാൽ മി. മാത്യുവിന്റെ പ്രമേയത്തോടു എനിക്കു അനുകൂലാഭിപ്രായമാണുള്ളതു.

മി. സി. പി. തോമസ് (ഗവൺമെന്റ് നിയമനം): ഞാനും മി. മാത്യുവിന്റെ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു. തേങ്ങയ്ക്കുള്ള പുറംപണി പെറുമ്പാടിയായി പറയുന്നതിനു അനുവാദം ലഭിച്ചതിനുശേഷം, അതായതു ശ്രീമൂലംപ്രജാസഭ ആരംഭിച്ചതിനുശേഷം കൊപ്രയുടെ എക്സ്പോർട്ടിനു അനുയോജ്യമല്ലാത്തവിധത്തിൽ റിസർവുസ്ഥലങ്ങൾ സൃഷ്ടിച്ചുവരുന്നു. കഴിഞ്ഞ ഭരണപരിഷ്കാരവർഷത്തിൽ ചുരുക്കം ചിലർക്കു കൃഷിക്കായിട്ടുകൊടുക്കുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി വനംവകുപ്പുക്കാർ ഇടയ്ക്കിടെ പണിചെയ്തുകൊടുക്കുന്നതിനുള്ള അനേകം കമ്പോറികളും സ്ഥാപിക്കപ്പെട്ടു. അവർ നല്ലപോലെ പണിചെയ്തുകൊണ്ടിരുന്നു. എന്നാൽ കുടിപാർപ്പുള്ളതും കൃഷിചെയ്തുവരുന്നതുമായ സ്ഥലങ്ങളും ഇപ്പോൾ റിസർവിൽ പോകുന്നതിനു ശ്രമിച്ചുവരുന്നു. വനംവകുപ്പുവസ്തുക്കളെ അതിൽനിന്നും ഒഴിവാക്കേണ്ട അവസരങ്ങളിൽ ഗവൺമെന്റു കമ്മിറികൾ സ്ഥാപിക്കുന്നു. താമസിച്ചുപാർപ്പുള്ളതും കൃഷിചെയ്തുവരുന്നതുമായ സ്ഥലങ്ങളെ റിസർവായി എടുക്കുന്നതിനു ആലോചിക്കുന്ന അവസരങ്ങളിലും പൊതുജനപ്രതിനിധികൾക്കു അതുകൂടെ അറിയിപ്പാനും രേഖപ്പെടുത്തുവാനുള്ള അവസരം നൽകേണ്ടതാണ്. റിസർവുസ്ഥലങ്ങളിൽനിന്നും കിട്ടുന്ന ആദായം അവിടെ വളരുന്ന വൃക്ഷങ്ങളുടെ വിലയാണ്. ഇപ്പോഴുള്ള വനങ്ങളിൽതന്നെ ധാരാളം വൃക്ഷങ്ങൾ നട്ടുവളർത്തുകയും ഉള്ള പുരപോലെ രക്ഷിക്കുകയും ചെയ്താൽ ആദായം വർദ്ധിപ്പിക്കാവുന്നതാണ്. ജനങ്ങളുടെ കൈവശം അനുഭവത്തിൽ ഇരിക്കുന്ന വസ്തുക്കളെ റിസർവിൽ ചേർക്കുന്നതിനെ സംബന്ധിച്ചു ഗവൺമെന്റു വീണ്ടും ആലോചിക്കേണ്ടതാണ്. ഇപ്പോൾ കൈവശമിരിക്കുന്ന വസ്തുക്കളിൽനിന്നും കൂടുതൽ ആദായം ഉണ്ടാക്കുന്നതിനു ശ്രമിക്കണം. ഈ അഭിപ്രായങ്ങളോടുകൂടി ഞാൻ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. തയ്യൂർ കുഞ്ഞിത്തോമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഞാൻ മിസ്റ്റർ മാത്യുവിന്റെ ഉദ്ദേശത്തെ പിൻതാങ്ങുന്നു. രാജ്യത്തു ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ചു കൃഷിസ്ഥലങ്ങളും വർദ്ധിക്കാത്തതിനാൽ മാരിട്ടും വർദ്ധിച്ചുവരുന്നു എന്നു പല്ലാപേക്ഷകരും അറിയാം. പട്ടണങ്ങളിൽനിന്നും ഉദ്യോഗാർത്ഥികളിൽകടന്ന് അന്വേഷിക്കുമ്പോഴാണ് അതിന്റെ സൂക്ഷ്മസ്ഥിതി നല്ലവണ്ണം മനസിലാകുന്നതു്. ഇതുവരെ കൃഷിയിൽനിന്നും കൂടുതൽ വിളവുണ്ടാക്കുന്നതനുള്ള ഡിപ്പാർട്ടുമെന്റിന്റെ പരിശ്രമങ്ങളും വ്യർത്ഥമായിട്ടാണ് കാണുന്നതു്. രാജ്യത്തിന്റെ മുന്നിൽ ഒരുഭാഗം മുഴുവനും റിസർവാക്കിയിട്ടിരിക്കുന്നു. മുന്നിലെ ഒരുഭാഗത്തൽ ഒരു വലിയപങ്കും കായലാണ്. ബാക്കി ഭൂമിച്ചാൽ രാജ്യത്തിന്റെ വിസ്തീർണ്ണത്തിൽ പകുതിയോളംമാത്രമേ റിസർവ്വിനപുറത്തു കരയുള്ളൂ. ജനങ്ങളുടെ വിദ്യാഭ്യാസപുരോഗതിയുമെല്ലാം അത്യാവശ്യമാണെങ്കിലും ഒരു സാധനങ്ങൾകൊണ്ടുമാത്രം ജനങ്ങളുടെ ആവശ്യം മുഴുവനും നിറവേറ്റാൻ സാധിക്കയില്ലല്ലോ? പ്രധാനമായി ആഹാരസാധനങ്ങളും കൂടിപാർക്കാൻ സ്ഥലവുമാണ് വേണ്ടതു്. അതിനാൽ വലിയ മലമ്പ്രദേശങ്ങളും ഒഴിച്ചു് ശേഷംഭാഗങ്ങളും പുറയർ, പുലയർ മുതലായവർക്കും ഉപജീവനത്തിനുള്ള മറ്റുള്ള വക്കുമായി പതിച്ചുകൊടുക്കേണ്ടതാണ്. ഓരോ വർക്കത്തോളും പുലയർ (കൃഷിക്കാർ) ഉപജീവനത്തിനില്ലാത്തവരായുണ്ടു്. അവരെപ്പോലെതന്നെയായിരത്തോളം പറയരും ഉണ്ടു്. അവർ അടിമത്തത്തിൽനിന്നും ഉണർന്നവന്നപ്പോൾ ഉപജീവനത്തിനുള്ള മറ്റുള്ളവരുടെ കയ്യിൽ അകപ്പെട്ടുകഴിഞ്ഞു. ഈ വിധത്തിൽ ഒരിക്കലൊഴിയിൽക്കുന്ന ഒരു വലിയ ജനതതിയെ ഉണർത്തി എല്ലാ താലൂക്കുകളിലും ചെയ്തോരങ്ങളിൽ ഉള്ള സ്ഥലങ്ങൾ ലാൻഡ്രവന്യൂ കമ്മീഷണറും, കൺസർവേറ്ററും, വേറെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനും—കൃഷിഡയറക്ടർ ആയാലും തരക്കേടില്ല (ചിരി)—കൂടി പരിശോധിച്ചു ഉപയോഗത്തിലില്ലാത്തവക്കതന്നെ കുറെശ്ശെ പതിച്ചുകൊടുക്കണം. അങ്ങനെ ചെയ്യുന്നതുകൊണ്ടു ഗവൺമെന്റിനു ലാഭമല്ലാതെ നഷ്ടം ഒന്നും ഉണ്ടാകയില്ല.

മി. ജി. പരമേശ്വരൻപിള്ള (തണ്ടപ്പേർ): ഏതാനും താലൂക്കുകളിലേക്കു കമ്മറി നിയമിച്ചിരുന്നു എന്നു അറിയാമോ?

മി. തയ്യൂർ കുഞ്ഞിത്തോമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഒരു കമ്മറി ഉണ്ടായിരുന്നു, താനും കമ്മറിയിൽ ഒരു മെമ്പർ ആയിരുന്നു. ആ കമ്മറിയെ നിയമിച്ചതു ചമ്പളപ്രശ്നം മാത്രം പരിശോധിക്കാനാണ്. ചമ്പളപ്രശ്നമെന്നാൽ എന്താണെന്നുള്ളതിനെപ്പറ്റി കമ്മറിയിൽ തർക്കമായി. ഗവൺമെന്റിലേക്കു എഴുതി അയച്ചു. "സബ്മെർജിഡ് ലാൻഡ്" എന്നതിനെ ജന്മത്തിണ്ണയംചെയ്തതിൽ വെള്ളം കയറിക്കിടക്കുന്ന ഭൂമി എന്നാണ് ഗവൺമെന്റു പറഞ്ഞതു്. അങ്ങനെയുള്ള സ്ഥലം കൃഷിക്കു മിക്കവാറും ഉപയോഗമില്ല. വേനൽക്കാലത്താണ് ഞങ്ങൾ ചെന്നു നോക്കിയതു്. ആ സമയത്തുപോലും വെള്ളം കെട്ടിനിൽക്കുന്ന സ്ഥലമാണ് ചമ്പളപ്പുനിലമെന്നു പറയുന്നതു്. നെൽകൃഷിക്കു ഉപയുക്തങ്ങളായ അനേകം സ്ഥലങ്ങൾ റിസർവുചെയ്തതിൽ ഉണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ക്ഷേത്രങ്ങളും, കുന്നുകളും, ഗ്രാമങ്ങളും മുതലായവയുടെ അവശിഷ്ടങ്ങളും ധാരാളം കാണുന്നുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങൾ പതിച്ചുകൊടുത്തതുമൂലം ആവിധമുള്ള സ്ഥലങ്ങൾ പതിച്ചുകൊടുക്കാനില്ലായ്പ്പെടുവാൻ ഈ കമ്മറിക്കു അധികാരം നൽകിയിരുന്നില്ല. പൊതുപ്രദേശങ്ങളും ഉന്നതങ്ങളും പതിച്ചുകൊടുക്കരുതു. കൃഷിക്കു നല്ല പ്രദേശങ്ങൾ പതിച്ചുകൊടുക്കുന്നതു് രാജ്യത്തിന്റെ ഐശ്വര്യത്തിനുതന്നെയാവശ്യമാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉൽകൃഷ്ടപ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): ഞാനും പ്രമേയത്തെ അനുകൂലിക്കുന്നു. രാജ്യത്തിന്റെ വിസ്തീർണ്ണത്തിൽ മുന്നിൽ ഒരുഭാഗത്തിൽ കൂടുതൽ റിസർവായി സൂക്ഷിക്കുന്നതു രാജ്യശ്രേയസ്സിനു യോജിച്ചതല്ല. ഇത്തരം സ്ഥലങ്ങളും പുലയർക്കും പറയർക്കും മറ്റു അവർണ്ണജാതിക്കാർക്കും പതിച്ചുകൊടുക്കേണ്ടതാണെന്നുള്ള മിസ്റ്റർ കുഞ്ഞിത്തോമ്മന്റെ അഭിപ്രായത്തിൽ കൂടുതലായി എനിക്കു ഒന്നുകൂടി പറയാനുണ്ടു്. സർക്കാരാഫീസുദ്യോഗസ്ഥന്മാർ, സ്കൂൾപീവീണ്ടു പരീക്ഷാവിജയികളും ഉദ്യോഗങ്ങളുടെ മാത്രമായി ശ്രമിച്ചുവരുന്ന സംഗതി എല്ലാവർക്കും അറിയാമല്ലോ. ഒഴിവു ഇല്ലാത്ത കാരണത്താൽ അപേക്ഷകരെ അവിടെനിന്നും പറഞ്ഞയയ്ക്കുന്നു. ഈ ബി. എ.-ക്കാരും വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലെ മറ്റുപലരേയും കൃഷികളിലേക്കു പറഞ്ഞയക്കേണമെന്നാണ് ഞാൻ പറയുന്നതു്. ഇവർക്കു ധാരാളം സ്ഥലം പതിച്ചുകൊടുത്താൽ തവിനാടുസ്വദേശികളെപ്പോലെ കൃഷിനടത്തി അവർ കൃഷിയെ എങ്കിലും നന്നാക്കും.

മി. എൻ. വി. ജോസഫ് (പറവൂർ): മെമ്പർ അവർകളെ നയിക്കാൻ തയ്യാറുണ്ടോ?

മി. ജി. പരമേശ്വരൻപിള്ള (തണ്ടപ്പേർ): ബി. എ.-ക്കാരെ കൃഷികളിലേക്കു അയയ്ക്കുവാനുള്ള മാർഗ്ഗത്തെപ്പറ്റി മെമ്പർക്കു വല്ല നിർദ്ദേശവുമുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): വനത്തിന്റെ ഏതെങ്കിലും ഭാഗം പുലയക്കും പറയക്കും മറ്റു് അവർണ്ണർക്കുമായി പതിച്ചുകൊടുക്കണമെന്ന മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അഭിപ്രായപ്പെട്ടുകയുണ്ടായി. അപ്രകാരം പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്ന എങ്കിൽ കൃഷിയിൽ ഏർപ്പെടുന്നതിനു തയ്യാറുള്ള ബി. എ.-ക്കാർക്കും വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർക്കുകൂടി പതിച്ചുകൊടുക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്.

അന്യോദ്യോഗസ്ഥാംഗങ്ങളിൽ പലരും മറ്റൊരുദ്ദേശങ്ങളും ഇപ്രകാരത്തെ കൃഷിഡിപ്പാർട്ടുമെന്റിന്റെ ദുരാലിംഗനത്തിപ്പിനെപ്പറ്റി തൃപ്തിയുള്ളവർ അല്ല. വിദ്യാഭ്യാസമുള്ളവർക്കു ഭൂമി പതിച്ചുകൊടുത്താൽ വിദ്യാവിഹീനന്മാരായ കൃഷിക്കാരെക്കാൾ ഉത്തമമായ രീതിയിൽ അവർ കൃഷിനടത്തും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കമ്പർ നിയമനേന്ദ്രമെയല്ല സംസാരിക്കുന്നതു്. വനം വകുപ്പിനെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ കൃഷിഡിപ്പാർട്ടുമെന്റിനെപ്പറ്റി അഭിപ്രായം പറയുന്നതു ന്യായമല്ല.

മി. കെ. കെ. ജോസഫ് (മീനച്ചിലും ദേവികുളവും): വിദ്യാഭ്യാസമുള്ളവരെ കൃഷിക്കു പ്രോത്സാഹിപ്പിച്ചാൽ നമ്മുടെ കൃഷിരീതി നന്നാക്കുമെന്നാണ് ഞാൻ സൂചിപ്പിച്ചതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബി. എൽ.-കാർ ഭൂമി പതിച്ചുകിട്ടുന്നതിനായി നടക്കുന്നതെന്തു?

മി. കെ. കെ. ജോസഫ് (മീനച്ചിലും ദേവികുളവും): ഉണ്ടായിരിക്കാം. തിരുവനന്തപുരത്തെ ചില വക്കീലന്മാർപോലും വക്കീൽപണി ഉപേക്ഷിച്ചു കൃഷിക്കുപോയാൽ കൊള്ളാമെന്നു വിചാരിക്കുന്നുണ്ടെന്നു എനിക്കു തോന്നുന്നു. അതു എന്റെ സ്വന്തം അഭിപ്രായമാണ്. ധാരാളം സ്ഥലവും ബി. എൽ.-കാക്കു പതിച്ചുകൊടുക്കയാണെങ്കിൽ അവരും കൃഷിക്കായി പോകുമെന്നും അതു മായിശ്രേയസിനു കാരണമാകുമെന്നുമാണ് എനിക്കു തോന്നുന്നതു്. (മിസ്റ്റർ പി. പരമേശ്വരൻപിള്ള: കേൾക്കുവിൻ! കേൾക്കുവിൻ!) ഈ അഭിപ്രായത്തോടുകൂടി ഞാൻ ഇരുന്നുകൊള്ളുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): ശ്രീമൂലംപ്രജാസഭയുടെ കാലത്തെ യോഗത്തിൽ മിവാൻജി ഇനി കൂടുതൽ സ്ഥലങ്ങളും ഈ രാജ്യത്തു റിസർവായി സൂക്ഷിക്കാൻ നിവൃത്തിയില്ല എന്നു പറഞ്ഞിട്ടുണ്ടെന്നു മിസ്റ്റർ ടി. ജെ. മാത്യു പറഞ്ഞതു ശരിയാണ്. അതിനുശേഷം ആ നയത്തിനു വ്യത്യാസം വരുത്തിയിട്ടില്ല. നൂൽക്കട്ട എന്ന സ്ഥലത്തു ഏതാനും ഭാഗം ഫാറസ്റ്റ് റഗുലേഷനിന്റെ അധീനതയിൽ കൊണ്ടുവന്നതായി മിസ്റ്റർ മാത്യു ഉദാഹരിക്കയുണ്ടായി. ഈ സ്ഥലം റിസർവിൽ കൊള്ളിക്കണമെന്നുള്ള തീരുമാനം കാലാകാലത്തെ പ്രജാസഭാപ്രമേയത്തിനു മുമ്പുതന്നെ ചെയ്തിട്ടുള്ളതാണ്. ഒരു ജന്മി ഈ സ്ഥലത്തിനു ഒരു അവകാശം പുറപ്പെടുവിക്കയും അതേസംബന്ധിച്ചു ഹിർഹകരവും നീണ്ടുനിന്ന ഒരു കേസ്സു നടക്കുകയും ഒടുവിൽ ഹൈക്കോടതി ഗവർണ്മെന്റിനു അനുകൂലമായവിധി എഴുതുകയുംചെയ്തു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): നൂൽക്കാട്ട എന്നസ്ഥലത്തിൽ തറവില, തടിവില മുതലായവ നിശ്ചയിക്കാൻ ഡിവിഷൻപേഷ്ക്കാരെ ഫാക്ടറിൽനിന്നും അയച്ചിട്ടുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): എനിക്കറിവില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അതേസംബന്ധിച്ചു ഒരു സിവിൽകേസ് ഇപ്പോഴും തീർച്ചയാകാതെ കിടപ്പുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): ഞങ്ങൾക്കു അറിവില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അതേസംബന്ധിച്ചു കോടുള്ള ജില്ലാകോടതിൽ ഒരു കേസ്സില്ലേ?

മി. ആർ. ധനക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): ഞങ്ങൾക്കറിവില്ല. ഹൈക്കോടതിവിധി ഉണ്ടായഉടൻതന്നെ ആളുകൾ ധാരാളമായി അവിടെ കുടിയേറിപാർത്തു വനത്തിന്റെ ഒരുഭാഗം വെട്ടിതെളിക്കയുംചെയ്തു. റബ്ബർകൃഷിക്കു വളരെ ദൂരമുണ്ടായിരുന്നകാലമായിരുന്നു അതു്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): നൂൽക്കാട്ടറിസർവുചെയ്തിരിക്കുന്നസ്ഥലത്തു നാം ഏക്കർ സ്ഥലം മേസ്ത്രിമാർക്കു പതിച്ചുകൊടുക്കാനായി ഇട്ടിട്ടുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): അറിഞ്ഞുകൂടാ.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അവിടെ ഒരു ക്ഷേത്രമുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): ഉണ്ടു്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അവിടെ കശിപ്പാർപ്പുള്ളസ്ഥലങ്ങളും ഉണ്ടോ? ആ സ്ഥലം കൺസർവേറ്റർ നോക്കിയിട്ടുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): ഞാൻ നോക്കിയപ്പോൾ അവിടെ കശിപ്പാർപ്പില്ലായിരുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): റിസർവിനു നിശ്ചയിച്ചിട്ടുള്ള സ്ഥലം ഏതു ക്ഷേത്രത്തിനെ ചുറ്റിയുള്ളതാണെന്നു?

മി. ആർ. ധനക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): വടക്കുവശം ഇറങ്ങിയതാണ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഏതു നംപൂരിയുടെവക ക്ഷേത്രമാണു?

മി. ആർ. ധനക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): ക്ഷേത്രം റിസർവിനു പുറത്താണ്.

മി. തയ്യിലകത്തിതൊമ്മൻ (കുറവിലങ്ങാടും തൊടുപുഴയും): റിസർവുവനങ്ങളിൽ സ്ഥലം പതിച്ചുകൊടുത്തതായി അറിയാമോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): അറിയാം.

മി. തയ്യിലകത്തിതൊമ്മൻ (കുറവിലങ്ങാടും തൊടുപുഴയും): കുടിയേയ്പുകളുടെ ചുറ്റിലും റിസർവു വ്യാപിച്ചിട്ടുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫാറസ്റ്റ് കൺസർവേറ്റർ): ഈ ചോദ്യത്തിനു ഇത്തരത്തിലുള്ളതായാണ് പറഞ്ഞതു്.

മി. തയ്യുകണ്ടിതെന്നാമ്മൻ (മൂഡാറടപുഴയും തൊട്ടിപുഴയും): കൃഷിചെയ്യുന്നതിനുപുറമെ.

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറ്റർ): ഉണ്ട്.

ഈ സ്ഥലത്തേയ്ക്കു ധാരാളമായി ഉണ്ടായ ജനപ്രവാഹത്തെ തടയുന്നതിനു ഡിപ്പാർട്ടുമെന്റിനു സാധിച്ചില്ല. മജിസ്ട്രേട്ടിന്റെയും പൊലീസ്സിന്റെയും സഹായം ആവശ്യപ്പെട്ടപ്പോൾ ആ സ്ഥലം ഫോറസ്റ്റ്റിസർവേഷൻ അനുസരിച്ചു ചേർക്കുന്നതിനുമുമ്പായി അവരെ തടയാൻ നിവൃത്തിയില്ല എന്നു് അവർ അഭിപ്രായപ്പെട്ടു. ഈ സമയംകൊണ്ടു വേരോടുകൂടിയ മരങ്ങളും കാടുതെളിച്ചു്, പിന്നീടു കൂടുതൽ കയ്യേറ്റം നടക്കാതിരിക്കാൻവേണ്ടി തീവച്ചു. ഇങ്ങിനെ ഏകദേശം ഇരുനൂറേക്കറോളം കയ്യേറ്റത്തെ തടയുന്നതിനു സ്ഥലം ഫോറസ്റ്റ്റിസർവേഷനിലെ 4-ാം വകുപ്പിൽ ഉൾപ്പെടുത്തി. ഇതിനുമുമ്പു ഞാൻ ആ സ്ഥലം പരിശോധിച്ചപ്പോഴും ഫോറസ്റ്റ്ചട്ടങ്ങളെ അനാദരിച്ചു കാടുകളെ നശിപ്പിക്കുന്നതായിട്ടുണ്ടു്.

മി. കെ. കെ. തോമസ്സ് (കോട്ടയം): ഈ സ്ഥലം റിസർവിൽചേർത്തു സൂക്ഷിക്കുന്നതുകൊണ്ടു വല്ല ഗുണവും ഉണ്ടാകുന്നതെന്നാഎന്നു പറയാമോ ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറ്റർ): ഫോറസ്റ്റ്റിസർവേഷനിലെ 4-ാം വകുപ്പു അനുസരിച്ചു ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞതിനുശേഷം ഈ സ്ഥലങ്ങളുടെ അവകാശങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനും റിസർവിനു യോഗ്യമല്ലാത്ത സ്ഥലങ്ങളെപ്പറ്റി ഗവർണ്മെന്റിലേയ്ക്കു റിപ്പോർട്ടുചെയ്യുന്നതിനും ആയി ഒരു ഫോറസ്റ്റ് സെറ്റിൽമെന്റ് ഉദ്യോഗസ്ഥനെ നിയമിക്കുന്നതാണ്. ആ ഉദ്യോഗസ്ഥൻ ഒരു മിവാൻ പേഷ്ക്കാർതന്നെയായിരിയ്ക്കും. അവകാശനിർണ്ണയത്തിനെസംബന്ധിച്ചു യാതൊരു അധികാരവും ഉണ്ടായിരിക്കുന്നതല്ല. അവർ അതിൽ ഒരു മാർഗ്ഗദർശനമാത്രമായിരിക്കുന്നതാണ്. അയിടം വനം അല്ലായിരുന്നുഎന്നും കരിപാർപ്പുണ്ടായിരുന്നുഎന്നും മിസ്റ്റർ മാത്യു പറകയുണ്ടായി. ഇതു് അത്രപരമാർത്ഥമല്ല എന്നാണു് എന്റെ അറിവു്. വളരെക്കാലങ്ങൾക്കുമുമ്പുതൽ സ്ഥിരവാസമുള്ളസ്ഥലങ്ങൾ റിസർവിൽനിന്നും ഒഴിച്ചിട്ടുണ്ടു്. പുതുതായിക്കയ്യേറ്റത്തെപ്പറ്റി സ്ഥലങ്ങളെമാത്രമേ അതിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഇനിയും കൂടുതൽ കയ്യേറ്റത്തെ തടയുന്നതിനാണു് ആ സ്ഥലം 4-ാംവകുപ്പിൽകൊള്ളിച്ചതു്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): ഒരു സ്ഥലം ഫോറസ്റ്റ് റിസർവുവനമായി സൂക്ഷിക്കേണമെന്നോ വേണ്ട - ന്നോ ഫോറസ്റ്റ്സെറ്റിൽമെന്റ് ഉദ്യോഗസ്ഥൻ റിപ്പോർട്ടുചെയ്യുന്നതു് ഗവർണ്മെന്റിനോടോ കൺസർവേറ്ററോടോ എന്നു പറയാമോ ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറ്റർ): അങ്ങിനെ ഒരു റിപ്പോർട്ട് ഗവർണ്മെന്റിനോടാണെന്നു അഭിപ്രായത്തിനുചെയ്യാം.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): ജനങ്ങൾക്കു വസ്തുക്കളിന്മേലുള്ള അവകാശത്തെപ്പറ്റി തീരുമാനിക്കുന്നതിനുമാത്രമേ ഫോറസ്റ്റ് സെറ്റിൽമെന്റ് ആഫീസ്സുക്ക് അധികാരമുള്ളുഎന്ന മെമ്പറിനു അറിയാമോ ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറ്റർ): അതാണ് അഭിപ്രായത്തിന്റെ ജോലി. എന്നാൽ ഒരു സ്ഥലം റിസർവിൽ കൊള്ളിക്കണക്കതോ അല്ലയോഎന്നു ഗവർണ്മെന്റിനോടു അഭിപ്രായപ്പെടുവാനുള്ള അധികാരമുണ്ട്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): ഒരു സ്ഥലം റിസർവായി ഉപയോഗിക്കാൻ കൊള്ളാവുന്നതാണെന്നു് ഗവർണ്മെന്റിനെങ്കിലുമറിയിക്കാൻ ഇപ്പോഴും അഭിപ്രായത്തിനു് അധികാരമില്ല എന്നാണോ കൺസർവേറ്റർ പറയുന്നതു് ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറ്റർ): ആ സ്ഥലത്തിന്റെ ഏതാനുംഭാഗം റിസർവുചെയ്യാൻ യോഗ്യമല്ല. ആ സ്ഥലം ഒഴിച്ചിട്ടിട്ടുണ്ടു്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): ഒരുഭാഗം റിസർവുചെയ്യണമെന്നു് എന്തിനു റിപ്പോർട്ടുചെയ്തു ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറ്റർ): കൂടുതൽ കയ്യേറ്റത്തിനുകാതിരിക്കാനും വനങ്ങളെ നശിപ്പിക്കാതിരിക്കാനും.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): കയ്യേറ്റക്കാരുടെപേരിൽ കേസ്സെടുക്കുന്നതിനു ഡിപ്പാർട്ടുമെന്റുകാർ ഫോറസ്റ്റ്റഗുലേഷൻ അനുസരിക്കാൻ ബാധ്യരുണ്ടോ ? എങ്കിൽപിന്നെ ഗവർണ്മെന്റു കയ്യേറ്റക്കാരുടെപേരിൽ ഫോറസ്റ്റ്റഗുലേഷൻപ്രകാരം കേസ്സെടുക്കാൻ വിചാരിക്കുന്നോ എന്നാണു് ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറ്റർ): ഈ സ്ഥലം റിസർവിൽചേർത്തു ഗവർണ്മെന്റു ഉത്തരവായിട്ടുള്ളതാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): അതല്ലാ എന്റെ ചോദ്യം. വേറൊന്നുചോദിക്കാം. ലാൻഡ്കാൺസർവൻസി റഗുലേഷൻ എന്നപേരിൽ ഒരു റഗുലേഷൻ ഉള്ളതായി കൺസർവേറ്റർക്കറിയാമോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറ്റർ): അറിയാം.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): അതിനും ഫോറസ്റ്റ്റഗുലേഷനും തമ്മിൽ എന്തു വ്യത്യാസമാണുള്ളതു്?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറ്റർ): ഗവർണ്മെന്റു ഈ സ്ഥലങ്ങളെ പേതിച്ചുകൊടുക്കണമെന്നു വിചാരിക്കുന്നില്ല. അതുകൊണ്ടു കയ്യേറ്റത്തെ തടയുന്നതിനായി ഇവയെ റിസർവായി സൂക്ഷിക്കണമെന്നു് ഉത്തരവിട്ടു. കൂടാതെ ഈ സ്ഥലം ലാൻഡു കൺസർവൻസി റഗുലേഷനിൽ ഉൾപ്പെടുത്തിയതുമല്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): ജനങ്ങൾ കയ്യേറ്റംചെയ്തിരുന്നില്ലഎങ്കിൽ ഫോറസ്റ്റ് റഗുലേഷൻപ്രകാരം പ്രവൃത്തിക്കയില്ലായിരുന്നു എന്നാണോ മെമ്പർ പറയുന്നതു?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറ്റർ): ആ സ്ഥലം റിസർവായി സൂക്ഷിക്കേണമെന്നതുതന്നെ ഉള്ളതാണു ഉദ്ദേശ്യം. അതുകൊണ്ടാണു് സ്ഥലം റഗുലേഷനിലെ 4-ാംവകുപ്പിൽ ചേർത്തതു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരിമേടും): സ്ഥലത്തുള്ള വൃക്ഷങ്ങൾ നശിപ്പിച്ചുകഴിഞ്ഞുഎങ്കിൽ ഇനി അതു റിസർവ്ചെയ്യണ്ട ആവശ്യമുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറർ): ആവശ്യമെന്നു തോന്നുന്നുഎങ്കിൽ ഇനിയും അതിടെ ചെയ്കയും നട്ടുവളർത്താം. തേക്കുനടുക്കു ഇതു ഉത്തമമായ സ്ഥലമാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരിമേടും): അതു മറ്റു സ്ഥലങ്ങളിലും ചെയ്യാവുന്നതാണല്ലോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറർ): എതിർഭാഗത്തുള്ള ചില മെംബറന്മാർ രാജ്യത്തിൽ മുന്നിലൊരുദ്ദേശം റിസർവായി സൂക്ഷിക്കുന്നു എന്നു പരാതികളുണ്ടായി. ഇതെപ്പറ്റി എനിക്കു പറയാനുള്ളതു അതു തെറ്റായ ഒരു ധാരണയാണെന്നതാണ്. റിസർവായി സൂക്ഷിക്കുന്ന ഫ ര ം ം ചതുരശ്രമൈൽ സ്ഥലം മുഴുവനും കച്ചവടസംബന്ധമായ പ്രയോജനംഉള്ളതല്ല ഈ ഫ ര ം ം ചതുരശ്രമൈലിൽ ഫ ര ം ം ചതുരശ്രമൈലിൽ കൂടുതൽ യാതൊന്നും ഉണ്ടാകാത്തതാം അതല്ലെങ്കിൽ വെറുതെ പാറയായി തടി വെട്ടിഎടുക്കുവാൻ സൗകര്യമില്ലാത്തതായ സ്ഥലങ്ങളാണ്. രാജ്യത്തിനുപുറമെയുള്ള സ്ഥലങ്ങളുമായി താരതമ്യപ്പെടുത്തിനോക്കിയാൽ ട്രിച്ചിനാപ്പള്ളിയിലുള്ള ഫ ൻ ം ം ചതുരശ്രമൈലിൽ ഫ ം ശതമാനംമാത്രമേ ആദായംലഭിക്കുന്ന കാടുകൾ ഉള്ളൂ. സിലോൺരാജ്യത്തിന്റെ ൭൫ ശതമാനം റിസർവ് കാടുകളാണ്. അതിൽ ൫ ം ശതമാനംമാത്രമേ തടി മുറിച്ചു കിട്ടുന്ന കാടുകളുള്ളൂ. എനിക്കു നിങ്ങളെ അറിയിക്കാനുള്ളതു ഫോറസ്റ്റ് റിസർവിൽ രേഖപ്പെടുത്തിയിട്ടുള്ള ഫ ര ം ം ചതുരശ്രമൈൽ സ്ഥലവും ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചടത്തോളം ആദായകരമായിട്ടുള്ള കാടുകളാണെല്ലു എന്നുള്ളതാണ്. അവയെ സൂക്ഷിക്കുന്നതു തനിമൂലമായ ആദായകരങ്ങളായ സാധനങ്ങളെ കരുതിഅല്ല. ജീവതാപ്പസ്ഥിതിയെ നിയന്ത്രിക്കുന്നതിനും രാജ്യരക്ഷയ്ക്കും അവ അത്യാവശ്യമാകുന്നു.

പ്രസിഡൻറ്: സമയം.

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറർ): കൃഷിക്കു ഉപയുക്തങ്ങളായ സ്ഥലങ്ങൾ മുഴുവൻ പതിച്ചുകൊടുക്കേണ്ടതാണെന്നു പറഞ്ഞ മെംബർ അഭിപ്രായപ്പെട്ടു. അങ്ങിനെ പതിച്ചുകൊടുക്കാവുന്ന വസ്തുക്കൾ എല്ലാം പതിച്ചുകൊടുത്തുകഴിഞ്ഞു. ഒരുതരം വൃക്ഷങ്ങളെ അന്വേഷിച്ചു ശിപാർശചെയ്യുന്നതിലേക്കു പല താലൂക്കുകളിലും കമ്മറികൾ രൂപീകരിക്കപ്പെട്ടായി. അവരിൽ പലരും റിപ്പോർട്ടുകൾ സമർപ്പിക്കുകയും അതിന്മേൽ ഗവർമെൻറ് ചെയ്യേണ്ടതിനുവേണ്ടി ഫ ം ം എക്കർ സ്ഥലത്തോളം പതിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഏതാനും ചില റിപ്പോർട്ടുകൾ ഗവർമെൻറിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

മി. എം. ശിവതാണുപിള്ള (തോവാള): തോവള, കൽക്കുളം എന്നീ താലൂക്കുകളിലേക്കു കമ്മറിയെ നിയമിച്ചിട്ടുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറർ): ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഈ രണ്ടു താലൂക്കുകളിലും കമ്മറിയെ നിയമിക്കേണ്ട ആവശ്യമില്ലെന്നാണോ ഗവർമെൻറ് വിചാരിക്കുന്നതു?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറർ): ഈ രണ്ടു താലൂക്കിലേക്കും കമ്മറിയെ നിയമിക്കേണ്ടതിനു ഗവർമെൻറിനെ നിർബന്ധിക്കേണ്ടതു മെംബറുടെ കൂടെമയാണ്. എന്നാലെ വീരപുള്ളി റിസർവിൽ തടിക്കാരൻകോണത്തിനുസമീപം ന ം ം എക്കറോളം സ്ഥലം കൂടിയുള്ള പതിച്ചുകൊടുക്കുമായിരുന്നു.

മി. സി. പി. തോമസ്സ് (ഗവർമെൻറ് നിയമനം): വീരപുള്ളി എവിടെയാണ്?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറർ): തെക്കൻതിരുവിതാംകൂറിൽ.

മി. സി. പി. തോമസ്സ് (ഗവർമെൻറ് നിയമനം): എക്സ്ക്ലൂസ് കമ്മീഷണർ എന്നോടു പറയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെംബർ പറഞ്ഞതിനെ ഞാൻ തിരുത്തിക്കൊള്ളട്ടെ. ഇപ്പോൾ സംസാരിക്കുന്നതു ഉദ്യോഗസ്ഥമെംബർ എക്സ്ക്ലൂസ് കമ്മീഷണർമാരല്ല, ഫോറസ്റ്റ് കൺസർവേറർമാരാണ്.

മി. സി. പി. തോമസ്സ് (ഗവർമെൻറ് നിയമനം): ചെല്ലിപ്പുഴയ്ക്കക്കരെ പതിച്ചുകൊടുക്കുന്നതിൽ കൺസർവേറർ അനുകൂലിയാണോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറർ): അതു കമ്മറിക്കാർ നിശ്ചയിക്കേണ്ടതാകകൊണ്ടു് എനിക്കു അതെപ്പറ്റി ഒന്നും പറയാനില്ല.

മി. സി. പി. തോമസ്സ് (ഗവർമെൻറ് നിയമനം): മി. കുഞ്ഞിരാമൻനായർ പറഞ്ഞതു അനുദ്യോഗസ്ഥാംഗങ്ങൾ ഇതിനെ അനുകൂലിച്ചു എങ്കിലും ഗവർമെൻറ് അങ്ങനെ ചെയ്തില്ലെന്നാണല്ലോ?

മി. ആർ. ധനക്കോടിപ്പിള്ള (ഫോറസ്റ്റ് കൺസർവേറർ): ഞാൻ മനസ്സിലാക്കിയടത്തോളം ഗവർമെൻറ് അതിനെ പ്രതിഷേധിയല്ല. ഇങ്ങനെയുള്ള കാര്യങ്ങൾക്കു ഗവർമെൻറ് എപ്പോഴും അഭിപ്രായം ചോദിച്ചിട്ടുണ്ടു്. ഞാൻ ആ സ്ഥലങ്ങളിൽ പോയി അന്വേഷിച്ചു ഡിവിഷനൽഓഫീസറന്മാർ ഉൾപ്പെടുത്തിയിട്ടില്ലാത്ത ചില സ്ഥലങ്ങൾകൂടി പതിച്ചുകൊടുക്കാമെന്നു അഭിപ്രായപ്പെട്ടു.

മി. കെ. സി. മാമ്മൻമാപ്പിള (ചേണിയും-വ്യവസായവും വടക്കു): പറഞ്ഞ സ്ഥലം റിസർവിൽ ചേർത്തുപോയതുകൊണ്ടു ഇപ്പോൾ പതിച്ചുകൊടുക്കുന്നില്ല, ആ സ്ഥലത്തു വല്ലതും നട്ടുവളർത്തി തന്റെ അധികാരപരിധിയിൽ ഉൾപ്പെടുത്തി റിസർവിനത്തിൽ കൊള്ളിക്കുന്നതിനു കൺസർവേറർ ശ്രമിക്കുന്നു. അതാണ് അദ്ദേഹത്തിന്റെ ഉദ്ദേശമെങ്കിൽ ഇപ്പോൾതന്നെ വല്ലതും നട്ടുവളർത്തുന്നതിനു അദ്ദേഹത്തിന്റെ അധികാരപരിധിയിൽ ധാരാളം സ്ഥലങ്ങളുണ്ടു്. ഇങ്ങനെ സ്വന്തമായി സൃഷ്ടിക്കുന്നതു വനംവകുപ്പിലേക്കു ആദായകരമല്ല എന്നു നമുക്കറിയാം. തേക്കു നട്ടുവളർത്തുന്നതു യൂറോപ്പിൽ ജർമ്മനി മുതലായ രാജ്യങ്ങളിൽ കാണുന്നതുപോലെ മറ്റു വൃക്ഷങ്ങൾ നട്ടുവളർത്തുന്ന പതിവു ഇവിടെയില്ല. അപ്രധാനമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റിയിട്ടു അവർ ധാരാളം പണം ചെലവുചെയ്തും ക്ലേശിച്ചും വെട്ടിവളർത്തിയുണ്ടാക്കിയതാണു് ഈ കൃഷിക്കു കൂടിപോയാലുള്ള ഉപരിയാധിക്യത്തൽ ആക്ഷേപം. സ്ഥലത്തുള്ള വൃക്ഷങ്ങൾ മുഴുവനും വെട്ടിക്കളഞ്ഞു സ്ഥലം ഫോറസ്റ്റ്ഡിപ്പാർട്ടുമെൻറ് ഉൾപ്പെടുത്തുന്നതു കഷ്ടംതന്നെ. അത്തരം നയത്തെ ശക്തിയുക്തമായി എതിർക്കേണ്ടതാണെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് ഇടങ്ങിയപ്പോൾ വളരെ

കൊല്ലങ്ങളായി ആളുകൾ അനുഭവിച്ചുപോന്ന സ്ഥലങ്ങളെ റസ്റ്റ്രിക്ഷൻ അനുസരിച്ചു അതിൽ ഉൾപ്പെടുത്തി അവരെ അവിടെനിന്നും മാറിച്ചുകളഞ്ഞതായി എനിക്കറിയാം. ഇതിന്റെ ആർത്ഥം വസ്തു ഒന്നോ രണ്ടോ ഡിപ്പാർട്ടുമെന്റിലെ താഴ്ന്ന ജീവനക്കാരുടെയുള്ള പിണക്കമായിരിക്കും. ആ ജീവനക്കാരന്റെ യന്ത്രത്തിരിപ്പിന്റെ ഫലമായി ഗവർണ്ണന്റെ ശക്തിയെ സാധുക്കളിൽ പ്രയോഗിച്ചു അവരും അവരുടെ പൂർവ്വികന്മാരും അനുഭവിച്ചുപോന്ന വസ്തുക്കളെ വനംവകുപ്പു വസ്തുക്കളാക്കിത്തീർക്കുന്നു. റാന്നിയിൽ കർത്തായിന്റെ വസ്തുവിൽ നടത്തിയ കയ്യേറ്റം ഇതിനൊരു പ്രധാന ഉദാഹരണമാണ്. അവർ നാടുവാഴ്കയുള്ള രാജാക്കന്മാർ ആയിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രതിപക്ഷകക്ഷിയിൽ ഇങ്ങിനെ വാദിക്കുന്നതിനു ഞങ്ങൾക്കു അധികാരം ഉണ്ടോഎന്ന് അറിഞ്ഞാൾകൊള്ളാം.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വകുപ്പു): ഞാൻ ഒരുദാഹരണം പറഞ്ഞുവെന്നേയുള്ളൂ. അതിനെ തടയുന്നുവെങ്കിൽ പറയുന്നില്ല. വനംവകുപ്പിൽ മാരോഗത്തിരോട്ടം കാണിച്ചുപോന്നതിനെ ന്യായീകരിക്കത്തക്കതല്ല. അതിനെപറ്റിയിൽ കിട്ടിയിട്ടുള്ളസ്ഥലംകൊണ്ടു തൃപ്തിപ്പെടാതെ കൂടുതൽ വേണമെന്നു ആഗ്രഹിക്കുന്നതു അത്ഭുതകരംതന്നെ, അതിനെ ന്യായീകരിക്കത്തക്കതല്ല.

മി. ടി. ജെ. മാത്യു (ചെങ്ങന്നൂർ തിരുവല്ല): ഞാൻ സൂചിപ്പിച്ചസ്ഥലത്തു ഒരു തെങ്ങുനെ പലതരം കൃഷികൾചെയ്യുവാനുംഎന്നും ആരെപ്പാർപ്പിക്കുവാനും മറ്റും കൊണ്ടുവന്ന ഒന്നരവർഷത്തിനു കണ്ടിസർവേറുടെ ശരിയായ സമാധാനം പറയാൻ ഇല്ലാത്തതിൽ ഞാൻ അയിക്യമായി സന്തോഷിക്കുന്നു. അപ്പോഴത്തിനുള്ള സമാധാനം വളരെയുണ്ടെങ്കിലും ഈ സ്ഥലം റിസർവായി ഗവൺമെന്റു നിശ്ചയിച്ചു പോയിഎന്നും ഫോറസ്റ്റ്റസ്റ്റ്രിക്ഷൻ പ്രവൃത്തിരൂപത്തിൽ കൊണ്ടുവന്നതു ആളുകളുടെ അക്രമമായ കയ്യേറ്റത്തെ തടയുന്നതിനാണ് എന്നുംമാത്രമാകുന്നു. ഫോറസ്റ്റ്റസ്റ്റ്രിക്ഷൻ അനുസരിച്ചു ഇടത്തേതെയും അതല്ലഎന്നാണ് എന്റെ അഭിപ്രായം. ഞാൻപറഞ്ഞസ്ഥലം ഗവൺമെന്റു റിസർവായി സൂക്ഷിക്കാൻ തീർച്ചപ്പെടുത്തുകയാണെങ്കിൽ ഈ രാജ്യത്തുള്ള ൧൦൦ കുടുംബങ്ങളും താമസിക്കാൻ സ്ഥലംപോലുമില്ലാതെ അങ്ങുമിങ്ങും അലഞ്ഞുതിരിയേണ്ടതായി വന്നുപോകും. കയ്യേറ്റത്തെ തടയുന്നതിനു ഫോറസ്റ്റ് റസ്റ്റ്രിക്ഷനിലെ നടപടിക്രമം സ്വീകരിക്കണമെന്നുള്ള കൺസർവേറുടെ അഭിപ്രായം സ്വീകാര്യമല്ല. കാടുകളും സൂക്ഷിക്കുകയെന്നതു ആളുകൾക്കു ഉപയോഗമില്ലാത്തതും എന്നാൽ രപായുണ്ടാക്കുന്നതിനു ആവശ്യമായിട്ടുള്ളതും ആയ വനങ്ങളും സൂക്ഷിക്കുകയെന്നാണു ഞാൻ മനസ്സിലാക്കിയിരുന്നതു്. ഇവിടെ ആർത്ഥമാസം ഉണ്ടെന്നുള്ള ഏകകാരണം ഈ റിസർവായി സൂക്ഷിക്കാൻ പാടില്ല എന്നതെളിയിക്കുന്നു. മിസ്റ്റർ ധനുക്കോടിപ്പിള്ളയുടെ ൫൦൦ രൂപകൊടുത്തു് അപ്പോഴത്തെ വിക്ഷുബ്ധിപ്പിക്കണമെന്നു് എനിക്കു ആഗ്രഹമില്ല. ഈ സംഗതി ഗവൺമെന്റു ശ്രദ്ധയിൽ കൊണ്ടുവരണമെന്നേ എനിക്കുണ്ടായിരുന്നുള്ളൂ. ഞാൻഅല്പകാലത്തെ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രമേയം പിൻവലിക്കുന്നതിനെ ഞാൻ എതിർക്കുന്നു. പ്രമേയം ഈ സഭയിൽ വോട്ടിനിടണം.

മി. വി. സുബ്ബയ്യർ (ഗവൺമെന്റു നിയമമന്ത്രം) (ഡിപ്യൂട്ടിപ്രഡിഡന്റു): ഒരുപ്രമേയം പിൻവലിക്കുന്നതിനു ഒരുമെമ്പർ അനുവദിക്കുന്നില്ല എങ്കിൽ ഈ സഭപ്രമേയം പിൻവലിക്കുന്നതിനു അനുമതിയിക്കുന്നുവോ എന്നാണ് അറിയേണ്ടതു.

പ്രസിഡന്റു: ഞാൻ ഈ സഭയുടെ അഭിപ്രായംഅറിയാം.

പ്രമേയം പിൻവലിക്കുന്ന സംഗതിവോട്ടിനിട്ടതിൽ ഭൂരിപക്ഷം മെമ്പറന്മാർ അപ്രകാരംചെയ്യുന്നതിനു അനുവദിച്ചു.

പ്രമേയം ൩൬.

താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

മി. എം. ശിവതാണുപിള്ള.

൩൬. ആകെയുള്ള ൭.൯൫ ലക്ഷംരൂപായിൽനിന്നും ൫൦൦ രൂപകുറക്കണം.

പ്രസിഡന്റു. ൪൰നമ്പർ ഡിമാൻഡ് അനുസരിച്ചു വനംവകുപ്പിലേക്കു ൭.൯൫ ലക്ഷംരൂപ ഈസഭ അനുവദിച്ചിരിക്കുന്നതായി വിചാരിക്കുന്നു.

അപേക്ഷഅനുസരിച്ചു ഗ്രാന്റു അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൫. സ്റ്റാമ്പു്.

മി. കെ. ജോസ് (കോഫറന്റാൻഷ്യൽ സെക്രട്ടറി): ൫-ാംനമ്പർ ഡിമാന്റായി സ്റ്റാമ്പുവകയ്ക്കു വേ൫൦൦൦ രൂപയിൽ അധികരിക്കാത്ത തുകമാത്രം അനുവദിക്കേണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

പ്രമേയം ൩൭.

താഴെപറയുന്ന പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള.

൩൭. എസ്റ്റാബ്ലിഷ്മെന്റു ചെലവിലേക്കുള്ള ൯൯൯൯൯ രൂപയിൽ ൯൦൦ രൂപകുറയ്ക്കണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഫാജരാക്കുന്നു—

൩൭. യന്ത്രങ്ങൾവാങ്ങുന്നതിനും നന്നാക്കുന്നതിനുമായിനിഷ്കർഷിച്ചിട്ടുള്ള വ൦൦൦ രൂപയിൽ ൫൦൦൦ രൂപകുറക്കണം എന്നാകുന്നു.

ഒരു വാർഫെഡൽ സ്റ്റാമ്പിങ്ങ് യന്ത്രവും അതുപോലെയുള്ളതിനുള്ള യന്ത്രവും വാങ്ങുന്നതിനും മറ്റുമാണ് വ൦൦൦ രൂപ ആവശ്യപ്പെട്ടിട്ടുള്ളതെന്നു തോന്നുന്നു. ഈ ആവശ്യത്തിയായി കഴിഞ്ഞ കൊല്ലത്തിൽ ആവശ്യപ്പെട്ടിരുന്നതുക ൫൦൦൦ രൂപാമാത്രമായിരുന്നു കഴിഞ്ഞകൊല്ലത്തിൽ സ്റ്റാമ്പുഉണ്ടാക്കുവാനും പശതേയ്പ്പാനും എങ്ങിനെ യടത്തി എന്നുപറഞ്ഞുകാണുന്നില്ല. സ്റ്റാമ്പുണ്ടാക്കുന്നതിനും പശതേയ്പ്പുന്നതിനും ഏതൊരുതരം യന്ത്രങ്ങളാണ് അവിടെയുണ്ടെന്നാണ് എനിക്കറിയേണ്ടതു്. ആ യന്ത്രങ്ങൾക്കു എന്തുസംഭവിച്ചു എന്നുപറയുന്നില്ല. അവയെപ്പറ്റിയുള്ള പൂർണ്ണവിവരം പറഞ്ഞുകാണാത്തതുകൊണ്ടു ഈ സഭയുടെ അറിവിലേക്കു വേണ്ട ചോദ്യങ്ങൾ ചോദിച്ചു് അതിന്റെ ന്യായന്യായങ്ങളെ വെളിപ്പെടുത്താമെന്നു ഞാൻ വിചാരിച്ചു. ആ ഉദ്ദേശ്യത്തോടുകൂടിയാണ് ഈ പ്രമേയം അയച്ചിട്ടുള്ളതു്.

മി. കെ. ജോസ് (കൈഫനാൻഷ്യൽ സെക്രട്ടറി): അതേസംബന്ധിച്ചുള്ള സംഗതികൾ ഞാൻപറയാം. ഓരോകൊല്ലവും യന്ത്രങ്ങൾ നന്നാക്കുന്നതിനും മറ്റുമായി കുറെചെലവുവരുന്നുണ്ട്. ഫാൻ ഉ-ൽ ആ വകയ്ക്ക് ഉടനെ രൂപയും ഫാൻവു-ൽ ഒന്നര രൂപയും ഫാൻസ-ൽ രണ്ടര രൂപയും ചെലവായിട്ടുണ്ട്. അതുപോലെ നന്നാക്കുന്നതിനുള്ള സാധാരണചെലവാണ്. അടുത്തകൊല്ലത്തേക്ക് വേറെ രൂപനിശ്ചയിച്ചിട്ടുള്ളതിൽ ഒരു വാർഫെഡൽ സ്റ്റാമ്പിങ്ങ്പ്രസ്സോ വേറെ ഏതെങ്കിലും നല്ല ഒരുപകരണമോ വാങ്ങുന്നതിനു രൂപവേണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനോടുതുല്യമായ ഏതെങ്കിലും ഇപ്പോൾ അവിടെഉണ്ടോഎന്നു മിസ്റ്റർ ജോസിനുപറയാമോ?

മി. കെ. ജോസ് (കൈഫനാൻഷ്യൽ സെക്രട്ടറി): ഇല്ല. അങ്ങിനെയുള്ള ഒരുയന്ത്രവും അവിടെഇല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പുതിയന്ത്രം കൊണ്ടുചെയ്യാൻ ഉദ്ദേശിക്കുന്നജോലികളെ ചെയ്യാൻ ഉപയോഗിക്കുന്നതിനു ഒരുയന്ത്രവും അവിടെഇല്ലേ?

മി. കെ. ജോസ് (കൈഫനാൻഷ്യൽ സെക്രട്ടറി): ഈ പുതിയയന്ത്രം ആവശ്യപ്പെടുന്നതിന്റെ കാരണം എന്താണെന്നു ഞാൻപറയാം. അവിടെഅനേകം യന്ത്രങ്ങൾഉണ്ട്. അവയിൽ ചിലതുകാലപ്പഴക്കംകൊണ്ടു പഴുപ്പിതിരിക്കേണ്ടവയാണ്. അങ്ങിനെ മുളകുപോലുള്ളവ അച്ചടിക്കുന്നതിനു ഉപയോഗിച്ചുവരുന്ന യന്ത്രങ്ങൾക്കു വളരെ പഴക്കം ചെന്നതുപോയി ഫാ വു-ൽ സ്റ്റാമ്പു ആഫീസു ഇങ്ങോട്ടു മാറിയപ്പോഴും ആയന്ത്രങ്ങൾ അവിടെതന്നെയുണ്ടായിരുന്നുഎന്നാണ് എനിക്കുതോന്നുന്നതു. അങ്ങിനെ മുളകുപോലുള്ളവ അത്രയധികം അല്ലഎന്ന എല്ലാപേർക്കും അറിയാം. മുളകുപോലെതന്നെ അതിനസഹിഷ്ണുത വഹിക്കുന്ന, അതിനുള്ള കാരണം അച്ചടിക്കുന്നതിന് നല്ലയന്ത്രങ്ങൾ ഇല്ലാത്തതുകൊണ്ടാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോൾഉള്ളയന്ത്രങ്ങൾ ഉപയോഗശൂന്യങ്ങളാണെന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടോ?

മി. കെ. ജോസ് (കൈഫനാൻഷ്യൽ സെക്രട്ടറി): ഞാൻതന്നെ അവരെയകണ്ടിട്ടുണ്ട്. യന്ത്രംനടത്തുന്നതു കൈകൊണ്ടാണ്. അതുകൊണ്ടു ആ ജോലി അശേഷം ചെയ്കൃതയില്ലാത്തതാണ്, പണമെപ്പോഴും കൈയ്കൊണ്ടുചെയ്യുന്നതു ഏറ്റവും ക്ലേശകരമാണ്. നാംഒരുനല്ലയന്ത്രം വരുത്തുന്ന എങ്കിൽ ഈ രണ്ടുജോലികളും വളരെതൃപ്തികരമായി ചെയ്യാൻ സാധിക്കുന്നതാണ്. സ്റ്റാമ്പുണ്ടാക്കുന്ന സമ്പ്രദായത്തെ നന്നാക്കുന്നതിനായിട്ടാണ് ഒരു പുതിയയന്ത്രം വേഗത്തിലാക്കുന്നതു. നവീനസമ്പ്രദായം അനുസരിച്ചുള്ള ജോലിനടത്തിപ്പിനു ഈ യന്ത്രം അത്യാവശ്യമാണ്. മുളകുകളുടെ ആകൃതി തൃപ്തികരമല്ല എന്നുചിലപ്രതികരം ഉണ്ടായിട്ടുണ്ട്. സ്റ്റിട്ടീഷ് ഇൻഡ്യയിലും മറ്റുചില രാജ്യങ്ങളിലും ഉപയോഗിച്ചുവരുന്ന സ്റ്റാമ്പുകളുമായി നമ്മുടെ സ്റ്റാമ്പുകളെ താരതമ്യപ്പെടുത്തിനോക്കിയാൽ നമ്മുടെ സ്റ്റാമ്പുകൾ എത്ര ചീത്തയാണെന്നുകാണാവുന്നതാണ്. ഇതിനുള്ള കാരണം അച്ചടിജോലിനടത്തുന്നതു ഇൻഡ്യയിലല്ല ഇംഗ്ലണ്ടിൽആണ് എന്നുള്ളതാകുന്നു. ഈ ആവശ്യത്തിനാണ് ൭൦൦൦ രൂപ ചെലവാക്കണമെന്നു വിചാരിക്കുന്നതു്.

പരാതികുന്നതിനുള്ളയന്ത്രം വരുത്തുന്നതിനാണ് ഒന്നര രൂപ ഇപ്പോൾ പല കൈകൊണ്ടാണ തെറ്റുവരുന്നതു്.

മി. വി. സുബ്ബയ്യർ (ധനകാര്യനിർവഹണ തിയമനം) (ഡിപ്യൂട്ടിപ്രസിഡൻറ്): ഇപ്പോൾ പരാതിക്കാറുണ്ടോ?

മി. കെ. ജോസ് (കൈഫനാൻഷ്യൽസെക്രട്ടറി): ഇപ്പോൾ അവ വാങ്ങിനോക്കിയാൽ അവയിൽ പരാതിപ്പെട്ടിട്ടുള്ളതായികാണാവുന്നതാണ്, അതു കൈകൊണ്ടുചെയ്യുന്നതാകകൊണ്ടു എല്ലായിടത്തും ഒരുപോലെ പതികാണുകയില്ല. ഒരുപോലെ പരാതിക്കുന്നതിനു ഒരു യന്ത്രം ഉണ്ടെങ്കിൽ മാത്രമേ സാധിക്കയുള്ളൂ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): യന്ത്രംവരുത്തിക്കഴിഞ്ഞാൽ അവിടെയുള്ള ജീവനക്കാരുടെസംഖ്യ കുറക്കാൻ സാധിക്കുമോ?

മി. കെ. ജോസ് (കൈഫനാൻഷ്യൽസെക്രട്ടറി): നിശ്ചയമായും ചില കുറവുകൾവരുത്താൻ സാധിക്കുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഈ സബ്ജക്ട് ഇതേപ്പറ്റി ഒന്നും പറയാനില്ലെങ്കിൽ ഞാൻ ഇതിൽ നിർബന്ധിക്കുന്നില്ല. ഞാൻ വാദപ്രതിവാദത്തിനായിട്ടാണ് ഈ പ്രമേയം ഹാജരാക്കിയിട്ടുള്ളതു്. സഭയുടെ ഈ മോഷനുള്ള മെമ്പറന്മാർക്ക് ഇതിൽ അത്ര തൃപ്തിയില്ല എന്നു കാണുന്നതിനാൽ ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളുന്നു. (ചിരി).

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം ൩൫.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ); സർ, എന്റെ പ്രമേയം ഇതാണ്—

കാർഡുബോർഡുമുതലായവ വാങ്ങുന്നതിനുള്ള ഫാ൨൦൦൦ രൂപയിൽ ൨൦൦൦ രൂപ കുറയ്ക്കുന്നതും.

ഇതേസംബന്ധിച്ചുള്ള മുൻകൊല്ലങ്ങളിലെ അക്കങ്ങൾ പരിശോധിക്കുന്നതായാൽ ഫാൻൻ-ൽ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ളതു ഫാ൧൦൦൦ രൂപമാത്രമാണെന്നു കാണാവുന്നതാണ്.

ഫാ൨൦൦-ലെ ബഡ്ജറ്റ്എസ്റ്റിമേറ്റിൽ അതുയരെ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അതു ഫാ൨൦൦൦ ആയിവർദ്ധിക്കുന്നതിനുള്ള കാരണം മനസ്സിലാകുന്നില്ല. അതിൽ മനസ്സിലാക്കാൻ അശക്യമായിട്ടുള്ള 'മുതലായവ' (ചിരി) എന്നതുമാത്രം കാണുന്നുണ്ട്. കാർഡുബോർഡു വരുത്തുന്നതിനു എന്തു ചിലവുവരുമെന്നും "മുതലായവക്കായി" എന്തു ചിലവുവരുമെന്നും വ്യക്തമാക്കിയിട്ടില്ല. ഇവയാണ് പ്രമേയം ഹാജരാക്കുന്നതിനു കാരണമായിട്ടുള്ളതു്. അതിനാൽ ഞാൻ പ്രമേയം ഹാജരാക്കികൊള്ളുന്നു.

മി. കെ. ജോസ് (കൈഫനാൻഷ്യൽസെക്രട്ടറി): കണക്കു പരിശോധിക്കുന്നതിൽ മി. നാരായണപിള്ള വേണ്ടതോളം പുരോഗമനം ചെയ്തിട്ടില്ല. അദ്ദേഹം അപ്രകാരം ചെയ്തിരുന്ന എങ്കിൽ ഫാ൧൫-ൽ ചെലവായ രൂപയും, ഫാൻന്യ-ൽ നടപ്പു൦൦ രൂപയും, ഫാൻ൭-ൽ നടപ്പു൭൫ രൂപയും, ഫാൻവു-ൽ

ക്രമവും 5 രൂപയും, ക ൻ ൻ-ൽ ക ൻ സ്ട ൻ 5 രൂപയും ചിലവായിട്ടുണ്ടെന്നു കാണാവുന്നതാണ്. ഇതിൽനിന്നും വെളിവാകുന്നതു—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബഡ്ജറ്റിൽ ക ൻ ൻ-ലെ കണക്കുമാത്രമേ കാണിച്ചിട്ടുള്ളൂ.

മി. കെ. ജോർജ്ജ് (ട്രൈനാൻഷ്യൽസെക്രട്ടറി): അടുത്തവർഷത്തേക്കു ക ട ൻ ൻ രൂപ ആവശ്യപ്പെടുന്നതിനുള്ള കാരണം പ്രധാന സ്റ്റാമ്പുഡിപ്പോവിൽനിന്നും സ്റ്റാമ്പാഫീസിൽ ആവശ്യപ്പെട്ടിട്ടുള്ള മുൻകൊല്ലത്തേക്കാൾ 5 ലക്ഷം കൂടുതലായിട്ടാണ് എന്നുള്ളതാകുന്നു. ഡ 5 ലക്ഷം കാർഡും ഡ 5 ലക്ഷം അഞ്ചൽകൂടുകളും—ഇതാണു മുതലായവ—പ്രധാന സ്റ്റാമ്പാഫീസിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കാർഡിനും കവറിനുംള്ള ആവശ്യം വർദ്ധിക്കുന്നതിനോടുകൂടി അതിനു ആവശ്യമുള്ള സാധനങ്ങളും കൂടുതലായി കൊടുക്കാതെ നിവൃത്തിയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്റ്റാമ്പാഫീസിൽ ഇപ്പോൾ മിച്ചമിരിക്കുന്ന കാർഡുകളുടേയും കവറുകളുടേയും സൂക്ഷ്മമായ എണ്ണം എത്രയാണെന്നു പറയാമോ?

മി. കെ. ജോർജ്ജ് (ട്രൈനാൻഷ്യൽസെക്രട്ടറി): അച്ചടിച്ചതോ അച്ചടിക്കാത്തതോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അച്ചടിച്ചതു്.

മി. കെ. ജോർജ്ജ് (ട്രൈനാൻഷ്യൽസെക്രട്ടറി): സൂക്ഷ്മമായ എണ്ണം പറയാൻ നിവൃത്തിയില്ല. തന്നാണ്ടു ആവശ്യത്തിൽ കൂടുതലായി ന്യൂ മാസത്തേക്കുള്ളതുകൂടി ഞങ്ങൾ സ്റ്റാക്കായി സൂക്ഷിക്കുന്നുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സാധാരണമായി കുറെ ശിഷ്ടംവരാറില്ല.

മി. കെ. ജോർജ്ജ് (ട്രൈനാൻഷ്യൽസെക്രട്ടറി): നിശ്ചയമായും ഉണ്ടായിരിക്കും. അല്ലാത്തപക്ഷം മറ്റൊരുജനങ്ങൾക്കും വലുതായ അടസന്തരപ്പുണ്ടാകും ബുദ്ധിമുട്ടുകളും സഹിക്കേണ്ടതായിവരും. ഒരു നിമിഷത്തിനകം കാർഡുകളും മറ്റും ഉണ്ടാക്കാൻ സാധിക്കയില്ല. അതുകൊണ്ടു ആവശ്യപ്പെട്ടുന്ന എണ്ണം അധികരിക്കുമ്പോൾ കൂടുതൽ കാർഡുബോർഡുകളും കൂടുകളും വാങ്ങേണ്ടതായിവരും. ക ഡ ൻ ൻ രൂപ ആവശ്യപ്പെട്ടിട്ടുള്ളതു ഇതിനാണ്. എന്നാൽ ഇതുകൊണ്ടുതന്നെ മതിയാകുമോ എന്നുണ്ടോൻ സംശയിക്കുന്നു. ഇവ മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കുന്നതുകൂടുതലല്ല. കഴിഞ്ഞകൊല്ലത്തെസംഖ്യയുമായി നോക്കുമ്പോൾ ഇതു മതിയാകുമെന്നു തോന്നുന്നില്ല. ഇപ്പോൾ ഈ തുകമാത്രമേ അച്ചടിപ്പാൻ ഫാക്ടറിക്കിയിട്ടുള്ളൂ. അതു സമയത്തു കിട്ടുമെന്നും വിശ്വസിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഈ പ്രാവശ്യം ഞാൻ കീഴടങ്ങാൻ നിശ്ചയിച്ചിട്ടില്ല. (ചിരി) സ്റ്റാക്കിൽ എണ്ണമിച്ചംവരുമെന്നു അറിയാതെ അടുത്തകൊല്ലത്തേക്കു എണ്ണം ചിലവുവരുമെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല.

മി. ജോർജ്ജ് മുൻകൊല്ലങ്ങളേക്കാളധികമായി എങ്കിലും ആവശ്യമായിട്ടുള്ളതു യാതൊന്നും പറഞ്ഞിട്ടില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്. അടുത്തുകഴിഞ്ഞ കൊല്ലത്തെ കണക്കു എന്നു അനുകൂലിക്കുന്നു. അതുകൊണ്ടു പ്രമേയം പോട്ടിനിടണമെന്നതന്നെയാണു ഞാൻ ആവശ്യപ്പെടുന്നതു്. പിന്നീടു കൂടുതൽവേണ്ടുക ആവശ്യമായി വരുന്നുവെങ്കിൽ മെമ്പറിനു അപ്പോൾ ഒരു അനുബന്ധ ഫാക്ടറുക്കാമല്ലോ? ഈ സംഗതികളെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പ്രമേയം പോട്ടിനടണമെന്നു ആവശ്യപ്പെടുകയും ചെയ്യുകൊള്ളുന്നു.

മി. കെ. ജോർജ്ജ് (ട്രൈനാൻഷ്യൽസെക്രട്ടറി): സർ, കഴിഞ്ഞകൊല്ലങ്ങളിലെ കണക്കും മി. പി. കെ. നാരായണപിള്ളയെ അനുകൂലിക്കുന്നില്ല. ക ൻ വ-ൽ ക ക ട ൻ രൂപയും, ക ൻ ൻ-ൽ ക ഡ ട ൻ രൂപയുമാണു ചെലവു്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ പൊരുത്തക്കേടിനു കാരണം എന്താണ്?

മി. കെ. ജോർജ്ജ് (ട്രൈനാൻഷ്യൽസെക്രട്ടറി): മുമ്പുകാലങ്ങളിലും അതിനു മുടർന്നുള്ള ചിലവർഷങ്ങളിലും സാമഗ്രികളുടെവില വർദ്ധിച്ചിരുന്നു എന്നുള്ളതാണു ഒന്നാമതായുള്ള കാരണം. മുൻകൊല്ലങ്ങളിലെ കണക്കുകൾ അടിസ്ഥാനത്തിൽ അനുകൂലിക്കുന്നതുണ്ടെങ്കിൽതന്നെയും ക ഡ ട ൻ രൂപ കുറവുചെയ്യുന്നതിനുള്ള ന്യായമേകാണുന്നുള്ളൂ. എന്നാൽ ക ൻ ൻ-ൽ ക ഡ വുസ്ട 5 രൂപ ചിലവുണ്ടായിരുന്നതുകൊണ്ടു അതും കുറവുചെയ്യാൻനിവൃത്തിയില്ല. കൂടാതെ ഞാൻ മുമ്പുപറഞ്ഞതുപോലെ പ്രധാന സ്റ്റാമ്പുഡിപ്പോവിൽനിന്നും ക ക ട ൻ-ലേക്കു ആവശ്യപ്പെട്ടിട്ടുള്ളതു ഡ 5 ലക്ഷം കവറിനും ഡ 5 ലക്ഷം കാർഡിനുമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങിനെ ആവശ്യപ്പെട്ടതു എന്നാണ് എന്നു പറയുമോ?

മി. കെ. ജോർജ്ജ് (ട്രൈനാൻഷ്യൽസെക്രട്ടറി): പതിവുപോലെ രണ്ടുമാസങ്ങൾക്കു മുമ്പാണെന്നു തോന്നുന്നു. സ്റ്റാമ്പിനത്തിലുള്ള ആദായവർദ്ധനകൊണ്ടു കാർഡിന്റെയും കവറിന്റെ ആവശ്യം വർദ്ധിച്ചുവരുന്നതായി കാണാവുന്നതാണു. പൊതുജനങ്ങൾക്കു അസൌകര്യമുണ്ടാകാത്ത വിധത്തിൽ ഒരു കുറവും ചെയ്യാൻ സാധിക്കയില്ല എന്നാണു എന്റെ അഭിപ്രായം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്റ്റാമ്പാഫീസിൽ കുറെ കടലാസു നഷ്ടപ്പെട്ടില്ലേ

മി. കെ. ജോർജ്ജ് (ട്രൈനാൻഷ്യൽസെക്രട്ടറി): കോർട്ടഫീസു കടലാസു കുറെ നഷ്ടപ്പെട്ടുപോയി. എന്നാൽ കാർഡുബോർഡിൽ ഒരു നഷ്ടവും ഉണ്ടായിട്ടില്ല. കാർഡിലും കവറിലുമുള്ള സ്റ്റാക്കു കുറഞ്ഞുപോകയാണെങ്കിൽ പൊതുജനങ്ങൾക്കാണു കഷ്ടപ്പെടുന്നതു. ഈ കാരണങ്ങളാൽ അപേക്ഷിച്ചിട്ടുള്ള ക ഡ ട ൻ രൂപയും അത്യാവശ്യമായിട്ടുണ്ടെന്നു ഇരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ക ൻ ൻ ൻ രൂപാ കുറച്ചു ഒരു രാജിയായി തീരുന്നതിനു മിസ്റ്റർ ജോർജ്ജ് സമ്മതിക്കുന്നോ?

മി. കെ. ജോർജ്ജ് (ട്രൈനാൻഷ്യൽസെക്രട്ടറി): ഇല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ പ്രമേയം പോട്ടിടണമെന്നു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

പ്രമേയം പോട്ടിനിട്ടതിൽ ക ൻ പേർ അനുകൂലിക്കയും ഡ 5 പേർ പ്രതികൂലിക്കയും ചെയ്കയാൽ തള്ളപ്പെട്ടുപോയി.

പ്രമേയം നൂൻ.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോട്ടം): സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളട്ടെ.

നൂൻ, ആഫീസുസാമാനങ്ങൾ വാങ്ങുന്നതിനും അറ്റകുറ്റം പോക്കുന്നതിനുമായി നിശ്ചയിച്ചിട്ടുള്ള ൨൦൦ രൂപയിൽ ൧൦൦ രൂപ കൂടുക്കണം.

സാമാനം എല്ലാ ആണ്ടിലും തന്നാക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. മാറ്റോ ആണ്ടിലും സാമാനം വാങ്ങുന്നതിൻ പണം ചെലവാക്കുന്നതു ന്യായമല്ല. അതുകൊണ്ടു ഈ ഇനത്തിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. ജോർജ്ജ് (തെഹനാൻസ്ത്രൽസെക്രട്ടറി): ഞാൻ ആ കുറവും സ്വീകരിക്കുന്നു.

പ്രമേയം പാസ്സാക്കപ്പെട്ടതായി പ്രസ്താവിച്ചു.

പ്രമേയം ൭൦.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോട്ടം) സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളട്ടെ.

൭൦. ആഫീസുചിലവുകൾക്കും മറ്റു ചില്ലറ ചെലവുകൾക്കുമായുള്ള ൪൦൦ രൂപായിൽ ൧൩൦ രൂപ കുറയ്ക്കണം.

മുമ്പാരവസരത്തിൽ പറഞ്ഞതുപോലെതന്നെ ഈ സംഗതിയിലും വീണ്ടും പറയേണ്ടതായിരിക്കുന്നു. അതുകൊണ്ടു ഈ തുകയും കുറയ്ക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. കെ. ജോർജ്ജ് (തെഹനാൻസ്ത്രൽസെക്രട്ടറി): സർ, ഹാജരാക്കുന്ന കുറവുകൾ എല്ലാം വരുത്താൻ സാധിക്കയില്ല. ആഫീസുചെലവുകളും ചില്ലറചെലവുകളും ഒരിനത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള കാരണങ്ങൾ പറയാം. രണ്ടുകൊല്ലം മുൻപുവരെ ഇവ രണ്ടിനത്തിൽ ആണ് കൊള്ളിച്ചുവന്നിരുന്നതു്. എന്നാൽ ആഫീസുചെലവുകളേയും ചില്ലറചെലവുകളേയും പ്രത്യേകിരിക്കുന്നതു വിഷമമായി അനുഭവംകൊണ്ടു അറിഞ്ഞു അതേകം ഉപയോഗപ്പെടുകളെ കുറയ്ക്കുന്നതിനാണ് ഇവ ഒരുമിച്ചുചേർത്തിട്ടുള്ളതു്. ആഫീസുചിലവു ഏതെല്ലാം എന്നും ചില്ലറചെലവുകൾ ഏതെല്ലാമെന്നും നിശ്ചയിക്കുന്നതു വളരെ പ്രയാസമാണ്.

സ്റ്റാമ്പിനത്തിൽചെലവുകളും ചില്ലറചെലവുകളും ൧൯൨൪ മുതൽ വളരെ കുറഞ്ഞുവരികയാണ്. ൧൯൨൪-ൽ + ൪൭൫ രൂപയും, ൧൯൨൫-ൽ ൩൯൨ രൂപയും, ൧൯൨൬-ൽ ൪൦൦ രൂപയും, ൧൯൨൭-ൽ ൪൨൭ രൂപയും, ൧൯൨൮-ൽ ൨൩൫ രൂപയും ആയി കുറഞ്ഞിട്ടുണ്ട്. ൧൯൨൯-ലേക്കു ഇതുംകൂടെ ആവശ്യപ്പെടുന്നതിലേക്കു വിശേഷാൽ കാരണങ്ങളൊന്നുമുണ്ട്. പുതിയകാർഡുകൾക്കു പുതിയ ചായം ഉപയോഗിക്കാനാണ് വിചാരിക്കുന്നതു. പുതുതായി അച്ചടിക്കാൻ ഉദ്ദേശിക്കുന്ന കാർഡുകൾക്കായി മദ്രാസിലെ ഒരു കമ്പനിയിൽനിന്നും "മതർഡെ" എന്ന ഒരുവക ചായം വരുത്തിക്കഴിഞ്ഞു. അതിൽനിന്നും "ഇലക്ട്രോ" എടുക്കുന്നതിനു കുറെ പണം ചെലവുണ്ട്. അതാണ് അടുത്തകൊല്ലത്തിൽ കുറെ അധികം പണം ആവശ്യമുള്ളതു്. ൧൯൨൪ മുതൽ ഈ ഇനത്തിലുള്ള ചെലവു ക്രമേണ കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. അതിനുമുമ്പുണ്ടായിരുന്ന ചെലവു ഇപ്പോഴത്തേതിൽ ഇരട്ടിയായിരുന്നു. ഈ തുക ചായമിടുന്നതിനുള്ള ഉപകരണങ്ങൾക്കും പ്രധാനസ്റ്റാമ്പു ഡിപ്പോവിലേക്കു സ്റ്റാമ്പാഫീസിൽനിന്നും സ്റ്റാമ്പയക്കുന്നതിനും മറ്റുമായിട്ടാണ്. സ്റ്റാമ്പാഫീസിൽതന്നെ ഉണ്ടാക്കുന്ന റോളറിനു പണച്ചിലവുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അവിടെ ഒരു കൊല്ലുപണി വേലക്കാരൻ ഇല്ലേ?

മി. കെ. ജോർജ്ജ് (തെഹനാൻസ്ത്രൽസെക്രട്ടറി): ഉണ്ട്.

മി. എൻ. പിള്ള (തിരുവനന്തപുരം): അപ്പോൾ ചായത്തിനു മദ്രാസിലേക്കു എഴുതി അയച്ചുതിനേക്കാൾ ആവശ്യം എന്തെന്നു പറയുമോ?

മി. കെ. ജോർജ്ജ് (തെഹനാൻസ്ത്രൽസെക്രട്ടറി): കുറെക്കൂടി നല്ല ചായം കിട്ടുന്നതിനുതന്നെ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ആ കൊല്ലുവേലപ്പണിക്കരൻ അതുണ്ടാക്കാൻ സമർത്ഥനല്ലേ?

മി. കെ. ജോർജ്ജ് (തെഹനാൻസ്ത്രൽസെക്രട്ടറി) ഞാൻ അറിഞ്ഞുതുടങ്ങിയപ്പോൾ മുതൽക്കു അങ്ങിനെ അല്ല. സർ കാർഡിനേറയും കവറിനേറയും പുറത്തുള്ള മുദ്രകൾ ഇച്ചികരമല്ല എന്നു പരാതി ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് രാജ്യത്തിനകത്തു നല്ല പരിചയമുള്ള ഒരു കമ്പനിയിൽനിന്നും ചായം വരുത്തിയതു്. ഇങ്ങിനെ എല്ലാമാണ് ഈ പണത്തിനുള്ള ചെലവു. ഓരോ കൊല്ലം കഴിയുന്തോറും ഈ ഇനത്തിലുള്ള ചെലവു കുറഞ്ഞുവരികയാണു ചെയ്യുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോട്ടം): മിസ്റ്റർ ജോർജ്ജിനേറ സമാധാനങ്ങൾ കേട്ടുകൊണ്ടു ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രമേയം ൭൫.

താഴെപ്പറയുന്ന പ്രമേയം ഹാജരാക്കിയില്ല.

മി. ടി. കുമാരപിള്ള

൭൫. സ്റ്റാമ്പുണ്ടാക്കുന്നതിനുള്ള ൨൦൭൫ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

പ്രമേയം 9 ഡ

മി. എം. എൻ. പിള്ള (തിരുവനന്തപുരം) സർ, താഴെ പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കാൻ അനുമതി തരുമല്ലോ.

ഈ ഡ, സ്റ്റാമ്പുശാലയിലെ ഡ വുന്ന രൂപയിൽ കുറയാത്ത രൂപ കുറയ്ക്കണം.

ഫസ്റ്റ്ക്ലാസ്സിലായിരുന്നപ്പോൾ ഈ അസോസിയേഷനിലുള്ള ചില സുഹൃത്തുക്കളുടെ ന്യായമായ അവകാശങ്ങളെ അംഗീകരിച്ചു മി. ചാക്കോയെ സ്റ്റാമ്പുശാലയിലെ സൂപ്രണ്ടായി അവരുടെ മേൽ കയറാംചെയ്ത അനീതിയെ ചൂണ്ടിക്കാട്ടുകയെന്നുള്ളതാണ് ഈ പ്രമേയം അവതരിപ്പിക്കുന്നതിൽ എനിക്കുള്ള ഉദ്ദേശ്യം. ആ വിഷയത്തെ പുരസ്കരിച്ചു സംസാരിക്കാൻ പാടില്ല എന്നു താങ്കൾ ഇന്നു രാവിലെ എനിക്കു കിട്ടിയതു കൊണ്ടു ഇത്രയുംപറഞ്ഞു നിറുത്തണമെന്നു വിചാരിക്കുന്നില്ല.

സർ, സ്റ്റാമ്പു താപ്പിലെ സൂപ്രണ്ടുദ്യോഗം മി. ചാക്കോ കയ്യേറുന്നതിൽ പിന്നിട്ട അവിടെ ഉണ്ടായിട്ടുള്ള തിയമനങ്ങളെപ്പറ്റി കിലയും പറയാനുണ്ട്. അദ്ദേഹം ചാർജ്ജു മേറ്റതിനുശേഷം അവിടെ നടത്തിയിട്ടുള്ള തിയമനങ്ങളെ സംബന്ധിച്ചും പ്രമോഷനെ സംബന്ധിച്ചും ആഫീസുസിൽബന്ധിച്ചുള്ളടെ ഇടയിൽപോലും വ്യാപകമായ അതൃപ്തി ഉണ്ടാക്കിയിട്ടുണ്ട്. അദ്ദേഹം ചാർജ്ജെടുക്കുന്നതിനുശേഷം അവിടെ നടത്തിയിട്ടുള്ള പല നിയമനങ്ങളിൽനിന്നും ഈ ആഫീസിൽ പകരം ജോലിനോക്കിയിട്ടുള്ള പലരുടേയും അവകാശങ്ങളെ ഗണ്യമാക്കാതെ സ്വന്തം ജാതിയിൽപെട്ടവരെ നിയമിച്ചിട്ടുണ്ട്. അവരിൽ ചിലർ ഈ അതിതികളെ കാണിച്ചു മഹാരാജാവിന്റെ തിരുമനസ്സിലേക്കും തപാൽമന്ത്രിയിലേക്കും സങ്കടഹർജികൾ അയച്ചിട്ടുള്ളതായും തപാൽമന്ത്രി അവരെ തിരികെ നിയമിച്ചു കൊള്ളണമെന്നു ഉത്തരവിട്ടിട്ടുള്ളതായും അറിയുന്നു.

മി. കെ. വൈ. ജോസഫ് (മീനച്ചിലും ഭേവികുളവും): അവിടെ ആരെയുള്ള കീഴ്ജീവനക്കാരുടെ സംഖ്യ എത്രയെന്നു പറയാമോ?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഏകദേശം ഡ 9 0 ആണെന്നു തോന്നുന്നു. എനിക്കു തിട്ടമില്ല.

മി. കെ. വൈ. ജോസഫ് (മീനച്ചിലും ഭേവികുളവും): ആ ആഫീസിൽ ആകെ ഉള്ളവരുടെ എണ്ണം?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എനിക്കറിഞ്ഞുകൂടാ.

മി. കെ. വൈ. ജോസഫ് (മീനച്ചിലും ഭേവികുളവും): മി. ചാക്കോയുടെ സ്വവർഗ്ഗക്കാരും മറ്റു വർഗ്ഗക്കാരുമായി ആ ആഫീസിൽ ഉള്ള പേരുടെ താരതമ്യക്കണക്കു പറയാമോ?

മി. എം എൻ. പിള്ള (തിരുവനന്തപുരം): എനിക്കതെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. മി. ജോസഫിനു ഈ സംബന്ധമായ കണക്കുകൾ രേഖ റിപ്പോർട്ടിൽനിന്നും ലഭിക്കുന്നതാണ്. എനിക്കു അവിടത്തെ സിൽബന്ധികളുടെ സംഖ്യയോ ജാതിതിരിച്ചുള്ള താരതമ്യമോ ഒന്നും വിശ്വാസമില്ല.

ഇനി എനിക്കു പറയാനുള്ളതു മി. ചാക്കോ സ്റ്റാമ്പു ശാലയിലേക്കു ആവശ്യമുള്ള സംധനങ്ങൾ ശേഖരിക്കുന്നതിലേക്കു ഗോവിന്ദൻ എന്നൊരാൾക്കു കുത്തക കൊടുത്തിട്ടുണ്ടു എന്നാണ്.

പ്രസിഡൻറ്: മെമ്പർ വിശ്വസിക്കുന്ന തെ കുറ്റാരോപണം ചെയ്യുകയാണോ?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അവിടെയുള്ള ജീവനക്കാരിൽ ചിലരായ ഗോവിന്ദനു കുത്തക കൊടുത്തിട്ടുണ്ടെന്നും ചിലരായ ജീവനക്കാരനെ പി. ഡബ്ലിയു. ഡി. യിൽ കൺട്രാക്ട് എടുക്കാൻ അനുവദിച്ചിട്ടുണ്ടെന്നും എനിക്കു വിശ്വാസയോഗ്യമായ അറിവു കിട്ടിയിട്ടുണ്ട്.

പ്രസിഡൻറ്: മെമ്പർ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിനു അനുസരണമായിട്ടല്ല സംസാരിക്കുന്നതു്.

മി. എം എൻ പിള്ള (തിരുവനന്തപുരം): സുപ്രണ്ടു മുതൽ വരെയുള്ള നയത്തെയും രാജ്യത്തിലുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ കീഴ് ജീവനക്കാക്ക് കൺട്രോൾ എടുക്കുന്നതിനു അനുവാദം നൽകുന്ന അധികാരത്തിയെയും കുറിക്കുമാത്രമാണു ചെയ്യുന്നതു്.

പ്രസിഡൻറ്: അതു അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തോടു ബന്ധമുള്ളതല്ല എന്നാണു ഞാൻ വിനയപൂർവം പറയുന്നതു്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ സംഘതികളിലേക്കു തപാലാപ്പീസിന്റെ ശ്രദ്ധയെ ക്ഷണിക്കണമെന്നുള്ളതായിരുന്നു എന്റെ ഉദ്ദേശ്യം. അതിലേക്കാണു ഈ പ്രമേയം ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്. ഡ 9 0 രൂപ ശമ്പളമുള്ള മി. ചാക്കോയ്ക്കു ഡ 9 രൂപാവരെയുള്ള ശമ്പളത്തിൽ ആളുകളെ നിയമിക്കുന്നതിനും മാറ്റുന്നതിനുമുള്ള അധികാരം നൽകിയിരിക്കുന്നു. മി. ചാക്കോയുടെ മുൻഗാമികളായിരുന്ന സൂപ്രണ്ടന്മാർക്ക് ഈമാതിരിയുള്ള അധികാരങ്ങളൊന്നും നൽകിയിരുന്നില്ല.

മി. കെ. ജോർജ് (കൗൺസിൽസെക്രട്ടറി): ഒരു ഉദ്യോഗസ്ഥന്റെ വർഗ്ഗീയപക്ഷപാതത്തെപ്പറ്റി ഈ സഭയിൽ സംസാരിക്കാൻ ഇടയായതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. എന്നാൽ അങ്ങിനെ ആരോപിച്ചിട്ടുള്ള കാരണത്തിന്റെ അടിസ്ഥാനം പരുമല്ല എന്നു ഞാൻ ധരിയിക്കാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ അപ്പോൾതന്നെ കേട്ടു. അങ്ങനെയാണോ അങ്ങിനെ പറഞ്ഞതു് (ചിരി).

പ്രസിഡൻറ്: ഒരു കേരളീയനായ മാന്യം അടിസ്ഥാനമില്ലാതെ ഒരുദ്യോഗസ്ഥനെപ്പറ്റി കുറ്റാരോപണം ചെയ്യുന്നതു എങ്കിൽ അടിസ്ഥാനം അല്ല ഈ സഭയിൽ പറയേണ്ടതു് എന്നു ചിന്തിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ഈ സംബന്ധിച്ചു അയച്ചിരുന്ന ചോദ്യത്തിനു മറുപടി തന്നിരുന്നു എങ്കിൽ എനിക്കു കുറെ പ്രകാശമായി കാര്യങ്ങൾ സഹിതം സംസാരിക്കാൻ സാധിക്കുമായിരുന്നു.

പ്രസിഡൻറ്: പൂർണ്ണമായി അറിവില്ലാതെ ഇങ്ങിനെയുള്ള സംഗതികളെപ്പറ്റി മെമ്പർ സംസാരിക്കാൻ പാടില്ലായിരുന്നു.

മി കെ ജോർജ് (കൗൺസിൽസെക്രട്ടറി): മി. ചാക്കോയുടെ നിയമനങ്ങൾക്കു ജാതിതിരിച്ചുള്ള പട്ടിക ഞാൻ ഇവിടെ വിവരിക്കാം.

മിസ്റ്റർ. ചാക്കോ സ്ഥിരമായുംചകരമായും ക ം നായന്മാരേയും ക ം ക്രസ്ത്യാനികളേയും ക ബ്രാഹ്മണരേയും ക ഈഴവരേയും നിയമിച്ചിട്ടുണ്ട്. ഈ നിയമനങ്ങളെല്ലാംകൂടാതെ സ്റ്റാമ്പു സൂപ്രണ്ടു എന്ന തിലയിൽ ക ഒ രുപായിൽ കവിഞ്ഞ സ്ഥാനങ്ങളിലേക്കു മി. ചാക്കോയ്ക്കു തിയമനാധികാരം ഇല്ല. ഞാൻ നിയമിച്ച ന. പെ രും നായന്മാർ ആണ്.

മി. കെ. പി. ജോസഫ്: (മീനച്ചലും ഭേവികുളവും): ഈ നിയമനങ്ങൾ ഏതുപ്രകാരം നടത്തണമെ ന്നു പ്രത്യേകം ചട്ടങ്ങൾ വല്ലതും ഉണ്ടോ?

മി. കെ. ജാർജ് (ദെഫനാൻസ്യൽ സെക്രട്ടറി): ഇപ്പോൾ അതിനെനിയന്ത്രിക്കുന്നതിനു ചട്ടങ്ങൾകൊണ്ടാ ന്നുമില്ല. മി. ചാക്കോമയ സ്റ്റാമ്പുശാലാ സൂപ്രണ്ടായി നിമിക്കുന്നതിനു മുമ്പു അവിടെ ഉണ്ടായിരുന്ന ന ന പേരിൽ ന പേർ ബ്രാഹ്മണരും ന ഒ നായന്മാരും ഒ ക്രസ്ത്യാനികളും ര മറു ജാതിക്കാരും ആയിരുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്): അവിടെ മി. ചാക്കോയുടെ മുൻഗാമി ആരായിരുന്നു എന്നു പറയാമോ?

മി. കെ. ജാർജ്. (ദെഫനാൻസ്യൽ സെക്രട്ടറി): മി. ശങ്കരനാരായണയ്യർ ആയിരുന്നു. അതിനുമു മ്പു മി. വാസുദേവരാവും അതിനുമുമ്പു സൂപ്രണ്ടായി പെൻഷൻപറ്റിയ മി. വാട്ട്സും ആയിരുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അമ്പലപ്പുഴ): അവിടെ എത്ര തമിഴർഉണ്ട്?

മി. കെ. ജാർജ (ദെഫനാൻസ്യൽ സെക്രട്ടറി): അങ്ങനെ തരംതിരിച്ചുള്ള കണക്കു എൻറവശംഇല്ല. എ ന്നായാലും ഈ സംഗതിസഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതുകൊണ്ടു എവിടത്തേപ്പറ്റി പൂർണ്ണമായിപ്പറയാന ള്ളതു് മി. ചാക്കോയുടെ സമുദായത്തിൽപ്പെട്ട ഒ പേരെമാത്രമേ അവിടെ തിയമിച്ചിട്ടുള്ളൂ എന്നും അതു പര തിക്ക കാരണമായി തീർന്നു ഇടയില്ല എന്നുമാണ്. ഈ അഭിപ്രായത്തോടു സഭ യോജിക്കുമെന്നു ഞാൻ വി ശ്വസിക്കുന്നു. അവിടെയുള്ള ന ന പേരിൽ ഒ പേർമാത്രമേ അള്ളേഹത്തിൻറം സമുദായത്തിലെപ്പെട്ടവർ ഉള്ളൂ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതു ആരെയുള്ള സംഖ്യയിൽ ആണോ?

മി. കെ. ജാർജ് (ദെഫനാൻസ്യൽ സെക്രട്ടറി): അതേ മി. ചാക്കോ ചാർജ്ജു എടുത്തപ്പോൾ അവിടെ ഉണ്ടായിരുന്ന ന ന പേരിൽ ഴ പേർ ബ്രാഹ്മണരും ന ഒ പേർ നായന്മാരും ഒ പേർ ക്രസ്ത്യാനികളും ആയിരുന്നു

മി. യി. സബ്ബയ്യർ (ഗവണ്മെൻറ തിയമനം) (ഡിപ്യൂട്ടി പ്രസിഡൻറ): ഇപ്പോൾ എണ്ണമെടുപ്പു കാലം ഇതി ങ്ങനെ?

മി. കെ. ജാർജ് (ദെഫനാൻസ്യൽ സെക്രട്ടറി): അതെപ്പറ്റി എന്തറിഞ്ഞുകൂടാ. അള്ളേഹവും ഞാ നും ചെയ്ത നിയമനത്തെപ്പറ്റി മാത്രമേ എനിക്കറിയാവൂ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അവർ എല്ലാവരും ഇപ്പോഴും അവിടെതന്നെയുണ്ടോ?

മി. കെ. ജാർജ് (ദെഫനാൻസ്യൽ സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ. ഇതാണ അള്ളേഹത്തിൻറം തിയമ നങ്ങളും എന്നു മാത്രമേ എനിക്കറിയാവൂ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അവരിപ്പോഴും അവിടെ ജോലിയുണ്ടോ എന്നും അതോ അവിടെയിന്നും പിരിച്ചുവിട്ടോ എന്നും പറയാമോ?

മി. കെ. ജാർജ് (ദെഫനാൻസ്യൽ സെക്രട്ടറി): അതെപ്പറ്റി അന്വേഷിച്ചിട്ടില്ല. അവർ ഇപ്പോഴും അ വിടെതന്നെ ഉണ്ടെന്നാണ് തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ ഒരിക്കൽ അവിടെ പോകും ജോലിനോക്കിയാൽ പിന്നീ ടുപോകുന്ന ഒഴിവുകളിൽ പകരം നോക്കുന്നതിനു അവർക്ക അവകാശം ഉണ്ട്.

മി. എം. ശ്രീകണ്ഠപിള്ള (തൊടുപുഴ): മറെറ ജാതി എന്നു പറഞ്ഞതിൽ തമിഴർ ഉൾപ്പെട്ടുമോ?

മി. കെ. ജാർജ് (ദെഫനാൻസ്യൽ സെക്രട്ടറി): എനിക്കു ആ ചോദ്യത്തിനു ഉത്തരം പറയാൻ നിവൃത്തി യില്ല. എന്തെന്നാൽ—

മി. തയ്യിൽ കുഞ്ഞിരാമൻനായർ (മൂവാറ്റുപുഴ): അതിൽ കത്തോലിക്കർ എത്രപേർ ഉണ്ട്.

മി. കെ. ജാർജ് (ദെഫനാൻസ്യൽ സെക്രട്ടറി): അതിൽ കത്തോലിക്കരും ഉൾപ്പെട്ടുമെന്നാണ് എനിക്കു തോന്നുന്നതു്.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറെറിൻകര): സ്റ്റാമ്പുശാലയിൽ എല്ലാം താഴുകിടുന്നതിനും മാത്രം നിയ മിച്ചിട്ടുണ്ടോ? (ചിരി)

മി. കെ. ജാർജ് (ദെഫനാൻസ്യൽ സെക്രട്ടറി): എനിക്കു ഉത്തരം പറയാൻ നിവൃത്തിചില്ലാത്ത ഒരു ചോദ്യമാണ് അതു്.

മി. തയ്യിൽ കുഞ്ഞിരാമൻനായർ (മൂവാറ്റുപുഴ): മൂവാറ്റുപുഴ താലൂക്കിൽപ്പെട്ടവർ എത്രപേർ ഉണ്ടു്.

മി കെ. പി. ജോസഫ് (മീനച്ചൽ-ഭേവികുളം): ഓരോ സമുദായത്തിൽപ്പെട്ടവർക്കും എത്ര ശതമാനം വീതം ഉദ്യോഗം കൊടുക്കണമെന്നു വല്ല നിയമവും ഉണ്ടോ?

മി. കെ. ജാർജ (ദെഫനാൻസ്യൽ സെക്രട്ടറി): ഇപ്പോൾ അതിനു ഒരു ചട്ടവുമില്ല. എന്നാൽ ഉദ്യോ ഗസ്ഥന്മാരുടെ ന്യായബോധത്തെ അല്ലാതെ മറെറാന്നിനെയും ആശ്രയിച്ചു നിൽക്കാം.

മി ടി. രജ. മാസ്സു (ചങ്ങനാശ്ശേരിയും പീരുമേടും): മിസ്റ്റർ ചാക്കോയുടെ നിയമനങ്ങളിൽ ചിലതു നവ രണ്ടെൻറിൽതിനും വിരുദ്ധമായുണ്ടു എന്നുപറഞ്ഞു ആക്ഷേപിക്കപ്പെട്ടിട്ടുള്ളതു കാരം സത്യമാണോ എന്നു പറ യാമോ?

മി. കെ. ജാർജ് (ദെഫനാൻസ്യൽ സെക്രട്ടറി): മിസ്റ്റർ ചാക്കോയുടെ നിയമനങ്ങളും വിരുദ്ധമായ ആക്ഷേപം ഉണ്ടായിട്ടില്ല. പകരം ജോലിനോക്കിയിട്ടുള്ള പരെ നിയമിച്ചില്ല എന്നും അവരെതന്നെ നിയ മിക്കേണ്ടതാണെന്നുമായിരുന്നു പരാതി.

മി. ടി രജ. മാസ്സു (ചങ്ങനാശ്ശേരിയും പീരുമേടും): ആ ആക്ഷേപം സത്യമാണോ?

മി. കെ. ജാർജ് (ദെഫനാൻസ്യൽ സെക്രട്ടറി): മിസ്റ്റർ ചാക്കോ ഡിപ്പാർട്ടുമെൻറിലെത്തുന്നതിനും മുമ്പുതന്നെ ഈ ആക്ഷേപം ഉണ്ടായിരുന്നില്ല. അവരിൽ രണ്ടുപേരെപ്പറ്റി മുമ്പിലത്തെ സൂപ്രണ്ടു അത്രകൂഖമല്ലാത്ത

ചില അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ അഭിപ്രായങ്ങളെ അറിയാതെ മിസ്റ്റർ ചാക്കോ വേറെ ചിലരെ നിയമിച്ചു. അവർ ചെന്നപ്പോൾ ഒഴിവുകൾ ഇല്ല എന്നും ഒഴിവു ഉണ്ടാകുന്നമുറയ്ക്ക് നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നും പറഞ്ഞു. അവർ ഗവൺമെന്റിലേക്ക് പരാതികൾ അയച്ചു.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): ഇവരെ അയച്ചിട്ട് മറ്റുള്ളവരെ എടുക്കുകൊണ്ടു നിയമിച്ചു എന്ന മിസ്റ്റർ ജോർജ്ജ് പറയാമോ?

ശ്രീ. കെ. ജോർജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): മിസ്റ്റർ ചാക്കോ അവരെ പറഞ്ഞയച്ചില്ല. അദ്ദേഹം ഓരോ കത്തയയ്ക്കുമ്പോൾ അവർ അവിടെ ഇല്ലായിരുന്നു. അവരുടെ അപേക്ഷകളെപ്പറ്റി യോഗിച്ചപ്പോൾ ഒഴിവുണ്ടാകുമ്പോൾ നിയമിച്ചുകൊള്ളാം എന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): മറ്റുള്ള നിയമനങ്ങൾ നടത്തിയപ്പോൾ ഇവർ അപേക്ഷകൾ അയച്ചിരുന്ന എന്നുള്ളതു് പരമാർത്ഥമല്ലേ? മറ്റ് അപേക്ഷകൾ ഉദ്യോഗത്തിനായി കാത്തുനിൽക്കുമ്പോൾ അല്ലേ മിസ്റ്റർ ചാക്കോ പുതിയ നിയമനങ്ങൾ നടത്തിയതു്?

ശ്രീ. കെ. ജോർജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): മിസ്റ്റർ ചാക്കോയ്ക്കു് ഇവരുടെ അപേക്ഷകൾ കിട്ടിയപ്പോഴേക്കും അദ്ദേഹം നിയമങ്ങൾ ചെയ്തുകഴിഞ്ഞിരിപ്പുണ്ടായിരുന്നു.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ പറയുന്നതു് അങ്ങനെയല്ല.

പ്രസിഡന്റ്: ഞാൻ ഇടയ്ക്കു് ഇപെട്ടുവിക്കുന്നതിനെ ക്ഷമിക്കുക. നിങ്ങൾക്കു നയരൂപപ്പെടുത്തി അല്ലാതെ പ്രത്യേകം ആളുകളെപ്പറ്റി ഇവിടെ പറയാൻ പാടില്ല.

ശ്രീ. കെ. ജാർജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): ഈ സംഗതിയെപ്പറ്റി യോഗത്തോടു് ചെയ്തതിനെയുള്ളൂ. കൺട്രാക്ടിനെപ്പറ്റി എന്തോ പറയുന്നുണ്ടായി. അതും ശരിയല്ല എന്നാണ് എതിർക്കു പറയാനുള്ളതു്. അതു് അദ്ദേഹത്തിന്റെ പ്രമേയത്തിൽനിന്നും വരുന്നില്ല. എന്നാലും അതെപ്പറ്റി സൂചിപ്പിച്ചുകൊണ്ടു് അതിലും പരമാർത്ഥമില്ലെന്നാണ് എനിക്കു പറയാനുള്ളതു്.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: പ്രമേയം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നോ?

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രസിഡന്റ്: ഈ തരത്തിലുള്ള ഒരു പ്രമേയം ഫാലതാക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു. ഒരേ വിഷയമായ കുറേ അപേക്ഷകൾ ഒരു പ്രമേയരൂപത്തിൽ കൊണ്ടുവരികയും, ശ്രീ. ജോർജ്ജ് അവ അടിസ്ഥാനരഹിതമാണെന്നു തെളിയിക്കുകയും, മെമ്പർ വളരെ കോപാവിഷ്ടനായതായും തോന്നിച്ചു സംഗതികളുണ്ടായി. ഗൗരവമേറിയ കുറേ അപേക്ഷകൾ ചെയ്തതിനേക്കാൾ അപകടം സ്ഥാപിക്കാൻ നിവൃത്തിയില്ലാതെ വരുമ്പോൾ പിൻവലിക്കുന്നതു അഭിനന്ദനാർഹമാണെന്നാണ് എനിക്കു തോന്നുന്നതു്.

പ്രമേയം 9 നം.

ശ്രീ. ടി. കെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളട്ടെ.

9 നം. സ്റ്റാമ്പുവില്പനക്കാരുടെ ശ 8,000 രൂപ മുഴുവനും കൊടുക്കണം.

ഇപ്പോൾ സ്റ്റാമ്പുവില്പന നടത്തുന്നതു ഏജന്റുമാർവഴിയാണ്. ഇവർക്ക് ഗവൺമെന്റിൽനിന്നും ഡിസ്കൗണ്ട് കിട്ടുന്നുണ്ട് അതുപോലെ. ഇങ്ങനെ സ്റ്റാമ്പുവില്പന നടത്തുന്നതുകൊണ്ടു വലുതായ തുക്കം ഉണ്ടാകുന്നു എന്നുള്ള സംഗതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതാണ് എന്റെ ഉദ്ദേശ്യം. സ്റ്റാമ്പുവില്പന ഡിസ്ട്രിക്ട് മുൻസീഫന്മാരുടേയോ തഹശീൽദാരന്മാരുടേയോ ബജനാവുദ്യോഗസ്ഥന്മാരുടേയോ കീഴിൽ ക്ലർക്കന്മാരെ നിയമിച്ചു നടത്താവുന്നതാണ്. അപ്രകാരം ചെയ്താൽ ഗവൺമെന്റിനു സാമ്പത്തികമായ ആദായം വർദ്ധിക്കാൻ മാർഗ്ഗമുണ്ട്. ഗവൺമെന്റിന്റെ ഓഫീസിൽനിന്നും സ്റ്റാമ്പും സ്റ്റാമ്പുകടലാസും വാങ്ങുന്നതിനു പൊതുജനങ്ങൾക്കു കൂടുതൽ സൗകര്യമുണ്ടായിരിക്കും. ഇതിലേക്കു തിരുവായ്ക്കുള്ള തുക മുഴുവൻ കൊടുക്കണമെന്നുള്ളതല്ല എന്റെ ഉദ്ദേശ്യം. ഈ മാർഗ്ഗത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതുമാത്രമാകുന്നു. അതുകൊണ്ടു സഭ അനുവദിക്കുന്നു എങ്കിൽ ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളാം.

ശ്രീ. സി. പി. തരകൻ (കുന്നത്തുനാട്): ഓരോ താലൂക്കുകളിലും പല സ്ഥലങ്ങളിൽ സ്റ്റാമ്പുകച്ചവടക്കാർ ഉണ്ടെന്നു അറിയാമോ?

ശ്രീ. ടി. കെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഓരോ താലൂക്കുകളിലും സ്റ്റാമ്പുവില്പന നടത്തുന്ന സ്ഥലങ്ങൾ ഓരോന്നുമാത്രമേ ഉള്ളൂ.

ശ്രീ. കെ. ജാർജ് (ഡെപ്യൂട്ടി സെക്രട്ടറി): സർ—

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ മാത്യുവിന്റെ പ്രമേയം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നു എങ്കിൽ കൂടുതൽ വാദപ്രതിവാദത്തിനു ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. ജാർജ് (ഡെപ്യൂട്ടി സെക്രട്ടറി): എതിർക്കേണ്ടതിനെപ്പറ്റി മറുപടി പറയേണ്ടതായിട്ടുണ്ട്. പ്രമേയം അവതരിപ്പിച്ചു അതേപ്പറ്റി സംസാരിച്ചതിനേക്കാൾ പ്രമേയം പിൻവലിക്കാൻ പാടില്ല.

സർ, ആ അഭിപ്രായം നമ്മുടെ അഭിവൃദ്ധിയെ പ്രതിബന്ധപ്പെടുത്തുന്നതാണ്. എന്തെന്നാൽ മിസ്റ്റർ മാത്യു പ്രതിനിധികരിക്കുന്നതായ വക്കീലന്മാർക്കും പൊതുജനങ്ങൾക്കും കൂടുതൽ അസൗകര്യത്തെ ഉണ്ടാകുന്ന ഒരു ഏർപ്പാടാണ്അതു്, മുൻസിഫ് കച്ചേരികളിലോ താലൂക്കകച്ചേരികളിലോ ബജനാവുകളിലോ സ്റ്റാമ്പുവില്പനയ്ക്കു ആറിനിയമിക്കണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. ഈ വക ആഫീസുകൾ ഒന്നുംതന്നെ ഇല്ലാത്തതായ സ്ഥലങ്ങളുണ്ടു്. ഒരു സ്റ്റാമ്പുവാങ്ങുന്നതിനു മുൻസിഫ് കച്ചേരിയിലോ താലൂക്കകച്ചേരിയിലോ ബജനാവിലോ പോകുക എന്നുള്ളതു ഏറ്റവും അസൗകര്യമായ ഒരു ഏർപ്പാടാണ്, അതുകൂടാതെ നിർദ്ദേശിച്ചിട്ടുള്ള പഞ്ചായത്തു കൂടുതൽ കച്ചവടക്കാരെ ഇടയാകുന്നതുമാണ്. എന്തെങ്കിലും സ്വല്പം ലാഭം ഉണ്ടാകുന്നു എങ്കിൽതന്നെ അതു് എന്തായും നിസ്സാരമായിരിക്കും. എന്തെന്നാൽ ആ ജോലി കൂടുതൽ ജീവനക്കാരെ നിയമിക്കാതെ നടത്താൻ സാധിക്കയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോൾ സ്റ്റാമ്പുവില്പനയിൽ ഏർപ്പെട്ടിട്ടുള്ള എത്ര പേരുണ്ടെന്നാൻ ഉദ്ദേശിക്കുന്നു പറയാമോ?

മി. കെ. ജാജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): അവരുടെ സംഖ്യ എത്രയുണ്ടെന്നു എനിക്കു നിശ്ചയമില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉദ്ദേശം എത്രയുണ്ടായിരിയ്ക്കുമെന്നു തോന്നുന്നു?

മി. കെ. ജാജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): ഏകദേശം ൨൦൦ പേർകാണും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നാല്പതേക്കു മുകളിലുണ്ടോ?

മി. കെ. ജാജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): അതെയെന്നുതോന്നുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ഭേവിക്കുളവും): എത്ര ശതമാനം ഡിസ്സ്കൗണ്ട് അനുവദിക്കുന്നു?

മി. കെ. ജാജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): മുമ്പു ൧൨ ശതമാനംവീതം അനുവദിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ൬ ശതമാനമേ കൊടുക്കുന്നുള്ളു.

മി. സി. പി. തരകൻ (കുന്നത്തുനാട്): കൂടുതൽ ആറു നിയമിക്കാതെ ഇപ്പോഴുള്ള ജീവനക്കാരെ കൊണ്ടു നടത്താൻ സാധിക്കയില്ലേ?

മി. കെ. ജാജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): അതു ഒരേ അസാദ്ധ്യമാണെന്നാണ് എനിക്കു തോന്നുന്നതു. അതു വളരെ പ്രയാസകരമായ ഒരു ജോലിയാകും. ക്ലാർക്കിനു സ്റ്റാമ്പുവില്പനയ്ക്കു സമയംകിട്ടുന്നില്ല എന്നു വകുപ്പിലുള്ളവർ പരാതിപ്പെട്ടുകൂടെങ്കും.

മി. പി. സുബ്ബയ്യർ (ഗവർണ്മെൻറു നിയമനം) (ഡിപ്യൂട്ടി പ്രസിഡൻറു): കൂടുതൽ വിലയുള്ള സ്റ്റാമ്പുകൾ ക്ലാർക്കിനെ ഏൽപ്പിക്കുന്നതു ഗൌരവമായ ഒരു സംഗതിയല്ലെ?

മി. കെ. ജാജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): അവരെ ഏൽപ്പിക്കുന്നുഎങ്കിൽ അവർ വലുതായൊരു ഡിപ്പോസിറ്റുതുകയും അവർ അങ്ങിനെ ഡിപ്പോസിറ്റു കെട്ടിവയ്ക്കുമ്പോൾ അവർക്കു കൂടുതൽ സംഖ്യകൊടുക്കേണ്ടതായുംവരും. പുതിയ ഉദ്യോഗങ്ങളെ സൃഷ്ടിയ്ക്കുമ്പോൾ അവർക്കു പെൻഷൻവകയ്ക്കുള്ള പണവും ഉണ്ടാക്കണം. മുമ്പിൽ നടപ്പിൽ ഇരുന്നതും പൊതുജനാഭിപ്രായം അനുസരിച്ചു ഒരിക്കൽ നിർത്തൽചെയ്യപ്പെട്ടിട്ടുള്ളതുമായ രീതിയെ ഇനിയും ആരംഭിച്ചാൽ പുതുതായി നിയമിക്കപ്പെടുന്നവർക്കു നൂറിനു നൂറും ശമ്പളം തന്നെകൊടുക്കേണ്ടതായിവരുമെന്നാണു തോന്നുന്നതു. അതുകൊണ്ടു ഈ രീതി സ്വീകരിയ്ക്കുവാൻ സൗകര്യമല്ല. ഈ സഭ അതു സ്വീകരിയ്ക്കുന്നു എങ്കിൽ ഞാൻ അതെപ്പറ്റി കുറെകൂടി ഗൗരവമായി ആലോചിക്കാം.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതു അഴിമതികളെ വർദ്ധിപ്പിക്കയില്ലെ?

മി. കെ. ജാജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): അതും സംഭവിക്കാവുന്നതുതന്നെ.

മി. ടി. ജെ. മാത്തു (ചങ്ങനാശ്ശേരിയും പീരിമേടും): അഴിമതികൾ വർദ്ധിക്കുമെന്നു മെമ്പർ പറഞ്ഞതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. ജാജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): വേറൊരു മെമ്പർആണ് അങ്ങിനെ പറഞ്ഞതു്.

മി. ടി. ജെ. മാത്തു (ചങ്ങനാശ്ശേരിയും പീരിമേടും): ഏതായാലും മെമ്പർ അതു സ്വതന്ത്രമെന്നപോലെ സ്വീകരിച്ചു.

മി. കെ. ജാജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): അതു അഴിമതികൾക്കു ഇടയാക്കുമെന്നാണ് ഞാൻ പറഞ്ഞതു്.

മി. കെ. കെ. തോമസ് (കോട്ടയം): ഇപ്പോഴും കൂടുതൽ വിലയുള്ള സ്റ്റാമ്പുകൾ കിട്ടുന്നതിനു വിഷമമുണ്ടു്. ഞങ്ങൾ അവ വാങ്ങുന്നതിലേയ്ക്കു ബജനാവിലേക്കു ആളുകളെ അയയ്ക്കുന്നു. അവ കിട്ടുന്നതെങ്കിൽ കീഴ്ജീവനക്കാർക്കു വല്ലതും കൊടുക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ചോദ്യംചോദിക്കുന്നതിനുപരം മെമ്പറിനു ഒരു വിശദമായ പ്രസംഗംചെയ്യാമോ?

മി. കെ. ജാജ്ജ് (ഡെപ്യൂട്ടി സെക്രട്ടറി): ചോദ്യം എന്താണെന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. കെ. തോമസ് (കോട്ടയം): അതെന്തു ചോദ്യമല്ല. പ്രമേയം പിൻവലിക്കുന്നതെങ്കിൽ അതേപ്പറ്റി അധികമായി സംസാരിക്കേണ്ടല്ലോ? ഇപ്പോൾ നടപ്പിലിരിക്കുന്ന ഏർപ്പാടു പൊതുജനങ്ങൾക്കും അവരുടെ പ്രതിനിധികൾക്കും വളരെ ബുദ്ധിമുട്ടുള്ളതായ ഒന്നാണ്. എല്ലാസ്ഥലങ്ങളിലും ഇവർ ബ്രാഞ്ചുകളുള്ളവരായ ഉദ്യോഗസ്ഥന്മാർ വ്യാപാരംചെയ്യുന്നതല്ല. പലതും ഞങ്ങളെ അന്വേഷിച്ചു സ്റ്റാമ്പുകളുമായി ഞങ്ങളുടെ പരിവാരങ്ങൾവന്നു ഞങ്ങളുടെ ബ്രാഞ്ചുകളെ വഷളാക്കുന്നു. എന്നാൽ ബജനാവിൽനിന്നും വാങ്ങേണ്ടതായ സ്റ്റാമ്പുകടലാസ്സുകളുസംബന്ധിച്ചു വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഞങ്ങൾ അവിടെ അയയ്ക്കുന്ന ആളുകൾ ബജനാവു തുറക്കുന്നതുവരെ കാത്തുനിന്നു ഒടുവിൽ ഇതിനു മുമ്പേചെയ്യപ്പെട്ടവരെ ആശ്രയിക്കേണ്ടിവരുന്നു. ഇപ്പോൾ ആദായകരവും ബ്രാഞ്ചുകളുടെയും ബ്രാഞ്ചുകളുടെയും ഈ രീതിതന്നെ തുടർന്നുകൊണ്ടുപോകുന്നതാണ് ഉത്തമമെന്നതോന്നുന്നതിനാൽ ഞാൻ പ്രമേയത്തെ എതിർക്കുന്നു.

മി. ടി. ജെ. മാത്തു (ചങ്ങനാശ്ശേരിയും പീരിമേടും): ഒരു മെമ്പറിന്റെ അഭിപ്രായത്തോടു യോജിച്ചു എന്നതിൽനിന്നും അഴിമതികൾക്കിടയാകുമെന്ന ധനകാര്യസെക്രട്ടറിയും പറകയുണ്ടായി. എന്നാൽ ഇപ്പോഴത്തെ രീതിയാണ് അഴിമതികളെ വർദ്ധിപ്പിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സ്റ്റാമ്പു വെണ്ടറന്മാർ സ്റ്റാമ്പു വില്പനക്കായി മറ്റാരുടെ അടുക്കൽ എത്തുന്നു എന്നു മിസ്റ്റർ തോമസ്സ് പറഞ്ഞതു ശരിയല്ല എന്നു പറയുമോ?

മി. ടി. ജെ. മാത്തു (ചങ്ങനാശ്ശേരിയും പീരിമേടു): അതു ശരിയാണെന്നാണ് എനിക്കു തോന്നുന്നതു്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സ്റ്റാമ്പുവില്പനക്കു ആറു നിയമിച്ചാലും ആളുകൾ അവരുടെ അടുത്തുപോകേണ്ടതായും അപ്പോൾ അവിടെ ആറുമിനിട്ടും വഴിക്കയും വില്പനക്കാരനു സ്റ്റാമ്പുകളായ വല്ലതുകയും വാങ്ങിക്കാൻ സൗകര്യമുണ്ടാകയും ചെയ്യുകയില്ല.

മി. ടി. രജ. മാത്യു (ചങ്ങനാശ്ശേരിയും പീരിമേടും): വക്കീൽഗുമസ്ഥന്മാർ മുൻസിഫ്കച്ചേരിയിലോ താലൂക്കകച്ചേരിയിലോ പോയി സ്റ്റാമ്പു വാങ്ങിക്കുന്നതു മുതലായ കാര്യങ്ങൾക്കു ഗവർണ്മെൻറു കക്ഷിതന്നെ ആവശ്യമില്ല എന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി. സി. പി. തോമസ്സ് (ഗവർണ്മെൻറു നിയമനം): വക്കീൽ ഗുമസ്ഥന്മാർക്ക മാത്രമേ അവിടെ പോകേണ്ടതായിട്ടുള്ളൂ?

മി. ടി. രജ. മാത്യു (ചങ്ങനാശ്ശേരിയും പീരിമേടും): ഇപ്പോഴുള്ള രേജസ്റ്റാർമാർ സ്റ്റാമ്പു പിച്ചളക്കായി വീടുകളിൽ കൊണ്ടുനടക്കുന്നു എന്നു പറഞ്ഞതു ശരിയല്ല അങ്ങിനെയാണ് ചോദിച്ചതു എന്നു എനിക്കു തോന്നുന്നു. ഞാൻ അതിനെ നിഷേധിക്കുന്നു. രെജിസ്റ്റരാപ്പീസുകൾക്കു ആവശ്യമുള്ള സ്റ്റാമ്പുകൾ ഗവണ്മെൻറിനു ഇപ്പോൾ എപ്രകാരം ഉണ്ടാക്കുന്നു എന്നുള്ള ചോദ്യത്തിനു ഞാൻ ഇപ്പോൾ ഉത്തരം പറയുന്നില്ല. എങ്കിലും സ്റ്റാമ്പുകൾ ഉണ്ടാക്കുന്നതിനു ഒരു സംഗതി ആകകൊണ്ടു, രെഫറാൻസ്സിൽ മസക്കിട്ടറി വേണ്ട അന്വേഷണത്തോടുകൂടി ഒരു മെമ്മറാണ്ടം പറഞ്ഞിട്ടുള്ളതുകൊണ്ടും പ്രമേയം പിൻവലിക്കുന്നതിനു സഭ അനുവദിക്കാൻ അപേക്ഷിച്ചുകൊള്ളുന്നു.

പ്രസിഡൻറു: പ്രമേയം പിൻവലിക്കാൻ സഭ അനുവദിക്കുന്നതായി വിചാരിക്കട്ടയോ?

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രസിഡൻറു: ഡിമാൻഡ് 8 അനുസരിച്ചു സ്റ്റാമ്പുവകയ്ക്കുള്ള 'വിലക്ഷം രൂപയിൽ കുറയാതെയുള്ളതുക അനുവദിക്കുന്നതിനുള്ള അപേക്ഷ ഞാൻ വോട്ടിനിടാം.

പ്രമേയം സഭ സ്വീകരിച്ചു. ഗ്രാൻറു അനുവദിച്ചു.

ക്ലാർക്കു-കല രെഫറാൻസ് കമ്മാറിമെമ്പറന്മാരെ തിരഞ്ഞെടുക്കുക.

പ്രസിഡൻറു: ക്ലാർക്കുകല രെഫറാൻസുകമ്മാറിയിലെ അംഗങ്ങളായിരിക്കാൻ മൂന്നുപേരെ അന്യോന്യസ്ഥന്മാർ അവരുടെകൂട്ടത്തിൽനിന്നും തിരഞ്ഞെടുക്കാൻ ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മദ്രാകമ്മിറി സംയോജിപ്പിക്കേണ്ടതു മിസ്റ്റർ റാഡിസൺതന്നെ ആണോ?

പ്രസിഡൻറു: അതുപ്പുറവി ഞാൻ പറയാം. നിങ്ങൾ രണ്ടു തിരഞ്ഞെടുപ്പു നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെട്ടതു. ക്ലാർക്കുകല രെഫറാൻസ്സു കമ്മാറിയിലേക്കു മൂന്നുപേരെ ജാൻഡ്റിക്കാർഡു മെയ്ൻറനൻസ്സ് കമ്മാറിയിലേക്കു വേറെ മൂന്നുപേരെയും തിരഞ്ഞെടുക്കണം. തിരഞ്ഞെടുപ്പു ഡിപ്യൂട്ടിപ്രസിഡൻറിൻറെ അദ്ധ്യക്ഷതയിൽ നടത്തണം.

മി. കെ. സി. മാമ്മൻമാപ്പിള്ള (വാണിജ്യവ്യവസായമെമ്പർ, വടക്കു): ഇന്നോ?

പ്രസിഡൻറു: നിങ്ങൾക്കു മസൗകര്യംതോന്നുമ്പോൾ നടത്തണം.

മി. വി. സുബ്ബയ്യർ (ഗവർണ്മെൻറു നിയമനം) (ഡിപ്യൂട്ടിപ്രസിഡൻറു): ജാൻഡ് റിക്കാർഡു തിരഞ്ഞെടുപ്പു നാളയും മറ്റന്നാളുമായി നടത്താം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): രണ്ടു തിരഞ്ഞെടുപ്പും നാളെത്തന്നെ നടത്താം.

പ്രസിഡൻറു: അതേ നാളെത്തന്നെ അവസാനിച്ചാലുടൻതന്നെ തിരഞ്ഞെടുപ്പു നടത്തിക്കൊള്ളുക. നാളെ രാവിലെ ക്ലാർക്കുകല യോഗം കൂടുന്നതിനായി നമുക്കു ഇപ്പോൾ അവസാനിപ്പിക്കാം.

രാവിലെ പത്തരമണിക്കു സഭ പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ മസക്രിട്ടറി.

(A true translation)

T. RAMALINGOM PILLAI,
Head Translator to Government.

തിരുവിതാംകോട്ട നിയമസഭാ.

രണ്ടാമത്തെ സഭ.

ഒന്നാമത്തെ യോഗം.

(ഓഫിഷ്യൽ റിപ്പോർട്ട്)

ക ൻ ട ൈ ആഗസ്റ്റ് വ-ാ ണ്ടി യാണ്ട്.

സഭായോഗം പിക്കോറിയാ ജൂബിലിടേൺഹാളിൽ പതിനൊന്നുമണിക്കടിച്ചു മുപ്പത്തിയാല മിനിട്ടായ പ്പോൾ പീഷ്കാരം കഴിഞ്ഞു. പ്രസിഡണ്ട് ആജ്ഞാപിക്കുംവഹിച്ചു.

ചോദ്യങ്ങളും മറുപടികളും.

ക ൻ ട-ാംനമ്പർ സ്റ്റാൻഡിംഗ്ആർഡർപ്രകാരം ക്രമപരിപാലനംജ്ഞ നൽകി.

ക. സഭയുടെ ഓരോയോഗത്തിലും ചോദിക്കാനുള്ള ചോദ്യങ്ങളുടെയും അവയ്ക്കുകൊടുക്കുന്ന മറുപടിക ളുടേയും അച്ചടിച്ച പകർപ്പുകൾ അദ്ധ്യക്ഷൻ ആസനസ്ഥൻ ആകുന്നതിനു ക ൽ മിനിട്ടിനു മുമ്പായി മേശപ്പുറ ത്തു വച്ചിരിക്കണം.

ഖ. ചോദ്യങ്ങൾചോദിക്കുന്നതും മറുപടിപറയുന്നതും താഴെ പറയുന്ന ക്രമപ്രകാരം ആയിരിക്കണം.

സെക്രട്ടറി ഓരോ പ്രശ്നകർത്താവിന്റേയും പേരു നംബർക്രമത്തിനു വിളിക്കുകയും ഓരോരുത്തരുടെ ചോദ്യങ്ങളുടെ നംബർ പ്രസ്താപിക്കുകയും ചെയ്യണം. അവക്കു ആരെക്കിലും വല്ല ഉപചോദ്യങ്ങളും ചോദി ക്കാനുണ്ടെങ്കിൽ അതിനു മുമ്പുകൂട്ടിയോ കുറഞ്ഞപക്ഷം തങ്ങളുടെസ്ഥാനത്തു എഴുന്നേറ്റു നിൽക്കുന്നതിനു അല്പസമയം കൊടുക്കുകയുംവേണം. പ്രധാനചോദ്യങ്ങളോടൊന്നു അവയെസംബന്ധിച്ച ഉപ ചോദ്യങ്ങളും ചോദിക്കേണ്ടതാകുന്നു.]

യാട്ടോക്കാ പള്ളിക്കൂടങ്ങളിൽ നൽനൂല്പ് നടപ്പാക്കുന്നതിനെസംബന്ധിച്ചു മിസ്റ്റർ മാധവറാവുടെ

പ്രമേയംഅനുസരിച്ചു എടുത്തിട്ടുള്ള നടപടി.

ര ൻ. മി. ശിവതാണുപിള്ള (തോവാള):

(എ) നാട്ടാക്കാ പള്ളിക്കൂടങ്ങളിൽ നൽനൂല്പ് നടപ്പാക്കുന്നതിനെക്കുറിച്ചു കഴിഞ്ഞ നിയമസഭ മി. മാധവറാവുടെ പ്രമേയം പാസാക്കീട്ടുള്ളതുസംബന്ധിച്ചു വല്ല നടപടിയും നടത്തീട്ടുണ്ടെങ്കിൽ അതെന്താ ണെന്നും ഗവർണ്മെണ്ടു സഭയെ പറയുമോ?

(ബി) നാഗർകോവിൽ സ്ത്രീമൂലം സാങ്കേതികപാഠശാലയായിരുന്നുകിലും ഈ പാഠശാലാവർഷത്തിൽ തന്നെ പ്രസ്തുത നിശ്ചയത്തെ നടപ്പിൽവരുത്തുന്നതിനു ഗവർണ്മെണ്ടിനു മനസുവരുമോ?

മി. ഒ. പി. രാമസ്വാമ്മയ്യർ (ഗവർണ്മെണ്ടു സെക്രട്ടറി):

(എ) നാട്ടാക്കാ പള്ളിക്കൂടങ്ങളിൽപ്പെട്ട കരപരിശീലനാദ്ധ്യാപകന്മാരിൽ തിരഞ്ഞെടുക്കപ്പെട്ട ഫി തനംപേരെ നൽനൂല്പ് അഭ്യസിപ്പിക്കുവാനുള്ള ഒരു പ്രത്യേക ക്ലാസ്സ് ക ൻ ൦ ൦ ഇടവം ൪-ാം മുതൽ തുടങ്ങീട്ടു ണ്ട്. ഈ പങ്കതി ക ൻ ൦ ൧ കന്നി ൪-നയോടുകൂടി അവസാനിക്കുമെന്നാശിച്ചിരിക്കയാണ്. ഈ അഭ്യാ പകന്മാരെ അതിൻറശേഷം ട്രെയിനിംഗ്സ്കൂളുകളിലേയ്ക്കും നാട്ടാക്കാ പള്ളിക്കൂടങ്ങളിലേയ്ക്കും തിരിച്ചയയ്ക്കു ന്നതായിരിയ്ക്കും. ട്രെയിനിംഗ്സ്കൂളുകളിൽ ഇപ്രകാരം കൂടുതൽ വാദ്ധ്യാന്മാരെ അഭ്യസിപ്പിക്കുകയും നാട്ടാക്കാ പള്ളിക്കൂടങ്ങളിൽ കൂടുതൽ വിദ്യാർത്ഥികളെ നൽനൂല്പ് അഭ്യസിപ്പിക്കുകയും ചെയ്യുന്നതായിരിയ്ക്കും.

(ബി) പ്രസ്തുത പ്രമേയം നാട്ടാക്കാപള്ളിക്കൂടങ്ങളിൽ നൽനൂല്പ് ഏർപ്പെടുത്തുന്നസംഗതിയെമാത്രമെ സംബന്ധിക്കുന്നുള്ളു. നഗർകോവിൽ സ്ത്രീമൂലം സാങ്കേതികവിദ്യാലയം പ്രമേയത്തിന്റെ പരിധിയിൽ ഉൾ പ്പെടുന്നില്ല. എന്നിരുന്നാലും പ്രസ്തുത വിദ്യാലയത്തിൽ നൽനൂല്പ് ഏർപ്പെടുത്തണമെന്നുള്ള സംഗതിയിലേയ്ക്കു ഗവർണ്മെണ്ടിന്റെ ശ്രദ്ധ ഉടനെതന്നെ പതിയുന്നതായിരിയ്ക്കും.

വിദ്യാലയങ്ങളിൽ നൽനൂല്പ്.

ഒ ൪. മി. എ. കെ. പിള്ള (കരുനാഗപ്പള്ളി):

(എ) നൽനൂല്പ് എല്ലാപള്ളിക്കൂടങ്ങളിലും പഠിപ്പിക്കേണ്ടതാണെന്ന ഈ സഭയിൽ പാസാക്കപ്പെട്ട പ്രമേയത്തെ നടപ്പിൽവരുത്തുന്ന കാര്യത്തിൽ ഗവർണ്മെണ്ടിനു എത്രത്തോളം സാധിച്ചിട്ടുണ്ടെന്നു സഭയെ പറ യുമോ?

(ബി) തങ്ങൾക്കുവേണ്ടി നേരിട്ടനുഭവത്തിൽ ഒരുദ്യോഗമെങ്കിലും കുടികിടപ്പെന്നു നിഷ്പ്രയാസം കഴിയത്തക്കവണ്ണം വിദ്യാലയങ്ങളിൽനടത്തുന്ന നൽനൂല്പിന്റെ വ്യയവിന്യാസസ്വഭാവത്തെക്കുറിച്ചു ഗവർ ണ്മെണ്ടു ആലോചിക്കുമോ?

(സി) ഒരുണിക്കുർനേരത്തെ നൽനൂല്പിൽനിന്നു ഓരോകുട്ടിക്കും ശരാശരി ഒരു ചക്രംവീതം സമ്പാ ദിക്കുന്നതിനു കഴിയുന്നതാണെന്നു ഗവർണ്മെണ്ടിനു അറിയാമോ?

(ഡി) കൂടാതെ പള്ളിക്കൂടംപുസ്തകങ്ങളിൽ പുരോഗതിരേഖപ്പെടുത്തി നല്ലപോലെപ്പിക്കുന്നതായാൽ, ഇതിലേയ്ക്കു ആ വശ്യപ്പെടുന്ന പഞ്ഞി മിക്കയാറും സൌജന്യമായിതന്നെകൊടുക്കുന്നതിനു കഴിയുമെന്നതു ഗവർണ്മെണ്ടിനറി യാമോ?

G. P. T. 1844. 150. 2-5-1103

(ഇ) ഗുജറാത്ത്‌ദേശത്തു വിദ്യാർത്ഥികൾ ദിവസംപ്രതി രണ്ടുമണിക്കൂർവീതം നൂൽനൂൽക്കുന്നതിന്റെ ആദായംകൊണ്ടു അവിടെയുള്ള ചില വിദ്യാലയങ്ങൾ നടത്തുന്നതിനുകഴിയുന്നു എന്നുള്ളസംഗതി ഗവർണ്മെണ്ടിന്റെ അറിവിൽ വന്നിട്ടുണ്ടോ ?

മി. കി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സെക്രട്ടറി):

(ക) മെംബറുടെ ശ്രദ്ധയെ ഇപ്രകാരം ചോദ്യം (എ) വകുപ്പിനുകൊടുത്തിട്ടുള്ള മറുപടി നോക്കുന്നതിനായി ക്ഷണിക്കുന്നു.

(ഖ) അതേ. ഇപ്പോൾ രൂപീകരിച്ചിട്ടുള്ള പദ്ധതിയെ വേണ്ടിടത്തോളം പരീക്ഷിച്ചുറിഞ്ഞതിനുശേഷം,

(ന), (ഠ), (ഋ) ഗവർണ്മെണ്ടിനറിവില്ല.

മി. എ കെ. പിള്ള (കുന്നാഗപ്പള്ളി): (ന), (ഠ), (ഋ) ചോദ്യങ്ങളുടെ ഉത്തരങ്ങളെസംബന്ധിച്ചു നൂൽനൂല്പു വിദഗ്ദ്ധനോടു ഗവർണ്മെണ്ടു വല്ല അന്വേഷണങ്ങളും നടത്തിയോ ?

മി. കി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സെക്രട്ടറി): യാതൊരന്വേഷണവും നടത്തിട്ടില്ല.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): ഗവർണ്മെണ്ടിനറിവില്ല എന്നമാത്രമാണു തന്നിട്ടുള്ള മറുപടി. എന്നാൽ നൂൽനൂല്പുവിദഗ്ദ്ധൻ നന്നായിട്ടുനൂൽക്കുന്നതിനുള്ള പ്രാപ്തിയുണ്ടോ എന്നു അന്വേഷണങ്ങളും നടത്തുന്നതിനു ഗവർണ്മെണ്ടിനു കഴിയുമായിരുന്നു എന്നു എനിക്കറിയാം.

മി. കി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സെക്രട്ടറി): മെംബറുടെ ചോദ്യങ്ങളും, ഗവർണ്മെണ്ടറിയുന്നുണ്ടോ ? ഗവർണ്മെണ്ടിന്റെ അറിവിൽവന്നിട്ടുണ്ടോ ? എന്നായിരുന്നു. അവയ്ക്കു ഉത്തരം ഗവർണ്മെണ്ടിനറിവില്ല, എന്നും ആയിരുന്നു.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): ചോദ്യം ഇതാകുന്നു. ഓരോ വിദ്യാർത്ഥിയ്ക്കും ഒരുമണിക്കൂർ നേരത്തേക്കുള്ള നൂൽനൂല്പുകൊണ്ടു ശരാശരി ഒരുചക്രംവീതം ആദായമുണ്ടാക്കാമെന്നു ഗവർണ്മെണ്ടിനറിയാമോ ? എന്നും, അതിനുകൊടുത്തിട്ടുള്ള ഉത്തരം "നാട്ടുഭാഷാ വിദ്യാലയങ്ങളിൽ കരപരിശീലനംപഠിപ്പിക്കുന്ന വാദ്ധ്യാന്മാരിൽ തിരഞ്ഞെടുക്കപ്പെട്ട ഏതാനുംപേരെ നൂൽനൂല്പു അഭ്യസിപ്പിക്കുന്നതിലേയ്ക്കു ഫണ്ടു ഇടവം ൪-നു ഒരു ക്ലാസ്സു ആരംഭിച്ചു. ഈ ചലഞ്ചി ഫണ്ടു കന്നി ൪-നു അവസാനിക്കുമെന്നാശിച്ചിരിക്കയാണു്. ഇപ്പോഴുള്ള വിദ്യാലയം അടുത്തുതന്നെ, അതായതു, മേടത്തിലായി അവസാനിക്കുന്നു എന്നാണു് ഞാൻ അറിയുന്നതു്. അതുകൊണ്ടു ആ പദ്ധതിപ്പെട്ടവിവരം എടുപ്പുത്തിൽ ചേർക്കുവാനായിരുന്നു എന്നാണു ഞാൻ വിചാരിച്ചതു.

മി. കി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സെക്രട്ടറി): ഗവർണ്മെണ്ടു അന്വേഷണംനടത്തുമോ എന്നായിരുന്നെങ്കിൽ പക്ഷേ എന്തെങ്കിലും അന്വേഷണം നടത്തുമായിരുന്നു.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): വേണ്ട അന്വേഷണങ്ങൾ ഇതേപ്പറ്റി ഗവർണ്മെണ്ടു സ്വയം നടത്തുമോ ?

മി. കി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സെക്രട്ടറി): അതു ഗവർണ്മെണ്ടു ആലോചിക്കുന്നതായിരിക്കും.

രൂപയ്ക്കുമേൽ ശമ്പളംവാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റു.

൪൨. മി. സി. പി. തരകൻ (കുന്നത്തുനാടു): ഓരോതവണയുംകൂടിയും അതതുവകുപ്പനുസരിച്ചു രൂപയിൽകവിഞ്ഞ ശമ്പളംവാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ പേരുകൾ അടങ്ങിയ ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ഗവർണ്മെണ്ടിനു ഒരുവുണ്ടാകുമോ ?

മി. കെ. ജോസ് (ഗവർണ്മെണ്ടു ധനകാര്യമന്ത്രി): ഫസ്‌ലി ൧൦൫൦ കുംഭം ൧-നു-വരെ തിരുത്തി ശരിപ്പെടുത്തിട്ടുള്ള തിരുവിതാംകോട്ടു അഖിലാഷിക സിവിൽലിസ്റ്റു ഒന്നും രണ്ടും ഭാഗങ്ങൾ മെംബർ നോക്കേണ്ടതാകുന്നു. പ്രസ്തുത ലിസ്റ്റിൽ അതതു വകുപ്പനുസരിച്ചു രൂപയിൽ അധികരിച്ചു ശമ്പളംവാങ്ങുന്ന സംസ്ഥാനമാട്ടുള്ള എല്ലാ ഉദ്യോഗസ്ഥന്മാരുടേയും പേരുകൾ കൊടുത്തിട്ടുണ്ടു, അവരിൽ ഓരോരുത്തരും ജോലിചെയ്യുന്ന സ്ഥലവിവരവും കാണിച്ചിട്ടുണ്ടു. അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരുടെ താല്കാലതോവംഉള്ള സംവിജനത്തെക്കുറിച്ചു മെംബർ ആവശ്യപ്പെട്ടവിവരം മൂന്നാംഭാഗം ൨൨-നു മുതൽ ൨൫-ൻ വരേയുള്ള വശങ്ങളിൽ കൊടുത്തിരിക്കുന്നു.

എന്നാൽ മെംബർ ആവശ്യപ്പെട്ടതായ ഓരോ ഉദ്യോഗസ്ഥന്റേയും സ്വദേശമനസരിച്ചു വേർതിരിച്ചുള്ള ഒരു വിവരപ്പട്ടിക ആണെങ്കിൽ, ആസംഗതിയെക്കുറിച്ചു ഗവർണ്മെണ്ടിനു യാതൊരറിവും ഇല്ല.

ചെറുതരം ജലസേചനജോലികളും സംബന്ധിച്ചുള്ള ചെലവുവിവരം.

൪൩. മി. സി. പി തരകൻ (കുന്നത്തുനാടു): ചെറുതരം ജലസേചനജോലികളുംസംബന്ധിച്ചു ഇക്കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ നാല് പൊതുമരാമത്തു ഡിവിഷനുകളിൽ ഓരോന്നിലും ഗവർണ്മെണ്ടിനു ചിലവായിട്ടുള്ളതുകയും കാണിക്കുന്ന ഒരു പട്ടിക ഗവർണ്മെണ്ടു സഭയിൽ മേശപ്പുറത്തുവയ്ക്കുമോ ?

മി. കി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സെക്രട്ടറി): ഇക്കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ, അതായതു ൧൦൯൦ മുതൽ ൧൦൯൯ വരെയുണ്ടായിട്ടുള്ള ചെലവുവിവരത്തിനുള്ള ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

സർവ്വേക്കല്ലുകൾ.

൪൪. മി. കി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): താഴെക്കൊടുത്തിരിക്കുന്ന സംഗതികളെക്കുറിച്ചു ഗവർണ്മെണ്ടു സഭയെ പറയുമോ ?

(എ) ജന്മിക്കാർട്ടസംരക്ഷണസൂപ്രണ്ടു മിസ്റ്റർ കാംബവത്തയ്യങ്കാർക്കു ൧൦൯൭, ൧൦൯൮, ൧൦൯൯ എന്നീകൊല്ലങ്ങളിൽ സർവ്വേക്കല്ലുകൾ വാങ്ങുന്നതിനു മുൻപേറായിക്കൊടുത്തിട്ടുള്ള പ്രാണത്തിന്റെതുക.

(ബി) പ്രസ്തുത കാലാവധിക്കുള്ളിൽ ഡിപ്പാർട്ടുമെണ്ടുമുഖം പുതുക്കപ്പെട്ടവയെയോ, അന്നു നന്നാക്കിയിട്ടുള്ളവയെയോ ആയ കല്ലുകളുടെ എണ്ണം.

(സി) മേൽപ്പറഞ്ഞ സമയത്തിനുള്ളിൽ ഇതിലേയ്ക്കു വിലകൊടുക്കുന്നതിനു ബാദ്ധ്യതപ്പെട്ട ഭൂമിയുടമസ്ഥന്മാരോടു പിരിച്ചിട്ടുള്ള കല്ലുവിലയുടെ തുക.

(ഡി) ക ഠ ൻ ൻ, ക ക ഠ ഠ എന്ന രണ്ടു കൊല്ലങ്ങളുടെ അവസാനങ്ങളിൽ സൂപ്രണ്ടിന്റെ കൈവശം സ്റ്റോക്കിലിരിക്കുന്ന കല്ലുകളുടെ എണ്ണവും, അവ വാങ്ങിച്ചതിനുള്ള വിലയും.

(ഇ) ക ഠ ൻ ൻ, ക ക ഠ ഠ എന്ന രണ്ടു കൊല്ലാവസാനങ്ങളിൽ അദ്ദേഹത്തിന്റെ പക്കൽനിന്നും ഈടാക്കാനുള്ള പണത്തിന്റെ വിവരം.

മി. ജി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി):

(എ)	കൊല്ലം.	രൂ.	ച.	കാ.
	ക ഠ ൻ ന	ന, നൻ ള	ഡ ക	ക ഡ
	ക ഠ ൻ ഒ	നശ, ൻ ൾ ഒ	ഒ	ഒ
	ക ഠ ൻ വ	ഡ ൻ, ൻ ൻ ഡ	ക ന	ക ശ
	ക ഠ ൻ ൻ	ഡ ശ, ൻ ൻ ന	ക	ഒ
	ക ക ഠ ഠ (ൻ മാസത്തേയ്ക്കു)	ക ഡ, ക ശ ക	ന	ഡ

(ബി)	കൊല്ലം.	പൂശുക്കപ്പെട്ട കല്ലുകൾ.	നന്നാക്കിയ കല്ലുകൾ.
	ക ഠ ൻ ഒ	ഡ ക, വ വ ന	ന, ൻ ശ ഠ
	ക ഠ ൻ വ	ഡ ന, ഠ ന ന	ന ള ശ
	ക ഠ ൻ ൻ	ന ന, ന ൻ ന	ന, ന ക ഠ
	ക ക ഠ ഠ (ൻ മാസത്തേയ്ക്കു)	ഡ ഡ, ൻ ന ള	ന, ന ഡ ക

(സി) പ്രസ്തുത കാലാവധിക്കുള്ളിൽ കർഷകന്മാർക്ക് വിറ്റിട്ടുള്ള കല്ലുകളുടെ യിമ്പനത്തിനു പാർവ്വതീകാരന്മാർ താലൂക്കുകച്ചേരികളിൽ ക്ൻ, ഒ ന്, ൦ രൂപ ഡ ശ ചക്രം ക ന കാശ്മീ ഒടുക്കീട്ടുണ്ടു. ഇതിനംപുറമെ ഇ ക, ഒ വ ൦ രൂപ ഡ ശ ചക്രം ന കാശ്മീ "മഹശീലുദാരന്മാർക്ക് സർവെയിനത്തിൽ മുമ്പേർ" ആയി അക്കൌണ്ടാഫീസിലേയ്ക്കയച്ചിട്ടുള്ള ഇടാക്കൽ പട്ടികപ്രകാരം അക്കൌണ്ടാഫീസർ ഇനം മാറ്റംചെയ്തിട്ടുണ്ടു. ഇങ്ങനെ കൂടാതെ ഗവർണ്മെണ്ടു ശീതികളിൽ കല്ലുകൾ നാട്ടുന്നതിനു ചെലവായിട്ടുള്ള ഇക ഒ, ൦ന്നൂറ രൂപ ക്ൻ ചക്രം ഡ കാശ്മീ ശ്രീക്കാർട്ടുസൂക്ഷിപ്പുവകയിൽ തഞ്ചിപ്പുവു എന്ന ഇനമായി ചെലവെഴുതീട്ടുണ്ടു. ഇനം മാറ്റംചെയ്യപ്പെട്ടതായ ഇ ക, ഒ വ രൂപ ഡ ശ ചക്രം ന കാശ്മീനിന്നു തഹശീൽദാരന്മാർ ഈടാക്കീട്ടുള്ള തുകകളെക്കുറിച്ചുള്ള വിവരം അവരോടു ആരാഞ്ഞുകൊണ്ടിരിക്കയാണു്,

(ഡി) കല്ലുകൾ സൂപ്രണ്ടിന്റെകൈവശമല്ല സൂക്ഷിച്ചിരിക്കുന്നതു. കല്ലുകൾ സംഭരിക്കപ്പെട്ടിട്ടുള്ള പകുതികളിലെ പാർവ്വതീകാരന്മാരുടെ രക്ഷകവശമാണു്.

ക ഠ ൻ ൻ—൦കൊല്ലത്തിന്റെ അവസാനത്തിൽ എല്ലാ പാർവ്വതീകാരന്മാരുടേയും കൈവശമുള്ളതായ കല്ലുകൾ ഒന്നു, ൻ ഇ ൦—ം അവയുടെവില ഡ വു, ക ൦ വു രൂപ ഡ ചക്രം ക ഡ കാശ്മീ ആയിരുന്നു.

ക ക ഠ ഠ—ാമതു കൊല്ലം മേടമാസാവസാനത്തിൽ എല്ലാ പാർവ്വതീകാരന്മാരുടേയും കൈവശമുള്ളതായി ഒ ശ ക ൻ ഇ കല്ലുകളുണ്ടായിരുന്നു. വില ഡ വു, ഡ ന്നൂറ രൂപ ഡ ഇ ചക്രം ക കാശ്മീ ആയിരുന്നു.

(ഇ) ശ്രീക്കാർട്ടുസൂപ്രണ്ടുപക്കൽനിന്നും ഈടാക്കാനുള്ള പണം ഒന്നംതന്നെയില്ല. ചോദ്യത്തിന്റെ (ഡി) ഉപവകുപ്പിനു കൊടുത്തിരിക്കുന്ന മറുപടിപോലെ ക ൦ ൻ ൻ-ം ആണ്ടവസാനത്തിൽ പല ഡിപ്പോകളിലായി സംഭരിച്ചുവച്ചിട്ടുള്ള കല്ലുകളുടെവില ഡ വു, ക ൦ വു രൂപ ഡ ചക്രം ക ഡ കാശ്മീ. ക ക ഠ ഠ മേടമാസാന്ത്യത്തിൽ ഉള്ള കല്ലുകളുടെവില ഡ വു, ൦ന്നൂറ രൂപ ഡ ശ ചക്രം ക കാശ്മീ ആകുന്നു. കൂടാതെ ക ൦ ൻ ൻ-ാം ആണ്ടവസാനത്തിൽ കാണിച്ച ക്ൻ, ഇ ന ശ രൂപ ക ക ചക്രം ക ക കാശ്മീ ക ക ഠ ഠ-മാണ്ടു മേടമാസാവസാനത്തിൽകാണിച്ച ന, ന്നൂറ ഇ രൂപ ക ഠ ചക്രം ശ കാശ്മീ സംബന്ധിച്ചു കണക്കു തരിപ്പെടുത്തിവരികയാണ്, ഈ തുകകളുടെ ഈടാക്കൽ പട്ടികകൾ അനുവദിച്ചുകഴിയുമ്പോൾ അവയെ അക്കൌണ്ടാഫീസിൽ കണക്കു തരിപ്പെടുത്തിക്കൊള്ളുന്നതുമാകുന്നു.

മി. ടി. കുഞ്ഞുപിള്ള (കൽക്കുളവും-വിളവങ്കോടും): പുതുതായി കല്ലുകൾ ഇടുന്നതും അതുകളുടെ അറ്റകുറ്റങ്ങൾ തീർക്കുന്നതും കക്ഷികളെ അറിയിച്ചിട്ടാണോ ചെയ്യുന്നതു ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): ഓരോ സർവെനമ്പരിനെ സംബന്ധിച്ചിടത്തോളം, കക്ഷികൾക്കു പ്രത്യേകമായിട്ടു അങ്ങിനെ നോട്ടീസുകൊടുക്കാറുണ്ടോഎന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി. ജി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഏതെങ്കിലും ഒരുകല്ലു ഇടുമ്പോൾ കക്ഷികളെ അറിയിക്കാതെ ചെയ്യാറുണ്ടോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): ചട്ടങ്ങളിൽ നോട്ടീസു കൊടുക്കണമെന്നുണ്ടു. അങ്ങനെ നോട്ടീസ് കൊടുക്കുന്നുഎന്നാണ് ഗവർണ്മെണ്ടിന്റെ വിചാരം.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): കക്ഷിക്കു നോട്ടീസുകൊടുക്കാതെ കല്ലിടുകയും അതിലേയ്ക്കു പണം ഈടാക്കുകയുംചെയ്യുന്ന വിവരം ഗവർണ്മെണ്ടിനറിയാമോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സെക്രട്ടറി): അറിഞ്ഞുകൂടാ.

മി. കെ കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഇ ഫ, ഒ വ ൦ രൂപാ ഡ ശ ചക്രം ന കാശ്മീ പാർവ്വതീകാരന്മാർ ഏതുആഫീസിലാണ് ഒടുക്കീട്ടുള്ളതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സെക്രട്ടറി): ഈ പണം പിരിഞ്ഞുകിട്ടുകയും ഒടുക്കുകയും ചെയ്തിട്ടുള്ളതല്ലാ. തഹശീൽദാരന്മാർമുഖാന്തിര ഈടാക്കുന്നതിനു കണക്കയച്ചുവരുകയിലുള്ളതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അസിസ്റ്റൻറു തഹശീൽദാരന്മാർ അവരുടെ മേൽമനസ്സിന്റെ അഡ്വാൻസ്സിനു പണം ചെലവുചെയ്തു കല്ലുകൾ ഇടീക്കും. അതിലേയ്ക്കു രണ്ടിനം കണക്കുവയ്ക്കുന്നുണ്ടു. സർക്കാർകാര്യം ഇടീച്ചകല്ലുകൾക്കുള്ള ചെലവു ഒരുഭാഗം. കൂടികൂടി ഇടേണ്ടതായ കല്ലുകൾ അവർ ഈടാക്കാത്തതുനിമിത്തം സർക്കാരിങ്കൽനിന്നും ആയതു ഇടീച്ചു അവരിൽനിന്നും ഈടാക്കേണ്ട പണം

ാരാമതാണോ; ഈ രണ്ടു ഇനങ്ങളിലേക്കും കണക്കുകളും സഹിതം അസിസ്റ്റന്റ് തഹശീൽദാരന്മാർ ട്രഷറി ക്കാർട്ടർ സൂപ്രണ്ടിനു എഴുതിക്കൊടുക്കും. സൂപ്രണ്ടു് ഈ വക യെ അക്കൗണ്ടന്റ് ജനറൽ ആഫീസർക്ക് അയയ്ക്കും. അക്കൌണ്ടന്റ് ജനറൽ ആഫീസർ ട്രഷറി ഓഫീസുകളിലേക്കയക്കുന്ന ട്രഷറി ക്കാർട്ടർസൂപ്രണ്ടുമാരുടെ അക്കൗണ്ടുകൾ പരിശോധിച്ചിട്ടുള്ള തങ്ങളുടെ തന്നെ ചെലവുകണക്കുകളിൽ ചെലവുവഴിതി കറയ്ക്കുകയും കൂടികളിൽനിന്നും ഈടാക്കേണ്ടുന്ന കയെ ട്രഷറി ക്കാർട്ടർസൂപ്രണ്ടുമാരുടെ അഡ്വാൻസിനത്തിൽചേർത്തു വിവരം ട്രഷറി ക്കാർട്ടർസൂപ്രണ്ടിനെയും ഡിവിഷൻ ട്രഷറിആഫീസർമുഖാന്തിരം സംബന്ധപ്പെട്ട തഹശീൽദാരന്മാരേയും അതതു മാസങ്ങളിൽതന്നെ അറിയിച്ചുകൊള്ളുന്നതാണ്.

മി. കെ. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കല്ലിടാത്തതിനു പണം പിരിക്കാറുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): അതു സപ്ലിമെൻഡറിചോദ്യമായി വിചാരിച്ചു ഉത്തരം തയ്യാറാക്കീട്ടില്ലാ.

മി. കെ. കുമാരപ്പിള്ള (കൽക്കുളവും-വിളവങ്കോടും): ഇപ്പോഴും സർക്കാർ കല്ലുകൾ ഇടാത്ത പാർവത്യകാരന്മാർ കയ്യിൽനിന്നും കല്ലിട്ട പണം പിരിക്കുന്നതായി ഗവർണ്മെന്റിനറിയാമോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): അതു അറിയാൻപാടില്ല.

മി. കെ. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഈ കല്ലുകളിടകണക്ക സൂപ്രണ്ടിനു എപ്പോഴാണ് എത്തിക്കുന്നതു ? പ്രവർത്തികച്ചേരിയിൽനിന്നും കണക്ക മാസാമാസം സൂപ്രണ്ടിനു അയച്ചുകൊടുക്കുന്നുണ്ടോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): പ്രവർത്തികച്ചേരിയിൽകിടക്കുന്ന കല്ലുകളുടെസംബന്ധിച്ചു കണക്ക അയക്കുന്നുണ്ടു. കണക്കുകളും അസിസ്റ്റന്റ് തഹശീൽദാർമുഖാന്തിരം ട്രഷറിക്കാർട്ടർ സൂപ്രണ്ടിനു അയക്കുന്നുണ്ടു.

മി. കെ. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അതിനെ ആരെങ്കിലും പരിശോധിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): അസിസ്റ്റന്റ്തഹശീൽദാർമുഖാന്തിരം ട്രഷറിക്കാർട്ടർസൂപ്രണ്ടു പരിശോധിക്കുന്നുണ്ട്.

ധനകാര്യകമ്മിറ്റിയുടെ നടപടികൾ.

ഓൺ. മി. എം. എൻ. പിള്ള (തിരുവനന്തപുരം): തിരുവിതാംകോട്ട നിയമസഭയുടെ ധനകാര്യകമ്മിറ്റി നടപടികളെ ഗവർണ്മെന്റു സഭയം പ്രസിദ്ധീകരിക്കുമോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ധനകാര്യകമ്മിറ്റിയുടെ ഇനിയത്തെ യോഗത്തിൽ ഈ സംഗതി വിശദീകരിച്ചുചെയ്യുന്നതിനുദ്ദേശിക്കുന്നുണ്ട്.

വാൻറോസ്സ്-പോറിക്കേസ് സംബന്ധിച്ചുവന്നിട്ടുള്ള ചെലവ്.

ന്യാ. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) വാൻറോസ്സ്-പോറിക്കെക്രൂവിക്കേസു നടത്തുന്നതിലേയ്ക്കു ഗവർണ്മെന്റിനുനേരിട്ട ചിലവു എത്രയെന്നു ഗവർണ്മെന്റു സഭയം പറയുമോ ?

മി. എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവർണ്മെന്റു സെക്രട്ടറി): കഉ ം ാുപാ.

തഹശീൽദാർ മിസ്റ്റർ എ. ആർ. സുബ്രഹ്മണ്യയ്യർ.

ന്യാ. മി. എം. എൻ. പിള്ള (തിരുവനന്തപുരം):

(എ) തഹശീൽദാർ മി. എ. ആർ. സുബ്രഹ്മണ്യയ്യരെ താത്കാലികമായ ഉദ്യോഗിക വീഴ്ചകൾക്കായി ഗവർണ്മെന്റു ഒരിക്കൽ ഒരു വലിയ പ്രായശ്ചിത്തം ചുമത്തീട്ടുള്ളതായി ഗവർണ്മെന്റിനെ അറിവിച്ചുവോ ?

(ബി) ആളേഹത്തെ ഇപ്പോൾ തിരുവനന്തപുരത്തേയ്ക്കു സ്ഥലംമാറ്റുന്നതിനായി ഗവർണ്മെന്റിനെ പ്രേരിപ്പിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം.

(സി) ഈ ആളേഹത്തെ ഉദ്യോഗിക വീഴ്ചകൾക്കായി ഇൻക്വിസിഷൻ കമ്മിഷണർ ഗവർണ്മെന്റിലേയ്ക്കു റിപ്പോർട്ടു അയച്ചിട്ടുള്ളതും തൽഫലമായി മുന്നുകൊല്ലങ്ങൾക്കുമുമ്പു തിരുവനന്തപുരത്തുനിന്നും സ്ഥലം മാറ്റിയിട്ടുള്ളതും വാസ്തവമല്ലേ ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെന്റ് ചീഫ്സെക്രട്ടറി):

(എ) അഡ്വസ്റ്റീശ്വരം താലൂക്കിലെ ഈ ആളേഹത്തിനെതിരായ ക്രിക്കാർട്ടസൂക്ഷിപ്പുജോലി സംബന്ധമായി ഈ ആളേഹത്തിനു പിഴയിടുകയുണ്ടായി,

(ബി) ഈ ആളേഹത്തെ തിരുവനന്തപുരത്തേയ്ക്കു സ്ഥലംമാറ്റിയിട്ടുള്ളതു പബ്ലിക്കുസർവീസിന്റെ ആവശ്യാനുസരണം ഉദ്ദേശിച്ചായിരുന്നു,

(സി) മുന്നുവർഷങ്ങൾക്കുമുമ്പു ഈ ആളേഹത്തെ തിരുവനന്തപുരത്തുനിന്നും സ്ഥലംമാറിയതു യാതൊരു ദുഷ്പ്രകൃതമായ റിപ്പോർട്ടിന്റേയും ഫലമായിട്ടല്ലാ,

തഹശീൽദാരന്മാർക്കു വിരോധമായി ഇൻക്വിസിഷൻ അയച്ച റിപ്പോർട്ടു,

ന്യാ. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും).

(എ) ഏതാനും തഹശീൽദാരന്മാർ കായ്ക്ഷമതയില്ലാത്ത പലരും അഴിമതിക്കാരും ജോലിചെയ്യുന്നതിനു യോഗ്യരായിട്ടില്ലാത്തവരും ആണെന്നു റവന്യൂകമ്മിഷണർ മി. റാബിൻസൺ ഗവർണ്മെന്റിനെ ധരിപ്പിയിൽ കൊണ്ടുവരികയുണ്ടായിട്ടുണ്ടോഎന്നു ഗവർണ്മെന്റു സഭയം പറയുമോ ?

(ബി) അങ്ങിനെഎങ്കിൽ, ആ തഹശീൽദാരന്മാർ ആരെല്ലാമാണ്? അപ്രകാരമുള്ള ആരേം റിപ്പോർട്ടിന്മേലും ഗവർണ്മെന്റു എന്തുനടപടി എടുത്തിട്ടുണ്ട് ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെന്റ് ചീഫ്സെക്രട്ടറി):

(എ) ഇൻക്വിസി കമ്മിഷണർ തന്റെ പരിശോധന നടത്തിയസമയം, ചില തഹശീൽദാരന്മാരുടെ ജോലിയിൽ ചിലതാനും ദുഷ്പ്രകൃതികൾ കണ്ടുപിടിക്കുകയും, അവയെ ഗവർണ്മെന്റിന്റെ സമക്ഷം കൊണ്ടുവരികയും ചെയ്തിട്ടുണ്ട്,

(ബി) വ്യക്തിഗതമായി ഓരോസംഗതിയും എടുത്തുപറയുന്നതു പൊതുജനക്ഷേമത്തിനു അനുകൂലമായിരിക്കുന്നതല്ല,

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും–കുന്നത്തൂരും): പിഴുക്കളുടെ ഗൗരവമുള്ള കുറ്റകൃത്യങ്ങളെ നേരിടുന്നതിനും പ്രസ്തുത തഹശീൽദാരന്മാരെ സർവ്വർണ്ണത്തിന്റെ ശിക്ഷിച്ചിട്ടുള്ളത്?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെന്റ് ചീഫ്സെക്രട്ടറി): പരിശോധനയിൽ തങ്ങളുടെ ജോലി, കാര്യക്ഷമതയില്ലാത്തതോ തൃപ്തികരമല്ലാത്തതോ ആയികാണപ്പെട്ട തഹശീൽദാരന്മാരുടെ വിഷയത്തിൽ ഗവർണ്മെന്റ് അങ്ങിനെയുള്ള തഹശീൽദാരന്മാരോട് സന്ദർഭാനുസരണം ആവശ്യപ്പെടുകയും ആ പരാതികൾ പരിഹാരമുണ്ടാക്കുകയും ഉണ്ടായിട്ടുണ്ട്. ആയവഗവർണ്മെന്റുകളുടെ പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ. ചിലരുടെ സംഗതിയിൽ താക്കീതുചെയ്യുന്നതിലധികം ഉടൻശിക്ഷ അർഹിക്കുന്നതായ യാതൊന്നും അവരുടെ പേരിൽ കാണപ്പെട്ടിട്ടില്ല. തീർച്ചപ്പെടുത്തിട്ടില്ലാത്തതായ മറ്റനേകം കേസുകളും ഉണ്ട്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും–കുന്നത്തൂരും): തഹശീൽദാരന്മാരിൽ ആരെയും ശിക്ഷിച്ചിട്ടില്ലെന്നു ഞാൻ മനസ്സിലാക്കണമോ?

മി. കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവർണ്മെന്റ് ചീഫ്സെക്രട്ടറി): അവരിൽ എട്ടാനംപേരെ ശിക്ഷിച്ചിട്ടുണ്ട്.

അമ്പതു രൂപായിൽ കവിഞ്ഞ ശമ്പളമുള്ള ഉദ്യോഗങ്ങളുടെ പട്ടിക.

നമ്പ. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): (എ) ൪൦ രൂപായും കവിഞ്ഞും ശമ്പളമുള്ള എത്രയെത്ര ഉദ്യോഗനിയമനങ്ങൾ ഇക്കഴിഞ്ഞ രണ്ടുകൊല്ലങ്ങൾക്കിടയിൽ ഉണ്ടായിട്ടുണ്ടെന്ന് ഗവർണ്മെന്റ് സമയംപോലെ പറയുമോ?

(ബി) അങ്ങിനെയുള്ള ഉദ്യോഗനിയമനങ്ങളുടെ ലെജിസ്ലേറ്റീവ് കമ്മിഷ്ണർ അതിക്രമമനുസരിച്ചു ആ ഉദ്യോഗസ്ഥന്മാരുടെ പേരുകൾസഹിതം ഗവർണ്മെന്റ് സമയം തരുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെന്റ് ചീഫ്സെക്രട്ടറി): (എ) (ബി) ചോദ്യങ്ങളെ സംബന്ധിച്ചു, ആവശ്യപ്പെട്ടകണക്കുകൾ തയ്യാറാക്കുന്നതിനുവേണ്ടി വരുന്ന സമയവും പ്രയത്നവും നോക്കിയാൽ അപേക്ഷയുടെ പ്രയോജനം തുലോംതുച്ഛമാകുന്നു.

കൊല്ലത്തുള്ള സ്കൂൾവേലയും കൊല്ലപ്പണിയും പഠിപ്പിക്കുന്നതിനുള്ള സ്കൂൾ.

൩൪. മി. എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ചമെംബർ): (എ) കൊല്ലത്തുള്ള തച്ചുവേലസ്കൂളിൽ പല ക്ലാസ്സുകളിലായി ഇപ്പോൾ പഠിച്ചുവരുന്ന വിദ്യാർത്ഥികൾ എത്ര?

(ബി) സിലക്ഷൻ ബോർഡുകാർ തിരഞ്ഞെടുത്ത അപേക്ഷകന്മാരിൽ മിക്കപേരും സ്കൂളിൽചേർന്നിട്ടില്ലായെന്നുള്ളതു വാസ്തവമാണോ?

(സി) അപ്രകാരം ചേരാതെവന്നിട്ടുള്ളതിനു കാരണമെന്തു?

(ഡി) മൂന്നുവർഷങ്ങൾക്കുമുമ്പ് ഈ സ്ഥാപനത്തെ പുനർജീവിപ്പിച്ചതുനിമിത്തം നാളുവരെ അതിലേക്കു ചിലവായ തുകയെത്ര.

. മി: എൻ. നീലകണ്ഠപ്പിള്ള (വേതരജോലിയിലിരിക്കുന്ന ഗവർണ്മെന്റ് സിക്രട്ടറി):

(എ) മൂന്നാംവർഷപരീക്ഷ പരിചയിക്കുന്നവർ ൪ വിദ്യാർത്ഥികൾ

രണ്ടാം ... ... ൯ ...

ഒന്നാം ... ... ൯ ...

(ബി) അതെ.

(സി) അന്വേഷണങ്ങൾ നടത്തിവരികയാണ്.

(ഡി) കൗൺസിലും കൗൺസിലും നേരിട്ട പ്രാരംഭസ്ഥാപനച്ചിലവിനത്തിലുള്ള ൨,൯൪൭ രൂപാ കൂടാതെ ചക്രം ൭ കാശുമുൾപ്പടെ സന്ദർശകരുടെ രൂപാ ൨൦ ചക്രം ൦ കാശു കിട്ടുകയുണ്ടായി.

മി. എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): ഓരോക്ലാസ്സിലേക്കും അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്നു സഭയെ അറിയിച്ചുതരാമോ?

മി. എൻ. നീലകണ്ഠപ്പിള്ള (വേതരജോലിയിലിരിക്കുന്ന ഗവർണ്മെന്റ് സിക്രട്ടറി): ഓരോക്ലാസ്സിലേക്കും പ്രവേശനത്തിനായി അപേക്ഷിക്കുന്ന എല്ലാവർക്കും അഭ്യസനം നല്കുന്നതിലേക്കു യാതൊരു പ്രയാസവും നേരിടുന്നതല്ല.

മി. എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): സ്കൂളിൽ ചേരുന്നതിനായി പ്രത്യേകം നിശ്ചയിച്ചിട്ടുള്ള നിബന്ധനകളെ പാലിക്കുന്ന വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നതായെന്നോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. എൻ. നീലകണ്ഠപ്പിള്ള (വേതരജോലിയിലിരിക്കുന്ന ഗവർണ്മെന്റ് സിക്രട്ടറി): അതെ.

മി. എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ച മെമ്പർ): ഈസ്കൂൾ പ്രവർത്തിച്ചുവരുന്നതിനെപ്പറ്റി ഗവർണ്മെന്റുണ്ടാക്കിയ തരവുപ്രകാരം ഓരോക്ലാസ്സിലും കഴിവുള്ള വിദ്യാർത്ഥികളെ മാത്രമേ ചേർത്തുകൊള്ളുവെന്നുള്ളതു വാസ്തവമല്ലേ?

മി. എൻ. നീലകണ്ഠപ്പിള്ള (വേതരജോലിയിലിരിക്കുന്ന ഗവർണ്മെന്റ് സിക്രട്ടറി): ഈ സംഗതി ഞാൻ പരിശോധിച്ചിരിക്കുന്നു.

മി. എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ചമെംബർ): സ്കൂളിൽ പഠിക്കുന്നതിനായി വർഷംതോറും എത്ര വിദ്യാർത്ഥികളെ സിലക്ഷൻ ബോർഡുകാർ തിരഞ്ഞെടുത്തുവരുന്നു?

മി. എൻ. നീലകണ്ഠപ്പിള്ള (വേതരജോലിയിലിരിക്കുന്ന ഗവർണ്മെന്റ് സിക്രട്ടറി): ഇതിലേക്കുഎനിക്കുമുന്നറിവുപോരായിരിക്കുന്നു.

മി. എൻ. കുമാരൻ (ഗവർണ്മെന്റ് നിയമിച്ചമെംബർ): സിലക്ഷൻ ബോർഡുകാർ തെരഞ്ഞെടുത്ത നിശ്ചയപ്രകാരം അവർചേരാൻ ഇടയാകാതെ വന്നതുഎപ്പോഴാണ്? വാസ്തവത്തിൽ, (ബി) ചോദ്യം ഇങ്ങനെയാകുന്നു, സിലക്ഷൻ ബോർഡുകാർ തിരഞ്ഞെടുത്ത അപേക്ഷകന്മാരിൽ മിക്കപേരും സ്ഥാപനത്തിൽചേരാതെയിരുന്നു എന്നുള്ളതു വാസ്തവംതന്നെയോ? അതിനുശേഷം 'അതെ' എന്നും ആകുന്നു.

മി. എൻ. നീലകണ്ഠപ്പിള്ള (വേതരജോലിയിലിരിക്കുന്ന ഗവർണ്മെന്റ് സിക്രട്ടറി): മെംബർ ആവശ്യപ്പെട്ടുന്ന സംഗതിഅറിയുന്നതിനു ഇപ്പോൾ നിവൃത്തിയില്ല.

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ച മെമ്പർ): ഈ അന്വേഷണങ്ങൾ തുടങ്ങിയതു എപ്പോൾമുതൽക്കാണെന്നു പറയാമോ?

മി. എൻ. നീലകണ്ഠപിള്ള (വേർഗജോലിയിലിരിക്കുന്ന ഗവർണ്ണരുടെ സിക്രട്ടറി): ഏതന്വേഷണങ്ങൾ?

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ച മെമ്പർ): (സി) ചോദ്യത്തിനുത്തരമായി അന്വേഷണങ്ങൾ നടത്തിവരുന്നു എന്നു പറഞ്ഞിരിക്കുന്നു.

മി. എൻ. നീലകണ്ഠപിള്ള (വേർഗജോലിയിലിരിക്കുന്ന ഗവർണ്ണരുടെ സിക്രട്ടറി): അതു സംബന്ധിച്ചു സഭയിൽ ചോദ്യം ചെയ്തതിനുശേഷം.

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ച മെമ്പർ): ക്രിയാത്മകമായ തീയതിയാണു ഞാൻ ആവശ്യപ്പെട്ടതു. അന്വേഷണങ്ങൾ നടത്തുന്നതു എന്നാണ്?

മി. എൻ. നിലകണ്ഠപിള്ള (വേർഗജോലിയിലിരിക്കുന്ന ഗവർണ്ണരുടെ സിക്രട്ടറി): യൂണിവേഴ്സിറ്റി അധികാരികൾ തന്നെയാണ്.

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ച മെമ്പർ): തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകന്മാരെ ഈ സ്ഥാപനത്തിൽ ഹാജരാകുന്നതിനുവേണ്ടിയാകാത്ത പോയതിനെക്കുറിച്ചു അദ്ദേഹം വല്ലവിധത്തിലും അന്വേഷിക്കുകയോ വല്ല നടപടികളെടുക്കുകയോ ചെയ്തിട്ടില്ലെ?

മി. എൻ. നീലകണ്ഠപിള്ള (വേർഗജോലിയിലിരിക്കുന്ന ഗവർണ്ണരുടെ സിക്രട്ടറി): അദ്ദേഹത്തിന്റെ റിപ്പോർട്ടിനായി ഗവർണ്ണരുടെ കാത്തിരിക്കുകയാണ്.

വാണിജ്യത്തിലും വ്യവസായത്തിലും ഒരുപിള്ളാത്തിക്കു ലഭിക്കുന്ന അഭ്യുന്നതം.

൩൬. മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ച മെമ്പർ): (എ) ഒരുവിദ്യാർത്ഥിയെ ലണ്ടനിലേക്കയച്ചു വാണിജ്യവ്യവസായ വിഷയങ്ങളിൽ യോഗ്യതസമ്പാദിക്കുന്നതിനു അനുവദിച്ചതിൽ ഗവർണ്ണരുടെ ഉദ്ദേശം എന്തായിരുന്നു?

(ബി) അയാളുടെപേക്ക് ഗവർണ്ണരുടെ നേരിട്ട ആകെ ചെലവുഎത്ര?

മി. കെ. ജോർജ് (ഗവർണ്ണരുടെ ധനകാര്യസിക്രട്ടറി): (എ) ഒരുതിരുവിതാംകോട്ട സ്വദേശിയെ "ബാങ്കിങ്ങും വ്യവസായവും" എന്നവിഷയങ്ങളിൽ ഉപരിപഠനത്തിനും ഒരുപ്രഥമ പരിശീലിക്കുന്നതിനു അയാൾക്കു കഴിവുണ്ടാകുന്നതിനുവേണ്ടി നൽകിയ ഒരു സാങ്കേതിക വിദ്യാർത്ഥിവേതനം ആയിരുന്നതായ്.

(ബി) ഇതിലേക്കു ഗവർണ്ണരുടെ നേരിട്ടതായ ആകെചെലവു് ഫൻറ്റു രൂപാ ആയിരുന്നു.

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ചമെമ്പർ): ബാങ്കിങ്ങും വ്യവസായവും പരിശീലനത്തിനായി ഒരുതിരുവിതാംകോട്ട സ്വദേശിയെ പിരേഷത്തിലയക്കുന്നതിനു നിശ്ചയിച്ചപ്പോൾ അയാളെ ഉദ്ദേശത്തുചെയ്തു പരിശീലനം ചെയ്യിക്കുമാത്രം അല്ലാതെ വേറെയാതൊരു ഉദ്ദേശവും ഗവർണ്ണരുടെ ഇല്ലായിരുന്നു എന്നതാൻ മനസ്സിലാക്കണമോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ധനകാര്യസിക്രട്ടറി): യോഗ്യതയ്ക്കായി അപേക്ഷകരും ആവശ്യപ്പെട്ടസമയം ഉദ്ദേശംയാതൊന്നും പ്രസ്താവിക്കയാകട്ടെ, തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകൻ ഒരുഗവർണ്ണരുടെയുദ്യോഗസ്ഥനായിരിക്കുമെന്നു ഗവർണ്ണരുടെ വിചാരിക്കയാകട്ടെ ഉണ്ടായിട്ടില്ല.

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ച മെംബർ): പരിശീലനംകഴിഞ്ഞു തിരിച്ചുവരുമ്പോൾ ഇദ്ദേഹത്തെ ഏതുപിദ്യത്തിൽ ഉപയോഗപ്പെടുത്തണമെന്നു എന്നു ഗവർണ്ണരുടെ വല്ലവിചാരവും വാസ്തവത്തിൽ ഉണ്ടായിരുന്നോ എന്നു മെംബർക്കു എന്നോടുപറയാൻ കഴിയുമോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ധനകാര്യസിക്രട്ടറി): ഒരുഅനുദ്യോഗസ്ഥനെ അയച്ചിരുന്നതുകൊണ്ടു അയാൾ തിരിച്ചുവരുമ്പോൾ ബാങ്കിങ്ങും വ്യവസായവും അഭിവൃദ്ധിപ്പെടുത്തുന്ന വിഷയങ്ങളിൽ രാജ്യത്തിനു ഉപകരിക്കുമെന്നുള്ള വിചാരത്തിന്മേൽ ആയിരുന്നേക്കാം.

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ചമെമ്പർ): അദ്ദേഹം ഇപ്പോൾ എവ്വിധമോയിൽ ഇരിക്കുന്നു എന്നുസദയം എന്നോടു പറയുമോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ധനകാര്യസിക്രട്ടറി): അദ്ദേഹം മിസ്റ്റർ ഗോപാലമേനോൻആണ്. അദ്ദേഹം ഇപ്പോൾ ആർട്ട്സ് കോളേജിൽ ഒരു പ്രഥമർ ആയിരിക്കുന്നു.

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ചമെമ്പർ): അതായതു അദ്ദേഹം മുമ്പിലിരുന്ന ജോലിയിൽതന്നെ ഇപ്പോഴുംഇരിക്കുന്നു.

മി. കെ. ജോർജ് (ഗവർണ്ണരുടെ ധനകാര്യസിക്രട്ടറി): അല്ല. അദ്ദേഹംപോകുന്ന സമയത്തു ഒരുഅസിസ്റ്റൻറ്റുപ്രഫസ്സറും ഇപ്പോൾ പ്രഫസ്സറുമാകുന്നു.

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ച മെമ്പർ): അദ്ദേഹം ആർട്ട്സ്കോളേജിൽ ഒരുപ്രഫസ്സറായിരിക്കുന്നതിനാൽ, തനിക്കുലഭിച്ചിട്ടുള്ള പരിശീലനം രാജ്യത്തിന്റെ ഗുണത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ടു എന്ന ഗവർണ്ണരുടെ വിചാരിക്കുന്നുണ്ടോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ധനകാര്യസിക്രട്ടറി): അദ്ദേഹം ധനശാസ്ത്രമാണു പഠിപ്പിക്കുന്നതു. അതിനാൽ തനിക്കുലഭിച്ചിട്ടുള്ള പരിശീലനം ഉപയോഗപ്രദമായിവരുന്നതല്ലെന്നു തീർച്ചയാണ്.

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ചമെമ്പർ): താൻജോലിചെയ്യുന്നതിനു എർപ്പെട്ടിട്ടില്ലാത്ത ഒരുവിഷയത്തിലുള്ള തന്റെ വിശേഷ പരിശീലനത്തെ ഒരുപ്രഫസ്സറായി അദ്ദേഹം ഉപയോഗപ്പെടുത്തുന്നുഎന്നു ഞാൻമനസ്സിലാക്കണമോ?

മി. കെ. ജോർജ് (ഗവർണ്ണരുടെ ധനകാര്യസിക്രട്ടറി): അതു ഒരുതരത്തിലുള്ള വിഷയമാണ്.

മി. എൻ. കുമാരൻ (ഗവർണ്ണരുടെ നിയമിച്ച മെമ്പർ): ഞാൻ ആവശ്യപ്പെട്ടതു ഗവർണ്ണരുടെ അഭിപ്രായമാണ്. എന്റെസ്വന്തമായ അഭിപ്രായമല്ല.

മി. കെ. ജോജ് (ഗവർണ്മെണ്ടു ധനകാര്യസിക്രട്ടറി): മെംബറുടെ അഭിപ്രായം അല്ലഉപയോഗപ്രദമെന്നാലുപയോഗശൂന്യമെന്നാ ആയിരിക്കാം. എന്നാൽ ഗവർണ്മെൻറിൻറെഅഭിപ്രായം അല്ല ഉപയോഗപ്രദമാണെന്നതോന്നുന്നു എന്നാകുന്നു.

മി. എൻ. കുമാരൻ (ഗവർണ്മെണ്ടു നിയമിച്ച മെംബർ): അദ്ദേഹത്തിനുപ്പോലുള്ളവരുടെ ഉപയോഗപ്രദമായവിധത്തിൽ അതായതു വാണിജ്യവും വ്യവസായവും സ്ഥാപിക്കുന്നതിനായിട്ടുള്ള ഒരുദ്യോഗത്തിൽ നിയമിക്കുന്നതു ഗവർണ്മെണ്ടിനു സാധിക്കുന്നതല്ലെ?

മി. കെ ജോജ് (ഗവർണ്മെണ്ടു ധനകാര്യസിക്രട്ടറി): അദ്ദേഹത്തെ ഏതുവിധത്തിൽ ഉപയോഗപ്പെടുത്തണമെന്നു മെംബർ ആഗ്രഹിക്കുന്നു എന്നു സുവ്യക്തമാകുന്നില്ല.

മി. എൻ. കുമാരൻ (ഗവർണ്മെണ്ടുനിയമിച്ചമെംബർ). മെംബർക്കുതൻറെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനു തക്കസമയം ഇതല്ല.

മി. കെ. ജോജ് (ഗവർണ്മെണ്ടു ധനകാര്യസിക്രട്ടറി): ഒരുവസരം ഉണ്ടാകുമ്പോൾ അദ്ദേഹത്തെ ഉപയോഗപ്പെടുത്തുന്നതായിരിക്കും.

വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ ഫീസ്സുനിശ്ചിതസമയം അതിലംഘിച്ചു ഒടുക്കുന്ന
വിഷയത്തിൽ പ്രായശ്ചിത്തം ചുമത്തുന്നതു

൯൩. മി. സി. പി. മകാച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും). (എ) വിദ്യാഭ്യാസ കോഡ് ക്രമം-൨ചട്ടം അനുസരിച്ചു വിദ്യാഭ്യാസമേലധ്യക്ഷൻ ഗവർണ്മെണ്ടനുമതിയോടുകൂടി ഡിപ്പാർട്ടുമെണ്ടു സ്കൂളുകളിലെ ഫീസ്സു ഒടുക്കേണ്ടതിനും സമയം അതിക്രമിച്ചാൽ പിഴ ഒടുക്കേണ്ടതിനും തിയ്യതികാം ക്ലിപ്തപ്പെടുത്തുന്നതിലേക്കുമാം പുറപ്പെടുവിച്ചിട്ടുണ്ടോ?

(ബി) അങ്ങിനെ ആണെങ്കിൽ ആ തീയ്യതികാം ഏവ?

(സി) പിഴകൂടാതെ ഫീസ്സാടുക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള തീയ്യതി മാരാമാസത്തിലും ക്രമം-൩൧ തീയ്യതിതന്നെ ആണെന്നോ?

(ഡി) ഫീസ്സാടുക്കുന്നതിനുള്ള അന്തിമദിവസം ഒരു അനദ്ധ്യായദിവസമാണെങ്കിൽ പിഴ ചുമത്തേണ്ടതിനെപ്പറ്റി വല്ല ചട്ടവും ഉണ്ടോ?

(ഈ) ഡിപ്പാർട്ടുമെണ്ടു സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ എല്ലാവരുമോ അവരിൽ വല്ലവരുമോ ധനുസ-൯൨ തുടങ്ങുന്ന ക്ലാസ്സ്മാസ്റ്റ് വർദ്ധിക്കുഴിഞ്ഞു സ്കൂൾവീണ്ടും തുറക്കുന്നദിവസം ക്രമം൯൯ മകരം ൯൨-൯൩ തീയ്യതി വരെ സ്കൂളിൽ പിഴയും വാങ്ങൽ ചെയ്തിട്ടുണ്ടോ? അങ്ങിനെചെയ്തിട്ടുണ്ടെങ്കിൽ അങ്ങിനെയുള്ള സ്കൂളുകളുടെയും അപ്രകാരം ചെയ്തിട്ടുള്ള ഹെഡ്മാസ്റ്റർ മാരുടെയും പേരുകാം ഗവർണ്മെണ്ടു സഭയുംപറയുമോ?

(ഫ്) അങ്ങിനെയുള്ള മാരൊസ്കൂളിലും വാങ്ങൽചെയ്തിട്ടുള്ള പിഴയുടെ തുക എത്ര?

(ജി) അപ്രകാരം പിഴവാങ്ങൽചെയ്തിട്ടുള്ള ഹെഡ്മാസ്റ്റർമാരെ അല്ലാത്തവരാക്കുന്നതിനെപ്പറ്റി കാൽ?

(എച്ച്) മേൽപറഞ്ഞവർ വല്ലയാളും ഉണ്ടെങ്കിൽ അവരുടെപേരിൽ വല്ലനടപടിയും നടത്തുന്നതിനു ഗവർണ്മെണ്ടു വിചാരിക്കുന്നുണ്ടോ?

(ഐ) അങ്ങിനെയുള്ള നടപടിയുടെഫലം ഈ സഭയെ ഗവർണ്മെണ്ടു സഭയംഅറിയിച്ചുകൊടുക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടുസിക്രട്ടറി): (എ) അതെ. (ബി) യും (സി) യും. (ഡി) നാട്ടുഭാഷാവിദ്യാലയങ്ങളിലെ ഇടവംമുതൽ വൃശ്ചികംവരെയും, മകരത്തിലും, കുംഭത്തിലും, ഫീസ്സാടുക്കുന്നതിനു നിശ്ചയിച്ചിട്ടുള്ളതീയ്യതി ക്രമം-൩൧ ആണു. ധനുമാസത്തെ ഫീസ്സ് ഒടുക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള തീയ്യതി മകരം ക്രമം-൩൧യും മീനത്തിലും മേടത്തിലും ഒടുക്കേണ്ടുന്ന മീനം ക്രമം-൩൦ ആണു. ഇംഗ്ലീഷ്സ്കൂളുകളിലെ ന്യൂഫോർത്തിൽ ഇടവംമുതൽ മകരംവരെ സെപ്തംബറുമാസങ്ങളായി ഓരോമാസത്തിൻറെയും ക്രമം-൧൫ തീയതിയും ഒടുക്കേണ്ടതാകുന്നു. ഇംഗ്ലീഷ്സ്കൂളുകളിൽ മറ്റുള്ള ഫാറങ്ങളിൽ ഇടവംമുതൽ ധനുവരെ എട്ടു സമഗണ്ഡങ്ങളായി ഓരോമാസത്തിൻറെയും ക്രമം-൧൫തോടുകൂടി ഫീസ്സ് ഒടുക്കേണ്ടതാകുന്നു.

(ഇ) ഫീസ്സൊടുക്കേണ്ട ദിവസം അനദ്ധ്യായനദിവസമാകുന്നപക്ഷം അതിൽ പിന്നിട്ടുവരുന്ന ആദ്യത്തെ അദ്ധ്യായനദിവസം ഫീസ്സ ഒടുക്കിക്കൊള്ളാമെന്നുള്ള ഉത്തരവുകാം ഉണ്ടാകുന്നു.

(ഈ) ഏതൊരുവിദ്യാർത്ഥിയും ക്ലിപ്തതീയ്യതി ഫീസ്സൊടുക്കുന്നതിനിടയാകാതെ വരുന്നപക്ഷം വർണ്ണാക്യുലർ സ്കൂളിലായിരുന്നാൽ ഒരുചക്രം വീതവും ഇംഗ്ലീഷ്സ്കൂളിലായിരുന്നാൽ നാലുചക്രംവീതവും പിഴയായി, ക്ലിപ്തത്തിൽ ഒടുക്കുന്നതിനു ബാദ്ധ്യതപ്പെട്ടവനായി തീരുന്നു. ഫീസ്സൊടുക്കുന്നതിനു ക്ലിപ്തപ്പെടുത്തിയിട്ടുള്ള തീയ്യതികഴിഞ്ഞുപതിനഞ്ചുദിവസമായിട്ടും ഫീസ്സും പിഴയും ഒടുക്കാത്തപക്ഷം, ആ വിദ്യാർത്ഥിയെ പള്ളിക്കൂടത്തിൽ ഹാജരാകുന്നതിനു സമ്മതിക്കുന്നതല്ല. എന്നുമാത്രമല്ല, മേൽചുരുക്കിയപ്രകാരമുള്ള പിഴയും അതിനുപുറമെ വർണ്ണാക്യുലർ സ്കൂളിൽ ക്ലാസ്സിൽ പിഴയായിട്ടു നാലുചക്രവും ഇംഗ്ലീഷ്സ്കൂളുകളിൽ എട്ടു ചക്രവും ക്രമത്തിൽ ഒടുക്കിയല്ലാതെ ആ വിദ്യാർത്ഥിയെ പള്ളിക്കൂടത്തിൽ ഹാജരാകുന്നതിനു സമ്മതിക്കുന്നതല്ല.

(ഉ) തുലാംമാസ്സിലേയും ന്യൂഫോർത്തിലേയും വിദ്യാർത്ഥികാം സ്കൂൾവർഷത്തിൻറെ അവസാനദിവസത്തിനുമുമ്പായി ആ സ്കൂൾ വർഷത്തേക്കു ചെല്ലേണ്ടതായ ഫീസ്സും പിഴയും ഒടുക്കാതിരുന്നാൽ അവരുടെ സ്കൂൾലിവിങ്ങ് സർട്ടിഫിക്കറുകാം അവർ മേൽ (ഈ) പ്രകാരം ഒടുക്കേണ്ടതായ എല്ലാഫീസ്സും പിഴയും ഒടുക്കിയിരുന്നതായുള്ള തെളിവുകൊടുക്കാൻ പാടില്ലാത്തതാകുന്നു.

(ഊ) ൨൦൦൯-൧൦ ഭാഗങ്ങളിലടങ്ങീട്ടുള്ള മദപേതികളിലേക്കു മെംബറുടെനക്ഷത്രമിടാത്ത ചോദ്യങ്ങളെ ക്ഷണിക്കുന്നു.

(ഇ)യും (എഫ്)ഉം താരതമ്യപ്പെടുത്തിനോക്കുന്നവിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർമാർ അപ്രകാരം പിഴ ചുമത്തിയിട്ടുണ്ട്. ഒരു ഹെഡ്മാസ്റ്റർക്കെതിരെ പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനു മുമ്പായി ഗവർണ്മെണ്ട് വിചാരിക്കുന്നില്ല.

സ്കൂളിന്റെ പേരു		ഈടാക്കിയ പിഴസംഖ്യ		
		രൂപ	ചക്രം	കാശു
ക	കൊട്ടാരക്കര ഇംഗ്ലീഷ്മിഡിൽസ്കൂൾ	൩൯	൧൨	...
ഖ	ചെങ്കോട്ട	൫	൬	...
ഗ	ആറനിമുള	൫൭	൨൦	...
ഘ	ഹരിപ്പാട്ടു ഇംഗ്ലീഷ് മിഡിൽസ്കൂൾ	൧൭	൪	...
ങ	തിരുവല്ലാ വർണ്ണാക്യുലർ മിഡിൽസ്കൂൾ	൨	൩൯	...
ച	മാവേലിക്കര	...	൨൫	...
ഛ	പാലാ	...	൫	...
ജ	എടക്കൊച്ചി	...	൧൨	...
ഝ	പാമ്പാടി	...	൧൨	...
ഞ	കിളിരൂർ	...	൫	...
ട	കൈക്കം	...	൧൨	...
ഠ	കോഴഞ്ചേരി	...	൧൨	...
ഡ	പുല്ലാട്ട	...	൧൨	...
ഢ	പന്തളം	...	൧൨	...
ണ	കുന്നിക്കുഴുക്കി	...	൧൨	...
ത	കായംകുളം	...	൧൨	...
ഥ	തഴക്കാ ആശിത്തുവിലാസം	...	൧൨	...
ദ	ചെങ്ങോട്ട	...	൧൨	...
ധ	കിളിമാനൂർ	...	൧൨	...
ന	തിരുവട്ടാർ	...	൧൨	...
പ	തുറിവർണ്ണാക്യുലർസ്കൂൾ	...	൧൨	...
ഫ	ആലുവാമൊഴി	...	൧൨	...

(ജി) ഇപ്രകാരം പിഴവസൂൽചെയ്തിട്ടുള്ള ഹെഡ്മാസ്റ്റർമാർ തെറ്റാണെ പ്രവർത്തിച്ചിട്ടുള്ളതു.

(എച്ച്) ഉം, (ഐ) ഉം. ഈ സംഗതികയപ്പറ്റി ഗവർണ്മെണ്ട് ആലോചിച്ചുവരികയാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): വിദ്യാഭ്യാസ മേലധ്യക്ഷൻ ഇപ്രകാരം നിർദ്ദേശങ്ങളും എപ്പോഴാണ അയച്ചതെന്ന സഭയം പറയുമോ?

മി. ജി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടുസിക്രട്ടറി): മറുപടിയുടെ ഫിഗുമോഗത്തെ സ്പർശിക്കുന്നതാണ് ഇതു?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): (എ) എന്ന ഭാഗത്തെ ഉദ്ദേശിച്ചാണ്.

മി. ജി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സിക്രട്ടറി): അപ്രകാരമുള്ള തീയ്യതികളിലാണ്. കൻകവു ഏപ്രിൽ കവു-നു- ഉണ്ടായ ഉത്തരവിൽ അടുത്തസ്കൂൾവർഷാരംഭംമുതൽക്ക ഇടവംമുതൽ ധനുവരെ ഓരോമാസത്തിലും ക ൦-നു-തോറും ഇംഗ്ലീഷ്സ്കൂളുകളിൽ പ്രിപ്പാറട്ടറി ക്ലാസ്സിലും ക മുതൽ ഉ വരെയുള്ളഫ്ാറങ്ങളിലും എട്ടു സമർഥുക്കളായി ഫീസ്സ് അടയ്ക്കുണ്ടെന്നാണെന്ന ഗവർണ്മെണ്ട് നിർദ്ദേശിച്ചിട്ടുണ്ട്. കൻക ൭ ഡിസംബർ ൪-നു- ഉണ്ടായ ഉത്തരവിൽ അതുവരെയുണ്ടായിരുന്ന പതിപ്പുപോലെ പതിനാറു സമർഥുക്കളായി അടയ്ക്കുന്നതിനുപകരം ന്യൂംഫാറത്തിലെ പ്രീപ്പറേറ്ററിക്ലാസ്സിലെ ഫീസ്സു ഇടവംമുതൽ മകരംവരെ എല്ലാമാസത്തിലും ക ൦-നു-തോറും ൪ രൂപാവീതം മൊത്തം സമർഥുക്കളായി അടച്ചുകൊള്ളണമെന്നാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും മേൽപ്രസ്താവിച്ച ഗവർണ്മെണ്ടുത്തരവുകളും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായിരുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): എന്റെ ചോദ്യത്തിന്റെ (എച്ച്) (ഐ) എന്നഭാഗങ്ങൾക്ക തന്നിട്ടുള്ള മറുപടികളിൽനിന്ന് ഗവർണ്മെണ്ടു സഭയെ അറിയിക്കേണ്ടതെന്നു, അറിയിക്കേണ്ടാത്തതെന്നും എന്നുള്ളസംഗതിക്കുടെ ആലോചനാധിക്യമാണിരിക്കുന്നു എന്ന് ഞാൻ അനുമാനിക്കണമോ?

മി. ജി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സിക്രട്ടറി): മതാരംഭംചെയ്തിട്ടുള്ളവരുടെ പേരിൽ നടപടി ഇപ്പോൾതന്നെ ഗവർണ്മെണ്ടിന്റെ ഒക്കിയിലും ആലോചനയിലും ഇരിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അപ്പോൾതന്നെ എന്റെചോദ്യത്തിന്റെ (ഐ) ഭാഗത്തിനു മറുപടി കിട്ടിയിട്ടില്ല.

മി. ജി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സിക്രട്ടറി): തീരുമാനം ഇനിയും അറിയേണ്ടതായിട്ടിരിക്കുന്നതെയുള്ളു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അപ്രകാരമുള്ള നടപടിയുടെ തീരുമാനത്തെക്കുറിച്ചു ഗവർണ്മെണ്ടിനെ സഭയെ അറിയിക്കുമെന്നു ഞാൻമനസ്സിലാക്കണമോ?

ശ്രീ. കെ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സിക്രട്ടറി): തീരുമാനം സഭാസമക്ഷം കൊണ്ടുവരണമെന്ന് ഉണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതിനും യാതൊരുവിരോധവുമില്ല.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോൾതന്നെ ഞാൻ അതു അപ്രകാരം ചെയ്തിരിക്കുന്നു.

ശ്രീ. കെ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സിക്രട്ടറി): തൽക്കാലം സംഗതി ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ. അതിനാൽ നടപടിയുടെ തീരുമാനം ഇപ്പോൾ അറിയുന്നതിനു നിവൃത്തിയില്ല സഭാസമക്ഷം അതു കൊണ്ടുചെല്ലുന്നതിനു സാധിക്കുന്നതുമല്ല. അതാകുന്നു ഗവർമെന്റ് സംഗതിയെപ്പറ്റി ആലോചിച്ചുവരുന്നതെന്നു മാത്രം പറഞ്ഞിട്ടുള്ളൂ.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): തീരുമാനം അറിഞ്ഞതിൽപിന്നെ അതാവർമെന്റിന്റെ സമ്മതപ്രകാരം കൊണ്ടുവരുമോ?

ശ്രീ. കെ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഗവണ്മെന്റ് അതേപ്പറ്റി ആലോചിക്കുന്നതായിരിക്കും.

കണ്ടുകൃഷിനിലങ്ങളിലെ നെല്ല്.

ബഹു. ശ്രീ. കെ. കെ. തോമസ് (കോട്ടയം): താഴെ കൊടുത്തിട്ടുള്ള സംഗതികളെപ്പറ്റി ഗവണ്മെന്റ് സഭയിൽ പറയുമോ?

(എ) കൊല്ലംതോറും കണ്ടുകൃഷിനിലങ്ങളിൽനിന്നും ഈടാക്കുന്ന നെല്ല് എത്ര?

(ബി) നെല്ലുരകളിൽനിന്നും കൊല്ലംതോറും വിറ്റുവരുന്ന നെല്ല് എത്ര?

(സി) അപ്രകാരമിനത്തിൽ ആണ്ടുതോറും വസൂലാകുന്ന (കഴിഞ്ഞ അഞ്ചുവർഷങ്ങളുടെ ശരാശരി) വില എത്ര?

(ഡി) കേടുവന്നതും കുറവുവന്നതും മൂലം ആണ്ടുതോറും നേരിടുന്ന നഷ്ടം എന്ത്?

ശ്രീ. കെ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി):

(എ) ന,ം ന,ു ക്വ പറ (ക്ഷ ൻ അവസാനിക്കുന്ന അഞ്ചുവർഷങ്ങളുടെ ശരാശരി)

(ബി) ങ്ക,ു ള ു പറ (ക്ഷ ൻ അവസാനിക്കുന്ന അഞ്ചുവർഷങ്ങളുടെ ശരാശരി)

(സി) ന്ദ,ു ന്റ ു ത്രപാ (ക്ഷ ൻ അവസാനിക്കുന്ന അഞ്ചുവർഷങ്ങളുടെ ശരാശരി)

(ഡി) ഇതുനിമിത്തം നഷ്ടം ഒന്നുമുണ്ടായിട്ടില്ല.

ശ്രീ. കെ. കെ. തോമസ് (കോട്ടയം): (ഡി) എന്ന ഭാഗത്തെസംബന്ധിച്ചു നെല്ല് വിറ്റ മാസം ഏതാണെന്നു പറയാമോ?

ശ്രീ. കെ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതു പല മാസങ്ങളിലായിട്ടാണു വിറ്റിട്ടുള്ളതു, അതല്ലാതെ ഒരു പ്രത്യേക മാസത്തിലല്ല.

മൂവാറ്റുപുഴയും, തൊടുപുഴയും താലൂക്കുകളിൽ ജലസേചനം സംബന്ധിച്ചുള്ള ചെലവു.

ബഹു. ശ്രീ. തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇക്കഴിഞ്ഞ പത്തുവർഷത്തേക്കു ജലസേചനാവശ്യകർക്കായി സംസ്ഥാനമാട്ടുക്ക ചെലവായ ആകെ തുകയും, മൂവാറ്റുപുഴയും തൊടുപുഴയും താലൂക്കുകളിലേക്കുമാത്രം ചിലവായിട്ടുള്ള ആകെ തുകയും ഗവണ്മെന്റ് സഭയെ അറിയിക്കുമോ?

ശ്രീ. കെ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഇക്കഴിഞ്ഞ പത്തുവർഷത്തേക്കു വലുതും ചെറുതുമായ ജലസേചനാവശ്യകർക്കായിട്ടു സംസ്ഥാനമാട്ടുക്ക വ,ു വ,ു ന്റ ു ത്രപാ ചെലവായിട്ടുണ്ട്. മൂവാറ്റുപുഴ, തൊടുപുഴ ഈ താലൂക്കുകളിൽ ഒന്നിലും ജലസേചനത്തിനുള്ള കുളങ്ങളോ, തോടുകളോ ഇല്ലായ്കയാൽ അതിനു യാതൊരു ചിലവും ഉണ്ടായിട്ടില്ല.

ഉത്തരതിരുവിതാംകോട്ട ചെറുതരം ജലസേചനമാർഗ്ഗങ്ങളുടെ അറ്റകുറ്റപ്പണി.

ബഹു. ശ്രീ. തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഉത്തരതിരുവിതാംകോട്ടുള്ള മണ്ണുകേറി തിങ്കത്തായ കുളങ്ങളേയും ചിറകളേയും പരിശോധിച്ചു, മാന്തി നന്നാക്കിയിട്ടുന്നതിനു ഗവണ്മെന്റിനു ഒരുവുണ്ടാകുമോ?

ശ്രീ. കെ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ക ക ഠ ക-ലേക്കുള്ള പ്രാരംഭ അടയവ്യയക്കണക്കിൽ കുളങ്ങളേയും ചിറകളേയും അന്വേഷണംകഴിച്ചു അവയുടെസ്ഥിതിയെപ്പറ്റി നിർണ്ണയിക്കുന്നതിനു വേണ്ടുന്ന ഉദ്യോഗക്കാരെ നിയമിച്ചുകൊള്ളുന്നതിനു ഏർപ്പാടുചെയ്തിട്ടുണ്ട്. ഈ ജോലി വന്നം തിരുവിതാംകോട്ടിൽ നടത്തുന്നതിനാലോചിച്ചുവരുന്നു.

അനുബന്ധം ക.

ഒന്നാം ചോദ്യത്തിന്റെ മറുപടിനോക്കുക.

ചെറുതരം ജലസേചനപ്രവൃത്തികൾ ഉദ്ദേശിച്ചിട്ടുള്ളതായ സംരക്ഷണ ജലസേചനാവശ്യകർക്കു വേണ്ടിവന്നിട്ടുള്ള ചെലവിന്റെ ഒരു പട്ടിക.

കൊല്ലവർഷം	ആലുവാ		കോട്ടയം		കൊല്ലം		തിരുവനന്തപുരം		കോതയാർ പ്രോജക്ട് ഡിവിഷൻ		ആകെ	
	വേല	അറകൂറ്റം	വേല	അറകൂറ്റം	വേല	അറകൂറ്റം	വേല	അറകൂറ്റം	വേല	അറകൂറ്റം	വേല	അറകൂറ്റം
	രൂപാ	രൂപാ	രൂപാ	രൂപാ	രൂപാ	രൂപാ	രൂപാ	രൂപാ	രൂപാ	രൂപാ	രൂപാ	രൂപാ
ക ൦ ൻ ൦	ക൨,ന൦ന	ന,ങ ൦ ൨	...	ന൨ ൭	ക ങ,ങന്നൻ	ക,ങ ൭ ൨	...	...	൨,൫ ൻന	ങ൯ന്ന	നന്ന,ന്നന്ന൨	ന്ന,൦ ൦ ൻ
ക ൦ ൻ ക	ങ,൭ ൻ ക	൨,ന്നന൫	...	൫ ൻ	൨ന,൦ ൨ ൭	൨,൫൨ ങ	...	...	ക ൦,ങ ങന	ക,൫ ങ ൭	ന൯,൫ന൨ക	ന്ന,ങന്ന ങ
ക ൦,ൻ൨	ക,൭ ൭ന	ങ,൦൫ന്ന	...	൭ ൭	ക൯ൻ,൨൫ ൫	൨,൦ന്നന	...	...	൨൯,ൻന്ന൨	ക,൫ന൨൨	൨൯,൭ ക ങ	൨൨,ന്നന൫
ക ൦ ൻ ന	ന,ന ന ന്ന	ങ,ന്നൻ ൭	...	...	ക ങ,൨൭ ൨	ക,ന്ന൨ ൭	ക,൦ ൭ ക	...	൨,൭൨ ങ	ൻ൫ ൨൨	൨ന,൦ന്ന൫	൨൨,൨൨ ൨
ക ൦ ൻ ൫	ന,൫ ൭ന്ന	ന്ന,ൻ൭ ൭	...	...	ക൯ന,ക൫ ൨	൨,ങ൫ ൫	...	...	൫,൨ൻൻ	ക,൨ങ ൫	൨ന,൭൭ ൦	ക ൦,൭ ൭ ങ
ക ൦ ൻ ങ	൨ന,൨ ൦ ൨	൨൨,ന്ന൨ ൭	ങന	...	ക൫,൭ ൨൨ന	ക,൨൨ ൦ ക	...	...	൫,ങ൨ ൦	ക,൫ ക൯ന	൫ ങ,൯൨ ക	ക ക,൯ ൦ ൫
ക ൦ ൻ ന്ന	ക,ക൯ൻ	ക ൦,൦ ൭ ക	ന൨	...	ക ൦,൫൭ ൨	ന,ൻ൯ ങ	ന്ന൯൨	...	൫,ങന്ന ങ	ന്ന൨ ങ	ക൯ന,൭ ങ ക	ക൫,൯൯ ക
ക ൦ ൻ ൭	ന ക൫	ക൯,൯൨൯	....	...	ൻ,ങ ൭ ങ	ന,ക൨ ൦	൭ന ക	ക ൦ ൭	ന,ക ൭ ൨	ക,ങ ങന	ക൫,൦ ൻ ൨	ക൨,൫ ന്ന൯
ക ൦ ൻ ൨	...	ൻ,൦൨ ൻ	...	...	൨൨,ങ ങന	ന,൦൨ ൭	ക ക,൭൭൫	ക ക ങ	ക ൭,൫ ൭ന	൭ ൫ ൭	ങ ൭,൦ന്ന൭	ക൨,ൻ ക ൨
ക ൦ ൻ ൻ	൨൨ ക	ക൨,൦ ങ ക	...	ക ൻ ൦	ന൯,ക ങ ൭	ന,൫ ക ൭	൨ ങ,൭ ൨൫	ക,ക ൦ ൦	ക൨,ന൦ന	൨൯ ങ	൭ ൭,൦ന്ന൨	ക ൭,൨൨ ന

റിമാർക്ക്—ജലസേചനം ഗ്രേഷനുകളിലുള്ള വ്യവസ്ഥകളും തിരുവിതാംകോട്ട സംസ്ഥാനത്തൊട്ടുക്ക പ്രയോഗയോഗ്യങ്ങളാകുന്നു. ദക്ഷിണ തിരുവിതാംകോട്ടളളതുപോലെ ഗ്രന്ഥേയങ്ങളായ അധികം ജലസേചനവേലകളും ഉത്തരതിരുവിതാംകോട്ട ഇല്ല. ഇക്കഴിഞ്ഞ കാലമൊഴികെ, കായ്ക്കുമായ അഭ്യുത്ഥകളും ഉണ്ടായിട്ടില്ല. ഉത്തരതിരുവിതാംകോട്ടള്ള താപുക്കുകളിൽ ജല സേചനഗ്രഷനിലുള്ള വ്യവസ്ഥകളനുസരിച്ചു എന്തെല്ലാം വേലകളും നടത്തുന്നതിനാവശ്യമുണ്ടെന്നു ബോദ്ധ്യപ്പെടുത്തുന്നവോ അവയെല്ലാം നടത്തുന്നതായിരിക്കും. കമ്മീ—ൽ ഒരു ഈ നേഷകസംഘം അന്വേഷണംനടത്തുന്നതിനു നിയുക്തരായിട്ടുണ്ട്.

സിൽവന്തികാലത്തു ഉപകരണവിത്യാസങ്ങൾക്കുവേണ്ടി കോതയാർ പ്രോജക്ടിനുമുമ്പു ചായലുകളുടെ സൂക്ഷ്മനിരീക്ഷണത്തിനുവേണ്ടി ഏർപ്പെടുത്തിയ ചെലവുകളും ഉൾപ്പെടുത്തിയ ആകെ തുകയാണ് ഇതു.

നു-ാം അഭ്യർത്ഥന—രജിസ്ട്രേഷൻ.

പ്രസിഡന്റ്: നമുക്ക ഇപ്പോൾ അഭ്യർത്ഥനകളെ അനുവദിക്കുന്ന വിഷയത്തിലേക്ക പ്രവേശിക്കാം.

മി. കെ. നാരായണൻപണിക്കർ (അക്കൗണ്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സർ, ഞാൻ രജിസ്ട്രേഷൻവകുപ്പിലേക്ക ൨,൩൦,൦൦൦ രൂപായിൽ കവിയാത്ത ഒരു തുക അഭ്യർത്ഥിക്കുന്നു.

൭൪—ാം ഉപക്ഷേപം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ താഴെ പറയുന്ന ഉപക്ഷേപത്തെ ഹാജരാക്കുന്നതിനു അനുവാദം ചോദിക്കുന്നു.

൭൪. എസ്റ്റാബ്ലിഷ്മെന്റ് ചെലവിലേക്ക നീക്കിട്ടുള്ളതായ ൯,൫൯൨ രൂപായിൽ ൫൫൦ രൂപാ കുറവുചെയ്യണം

ഇപ്രകാരമുള്ള എല്ലാ ഉപക്ഷേപങ്ങളേയും പിൻവലിച്ചതിനു ഞാൻ വല്ല സമാധാനവും തരുന്നതു ആവശ്യമാണെന്നു തോന്നുന്നു. ഇതു തവണം കായ്ക്ഷമതയെ ഉദ്ദേശിച്ചുള്ള ഒരു ഉപായമാണെന്നു ഞാൻ സമ്മതിക്കുന്നു. കാരണം, ഉദ്യോഗസ്ഥപക്ഷത്തുള്ള എന്റെ സഹ മെമ്പർമാർ ഇങ്ങിനെയുള്ള ചില്ലറ ആനുകൂല്യങ്ങൾപോലും നൽകുന്നതിനു വൈമുഖ്യമുള്ളവരായി കാണപ്പെട്ടതിനാലും, അനുദ്യോഗപക്ഷത്തുള്ളവരുടെയും, അവർ തങ്ങളിൽ ഒട്ടുവിൽ ചില അഭിപ്രായവ്യത്യാസങ്ങൾക്കു കാരണമായിതീരുന്നതായ ചില വിഷയങ്ങളെപ്പറ്റിയുള്ള വാഗ്പ്രതിവാദങ്ങളെക്കാൾ, ഇപ്രകാരമുള്ള ചെറിയ സംഖ്യകൾ കുറവുചെയ്യുന്ന കാര്യത്തിലേക്ക സഭയുടെ ശ്രദ്ധയെ പതിപ്പിക്കുന്നതിനുള്ള ആവശ്യത്തെക്കുറിച്ചു വേണ്ടുവോളം ജാഗ്രതയുള്ളവരായി ഞാൻ കാണുന്നില്ലാത്തതിനാലുംതന്നെ ഇക്കാര്യത്തിൽക്കൂടി, രജിസ്ട്രേഷൻ വകുപ്പുസംബന്ധിച്ചു ജനങ്ങൾ അനുഭവിച്ചുവരുന്ന ഒരു ചില്ലറ സങ്കടത്തെ ലക്ഷീകരിച്ചുകൊണ്ടു ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ധനകാര്യ സെക്രട്ടറി): ഇപ്രകാരമുള്ള ഒരു ഉപക്ഷേപം അനുസ്ഥാനപ്പെടുത്തിക്കാണ്ടു, കൊടുനയസംബന്ധമായ ഒരു വിഷയത്തെക്കുറിച്ചു പരാമർശനംചെയ്യുന്നതു വിഹിതമാണെന്നു ക്രമപരിപാലനമുദ്ദേശിച്ചു ഞാൻ എതുക്കുന്നു.

പ്രസിഡന്റ്: അല്ല. ഇതു എസ്റ്റാബ്ലിഷ്മെന്റുസംബന്ധിച്ചു മരിനത്തെ കുറവുചെയ്യുന്നതിനാവശ്യപ്പെടുന്ന ഒരു പ്രത്യേകമായ ഉപക്ഷേപം മാത്രമാകുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങിനെചെയ്യാൻ സാധിക്കയില്ലെങ്കിൽ ഞാൻ പിൻവലിച്ചുകൊള്ളുന്നു. ഈ വിഷയത്തെസംബന്ധിക്കുന്ന വേറെ ഉപക്ഷേപങ്ങളും ഇല്ല. സബ് രജിസ്ട്രാർമാർ വാസസ്ഥലത്തു പോകാനുള്ളപ്പോൾ അവിടെ മൊഴിവാങ്ങേണ്ടിവരുന്ന ആളുകളുടെ എണ്ണത്തെ സരിച്ചു ഫീസ്സുവാങ്ങുന്ന പതിവിൽനിന്നു ജനങ്ങൾ അനുഭവിച്ചുവരുന്ന ചില സങ്കടങ്ങളെ തുടച്ചിക്കാണിക്കുന്നതിനുമാത്രമെ എനിക്കുദ്ദേശമുണ്ടായിരുന്നുള്ളു. ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

പ്രസിഡന്റ്: ഇനിയത്തെ അഭ്യർത്ഥനയിലേക്ക പ്രവേശിക്കുന്നതിനുമുമ്പായി മി. പി. കെ. നാരായണപിള്ളയുടെ അച്ചടിക്കാത്ത ഒരു ഉപക്ഷേപത്തെപ്പറ്റി പറയാനുണ്ടു്. അതു, ൪൪ വയസ്സുതികഞ്ഞ ഉദ്യോഗസ്ഥന്മാരെ സർവീസിൽ വച്ചുകൊള്ളുന്ന സംഗതിയെപ്പറ്റി വിമർശനം ചെയ്യുന്നതിനായിട്ടു, രജിസ്ട്രേഷൻ വകുപ്പിലേക്ക നീക്കിട്ടുള്ള ൨,൭൩ ലക്ഷം രൂപായിൽനിന്നു ൫൦൦ രൂപാ കുറവുചെയ്യണമെന്നാകുന്നു.

൭൫—ാം ഉപക്ഷേപം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ):

൭൫. രജിസ്ട്രേഷൻ വകുപ്പായ നു—ാം അഭ്യർത്ഥനപ്രകാരമുള്ള ൨,൭൩ ലക്ഷം രൂപായിൽനിന്നു ൫൦൦ രൂപാ കുറവുചെയ്യണം എന്ന ഉപക്ഷേപത്തെ ഞാൻ ഹാജരാക്കുന്നു.

സർ, എന്റെ ഉപക്ഷേപത്തെ അനുവദിയ്ക്കുന്ന വിഷയത്തെപ്പറ്റി വിമർശനം ചെയ്യുകൊള്ളുന്നതിനു സമ്മതം നൽകുകയും ചെയ്തതിനുവേണ്ടി ഞാൻ അങ്ങയോടു കൃതജ്ഞതയുള്ളവനായിരിക്കുന്നു.

അഞ്ചാർക്കിക സിവിലിസ്റ്റ് ഞാൻ വായിച്ചുനോക്കുമ്പോൾ, രജിസ്ട്രേഷൻവകുപ്പിന്റെ മേധാവിയായ മിസ്റ്റർ മാത്തൻ ൧൯൫൫ കുംഭത്തിൽ ജനിച്ചതായി കാണുന്നു. ആ പ്രസിദ്ധീകരണം ഈ പർഷം കുംഭംവരെ തിരുത്തി തിരിച്ചെടുത്തതായും കാണുന്നു. എനിക്കു ഗ്രഹിപ്പാൻ കഴിഞ്ഞേടത്തോളം ഈ സഭയിൽ, മുമ്പാരു സമ്മേളനത്തിൽ, നടന്ന വിമർശനത്തിൽനിന്നും എന്റെ പ്രസന്നസഭാവിയായ ധനകാര്യസെക്രട്ടറിയുടെ അഭിപ്രായത്തിൽനിന്നും രാജ്യഭരണത്തിന്റെയും സിവിൽ സർവീസിന്റെയും കായ്ക്ഷമതയെ ഉദ്ദേശിച്ചു ൪൪ വയസ്സുതികഞ്ഞ ഉദ്യോഗസ്ഥന്മാരെ, പ്രത്യേകിച്ചും ഉയർന്നതരം ഉദ്യോഗസ്ഥന്മാരെ, പിരിഞ്ഞുപോവാൻ ആവശ്യപ്പെടുന്നതു ഗവണ്മെന്റിന്റെ പതിവായ നയംആകുന്നു എന്നാണു ഞാൻ ധരിച്ചതു. എന്നാൽ മിസ്റ്റർ മാത്തൻ കുറച്ചുകാലാവധിയെ അതിലംഘിച്ചു ഉദ്യോഗത്തിലിരിക്കുന്നതിന്റെ ഒരു പ്രസ്പഷ്ടദൃഷ്ടാന്തമായി വന്നിരിക്കുന്നു. അതിനാൽ, വയസ്സു കൂടിപ്പോകുന്നതിനെപ്പറ്റിയോ വയോതിക്രമണവിഷയത്തിൽ ഭേദഗതിവരുത്തുകയോ ചെയ്യുന്നതായ പഴയ സമ്പ്രദായത്തിലേക്ക ഗവണ്മെന്റു പിൻതിരിയുന്നുവെന്നോ എന്നറിയുന്നതിനായിരിക്കുമെന്നു ഞാൻ വിചാരിച്ചു. അഞ്ചാർക്കികലിസ്റ്റ് പാരായണംചെയ്യുമ്പോൾ, എന്റെ ശ്രദ്ധയെ ആകർഷിച്ച പ്രധാനസംഗതി ഇതായിരുന്നു. പ്രധാനമായി ആ ഉദ്ദേശത്തോടുകൂടിയായിരുന്നു, ഗവണ്മെന്റിന്റെ ശ്രദ്ധയെ ഈ പ്രതനത്തിലേക്ക ക്ഷണിക്കുന്നതിനായിട്ടു ഈ ഉപക്ഷേപത്തെ ഞാൻ സൂചീപത്രത്തിലും ചെടുത്തിരിയ്ക്കുന്നു, വീണ്ടും വീണ്ടും പല പ്രാവശ്യം വാക്കുകൊടുത്തശേഷം, ഗവണ്മെന്റു വേറൊരു നയത്തിലേക്ക പിന്തിരിഞ്ഞതിനു വിചാരിക്കുന്നുണ്ടെങ്കിൽ ഗവണ്മെന്റിന്റെ താല്പര്യമായ ഉദ്ദേശത്തെ, എന്റെ വിനീതസമ്മതത്തിൽ എതുക്കേണ്ടതുകൊണ്ടാണെന്നു എനിക്ക ബോദ്ധ്യംവന്നിരിക്കുന്നു. ഏറെ പറയുന്നതിനു ഇനിക്ക ആഗ്രഹമില്ല. എന്റെ ഉദ്ദേശം ഈ സംഗതിയെക്കുറിച്ചു സഭയ്ക്കുള്ള അഭിപ്രായത്തിലേക്ക ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കണമെന്നുമാത്രമേയുള്ളു.

പ്രസിഡന്റ്: മി. നാരായണപിള്ള, നിങ്ങൾ പറഞ്ഞുതീർന്നുവോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉവ്വ, സർ.

പ്രസിഡന്റ്: ഞാൻതന്നെ നിങ്ങൾക്കു മറുപടി നൽകണമെന്നാഗ്രഹിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ ചട്ടപ്രകാരം ഉദ്യോഗസ്ഥ മെ വർത്തുന്നു സംസാരിക്കേണ്ടതാണ്.

മി. പണിക്കർ, നിങ്ങൾക്കു സംസാരിക്കണമെന്നു ആഗ്രഹം ഉണ്ടോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): സർ, മിസ്റ്റർ മത്തനെ പിരിച്ചയയ്ക്കുന്നകാര്യം—

മി. സി. പി തരകൻ (കുന്നത്തൂനാട്ട്): ദയവുചെയ്തു കുറച്ചുകൂടെ ഉറക്കെ സംസാരിക്കണം.

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): റിക്കാർട്ടുകളിൽനിന്നു കാണുന്നതു മി. മത്തനെ സിവിൽ ലിസ്റ്റിൽ അദ്ദേഹത്തിന്റെ വയസ്സു രേഖപ്പെടുത്തിയിരിക്കുന്നതുപ്രകാരം പിരിച്ചയക്കുന്ന സംഗതി ഗവൺമെന്റാലോചനയിലായിരുന്നപ്പോൾ സിവിൽ ലിസ്റ്റിൽ കാണുന്ന രേഖ തെറ്റാണെന്നും, തന്റെ ജനനതീയതി ക ഠ ര ഉ-ന പകരം ക ഠ ര ഒ ആണെന്നും കാണിച്ചു അദ്ദേഹം ഒരു നിവേദനം അയയ്ക്കുക ഉണ്ടായി.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി. മത്തൻ അയച്ച നിവേദനം ഈ കുംഭമാസത്തിനുമുമ്പായിരുന്നുവോ എന്നു ചീഫ് സെക്രട്ടറി എന്നോടു പറയുമോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): കുംഭമാസത്തിനുമുമ്പായിരുന്നു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): എത്ര വർഷങ്ങളായി ഈ പിശകു സിവിൽലിസ്റ്റിൽ നിലനിന്നിരുന്നുപോന്നു എന്നു പറയാമോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): അനേകംവർഷങ്ങളായി എന്നു ഞാൻ വിചാരിക്കേണ്ടിയിരിക്കുന്നു. പിന്നീടു മറ്റൊരന്വേഷണം നടത്തുകയും മി. മത്തന്റെ നിവേദനം ശരിയാണെന്നു കാണുകയും ചെയ്തു.

മി. കെ. കെ. തോമസ് (കോട്ടയം): ഇപ്രകാരം ശരിപ്പെടുത്തേണ്ടതായി ഇതുപോലെ മറ്റു ഉദ്യോഗസ്ഥന്മാരുടെ ജനനതീയതിയെപ്പറ്റിയുള്ള പിശകുകൾ കാണുമോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി). ഉണ്ട്. വേറെയും ഇതുപോലെയുള്ള പിശകുകൾ ഉണ്ട്.

മി. സി. പി. തോമസ് (ഗവൺമെന്റ് നിയമിച്ച മെമ്പർ): സിവിൽലിസ്റ്റിൽ ജനനതീയതികളെ തിരുത്തുന്നതിനെപ്പറ്റി ഇപ്പോൾ നടന്ന വിമർശനങ്ങളും, നമുക്കു ഈ സംഗതിയിലുള്ള പരിഭവവും പുരസ്കരിച്ചു ഉദ്യോഗസ്ഥന്മാരെ സ്ഥിരപ്പെടുത്തുന്നസമയത്തു ഒരു വയസ്സു സർട്ടിഫിക്കേറ്റു ഹാജരാക്കേണ്ടതാണെന്നു നിഷ്കർഷിക്കുന്നതിനും, സർട്ടിഫിക്കേറ്റിൽ പറഞ്ഞിരിക്കുന്ന തീയതിയെ പിന്നീടു വ്യത്യാസപ്പെടുത്താതിരിക്കുന്നതിനും തക്കവണ്ണം ഗവൺമെന്റു അനുകൂലമായി ആലോചിക്കുമോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): ആ സംഗതിയെപ്പറ്റി ആലോചിക്കുന്നതായിരിക്കും. ഇപ്പോൾതന്നെ സർവീസു റഗുലേഷനിൽ അതുപ്പറ്റി ചില വ്യവസ്ഥകളുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേപ്പാടികളും): എന്തടിസ്ഥാനത്തിന്മേലാണു സിവിൽലിസ്റ്റിൽ കണ്ടതായ പിശകു കണ്ടുപിടിച്ചതു എന്നു പറയാമോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): പള്ളിയിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന റിക്കാർട്ടുകൾ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേപ്പാടികളും): ഏതുതരത്തിലുള്ള തെളിവാണു സ്വീകരിച്ചതെന്നു പറയാമോ?

പ്രസിഡന്റ്: അതു ഗവൺമെന്റിനെ ഇപ്പോൾപ്പെടുത്തുന്നതിനു മതിയായ തെളിവായിരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേപ്പാടികളും): അതു വാങ്മൂലമോ പ്രമാണപൂർവമോ ആയ തെളിവായിരുന്നു എന്നു പറയാമോ?

പ്രസിഡന്റ്: മി. പണിക്കർ ആ ചോദ്യത്തിനു മറുപടിതന്നുകഴിഞ്ഞു. മി. നാരായണപിള്ളയുടെ ചോദ്യത്തിനുത്തരമായിട്ടു ഇതു വിശ്വാസയോഗ്യമായ ഒരു പിശകുതന്നെ ആയിരുന്നു എന്നും ആ പിശകു തിരുത്തിയിരിക്കുന്നു എന്നും ഞാൻ പറഞ്ഞുകൊള്ളുന്നു. ഒരു പിശകുപറ്റിയാൽ അതു തിരുത്തുന്നതിനു ഒരിക്കലും താമസിച്ചുപോയി എന്നു വരുന്നതല്ലല്ലോ. വാസ്തവംപറയുകയാണെങ്കിൽ, ശരിയായി ജനനക്കണക്കു രജിസ്റ്റർചെയ്തു പതിവില്ലാത്ത ഒരു രാജ്യത്തിൽ ഇപ്രകാരമുള്ള വയസ്സു തെറ്റുതിരുത്തൽ പലപ്പോഴും ഉണ്ടായെയ്തുണ്ടിരിക്കുവതിവാണ്. എന്നാൽ അതു പ്രാധാന്യതകുറഞ്ഞ ഒരു സംഗതിയാകുന്നു.

തക്കവിഷയത്തെപ്പറ്റി ആലോചിക്കുന്നതായാൽ മറിച്ചുചെയ്യുന്നതിനു അസാധാരണകാരണമില്ലാതിരിക്കുമ്പോഴൊക്കെയും ഉദ്യോഗസ്ഥന്മാരെ ൪൫ വയസ്സു പൂർത്തിയായ ഉടനെ ഗവൺമെന്റു പല സന്ദർഭങ്ങളിലും സൗകര്യമായി വാശ്യാനംചെയ്തിട്ടുള്ള നയത്തിൽനിന്നു പിന്മാറുന്നതിനു തൽക്കാലം അവർക്കു യാതൊരു വിചാരവുമില്ലാ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ധ്യക്ഷപീഠത്തിൽനിന്നും, പണ്ഡിതനായ ചീഫ് സെക്രട്ടറിയിൽനിന്നും വന്നിട്ടുള്ള പ്രസ്താവത്തെക്കുറിച്ചു ഈ ഉപക്ഷേപം പോട്ടിനിടുന്നതു ന്യായമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. തന്നിമിത്തം ഇനിയുമൊരവസരത്തിൽ ഈ വിഷയത്തിനെപ്പറ്റി ചില സ്പഷ്ടീകരണങ്ങളുള്ളപ്പോൾ നിശ്ചയിക്കുന്നതിനു എനിക്കുള്ള അവകാശത്തെ തീർച്ചയായിട്ടും സംരക്ഷിച്ചുകൊണ്ടു ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: നിങ്ങളെ അങ്ങിനെയുള്ള ഒരവസരത്തിൽനിന്നു നിരോധിക്കുന്നതല്ല.

ഉപക്ഷേപം പിൻവലിക്കുന്നതിനു സഭയുടെ അനുവാദമുണ്ടെന്നു ഞാൻ വിചാരിച്ചുകൊള്ളട്ടെ.

സമ്മതപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

പ്രസിഡൻറ്: രജിസ്ട്രേഷൻ വകുപ്പിനെസംബന്ധിക്കുന്ന ന-ാം അദ്ധ്യർത്ഥനയെ സഭ അനുവദിച്ചിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

അദ്ധ്യർത്ഥന സ്വീകരിക്കപ്പെട്ടതായും ഇതു അനുവദിക്കപ്പെട്ടതായും പ്രഖ്യാപിച്ചു.

ഉ—ാം അദ്ധ്യർത്ഥന പൊതുവായ രാജ്യഭരണവിഷയം ഹാജരാക്കുന്നതിനെപ്പറ്റി.

മി. കെ. നാരായണൻ പണിക്കർ (അക്കിംഗ് ഗവർണ്മെൻറ് ചീഫ് സെക്രട്ടറി): സർ, പൊതുഭരണത്തിനുംപെട്ട ഹാജരാക്കുന്നതിനെസംബന്ധിച്ചുള്ള ഉ—ാം അദ്ധ്യർത്ഥനയായി ൨൫൦൦ രൂപായിൽ കവിയാത്ത ഒരു ഇക അനുവദിക്കണമെന്നു ഞാൻ അദ്ധ്യർത്ഥിക്കുന്നു.

൧൧ മുതൽ ൧൫ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെ പറയുന്ന ഉപക്ഷേപങ്ങളും ഹാജരാക്കപ്പെട്ടില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

൧൧. ഉയർന്നതരം ക്ലാർക്കുമാർക്കു നീക്കിയിട്ടുള്ള ൪൫,൧൫൭ രൂപായിൽനിന്നു ക,൯൧൦ രൂപാ കുറച്ചുകൊടുക്കുവാൻ ചെയ്യുണം.

മി. ജി രാമൻമേനോൻ.

൧൨. താഴ്ന്നതരം ക്ലാർക്കുമാർക്കു നീക്കിയിട്ടുള്ള ൨൫,൧൫൭ രൂപായിൽനിന്നു ക,൫൦൦ രൂപാ കുറച്ചുകൊടുക്കുവാൻ ചെയ്യുണം.

മി. ടി. കുമാരപിള്ള.

൧൩. എസ്റ്റാബ്ലിഷ്മെൻറുചെലവുകൾക്കു നീക്കിയിട്ടുള്ള ക,ക൯,൪൭൧ രൂപായിൽനിന്നു ക൦൦ രൂപാ കുറച്ചുകൊടുക്കുവാൻ ചെയ്യുണം.

൧൯-ാം ഉപക്ഷേപം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

൧൯. ഒരു മോട്ടോർകാർ വാങ്ങുന്നതിലേക്കു നീക്കിയിട്ടുള്ള ൯,൪൦൦ രൂപായിൽനിന്നു ൫,൦൦൦ രൂപാ കുറച്ചുകൊടുക്കുവാൻ ചെയ്യുണം.

കുറച്ചുകൊടുക്കുന്നതിനായി ഞാൻ ഹാജരാക്കുന്ന ഉപക്ഷേപത്തെസംബന്ധിച്ചു കുറച്ചു മിതമായല്ലാതെ, ക്രമാതീതമായ്തോയിക്കുന്നു കാണിക്കുന്നതിനു, എൻറെപക്കൽ ചില കണക്കുകൾഉണ്ട്. ക൦൯—ാം ആണ്ടത്തേക്കുള്ള അടിപ്രാപ്രിയേഷൻ റിപ്പോർട്ടിൻറെ (ഡി) അനുബന്ധം ക൯൭-ാം വശം ലുണിയർ മഹാറാണി തിരുമനസ്സിലേക്കു ഒരു കാർവാങ്ങിട്ടുള്ളതിനു ൭,൦൦൦ രൂപാ മാത്രമേ വിലയായിട്ടുള്ളു എന്നു കാണുന്നു.

പ്രസിഡൻറ്: രാജകുടുംബത്തെ പരാമർശിക്കുന്ന സംഗതികൾ ഈ സഭയുടെ അധികാരസിദ്ധിയിൽപെടുന്നതല്ലായിയാകുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ അതിനെപ്പറ്റിപ്പറയാനിടയായതു ഇപ്പോൾ ആവശ്യപ്പെട്ടുന്ന വിലസംഖ്യ ക്രമാതീതമാണെന്നു കാണിപ്പാൻ മാത്രമാകുന്നു. പ്രസ്തുതറിപ്പോർട്ടിൻറെ (ഡി) അനുബന്ധം ക൭-ാംവശം ഒരുതനുമാതൃകയിലുള്ള ഒരു രാജകീയകാറിനു വില നു,൫൫൫ രൂപാ മാത്രമെ ആയിട്ടുള്ളു എന്നു കാണുന്നു. അതുകൊണ്ടു ഈ കാര്യത്തിൽ ആവശ്യപ്പെട്ടുന്ന കുറവു വളരെ ന്യായവും മിതവും ആകുന്നു എന്നു ഞാൻ വിചാരിക്കുന്നു. ൭൫൦൦ രൂപാ കുറച്ചാൽ ൪,൪൦൦ ബാക്കിവരുന്നതു ഒരു മോട്ടോർകാർ വാങ്ങുന്നതിനു യോഗ്യമായ ഒരു ഇകയാണെന്നു ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഈ കുറവുചെയ്തുന്നതിനു സമ്മതിക്കണമെന്നു ഉപക്ഷേപിക്കുന്നു.

മി. കെ. നാരായണൻ പണിക്കർ (അക്കിംഗ് ഗവർണ്മെൻറ് ചീഫ്സെക്രട്ടറി): വിലസംഖ്യയുള്ള ഒരു കാർ കാലപ്പഴക്കത്തിനു തീരെ ഉപയോഗയോഗ്യമല്ലാത്തതായി കാണപ്പെട്ടുമെന്നു ഞാൻ സഭയെ അറിയിച്ചുകൊള്ളട്ടെ. അതിനു വേഗത്തിൽ കേടുവരിക്കുന്നതും, രണ്ടു മൂന്നു വർഷങ്ങൾക്കുള്ളിൽ അറ്റകുറ്റപ്പണിക്കായിട്ടെന്നു തീരുമായ ഒരു ഇക വേണ്ടിവരുന്നതും, ആകുന്നു. നേരെമറിച്ചു നല്ലതും ഈടുനിൽക്കുന്നതും എന്നാൽ വില്ക്കുടുതലുള്ളതും ആയ ഒരു കാർ വാങ്ങുകയാണെങ്കിൽ, അതു ദീർഘകാലത്തേക്കു ഉപയോഗയോഗ്യമായി ഇരിക്കയും അറ്റകുറ്റപ്പണി ഉർല്ലമായിട്ടു മാത്രം വേണ്ടിവരികയും ചെയ്യുന്നതാകുന്നു. ഉദാഹരണമായിട്ടു ക൯ ഡപ്-ൽ ഒരു ഓവർലണ്ട്കാർ വാങ്ങി, അതിൻറെ വില ൪,൯൫൦ രൂപാ ആയിരുന്നു. അതു ഉദ്ദേശം മൂന്നുവർഷത്തേക്കുമാത്രമെ ഉപയോഗിച്ചുള്ളു എങ്കിലും അതു ഉപയോഗശൂന്യമായെന്നു തീരുമാനിക്കയും വിൽപ്പാൻ ചെയ്യുകയും ചെയ്തു. നേരെമറിച്ചു ഇതിനു ഒരുവർഷം മുമ്പു ഒരു ബ്യൂയിക്ക് കാർ വാങ്ങിച്ചതു ഇപ്പോഴും ഉപയോഗത്തിൽ ഇരിക്കുന്നുണ്ടു്. ഇടച്ചിലായി അഞ്ചുവർഷത്തോളം ഉപയോഗത്തിലിരുന്നുവെങ്കിലും, ഇപ്പോഴും അതു ഏകദേശം ഉപയോഗ്യമായിതന്നെ ഇരിക്കുന്നു. അതിനു ഉർല്ലമായിട്ടു മാത്രമെ കേടുവരിക്കുന്നതുമുള്ളു. ആയതുകൊണ്ടു ആലോചിക്കുമ്പോൾ വിലകുറവുള്ള ഒരു കാർ ഇടയ്ക്കിടയ്ക്കു വാങ്ങുകയും അതിനെ കുറഞ്ഞവിലയ്ക്കു വിൽക്കുകയും ചെയ്യുന്നതിനെക്കാൾ അധികം നല്ലതു ഒരു നല്ലതും, ഈടുനിൽക്കുന്നതുമായ കാർ വാങ്ങുകയത്രെ എന്നതു ആലോചിപ്പാനുള്ളതാണ്. കുറഞ്ഞപക്ഷം അഞ്ചോ ആറോ വർഷങ്ങളോളം ഉപയോഗിക്കത്തക്കതായിരിക്കണമെന്നുള്ളതുകൊണ്ടു ഒരുവിധം നല്ലകാർ ആവശ്യമാകുന്നു. കൂടാതെ, മിവാൻജി ഈ കാർ സ്വീട്ട്ചെയ്യുന്നതിനുപയോഗിപ്പാനുള്ളതാകുന്നു. അതുകൊണ്ടു വിലകുറവുള്ള ഒരുകാർ വാങ്ങി, വഴിമദ്ധ്യേ അതിനു കേടുപാ

ചിക്കുന്നു വളരെ ഭരണസൗകര്യമുണ്ടായിട്ടുള്ള കാര്യംതന്നെ ആകുന്നു. ഈ കാരണങ്ങളാൽ വേഗത്തിൽ അറുകൊ ലപ്പെടുത്തുന്നതും നല്ലതും ആയ ഒരു കാർ വാങ്ങുന്നസംഗതി ആലോചിച്ചുവരികയാകുന്നു. ഒരു നല്ല ഇനത്തിപ്പെ ട്ട കാറിനു ൻ,൫൦൦ രൂപാ അധികമായിപ്പോകുന്നതല്ലാ.

മി. ടി കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): മോട്ടാർകാർ പ്രചാരത്തിനുവന്നതിൽ പിന്നീട്, ദിവാൻജിയുടെ ആവശ്യത്തിനു നാളിതുവരെ എത്രകാർ വാങ്ങിട്ടുണ്ട് ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ്സെക്രട്ടറി): ഇതുവരെ വാങ്ങിട്ടുള്ള കാർ ഇത്ര എണ്ണമെന്നു ഇപ്പോൾ പറയാൻ സാധിക്കയില്ല

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉദ്ദേശം എത്ര എന്നു സമയം പറയാമോ ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ്സെക്രട്ടറി): നാലുകാർ എന്നു് എനി ക്കു തോന്നുന്നു. നാലുകാർ വാങ്ങിട്ടുണ്ടെന്നാണു് തോന്നുന്നതു.

മി. കെ. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഓരോന്നിനും എത്ര വിലയായിട്ടുണ്ട് ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ്സെക്രട്ടറി): അതിന്റെ വില വിവരം ഇപ്പോൾ പറയാൻ സാധിക്കയില്ല.

പ്രഡിഡൻറ്: നിങ്ങൾക്കറിയാവുന്ന ഏതെങ്കിലും കാറിന്റെ വില പറയാമോ ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ്സെക്രട്ടറി): ഒവർലണ്ട് കാറിനു ൪,൫൦൦ രൂപയും, ബ്യൂയിക്ക് കാറിനു ൫,൫൦൦ രൂപയും, വിലയുണ്ട്. രണ്ടാമത്തേതു ഞാൻ പറഞ്ഞ തോതിലല്ല ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മറെറ രണ്ടുകാർകൂടിപ്പറയാനുണ്ട് ? അതിനെപ്പറ്റി നാലുകാർകൂടിപ്പറഞ്ഞുവല്ലോ.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ് സെക്രട്ടറി): അതുകൂടിവാങ്ങിക്കയും വിൽക്കുകയും ചെയ്തു.

ഞാൻ പറഞ്ഞകാരണങ്ങളാൽ ഉപക്ഷേപത്തെക്കുറിച്ചു മെമ്പർ നിർബന്ധംപിടിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എൻ. കുമാരൻ (ഗവർണ്മെൻറ് നിയമിച്ച മെമ്പർ): വാങ്ങാൻപോകുന്ന കാറിന്റെ തരം ഏതു് ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ്സെക്രട്ടറി): അതു അന്വേഷിച്ചുവരുകയാണിപ്പോൾ ചെയ്തിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവർണ്മെൻറ് നിയമിച്ച മെമ്പർ) (ഡിപ്പിപ്രസിഡൻറ്): ഈ വിഷയത്തെക്കുറിച്ചു അല്പം സംസാരിപ്പാൻ എനിക്കനുവാദം തരുമോ ?

ഇപ്പോൾ സഭാസമക്ഷം ഉപന്യസിച്ചിട്ടുള്ള ഉപക്ഷേപം മദ്രാസ് നിയമസഭയിൽ ഗവർണ്മെൻറുടെ മന്ദിരത്തിലേക്കു അകസാമാനങ്ങൾ വാങ്ങുന്നതിനായുള്ള ധനവിനിയോഗത്തിനായി പെട്ടിയ്ക്കുറയ്ക്കുന്ന ഒരു ഉപക്ഷേപത്തിന്റെ ഓർമ്മയിൽ കൊണ്ടുവരുന്നു. ആ അവസരത്തിൽ നമ്മുടെ മാറിപ്പോയ ദിവാൻ മിസ്റ്റർ കൃഷ്ണൻനായർ സാമാന്യം നല്ലപോലെ സാമാനങ്ങൾ ഉള്ള കേന്തിവിലാസമന്ദിരത്തിൽ താൻ ഇരുന്നിട്ടുണ്ടെന്നു പറയുണ്ടായി. എന്നാൽ പല പ്രശസ്തന്മാരായ അതിഥികൾ കേന്തിവിലാസമന്ദിരം സന്ദർശിച്ചപ്പോൾ അവിടെയുള്ളസാമാനങ്ങളൊക്കെ ആ അതിഥികളെ ഇഷ്ടപ്പെടുത്തുന്നവിഷയത്തിൽ തനിക്കു ലജ്ജയുണ്ടായി. അതിനാൽ പ്രശസ്തന്മാരായ അതിഥികളെ സ്വീകരിക്കേണ്ടിയ ഗവർണ്മെണ്ടു് മന്ദിരം കാലാനുസൃതവും യോഗ്യവുമായവിധം സാമാനങ്ങളുള്ളതും ആയിരിക്കണം. അതുകാരണത്താൽ, ഇപ്പോൾ അഭ്യർത്ഥിച്ചിട്ടുള്ളതുകയായ ൻ,൪൦൦ രൂപായും അനുവദിക്കുന്നതിനു നിങ്ങൾക്കു സൌമനസ്യമുണ്ടാകയില്ലെന്നു ഞാൻ വിചാരിക്കുന്നു. ഒരു മാരംകുഴിയകാറിനു വിലക്കുട്ടതലും ഓർഡിനറിയായ ഒരു കാറിനു വിലകുറവും ഉണ്ടെന്നു ഏവർക്കും അറിയാവുന്നതാകുന്നു. എന്നാൽ ചീഫ്സെക്രട്ടറി വിശദമാക്കിയപ്രകാരം, ഒരു ഓർഡിനറികാറിന്റെ സംഗതിയിൽ യാത്രാവസരങ്ങളിൽ അതിനു വളരെ ഉപദ്രവങ്ങൾ ഉണ്ടാകാവുന്നതാകുന്നു. അതിനുപുറമെ അതു ദിവാൻജിയുടെ അതിഥികളായിവരുന്ന പ്രശസ്തസന്ദർശകന്മാരും ഉപയോഗിക്കേണ്ടതാകുന്നു. വാസ്തവം അങ്ങിനെയിരിക്കെ, വിശ്രുതന്മാരായ സന്ദർശകന്മാർ വരുമ്പോൾ അവരുടെ ഉപയോഗത്തിനായി അയച്ചുകൊടുക്കുന്നതിനു ൫,൦൦൦ രൂപാ മാത്രം വിലയുള്ള ഒരു ഓവർലണ്ടോ കെവർലെറെറാ മാത്രമുണ്ടായിരുന്നാലുള്ള അവസ്ഥ എത്ര ശോചനീയം എന്നു പറയേണ്ടു. അപ്പോൾ അവക്കു തിരുവിതാംകോടിനേയും അവിടുത്തെ ഉദ്യോഗസ്ഥന്മാരെയും കുറിച്ചുള്ള മതിപ്പു എത്ര ഉച്ചമായിട്ടായിരിക്കും? രാജ്യക്ഷേമത്തെ ഉദ്ദേശിച്ചും, ദിവാൻജി രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാരിൽ ഒന്നാമനും മഹാറാണിറീജൻറ തിരുമേനിയുടെ വിശ്വസ്തനുമാണെന്നുള്ള വാസ്തവത്തെ മുൻനിറുത്തിയും, അദ്ദേഹത്തിന്റെ ഉപയോഗത്തിലേക്കു ഒരു കാർ വാങ്ങുന്നതിനുവേണ്ടിവരുന്ന മുകയായ ൻ,൪൦൦ രൂപായും അനുവദിക്കുന്നതിനു നാം തീരെ സൌമനസ്യം കാണിച്ചുകൂടാ എന്നുള്ളതു ന്യായംമാത്രമാകുന്നു. ൪൦,൦൦൦ രൂ മാ, ൫൪,൦൦൦ രൂ മാ രൂപാവിലപിടിക്കുന്ന റോൾസ്റോയിസ്സോ ഡൈംലറോ വാങ്ങുന്നതിനായിട്ടല്ല അഭ്യർത്ഥനകാണുവന്നിട്ടുള്ളതു് എന്നു ഞാൻ വിചാരിക്കുന്നു. ചീഫ്സിക്രട്ടറി പറഞ്ഞപോലെ ബ്യൂയിക്കിനു ഉദ്ദേശം ൫൦൦൦ രൂപാ വിലയായി. കൂടെക്കാലത്തേക്കു ഉപയോഗത്തിലിരിക്കണമെങ്കിൽ, ആരോസിഡിണ്ടറുകളുള്ള ഒരു മോഡലുള്ളകാറിനു ൯൦൦൦ രൂമാ ക൦,൦൦൦ രൂപാ വിലവരുമെന്നു എനിക്കു നിശ്ചയമുണ്ടു്.

ഈ അവസ്ഥയിൽ നാം എല്ലാവരും അഭ്യർത്ഥനയ്ക്കു സമ്മതം കൊടുക്കുന്നതു ഭംഗിയായിരിക്കുമെന്നാണു് എൻറ അഭിപ്രായം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (തെക്കൻവാണിജ്യവും-വ്യവസായവും): കുമരക്കോലമായി മോട്ടർകാർ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളുടെ നിലയിൽ ഇതു സംബന്ധിച്ചു എനിക്കും പറവാനുള്ളതു് വിഷമമായുള്ള മോട്ടാർകാർ കാലപ്പഴക്കത്തിനു ലാഭമായിരിക്കയില്ലാ എന്നാകുന്നു. യന്ത്രത്തിന്റെ വിലയുടെ ശതമാനമോ മറ്റോ മടങ്ങുകിലവു് അറുകുറുപ്പണികൾക്കായി വേണ്ടിവരുന്നതാകുന്നു സാധാരണകാറിനെക്കാ

ാം വിലകുട്ടുന്നതു കൂടുതൽ വിശ്വാസയോഗ്യവും ആയ ഒരു കാർവാങ്ങിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. അതിനപുറമെ വാസ്തവം ആലോചിക്കുമ്പോൾ—

ശ്രീ. എം. ശിവതാണുപിള്ള (തോവാള): നമുക്കു ഇപ്പോൾ ഗവർണ്മെന്റിൽനിന്നും ഉടവടിവാങ്ങുന്നതിനാഗ്രഹമുണ്ടോ എന്നു പറയാമോ ? (ചിരി)

പ്രസിഡന്റ്: ആ ചോദ്യം യാഥാർത്ഥമായ രൂപത്തിലല്ല.

ശ്രീ. എസ്. പിറവിപ്പെരുമാൾപിള്ള (തെക്കൻവാണിജ്യവും വ്യവസായവും): മുമ്പിലത്തെ സഭാപോലീസ് കമ്മിഷണരുടെ ആവശ്യത്തിലേക്കു ഒ,൪൦൦ രൂപാ വിലവരുന്ന ഒരു കാർ അനുവദിച്ചുസംഗതിയും കൂടെ ഓർക്കുമ്പോൾ ഈ അഭ്യർത്ഥന വളരെ ന്യായമായുള്ള ഒന്നാണെന്നു എനിക്കു തോന്നുന്നു.

ശ്രീ. ഡബ്ലിയു. എച്ച്. പിറൻ (പോലീസ് കമ്മിഷണർ): ആ കാറിന്റെ വിലയും ന്യായമായിരുന്നു എന്ന അഭിപ്രായത്തിൽനിന്നു എനിക്കറിയാമോ ?

പ്രസിഡന്റ്: അതു വിദഗ്ധാഭിപ്രായമാവശ്യപ്പെട്ടുകയാണ്. അതിലേക്കു ഒരു ഫീസ്സും അടയ്ക്കാം അതു ചെയ്യപ്പെടാവുന്നതാണ്. (ചിരി)

ശ്രീ. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഉപക്ഷേപത്തെ തീർച്ചയായിട്ടും പിൻതാങ്ങുന്നതിനുവേണ്ടിത്താണ് എഴുന്നേൽക്കുന്നതു. വാസ്തവത്തിൽ ഈ കാര്യവുമായി സംബന്ധിച്ചു എനിക്കു വന്ദ്യമിത്രമായ മി. സുബ്ബരാമയ്യരേക്കാൾ കൂടുതൽ മൈമനസ്യമുണ്ടായിട്ടല്ല ഞാൻ അപ്രകാരം ചെയ്യുന്നതു. ഈ ചെലവു് എനിക്കു സ്നേഹിതൻ മി. രാമൻമേനോൻ ഇങ്ങിനെയുള്ള കുറവുകളും നിർദ്ദേശിച്ചിട്ടുള്ളവയായ ഗവർണ്മെന്റഭ്യർത്ഥനകളെക്കാൾ കൂടുതൽ അനാവശ്യമെന്നോ അത്ര ആവശ്യമില്ലാത്തതെന്നോ എനിക്കു തോന്നിട്ടുമല്ല, ഞാൻ ഈ ഉപക്ഷേപത്തെ താങ്ങിപ്പറയുന്നതിനുവേണ്ടി എഴുന്നേല്ക്കുന്നതു. മി. രാമൻമേനോൻ പല അവസരങ്ങളിലും കൊണ്ടുവന്നിട്ടുള്ള അനേകം പെട്ടിക്കുറയ്ക്കലുകളിൽ അന്തർഭവിച്ചിരിക്കുന്ന ഗൗരവതരമായ അർത്ഥം ലക്ഷ്യമാക്കി സഭയുടെ ശ്രദ്ധയെ ക്ഷണിക്കണമെന്നു എനിക്കു തോന്നുന്നതുകൊണ്ടു മാത്രമാകുന്നു. അദ്ദേഹം ഒരിടത്തു ൫൦൦ രൂപായുടെയും, പിന്നൊരിടത്തു ൨൦൦ രൂപയുടേയും ഇങ്ങിനെ സംഖ്യകൾ കുറയ്ക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു. എന്തെന്നാൽ രാജ്യഭരണം ആവശ്യത്തിലധികം ചെലവുവരുന്നതും അളവിലധികം പണം ആവശ്യപ്പെടുന്നതും അതുണ്ടാക്കിയവരും അനന്തരവും ആയ സങ്കടത്തെയും അതൃപ്തിയെയും പ്രകാശിപ്പിക്കുന്നതിനുള്ള യത്നംമാത്രമാണ് ഇതു. മി. രാമൻമേനോൻ ഉദ്ദേശിച്ചിട്ടുള്ളതു വിഷയത്തിന്റെ യോഗ്യതകൾകൊണ്ടല്ലാതെ, ഈ ഇനത്തിലൊ ആ ഇനത്തിലൊ നേരിട്ടുന്ന ഒരു പ്രത്യേകചെലവിനെ അല്ല. അദ്ദേഹം തന്നിരയ ഈ ഗൗരവമായ വിഷയത്തിന്റെ യോഗ്യതകളെ അവലംബിച്ചുകൊണ്ടു, ഈ ഉപക്ഷേപത്തെ ഉപന്യസിക്കുന്നതു് സാദ്ധ്യമല്ലായിരുന്നു എന്നു എനിക്കു നിശ്ചയമുണ്ടു്. എന്നാൽ ഇനം ഇനമായി ഗവർണ്മെന്റ് വിചാരണക്കുടാതെവരുത്തിക്കൂട്ടുന്ന ഭീമമായചെലവിനെക്കുറിച്ചു ജനങ്ങൾക്കുള്ള സങ്കടത്തെ പ്രകാശിപ്പിക്കുവാനുമാത്രമെ അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളു. പക്ഷെ, ഈ പ്രത്യേകഅഭ്യർത്ഥനയുടെ ആവശ്യമായിരിക്കാം. എന്നാൽ ജനങ്ങൾക്കു പൊതുവെയുള്ള മൈമനസ്യത്തെയും അവരുടെ പണം കരുതലില്ലാതെ ചിലവാക്കുന്ന ഭരണാധികാരികളോടുള്ള അവർക്കുള്ള അതൃപ്തിയെയും വെളിപ്പെടുത്തുന്നതിനു നമുക്കു ഒരവസരം അന്വേഷിക്കേണ്ടിയിരിക്കുന്നു. അതിന്റെ യോഗ്യതകളിലൊന്നിലും യാതൊരാക്ഷേപവുമില്ലാത്ത ഈ അഭ്യർത്ഥനസംബന്ധിച്ചുമാത്രം ഒരവസരം കിട്ടിയതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. അതുനിമിത്തം ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിൽ എന്നോടുതന്നെയും, ഈ സഭയോടും ഒരു സമാധാനം പറയാൻ ഞാൻ കടപ്പെട്ടിരിക്കുന്നു.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എത്രതാനംവാക്കുകളെ പറഞ്ഞുകൊള്ളുന്നതിനു എനിക്കു അനുവാദമുണ്ടോ ? ചീഫ്സെക്രട്ടറി സഭയോടു വിവരിച്ചു പറഞ്ഞപ്രകാരമുള്ള ഒരു കാർ ദിവാൻജിയുടെ ഉപയോഗത്തിലേക്കു വാങ്ങുന്നകാര്യത്തിൽ ഞാൻ അശേഷം മൈമനസ്യമുള്ളവനല്ലാ. എന്റെ ശങ്കയെ വേറെചില സംഗതികളെ അപേക്ഷിച്ചാണ് ഉത്ഭവിക്കുന്നതു. സർ, ഉദാഹരണമായിട്ടു, അങ്ങയ്ക്കു് യോഗ്യമായ ഒരു കാർ ഉണ്ടായാൽ, അതിനെ എവിടെ ഉപയോഗിക്കാമെന്നുള്ള സംഗതിയെത്ര എനിക്കു ആലോചനാവിഷയമായിരിക്കുന്നതു്. ഒഴിഞ്ഞന്തമായിട്ടു, ചേർത്തല താലൂക്കിൽ അങ്ങയ്ക്കു ഒരു കാർകൊണ്ടു യാതൊരുപയോഗവും ഇല്ലല്ലോ (ചിരി) ഞാൻ പ്രാതിനിധ്യം വഹിക്കുന്ന അമ്പലപ്പുഴ താലൂക്കിൽ ക്കൂടെയും അങ്ങയ്ക്കു് ഒരു മോട്ടാർ ഉപയോഗിക്കാൻ പാടില്ലാ.

ശ്രീ. എസ്സ്. പിറവിപ്പെരുമാൾപിള്ള (തെക്കൻ വാണിജ്യവും വ്യവസായവും): ഒരു മോട്ടാർബോട്ട് കൂടെ വാങ്ങിക്കുന്നവിഷയത്തിൽ മൈമനസ്യമുള്ളവരല്ലാ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ?

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തീർച്ചയായിട്ടും എനിക്കു അശേഷം വിരോധമില്ല.

അതാകുന്നു എനിക്കു ഉണ്ടായിരിക്കുന്ന വിഷമം. നിങ്ങൾ ഒരു മോട്ടാർകാറിൽ തിരുവനന്തപുരം ടൗണിൽ ചുറ്റിസഞ്ചരിക്കേണ്ടതായിരിക്കും അല്ലെങ്കിൽ മെയിൻ സെൻട്രൽറോഡിൽ കോട്ടയംവരെയൊ, അതിനപ്പുറം പോകേണ്ടതുണ്ടെങ്കിൽ എറണാകുളംവരെയൊ, അതിൽ പോകാവുന്നതാണ്. ഒരു മോട്ടാർകാറിന്റെ സഹായത്താൽ പ്രയോജനകരമായി സഞ്ചരിക്കാവുന്ന വഴി അതു മാത്രമാകുന്നു.

ശ്രീ. ടി. പരമേശ്വരൻപിള്ള (കനയ്യാറരിങ്കര): തെക്കൻതിരുവിതാംകോടിനപ്പുറവി എന്തു പറയുന്നു ?

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മോട്ടർ ഗതാഗതം മെയിൻ സെൻട്രൽറോഡിൽ മാത്രമേ ഉള്ളു. ഏതായാലും എനിക്കു തെക്കൻ തിരുവിതാംകോടിനപ്പുറവി അത്ര പരിചയമില്ല (ചിരി).

ശ്രീ. ശിവതാണുപിള്ള (തോവാള): ഒരാൾക്കു ഒരു മോട്ടാർകാറിൽ യഥേഷ്ടം സഞ്ചരിക്കാവുന്ന പല നല്ല റോഡുകളും തെക്കൻതിരുവിതാംകോട്ടുണ്ടു്.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തെക്കൻ തിരുവിതാംകോട്ടുകാരായ എന്റെ സ്നേഹിതന്മാർക്കു അവിടെ മോട്ടാർകാറിൽ യഥേഷ്ടം സഞ്ചരിക്കാവുന്ന പല നല്ലറോഡുകളും ഉണ്ടെങ്കിൽ, അവർ അവകൊണ്ടു സന്തോഷിച്ചുകൊള്ളട്ടെ. (ചിരി). എന്നാൽ വടക്കൻതിരുവിതാംകോടിനെ സംബന്ധിച്ചിടത്തോളം സംഗതി മറിച്ചതത്രെ. ഈ അഭ്യർത്ഥന സമോസമക്ഷം ഇരിക്കുന്നതിനാൽ, അങ്ങനെയ അമ്പലപ്പുഴയിലും മറ്റുമുള്ള ഞങ്ങൾക്കു സ്വീകരിക്കുന്നതിനു മാർഗ്ഗമുണ്ടാകുന്ന ഒരവസരത്തെ പ്രതീക്ഷിച്ചിരിക്കുമാത്രമാണ് ഞാൻ.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഒരു വിമാനം വാങ്ങുന്നതിനു മാറ്റുണ്ടാക്കുന്നതിനു അഭിപ്രായം തയ്യാറാകണമോ ?

മി. പി. കെ നാരായണപിള്ള (അമ്പലപ്പുഴ): സർ, ഞാൻ ഈ ചോദ്യത്തിനു ഉത്തരം കൊടുക്കണമോ ? (ചിരി).

പ്രസിഡൻറ്: അതിനുത്തരം വേണമെന്നു അഭിപ്രായം ഉള്ളതിനാൽ എന്നു ഞാൻ വിചാരിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ അഭിപ്രായത്തെ അനുവദിക്കുന്നതിൽ ഞാൻ ചീഫ്സെക്രട്ടറിയോടു യോജിക്കുന്നു എങ്കിലും ചീഫ് ഇഞ്ചിനിയരുടെ വകുപ്പു കാർ മോട്ടോർകാറിന്റെ ഉപയോഗം പ്രസിഡൻറിനു ചേർത്തല, അമ്പലപ്പുഴ മുതലായിടങ്ങളിലും കൂടെ അനുഭവത്തിലാക്കിക്കൊടുക്കുവാനുള്ള തക്കവണ്ണം മയപ്പെടുത്തുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ഈ സംഖ്യ കുറയ്ക്കുന്നതിനു എന്നെ പ്രേരിപ്പിച്ച കാരണങ്ങൾ ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. ഇതിനെതിരായി ചീഫ്സിക്രട്ടറി കൊടുത്ത കാരണങ്ങൾ വിശ്വാസജനകങ്ങളായി തോന്നുന്നില്ല. ഒന്നാമതു വളരെ ദീർഘങ്ങളായ യാത്രകൾ ചെയ്യാനില്ല. കൂടിപ്പോയാൽ തിരുവനന്തപുരത്തുനിന്നു വടക്കു അറുത്തിയായ പെറവൂർവരെ മാത്രമെ ഉണ്ടാകയുള്ളു, അതായതു, ഉദ്ദേശം ക ാ ഒ. ക ാ ഒ മൈൽസുമാത്രം. വിലക്കുറവുള്ളകാറിനുവേണ്ടിവരുന്നിടത്തോളം അറ്റകുറ്റപ്പണിയും അതിനു ആവശ്യപ്പെട്ടുകയില്ലെന്നു പറഞ്ഞിരിക്കുന്നു. ഇതു സംബന്ധിച്ചു, ആയ വ്യായക്കണക്കു പരിശോധിക്കുന്നതായ ഏകദേശമായിട്ടെങ്കിലും തെളിയിക്കുന്നതുണ്ട്. കാരണം ക ാ ഒ ഒ—ാം ആണ്ടിൽ മോട്ടോർകാറുകളുടെ സംരക്ഷണംവകയ്ക്കുള്ള ചെലവു ഇ ഒ ഒ ഒ രൂപാ ആയിരുന്നു. ക ാ ൻ—ാം ആണ്ടിൽ അവയുടെ സംരക്ഷണം വകയ്ക്കു നു, ഉ ഇ ര രൂപാ മാത്രമെ ഉണ്ടായിരുന്നുള്ളു.

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ യാണിജ്യവും-വ്യവസായവും): അതിൽ പെട്രോളിന്റേയും ഡ്രൈവറിന്റേ ശമ്പളത്തിന്റേയും മറ്റും ചെലവു ഉൾപ്പെടുന്നില്ലെ ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): അതെ, ഇപ്പറഞ്ഞ തുകയ്ക്കുള്ളിൽ മുഴുവനും അടുത്തതെന്നായാണു് കഥ. ഇപ്പോഴും മോട്ടോർകാറുകളുടെ സംരക്ഷണത്തിനുവേണ്ടി ഇ ഒ ഒ ഒ രൂപാ ആവശ്യപ്പെടുന്നു. അതിനാൽ ഈ കാരണംതന്നിമിത്തം വ്യത്യാസമൊന്നുമില്ല. അതുകൊണ്ടു അറ്റകുറ്റപ്പണിയെ ഉദ്ദേശിച്ചു എനിക്കു ലഭിച്ച ന്യായമായ അനുമാനം അടുത്തതന്നെ. ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നതു കാർ ആയതുകൊണ്ടു ഉപയോഗത്തിനു ഉദ്ദേശിച്ചിരിക്കുന്നു എന്ന കാര്യത്തെ സ്പർശിക്കാതെ ആയിരുന്നു. എന്നാൽ കാര്യം ഇപ്പോൾ ഏറ്റവുമധികം തെളിവായിരിക്കുന്നു. അതുകൊണ്ടു ഞാൻ ഉപക്ഷേപത്തെ നിർബന്ധിക്കുന്നില്ല, ഞാൻ അതിനെ ഗവർണ്മെന്റിന്റെ വിവേകബുദ്ധിക്കു വിട്ടേച്ചു ഉപക്ഷേപത്തെ പിൻവലിക്കുന്നു.

പ്രസിഡൻറ്: മി. രാമൻമേനോൻ ഇതു ഒരു വ്യക്തിപരമായ കാര്യമായി ഗണിക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു. സഭ ഇതു ഒരു വ്യക്തിപരമായ കാര്യമെന്നു നിരൂപിക്കയില്ലെന്നുഎനിക്കു നിശ്ചയമുണ്ടു്. ഇനിക്കു ഈ കാര്യത്തിൽ രണ്ടുപ്രകാരം പ്രവർത്തിക്കാമായിരുന്നു. ഒന്നുകിൽ ഈ വിഷയം വിമർശനം ചെയ്യുന്ന സമയത്തു സഭയിട്ടു, ഡിപ്യൂട്ടിപ്രസിഡൻറിനോടു എന്റെ സ്ഥാനം സ്വീകരിപ്പാൻ ആവശ്യപ്പെടുക, അല്ലെങ്കിൽ, ഇവിടെതന്നെ ഇരിക്കുക, ഞാൻ സഭവിട്ടപോയെങ്കിൽ താൻ അതിനെ വേണ്ടതിലധികം ഗൗരവമുള്ളതെന്നു കരുതുന്നതായി കാണപ്പെടുമെന്നു വിചാരിച്ചു. കൂടാതെ, മെംബർമാരെ സംബന്ധിച്ചു അതു യാതൊരുവ്യത്യാസവും വരുത്തുമായിരുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ ഇവിടെ ഉണ്ടായിരുന്നാലും ഇല്ലെങ്കിലും, മെംബർമാർ വിഷയത്തിന്റെ യോഗ്യതകൊണ്ടെന്നവണ്ണം നിഷ്പക്ഷമായ നിലയിൽ, അതിനെ വിമർശനം ചെയ്തുമായിരുന്നു (കേൾപ്പിൻ, കേൾപ്പിൻ)

ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു സഭയുടെ സമ്മതമുണ്ടെന്നു ഞാൻ മനസ്സിലാക്കട്ടെയോ ?

സമ്മതത്തോടുകൂടെ ഉപക്ഷേപം പിൻവലിച്ചു.

വ ഒ-ാം ഉപക്ഷേപം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): താഴെപ്പറയുന്ന ഉപക്ഷേപത്തെ ഹാജരാക്കുന്നതിനു ഞാൻ ആവശ്യപ്പെടുന്നു.

വ ഒ. മോട്ടോർകാറിന്റെ സംരക്ഷണത്തിനുവേണ്ടി നീക്കിട്ടുള്ള ഒ,ഒ ഒ ഒ രൂപായിൽനിന്നു ക,ഒ ഒ ഒ രൂപാ വെട്ടിക്കുറയ്ക്കുണം.

കൂട്ടത്തിലായി എന്തെങ്കിലും ഈ സംഗതിയെപ്പറ്റി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ കഴിഞ്ഞ ഉപക്ഷേപത്തെക്കുറിച്ചുണ്ടായ വിമർശനത്തിൽനിന്നു, ഈ ഉചിതമായ കുറവു അനുവദിക്കാവുന്നതാണെന്നു ഏറ്റവുമധികം സ്പഷ്ടമായിട്ടുണ്ടല്ലൊ. അതിനാൽ ഞാൻ ഈ ഉപക്ഷേപത്തെ ഹാജരാക്കുകയും ഗവർണ്മെന്റിന്റെ പര്യാലോചനയ്ക്കു അതിനെ വിട്ടേച്ചു പിൻവലിച്ചുകൊള്ളുകയും ചെയ്യുന്നു.

മി. കെ. നാരായണൻപണിക്കർ (അക്കിംഗ് ഗവർണ്മെന്റ് ചീഫ്സെക്രട്ടറി): മെംബർ ഉപക്ഷേപം കൊണ്ടുവരുന്നതിനു ഭയപ്പെടുന്നുവോ ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ അതിനെ ഹാജരാക്കുകയും പിൻവലിക്കുന്നതിനു അനുവാദം ചോദിക്കുകയും ചെയ്യുന്നു.

പ്രസിഡൻറ്: കഴിഞ്ഞതുകൊല്ലം ഇത്തരത്തിലുള്ള ചെലവായ തുക ര,ഒ ഒ ഒ രൂപാമാത്രം ആയിരുന്നു. അതിനാൽ മി. രാമൻമേനോൻ കൊണ്ടുവന്ന ഈ ഉപക്ഷേപം സ്വീകരിക്കുന്നതിൽ ഗവണ്മെന്റിനു അത്യധികം സന്തോഷമുണ്ടു്.

വ ക-ാം ഉപക്ഷേപം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): സർ, താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

വ ക. ഹജൂർകച്ചേരിയുടെ നീക്കിട്ടുള്ള ക,സനു, ഇ ഒ വ രൂപായിൽ നിന്നു ക ഒ ഒ രൂപാ വെട്ടിക്കുറയ്ക്കുണം.

ഇന്നത്തെ പബ്ലിക്ക് സർവ്വീസ്, അതിലെ നിയമനങ്ങൾ, അതിനാവശ്യമാകുന്ന കായ്ക്ഷമത, ഇവയെപ്പറ്റി പറയുന്നതിനാണ് ഈ മോഷൻ ഞാൻ കൊണ്ടുവന്നിട്ടുള്ളത്. പബ്ലിക്കസർവ്വീസിൽ ഓരോ ജാതികളുടേയും ജനസംഖ്യക്കണക്കിനു ഉദ്യോഗങ്ങൾ വീതിച്ചു കിട്ടണമെന്നു ചോദിക്കുകയും, അതുകൊടുക്കേണ്ടതാണെന്നു ഗവർണ്മെൻറ് സമ്മതിക്കയും ചെയ്തിട്ടുണ്ട്. ഇന്നത്തെ സ്ഥിതികൾക്കു ഇങ്ങനെ ചോദിക്കുന്നതിനും ആയതു അനുവദിച്ചുകൊടുക്കുന്നതിനും ന്യായങ്ങളും അവകാശങ്ങളും ഉണ്ടെന്നുള്ളതു എല്ലാവരും സമ്മതിക്കുന്നതാണ്. ഇവിടത്തെ പബ്ലിക് സർവീസിൽ എല്ലാമായി ഒരു, ൦൦൦ത്തിൽപരം ഉദ്യോഗങ്ങളുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇവിടത്തെ വിദ്യാലയങ്ങളിൽ രണ്ടു ലക്ഷം വിദ്യാർത്ഥികൾ പഠിച്ചുവരികയുംചെയ്യുന്നു. ഇന്നത്തെ വിദ്യാഭ്യാസത്തിൽ പരീക്ഷാവിജയികളായി വിദ്യാലയങ്ങളിൽനിന്നും പുറത്തിറങ്ങുന്ന യുവാക്കന്മാർക്കു പ്രധാനമായി നിൽക്കുന്ന ഉപജീവനമാർഗ്ഗം സർക്കാർ ഉദ്യോഗങ്ങളല്ലാതെ ഗത്യന്തരമില്ലാതെയുംവന്നു. ഇതോടുകൂടി നിയമനാധികാരമുള്ള പല ഉദ്യോഗസ്ഥന്മാർക്കും അവരുടെ സ്വജാതീയർക്കു ഉദ്യോഗങ്ങൾ കൊടുക്കയുള്ള എന്നൊരു നിർബ്ബന്ധവും അതികഠിനപ്പെടുന്നതിനിടയിൽനിന്നും ചോദ്യമില്ലാത്തവരുടെ ധൈര്യവും വന്നുചേർന്നു. ഇതുകൂടി സംഗതികളെ കൂട്ടിച്ചുരുക്കിനോക്കുമ്പോൾ ഇവിടത്തെ പബ്ലിക്ക്സർവീസിനെ ചിലപ്രകാരത്തിലെങ്കിലും ഒരു ലക്ഷംരൂപാ ഓരോ ജാതിക്കാരുടേയും ജനസംഖ്യാകണക്കിനു വീതിച്ചുകൊടുക്കണമെന്നു ചോദിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ഉദ്യോഗങ്ങൾ വീതിച്ചുകൊടുക്കണമെന്നുള്ള സംഗതി ശ്രീമൂലം പ്രജാസഭയിൽ ഒരു പ്രധാന വിഷയമായി തീർന്നിട്ടുണ്ട്. അങ്ങനെയെങ്കിലും ഈ സംഗതിക്കു പ്രാധാന്യം വർദ്ധിച്ചുവരുന്നു. ജനപ്രതിനിധികൾക്കു ഈ സംഗതിയിൽ കൂടുതൽ ശ്രദ്ധ പതിയുംതോറും പ്രത്യേകിച്ചു ഉദ്യോഗങ്ങൾ കിട്ടുന്നതിനുള്ള സൗകര്യക്കുറവുകളെ ഗവർണ്മെൻറ് ശക്തികുറഞ്ഞുപോകുന്നതാണ്. ഉദ്യോഗമാനവിഷയത്തിൽ ജനപ്രതിനിധികളുടെ ശ്രദ്ധ കൂടുതലായി പതിയുംതോറും ഭരണകർത്താക്കന്മാരുടെ അവിഹിതമായ നടപടികൾക്കു വിഘ്നവരുത്തെ ഉണ്ടാക്കിക്കൊടുക്കാൻ വേണ്ടപോലെ സഹായിക്കുന്നതാണ്. ജനസംഖ്യാകണക്കിനു ഉദ്യോഗങ്ങൾ കിട്ടുന്നതെന്നു ചോദിക്കുന്ന എല്ലാ ആളുകളും കായ്ക്ഷമതയ്ക്കു കുറവുവരാതിരിക്കണമെന്നുള്ള പല്ലവിപറഞ്ഞുകൊണ്ടുതന്നെയിരിക്കുന്നു. ജനസംഖ്യാകണക്കിനു ഉദ്യോഗങ്ങൾ കിട്ടുന്നതെന്നുള്ള വാദവും കായ്ക്ഷമതയ്ക്കു കുറവുവരാൻ പാടുള്ളുന്നുള്ള നിർബ്ബന്ധവും ഒന്നിച്ചു കൂടിച്ചേർന്നുനിൽക്കാൻ ഒരിക്കലും സാധിക്കുന്നതല്ല. ഇതിലേക്കുള്ള പ്രധാനകാരണം പറയാം. ഒരു ഉദ്യോഗസ്ഥൻ ശേഷിയില്ലാത്തവനാകയാ കൈക്കൂലിക്കാരനാകയാ തീരുന്നു എന്നു വിചാരിക്കാം. ആ ഉദ്യോഗസ്ഥനെപ്പറ്റി പരാതിയുണ്ടാകുമ്പോൾ ആ ഉദ്യോഗസ്ഥനും അദ്ദേഹത്തിന്റെ ആളുകളും ഒന്നായിച്ചേർന്നുനിന്നു ഒരുന്നകാര്യങ്ങളിൽ പലവിധ കുഴപ്പങ്ങളേയും ഉണ്ടാക്കുന്നു. ഇങ്ങനെയുള്ള സൗകര്യങ്ങളാൽ പബ്ലിക്ക് സർവീസിൽ കായ്ക്ഷമത കുറഞ്ഞും അഴിമതികാര്യം വർദ്ധിച്ചും വരുന്നു എന്നാണു എനിക്കു തോന്നുന്നത്. ജനങ്ങൾക്കു ആവശ്യപ്പെടുന്നതു കളങ്കരഹിതവും കായ്ക്ഷമതയോടു കൂടിയതുമായ പബ്ലിക്ക സർവീസ് വേണമെന്നുമാത്രമാണ്, അതിനെ നിയമിക്കുന്നതിലും അവർക്കു ആക്ഷേപമില്ല. ഉദ്യോഗങ്ങൾക്കു അനുരൂപന്മാരായും യോഗ്യന്മാരായും ആളുകളെ തിരഞ്ഞെടുത്തു നിയമിക്കയല്ലാതെ ആളുകളെയോക്കി ഉദ്യോഗങ്ങൾ കൊടുക്കുന്ന നയം പബ്ലിക്ക സർവീസിനെ ഛിദ്രിപ്പിക്കുമെന്നു ചെയ്യുമെന്നുള്ളതാണ്. ഈ ദോഷങ്ങളെ പരിഹരിക്കുന്നതിനു അനുരൂപമായ ഒരു പദ്ധതിയെ ഗവർണ്മെൻറ് കണ്ടുപിടിച്ചു നടപ്പിൽവരുത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

അടുത്തതായി എനിക്കു പറയാനുള്ളതു, പബ്ലിക്ക സർവീസിലുള്ള അഴിമതികളെ ശക്തിയോടുകൂടി നിറുത്തേണ്ട അത്യാവശ്യകത്തെപ്പറ്റിയാണ്. ഈ കൌൺസിലിൽ ചോദിച്ചിട്ടുള്ള അനവധി ചോദ്യങ്ങളും ഇവിടെ നടന്നിട്ടുള്ള വാദപ്രതിവാദങ്ങളും പരിശോധിക്കുന്നതായാൽ, ഇവിടത്തെ പബ്ലിക്ക സർവീസിലുള്ള അഴിമതികളുടെ വ്യക്തമായ ഒരു രൂപം കാണാവുന്നതാണ്. കൌൺസിലിൽ ചോദ്യങ്ങൾക്കു കിട്ടിയിട്ടുള്ള മറുപടികളും വാദപ്രതിവാദങ്ങളിൽ പറഞ്ഞിട്ടുള്ള മറുപടികളും പരിശോധിക്കുന്നതായാൽ, അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ മറച്ചുനിറുത്തി രക്ഷിക്കുന്നതിനു ഗവണ്മെൻറ് ശ്രമിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെടുന്നതാണ്. ഗവണ്മെൻറിന്റെ ഉദ്യോഗസ്ഥന്മാരെ ജനങ്ങൾ വെറും അപരാധങ്ങൾ പറയുന്നതായാൽ, അതിൽനിന്നും അവരെ രക്ഷിച്ചു നിറുത്തേണ്ടതു ഗവണ്മെൻറിന്റെ കടമയാകുന്നതു ഞാൻ സമ്മതിക്കുന്നു. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർക്കു ഇങ്ങനെ ഒരു രക്ഷ ഒരിക്കലും കൊടുക്കാൻ പാടില്ലാത്തതാണ്. ഇവിടത്തെ പബ്ലിക്ക സർവീസിലുള്ള ഉദ്യോഗസ്ഥന്മാരിൽ കൈക്കൂലിക്കുറ്റത്തിൽ ഉറപ്പെട്ടിട്ടുള്ള ശിക്ഷ അനുഭവിച്ചിട്ടു ഒരുപ്പോഴെങ്കിലും അടുത്തകാലങ്ങളിൽ ഉണ്ടായിട്ടുള്ളതായി കേട്ടിട്ടില്ല. കൈക്കൂലിക്കുറ്റത്തിൽ ആരേയും ശിക്ഷിച്ചിട്ടില്ലാത്തതുകൊണ്ടു, ഇവിടത്തെ പബ്ലിക്ക് സർവീസ് കളങ്കരഹിതമാണെന്നു ഗവർണ്മെൻറ് വിചാരിക്കുന്നപക്ഷം, അതു ജനങ്ങൾക്കു വ്യക്തമായ ദുരിതമായി തീരുന്നതാണ്. ഇവിടത്തെ പബ്ലിക്ക്സർവീസിൽ ഒന്നാംതരം ഉറച്ച കൈക്കൂലിക്കാരനെന്നുള്ളതു എല്ലാവർക്കും അറിയാവുന്നതാണ്. ഈ സംഗതി ജനങ്ങൾക്കു പുറത്തുപറയാൻ തരമില്ല. നിയമം കൈക്കൂലിക്കാർക്കു വളരെ അനുകൂലമായിട്ടാണു നിൽക്കുന്നതു. ഈ കൈക്കൂലിക്കാരെ ഗവണ്മെൻറിൽനിന്നതന്നെ അറിയാമായിരുന്നാലും, അവരെ തൊടാൻ സാധിക്കാഞ്ഞിട്ടോ, തൊടാൻ മടിച്ചിട്ടോ, അവരെ വിട്ടിരിക്കുന്നതായിട്ടാണെ ഇതുവരെയും കാണാൻ ഇടവന്നിട്ടുള്ളതു. ഈ സംഗതിയിൽ ഇന്നത്തെ ഗവണ്മെൻറിൽനിന്നും ജനങ്ങൾക്കു സമാധാനവും രക്ഷയും കിട്ടുമെന്നു അവർ വിശ്വസിച്ചുപോരുന്നു.

വേറൊരു സംഗതി എനിക്കു പറയാനുള്ളതു, ഉദ്യോഗസ്ഥന്മാരുടെ സക്കീട്ടിനെപ്പറ്റിയാണ്. ചതിക്കായി സക്കീട്ടുപോകുന്ന നയത്തെ ദേഭപ്പെടുത്തുന്നതിനും, സർക്കാർ ജോലികളുടെ നടത്തിപ്പിനും ജനങ്ങളുടെ രക്ഷയ്ക്കുംവേണ്ടി സക്കീട്ടുചെയ്യുന്നതിനും, നിഷ്കർഷ ചെയ്യേണ്ടതാണ്. ഇതോടുകൂടി വേറൊരുകാര്യം എനിക്കു പറയാനുണ്ട് ചില ഉദ്യോഗസ്ഥന്മാർ സക്കീട്ടുപോകുമ്പോൾ, അവരുടെ സ്വന്തകയ്യിൽനിന്നും പണം ചിലവാക്കാതെ, അപരരുടെ കിഴിസിൽവെന്തികളെക്കൊണ്ടു ചിലവാക്കിക്കുകയും ആ നഷ്ടപരിഹാരത്തിനായി അവർ പൊതുജനങ്ങളിൽനിന്നും പണം ഈടാക്കിവരുന്ന അഴിമതികളേയും വേഗത്തിൽ നിറുത്തേണ്ടതു അത്യാവശ്യമായി തീർന്നിരിക്കുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): മി. കുമാരപിള്ളയുടെ പ്രമേയത്തെ ഞാൻഹാർദ്ദമായി അനുകൂലിച്ചുകൊള്ളുന്നു. കായ്ക്ഷമതയ്ക്കു ഭംഗംവരാതെ ഈ സംസ്ഥാനത്തിലുള്ള ഉദ്യോഗങ്ങൾ നിവൃത്തിയുള്ളേടത്തോളം എല്ലാ ജാതിക്കാർക്കും സമമായി അവകാശമുള്ള വിധത്തിൽ കൊടുക്കത്തക്കവിധത്തിൽ ഏർപ്പാടു ചെയ്യു

ണമെന്നുള്ളതു എല്ലാ അപേക്ഷകരിക്കും സമ്മതമുള്ളതാണ്. അതിൽ ഒരുത്തനക്കു വിരോധംപറയത്തക്ക നിവൃത്തിയില്ലാത്തതാണ്, ഗവണ്മെന്റും അതിലേക്കു വേണ്ടവിധം ഉത്സാഹിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

കൈക്കൂലികൊടുത്തതെപ്പറ്റി മി. കുമാരപിള്ള പറഞ്ഞതു വാസ്തവമാണ്. ഇവിടെ കൈക്കൂലികൊടുക്കാത്തതായ ഡിപ്പാർട്ടുമെന്റുകളും ഉണ്ടോ എന്നതുതന്നെ സംശയമാണ്. ഇതിനുള്ള പ്രധാനകാരണം, ഗവണ്മെന്റിന്റെ ഭരണഭാരം വഹിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം അതിനനുസരിച്ചായി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ശ്രമം ചെയ്യാതിരിക്കുന്നതാണ് എന്നു സംശയംകൂടാതെ പറയാം. ഈ കൗൺസിലിലും പ്രജാസഭയിലും കൈക്കൂലിയെ സംബന്ധിച്ചു മെമ്പറന്മാർ പറഞ്ഞുസമയം, കഴിഞ്ഞ ഭരണത്തിൽ ഗവണ്മെന്റു സാധാരണമായി പറഞ്ഞുകൊണ്ടിരുന്നതു, ക്രിമിനൽകേസിൽ സംശയത്തിന്റെ ഗുണം പ്രതിക്കു കൊടുക്കുന്നതിനാൽ, ആ തത്വം പബ്ലിക്ക് സർവീസിലെ കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാരെസംബന്ധിച്ചും ഉപയോഗിക്കണമെന്നാണ്. ഈ തത്വം കൈക്കൂലിയെസംബന്ധിച്ചു അന്വേഷണം ഒടുവിലോളം ഉപയോഗിക്കുന്നതുകൂടാതെ, അയാളെ തൊഴിലിൽനിന്നു വാൻ ഉദ്യോഗസ്ഥന്മാരെ പ്രേരിപ്പിക്കുന്നതാണ്.

സംശയത്തിന്റെ ഗുണം, ക്രിമിനൽകേസിൽ പ്രതിക്കു കൊടുക്കുന്നതുപോലെ, കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാർക്കു കൊടുക്കേണ്ടതാവശ്യമില്ല, പബ്ലിക്കിന്റെ മനസ്സിലും പബ്ലിക്കിനെ സേവിക്കുന്നതായ ഉദ്യോഗസ്ഥന്മാർ യാതൊരുവിധത്തിലും സംശയത്തിനു ഇടകൊടുക്കാതെ തങ്ങളുടെ ചുമതലയെ നടത്തേണ്ടതാണ്. അതിനാൽ ഇന്നുമേൽ ഉണ്ടാകുന്ന സംഗതികളിൽ, സംശയത്തിന്റെ ഗുണം ഒരിക്കലും കൈക്കൂലിക്കാരനായ ഉദ്യോഗസ്ഥനു കിട്ടുകയുമരുതെന്നും, ഏതെങ്കിലും ഉദ്യോഗസ്ഥന്റെ നടപടി സംശയകരമാണെന്നുവരുകിൽ അയാളെ ഉടനെ പിരിഞ്ഞുപോകേണ്ടതു അത്യാവശ്യമാണെന്നും ഞാൻ അറിയിച്ചുകൊള്ളുന്നു.

മി. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): മി. കുമാരപിള്ളയുടെ ഉൽക്ഷോഭത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഹജൂർ വകുപ്പു രാജ്യഭരണയന്ത്രത്തിന്റെ കേന്ദ്രമാണെന്നു പറയാം. അവിടെ നിവൃത്തിയുള്ളിടത്തോളം രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും പ്രമുഖരിൽ എല്ലാ വിഭാഗങ്ങളിൽനിന്നും യോഗ്യന്മാരായിട്ടുള്ളവരെ തിരഞ്ഞെടുത്തു നിയമിക്കേണ്ടതാണ്. അവിടെ മിക്കവാറും ചില വർഗ്ഗക്കാർക്കു, രാജ്യത്തിലെ ചില ഭാഗത്തുള്ളവർക്കുമാത്രമാണ് അടുത്തകാലംവരെ ഉദ്യോഗങ്ങൾ കൊടുത്തുവരുന്നതു.

മി. ജി. പരമേശ്വരൻപിള്ള (തനയ്യാറിൻകര): ഈ രാജ്യത്തിന്റെ ഏതുഭാഗത്തുള്ളവർക്കാണു പ്രത്യേകം ആനുകൂല്യങ്ങൾ ചെയ്തിട്ടുള്ളതെന്നു പറയാമോ?

മി. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): മൂവാറ്റുപുഴ, തൊടുപുഴ, മീനച്ചിൽ മുതലായ വടക്കൻ താലൂക്കുകളിൽനിന്നു ആരുംതന്നെ ഹജൂർ ആഫീസിൽ സൂപ്രണ്ടായിട്ടോ സിക്രട്ടറിമാരായിട്ടോ ഇല്ലെന്നുപറയാം.

മി. സി. പി. തരകൻ (കുന്നത്തുനാട്): വടക്കൻ തിരുവിതാംകൂറിലെ മറ്റേതെങ്കിലും സ്ഥലങ്ങളിൽനിന്നുണ്ടോ?

മി. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): തെക്കൻ തിരുവിതാംകൂറിൽനിന്നും മദ്ധ്യതിരുവിതാംകൂറിൽനിന്നുമാണ് അധികവും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളയംകോടും): തെക്കൻ തിരുവിതാംകൂറിൽനിന്നും ഉള്ളതു് ആരെല്ലാമാണ്?

മി. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അങ്ങിനെ ഒരു ചോദ്യം വരുമെന്നു വിചാരിച്ചു ആരെല്ലാമാണെന്നു കണക്കു ശരിയായെടുത്തിട്ടില്ലാ. ഞാൻ ഒരു ലിസ്റ്റു തയ്യാറാക്കി മി. കുമാരപിള്ളയെ വേണമെങ്കിൽ പിന്നീടു കാണിക്കാം (ചിരി).

എല്ലാ വർഗ്ഗങ്ങളിലും കുറ്റക്ഷമതയുള്ള ഹാനികൂടാതെ ജോലി നടത്തികൊണ്ടുപോകാൻ യോഗ്യതയുള്ളവരുണ്ട്. പറഞ്ഞ പല ജനവിഭാഗങ്ങൾക്കും ഹജൂർ സ്ഥാപനത്തിൽ തീരെ പ്രവേശനമില്ല. ഈഴവർ, മഹമ്മദീയർ, കത്തോലിക്കാ ക്രസ്ത്യാനികൾ മുതലായ പല വർഗ്ഗങ്ങളിലും പരീക്ഷായോഗ്യതയുള്ള ആളുകൾ ഏറെക്കുറെ ഉണ്ട്.

മി. കല്ലൂർ നാരായണപിള്ള (ചെങ്ങന്നൂരും പത്തനംതിട്ടയും): ന്യായന്മാരിൽനിന്നും ഉദ്യോഗങ്ങളെ പ്രത്യേകം എടുത്തുപറയാമോ? പ്ലീഡ്ക്കാർ മുതലായവരെ

മി. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): വിരോധമില്ല. എടുക്കാം. പല സമുദായത്തിലുള്ളവർക്കു ന്യായമായ പ്രവേശനം കിട്ടിയിട്ടില്ലയോ, അവരെ പ്രത്യേകം ഗണിക്കുന്നതിനു യാതൊരു വിരോധവുമില്ല. ചിലവർഗ്ഗത്തിൽപ്പെട്ട പരീക്ഷാവിജയികളുണ്ടെന്നു, കുറ്റക്ഷമതയുള്ളവരെന്നു കേവലം സങ്കല്പിച്ചു, ഉദ്യോഗത്തിൽ നിയമിച്ചുവരുന്നു. അങ്ങനെചെയ്യുന്നതുകൊണ്ടാണു ചില വർഗ്ഗക്കാർക്കു മാത്രം അവിടെ ധാരാളം പ്രവേശനംകിട്ടാൻ കാരണമുണ്ടായതു്.

മി. സി. പി. തൊമ്മച്ചൻകുഞ്ഞുപിള്ള (തിരുവല്ലാതാലൂക്ക): മൂവാറ്റുപുഴ, തൊടുപുഴ മുതലായ താലൂക്കുകളിൽനിന്നും എത്രപേർ അപേക്ഷിച്ചിട്ടുണ്ടു?

മി. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അപേക്ഷകരുടെ ഒരു ലിസ്റ്റു ഗവണ്മെന്റിൽനിന്നും തയ്യാറാക്കേണ്ടതാണ്. അടുത്ത കൗൺസിലിൽ അതിനെപ്പറ്റി ചോദിക്കണമെന്നു വിചാരിക്കുന്നു (ചിരി).

കുറ്റക്ഷമത എത്രമാത്രം ചില വർഗ്ഗക്കാർക്കു മാത്രമേ ഉണ്ടാകാവൂ എന്നില്ല. അങ്ങനെയാണെങ്കിൽ, യൂനിവേർസിറ്റിപരീക്ഷയിലും ചിലവർഗ്ഗക്കാർമാത്രമല്ലെ പാസ്സാകേണ്ടതു്? എല്ലാ വർഗ്ഗങ്ങളിൽനിന്നും പരീക്ഷാവിജയികൾ ധാരാളം ഉണ്ടാകുന്നുണ്ടു്.

ഹജൂരിലെനിന്നും ശ്രദ്ധിക്കേണ്ടുന്ന മറ്റൊരു പ്രധാനസംഗതി ഉദ്യോഗസ്ഥന്മാരുടെയിടയിൽ ധാരാളം അഴിമതി നടക്കുന്നതാണെന്നുള്ളതാണ്. പ്രജാസഭയിലും നിയമസഭയിലും ഏകദേശപ്രായമായി മുഴങ്ങിക്കേൾക്കു

ങ്ങുന്ന സ്വരം, പബ്ലിക്ക്സർവീസിൽ നടക്കുന്ന അഴിമതികളിൽനിന്നും ജനസാമാന്യത്തെ രക്ഷിക്കണമെന്നാണ് ജാതിത്തണലിലാണ് പ്രായേണ അഴിമതികൾ വളർന്നുകൊണ്ടിരിക്കുന്നത്. തന്റെ വഴ്ചയിൽപ്പെട്ട കീഴുദ്യോഗസ്ഥന്മാരാണ് അഴിമതി നടത്തുന്നതെങ്കിൽ, മേൽഉദ്യോഗസ്ഥൻ പ്രായേണ അവരെ രക്ഷിച്ചുപോരികയാണ് പതിവ്. വല്ല പരാതിക്കാരും വന്നുകൊട്ടുന്നു അന്വേഷണത്തിനു മേലുദ്യോഗസ്ഥൻ വരികയാണെങ്കിൽ, സ്വജാതിക്കാരായ അവരെ വിളിച്ച് "നമ്മുടെ ജാതിക്കാരനല്ലെ?" "കുറെ വല്ലതും തന്നിരുന്നാൽ തന്നെ അതെല്ലാം ക്ഷമിക്കണ്ടതല്ലെ?" ഇങ്ങനെ പറഞ്ഞു, പരാതിക്കാരെ, സമാധാനപ്പെടുത്തിയോ, ഭയപ്പെടുത്തിയോ, മടക്കിഅയച്ചു കീഴുദ്യോഗസ്ഥന്മാരെ രക്ഷിക്കുന്ന ഏർപ്പാടാണ് നാടിപ്പോയത്. ഇതുവളരെ ആക്ഷേപയോഗ്യമായ ഒന്നാണ്.

മേൽഉദ്യോഗസ്ഥന്മാർ സർക്കീട്ടുപോകുമ്പോൾ, കീഴുദ്യോഗസ്ഥന്മാർ അവർക്ക് ക്ഷണാദികർമ്മം വേണ്ടസൗകര്യങ്ങളെല്ലാം ചെയ്തുകൊടുത്തു മേലുദ്യോഗസ്ഥന്മാരെ പാട്ടിലാക്കുന്നു. ഓരോ ഉദ്യോഗസ്ഥന്മാരും, സർക്കീട്ടുപോകുന്ന അവസരങ്ങളിൽ, കീഴുദ്യോഗസ്ഥന്മാരുടെ നടത്തയെപ്പറ്റി അന്വേഷിക്കുകയും അവരുടെമേൽ ഉണ്ടാകുന്ന പരാതികളെ ഗൗനിക്കുകയുംചെയ്താൽ, ഈ അഴിമതിയെ നിർത്താൻ സാധിക്കുമായിരുന്നു. മേൽ ഉദ്യോഗസ്ഥന്മാർ സർക്കീട്ടുപോകുമ്പോൾ യാതൊന്നും കീഴുദ്യോഗസ്ഥന്മാരിൽനിന്നും സ്വീകരിക്കാൻ പാടില്ലെന്നു പ്രത്യേകം ചട്ടംകെട്ടേണ്ടതാണ്. ഒന്നും രണ്ടും കൊല്ലം ഒരേസ്ഥലത്തുതന്നെ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരെ സ്ഥലംമാറ്റി നിയമിക്കുന്നതു വളരെ ഫലപ്രദമായ ഏർപ്പാടാണ്. ഒരു സ്ഥലത്തു അധികം വർഷം ഇരുന്നിട്ടില്ലാത്തവരാണ്, അവർ അല്പമെങ്കിലും പിടിച്ചു, അഴിമതിയുടങ്ങുന്നു. ഉദ്യോഗസ്ഥന്മാരെ രണ്ടുവർഷം കൂടുമ്പോൾ സ്ഥലം മാറ്റി നിർത്തണമെന്ന ഈ പ്രമേയം ഞാൻ കഴിഞ്ഞ കൗൺസിലിലേക്ക അയച്ചിരുന്നു.

ശ്രീ. കെ. സി. മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും): താണതരം ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റിക്കൊണ്ടിരിക്കണമെന്നു പറഞ്ഞു. അതിൽ പെട്ടതിക്കുടം വാഴ്ച്ചന്മാരും ഉൾപ്പെട്ടുകയില്ലേ?

ശ്രീ. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): പെട്ടിക്കുടം വാഴ്ച്ചന്മാരെ ജനങ്ങളിൽനിന്നും കൈക്കൂലി വാങ്ങുവാൻ അത്ര സൌകര്യമില്ല.

ശ്രീ. കെ. സി. മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും): ഏതുദ്യോഗത്തിനും തരംതാഴ്ത്തലുള്ളവരെയാണ്, താണതരം ഉദ്യോഗസ്ഥന്മാരെന്നു പറയുന്നത്?

ശ്രീ. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഏതുദ്യോഗത്തിനും മേലുള്ള ശമ്പളക്കാരെ ഈ വിധം മാറ്റിയാലുംമതി. അവർ കൈക്കൂലി വാങ്ങി അടുത്ത മേലുദ്യോഗസ്ഥന്മാർക്ക് കൊടുക്കും. അതുകൊണ്ടു മദ്ധ്യതരം ഉദ്യോഗസ്ഥന്മാരേയും സ്ഥലം മാറ്റിക്കൊണ്ടിരിക്കണം.

ശ്രീ. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പൊലീസ്കോൺസ്റ്റബിൾമാർ ഏതു ദ്യോഗത്തിൽ കീഴുദ്യോഗസ്ഥരാകുന്നറിയാമോ?

ശ്രീ. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): പൊലീസ് കോൺസ്റ്റബിൾമാർ ഏതു ദ്യോഗത്തിൽ കീഴുദ്യോഗസ്ഥരാകുന്നുവെങ്കിലും ഹെഡ് കോൺസ്റ്റബിൾമാർ, ഇൻസ്പെക്ടർമാർ ഇവരെ കൂടക്കൂടെ മാറ്റിക്കൊണ്ടിരിക്കയും, അവരെ ശരിപ്പെടുത്തുകയുംചെയ്താൽ ഈ കോൺസ്റ്റബിൾമാർ കൈക്കൂലി വാങ്ങിക്കയില്ല. ഹെഡ് കോൺസ്റ്റബിൾമാരുടേയും, ഇൻസ്പെക്ടർമാരുടേയും അനുവാദവും പ്രോത്സാഹവുമില്ലെങ്കിൽ കോൺസ്റ്റബിൾമാർക്ക് കൈക്കൂലിവാങ്ങാൻ പ്രയാസമുണ്ട്.

ശ്രീ. സി. പി. തരകൻ (കുന്നത്തുനാട്): കോൺസ്റ്റബിൾമാരെ സ്വദേശത്തുതന്നെ വച്ചുകൊണ്ടിരിക്കണമെന്നാണോ പറയുന്നത്?

ശ്രീ. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അവരെ ഒരിക്കലും സ്വദേശത്തുവയ്ക്കണമെന്നു ഞാൻ പറഞ്ഞില്ല. സ്വദേശത്തുവയ്ക്കാൻ പാടില്ല.

ശ്രീ. കെ. സി. മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും): സർ, മനുഷ്യരീതിയായ ഏർപ്പാടുകളിൽ ഒന്നിനും സ്ഥിരതാകാഠിന്യം ഇല്ലാത്തതെന്നു, അനുഭവിതാംകോട്ട പബ്ലിക്ക സർവീസിന്റെ ഘടനയെപ്പറ്റി പ്രതിനിധ്യം; ഉദ്യോഗസ്ഥന്മാരുടെ സന്തുഷ്ടിനിഷ്ഠ, കാര്യക്ഷമത, ഇവയെ ലക്ഷ്യമാക്കി അനുഷ്ഠിയുണ്ടെങ്കിൽ അതുക്കും പരാതിപ്പെടുവാൻ ഇടയില്ല. പബ്ലിക്ക് സർവീസിൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരേയും, പഴയതാ ഇരുപതോ വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന അവരുടെ പൂർവ്വഗാമികളേയും, തമ്മിൽ താരതമ്യപ്പെടുത്തി നോക്കുകയുണ്ടെങ്കിൽ, അത്യധികം അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നു നിസ്സംശയം പറയാവുന്നതാണ്. ഈടത്തെ, നമ്മുടെ പബ്ലിക്ക്സർവീസും ഇന്ത്യയിൽ മറ്റെറങ്ങുമുള്ളതും, പ്രത്യേകമായി ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിലെയും, തമ്മിൽ ഒത്തുനോക്കുകയാണെങ്കിൽ നാം വാസ്തവമായിട്ടും സംഗതിയിലാണെന്നു പറയുന്നതിനു ഞാൻ നിർബന്ധിതനായിത്തീരുന്നു.

ശ്രീ. സി. പി തരകൻ (കുന്നത്തുനാട): മുൻസിഫ്കോർട്ടിലും മജിസ്ട്രേട്ടുകോർട്ടിലും ഗുമസ്തക്കളുടെ അഴിമതികൾ പണ്ടത്തെക്കാൾ വർദ്ധിച്ചിരിക്കുന്നു എന്നറിയാമോ?

ശ്രീ. കെ. സി മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും): വർത്തമാനങ്ങൾ കേൾക്കാം. അവ പതിവിനെ തെളിയിക്കുന്നതായുള്ളതല്ല.

ശ്രീ. ടി. കുമാരപിള്ള (കുടക്കച്ചിറയും വിളവംകോടും): ഇപ്പോൾ കൈക്കൂലി കുറഞ്ഞിട്ടുണ്ടെന്നാണോ മി. മാമ്മന്റെ അഭിപ്രായം?

ശ്രീ. കെ. സി. മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും): തീർച്ചയായിട്ടും ജൂഡിഷ്യൽ വകുപ്പിനെയും പോലീസുമരാമത്തുവകുപ്പിനെയും പറ്റിപ്പറയുന്നപക്ഷം—ശ്രീ. കുമാരപിള്ള ഇതറിഞ്ഞിരിക്കണം.—എക്സിക്യൂട്ടീവ് ഇഞ്ചിനീയർമാരും അതിലും ഉയർന്ന ഉദ്യോഗസ്ഥന്മാർക്കുടെയും, കൈക്കൂലി വാങ്ങിക്കുന്നതിൽ കിത്തിസമ്പാദിച്ച കാലങ്ങൾ ഉണ്ടായിരുന്നു. അങ്ങനെ പതിവായി കൈക്കൂലിവാങ്ങുന്ന ആളുകൾ ഇപ്പോൾ പോലീസുമരാമത്തു വകുപ്പിലൊ ജൂഡിഷ്യൽ വകുപ്പിലൊ ഉള്ളതായി ഞാൻ വിചാരിക്കുന്നില്ല. അങ്ങിനെതന്നെ മറ്റു വകുപ്പുകളിലും, ഉയർന്നതരം ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ, വലുതായ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. ഉയർന്ന ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങുന്ന പതിവുള്ള ഏതാനും വകുപ്പുകളും ഉണ്ടായേക്കാം. എന്നാൽ അവരുടെ

പേരു വിളിച്ചുപറഞ്ഞു, ആക്ഷേപകരങ്ങളായ വ്യാഖ്യാനങ്ങളെ ഒഴിവാക്കുന്നതിനു ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇന്നയിന്ന ഡിപ്പാർട്ടുമെൻറിൽ ഇന്നയിന്നമാതിരിയിൽ അഴിമതികൾ നടന്നുവരുന്നു എന്നു വ്യക്തമായി പറഞ്ഞാലല്ലാതെ ആ ഡിപ്പാർട്ടുമെൻറുകളെ എങ്ങനെ നന്നാക്കാൻ സാധിക്കും?

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും): ഏതാണ്ടൊക്കെ അഴിവുണ്ടായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ അതിനെ തുടർന്നു എനിക്കു പറയാനുള്ളതു്, വാസ്തവമായിട്ടു ചില സംഗതികളിൽ, പരിഷ്കാരമുണ്ടാക്കേണ്ടതിനുവേണ്ടി, ഗവണ്മെൻറും ഈ കൌൺസിലും ശ്രദ്ധിക്കണമെന്നാകുന്നു. കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ചും, ഇന്ത്യയിൽ ഇതരരാജ്യങ്ങളിലുള്ള നടപടികളെ അപേക്ഷിച്ചും, നമ്മുടെ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു ഞാൻ പറഞ്ഞപ്പോഴും, നമുക്കിപ്പോഴും ധരിച്ചിട്ടുള്ളതുകൊണ്ടു തൃപ്തിപ്പെട്ടിരിക്കണം എന്നു ഞാൻ വിചാരിച്ചിട്ടില്ല. തിരുവിതാംകോട്ടു പബ്ലിക് സർവീസ് സംബന്ധിച്ചു പലവഴികളിലും പരിഷ്കാരം അപേക്ഷിതമായിരിക്കുന്നു എന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. നാണപരിധികളിലുള്ളവരെപ്പറ്റി അതുപറ്റിക്ക മാറ്റമുള്ള ഒരൊറ്റ വകുപ്പു പൊലീസ് വകുപ്പാണ്. പൊലീസ് കാൺസ്റ്റബിൾമാരും, ആ വകുപ്പിലുള്ള അധികം ഉയർന്ന ഉദ്യോഗസ്ഥന്മാർക്കുടെയും, പതിവായി കൈക്കൂലി വാങ്ങുന്നുണ്ടു് എന്നുള്ള സംഗതി ഏവർക്കും ബോധ്യംവന്നിട്ടുള്ള ഒന്നാകുന്നു. (കേൾപ്പിൻ, കേൾപ്പിൻ) എന്നാൽ ഉചിതമായ ശമ്പളംമാത്രം കിട്ടുന്ന ഈ ഉദ്യോഗസ്ഥന്മാരുടെ ശമ്പളംകൊണ്ടു, ഒരുപക്ഷേ അരിഷ്ടിക്കിലും വാങ്ങുന്നതിനോ, ഒരു കുടുംബത്തെ പുലർത്തുന്നതിനോ, അശേഷം മതിയാകാത്തതാണെന്നുള്ള സംഗതി വിചാരിക്കുമ്പോൾ, ഈ മാർഗ്ഗങ്ങൾ അത്ര ന്യായമുള്ളവയല്ലെങ്കിലും അല്പമെങ്കിലും സഹായകമാകുന്നു എന്നുള്ള നാം വിചാരിച്ചുകൊള്ളേണ്ടതാകുന്നു. കൈക്കൂലി വാങ്ങുന്നതിലേക്കു ആകർഷിക്കപ്പെടാൻ വഹിയാത്തവണ്ണം പൊലീസ് കാൺസ്റ്റബിൾമാരുടെ ശമ്പളം കൂട്ടുന്നതിനു സഭയ്ക്കു് യോഗമെങ്കിലും മനസ്സുണ്ടെങ്കിൽ—

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവംകോടും): കൂടുതൽ ശമ്പളംകൊടുക്കുന്നപക്ഷം കയ്ക്കൂലി വാങ്ങുകയില്ലെന്നാണോ പറയുന്നതു്? ഠ ഠ ഠ, ന ഠ ഠ ം ശ്രുപാശമ്പളം വാങ്ങുന്നവർ കൈക്കൂലി വാങ്ങുന്നില്ലെന്നാണോ അഭിപ്രായം?

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻവാണിജ്യവും വ്യവസായവും), അതു മനുഷ്യസ്വഭാവത്തിന്റെ കാലുഷ്യംകൊണ്ടു മാത്രമാണ്. ഇത്രമാത്രമേ എനിക്കു പറയാൻ കഴിയൂ.

മി. തയ്യിലകത്തിതെക്കേമൻ (ഗവർമെൻറുപ്ലീഡറും—തൊടുപുഴയും): പൊലീസ് ഇൻസ്പെക്ടർമാർ പ്രത്യേകം കൈക്കൂലി വാങ്ങുന്നില്ലെന്നാണോ പറഞ്ഞതു്?

മി. കെ. സി. മാമ്മൻ മാപ്പിള (വടക്കൻവാണിജ്യവും വ്യവസായവും): പൊലീസ് ഇൻസ്പെക്ടർമാരിൽ വളരെപേരും പൊലീസ്വകുപ്പിൽ അതിലും ഉയർന്നവരും ഉദ്യോഗസ്ഥന്മാരും കൈക്കൂലി വാങ്ങുന്നവരാണെന്നു എനിക്കു തോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി. മാമ്മൻമാപ്പിളയുടെ പ്രസ്താവത്തിനു കേട്ടുകേൾവി അല്ലാതെ വിശ്വാസയോഗ്യമായ വല്ല അടിസ്ഥാനവും ഉണ്ടോ?.

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻവാണിജ്യവും—വ്യവസായവും): കേട്ടുകേൾവി പലതരത്തിലുള്ളതാകുന്നു. കേട്ടുകേൾവിയുടെ ചില ഉത്ഭവസ്ഥാനങ്ങളെ നാം വിശ്വസിക്കേണ്ടിയിരിക്കുന്നു. നമുക്കു കിട്ടുന്ന അറിവിന്റെ ചില ഉത്ഭവസ്ഥാനത്തിന്റെ വിശ്വാസയോഗ്യതയെപ്പറ്റി നമുടെ സാമാന്യബുദ്ധിയിൽനിന്നും പരിചയത്തിൽനിന്നും നമുക്കു ഗ്രഹിക്കാവുന്നതാകുന്നു. എനിക്കു കിട്ടുന്നതിനു കഴിവുണ്ടായിരുന്നതും വിശ്വാസയോഗ്യമെന്നു കരുതത്തക്കതുമായ അറിവിൽനിന്നു പൊലീസ് കീഴുദ്യോഗസ്ഥന്മാർ കൈക്കൂലിക്കാരല്ലാതെയുള്ളവരല്ല എന്നു പറയേണ്ടിയിരിക്കുന്നു. പക്ഷേ നിങ്ങൾ എന്നെ ഒരു കോടതിമുമ്പാകെ കൂട്ടിൽ കയറി നിന്നുത്തരംപറയുന്നു ന്യായശാസ്ത്രപ്രകാരമുള്ള തെളിവു കിട്ടുന്നതിലേക്കു ചോദ്യംചെയ്യുകയും മറ്റും ചെയ്യുന്ന പക്ഷം ഞാൻ വേറൊരുവിധം പറഞ്ഞെന്നു വരാവുന്നതാകുന്നു. എന്നാൽ ഇന്നു പരമാർത്ഥം പറയാമെങ്കിൽ പൊലീസിലുള്ള കീഴുദ്യോഗസ്ഥന്മാർ കൈക്കൂലി സ്പർശിക്കാത്ത കൂട്ടരല്ല. എന്നാൽ എന്റെ പ്രസ്താവത്തെ, ഒരു നിതിന്യായകോർട്ടുമുമ്പാകെ തെളിവുകൊണ്ടു ബലപ്പെടുത്തുന്നതിനു ഞാൻ ശക്തനല്ലാതെ വന്നേക്കാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ആളുകൾ ഒരു നീതിന്യായകോർട്ടുമുമ്പാകെ പരമാർത്ഥം പറയുന്നതിനാവശ്യമില്ലെന്നാണോ അങ്ങയും പറയുന്നതു്. (ചിരി)

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻവാണിജ്യവും വ്യവസായവും): ഞാൻ അപ്രകാരം പറയാനിടയായതു എനിക്കു നീതിശാസ്ത്രപഠനം ഇല്ലാഞ്ഞിട്ടായിരിക്കാം. ആ പ്രസ്താവത്തെ ഞാൻ പിൻവലിച്ചിരിക്കുന്നു. എനിക്കു നീതിശാസ്ത്രപരിചയം ഇല്ലാഞ്ഞിട്ടായിരിക്കാം. മി. ജി. പരമേശ്വരൻപിള്ള കൊടുത്തിട്ടുള്ള അർത്ഥം വരാവുന്ന ഒരു പ്രസ്താവം ഞാൻ ചെയ്തുപോയിട്ടുള്ളതു്. നിശ്ചയമായിട്ടു അങ്ങനെ ഒരർത്ഥം എന്റെ മനസ്സിൽ ഇല്ലായിരുന്നു. എന്നോടു ചോദിച്ച ചോദ്യങ്ങളുടെ ബഹുലത നിമിത്തം എന്റെ നിരൂപണങ്ങളുടെ മുഖ്യസരണിയിൽനിന്നു വ്യതിചലിക്കുന്നതിനിടവന്നു. ഞാൻ പറയാൻ ഉപായമുള്ള പബ്ലിക്ക സർവീസിനെ പരിഷ്കരിക്കുന്നതിനായിട്ടുള്ള ഉദ്യമത്തിൽ പബ്ലിക്സർവീസിന്റെ ഉയർന്ന പദവികളിലെ നിയമനങ്ങൾപോലും മത്സരപരീക്ഷകൊണ്ടു ഏർപ്പെടുത്തുന്നതു ഒരു വലിയ കാര്യമായിരിക്കുമെന്നാണ്.

(മി. ജി. പരമേശ്വരൻപിള്ള; കേൾപ്പിൻ, കേൾപ്പിൻ) പക്ഷേ വഴിയുപ്രാണതിന്റ്യുത്തിനു വ്യാഖ്യാസം നേരിട്ടേക്കാം. എന്നാൽ ഈ ദുഷ്യം പരിഹരിക്കുന്നതിലേക്കു ഇതോടുള്ളതെ തന്നെ എന്തെങ്കിലും പ്രതിവിധി കണ്ടുപിടിക്കുന്നതിനു സാധിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. ഈ പരിക്ഷകളെ നീക്കുന്നതിനെ സംബന്ധിച്ചുള്ള കാര്യങ്ങളിലേക്കു പ്രവേശിച്ചിട്ടാവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. പൊതുമായി പറകയാണെങ്കിൽ കാര്യക്ഷമതയെ ഉദ്ദേശിച്ചു മത്സരപരീക്ഷകൊണ്ടുപോലെ വല്ലതും ഏർപ്പെടുത്തുന്നതു അധികം നല്ലതായിരിക്കും, ബ്രിട്ടീഷ് ഇന്ത്യയിൽ ഐ. സി. എസ്. പരീക്ഷകളുടെ ഫലമായി ലോകത്തിലേക്കും ശ്രേഷ്ഠമെന്നു എവരും സമ്മതിച്ചിട്ടുള്ള ഇന്ത്യൻ സിവിൽസർവീസ് ഉണ്ടായി. അങ്ങനെതന്നെ മേൽപറഞ്ഞിട്ടുള്ള എല്ലാം ദുഷ്യങ്ങളെയും ശരിയായി നടത്തപ്പെടുന്ന മത്സരപരീക്ഷകളാൽ ദൂരീകരിക്കാവുന്നതാണ്.

ഞാൻ പറയുന്നതിനോടുഹിക്കുന്ന പേരൊരു സംഗതി ഒന്നരണ്ടു പ്രസിദ്ധരെക്കൊണ്ടുവിക്കാരായ ഉദ്യോഗസ്ഥന്മാരെ കഴിയുമെങ്കിൽ മറ്റു സാക്ഷികളുടെ സഹായത്തോടുകൂടിതന്നെ കണ്ടുപിടിച്ചു കഠിനമായി ശിക്ഷിക്കേണ്ടതാണ് എന്നതത്രേ. അതു മറ്റുള്ളവരെ ശിക്ഷയിൽ കൊണ്ടുവരുവാൻ തക്കയണ്ണം ഒരു നിരോധനോപായം ആയിരിക്കും. ഞാൻ പറഞ്ഞതുപോലെ രാജ്യദ്രോഹം ഉണ്ടാക്കുന്നവരായി വരിയ അഴിമതിക്കാരും കൂടി ചമ്പുടികളും ആയ ഉദ്യോഗസ്ഥന്മാർ ധാരാളം ഉണ്ട്. പബ്ലിക്ക് സർവീസിൽ കൈക്കൂലി വാങ്ങിച്ചിരിക്കുന്ന എന്നപറഞ്ഞാൽ മാത്രംപോരാ. എന്റെ സ്നേഹിതൻ മി. കുമാരപിള്ളയും മറ്റു മെമ്പർമാരും അറിയാവുന്നതുപോലെ കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാർ ഉണ്ട്, എങ്കിലും ഗവൺമെന്റിനെ നമുക്കാരെയും ശിക്ഷയിൽ കൊണ്ടുവരാൻ സാധിക്കയില്ല. കൈക്കൂലിക്കു പ്രതിഫലിപ്പിനടിട്ടുള്ള വല്ലതെങ്കിലും ഒരുദ്യോഗസ്ഥനെ മാപ്പുസാക്ഷികളുടെ സഹായത്തോടുകൂടി പിടിച്ചുകൂടി ശിക്ഷിക്കയോമറ്റോ ചെയ്യുകയും അങ്ങനെ മറ്റുദ്യോഗസ്ഥന്മാർക്ക് ഒരു ദൃഷ്ടാന്തമുണ്ടാക്കുകയും ചെയ്യുന്നതിനു സാധിക്കയില്ലയോ എന്നു ചോദിപ്പാനുണ്ടു. എനിക്കു തോന്നിട്ടുള്ളതാകുന്നു. ഈ നിർദ്ദേശത്തോടുകൂടി ഞാൻ മി. കുമാരപിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. എൻ. കുമാരൻ (ഗവൺമെന്റു നിയമിച്ച മെമ്പർ): ഞാൻ മി കുമാരപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. പബ്ലിക്കുസർവീസ് എന്ന വിഷയം നമ്മുടെ ലെജിസ്ലേറ്റീവു യോഗങ്ങളിൽവച്ചു ചിലകക്ഷികളായി വിമർശനം ചെയ്തിട്ടുള്ള ഒന്നാകുന്നു. അതുസംബന്ധിച്ചു വർഗ്ഗീയപ്രാതിനിധ്യവും കായ്ക്ഷമതയും അങ്ങിനെതന്നെ വിമർശനം ചെയ്യപ്പെട്ടിട്ടുള്ളവയാകുന്നു. പ്രാതിനിധ്യം ഓരോ ജനസമുദായത്തിന്റെയും ജനസംഖ്യ അനുസരിച്ചു വേണമെന്നുള്ള മി. കുമാരപിള്ളയുടെ പ്രസ്താവത്തോടു ഞാൻ യോജിക്കുന്നു. (ദയവുചെയ്തു കൂടെക്കൂടെ ഓർക്കെ പറയണം) എന്നാൽ വർഗ്ഗീയപ്രാതിനിധ്യമെന്ന പ്രമാണം സ്വീകരിക്കുന്ന പക്ഷം കായ്ക്ഷമതയ്ക്കു ഭംഗം വന്നേക്കുമെന്ന അദ്ദേഹം പറഞ്ഞതിനോടു ഞാൻ യോജിക്കുന്നില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും മീനച്ചിലും) പ്രാതിനിധ്യം ഓരോ സമുദായത്തിന്റെയും ജനസംഖ്യ അനുസരിച്ചു വേണമെന്നു മി. കുമാരപിള്ള പറഞ്ഞുവോ എന്നു പറയാമോ?

മി. എൻ. കുമാരൻ (ഗവൺമെന്റു നിയമിച്ച മെമ്പർ): മി. മാത്യു പറഞ്ഞതു ഞാൻ കേട്ടിട്ടില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും മീനച്ചിലും): പബ്ലിക്കുസർവീസിൽ പ്രാതിനിധ്യം വിവിധസമുദായങ്ങളുടെ ജനസംഖ്യ അനുസരിച്ചു വേണമെന്നു മി. കുമാരപിള്ള പറഞ്ഞുവോ?

മി. എൻ. വി. ജോസഫ് (പറവൂർ): സർ, ഞാൻ മി. കുമാരപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുകയോ എതിർക്കുകയോ എന്താണ് ചെയ്യേണ്ടതെന്നറിയാതെ കുഴങ്ങുന്നു എന്നുള്ള പരമാർത്ഥം പറഞ്ഞുകൊള്ളുന്നു. പരമാർത്ഥതയും കായ്ക്ഷമതയും ഒരുദ്യോഗസ്ഥനിൽ അനുഗ്രഹിക്കത്തക്ക ലക്ഷണങ്ങളാണെന്നു ആരും അശേഷം തർക്കം പറയുന്ന സംഗതി അല്ല. എന്നാൽ നമ്മുടെ രാജ്യത്തിന്റെ ഇപ്പോഴത്തെ സ്ഥിതി ആലോചിക്കുമ്പോൾ പബ്ലിക്കുസർവീസിൽ ഉദ്യോഗനിയമനം പരമാർത്ഥതയും കായ്ക്ഷമതയും മാത്രം കണക്കി, വർഗ്ഗീയപ്രാതിനിധ്യമുപേക്ഷിച്ചു ചെയ്യാമോ എന്നുള്ള ചോദ്യം തിരുവിതാംകോട്ട മാത്രമല്ല, മറ്റുകൊച്ചിരാജ്യത്തിലുമൈകരൂപ്യമില്ലാത്ത ഭാരതത്തിൽ ക്ഷണിയും ഒരു ഗുരുതരവിഷയമായിരിക്കുന്നു എന്നു കാണുന്നു. നിശ്ചയമായിട്ടു നാം ഒരു പരിവർത്തനകാലത്തിലേയ്ക്കാണ് എത്തീട്ടുള്ളതു്. നമുക്കു രാജ്യമെന്നും ജാതിഎന്നും മറ്റു ചിന്തിതവിഷയങ്ങളും ആധാരങ്ങളായിട്ടുണ്ട്. ഇവ തമ്മിൽ എതിരിടുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള ഒരു രാജ്യത്തിൽ ആണ് നാം അധിവസിക്കുന്നതും. തിരുവിതാംകോട്ട ഭരണസമ്പ്രദായത്തിനു് ആധാരമെന്തു്? ഘടനയുടെ തോതു് എന്തു്? അതു ഒരു വ്യക്തിഭരമല്ല? എനിക്കു വളരെ സംശയമുണ്ട്. ഒരർത്ഥത്തിൽ അങ്ങനെ തന്നെ ആയിരിക്കാം. എന്നാൽ ആ അർത്ഥത്തിൽ ഗവൺമെണ്ടുതന്നെ അതിനെ സ്വീകരിച്ചിരിക്കുന്നു. കാരണം ശ്രീമൂലം പ്രജാസഭയിലേക്കും ഈ നിയമസഭയിലേക്കും പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നതിനായിട്ടു മെമ്പർമാരെ ഗവൺമെണ്ടു നിയമിക്കുന്നുണ്ട്. അതുകൊണ്ടു ഞാൻ പറയുന്നതു് ഗവൺമെണ്ടും അതിന്റെ ഭരണസ്ഥാപനകളിൽ സമുദായപ്രാതിനിധ്യം സമ്മതിച്ചിട്ടുണ്ടെന്നാകുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എല്ലാ ജാതിക്കാരെയും അതിൽ ഉൾപ്പെടുത്തിട്ടുണ്ടോ?

മി. എൻ. വി. ജോസഫ് (പറവൂർ): എല്ലാ സമുദായങ്ങളിൽനിന്നും മെമ്പർമാരെ നിയമിച്ചിട്ടുണ്ടെന്നു ഞാൻ കാണുന്നില്ല. എന്നാൽ എന്റെവാദം ആ പ്രമാണവും ഒരു തോതായിട്ടു ഗണിച്ചുകൊള്ളണമെന്നുമാത്രവും ഞാൻ പറയുന്നതു് നമുക്കു അതിനെ പിന്തുടരിക്കാൻ പാടില്ലെന്നും ആകുന്നു. ഭരണവിഷയത്തിൽ ഔചിത്യമെന്നതും ഒരു പ്രമാണമായിരിക്കണമെന്നു മറന്നുകളയുന്നതു് നാട്ടിൽ സമാധാനസംരക്ഷണത്തിനുതകുന്നതല്ല. ഈ സംഗതി നമ്മുടെ രാജ്യത്തുമാത്രമല്ല, ഇന്ത്യ മുഴുക്കെ പരിക്ഷിച്ചിട്ടുള്ളതാണ്. ഇന്ത്യ ഒരു ഐകമത്യമുള്ള ജനതയായ്തീരുന്നതിനുള്ള പ്രതിബന്ധമെന്തു്? ഇതരസമുദായങ്ങളുടെ ദ്രോഹപക്ഷത്തോടുചേർന്നുനിൽക്കുന്നതിനു തങ്ങൾക്കു മനസ്സില്ലെന്നുപറഞ്ഞുകൊണ്ടു വർഗ്ഗീയപ്രാതിനിധ്യത്തിനായി മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നതായ മുഹമ്മദീയരുണ്ട്. അതുകൊണ്ടു് അവർ പ്രത്യേകമായി നിൽക്കണമെന്നാണ് ആവശ്യപ്പെടുന്നതു്. ഹിന്ദുക്കളും മുഹമ്മദീയരും ഉണ്ടു്. മുഹമ്മദീയർ വർഗ്ഗീയപ്രാതിനിധ്യം ആവശ്യപ്പെടുന്നു. അവർ ഭൂരിപക്ഷത്തോടുചേർന്നുനില്ക്കയില്ല. എന്നാൽ അശേഷം വേറുതിരിഞ്ഞു നില്ക്കണമെന്നു പറയുന്നു. വാസ്തവസംഗതികളും ഇവയാകുന്നു. കലഹകാരണം ഇല്ലാതന്നെ എന്നവിചാരിക്കുന്നതിൽ എന്റെ സ്നേഹിതൻ മി. കുമാരപിള്ളയോടു ഞാൻ യോജിക്കുന്നു. കലഹകാരണത്തെ ഇല്ലായ്മചെയ്യുന്നതു മാരോഗത്തെയുടെയും കടമയത്രെ. പിന്നെ ജനങ്ങളും ഗവൺമെണ്ടും തമ്മിലുള്ള വഴക്കുമുണ്ടു്. ജനങ്ങളും എല്ലാംപിച്ചു ഗവൺമെണ്ടിൽനിന്നും കൂടുതൽ അവകാശങ്ങൾക്കായി ആവശ്യപ്പെട്ടാൽ ന്യൂനപക്ഷക്കാരായ ചില സമുദായങ്ങൾക്കു എന്തുഗുണമാണ് ലഭിക്കുന്നതു്? കാരണം ഒരു സിംഹഭോഗത്തിനു വേറൊരു ഭോഗത്തിനു പകരം ശേഷമുള്ളതു ശേഷിച്ചുവയ്ക്കും ലഭിക്കുന്നതായിരിക്കും. എന്റെ വാദം ഇപ്പോഴുള്ള അവകാശങ്ങളെ സമമായി പീതിക്കണമെന്നാകുന്നു. കൂടുതൽ അവകാശങ്ങളുള്ള സമുദായങ്ങൾ സ്വയത്യാഗബുദ്ധിയോടുകൂടി ഇതരസമുദായങ്ങളോടു അനുകമ്പാപൂർവ്വം വർത്തിക്കാതിരുന്നാൽ സാമുദായികക്ഷോഭം തീരുകയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഉദ്യോഗങ്ങൾ കൊടുക്കേണ്ടതു ജനസംഖ്യയുടെ കണക്കനോക്കീട്ടോ അതിൽ വിദ്യാഭ്യാസമുള്ളവരുടെ കണക്കനോക്കീട്ടോ വേണ്ടതു?

മി. എൻ. വി. ജോസഫ് (പറവൂർ): അതാകുന്നു വാസ്തവത്തിൽ വിവാദവിഷയമായിരിക്കുന്നതു്. പലരെ അഭിസ്ഥാനതത്വങ്ങളുമുണ്ട്. ജനസംഖ്യ മാത്രമോ സമുദായത്തിനും വിദ്യാഭ്യാസംകുറഞ്ഞ അംഗങ്ങളുടെ എണ്ണം പ്രാതിനിധ്യമോ മുതലായവയെപ്പറ്റിയൊന്നുമാലോചിക്കേണ്ടതാകുന്നു.

അവർ അത്യാവശ്യപ്പെടുന്നതു ശരിതന്നെയെന്നും അവരുടെ അപേക്ഷ നടത്തിക്കേണ്ടതാണെന്നും എനിക്കഭിപ്രായമുണ്ടു് മി: കുമാരപിള്ള പറഞ്ഞു. അതിനെ ഒരു ആധാരമായി പിടിച്ചുകൂടാ എന്നതുമാത്രമേ ഞാൻ അതിനെക്കുറിച്ചു സമർപ്പിക്കുന്നുള്ളു. നിവേദനം ശരിയായിരുന്നാൽ അതു നൽകേണ്ടതുതന്നെയാണു് ആദ്യമേ പറഞ്ഞു. അതിനാൽ സങ്കടം പറയുവാൻ തൊരുപാടുപേരായിരുന്നാൽ അതെങ്ങനെ പരിഹരിയ്ക്കുമെന്നതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എന്നാൽ വർഗ്ഗീയപ്രാതിനിധ്യം നിയമനത്തിനാധാരമായി സ്വീകരിയ്ക്കാതെ ഇതിനെ പരിഹരിക്കുന്നതെങ്ങനെ? ആവശ്യപ്പെടുന്നതെ പൊതുവിൽ വിചാരണചെയ്യുമ്പോൾ ഞാൻ എന്റെ അഭിപ്രായവും പ്രകടിപ്പിക്കുമല്ലോയി, ഞാൻ അറിയുന്നില്ല—

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അഭിമതിയേപ്പറ്റി പറയുമ്പോൾ ഭൂരിപക്ഷത്തിന്റെ അഭിപ്രായമാണു് ഉദ്ദേശിക്കുന്നതായി അറിയാമോ?

മി. എൻ. വി. ജോസഫ് (പറവൂർ): സാമുദായികബോധം ഇതിൽ മാത്രമല്ല കൈകൂലിക്കുന്നതു. ആപരാപിക്കുന്നതിലും ഉദ്യോഗസ്ഥന്മാരെ അങ്ങനെയുള്ള കുറ്റം പുറത്തലിൽനിന്നു പരിരക്ഷിക്കുന്നതിലുംകൂടെ ഉണ്ടു്. ഈ വാസ്തവത്തിൽ അപകടം ആണു്. അയ്യങ്കാളിയാകുന്നു അടുത്ത കാലത്തു കേരളത്തെന്നു പറഞ്ഞതു്. ഹിന്ദുക്കളിൽ, ബ്രാഹ്മണരും, ക്രൈസ്തവരും, നായന്മാരും, പറയരും, മറ്റിനങ്ങളിൽ ഉള്ളവരും തുടങ്ങിയ നമ്മുടെ എല്ലാവരുടെയും ഉദ്ദേശം രാജ്യക്ഷേമം മാത്രമായിരുന്നാൽ എല്ലാവരും ഒന്നാചേർന്നു പ്രവർത്തിക്കേണ്ടതാകുന്നു.

മി. എസ്. പിറവിപെരുമാൾപിള്ള (വണ്ണിജ്യവും-വ്യവസായവും, തെക്കൻ): മുഹമ്മദീയരും ഉൾപ്പെടുന്നുവോ?

മി. എൻ. വി. ജോസഫ് (പറവൂർ): മുഹമ്മദീയരും എല്ലാരും കൂടെ.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെംബർ): അതേ.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും മീനച്ചിലും): അദ്ദേഹം അങ്ങിനെ പറഞ്ഞിട്ടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെംബർ): ഉദ്യോഗങ്ങളും ജനസംഖ്യ അനുസരിച്ചുവേണമെന്നുള്ളതിനെ മി. കുമാരപിള്ള ഇപ്പോൾ നിഷേധിക്കുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്തുതന്നെ ആണു് ഇരിക്കുന്നതു്. പക്ഷെ തന്റെ പ്രസംഗത്തിനിടയ്ക്കു അത്യുത്സാഹം നിമിത്തം താൻ വാസ്തവത്തിൽ പറഞ്ഞിട്ടുള്ളതു് മാറ്റിപറയുന്നതു കണ്ടേക്കാം എന്നാൽ അദ്ദേഹം പറഞ്ഞതു് പ്രാതിനിധ്യം—

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഇന്നത്തെസ്ഥിതിയിൽ ജനസംഖ്യ കണക്കിനനുസരിച്ചുവേണമെന്നല്ല ഞാൻ പറഞ്ഞതു്. അവർ ഉദ്യോഗങ്ങൾ ആവശ്യപ്പെടുന്നതു് ശരിയാകണമെന്നാണു് ഞാൻ പറഞ്ഞതു്. അങ്ങനെ കൊടുക്കണമെന്നല്ല ഞാൻ പറഞ്ഞതു്.

മി: എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ) ന്യായമായിട്ടുള്ളതു താൻ കൊടുക്കയില്ല എന്നു എന്റെ സ്നേഹിതൻ ശഠിക്കുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. നിവേദനം ശരി എന്നു അദ്ദേഹം സമ്മതിക്കുന്നു: ന്യായമായതു കൊടുക്കേണ്ടതുമാണു്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഇപ്പോഴത്തെ സ്ഥിതി ആലോചിക്കുന്ന പക്ഷം നിവേദനം ശരിതന്നെ.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): സർ, മദ്രാസിൽ അബ്രാഹ്മണകക്ഷി പ്രാബല്യത്തിൽ എത്തിയപ്പോൾ അവിടെ അവിടത്തെ പബ്ലിക്കുസർവീസ് കായ്ക്ഷമതാശ്രുന്യമായി തീർന്നേക്കാമെന്നു ഒരു ആശങ്ക ഉണ്ടായിരുന്നു, എന്നാൽ നമുക്കറിവുള്ളപ്രകാരം അബ്രാഹ്മണസമുദായത്തെ സംബന്ധിച്ചിടത്തോളം മദ്രാസ് സിവിൽസർവീസിലേക്കു യോഗ്യതയുള്ള ആളുകളെ കിട്ടുന്നതിനു പ്രയാസം നേരിട്ടില്ല. ഇങ്ങനെ പ്രസ്തുത ആശങ്ക—

മി. വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമിച്ച മെമ്പർ) (ഡിപ്യൂട്ടിപ്രസിഡണ്ടു്): അബ്രാഹ്മണർ ഒരു സമുദായംതന്നെയാ എന്നു ഞാൻ മെമ്പരോടു ചോദിക്കട്ടെ?

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): അങ്ങിനെയാണു് മദ്രാസിൽ പറഞ്ഞുവരുന്നതു്.

മി. കെ. കെ. തോമസ് (കോട്ടയം): ബ്രാഹ്മണർ ഒരു സമുദായമാണെന്നു അദ്ദേഹം ഉദ്ദേശിക്കുന്നുവോ?

മി. എസ്. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): ഞാൻ തിരുത്തിപറഞ്ഞുകൊള്ളുന്നതു് 'അബ്രാഹ്മണസമുദായങ്ങൾ' എന്നാണു്. ഞാൻ സഭയുടെ ഗാഢമായ ശ്രദ്ധയ്ക്കായിട്ടു് ആവശ്യപ്പെട്ടതു് കായ്ക്ഷമത ഒരു പ്രത്യേകസമുദായത്തിന്റെയോ വർഗ്ഗത്തിന്റെയോ കുത്തക അല്ലെന്നും ഇതിനു സംരക്ഷിക്കുന്നതിലേക്കു ഗവണ്മെണ്ടുസർവീസിലുള്ള എല്ലാ ഉദ്യോഗങ്ങളിലും ഏതാണ്ടും അത്യാവശ്യമായ യോഗ്യതകുറഞ്ഞുള്ള ആളുകളെ നിയമിക്കേണ്ടതാകുന്നു എന്നു ഗവണ്മെണ്ടു് കരുതുന്നുള്ളുവരായിരിക്കണമെന്നും ആകുന്നു. ജനസംഖ്യ കണക്കിനുള്ള പ്രാതിനിധ്യം അംഗീകരിക്കുന്നതിനാൽ കായ്ക്ഷമതയ്ക്കു ന്യൂനതയുണ്ടാകുമെന്നു ഗവണ്മെണ്ടു് വിചാരിക്കുന്നതായാൽ ഗവണ്മെണ്ടുസർവീസിലുള്ള ഓരോ ഉദ്യോഗത്തിനും നിശ്ചയിച്ചിട്ടുള്ള അത്യാവശ്യമായ യോഗ്യതയെ ഉയർത്തുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം അവരിൽ സ്ഥിതിചെയ്യുന്നുണ്ടെല്ലോ. അതിനാൽ ശരിയാണെന്നു എന്റെ സ്നേഹിതൻ മി, കുമാരപിള്ള സങ്കല്പിച്ചിട്ടുള്ള പ്രമാണത്തെ കായ്ക്ഷമതയ്ക്കു ഹാനിവരുമെന്നുള്ള കാരണത്താൽ ഗവണ്മെണ്ടു് സ്വീകരിച്ചുകൂടാത്തതാകുന്നു എന്ന വാദത്തിൽ ഞാൻ യാതൊരു കാരണവും കാണുന്നില്ല. മി. കുമാരപിള്ള പ്രസ്താവിച്ചിട്ടുള്ള മറ്റുസംഗതികളിൽ ഞാൻ അദ്ദേഹത്തോടു പൂർണ്ണമായി യോജിക്കുന്നു. അവയെപ്പറ്റി കൂടുതലായി ഒന്നും എനിക്കു പറയാനുമില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): താനും ഉപക്ഷേപത്തെ അനുകൂലിക്കുന്നു എങ്കിലും ഈ വിശേഷണത്തോടുകൂടിയാണ്. ജനസംഖ്യ കണക്കിനു ഉദ്യോഗങ്ങൾ നൽകുന്ന സമ്പ്രദായം എനിക്കു രുചിക്കുന്നില്ല, എന്നാൽ താഴ്ന്നവിഭാഗം പബ്ലിക്കുസർവീസിൽ പ്രാതിനിധ്യമുണ്ടായിരിക്കണമെന്നേ പറയുന്നുള്ളൂ. (ചിരി) അങ്ങിനെ ഒരുകൂട്ടം ചക്കും എന്നെ താഴ്ന്നവരെ ഒട്ടുമുക്കാൽ ഉദ്യോഗങ്ങൾ ലഭിക്കുന്നതിനിടയായേക്കാമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിശേഷണത്തോടുകൂടി ഞാനും ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ഇ. സി. എൻ. ഇട്ടൂപ്പ്നമ്പൂതിരി (ഇന്നിമാൻ): ഹജൂർവകുപ്പിലേക്കു നിക്കിവച്ചിട്ടുള്ള ഇകയിൽനിന്നും പറയുന്നുണ്ടെന്നു പറയുന്ന അഭിപ്രായത്തോടു താനും പൂർണമായി യോജിക്കുന്നു. പിന്നെ, അനേകം ആളുകൾക്കു ജോലി കൊടുക്കാൻ പാടില്ലാത്തതായ ഇംഗ്ലീഷിലെ ചില വാക്കുകൾ ഇതിൽ സ്ഥാനത്തു ഇരുന്നുകൊണ്ടു 'പോകാതെപോയി' എന്നപോലെയുള്ള ക്ലാക്കന്മാരെ കൊണ്ടുവരണമെന്നും ഞാൻ പൂർണമായി വാദിക്കുന്നു. മലയാളഭാഷയിൽ സ്പഷ്ടമായും ഇല്ലാതിരിക്കുന്നതുകൊണ്ടുള്ള സ്ഥാനത, രാഷ്ട്രീയകാര്യങ്ങളെ സംബന്ധിച്ചു രാജ്യത്തിൽ പൊതുജനാഭിപ്രായം ഉണ്ടാക്കാൻ സാധിക്ക

ശ്രീ. എം. ശിവതാണുപിള്ള (തോവാള): അതിനു മുന്നറിവു വേണ്ടിയിരിക്കുന്നു.

സഭയുടെ അറിവിനുവേണ്ടി ഞാൻ കൊടുക്കുന്ന കണക്കുകൾ നോക്കിയാൽ സംഗതി സുസ്പഷ്ടമാകുന്നതാണ്. സിക്രിട്ടേറിയേറ്റിൽ ഉയർന്നതരം ഉദ്യോഗസ്ഥന്മാരുടെ എണ്ണം ഹിന്ദു ബ്രാഹ്മണർ ൪, നായന്മാർ ൨൦, ക്രിസ്ത്യാനികൾ ൯, അതായതു ൧൫-ൽ കവിഞ്ഞും ശമ്പളമുള്ള ഹിന്ദു പേർ ആകെയുള്ളതിൽ അതേ. അക്കൗണ്ടാഫീസിൽ ൧൪ ഉയർന്നതരം ഉദ്യോഗങ്ങളുള്ളതിൽ ബ്രാഹ്മണർ ൪, നായന്മാർ ൬, ക്രിസ്ത്യാനികൾ ൩, വേറെ ൧.

സർ, തമിഴരെ 'മറവരുള്ളവർ' എന്ന ഇനത്തിൽ ഉൾപ്പെടുത്തുന്നതിനു എനിക്കു വിരോധമുണ്ട്.

ശ്രീ. സി. എൻ. ഇപ്പുൻനംപൂതിരി (ജന്മിമാർ): ബ്രാഹ്മണർ എന്നപേരെഞ്ഞതിൽ മലയാളബ്രാഹ്മണരാണ് എന്തുകൊണ്ടെന്നു അറിയാമോ?

ശ്രീ. എം. ശിവതാണുപിള്ള (തോവാള): എനിക്കറിഞ്ഞുകൂടാ. മറവർ എല്ലാ കീഴ്ജാതിസമുദായത്തിനുമുള്ള പേരായ തമിഴ്നാട്ടു രാജ്യത്തു ഒരു സ്ഥിരവർഗ്ഗക്കാരുള്ളതിനാൽ അവരെ മറവരുള്ളവർ എന്ന ഇനത്തിൽ ഉൾപ്പെടുത്തരുതെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നതു്. സർ, അങ്ങനെ ചെയ്യുന്നതിനു എനിക്കു വളരെ വിരോധമുണ്ട്. തമിഴരെ 'മറവരുള്ളവർ' എന്നു തരംതിരിക്കുന്നതിൽ എനിക്കു വിരോധമുണ്ട്. എന്നെ തരംതിരിക്കാതെന്നു മാത്രം എനിക്കപേക്ഷയുണ്ട്. സർ, ഞാൻ കായ്ക്ഷമതയിൽ വിശ്വാസമുള്ള ഒരാളാണ്, എന്നാൽ സാമുദായികാവകാശത്തെ അപകടത്തിലാക്കീട്ടല്ലാതെ വേണംതാനും. പബ്ലിക്കുസർവീസിലുള്ള പ്രാതിനിധ്യം സാമുദായികപ്രാതിനിധ്യമനുസരിച്ചായിരിക്കണമെന്നുള്ള വ്യവസ്ഥ സ്വീകരിക്കുന്നതിനാൽ തമിഴർക്കും അവരുടെ പക്ഷം ചേരിക്കുന്നതിനു സഹായമായിരിക്കും.

ശ്രീ. ടി. രങ്ക. മേനോൻ (ചങ്ങനാശ്ശേരിയും പീരുമേടും): മെംബർ ബ്രാഹ്മണരെയും ഉൾപ്പെടുത്തുന്നതെന്തിനപേക്ഷയുമാണ്?

ശ്രീ. എം. ശിവതാണുപിള്ള (തോവാള): അതുകൊണ്ടവരുടെ ആശ്രയം പ്രാർത്ഥിച്ചാണ് സമുദായങ്ങളെല്ലായ്പ്പോഴും തരംതിരിക്കുന്നതു്, അതുകൊണ്ടു 'തമിഴർ' എന്നതിനു 'തമിഴ്' മാതൃഭാഷയായിരിക്കുന്ന ബ്രാഹ്മണരെഴിച്ചുള്ള ആളുകൾ' എന്നാണ് ഞാൻ അർത്ഥംസങ്കല്പിച്ചിരിക്കുന്നതു്.

ശ്രീ. സി. പി. തരകൻ (കുന്നത്തുനാടു): അന്യോന്യാശ്രയത്തിനും ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങിക്കുന്നതിനെപ്പറ്റി പല വാഗ്പ്രതിവാദങ്ങളും നടന്നുകഴിഞ്ഞു. ഇനിയും ഉദ്യോഗസ്ഥസാമൂഹികന്മാരുടെ അഭിപ്രായം കേട്ടാൽകൊള്ളാം.

പ്രസിഡൻറ്: യഥാവസരം അവരുടെ അഭിപ്രായവും നിങ്ങൾക്കു കേൾക്കാവുന്നതാണ്.

ശ്രീ. കെ. ഐ. ജോസഫ് (മീനച്ചിലും ഭേഷികളുവും): ശ്രീ. കുമാരപിള്ളയുടെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. സമുദായം, പ്രദേശം, മുതലായവപ്രമാണിച്ചു പബ്ലിക്കുസർവീസിലേക്കുള്ള പ്രാതിനിധ്യത്തെക്കുറിച്ചു പല മെംബർമാരും പ്രസ്താവിച്ചുകഴിഞ്ഞു. രാജ്യത്തുള്ള ജനങ്ങളുടെയിടയിൽ പൊതുവെ അതൃപ്തിക്കു കാരണമായിരിക്കുന്ന ഒരു സംഗതിയാണിതു്. എങ്ങിനെഎങ്കിലും, ഗവണ്മെണ്ടുസർവീസിൽ ഒരുദ്യോഗം ലഭിക്കുന്നതിനു തങ്ങളാൽ ആവോളംരാജ്യത്തു വിദ്യാഭ്യാസം ചെന്നിട്ടുള്ളവരിൽ മിക്കവാറും ആളുകൾ ശ്രമിച്ചുവരികയാണ്. ഈ അവസ്ഥയിൽ പബ്ലിക്കുസർവീസിൽ ഉദ്യോഗം ലഭിക്കുന്ന വിഷയത്തിൽ ഗവണ്മെൻറു കഴിവുള്ളവരായ വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടതു ആവശ്യമാകുന്നു. ഇന്നലെ സ്റ്റാമ്പുനിർമ്മാണശാലയിലെ ഉദ്യോഗനിയമനവിഷയത്തെക്കുറിച്ചു വിമർശനംചെയ്ത അവസരത്തിൽ ഉദ്യോഗനിയമനത്തിൽ അപ്രകാരമുള്ള വല്ല തത്വവും ഉണ്ടോഎന്നു ഞാൻ മി. ജാഞ്ജിനാടു ചോദിക്കയുണ്ടായി. നിശ്ചിതമായ വ്യവസ്ഥകളൊന്നും അനുകരിച്ചു വന്നിട്ടില്ലെന്നു അദ്ദേഹം എനിക്കു മറുപടിതന്നു.

ശ്രീ. കെ. ജാഞ്ജ് (ഗവണ്മെൻറു ധനകാര്യ സിക്രട്ടറി): വ്യവസ്ഥകളൊന്നും ഏർപ്പെടുത്തീട്ടില്ലെന്നു മാത്രമാണ് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. ഐ. ജോസഫ് (മീനച്ചിലും ഭേഷികളുവും): വ്യവസ്ഥകളുണ്ടാക്കണമെങ്കിൽ അവയെ രേഖാമൂലമായോ മറ്റോ ഉത്തരവുകളുടെ രൂപത്തിൽ ഏർപ്പെടുത്തിയിരിക്കണം. ഏതായാലും പബ്ലിക്കു സർവീസിലേക്കുള്ള അപേക്ഷകന്മാർക്കു ഉദ്യോഗങ്ങൾ കൊടുത്തുവരുന്നതു വർഗ്ഗീയപ്രാതിനിധ്യമനുസരിച്ചോ, മാറവ്യാകാരത്തിലോ എന്നറിയുന്നതിനു കഴിവില്ലാത്തതിനാൽ അങ്ങനെയുള്ള വ്യവസ്ഥകളെ ഉദ്യോഗ ഒഴിവുകളുടെ ലിസ്റ്റുസഹിതം നോട്ടിസ് പലകകളിൽ പരസ്യംചെയ്യുന്നതു അധികം നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു. അതു ചെയ്യുന്നപക്ഷം ഈ അപേക്ഷകന്മാർ ഗ്രൂപ്പാർത്തുകയി നടക്കുന്നതിനു സംഗതി വരികയില്ല. ഈ സഭയിലെ അനുദ്യോഗസ്ഥ മെംബർമാരുടെ പക്കൽനിന്നു കൂടെ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരുടെപേക്ഷ ഗ്രൂപ്പാർശക്കായി മിക്കപ്പോഴും ആവശ്യപ്പെടുന്നതായി കണ്ടുവരുന്നു. അങ്ങനെയുള്ള ഗ്രൂപ്പർശകർക്കു അപേക്ഷകന്മാർ ക്രമത്തിലധികം വിലവയ്ക്കുന്നുണ്ടെന്നു എനിക്കറിയാം. അതുകൊണ്ടു അപേക്ഷകന്മാർക്കു സർവീസിൽ പ്രവേശനം ലഭിക്കുന്നതിനു സൌകര്യമുണ്ടാകത്തക്കവണ്ണം ഗവണ്മെണ്ടിൽനിന്നും ഏതാനും ക്ലിപ്തമായ വ്യവസ്ഥകൾ ഏർപ്പെടുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഡിപ്പാർട്ടുമെൻറു മേലധികാരികളുടെ സ്ഥാനത്തുനിന്നു നോക്കുന്നപക്ഷവും, നിശ്ചിത വ്യവസ്ഥകളുണ്ടായിരിക്കുന്നതിനാൽ അവരുടെ അന്തസ്സിനെ പരിക്കാവുന്നതായിരിക്കും, വിശേഷിച്ചു പ്രത്യേക വർഗ്ഗക്കാരോടോ, ആളുകളോടോ, പക്ഷപാതം കാണിക്കുന്നുവെന്നുള്ള ആക്ഷേപമുള്ള മേലദ്ധ്യക്ഷന്മാരുടെ സംഗതിയിൽ ഇതൊരു സഹായമായിരിക്കും.

സർ, ഗവർണ്മെണ്ടു സർവോപരി ശ്രദ്ധിക്കേണ്ടസംഗതി കായ്ക്ഷമതയും സ്വഭാവവഴക്കവും ആയിരിക്കണം എന്നാണ് എന്റെ അഭിപ്രായം. രണ്ടും കായ്ക്ഷമത പോരാ, സ്വഭാവവഴക്കവും അപേക്ഷിതമാണ്. വിശേഷിച്ചു ഡിപ്പാർട്ടുമെൻറു മേലധികാരികളുടെ നിയമനത്തിൽ ഇങ്ങിനെ വേണ്ടതാണ്, കാരണം, സ്വഭാവവഴക്കമെന്നുള്ള കായ്ക്ഷമതയെക്കാൾ ഇതെല്ലെങ്കിൽ അതുപോലെതന്നെ പ്രാധാന്യമുള്ളതാകുന്നു. കായ്ക്ഷമത നിർണ്ണയിക്കുന്നവിഷയത്തിൽ പരീക്ഷണത്തിനു തോറ്റു എന്തായിരിക്കണമെന്നു ഒരു വിഷമത നേരിടുന്നുണ്ട്. ഒരുനിർവാഹകസംഘത്തെ ഏർപ്പെടുത്തുന്നതായാൽ അങ്ങിനെയുള്ള സംഘത്തിലെ അംഗങ്ങളുടെ സമുദായങ്ങളിൽപ്പെട്ടവരോടു പ്രത്യേക ദാക്ഷണ്യം കാണിച്ചുപോകുന്നതാണെന്നു ജനങ്ങൾ ആക്ഷേപിക്കുന്നതിനിടവരുന്നതും

ണ്ട്, അതുകൊണ്ടു ഞാൻ സമർപ്പിക്കുന്നതു് കായ്ക്കക്ഷമത എന്നാമതായി യോഗ്യതയുടെ വർഗ്ഗീയപ്രാതിനിധ്യം മൂന്നാമതായിട്ടു പരിഗണിച്ചു യോഗ്യതകളായി വിചാരിച്ചുകൊള്ളണം എന്നാകുന്നു.

ഉദ്യോഗനേവിഷയത്തിൽ വർഗ്ഗീയപ്രാതിനിധ്യത്തെക്കാൾ പ്രാദേശിക പ്രാതിനിധ്യം ലാക്കാക്കി പ്രവർത്തിക്കുന്നതാണു്; അധികം പ്രധാനമെന്നു ഗവണ്മെന്റു കരുതിച്ചെയ്യാവുന്നതാണു്. അതുകൊണ്ടു് രാജ്യത്തുള്ള എല്ലാ താലൂക്കുകളിൽനിന്നും പ്രാതിനിധ്യംപ്രമാണിച്ചു പബ്ലിക്കുസർവീസിൽ ഉദ്യോഗനിയമനങ്ങൾ ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. വടക്കൻ തിരുവിതാംകൂറിലുള്ള തൊടുപുഴ മീനച്ചിൽ മുതലായ താലൂക്കുകളിൽ നിന്നുള്ളവർക്കു പബ്ലിക്കുസർവീസിൽ വേണ്ടത്ര പ്രാതിനിധ്യം നൽകിവരുന്നില്ല.

ശ്രീ. സി. പി. തരകൻ (കുന്നത്തുനാടു): കുന്നത്തുനാടിനെപ്പറ്റിയോ?

ശ്രീ. കെ. ഐ. ജോസഫ് (മീനച്ചിലും—മേവിക്കൂറും): കുന്നത്തുനാടിനെപ്പറ്റി എനിക്കു വിശേഷമറിവില്ല. മീനച്ചിലും തൊടുപുഴയും താലൂക്കുകളുടെ സംഗതിയിൽ അങ്ങിനെയല്ല. ഈ താലൂക്കുകളുടെ പ്രാതിനിധ്യം പബ്ലിക്കുസർവീസിൽ വരുത്തുന്നതിനു ഗവണ്മെന്റു ശ്രദ്ധിക്കേണ്ടതാണെന്നു ഞാനപേക്ഷിക്കുന്നു.

മറ്റൊരുകാര്യം അതായതു പബ്ലിക്കുസർവീസിൽ നടക്കുന്ന കൈക്കൂലിക്കാര്യവും സംബന്ധിച്ചു പറയുകയാണെങ്കിൽ ഗവർമെണ്ടുദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങുന്നതിനു വളരെ ഔത്സുക്യമുള്ളവരാണെന്നു പൊതുജനാഭിപ്രായമുണ്ടെങ്കിലും അത്ര സാമാന്യമായ ഒരു പ്രസ്താവം ചെയ്യുന്നതിനു എനിക്കു ധൈര്യംപോരാ. മീനച്ചിൽതാലൂക്കിനെ സംബന്ധിച്ചിടത്തോളം അവിടെക്കു വരുന്ന ഉദ്യോഗസ്ഥന്മാർ കൈക്കൂലിക്കാരാണെന്നു ജനങ്ങൾക്കു ബോദ്ധ്യമായിരിക്കുന്നു എന്നിനിക്കറിയാം.

ശ്രീ. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): മീനച്ചിലിൽ പോകുന്ന ഒരുദ്യോഗസ്ഥൻ കൈക്കൂലിക്കാരനായിരിക്കുന്നു എന്നാണോ മെമ്പർ പറയുന്നതു്?

ശ്രീ. കെ. മാഐ. ജോസഫ് (മീനച്ചിലും—മേവിക്കൂറും): ഈ ഉദ്യോഗസ്ഥന്മാർ മീനച്ചിൽ നിവാസികൾക്കു ബുദ്ധിമുട്ടായിരിക്കുന്നതിനു നല്ല ഒരു പിള്ളനിലമാണെന്നു വിചാരിച്ചുപോകുന്നു എന്നാണു് തോന്നുന്നതു് കൈക്കൂലിക്കായ്ത്തിൽ അവർ ഈ സംഗതിയെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ശ്രീ. എസ്. പി. വേലായുധമേനോൻപിള്ള (വാണിജ്യവും-വ്യവസായവും തെക്കൻ): സർ, പബ്ലിക്ക സർവീസിലേക്കുള്ള പ്രാതിനിധ്യം ആൺ പെൺ വ്യത്യാസമനുസരിച്ചു വേണമെന്നു ഞാൻ നിർദ്ദേശിക്കുന്നു. ഈ സഭയിൽ സ്ത്രീകളിൽ ഒരു ഒറ്റ ഉദ്യോഗസ്ഥൻ മാത്രമെയുള്ളു എന്നുകാണുന്നു. ഇതും ആലോചനാ വിഷയമാക്കേണ്ടതാണു്.

ശ്രീ. സി. പി. തോമസ് (ഗവണ്മെന്റുനിയമിച്ച മെമ്പർ): സർ, ഈ അപേക്ഷത്തിൽ ചില നിരീക്ഷണങ്ങൾ ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നു. കായ്ക്കക്ഷമതയും വർഗ്ഗീയപ്രാതിനിധ്യവും ഒരേസമയത്തു പ്രയോഗിക്കുന്നതിൽ വലുതായ ഒരു വിഷമംതന്നെയിരിക്കുന്നു. എനിക്കു അത്തരിയാമെങ്കിലും രണ്ടു നിരീക്ഷണങ്ങൾ ചെയ്യാനുണ്ടു്. കായ്ക്കക്ഷമത ആവശ്യപ്പെടുന്നതു രണ്ടു ഘട്ടങ്ങളിലാണു്. ആദ്യത്തെ നിയമനസമയത്തും പിന്നീടു പ്രൊമോഷൻതന്നെയായ സമയത്തും. പബ്ലിക്ക സർവീസിലേക്കു ആദ്യമായി ഒരാളെ നിയമിക്കുന്നസമയത്തു വേണ്ടതായ കായ്ക്കക്ഷമത അത്യാവശ്യമായ ഏറ്റവും കുറഞ്ഞയോഗ്യത പ്രവേശനത്തിനുള്ള തോതാക്കിയാൽ മതിയാകുമെന്നു എനിക്കു തോന്നുന്നു. ഏതാനും കുറഞ്ഞയോഗ്യതകളെ ഗവണ്മെന്റു നിശ്ചയിച്ചിട്ടുണ്ടു്. മറ്റപേക്ഷകന്മാരോടുകൂടി പ്രാതിനിധ്യമശേഷമില്ലാത്തതോ പ്രാതിനിധ്യം കുറഞ്ഞതോ ആയ സമുദായങ്ങളിൽനിന്നുള്ള അപേക്ഷകന്മാരും ഉണ്ടായിരുന്നാൽ വ്യവസ്ഥ ചെയ്തിട്ടുള്ള യോഗ്യതകളിൽ അവർക്കുണ്ടെങ്കിൽ അപ്പോൾ കായ്ക്കക്ഷമതാദൃഷ്ടിയെടുത്തതുതന്നെ അവരുടെ സമുദായത്തെക്കാൾ കൂടുതൽ പ്രാതിനിധ്യമുള്ള സമുദായക്കാരും കൂടുതൽ യോഗ്യതയുള്ളവരും ആയ അപേക്ഷകന്മാരെ തള്ളി, ഇവരെ നിയമിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): ഈ നയത്തെമാത്രം അടിസ്ഥാനമാക്കി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതായാൽ തരണത്തിൽ കായ്ക്കക്ഷമത കിട്ടുന്നതാണോ?

ശ്രീ. സി. പി. തോമസ് (ഗവണ്മെന്റു നിയമിച്ചമെമ്പർ): പ്രമോഷന്റെകാര്യത്തിൽ പ്രായോഗികമായ കായ്ക്കക്ഷമതയെ ലക്ഷ്യമാക്കിക്കൊണ്ടാൽ അതിനെ സംരക്ഷിക്കാവുന്നതാണു് എന്നു എനിക്കുതോന്നുന്നു. പ്രായോഗികമായ കായ്ക്കക്ഷമത നിർണ്ണയിക്കുന്നതിനു ഒരു പബ്ലിക്ക് പരീക്ഷയിൽ കിട്ടിട്ടുള്ള മാർക്കു ഒരു നല്ല തോതായിരിക്കും. തീർച്ചയായിട്ടു വ്യത്യസ്തങ്ങൾ ഉണ്ടായേക്കാം. അനീതികലർന്നാനിടയാക്കുന്ന ഒരു വഴി വർഗ്ഗീയപ്രാതിനിധ്യംനോക്കാതെ ഇതരന്മാരെ പക്ഷപാതം ജോലിനോക്കുന്നതിനു നിയമിക്കുന്നതാകുന്നു. പക്ഷപാതം ജോലിചെയ്യുന്നതുകൊണ്ടു ആ ഉദ്യോഗത്തിനു അവകാശം കിട്ടുന്നു. പിന്നീടു പ്രാതിനിധ്യമില്ലാത്ത ന്യൂനപക്ഷക്കാരുടെ കായ്ക്കക്ഷമതയെ ആലോചിക്കേണ്ടിയിരുന്നപ്പോൾ വിഷമത അധികമാകുന്നു, ഇതു് ഒരുവിധത്തിൽ പറയുന്നതായാൽ, ചില ഉദ്യോഗസ്ഥന്മാരുടെ കൈശലംതന്നെയാണു് എന്നു പറയുന്നതിനു ഞാൻ നിർബന്ധിതനായിരിക്കുന്നു. ഉദ്യോഗഒഴിവുകളുടെ വിവരക്കണക്കയയ്ക്കുന്നതിനാവശ്യപ്പെടുമ്പോൾ, ഈ പക്ഷപാതംജോലിക്കാരെ ഒഴിച്ചു കണക്കു തയ്യാറാക്കുകയും പിന്നീടു ഈ പക്ഷപാതം ജോലിനോക്കിയതും, ആ ഉദ്യോഗങ്ങൾക്കു അവകാശവാദത്തിനു ഹേതുവായിത്തീരുകയും ചെയ്യുന്നു. ഏറ്റവും കുറഞ്ഞ യോഗ്യതയെപ്പറ്റി നിഷ്കർഷ കാണിക്കുന്നതിൽ ജാഗ്രതയുണ്ടായിരുന്നാൽ അനേകം പ്രയാസങ്ങളെ ജയിക്കാവുന്നതാണെന്നു എനിക്കു നിശ്ചയമുണ്ടു്. പ്രമോഷനെപ്പറ്റി പറയുമ്പോൾ, തങ്ങളുടെകീഴുള്ള കീഴുദ്യോഗസ്ഥന്മാരെപ്പറ്റി ചുമതലയുള്ള ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം സ്വീകരിക്കേണ്ടതായിരിക്കുന്നു. ഒരാളെ ഉദ്യോഗത്തിൽ നിയമിച്ചതിൽപിന്നെ വർഗ്ഗീയപ്രാതിനിധ്യം ആലോചിക്കുന്നതു ശരിയായിരിക്കുന്നതല്ല. പരമാർത്ഥത (നിഷ്കളങ്കത) യെക്കുറിച്ചാലോചിക്കുമ്പോൾ, തങ്ങൾ വല്ല കൈക്രമക്കേടും ചെയ്യുപോയെങ്കിൽ നിശ്ചയമായിട്ടു ശിക്ഷിക്കപ്പെടും എന്നു കീഴുദ്യോഗസ്ഥന്മാർക്കും സർവീസു ക്ലർക്കുമാരുള്ള ഉദ്യോഗസ്ഥന്മാർക്കും, ധാരാളമായ ബോധമുണ്ടാകുന്നപക്ഷം ഇപ്പോൾ കേൾവിപ്പെട്ടിരിക്കുന്ന കൈക്രമക്കേടുകളിൽ തൊണ്ണൂറു ശതമാനവും ഇല്ലാതെയാകും. പബ്ലിക്ക സർവീസിന്റെ ചരിത്രത്തിൽ ചിലകാലങ്ങളിൽ വകുപ്പുകളുടെ മേധാവികളോ മേലാധികാരികളോ ആയിരുന്ന ചില ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യംനിമിത്തം, സർവീസിലുള്ള ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഒരു ഭയം കടന്നുകൂടി. മേലുദ്യോഗസ്ഥന്റെ ദൃഷ്ടിയിൽ നിന്നെ

ളിയുന്നതിനു നിവൃത്തിയില്ലെന്നു പരക്കെ ഒരു ബോധമുണ്ടാകുന്നപക്ഷം തൊഴുത്തിലെ ഉൾമുഖനം ചെയ്യുന്നതിനു മുതിർക്കുന്നതായ ചില ഭൂമികൾ മുകളിൽ ഉണ്ടെന്നു ബോധമുണ്ടെങ്കിൽ, അപ്പോൾ തൊഴുത്തിലെ കൊഴുപ്പു കുറഞ്ഞു വരുന്നതിനിടയാകും. ഈ വാക്കുകളോടുകൂടി ഞാൻ ഉപക്ഷേപമായത്തെ അനുവദിക്കുന്നു.

മി. എ. കെ. പിള്ള (കുമാരപുരം): അനുമോദ്യാസ്ഥ മെമ്പർമാക്ക് വല്ല സമയപരിധിയുമുണ്ടോ എന്നു പ്രസിഡന്റു സമയം പറയുമോ?

പ്രസിഡന്റ്. അല്പംപ്രതീക്ഷയോ, രണ്ടുമണിക്കൂറോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അങ്ങനെയുള്ള സമയം എപ്പോൾ നിന്നുപോകുമെന്നു പറയാമോ?

പ്രസിഡന്റ്. സുമാർ ഒന്നരമണിക്കൂറുണ്ട്.

മി. എ. കെ. പിള്ള (കുമാരപുരം): അനുമോദ്യാഗസ്ഥന്മാക്ക് അഭിപ്രായപ്രകടനത്തിനു സമയപരിധിയുണ്ടോ?

പ്രസിഡന്റ്. സമയപരിധിയില്ല.

മി. എ. കെ. പിള്ള (കുമാരപുരം): സർ, ഈ സർവ്വപ്രധാനമായ വിഷയത്തെപ്പറ്റി കുറഞ്ഞതു സംസാരിക്കുന്നതിനു അനുവാദം തരണം. മി എൻ. വി. ജോസഫ് അവർകളുടെ 'ആപ്പീസും ചുഴലും' ആണെന്നു പറഞ്ഞപ്പോൾ രഹസ്യമെല്ലാം വെളിപ്പെടുത്തിയതിനു ഞാൻ അദ്ദേഹത്തോടു നന്ദിയുള്ളവനായിരിക്കുന്നു. പ്രശ്നവിഷയം വിഷമമേറിയതാകുന്നു. എന്നാൽ അതിന്റെ പിമ്പിൽകിടക്കുന്ന തത്വവാദം ദുഷിതമാണെങ്കിലും കൂടുതൽ ഗൗരവമുള്ളതാകുന്നു. അതു കലഹബീജമാണെന്നു അദ്ദേഹം പറഞ്ഞപ്പോൾ അതു വാസ്തവത്തെ ചുരുക്കിപ്പറയുകയത്രേ ഞാൻ വിചാരിച്ചു. പബ്ലിക്ക് സർവീസ് എന്നതു കലഹത്തിന്റെ 'ആപ്പീസും മുതിരച്ചുഴലും' രണ്ടായിത്തിന്നിരിക്കുന്നു. പബ്ലിക്ക് സർവീസ് എന്ന അതിനെപ്പറയുന്നതു മധുരമാക്കി എങ്ങനെ ഗണിച്ചാലും ഉപജീവനമാർഗ്ഗം ലഭിക്കുന്നതിനു എളുപ്പമായ വഴിയായതുകൊണ്ടാകുന്നു ആളുകൾ അതിലേക്കു പ്രവേശിക്കുന്നതിനു ആഗ്രഹമുള്ളവരായി കാണപ്പെടുന്നതു്. അതുവരെ അതു ഒരു ആപ്പീസാകുന്നു. എന്നാൽ ഇപ്പോൾ കിട്ടിയതിനെക്കാൾ കുറഞ്ഞതുക മാത്രമേ അവക്ക് കൊടുക്കുകയുള്ളു എന്നു വരുന്നപക്ഷം അപ്പോൾ അതു ഒരു മുതിരച്ചുഴലായിത്തീരുന്നു. അതുകൊണ്ടാകുന്നു അതു ഒരു 'ആപ്പീളും' ഒരു മുതിരച്ചുഴലും ആണെന്നു ഞാൻ പ്രസ്താവിച്ചതു്. യുദ്ധകാലത്തു ഈ കലഹത്തെക്കുറിച്ചു ചിന്തിക്കുന്നതിനു തരമില്ലായിരുന്നു. കഴിഞ്ഞ യുദ്ധകാലത്തു അവിവാഹിത പുരുഷന്മാർ മുന്നണിയിലേക്കു പോകാൻ ആജ്ഞാപിക്കപ്പെട്ടപ്പോൾ, സ്വദേശസ്നേഹമുള്ള ഇംഗ്ലണ്ടിലെ സ്ത്രീജനങ്ങളും, ആളുകൾ ശീഘ്രത്തിൽ വിവാഹ സ്ഥനമാരായിതീർന്നു എന്നെനിക്കറിയാം. സേവനം എന്നുള്ള അർത്ഥത്തിൽ അവർ രാജ്യത്തിനുപകാരികളായി തീരുന്നതിനാഗ്രഹിച്ചില്ല എന്ന അതു നമ്മെ കാണിക്കുന്നു. പബ്ലിക്ക്സർവീസിനെ ആവിധം കരുതുന്നതായാൽ ഈ കലഹത്തിന്റെ 'ആപ്പിളിനെക്കുറിച്ചു വിചാരിക്കുന്നതിനിടവരികയില്ലായിരുന്നു.

സഭയുടെ സമയം അതിക്രമിക്കുന്നതിനു എനിക്കാഗ്രഹമില്ല. എന്നാൽ പ്രശ്നവിഷയത്തിലേക്കു സഭയുടെ ശ്രദ്ധയെ ക്ഷണിക്കാമെല്ലോ എന്നു ഞാൻ വിചാരിച്ചു. കേവലം പ്രശ്നവിഷയത്തിലേക്കല്ല അതിനപ്പുറകിൽ കിടക്കുന്ന തത്വവാദത്തിലേക്കത്രേ. അഞ്ചുമിനുട്ടും അധികം പ്രതിനിധ്യത്തിനായി മുറവിളികൂട്ടുന്ന ആളുകളുടെ മനസ്സിന്റെ അവേക്ഷണം—

മി. എൻ. വി. ജോസഫ് (പറവൂർ): സൂക്ഷ്മത്തിൽ അതല്ലായിരുന്നു എന്റെ വാദം.

മി. എ. കെ. പിള്ള (കുമാരപുരം): അത് ഒരു കലഹത്തിന്റെ 'ആപ്പിൾ' എന്നു എന്റെ സ്നേഹിതൻ പറഞ്ഞപ്പോൾ ഞാൻ അദ്ദേഹത്തെ കുറപ്പെടുത്തുകയല്ലായിരുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): ഉദ്യോഗം എന്നതു ശമ്പളക്കാര്യം കൊണ്ടു മാത്രമോ, അല്ലെങ്കിൽ ജനങ്ങളുടെ ഗുണത്തിനോ ദോഷത്തിനോ ആയി രാജ്യത്തു പ്രയോഗിക്കാവുന്ന ഒരധികാരമോ അതെന്നു മെമ്പർ വിചാരിക്കുന്നുവെന്നു പറയാമോ എന്നു ഞാൻ അദ്ദേഹത്തോടു ആവശ്യപ്പെടുന്നു.

മി. എ. കെ. പിള്ള (കുമാരപുരം): എങ്ങനെയിരുന്നാലും പബ്ലിക്ക് സർവീസ് രാജ്യസേവനം ചെയ്യുന്നതിനുള്ള ഒരവസരമാണെന്നു വിചാരിക്കുന്നപക്ഷം, ഈ പിരുപിരുപ്പു വകയില്ലായിരുന്നു എന്നു എനിക്കു നിശ്ചയമുണ്ട്. അതു രാജ്യസേവനത്തിനൊരവസരമാണെന്നു ജനങ്ങൾ വിചാരിക്കാതെ കൊള്ളയിടുന്നതിനും സ്വേഛാപ്രഭുത്വത്തിനും അവസരമാണെന്നുമാത്രം വിചാരിക്കുന്നതുകൊണ്ടത്രെ. അതുകൊണ്ടു മാത്രമാണ് ഓരോ സമുദായവും തങ്ങളുടെ സ്വന്ത ആളുകളെ സർവീസിൽ കയറുന്നതിനു അസ്വാതന്ത്ര്യം പ്രകടിപ്പിച്ചുവരുന്നതു്. അതുതന്നെയുമല്ല ഓരോ സമുദായവും തങ്ങളുടെ പങ്കു കിട്ടിയേതീരൂ എന്ന ക്ഷമയില്ലായ്മയോടെ ശഠിച്ചുകൊണ്ടിരിക്കുന്നതു് നാം കണ്ടുവരുന്നതു്. നേരമറിച്ചു തങ്ങളുടെ മാതൃകയനുസരിക്കുന്നതിനാവശ്യമായിട്ട് ജനങ്ങൾ അതിരറ്റ കുതുകിയിരുന്നെങ്കിൽ അപ്പോൾ ഉദ്യോഗക്കമ്മി ക്കായിട്ടുള്ള ഈ മുറവിളിയുണ്ടാകയില്ലായിരുന്നു, അതിനെ ഇപ്പോൾ വിചാരിച്ചുവരുന്നപ്രകാരം ഗണിക്കയുമില്ലായിരുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫസ്റ്റ്സക്രട്ടറിക്കു): നിയമസഭാമെമ്പർസ്ഥാനം കലഹകാരണമാകുന്നുവെന്നു പറയാമോ?

മി. എ. കെ. പിള്ള (കുമാരപുരം): അതെ, അങ്ങിനെയതെന്നെ. വാസ്തവത്തിൽ അതെകാരണത്താൽതന്നെ. ഞാൻ പ്രത്യേകിച്ചു ഏതെങ്കിലും മെമ്പരെക്കുറിച്ചല്ല പറയുന്നതു. എന്നാൽ പല മെമ്പർമാരും തങ്ങളുടെ മെമ്പർസ്ഥാനത്തെ തങ്ങളുടെ സ്വാധീനശക്തിയെ സ്വകാര്യലാഭത്തിനായി വിനിയോഗിച്ചുവരുന്നു എന്നുള്ള സംഗതി ഈ രാജ്യത്തു പലർക്കും ഒരു രഹസ്യമല്ലാതെ വന്നിട്ടുണ്ട്. അതു ഒരു വെളിവായ രഹസ്യമത്രേ.

മി. എൻ. വി. ജോസഫ് (പറവൂർ): അദ്ദേഹം പറയുന്നതു ഒരു അഭിപ്രായം മാത്രമോ അതോ സാക്ഷാൽ വാസ്തവമോ എന്നു പറയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിനെ സാക്ഷാത്കരിക്കുള്ള ഒരു വസ്തുതയാക്കി തീർക്കാവുന്നതാണെ
ല്ലാ ഒരു അഭിപ്രായമായി പരിണമിക്കുന്നതുകൊണ്ടും നാം ആജന്മമായ പന്ഥാവിൽനിന്നു വ്യതിചലിച്ചിരിക്കുന്നു.
പ്രശ്നവിഷയത്തെ അതിന്റെ ഈ സ്വഭാവത്തിൽ വ്യവഹരിച്ചിട്ടുണ്ടെങ്കിൽ, അതിനെ ഒരു പ്രായോഗികപ്രശ്നമാക്കാവുന്നതാണ്. 'നാസ്തിക്യം എല്ലുകുറുക്കായ്കയും കൂടുമ്പോൾ' എന്നുള്ളവിധത്തിൽ അതിനെ ചുമതലപ്പെടുത്തിയ മെംബർമാർ കരുതുകയില്ലായിരുന്നുവെന്ന എനിക്കു നിശ്ചയമുണ്ട്. ഒരു മെംബർ തന്റെ സമുദായത്തിനു വേണ്ടിയും, അപരൻ പുരുഷന്മാരേക്കാളധികം ഉദ്ദേശിച്ചും, അപരൻ തന്റെ താല്പര്യത്തിനുവേണ്ടിയും ആണു വാദിക്കുന്നതു്. എന്നാൽ പബ്ലിക്കുസർവീസ് സ്വാതന്ത്ര്യചിന്തകരായ സേവനം ചെയ്യുന്നതിനൊരവസരമായി വ്യവഹരിക്കേണ്ടതാണ്. നമ്മുടെ ഭരണികജീവിതത്തിനുവേണ്ടി കരുതിക്കഴിഞ്ഞാൽ, പബ്ലിക്കു സർവീസു തൃപ്തികരമാകുന്നതുവരെ നാം വിചാരിച്ചുപോകുന്നു. എന്നാൽ നാം അതിനെ വ്യവഹരിക്കയാണെങ്കിൽ യാതൊരു ദുരവിളിപ്പും ഉണ്ടാകുവില്ല എന്നു ഞാൻ വിചാരിക്കുന്നുണ്ട്. പ്രശ്നവിഷയത്തിന്റെ ഈ ഭാഗത്തെക്കുറിച്ചു സഭയുടെ മനസ്സിനുള്ളതുപോലെ ചിന്തിച്ചുകൊണ്ടാകുന്നു—ഈ ഉപക്ഷേപത്തെക്കുറിച്ചു ഇതുമുംപറയുന്നതിനിടയുണ്ടു്. കഴിഞ്ഞ അനേകം വർഷങ്ങളായിട്ട ശമ്പളംകുടിശ്ശികകൊണ്ടുതന്നെയിരിക്കുന്ന ദേശികരെ ഉത്തേജിപ്പിക്കേണ്ടതാൻവേണ്ടിയാണ്. ഓരോരുത്തരും ഉപജീവനമാർഗ്ഗം ലഭിക്കുന്നതിനു അക്ഷമരായിരിക്കുന്നു. പബ്ലിക്കു സർവീസ് അതിനു പിടിപ്പുവഴിയാണെന്നു അവർ കരുതിപ്പോകുന്നു; തങ്ങളെ ധനവാന്മാരാക്കുന്നതിനു അതു മതിയായതും ആയിരുന്നു. ഈ സഭയിൽ ആലോചനാവിഷയം അങ്ങനെന്നുമാത്രമെന്നു എനിക്കു വിചാരമുണ്ടു്. ഇതു സംബന്ധിച്ചു ശമ്പളം കുറഞ്ഞുപോകുന്നതിനാൽ, ഈ വിഷയത്തിൽ വലിയ ഒരു സഹായംചെയ്വാൻ ഗവർണ്മെന്റിനു കഴിയുന്നതാണ്.

മി. സി. പി. തോമസ് (ഗവർണ്മെന്റു നിയമിച്ച മെംബർ): നേരമറിച്ചു ശമ്പളം കുറയ്ക്കുന്നതിനാൽ, ഈ വിഷയത്തിൽ വലിയ ഒരു സഹായംചെയ്വാൻ ഗവർണ്മെന്റിനു കഴിയുന്നതാണ്.

മി. സി. പി. തോമസ് (ഗവർണ്മെന്റു നിയമിച്ച മെംബർ): നേരമറിച്ചു ശമ്പളം കുറയ്ക്കുന്നതിനാൽ ഒക്കുക്കുവിക്കിടയാകുമെന്നു അങ്ങേയ്ക്കു വിചാരിക്കുന്നില്ലേ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ വിചാരിക്കുന്നില്ല.

മി. സി. പി. തോമസ് (ഗവർണ്മെന്റു നിയമിച്ച മെംബർ) പബ്ലിക്കുസർവീസിന്റെ ഇതുവരെയുള്ള ചരിത്രം അതിനു സാക്ഷ്യം വഹിക്കുന്നുവല്ലോ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി). പരീക്ഷ, വിദ്യാഭ്യാസത്തിനു അത്ര വിസ്താരമായ പ്രചാരമില്ലാതെയും പൊതുജനാഭിപ്രായത്തിനു അത്ര ശക്തിയില്ലാതെയും ഇരുന്ന കാലത്തു അങ്ങിനെ ആയിരുന്നിരിക്കാം. എന്നാൽ ഇക്കാലത്തു വിദ്യാഭ്യാസം അഭിവൃദ്ധിപ്പെട്ട നിലയിലിരിക്കയാണു്. വിദ്യാഭ്യാസത്തിന്റെ ഗർവിതമായ ആ ഉദ്ഘോഷത്തിനു ഫലമുണ്ടാകുവാൻ ദീർഘമല്ലോ.

മി. ചങ്ങനാശേരി പരമേശ്വരൻപിള്ള (കൊല്ലം): സർ, ഈ ഉപക്ഷേപത്തെക്കുറിച്ചു ഒരു വാക്കു പറയുന്നതിനു ഞാൻ നിർബന്ധിതനായിരിക്കുന്നു. ഇന്നലെയും ഇന്നും ഇവിടെ നടന്നിട്ടുള്ള വാഗ്പ്രതിവാദങ്ങളെ ഒരു അന്യൻകേട്ടിരുന്നുവെങ്കിൽ മെംബർമാരുടെ ദൃഷ്ടിയിൽ പൊതുരാജ്യഭരണക്കാര്യങ്ങളെക്കാൾ കൂടുതൽ പ്രാധാന്യമുള്ള സാമുദായിക പ്രാതിനിധ്യമന്വേഷിച്ചുള്ള ഉദ്യോഗനിയമനം ആകുന്നു എന്നുള്ള ബോധത്തോടുകൂടെ പൊയ്ക്കളയുമായിരുന്നു, (മി. ജി. പരമേശ്വരൻപിള്ള: കേൾപിൻ കേൾപിൻ). ആരെങ്കിലും കേട്ടുകൊണ്ടിരുന്നാൽ ആയാർക്കുണ്ടായ ബോധം ഈ സഭയുടെ ഗൌരവനിലയെ അശേഷം അഭിവൃദ്ധിപ്പെടുത്തിയിരിക്കുന്നതുകൊണ്ടു അതുയും വാക്കിനും ഉത്സാഹവും ഇയിടെ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു എന്നായിരിക്കും സർ, എനിക്കതോന്നുന്നതു ഈ വല്ല ഉദ്യോഗനിയമനകമ്മിറിയോ മറ്റോ ഇയിടെ ഉടൻതന്നെ ഏർപ്പെടുത്തുന്നതാണെന്നും സർവീസിലേക്കുള്ള ഉദ്യോഗനിയമനങ്ങളും ഉദ്യോഗസ്ഥന്മാരുടെ പ്രൊമോഷനും ആ കമ്മിറിയുടെ തീർപ്പുകായി വിട്ടുകൊടുക്കണമെന്നതാണെന്നും ആകുന്നു. ഉദ്യോഗനിയമനങ്ങൾക്കായി വിവിധസമുദായങ്ങളുടെ അവകാശങ്ങളേയും ഒരു പ്രത്യേക റഗുലേഷനായിതന്നെ ഏർപ്പെടുത്തണമെന്നതാണ്. നിയമസഭയുടെ റഗുലേഷനിൽ ഫലം വകുപ്പിനെ സാമുദായികാവകാശങ്ങളെ ഗവണ്മെന്റിനോടൊ ഉദ്യോഗനിയമനകമ്മിറിയോടൊ ആലോചിക്കുന്നതിനു നമ്മെ സഹായിക്കത്തക്കവണ്ണം ഭേദഗതി ചെയ്യേണ്ടതുമാകുന്നു.

മി. എ. ജെ. ജോൺ (കൊച്ചി): സാമുദായികാവകാശങ്ങളെ ഉദ്യോഗനിയമനകമ്മിറിയോടാലോചിക്കേണ്ടതാണെന്നാണെന്നു അഭിപ്രായം പറയുന്നതു.

മി. ചങ്ങനാശേരി പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ അതു ഗവണ്മെന്റിന്റെ ആലോചനക്കുവിട്ടിരിക്കുന്നു. വിവിധസമുദായങ്ങളുടേയും പ്രാതിനിധ്യം ഉദ്യോഗനിയമനകമ്മിറിയിൽ വേണ്ടുവോളമുണ്ടായിരിക്കണം, ഓരോ സമുദായത്തിനും അതതിന്റെ സ്വന്തസങ്കടത്തെ വെളിപ്പെടുത്തുന്നതിനായിട്ട പ്രത്യേക സംഘങ്ങളുണ്ടെന്നു എനിക്കറിയാം. അതിന്റെ സങ്കടം ഇവിടെ വെളിപ്പെടുത്തുന്നതിനേക്കാൾ അവിടെ വെളിപ്പെടുത്തുന്നതു അധികം നന്നായിരിക്കും. ഇതു ചെയ്യുന്നതായാൽ കൂടുതലായും അധികം ഗൌരവമായും ഉള്ള ശുപാർശ പൊതുരാജ്യഭരണവിഷയങ്ങളിലേക്കു പതിക്കുന്നതിനും സഭയ്ക്കു ഇടയാകുന്നതാണ്.

മി. കുട്ടിമാളു പരമേശ്വരൻപിള്ള (ഏ. അഡിഷനൽ ഡെവ്സക്കാർവക്കീൽ): സർ, ഈ ഉപക്ഷേപത്തെക്കുറിച്ചു സംസാരിക്കുന്നതിനു ഞാൻ വിചാരിച്ചിരുന്നില്ല, എങ്കിലും എന്നോടു ആവശ്യപ്പെട്ടതുനിമിത്തം കുറച്ചുപറയാൻപോകുന്നു. മി. എ. കെ. പിള്ള നമ്മെ ചൂണ്ടിക്കാണിപ്പാൻ യത്നിച്ചതു പബ്ലിക്കു സർവീസിൽ ഉദ്യോഗങ്ങൾക്കായി ആഗ്രഹിക്കുന്നതു്. വാസ്തവത്തിൽ സേവനം ചെയ്യുന്നതിനായിട്ടല്ല, അതിൽനിന്നു ലഭിക്കാവുന്ന ആളായവും അധികാരശക്തിയും നിമിത്തം മാത്രമാണ് എന്നതു. പൊതുവെ ശാസ്ത്രീയമായി നോക്കുന്നപക്ഷം, ഈ അഭിപ്രായം ശരിയാണെന്നു എനിക്കു തോന്നുന്നു. ഈ വിധത്തിൽ മനഃശ്ചികമായ യാതൊരു പ്രവൃത്തിയും നിഷേധ്യം പരമാർത്ഥമായി അനുകരിക്കപ്പെട്ടുന്നില്ലെന്നുള്ളതുകൊണ്ടു എനിക്കു പറയാവുന്നതാണ്. അതു ഒരു ഉദ്ദേശം സംസാരിക്കുന്നതിനിടയുള്ള നിയമസഭാമെംബർസ്ഥാനം സേവനത്തിനായിട്ടാണോ കിട്ടുന്നതിനു ആളുകൾ ആഗ്രഹിക്കുന്നുവെന്നും, അതും അല്പകാരംതന്നെ കക്ഷത്തിന്റെ 'ഞുപ്പിടി' അല്ലെന്നും ഞാൻ ചോദിച്ചുതിനു മി. എ. കെ. പിള്ള അതും ഒരു കക്ഷകാരണംതന്നെയെന്നു എന്ന ഉത്തരംപറഞ്ഞു. അതിനാൽ അതും ഒരു ക

ഖകാരണംതന്നെഎന്നുള്ളതിനെ നിഷേധിച്ചുകൂടാത്തതാകുന്നു. എന്തുകൊണ്ട്? യാതൊരു മനുഷ്യീക പ്രവൃത്തിയു അതിനെ അഗാധമായി വിമർശനംചെയ്തു യുക്തിപൂർവമായി വിശോധംചെയ്യുന്നതായാൽ, സാക്ഷാൽ പരാത്മാത്തുമായിട്ടാണെപ്പെട്ടതല്ല. മനുഷ്യരെ തങ്ങളുടെ പ്രവൃത്തികളിലേക്ക പ്രേരിപ്പിക്കുന്നതിനായിട്ട, പ്രവൃത്തികളുടെ പിറകിൽ എന്തെങ്കിലും ആവശ്യമാകുന്നു. ഏതൊരാൾക്കും സേവനം ചെയ്യുന്നതിനായിട്ടും അവരെ സമയത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനായിട്ടും, ഒരു ഗവണ്മെൻറുദ്യോഗത്തിനുവേണ്ടിയൊ ഒരു തിയസമാജമെമ്പർസ്ഥാനത്തിനുവേണ്ടിയൊ യത്നിക്കുന്നതു വാസ്തവത്തിൽ നേരെയിവരുന്നതല്ല. അതുകൂടാതെ ഇഹത്തിൽ യാതൊരു മനുഷ്യീകപ്രവൃത്തിയും സാധിതപ്രായമായിരിക്കയില്ല. വ്യവഹാരത്രയേണ ഒരാൾ മുമ്പോട്ടുവന്നു താൻപൊതുജനസേവനം ചെയ്യുന്നതിനുള്ള യുക്തനായിരിക്കുന്നുഎന്നും, അപ്രകാരം പൊതുജനസേവനത്തിനു അവസരമുണ്ടാകുമ്പോൾ മാത്രമേ അതു ചെയ്കയുള്ളുവെന്നും നിശ്ചയമുണ്ടെങ്കിൽ ഒരുപ്രതിനിധിയായി തിരഞ്ഞെടുക്കേണ്ടതാണ്എന്നും പറഞ്ഞുകൂടുന്നതാകുന്നു. എന്നാൽ നാം യുക്തിപൂർവ്വമായി അതിനെ നിരീക്ഷണംചെയ്യുന്നപക്ഷം ഒരുതിനു പിറകിലായിട്ട വേറെ ഏതാണ്ടു മറഞ്ഞുകിടക്കുന്നുഎന്നു കാണാവുന്നതാകുന്നു. ലോകത്തിൽ ഏറ്റവും പരിശുദ്ധമെന്നുതന്നെ ഉൽഘോഷിക്കപ്പെട്ടുന്ന ഒരു പ്രത്യേകപ്രവൃത്തിയും ചെറുകിടമായ ധനത്തിനുമാനത്തിനൊ ആയിട്ടല്ലെചെയ്യുന്നതു എന്നു പറയേണ്ടതാകുന്നു. ഈ ഉദാഹരണങ്ങളിലൊന്നെയും അടർ സാക്ഷാൽ സ്വാർത്ഥത്തെ ഉദ്ദേശിച്ചു അതാതുള്ള വല്ലകീർത്തിയെ സമ്പാദിപ്പാൻവേണ്ടി പ്രേരിതരായിരിക്കുന്നുഎന്ന നമുക്കു കാണാവുന്നതാകുന്നു. കാരണം മനുഷ്യീകപ്രവൃത്തികളുടെ മനോവ്യാപാരം പരിശോധിച്ചു നോക്കുമ്പോൾ, ഏതു പ്രവൃത്തിയും സ്വാർത്ഥപരമാണെന്നും അതു നിസ്സംശയം സ്വാർത്ഥത്തിൽനിന്നുത്ഭവിക്കുന്നുഎന്നും കാണപ്പെട്ടുന്നു. അതുകൊണ്ടു എന്തെങ്കിലും സ്വാർത്ഥം പിറകിൽഉണ്ടുഎന്നുപറഞ്ഞുകൊണ്ടു പബ്ലിക്ക സർവീസിനെറ ഘടനാരീതിയെ വിമർശനം ചെയ്യുന്നതിനു ഇതു ഒരു തെറ്റായ ആധാരമാണെന്നു എനിക്കു തോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അസലപ്പുഴ): ഇതിലെല്ലാം ഏറ്റവുമധികം എന്നു ഒരു വ്യത്യാസമില്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനാൽ ഹെഡ്സക്രട്ടർവക്കിൽ): അതെ, അങ്ങനെ ഒരു വ്യത്യാസമുണ്ടു. എന്നാൽ അതിനെ അഗാധമായി ആരായുന്നപക്ഷം യാതൊരു പ്രവൃത്തിയും പരാർത്ഥമാത്രമായി ചെയ്യപ്പെട്ടുന്നില്ലെന്നു ബോദ്ധ്യമാവുന്നതാണ്. പ്രവൃത്തിയിൽ ഏറിയൊ, കുറഞ്ഞൊ സ്വാർത്ഥം ഉണ്ടായിരിക്കാം.

മി. സി. പി. തോമസ് (ഗവണ്മെൻറു നിയമിച്ച മെമ്പർ): തരവ്യത്യാസമില്ലെ? കീർത്തിക്കായുള്ള ആഗ്രഹം, അല്ലെങ്കിൽ ദ്രവ്യസമ്പാദനത്തിനായുള്ള ആഗ്രഹം, അല്ലെങ്കിൽ സ്വയ തൃപ്തിക്കായിള്ള ആഗ്രഹം എന്നിവ ഉണ്ടായിരിക്കാം.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനാൽ ഹെഡ്സക്രട്ടർവക്കിൽ): തരഭേദമുണ്ടെന്നുള്ളതിനു അഭിപ്രായമില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): നാം വിഷയംവിട്ട അതിദൂരം പോയിട്ടില്ലയോഎന്നു ശ്രീ പരിപാലനം സംബന്ധിച്ചു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനാൽ ഹെഡ്സക്രട്ടർവക്കിൽ): സർ, ഞാൻ വിഷയംവിട്ട വാസ്തവത്തിൽ പോയിട്ടില്ലെന്നു തോന്നുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): ലാ മെമ്പറെക്കുറിച്ചല്ല ഞാൻ പറഞ്ഞതു, മറ്റു മെമ്പർമാരെ ഉദ്ദേശിച്ചതു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനാൽ ഹെഡ്സക്രട്ടർവക്കിൽ): ലോകത്തിൽ യാതൊരു മനുഷ്യീകപ്രവൃത്തിയും നിശ്ശേഷം പരാർത്ഥമാത്രമായിരിപ്പാൻ കഴിയുന്നതല്ലെന്നു ഞാൻ പറഞ്ഞുവല്ലൊം. അതിനു പിറകിൽ സ്വാർത്ഥോദ്ദേശവും ഉണ്ടായിരിക്കണം. എന്നാൽ അഴിമതി കൈക്കൂലി മുതലായ ഉദ്ദേശത്തോടുകൂടി പബ്ലിക്കുസർവീസിൽ പ്രവേശം കിട്ടുന്നതിനാഗ്രഹിക്കുന്നെങ്കിൽ അതിനെ തടയേണ്ടതാണ്. അതു എല്ലാരാജ്യങ്ങളിലും ആക്ഷേപയോഗ്യമായിട്ടുള്ളതാണ് എന്നതിനു എനിക്കഭിപ്രായം സംശയമില്ല. പൂർണ്ണത ലോകത്തിലെങ്ങുംതന്നെയില്ല ആദർശങ്ങളെന്നും അനുകരണീയങ്ങളെന്നും വിശ്വസിച്ചുവരുന്ന രാജ്യങ്ങളിൽതന്നെയും, അതില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഈവിടെയും ഭ്രംശനങ്ങൾ കണ്ടുവരുന്നു. അതുകാരണം ശ്ലാഘിതമായ ഒരൊറപ്രവൃത്തിയെപ്പോലും നാം ക്ഷമിക്കേണ്ടതല്ലെന്നു ഞാൻ പറയുന്നില്ല. പ്രത്യേക ദിഷ്ടാന്തങ്ങളെ അറിവിൽകൊണ്ടുവരുന്നപക്ഷം നടപടിഗതിയുണ്ടാകുന്നതായിരിക്കും. ഇതു സംബന്ധിച്ചു 'അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരുകൾ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.'' എന്നുള്ള മി. കുമാരപിള്ളയുടെ നിലയെ അനുവദിക്കുന്നതിനു ഞാൻ ഒരുക്കമില്ലെന്നു പറയേണ്ടിയിരിക്കുന്നു ഈ സമയത്തുവച്ചു പേരുകൾ വിളിച്ചുപറയുന്നതിനു അദ്ദേഹത്തിനുള്ള വൈമനസ്യം എനിക്കനല്പവണ്ണം ഗ്രഹിക്കാവുന്നതാണ്. എന്നാൽ അദ്ദേഹം ജനങ്ങളുടെ ഒരു പ്രതിനിധിയും തന്റെ സ്വന്ത പ്രദേശത്തെ ഒരു പ്രധാനിയും ആയിരിക്കെ മുമ്പോട്ടുവന്നുകിട്ടീട്ടുള്ള തെളിവോടുകൂടി പേരുകളെ ഗവണ്മെൻറു മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): കൈക്കൂലികൊടുക്കുന്നതും വാങ്ങുന്നതും ആളുടെയുമേമ്പിൽവച്ചു ചെയ്യാറുപതിവില്ല. അങ്ങനെ നടന്നുവരുന്ന സംഗതിയിൽ കേസ്കൊടുക്കണമെന്നും അതിലേക്ക കള്ളസാക്ഷിയുണ്ടാക്കണമെന്നുമാണോ മി. പരമേശ്വരൻപിള്ള പറയുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനാൽ ഹെഡ്സക്രട്ടർവക്കിൽ): ക്രിമിനലുകുറ്റം നിർണ്ണയിക്കണമെന്നല്ല ഞാൻ പറഞ്ഞതു. ഒരുദ്യോഗസ്ഥൻ അഴിമതിക്കാരനാണെന്നു തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പ്രസ്താവിക്കുന്നുവെങ്കിൽ അതു ഗവണ്മെൻറിനോടു പറയുന്നതിനും തെളിവുനോക്കി നടപടിനടത്തുന്നതിലേക്ക ഗവണ്മെൻറിനെ ക്ഷണിക്കുന്നതിനും വൈമനസ്യം കാണിക്കുന്നതെന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അങ്ങനെ പറഞ്ഞതിൽ വാസ്തവം തീരെയില്ലാത്തതുകൊണ്ടാണ്, വീണ്ടും അതിനു ശ്രമിക്കാത്തതു.

മി. കയ്യാലം പരമേശ്വരൻപിള്ള (അ. അഡിഷനൽ ഹെഡ്സക്രട്ടറിക്ക്): മിസ്റ്റർ കുമാരപ്പിള്ളപറയുന്നതു അദ്ദേഹം തെളിവിനെ ഗവണ്മെൻറു മുമ്പാകെ കൊണ്ടുചെന്നുഎന്നും ഗവണ്മെൻറു അതു സ്വീകരിച്ചില്ലെന്നുമാണോ? അങ്ങനെയാണെങ്കിൽ അതുപ്പറ്റി അന്വേഷണം കഴിക്കേണ്ടിയിരിക്കുന്നു.

മി. ടി. കുമാരപിള്ള (കുണ്ടുകളവും വിളവംകോട്ടം): അങ്ങിനെതന്നെയാണു ഞാൻ പറഞ്ഞതു. സെക്രട്ടറിക്കാർയ്യാലയിൽനിന്നുംകണ്ടെന്നു അഭിമതികറ്റെ പെരിയുമെന്നുള്ളപ്പേ റ്റ അതിലേക്ക വീണ്ടും തെളിവുകളോടുകൂടിപോകണമെന്നാണോ മാ മെംബർ പറയുന്നതു?

മി കയ്യാലം പരമേശ്വരൻപിള്ള (അ. അഡിഷനൽ ഹെഡ്സക്രട്ടറിക്ക്): മെംബർ കരൻ ചോദ്യത്തിൽ വേണ്ടതിലധികം സങ്കല്പിക്കുകയാണ്. കുഴപ്പമായിട്ടാണെങ്കിൽ തെളിവു എന്താണെന്നു പറയുന്നതിനു കഴിയേണ്ടതാണ്.

മി. ടി. കുമാരപിള്ള (കുണ്ടുകളവും വിളവംകോട്ടം): അതിനാണ് കള്ളസാക്ഷിയുണ്ടാക്കാൻ സാധിക്കുമെല്ലെന്നു പറഞ്ഞതു

മി. കയ്യാലം പരമേശ്വരൻപിള്ള (അ. അഡിഷനൽ ഹെഡ്സക്രട്ടറിക്ക്): ഒരാൾ അഭിമതിക്കാരനാണെന്നുള്ള കാരണമാത്രമോപിക്കുന്നതു എളുപ്പമുള്ള ഒരു കാര്യമാണ്. ഒരാൾ അഭിമതിക്കാരനാണെന്നു ഗവണ്മെൻറു മുമ്പാകെ അറിവുകൊടുക്കുകയും വിശ്വാസയോഗ്യമായ തെളിവിനെ കൊണ്ടുചെല്ലുകയും ചെയ്യുന്നതായാൽ അതിന്മേൽ ഗവണ്മെൻറു നടപടിനടത്തുന്നതായിരിക്കുമെന്നു എനിക്ക നിശ്ചയമുണ്ടു. എന്നാൽ ഞാൻ സഭയുടെ ആലോചനയ്ക്കായി സമർപ്പിക്കുന്നതു, അവർ അപരിചിതന്മാരായ ഉദ്യോഗസ്ഥന്മാരെകൊണ്ടുചെയ്യുകയും, അവയിന്മേൽ ഗവണ്മെൻറു നടപടിനടത്തുന്നില്ലെന്നു പരാതിപ്പെടുകയും ചെയ്യുന്നതു യോഗ്യമല്ലെന്നാണ് എന്നെങ്കിലും ഒന്നു പ്രസ്താവിക്കുന്നതിനു വേണ്ടിയാണു. എന്നാൽ മറ്റവരുപ്രസ്താവനകളിന്മേൽനടപടിനടത്തുന്നതിനു വേണ്ടി ഒരാളെ കുറ്റപ്പെടുത്തുന്നതു തീരെ ശരിയില്ലാത്ത ഒരേർപ്പാടാണെന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): മുൻസിഫ്കോടതികളിലും മജിസ്ട്രേട്ടുകോടതികളിലും ഉള്ള ഉദ്യോഗസ്ഥന്മാർ പകർപ്പുകൊടുക്കുന്ന അവസരത്തിൽ അപേക്ഷകളുടെ മുൻപിൻനോക്കാതെ അക്രമമായി പകർപ്പു കൊടുത്തുവരുന്നതിനു മുൻസിഫ് ശ്രദ്ധപതിച്ചാൽ ശരിയായി നടത്താൻ സാധിക്കയില്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അ. അഡിഷനൽ ഹെഡ്സക്രട്ടറിക്ക്): അതിനെ ധാരാളം അപലപിക്കുചെയ്യുന്നതിനു മുൻസിഫന്മാക്ക് സാധിക്കുന്നതായിരിക്കും. മുൻസിഫന്മാരുടെ നടപടിക്കൾ അന്യായപ്പെട്ടെന്നുകിൽ അവർ അതു ഗൗനിക്കുന്നതാണ്. അവർ അതിനെ ഗൗനിക്കാതിരുന്നാൽ, ജനസാമാന്യം ഹൈക്കോടതിമുമ്പാകെ പരാതിപ്പെടേണ്ടതു അവരുടെ മുറയാകുന്നു. ഹൈക്കോടതി ഇങ്ങനെയുള്ള സംഗതികളിൽ നടപടിനടത്തുന്നതിൽ സദാ ഒരുക്കവും മനസ്സും ഉള്ളവരാണ്.

മി. സി.പി. തരകൻ (കുന്നത്തുനാടു): അങ്ങനെ പരാതിക്കൂടാതെ നടത്തുന്നുണ്ടോ എന്നന്വേഷിച്ചു, അനീതിയുണ്ടെങ്കിൽ അതിനെ ശരിപ്പെടുത്താൻ മുൻസിഫിനു സാധിക്കയില്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അ. അഡിഷനൽ ഹെഡ്സക്രട്ടറിക്ക്): ധാരാളം സാധിച്ചേക്കാം. എന്നാൽ ഒരു മുൻസിഫ്കോടതിയെന്നതായ ജോലിചെയ്യുന്ന ഒരുദ്യോഗസ്ഥനാണ്, ദിവസംപ്രതി ഇങ്ങനെയുള്ള പല്ലാ സംഗതികളിൽ കൈയ്യാളം ചെലുത്തുന്നതിനു അദ്ദേഹത്തിനു സാധിക്കാതെ വരാവുന്നതാണ്. വാസ്തവത്തിൽ വല്ല തകരാറും കാണപ്പെടുന്നെങ്കിൽ, അതിനെ അധികാരസ്ഥാനങ്ങളിൽ കൊണ്ടുചെല്ലേണ്ടതു പൊതുജനങ്ങളുടെ മുറയാകുന്നു. ഗവണ്മെൻറുദ്യോഗസ്ഥനിൽ കാണേണ്ടുന്നതായ ഉത്തരവാദിത്വത്തിനെത്തന്നെ പൊതുജനസാമാന്യത്തിനും ഉത്തരവാദിത്വമുണ്ടു. പൊതുജനങ്ങളിലുംപെട്ട അംഗങ്ങൾതന്നെയാണ് മുൻസിഫിനെന്നപോലെ അധികാരമുള്ള പലരുടെയും മുമ്പാകെ കീഴുദ്യോഗസ്ഥന്മാരുടെ കൃത്യനിർവ്വഹണത്തിൽ ചില ന്യൂനതകൾ ഉണ്ടായിട്ടുണ്ടെന്നു അറിവുകൊടുക്കേണ്ടതു. അങ്ങിനെയുള്ള ഒരു പരാതിയെ മുൻസിഫോ, വേറെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഗൗനിക്കാതെ ഉദാസീനമാത്രം, ഈ സഭയിൽ ഒരു ഗൗരവമായ വിഷയമായിട്ടു അതിനെ പ്രസ്താവിച്ചാൽ ധാരാളം മതിയാകും.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ജനസംഖ്യ കണക്കനുസരിച്ചും പ്രദേശങ്ങൾ അനുസരിച്ചും ഉള്ള പ്രാതിനിധ്യത്തെക്കുറിച്ചു അദ്ദേഹം എന്താണു പറയുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അ. അഡിഷനൽ ഹെഡ്സക്രട്ടറിക്ക്): എന്റെ സ്വന്ത അഭിപ്രായം പറയണമെങ്കിൽ എനിക്ക അതിൽ വലിയ ഇഷ്ടംതോന്നുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ ആ പ്രസ്താവനകൊണ്ടുവന്നപ്പോൾ അതു കയ്യുമായിട്ടല്ലായിരുന്നു. ചില മെംബർമാർ ചെയ്തതായ ഈ നിർദ്ദേശത്തിന്റെ അസാംഗത്യത്തെപ്പറ്റി സഭയ്ക്കു ബോധമുണ്ടാക്കണമെന്നേ എനിക്കുദ്ദേശമുണ്ടായിരുന്നൊള്ളു.

മി. കയ്യാലം പരമേശ്വരൻപിള്ള (അ. അഡിഷനൽ ഹെഡ്സക്രട്ടറിക്ക്): മെംബറുടെ പ്രത്യാശയെ ഞാൻ സ്വീകരിക്കുന്നു. എന്റെസമയം തീരുന്നതിനുമുമ്പായി, സമുദായനേതാക്കന്മാരായ അനേകം ഒട്ടും മടിക്കാതെപോട്ടവനും ഏതാണ്ട് കുറെപേരെങ്കിലും ഗവണ്മെൻറിനെ ധരിപ്പിക്കുകയും അങ്ങനെയുള്ള എല്ലാ സംഗതികളിലും അതിലേക്കുപയോഗപ്പെട്ട തെളിവിനെ അവരുടെ ആലോചനയ്ക്കായി വെക്കുന്നതിനു തയ്യാറായിരിക്കയും ചെയ്യണമെന്നുമാത്രമെ എനിക്കുപറയാനുണ്ടായിരുന്നൊള്ളു. പൊതുജനസേവനത്തെക്കുറിച്ചു ഇന്നു ഒട്ടുവളരെ പറഞ്ഞിട്ടുണ്ടു. പൊതുജന സേവനത്തിൽ ഒരിനം, ഉദ്യോഗസ്ഥന്മാരുടെ അഭിമതികളെ തെളിയിക്കുന്ന വിഷയത്തിൽ വേണ്ടിവരുന്ന സ്വയത്യാഗം ആകുന്നു. ഒരു പൊതുജനാംഗം അഭിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരുകൾ വെളിപ്പെടുത്തുന്നതിനും; ആവശ്യമുള്ള തെളിവുകൾ കൊടുക്കുന്നതിനും ഭയപ്പെടാതിരിക്കേണ്ടതാണ്. ഗവണ്മെൻറു അതെപ്പറ്റി വേണ്ടതുപോലെ നടപടി നടത്തുന്നതിലേക്കു പൊതുജനാംഗങ്ങൾ ശ്രദ്ധയും ചെയ്യുന്നതുമാത്രം.

മറ്റുള്ളവരുടെ അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈ സ്വയംത്യാഗം സഹിക്കുന്നതിനു ഒരാൾക്കു മനസ്സു പരാജയപ്പെടുന്നതിനു മുൻപായി ഗവണ്മെന്റിനു തന്റെ വകയായ ദ്രവ്യാപഹരണങ്ങളെ നിസ്സഹായമാക്കി പ്രവർത്തിപ്പിക്കുവാൻ എങ്ങനെ കഴിയും?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഗവണ്മെന്റു തങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള മറ്റെല്ലാറ്റിനും നടപടിയെടുത്തതായി അറിവുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ് സക്കാർവക്കീൽ): ഏതെങ്കിലും സംഗതിക്കായുമായി ഗവണ്മെന്റു സമക്ഷം കൊണ്ടുചെല്ലുകയും ഗവണ്മെന്റു അതിന്മേൽ നടപടി നടത്തുന്നതിനു മടിക്കുകയും ചെയ്തതായി എനിക്കറിവില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇനി അന്വേഷിക്കണമെന്നു അപേക്ഷിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ് സക്കാർവക്കീൽ). ഏതു സംഗതി? സംഗതികൾ പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടില്ലെങ്കിൽ ഗവണ്മെന്റിനു നടപടിയെടുത്തുന്നതിനു എങ്ങനെ സാധിക്കും? മി. കുമാരപിള്ള ചില മാന്യപുരുഷന്മാർ" അങ്ങേയ്ക്കു മുമ്പോട്ടുവന്നു ഇപ്രകാരം പറയണം: എന്റെ അറിവിൽപ്പെട്ടിടത്തോളം ഇപ്രകാരം അഴിമതികൾ ഇന്നയിന്ന ആളുകൾ കൈക്കൂലിക്കാരനോ, സ്വാധീനിയ്ക്കണത്തിൽ പിഴുക്കാരനോ ആകുന്നു".

മി. സി. പി. തരകൻ (കുന്നത്തുനാട്ടു) മിസ്റ്റർ കുമാരപിള്ളയുടെ ഒപ്പിയിൽവച്ചു കൈക്കൂലിവാങ്ങിക്കാൻ തെയ്യാറുള്ള ഉദ്യോഗസ്ഥന്മാർ തിരുവിതാംകൂറിൽ ഇല്ലെന്നു മെമ്പർമാരറിയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ അഡിഷനാൽ ഹെഡ് സക്കാർവക്കീൽ). വെറും ദ്രവ്യാപഹരണങ്ങളിന്മേൽ ഗവണ്മെന്റു ചെയ്യേണ്ടതെന്താണു?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ജനങ്ങളും മുമ്പോട്ടുവന്നു ഇന്ന ഉദ്യോഗസ്ഥൻ കൈക്കൂലിവാങ്ങിച്ചു എന്നുപറഞ്ഞിട്ടില്ലെങ്കിൽ, അഴിമതിക്കാരെ നിരത്താൻ യാതൊരു നടപടിയുമില്ലെന്നാണൊ മെമ്പർ പറയുന്നതു?

മി. കയ്യാല പരമേശ്വരൻപിള്ള (ആ. അഡിഷനാൽ ഹെഡ് സക്കാർവക്കീൽ): വെറും ദ്രവ്യാപഹരണങ്ങളെ ഉദ്ദിസ്ഥാനമാക്കി ഗവണ്മെന്റിനു പ്രവർത്തിക്കാൻ എങ്ങിനെ കഴിയും?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെയാണെങ്കിൽ ഗവണ്മെന്റുദ്യോഗസ്ഥന്മാർ കൈക്കൂലിവാങ്ങിക്കുന്നതെ സൂക്ഷിക്കേണ്ടതിനുവേണ്ട നടപടികളും വച്ചുകൊണ്ടിരിക്കേണ്ടതു് ഗവണ്മെന്റിനു കടമയല്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സക്കാർവക്കീൽ): സാമാന്യമായി അപ്രകാരം സൂക്ഷിക്കേണ്ടതു അവരുടെ കടമയാണ്. എന്നാൽ സൂക്ഷ്മമായസംഗതികളും എടുത്തുപറയാതെ ഗവണ്മെന്റിനു എപ്രകാരമായ നടപടി നടത്തുവാൻ കഴിയും?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റു സർവീസിനായുള്ള ഈ അതിതാല്പര്യത്തിൽ നിന്നു അതിൽ എന്തൊ കൈകലർത്തുണ്ടെന്നു ഗവണ്മെന്റിനു ഗ്രഹിച്ചുകൂടെ? (ചിരി)

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഉദ്യോഗസ്ഥന്മാർ ശമ്പളത്തിൽനിന്നും ഉപരിയായി സമ്പാദിച്ചിട്ടുണ്ടെന്നു കാണുമ്പോൾ അതെപ്പറ്റി ഗവണ്മെന്റു നടപടി നടത്തുന്നതിൽ എന്താണ് വിഷമം?

മി കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ഇപ്രകാരം ഒരാളുടെ സമ്പാദ്യംസംബന്ധിച്ചു ഗണിതശാസ്ത്രമനുസരിച്ചു ഒരു കണക്കെടുക്കുന്നതിനു സാധിക്കുകയില്ല, അങ്ങനെ ചെയ്യുന്നതിനു ശ്രമം ചെയ്യേണ്ടതാകുന്നു. എന്നാൽ അല്പം വെറും ഊഹംമാത്രമായിട്ടു തീരുകയുള്ളൂ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇങ്ങനെയുള്ള സംഗതികളിൽ ഗവണ്മെന്റു നടപടി നടത്തീട്ടുള്ളതായി ഒരു ദൃഷ്ടാന്തമെങ്കിലും പറയാൻ ബഹുമെമ്പറിനു സാധിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ആരെങ്കിലും അങ്ങിനെ ഒരു സംഗതി വെളിവാക്കീട്ടുണ്ടോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഒരു വലിയ ഉദ്യോഗസ്ഥൻ കമ്മിഷൻ ചോദിച്ചു തറിയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ഇല്ല. എനിക്കറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഗവണ്മെന്റുവകയ്ക്കു വരുത്തുന്ന സാമാനങ്ങൾക്കു കമ്മീഷൻ ചോദിച്ചിട്ടുള്ളതായ ദൃഷ്ടാന്തം ഗവണ്മെന്റിനെന്റെ ശ്രദ്ധയിൽ എത്തിയപ്പോൾ എന്തുനടപടിയാണ് നടത്തീട്ടുള്ളതു്?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ആ റിക്കാർഡുകൾ എന്റെപക്കൽ ഇല്ല. സംഗതികളും എനിക്കറിവില്ല. കൂടാതെ കമ്മിഷൻ ചോദിച്ചിട്ടുണ്ടെന്നു മെമ്പർ-സ്വയം ഗ്രഹിച്ചുകൊള്ളുന്നു. അതുതന്നെ ഞാൻ സ്വീകരിക്കുകയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും തെക്കുമങ്ങാട്ടും): ഗവണ്മെന്റു അതിനെ ക്ഷമിക്കുകയാണോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ഇല്ല. ഗവണ്മെന്റു അതിനെ ക്ഷമിക്കുന്നില്ല. കൈക്കൂലിയേയും. അഴിമതിയേയുംപറ്റി പറയുമ്പോൾ, അവ എന്തുദ്ദേശത്തോടുകൂടി കൊടുക്കുകയൊ വാങ്ങുകയൊ ചെയ്യുന്നു എന്നുള്ളതിനെൽ ആശ്രയിച്ചിരിക്കുന്നു. ഉദാഹരണമായി ഒരുദ്യോഗസ്ഥനു മാമൂൽപ്രകാരം ഒരു പൂശുകൊടുത്തു, ഒരു നാരങ്ങയൊ സമ്മാനിക്കുന്നു എന്നുവരാം; അതു് കൈക്കൂലിയൊ അഴിമതിയൊ ആണെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കമ്മിഷൻ വാങ്ങുന്നതിൽ എന്തുദ്ദേശമാണ് അന്ത ർഭവിച്ചിട്ടുള്ളത്? അതിലേക്ക വല്ലതും പുതുമാ തോന്നൊ ഉണ്ടൊ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷണൽ ഫൊഡ് സക്കാർ പക്കീൽ): തെമ്പരുടെ അത്മതെ ന്തന്ന ഇനിക്ക മനസിലാകുന്നില്ല. ഒരാൾ ന്യായരഹിതമായി ഒരു കമ്മിഷൻ ലാഭംവാങ്ങുന്നതു ആക്ഷേപ ാർഹമായിട്ടുള്ളതാകുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): കമ്മിഷൻ ചോദിച്ചതിലൊ വാങ്ങിയതിലൊ ആ രുപാകിലും കുറ്റംവിധിച്ചിട്ടുണ്ടൊ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷണൽ ഫൊഡ് സക്കാർവക്കീൽ): എനിക്ക പറയാൻ സാ ധിക്കയില്ല. കമ്മിഷൻവേണമെന്ന ചോദിച്ചിരിക്കുന്നുഎന്ന ഒരു മെമ്പർ സ്വയം ഗ്രഹിച്ചുകൊള്ളുന്നു. ആ സങ്കേത ത്തിന്മേൽ വിമർശനംചെയ്യുന്നു. ഒവരംസങ്കേതത്തിന്മേൽ നാം വ്യവഹരിക്കുന്നെങ്കിൽ, കമ്മിഷൻ വേണമെന്ന ചോദിക്കുന്നതുമാത്രം ഒരു കുറ്റമല്ല എന്നുപറയാം. ഏതുരാജ്യത്തും ചിലകമ്പനിക്കാർ കമ്മിഷൻ ലാഭം കൊടു ക്കുന്നു എന്നുള്ളതു ഒരു പുരാതന പതിവാണെങ്കിൽ, കമ്മിഷൻ ലാഭത്തെ തെൻറ പകയായ എടുക്കുന്നതിനുള്ള ുദ്ദേശമില്ലാതെ അതു ചോദിക്കുന്നതുകൊണ്ടു എന്തുദോഷം? എന്തുകൊണ്ട് എന്തുസാദ്ധ്യത്തിനായിട്ട് അയാ ാം അങ്ങനെ ചോദിക്കുന്നു? അതുകൊണ്ടു എന്തുചെയ്യാൻ ആലോചിക്കുന്നു? ഈ ചോദ്യങ്ങളെല്ലാം അയാൾ കുറക്കാരനാണെന്നു വിധിക്കുന്നതിനുമുമ്പായി ആലോചിക്കേണ്ടതാണ്

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇങ്ങനെയുള്ള അഴിമതി കുറ്റങ്ങളിൽ ഈ മാതി തിയുള്ള വാദങ്ങൾ ഗവണ്മെൻറിൽനിന്നും പുറപ്പെടുവിക്കുന്നതുകൊണ്ടാണ് ജനങ്ങളാകട്ടെ മുമ്പോട്ടുവന്നു കയ്ക്കൂ ലിവാങ്ങുന്നവരുടെ പേർ പറയാതിരിക്കുന്നതു്. ഗവണ്മെൻറിൻറെ ഈ മാതിരിയുള്ള വാദങ്ങൾ അഴിമതിക്കാ രായ ഉദ്യോഗസ്ഥന്മാർക്ക് ധൈര്യത്തെ ഉണ്ടാക്കുകയും ചെയ്യുന്നതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷനൽ ഫൊഡ് സക്കാർവക്കീൽ): മെമ്പർ ഇപ്പോൾ ക യ്ക്കൂലികായ്തെപ്പറ്റി സംസാരിക്കുകയാണ്. കൈക്കൂലി എന്നുപറയുന്നതു ഒരു പരസ്യമായപ്രവൃത്തി ചെ യ്യുന്നതു മേലുള്ള പ്രതിഫലമൊ പ്രോത്സാഹനമൊ ആയിട്ടു ന്യായരഹിതമായ ഒരു പാരിതോഷികം വാങ്ങുന്നതാണു. മെമ്പർ പറയുന്നതായ കമ്മീഷൻ ലാഭം ചോദിക്കുന്നസംഗതി അപ്രകാരമുള്ളതാണൊ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതുകൊണ്ടു ചെത്തുകാരിൽ ഓരോരുത്തരോടും ഒന്നരരൂപവീതം കൈക്കൂലി വാങ്ങിച്ചതായി അന്നത്തെ എക്സൈസ് കമ്മിഷണർ ഗവണ്മെൻറിലേക്ക എഴുതിഅയച്ചിട്ടില്ലേ? അതിലേക്ക ഗവണ്മെൻറു എന്തുനടപടി നടത്തി?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷണൽ ഫൊഡ് സക്കാർവക്കീൽ): എനിക്കറിഞ്ഞുകൂടാ. എങ്കിലും മെമ്പർ വേണ്ടതിലധികം സംഗതികൾ തെളിഞ്ഞ വാസ്തവങ്ങളായി എടുത്തിരിക്കുന്നു എന്നു ഞാൻ പറയാം.

മി. കെ. ശിവരാമപണിക്കർ (ചേർത്തല): കഴിഞ്ഞവർഷത്തിൽ ആ: എക്സൈസ് കമ്മിഷണർ തൻറെ റിപ്പോർട്ടിൽ അഴിമതി ഉണ്ടെന്നു സമ്മതിച്ചപ്പോൾ അദ്ദേഹം ഏതുനിലയെ അവലംബിച്ചു എന്നു മെമ്പർക്ക അറിവുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷണൽ ഫൊഡ് സക്കാർവക്കീൽ): പക്ഷേ അദ്ദേഹം അ ങ്ങനെ സമ്മതിച്ചിരിക്കാം. എനിക്ക അതറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഗവണ്മെൻറിൻറെ മുമ്പാകെ കൊണ്ടുവന്ന അഴി മതികുറ്റങ്ങളിൽ അവർ ശരിയായി നടപടി നടത്താത്തതുകൊണ്ടാണ് അതു വർദ്ധിച്ചുവന്നതു?

മി. എം. ശിവതാണുപിള്ള (തോപ്പാള): ഞാൻപറയുന്നതു ക്ഷമിക്കണം. ഒരു ചോദ്യം ചോദിക്കുന്നതി നാണൊ, ഒരുവിവരണം കൊടുക്കുന്നതിനൊ എതിനാണ് മെമ്പർക്ക അവകാശമുള്ളത്?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു് സ്വന്തം അഭിപ്രായം മാത്രമാണ്. പ്രസി ഡണ്ടിനു മാത്രമെ ഒരു തീർപ്പുകല്പിക്കുന്നതിനധികാരമുള്ളു എന്നാണ് ഇനിക്ക തോന്നുന്നതു്.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷണൽ ഫൊഡ് സക്കാർവക്കീൽ): ഞാൻ പറയുന്നതെല്ലാം വിശ്വസിക്കണം, ഒവരം പ്രത്യുപനം മാത്രം ചെയ്യണമെന്നില്ല. എന്നാൽ ആവശ്യമുള്ള തെളിവു ഗ വണ്മെൻറുമുമ്പാകെ കൊണ്ടു വരുന്നതിനുള്ള മനസ്സും ഉണ്ടായിരിക്കണം.

മി. സി. പി. തരകൻ (കുന്നത്തുനാടു): സഭയുടെ പ്രിവിലേജിനെ സംബന്ധിച്ചു എന്തുപറയുന്നു? ഉള്ളദ്യോഗസ്ഥന്മാരുടെ കൈക്കൂലികായ്തങ്ങൾ ഉപയോഗിക്കുന്നതിനെ സംബന്ധിച്ചു എന്തുപറയുന്നു?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ അഡീക്കണൽ ഫൊഡ് സക്കാർവക്കീൽ): അതു് കോടതിമുമ്പാകെ ഇരിക്കുന്ന ഒരു കേസിനെ സംബന്ധിക്കുന്നതാകുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): അതല്ല. ഡിപ്പാർട്ട്മെൻറു അന്വേഷണത്തിൽ

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷണൽ ഫൊഡ് സക്കാർവക്കീൽ): അതുസംബന്ധിച്ചുള്ള ഖണ്ഡിതമായചട്ടം കാണിക്കാൻ സാധിക്കുന്നതല്ല. സാമാന്യമായി പറയുമ്പോൾ അതു ഗവണ്മെൻറിനുണ്ടായ ബോധത്തെ ആശ്രയിച്ചിരിക്കും. ഒരുദ്യോഗസ്ഥനെ കുറ്റപ്പെടുത്തുന്നതിനുമുമ്പായി ഗവണ്മെൻറിനു യുക്തിപൂർ മായ നിശ്ചയമുണ്ടായിരിക്കണം. അല്ലെങ്കിൽ ആ ആരോപ ഒരുദ്യോഗസ്ഥൻ എന്നനിലയിലും ഒരു മനുഷ്യൻ എന്നനിലയിലും അതു് അന്യായമായിരിക്കും.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): ഓരോമെമ്പരുടെ പ്രദേശത്തിൽ അന്വേഷിച്ചിരിക്കുന്ന തൊരവ ാളായ ആരോപണങ്ങളെക്കുറിച്ചു ഗവണ്മെൻറിനു ബോധമുണ്ടൊ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷണൽ ഫൊഡ് സക്കാർവക്കീൽ). അദ്ദേഹം സൂചിപ്പിക്കു ന്ന സംഗതിഎന്ത്? ഞാൻ ഇപ്പോൾ പ്രസ്താവിച്ചകാര്യം എൻറെ അഭിപ്രായപ്രകാരം ഒരുനല്ല ന്യായാനുസര ണമായ കാര്യമെന്നു.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): അതിനാൽ ഈ അഭിപ്രായം ഒവരം സ്വാഭിപ്രായമാണ്. ഒരു മെമ്പർ ഗവണ്മെൻറിനെ ബാധ്യതപ്പെടുത്തുന്നില്ലെ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീ. അഡ്വക്കേറ്റ് ജനറൽ): വാദപ്രതിവാദങ്ങളെ ഭയക്കുന്നില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഗവൺമെന്റിന്റെ പക്ഷത്തേക്കു മറുപടിപറയുന്നതിനു മറ്റംഗങ്ങൾക്കാർക്കെങ്കിലും വല്ലവരുമുണ്ടോ എന്നു ഞാനറിയാമോ? (സന്ദർശകന്മാരുടെ ഗ്യാലറിയിലേക്കു നോക്കുന്നു).

പ്രസിഡന്റ്: വാദപ്രതിവാദങ്ങൾക്കിടയിൽ കയറ്റപ്പെടുത്തലുണ്ടാകുന്നതായാൽ സന്ദർശകന്മാർ ഹാൾ വിട്ടുപോകേണ്ടതാണെന്നാജ്ഞാപിക്കുന്നതിനു ഞാൻ നിർബന്ധിതനായേക്കുമെന്നു ശങ്കിയ്ക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീ. അഡ്വക്കേറ്റ് ജനറൽ): എനിക്ക് അനുവദിച്ചിട്ടുള്ളസമയം നീണ്ടുപോയെന്നു ഞാനിക്കു തോന്നുന്നു. ഞാൻ ചൂണ്ടിക്കാണിക്കുന്നതു ഗവൺമെന്റുദ്യോഗസ്ഥന്മാർക്കെതിരായി അഴിമതിയെപ്പറ്റിയുള്ള വെറും പ്രഖ്യാപനംമാത്രം ചെയ്യുന്നതുപോരാ. യോഗ്യന്മാരായ ആളുകൾ മുമ്പിട്ടുവന്നു തങ്ങളുടെ പ്രഖ്യാപനങ്ങളെ തെളിയിക്കുന്നതിനു തയ്യാറുമായിരിക്കണം. അല്ലെന്നുവരികിൽ പബ്ലിക്കുസർവീസിൽ മാത്രമല്ല, ഒരു സർവീസിലും പ്രവേശിയ്ക്കുന്നവരുണ്ടാകയില്ല.

മി. കെ. നാരായണൻപണിക്കർ (അഡ്. ഗവൺമെന്റ് ചീഫ്സെക്രട്ടറി): സർ, എന്റെ സ്നേഹിതൻ മി. കയ്യാലം പരമേശ്വരൻപിള്ള ഇന്നുരാവിലെ ഈ ഉപേക്ഷാപാത്രത്തെക്കുറിച്ചു ഉൽഭവിപ്പിച്ചതായ വാദമുഖങ്ങൾക്കു ശരിയായി മറുപടിയേകുന്നതായ ചില താനും പ്രമേയങ്ങളെ സൗഹൃദപൂർവ്വമായി ഉപന്യസിച്ചതുനിമിത്തം എന്റെ കൃത്യനിർവ്വഹണത്തിന്റെ സംഹാരോദ്ദേശത്തിൽനിന്നും എന്നെ വിമുക്തനാക്കിരിയ്ക്കുന്നു എനിക്കു അത്യന്തം സന്തോഷഹേതുകമായിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അദ്ദേഹംപറഞ്ഞ മുഴുവൻ അഭിപ്രായത്തോടും ചീഫ്സെക്രട്ടറി യോജിക്കുന്നുണ്ടോ?

മി. കെ. നാരായണൻപണിക്കർ (അഡ്. ഗവൺമെന്റ് ചീഫ്സെക്രട്ടറി): ഞാൻ ഉടൻ പറയാം. ഞാൻ പറയുന്നതിനെ മുഴുവൻ മെമ്പർ സാവധാനം കേൾക്കണം.

വാദപ്രതിവാദത്തിനിടയിൽ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള പ്രധാനാശയം പബ്ലിക്കുസർവീസിലേക്കുള്ള ഉദ്യോഗനിയമനം ആണ്. ഇത് ചൂണ്ടിക്കാണിച്ചപ്പോഴും ഒരു വിഷമമുള്ള സംഗതി ആയിരുന്നു. അടുത്തവർഷങ്ങളിൽ ആ വൈഷമ്യം ഗണനീയമായവിധത്തിൽ അധികരിച്ചിട്ടുമുണ്ട് എല്ലാ ജാതിക്കാരിൽനിന്നുമുള്ള ആളുകൾക്കു പബ്ലിക്കുസർവ്വീസിലെ ഉദ്യോഗങ്ങൾ നൽകുന്നതിനായി സംസ്ഥാനത്തുള്ള നാനാവർഗ്ഗക്കാരുടെയും കഴിവുള്ളടത്തോളം തൃപ്തിപ്പെടുത്തുന്നതിനു ഗവൺമെന്റിനു സദാ മനസ്സും ഒരുക്കവും ഉള്ളവരായിരുന്നിട്ടുണ്ട്. ഇതു വൈഷമ്യമുള്ള ഒരുവിഷയത്തിൽ സാമാന്യനിയമങ്ങൾ ഏർപ്പെടുത്തുന്നതിനു എളുപ്പത്തിൽ സാധിക്കുന്നതല്ലെന്നു പലേ കമ്മറിമാരുടേയും പ്രസ്താവനകളിൽനിന്നു നമുക്കു സ്പഷ്ടമായിരിക്കണം. ഉദാഹരണമായിട്ടു, തിരഞ്ഞെടുപ്പിനെ ക്രമീകരിക്കുന്നതിനു തോതു് എന്തായിരിക്കണം. ഗ്രൂപ്പു് സമുദായമോ, പ്രദേശമോ അതോ ഒരുമെമ്പർ പറഞ്ഞപ്രകാരം ഒരു പ്രത്യേകസമുദായത്തിന്റെ ശാഖകളും, മറ്റുവിഭാഗങ്ങളുമോ എന്ന വേറൊരുതരത്തിലുമോ, അല്ലെങ്കിൽ മി. ശിവതാണുപിള്ള പ്രസ്താവിച്ചതുപോലെ ഭാഷയോ മതംപോലുള്ളതാണു, പ്രത്യേകമതങ്ങളിലും വിഭാഗങ്ങളും ഉണ്ടു്. ജാതി എടുക്കുന്നുവെങ്കിൽ, അതിലും അവാന്തരവിഭാഗങ്ങളും ഉണ്ടു്. ഭാഷ എടുക്കുന്നുവെങ്കിൽ അതിൽ ഭേദപ്രഭേദങ്ങളും ധാരാളമുണ്ടു്. വാസ്തവത്തിൽ, ഈ ലിസ്റ്റുകളിലെല്ലാം ഒരുപോലെ തൃപ്തിനൽകുന്നതായ ചുരുക്കംചില സാമാന്യനിയമങ്ങളും ഏർപ്പെടുത്തുന്നവിഷയത്തിൽ ഗവൺമെന്റിനു നേരിടുന്നതായ അനേകം വൈകല്യങ്ങളുണ്ടു്. കാര്യക്ഷമത സംബന്ധിച്ചിടത്തോളം, ശരിയായതത്വം, ഏറ്റവുമധികം നിന്നായവും ഏറ്റവും പ്രാപ്തനുമായാലും, ഉത്തമമായതിനെ തിരഞ്ഞെടുക്കേണ്ടതാണെന്നു സകലസമ്മതിക്കുമെന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു. അടുത്തകാലത്തു രാജ്യത്തുള്ള എല്ലാസമുദായങ്ങൾക്കും സമാധാനങ്ങളെ വീതിച്ചുകൊടുക്കുന്ന നയമാണ് ഗവൺമെന്റു സ്വീകരിച്ചിട്ടുള്ളതു്. രാജ്യത്തുള്ള എല്ലാസമുദായങ്ങൾക്കും അങ്ങനെയുള്ള അവസരങ്ങളെ എത്ര അധികമായിട്ടു കൊടുക്കുന്നുവോ, അത്രയും അധികമായി എല്ലാവിഭാഗങ്ങളും ഉപജാതികളും തങ്ങൾക്കു അധികമധികം പ്രാതിനിധ്യം വേണ എന്നുള്ള മുറവിളിയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എല്ലാസമുദായങ്ങളേയും തൃപ്തിപ്പെടുത്തുന്നവിഷയത്തിൽ എത്രത്തോളം വൈഷമ്യം ഗവൺമെന്റിനു നേരിടുന്നു എന്നുള്ളതിനെക്കുറിച്ചു ഒരു സങ്കല്പം നൽകുന്നതിനായിട്ടു മാത്രമാണ് ഞാൻ ഈ വാസ്തവങ്ങളെ പറഞ്ഞതു്. ഈ സഭയിലെ മെമ്പർമാർ പ്രസ്താവിച്ചതുപോലെ ഒരുദ്യോഗനിയമന കമ്മിറിനെയ ഏർപ്പെടുത്തുന്നപക്ഷം, രാജ്യത്തുള്ള വിവിധസമുദായങ്ങൾ തമ്മിൽ ഉണ്ടായിരിക്കേണ്ടതായ സൌഹാർദ്ദത്തെയും സന്മനസ്സിനേയും ഏറിയകാലമായിട്ടു ഇല്ലാതാക്കികൊണ്ടിരിക്കുന്ന ഈ ചൂഴ്ചകളെ ശമിപ്പിക്കുന്നതിനു സാധിക്കുമെന്നു് ആയിരുന്നു. ഉദ്യോഗനിയമന കമ്മറിനെയ ഏർപ്പെടുത്തണമെങ്കിൽ, അപ്പോഴും ആ കമ്മറിനെയ എങ്ങനെ രൂപീകരിക്കണമെന്നും, ഏതെല്ലാം സമുദായങ്ങൾക്കു അതിൽ പ്രാതിനിധ്യമുണ്ടായിരിക്കണമെന്നും ഉള്ള പ്രശ്നങ്ങളും ഉത്ഭവിക്കുന്നതിനിടയാകും. കൂടാതേ, കമ്മറിനിയുടെ തീരുമാനങ്ങൾ ജനങ്ങൾക്കു തൃപ്തി നൽകുന്നവയായിരിക്കുമെന്നു നിശ്ചയമുണ്ടോ?

മി. പി. സുബ്ബയ്യർ (ഗവൺമെന്റു നിയമിച്ച മെമ്പർ) (ഡിപ്യൂട്ടി പ്രസിഡണ്ടു്): മദ്രാസിൽ ഉദ്യോഗനിയമന കമ്മറിനെയ നിർണ്ണയിക്കുന്നതിനായി ഒരു പ്രത്യേകയോഗം നടക്കുന്നതുണ്ടെന്നു ചീഫ്സെക്രട്ടറിക്കറിയാമോഎന്നു് ഞാൻ ചോദിക്കട്ടെ?

മി. കെ. നാരായണൻപണിക്കർ (അഡ്. ഗവൺമെന്റു ചീഫ്സെക്രട്ടറി): ഉണ്ടു്. അതിന്റെ അർത്ഥം ഉദ്യോഗനിയമന കമ്മറിനെയ ഏർപ്പെടുത്തി പരീക്ഷിച്ചുകണ്ടുഎന്നും അതു് തൃപ്തിനൽകിയില്ല എന്നുമാത്രമല്ല അതുപോയേയും ഉണ്ടാക്കിത്തീർത്തു എന്നുംആണ്. സംബന്ധിച്ച എല്ലാസമുദായങ്ങളേയും തൃപ്തിപ്പെടുത്തുമെന്നു തോന്നുന്ന എന്തെങ്കിലും ഉപദേശത്തെ അംഗീകരിക്കുന്നതിനു തീർച്ചയായിട്ടും ഗവൺമെന്റിനു യാതൊരു വിരോധവും ഉണ്ടെന്നുതോന്നുന്നില്ല. പബ്ലിക്ക് സർവീസിലേക്കുള്ള ഉദ്യോഗനിയമനക്രമത്തിൽ എന്തെങ്കിലും സാമാന്യവിധികളെ ഏർപ്പെടുത്തുന്നവിഷയത്തിൽ ഗവൺമെന്റിനെ പ്രതിരോധിക്കുന്ന വൈഷമ്യങ്ങളെന്തെല്ലാമെന്നു സഭ ഇപ്പോൾതന്നെ നല്ലപോലെ ഗ്രഹിച്ചുകഴിഞ്ഞുമെന്നു ഞാൻ വിശ്വസിക്കുന്നു. മത്സരപരീക്ഷകൾ ഏർപ്പെടുത്തുക എന്നുള്ളതു് തീർച്ചയായ ഗവൺമെന്റിനു സ്വീകാര്യമായ ഉത്തമമാർഗ്ഗങ്ങളിൽ ഒന്നത്രെ. ആ സംഗതിയെപ്പറ്റിയുള്ള ഏതാനും നാട്ടുകാരുടെ ഗവൺമെന്റാലോചനയിൽ ഇരിക്കുന്നതുണ്ടു്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഞാൻ ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ. കായ്ക്ഷമതിഎന്നസംഗതി നിർണ്ണയിക്കുന്നതിനു പരീക്ഷായോഗ്യതകൊ കൂടാതെ വേറെ ഏതെങ്കിലും മാനദണ്ഡമുണ്ടോ?

മ. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇല്ല. എനിക്കു പറയാൻ സാധിക്കയില്ല. അതായത് വേറെ വല്ലയോഗ്യതയും ഉണ്ടെന്നു എനിക്കുപറയാൻ സാധിക്കയില്ല.

മി ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): വേറെ വല്ലതോരും ഉണ്ടെന്നു ഗവണ്മെൻറിനറിവില്ലേ?

മി. കെ. നാരായണൻപണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇല്ല പിന്നെ, അഴിമതിയെക്കുറിച്ചു പറയുമ്പോൾ, അതു് എവിടെ കാണപ്പെട്ടാലെങ്കിലും, ഉൻമൂലനം ചെയ്യണമെന്നാകുന്നു എന്നുള്ള അഭിപ്രായം ഗവണ്മെൻറ എല്ലായ്പ്പോഴും സ്വീകരിച്ചിരിക്കയാണ്, അവിടെയും ഗൗരവങ്ങളായ വിഷമങ്ങൾ ഗവണ്മെൻറിനു നേരിട്ടുണ്ട്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): മത്സരപരീക്ഷകളുടെ വിഷയത്തിലും ഒരു പ്രത്യേക പരീക്ഷകൻ ഏതുസമുദായത്തിലുള്ളവൻ എന്ന് പരാതിയുണ്ടായേക്കാംഎന്നു ഒരു വിഷമം ഉണ്ട്. ഇതിനെപ്പറ്റി ഏതു തീരുമാനിക്കും?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഈ പബ്ലിക്കുപരീക്ഷകൾ നടത്തുന്നതിനെപ്പറ്റി നമുക്കെല്ലാവക്കും ഒരുവിധം തൃപ്തിയാണുള്ളതു്. അതുകൊണ്ടു ജനങ്ങൾക്കു മറ്റു സമുദായങ്ങളുടെ തീർച്ചകളിലുണ്ടാകാവുന്നതിനെക്കാൾ കൂടുതൽവിശ്വാസം, ഈ പരീക്ഷകളിൽ ഉണ്ടാകുന്നതായിരിക്കും.

മി. തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഇപ്പോൾ കായ്ക്ഷമതനോക്കിയോ, വഴ്ചനോക്കിയോ, ഏതുനോക്കിയാണ് ഉദ്യോഗം കൊടുക്കുന്നതു?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇപ്പോൾ നടത്തിവരുന്നതു് പരീക്ഷായോഗ്യതയും വഴ്ചവും നോക്കീട്ടാണ്.

മി. തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അതിൽ ഏതിനാണ് പ്രാധാന്യം കൊടുത്തിട്ടുള്ളതു?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): അങ്ങനെ ഒന്നിനും പ്രത്യേകിച്ചു പ്രാധാന്യം കൊടുത്തിട്ടില്ലാ.

മി. തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): രണ്ടും തുല്യമായിട്ടാണോ വിചാരിക്കുന്നതു്.

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഏകദേശം അങ്ങിനെയാണെന്നു വേണം പറയാൻ.

മി. കെ. കെ. തോമസ് (കോട്ടയം): 'പയ്യാപ്പുത' എന്നുള്ളയോഗ്യത പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്കു യോഗ്യതയായി വിചാരിക്കാവുന്നതാണെന്നു ഞാൻ നിർദ്ദേശിക്കുന്നതിനെ അനുവദിക്കുമോ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): എല്ലാ ഉദ്യോഗങ്ങളിലേയും കാര്യത്തിൽ ഏറ്റവും കൂടുതൽയോഗ്യത നിശ്ചയിച്ചിട്ടുണ്ടു. അതിൽ ഏതൊരപേക്ഷകനും ഒരുദ്യോഗത്തിനാവശ്യപ്പെട്ടിട്ടുള്ള ഏറ്റവും കുറഞ്ഞയോഗ്യതയുണ്ടായിരിക്കുന്നപക്ഷം, അയാൾ കായ്ക്ഷമതയുള്ളവനായി ഗണിക്കപ്പെട്ടുന്നതാണ്.

മി. തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): പരീക്ഷായോഗ്യതയല്ലാതെ കായ്ക്ഷമതകാണിക്കാൻ വേറെ വല്ലമാർഗ്ഗവും ഉണ്ടൊ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതില്ലാഎന്നു പറഞ്ഞിട്ടില്ലല്ലോ?

മി. മാത്യു ചോദിച്ചു മറുപടി പറഞ്ഞുകഴിഞ്ഞു.

മി. എൻ. കുമാരൻ (ഗവണ്മെൻറ നിയമിച്ച മെമ്പർ): പബ്ലിക്കുസർവീസിലുള്ള ഉദ്യോഗങ്ങൾക്കായി തിരുവിതാംകോട്ടുള്ള ഒരു പ്രത്യേകസമുദായക്കാർ മറ്റു ഏതുസമുദായത്തെയുംകാൾ അധികം കായ്ക്ഷമതയുള്ളവരാണെന്നു ചീഫ്സെക്രട്ടറി വിചാരിക്കുന്നുണ്ടെന്നു പറയാമോ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): തീർച്ചയായിട്ടും ഇല്ല

മി. എൻ. വി. ജോസഫ് (പറവൂർ): കായ്ക്ഷമത എന്നവിഷയത്തെക്കുറിച്ചാലോചിക്കുമ്പോൾ, അപേക്ഷകൻ തിരുവിതാംകോട്ടു സ്വദേശിയൊ, അല്ലയൊ എന്നുകൂടി ആലോചിക്കേണ്ടതല്ലയൊ, അതോ വെറും കായ്ക്ഷമതയോഗ്യതമാത്രം ആലോചിച്ചാൽ മതിയൊ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സിക്രട്ടറി): കായ്ക്ഷമത സംബന്ധിച്ചു ആ പ്രശ്നം തീരെ ആവശ്യമില്ല. തിരുവിതാംകോട്ടുകാരെ മാത്രമെ സർവീസിൽ നിയമിക്കുവു എന്നൊരു വ്യവസ്ഥ തിരുവിതാംകോട്ട സർവീസറൂളേഷനിൽ ഇപ്പോൾതന്നെ ഉണ്ട്.

മി. എൻ. വി. ജോസഫ് (പറവൂർ): കൂടുതൽ കായ്ക്ഷമതയുള്ള ഒരു വിദേശീയൻ വരുന്നപക്ഷം വ്യവസ്ഥയ്ക്കു ഭംഗം വരുത്തുന്നില്ലെ?

മി. പി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സിക്രട്ടറി): ഇല്ല. തിരുവിതാംകോട്ടിനു വെളിയിലുള്ള ആളുകളുടെ യോഗ്യതയെക്കുറിച്ചു നമുക്കു എങ്ങനെ നിർണ്ണയിച്ചു, തിരുവിതാംകോട്ടുള്ളവരുടെ യോഗ്യതയുടെ തോതിനോടു താരതമ്യം കല്പിക്കാം?

മി. കെ. ഐ ജോസഫ് (ചീനക്കുടിയും-തേവികുളവും): അപേക്ഷകരുടെ പരീക്ഷാമാർക്കുകൾ വ്യത്യാസപ്പെടുത്തി വെളിപ്പെടുത്തുകയില്ലെ?

മി. പി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സിക്രട്ടറി): അതു സാധിക്കുകയില്ലെന്നു എനിക്കു തോന്നുന്നു ഓരോ സംഗതിയിലും അപേക്ഷകന്മാരുടെ സർട്ടിഫിക്കറ്റുകൾ വരുത്തി അയാൾക്കു കിട്ടിയ മാർക്കിൻറ സംഖ്യ തിട്ടപ്പെടുത്തുന്നതിനും പിന്നീടു അപേക്ഷകന്മാരുടെ താരതമ്യപ്പെടുത്തിയ കായ്ക്ഷമതയെക്കുറിച്ചു തീരുമാനംചെയ്യുന്നതിനും വളരെ പ്രയാസമുണ്ടായിരിക്കും.

പിന്നെ, പബ്ലിക്ക സർവീസിലെ അഴിമതിയുടെ കാര്യത്തിലേക്ക പ്രവേശിച്ചാൽ, തീർച്ചയായിട്ടും ഞാൻ രാഷ്ട്രീയമുള്ള അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ പക്ഷംപിടിച്ചു പറകയല്ലെങ്കിലും, മിസ്റ്റർ കയ്യാലം പരമശിവൻപിള്ള നിങ്ങളുടെ മുമ്പാകെ മകാണ്ടുവന്നിട്ടുള്ള അഭിപ്രായങ്ങളെ എനിക്ക അനുകൂലിക്കാതിരിപ്പാൻ നിവൃത്തിയില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അദ്ദേഹം പറയുന്ന കാര്യം എന്താകുന്നു?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സിക്രട്ടറി): മറിയായ തെളിവില്ലാതെ അങ്ങനെയുള്ള ഒരു സംഗതിയിൽ ഗവർണ്മെൻറിനു ക്ലിപ്തമായ നടപടിയൊന്നും നടത്തുന്നതിനു കഴിയുന്നതല്ലാ എന്നതെ പ്രത്യേകം.

മി. കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരുദ്യോഗസ്ഥൻ പതിവായി കൈക്കൂലിവാങ്ങുന്നുണ്ടെന്ന ഒരു വർത്തമാനപത്രത്തിൽ കാണപ്പെട്ടുന്നതായാൽ ആ പത്രത്തിൻറപേരിൽ വ്യവഹാരപ്പെട്ടുന്നതിനു ആ ഉദ്യോഗസ്ഥനോട ആവശ്യപ്പെട്ടുന്നതു തങ്ങളുടെ മുറയാണെന്നു ഗവർണ്മെൻറ വിചാരിക്കുന്നുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സിക്രട്ടറി): മില്ലാ സംഗതികളിലുമില്ല. ഒരു വർത്തമാനപത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു വൃത്താന്തത്തെകുറിച്ചു ... സ്ഥലാക്കിട്ടോ, ഒരുദ്യോഗസ്ഥനെതിരായി കിട്ടിയിട്ടുള്ള ഒരു ഹർജിയെ അടിസ്ഥാനപ്പെടുത്തിട്ടോ ആ ഉദ്യോഗസ്ഥൻറപേരിൽ ഗവർണ്മെൻറ നടപടി നടത്തുന്നതായാൽ, പബ്ലിക്ക് സർവീസിൻറെ രക്ഷ നാസ്തിയായിത്തീരുന്നതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): വളരെക്കാലമായി നിലനിന്നുപോരുന്ന ഒരു കമ്പനി തങ്ങളോട ഒരു ഗവർണ്മെൻറുദ്യോഗസ്ഥൻ കമ്മിഷൻ ചോദിച്ചതായി പറയുകയാണെങ്കിൽ അതു കുറെകൂടി ഗവർണ്മെൻറിനു വിചാരിപ്പാൻ അവകാശമില്ലെ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സിക്രട്ടറി) കല്പിതപ്രശ്നങ്ങൾക്ക ഉത്തരം പറയുന്നതിനല്ല ഞാൻ ഇവിടെ നിൽക്കുന്നതെന്നു മെമ്പർ ധരിക്കേണ്ടതാണെന്നു എനിക്ക അഭ്യർത്ഥനയുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടു): ഇതു ഒരു കല്പിതപ്രശ്നമല്ല. ഫോറിസ്റ്റ് കമ്പനിക്കാർ തങ്ങളോടു കമ്മിഷൻ ചോദിക്കുന്നു എന്നു ഗവർണ്മെൻറിനെ അറിയിച്ചതായാൽ എന്തുനടപടി നടത്തും?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സിക്രട്ടറി): ആ എഴുത്തുകണ്ടതായി ഞാൻ കാണാൻ ഇടയായിട്ടില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും) ചീഫ്സിക്രട്ടറി കൊല്ലം ദിവാൻപേഷ്കാരായിരുന്നകാലത്തു ഒരു തഹശീൽദാരെപ്പറ്റി അയാൾ കൈക്കൂലി വാങ്ങിയതായി കാണപ്പെട്ട എന്നു റിപ്പോർട്ടു ചെയ്തിട്ടില്ലെ എന്നു സഭയെ പറയാമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സിക്രട്ടറി): അങ്ങനെയല്ല ഞാൻ ആ റിപ്പോർട്ടയച്ചിട്ടുള്ളതു. എൻറെ മുമ്പാകെവന്ന തെളിവിൽനിന്നും ഒരു തഹശീൽദാർ കൈക്കൂലി പോലിച്ചതായിട്ടു അയാളുടെപേരിൽ എതിർക്ക ബലമായ സംശയമുണ്ടായിരുന്നു എന്നാണു ഞാൻ ആ തഹശീൽദാരെക്കുറിച്ചു റിപ്പോർട്ടു അയച്ചിട്ടുള്ളതു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ദിവാൻപേഷ്കാരുടെ അഭിപ്രായത്തെതാങ്ങി ട്രിനിക്കോപ്പലി കമ്മിഷണർ ഗവർണ്മെൻറിലേക്ക ഒരു റിപ്പോർട്ടയച്ചിട്ടില്ലെ?

പ്രസിഡൻറ്: തൻറെ അറിവിലപ്പെട്ടതിനെക്കുറിച്ചാണോ മെമ്പർ സംസാരിക്കുന്നതു?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഞാൻ ഉദ്യോഗസ്ഥൻറെ പേരു പ്രസ്താവിച്ചിട്ടില്ല. ചീഫ് സിക്രട്ടറി പറഞ്ഞു—

പ്രസിഡൻറ്: ട്രിനിക്കോപ്പലി കമ്മിഷണരുടെ റിപ്പോർട്ടിനെക്കുറിച്ചാണ് മെമ്പർ ചോദിക്കുന്നതു. അങ്ങനെ ഒരു റിപ്പോർട്ടയച്ചതായി മെമ്പർക്കറിയാമോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അറിയാം.

പ്രസിഡൻറ്: ഉദ്യോഗികമായ രഹസ്യവൃത്താന്തം എങ്ങനെ മെമ്പർക്ക കിട്ടുന്നതിനു സംഗതിവന്നു?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ സഭയിൽ അതെപ്പറ്റി വാദപ്രതിവാദം നടത്തിയിട്ടുള്ളതുകൊണ്ട്. ഈ സഭയിൽനിന്നാണ് എനിക്ക ആ വൃത്താന്തം കിട്ടുന്നതിനു ഇടയായിട്ടുള്ളതു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സിക്രട്ടറി): റിപ്പോർട്ടു മേലാവിലേക്ക അയച്ചിരുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): തഹശീൽദാർ ഇപ്പോഴും സർവീസിൽ ഇരിക്കുന്നുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സിക്രട്ടറി): ഉണ്ട്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ആ റിപ്പോർട്ടിന്മേൽ നടപടി നടത്തുകയും തഹശീൽദാർ ശിക്ഷ കഴിക്കപ്പെടുകയും ചെയ്തുവൊ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സിക്രിട്ടറി): സ്ഥലംമാറ്റമല്ലാതെ വേറെവിധം ശിക്ഷിക്കപ്പെട്ടിട്ടില്ലെന്നാണ് എൻറെ അറിവു.

പ്രസിഡൻറ്: ഇപ്പോൾ മദ്ധ്യാഹ്നഭക്ഷണത്തിനായി സഭ പിരിയുന്നു.

മണി 1 അടിച്ചു 10 മിനിട്ടായപ്പോൾ യോഗം പിരിഞ്ഞു.

മണി 2 അടിച്ചു 2 മിനിട്ടായപ്പോൾ വീണ്ടുംകൂടി.

മി. ജി. പരമേശ്വരൻപിള്ള (മനയ്ക്കാറിൻകര): നടപടികൾ ആരംഭിക്കുന്നതിനുമുമ്പായി ഈ അഭ്യർത്ഥനയ്ക്കായി സമയം ഇനിയും എടുക്കുകാണുമെന്നു പറയുമോ?

പ്രസിഡൻറ്: നമുക്ക ഇന്നത്തെത്തിലുള്ള മിനിട്ടുനേരംകൂടി ഉണ്ട്.

മി. ഡി. സഞ്ജീവർ (ഗവർണ്മെൻറ നിയമിച്ച മെമ്പർ) (ഡിപ്യൂട്ടി പ്രസിഡൻറ്): സർ, സഭയുടെ മുമ്പാകെയുള്ള ഉപക്ഷേപത്തെക്കുറിച്ചു വേണ്ടുവോളം സമയത്തേക്ക വാദപ്രതിവാദം നടന്നിട്ടുള്ളതിനാൽ സഭയെ ഈ വിഷയത്തിൽ അധികനേരത്തേക്ക താമസിപ്പിക്കണമെന്നു എനിക്ക തോന്നുന്നില്ല. വിമർശനത്തിനിടയ്ക്ക

തവളിപ്പെട്ടതും ഞാൻ അഭിപ്രായം പ്രകടിപ്പിക്കേണ്ടതാണെന്നു എനിക്കു ബോധമുള്ളതുംആയ ഒന്നുരണ്ടു സംഗതികളൊഴിച്ചു്, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു യാതൊന്നും പറയണമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഗവർണ്മെൻറു സർവീസിൽ വേണ്ടതായ പ്രാതിനിധ്യം എന്ന വിഷയത്തെക്കുറിച്ചു ഞാൻ ഒന്നാംതരമെന്നു പ്രസ്താവിക്കുന്നില്ല. എന്നാൽ സഭയിൽ സാമാജികന്മാർ പ്രകാശിപ്പിച്ചു വിളിന്നാകിപ്രായങ്ങളിൽനിന്നു എല്ലാ സമുദായങ്ങളെയും ഉപയോഗപ്പെടുത്തുവാൻ തക്കവണ്ണമുള്ള ഒരു പദ്ധതിയെ നിർമ്മിക്കുന്നതിനു സാധിക്കുമെങ്കിൽ, എന്തെന്നാൽ അധികം സന്തോഷം വേറെയുണ്ടാകയില്ലെന്നു സഭയോടു ഞാൻ ഉറപ്പുപറയുന്നു. വിഷയത്തെ ഞാൻ അവിടെ വിടുന്നു.

എന്നാൽ ഈ സഭയിൽ മഥനംചെയ്തു വെളിപ്പെട്ടതായ വേറൊരു സംഗതിയുണ്ടു്. അതായതു പബ്ലിക്ക് സർവീസിലെ അഴിമതിയാണു്. കുറെക്കാരായ ഉദ്യോഗസ്ഥന്മാരെ ശിക്ഷയിൽ കൊണ്ടുവരാൻ തക്കവണ്ണം എന്തെങ്കിലും സാധ്യമായ നിവൃത്തിമാർഗ്ഗം ഈ സഭയിൽ കണ്ടുപിടിക്കുന്നതിനു കഴിവുണ്ടാകുമോ എന്നു ഞാൻ ഉൽകണ്ഠയോടെ കാത്തിരിക്കയായിരുന്നു. എന്നാൽ, എനിക്കു അറിവുറയിടത്തോളം യാതൊരു നിവാരണമാർഗ്ഗവും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ആദ്യമായിട്ടു വ്യവഹാരാർത്ഥം ഈ രാജ്യത്തിൽ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുണ്ടെന്നു ഞാൻ സമ്മതിക്കാം. എന്നാൽ ഈ സഭയിൽ നിവൃത്തയുണ്ടാക്കേണ്ട വിഷയം അങ്ങനെയുള്ള കുറെക്കാരെ കണ്ടുപിടിക്കുന്നതിനും ശിക്ഷിക്കുന്നതിനും തക്ക വഴികൾ ഏ ... നതന്നെ. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുണ്ടെന്നും അവരെ ശിക്ഷയിൽ കൊണ്ടുവരേണ്ടതാണെന്നും പറഞ്ഞാൽ മാത്രംപോരാ, അതുകൊണ്ടു ഒരു വിധത്തിലും നിവൃത്തിയുണ്ടാകുന്നതല്ല. അതു സാധിക്കുന്നതിനുള്ള ഏകവഴി, അനേകംപേർ അനേകവിധത്തിൽ ഇതുവരെ പ്രകടിപ്പിച്ചിട്ടുള്ളപ്രകാരം, വിദ്യാഭ്യാസം, പൊതുജനാഭിപ്രായം മുതലായ സംഗതികളാകുന്നു. അവർ ഈ വിഷയത്തിൽ തങ്ങളുടെ ചുമതലയെപ്പറ്റി ബോധമുള്ളവരായിരിക്കയും ജനസാമാന്യത്തിന്റെ സാന്മാർഗ്ഗികബോധം പൂർവ്വാധികം ഉയർന്നുവരികയും വർത്തമാനപ്പത്രങ്ങൾ അങ്ങനെയുള്ള സംഗതികൾക്കു ശക്തിയായി വർത്തിക്കയും ചെയ്യുകിലല്ലാതെ, ഇതു സാധിതപ്രായമല്ലാതെ വന്നേക്കാമെന്നു ഞാൻ വിചാരിക്കുന്നു. ഒരുദ്യോഗസ്ഥൻ അഴിമതിക്കാരനാണെന്നു ആരെങ്കിലും പറഞ്ഞുകേട്ടുടനെകാണ്ടു, ഉടൻതന്നെ ഗവർണ്മെൻറു അതിന്മേൽ നടപടിനടത്തി ആ ഉദ്യോഗസ്ഥനെ ശിക്ഷിക്കയൊ, ഡിസ്മിസ് ചെയ്യണമോ വേണ്ടതാണെന്നു പറയുന്നതു യോഗ്യമായിട്ടുള്ളതല്ല. ഇങ്ങനെയുള്ള എല്ലാ സംഗതികളിലും ഒരു മനുഷ്യനേയും വിസ്തരിക്കുന്നതിനുമുമ്പായി കുറ്റമാരോപിക്കരുതാത്തതാകുന്നു എന്ന പ്രകൃതിധർമ്മപ്രകാരമുള്ള ഒരു ന്യായമുണ്ടു്. ഒരുദ്യോഗസ്ഥന്റെപേരിൽ അങ്ങനെ ഒരു പരാതിവന്നാൽ, ആ പരാതിയിന്മേൽ നടപടി നടത്തുന്നതിനു മുമ്പുതന്നെ ആ ഉദ്യോഗസ്ഥനു പറയാനുള്ളതിനെ പറഞ്ഞുകൊള്ളുന്നതിനു അവസരം കൊടുക്കേണ്ടതാകുന്നു. പരാതിക്കാരനും പ്രതിയും അഭിമുഖമായി വരികയും പരാതിക്കാരനെ ക്രോസ്സ്ചോദ്യങ്ങൾമൂലം പരീക്ഷിക്കയും പരാതിയിന്മേൽ നടപടി നടത്തുന്നതിനുമുമ്പായി ആവശ്യപ്പെടുന്ന എല്ലാ സംഗതികളും നിർവഹിക്കയും ചെയ്യേണ്ടതാകുന്നു. പ്രകൃതിധർമ്മം തുടരാതെ അനുസരിച്ചില്ലാതെ ഒരുദ്യോഗസ്ഥനെ ശിക്ഷിക്കുന്നതിനു കഴിവുണ്ടാകുന്നതല്ല. പൊതുജനക്ഷേമത്തെക്കരുതി, പബ്ലിക്ക്സർവീസിൽനിന്നു അഴിമതിയെ ഉന്മൂലനംചെയ്യുന്നതിനു അത്യാവശ്യമാകുന്നു എന്നുള്ള എന്റെ സ്നേഹിതനുടെ വാദത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. സാമൂഹികമത്സരം അത്രതീക്ഷ്ണമായിരിക്കുന്ന ഇക്കാലത്തു കേട്ടുകേൾവിയും, വെറും കുറ്റാരോപണവും അടിസ്ഥാനമാക്കിക്കൊണ്ടു ഒരുദ്യോഗസ്ഥനെ അഴിമതിക്കാരനാണെന്നു വിധിക്കയും, ശിക്ഷാർഹനാക്കുകയും ചെയ്യേണ്ടതാണെന്നു പറയുന്നതു അശേഷം ശരിയല്ല. അതിനെയുള്ള ഒരു പ്രമേയത്തിനവകാശം ഒട്ടുമില്ല. ഈ സംഗതിക്കു നിവൃത്തിയുണ്ടാക്കുന്നതിലേക്കു ഇനിയും ഒരു ഏകമാർഗ്ഗമുള്ളതു ഗവർണ്മെൻറുമുമ്പാകെ മതിയായ തെളിവു കൊണ്ടുവരികയും, ഉദ്യോഗസ്ഥനെ കുറ്റം വിധിക്കുന്നതിനുമുമ്പായി, തന്റെ പ്രവൃത്തികൾക്കു സമാധാനം കൊടുക്കുന്നതിനും തന്നെത്താൻ രക്ഷിക്കുന്നതിനുമായിട്ടു ധാരാളം അവസരം നൽകുകയും ചെയ്യുന്നതാകുന്നു. ആ തെളിവു ഗവർണ്മെൻറുമുമ്പാകെ കൊണ്ടുചെല്ലുന്നതിനും, അതിനുള്ള യോഗ്യതകളായ അതു പരീക്ഷിച്ചുറിയുന്നതിനും, അനുവദിക്കപ്പെടുന്നതും കുറ്റമാരോപിക്കപ്പെട്ട ആളിനു തന്നെത്താൻ രക്ഷിക്കുന്നതിനു അവസരം നൽകുകയും ചെയ്യുന്നതിനു ജനങ്ങൾക്കു ഒരുക്കമില്ലാത്തപക്ഷം, പ്രസ്തുത ഉദ്യോഗസ്ഥനെ കുറ്റക്കാരനെന്നു വിധിക്കുന്നതിനു കഴിയുന്നതാണെന്നു ഞാൻ നിരൂപിക്കുന്നില്ല. അങ്ങനെ പ്രകൃതിധർമ്മം എന്നുള്ള തത്വമനുസരിച്ചു യാതൊരു ഉദ്യോഗസ്ഥനേയും അയാളുടെ സമാധാനം കേൾക്കാതെയും അയാൾക്കു കുറെ ബോധമുണ്ടാകത്തക്ക തെളിവുകൂടാതെയും കുറ്റം വിധിച്ചുകൂടാ എന്നു സമർത്ഥിക്കുന്നതു ഏറ്റവും അത്യാവശ്യമാണെന്നുള്ളതാകുന്നു എന്റെ അഭിപ്രായം. ഇതിലും കൂടുതലായി എന്തെങ്കിലും പറയണമെന്നു എനിക്കപേക്ഷയുമില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): തെക്കുള്ളവരിക്കൊടുക്കാമെന്നു ഒരുക്കമുള്ള ആളും ശിക്ഷയ്ക്കു അർഹനാണെന്നു മിസ്റ്റർ സുബ്ബയ്യർക്കു അറിയാവുന്നതല്ലേ?

മി. വി. സുബ്ബയ്യർ (ഗവർണ്മെൻറു നിയമിച്ച മെംബർ) (ഡിപ്യൂട്ടി പ്രസിഡൻറ്): നിശ്ചയമായിട്ടും മോഷണങ്ങളും കൂട്ടായ്മകച്ചവടങ്ങളും രാജ്യത്തു നടക്കുന്നുണ്ടു് ഒരു പ്രത്യേകമനുഷ്യൻ മോഷണമൊ കൂട്ടായ്മകവച്ചവയൊ നടത്തീട്ടുണ്ടെന്നു അയാളുടെ പേരിലുള്ള തെളിവിനെ ആലോചിക്കാതെ എങ്ങനെ വിധിക്കാൻകഴിയും? ഒരാളെ മറ്റൊരു സംശയത്തിന്മേൽ ശിക്ഷിക്കുന്നതു മതിയാകുന്നതല്ല അയാളുടെപേരിലുള്ള തെളിവു നിഷേധിക്കാൻ കഴിയാതവണ്ണം അയാളുടെ കുറ്റത്തിൽ വരുത്തണം. ഉദ്യോഗസ്ഥന്മാരുടെ വിഷയത്തിൽ, ഒരു ഉദ്യോഗസ്ഥനെ ശരിയായ തെളിവുകൂടാതെയും അയാളുടെ സമാധാനം കേൾക്കാതെയും കുറ്റമാരോപിക്കയും വിധിക്കയും ചെയ്യുന്നതു ക്രൂരവും കഠിനവും ആകുന്നു

പ്രസിഡൻറ്: സഭാസാമാജികന്മാരെ ഈ സമുദായകസവിസ്തരം വിമർശനം ചെയ്തിട്ടുള്ള വിഷമങ്ങളായ പ്രമേയങ്ങളെപ്പറ്റി ഞാൻ വല്ലതും പ്രസ്താവിക്കണമെന്നു നിങ്ങൾക്കു ആഗ്രഹമുണ്ടോ എന്നു എനിക്കറിയാൻ പാടില്ല. വിഷയം മുഴുവനായി പബ്ലിക്ക് സർവീസിനെ സംബന്ധിച്ചു ഇന്നാവിധം നടന്നിട്ടുള്ള വാദപ്രതിവാദത്തിൽനിന്നു ഏതാനും സാമാന്യസംഗതികൾ വെളിപ്പെട്ടിട്ടുണ്ടു്

ഒന്നാമതു, ഉദ്യോഗനിയമനം എന്ന ഈ വിഷയം തന്നെ. നിയമനം സാമുദായികപ്രാതിനിധ്യമാർഗ്ഗത്തിലൂടെയാണിരിക്കുന്നതു്. ഞാൻ ഇവിടെവന്നു കുറെക്കഴിഞ്ഞതിൽപിന്നെ, വളരെ പ്രശ്നം സൂക്ഷ്മഗ്രഹമായ ഒരു

ഉദ്യോഗസ്ഥൻ തിരുവിതാംകൂറ്റിലെ രാഷ്ട്രീയമായ എല്ലാ വിഷയങ്ങളിലും ഉദ്യോഗമാനവിഷയമെന്ന അവലംബിച്ചാണ് ഇരിക്കുന്നതു എന്നുള്ള നിന്ദ്യപ്രണയത്തെ പ്രസ്താവിക്കയുണ്ടായി. (മിസ്റ്റർ ജി. പരമേശ്വരൻപിള്ള: കേൾപ്പിൻ! കേൾപ്പിൻ!) അതു അങ്ങനെതന്നെ വിചാരിക്കുന്നപക്ഷം എനിക്കു വളരെ വ്യസനമുണ്ടാക്കിത്തീർന്നതുകൊണ്ടു. എന്നാൽ അതു അങ്ങനെതന്നെ ആണെന്നു സൂചിപ്പിക്കുന്ന ലക്ഷണങ്ങളും കാണാതെയില്ല. അനേകം വർഷങ്ങൾക്കുമുമ്പു നാമെല്ലാവരും അത്യന്തപ്രയായ ഒരു കുടുംബമായിരുന്നപ്പോൾ സംഗതികളുടെ സ്ഥിതി വ്യത്യസ്തമായിത്തന്നെ ഇരുന്നു. എന്നാൽ ഇപ്പോൾ കാണുന്നതിനു അവസ്ഥ മാറിയിട്ടുള്ളതിനു കാരണപ്പെടുന്നു. ഈ മാറ്റത്തിനു കാരണമെന്തു? എന്റെ അഭിപ്രായം മതവിശ്വാസത്തിൽനിന്നുണ്ടായിട്ടുള്ളതല്ലെന്നുവരുന്നതിനുമുമ്പു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഇതെല്ലാം ജീവിതമാർഗ്ഗത്തിൽനിന്നുണ്ടായിട്ടുള്ളതാണ് എന്റെ അഭിപ്രായം. ഓരോ സമുദായത്തിനും അതിലെ അംഗങ്ങൾക്കു ഒരു ഉപജീവനമാർഗ്ഗം കണ്ടുപിടിക്കുന്നതിനുള്ള അവസരങ്ങളെ മത്സരബുദ്ധിയോടും ഉത്സാഹത്തോടുംകൂടെ പരിരക്ഷിക്കേണ്ടതായി വന്നിരിക്കുന്നു. ഈ ഉപജീവനമാർഗ്ഗം എന്തു? ഗവർണ്മെന്റു സർവീസ് എന്തുകൊണ്ടു? പേരു ഒന്നിനും പറ്റുവാനുമാകാത്തവിധത്തിൽ എല്ലാവർക്കും വിദ്യാഭ്യാസം ലഭിച്ചിരിക്കുന്നു. നാം ബി. എ.-ക്കാരെ സൃഷ്ടിച്ചുവിടുന്നു. നമ്മുടെ യുവാക്കന്മാർ കോളേജുവിദ്യാഭ്യാസം മാറ്റിക്കഴിയുമ്പോഴേക്കും, പിന്നീടു ഗവർണ്മെന്റു സർവീസിനു പ്രവേശിക്കാമെന്നു മിക്കവാറും ആശയുള്ളവരായിരിക്കുന്നു. ഈ ഗ്രാഡുവെയിറ്റുകളുള്ളവർക്കും വീതിച്ചുകൊടുക്കുന്നതിനു തക്കവണ്ണം ഗവർണ്മെന്റുദ്യോഗങ്ങളുമില്ല. ഒരോരുത്തർക്കും കൊടുക്കുന്നതിനെന്നുകയില്ല. സമുദായങ്ങൾ തമ്മിൽ ശത്രുതയോടും മിന്നതരത്തോടുംകൂടെ വർത്തിക്കുന്നതിനു ഹേതുവാക്കിത്തീർത്തിട്ടുള്ളതും എന്റെ അഭിപ്രായത്തിൽ കണ്ടുപ്പാടിനും നാശത്തിനുംകൂടെയും കാരണമായിരിക്കുന്നതുമായ ഈ മാവിളി ഉദ്യോഗങ്ങൾക്കായുള്ള ഈ മത്സരവും ക്ഷമയില്ലായ്മയും ഉണ്ടാക്കുന്നതിനു ഇടയാക്കുന്നതു ഇതിൽനിന്നത്രേ.

ഈ സഭയിൽ ചുമതലബോധമുള്ള ഓരോ മെംബരും ഒരു പൌരന്റെ നിലയിലും രാജ്യത്തെ ബാധിച്ചിട്ടുള്ളതും വർദ്ധമാനവുമായ ഈ ദുഷ്പ്രഭുത്വത്തെ പരിഹരിക്കുന്നതിനുവേണ്ടി യഥാശക്തി യത്നിക്കുമെന്നു എനിക്കു വിശ്വാസമുണ്ടു. (മിസ്റ്റർ ജി. പരമേശ്വരൻപിള്ള: കേൾപ്പിൻ, കേൾപ്പിൻ!).

ധനകാര്യസിക്രട്ടറി ആയവ്യയകണക്കുസംബന്ധിച്ചുള്ള തന്റെ പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതുപോലെ എന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസത്തിനു പരിഷ്കാരം വരുത്തുന്നതു ലഘുവായ ഇതിനു തക്കതായ ഒരു പ്രതിഷേധം കിടക്കുന്നു. നമ്മുടെ വിദ്യാഭ്യാസം നിമ്നശ്രേണികളെയോ കീഴ്ശ്രേണികളെയോ ചെയ്യുകിടയിലും എങ്കിലും നമ്മുടെ യുവാക്കന്മാരെ പ്രതിഫലം ലഭിക്കുന്നതിനും മാനമുള്ളതുമായ ജീവിതയന്ത്രങ്ങളിലേക്കു പുറപ്പെട്ടുവാൻ സഹായിക്കുന്ന സങ്കേതങ്ങളിലും ദ്വാരങ്ങളിലും എത്തിക്കുവാൻ രക്ഷപ്പെടുത്തുള്ള മാർഗ്ഗങ്ങളിൽ തിരിച്ചുവിടേണ്ടതുമാകുന്നു. ആ വിദ്യാഭ്യാസത്തെ എങ്ങനെ മാറണമെന്നോ തിരിച്ചുവിടണമെന്നോ ഇപ്പോൾ എനിക്കറിയുവാൻ വഹിയാ. നിങ്ങളിൽ അനേകംപേർക്കും അതറിയാമെന്നും ഞാൻ വിചാർക്കുന്നില്ല. കുറെ ശ സ്ത്രീയമായി വ്യവഹരിക്കുന്നതിനുകഴിയും. അസ്പഷ്ടങ്ങളായ നിർദ്ദേശങ്ങളും ഉണ്ടായിരിക്കാം. എങ്കിലും അവയെ രാജ്യത്തിനുപയോഗപ്രദമാക്കിത്തീർക്കണമെങ്കിൽ വാസ്തവസംഗതികൾകൊണ്ടു അവയെ പരീക്ഷിക്കേണ്ടതാകുന്നു. ഇതു ഒന്നോ, രണ്ടോ ദിവസങ്ങൾകൊണ്ടു നിവൃത്തിയുണ്ടാക്കാവുന്ന സംഗതിയുമല്ല. ഞാൻ ഇവിടെ വന്നതിനുപിന്നെയുള്ള ആറു ആഴ്ചവട്ടങ്ങൾക്കുള്ളിൽ സംഗതിയുടെ എല്ലാ അന്വേഷണമാർഗ്ഗങ്ങളെയും കണ്ടെത്തിയിട്ടില്ല. ഇതിനെല്ലാം സമയം ആവശ്യമാകുന്നു. മിസ്റ്റർ ജാക്ക് പറഞ്ഞതുപോലെ നാം അതിനെക്കുറിച്ചു സാവധാനം പെരുമാറിച്ചിന്തനംകഴിക്കേണ്ടതാകുന്നു. പ്രതിനിധികളുടേയും അന്യോന്യസ്ഥാപക്ഷാഭിപ്രായനേതാക്കളുടേയും സഹായത്താൽ, ഗവർണ്മെന്റു വല്ലവിധത്തിലും ഒരു നയത്തെ രൂപീകരിച്ചിട്ടു, ആ നയത്തെത്തന്നെ വേഗമായി പിടിച്ചുകൊണ്ടുപോകയും ചെയ്യണമെന്നതാകുന്നു. അതു എത്രശീഘ്രത്തിൽ സാധിതപ്രായമാകുന്നുവോ അതു നന്നായിരിക്കും. അതു മൂന്നുമാസംകൊണ്ടോ ഒരു വർഷംകൊണ്ടോ ചെയ്യുവാൻ സാധിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല.

പിന്നത്തെ സംഗതി, പബ്ലിക്ക് സർവീസിനെപ്പറ്റി കുറെ അഭിപ്രായഭിന്നതയുണ്ടെന്നുള്ളതാണ്. അഴിമതിക്കായിട്ടെന്നപ്പറഞ്ഞിരുന്ന ഒരു വാദം നടന്നു. കൈക്കൂലിയെയോ അഴിമതിയെയോ സംബന്ധിച്ചോ കുറെയാരോപിക്കപ്പെട്ടിട്ടുള്ള ഒരാളെ ശിക്ഷിക്കുന്നതിലോ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിലോ ഗവർണ്മെന്റു വല്ലപ്പോഴും വൈമുഖ്യം കാണിച്ചിട്ടുണ്ടെന്നുള്ള അഭിപ്രായം ആരുതന്നെ ഒരു നിമിഷംപോലും സംവഹിക്കയില്ലെന്നു എനിക്കു നല്ല നിശ്ചയമുണ്ടു്. സർ. ടി. മാധവറാവു് ഇവിടെവന്നു അഴിമതി നിരോധനത്തിലാക്കിയതിൽപ്പിന്നെയുള്ള ഏതാനും വർഷങ്ങളുടെ ചരിത്രത്തിൽ, തിരുവിതാംകൂറ്റിൽ ഉണ്ടായിട്ടുള്ള ഒരു ഗവർണ്മെന്റും തന്നെ കൈക്കൂലിയേയും അഴിമതിയേയും സംവഹിക്കയോ, നിസ്സാരമെന്നു ഗണിക്കുകയോ, ചെയ്തിട്ടുണ്ടെന്നു ഞാൻ ക്ഷണംപോലുമെത്തിക്കുമെന്നു വിചാരിക്കുന്നില്ല. എന്നാൽ ഈ വിഷയം വളരെ വിഷമമുള്ളതാണെന്നതു. ഒരു കാര്യം നിങ്ങളുടെ ഓർമ്മയിൽ ഇരിക്കേണ്ടതാണ്. കൈക്കൂലിക്കായും വാങ്ങുന്നവനേയും കൊടുക്കുന്നവനേയും ഒരുപോലെയിഷ്ടമെന്നു കൂട്ടുകയിടുന്നു. അതുകൊണ്ടു കള്ളന്മാർ തങ്ങളിൽ പിണങ്ങിയല്ലാതെ, മറ്റൊരുത്തരായ മനുഷ്യർക്കു കൈക്കൂലിവാങ്ങുന്ന ആളിനെ കണ്ടുപിടിക്കുന്നതിനു സാധിക്കുന്നതല്ല.

വേറൊരുസംഗതി പൌരത്വത്തേയും കുമ്മായത്തേയുംകുറിച്ചു സൂചിപ്പിച്ചുപോയ ബോധത്തെ. ഒരു കള്ളനെ തടഞ്ഞുനിറുത്തി അവനെ പിടിച്ചുവയ്ക്കുന്നതിനോ, ഒരു കുറ്റം ചെയ്യുന്നതിൽനിന്നു അവനെ വിരോധിക്കുന്നതിനോ, എല്ലാ പൌരന്മാരോടും ആവശ്യപ്പെടുന്നതിനു ഒരു പോലീസുകാരനു അവകാശമുണ്ടു്. അങ്ങനെതന്നെ ഒരു കൈക്കൂലിക്കാരനെ തടുക്കുന്നതിനും, കൈക്കൂലികുറ്റം ചെയ്യുന്നതിൽനിന്നു വിരോധിക്കുന്നതിനും എല്ലാ പൌരന്മാരോടും ആവശ്യപ്പെടുന്നതിനുള്ള അവകാശം ഗവർണ്മെന്റിനുണ്ടു്. അങ്ങനെയുള്ള സഹായിക്കുന്നതിനായിട്ടു എത്ര പൌരന്മാരുണ്ടു? വളരെപ്പേർ കള്ളനെപിടിക്കുന്ന കാര്യത്തിൽ കാണാവുന്ന ഉത്സാഹമെല്ലാമില്ലെങ്കിലും പൌരന്മാരും കൈക്കൂലിക്കുറ്റത്തിനു വേണ്ടുള്ള കേസുവിസ്താരത്തെ സംബന്ധിച്ചു എല്ലാ ഉപദ്രവവും സഹിക്കുന്നതിനും, ഇഷ്ടമില്ലാത്ത പരിതസ്ഥിതികളിലേക്കു ആകർഷിക്കപ്പെടുന്നതിനുള്ള ഒരു മനസ്സംഘട്ടനകാരണത്താൽ, ബുദ്ധിപൂർവ്വം അടുത്തുകാണുന്ന മുഖത്തിരുന്നു, അപ്രത്യക്ഷമാകും. അവർ അധികം ക്ഷേമകരമായ വഴിയിലൂടെപോകയും, കൈക്കൂലിക്കാരനെ കണ്ടുപിടിക്കുന്നതിലും ശിക്ഷിക്കുന്നതിലും സഹായിക്കുന്നതിനു

നൊ, കണ്ടുപിടിക്കുന്നതിനൊ വേണ്ടതായ തെളിവുകൊടുക്കുന്നതിനൊ ആവശ്യംവരുന്നേരം, അധികം ബുദ്ധിപൂർവ്വമായ വഴിയിൽക്കൂടിനടന്നു, നിരോധംനടം ചെയ്യുകയുണ്ടു.

ഒരു കപ്പൽരൻ തന്റെ മുറകചെയ്യുന്നുഎന്നു വിചാരിക്കുന്നതായ വേറൊരു വഴിയുംഉണ്ടു്. തന്റെ കഥ കഴിക്കേണ്ടുകുന്നു. അവിടവിടെ സംഗതികളെപ്പറ്റി പിറുപിറുക്കുകയും ഒടുവിൽ തന്റെ സ്വന്തചെലവിയിൽ ഒരു മന്ത്രിക്കയുംചെയ്യുന്നു. ആരോ ഒരുത്തൻ മറ്റൊരുത്തനോടു വേറൊരുവൻ കപടനെന്നു ധനവാൻആയിതീർന്നിരിക്കുന്നുഎന്നൊ, പൊട്ടന്നു ധനവാനാകുന്നതിനുള്ള മാർഗ്ഗങ്ങൾകൊണ്ടുനടന്നാ ആയിരിക്കാം പറയുന്നതു്. ഇങ്ങനെ, ഇന്നാരു കൈക്കൂലിക്കാരനാണെന്നു ബലമായ ഊഹം എല്ലാവരുടെയും മനസ്സിൽ ഒരു പരമസത്യമായി പരിണമിക്കുന്നു. ഇങ്ങനെയുള്ള കഥകൾ എങ്ങിനെയാണു പർപ്പിച്ചുവരുന്നതു എന്നു് നമുക്കു എല്ലാവർക്കും അറിയാവുന്നതാണ്. പക്ഷെ ഇതു ചിലപ്പോൾ, കൂടുതൽ പുകയും കുറച്ചുമാത്രം തീയും, എന്നപോലെ ഇരിക്കുമെങ്കിലും, ചിലപ്പോൾ അതു പുകപോലെ തോന്നുന്നു. അടുത്തു പരിശോധിക്കുമ്പോൾ, അസൂയയിൽനിന്നുണ്ടായിട്ടുള്ള മഞ്ഞുമാത്രമെന്നു തെളിയുന്നതുമാകുന്നു. ചുരുക്കം ആവിപ്പൊങ്ങലല്ലാതെ വേറെ ഒന്നുമല്ലാതെയിരിക്കാം. ഈ സംഗതിയിൽ ഇന്നാരു കൈക്കൂലിക്കാരനാണെന്നുപ്രഖ്യാപനംചെയ്യുന്ന പൊതുജനാഭിപ്രായത്തിനു, എന്നാൽ അന്വേഷണത്തിൽനിന്നു എനിക്കു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുള്ളതു്, ഒരു മാനേജരുടെ കേസിനെ എതിരിട്ട വിജയകരമായി വ്യവഹരിക്കുന്നതിനു അങ്ങിനെയുള്ളവർ ധനിയുണ്ടു എന്നുകൂടെ. സംഗതി അങ്ങിനെ ആണെന്നിക്കാത്ത തെളിവുകളെ കൊടു

പ്രസിഡന്റ്: പ്രസിഡന്റ എന്നനിലയിൽ എനിക്ക ഏതു ഘട്ടത്തിലും സംസാരിക്കാവുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വോട്ടെടുക്കുന്നതിനുമുമ്പേ പ്രസിഡന്റ് ഏർപ്പാടിനേയും ഉപസംഹരിക്കുകയാണ് ചെയ്യുന്നതെന്ന ഞാൻ വിചാരിച്ചു.

പ്രസിഡന്റ്: അതു എന്റെ മനസ്സിലുണ്ടായിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ മനസ്സിലുണ്ടായ ബോധം അങ്ങിനെ ആയിരുന്നു.

പ്രസിഡന്റ്: റൂൾ 34 (2) പറയുന്നതു: "ഉപക്ഷേപത്തിന്മേൽ വോട്ടെടുക്കുന്നതിനു മുമ്പായി ഏതു സന്ദർഭത്തിലും പ്രസിഡന്റിനു സഭയെ അനുവദിക്കുന്നതിനു അവകാശമുണ്ടായിരിക്കാവുന്നതാണ്" എന്നാകുന്നു

മി. ജി. പരമേശ്വരൻപിള്ള (തൈയ്യാറിൻകര): നിയമസഭാരൂളുകളിൽ പ്രസിഡന്റ് സഭയെ അടിയടിക്കുന്നതിനു നിർദ്ദേശിച്ചിരിക്കുന്ന ഏകമായ പൂവ്കളുന അതാകുന്നു. നിഷ്ഠുവശാൽ അതാകുന്ന സന്ദർഭം. പ്രസിഡന്റ് ദിചാൻ ആയിരിക്കുന്നതിലാണ് ഒഴിവുദം നേരിട്ടിരിക്കുന്നതു്.

പ്രസിഡന്റ്: ഉപക്ഷേപം വോട്ടിനിടുന്നതിനുമുമ്പായി അദ്ദേഹത്തിനു സംസാരിക്കാവുന്നതാണ്, ഉപക്ഷേപം വോട്ടിനിടുന്നതിനു തൃത്യം മുമ്പായിട്ട അദ്ദേഹം അടിവലിക്കണമെന്ന അവശ്യം അർത്ഥമാകുന്നില്ല.

മി. ജി. പരമേശ്വരൻപിള്ള (തൈയ്യാറിൻകര): പ്രശ്നം വോട്ടിടുന്നതിനു മുമ്പായി അദ്ദേഹം അടിവലിക്കണമെന്ന മാത്രമെ അതു പറയുന്നുള്ളു, അതുമാത്രമേയുള്ളു.

പ്രസിഡന്റ്: അതുകൊണ്ട് പ്രശ്നം വോട്ടിനിടുന്നതിനുമുമ്പു ഏതുഘട്ടത്തിലും പ്രസിഡന്റിനു സംസാരിക്കുന്നതിനു അവകാശമുണ്ട്.

മി. ജി. പരമേശ്വരൻപിള്ള (തൈയ്യാറിൻകര): വാദപ്രതിവാദം അവസാനിച്ചതിനുശേഷം ഉപക്ഷേപം വോട്ടിനിടുന്നതിനു തൃത്യം മുമ്പും മാത്രം പ്രസിഡന്റ് സംസാരിക്കുന്നു എന്നാണ് പ്രവൃത്തിയിലും കണ്ടുവരുന്നതു്.

പ്രസിഡന്റ്: ഞാൻ അങ്ങനെതന്നെ ചെയ്യുംഎന്നാണ് വിചാരിച്ചതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആയം വിഷയത്തെക്കുറിച്ചു സംസാരിക്കുന്നതിനാഗ്രഹം കാണിച്ചില്ല. അതുകൊണ്ടു വിവാദം അവസാനിച്ചുന്നു് എല്ലാവരും വിചാരിച്ചിരുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): എനിക്ക അനുവദിച്ചിട്ടുള്ള സമയം തീർന്നപോകുന്നതിനുമുമ്പു എനിക്കാദ്യമായി പറയാനുള്ളതു് മാമെംബറുടെ മരുപടിക്ക സമാധാനമാണ്. മാമെംബർ പറയുന്നതു് ഒരു കമ്പനിയിൽനിന്നും കമ്മിഷൻ ചോദിച്ചുവാങ്ങുന്നതു പതിവായിരുന്നാൽ അതു കുറകരമല്ലെന്നാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (ആസ്റ്റിങ്ങ് അഡീക്ഷണൽ ഹോഡ് സക്കാർവക്കീൽ): ഞാൻ പറഞ്ഞതു തീരെ അതല്ലായെന്ന മൂണ്ടിക്കാണിക്കുകൊള്ളട്ടെയോ?

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): അങ്ങനെ ഒരു കമ്പനിയിൽനിന്നു കമ്മിഷൻ വാങ്ങുന്നതു് നടപ്പായിരുന്നാൽ ധാരാളം വാങ്ങിക്കൊള്ളാമെന്നാണ് പറയുന്നതു്. ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ലെന്നു മാത്രമല്ല, മാമെംബറുടെ അഭിപ്രായത്തിൽ പൊതുജനങ്ങൾക്കുവേണ്ടി ഞാൻ സങ്കടപ്പെടുകയും ചെയ്യുന്നു. പിന്നെ മരനാരുസംഗതി അദ്ദേഹം പറഞ്ഞതു്, ഈ ജനപ്രതിനിധികൾവന്നു ഗവർണ്മെന്റിനോടു കാര്യം പറയുകയും, ഉദ്യോഗസ്ഥന്മാരുടെ മേലുള്ള കേസുകൾക്ക വേണ്ട തെളിവുകൊടുക്കയും ചെയ്യണമെന്നാണ്. ഈ അഭിപ്രായം കഴിഞ്ഞ പ്രജാസഭയിൽ അന്നത്തെ ദിവാൻജിയവർകളും പറയുകയും അതിനെ തുടർന്നു ഇന്നു മിസ്റ്റർ സുബ്ബയ്യർ പ്രസംഗിക്കയുമുണ്ടായി. അദ്ദേഹം പറയുന്നതു പൊതുജനങ്ങൾ മുമ്പാകെ പന്ത്രണ്ടു തെളിവുകൊടുക്കണമെന്നാണ്. കഴിഞ്ഞ പ്രജാസഭ കഴിഞ്ഞതിൽപിന്നീടു അതിനെപ്പറ്റി പരിശോധിക്കണമെന്നുള്ളതിനു, പൊതുജനങ്ങളും അവരുടെ പ്രതിപുരുഷന്മാരും, ഗവർണ്മെന്റിന്റെ മുമ്പാകെ പല സംഗതികളും കൊണ്ടുവരുവാൻ ഇടയായിട്ടുണ്ട്. അങ്ങനെയുള്ള സംഗതികളിൽ ഒന്നു ന്യായമായ നടപടിയില്ലാത്തതുകൊണ്ടാണ്, അതിൽ രക്ഷയില്ലെന്നു ജനങ്ങൾക്ക തോന്നാൻ കാരണമായതു്. ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ നിത്തൽചെയ്യുന്നതിനു ഗവർണ്മെന്റിനോടു ആവശ്യപ്പെടുകയും, അവരുടെ അഴിമതികളിൽനിന്നു ജനങ്ങളെ രക്ഷിക്കണമെന്നു വിചാരിക്കയും ചെയ്യുന്നപക്ഷം, അവർക്കുതന്നെയോ അല്ലെങ്കിൽ ജനങ്ങൾ അവരുടെ ദുഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ള കാരണങ്ങളെ വച്ചുകാണ്ടോ, വേണ്ട നടപടി നടത്തുന്നതിൽ യാതൊരാക്ഷേപവുമില്ല. കഴിഞ്ഞ മൂന്നു സംവത്സരങ്ങളിൽ നിയമസഭ ഇടക്കിടയ്ക്കാലാവധിയിൽ നടന്നുവന്ന കത്തിപ്പണത്തെപ്പറ്റി ചോദ്യങ്ങൾ പല മെംബർമാരും ചോദിച്ചിട്ടുണ്ട്. എന്നാൽ ഈ നിമിഷംവരെ അതിലേയ്ക്കു ശരിയായ ഒരു മരുപടിയും ഗവർണ്മെന്റ പറഞ്ഞിട്ടില്ല ഇങ്ങനെയുള്ള അഴിമതികളെ ഗവർണ്മെന്റ മറച്ചുവയ്ക്കുന്നതാരും ജനങ്ങൾക്ക വലുതായ വ്യസനവേദനയും വിശ്വാസമില്ലായ്മയും ഉണ്ടാകുന്നതാണ്. ഇപ്പോഴത്തെ കൗൺസിലിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക നിവൃത്തിയുള്ളിടത്തോളം ന്യായമായ വിധം ഉടനെ ഉത്തരംപറയുന്നതു് എല്ലാ മെംബർമാർക്കും വളരെ സന്തോഷത്തെ ഉണ്ടാക്കുന്നുണ്ട്. ഇതുമാതിരി എല്ലാ ചോദ്യങ്ങൾക്കും ജനങ്ങളുടെ പ്രതിപുരുഷന്മാർ വേറെയാണെന്നും, ഗവർണ്മെന്റ എതുകക്ഷിയാണെന്നും, വിചാരിക്കാതെ രണ്ടുപേരുടെയും ഉദ്ദേശ്യം ഒന്നുതന്നെയെന്നു വിചാരിച്ചു, ശരിയായി മരുപടിപറഞ്ഞാൽ ഇപ്പോൾ തെറ്റിദ്ധാരണയുണ്ടാകുമായിരുന്നില്ല. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെപ്പറ്റി പറയുമ്പോൾ, ആ ഉദ്യോഗസ്ഥന്റെ ആവശ്യപ്രകാരവും ആവശ്യമില്ലാതെയും ഗവർണ്മെന്റ രക്ഷിക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് ജനങ്ങളുടെയിടയിൽ കൂടുതൽ അവിശ്വാസത്തിനു കാരണമായിതീരുന്നതു്. ഒരു ദിവാൻപേഷ്കാരന്റെ നിലയിൽ തന്റെ താഴെയുള്ള ഒരു തഹശിൽദാരെപ്പറ്റി ബഹുമായ റിപ്പോർട്ടയയ്ക്കുകയും ആ റിപ്പോർട്ടിനെ കാണ്ടി ഗവൺമെന്റ് കമ്മിഷണർ ഗവർണ്മെന്റിലേക്കയച്ചതിനു ആ തഹശിൽദാക്ക ഒരു സ്ഥലംമാറ്റം മാത്രമെ ശിക്ഷയായിട്ട

ള്ളഎന്ന വരികയും ചെയ്യുന്നപക്ഷം, പബ്ലിക്സർവീസിന്റെ സ്ഥിതിയെന്തായിരിക്കും എന്ന ഇവിടെ പറയേണ്ട ആവശ്യമില്ലാത്തതാണ്. പബ്ലിക് സർവീസ് കമ്മീഷൻ രഹിതമായി ഇരിക്കുന്നതു് ഗവർണ്മെന്റിനും ജനങ്ങൾക്കും ഒരുപോലെ ഗുണപ്രദമായ ഒരു സംഗതിയാണ്. പബ്ലിക്സർവീസ് കമ്മീഷൻ രഹിതമായും കാര്യക്ഷമതയോടുകൂടിയും ഇരിക്കണമെന്നാണ് ഞങ്ങളും ആഗ്രഹിക്കുന്നതു്. അങ്ങിനെ ചോദിക്കാൻ അവകാശപൂർണ്ണമായ അവകാശമുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിൽ സമാധാനം പറഞ്ഞയയ്ക്കുന്നതിനു വളരെ വിഷമമുണ്ടെന്നു അവർ വിചാരിക്കുന്നില്ല. ഇന്നു നിലവിലിരിക്കുന്ന സംസ്ഥാനഭരണം ഈ കറപ്ഷൻ നിയമമുള്ളിടത്തോളം കാലത്തേക്കു പൊതുജനങ്ങൾക്കു തൃപ്തിപ്പെടുത്താൻ സാധിക്കുന്നതല്ല. എന്തെങ്കിലും ഒരവസരത്തിനു വേണ്ടിയോ ഒരുദ്യോഗസ്ഥന്റെ മേൽ കുറ്റം കണ്ടുപിടിച്ചു കേസ്സാക്കുമ്പോൾ ആ ഉദ്യോഗസ്ഥനെ കേസ്സുനടത്താൻ ഗവർണ്മെന്റിൽനിന്നും പണം ചെലവാക്കണം. നല്ല വക്കീലിനെ ഉദ്യോഗസ്ഥൻ കൊടുക്കണം. അങ്ങനെചെയ്താലും ജനങ്ങൾ എങ്ങനെയാണ് കേസുകൊടുക്കുന്നതു്? അവർക്കു കേസുനടത്താൻ ഒരിക്കലും സാധിക്കയില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിങ്ങ് അഡീഷണൽ ഹെഡ്സക്രട്ടറിക്കു): ഉദ്യോഗസ്ഥന്റെ മേൽ കേസുണ്ടായപ്പോൾ ഗവർണ്മെന്റു് അങ്ങനെ വക്കീലിനെ നിയമിച്ചുകൊടുത്തതായി ഒരു ഉദാഹരണം പറയാമോ?

മി. ടി. കുമാരപിള്ള (കൽക്കുളം—വിളവങ്കോടു): പറയാം. വാൻറോസ് പോസിറ്റീവ് കേസ്സ്.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിങ്ങ് അഡീഷണൽ ഹെഡ്സക്രട്ടറിക്കു): അതിൽ വാദിച്ച ആ ഉദ്യോഗസ്ഥൻ ആണെന്നും ആ കേസു ഉദ്യോഗസ്ഥന്റെമേൽ അല്ലെന്നും അറിയാമോ?

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): അറിയാം.

മി. തയ്യിൽ കുഞ്ഞികൃഷ്ണൻ (മൂവാറ്റുപുഴയും—കോതമംഗലവും): എക്സൈസ് ഡിപ്പാർട്ടുമെന്റിൽനടന്ന ക്രമക്കേടുകളെപ്പറ്റി ഗവർണ്മെന്റിൽ അറിയിച്ചിട്ടുണ്ടോ?

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): ഉണ്ടു്.

മി. തയ്യിൽ കുഞ്ഞികൃഷ്ണൻ (മൂവാറ്റുപുഴയും—കോതമംഗലവും): ഏതെല്ലാം?

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): അതു റിക്കാർഡുനോക്കി പറയേണ്ട ഒരു സംഗതിയാണ്.

ഇനിയും ഇതുവരെ പുറത്തുവന്നിട്ടില്ലാത്ത ഒരുതരം കറപ്ഷനെപ്പറ്റി പറയേണ്ടതായി വന്നിരിക്കുന്നു. മിസ്റ്റർ കെ. ഐ. ജോസഫിന്റെ പ്രസംഗത്തിൽ അനുദ്യോഗസ്ഥമെമ്പർമാരെ ശിപാർശയ്ക്കു പോകരുതെന്നു ഉപദേശിക്കുന്നതു എന്നു അദ്ദേഹം പറഞ്ഞിരിക്കുന്നു. അനുദ്യോഗസ്ഥമെമ്പർമാർക്കു രണ്ടുവശത്തുനിന്നും ഉപദ്രവങ്ങൾ ഉണ്ടാകുന്നുണ്ടു്. പൊതുജനങ്ങൾ ഓരോരാവശ്യങ്ങൾക്കായി അവരെ ഉപദ്രവിക്കുന്നു. അതുപോലെ ഗവർണ്മെന്റുദ്യോഗസ്ഥന്മാരും നല്ലപോലെ ഉപദ്രവിക്കുന്നുണ്ടു്. ചില ഉദ്യോഗസ്ഥന്മാർ അനുദ്യോഗസ്ഥമെമ്പറന്മാരുടെ ബന്ധുക്കളായ കീഴുദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്തി, അനുദ്യോഗസ്ഥമെമ്പറന്മാരുടെ അടുക്കൽ അയച്ചു, പല അവിഹിതങ്ങളായ പ്രവൃത്തികളും ചെയ്യിക്കുന്നതിനു പ്രേരിപ്പിക്കുന്നു. അതിനെ വിസ്തരിച്ചു പറയുന്നതിനു എനിക്കു അഭിമാനം അനുവദിക്കുന്നില്ല. മേലാൽ ഉദ്യോഗസ്ഥന്മാർ അനുദ്യോഗസ്ഥമെമ്പറന്മാരുടെ അടുക്കൽ ശിപാർശചെയ്യുവാനുള്ള മനസ്ഥിതിയെ ചിന്തയാക്കാതിരിക്കണം, അങ്ങനെ അവർ പറഞ്ഞാൽ കേൾക്കാതിരിക്കുന്നപക്ഷം വേറൊരുദ്യോഗം വന്നുചേരുന്നു. അനുദ്യോഗസ്ഥമെമ്പറന്മാരുടെ ബന്ധുക്കൾ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ ഇല്ലാതിരിക്കാൻ നിവൃത്തിയില്ലാത്തതാണ്. അങ്ങനെവരുമ്പോൾ ഉദ്യോഗസ്ഥമെമ്പർ പറയുന്നതുപോലെ ചെയ്യാതിരുന്നാൽ ആ സാധുക്കളായ കീഴുദ്യോഗസ്ഥന്മാർ അന്യായമായ കഷ്ടങ്ങളിൽ അകപ്പെടാൻ ഇടയായിത്തീരുന്നു. അങ്ങനെയുള്ള കറപ്ഷൻ ഉണ്ടാകാതിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സമയം അതിക്രമിച്ചിരിക്കുന്നുഎന്നു എനിക്കു തോന്നുന്നു. ഞാൻ സമയത്തെ അതിക്രമിച്ചിട്ടുണ്ടെങ്കിൽ നിറുത്തേണ്ടതാണു്.

പ്രസിഡൻറു: നിങ്ങൾ സമയം അതിക്രമിച്ചിട്ടുണ്ടെന്നു ഞാൻ സംശയിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): അങ്ങിനെ ആണെങ്കിൽ ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ധനം മുതൽ ക ം വരെയുള്ള ഉപക്ഷേപങ്ങൾ.

അദ്ധ്യക്ഷന്മാർ നിർദ്ദേശിച്ചിട്ടുള്ള സമയം അതിക്രമിച്ചുപോയതിനാൽ താഴെ പറഞ്ഞിരിക്കുന്ന ഉപക്ഷേപങ്ങൾ കാലഹരണപ്പെട്ടുപോയി:—

മി. സി. പി. തോമസ്:

ധനം. ഹജൂക്കച്ചേരിക്കുവേണ്ടി നീക്കിട്ടുള്ള ക,ന്നൂ,ങ്ങ ധനം രൂപായിൽനിന്നു ക ം ം രൂപാ കുറച്ചിടുകയുണ്ടം.

മി. എൻ. എൻ. പിള്ള:

ധന, ഹജൂക്കച്ചേരിക്കുവേണ്ടി നീക്കിട്ടുള്ള ക,ന്നൂ,ങ്ങ ധനം രൂപായിൽനിന്നു ക ം ം രൂപാ കുറച്ചിടുകയുണ്ടം.

മി. ജി. പരമേശ്വരൻപിള്ള:

ധന. ഹജൂക്കച്ചേരിക്കുവേണ്ടി നീക്കിട്ടുള്ള ക,ന്നൂ,ങ്ങ ധനം രൂപായിൽനിന്നു ക ം ം രൂപാ കുറച്ചിടുകയുണ്ടം

മി. കെ. ഐ. ജോസഫ്:

ധന. ഹജൂർകച്ചേരിക്കുവേണ്ടി നീക്കിട്ടുള്ള ക,ന്നൂ,ങ്ങ ധനം രൂപായിൽനിന്നും ക ം ം രൂപാകുറച്ചിടുകയുണ്ടം.

മി. എ. കെ. പിള്ള:

ധന്യ. നിയമസഭയ്ക്കുവേണ്ടി നീക്കിട്ടുള്ള ഡ ം,ൻ ം ം രൂപായിൽനിന്നു ക രൂപാ കുറവുചെയ്യണം.

മി. കെ. പരമേശ്വരൻപിള്ള:

വ്യ. നിയമസഭയ്ക്കുവേണ്ടി നീക്കിട്ടുള്ള ൨൦,൯൦൦ രൂപായിൽനിന്നു ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം.

മി. ജി. പരമേശ്വരൻപിള്ള.

വ്യ. നിയമസഭയ്ക്കുവേണ്ടി നീക്കിട്ടുള്ള ൨൦,൯൦൦ രൂപായിൽ നിന്നു ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം.

മി. എം. പിൻ. പിള്ള.

വ്യൻ. നിയമസഭയ്ക്കായിട്ടു നീക്കിട്ടുള്ള ൨൦,൯൦൦ രൂപായിൽനിന്നു ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം.

മി. ടി. കുമാരപിള്ള.

൯൦. നിയമസഭയ്ക്കുവേണ്ടി നീക്കിട്ടുള്ള ൨൦,൯൦൦ രൂപായിൽ നിന്നു ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം.

മി. കെ. ജെ. ജോസഫ്,

൯൫. നിയമസഭയ്ക്കുവേണ്ടി നീക്കിട്ടുള്ള ൨൦,൯൦൦ രൂപായിൽ ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം.

മി. ജി. പരമേശ്വരൻപിള്ള.

൯൨. ശ്രീമൂലംപ്രജാസഭയ്ക്കുവേണ്ടി നീക്കിട്ടുള്ള ൫൨,൪൦൦ രൂപായിൽനിന്നു ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം.

മി. കെ. ജെ. ജോസഫ്,

൯൩. ആഫീസ്സന്ത്രായവയറക്കുക്കുവേണ്ടി നീക്കിട്ടുള്ള ൫,൪൨൫ രൂപായിൽനിന്നു ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം.

മി. കെ. ജെ. ജോസഫ്.

൯൪. മേജർഡിവിഷൻ അതല്ലാത്ത വകുപ്പുകളിൽ സംഘടിപ്പിക്കുന്നവിഷയം ആലോചിക്കുന്നതിനായി നിയമിക്കപ്പെട്ട സ്പെഷ്യൽ ആഫിസുക്കുവേണ്ടി നീക്കിട്ടുള്ള ൨,൦൪൦ രൂപായിൽനിന്നു ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം.

മി. ടി. ജെ. മാത്യു.

൯൫. മേജർഡിവിഷനുകളല്ലാത്ത വകുപ്പുകളിൽ സംഘടിപ്പിക്കുന്ന വിഷയം ആലോചിക്കുന്നതിനായി നിയമിക്കപ്പെട്ട സ്പെഷ്യൽ ആഫിസുക്കായി നീക്കിട്ടുള്ള ൨,൦൪൦ രൂപാ അശേഷം വെട്ടിക്കുറയ്ക്കുണം.

മി. ജി. പരമേശ്വരൻപിള്ള.

൯൬. മേജർഡിവിഷനുകളല്ലാത്ത വകുപ്പുകളിൽ സംഘടിപ്പിക്കുന്ന വിഷയം ആലോചിക്കുന്നതിനു നിയമിക്കപ്പെട്ട സ്പെഷ്യൽ ആഫിസുകളുടെ സിബ്ബന്തികാര്യം മുഴുമയവയ്ക്കുവേണ്ടി നീക്കിട്ടുള്ള ൨,൦൪൦ രൂപാ മുഴുവനും വെട്ടിക്കുറയ്ക്കുണം.

മി. ജി. രാമൻമേനവൻ.

൯൭. ൭-ാം അദ്ധ്യായത്തിൽ നീക്കിട്ടുള്ള ൨൭൫ ലക്ഷം രൂപായിൽ നിന്നു ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം.

മി. കെ. കെ. തോമസ്.

൯൮. ൭-ാം അദ്ധ്യായത്തിൽ നീക്കിട്ടുള്ള ൨൭൫ ലക്ഷം രൂപായിൽനിന്നു ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം.

മി. കെ. കെ. ജോസഫ്.

൯൯. ൭—ാം അദ്ധ്യായത്തിൽ നീക്കിട്ടുള്ള ൨൭൫ ലക്ഷം രൂപായിൽ നിന്നു ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം:

മി. കെ. പരമേശ്വരൻപിള്ള,

൧൦൦. ൭—ാം അദ്ധ്യായത്തിൽ നീക്കിട്ടുള്ള ൨൭൫ ലക്ഷം രൂപായിൽനിന്നു ൫൦൦ രൂപാ വെട്ടിക്കുറയ്ക്കുണം.

പ്രസിഡൻറ്. ഈ അദ്ധ്യായത്തിനുള്ള സമയം അതിക്രമിച്ചിരിക്കുന്നതിനാൽ പൊതുരംഗ്യരേണ്ടതിനുത്തിൽ ഫങ്ക്ഷൻചെലവിനായുള്ള ൨൭൫ ലക്ഷം രൂപായിൽ ൫,൦൦൦ രൂപാകുറച്ചു, സഭയുടെ വോട്ടിനായി ഇപ്പോൾ മുവവദ്യപ്പെട്ടുന്നു. അദ്ധ്യായം അനുവദിച്ചിരിക്കുന്നു. എന്നു ഞാൻ ഗ്രഹിക്കുന്നു.

അദ്ധ്യായം പാസ്സാക്കപ്പെട്ടുകയും ഇതു അനുവദിക്കപ്പെട്ടുകയും ചെയ്തു.

൭-ാം അദ്ധ്യായം—പൊതുരാജ്യഭരണം.

അക്കൌണ്ടാഫീസ്.

മി. കെ. ജോൺ (ഗവർണ്മെൻറു ധനകാര്യസിക്രട്ടറി): സർ, ൭-ാം അദ്ധ്യായമായി അക്കൌണ്ടാഫീസിലേക്കു ൧൫ ലക്ഷം രൂപായിൽ കവിയാത്ത ഒരു സംഖ്യ നൽകുണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

൧൦൧-ാം ഉപക്ഷേപം.

മി. ജി. രാമൻമേനവൻ (മാടേലിക്കരയും കാർത്തികപ്പള്ളിയും): സർ, രണ്ടാംതരം ക്ലാർക്കുമാർക്കായി നീക്കിട്ടുള്ള തുകയിൽനിന്നു ൧൦൦ രൂപ വെട്ടിക്കുറയ്ക്കുണം എന്നു ഞാൻ ഉപക്ഷേപിക്കുന്നു. മേൽ വിവരിച്ചിട്ടുള്ള കാരണങ്ങളാൽ ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നതാകുന്നു. എന്നാൽ അങ്ങനെ ചെയ്യുന്നതിനുമുമ്പായിട്ടു കുറ്റക്ഷമതയെപ്പറ്റി കുറഞ്ഞൊന്നു പ്രസ്താവിക്കുന്നതിനു ഞാൻ അഭ്യർഥിക്കുന്നു. ഇതു വളരെ ക്ലാർക്കുമാർ

മി. കെ. ജോൺ (ഗവർണ്മെൻറു ധനകാര്യസിക്രട്ടറി): ക്ലാർക്കുമാരുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടി ഉപക്ഷേപിക്കുമ്പോൾ കാര്യക്ഷമതയെക്കുറിച്ചു അങ്ങേയ്ക്കു പറയുന്നതു ക്രമാനുസരണമായിട്ടാണോ?

മി. ജി. രാമൻമേനവൻ (മാടേലിക്കരയും കാർത്തികപ്പള്ളിയും): എൻറെ നിർദ്ദേശം ക്ലാർക്കുമാരുടെ എണ്ണം കുറയ്ക്കുന്നതിനെയ്ക്കുറിച്ചാകുന്നു.

പ്രസിഡൻറ്. നിങ്ങളിൽ ഭൂരിപക്ഷത്തിനുണ്ടായിരുന്ന ഒരു നിശ്ചിതമായ ഉപക്ഷേപത്തിനുവേണ്ടി ഒരു കൗണ്ടിനായി ഭൂരിപക്ഷപ്പെട്ടവരിൽ നിങ്ങളിലൊരാൾക്ക് നിയമസംബന്ധിച്ചു ഒരു പ്രശ്നത്തിന്മേൽ അല്ല ഒരു സംഭാഷണപക്ഷപാതമുണ്ടായിരുന്നു നിലയിൽ സംസാരിപ്പാൻ അവകാശമില്ല

മി. ജി. രാമൻനായർ (മാവേലിക്കരയും കുത്തിയപ്പള്ളിയും): വസ്തുവകയായിട്ടു ചിലതാനും ക്ലാക്കുമാരെ കൊടുക്കുന്നതിനു ഗവണ്മെൻറിനു എളുപ്പത്തിൽ കഴിയുന്നതാണ്. ഒരു ക്ലാക്കിനെ കൊടുക്കുണമെന്നു ഉദ്ദേശമാണ് ഞാൻ ചോദിച്ചിട്ടുള്ളൂ.

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻവാണിജ്യവും വ്യവസായവും): ഞാൻ ക്രമപരിപാലനസംബന്ധമായ ഒരു സംഗതിയെക്കുറിച്ചു നിഷ്കർഷിക്കുന്നു. മെംബർ ഉപക്ഷേപത്തെ പിൻവലിക്കുന്നുണ്ടോ? അങ്ങനെണ്ടെങ്കിൽ അദ്ദേഹത്തിനു പ്രസംഗംചെയ്യാൻ അനുവദിച്ചുകൂടാത്തതാകുന്നു.

മി. ജി. രാമൻനായർ (മാവേലിക്കരയും കുത്തിയപ്പള്ളിയും): പ്രസംഗംചെയ്തതിൽപിന്നെ ഞാൻ പിൻവലിച്ചുകൊള്ളാം.

പ്രസിഡൻറ്. നിങ്ങൾ അതിനെ പിൻവലിച്ചതായി പ്രസ്താവിച്ചു എന്നു എനിക്കു തോന്നുന്നു.

മി. ജി. രാമൻനായർ (മാവേലിക്കരയും കുത്തിയപ്പള്ളിയും): അതെ, ഞാൻ പിൻവലിക്കുന്നു.

പ്രസിഡൻറ്. നിങ്ങൾ കൗണ്ടിനായിട്ടു ഉപക്ഷേപിക്കുന്നില്ലെന്നു ഞാൻ ഗ്രഹിക്കണമോ?

മി. ജി. രാമൻനായർ (മാവേലിക്കരയും കുത്തിയപ്പള്ളിയും): കുഴപ്പമുണ്ടാകുന്നതിനുവേണ്ടി ഇപ്പോൾ ക്ലാക്കുമാരെ വച്ചുകൊണ്ടിരിക്കുന്നതിനാവശ്യമില്ല, എന്നാൽ അവസാനത്തിൽ ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ളതുകൊണ്ടു ഈ ഉപക്ഷേപത്തെ അനുകൂലിച്ചു സമയം ചെലവാക്കുന്നതിനാവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

അതിനാൽ താഴെപ്പറയുന്ന ഉപക്ഷേപം ഉപന്യസിക്കപ്പെട്ടില്ല.

൧൦൫. രണ്ടാംതരം ക്ലാക്കുമാർക്കായിട്ടു നീക്കിട്ടുള്ള ൧൯,൫൦൦ രൂപായിൽനിന്നു ൯൦൦ രൂപാ വെട്ടിക്കുറയ്ക്കുന്നു.

൧൦൬-ാം ഉപക്ഷേപം.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപത്തെ ഉപന്യസിക്കുന്നതിനു അനുവാദംചോദിക്കുന്നു.

൧൦൬. എസ്റ്റാബ്ലിഷ്മെൻറുകയ്ക്കു നീക്കിട്ടുള്ള ൫൪,൫൪൭ രൂപായിൽനിന്നു ൫൪൦ രൂപാ വെട്ടിക്കുറയ്ക്കുന്നു.

ആയവ്യയകണക്കിൽ അക്കൌണ്ടാഫീസിൽ പൊളിസെക്ഷൻറെ മാനേജർക്കു പ്രതിമാസം ൫൦ രൂപ സ്ഥലവേതനമായി കൊടുത്തിട്ടുണ്ട്. ആളുമായിട്ടു ഇനിക്കു നിർദ്ദേശിപ്പാനുള്ളതു അക്കൌണ്ടാഫീസിലെ ഇപ്രകാരം സാൻക്സൻ കിട്ടിട്ടുള്ള ഒരുദ്യോഗമേയില്ല എന്നാണ്. മാനേജർ എന്നുള്ളതു ആയവ്യയകണക്കിൽ ആളുമായിട്ടു രേഖപ്പെടുത്തിട്ടുള്ള ഒരു പുതിയ പേരാകുന്നു. ഇതു യുക്തമായ ഒരുദ്യോഗസൃഷ്ടിപ്പിനെ ഉദ്ദേശിക്കുന്നതാകുന്നു എന്നു ഞാൻ വിശ്വസിക്കേണ്ടതായിരിക്കുന്നു. പക്ഷേ ഭൽക്കാലം അതു പൊളിസെക്ഷൻ ചാർജ് വഹിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറു ക്ലാക്കുമാത്രമാകുന്നു പ്രസ്തുത കൃത്യനിർവ്വഹണവേതനം ക്ലാക്കുമാരുടെ നിലയിൽനിന്നു അയാൾക്കു ഒരു കയറ്റം നൽകുന്നതും കൃത്യനിർവ്വഹണയോഗ്യതാനവും പേരുമാറ്റവും ഒന്നിച്ചു ഒടുവിൽ ക്ലാക്കുമാരുടേയും സൂപ്രണ്ടുമാരുടേയും ഇടയ്ക്കു ഒരു പുതുമയായ ഉദ്യോഗസൃഷ്ടിയിൽ അവസാനിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. പ്രകൃതത്തിനു മാത്രമേ ഞാൻ ഇതിനെ എതിർക്കുന്നുള്ളൂ, ആയവ്യയകണക്കിലെ പ്രധാനപ്പെട്ട പൊളിയായ വകുപ്പിനെ സാധാരണ കണക്കുകളുടെയും കൃത്യക്ഷമതാപരീക്ഷണത്തിനുള്ള ഉദ്യോഗസ്ഥൻറെയും ശിപാർശകളനുസരിച്ചുണ്ടാക്കിട്ടുള്ള വ്യവസ്ഥകൾ നടപ്പിൽവരുത്തിയ ഉടൻ ഈ സംകീർണ്ണവുള്ളിടത്തോളം വിവിധവകുപ്പുകളിൽ ഉയർന്ന പരിശകളിൽ എസ്റ്റാബ്ലിഷ്മെൻറുകയ്ക്കുള്ള ചെലവു വർദ്ധിപ്പിക്കുന്നതാണെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള കൃത്യനിർവ്വഹണവേതനം ആ ഉദ്യോഗത്തിൽ സ്ഥിരമായിരിക്കുന്നതും കുറെ ചെയ്യുമ്പോൾ ഈ മൂഴുവൻതുകയ്ക്കും പെൻഷൻ കിട്ടത്തക്കവണ്ണം മാനേജരുടെ ജമ്പളത്തോടു ചേർത്തുണ്ടാകാവുന്നതാണെന്നു വേറൊരു പ്രമേയം കൊണ്ടുവരാനിടയുള്ളതാകുന്നു. ഈ ഉപക്ഷേപം കൊണ്ടുവരുന്നതിനു എന്നെ പ്രേരിപ്പിക്കുന്നതു പ്രധാനമെന്നു ന്യായമാത്രമാകുന്നു, അതു സഭയുടെ ഈ വശത്തുള്ള മെംബർമാർ മിക്കവാറും അനുവദിച്ചിരിക്കുന്നുഎന്നു ഞാൻ വിശ്വസിക്കുന്നുചെയ്യുന്നു. അക്കൌണ്ടാഫീസർ ഈ കാര്യം സമ്മതിക്കുന്നതിനാൽ മറ്റു വകുപ്പുകളുടെ മേധാവികൾക്കു ഒരു ഉത്സാഹം നൽകുന്നതിനും നൽക്കാലുള്ള മനുഷ്യരുടെ ജീവിതനിലക്കൊ ന്നതനമുദ്യോഗങ്ങൾ സൃഷ്ടിക്കുന്നതു വേണ്ടുവോളമുള്ള പ്രമേയങ്ങൾ കൊണ്ടുവരുന്നതിനു കൃത്യത്തിൽ അവരെ അധികം മുൻകരുതലുള്ളവരാക്കുന്നതിനും സാധിച്ചേക്കുമെന്നു ഞാൻ ആശിക്കുന്നു.

മി. കെ. ജോസ് (ഗവർണ്മെൻറു ധനകാര്യസിക്രട്ടറി): സർ, എൻറെ ആഫീസിൽ പൊളിസെക്ഷൻ ചാർജ് വഹിക്കുന്ന ഒരു ക്ലാക്കിനു കൃത്യനിർവ്വഹണവേതനമായി ൫൦ രൂപ കൊടുക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുള്ളതു ഒരു ന്യായത്തിനുവേണ്ടിയായിട്ടു മാത്രമാകുന്നു. അതു നൂതനമായ ഒരു പേരാണെന്നു മി: സുബ്രഹ്മണ്യപിള്ള പറഞ്ഞിരിക്കുന്നു. സംശയംതന്നില്ല, ഔദ്യോഗികമായി അതു ഒരു പുതിയ പേരുതന്നെ. എന്നാലേ പലതവണ വർഷങ്ങൾക്കുമുമ്പു അക്കൌണ്ടാഫീസിൻറെ ഭൂരിഭാഗം മുതൽക്കു ഈ സെക്ഷൻ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ ഇണ്ടായിരുന്നു. അയാളെ മുൻഗാമിയെ മാനേജർഎന്നു വിളിച്ചുവരുന്നു. ഈ പേരു പുതുതായി കൊണ്ടുവന്നതല്ല. ആയവ്യയകണക്കിൽ അതു മാനേജർ എന്ന ഉദ്യോഗമായി കണക്കാക്കപ്പെട്ടിട്ടുമില്ല. കാരണം, അങ്ങനെ ഒരു ഉദ്യോഗമേയില്ല. അക്കൌണ്ടാഫീസിൽ പലതു സെക്ഷനുണ്ടെന്നുള്ളതു്. അവയിൽ എല്ലാറ്റിനും സൂപ്രണ്ടുമാർ എന്നു പറഞ്ഞുവരുന്ന ആളുകൾ ഭരിച്ചുവരുന്നു. പൊളിസെക്ഷൻ എന്നു വിളിച്ചുവരുന്ന ഈ സെക്ഷൻറെ തലവനായിട്ടു ഒരു ക്ലാക്കാണുള്ളതു്. അയാളെ മാനേജർ എന്നു വിളിച്ചുവരികയുമാണു. ഞാൻ പറഞ്ഞപ്രകാരം മാനേജർ ഒരു ക്ലാക്കുമാത്രമാണു്. അയാൾ ചാർജ് വഹിക്കുന്ന സെക്ഷൻറെ ചുമതലകൾ ഇന്നവയാണെന്നുഞാൻ പറയാം. പ്രധാനമായി താഴെപ്പറയുന്ന ജോലി ഇനങ്ങൾ പൊളിസെക്ഷനാണു ചെയ്തുവരുന്നതു്.

(ക) ഇതരവകുപ്പുകളിൽനിന്നുമുള്ള ക്ലാർക്കുകൾ, ഹാഫ്മാർ, മറ്റുസേവകർ, ഇവരെ വാങ്ങുക, ഇവരുടെ എണ്ണം ഉടനടി ൭൫,൦൦൦ ആണ്. ഈ കൊല്ലത്തിൽ നാളുവരെ ൭൫,൭൦൦-ഓളം ആയിട്ടുണ്ട്.

(ഖ) പിടിച്ചുവച്ചിരിക്കുന്ന എഴുത്തുകുത്തുകളെല്ലാം അതതു സെക്ഷൻ രജിസ്റ്റുകളിൽ ചേർക്കുകയും ആഫീസിലുള്ള വിവിധസെക്ഷനുകളിലേക്ക് വീതിച്ചുകൊടുക്കുകയും.

(ഗ) പണവും വിലപിടിച്ചതുമായ സാധനങ്ങളും സ്വീകരിക്കുക. ഈ ഇനത്തിൽ ഗവണ്മെന്റു പ്രസ്സിലേക്കുള്ള മാറ്റുന്നതിലേക്ക ഈ ആഫീസിൽ വന്നുചേർന്നിട്ടുള്ളതും എണ്ണത്തിൽ ൨,൪൭൦-ഉം ഉള്ളതുമായ 'ഗവണ്മെന്റു ഡിബഞ്ചേവർ'കൾപ്പുറമാണ് കൂടാതെ ൭൦൦-ഉം വിലപിടിച്ച സാധനങ്ങളും തൊഴുവശമിരിക്കുന്നു.

(ഘ) വെളിനിലേക്കയക്കുന്ന എഴുത്തുകുത്തുകൾ തൊട്ടുചെയ്യുക.

(ങ) വെളിയിലേക്കു പോകുന്ന എല്ലാ സാധനങ്ങളും അതാതു നാളുവഴക്കത്തിൽ,സന്ദർഭം-ഉം വരുന്ന എഴുത്തുകൾ ഹാഫ്മാർ മുഖാന്തരം രജിസ്റ്റർബുക്കുകളിൽ ചേർക്കുകയും അയക്കുകയും ആഫീസുവക കണക്കുശോധി, അതാതു എസ്റ്റാബ്ലിഷ്മെന്റുവക തപ്പാലാഫീസിന്റെയും സഞ്ചാരപ്പടിയുടേയും കണക്ക സൂക്ഷിക്കുകയും ചെയ്യുന്ന സർവീസ് രജിസ്റ്റുകൾ സൂക്ഷിക്കുകയും ശമ്പളരജിസ്റ്റുകൾ തയ്യാറാക്കുകയും ആഫീസിലെ ഉദ്യോഗസ്ഥന്മാരുടെ അവധികൊടുത്തിട്ടുള്ളതിന്റെ പരിശോധന മുതലായ ജോലികൾ.

(ങ) ആഫീസർമാർക്കും വൃ സൂപ്രണ്ടുമാർക്കും ക ൦ ൦ ക്ലാർക്കുമാർക്കും വേണ്ടുന്ന എഴുത്തുസാമഗ്രികൾ വാങ്ങുകയും വീതിച്ചുകൊടുക്കുകയും എഴുത്തുസാമാനങ്ങളുടേയും അച്ചടിച്ച ഫാറങ്ങളുടേയും കണക്ക സൂക്ഷിക്കുകയും.

(൭) പഴക്കംചെന്ന റിക്കാർഡുകൾ കൈവശം വച്ചുസൂക്ഷിക്കുക, ആഫീസിലുള്ള പല സെക്ഷനുകളിൽനിന്നും ആവശ്യപ്പെട്ടാൽ അവ കൊടുക്കുക. കൂടാതേയും ആഫീസിൽ പല വകയായ കൃത്യങ്ങളും അതായത്രേസംഘടന ചെയ്യുക, അകസാമാനങ്ങളുടെ കണക്ക സൂക്ഷിക്കുക, ഉയർന്തരം ഗസറ്റഡ്ഉദ്യോഗസ്ഥന്മാരുടെ ആവശ്യംപ്രമാണിച്ചു പ്രവർത്തിക്കുകയും മറ്റു പല ചില്ലറജോലികളും.

ഈ സെക്ഷനിൽ ക്ര൪ ക്ലാർക്കുമാരും സെക്ഷൻചാർജ് വഹിക്കുന്ന സീനിയർ ക്ലാർക്കുമുണ്ട്. ഞാൻ മുമ്പു പറഞ്ഞപ്രകാരം ഈ ആളിനെ മയ്യാളയ്ക്കുപോന്നി മാനേജർ എന്നു വിളിച്ചുവരുന്നു. ഈ സെക്ഷനു പലതരം തൊഴുവവും ക്ഷമതയുള്ളവയുംആയ ജോലികൾ നിവ്വഹിപ്പാനുണ്ടെന്നു ഞാൻ ഇപ്പോൾ പറഞ്ഞിട്ടുള്ളതിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതു വർഷംമുതൽക്കാണു ഇപ്രകാരമുള്ള ജോലികൾ മാനേജർക്കു വിട്ടുകൊടുത്തതു?

മി. കെ. ജോർജ് (ഗവർണ്മെന്റു ധനകാര്യസിക്രട്ടറി): പ്രാരംഭംമുതൽക്കുതന്നെ ഈ ജോലികൾ അയാൾക്കുണ്ടായിരുന്നു. എങ്ങനെയായാലും ക ൦ വരുന്ന ദിവസം പരിഷ്കരിച്ചകാലം മുതൽക്ക ഈ ജോലികൾ മാനേജർക്ക കൊടുത്തിട്ടുള്ളതായി എനിക്ക ഓർമ്മയുണ്ട്. അതിനുമുമ്പിലത്തെ അവസ്ഥ എന്തായിരുന്നു എന്നു എനിക്കറിവില്ല. ഇപ്പോഴത്തെ ഘടനയിൽ മറ്റു സെക്ഷനുകളെ സൂപ്രണ്ടുമാർ ഭരിക്കുന്നെങ്കിലും ഈ സെക്ഷനെ ഭരിക്കുന്നതു ഒരു ക്ലാർക്ക മാത്രമാണു. അയാളെ ഒരു സീനിയർ ക്ലാർക്ക എന്നു മാത്രമാണു വിചാരിച്ചുവരുന്നതു. മറ്റു സെക്ഷനുകളിൽ ക്ലാർക്കുമാർക്ക സാധാരണജോലികൾമാത്രമേ നിർവഹിപ്പാനുള്ളു. മറ്റെല്ലാ സെക്ഷനുകളിലും ആഡിറ്റുജോലിയോ സമാഹരണജോലിയോ അതുപോലെയുള്ള ജോലികളോ ഉണ്ടായിരിക്കും. മറ്റുള്ള ക്ലാർക്കുമാരെ ഭരിക്കുക എന്ന ജോലി അവക്കില്ല. ഈ വലുതര ജോലികൾ മാനേജർ നിർവഹിക്കുന്നുണ്ടെങ്കിലും ഈ ക്ലൂടുതൽ ജോലി അയാൾ ചെയ്യുന്നതിനു യാതൊരു പ്രതിഫലവും അയാൾക്ക ലഭിച്ചുവരുന്നില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അയാളുടെ ശമ്പളം എത്രയെന്നു പറയാമോ?

മി. കെ. ജോർജ് (ഗവർണ്മെന്റു ധനകാര്യസിക്രട്ടറി): ൭൫—ക ൦ ൦ രൂപ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അയാൾക്ക പ്രമോഷനു മാർഗ്ഗമില്ലേ? അതേ അയാൾ സ്ഥിരപ്രതിഷ്ഠിതനാണോ?

മി. കെ. ജോർജ് (ഗവർണ്മെന്റു ധനകാര്യസിക്രട്ടറി): അതല്ല പ്രശ്നം (വിഷയം) മറ്റുള്ള ക്ലർക്കുമാർക്ക സാധാരണ ചെയ്യാനില്ലാത്ത കൂടുതൽ ജോലിചെയ്യുന്നതിൽ എന്തെങ്കിലും പ്രതിഫലം അയാൾക്ക് നൽകേണ്ടതാകുന്നു. അയാൾ ഒരു ക്ലാർക്കുജോലിയല്ല ചെയ്യുവരുന്നതു: അതുകൊണ്ട് ക്ലർക്കുജോലിയിൽ പ്രമോഷൻ കൊടുക്കണം എന്നല്ല ഞാൻ നിർദ്ദേശിക്കുന്നതു. വാസ്തവത്തിൽ പൊതുസെക്ഷനും ആഫീസിലുള്ള മറ്റു സെക്ഷനുകളെപ്പോലെ ഒരു സൂപ്രണ്ടിന്റെകീഴ് ആയിരിക്കേണ്ടതാണു. ഞാൻ മദ്രാസിലായിരുന്നപ്പോൾ അവിടേയും ഈ നീതിതന്നെ ആയിരുന്ന പ്രയോഗത്തിലിരുന്നതു, അതായതു ഈ സെക്ഷൻചാർജ്ജുള്ള ഒരു സൂപ്രണ്ടോ അസിസ്റ്റൻറു സൂപ്രണ്ടോ ഉണ്ടായിരിക്കുകതന്നെ. സിക്രട്ടേറിയറിലെ സെൻട്രൽ ഇസ്റ്റാബ്ലിഷ്മെന്റിൽ ക ൬-ക ൭൫ രൂപാവരെ ശമ്പളമുള്ള ഒരു മാനേജർഉണ്ട്. എന്റെ ആഫീസിലും തത്തുല്യമായ ഒരുദ്യോഗം സൃഷ്ടിക്കുന്നതിലേയ്ക്ക ഞാൻ ഗവർണ്മെന്റിനോടു നിർദ്ദേശിക്കയുണ്ടായി, സെൻട്രൽ ഇസ്റ്റാബ്ലിഷ്മെന്റിന്റെ ജോലി അങ്ങനെ പറയുന്നതായാൽ സന്ദർഭങ്ങളിൽ പുറത്തേക്ക വിടുകയാതുമാകുന്നു. അക്കൌണ്ടുജോലി ഒന്നുമില്ല, റിക്കാർഡു സൂക്ഷിപ്പുമില്ല. ഈ ജോലികൾ സിക്രട്ടറിയറിൽ വെവ്വേറെ സെക്ഷനുകളിലാണ നടത്തിവരുന്നതു. എന്തായാലും പിന്നീടു ഞാൻ വിചാരിച്ചതു ഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കുന്നതിനാൽ ഗവർണ്മെന്റിനു ചിലവു അധികമാകുമെന്നായിരുന്നു. അതുകാരണം പൊതുസെക്ഷൻ ചാർജ്വഹിപ്പാനുള്ള ആളിനു വേറും ന്യായാനുഷ്ഠാനമായിട്ടുമാത്രം ൨ ൦ രൂപ കൃത്യനിർവഹണവേതനമായി കൊടുക്കണമെന്നു ഞാൻ നിർദ്ദേശിച്ചു,

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അയാൾക്ക എത്ര വർഷത്തെ സർവ്വീസായിട്ടുണ്ട്?

മി. കെ. ജോർജ് (ഗവർണ്മെന്റു ധനകാര്യസിക്രട്ടറി): ഞാൻ പ്രത്യേകം ഒരാളിനെ ഉദ്ദേശിച്ചുപറയുന്നില്ല. ഇപ്പോൾ ആ സെക്ഷൻ ചാർജ്വഹിക്കുന്ന പ്രത്യേകആളിനു ൩൦ വർഷത്തെ സർവീസുള്ളതായിട്ടുണ്ട്

എന്നു ഞാൻ ഊഹിക്കുന്നു. ആ സെക്ഷൻ ചാർജ്ജ് വഹിക്കുന്ന എല്ലാവരുടെയും ആ വേതനം കൊടുക്കേണ്ടതാണ്. കാരണം അവിടെ ചെയ്യുന്നതുള്ള ജോലി ഒരു ക്ലാർക്കിന്റെ ജോലിയല്ല. ഉദ്ദേശം ഫസ്റ്റ് ക്ലാർക്കുമാരോടൊപ്പം ചെയ്യേണ്ടതായിട്ടുണ്ട്. മറ്റു സെക്ഷനുകളിൽ സൂപ്രണ്ടുമാർ ചെയ്യുന്നതുപോലെ ചെയ്യുന്നതാണ് ഇയാളും ചെയ്യുന്നത്. എന്റെ ശിപാർശയുടെ അടിസ്ഥാനം ഇതുതന്നെ. അയാൾക്കു ഈ വേതനം ന്യായത്തിനു നൽകേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ സെക്ഷൻ ഒരു സൂപ്രണ്ടിന്റെ ചാർജ്ജിൽ വെയ്ക്കുന്നതാണോ?

ശ്രീ. കെ. ജോർജ്ജ് (ഗവർണ്മെന്റു ധനകാര്യസിക്രട്ടറി): ഒരു സൂപ്രണ്ടിനെ സഭ അനുവദിക്കുന്നതായാൽ അങ്ങിനെ ചെയ്യുവാൻ എനിക്കുകഴിയും.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): ക്ലർക്കുമാർ സൂപ്രണ്ടല്ല.

ശ്രീ. കെ. ജോർജ്ജ് (ഗവർണ്മെന്റു ധനകാര്യസിക്രട്ടറി): പൊതുസെക്ഷനെക്കൂടാതെ മാനേജർ സെക്ഷനിലും ചാർജ്ജ്വഹിക്കുന്ന എട്ടു സൂപ്രണ്ടുമാരുണ്ട്. ഈ സെക്ഷനെ ഇപ്പോഴുള്ള സൂപ്രണ്ടുമാരിൽ ഒരാളുടെ ചാർജ്ജിൽ പിടിപ്പിച്ചപക്ഷം മറ്റു സെക്ഷനുകളിലുള്ള ജോലിക്കു രംഗംനേരിടുന്നതായിരിക്കും. കഠിനജോലി ചെയ്യുന്ന മാനേജർക്കു നീതിവിശ്വയമായിട്ടുമാത്രം ഈ ഉചിതമായ പ്രതിഫലം നൽകുന്നതിനു സഭ അനുവദിക്കുമെന്നു ഞാൻ ആശിക്കുന്നു.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ഉദ്യോഗം അനുവദിക്കുന്നതിനെ എനിക്കഭിപ്രായമില്ല. എനിക്കു വളരെ വ്യസനമുണ്ട്. ശ്രീ. ജോർജ്ജ് തന്നിട്ടുള്ള വിവരണത്തിനുശേഷം ആയവ്യയ കണക്കിൽനിന്നും ഈ ഇനം കുറയ്ക്കുന്നതിനുള്ള കാരണം പൂർവ്വാധികം ബലപ്പെട്ടിരിക്കുന്നു. ഒരു പ്രമാണവിഷയമാണു ഇതിലടങ്ങിയിരിക്കുന്നതു. ഒരു പ്രത്യേക ക്ലാർക്കോ അല്ലെങ്കിൽ മറ്റുള്ളവരെ അധികാരപ്രകാരം മാനേജരോ സ്ഥലവേതനത്തിനർഹനായി ശ്രീ: ജോർജ്ജ് കണ്ടിരിക്കുന്ന മറ്റു വകുപ്പുകളിലും ഇപ്രകാരമുള്ള ക്ലാർക്കുമാരോ ഉദ്യോഗസ്ഥന്മാരോ ഉണ്ടായിരിക്കാവുന്നതാണു ശ്രീ: ജോർജ്ജ് വിചാരിക്കുന്നതു തന്റെകീഴിൽ ജോലിചെയ്യുന്ന ആളിനു സ്ഥലവേതനം എന്ന വ്യവസ്ഥയെ കൂടുതൽ പ്രോത്സാഹനം ആവശ്യമാകുന്നു എന്നതു. മറ്റു വകുപ്പുകളിലും ഈദൃശമായ കഠിനജോലിചെയ്യുന്ന വേറെ ആളുകളെക്കുറിച്ചു എന്താണു ചെയ്യേണ്ടതു? അവർ വല്ല സ്ഥലവേതനത്തിനായിട്ടും ഗവർണ്മെന്റിനോടു ചോദിക്കുന്നില്ല. ഒരു കുത്സരജനകമായ വ്യത്യാസമുണ്ടാക്കുന്ന ഒരുവനെ ഉദ്ദേശിച്ചുണ്ടാക്കിവെച്ചു എന്നു കരുതിയുണ്ടു. ആ മനുഷ്യൻ അതിനു തക്കവണ്ണം കഠിനമായി ജോലിചെയ്യുന്നുണ്ടെന്നുമിരിക്കാം: എന്നാൽ പ്രശ്നത്തിനു ഒരു ന്യായവുമില്ല. ആ ക്ലാർക്കു വളരെ കഠിനമായി അദ്ധ്വാനിക്കുന്ന ആളുണ്ടെന്നും അതിനാൽ പ്രോത്സാഹനം നൽകേണ്ടതുണ്ടെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു, അയാൾക്കു കഠിന ജോലി ചെയ്യുന്നുണ്ടെങ്കിൽ അയാളുടെ ജോലിയിൽ ഒരാശ്വാസമെങ്കിലും വിടുതൽ ചെയ്യുവാനുള്ള യത്നിക്കേണ്ടതാകുന്നു. താൻ ചെയ്യുന്നുള്ള ജോലിയുടെ കാഠിന്യം പണ്ടായിട്ടുള്ള പ്രതിഫലംകൊണ്ടു തീരുമാനിപ്പാകുന്നതല്ല. (ചിരി) ഗവർണ്മെന്റു അവരുടെ ഉദ്യോഗസ്ഥന്മാരുടെ ചിരായുസ്സിനെ കരുതുകയാണെങ്കിൽ അവർക്കു ജോലിയിൽ ഇളവുചെയ്യുകൊടുക്കേണ്ടതാണെന്നുള്ള സംഗതിയിൽ നിശ്ചയമായിട്ടും ഞാൻ മിസ്റ്റർ ജോർജ്ജിനോടു യോജിക്കുന്നു. ഒരാളോടു അയാൾക്കു സാധാരണ സന്ദർഭങ്ങളിൽ ചെയ്തീർക്കാൻ പാടില്ലാത്തിടത്തോളം ജോലിചെയ്യുന്നതിനു ആജ്ഞാപിക്കുന്നതിനു പ്രതിഫലം തൃപ്തി, ആനന്ദം, കൃപ മുതലായവ അധികരിക്കാവുന്നതല്ല. മി. ജോർജ്ജിന്റെ ആഫീസിലെ ജോലി ഈ മാനേജർ ഇപ്പോൾ ചെയ്യുവരുന്നതു കണക്കിലധികമായി പോയെങ്കിലും മി. ജോർജ്ജിനു ഈ സഭയോടു ഇപ്പോഴത്തെ ഉദ്യോഗാവസ്ഥവിചെയ്യുവരുന്ന ജോലിയിൽ ഒരംശമെങ്കിലും ഇളവു ചെയ്യുകൊണ്ടു അദ്ദേഹത്തെ വേറെ ആളുകളെ അനുവദിക്കുന്നതിനായി ആവശ്യപ്പെടാവുന്നതാകുന്നു. അതു എനിക്കു മനസ്സിലാക്കാൻ കഴിയുന്നകാര്യമാണ്. മനോരമറിച്ചു അതു ഒരു അർഹതയുള്ള ആളിനു അത്യാവശ്യമായിരിക്കുന്ന കൂടുതൽ പ്രോത്സാഹനം കൊടുക്കുകമാത്രമാണെങ്കിൽ അയാളെ അധികം ഉയർന്ന ഒരു ഉദ്യോഗത്തിലേക്കു കയറ്റം ചെയ്യുന്നതാകുന്നു എന്നു ഞാൻ സമ്മതിക്കുന്നു മി. ജോർജ്ജ് ആ ഉദ്യോഗം സംബന്ധിച്ചുള്ള ജോലി ചെയ്യുന്ന ആളുടെപേക്ഷ ചോദിക്കുന്നതിനു പകരം, ഉദ്യോഗത്തിനുള്ള ശമ്പളത്തെ കൂട്ടുന്നതിനായിട്ടു ചോദിക്കുകയാണെങ്കിൽ, അതു ഭംഗിയായിരിക്കും.

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റു ധനകാര്യസെക്രട്ടറി). അതായിരുന്നു ഞാൻ ഇതുവരെ പറഞ്ഞുകൊണ്ടിരുന്നതു. ഈ വേതനം ആളിനുവേണ്ടിയല്ല, ആ ഉദ്യോഗത്തിനു വേണ്ടിയത്രെ.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു വാസ്തവമാണ്. അതും ഈ പ്രത്യേക ഉദ്യോഗത്തിനു മാത്രമല്ലാതെ സംസ്ഥാനത്തുള്ള പല ഉദ്യോഗങ്ങൾക്കും പ്രയോഗിക്കാവുന്ന ഒരു തത്വമാകുന്നു. അതുകൊണ്ടാഫീസിൽ മാത്രമല്ല സംസ്ഥാനമൊട്ടുക്കുള്ള അനേകം ഉദ്യോഗങ്ങളെ സംബന്ധിച്ചും ഒരു അനുക്രമണമെപ്പെട്ടുത്തിട്ടുണ്ടു. ഈ ഉദ്യോഗങ്ങളെല്ലാറ്റിന്റെയും അനുക്രമണം എഴുതപ്പെട്ടുത്തിയതിന്റെ ശേഷം, ഒരു പ്രത്യേക മനുഷ്യനു, അയാൾക്കു കഠിന ജോലി ചെയ്യുന്നതുകൊണ്ടുള്ള കാരണത്താൽ, സ്ഥലവേതനം എന്നുള്ള വ്യവസ്ഥ, ഒരു കൃത്രിമപക്ഷപാതം നൽകുന്നതുമെന്നു ആവശ്യപ്പെടുന്നതു തീരെയല്ലെന്നാണു എന്റെ വിനീതമായ അഭിപ്രായം. ഒരു കർഹനായ ആളിന്റെ സംഗതിയാകുന്നതിൽ മി. ജോർജ്ജിനു അയാളുടെ തന്റെ മേലുദ്യോഗസ്ഥനുചിതമായ രീതിയിൽ ശമ്പളമുള്ള അധികം ഉയർന്ന ഒരു ഉദ്യോഗത്തിലേക്കു പ്രമോഷൻ ചെയ്യുന്നതിനു ധാരാളം സ്വാതന്ത്ര്യമുണ്ടു.

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റു ധനകാര്യസെക്രട്ടറി): ഞാൻ അങ്ങേഹത്തിന്റെ അഭിപ്രായത്തിനെതിരായിട്ടാണോ? ഇപ്പോഴത്തെ മാനേജർ എന്ന ഉദ്യോഗമല്ല ഇല്ല. ആ ജോലി ഒരു ക്ലാർക്കാണു ചെയ്തുവരുന്നതു.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വളരെകൊള്ളാം. പക്ഷേ, അങ്ങേഹം ഒരു ക്ലാർക്കിനു ഗുണംചെയ്യുവായിരുന്നു. ഒടുവിൽ തന്റെ ആഫീസിലെ ആവശ്യമനുസരിച്ചു ഒരു മാനേജർ ആവശ്യമെന്നുതോന്നി, പ്രസ്തുതമനുഷ്യൻ, തന്റെ ബാഹ്യമായ നിലയിൽ ഒരു ക്ലാർക്കുമാത്രവും, എന്നാൽ മി. ജോർജ്ജിന്റെ ആഫീസിന്റെ മണ്ഡലത്തിനുള്ളിൽ ഒരു മാഗ്നേജരും ആകുന്നു. മി. ജോർജ്ജ് കൃത്രിമമായി ആ ഉദ്യോഗം സൃഷ്ടിച്ചിട്ടില്ലപ്പോൾ സ്ഥലവേതനം എന്ന രൂപത്തിൽ വേറൊരു കൃത്രിമം കൂടുതലായി ചെയ്യുന്നതിനു ആവശ്യപ്പെടുകയുംചെയ്യുന്നു. ഇതു കേവലം ഒരു ന്യായമായ സംഗതിമാത്രമാണെന്നു അങ്ങേഹം വിചാരിക്കുന്നു. ഒരാളിന്റെ ആവ

ശ്രദ്ധേണ്ടതുണ്ടെങ്കിൽ, ഇന്നാരു ദിവസം മി. വാൻറോസ്സ് ആവശ്യപ്പെട്ടതുപോലെ, തനിക്കു ഒരു മാനേജരെ ആവശ്യമുണ്ടെന്നോ മി. ജോർജിനു തുറന്നുപറഞ്ഞുകൊണ്ടു (ചിരി) ആ ഉദ്യോഗത്തിനുള്ള വാസ്തവമായ ആവശ്യകത തെളിയിച്ചപ്പോഴോ ഈ സഭയ്ക്കു ബോധ്യപ്പെടുത്തിയശേഷം ഒരു മാനേജരെ നിയമിച്ചുകൊള്ളുന്നതിനു അനുവാദംവാങ്ങിക്കേണ്ടതെന്തുകൊണ്ടു? അതായിരുന്നു അദ്ദേഹം ചെയ്യേണ്ടിയിരുന്നതെന്നു. സ്ഥലവേതനത്തിനായുള്ള ഇപ്പോഴത്തെ അപേക്ഷ മുമ്പേതന്നെ അനുവദിക്കുന്നതിനു പാടില്ലാത്തതാകുന്നു. പ്രത്യേകമായി, അതു ഗവർണ്മെൻറിൻറെ കേന്ദ്രസ്ഥാനത്തിരുന്നുകൊണ്ടു സംസ്ഥാനത്തിൻറെ ധനസ്ഥിതി എല്ലാം കൃത്യീകരിക്കുന്ന ഗവർണ്മെൻറു ധനകാര്യസെക്രട്ടറിയായ മി. ജോർജിൽ നിന്നു ഉദ്ഭവിക്കുന്നതുകൊണ്ടു, സംസ്ഥാനത്തുള്ള ശേഷം എല്ലാ ഉദ്യോഗസ്ഥന്മാർക്കും നമ്മളുടെ ക്ലാക്കുമാരിൽ ചിലർ തൽക്കാലത്തേക്കു മറിനജോലി ചെയ്യുന്നുവെന്നുകൊണ്ടു അവർക്കും സ്ഥലവേതനം നൽകുന്നതാണെന്നു വിചാരിക്കാവുന്നതാകുന്നു. അവർക്കു അങ്ങനെയുള്ള ക്ലാക്കുമാരെ സ്വീകരിയ്ക്കുമാറു മാനേജർ കൽപിച്ചിരിക്കാവുന്നതും, അവർ സാക്ഷാൽ കൂടുതൽജോലിചെയ്യുന്ന ക്ലാക്കുകൾ ആണെന്നു പറയാവുന്നതുമാകുന്നു. പ്രത്യേകമായി, ഞാൻ പറഞ്ഞല്ലുകാരം ഈ മി. ജോർജിൽ നിന്നുവരുന്നതാകകൊണ്ടു, ഒരു അനാശാസ്യമായ ദുഷ്ടാന്തത്തിനിടയാകുന്നതായിരിക്കും. സർ, അതുകൊണ്ടു അദ്ദേഹത്തിനയുടെ യോഗ്യത എന്തുതന്നെ ആയിരുന്നാലും, മി. ജോർജ് അനുകരിക്കേണ്ടിയിരുന്ന രീതി ഇതല്ലായിരുന്നു. ഒരു മാനേജരുടെ ആവശ്യത്തെക്കുറിച്ചു ഈ സഭയ്ക്കു ബോധ്യപ്പെടുത്തുന്നതിനു മി. ജോർജിനു തൃക്കമുണ്ടെങ്കിൽ, സംശയംകൂടാതെ അദ്ദേഹം അതിനായി ഈ തീർത്തുകൊള്ളട്ടെ. ഒരാളെ മാനേജർ എന്ന വ്യാജേന പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഈവിധമുള്ള കൃത്രിമത്തെപ്രയോഗിക്കുന്നതിനെക്കാൾ മതിയായിരുന്നു. വിശേഷിച്ചും ഈ സ്ഥലവേതനം എന്നുമുതൽ നടപ്പായി എന്ന സൂക്ഷ്മമായി എന്നുകൂടി അറിഞ്ഞുകൂടാ. ഒരു കാര്യമുണ്ടു: ഫറവന്നു മുതലുക്കു ഔദ്യോഗികമായി മാനേജർ എന്നു വിളിക്കപ്പെടുന്നില്ലെന്നുവരികിലും, മറ്റുള്ളതെല്ലാം അങ്ങനെ വിളിക്കപ്പെടുന്നതായ ക്ലാക്കായിരുന്ന ഈ കൃത്യങ്ങൾ നിർവഹിച്ചുവന്നതു എന്നു മി. ജോർജ്തന്നെ സമ്മതിച്ചിരിക്കുന്നു. അതിനുവർഷങ്ങളിലെല്ലാം എൻറെ മാർഗ്ഗപ്രകാരം അവർക്കു ഈ പ്രോത്സാഹനം ആവശ്യമില്ലായിരുന്നു. ഇതിനെപ്പറ്റി ഈ അടുത്തകാലത്തുമാത്രമേ ആലോചിച്ചുള്ളു എന്നു ഞാൻ ഊഹിക്കുന്നു. അതും ആലോചിക്കേണ്ട യോഗ്യതയാണു. ഇപ്പോഴത്തെ ഉദ്യോഗാവലംബി ഈ കൃത്യങ്ങളെ അതിനുമുമ്പുള്ളവർഷങ്ങളിൽചെയ്യുന്നില്ലായിരുന്നുഎന്നു ഞാൻ ഊഹിക്കുന്നു. പരുക്ഷമായിപ്പിന്നിട്ടുമാത്രമേ ഉള്ളതെന്നുള്ള. കഴിഞ്ഞകാലങ്ങളിൽ ഈ കൃത്യങ്ങളെല്ലാം ചെയ്തുകൊണ്ടിരുന്നവരായ മറ്റാളുകളും ഉണ്ടു. അവർക്കു സ്ഥലവേതനം എന്ന രൂപത്തിൽ ഈ പ്രോത്സാഹനം നിഷേധിക്കയും ചെയ്തിട്ടുണ്ടു. അവർക്കു ഈ കൃത്രിമസഹായം നിഷേധിച്ചതുകൊണ്ടു. ഈ പ്രോത്സാഹനത്തിൻറെ കാര്യം ആലോചിച്ചപ്പോൾ മി. ജോർജിൻറെ അഭിപ്രായത്തിൽ ഇപ്പോഴത്തെ ഉദ്യോഗാവലംബിയുടെ അവകാശങ്ങൾമാത്രം ആകർഷണീയങ്ങളായിരുന്നുള്ളു. സർ, ഈ അവകാശങ്ങളെല്ലാം വിലമതിക്കുന്നതിനു എനിക്കു സാധിക്കാതെ വന്നിരിക്കുന്നു. ഈ സംഖ്യ കൊടുപ്പാനുചെയ്യേണ്ടതാണെന്നു വിചാരിക്കുന്നതിൽ മി. സുബ്രഹ്മണ്യപിള്ളയോടു ഞാൻ യോജിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും): സർ, പ്രമാണരൂപേണ അക്കൗണ്ടാഫീസിലെ പ്രസ്തുത ക്ലാക്കിനു കൃത്യനിർവഹണവേതനം നൽകുന്നതിനെ താൻ എതിരുന്നു എന്നു മി. പി. കെ. നാരായണപിള്ള പറയുന്നു. അദ്ദേഹം ആലോചിക്കുന്നു എന്നു തോന്നുന്നപോലെ, കൃത്യനിർവഹണവേതനം നൽകുന്ന പതിവു ഒട്ടും പുതിയതല്ല എന്നു നിർദ്ദേശിക്കണമെന്നു എനിക്കു ആഗ്രഹമുണ്ടു.

മി. പി. കെ നാരായണപിള്ള (അമ്പലപ്പുഴ): അതു പരക്കേയുള്ള ഒരു സമ്പ്രദായമാകുമോ എന്നു പറയാമോ?

മി. കെ. സി. മാമ്മൻ മാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും): വർണാക്യുലർ സ്കൂളുകളിൽ അതു പരക്കെയുള്ള ഒരു സമ്പ്രദായമാണു. എനിക്കറിവുള്ള ഒരു ദൃഷ്ടാന്തം അതാകുന്നു. വേറെയും ദൃഷ്ടാന്തങ്ങൾ ഇതിനപ്പുറമെ ഉണ്ടായിരുന്നേക്കാം. അതുകൊണ്ടു ഞാൻ സഭയുടെ ആലോചനയ്ക്കായി സമർപ്പിക്കണമെന്നാഗ്രഹിക്കുന്നതു ഒരാൾക്കു പ്രത്യേക കാരണങ്ങളാൽ കൃത്യനിർവഹണവേതനം നൽകുന്നതു അന്യായമോ അസാധുവോ ആയപ്രതിവല്ല എന്നാകുന്നു. കേവലം പ്രമാണമനുസരിച്ചു മാത്രം പോകണമെന്നും, സന്ദർഭങ്ങളനുസരിച്ചുള്ള നീതിനടത്തുന്ന കാര്യത്തിനു ശ്രദ്ധിച്ചിട്ടാവശ്യമില്ല എന്നും, പറയുന്നതു എൻറെ അഭിപ്രായത്തിൽ വളരെ വിശ്വാസജനകമായ ഒരു വാദമല്ല. വാസ്തവത്തിൽ ഈ സംഗതികളെല്ലാം ചേർത്തുവേണം ഒരു തീരുമാനത്തിലെത്തുവാൻ. സംഗതി വ്യക്തിഗതമല്ല എന്നും വേതനം ഉദ്യോഗത്തോടു ചേർന്നതാണെന്നും, മി. ജോർജ് വീണ്ടും വീണ്ടും നിർദ്ദേശിച്ചിട്ടുണ്ടു. തീച്ചയായിട്ടും അദ്ദേഹം ആ മെസ്സേജിനെ ഒരു സൂപ്രണ്ടിൻറെയോ മറെറാധികം ഉയർന്നതല്ല ഉദ്യോഗസ്ഥൻറെയോ ചാർജിൽ വയ്ക്കേണ്ടതായിരുന്നു എന്നു പറയുന്നു. അങ്ങനെ ചെയ്യേണ്ടതാകുന്നു എന്നു ഈ സഭ അഭിപ്രായപ്പെടുന്നതായാൽ, ധനകാര്യസെക്രട്ടറിക്കു അങ്ങനെ ചെയ്യുന്നതിനു യാതൊരുവിരോധവും ഉണ്ടാകുന്നതല്ല. എന്നാൽ ചെലവു മുക്കാൽഭാഗമാണിപ്പോൾ, അതേസമയത്തുതന്നെ നീതിക്കു ഇപ്പോൾ വരുത്തുകവണ്ണവും, അദ്ദേഹം ഒരു മാസ്റ്റർ നിയോഗിച്ചിരിക്കുന്നു. ആയതു ഈ സഭയ്ക്കു സമ്മതമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. സഭ സമ്മതിക്കുമെന്നു എനിക്കു നിശ്ചയമുള്ളതുപോലെ, തൽക്കാലം അക്കൗണ്ടാഫീസിലെ ഉദ്യോഗസ്ഥന്മാർക്കു കൊടുക്കുന്ന ശമ്പളത്തിൻറെ പൂർണ്ണമായ വിധ അവരിൽനിന്നും ഈടാക്കുന്ന വിഷയത്തിൽ വളരെ സൂക്ഷ്മതയുള്ള ഒരുകൂട്ടരായ ഇപ്പോഴത്തെ അക്കൗണ്ടാഫീസരിൽ നിന്നുമുപേക്ഷിച്ചിട്ടുള്ളതുകൊണ്ടു പ്രത്യേകിച്ചും അങ്ങനെ ആയിരിക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): അദ്ദേഹം തനിക്കുവേണ്ടിതന്നെയോ സഭയ്ക്കു വേണ്ടിയോ വാദിക്കുന്നതെന്നു എന്നെ അറിയിച്ചുതരുമോ?

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും): അദ്ദേഹം ഇപ്പോൾ സംസാരിക്കുന്നതു തനിക്കുവേണ്ടിതന്നെയോ സഭയ്ക്കുവേണ്ടിയോ? ഞാനും അതേവിധത്തിലെത്രെ സംസാരിക്കുന്നതു. വേറെ ഉത്തരം ഒന്നും അതിനാവശ്യമില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സ്ഥലവേതനം വേറെ നമുക്കുചേർക്കുടെ നൽകുന്നുണ്ടെന്നുള്ള വസ്തുത മി. മാമ്മൻ മാപ്പിളയ്ക്കറിയാമോ?

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും). അങ്ങനെ ആയിരിക്കും. എന്നാൽ ഇപ്പോൾ അതിനു ആവശ്യം കാണുന്നില്ല.

പ്രസ്തുത ഉദ്യോഗസ്ഥനാൽ നിർവഹിക്കപ്പെടുന്ന ജോലികൾ സാധാരണ ക്ലാർക്കുമാരാൽ ചെയ്യപ്പെടുന്ന ജോലിയിൽ അല്ല എന്നും, ജോലിഭാരവും വ്യാപ്തിയുള്ളതും വിവിധവും ആണെന്നും, മറ്റു സബ്ഡിവിഷനുകളിൽ ഈ ജോലി അധികം ഉയർന്നതിലുള്ള ഉദ്യോഗസ്ഥന്മാർ നിർവഹിക്കപ്പെടുന്നതാണെന്നും, ഇപ്പോഴത്തെ ഓർഡറിൽ ഈ ഉദ്യോഗസ്ഥർ ഡിപ്പാർട്ടുമെൻറിൽ ഏകദേശം പത്തു വർഷങ്ങളായി ജോലിനോക്കിയിട്ടുള്ള ആളാണെന്നും, അക്കൗണ്ടാഫീസർ പിശകപ്പെടുത്തിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെ ഇതു ഇപ്പോഴത്തെ ഉദ്യോഗസ്ഥനെക്കുറിച്ചുള്ള ഒരു പ്രശ്നമാകുന്നോ?

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ പാണിജ്യവും വ്യവസായവും): കുട്ടനാടുകഴിഞ്ഞകാലങ്ങളിൽ ഈ വേതനം കൊടുത്തിരുന്നില്ലെന്നു നിങ്ങാം പറയുകയാണെങ്കിൽ, ഇപ്പോൾ അതുകൊടുക്കുന്നതിനു അധികം ന്യായമുണ്ടെന്നാണ് എന്റെ അഭിപ്രായം. എന്നാൽ വിധിവ്യത്യാസങ്ങളും എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലുമുണ്ട്, അവ ഡിപ്പാർട്ടുമെണ്ടു മേധാവികളുടെ ഒഴിയിൽ സൂക്ഷ്മമായി പതിയുമ്പോൾ, നീതിനടത്തേണ്ടതാണെന്നുള്ളതു അവരുടെ ധർമ്മമാണ് എന്നു ഞാൻ പറയേണ്ടിയിരിക്കുന്നു. തങ്ങളുടെ അവകാശങ്ങളെ ഗവർണ്മെൻറു മുമ്പാകെ കൊണ്ടുചെല്ലുവാൻ തക്കനിലയിലല്ലാത്തവർ വളരെപേർ ഉണ്ടായേക്കാം. ഡിപ്പാർട്ടുമെൻറു മേധാവിമുഖം ഗവർണ്മെൻറു മുമ്പാകെ പ്രവേശിക്കുന്നതിനു നൂറുകണ്ടുള്ളതിലും ഈ ഭരിക്കുന്നവർക്കിടയിലുള്ള വ്യത്യാസമല്ല എന്നാണു ഞാൻ പറയുന്നതു. മറ്റു വകുപ്പുകളിൽ ഉള്ള എല്ലാ ക്ലാർക്കുമാർക്കും, അതതു ഡിപ്പാർട്ടുമെൻറു മേധാവികൾമുഖം, അങ്ങിനെതന്നെ പ്രവേശനം ഉണ്ട്. അതിനാൽ ഈ പ്രത്യേകക്ലാർക്കിനു അസൂയാർഹങ്ങളായ വിശേഷ അവകാശങ്ങളൊന്നുംതന്നെ അനുഭവമായിട്ടു ഇല്ല എന്നുപറയാം. മറ്റു ക്ലാർക്കുമാർക്കും അല്പാതിരി പ്രവേശനം തന്നെയുണ്ട് അവരുടെ അവകാശങ്ങളും മുമ്പോട്ടു കൊണ്ടുവരപ്പെടുമ്പോൾ, രാജ്യഭരണാലോചനാസഭയും സൂക്ഷ്മമായി പരിശോധിക്കുന്നതായിരിക്കും. ഈ സഭയിൽ കൊണ്ടുവരുന്നതിനു മുമ്പായി അവയെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിനു ധനകാര്യകമ്മറിയുണ്ടു എന്നു എനിക്കു പറയാം. ധനകാര്യ സിക്രട്ടറി ഇപ്പോൾപറഞ്ഞതെല്ലാറ്റിനോടും ധനകാര്യകമ്മറിയിൽ അദ്ദേഹം ചെയ്തിട്ടുള്ള ദീർഘമായ വാദത്തിലും, ഞാൻ കേട്ടിരിക്കുന്നതുകൊണ്ടു, അതെക്കുറിച്ചു ഹിസ്സടെ ഈ പ്രൊപോസിഷനെ സഭ അംഗീകരിക്കേണ്ടതാണെന്നു ഞാൻ ബലമായി അഭിപ്രായപ്പെടുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, ഈ ഉപേക്ഷാപത്തെ ഹാജരാക്കുന്നതിൽ എനിക്കുള്ള ഉദ്ദേശം ഈ സഭയുടെ ഈവശത്തിരിക്കുന്ന മെമ്പർമാർ മുമ്പാകെ സ്വീകരിച്ചിട്ടുള്ള ഒരു തത്വത്തെ ഗവർണ്മെൻറിനെ ധരിപ്പിക്കുന്നതിലേക്കു മാത്രമാകുന്നു. എന്റെ സ്നേഹിതന്മാരിൽ ചിലർ ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽനിന്നും സഭയുടെ ഈ വശത്തുള്ള മെമ്പർമാരിൽ ഒരു ഭൂരിപക്ഷം ഈ തത്വത്തെ അനുകൂലിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സ്ഥിതിക്കു ഉപേക്ഷാപത്തെക്കുറിച്ചു നിർബന്ധം പിടിക്കുന്നതിനു ഞാൻ ഉദ്ദേശിക്കുന്നില്ല.

ഉപേക്ഷാപം അനുവാദത്തോടുകൂടി പിൻവലിക്കപ്പെട്ടു.

ക്രമനം ഉപേക്ഷാപം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). സർ, ഞാൻ താഴെപറയുന്ന ഉപേക്ഷാപത്തെ ഹാജരാക്കുന്നതിനു അനുവാദം ചോദിക്കുന്നു.

ക്രമം. ഇതിലേക്കു നീക്കിട്ടുള്ള നൂറു രൂപായും വെട്ടിക്കുറയ്ക്കുകചെയ്യണം.

പ്രസിഡൻറ്. നിങ്ങളുടെ ഉപേക്ഷാപത്തിൽ നിന്നും നൂറു രൂപാ ഒഴിവാക്കേണ്ടതായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി. പി കെ. നാരായണപിള്ള (അമ്പലപ്പുഴ): നൂറു രൂപായുടെ കുറവിനെ നിർദ്ദേശിച്ചു മുമ്പിലത്തെ ഉപേക്ഷാപം സഭ വോട്ടുചെയ്തതല്ല അതിനെ മെമ്പർ പിൻവലിക്കയാണു ഉണ്ടായതു. വോട്ടിടുന്നതിനായി നിർബന്ധിക്കുന്നതിനു അദ്ദേഹത്തിന്റെ മേൽ എനിക്കു യാതൊരധികാരവുമില്ലായിരുന്നു. ഇപ്പോൾ എന്റെ തന്നെയാകുന്നു. അതുകൊണ്ടു ഉപേക്ഷാപത്തെ പൂർവനിലയിൽ കൊണ്ടുവരുന്നതിനു എനിക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നാണു എനിക്കു തോന്നുന്നതു.

പ്രസിഡൻറ്. അതിനെ പിൻവലിക്കുന്ന കാര്യത്തിൽ നിങ്ങൾക്കു നിരോധനം ചെയ്യാമായിരുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, ഈ ഉപേക്ഷാപങ്ങളെ ക്രമപ്പെടുത്തുന്ന സംഗതിയിൽ, അധികം വലിയ തുകകളെ കുറയ്ക്കുന്നതിലേക്കുള്ള ഉപേക്ഷാപങ്ങളും അതിലുമധികം കുറഞ്ഞ തുകകളെ വെട്ടിക്കുറയ്ക്കുന്നതിനുള്ള ഉപേക്ഷാപങ്ങളും മുമ്പിൽ വരേണ്ടതാണെന്നു ഞാൻ പ്രസ്താവിക്കണമോ? ഇങ്ങിനെ ചെയ്തിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇങ്ങിനെ ചെയ്യുന്നതും അധികംവലുതായ ഖണ്ഡനങ്ങളെ പിരോധിക്കയും ചെയ്യുന്നതായാൽ, ചെറുസംഖ്യകളുടെ ഖണ്ഡനങ്ങളെ ഉപേക്ഷാപിക്കുന്നതിനാവശ്യമുണ്ടാകയില്ലായിരുന്നു. എന്റെ ഉപേക്ഷാപത്തെ വോട്ടിനിട്ടിരുന്നുവെങ്കിൽ മി. സുബ്രഹ്മണ്യപിള്ളയുടെ ഉപേക്ഷാപം ഹാജരാക്കുന്നതിനു ആവശ്യം നേരിടുകയില്ലായിരുന്നു. അതിനാൽ താഴെപറയുന്ന ഉപേക്ഷാപത്തെ ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ക്രമം. സ്ഥലവേതനങ്ങൾ എന്ന ഇനത്തിൽ നീക്കിട്ടുള്ള രൂപാ നൂറു വെട്ടിക്കുറയ്ക്കണമെന്നാകുന്നു.

ആദ്യത്തെ ആയ വ്യയാനുപത്രം നൂറാം വകുപ്പു കാണാവുന്നതുപോലെ, ആദ്യമായി ഈ ആണ്ടിൽ കൊണ്ടുവന്നിട്ടുള്ളതും, ഒരു ക്ലാർക്കിനെ ചേർക്കുന്നതാണെന്നു നിർദ്ദേശിക്കുന്നതും ആയ പതിനഞ്ചു രൂപായുള്ള ഒരു സ്ഥലവേതനവും, ക്രമ രൂപാ വീതമുള്ള രണ്ടുവേതനങ്ങളും ഒരു രൂപാവീതമുള്ള വേറെ രണ്ടുവേതനങ്ങളും ഈ സംഖ്യയിൽ ഉൾപ്പെടുന്നു. എല്ലാംകൂടിയുള്ള തുക നൂറു വുരൂപായെക്കാളും വരുന്നുണ്ടു്.

സർ, മി. സുബ്രഹ്മണ്യപിള്ളയുടെ ഉപേക്ഷാപത്തെപ്പറ്റി സംസാരിച്ചപ്പോൾ എനിക്കു പറവാനുള്ള കാരണങ്ങളും പറഞ്ഞുവസാനിപ്പിച്ചു. മി. മാമ്മൻമാപ്പിളയുടെ ഏതാനും നിരൂപണങ്ങൾക്കു സമാധാനംപറയാതെ ഇനി കേഴിച്ചിട്ടുള്ളു. വർണാക്യുലർസ്കൂൾ ഹെഡ്മാസ്റ്റർമാർക്കു സ്ഥലവേതനങ്ങൾ കൊടുത്തുവരുന്നുണ്ടെന്നു അദ്ദേഹം നിർദ്ദേശിച്ചു. അതുപരക്കെയുള്ള ഒരു പതിവാകണമെന്നു ഞാൻ മി. മാമ്മൻമാപ്പിളയോടു ചോദിച്ചു. അങ്ങിനെയായിരിക്കുമെന്നു അദ്ദേഹം മറുപടിപറഞ്ഞു. അതു എന്റെ ചോദ്യത്തിനുത്തരമല്ലെന്നു ഞാൻ വിചാരിക്കുന്നു.

ചാർജ്ജും. വർണാക്യുലർസ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും വാല്യൂവർമാരുടെയും കയ്യുവും, എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലെ ഓഫീസുകളിൽ അനാവശ്യമായി ചെലവുചുരുക്കുവും, ഈ സമയത്തിൽ ഒട്ടുവളരെ വാഗ്പ്രതിവാദം ചെയ്തിട്ടുള്ള സംഗതികളുണ്ട്. ഈ ഹോമുവായിട്ടുള്ള വിദ്യാഭ്യാസ വകുപ്പിന്റെ ആയ വ്യയകണക്കു സഭയുമ്പാകെ വരുമ്പോൾ, വർണാക്യുലർസ്കൂൾ ഹെഡ്മാസ്റ്റർമാരോടും വാല്യൂവർമാരോടും കാണിച്ചുകൊണ്ടിരിക്കുന്ന അനീതിയെ കുറിച്ചു സഭയ്ക്കു നിശ്ചയം ചെയ്യുന്നതിനു ധാരാളം അവസരം ലഭിക്കുന്നതാകുന്നു. സഭയുടെ ഇക്കാര്യത്തിലുള്ള ഔദാര്യത്തോടെ ഹെഡ്മാസ്റ്റർമാരുടെ ദുഃഖത്തിൽ, വർണാക്യുലർസ്കൂൾ വാല്യൂവർമാരെ സംബന്ധിച്ചിടത്തോളം, അവരുടെ അസന്തുഷ്ടിയും ചേർത്തുള്ള ഗ്രന്ഥങ്ങളും വലിച്ചിഴയ്ക്കേണ്ടതാകുന്നു എന്നാകുന്നു. ആവഴി, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു വേണ്ടതിലധികമായി ചുരുങ്ങിക്കൊണ്ടിരിക്കയാണു. ഒരവസരത്തിൽ മി. ഹഡ്സൺ നിരീക്ഷിച്ചിട്ടിൻപ്രകാരമായിരുന്നു. നിങ്ങൾക്കു അധികച്ചിലവില്ലാതെയുള്ള വിദ്യാഭ്യാസം വേണമെങ്കിൽ, കഴിയുന്നതു എല്ലാം വർണാക്യുലർസ്കൂളുകളിൽ ഇംഗ്ലീഷ് പ്രവേശിപ്പിക്കുവരുന്നതു മാത്രമാകുന്നു. അതുകൊണ്ടു വർണാക്യുലർസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടേയും വാല്യൂവർമാരുടേയും കയ്യും, ഉദ്യോഗസ്ഥന്മാരുടെ സംബന്ധിച്ചുള്ള നമ്മുടെ പ്രവൃത്തിയെ കുമീച്ചരിപ്പാൻ തക്ക ദാളുകയാണു എടുക്കുന്നതിനു സാധിക്കുന്നതല്ല. അതുകൊണ്ടു ഇതിനെ ഒഴിച്ചുനോക്കുന്നതെങ്കിൽ അക്കൗണ്ടാഫീസർ മി. ജോജ്, അതുമായി ഈ നിയമത്തിനു പ്രവേശനം കൊടുത്തിട്ടില്ല എന്നു കണ്ടുവെന്നതാണ്. മുമ്പിലത്തെ ഉപക്ഷേപത്തെക്കുറിച്ചു സംസാരിക്കുമ്പോൾ ഞാൻ സൂചിപ്പിച്ചുപോലെ, എനിക്കു അതിനോടു വളരെ യോജിപ്പുള്ള വൈരുദ്ധ്യങ്ങളുള്ളതുണ്ട്. നിനിടത്തണമെന്നുള്ള ഉദ്ദേശമുണ്ടെങ്കിൽ അതു സാധിക്കുന്നതിലേക്കുള്ള വഴി ഇതല്ലായിരുന്നു. നിശ്ചയിച്ചിട്ടുള്ള ശമ്പളം വർദ്ധിപ്പിക്കുക അങ്ങനെചെയ്യുന്നതിനു മി. ജോജ്നു സാധ്യതയുണ്ടു. അതുചെയ്യുന്നതിനു കരംകൊടുക്കുന്ന ജനങ്ങളോടു പണത്തെക്കുറിച്ചുണ്ടു, താൻ മനസ്സുവെച്ചില്ലെന്നു അദ്ദേഹംപറയുന്നതുപോലെ തോന്നുന്നു. അപ്രകാരം ചെയ്യുന്നതാത്തതാകുന്നു. ഗവണ്മെന്റിനെ അങ്ങനെയുള്ള അന്യായത്തിനിടവരുത്തുന്നതാകുന്നു. പ്രത്യേകിച്ചും, വലുതായ പ്രമോഷനുകാരണമില്ലാതെ ഞാൻ അറിഞ്ഞിക്കുന്ന അളുടെ മി. ജോജ്നെപ്പോലെയുള്ള ഒരാളിൽനിന്നു ഇതുപോലെപ്പെടുന്നതുകൊണ്ടുതന്നെ മി. മാത്തൻമാപ്പിള പറഞ്ഞതു, ഈ സംഗതികളിൽ പ്രമാണം മാത്രമല്ലാതെ വേറെ പലതും ആലോചിപ്പാനുണ്ടെന്നായിരുന്നു. ഇപ്രകാരം ആലോചിക്കത്തക്ക സംഗതികളും എന്തെല്ലാമാണെന്നു പറഞ്ഞിട്ടില്ല. അതും എന്തെങ്കിലും പ്രമാണമനുസരിച്ചുമാത്രം കരിക്കപ്പെട്ടതായിരിക്കണമെല്ലോ. അതിനാൽ ഈ സ്ഥലവേതനങ്ങളും എന്നവിഷയത്തിൽ മി. ജോജ്നോടു യോജിക്കുന്നതിനു ഞാനും അശേഷം കാരണം കാണുന്നില്ലെന്നു സമർപ്പിച്ചുകൊള്ളുന്നു. ഹജൂർആഫീസിലെ സ്ഥലവേതനങ്ങളും എന്നൊരിനമുള്ളതായി എനിക്കറിവില്ല. അവിടേയും ക്ലേലികമായിചെയ്യുന്നതു ക്ലാക്കുമാർക്കു തന്നെയുണ്ടു്. അക്കൗണ്ടാഫീസിലെ ക്ലാക്കിനോടുമാത്രം പ്രത്യേകത കാണിക്കണമെന്നു പറയുന്നതിൻകാരണം എനിക്കു മനസ്സിലാകുന്നതിനു വഴികാണുന്നില്ല. അതിൽ അന്തർഭവിച്ചിട്ടുള്ള ന്യായത്തെപ്രതിഭലിപ്പിക്കുന്നതിനു എനിക്കുനിർവ്വാഹമില്ലാതെയാണിരിക്കുന്നതു്. ആയതുകൊണ്ടു കുറവുചെയ്യണമെന്നു ഞാൻ ഉപക്ഷേപിക്കുന്നു.

മി. കെ. ജോജ് (ഗവണ്മെന്റു ധനകാര്യസെക്രട്ടറി): മി. നാരായണപിള്ളയുടെ ഉപക്ഷേപത്തിൽ അക്കൗണ്ടാഫീസിലെ മാനേജരുടെ സ്ഥലവേതനംമാത്രമല്ല, മറ്റു നാലു സ്ഥലവേതനങ്ങളും ഉൾപ്പെട്ടുന്നുണ്ടു്. മാനേജർക്കുവേണ്ടിയുള്ള സ്ഥലവേതനം, മറ്റു സെക്ഷനുകാരുടെ ചാർജ്ജിലെ ഇരിക്കുന്നതുപോലെതന്നെ അയാളും ഒരു സെക്ഷന്റെ ചാർജ്ജുവഹിക്കുന്നതുകൊണ്ടാകുന്നു കൊടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നതു്. ഈ മാനേജരുടെ കീഴായി മറ്റു ക്ലാക്കുമാരുണ്ടു്, അതുകൊണ്ടാകുന്ന അയാൾ കേവലം ഒരു ക്ലാക്കല്ല എന്നും വ്യത്യസ്തമായി അപേക്ഷയോടു കൂടെയുമാരോണ്ടതാണെന്നും ഞാൻ പറഞ്ഞതു.

ഒരു തത്വംഅനുസരിച്ചു പ്രവർത്തിക്കുക എന്ന വിഷയത്തെക്കുറിച്ചു പറയുമ്പോൾ, ഇതു ന്യായമല്ല എന്നഎന്റെ സ്നേഹിതൻ മി. പി. കെ. നാരായണപിള്ള പറയുന്നതു അത്ര ശരിയല്ല. മറ്റു പല വകുപ്പുകളിലും, സാധാരണ പടിയിൽനിന്നു അളുകളെ പ്രത്യേകജോലിക്കായി നിയമിക്കുമ്പോൾ, അവക്കു കൃത്യനിർവ്വഹണത്തിനു കൊടുത്തുവരുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. പൊലീസ് കമ്മിഷണരുടെ ആഫീസിൽ മാനേജരുടെ ജോലിചെയ്യുന്ന പൊലീസ് ഇൻസ്പെക്ടർക്കു ഒരു അലവൻസു ലഭിച്ചുവരുന്നു. രജിസ്ട്രേഷൻ ഡയറക്ടരാഫീസിൽ മാനേജരുടെ ജോലിചെയ്യുന്ന സബ് രജിസ്ട്രാർക്കും സ്ഥലവേതനം ലഭിക്കുന്നു. ഇങ്ങനെ സാധാരണ പടിയിൽനിന്നും ചിലരാളെ പ്രത്യേകജോലിക്കായി നിയമിക്കുന്ന മറ്റു സന്ദർഭങ്ങളിലും സ്ഥലവേതനങ്ങളും കൊടുത്തുവരുന്നു. അതുകൊണ്ടു പ്രമാണം പിടിച്ചുപറയുകയാണെങ്കിൽ, ഞാൻ ഇക്കൂട്ടത്തിൽനിന്നു വ്യതിചലിക്കുന്നതെന്നു വിചാരിക്കുന്നില്ല. ആ വാദഗതിയെപ്പറ്റി കൂടുതലായി ഒന്നും ഉപന്യസിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല. പ്രമാണമനുസരിച്ചും, സമദർശിതാപംസംബന്ധിച്ചും, ഞാൻ ആ വിഷയത്തെ സഭയുടെ ശ്രദ്ധയ്ക്കായി നിർബന്ധിക്കുന്നു.

മറ്റു സ്ഥലവേതനങ്ങളെസംബന്ധിച്ചു പറയുമ്പോൾ, പത്തു രൂപാവീതമുള്ള ഒരു നിരക്കു രണ്ടുപേരുടെ സംഗതിയിലും, എഴുരൂപാവീതമുള്ള വേറൊരു നിരക്കു വേറെ രണ്ടുപേരുടെ സംഗതിയിലും നിർദ്ദേശിച്ചിട്ടുണ്ടു്. ഈ വേതനങ്ങളും ടൌണിൽ പരിശോധനജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ക്ലാക്കുമാർക്കു കൊടുക്കുന്നതാകുന്നു.

സർ, ടൌണിൽ മൂന്നു സ്ഥാപനങ്ങളാണു സ്ഥലം ആഡിറുചെയ്യുന്നതിനുണ്ടു. അവതമ്മിൽ വളരെ ദൂരത്തിൽ സ്ഥിതിചെയ്യുന്നു. പൂങ്കുന്നം, പാങ്ങോടു, വഴുതക്കാടു, ഉള്ളൂർ, കരമന, ഉദയസ്മാരകം മുതലായ പല സ്ഥലങ്ങളിലും ഈ ആഡിറർമാർക്കു പരിശോധിക്കേണ്ടിയ സ്ഥാപനങ്ങളുണ്ടു. അവരുടെ ജോലിനിർവ്വഹണത്തിനായി, ആഫീസിൽനിന്നും ദൂരംവഴി അവക്കു പോകാനുണ്ടെന്നുള്ള സമ്മതിക്കുന്നതാണെല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവക്കു സഞ്ചാരപ്പടികൊടുത്തുവരുന്നില്ലെ?

മി. കെ. ജോജ് (ഗവണ്മെന്റു ധനകാര്യസെക്രട്ടറി): ഇല്ല. പോകാനുള്ളദൂരം അഞ്ചു മൈൽസിനുള്ളിലാകയാൽ സഞ്ചാരപ്പടികൊടുക്കുന്നതിനു മാർഗ്ഗമില്ല. ഈ ക്ലാക്കുമാർ പലയിടത്തേക്കായി വളരെദൂരം പോ

കേണ്ടിയിരിക്കുന്നു. അവർക്ക് വാഹനപ്പടി ഗവണ്മെന്റ് കൊടുക്കുന്നതു വിഹിതംതന്നെ, എന്നാൽ വാഹനപ്പടി ക ക മുതൽ ക ം വരെ രൂപായേയും പ്രതിമാസം ചെലവുവരുന്നതാണെന്നുകണ്ടു, ചിലവുചുരുക്കുന്നതിലേക്കും, വേതനം മുടക്കംകൂടാതെ ലഭിക്കുന്നതിലേക്കും, ഈ വ്യവസ്ഥകൾ ഏർപ്പെടുത്തിയതാണ്. ഈ ആഡിറ്റർമാർ വർഷം മുഴുവനും പ്രസ്തുതസ്ഥാപനങ്ങളെ സന്ദർശിച്ചുനടത്തുകൊണ്ടു അവരുടെ സമയത്തിലൊട്ടുഭാഗവും ആഫീസിൽ ചിലവാക്കിവരുന്നില്ല. ഉദ്യോഗസ്ഥർക്ക് ക ം രൂപാവീതവും, താഴ്ന്നതരക്കാർക്ക് ഉ രൂപാവീതവും, ലഭിച്ചുവരുന്നു. വാഹനപ്പടികൊടുക്കുന്നപക്ഷം ആണ്ടിൽ ഉദ്ദേശം ഉ ഇ ം രൂപായോളംവരുന്നതായിരിക്കും. അതുകൊണ്ടാണ് അവർക്ക് ഈ സ്ഥലവേതനംനൽകിവന്നിട്ടുള്ളത്. നാം സ്ഥലവേതനം എടുത്തുകളയുന്നതായിരുന്നാൽ, അവർ വളരെ കഷ്ടപ്പെടേണ്ടിവരുന്നതാകുന്നു. അതുകൊണ്ടു ഞാൻ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളും സഭ അനുവദിക്കണമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഞാൻ സമർപ്പിച്ചിട്ടുള്ളഭേദഗതിയിൽ രണ്ടു ഇനങ്ങൾ ഉൾപ്പെട്ടതാണ്. അതായതു മാനേജർക്കു വേണ്ടിയുള്ള സ്ഥലവേതനം ക ക ം രൂപായും ശേഷിച്ചുള്ള പരിശോധനാജോലിക്കായി നിയോഗിക്കപ്പെട്ട ക്ലാർക്കുമാർക്കുവേണ്ടിയുള്ള സ്ഥലവേതനവും ആകുന്നു. പരിശോധനാജോലിക്കായിട്ടു നിയോഗിക്കപ്പെടുന്ന ആളുകളെ സംബന്ധിച്ചു മി. ജാക്ക് കൊടുത്തിട്ടുള്ള വിവരണം കേട്ടിട്ടു, അവരെസംബന്ധിച്ചിടത്തോളം ഉപക്ഷേപത്തെ ഞാൻ നിർബന്ധിക്കുന്നില്ല. മാനേജർക്കുള്ള സ്ഥലവേതനസംബന്ധിച്ചുമാത്രമേ ഉപക്ഷേപത്തിന്മേൽ വോട്ടെടുക്കണമെന്നതിനെ ഞാൻ നിർബന്ധിക്കുന്നുള്ളൂ.

മി. എൻ. പി. ജോസഫ് (പറവൂർ): ഞാൻ ഒരു വിഷയം കാണുന്നു. സർ, സ്റ്റാന്റിങ്ങ് ആർഡർ ക ഉ പ്രകാരം കൌൺസിൽ തീരുമാനംചെയ്ത ഒരു പ്രശ്നത്തോടു വാസ്തവമായ സാമ്യമുള്ള ഒരു പ്രശ്നം ഒരു ഉപക്ഷേപത്തിൽനിന്നു ഉത്ഭവിച്ചുകൂടാത്തതാകുന്നു

പ്രസിഡന്റ്: ഉപക്ഷേപം പിൻവലിച്ചുപോയതിനാൽ തീരുമാനമൊന്നും ഉണ്ടായിട്ടില്ല.

മി. എൻ. പി. ജോസഫ് (പറവൂർ): ആ സംഗതിയിൽ ആ ഉപക്ഷേപം പിൻവലിക്കുന്നതിനു സഭയാണ് അനുവാദം നൽകിട്ടുള്ളതു. അതിനാൽ ആ ഉപക്ഷേപം സഭയുടെ ആലോചനയ്ക്കർഹമായിരുന്നെങ്കിൽ, സഭ അതിന്മേൽ വോട്ടെടുപ്പുണ്ടാകയിരുന്നു, മി. സുബ്രഹ്മണ്യപിള്ള യുക്തനെന്നും, പിൻവലിക്കുന്നതിനു അവകാശമില്ലായിരുന്നു. അദ്ദേഹവും സഭയുടെ അനുവാദത്തോടുകൂടിയാണു അതിനെ പിൻവലിച്ചതു്. സഭ പിൻവലിക്കുന്നതിനു ഒരിക്കൽ അനുവദിച്ചിരിക്കകൊണ്ടു, അതു തീരെ അനുയോജ്യമല്ലാതയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു

മി. ജി. പരമേശ്വരൻപിള്ള (തെക്കുംഭാഗം). സർ, ആ വിഷയത്തെപ്പറ്റി പ്രസിഡന്റിന്റെ തീരുമാനംചെയ്യുന്നതിനുമുമ്പായ്, എനിക്കു ഒരു സംഗതി നിർദ്ദേശിക്കാമോ? മി. ജോസഫിന്റെ നിർദ്ദേശം സ്വീകരിക്കുന്നതായാൽ അതു വലിയ ഒരുഅപകടകരമായ ഒഴുക്കുന്തമായിത്തീരുന്നതായിരിക്കും. ഉപക്ഷേപം പിൻവലിക്കുന്നതിനു മി. സുബ്രഹ്മണ്യപിള്ള അനുവാദം ചോദിക്കുകയും, സഭ അതനുവദിക്കുകയുംചെയ്തു. ഒരു മെമ്പർ ഒരു ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിക്കുകയും സഭ അതു അനുവദിക്കുകയുംചെയ്യുന്നതായാൽ, ഉപക്ഷേപം പിൻവലിക്കുന്നതിനെസംബന്ധിച്ചിടത്തോളംമാത്രമേ സഭ അനുവാദം നൽകുന്നൊള്ളൂ. സഭ അതിന്റെ യോഗ്യതകളാലോചിച്ചു തീരുമാനം ചെയ്തുഎന്നു പറയുന്നതായാൽ, അതു ഒരു അപകടഒഴുക്കുന്തമായിത്തീരുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അതിനെ ഫാജരാക്കുന്നതിനു എനിക്കു അനുവാദം തന്നിട്ടുണ്ട്.

പ്രസിഡന്റ്: ഒരു ഉപക്ഷേപത്തെ പിൻവലിക്കുന്നതു് ഒരു ഉപക്ഷേപത്തെ വോട്ടിനിടുന്നതിൽനിന്നു വ്യത്യാസപ്പെട്ട സംഗതിയാകുന്നു, എന്നു മി. പരമേശ്വരൻപിള്ള അഭിപ്രായപ്പെട്ടതിനോടു ഞാൻ യോജിക്കുന്നു. വ്യത്യാസം വളരെ സൂക്ഷ്മമായിട്ടുള്ളതാകുന്നു എന്നാൽ അതുകൊണ്ടൊന്നുമില്ല തോന്നുന്നു. എന്നാൽ, ഈ ഉപക്ഷേപത്തെതന്നെ സംബന്ധിച്ചിടത്തോളം, മി. നാരായണപിള്ള അതിനെ പിൻവലിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതിൽ മാനേജർക്കുള്ള സ്ഥലവേതനത്തെസംബന്ധിച്ചു മാത്രംമതിയെന്നു തീരുമാനിച്ചിട്ടു, അതായതു് ക ം രൂപാ.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമിച്ച മെമ്പർ) (ഡിപ്യൂട്ടിപ്രസിഡന്റ്): ശരിയായിട്ടുള്ളവഴി അപ്രകാരം ഉപക്ഷേപത്തെ ഭേദപ്പെടുത്തുകയത്രെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഭേദപ്പെടുത്തിയ ഉപക്ഷേപം താഴെ പറയുന്നപ്രകാരമാകുന്നു:—

നൂറു രൂപായിൽനിന്ന ക ം രൂപയുടെമുകളിൽ വെട്ടിക്കുറയ്ക്കുണ്ടതുണ്ട്.

പ്രസിഡന്റ്: സ്വതമായി പറയണമെങ്കിൽ, വിമർശനവും അതിലുണ്ടായ വ്യവഹാരസംബന്ധമായ ഉത്സാഹവും, വിഷയം അർഹിക്കുന്നതിനെക്കാൾ കൂടുതൽ ഗൗരവത്തെ ആകർഷിച്ചിട്ടുണ്ട് എന്നും എനിക്കു സൂഗ്രാഹ്യമല്ലാത്തവയും അതിനു പ്രാധാന്യതയുടെ പരിവേഷത്തെ കൊടുത്തിട്ടുള്ളവയും ആയ പ്രമാണങ്ങളെക്കൊണ്ടു അതിനെ ആവരണംചെയ്തിട്ടുണ്ട് എന്നും എനിക്കു തോന്നുന്നു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): സ്റ്റാന്റിങ്ങ് ആർഡർ ക ഫ-ൽ ഇപ്രകാരം കാണുന്നു:— "ഒരേതരത്തിലുള്ളതായ ഉപക്ഷേപങ്ങൾ രണ്ടോ അധികമോ മെമ്പർമാരുടെ പേരിൽ ഉള്ളപ്പോൾ, ആയതിൽ ഉപക്ഷേപം ഫാജരാക്കണമെന്നു പ്രസിഡെന്റിനു തീരുമാനിക്കേണ്ടതും, ശേഷിച്ച ഉപക്ഷേപങ്ങൾ അപ്പോൾ പിൻവലിക്കപ്പെട്ടുവെന്നായി കരുതിക്കൊള്ളേണ്ടതും ആകുന്നു".

ഇതു സാമ്യമുള്ള ഒരു ഉപക്ഷേപമല്ല. എന്നാൽ അതു ഭിന്നമാകുമ്പോൾ, ഭിന്നങ്ങൾ സാമ്യമുള്ളവയാകുന്നു. അതിനാൽ മിസ്റ്റർ സുബ്രഹ്മണ്യപിള്ളയുടെ ഉപക്ഷേപം ഫാജരാക്കുന്നതിനു അനുവാദംകൊടുത്തിട്ടുള്ളതുകൊണ്ടു, മിസ്റ്റർ നാരായണപിള്ളയുടെ മറ്റെ ഉപക്ഷേപം, പിന്നീടു അതിനെ ഭിന്നമാക്കാതെ ചേർക്കുന്നതിനും അനുവദിക്കപ്പെട്ടു എങ്കിലും, പിൻവലിക്കപ്പെടുന്നതിനു അനുവദിക്കേണ്ടതായിരുന്നു.

പ്രസിഡന്റ്: ഞാൻ വളരെ സൂക്ഷ്മങ്ങളായ വിവേചനങ്ങളിൽ പ്രവേശിച്ചിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): അതിനെ ഹാജരാക്കുന്നതിനു പ്രസിഡന്റ് അനുമതി നൽകിട്ടുണ്ട്.

പ്രസിഡന്റ്: അതു അനുവദിക്കപ്പെട്ടിരിക്കുന്നു. അതിനാൽ അതിസൂക്ഷ്മങ്ങളായ ഈ വിവേചനകളിലേക്കു അഗാധമായി കടക്കാതെ ഉപക്ഷേപത്തെ ഹാജരാക്കുന്നതിനു അനുവദിക്കാമെന്നു ഞാൻ വിചാരിക്കുന്നു. ഈ ഒരു ഹിമപ്പുലുണ്ടുപോലെ വലുതായി തീർന്നിരിക്കുന്നു. ചില ക്ലാർക്കുമാർക്കു കിട്ടിവരുന്നതായ കുറെരൂപയുടെയും വേറൊരു ക്ലാർക്കിനായുള്ള കുറെ രൂപായുടേയും സംഗതിമാത്രമാകുന്നു. വ്യക്തിഗതമായിട്ടു പറകയാണെങ്കിൽ, സാരമായ പ്രാധാന്യത ഒന്നും ഞാൻ കാണുന്നില്ല. ഈ വാക്കുകളോടുകൂടി ഭേദപ്പെടുത്തിയ ഉപക്ഷേപത്തെ സംഭയുടെ വോട്ടിനായി വിട്ടിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വിഷയത്തെ സംബന്ധിച്ചു പ്രസിഡന്റ് പ്രാധാന്യത ഒന്നും കാണായ്കയാൽ, അതിനെ വോട്ടിനായി ഞാൻ നിർബന്ധിക്കുന്നില്ല. അതിനാൽ അതു പിൻവലിക്കപ്പെട്ടതുപോലെ എടുത്തുകൊള്ളാവുന്നതാണ്.

അനന്തരത്തോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

പ്രസിഡന്റ്: പ്രശ്നം ൻ-ാ ലക്ഷം രൂപായുടെ ഒരു ഇക വ—ാം അഭ്യർത്ഥനയിൽ, കൊച്ചുരാജ്യഭരണത്തിൽ ഭരടങ്ങുന്ന അരക്കൗണ്ടൊഫിസിലേക്കു അനുവദിക്കണമെന്നാകുന്നു.

അഭ്യർത്ഥന അനുവദിക്കപ്പെട്ടു.

ൻ-ാം അഭ്യർത്ഥന-നീതിന്യായനടത്തിപ്പു്.

പ്രസിഡന്റ്: നമുക്കു ഇപ്പോൾ ൻ-ാം അഭ്യർത്ഥനയായ നീതിന്യായവകുപ്പിനെപ്പറ്റി ആലോചിക്കാം.

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ, വാണിജ്യവും വ്യവസായവും): സർ, ഇന്നു രണ്ടുമണിക്കു മുമ്പേ തിരഞ്ഞെടുപ്പുകൾ നടത്തുവാനുണ്ടു്. അതുകൊണ്ടു സഭ ഇപ്പോൾ പിരിയണമെന്നു ഞാൻ നിർദ്ദേശിക്കുന്നു.

പ്രസിഡന്റ്: കമ്മിറ്റികളിലേക്കു മെമ്പർമാരെ തിരഞ്ഞെടുക്കുന്നതിനായിട്ടു, പിരിഞ്ഞുപോകേണ്ടതാണെന്നു സഭ അവശ്യപ്പെട്ടെങ്കിൽ, നമുക്കു അങ്ങിനെ ചെയ്യാവുന്നതാണു്.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): ഇനിയും നാല് മിനിട്ടുകൂടെ ഉണ്ടു്.

പ്രസിഡന്റ്: നിങ്ങൾക്കു സുമാർ ഒരു മണിക്കൂർ സമയം അനുവദിച്ചിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): നമുക്കു എല്ലാ അഭ്യർത്ഥനകളേയും സ്പർശിക്കുന്നതിനു കഴിയാതവന്നേക്കുമെന്നു ഒരു വിഷമമുണ്ടു്. നിശ്ചിതസമയമധികരിച്ചു ഉടൻതന്നെകൊള്ളുന്നതിനു പ്രസിഡന്റ് ഞങ്ങളെ അനുവദിക്കയും, നാല് മിനിട്ടു കൂടുതലായി തരികയും, ചെയ്യുമെങ്കിൽ—

പ്രസിഡന്റ്: ഞാൻ നിങ്ങൾക്കു കൂടുതലായിട്ടു അരമണിക്കൂർ അനുവദിച്ചിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിങ്കര): ഞങ്ങൾക്കു അരമണിക്കൂർകൂടെ അനുവദിക്കുമെങ്കിൽ കൊള്ളാം.

പ്രസിഡന്റ്: ഞാൻ തിങ്കളാഴ്ച നിങ്ങൾക്കു അരമണിക്കൂർ കൂടുതൽ അനുവദിക്കുന്നതാണു്. നിങ്ങൾക്കു ഇഷ്ടമെങ്കിൽ, നമുക്കു കക മണിക്കു സഭ കൂടാവുന്നതാണു്.

മണി ര അഞ്ചിച്ചു കൺ മിനുട്ടായപ്പോൾ, കൺവ ൽ ആഗസ്റ്റ് ക ൦—നു- ആയ തിങ്കളാഴ്ച കക മണിക്കു സഭ വീണ്ടും കൂടുന്നതാണെന്നു പ്രസ്താവിച്ചശേഷം, സഭ പിരിഞ്ഞുപോയി.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകോട്ട നിയമസഭ.

ഡ്ഡോമത്തെ സഭ

ക്ക ഠ ഠ ഒന്നാം യോഗം.

ഹൻഡ ആഗസ്റ്റ് ക ഠ-ന- തിങ്കളാഴ്ച

(അഫിഷ്യൽ റിപ്പോർട്ട്).

സഭ വിശ്വോറിയാ ക്ലബ്ബിലെ ടെയൺഹാളിൽ മണി പതിനൊന്നടിച്ചു മുപ്പത മിനിട്ടായപ്പോൾ വീണ്ടും കൂടി പ്രൈസിഡെന്റെ അഗ്രാസനം വഹിച്ചു.

ചോദ്യങ്ങളും മറുപടികളും.

[ക്രമ-ാം നമ്പർ സ്റ്റാൻഡിംഗ് ആഡർ അനുസരിച്ചു പ്രസിഡെന്റു ചെയ്ത ഉത്തരവ്.

ക. സഭയുടെ ഓരോ യോഗത്തിലും ചോദിക്കാനുള്ള ചോദ്യങ്ങളുടെയും അവയ്ക്കു കൊടുക്കുന്ന മറുപടികളുടെയും അച്ചടിച്ച പകർപ്പുകൾ അദ്ധ്യക്ഷൻ ആസനസ്ഥനാകുന്നതിനു ക മിനിട്ടിനു മുമ്പായി മേശപ്പുറത്തു വച്ചിരിക്കണം.

ഖ. ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടി പറയുന്നതും താഴെപ്പറയുന്ന ക്രമപ്രകാരം ആയിരിക്കണം: സിക്രട്ടറി ഓരോ പ്രശ്നകർത്താവിന്റെയും പേരു നംബർ ക്രമത്തിനു വിളിക്കുകയും ഓരോരുത്തരുടെ ചോദ്യങ്ങളുടെ നംബർ പ്രസ്താവിക്കയും ചെയ്യണം. അവരിൽ ആരെങ്കിലും വല്ല ഉപചോദ്യങ്ങളും ചോദിക്കുവാനുണ്ടെങ്കിൽ അതിനു സൌകര്യം ഉണ്ടാകത്തക്കവണ്ണം പ്രശ്നകർത്താക്കൾ സ്വസ്ഥാനത്തു എഴുനേറ്റു നിൽക്കുന്നതിനു അല്പസമയം കൊടുക്കുകയും വേണം. പ്രധാന ചോദ്യങ്ങളെ ഉടൻ അവയെ സംബന്ധിച്ച ഉപ ചോദ്യങ്ങൾ ചോദിക്കേണ്ടതാകുന്നു.]

അച്ചുക്കുടം കമ്മിറ്റി.

൭ ഠ. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൽകീഴ്): (എ) തഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെന്റു സഭയെ പറയുമോ?

(i) അച്ചുക്കുടം കമ്മിട്ടി നിയമിച്ച തീയതിയും;
(ii) അവരുടെ റിപ്പോർട്ടു സമർപ്പിച്ച തീയതിയും;
(iii) ഗവണ്മെന്റു അവസാന ഉത്തരവിട്ട തീയതിയും;

(ബി) അച്ചുക്കുടം പരിഷ്കരിക്കുന്നതിന്മേൽ ജീവനങ്ങൾക്കു നിയമിക്കേണ്ട ആളുകളുടെ പേരു വിവരം അടങ്ങിയ ലേഖനം ഗവണ്മെൻറിനു കിട്ടീട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോൾ എന്നും,

(സി) ഗവണ്മെന്റു അതിന്മേൽ ഉത്തരവിട്ടു ചെയ്തു കഴിഞ്ഞുവോ?

(ഡി) സർക്കാർ അച്ചുക്കുടത്തിനെ സംബന്ധിച്ചുള്ള ലേഖനങ്ങൾ തീർച്ചചെയ്യുന്നതിൽ അസാധാരണമായ താമസം ഉണ്ടായിരുന്നില്ലയോ എന്നു ഗവണ്മെന്റു ദയവുചെയ്തു പറയുമോ? അങ്ങനെയാണെങ്കിൽ അതിനുള്ള കാരണം എന്തു?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി):

(എ) (i) പ്രസ്സ് കമ്മിറ്റി ഹൻഡ ഏപ്രിൽ ഡ-ന- നിയമിക്കപ്പെട്ടു.
(ii) ഹൻഡ ആഗസ്റ്റ് ക൭-ന-
(iii) ഹൻഡ മേ ന്യ-ന-

(ബി) അതെ; ഹൻഡ മേ ഡ൯-ന-

(സി) പേരുകൾ എഴുതീട്ടുള്ള ലേഖനം പരിശോധിച്ചുവരുന്നു.

(ഡി) സർക്കാർ അച്ചുക്കുടം സംബന്ധിച്ചുള്ള ലേഖനം തീർച്ചചെയ്യുന്നതിൽ നിവാര്യമായ താമസം യാതൊന്നും ഉണ്ടായിരുന്നില്ല.

അച്ചുക്കുടം കമ്മിറ്റി.

൭ ക. മി: ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമിച്ച മെംബർ) : (എ) ഗവണ്മെന്റു താഴെ പറയുന്ന വിവരങ്ങൾ സഭയെ അറിയുമോ?

(i) അച്ചുക്കുടം കമ്മിറ്റിയെ നിയമിച്ച തീയതിയും,
(ii) അവരുടെ റിപ്പോർട്ടു സമർപ്പിച്ച തീയതിയും,
(iii) ഗവണ്മെന്റു അവസാനമായ ഉത്തരവിട്ടതീയതിയും,

(ബി) അച്ചുക്കുടം പരിഷ്കരിക്കുന്നതിന്മേൽ ജീവനങ്ങൾക്കു നിയമിക്കേണ്ട ആളുകളുടെ പേരു എഴുതിട്ടുള്ള പേപ്പർ ഗവണ്മെൻറിനു കിട്ടീട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോൾ എന്നും;

(സി) ഗവണ്മെന്റു അതിന്മേൽ ഉത്തരവു ചെയ്തു കഴിഞ്ഞുവോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി):

(എ) മുതൽ (സി) വരെ ൭ ഠ-ാം നമ്പർ ചോദ്യത്തിൽ (എ) മുതൽ (സി) വരെ ഭാഗങ്ങൾക്കുള്ള മറുപടി മെംബർ നോക്കികൊള്ളുക.

മി: ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമിച്ച മെംബർ): അസിസ്റ്റന്റു സൂപ്രൻഡെന്റുടെ ഉദ്യോഗം നിറുത്തലാക്കിയതു എപ്പോൾ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): ഈയ്യാണ്ട് മാത്രമേ അ തു നിശ്ചയിച്ചിട്ടുള്ളൂ.

മി: ആർ. പത്മനാഭൻ (ഗവണ്മെണ്ട് നോമിനേറ്റഡ് മെംബർ): അസിസ്റ്റണ്ട് സൂപ്രണ്ടിൻറെ ജോലി ചെയ്തിരുന്ന ആളിനെ വീണ്ടും ഉദ്യോഗത്തിലേക്കാണ് മാറ്റി നിയമിച്ചതു?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ് സിക്രട്ടറി): അദ്ദേഹത്തെ സ്റ്റേഷന റി ഡിപ്പാർട്ടുമെണ്ടിലേക്ക് മാറ്റി.

മി: ആർ. പത്മനാഭൻ (ഗവണ്മെണ്ട് നോമിനേറ്റഡ് മെംബർ): അതു സ്ഥിരമായ ഉദ്യോഗമോ താൽക്കാ ലിക ഉദ്യോഗമോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ് സിക്രട്ടറി): അതു സ്ഥിരമായ ഉ ദ്യോഗമാണ്.

സക്കർ അച്ചുക്കൂടത്തിൽ ഉള്ള പീസുവക്ക ജോലിക്കാരുടെ സങ്കടങ്ങൾ.

ശ്രീ. മ: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): (എ) കഴിഞ്ഞ അനേകം കൊല്ലങ്ങളായി അനുഭവിച്ചു വരുന്ന സങ്കടങ്ങൾ നിമിത്തം സക്കാർ അച്ചുക്കൂടത്തിലെ പീസുവക്ക കമ്പോസിറ്റർ മാരുടെ ഇടയിൽ സ്വമായ അതൃപ്തി ഉള്ളതായി ഗവണ്മെണ്ടിനു അറിയാമോ?

(ബി) ഒരേ മാതിരി ജോലി ചെയ്യുന്നവരായി പീസുവക്കുകാരുടെ ഇടയിൽ രണ്ടിനം ജോലിക്കാർ ഉ ള്ളതായി ഗവണ്മെൻറിനു അറിയാമോ?

(സി) കഴിഞ്ഞ അനേകം കൊല്ലങ്ങൾക്കിടയിൽ ഗവണ്മെൻറിനു അനേകം പരാതികളും ഹർജികളും കിട്ടീട്ടുണ്ട് എന്നുള്ളതു പരമാർത്ഥമാണോ? അങ്ങനെയാണെങ്കിൽ അപ്രകാരമുള്ള എന്തു നടപടി ന ടത്തി?

(ഡി) ഫാമൻറ - മാണ്ടിനിപ്പുറം നിയമിക്കപ്പെട്ട സ്ഥിരം പീസുവക്ക കമ്പോസിറ്റർമാർ മാറി പോ യ ദിവാൻജിയെ ചെന്നുകാണുകയും അവരുടെ വക്കീൽ മുഖാന്തിരം സങ്കടങ്ങളെ അറിയിക്കുകയും അവരുടെവ ക്കീൽ പറഞ്ഞതനുസരിച്ചു കേട്ടതിൽ പിന്നീട് ദിവാൻജി അവരുടെ സങ്കടങ്ങളിന്മേൽ അനുകൂലമായ ഉത്തരവു ഇടുക യും ചെയ്തു എന്നുള്ളതും പരമാർത്ഥമാണോ?

(ഇ) ഗവണ്മെണ്ടു ഉത്തരവിനു തെറ്റായ വ്യാഖ്യാനം കല്പിച്ചു സക്കാർ അച്ചുക്കൂടം സൂപ്രണ്ടു ഈ ജോ ലിക്കാക്ക അവക്ക ന്യായമായി കിട്ടേണ്ട ആദായം ഇല്ലാതാക്കിയിരിക്കുന്നു എന്നുള്ളതും സത്യമാണോ?

(എഫ്) തങ്ങൾക്ക നൽകപ്പെട്ടിട്ടുള്ള അനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെണ്ടു ഉത്തര വിൽ അവയെ സംബന്ധിക്കുന്നിടത്തോളം മാത്തിൻറെ വ്യക്തമായ വ്യാഖ്യാനത്തിനായി അവർ വീണ്ടും ഗവ ണ്മെണ്ടിലേക്ക സങ്കട ഹർജി അയച്ചിരിക്കുന്നതു സത്യമാണോ? അങ്ങനെയാണെന്നു വരുകിൽ ഒരിക്കൽ കൂടി ത ങ്ങളുടെ അവകാശങ്ങളെ നിർബന്ധിക്കുന്നതിനായി ദിവാൻജിയെ കാണുന്നതിനു അവരുടെ വക്കീലിനു ഗവണ്മെ ണ്ടു അനുവാദം കൊടുത്തിട്ടുണ്ടോ?

(ജി) കമ്പ്യൂട്ടർമാർ വൈകുന്നേരം കളഞ്ഞു വിട കണക്കാക്കണമെന്നും കണക്ക പുസ്തകങ്ങളിൽ കമ്പോസി റ്റർമാർ അടയാളം വയ്ക്കണമെന്നും ഗവണ്മെണ്ടു ഉത്തരവിൻപ്രകാരം ഉള്ള ചട്ടത്തിൽ വ്യക്തമായി പറയുന്നു ണ്ടെങ്കിലും ഗവണ്മെണ്ടു ഉത്തരവിൽ പിന്നീടും സക്കാർ അച്ചുക്കൂടത്തിനു നടത്തപ്പെട്ടവരുന്ന കണക്ക കൂ ട്ടൽ ജോലി ആ ചട്ടത്തിനു അനുസരണമായിരിക്കുന്നില്ല എന്നു ഗവണ്മെണ്ടിനു അറിയാമോ?

(എച്ച്) ജോലികളിന്മേൽ മണിക്കൂറു കണക്ക വയ്ക്കുന്നതിനു കൃത്യമായ ഒരു തത്വമൊ ചട്ടമൊ ഇല്ലാ ത്തതിനാൽ സക്കാർ അച്ചുക്കൂടത്തിലെ പീസുവക്ക കമ്പോസിറ്റർമാക്ക വലുതായ കഷ്ടനഷ്ടം ഉണ്ടെന്നും അവ ക്ക വലിയ നഷ്ടങ്ങൾ വരുന്നു എന്നും ഉള്ള വസ്തുത ഗവണ്മെണ്ടിനു അറിയാമോ?

(ഐ) ഫാമൻറ - മാണ്ടിനു മുമ്പിലും ജോലിക്ക എടുക്കപ്പെട്ട രണ്ടുതരം കമ്പോസിറ്റർമാക്കും ത മ്മിൽ വ്യത്യാസം ഇരിക്കുന്നതിനെയും ഇരുവരും ഒരുമാതിരി ജോലി ചെയ്യുന്നതിനെയും ഗണിക്കുമ്പോൾ ഒരുക്കൂ ട്ടർക്ക മാത്രം മേലാതോരുള്ള ഏറ്റവും കുറഞ്ഞ അലവൻസു കൊടുക്കുന്നതു ശരിയാണെന്നു ഗവണ്മെണ്ടു വിചാരി ക്കുന്നുവോ?

(കെ) ആണ്ടു മുഴുവനും അച്ചുക്കൂടത്തിൽ ഉള്ള എല്ലാ പീസുവക്ക ജോലിക്കാക്കും പൂർണ്ണമായ ജോലി ചെയ്യുന്നതിനു പണി ഇല്ല എന്നു പ്രൊസ്സ് കമ്മിറ്റി പറഞ്ഞിട്ടുള്ളതു സത്യമാണോ? അങ്ങനെയാണെങ്കിൽ താൽ ക്കാലിക ജോലിക്കാരെ നിലനിർത്തുന്നതിനു ഗവണ്മെണ്ടു എന്തു ഏർപ്പാടു ചെയ്തിരിക്കുന്നു.

(കെ) ഫാമൻറ - മാണ്ടിനുമുമ്പു ജോലിക്ക എടുത്ത പീസുവക്ക ജോലിക്കാക്ക നിയമേന മതിയാകുന്നി ടത്തോളം പണികൊടുക്കേണ്ടതാണെന്നു ഗവണ്മെണ്ടു ഉത്തരവിൽ ഗവർണ്മെണ്ടു വ്യക്തമായി പറഞ്ഞിരിക്കുന്ന സ്ഥിതിക്ക ഫാമൻറ - മാണ്ടിൽ പിന്നീടു ജോലിക്ക എടുത്തിട്ടുള്ളവരുടെ നിലയേയും ഇതുപോലെ രക്ഷിക്കേണ്ട തുണെന്നു അവർ വിചാരിക്കുന്നില്ലേ?

(എൽ) ആണ്ടു മുഴുവനും മുന്നുപോലെ പീസുവക്ക ജോലിക്കാക്ക മതിയാകുന്ന ജോലി ഇല്ലാതിരിക്കുന്ന സ്ഥിതിക്ക തങ്ങളുടെ കുറ്റം നിമിത്തം അല്ലാതെ അച്ചുക്കൂടത്തിൽ വൃഥാകളയപ്പെടുന്ന സമയത്തിനു പ്രതി വി ധിയായിരിക്കത്തക്കവണ്ണം ഗവണ്മെൻറു എന്തു പ്രതിവിധിനിശ്ചയിച്ചിരിക്കുന്നു.

(എം) ഗവണ്മെണ്ടു ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്നവക്ക കമ്മിറ്റിയെ ഗവണ്മെണ്ടു സമയം നിയമി ക്കുമോ?

മി: കെ നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെണ്ടു ചീഫ് സിക്രട്ടറി):

(എ) മറുപടി നിഷേധമാണു.

(ബി) അറിയാം.

(സി) അതെ. പരാതികളും സങ്കടഹര്ജികളും പ്രസ്സ് കമ്മിറ്റിക്ക അയച്ചു കൊടുക്കപ്പെട്ടു, അവരുടെ ശുപാർശകളെ പൊതുവെ സ്വീകരിച്ചിട്ടുണ്ട്.

(ഡി) അതെ; അവരുടെ നിവേദനങ്ങളിന്മേൽ ഉള്ള ഉത്തരവിനെ പ്രെസ്സ്കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ ഉണ്ടായ ഗവണ്മെണ്ടാജ്ഞയിൽ ഉൾപ്പെടുത്തീട്ടുണ്ട്.

(ഇ) യും (എിഫും) ആ വിഷയത്തെ പറ്റി പീസുവക്ക ജോലിക്കാരിൽ നിന്നും കിട്ടിട്ടുള്ള പരാതികൾ ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

(ജി) യും (എിച്ചും) ഗവണ്മെണ്ടിനു അറിഞ്ഞുകൂടാ.

(ഐ) രണ്ടുതരം ആളുകളെയും വ്യത്യസ്തങ്ങളായ രണ്ടിനം സ്ഥിതിയിൽ ആണു എടുത്തിട്ടുള്ളത്.

(ജെ) ചോദ്യത്തിന്റെ ആദ്യത്തെ ഭാഗത്തിനുള്ള മറുപടി സമ്മത ഭാവത്തിൽ ആണു. രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ചിടത്തോളം താൽകാലിക ജീവനക്കാരിൽ ഒരു ഭാഗം ഇപ്പോൾ തന്നെ പിരിച്ചയക്കപ്പെട്ടിരിക്കുന്നു. സപ്ലൈ വകയായ എല്ലാ അച്ചടിപ്പണിയും സർക്കാർ അച്ചുക്കൂടത്തിൽ തന്നെ നടത്തണം എന്നും കൈവശം ഉള്ളമറ്റു സർക്കാർ ജോലിക്ക തടസ്ഥം കൂടാതെ ആ വേല നടത്താൻ തന്നാൽ സാദ്ധ്യമല്ല എന്നും അച്ചുക്കൂടം സൂപ്രണ്ടു പറയുന്നതായാൽ അല്ലാതെ ഇ ശ്രുപയിൽ കൂടുതൽ വില വരുന്ന യാതൊരു ജോലിയും വെളിയിൽ കൊടുക്കാൻ പാടില്ല എന്നും ഉത്തരവു കൊടുത്തിട്ടുണ്ട്.

(കെ) യും (എില്ലാം) ഈ പീസുവക്കാക്ക മറിയാക്കുന്നിടത്തോളം ജോലി കൊടുക്കപ്പെട്ടുന്നുണ്ട്.

(ാഎിം) ഈ വിഷയം ഗവർണ്ണെണ്ടിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ഡി) ഭാഗത്തിന്റെ സംബന്ധിച്ചിടത്തോളം ക്ലാർക്കുമാണ്ടിന്റെ ശേഷം എടുത്തിട്ടുള്ള സ്ഥിരം പീസുവക്കാക്ക ഇപ്പോൾ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്നാണ എനിക്ക അറിയേണ്ടത്.

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെണ്ടു ചീഫ് സിക്രട്ടറി): അതു ഗവണ്മെണ്ടാജ്ഞയിലെ ഖണ്ഡം പാരാവിൽ അടങ്ങിയിരിക്കുന്നു. അതിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"ക്ലാർക്കുമാണ്ടിന്റെ ശേഷം എടുത്തിട്ടുള്ള സ്ഥിരം പീസുവക്കർമാരെ സംബന്ധിച്ചിടത്തോളം ഈ ആളുകൾക്ക ആണ്ടു തോറും പതിനഞ്ചു ദിവസത്തെ കാഷ്വൽ അവധി കൊടുക്കണമെന്നും ആ ദിവസങ്ങൾക്കുള്ള കൂലിയി..... .....നിരക്കിന കണക്കാക്കേണ്ടതാണെന്നും സ്ഥിരം പീസുവക്കർമാക്കുള്ള അനുകൂലങ്ങളെ ഇവക്ക സംബന്ധിപ്പിക്കാവുന്നിടത്തോളം ഇവക്കും കൂടി സംബന്ധിപ്പിക്കാവുന്നതാണെന്നും ആകുന്ന എന്നാകുന്ന കമ്മിറ്റിയുടെ നിർദ്ദേശം"

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ക്ലാർക്കുമ്മുമ്പു എടുത്ത സ്ഥിരം പീസുവക്കർമാക്ക അനുവദിച്ചിട്ടുള്ള പൊതു ആനുകൂല്യങ്ങളെ ക്ലാർക്കുന്ന ശേഷം എടുത്തിട്ടുള്ള പീസുവക്കർമാക്കും അനുവദിക്കപ്പെട്ടുന്നുണ്ടോ എന്നാണ എനിക്കറിയേണ്ടത്.

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെണ്ടു ചീഫ് സിക്രട്ടറി): ഈ ആളുകളെ സംബന്ധിച്ചിടത്തോളം മാസം തോറും മതിയാകുന്ന തുക സമ്പാദിച്ചു കൊള്ളുന്നതുകൊണ്ടും അവക്കും മതിയായിടത്തോളം ജോലികൊടുക്കണമെന്നുള്ളതാണ ഇവക്കുള്ള ആനുകൂല്യം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ക്ലാർക്കുമ്മുമ്പു എടുത്തിട്ടുള്ള ആളുകൾക്കുള്ള ആനുകൂല്യങ്ങളേതും അതായതു കാഷ്വൽ അവധി, ഒഴിവു മുതലായവ ക്ലാർക്കുൽ പിന്നീടു എടുത്തിട്ടുള്ള ആളുകൾക്കും അനുവദിക്കപ്പെട്ടുന്നുണ്ടോ എന്നാണ എനിക്കറിയേണ്ടത്.

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെണ്ടു ചീഫ് സിക്രട്ടറി): അവ അനുവദിക്കപ്പെട്ടുന്നു എന്നു എനിക്ക തോന്നുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെണ്ടാജ്ഞയെ അവക്ക സംബന്ധിപ്പിച്ചിട്ടുണ്ടെങ്കിൽ ഈ ആനുകൂല്യങ്ങളെല്ലാം അവക്ക നൽകാത്തതു എിസ്തുകൊണ്ടു?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെണ്ടു ചീഫ് സിക്രട്ടറി): "എത്രത്തോളം സംബന്ധിപ്പിക്കാമോ അത്രത്തോളം" മാത്രം ഈ ആനുകൂല്യങ്ങളെ സംബന്ധിപ്പിക്കണം എന്നെ ഗവണ്മെണ്ടാജ്ഞയുടെ പറയുന്നുള്ളു. ആ ആളുകൾക്ക സംബന്ധിപ്പിക്കാവുന്ന ആനുകൂല്യങ്ങളിൽ അനേകവും ക്ലാർക്കുൽ പിന്നീടു എടുത്ത ആളുകൾക്ക സംബന്ധിപ്പിക്കത്തക്കവയല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തു കൊണ്ടാണ അവ സംബന്ധിപ്പിക്കത്തക്കവയല്ലാത്തതു?

മി. കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവർണ്ണെണ്ടു ചീഫ് സിക്രട്ടറി): ഈ രണ്ടാമതു പറഞ്ഞ ഇനത്തിൽ ഉള്ളവർ സ്ഥിരമായി നിയമിക്കപ്പെട്ടിട്ടുള്ളവർ അല്ല. അവരെ താൽകാലിക ജീവനക്കാരിൽ ഉൾപ്പെടുത്തിയിരിക്കുകയാണ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ക്ലാർക്കുമ്മുമ്പു എടുക്കപ്പെട്ടിട്ടുള്ള ആളുകളുടെ ഇടയിൽ വരുന്ന ഒഴിവുകൾക്ക ആൾആക്കുന്നതെങ്ങനെ.

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെണ്ടു ചീഫ് സിക്രട്ടറി): ആ ഒഴിവുകൾക്ക ആൾആക്കേണ്ട എന്നാണ് ഗവണ്മെണ്ടു ഉത്തരവു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ ഒഴിവുകൾ വരുമ്പോൾ അവയ്ക്ക ആൾ ആക്കുന്നതു എങ്ങനെ എന്നാണ് എനിക്കറിയേണ്ടത്.

മി കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവർണ്ണെണ്ടു ചീഫ് സിക്രട്ടറി): ആ ഒഴിവുകൾക്ക ആൾ ആക്കേണ്ട എന്നാണ ഗവണ്മെണ്ടിന്റെ ഉത്തരവു; ക്ലാർക്കുൽ പിന്നീടു എടുത്തിട്ടുള്ള ആളുകളെ താൽകാലിക ജീവനക്കാരായി ഉൾപ്പെടുത്തിയിരിക്കുകയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ഥിരം അളുകളുടെ ഇടയിൽ ഉള്ള ഒഴിവിനു ആരും ആക്കിച്ചില്ല എന്നുണ്ടെങ്കിൽ ഇപ്പോഴിനു പ്രത്യേകം ചെയ്തിട്ടുണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവർണ്മെണ്ടു് ചീഫ് സിക്രട്ടറി): സ്ഥിരം അളുകൾക്കിടയിൽ ഉണ്ടാകുന്ന ഒഴിവുകൾക്കു ആരും ആക്കപ്പെട്ടുന്നില്ലാ, എന്നാൽ താൽകാലിക ജീവനക്കാരിൽ കൂടുതൽ അളുകളെ നിയമിക്കപ്പെടുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതായതു് ക ൗൺ ൿിൽ പിന്നിട്ട എട്ടത്തിട്ടുള്ള പ്രീസുവക്കർമാരുടെ ഇടയിൽ കൂടുതൽ ആളുകളെ നിയമിക്കുന്നതാണെന്നു്.

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെണ്ടു ചീഫ് സിക്രട്ടറി), അല്ല. എണ്ണം ഒന്നായിട്ടാണെന്നിരിക്കുന്നു. എന്നാൽ ക ൗൺ ൿിനു മുമ്പു നിയമിച്ച ആളുകളുടെ ഇടയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണത്തിനു അനുസരണമായി അവരുടെ എണ്ണത്തിൽ കൂടുതൽ ചേർത്തുകയാണു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ജീയും) (എച്ചും) സംബന്ധിച്ചിടത്തോളം ഈ നടപടി ഇപ്പോൾ അച്ചുകൂടത്തിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ടോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു അതായതു മണിക്രൂർ കണക്കിനു സ്ലൈഡുകളിൽ മാസാവസാനത്തിൽ കമ്പോസിറ്റർമാർ ക്രമമായി അടയാളം വച്ചു വരുന്നുവോ? അതു അച്ചുകൂടത്തിൽ ഭേദഗതിയെന്നു അനുകർക്കപ്പെട്ടുന്നുണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രട്ടറി): തവണെൻറു അനേഷിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മണിക്രൂർ കണക്കിനു ക്ലേവിനിശ്ചയിക്കുന്നതിൽ ഉള്ളമൂലതത്വം ഏന്താണെന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രട്ടറി): ഈ വിഷയത്തിൽ സർക്കാർ അച്ചുകൂടത്തിൽ അനുകരിക്കപ്പെട്ടുന്ന രീതി എല്ലാ അച്ചടിസ്ഥാപനങ്ങളിലും നടത്തപ്പെട്ടുവരുന്ന രീതിക്കനുസരണമായിട്ടുള്ളതു തന്നെ എന്നുസൂപ്രണ്ടു് ബോധിപ്പിച്ചിരിക്കുന്നു-വരികയും അനുസരിച്ചു കണക്കാക്കുന്നരീതി നിവൃത്തിയുള്ളിടങ്ങളിൽ എല്ലാം ആ അടിസ്ഥാനത്തിന്മേൽ നടത്തപ്പെടുന്നു എന്നും വരികളെ അടിസ്ഥാനപ്പെടുത്തികണക്കാക്കുന്ന പ്രത്യേതിസാമ്പ്രദായമല്ലാത്ത സ്ഥലങ്ങളിൽ മാറ്റം തത്വങ്ങളും അനുകരിക്കപ്പെട്ടുന്നു എന്നും അറിയിച്ചുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ അച്ചുകൂടത്തിൽ അനുകരിക്കപ്പെട്ടുന്ന തത്വം വിവേചനത്തിനോ പക്ഷപാതത്തിനോ ഇടം കൊടുക്കുന്നുണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രട്ടറി): അതു ഇടയാക്കുന്നു എന്നു എനിക്കു തോന്നുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (കെയും എൽ-ം ഗോത്രത്തിനെസംബന്ധിച്ചിടത്തോളം "ഈ പ്രീസുവക്കുകാക്കു മതിയാകുന്നടത്തോളം ജോലി കൊടുക്കപ്പെട്ടുന്നു" എന്നാണു് മറുപടി അവക്കു മതിയാകുന്നിടത്തോളം ജോലി കൊടുക്കപ്പെട്ടുന്നു എങ്കിൽ അവർ ഗവണ്മെൻറിലേക്കു പ്രത്യേതിഹജ്ഞി കൊടുത്തതെന്തിനു്?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രട്ടറി): എന്തുകൊണ്ടു എന്നുഎനിക്കറിഞ്ഞുകൂടാ,

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പ്രീസുവക്കുകാർ അയച്ച മെമ്മോറിയലുകൾ ഗവണ്മെൻറിൻെറ കൈവശം ഉണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രട്ടറി): ഉണ്ടു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെൻറു ഈ മെമ്മോറിയലുകളെപറ്റിപ്പറ്റിയോചിച്ചുവൊ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രട്ടറി): ഈ മെമ്മോറിയലുകൾ (സൂപ്രണ്ടുണ്ടിൻെറ ഭൂപരിശോധകളെന്നിച്ചു) ഗവണ്മെൻറു പരിശോചിക്കാനായി വച്ചിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവ എത്രകാലമായിങ്ങനെ കാത്തിരിക്കുന്നു

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രട്ടറി ഏകദേശം ഒരു മാസത്തോളമായിരിക്കും.

സക്കാർ അച്ചുകൂടത്തിൽ ഉള്ള പ്രീസുവക്കുകമ്പോസിറ്റർ മാരുടെ സങ്കടങ്ങൾ.

൭൫. മി: ആർ. പത്മനാഭൻ (ഗവണ്മെൻറു നിയമിച്ചമെംബർ) (എ)) കഴിഞ്ഞ അനേകകൊല്ലങ്ങളായി തങ്ങൾ അനുഭവിച്ചുവരുന്ന സങ്കടങ്ങൾ നിമിത്തം സക്കാർഅച്ചുകൂടത്തിലെ പ്രീസുവക്കു കമ്പോസിറ്റർമാരുടെ ഇടയിൽ വലുതായ അതൃപ്തി ഉള്ളതായി ഗവണ്മെൻറിനു അറിയാമൊ?

(ബി) പ്രീസുവക്കർമാരുടെ ഇടയിൽ ഓരോമാതിരിജോലിചെയ്യുന്ന രണ്ടിനം ജീവനക്കാർ ഉള്ളതായ അവക്കു അറിയാമൊ?

(സി) കഴിഞ്ഞ അനേകം കൊല്ലങ്ങൾക്കിടയിൽ ഗവണ്മെൻറിനു അനേകം ഹർജികളും മെമ്മോറിയലുകളും കിട്ടീട്ടുണ്ടോ? ഉണ്ടെങ്കിൽ അവർ അവയിന്മേൽ എന്തുനടപടി നടത്തീട്ടുണ്ടു?

(ഡി) ക ൗൺ ൿിനു ശേഷം നിയമിക്കപ്പെട്ട സ്ഥിരംപ്രീസുവക്കു കമ്പോസിറ്റർമാർ മാറിപ്പോയ ദിവാൻജിയെചെന്നു കാണുകയും അവരുടെ വക്കീൽ മുഖാന്തിരം സങ്കടങ്ങളെ അറിയക്കുകയും അവരുടെ വക്കീൽ പറഞ്ഞതു കേട്ടതിൽപിന്നിട്ട അവർപറഞ്ഞസങ്കടങ്ങളിന്മേൽ ദിവാൻജി ആനുകൂലമായ ഉത്തരവു കൊടുക്കുകയുംചെയ്തു എന്നുള്ളതു സത്യമാണൊ?

(ഇ) ഗവണ്മെൻറു ഉത്തരവിനു തെറ്റായ വ്യാഖ്യാനം കല്പിച്ചു സക്കാർ അച്ചുകൂടംസൂപ്രണ്ടു ഈ ജോലിക്കാക്കു ന്യായമായി കിട്ടേണ്ട വരവിനെ ഇല്ലാതാക്കിയിരിക്കുന്നു എന്നുള്ളതു സത്യമാണൊ?

(എഫ്) തങ്ങൾക്കു നൽകപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിെ ഉത്തരവിൽ അപാകതയെപറ്റിയുള്ള ഭേദത്തിെൻറ വ്യക്തമായ വ്യവസ്ഥയ്ക്കായി അവർ വീണ്ടും ഗവണ്മെൻറിെ മേൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നത് സത്യമാണോ? അങ്ങിനെയാണെങ്കിൽ ഒരിക്കൽ കൂടി തങ്ങൾക്കുള്ള അവകാശങ്ങളെ നിർബന്ധിക്കുന്നതിനായി ദിവാൻജിയെ കാണുന്നതിനു അവരുടെ വക്കീലിനു ഗവണ്മെൻറു് അനുവാദം കൊടുത്തിട്ടുണ്ടോ?

(ജി) കമ്പൗണ്ടർമാർ ഡ്രസ്സർമാർ കുക്കുകൾ തുടങ്ങിയവരുടെ വിഭാഗത്തിലുള്ള കണക്കപ്പുസ്തകങ്ങളിൽ കമ്പോസിറ്റർമാർ അടയാളം വയ്ക്കുണ്ടെന്നും ഗവണ്മെൻറു് ഉത്തരവിൻ പ്രകാരം ഉള്ള ചട്ടത്തിൽ വ്യക്തമായി പറയുന്നുണ്ടെങ്കിലും ഗവണ്മെൻറു് ഉത്തരവിൽ പിന്നീടും സക്കാർഅച്ചുകൂടത്തിൽ നടത്തപ്പെട്ടുവരുന്ന കണക്കു കൂട്ടൽ ജോലി ആ ചട്ടത്തിനു അനുസരണമായിരിക്കുന്നില്ല എന്നു ഗവണ്മെൻറിന് അറിയാമോ?

(എച്ച്) ജോലികളിന്മേൽ മണിക്കൂർവച്ചു കണക്കവയ്ക്കുന്നതിനു ക്ലിപ്തമായ മാനദണ്ഡമോ ചട്ടമോ ഇല്ലാത്തതിനാൽ സർക്കാർഅച്ചുകൂടത്തിലെ പിഴുവക്കു കമ്പോസിറ്റർ മാക്കും വലുതായ കഷ്ടനഷ്ടം ഉണ്ടെന്നും അവക്കു വലുതായ നഷ്ടങ്ങൾ വരുന്നു എന്നും ഉള്ള വസ്തുത ഗവണ്മെൻറിനു അറിയാമോ?

(ഐ) കമ്മറ്റിക്കു മുൻപിലും പിൻപിലും ജോലിക്കു എടുക്കപ്പെട്ട രണ്ടുതരം കമ്പോസിറ്റർ മാക്കും തമ്മിൽ വ്യത്യാസമിരിക്കുന്നതിനെയും ഇങ്ങവരും ഒരേ മാതിരി ജോലി ചെയ്യുന്നതിനെയും ഗണിക്കുമ്പോൾ ഒരുകൂട്ടർക്കുമാത്രം മാസം തോറുമുള്ള ഏറ്റവും കുറഞ്ഞ അലവൻസു കൊടുക്കുന്നതു ശരിയാണെന്നു ഗവണ്മെൻറു് വിചാരിക്കുന്നുണ്ടോ?

(ജെ) ആണ്ടുതോറുമുള്ള അച്ചുകൂടത്തിൽ ഉള്ള എല്ലാ പീസുവക്കുകാർക്കും പൂർണ്ണമായ ജോലി ചെയ്യുന്നതുവരെ പണി ഇല്ലെന്നു പ്രെസ്സുകമ്മറ്റിറിപോർട്ടിലിരിക്കുന്നതു പരമാർത്ഥമാണോ? അങ്ങിനെയാണെങ്കിൽ താൽകാലിക ജോലിക്കാരെ വേണ്ടെന്നു വയ്ക്കുന്നതിനു എന്തു ഏർപ്പാടുചെയ്തിരിക്കുന്നു.

(കെ) പ്രൊമോഷനു മുൻപു എടുത്ത പീസുവക്കു ജോലിക്കാക്കു നിയമേന പ്രതിയാകുന്നിടത്തോളം പണം കൊടുക്കേണ്ടതാണെന്നു ഗവണ്മെൻറു് ഉത്തരവിൽ ഗവണ്മെൻറുവ്യക്തമായി പറഞ്ഞിരിക്കുന്നസ്ഥിതിക്കു പ്രൊമോഷൻ പിന്നാട്ടു ജോലികൊടുത്തിട്ടുള്ളവരുടെ നിലയേയും ഇപ്രകാരം രക്ഷിക്കേണ്ടതാണെന്നു അവർ വിചാരിക്കുന്നില്ല?

(എൽ) ആണ്ടുതോറുമുള്ള പീസുവക്കുജോലിക്കാക്കു മതിയാകുന്നിടത്തോളം ജോലി ഇല്ലാതിരിക്കുന്നസ്ഥിതിക്കു തങ്ങളുടെ കുറ്റം നിമിത്തം അല്ലാതെ അച്ചുകൂടത്തിൽ വൃഥാകളയപ്പെടുന്ന സമയത്തിനുപ്രതിവിധമായിരിക്കത്തക്കവണ്ണം ഗവണ്മെൻറു് എന്തുപ്രതിവിധി നിശ്ചയിച്ചിരിക്കുന്നു?

(എം) ഗവണ്മെൻറുഉത്തരവിൽ നിശ്ചയിച്ചിരിക്കുന്നവക്കു കമ്മിറ്റിയെ അടുത്ത മീറ്റിങ്ങിൽ ഗവണ്മെൻറു് സഭയം നിയമിക്കുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ്ഗവണ്മെൻറു് ചീഫ്സിക്രട്ടറി): (എ) മുതൽ (എം)വരെ മെമ്പർ ഏ ഡ-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കികൊള്ളുക.

സക്കാർ അച്ചുകൂടത്തിൽ ഉള്ളപീസുവക്കുകാരുടെ സങ്കടങ്ങൾ.

൭൪. മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): (എ) പ്രൊമോഷനു മുമ്പിൽ ജോലിക്കു എടുത്തിട്ടുള്ളവക്കും അതിനുശേഷം പിന്നീടു ജോലിക്കു എടുത്തിട്ടുള്ളവക്കും തമ്മിൽ വ്യത്യാസം വച്ചിരിക്കുന്നതായി സക്കാർഅച്ചുക്കൂടത്തിൽഉള്ള പീസുവക്കു കമ്പോസിറ്റർമാരിൽനിന്നും മെമ്മോറിയൽ കിട്ടിട്ടുണ്ടോ എന്നു ഗവണ്മെണ്ടുയേവുചെയ്തു പറയുമോ? അവ മേൽ ഗവണ്മെണ്ടു് എന്തുനടപടി നടത്തീട്ടുണ്ടു്?

(ബി) ഒരേമാതിരി ജോലിചെയ്യുന്ന ഈ രണ്ടുതരം ജോലിക്കാക്കും തങ്ങളുടെ സമ്പളത്തിനേറ്റവും അവധിയുടേയും കാര്യത്തിൽ വളരെ വ്യത്യാസമായ ഗണനം ഉണ്ടായിരിക്കുന്നു എന്നു ഗവണ്മെണ്ടിനു അറിയാമോ?

(സി) ജോലികളിന്മേൽ മണിക്കൂർ കണക്കവച്ചു കൂലികണക്കാക്കുന്നതിൽ ഏതെങ്കിലും ക്ലിപ്തമായ തത്വമോ രീതിയോ ഇല്ലാത്തതിനാൽ സക്കാർ അച്ചുക്കൂടത്തിലെ പീസുവക്കു ജോലിക്കാർ വലുതായ സങ്കടങ്ങളനുഭവിച്ചുവരുന്നത് മെപ്പറ്റി ഗവണ്മെൻറിനു അറിയാമോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെണ്ടു് ചീഫ്സെക്രട്ടറി): (എ) മെമ്പർ ഏ ഡ-ാം ചോദ്യം (സി) ഭാഗത്തിനുള്ള മറുപടി നോക്കിക്കൊള്ളുക.

(ബി) മെമ്പർ ഏ ഡ-ാംചോദ്യം (ഐ) ഭാഗത്തിനുള്ള മറുപടി നോക്കിക്കൊള്ളുക.

(സി) മെമ്പർ ഏ ഡ-ാംനമ്പർ ചോദ്യം (എച്ച്) ഭാഗത്തിനുള്ള മറുപടി നോക്കിക്കൊള്ളുക.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഏ ഡ സി. ഐ. എച്ച്. ഈ ഭാഗങ്ങൾക്കുള്ള മറുപടി നോക്കിക്കഴിഞ്ഞിരിക്കുന്നു. പ്രെസ്കമ്മിറ്റിയുടെ യോഗങ്ങൾ തീർന്നതിൽപിന്നീടു ഗവണ്മെണ്ടിനു ഏതെങ്കിലും മെമ്മോറിയലുകൾ കിട്ടിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ടു് ചീഫ്സെക്രട്ടറി): ഉണ്ടു്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): "പരാതികളും സങ്കടഹർജികളും പ്രസ്കമ്മിറ്റിക്കു അയച്ചുകൊടുക്കപ്പെട്ടു; അവർ ചെയ്ത ശുപാർശകളെ പൊതുവെ സ്വീകരിച്ചിട്ടുണ്ടു്" എന്നാണോ മറുപടി. പ്രെസ്കമ്മിറ്റിയുടെ യോഗങ്ങൾക്കു പിന്നീടു ഏതെങ്കിലും മെമ്മോറിയലുകൾ കിട്ടിട്ടുണ്ടോ എന്നാണു അറിയേണ്ടതു്.

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ടു് ചീഫ്സെക്രട്ടറി): ഉണ്ടു്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അവയെ സംബന്ധിച്ചേടത്തോളം ഉള്ള മറുപടി എന്താണു്?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ടു് ചീഫ്സെക്രട്ടറി): അവ അച്ചുക്കൂടം സൂപ്രണ്ടിന്റെ ശുപാർശസഹിതം ഗവണ്മെണ്ടിന്റെ പരിശോധനയിൽ ഇരിക്കയാണു്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സങ്കടങ്ങളെ സംബന്ധിച്ചേടത്തോളം തങ്ങൾക്കു അറിവില്ല എന്നു ഗവണ്മെണ്ടു പറയുന്നു. സങ്കടങ്ങൾ ഉള്ളതായി അറിവില്ല എന്നോ അല്ലെങ്കിൽ സങ്കടങ്ങളെ ഇല്ല എന്നോ മെമ്പർ പറയുന്നതു്.

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): വാസ്തവമായ സങ്കടങ്ങൾ ഉള്ളതായി ഗവണ്മെണ്ടിനു അറിവില്ല എന്നാണ് മറുപടിയുടെ അർത്ഥം. എന്തെന്നാൽ ഗവണ്മെണ്ടു മെമ്മോറിയലുകളേയും സൂപ്രണ്ടിന്റെ നിർദ്ദേശങ്ങളേയും പറ്റി പര്യാലോചിക്കുകയും പ്രസ്കമ്മിറിയുടെ റിപ്പോർട്ടിന്മേൽ ഉത്തരവുകൊടുക്കയും ചെയ്തിട്ടുണ്ട്. അതുകൊണ്ടു സ്വഭാവേന തന്നെ വാസ്തവമായ സങ്കടങ്ങൾ ഉണ്ടെന്നു ഗവണ്മെണ്ടിനു അറിവില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിനാൽ മെമ്മോറിയലുകളിൽ പറഞ്ഞിരിക്കുന്ന സങ്കടങ്ങൾ വാസ്തവമായിട്ടുള്ളവയല്ല എന്നാണോ ഗവണ്മെണ്ട് വിചാരിക്കുന്നത്?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): ഗവണ്മെണ്ട് അവയെപ്പറ്റി ആലോചിച്ചിട്ടില്ല. അതുകൊണ്ടു സങ്കടങ്ങൾ ഉള്ളതായി പറയുന്നതു സത്യമായിട്ടുള്ളവയാണോ അല്ലയോ എന്നു പറയുന്നതിനുള്ള നില ഇപ്പോൾ അവക്കില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ രണ്ടിനം ആളുകളേയും ജോലിചെയ്തതു വ്യത്യസ്ഥമായ സ്ഥിതികൾ എപ്രകാരമെന്നു അറിയേണ്ടിയിരിക്കുന്നു അവരുടെ തീരെ ഭിന്നങ്ങളായ സ്ഥിതികളിൽ ജോലിചെയ്തിട്ടുള്ളതാണെന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. തീരെ ഭിന്നങ്ങളായ സ്ഥിതികൾ ഏവയാണ്.

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): അതായതു ക ൦ ൻ ൦ -നു മുമ്പു എടുത്ത ജോലിക്കാർ സ്ഥിരപ്രമുള്ളം നിശ്ചയിച്ച ആളുകൾ ആയിരുന്നു. ക ൦ ൻ ൦ -ൽ പിന്നീടുള്ളവർ തങ്ങൾ സ്ഥിരമായുണക്കാരായിരിക്കുന്നതല്ല എന്നും സ്ഥിരം കമ്പാസിറർമാക്ക ഉള്ള ആനുകൂല്യങ്ങൾ തങ്ങൾക്ക അവകാശമായി ഉണ്ടായിരിക്കുന്നതല്ല എന്നും ഉള്ള വ്യക്തമായ് അറിവോടുകൂടിയാണു ഉദ്യോഗത്തിൽ ചേർന്നതു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഭാവിയിൽ ഉണ്ടാകാവുന്ന സ്ഥിരം ഒഴിവുകളിലേക്ക ക ൦ ൻ ൦ -ൽ പിന്നീടു എടുത്തിട്ടുള്ള ആളുകളെ നിയമിക്കണമെന്നു ഗവണ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ ഉദ്ദേശിക്കുന്നില്ലയോ.

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): ഉദ്ദേശ്യം അങ്ങനെയല്ല എന്നു ഗവണ്മെണ്ടിന്റെ ഉത്തരവിൽ നിന്നു കാണാവുന്നതാണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇതുസംബന്ധിച്ചുള്ള ഗവണ്മെണ്ടുത്തരവിനെ അധികാരികൾ ശരിയായി നടത്തുന്നുണ്ടു എന്നു ഗവണ്മെണ്ടു തീർച്ചയായി മനസ്സിലാക്കീട്ടുണ്ടോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) അതെ. ഗവണ്മെണ്ടു വിചാരിക്കുന്നതു അങ്ങനെയാണു വിപരീതവിചാരം ഗവണ്മെണ്ടിനു തോന്നിക്കപ്പെട്ടിട്ടില്ല.

സക്കാർ അച്ചുക്കൂടത്തിൽ സാമാനങ്ങളുടെ കണക്ക എടുക്കൽ.

൭൬. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) (എ) അച്ചുക്കൂടത്തിലെ യന്ത്രസാമഗ്രി മുതലായവയുടെ കണക്ക എടുക്കുന്നതിനു അക്കൌണ്ടാഫീസിലെ ഒരു സൂപ്രണ്ടിനെ ഗവണ്മെണ്ടു ചുമതലപ്പെടുത്തി അയച്ചിട്ടുണ്ടോ?

(ബി) ഈ സ്ഥാപനത്തിന്റെ ഉയന്തരത്തിൽ ഉള്ള സാങ്കേതികസ്വഭാവത്തെ ഗണിച്ചു അപ്രകാരമുള്ള പണികളെപ്പറ്റി അറിയാവുന്ന സാങ്കേതികയോഗ്യതയുള്ള ഒരാളുടെ സഹായംകൂടാതെ ഈ ജോലി നടത്തുന്നതിനു അളവഹത്തിനു പൂർണ്ണമായ യോഗ്യതയുണ്ടായിരിക്കുമെന്നു ഗവണ്മെണ്ടു വിചാരിക്കുന്നുവോ എന്നു ഗവണ്മെണ്ടു ദയവുചെയ്തു പറയുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) (എ) ഉണ്ടു.

(ബി) സാമാനങ്ങളുടെ കണക്കിൻപടി ശരിയായി ഉണ്ടോ എന്നു തിട്ടപ്പെടുത്തുന്നതു മാത്രമാണു ജോലി അതിനു യാതൊരു വിശേഷാൽ സഹായവും കൂടാതെ ചെയ്യുന്നതിനു ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ മതിയാകുന്നതാണു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കണക്കിൻപടി തിട്ടപ്പെടുത്തൽ യാതൊരു സാങ്കേതികജ്ഞാനവും ഇല്ലാത്ത ഒരാളാൽ ചെയ്യാവുന്നതാണോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): അതെ. അദ്ദേഹം അക്കൌണ്ടാഫീസിൽ നിന്നും അയക്കപ്പെട്ടിരിക്കുന്ന ഒരു ഉദ്യോഗസ്ഥനാണു. നിലത്തിൽ സ്ഥാപിച്ചിരിക്കുന്ന യന്ത്രസാമഗ്രികളേയും യന്ത്രങ്ങളേയും പരിശോധിക്കുന്നതും അവ കണക്കുമായി ഒത്തിരിക്കുന്നുവൊ എന്നു നോക്കുന്നതും ആയ ജോലിയാണു അദ്ദേഹത്തെ ഏൽപ്പിച്ചിരിക്കുന്നതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കണക്കിൽ ഒത്തുനോക്കുന്നതിനായി ഒരു പ്രത്യേക ഉദ്യോഗസ്ഥൻ എന്തിനു? ആ പണി ഔട്ട്സൈഡ് ആഡിറ്റ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ടു നടത്താൻ സാധിക്കയില്ലയൊ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ചീഫ് സെക്രട്ടറി) ചുമതലപ്പെടുത്തി അയക്കപ്പെട്ടിരിക്കുന്നതു അക്കൌണ്ടാഫീസിൽ ചേർന്ന ആളാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഈ ജോലി ഔ-ആ-ഡി. യാൽ ചെയ്യാൻ കഴിയുകയില്ലയൊ എന്നാണു അറിയേണ്ടതു.

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): അതെ. ഗവണ്മെണ്ടിന്റെ ഉദ്ദേശ്യം അങ്ങനെതന്നെയായിരുന്നു. ഗവണ്മെണ്ടു അദ്ദേഹത്തെ നിയമിച്ചപ്പോഴും അവർ ഇതിനെപ്പറ്റി ആലോചിക്കുകയും ഈ ജോലിക്കുടി ചെയ്യാൻപറഞ്ഞാൽ ഔട്ട്സൈഡ് ആഡിറ്റ്ഡിപ്പാർട്ടുമെന്റിന്റെ സാധാരണജോലിക്കു ഹാനിതട്ടുമെന്നു അവർ വിചാരിക്കുകയും ചെയ്തു.

സക്കാർ അച്ചുക്കൂടത്തിൽ ഉള്ള ഡീഡിംഗ്സെക്ഷൻ.

൭൭. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഡീഡിംഗ്സെക്ഷനിൽ ജോലിനടത്തിവരുന്നതിനെ പ്രസ്കമ്മിറിക്കിനമായി ആക്ഷേപിച്ചിട്ടുണ്ടോ. എന്നും ഉണ്ടെങ്കിൽ അതിന്റെ കാര്യക്ഷമതയെ നന്നാക്കുന്നതിനു എന്തുചെയ്തിട്ടുണ്ടെന്നും ഗവണ്മെണ്ടു സഭയെ പറയുമോ?

(എ) പുതുക്കിയ ശമ്പളഘടനയിൽ നിയമിക്കുന്നതിനു ശുപാർശചെയ്യപ്പെട്ടിരിക്കുന്ന ഓഡിറ്റർക്ക് തുല്യമായ വിധത്തിൽ ഉള്ള യോഗ്യതയുള്ളവരും ആ സെക്ഷനിൽ ഉള്ള ജോലിനടത്തുന്നതിനു മതിയാകുന്ന വരും ആണോ?

ശ്രീ: കെ. നാരായണൻപണിക്കർ (അക്കൗണ്ട്സ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി), (എ) റീഡിംഗ് സെക്ഷനിലെ ജോലിക്കാരുടെ യോഗ്യതയില്ലായ്മയെപ്പറ്റി പ്രസ് കമ്മിറ്റി പ്രതികൂലമായി വ്യാഖ്യാനിച്ചിട്ടുണ്ട്. ആ സെക്ഷന്റെ കാര്യക്ഷമതയെ നന്നാക്കുന്നതിനുള്ള പ്രസ് കമ്മിറ്റിയുടെ ശുപാർശകളെ ഗവണ്മെന്റ് അനുവദിക്കുകയും കുറെക്കൂടി നല്ലതരം ആളുകളെ ആകർഷിക്കുന്നതിനായി ജോലിക്കാരുടെ ശമ്പളങ്ങളെ പരിഷ്കരിക്കുകയും ചെയ്തു.

(ബി) നിയമിക്കപ്പെട്ട ആളുകളുടെ യോഗ്യതാവ്യവസ്ഥയെ പരിശോധിച്ചുവരുന്നു.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്) (ബി) ഭാഗത്തെ സംബന്ധിച്ചിടത്തോളം അച്ചുക്കൂടത്തിനകത്തുള്ള വ്യവസായ ഉന്നതത്തിലേക്കായി തരം താഴ്ത്തപ്പെട്ട ആരെയെങ്കിലും പേരുകൊണ്ട് പറഞ്ഞിരിക്കുന്ന ലിസ്റ്റിൽ കയറ്റുന്നതിനായി ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

ശ്രീ: കെ. നാരായണൻപണിക്കർ (അക്കൗണ്ട്സ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി) എനിക്കു പറയാൻ നിവൃത്തിയില്ല (ബി) ക്കുള്ള മറുപടി പറഞ്ഞിട്ടുള്ള പേരുകളെ പരിശോധിച്ചുവരുന്നു എന്നാകുന്നു. അതു തീർന്നാൽ അതുള്ളതെ കയറ്റംകൊടുക്കപ്പെടുന്ന ആളുകൾ ആരെല്ലാം എന്നും അവർ അനാശാസ്യരായ ആളുകൾ ആണോ എന്നും ഗവണ്മെന്റിനു പറയാൻ കഴിയുന്നതല്ല. ഗവണ്മെന്റിനു ഇപ്പോൾ അതു പറയുന്നതു സാധ്യമല്ല.

മറ്റു ഡിപ്പാർട്ടുമെന്റുകളിൽ ജോലിചെയ്യുന്ന സക്കാർ അച്ചുക്കൂടം ജോലിക്കാർ.

൭൭. ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) (എ) തങ്ങളെ നിയമിച്ചിരിക്കുന്ന സ്ഥാനങ്ങളിൽ അല്ലാതെ മറ്റു സ്ഥാനങ്ങളിൽ ജോലിചെയ്യുന്നതായ സക്കാർ അച്ചുക്കൂടത്തിലെ ജോലിക്കാരുടെ പേരു, ഉദ്യോഗപ്പേരു, യോഗ്യത, ശമ്പളം, സർവീസ് എന്നിവയെ കാണിക്കുന്ന ഒരു ലിസ്റ്റു ഗവണ്മെന്റു മേശപ്പുറത്തുവയ്ക്കുമോ?

(ബി) താഴെതരം ജോലിക്കാരുടെ ഇങ്ങനെയുള്ള നിത്യനിസരണമല്ലാത്ത പരസ്പരമാറ്റങ്ങളെ എന്തിനായി അനുവദിക്കണം എന്നു ഗവണ്മെന്റു ദയവുചെയ്തു പറയുമോ?

ശ്രീ: കെ. നാരായണൻപണിക്കർ (അക്കൗണ്ട്സ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി) (എ) തങ്ങളെ നിയമിച്ചിട്ടുള്ള സ്ഥാനത്തിൽ അല്ലാതെ സക്കാർ അച്ചുക്കൂടത്തിലെ യാതൊരു ജോലിക്കാരും മറ്റൊരു സ്ഥലത്തു ജോലിചെയ്യുന്നില്ല.

(ബി) അങ്ങനെയുള്ള യാതൊരേർപ്പാടും ഒരിക്കലും അനുവദിക്കപ്പെട്ടിട്ടില്ല.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്) സമയം കുറിച്ചുവയ്ക്കുന്ന ആൾ ആരാണെന്നും അയാൾക്ക് അച്ചുക്കൂടത്തിൽ ഉള്ള സ്ഥിരപ്രാവണം എന്താണെന്നു അറിയേണ്ടിയിരിക്കുന്നു.

ശ്രീ: കെ. നാരായണൻപണിക്കർ (അക്കൗണ്ട്സ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി) എനിക്കു മുന്നറിവു കിട്ടണം. എന്നു ഞാൻ അപേക്ഷിക്കപ്പെടുന്നു.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്) ചോദ്യത്തിന്റെ (ബി)-ാംഭാഗത്തിനുള്ള മറുപടി "തങ്ങളെ നിയമിച്ചിട്ടുള്ള സ്ഥാനങ്ങളിൽ അല്ലാതെ സക്കാർ അച്ചുക്കൂടത്തിലെ യാതൊരു ജോലിക്കാരനും മറ്റു സ്ഥാനത്തു ജോലിചെയ്യുന്നില്ല" എന്നാണ്. ഏതെങ്കിലും ആളിനെ വേറെ ഏതെങ്കിലും സ്ഥാനത്തു നിയമിച്ചിട്ടുണ്ടോ എന്നാണ് എനിക്കറിയേണ്ടതു്. ആ മറുപടി പറയേണ്ടതായിരുന്നു.

ശ്രീ: കെ. നാരായണൻപണിക്കർ (അക്കൗണ്ട്സ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ചോദ്യത്തിനുള്ള ശരിയായ മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്) അപ്പോൾ യാതൊരു ജോലിക്കാരനും മറ്റൊരു സ്ഥാനത്തു ജോലിചെയ്യുന്നില്ല. സമയംസൂക്ഷിപ്പുകാരൻ വേറെസ്ഥലത്തു ജോലിചെയ്യുന്നുണ്ടോ ഇല്ലയോ എന്നാണ് എനിക്കറിയേണ്ടതു്. അയാൾ വേറെ സ്ഥാനത്തു ജോലിചെയ്യുന്നു എന്നാണ് എന്റെ അറിവു.

ശ്രീ: കെ. നാരായണൻപണിക്കർ (അക്കൗണ്ട്സ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി) അതു ഒരു ക്ലിപ്തമായ വിഷയമാണ്. അതിനെസംബന്ധിച്ചു എനിക്കു മുന്നറിയിപ്പു കിട്ടിയിരിക്കണം.

സക്കാർ അച്ചുക്കൂടത്തിൽ നിയമനങ്ങളും കയറ്റങ്ങളും.

൭൮. ശ്രീ: ആർ. പത്മനാഭൻ (ഗവണ്മെന്റ് നിയമിച്ച മെമ്പർ) (എ) സൂപ്രണ്ടുമാരികെ ആക്കപ്പെട്ടിരിക്കുന്ന മറ്റു ചില കായ്ക്ഷമതയുള്ള സീനിയർമാരുടെ ന്യായമായ അവകാശങ്ങളെ ഗണിക്കാതെ അനേകം ജൂനിയർമാരേയും പുറത്തുനിന്നും ചില പുതുതായ ആളുകളേയും ചില സ്ഥാനങ്ങളിൽ നിയമിക്കുന്നതിനായി സക്കാർ അച്ചുക്കൂടം സൂപ്രണ്ട് ശുപാർശ ചെയ്തിരിക്കുന്നു എന്നുള്ളതു സത്യമാണോ?

(ബി) കയറ്റത്തിനായി ശുപാർശചെയ്തിരിക്കുന്നവരിൽ വ്യവസായ ഉന്നതത്തിലേക്കായി പരിഗണിക്കപ്പെട്ടിട്ടുള്ളവരും ഉദ്യോഗത്തിൽനിന്നും സസ്പെന്റുചെയ്യപ്പെട്ടവരും ഉൾപ്പെട്ടിട്ടുണ്ട് എന്നുള്ളതു സത്യമാണോ.

ശ്രീ: കെ. നാരായണൻപണിക്കർ (അക്കൗണ്ട്സ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി) (എ), (ബി) ഗവണ്മെന്റിൽ കിട്ടീട്ടുള്ള ലിസ്റ്റിൽ ഏകദേശം ൪൦൦ പേരുകൾ ഉൾപ്പെട്ടിരിക്കുന്ന അവയെയെല്ലാം പരിശോധിക്കുന്നതിനു ഇനിയും കഴിഞ്ഞിട്ടില്ല.

ശ്രീ: ആർ. പത്മനാഭൻ (ഗവണ്മെന്റ് നിയമിച്ച മെമ്പർ) ഈ ശുപാർശകളെ പരിശോധിക്കുന്നതിനു ഇനിയും എത്രമുള്ളടത്തോളം സമയം വേണ്ടിവരുമെന്നു ഗവണ്മെന്റു ദയവുചെയ്തു പറയുമോ?

ശ്രീ: കെ. നാരായണൻപണിക്കർ (അക്കൗണ്ട്സ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി) ഒഴിച്ചുവയ്ക്കാവുന്ന യാതൊരു താമസവും കൂടാതെ ലിസ്റ്റു പരിശോധിക്കപ്പെടുന്നതും ഉത്തരവു കൊടുക്കുന്നതും ആകുന്നു.

സക്കാർഅച്ചുക്കൂടത്തിൽ നിയമനങ്ങളും കയറ്റങ്ങളും.

൭൯. ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്) സൂപ്രണ്ടുമാരികെ ആയി ആക്കപ്പെട്ടിരിക്കുന്ന മറ്റു ചില കായ്ക്ഷമതയുള്ള സീനിയർമാരുടെ ന്യായമായ അവകാശങ്ങളെ ഗണിക്കാതെ അനേകം ജൂനിയർ

ാരേയും പെട്ടിരിൽനിന്ന ചിലപുത്തൻ ആളുകളേയും ചിലസ്ഥാനങ്ങളിൽ നിയമിക്കുന്നതിനായി സക്കാർ അടുക്കുടം സൂപ്രണ്ട് ശ്രുപാർശചെയ്തിരിക്കുന്ന എന്നുള്ളതു സത്യമാണോ?

(ഭ) കയറനത്തിനായി ശ്രുപാർശചെയ്തിരിക്കുന്നവരിൽ ചിലരുടെ ഉന്നടത്തക്കായി പിഴ ശിക്ഷ നൽ കപ്പെട്ടിട്ടുള്ളവരും ഉദ്യോഗത്തിൽനിന്നും സസ്പെണ്ടുചെയ്യപ്പെട്ടവരും ഉൾപ്പെട്ടിട്ടുണ്ട് എന്നുള്ളതു സത്യമാണോ?

മി: കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവൺമെണ്ട് ചിഫ് സെക്രട്ടറി) മെമ്പർ ൭൫-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി നോക്കിക്കൊള്ളുക.

മലയാളംപള്ളിക്കൂടങ്ങളിലും ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിലും പെൺപള്ളി

ക്കൂടങ്ങളിലും നിയമനങ്ങൾ.

൭൬. മി: തരിയത്തുകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും)

(ക) മലയാളം പള്ളിക്കൂടം ഇൻസ്പക്ടർ മിസ്റ്റർ എസ് സുബ്രഹ്മണ്യശാസ്ത്രി.

(ഖ) ഇംഗ്ലീഷ്പള്ളിക്കൂടം ഇൻസ്പെക്ടർ മിസ്റ്റർ എ. നാരായണയ്യൻ.

(ഗ) പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ് മിസ്. ഇ. സി, ക്ലാപ്പിംഗ്. എന്നിവർ അവരവരുടെ ഉദ്യോഗത്തിൽ ചേർന്ന തിയതിമുതൽ ക്രമം ൦ ഇടവും ക്രമംനമ്പരായി അവരവരുടെ ഡിപ്പാർട്ടുമെൻറുകളിൽ ചെയ്തിട്ടുള്ള നിയമനങ്ങളുടെ ജാതി തിരിച്ചു കാണിക്കുന്ന ഒരു ലിസ്റ്റ് ഗവൺമെണ്ട് ദയവുചെയ്തു മേശപ്പുറത്തുവയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി) അങ്ങനെ ഒരു സ്റ്റേറ്റുമെൻറ് തയ്യാറാക്കുന്നതിൽ ചെലവാകുന്ന സമയവും ജോലിയും അതിന്റെ ഉപയോഗത്തിനു തീരെ ആനുപാതികമായിട്ടുള്ളതാകയാൽ അങ്ങനെ ഒരു കണക്ക എഴുതി അയച്ചു വരുത്തണമെന്നു ഗവൺമെണ്ട് വിചാരിക്കുന്നില്ല.

കൃഷിഡിപ്പാർട്ടുമെണ്ടിന്റെ പ്രവൃത്തി,

൭൭. മി: തരിയത്തുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും)

(ക) ഏതെല്ലാം അഭിവൃദ്ധികരമായ കൃഷികളും വിലകുറഞ്ഞ അത്യുപകരണങ്ങളും കൃഷിഡിപ്പാർട്ടുമെണ്ട് ഈ രാജ്യത്തിലെ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചിട്ടുണ്ടു എന്നു ഗവൺമെണ്ടിന് സമയം പോലെയുണ്ടോ?

(ബി) ഡിപ്പാർട്ടുമെണ്ടു സ്ഥാപിതമായ ദിവസംമുതൽ ക്രമം ൦ മിഥുനം ക-ാം തീയതിവരെ ഡിപ്പാർട്ടുമെണ്ടിന് സംബന്ധിച്ചുള്ള മൊത്തം ചെലവു എത്രയാണെന്നു ഗവൺമെണ്ട് ദയവുചെയ്തു പറയുമോ?

(സി) കൃഷിയെ സംബന്ധിച്ചുടത്തോളം രാജ്യത്തിനു ഉണ്ടായിട്ടുള്ള ഗുണം ഇതേവരെ ചെയ്തിട്ടുള്ള ചെലവിനു അനുഗുണമായിരിക്കുന്നുവോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിൽ ഇരിക്കുന്ന ഗവൺമെണ്ടു സെക്രട്ടറി) (എ) ബാംകു നെല്ലു, ചുവന്നമുളകു, കരിമ്പു, പരുത്തി, ചോളം, നിലക്കടല, ഗിനിപുല്ലു എന്നീ വിദേശീയ വിളവുകൾ കൃഷിഡിപ്പാർട്ടുമെൻറു മുഖേന യായി ഏർപ്പെടുത്തിയ പുതുവഴ്ചകളിൽ പ്രധാനമായിട്ടുള്ളവ. ഇവയെ കൃഷിക്കാരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനായി ഇവയെ കൃഷിചെയ്യുന്നതിനു ഗുണകരമാംവണ്ണം തിരഞ്ഞെടുത്തിയ കൃഷിമാർഗ്ഗങ്ങളിൽ കൃഷിചെയ്തു കാണിച്ചുകൊടുക്കപ്പെടുന്നു. കൃഷിയായുധങ്ങളെ സംബന്ധിച്ചുടത്തോളം ഡിപ്പാർട്ടുമെൻറു ഫ്രൈമാസ്റ്റ്, മെസ്റ്റൺ എന്നീ ഘനംകുറഞ്ഞ ഇരുമ്പുകലപ്പകളും പ്രചരിപ്പിച്ചിട്ടുണ്ട്. ഓരോന്നിനും ൨ രൂപമുതൽ മൂന്നു രൂപവരെ വിലയുള്ളതായി ഘനംകുറഞ്ഞ ഇരുമ്പുകലപ്പകളും ഡിപ്പാർട്ടുമെൻറു ഉണ്ടാക്കി പ്രചാരപ്പെടുത്തിവരുന്നു.

(ബി) കൃഷിമാത്രവും, പൂഗവിജ്ഞാനവും മത്സ്യവ്യവസായവും ഉൾപ്പെടെ ഡിപ്പാർട്ടുമെണ്ടു രൂപീകരിച്ചു ക്രമംവണ്ണമാണ്ടു മുതൽ ക്രമം ൦ മിഥുനം ക-ാം വരെ ഡിപ്പാർട്ടുമെണ്ടിനുള്ള മൊത്തം ചെലവു ൨൫,൨൫,൨൫൦ രൂപയാണെന്നു ബോധിപ്പിച്ചിരിക്കുന്നു.

(സി) പ്രധാനമായും വിദ്യാഭ്യാസന സ്വഭാവത്തിൽ ഉള്ള ഡിപ്പാർട്ടുമെണ്ടിന്റെ പ്രവൃത്തിയെ പണരൂപമായി മാറ്റുന്നതുസമ്പാസാധ്യമല്ല. സംസ്ഥാനം ഒട്ടുക്കു തങ്ങളുടെ നീതികളിൽ കൃഷിക്കാരുടെ ഇടയിൽ കാണപ്പെടുന്ന ഗുണകരമായ മേളം പരിശോധനചെയ്തു കണ്ടുപിടിക്ക, പരിശോധനം, പ്രവൃത്തി രൂപമായി കാണിച്ചുകൊടുക്കുക, പ്രചരണം എന്നിവയുൾപ്പെട്ട ചെലവു നിയതമായ മാർഗ്ഗങ്ങളിൽക്കൂടിയുള്ള ഡിപ്പാർട്ടുമെണ്ടിന്റെ പ്രവൃത്തി ഫലമാണെന്നു പറയാവുന്നതാണ്—ഡിപ്പാർട്ടുമെണ്ടു രജിസ്തീർചെയ്തിട്ടുള്ള അധികം പ്രധാനമായ അഭിവൃദ്ധികളുടെ ഒരു ലിസ്റ്റ് മെംബർക്കു നിയമസഭാ സെക്രട്ടറിയുടെ ആഫീസിൽ കാണാവുന്നതാണ്. ഡിപ്പാർട്ടുമെണ്ടിനുവേണ്ടി ചെലവാക്കപ്പെടുന്ന പണത്തിനു ഗണ്യമായ ഫലങ്ങൾ കാണപ്പെടുന്നു എന്നു ഗവർൺമെണ്ടിനു ബോധ്യം വന്നിരിക്കുന്നു.

കൃഷിഡിപ്പാർട്ടുമെണ്ടും വെബ്ബ്സ്പ്രശ്നവും.

൭൮. മി: തരിയത്തു കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): യൂറോപ്പിലെ മുൻകാലങ്ങളിലുണ്ടാക്കിയതുമുതൽ കൃഷിരഹസ്യശാലയിലൊ മറ്റു കൃഷിവക സ്ഥാപനത്തിലൊ ഉണ്ടാക്കിയതോ ഈ രാജ്യത്തിലെ കൃഷിക്കാരാൽ കൃഷി ചെയ്യപ്പെട്ടതോ അല്ലാത്തതായി കൃഷിഡിപ്പാർട്ടുമെണ്ടിന്റെ മേൽനോട്ടത്തിലൊ ഉപദേശത്തിനേലൊ ഉണ്ടാക്കിയവയായി ഏതെല്ലാം സാമാനങ്ങളും ഈയ്യിടെ ലണ്ടനിൽ നടന്ന സാമ്രാജ്യ പ്രദർശനത്തിൽ പ്രദർശിപ്പിക്കപ്പെട്ട എന്നു ഗവർൺമെണ്ടു സമയം പോലെയുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഇവിടെ ജോലിയിലിരിക്കുന്ന ഗവർൺമെണ്ടു സെക്രട്ടറി): താഴെ പറയുന്ന സാമാനങ്ങളും ഡിപ്പാർട്ടുമെണ്ടു വിശേഷാൽ തയ്യാറാക്കുകയും വെബ്ബ്സ്പ്രിയിൽ പ്രദർശിപ്പിക്കുകയും ചെയ്തു:—

(ക) കണങ്ങമാവു.
(ഖ) ചീനിക്കിഴങ്ങിൻമാവു.
(ഗ) കപ്പിൽമാവു.
(ഘ) നനകിഴങ്ങുമാവു.
(ങ) ചേനമാവു.

(ന്യ) മധുരപ്പാവകത്തിൽ ഇട്ടുസൂക്ഷിച്ച പുരത്തിച്ചക്ക (കടച്ചക്ക).
(ഩ) മധുരപ്പാവകത്തിൽ ഇട്ടു സൂക്ഷിച്ച ചക്കപ്പുഴം.
(വ) ടി ടി ഇഞ്ചി.
(ൻ) ഏത്തൻപഴം ഉണക്കിയതു.
(൧൦) പഞ്ചസാരപ്പാവിൽ ഇട്ടു സൂക്ഷിച്ച പറങ്കിമാവിൻ അണ്ടി.
(൧൧) ഉപായത്തിൽ ഉപ്പിട്ടു ഉണക്കിയ ചെറുമീൻ.
(൧൨) പതിനൊന്നുമാതിരി ശ്ലൂലിചെയ്ത എണ്ണകൾ.
(൧൩) തഴനാര.
(൧൪) കൂവന്തോട്ടി തായ്ത്തടിയിൽ നിന്നും എടുത്തനാര.
(൧൫) മറു അനേകം ചെടികളുടെ വേരുകളിലെ ചെളികളിലെ ഇലകളിലെ നിന്നു എടുത്ത നാരുകൾ.

കൃഷിഡിപ്പാർട്ടുമെണ്ടിന്നേൽ ഉള്ള കമ്മിറ്റി.

വനം, മി: തരിയത്തു കുഞ്ഞിരാമൻ (മൂവാറുപുഴയും തൊടുപുഴയും): കൃഷിഡിപ്പാർട്ടുമെണ്ടിനെ ജനങ്ങൾക്കു കൂടുതൽക്കുടി പ്രയോജനകരമാക്കിതീർക്കുന്നതിനും അനുഷ്ഠാനങ്ങൾ നടത്തുന്നതിനും നിർദ്ദേശങ്ങളും ശുപാർശകരിക്കുന്നതിനും ആയി രാജ്യത്തെ ചില പ്രധാന കൃഷിക്കാരേയും മെംബർമാരായി ചേർത്തു ഗവർണ്ണമെണ്ടു ഒരു കമ്മിറ്റി ഒയചെയ്യു നിയമിക്കുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (പേരെ ജോലിയിലിരിക്കുന്ന ഗവർമെണ്ടിന്റെ സെക്രട്ടറി): കൃഷിഡിപ്പാർട്ടുമെണ്ടിന്റെ പ്രവൃത്തികളും അധികമായും ശാസ്ത്രീയമായ പരീക്ഷണങ്ങളെ അവലംബിച്ചിരിക്കുന്നു. തത്സംബന്ധമായി ഏതെങ്കിലും ഉപദേശങ്ങളോ നിർദ്ദേശങ്ങളോ ചെയ്യുന്നതിനു സാധാരണ ആളുകളിൽ ചേർന്ന ഒരു കമ്മിറ്റിക്കു ശക്തിയുണ്ടായിരിക്കുന്നതല്ല. ഭൂമി, കാലാവസ്ഥ മുതലായ ഘടക ഭാഗങ്ങളിൽ ഉള്ള വ്യത്യാസങ്ങളെ പരിശോധിക്കുന്നതിനു വിദഗ്ദ്ധന്മാർക്കേ കഴിയുകയുള്ളു. ഈ സ്ഥിതിക്കു ഒരു കമ്മിറ്റി നിയമിക്കുന്നതിനുള്ള ആവശ്യകത ഗവർമെണ്ടു കാണുന്നില്ല. എന്നാലും പ്രത്യേകിച്ചും പ്രചരണ പ്രവൃത്തിയേയും ജനങ്ങളിൽ അംഗീകൃതമാക്കുന്നതിനെയും സംബന്ധിച്ചു മെംബറിനും മറുള്ളവരിലും നിന്നു സൂക്ഷ്മമായ ആലോചനക്കായി ഉപദേശപ്രദമായ നിർദ്ദേശങ്ങൾ കിട്ടുന്നതു ഗവർമെണ്ടിനു സന്തോഷം ആയിരിക്കും.

പണം അനുവദിച്ചുകിട്ടുന്നതിനുള്ള ഡിമാണ്ടുകൾ (തുടർച്ച).

ഡിമാണ്ടു IX—നീതിന്യായഭരണം.

പ്രസിഡെണ്ടു: ഇനി നാം ഡിമാണ്ടുകൾ അനുവദിച്ചു കൊടുക്കുന്നതിനെ തുടരാം.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സക്രട്ടർ വക്കീൽ): സർ, ഡിമാണ്ടു IX—നീതിന്യായഭരണം എന്ന ഇനത്തിൽ ൧൦൨ ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണം എന്നു ഞാൻ ഹാജരാക്കുന്നു.

ഉപക്ഷേപം ൧൦൪.

താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി: ജി. രാമൻമേനവൻ

൧൦൫. ജീവനക്കാർക്കായി നീക്കിവച്ചിരിക്കുന്ന ൨൯,൪൪൪ രൂപയിൽ നിന്നു ൯൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൦൬.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നു.

൧൦൬. ജീവനക്കാർക്കായി നീക്കിവച്ചിരിക്കുന്ന ൪൨,൪൬൪ രൂപയിൽ നിന്നും ൫,൨൦൦ രൂപ കുറയ്ക്കണം.

ഈ ഉപക്ഷേപം കൊണ്ടുവന്നിരിക്കുന്നതു ഇൻഡെക്സും പബ്ലിഷും എന്ന ഉദ്യോഗത്തെ നിറുത്തലാക്കാവുന്നതാണു എന്നുള്ളതിനെ ഗവർമെണ്ടിന്റെയും ഈ സഭയിലെ മെംബർമാരുടെയും ശ്രദ്ധയിൽ കൊണ്ടുവരാനായിട്ടുമാത്രമാകുന്നു. ഇതിനാൽ ഇൻഡെക്സും പബ്ലിഷും ആയ ആളിനു മതിയായ ജോലി ഇല്ല എന്നോ അല്ലെങ്കിൽ ആ ഉദ്യോഗം അനാവശ്യം-ആ ജോലി അനാവശ്യം എന്നാണു ഞാൻ പറയാൻ ഉദ്ദേശിക്കുന്നതു എന്നോ ഞാൻ പറയുന്നില്ല. ഹൈക്കോടതിയിൽ മതിയാകുന്നിടത്തോളം ജോലി ഇല്ലാതിരിക്കുന്നതായി ഒരാൾക്കുടി ഉണ്ടു—മാനേജരെപ്പറ്റിയാണു ഞാൻ പറയുന്നതു. മാനേജരുടെ ഉദ്യോഗം നിറുത്തലാക്കാൻ അപേക്ഷിക്കുന്നതു ഈ സഭയുടെ അധികാരപരിധിയെ കവിഞ്ഞുള്ളതാകുന്നു. അതുകൊണ്ടു ഇൻഡെക്സ് ചെയ്യുന്നതും പ്രസിദ്ധപ്പെടുത്തുന്നതും ആയ ജോലിക്കുടി മാനേജർക്കു ചെയ്യാവുന്നതാണു എന്നാണു ഞാൻ പറയുന്നതു. എന്റെ അറിവിൽപ്പെട്ടിടത്തോളം മാനേജർക്കു സമൻ ഒപ്പിടുന്നതല്ലാതെ വേറെ ജോലി ഒന്നും ഇല്ല ഇൻഡെക്സ് ചെയ്യുന്നതും പരസ്യം ചെയ്യുന്നതും ആയ ജോലിക്കുടി അദ്ദേഹത്തെക്കൊണ്ടു ചെയ്യാൻ പറയാവുന്നതാണു ഇങ്ങനെ സർക്കാർ ഉദ്യോഗത്തിൽ അധികമായ അംഗങ്ങളിൽ ഒന്നിനെ എങ്കിലും മുറിച്ചുകളയുകയും ആണ്ടുതോറും ചിലവാക്കപ്പെടുന്ന ൭൭ ലക്ഷം രൂപയിൽ കുറെ എങ്കിലും മിച്ചംപിടുത്തുകയും ചെയ്യാവുന്നതാണു. മാനേജരുടെ ജോലിയെപ്പറ്റി ഹൈക്കോർട്ടിൽ പ്രാക്ടിസു ചെയ്യുവരുന്ന എന്റെ വക്കീൽ സ്നേഹിതന്മാർക്കു കുറെക്കുടി വിവരങ്ങൾ തരാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ പ്രസംഗത്തോടുകുടി ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സക്രട്ടർ വക്കീൽ): സർ, എനിക്കു ഈ പ്രയോഗത്തെ എതിർക്കേണ്ടിയിരിക്കുന്നു. മൂന്നാഴ്ചയുടെ അവസരത്തിൽ കാര്യവശാൽ ഇതേ വിഷയത്തെപ്പറ്റി ഒരു പ്രശ്നം ഈ സഭയിൽ ഉണ്ടാവുകയും ആ സമയത്തു ഈ സഭയിൽ ഉണ്ടായ വാദപ്രതിവാദം ഹൈക്കോടതിക്കു എഴുതി അയക്കുകയും ചെയ്തു. അവർ ഈ സഭയിൽ ഉള്ള വാദപ്രതിവാദങ്ങളെ പുരസ്കരിച്ചു ഈ വിഷയത്തെപ്പറ്റി ഒരിക്കൽക്കുടി പുനരാലോചിക്കുകയും ചെയ്തു. മാനേജർക്കു മതിയാകുന്നിടത്തോളം ജോലി ഉണ്ടെന്നും

മാനേജർക്ക് പുറമെ ഒരു ലാ റിപ്പോർട്ടരും പബ്ലിഷരും ക്ലർക്കിയെ തിരുവനന്തപുരത്ത് നിയമിച്ചിട്ടുണ്ട്. ആവശ്യമാണെന്നവരുടെ കക്ഷികൾ, ഈ മാന്യ ഉദ്യോഗത്തിനും എന്തു ജോലിക്കും അയോഗ്യനാണെന്ന ഹൈക്കോടതി പറഞ്ഞിരിക്കുന്ന നിലയിൽ, ഞാൻ സഭാസമക്ഷം അയാളെ സമർപ്പിക്കാം. അങ്ങനെ ചെയ്യുന്നതിനുമുമ്പു ഹൈക്കോടതിയുടെ തീർപ്പുകളുടെപ്പറ്റി ഗണ്യമായ ഒരു സഭ മനസ്സിലാക്കിയിരിക്കേണ്ടതായ ഒരു മുഖവുരയും ഉണ്ടെന്നു ഞാൻ സഭയെ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. ഹൈക്കോടതി നീതിന്യായഭരണത്തിൽ സംബന്ധപ്പെട്ടിരിക്കുന്നു; കച്ചേരിസംബന്ധമായി ഹൈക്കോടതി ചെയ്തിട്ടുള്ള ഏർപ്പാടുകളിൽ പ്രവേശിക്കുന്നതിനു ഗവർണ്മെണ്ടിനു മടിയുണ്ടായിരിക്കും ഈ സഭയും ആ വിഷയത്തിൽ എന്നോടു യോജിക്കുമെന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു. ഹൈക്കോടതി ചെയ്തിട്ടുള്ള ഒരു തരം ഏർപ്പാടിൽ പ്രവേശിച്ചു വല്ലതും ചെയ്യുന്നതിനു ഈ സഭയ്ക്കു യാതൊരു അധികാരവും ഇല്ല എന്നു സൂചിപ്പിക്കണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഹൈക്കോടതിക്കും നീതിന്യായ ഡിപ്പാർട്ടുമെണ്ടിനും നീതിന്യായഭരണം എന്ന സാങ്കേതിക ജോലി നടത്തേണ്ടിയിരിക്കുന്നതിനേയും അവരുടെ ധർമ്മത്തെ നടത്തുന്നതിനു വേണ്ടുവോളം അധികാരം ഉണ്ടായിരിക്കേണ്ടതിനേയും ഗണിച്ചു എക്സിക്യൂട്ടീവ് ഡിപ്പാർട്ടുമെണ്ടിനെയോ ഫാമ്പ് ഡിപ്പാർട്ടുമെണ്ടിനേയോ അതുപോലെയുള്ള മറ്റു ഡിപ്പാർട്ടുമെണ്ടുകളിലെയോ മേലധികാരികളെക്കാൾ അധികം സ്വാതന്ത്ര്യം അവർക്കു നല്കേണ്ടതാകുന്നു. ആ ഡിപ്പാർട്ടുമെണ്ടുകളിൽ ഡിപ്പാർട്ടുമെണ്ടു മേലധികാരിയുടെ ഉപദേശത്തെ അനുവദിക്കാതെ നിരാകരിക്കുന്നതിനും ഗവർണ്മെണ്ടു അവരുടെ ഉപദേശങ്ങളെ സ്വീകരിക്കുന്നില്ല എന്നും തങ്ങൾ സ്വയമേവ ഏതെങ്കിലും ചെയ്യുകയാണെന്നും ഗവർണ്മെണ്ടിനു പറയാൻ കഴിയുമായിരിക്കും. അങ്ങനെ ഒരുകാര്യം ഹൈക്കോടതിയെ സംബന്ധിച്ചിടത്തോളം ചെയ്യേണ്ടതായിരുന്നാൽ തന്നെയും അതു വളരെ അപൂർവമായിട്ടുമാത്രമെ, ചെയ്യാൻ പാടുള്ളു എന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ലാ റിപ്പോർട്ടരും പബ്ലിഷരും ആയ ഉദ്യോഗം മാനേജർ സ്ഥാനത്തിൽ ഇരിക്കുന്ന ആൾക്കും മതിയായിടത്തോളം ജോലി ഉണ്ടെന്നുള്ള മിഥ്യാലോചനക്കുമേൽ അവർ അവസാനമായ് തീർച്ചപ്പെടുത്തിയിരിക്കുന്നു. ഹൈക്കോടതിയിലെ ജീവനക്കാരെ പരിഷ്കരിച്ചതു ഏകദേശം മൂന്നു കൊല്ലത്തിനുമുമ്പു മാത്രമായിരുന്നു എന്നും സഭയെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഫൻറൂവ ഏപ്രിൽ മാസത്തിൽ ആണു പരിഷ്കാരം നടത്തിയതു്, ആ പരിഷ്കാരം അനുകഴിഞ്ഞു ആറുമാസത്തിൽ പിന്നീടാണു നടപ്പിൽവന്നതു. അതു വളരെ മുമ്പെ അല്ല. വളരെ യോജിപ്പുള്ളതും ശക്തിമത്തും ആയ കാരണങ്ങൾ കൊണ്ടുചൂണ്ടിക്കാട്ടാൽ അല്ലാതെ അതിനെ ഭേദപ്പെടുത്തണമെന്നു ഹൈക്കോടതിയോടു ഈ സഭ പറയുന്നതു പ്രയാസമുള്ള ഒരു കാര്യമായിരിക്കും.

ഈ സ്ഥാനങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള ജോലിക്കു ഞാൻ സഭയിൽ സമർപ്പിക്കാം. മാനേജർക്കു മതിയായിടത്തോളം ജോലി ഇല്ല എന്നാണു് ആക്ഷേപം മാനേജർക്കും ഇൻഡെക്സുക്കും ലാ റിപ്പോർട്ടർക്കും എന്തെല്ലാം ജോലികൾ ഉണ്ടെന്നു ഹൈക്കോടതി പറഞ്ഞിരിക്കുന്നുവോ അതെല്ലാം ഞാൻ പറയാം.

മാനേജരുടെ ജോലികൾ നോട്ടീസു അയക്കേണ്ടതായി ദിവസം ഒന്നിനു ശരാശരി ൪൫ കേസുകൾ ഉണ്ടായിരിക്കും. അപ്പീലുകളും പകർപ്പും ഉൾപ്പെടെ നോട്ടീസുകളുടെ എണ്ണം ൧൫൦ ഓളം ആയിരിക്കും. ഇവയെല്ലാം മാനേജർ ഒപ്പിടേണ്ടതായുണ്ട്.

കീഴ്കോടതികൾക്കു അയക്കേണ്ടതായ ഡിക്രി പകർപ്പുകളും ഇദ്ദേഹം ഒപ്പിടണം. അപ്പീലുകളും വിശേഷാൽ അപ്പീലുകളും ഉൾപ്പെടെ ആണ്ടുതോറും ൧൨൦൦ കേസുകൾ തീർച്ചചെയ്യുന്നു.

പുതുതായി ൫൩൦൦ പുസ്തകങ്ങൾവരെയുള്ള ലൈബ്രറി ശരിയായിരിക്കുന്നുവോ എന്നു അദ്ദേഹം കൂടക്കൂടെ തിട്ടപ്പെടുത്തി നോക്കാനുണ്ട്.

മാസംതോറും, പാദവർഷത്തോറും, ആണ്ടുതോറും വരേണ്ടതായ തവണക്കണക്കുകൾ യഥാകാലം വരുന്നുണ്ടോ എന്നു നോക്കുകയും തവണക്കണക്കുകളെ സമയത്തിനു അയക്കാത്ത കോടതികൾക്കു സൂചനാലേഖനം അയപ്പിക്കുകയും താമസത്തിനു ഇടയാകാതെ തീർച്ചപ്പെട്ട കേസുകളിലെ റിക്കാർഡുകളും തൊണ്ടി സാമാനങ്ങളും കീഴ്കോടതികൾക്കു തിരിച്ചയക്കുന്നുണ്ടോ എന്നു നോക്കുകയും ചെയ്യാനുണ്ട്.

ഡിക്രി, പഴയറിക്കാർഡു, സ്റ്റാറ്റിസ്റ്റിക്സു എന്നീ സെക്ഷനുകളിൽ നിന്നു അയക്കപ്പെടുന്ന ലേഖനങ്ങളുടെ നകൽ പാസാക്കുകയും അവയുടെ അസൽ ഒപ്പിടുകയും ചെയ്യണം. താഴെപറയുന്ന സെക്ഷനുകളിലെ ജോലികളുടെ മേൽവിചാരം വഹിക്കണം.

൧. പഴയറിക്കാർഡു സെക്ഷൻ.
൨. കാപ്പിയിങ് സെക്ഷൻ.
൩. ടൈപ്പിങ് സെക്ഷൻ.
൪. ഒത്തുനോക്കൽ സെക്ഷൻ.
൫. ഡിക്രി സെക്ഷൻ.
൬. സ്റ്റേഷനറി സെക്ഷൻ.
൭. സ്റ്റാറ്റിസ്റ്റിക്സ് സെക്ഷൻ.

അദ്ദേഹം ദിവസേന അഡിഡായിരുകൾ സാക്ഷിപ്പെടുത്തേണ്ടതുണ്ടു. ഹൈക്കോടതിയിൽ ഫയൽചെയ്ത കേസുകളെ സംബന്ധിച്ച ഈ ജോലികൾ കൂടാതെ കീഴ്കോടതികളിൽനിന്നും കിട്ടുന്ന അനേകം റിപ്പോർട്ടുകളും സ്റ്റേറ്റുമെണ്ടുകളും അദ്ദേഹം പരിശോധിക്കേണ്ടതായുണ്ടു് അവ താഴെ പറയുന്നവയാകുന്നു.

(എ) ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകൾ അയക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ ഇവ ആണ്ടിൽ ഏകദേശം ൧൨൦ എണ്ണം ഉണ്ടായിരിക്കും. ഇവയെ വളരെ സൂക്ഷ്മമായി വായിച്ചുനോക്കി അവയാൽ വെളിപ്പെടുത്തിട്ടുള്ള നീതിവിരുദ്ധങ്ങളെ ഗണിക്കുകയും രജിസ്ട്രാർ മുഖാന്തിരം ജഡ്ജിമാർക്കു സമർപ്പിക്കുകയും ചെയ്യണം.

(ബി) മജിസ്ട്രീരിയലും സിവിലും ആയ കീഴ്കോടതികൾ നടത്തിയ നീതിന്യായജോലികയപറ്റി മൂന്നുമാസത്തിൽ ഒരിക്കലും ആറുമാസത്തിൽ ഒരിക്കലും വരുന്ന തവണക്കണക്കുകളിന്മേൽ പരിശോധനത്തിന്റെ നകൽ തയ്യാറാക്കേണ്ടതുണ്ടു്.

(സി) കിഴ്കോടതികളിൽ തീർപ്പുയാകാതെ കിടക്കുന്ന കേസുകളിൽ എത്രത്തോളം കൂടുതലായി കേൾവി നടത്തപ്പെട്ടിട്ടുണ്ട് എന്നുള്ളതിനെപ്പറ്റി വരുന്ന റിട്ടണുകളിന്മേൽ ഉചിതശോധനങ്ങളുടെ നക്കൽ തയ്യാറാക്കേണ്ടതുണ്ട്.

(ഡി) കിഴ്കോടതികളിലെ രേണർജോലിക്കാരുടെയും ജോലിയേയും അവരുടെ പക്കൽ കിടപ്പുള്ള വേക്കികളെപ്പറ്റിയും വരുന്ന തവണക്കണക്കുകളിന്മേലും ഉചിതശോധനങ്ങളുടെ നക്കൽ തയ്യാറാക്കേണ്ടതുണ്ട് ഇവയാകുന്ന മാനേജരുടെ ജോലികൾ.

ഇൻസ്പെക്ടർ ലാറ്റിപ്പോർട്ടും അയ അധികാരങ്ങളെ ജോലി താഴെ ചേരുന്നവയാകുന്നു:—

(എ) അദ്ദേഹം ഹൈക്കോടതിയുടെ എല്ലാ തീർപ്പുകളേയും വായിച്ചുനോക്കുകയും നിയമസംബന്ധമായ വിഷയങ്ങളിന്മേലുണ്ടായിട്ടുള്ളവയും ചേർന്ന വിഷയങ്ങളും കലർന്ന വിഷയങ്ങളിന്മേലും നോട്ടുകൾ തയ്യാറാക്കുകയും അവയെ നോട്ടുപുസ്തകങ്ങളിൽ ഇൻഡെക്സു ചെയ്യുകയും എളുപ്പത്തിൽ കണ്ടുപിടിക്കത്തക്കവണ്ണം തയ്യാറാക്കിവയ്ക്കുകയും ചെയ്യണം.

(ബി) അദ്ദേഹം ഓരോ ഭാഗത്തിൽ വരും വശങ്ങളെ വിധമുള്ള രണ്ടു ഭാഗങ്ങളെ അടങ്ങിയ തിരുവിതാംകോട്ടു ലാറിപ്പോർട്ടിലെ വാല്യത്തിനും ഉൾപ്പെടുത്തിട്ടുള്ള കേസുകളുടെ തലവാചകങ്ങളും തയ്യാറാക്കുകയും അവയെ ഇൻഡെക്സു ചെയ്യുകയും ചെയ്യണം; അവയെ ആണ്ടുതോറും പ്രസിദ്ധപ്പെടുത്തേണ്ടതുമുണ്ട്. അദ്ദേഹത്തിനു തിരുവിതാംകോട്ടു ലാറിപ്പോർട്ടിന്റെ വശങ്ങളുടെ പ്രയോഗം തിരുത്തേണ്ടതുണ്ട്.

ഇതിൽനിന്നും കാണപ്പെടുവുന്നതു—

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ലാറിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിനെ ഹൈക്കോടതിയ്ക്കുള്ള ഒരു ഗ്രാമസ്ഥനെ ഏർപ്പെടുത്തുന്നതിനെക്കാൾ പ്രാക്ടീസു ചെയ്യുവരുന്ന ഒരു നിയമജ്ഞനെ വിട്ടുകൊടുക്കുന്നതു നന്നായിരിക്കുകയില്ലയോ എന്നു അറിയേണ്ടിയിരിക്കുന്നു.

ശ്രീ. കയ്യാമ പരമേശ്വരൻപിള്ള (അസ്സിസ്റ്റിംഗ് അഡിഷണൽ ഹെഡ്സെക്രട്ടർ വക്കിൽ): ഉപക്ഷേപത്തിൽ ആ വിഷയത്തെ പ്രത്യേകമായി സൂചിപ്പിച്ചിട്ടില്ല. എന്നാൽ സബ്ജറി കമ്മിറ്റിയുടെ റിപ്പോർട്ടിൽ പിന്നീടു ജീവനക്കാരെ പരിഷ്കരിച്ച സമയം ആ വിഷയവും പുനർവിചിന്തനം ചെയ്തിട്ടുള്ളതായി ഞാൻ കാണുന്നു എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ ആ കാര്യത്തെ പണിനടത്തിവരുന്ന ഒരു നിയമജ്ഞനെ വിട്ടുകൊടുക്കുന്നതു സാധ്യമോ ഉചിതമോ കാര്യക്ഷമമോ അല്ല എന്നു അന്നു ഹൈക്കോടതി തീരുമാനിച്ചു എന്നാൽ ഇപ്പോഴും ഉള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഈ ഓരോ ഉദ്യോഗസ്ഥന്റെയും ജോലിയെപ്പറ്റി ഹൈക്കോടതി പറഞ്ഞിരിക്കുന്നതു എത്രയും വ്യക്തമായിരിക്കുന്നു എന്ന സഭയുടെ ആലോചനക്കായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു. ഈ ഉദ്യോഗസ്ഥന്മാർ നവസൃഷ്ടികൾ അല്ല എന്ന സഭയെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. അവർക്ക് ഏകദേശം അരശതവർഷത്തെ പഴക്കം ഉണ്ടു. അതായതു ഹൈക്കോടതി സ്ഥാപിച്ചകാലം മുതലു അവരും ഇരിക്കുന്നുണ്ടു അന്നുമുതൽ ഹൈക്കോടതിയുടെ ജോലി ബഹുധ വർദ്ധിച്ചിട്ടുണ്ടു എന്നു സഭയെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളട്ടെ ജോലി ഭാരം ശരാശരി വർദ്ധിച്ചിട്ടുണ്ടു എന്നുള്ളതിൽ എതിർവാദം ഉണ്ടാകയില്ലാ എന്നും അറിയിച്ചുകൊള്ളുന്നു ഉദ്യോഗസ്ഥന്മാർ ആ സ്ഥാനങ്ങളിൽ ഇരിക്കുന്നു എന്നുള്ളതിനേയും അവർ ആവശ്യമാണെന്നുള്ളതിനേയും കുറിച്ചു ബഹുമാനപ്പെട്ട ജഡ്ജിമാരുടെ അഭിപ്രായം സഭ അന്വേഷിക്കേണ്ടതായിരിക്കുന്നു.

ശ്രീ. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ മെംബർ പറഞ്ഞ വിസ്താരമായ സമാധാനത്തിൽനിന്നും മാനേജരുടെ ജോലി ക്ലറിക്കൽ കടലാസുകൾ ഒപ്പിട്ടുനോക്കൽ മേൽനോട്ടവും മാത്രമാണെന്നു ഞാൻ മനസ്സിലാക്കുന്നു. ഈ മേൽനോട്ടജോലി ശിവദാസനെ നടത്തേണ്ടതായ ഒന്നല്ല അദ്ദേഹത്തെന്നെ പറയുന്നതുപോലെ അത്ര ക്ലേശത്തോടെ വരുന്നതായ ഒരുള്ള ഈ കാരണത്താൽതന്നെയാണു ഈ ഉപക്ഷേപം ഞാൻ ഹാജരാക്കിയതു ഈ ഉദ്യോഗത്തെ നിർത്തൽ ആക്കുന്നതോ എന്നുള്ള വിഷയത്തെപ്പറ്റി ആലോചിക്കുന്നതോ എന്ന സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണം എന്ന മാത്രമേ എനിക്കുണ്ടായിരുന്നുള്ളു. ഈ വിഷയത്തെ തങ്ങളുടെ അഭിപ്രായം പറയുന്നതിനു വേറെ യാതൊരു മെംബരും മുന്നിട്ടു വരാത്തതിനെപ്പറ്റി ഞാൻ വ്യസനിക്കുന്നു. എന്റെ വകയിൽ സ്നേഹിതന്മാർക്ക ഈ വിഷയത്തെപ്പറ്റി അവരുടെ അഭിപ്രായം പറയുന്നതിനു മനഃസ്ഥിതിയുടെ ഗുണകരമായ അഭിവൃദ്ധിയുണ്ടായില്ല, അശ്രദ്ധകൊണ്ടായതുകൊണ്ടാണെന്നു പറയപ്പെടുക്കാം. അതുകൊണ്ടു ഈ പ്രയോഗത്തെ ഞാൻ പിൻവലിച്ചേക്കാം.

പ്രസിഡന്റു: ഉപക്ഷേപത്തെ പിൻവലിക്കുന്നതിനെ സഭ അനുവദിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ഫാ ഠ ന്നു.

ശ്രീ. കെ. കെ. തോമസ്സു (കോട്ടയം): സർ, ഞാൻ താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നു.

ഫാ ഠ ന്നു. ഹൈക്കോടതിക്കായി നീക്കിവച്ചിരിക്കുന്ന ഇരുപത്തഞ്ചു രൂപയിൽനിന്നും ഫാ ഠ രൂപാ കുറയ്ക്കുണം.

സർ, ഈ കുറവു വരുത്തണമെന്നു പറയുന്നതു ഹൈക്കോടതിയിൽ ഉള്ളതായുള്ള താൽക്കാലിക ജഡ്ജിമാരെ കുറയ്ക്കുന്നതിനു സാധിക്കുമെന്നുള്ളതിനേയും നമ്മുടെ സിവിൽകോടതികളിൽഉള്ള വ്യവഹാരവർദ്ധനയേയും രാജ്യത്തിൽ കാണപ്പെടുന്ന വ്യവഹാരത്തിനുള്ള അനാശാസ്യമായ ആഗ്രഹത്തിന്റെ ഫലമായ ചെലവുകളേയും തടുക്കുന്നതിനുള്ള മാർഗ്ഗത്തേയും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായിട്ടാകുന്നു. ഫാ ഠ ൻവു-ൽ ശരാശരിക്കു ഒരു ആളുകൾക്കു ഒരു വ്യവഹാരം ഉണ്ടായിരുന്നിരിക്കെ ഫാ ഠ ൻൻ-ൽ ഇരു ആളുകൾക്കു ഒരു വ്യവഹാരം ഉണ്ടായിരുന്നുഎന്നു ഫാ ഠ ൻൻ-മാണ്ടത്തെ ലേണറിപ്പോർട്ടിൽനിന്നു കാണപ്പെടുന്നു. പ്രതികളുടെയും ഗണിക്കുന്നതായാൽ ശരാശരിക്കു ഒരു വ്യവഹാരത്തിനു മൂന്നു പ്രതികൾ വീതം ഉണ്ടു എന്നു കണക്കിന്മേൽ ഒരു വ്യവഹാരത്തിൽ സംബന്ധപ്പെട്ട ആളുകളുടെ എണ്ണം ഫ ഉ ഓളം ആയിരിക്കുന്നു. അതായതു ഓരോ ഇ ഠ ആളുകൾക്കും ഒരു വ്യവഹാരചിന്തം ഉണ്ടു എന്നു വരുന്നു. ഫാ ഠ ൻൻ-ൽ കാണപ്പെട്ടുചെയതായ കുറവു നമ്മുടെ ആളുകളുടെ മനഃസ്ഥിതിയുടെ ഗുണകരമായ അഭിവൃദ്ധിയുമല്ല, അശ്രദ്ധകൊണ്ടുമായ ദീവളളപ്പോക്കത്താൽ ആണെന്നു പറയപ്പെടു

ടുന്നുഎന്നതന്നെയല്ല, മുൻസിപ്പുകോട്ടിൽഉള്ള ഒരു വ്യവഹാരത്തിന്റെ ശരാശരി സഖ്യകണ്ടാൽ രൂപയും ഡിസ്ട്രിക്ട് കോടതിയിൽ ഉള്ള ഒരു അപ്പീലിന്റെ സഖ്യ വരുന്നത് ഏ ൽ രൂപയും ആയിരിക്കെ ഹൈക്കോടതിയിൽ ഉള്ള ഒരു രണ്ടാം അപ്പീലിന്റെ സഖ്യ വരുന്നത് രൂപ മാത്രമേ കണക്കാക്കുന്നുള്ളൂ. എതിർവാദമുള്ള ഒരു വ്യവഹാരത്തിന്റെ ശരാശരി കാലാവധി ൪ ൫ ദിവസം ആയിരിക്കുന്നു. എതിർവാദമുള്ള വ്യവഹാരങ്ങൾ എന്നതിൽ പ്രാരംഭിക കൊടുത്തതിൽപിന്നീടുള്ള വിചാരണയുടെ ഏതു ഘട്ടത്തിലും കക്ഷികളുടെ യോജിപ്പു നിമിത്തമോ സന്ധിമൂലമോ അല്ലെങ്കിൽ വഴിപോക്കുള്ളവയോ നിമിത്തം തീർപ്പുചെയ്യപ്പെട്ട കേസുകൾക്കുടി ഉൾപ്പെടുന്നു എന്നു ധരിക്കുന്നതായാൽ വാസ്തവത്തിൽ എതിർവാദമുള്ള ഒരു വ്യവഹാരത്തിന്റെ ശരാശരി താമസം ഏകദേശം രണ്ടുകൊല്ലം ആയിരിക്കും.

നമ്മുടെ വ്യവഹാരങ്ങളിൽ പ്രധാനാംശത്തിന്റെയും സാധാരണമായ നിസ്സാരത്വത്തെയും കാണിക്കുന്നതിനും നമ്മുടെ മദ്ധ്യനിലയിൽ ഉള്ള പ്രവർത്തിപ്പെട്ട വ്യവഹാരകക്ഷികളുടെ ചെലവിലേക്ക സമയുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനും ആയിട്ടാണ് ഈ കണക്കുകൾ ഞാൻ അറിയിച്ചതു. ക ൦ ൦ രൂപായോ ക ൫ ൦ രൂപയോ സംഖ്യയുള്ള ഒരു കേസിനെ മുന്നു നാലു കൊല്ലത്തേക്ക വാദിക്കുമ്പോൾ കക്ഷിക്കുണ്ടാകുന്ന മൊത്തം ചെലവു കേസിന്റെ സഖ്യയെക്കാൾ വളരെ അധികം കൂടുതൽ ആകുന്നു എന്നു ഇവിടെയുള്ള ഓരോരുത്തക്കും അറിയാവുന്നതാണ്. അങ്ങനെയുള്ള കേസുകൾക്ക ഏകദേശം ൫ ൦ ൦ രൂപായോളം ചെലവായിട്ടുള്ള ഉദാഹരണങ്ങൾ എനിക്കറിയാം. ഒന്നാമതായി പ്രവർത്തിപ്പെട്ട കക്ഷിയുടെ നിയമോപദേശിയും രക്ഷകൻ എന്നു വിളിക്കപ്പെട്ടുന്നവനും ആയ ഗ്രന്ഥകർത്താവ് ഒന്നാമതായി അയാൾക്ക കിട്ടേണ്ട പങ്കു പറയുന്നു. കക്ഷി ഒരിക്കൽ കോടതിവളപ്പിനകത്തു പ്രവേശിച്ചുകഴിഞ്ഞാൽ എവിടെ എന്നു കാത്തിരിക്കുന്ന വക്കീൽഗുമസ്താ ഒരു കഴുകിന്റെ ആർത്തിയോടുകൂടി ചാടിവീഴുന്നു. തന്റെ യന്ത്രത്തിൽകുടി കേസു ഞെക്കിഞെരുങ്ങി പോകേണ്ടിയിരിക്കുന്ന കോടതിഗുമസ്താനെന്റെ ഇടക്കായി കക്ഷിയെ ഞെരുക്കിപ്പിഴിയുന്നു. ഇതുകൂടാതെ തന്റെ കേസുനടത്തുന്ന വക്കീലിനെ തൃപ്തിപ്പെടുത്തുകയും സാക്ഷികളുടെയും അയാളുടെ വ്യവഹാരത്തിൽ അയാളെ സഹായിക്കണം എന്നു ഉദ്ദേശ്യമുള്ളവരെപോലെ വരുന്ന കപടസ്നേഹിതന്മാരുടേയും ചെലവുകൾ അയാൾ ഒരു പണച്ചെലവുള്ള പട്ടണത്തിൽ അവൻ വഹിക്കേണ്ടതായുണ്ട്. ഈ നടപടി എല്ലാം മൂന്നു കോടതികളിൽ ചിലപ്പോൾ നാലു കോടതികളിൽ കൂടി നടത്തപ്പെടുമ്പോൾ കക്ഷി ഒരിക്കലും നശിയിരിക്കുകയും അവന്റെ കുഞ്ഞുങ്ങൾ പട്ടിണി കിടക്കേണ്ടിവരികയും അവന്റെ കുടുംബസ്വത്തിന്മേൽ വലിയ കടങ്ങൾ വന്നുചേരുകയും ചെയ്യുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മറ്റുള്ള ആളുകൾ ഇതിനു അനുഭവണമാംവണ്ണം ധനവാന്മാർ ആകുന്നില്ലയോ?

മി: കെ. കെ. തോമസ്സ് (കോട്ടയം): അതെ; എന്നാൽ നാം പ്രധാനമായി നോക്കുന്നതു ചിലർ സമ്പന്നർ ആകുന്നതിനെ അല്ല, ഭൂരിപക്ഷം ആളുകളുടെ കാര്യമാകുന്നു.

അതിൽപിന്നീടു അന്യായപ്പലിശക്ക പണം കടംകൊടുക്കുന്നവൻ വന്നു ഇവന്റെ മേൽ കേസുകൊടുക്കുമെന്നു ഭയപ്പെടുത്തുന്നു. ഈ മനുഷ്യൻ ഉള്ളതെല്ലാം വിൽക്കുകയും ലോകത്തിൽ നിസ്സഹായനായിരിക്കുകയുംചെയ്യുന്നു. ഇപ്രകാരം തന്നെ കിട്ടിയ അനുഭവത്തെ ഉപയോഗപ്പെടുത്തുകയും ജീവിതമത്സരത്തിൽ സേഫരം നടന്നുകൊള്ളുന്നതിനു മോയ്ത്തയേയും മക്കളേയും വിട്ടിട്ടു സാക്ഷി പറയുന്ന തൊഴിലാളിയായി മാറുകയൊ അല്ലെങ്കിൽ ക്ലബ്ബിടവലക്കായി തോട്ടങ്ങളിൽ പോകുകയും ചെയ്യുന്നു.

സർ, പാവപ്പെട്ട വ്യവഹാരിയുടെ ഗതി ഇങ്ങനെയാണ്. "നീതി വിൽക്കപ്പെടുന്നു നീതിനിഷേധിക്കപ്പെടുന്നു" ആയിരിക്കുന്നതും "നീതിയുടെ" ഈ അലസമായ ഗതിയിൽ നമ്മളിൽ ആരും മോക്ഷം കാണുന്നതല്ലാ" ത്തതും ആകുന്നു. നമ്മുടെ നീതിന്യായ ഉദ്യോഗസ്ഥന്മാർ പ്രധാനമായും മന്ദഗതിക്കാർ ആകുന്നു എന്നു ഞാൻ പറയുന്നില്ല. അവക്ക ചില നിശ്ചിതനിയമങ്ങൾ അനുസരിച്ചു നീതി നടത്തേണ്ടതായുണ്ട്. സിവിൽനടപടിനിയമത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളവയും ബുദ്ധിമുട്ടുള്ളതുമായുള്ള വക്കീലന്മാർ വളരെ ബലമായി നിർബന്ധിക്കപ്പെടുന്നവയും ആയ വ്യവസ്ഥകളും സമർപ്പിക്കുന്നതിലുള്ള അവശ്യം മന്ദമാക്കിതീർക്കുന്നു. ചിലർ വ്യത്യസ്തങ്ങൾ ഉണ്ടെന്നേവരുകിലും നമ്മുടെ നീതിന്യായഉദ്യോഗസ്ഥന്മാരിൽ മിക്കവരും നീതിന്യായ പരിചയം ഉള്ള ഉന്നതനിലയിൽ ധർമ്മബോധം ഉള്ളവരും ആകുന്നു. കുറെ ഇരിക്കുന്നതു രീതിയിൽ ആണെന്നും ഈ ദോഷവത്തും നാശകരവും ആയ വ്യവഹാരഭ്രമത്തിൽനിന്നു നമ്മുടെ കർഷകവ്യവഹാരിയെ രക്ഷപ്പെടുത്തേണ്ടതു ഒരു പിതൃനിലയിൽ ഉള്ള ഗവണ്മെന്റിന്റെ ധർമ്മം ആണെന്നു ഞാൻ ഉറപ്പിച്ചു പറയുകയും ചെയ്യുന്നു.

നമ്മുടെ ഡിസ്ട്രിക്ട് ജഡ്ജിമാർക്കും രണ്ടാംജഡ്ജിമാർക്കും ൫ ൦ രൂപവരെ സ്മാൾകോസ് അധികാരം നൽകുന്നതും നമ്മുടെ മുൻസിഫന്മാരുടെ അധികാരത്തെ ൨,൫ ൦ ൦ രൂപയെന്നു, ൦ ൦ ൦ രൂപയോ ആയി ഉയർത്തുന്നതും ലാഭമുള്ളതായിരിക്കുകയില്ലയൊ എന്നുള്ളതിനെ ഈ സഭയുടെ പരിശോധനക്കായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു. മുൻസിഫ്കോടതിയിൽ ഉള്ള ആളുവ്യവഹാരത്തിൽ വലുതായ ഒരു ഭാഗം ക ൦ ൦ രൂപമുതൽ ൫ ൦ ൦ രൂപവരെയുള്ള ഇടയെമാത്രം സംബന്ധിച്ചുവയായിരിക്കുന്നു എന്നു ഒരണ്ണറിപ്പോർട്ടിൽ നിന്നു കാണുന്നു. ക ൯൯-ൽ ഉള്ള എണ്ണം ക വ൫ ൦ ൫-ം ക ൦ ൯വ-ൽ ക വ൯൯൫-ം ആയിരുന്നു. അപ്പീൽ വ്യവഹാരത്തെ സംബന്ധിച്ചുകയും ഇതേകഥതന്നെ പറയുന്നു. ക ൦ ൯൨-ാമാണ്ടു ക വ൦ ക അപ്പീലുകളും ക ൦ ൯വ-ാമാണ്ടു ൨ ൦ ൯൯ അപ്പീലുകളും ഉണ്ടായിരുന്നു. അവയുടെ സംഖ്യകൾ ക ൦ ൦ രൂപ മുതൽ ൫ ൦ ൦ രൂപവരെ ആയിരുന്നു. അതുകൊണ്ടു ഡിസ്ട്രിക്ട് ജഡ്ജിമാർക്കും രണ്ടാംജഡ്ജിമാർക്കും സ്മാൾകോസ് അധികാരങ്ങൾ കൊടുത്തു രണ്ടാം അപ്പീലുകളുടെ എണ്ണം കുറയ്ക്കുമ്പോൾ നമുക്ക ഹൈക്കോടതിയിൽ ഉള്ള രണ്ടു ടെമ്പററിജഡ്ജിമാരെയും അനേകം മുൻസിപ്പുകോടതികളെയും നിറുത്തൽ ആക്കാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നു. ഈ എണ്ണത്തോടു ഒന്നോരണ്ടു സബ്ജഡ്ജിമാരെ കൂടി ചേർത്തുകൊള്ളാവുന്നതാണ്. നമുക്ക നിയമംനടത്തുവിനു കുറെകൂടി വേഗതയുള്ള ഒരു രീതിയും ഉണ്ടായിരിക്കുന്നതാണ്; ഇതു നമ്മുടെ കർഷകവ്യവഹാരികളുടെ പണസഞ്ചികളുടെ പറിക്കലിനെ ഒരുവിധത്തിൽ ചുരുക്കും. ബ്രിട്ടീഷ്ഇൻഡ്യയിൽ ഒരു സബ്ജഡ്ജിക്ക ൫ ൦ ൦ രൂപവരെ സ്മാൾകോസ് അധികാരംഉള്ളസ്ഥിതിക്ക നമ്മുടെ ജഡ്ജിമാർക്ക കുറഞ്ഞതു ൨ ൫ ൦ രൂപവരെ സ്മാൾകോസ് അധികാരം നൽകാവുന്നതാണെന്നു ഞാൻ

വിചാരിക്കുന്നു. താമസിച്ചുള്ളതും എന്നാൽ വളരെ ഒളിപ്പുമറിപ്പും ഇല്ലാത്തതും ആയ വിചാരണയിൽനിന്നു ലഭ്യമാകുന്ന മാതിരിയിൽ ഉള്ള നീതി നമ്മുടെ വ്യവഹാരികളിൽ വലിയ ഒരു ഭാഗത്തിനു ലഭ്യമാകുന്നില്ല എന്ന കുറവത്രേൽ ഈ നല എതിർക്കപ്പെടാം എന്നു എനിക്കറിയാം. എന്നാൽ ഉദ്ദേശിതിരിയുള്ള നീതി അവസാനിക്കുന്നതു എവിടെ? ഇപ്പോൾ മുൻസിഫ് കോ൪ട്ടുകളിൽനിന്നു ഞാൻ കാണുന്നു. അതിനെ സംബന്ധിച്ചിടത്തോളം ഞാൻ അതേഹത്തിനോടു യോജിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഹൈക്കോടതിയിലുള്ള കടമ്പററി ബെഞ്ചിനെ സ്ഥിരമാക്കുന്ന വിഷയം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു. അവർ വേഗത്തിൽ ഒരു തീരുമാനത്തിൽ എത്തുമെന്നും ഞാൻ സഭയെ അറിയിച്ചുകൊള്ളട്ടെ.

നമ്മുടെ താൽക്കാലിക ജഡ്ജിമാരെപ്പററി ഒരുവാക്കു പറയേണ്ടതുണ്ട്. ഈ താൽക്കാലിക കോടതികളെ ഇപ്പോൾ അനേകം കൊല്ലങ്ങളായി പരിക്ഷിച്ചു വരുന്നു. അതിനെ നിറുത്തലാക്കുന്നതിനു യാതൊരു അവസരവും ഉള്ളതായി കാണപ്പെടുന്നില്ല. നാം കടംകൈ പ്രയോഗിച്ചു അതിനെ നിറുത്തുന്നപക്ഷം ഈമാതിരി ജോലിക്കു മനുഷ്യർക്കുള്ള അശക്തിയേയും അത്തരം സ്വഭാവത്തെയും ഗണിച്ചു അവയെ ഇടയ്ക്കു വച്ചുചെയ്തിരിക്കുകയും കാര്യക്രമത്തിൽ അവയുടെ എണ്ണത്തെ കൂട്ടുകയും ചെയ്യേണ്ടിവരും. അങ്ങനെയാണെങ്കിൽ അവയെ സ്ഥിരപ്പെടുത്താൻ പാടില്ലാത്തതെന്തു? ഈ ജഡ്ജിമാരെ താൽക്കാലികമായി വച്ചിരിക്കുന്നതിനുള്ള ഏകഫലം എന്തെന്നാൽ തങ്ങളുടെ ദീർഘവും കഷ്ടപ്പെട്ടതും ആയ ജോലിയുടെ ക്ലൈമാക്സിൽ യാതൊരു പ്രതിഫലമില്ലാതെ ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്കു ന്യായമായി കിട്ടേണ്ട പെൻഷനിൽ ഒരുഭാഗത്തെ തട്ടിപ്പറിച്ചുകൊണ്ടുമാത്രമാകുന്നു. അതുകൊണ്ടു ഏതെങ്കിലും കടുംകൈപ്രയോഗത്താൽ നാം വ്യവഹാരത്തെ കുറയ്ക്കുന്നില്ല എങ്കിൽ താൽക്കാലിക ജഡ്ജിമാരെ സ്ഥിരപ്പെടുത്തണം. ഇതു നമുക്കു വേണ്ടെന്നില്ലെങ്കിൽ നാം വ്യവഹാരത്തെ വർദ്ധിക്കുന്നതിനു അനുവദിക്കുകയും കൂടുതൽ കോടതികളെ എർപ്പെടുത്തി നമ്മുടെ പാവപ്പെട്ട രക്തം ചിന്തിച്ചുള്ള കൂട്ടത്തൽ മുറചെടുപ്പിന്റെ ഗുണങ്ങളെ അനുഭവിക്കുകയും ചെയ്യാം; അതല്ലെങ്കിൽ ഒന്നായി ഈ ഉൽഘടവിഷയത്തിനു നിവൃത്തിമാർഗ്ഗം ആലോചിക്കുകയും കുറെക്കൂടി വേഗത്തിൽ ന്യായം നൽകുന്നതിനു ശ്രമിക്കുകയുംചെയ്യാം.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സക്രട്ടർവക്കീൽ): ഇപ്പോഴത്തെ നിലയ്ക്കു ഹൈക്കോടതിയിലെ കൂട്ടത്തൽ ബെഞ്ചിനെ വച്ചിരിക്കുന്നതിനും കേസുകളെ തീർച്ചചെയ്യുന്നതിനു കൂട്ടത്തൽ എണ്ണം കീഴ്ത്തരം കോടതികൾ ഉണ്ടായിരിക്കേണ്ടതിനും ഉള്ള ആവശ്യകതയെ അദ്ദേഹം അറിഞ്ഞിരിക്കുന്നു എന്നു മി: താമസിന്റെ പ്രസംഗത്തിൽനിന്നു ഞാൻ കാണുന്നു. അതിനെ സംബന്ധിച്ചിടത്തോളം ഞാൻ അദ്ദേഹത്തിനോടു യോജിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഹൈക്കോടതിയിലുള്ള കടമ്പററി ബെഞ്ചിനെ സ്ഥിരമാക്കുന്ന വിഷയം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു. അവർ വേഗത്തിൽ ഒരു തീരുമാനത്തിൽ എത്തുമെന്നും ഞാൻ സഭയെ അറിയിച്ചുകൊള്ളട്ടെ.

ജഡ്ജിമാരുടെ സ്മാൾകോസുഅധികാരത്തെയും മുൻസിഫന്മാരുടെ സാധാരണ അധികാരങ്ങളേയും വർദ്ധിപ്പിച്ചു വ്യവഹാരത്തെ കുറയ്ക്കണം എന്നുള്ള മിസ്റ്റർ താമസിന്റെ സൂചനയെ സംബന്ധിച്ചിടത്തോളം ഭൂരിഭാഗം മെംബർമാർ അദ്ദേഹത്തോടു യോജിക്കുമോ എന്നു എനിക്കു നിശ്ചയമില്ല. നമ്മുടെ ഗ്രാമപ്രദേശങ്ങളിലുള്ള ഒരു വ്യവഹാരത്തെ സംബന്ധിച്ചിടത്തോളം മേൽ യാതൊരു നിവൃത്തിക്കും ഇടയില്ലാത്ത ഒരു വിചാരണയാൽ രഞ്ജിപ്പിക്കപ്പെട്ടുകൊള്ളുമോ എന്നു പരമേശ്വരനുള്ള പ്രധാനമായും പൊതുജനങ്ങളെ സംബന്ധിച്ച വിഷയം ആകുന്നു. ജനങ്ങൾ ഒന്നാകെ ഈ പരിഷ്കാരത്തിനു അനുകൂലികൾ ഏതെങ്കിലുമെങ്കിൽ അതു ഗവണ്മെൻറു കാര്യമായി ആലോചിക്കേണ്ട ഒരു വിഷയമാണെന്നു ഞാൻ വിചാരിക്കുന്നു; അതുസംബന്ധമായുള്ള നിയമത്തെയും അതിനു അനുസരണമായി ഭേദപ്പെടുത്തിവരുന്നതാണു്. സ്മാൾകോസു അധികാരത്തെ ഉയർത്തുകയും മുൻസിഫ സ്ഥലങ്ങളിൽ കേസിനു സമഗ്രവിചാരണ ഏർപ്പെടുത്തുകയും ചെയ്യുന്നതുവഴി പൊതുജനങ്ങളിൽനിന്നു ബഹുമായ എതിർപ്പുകൾ ഉണ്ടാകുമെന്നു എനിക്കു തോന്നുന്നു. മിസ്റ്റർ താമസ് പറയുന്നതുപോലെ ജനങ്ങൾക്കു തെറ്റുവരാതിരിക്കാം. തെറ്റുവരുകയും ചെയ്യാം. എന്നാൽ പൊതുജനങ്ങൾ ഇതിനെ സ്വീകരിക്കുമോ ഇല്ലയോ എന്നുള്ളതാണ് ആലോചനാവിഷയം. ഇങ്ങനെ ഒരു ഏർപ്പാടിനെ പൊതുജനങ്ങൾ സമ്മതിക്കുകയാണെങ്കിൽ അതിനെ ഗവണ്മെൻറു കാര്യമായി ആലോചിക്കാവുന്നതാണ് എന്നു ഞാൻ വിചാരിക്കുന്നു. പൊതുജനാഭിപ്രായംതെററി പോകാത്തവിധം വ്യക്തമായി പറയപ്പെടുന്നതായാൽ ഈ വിഷയത്തെപ്പറ്റി കാര്യമായി നടപടിനടത്തുകയും ആ കാര്യത്തിനായി നിയമനിർമ്മിതിക്കു ആലോചിക്കുകയും ചെയ്യാവുന്നതാണ്. ഈ വിഷയത്തെപ്പറ്റി മറെറാരു മെംബർക്കു എന്തു പറയാനുണ്ടെന്നു കേൾക്കാൻ എനിക്കു സന്തോഷമുണ്ടു്.

മി: വി സുബ്ബയ്യർ (ഗവണ്മെൻറു നിയമിച്ച മെംബർ) (ഡപ്യൂട്ടിപ്രസിഡൻറു): സർ, മി: താമസ് ഒരു പൊതുവിഷയത്തെ ഉദ്ദിപ്പിച്ചിരിക്കുന്നു. ഞാൻ ചില സംഗതികൾ പറയുന്നതു നിർദ്ദേശിക്കുന്നതാണെന്നു എനിക്കു തോന്നുന്നു. എനിക്കു ലോകത്തെപ്പറ്റിയും വക്കീൽപണിയെപ്പറ്റിയും തിരുവിതാംകോട്ടിലുള്ള കാര്യങ്ങളെപ്പറ്റിയും മതിയാകുന്നതിലധികം പരിചയം ഉണ്ടു്. അദ്ദേഹം പുറപ്പെടുവിച്ച ചില നിവൃത്തിമാർഗ്ഗങ്ങളെപ്പറ്റി പറഞ്ഞപ്പോൾ മി: താമസ്സ് കാര്യം നടക്കുന്ന നിലയിൽ ഉള്ള നയത്തിൽ ഉൾപ്പെട്ടിട്ടില്ല എന്നു ഞാൻ വിശ്വസിക്കുന്നു. മദ്രാസിനെപോലെതന്നെ തിരുവിതാംകോട്ടും വളരെ വ്യവഹാരപ്രധാനമായ രാജ്യമാണെന്നു എനിക്കറിയാം. പുനർ മുഖാന്തിരമോ പുനർ തീർപ്പുപ്പെടുത്തിക്കഴിഞ്ഞാൽപിന്നീടും കഴിവുണ്ടെങ്കിൽ മറേതെങ്കിലും മാർഗ്ഗത്തിലൊ നവൃത്തിയുള്ള എല്ലാ വിഷയത്തെയും നാട്ടിൽ ഉള്ള ഏറ്റവും ഉയർന്ന കോടതിക്കു കൊണ്ടുപോയാൽ അല്ലാതെ ജനങ്ങൾ തൃപ്തർ ആകുകയില്ല എന്നു കാര്യകാരണങ്ങൾ എനിക്കറിയാം. ആ വ്യവഹാരബുദ്ധി ജനങ്ങളുടെ ശരീരത്തിൽ ലയിച്ചുപോയിരിക്കുന്നതുപോലെ തോന്നുന്നു. മിസ്റ്റർ താമസ് വിചാരിക്കുന്നതുപോലെ അതിനെ അത്ര എളുപ്പത്തിൽ ഓടിച്ചുകളയാമെന്നു തോന്നുന്നില്ല. തീരെ അപൂർവ്വമായിട്ടുമാത്രം ഞാൻ ചെയ്യുവാനുള്ളതായ ഒരു രണ്ടോ മൂന്നോ അപ്പീൽ കഴിഞ്ഞയാഴ്ചയാണ് ഞാൻ വാദിച്ചതു എന്നു എനിക്കു തോന്നുന്നു. അതിൽ വിഷയീഭവിച്ചിരുന്ന തുക 5 അ 0 രൂപാ മാത്രമായിരുന്നു. ആ കേസു ഹൈക്കോടതിയുടെ മുമ്പിൽ വന്നതു രണ്ടാമത്തെതവണയാണെന്നു തോന്നുന്നു. എതിർഭാഗത്തുള്ള വക്കീൽ ആയിരുന്നതു ഹൈക്കോടതിയിലെ ഒരു ജഡ്ജിയായിരുന്ന പെൻഷൻ പറ്റിയ മിസ്റ്റർ കെ. ജി ശേഷയ്യർ ആയിരുന്നു.

മി: കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്രട്ടറി വക്കിൽ): കേസ് എന്തിനായ് ട്രയിന്നു? പണം സംബന്ധിച്ച കേസായിരുന്നോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രസിഡന്റ്): അതെ ഞങ്ങൾക്ക് ഓരോരുത്തർക്കും സംബന്ധിച്ച ഉടമയോട്ട അടുത്ത ഓരോ ദിവസം ഉണ്ടായിരുന്നു. വിഷയീഭൂതമായ ഭൂമി എനിക്ക തരാൻ പോകുന്നു എന്ന കണ്ടിട്ട് കുട്ടിയെ ഒളിപ്പിച്ചു വച്ചിരിക്കുന്നു എന്നും ഒരു വാദം ഉണ്ടായിരുന്നു. ഞാനിക്കാര്യം ഇപ്പോൾ ഒന്നും പറയുകയില്ല എന്ന മാത്രമല്ല അപ്പീൽ കൊടുക്കുന്നതിൽ നിർബന്ധിക്കുകയും ചെയ്തു. ജഡ്ജിക്കായും ഇപ്പോൾ ഒരു പരമാവസാനംവരെ ഭരണം നടത്തണമെന്നായിരുന്നു അവന്റെ മനസ്സ്. ഇവിടെയുള്ള ജനങ്ങൾക്കും ഇതുതന്നെയാണ് ഇഷ്ടമെന്നും ഞാൻ പറഞ്ഞു.

മി: ടി. കെ. തോമസ് (കോട്ടയം): ആ കുട്ടിയെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള മനോനിലയുടെ ഫലം എന്തായിരുന്നു? നിങ്ങളെ ഇപ്പോഴത്തെ സ്ഥാനത്തിലേക്ക് ഉയർത്തിയപ്പോഴത്തെ ധനനിലയെന്തായിരുന്നു?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമിച്ച മെംബർ) (ഡിപ്യൂട്ടിപ്രസിഡന്റ്): അതൊന്നുമറിയാത്ത സാധുക്കളായിരുന്നു (ചിരി).

ഒരു ജഡ്ജിയുടെ മനസ്സിന്റെ ചലനങ്ങളെ ഏതു പ്രിസ്ക്രിപ്ഷനുള്ളിൽ നിലനിൽ ഉള്ളവർ അല്ല. ഞങ്ങൾ കക്ഷികളും വക്കീലന്മാരും ചിലപ്പോൾ പറയുന്ന ചില വിഡ്ഢിത്തരങ്ങൾ അവയ്ക്കു ഉള്ള തിരുവായ കുട്ടുന്നവർ ആയിരിക്കും ഞങ്ങൾ. ഏതായാലും ഈ പ്രകാരത്തിലുള്ള ഒരു ഉപദേശം ഞങ്ങൾ ചോദിച്ചു. ഞങ്ങൾ ഒരു ഉപദേശം തരുന്നതുകൊണ്ടു കൊടുക്കുന്നു എന്നു നിർബന്ധിക്കുന്നു. നിങ്ങളുടെ ഇടയിൽ കണ്ടെത്തുന്ന ഞങ്ങൾ ഇങ്ങനെയുള്ളവരാണ്. നാട്ടുകൂട്ടം എന്നു പറയുന്നതിനു ഉത്തരവാദികളും ആണ്. സർ, ശ്രീരംഗത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ട നിരവധി ഭൂമിയുടെ നഷ്ടം നികത്തുന്നതിനായ നിവേദനങ്ങളിൽ മിക്കവയും-

മി: ടി. രങ്കു (ചങ്ങനാശ്ശേരിയും പ്രതിനിധി): "നാം" എന്നു പറയുന്നതിൽ അർത്ഥമാക്കുന്നത് ആരെയാണ്? ഈ സഭയിലെ മെംബർമാരെ ആണോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമിച്ച മെംബർ) (ഡിപ്യൂട്ടിപ്രസിഡന്റ്): ഞാൻ ജനങ്ങളെ പൊതുവെയാണ് ഉദ്ദേശിച്ചത്; സഭയിലെ മെംബർമാർ ജനങ്ങളുടെ പ്രതിനിധികളും ആണല്ലോ. ഇവിടെ ഒരു മുൻസിഫ്കോടതി വേണം എന്നു നാമെല്ലാവരും കൂടി ഒരു മുൻനിലപാടെടുത്തു കഴിഞ്ഞു എന്നിരിക്കട്ടെ. വ്യവഹാരങ്ങളും കക്ഷികളും വർദ്ധിക്കുന്നതനുസരിച്ച് ഓരോ താലൂക്കിനും ഓരോ മുൻസിഫ്കോടതി വേണം എന്നു വീണ്ടും വീണ്ടും അപേക്ഷകളും ഉണ്ടായിട്ടുണ്ട്. ഫലമെന്തെന്നാൽ ഒരു കുറ്റവും വ്യവഹാരത്തെ പോകുന്നതിനു വകയില്ല എന്നു ജനത്തിനു തോന്നുന്നതിനു ഇടയാകുന്നില്ല എന്നുള്ളതാണ്. രണ്ടു കക്ഷികൾക്കും തമ്മിൽ കലഹം ഉണ്ടായിക്കഴിഞ്ഞാൽ അവർ മജിസ്ട്രേട്ടുകോടതിയിലോ മുൻസിഫ്കോടതിയിലോ കയറുന്നു. അതുകൊണ്ടു ജനങ്ങളുടെ പ്രതിനിധികളും ഉത്തരവാദികളും ആണെന്നു ഞാൻ പറയുന്നു.

ടെമ്പററി ജഡ്ജിമാരുടെ കുറ്റത്തിൽ ആകട്ടെ അവർ ചെയ്യുന്ന ജോലിയുടെ സ്വഭാവത്തെ പറ്റിയോ കേസുകൾ തീർക്കുന്നതിൽ അവർക്ക് പറ്റുന്നപ്പെടുന്ന സമയത്തെപറ്റിയോ അവർ എത്രമണിക്കൂറാണ് കോടതിയിൽ ചെലവഴിക്കുന്നത് എന്നുള്ളതിനെപ്പറ്റിയോ അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ വ്യവഹാരത്തിന്റെ പരിമാണം കുറയുന്നതുവരെ ആ ജോലി കുറയുന്നുവെന്നതല്ല. കോടതികളുടെ സ്ഥാനികാസ അധികാരങ്ങളേയും പണസംബന്ധമായ അധികാരങ്ങളേയും കൂട്ടണം എന്നു എന്റെ സ്നേഹിതൻ മിസ്റ്റർ രാമസ് നിർദ്ദേശിക്കുന്നു. ഒന്നോ മറ്റൊതോ ഈ സഭയിലോ ജനങ്ങളിലോ സ്വീകരിക്കപ്പെടുന്നതല്ല എന്നു ഞാൻ ശങ്കിക്കുന്നു. സിവിൽ നടപടി നിയമം ഈയിടെ ഭേദപ്പെടുത്തപ്പെട്ടു. എന്നിരുന്നാലും അതു സംബന്ധമായി വളരെ ജോലി ചെയ്യാനുണ്ടായിരുന്നു. അതിനെ ഭേദപ്പെടുത്തുന്നതിനു ഞങ്ങൾ വളരെ സമയവും ശ്രമവും ചെലവാക്കി കീഴ്കോടതികളിലെ രീതികളെ അവസാനമാക്കി അപ്പീലിനോ പുനർ അപ്പീലിനോ ഉള്ള സന്ദർഭങ്ങളെ കുറയ്ക്കുന്നതിനു ശ്രമങ്ങൾ ചെയ്തപ്പോൾ എല്ലാം അവ ബലമായിരുത്തപ്പെട്ടു. ഫലമായി ഈ വ്യവസ്ഥകളെ സംബന്ധിച്ചുള്ള വകുപ്പുകൾ യഥാസ്ഥിതിയിൽ തന്നെ വയ്ക്കപ്പെട്ടു. അതിനാൽ സ്മാൾ കാസു അധികാരത്തെ ഉയർത്തുന്നതിനോ പുനർ അപ്പീൽ ഉണ്ടായിരിക്കുന്നതല്ല എന്നു പറയുന്നതിനോ പണസംബന്ധമായ അധികാരത്തെ കൂട്ടുന്നതിനോ കഴിവില്ലാതെ ആയി തീർന്നു. സൂക്ഷ്മാവസ്ഥകൾക്കു എതൻ സ്നേഹിതന്മാർ മിസ്റ്റർ പി. കെ. നാരായണപിള്ളയും മിസ്റ്റർ ജി. പരമേശ്വരൻപിള്ളയും സാക്ഷ്യം വഹിക്കും ഈ വിഷയങ്ങൾ പ്രസ്തുത പ്രശ്നത്തിനു ചേർന്നതെ അല്ല.

മി: കെ. കെ. തോമസ് (കോട്ടയം): ഇപ്പോൾ നടക്കുന്ന വ്യവഹാര വർദ്ധനം രാജ്യത്തിനു ഹാനികരമാണെന്നു സമ്മതിക്കുന്നുണ്ടോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രെസിഡെന്റ്): ഞാൻ അതു സമ്മതിക്കുന്നു. എന്നാൽ ഞാൻ പറയുന്നതു അതിനെ അത്ര വേഗത്തിൽ ഇല്ലായ്മ ചെയ്യുവാൻ കഴിവില്ല എന്നുള്ളതാണ്. വിദ്യാഭ്യാസം വർദ്ധിക്കണം. ജനങ്ങൾക്കധികം നല്ല ജ്ഞാനം ഉള്ളവരായി തീരണം. വ്യവഹാരത്തിനുള്ള ശ്രാന്തിനെ കുറയ്ക്കുവാൻ നിങ്ങൾ ശ്രമിച്ചാൽ അല്ലാതെ അതിനെ തീരെ ഇല്ലാതാക്കുന്നതു സാധ്യമായിരിക്കുകയില്ല. അങ്ങനെ ഇരുന്നാൽ തന്നെയും മുൻസീഫ്മാരുടെ അധികാരത്തെ കൂട്ടുന്നതിനോ ഉയർന്തരം കോടതികളിലേക്കു പോകുന്നതിനുള്ള ഇടയെ കുറയ്ക്കുന്നതിനോ ആരും സമ്മതിക്കുന്നതല്ല.

മി: കെ. കെ. തോമസ് (കോട്ടയം): ട്രൈബ്യൂണൽ അതു നടത്തുന്നതു എങ്ങനെയാണെന്നു അറിഞ്ഞിരിക്കുന്നു.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രെസിഡെന്റ്): കായ്സംബന്ധമായ വിഷയങ്ങളെ സംബന്ധിക്കുന്ന കായ്ങ്ങളിൽ പുനർ അന്വേഷിക്കപ്പെടുന്നില്ല. ഡിസ്ട്രിക്ട് ജഡ്ജികളുടെ തീർപ്പുകൾ അവസാനമായിട്ടുള്ളവയാണെന്നു ഗണിക്കപ്പെടുന്നു. അതിൽ വല്ലതും കക്ഷിയുണ്ടെന്നു എനിക്കറിഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ മുൻസീഫ്മാരുടെ തീർപ്പുകളിൽ അനേകവും പുനർ അപ്പീലുകളിലൂടെ പുനഃപരിശോധിക്കപ്പെ-

ട്ടുന്ന എന്നത പ്രധാനപ്പെട്ട കാര്യമായി നമുക്ക അറിയാം. അതുകൊണ്ടു തന്നെയാണ സ്പീക്കർ നടപടി നിയമം ഭേദഗതി ബില്ലിനെ സെലക്ട് കമ്മിറ്റി മെംബർമാർ ബലമായി എതിർത്തത.

മറ്റുള്ള വിഷയങ്ങളെ സംബന്ധിച്ചിടത്തോളം സിവിൽ ജസ്റ്റിസ് കമ്മിറ്റി ഇപ്പോൾ തന്നെ അവരുടെ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നുള്ളത. അതു അപ്പോയിന്റ്മെന്റിൽ ഇരിക്കുന്നു. അതിൽ സൂചിപ്പിച്ചിരിക്കുന്നവയിൽ അധികവും ഈ സഭയിൽ സമ്മതിക്കപ്പെടുകയില്ല എന്ന എനിക്ക നിശ്ചയം ഉണ്ട. കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്ന വഴിയിൽ എങ്കിലും മാറ്റങ്ങൾ നടപ്പാക്കപ്പെടുമെന്നു നാം കരുതിക്കൊണ്ടു നോക്കാം.

ഹൈക്കോടതിയിലെ ടെമ്പററി ജഡ്ജിമാരെ സംബന്ധിച്ചിടത്തോളം ഫീസുകളുടെ എണ്ണവും വ്യവഹാരത്തിന്റെ പരിമാണവും കൂടി വരുന്നുണ്ടെന്നും വ്യവഹാരം കുറയുന്നതുള്ള ഇയ്യിടെയുണ്ടായ കുറവു സ്ഥിരപ്പെടുത്തിയിട്ടില്ലെന്നുള്ള മിസ്റ്റർ താമസിന്റെ സൂചനയോടു ഞാനും യോജിക്കുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): മിസ്റ്റർ താമസു ചെയ്ത സൂചന വ്യവഹാരകുറവിനെ ഒന്നുകൂടുതലാക്കിക്കാണുമെന്ന അഭിപ്രായം വിചാരിക്കുന്നുവോ?

മി: പി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രെസിഡെണ്ട്): ആയിരിക്കാം. വ്യവഹാരത്തെ കുറയ്ക്കുന്നതിനെപ്പറ്റിയുള്ള അഭിപ്രായം നടപ്പാക്കപ്പെടുന്ന രീതികൊണ്ടു കുറയ്ക്കപ്പെടുന്നു എന്നാകട്ടെ കൂടുതൽ ഫീസുകൊണ്ടാകട്ടെ ഉണ്ടായതാണോ എന്നു നിശ്ചയമില്ല. അങ്ങനെയാണെങ്കിൽ വലിയ തുക സ്യൂട്ടുകളിൽ കുറവു വന്നിട്ടുണ്ടെന്നു കാണാം. ഏതു കാരണത്തെക്കൊണ്ടാണെങ്കിലും വ്യവഹാരപ്രിയന്മാർ മിക്കവാറും കുറഞ്ഞിരിക്കുന്നു എന്നുള്ളതു ശരിയാണ. അങ്ങനെയാണെങ്കിൽ വലിയ തുകയുടെ വ്യവഹാരങ്ങൾ കുറഞ്ഞിരിക്കുന്നതിനാൽ ഫീസുക

ധാരാളമായി വ്യവഹാരത്തിനു പോകുന്നതായി നാം കാണുന്നു. എതിർകക്ഷിക്കു അനുകൂലമായി വലിയ ജഡ്ജിമാർ ചിലവായ് വിധിക്കുൻ ഇടയായ്കിൽ എന്നു വരുമ്പോൾ ജഡ്ജിമാരെ കോടതികളുടെ നടത്തിൽ നിന്നും തടുക്കാൻ പാകത്തിലുള്ള അതിനിഷ്ഠുരമായ അഭിപ്രായ വ്യത്യാസം ഉള്ളതായി അഭിപ്രായമായ വിധം തോന്നുമുള്ളതുകൊണ്ടു ആ അഭിപ്രായത്തിന്റെ അനിവാര്യമായ ഉത്തരവാദിത്തം ആയിരിക്കാം, ഏതാശ്വാസ്ഥാ സലക്ഷണം മാത്രമായിരുന്നാലും അതിനെ ഹൈക്കോടതിവരെ വഴക്കു പറയുന്നതിനും വ്യവഹാരം സംബന്ധിച്ചു ഒരു ജഡ്ജിയുടെ പക്കൽനിന്നും ഇറങ്ങിപ്പോകുന്നതിനും ധൈര്യമുണ്ടായിരുന്നു എന്നു വിശ്വസിക്കുന്നു പ്രൈസ്ഡെണ്ടു ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ അളവുകളിൽ അത്ര നിശ്ചയമായും ബുദ്ധിഹീനമായ ഒരു നടപടിയായി കാണപ്പെടുന്നു; എന്നാൽ എന്നുതന്നെ ആയാലും മനുഷ്യർ മൃഗങ്ങളെക്കാൾ ബുദ്ധിയുള്ളവർ ആകുന്നു എന്നു സുപ്രസിദ്ധരായ ശാസ്ത്രജ്ഞന്മാർ സംശയിച്ചു തുടങ്ങിയിരിക്കുന്നു. ഈ മാർഗ്ഗത്തിൽ കുറെ സംശയം എങ്കിലും ജനിപ്പിക്കുന്നതിനുള്ള ലക്ഷണങ്ങൾ ഇല്ലെന്നില്ല. ഉദാഹരണമായ് കാലത്തെ ഈരുമണി മുതൽ വൈകുന്നേരം ആറുമണിവരെ കുടിച്ചു പേപ്പറുവല്ലതും സമ്പാദിക്കുന്ന ഒരു ക്ലർക്കിനു വേണ്ടുവോളം ക്ലർക്കുകളും ചായക്കടയിൽ പോയി അത്ര തുകയും ചിലവു കുന്നു; അത്ര നിശ്ചയമായും സന്ദിഗ്ധമായ ബുദ്ധി തന്നെയാണ്. എന്നാൽ എന്നുതന്നെയായാലും ബുദ്ധിപൂർവ്വമോ ബുദ്ധിയില്ലായ്മയോ എന്നു തന്നെ ആയാലും നമ്മുടെ ഇടയിൽ വ്യവഹാരം ഉണ്ടു് എന്നുള്ള സംഗതിയുടെ ഇതു ഒഴിയുണ്ടു്.

ഈ വ്യവഹാരാധിക്യത്തിൽ എന്റെ ഒഴിച്ചുണ്ടു പറയുന്നതിനുള്ള അന്തർഭവിച്ചിരിക്കുന്നു. ഒന്നുകിലോ ജനങ്ങളിലെ പൊതുജനത്തിനുള്ള മനോഭാവക്യത്തിലോ അല്ലെങ്കിൽ കോടതികളും തീർപ്പുചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ യോഗ്യതയുടെ വിശ്വസ്തതയിലോ ആണു്. വിഷയത്തിന്റെ രണ്ടാമത്തെതാവും ഏറ്റവുമധികം പ്രകടമായ കുറവെന്നും വ്യക്തമാക്കപ്പെട്ടിരുന്നതാണു്. അപ്പീൽ മുഖമോ പുനർ അപ്പീൽ മൂലമോ അവസാനമായി ഒരു ഉപരിശോധനാ മുഖമോഎങ്കിലും വഴക്കിനെ തുടർന്നു കൊണ്ടിരിക്കാൻ മുഴുയുണ്ടെങ്കിൽ നടപടിമുഴുമനെയും ഹൈക്കോടതിവരെ നടത്തിയാൽ അല്ലാതെ വ്യവഹാരി തൃപ്തിപ്പെട്ടിരിക്കുന്നതല്ല. വിവിധകോടതികൾക്കും നിയമിക്കപ്പെട്ടുന്ന നീതിന്യായയുദ്യോഗസ്ഥാപകത്തിലും നീതിന്യായ ഉദ്യോഗത്തിലേക്കു ചെയ്യപ്പെടുന്ന വിഷയത്തെപ്പറ്റിയും ചോദ്യങ്ങൾ ജനിക്കുന്നു. വേറെ ഉള്ള സ്ഥലങ്ങളിലും നിയമനങ്ങളിൽ ഏറ്റവും വശ്യമായ പെരുമാറ്റം വക്കീൽ പണി നടത്തി വരുന്നവർ ഇന്നു ചേരുന്നു. നിർഭാഗ്യവശാൽ തിരുവിതാംകോട്ടിൽ അതു സുസ്ഥിരമായ ഒരു തത്വമായിരിക്കുന്നില്ല. ഹൈക്കോടതിയിലും ഡിസ്ട്രിക്ട് കോടതിയിലും ഉള്ള ഗുമസ്തന്മാരെ അവരുടെ വക്കീൽ പണിയിൽ യാതൊന്നും സമ്പാദിക്കാൻ കഴിയുന്നില്ലെങ്കിലും ഗണ്യമായി കരുതപ്പെടുന്നതായി കാണുന്നു. ഒരു ഗുമസ്തനു പിൻകാലത്തിൽ മാന്യ ഡുപെട്ട് ആകുമ്പോൾ താൻ കുറെ കൂടി ഉയർന്തരമായി വല്ലതിനും ഒരുമ്പെടുകയോ എന്നുള്ള സമാധാനമില്ലായ്മ കൂടുന്നു. ഉയർന്ന ഉദ്യോഗസ്ഥന്മാർ മനസ്സിൽ ഒരു പക്ഷം അഭിപ്രായം ജനിക്കുന്നതുകൊണ്ടു അതുകൊണ്ടാണു. ഒരു ഗുമസ്തനു വക്കീൽ പണിയിൽ എന്തെങ്കിലും സമ്പാദിച്ചു കൊള്ളുന്നതിനു അവകാശവും ഉണ്ടായിരുന്നാലും അയാളെ ഗുമസ്തനായ തന്നെ മേലും ഇരുന്നു കാണുന്നതിനു അവർ ഇഷ്ടപ്പെടുന്നില്ല. ഈ യാളുടെ മേൽ കണ്ണിക്കുന്ന തുടച്ചയായ ശ്രദ്ധയുണ്ടിരുന്നാൽ ഏതു വിധത്തിലൊ ആ ഗുമസ്തൻ ഒരു നല്ല നീതിന്യായ ഉദ്യോഗസ്ഥൻ ആയിരിക്കും എന്നുള്ള വിചാരം അവർക്കു ജനിച്ചു പോകുന്നു. ആ വിധത്തിൽ അവൻ കീഴാറത്തെ പദവിയിൽ പ്രവേശിക്കുന്നു. കാലക്രമേണ ആ മനുഷ്യനെ യഥാവണ്ണം ബാധിക്കയില്ലയെന്നുള്ളതുകൊണ്ടു അവനു കാലക്രമണ തുടച്ചയായി പ്രയാസജനകമായ സങ്കടങ്ങളും യാചനകളും കേൾക്കുന്നതു നിമിത്തം എന്തായാലും അയാൾക്കുകൂടി ഉൽപന്നമായ എന്തിനും അർഹതയുണ്ടു് എന്നു സ്വയം നിശ്ചയിച്ചു കൊള്ളപ്പെടുന്നു. ആ മാതിരിയിൽ വക്കീൽ പണിയിൽ പ്രവേശിക്കാത്ത ഒരുവൻ പിന്നെയും പിന്നെയും മുകളിലേക്കു ഉന്തികയറപ്പെടുന്നു. നീതിന്യായഡിപ്പാർട്ടുമെന്റിൽ ഉദ്യോഗവിഷയമായി സഹായം പോകുന്നതു സാധാരണമായി ഇങ്ങനെ ആണു്. നീതിന്യായ കോടതികളിലെ ഉദ്യോഗസ്ഥന്മാരിൽ പകുതി എണ്ണം എങ്കിലും വക്കീൽപണി നടത്തിവരുന്നവർക്കായി വീതിച്ചേക്കണം എന്നു തിരുവിതാംകോട്ടിലെ വക്കീൽസംഘം പ്രക്ഷോഭം നടത്തിവരുന്നു. ഇതുകൂടി പ്രത്യേകം സൂക്ഷിക്കേണ്ടതായുണ്ടു്. ചിലയാളുകൾക്കു വൈമനസ്യം ഉണ്ടായിരുന്നാലും ചിലപ്പോൾ വക്കീൽപണിയിൽ പ്രവേശിക്കയും അവിടെ മുൻപോട്ടു കയറാൻ വഴിയില്ലെന്നുകാണുമ്പോൾ അധികാരികളുടെ കരുണാകടാക്ഷം ഇളക്കി ഒരു മുൻസിഫ്ജോലിപോ മറ്റൊ സ്വീകർക്കു ഉദ്യോഗത്തിൽ നയമായുള്ളതുകയും ചെയ്യുന്നു. എന്നാൽ പിൻകാലത്തിൽ അതു രേഖപ്പെടുത്തിച്ച വിസ്മരിക്കപ്പെടുന്നു. പിന്നീടു അവർ മുൻസിഫ് ഉദ്യോഗത്തിനു മാത്രമല്ല ഡിസ്ട്രിക്ട് ജഡ്ജ് ഉദ്യോഗത്തിനുകൂടിയും യോഗ്യരായുള്ളവർ ആണെന്നു വയ്ക്കപ്പെടുന്നു ഉദ്യോഗനയനവിഷയത്തെ ക്രമത്തിലധികം പരിശോധിക്കേണ്ടതായുണ്ടു എന്നു പറഞ്ഞു വാദത്തിന്റെ ഈ ഭാഗത്തെ ഉപസംഹരിക്കാം.

സ്ഥാനികാസ്വതന്ത്രാധികാരത്തെ ഉയർത്തണം എന്നും മറ്റും ഉള്ളതിനെ സംബന്ധിച്ചാകട്ടെ, ജനങ്ങളുടെ മനോഭാവം ഏറ്റവും ഉയർന്ന നിയമഉദ്യോഗസ്ഥന്മാരുടെ തീർപ്പുപോലും തങ്ങളെ തൃപ്തിപ്പെടുത്തുകയില്ല എന്നായിരിക്കുമ്പോൾ എന്റെ സ്നേഹിതൻ പറഞ്ഞ നിവൃത്തിമാർഗ്ഗത്തെ സമ്മതിക്കുന്നതിനു ആരും കാരണപ്പെടുകയില്ല. കാരണങ്ങൾ പറയാൻ ഒരുങ്ങിയിരുന്നാൽതന്നെയും ജഡ്ജിയുടെ തീർപ്പുയുടെ അക്ഷരങ്ങളെപോലും അപേക്ഷിക്കുന്നതിനാണ് അപേക്ഷ കാണപ്പെടുന്നതു. അതുകൊണ്ടു കാരണങ്ങൾ ഊഹ്യമായിരിക്കുന്ന ഒരു തീർപ്പിനെ സമ്മതിക്കുന്നതിനു ആരെയാണു പ്രേരിപ്പിക്കാവുന്നതു്?

മി: ടി. കെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): സർ, ഈ പ്രമേയത്തെ പറ്റി ഞാൻ ചിലവാക്കുകൾ പറയണമെന്നു ഉദ്ദേശിക്കുന്നു. ഇപ്പോൾ വക്കീൽ പണി നടത്തിവരുന്നവരുടെ ഇടയിൽ നിന്നു ചെയ്യപ്പെടുന്ന നിയമനങ്ങൾ മതിയാകുന്നില്ല എന്നുള്ളതിൽ ഞാൻ എന്റെ സ്നേഹിതൻ നാരായണപിള്ളയോടു യോജിക്കുന്നു. വക്കീൽ പണി നടത്തുന്നവർ നിശ്ചയമായും നിയമശാസ്ത്രവിഷയത്തിൽ പ്രവൃത്തി നടത്തിവരുന്നവരും അതുകൊണ്ടു നിയമകോടതികളിൽ പ്രധാനസ്ഥാനം വഹിക്കുന്നതിനു ഏറ്റവും യോജിച്ച ആളുകളും ആകുന്നു. കോടതികളിലെ ജീവനക്കാരിൽ മിക്കിസ്ട്രീനിയൽ ഡിപ്പാർട്ടുമെന്റിൽ കയറിയവർ എങ്ങനെ നീതിന്യായ ഉദ്യോഗസ്ഥന്മാർ ആക്കപ്പെടുന്നു എന്നുള്ളതിനെ എന്റെ സ്നേഹിതൻ ചൂണ്ടിക്കാണിച്ചു. ഈ നടപടിയെ പ്രോത്സാഹിപ്പിക്കാൻ പാടില്ല എന്നുപറയുന്നതിൽ ഞാൻ അദ്ദേഹത്തിനോടു യോജിക്കുന്നു.

വ്യവഹാരത്തിന്റെ പരിമാണത്തെ കുറയ്ക്കുന്നതിനായി എന്റെ സ്നേഹിതൻ മിസ്റ്റർ തോമസ് പറഞ്ഞ വഴി സംബന്ധിച്ചുകൊണ്ടു അവ ആലോചനാർഹം അല്ലെന്നു ഞാൻ വിചാരിക്കുന്നു. സൂചനകളെ അനുവദിക്കുന്നതായാൽ വ്യവഹാരത്തിന്റെ പരിമാണത്തെ കുറയ്ക്കാൻ ഇടയുണ്ടു എന്നു എന്റെ സ്നേഹിതൻ ഡെപ്യൂട്ടി പ്രൈസ് കൺട്രോളർ പറഞ്ഞു. ഉപദേശത്തിനു പുറപ്പെടുവിക്കപ്പെട്ട തടസ്ഥാ ജനങ്ങൾ വ്യവഹാരപ്രിയർ അല്ലെന്നും തങ്ങൾക്കു മദ്ധ്യസ്ഥം വഹിക്കുന്നിടത്തോളം സ്വാതന്ത്ര്യം ഉണ്ടായിരിക്കാൻ അവർക്കു ഇഷ്ടമായിരിക്കും എന്നു ഉള്ളതാണു്. അതു ക്രമത്തിലധികം കടന്നു പോകാൻ അനുവദിക്കാൻ പാടില്ലാത്ത ഒരു മനോനിലയാകുന്നു. ജനങ്ങൾക്കു വ്യവഹാരത്തിൽ ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അതു ദോഷകരമായ ഒരു നടപടിയാണെന്നു സമ്മതം ആയിരിക്കെ ജനങ്ങൾക്കു സമ്മതം ഉണ്ടെങ്കിലും ഇല്ലെങ്കിലും അതിനെ നിരുത്തരവാദിത്തത്തിലേക്കു് കൊണ്ടു മിസ്റ്റർ തോമസ് ചെയ്ത സൂചനകളും ഗവണ്മെന്റിന്റെ ആലോചനാവിഷയങ്ങളും ആയിരിക്കണം എന്നു ഞാൻ സമർപ്പിക്കുന്നു.

ബി: സി. പി. കെ. കുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, മിസ്റ്റർ കെ. കെ. തോമസ്സിന്റെ ഉപക്ഷപ്രകാരത്തെ പിൻതാങ്ങുന്നതിൽ വേറെ ചില വിഷയങ്ങളെ എനിക്കു ഗവർണ്മെന്റിനോടു ചൂണ്ടിക്കാണിക്കേണ്ടതായുണ്ടു്. നീതിന്യായ ഉദ്യോഗമണ്ഡലത്തിലേക്കു ബാറിൽനിന്നു ആളുകളെ എടുക്കുന്ന വിഷയത്തെപ്പറ്റി എനിക്കു പറയുവാനുണ്ടു്. നിശ്ചയമായും എനിക്കു ഏതെങ്കിലും കിട്ടുമെന്നുള്ള ആശ എനിക്കില്ല. എന്നാൽ ഞാൻ പറയാൻ ഉദ്ദേശിക്കുന്ന വിഷയം ഓരോ മാസത്തിലും മുൻസിഫന്മാർ കുറഞ്ഞതു ഇത്ര എണ്ണം കേസുകൾ തീർക്കണം എന്നു ഹൈക്കോടതിയിൽനിന്നും അയച്ചിട്ടുള്ള ഒരു സർക്കുലറിനെപ്പറ്റിയാകുന്നു. സർ, ഓരോ മുൻസിപ്പും മാസംതോറും നല്ലപോലെ ഏറ്റിരിക്കുവാനുള്ള കേസുകൾ തീർക്കണം എന്നു സർക്കുലർ പറയുന്നു. എന്നാൽ, സർ, യാതൊരു മുൻസിഫിനും വസ്തുവത്തിൽ എതിർപ്പാടം ഉള്ള നല്ലപോലെ കേസുകളെ തീർച്ചയുണ്ടാക്കുവാൻ കഴിയുന്നതല്ല എന്നു മുൻസിഫ്കോടതിയിൽ ഉള്ള എന്റെ പരിചയം കാണിക്കുന്നു. അങ്ങനെ ചെയ്യുവാൻ സാധിച്ചതായ യാതൊരു മുൻസിഫിനെയും കാണുവാൻ എനിക്കു ഒരിക്കലും കഴിഞ്ഞിട്ടില്ല.

ബി: കുട്ടാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സെക്രട്ടറി): മിസ്റ്റർ കെ. കെ. തോമസ് ചെയ്ത പ്രസംഗത്തിന്റെ മാതിരിയിൽ ഉള്ള ഒന്നിനെപ്പറ്റി പ്രസംഗിക്കുമ്പോൾ ഈ സർക്കുലറിനെപ്പറ്റി പറയുന്നതിൽ മെമ്പർ രീതിവിരുദ്ധനായിരിക്കുന്നു എന്നു ഞാൻ ശങ്കിക്കുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഉപക്ഷേപം ഹൈക്കോടതിയെസംബന്ധിച്ചുള്ളതും ഞാൻ പ്രസംഗിക്കുന്നതു ഹൈക്കോടതി അയച്ചിട്ടുള്ള ഒരു സർക്കുലറിനെപ്പറ്റിയും ആണ്. ആ നിലക്കു അതുസംബന്ധപ്പെട്ടതുതന്നെ (മിസ്റ്റർ എ. കെ. പിള്ള കേൾക്കുക പോകട്ടെ) യാതൊരു കോടതിയിലും വസ്തുവത്തിൽ എതിർപ്പാടം ഉള്ളതായ നല്ലപോലെ കേസുകളെ തീർച്ചയുണ്ടാക്കുവാൻ ശക്തനായ യാതൊരു മുൻസിഫിനെയും ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ഏറ്റവും കുറഞ്ഞതുകയിൽ എത്തുന്നതിനു ഇപ്പോൾ മുൻസിഫന്മാർ പ്രയോഗിച്ചുവരുന്ന നടപടി ഇതാകുന്നു. ഒരു മാസത്തിൽ ക ഠ ണ-യെയോ ക ട ി-ണ-യെയോ വരെ അവർ വാസ്തവത്തിൽ എതിർവാടമുള്ള കേസുകളെ സമർത്ഥമായി തീർച്ചയുണ്ടാക്കുന്നതിനു പ്രയത്നിച്ചുകൊണ്ടിരിക്കും. ബാക്കി വാദമുള്ള കേസുകളെ തീർച്ചയുണ്ടാക്കുവാൻ കഴിയുന്നതല്ല എന്നുകണ്ടപ്പോൾ കേസുകൾ മാറിവയ്ക്കുന്നതിനുള്ള സകല അപേക്ഷകളേയും തള്ളിയുടക്കുകയും ആ കേസുകളെ വാദമുള്ള കേസുകൾ എന്ന ഇനത്തിൽ ഉൾപ്പെടുത്തുകയും ആ വിധത്തിൽ ഹൈക്കോടതി നിശ്ചയിച്ചിട്ടുള്ളതിനുണ്ണം തീർച്ചയുണ്ടാക്കേണ്ടതായുള്ള ഏറ്റവും കുറഞ്ഞ എണ്ണത്തിൽ എത്തുകയും ചെയ്യുന്നു. അതു വസ്തുവത്തിലും വ്യവഹാരികൾക്കു വലിയ കഷ്ടതകൾക്കു ഇടയാക്കുന്നു. തങ്ങളുടെ ഹർജികൾ തള്ളപ്പെടുന്നതുനിമിത്തം വസ്തുവത്തിൽ സങ്കടമുള്ള കക്ഷികൾ അപ്പീൽ കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു റിമാൻഡ്വാങ്ങിക്കേണ്ടതായിരിക്കുന്നു. അപ്പീൽകോടതികൾ റിമാൻഡ് അനുവദിച്ചിട്ടുള്ളതായി എനിക്കുദാഹരണങ്ങൾ അറിയാം. ഈ കേസുകൾ രണ്ടാമതും മുൻസിഫിന്റെപക്കൽ കൊണ്ടുവരപ്പെടുകയും അവർ അതിനെപ്പറ്റി ആലോചിക്കേണ്ടിവരികയും ചെയ്യുന്നു. അങ്ങനെ തങ്ങൾക്കു വരുന്ന നഷ്ടങ്ങൾനിമിത്തം വ്യവഹാരികളായ പൊതുജനങ്ങൾക്കു വലുതായ ഉപദ്രവങ്ങൾ നേരിടുന്നു. അതുകൊണ്ടു സർക്കുലറിന്റെ സ്വഭാവത്തെപ്പറ്റി ആലോചിച്ചു അനുകൂലമായ ഉത്തരവു ഹൈക്കോടതിയോടു അപേക്ഷിക്കണമെന്നു ലാമെമ്പറോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സ്വാമിൻ, രാജ്യത്തിൽ വർദ്ധമാനമായ വ്യവഹാരത്തെ കുറയ്ക്കുന്നതിനു വല്ല നിവൃത്തിമാർഗ്ഗവും മിസ്റ്റർ തോമസ് ഉപദേശിച്ചു എന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം പറഞ്ഞതിനെ എല്ലാം എനിക്കു പിൻതുടരാൻ ശക്തമായിടത്തോളം അദ്ദേഹം പറഞ്ഞതെല്ലാംകൂടി ഡിസ്ട്രിക്ട്കോടതിക്കു കുറെ എല്ലാം സ്ഥാപകാനുകൂല അധികാരങ്ങൾ നൽകുന്നതായാൽ മുൻസിഫന്മാരുടെയും ഡിസ്ട്രിക്ട് ജഡ്ജിമാരുടെയും ഹൈക്കോടതിയുടേയും ജോലി അല്പം കുറയും എന്നു മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ഉപദേശം ഡിസ്ട്രിക്ട് ജഡ്ജിമാർക്കു ക ഇ ം രൂപയോ സ ം ം രൂപയോ വരെ സ്ഥാപിക്കാൻ അധികാരം കൊടുത്താൽ മുൻസിഫന്മാരുടെ ജോലി വളരെ കുറയുമെന്നും മുൻസിഫ്മാരുടെ എണ്ണത്തെ ചുരുക്കാമെന്നും ആണ് അദ്ദേഹം പറയുന്നതു എന്നാണു എനിക്കു തോന്നുന്നതു്. ഈ രീതിയിൽ രണ്ടാം അപ്പീലുകളെ സംബന്ധിച്ചിടത്തോളം ഹൈക്കോടതിയുടെ ജോലിയും കുറയ്ക്കുവാനുദ്ദേശമാണെന്നും അപ്പോൾ മൂന്നാംബെഞ്ച് അനാവശ്യമായിത്തീരുന്നതാണെന്നുംകൂടി അദ്ദേഹം വിചാരിക്കുന്നു. സ്ഥാപകാനുകൂല അധികാരത്തെ ക്ഷുണ്ണമായാൽ ജോലി ശരിയായി നടക്കുന്നതിനായി ഒന്നോ രണ്ടോ സബ്ജഡ്ജികൾമാത്രം ഉണ്ടായിരുന്നാൽ മതി എന്നു അദ്ദേഹം വിചാരിക്കുന്നു. അദ്ദേഹം പറയുന്നതുപോലെ അദ്ദേഹം നിർദ്ദേശിക്കുന്ന ക്രമത്തിൽ ഹൈക്കോർട്ടജഡ്ജികളുടെ എണ്ണത്തെയും മുൻസിഫ്മാരുടെയും എണ്ണത്തെയും കുറയ്ക്കുകയും ഒന്നോ രണ്ടോ സബ്ജഡ്ജികളെ നിയമിക്കുകയും ചെയ്യുന്നതിനുള്ള നീതിന്യായഡിപ്പാർട്ടുമെന്റിൽ ഉള്ള ചിലവിനെ കുറയ്ക്കുന്നതിനായിട്ടാകുന്നു. സർ, അതു നടപ്പുള്ള ഒരു ക്രമമായിരുന്നുവെങ്കിൽ അതിനെപ്പറ്റി ആലോചിക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. എന്തുകൊണ്ടെന്നാൽ അതു നടപ്പാക്കുന്നതുകൊണ്ടു പൊതുവെ ജനങ്ങൾക്കു സന്തതിയുള്ളതും ആണെന്നുവരുകിൽ അങ്ങനെ മൂന്നാംബെഞ്ചിനെ നിരുത്സാഹപ്പെടുത്തുകയും മുൻസിഫ്മാരുടെ എണ്ണത്തെകുറയ്ക്കുകയും ചെയ്യാമോ എന്നു ഗവർണ്മെന്റു പുനരാലോചിക്കാൻ യോഗ്യതയുള്ള കാര്യംതന്നെ. മിസ്റ്റർ സുബ്ബയ്യർ പറഞ്ഞതുപോലെ മജിസ്ട്രേട്ടുകോടതികളെയും മുൻസിഫ്കോടതികളെയും

ന്റെ കൂടുതലും ക്ലൈമേറ്റിയായി ഫിൽപ്പെട്ടുള്ളതുകൊണ്ടു വ്യവഹാരത്തെ വളരെ അധികം പ്രോത്സാഹിപ്പിക്കുന്ന എന്നുള്ളതുകൊണ്ടു ഡിസ്ട്രിക്ട് കോടതികളിലെ എണ്ണത്തിന്റെ കുറച്ചിൽ അത്ര കണ്ടു കുറയ്ക്കുമെന്നു വ്യവഹാരത്തെയും കുറയ്ക്കുമായിരിക്കും.

വ്യവഹാരത്തിന്റെ ക്ലൈമേറ്റിനെയോ വ്യവഹാരത്തിനുള്ള മോഹത്തെയോ പറയുന്നതായാൽ ഗവർണ്മെന്റിനെപ്പോലെ ഇനങ്ങളുടെ കാര്യം പറയാനുണ്ട്. എന്തുകൊണ്ടെന്നാൽ വ്യവഹാരത്തെ സംബന്ധിച്ചിടത്തോളം ഗവർണ്മെന്റിനെ ഇനങ്ങളിൽനിന്നും ഒട്ടും പിന്നോക്കം അല്ല എന്നു ഫാമൈൻ കമ്മീഷണറുടെ റിപ്പോർട്ടിൽ ഞാൻ കാണുന്നു. ഡിസ്ട്രിക്ട് കോടതികളിൽ ഗവർണ്മെന്റു കക്ഷിയായിരുന്ന സൺ ടു മാസുകളിൽ തീർപ്പുചെയ്തുപോയ എണ്ണം ഫാമൈൻ ആയിരുന്നു എന്നു ആ റിപ്പോർട്ടിൽനിന്നും കാണുന്നു. ഇവയിൽ ഫാമൈൻ എണ്ണം സാരാംശത്തിൽ പ്രത്യേകിച്ചു തീർപ്പുചെയ്യപ്പെട്ടു. ഇവയിൽ രണ്ടെണ്ണം ഗവർണ്മെന്റിനു അനുകൂലമായും ഒരു എണ്ണം പ്രതികൂലമായും തീർപ്പുചെയ്യപ്പെട്ടിരുന്നു. ഇപ്രകാരം വാദിയായോ പ്രതിയായോ ഗവർണ്മെന്റുകക്ഷിയായിരുന്ന തീർപ്പുചെയ്യപ്പെട്ട ഫാമൈൻ കേസുകളിൽ ഒരു എണ്ണത്തിൽ വിധി ഗവർണ്മെന്റിനു പ്രതികൂലമായിരുന്നു. സക്കാർവക്കീലന്മാരായും അസിസ്റ്റണൽസക്കാർവക്കീലന്മാരായും അനേകം നിയമശാസ്ത്രഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നിട്ടും അവർ ഈ മാതിരി വ്യവഹാരം നടത്തുന്നു. വാസ്തവത്തിലും ഗവർണ്മെന്റു ഇനങ്ങൾക്കു ഒരു ചീത്ത ഉദാഹരണം കല്പിക്കയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇപ്പോൾ ചെയ്തിട്ടുള്ള ഉപദേശങ്ങൾ ആലോചനായോഗ്യങ്ങൾ ആണെന്നമാത്രമെ ഞാൻ ഇപ്പോൾ അറിയിക്കുന്നുള്ളൂ. അല്ല നടപ്പിൽവരുത്താവുന്ന താണെങ്കിൽ രാജ്യത്തിൽ ഉള്ള സിവിൽ നീതിഭരണത്തിലുള്ള ചെലവിനെ അല്ല നിശ്ചയമായും ചുരുക്കും.

ടി: സി. പി. രാമസ്വാമി അയ്യർ (ഗവർൺമെന്റിന്റെ നിയമസഭാംഗം): മുൻസീഫന്മാരുടെ സ്ഥാനം കൊണ്ടു അധികാരത്തെ വർദ്ധിപ്പിക്കുന്നതു ന്യായമായിരിക്കുമോ എന്നു എനിക്കു മെമ്പറിൻനിന്നു അറിയേണ്ടിയിരിക്കുന്നു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എന്റെ പരിചയത്തിൽനിന്നും മുൻസീഫന്മാരുടെ സ്ഥാനം കൊണ്ടു അധികാരത്തെ കൂട്ടുന്നതു നന്നായിരിക്കുകയില്ല എന്നാണ് എനിക്കു തോന്നുന്നത്. ഡിസ്ട്രിക്ട്കോടതികൾക്കു സ്ഥാനം കൊണ്ടു അധികാരം കൊടുക്കാമോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ജഡ്ജിമാർക്ക് എല്ലുവേല, തങ്ങളുടെ ജോലികൾ നിർവഹിക്കുന്നതിനു ശേഷിയുള്ളവണ്ണം പരിചയമുള്ള ആളുകൾ ആകയാൽ അതു ആലോചനീയം ആയ വിഷയം ആണ്. അവർക്കു സ്ഥാനംകൊണ്ടധികാരം നൽകുന്നതോ എന്നുള്ളതിനെപ്പറ്റി ഗവർൺമെന്റു പുനരാലോചിക്കാവുന്നതാണ്. എന്നാൽ മുൻസീഫ്കോടതികളുടെ സ്ഥാനംകൊണ്ടധികാരത്തെ വർദ്ധിപ്പിക്കുന്നതിനുള്ള ഏതു പ്രയോഗത്തെയും ഞാൻ നിശ്ചയമായും എതിർക്കും.

മി: കെ. സി. മാമൻമാപ്പിള്ള (കച്ചവടവും വ്യവസായവും–വടക്കു): സർ അനേകം വക്കീൽ സ്നേഹിതന്മാരുടെ അഭിപ്രായങ്ങളെ ശ്രദ്ധിച്ചു കേട്ടതിൽപിന്നെ വ്യവഹാരപ്രിയരായ സാധാരണ പൊതുജനങ്ങളുടെ പ്രതിനിധിയായ ഒരാളുടെ അഭിപ്രായം ശ്രവിക്കുന്നതിനു സയ്യേ കൗതുകസ്യം ഉണ്ടായിരിക്കയില്ല എന്നു ഞാൻ വിശ്വസിക്കുന്നു. നിയമപ്രവർത്തനത്തിന്റെ താമസങ്ങളെപ്പറ്റി ഞാൻ വളരെ കഠിനമായി മനസ്താപപ്പെട്ടവനാണ്. കഴിഞ്ഞ അനേകംകൊല്ലങ്ങളായി എല്ലാവരാലും അനാശാസ്യം എന്നു സമ്മതിക്കപ്പെട്ടിരിക്കുന്ന ഈ കാര്യഗതിയെ നിവർത്തിപ്പിക്കുന്നതിനു പ്രജാസഭയിലും നിയമസഭയിലും വർത്തമാനപത്രങ്ങളിലും ഞാൻ വളരെ കുണ്ടറപ്പെട്ടു നിർബന്ധിച്ചുവരുന്നതും ഉണ്ട്. മിസ്റ്റർ താമസ് പറഞ്ഞ നിവൃത്തിമാർഗ്ഗങ്ങളിൽ സുസമ്മതമായിരിക്കുമോ എന്നാകട്ടെ ഇപ്പോൾ ഉള്ള നിലയ്ക്കു ഏറ്റവും ഉത്തമമായിട്ടുള്ളവയായിരിക്കുമെന്നോ എന്നാകട്ടെ സ്ഥിരമായ യാതൊരു അഭിപ്രായവും ഇല്ല. ഈ വിഷയങ്ങളിൽ കുറെക്കൂടി പരിചയമുള്ള എന്റെ വക്കീൽ സ്നേഹിതന്മാരുടെ അഭിപ്രായത്തിനു കാതുകൊടുക്കുന്നതു നന്നായിരിക്കും എന്നു എനിക്കു തോന്നുന്നു. ഗവർണ്മെന്റുകട്ടെ ഈ സഭയാകട്ടെ മിസ്റ്റർ താമസിന്റെ സൂചനങ്ങളെ യാതൊരു ആലോചനപോലും ഇല്ലാതെ തള്ളിക്കളയുകില്ല എന്നു എനിക്കു നിശ്ചയമുണ്ട്. ഈ ഉപദേശങ്ങളെ ഗാഢമായി പര്യാലോചിക്കേണ്ടതുതന്നെയാണ്. നിവൃത്തിമാർഗ്ഗങ്ങൾ അല്ലെന്നുവരികിലും കുറെ എങ്കിലും ശാന്തിയായിട്ടെങ്കിലും കാണപ്പെട്ടാൽ ഇവയെപ്പോലെ വല്ലതുമോ അല്ലെങ്കിൽ മിസ്റ്റർ താമസിന്റെ ഈ ഉപദേശങ്ങളുടെ വല്ല ഭേദഗതികളോ സ്വീകരിക്കപ്പെടണം.

സിവിൽകോടതികളിൽ ഉള്ള താമസത്തിനും കഴപ്പത്തിനും ഉള്ള പ്രധാനകാരണം കോടതിയിലെ പ്രധാന ഉദ്യോഗസ്ഥന്റെ കാര്യക്ഷമതക്കുറവൊ അല്ലെങ്കിൽ അശ്രദ്ധയോ ആണെന്നു എനിക്കു തോന്നുന്നു. (മിസ്റ്റർ പി. കെ. നാരായണപിള്ള കേൾക്കുക, കേൾക്കുക) ഞാൻ ഈ സഭയിൽ പലതവണയും പറഞ്ഞിട്ടുള്ള അഭിപ്രായം അതാണ്. അതിനെ ഈ സഭ പലതവണ അനുമോദിച്ചിട്ടുണ്ട്; അതുകൊണ്ടു സിവിൽകോടതികളിലെ ജോലിയെപ്പറ്റി പരിചയമുള്ളവരുടെ അവസാനതീർപ്പായ അഭിപ്രായം അതാണെന്നാണ് ഞാൻ വിചാരിക്കുന്നതു. വാസ്തവത്തിൽ കാര്യക്ഷമതയുള്ളവനും ബുദ്ധിമാനും മനഃപൂർവ്വമായ് ജോലിചെയ്യുന്നവനും ആയ ഒരു ഉദ്യോഗസ്ഥൻ കോടതിയിൽ അഗ്രസ്ഥാനം വഹിക്കുമ്പോൾ—

[ഈ ഘട്ടത്തിൽ ഗവർണർ ജനറൽ അയ്യർകളുടെ ഏജന്റും ഗവർണർ ജനറൽ അവർകളുടെ ഏജന്റിന്റെ അസിസ്റ്റണ്ടും പ്രവേശിച്ചു അവർ അധ്യക്ഷവേദിയിൽ ആസനസ്ഥരായി.]

സർ, വാസ്തവത്തിൽ കാര്യക്ഷമതയുള്ളവനും ബുദ്ധിമാനും മനഃപൂർവ്വമായി ജോലിചെയ്യുന്നവനും ആയ ഒരു ഉദ്യോഗസ്ഥൻ അവസാനമില്ലാത്ത താമസങ്ങളും ഉള്ള ഒരു കോടതിയിൽ അഗ്രസ്ഥാനം വഹിക്കുമ്പോൾ നടത്തപ്പെടുന്ന ജോലിയുടെ പരിമാണം വർദ്ധിക്കുകയും കൂടിശ്ശിക കുറയുകയും മുമ്പു കുഴപ്പംമൂലം ഉണ്ടായിരുന്നിടത്തു രീതി ഉണ്ടാവുകയും ചെയ്തിട്ടുള്ളതു ഞാൻ പലതവണയും കണ്ടിട്ടുണ്ട്. അതുകൊണ്ടു നടപടിയിൽ കുറവുകൾ ഉണ്ടായിരുന്നാലും നിയമത്തിൽ കുറവു ഉണ്ടായിരുന്നാലും ഇപ്പോൾ ഇരിക്കുന്ന കാര്യസ്ഥിതികൾക്കുള്ള പ്രധാനകാരണം ഒന്നുകിലൊ അഗ്രാസനം വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ വേണ്ടിടത്തോളം കാര്യക്ഷമതയുള്ളവർ ആയിരിക്കുന്നില്ല എന്നുള്ളതൊ അല്ലെങ്കിൽ പ്രയോജനവത്തായ് ഉപരിശോധനം ഇല്ലായ്മയാൽ അവരിൽ വളരെ അശ്രദ്ധയും വളരുന്നതിനു അനുവദിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതൊ ആകുന്നു-എന്നാണ് എന്റെ അഭിപ്രായം, എല്ലായ്പോഴും ഉത്തമരീതിയിൽ തന്നെ ഇരുന്നുകൊള്ളുക എന്നുള്ളതു മനുഷ്യസ്വഭാവത്തിനു സാധ്യമല്ല. ഓരോരുത്തരും സ്വഭാവേന അയഞ്ഞുപോവുകയും കാര്യങ്ങളെ അഗൌരവമായി സ്വീകരിച്ചുകൊള്ളുന്ന ശീലമുള്ളവർ ആയിത്തീരുകയും ചെയ്യും. കാര്യങ്ങളെ ഗൌരവഹീനമായി കരുതികൊള്ളുവാൻ ക്രമേണ സൗകര്യം എന്നു കാണു

മ്പോൾ പെരിപ്പടിയായി, അവർ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചുകൊടുക്കുകയും അവസാനത്തിൽ ഒഴിച്ചുവയ്ക്കാവുന്നകാര്യം യാതൊരു സംശയവുമില്ലാതെ ഇങ്ങനെക്കുകയും ചെയ്യുന്നു. നാം കാണുന്ന കടിഞ്ഞിക വർദ്ധനയ്ക്കും കഴപ്പുത്തിനും അയുഷ്കരമായിരിക്കുന്നു. ഒരു പ്രധാനകാരണമാകുന്നു. ടെലഫ്സ്റ്റുകളുടെ ഉദാഹരണം നമുക്കുണ്ട്. ചില ആളുകൾക്ക് ഇന്നിന്ന ആളും ഇന്നതാം വാക്കുകൾ ടെലഫ്ചെയ്യാൻകഴിയും. അന്യരും കായശക്തിയും ബുദ്ധിശക്തിയും കൂടി ഉണ്ടായിരിക്കും. മറ്റുള്ളവർക്ക് അതുപോലെ ജോലിചിൽ നേർപകുതിയെങ്കിലും മുന്നിൽ ഒരുദ്യോഗമാചെയ്യുന്നതിക്കാൻ കഴിയുന്നില്ല. സാധാരണയായി അങ്ങനെയല്ലെങ്കിൽ ബുദ്ധിമാന്ദ്യം ഉപരിശോധനംനിമിത്തമോ മരാഠം അതിയോഗത്തിൽ പണിചെയ്യുന്നതിനു നിബന്ധനാകുമ്പോൾ അധ്വാനിക്കുവാനും കായ്ക്ഷമതയും വളർന്നവരുന്നു. നമ്മുടെ നിതിന്യായവിഭാഗത്തിൽപ്പെട്ടതാണെങ്കിൽ ചിലപ്പോൾ ഉദ്യോഗസ്ഥന്മാർ കായികമായിക്കുന്ന അശക്തരായിരിക്കുന്നു. ഇതിനുകാരണമെന്തെന്നു നടത്തിവരുന്ന ഉപരിശോധനയിൽ നമ്മുടെ ഉദ്യോഗസ്ഥന്മാരെ ജോലിചെയ്യുന്ന ശക്തിയുടെ പരമപ്രാപ്തിയിൽ വച്ചിരിക്കുന്നതിനോ അവരിൽ ജോലിചെയ്യുന്നതിനുള്ള ശക്തിയെ വളർത്തുന്നതിനോ ഉതിയാകുന്നതായിരിക്കുന്നില്ല എന്ന പറയേണ്ടിവരുന്നതിൽ ഞാൻ ഖേദിക്കുന്നു. ഈ ദോഷം നിലനിൽപ്പെട്ടുന്നതുകൊണ്ട് ഒരു വലുതായ ഇന്നാളിവുണ്ടായി വരുന്നതായുണ്ട് എന്ന എനിക്ക നിശ്ചയമുണ്ട്. പാവപ്പെട്ട ഗ്രമസ്ഥാക്കളെ കൊറംപറയുന്നതിൽ യാതൊരു ഉപയോഗവും ഇല്ല. ഗ്രമസ്ഥാക്കാം വളരെ അഴിമതിയുള്ളവരാകം ദോഷമുള്ളവരാണെന്ന എല്ലാവരും സമ്മതിക്കുന്നു. മേലുദ്യോഗസ്ഥന്മാർ ശരിയായ മാനിരിയിൽ ഉള്ളവർ ആണെങ്കിൽ ഗ്രമസ്ഥാക്കാർക്ക അഴിമതി നടത്തുന്നതിന ഇടയുണ്ടായിരിക്കുന്നതല്ല. അതുകൊണ്ടു തഹസീൽദാരുടെയും ഗവർണ്മെണ്ടിന്റേയും പ്രധാന ശ്രദ്ധ കാച്ചുകുളി ഉയർന്നരുതിൽ ഉള്ള ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുന്നതിലും അവരെ കായ്ക്ഷമതയുടെ പരമപ്രാപ്തിയിൽ വച്ചിരിക്കത്തക്ക ഒരു രീതിയെ വർദ്ധിപ്പിക്കുന്നതിലും ആയി കേന്ദ്രീകരിച്ചിരിക്കേണ്ടതാകുന്നു.

ശ്രീ: സി. പി. താമസ് (ഗവർണ്മെന്റു നിയമിച്ചുമെംബർ): ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും തമ്മിൽ പ്രസംഗിച്ചു മെംബർമാരുടെ പ്രസംഗത്തിൽനിന്നും വ്യവഹാരമാകുന്ന ദോഷം ക്രമത്തിലധികം വർദ്ധിച്ചിരിക്കുന്നു എന്നും ആ ദോഷത്തെ കുറയ്ക്കുന്നതിന് ന്യായമായ വല്ലതും ചെയ്യേണ്ടകാലം ആസന്നമായിരിക്കുന്നു എന്നും വ്യക്തമായിരിക്കുന്നു. മിസ്റ്റർ താമസ് പറഞ്ഞ ഉപദേശങ്ങളെപറ്റി ആലോചിച്ചുകഴിഞ്ഞതിൽ അതിനു പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രതിബന്ധം അല്ല ജനസമ്മതമുള്ളതായിരിക്കയില്ല എന്നുള്ളതാകുന്നു. പൊതുജനത്തിനു എതു അപ്പീൽകോടതികൾക്ക പോകാമെന്നും അതുപോലെ കോടതികൾക്ക പോകുന്നതിനു ആലോചിക്കുന്നതിനാൽ അങ്ങിനെ ഒരു നിയമത്തെപറ്റി പൊതുവെ ഒരു പരാതി ഉണ്ടായിരിക്കുന്നതാണ്. ജനങ്ങൾക്കിടയിൽ അങ്ങനെയുള്ള ഒരു മനോഭാവത്തെ ശാന്തപ്പെടുത്തുന്നതിനായി ഗവർൺമെണ്ടു തലകുനിക്കണമെന്നുള്ള പ്രശ്നം ജനിക്കുന്നു. നീതിന്യായവിഭാഗത്തിൽ കായ്ക്ഷമതയുള്ള ഉദ്യോഗസ്ഥന്മാരെമാത്രമേ നിയമിക്കുന്നുള്ള എന്നു ഗവർണ്മെണ്ടിനു തൃപ്തിയുള്ളിടത്തോളം വ്യവഹാരത്തിനായി അനേകം കോടതികളിൽ കയറിയിറങ്ങുന്നതിനുള്ള ജനങ്ങളുടെ അനാശാസ്യമായ ആത്തിയെ ഏതെങ്കിലുംവിധത്തിൽ അവർ തൃപ്തിപ്പെടുത്തിണമെന്നുള്ളതിനു യാതൊരു കാരണവും ഇല്ല.

മുൻസിഫ്കോടതികൾക്ക കൂടുതലായ സ്വാധികാരം കൊടുക്കണം എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം മുൻസിഫന്മാരുടെ സഭാചാരസംബന്ധമായും വുദ്ധിശക്തി സംബന്ധമായും ഉള്ള ഇപ്പോഴത്തെ കായ്ക്ഷമതയുടെ സ്ഥിതിയെ ഗണിക്കുമ്പോൾ അങ്ങനെചെയ്യുന്നതു അനാശാസ്യമാണെന്നു ചില മെംബർ അഭിപ്രായപ്പെട്ടു. അതിനെസംബന്ധിച്ചു തീർച്ചയായും ഒരഭിപ്രായം പറയുന്നതിനുള്ള നിലവ എനിക്കില്ല. ഗവർൺമെണ്ടിനു ചെയ്യാവുന്ന ഏറ്റവും നല്ലകാര്യം എന്തെന്നാൽ മുൻസിഫ്കോടതികൾക്ക കുറേകൂടി സ്വാധികാരം കൊടുക്കപ്പെടാവുന്നവിധം ഗുണകരമായ പരിഷ്കാരങ്ങൾ വരുത്തുക എന്നുള്ളതു മാത്രമാകുന്നു. മറേറ ഉപദേശം ഡിസ്ട്രിക്ട്കോടതികൾക്ക സ്വാധികാരം നൽകുന്നതു അയിരുന്നു. ഇതിനെ സംബന്ധിച്ചു പ്രതിബന്ധം പറഞ്ഞിരുന്നില്ല.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ അതിനു പ്രതിബന്ധം പറഞ്ഞു.

ശ്രീ: സി. പി. താമസ് (ഗവർണ്മെൻറു നിയമിച്ചുമെംബർ)ഈ നിർദ്ദേശത്തെ മാത്രമെങ്കിലും അധികാരികൾക്കനുകൂലമായി പരിശോധിക്കുമെങ്കിൽ അയുരാജ്യത്തിൽ വ്യവഹാരത്തെ കുറയ്ക്കുന്നതിനു വളരെ ഉതകുന്നതായിരിക്കും.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ദേഹം ഒരു സ്വാധികാരം കേസിൽ കക്ഷിയായിരുന്നിട്ടുണ്ടോഎന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

ശ്രീ: സി. പി. താമസ് (ഗവർണ്മെൻറു നിയമിച്ചുമെംബർ): ഇല്ല. അയുകൊണ്ടു വ്യവഹാരത്തെ കുറയ്ക്കുന്നവിഷയം ഗവർണ്മെൻറിന്റെ ശ്രദ്ധയിൽ ബലമായും കഴിയുന്നയും വേഗത്തിലും പതിയേണ്ട ഒരു വിഷയം ആകുന്നു.

ശ്രീ: കെ. കെ. താമസ് (കോട്ടയം): സർ ഈ ഉപക്ഷേപത്തെ പ്രയോഗിക്കുന്നതിൽ ഉള്ള എന്റെ പ്രധാന ഉദ്ദേശ്യം കർഷകന്മാരായ വ്യവഹാരികളുടെ ഇടയിൽ കാണപ്പെടുന്ന വ്യവഹാരത്തിനെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണം എന്നമാത്രമാകുന്നു അതുകൊണ്ടുള്ള ദോഷങ്ങളെ ഒരു വിധം ഞാൻ വിവരിച്ചിട്ടുണ്ടു. അതിനെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ അഭിപ്രായവ്യത്യാസം ഇല്ലെന്നു ഞാൻ വിചാരിക്കുന്നു.

ഈ സഭയിൽ ബലപ്പെട്ടുത്തിപ്പായണമെന്നു ഉദ്ദേശിച്ച അടുത്തവിഷയം നിയമത്തിന്റെ താമസം അതുകൊണ്ടു നിയമം അനുസരിച്ചു നടത്തുന്നതിൽ ഉള്ള താമസത്താൽ ഉള്ള ദോഷങ്ങളാണ്. നിലിത്തം നമ്മുടെ കർഷകരായ വ്യവഹാരികൾ വളരെ നഷ്ടപ്പെട്ടുവരുന്നു എന്നുള്ളതാകുന്നു അതിനേയും ഈ സഭ സമ്മതിച്ചിട്ടുണ്ടു.

ഗവർണ്മെൻറിനെ ബലമായി മനസ്സിലാക്കിക്കണം എന്നു ഞാൻ വിചാരിച്ച മുന്നാമത്തെ സംഗതി ഇങ്ങിനെയുള്ള വ്യവഹാരം രാജ്യത്തിന്റെ ശ്രേയസ്സിനു ബാധിതമായിട്ടുള്ളതാകയാൽ അത്തിനപ്രോത്സാഹിപ്പിക്കാതിരിക്കേണ്ടതു ഗവർണ്മെൻറിന്റെ ധർമ്മമാണ് എന്നുള്ളതാകുന്നു. ഞാൻ സൂചിപ്പിച്ച രീതിയിൽ ഇൻഡ്യയിൽ ഡിസ്ട്രിക്ട്ജഡ്ജിമാരുടെ സ്വാധികാരം 5000 രൂപയോളം ആയിരിക്കുന്നതുപോലെ ഡിസ്ട്രിക്ട്മുൻസി

ക്കും രണ്ടോ മൂന്നോ ദിവസം കൂടുമ്പോൾ ഓരോ പ്രാവശ്യം സ്ഥാനം കൊടുത്തു കൊണ്ടുപോകുന്നതിനും അധികാരം കൊടുത്തു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് നടത്തി നല്ലണ്ണം ഏർപ്പാടുചെയ്യുന്നതാകുന്നു. ഞാൻ കൊണ്ടുവന്ന ഉപദേശങ്ങൾ ഇവയായിരുന്നു. ശരിയായ രീതിയിൽ കാര്യത്തെ ഉറപ്പിക്കുന്നതിനുവേണ്ടി ഈ വിഷയം ആലോചിക്കപ്പെട്ടു. എന്നുള്ള ഉറപ്പിന്മേൽ ഞാൻ ഉപദേശപത്രം പിൻവലിക്കുന്നു. സഭയുടെ അനുവാദപ്രകാരം ഉപദേശപത്രം പിൻവലിക്കപ്പെട്ടു.

ഉപദേശപത്രം ക്ര 0 ൭

മുമ്പിൽ പറയുന്ന ഉപദേശപത്രം പ്രയോഗിക്കപ്പെട്ടില്ല

ബ്രി: ടി. കുമാരപിള്ള

ക്ര: ൭ - ജീവനക്കുറവിനായി നീക്കിവച്ചിരിക്കുന്ന നികുതിയിൽനിന്നും ക്ര 0 0 രൂപകുറയ്ക്കുണം.

ഉപദേശപത്രം ക്ര 0 വ.

ബ്രി: എം. എൻ. പിള്ള (തിരുവനന്തപുരം) സർ, ഞാൻ താഴെപറയുന്ന ഉപദേശപത്രം ഹാജരാക്കിക്കൊള്ളുന്നു.

ക്ര 0 ൨. സിവിൽ സർവീസിലെ കേസുകൾ തീർച്ചപ്പെടുത്തുന്നതിൽ ഉള്ള താമസത്തെ പറ്റി അന്വേഷിച്ചറിയുവാൻ ഉണ്ടു. ഡിക്രിനടത്തുന്നതിനുള്ള താമസം ഇതിലും കൂടുതൽ ആണ്; ഇതിനുള്ള കാരണത്തിൽ അധികഭാഗവും അളുകളെ വിശ്വാസിക്കുന്നതിനുള്ള വിമുഖതയിൽ വരുന്നതാകുന്നു. മുൻസിഫായി നിയമിക്കപ്പെട്ട ഒരാൾ മേൽ ശരിക്കുള്ള പരിശ്രമമോ ഒന്നും കൂടാതെയുള്ള ഒരു ജീവിതരീതിക്കുപരിചിതൻ ആയിരിക്കുന്നു. അദ്ദേഹത്തിന്റെ ശബ്ദം ഉച്ചത്തിലും കൂടെയുള്ള ഒരു ജീവനക്കാരൻ ആയിരിക്കും. ഒരു മുൻസിഫ്കോടതിയിൽ പതിവു ഒരു ദിവസത്തേക്ക അനേകം കേസുകൾ വിളിക്കുന്നു. അങ്ങിനെ നിശ്ചയിക്കുന്ന ജോലിയിൽ ഒരു കൈയക്ഷരം മാത്രമെ വാസ്തവത്തിൽ നടത്താൻ കഴികയുള്ളു. എന്നിരുന്നാലും എല്ലാമില്ലാത്തിടത്തോളം വക്കീലുകളും കക്ഷികളും സാക്ഷികളും ഹാജരുണ്ടായിരിക്കും. ചിലപ്പോൾ കക്ഷികൾക്ക ഗുണകരമായിരിക്കത്തക്കവണ്ണം മുൻസിഫിനുതന്നെ ശക്തി മുഴുവൻ ഉപയോഗിക്കുവാൻ കഴിയാതവണ്ണം അത്രത്തോളം ശബ്ദവും കൂഴപ്പവും ഉണ്ടായിരിക്കുന്നു. കേസുകൾ ചിലപ്പോൾ അൻപതും ചിലപ്പോൾ നൂറും തവണമാറ്റിവയ്ക്കപ്പെടുന്നു. ചിലകോടതികളിൽ വാദമുഖങ്ങൾ രണ്ടോമൂന്നോ കഴിഞ്ഞതിൽപിന്നിടമാത്രം എഴുതപ്പെടുന്നതായുള്ളു. ഡയറികളിൽ സാധാരണമില്ല എന്നുമാത്രമെ എഴുതികാണുന്നുള്ളു. അസൌകര്യങ്ങളുടെ അധിക്യമാണെന്നു വക്കീലന്മാരായ എന്റെചിലസ്നേഹിതന്മാർ എന്നോടു പറഞ്ഞിട്ടുണ്ടു.

ഡിസ്ട്രിക്ട് കോടതിയിൽ ഉള്ള ദോഷവും ഇതുതന്നെയാകുന്നു. പുത്തൻ ഹൈകോടതി റെഗുലേഷൻ അനുസരിച്ചു കീഴ്കോടതികളിൽ ജോലിനടന്നുവരുമവരെന്നെ അവയെപരിശോധിക്കുന്നതിനു കൂടെക്കൂടിയുണ്ടായിരുന്ന മറ്റൊരു ജോലി ഒരുജഡ്ജി ചെയ്യേണ്ടതായുണ്ട് എന്നു കഴിഞ്ഞയണ്ട് മിസ്റ്റർസുബ്ബയ്യർ പറഞ്ഞു. അങ്ങനെഏതു കോടതികളും പരിശോധിക്കപ്പെട്ട എണ്ണം പൊരുത്തപ്പെടുള്ള ഫലം എന്തായിരുന്നു എന്നും ഉദ്യോഗസ്ഥന്മാരിൽനിന്നും അറിയുവാൻ നാം ആഗ്രഹിക്കുന്നു. ഹൈകോടതികൃത്യം പതിനൊന്നുമണിക്കു ജോലി ആരംഭിക്കുന്നു. എന്നാൽ ഡിസ്ട്രിക്ട്ജഡ്ജിമാരും രണ്ടാം ജഡ്ജിമാരും വളരെരാവിലെ കേസുകൾ വിളിച്ചു കോടതികളിൽ വരുന്നുള്ളു. കഴിഞ്ഞ ചിലകൊല്ലങ്ങളായി നീതിന്യായ ഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാർതങ്ങൾക്കു ശക്തിയുള്ളിടത്തോളം ഏറ്റവും കുടുതലായ ജോലിചെയ്യുന്നതിൽ മനസില്ലാത്തവരായി തീർന്നിരിക്കുന്നു. ഇതുതങ്ങൾക്കു ന്യായമായി കിട്ടേണ്ട കയറ്റങ്ങളിൽ പ്രോത്സാഹനം ഇല്ലായ്മയുടേയും മോഹങ്ങളിൽ തോൽവിയും കൊണ്ടു ജനിച്ചിട്ടുള്ളതാണു വക്കീൽപദവിയിൽ മതിയായനിലയില്ലാത്തവരെ കൂടുശേഷിയും പരിചയവും ഉള്ളവരായ മുൻസിഫന്മാരുടെ തലയുടുകളിൽകൂടി ജഡ്ജിമാരായി നിയമിക്കപ്പെട്ടിട്ടുള്ളതായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വക്കീൽ പദവിൽ നിന്നും നേരിട്ട ഉദ്യോഗങ്ങൾക്ക ആളുകളെ എടുക്കുന്നതിൽഞാൻതീരെ പ്രതിക്ഷിയല്ല എന്നാൽ ഏതെങ്കിലും ക്ലിപ്തമായ ശതമാനം ഉണ്ടായിരിക്കണം. ന്യായമായ ഒരു ചട്ടംഉള്ളപ്പോൾ അതിനു പരമതിപ്പെടുവാനുള്ളതല്ല ഏതെങ്കിലും ഒരു ഒഴിവിൽ വക്കീലിനെ ചട്ടങ്ങൾ അനുസരിച്ചുനിയമിക്കുന്നതുമുതൽ അല്ല ന്യായമുണ്ട്. എന്നാൽഇപ്പോൾ വക്കീലന്മാരിൽ നിന്നും കീഴ്പടിയിൽ ഉള്ള നിയമ ഉദ്യോഗസ്ഥന്മാരിൽ നിന്നും ആളുകളെ തിരഞ്ഞുപിടിക്കുന്നതു മാത്രം പോരെയാണ്, അതു ആളിനെ സംബന്ധിച്ചുള്ള ഇഷ്ടനിഷ്ടങ്ങളേയും മറ്റനേകം സ്വഭാവങ്ങളേയും ആശ്രയിച്ചിരിക്കും ഈ ഏർപ്പാടിനാൽ രനിക്കലക്ഷ്യമാക്കേണ്ട സന്ദർഭങ്ങളും നഷ്ടപ്പെടുന്ന മുൻസിഫ് തന്റെ കോടിയിൽ അലസൻ ആയിരിക്കുന്നു. യുവാവായ ഒരുവക്കീലിനെ തന്റെ തലയ്ക്കുമീതെ കൂടി നിയമിക്കുന്നതിനേക്കാൾ ക്രമത്തിലധികം മനോനിലവിട്ടവനായും അസന്തുഷ്ടനായും തക്കകാരണം ജോലിയിൽ അശ്രദ്ധനായും തീർന്നിട്ടുള്ള ഒരു മുൻസിഫിനെ എനിക്കറിയാം. കേസുകൾ തീർച്ചചെയ്യുന്നതിൽ തന്റെമേലധികാരിയുടെ അപ്പീൽകൊടുക്കുന്നതിനുള്ള ഒരു പാസ്പോർട്ട് കൊടുക്കുന്നതു മാത്രമാകുന്നു എന്നുഅദ്ദേഹം പറഞ്ഞിട്ടുള്ളതായി പറയപ്പെട്ടിരിക്കുന്നു

മതിയായകയറ്റം കൊടുക്കാൻ പാടില്ല എന്നു കൂടി ഞാൻ പറയുക തന്നെ വേണം. എല്ലാ ജഡ്ജിമാരും മുൻസിഫന്മാരും ഒന്നുപോലെ കായ്ക്ഷമതയുള്ളവർ അല്ലെന്നുള്ള വിശ്വസിക്കാൻ കഴിയുന്നതല്ല. അതുകൊണ്ടുതന്നെ കയറ്റം തടയപ്പെട്ടിട്ടുള്ള ഒരു ഉദാഹരണം പോലും ഇല്ല. കയറ്റങ്ങളും സ്വയം പ്രവർത്തകമായിവന്നു കൊണ്ടേയിരിക്കുന്നു. ഡിസ്ട്രിക്ട് ജഡ്ജികളെ ഹൈക്കോടതിയിലേക്കു കയറ്റം ചെയ്യുന്നതും ഇതു സംബന്ധമായി ജനിക്കുന്നു. ഹൈക്കോടതിയിലെ അടുത്ത ഒഴിവു തനിക്കു കിട്ടുമോ എന്നു സീനിയർ ഡിസ്ട്രിക്ട് ജഡ്ജിക്കു അറിഞ്ഞുകൂടാ. ഓരോ സമുദായവും തങ്ങളുടെ അളുകൾ വേണമെന്നു വഴക്കു പറയുന്നു ഈ കാലത്തിൽ ഒരു വക്കീലിനെ നേരിട്ട ഹൈക്കോടതി ജഡ്ജിയായി നിയമിച്ചു തന്റെ അവകാശങ്ങൾ നഷ്ടമാക്കും എന്നു അദ്ദേഹം ഭയപ്പെടുന്നു. സർ, നിയമ ഡിപ്പാർട്ടുമെന്റിലേയോ ഉദ്യോഗസ്ഥന്മാർക്കു കയറ്റത്തിനുള്ള അവകാശത്തെ പറ്റി നിശ്ചയം ഉണ്ടായിരിക്കുമെന്നതല്ലെങ്കിൽ അവർക്ക മനസ്സു മടിഞ്ഞുപോകയും അവരുടെ ജോലിക്ക ഹാനി തട്ടിതുടങ്ങുകയും ചെയ്യുന്നു.

മി: വ. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രൊസിഡെണ്ടു): കഴിഞ്ഞ അഞ്ചു കൊല്ലത്തിനിടയിൽ ഒരു വക്കിലിനെ നേരിട്ടു ഹൈക്കോടതിയിലേക്കു നിയമിച്ചിട്ടുള്ളതായി എങ്കിലും ഉദാഹരണങ്ങളും ഉണ്ടോ എന്നു മിസ്റ്റർ. എം. എൻ. പിള്ളയോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അനേകം ഉദാഹരണങ്ങളും ഉണ്ടു.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ച മെംബർ): (ഡെപ്യൂട്ടി പ്രൊസിഡെണ്ടു): ഹൈക്കോടതിക്കു?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): മിസ്റ്റർ കൊച്ചുകൃഷ്ണമേനോൻ നിയമിക്കപ്പെട്ടു.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രൊസിഡെണ്ടു): അതു അനേകം കൊല്ലങ്ങൾക്കു മുമ്പായാണ്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): മിസ്റ്റർ ശേഷയ്യരെയും നിയമിച്ചു.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രൊസിഡെണ്ടു): കഴിഞ്ഞ അഞ്ചു കൊല്ലങ്ങൾക്കിടയിൽ അതും എങ്കിലും നിയമിച്ചുവൊ എന്നാണ് എനിക്കു ചോദ്യം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം). ഹൈക്കോടതിയിലേക്കു വക്കീലും നിയമിക്കപ്പെട്ടിട്ടില്ല എന്നാണു എനിക്കു തോന്നുന്നതു്.

ഹൈക്കോടതി ജഡ്ജിമാരിൽ ഒരു ക്രമപ്രകാരമായ എണ്ണം ഡിസ്ട്രിക്ടു ജഡ്ജിമാർക്കും കുറെ എണ്ണം വക്കീൽപണി നടത്തിവരുന്ന നിയമജ്ഞന്മാർക്കും കൊടുക്കണമെന്നു അതു നിർദ്ദേശിക്കുന്നതാണു്. അതു നീതിസ്ഥാനത്തിലെ ഉദ്യോഗങ്ങളിലേക്കു ആളുകളെ നിയമിക്കുന്ന തത്വത്തെ പറ്റി വാദിക്കുന്നതിനായി ഈ പ്രമേയം ഞാൻ പ്രയോഗിച്ചുകൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്വിംഗ് അഡിഷണൽ ഹെഡ്സക്കാർ വക്കീൽ): സർ, മിസ്റ്റർ എം. എൻ. പിള്ളയുടെ ഉപക്ഷേപത്തിൽ വിവിധങ്ങളായ അനേകം സംഗതികൾ കൊണ്ടു വരപ്പെട്ടിരിക്കുന്നു. അവ എല്ലാറ്റിനെയും ഒരേ ഉപക്ഷേപമായി തീർച്ചപ്പെടുത്തുന്നതു തീരെ സാധ്യമല്ല. താൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതു ജുഡിഷ്യൽ ഡിപ്പാർട്ടുമെണ്ടിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന തത്വത്തെപ്പറ്റി വാദിക്കുന്നതിനായിട്ടാണു് എന്നു പറഞ്ഞാണു് അദ്ദേഹത്തിന്റെ പ്രമേയത്തെ അദ്ദേഹം അവസാനിപ്പിച്ചതു് എന്നു എനിക്കു തോന്നുന്നു. കഴിഞ്ഞ ഉപക്ഷേപത്തിലും ആ വിഷയത്തെപ്പറ്റി ചില മെംബർമാർ സൂചിപ്പിച്ചു. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം എന്തൊ ഒരു മനോഗതി ഉള്ളതായി ഞാൻ മനസ്സിലാക്കുന്നു. ആക്ഷേപാർഹമായ സംഗതി ഇതാണു്. മിസ്റ്റർ. എം. എൻ. പിള്ളക്കു ബാറിൽ നിന്നും ആളുകളെ എടുക്കാൻ പാടില്ല എന്ന അഭിപ്രായം ഇല്ല. എന്നാൽ എപ്പോൾ ബാറിൽനിന്നു ആളുകളെ എടുക്കണം എപ്പോൾ ഉദ്യോഗത്തിൽ ഇരിക്കുന്നവരിൽ നിന്നും എടുക്കണം എന്നുള്ളതിനെ പറ്റിക്കുപുമായ ഒരു ചട്ടം ഉണ്ടായിരിക്കണം എന്നുള്ളതാകുന്നു. ബാറിൽ നിന്നും ആളുകളെ ഉദ്യോഗത്തിനു നിയമിക്കണമെന്നും നീതിന്യായ ജോലിയുടെ ഉത്തരവാദിത്തം കുറഞ്ഞുവരുന്നു എന്നും ബാറിൽ നിന്നും മതിയാകുന്നിടത്തോളം എണ്ണം ജഡ്ജിമാരായി നിയമിക്കപ്പെടാത്തതിനാൽ മതിയാകുന്നിടത്തോളം ജോലിനടത്തപ്പെടുന്നില്ല എന്നും മിസ്റ്റർ പി. കെ. നാരായണപിള്ളയും മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻ പിള്ളയും ആണെന്നു തോന്നുന്നു സൂചിപ്പിക്കയും ചൂണ്ടികാണിക്കയുംചെയ്തു. സർ, പൂച്ചകൾ തമ്മിൽ ഒരിക്കലും തീരാത്ത വഴക്കിനെ പോലെ ഇതു ഒരു വശത്തു മുൻസിഫ്മാരും മറുവശത്തു വക്കീലന്മാരും ആയുള്ള കടിപിടി കൊണ്ടു പൊട്ടാത്ത പ്രശ്നം ആകുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഡിപ്പാർട്ടുമെണ്ടിൽ ഇരുന്നു കയറ്റം കൊടുക്കപ്പെട്ട മുൻസീഫന്മാരും, ബാറിൽ നിന്നു എടുക്കപ്പെട്ട മുൻസീഫന്മാരും തമ്മിൽ ഉള്ള യോഗ്യതകളെ താരതമ്യപ്പെടുത്തി നോക്കിയാൽ എങ്ങനെയിരിക്കുന്നു എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്വിംഗ് അഡിഷണൽ ഹെഡ്സക്കാർവക്കീൽ): തീർച്ചയായ ഒരു മറുപടി പറയാൻ കഴിവുണ്ടെന്നു തോന്നുന്നില്ല. അങ്ങനെ ഒരു താരതമ്യപ്പെടുത്തൽ നടത്തിയിട്ടില്ല എന്നു എനിക്കു നിശ്ചയമുണ്ടു്. വളരെകാലശ്രേഷ്ഠിയുള്ളവരും പൊതുജനങ്ങളുടേയും ഗവണ്മെണ്ടിന്റേയും ഹൈക്കോടതിയുടേയും അഭിനന്ദനം സമ്പാദിച്ചിട്ടുള്ള വരുംആയി മുൻസീഫന്മാരായിരുന്ന ജഡ്ജിമാർ ഉണ്ടു. ഹൈക്കോതിയുടേയൊ പൊതു ജനങ്ങളുടേയൊ ഗവണ്മെണ്ടിന്റേയൊ അഭിനന്ദനം ലഭിച്ചിട്ടില്ലാത്ത വക്കീലന്മാരായിരുന്ന ജഡ്ജിമാർ ചിലർ ഉണ്ടു്. മുൻസിപ്പായിരുന്ന ഒരു ജഡ്ജി വക്കീൽ ആയിരുന്ന ജഡ്ജിയായ ഒരാളെക്കാൾ കുറെക്കൂടി നല്ലയാൾ എന്നൊ വക്കീൽ ആയിരുന്ന ജഡ്ജിയായ ഒരാൾ മുൻസീഫായിരുന്ന ജഡ്ജിയായ ഒരാളെക്കാൾ നല്ലയാൾ ആയിരിക്കുമെന്നൊ തീർച്ചയായ ഒരഭിപ്രായം പറയാൻ കഴിയുന്നതല്ല. നീതിന്യായ ഉദ്യോഗമണ്ഡലത്തിലേക്കു ബാറിൽനിന്നു ആളുകളെ എടുക്കുന്ന തത്വത്തെ ഹൈക്കോടതിയും മുൻസിപ്പന്മാരുടെ നിയമനത്തിൽ ഗവണ്മെണ്ടും സമ്മതിച്ചിരിക്കുന്നു. മുൻസീഫന്മാരിൽ നേർപകുതി എണ്ണവും ബാറിൽ നിന്നു എടുക്കപ്പെട്ടവരുന്നു. യോഗ്യതയുണ്ടെന്നു കാണുന്നേടത്തോളം ജഡ്ജി സ്ഥാനംതന്നക്കം ബാറിൽനിന്നു ആളുകളെ എടുത്തുവരുന്നുണ്ടു്. ബാറിലുനിന്നു നിയമപകുപ്പിലെ ഉദ്യോഗമണ്ഡലത്തിലേക്കു ആളുകളെ എടുത്തിട്ടില്ല എന്നുപറയുന്നതു ശരിയായ ഒരാക്ഷേപം ആണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബാറിൽനിന്നു നേരിട്ടു നിയമിക്കപ്പെട്ട ഡിസ്ട്രിക്ടു ജഡ്ജികളുടെ എണ്ണം എത്രയാണെന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്വിംഗ് അഡിഷണൽ ഹെഡ്സക്കാർപക്കീൽ): അനേകം ഉണ്ടു്. ഈയിടയും ഒരു ഉദാഹരണം ഉണ്ടായിരുന്നു

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ ഒറ്റ ഉദാഹരണം അല്ലാതെ വേറെ എത്രെങ്കിലും ഉദാഹരണം ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്വിഷണൽ ഹെഡ്സക്കാർവക്കീൽ): രണ്ടാം ജഡ്ജികൾ ഉൾപ്പടെ അനേകം ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ടു്. ഡിസ്ട്രിക്ടു ജഡ്ജി ജോലിക്കുള്ളിടയിലും ഇതിനുമുമ്പിൽ ബാറിൽ

നിന്നും നേരിട്ട ആ ജഡ്ജികളെ എടുത്തിട്ടുണ്ട്. അതു എണ്ണത്തിൽ കുറവായിരിക്കാം. നിയമ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരിലേക്ക് രണ്ടോ മൂന്നോ പേരിൽ വക്കീലന്മാരിൽനിന്നും നേരിട്ട ജഡ്ജികളെ നിയമിച്ചിട്ടുള്ള ഉദാഹരണങ്ങളും ഉണ്ടായേക്കാം ഉണ്ട്.

നിയമ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരിൽ എല്ലാവരെയുംപോലും ജഡ്ജികളിലേക്കും ജഡ്ജികളെ നിയമിക്കുന്നതിനെ പറ്റി ഇപ്പോഴുള്ള ഒരു ചട്ടം ഉണ്ടാക്കിയിട്ടിട്ടില്ല എന്നുള്ളതായിരിക്കും വാസ്തവമായ ആക്ഷേപം. എന്നാൽ ഈ വിഷയത്തിൽ ഉയർന്ന സ്ഥാനങ്ങളിലെക്കുള്ള നിയമനവിഷയത്തിൽ വ്യക്തമായ ഒരു ചട്ടം ഏർപ്പെടുത്തുന്നതു വിഹിതമോ സാധ്യമോ ആണെന്നു ഞാൻ വിചാരിക്കുന്നില്ല. നിയമനം ചെയ്യേണ്ടതാരാണെന്നുള്ള വിഷയത്തിൽ അതിനും ആളിന്റെ ഗുണം അനുസരിച്ചു തിരഞ്ഞെടുക്കുന്നതിനും ഇടയുണ്ടായിരിക്കണം. കൃത്യമായ ഒരു ചട്ടം ഇല്ലെന്നുവരുകിലും ബാറിനെ ഹാനിതട്ടീട്ടുണ്ടെന്നു പറയാൻ പാടില്ല. കാര്യം ഈ വിധത്തിലായിരിക്കെ ആളുകളെ എടുക്കുന്ന രീതിയെ ആക്ഷേപിക്കുന്നതു ശരിയായിട്ടുള്ളതല്ല എന്നു എനിക്കു തോന്നുന്നു. ജഡ്ജിസ്ഥാനത്തിനു ആളുകളെ നിയമിക്കുന്ന വിഷയത്തിൽ ബാറിനു എന്തുഭാഗവും ഉദ്യോഗത്തിൽ ഇരിക്കുന്നവർക്കു എന്തു ഭാഗവും കൊടുക്കണമെന്നു ഒരു ചട്ടം ഉണ്ടാക്കുന്നതിനെ പറ്റി സഭ കാര്യമായി കരുതുകയാണെങ്കിൽ അതു ഗവണ്മെന്റും ഹൈക്കോടതിയും പര്യാലോചിക്കുന്നതും ഈ സഭയിൽ ഉള്ള വാദത്തെ ഹൈക്കോടതിയുടെ പര്യാലോചനത്തിനായി അയച്ചുകൊടുക്കാവുന്നതും ആകുന്നു.

കഴിഞ്ഞ ഹൈക്കോടതി റെഗുലേഷൻ പാസാക്കിയതിൽ പിന്നീടു എത്രകോടതികളും പരിശോധിക്കപ്പെട്ടിട്ടിരിക്കുന്നു എന്നുള്ള ഏകവിഷയത്തെ ഒഴിച്ചു മറ്റുള്ള വിഷയങ്ങളെ സംബന്ധിച്ചിടത്തോളം മിസ്റ്റർ എം- എൻ. പിള്ള എന്നിൽനിന്നും മറുപടി വല്ലതും കിട്ടണമെന്നു കരുതുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. ഈ പ്രശ്നത്തെ അദ്ദേഹം നിർദ്ദിഷ്ടമായ ഒന്നായി ഉദ്ദിഷ്ടിച്ചിരുന്നാൽ എത്രകോടതികളും പരിശോധിക്കപ്പെട്ട എന്നു തീർച്ചയായിപറയാൻ എനിക്കു കഴിയുമായിരുന്നു. ഇപ്പോഴും ഈയ്യിടെ ഒരു ഹൈക്കോടതിജഡ്ജി തിരുവനന്തപുരത്തുള്ള കീഴ്തരം കോടതികളെ പരിശോധിച്ചതായി എനിക്കറിയാം എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. അദ്ദേഹം പരിശോധനത്തിനായി അഞ്ചോ ആറോ ദിവസം ചിലവാക്കി. അദ്ദേഹം തെറ്റുകളെ എല്ലാം നോട്ടുചെയ്തിരിക്കും. അങ്ങനെ ചെയ്തിരുന്നു എങ്കിൽ നിശ്ചയമായും അദ്ദേഹം അവയെ ശരിപ്പെടുത്തിയിരിക്കും. അതു കോടതികൾക്കു തന്നെയും കക്ഷികളായ പൊതുജനങ്ങൾക്കും ഗുണകരമായിരിക്കും. സന്ദർഭങ്ങൾ വരുമ്പോൾ ഹൈക്കോടതിജഡ്ജിമാർ മറ്റു കോടതികളേയും പരിശോധിക്കും എന്നു എനിക്കനിശ്ചയമുണ്ട്. ഈ വിഷയത്തെപറ്റി ഹൈക്കോടതിവേണ്ടതുപോലെ നടപടി നടത്തിക്കൊള്ളും എന്നു മാത്രമെ എനിക്കു പറയാൻ കഴിയുകയുള്ളു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): കോടതികൾക്കു വ്യത്തിയുള്ളിടത്തോളം ഏറവും കുറഞ്ഞ താമസത്തോടുകൂടി കേസുകൾ തീർച്ചചയ്യാൻ കഴിയുന്നതല്ലയോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്വക്കേറ്റ് ജനറൽ അഡിഷണൽ ഹൈക്കോർട്ട് സക്കാർവക്കീൽ): മിസ്റ്റർ സുബ്ബയ്യർമുന്നൊരവസരത്തിൽ പറഞ്ഞതുപോലെ ഇതു പ്രധാനമായ ഒരു വിഷയം ആകുന്നു. ഈ വിഷയം "നിയമത്തിന്റെ താമസ"ങ്ങളെ പറ്റി വിചാരണനടത്താൻ ബ്രിട്ടീഷ് ഗവണ്മെന്റിൽ നിന്നും നിയമിച്ച ഒരു കമ്മിറ്റിയുടെ ശ്രദ്ധയിൽ പതിഞ്ഞിരിക്കുന്നു. അവരുടെ റിപ്പോർട്ടിനെ അവിടെയുള്ള അധികാരികൾ ശ്രദ്ധിച്ചുവരുന്നു. നമ്മുടെ രീതി ബ്രിട്ടീഷ്ഇൻഡ്യയിൽ നടപ്പിലിരിക്കുന്ന രീതിയിന്മേൽ സ്ഥാപിതമായിരിക്കുന്നതിനാൽ ആ മാതിരിയിൽ ഉള്ള ഒരു കമ്മിറ്റിയെ ഇവിടെ നിയമിക്കുന്നതു വലിയ ചിലവുള്ളതും ആവശ്യമില്ലാത്തതും ആണ് ബ്രിട്ടീഷ് രീതിക്കു എന്തെങ്കിലും മാറ്റം വരേണ്ടതായിരിക്കുമ്പോൾ അവർ ഒരു തീർച്ചയിൽ എത്തുന്നതുവരെ നാം കാത്തിരിക്കുന്നതു നന്നായിരിക്കും അതിൽ പിന്നീടു ആ രീതിയെ നമുക്കും സ്വീകരിച്ചുകൊള്ളുന്നതോ എന്നതിനെ പറ്റി നമുക്കു ആലോചിക്കാം. അതേവരെ ഈ വിഷയത്തിൽ എന്തെങ്കിലും അഭിപ്രായം പറയുന്നതിനു തീരെ കാലമായിട്ടില്ല എന്നു എനിക്കു തോന്നുന്നു. പ്രത്യേകിച്ചും ബ്രിട്ടീഷ്ഇൻഡ്യയിൽ എന്തോ പരിഷ്കാരംവരാൻ പോകുന്നതുകൊണ്ടു എതെങ്കിലും നടപടിനടത്തുന്നതു ന്യായമായിരിക്കുകയില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഒഴിവിനിടയിൽ കീഴ്കോടതികളെ പരിശോധിക്കുന്നതു തൃപ്തികരമായിരിക്കുന്നതെന്നോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്വക്കേറ്റ് ജനറൽഹൈക്കോർട്ട്സക്കാർവക്കീൽ): അതു തൃപ്തികരമായോ അല്ലാതെയോ ഇരിക്കാം. അവധിക്കിടയിൽ കോടതികളെ പരിശോധിക്കുന്നതു മതിയാകുന്നതല്ല എന്നു വിചാരിക്കപ്പെട്ടു അതുകൊണ്ടു പരിശോധനത്തിനായി ഹൈകോടതിയും ഉള്ള കാലത്തു ജഡ്ജിമാർ കീഴ്കോടതികളിലേക്കു പോകേണ്ടതാണെന്നും ഹൈക്കോടതി റെഗുലേഷൻ ഭേദഗതിപ്പെടുത്തപ്പെട്ടു. ആവശ്യമാണെന്നു വരുകിൽ അവർക്കു മുന്നറിവുകൊടുക്കാതെയുള്ള സന്ദർശനങ്ങളും നടത്തുവുന്നതാണ്. ഈ രീതിയാൽ കോടതികൾ എങ്ങനെ ജോലിനടത്തുന്നു എന്നു അവർക്കു കണ്ടുപിടിച്ചുകൊള്ളാവുന്നതാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഹൈക്കോടതിജഡ്ജിമാർ എത്ര പരിശോധനകളും നടത്തി എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്വക്കേറ്റ് ജനറൽ ഹൈക്കോർട്ട് സക്കാർ വക്കീൽ): വിഷയത്തിന്റെ ഈ ഭാഗത്തെ മിസ്റ്റർ എം. എൻ. പിള്ള പ്രത്യേകമായി ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നില്ല എന്നു ഞാൻ പറഞ്ഞു. അതുകൊണ്ടു ഇപ്പോൾ കൃത്യമായ മറുപടിപറയാൻ കഴിയുന്നതല്ല. എന്നാൽ ഒരു ജഡ്ജി തിരുവനന്തപുരത്തുള്ള കീഴ്തരം കോടതികളെ എല്ലാം പരിശോധിച്ചു എന്നു എനിക്കു അറിയാം.

മി: വി. സുബ്ബയ്യർ (ഗവർണ്മെന്റ് നിയമിച്ചമെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ട്): സർ, മിസ്റ്റർ എം. എൻ. പിള്ള അവർകളുടെ വാളന്തര നിയമ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗമണ്ഡലത്തിലേക്കു ആളുകളെ എടുക്കുക, കയറ്റംകൊടുക്കുക എന്നീ രണ്ടു വിശാലതത്വങ്ങളിന്മേൽ സ്ഥാപിച്ചു നീതിന്യായ ഡിപ്പാർട്ടുമെന്റു പ്രവർത്തനത്തിന്റെ ചില ഭാഗങ്ങളെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

ആളുകളെ നിയമിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഇരിക്കുന്ന ചട്ടം മുൻസിഫന്മാരെ ബാറിൽ നിന്നും നേരിട്ടോ അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റിൽ ഉള്ളവരിൽ കയറ്റം കൊടുത്തോ നിയമിക്കണം എന്നുള്ളതാണ്. ഒന്നു കഴിഞ്ഞ അടുത്തായ ഒരേ നിയമനവും വകുപ്പിലുള്ള നൽകപ്പെടുന്നു. മുൻസിഫ് ഉദ്യോഗം സ്വീകരിക്കുന്ന ഒരു വക്കീൽ പ്രാക്ടീസു എന്ന പേരിനു അഹമ്മദുള്ളിടത്തോളം നടപ്പുള്ളതല്ലാത്ത ആറും ആയിരിക്കും എന്നു പറഞ്ഞതു തീരുമാനിച്ചു അല്ലാതെയുള്ള പ്രവൃത്തിപരിചയം ധാരാളമായി ഉണ്ടായിരിക്കയില്ല എന്ന അഭിപ്രായത്തിനു ഇടക്കിടയ്ക്കു പറയാവുന്നതാണ്. ഡിപ്പാർട്ടുമെന്റിൽ നിന്നു ആളുകളെ എടുക്കുന്ന വിഷയത്തിൽ അല്ല കക്ഷിയാവുന്നതു. എന്തുകൊണ്ടെന്നാൽ വക്കീലന്മാരെ സംബന്ധിച്ചിടത്തോളം അവരെ ഹൈക്കോടതി വക്കീലന്മാരായി ചേർക്കുന്നതു മുഖേന അവർ സിവിൽ നടപടി നിയമം ക്രിമിനൽ നടപടി ന്യായവും പരിക്ഷകളും ജയിച്ചിട്ടുണ്ടായിരിക്കും എന്നതു സാധാരണമായി മുൻസിഫന്മാരായി നിയമിച്ചുവരുന്നുമുണ്ടു.

ഡിപ്പാർട്ടുമെണ്ടിൽനിന്നും നിയമിക്കപ്പെടുന്നവരെപ്പറ്റി പറയുന്നതായാൽ അവർക്കു ഉദ്യോഗസംബന്ധമായ കണക്കുകൾ കൈകാര്യം ചെയ്കയും അവർ അതിനാൽ അവസാനടപടി നടത്തുകയും ചെയ്യുന്നതിനാൽ കോടതികളിൽ ഉള്ള നടപടികളെ എല്ലാം അറിയാം എന്നു ചിലപ്പോൾ വാദിക്കപ്പെട്ടിട്ടുണ്ടു. ഇതു അനാശാസ്യമാണെന്നു ഞാൻ വിചാരിക്കുന്നു. ഓരോ ചട്ടത്തിനും വ്യത്യസ്തം ഉള്ളതുപോലെ ഈ ചട്ടത്തിനും വ്യത്യസ്തം ഉണ്ടായിരിക്കാം. എന്റെ അഭിപ്രായം പറയുന്നതായാൽ മുൻസിപ്പന്മാരുടെ നിയമനത്തിൽ മൂന്നിലൊരു ഭാഗവും വക്കീലന്മാർക്കു ബാക്കി മൂന്നിൽ ഒന്നുമാത്രം ഡിപ്പാർട്ടുമെൻറിൽ ഉള്ളവർക്കും ചെല്ലുന്നതാണ്.

ഡിസ്ട്രിക്ട് ജഡ്ജികളെപ്പറ്റിയുള്ള അടുത്ത പ്രതിയത്തിലേക്കു കടന്നാൽ മുൻസിഫന്മാർക്കു കയറ്റം കൊടുക്കുന്നില്ല എന്നും ബാറിൽനിന്നും നേരിട്ടു ആളുകളെ ആക്കിട്ടുണ്ടു എന്നും മിസ്റ്റർ എം. എൻ. പിള്ള ചൂണ്ടിക്കാണിച്ചു. ഡിസ്ട്രിക്ട് കോടതിക്കായാലും ഹൈക്കോടതിക്കായാലും ജഡ്ജിമാരെ നിയമിക്കുന്നതു കയറ്റങ്ങൾ കൊടുക്കുന്നതുകൊണ്ടുമാത്രം വേണ്ടതാകുന്നു പറയുന്നതിനുള്ള സമയം ഇപ്പോൾ വളരെ അതിക്രമിച്ചുപോയി എന്നു ഞാൻ അദ്ദേഹത്തിനോടു പറഞ്ഞുകൊള്ളട്ടെ. വക്കീൽപണിയിൽ നടപ്പു ഇല്ലാത്ത ഒരാൾ മുൻസിഫായി ജോലിയിൽ ചേർന്നുകഴിഞ്ഞാൽ അദ്ദേഹത്തിനു യോഗ്യതയുണ്ടെങ്കിലും ഇല്ലെങ്കിലും സ്വഭാവേനതന്നെ ഹൈക്കോർട്ടു ജഡ്ജിയോ ഡിസ്ട്രിക്ട് ജഡ്ജിയോ സ്ഥാനത്തിൽ എത്തുന്നതിനു അയാൾ മോഹിക്കുകതന്നെവേണം. അതുകൊണ്ടു നേരിട്ടു കയറ്റം കൊടുക്കുന്നതിനെക്കാൾ ബാറിൽനിന്നു ഉദ്യോഗത്തിനു ആളെ എടുക്കുന്നതു കുറേക്കൂടി അടുത്തടുത്തായി ചേരുന്നതാകുന്നു എന്നുള്ള ഗുണകരമായ തത്വം എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇതുസംബന്ധമായി ഇംഗ്ലണ്ടിൽ ജഡ്ജിസ്ഥാനം സ്വീകരിക്കുന്ന ഒരാൾക്കു ബാർഡ് ചീഫ് ജസ്റ്റിസായി വരാമെന്നു പ്രതീക്ഷിക്കാൻ പാടില്ല എന്നുള്ള പരമാർത്ഥത്തെ ഞാൻ സഭയെ അറിയിച്ചുകൊള്ളട്ടെ. ബാർഡുചീഫ് ജസ്റ്റിസ ഉദ്യോഗത്തിനു എല്ലായ്പോഴും ബാറിൽനിന്നുമാത്രമെ ആളെടുക്കപ്പെടുന്നുള്ളു. അതുകൊണ്ടു നീതിന്യായ ഡിപ്പാർട്ടുമെണ്ടിൽ നവജീവൻ പകരുന്നതിനായി ബാറിൽനിന്നും നേരിട്ടു ആളുകളെ നിയമിക്കുന്നതു അധികം അടുപ്പിച്ചായിരിക്കേണ്ടതാകുന്നു. ആ രീതി സ്വീകരിക്കുന്നതിനാൽ മടിയന്മാരായ ആളുകൾക്കു കയറ്റം കിട്ടുന്നതിനുള്ള സന്ദർഭങ്ങൾ ഇല്ലാതാകും. മിസ്റ്റർ എം. എൻ. പിള്ള പറയുന്നതുപോലെ ഉദ്യോഗസ്ഥൻ അസംതൃപ്തനായിപോയിച്ചു മടിയനായിതീരും. ഒരു ഡിസ്ട്രിക്ട് ജഡ്ജിയാകുമ്പോൾ അദ്ദേഹം വളരെ വലുതും ഹൈക്കോടതിജഡ്ജിയാകുമ്പോൾ വളരെ വലുതും ആയിതീരും. കാര്യം അങ്ങിനെയിരിക്കെ ബാറിൽനിന്നു നിയമിക്കപ്പെടുന്ന ഒരു ജഡ്ജിയോടും ജോലിചെയ്യിക്കുന്നതിനു അദ്ദേഹത്തിനു സാദ്ധ്യമായിരിക്കയില്ല എന്നതുതന്നെമല്ല ഡിസ്ട്രിക്ട് ജഡ്ജിയായി കയറ്റം കൊടുക്കപ്പെട്ട ഒരു മുനിസിപ്പിനു ലാറിപ്പോർട്ടുകൾ നോക്കുന്നതിനും അപ്രകാരം തിയമസംബന്ധമായി ഏറ്റവും ആധുനികമായ നിയമങ്ങളെ മനസ്സിലാക്കുന്നതിനും സമയം ഇല്ലാതിരിക്കുകയും അതുകൊണ്ടു തന്റെ ജോലിക്കളെ വേഗത്തിൽ ചെയ്യിക്കുന്നതിനു കഴിവില്ലാതിരിക്കുകയും ചെയ്യും.

എന്റെ സ്നേഹിതനായ മിസ്റ്റർ എം. എൻ പിള്ള പരാതിപ്പെട്ടതുപോലെ യന്ത്രത്തിലുള്ള കയറ്റം കൊടുക്കൽ ഉണ്ടായിരിക്കുന്നുണ്ടു. ഓരോ മുൻസിഫിനും ഡിസ്ട്രിക്ട് ജഡ്ജിയായും ഓരോ ഡിസ്ട്രിക്ട് ജഡ്ജിക്കും ഹൈക്കോടതിജഡ്ജിയായും കയറ്റം കൊടുക്കണമെന്നുള്ള അഭിപ്രായത്തിന്റെ വാദം. കായ്ശേഷിയുള്ള മുൻസിഫന്മാരെ ഡിസ്ട്രിക്ട് ജഡ്ജിമാരായും കായ്ശേഷിയുള്ള ഡിസ്ട്രിക്ട് ജഡ്ജിമാരെ ഹൈക്കോടതിജഡ്ജിമാരായും കയറ്റംചെയ്യണം എന്നുള്ള വിഷയത്തിൽ ഞാൻ മിസ്റ്റർ എം. എൻ. പിള്ളയോടു പൂർണ്ണമായി യോജിക്കുന്നു, ഞാൻ ഇതിനെ ചില ഹൈക്കോടതി ജഡ്ജിമാരോടു പറഞ്ഞപ്പോൾ അവർക്കു ഒരു ഉൾവിടം ഉള്ളതായി അവർ പറയുകയുണ്ടായി. നായരോ ക്രിസ്ത്യനോ ആയ ഒരാളിനെക്കാൾ മുകളിൽ വേറെ ഒരാളിനെ നിയമിക്കുന്നതായാൽ ഹൈക്കോടതിയിൽ ഉള്ളവരെപ്പറ്റി വിവിധദോഷാരോപണങ്ങൾ ചെയ്യപ്പെടുന്നു എന്നുള്ളതാണ് ഉൾവിടം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ചെയ്യുതീർക്കുന്നജോലിയെ താരതമ്യപ്പെടുത്താൻ കഴിയുകയില്ലയോ.

മി: വി. സുബ്ബയ്യർ (ഗവർൺമെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ടു്): ചെയ്യുതീർക്കുന്ന ജോലിയെമാത്രം കണക്കാക്കുമ്പോൾ അതു പൂർണ്ണമായും സാദ്ധ്യമായിരിക്കയില്ല. ജോലിയുടെ ഗുണദോഷങ്ങളെക്കുറിച്ചു രണ്ടിനെക്കണ്ടതായുണ്ടു്. അതു മറ്റുചില സംഗതികളേയും ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു ഈ പ്രശ്നത്തിനു കായ്വശാൽ ഉള്ള പ്രയാസങ്ങൾ ഉണ്ടു്. കയറ്റംകൊടുക്കാനുദ്ദേശിച്ചിരിക്കുന്ന ആൾ അന്യോദ്യോഗസ്ഥനോ ആരുടെമേൽ കയറിവിശ്വസിക്കാൻ പോകുന്നവനോ ആ ആൾ ഒരു നായരോ ക്രിസ്ത്യനോ ബ്രാഹ്മണനോ ആയിരിക്കട്ടെ. വർത്തമാനപത്രങ്ങളിൽനന്നും ഇന്നയാളിനെ വിശ്വസിച്ചു ഒരാൾക്കു കയറ്റം കൊടുക്കാൻപോകുന്നു എന്നു ഒരു മുറവിളി കേൾക്കുന്നുണ്ടു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ഒരു ഉപദേശംചെയ്യുന്നതിനു അനുവദിക്കുന്നതായാൽ കായ്ക്ഷമമായ ജോലിചെയ്യുന്ന ആളുകൾക്കു കയറ്റംകൊടുക്കണം എന്നു ഒരു പ്രത്യേകചട്ടം നിർമ്മിക്കണം എന്നു ഞാൻ സൂചിപ്പിക്കാം.

മി: വി. സുബ്ബയ്യർ (ഗവണ്മെണ്ടു് നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രെസിഡണ്ടു്): ഞാൻ എന്റെ സ്നേഹിതനോടു പൂർണ്ണമായ് യോജിക്കുന്നു. എന്നാൽ കായ്ക്ഷമമായ ജോലി എന്നാണെന്നു തീർച്ചപ്പെടുത്തുന്നതിനു് ആണ് പ്രയാസം. ഞാൻ പറഞ്ഞതുപോലെ ഏതെങ്കിലും ഒരു സമുദായത്തിൽപെട്ട ഒരു ആളിന്റെ മകളുടെ വേറെ ഒരാളിനെ നിയമിക്കുമ്പോൾ വ്യത്യസ്തപ്പെട്ട ആൾ വാസ്തവത്തിൽ കായ്ക്ഷമതയുള്ള ആൾ ആണെന്നും വളരെ സന്തുഷ്ടനായ മാതാപിതാക്കന്മാരുടെ മകനാണെന്നും അങ്ങനെയുള്ള ഒരാളിനെ വേറെ ഒരാൾക്കു അനുകൂലമായി വിധിച്ചു് കഴിഞ്ഞാൽ ഒരു വ്യത്യാസം ഉണ്ടാകും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആക്ഷേപങ്ങളൊന്നുമില്ലെങ്കിൽ ഹൈക്കോടതി അവരുടെ ജോലിയെ ചെയ്യുവാൻ തക്കതാകുന്നില്ല എന്നാണോ അങ്ങേഹം പറയുന്നതു്?

മി: വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ടു്): നിശ്ചയമായും അങ്ങനെയല്ല. എന്നാൽ ആ സ്ഥിതിക്കും അനുസരിച്ചു പ്രയാസമായിരിക്കും. കയറ്റങ്ങളും കൊടുക്കുന്നവിഷയത്തിൽ പോലും ഓരോ സമുദായത്തിലുംപെട്ട ആളെ ഉണ്ടായിരിക്കണം എന്ന വഴക്കിനെ പരമാവധിയാകര നടത്താതിരുന്നാൽ നാൻപൂർണ്ണമായും സന്തുഷ്ടൻ ആയിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ വഴക്കു പ്രഥമമായുള്ള നിയമനങ്ങളെസംബന്ധിച്ചുമാത്രമെയുള്ളു എന്നാണു എനിക്കു തോന്നുന്നതു്.

മി: വി. സുബ്ബയ്യർ (ഗവണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ടു്): ഓരോ വിഷയത്തിലും അങ്ങനെ മാത്രമെ സംഭവിച്ചു കാണുന്നുള്ളു എന്നു ഞാൻ ഉറപ്പിച്ചുപറയാം. അതു പ്രഥമനിയമനങ്ങളുടെകാര്യത്തിൽ അപ്രസക്തമാണു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഹൈക്കോടതി ജഡ്ജിമാരുടെ നിയമനവിഷയത്തിൽ ഹൈക്കോടതി ജഡ്ജിമാർക്കുതന്നെ വല്ലതും പറയാൻ അവകാശം ഉണ്ടോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: വി. സുബ്ബയ്യർ (ഗവർണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ടു): ഇല്ല; അവർക്കു അധികാരം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ഹൈക്കോടതിയെസംബന്ധിച്ചിടത്തോളം ബാറിൽനിന്നും നേരിട്ടു ആളുകളെ നിയമിക്കേണ്ടതാണു്. ഇതുവരെ ആരെയും നേരിട്ടു നിയമിച്ചിട്ടില്ല. ഹൈക്കോടതി ജഡ്ജി ഉദ്യോഗത്തെ സംബന്ധിച്ചിടത്തോളം ബാറിൽനിന്നു നേരിട്ടു ആളാക്കുന്നതു വളരെ ആശാസ്യം ആണു്.

മി: എം. എൻ. പിള്ള ചൂണ്ടിക്കാണിച്ച പരിശോധനയെ സംബന്ധിച്ചാകട്ടെ ഹൈക്കോടതി റെഗുലേഷനെ പാസാക്കി എങ്കിലും മുൻപു നിശ്ചയിച്ചിരുന്നതുപോലെ ജഡ്ജിമാർ സഞ്ചരിച്ചില്ല എന്നു വിചാരിക്കുന്നതിൽ ഞാൻ അങ്ങേഹത്തിനോടു യോജിക്കുന്നു. കീഴ്ത്തരം നിയമ ഉദ്യോഗസ്ഥന്മാർക്കിടയിൽ വല്ലതും ജോലി ചെയ്യുന്നതിൽ അലസത ഉണ്ടെന്നുവരുകിൽ അവയെ ശരിപ്പെടുത്തുന്നതിനായി അവർ കീഴ്കോടതികളെ കൂടെക്കൂടി അടുപ്പിച്ചു പരിശോധിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ എം. എൻ. പിള്ളയുടെ ഉപദേശപത്തെ പൂർണ്ണമായിട്ടല്ലെങ്കിലും ഏറെ ഓർവും ഞാൻ പിൻതാങ്ങുന്നു. നിയമഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗമണ്ഡലത്തിലെക്ക ആളുകളെ എടുക്കുന്നതും നിയമിക്കുന്നതും ആയ ഈ വിഷയം മിസ്റ്റർ ടി. കെ. വേലുപ്പിള്ളയുടെ പ്രേരണയിന്മേൽ മുമ്പാരവസരത്തിൽ അതി ലീലമായി ഈ സഭയിൽ വാഴിക്കപ്പെട്ട. ആ മഹാൻ തിരുവിതാംകോട്ട ഹൈക്കോടതി ന്നോംജഡ്ജി ഉദ്യോഗത്തിനു ബാറിലുനിന്നു ഒരാളെ നേരിട്ടു എടുത്തു നിയമിക്കേണ്ടതിനുള്ള ആവശ്യകതയെ ചൂണ്ടിക്കാണിച്ചു. പ്രത്യേകിച്ചും മറ്റുള്ള ജഡ്ജിമാരുടേയും നീതിന്യായഡിപ്പാർട്ടുമെണ്ടിലെ മറ്റു ജീവനക്കാരുടേയും അവകാശങ്ങൾക്കു ഹാനിവരാൻ ഇടയുള്ളതിനെ കരുതി ഇങ്ങനെ ഒരു നടപടി സ്വീകരിക്കുമോ എന്നുള്ളതിനെപ്പറ്റി ഞങ്ങൾക്കു സംശയം ഉണ്ടായിരുന്നു. ചാർഡ്ചീഫ് ജസ്റ്റിസിനെ ബാറിൽനിന്നു നിയമിക്കുന്നതായ ഇംഗ്ലണ്ടിലെ നടപടിയെ ഇന്നു മിസ്റ്റർ സുബ്ബയ്യർ ഉദ്ധരിച്ചു കേട്ടതു ആശ്വാസകരമായിരിക്കുന്നു.

പ്രസിഡെണ്ടു്: എല്ലായ്പ്പോഴും അങ്ങനെയല്ല ഇപ്പോഴത്തെ ചാർഡു ചീഫ് ജസ്റ്റിസിനെ ജഡ്ജിമാരിൽ നിന്നു അല്ല നിയമിച്ചതു്.

മി: വി. സുബ്ബയ്യർ (ഗവർണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രെസിഡെണ്ടു): വ്യത്യസ്തമായി ഇതൊരുദാഹരണം മാത്രമേ ഉള്ളു എന്നു തോന്നുന്നു മുമ്പാരിക്കലും അങ്ങനെ നടപ്പുണ്ടായിരുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ചീഫ് ജസ്റ്റിസിനെ വക്കീലന്മാരിൽ നിന്നു നേരിട്ടു നിയമിക്കുന്നതിനാൽ വളരെ കാര്യങ്ങൾക്കു ലാഭം ഉണ്ടെന്നു എനിക്കുതോന്നുന്നു. ഒരു ഗുണം എന്തെന്നാൽ ജഡ്ജിയായി തീരുന്ന വ്യക്തിക്കു കക്ഷികളുടെ കക്ഷ്യതകളെ മനസ്സിലാക്കാൻ കഴിയും എന്നുള്ളതാണ്.

മറ്റുള്ള സ്ഥലങ്ങളിൽ എന്നപോലെ നിതിന്യായഉദ്യോഗത്തിൽ ഇരിക്കുന്ന ജഡ്ജിമാരും ഉദ്യോഗസ്ഥന്മാരും മാറ്റാവ്യാലുകളിൽ പതിക്കുന്നതിനു ഇടയുണ്ടു്. വക്കീൽപണി നടത്തിവന്ന ഒരു നിയമജ്ഞനെ ജഡ്ജിയായി നിയമിക്കുമ്പോൾ അയാൾപോലും കാലക്രമേണ തന്റെ ജോലി നിർവ്വഹണവിഷയത്തിൽ ചില സൂത്രശീലങ്ങൾ അഭ്യസിച്ചുപോകയും അവ അദ്ദേഹത്തെ ഒരു നിശ്ചിത നിർവ്വഹണ രീതിയിൽ ഉറപ്പിക്കയും ചെയ്യുന്നു. പെട്ടെന്നു വക്കീൽപണിയിൽനിന്നും ജഡ്ജിയായി വീരുന്ന ഒരാൾക്കു വ്യവഹാരം പറയാൻ വരുന്ന പൊതുജനങ്ങളുടെ കക്ഷ്യതകളേയും നീതിന്യായപ്രവൃത്തിയിൽ വരുത്തേണ്ട പരിഷ്കാരങ്ങളേയും അധികം നല്ലവണ്ണം മനസ്സിലാക്കാൻകഴിയും. ഉദാഹരണമായി നീതിസമ്പാദനത്തിന്റെ താമസങ്ങളെപ്പറ്റി നാം പറയുകയാണുണ്ടായതു. അതിന്റെ പരിഹാരവും ഉണ്ടു് ചില ജഡ്ജിമാർ തെളിവുകൊടുക്കുന്നതിനു അവസരം കൊടുക്കുകയും അനുമിത്തം കേസിന്റെ വാസ്തവനിലയെ കാണിക്കുന്നതിനു ഇടകൊടുക്കാതെയും അതിവേഗത്തിൽ തീർച്ചപ്പെടുത്തുന്നതുമായിരിക്കുമോ എന്നുള്ളതിനെപ്പറ്റി ഞങ്ങൾക്കു സംശയം ഉണ്ടായിരുന്നു. ചാർഡ്ചീഫ് ജസ്റ്റിസിനെ ബാറിൽനിന്നു നിയമിക്കുന്നതായ ഇംഗ്ലണ്ടിലെ നടപടിയെ ഇന്നു മിസ്റ്റർ സുബ്ബയ്യർ ഉദ്ധരിച്ചു കേട്ടതു ആശ്വാസകരമായിരിക്കുന്നു.

പ്രസിഡെണ്ടു്: എല്ലായ്പ്പോഴും അങ്ങനെയല്ല ഇപ്പോഴത്തെ ചാർഡു ചീഫ് ജസ്റ്റിസിനെ ജഡ്ജിമാരിൽ നിന്നു അല്ല നിയമിച്ചതു്.

മി: വി. സുബ്ബയ്യർ (ഗവർണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രെസിഡെണ്ടു): വ്യത്യസ്തമായി ഇതൊരുദാഹരണം മാത്രമേ ഉള്ളു എന്നു തോന്നുന്നു മുമ്പാരിക്കലും അങ്ങനെ നടപ്പുണ്ടായിരുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ചീഫ് ജസ്റ്റിസിനെ വക്കീലന്മാരിൽ നിന്നു നേരിട്ടു നിയമിക്കുന്നതിനാൽ വളരെ കാര്യങ്ങൾക്കു ലാഭം ഉണ്ടെന്നു എനിക്കുതോന്നുന്നു. ഒരു ഗുണം എന്തെന്നാൽ ജഡ്ജിയായി തീരുന്ന വ്യക്തിക്കു കക്ഷികളുടെ കക്ഷ്യതകളെ മനസ്സിലാക്കാൻ കഴിയും എന്നുള്ളതാണ്.

മറ്റുള്ള സ്ഥലങ്ങളിൽ എന്നപോലെ നിതിന്യായഉദ്യോഗത്തിൽ ഇരിക്കുന്ന ജഡ്ജിമാരും ഉദ്യോഗസ്ഥന്മാരും മാറ്റാവ്യാലുകളിൽ പതിക്കുന്നതിനു ഇടയുണ്ടു്. വക്കീൽപണി നടത്തിവന്ന ഒരു നിയമജ്ഞനെ ജഡ്ജിയായി നിയമിക്കുമ്പോൾ അയാൾപോലും കാലക്രമേണ തന്റെ ജോലി നിർവ്വഹണവിഷയത്തിൽ ചില സൂത്രശീലങ്ങൾ അഭ്യസിച്ചുപോകയും അവ അദ്ദേഹത്തെ ഒരു നിശ്ചിത നിർവ്വഹണ രീതിയിൽ ഉറപ്പിക്കയും ചെയ്യുന്നു. പെട്ടെന്നു വക്കീൽപണിയിൽനിന്നും ജഡ്ജിയായി വീരുന്ന ഒരാൾക്കു വ്യവഹാരം പറയാൻ വരുന്ന പൊതുജനങ്ങളുടെ കക്ഷ്യതകളേയും നീതിന്യായപ്രവൃത്തിയിൽ വരുത്തേണ്ട പരിഷ്കാരങ്ങളേയും അധികം നല്ലവണ്ണം മനസ്സിലാക്കാൻകഴിയും. ഉദാഹരണമായി നീതിസമ്പാദനത്തിന്റെ താമസങ്ങളെപ്പറ്റി നാം പറയുകയായിരുന്ന

ക്കുന്നതിനാൽ അതു സംബന്ധിച്ചുള്ള കക്ഷിക്കു അനീതിയുണ്ടായിട്ടുണ്ടു്. പുതുതായി നിയമിക്കപ്പെടുന്ന ആൾ നല്ല വണ്ണം അറിയുന്ന മേഖലകളിൽ ചിലവ ഇവയാകുന്നു. വിഷയത്തിന്റെ ഈ ഭാഗത്തെ കുറിയാണു ഹൈക്കോടതി ഒന്നാം ജഡ്ജിയെ വക്കീൽമാരിൽനിന്നും നേരിട്ടു നിയമിക്കേണ്ടതാണെന്നുള്ള വാദത്തിനു അപര്യാപ്തമായ ശക്തിയുണ്ടെന്നു ഞാൻ പറയുന്നതു.

ഡിസ്ട്രിക്ട് ജഡ്ജിമാർ മുൻസിഫുമാർ മുതലായ മറ്റു ഉദ്യോഗങ്ങളെ സംബന്ധിച്ചാകട്ടെ മൊത്തത്തിൽ ഈ നിയമത്തിൽ രണ്ടഭാഗവും വക്കീൽമാരിൽനിന്നും നിയമിക്കേണ്ടതാണെന്ന ലാ മെമ്പർ സംഗതം ചൂണ്ടിക്കാണിച്ചു. മുന്നു വർഷങ്ങളിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ സംബന്ധമായ് തിരഞ്ഞെടുത്തതാണു വക്കീൽമാരിൽനിന്നും ഉദ്യോഗത്തിൽ വന്നിട്ടുള്ളവർ ആകുന്നു. ഉദ്യോഗത്തിൽ അവരുടെ പ്രഥമപ്രവേശം ഉണ്ടായ സ്ഥിതിവിശേഷങ്ങളെ ഗണിച്ചു അവരുടെ ഭിന്നപക്ഷത്തെ സമ്പാദിക്കുള്ള ബാധ്യത്തിന്മേൽമാത്രം കയറുങ്ങാതെ പ്രവർത്തിക്കുകയും ചെയ്യുന്നതിനു അവർ വഴക്കപ്പെടുന്നതിനു സമ്മതിക്കുകയും ചെയ്യുന്നു. നിശ്ചയമായും ഉണ്ടാകുന്ന ദോഷത്തെയും ഗുണത്തേയും പരിഗണിക്കുന്നതിനു ഈ ഭേദഗതിയെ ശുപാർശചെയ്യുന്നു. പൊതുനയം കുഴപ്പമുള്ളതാണെന്നും വക്കീൽമാരിൽനിന്നും ആളുകളെ എടുക്കരുതെന്നും ഉപദേശിക്കുന്നു. മി: എം. എൻ. പിള്ള പറഞ്ഞതായ രണ്ടു വിഷയങ്ങളും കൊടുവിക്കിടയിൽ പരിശോധനയെ സംബന്ധിച്ചുവരുന്നു. ഈ പ്രശ്നങ്ങളെപ്പറ്റിയാണു ഞാനിതുവരെ പ്രസ്താവിച്ചിട്ടുള്ളതു. ആ വിഷയത്തെ സംബന്ധിച്ചിടത്തോളം കമ്മീഷന്റെ കാഴ്ചപ്പാടു ഞാൻ വിശദമാക്കിയിട്ടില്ല. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം കമ്മീഷന്റെ കാഴ്ചപ്പാടു തിരുവനന്തപുരത്തുള്ള മുൻസിപ്പുകോടതിജഡ്ജിയും ഡിസ്ട്രിക്ട് കോടതിയോടും പരിശോധിച്ചു പുന്നപ്രപറഞ്ഞതുപോലെ ഒരു കാര്യത്തിൽ കടിച്ചു തൂങ്ങുന്നതിനെ അങ്ങനെ കൂടുക്കാടെ പരിശോധിക്കുന്നതു ന്യായമല്ലെന്നു തോന്നുകയാൽ കൂടിയാണു. മി: കെ. സി. മാമൻമാപ്പിള (കച്ചവടവും വ്യവസായവും.വടക്കു): സർ, മുൻസിഫുകളെ ഡിസ്ട്രിക്ട് ജഡ്ജിമാരിലും ഹൈക്കോടതിജഡ്ജിമാരിലും യന്ത്രനിർണ്ണയപരമായ ഒരു കാലയറവു വരുത്തുന്നതുപോലെ ഇല്ലാത്ത അളവുകോൽകൊണ്ടു കയറാതെ പോകുന്നു എന്നും അവർക്കു വേണ്ടത്ര കഴിവില്ലാത്ത ഉത്തരവാദിത്വമുള്ള ഉദ്യോഗങ്ങളിലേക്കു മുൻസിഫുകോടതിജഡ്ജിമാരെ നിയമിക്കുന്നതിനെ ഞാൻ എതിർക്കുന്നു എന്നും ഉള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. ഇതു ആലോചിക്കേണ്ടതായ വളരെ ഗൗരവപ്പെട്ട വിഷയമാണു്. എന്നാൽ അവരെ നിയമിക്കുന്നതിനായി ജഡ്ജിമാരിൽ ഒരു നിശ്ചിതഭാഗം വക്കീൽമാരിൽനിന്നും നേരിട്ടു നിയമിക്കേണ്ടതാണെന്നുള്ള എന്റെ വക്കീൽസ്നേഹിതന്മാർ ഉപയോഗിച്ചിരിക്കുന്ന വാദഗതിക്കു വിലകൊടുക്കുന്നതിനുള്ള ഒരു ശക്തിയുള്ള കാരണമുള്ളതായി ഞാൻ കാണുന്നില്ല. ഈ ഭേദഗതിയുടെ ഉദ്ദേശ്യം ഇപ്പോൾ ഉള്ളതിനേക്കാളധികം ഉയർന്ന ഉദ്യോഗങ്ങൾക്കു വേണ്ടി കൂടുതൽ ആളുകളെ ലഭിക്കുന്നതിനുള്ള യന്ത്രങ്ങൾ ഉണ്ടാക്കിത്തീർക്കുന്നതിനാണെന്നു തോന്നുന്നു. ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ ഉയർന്ന ഉദ്യോഗങ്ങൾക്കു വേണ്ടി കൂടുതൽ ആളുകളെ ലഭിക്കുന്നതിനുള്ള ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു കൊണ്ടു മുൻസിഫുകൾ ജഡ്ജിമാരായി കയറണമെന്നു ഞാൻ അഭിപ്രായപ്പെടുന്നതിനു അർഹതയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ഭേദഗതിയുടെ ഉദ്ദേശ്യം ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ ആളുകളെ ജഡ്ജിമാരായി കയറുന്നതിനു സൗകര്യപ്പെടുത്തുകയാണെന്നു ഞാൻ കരുതുന്നു. ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ ആളുകളെ ജഡ്ജിമാരായി കയറുന്നതിനു സൗകര്യപ്പെടുത്തുന്നതിനുള്ള ഒരു ഉപായമാണു ഈ ഭേദഗതിയെന്നു ഞാൻ കരുതുന്നു. ഈ ഭേദഗതിയുടെ ഉദ്ദേശ്യം ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ ആളുകളെ ജഡ്ജിമാരായി കയറുന്നതിനു സൗകര്യപ്പെടുത്തുന്നതിനുള്ള ഒരു ഉപായമാണു ഈ ഭേദഗതിയെന്നു ഞാൻ കരുതുന്നു.

ഉദ്യോഗകയറ്റങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ഫാക്ടുക്ഷേമസംബന്ധമായ ഒരു നിയന്ത്രണം ഉണ്ടായിരിക്കണമെന്നു വളരെ ആശ്രമമാണെന്നു എനിക്കു തോന്നുന്നു. മുൻസിഫ്മാരെയും, ജഡ്ജിമാരെയും സംബന്ധിച്ചിടത്തോളം ഒരു ആറു വാസ്തവത്തിൽ കാര്യക്ഷമതയുള്ള ആളാണോ അല്ലെങ്കിൽ അദ്ദേഹത്തിനു ഏതെങ്കിലും കയറ്റത്തിനു അർഹതയില്ലയോ എന്നു നിശ്ചയിക്കുന്നതിൽ പ്രയാസം ഉണ്ടെന്നു മിസ്റ്റർ കൃഷ്ണവും പരമേശ്വരൻപിള്ളയും പറഞ്ഞതായ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. ഈ പ്രയാസം ആണെന്നുള്ളതിൽ സംശയം ഇല്ല. എന്നാൽ കയറ്റത്തിനു പ്രധാനമായ നിയന്ത്രണത്തിപ്പിനും ജനങ്ങളുടെ അതിപ്രധാനമായ ഗുണത്തിനുവേണ്ടിയും ഈ പ്രയാസത്തിനുമേലെയുള്ള ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കേണ്ടതാണു്. ജനങ്ങളുടെ തലച്ചോറിനെ അളക്കുന്നതിനു ഏറ്റവും ശരിയായിട്ടുള്ള യന്ത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന ഇക്കാലത്തു പണ്ടത്തെക്കാലത്തെസർവീസുള്ള ഒരുമുൻസിഫ് ജഡ്ജിയായ് കയറണം ചെയ്യപ്പെട്ടുന്നതിനു അർഹൻ ആണൊ എന്നു നിശ്ചയിക്കുന്നതിനു ഹൈക്കോടതിക്കു വലിയ പ്രയാസം ഉണ്ടായിരിക്കാൻ പാടില്ല. തീരെ ശേഷിയില്ലാത്ത ആളുകൾക്കു ചിലപ്പോൾ ജഡ്ജിമാരായി കയറണം കൊടുക്കപ്പെട്ടിട്ടുണ്ടെന്നും അതു വളരെ വേദനയുണ്ടാക്കുന്ന ഒരു ദോഷമായിരിക്കുന്നു എന്നും നമുക്കറിയാവുന്നതിനാൽ ആണു് ഈ വസ്തുതയെ ഞാൻ ബലപ്പെടുത്തിപറയുന്നതു്. ഈ മുൻസിഫന്മാരിൽനിന്നു കയറണം കൊടുക്കുന്നതിൽ മാത്രമായിരിക്കുന്നു എന്നു ഞാൻ പറയുന്നില്ല. നിയമ ഉദ്യോഗസ്ഥന്മാരിൽ ശേഷിയില്ലായ്മയുടെ അതിവ്യക്തമായ ഒരു ഉദാഹരണം തുടയിരിക്കുന്ന പുരുഷൻ വക്കീൽമാരിൽനിന്നു നേരിട്ടു നിയമിക്കപ്പെട്ട ഒരാളാണെന്നു എനിക്കു തോന്നുന്നു. എനിക്കു തെറ്റിപ്പോയിരിക്കാം; എന്നാൽ വക്കീൽമാരിൽനിന്നും ജഡ്ജിയായി എടുക്കപ്പെട്ട ഒരാളുടെ കാര്യത്തിലെ അദ്ദേഹം തീരെ ശേഷിയില്ലാത്ത ആളായിരുന്നു എന്നു പൊതുവായ അഭിപ്രായമായിരുന്നു. ഹൈക്കോടതിയിലെ മിനിസ്റ്റീരിയൽ ജീവനക്കാരിൽനിന്നും കയറണം കൊടുക്കപ്പെട്ടവരായും നിയമോദ്യോഗമണ്ഡലത്തിൽ ശോഭിക്കുവാൻ ശേഷിയില്ലാത്ത ആളുകളും ഉണ്ടായിരിക്കാം; അതുകൊണ്ടു യാതൊരു ന്യായമായ ചട്ടവും—

മി: കുട്ടപ്പൻ പെരുമ്പേശ്ശൻപിള്ള (ആലപ്പുഴ അഡീഷനൽ ചീഫ് സബ്കോർട്ട് വക്കീൽ): ആ കാര്യത്തെപ്പറ്റിയുള്ള ഉദ്യോഗസ്ഥൻ ഒരു മുൻസിഫായിരുന്നുവോ ജഡ്ജിയായിരുന്നുവോ എന്നു അറിയേണ്ടതാവശ്യമാണ്.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും-വടക്കു): അത് നെപ്പറ്റിയും ഈ ഭേദഗതിയെപ്പറ്റിയും ഞാൻ ഇനിയും കുറെക്കൂടി വ്യക്തമായി പറയുന്നതുകൊള്ളാമെന്നുണ്ട്. എന്നാൽ ആ ഉദ്യോഗസ്ഥൻ ഒരു ജഡ്ജി ഉദ്ദേശം വഹിച്ചു എന്നു ഞാൻ പറയാം

നിയമവ്യവഹാരങ്ങളിൽ വക്കീൽമാർ അപകടാവസ്ഥയിൽ ഇരിക്കുന്നു എന്നുള്ള വസ്തുതയെ യോടെ ഗണിച്ചു ജഡ്ജിമാരിൽ ഒരു നിശ്ചിതഭാഗത്തെ വക്കീൽമാർക്കു നിയമിക്കണം എന്നു ഒരു ചട്ടം ഉണ്ടാക്കുന്നതിൽ ഞാൻ വിപരീതാഭിപ്രായക്കാരൻ ആണ്. വക്കീലന്മാരിൽ കായ്യശേഷിയുള്ള അളുകളും ഉള്ളപ്പോൾ ഒരു ജഡ്ജിസ്ഥാനം സ്വീകരിച്ചു ധനവിഷയമായ വാസ്തവമായ ത്യാഗം ചെയ്യുന്നതായ മനസ്സുള്ള അളുകളും ഉള്ളപ്പോൾ എല്ലാം അവരെ ജഡ്ജിസ്ഥാനത്തേക്കു ഉയർത്തുന്നതിനു യാതൊരു ആവശ്യതയും ഉണ്ടായിരിക്കുകയില്ല.

മി: മത്തായി പെരുമ്പേശ്ശൻപിള്ള (ആലപ്പുഴ അഡീഷനൽ ചീഫ് സബ്കോർട്ട് വക്കീൽ): ഉദ്യോഗസ്ഥന്മാരെ എടുക്കുന്നതു എപ്രകാരം ഉണ്ടായിരിക്കണം എന്നാണ് മെംബർ പറയുന്നതു?

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): അളുകളെ എടുക്കുന്നതു വക്കീൽമാരിൽനിന്നും പ്രോസിക്യൂട്ടർമാരിൽനിന്നും ആയിരിക്കണം എന്നാണ് എന്റെ സ്വന്തം അഭിപ്രായം. എന്നാൽ ഇപ്പോഴത്തേക്കു ജഡ്ജിമാരിൽ നിശ്ചിതമായ ഒരനുപാതത്തിനു മാത്രമേ വക്കീൽമാരിൽനിന്നു തന്നെ ആയിരിക്കേണ്ടതാണെന്നുള്ള ഒരു നിശ്ചിതചട്ടംകൊണ്ടുവരുന്നതു നമ്മുടെ രാജ്യം അഭിവൃദ്ധമായിട്ടില്ല. എങ്ങനെയായാലും ജഡ്ജിമാരിൽ മുന്നിൽ രണ്ടുഭാഗവും വക്കീൽമാരിൽനിന്നു നിയമിക്കപ്പെടണം എന്നുള്ള ഉദ്ദേശത്തിനു ഞാൻ വിപരീതാഭിപ്രായക്കാരനാണ്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ഭാവിയിലേക്കു ചരിത്രപരമായ ചട്ടവും ഏർപ്പെടുത്തപ്പെടേണ്ടതു എന്നാണോ മിസ്റ്റർ മാമ്മൻമാപ്പിളയുടെ അഭിപ്രായം.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): വക്കീൽമാരിൽനിന്നു എടുക്കേണ്ട ജഡ്ജിമാരുടെ എണ്ണത്തെയും ഭാവിയിൽ എത്രഭാഗം വേണമെന്നുള്ളതിനെയും സംബന്ധിച്ചു സമയോചിതമായി മാറികൊള്ളാവുന്ന ഒരു ചട്ടം ഉണ്ടായിരിക്കണം എന്നാണ് എന്റെ അഭിപ്രായം. ഏതെങ്കിലും ക്രിയമാത്രമെ എന്നതോ ക്രിയമാത്രമോ ഭാഗമോ ഏർപ്പെടുത്തുന്നതിൽ ഞാൻ വിപരീതാഭിപ്രായക്കാരൻ ആണ്. സമയോചിതംപോലെ മാറിക്കൊള്ളാവുന്ന ഒരു ചട്ടം ഉണ്ടായിരിക്കണം. ഈ ചട്ടം സ്ഥിതിഭേദത്തെയും കാലത്തെയും അനുസരിച്ചു യോജിപ്പിക്കുന്നതായിരിക്കണം.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): സമയോചിതമായപോലെ മാറാവുന്ന തത്വം എന്നു പറയുന്നതിനാൽ അതിനു വിപരീതമായിട്ടുടി സ്ഥാപിക്കപ്പെടാവുന്ന ഒരു തത്വം എന്നു അർത്ഥമാക്കുന്നുണ്ടോ?

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): നിശ്ചയമായും എടുത്തുകാണിക്കാവുന്നതാണ്. ഒരു നിശ്ചിതഭാഗം നിശ്ചയപ്പെടുത്തപ്പെടുകയാണെങ്കിൽ ചില പ്രത്യേക അവസ്ഥകളിൽ ഒരു ജഡ്ജിസ്ഥാനം കിട്ടേണ്ടയുരു വക്കീലിന്റെ മുറയായിരിക്കും അപ്പോൾ ഇരിക്കുന്ന അവസ്ഥക വക്കീൽമാരിൽനിന്നു തീരെ ശോഭയില്ലാത്ത ഒരാളിനെ നിയമിക്കുന്നതിനു ഗവണ്മെന്റു നിർബന്ധരായോ അല്ലെങ്കിൽ മറ്റൊരിതരത്തിലോ തീരുമാനം ചെയ്യാൻ ഇടയുണ്ടെന്നു യത്നേയ്യുന്നതാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) അങ്ങനെയുള്ള സ്ഥിതിക്കു ഒരു തത്വം ഏർപ്പെടുത്തേണ്ടതു ആവശ്യമുണ്ടോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു) മനുഷ്യാവസ്ഥകളിൽ എല്ലാറ്റിലും എന്നപോലെ ആവശ്യമുള്ളപ്പോൾ വ്യതിചലനങ്ങളും വരുത്തിക്കൊള്ളത്തക്കവണ്ണം ഒരു തത്വം ഏർപ്പെടുത്തേണ്ടതുണ്ട്. ശ്ലഥമായ തത്വങ്ങളുമാത്രമെ ഏർപ്പെടുത്താവു എന്നു പറയുകയാണെങ്കിൽ യാതൊരു തത്വവും ഏർപ്പെടുത്താൻ കഴിവുണ്ടായിരിക്കുകയില്ല എന്നു എനിക്കുതോന്നുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും) വക്കീൽമാരിൽനിന്നു ആളെടുക്കുന്നതിനെപ്പറ്റി എല്ലാഭാഗത്തുണ്ടായിരിക്കണം എന്നുള്ളതിനെ ക്രിയപ്പെടുത്തുന്നതായി ഒരു നിയമതത്വം ഏർപ്പെടുത്തുന്നതായാൽ ഗവണ്മെന്റു വക്കീൽമാരിൽനിന്നും നേരിട്ടു ഏതെങ്കിലും ആളിനെ എടുക്കേണ്ടതായി വരുമ്പോഴും നിയമോദ്യോഗസ്ഥന്മാർക്കു എളയശ്രേഷ്ഠത്തിനും പരാതിക്കും കാരണമുണ്ടായിരിക്കുന്നതല്ല എന്നു നിയമോദ്യോഗസ്ഥന്മാർക്കു കയറ്റങ്ങൾ കൊടുക്കുന്നതിനെപ്പറ്റി വളരെ നടത്തിയപ്പോൾ മിസ്റ്റർ മാമ്മൻമാപ്പിള പറഞ്ഞില്ലയൊ എന്നു അഭിപ്രായത്തിനോടു ചോദിച്ചുകൊള്ളട്ടെ.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്കു) അതെ, ഞാൻ അങ്ങനെ പറയുകയുണ്ടായി. മുൻകാലങ്ങളിൽ വക്കീൽമാരിൽനിന്നു നേരിട്ടു ആളെടുക്കുന്ന പതിവേ ഇല്ലായിരുന്നു എന്നുള്ള വസ്തുതയേയും പറഞ്ഞു എന്നുതോന്നുന്നു. എന്തായാലും അതു വളരെ അപൂർവ്വമാണ്. ഏതാനും ദശവർഷങ്ങൾക്കുമുമ്പു എന്റെ ഓർമ്മ ചെല്ലുന്നിടത്തോളം വക്കീലന്മാരിൽനിന്നും നേരിട്ടു ജഡ്ജിമാരായി നിയമിക്കുന്നതു വളരെ അപൂർവ്വമായിരുന്നു. ഇപ്പോഴാണു അതു വർദ്ധിച്ചിട്ടുണ്ട്. അളുകൊണ്ടു വക്കീൽമാരിൽനിന്നു ആളെടുക്കുന്ന പതിവില്ലാത്ത പഴയ നല്ലകാലങ്ങളിൽ ഉദ്യോഗത്തിൽ കയറിയ അളുകൾക്കു തങ്ങളുടെ മേൽഗതിക്കു ഹാനികരമാംവണ്ണം വക്കീൽമാരിൽനിന്നു നേരിട്ടു ജഡ്ജിമാരായി നിയമിക്കുന്ന രീതി കൂടക്കൂടെ സ്വീകരിയ്ക്കപ്പെടുന്നതുകാണുമ്പോൾ അവർക്കു കൂടുതലധികം ആയ അനുസ്സാഹം തോന്നുകതന്നെ ചെയ്യും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) വക്കീൽമാരിൽനിന്നു ആളെടുക്കുന്ന ഒരു ക്ലിപ്തഭാഗമെ ങ്കിലും വേണം എന്നു ഉറപ്പിക്കുന്നതു നിയമ ഉദ്യോഗസ്ഥന്മാർക്കുള്ള ഏതെങ്കിലുമൊരു വിക്കമെന്നു അർത്ഥം പറഞ്ഞില്ലയൊ എന്നു മിസ്റ്റർ രാമൻമാപ്പിള്ളയ്ക്കു ന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: കെ. സി. മാമ്മൻമാപ്പിള്ള (കച്ചവടവും വ്യാപാരവും വടക്കു) വക്കീൽമാരിൽനിന്നും എടുക്കേണ്ട ആളുകളുടെ എണ്ണത്തെയും അതു മൊത്തത്തിൽ എത്രഭാഗം ആയിരിക്കണം എന്നുള്ളതിനെയും സംബന്ധിച്ചുടത്തോളം സമയോചിതംപോലെ മാറ്റപ്പെടാവുന്നതായ ഒരു തത്വം ഏർപ്പെടുത്തണം എന്നു ഞാൻ പറഞ്ഞു. ഉറപ്പുള്ള ഒരു ചട്ടം ഉണ്ടായിരിക്കണമെന്നു ഞാൻ പറഞ്ഞില്ല. ജഡ്ജി ഉദ്യോഗങ്ങളുടേയും മറ്റു ഉയർന്നതരം നിയമഉദ്യോഗസ്ഥന്മാരുടേയും എണ്ണത്തിൽ മൂന്നിൽ രണ്ടുഭാഗം എന്നുള്ള അത്ര വലിയഭാഗം—

മി: ഡബ്ലിയു. സുബ്ബയ്യർ (ഗവൺമെൻറനിയമിച്ച മെമ്പർ) (ഡെപ്യൂട്ടിപ്രൊസിക്യൂട്ടർ ജഡ്ജിമാരെ സംബന്ധിച്ചുള്ള മിസ്സിഫ്ൻമാരെസംബന്ധിച്ചുമാത്രമെ ഞാൻ അതു പറഞ്ഞുള്ളൂ.

മി: കെ. സി. മാമ്മൻമാപ്പിള്ള (കച്ചവടവും വ്യവസായവും വടക്കു) അങ്ങനെയാണെങ്കിലും അതിന്നു ഒരു ക്ലിപ്തമായ ഒരു സംഗതിയാണ്.,

മി: സി. പി. തോമസ് (ഗവൺമെൻറ നിയമിച്ചമെമ്പർ) ഇതുവരെ പറഞ്ഞുകഴിഞ്ഞിരിക്കുന്നതിനേക്കാളും കുറച്ചധികം മെച്ചപ്പെടുത്തുകയാണു ഞാൻ ചെയ്തിരിക്കുന്നതു. മിസ്റ്റർ രാമൻമാപ്പിള്ളയുടെ വാസ്തവമായ ഉദ്ദേശം വക്കീൽമാരിൽനിന്നു എടുക്കേണ്ടവരും ഡിപ്പാർട്ടുമെൻറിൽനിന്നു എടുക്കേണ്ടവരും തമ്മിൽ എന്തുഭാഗമാണു ആയിരിക്കണം. എന്നു ഒരു ക്ലിപ്തനിയമം ഏർപ്പെടുത്തണം എന്നുള്ളതാണു്. അദ്ദേഹത്തിനുദ്ദേശിയിരുന്ന പ്രയാസം ഇതായിരുന്നു. ഒരു ക്ലിപ്തഭാഗം ഏർപ്പെടുത്തപ്പെടുകയാണെങ്കിൽ നിശ്ചയിച്ചിട്ടുള്ള ഭാഗത്തിന്റെ കണക്കനുസരിച്ചു തന്നെ കിട്ടേണ്ട മുറയ്ക്കു കിട്ടുന്നു എന്നുള്ള കാരണത്തിന്മേൽമാത്രം ഒരാൾ ആ സ്ഥാനം വഹിയ്ക്കുന്നതിനു തീരെ ശേഷിയില്ലാത്തയാളായിത്തന്നെ ഇരുന്നാലും ഗവൺമെൻറാ നിയമിയ്ക്കുന്നതിനു അധികാരമുള്ളവരെ ഒരു വക്കീലിനെ ജഡ്ജിയായി നിയമിക്കുന്നതിനു ബദ്ധരായിത്തീർന്നേക്കും എന്നുള്ളതാണു്. ആ ദോഷത്തെ ഒഴിയ്ക്കുണം എന്നാണു മിസ്റ്റർ മാമ്മൻമാപ്പിള്ള ആശംസിക്കുന്നതു്.

മി: കെ. കെ. തോമസ്സ് (കോട്ടയം) അദ്ദേഹം ഉദ്ദേശിയ്ക്കുന്ന ദോഷത്തിനു ഇടമാകാതിരിക്കത്തക്കവണ്ണം രാജ്യത്തിൽ വേണ്ടിടത്തോളം കായ്ശേഷിയുള്ള വക്കീലന്മാർ ഇല്ലയൊ?

മി: സി. പി. തോമസ് (ഗവൺമെൻറനിയമിച്ച മെമ്പർ) ഇപ്പോഴും ഇരിക്കുന്ന ന്യായമായ കായ്ശേഷിയുള്ള വക്കീലന്മാർ ഉണ്ടെങ്കിൽ അവരിൽനിന്നു തിരഞ്ഞെടുക്കുന്നതിനു ഗവൺമെൻറിനു സ്വാതന്ത്ര്യമുണ്ടു് ഒരുക്ലിപ്തഭാഗമെ പാടുള്ളൂ എന്നു ഗവൺമെൻറു നിയന്ത്രിക്കപ്പെട്ടുപോകരുതു് എന്നാണു ഞാൻ പറയുന്നതു്. നിവൃത്തിയുള്ളിടത്തോളം ജഡ്ജിസ്ഥാനത്തേക്കു എടുക്കപ്പെടുന്ന ആളുകളിൽ ഒരു നല്ലഭാഗം വക്കീൽമാരിൽനിന്നായിരിക്കണം എന്നുള്ള തത്വം ഏർപ്പെടുത്തിയാൽ മതിയാകും എന്നു എനിക്കു തോന്നുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ പറഞ്ഞതുപോലെ ഒരുഭാഗം ക്ലിപ്തപ്പെടുത്തപ്പെട്ടുപോയാൽ നിയമാധികാരികൾ ആ സ്ഥാനത്തിനു യോജിക്കാത്ത ഒരാളിനെ നിയമിയ്ക്കുന്നതിനു നിബന്ധർ ആയിത്തീരും എന്നുള്ളതാണു്. അതിനാൽ നിവൃത്തിയുള്ളിടത്തോളം ഒരു നല്ലഭാഗം വക്കീൽമാരിൽനിന്നും എടുക്കപ്പെടണം എന്നുള്ള തത്വത്തെ പൊതുവെ സ്വീകരിക്കുന്നതുകൊണ്ടുമാത്രം ആ ദോഷത്തെ നീക്കാവുന്നതാണു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) അദ്ധ്യാപകസ്ഥാനത്തിനു അദ്ധ്യാപകവൃത്തിക്കായി ശിക്ഷാക്രമം പരിശീലിപ്പിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രാഡുവേറനേയോ അതല്ല ശിക്ഷാക്രമം പരിശീലിച്ചിട്ടില്ലാത്ത ഒരാളിനേയോ ആദ്യമായി അധികം നല്ലതായി ഗണിക്കേണ്ടതു എന്നു മിസ്റ്റർ തോമസിൽനിന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: സി. പി. തോമസ് (ഗവൺമെൻറനിയമിച്ച മെമ്പർ) ശിക്ഷാക്രമം പരിശീലിപ്പിച്ചിട്ടുള്ള ഒരു ഗ്രാഡുവെറനെത്തന്നെയാണു കൂടുതൽക്കുടി ഉത്തമനായി ഗണിക്കേണ്ടതു്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) നീതിന്യായക്കോടതികളിൽ കേസു തീർച്ചചെയ്യുന്നതിൽ ഉള്ള താമസത്തെ ഗവൺമെൻറിനെ ചൂണ്ടിക്കാണിക്കുന്നതിനാണു ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നതു്; അതിനെപ്പറ്റി ഈ മൊബക്ക ഒരു തീർച്ചയായ മറുപടി പറയാൻ കഴിഞ്ഞില്ല എന്നു കാണുന്നതിൽ ഞാൻ വ്യസനിക്കുന്നു.

കീഴ്കോടതികളെ ഹൈക്കോടതി ജഡ്ജിമാർ പരിശോധിക്കുന്നതിനെ സംബന്ധിച്ചിടത്തോളം കൊഹക്കോടതി റെഗുലേഷൻ ഒരു കൊല്ലത്തിനുമുമ്പു പാസാക്കപ്പെട്ടു എന്നവരുകിലും ഇതുവരെ ഈ താല്പര്യം ജഡ്ജിമാരെയും മുൻസിഫന്മാരെയും നല്ല മട്ടാലി ചെയ്യിക്കുന്നതിനായി കൂടക്കൂടെയുള്ള പരിശോധനം നടത്തുന്നതിനു ജഡ്ജിമാർക്കു സാധിച്ചിരുന്നില്ല എന്നുള്ളതിൽ ഞാൻ വ്യസനിക്കുന്നു. വക്കീൽമാരിൽനിന്നു ആളുകളെ എടുക്കുന്നതിനെ സംബന്ധിച്ചാകട്ടെ നമ്മുടെ വക്കീൽ സ്നേഹിതന്മാർ ആവശ്യമുള്ളതിലും അതിലധികവും പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു എനിക്കു കൂടുതൽ ഒന്നും പറയാനില്ല.

ഉദ്യോഗക്രയവിറത്തിന്റെ കായ്ത്തിൽ മുൻസിഫന്മാരുടേയും ജഡ്ജിമാരുടേയും അവകാശങ്ങളെ അവഗണിച്ചുകൂടാ. എന്നാൽ അവർക്കു എപ്പോഴും എങ്കിലും ഉദ്യോഗക്രയവിറം കൊടുക്കുകയാണെങ്കിൽ അവരുടെ കായ്ക്ഷമതയെ പരിശോധിച്ചുനോക്കേണ്ടതും ആകുന്നു.

എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനുമുമ്പു ഞാൻ ഉന്നയിപ്പിച്ച വാദമുഖങ്ങളിന്മേൽ ബഹുമെംബർക്കു എന്തു പറയാനുണ്ടു എന്നു കേൾക്കുവാൻ ആഗ്രഹിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ മഹഡ്സക്കാർഡക്കീൽ): താൻ ഈ ഉപക്ഷേപം പ്രയോഗിച്ചതു വക്കീൽമാരിൽനിന്നു ആളുകളെ എടുക്കുന്ന വിഷയത്തെപ്പറ്റി വാദം നടത്തുന്നതിനാ

ചിട്ടണ്ട എന്ന പറഞ്ഞാണ്ട്, മിസ്റ്റർ എം. എൻ. പിള്ള അദ്ദേഹത്തിന്റെ ഉപക്ഷേപത്തെ അയ്യസ്സനിപ്പിച്ചു. ആ വിഷയത്തെ സംബന്ധിച്ചു ഇതു വളരെ മെംബർമാർ പ്രസംഗിച്ചതിൽ എനിക്കു വലിയ സന്തോഷമുണ്ട്. ഒരുകൂട്ടർ വക്കീൽമാരിൽ നിന്നും ജഡ്ജികളെ എടുക്കണമെന്നതിൽ നിശ്ചിത ഒരു ഭാഗം ഫിക്സ്ചെയ്യണം എന്നു ആഗ്രഹിക്കുന്നു. അതുപോലെ നിശ്ചിതമായ ഒരു ചട്ടം ഉണ്ടായിരിക്കണമെന്നു പറയുന്നവരും ഒരുകൂട്ടരും ഇവരുടെ സഭയിൽ ഉള്ള രണ്ടുകക്ഷികൾക്കും തമ്മിൽ തീഷ്ണമായ ഒരു പ്രത്യാസം ഉള്ളതായി കാണപ്പെട്ടിരിക്കുന്നു. ഇതുപക്ഷികൾക്കും തമ്മിൽ പൊരുത്തമായി കാണപ്പെട്ട വിഷയം വക്കീൽമാരിൽനിന്നും ജഡ്ജിമാരെ നിയമിക്കണം എന്നുള്ളതാകുന്നു. അതിനെസംബന്ധിച്ചാകട്ടെ, ഞാൻ ഇതിനുമുമ്പിലെ വിസ്താരിച്ചുപറഞ്ഞിട്ടുള്ളതുപോലെ പ്രവർത്തികരിക്കുക കുറേണ്ടതുണ്ട്. എന്നാൽ വക്കീലന്മാരിൽനിന്നും ഒരാളെ ജഡ്ജിയായി നിയമിക്കേണ്ടതു് എപ്പോൾ എന്നും ഉദ്യോഗത്തിൽ ഇരിക്കുന്ന ഒരാളെ ജഡ്ജിയായി കയറ്റം ചെയ്യേണ്ടതു് എപ്പോൾ എന്നും ഉള്ളതിനെപ്പറ്റി അഭിപ്രായവ്യത്യാസം ഉള്ളതായി തോന്നുന്നു. ആ വിഷയത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഇരിക്കുന്ന സ്ഥിതിക്കു ചെയ്യാവുന്ന ഏറ്റവും നല്ലവഴി അതിനെ സംബന്ധപ്പെട്ട അധികാരികൾ പ്രവർത്തിക്കുന്നതായി വിട്ടേക്കുകയാണെന്നാണു് എനിക്കു തോന്നുന്നതു്. ഹൈക്കോടതിൽ ഏതാണ്ടു് ഇരുപതു ജഡ്ജിമാർ ഉണ്ടു്. സാധാരണമായി ഒരാളിനെ ജഡ്ജിയായി നിയമിക്കുന്നതിനു ഹൈക്കോടതിയുടെ ശുപാർശയെവേണമെന്നു സമ്മതിക്കുന്നു. ഒരു വക്കീലിനെ ബാറിൽനിന്നു ജഡ്ജിയായി നിയമിക്കുവാനുണ്ടെങ്കിൽ അവർ ശുപാർശചെയ്യുന്നു. ആ ശുപാർശ ഐകകണ്ഠമായിരിക്കുകയോ ഹൈക്കോർട്ടു ജഡ്ജിമാരുടെ ഭൂരിപക്ഷം അനുവദിച്ചിരിക്കുകയോ ചെയ്യുന്നതായാൽ ആ ശുപാർശയെ സ്വീകരിക്കുകതന്നെ വേണം.

ശ്രീ: കെ. കെ. തോമസ് (കോട്ടയം): ഹൈക്കോടതിജഡ്ജിമാരുടെ നിയമനത്തെപ്പറ്റി ഹൈക്കോടതിക്കു പല്ലും നഖവുമുണ്ടോ എന്ന അറിയേണ്ടിയിരിക്കുന്നു.

ശ്രീ: പട്ടം പി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡ്വക്കേറ്റ് ജനറൽ ഹൈക്കോർട്ടുവക്കീൽ): എനിക്കറിയാവുന്നടത്തോളം അതു സംബന്ധിച്ചു് അവർക്കു ഒന്നും ചെയ്യാനില്ല. ഞാൻ മുമ്പുതന്നെ നിയമഉദ്യോഗസ്ഥന്മാരെ ജഡ്ജിമാരാക്കുന്ന കാര്യത്തെപ്പറ്റിയും പറഞ്ഞുകഴിഞ്ഞു. ആ വിഷയത്തിൽ ഹൈക്കോടതി അഭിപ്രായം പറയുകയും ആ അഭിപ്രായത്തെ ഗവർണ്മെന്റു പല്ലുംനഖവുമായി സ്വീകരിക്കുകയും ചെയ്യും. ഞാൻ പറഞ്ഞതുപോലെ ഹൈക്കോടതിയിൽ ഒരു പരമ വിവിധമനോഭാവത്തിൽ ഉള്ളവരും വിവിധസമുദായത്തിൽപെട്ടവരും ആയ ആരെയോ ഉൾപ്പെടുത്തിയിരിക്കുന്നു; ഒരാളെ അഡ്വക്കേറ്റുമാരിൽ നിന്നായാലും ജഡ്ജിയായി നിയമിക്കണമെന്നു അവർ ഐകകണ്ഠ്യേന തീർച്ചചെയ്യുമ്പോൾ സ്വഭാവേനതന്നെ അതു ഉത്തരവാദിത്വമുള്ള ഒരു സംഘത്തിൽ നിന്നു പുറപ്പെടുന്ന സ്ഥിതിക്കു അതിനെ നിയമനാധികാരികൾ ഗവർണ്മെന്റു ആദരിക്കുകയും പൊതുജനഭദ്രം സമ്മതിക്കുകയും ചെയ്യേണ്ടതായിതന്നെ ഇരിക്കുന്നു. ആരുടെയും ഇഷ്ടത്തിനു അനുസരിക്കണമെന്നില്ല എന്നിരിക്കാം. എന്നാൽ ആരുപേരെ ചേർന്നു ഉണ്ടാകുന്നു വാർത്തവം ഉള്ള ഒരു സംഘം ഒരു തീരുമാനത്തിലെത്തുമ്പോൾ ആ വിഷയത്തിനു അപ്പോഴത്തേക്കുള്ള ഏറ്റവും നല്ല നിവൃത്തി അതുതന്നെ ആണ് സമ്മതിക്കുകതന്നെവേണം എന്നു് എനിക്കുതോന്നുന്നു.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിസ്ട്രിക്ടു ജഡ്ജിമാരേയും രണ്ടാം ജഡ്ജിമാരേയും നിയമിക്കുന്ന കാലത്തിൽ ഇപ്പോഴത്തെ നിയമനം ഹൈക്കോടതിയുടെ അഭിപ്രായം മനസ്സിലാക്കപ്പെടുന്നുണ്ടോ?

ശ്രീ: കുട്ടാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡ്വക്കേറ്റ് ജനറൽ വക്കീൽ): അതു നിയമനിർമ്മാണം ചെയ്യപ്പെടുന്നുണ്ടു്. ആ വിഷയം സംബന്ധിച്ചുള്ള ചട്ടം സിവിൽകോടതി ഗൈഡ്ചെയ്യുന്നു കാണാവുന്നതാണു്.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതുപ്രകാരം നടത്തപ്പെടുന്നുണ്ടോ?

ശ്രീ: കുട്ടാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡ്വക്കേറ്റ് ജനറൽ വക്കീൽ): നടത്തപ്പെടുന്നുണ്ടു എന്നതാണു ഞാൻ പറയാം

ശ്രീ: കെ. സി. മാത്തൻമാപ്പിള (കുടുവടവും വൃവസായവും വകുപ്പു): അങ്ങനെയുള്ള ശുപാർശകൾ ചെയ്യുന്നതിൽ അവർ പ്രത്യേകശ്രദ്ധയുള്ളവരായിരിക്കുന്നുവോ?

ശ്രീ: കുട്ടാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡ്വക്കേറ്റ് ജനറൽ വക്കീൽ): സാധാരണമായി അവർ വളരെ അഭിപ്രായക്കാരായിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അവരുടെ ശുപാർശകളിൽ അപൂർണ്ണാഭിപ്രായക്കാരായിരുന്നാലും ഗവർണ്മെന്റു അവരുടെ യുക്തംപോലെ ചെയ്യുന്നു. എന്നാൽ അതു അപൂർവമായിട്ടുള്ളതു എന്നാണു എനിക്കു തോന്നുന്നതു്.

രാജ്യത്തിലെ നീതിന്യായത്തിനു ഉത്തരവാദികളായ ഹൈക്കോടതിയുടെ മേൽ വലുതായ ഉത്തരവാദിത്വം സ്ഥിതിചെയ്യുന്നു. കോടതി അങ്ങനെയായിരിക്കുകയും വക്കീൽമാരിൽ നിന്നു ആളെടുക്കുന്നതിനെപ്പറ്റി നിയമമായ ഒരു ചട്ടം ഫ്രെയിംചെയ്യുന്നു വിഷയത്തിൽ ഈ സഭയിലെ മെംബർമാർപോലും വിഭിന്നാഭിപ്രായക്കാരായിരിക്കുന്നില്ലാത്ത സ്ഥിതിക്കും ഇപ്പോൾ അനുകരിക്കപ്പെട്ടുവരുന്ന നയത്തെതന്നെ തുടർന്നുകൊണ്ടുപോകുന്നതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും ഈ സഭയിലുള്ള വ്യത്യസ്താഭിപ്രായത്തെപ്പറ്റി ഗവർണ്മെന്റു പരിഗണിക്കുകയും അതിനെ ഹൈക്കോടതിയുടെ ആലോചനക്കായി അയച്ചുകൊടുക്കുകയും ചെയ്യാവുന്നതാണു്.

ശ്രീ: വി. സുബ്ബയ്യർ (ഗവർണ്മെന്റു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രൊസിഡെന്റു). നിയമോദ്യോഗസംബന്ധത്തിൽ ഒരു സ്ഥാനത്തിലേക്കു ഒരാളിനെ നിയമിക്കേണ്ടിവരുന്ന എല്ലാ കേസുകളിലും തങ്ങളുടെ ഇഷ്ടംപോലെ വക്കീൽമാരിൽനിന്നായാലും ശരി ഉദ്യോഗത്തിൽ ഇരിക്കുന്നവരിൽ നിന്നായാലുംശരി ഒരാളിനെ ശുപാർശ ചെയ്യുന്നതിനു ഗവർണ്മെന്റു എല്ലായ്പോഴും ഹൈക്കോടതിയോടു ആവശ്യപ്പെടുന്നുണ്ടോ അല്ലെങ്കിൽ ഗവർണ്മെന്റിനു വക്കീൽമാരിൽനിന്നു ഒരാളെ എടുക്കണം എന്നാഗ്രഹമുള്ളപ്പോൾ മാത്രമങ്ങനെ ആവശ്യപ്പെടുന്നുവോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്ജിംഗ് അഡിഷനൽ ഹെഡ്സക്രട്ടറിവക്കീൽ): ഒരാളെ തിരഞ്ഞെടുക്കണമെന്നുള്ള ഗവർണ്മെണ്ടിന്റെ ഹർജ്ജിക്കോടതിയോടു ആവശ്യപ്പെട്ടതനുസരിച്ചു ഹർജ്ജിക്കാരനായ ആൾ വക്കീൽമാരിൽ നിന്നായിരിക്കണമെന്നു ഉദ്ദേശത്തിൽ ഇരിക്കുന്നവരിൽനിന്നായിരിക്കണമെന്നോ ഗവർണ്മെണ്ടു് സാധാരണമായി പറയുന്നില്ല. ഹൈക്കോടതി ചിലപ്പോൾ വക്കീൽമാരിൽനിന്നും ചിലപ്പോൾ നിയമോദ്യോഗസ്ഥന്മാരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കുന്നു. ഞാൻ മനസ്സിലാക്കിയിരിക്കുന്നതു അങ്ങിനെയാണു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ സി. രാമൻതമ്പിയുടെ നിയമനത്തിൽ ഹ�ൈക്കോടതിക്കുണ്ടായിരുന്ന അഭിപ്രായം ക്ഷണിക്കപ്പെട്ടപ്പോൾ എന്നെ കൃത്യമായി പറയണമെന്നു ലാമെംബരോടു ഞാൻ അപേക്ഷിച്ചുകൊള്ളട്ടെ.

പ്രൈസിഡണ്ടു്: നിങ്ങൾക്കു ആ ചോദ്യം ചോദിക്കാൻ അധികാരം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിയമോദ്യോഗമണ്ഡലത്തിൽ ഏതെങ്കിലും നിയമനം ചെയ്യുന്നതിനുമുമ്പിൽ ഗവർണ്മെണ്ടു് നിയമന ഹൈക്കോടതിയുടെ അഭിപ്രായം മനസ്സിലാക്കിക്കൊള്ളുന്നുവെന്നു ലാമെംബർ ഒരു ഉദ്ധാരണി പറഞ്ഞിട്ടുണ്ടു്. അതു് എത്രമാത്രം ശരിയായിട്ടുള്ളതാണെന്നു പരീക്ഷിക്കുകമാത്രമാണു് ഞാൻ ചെയ്യുന്നതു്.

പ്രൈസിഡണ്ടു്: ഇപ്പോൾ വ്യക്തിവിഷയങ്ങളെപ്പറ്റി അന്വേഷിക്കാൻ നിങ്ങൾക്കു അധികാരമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്ജിംഗ് അഡിഷനൽ ഹെഡ്സക്രട്ടറിവക്കീൽ): ''നിയമനേ'' എന്നു ഞാൻപറഞ്ഞതു അങ്ങനെയല്ലാത്തവയും ഉണ്ടായിരിക്കാം. അതു മനസ്സിലാക്കായ്മയുണ്ടു്. താഴ്ന്തരം നിയമനോദ്യോഗസ്ഥന്മാരെ ഗവർണ്മെണ്ടു് നിയമിക്കുന്നതിനുമുമ്പിൽ ഹൈക്കോടതിയുടെ അഭിപ്രായം നിയമനമനസ്സിലാക്കുന്നുണ്ടു് എന്നു എനിക്കു നിശ്ചയമുണ്ടു് സിവിൽക്കോടതി ഡൈഡിൽ എർപ്പെടുത്തീട്ടുള്ള ചട്ടവും അങ്ങിനെതന്നെയാണു്. കുറ്റംനടപ്പു ആക്ടിനെയിരിക്കുന്നിടത്തോളം ആളെടുക്കുക എന്ന ഈ പ്രയാസപ്പെട്ട വിഷയത്തിന്റെ ശക്യമായ ഏകനിവൃത്തിമാർഗ്ഗമായി അതിനെ സ്വീകരിക്കുകതന്നെ വേണ്ടിയിരിക്കുന്നു. ഈ സ്ഥിതിക്കു ഈ വാദപ്രതിവാദത്തിന്റെ അർഹതയുള്ളിടത്തോളം ഗണ്യതനൽകുന്നതായാൽ മിസ്റ്റർ എം. എൻ. പിള്ളയുടെ ഉപന്യാസം ഉപേക്ഷിക്കുമെന്നും ഞാൻ ആശംസിക്കുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ആ ഉറപ്പിന്മേൽ ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

അനുമതിയിന്മേൽ ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക ൦ ൻ.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിക്കപ്പെട്ടില്ല.

മി: ടി. കുമാരപിള്ള സിവിലും സെഷണും കോടതികൾക്കായുള്ള ശ,വുന്യ,വ൭൭ രൂപയിൽനിന്നു ക ൦ ൦ രൂപ കുറയ്ക്കുണം.

ഉപക്ഷേപം ക ക ൦.

മി: ടി. കുമാരപിള്ള (കൊല്ലവും—വിളവംകോടും): സർ, ഞാൻ താഴെപറയുന്ന പ്രമേയം പ്രയോഗിച്ചുകൊള്ളുന്നു.

ക ക ൦. ക്രിമിനൽകോടതികൾക്കായി നിക്കിവച്ചിരിക്കുന്ന വ൦,നു ൦ ൦ രൂപയിൽനിന്നും ക ൦ ൦ രൂപ കുറയ്ക്കുണം.

ഇടക്കാലത്തു വരുത്തിയതായ പരിഷ്കാരത്തോടുകൂടി ജനങ്ങൾക്കു അത്യാവശ്യമായ പല മാജിസ്ട്രേട്ടുകോടതികളും നിറുത്തുകയാണു് ചെയ്തിട്ടുള്ളതു്. ജനങ്ങൾക്കു അവരുടെ ദേഹത്തിനും സ്വത്തിനും രക്ഷക്കായി നിൽക്കുന്ന മാജിസ്ട്രേട്ടുകോടതികളെ വേണ്ടപോലെ ആലോചിക്കാതെയും ജനങ്ങളുടെ സൌകര്യങ്ങളെ ഗണിക്കാതെയും കുറച്ചിട്ടുള്ളതിൽ കൌൺസിലിന്റെ ശ്രദ്ധ പതിയേണ്ടതായിരിക്കുന്നു. ഇതിന്റെ ഒഴിവാന്തരശ്രമണ തെളിയിക്കാം. ഇരണിയൽതാലൂക്കിൽ ഇരണിയൽ, കുളച്ചൽ ഈ സ്ഥലങ്ങളിലും കല്ലുളംതാലൂക്കിൽ പത്മനാഭപുരം, തിരുവട്ടാർ ഈ സ്ഥലങ്ങളിലും മാജിസ്ട്രേട്ടുകോടതികൾ ഉണ്ടായിരുന്നു. ഇരണിയൽ കല്ലുളം ഈ രണ്ടു താലൂക്കുകളെയും ഒന്നായി കൂട്ടിച്ചേർത്തു ഒരു താലൂക്ക ആക്കിയപ്പോൾ നാലു മജിസ്ട്രേട്ടുകോടതികൾ ഉണ്ടായിരുന്നതിനെ ഒന്നാക്കി കുറക്കയാണു് ചെയ്തിട്ടുള്ളതു്. മാജിസ്ട്രേട്ടുകോടതികളിൽ വരുത്തീട്ടുള്ള ഈ കുറവു് അവിടെയുള്ള ജനങ്ങളുടെ ദേഹത്തിനും സ്വത്തിനും ഉണ്ടായിരിക്കേണ്ട രക്ഷയ്ക്കു വലുതായ കുറവു വരുത്തീട്ടുണ്ടെന്നുള്ളതിൽ അഭിപ്രായവ്യത്യാസത്തിനു അവകാശമില്ലാത്തതാണു് ജനങ്ങൾക്കു സൌകര്യമായി കൽക്കുളംതാലൂക്കിൽ മജിസ്ട്രേട്ടുകോടതികൾ ഇല്ലാതെവന്നതിനാൽ പണവും സ്വാധീനവുമുള്ളവർക്കു സാധുക്കളെ എന്തുംചെയ്യാമെന്നുള്ള നിലയിൽ ഇപ്പോൾ എത്തിയിരിക്കുന്നു. ഈ സങ്കടം പ്രധാനമായി അനുഭവിക്കുന്നതു കൽക്കുളം താലൂക്കിൽ മലയോരത്തുള്ള പകുതികളിൽ നിവസിക്കുന്ന ജനങ്ങളാണു്. ഇവരെ ഉദ്ദേശിച്ചാണു് തിരുവട്ടാറെ ഒരു മജിസ്ട്രേട്ടുകോടതി മുമ്പു എർപ്പെടുത്തീട്ടുണ്ടായിരുന്നതു്. പരിഷ്കാരത്തിൽ ഈ ജനങ്ങളുടെ ക്ഷയ്ക്കും അവരുടെ സങ്കടങ്ങൾക്കും വില കുറഞ്ഞുപോകയും മജിസ്ട്രേട്ടുകോടതിയെ അവിടിരുന്നു എടുത്തുകളയുകയുംചെയ്തു. ഗവണ്മെണ്ടിന്റെ ഈ നയം മുൻസിഫ്കോടതികളെ സംബന്ധിച്ചുകാണുന്നില്ല. ജനങ്ങൾ ചോദിച്ചാൽ ഉടനെ മുൻസിഫ്കോടതികൊടുക്കും ഈ മുൻസിഫിനെക്കൊണ്ടു മതിയായില്ലെങ്കിൽ അഡിഷനൽ മുൻസിഫിനെ കൊടുക്കുന്നു. അതുകൊണ്ടും മതിയായില്ലെങ്കിൽ ടെമ്പററി മുൻസിഫിനെക്കൂടി കൊടുക്കുന്നു. മുൻസിഫ്കോടതികൾക്കും ഗവണ്മെണ്ടിനു ലാഭത്തെ ഉണ്ടാക്കുന്നതും മജിസ്ട്രേട്ടുകോടതികൾ ഗവണ്മെണ്ടിനു നഷ്ടത്തെ ഉണ്ടാക്കുന്നവയുമാണു്. ജനങ്ങളുടെ സുഖസൌകര്യങ്ങൾ എങ്ങിനെതന്നെയിരുന്നാലും അതുകളെപ്പറ്റിയും നിക്കാതെ ഗവണ്മെണ്ടിനു ലാഭമുണ്ടാക്കുന്ന സംഗതിക്കാണു് പ്രാധാന്യമുണ്ടായിരിക്കുന്നതു്. ജനങ്ങളുടെ സൌകര്യ

ത്തിനുപുറമെ പൂർവ്വസ്ഥിതിയിൽ നിലവിലുള്ള ഏതെങ്കിലും മജിസ്ട്രേട്ടുകോടതി കൊടുക്കേണ്ടതാണ്. ഈ സംഗതിയിൽ കൽക്കുളംതാലൂക്കിനെ ഒരു ദൃഷ്ടാന്തമായി പറഞ്ഞു എന്നേയുള്ളൂ. ഇങ്ങനെ നോക്കുന്നതായാൽ ഈ രാജ്യത്തിലെ പലസ്ഥലങ്ങളിലും ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടി മജിസ്ട്രേട്ടുകോടതികൾ കൊടുക്കേണ്ടതായുണ്ട്. ഈ സംഗതിയിൽ ഗവർണ്മെന്റിന്റെ ശ്രദ്ധ പതിയേണ്ടതാണ്.

മജിസ്ട്രേട്ടന്മാരിൽ മിക്കവരും അഴിമതിക്കാരും സ്വാധീനം യോഗ്യന്മാരുമാണെന്നു ഞാൻ സമ്മതിക്കുന്നു. അതുപോലെതന്നെ അവരിൽ അപൂർവം ചിലർ യാതൊരു സംശയത്തിനും ഇടകൊടുക്കാതെ കൈക്കൂലിവാങ്ങുന്നവരും ഉണ്ടെന്നുള്ളതിനു് സമ്മതിക്കാതെവയ്യ. കൈക്കൂലിയെപ്പറ്റിയോ കൈക്കൂലിവാങ്ങുന്ന ഉദ്യോഗസ്ഥന്മാരെപ്പറ്റിയോ നിയമസഭയിൽ പറയേണ്ട ആവശ്യം ഇല്ലെന്നാണ് എനിക്കഭിപ്രായമുള്ളത്. പബ്ലിക്പ്രോസിക്യൂട്ടർമാർ കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാർ ഉണ്ടെന്നു കണ്ടെത്തുന്ന പക്ഷം അതിനാൽ ജനങ്ങൾക്കു സങ്കടമുണ്ടെന്നു തോന്നുകയും ചെയ്യുന്നതായാൽ അവർ വേണ്ടുംചെയ്യുമെന്നാണല്ലോ ഏവരുംവിചാരിക്കുന്നത്. ഒരാളുടെ ഗവർണ്മെന്റിനെതിരെ പരാതിയുണ്ടായാൽ അയാൾ നേരിട്ടു കൈക്കൂലിയെന്നുള്ള കുറ്റം ചുമത്തിക്കൊണ്ടുതന്നെ പോകണമെന്നില്ലല്ലോ. അതുകൊണ്ടു ഗവർണ്മെന്റിനെതിരെ പരാതിയുണ്ടായാൽ അതിനെപ്പറ്റി അന്വേഷണം നടത്തുവാൻ ഗവർണ്മെന്റിനു സാധിക്കുമല്ലോ. അപ്രകാരമുണ്ടായാൽ അവർ അതിൽ ഉത്തരവാദിത്തമുണ്ട്. ഈ നിലയിൽ കൈക്കൂലി കുറ്റത്തിൽ ജനങ്ങളുടെ അവശതകൊണ്ടു പ്രതിപുരുഷന്മാരായ കുറ്റക്കാരെ ശിക്ഷിക്കുവാൻ ചെയ്യുന്നതായ കുറ്റകൃത്യങ്ങളെ സമാധാനമുണ്ടായിട്ടുകൂടി സഹിച്ചും ആ സങ്കടങ്ങളെ ദൈവത്തിൽ സമർപ്പിച്ചും ജീവിതം കഴിച്ചുകൂട്ടുന്നതു നന്നായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്.

ഏതായാലും ഇതോടുകൂടി ഒരു സംഗതകൂടി ഇവിടെ പറയേണ്ടതായിരിക്കുന്നു. ഇരുമ്പിയൽ മജിസ്ട്രേട്ടകോടതിയുടെ ഇന്നത്തെ സ്ഥിതികളെപ്പറ്റി ഗവർണ്മെന്റിൽനിന്നും ചുമതലപ്പെട്ട ഒരു ഉദ്യോഗസ്ഥനെക്കൊണ്ടു ശരിയായി ഒരന്വേഷണം നടത്തിയാൽ നന്നാകുമെന്നു എനിക്കു അഭിപ്രായമുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സെക്രട്ടേറിയേറ്റിൽ): സർ, ഈ പ്രമേയത്തെ അവതരിപ്പിച്ചിരിക്കുന്നതിൽ മെമ്പർ ജനിപ്പിച്ചിരിക്കുന്ന പ്രത്യേകമായ വാദത്തിന്റെ കാര്യത്തിൽ ഈ ക്ഷണത്തിൽ ഏതെങ്കിലും കൃത്യമായി പറയുന്നതിനു എനിക്കു കഴിവില്ല എന്നു പറയേണ്ടിയിരിക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു. എന്തുകൊണ്ടെന്നാൽ എനിക്കു കിട്ടിയ നോട്ടീസിൽ അതു പ്രത്യേകമായി പറഞ്ഞിരുന്നില്ല. ഒരു പ്രത്യേക സ്ഥലത്തു ഒരു മജിസ്ട്രേട്ടകോടതിയില്ലാത്തതിനാൽ ഏതു സ്ഥലത്തെപ്പറ്റി പറഞ്ഞുവൊ ആ സ്ഥലത്തെ അളുകൾക്കു വലുതായ കഷ്ടം ഉണ്ടായിരിക്കാം. എന്നിരുന്നാലും ക്രിമിനൽ കോടതികൾ എവിടെയെല്ലാം സ്ഥാപിക്കണം എന്നുള്ള പദ്ധതിയെ മുഴുവനും പരിഷ്കരിച്ചതു രണ്ടുകൊല്ലത്തിനു മുമ്പുമാത്രമായിരുന്നു എന്നു നമ്മൾ ഓർമ്മിക്കേണ്ടതാണ്, അക്കാലത്തു പൊതുജനങ്ങളുടെ ആക്ഷേപങ്ങളൊക്ഷണിക്കപ്പെട്ടിരുന്നു. പൊതുജനങ്ങളുടെ പല ആക്ഷേപങ്ങളുംകിട്ടിയിരുന്നു. അവയെപ്പറ്റി ഗവണ്മെന്റു നേരിട്ടു വാദം കേൾക്കുകയും പരിശോധിക്കുകയും ചെയ്തതിൽ പിന്നീടാണ് ഈ കോടതികളും പല സ്ഥലങ്ങളിലും ഏർപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ ചെയ്തിട്ടു ഇപ്പോൾ രണ്ടുകൊല്ലമേ ആയിട്ടുള്ളൂ. ഇപ്പോൾ അതിനെ മോഷപ്പെടുത്തണമെന്നുണ്ടെങ്കിൽ വളരെബലവത്തായ കാരണങ്ങളും ശക്തിമത്തായ നിവേദനങ്ങളും ഉണ്ടായിരിക്കണം, വാസ്തവത്തിൽ സങ്കടം ഉണ്ട് എന്ന് ഗവണ്മെന്റിനു ബോദ്ധ്യമാവുകയും വേണം എന്നു എനിക്കു തോന്നുന്നു. യാസ്തവത്തിൽ സങ്കടം ഉണ്ട് എന്ന് ആ സ്ഥലത്തെ നിവാസികളും ഗവണ്മെന്റിനൊട് അറിയിക്കുന്നതായാൽ അപ്പോൾ ഗവണ്മെന്റു അതിനെപ്പറ്റി കാര്യമായി ആലോചിക്കുന്നതാണെന്നമാത്രമേ എനിക്കു ഇപ്പോൾ പറയാൻ കഴിയൂ.

പ്രസിഡണ്ട്: പരാതി പറയുന്നതിനു ജനങ്ങൾക്കു ധൈര്യം ഇല്ല എന്നും തങ്ങളുടെ പരാതിയെല്ലാം ഈ ശബ്ദനോട്ടമാത്രം പറഞ്ഞുവരുന്നു എന്നും മെമ്പർ പറഞ്ഞിരിക്കുന്നതിനാൽ ആ സ്ഥലത്തെ അളുകളിൽനിന്നും ഏതെങ്കിലും നിവേദനം ഉണ്ടായിരിക്കുമെന്നു നിങ്ങൾക്കു പ്രതീക്ഷിക്കാവുന്നതാണെന്നു എനിക്കു തോന്നുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സെക്രട്ടേറിയേറ്റ്): സർ, അഴിമതി യെ സംബന്ധിച്ചാണെന്നാണ് എനിക്കു തോന്നുന്നത്. ഞാൻ മജിസ്ട്രേട്ടകോടതികൾ സ്ഥാപിക്കുന്നതിനെപ്പറ്റി പറയുകയാണ്.

അഴിമതിയെപ്പറ്റി മെമ്പർ പറഞ്ഞിട്ടുള്ളതിനെ കുറിച്ചാകട്ടെ ആ വിഷയത്തെപ്പറ്റി മുന്നാരവസരത്തിൽ ഞാൻ വേണ്ടുവോളം പറഞ്ഞിട്ടുള്ളതുകൊണ്ടും പ്രസിഡണ്ടും അതിനെപ്പറ്റി വേണ്ടുവോളം പറഞ്ഞിട്ടുള്ളതുകൊണ്ടും ഇന്നതസംബന്ധമായിവല്ലതും പറയുന്നതിനുള്ള ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

മി: ജി. രാമൻമേനോവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഞാൻ മിസ്റ്റർ കുമാരപിള്ളയുടെ പ്രയോഗത്തെ അനുവദിക്കുകയും അപ്രകാരം ചെയ്യുന്നതിൽ വേറെ ചില സ്ഥലങ്ങളിലും മജിസ്ട്രേട്ടകോടതികളുടെ ആവശ്യം ഉണ്ടെന്നു ചൂണ്ടികാണിക്കുകയും ചെയ്തുകൊള്ളുന്നു. ഉദാഹരണമായി എന്റെ തിരഞ്ഞെടുപ്പുസ്ഥലമായ മാവേലിക്കരയിൽ ഒരു മജിസ്ട്രേട്ടകോടതിയുണ്ടായിരുന്നു. അതു പരിഷ്കാരത്തിൽ നിർത്തലാക്കപ്പെട്ടു. അരിപ്പാട്ടിലും ഒരു മജിസ്ട്രേട്ടകോടതിയുണ്ടായിരുന്നു. അതും അക്കാലത്തു നിർത്തപ്പെട്ടുപോയി. ഈ കോടതികളും നിർത്തലാക്കപ്പെട്ടതിനാൽ തങ്ങൾക്കു വലുതായ സങ്കടങ്ങൾക്കു ഇടയാകുന്നു എന്നു സ്ഥല നിവാസികളും എല്ലാം പരാതിപറഞ്ഞുകൊണ്ടേയിരിക്കുന്നു. ഈ രണ്ടു താലൂക്കുകളിലും കരുനാഗപ്പള്ളിയുടെ ഏതാനും ഭാഗങ്ങൾക്കും ആയി ഒരു മജിസ്ട്രേട്ടകോടതിയെ ഉള്ളൂ. അതും കായങ്കുളത്താണ് അതു ഒരു രണ്ടാം ക്ലാസു മജിസ്ട്രേട്ടകോടതിയും ആണു. മുമ്പു കായങ്കുളത്തു ഒരു ഒന്നാംക്ലാസുമജിസ്ട്രേട്ടകോടതിയുണ്ടായിരുന്നു. ഇപ്പോൾ ഒന്നാംക്ലാസുമജിസ്ട്രേട്ടകോടതിയിൽ അന്യായം കൊടുക്കണമെങ്കിൽ ഈ സ്ഥലങ്ങളിൽ ഉള്ള ജനങ്ങൾക്കു ആലപ്പുഴപോകേണ്ടിയിരിക്കുന്നു. മറ്റു ഭാഗങ്ങളിൽ ഉള്ളവർക്കു കൊല്ലത്തു പോകേണ്ടിരിക്കുന്നു. ഈ വിധത്തിൽ അവർക്കു വലുതായ സങ്കടങ്ങൾ അനുഭവിക്കേണ്ടിയിരിക്കുന്നു.

ഈ വിഷയത്തെ സംബന്ധിച്ചു എനിക്കു പറയണമെന്നുള്ള മറ്റൊരു വിഷയം തങ്ങൾക്കു ശരിയായി ന്യായം കിട്ടുന്നില്ല എന്നു ചെറുജാതിക്കാരുടെ ഇടയിൽ ഉള്ള പരാതിയെ പറ്റിയാകുന്നു. ഈ വിഷയം ഇന്നലെ അഭിപ്രായപ്പെട്ടു വാങ്ങിക്കപ്പെട്ടു എങ്കിൽ പ്രധാന വിഷയം നല്ലവണ്ണം ഉറപ്പിക്കപ്പെട്ടിട്ടില്ല എന്നു എനിക്കു തോന്നുന്നു. നിതിന്യായരേണത്തെപ്പറ്റി ജനങ്ങൾക്കുള്ള അഭിപ്രായം കൊണ്ടു പ്രധാനകാരണം ഒന്നുകിലൊ ഉദ്യോഗസ്ഥന്മാരുടെ കയ്യിശക്തിമില്ലായ്മ അല്ലെങ്കിൽ രണ്ടിനും ഏറ്റക്കുറവു ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ നിസ്സഹായർ ആണെന്നു ജനങ്ങൾ വിചാരിച്ചുകൊള്ളുന്നതുകൊണ്ടു ഉള്ള അവരുടെ അഭിമതി ആകുന്നു. ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതിനു അവശ്യമായതൊരുൽക്കർഷവും ഉള്ളതായി തോന്നുന്നില്ല. അല്ലാകൊണ്ടു ഉദ്യോഗസ്ഥന്മാരുടെ അഭിമതിയെ സംബന്ധിച്ചോ അല്ലെങ്കിൽ കയ്യിശക്തിയെ സംബന്ധിച്ചോ ഉപരിയായ ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങളിൽ നിയമിക്കുന്നതിനെ സംബന്ധിച്ചോ ജനങ്ങളുടെ അഭിപ്രായത്തിനു കൂടി പ്രാധാന്യം കൊടുക്കുന്നതിനെപ്പറ്റി ഉള്ള വരാക്കിയിരിക്കുന്നതുകൊണ്ടു എനിക്കു തോന്നുന്നു. ഈ പരാതിക്കു നിവൃത്തിക്കാവുന്ന ഏകമാർഗ്ഗം അതുതന്നെയാകുന്നു ഉദ്യോഗസ്ഥന്മാരുടെ അധികാരം എടുക്കുന്നതിനെപ്പറ്റി ഇപ്പോൾ ഒരു നിയമം ഏർപ്പെടുത്തൽ കഴിവില്ല എന്നു പറയപ്പെട്ടു. ആ വിഷയത്തിൽ കൂടിയും നിയമനിർമ്മാണകർത്താക്കൾ ഉത്തരവാദികളും അവ ഉപരിയായ അധികാരസ്ഥന്മാരായ ജനങ്ങളോടു ഉത്തരവാദിത്തമുള്ളവരാക്കി തീർക്കുന്നതായാൽ ഈ പരാതികളെ എല്ലാം തന്നെ വർത്തിപ്പിക്കാവുന്നതാണ്. നിയമനിർമ്മാണകർത്താക്കന്മാർക്കും മറ്റു ഉദ്യോഗസ്ഥന്മാർക്കും ഉള്ള ഉത്തരവാദിത്തത്തെപ്പറ്റി വളരെ കൂടുതലായും പറയപ്പെട്ടിരിക്കുന്നു. എങ്കിൽ അപ്രകാരത്തോടാണു ഉത്തരവാദിത്തമുള്ളവരായിരിക്കുന്നതു? എന്നതു നമുക്കു മനസ്സിലാക്കത്തക്കതായുള്ളതായി. ഉത്തരവാദിത്തത്തിന്റെ ഒരേമാതിരി ജനങ്ങളോടു പ്രതിപുരുഷന്മാരോടുള്ള ഉത്തരവാദിത്വം മാത്രം ആകുന്നു. നമുക്കു അഭിപ്രായപ്പെടുത്തപ്പെട്ടതായാൽ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെപ്പറ്റി സഭയുടെ ഈ കക്ഷിയിൽ ഉള്ള പരാതികൾക്കു വളരെ കുറവു ഉണ്ടായിരിക്കുമെന്നു എനിക്കുതോന്നുന്നു. ഈ പ്രസംഗത്തോടുകൂടി ഞാൻ ഉപേക്ഷപത്തെ അനുകൂലിക്കുന്നു.

ശ്രീ: എം. ശിവരാമപിള്ള (തോവാള) മിസ്റ്റർ കുമാരപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിൽ കൂട്ടത്തിലായി ഒരു മജിസ്ട്രേട്ടു കോടതിക്കല്ലാ കിഴക്കു നാഗരുകോവിലിൽ കോടതിയിൽ ഉള്ള മജിസ്ട്രേട്ടുകോടതിക്കു കൂടുതൽ അധികാരസിദ്ധിയുടെ ആവശ്യകതയെ പറഞ്ഞിരിപ്പാൻ ചുണ്ടിക്കാണിക്കണമെന്നു അഭ്യർത്ഥിക്കുന്നു. തോവാളയും അഗസ്തീശ്വരവും താലൂക്കുകളും പുനസ്സംഘടിപ്പിച്ചതിനുമുമ്പു തോവാളയിൽ ഒന്നും അഗസ്തീശ്വരത്തിൽ ഒന്നും ഇങ്ങനെ രണ്ടു മജിസ്ട്രേട്ടു കോടതികളുണ്ടായിരുന്നു. പുനസ്സംഘടനയിൽ പിന്നീടു കോടതികളിൽ ഒന്നും നിറുത്തലാക്കപ്പെട്ടു. തിരുവിതാംകോട്ടിലെ രാജധാനിയായ നഗരമായ നാഗരുകോവിലിൽ ഒരു മജിസ്ട്രേട്ടു കോടതി സ്ഥാപിച്ചു. അതിനുമുമ്പു അവിടെയുള്ള മജിസ്ട്രേട്ടിനു ഒന്നാംക്ലാസ്സു അധികാരം ഉണ്ടായിരുന്നു. അതിൽ പിന്നീടു അഗസ്തീശ്വരത്തിൽ ഒരു രണ്ടാംക്ലാസ്സുമജിസ്ട്രേട്ടുകോടതി ഉണ്ടായിരുന്നു. ഇപ്പോൾ ഒരു മൂന്നാംക്ലാസ്സു മജിസ്ട്രേട്ടു കോടതിയെ ഉള്ളൂ എന്നു വ്യസനിക്കേണ്ടിയിരിക്കുന്നു. നാഗരുകോവിലിൽ സംസ്ഥാനത്തിലെരണ്ടാമത്തെ പ്രധാനപ്പെട്ട നഗരമാണെന്നും അവിടെ ഒരു ഡിസ്ട്രിക്ട്കോടതി കൂടാതെ ഒരു അഡിക്ഷണൽ ഡിസ്ട്രിക്ട്കോടതിയും ഒരു ഡിസ്ട്രിക്ട് ജഡ്സിഫ്കോടതിയും ഉണ്ടെന്നു ഞാൻ ചുണ്ടിക്കാണിക്കണമെന്നില്ലല്ലൊ. അതു തെക്കൻ തിരുവിതാംകോട്ടിൽ ഏറ്റവും പ്രധാനപ്പെട്ട നഗരം ആണ് സിവിൽ നീതിന്യായത്തിനു അതിനു സുര ചമ്പരശ്രമൈൽ അധികാരാതിർത്തിയുണ്ട്. അവിടെ ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടു കോടതിയൊ അല്ലെങ്കിൽ കഴിവുണ്ടെങ്കിൽ ഒന്നാംക്ലാസ്സ്അപ്പീൽ അധികാരങ്ങളും ഉള്ളതായ ഒരു അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടൊ ഉണ്ടായിരിക്കേണ്ടതു വളരെ ആവശ്യമാകുന്നു. മിസ്റ്റർകുമാരപിള്ള കൽക്കുളം താലൂക്കിലെ ഒരു മജിസ്ട്രേട്ടുകോടതിവേണമെന്നു ആവശ്യപ്പെട്ടതുപോലെ ഇതു സംബന്ധമായി പത്മനാഭപുരത്തു ഉള്ള അഡിക്ഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു കോടതിയെ തെക്കൻ തിരുവിതാംകോട്ടിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമായ നാഗരുകോവിലിലേക്കു മാറ്റുന്നതാണെന്നു ചുണ്ടിക്കാണിച്ചുകൊള്ളുന്നു. അതു ഗവണ്മെൻറിനു സമ്മതമായിരിക്കുമെന്നു ഞാൻ ആശംസിക്കുന്നു.

ഗവണ്മെൻറിന്റെശ്രദ്ധ പതിപ്പിക്കണം എന്നു ഞാൻ വിചാരിക്കുന്നമറ്റൊരു സംഗതി പത്മനാഭപുരത്തുള്ള അഡിഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനും തിരുവനന്തപുരത്തുള്ള ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനും കൊടുത്തിട്ടുള്ള അധികാരങ്ങളിൽ വലുതായ കഴപ്പങ്ങളുണ്ടു എന്നുള്ളതാണു്. ഒരിക്കൽ ഒരു പള്ളിവിഷയമായി കോട്ടാറുള്ള മഹമ്മദീയർ തമ്മിൽഒരുവഴക്കുണ്ടായിരുന്നു. ഒരുകക്ഷിക്കാർ പത്മനാഭപുരത്തുള്ളഅഡിഷണൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനു ഒരു ഹർജിയയച്ചു രണ്ടു പ്രകാരത്തിൽ തീർച്ചപ്പെടുത്തപ്പെട്ട അതേവിഷയത്തെ സംബന്ധിച്ചു അതേ പോലെതന്നെയുള്ള മറ്റൊരുഹർജിതിരുവനന്തപുരം ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനുമയച്ചു. അതേവിഷയത്തിന്മേൽ അദ്ദേഹംതീരെ വ്യത്യസ്തമായ ഒരു തീർച്ചചെയ്തു. ഏതുവിധത്തിലൊ ഈ വിഷയം അഭിപ്രായത്തിനായി ഹൈകോടതിക്ക് അയക്കപ്പെട്ടു. പത്മനാഭപുരത്തുള്ള അഡിഷണൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ട ഒരുറിപ്പോർട്ട സമർപ്പിച്ചു. ആ വിഷയത്തെ ഹൈകോടതി എങ്ങിനെ തീർച്ചചെയ്തു എന്നു എനിക്കറിഞ്ഞുകൂടാ. പത്മനാഭപുരത്തുള്ളഅഡിഷണൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ടും തിരുവനന്തപുരത്തുള്ള ഡിസ്ട്രിക്ട്മജിസ്ട്രേട്ടും തമ്മിൽ ക്രിമിനൽ നടപടിനിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെയുള്ള അധികാരങ്ങളിൽ കഴപ്പങ്ങളും ഉണ്ടെന്നു ഞാൻ സമർപ്പിച്ചുകൊള്ളുന്നു. അവർ ഓരോരുത്തക്കും എത്രമാത്രം അധികാരം ഉണ്ടെന്നുള്ളതിനെ നിർദ്ദേശിക്കുന്നതിനു ഗവണ്മെൻറിനു കഴിവുണ്ടായിരിക്കും എന്നു ഞാൻ ആശംസിച്ചുകൊള്ളുന്നു.

ശ്രീ: എൻ. വി. ജോസഫ് (പറവൂർ): സർ, പറവൂരിൽ ഒരു മജിസ്ട്രേട്ടുകോടതിയുണ്ടായിരുന്നു എന്നും പരിഷ്കാരത്തിൽ അതിനെ അവിടെനിന്നു എടുത്തു ആലുവായിൽ മാറ്റിസ്ഥാപിച്ചു എന്നും എന്നെ തിരഞ്ഞെടുത്തിട്ടുള്ളവർക്കുവേണ്ടി ഞാൻ അറിയിച്ചുകൊള്ളട്ടെ. ഇപ്പോൾ ആലുവായിൽ ഒരു മൂന്നാംക്ലാസുമജിസ്ട്രേട്ടു മാത്രമെയുള്ളൂ. എന്നാൽ ആലുവായിൽ ഉള്ളസ്റ്റേഷനറി മജിസ്ട്രേട്ടുകോടതിയെമാറ്റുന്നതിനു മുമ്പു ഞങ്ങൾക്കു പറവൂരിൽ ഒരു രണ്ടാംക്ലാസ്സ്മജിസ്ട്രേട്ടുകോടതി ഉണ്ടായിരുന്നു.

ഇതിനപുറമെ മിസ്റ്റർ കുമാരപിള്ള് മജ്സ്ട്രേട്ടുദ്യോഗത്തിനു ആളെടുക്കുന്ന വിഷയത്തെപറ്റി പറഞ്ഞിരിക്കുന്നസ്ഥിതിക്കു, അവർക്ക എപിടെന്നു എടുത്തതെല്ലാം പോലീസുഡിപ്പാർട്ടുമെൻറിൽ നിന്നും ആളെടുക്കുന്നു എന്നും ഞാൻ സമർപ്പിച്ചുകൊള്ളുന്നു. (കേൾക്കുക കേൾക്കുക)

മി: ടി. കുമാരപിള്ള (ചങ്ങനാശ്ശേരിയും വിളയങ്കോടും): പോലീസിൽനിന്നും മജിസ്ട്രേട്ടുമാരാക്കിയവരെ ണ്ടറിയാമോ?

മി. എൻ. വി. ജോസഫ് (പറവൂർ): പോലീസ് സബ്ബ് ഇൻസ്പെക്ടർമാരെ ആക്ടിംഗ്മജിസ്ട്രേട്ടന്മാരായിനിയമിച്ചിട്ടുള്ള നൂറുകണക്കിനു ഉദാഹരണങ്ങളിൽ ഒരു പ്രത്യേക ഉദാഹരണത്തിനു സാക്ഷിയാണ്. ആലുവാസ്റ്റേഷനറിമജിസ്ട്രേട്ടിൻറെ കച്ചേരിയിലിരുന്നസ്ഥലത്തിനു രണ്ടു കെട്ടിടം കൂടുതലായിപണിയിച്ചു ഒന്നു സ്റ്റേഷനറിമജിസ്ട്രേട്ടുകോടതിയായും മറൊന്നു പോലീസുസ്റ്റേഷനായും ഉപയോഗിക്കപ്പെട്ടുവന്നു. ഒരിക്കൽ മജിസ്ട്രേട്ടു കോടതിനടത്തിക്കൊണ്ടിരുന്നപ്പോൾ പോലീസുകമ്മീഷണർ മറൊരുവിംഗിലേക്കു പോകുന്നതിനിടയായിരുന്നപ്പോൾമജിസ്ട്രേട്ടു നിൽക്കുകയായിരുന്നുവൊ തൻറെകസേരമേൽ ഇരിക്കുകയായിരുന്നുവൊ എന്നു എനിക്കറിഞ്ഞുകൂടാ. അദ്ദേഹം എപ്പോഴും പോലീസുകമ്മീഷണരെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ട് തങ്ങളുടെമുൻപിൽ പോലീസുകേസുകാരുവരുമ്പോൾ മജിസ്ട്രേട്ടിൻറെ മനോനിലഎന്തായിരിക്കും എന്നു ഒരാൾക്കു ഏതൊക്കെരീതിലുണ്ടാകുന്നതാണ് എന്നാണ് ഞാൻ പറയുന്നതു

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): മെംബർ പോലീസ്ഡിപ്പാർട്ടുമെൻറിൽ ഇരുന്നിട്ടുണ്ടോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി: എൻ. പി. ജോസഫ് (പറവൂർ) അതെ (ചിരി) ഞാൻ അതിനെ കുറേക്കൂടി ബലമായി പ്രത്യേകംഎടുത്തുപറയുന്നതിനുള്ളകാരണം അതുതന്നെയാണ്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): വക്കിൽമാരിൽ നിന്നു ആളുകൾ എടുക്കുന്നതിനെ പറ്റി മെംബർക്കു വല്ലവിരോധവും ഉണ്ടൊ? (ചിരി)

മി: എൻ. പി. ജോസഫ് (പറവൂർ): വക്കിൽമാരിൽ നിന്നും ആളുകൾ എടുക്കുന്നതായാൽ വക്കിൽപണ്ടു നടത്തുന്നതിനും നല്ലപരിചയം ഉള്ള മജിസ്ട്രേട്ടുമാർ ഉണ്ടായിരിക്കും. സാധാരണ ക്രിമിനൽ കേസുകളിൽ കൂടുതലും ചുമത്തപ്പെട്ടിരിക്കുന്നവർ നിരപരാധിയാണെന്നു ഊഹിച്ചുകൊള്ളണം എന്നാണുവയ്പ്പ് എന്നെനിക്കുതോന്നുന്നു, പോലീസുകാർ കേസുകൾ ചാജ്ജ്ചെയ്യുമ്പോൾ ഈ ഊഹം ഇരട്ടി ശക്തിയുള്ളതായിരിക്കണം. അങ്ങിനെയുള്ള സ്ഥിതിക്കു മജിസ്ട്രേട്ടന്മാരെ പോലീസ്ഡിപ്പാർട്ടുമെൻറിൽ നിന്നും നിയമിക്കുന്നതായാൽ ജനങ്ങൾക്കു ഇതൊരു രക്ഷയും ഉണ്ടായിരിക്കുന്നതല്ല.

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി): സർ, ഞാൻ ഉപേക്ഷപ്രമേയത്തെ അനുകൂലിക്കുന്നതായി എഴിക്കുന്നു. എൻറെ നിയോജകമണ്ഡലത്തിലേക്കു ഒരു മജിസ്ട്രേട്ടുകോടതി വേണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഗവണ്മെൻറിൻറെ മൂലധർമ്മം സമാധാനവും നീതിയും പരിപാലിക്കൽ ആയിരിക്കുന്നതും സംസ്ഥാനത്തിൽ അക്രമം അധികരിപ്പിട്ടുവരുന്നതോടുകൂടി ഈ ധർമ്മം അധികം നിർബന്ധമായിത്തീരുന്നതും ആകയാൽ ഗവണ്മെൻറിനതു അനുവദിക്കാൻ കഴിയും എന്നു ഞാൻ വാസ്തവമായി വിശ്വസിക്കുന്നു. എൻറെ ബഡ്ഡുറൽപ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഈ വിഷയത്തെ സംബന്ധിച്ചേടത്തോളം ഈ ഉപ്പുനയത്തെ ഗവണ്മെൻറു തുടരുന്നതായാൽ അവർ സംസ്ഥാനത്തിനു അധികം അക്രമികളെ സൃഷ്ടിച്ചു വരുകയേയുള്ളു. ഞാൻ ഗവണ്മെൻറിനെ കുറ്റംപറയുന്നില്ല. പക്ഷെ ഫലം അതായിരിക്കുന്നു. അതു ഗവണ്മെണ്ടിൻറെ അതി നിർബന്ധമായ ധർമ്മം സംസ്ഥാനത്തിൽ ഉള്ള മനുഷ്യരുടെ ജീവനേയും സമ്പത്തിനേയും രക്ഷിക്കുന്നതുകൊണ്ടു അതു കുറെക്കൂടി ആവശ്യമായിരിക്കുകയും സംസ്ഥാനത്തിൽ സമാധാനവും നീതിയും പരിപാലിക്കേണ്ടതു് ഏതു ഗവണ്മെണ്ടിൻറെയും മുഖ്യധർമ്മങ്ങളിൽ കന്നും കൂടുതൽ പോലീസും മജിസ്ട്രേട്ടന്മാരും കൊടുത്തു കാര്യം നടത്തേണ്ടതു ഗവണ്മെണ്ടിൻറെ ഏകധർമ്മവുമാകുന്നു.

മി: കെ. സി. മാത്തൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു) സർ, തിരുവല്ലയിൽ ഒരു മജിസ്ട്രേട്ടുകോടതിക്കുള്ള അപേക്ഷങ്ങളെ നിർബന്ധിച്ചുപറയുന്നതിനു ഈ സന്ദർഭത്തെ ഉപയോഗിക്കുവാൻതാൻ സഭയുടെ അനുവാദം ചോദിച്ചുകൊള്ളുന്നു. ഞാൻ പറയുന്നതിൽ വിരോധമില്ലെങ്കിൽ അനുബന്ധകാലംമുതൽക്കു അവിടെ ഒരു മജിസ്ട്രേട്ടുകോടതിയുണ്ടായിരുന്നു. നിർഭാഗ്യവശാൽ ജനങ്ങൾക്കു മനഃപ്രീഡയുണ്ടാകത്തക്കവണ്ണം ഇടക്കാലത്തു മജിസ്ട്രേട്ടുകോടതി അവിടുന്നു മാറ്റപ്പെട്ടു. അധികാരസ്ഥന്മാർ ആ സ്ഥലത്തെ നല്ലപോലെ അറിഞ്ഞിരുന്നാൽ അവിടെ ഒരു മജിസ്ട്രേട്ടുകോടതി ഒഴിച്ചുകൂടാത്ത ഒരു ആവശ്യമാണെന്നു അവർതീർച്ചപ്പെട്ടുത്തിയിരുന്നേനെ. ഇപ്പോൾ ചെങ്ങന്നൂരിൽ ഒരു മജിസ്ട്രേട്ടുകോടതിയുണ്ട്. ഇതു തിരുവല്ലാതാലൂക്കിൽ ഉള്ള ദൂരഭാഗങ്ങളുടെ ആവശ്യത്തിനു ഒട്ടും മതിയാകുന്നതായിരിക്കുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സക്കാർവക്കീൽ): തിരുവല്ലയും ചെങ്ങന്നൂരും തമ്മിൽ ഉള്ള ദൂരം എത്രയെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി: കെ. സി. മാത്തൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): ചെങ്ങന്നൂരിലെ മജിസ്ട്രേട്ടുകോടതിക്കും തിരുവല്ലായ്ക്കും തമ്മിൽ ഉള്ള ദൂരം വളരെ അധികം ഇല്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും) സർ, മെംബർ ചോദ്യത്തിനു മറുപടി പറഞ്ഞിട്ടില്ല.

മി: കെ. സി. മാത്തൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): ശരിയായ ദൂരം ഇപ്പോൾ പറയാൻ എനിക്കു കഴിയുകയില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സക്കാർവക്കീൽ): നാലുമൈലെങ്കിലും ഉള്ളതല്ലെ?

മി: കെ. സി. മാത്തൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): അതുതന്നെയുണ്ട്. മഴ, കാറ്റു, ഹിരണം മുതലായി വെള്ളം കെട്ടിനിൽക്കുന്നതായ ഈ തലുക്കിലെ ഉൾപ്രദേശങ്ങളുടെ ആവശ്യങ്ങളെ

കൂച്ചുകെട്ടാൻ സംസാരിച്ചുവന്നത്. അതുകൊണ്ട് ആ പ്രദേശത്തിന്റെ മുഴുവൻ പ്രദേശങ്ങളും ജനബാഹുല്യം ഉള്ളതാണെന്നും മാത്രം അധികാരസ്ഥന്മാർ ശ്രദ്ധിച്ചിട്ടുണ്ടെന്നുകരുതുന്നതിൽ ഇക്കാര്യം നടന്നിട്ടില്ലെന്നും ചൊങ്ങന്നൂർ മജിസ്ട്രേട്ടിനെ മാറ്റിയാൽ ഇല്ലാതെയാകുമെന്നും ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടാണ് ഞാൻ ആ അധികാരത്തിന്റെ അധികാരത്തിൽനിന്നും മാറ്റിയിട്ടുള്ളതും. നിരവല്ലായെ അതിലേക്കത്തിന്റെ അധികാരത്തിൽനിന്നും മാറ്റിയിട്ടുള്ളതും ചെങ്ങന്നൂർ മജിസ്ട്രേട്ടിനെ ഏൽപിച്ചിട്ടുള്ളതും. ഈ രണ്ടു കാര്യങ്ങളും ഞാൻ ചെയ്തിട്ടുള്ളത് ഈ രണ്ടു താലൂക്കുകളിലും ഉള്ള ജനങ്ങളുടെ ഗുണത്തിനുവേണ്ടിയാണ്. ഇതിനുപുറമെ ഈ രണ്ടു താലൂക്കുകളിലും ഉള്ള മജിസ്ട്രേട്ടുമാരുടെ അധികാരങ്ങൾ ഞാൻ കുറച്ചിട്ടുമുണ്ട്. ഇതിനുപുറമെ ഈ രണ്ടു താലൂക്കുകളിലും ഉള്ള മജിസ്ട്രേട്ടുമാരുടെ അധികാരങ്ങൾ ഞാൻ കുറച്ചിട്ടുമുണ്ട്.

മി: സ്. പ്. നായർ (കന്നഡ്ഡ്രീ): മുഖ്യപ്രശ്നങ്ങളിൽ അധികം കേസുള്ളിടത്തുകൊണ്ട അതു എടുത്തുമാറ്റുന്നതിൽ വിരോധമുണ്ടോ?

മി: ടി. കുഞ്ഞുപിള്ള (കൽക്കുളവും വിളവങ്കോടും): അവിടെ മുൻസീഫ് കോടതി ഉണ്ടോ?

മി: ടി. കുഞ്ഞുപിള്ള (കൽക്കുളവും വിളവങ്കോടും): എത്രമുൻസിപ്പന്മാരുണ്ട്.

മി: ടി. കുഞ്ഞുപിള്ള (കൽക്കുളവും വിളവങ്കോടും): അതിനെ ഒരാളെ എടുത്തുകളയുന്നതിൽ വിരോധമുണ്ടോ.

മി: സർ. പി. രാജഗോപാലാചാരി (മുഖ്യപ്രതിപക്ഷം നേതാവ്): നെടുമങ്ങാടുള്ള മുൻസിപ്പന്മാർ. അതിൽ ഒരാളെ നെടുമങ്ങാട അതുകൊണ്ടുപോകുന്നതിൽ വിരോധമില്ല. നെടുമങ്ങാട ഒരു അത്യാവശ്യമാണ്. മജിസ്ട്രേട്ടന്മാരായി ചെയ്യുന്നതൊന്നും തിരഞ്ഞെടുത്തു നിയമിക്കേണ്ടതാണ്. ചെലവു എക്സിക്യൂട്ടീവ് ഫാസ്റ്റ്മുതലായ ഡിപ്പാർട്ടുമെണ്ടു ഉദ്യോഗസ്ഥന്മാർ ചാർജ്ജ് ചെയ്യുന്ന കേസുകളിൽ നിന്നും വ്യത്യസ്തമായ നിലയിൽ അനുഭവത്തിക്കുന്നതെന്നു മജിസ്ട്രേട്ടകോടതികളോടു ഗവർൺമെണ്ടു ചട്ടം കെട്ടിട്ടുണ്ടോ എന്ന ഒരു ശങ്കയുണ്ടാകാം. ഈ ശങ്കയെ ഇല്ലാതാക്കേണ്ടതു ഗവണ്മെണ്ടിന്റെ കടമയാണ്. ഫാസ്റ്റ്രെയിഞ്ചർമാരും എക്സൈസു ഇൻസ്പെക്ടർമാരും ചാർജ്ചെയ്യുന്ന കേസുകളിൽ തെളിവു എങ്ങനെയായിരുന്നാലും ശിക്ഷയാണു ഫലമെന്നു ജനങ്ങൾക്കു സാധാരണ ബോധമുണ്ട്. ഒരാൾ മറ്റൊരാളുടെ പേരിൽ കേസുകൊടുത്താൽ തെളിവു ഉണ്ടെങ്കിൽ മാത്രമെ ശിക്ഷ ഉള്ളു എന്നൊരു സമാധാനം ഉണ്ട്. ഫാറസ്റ്റ് ഗാർഡുകാരും, എക്സൈസുഓഫീസർ ഇവർ മുന്നൂറാപ ഒരാളെ കേസിലാക്കാം എന്നു പറഞ്ഞാൽ അപ്പോൾ തോന്നിപ്പോകും. ആ ചില്ലറ ഉദ്യോഗസ്ഥന്മാരോടു കാൽക്കൽ വീണു അയാൾ പറയുന്ന ജാമ്യം കൊടുക്കാൻ ഇടയാകുന്നു. (ചിരി) ഈ തരം കേസുകളിൽ കീഴ്കോടതിയിൽ ശിക്ഷിച്ചാൽ അപ്പീലിലും ശരിവെച്ചുപോകും ശിക്ഷിച്ചില്ലെങ്കിൽ മജിസ്ട്രേട്ടന്മാർ ധർമ്മസങ്കടത്തിൽ ആകും. അതായതു ഡിപ്പാർട്ടുമെണ്ടുദ്യോഗസ്ഥന്മാർ ഗവണ്മെണ്ടിനോടു എഴുതി മജിസ്ട്രേട്ടിന്റെ കയറാം തടയുകയോ, മറ്റേതെങ്കിലും വിധത്തിൽ കഷ്ടത ഉണ്ടാക്കുകയോ ചെയ്യും. ഈ സ്ഥിതി വളരെ കഷ്ടതരമാണ്. ഇപ്പോഴും ഇങ്ങനെയുള്ള സംഭവങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു എന്നാണ് പൊതുജനാഭിപ്രായം. ഇങ്ങനെ കേസുകൾ തെളിവുകുടാതെ ശിക്ഷിക്കുന്നതു പ്രോസിക്യൂഷനുദ്യോഗസ്ഥന്മാർക്കു അഴിമതിനടത്താൻ വല്ലാതെ സൌകര്യമായി നിന്നിരിക്കുന്നു.

മജിസ്ട്രേട്ടുമാരെ അധികവും വക്കീലന്മാരിൽ നിന്നു എടുക്കണമെന്നാണ് എന്റെയും അഭിപ്രായം. മുപ്പതുവയസ്സു കഴിഞ്ഞവരെയാണു മജിസ്ട്രേട്ട അത്യാവശ്യമാണ്. ഇപ്പോൾ ഉള്ളമജിസ്ട്രേട്ടിനു സ്പാംക്ലാസു അധികാരമുള്ളു (ചിരി). ഇപ്പോഴത്തെ മൂന്നാംക്ലാസു മജിസ്ട്രേട്ടിനു രണ്ടാം ക്ലാസു അധികാരം കൂടികൊടുക്കുകയോ അതല്ലെങ്കിൽ രണ്ടാം ക്ലാസു മജിസ്ട്രേട്ടുമാർക്കുള്ള അധികാരത്തിൽ നിയമിക്കയോ ചെയ്യൽ മതി. പുതുതായിട്ടു ഒരാൾ ക്ലാസുവണ്ടെന്നു പറയുകയില്ലാ. ഇതു താലൂക്കു നിവാസികൾക്കു പൊതുവിൽ താല്പര്യമുള്ളൊരുകാര്യമാണ്.

സഭ ഉച്ചയ്ക്കു രണ്ടു മണിവരെ അടിച്ചു പിരിഞ്ഞു വീണ്ടും അടിച്ചു പിരിഞ്ഞു മൂന്നു മണിക്കു അടിച്ചുപിരിഞ്ഞു.

സ്ഥിരം ഫിനാൻസ് കമ്മിറ്റിയിലും ക്ഷേമ സാങ്കേതിക റൈറ്റ്സ് സംരക്ഷണ കമ്മിറ്റിയിലും സേവനത്തിനായി തെരഞ്ഞെടുക്കപ്പെട്ട സാമാജികന്മാർ:-

പ്രസിഡണ്ടു—ഡെപ്യൂട്ടിപ്രസിഡണ്ടിന്റെ അഭ്യുക്ഷത്തിൽ കൂടിയ യോഗത്തിൽ ഈ സഭയിലെ അനുദ്യോഗസ്ഥ മെമ്പർമാർ,

(1) മിസ്റ്റർ. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള
(2) മിസ്റ്റർ ജി. പരമേശ്വരൻപിള്ള
(3) മിസ്റ്റർ. എൻ. പി. ജോസഫ്
എന്നീമഹാന്മാരെ ഫിനാൻസ് കമ്മിറ്റിയിലേക്കും,

(1) മിസ്റ്റർ. കെ. ടി. തോമസ്
(2) മിസ്റ്റർ ടി. കുഞ്ഞുപിള്ള
(3) മിസ്റ്റർ. ഫല്ലൂർ, നാരായണപിള്ള
എന്നീമഹാന്മാരെ ലാൻഡ്റെക്കാർഡ്സ്മെയിന്റനൻസ് കമ്മിറ്റിയിലേക്കും
തെരഞ്ഞെടുത്തിരിക്കുന്നു.

ഇന്നത്തെ സമയാവധി നാം പൂർത്തിയാക്കിയതിൽ പിന്നീടു ശൂന്യാഭ്യർത്ഥനയോഗത്തിലേക്കുള്ള നാമനിർദ്ദേശം നടക്കുകയുണ്ടായിരിക്കുന്നതാകുന്നു. ഈ ഡിമാണ്ടിനെ ഇനിയും കൂടി നടക്കുകയുണ്ടായിരിക്കും

ഡിമാൻഡ് IX - നീതിഭരണം (തുടർച്ച)

ഉപേക്ഷിച്ചുപോയ കൂടി (തുടർച്ച)

മിസ്റ്റർ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കന്നഡ്ഡ്രീയും): സർ, കന്നഡ്ഡ്രീ രാജ്യത്തിലെ ജനങ്ങൾ അവിടെ വീണ്ടും കോടതി സ്ഥാപിക്കണം എന്നു ഉൽകണ്ഠിതർ ആയിരിക്കുന്നു.

പ്രൈസിഡെണ്ടു: മിസ്റ്റർ. സി. പി. കൊച്ചുകുഞ്ഞുപിള്ള, അതു എനിക്കു അറിയാം. ഈവിഷയത്തെ കുറിച്ചു അനേകം ഹർജികൾ എനിക്കു കിട്ടീട്ടുണ്ടു.

മിസ്റ്റർ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കന്നഡ്ഡ്രീയും): ഈപ്രശ്നത്തെ ഗവണ്മെണ്ടു ആലോചിക്കുമ്പോൾ അവരുടെ അവകാശങ്ങളെയും ഗണിക്കണം എന്നു മാത്രമേ ഞാൻ അപേക്ഷിക്കുന്നുള്ളു.

പ്രസിഡന്റ്:— ഈ പ്രൊപ്പോസൽ ആലോചിക്കുന്നതിനെ ഇപ്പോൾ എതിർക്കുന്നില്ലെന്നും അതിനെ ഇപ്പോൾ തന്നെ അംഗീകരിക്കുന്നുവെന്നും ഇതിനർത്ഥമില്ലെന്നും ഓർമ്മിപ്പിക്കുന്നു.

മിസ്റ്റർ. ടി. എം. ജേക്കബ് (ചങ്ങനാശ്ശേരി പടിഞ്ഞാറ്): സർ, പ്രസിഡന്റിന്റെ പ്രൊപ്പോസലിനെ ഞാൻ പിന്താങ്ങുന്നു. ഒന്നാമത്തെ പ്രശ്നം ഹൈക്കോടതിയുടെ സ്ഥാപനവും രണ്ടാമത്തെ ബെഞ്ചിന്റെ സ്ഥാപനവുമാണ്. ഹൈക്കോടതിയുടെ സ്ഥാപനത്തിനെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഇതിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. ഹൈക്കോടതിയുടെ സ്ഥാപനത്തെപ്പറ്റി പറയുമ്പോൾ ഇതിനെപ്പറ്റി കൂടി പറയുന്നതിനുള്ള ഔചിത്യം ഞാൻ കാണുന്നില്ല. ഹൈക്കോടതിയുടെ സ്ഥാപനത്തെപ്പറ്റി പറയുമ്പോൾ ഇതിനെപ്പറ്റി കൂടി പറയുന്നതിനുള്ള ഔചിത്യം ഞാൻ കാണുന്നില്ല. ഈ രാജ്യത്ത് നിലവിലുള്ള ഒരു നടപടിയാണ്. ഇവിടെ ചെയ്തുപോരുന്ന ക്രിമിനൽ കേസുകൾ നിലവിലുള്ള ഹൈക്കോടതിയിൽ തന്നെ നടത്തിപ്പോരുന്നു. ഇപ്പോൾ ഇവിടെ ഒരു ഹൈക്കോടതി സ്ഥാപിക്കുന്നതിനുള്ള ആവശ്യത്തെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ ഒരു ഹൈക്കോടതി സ്ഥാപിക്കേണ്ടതിനുള്ള ആവശ്യത്തെ ഞാൻ അനുകൂലിക്കുന്നു.

രണ്ടാമത്തെ സാഹചര്യത്തെപ്പറ്റി ഇപ്പോൾ ഒന്നും പറയുന്നില്ല. ബെഞ്ചിനെ സംബന്ധിച്ചിടത്തോളം ഇതിനെപ്പറ്റി ഗവർണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ഒരു അവസരമായിട്ടാണ് ഞാൻ കാണുന്നത്. ഹൈക്കോടതിയുടെ സിറ്റിങ്ങിനെപ്പറ്റിയും ഇതിനെപ്പറ്റിയും

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ശരിയായ വിദ്യാഭ്യാസംമൂലം അപ്രകാരം ചെയ്യാൻ നമുക്ക പ്രാപ്തിക്കാവുന്നതു സുക്തിസുക്തമാണ്.

മി: എൻ. കുമാരൻ (ഗവണ്മെൻറ് നിയമിച്ചമെംബർ): നല്ല വിദ്യാഭ്യാസം ഉള്ളതും ക്രിമിനൽകോടതികൾ യാതൊന്നും ഇല്ലാത്തതും ആയ വല്ല രാജ്യവും ഉള്ളതായി മെംബർക്ക അറിയാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതേ ശരിയായ വിദ്യാഭ്യാസമുള്ളതാണെങ്കിലും ക്രിമിനൽകോടതികൾ ഉണ്ടായിരിക്കുന്നതാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഏതെങ്കിലും ഒരു രാജ്യത്തു അങ്ങനെയുള്ള വിദ്യാഭ്യാസം കിട്ടിയിരിക്കുകയും ക്രിമിനൽകോടതികൾ ഇല്ലാതാക്കുകയും ചെയ്തിട്ടുള്ളതായി അറിയാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇപ്പോഴത്തെ സ്ഥിതിക്ക അങ്ങനെ ഒരു രാജ്യത്തിൽ ഉണ്ടെന്നു പറയുവാൻ തയ്യാറില്ല. പരക്കെ വിദ്യാഭ്യാസം വേണ്ടെ പോളിസി അനുസരിച്ചു നടത്തുക എന്നതു സാധിക്കാവുന്ന ഒരു സംഗതിയാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): മറവ രാജ്യങ്ങളിൽ ഉള്ളതുപോലെ ഈ സംഗതിയിൽ നമുക്കും അനുകരിക്കയല്ലെ വേണ്ടതു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഏതെങ്കിലും രാജ്യത്തുള്ളതുപോലെ മാത്രമെ നമുക്കും ആശിക്കാവൂ എന്നു ഞാൻ പറയുന്നില്ല. നമ്മുടെ രാജ്യം ഏതിനെ അനുസരിച്ചിരിക്കുന്നുവോ അതിനനുസരണമായ വിധത്തിൽ ഉള്ള ഫലങ്ങളാണ് നമുക്ക ആശിക്കാവുന്നതാണു.

മി: എൻ. വി. ജോസഫ് (പറവൂർ): ഏതു വസ്തുതകളുടെമേലുള്ളിൽ അതു സാധിക്കാം എന്നു നമുക്ക പ്രതീക്ഷിക്കാൻ കഴിയും.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഞാൻ പറയുന്നതു ക്രിമിനൽ കോടതികളുടെ എണ്ണത്തെക്കുറയ്ക്കുവാൻ നാം ശ്രമിക്കേണ്ടതാണു എന്നുള്ളതത്രെ. എത്രകൊല്ലത്തിനുള്ളിൽ അതു ചെയ്യാൻ നമുക്കു കഴിയും എന്നു പറയാൻ എനിക്ക സാധിക്കയില്ല.

മി: കെ. കെ. തോമസ് (കോട്ടയം): പൂജപ്പുരയിൽ ഉള്ള ഓടിട്ടഗൃഹത്തിൽ അടുത്തകാലത്തു ഒരു ഗ്രാഡുവേറ്റിനെ ചേർത്തിട്ടുള്ളതായി മെംബർക്ക അറിയാമൊ എന്ന അറിയേണ്ടിയിരിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അങ്ങനെ ഉണ്ടായിരിക്കാം; അതു ഇപ്പഴത്തെ വിദ്യാഭ്യാസനയത്തിന്റെ ന്യൂനതനിമിത്തം ജനിച്ചതാണ്. ഒരു ബി ഗ്രാഡുവെട്ടോ ഒരു എം. ഏ. ജയിച്ചവനോ ഇന്നിലിൽ ഇരിക്കുന്നതായിവരാം.

മി: ഡബ്ലിയു. എച്ച്. പിറൻ (പോലീസ്കമ്മീഷണർ): ഇൻഡ്യയിൽ ഉള്ള വിവിധ മലനിവാസികളിൽ കുറ്റം എന്നുള്ളതു കാണുവാൻ തീരെ ഇല്ലാ എന്നുള്ള വിവരം അങ്ങേയ്ക്ക അറിയാമൊ എന്നു എനിക്ക അറിയേണ്ടിയിരിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അങ്ങനെയായിരിക്കാം.

മി: കെ. കെ. തോമസ് (കോട്ടയം): സാൽവേഷൻആർമിയെപ്പറ്റി.

മി: ടി. ജെ. ജോസ് (ചങ്ങനാശ്ശേരിയും പീരുമേടും): മെംബർ രീത്യനുസരണം അല്ല. മിസ്റ്റർ പിറ അല്ലൊ സഭയിലെ പ്രധാന ക്രൈസംഗികൻ, അതുകൊണ്ടു അങ്ങേയ്ക്ക ഒരു ചോദ്യം മെംബർ ചോദിച്ചുകൂടാ.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ക്രിമിനൽകോടതികളെ നിശ്ശേഷം നിരുത്തലാക്കാൻ സാധിക്കയില്ലെന്നു വരികിലും അനേകം കൊല്ലങ്ങൾ കഴിഞ്ഞതിൽ പിന്നിട അവയുടെ എണ്ണത്തെ കുറയ്ക്കുവാൻ കഴിയും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുങ്ങോടും): വിദ്യാഭ്യാസത്തിന്റെ അഭാവം മാത്രം ആണൊ കുറ്റം നടക്കുന്നതിനുള്ള ഹേതു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതു ശരിയായ വിദ്യാഭ്യാസം ഇല്ലായ്മയുടെയും ഫലമാണ്.

മി: എൻ. കുമാരൻ (ഗവണ്മെൻറ നിയമിച്ചമെംബർ): തദ്ദേശവിദ്യാഭ്യാസം തിരുവിതാംകോട്ടിൽ ഖാദം ആണൊ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എനിക്ക അറിഞ്ഞുകൂടാ. പുതിയ ക്രിമിനൽകോടതികൾ സ്ഥാപിക്കുന്ന കാര്യത്തിൽ ഒരു മാജിസ്ട്രേട്ട്കോടതി ആവശ്യമാണൊ അല്ലയൊ എന്ന ഗവണ്മെൻറ് നോക്കേണ്ടതാണ്. അതു കൂടിയേതീരു എന്നിരുന്നാൽ അല്ലാതെ യാതൊരേടത്തും പുതുതായ കോടതി സ്ഥാപിച്ചുകൂടാ. സകലാവസ്ഥകളേയും പരിശോധിച്ചതിൽ പിന്നിട ഇതു അത്യന്താവശ്യം ആണെന്നു ഗവണ്മെൻറ് കാണുന്നതായാൽ അപ്പോൾ, പുതുതായി കോടതികൾ സ്ഥാപിക്കുവാനുള്ളതാണ്.

വക്കീൽമാരെ മാജിസ്ട്രേട്ടായിനിയമിക്കണം എന്നുള്ള സംഗതിയെപ്പറ്റി എനിക്കു പറയാനുള്ളതു ഇപ്പഴത്തെ മാജിസ്ട്രേട്ട് നീതിന്യായ കർത്തൃത്വവേലയോടുകൂടിയല്ലാ കാര്യനിർവഹണവേലയോടുകൂടിയാകുന്നു സാധാരണത്തിനടത്തിവരുന്നതു എന്നുള്ളതുമത്രെ. നീതിഭരണം യഥാവണ്ണം നടത്തപ്പെടണം എന്നു വരികിൽ നീതിഭരണകർത്തൃത്വവേലയോടുകൂടിയ ആളുകളെ മാജിസ്ട്രേട്ടന്മാരായി നിയമിക്കണം എന്നുള്ളതു ആവശ്യം അത്രെ. അക്കാര്യത്തെപ്പറ്റി പറയുന്നതിൽ വക്കീൽമാരെ മാജിസ്ട്രേട്ടുകളായി നിയമിക്കുന്നതു ഗുണകരമായിരിക്കും എന്നു മിസ്റ്റർ മമ്മദു പറഞ്ഞ അഭിപ്രായത്തിൽ ഞാൻ യോജിക്കുന്നു. ഞാനും വക്കീൽപണിനടത്തിവന്നയാൾ ആകയാൽ അപ്രകാരം ഞാൻ സ്വയമേവ പറയണം എന്നു ആഗ്രഹിക്കുന്നില്ല.

മി: കെ. സി. മാത്തൻമാപ്പിള (കച്ചവടം വടക്ക): എല്ലാ വക്കീലന്മാർക്കും നീതിരേണമോവം ഉണ്ടാ
യിരിക്കും എന്നു ഞങ്ങൾ അംഗീകരിക്കണമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭേവികുളവും): ഞാൻ അങ്ങനെ പറയുന്നില്ല ക്ലാർക്കുകളെ
മാത്രം മജിസ്ട്രേട്ടുമാരാക്കി നിയമിക്കുന്നതു നന്നല്ലാ എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. വക്കീൽമാർക്കു ക്ലാ
ർക്കുകളെക്കാൾ അധികം നീതിരേണമോവം ഉണ്ടായിരിക്കും എന്നുകൂടെ ഞാൻ പറയുന്നതു.

മി: എൻ. പി. ജോസഫ് (പറവൂർ): വക്കീൽമാരെ മജിസ്ട്രേട്ടന്മാരായി നിയമിക്കുന്നതായാൽ അ
വർക്കു കായ്യനിർവ്വഹകശക്തി തീരെ ഇല്ലാത്തവരായിരിക്കും എന്നാണോ മെംബർ പറയുന്നതു്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭേവികുളവും): ഞാൻ അങ്ങനെ പറയുന്നില്ല. കായ്യനി
വ്വാഹകശക്തിതീരെ ഇല്ലാത്തവരായി ലോകത്തിൽ ആരും തന്നെ ഉണ്ടായിരിക്കയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): യാതൊരു മെംബരും സംസാരിക്കാൻ ഒരുങ്ങീട്ടില്ല എ
ന്നു കാണുന്നതുകൊണ്ടു ഞാൻ ഏതാനും വാക്കുകൾ പറയാം. വിദ്യാഭ്യാസപ്രചാരം ഉണ്ടാകുമ്പോഴും നാട്ടുക
ച്ചേരിക്കോടതികളെ നിറുത്തലാക്കേണ്ടുന്നതാണു് എന്നു പറയുകയുണ്ടായി. ഇതു സാധീകരിക്കാവുന്ന വിചാ
രം അല്ല അധിപ്രായമാകുന്നതുള്ളൂ എന്നതേ എന്റെ അഭിപ്രായം. എന്തുകൊണ്ടെന്നാൽ അതു സ
ത്യം ആണെന്നു പരിഷ്കൃതരാജ്യങ്ങളിൽ ചിലവ ഒഴിച്ചു വളരെ കാലത്തിനു മുമ്പിലേ തന്നെ മാജി
സ്ട്രേട്ടുകോടതികളും ഇല്ലാത്തവയായിതീർന്നേനേ.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭേവികുളവും). പൌരസ്ത്യരാജ്യങ്ങളും വാസ്തവത്തിൽ വിദ്യാ
സമ്പന്നരാണെന്നാണോ അങ്ങേഹം പറയുന്നതിന്റെ സാരം?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വിദ്യാഭ്യാസം എന്ന സാധാരണ അനുഭവം
ഗ്രഹിച്ചിട്ടുള്ള പൌരസ്ത്യരീതിയിൽ ഉള്ള വിദ്യാഭ്യാസമെന്നു. പൌരസ്ത്യദേശക്കാർ നാട്ടുക്കോടതി അ
ധികം പരിഷ്കൃതർ ആണെന്നു ഞാൻ വിചാരിക്കുന്നു. അതു വസ്തുതയെ ദൃഷ്ടിയിൽ വച്ചുകൊണ്ടു ഞാൻ
പറയുന്നതായിട്ടു വിദ്യാഭ്യാസപ്രചരണം മാജിസ്ട്രേട്ട് കോടതികളുടെ എണ്ണത്തിന്റെ കുറയ്ക്കലുമായൊ അല്ലെ
ങ്കിൽ നീതിനിർവ്വഹണസമയമായൊ ഒരുകാലത്തും സംഭവിക്കുന്നതാണെന്നു പറഞ്ഞതു് ഈ പൌരസ്ത്യരാജ്യങ്ങളി
ൽ സാധിച്ചിട്ടുണ്ടായിരുന്നു; നിർഭാഗ്യവശാൽ അപ്രകാരം ആയി കാണുന്നില്ല. നേരെമറിച്ചു പണ്ടേതിക്കു
ൾ നാം പരിഷ്കൃതരല്ലാത്തവരായെ അഭിപരിഷ്കൃതരായാ ഇരുന്നിരുന്ന കാലത്തു മജിസ്ട്രേട്ടുകോടതികളും
ഇല്ലാതെതന്നെ നാം കേസുകളെ തീർച്ചയാക്കിവന്നിരുന്നു. പരിഷ്കാരാഭിവൃദ്ധിയാണു് മജിസ്ട്രേട്ട കോടതികൾക്കായി
നാം മോഹിക്കുന്നതിനു മുഖ്യകാരണമായിതീർന്നതു. അതുകൊണ്ടു പരിഷ്കാരാഭിവൃദ്ധിയോടുകൂടി മജിസ്ട്രേട്ടുകോടതി
കളുടെ എണ്ണവും വർദ്ധിക്കുമെന്നുള്ളതുണ്ടു് സംശയം. ഏതുകൊണ്ടു നാഗരികാഭിവൃദ്ധിയുണ്ടാകുന്നതോറും കു
റങ്ങളുടെ എണ്ണം കുറയുന്നതിനുള്ള പ്രവണതകാണുന്നില്ല. മറിച്ചു കുറ്റങ്ങൾ നടന്നുവരുന്നതായി ഗ്രാം കോടതിക
ളുടെ സ്ഥലമായ കുറങ്ങളും അദ്ധ്യായങ്ങളും ആക്കിഭവിക്കുകയേയുള്ളൂ. നാഗരികതയെ പ്രാപിച്ചിട്ടുള്ള കുറങ്ങ
ളുടെ പരിഷ്കൃതമാർഗ്ഗങ്ങളും ഉണ്ടാക്കുന്നതിനു ഏതുത്തോളം എന്നാൽ മിസ്റ്റർ. പിറവം തന്റെ ഡിപ്പാർ
ട്ടുമെന്റിന്റെ ഭരണത്തെക്കുറിച്ചു ഗവണ്മെന്റിനു അയച്ചിട്ടുള്ള വാർഷിക റിപ്പോർട്ടിൽ അങ്ങേഹം പറഞ്ഞിരി
ക്കുന്നതിനെ ഞാൻ പ്രസ്താവിക്കാം. കണ്ടുപിടിക്കപ്പെട്ട കുറങ്ങളുടെ ശതാംശം കുറഞ്ഞുപോയിട്ടുണ്ടെന്നുള്ള
വസ്തുതയാകട്ടെ ദീർഘകാല മേഹുവായിരിക്കേണ്ടതില്ലാ എന്നു അങ്ങേഹം സ്ഥിരപ്പെടുത്തി പറഞ്ഞിരിക്കുന്നു.
അതു തെറ്റായ സാദൃശ്യത്തിന്മേൽ പറഞ്ഞതാണെന്നു ഞാൻ ആശങ്കിക്കുന്നു. അങ്ങേഹം ഇലണ്ടം ചെയ്തിരിക്ക
ുന്നതു വണ്ടൻ നഗരമായ മാതൃപുരിയിലുള്ള പോലീസിനെയാണു്. മാതൃപുരിയിലുള്ള പൊലീസി
ന്റെ ഉദ്ദേഹണം ഇവിടെ യോജിക്കുന്നില്ല എന്നതു ഞാൻ പറയുക തന്നെ വേണം. എന്തുകൊണ്ടെന്നാൽ
ലണ്ടനിൽ ഉള്ള മാതൃപുരീണ പോലീസ് വളരെ ഉൽകൃഷ്ടരീതിയിലുള്ള കുറവുകളുമായി പെരുമാറിവന്നു.

മി: ഡബ്ലിയു. എച്ചു്. പിറവം (പോലീസ് കമ്മീഷണർ): ലണ്ടനിൽ മോക്ഷണക്കുറങ്ങളെ കുറിച്ചു
മാത്രമേ ഞാൻ റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നൊള്ളൂ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മോഷണങ്ങളുടെ കായ്യത്തിൽ ഇംഗ്ലീഷ്വർത്തമാനപ്പു
സ്തകങ്ങളിൽകാണുന്ന റിപ്പോർട്ടുകളെ വിശ്വസിക്കുന്നതായാൽ അവ കണ്ടുപിടിക്കാൻ പ്രയാസമുള്ളവയാണെന്നു
കാണും. തിരുവിതാംകോട്ടിൽ കുറവു കണ്ടുപിടിക്കുന്നതിനു കുറവുകാണുന്നതു തീതിജനകമായിരിക്കേണ്ടതില്ലാ എ
ന്നു മിസ്റ്റർ. പിറവം പറയുന്നതിനു അതു കാരണമാവുകയില്ല. നേരേമറിച്ചു അപ്രകാരം ഉള്ളവാടം ഗവണ്മെ
ന്റ് അനുമതിക്കുന്നതായാൽ വളരെ ആപത്കരമായ വാടമായി പരിണമിക്കും എന്നു ഞാൻ അറിയിക്കുന്നു.
അതുകൊണ്ടു മജിസ്ട്രേട്ടുമാരുടെ സഹായം ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിലെ രഹസ്യസഹായം ലഭ്യമാക്കുന്നതി
നാകുന്ന ശ്രമിക്കേണ്ടതു. മേൽസ്ഥലങ്ങളെ രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നു പിരിച്ചതിനാൽ മജിസ്ട്രേട്ടുകോ
ടതികളെ ഈയിടെ നവീകരിച്ചതിൽ ഈ വിഷയത്തിന്റെ ആലക്ഷ്യത്തിൽ അധികം ശ്രദ്ധപതിപ്പിച്ചിട്ടുള്ള
തായി കാണുന്നില്ല. അനേകം സ്ഥലങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന മജിസ്ട്രേട്ടുകോടതികളെപ്പറ്റി അതേ
പറയാനുള്ളൂ.

മജിസ്ട്രേട്ടുമാരെ വക്കീൽമാരിൽ നിന്നു തെരഞ്ഞെടുക്കണം എന്നുള്ള കായ്യത്തിൽ ആകട്ടെ ഇപ്പോൾ ക്രി
മിനൽ നീതിഭരണം നടത്തുന്ന മജിസ്ട്രേട്ടുമാരുടെ യോഗ്യതയില്ലായ്മയെക്കുറിച്ചു ബോദ്ധ്യം വരുത്തും എന്നുള്ളതാ
ൻ വിശ്വസിക്കുന്നതായ ഒന്നു രണ്ടുകായ്യങ്ങൾ ഞാൻ പ്രസ്താവിക്കാം. ഒരു കേസിനെ കുറിച്ചു ചട്ടവും നിയമവും
അറിയാതെ തന്നെ ഒരുകേസും താൻ തീർപ്പുചെയ്തു പോയി എന്നു ഒരു മജിസ്ട്രേട്ടു പറയുന്നതു അപ്രകാരം ഒരു
പ്രൊമോഷൻ ഉള്ളതായ്, അങ്ങേഹം അറിഞ്ഞിട്ടേപോലില്ല. നിയമജ്ഞാനം ഈ വിഷയത്തെ സംബന്ധിച്ചിടത്തോ
ളും തീരെപാടം ആവുകയില്ല. എന്നാൽ ഒരു മജിസ്ട്രേട്ടിന്റെ കായ്യത്തിൽ ആകട്ടെ നിയമജ്ഞാനം ഒരു
സമാധാനമായി ഉത്പ്രേക്ഷിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഹൈക്കോടതിയിൽ വാടം നടന്നതു ഞാൻ കേട്ട

തായ മറെറാരു കേസിൽ അട്ടികലാശൽ ഉണ്ടായിരുന്നപ്പോൾ ഇല്ലായെന്നുമാത്രം ആയിരുന്ന വിവാദം. വാദികിക്ക് ഒരുവസ്തുവിനു കൈവശം ഉണ്ടായിരുന്നില്ല എന്നുള്ള സംബന്ധപ്പെട്ടതല്ലാത്ത തീർച്ചയിൽ മാജിസ്ട്രേട്ട് എത്തുകയും പേസ്തള്ളുകയും ചെയ്തു. ഇവ രണ്ടിനും തമ്മിൽ ഉള്ളബന്ധം എന്തുഎന്നു പയ്യാലോചിക്കുന്നതിനു മാജിസ്ട്രേട്ട് ശ്രമിച്ചില്ല. മാജിസ്ട്രേട്ടുമാരുടെ തീർച്ചകളിൽ ചിലവ എത്രയുശങ്കാരം ആകുന്നു. അതുകൊണ്ടു മാജിസ്ട്രേട്ടിനെ നിയമിക്കുന്നതിൽ ഗവണ്മെൻറു സല്പം ശ്രദ്ധകാണ്ക്കണം എന്നുള്ളതു അത്യാവശ്യം ആകുന്നു. ഈ കാര്യത്തിൽ നല്ലപ്രത്യുടെ അഭാവത്തിൽ ക്ലാക്കുമാരെ മാജിസ്ട്രേട്ടന്മാരായി നിയമിക്കുന്നതിനെക്കാൾ സ്വന്തം നല്ലപരിചയമുള്ള വക്കീൽമാരെ നിയമിക്കുന്നതു അധികം നല്ലതു എന്നഞാൻ അറിയിക്കുന്നു.

ശ്രീ: കെ. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മജിസ്ട്രേട്ടുകോടതികളെ പരിഷ്കാരത്തിൽ കൂടി വ്യവചയ്തിട്ടു ഇപ്പോൾ രണ്ടു വർഷമേ കഴിഞ്ഞിട്ടുള്ളു എന്നും ആ കാലത്തു കോടതികൾ കൊണ്ടുനടന്നതിനെ പറ്റിയുള്ള ഗവണ്മെൻറിൻറെ അഭിപ്രായത്തെ പരസ്യപ്പെടുത്തുകയും ജനങ്ങളുടെ അഭിപ്രായം വരുത്തുകയും ചെയ്തു എന്നും അതിൽ പല ഹർജികളും വന്നിട്ടുണ്ടെന്നും അതുകളെ എല്ലാം നോക്കിപോലെ പയ്യാലോചിച്ചുണ്ട് മാജിസ്ട്രേട്ടുകോടതികളെ സംബന്ധിച്ചു ഇടക്കുചെയ്യുന്നതിനെപ്പറ്റി ചില മെമ്പർ പറയുകയുണ്ടായി. മാജിസ്ട്രേട്ട് കോടതികളെ സംബന്ധിച്ചു ഇടക്കുചെയ്യുന്നതിനെപ്പറ്റി പരിഷ്കാരത്തിനു ഗവർണ്മെൻറിനുണ്ടായിരുന്ന അഭിപ്രായങ്ങളെ വ്യക്തമാക്കിയിട്ടുണ്ടു. ഈ കാര്യത്തിൽ ജനങ്ങളുടെ അഭിപ്രായങ്ങൾക്കും ശക്തി ഇല്ലായിരുന്നു. അവയെല്ലാം വന്നതിനുശേഷം ഇതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടു. അതുകൊണ്ടാണു ജനങ്ങളോടു ആലോചിച്ചിട്ടുണ്ടു ചെയ്തതെന്നു പറയുന്നതു ശരിയല്ല. അതുകൊണ്ടു ഇപ്പോൾ ഈ സഭയുടെ സാധാരണം നിശ്ചയിക്കുന്നതുകൊണ്ടു ഒരു ഫലവും ഉണ്ടായില്ല. ഒരു മജിസ്ട്രേട്ടുകോടതിയുടെ ആവശ്യം ഇവിടെയുണ്ടെന്നു ഗവണ്മെൻറിനു ബോധ്യപ്പെടുന്നതുവരെ അവിടെ മജിസ്ട്രേട്ടുകോടതി സ്ഥാപിക്കുന്നതല്ലെന്നാണ് മറെറാരു സമാധാനം പറഞ്ഞിട്ടുള്ളതു. ഗവണ്മെൻറിനെ ബോധ്യപ്പെടുത്തേണ്ട വഴികൾ ഏതൊക്കെയാണെന്നുള്ളതു മനസിലാക്കാൻ വിഷമമായിരിക്കുന്നു.

ശ്രീ: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മജിസ്ട്രേട്ടുകോടതിയില്ലാത്ത സ്ഥലത്തു നിന്നും പോലീസ് മജിസ്ട്രേട്ടിൻറെ അധികാരം കൂടി കൊടുത്തുകൂടെ പോരേ?

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെ കൊടുക്കുന്നതിൽ യാതൊരു അപാകതയും ഇല്ല. നിലവിൽ കൊടുത്തതുകൊണ്ടും മുൻസിഫിനെകൊടുത്തതുകൊണ്ടും എനിക്കു ഒരു വിരോധവും ഇല്ല. ഈ ചുമതലകൂടി ന്യായം കിട്ടുന്നതിനു സൌകര്യമുണ്ടായിരിക്കണമെന്നേയുള്ളു. അതായതു പണവും സ്വാധീനവും ഉള്ളവർക്കു സാധുക്കളുടെ ഉപദ്രവിക്കാൻ ഇടകൊടുക്കരുതെന്ന മാത്രമേ എനിക്കഭിപ്രായമുള്ളു.

പ്രൊഫസർ സ്നേഹിതൻ മിസ്റ്റർ. ശിവതാണുപിള്ള ഒരഭിപ്രായം പറഞ്ഞിട്ടുള്ളതു പരമനാപേരയ്ക്കുള്ള ഡിവിഷൻ സബ്ബ്കോടതിക്കു കൊട്ടാരക്കരയിൽ അവിടെയുള്ള രണ്ടാം ക്ലാസ്സ്മജിസ്ട്രേട്ടുകോടതിയെ ഇങ്ങോട്ടുമാറ്റണം എന്നാണ്, പരമനാപേരയിലുള്ള മജിസ്ട്രേട്ടുകോടതിയെപ്പറ്റി ഞാൻ ഒന്നും പറഞ്ഞിട്ടില്ല. അഞ്ചുനാഴികയ്ക്കുള്ളിൽ രണ്ടു മജിസ്ട്രേട്ടുകോടതി വേണമെന്നു പറഞ്ഞിട്ടുള്ളതു. അതിനാൽ ഈ രണ്ടു സ്ഥലങ്ങൾക്കും തമ്മിൽ ഒരു സംബന്ധവും ഇല്ലായ്കയാൽ.

മജിസ്ട്രേട്ടുമാരെ നിയമിക്കുന്നതിനെ സംബന്ധിച്ചു പോലീസ് ഡിപ്പാർട്ടുമെൻറിൽ നിന്നും ആരെ എടുക്കാൻ പാടില്ലെന്നുള്ള അഭിപ്രായം എനിക്കില്ല. പോലീസിൽ നിന്നും എടുക്കുന്ന ആളുകൾ എല്ലാവരും ചീത്തയായി പോകും. എന്നു വിചാരിക്കാൻ അവശ്യമില്ലാത്തതാണ്. ഏതു ഡിപ്പാർട്ടുമെൻറിൽ നിന്നും ആളുകളെ എടുത്താലും ചീത്തയാകുന്നവരും ചീത്തയാക്കപ്പെടുന്നവരും ചീത്തയാക്കുന്നവരും ഉണ്ടായിരിക്കുന്നു. ഈ ലീസ് ഡിപ്പാർട്ടുമെൻറിൽ ഉള്ളവർക്കുള്ള ഏതൊരു ന്യൂനതയുള്ളതുകൊണ്ടു ഒഴിക്കുവാൻ ശരിയല്ല.

ശ്രീ: ടി. ജെ. ജോസ് (ചങ്ങനാശേരിയും പീരുമേടും): വക്കീൽമാരിൽ നിന്നും വല്ലവരേയും മജിസ്ട്രേട്ടുമാരായി എടുത്തു പ്രോമോട്ടുചെയ്തതായി അറിയാമോ?

ശ്രീ. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ധാരാളം ഉണ്ട്.

ശ്രീ: ടി. ജെ. ജോസ് (ചങ്ങനാശേരിയും പീരുമേടും): പേർ പറയാമോ?

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഒരു വിരോധവുമില്ല പക്ഷേ സത്യം പറയുന്നതായാൽ ഞാൻ സാക്ഷിക്കൂട്ടിൽ കയറേണ്ടതായിവരും, ആ വിഷയത്തെ വിചാരിച്ചു ഞാൻ പേരുകളെ പറയുന്നില്ല (ചിരി)

ശ്രീ: ടി. ജെ. ജോസ് (ചങ്ങനാശേരിയും പീരുമേടും): ആരെയെങ്കിലും അറിയാമോ എന്നറിഞ്ഞാൽ മതി.

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എനിക്കു ധാരാളമായി അറിയാം.

ശ്രീ: ടി. ജെ. ജോസ് (ചങ്ങനാശേരിയും പീരുമേടും): വക്കീലന്മാരിൽ നിന്നും മജിസ്ട്രേട്ടായി എടുത്തിട്ടുള്ളതിൽ ആരെയെങ്കിലും അറിയാമോ?

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എൻറെ ഇതുവരെയുള്ള സഞ്ചാരം കൊണ്ടു എനിക്കറിയാമെന്നുമാത്രമേ പറയുവാൻ മനസ്സുവായിട്ടില്ലെങ്കിലും കഷ്ടമാണ്.

ശ്രീ: [illegible] (ചങ്ങനാശേരിയും പീരുമേടും): അറഞ്ഞുകൂടാ എന്നാണോ എൻറെ അഭിപ്രായം. വക്കീലന്മാരിൽ നിന്നു നേരിട്ടു ഇരുപതു ആളെയും തിരുവിതാംകൂറിലെ മജിസ്ട്രേട്ടുമാരായിനിയമിച്ചിട്ടുള്ളവരുടെ വസ്തുത അറിയാമോ?

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അറിഞ്ഞുകൂടെങ്കിലും അതിലേക്കു ഞാൻ ചെന്നു തലയിടുന്നില്ല.

ശ്രീ: തരിയൻ ഖദീജാമ്മാൾ (മൂവാറ്റുപുഴയും കോട്ടയവും): അങ്ങനെ ആക്കിട്ടുള്ള സ്ഥിതിക്കു അവരെ മോശക്കാരായാണോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): വക്കീലന്മാരായിരുന്ന വേറെ ജോലിയിൽ പ്രവേശിച്ചു പിന്നീട് മജിസ്ട്രേട്ടയി വന്നിട്ടുള്ളവരും ധാരാളം ഉണ്ട്. അതുകൊണ്ട് വക്കീലായിരിക്കും, പിന്നെ ഉദ്യോഗങ്ങളിൽ പ്രവേശിക്കും.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അങ്ങനെയൊന്നും ഇല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഉണ്ടാകും.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഉണ്ടാകുമായിരിക്കാം.

മി: എൻ. പി. ഡേവിസ് (പാലൂർ): പോലീസ് വിചാരണകളിൽ ഇടപെടുന്നതുപോലെ മജിസ്ട്രേട്ടുമാർ വരുന്നുണ്ടോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു ആളുകളുടെ സ്ഥിതിപോലെയിരിക്കും. ധനികരായ പുരുഷന്മാരുള്ള ആളാണെങ്കിൽ പോലീസ്മജിസ്ട്രേട്ടുമാർ നിന്നും പിടിക്കുന്നതിൽ യാതൊരാക്ഷേപവുമില്ല.

ചട്ടത്തിനും വിധിപ്രകാരത്തിനും മജിസ്ട്രേട്ടുകോടതികൾ എടുത്തുകളയണമെന്നുള്ള അഭിപ്രായമാണുള്ളത് ഒരു സ്ഥലമാണ്. ഈവിടെ വിചാരണയും ഉള്ളവർ വളരെ കുറവാണ്. പ്രാഥമികവിചാരണം പോലും ധാരാളം ഒഴിവുള്ള ഈ സ്ഥലത്തിരുന്നുള്ള വിഷമം ഇപ്പോൾ പറയുന്നില്ലെന്നിരിക്കട്ടെ. ഏതുകേസുകൾ പ്രിൻസിപ്പൽ മുൻസിഫ്കോടതിയിൽ നിന്നും നിശ്ചയിച്ചിട്ടുള്ള കണക്കനുസരിച്ചു വേണം പരിഗണിച്ചു തീർപ്പുകൽപിക്കുവാൻ. ഓരോ സമയത്തിൽ കൺസർവേറ്റരുടെ കണക്കുകൾ ഓരോ ഉദ്യോഗസ്ഥൻ പരിശോധിക്കുന്നതുകൊണ്ട് ഓരോ പ്രാവശ്യം ഓരോ ഉദ്യോഗസ്ഥൻ ഇടയ്ക്കിടെ വര

ജനങ്ങളിൽ നിന്നും പണം പിരിക്കുന്നതുള്ള ഉദ്യോഗസ്ഥന്മാക്ക് ജനഹിതം ലഭിക്കയില്ല എന്നുള്ളതിനെ എനി ക്കു നിശ്ചയമായും ഗ്രഹിക്കുവാൻ കഴിയും: ഈ വ്യത്യാസത്തെ സ്വീകരിക്കുന്നതുകൊണ്ടുപോലും രാജ്യഭരണം നട ത്തുന്ന ഉദ്യോഗസ്ഥന്മാക്കായി ക്രമത്തിലധികം ധനം ഗവർൺമെണ്ട് ചിലവാക്കുന്നു എന്നുള്ള ആക്ഷേപം മുഴുവനും ശരിയല്ല എന്നു ഞാൻ ചൂണ്ടികാണിക്കുതന്നെ വേണം. ഈ തരത്തിൽ ഉള്ള രാജ്യകാര്യ നിർവ്വഹ കരായ ഉദ്യോഗസ്ഥന്മാരുടെ ഓഹരിക്ക് ഏറ്റ ലക്ഷത്തോളമോ ഏറ്റ ലക്ഷത്തോളമോ രൂപാ മാത്രമെ ചി ലവുള്ളു എന്നും ജനങ്ങൾക്കു നേരിട്ടു ഉപകരിക്കേണ്ടവരായ ഉദ്യോഗസ്ഥന്മാക്കായി വലിയ തുക ചിലവുചെയ്യപ്പെടുന്നു എന്നും മിസ്റ്റർ ജാക്ക് ചൂണ്ടികാണിച്ചിട്ടുണ്ട് എന്നു ഞാൻ വിചാരിക്കുന്നു: ഈ സഭയെ പ്രത്യേകിച്ചു ഗ്രഹിപ്പിക്കണം എന്നു ഞാൻ വിചാരിക്കുന്ന സംഗതി മറിയമായടത്തോളം എണ്ണം ഉദ്യോഗസ്ഥ ന്മാർഇല്ല വളരെ പേരെയും ആക്ഷേപം പറയാനുണ്ട് എന്നുള്ളതത്രെ. കൂടുതൽ എണ്ണം ഉദ്യോഗസ്ഥ ന്മാരെ നിയമിക്കാൻ ചിലവിനു വ്യവസ്ഥ ചെയ്യുമ്പോൾ മെംബർ അതിനു ആക്ഷേപവാദം പറയുന്നു. നേ രെമറിച്ചു ഉദ്യോഗസ്ഥന്മാരുടെഎണ്ണത്തെ കുറയ്ക്കുമ്പോൾ "ഞങ്ങൾക്കു കൂടുതൽ ഉദ്യോഗസ്ഥന്മാരെ തരുവിൻ" എന്നു പറഞ്ഞുകൊണ്ടു അവർ വരികയും. ഈ ഉഭയസ്ഥിതിയിൽ ഗവർൺമെണ്ടു ചെയ്യേണ്ടതു എന്താകുന്നു! ഒരേ, കാര്യംവരുന്നോരാ ഗവർൺമെണ്ടിന്റെ യുക്തംപോലെ തീർച്ചചെയ്യുന്നതിനായി വിട്ടേക്കുന്നതാണ് മെം ബർമാർ ചെയ്യാവുന്നതായ ഉത്തമകാര്യം എന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ: ജി. രാമൻ മെനവൻ (മാവേലിക്കരയും ചെങ്ങന്നാട്ടുള്ളിയും) രാജ്യകാര്യനിർവ്വഹണത്തിനുള്ള സാമാന്യ ചെലവിനെ വർദ്ധിപ്പിക്കാതെ തന്നെ ജനങ്ങൾ ആവശ്യപ്പെടുന്നതായ ഉദ്യോഗസ്ഥരിൽ ഏതാനും എങ്കിലും അനുവദിക്കുന്നതുകൊണ്ടും അല്ലയോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അ: അഡിഷനൽ ഹെഡ്സക്രട്ടർ വക്കീൽ) ശക്യം അല്ല.

പ്രസിഡണ്ട് :—വ്യക്തമായ ചില മജിസ്ട്രേട്ടന്മാരും നിയമിക്കുന്ന പ്രശ്നം ഈ ഉപകാരപ്രത്തിൽ ഉൾ പ്പെടുന്നില്ലാ എന്നു ഞാൻ വിചാരിക്കുന്നു. ഇക്ക പരമേശ്വരനുമായ ഉപക്ഷേപം അണ്ടർ സ്റ്റക്രട്ടർ കുമാരപിള്ള നിർദ്ദേശത്തിന്റെ ഗുണദോഷങ്ങളെ പറഞ്ഞു. ഗവർണ്മെൻറ് അത്യം ഒരുമിച്ചു തന്നെ ഇതിനെ കുറിച്ചു കൂടുതൽ ആലോചിച്ചു തീർച്ചയാക്കുവാൻ നിയമിക്കുന്നു പക്ഷം ഈ വിഷയത്തിന്റെ ഗുണദോഷങ്ങളെ കുറിച്ചു വിചാരിക്കുന്നതിനു ഇപ്പോൾ ഒരു തടസ്സവും ഉണ്ടാകുന്നതല്ല എന്നും ഈ സഭയിൽ നിന്നും ചില മെംബർമാർ അഭിപ്രായപ്പെട്ടതിനാൽ മജിസ്ട്രേട്ടുകളുടെ തിരസ്കരിക്കുന്നു എന്നും ഉള്ള തീർച്ചയെ ചില ഡിസ്ട്രിക്ട് ഗവർണ്മെണ്ടുകളിലും അനുവർത്തിച്ചുവരുന്നതിനു ഉദാഹരണമായി ആ ഗ്രണ്മെണ്ടുകൾക്കുള്ള അഭിപ്രായം ഇതിനു ഉദാഹരണമായി മാത്രം പ്രസ്താവിച്ചതാണ്: മറ്റു മെംബർമാർ ഏല്ലാവരും ഈ ഉദാഹരണത്തെ തന്നെ പിന്തുടർന്നു അവർത്തിക്കുവാൻ തുടങ്ങി.

മി: കയ്യാലം പരമേശ്വരൻപിള്ള (അ-അഡിഷനൽ ഹെഡ്സക്രട്ടർവക്കീൽ) ചുരുക്കി പറയുന്നതായാൽ അവർക്കു അധികം എണ്ണം മജിസ്ട്രേട്ടുകൾതികയും വേണ്ടാ.

പ്രസിഡണ്ട് :—അതുപോലും അല്ല.

മി: ടി. കുമാരപിള്ള (കല്ലൂപ്പാറയും വിളവങ്കോടും) ഈ രാജ്യത്തുള്ള മുഴുവൻ സ്ഥിതികളേയും പരിശോ ധിച്ചു ജനങ്ങൾക്കു അത്യാവശ്യമായ സ്ഥലങ്ങളിൽ പ്രത്യേകമജിസ്ട്രേട്ടന്മാരുടെ കോടതികൾ തുടങ്ങണമെന്നാണ് എന്റെ അഭി പ്രായം. മജിസ്ട്രേട്ടുകോടതിയില്ലാതെ ജനങ്ങൾ വളരെ സങ്കടം അനുഭവിക്കുന്നുണ്ട്. അതു ഗവർൺമെണ്ടു അന്വേഷിച്ചു വേണ്ടുന്നപോലെ ചെയ്യുകയും ചെയ്യണം.

മി: കയ്യാലം പരമേശ്വരൻപിള്ള (അ. അഡിഷനൽ ഹെഡ്സക്രട്ടർ വക്കീൽ) ഇക്കാര്യത്തെ ഗവർൺമെണ്ടു ശ്രദ്ധിക്കുന്നതായാണെങ്കിൽ ഈ സഭയിൽ നടന്ന വാഗ്പ്രതിവാദത്തെ ഉപയിൽ വച്ചുകൊണ്ടു ഇപ്പോഴത്തെ ആവശ്യം ഉണ്ടെങ്കിൽ വീണ്ടും പരിശോധിക്കാവുന്നതാണെന്നും മെംബരോടു നിർബ്ബന്ധമായും ഉണർത്തിപറയുവാൻ എനിക്കു കഴിയും.

വിശദമായി പ്രസ്താവിക്കേണ്ടതായി ഇനി ഒരു സംഗതി കൂടി മാത്രമെയുള്ളു. വനം വക കേസുകളിലും എക്സൈസ്വക കേസുകളിലും പ്രത്യേകം കോടതികൾ സ്ഥാപിക്കണം എന്നു മജിസ്ട്രേട്ടുക്കു അധികാരം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. മജിസ്ട്രേട്ടുകോടതിയില്ലാതെ ജനങ്ങൾ വളരെ സങ്കടം അനുഭവിക്കുന്നുണ്ട്. അതു ഗവർൺമെണ്ടു അന്വേഷിച്ചു വേണ്ടുപോലെ ചെയ്യുകയും ചെയ്യണം.

മി: കയ്യാലം പരമേശ്വരൻപിള്ള (അ. അഡിഷനൽ ഹെഡ്സക്രട്ടർ വക്കീൽ) ഇക്കാര്യത്തെ ഗവർൺമെണ്ടു ശ്രദ്ധിക്കുന്നതായാണെങ്കിൽ ഈ സഭയിൽ നടന്ന വാഗ്പ്രതിവാദത്തെ ഉപയിൽ വച്ചുകൊണ്ടു ഇപ്പോഴത്തെ ആവശ്യം ഉണ്ടെങ്കിൽ വീണ്ടും പരിശോധിക്കാവുന്നതാണെന്നും മെംബരോടു നിർബ്ബന്ധമായും ഉണർത്തിപറയുവാൻ എനിക്കു കഴിയും.

വിശദമായി പ്രസ്താവിക്കേണ്ടതായി ഇനി ഒരു സംഗതി കൂടി മാത്രമെയുള്ളു. വനം വക കേസുകളിലും എക്സൈസ്വക കേസുകളിലും പ്രത്യേകം കോടതികൾ സ്ഥാപിക്കണം എന്നു മജിസ്ട്രേട്ടുക്കു അധികാരം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. മജിസ്ട്രേട്ടുകോടതിയില്ലാതെ ജനങ്ങൾ വളരെ സങ്കടം അനുഭവിക്കുന്നുണ്ട്. അതു ഗവർൺമെണ്ടു അന്വേഷിച്ചു വേണ്ടുപോലെ ചെയ്യുകയും ചെയ്യണം

ശ്രീ: എൻ. കുമാരൻ (ഗവർൺമെണ്ട് നിയമിച്ച മെമ്പർ): വനം കേസുകളും എക്സൈസ് കേസുകളും അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്മാർ കുറഞ്ഞരേഖണത്തിന്റെ ഇഷ്ടപ്രകാരമാണ് അഫീസർമാരെക്കാൾ കൂടുതൽ പ്രത്യക്ഷമായുള്ളവരാണെന്നു കാണുന്നു എന്റെ പ്രശ്നം.

പ്രൊസിഡിങ്ങ്: വനം കേസുകളിൽ ഉദ്യോഗസ്ഥന്മാരും എക്സൈസ് ഉദ്യോഗസ്ഥന്മാരും അവരുടെ ഡിപ്പാർട്ടുമെണ്ടുമായി സംബന്ധിച്ച കേസുകളുടെ സാബന്ധിച്ചു നിയമം ഉള്ളവരാണു. എന്നാൽ ക്രിമിനൽ കേസുകളിൽ സ്വന്തം ശ്രദ്ധയോടെ ആണ്. അതുകൊണ്ടാണ് വനം കേസുകളിലും എക്സൈസ് കേസുകളിലും കോടതിസ്ഥാനം ലഭിക്കുന്നതു പൊലീസ് കേസുകളിലെക്കാൾ അധികം എളുപ്പം ആയിരിക്കുന്നതു.

ശ്രീ: ടി. കുമാരപിള്ള (കല്ലൂപ്പാറ വിളവങ്കോടു): എക്സൈസ് കേസുകളിൽ ചില മജിസ്ട്രേട്ടന്മാർ ശിക്ഷിക്കുന്നില്ലെന്ന കമ്മീഷണർ ഗവർൺമെണ്ടിലേക്ക എഴുതിയയച്ചതു വിവരമറിഞ്ഞുവോ?

ശ്രീ: കുഞ്ഞോ പരമേശ്വരൻപിള്ള (ആ: അഡിഷനൽ സെക്രട്ടറി ടു ഗവർൺമെണ്ട്): അങ്ങനെയൊരു ലേഖനം ഗവർൺമെണ്ടിലേക്ക അയച്ചിട്ടുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല. എന്നാൽ എക്സൈസ് കേസുകളിൽ ശരിയായിട്ടുള്ള നിവാരകമായ ശിക്ഷ നല്കുന്നില്ല എന്നു എക്സൈസ് കമ്മിഷണർ ചിലരുദ്ദ്യോഗസ്ഥന്മാരെ പറ്റുന്നതായി ഗവർൺമെണ്ട് റിക്കാർഡുകളിൽ നിന്നു കാണാൻ കഴിഞ്ഞു. കാരണസ്ഥാപനം ആക്കണം എന്നു അതിലൊന്നും പറയുന്നില്ല.

ശ്രീ: തരിയൻ കുഞ്ഞഹമ്മൻ (ആലപ്പുഴ തെക്കു): എക്സൈസ് കേസുകളിൽ ശരിയായിട്ടു മജിസ്ട്രേട്ട് ശിക്ഷിക്കുന്നില്ലെന്നു ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടുകാര്യക്ഷമനായ ഗവർൺമെണ്ടിലേക്ക എഴുതിയയച്ചതായി അറിയാമോ?

ശ്രീ: കുഞ്ഞോ പരമേശ്വരൻപിള്ള (ആ: അഡിഷനൽ സെക്രട്ടറി ടു ഗവർൺമെണ്ട്):—എനിക്ക അറിഞ്ഞുകൂടാ.

ശ്രീ: ടി. കുമാരപിള്ള (കല്ലൂപ്പാറയും വിളവങ്കോടും): ൽസ്-മേണ്ടത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ എക്സൈസ് കമ്മിഷണർ ഒരു പട്ടിക കൊടുത്തിട്ടുള്ളതിൽ ഒരു മജിസ്ട്രേട്ടിനും ശിക്ഷ കുറഞ്ഞു പോയതായി പറഞ്ഞിട്ടില്ലെന്നു മെമ്പർ കണ്ടിട്ടുണ്ടോ?

ശ്രീ: കുഞ്ഞോ പരമേശ്വരൻപിള്ള (ആ: അഡിഷനൽ സെക്രട്ടറി ടു ഗവർൺമെണ്ട്): മജിസ്ട്രേട്ടുമാർ മതിയായതോതിലുള്ള നിവാരകമായ ശിക്ഷ നല്കീട്ടില്ലാത്ത കേസുകളുടെ ലിസ്റ്റിനെ പറ്റി മെമ്പർ പ്രസ്താവിക്കുകയായിരിക്കാം. എക്സൈസ് ഡിപ്പാർട്ടുമെണ്ടിലേയും വനം ഡിപ്പാർട്ടുമെണ്ടിലേയും മേലധികാരികൾ അവരുടെ മതത്തെ ലിസ്റ്റിനെ ഗണിക്കുന്നവരാകകൊണ്ടു മതിയായിട്ടുതോതിലുള്ള നിവാരകമായ ശിക്ഷ നഷ്ടമാണ്ടില്ല എന്നു അവർ എഴുതിയയക്കുവാനാണെന്നുള്ളതു സംശയം അതേ.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എക്സൈസ് കമ്മിഷണർ ആകട്ടെ വനം കൺസെർവെട്ടർ ആകട്ടെ മജിസ്ട്രേട്ടന്മാരുടെ വിവേചനാധികാരത്തിൽ ഈ വിധം പ്രവേശിക്കുന്നതു നിർദ്ദേശിക്കുന്നതാണോ?

ശ്രീ: കുഞ്ഞോ പരമേശ്വരൻപിള്ള (ആ: അഡിഷനൽ സെക്രട്ടറി ടു ഗവർൺമെണ്ട്): അവർ മജിസ്ട്രേട്ടിന്റെ വിവേചനാധികാരത്തിൽ പ്രവേശിക്കുന്നില്ല. ഗവർൺമെണ്ടും പ്രവേശിക്കുന്നില്ല.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ അവർ എന്തിനായി ഗവർൺമെണ്ടിനോടു പരാതിപറഞ്ഞു?

ശ്രീ: ടി. കുമാരപിള്ള (കല്ലൂപ്പാറയും വിളവങ്കോടും): അറിപ്പോർട്ട് ചെയ്തിട്ടുള്ള മെമ്പർ കണ്ടിട്ടുണ്ടോ?

ശ്രീ: കുഞ്ഞോ പരമേശ്വരൻപിള്ള (ആ: അഡിഷനൽ സെക്രട്ടറി ടു ഗവർൺമെണ്ട്): ശരിയായ അധികാരസ്ഥന്മാർ മജിസ്ട്രേട്ടിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനായി അവർ ഗവർൺമെണ്ടിനെ അറിയിക്കുന്നതേയുള്ളു.

ശ്രീ: ടി. കുമാരപിള്ള (കല്ലൂപ്പാറയും വിളവങ്കോടും): ഇതിന്റെ അർത്ഥം എന്താണ്? അങ്ങനെ ഗവർൺമെണ്ടിലേക്ക സമർപ്പിച്ച റിപ്പോർട്ടിൽ കൂടുതൽ ശിക്ഷ കൊടുക്കണമെന്നു അവരെ അറിയിക്കണമെന്നല്ലേ!

ശ്രീ: കുഞ്ഞോ പരമേശ്വരൻപിള്ള (ആ: അഡിഷനൽ സെക്രട്ടറി ടു ഗവർൺമെണ്ട്): അതിനെ അങ്ങനെയും അർത്ഥമാക്കാം എന്നാൽ ഓരോകാര്യത്തിലും മജിസ്ട്രേട്ടന്മാർ അവരുടെ യുക്തധികാരം പ്രയോഗിക്കുന്നു എന്നു അർത്ഥമാക്കുന്നില്ല.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മജിസ്ട്രേട്ടുമാരുടെ ശിക്ഷാവിധികളെ കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നതു ഗവർൺമെണ്ടിന്റെ വിവേചനാധികാരത്തിൽ ഉൾപ്പെട്ടതാണോ?

ശ്രീ: കുഞ്ഞോ പരമേശ്വരൻപിള്ള (ആ: അഡിഷനൽ സെക്രട്ടറി ടു ഗവർൺമെണ്ട്): കൂടുതൽ ശിക്ഷ നല്കുന്നതിനു ഹൈക്കോടതിൽ അപേക്ഷിക്കുവാൻ ചാ ആഫീസരോടു ഗവർൺമെണ്ടു ആജ്ഞാപിക്കും; ഹൈക്കോടതി നീതിന്യായസ്ഥാനത്തിന്റെ നിലയിൽ ശിക്ഷയെ കൂട്ടും.

ശ്രീ: ജി. രാമൻ തമ്പനവൻ (മാവേലിക്കരയും കായംകുളവും): ഇക്കാര്യങ്ങളെല്ലാം നോക്കുന്നതിനു ഇതുവിധം കേസുകളെ പ്രത്യേകാന്വേഷിച്ചുനോക്കുവാൻ മജിസ്ട്രേട്ടുമാരെ പ്രേരിപ്പിക്കാൻ കഴിയുമായിരുന്നു.

പ്രൊസിഡിങ്ങ്: അല്ലെങ്കിൽ പ്രത്യേകിച്ചുനോക്കുവാൻ.

ശ്രീ: കുഞ്ഞോലം പരമേശ്വരൻപിള്ള (ആ: അഡിഷനൽ സെക്രട്ടറി ടു ഗവർൺമെണ്ട്): ഈ സ്ഥിതിക്കു ശ്രീ: കുമാരപിള്ള തന്റെ ഉദ്ദേശ്യത്തെ പിൻവലിക്കുന്നതു ശക്തമായിരിക്കും എന്നു ഞാൻ വിചാരിക്കുന്നു.

മി: ടി. കുമാരപിള്ള (കുണ്ടുമുറം വിളവങ്കോട്ടം): ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നു. എന്റെ ഉദ്ദേശം ഈ സംഗതികളെഗവർൺമെണ്ടിനെ അറിയിക്കണം എന്ന മാത്രമെയുള്ളു.

പ്രൈസിഡെണ്ട്: ഈ ഉപക്ഷേപത്തെ പിൻ വലിക്കാൻ സഭാസമ്മതിക്കുന്നു എന്നു ഞാൻ ഗ്രഹിക്കട്ടെ? ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

പ്രൈസിഡെണ്ട്: ഈ ഡിമാണ്ടിനു അനുവദിച്ചിരിക്കുന്നകാലം അവസാനിച്ചിരിക്കയാൽ ഈ ഡിമാണ്ടി നെപ്പറ്റി സഭയുടെ അനുകൂല പ്രതികൂലഭാവം ഗ്രഹിക്കാം.

ഡിമാണ്ടിനുള്ളകാലം അതിക്രമിക്കയാൽ താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങളും സ്വയം തന്നെയായി.

മി: ജി. പരമേശ്വരൻപിള്ള.

ക്ലർക്ക്. ജീവനക്കാർക്കുള്ള വർദ്ധനസ്സൻ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: ടി. ജെ. മാത്യു.

ക്ലർക്ക്: ലാ കോളേജ് ഹൊസ്റ്റലിനു നീക്കിവച്ചിട്ടുള്ള ൪,൦൦൦ രൂപാവിട്ടേക്കണം.

മി: കെ. കെ. തോമസ്.

ക്ലർക്ക്. ലാ കോളേജിനും ഹോസ്റ്റലിനും കൂടി നീക്കി വച്ചിട്ടുള്ള ൧൦,൫൪൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: ജി. പരമേശ്വരൻപിള്ള.

ക്ലർക്ക്. കീഴ് ജീവനക്കാർക്കായ് നീക്കിവച്ചിരിക്കുന്ന ൩൫,൩൫൪ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മിസ്റ്റർ. പി കെ നരായണപിള്ള

ക്ലർക്ക്. താല്ക്കാലികമായ സർക്കാർ വക്കീൽമാരുടെ വകയിലെ താല്ക്കാലികമായ, കീഴ് ജീവനക്കാർക്കായി നീക്കിവച്ചിട്ടുള്ള ൫,൦൫൫ രൂപാ വിട്ടേക്കണം.

മിസ്റ്റർ. സി പി. തോമസ്.

ക്ലർക്ക്. IX- മത്തെ ഡിമാണ്ഡിൽ ൭.൦൨ ലക്ഷംരൂപാ നീക്കിവച്ചിട്ടുള്ളതിൽ ൧൦൦ രൂപാ കുറയ്ക്കണം.

മിസ്റ്റർ. ജി. പരമേശ്വരൻപിള്ള.

ക്ലർക്ക്. IX- മത്തെ ഡിമാണ്ഡിൽ ൭.൦൨ ലക്ഷംരൂപാ നീക്കിവച്ചിട്ടുള്ളതിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: എം. എൻ. പിള്ള

ക്ലർക്ക്. IX-മത്തെ ഡിമാണ്ഡിൽ ൭.൦൨ ലക്ഷംരൂപാ നീക്കിവച്ചിട്ടുള്ളതിൽ ൧൦൦ രൂപാ കുറയ്ക്കണം

മിസ്റ്റർ. എ. ജെ. ജോൺ.

ക്ലർക്ക്. IX- മത്തെ ഡിമാണ്ഡിൽ ൭.൦൨ ലക്ഷംരൂപാ നീക്കിവച്ചിട്ടുള്ളതിൽ ൧൦൦ രൂപാ കുറയ്ക്കണം.

പ്രൈസിഡെണ്ട്. ഡിമാണ്ഡ് IX നിന്നിന്നുതന്നെ രണ്ടു ലക്ഷംരൂപാ ഈ സഭ അനുവദിയ്ക്കുന്നതായി ഞാൻ ഗ്രഹിക്കുന്നു.

ഡിമാണ്ഡ് അനുമതിച്ചു— ഇക അനുവദിക്കപ്പെട്ടു

ഡിമാണ്ഡ് X- സെൺട്രൽ പ്രിസൺ.

മിസ്റ്റർ: കെ. നാരായണൻ പണിക്കർ (ഒ: ഗവൺമെണ്ട് ചീഫ്സെക്രട്ടറി) ഡിമാണ്ഡ് X- സെൺട്രൽ പ്രിസൺ എന്ന ഇനത്തിൽ ൧൫ ലക്ഷംരൂപായ്ക്കു കവിയാത്ത ഒരുക അനുവദിക്കണം എന്നുഞാൻ അഭിപ്രായപ്പെടുന്നു.

ഉപക്ഷേപം ൧൦൦.

മിസ്റ്റർ. എം. എൻ. പിള്ള (തിരുവനന്തപുരം)

൧൦൦- സഭാചാരാധ്യാപകനും ബാല്യമതി വേതനം നല്കുന്നതിനു നീക്കിവച്ചിരിക്കുന്ന ൩൦൦ രൂപാ വിട്ടേക്കണം. എന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഈ ഉപക്ഷേപം കാര്യമാക്കുന്നതിൽ എന്റെ ഉദ്ദേശ്യം സെൺട്രൽ പ്രിസണിൽ സഭാചാരാധ്യാപകൻ എന്നു വിളിക്കപ്പെടുന്നയാൾക്കു ൩൦൦ രൂപാ അനുചിതമായികൊടുക്കുന്നതിനെ കുറിച്ചു ശ്രദ്ധിപ്പിക്കാൻ ആകുന്നു ഇതിൽ ഒന്നിൽഅധികം നിത്യതത്വം അടങ്ങിയിരിക്കുന്നു. ഒന്നാമതു സഭാചാരാധ്യപകനു ആയാലും മറവല്ല്യ സഹായത്തിനായിട്ടായാലും ജയിലിനെസന്ദർശിക്കുന്ന അനുദ്യോഗസ്ഥനു നല്കുന്നതായ ഏതുവിധം പ്രതിഫലവും സകലനീതി തത്വത്തിനും വിരുദ്ധംആകുന്നു. ഇതു താല്പര്യത്തിനും സദ്ധർമ്മത്തിനും തമ്മിൽ കലഹം എന്നത്രം ആകുന്നു. രണ്ടാമതു വക്കീലും പഞ്ചായത്തുകോടതി ജഡ്ജിയും ആയ ആൾ സഭാചാരപാഠനത്തിനു ഉത്തമനായ ആൾഅല്ല. മൂന്നാമതു മി: കെ. എസ്. നാരായണയ്യർ മാറിപ്പോയ ദിവാൻജിയുടെ സജാതീയനാണെന്നുള്ള സംഗതിഒഴിച്ചു അല്പേഹം ഈ പണിക്കായി ഈ ദാനം കൊടുക്കത്തക്കവണ്ണം മി: നാരായണയ്യ എന്തവകാശംഉണ്ടു എന്നു ലോകം ഇനിമേൽ അറിയേണ്ടിയിരിക്കുന്നതേയുള്ളു.

മി: കെ. കെ. തോമസ്. (കോട്ടയം) ഈ. മി: കെ. എസ്. നാരായണയ്യർ എന്നയാൾ ആരാണെന്നു അറിയേണ്ടിയിരിക്കുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) ഇല്ലേഹം തിരുവനന്തപുരം ഡിസ്ട്രിക്ട്കോടതിയെ ഒരു വക്കീൽ.

മി: പി. സുബ്ബയ്യൻ (ഗവർൺമെന്റ് നിയമിച്ച മെമ്പർ), (വൈസ്പ്രസിഡന്റിന്റെ) താൻ ഒരു ദീർഘനിയമനത്തിനായി എഴുതിക്കൊണ്ടിരിക്കുന്നു: ഇക്കൊല്ലം മാറിപ്പോയ ലിവ് സർട്ടിഫിക്കറ്റുകളുടെ നിരക്കിന്റെ കാരണം ചോദിക്കുന്നു.

വൈസ്പ്രസിഡന്റ്: മാറിപ്പോയ ലീവിന്റെ പ്രവൃത്തിയെ ന ങ്ങൾക്കു വിവരിക്കാൻ അധികാരമില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) സർ, മാറിപ്പോയ ലിവ് സർട്ടിഫിക്കറ്റിനെ സംബന്ധിച്ചുകൊണ്ടു ഞാൻ പിൻവലിക്കുന്നു.

മി: കെ. എസ്. ന. രായണക്കുറുപ്പ് പണിയെടുത്തു പണിയെടുത്തു നല്ല മാർക്കോടുകൂടി പാസ്സായിട്ടുണ്ടെന്നു ഞാൻ സങ്കല്പിക്കുന്നു. അപ്രകാരമുള്ള അധ്യാപകന്മാർ അവരുടെ കോട്ടയിൽ പണിനടത്തുന്നതിനുള്ള കഴിവുള്ള കണ്ടുപിടുത്തക്കാരെ സെൻട്രൽ കോളേജിലെയോ പുതുതായി തുടങ്ങുന്ന അദ്ധ്യാപനത്തിനെ അശക്തനാക്കും: ഏതാണ്ടൊരുമാതിരി സമർത്ഥനായ അദ്ധ്യാപകനെ നിയമിക്കുന്നതിനുള്ള വഴിയുണ്ടാക്കുന്നതിനു ഇടയുള്ളൂ. കടവുകാക്കു സമർത്ഥനായ അദ്ധ്യാപകനെ നല്കുക എന്നുള്ളതു നിരന്തരപ്രയോഗം കൊണ്ടു മാത്രമായിരിക്കാൻ

മി: കെ. നാരായണൻ പണ്ടാല (ആ: ഗവർൺമെണ്ട് ചീഫ്സെക്രട്ടറി) അപേക്ഷയൊന്നും കൊടുക്കുന്നില്ല അതൊക്കെ ചോദ്യങ്ങൾക്കുള്ളതാണ് എന്ന് പ്രയോഗിച്ചിട്ടുണ്ട്. ഏതുപ്രകാരത്തിലുള്ള നടപടിക്രമമാണ് എടുക്കുന്നതെന്ന കാര്യം എനിക്കു അറിയാൻ കഴിഞ്ഞിട്ടില്ല.

മി: പി. കെ. നാരായണപിള്ള (അസംബ്ലിപ്പുഴ) യോൻ ചീഫ്സെക്രട്ടറിയെ കുറ്റം പറയുന്നില്ല. അദ്ദേഹത്തിനു മറുപടി പറഞ്ഞിട്ടില്ല എന്നു അഭിപ്രായത്തിനെ ഒഴിഞ്ഞുമാറിയതായുള്ളൂ.

പ്രസിഡണ്ട് : പ്രസ്തുതവിഷയത്തിനെപ്പറ്റി പിന്നീടു പറയാൻ പാടില്ലായ എന്നു മി: ചോദിച്ചു

മി: കെ. നാരായണൻ പണ്ടാല (ആ: ഗവർൺമെണ്ട് ചീഫ്സെക്രട്ടറി) പ്രസ്താവനയുണ്ടായിരുന്നു മി: കെ. എസ്. നാരായണയ്യർ പ്രസ്തുതവിഷയത്തിനെപ്പറ്റി ചോദ്യം ചോദിക്കുകയുണ്ടായി. പ്രസ്താവനയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി: കെ. എസ്. ജോസഫ് (മീനച്ചിലും ഭരണകൂടവും) വാഹനത്തിലായിരുന്നപ്പോൾ അപകടമുണ്ടായി എന്നു അദ്ദേഹം അപേക്ഷിച്ചിട്ടുണ്ടോ, അതോ ഗവർൺമെണ്ട് സ്വയമേവ കൊടുത്തതാണോ?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവർൺമെണ്ട് ചീഫ്സെക്രട്ടറി) അതേ; അദ്ദേഹത്തിനു ചെലവുകൂടി കൊടുക്കേണ്ടിയിരിക്കുന്നതിനാൽ നഷ്ടം കുറച്ചിനാൽ ചിലവു വഹിക്കണമെന്നു കരുതിയതായി അദ്ദേഹമെഴുതി. അതിപ്രകാരം ദിവസപ്രകാരമുള്ള ഒരു ചിലവായ ചിലവു പ്രകാരമുള്ള തുക അദ്ദേഹത്തിനു കൊടുക്കുന്നതിനു ഗവർൺമെണ്ടുവരെ ശുപാർശചെയ്തിട്ടുണ്ട്. ഈ പ്രസംഗങ്ങൾ സെൻട്രൽപ്രിസണിലെ പുള്ളികൾക്കു വേണ്ടതെല്ലാം നല്കുന്നുണ്ടെന്നു അതിൽ പറഞ്ഞിട്ടു സൂപ്രണ്ട് ഇങ്ങനെയുണ്ടോ എഴുതി ബോധിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിനു കൊടുക്കേണ്ടുന്ന പണം കൊടുത്തുതീർത്തിട്ടുണ്ടോ എന്നു മനസ്സിലാക്കുവാൻ നടത്തിയ അന്വേഷണത്തിൽ നല്ല പ്രവൃത്തിയെ ആലോചിച്ചും ദിവസങ്ങൾക്കു ശേഷം പിന്നീടു സൂപ്രണ്ടിനു കൊടുക്കേണ്ടുള്ള ചെറിയതോതിലെ മാത്രമേ അദ്ദേഹത്തിനു കൊടുക്കുവാനുള്ളൂ എന്നുള്ളതിനെ സ്ഥലത്തെ ഗവർൺമെണ്ടു അദ്ദേഹത്തിനു അതുകൊണ്ടു സംതൃപ്തിതോന്നുന്നതുവരെ ബത്തമതിയായതു കൊടുത്തു. ഇദ്ദേഹം ഈ പണിയിലുള്ള ക്രമമായി നടത്തിവരുന്നുണ്ടു. അതിൽനിന്നു പ്രിസണിലെ പുള്ളികൾക്കു വേണ്ടുന്നതായി സൂപ്രണ്ടിനെന്തെങ്കിലുണ്ടു ബോധിപ്പിച്ചിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുങ്ങാടം) അദ്ദേഹം എത്രയോകാലം അടച്ചുപൂട്ടിയിട്ടു പ്രിസൺസന്ദർശിക്കുന്നു എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. നാരായണൻ പണ്ടാല (ആ: ഗവർൺമെണ്ടു ചീഫ്സെക്രട്ടറി) ഒരുപ്രാവശ്യമെങ്കിലും അദ്ദേഹത്തിന്റെ വകയിൽപണിയും മറ്റുമായിട്ടുള്ള സമയവും ഇടവുതന്നേയും, മി: എം. എൻ. പിള്ള ചൂണ്ടിക്കാണിച്ചതുപോലെ, അനുവദിക്കുന്നതുകൊണ്ടു അടുത്തുവട്ടത്തിൽ ഒരിക്കൽ പോകുന്നു. അദ്ദേഹം തൊഴിലാളുതോറും ചെന്നു പ്രസംഗങ്ങൾ നടത്തുന്നു. ഇദ്ദേഹം സെൻട്രൽപ്രിസണിലെ പുള്ളികൾക്കു മാത്രമല്ല ഗവർൺമെണ്ടുവരെ പാഠശാലയിലെ കുട്ടികൾക്കും ഈ പ്രസംഗങ്ങൾ നടത്തിവരുന്നു. ഇതിലേക്കു വിശേഷാൽ ആയി യാതൊന്നും ഇദ്ദേഹത്തിനു കൊടുക്കുന്നില്ല: സെൻട്രൽ പ്രിസണിലെ പുള്ളികൾക്കു പ്രതിഫലം എന്നിയേ പ്രസംഗങ്ങൾ നടത്തുന്നതിനു മറ്റു മുഹമ്മദീയർ ചെയ്യുന്നതായാൽ അവർ അങ്ങനെചെയ്യുന്നതിനു വിരോധമില്ല.

മി: എൻ. പി. ജോസഫ് (പറവൂർ) സഞ്ചാരപ്രസംഗത്തിനു ഒരോ താലൂക്കാരുടെ ചെലവുണ്ടോ എന്നു നിബന്ധംഉണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവർൺമെണ്ടു ചീഫ്സെക്രട്ടറി) ഇല്ല. യാതൊരുനിബന്ധവും ഇല്ല. അടവുകാർ ഈ പ്രസംഗങ്ങൾ പുള്ളികളുടെ ശ്രദ്ധയോടുകൂടി ഗ്രഹിക്കുന്നു അവർ സെൻട്രൽ പ്രിസണിൽ തങ്ങളുടെ നടത്തയെ പരിശുദ്ധീകരിച്ചുവരുന്നു എന്നും സൂപ്രണ്ട് ഇങ്ങനെയുണ്ടെന്റെ റിപ്പോർട്ടിൽ നിന്നു കാണുന്നു: ജയിൽ കുറെങ്ങളുടെഎണ്ണം കുറഞ്ഞുപോയിരിക്കുന്നതായി ഗവർൺമെണ്ടത്തെ ഭരണറിപ്പോർട്ടിൽനിന്നു ഞാൻ കാണുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുങ്ങാടം) ഏതുഎണ്ണം, വലുതായഎണ്ണം ഉണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവർൺമെണ്ടു ചീഫ്സെക്രട്ടറി) വലുതഅധികംഇല്ല: മുന്നാണ്ടിൽ കഴിഞ്ഞഎണ്ണം കുറെങ്ങൾ രേഖപ്പെടുത്തുകയും അവയ്ക്കു ശിക്ഷ നല്കുകയും ചെയ്തിരിക്കുന്നു ഗവർൺമെണ്ടു അവയുടെ എണ്ണം കുറഞ്ഞതായിരുന്നു.

മി: സി. പി. തോമസ് (ഗവർൺമെണ്ടു നിയമിച്ച മെംബർ) സന്ദർശകന്മാർ ഇക്കൊല്ലത്തെപ്പറ്റി വല്ല നിരൂപണവും എഴുതിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. നാരായണൻ പണ്ടാല (ആ: ഗവർൺമെണ്ടു ചീഫ് സെക്രട്ടറി) ഈ വിഷയത്തെ കുറിച്ചു യാതൊരു നിരൂപണവും അവർ എഴുതീട്ടില്ല.

മി: ജി. രാമൻ നായർ (മാവേലിക്കരയും കുന്നത്തുനാടും) ഈ വിധം സഞ്ചാരപ്രസംഗം നല്കുന്നതു നന്നായ യോഗ്യത ഉള്ളവരായി ജയിലിൽ ഉദ്യോഗസ്ഥന്മാർ ഇല്ലായോ?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവർൺമെണ്ടു ചീഫ സെക്രട്ടറി) ജയിലിൽ ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരെ ഗണിച്ചുതിൽ അവരിൽ യോഗ്യതയുള്ളവർ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി: ഡബ്ലിയു. എച്ച്. പിറെര (പോലീസ് കമിഷണർ) വല്ലതുമുണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവർൺമെണ്ടു ചീഫ്സെക്രട്ടറി) എനിക്കു അറിഞ്ഞുകൂടാ-ഗവർൺമെണ്ടു അന്വേഷിച്ചിട്ടില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരപിള്ള (കൊല്ലം) അതു എന്തുകൊണ്ടു നിബന്ധം ആക്കീട്ടില്ലാ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഓരോ അദ്ധ്യാപകനും ഇതിൽ ചേരണം എന്നു നിർബ്ബന്ധിക്കുന്നതായി ബില്ലിലെ കോഡിൽ യാതൊരു വ്യവസ്ഥയും ഇല്ലാ എന്നുള്ളതുകൊണ്ടുതന്നെ.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സദാചാരാധ്യാപകനെ നിയമിച്ചിട്ടുണ്ടോ കോഡിൽ ഈ വക ചട്ടം ഉൾപ്പെടുത്താത്തതു് എന്തുകൊണ്ടു് ?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ് ചീഫ് സെക്രട്ടറി): നിർബ്ബന്ധിക്കേണ്ടതു് ആവശ്യം ആണെന്നു കണ്ടില്ലാ എന്നുള്ളതുകൊണ്ടത്രെ.

മി: എസ് സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചൊക്കട്ടാരം): ഒരു ചിത്രം സൂപ്രണ്ടെന്നുണ്ടെങ്കിൽ സദാചാരപാഠം നല്കുവാൻ കഴിയുകയില്ലയോ?

മി: കെ. നാരായണൻപണ്ടാല (ആ: ഗവണ്മെൻറ് ചീഫ് സെക്രട്ടറി): എനിക്കു അറിഞ്ഞുകൂടാ. അങ്ങനെത്തിനോടു അഭിപ്രായം ചോദിച്ചിട്ടില്ല.

മി: എൻ വി. ജോസഫ് (പറവൂർ) സെൻട്രൽ ജൂയിഷിൽ എല്ലാ തടവുകാരും സ്വീകരിക്കുന്ന സദാചാരതത്വങ്ങളാം ഒരു അദ്ധ്യാപകൻ മതിഎന്നുള്ളവിധം ഒരേവിധത്തിലുള്ളതാണോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ് ചീഫ് സെക്രട്ടർ): സദാചാരതത്വങ്ങൾ ഓരോ ആളിനുതക്കവണ്ണം ഭിന്നമായിരിക്കാൻ ഇടയില്ല. അതുകൊണ്ടു മി: കെ. എസ്. നാരായണയ്യർ പ്രസംഗിച്ചതായ സദാചാരതത്വങ്ങൾക്കു തങ്ങളുടെ നടത്തയെ അനുസൃതമാക്കുവാൻ തടവുകാർ ശ്രമിച്ചുവരുന്നുണ്ടു.

മി: കെ. കെ. തോമസ് (കോട്ടയം): ഈ ബഡ്ജറ്റിൽ വേതനത്തിൻറെ ഉദ്ദേശ്യം അദ്ധ്യാപകനു വല്ല വർദ്ധിപ്പിയും കൊടുക്കുന്നതിനായിട്ടാണോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ് സെക്രട്ടർ): വർദ്ധിപ്പിക്കായിട്ടില്ല. ഇക്കൊയ്ത്തിൽ ഉള്ള ശ്രമത്തിനും സമയവ്യയത്തിനും ആയ ഒരു വിധം പ്രതിഫലം അദ്ദേഹത്തിനു കൊടുക്കുന്നതിനാണു്. ഇക്കാരണങ്ങളാൽ ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഇക്കൊയ്ത്തിൽ ചീഫ് സെക്രട്ടറിയുടെ സമാധാനം എനിക്കു പ്രബോധകരമല്ല. തടവുകാക്ക് സദാചാരം പഠിപ്പിക്കാൻ ശമ്പളം കൊടുക്കുന്ന അദ്ധ്യാപകൻ നമുക്കു വേണ്ടാ. പഞ്ചായത്തുകോടതി ജഡ്ജി, ഡിസ്ട്രിക്ട് കോടതിവക്കീൽ, തിയാസാഫികൽസൊസൈറ്റിയിലെ അംഗം മുതലായ അനേകം വിധം പ്രവൃത്തികളോടു കൂടിയ ഒരാളിനെ നിയമിക്കുന്നതിനു പകരം ശമ്പളം കൂടാതെ സദാചാരപാഠനം നല്കുന്നതിനു രാമകൃഷ്ണമിഷനിലെ സന്ന്യാസിമാരെപ്പോലെ സകല ലൗകികവ്യാപാരങ്ങളേയും ഉപേക്ഷിച്ചിട്ടുള്ള ആളുകളെ കിട്ടുകയും കഴിയും. രക്ഷണീയ സൈന്യത്തിൽ ചേർന്നു സദാചാരപാഠങ്ങൾ പഠിപ്പിക്കുന്നുണ്ടു് എന്നും അവർക്കു യാതൊരു പ്രതിഫലവും കൊടുക്കുന്നില്ല എന്നും ചീഫ് സെക്രട്ടറി പറഞ്ഞതിൽ നിന്നു ഞാൻ ധരിക്കുന്നു. ഇതു ദോഷജനകമായ വ്യത്യാസം കാണിക്കൽ ആണു്. ഈ സ്ഥിതിക്കു സർ ശ്രീപാ എന്ന ഭാഗം വിട്ടേക്കണം എന്നു ഞാൻ നിർബന്ധിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭരണങ്ങാനവും): ഞാൻ മിസ്റ്റർ. എം. എൻ. പിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ ഉപക്ഷേപത്തെ പറ്റി സഭയുടെ അഭിപ്രായം അറിയണം എന്നു ഞാൻ നിർബന്ധിക്കുന്നു.

ഉപക്ഷേപത്തിന്മേൽ അഭിപ്രായം നോക്കിയതിൽ ൨൪ പേർ അനുകൂലമായും ൨൨ പേർ പ്രതികൂലമായും അഭിപ്രായപ്പെട്ടുകയാൽ അതു അംഗീകരിക്കപ്പെട്ടു.

മി: വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമിച്ചമെംബർ) (ഡെപ്യൂട്ടി പ്രൊസിഡെണ്ടു്): പേര വിവരം ഗ്രഹിക്കണം എന്നു ഞാൻ നിർബന്ധിക്കുന്നു.

പേരുവിവരം നോക്കിയതിൽ താഴെ പറയും പോലെ അഭിപ്രായം കണ്ടു.

അനുകൂലാഭിപ്രായക്കാർ ൨൪.

൧.	മിസ്റ്റർ.	പി. ഹബീബ് മഹമ്മദ്
൨.	,,	കെ. ഐ. ജോസഫ്
൩.	,,	എൻ. വി. ജോസഫ്
൪.	,,	എസ്. ജ്ഞാനജോഷ്വാ
൫.	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള
൬.	,,	എ. കെ. പിള്ള
൭.	,,	എൻ. കുമാരൻ
൮.	,,	ടി. കുമാരപിള്ള
൯.	,,	തരിയത്തു കുഞ്ഞിതൊമ്മൻ
൧൦.	,,	എക്സ്. ജി. ലോപ്പസ്
൧൧.	,,	കെ. മാധവൻ പിള്ള
൧൨.	,,	ജി. ജെ. മാത്തൂ
൧൩.	,,	കല്ലൂർ നാരായണപിള്ള
൧൪.	മിസ്റ്റർ.	പി. കെ. നാരായണപിള്ള
൧൫.	,,	എം. എൻ. പിള്ള
൧൬.	,,	എ. ജെ ജാൺ
൧൭.	,,	ആർ പത്മനാഭൻ
൧൮.	,,	ചങ്ങനാശ്ശേരി കെ. പരമേശ്വരൻ പിള്ള
൧൯.	,,	എസ് പിറവിപെരുമാൾപിള്ള
൨൦.	,,	ജി. രാമൻ മേനവൻ
൨൧.	,,	എം. ശിവനാണപിള്ള
൨൨.	,,	എം. സുബ്രഹ്മണ്യപിള്ള
൨൩.	,,	സി. പി. തരകൻ
൨൪.	,,	കെ. കെ. തോമസ്
൨൫.	,,	സി. എൻ. ഉപ്പൻതമ്പുരി

പ്രതിക്ഷേപകർ ൨൯.

൧. മിസ്റ്റർ. കെ. സി. ചാക്കോ
൨. ,, ജെ. ബി. കൃക്
൩. ,, ആർ. ധനരാജാടിപിള്ള
൪. ,, സി. കേരളവർമ്മ കോയിത്തമ്പുരാൻ
൫. ഡാക്ടർ. എൻ. കുഞ്ഞൻപിള്ള
൬. മിസ്റ്റർ. കെ. ജോജ്
൭. ,, കെ. സി. മാത്തൻമാപ്പിള
൮. ,, കെ. നാരായണൻ പണിക്കർ
൯. ,, കെ. വി. നടേശയ്യർ
൧൦. ,, എൻ. നീലകണ്ഠപ്പിള്ള
൧൧. മിസ്റ്റർ ഡബ്ലിയു. എച്ച് പിറെ
൧൨. മിസസ്സ്. എം. പുന്നൻ ലൂക്കോസ്
൧൩. മിസ്റ്റർ. ടി. പി. രാമസുബ്ബയ്യർ
൧൪. റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ
൧൫. മ്സ്റ്റർ. എസ്. സി. എക്കു. റാബിൻസൺ
൧൬. ,, കയ്യാലം പരമേശ്വരൻപിള്ള
൧൭. ,, ജെ. സ്റ്റീഫൻസൺ
൧൮. ,, വി. സുബ്ബയ്യർ
൧൯. ,, എസ്. സുബ്രഹ്മണ്യകരയാളർ
൨൦. ,, സി. പി. താമസ്
൨൧. ,, എ. ജെ. വാൻറോസ്

൨൫ പേർ അനുകൂലമായും ൨൧ പേർ പ്രതികൂലമായും അഭിപ്രായപ്പെടുകയാൽ ഉപക്ഷേപം സമ്മതിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

ഉപക്ഷേപം ൧൨൫.

മി: എ. കെ പിള്ള (കരുനാഗപ്പള്ളി):

൧൨൫. സെൻട്രൽപ്രിസണിലേക്കായി നീക്കിവച്ചിരിക്കുന്ന ൭൦,൦൦൦ രൂപാ എന്ന ഇകയിൽ ഒരു ലക്ഷം രൂപാ കുറയ്ക്കണം.

എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഒരു ലക്ഷം എന്നുള്ള അത്ര ബഹളത്തോടു കൂടി കുറയ്ക്കണം എന്നു ഞാൻ പറയുന്നതിൽ നിന്നു തന്നെ ഈ ഉപക്ഷേപം കാര്യാന്തര പരാമർശിയാണെന്നു നിങ്ങൾ എളുപ്പത്തിൽ കാണും എന്നു ഞാൻ പറയേണ്ടതില്ലല്ലൊ. സെൻട്രൽപ്രിസണിലേക്കു നീക്കിവച്ചിരിക്കുന്ന ഇകയാൽ സാരമായ യാതൊരു ഇകയും എടുത്തേക്കണം എന്നു ഞാൻ ആവശ്യപ്പെടുന്നില്ല. ജയിൽ ഭരണത്തിൽ എത്രതാനും പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിലേക്കു സാരമായ ചില അഭിപ്രായങ്ങളെ സഭാ സമക്ഷം സമർപ്പിക്കുവാൻ ഒരു അവസരമായി ഞാൻ ഇതിനെ തെരഞ്ഞെടുത്തു. നീതിന്യായഭരണം മറ്റു ഡിപ്പാർട്ടുമെണ്ടുകളുടെ ഭരണം മുതലായവയെപ്പോലെ നമ്മുടെ ജയിലിലെ ഭരണരീതിയും നിർഭാഗ്യവശാൽ ബ്രിട്ടീഷ് ഗവണ്മെൻറിന്റെ മാതൃകയിൽ രൂപിപ്പിക്കപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷിന്ത്യയിലെ ജയിൽഭരണം തീരെ തൃപ്തികരം അല്ലാ എന്നു കുപ്രസിദ്ധം ആണ്. പഞ്ചാബ് ജയിലുകളിൽ ഒന്നിൽ ഉള്ള അവസ്ഥകളെ കുറിച്ചുള്ള ഒരു കാര്യം സംബന്ധമായി വെളിവാക്കപ്പെട്ട സംഗതികൾ വാസ്തവത്തിൽ അസഭാധാനകരങ്ങൾ ആയിരുന്നു എന്നു സമ്മതിക്കുവാൻ ഓർഡ്ബർകിൻ ഹെഡ്യന്ത്രിതൻ ആവുകയും ഗവണ്മെൻറ് ഉടൻതന്നെ വളരെ ഗൌരവത്തോടുകൂടി ഈ സംഗതിയെ അന്വേഷിക്കുന്നതാണെന്നു ഇന്നേക്കു അല്ലെങ്കിൽ ഈ ക്ഷണത്തിനു അഞ്ചുദിവസത്തിനു മുൻപു പാർലിമെൻറിലെ പ്രഭുസഭയിൽ അഭിപ്രായപ്പെടുകയും ചെയ്തു വാസ്തവത്തിൽ സാമൂഹ്യമായ ദോഷങ്ങളുടെയും ഗവണ്മെണ്ടിനു ജനസമുദായവും ജനിപ്പിക്കാൻ ഇടയാക്കിയതായി പരിതസ്ഥിതികളുടെയും ഫലമായി ഉണ്ടായിട്ടുള്ള ആളുകൾ ജയിലിനെ ഉന്നതപ്രകാരങ്ങൾക്കുള്ളിൽ തടവുകാരായി വന്ന ചേർന്നാൽ അത്യന്തം വന്യമൃഗങ്ങളോടുള്ള വർത്തനത്തെക്കാൾ അധികം നല്ല വർത്തനം അർഹിക്കാത്ത മൃഗങ്ങൾ ഒരു പ്രത്യേകജാതിയിലുള്ള മൃഗങ്ങൾ എന്നപോലെ വർത്തിക്കപ്പെട്ടവരുന്നു എന്നുള്ള ഇ വാസ്തവത്തിൽ ഭയനീയം തന്നെ. അവരുടെ സദാചാരഭ്രഷ്ടിയേയും മനോനോക്കത്തെയും പരിഷ്കരിക്കുന്നതിനുള്ള ഒരു യന്ത്രമായി ജയിലിനെ ഗണിക്കേണ്ടതിൻ പകരം നാം വാസ്തവത്തിൽ കണ്ടുവരുന്നപോലെ പ്രഥമസ്ഥാനമായും പീഡാസ്ഥാനമായും വിചാരിക്കപ്പെട്ടുവരുന്നു. ഇൻഡ്യയിലെ ജയിലുകൾ വാസ്തവത്തിൽ നരകങ്ങൾ ആണെന്നു ഇൻഡ്യയിൽ മാത്രമല്ലാ പുറസ്ഥലങ്ങളിൽ ഉള്ള ഒന്നിലധികം ദോഷശോധകന്മാർ ആക്ഷേപിച്ചു തള്ളിയിരിക്കുന്നു.

ഞാൻ മുൻപു പറഞ്ഞതു പോലെ നമ്മുടെ രജയിൽ ഭരണരീതി ബ്രിട്ടീഷിൻഡ്യയിലുള്ള ജയിൽ ഭരണ രീതിയെ അനുകരിച്ചു രൂപീകരിക്കപ്പെട്ടിരിക്കുന്നു. ഇതുതോളം പറയുന്നതു കൊണ്ടു സെൻട്രൽ പ്രിസണിൽ തടവുകാരുടെ ജീവിതാവസ്ഥകൾ പുറസ്ഥലങ്ങളിൽ ഉള്ളവയോളം അത്രചീത്തയോ അത്ര അന്ധകാരമയമോ അതുകൊണ്ടു ഞാൻ അനുമിപ്പിക്കുന്നേയില്ല. ഭരണത്തിനു അടിസ്ഥാനമായ തത്വങ്ങൾ ഉല്പത്തിസ്ഥാനത്തു തന്നെ ദോഷദുഷ്ടമായിരിക്കുന്നു എന്നുള്ള ഫലം ജനിക്കുമാറു ഈ വിഷയത്തിൽ ഇതു ബ്രിട്ടീഷ്രീതിയെ അനുകരിച്ചു രൂപിക്കപ്പെട്ടിരിക്കുന്നു. ഇംഗ്ലണ്ടിലെ മാർഡ് ചീഫ് ജസ്റ്റിസിൻറെ അധ്യക്ഷത്തിൽ കൂടിയ വിവിധരാജ്യകാര്യാധിപമണ്ഡലിയിൽ വളരെ അടുത്തകാലത്തു അനുമതിച്ച ഒരു തീർപ്പു നിശ്ചയത്തിൽ ഈ സഭയുടെ ശ്രദ്ധയെ ഞാൻ ആകർഷിക്കാം. കുറ്റം ചുമത്തപ്പെട്ടവരുടെയും കുറ്റം സ്ഥാപിക്കപ്പെട്ടവരുടേയും ശരീരസ്ഥിതിയേയും മനഃസ്ഥിതിയേയും പ്രത്യേകം യോഗ്യതയുള്ള വൈദ്യപരിശീലകന്മാർ പരിശോധിക്കേണ്ടതാണെന്നും അതിലേക്കു ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ ഗവണ്മെൻറ് നിയമിക്കേണ്ടതാണെന്നും ഒരു തീർപ്പു നിശ്ചയം ആ സമിതി അനുവദിച്ചു. കുറ്റസ്ഥാപനമായവരും ജനസമുദായവും മതസ്സംബന്ധമായും സദാചാര സംബന്ധമായും ഉള്ളരോഗങ്ങൾക്കു വശപ്പെട്ടവരായി തീർന്നിരിക്കയാൽ ഇവരെ താളത്തരോഗം പിടിപെട്ട രോഗികളായി ഗണിച്ചു ചികിത്സിക്കേണ്ടതാണെന്നുള്ള തത്വത്തിൻറെ അംഗീകരണം ആയിട്ടാകുന്നു ഈ ഉപദേശത്തെ ഞാൻ ഗണിക്കുന്നതു. ജയിലിൽ സാധാരണമായി രണ്ടു തരം തടവുകാർ ഉണ്ടു. ഒന്നു കാര്യങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെ കുറിച്ചും സംഘടിതമായ സമുദായരഹിതാവിയും രാജ്യകാര്യനിർവ്വഹണസംഘത്തെ കുറിച്ചും കോപിതരായി ഉല്ലംഘനം ചെയ്യുന്നവർ. മറ്റു ക്ലൂപ്തർ ധനാവസ്ഥ നിമിത്തവും മറ്റു കാരണങ്ങളാലും നിയമവിരുദ്ധമായ മാർഗ്ഗങ്ങളിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നവർ. അതു കൊണ്ടു അവർ അവിടെ ഇരിക്കേണ്ടിയിരിക്കുന്നു. ഈ അവ

സ്ഥാനഭേദങ്ങളുടെ ജനനത്തിനു വാസ്തവത്തിൽ ഉത്തരവാദികളും ആയ ജനങ്ങളെ അറിവിനു ഗവണ്മെന്റ് ജനസമൂഹമായും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് എക്സൈസ്ഡിപ്പാർട്ടുമെൻറ് ഇവയെ ശിക്ഷിക്കുന്നതിനു പകരം ഈ അവസ്ഥയുടെ നിദാനത്തിൽ പോകുന്നതിനുപകരം, കേവലം അല്പപക്ഷകരായ നിസ്സഹായികളെ നാം ശിക്ഷിക്കാൻ ഇടയാകുന്നു. കരുണാപൂർവ്വം ആയ മാർഗത്തോടും വിവേകപൂർണമായവിധത്തിലും അവരെ അടക്കുന്നതിനു പകരം അവർ ജനസമൂഹമായത്തിനു വിരുദ്ധമായി വല്ലതും പ്രവർത്തിച്ചിട്ടുള്ളവരാണെന്നുള്ള വിധത്തിൽ നാം അവരെ സമീപിക്കുകയും അത്യന്തം വൈരനിര്യാതനപരരായി നാം അവരോടു പെരുമാറുകയും ചെയ്യുന്നു.

സർ, ഞാൻ ജയിലിലെ ജീവിതം സ്വല്പം അനുഭവിച്ചിട്ടുള്ളവർ ആണെന്നുള്ളവിവരം ഇവിടെ സാമാന്യജനങ്ങളിൽ അധികംപേർക്കും ശ്രുതിപ്രകാശനമായിരിക്കയില്ലായിരിക്കാം. എനിക്കും എന്റെ ഇട്ടിക്കാക്കും ലഭിച്ചിട്ടുള്ള പെരുമാറ്റം പ്രശസ്യമായിരുന്നു എന്നു അറയിക്കുന്നതു ജയിൽ അധികാരികൾക്കും എനിക്കും ഉചിതമായുള്ളതല്ലേ. പക്ഷേ അത്യന്തം നിസ്സഹായമായ മതിതിയിൽ അവിടെ ചെല്ലാൻ ഇടയായ് പോയിട്ടുള്ള ജനങ്ങളുടെ നേർക്കു നൽകപ്പെട്ട അത്യന്തം ഭിന്നമായ വർത്തനത്തെ ഗണിച്ചതിൽ അത്യന്തം ദുഃഖിതഭാവത്തിലാണ് ഞങ്ങൾ അവിടെയിരിക്കേണ്ടിവന്നതു് എന്നുള്ളതാണു് വസ്തുത. ഏതാനും ദോഷങ്ങൾ വാസ്തവത്തിൽ ഇരിക്കുന്നു എന്നും അവയെ പരിഷ്കരിക്കേണ്ടതാണെന്നും അധികാരസ്ഥന്മാരേയും ജനങ്ങളേയും ബോധ്യപ്പെടുത്താനായി ഞങ്ങൾ അവിടെ മനഃപൂർവ്വം അവഹിതമായി ചെന്നതാണ്. ഈ വിധം ജയിൽ ജീവിതത്തെ വിവേകപൂർവ്വം ഞങ്ങൾ സ്വയമേവ വരിച്ചു. എന്നാൽ തങ്ങളുടെ കുടുംബങ്ങളോടുള്ള സ്നേഹം നിമിത്തം അതിൽ പാത്തിരുന്ന ജനങ്ങളും അവിടെ ഉണ്ടായിരുന്നു. ഏതാനും വസ്തുക്കൾ മോഷ്ടിച്ചതായി തടവിൽ പാർപ്പിക്കപ്പെട്ടവർ ഉണ്ടായിരുന്നു എന്നു എനിക്കു അറിയാം. ഓരോ കേസിന്റെയും സ്ഥിതിഭേദങ്ങളെയെല്ലാം നാം ഇതുനോക്കുക മാത്രം ചെയ്യുന്നതായാൽ അവർ അപ്രകാരം ചെയ്തതു കരുണാവസ്ഥകൊണ്ടു മാത്രം ആയിരുന്നു എന്നു നമുക്കു കാണാൻ കഴിയും. തന്റെ കുടുംബം, ഭാര്യയും മക്കളും പട്ടിണികിടക്കുന്നതു കാണുകയും അയൽ വീട്ടുകാരൻ ധനികസ്ഥിതിയിൽ ഇരിക്കുന്നതു കാണുകയും ചെയ്തപ്പോൾ അവൻ ചെന്നു ഒരു നാളികേരം മോഷ്ടിച്ചണം ചെയ്തു. അതു നിയമവിരുദ്ധം ആയിരുന്നു. അതിനാൽ അവൻ ജയിലിലേക്കു അയക്കപ്പെട്ടു. സ്വനിയന്ത്രണത്തിനു അതീതമായ അവസ്ഥകൾ നിമിത്തവും തങ്ങളാൽ സൃഷ്ടങ്ങൾ അല്ലാത്തതും എന്നാൽ ഞാൻ ആവർത്തിച്ചു പറയാം, ഗവണ്മെന്റിനാലും ജനസമൂഹമായത്തിനാലും വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനാലും എക്സൈസ് ഡിപ്പാർട്ടുമെന്റിനാലും സൃഷ്ടങ്ങളും ആയ അവസ്ഥാഭേദം നിമിത്തവും അനേകം ജനങ്ങൾ ഇപ്രകാരം പോയി. അവർ അവിടെ ബലികൾ ആയി ചെന്നു എന്നിടം അത്യന്തം മാനഹാനിയുള്ള രീതിയിൽ അവരെ പെരുമാറിവന്നു.

ഈ ജയിൽ പരിഷ്കാരം ഈ സാസ്ഥാനത്തെ മാത്രം സംബന്ധിക്കുന്നതായ പ്രത്യേകകാര്യം അല്ല. ഇതു ക്രമേണമാത്രം ജ്ഞാതമായ സാർവ്വത്രികനിലവിളിതന്നെ. ഞാൻ ഇക്കാര്യങ്ങളെ പ്രസ്താവിക്കുമ്പോൾ ശരിയായ നിതിതത്വം അപ്രവർത്തനീയം ആണെന്നു കൂടി ഞാനുദ്ദേശിക്കുന്നു. അതു കൊണ്ടാണ് അടുത്ത ദിവസത്തിനുമുമ്പു ലണ്ടനിൽ ലാഡ്സ് ചീഫ് ജസ്റ്റിസ് തന്നെയും സമ്മതിച്ചു പറഞ്ഞതിനെ ഞാൻ ഉദ്ധരിച്ചതു കാരാഗൃഹപരിഷ്കരണത്തിനായി വാദിക്കുന്നവർക്കു ഇതു ഒരു വിജയം ആണെന്നു അഭിപ്രായം പറഞ്ഞു. സർവ്വദേശീയകാരാഗൃഹമണ്ഡലി നിശ്ചയിച്ചതായ താഴെ ചേർത്തിരിക്കുന്ന ഉപദേശത്തെയാണ് ഞാൻ പരാമർശിക്കുന്നതു.

"കുറ്റം ചെയ്തതിനായി ഒരാളിനെ വൈരനിര്യാതനബുദ്ധ്യാ ഗവണ്മെന്റ കേവലം ശിക്ഷിക്കുന്നതിനു പകരം കുറ്റം എന്നുള്ളതു ഒരു ജാതി രോഗം ആകയാൽ അയാൾക്കു പിടിപെട്ടിരിക്കുന്ന രോഗത്തെ ശമിപ്പിക്കേണ്ടതാണെന്നു തടവുശാലകൾ പ്രധാനവും പീഡയും നടത്തുന്ന ഗൃഹം ആയിരിക്കുന്നതിനു പകരം മനഃപരിഷ്കരണം ആകുന്ന കരുണാപൂരിതമായ ധർമ്മപ്രചാരണത്തിൽ നിയുക്തരായ പരിഷ്കരണപ്രവർത്തകരായിരിക്കേണ്ടതാണെന്നും ഉള്ള അഭിപ്രായത്തെ ധരിച്ചിരിക്കുന്നജയിൽ പരിഷ്കരണവാദികൾക്കു ഇരുത്തോളം നിലയ്ക്കുന്ന ഒരു വിജയംതന്നെ. ഉപദിഷ്ടങ്ങളായ രീതികളിൽ നടത്തപ്പെടുന്ന ശാലകൾ കുറ്റംചെയ്യുന്നതിനുള്ള പ്രവണതയുടെ മാനസിക ഹേതുക്കളേയും സാമൂഹ്യിക കാരണങ്ങളെ അവസാനിപ്പിക്കുന്നതിനു സഹായിക്കും എന്നുള്ള അഭിപ്രായവും ആ സമിതി വെളിവാക്കി".

എന്നാൽ ഇക്കാര്യങ്ങളിൽ യാതൊന്നിനേയും പഠിച്ചാലോചിക്കാതേയും ഈ നീതിതത്വങ്ങളിൽ യാതൊന്നിനേയും പഠിച്ചാലോചിക്കാതേയും ഇവർ മനുഷ്യരാണെന്നും അധികം നല്ല പെരുമാറ്റം അർഹിക്കുന്നവരാണെന്നും ഉള്ള ജ്ഞാനം ഇല്ലാത്ത ജനങ്ങളുടെപക്കൽ ഈ തടവുകാരെ നാം കേവലം ഏൽപ്പിക്കുന്നു. ശാരീരിക അളവിനെ മാത്രം അടിസ്ഥാനപ്പെടുത്തി സൂപ്പർഇണ്ടെണ്ടുമാരെയും ജയിലർമാരെയും നാം നിയമിക്കുന്നു. അവർ പോലീസിലേക്കു യോഗ്യതയുള്ളവരാണെന്നുകണ്ടാൽ അവരെ ജയിലിന്റെ മേൽനോട്ടത്തിനായും ക്ഷണിച്ചു നിയമിക്കുന്നു. കുറ്റവാളികളുടെ യാസ്തവികമായ മനോനില അവക്കു അറിയാം എന്നുള്ള കാരണത്താൽ അല്ല നാം അവരെ അവിടെ നിയമിക്കുന്നത്. അവർ ആ ശാസ്ത്രവും ആയി തീരെ ബന്ധം ഇല്ലാത്തവരാണ്. ഈയാളുകളെ യഗാകാലത്തും ആകാലത്തും ശിക്ഷിക്കാനായി ഇവരെ തങ്ങളെ ഏൽപ്പിച്ചിരിക്കുന്നു എന്ന മാത്രമേ ഇവർക്കു അറിയാവൂ. ഈ തടവുകാർ ഈ കോട്ടയ്ക്കുള്ളിൽ ഒരിക്കൽ അകപ്പെട്ടുകഴിഞ്ഞാൽ അവർ തീരെ നിസ്സഹായരായി പോകുന്നു. യാതൊരുത്തനും അവരെ കാണാൻ അവിടെ ചെല്ലുന്നില്ല. അന്വേഷണോദ്യോഗസ്ഥരായ സന്ദർശകന്മാർ ഉണ്ടായിരുന്നാൽപോലും അവർ ചെന്നു സൂപ്രണ്ടെണ്ടുമായി വെടിപറഞ്ഞിരുന്നു മടങ്ങിപ്പോകുന്നു ഈ തടവുകാരെ കാണണം എന്നു അവർ ആവശ്യപ്പെട്ടുമ്പോഴും സൂപ്പർഇണ്ടെണ്ടോ ഒരു വാർഡരോ ജയിലരോ ഈ അന്വേഷണോദ്യോഗസ്ഥ സന്ദർശകരോടൊന്നിച്ചു ചെല്ലുന്നു. അതുകൊണ്ടു അവർ തടവുകാരുടെ യാസ്തവസങ്കടത്തെയോ സത്യത്തെയോ അറിയുന്നതിനു ശക്തരായിരിക്കയില്ല. അന്വേഷണോദ്യോഗസ്ഥ സന്ദർശകന്മാർ തടവുശാല സന്ദർശിക്കുമ്പോൾ സൂപ്പർഇണ്ടെണ്ടോ തടവുകാർ അത്യന്തം ഭീമകരമായ ജയിലിലെ മറ്റുദ്യോഗസ്ഥന്മാരോ പലപ്പോഴും അവരോടൊന്നിച്ചു പോകുന്നു. തടവുകാർ വല്ലതും പറയണമെന്ന പ്രകൃത്യാ ആ

ഹം ഉണ്ടായിരിക്കും എന്നാൽ വളരെ ഗൗരവപ്പെട്ട ദോഷഫലം അനുഭവിക്കേണ്ടിവരും എന്നു പേടിച്ചു അവർ യാതൊന്നും പറയാതിരിക്കും. അതുകൊണ്ടു ഈ രീതിയെ ഭേദപ്പെടുത്തണം എന്നു ഞാൻ നിർദ്ദേശിക്കുന്നു. ഉത്തരവാദിത്വം ഉള്ള ഒരു അന്വേഷ്യോഗസ്ഥൻ തടവുശാല സന്ദർശിക്കുമ്പോൾ തടവുകാർക്കു കിട്ടുന്ന പെരുമാറ്റം അദ്ദേഹത്തിനു അറിയാൻ ഇടയാകുംവണ്ണം അവർ അവിടെ തടവുകാരുമായി അനിയന്ത്രിതമായ സംഭാഷണം നടത്തുവാൻ സമ്മതിക്കേണ്ടതാണ്. ഈ എന്റെ അഭിപ്രായം പ്രൂസേയിൽ ചാർഡ് ഒളിപിയരുടെ അഭിപ്രായത്താൽ അവലംബിക്കപ്പെട്ടിരിക്കുന്നു. സന്ദർശകന്മാർ ജയിലിലേക്കു പോകുമ്പോൾ അന്വേഷ്യോഗസ്ഥസന്ദർശകന്മാരോടൊന്നിച്ചു രണ്ടു വാർഡർമാർ ചെല്ലണം എന്നു ഇഡ്വാർഡവണ്ടെഴ്സ് നോക്കിക്കൊള്ളണം എന്നു അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തെ ആമോദിച്ചുകൊള്ളുന്നു എന്നു ഇൻഡ്യാഗവണ്മെന്റിനുവേണ്ടി ചാർഡ്ബർക്കിൻഹെഡ് വാദിക്കുകയും ചെയ്തിട്ടുണ്ട്. ഇതു ഏറ്റവും ഉചിതമാണെന്നു ഞാൻ വിചാരിക്കുന്നു. ഞങ്ങൾ തടവുശാലകൾ ചെല്ലുന്നതായാൽ തടവുകാർ അവരുടെ സ്ഥിതിയെക്കുറിച്ചു എന്തു വിചാരിക്കുന്നു എന്നു ഞങ്ങൾ അറിയുവാൻ സമ്മതിക്കണം. ഇതിലേക്കു ഞങ്ങൾക്കു തടസ്സമുണ്ടാകുമായിരുന്നു അനിയന്ത്രിതസംഭാഷണം നടത്തണം. പലപ്പോഴും അവർക്കു സങ്കടങ്ങളും ഉണ്ടായിരിക്കാം. ഈ അന്വേഷ്യോഗസന്ദർശകന്മാർ ജയിൽ മുറികൾ സന്ദർശിക്കുന്ന അവസരങ്ങളിൽ മേൽനോട്ടം നടത്തുന്നവരായ ജയിലർ വാർഡർ മുതലായവരുടെപ്രവൃത്തികളെ അവിടെയുള്ള അളുകൾ അവിടെവച്ചുള്ളതുകൊണ്ടു തടവുകാർക്കു ഒന്നും പറയാൻ കഴിയുന്നില്ല. അവർ നിരാശരായി കഴിക്കുന്നു. അതുകൊണ്ടാണ് ഞാൻ അവിടെ പാർത്തിരുന്നതിന്റെ രണ്ടു മാസം എന്ന സല്പകാലത്തിനിടയിൽ കേവലം നിരാശരായിട്ടുവാൻ രണ്ടിലധികം എണ്ണം തടവുകാർ ആത്മഹത്യചെയ്തതു. അവരുടെ സങ്കടങ്ങളെ വെളിയിലറിയിക്കാൻ അവർക്കു കഴിഞ്ഞില്ല. തടവുശാലയെ കൂടക്കൂടെ സന്ദർശിക്കുന്ന ഡിസ്ട്രിക്ട് മജിസ്ട്രേട്ടു മുതലായ ഉദ്യോഗസ്ഥസന്ദർശകന്മാരോടു പറയുവാൻ അവർക്കു യാതൊരുമാർഗ്ഗവും ഇല്ലായിരുന്നു. അവരുടെ നിലയിൽനിന്നു അവരെ രക്ഷിക്കാൻ യാതൊന്നിനും കഴിഞ്ഞില്ല. ഇരുമ്പു മതിലുകളാലും നാലു വാർഡർമാരാലും ചുറ്റപ്പെട്ടിട്ടും രക്ഷിക്കപ്പെട്ടിട്ടും ഇരുന്ന ഒരു ചുറിയിൽ അൻപതു മേൽ കഠിനവേല ചെയ്യുന്ന തടവുകാരെക്കുട്ടമായി അടച്ചുവച്ചിരുന്നതായ ഒരു കഥ എനിക്കു അറിയാം ഞാൻ പ്രത്യക്ഷമായി കണ്ടുകൊണ്ടു അതു എനിക്കറിയാം. അതിനെ എനിക്കു കാണാതിരിക്കാൻ കഴിഞ്ഞില്ല. അതു എന്റെ കണ്ണിനു അടുത്തായിരുന്നതുകൊണ്ടു എനിക്കു ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അന്വേഷ്യോഗസ്ഥസന്ദർശകന്മാരുടെ ദൃഷ്ടിയിൽ അവർ അനന്തവാന്മാരും വളരെ സന്തുഷ്ടിയുള്ളവരായും കാണും. തങ്ങൾക്കു പ്രത്യേകമായി യാതൊരുസങ്കടവും ഇല്ലാത്തവർപോലെതോന്നും. സംഘങ്ങളിൽ പാർത്തിരുന്നാലത്തെപ്പോലെ അത്ര അനന്തമായി അവിടെ പാർക്കുകയാണെന്നു അവർ പറയും. വാസ്തവസ്ഥിതി അങ്ങനെയല്ലതാനും.

നമ്മുടെ ജയിൽജീവിതത്തിന്റെ മാതൃകാഫലമായി അലിയാർ എന്ന ഒരാളുടെ കഥ പറഞ്ഞുകേൾപ്പിക്കുവാൻ അനുമതി തരുമല്ലോ. അലിയാർ നല്ല വയസ്സുള്ള ഒരു യുവാവാണ്. അവന്റെപേരിൽ ആറരങ്ങൽ വച്ചു കുറ്റം സ്ഥാപിച്ചു. അവൻ അഞ്ചുമാസംകാലം തടവിൽ പാർത്തിരുന്നതിൽ പിന്നീടു അവനെ കാണാൻ അവസരം എനിക്കുണ്ടായി. അവൻ തീരെ പേടിയില്ലാത്തവനായും കൈകാര്യകർത്തവ്യം ഇല്ലാത്തവനായും ഞാൻ കണ്ടു. അവൻ ഭ്രാന്തനായി; അവൻ എല്ലാവരേയും നെരപ്പെടു ശകാരിച്ചു; അവന്റെ ബുദ്ധി ദുർവ്വഴക്കം തെറ്റിപ്പോയി എന്നു ഞാൻ ശങ്കിക്കുന്നു. അവനു വശമുള്ളതും ജനങ്ങളുടെ മേൽ വർഷിക്കുന്നതുമായ വാഗ്വിശേഷങ്ങളുമായി ഈ സഭയിലെ മെംബർമാരിൽ അനേകംപേർ പരിചിതരായിരിക്കണമെന്നു എനിക്കു ഉറപ്പുണ്ടു. അവൻ ജനസമുദായത്തെ ഒട്ടാകെ ശത്രുവാക്കിയിരിക്കുന്നു. മിസ്റ്റർ കങ്ങനഗൗരി പരമേശ്വരൻപിള്ള ഒരുകൽ അവന്റെ ശകാരത്തിനു ബലിയായിത്തീർന്നു എന്നു എനിക്കു നിശ്ചയമുണ്ടു. അങ്ങനെയുള്ളവന്റെ കയ്യിൽത്തന്നെ പ്രത്യാശ തീരെയില്ല. അഞ്ചുമാസത്തിനു മുമ്പുവരെ അവൻ ബലവാൻ ആയിരുന്നു. ഇപ്പോൾ ആകട്ടെ അവൻ ഉന്മത്തനും പല്ലും അംഗവും ഇല്ലാത്തവനായി നഷ്ടപ്രായനായും കാണപ്പെടുന്നു. ഇവനു ഈ അവസ്ഥ ജനിച്ചതു അവന്റെ ജയിൽവാസംനിമിത്തം മാത്രം ആയിട്ടാണെന്നു എനിക്കു നിശ്ചയംതന്നെ. അവന്റെ കാലാവധി പൂർത്തിയാകുമ്പോൾ അവനിൽ യാതൊരു പരിഷ്കൃതമനസ്ഥിതിയും പ്രതീക്ഷിക്കാൻ ഇടയില്ല. അവൻ ജയിലിൽനിന്നു വെളിയിൽവരാൻ കൂടി ഇടയാകാതെ പോയേക്കാം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡ്: അഡിഷണൽ ഹെഡ്സെക്രട്ടർ വക്കീൽ) അന്വേഷ്യോഗസ്ഥസന്ദർശകന്മാർക്കു പരപരിവൃതരായല്ലാതെ ഈ തടവുകാരനെ കാണുന്നതിനും അയാളുമായി സംസാരിക്കുന്നതിനും മനസ്സുണ്ടായിരിക്കുമെന്നു മെംബർ വിചാരിക്കുന്നുണ്ടോ?

മി: എ. കെ. പിള്ള (കണ്ണനാഗപ്പള്ളി): ഉണ്ടായിരിക്കും. എന്തുകൊണ്ടു ഇല്ല? അവൻ അവന്റെ മുറിയിൽ ഇരിക്കുന്നു. അതുപോലെ കഴിഞ്ഞ രണ്ടുമാസം കാലമായി ഏകാന്തമുറിയിൽ കിടക്കുന്നു. രണ്ടുമാസം കാലത്തേക്കു ഏകാകിയായി ഒരു മുറിക്കുള്ളിൽ അടച്ചിടപ്പെട്ടിരിക്കുന്ന മനുഷ്യന്റെ കഥ ഊഹിച്ചുനോക്കുക. അതു അവനെ യേപ്പെടുത്തിയിരിക്കുമെന്നു വല്ലയാളും ഗൗരവമായി വിശ്വസിക്കും എന്നു നിങ്ങൾ വിചാരിക്കുന്നുവോ? അതു ഒരുവനെനിരാശനാക്കി സാഹസകാരിയാക്കുകയുള്ളു. അവൻ എല്ലാം ചെയ്യാൻ ഒരുക്കംഉള്ളവനായിരിക്കും.

മി: ഡബ്ലിയു. എച്ച്. പിറ്റ് (പൊലീസുകമ്മിഷണർ) ഈവിധം അറയ്ക്കുള്ളിൽ കിടക്കുന്ന തടവുകാരിൽ ഒരാളെ ചെന്നു കാണാം എന്നു മിസ്റ്റർ എ. കെ. പിള്ള സ്വയം പറഞ്ഞിട്ടുണ്ടോ?

മി: എ. കെ. പിള്ള (കണ്ണനാഗപ്പള്ളി) ഇല്ല. അവന്റെ അടുക്കൽചെല്ലുന്നതു എനിക്കു അസാദ്ധ്യം ആക്കപ്പെട്ടിരുന്നു. അവൻ ജനസമുദായം മുഴുവനോടും നേക്കു വിരോധിയായിരുന്നു.

ഇതിനെല്ലാം കാരണം ഇതിലെ രീതിയാണെന്നു ഞാൻ പറയുന്നു. ജയിൽഭരണം ഇപ്പോഴത്തെനിലക്കു മാറുന്നതിനെക്കാൾ അധികം മാനുഷ്യനുചിതം ആയിരിക്കുന്നു. വിശാലദൃഷ്ടി ഉണ്ടായിരിക്കണം തടവുകാരനെ നാം ഒരു രോഗിയായി ഗണിക്കുകയും അവന്റെ മാനസികരോഗത്തെ ശമിപ്പിക്കുവാനുള്ള ഔഷധങ്ങൾ അവനു കൊടുക്കുകയും ചെയ്യണം. അവനു സദാചാരപാഠങ്ങൾ പഠിപ്പിക്കുന്നതുകൊണ്ടു ഉപയോഗം ഇല്ല

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരി വടക്ക്): ഈ വധം നിഷ്ഠൂരമായ പെരുമാറ്റം ഈ അലോചനക്കുടനേക്കു ഉണ്ടാകുന്നതിനു കാരണം എന്നിക്ക പറഞ്ഞുതരുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) അവൻ ജയിലിൽ പോലീസുകാരിയായിരുന്നു എന്നാകുന്നു എന്നോടു കേൾപ്പിച്ചിട്ടുള്ളത്. അവൻ ജയിലറെ അടിച്ചു. അതു ഞാൻ പറയുന്നതുപോലെതന്നെ എന്റെ നിലയാലും ശരിയായി ധരിക്കപ്പെട്ടുന്നതായാൽ അവനു മാനസികമായി എന്തോ ദോഷം ഉണ്ടായിരുന്നു എന്നു കാണിക്കുന്നു. അവൻ ഭ്രാന്തുപിടിച്ചവനാണെന്നു ഗണിക്കപ്പെട്ടിരുന്നു. കാലിഭേദം ഇല്ലാതെവർ നഷ്ടപ്പെടുന്നുവെന്നു പറയുന്ന അവസരങ്ങളിൽ മറ്റുള്ളവരെ ശ്രദ്ധിക്കുമ്പോൾ അവർക്കു ഭ്രാന്തുപിടിച്ചിരിക്കുന്നു എന്നു നാം വിചാരിക്കുന്നില്ല. നാം കരുണാർദ്രചിത്തരായി അവരെ കുറ്റക്കാരാക്കുന്നു. അവർ ജനസമുദായത്തിനുപരിയായി ആണെന്നു വിചാരിച്ചു അവരുടെ നേരെ നിഷ്ഠുരമായി പെരുമാറുന്നു.

എല്ലാ കടവുശാലകളിലും നടപ്പിൽ ഇരിക്കേണ്ടതായ സംഗതിയെക്കുറിച്ചു വേണ്ടുവോളം ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. ഇംഗ്ലണ്ടിലെ ലാർഡ് ചീഫ് ജസ്റ്റിസിനേയും ലാർഡ് ക്ലിവ്ലാന്റിനേയും വകുപ്പുകൾ ഞാൻ ഉദ്ധരിക്കുകയും ചെയ്തു. ഈ സഭയുടെ സമയത്തെ വ്യയം ചെയ്യണമെന്നു ഞാൻ ആഗ്രഹിച്ചിട്ടുണ്ടായിരുന്നില്ല. എന്നാൽ തിരുവനന്തപുരത്തുള്ള സെൻട്രൽ പ്രിസണിലെ അനാസ്ഥയ്ക്കുള്ള രീതികളെ സംബന്ധിച്ചു ഒന്നുരണ്ടു നിർദ്ദേശങ്ങൾ കൂടി പ്രസ്താവിക്കുന്നതിനു അനുവാദം നല്കുവാനപേക്ഷ.

ഒന്നാമതു പ്രേതപരിശോധനശാല:—സെൻട്രൽ പ്രിസണിൽ താമസിക്കുന്ന പ്രേതപരിശോധനം നിലവിലുള്ള രീതിയെപ്പറ്റി എനിക്കു ചിന്താഭംഗമുണ്ട്. എന്തുകൊണ്ടെന്നാൽ കുറ്റസ്ഥാപനമാക്കപ്പെട്ടവരെക്കൊണ്ടു പ്രേതത്തെ ചീന്തിപ്പിക്കുന്നു. ഇവിടെയുള്ള മെമ്പർമാരിൽ അനേകംപേർ പ്രേതപരിശോധനരീതി നേരിട്ടു കണ്ടിട്ടുണ്ടായിരിക്കാം. പ്രേതത്തിന്റെ മാംസത്തെ കോടാലികൊണ്ടു വെട്ടി പിളർക്കുന്നു: അതു സാധാരണയായി തടവുകാരെക്കൊണ്ടു നടത്തിക്കുന്നു. ഈയാളുകൾ ഒരുവിധം പ്രവൃത്തി ചെയ്യുന്നതിനു അനുവദിക്കപ്പെട്ടാൽ ഉണ്ടാകുന്ന പ്രത്യാഘാതഫലത്തിൽ വിശ്വസിക്കുന്ന ഒരാളാണു ഞാൻ. സഹജ സൂക്ഷ്മബോധങ്ങൾക്കും മനസിനെ തീക്ഷ്ണഹീനമാക്കി തീർക്കുന്ന ഒരു പ്രത്യാഘാതം ജനിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതു ചെയ്യാൻ മെഡിക്കൽ ആഫിസർ ഇല്ലയോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) മെഡിക്കൽ ആഫീസർ ഉണ്ട്. എന്നാൽ വെട്ടിപ്പിളർക്കുന്ന പ്രവൃത്തി തടവുകാർ നടത്തുന്നു.

മി: കെ. കെ. തോമസ് (കോട്ടയം) അതു കോടാലി ഉപയോഗിച്ചു നടത്തുകയാണോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) പ്രേതത്തെ ജയിലിനുള്ളിൽ സൌകര്യമുള്ള സ്ഥലത്തു കൊണ്ടുചെല്ലുന്നു. ഡാക്ടർ അവിടെ ഇരിക്കുന്നു. ഒന്നോരണ്ടു തടവുകാരെ വിളിക്കുന്നു, അവരോടു ആ വേലചെയ്യാൻ പറയുന്നു. അവർ ഒരു ചെറിയ കോടാലികൊണ്ടു അപ്രകാരം ചെയ്യുന്നു.

മി: പി. പി. ജോസഫ് (പറവൂർ) മറ്റു വല്ലവരും ചെയ്യാവുന്നതാണെങ്കിൽ തടവുകാരൻ ചെയ്യാൻ എന്താ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) അതു മറ്റു വല്ലയാളും ചെയ്യേണ്ടതുതന്നെ തടവുകാരന്റെ കായ്യത്തിൽ മുമ്പിനാലെ കുറ്റം ചെയ്യുന്നതിനുള്ള ബീജം അവനിൽ ഇരിക്കുന്നു. അങ്ങനെയുള്ളവനെ ഇതിലേക്കായി നിയമിക്കുന്നതു ഈ പ്രവൃത്തി വളരെ മിശ്രമായുള്ളതു മാത്രമല്ല ആപൽകരവും പ്രവർത്തകന്റെ സദാചാരബോധത്തിനു ഹാനികരവുമാണെന്നു പറയുന്നതിൽ ഞാൻ സംശയിക്കുന്നില്ല. എന്നിരുന്നാലും ഈ പ്രവൃത്തി ചെയ്യേണ്ടിയിരിക്കുന്നവർ ആ ശാസ്ത്രീയവിധത്തിൽ അതിനെ ഗണിക്കാറില്ല അവർ തടവുശാലയിൽ നിന്നു വിടുതലചെയ്യപ്പെടുന്നതും അവൻ തങ്ങളുടെ കുഞ്ഞുങ്ങളുമായി ഗർഭിണിയാകയെന്നതോടുകൂടി പെരുമാറുന്നു. ആ വിധം ദുഷ്പ്രവൃത്തികളിൽ പരിശീലിച്ചുകൊണ്ടാണു അവർ ആ വിധം ചെയ്യുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) ഈ പ്രേതപരിശോധനം വല്ലതും നടത്തിയ സ്ഥലത്തു മിസ്റ്റർ എ. കെ. പിള്ള ക്കുടെയുണ്ടായിരുന്നുവൊ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) ഞാൻകൂടി ഉണ്ടായിരുന്നിട്ടുണ്ട്. ഞാൻ അതുകണ്ടിട്ടുണ്ട് എന്നുപറയുന്നില്ല. എന്തുകൊണ്ടെന്നാൽ ഞാൻ ഇതു കണ്ടുകൊണ്ടിരിക്കാൻ ചട്ടങ്ങളും അനുവദിക്കുന്നില്ല. എന്നാൽ അതു വസ്തുവും തന്നെ. ഈ പുള്ളിക്കാർ പ്രേതത്തെ വെട്ടുന്നതിനെ എനിക്കു കാണാൻ കഴിഞ്ഞു. ഇതിനെ ശാസ്ത്രീയഗതിയിൽ നോക്കുവാൻ ശക്തിയില്ലാത്ത ഈ സാധുക്കൾ ഇങ്ങനെ ചിന്തം അവരുടെ ബുദ്ധിയിൽ കനിച്ചു ഫലം എന്തായിരിക്കും പ്രേതപരിശോധനം ഈ വിധം നടത്തുന്നതു എന്നു ഞാൻ നിർദ്ദേശിക്കുന്നു, ഇക്കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥകൾ എന്താണെന്നു എനിക്കു അറിഞ്ഞുകൂടാ. എന്നാൽ പ്രേതപരിശോധനം ഇപ്പോൾ നടത്തിവരുന്ന ഈ രീതിയിൽ നടത്തരുതു എന്നു ഞാൻ നിർദ്ദേശിക്കുന്നു. മരിച്ചുവരുടെ ഏഴുവിധം ഏഴുരോഗത്താൽ മരിച്ചു എന്നു ഡാക്ടർമാർ സാക്ഷ്യപ്പെടുത്തിയതായുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) മാനകാരണം അറിയേണ്ടതുതന്നെ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) ഏകാന്തതടവുരീതിയെ നിരുത്സാഹപ്പെടുത്തുന്നതിനു തടവുകാരെ വിലങ്ങു ഇട്ടിരിക്കുന്ന വിലങ്ങു കാലിൽ കെട്ടുന്ന അവർ രാത്രിമുഴുവനും നിലക്കുന്നു. ചിലപ്പോൾ രണ്ടും മൂന്നും ദിവസത്തേക്കു തുടർച്ചയായി ഈ ശിക്ഷ നടപ്പാക്കാറുണ്ട്. ഇപ്പോഴുള്ളതും രേഖപ്പെടുത്തിയിട്ടില്ല. പലപ്പോഴും ജയിലറെ. മറ്റു വല്ല കീഴുദ്യോഗസ്ഥനോ ഈ ശിക്ഷകൾ നടപ്പാക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) മിസ്റ്റർ എ. കെ. പിള്ള ഇതും കണ്ടറിഞ്ഞിട്ടുണ്ടൊ?

ശ്രീ: എ. കെ. പിള്ള (കുന്നാഗപ്പള്ളി): രാവും പകലും ഒന്നിച്ചു അവിടെയിരിക്കാൻ എനിക്ക് കഴിവില്ലായിരുന്നു (ചിരി) ഇക്കാര്യങ്ങളിൽ വല്ലതും വാസ്തവത്തിൽ നടന്നിട്ടുണ്ടോ എന്ന അറിയാനായി ഗവണ്മെന്റിന്റെ വിചാരണ നടത്തുവാനായി ഈ നിർദ്ദേശം ഞാൻ പറയുന്നു. അത്യന്തം ശക്തമായ വിധം ജയിൽ പരിഷ്കരണത്തിനു വേണ്ട മാറ്റം ഉണ്ടാക്കുവാൻ ഗവണ്മെന്റിനു കഴിവുണ്ടാക്കുന്നതിലേക്കായി ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചു ഏതാനും മാറ്റങ്ങൾ ഞാൻ ഗവണ്മെന്റിനു ഉണ്ടാക്കി കൊടുക്കുന്നേയുള്ളൂ.

ഞാൻ നിർദ്ദേശിക്കുന്ന മറെറാരു കാര്യം.

പ്രസിഡന്റ്: നിങ്ങളുടെ സമയം ഇതിനുമുമ്പിലേ അതിക്രമിച്ചിരിക്കുന്നു. നിങ്ങളുടെ പ്രസംഗം എനിക്കു വളരെ രസകരമായിരുന്നതിനാൽ സമയം പോയ വിവരം ഞാൻ അറിഞ്ഞില്ല.

ശ്രീ: കെ. നാരായണൻ പണിക്കർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): എന്റെ സ്നേഹിതൻ മിസ്റ്റർ. എ. കെ. പിള്ള ഒരു ശുപാർശമാത്രം കൂടിയുണ്ടാക്കണം എന്നേ നിർദ്ദേശിക്കുന്നുള്ളൂ എന്നു വരികിലും ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കണമെന്നു എനിക്കു തോന്നുന്നു. ജയിൽ രേഖയെ സംബന്ധിച്ച് അദ്ദേഹം നടത്തിയ ശ്രമമായിൽ കൊണ്ടുവന്ന അഭിപ്രായങ്ങൾ നിശ്ചയമായും വളരെ നല്ലവയെന്നു.

ശ്രീ എ. വി. ജോസഫ് (പാലൂർ): ഈ തടവു പുള്ളികളെ മാനുഷികളായി ഗണിച്ചു പെരുമാറണം എന്നും നിശ്ചയമായും വാസ്തവത്തിലുള്ള കുറവുകളിൽ എന്ന ഗണിക്കരുതെന്നും അഭിപ്രായം. ഈ അഭിപ്രായം അംഗീകരിക്കപ്പെട്ടിട്ടില്ല.

ശ്രീ: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സെൻട്രൽപ്രിസണിലെ സൂപ്രണ്ടുമാരെ സഹായിക്കുവാൻ ഒരു മെഡിക്കൽ ആഫീസറെ നിയമിക്കുവാൻ ഗവണ്മെന്റിനു ഭയമുണ്ടാകുമോ?

ശ്രീ: കെ. നാരായണൻ പണിക്കർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): ഇതു സദാചാരവിഷയകമായ രോഗം ആണ്. കായികരോഗം അല്ല.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു മാനസിക രോഗം ആണ്.

ശ്രീ: കെ. നാരായണൻ പണിക്കർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): സദാചാരം മാനസസ്ഥിതിയും അപസ്മാരങ്ങളുമായി ബന്ധം ഉള്ളതാണ്.

നമ്മുടെ സെൻട്രൽപ്രിസണിനെ സംബന്ധിച്ചുകൊണ്ടു അവിടെ നടപ്പുള്ള രീതിയിൽ അധികം കുറവു പറയുവാനില്ല എന്നു ഞാൻ പറയാം.

ശ്രീ: എ. കെ. പിള്ള (കുന്നാഗപ്പള്ളി): അതു ഒരു പ്രത്യേകമായിരിയിലുള്ളതാണെന്നു ഞാൻ കാണിച്ചു.

ശ്രീ: കെ. നാരായണൻ പണിക്കർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): മിസ്റ്റർ. എ. കെ. പിള്ളയുടെ അഭിപ്രായത്തിൽ ഈ രീതി ബ്രിട്ടീഷിൻഡ്യയിൽ മുഴുവനും ഉപയോഗം അല്ല എന്നതേ.

പ്രസിഡന്റ്: മിസ്റ്റർ. എ. കെ. പിള്ള പഞ്ചാബിൽ ഉള്ള ഒരു പ്രത്യേക തടവുശാലയെ പ്രസ്താവിച്ചു എന്നു തോന്നുന്നു. അദ്ദേഹം ബ്രിട്ടീഷിൻ ഡ്യയിലുള്ള ജയിലുകളുടെ രീതിയെ ആകപ്പാടെ പരാമർശിച്ചില്ല എന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ: കെ. നാരായണൻ പണിക്കർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): ബ്രിട്ടീഷിൻഡ്യയിലുള്ള ജയിലുകളെ സമഷ്ടിയായി മിസ്റ്റർ. എ. കെ. പിള്ള പരാമർശിക്കയും ബ്രിട്ടീഷിൻഡ്യയിലെ രീതിയെ അനുകരിച്ചു രൂപീകരിച്ചിരിക്കുന്ന നമ്മുടെ സെൻട്രൽപ്രിസണിലെ രീതി അനുചിതമാണെന്നു പ്രസ്താവിക്കയും ചെയ്തു എന്നു എനിക്കു തോന്നുന്നു. താരതമ്യേന നമ്മുടെ രീതി അധികം മെച്ചമല്ലതന്നെ. പ്രേതപരിശോധനം തടവുകാരെക്കൊണ്ടു നടത്തിച്ചു വരികയാണെന്നു വരികിൽ അതിനെ നിശ്ചയമായും അപലപിക്കേണ്ടതു തന്നെ. ഇക്കാര്യത്തെ ഗവണ്മെന്റിനു ആലോചിക്കേണ്ടിയിരിക്കും എന്നു ഞാൻ പറയാം.

സന്ദർശകന്മാരുടെ കാര്യത്തിൽ അധികൃതരായ അന്യോദ്യോഗസ്ഥരായ മഹാന്മാർ പ്രിസൺ സന്ദർശിക്കുന്നുണ്ട്. ഇപ്പോഴത്തെ ചട്ടം അനുസരിച്ചു അവർ തടവുകാരുമായി ദീർഘകാലം സംസാരിക്കാൻ അനുവദിക്കുന്നില്ല. എന്നാൽ ഈ ചട്ടത്തെ അല്പം ശിഥിലീകരിക്കുന്നതു തടവുകാരുടെ ഗുണത്തിനായിട്ടാണെന്നു വരികിൽ അങ്ങനെ ചെയ്യുന്നതിൽ വിരോധം ഉണ്ടായിരിക്കയില്ല, എന്നു തന്നെയുമല്ല ചട്ടത്തെ മാറുന്നതായാൽ അച്ചടക്കമില്ലായ്മ ഉണ്ടാക്കും എന്നുള്ള വല്ലതായ ആപത്തു ഉണ്ടാകാവുന്നതിനാൽ അപ്രകാരം മാറ്റം മുമ്പു വളരെ നല്ലപോലെ ആലോചിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ: സി. പി. താമസ് (ഗവണ്മെന്റു നിയമിച്ച മെംബർ): സെൻട്രൽപ്രിസണിലേക്കു അന്യോദ്യോഗസ്ഥ സന്ദർശകന്മാർ ഉണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

ശ്രീ: കെ. നാരായണൻ പണിക്കർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): അന്യോദ്യോഗസ്ഥരായ സന്ദർശകന്മാർ ഉണ്ട്.

ശ്രീ: എം. എൻ. പിള്ള (തിരുവനന്തപുരം): അന്യോദ്യോഗസ്ഥമെംബർമാരുടെ പേരുകൾ പറഞ്ഞുതരുമോ?

ശ്രീ: കെ. നാരായണൻ പണിക്കർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): എല്ലാ മെംബർമാരുടെയും പേരുകൾ ഞാൻ ഓർമ്മിക്കുന്നില്ല. ബാരിസ്റ്റർ മിസ്റ്റർ എം. കെ. നാരായണപിള്ള ഒരാൾ ആണ്.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മിസ്റ്റർ കെ. അനന്തനാരായണയ്യർ മറെറാരാൾ.

ശ്രീ: കെ. നാരായണൻ പണിക്കർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): എന്റെ ഓർമ്മശരിയാണെന്നു വരികിൽ മിസ്റ്റർ. ജി. പരമേശ്വരൻപിള്ള മൂന്നാമതൊരാൾ.

മി: സി. പി. താമസ് (ഗവണ്മെന്റ് നിയമിച്ചമെംബർ.): ഈ അന്തർദ്ദേശസ്ഥസാമാജികന്മാർ ജയിലിലെ ജീവനക്കാരുടെ പണിയുടെ ഉപരിശോധനം നടത്തുന്നതിനു അനുവദിച്ചിട്ടുണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ ചീഫ സെക്രട്ടറി,): അവർ പരിശോധിക്കാൻസമ്മതിച്ചിട്ടുണ്ട്. അനേകം സംഗതികളെ കുറിച്ചു വിവരങ്ങൾ ആവശ്യപ്പെട്ടവരുന്നതാണ്. ജയിൽ അധികാരസ്ഥന്മാർ അവക്കു ആ വിവരങ്ങൾ കൊടുക്കേണ്ടതും ആണ്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേട്ടും): ഒരു പ്രത്യേക തടവുകാരനോടു കാണിച്ചിട്ടുള്ള പേരു മാറന്തെ മിസ്റ്റർ. എ. കെ. പിള്ള പറഞ്ഞതായ കുറ്റാരോപണങ്ങളെ സംബന്ധിച്ചു ഒന്നാം ചീഫ് സെക്രട്ടറിക്കു പറയാനില്ലയോ.

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ ചീഫ്സെക്രട്ടറി): മിസ്റ്റർ. എ. കെ. പിള്ള ഈക്കാര്യത്തെപ്പറ്റി ഒരു റിപ്പോർട്ട ഗവണ്മെൻറിലേക്കു അയച്ചിരുന്നാൽ രാജ്യത്തിലേക്കു അദ്ദേഹം വലിയ ഉപകാരം ചെയ്തിരിക്കുമായിരുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേട്ടും): ഗവണ്മെൻറ ഇതിനെപ്പറ്റിയുള്ള വിവരം എഴുതിയയച്ചു വരുത്തുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ സംഗതി വർത്തമാനപ്പത്രങ്ങളിൽ പ്രചാരമായിട്ടുണ്ട്.

മി: കെ. നാരായണൻ പണ്ടാല (ആ. ഗവണ്മെൻറ് ചീഫ്സെക്രട്ടറി): എനിക്കു അറിഞ്ഞുകൂടാ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഗവണ്മെൻറുദ്യോഗസ്ഥന്മാർ വർത്തമാനപ്പത്രങ്ങളും വായിക്കാറുണ്ടെന്നു വിശ്വസിക്കുന്നു.

മി: കെ. നാരായണൻ പണ്ടാല (ആ: ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഈ സംഗതിയെ കുറിച്ചു അന്വേഷണം നടത്തിതീർച്ചചെയ്തിട്ടുണ്ടെന്നു എൻറെ സ്നേഹിതൻ ലാ, മെംബർ എന്നോടു ഉറപ്പുപറയുന്നു.

ഈ വിഷയത്തെക്കുറിച്ചു കൂടുതൽ വിവരണം പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ സ്ഥിതിക്കു ഈ ഉപക്ഷേപത്തെ മിസ്റ്റർ. എ. കെ. പിള്ള പിൻവലിക്കാൻ വഴികാണണം എന്നു ഞാൻ വിശ്വസിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എൻറെ ഉദ്ദേശം സാധിച്ചിട്ടുള്ള സ്ഥിതിക്കു അതാവിഷയത്തെക്കുറിച്ചും കൂടും അന്വേഷിക്കുന്നവരുടെ ഗുണദോഷത്തെക്കുറിച്ചും ഈ സംഗതിയെ പറ്റി ആലോചിക്കുന്നതാണെന്നു ഗവണ്മെൻറ വാഗ്ദാനം ചെയ്തിട്ടുള്ളതുകൊണ്ടു ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

പ്രെസിഡൻറ: ഈ ഉപക്ഷേപം പിൻവലിക്കാൻ സഭ സമ്മതിക്കുന്നു എന്നു ഞാൻ ധരിച്ചു കൊള്ളട്ടോ?

ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ ക്ര-ാ, ക്ര-ം.

താഴെചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ പ്രയോഗിക്കപ്പെട്ടില്ല.

മി: കെ. മാധവൻപിള്ള

ക്ര-ാ സെൻട്രൽപ്രിസണിലേക്കു നീക്കിവച്ചിരിക്കുന്ന ഒന്നു,ന്നു൩ രൂപയിൽ ക്ക ൦ ൦ കുറയ്ക്കുണം.

മി: എം. എൻ. പിള്ള

ക്ര-ം സെൻട്രൽപ്രിസണിലേക്കു നീക്കിവച്ചിരിക്കുന്ന ഒന്നു,ന്നു൩ രൂപയിൽ ക്ക ൦ ൦ കുറയ്ക്കുണം.

പ്രെസിഡെണ്ട്: സെൻട്രൽപ്രിസണിലേക്കു, വ൪ഷം രൂപയിൽ നു ൦ ൦ രൂപാ കുറച്ചുള്ള ഇകയായ X-ാമത്തെ ഡിമാണ്ടിനെപ്പറ്റി സഭയുടെ അഭിപ്രായം ഇപ്പോൾ അറിയേണ്ടിയിരിക്കുന്നു. ഈ ഇക ഗവണ്മെൻറ അനുവദിക്കുന്നതായി ഞാൻ ധരിക്കുന്നു.

ഇക അനുവദിക്കപ്പെട്ടു.

ഡിമാണ്ട് XI-പൊലിസ്.

മി: ഡബ്ലിയു. എച്ച്. പിടട് (പൊലീസ്കമ്മിഷണർ): സർ, ഡിമാണ്ടു XI പോലീസ് എന്ന ഇനത്തിൽ ൪൦൪൪ ലക്ഷം രൂപയിൽ കവിയാത്ത ഒരു ഇക അനുവദിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു.

ഉപക്ഷേപങ്ങൾ ക്ര൯, ക്ര൪, ക്ര൧ താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ പ്രയോഗിക്കപ്പെട്ടില്ല.

മി: ജി. രാമൻ മേനവൻ

ക്ര൯ ജീവനക്കാർക്കായി നീക്കിവച്ചിരിക്കുന്ന ക്ര൧,൪൭൧ രൂപയിൽ ക്ക ൦ ൦ രൂപാ കുറയ്ക്കുണം.

മി: ജി. രാമൻ മേനവൻ

ക്ര൪ മോട്ടാർകാർ സംരക്ഷണത്തിനായി നീക്കിവച്ചിരിക്കുന്ന ക്ര൭ ൦ ൦ രൂപാ ഇകയിൽ നു ൦ ൦ രൂപാ കുറയ്ക്കുണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

ക്ര൧ അസിസ്റ്റണ്ടു സൂപ്പർഇൻറെൻഡണ്ടുമാരുടെടാക്കാർക്കും വകക്കായി നീക്കിവച്ചിരിക്കുന്ന ൧,൯൧൭ രൂപയിൽ ക്ക,൯൧൯ രൂപാകുറയ്ക്കുണം.

ഉപക്ഷേപം ക്ര൧൭.

മി: എം. ശിവതാണുപിള്ള (തോവാള):

ക്ര൧൭. ഇൻസ്പെക്ടർമാരുടെ ആഫീസുകളിൽ ജീവനക്കാർക്കായി നീക്കിവച്ചിരിക്കുന്ന ൧,ക്ര൧,൭൧൭ രൂപയിൽ ൭,൧൯൭ രൂപാ കുറയ്ക്കുണം.

എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

സർ, ഞാൻ ഈ ഉപക്ഷേപം രണ്ടു കാരണങ്ങളാൽ ഹാജരാക്കുന്നു. ഒന്നു തിരുവനന്തപുരത്തേക്കു മാത്രമായ സംരക്ഷണത്തിനായി സംസ്ഥാനം ഒട്ടുക്കുള്ളവർ ചിലവു വഹിക്കണം എന്നു ചോദിക്കുന്നതു ശരിയല്ല; രണ്ടാമതു ഇതു അനാവശ്യവും ആണ്. അതു ശരിയാണെന്നു വരികിൽ തട്ടേശസ്വയം ഭരണം എന്നതിനു അർത്ഥം ഒന്നും ഇല്ല. മുനിസിപ്പാലിട്ടിയുടെ വക്കായ് മാത്രം ഉള്ള ചിലവു വഹിക്കുന്നതിനു വേണ്ടപണം അതിനുള്ളിൽ വസിക്കുന്ന പൌരന്മാർ മാത്രമായി ഉണ്ടാക്കിക്കൊള്ളണം. തിരുവനന്തപുരം മുനിസിപ്പാലിട്ടിയുപക്ഷപാതത്തോടു കൂടി പെരുമാറിവരുന്നു; അതു ശരിയല്ല. ആ നഗരത്തിലെ നിവാസികൾക്കു ശമ്പളം വാങ്ങുന്ന പ്രൈസിഡൻറു മെംബറോ എന്നിങ്ങനെയിട്ടും സർക്കാർ ഉദ്യോഗസ്ഥനായി ഒരു പ്രൈസിഡെണ്ടിനെ ശമ്പളം കൊടുത്തു ഗവണ്മെണ്ടു അവരുടെ മീതെ കെട്ടിവച്ചിരിക്കുന്നു. അതു പൊതു ഖജനാവിൽ നിന്നും ഒരു വലിയ തുകയാകുന്നു. ആ തുക പത്രികരം നടത്തിവരുന്നു. അവ അധികവും നാഗരവാസികൾക്കു മാത്രം ഉപകരിക്കുന്നു. അവയും കരംകൊടുക്കുന്ന പൊതു ജനങ്ങളുടെ ചിലവ് ഗവണ്മെൻറു വലുതായ തുക ചിലവാക്കി പരിപാലിക്കുന്നു. റോഡിൽവിളക്കു വെപ്പു്. റോഡിൻറെ യഥാസ്ഥിതിപരിപാലനം മുതലായ് മുനിസിപ്പാലിട്ടിക്കുള്ള പ്രാഥമിക ചുമതലകൾ പോലും ഗവണ്മെൻറു നിർവഹിച്ചു വരുന്നു. എന്തിനു? തുപ്പും മലം വലിക്കുപ്പും ഒഴിക്കുപ്പുള്ള സകലപ്രവൃത്തിപ്പും ഗവണ്മെൻറു നിർവഹിക്കുന്നു. ഇതിനും പുറമെ, ഈ നഗരത്തിലുള്ള റോഡുകൾക്കു ഒരു വലിയ ഇംപ്രൂവ്മെൻറ് ട്രസ്റ്റ് ചിലവാക്കുന്നതായിരിക്കേ മുനിസിപ്പാലിട്ടിക്കു ടോൾ കൊടുക്കാതെ ടൗണിനു പുറത്തുള്ളവർ ടൗണിനെ പ്രവേശിക്കുവാൻ അനുവദിക്കുന്നതും ഇല്ല. സ്വാമിൻ ഇതു കുറ്റം കൊടുക്കുന്ന പൊതുജനങ്ങളുടെ മേൽ രണ്ടു പ്രാവശ്യം കരം ചുമത്തുകയാണ്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): തിരുവിതാംകോട്ടിൽ ഉള്ള വല്ല മുനിസിപ്പാലിട്ടിയും പോലീസ് ഭരണത്തിനു ചുമതലപ്പെട്ടിരിക്കുന്നുവോ എന്നു മിസ്റ്റർ. ശിവതാണുപിള്ള പറഞ്ഞു അറിയാൻ ആഗ്രഹിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ഈ ചിലവു തിരുവനന്തപുരം ടൌണിലേക്കായി മാത്രം ഉദ്ദേശിച്ചിട്ടുള്ളതാകകൊണ്ടു ഞാൻ ഇതിനു ആക്ഷേപം പറയുന്നു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): തോവാളയിലെ അഗസ്തീശ്വരത്തെ മുനിസിപ്പാലിട്ടിക്കാരെ നിയമിച്ചു സംരക്ഷിക്കുന്നതിനു ഒരു തുക നിക്കിവയ്ക്കുന്നു എന്നിരിക്കട്ടെ. മെംബർ അതുസമ്മതിക്കുമോ?

മി: എം. ശിവതാണുപിള്ള (തോവാള): നിശ്ചയമായും ഇല്ല. അനാവശ്യം ആകയാൽ ആ വിധത്തിൽ ഉള്ള യാതൊരു ചെലവും ഞാൻ സമ്മതിക്കുന്നതല്ല. എൻറെ സ്വന്തം നിയോജകമണ്ഡലത്തിലെ മാത്രം ഉപയോഗത്തിനായി യാതൊരു തുകയും ഉപയോഗിക്കണം എന്നു ഞാൻ ആവശ്യപ്പെടുന്നില്ല.

സർ, കരം കൊടുക്കുന്ന പൊതു ജനങ്ങളെ തിരുവനന്തപുരം നഗരത്തിലേക്കു വേണ്ടികരം കൊടുപ്പിക്കുന്നതു അവരിൽ ഇരട്ടിക്കരം ചുമത്തുകയുമാണ്. ഒന്നു ഈ ടൗണിലെ ഗുണത്തിനായി പൊതു മുതലിൽ നിന്നു നേരിട്ടല്ലാതെ പണം ചിലവാക്കുന്നതും മറേതു നേരിട്ടുള്ളതും ആണു ഇതു ധർമ്മമാണോ എന്നു, സ്വാമിൻ, ഞാൻ ചോദിക്കുന്നു. അങ്ങനെയുള്ള വരികിൽ അതു നീതികരിക്കാവുന്നതാണോ? പട്ടണനിവാസികളായും പട്ടണത്തിനുപുറമെയുള്ള ചുരുക്കം പ്രതിനിധികളും ആയ മെംബർമാർ ഈ ഉപക്ഷേപത്തെ സഹായിക്കുമില്ലയെയിരിക്കാം എന്നാൽ അവരുടെ നിയോജകമണ്ഡലത്തിലുള്ളവരുടെ ഗുണത്തെക്കരുതി ഈ ഉപക്ഷേപത്തെ സഹായിക്കേണ്ടതു അവരുടെ കടമയാണെന്നു ഞാൻ അവരോടുപറയാം.

രണ്ടാമതു ഈ കൂട്ടുതൽ ചെലവു അനാവശ്യവും ആകുന്നു. വല്ല ആവശ്യവും ഉണ്ടാകുന്നതായാൽ അതിലേക്കു റിസർവ്വ് പോലീസുകാർ ഉണ്ട്. കാൺസ്റ്റബിൾമാരുടെ മേൽ ശരിയായ നിയന്ത്രണം ഉള്ളതായി കാണുന്നില്ല. മോട്ടോർനിൽക്കുന്ന സ്ഥലങ്ങളുടെ അടുത്തായി ചിലർ യൂണിഫാറം ധരിച്ചും ചിലർ യൂണിഫാറം ഇല്ലാതെയും അവരെ സലാം കാണുന്നുണ്ട്. ഇതു അവക്കു മതിയായിടത്തോളം വേലയില്ല എന്നുള്ള ബോധം ജനിപ്പിച്ചേക്കുന്നു. ഏതായാലും എൻറെ നിയോജകമണ്ഡലമായ നാഗരുകോവിലിലെ കഥ അങ്ങനെതന്നെ:

മി: ഡബ്ലിയു. എച്ച്. പിട് (പോലീസ് കമ്മിഷണർ): നാം തിരുവനന്തപുരം നഗരത്തെ കുറിച്ചു സംസാരിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): പൊലിസ് സൈന്യം ആകപ്പാടെ നടത്തുന്ന പണിയും മതിയായിരിക്കുന്നില്ല എന്നു ഞാൻ പറയുകയാണ്.

പ്രൈസിഡൻറു: എന്നാൽ അതു പരിച്ഛിന്നസ്ഥിതിയിൽ സംബന്ധപ്പെട്ടതല്ല.

മി: എം. ശിവതാണുപിള്ള (തോവാള): പോലീസുസൈന്യത്തെ കൂട്ടുന്നതിനു ഇപ്പോൾ ആവശ്യകത ഇല്ല എന്നു ഞാൻ പറയുന്നു.

പ്രൈസിഡൻറു: എവിടെ തിരുവനന്തപുരത്തോ സംസ്ഥാനം ഒട്ടുക്കോ?

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ പറഞ്ഞതായ സംഗതിയിൽ പോലീസ് സൈന്യം നടത്തുന്ന പണിമതിയാകുന്നില്ല എന്നു ഞാൻ ചൂണ്ടിക്കാണിക്കയായിരുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നാഗരുകോവിലിൽ ഉള്ള പോലീസുകാർക്കു മതിയായിടത്തോളം പണിചെയ്യാനില്ല എന്നുള്ള വസ്തുതയുടെ ദൃഷ്ടാന്തമായി നാഗരുകോവിലിൽ നിന്നു തിരുവനന്തപുരത്തേക്കു മാറിയെക്കാം എന്നാണോ മിസ്റ്റർ ശിവതാണുപിള്ളയുടെ നിർദ്ദേശം. (ചിരി)

മി: എം. ശിവതാണുപിള്ള (തോവാള): അങ്ങനെ ഞാൻ നിർദ്ദേശിക്കുന്നേയില്ല.

മി: കെ. കെ. തോമസ് (കോട്ടയം): ഞാൻ ഒരു ഉത്തരവു വിഷയമായി എഴുന്നേൽക്കുന്നു. നാഗരുകോവിൽ ഉള്ള പോലിസു സൈന്യത്തിൻറെ ജോലിയും പ്രയോഗവും ആയി തീരെ സംബന്ധം ഇല്ല.

മി: എം. ശിവതാണുപിള്ള (തോവാള): പോലീസു സൈന്യത്തിനുള്ള ഈ കൂട്ടുതൽ തീരെ അനാവശ്യമാണെന്നു കാണിക്കാൻ ഞാൻ ശ്രമിക്കുകയാണ്.

മി: സി. പി. നാരകൻ (കുന്നത്തൂനാട്ട്): തിരുവനന്തപുരത്തുള്ള പോലീസുദ്യോഗസ്ഥന്മാർക്കുള്ള ക്ലേശമിതിനെയാണോ അങ്ങേഹം ഉദ്ദേശിക്കുന്നത്.

മി: എം. ശിവതാണുപിള്ള (തോവാള): അല്ല. പോലീസ്സംസ്ഥാനം ഒട്ടുക്ക്.

പ്രൈസിഡെൻറ്: നിങ്ങളുടെ പ്രയോഗം ഒരു പ്രത്യേക ഇനത്തെ കുറിക്കുന്നതിനാണ്. ഈ ഇനം സംബന്ധിച്ചു പൊതുനയസംബന്ധമായും പൊതുവെ സംബന്ധിച്ചുള്ളതായും ഉള്ള വിഷയങ്ങളെയും മറ്റു സ്ഥലങ്ങളിൽ എന്തു നടക്കുന്നു എന്നതിനെയും സംബന്ധിച്ചു നിങ്ങൾക്കു വാദിക്കാൻ പാടില്ല.

മി: എം. ശിവതാണുപിള്ള (തോവാള): പോലീസുദ്യോഗസ്ഥന്മാരെ വർദ്ധിപ്പിക്കേണ്ട ആവശ്യം ഇല്ല എന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ശ്രമിക്കുകയാണ്.

പ്രൈസിഡെൻറ്: മിസ്റ്റർ. ശിവതാണുപിള്ള തിരുവനന്തപുരത്തെക്കാൾ തിരുവനന്തപുരത്തെക്കുമാത്രമോ അതു ഹെഡ്ക്വാർട്ടേഴ്സിനുമാത്രം ആൻഡ് കോൺസ്റ്റബിൾമാരുടെ കോൺസ്റ്റബിൾമാരുടെ എണ്ണം കുറവാണ് എന്നു പറയുന്നതിനെ ഖണ്ഡിച്ചുതന്നാൽ നിങ്ങൾക്കു ശ്രമിക്കാം.

മി: എം. ശിവതാണുപിള്ള (തോവാള): ഈ പണം നീക്കിവച്ചിരിക്കുന്നതിനെ എതിർക്കുന്നതിനു എനിക്കു വേറെ ഒരു കാരണം കൂടിയുണ്ട്. ഈ പോവാപ്പെട്ട കോൺസ്റ്റബിൾമാരുടെ ശമ്പളത്തെ തൽസ്ഥിതിയിൽ വർദ്ധിപ്പിക്കാൻ പോകുന്നു എന്നതിനെ ഞാൻ എതിർക്കുന്നു.

പ്രൈസിഡെൻറ്, അങ്ങു തിരുവനന്തപുരത്തെ കോൺസ്റ്റബിൾമാർക്ക് അധിക ശമ്പളമുള്ളതിനെപ്പറ്റി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു. (ചിരി).

മി: എം. ശിവതാണുപിള്ളള (തോവാള): ഇപ്പോൾ പണം നീക്കിവച്ചിരിക്കുന്നതു തിരുവനന്തപുരം നഗരത്തിനു മാത്രം ഉള്ള ആക്കുക മാത്രമായിട്ടാകുന്നു. ഞാൻ ഒരു പൊതു നഗരമല്ലാത്ത നിയോജകമണ്ഡലത്തിന്റെ പ്രതിനിധി എന്നനിലയിൽ ഈ കുറയ്ക്കലിനായി ഒരു പ്രമേയം കൊണ്ടുവരുന്നു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, ഞാൻ ഉപയോഗപ്പെടുത്തിയ പദം ശരിയല്ലെന്നും എനിക്കറിയാം. ഞാൻ ഒരേ ഒരു കാരണത്തിന്മേൽ ആണ് അങ്ങനെ ചെയ്യുന്നത്. ഈ പ്രത്യേക തിരുവനന്തപുരം ടൌൺ പോലീസിന് കൂടുതലായി അഞ്ചു ഹെഡ്കോൺസ്റ്റബിൾമാരും ആൻപതു കോൺസ്റ്റബിൾമാരും കൂടുതലായി നിയമിക്കുന്നതിനായി നീക്കിവച്ചിരിക്കുന്നതായി കാണപ്പെടുന്ന ഇതു സംബന്ധിച്ചു തിരുവനന്തപുരം ടൌൺ മാത്രമല്ല പുറത്തുള്ള പ്രദേശങ്ങളിലും ഗ്രാമങ്ങളിലും വൈകിട്ടത്തോളം പോലീസുകാർ ഇല്ല എന്നു ഉടൻ തന്നെ ഞാൻ പറഞ്ഞു കൊള്ളാം. പോലീസുകാരുടെ കായ്ക്കശക്തിയെ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയുടെ കൂടുതൽ പട്ടാളം ഉള്ള തിരുവനന്തപുരത്തെ പോലെയുള്ള നഗരങ്ങളെക്കാൾ വെളിസ്ഥലങ്ങളിൽ ആകുന്നു.

മി: സി. പി. നാരകൻ (കുന്നത്തൂനാട്ട്): സർ, ഇദ്ദേഹം ഇപ്പോൾ പറയുന്നതു പൊതു നയസംബന്ധമായ ഒരു വിഷയമല്ലയോ?

പ്രൈസിഡെൻറ്: മിസ്റ്റർ സുബ്രഹ്മണ്യപിള്ള, നിങ്ങൾ ഈ പ്രത്യേക ഇനത്തെ പറ്റി മാത്രം പറയണം.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ പ്രത്യേക ഇനത്തെ പറ്റി മാത്രമേ ഞാൻ പറയുന്നുള്ളൂ. ആ കാരണത്താൽ തന്നെയാണ് സംസ്ഥാനം ഒട്ടുക്ക് പോലീസുകാർ കുറവായിരിക്കുന്നു എന്നു ഞാൻ പറയുന്നതു. തിരുവനന്തപുരം ടൌൺമാത്രമല്ല,

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): തിരുവനന്തപുരത്തിൽ നിന്നു തുടങ്ങിയാൽ എന്തു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, പോലീസിനെ കുറെ കൂടി കായ്ശേഷിയുള്ളതാക്കുന്നതിന ഇപ്പോൾ ഇരിക്കുന്ന സ്ഥിതിക്കു ഹെഡ് കോൺസ്റ്റബിൾമാരുടേയും കോൺസ്റ്റബിൾമാരുടേയും എണ്ണത്തെ കൂട്ടുന്നതായി ഇപ്പോൾ ഉപദേശിക്കപ്പെട്ടിരിക്കുന്നരീതിയാണോ ഏറ്റവും നല്ല രീതി എന്നുള്ളതിൽ വളരെ സംശയപ്രസ്ഥമായിട്ടുള്ളതുണ്ട് കോൺസ്റ്റബിൾമാർക്കും ഹെഡ്കോൺസ്റ്റബിൾമാർക്കും ഇപ്പോൾശമ്പളം കുറവാണ, മറ്റുള്ള ഡിപ്പാർട്ടുമെൻറിനെക്കാളും പോലീസുഡിപ്പാർട്ടുമെൻറ് അഴിമതിക്കു സന്ദർഭം നല്കുന്നു എന്ന ബഹുഭൂരിപക്ഷവാദം നടന്ന കാലത്തു ഈ കക്ഷിയിൽ ഉള്ള അനേകർ സമ്മതിച്ചു അതു പൊതുവായുള്ള അഭിപ്രായമായിക്കൂടി ഇരിക്കുകയുമാണ് ചെയ്യുന്നു.

മി: എം. എസ്. പിള്ള (തിരുവനന്തപുരം): അതും പൊതുനയവിഷയമായ ഒരു സംഗതിയാകുന്നു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): നിർദ്ദേശിച്ചിരിക്കുന്ന കൂടുതൽ പോലീസുസൈന്യം ഒട്ടുക്കുള്ള കൂടുതൽ ആണെന്നു ഞാൻ കരുതുന്നു.

സർ, എണ്ണത്തിനെ മാത്രം കൂട്ടിയതുകൊണ്ടു എന്തെങ്കിലും ഗുണമുണ്ടാകുമോ എന്നു ഞാൻ വളരെ സംശയിക്കുന്നു. കോൺസ്റ്റബിൾമാർക്ക് ഇപ്പോഠം കൊടുക്കപ്പെടുന്ന ശമ്പളം സമൂഹത്തിൽ ഏറ്റവും താണപടിയിൽ ഇരിക്കുന്നവരിൽ നിന്നു മാത്രമേ സൈന്യത്തിലേക്കു ആളുകളെ എടുക്കാൻ കഴിയുകയുള്ളൂ. എന്നിരിക്കത്തക്കവണ്ണം അതു കുറവായിരിക്കുന്നു. അവർ ഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചു ഉടൻ തന്നെ—

പ്രൈസിഡെൻറ്: നിങ്ങൾ പ്രതിക്ഷേപിക്കുന്നോ അനുകൂലിക്കുന്നോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): കൂട്ടുന്നതിനെ ഞാൻ പ്രതിക്ഷേപിക്കുന്നു.

മി; പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സംസ്ഥാനം ഒട്ടുക്കു പോലീസുകാർ കുറവാണെന്നും അതിനാൽ കൂടുതൽ ആളുകളെ വേണമെന്നും അങ്ങേഹം പറഞ്ഞില്ലയോ എന്നു മിസ്റ്റർ. സുബ്രഹ്മണ്യപിള്ളയോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ അതിനെപ്പറ്റി പറയാൻ തുടങ്ങുന്നു. മെംബർമാർ ക്ഷമയോടെ എന്റെ വാദങ്ങളെ കേൾക്കുമെങ്കിൽ—

മി: പി. കെ. നാരായണപിള്ള (അവിട്ടപ്പള്ളി): സംസ്ഥാനം ഒട്ടുക്കായി പോലീസുകാർ കൂടുവാണെന്ന അഭിപ്രായത്തിനു വാസ്തവമാണു അഭിപ്രായം ഉണ്ടെങ്കിൽ ഈ ക്ലൂട്ടിനു എതിരായി അദ്ദേഹം എങ്ങനെ വാദിക്കും.

മി: കെ. കെ. മേനോൻ (കോട്ടയം): പ്രയോഗം നിക്കിവച്ചിരിക്കുന്നതായ ഒരു പ്രത്യേക ഇകയെ കൂടുന്നതിനായിട്ടാണ്. മിസ്റ്റർ. സുബ്രഹ്മണ്യപിള്ള പൊതു നായസംബന്ധമായ ഒരു സംഗതിയെപ്പറ്റി പറഞ്ഞു. അതു തീർവിഷയമാണെന്നു ഞാൻ സമർപ്പിക്കുന്നു.

മി: എ. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): പുത്തൻ ആളുകളെ തിരുവനന്തപുരം ടൌണിന്റെ രക്ഷക്കായി അദ്ദേഹം നിയമിക്കുകയുണ്ടെങ്കിലും സംസ്ഥാനം ഒട്ടുക്കു ഇപ്പോൾ ഉള്ള പോലീസ് സൈന്യത്തിനു കൂടുതൽ ആളുകളെ ക്കൂടി ചെർക്കണം എന്നുണ്ടു പോലീസുചെലവിനുണ്ടാകുന്നതിനെ ഉദ്ദേശം എനാണു എന്റെ അഭിപ്രായം.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): തിരുവനന്തപുരത്തുള്ള പോലീസു സൈന്യത്തിൽ ആളുകൾ കൂടുതലാണു എന്നു മിസ്റ്റർ. സുബ്രഹ്മണ്യപിള്ളയുടെ അഭിപ്രായത്തിൽ നിന്നും എനിക്കറിഞ്ഞാൽ കൊള്ളാം.

മി: പി. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം). മൊത്തത്തിൽ അതിനെ ഞാൻ സമ്മതിച്ചിട്ടുണ്ടല്ലൊ.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം):—സർ, ഞാൻ തിരുവനന്തപുരം ടൌണിനെപ്പറ്റിയാണ് പറയുന്നതു.

മി: പി. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ സമ്മതിക്കുന്നു സംസ്ഥാനം ഒട്ടുക്കായി—

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): തിരുവനന്തപുരം പോലീസു സൈന്യത്തിൽ ആളുകൾ കൂടുതൽ, ഇല്ലയോ എന്നതുമാത്രം എനിക്കറിയണം.

മി: എ. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): തിരുവനന്തപുരം ടൌണിലേക്കു പ്രത്യേകമായി ഒരു പോലീസുകാരനെന്നും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഉണ്ടു; തിരുവനന്തപുരത്തിലേക്കു മാത്രമായ ഒരു എണ്ണം ഉണ്ടു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ അതിനെ നിഷേധിക്കുന്നു (ചിരി).

പ്രസിഡണ്ടു: നാരായണപിള്ളയുടെ അഭിപ്രായം തിരുവനന്തപുരത്തിൽ ഉള്ള പോലീസു സൈന്യത്തെ വർദ്ധിപ്പിക്കണ്ട എന്നാണോ മറ്റവരുടെ അഭിപ്രായം എന്നാണോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, ആളുകളുടെ എണ്ണത്തിൽ കൂടുതൽ അല്പകുറെ കൂടി കാണ്മാൻ ശക്തിയാണ് ആവശ്യമായിരിക്കുന്നതു എന്നാണു എനിക്കു തോന്നുന്നതു.

പ്രസിഡണ്ടു: പക്ഷെ നിങ്ങൾ തിരുവനന്തപുരത്തെപ്പറ്റി പറയേണ്ടതായിരിക്കുന്നു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതെ; തിരുവനന്തപുരത്തേക്കും വെളിയിടങ്ങളിലേക്കും കൂടെ അങ്ങനെ ചെയ്യണം എന്നാണു ഞാൻ പറയുന്നതു.

മി: ടി. ജെ. ജോസഫ് (ചങ്ങനാശേരിയും പീരുമേടും): തിരുവിതാംകൂറിലെ മറ്റു ഭാഗങ്ങളെ സംബന്ധിച്ചു മൊത്തക്കുള്ള അഭിപ്രായം തിരുവനന്തപുരത്തെ പോലീസുസൈന്യത്തെ വർദ്ധിപ്പിക്കണമെന്നാണോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അങ്ങനെ തന്നെയാണു എന്റെ വിചാരം: ഞാൻ വാദിക്കുന്ന പോയിന്റു അതു തന്നെയാണു.

പ്രസിസണ്ടു: എന്നെ രീതി രഹിതനായി ഗണിച്ചിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ടു: ഞാൻ നിങ്ങളെ രീതി രഹിതനാണെന്നു നിശ്ചയിച്ചിട്ടില്ല. എന്നാൽ നിങ്ങൾക്കു തിരുവനന്തപുരത്തിന്റെ ആവശ്യങ്ങളെ പറ്റിയല്ലാതെ യാതൊന്നും പറയാൻ പാടില്ല.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): തിരുവനന്തപുരത്തുള്ള പോലീസു സൈന്യത്തെ വർദ്ധിപ്പിക്കുന്നതിനല്ല അതിന്റെ കാര്യക്ഷമതയെ വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള ക്ലൂടത്തോടും തിരുവനന്തപുരം ടൌണിന്റെ ആവശ്യങ്ങളെ ഞാൻ സമ്മതിക്കുന്നു; കാര്യക്ഷമതയെ വർദ്ധിപ്പിക്കുന്നതിനു ഞാൻ വേറെ മാർഗ്ഗങ്ങൾ ഉപദേശിക്കാൻ പോകുകയാണു. അതുകൊണ്ടു ഞാൻ പ്രയോഗത്തെ പിൻതാങ്ങുന്നു.

പ്രസിഡണ്ടു: നിങ്ങളുടെ വാദരീതിയെ തുടരാൻ എനിക്കു കഴിഞ്ഞതിട്ടില്ല.

മി: സി. പി. രാമസ്വാമിഅയ്യരുപിള്ള (തിരുവിതാംകൂർ ദിവാൻ): പോലീസു സൈന്യത്തിനു ഒട്ടുക്കുള്ള കാര്യക്ഷമത കൂടുതൽ ഇകയെ കൂടുന്നതിനായിട്ടുള്ള ക്ലൂടുവ്യാപാരം നമ്മൾ പ്രയോഗത്തിലേക്കു വരുമ്പോൾ ഈ വിഷയങ്ങളെ പറ്റി എല്ലാം അദ്ദേഹത്തിനു പറയാവുന്നതാണെന്നു മിസ്റ്റർ സുബ്രഹ്മണ്യപിള്ളക്കു ഞാൻ ചൂണ്ടി കാണിച്ചു കൊടുത്തുകൊള്ളട്ടെ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതു ഇതെകാര്യത്തിനുള്ള ഒരു പ്രയോഗം അല്ലയോ?

പ്രസിഡണ്ടു: അല്ല, ഇതു തിരുവനന്തപുരം പോലീസു സൈന്യത്തെ വർദ്ധിപ്പിക്കുന്നതിനു ഉദ്ദേശിച്ചിരിക്കുന്ന പ്രത്യേക സംഗതിയിൽ കൂടുതൽ ചെയ്യണം എന്നാണു, മറ്റൊരു പ്രയോഗം മൊത്തം നിക്കിവച്ചിരിക്കുന്ന ഇകയെ കൂടുന്നതാണു എന്നാണ്.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): രണ്ടും ഒന്നുതന്നെയാണു എന്നായിരുന്നു ഞാൻ ഇതേവരെ കരുതിയിരുന്നതു. പ്രസിഡണ്ടു സമ്മതിക്കുമെങ്കിൽ ഈ പ്രയോഗം സംബന്ധിച്ചു ഞാൻ പറഞ്ഞിട്ടുള്ളതിനെ എല്ലാം പിൻവലിച്ചേക്കാം.

പ്രസിഡണ്ടു: എന്തൊരു കുഴപ്പിലാണുണ്ടാക്കുന്നതെന്നു ഞാൻ വിചാരിച്ചു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അടുത്ത പ്രയോഗത്തെ പറ്റി വാദം നടത്തുമ്പോൾ ഞാൻ ആവശ്യമെങ്കിൽ ഉപയോഗിച്ചുകൊള്ളാം.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): സർ, സഭയിലെ ഇരുകക്ഷിയിൽ ഉള്ള ഒരു മെമ്പർ ചെയ്ത പ്രയോഗത്തെ നടുക്കേണ്ടിവരുന്നതിൽ ഞാൻ വാസ്തവമായി വ്യസനിക്കുന്നു; എന്നാൽ കഴിഞ്ഞ നിന്നം വന്നിട്ടുള്ളവരെക്കാൾ തിരുവനന്തപുരത്തുള്ള സ്ഥിതികളെപ്പറ്റി എനിക്കു കുറെ കൂടി വല്ലവണ്ണം അറിയാമെന്നുള്ളതിനാൽ ഞാൻ അങ്ങനെ ചെയ്യേണ്ടിയിരിക്കുന്നു. ഞാൻ സ്വീകരിക്കുന്ന നിലക്കു ധാരാളം ന്യായം ഉണ്ട്. പോലീസു ഒരു അടിയന്തരമായ ശ്രദ്ധയാവശ്യമായിരിക്കാം; എന്നാൽ സമാധാനവും രീതിയും വേണമെന്നുള്ളതുമുള്ള യാതൊരാളും, സ്ത്രീയും കുഴപ്പക്കാരുമായ ഒരു പോലീസ് സൈന്യത്തെ പരിപോലിക്കുന്നതിനു വിരോധിയായിരിക്കുകയില്ല എന്നു എനിക്കു തീർച്ചയുണ്ട്. വലിയ നഗരങ്ങളെപ്പറ്റി കേൾക്കുകയോ കാണുകയോ ചെയ്തിട്ടുള്ളവർ നാട്ടിലെ സംസം പോലീസുകാരാൽ നിയന്ത്രിക്കപ്പെടുന്ന എന്നുള്ളതിനെ ഒന്നുവിലകുറച്ചു കാണുകയില്ല. വാഹന ഗതാഗതകര്യം നിയന്ത്രിക്കുന്നതിനു കുഴപ്പക്കാരായുള്ള പോലീസുകാരെല്ലാവരുടെയും മേലാൽ മിന്നിട്ടുപോകുന്ന മോട്ടാർ വണ്ടികളും കുതിരവണ്ടികളും പാട്ടവണ്ടികളും ചവുട്ടുവണ്ടികളും ഓടിക്കേണ്ടിവരുന്ന ഒരു നഗരത്തിന്റെ സ്ഥിതിയെ വർണ്ണിക്കുന്നതിനെക്കാൾ ദുഷ്കരമുള്ളതാണ്. പോലീസുകാരന്റെ കൈ ഉയർത്തൽ ഒരു ഉജ്ജ്വലിക്കുന്ന ട്രാഫിക് ഉത്തരവിനെക്കാൾ ശക്തിയുള്ളതാണ്. ഇങ്ങനെപോലെ ഉള്ള മഹാനഗരത്തിലെ മേലധികാരികൾ എല്ലാ ഉദ്യോഗസ്ഥന്മാരുടെയും സഹായം ആവശ്യമായും അവൻ കള്ളനാകുകയോ അക്രമിയുടെയും തുല്യവും ആണ്. അവനെക്കുടാതെ മറ്റുള്ളവരെ തടസ്സപ്പിക്കുക തിരുവനന്തപുരത്തെപോലെയുള്ള വലിയ പട്ടണങ്ങളിൽ ഗതാഗത പ്രയാസത്തെ എടുത്തുകാണിക്കുന്നു. ഒരു ഡിസ്ട്രിക്ട് കേന്ദ്രസ്ഥലത്തിൽ ഒരു തലസ്ഥാനനഗരത്തെക്കാൾ എളുപ്പത്തിൽ ഭരിച്ചുനിർത്താൻ എളുപ്പമുണ്ട്. തിരുവനന്തപുരത്തിൽ അക്രമികളും നിയമലംഘനക്കാരും സ്വതന്ത്രാഭിപ്രായമില്ലാത്തവരായി ഒരു വലിയ എണ്ണം ആളുകൾ ഉണ്ടെന്നുള്ളതിനെ നിഷേധിക്കുവാനുദ്ദേശമില്ല. ഭവനഭേദനത്തിന്റെയും മോഷണങ്ങളുടെയും അടികലശലുകളുടെയും എണ്ണം വർദ്ധിച്ചുവരുന്നതു കൊണ്ടു, പ്രത്യേകിച്ചു പുലയ പാസ്സുമായ അടിവന്തിരകാലങ്ങളിൽ അനേകം കഴുക്കൾക്കും മറ്റും ഈ തലസ്ഥാന നഗരം അവസരങ്ങൾ കൊടുക്കുന്നു. അങ്ങനെയുള്ളസ്ഥിതിയെ ഉണ്ടാക്കിത്തീർക്കുന്നതിനു നല്ല ശമ്പളം ഉള്ള അനേകം എണ്ണം പോലീസുകാർ ആവശ്യമാണ്.

മി: എം. സുബ്രഹ്മണ്യപിള്ള (ഗവർമ്മെന്റ് പ്രതിനിധി): അങ്ങനെയുള്ള കുഴപ്പക്കാർ ഇപ്പോൾ തിരുവനന്തപുരത്തിൽ റിസർവ്പോലീസു ഇല്ലെ.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അവർ തിരുവനന്തപുരം, കന്റോൺമെന്റ് മജിസ്ട്രേട്ടിന്റെ അധികാരത്തിൽ വരുന്നില്ല.

മി: കെ. പി. ജോസഫ് (മീനച്ചൽ): തിരുവനന്തപുരത്തുള്ള പോലീസുകാരുടെ എണ്ണം എത്രയായിരിക്കുമെന്നു മെമ്പർ സഭയെ പറയുമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഈ പോലീസു കമ്മിഷണർ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിൽ നിന്നും മനസ്സിലാക്കികൊള്ളുന്നു.

മി: കെ. പി. ജോസഫ് (മീനച്ചൽ): തിരുവനന്തപുരത്തേക്കു ഇപ്പോൾ ഉള്ളതിനെക്കാൾ കൂടുതൽ എണ്ണം പോലീസുകാർ വേണമെന്നുള്ള കാരണത്തിന്മേൽ മെമ്പർ പ്രയോഗത്തെ അനുകൂലിച്ചുവരുന്നതിനാൽ ഇപ്പോൾ തിരുവനന്തപുരത്തു ഇപ്പോൾ ഉള്ളപോലീസുകാരുടെ എണ്ണം എത്രയാണെന്നു അദ്ദേഹം എന്നെ അറിയിച്ചു തരണം എന്നു ഞാൻ വിചാരിച്ചു.

മി: എം. എസ്. പിള്ള (തിരുവനന്തപുരം): വാസ്തവത്തിൽ ഉള്ളതു എണ്ണം എനിക്കു നിശ്ചയമില്ല.

മി: എസ്. പിറവിപെരുമാൾപിള്ള (കുമ്പഴടപ്പും വ്യവസായവും, തെക്കു): തിരുവനന്തപുരം പോലീസ് സൈന്യത്തിൽ അഞ്ഞൂറിൽ കൂടുതൽ കാണുമോ?

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അതിൽ കൂടുവാണു അങ്ങനെയാണു ഞാൻ ധരിച്ചിരിക്കുന്നതു്. തിരുവനന്തപുരത്തു താമസിക്കുന്നതിനാൽ മെമ്പർക്കു തന്നെ അതു അറിയാവുന്നതാണ്.

തിരുവനന്തപുരത്തു പോലീസുകാർ എല്ലാ പ്രധാനതിരിവുകളിലും നിന്നു ഗതാഗതത്തെ നിയന്ത്രിക്കുന്നതിനെ മിസ്റ്റർ സിവതാണുപിള്ള കണ്ടിട്ടില്ലാതിരിക്കാൻ ഇടയില്ല.

മി: എം. ശിവശങ്കരപിള്ള (തോവാള): നാഗരകോവിലിൽ ഉള്ള പോലീസുകാരും ഏകദേശം ഇതേ മാതിരിയിൽ തന്നെ നിൽക്കുന്നു എന്നു ഞാൻ കൂട്ടിച്ചേർത്തുകൊള്ളട്ടെ.

മി: എം. എൻ. പിള്ള (തിരുവനന്തപുരം):—തിരുവനന്തപുരത്തു നടക്കുന്നതു മാത്രമെ എനിക്കറിയുവൂ. സൈന്യം മതിയാകുന്നുണ്ടോ എന്നതു മാത്രമാണു എന്റെ പരാതി. രാത്രി ചുറ്റിസഞ്ചാരം മതിയാകുന്നില്ലെന്നതൊഴിച്ചു ഓരോ പ്രധാനതിരിവിലും ആവശ്യമുണ്ടെങ്കിൽ ഒരു കൂടി ഉപകാരമായിരിക്കുമെന്നു എല്ലാവരുടെയും അഭിപ്രായം തന്നെയാണു. കന്റോൺമെന്റിൽ ഒരു കാൺസ്റ്റേബിളിനെ ഉടനെയിരിക്കണം എന്നാണു എന്റെ ഉപദേശം. ജീവനും സ്വത്തും ഇപ്പോൾ സുരക്ഷിതമായിരിക്കുന്നു എന്നുള്ള വിശ്വാസത്തിന്മേൽ തന്നെ എന്റെ സ്നേഹിതന്മാർ മേജർ സ്റ്റുവർട്ട് ശിവതാണുപിള്ളയും സുബ്രഹ്മണ്യപിള്ളയും അചഞ്ചലമനസ്കരായി ഇവിടെ വന്നു താമസിക്കുന്നു എന്നു ഞാൻ സധൈര്യം പറയുന്നു. കഴിഞ്ഞവെ നടപ്പാക്കുകയും മോട്ടാർ ഗതാഗതം വർദ്ധിക്കയും ചെയ്തതൊടു കൂടി കുറെങ്കിലും നടപ്പുള്ളതിനുള്ള ഇടകൂടി മുൻപിരുന്നതിനെക്കാൾ വളരെ വർദ്ധിച്ചിട്ടുണ്ട്. പിന്നീടു ഭേദപ്പെടുത്തുന്നതിനെക്കാൾ തടുക്കുന്നതു വളരെ നല്ലതു് കാൺസ്റ്റേബിൾമാരുടെ ശമ്പളത്തെ വർദ്ധിപ്പിക്കണമെന്നുള്ളതിൽ ഞാൻ എന്റെ സ്നേഹിതന്മാരോടുയോജിക്കുന്നു; എന്നാൽ അതിനെ നടപ്പിൽ വരുത്തുന്നതു സൈന്യത്തെ കുറയ്ക്കുന്നതുകൊണ്ടു വേണ്ടതാണെങ്കിൽ ഓരോരുത്തരും ആ ഉപദേശത്തെ തടുക്കുന്നതിനു വരികയും ചെയ്യും വരേണ്ടതുതന്നെയാണ്.

സർ, ഇനങ്ങൾ സന്യാസികളെയും കുറങ്ങൾ അപൂർവങ്ങൾ ആക്കുകയും ചെയ്യുമ്പോൾ നിങ്ങൾ കാൺസ്റ്റേബിൾമാരുടെ എണ്ണത്തെ കുറച്ചുകൊള്ളാം; എന്നാൽ അങ്ങനെയുള്ള ഒരു സ്ഥിതി ഈയിടെക്കു വരുന്നതല്ല എന്നു ഞാൻ ധൈര്യപ്പെടുന്നു. തിരുവനന്തപുരത്തിന്റെ രക്ഷ എന്നു പറയുന്നതു രാജ്യം മുഴുക്കെയുള്ള രക്ഷയാണ്. ഇങ്ങളുടെ രക്ഷക്കു മന്ത്രിയുദ്യോഗത്തിനു ആയി ബുദ്ധിപൂർവ്വമായും അവശ്യമായും ഉള്ള ഒരു നിർദ്ദേശം ചെയ്തതിനായി ഡിപ്പാർട്ടുമെന്റു മേലധികാരിയെ ഞാൻ അനുമോദിക്കുന്നതുതന്നെ ചെയ്യുന്നു.

ചോദിച്ചിരിക്കുന്ന ആളുകൾ മുഴുവനും തിരുവനന്തപുരത്തേക്കാണെന്നാണ് ഞാൻ വിചാരിച്ചിട്ടുള്ളത്. അൻപതു ആളുകളിൽ ഇരുപതു ആളുകൾ കോട്ടയത്തേക്ക് ആണെന്നുള്ള കാര്യം ഞാൻ അറിയുന്നു. തിരുവനന്തപുരത്തിൽ ഞങ്ങൾക്ക് ട്രാഫിക് പോലീസുകാരുടെ സഹായം ഉണ്ടായിരിക്കുന്നു. അതുകൊണ്ട് അൻപതു ആളുകളുടെയും ഈടെയുണ്ടിൽ തന്നെ നിയമിച്ചേക്കണമെന്നുള്ള പോലീസ് കമ്മിഷണരുടെ അഭിപ്രായം ഞാൻ സ്വീകരിച്ചുകൊള്ളുന്നു. ഈ പ്രസംഗത്തോടുകൂടി ഞാൻ പ്രയോഗത്തെ എതിർക്കുന്നു.

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസ് കമ്മിഷണർ): സർ, ബഡ്ജറ്റ് എഴുതി തീർത്തതിൽ പിന്നീട് നാം ഇപ്പോൾ പാസ്സാക്കി വരുന്ന ഈ ഹെഡ്കാൺസ്റ്റബിൾമാരും ഈ കാൺസ്റ്റബിൾമാരും കൂടുതലായി നിയമിക്കുന്നതിൽ നാം ഹെഡ്കാൺസ്റ്റബിൾമാരേയും നാം കാൺസ്റ്റബിൾമാരേയും മാത്രം തിരുവനന്തപുരത്തേക്ക് നീക്കിവച്ചാൽ മതിയെന്നുള്ള ഗവർൺമെണ്ടിന്റെ തീർച്ചപ്പെടുത്തി. കോട്ടയം ഡിസ്ട്രിക്ടിനു നാം കാൺസ്റ്റബിൾമാരെ കൂടുതലായി നിയമിക്കണമെന്നുള്ള എന്റെ ഒരു മുൻനിർദ്ദേശം ഉണ്ടായിരുന്നു. ഇപ്പോൾ ഡിസ്ട്രിക്ടിൽ 2 ഹെഡ് കാൺസ്റ്റബിൾമാരേയും 2 കാൺസ്റ്റബിൾമാരേയും കൂടുതലായി നിയമിച്ചു ബലപ്പെടുത്തണമെന്ന് നിശ്ചയിച്ചിരിക്കുന്നു. ഈ വിഷയം മുമ്പിലെ പറയാൻ കഴിവില്ലാതായതിൽ ഖേദിക്കുന്നു.

പരിശീലനം സംബന്ധിച്ചു കഴിഞ്ഞ ചിങ്ങം കന്നി മുതൽ കാൺസ്റ്റബിൾമാർക്കിടയിൽ 3 ഹെഡ് കാൺസ്റ്റബിൾമാരും പുതുക്ക കാൺസ്റ്റബിൾമാരും കൂടെ ഉണ്ടായിരുന്നു. അവർ എല്ലാ ഡിസ്ട്രിക്ടുകളിലും നിന്നു എടുക്കപ്പെട്ടിരുന്നു. എന്നാൽ ഏറ്റവും വലിയ കൂറവു കോട്ടയം ഡിസ്ട്രിക്ടിൽ ചെയ്യപ്പെട്ടു. കൂറെകാലത്തിനു മുമ്പു ഞാൻ കോട്ടയം ഡിസ്ട്രിക്ട് പരിശോധിച്ചു. ഓരോസ്റ്റേഷനിലും നടത്തപ്പെട്ടിരുന്ന ഡ്രിൽ മുതലായതെല്ലാം ഞാൻ പരിശോധിച്ചു. ഡിസ്ട്രിക്ടിലേക്കു പുതുതായി കാൺസ്റ്റബിൾമാർക്കൂടി ആവശ്യമാണെന്നു ഞാൻ തീർച്ചപ്പെടുത്തി. അതിനായിട്ടു ഞാൻ ഗവർൺമെണ്ടിനോടു അപേക്ഷിച്ചു. കോട്ടയത്തെ സംബന്ധിച്ചു ഈ നിർദ്ദേശം പ്രയോഗത്തിലാക്കുന്നതിനിടയിൽ തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ചു ഒരു നിർദ്ദേശം കൂടി ചെയ്യപ്പെട്ടു. മിസ്റ്റർ ശിവതാണുപിള്ളയുടെ പ്രായമെന്നുള്ളതുപോലെ തിരുവനന്തപുരത്തിന്റെ കുറ്റവും കുറച്ചു കൂടി പ്രധാനമായിഗണിക്കപ്പെട്ടു.

മി: എം. ശിവതാണുപിള്ള (തോവാള): തിരുവനന്തപുരം മുഴുവനിലും ആയി ജോലി ചെയ്തു വരുന്ന കാൺസ്റ്റബിൾമാരുടെ എണ്ണം എത്രയാണെന്നു മിസ്റ്റർ പിറന്റിൽ നിന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: ഡബ്ലിയു. എച്ച്. പിറന്റ് (പോലീസ് കമ്മിഷണർ): കണക്ക് ഇവിടെ എന്റെ കയ്യിൽ ഉണ്ട്. എന്നാൽ അതുനോക്കി കണ്ടു പിടിക്കണം. കൂലിവണ്ടികാരുക്കുള്ള ലൈസൻസും കൊട്ടാരം റോഡും ഉൾപ്പെടെ എല്ലാടെയും 2 0 0 പേർ ആണെന്നു തോന്നുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതിൽ റിസർവുപോലീസും ഉൾപ്പെട്ടിരുന്നുവോ?

മി: ഡബ്ലിയു. എച്ച്. പിറന്റ് (പോലീസുകമ്മിഷണർ): ഇല്ല; റിസർവിൽ ശരാശരിക്കു പതിവായി പോലീസുജോലിക്കായി 8 ഹെഡ്കാൺസ്റ്റബിൾമാരും 40 കാൺസ്റ്റബിൾമാരും മാത്രമേ വരുന്നുള്ളൂ. മറ്റുള്ളവർ നിത്യേനജോലികളിൽ ഇരിക്കുകയാണു. കഴിഞ്ഞ ഒരുകൊല്ലമായി 8 ഹെഡ്കാൺസ്റ്റബിൾമാരും 8 0 കാൺസ്റ്റബിൾമാരും വയ്യാത്തു ഇരിക്കേണ്ടതായി വന്നു എന്നു സൂപ്രണ്ടിനല്ലവണ്ണം അറിയാം. ഞാൻ ഇവിടെ വന്നതിൽ പിന്നെ യാതൊരുസമയത്തും ജോലിക്കു തയ്യാറുള്ളതായി കുറച്ചെങ്കിലും ആളുകൾ ശേഖരമായി ഉണ്ടായിട്ടില്ല.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): അവർ തിരുവനന്തപുരത്തേക്കു മാത്രമേ ഉപയോഗമായിരിക്കുകയുള്ളൂ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: ഡബ്ലിയു എച്ച് പിറന്റ് (പോലീസുകമ്മിഷണർ): അവർ തിരുവിതാംകൂർ മുഴുക്ക ഉപയോഗപ്പെടും അവരെ ഇപ്പോൾ കോട്ടയം ഡിസ്ട്രിക്ടിൽ ഉപയോഗപ്പെടുത്തിവരികയാണു.

മി: സി. പി. മകൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അവരിൽ ചിലർ ഇപ്പോൾ വയ്യാത്തു ഇല്ലയോ?

മി: ഡബ്ലിയു. എച്ച്. പിറന്റ് (പോലീസുകമ്മിഷണർ): ചിലർ വയ്യാത്തും ചിലർ കോട്ടയത്തും ഇരിക്കുന്നു.

തിരുവനന്തപുരം കോർപ്പറേഷന്റെ ആവശ്യത്തെ സംബന്ധിച്ചിടത്തോളം ഗതാഗതദുഷ്കരമായിട്ടുള്ള പൽകരമാണെന്നു ഗണിക്കപ്പെടാവുന്ന മൂന്നോ നാലോ മുക്കിലും കാൺസ്റ്റബിൾമാർ ഉണ്ടായിരിക്കണമെങ്കിൽ നേരത്തെന്നെ ഒരു ലിസ്റ്റ് തയാറാക്കുകയും അതിൽനിന്നും 4 0 4 ആളുകൾ വേണമെന്നു ഞാൻ തീർച്ചപ്പെടുത്തി. ഞാൻ ചോദിച്ചിട്ടുള്ളതിന്റെ പകുതിയും—

മി: എം. എൻ. പിള്ള (തിരുവനന്തപുരം): അങ്ങനെയാണെങ്കിൽ കമ്മിഷണർ ഇതിൽ ഇരുപതുപേരെ കോട്ടയത്തേക്കു അയക്കുന്നതെന്തിനു?

മി: ഡബ്ലിയു. എച്ച്. പിറന്റ് (പോലീസുകമ്മിഷണർ): മുഴുവൻ എണ്ണവും നമുക്കിവിടെതന്നെ ഉണ്ടായിരിക്കാൻ കഴിയുകയില്ല എന്നുള്ളതു സുവ്യക്തമായിരിക്കുന്നു. കോട്ടയം ഡിസ്ട്രിക്ടിനുള്ള ആവശ്യകത തിരുവനന്തപുരം കോർപ്പറേഷനോളം വലുതായിട്ടുള്ളതുതന്നെയാണു.

മി: എം. ശിവതാണുപിള്ള (തോവാള): പണം നീക്കിവച്ചിട്ടുള്ളതിൽ തന്നെ കോട്ടയം ഡിവിഷനെയും കൂടി പറയാത്തതു എന്തുകൊണ്ടാണെന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: ഡബ്ലിയു. എച്ച്. പിറന്റ് (പോലീസുകമ്മിഷണർ): ബഡ്ജറ്റു അച്ചടിച്ചതിൽ പിന്നീടു ഗവർൺമെണ്ടിന്റെ മുൻനിർദ്ദേശത്തെ പരിശോധിക്കുകയും ഈ നിർദ്ദേശത്തിൽകോട്ടയം ഡിസ്ട്രിക്ടിനും പങ്കുണ്ടായിരിക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു. അതുകൊണ്ടു കോട്ടയം ഡിസ്ട്രിക്ടിനു പ്രത്യേകമായി യാതൊരു ഏർപ്പാടും ചെയ്തിട്ടില്ല. ഈ എണ്ണത്തിൽനിന്നും 2 ഹെഡ്കാൺസ്റ്റബിൾമാരേയും 2 0 കാൺസ്റ്റബിൾമാരേയും കോട്ടയം ഡിസ്ട്രിക്ടിനു കൊടുക്കാനും ഉദ്ദേശിച്ചിരിക്കുന്നു.

മി: ടി. കെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): പരിശീലനത്തിൽ കുറച്ചു കാൺസ്റ്റബിൾമാരുടെ എണ്ണം എത്രയാണെന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: ഡബ്ല്യു. എച്ച്. പിറ്റ് (പൊലീസ്കമ്മിഷണർ): ഒരുന്നറി ച്ചുത്തിരുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും) കോട്ടയം ഡിസ്ട്രിക്ടിൽ

മി: ഡബ്ല്യു. എച്ച്. പിറ്റ് (പൊലീസ്കമ്മിഷണർ): അൻപത്തിരുന്നു കോട്ടയത്തിനു പുറമെ കോൺസ്റ്റബിൾമാരും പുറം കോൺസ്റ്റബിൾമാരും കിട്ടേണ്ടതു ന്യായമാണെന്നാണു എനിക്കതോന്നുന്നതു. സഭ എന്റെ നിർദ്ദേശത്തെ സ്വീകരിക്കുകയെന്നു ഞാൻ ആശിക്കുന്നു.

മി: കെ. കെ. രാമസ്വാമി (കോട്ടയം): കോട്ടയത്തുള്ള വണ്ടിക്കൂലിയെ ഗൗരവത്തെ ഗണിക്കുമ്പോൾ പുറം കോൺസ്റ്റബിൾമാർ മതിയാകുന്നതാണെന്നു എനിക്കു മിസ്റ്റർ പിറ്റിൽ നിന്നും എനിക്കറിഞ്ഞാൽ കൊള്ളാം.

മി: ഡബ്ല്യു. എച്ച്. പിറ്റ് (പൊലീസ് കമ്മിഷണർ): പ്രത്യേകമായി യാതൊരഭിപ്രായവും ചെയ്തിട്ടില്ലാത്തതിനാൽ ഈ ഘട്ടത്തിൽ ഒരു മാറ്റത്തെയുള്ളതായി ഒന്നിനും കോട്ടയത്തിനു ആശിക്കാവുന്നതല്ല.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒരു ഹെഡ്കോൺസ്റ്റബിളും ഏഴു കോൺസ്റ്റബിളും അടങ്ങുന്ന ക്ഷേത്രത്തിൽ സ്ഥിരമായി പോലീസുകാരെ നിയമിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞ കൗൺസിലിന്റെ ഒരണക്കിപ്പുറത്തിൽ നിന്നും ഞാൻ കാണുന്നു. അവർ ഇപ്പോഴും ആവശ്യമാണോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: ഡബ്ല്യു. എച്ച്. പിറ്റ് (പൊലീസ്കമ്മിഷണർ) സത്യാഗ്രഹം സംബന്ധിച്ചു അവർ ഒന്നും ചെയ്യുന്നില്ല എന്നാൽ അവർ ക്ഷേത്രരക്ഷാർത്ഥം സൂക്ഷിക്കപ്പെടുന്നുണ്ടു്.

മിസ്റ്റർ ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം) ഒമ്പതിലധികം കോൺസ്റ്റബിൾമാർ അവശ്യപ്പെട്ടതായി എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: ഡബ്ല്യു. എച്ച്. പിറ്റ് (പൊലീസ്കമ്മിഷണർ) അവർക്കു സത്യാഗ്രഹവുമായി യാതൊരു ബന്ധവും ഇല്ലെന്നു ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയോടു ഉറപ്പു പറഞ്ഞുകൊള്ളുന്നു. (ചിരി) അവർ ഭണ്ഡാരത്തെ സൂക്ഷിച്ചു വരികയാണു. സത്യാഗ്രഹം ചെയ്കയെന്നതിനു അവരെ അനുവദിച്ചിട്ടില്ല. (ചിരി) എന്നതുമല്ല ദേവസ്വം ഡിപ്പാർട്ടുമെന്റു അതിനായി പണം കൊടുക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) പോലീസു സൈന്യം തിരുവിതാംകൂറിലെ ജനസംഖ്യയുടെ മൂന്നു ശതാംശം ആയിരിക്കുന്നു.

മി: ഡബ്ല്യു. എച്ച്. പിറ്റ് (പൊലീസ്കമ്മിഷണർ) രണ്ടായിരത്തിനു ഒന്നോ അതിനടുത്തോ ആണു.

മി: വി. സുബ്ബയ്യർ (ഗവൺമെന്റു നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രൈസിഡെണ്ടു) സർ, മിസ്റ്റർ പിറ്റിന്റെ പ്രയോഗത്തെ അനുകൂലിക്കുന്നതിൽ ഞാൻ സഭയിലുള്ളവരോടു —

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും) അതു മിസ്റ്റർ ശിവതാണുപിള്ളയുടെ പ്രയോഗമാണു.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ചമെംബർ) (ഡെപ്യൂട്ടിപ്രൈസ്ഡന്റു): അതെ, മിസ്റ്റർ. ശിവതാണുപിള്ളയുടെ പ്രയോഗത്തെ എതിർക്കുകയും മിസ്റ്റർ. പിറ്റിനെ അനുകൂലിക്കയും ചെയ്യുന്നതിൽ അല്പം ഫലിതത്തിന്റെ വാക്കിൽ നിന്നു തന്നെ നാം അളക്കുകയും ആവശ്യമാണെന്നുള്ളതിനാൽ ഈ പേരിൽ കുറയാതെയുള്ള അവനന്തപുരത്തുതന്നെ നിയമിക്കുന്നതിനുള്ള ആവശ്യകതയെ മിസ്റ്റർ. പിറ്റിനോടു ഞാൻ ഉദ്ധരിപ്പുട്ടുത്തി പറഞ്ഞുകൊള്ളുന്നു. ഓരോ മിനിട്ടും ഒരു പോലീസുകാരൻ നിൽക്കേണ്ട സ്ഥലത്തു നിൽക്കുന്നില്ല എന്നു മോട്ടോർകാർ ഉപയോഗിക്കുന്ന ആളുകളിൽ ഓരോരുത്തർക്കും അറിയാം. അതു പോലീസു സൈന്യത്തിൽ വേണ്ടിടത്തു മാത്രം ഇല്ലാത്തതിനാൽ തന്നെ. ഒടുവിൽ അനേകം ആപത്കരമായ സന്ധിക്കലും ഉണ്ടു: വാഹനങ്ങളുടെ ഗതാഗതത്തിനെ തിരിച്ചുവിടുന്നതിനു അവർക്കങ്ങിൽ എല്ലാ എല്ലുള്ളിടത്തും ഒരു പോലീസുകാരൻ വീതം കൂടി ഉണ്ടാകണമെന്നും എനിക്കു പറയേണ്ടതുണ്ടോ. തിരുവനന്തപുരത്തിന്റെ രക്ഷയ്ക്കായി സ്ഥാനം മുഴുവനും പണം കൊടുക്കണം എന്നുവരുത്തുന്നതു ന്യായമല്ലെന്നു വിചാരിക്കുന്നതിൽ മിസ്റ്റർ ശിവതാണുപിള്ളയുമായി ഞാൻ യോജിച്ചുപോകുന്നില്ല. തലസ്ഥാന പ്രതിനിധികൾ ചേർന്നിരിക്കുന്നതിനാൽ എല്ലാ താല്പര്യങ്ങളും ഈ സഭയിൽ പ്രതിപുരുഷന്മാരുണ്ടു്. തലസ്ഥാനം ഒട്ടുക്കു ഇവിടെ ഇരിക്കുന്നതിനാൽ തലസ്ഥാനത്തിന്റെ തലസ്ഥാന നഗരിക്കു മാത്രം എങ്ങനെ പക്ഷപാതം കാണിക്കപ്പെടുന്നു എന്നു എനിക്കു മനസ്സിലാകുന്നില്ല. നിർദ്ദേശിച്ചപോലെ എല്ലാ നഗരങ്ങളുടെയും കൂട്ടത്തിൽ അങ്ങനെ തന്നെ, ഇവിടെ ഉപയോഗിക്കപ്പെടുന്ന മോട്ടോർ കാറുകളുടെ എണ്ണം പലരെ അധികമായിരിക്കുന്നു. എണ്ണം മതിയാകുകയില്ലെന്നു വരുമ്പോൾ പുറമുള്ളതിനെ എടുത്തു ഓരോ കോട്ടയത്തെക്കു നിയമിക്കുന്നതിനുപകരം ഒരു സപ്ലിമെന്റിന്റെ ഗ്രാന്റിനു ഒരു പ്രയോഗം വരുത്തിച്ചേരുന്നതിനു മിസ്റ്റർ. പിറ്റ് വഴികാട്ടിയെന്നു ഞാൻ സഭയെയും പറയുന്നു.

മി: കെ. കെ. രാമസ്വാമി (കോട്ടയം):—ഞാൻ മിസ്റ്റർ പിറ്റിന്റെ ഡിമാണ്ടിനെ അനുകൂലിച്ചു കൊള്ളുന്നു. അങ്ങനെ ചെയ്യുന്നതിൽ കോട്ടയത്തിലെ വാഹനഗതാഗതം തിരുവനന്തപുരത്തെക്കാളും ഒട്ടും കുറഞ്ഞതല്ല എന്നു ഞാൻ കമ്മിഷണരുടെ ശ്രദ്ധയിൽ ഉറപ്പായിപ്രസ്താവിച്ചു കൊള്ളുന്നു. അതുകൊണ്ടു അടുത്ത സപ്ലിമെന്റിൽ കോട്ടയത്തുള്ള വാഹനഗതാഗതത്തെ നിയന്ത്രിക്കുന്നതിനു പുറം ആളുകളെ മിസ്റ്റർ പിറ്റ് ഒരു സപ്ലിമെന്റനുവദിക്കുവാൻ ചോദിക്കുമെന്നു ഞാൻ ആശിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള):—സർ, ഈ ഹെഡ്കോൺസ്റ്റബിളുമാരും ഈ കോൺസ്റ്റബിളുമാരും ഉൾപ്പെടുന്ന ഈ പൊലീസുകാരെയെല്ലാം കൂടുതൽ തിരുവനന്തപുരം പൊന്നിലേക്കു മാത്രമായിട്ടല്ല എന്നു പോലീസു കമ്മിഷണർ മിസ്റ്റർ പിറ്റു ഉറപ്പുപറഞ്ഞിരിക്കുന്നതിനാൽ പ്രയോഗത്തെ പിൻവലിക്കുന്നതിനു എനിക്കു യാതൊരു വിരോധവും ഇല്ല.

അനുമതിപ്രകാരം പ്രയോഗം പിൻവലിക്കപ്പെട്ടു.

പ്രയോഗം കൂടുവു.

താഴെ പറയുന്ന പ്രയോഗം പ്രയോഗിക്കപ്പെട്ടില്ല.

മി: എം. സുബ്രഹ്മണ്യപിള്ള.

ചോ. ഇൻസ്പെക്ടർമാരുടെ ആഫിസുകാരുടെ ജീവനക്കാർക്കായിനീക്കി വച്ചിരിക്കുന്ന ന, ഫന, ഭവ രൂപായിൽ ഭ, ഫനവ രൂപാ കുറയ്ക്കണം.

പ്രയോഗം ചോദ്യം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി):—സർ, ഞാൻ താഴെപറയുന്ന പ്രമേയം പ്രയോഗിച്ചുകൊള്ളുന്നു.

ചോദ്യം. ഡിസ്ട്രിക്ട് പോലീസിനായി നീക്കിവച്ചിരിക്കുന്ന ര, വവ, ന്നൂര രൂപായിൽ ഫ രൂപാ കുറയ്ക്കണം.

എന്റെ പ്രയോഗത്തിന്റെ ഉദ്ദേശ്യം പ്രത്യേകമായ മൂന്ന സംഗതികൾക്ക ഗവൺമെണ്ടിന്റെ ശ്രദ്ധയെ പതിപ്പിച്ചു കൊള്ളുന്നതിനാണ്. ഒന്നു വിചാരണയിൽ ഇരിക്കുന്ന തടവുകാരെ പോലീസുകാരെ ഏൽപ്പിക്കുന്ന ഏർപ്പാടിൽ അന്തർഭവിച്ചിരിക്കുന്ന ചീത്തതത്വം ആകുന്നു. രണ്ടമത്തെതു ലാക്കപ്പുകളിൽ കണ്ടപ്പെട്ടുവരുന്ന ഏസ്ഥിതികളും മൂന്നാമത്തെതു ഒരു മാസത്തിനു കുറവായ് തടവുശിക്ഷ അനുഭവിക്കുന്ന തടവുകാരെ ലാക്കപ്പുകളിൽ വച്ചിരിക്കുന്ന തൃപ്തികരമല്ലാത്ത ഏർപ്പാടുമാകുന്നു. സർ, മജിസ്ട്രേട്ടുകോടതികളും മൂസാക്കെ ചില സമയങ്ങളും കൊടുത്തിട്ടുള്ള വിചാരണയിൽ ഇരിക്കുന്ന തടവുകാർ ഒരു ജഡ്ജിയുടെ മുമ്പിൽ ചെല്ലുമ്പോൾ വേറെ ഒരു വിധം പെരുമാറിട്ടുള്ളതിനു ഉദാഹരണങ്ങളും ഒർല്ലങ്ങളോ ഒരസ്ഥങ്ങളോ അല്ല. യാതൊരു ഡിസ്ട്രിക്ട് അധികാരികളുടെ മേലും ഞാൻ യാതൊരുകുറവും ആരോപിക്കുന്നില്ല. കുറസമയങ്ങളും ഉപദ്രവിച്ചു ബഹളം വാങ്ങപ്പെടുന്നതാണെന്നതും മജിസ്ട്രേട്ടിന്റെ മുമ്പിൽ ഒരു വിധം മൊഴികൊടുക്കുകയും സൈൺ ജഡ്ജിയുടെ മുമ്പിൽ അതിനെ മറിച്ചു പറകയും ചെയ്യുന്നതിനുള്ള കാരണം അതാണെന്നും ആണ സാധാരണയായിട്ടുള്ളുദാഹരണ. ഈ വിശ്വാസത്തിൽ എന്തു വാസ്തവം ഉണ്ടായിരുന്നാലും ഇല്ലെങ്കിലും ഏതെങ്കിലും ഒരു കുറത്തെപ്പറ്റി അവരെ സംബന്ധിച്ചിടത്തോളം തെളിവു കൊണ്ടുവരേണ്ടവരായ പോലീസുകാർ വശം വിചാരണയിൽ ഇരിക്കുന്ന തടവുകാരെ ഏൽപ്പിക്കുന്ന പ്രസ്തുത തത്വത്തിൽ തെറ്റാണെന്നു ഞാൻ വളരെവിനയത്തോടെ സൂചിപ്പിച്ചുകൊള്ളുന്നു. ഇവിടങ്ങളും സംശയിക്കപ്പെട്ട പോലീസുകാരുടെ അധീനത്തിൽ ഏല്പിക്കപ്പെട്ടപ്പോയാൽ അവരുടെ ഭാവി പോലീസുകാരുടെ ഭയപ്രസരിച്ചിരിക്കുന്നതാണ്. അപ്രത്യേക വിഷയത്തിൽ അബദ്ധമായി നീതി നടത്തപ്പെട്ടുപോകപ്പെട്ടുകയാണെങ്കിൽ അവരെ കുറം പറവാൻ നിവൃത്തിയില്ല. മിക്കവാറും പിഴവേയാണെന്നുള്ള ഉദാഹരണങ്ങളും നാം അറിഞ്ഞുവരുന്നതിനാൽ ഇവിടെ ഇരിക്കുന്നവരോട ഇതിനെ പറഞ്ഞു കാണിപ്പെടുത്തിട്ടുവാശ്യമില്ല.

മി: എൻ. വി. ജോസഫ് (പറവൂർ): കൊച്ചിയിലും ബ്രിട്ടീഷ് ഇൻഡ്യയിലും നടപ്പുള്ള രീതി എന്താണെന്ന ദയവുചെയ്ത അറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) എനിക്ക അറിഞ്ഞുകൂടാ. പക്ഷേ ലാക്കപ്പുകളുടെ ചീത്തസ്ഥിതിയെ സംബന്ധിച്ചിടത്തോളം എനിക്ക അവയെപ്പറ്റി സ്വയമായ പരിചയമുണ്ടെന്നു ഒന്നും ഇല്ലാ എന്ന ഞാൻ സമ്മതിക്കുകതന്നെ വേണം. എന്നാൽ തടവുകാർ സെൻട്രൽ ജയിലിലേക്ക അയയ്ക്കപ്പെടുമ്പോൾ അവർ മനുഷ്യർ ആണെന്ന മനസ്സിലാക്കാൻ നമുക്ക പ്രയാസമുണ്ടെന്നുള്ള വസ്തുത ഉണ്ട്. അവരുടെ വസ്ത്രങ്ങൾ അഴുക്കടഞ്ഞും താടിരോമം വളർന്നും ഇരിക്കുന്നു. അവർ തീരെ മൃഗതുല്യരായി കാണപ്പെടുന്നു. അവരുടെ വസ്ത്രങ്ങൾ മാറുന്നതിനോ സ്നാനത്തിനോ ശരിയായി ആഹാരം കൊടുക്കുന്നതിനോ യാതൊരു ഏർപ്പാടും ചെയ്തുകണ്ടപ്പെടുന്നില്ല. ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിനെപ്പോലെ ഈ വിഷയത്തിൽ പോലീസുഡിപ്പാർട്ടുമെന്റിനു ഉത്തരവാദിത്വം ഇല്ല എന്നു ഞാനും ഞാൻ അറിഞ്ഞു. ഈ വിചാരണയിൽ ഇരിക്കുന്ന തടവുകാർ അവരുടെ അധീനത്തിലെ ആകയാൽ മനുഷ്യവർഗ്ഗത്തിനു അവശ്യമായ സ്നാനത്തിനു പോലിസുഡിപ്പാർട്ടുമെണ്ട് ഏതെങ്കിലും ഏർപ്പാടുചെയ്യുമെന്നു ഞാൻ ആശിക്കുന്നു. ഈ തടവുകാരെ മര്യാദയെപ്പറ്റിയുള്ള പാഠങ്ങളും മാനസികമായ പരിഹാരങ്ങളും കായികവ്യായാമങ്ങളും ഇല്ലാത്തതും ധാരാളം വായുസഞ്ചാരം ഇല്ലാത്ത മുറികളുമായ ലാക്കപ്പുകളിൽ എന്തിനായി വച്ചിരിക്കണം എന്നു എനിക്ക മനസിലാകുന്നില്ല. അവരെ ഒരു ദിവസം എങ്കിലും വച്ചിരുന്നാൽ അവർ തീരെ അയോഗ്യന്മാരായിത്തീരുകയും തിരികെ ജയിലിലേക്ക വരുന്നതിനായി അവരുടെ മോചനം പിന്നെയും പ്രയോജിക്കയും ചെയ്യുന്നു. നമുക്ക സെൻട്രൽജയിലുകളിലെ ധാരാളം ചെലവാകുന്ന ഒരു തടവുശിക്ഷ ഇരിക്കുന്ന സ്ഥിതിക്ക സൂക്ഷിപ്പിനായി അങ്ങോട്ടു അവിടെ അയച്ചേക്കാവുന്നതാണ്.

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസുകമ്മിഷണർ) സർ, ഞാൻ പ്രയോഗത്തെ എതിർക്കുന്നു. മ: എ. കെ. പിള്ള ലാക്കപ്പുകളിൽ ചിലവയെ കണ്ടിട്ടില്ലാത്തതു വലിയ കഷ്ടംതന്നെ അദ്ദേഹം പറയുന്നതുപോലെ അവ അത്ര ചീത്തയായിട്ടുള്ളവയല്ല. അദ്ദേഹം പറഞ്ഞ ഒന്നാമത്തെ തടസ്ഥം ജെയിലുകളും ലാക്കപ്പുകളും കായ്വശാൽ ഒന്നുതന്നെയാണ എന്നുള്ളിടത്തോളം ആയിരുന്നു നല്ലതു. കരെ കൊല്ലങ്ങളായി എന്റെ ഡിപ്പാർട്ടുമെന്റു നിമാൻറുചെയ്യപ്പെട്ടുന്നതും സ്വല്പകാലത്തേക്കുമാത്രം ഉള്ളതും ആയ ഈ തടവുകാരെ സൂക്ഷിക്കുകയും അവരുടെ കായ്ങ്ങളും അന്വേഷിക്കുകയും ചെയ്യുന്നതായ ഈ പീഡയെ (ഞാൻ അതിനെ അങ്ങനെ വിളിക്കാതെല്ലാ) ഒഴിച്ചു വയ്ക്കുന്നതിനു ശ്രമിച്ചുവരികയാണു; നക്കൽചട്ടങ്ങളും എഴുതിയുണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. അവയെ ഗവണ്മെൻറു പരിശോധിച്ചുവരികയാണെന്നു ഞാൻ വിശ്വസിക്കുന്നു. പ്രത്യേകം സബ്ജെയിലുകളും വേണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. ഇതു ഉണ്ടാകുമ്പോൾ തടവുകാർ മിസ്റ്റർ എ. കെ. പിള്ള സെൻട്രൽ ജയിലിൽ കണ്ട മര്യാദക്കാരായ വാർഡർമാരാൽ കാക്കപ്പെടും. അപ്പോൾ അദ്ദേഹത്തിനു ഇപ്പോൾ തടസ്ഥങ്ങളും ഒന്നും ഉണ്ടായിരിക്കയില്ല എന്നു ഞാൻ വിശ്വസിക്കുന്നു. ഈ ലാക്കപ്പുകളിൽ ഉള്ള തടവുകാരുടെ സ്ഥിതി ഇരിക്കേണ്ടവിധത്തിൽ ആയിരിക്കുന്നില്ല എന്നു ഞാൻ സമ്മതിക്കുകതന്നെവേണം. അവരുടെ മുടി വെട്ടാൻ ഏർപ്പാടു ഒന്നും ഇല്ലാത്തതിനാൽ അവർ കാട്ടാളന്മാരെപ്പോലെ കണപ്പെടുകയും ചെയ്യുന്നു എന്നുള്ളതു സത്യംതന്നെയാണു സ്നാനത്തെ സംബന്ധിച്ചിടത്തോളം അവക്ക ദിവസവും ഒരിക്കൽ കുളിക്കാവുന്നതാണ്. കഴി

ത്തെ രണ്ടുകൊല്ലങ്ങളായി സ്ഥലത്തുള്ള മെഡിക്കൽ ആഫീസർ ആഴ്ചതോറും മാരോഗ്യനിലയേയും ഓരോ തടവുകാരനേയും പരിശോധിക്കുന്നതിനു നിർബന്ധിതനായിരിക്കുന്നു: അദ്ദേഹത്തിന്റെ പരിശോധനാഫലം ഓരോ സ്റ്റേഷനിലും വച്ചിട്ടുള്ള സന്ദർശകരുടെ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള നോട്ടപ്പുള്ളികളുടെ ഒരു പകർപ്പു ആഴ്ചതോറും എനിക്കയക്കുന്നു. തടവുകാർ വൃത്തികെട്ട ജീവികളുള്ളവരായിരിക്കുന്നു എന്നിതുവരെ പറഞ്ഞിട്ടുള്ളതിനാൽ മെഡിക്കൽ ആഫീസർമാർ ചെയ്യുന്നും അവയെപ്പറ്റി ശ്രദ്ധിക്കുന്നു. കഴിവുള്ളിടത്തോളം ലാക്കപ്പുകളെ വൃത്തിയാക്കിവയ്ക്കുന്നു വച്ചിരിക്കുന്നു. മെഡിക്കൽ ആഫീസർമാരുടെ പരിശോധനകൂശേഷം തടവുകാരുടെ സ്ഥിതി നന്നായിട്ടുണ്ട്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) ഈ ലാക്കപ്പുകളിലെ ജനയവുകളെ ഉണ്ടോ എന്നു മിസ്റ്റർ പിറന് സഭയെ അറിയിക്കാമോ?

മി ഡബ്ല്യു. എച്ച്. പിറന് (പോലീസു കമ്മീഷണർ) ജനയൽ എന്നുപറയുന്നതിൽ അദ്ദേഹംഎ ന്തു ഉദ്ദേശിച്ചിരിക്കുന്നു എന്നു എനിക്കു മനസിലാകുന്നില്ല. വായുസഞ്ചാരമില്ലാത്തതെന്നു ഉദ്ദേശിക്കുന്നതായാൽ ഈ ലാക്കപ്പുകളിൽ ഉണ്ട്.

റപ്രസന്റേഷണ്ട്: വെൻറിലെട്ടർ എന്നുപറയുന്നതു വിൻഡോ എന്നതിന്റെ പര്യായമാണെന്നു ഞാൻ എനിക്കുതോന്നുന്നു.

മി: ഡബ്ല്യു: എച്ച്. പിറ, (പോലീസുകമ്മീഷണർ) ജനൽ താഴ്ത്തിയാൽ തടവുകാർ ജയിലിൽനിന്നു വെളിയിൽ പോയതുപോലെ. അതുകൊണ്ടു വായുസഞ്ചാരമുള്ളതെങ്കിലും ചുവരുകളിൽ മുകളിലായി വച്ചിരിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) ഒരുമാസത്തേക്കോ അതിൽകൂടുതലോ ആയ സ്പെഷ്യൽ കേസുകളിലെ തടവുശിക്ഷയനുഭവിക്കുന്നവരെ ഈ ലാക്കപ്പുകളിൽ അല്ല വച്ചിരിക്കുന്നത്?

മി: ഡബ്ല്യു. എച്ച്. പിറന് (പോലീസു കമ്മിഷണർ) ഈ മുറികളിലുള്ള വായുസഞ്ചാരം മതിയാകുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നുവോ എന്നതാണോ നിങ്ങൾ അന്വേഷിക്കുന്നത്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) അതെ.

മി: ഡബ്ല്യു. എച്ച്. പിറന് (പോലീസുകമ്മിഷണർ) അതിനെപ്പറ്റി ഞാൻ വിസ്തരിച്ചു പറയാം. കുറെക്കാലങ്ങൾക്കുമുമ്പു ഈ മുറികളെ പരിശോധിക്കുന്നതിനായി ഒരു മെഡിക്കൽ ആഫീസറെ അയക്കണമെന്നു ഞാൻ ഡർബാർഫസിഷ്യനു എഴുതിഅയച്ചു; അതിൽ വെളിച്ചത്തേയും വായുസഞ്ചാരത്തേയും പറ്റി ഞാൻ പ്രത്യേകം പറഞ്ഞിരുന്നു.

മി: എ കെ. പിള്ള (കരുനാഗപ്പള്ളി) ഒരു സാധാരണ ലാക്കപ്പിന്റെ അളവെന്താണെന്നു മിസ്റ്റർ പിറന് വല്ല വിവരവും തരുമോ?

മി: ഡബ്ല്യു. എച്ച്. പിറന് (പോലീസുകമ്മിഷണർ) ഒരേനീളാവീതിയിൽ രണ്ടു ലാക്കപ്പുകൾ തിരുവിതാംകോട്ടിൽ ഉണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) സാധാരണമായുള്ള ഒരു ലാക്കപ്പു മതി.

മി: ഡബ്ല്യു. എച്ച്. പിറന് (പോലീസുകമ്മിഷണർ) അവയിൽ ചിലവ വലുതും ചിലവ ചെറുതും ആണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) ഒരു ഒറ്റ തടവുകാരനു എത്ര സ്ഥലം അനുവദിക്കപ്പെട്ടിരിക്കുന്നു എന്നതിനെപ്പറ്റി വല്ല അറിവും തരാമോ?

മി: ഡബ്ല്യു. എച്ച്. പിറന് (പോലീസുകമ്മിഷണർ) ചില ലാക്കപ്പുകൾ ധാരാളം വായുസഞ്ചാരം ഉള്ളവയാണ് മറ്റുള്ളവ അങ്ങനെയല്ല. ഡർബാർഹിസിഷ്യൻ അയച്ച മെഡിക്കൽ ആഫീസർ ഒരു ലാക്കപ്പിനു എത്ര ചതുരശ്രികളെ അടയ്ക്കാം എന്നതിനെപ്പറ്റി അറിവുതന്നു. അദ്ദേഹത്തിന്റെ ഉപദേശത്തിന്റെ ഫലമായി തിരുവനന്തപുരത്തു മൂന്നു സ്റ്റേഷനിൽ ഉള്ള മൂന്നു ലാക്കപ്പുകളെ നന്നാക്കുന്നതിനായി "പി. ഡബ്ല്യു. ഡി. പുത്തൻ പണികം" എന്ന ഇനത്തിൽ ഈ ആണ്ടത്തെ ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടുണ്ട്. വല്ലതും ചെയ്യുവാനുള്ള മറെറാരു സ്റ്റേഷൻ മാത്രമേ മെഡിക്കൽ ആഫീസർ കണ്ടുള്ളു. അതു കൊട്ടാരക്കര സ്റ്റേഷനാണ്. അതിനെപ്പറ്റി വല്ലതും ഏർപ്പാടു ചെയ്തിട്ടുണ്ടോ എന്നറിയുന്നതിനായി ഞാൻ ബഡ്ജറ്റു നോക്കി, എന്നാൽ യാതൊരു ഏർപ്പാടും ചെയ്തിട്ടില്ല. മേറെറല്ലാ ലാക്കപ്പുകളേയും സംബന്ധിച്ചേടത്തോളം മെഡിക്കൽആഫീസർ ആവശ്യം എന്നു ഗണിച്ചതോതിൽ കൊണ്ടുവരുന്നതിനു ഈ ആണ്ടിൽ ഏർപ്പാടുചെയ്തിട്ടുണ്ട്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) സംശയിക്കപ്പെട്ടവരെ പോലീസുകാർ ഏറിപ്പിക്കുന്നതിനെപ്പറ്റി അദ്ദേഹത്തിനുള്ള അഭിപ്രായം എന്താണ്.

മി: ഡബ്ല്യു. എച്ച്. പിറന് (പോലീസുകമ്മിഷണർ) എനിക്കു അതിനെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ അങ്ങനെ ചെയ്യുന്നതായി ഞാൻ ഒരിക്കലും കേട്ടിട്ടേയില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) അക്രമങ്ങൾ ചെയ്തിട്ടുള്ളതായി സംശയിക്കപ്പെട്ടിട്ടുള്ള വിചാരണയിൽ ഇരിക്കുന്ന തടവുകാരുടെ കാര്യത്തെപ്പറ്റിയാണു ഞാൻ പറയുന്നതു.

മി: ഡബ്ല്യു. എച്ച്. പിറന് (പോലീസുകമ്മിഷണർ) തടവുകാരെ സൂക്ഷിക്കുന്നതിൽനിന്നും ഒഴിയുന്നതിനെപ്പറ്റി പോലീസുകാരോടാരും ആവശ്യപ്പെടുന്നതായി പേരെ അങ്ങനെയില്ല എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഈ ഡിപ്പാർട്ടുമെണ്ടിന്റെ പ്രോണയ്ത്തിൽ പ്രത്യേകം സബ്ജെയിലുകൾ സ്ഥാപിക്കുന്നതിനു നിർദ്ദേശിച്ചിരി ക്കുന്നു. ഹെഡ്സാക്കർചക്കീൽ നമ്മൾ ചട്ടങ്ങൾ എഴുതി തീർത്തിരിക്കുന്നു. അതിൽ പ്രത്യേകം കെട്ടിടങ്ങൾ ആവശ്യമാണെന്നു പറയുന്ന ഒരു സെക്ഷൻ ഉണ്ട്. ഇപ്പോൾ ഈ ഡിപ്പാർട്ടുമെണ്ടിന്റെ പ്രേരണയിന്മേൽ ചെയ്തു

പ്പെട്ട. സബ് ജെയിലുകൾ കെട്ടേണ്ടിയിരിക്കുന്നതിനാൽ അതിന കുറെകാലം വേണ്ട വരും. അവ കെട്ടപ്പെട്ട മ്പോൾ ഇവിടെ ഉണ്ടാകുന്ന ചിലവിനെ ഗവണ്മെൻറ് ആ പറയുന്നത് തീർച്ചപ്പെടുത്തിക്കഴിഞ്ഞു എന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) ഓരോ ലാക്കപ്പിനേറയും സ്ഥാനത്തു ഒരു സബ് ജെയിൽ ഉണ്ടാക്കിയിരിക്കുമോ?

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസുകമ്മീഷണർ) കോടതികളോട് ചേർന്ന സബ് ജെയിലുകൾ ഉണ്ടായിരിക്കും.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും) ഈ ചട്ടങ്ങൾ എഴുതി ഉണ്ടാക്കിട്ട് എത്രകാലമായി?

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസുകമ്മീഷണർ) ഓർമ്മയിൽനിന്നും പറയാൻ കഴിയുന്നതല്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും) അവ എപ്പോൾ നടപ്പിൽ വരുമെന്നു എനിക്കു നിങ്ങൾക്കു പറയാമോ?

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസുകമ്മീഷണർ) എനിക്കറിഞ്ഞുകൂടാ. മിസ്റ്റർ സുബ്ബയ്യൻ അതിനെപ്പറ്റി പറയുമായിരിക്കാം എന്നു ഞാൻ വിശ്വസിക്കുന്നു.

മി: സി. പി. താമസ് (കോട്ടയം) ഈ ചട്ടങ്ങളെ നടപ്പാക്കുന്നതിനെ ഉദ്ദേശിച്ചിട്ടുണ്ടോ?

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസുകമ്മീഷണർ) അതെ, അവയെ ഉദ്ദേശിച്ചിട്ടുണ്ട്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും) സബ് ജെയിലുകളും ലാക്കപ്പുകളും തമ്മിൽ ഉള്ള വ്യത്യാസം എന്താണ്.

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസുകമ്മീഷണർ) യക്കൽ ചട്ടങ്ങളുടെ എൻറെ പ്രതിയെ ഞാൻ മെമ്പർക്കു കൊടുപ്പിച്ചുകൊടുക്കാം.

മി: സി. പി. താമസ് (കോട്ടയം) ഈ ചട്ടങ്ങൾ ഇപ്പോൾ നടപ്പിൽ ഇല്ലയോ? ഇല്ലെങ്കിൽ അവയെ പ്രസിദ്ധപ്പെടുത്തുന്നതിനു ഗവണ്മെൻറിനു വല്ല വിരോധവും ഉണ്ടോ?

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസുകമ്മീഷണർ) ആ വിഷയത്തെപ്പറ്റി ആലോചിക്കുന്നതാണ്.

ഇതുസംബന്ധിച്ചു എനിക്കു പറയേണ്ടതായി ഒരു പോയിൻറുകൂടിയുണ്ട്. വിചാരണയിൽ ഇരിക്കുന്ന തടവുകാർക്കും സാധുക്കളെ ശിക്ഷ അനുഭവിക്കുന്ന തടവുകാർക്കും കിടക്കുവാനുള്ള സ്ഥലങ്ങളും വസ്ത്രങ്ങളും കൊടുക്കുന്നതിനുള്ള സകല ഉത്തരവാദിത്തവും ഞാൻ ഏറ്റെടുക്കുന്നു. അതു കോടതികളുടെ ജോലിയാണ്. അതിനു നീതിന്യായവർഗ്ഗം എന്ന ഇനത്തിൽ പണം അനുവദിച്ചിട്ടുണ്ട്. ഈ ഡിപ്പാർട്ടുമെണ്ടു ചെയ്യേണ്ടതു എല്ലാംകൂടി തടവുകാരെ കാക്കുകയും അവർക്കു സ്ഥാനത്തിനുവേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും മാത്രമാണു. ഞാൻ പ്രയോഗത്തെ എതിർക്കുന്നു.

മി: വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമിച്ച മെമ്പർ) (ഡെപ്യൂട്ടിപ്രെസിഡൻറു) സർ; മിസ്റ്റർ പിറ്റു പറഞ്ഞ സബ് ജയിൽ ചട്ടങ്ങളെ സംബന്ധിച്ചേടത്തോളം അവയെപ്പറ്റി വല്ലതും അറിയാവുന്നവനായി ഇവിടെ ഞാൻ ഒരാളെ ഉള്ളു എന്നു ഞാൻ വിശ്വസിക്കുന്നു. പോലീസ ഡിപ്പാർട്ടുമെൻറിൻറെ കീഴിൽ ഒരു സൂപ്രണ്ടിൻറെയും മെഡിക്കൽ ആഫീസരുടേയും മേൽനോട്ടത്തിൽ സംസ്ഥാനം ഒട്ടുക്ക പല സ്ഥലങ്ങളിലായി സബ് ജെയിലുകൾ ഉണ്ടായിരിക്കണമെന്നു കരുതി നാലഞ്ചുകൊല്ലങ്ങൾക്കുമുമ്പു ഈ ചട്ടങ്ങൾ എഴുതി ഉണ്ടാക്കപ്പെട്ടു. ആ ചട്ടങ്ങൾ തങ്ങളുടെ അഭിപ്രായപ്രകടനത്തിനായി ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർക്ക് അയക്കപ്പെട്ടു അതു മിവാൻജിയും പോലീസുകമ്മീഷണരും ചീഫ് ജസ്റ്റിസും ഹൈക്കോർട്ടുജഡ്ജിയും ചേർന്ന ഒരു ആലോചനസഭയിൽ വാദപ്രതിവാദത്തിനായി കാത്തിരിക്കുകയായിരുന്നു എന്നു എനിക്കുതോന്നുന്നു. എന്തൊ കാരണവശാൽ ചീഫ് ജസ്റ്റിസിനു അതിൽ ചേരാൻ സാധിക്കാതെ വന്നതുനിമിത്തം അതു അപ്പഴപ്പോ ഴായി മാറപ്പെട്ടുവന്നു ഈ ചട്ടങ്ങൾ ഏറ്റതരാവിയിൽ തന്നെ നടപ്പാക്കി കാണുന്നതിനു മിസ്റ്റർ പിറ്റു വഴികാണുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെയല്ലാ ഇപ്പോൾ പറയപ്പെട്ടിട്ടുള്ള തടസ്ഥങ്ങളിൽ മിക്കവയും പരിഹരിക്കപ്പെട്ടുപോയിരിക്കാം അതു വേണ്ടിവരുന്ന കുറ്റമായ ഭാഗം ഇനിയും വേണ്ട പണം ഉണ്ടാക്കിക്കൊടുക്കേണ്ടതു മാത്രമാകുന്നു. എന്നാൽ അതു ആവശ്യമാണെങ്കിൽ സഭയ്ക്കു അനുവദിക്കാൻ വിസമ്മതം ഉണ്ടായിരിക്കയില്ല എന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു.

മി: കെ. കെ. താമസ് (കോട്ടയം) ഈ മോഷൻ കൊണ്ടുവന്നതിൽ മിസ്റ്റർ എ. കെ. പിള്ളക്കുള്ള ഉദ്ദേശ്യം വിചാരണയിൽ ഇരിക്കുന്ന തടവുകാരും ലാക്കപ്പുകളിൽ കിടക്കുന്നവരും അനുഭവിച്ചുവരുന്ന സങ്കടങ്ങളെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു മാത്രമാകുന്നു. അദ്ദേഹം ലാക്കപ്പുകളിൽകിടക്കുന്ന സത്യാഗ്രഹതടവുകാരെ പറ്റിയും പറഞ്ഞു.

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി) ഞാൻ പറഞ്ഞില്ല.

മി: കെ. കെ. താമസ് (കോട്ടയം) ഞാൻ അങ്ങനെയാണു മനസിലാക്കിയതു. ശരിയായി കേൾക്കാൻ ഇടയില്ലാത്തതുകൊണ്ടു ഉൽഘോഷം ജനിക്കുന്നു.

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി) നമുക്കു ഒരു പുതിയ ഹാൾവേണം.

മി: കെ. കെ. താമസ് (കോട്ടയം) സത്യാഗ്രഹതടവുകാരുടെ കാര്യത്തിൽ ഞാൻ കോട്ടയത്തിരുന്നപ്പോൾ അവരിൽ ഒരാളെ കാണാൻ ഇടയായി. അയാൾക്കു വേണ്ടപോലെയെല്ലാം കൊടുക്കുന്നുണ്ടെന്നു ഞാൻബോധ്യംവരുത്തിക്കൊള്ളുകയും ചെയ്തു.

മി: എ. കെ. പിള്ള (കുന്നാഗപ്പള്ളി) സത്യാഗ്രഹതടവുകാരുമായി സാധാരണ തടവുകാരിൽനിന്നു ഭിന്നമായവിധത്തിൽ പെരുമാറിവരുന്നു എന്നു മെമ്പർക്കു അറിയാമൊ ?

മി: കെ. കെ. തോമസ് (കോട്ടയം): അറിയാം. പിന്നിട്ട് അയാളെ ഞാൻ കാണാൻ ഇടയായി. പൊതുമുറേത്തിൽ വ്യത്യാസം ഉണ്ടെന്നു ഞാൻ കണ്ടു. ഇതിനെക്കുറിച്ചു ഗവണ്മെണ്ടിലേക്കു എന്തോ എഴുതിയച്ചുവെന്നും എന്തോ ചെയ്യുവെന്നും ഞാൻ മനസ്സിലാക്കി. ലാക്കേപ്പുകളുടെ കാര്യത്തിൽ ഞാൻ കോട്ടയത്തുള്ള ലാക്കപ്പുകളിൽ ഒന്നു നോക്കാൻ ഇടയായി. അതിനെക്കുറിച്ചു മെഡിക്കൽ ആഫീസർ എന്നോടതന്നെ ബോധിപ്പിച്ചിരുന്നാലും അതിൽ മതിയായിടത്തോളം വായുസഞ്ചാരം ഇല്ലെന്നാകുന്നു എന്റെ അഭിപ്രായം. അവിടെ ഫാൻ തടവുകാർ ഉണ്ടായിരുന്നു. ഒരു കുടുകയുമുണ്ടായിരുന്നു. അതിനുമേലെ ഇരുമ്പഴികൊണ്ടു അടയ്ക്കപ്പെട്ടിരുന്നു. ഇതു ഒഴിച്ചു അതിൽ വായുസഞ്ചാരം ഇല്ല. ഒരു മനുഷ്യനു അതിനുള്ളിൽ പാർക്കുന്നതു പ്രയാസം അല്ലായിരിക്കാം, എന്നിരുന്നാലും സാധാരണ വ്യവസ്ഥകളിൽ യാതൊരുത്തരും അതിലിരിക്കുകയോ അവിടെ ഇരിക്കുന്നതിനു സൌകര്യം കാണുകയില്ല. ലാക്കേപ്പുകളുടെ സ്ഥിതിയെപ്പറ്റി അന്വേഷിക്കേണ്ടതാണ്. എന്നു ഈ സഭയെ അറിയിക്കണമെന്നിട്ടാകുന്നു ഈ നിരൂപണം ഞാൻ പറയുന്നതു. ഈ നിരൂപണത്തോടുകൂടി ഞാൻ മിസ്റ്റർ എ. കെ. പിള്ളയുടെ പ്രമേയത്തെ പിന്താങ്ങുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) അധികം ഗൌരവപ്പെട്ട സംഗതിയെക്കുറിച്ചു, അതാവിഷ്കരിക്കപ്പെട്ടവരേയും വിസ്താരത്തിൽ കിടക്കുന്ന തടവുകാരേയും പ്രത്യേകിച്ചു റേഞ്ചിന്റെ മേലധികാരം വഹിക്കുന്ന ഉദ്യോഗസ്ഥന്മാരെ എൽപ്പിച്ചുവരുന്ന രീതിയെക്കുറിച്ചു എനിക്കുള്ള ആക്ഷേപം അവശേഷിക്കുന്നു. വിസ്താരത്തിൽ കിടക്കുന്ന തടവുകാരേയും സംശയിക്കപ്പെട്ടവരേയും ഭിന്നമായ സ്ഥലത്തും ഭിന്നമായ മേൽവിചാരത്തിലും പാർപ്പിക്കാവുന്നതായ ഒരു രീതി ഗവണ്മെണ്ടു ആലോചിച്ചുവരുന്നുണ്ടെന്നുള്ള ഉറപ്പു ഗവണ്മെണ്ടു പറയുന്നതായാൽ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിൽ എനിക്കു വിരോധം ഇല്ല.

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസ് കമ്മിഷണർ) ഏതാനും ചട്ടങ്ങൾ ഉണ്ടാക്കിട്ടുണ്ടു്, അവയെ ഗവണ്മെണ്ടു പരിശോധിച്ചു വരുന്നു എന്നു ഞാൻ മുമ്പിലെ പറഞ്ഞു. പ്രത്യേക സബ്ജെക്ടിൽ കൈകടത്തുന്നതായ നിതിപൂർവ്വമായ അനുഭവത്തിക്കാൻ ഗവണ്മെണ്ടു കടമപ്പെട്ടിട്ടുപോയി എന്നു ഞാൻ വിചാരിക്കുന്നു. തിരുവിതാംകോട്ടെ ദിവാൻ സർക്കിട്ടുപോകുമ്പോൾ ഈ ലാക്കപ്പുകളെ പരിശോധിക്കും എന്നും അവയെക്കുറിച്ചു ഞാൻ ഇവിടെപറഞ്ഞതു സത്യമോ അല്ലയോ എന്നു കാണുകയും ചെയ്യും എന്നു ഞാൻ വിശ്വസിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നമ്പർ 6.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും) ഞാൻ ഈ ഉപക്ഷേപം പ്രയോഗിക്കുന്നു.

നമ്പർ 6. ഡിസ്ട്രിക്ട് പോലീസിനായി നീക്കിവച്ചിരിക്കുന്ന 8,00,000 രൂപയിൽ 6 0 രൂപാകുറക്കണം.

ഇതിൽ എനിക്കു പറയാനുള്ളതു മോട്ടാർബസ്സിനെ സംബന്ധിച്ചു ഗവണ്മെണ്ടിൽനിന്നും പ്രസിദ്ധപ്പെടുത്തീട്ടുള്ള ഒരു നോട്ടിഫിക്കേഷനെപ്പറ്റിയാണ്. ഇതിൽ ഇങ്ങനെയാണു പറഞ്ഞിട്ടുള്ളതു്.

"ഇതിനാൽ സകലമാനജനങ്ങളും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ താഴെ വിവരിച്ചിരിയ്ക്കുന്ന തീയതിമുതൽക്കും റോഡുകളിലും മോട്ടാർ വണ്ടികൾ ഉപയോഗിക്കുന്നതിനെ സംബന്ധിച്ചു താഴേചേർത്തിരിക്കുന്ന നിയന്ത്രണങ്ങൾ 6 0 ൽ 8-ാമതിലെ സ്റ്റാറ്റിഗ്രേഷൻ ആയ തിരുവിതാംകോട്ടു മോട്ടാർവാഹന റഗ്രേഷൻ 6-ാം വകുപ്പിൻപടി സിദ്ധിച്ചിട്ടുള്ള അധികാരങ്ങൾ നടത്തുന്നതിൽ ഉത്തർജിതപ്പെട്ടതുണ്ടെന്നു ഗവണ്മെൻറു നിശ്ചയിക്കുന്നു:—

(എ) 6 6 0 0 ചിങ്ങം 6-ാം തു മുതൽ ഈ രാജ്യത്തു യാതൊരുസ്ഥലത്തും മണിക്കൂറൊന്നിനു 6 0 മൈലിൽ കവിയുന്നതായ വേഗത്തിൽ യാതൊരു മോട്ടാർബസ്സും ഓട്ടിച്ചുകൂടാ.

(ബി) എന്തുതന്നെ കൂടിയാൽ ശരി യാത്രക്കാരും അവരുടെ ഭാണ്ഡവും കയറുവാൻ വേണ്ട വലിപ്പത്തേക്കാൾ കൂടുതൽ വലിപ്പം ഉള്ള യാതൊരു മോട്ടാർബസും,

മെയിൻ തെക്കൻറോഡ്

തിരുവനന്തപുരം-കൊല്ലം റോഡ്

കൊട്ടാരക്കര-കോട്ടയം റോഡ്

ഇവയിൽ 6 6 0 0 ചിങ്ങം 6-ാം തു മുതൽ ഓട്ടിച്ചുകൂടാ".

ഇതാണ് നോട്ടിഫിക്കേഷൻ ഇതിൽ എനിക്ക് ആദ്യമായി പറയാനുള്ളതു ഗതിവേഗത്തെസംബന്ധിച്ചാണ്. ഇതു മോട്ടാർബസ്സ് യാത്രക്കു വളരെ പ്രയോജനമുള്ളതാണെന്നു ഞാൻ പ്രത്യേകമായി പറയേണ്ട ആവശ്യം ഇല്ല ഇവിടെ ബസ്സാണ് ആദ്യമായി ഉണ്ടായിട്ടുള്ളതു്. അതിനുമുൻപു കൊടുത്തിരുന്ന ഗതിവേഗത്തെ കുറയ്ക്കുകയും എയിറ്റ് സീറ്റർസിനു 6 0 മൈൽ സ്പീഡാക്കികൊടുക്കയും ചെയ്തതിനാലാണ് എനിക്കു അഭിപ്രായവ്യത്യാസം ഉള്ളതു്. ഈ സ്ഥിതിയിൽ മോട്ടാർബസ്സുകൾ അടുത്തകാലത്തൊന്നും നിന്നുപോകുന്നതല്ലാണ്. അതുകൊണ്ടു ഈ രണ്ടു വാഹനങ്ങൾക്കും ഒരുപോലെ സൌകര്യം കിട്ടത്തക്കവണ്ണം ഒരുപോലെസ്പീഡുകൾ അനുവദിച്ചു കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

മി: എസ്. പിരവിപ്പെരുമാൾപിള്ള (കുഴുവടം-തെക്കു): തപാലുവണ്ടി എന്നുകൊണ്ടു നിറുത്തലാക്കപ്പെട്ടു എന്നു മെമ്പർ പറഞ്ഞുതരുമോ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ആ ചോദ്യത്തിനു മറുപടിപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മി: എസ്. പിരവിപ്പെരുമാൾപിള്ള (കുഴുവടം-തെക്കു): ആ ഗതിവേഗത്തിന്റെ കുറവുകൊണ്ടോ കൂടുതൽകൊണ്ടോ നന്നുപോയതു?

ബസ്സിൽ ജനങ്ങൾക്ക് മനസ്സമാധാനത്തോടുകൂടി സഞ്ചരിക്കാൻ സാധിക്കും. എയിറ്റ്സീറ്ററിൽ മിക്കവാറും ആപത്തുകാം ഉണ്ട്. പോലീസ്കമ്മിഷണർ ഫാ മൈലിനു ലൈസൻസ്കൊടുത്തതുപോലും അവർ വിട്ടുനല്ല ഫാവുമൈൽ വേഗത്തിലണ് ഓടിനാൽ പല അപകടങ്ങളും ഉണ്ടാകുന്നുണ്ട്. അതു പോലീസ്കമ്മീഷണർക്കുതന്നെ പല സന്ദർഭങ്ങളിലും അറിയാനിടയായിട്ടുണ്ട്. അതുകൊണ്ടു അതുകളുടെ സ്പീഡിനെ അനുരൂപമായവിധം ആക്കിക്കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

രണ്ടാമതു എനിക്കു പറയാനുള്ളതു ദൂര യാത്രക്കാരിൽ അധികം ബസ്സിൽകയറി കൊണ്ടുപോകാൻപാടില്ല എന്നുള്ളതിനെപ്പറ്റിയാണ്, അങ്ങനെ ഒരേർപ്പാടു ഗവണ്മെന്റു ചെയ്യുന്നപക്ഷം അതു തിരുവിതാംകോട്ടസംസ്ഥാനത്തുള്ള എല്ലാറോഡുകളേയും ബാധിക്കേണ്ടതായിരുന്നു. എം. സി. റോഡും കൊല്ലം തിരുവനന്തപുരം റോഡും കൊട്ടാരക്കര-കോട്ടയം റോഡും മാത്രമേ ഇതിൽ ബാധിച്ചിട്ടുള്ളു. കോട്ടയം-മുണ്ടക്കയംറോഡ് ഇതിനെക്കാൾ കൂടുതൽ.

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസ്കമ്മിഷണർ): ഞാൻ ഒരു നീതി സ്ഥാപനത്തിനായി എഴുതുന്നു. ഗതിവേഗം എത്ര മൈലാണം എന്നു നിയന്ത്രിച്ചുകൂടാ എൻജിനീയർ ഡിപ്പാർട്ടുമെന്റുമുഖേന ഗവണ്മെന്റാണ്. അതിനു എന്റെ ഡിപ്പാർട്ടുമെന്റുമായി യാതൊരുബന്ധവും ഇല്ല.

മി: ടി. കുമാരപിള്ള (കല്ലൂപ്പുവും-വിളവംകോടും): ഡിസ്ട്രിക്ട്പോലീസ് എന്നുള്ളതിനകത്തിൻകീഴിൽ ഈ വിഷയത്തെക്കുറിച്ചു എനിക്കു സംസാരിക്കാം എന്നു തോന്നുന്നു. ട്രാഫിക് ഇൻസ്പെക്ടർ ഡിസ്ട്രിക്ട്പോലീസിൻകീഴിൽ ആണ്.

പ്രസിഡന്റ്: ഉത്തരവു നടത്തിക്കുന്നതു പോലീസാണെന്നുവരികിലും ഉത്തരവുകൊടുക്കുന്നതു പബ്ലിക്കുവൊർക്സ് ഡിപ്പാർട്ടുമെന്റു ആണെന്നു അങ്ങേഹത്തിനു പറയാവുന്നതാണ്.

മി: ടി. കുമാരപിള്ള (കല്ലൂപ്പുവും-വിളവംകോടും): രണ്ടു ഡിപ്പാർട്ടുമെന്റുകളും ആജ്ഞകൊടുക്കുന്നുണ്ട്.

പ്രസിഡന്റ്: ഇല്ല; ഒരാൾ ഉത്തരവുകൊടുക്കുന്നു; മറെറയാൾ അതിനെ നടത്തിക്കുന്നു.

മി: ടി. കുമാരപിള്ള (കല്ലൂപ്പുവും-വിളവംകോടും): എന്റെ ഉദ്ദേശം ഈ ഉപക്ഷേപത്തെ എവിടെ ചേർക്കണം എന്നുള്ളതായിരുന്നു.

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസ്കമ്മിഷണർ): അതു പബ്ലിക്കുവൊർക്സ്ഡിപ്പാർട്ടുമെന്റിൻകീഴിൽ വരാം.

മി: ടി. കുമാരപിള്ള (കല്ലൂപ്പുവും വിളവംകോടും): ഇതുപോലെയുള്ള ഒരു ഉപക്ഷേപം കഴിഞ്ഞതവണ പോലിസ്ഡിപ്പാർട്ട്മെന്റിൻകീഴിൽ ഉൾപ്പെട്ടുത്തിയിരുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസ്കമ്മിഷണർ): എനിക്കു തോന്നുന്നില്ല.

മി: ടി. കുമാരപിള്ള (കല്ലൂപ്പുവും-വിളവംകോടും): ഇതിനെക്കുറിച്ചു പബ്ലിക്ക്വൊർക്സ് ഡിപ്പാർട്ടുമെന്റു എന്ന ഇനത്തിൽ സംസാരിക്കുന്നതിൽ എനിക്കു ആക്ഷേപം ഇല്ല.

പ്രെസിഡെന്റ്: പരസ്യം അയച്ചതു പോലീസ്ഡിപ്പാർട്ടുമെന്റിൽനിന്നല്ലയൊ?

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസ്കമ്മിഷണർ): ഒരിവാൻ എനിക്കു ഒരു പരസ്യം അയച്ചുതന്നു; അതു ശരിതന്നെയാണൊ എന്നു എന്നോടുചോദിച്ചു; അതിൽ യാതൊരു മാറ്റവും ആവശ്യം ഇല്ല എന്നു ഞാൻ പറഞ്ഞു.

പ്രെസിഡന്റ്: മിക്കരാജ്യങ്ങളിലും ഗതിവേഗത്തിന്റെ അവധിയെ ഉൾപ്പെടുത്താറില്ല. ഫ്രാൻസിൽ ഗതിവേഗത്തിനു പരിധിയില്ല എന്നു തോന്നുന്നു.

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസ്കമ്മിഷണർ): ഫ്രാൻസിൽ ഗതിവേഗത്തിനു പരിധിയില്ല; ഇംഗ്ലണ്ടിൽ അതു പിൻവലിക്കാൻ ശ്രമിച്ചിട്ടുംഇല്ല. അവർ കൂടുതൽ ഗതിവേഗം അനുവദിക്കാൻ ഇടയുണ്ട്.

പ്രെസിഡെന്റ്: ഇംഗ്ലണ്ടിൽ ഇതേവരെ അങ്ങനെ ചെയ്തിട്ടില്ല എന്നു ഞാൻ ശങ്കിക്കുന്നു.

മി: ടി. കുമാരപിള്ള (കല്ലൂപ്പുവും വിളവംകോടും): ഫാ മൈ യാത്രക്കാരിൽ കൂടുതലായി ആളുകളെ കയറാൻ പാടില്ലെന്നുള്ള ഫിർപ്പാടു ഡിസ്ട്രിക്ട്പോലീസുകാരുടെയാണ്.

മി: ഡബ്ലിയു. എച്ച്. പിറ്റ് (പോലീസ്കമ്മീഷണർ): ഉത്തരവു എൻജിനീയർ ഡിപ്പാർട്ടുമെന്റിൽ നടപ്പാക്കി.

പ്രെസിഡെന്റ്: പബ്ലിക്കുവൊർക്സ്ഡിപ്പാർട്ടുമെന്റിലെ മെമ്പർ വരുന്നതുവരെ മെംബർ കാത്തിരിക്കുന്നതു നല്ലതെന്നു എനിക്കു തോന്നുന്നു.

മി: ടി. കുമാരപിള്ള (കല്ലൂപ്പുവും വിളവംകോടും): എനിക്കു കാത്തിരിക്കാൻ വിരോധം ഇല്ല. ഫാ മൈ ആളുകളെകയറ്റി കൊണ്ടുപോകുന്നതു കണ്ടുകഴിഞ്ഞാൽ കേസുണ്ടാക്കുന്നതു പോലീസുകാരാണ്.

മി: കെ. വി. നടേശയ്യർ (ചീഫ്എൻജിനിയർ): ഞാൻ ഇക്കാര്യത്തെ വിവരമാക്കി പറയണമൊ?

പ്രെസിഡെന്റ്: നിങ്ങൾക്കു ഇപ്പോൾ പറയാൻ പാടില്ല. മിസ്റ്റർ പിള്ള സ്ഥാനത്തു കൂടുന്നതിൽ പിന്നീടു നിങ്ങൾ സമാധാനം പറയാം.

മി: ടി. കുമാരപിള്ള (കല്ലൂപ്പുവും വിളവംകോടും): പബ്ലിക്കുവൊർക്സ് ബെഞ്ചിലുവരുന്നതുവരെ ഞാൻ ഇതിനെ മാറ്റിവച്ചിരിക്കണമൊ?

മി: ഡബ്ലിയു. എച്ച്. പിറ്റ്(പോലീസ്കമ്മീഷണർ): ഈ ഉപക്ഷേപം മുഴുവനും നീതിബാഹ്യം ആണ്, ഏതായാലും ഈ ഡിസ്ട്രിക്ട്പോലീസ് എന്ന ഇനത്തിനു ഉൾപ്പെടാൻ പാടില്ല. ഡിസ്ട്രിക്ട്പോലീസിനു

ഇല്ലെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. വാസ്തവത്തിൽ ഈ പ്രമേയം എൻജിനീയർ ഡിപ്പാർട്ടുമെന്റിലെ ചീഫ് എഞ്ചിനീയർ ഡിപ്പാർട്ടുമെന്റിലെ ചീഫ് എഞ്ചിനീയർ തിരെ ആലോചിക്കാതെ ചെയ്തിട്ടുള്ള പ്രസ്താവനയാണ്. തിരുവിതാംകോട്ടിലുള്ള പ്രായേണ എല്ലാ ഗ്രാമങ്ങളിലേക്കും പോലീസുകാർ പ്രവർത്തിച്ചുവരുന്നതുപോലെ ഈ പ്രസ്ഥാവനയും ഇപ്പോൾ പോലീസുകാർ നടത്തിക്കൊണ്ടുവരുന്നു എന്നുള്ളതു സത്യംതന്നെ.

മി: ടി. കുമാരപിള്ള (കല്ലടയും വിളവംകോടും): എനിക്കു ഇക്കാര്യം അവർക്കെങ്ങിനെ അറിയിക്കണം എന്നേയുള്ളൂ. അതിനെ നിർബന്ധിക്കണം എന്നു എനിക്കു അഭിപ്രായം ഇല്ല. ഇതിനെ പോലീസിൽ ഉൾപ്പെടുത്തണമോ പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെന്റിൽ ഉൾപ്പെടുത്തണമോ എന്നു എനിക്കു അറിഞ്ഞുകൂടായിരുന്നു; അതായിരുന്നു ഉദ്ദേശം.

പ്രൈസിഡെന്റ്: നിങ്ങൾ ഇതിനെ സഭയിൽ ഒരുവിധത്തിൽ അറിയിച്ചിട്ടുണ്ടു് അല്ലോ, മിസ്റ്റർ കുമാരപിള്ള, അതിനെ ശ്രദ്ധിക്കാതിരിക്കാൻ ഇടയില്ല.

മി: ടി. കുമാരപിള്ള (കല്ലടയും വിളവംകോടും): ഞാൻ പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെന്റുവരെ ഇതിനെ തുടർന്നു പറയട്ടെ, അതല്ല ഇപ്പോൾതന്നെ അതിനെ അവസാനിപ്പിക്കട്ടെ?

പ്രൈസിഡെന്റ്: നിങ്ങൾ ഇപ്പോൾ പൂർത്തിയാക്കുന്നതായാൽ രീതി ബാഹ്യമായിരിക്കും.

മി: ടി. കുമാരപിള്ള (കല്ലടയും വിളവംകോടും): എന്നാൽ അതു ഞാൻ ഇപ്പോൾ പ്രയോഗിക്കുന്നില്ല പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെന്റുവരെയും ഞാൻ പ്രയോഗിക്കാം.

പ്രൈസിഡെന്റ്: അതിനെ മറ്റൊരു സ്ഥാനത്തേക്കു മാറ്റാൻപാടില്ല. നിങ്ങൾക്കു അതിനെ ഇപ്പോൾ പിൻവലിക്കാം.

മി: ടി. കുമാരപിള്ള (കല്ലടയും വിളവൻകോടും): എന്റെ കുറമല്ല സ്വാമിൻ പോലീസുകാർ ഗതാഗതത്തിന്റെ നിയന്ത്രണഭരണം നടത്തിവരുന്നതുകൊണ്ടു അതിനെ ഇപ്പോൾ പ്രയോഗിക്കാം എന്നു ഞാൻ വിചാരിച്ചു. ബസ്സിൽ ഒരാൾ കൂടുതലായിപോയാൽ പോലീസുകാരുണ്ടു് പ്രോസിക്യൂഷൻ നടത്തുന്നതു.

മി: കയ്യാലം പരമേശ്വരൻപിള്ള (ഡപ്യൂ: അഡിഷനൽ ചീഫ്സെക്രട്ടറിക്കിൽ): ഇപ്പോഴത്തെ സ്ഥിതിയെ ആലോചിച്ചു പ്രൈസിഡെന്റു താമസത്തിനു മാപ്പുകൊടുത്തു പ്രത്യേകം നോട്ടീസു് അയക്കുവാൻ അനുവദിക്കാവുന്നതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്വാമിൻ, ഞാൻ ഒരു വഴി പറയട്ടെ?

പ്രൈസിഡന്റു: ആവാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആവശ്യം ഉള്ളതു മിക്കവാറും ഇല്ലെന്നു വരികിലും കുമാരപിള്ള ഒരു ഉപക്ഷേപം അയക്കട്ടെ. പ്രൈസിഡന്റു അതു അനുവദിക്കട്ടെ.

പ്രൈസിഡന്റു: ലാ മെമ്പർ പറഞ്ഞതു അതുതന്നെ. മിസ്റ്റർ കുമാരപിള്ള, നിങ്ങൾ ഈ ഉപക്ഷേപം പിൻവലിക്കുന്നുവൊ?

മി: ടി. കുമാരപിള്ള (കല്ലടയും വിളവംകോടും): അതേ ഞാൻ ഈ ഉപക്ഷേപം പിൻവലിക്കാം. മറ്റൊരു ഉപക്ഷേപം അയക്കാം.

ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ ക്രമം ക, ക്രമം ഖ, ക്രമം ഗ.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ പ്രയോഗിക്കപ്പെട്ടില്ല.

മി: ജി. പരമേശ്വരൻപിള്ള

ക്രമം ക. ഡിസ്ട്രിക്ടു പോലീസിനായി നീക്കിവച്ചിരിക്കുന്ന ര, വുവു, ക്കുര രൂപയിൽ ക ം ം രൂപകൂടെ വയ്ക്കുണം.

മി: സി. പി. രാമസ്

ക്രമം ഖ. ഡിമാണ്ടു XI-ൽ ൽ·ൽ ൽ ലക്ഷം രൂപായിൽ ക ം ം രൂപാ കുറയ്ക്കുണം.

മി: എം. എൻ. പിള്ള

ക്രമം ഗ. ഡിമാണ്ടു XI-ൽ ൽ·ൽ ൽ ലക്ഷം രൂപായിൽ ക ം ം രൂപാ കുറയ്ക്കുണം.

പ്രൈസിഡന്റു: ഡിമാണ്ടു XI പോലീസു ഇനത്തിൽ ൽ, ൽ ൽ, ം ം ം രൂപ ചിലവിനെക്കുറിച്ചു സഭയുടെ അനുവാദം അറിയാം.

ചിലവു് അനുവദിക്കപ്പെട്ടു.

പ്രൈസിഡെന്റു: സഭായോഗം ഇപ്പോൾ പിരിഞ്ഞു നാളെ പതിനൊന്നര മണിക്കു വീണ്ടും കൂടുന്നതാണ്. സഭായോഗം പൈകുന്നേരം ൽ—ൻ—ന പിരിഞ്ഞു.

ചെങ്ങിസ്ലേട്ടിവ് കൌൺസിൽ സെക്രട്ടറി,
ടി. പി. രാമസ്വയ്യർ,

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

രണ്ടാം സഭ.

കന്നി 10-ാം തീയതി തിങ്കൾ.

കന്നി 30 ആഗസ്റ്റ് കൊല്ലം രണ്ടര.

വിശ്വാസിയ ശ്രീമതിമാരുൾപ്പെടെ സഭ പതിനൊന്നരയ്ക്കു മുമ്പുതന്നെ മിന്നിട്ടായപ്പോൾ പ്രസിഡണ്ട് അദ്ധ്യാസനം പ്രാപിച്ചു.

ചോദ്യങ്ങളും മറുപടികളും.

(ചോദ്യം-നമ്പർ സ്റ്റാൻഡിംഗ് ഉത്തരവനുസരിച്ചു പ്രസിഡണ്ട് ചെയ്ത ഉത്തരവ്.)

(എ) സഭയുടെ ഓരോ യോഗത്തിലും ചോദിക്കാനുള്ള പ്രശ്നങ്ങളുടെയും അവയ്ക്കുള്ള മറുപടികളുടെയും അച്ചടിച്ച പ്രതികൾ അദ്ധ്യക്ഷൻ ആസനസ്ഥനാകുന്നതിന് ഏ മിനിട്ടിനുമുമ്പായി മെംബർമാരുടെ മേശപ്പുറത്തു വയ്ക്കുന്നതാകുന്നു.

(ബി) ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടിപറയുന്നതും താഴെ വിവരിക്കുന്ന ക്രമത്തിൽ ആയിരിക്കണം. സെക്രട്ടറി ഓരോ പ്രശ്നകർത്താവിന്റെയും പേരു നമ്പർ ക്രമത്തിനു വിളിക്കുകയും അവരവരുടെ പ്രശ്നങ്ങളുടെ നമ്പർ പ്രസ്താവിക്കുകയും ചെയ്യണം. അവരിൽ ആരെങ്കിലും ഉപപ്രശ്നങ്ങൾ ചോദിക്കുവാനുണ്ടെങ്കിൽ അതിനു സൌകര്യം ഉണ്ടാകത്തക്കവണ്ണം പ്രശ്നകർത്താക്കൾ തങ്ങളുടെ സ്ഥാനത്തു് എഴുന്നിൽക്കുന്നതിന് സമയം അനുവദിക്കേണ്ടതും പ്രശ്നങ്ങളെ സംബന്ധിച്ചു ഉപപ്രശ്നങ്ങൾ അവർക്കു ചോദിക്കാവുന്നതും ആകുന്നു.

കോട്ടയം-മുണ്ടക്കയം റോഡിൽ ഓടുന്ന ബസ്സുകൾ.

വ്യവ. മിസ്റ്റർ ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): കോട്ടയം-മുണ്ടക്കയം റോഡിൽകൂടി ഓടിക്കൊണ്ടിരിക്കുന്ന ഏതു ബസ്സുകളുസംബന്ധിച്ചു താഴെപ്പറയുന്ന വിവരങ്ങൾ തരുവാൻ ഗവർണ്മെന്റിനു ദയ ഉണ്ടാകുമോ?

(i) തിരുവിതാംകൂർകാർ, വിദേശീയർ, ഏയറിയൽറോപ്പുവേ സിൻഡിക്കേറു കമ്പനിക്കാർ— ഇവർ ഓരോരുത്തരും ഓടിക്കുന്ന ബസ്സുകളുടെ എണ്ണം;

(ii) ഇവ ഓരോന്നിന്റെയും ഭാരം;

(iii) ലൈസൻസുപ്രകാരം അവ ഓരോന്നിലും യാത്രചെയ്യുവാനുള്ളതായ സംഖ്യ;

(iv) ലൈസൻസുപ്രകാരം ഓരോന്നിലും കൊണ്ടുപോകാവുന്ന സാമാനങ്ങളുടെ തൂക്കം.

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവർണ്മെന്റ് ചീഫ്സെക്രട്ടറി): (i), (ii), (iii), (iv). കോട്ടയം-മുണ്ടക്കയം റോഡിൽ ഇപ്പോൾ ഏഴു ബസ്സുകൾ ഓടുന്നുണ്ട്. മെംബർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): പത്താൻപതു ബസ്സുകൾ എന്നു പറഞ്ഞതിൽ മോറികളുടെ ഉൾപ്പെടുത്തിട്ടുണ്ടോ?

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവർണ്മെന്റ് ചീഫ്സെക്രട്ടറി): ഉണ്ടെന്നാണ് തോന്നുന്നത്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഈ മോറികളിൽ ഭാരം കയറ്റിക്കൊണ്ടുപോകുമ്പോൾ അതിൽ യാത്രക്കാരെക്കൂടി കൊണ്ടുപോകുന്നതായി അറിയാമോ?

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവർണ്മെന്റ് ചീഫ്സെക്രട്ടറി): അറിഞ്ഞുകൂടാ.

ബസ്സ് ഉടമസ്ഥന്മാക്കുള്ള നഷ്ടപരിഹാരം.

വ്യവ. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും):

(എ) ഏതു യാത്രക്കാരിൽ കൂടുതൽ കൊണ്ടുപോകുന്ന ബസ്സുകളുടെ ഗതാഗതത്തെ നിരോധിക്കുന്നതായ പുതുതായി പ്രാബല്യത്തിനുമുമ്പുതന്നെ വാങ്ങിച്ചുപോയിട്ടുള്ള ബസ്സുകളുടെ സർവീസു മുടക്കുന്നതിമിത്തം അവയുടെ ഉടമസ്ഥന്മാക്കു കമ്പനിക്കാക്കും ഉണ്ടായിട്ടുള്ള നഷ്ടത്തെ ഏതുതരം പ്രാപ്തകാരത്തിൽ പരിഹരിക്കണമെന്ന് ഗവർണ്മെന്റിനു് ആലോചനയുണ്ടോ?

(ബി) അപ്രകാരം ചെയ്തില്ലെങ്കിൽ അവർ വരുത്തായ നഷ്ടം അനുഭവിക്കേണ്ടിവരുമെന്നു ഗവർണ്മെന്റിന് അറിയാമോ?

മി. കെ. നാരായണൻപോറ്റി (ആക്ടിംഗ് ഗവർണ്മെന്റ് ചീഫ്സെക്രട്ടറി):

(എ) ഇല്ല.

(ബി) ഏപ്രിൽ ഫൂൾ ദിനം-നു മുമ്പ് രജിസ്റ്റർചെയ്തിട്ടുള്ള വ-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടുപോകുന്ന ബസ്സുകളെ, ഏപ്രിൽ ഫൂൾ ദിനം-നു-യിലെ, ഏപ്രിൽ ആർ. ഡിസ്. വ യും ക/രജി. വ രയുള്ള നിബന്ധനകളിൽനിന്നും ഒഴിവാക്കണമെന്നു ഗവർണ്മെന്റ് വിചാരിക്കുന്നു.

കഴിഞ്ഞുറയിലും, കോട്ടയം-മുണ്ടക്കയം റോഡിലും ചുമത്തപ്പെട്ടുന്ന ചുങ്കം.

വ്യവ. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): കഴിഞ്ഞുറയും, കോട്ടയം-മുണ്ടക്കയം റോഡിലും സ്ഥാപിച്ചിട്ടുള്ള ടോൾഗേറുകളിൽ അതിലേക്കുള്ള ഓടുന്ന ബസ്സുകൾക്കും കാറുകൾക്കും ചുങ്കം ഈടാക്കുന്നതു് ആദ്യത്തേതിൽ യാത്രയാരംഭിക്കുന്നതും രണ്ടാമത്തേതിൽ മടങ്ങിവരുന്നതും ഒന്നിനും എന്നു കണക്കാക്കിയാണെന്ന് അറിയുന്നതു ശരിയാണോ? അല്ല് ശരിയാണെങ്കിൽ ഈ വ്യത്യാസത്തിനുള്ള കാരണം എന്താണെന്ന് പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): മറുപടി അനുകൂലമായിട്ടുതന്നെ. കഴിഞ്ഞുറ ടോൾഗേറ സ്ഥിതിചെയ്യുന്ന കിഴക്കിണതിരുവിതാംകൂറിലെ പ്രധാനറോഡിൽ ബസ്സുകളുടെ ഗതാഗതം വളരെ വ ർദ്ധിച്ചിരിക്കുന്നതു നിമിത്തം അതു കൂടക്കൂടെ നന്നാക്കേണ്ടതായും ഉപയോഗയോഗ്യമായ രീതിയിൽ റോഡ് സദാ സംരക്ഷിക്കുന്നതിനു ആവശ്യമുള്ള ഒരു വലിയ തുക ആണ്ടുതോറും അനുവദിക്കേണ്ടതായും ഇരിക്കുന്നു. എന്നാൽ കോട്ടയം-മുണ്ടക്കയം റോഡിൽകൂടിയുള്ള ബസ്സുകളുടെ ഗതാഗതം അഭിവൃദ്ധിയിൽവരാൻ ആരംഭിച്ചിട്ടേയുള്ളൂ. ഇതാണ് ഈ വ്യത്യാസത്തിനു കാരണം.

മി. കെ. കുമാരപിള്ള (കൽക്കുളവും-വിളവംകോട്ടം): കഴിഞ്ഞുറ ടോൾഗേറിൽനിന്നും എത്ര രൂപാ കിട്ടുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): അറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോട്ടം): എം. എസ്. റോഡിലേക്കുള്ള അറകൂറവേല കൾക്കു എത്ര രൂപാ ചെലവാകുന്നു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): വൻ-മാണുവകര കരമൽ ഒന്നിനു ൭൫൦ രൂപാ വീതം അനുവദിച്ചിരുന്നു. ൻന്യൂൽ കരമൽ ഒന്നിന് ൧൦൦൦ രൂപാ ആയി വർദ്ധിപ്പിച്ചു. ആണ്ടിൽ ഒന്നരലക്ഷം രൂപാ ചെലവുചെയ്തിട്ടും ൧൨ കരമൽ റോഡു നന്നാക്കുന്നതിന് സാധിക്കാതെ വന്നിരിക്കുന്നു. അതുകൊണ്ട് ഈ റോഡ് മുന്നു കൊല്ലത്തിലൊരിക്കലെ എങ്കിലും കല്ലിട്ടു പുതിപ്പിക്കുണമെന്നും ആണ്ടിൽ ൧൨ കരമൽവീതം നന്നാക്കണമെന്നും ഉദ്ദേശിച്ചിരിക്കുന്നു. ഇതിലേക്ക ൧൫൦൦-മാണ്ടു മുതൽ അറകൂറവേലകൾ ക്കായി കരമൽ ഒന്നിന് ൧൨൫൦ രൂപാവീതം അനുവദിക്കണമെന്നും വിചാരിച്ചിരിക്കുന്നു.

മി. കെ. കുമാരപിള്ള (കൽക്കുളവും-വിളവംകോട്ടം): രണ്ടു ടോൾഗേറിലേയും വരവിനപുറമെ കൂടുതൽ പണം ചെലവാകുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): രണ്ടിനേയും കൂടി അറിയാതെ പറവാൻ തരമില്ല.

മി. കെ. കുമാരപിള്ള (കൽക്കുളവും-വിളവംകോട്ടം): കോട്ടയം-മുണ്ടക്കയം റോഡ്ൽ എന്നുമുതൽക്കാണ് ബസ്സ് ഓടിത്തുടങ്ങിയതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): കൃത്യമായ തീയതി നിശ്ചയമില്ല.

മി. കെ. കുമാരപിള്ള (കൽക്കുളവും-വിളവംകോട്ടം): ഉദ്ദേശം എത്രകാലം മുമ്പെന്നു പറയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): അറിഞ്ഞുകൂടാ.

മി. കെ. കുമാരപിള്ള (കൽക്കുളവും-വിളവംകോട്ടം): ബസ്സുകൾ ഓടിക്കുന്നതുകൊണ്ടു ഈ റോഡുകൾ മോശപ്പെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): ഉണ്ട്.

മി. കെ. കുമാരപിള്ള (കൽക്കുളവും-വിളവംകോട്ടം): അതിനെ പരിഹരിക്കത്തക്കവണ്ണം പണം കിട്ടുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): പണം കിട്ടുന്നില്ലെന്നുകരുതി അടുത്ത ആണ്ടു മുതൽ കഴിഞ്ഞുറയിൽ നടത്തുന്നരീതി അനുസരിച്ചു യാത്രയാന്നിന ചുങ്കം ചുമത്തണമെന്നും കൂടുതലായി വരു-ന്ന തുക ടോൾഗേറ പുതുപ്പെടുത്തണമെന്നും ആലോചിച്ചു തീർച്ചപ്പെടുത്തിട്ടുണ്ട്.

ഓണറി സ്ഥാനങ്ങൾക്ക വേണ്ട യോഗ്യതകൾ.

൫൭. മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും):

(എ) പൊതുജനങ്ങളുടെ സ്വയംഭരണശക്തിയെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള മുൻസി പ്പാലിറ്റികൾ, ബെഞ്ചുമജിസ്ട്രേട്ടുകോടതികൾ മുതലായ സ്ഥാപനങ്ങളിൽ ഓരോന്നിലെയ ജോലികൾ വഹിക്കുന്ന തിനു നിയമിക്കപ്പെട്ടുന്ന ഉദ്യോഗസ്ഥന്മാർ വിദ്യാഭ്യാസയോഗ്യതകൾ വേണ്ടുവോളം ഉള്ളവരല്ലാത്തതുകൊണ്ടു ആ സ്ഥാപനങ്ങൾക്ക ആക്ഷേപത്തിനും ജനങ്ങൾക്ക വലുതായ കഷ്ടപ്പാടിനും കാരണമായിത്തീരുന്നുണ്ടെന്നു ഗ വർണ്മെന്റിനു അറിയാമോ?

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥാനങ്ങൾക്ക തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾക്ക എങ്ങനെങ്കിലും കുറഞ്ഞ തോതിലുള്ള വിദ്യാഭ്യാസയോഗ്യതകൾ നിശ്ചയിക്കുവാൻ ഗവർണ്മെന്റിനു ഭയം ഉണ്ടാ കുമോ?

മി. കെ. നാരായണൻപണിക്കർ (ഫിനാൻസിംഗ് ഗവർണ്മെന്റ ചീഫ് സെക്രട്ടറി):

(എ) ഇല്ല.

(ബി) മുൻ ചൂണ്ടാവിക്കപ്പെട്ട സ്ഥാനങ്ങൾക്ക പരീക്ഷായോഗ്യതകൾ നിശ്ചയപ്പെടുത്തേണ്ട ആവശ്യകത യുണ്ടെന്നു ഗവർണ്മെന്റ വിചാരിക്കുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ എന്റെ ചോദ്യത്തിൽ 'വിദ്യാഭ്യാസയോഗ്യതകൾ' എന്ന പദം ഉപയോഗിച്ചതിനു പകരം ഗവർണ്മെന്റ മറുപടിയിൽ 'പരീക്ഷായോഗ്യതകൾ' എന്നു ഉപയോഗിച്ചിരിക്കുന്നതുകൊണ്ടു ഈ രണ്ടു പദങ്ങൾക്കും എങ്ങനെങ്കിലും അർത്ഥവ്യത്യാസം ഗവർണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്നു അറിഞ്ഞാൽകൊള്ളാം?

മി. കെ. നാരായണൻപണിക്കർ (ഫിനാൻസിംഗ് ഗവർണ്മെന്റ ചീഫ് സെക്രട്ടറി): ഉദ്യോഗസ്ഥാനത്തു് നിയമിക്കപ്പെടുന്ന ആളുകൾക്ക ആവശ്യത്തിനു വേണ്ടിടത്തോളം എഴുതാനും വായിക്കാനും അറിവുണ്ടെങ്കിൽ ഗവർണ്മെന്റ തൃപ്തിപ്പെടുന്നതാണ്. പരീക്ഷായോഗ്യതകൾ ഒന്നുംതന്നെ വേണമെന്നു് നിർബ്ബന്ധിക്കപ്പെട്ടിട്ടില്ല. 'വിദ്യാഭ്യാസയോഗ്യതകൾ' എന്ന പദംകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു് ഏല്പിക്കപ്പെട്ടിട്ടുള്ള ജോലികൾ അറിഞ്ഞു തൃപ്തികരമായി നിർവഹിക്കുന്നതിനുള്ള പ്രാപ്തിയെന്നാണു്. പരീക്ഷായോഗ്യതകളെ ഗവർണ്മെന്റ നിർബ്ബന്ധമായി കരുതുന്നില്ല. അതായതു് മേൽപറഞ്ഞ സ്ഥാനങ്ങളിൽനിയമിക്കപ്പെടുന്നവർ പരീക്ഷകളിൽ വിജയം പ്രാപിച്ചിരിക്കേണ്ട ആവശ്യകതയില്ല.

മി. ജി. രാമൻ മേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതായതു ഗവർണ്മെന്റ വിദ്യാഭ്യാസയോഗ്യതകളെ സ്വീകരിക്കുവാൻ തയ്യാറുണ്ടു് എന്നതല്ലേ?

മി. കെ. നാരായണൻ പണിക്കർ (ഏ. ഗവർൺമെന്റ് ചീഫ്സെക്രട്ടറി) : ഞങ്ങൾ. അതായതു അവർക്ക് വേണ്ടുവോളം അറിവു ഉണ്ടായിരിക്കണമെന്നു.

ഗവർൺമെന്റ് വാടകകൂടു എടുത്തിട്ടുള്ള, കെട്ടിടങ്ങൾ.

വ്യവ. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുങ്ങോടും) : ഗവർൺമെന്റിൽനിന്നും ഗവർൺമെന്റാപ്പീസുദ്യോഗസ്ഥർക്കായി വാടകയ്ക്കു എടുത്തിട്ടുള്ള ഇനങ്ങളുടെ വിവരമായി കെട്ടിടങ്ങൾ തിരുവനന്തപുരം ടൌണിൽ പുതുതായുണ്ടായിട്ടുണ്ടോ?

മി. കെ. നാരായണൻ പണിക്കർ (ബഹു. ഗവർണ്മെന്റ് ചീഫ്സെക്രട്ടറി) : സർവ കെട്ടിടങ്ങൾ

ഹെഡ്മാസ്റ്റന്മാരുടെ കാൺഫറൻസു.

വ്യൻ. മി. ഡബ്ലിയു. പി. തോമസ് (ഗവർണ്മെന്റ് നിയമനം) : താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ തരുവാൻ ഗവർൺമെന്റിനു ദയ ഉണ്ടാകുമോ?

(എ) ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്റന്മാരുടെ കാൺഫറൻസു ഒടുവിൽ കൂടിയതു എപ്പോളായിരുന്നു?

(ബി) അപ്രകാരമുള്ള കാൺഫറൻസു കൂട്ടുന്നതിനു ആവശ്യമുള്ള പ്രൊവിഷൻ അതിനുശേഷം ഏതെങ്കിലുംവർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിട്ടുണ്ടോ? അതിനുദ്ദേശം എങ്കിലും കാൺഫറൻസുണ്ടായിട്ടുണ്ടോ? ഇല്ലെങ്കിൽ അപ്രകാരം നടക്കാത്തതിനുള്ള കാരണം എന്താണു?

(സി) ഫൻറ്റ് ഭാവിയിൽ സ്കൂൾവർക്കത്തിൽ ആ കാൺഫറൻസിനെ പുനരുജ്ജീവിപ്പിച്ചു എല്ലാവർഷങ്ങളിലും മുടങ്ങാതെ നടത്തുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ്സെക്രട്ടറി) :

(എ) ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്റന്മാരുടെ അവസാന കാൺഫറൻസ് ഫൻറ്റ് ക-ഷില്പിൽ ക൩, ക൪, ക൩൯-ഈ തീയതികളിൽ ആയിരുന്നു നടന്നതു.

(ബി) ഫൻറ്റ്, ഫൻറ്റ്, ഫൻറ്റ് ഈ രണ്ടുകളിൽ ഇതിലേക്കുവേണ്ടിയ പ്രൊവിഷൻ കൊടുത്തിട്ടുണ്ടായിരുന്നു. എന്നാൽ യൂണിവേർസിറ്റി കമ്മീഷണറിടെ അഭിപ്രായത്തിനു വിരോധം ഭേദഗതികൾ ആവശ്യമായി തീർന്നതുമൂലം ഹെഡ്മാസ്റ്റന്മാരുടെ അടുത്തകാൺഫറൻസു കൂട്ടുന്ന കാര്യം ആലോചനനിക്കിവെയ്ക്കപ്പെട്ടു.

(സി) ഈ രണ്ടു കാൺഫറൻസും നടത്തണമെന്നു ഗവർണ്മെൻറ് ഉദ്ദേശിക്കുന്നില്ല. ഭാവിയിൽ ഈ കാൺഫറൻസു കൂട്ടുന്നതിനെപ്പറ്റി അഭിപ്രായസമയങ്ങളിൽ ആലോചിച്ചു നിശ്ചയിക്കുന്നതാണു.

൯൦. തെങ്ങുകൾക്കുള്ള രോഗങ്ങൾ.

മി. എ. ജെ. ജോൺ (കൊച്ചി) :

(എ) കൊച്ചി—ചേർത്തല—ഈ താലൂക്കുകളിലുള്ള ഏതാണ്ടു നാലുലക്ഷം വൃക്ഷങ്ങൾക്കു സാംക്രമികരോഗം പിടിപെട്ടിരിക്കുന്നവിവരം ഗവർണ്മെൻറിനു അറിയാമോ എന്നപായപ്പെടുവാൻ ദയവുണ്ടാകുമോ?

(ബി) ഈരോഗം വളരെ വേഗംവ്യാപിച്ചു തുടങ്ങിട്ടുണ്ടെന്നുള്ള വിവരം ഗവർണ്മെൻറിനറിയാമോ?

(സി) കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ഇതിലേക്കു എന്തെങ്കിലും ഫലപ്രദമായ പരിഹാരമാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ടോ?

(ഡി) രോഗബാധിതങ്ങളായ വൃക്ഷങ്ങളുടെ ഓലകൾ മുറിച്ചുകളയുന്നതു മാത്രമാണു രോഗനിവാരണത്തിനു കൃഷിഡിപ്പാർട്ടുമെൻറുകാർ ഉപദേശിക്കുന്നതുമെന്നു പറയപ്പെടുന്നതു വാസ്തവമാണോ?

(ഇ) ഉപദേശിക്കപ്പെട്ടിട്ടുള്ള ഈ മാർഗ്ഗം പ്രായോഗികമായി യാതൊരു ഫലവുമില്ലാത്തതാണെന്നു ഗവർൺമെൻറ് അറിയുന്നുണ്ടോ?

(എഫ്) ഈ രോഗത്തെ വളരെയധികത്തിൽ നിഷ്കർഷം നശിപ്പിക്കുന്നതിനു ഫലപ്രദമായി എന്തെങ്കിലും പ്രവർത്തിക്കുവാൻ ഗവർൺമെൻറ് വിചാരിക്കുന്നുണ്ടോ?

മി. പി൯. നീലകണ്ഠപ്പിള്ള (ഗവർണ്മെൻറ്സെക്രട്ടറി) : എ. ബി. സി. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം അനുകൂലമായിട്ടാണു.

(ഡി) ഇല്ല. രോഗബാധിതങ്ങളായ ഓലകളെമുറിച്ചു മഹിപ്പിക്കുന്നതിനു പുറമെ രോഗോൽപ്പാദനങ്ങളായ പുഴുക്കളെ കൊല്ലുന്നതുകൂടിച്ചേർത്തു ജലാംശമുള്ള ആരോഗ്യമുള്ള വൃക്ഷങ്ങളിൽ വർഷിക്കുന്നതു നല്ലതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ടു.

(ഇ) ഒരു പ്രത്യേകസ്ഥലത്തു നിൽക്കുന്ന രോഗബാധിതങ്ങളായ എല്ലാവൃക്ഷങ്ങളേയും ഇപ്രകാരം ചികിൽസിക്കുന്നതായാൽ രോഗശമനമുണ്ടാകുന്നതാണെന്നു അറിയിക്കപ്പെട്ടിരിക്കുന്നു. എന്നാൽ രോഗബാധിതങ്ങളായ വൃക്ഷങ്ങളിൽ ഏതാനും മാത്രം ചികിൽസിക്കപ്പെടുന്നതായാൽ ആവകവൃക്ഷങ്ങളും ഇതരവൃക്ഷങ്ങളിലുള്ള രോഗബീജങ്ങളാൽ വീണ്ടും ആക്രമിക്കപ്പെടുന്നതാണു.

(എഫ്) രോഗനിവാരണത്തിനുള്ള ജോലി ഗവർൺമെൻറ് കൃഷിശാസ്ത്രജ്ഞനാൽ ആരംഭിക്കപ്പെട്ടിട്ടുണ്ടെന്നുമാത്രമല്ല. രോഗവിമോചനത്തിനു വേണ്ടി അദ്ദേഹം പൂർവാധികം വ്യാപകമായി വേലചെയ്തുവരുന്നതുമാണ്.

മി. എ. ജെ. ജോൺ (കൊച്ചി) : എന്നിരുന്നാൽ ഈ രോഗത്തിനു സ്വഭാവവും കാരണവും എന്താണെന്നു അറിഞ്ഞുകൊള്ളാം.

മി. നീലകണ്ഠപ്പിള്ള (ഗവർണ്മെൻറ് സിക്രട്ടറി) : ഫിഫിറോളർ എന്നവിളിക്കപ്പെടുന്ന ഒരുവകയിനമാണ്ഇതു. ഇതിൻറെ ഉൽഭവം ഒരുതരം പുഴുക്കളിൽനിന്നുമാണു.

മി. എ. ജെ. ജോൺ (കൊച്ചി) : കൃഷിഡയറക്ടർ സ്ഥലത്തുചെന്നു രോഗബാധിതങ്ങളായ ഏതെങ്കിലും വൃക്ഷത്തെ പരിശോധിച്ചു നോക്കിയിട്ടുണ്ടോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെൻറ്സിക്രട്ടറി) : കീടശാസ്ത്രജ്ഞനും ഡപ്യൂട്ടിമൈസ്റ്റേട്ടും സ്ഥലത്തുപോയിട്ടുള്ളതു കൂടാതെ വേണ്ടുവോളകാലം ചെയ്തുവരുന്നുണ്ടു.

മി. എ. ജെ: ജോൺ (വൈക്കം) രോഗത്തിന്റെ സ്വഭാവത്തെപ്പറ്റി അവർ ഏതെങ്കിലും റിപ്പോർട്ട് ഗവർണ്മെന്റിനു സമർപ്പിച്ചിട്ടുണ്ടോ

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സെക്രട്ടറി) ഇതു ഒരുസാധാരണ രോഗമാണ്. രോഗസ്വഭാവത്തെപ്പറ്റി കഴിഞ്ഞവർഷങ്ങളിലെ ഡിസ്പെൻസറികളുടെ റിപ്പോർട്ടുകളിൽ വിവരിച്ചിട്ടുണ്ട്.

മി. എ. ജെ. ജോൺ (വൈക്കം) : ഈ രോഗം ആദ്യം ഈ സംസ്ഥാനത്തു പിടിപെട്ടതു എപ്പോഴാണെന്നു എനിക്കു അറിഞ്ഞാൽ കൊള്ളാം.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സെക്രട്ടറി) കൃത്യമായ തീയതി പറയുവാൻ സാധിക്കുന്നതല്ല. എന്നാൽ കഴിഞ്ഞ അഞ്ചുകൊല്ലമായി ഈരോഗം നിലനിന്നുപോരുന്നുണ്ട്.

മി. എ. ജെ. ജോൺ (വൈക്കം) ഡിസ്പെൻസറികൾ ഈ രോഗം നിർമ്മൂലനം ചെയ്യുന്നതിനു എന്തൊക്കെ ചിലവുവരും?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സെക്രട്ടറി) ഗവർണ്മെന്റ് വേണ്ടതൊക്കെ ചെയ്യുന്നുണ്ട്.

മി. എ. ജെ. ജോൺ (വൈക്കം) ഒരുപ്രത്യേകസ്ഥലത്തു നിൽക്കുന്ന രോഗബാധിതങ്ങളായ എല്ലാവൃക്ഷങ്ങളേയും ഡിസ്പെൻസറിൽനിന്നും ചികിൽസിച്ചിട്ടുണ്ടോഎന്നു അറിഞ്ഞാൽകൊള്ളാം.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സെക്രട്ടറി) പ്രത്യേകസ്ഥലം എന്നപറഞ്ഞതു എന്തുദ്ദേശത്തിലാണെന്നു മനസ്സിലാകുന്നില്ല. വൈക്കം എന്നാണോ മെമ്പർ ഉദ്ദേശിക്കുന്നതു.

മി. എ. ജെ. ജോൺ (വൈക്കം) അല്ല. രോഗംബാധിച്ചിട്ടുള്ള ഏതെങ്കിലും ഒരുപ്രത്യേകസ്ഥലം എന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സിക്രട്ടറി) ഏതാനും സംവത്സരങ്ങൾക്കുമുൻപു കൊല്ലം ഡിവിഷനിൽ ഈ രോഗം നിലനിന്നിരുന്ന അപ്പോൾ ഈ ദിനംവിടാതെ കരമാകംവണ്ണം ചികിൽസിക്കപ്പെട്ടിരുന്നുഎന്നാ എന്റെ അനുഭവം കൊണ്ടുതന്നെ എനിക്കറിയാം.

മി. എ. ജെ. ജോൺ (വൈക്കം) : ഇപ്പോൾ വൈക്കത്തുവ്യാപിച്ചിരിക്കുന്ന ദിനം അന്നു കൊല്ലം ഡിവിഷനിൽ വ്യാപിച്ചിരുന്ന ദിനംതന്നെയാണോ എന്നു് അറിഞ്ഞാൽകൊള്ളാം.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സിക്രട്ടറി) : അതെ. അതു് ലിഫ്റ്റോളർ എന്നാരോഗം തന്നെ.

മി. എ. ജെ. ജോൺ (വൈക്കം) : ഡിസ്പെൻസറി റിപ്പോർട്ടു അപ്രകാരംതന്നെയാണൊ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സെക്രട്ടറി) : അപ്രകാരം തന്നെയാണു.

മി. എ. ജെ. ജോൺ (വൈക്കം) വൈക്കത്തിപ്പോൾ വ്യാപിച്ചുകൊണ്ടിരിക്കുന്നതും കൊല്ലത്തു അധികമായിരുന്നതും ആയ ദിനംരണ്ടും ഒന്നുതന്നെയാണെന്ന് ഡിസ്പെൻസറിൽനിന്നും റിപ്പോർട്ടുചെയ്തിട്ടുണ്ടോ?

മി. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സെക്രട്ടറി) (ഉണ്ടു

മി. എ. ജെ. ജോൺ (വൈക്കം) : ഏതെങ്കിലും ഒരുപ്രത്യേകസ്ഥലത്തുള്ള എല്ലാവൃക്ഷങ്ങളേയും ഡിസ്പെൻസറിൽനിന്നും ചികിൽസിച്ചിട്ടുണ്ടോ.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സെക്രട്ടറി) . ഏതുപ്രത്യേകസ്ഥലം?

മി. എ. ജെ ജോൺ (വൈക്കം) : ഏതെങ്കിലും ഒരുപ്രത്യേകസ്ഥലം.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സെക്രട്ടറി) : വൈക്കം, ചേർത്തല ഈ താലൂക്കുകളിലുള്ള രോഗബാധിതങ്ങളായ സ്ഥലങ്ങളിൽ അവർ ഇപ്പോൾ ചികിൽസിച്ചുവരുന്നു, കിടശംസ്തുഞ്ഞനും, ഡെമോൻസ്ട്രേഷനും, അവിടെയാണു ജോലിചെയ്യുന്നതു.

മി. എ. ജെ. ജോൺ (വയ്ക്കം): ചികിത്സ ധർമ്മമായിട്ടാണോ അവർ നടത്തുന്നതു?

മി എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സെക്രട്ടറി): ആ വിവരം അവരോടു ആവശ്യപ്പെടുന്നതാണ്.

അദ്ധ്യാപകന്മാരായി എൽ. ടി. ക്ലാസ്സുകളിൽ ആളുകളുള്ള നിയമനം.

*൯൫. മി. പി. കെ. പിള്ള (കരുനാഗപ്പള്ളി): വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേയ്ക്കു വേതനം ലഭിക്കാത്ത എൽ. ടി. ക്ലാസ്സുകളിലെ അദ്ധ്യാപകന്മാരായി നേരിട്ടു എടുക്കുന്നതിനു ലഭിക്കുന്നതാണെന്നും അതുനിമിത്തം വേതനത്തിനുവേണ്ടി ചെലവുചെയ്യുന്ന ഒരു നല്ല തുക ഗവർണ്മെന്റിനു ലാഭംവരുന്നതാണെന്നുമുള്ള വിവരം ഗവർണ്മെന്റിനു അറിവുണ്ടോ?

(ഖ) അപേക്ഷകന്മാരുടെകൂട്ടത്തിൽ എൽ. ടി. ക്ലാസ്സും ഉൾപ്പെട്ടിരിക്കെ അദ്ധ്യാപകനിയമനത്തിൽ ബി. എ മാത്രം പാസ്സായിട്ടുള്ളവർക്കു കൂടുതൽ പ്രാധാന്യം നൽകിവരുന്നതിനു എന്തെങ്കിലും കാരണമുണ്ടെങ്കിൽ അറിവിക്കുവാൻ ഗവർണ്മെന്റിനു മനസ്സുണ്ടാകുമോ?

(ന) കഴിഞ്ഞ അഞ്ചുകൊല്ലത്തിൽ എൽ. ടി. ക്ലാസ്സിലേയ്ക്കു നേരിട്ടു നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു മാനദണ്ഡമനുസരിച്ചാണ് അവരെ നിയമിച്ചിട്ടുള്ളതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): (ക) വേതനം പാങ്ങാതെ ട്രെയിനിംഗ് കോളേജിൽ പഠിച്ചു ജയിച്ചിട്ടുള്ള എൽ. ടി. ക്ലാർ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേയ്ക്കു നേരിട്ടു ലഭിക്കുന്നതാണെന്നും അപ്രകാരം നിയമിക്കുന്നതായാൽ ട്രെയിനിംഗിനു വേതനമനുവദിക്കുന്ന ചെലവു് ഗവർണ്മെന്റിനു ലാഭംവരുന്നതാണെന്നും ഗവർണ്മെന്റിനു അറിവുണ്ടു്.

(ഖ) ഡിപ്പാർട്ടുമെന്റിലെ ഇംഗ്ലീഷ് സ്കൂൾശാഖയിൽ എൽ. ടി. ക്ലാർ അപേക്ഷിച്ചതിനുശേഷം മുന്നാണ്ടുകളിൽ പകരം ജോലിചെയ്തിട്ടുള്ള ബി. എ. ക്കാരെ മാത്രമേ നിയമിച്ചിട്ടുള്ളു. പെൺകുട്ടികൾക്കുള്ള വിദ്യാലയങ്ങളിൽ ആവശ്യമുള്ള യോഗ്യത ലഭിച്ചിട്ടുള്ള ട്രെയിൻഡ് ബി. എ. ക്കാർ അപേക്ഷകന്മാരായിട്ടില്ലാത്തതുനിമിത്തം, നിയമസ്ഥിരീകരണത്തിൽ ട്രെയിനിംഗ് കഴിഞ്ഞിട്ടില്ലാത്ത ഒരു ബി. എ. ക്കാരെയും നിയമിച്ചിട്ടുണ്ടു്. മലയാളംശാഖയിൽ രണ്ടു ബി എ. ക്കാരെ തൽക്കാലത്തേക്കുമാത്രം നിയമിച്ചിട്ടുണ്ടു്. എങ്കിലും ഈ നിയമനങ്ങളും ആലോചനാവിഷയങ്ങളായിത്തന്നെയിരിക്കുന്നു. ഇതിൽ ഉൾപ്പെട്ടതല്ലാത്ത ഏതെങ്കിലും പ്രത്യേക നിയമനങ്ങളെപ്പറ്റി മെമ്പർ ഉപദേശിക്കുന്നപക്ഷം അവയെസംബന്ധിച്ചും ആലോചിക്കുന്നതാണ്.

(ന) മാസംതന്നെ ന്യൂ ട്രൂപ്പായ്ക്കും പുതിയ ട്രൂപ്പായ്ക്കുമെല്ലാം തുടങ്ങുന്ന സമ്പ്രദായത്തിൽ കഴിഞ്ഞ ചില കൊല്ലങ്ങളിൽ ഏതാണ്ടം ബി. എ. ക്കാരെയും ഡിപ്പാർട്ടുമെൻറിലേയ്ക്കു എടുത്തിട്ടുണ്ട്.

ശ്രീ. എ. കെ. പിള്ള (കരുനാഗപ്പള്ളി): വേതനംലഭിക്കാത്ത എൽ. ടി. ക്കാരെ നിയമിക്കുന്നതായാൽ ഇപ്പോൾ പരിശീലനംകഴിഞ്ഞുന്ന ഗവർണ്മെൻറു അദ്ധ്യാപകന്മാർക്കു നൽകിവരുന്ന വേതനം സംബന്ധിച്ചു സംശയ ലാഭംവരുന്നതുകൊണ്ടു ഗവർണ്മെൻറിനു തന്നെ ബോധ്യമായിരിക്കുന്നതുകൊണ്ടും വേതനംപറ്റാതെ എൽ. ടി. ജയിച്ചിട്ടുള്ളവരെയുമാത്രമേ, അപ്രകാരം ചെയ്യുമെന്നിരിക്കെ, നിയമിക്കാവൂ എന്നു ഒരു നിയമം ഗവർണ്മെൻറു നടപ്പാക്കുമോ?

ശ്രീ. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

കരുനാഗപ്പള്ളിതാലൂക്കിലെ ഗതാഗതമാർഗ്ഗങ്ങൾ.

൯൨. ശ്രീ. എ. കെ. പിള്ള (കരുനാഗപ്പള്ളി): കരുനാഗപ്പള്ളിതാലൂക്കിലെ ഗതാഗതക്ലേശത്തെപ്പറ്റി ശ്രീമൂലംപ്രജാസഭയുടെ കഴിഞ്ഞ നാലു യോഗങ്ങളിൽ ആ താലൂക്കുപ്രതിനിധിയോടു ചോദ്യമായി ചെയ്തിട്ടുള്ള വാഗ്ദാനത്തെ എത്രമാത്രം നിറവേറിട്ടുണ്ടെന്നു പറയുവാൻ ഗവർണ്മെൻറിനു മയക്കുണ്ടാകുമോ?

ശ്രീ. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): ഗവർണ്മെൻറിനും ആലോചനയുള്ള വിഷയമായിട്ടുള്ളതുകൊണ്ടു താഴെപ്പറയുന്ന വേലകൾ തരാതരംപോലെ പൂർത്തിയാക്കുകയോ ഉദ്ദേശിതമായ് ചെയ്തുകയോ അല്ലാത്തപക്ഷം കുറേകാലമായുള്ള ആവശ്യമുള്ള ഇടങ്ങൾ നിർവ്വഹിക്കുകയോ: ചെയ്തിട്ടുണ്ട്.

(എ) കുണ്ടുപുറംമുതൽ കരുനാഗപ്പള്ളിവരെയുള്ള വില്ലേജ്റോഡിനെ പുതുക്കുക.

(ബി) പുലിക്കുണ്ടുമുതൽ കുണ്ടുപുറംവരെ ഒരു വണ്ടിപ്പാത പുതുതായി വെട്ടിക്കുക.

(സി) കരുനാഗപ്പള്ളിമുതൽ കാമൻകുളങ്ങരവരെയുള്ള റോഡ് നന്നാക്കുക.

(ഡി) പടനായർകുളങ്ങരമുതൽ ശാസ്താംകോട്ടവരെയുള്ള വില്ലേജ്റോഡിനെ വണ്ടിപോകത്തക്കതാക്കുക.

(ഇ) ഓച്ചിറ ചന്തറോഡിൽ കല്ലിട്ടാപ്പിക്കുക.

(എഫ്) കൊല്ലകടവുമുതൽ മഞ്ഞകുളങ്ങരവരെയുള്ള വില്ലേജ്റോഡ് നന്നാക്കുക.

(ജി) ചവറ പട്ടകടവുറോഡിൽ രണ്ടോമറ്റോ കല്ലിട്ടുറപ്പിക്കുക.

(എച്ച്) തെക്കിക്കൽ എന്ന സ്ഥലത്തു താമരക്കുളം ചന്തമുതൽ ശ്രീമൂലമാധവപുരംവരെ ഒരു റോഡ് വെട്ടിക്കുക. (ഓച്ചിറമുതൽ തൊടിയൂർകടവുവരെയുള്ള റോഡ്)

(ഐ) കുണ്ടുപുറം പാലംമുതൽ കായംകുളം കായൽക്കരവരെ ഒരു റോഡുവെട്ടുക.

(കെ) കണ്ണാറിൽ പാലം പണിയിക്കുക.

(കെ കെ) വില്ലേജ് റോഡുകൾ നന്നാക്കുക.

(കെ ബി) തിരുവനന്തപുരത്തിനു വടക്കുള്ള ജലമാർഗ്ഗങ്ങളെ മണ്ണടപ്പിച്ചു നന്നാക്കുക.

ശ്രീ. എ. കെ. പിള്ള (കരുനാഗപ്പള്ളി): കല്ലിട്ടുറപ്പിച്ചിട്ടില്ലാത്തതും വണ്ടികൾക്കുപോകാൻ നിവൃത്തിയില്ലാത്തതുമായ മുള്ളിക്കാവു ഓച്ചിററോഡിനെ സംബന്ധിച്ചു പബ്ലിക്കുവക്ക് ഡിപ്പാർട്ടുമെൻറുകാൾ എന്തു പ്രവർത്തിച്ചിട്ടുണ്ടെന്ന് ഗവർണ്മെൻറു അന്വേഷിക്കുമോ?

ശ്രീ. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസെക്രട്ടറി): ഇതു ചോദ്യത്തിൽ ഉൾപ്പെട്ട വേലകളിൽ പെടുന്നതാണോ?

ശ്രീ. എ. കെ. പിള്ള (കരുനാഗപ്പള്ളി): അല്ല. അതിനെപ്പറ്റി അതിൽ ഒന്നും പ്രസ്താവിച്ചിട്ടില്ല.

ശ്രീ. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): ഗവർണ്മെൻറു ആ സംഗതിയെപ്പറ്റി അന്വേഷിക്കുന്നതാണ്.

മാതുകാതോട്ടങ്ങൾ.

൯൩. ശ്രീ. തയ്യിൽ കുഞ്ഞിതൈക്കാമൻ (കുഴിവേലിപുഴയും തൊടിപുഴയും):

(എ) കൃഷിഡിപ്പാർട്ടുമെൻറിലെ എല്ലാ മാതുകാതോട്ടങ്ങളും വണ്ടിവഴിയായി എത്തത്തക്ക സ്ഥലത്താണോ സ്ഥിതിചെയ്യുന്നതു?

(ബി) ഇവയുടെ അറിവിലേയ്ക്കായി തോട്ടങ്ങളുടെ ഏറ്റവും അടുത്തുള്ള പബ്ലിക്കുറോഡുകളുടെ അരുകിൽ തോട്ടത്തിന്റെ പേരു വിളിച്ചുകാണിക്കുന്ന ബോർഡുകൾ നിർത്തിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ ഗവർണ്മെൻറു അത്തരം ബോർഡുകൾ വേഗത്തിൽ സ്ഥാപിക്കുമോ?

ശ്രീ. എൻ. നിലകണ്ഠപ്പിള്ള (ഗവർണ്മെൻറുസെക്രട്ടറി—മറുപടിജോലി):

(എ) കോന്നിയിലെ നല്ലുമുളകുതോട്ടവും പുളിയറയിലെ ഡെമാൺസ്ട്രേഷൻതോട്ടവും ഒഴികെ മറ്റു തോട്ടങ്ങളെല്ലാം വണ്ടികൾപോവുന്നവഴിയായി എത്തത്തക്കതാണ്.

(ബി) മിക്ക തോട്ടങ്ങളിലും അവയുടെ പേരുവിവരം കുറിക്കുന്ന പരസ്യപ്പലകകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എല്ലാ യിടങ്ങളിലും പരിക്ഷണങ്ങളുടേയും വിവരങ്ങൾ ഈ പരസ്യപ്പലകകളിൽ കുറിക്കുന്നതു പ്രയാസമാണ്. പ്രത്യേകപരീക്ഷണങ്ങളെ കുറിക്കുന്ന പ്രത്യേക കുറിപ്പുകൾ അവ നടത്തപ്പെടുന്ന പ്രത്യേകസ്ഥലങ്ങളിൽ വെയ്ക്കപ്പെട്ടിട്ടുണ്ട്.

(സി) ശേഷമുള്ള തോട്ടങ്ങൾക്കും പരസ്യപ്പലകകൾ താമസംവിനാ സ്ഥാപിക്കപ്പെടുന്നതാണ്.

പരീക്ഷണാർത്ഥം സ്ഥാപിക്കപ്പെടുന്ന പുതിയ തോട്ടങ്ങൾ.

൯൪. ശ്രീ. തയ്യിൽ കുഞ്ഞിതൈക്കാമൻ (കുഴിവേലിപുഴയും തൊടിപുഴയും):

(എ) കെ കെ കാൽ പരീക്ഷണാർത്ഥം ഏതെങ്കിലും തോട്ടങ്ങൾ ഏർപ്പെടുത്തുവാൻ ഗവർണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഏതു താലൂക്കുകളിലാണ്ട അപ്രകാരം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്നു പറയുമോ?

(സി) ഇതിനെപ്പറ്റി പ്രാരംഭചിഹ്നമായി ശ്രീമൂലംപ്രജാസഭയിലോ നിയമനിർമ്മാണസഭയിലോ ഇപ്പോൾ നിലിക്കുന്നവരോ അല്ലെങ്കിൽ ഇതിനുമുമ്പു ഇരുന്നിട്ടുള്ളവരോ ആയ മെമ്പർമാരുടെ വസ്തുക്കളെ ഗവർണ്മെൻറിനു മേടിക്കുന്നുണ്ടോഎന്നു പറയുവാൻ നവർണ്മെൻറിനു മയക്കുണ്ടാകുമോ?

(ഡി) ഉണ്ടെങ്കിൽ ഏതു താലൂക്കിൽ ഏതു ക്രമംബറുടെ സ്ഥലങ്ങളെപ്പറ്റി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് പറയുവാൻ ഗവർണ്മെൻറിനു മയവുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെൻറു സെക്രട്ടറി—മറുപടി):

(എ) മറുപടി നിരോധത്തിലാണ്.

(ബി), (സി), (ഡി) എ ചോദ്യത്തിൻറെ മറുപടിയനുസരിച്ച് ഈ ചോദ്യങ്ങൾക്കു ള്ള അവകാശം കാണുന്നില്ല.

വ്യവസായവിദ്യാലയങ്ങൾ.

൯൪. മി. തയ്യിൽ കുഞ്ഞിമൊയ്തീൻ (മൂവാറ്റുപുഴയും തൊടുപുഴയും):

(എ) വ്യവസായഡിപ്പാർട്ടുമെൻറിൻറെ ഭരണനിയന്ത്രണത്തിൽ നടത്തപ്പെടുന്ന വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സംഖ്യ എത്രയെന്നു കാണിക്കുന്ന താലൂക്കുകൾതോറുമുള്ള ഒരു ലിസ്റ്റ് മേശപ്പുറത്തിടാൻ ഗവർണ്മെൻറിനു മയവുണ്ടാകുമോ?

(ബി) ഉത്തരതിരുവിതാംകൂറിലുള്ള മൂവാറ്റുപുഴ, തൊടുപുഴ, കുന്നത്തുനാട് മുതലായ താലൂക്കുകളിലെ ജനങ്ങൾക്കു വ്യവസായപരിശീലനം ലഭിക്കുന്നതിനു യാതൊരു സൌകര്യവുമില്ലാത്തവിധത്തിൽ അകലെയാണ് അവിടെയുള്ള സ്ഥാപനങ്ങളെല്ലാം സ്ഥിതിചെയ്യുന്നതെന്ന് ഗവർണ്മെൻറു ആലോചിക്കുന്നുണ്ടോ?

(സി) കൊല്ലത്തെ കാർത്തൈൻറി വിദ്യാലയംപോലെ ഉത്തരതിരുവിതാംകൂറിലും അവിടെയുള്ള ജനങ്ങൾക്കു വ്യവസായപരിശീലനം ലഭിക്കുന്നതിനുവേണ്ടി ഒരു വിദ്യാലയം സ്ഥാപിക്കുവാൻ ഗവർണ്മെൻറിനു മയവുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെൻറു സെക്രട്ടറി):

(എ) വ്യവസായഡിപ്പാർട്ടുമെൻറിനു മേൽനോട്ടത്തിൽ നടത്തപ്പെടുന്ന വിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ താലൂക്കടിസ്ഥാനത്തിലുള്ള ഒരു സ്റ്റേറ്റുമെൻറു മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) മെമ്പർ കൊടുത്തിട്ടുള്ള വിവരങ്ങളെപ്പറ്റി നോട്ടുചെയ്തിട്ടുണ്ട്.

(സി) പുതുതായി അംഗീകരിക്കപ്പെട്ടിട്ടുള്ള കൊല്ലം കാർപ്പൈൻറിവിദ്യാലയത്തിൻറെ അഭിവൃദ്ധിയെപ്പറ്റി അറിഞ്ഞതിനുശേഷം ആ സംഗതിയെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

അനുബന്ധം ക.

൯൪-ാം ചോദ്യത്തിനു ഉത്തരം.

൧൯൨൯ ജൂലായിമാസം ൧൫-നു കോട്ടയം-മുണ്ടക്കയം റോഡിൽ ക്ലാസിക്കു ഓടുന്നതായ ബസ്സുകളുടെ വിവരം.

സീരിയൽ നമ്പർ	ഉടമസ്ഥൻറെ പേരു്	സ്ഥലം			സെൻസസിൻപ്രകാരം കൊണ്ടുപോകാവുന്നതു്	
		ടൺ	ഹ.	ചെന.	ആളുകളുടെ എണ്ണം	സാമാനങ്ങളുടെ തൂക്കം പൌണ്ടു്
൧	കെ. കെ. പിള്ള കുഞ്ഞുവിലാസം, ചങ്ങനാശേരി	൧	൪	...	൧൬	൧൪൦
൨	ആനന്ദ[illegible] മോട്ടോർസർവീസ്, കോട്ടയം	൨	...	...	൨൪	൨൧൦
൩	സ[illegible] മുണ്ടക്കയം	൧	൪	...	൧൬	൧൪൦
൪	മോട്ടോർ ട്രാൻസ്പോർട്ടു, എഞ്ചിനീയൽകമ്പിനിയും ക്ലിപ്തം കോട്ടയം	൨	൧൭	...	൪൨	൩൯൦
൫	ടി	ടി	൨	൧൭	...	൪൨	൩൯൦
൬	ടി	ടി	൩	൨	...	൪൨	൪൦൦
൭	ടി	ടി	൩	൪	...	൪൨	൪൦൦
൮	ടി	ടി	൩	൩	...	൩൮	൩൭൦
൯	ടി	ടി	൩	൧൨	...	൪൨	൪൦൦
൧൦	ടി	ടി	൩	൪	...	൪൨	൪൦൦
൧൧	ടി	ടി	൩	൧൫	...	൩൪	൩൨൦
൧൨	[illegible]ൻമുഖവിലാസം മോട്ടോർ സർവീസ്, കോട്ടയം	൧	൧൦	...	൧൯	൧൭൦
൧൩	മോട്ടോർ ട്രാൻസ്പോർട്ടും എഞ്ചിനീയൽ റോപ്പുവെകമ്പനിയും ക്ലിപ്തം കോട്ടയം	൧	൧൬	...	൨൨	൨൦൦
൧൪	ടി	ടി	൪	...	...	൪൨	൩൯൦
൧൫	ടി	ടി	൪	...	...	൪൨	൩൯൦
൧൬	ടി	ടി	൪	...	...	൪൨	൩൯൦
൧൭	ടി	ടി	൪	...	...	൪൨	൩൯൦
൧൮	ടി	ടി	൪	...	...	൪൨	൩൯൦
൧൯	[illegible], കെ. കുഞ്ഞൻ കോട്ടയം		൧	൪	...	൧൬	൧൪൦

എൻ. ബി.—(എ) തിരുവിതാംകൂർകാർ നടത്തുന്ന ബസ്സുകളുടെ എണ്ണം ൪

(ബി) വിദേശികളും ടി ടി

(സി) മോട്ടോർ ട്രാൻസ്പോർട്ടും എഞ്ചിനീയൽ റോപ്പ്വേയും കമ്പനി ക്ലിപ്തം കോട്ടയം ടി ൧൪

അനുബന്ധം ഢ.

൯൪-ാംനമ്പർ ചോദ്യത്തിന മറുപടി.

വ്യവസായ ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ താലൂക്കുപ്രതിയുള്ള ലിസ്റ്റ്.

താലൂക്കിൻെറ പേര്	വിദ്യാർത്ഥികളുടെ എണ്ണം	താലൂക്കിൻെറപേര്	വിദ്യാർത്ഥികളുടെ എണ്ണം
അഗസ്തീശ്വരം	൭൯	മാവേലിക്കര	൨൬൫
കൽക്കുളം	൩൦	പത്തനംതിട്ട	൫൪
വിളയൻകോട്	൨൫	തിരുവല്ലാ	൩൩
നെയ്യാറ്റിൻകര	൨൨൯	ചങ്ങനാശ്ശേരി	൨൨
തിരുവനന്തപുരം	൨൫൪	കോട്ടയം	൭൫
നെടുമങ്ങാട്	൨൫൪	അമ്പലപ്പുഴ	൨൩൪൪
ചിറയിൻകീഴ്	൨൭൦	കൈക്കം	൫൩
കൊല്ലം	൭൭	ചേർത്തല	൨൪
		ആകെ	൨൦൩൩൯

ഗ്രാൻറിനുള്ള അഭ്യർത്ഥന (തുടർച്ച)

വിദ്യാഭ്യാസം XII.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): സർ, വിദ്യാഭ്യാസവകുപ്പിൽ ഡിമാൻസ് ൨൫-ാമത്തേതിൽ ൩൩,൫൫൦ രൂപായിൽ കവിയാത്ത ഒരുതുക അനുവദിക്കണമെന്ന ഒരു പ്രമേയം ഞാൻ വാങ്ങിക്കുന്നു.

മി. ജി. രാമൻനായർ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, താഴെകാണുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളട്ടേ.

൨൩൫. എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിൽ പ്രത്യേകംവച്ചിട്ടുള്ള ൨൨,൫൫൫ രൂപായിൽനിന്നും ൯൦൦ രൂപാ കുറയ്ക്കണം.

വിദ്യാഭ്യാസ ഡയറക്ടരെ സഹായിക്കുന്നതിന് ൨൨൦൦-ാമത്തെ ഒരു പേർസണൽ അസിസ്റ്റൻറിനും മാനേജ്മെൻറിനുമായി ൨൭ ക്ലാർക്കുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ൭൫—൨൦൦ രൂപായിൽ രണ്ടും, ൫൫—൪൦ രൂപായിൽ രണ്ടും, ഒരു ടൈപ്പിസ്റ്റും ഇങ്ങനെ അഞ്ചു ക്ലാർക്കുകളെ ഇപ്പോഴുള്ള സിൽബന്ധികൾക്കുപുറമെ ക്ലൂട്ടുലയായി നിയമിക്കുവാൻ ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസ പരിപൂർണ്ണതയ്ക്കു ഡയറക്ടരാഫിസിലെ ക്ലാർക്കുകളെ വർദ്ധിപ്പിക്കേണ്ട ആവശ്യകത ഉണ്ടെന്നു തോന്നുന്നില്ല. വിദ്യാഭ്യാസഭിവൃദ്ധി ശമ്പളക്കൂട്ടലുള്ള ഉദ്യോഗസ്ഥന്മാരുടെ സംഖ്യയേക്കയോ ക്ലാർക്കുകളുടെ ക്ലൂട്ടുലിനേക്കയോ അല്ല ആശ്രയിച്ചിരിക്കുന്നത്. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് ജീവസന്ധാരണത്തിനെങ്കിലും മതിയാകത്തക്കവണ്ണം ശമ്പളം വർദ്ധിപ്പിക്കുന്നതിന് ഒരു വലിയ സംഖ്യ ചെലവുചെയ്യേണ്ടതായിട്ടുണ്ട്.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് തിയമനം) (ഡപ്യൂട്ടി പ്രസിഡണ്ട്): ഈ കുറഞ്ഞതു സംഖ്യയെങ്കിലും അനുസരണമാണോ എന്ന് എനിക്കു അറിയണം. ൨൫൨൫ രൂപാ കൂടുവുചെയ്യണമെന്നുള്ള അടുത്ത ഉപക്ഷേപത്തെപ്പറ്റി വാദപ്രതിവാദംചെയ്യുവോട്ടിനിടുന്നതായാൽ അതിൽതന്നെ ഉൾപ്പെട്ടുന്ന ഈ മോക്ഷനെപ്പറ്റി വാദപ്രതിവാദം ചെയ്യേണ്ട ആവശ്യകതയില്ല.

പ്രൊസിഡണ്ട്: അതേ. കൂടുതൽസംഖ്യ കുറയ്ക്കുന്നതിനുള്ള ഉപക്ഷേപം വാദപ്രതിവാദത്തിന് ആദ്യം എടുക്കേണ്ടതാണ്. മി. രാമൻനായനോടെ ഈ [illegible] കൂടുതൽസംഖ്യ കുറവുചെയ്യുവാൻ ആവശ്യപ്പെടുന്ന ൨൫൨൫-ാം നമ്പർ മോക്ഷൻ ആദ്യം [illegible] സമ്മതിക്കുമോ? അപ്രകാരം ചെയ്യുന്നതായാൽ ഈ മോക്ഷൻെറ ആവശ്യകത ഉണ്ടാകുന്നതല്ലായിരിക്കും.

മി. ജി. രാമൻനായനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിലും കൂടുതൽസംഖ്യ കുറവുചെയ്യണമെന്നു ആവശ്യപ്പെടുന്ന വേറൊരു മോക്ഷൻ ഉണ്ടെന്നുതോന്നുന്നു.

പ്രൊസിഡണ്ട്: മി. സുബ്ബയ്യർ; മി. രാമൻനായനുടെ അഭിപ്രായത്തിൻ ഉപക്ഷേപത്തിൽ ഒരു ക്ലാർക്കിനേയും മി. കുമാരപിള്ള അഭിപ്രായത്തിൻെറ ഉപക്ഷേപത്തിൽ നാലുക്ലാർക്കുകളേയും കുറവുചെയ്യണമെന്നു അഭിപ്രായപ്പെടുന്നു.

൦൦വുണ്ടറർ രാ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പൽ): മി. ജി. പരമേശ്വരൻപിള്ള കൊണ്ടുവന്നിട്ടുള്ള ൨൫൨൫-ാംനമ്പർ ഉപക്ഷേപത്തിലേക്കു ഈസഭയുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. അതിൽ അഭിപ്രായപ്പെടുന്നതിൽ ഏറ്റവും കൂടുതലായ ഒരു കുറവിനാണ് അഭിപ്രായപ്പെടുന്നതു്. അതിയായ, എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിൽ ൨൨൯൫ രൂപാ കുറവുചെയ്യണമെന്നാണ്. അതിനെപ്പറ്റി വാദപ്രതിവാദംചെയ്തു വോട്ടെടുക്കുന്നതായാൽ മറെറാ മോക്ഷനെപ്പറ്റി ചിന്തിക്കേണ്ടിവരുന്നതല്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മി. കുമാരപിള്ള ൨൫൨൫-ാംനമ്പർ ഉപക്ഷേപം വാദപ്രതിവാദത്തിനു കൊണ്ടുവരുന്നതായാൽ എൻെറപേരിൽ കാണുന്ന ൨൫൨൬-ാംനമ്പർ ഉപക്ഷേപം എടുക്കണമെന്നു എനിക്കു അഭിപ്രായമില്ല.

ഉപക്ഷേപം ൨൫൨൫.

൨൫൨൫. മി. ടി. കുമാരപിള്ള (കൽക്കുളവും വിളയൻകോട്ടും): സർ, എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിൽ അനുവദിച്ചിട്ടുള്ള ൨൨,൫൫൫ രൂപായിൽനിന്നും ൨൫൨൫ രൂപാ കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഈ ഉപക്ഷേപത്തെ സംബന്ധിച്ചു പ്രത്യേകിച്ചു ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. എക്സ്പെൻസ് കമ്മീഷണരുടെ മാനേജരപ്പറ്റി കൊണ്ടുവന്നിട്ടുള്ള മോക്ഷനിൽ പറഞ്ഞിട്ടുള്ളവാദങ്ങൾതന്നെയാണ് എനിക്കു ഈ സംഗതിയിലും പറയുവാനുള്ളൂ. ഇപ്പോൾ ഡെവലപ്മെൻറ് ആഫിസറെ നിയമിച്ചിരിക്കുന്നതുകൊണ്ടു അദ്ദേഹത്തിൻെറ റിപ്പോർട്ടുകിട്ടി അതിന്മേൽ ഗവണ്മെൻറ് ആർഡർ പാസ്സാക്കിയതിൽ പിന്നീടുമാത്രമേ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ പുതുതായി ഒരാൾ എടുക്കാൻ പാടുള്ളൂഎന്നാണ് എൻെറ അഭിപ്രായം. അതുവരെ

ഒരു ഇപ്പോൾ ആഫീസിലുള്ള ആളുകളെവച്ച് ജോലിനടത്തുകയും ഡെവല്പ്മെന്റ് ആഫീസറുടെ റിപ്പോർട്ട് വന്നതിനുമേൽ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ കൂടുതൽആളോ ആവശ്യമുള്ളപക്ഷം അപ്പോൾ സപ്ലിമെന്ററി ഗ്രാന്റു കൊണ്ടുവന്ന് അനുവദിച്ചുകൊടുക്കുകയും ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): സർ, ഡയറക്ടറാഫീസിലെ സിൽബന്ധികളുടെ സംഖ്യ വർദ്ധിപ്പിക്കണമെന്നുള്ള എന്റെ അഭിപ്രായത്തെ ഈ കൌൺസിൽ മറ്റൊരവസരമായി നിരൂപണം ചെയ്യാതിരിക്കയില്ലെന്നു ഞാൻ ആദ്യംതന്നെ ഉദ്ദേശിച്ചതാണ്. ജനപ്രതിനിധികൾ മുപ്പാതുക്കായ്ക്കളിലേക്കുള്ള ധനം യതൊന്നു സൂക്ഷ്മമായി നോക്കുന്നുണ്ടെന്ന് എനിക്കു അറിയാം. അതു ആവശ്യമാണെന്നു തന്നെയാണ് എന്റെ അഭിപ്രായം. അതുകൊണ്ടു താഴെമായ ആലോചിച്ചതിനുശേഷം ഈ ക്ലാർക്കുകളുടെ ആവശ്യകത അപരിഹരണീയമായി തോന്നിയതുകൊണ്ടു മാത്രമാണ് അതിലേക്കു വേണ്ടേഫ്ഫ് ഒരു അനുവദിക്കണമെന്നു ഈ കൌൺസിലിനോടു തിർബന്ധിക്കുവാൻ നിശ്ചയിച്ചതു്. ഞാൻ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ ഭരണം കൈയേറിട്ടു ഇപ്പോൾ മിക്കവാറും മൂന്നുവർഷമായിട്ടുണ്ടു്. എന്റെ ഈ മൂന്നുസംവത്സരങ്ങളിലെ അനുഭവങ്ങളുടെ ഫലമായിട്ടാണ് ഞാൻ ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു്. കൂടിശ്ശികയില്ലാത്ത ഒരു സെക്ഷനും ഇപ്പോൾ എന്റെ ആഫീസിൽ ഇല്ല. വളരെ ഉത്തരവാദിത്വമുള്ള ജോലികളും നിർവഹിക്കേണ്ടതായിരിക്കുന്ന പരീക്ഷകളും സംബന്ധിച്ചു സെക്ഷനിൽതന്നെ ജോലിനടക്കുന്നതു് ക്രമത്തിലധികം ബുദ്ധിമുട്ടോടും നിർബന്ധപൂർവവുമാകുന്നു. അതുമാത്രവുമല്ല ഏറ്റവും ശ്രദ്ധതതിയിൽ സംഗതികളും നടത്തേണ്ടതായിരിക്കുന്നതുകൊണ്ടു് കൂടിശ്ശികകളും കെട്ടിക്കിടക്കുവാൻ നിവൃത്തിയില്ലാതെയാകുന്നു. തൽമൂലം ക്ലാർക്കുകളും ഉള്ള പക്ഷം അവരെക്കൊണ്ടു നിവർത്തിക്കാവുന്ന നിസ്സാരസംഗതികളിൽ കൂടിയും ഞാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഈ ശ്രദ്ധമുള്ളിടത്തോളം ജോലിക്കാർ ആഫീസിൽ ഉണ്ടായിരുന്നുവെങ്കിൽ കൂടുതൽപ്രാധാന്യമുള്ള ജോലികളും നോക്കുവാൻ എനിക്കു സമയം കിട്ടുമായിരുന്നു. അവസാനത്തിച്ചിലുള്ള രക്കാവിധം ഫയലുകളും എനിക്കു കൊണ്ടുവരുവിക്കാമായിരുന്നു. അതുകൊണ്ടു സെക്ഷനിലും ജോലിയുടെ ആധിക്യംനിമിത്തം കൂടിശ്ശികയില്ലാതെ വേല തീർക്കുവാൻ സാധിക്കുന്നില്ല. സംസ്ഥാനത്തൊട്ടുക്കുള്ള വിദ്യാലയങ്ങളുടെയും ഗ്രാന്റു നിർണ്ണയിക്കുന്നതിനു കൂടുതലായ താമസം നേരിടുന്നുണ്ടു്. ഇതു എല്ലാ വിദ്യാലയങ്ങളുടെയും കാര്യക്ഷമതയെ ബാധിക്കാതിരിക്കയില്ല. അപരിഹരണീയങ്ങളായ രജിസ്റ്റർകളും പോലും സംരക്ഷിക്കുന്നതിനു ആവശ്യമുള്ള സിൽബന്ധികളും എനിക്കു കിട്ടീട്ടില്ലെന്നുകൂടി ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. അതായതു സമയങ്ങളിൽ ജോലി ചെയ്തു തീർക്കുവാൻ റിക്കാർഡ്സെക്ഷനിലും സാധിക്കുന്നില്ല. അവിടെ നേരിടുന്ന താമസം ആഫീസിലുള്ള മറ്റു സെക്ഷനിലെ താമസത്തിനും കാരണമായിത്തീരുന്നുണ്ടു്. ആഫീസിലെ എല്ലാ സെക്ഷനിലും കൂടിശ്ശിക നേരിടുന്നതു നിമിത്തം എഴുത്തുകുത്തുകളും സംബന്ധിച്ച കടലാസുകളും എനിക്കു വളരെ താമസിച്ചേ കിട്ടുന്നുള്ളു. അതുതന്നെയും ശരിയായ രൂപത്തിലായി കാണപ്പെടുന്നില്ല. എന്നെക്കാൾ കൂടുതൽ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരാൽ തൃപ്തികരമാകുംവണ്ണം ചെയ്തുതീർക്കുവാൻ ജോലികൾക്കായി എത്രയോ സമയം എനിക്കു ചെലവു ചെയ്യേണ്ടതായിവരുന്നുണ്ടു്. ഈ ജോലികൾ നിമിത്തം ഡിപ്പാർട്ടുമെന്റിന്റെ പ്രധാനമായ മാർഗ്ഗോപദേശം കൃത്യം നിർവഹിക്കുന്നതിനും ജോലി നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ വിദ്യാലയങ്ങളെ പരിശോധിക്കുന്നതിനായി സഞ്ചരിക്കുന്നതിനും എനിക്കു വളരെക്കുറച്ചേ സമയം കിട്ടുന്നുള്ളു. ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്ന സിൽബന്ധികളുടെ സംഖ്യ ക്രാൻവുൽ മിസ്റ്റർ ഫാഡ്സൻ ആവശ്യമുള്ളതെന്നു നിശ്ചയിച്ചിട്ടുണ്ടായിരുന്നതു മാത്രമാകുന്നു. ക്രാൻവു-മാണ്ടിനുശേഷം വിശേഷിച്ചും പുതിയ നിർമ്മാണസഭ എപ്പെട്ടതിയതു മുതൽ (കൌൺസിൽ ജോലിക്കുതന്നെ രണ്ടു പ്രത്യേകം ക്ലാർക്കുകൾ ആവശ്യമുണ്ടു്). ആഫീസിലെ ജോലി വളരെ വർദ്ധിച്ചിരുന്നിട്ടും ക്രാൻവു-ൽ മിസ്റ്റർ ഫാഡ്സൻ അപരിഹരണീയമായി ഗണിച്ച സിൽബന്ധികളെ മാത്രമേ ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്നുള്ളു. അഞ്ചു ക്ലാർക്കുകൾ വേണമെന്നു പോലിക്കുന്നതു ഒരു പക്ഷേ കൂടുതലായി ആവശ്യപ്പെടുന്നതാകുമെന്നു തോന്നിയേക്കാം. ഇടവിടാതെ ശക്തിമത്തായ അഭിവൃദ്ധി ഡിപ്പാർട്ടുമെന്റിനു ഉണ്ടായികൊണ്ടിരിക്കെ അപൂർവ്വമായി ഇടക്കാലങ്ങളിൽ ചിലപ്പോൾ മാത്രം ക്രമംകൊണ്ടു ഞങ്ങളുടെ സിൽബന്ധികളുടെ എണ്ണം വർദ്ധനയെ പ്രാപിച്ചുവരുന്നതു കാണുമ്പോൾ കൂടുതലിനായുള്ള ഞങ്ങളുടെ ഏതുതരത്തിലുള്ള ചോദ്യവും പ്രഥമദൃഷ്ടിക്കു ആവശ്യത്തിലധികമായിട്ടുള്ളതാണെന്നു തോന്നിയേക്കുമായിരിക്കാം. അപ്രകാരം തോന്നുന്നതിനുള്ള കാരണം അപ്പോഴപ്പോൾ ഉണ്ടാകുന്ന കുടിശ്ശികകളെ തീർക്കുന്നതിനു മുന്നോട്ടുകളിൽ ആവശ്യമുള്ള സിൽബന്ധികളെ നിയമിക്കാത്തതാണ്. അഞ്ചുക്ലാർക്കുകൾ ഇപ്പോൾ ആവശ്യമാണെന്നു തെളിയിക്കുന്നതിനു ന്യായങ്ങൾ കണ്ടുപിടിക്കുവാൻ എനിക്കു വളരെ പ്രയാസമുണ്ടു്. അതുകൊണ്ടു ആഫീസിലെ ജോലിയുടെ സ്വഭാവം ഇന്ന തരത്തിലുള്ളതാകുന്നുവെന്നും മറ്റു ആഫീസുകളിലെ സിൽബന്ധികളോടു താരതമ്യപ്പെടുത്തുമ്പോൾ എന്റെ ആഫീസിലെ സിൽബന്ധികളുടെ സംഖ്യ എന്തുകൊണ്ടെന്നും ഒരു സാമാന്യബോധം കൌൺസിലിനു ജനിക്കുന്നതിനുവേണ്ടി മാത്രം ഞാൻ സ്വല്പം പ്രസ്താവിക്കാം.

ഡിപ്പാർട്ടുമെന്റിലെ ജോലിയെപ്പറ്റി ഞാൻ പിന്നീടു പ്രസ്താവിച്ചുകൊള്ളാം. ക്രാൻവു-ൽ ഒരു പേർസണൽ അസിസ്റ്റന്റിനെ നിയമിച്ചിട്ടുണ്ടെന്നതായാൽ എന്റെ ആഫീസിൽ ക്രാൻവു-ലേക്കും മറ്റു ക്ലാർക്കുകളും മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു കാണാവുന്നതാണ്, എന്നാൽ പേർസണൽ അസിസ്റ്റന്റിന്റെ നിയമനത്തോടുകൂടി ഞങ്ങൾക്കു ഒരു ഹെഡ്ക്ലാർക്കു തസ്തികകയാണു ചെയ്തതു്. അതായതു പേർസണൽ അസിസ്റ്റന്റിന്റെ നിയമനത്തിനു മുൻപു ഞങ്ങൾക്കു ഒരു ഹെഡ്ക്ലാർക്കും ഒരു മാനേജരും ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഞങ്ങൾക്കുള്ളതു ഒരു പേർസണൽ അസിസ്റ്റന്റുംമാനേജരുമാകുന്നു. ഈ കാലത്തിനിടക്കു ഞങ്ങൾക്കു കിട്ടീട്ടുള്ളതും ഞങ്ങൾ അയച്ചിട്ടുള്ളതുമായ മാറ്റങ്ങളുടെ എണ്ണം സ്റ്റാഫ്സർക്കിൾ നിന്നും സർക്കിൾ ഓഫീസർ ആയി വർദ്ധിച്ചിട്ടുണ്ടു്. തസ്സറാഡ് ആഫീസർ, തസ്സാറാഡ് ആഫീസർ അല്ലാത്തവർ ഇതര ജോലിക്കാർ ഈ ഇനങ്ങളിൽ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്നവരുടെ സംഖ്യ ഓഫീസർ നിന്നും വളരെ ആയി അയിക്കപ്പെട്ടിട്ടുണ്ടു്. തസ്സറാഡ് ആഫീസറന്മാരുടെ സംഖ്യമാത്രം സ്റ്റാഫ്-ൽ നിന്നും രണ്ടു ആയി അതിനിന്നിട്ടുണ്ടു്. അതായതു ഒരു ശതമാനം വർദ്ധിച്ചിരിക്കുന്നു. ഡിപ്പാർട്ടുമെന്റിന്റെ അധികാരത്തിലുള്ള സ്ഥാപനങ്ങളുടെ സംഖ്യ ഓഫീസർ-ൽ നിന്നും രണ്ടാം ആയിത്തീർന്നിരിക്കുന്നു. അതുകൊണ്ടു ഞാൻ മുൻപറഞ്ഞതുപോലെ ഹെഡ്ക്ലാർക്കു സ്ഥാനം നിർത്തലാക്കീട്ടു പകരം ഒരു പേർസണൽ അസിസ്റ്റന്റിനെമാത്രം നിയമിച്ചു ആഫീസു സിൽബന്ധികളിൽ ഒരാളുമാത്രം വർദ്ധിപ്പിച്ചതോടുകൂടി വളരെ മാറ്റങ്ങൾ

ക്ലർക്ക് ഗവസറന്റ് ആഫിസറന്മാരും ക്ലർക്ക് ഗവസറന്റ് ആഫീസറന്മാരല്ലാത്തവരും വരുന്ന ഇതരജോലിക്കാരും ഒഴിച്ച ഓഫീസ് സ്ഥാപനങ്ങളും അധികമായിത്തീർന്നിരിക്കുന്നു. ഇവിൽനിന്നും റയാക്കർ ആഫീസുദ്യോഗത്തിൽ നിയമിക്കപ്പെടേണ്ട ഒരു ഡിപ്പാർട്ടുമെന്റിന്റെ ആകൃതിയുടെ വലുപ്പവു് ഏതുമാത്രമെന്നു അനുമാനിക്കുവാൻ സാധിക്കുന്നതാണു്. ക്ലർക്കവു-ക്ലർക്കസ്സും വർഷത്തിനു അതായതു ക്ലർക്ക-മാസത്തിനുശേഷം ഡിപ്പാർട്ടുമെന്റിലെ ചെലവു ഒന്നര ലക്ഷം രൂപായിൽ നിന്നും രണ്ടര ലക്ഷം രൂപായായി അതായതു ൫൦ ശതമാനം വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ടു ഈ കാലത്തിനിടക്കു ക്രമാനുഗതമായ വിതരണത്തിനായും ചെലവുകളുടെ പരിശോധനയ്ക്കായുമുള്ള ജോലി ക്രമത്തിലധികം വർദ്ധിച്ചിട്ടുണ്ടെങ്കിലും സിൽബന്ധികളുടെ സംഖ്യയിൽ ഒരു പേർസണൽ അസിസ്റ്റന്റു മാത്രമേ കൂട്ടുതലാക്കിട്ടുള്ളു.

ആഫിസുകാം തമ്മിലുള്ള താരതമ്യം നിരസജനകമായിത്തീന്നേക്കാവുന്നതിനപ്പുറമെ കാര്യത്തിൽ പ്രയോജനരഹിതവുമായിരിക്കാം. എന്നാൽ ഡിപ്പാർട്ടുമെന്റിലെ അധികമായ ചെലവിനെപ്പറ്റി ചിന്തിക്കുമ്പോൾ ഒരു ന്യായാധികാരിയുടെ കയ്യിൽ ഈ ആഫീസിലെ സിൽബന്ധികളുടെ സംഖ്യയും ഇതുപോലെതന്നെ ഭരണാധികാരമുള്ള മറ്റു ഡിപ്പാർട്ടുമെന്റുകളിലെ സിൽബന്ധികളുടെ സംഖ്യയും തമ്മിൽ പരസ്പരസംബന്ധം ഉണ്ടായിരിക്കേണ്ടതാണെന്നു തോന്നിയേക്കാം. ആഫീസു സിൽബന്ധികൾക്കും അവിടത്തെ ചെലവിനും തമ്മിൽ കൃത്യമായ ഒരു സംബന്ധം സ്ഥാപിതമാക്കേണ്ട ആവശ്യകതയുണ്ടെന്നു എനിക്കു അഭിപ്രായമില്ല. എന്നാൽ കൌൺസിലിനു യുക്തമെന്നു തോന്നുന്ന ഏതു താരതമ്യവും ആവശ്യമുണ്ടെങ്കിൽ ചെയ്തുകൊള്ളുന്നതിനായി ഇപ്പോഴിരിക്കുന്ന യഥാർത്ഥസ്ഥിതിയിലുള്ള ചില വിവരങ്ങൾ ഉടനടി ഞാൻ പ്രസ്താവിക്കാം. ലാൻഡ് റവന്യൂ സെക്ഷനിൽ ൨൯൦ ആദായനികുതി സെക്ഷനിൽ ൭൦ ഉൾപ്പടെ ലാൻഡ് റവന്യൂ കമ്മീഷണരുടെ ആഫീസിൽ ൨൭൦ ക്ലർക്കുകളും ഉണ്ടു്.

മി. ഡബ്ലിയു. എച്ച്. പിറേ (പോലീസ് കമ്മീഷണർ): ഈ കൌൺസിലിൽ തന്റെ ആഫീസ് ജീവനക്കാരെ സംബന്ധിച്ചു വാദപ്രതിവാദമുണ്ടായപ്പോൾ മറ്റു ഡിപ്പാർട്ടുമെന്റുകളിലെ ജോലികളും തന്റെ ആഫീസിൽ നടത്തപ്പെടുന്നുണ്ടെന്നു ലാൻഡ് റവന്യൂ കമ്മീഷണർ പ്രസ്താവിച്ചില്ലയോ എന്നു ഞാൻ മി. സ്റ്റീഫൻസനോടു ചോദിച്ചുകൊള്ളട്ടയോ?

മി. എസ്. സി. എച്ച്. റാബിൻസൻ (ലാൻഡ് റവന്യൂ-ആദായനികുതി കമ്മീഷണർ): റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഏറ്റവും പ്രധാനമായ ജോലിക്കു ആകെക്കൂടി എനിക്കു ൨൦ ക്ലർക്കുകളെ എനിക്കു ആഫീസിൽ ഉള്ളു.

മി. ജെ. സ്റ്റീഫൻസൻ(വിദ്യാഭ്യാസ ഡയറക്ടർ): ഈ സംഖ്യകളെ ആധാരമാക്കി ഉപവർദ്ധിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. ഡയറക്ടരാഫീസിലെ ജീവനക്കാരുടെ സംഖ്യ മറ്റു ആഫീസുകളിലുള്ളതിനോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഒരു സാമാന്യഅന്തരമെങ്കിലും ഉണ്ടാകുവാൻ ഉപകരിക്കുമെന്നു വിചാരിച്ചു അവയെപ്പറ്റി ഇവിടെ എടുത്തു പറഞ്ഞു എന്നേയുള്ളു. എക്സൈസ് കമ്മീഷണരുടെ ആഫീസിൽ ൫൦-ം, കൺസർവേറ്ററുടെ ആഫീസിൽ ൨൫-ം, ചീഫ് എൻജിനീയർ ആഫീസിൽ ൩൦-ം, പോലീസ് കമ്മീഷണർ ആഫീസിൽ ൨൦-ം ക്ലർക്കുകൾ ഇപ്പോൾ ഉണ്ടു്; എന്നാൽ വിദ്യാഭ്യാസ ഡയറക്ടരാഫീസിൽ ൧൨ ക്ലർക്കുകൾ മാത്രമേ ഉള്ളു. ഞാൻ അതിശയോക്തിയായി പറയുവാൻ ആഗ്രഹിക്കുന്നില്ല. പ്രത്യുത വാസ്തവമായ വിവരങ്ങൾ കൌൺസിൽ അറിഞ്ഞിരിക്കണമെന്നാണ് എന്റെ ആഗ്രഹം. ഈ ൧൨ ക്ലർക്കുകൾക്കുപുറമെ ചില പേർസണൽ അസിസ്റ്റന്റുകളുടെ ഞങ്ങൾക്കു ഉണ്ടു്. സംസ്ഥാനം ഒട്ടുക്കുള്ള ആവശ്യത്തിനു പുസ്തകങ്ങൾ വിതരണം ചെയ്യുന്ന ഒരു ബുക്ക്ഡിപ്പോ ഞങ്ങൾക്കുണ്ടു്. ഞാൻ ഉദ്ദേശിക്കുന്നതു മാക്മില്ലൻ കമ്പനിക്കാർ പ്രസിദ്ധീകരിക്കുന്ന മലയാളം പാഠ്യപുസ്തകങ്ങളും കാപ്പി പുസ്തകങ്ങളും ആണു്. ആ ജോലിക്കുതന്നെ രണ്ടു ക്ലർക്കുകളുടെ സമയം മുഴുവനും വിനിയോഗിക്കേണ്ടിയിരിക്കുന്നു. ആ ജോലിക്കു അനുവദിച്ചിട്ടുള്ള രണ്ടു ക്ലർക്കുകളിൽ ഒന്നു് സ്ഥിരവും മറ്റൊന്നു താൽക്കാലത്തേക്കും ആകുന്നു. സ്കൂളുകളിടങ്ങളും പരിശോധിക്കുന്നതിനു ഞങ്ങൾക്കു ഒരു ഓവർസീയരും ഉണ്ടു്. ഗവൺമെന്റിൽനിന്നും സഹായധനം കിട്ടുന്നതിനു അപേക്ഷിക്കുന്ന അവസരങ്ങളിൽ രണ്ടോ മൂന്നോ എഞ്ചിനീയർമാർ സ്കൂൾ കെട്ടിടങ്ങൾ പുതുതായി കെട്ടുന്നതിനോ അറ്റകുറങ്ങൾ തീർക്കുന്നതിനോ ആലോചിക്കുന്നുവെങ്കിൽ ഓവർസീയർ സ്ഥലത്തുചെന്നു പ്ലാൻ പരിശോധിച്ചു ആവശ്യമുള്ള എല്ലാ സഹായവും ചെയ്തുകൊടുക്കുന്നുണ്ടു്. സ്കൂൾകെട്ടിടങ്ങൾ പണിതീർപ്പിക്കുന്നതിനെപ്പറ്റിയും അറ്റകുറങ്ങൾ തീർക്കുന്നതിനെപ്പറ്റിയും അയാൾ ഉപദേശങ്ങളും നൽകി വരുന്നുണ്ടു്. എനിക്കു പറയാനുള്ളതു ഇത്രമാത്രമേയുള്ളു.

മി. കെ. കെ. തോമ്മസ് (കോട്ടയം): ഡെവലപ്മെന്റ് ആഫീസർക്കു അദ്ദേഹത്തിന്റെ റിപ്പോർട്ടു സമർപ്പിക്കുവാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): എനിക്കു യാതൊരു അറിവും ലഭിച്ചിട്ടില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ഞാൻ ഈ ചോദ്യം ഉപയോഗിച്ചതു മി. കുമാരപിള്ളയുടെ വാദം പ്രധാനമായി ഡെവലപ്മെന്റ് ആഫീസരുടെ റിപ്പോർട്ടു കിട്ടുന്നതിനുള്ള ആശയെ ആധാരമാക്കിയിരുന്നതിനാലാണ്.

മി. ജെ. സ്റ്റീഫൻസൻ(വിദ്യാഭ്യാസ ഡയറക്ടർ): അതു സംബന്ധിച്ചിടത്തോളം ഡെവലപ്മെന്റ് ആഫീസരുടെ അഭിപ്രായം എന്തുതന്നെ ആയിരുന്നാലും ഈ ജീവനക്കാരുടെ സംഖ്യ കൂടുതലായി ഗണിക്കപ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല. കഴിഞ്ഞാണ്ടു കൂടുതൽ ക്ലർക്കുകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഇൻസ്പെക്ടരാഫിസിലെ ഇപ്പോഴും ജീവനക്കാരുടെ സംഖ്യ തൃപ്തികരമായിട്ടില്ലെന്നു എനിക്കറിവുണ്ടു്. ഡെവലപ്മെന്റ് ആഫീസരുടെ റിപ്പോർട്ടു കിട്ടിയതിനശേഷവും ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം ഈ ക്ലർക്കുകളെ ജോലിഭാരമുള്ള ആ ആഫീസുകളിലേക്കു അയക്കാവുന്നതാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കോട്ടാരക്കരയും കുന്നത്തൂരും): സർ, ഞാൻ ഇതിനോടു അനുയോജിച്ചു ഒരു ഉപരോധം സമർപ്പിച്ചിട്ടുണ്ടു്. മി. സ്റ്റീഫൻസൻ കൊടുത്തിട്ടുള്ള സംഖ്യകളും അദ്ദേഹം അതിലേയ്ക്കു ചേർപ്പെടുവിച്ചിട്ടുള്ള കാരണങ്ങളും ഡെവലപ്മെന്റ് ആഫീസരുടെ ശ്രദ്ധയ്ക്കു വിഷയീകരിപ്പിച്ചു് കൂടുതൽ സിൽബന്ധികളുടെ ആവശ്യകതയെപ്പറ്റി അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തേണ്ടതാണെന്നു് ഞാൻ വിചാരിക്കുന്നു. ഡയറക്ടരാഫീസിൽ ഈ കൂടുതൽ ജീവനക്കാരുടെ ആവശ്യകതയുണ്ടെന്നു് അദ്ദേഹം ഒരു റിപ്പോർട്ടു സമർപ്പിക്കട്ടെ. അപ്പോൾ ഈ കൌൺസിൽ അതിലേയ്ക്കു ആവശ്യമുള്ളതുക അനുവദിക്കുവാൻ സന്നദ്ധരാ

യിരിക്കും. ഇതുവരെ, പുതിയ നിയമനങ്ങൾ ഒന്നുംതന്നെ ചെയ്യുവാൻ ഈ കൌൺസിൽ അനുവദിക്കരുതെന്നു മി. കുമാരപിള്ള പറഞ്ഞിട്ടുള്ള അഭിപ്രായത്തെ നാം സംരക്ഷിക്കേണ്ടതാണ്. അതുകൊണ്ടു ഞാൻ മി. കുമാരപിള്ളയുടെ മോഷനെ അനുകൂലിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മി. സ്റ്റീഫൻസന്റെ മറുപടിയിൽനിന്നും വ്യക്തമാകുന്നതു മറ്റു ഡിപ്പാർട്ടുമെന്റുകളിൽ ക്ലാർക്കുമാർ കൂട്ടതലാണെന്നും അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിൽ അതിനെ അപേക്ഷിച്ചു കുറവാണെന്നുമാണ്—അതു വസ്തുവംതന്നെയാണ്. ഓരോ ആഫീസിലും ഓരോ കാര്യങ്ങൾ ജോലികളുടെ താരതമ്യമനുസരിച്ചു ക്ലാർക്കുമാർ കൂടിയിരിക്കാം. അങ്ങനെ കൂട്ടതലായിട്ടുള്ള ആഫീസുകളിൽ കുറയ്ക്കുന്നതിനും കുറയുപോയിട്ടുള്ള ആഫീസുകളിൽ കൂട്ടുന്നതിനുമാണ് ഇപ്പോൾ ഡെപ്രഷ്യേഷൻ ആഫീസിനു ഒരു അവസരം കൊടുത്തിട്ടുള്ളതു്. അദ്ദേഹത്തിന്റെ റിപ്പോർട്ടുണ്ടിട്ടു എത്രയെല്ലാംആഫീസിൽ കൂട്ടണം, എത്രയെല്ലാം ആഫീസിൽ കുറയ്ക്കണമെന്നറിയാം.

പ്രൈസിഡണ്ട്: ഒരു ആഫീസിലെ ജീവനക്കാരെ കുറയ്ക്കുന്നതിനോടെയോ കൂട്ടുന്നതിനോടെയോ സംബന്ധിച്ചു ഡിപാർശചെയ്യുവാൻ ഡെവല്യൂഷൻആഫീസരോടു ആവശ്യപ്പെട്ടിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. സാധാരണക്രമങ്ങളെ അടിസ്ഥാനമാക്കി ആഫീസറന്മാർക്കു എത്രയെല്ലാം അധികാരങ്ങൾ കൊടുത്താൽ ദോഷമില്ലാതിരിക്കുമെന്നുള്ളതാണ് അദ്ദേഹത്തിന്റെ ചിന്താവിഷയമായിരിക്കുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഏതൊന്നും കീഴ്ജീവനക്കാരായ ഉദ്യോഗസ്ഥന്മാർക്കു കൂടുതൽ അധികാരം നൽകപ്പെട്ടുഎന്നുവരികിലൊ ?

പ്രൈസിഡണ്ട്: അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും ഗവർണ്മെൻറിന്റെ പുനരാലോചനയ്ക്കു വിഷയമായിട്ടുണ്ട്. ഉടൻതന്നെ ആഫീസുകളിലെ ജീവനക്കാരുടെ സംഖ്യയെ കുറച്ചു താരതമ്യേന താണനിരക്കു ആഫീസുകളിലെ ജീവനക്കാരുടെ സംഖ്യയെ വർദ്ധിപ്പിക്കുവാൻ മാർഗ്ഗമുണ്ടൊ എന്നതായിരിക്കും അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ ഫലം. പുനഃസ്ഥാപീകരണത്തെപ്പറ്റി ആലോചിക്കേണ്ടതു് അദ്ദേഹത്തിന്റെ ജോലിയല്ല. ജീവനക്കാരുടെസംഖ്യ വർദ്ധിപ്പിക്കുന്നതിനേയോ കുറയ്ക്കുന്നതിനേയോ സംബന്ധിച്ചു വിഷയത്തെപ്പറ്റിയല്ല അദ്ദേഹം പ്രവർത്തിക്കുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കഴിഞ്ഞ പതിഷ്കാരത്തിൽ ഓരോ ഡിപ്പാർട്ടുമെൻറിലും ഉള്ള ആളുകളെ പിരിച്ചുവിടുകയോ അവരെ വീണ്ടും ഓരോ ഡിപ്പാർട്ടുമെൻറിൽ എടുക്കാനും വരുന്നതു വിഷമങ്ങളും സങ്കടങ്ങളും ഉണ്ടായിട്ടുണ്ടു്. അതിനിടകൊടുക്കാതിരിക്കണം. ഇപ്പോൾ നിയമിച്ചാൽ ഡെവല്യൂഷൻആഫീസരുടെ റിപ്പോർട്ടിൻമേൽ വല്ല ആളുകളേയും കുറയ്ക്കുണ്ടായിവരും. അല്ലെങ്കിൽ ആ സമയത്തു വളരെ ബുദ്ധിമുട്ടുണ്ടാകും.

മി. സി. പി. തരകൻ (കുന്നത്തൂനാടു): ഡെവല്യൂഷൻആഫീസരുടെ റിപ്പോർട്ടു വരുന്നതുവരെ ജോലി നടത്തുന്നതെങ്ങിനെയുണ്ടു് ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിനു് ഉത്തരംപറയാൻ എളുപ്പമല്ലൊ. ഇതുവരെ ഏങ്ങിനെയടത്തിയോ അതുപോലെ നടത്തണം.

മി. സി. പി. തരകൻ (കുന്നത്തൂനാടു): ഇതുവരേയുള്ള കുഴിശിക തീരാതെയിരിക്കണമെന്നാണോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും); കുടിശിക ഉണ്ടായിട്ടുണ്ടെങ്കിൽ അതു എങ്ങിനെ ഉണ്ടായിഎന്നു് പരിശോധിച്ചാലെ അറിയാൻതരമുള്ളു.

മി. സി. പി. തരകൻ (കുന്നത്തൂനാടു): ഒരിക്കലുംതീരാത്തവിധം കുടിശിക ഉണ്ടെന്നു മി. സ്റ്റീഫൻസൻ പറയുകയുണ്ടായി.

പ്രൈസിഡണ്ട്: മി. സ്റ്റീഫൻസൻ, അദ്ദേഹത്തിന്റെ ആഫീസിൽ ഒരിക്കലുംതീരാത്ത കുടിശികയുണ്ടെന്നും ചെയ്യുതീർക്കേണ്ടതായ ജോലികൾ ചെയ്യുതീർത്തിട്ടില്ലെന്നും യിമ്മരമായി പറഞ്ഞുകഴിഞ്ഞുവല്ലൊ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കുടിശികയുടെ സ്വഭാവത്തെപ്പറ്റി അറിയാതെ അതിനെസംബന്ധിച്ചു് ഒരു അഭിപ്രായം പറയാൻനിവൃത്തിയില്ല. ചെയ്യുതീർക്കാൻ സാധിക്കാതെവരുന്ന കുടിശികയാകയാലാണു് ആ കുടിശികയെ അതല്ല ക്ലാർക്കുമാർ ശരിയായി ജോലിചെയ്യാത്തതുകൊണ്ടു വരുന്ന കുടിശികയാകയെന്നു് അറിയാൻ നിവൃത്തിയില്ലാത്തതുകൊണ്ടു മി. തരകനു ഒരു മറുപടിപറയാൻ നിവൃത്തിയില്ലാതായതുകൊണ്ടു മി. തരകനു ഒരു മറുപടിപറയാൻ നിവൃത്തിയില്ല.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): ആഫീസിലെ കുടിശികയെപ്പറ്റി പറയുകയാണെങ്കിൽ വാസ്തവത്തിൽ ഇപ്പോൾ ആഫീസിലെ ജീവനക്കാരുടെസംഖ്യ തീരെ അതൃപ്തികരമാണ്. കുടിശികസംബന്ധിച്ചു ഒരു സ്റ്റോറേജമെൻറു തയ്യാറാക്കുന്നതിനുപോലും എനിക്കു സാധിക്കുന്നതല്ല. കൌൺസിലിൽ ഹാജരാക്കുന്നതിനുള്ള ഏതെങ്കിലും ഒരു കാര്യത്തെസംബന്ധിച്ചു് ഒരു സ്റ്റോറേജമെൻറു തൃപ്തികരമാകുംവണ്ണം തയ്യാറാക്കുവാൻ എനിക്കു കഴിയുന്നില്ല. ഈ കൌൺസിൽസംബന്ധമായി തയ്യാറാക്കേണ്ട ജോലികൾക്കിടയിലും വാസ്തവത്തിൽ തീരെ അതൃപ്തികരമായിട്ടുമാത്രമെ എനിക്കു ചെയ്യുവാൻ സാധിച്ചിട്ടുള്ളു. ഒരു ക്ലാർക്കിനെ ഈ ജോലികൾക്കായി നിയമിക്കുവാൻ ഇല്ലായ്മയാണ് ഇതിനുകാരണം. പറഞ്ഞകാരണങ്ങളെല്ലാത്തതന്നെ ചുരുക്കത്തിൽ ചെയ്യണമെന്നു് ഞാൻ വിചാരിക്കുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അദ്ദേഹത്തിന്റെ സമാധാനംകൊണ്ടു ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു. ഞാൻ ആ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

പ്രൈസിഡണ്ട്: ഉപക്ഷേപം പിൻവലിച്ചതു കൌൺസിലും സമ്മതിച്ചിരിക്കുന്നതായി വിചാരിക്കാമോ ?

അനുവാദപ്രകാരം മോഷൻ പിൻവലിക്കപ്പെട്ടു.

മി. ജി. രാമൻതമ്പി (മാവേലിക്കരയും കായംകുളവും): ആദ്യത്തെ ഉപക്ഷേപം ആലോചനയ്ക്കു എടുക്കേണ്ടതാണെന്നു് ഞാൻ ആവശ്യപ്പെടുന്നു.

പ്രൈസിഡണ്ട്: മി. കുമാരപിള്ളയുടെ വലിയ ഉപക്ഷേപം ഇതിനെ ഗ്രസിച്ചുകഴിഞ്ഞിരിക്കുന്നു.

ക്രമനമ്പർ മുതൽ ക്രമനമ്പർ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെക്കാണുന്ന ഉപക്ഷേപങ്ങൾ കാര്യോഗത്തിൽ മുൻ ഉപക്ഷേപത്തോടു യോജിച്ചുതാകയാൽ പിൻവലിച്ചിരിക്കുന്നതായി ഗണിക്കപ്പെട്ടു.

മി. പി. ഹബീബ്മുഹമ്മദ്:

ക്രമനമ്പർ എസ്റ്റാബ്ലിഷ്മെൻറ്ഇനത്തിൽ നീക്കിവെയ്ക്കപ്പെട്ടിട്ടുള്ള ക്രമനമ്പർ രൂപായിൽ നിന്നും ലക്ഷം രൂപാ കുറയ്ക്കണം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള:

ക്രമനമ്പർ. എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിൽ നീക്കിവെയ്ക്കപ്പെട്ടിട്ടുള്ള ക്രമനമ്പർ രൂപായിൽ നിന്നും ലക്ഷം രൂപാ കുറയ്ക്കണം.

മി. ജി പരമേശ്വരൻപിള്ള:

ക്രമനമ്പർ. എസ്റ്റാബ്ലിഷ്മെൻറ്ഇനത്തിൽ നീക്കിവെയ്ക്കപ്പെട്ടിട്ടുള്ള ക്രമനമ്പർ രൂപായിൽ നിന്നും ലക്ഷം രൂപാ കുറയ്ക്കണം.

ഉപക്ഷേപം ക്രമൻ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): താഴെ പറയുംപ്രകാരമുള്ള ഉപക്ഷേപം ഞാൻ കൊണ്ടുവന്നുകൊള്ളട്ടെ.

ക്രമനമ്പർ. സഞ്ചാരപ്പടികൾ എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ക്രമനമ്പർ രൂപായിൽനിന്നും രൂപാ കുറയ്ക്കണം.

കഴിഞ്ഞസംവത്സരം ബഡ്ജറ്റിനെപ്പറ്റി നടത്തിയ വാഗ്വൈഭവത്തിനിടയ്ക്ക് വളരെ കുറവായിട്ടുമാത്രമേ താൻ യാത്രചെയ്തിട്ടുള്ളുഎന്ന് ധനകാര്യമന്ത്രി സമ്മതിക്കയുണ്ടായി. സഭയിലെ ഈവശത്തുള്ള മെംബർമാർ ഇതിൽ തീരെ അതൃപ്തിയാണു പ്രകടിപ്പിച്ചതു്. കഴിഞ്ഞ രണ്ടുമാസങ്ങളിൽ ഡയറക്ടർ എത്രദിവസം ക്യാമ്പിൽ ഇരുന്നിട്ടുണ്ടെന്നുപറഞ്ഞാൽ കൊള്ളാം. അങ്ങേഭാഗം മലയാളത്തിലുള്ളതെങ്കിലും പരിശോധിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര യന്നും അവിടത്തെ ഗതികേടുകൊണ്ടാണെന്നും അറിയുന്നതിനു ഞങ്ങൾക്കു ആഗ്രഹമുണ്ട്. കഴിഞ്ഞതവണ ഡയറക്ടർ ഓഫീസുകളിലേക്കു ഡിപ്പാർട്ടുമെൻറ് ജോലി പരിചയിച്ചുവരികയാണെന്ന് ഡയറക്ടർ പറയുകയുണ്ടായി. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന വിദ്യാഭ്യാസനയത്തിൻറെ ഫലം എന്താണെന്നുപറയുവാൻ അദ്ദേഹത്തിനു ഇതുവരെ സാധിക്കുന്നതായിട്ടുമില്ല. വിദ്യാഭ്യാസത്തിനു ഇപ്പോൾ കാണപ്പെടുന്ന ന്യൂനതകളെ പരിഹരിക്കുന്നതിന് ചെയ്തിട്ടുള്ളതെന്തെങ്കിലും ഉദ്യോഗമനോഭാവത്തിൽ നേരിടുന്ന വിഷമതകളെ കുറയ്ക്കുന്നതിനു അദ്ദേഹം ചെയ്യുവാനുദ്ദേശിക്കുന്നതെന്തെങ്കിലും അറിഞ്ഞാൽകൊള്ളാം.

വിദ്യാഭ്യാസഡയറക്ടരുടെ ഓഫീസു പുതിയായി ഏർപ്പെടുത്തിയപ്പോൾ അദ്ദേഹത്തിൻറെ പ്രധാന കൃത്യങ്ങളിൽ ഒന്ന് സാങ്കേതികവും തൊഴിൽസംബന്ധവുമായ പരിശീലനം അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതാണ് എന്നു ഗവർണ്മെൻറ് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. വ്യവസായഡിപ്പാർട്ടുമെൻറ് സ്ഥിതിയിലുള്ള തൻറെ ഉത്തരവാദിത്വം അവസാനിച്ചിരിക്കുന്നതായി കഴിഞ്ഞതവണ ഡയറക്ടർ പറയുകയുണ്ടായി. ഈ നിർദ്ദേശത്തോടു ഞാൻ യോജിക്കുന്നില്ല. മലയാളം പള്ളിക്കൂടങ്ങളിലുള്ള ആൺകുട്ടികൾക്കു തൊഴിൽസംബന്ധമായ പരിശീലനം നൽകുകതന്നെവേണം. വ്യവസായഡിപ്പാർട്ടുമെൻറിനു വളരെ കുറച്ചേ സഹായധനം കിട്ടുന്നുള്ളു. ആ ചെറിയസംഖ്യയും എക്സ്പെർട്ട്സ് എന്നുവിളിക്കപ്പെടുന്ന വലിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരെ പുലർത്തുവാൻമാത്രമായിട്ടാണ് ചെലവുചെയ്യപ്പെടുന്നത്. ഗവർണ്മെൻറ് എത്രയോ വിദ്യാഭ്യാസക്കമ്മിറ്റികളെ നിയമിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവ ഒന്നൊന്നുതന്നെ ഈ വിഷയത്തെപ്പറ്റി നല്ലപോലെ ആലോചിച്ചു പ്രാഥമികപരിശീലനപദ്ധതിയോടുകൂടിത്തന്നെ കാലഘട്ടത്തിനും സമ്പാദനത്തിനും സഹായിക്കുന്ന പ്രായോഗികമായ ഉപദേശങ്ങൾ നൽകുവാൻ ചെയ്യപ്പെട്ടതായി കണ്ടപ്പെടുന്നില്ല. ഫിനാൻഷ്യൽ സെക്രട്ടറിയുടെ സ്റ്റോറുമെൻറിനും ഗവണ്മെൻറ് ഇക്കാര്യത്തെപ്പറ്റി ആകപ്പാടെ ആലോചനാവിഷയമാക്കുവാൻ തയ്യാറാകുന്നതായും കാണുന്നുണ്ട്. ഇപ്രകാരമുള്ള സംഗതികളിൽ ശേഷിമാന്മാരായപ്രൊഫസർമാരും വിദ്യാഭ്യാസവിദഗ്ദ്ധന്മാരുംസാങ്കേതികവിദ്യാനിപുണന്മാരുംഅടങ്ങിയ ഒരു കമ്മിറ്റിയുടെ അഭിപ്രായംആരായുകയുമാണ്. യിയുക്കപ്പെട്ടിട്ടുണ്ടുള്ളകാര്യം വിദ്യാഭ്യാസസംബന്ധമായ വിഷിധശാഖകളിലും യിജ്ഞാനം സമ്പാദിച്ചിട്ടുള്ളവരായിരിക്കണം. ഡയറക്ടരുടെ സമ്പ്രദായംകൊണ്ട് രാജ്യത്തിനു വലുതായ ഗുണം ഉണ്ടാകുമെന്നു തോന്നുന്നില്ല. ഡയറക്ടർ ഇപ്പോഴുള്ള കുറെനാളിനകത്തുള്ളവർക്കായിമാത്രം സമയം വ്യർത്ഥമാക്കാതിരിക്കുന്നതിലേക്കായിട്ടാണ് ഇംസ്പ്പിക്ഷ്ട്രേറ്റ് ഇൻസ്പെക്ടരെ നിയമിച്ചിരിക്കുന്നതെന്ന് പലപ്പോഴും ഗവണ്മെൻറ് സൂചിപ്പിച്ചിട്ടുള്ളതു് ഈ അഭിപ്രായത്തെ സാധൂകരിക്കുന്നുണ്ട്. വിദ്യാലയപരിശോധനാർത്ഥം യാത്രചെയ്യുന്നതിനു ധാരാളം ഇൻസ്പെക്ടിംഗ് ഉദ്യോഗസ്ഥന്മാർ ഉള്ള സ്ഥിതിക്കു ഡയറക്ടർ തിരുവനന്തപുരത്തുതന്നെ കുറെനാൾ ഇരുന്ന് ഈ സ്കീമിനെപ്പറ്റി ഗാഢാലോചന ചെയ്യേണ്ടതാണ്. അപരിഹരണീയമായ ആവശ്യകത നേരിടുമ്പോൾമാത്രം ഡയറക്ടർ യാത്രചെയ്താൽ മതിയാകുന്നതായിരിക്കും. അതുകൊണ്ട് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള സംഖ്യ ആവശ്യത്തിലധികമാണെന്നാണ് എൻറെ അഭിപ്രായം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): സർ, ഈ ഉപക്ഷേപത്തിൽ മിസ്റ്റർ എം. എൻ. പിള്ള അനേകം കാര്യങ്ങൾ അടക്കിയിരിക്കുന്നു, അതിനെല്ലാം ഈ ചുരുങ്ങിയ സമയത്തിനകം സമാധാനം പറയുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. സഞ്ചാരപ്പടികൾ എന്ന ഇനത്തിൽനിന്നാണ് മോഷൻ കൊണ്ടുവരപ്പെട്ടിരിക്കുന്നതു്. അതിൽ അദ്ദേഹം നിർദ്ദേശിച്ച സംഗതികൾ എന്തെല്ലാമായിരുന്നു എന്നതിനെ ഞാൻ ഗ്രഹിച്ചിട്ടില്ല. അദ്ദേഹം അല്പമായി ഇതിനുമുമ്പു നടന്ന ചില കൌൺസിലുകളോ, റിപ്പോർട്ടുകളോ ഡയറക്ടർ ചെയ്തിട്ടുള്ള യാത്രയെപ്പറ്റി അതൃപ്തി പ്രദർശിപ്പിച്ചിട്ടുണ്ടെന്നു പ്രസ്താവിച്ചു കണ്ടതുകൊണ്ടു ആവശ്യപ്പെട്ടു. ക്രമനമ്പർ മുതൽ ക്രമനമ്പർ വരെ ഞാൻ യാത്രക്കായി ചെലവുചെയ്തിട്ടുള്ളതു് രൂ ദിവസമാണ്. ഞാൻ എത്രമലയാളപ്പള്ളിക്കൂടങ്ങളാണ് പരിശോധിച്ചിട്ടുണ്ടെന്നും മിസ്റ്റർ എം. എൻ. പിള്ള ചോദിക്കുകയുണ്ടായി. ഇപ്പോൾ അതുസംബന്ധിച്ചുള്ളകണക്കുകൾ എൻറെ കൈവശം ഇരിപ്പില്ല. എന്നാൽ ഞാൻ പരിശോധന നടത്തിയിട്ടുള്ള ദിവസങ്ങളിലെല്ലാംതന്നെയായി ഈ രൂ ദിവസങ്ങളിൽ ഒന്നോ, രണ്ടോ, മൂന്നോവീതം മലയാളം പള്ളിക്കൂടങ്ങളും പരിശോധിച്ചിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡയറക്ടർ ഏതേങ്കിലും ബാലികാവിദ്യാലയങ്ങൾ പരിശോധിച്ചിട്ടുണ്ടോ ?

മി. ജെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): ഉണ്ട്; അനേകം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മലയാളം ഗവൺമെന്റുകൾ പരിശോധിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. ജെ. സ്റ്റീഫ്ൻസൺ (വിദ്യാഭ്യാസഡയറക്ടർ): മലയാളം ഗവൺമെന്റുകളും ഇംഗ്ലീഷ് ഗവൺമെന്റുകളും പരിശോധിച്ചിട്ടുണ്ട്.

മി. എം. എൻ. പിള്ള പറഞ്ഞതു ഞാൻ ഗ്രഹിച്ചിട്ടുള്ളതു ശരിയാണെങ്കിൽ വ്യവസായവിദ്യാഭ്യാസം ഉദ്യോഗസംബന്ധമായ വിദ്യാഭ്യാസം എന്നിവപോകട്ടെ പൊതുവായി വിദ്യാഭ്യാസനയത്തെ സംബന്ധിച്ചു് പെട്ടെന്നു ചെയ്യേണ്ടതും പ്രാധാന്യമേറിയതുമായ കാര്യങ്ങളിൽമാത്രം ഞാൻ പ്രവർത്തിക്കേണ്ടതാണെന്നും വിദ്യാലയപരിശോധന ഓർഗനൈസ്ചെയ്തു ഏർപ്പെടുത്തിട്ടു മുൻപറഞ്ഞ പ്രധാനസംഗതികളെമാത്രം ഞാൻ നോക്കിക്കൊണ്ടാൽ മതിയെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം യാത്രക്കായി എത്രദിവസം വിനിയോഗിക്കണമെന്നും ആഫീസുജോലിക്കായി എത്രദിവസം വേണമെന്നും തീരുമാനിക്കുന്ന കാര്യം പ്രയാസമേറിയതാണ്. ഡയറക്ടർ യാത്രചെയ്തു് ഓരോ സ്ഥലങ്ങളിൽചെന്നു് അവിടെയുള്ള വിദ്യാലയങ്ങളെ ജോലിനടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭങ്ങളിൽ തന്നെ സന്ദർശിച്ചില്ലെങ്കിൽ വിദ്യാലയങ്ങളിൽ നടക്കുന്ന ജോലികളുടെ സ്ഥിതിയെപ്പറ്റി അപൂർണ്ണവും അബദ്ധവുമായ അറിവു ലഭിക്കാനിടയായേയ്ക്കാം. വിദ്യാലയങ്ങൾ വിദ്യാർത്ഥികൾക്ക് അഭ്യസനംചെയ്യുന്നതിനുള്ള സ്ഥലമാണെന്നും അവിടെ അദ്ധ്യാപകന്മാർ നിയമിതരായിട്ടുണ്ടെന്നും ഉള്ള കാര്യം മറന്നു് അസംഖ്യങ്ങളായ ഫാമുകളിൽ കാണംപൊലെയാണ് വിദ്യാലയങ്ങളുടെ സ്ഥിതിയെന്നു ഡയറക്ടർ വിചാരിച്ചേക്കുന്നും ഇടയായേയ്ക്കാം. പോളിസികൾ എത്രതന്നെ പെട്ടെന്നു ചെയ്യേണ്ടതും പ്രാധാന്യമേറിയതും ആകുണങ്കിലും ഡിപ്പാർട്ടുമെന്റിന്റെ നന്മയെ പുരസ്കരിച്ചു് യാത്രചെയ്യുന്ന കാര്യം തീരെ വേണ്ടെന്നുവെയ്ക്കുവാൻ ഡയറക്ടർക്കു സാധിക്കുമെന്നു തോന്നുന്നില്ല.

ഇപ്രകാരമുള്ള ഒരു ഉപക്ഷേപത്തിൽ മി: എം. എൻ. പിള്ള പുറപ്പെടുവിച്ച വ്യവസായസംബന്ധവും ഉദ്യോഗസംബന്ധവുമായ വിദ്യാഭ്യാസവിഷയങ്ങളും ഏറ്റവും വിപുലങ്ങളായതിനാൽ അവയെപ്പറ്റി എനിക്കു ഞാനുവളിച്ചുതന്നിട്ടുള്ള ഈ ചുരുങ്ങിയ സമയംകൊണ്ടു് യാതൊന്നും പറയുവാൻ സാധിക്കുന്നതല്ല. ഞാൻ വിചാരിക്കുന്നതെന്തെന്നു എനിക്കു പറയുവാൻ കഴിയുമെങ്കിലും ആ വിഷയത്തെ സംബന്ധിച്ചു് എന്റെ സ്വന്തഅഭിപ്രായം എന്താണെന്നു ഒരു പൂർണ്ണമായ ജ്ഞാനം നൽകുവാൻ എനിക്ക് സാധിക്കുന്നതല്ല. ഏതൊരു അഭിപ്രായത്തെ സംബന്ധിച്ചു് ഒരു അപൂർണ്ണമായ വിവരം നൽകുന്നതിൽഭേദം ഒന്നും പറയാതിരിക്കുന്നതാണ് നല്ലതെന്ന് ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു് എനിക്ക് ഇതിൽ കൂടുതലായി ഒന്നും പറയുവാൻ ഇല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി. എം. എൻ. പിള്ളയുടെ നിരീക്ഷണങ്ങളുടെ അവസാനഭാഗത്തിലേക്ക് ഞാൻ മിസ്റ്റർ സ്റ്റീഫ്ൻസന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. മി. എം. എൻ. പിള്ള പറഞ്ഞതിന്റെ ചുരുക്കം ഡയറക്ടർ യാത്രയൊന്നും ചെയ്യാതെ തിരുവനന്തപുരത്തുതന്നെ ഇരിക്കണമെന്നാകുന്നു. പരിശോധന സാധാരണയായി നടത്തുന്നതു് ഇൻസ്പെക്ടർമാരാണ്. ആ കാരണംകൊണ്ടാണ് ഡയറക്ടർക്ക് യാത്രചെയ്യേണ്ട ആവശ്യകത എങ്ങിനെ ഉണ്ടായി എന്ന് മിസ്റ്റർ എം. എൻ. പിള്ള ചോദിച്ചതു്, മിസ്റ്റർ എം. എൻ. പിള്ള പറഞ്ഞ ആ ഭാഗത്തിലേക്കുമാത്രം ഞാൻ മിസ്റ്റർ സ്റ്റീഫ്ൻസന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: ഡയറക്ടർ അതിനു മറുപടി പറഞ്ഞുകഴിഞ്ഞു എന്ന് ഞാൻ വിചാരിക്കുന്നു.

മി. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ ആ ഭാഗത്തിനു മറുപടി പറഞ്ഞുകഴിഞ്ഞു എന്നാണ് വിചാരിച്ചതു്. അതു് ഒരു പോളിസിയുടെ ഫലമോ അല്ലെങ്കിൽ ആഫീസിൽ ജീവനക്കാരുടെ കുറവുനിമിത്തമോ എന്നു പറയുവാൻ എനിക്കു സാധിക്കുന്നതല്ല. എന്നാൽ ഇപ്പോൾ ഡയറക്ടരുടെ യാത്ര ഞാൻ നോക്കിയിടത്തോളം കുറഞ്ഞുകുറഞ്ഞു, വരുന്നതായിട്ടാണ് കാണുന്നതു്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും—ഭേവികളും): ഡയറക്ടരുടെ പരിശോധനാരീതി ഇൻസ്പെക്ടരുടെ പരിശോധനാരീതിയിൽനിന്നും വ്യത്യസ്തമാണോ എന്നും അതു് അപരിഹാര്യമാണോ എന്നും അറിഞ്ഞാൽകൊള്ളാം.

മി. ജെ. സ്റ്റീഫ്ൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതെ—അതു് വ്യത്യസ്തമായിട്ടുള്ളതുതന്നെ. ഇംസ്പീക്ഷ്സ്കൂൾ ഇൻസ്പെക്ടർ സ്കൂൾപരിശോധിക്കുമ്പോൾ അദ്ദേഹത്തിനു കണക്കുകൾ മുഴുവൻ പരിശോധിച്ചു് അവ ശരിയായിരിക്കുന്നുവോ എന്നു നോക്കണം. സ്കൂളിലുള്ള അദ്ധ്യാപകന്മാരെ പരിശോധിച്ചു അവരുടെ അഭ്യസനരീതിയെപ്പറ്റി അഭിപ്രായമെഴുതണം എന്നാൽ എന്റെ പരിശോധനാരീതി ഇത്രമാത്രം സൂക്ഷ്മമായിട്ടല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും—ഭേവികളും): ഡയറക്ടർ നടത്തുന്ന പരിശോധനയുടെ രീതി എന്താണെന്നു അറിഞ്ഞാൽകൊള്ളാം. അദ്ദേഹം ഒരു പള്ളിക്കൂടത്തിൽചെന്നാൽ ചെയ്യുന്നതെന്തു്?

മി. ജെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ ചെയ്യുന്നതു് ഇപ്രകാരമാണ്. ഞാൻ പരിശോധിക്കുന്ന പള്ളിക്കൂടങ്ങളിൽ മിക്കതിനെയുംപറ്റി എന്റെ ആഫീസിൽ ഒരു രേഖയുണ്ടു്. ഒരുവർഷത്തിനിടയ്ക്കു് എനിക്കു് അനേകം പള്ളിക്കൂടങ്ങൾ പരിശോധിക്കേണ്ടതായിട്ടും ഉണ്ട്. കഴിഞ്ഞ ഏഴു മാസങ്ങളിൽ ഞാൻ പുതുതായിരുന്നതുകൊണ്ടും സ്ഥലവിവരങ്ങൾ അറിഞ്ഞുകൂടാതിരുന്നതുകൊണ്ടും എന്റെ ഉദ്യോഗക്കാർക്കെല്ലാം തടസ്സങ്ങളുണ്ടായിട്ടുള്ളതു്. ഒരു സ്കൂൾ സ്ഥിതിചെയ്യുന്നതു എവിടെ എന്നോ അവിടെ ആവശ്യമുള്ള സാമഗ്രികൾ കൊടുക്കപ്പെട്ടിരുന്നതു തൃപ്തികരമോ അതൃപ്തികരമോ എന്നോ ഞാൻ അറിഞ്ഞിട്ടില്ല. എനിക്കു ചില വിവരങ്ങൾ അറിയാമായിരുന്നു. എന്നാൽ അതു അത്രപൂർണ്ണമായിട്ടുള്ളതല്ലാ. ചിലസ്ഥാപനങ്ങളിലെ അദ്ധ്യാപകന്മാരുടേയും ഹെഡ്മാസ്റ്റന്മാരുടേയും സ്വഭാവങ്ങൾ മനസ്സിലാക്കുവാൻ വളരെ പ്രയാസമായി എനിക്കുതോന്നി. ചില സംഘങ്ങൾ പള്ളിക്കൂടങ്ങളിൽ ഉണ്ടാകുന്നുണ്ട്. അതിന്റെ യഥാസ്ഥിതി എന്താണെന്നു നിന്നെത്താരെന്നു അറിയുവാൻ എനിക്കു ആഗ്രഹമുണ്ട്.

മി. കെ. എ. ജോസഫ് (മീനച്ചിലും—ഭേഷികളും): ഈ സംഗതികളെല്ലാം ഡയറക്ടർ തന്നെ പോയിക്കാണാതെ യോക്കി വേണ്ടുപോലെ ചെയ്യുവാൻ ഇൻസ്പെക്ടർക്ക് വിട്ടുകൊടുക്കുന്നതിൽ ദോഷംവല്ലതുമുണ്ടോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): തന്നെത്താനേപോയിക്കണ്ടു ലഭിക്കുന്ന അറിവിനും മറ്റൊരാൾ പറഞ്ഞുകേട്ടു ലഭിക്കുന്ന അറിവിനും തമ്മിൽ വളരെ വ്യത്യാസം ഉണ്ട്. കഴിഞ്ഞ കൌൺസിലിൽ പുറപ്പെട്ടിട്ടില്ല ആക്ഷേപം രണ്ടും ഞാൻ ഇൻസ്പെക്ടരുടെ റിപ്പോർട്ടിനെ കൂടുതൽ ആധാരമാക്കി പ്രവർത്തിക്കുന്നു എന്നാണ്.

മി. കെ. എ. ജോസഫ് (മീനച്ചിലും—ഭേഷികളും): ഡയറക്ടരുടെ പരിശോധനാസ്ഥാപനങ്ങളുടെ ജോലിനടത്തിപ്പിനു ഫലപ്രദമായ ഭേദഗതി ചെയ്യുമോ?

മി. കെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): ചെയ്യുയും ചെയ്യാതിരിക്കയും ആവാം. ഞാൻ ഡയറക്ടരാഫീസ് ചാർജ്ജിൽ ഇരിക്കയുണ്ടെങ്കിൽ അവ പ്രയോജനത്തെ ചെയ്തേക്കാം. അറിവു കൂടുതൽ ലഭിക്കുംതോറും കൂടുതൽ നല്ലവണ്ണം എന്റെ ജോലിഭാരം ചെയ്യുവാൻ എനിക്കു സാധിക്കുന്നതാണ്. യന്ത്രംചെയ്തു പരിശോധന നടത്തുന്നതുകൊണ്ടുമാത്രം ലഭിക്കാവുന്നതായ ചില അറിവുകൂടി ഉണ്ട്.

മി. കെ. എ. ജോസഫ് (മീനച്ചിലും-ഭേഷികളും): മിസ്റ്റർ സ്റ്റീഫൻസൻ ഡയറക്ടരായിരിക്കുംപോൾ എന്നാണോ ഡയറക്ടരുടെ അഭിപ്രായം. "ഞാൻ ചാർജ്ജിലിരിക്കുകയാണെങ്കിൽ എന്നും ഇതുപോലെ ചെയ്യുമെന്നു പറഞ്ഞു."

പ്രസിഡണ്ട്: ആ പ്രത്യേകഉദ്യോഗസ്ഥൻ എന്നാണോ ഉദ്ദേശിക്കുന്നത്? അദ്ദേഹം ഉദ്ദേശിക്കുന്നത് ആ കാലത്തു ആഫീസു മറിച്ചുകൊണ്ടുപോകുന്ന ആൾ എന്നാണ്.

മി. കെ. എ. ജോസഫ് (മീനച്ചിലും-ഭേഷികളും): ഇതുപോലെ പരിശോധന ഇൻസ്പെക്ടറന്മാർക്കു വിട്ടുകൊടുക്കുന്നതുകൊണ്ട് തരക്കേട് വല്ലതുമുണ്ടോ എന്നായിരുന്നു ഞാൻ ചോദിച്ചത്. ഡയറക്ടർ പറയുന്നതു അദ്ദേഹം ചാർജ്ജിൽ ഇരിക്കുമെങ്കിൽ അദ്ദേഹത്തിനു നേരിട്ടു വിവരങ്ങൾ ഗ്രഹിക്കുമെന്നാണ്. വിദ്യാഭ്യാസം മതിയിട്ടില്ലാത്ത വിദ്യാർത്ഥികളേയും ഇതരന്മാരേയും സംബന്ധിച്ചിടത്തോളം ഉപയോഗത്തിൽ പ്രയോഗിക്കുമായ വ്യത്യാസം എന്തെങ്കിലും ഉണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു.

പ്രസിഡണ്ട്: മി. സ്റ്റീഫൻസൻ കൂടെക്കൂടെ നാട്ടിൽ മടങ്ങിവരുവാൻ ഉദ്ദേശിക്കുന്നതു ഡയറക്ടർ വിദ്യാഭ്യാസ ഡയറക്ടർ എന്ന നിലയിൽ എന്തെങ്കിലും ഒരു പൊരുത്തം ഉണ്ടായിരിക്കുണമെങ്കിൽ ഒരു പ്രത്യേക സ്കൂളിനേയോ സ്ഥാപനത്തേയോ സംബന്ധിച്ചു നേരിട്ടു അറിവ് ഉണ്ടായിരിക്കുണമെന്നും വിദ്യാലയങ്ങളിൽജോലിനോക്കുന്ന അദ്ധ്യാപകന്മാരെപ്പറ്റി അടുത്തപരിചയം വേണ്ടതാണെന്നുമാണ് കരുതുന്നതു. ഇപ്രകാരം സ്വയാർജ്ജിക്കുന്ന അറിവുകൊണ്ടു സ്ഥാപനങ്ങളുടെ നിയന്ത്രണം ചെയ്യുന്നതിലും ഡിപ്പാർട്ടുമെന്റു നോക്കുന്നതിലും ഡയറക്ടരെക്കൊണ്ടുള്ള പ്രയോജനം വർദ്ധിക്കുന്നതാണു. ഇൻസ്പെക്ടറന്മാരിൽനിന്നും ലഭിക്കുന്ന കടലാസു റിപ്പോർട്ടിൽ താൻതന്നെചെന്നു കണ്ണോടുകൂടിയുള്ള അറിവു അദ്ദേഹത്തിനു കിട്ടുന്നതല്ല. അദ്ദേഹം പ്രസ്താവിച്ചുപോലെ ഓരോ സ്കൂളും ഒരു കടലാസു കെട്ടായിട്ടു സങ്കല്പത്തിൽ അദ്ദേഹത്തിനു കാണാതെ സാധിക്കയുള്ളു. വിദ്യാഭ്യാസസംബന്ധമായ സംഗതികളിൽ തന്നെത്താനെ ചിന്തകണ്ടു ലഭിക്കുന്ന പരിചയംതന്നെയാണ് അധികം ഉപകരിക്കുന്നതു. ഇതാണ് മി. സ്റ്റീഫൻസൻ വ്യക്തമാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നതു. നിങ്ങൾ ഈ സമാധാനംകൊണ്ടു തൃപ്തിപ്പെടുന്നുണ്ടോ?

മി. കെ. എ. ജോസഫ് (മീനച്ചിലും-ഭേഷികളും): സർ, ഉണ്ട്.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): ചോദ്യങ്ങൾ ചോദിക്കുന്നതിനുമുമ്പുതന്നെ ഞാൻ പറഞ്ഞുതീർത്തുകളഞ്ഞു എന്നു വിചാരിക്കുന്നു. എനിക്കു ഒരു സംഗതികൂടി പറയാനുണ്ട്. അതു, ഒരാൾ ഒരു സ്കൂളിനേയോ കോളേജിനേയോപറ്റി അന്വേഷിക്കാൻ പോകുകയാണെങ്കിൽ അയാൾക്കു പ്രൈസിഡണ്ടു പറഞ്ഞതുപോലെ ഒരു കടലാസുകെട്ടിനു പകരം എന്തെങ്കിലും യഥാർത്ഥമായിട്ടു അവസംബന്ധിച്ചു അറിയാമായിരിക്കണം. വളരെ പരിശ്രമിക്കുടങ്ങും തീരുമാനമായിട്ടു ഉള്ളതുകൊണ്ടു തന്റെ ശ്രദ്ധയെ ബലമായി ആവശ്യപ്പെടുന്ന ഒരു പ്രത്യേക സംഗതി തന്നിക്കുവേണ്ടതാണ്. അതു യഥാർത്ഥമായ സ്കൂളും അദ്ധ്യാപകന്മാരും ആണെങ്കിൽ അത്യുത്തമം നല്ലതാണ്.

ഗ്രാന്റുസംബന്ധിച്ചു എനിക്കു പറയാനുള്ളതു ഡയറക്ടർക്കുവേണ്ടി ഉദ്ദേശിച്ചിട്ടുള്ള ക്സ്റ്റാ ൦ രൂപയിൽ ക ൦ ൦ ൦ രൂപാ അദ്ദേഹത്തിനും ര ൦ ൦ രൂപാ ഓവർസ്യക്കും ഫ ൦ ൦ രൂപാ യാത്രാസമയങ്ങളിൽ ഡയറക്ടരൊന്നിച്ചുപോകുന്ന ക്ലാർക്കുകൾക്കും ശിപായികൾക്കുമാകുന്നു. ഓവർസീയരുടെ ജോലിയെപ്പറ്റി, ആഫീസ് സിൽബന്ധികളെ കാവുചെയ്യുന്നതിനു കൊണ്ടുവന്ന മോഷനസംബന്ധിച്ചു പറഞ്ഞപ്പോൾ ഞാൻവിവരിച്ചിട്ടുണ്ടു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

പ്രസിഡണ്ട്: ഉപക്ഷേപം പിൻവലിക്കുന്നതു കൌൺസിലിനു സമ്മതമാണെന്നു വിചാരിക്കാമോ?

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

മോഷൻ ക്ര ൦.

മി. എ. കെ. പിള്ള. (കുന്നാറ്റുപുള്ളി): താഴെപ്പറയുന്ന മോഷൻ ഞാൻ ഹാജരാക്കുന്നു.

ക്ര ൦. ഡയറക്ഷൻവകയ്ക്ക് നീക്കിയച്ചിട്ടുള്ള ക ൭,൫൩൨ രൂപായിൽ നിന്നും ക രൂപാ കുറയ്ക്കുണം.

കഴിഞ്ഞ കൌൺസിലിൽ ഈ സഭയിലെ സാമാജികന്മാർ കേട്ടുകൊണ്ടിരുന്ന വാഗ്പ്രതിവാദത്തിൽനിന്നും ഒരു കാര്യം എല്ലാവരിലും ഉപരിയായി വ്യക്തമായിട്ടുണ്ടെന്നുതോന്നുന്നു. അതായതു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ കേന്ദ്രീകരണം പുറവും അധികമായിട്ടുണ്ടെന്നാണ്. ഈ കേന്ദ്രീകരണം അതിനെ പരിധിക്കുള്ളിൽ കൂടുതൽ കൂടുതലായി അദ്ധ്യാപകന്മാരേയും ആഫീസ് സിൽബന്ധികളേയും ആവശ്യപ്പെടുന്നു. ഞാൻ ആവശ്യപ്പെടുന്നതു ഈ കേന്ദ്രീകരണത്തിനു പകരം അതിനു വിപരീതമായസ്ഥിതി എത്രത്തോളം വരുത്താമെന്നു

അതുപോലും വരുത്തണമെന്നാകുന്നു കാര്യങ്ങളുടെ സ്ഥിതികഠം അറിഞ്ഞു ഗവണ്മെൻറുതന്നെ എല്ലാ ഡിപ്പാർട്ടുമെൻറുകഠംക്കുംവേണ്ടി ഒരു ഡെവല്യൂഷൻ ആഫീസറെ നിയമിച്ചിട്ടുണ്ട്. ഈ നിയമനംകൊണ്ടുള്ള ആവശ്യകത കൂടുതലായിരിക്കുന്നതു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലാണ്. പൊതുവെ ചെയ്യേണ്ടതായിട്ടുള്ള അനേകം കാര്യങ്ങഠം ഈ ഡിപ്പാർട്ടുമെൻറിൽ ഉണ്ടു. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലേയ്ക്കു ഒരു ഡയറക്ടരുടെ ആവശ്യകതയില്ലെന്നാണ് എൻെറ താഴ്മയായ അഭിപ്രായം. നമുക്ക് മി. സ്റ്റീഫെൻസനെക്കാളും മനസ്സാക്ഷിക്കുനസരിച്ചും സത്യമായും ഉത്തരവാദിത്വബോധത്തോടും സഹനശക്തിയോടും ബുദ്ധിമുട്ടുന്ന ഒരു ഉദ്യോഗസ്ഥനെ പേരേകിട്ടാൻ പ്രയാസമുണ്ടു. അപ്രകാരമുള്ള ഈ ഡയറക്ടരുകൊണ്ടുതന്നെയും കഴിശികളുടെതെ വേലതീർക്കുവാൻ സാധിയ്ക്കുന്നില്ല. ഈ കഴിശികകഠളപ്പററി ബുദ്ധിപൂർവമായി പരിശോധിയ്ക്കുന്നതായാൽ അവയിൽ അധികഭാഗവും ഡയറക്ടർ നോക്കിചെയ്യേണ്ടതായിട്ടുള്ളതല്ല എന്നു കാണാവുന്നതാണ്. ഡയറക്ടർ ഉദ്യോഗസ്ഥിതിയ്ക്കു എല്ലാ തരത്തിലുള്ള ജോലിയാണെങ്കിലും അവയെപ്പററിയെല്ലാം അദ്ദേഹത്തോടു ആലോചിക്കേണ്ടതായ്ത്തന്നെയിരിയ്ക്കുന്നു. ഇപ്പോഠം മലയാളം പള്ളിക്കൂടങ്ങഠംക്കാകമാനം ഭാരവാഹിത്വം വഹിക്കുന്ന ചീഫ് ഇൻസ്പെക്ടർ കഴിഞ്ഞ രണ്ടുമൂന്നുമാസക്കാലം ഡയറക്ടരാഫീസിൽ ജോലിനോക്കിയിരുന്നു എന്ന് എനിക്കറിയാം. ചാജ് സ്വീകരിക്കുകൊള്ളുന്നതിനുള്ള ഉത്തരവു ഇനിയും അദ്ദേഹത്തിനു കിട്ടീട്ടില്ല. ഞാൻ അറിഞ്ഞിട്ടുള്ളതു ശരിയാണെങ്കിൽ ഡിപ്പാർട്ടുമെൻറുകഠം തന്നിലുള്ള വിജ്ഞപ്തി അനുസരിച്ചു അദ്ദേഹം വേലചെയ്യുന്നു എന്നല്ലാതെ അദ്ദേഹത്തിനു ഇതുവരെ ഉത്തരവുകഠം ഒന്നും അയച്ചിട്ടുള്ളതായി തോന്നുന്നില്ല. ഇതിനുകാരണം എല്ലാ സംഗതികളും അവസാനഘട്ടത്തുപ്രാപിക്കുന്നതിനു ദീർഘമായകാലങ്ങളിൽക്കൂടി പോകേണ്ടിയിരിക്കുന്നതാണ്. ഡയറക്ടർ സ്ഥാനം നിരത്തലാക്കുന്നതായാൽ ഇതു പരിഹരിക്കാവുന്നതാണ്. ഡയറക്ടരുടെ സ്ഥാനം സൃഷ്ടിച്ചതിനുശേഷം കാളേജു പ്രിൻസിപ്പാമന്മാരെ ഡയറക്ടരായി ഉദ്യോഗക്കയറ്റം ചെയ്യുവരുന്നതായിട്ടാണ് നാം കാണുന്നതു. ഇതുമിതം അവർക്ക രാജ്യസ്ഥിതിക്കു ആവശ്യമായ എല്ലാക്കാര്യങ്ങളിലും തൽസംബന്ധമായ പരിചയം സ്വയം സമ്പാദിക്കുന്നതിനു രണ്ടുമൂന്നുവർഷത്തിൽ കുറയാത്തകാലം വേണ്ടിവരുന്നുണ്ടു്. ഈ അനുമാനത്തെ ഫ്രാൻസിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെപ്പററിയുള്ള പുനരാലോചനയിൽ ഗവർണ്മെൻറു സാക്ഷീകരിച്ചിട്ടുണ്ട്. അവർ പറയുന്നതു ഇപ്രകാരമാണു.

"ആഫീസ് സംബന്ധമായ അസംഖ്യങ്ങളായ ജോലികളിൽ പരിചയം സിദ്ധിക്കേണ്ടിയിരുന്നതിനാൽ ഫ്രാൻസ് കംമ്പ നു-നെ മുതൽ ഡിപ്പാർട്ടുമെൻറു ചാർജ് വഹിച്ചുതുടങ്ങിയ മി. സ്റ്റീഫെൻസനു പരിശോധനാർത്ഥം യാത്രയൊന്നും ചെയ്യുവാൻസാധിച്ചില്ല. ഫ്രാ ം ം—ാമാണ്ടിൽ ഈ ജോലി ഡയറക്ടർ തുല്യികരമാക്കുവേണ്ടുന്നം ചെയ്യുന്നതാണെന്നു ഗവണ്മെൻറു വിശ്വസിക്കുന്നു".

ഈ അനുമാനത്തിൽനിന്നും രണ്ടു സംഗതികളാണ് സുവ്യക്തമായി ലഭിക്കുന്നതു. ഒന്നു്, ഡയറക്ടർ പരിശോധനാർത്ഥം സഞ്ചരിക്കാതിരുന്നാലും കാര്യങ്ങഠം മുറയ്ക്കു ശരിയായി നടന്നുപോകുന്നതാണ് എന്നാകുന്നു. പ്രകൃതിശാസ്ത്രം, രസതന്ത്രം, ഇംഗ്ലീഷ് അല്ലെങ്കിൽ ചരിത്രം ഇവസംബന്ധമായി പ്രൊഫസരുടെ വേലമാത്രം ചെയ്തുകൊണ്ടു ഒരു പ്രത്യേകവിഷയത്തേതായാ രണ്ടല്ലെങ്കിൽ എത്രതങ്കിലും സങ്കലനവിഷയത്തേതായാ മാത്രം പരിചയിച്ചുകൊണ്ടിരിക്കുന്ന ഒരാളെ ഡയറക്ടരായി നിയമിക്കുന്ന പതിവുനിമിത്തം അദ്ദേഹത്തിനു ഡിപ്പാർട്ടുമെൻറിലെ മറേറതരവിഷയങ്ങളെപ്പററിയുള്ള പരിചയം ഉണ്ടായിരിക്കുന്നില്ല. എന്നുള്ളതാണു രണ്ടാമത്തേതു്. ഡിപ്പാർട്ടുമെൻറിലെ പ്രധാന ഉദ്യോഗസ്ഥനായി ഇപ്രകാരം നേരിട്ടു നിയമിക്കപ്പെട്ടുമ്പോഠം അപരിചിതനായ ഒരു അന്യൻെറ നിലമാത്രമേ അദ്ദേഹത്തിൽ കാണപ്പെടുന്നുള്ളു. അദ്ദേഹത്തിനു ഡിപ്പാർട്ടുമെൻറു സംബന്ധമായ അസംഖ്യങ്ങളും വിവിധങ്ങളുമായ വിഷയങ്ങളിൽ വിജ്ഞാനം സമ്പാദിക്കുവാൻ രണ്ടു സംവത്സരക്കാലംവേണ്ടിവരുന്നു. ഈ കാലം മുഴുവനും രാജ്യത്തിനും ഗവർണ്മെൻറിനും നിശ്ശേഷം നഷ്ടമാകുകയാണ് ചെയ്യുന്നതു. അതു മാത്രവുമല്ല നിയമിതനായ ആറം ഒരു അന്യൻെറ നിഴയിൽ പരിഹാസ്യമായ സ്ഥാനത്തിൽ കാണപ്പെടുകയും ചെയ്യുന്നു. ര ം ം രൂപാ മുതൽ ഉ ം ം രൂപാവരെയുള്ള ശമ്പളത്തിൽ ഗവർണ്മെൻറിനോടുചേർന്നതന്നെ ഒരു വിദ്യാഭ്യാസസെക്രട്ടറിയെ നിയമിക്കുന്നതായാൽ ഈ പരിഹരിക്കപ്പെടാവുന്നതാണ്. എഴുത്തുകുത്തുകഠംസംബന്ധിച്ചു സകലജോലികളും അദ്ദേഹം നോക്കിക്കൊള്ളും. അദ്ദേഹം ഗവർണ്മെൻറിനും ഇൻസ്പെക്ടറന്മാർക്കും മദ്ധ്യേ ഇരുന്നുകൊണ്ടു വേലചെയ്യുന്നതാണ്. ഇപ്പോഠം നമുക്ക ഉത്തരവാദിത്വബോധമുള്ള ആളുകഠം ഇൻസ്പെക്ടറന്മാരായിട്ടുണ്ടു. മലയാളം പള്ളിക്കൂടങ്ങഠംക്ക ഒരു ഇൻസ്പെക്ടരും, ഇംഗ്ലീഷ് സ്കൂളുകഠംക്ക വേറൊരാളും ഇൻസ്പെക്ടരും, പെൺപള്ളിക്കൂടങ്ങഠംക്ക ഒരു ഇൻസ്പെക്ട്രസ്സും ഉണ്ടു. ഇപ്രകാരം കൂടുതൽ ഉത്തരവാദിത്വബോധമുള്ളവരും, വലിയശമ്പളംവാങ്ങുന്നവരുമായ ഉദ്യോഗസ്ഥന്മാർ ഉത്തരവാദിത്വമുള്ള ജോലി നിർവഹിക്കുന്നതിനുള്ളപ്പോഠം ഒരു ഡയറക്ടരുടെ ആവശ്യകതയുണ്ടെന്നു് എനിക്കുതോന്നുന്നില്ല. വാസ്തവം പറയുകയാണെങ്കിൽ അനുഭവത്തിൽനിന്നുതന്നെ ഡയറക്ടരുടെ ആവശ്യകതയില്ലെന്നു് നാം അറിഞ്ഞിട്ടുണ്ടു്. ഡയറക്ടർ ചുററിസഞ്ചരിച്ചു പള്ളിക്കൂടങ്ങളുടെ സ്ഥിതിഗതികളെ പരിശോധിച്ചു അറിയാതെതന്നെ ഡിപ്പാർട്ടുമെൻറു ജോലികഠം മുറയ്ക്കു തരക്കേടുകൂടാതെ നടക്കുന്നുണ്ടു്. അതുകൊണ്ടു് എൻെറ അഭിപ്രായം നിവൃത്തിയുള്ളിടത്തോളം കഴിയുന്നതുംവേഗത്തിൽ ഡയറക്ടർസ്ഥാനം നിരത്തൽചെയ്യേണ്ടതാണെന്നാകുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): സർ, മി. എ. കെ. പിള്ളയുടെ പ്രമേയത്തെ ഞാൻ ഹാർദ്ദമായി അനുമോദിയ്ക്കുന്നു. ഇപ്പോഴത്തെ രീതിയനുസരിച്ചു് വളരെ ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥൻ കേവലം നിസ്സാരമായ ജോലികഠംചെയ്യുവാൻ സമയംകളയുന്നതായി മി. സ്റ്റീഫെൻസൻതന്നെ സമ്മതിക്കയുണ്ടായല്ലോ. എഡ്യൂക്കേഷൻ ഡയറക്ടർ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു പ്രധാനമായ വിഷയങ്ങളിൽ ശ്രദ്ധ പതിക്കാതിരുന്നതുനിമിത്തം ഡിപ്പാർട്ടുമെൻറിൽ പലവിധമായ ന്യൂനതകഠം ഉണ്ടായിട്ടുള്ളതായും ധാരാളംപേരുടെ അനുഭവത്തിൽവന്നിട്ടുണ്ടു. ആയുസ്സുമുഴുവൻ ചരിത്രവിഷയത്തിൽ മനസ്സുവച്ചു് ചരിത്രം പഠിക്കയും പഠിപ്പിക്കയും ചെയ്തുകൊണ്ടിരുന്ന ഒരു പ്രൊഫസരെ ഇംഗ്ലീഷ്സാഹിത്യം പഠിപ്പിക്കാൻ നിയോഗിച്ചിട്ടുള്ളതായും ട്രെയിനിംഗ് കാളേജിൽനിന്നും വരാന്തയിൽപോലും കയറീട്ടില്ലാത്ത ഒരാളെ ട്രെയിനിംഗ് കാളേജിൻെറ ഭരണനിർവഹണത്തിനു ചുമതലപ്പെടുത്തിയിരിക്കുന്നതായും ഇങ്ങനെ പലവിധത്തിൽ ഡിപ്പാർട്ടുമെൻറു ഭരണത്തിൽ പലേ ന്യൂനതകഠം കടന്നുകൂടീട്ടുള്ളതായും എല്ലാവർക്കും അറിയാവുന്നതാണ്. ഇംഗ്ലീഷ്വിദ്യാഭ്യാസത്തെ സംബന്ധിച്ചും മലയാളവിദ്യാഭ്യാസത്തെ സംബന്ധിച്ചും ആവശ്യമുള്ള ജോലികളും ഇൻസ്പെക്ഷനും വേണ്ടപോലെ നടത്തുന്നതിനു് ധാരാളം യോഗ്യതയുള

ാമ്പളവുമുള്ള രണ്ടു ഉദ്യോഗസ്ഥന്മാരെ നിയമിക്കയും അവർ ആ ജോലി ഡയറക്ടരുടേയും ഗവർണ്മെന്റിന്റെയും അഭിപ്രായപ്രകാരം തൃപ്തികരമായി നടത്തിവരികയും ചെയ്യുന്നുണ്ട്.

ആ സ്ഥിതിക്ക ആ ഉദ്യോഗസ്ഥന്മാരുടെ ജോലികൂടി എല്ലാംകൂടി ഏൽപ്പിച്ചു ഗവണ്മെന്റിനെ ഞെരുക്കുന്നതെന്തിനാണ് മി. എ. കെ. പിള്ള അഭിപ്രായപ്പെട്ടതുപോലെ സെക്രട്ടറിയേറ്റിൽ ഉള്ള ഒരു ഉദ്യോഗസ്ഥന് ഡയറക്ടർ ജോലിയുമായി നടത്താവുന്നതാണ്. അധികം ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥൻ ഡയറക്ടർസ്ഥാനത്തു ഇരിക്കണമെന്നുള്ളതിനു സാധാരണയായി പറഞ്ഞുവരുന്ന ന്യായം കാളേജുകളും ഡയറക്ടരുടെ കീഴിൽ ഇരിക്കുമ്പോൾ കാളേജുപ്രിൻസിപ്പാളിന്റെ സ്റ്റാറ്റസ്സിൽ ഉള്ള ഒരു ഉദ്യോഗസ്ഥൻ ആ സ്ഥാനത്തിരിക്കേണ്ടതു അത്യാവശ്യമാണെന്നാണ്. ഇപ്പോൾ പ്രായേണ കാളേജുകളെ സംബന്ധിച്ചുള്ള ഇൻസ്പെക്ഷൻജോലി ഡയറക്ടർതന്നെയല്ല നടത്തിവരുന്നതു്. അതു് യൂണിവേർസിറ്റിക്കാർ വളരെ ശ്രദ്ധയോടുകൂടി നടത്തിവരുന്നുണ്ട്. അതിനാൽ ആ കാരണത്താൽ വലിയ ശമ്പളമുള്ള ഒരാളെ ഡയറക്ടരായി വെയ്ക്കേണ്ട ആവശ്യം ഇല്ല.

മി. എൻ. വി. ജോസഫ് (പറവൂർ): ഡെവലപ്മെന്റ് ആഫീസറെ ഏൽപ്പിച്ചിട്ടുള്ള കൃത്യങ്ങളിൽ ഈ വിഷയവും അടങ്ങിട്ടുണ്ടോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. സി. പി തരകൻ (കുന്നത്തുനാട്): എനിക്കു അറിഞ്ഞുകൂടാ (ചിരി) ഈ കാരണങ്ങളാൽ മി. എ. കെ. പിള്ളയുടെ അഭിപ്രായം അനുസരിച്ചു വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ മേലന്വേഷണം ഇപ്പോഴത്തേതിൽ കൂടുതലായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വരത്തക്കവണ്ണം സെക്രട്ടേറിയറ്റിൽ ഒരാഫീസറായ ഒരു ഉദ്യോഗസ്ഥനെ വെച്ചു് നടത്തുന്നപക്ഷം ഡിപ്പാർട്ടുമെന്റിന്റെ ഭരണം നന്നായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മിസ്റ്റർ പിള്ളയുടെ അഭിപ്രായത്തോടു യോജിച്ചുകൊള്ളുന്നു.

മി. സി. പി. താമസ് (ഗവണ്മെന്റുദ്യോഗമനം): സെക്രട്ടറിയറ്റിലുള്ള ഒരു സെക്രട്ടറിയുടെ സ്റ്റാറ്റസ്സിനെപ്പറ്റി മെമ്പർക്ക് എന്തു അറിയാം?

മി. സി. പി. തരകൻ (കുന്നത്തുനാട്): അദ്ദേഹം ഒരു ഹെഡ്മാസ്റ്ററേക്കാൾ സ്വല്പം കൂടിയസ്റ്റാറ്റസ്സിലുള്ള ആളാണ്.

മി. സി. പി. താമസ് (ഗവണ്മെന്റുദ്യോഗം): അപ്പോൾ അദ്ദേഹം ഒരു ഇൻസ്പെക്ടരേക്കാൾ കൂടിയ ആളായിരിക്കണമെന്നില്ലല്ലൊ?

മി. സി. പി. തരകൻ (കുന്നത്തുനാട്): അതെ, ഇൻസ്പെക്ടരേക്കാളും സ്വല്പംകൂടിയ ആളുതന്നെ. എന്നുകൊണ്ടും അദ്ദേഹം ഒരു കാളേജുപ്രിൻസിപ്പാളിനെക്കാൾ കൂടിയ സ്റ്റാറ്റസ്സിലിരിക്കണമെന്നില്ല. ഇപ്പോൾ ഹജ്ജൂക്കച്ചേരിയിലുള്ള ഒരു സെക്രട്ടറിയുടെ സ്റ്റാറ്റസ്സ് ധാരാളം മതിയാകുന്നതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ഭേവിക്കുളവും): ഞാൻ മി. എ. കെ. പിള്ളയുടെ അഭിപ്രായത്തോടു യോജിക്കുന്നു. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ജോലിക്കു് ക്രമത്തിലധികം കേന്ദ്രീകരണം ഉണ്ടെന്നതുതന്നെയാണെന്റെ അഭിപ്രായപ്പെടുന്നതു്. മറ്റു ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചിടത്തോളം ഇപ്രകാരമുള്ള കേന്ദ്രീകരണം ഉണ്ടായിരിക്കണമെന്നു ആവശ്യമായിരിക്കാം. എന്നാൽ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഹൈസ്കൂളുകളിലെ അദ്ധ്യയനസംബന്ധമായ ജോലികൾ ചെയ്യുന്നകാര്യത്തിൽ നമ്മുടെ ഹെഡ്മാസ്റ്റന്മാരെ നമുക്കു പൂർണ്ണമായി വിശ്വസിക്കാവുന്നതാണ്. നമുക്കു ഒരു ചീഫ് ഇൻസ്പെക്ടരും അനേകം അസിസ്റ്റൻറ് ഇൻസ്പെക്ടർമാരും ഉള്ളസ്ഥിതിക്കു മേൽനോട്ടവും പരിശോധനയും നോക്കിക്കൊള്ളാം. അതിലേക്കു അവർ മതിയാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഡിപ്പാർട്ടുമെന്റു കാര്യങ്ങളുസംബന്ധിച്ചാണെങ്കിൽ അക്കാര്യങ്ങളെല്ലാം തൃപ്തികരമായി ചെയ്തുതീർക്കുന്നതിനു് എഡ്യൂക്കേഷണൽസെക്രട്ടറി, മി. എ. കെ. പിള്ള നിർദ്ദേശിച്ചിട്ടുള്ളതുപോലെ മതിയാകുന്നതാണ്. സെക്രട്ടറിയുടെ നിർദ്ദേശം അനുസരിച്ചു ഡിപ്പാർട്ടുമെന്റു സംബന്ധമായ കാര്യങ്ങളും അസിസ്റ്റൻറുസെക്രട്ടറിമാരും ഇൻസ്പെക്ടർമാരും കൂടി നോക്കിക്കൊള്ളും.

മി. കെ. കെ. തോമസ് (കോട്ടയം): ഡിപ്പാർട്ടുമെന്റിനെ നിയന്ത്രിക്കുന്നതിനും വേണ്ടനിർദ്ദേശങ്ങളും നൽകുന്നതിനും ഒരു വിദഗ്ധൻ വേണമെന്നു മെമ്പർ ആവശ്യപ്പെടുന്നു എങ്കിൽ അതു അറിഞ്ഞാൽകൊള്ളാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ഭേവിക്കുളവും): വേണമെന്നില്ല സെക്രട്ടറിക്കു് ഡിപ്പാർട്ടുമെന്റു നടത്തിപ്പിനെപ്പറ്റി മാത്രമേ നോക്കേണ്ടതായിട്ടുള്ളു.

മി. സി. പി. തരകൻ (കുന്നത്തുനാട്): പി. ഡബ്ലിയു. ഡി. സെക്രട്ടറി ഒരു എൻജിനീയരാണോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ഭേവിക്കുളവും): അദ്ദേഹം ഒരു എൻജിനീയരാണെന്നു എനിക്കു തോന്നുന്നില്ല. ഡിപ്പാർട്ടുമെന്റു സംബന്ധിച്ച പതിവുജോലികളെ അന്വേഷിക്കുന്നതിനു ഒരു എക്സ്പർട്ട് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഒരു സാധാരണ സെക്രട്ടറി മതിയാകുന്നതാണ്. ഹൈസ്കൂൾ നടത്തിപ്പു ഹെഡ്മാസ്റ്റരെ ധാരാളമായി ഏൽപ്പിക്കാവുന്നതാണ്. നമുക്കു വിശ്വസിക്കാവുന്ന വളരെ ശമ്പളമുള്ള ഹെഡ്മാസ്റ്റർമാർഉണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഹെഡ്മാസ്റ്റന്മാരെ പരിശോധിക്കുന്നതാരാണ്?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ഭേവിക്കുളവും): സാധാരണയായി ഹെഡ്മാസ്റ്റന്മാർ അവരുടെ ജോലി ശരിയായി ചെയ്യും. പരിശോധനാരീതിയിലുള്ള കൃത്യംനടത്തുന്നതിനു ഇൻസ്പെക്ടർ ധാരാളം മതിയാകും ഡയറക്ടർ ഒരുത്തരുംതന്നെ ആവശ്യമില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എഡ്യൂക്കേഷൻ പോളിസിയെപ്പറ്റി അന്വേഷിക്കുവാൻ ആരാണ്?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ഭേവിക്കുളവും): അതു് ഗവണ്മെന്റു നോക്കിക്കൊള്ളും.

മി. ടി കുമാരപിള്ള (കൽക്കുളവും വിളവംകോടും): എഡ്യൂക്കേഷണൽ പോളിസിയെ ഭേദപ്പെടുത്തുന്നതിനുള്ള ചുമതല ആർക്കാണ്? അതിലേക്കു ഒരു വിദഗ്ധൻ വേണ്ടയോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ഭേവിക്കുളവും): എഡ്യൂക്കേഷൻ പോളിസി ഭേദഗതിചെയ്യുന്നതിനെപ്പറ്റി എപ്പോഴെങ്കിലും ആലോചനയുണ്ടാകുമ്പോൾഗവണ്മെന്റിനു് വിദഗ്ധന്മാരുടെ അഭിപ്രായം അറിയാവുന്നതാണ്. എന്നാൽ വിദഗ്ധന്മാരുടെ അഭിപ്രായം സാധാരണയായി ഉണ്ടായിവരുന്നതല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): അങ്ങിനെയുള്ള വിദഗ്ധന്മാർ ഇവിടെ ആരാണ്ടുള്ളത്?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ആർട്ട്സ് കോളേജിലും സൈൻസുകോളേജിലും അതിലേക്കു ക്ഷണിയുള്ളവരായ പ്രൊഫ്സറന്മാരുണ്ട്. വിദഗ്ധാഭിപ്രായം എപ്പോഴെങ്കിലും ആവശ്യമായിവരുമ്പോൾ അവരോടു വേണ്ടയുപദേശത്തെ അപേക്ഷിക്കാവുന്നതാണ്. അപ്രകാരമുള്ള പ്രൊഫ്സറന്മാരും ആവശ്യമുണ്ടെങ്കിൽ എതാനും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു സബ്കമ്മറി ആ ആവശ്യത്തിലേക്കുവേണ്ടി നിയമിക്കപ്പെടാവുന്നതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): അതിലേക്കു ഡയറക്ടർ പോരേ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സ്ഥലത്തെസ്ഥിതികളെപ്പറ്റി യാതൊരറിവുമില്ലാത്ത ഡയറക്ടർക്കുമാത്രം നിശ്ചയമായിട്ടും പ്രതിവിധികളുള്ളതായിരിക്കുകയില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരി): സഹായധനംവാങ്ങുന്ന സ്കൂളുകളെ നിയന്ത്രിക്കുന്നതു ആരാകുന്നു?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഞാൻ മുൻപുപറഞ്ഞതുപോലെ ഡിപ്പാർട്ടുമെന്റു സംബന്ധിച്ചു കാര്യങ്ങളെല്ലാം എഡ്യൂക്കേഷണൽ ഓഫീസർ നോക്കിക്കൊള്ളും.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പരിസരവും): ഏതു സ്കൂളുകൾക്കു ഗ്രാന്റുകൊടുക്കണമെന്നും ഏതു സ്കൂളുകൾക്ക് അംഗീകാരം നൽകണമെന്നും നിശ്ചയിക്കുന്നതിന് അദ്ദേഹത്തിനു സാധിക്കുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ആ സംഗതിക്കു സെക്രട്ടറി ഇൻസ്പെക്ടരുമായി എഴുത്തുകുത്തുകൾ നടത്തി അവരെക്കൊണ്ടു റിപ്പോർട്ടുകൾ അയക്കുവാൻ ഏർപ്പാടുചെയ്യേണ്ടതുണ്ട്.

മി. എ. കെ. പിള്ള (കുന്നംഗപ്പള്ളി): ഇപ്പോൾതന്നെ ഇംഗ്ലീഷ്സ്കൂളുകൾക്കു ഒരു ഇൻസ്പെക്ടരും, മലയാളം സ്കൂളുകൾക്കു ഒരു ഇൻസ്പെക്ടരും പെൺപള്ളിക്കൂടങ്ങൾക്കു ഒരു ഇൻസ്പെക്ട്രസ്സും ഉള്ളല്ലോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഉവ്വ്, ഞാൻ പറയുന്നതു് ഇൻസ്പെക്ടറന്മാരെല്ലാം ഉള്ളസ്ഥിതിക്കു ഡയറക്ടരെ വേണ്ടെന്നു വയ്ക്കണമെന്നാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഇംഗ്ലീഷ്സ്കൂളുകൾക്കു് എത്ര ഇൻസ്പെക്ടറന്മാരുണ്ടെന്നു മെമ്പർ പറഞ്ഞാൽകൊള്ളാം.

മി. കെ ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എനിക്കു അറിവില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സഹായധനം പറ്റുന്നില്ലാത്ത കോളേജുകൾ ഉണ്ടെന്നുള്ളവിവരം മെമ്പർക്കു അറിയാമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഉണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവയെ സംബന്ധിച്ചു പരിശോധനകൾ നടത്തി അതിന്മേൽ റിപ്പോർട്ടുകൾ അയക്കുന്നതിനു സാധാരണ ഇൻസ്പെക്ടറന്മാർ മതിയാകുമെന്നാണോ മെമ്പർ വിചാരിക്കുന്നതു്?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മൂന്നോ നാലോ വർഷങ്ങൾക്കൊരിക്കൽ ഒരു കമ്മിഷനെ നിയമിക്കാവുന്നതാണ്. അവർ ഇപ്പോഴത്തെ യൂണിവേർസിറ്റികമ്മീഷനെപ്പോലെ ഓരോ സ്ഥലങ്ങളിൽ ചെന്നു് നോക്കി റിപ്പോർട്ടുകൾ അയക്കുന്നതാണ്.

മി. സി. പി. തരകൻ (കുന്നത്തൂനാട്ടു്): മദ്രാസ് യൂണിവേർസിറ്റിക്കാർ ഈ സംഗതിയെപ്പറ്റി നോക്കുന്നില്ലയോ?

മി. എൻ. വി. ജോസഫ് (പറവൂർ): ആ കമ്മിഷനിന്റെ അഭിപ്രായങ്ങൾ ഇപ്പോഴത്തെ വിദ്യാഭ്യാസനയത്തിനു് ഭേദപ്പെട്ടിട്ടുള്ളതാണോ എന്നു് അറിഞ്ഞാൽകൊള്ളാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതാണ് ഞാനും പറയുന്നതു്.

മി. എൻ. വി. ജോസഫ് (പറവൂർ): നിങ്ങളും ഒരു വിദഗ്ധനാണെന്നു് ഭാവിക്കുന്നുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇല്ല ആ വിചാരം എനിക്കില്ല.

മി. സി. പി. തരകൻ (കുന്നത്തൂനാട്ടു): ഇൻസ്പെക്ടറന്മാർ ഈ സംഗതിയിൽ വിദഗ്ധന്മാരാണോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അവർ വിദഗ്ധരായിരിക്കാം. ഇതിനുമേൽ ചോദ്യങ്ങളൊന്നും ഇല്ലെന്നു വിചാരിക്കുന്നു, എനിക്കു ഇനിയും പറയാനുള്ളതുകൂടെ പറഞ്ഞുകൊള്ളട്ടെ. വിദ്യാഭ്യാസവിഷയത്തിൽ കൂടുതൽ പണം ചെലവുചെയ്യുന്നതിനെന്നു ഗവർമെന്റു ഇപ്പോൾ മനസ്സിലാക്കീട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കൊച്ചിയിലും മറ്റു സ്ഥലങ്ങളിലും വിദ്യാഭ്യാസ ഡയറക്ടരുണ്ടെന്നുള്ള വിവരം മെമ്പർക്ക് അറിയാമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഉണ്ടായിരിക്കാം. ലോകത്തിൽ മറ്റനേകം സ്ഥലങ്ങളിലും വിദ്യാഭ്യാസഡയറക്ടർ ഉണ്ടായിരിക്കാം. ഞാൻ അഭിപ്രായപ്പെട്ടതു് തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഒരു ഡയറക്ടരുടെ ആവശ്യകതയില്ലെന്നാണ്.

മി. കെ. സി. മാമ്മൻമാപ്പിള (കോച്ചുവടവും വ്യവസായവും പോടക്ക): ഞങ്ങൾ ഒർക്കൽ ഡയറക്ടർവേണ്ടെന്നു പറയുവാൻ ശ്രമിച്ചുഎന്നും അതുനിമിത്തം പല ബുദ്ധിമുട്ടുകളും ഉണ്ടായതുകൊണ്ടു ജനങ്ങൾ ആ ഏർപ്പാടിനു വിപരീതമായിരുന്നുഎന്നും അതുകൊണ്ടു വീണ്ടും പഴയ ഏർപ്പാടുതന്നെഎന്നും ഉള്ള വിവരം മെമ്പർക്ക് അറിവുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എനിക്കറിവില്ല. വിദ്യാഭ്യാസവിഷയത്തിലേക്ക് ഗവർമെന്റു വളരെപണം ചെലവുചെയ്യുന്നുണ്ടു്, പൊതുവേ സെക്രട്ടറി ഏതുവിധത്തിലെങ്കിലും ആ ചെലവു കുറയ്ക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. അല്ലാതെകന്മഠങ്ങളുടെ ശബ്ദവും മറ്റും കുറയ്ക്കുവാൻ ഒരു പ്രകാരത്തിലും നിവൃത്തിയില്ലെന്നു നാം കാണുന്നുണ്ടു്. അതുകൊണ്ടു ചെലവു കുറയ്ക്കുന്നതിനുള്ള ഏകമാർഗ്ഗം ഉയർന്നസ്ഥാനത്തുള്ളതന്നെയാണ്. തരമെയുള്ളു. "ഡയറക്ഷൻ" എന്നതിനുതന്നെ അനവധിപണം ചെലവാകുന്നുണ്ട് ഡയറക്ടർസ്ഥാനം നിർത്തലാക്കുന്നതുകൊണ്ടു് ഒരു നീണ്ട ലൈൻ മിച്ചംവരുത്താവുന്നതാണ്. അതുകൊണ്ടു വിദ്യാഭ്യാസസംബന്ധമായും പണസംബന്ധമായും നോക്കുന്നപക്ഷം ഡയറക്ടർസ്ഥാനം നിർത്തലാക്കി അതിനുപകരം ഒരു എഡ്യൂക്കേഷണൽ സെക്രട്ടറിയെ നിയമിക്കുന്നതു നല്ലതാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): സർ, സഭയുടെമറ്റു ഭാഗത്തുള്ള മെമ്പർമാർ പുറപ്പെടുവിച്ച അഭിപ്രായങ്ങളെല്ലാം ഞാൻ സാധാരണയിൽ അധികമായ താല്പര്യത്തോടെ ശ്രദ്ധിച്ചുകേട്ടു. ഈ സന്ദർഭത്തിൽ ഞാൻ സംസാരിക്കുവാൻ മുനിയുന്നുഎങ്കിൽ അപ്രകാരം ചെന്നയുതിനുള്ള കാരണം എമ്മാൻ സ്വന്തം അനുഭവത്തിൽനിന്നുതന്നെ പഴയ ഫിർപ്പാടിനെ വിജയകരമായി ജനങ്ങൾ ഗണിച്ചിരുന്നുഎന്ന് എനിക്ക് പറയുവാൻ കഴിയുമെന്നുള്ളതാകുന്നു. ക ാൻ ഉ ാമാണ്ടുവരെ നടന്ന കാര്യങ്ങളെ മെമ്പർമാർ ഓർമ്മിച്ചുനോക്കുമെങ്കിൽ നിയന്ത്രണത്തിനു ഉത്തരവാദിത്വം വഹിച്ചിരുന്ന ഒരു സെക്രട്ടറിസ്ഥാനം ഉണ്ടായിരുന്നു എന്ന് അവക്ക് അറിവാൻകഴിയും.

മി. കെ കെ. തോമ്മസ് (കോട്ടയം): അദ്ദേഹം പറയുന്നതുകേൾക്കുവാൻ ഞങ്ങൾക്ക് വളരെ ആഗ്രഹമുണ്ട്. അദ്ദേഹംമുന്നോട്ടുകടന്നു സംസാരിക്കുമെങ്കിൽ ഞങ്ങൾവളരെ നന്ദിയുള്ളവരായിരിക്കുന്നതാണ്

മി. സി. പി. തരകൻ (കുന്നത്തുനാട്): ഞങ്ങൾക്കു കേൾക്കാൻ തിവ്രത്തിയില്ലാത്തവിധം അത്രദൂരത്തിലാണ് അദ്ദേഹം ഇരിക്കുന്നത്.

പ്രൊസിഡണ്ടു: മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ! മുന്നോട്ടുകടന്ന് അടുത്തുവരാം.

റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): കാരണം നിമിത്തമാണ് ശബ്ദം കേൾക്കാൻ തിവ്രത്തിയില്ലാതിരിക്കുന്നത്. കുറെകൂടെ അടുത്താൽ ഞാൻ പറയുന്നതു നല്ലപോലെകേൾക്കാം.

ഇപ്പോൾ ഫിർപ്പാടിലേക്കാണോ തിരിയെപോകാൻ ആഗ്രഹിക്കുന്നത് അപ്രകാരമെന്ന് ക്ലൗ ൭-ൽ നടപ്പിലിരുന്നിരുന്നുഎങ്കിൽ ഞാൻ മെമ്പർമാരെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. അപ്പോൾ ഗവർണ്മെന്റിനു ഉണ്ടായിരുന്നത് ഒരു വിദ്യാഭ്യാസസെക്രട്ടറിയാണ്. വിദ്യാഭ്യാസ ഡയറക്ടർ ഇല്ലായിരുന്നു, അന്നത്തെ ശമ്പളക്രമമനുസരിച്ചു കൂടുതൽ ശമ്പളം പറ്റിക്കൊണ്ടിരുന്ന ഉദ്യോഗസ്ഥനാരെന്ന് ഗണിക്കപ്പെട്ടിരുന്ന മൂന്നു ഇൻസ്പെക്ടർന്മാരും ഉണ്ടായിരുന്നു. ഈ നാലു ഉദ്യോഗസ്ഥന്മാരേയും തൽസ്ഥാനത്തേക്ക തിരഞ്ഞെടുക്കപ്പെട്ടിരുന്നതു കൂടുതൽ സൌകര്യത്തോടുകൂടിയും പലവിധത്തിലുള്ള പരിചയം കൊണ്ടാടിയും ആയിരുന്നു. ഇപ്രകാരമൊക്കെ ആയിരുന്നുവെങ്കിലും ഗവർണ്മെന്റിന വിദ്യാഭ്യാസസംബന്ധമായി ഉപദേശം നൽകത്തക്കവണ്ണം കൂടുതൽ ശമ്പളം വാങ്ങിക്കുന്ന ഉത്തരവാദിത്വമുള്ള ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തെപ്പറ്റി നിർബന്ധപൂർവ്വമായ പരാതി ഉണ്ടായിക്കൊണ്ടുതന്നെയിരുന്നിരുന്നു.

മി. പി കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്രകാരം ഒരു ആവശ്യം ജനങ്ങൾ ആഗ്രഹിച്ചുകൊണ്ടിരുന്നതായി തെളിഞ്ഞിരുന്ന വിധത്തിലും റിക്കാർഡുകൾ ഉണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): ഉണ്ടെന്നാണ് തോന്നുന്നത്. ഞാൻ താമിക്കുന്നതു അമ്പലപ്പുഴയിലുള്ളതായ രാജകീയകാളേജിൽ നടത്തുക പതിവുള്ള ഒരു വാർഷികാഘോഷാവസരത്തിൽ മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ ഫാജരുണ്ടായിരുന്ന ഒരവസരത്തിൽ അന്നു ഇവിടെ റസിഡണ്ടായിരുന്ന മിസ്റ്റർ 'കാർ' ഈ പരാതിയെപ്പറ്റി ബലമായി പ്രസ്താവിക്കുകയും അതിലേക്ക ഒരു പരിഹാരമാർഗ്ഗം ഉപദേശിക്കുകയുംഉണ്ടായി. അതനുസരിച്ചു താമസംവിനാ വിദ്യാഭ്യാസ ഡയറക്ടർ സ്ഥാനം സൃഷ്ടിക്കുന്നതിനു ഫിർപ്പാടുകൾചെയ്തു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അദ്ദേഹം ജനങ്ങളുടെ പരാതിയെപ്പറ്റിയാണോ പറഞ്ഞതു, അഥവാ അദ്ദേഹത്തിന്റെ അഭിപ്രായം പ്രസ്താവിക്കയാണോ ചെയ്തത്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): താൻ കേട്ടിട്ടുള്ള അനേകം പരാതികളെ സംബന്ധിച്ചു താൻ തന്നെ രൂപീകരിച്ചിട്ടുള്ള അഭിപ്രായത്തെ അദ്ദേഹം പ്രസ്താവിച്ചു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ പരാതികൾ പുറപ്പെടുവിച്ചവർ ആരെല്ലാമായിരുന്നു?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): അദ്ദേഹത്തോടു പരാതിബോധിപ്പിച്ചവർതന്നെ.

മി. സി. പി. തരകൻ (കുന്നത്തുനാട്): തിരുവിതാംകൂറിലെ ജനങ്ങൾ റസിഡണ്ടിനെ നേരിട്ടു പരാതി പറയുന്നതു അക്കാലത്തു സാധാരണമായിരുന്നോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): തിരുവിതാംകൂർ പരിഷ്കാരസംബന്ധിച്ചു തനിക്ക അറിഞ്ഞിട്ടുള്ളിടത്തോളം തിരുവിതാംകൂർ ജനങ്ങൾ റസിഡണ്ടിനോടു പരാതി ബോധിപ്പിക്കുന്നപതിവു് സാധാരണമായിരുന്നുഎന്നതന്നെയാണ് എനിക്കു തോന്നുന്നത്.

മി. സി. പി. തരകൻ (കുന്നത്തുനാട്): ആ കാലം എന്നു പറയുന്നതു മിസ്റ്റർ 'കാർ' റസിഡണ്ടായിരുന്ന കാലത്തെയുദ്ദേശിച്ചാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ബ്രിട്ടീഷ് റസിഡണ്ടിന്റെ അഭിപ്രായം ഏതായിരുന്നുഎന്ന് അദ്ദേഹംകൌൺസിലിൽ പ്രസ്താവിക്കുമോ?

പ്രൊസിഡണ്ടു: അതൊക്കെ ഇപ്പോഴത്തെ ആവശ്യത്തിനു അറിയേണ്ടതല്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): രാജകീയ കാളേജിലെ വിദ്യാർത്ഥികൾക്കും സിൽബന്ധികൾക്കുംവേണ്ടി നടത്തിയ പ്രസംഗത്തിനിടയ്ക്കു വിദ്യാഭ്യാസത്തലപ്പാവിലെ പ്രധാനവും വ്യാപകവുമായ ഒരു സംഗതിയുടെ ചുമതലയുള്ള ഒരു സെക്രട്ടറിയെപ്പോലെയുള്ള ഉദ്യോഗസ്ഥൻ മതിയാകുന്നതല്ലെന്നും, രാജ്യം മുഴുവനുംസഞ്ചരിച്ചു രാജ്യത്തിലെ വിദ്യാഭ്യാസത്തിൻറെനിലയെപ്പറ്റി നല്ലപോലെ തേരിട്ടഗ്രഹിച്ചു നമ്മുടെ വിദ്യാഭ്യാസസംബന്ധമായ എല്ലാ കാര്യങ്ങളിലും പ്രത്യേകപരിചയം സമ്പാദിച്ചു ഗവർണ്മെന്റിനു ഉചിതമായ സഹായവും ഉപദേശവും നൽകേണ്ടതാണെന്നുമുള്ള കാരണങ്ങളെ അടിസ്ഥാനമാക്കി വിദ്യാഭ്യാസഡയറക്ടരുടെ സ്ഥാനം പുതുതായി ഫിർപ്പാടുചെയ്തതെന്നതാണെന്നു മിസ്റ്റർ 'കാർ' അഭിപ്രായപ്പെട്ടു. സെക്രട്ടറിയറിയെ ഒരുദ്യോഗസ്ഥനു ഈ മാതിരിയിലുള്ള ഒരു ഉദ്യോഗസ്ഥനുചെയ്യാൻ കഴിയുന്നതുപോലെ വിദ്യാഭ്യാസസംബന്ധമായ വിവിധവിഷയങ്ങളെ പരസ്പരം യോജിപ്പിച്ചുകൊണ്ടു പോകുന്നതിനു സാധിക്കുന്നതല്ലെന്നു് അദ്ദേഹം ബലമായിവാദിച്ചു. മിസ്റ്റർ കാർ പ്രസ്താവിച്ചുമുഴുവനും അതുപോലെ ഉദ്ധരിക്കുവാൻ കഴിയുകയില്ലെങ്കി

ക്കും അദ്ദേഹം സൂചിപ്പിച്ചതൊന്നുമല്ലാതെന്നു പറയാൻ ഞാനിക്കാം. വിദ്യാഭ്യാസത്തെ ഓരോ പ്രത്യേകലക്ഷ്യങ്ങളോ
യിട്ടില്ല, നേരെമറിച്ചു് ആകമാനം ഒന്നായിട്ടുവേണം നാം നിശ്ചയിക്കേണ്ടതെന്നും, അതുകൊണ്ടുതന്നെയാണു് അതിലേക്കു
ഈ കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്നു് രാജ്യത്തെസംബന്ധിച്ചു നല്ല പരിജ്ഞാനം ഉണ്ടായിരിക്കണമെന്നും
പ്രാഥമികവും ഉയർന്നതരത്തിലുള്ളതുമായ വിദ്യാഭ്യാസത്തെപ്പറ്റി തൃപ്തികരമായ ജ്ഞാനം സമ്പാദിച്ചിരിക്കണമെ
ന്നും, ഇതു രാജ്യത്തിൽ കുറെനാളുകളിലും സ്ഥിരമായി താമസിച്ചിരിക്കണമെന്നും, വിദ്യാഭ്യാസത്തിന്റെ നിലയെപ
റ്റിപ്പറയുകയുണ്ടായതുപോലെ ശക്തനായിരിക്കണമെന്നും, വിദ്യാഭ്യാസസംബന്ധമായി ജനസമ്മതം സമ്പാദിച്ചിരി
ക്കണമെന്നും വിദ്യാഭ്യാസവിഷയങ്ങളിൽ ഒരു പുതിയജീവൻ ഉല്പാദിപ്പിക്കുന്നതിനു സാമർത്ഥ്യമുണ്ടായിരിക്കണ
മെന്നും അദ്ദേഹം ആവശ്യപ്പെട്ടതായി പ്രസ്താവിച്ചു. പരാതികളുടെ ഗുണദോഷങ്ങളെ വിമർശിച്ചു പരിഹാര
മാർഗ്ഗം ഉപദേശിക്കുവാൻതക്ക യോഗ്യനായിട്ടല്ല, ഞാൻ വിദ്യാഭ്യാസ സെക്രട്ടറിയായിരിക്കുമ്പോൾ ഇടയായ ഏ;
ഡ്യുക്കേഷണൽ സെക്രട്ടറിയറിന്റെ കഴിഞ്ഞകാലങ്ങളിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ അധികൃതനാണെ
ന്ന എക്സ്കുട്ടീവ് ഉദ്യോഗസ്ഥന്റെ അഭാവത്തെപ്പറ്റിയുള്ള പരാതികളും കൊണ്ടു് ഇവിടത്തെ വർത്തമാനപ്പത്ര
ങ്ങളും നിറഞ്ഞിരുന്നതായി എനിക്കു അറിയാം. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനോടു ചേർന്നിരിക്കുന്നതെ അതിനു
വെളിയിലിരിക്കുന്നതുകൊണ്ടു് ആ ഡിപ്പാർട്ടുമെന്റുമായി നാം ആഗ്രഹിക്കുന്നതുപോലെയുള്ള ഒരു ബന്ധം സൂക്ഷിക്കു
ന്നതിനു സെക്രട്ടറിയറിനു ഒരു ഉദ്യോഗസ്ഥനെകൊണ്ടു ജനങ്ങളും തൃപ്തിപ്പെട്ടിരുന്നില്ലെന്നുള്ളതായിരുന്നു അന്നു്
അതിലേക്കു അവർ പറഞ്ഞുവന്നിരുന്ന ന്യായങ്ങളും. സെക്രട്ടറിയറിലെ ഏറ്റവും വലിയ ഉദ്യോഗസ്ഥനെപ്പോ
ലും ഒരു മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥനായിട്ടേ ഗണിക്കുവാൻ പാടുള്ളൂ; അദ്ദേഹം ഒരു എക്സിക്യൂട്ടീവ് ഉദ്യോഗ
സ്ഥനല്ല; അദ്ദേഹത്തിന്റെ ഉപദേശങ്ങളും എല്ലാം തന്റെ ആഫീസുനോട്ടുകളിൽ രഹസ്യമായ രീതിയിൽമാത്ര
മാണു് കൊടുക്കപ്പെടുന്നതു്; വിദ്യാഭ്യാസത്തെപ്പോലെ ഏറ്റവും ഉത്തരവാദിത്വമുള്ള ഒരു സംഗതിയിൽ പ്രവർത്തി
ക്കുന്നതിനു് അദ്ദേഹം ശക്തനായിത്തീരുന്നതല്ല; എന്നംഗുലിപ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്.

ഇൻഡ്യാഗവണ്മെന്റിലും ഇതേമാതിരി ഒരു സംഗതി ആലോചനാവിഷയമായിത്തീർന്നിരുന്നു എന്നു
ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളട്ടെ. വിദ്യാഭ്യാസ ഡയറക്ടർ എന്ന ഒരു സ്ഥാനം വളരെക്കാല
മായിട്ടു് ഇൻഡ്യാഗവണ്മെന്റിനും ഇല്ലാതെയാണിരുന്നതു്. മൂർഡ് കർസൺറെകാലത്തു് വിദ്യാഭ്യാസത്തെ
പ്പോലെ പ്രധാനമായ ഒരു സംഗതിക്കു് ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ ആവശ്യകത ഉണ്ടെന്നു് അദ്ദേഹത്തിനു്
ബോധപ്പെട്ടു. അതുകൊണ്ടു 'കമ്മിഷണർ ആഫ് എഡ്യുക്കേഷൻ' എന്ന് അഭിധാനത്തിൽ ഒരു വിദ്യാഭ്യാസ
ഡയറക്ടരെ ഇൻഡ്യയിൽ അദ്ദേഹം നിയമിച്ചു. കുറെക്കൂടെ കഴിഞ്ഞപ്പോൾ ഒരു വിദ്യാഭ്യാസ മെംബരുടെ
നിയമനം വിദ്യാവിഷയമായിത്തീർന്നു. അതിന്റെ ഫലമായി വിദ്യാഭ്യാസവകുപ്പിന്റെ ഭാരംവഹിക്കുന്നതിനു ഒരു
ക്യാബിനറ്റുമെംബരെ ഇൻഡ്യാഗവണ്മെന്റു നിയമിച്ചു. ഈ സമയത്തിൽ ഇപ്പോൾ ആലോചനയിലിരിക്കുന്ന
തായ മറ്റു സംഗതികളിൽ പരീക്ഷിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമായി തൃപ്തികരമായിട്ടു കണ്ടെത്തപ്പെടാത്തതിനാൽ
ഉപേക്ഷിക്കപ്പെട്ടിട്ടുള്ളതാണെന്നു കാണിക്കുന്നതിനുമാത്രമാകുന്നു ഈ സന്ദർഭത്തിൽ ഞാൻ ഇതുയും പ്ര
സ്താവിച്ചതു്.

മി. സി. പി. തരകൻ (കുന്നത്തുനാടു്): ഇൻഡ്യാഗവണ്മെൻറിലെ വിദ്യാഭ്യാസമെംബർ വിദ്യാഭ്യാ
സവിഭാഗത്തിൻ ആണോ?

റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പൽ): വിദ്യാഭ്യാസവിഭാ
ഗത്തിൻ എന്നു പറയുന്നതിൽഗ്രഹിക്കുന്നതെന്തെന്നു എനിക്കു നേരുള്ളിലാകുന്നില്ല. വിദ്യാഭ്യാസ
വിഭാഗത്തിൻ എന്നതുകൊണ്ടു ഒരു വാക്യാർത്ഥമാത്രമാണു് അദ്ദേഹം അർത്ഥമാക്കുന്നതെങ്കിലും അവർ അപ്ര
കാരം അല്ലാ എന്നു ഞാൻ തീർച്ചയായി പറയാം.

മി. സി. പി. തരകൻ (കുന്നത്തുനാടു്): സർ, സി. ശങ്കരൻനായർ വിദ്യാഭ്യാസമെംബറായിരുന്നതായി
അറിയാമോ?

റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പൽ): സിംലായിൽ വി
ദ്യാഭ്യാസമെംബറന്മാരായിരുന്നിട്ടുള്ളവരുടെ പേരുകൾ എനിക്കു നല്ലതുപോലെ അറിയാം. 'ഞാൻ പറഞ്ഞതു
എഡ്യുക്കേഷൻ പ്രകാരം' എന്നതിനു മെംബർ അർത്ഥമാക്കിയിരിക്കുന്നതു് എന്താണെന്നു എനിക്കു അറിയാൻ
കഴിയുന്നില്ല എന്നുകൂടെ. ഇൻഡ്യാഗവണ്മെൻറിൽ വിദ്യാഭ്യാസമെംബറന്മാരായിരുന്നവർ വിദ്യാഭ്യാസസംബ
ന്ധമായ പരിഷ്കാരങ്ങൾ വരുത്തിട്ടുള്ളവരിൽ പ്രത്യേകത സമ്പാദിച്ചിട്ടുള്ളവരും അല്ലാപക്ഷത്തിനു അനുകൂല
ജനകവും സ്വീകാര്യവും ആകുംവണ്ണം വിദ്യാഭ്യാസനയം നടപ്പിലാക്കുന്നതിനു് തുണിയുള്ളവരുമായിരുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു്): ഈ വിധം ഒരു വിദ്യാഭ്യാസകമ്മിഷണർക്കുതന്നെയുടെ സംസ്ഥാ
നത്തിനും ആളില്ലേ?

റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കോളേജ്പ്രിൻസിപ്പൽ): അങ്ങുകളുടെ
യോഗ്യതകളെപ്പറ്റി പരിഗണനചെയ്യുവാൻ ഞാൻ തയ്യാറില്ല. ഈ സഭയിലെ മറ്റുവശത്തിരിക്കുന്നവർക്കു
ഒരുപക്ഷെ അതിനെപ്പറ്റി ഒരു അഭിപ്രായം പറയുവാൻ സാധിക്കുമായിരിക്കാം. ഈ സംഗതിയെപ്പറ്റി
വോട്ടിനിടുമ്പോൾ മിസ്റ്റർ തരകൻ ചോദിച്ചിട്ടുള്ള ചോദ്യങ്ങൾക്കെല്ലാം തന്നെത്താനെ ഒരു മറുപടി ആലോചിച്ചു
നിശ്ചയിക്കുന്നതിനു അവർക്കു സാധിക്കുന്നതാകണമെന്നു എനിക്കു തോന്നുന്നതുകൊണ്ടു അവർ അതനുസരിച്ചു വോട്ട
ചെയ്യുമെന്നു വിചാരിക്കുന്നു. എങ്ങിനെയായാലും എഡ്യുക്കേഷൻ സെക്രട്ടറിയായിട്ടു ഇരുന്നിട്ടുള്ള എന്റെ പൂ
ർവ്വഗാമികളുടെ യോഗ്യതകളെപ്പറ്റി പരിഗണനംചെയ്തു് ഒരു അഭിപ്രായം പുറപ്പെടുവിക്കുവാൻ ഞാൻ പ്രലോ
ഭിതനായിത്തീരുന്നതു് നന്നല്ല. സർ, ഞാൻ ഇപ്പോൾ നിർബന്ധപൂർവ്വം പ്രതിപാദിക്കുന്നതു് വിദ്യാഭ്യാസവി
ഷയം സാങ്കേതികവും ശാസ്ത്രീയമായി പ്രാധാന്യമുള്ളതും ആണെന്നും അതിനെ നിയന്ത്രിക്കുന്നതിനു യോഗ്യതയും
പരിചയവും തുല്യപോലെ സിദ്ധിച്ചിട്ടുള്ള ഒരാൾ ആവശ്യമാണെന്നും ലോകരെല്ലാം സ്വീകരിച്ചിട്ടുള്ള തത്വത്തെ
മാത്രമാകുന്നു. വിദ്യാഭ്യാസമന്ത്രിയായി ഒരുത്തരുംതന്നെ വളരെക്കാലമായി ഇല്ലാതിരുന്ന ഇംഗ്ലണ്ടിൽപ്പോലും
കഴിഞ്ഞ മഹായുദ്ധം നടന്നകാലങ്ങളിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ സമ്മതിക്കുകയും അതിന്റെ നി
യന്ത്രണത്തിനുവേണ്ടി ക്യാബിനറ്റിന്റെ സ്ഥാനത്തിനു ഒരു ആഫീസ് പുതുതായി ഏർപ്പെടുത്തുകയുംചെ
യ്തു. അതിനുപുറമെ മഹായുദ്ധത്തിന്റെ എഡ്യുക്കേഷൻബോർഡിലേക്കു് ഒരു മെമ്പർ ഉണ്ടായിരുന്നു. സർ, ഇം

ള്ളത് കെക്കെയിച്ചി (Kekewich)നെപ്പോലെയുള്ള ചില സെക്രട്ടറിമാർ ജനങ്ങളുടെ ഇടയിൽ വളരെ പ്രാബല്യമുള്ളവരായിരുന്നു. എന്നാൽ എഡ്യൂക്കേഷൻ മിനിസ്റ്ററായി മിസ്റ്റർ ഫിഷർ വന്നതോടുകൂടി മാത്രമാണ് വിദ്യാഭ്യാസകാര്യങ്ങളിൽ പ്രശംസനീയമായ അഭിവൃദ്ധിയുണ്ടായിട്ടുള്ളത്. ഈ അഭിവൃദ്ധി ഫലപ്രദമായി പരിണമിച്ചത്, ഈ സ്ഥാനത്തേക്ക് ഒരു പ്രാപ്തനായ വിദ്യാഭ്യാസമേധാവിയായിട്ടുള്ള ഒരു ഭരണതന്ത്രജ്ഞന്റെ ആവശ്യകതയുണ്ടെന്നു സമ്മതിച്ചതിനപ്പോഴേക്കുമാത്രമാണ്.

ഞാൻ ഇതുവരെ പറഞ്ഞതിന്റെ ചുരുക്കം ഇത്രമാത്രമാണ്. വിദ്യാഭ്യാസ ഡയറക്ടറെ തെരഞ്ഞെടുക്കുന്ന സംഗതിയിൽ വേണ്ടിടത്തോളം ശ്രദ്ധിപതിപ്പിക്കുന്നില്ല എന്നായിരുന്നുവല്ലോ മെമ്പറന്മാരുടെ ആക്ഷേപത്തെ നിരൂപണവിഷയം. എന്നാൽ ഈ പ്രമേയം സാധുകരിക്കപ്പെടേണ്ടതാണെന്ന് സ്ഥാപിക്കുവാൻ അവർ ഒന്നും പറഞ്ഞുകാണുന്നില്ല. ഭരണാധികാരത്തെ നിരൂപണം ഒരു വലിയ എക്സിക്യൂട്ടീവ് ആഫീസറും സംസ്ഥാനത്തൊട്ടുക്ക സഞ്ചരിച്ചു രാജ്യത്തിലെ വിദ്യാഭ്യാസസംബന്ധമായ ആവശ്യകതകളെ നേരിട്ടതന്നെ അറിയുന്നവനുമായ ഒരു ശ്രേഷ്ഠിമാനായ വിദ്യാഭ്യാസോപദേശകൻ നമുക്ക വേണ്ടാഎന്നായിരുന്നു. യോഗ്യനായ ഒരാളുടെ നിർമതവിഷയത്തപ്പറ്റി ഗവണ്മെന്റിന് പ്രത്യേകമായ ഒരു എല്ലായ്പോഴും ഉണ്ടായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു

ഡയറക്ടർസ്ഥാനം നിർത്തലാക്കുന്നതുകൊണ്ടു ഉണ്ടാകുന്ന ചെലവുകുറവിനെപ്പറ്റിയും ചിലർ ചിലതു പ്രസ്താവിക്കുകയുണ്ടായി. ഇപ്പോഴുള്ള ഇൻസ്പെക്ടറന്മാരെ വെച്ചുകൊണ്ടിരിക്കുകയും അവരുടെ മേലധികാരിയായി സെക്രട്ടറിയറ്റിൽ ഇൻസ്പെക്ടറന്മാരേക്കാൾ കൂടുതൽ ശമ്പളം വാങ്ങുന്നവനും ഡയറക്ടർക്ക പകരം ജോലി നോക്കുവാൻ ശക്തനുമായ പേരെയായ ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്യുന്നതായാൽ ചെലവിന് കുറവു വരുന്നതു് എങ്ങിനെയെന്നു ഞാൻ അറിയുന്നില്ല. ഡയറക്ടരുടെ ഇപ്പോഴത്തെ ശമ്പളം ക ഠ ൦ രൂപാമാത്രമാകുന്നു. ഇതു് ഒരുപ്രകാരത്തിലും കൂടുതലാണെന്നു പറയുവാൻ നിവൃത്തിയില്ലാ. പുതിയ സെക്രട്ടറിക്ക ഇൻസ്പെക്ടരേക്കാൾ കൂടുതൽ കൊടുക്കണമെങ്കിൽ അദ്ദേഹത്തിനു മറ്റു സെക്രട്ടറിമാരെപ്പോലെ കുറഞ്ഞ പക്ഷം ൪ ൦ ൦ രൂപാ മുതൽ ൫ ൦ ൦ രൂപാവരെയെങ്കിലും ശമ്പളം കൊടുക്കേണ്ടിവരും. ഈ മാറ്റംകൊണ്ടു നമുക്ക ഉണ്ടാകുവാൻപോകുന്ന മിച്ചം എന്താണെന്നു എനിക്ക അറിഞ്ഞുകൂടാ. ഡയറക്ടരുടെ എസ്റ്റാബ്ലിഷ്മെന്റു ആവശ്യവും വെച്ചുകൊണ്ടിരിക്കേണ്ടതും ആകുന്നു. ഇൻസ്പെക്ടരുടെ എസ്റ്റാബ്ലിഷ്മെൻറും അതുപോലെതന്നെ ആവശ്യമാണ്. നിങ്ങൾക്ക ഉണ്ടാക്കാവുന്ന കൂടുതലായ മിച്ചം ആണ്ടോന്നുക്ക ഉദ്ദേശം ൫ ൦ ൦ രൂപാ ആയിരിക്കും. ഇതുനിമിത്തം ശരിയായ മേൽനോട്ടം ഉണ്ടായിരിക്കുവാൻ സാധിക്കാതെയാകുന്നുണ്ട്. അങ്ങിനെ നോക്കിയാലും മേൽനോട്ടം ആവശ്യമാണെന്ന സമ്മതിക്കാതെ നിവൃത്തിയില്ല. മേൽനോട്ടത്തിനു സൌകര്യമില്ലാത്ത ഒരു ഉദ്യോഗസ്ഥനെ നിങ്ങൾക്ക ലഭിക്കുന്നതെങ്കിൽ നിങ്ങൾ മിച്ചംവയ്ക്കുന്നതിൽ കൂടുതൽ നിങ്ങൾക്കു നഷ്ടപ്പെടേണ്ടതായിവരും. ഒരു നിയന്ത്രണാധികാരം വക്കിക്കുന്ന ഉദ്യോഗസ്ഥന് വിരോധികളായ കക്ഷികളെയും സമഭാവനയോടു വീക്ഷിച്ചു കരംകൊടുക്കുന്നവരുടെ പണത്തിനു കൂടുതൽ വലം വരുത്തേണ്ടതായിട്ടുണ്ട്. ഇതാണ് ഒരു ഡയറക്ടർക്ക ചെയ്യാനുള്ളത്. ആ സന്ദർഭത്തിൽ മിസ്റ്റർ 'കാർ' പറഞ്ഞതായി ഞാൻ സൂചിപ്പിച്ചതു് ഒന്നുകൂടി അയസാനമായി പറഞ്ഞുകൊള്ളട്ടെ. "നിങ്ങൾക്ക് ഇൻസ്പെക്ടർമാർ ഉണ്ടെങ്കിലും അവരെ പരിശോധിക്കുന്നതിനു തക്ക ന്യൂനിയുള്ള ആരെങ്കിലും ആവശ്യമില്ലയോ?" ഇതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. ഡയറക്ടർ സ്ഥാനം നിർത്തലാക്കുന്നതിനു മുമ്പ് ഈ കാര്യങ്ങളെല്ലാം ആലോചിക്കേണ്ടതായിട്ടുണ്ട്.

ഡയറക്ടരുടെ ആഫീസ് വെച്ചുകൊണ്ടിരിക്കണമെന്നുള്ളതിനു വിപരീതമായി ചില ന്യായങ്ങളും പറയാതില്ലെന്നില്ല. സർക്കലാശാലയിൽനിന്നും കോളേജ്കാര്യങ്ങളിൽ കൂടുതലായ താല്പര്യം കാണിച്ചുവരുന്നുണ്ടെന്നും അവയെസംബന്ധിച്ചു കൂടുതലായ നിയന്ത്രണാധികാരം സ്വീകരിക്കുന്നുണ്ടെന്നും അതുകൊണ്ടു കോളേജ്കളുടെ മേൽനോട്ടത്തിന് ഒരു ഡയറക്ടരുടെ ആവശ്യകതയില്ലെന്നും പറയുന്നുണ്ട്. കോളേജ്കളുടെ ദൃഷ്ടികരമായ നടത്തിപ്പിനു സർക്കലാശാല കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്നുണ്ടെന്നുള്ളതു് വാസ്തവമാണ്. എന്നാൽ ഇതു ഒരു പ്രകാരത്തിലും ഡയറക്ടരുടെ ആവശ്യകതയെ കുറയ്ക്കുന്നതിനു മതിയായ കാരണമാകുന്നില്ല. വിദ്യാഭ്യാസത്തിന്റെ വിവിധശാഖകളെ തമ്മിൽ യോജിപ്പിക്കുന്നതിനും കോളേജ് വിദ്യാഭ്യാസംസംബന്ധിച്ചു ഗവണ്മെന്റിനെ ഉപദേശിക്കുന്നതിനും ഗവണ്മെന്റിന്റെ പ്രതിനിധികരുന്നനിലയിൽ സർക്കലാശാലയുമായി എഴുത്തുകുത്തുകൾ നടത്തുന്നതിനും ഡയറക്ടർക്കുടാതെ കഴിയുന്നതല്ല. ഒരു കോളേജ് അധികാരിയേക്കാൾ കൂടുതൽ വിവരങ്ങളും ആവശ്യമുള്ള ഉപദേശങ്ങളും ഗവണ്മെന്റിനു നൽകുന്നതിനു് ഒരാളുടെ ആവശ്യകത അത്യാവശ്യമാണ്. യൂണിവേർസിറ്റി കലൻഡർകൾ നോക്കുന്നതുകൊണ്ടു ബ്രിട്ടിഷ് ഇൻഡ്യയിലും നാട്ടുരാജ്യങ്ങളിലും ഇപ്രകാരമുള്ള ഒരു ഉദ്യോഗസ്ഥന്റെ ആവശ്യകതയെ യൂണിവേർസിറ്റി അംഗീകരിച്ചിരിക്കുന്നതായി കാണുന്നതാണ്. സഹായധനം വാങ്ങിക്കുന്ന സ്ഥാപനങ്ങളിൽ മാത്രമെ എഴുത്തുകുത്തുകൾ നടത്തുന്നതും പ്രിൻസിപ്പാലായിരിക്കുവാൻ പാടുള്ളൂ. സർക്കലാശാലയുമായി ബന്ധം ഉള്ള നാട്ടുരാജ്യങ്ങളിലെ സ്ഥാപനങ്ങളും സംബന്ധിച്ച കാര്യങ്ങളെപ്പറ്റി എഴുത്തുകുത്തുകൾ നടത്തുന്നതിനു ശരിയായ ആൾ വിദ്യാഭ്യാസഡയറക്ടർതന്നെയാണെന്നു യൂണിവേർസിറ്റി റഗ്ലേഷനിൽ പ്രത്യേകം കാണിച്ചിട്ടുണ്ട്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, ഡയറക്ടരുടെ ആഫീസ് തിരുത്തൽ ചെയ്യേണ്ടതാണെന്ന എന്റെ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ള പറഞ്ഞ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. സഭയുടെ ഈ വശത്തുള്ള എന്റെ സ്നേഹിതന്മാർ ഡയറക്ടരുടെ സ്ഥാനത്തിനു പകരം ഹയർ ആഫീസിൽ ഒരു സെക്രട്ടറിയെ നിയമിക്കേണ്ടതാണെന്ന പ്രസ്താവിച്ചതിനോടു ഞാൻ യോജിക്കുന്നില്ല. ഈ പ്രമേയം ഏറ്റവും ലോഷാവഹമായിട്ടുള്ളതാണെന്നു എനിക്ക തോന്നുന്നു.

വിദ്യാഭ്യാസ സംബന്ധമായി വേണ്ടിവരുന്ന അനിവാര്യമായ ചെലവിനെപ്പറ്റിയും അതു സംബന്ധിച്ചു നാം അതിവേഗത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്ന മാർഗ്ഗങ്ങളെപ്പറ്റിയും പരാമർശിച്ച മിസ്റ്റർ ജാർജ് ചെയ്ത പ്രസംഗം കേട്ടതിനുശേഷം ഈ സഭയിൽ കൊണ്ടുവരാവുന്ന പ്രമേയങ്ങളിൽ ഏറ്റവും ആപൽക്കരമായ തന്നാകുന്നു അതു് എന്നാണ് എനിക്ക തോന്നുന്നതു്. കാര്യത്തിന്റെ ഗതി ഇപ്രകാരമിരിക്കെ വിദ്യാ

ദ്യാസന്ധിപ്പാർട്ടുമെന്റിന്റെ ഭരണാധികാരം ഹജൂർആഫീസിലെ ഒരു സെക്രട്ടറിയെ ഭരമേല്പിക്കുന്ന നയത്തെ ഞാൻ അനുകൂലിക്കുകയില്ല. നേരത്തെ വിദ്യാഭ്യാസഡയറക്ടരുടെ സ്ഥാനം നിറുത്തൽ ചെയ്യുന്നതോടുകൂടി ഗവർണ്മെന്റിന്റെ ഉദ്യോഗസ്ഥനല്ലാത്ത ഒരു ഭരണാധികാരിയെ ആ ചുമതലകൾ ഏല്പിക്കേണ്ടതാകുന്നു എന്നാണ് എന്റെ അഭിപ്രായം.

മി. വി. സുബ്ബയ്യർ (ഗവർണ്മെന്റിന്റെ നിയമനം)(കഡപ്പയിൽനിന്നു): ആ അനുദ്യോഗസ്ഥൻ ശമ്പളം കൂടാതെ നിയമനം സ്വീകരിക്കുമോ?

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): അതു ശമ്പളമുള്ള നിയമനമായിരിക്കാം.

പ്രസിഡന്റ്: ഭരണാധികാരികളുടെസംബന്ധിച്ചു് ഇവിടെ വാദപ്രതിവാദം ചെയ്യേണ്ടതായിട്ടില്ല എന്നു നിങ്ങളെ അറിയിക്കട്ടെയോ?

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ അതിനെപ്പറ്റി വാദിക്കുകയല്ല ചെയ്യുന്നതു് സംസ്ഥാനത്തിന്റെ ഭരണം സംബന്ധിച്ചു വാദപ്രതിവാദം നടന്നുകൊണ്ടിരിക്കുമ്പോൾ ഈ സംഗതിയെപ്പറ്റിയുള്ള ഒരു അഭിപ്രായം എടുക്കുവാൻ സാധിക്കാത്തതുകൊണ്ടു് എനിക്കു ഇതു ധരിപ്പിക്കുവാൻ അപ്പോൾ സാധിച്ചില്ല. വിദ്യാഭ്യാസാധികൃതരുടെ ചുമതലകളെ വേറൊരാളുടെ ഉദ്യോഗസ്ഥനെ ഏല്പിക്കുകയാണെങ്കിൽ അതു് ഹജൂരിലെ ഒരു സെക്രട്ടറിയെ ആയിരിക്കരുതു്. പ്രസ്തുത അനുദ്യോഗസ്ഥനായ ഒരു ഭരണാധികാരിയെ ആയിരിക്കണം.

മി. കെ. വൈ. ജോസഫ് (മിനച്ചിലും തേവികുളവും): മിനിസ്റ്റീരിയൽ ജോലികളും സെക്രട്ടറിയെ ഏല്പിക്കാൻ പാടില്ലയോ?

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): അപ്രകാരം ഏല്പിക്കുന്നതായാൽ അദ്ദേഹം വിദ്യാഭ്യാസത്തിന്റെ ഭരണത്തിനും ഉത്തരവാദിയായിരിക്കേണ്ടിവരും.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പൽ): വിദ്യാഭ്യാസ ഡയറക്ടരുടെ നിയമനം ചെയ്തതുപോലെ അവസരങ്ങളിൽ എവിടെയെങ്കിലും വിദ്യാഭ്യാസത്തിന്റെ ഭരണാധികാരിയായി ഒരു അനുദ്യോഗസ്ഥനെ നിയമിച്ചിട്ടുള്ളതായി പറയുമോ?

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): അതു് ഇല്ലായിരിക്കാം. ഒരു ചെറിയസംസ്ഥാനമായ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം അപ്രകാരം ഒരു മാറ്റം ചെയ്യാൻപാടില്ല എന്നു പറയുന്നതിനു് അതു് ഒരു കാരണമാകുന്നില്ല. തിരുവിതാംകൂർ മദ്രാസ്പ്രസിഡൻസിയുടെ ഏറ്റവും ഭാഗം മാത്രമേയുള്ളൂ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പൽ): വിദ്യാഭ്യാസ ഡയറക്ടരുടെ സഹായം വേണമെന്നു ചോദിച്ചിട്ടുള്ള ഏതെങ്കിലും ഒരു വിദ്യാഭ്യാസമിനിസ്റ്റരെ അറിവുണ്ടോഎന്നു് ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയോടു ചോദിച്ചുകൊള്ളട്ടെ.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഇല്ല എനിക്കു അറിഞ്ഞുകൂടാ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പൽ): ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം വിദ്യാഭ്യാസഡയറക്ടരുടെ നിയമനം നിറുത്തലാക്കുന്നതിനു പുതിയ ഏർപ്പാടിൻപ്രകാരമുള്ള മിനിസ്റ്റർക്കു അധികാരമില്ലെന്നോ എന്നു മിസ്റ്റർ പരമേശ്വരൻപിള്ള പറഞ്ഞാൽകൊള്ളാം.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): അതു് അങ്ങനെ ചെയ്യാമായിരിക്കാം. എന്നാൽ എന്റെ അഭിപ്രായം തിരുവിതാംകൂറിൽ ഒരു വിദ്യാഭ്യാസഡയറക്ടർ ആവശ്യമില്ലെന്നാണ്. മദ്രാസിലെ സംഗതികളെല്ലാം എനിക്കു അറിഞ്ഞുകൂടാ. അതുകൊണ്ടു് അവിടെ വിദ്യാഭ്യാസ ഡയറക്ടരുടെ ആവശ്യകത ഉണ്ടോ ഇല്ലയോ ഞാൻ പറയുന്നില്ല. ഒരുപക്ഷേ മിനിസ്റ്റർ എന്റെ ഉദ്ദേശത്തോടു് അയോജിക്കുന്നവനായിരിക്കാം

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പൽ): വിദ്യാഭ്യാസ ഡയറക്ടർ, മിനിസ്റ്റർ എന്നി രണ്ടു നിയമനങ്ങളുടെയും ആവശ്യകതയെ സാധൂകരിക്കുന്ന സന്ദർഭങ്ങൾ ചിലപ്പോൾ ഉണ്ടാവിരിക്കണമെന്നു മിസ്റ്റർ പരമേശ്വരൻപിള്ള സമ്മതിക്കുമോ എന്നു് അറിഞ്ഞാൽകൊള്ളാം.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഉണ്ടായിരിക്കാം.

പ്രസിഡന്റ്. സാമാജികന്മാരെ, നാം ഇതുവരെ സശ്രദ്ധം കേട്ടുകൊണ്ടിരുന്ന മി. എ. കെ. പിള്ള അല്പം. ടിച്ച വാദപ്രതിവാദം വളരെ രസപ്രദമായിരുന്നു. ഡയറക്ടരുടെ സ്ഥാനം ഉടൻ നിറുത്തലാക്കിട്ട തൽസ്ഥാനത്തു അല്പോപകവൃത്തിയിലെപോ സാങ്കേതികമായോ മറ്റേതെങ്കിലും തരത്തിലൊ പരിചയംലഭിക്കാതെ സാങ്കേതികമായ ഏതെങ്കിലും ഒരു ശാഖയിലെങ്കിലും—വിദ്യാഭ്യാസശാഖയിൽപോലും— പ്രത്യേകപരിജ്ഞാനം സമ്പാദിക്കാതെ ഏതുകാര്യമായാലുംകൊള്ളാം എല്ലാവിഷയങ്ങൾക്കും വിധികല്പിക്കുവാനായി സാധാരണ ഒരു സിവിലിംസർവീസിലുള്ള ഒരു സാധാരണഭരണാധികാരിയിൽ നിയമിക്കണമെന്നാകുന്നു ഇതുവരെ നടന്ന വാദപ്രതിവാദത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നതെന്നു തോന്നുന്നു. ഈ സഭയിൽ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽനിന്നും ആ ആശം വിദ്യാഭ്യാസത്തിൽ പ്രത്യേക പരിജ്ഞാനമുള്ളവനായിരിക്കണമെന്നില്ലെന്നു തെളിയുന്നുണ്ടു്. കൊള്ളാം. അതു് അത്ര സാരമായിട്ടുള്ളതല്ലെന്നിരിക്കട്ടെ.

അതിനുംപുറമെ ഒരു ചീഫ് ഇൻസ്പെക്ടരെ നിയമിക്കേണ്ടതാണെന്നു് പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി. അപ്രകാരമാണെങ്കിൽ ചെലവിനെ കുറവുചെയ്യണമെന്നതെങ്ങനെയെന്നു അറിവാൻ എനിക്കു ആഗ്രഹമുണ്ടു്. ഒരു സെക്രട്ടറിയും, ഒരു ചീഫ് ഇൻസ്പെക്ടരും അവരുടെ സിബ്ബന്ധികളും ഉണ്ടായിരിക്കുന്നപക്ഷം ഇപ്പോൾ നിലനില്ക്കുന്നതിനേക്കാളധികം സ്ഥാപനംമൂലം ഉണ്ടായിരിക്കുന്ന ചെലവിൽനിന്നും ചെലവു ക്രമത്തിലധികം വർദ്ധിക്കാനിടയാകുമെന്നാണ് എനിക്കുതോന്നുന്നതു്.

ഇതിനുംപുറമെ ചില പ്രായോഗികമായ ബുദ്ധിമുട്ടുകളും ഉണ്ടായേക്കാം. മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ പറഞ്ഞതുപോലെ ഇൻസ്പെക്ടറന്മാരെ പരിശോധിക്കുന്നതിനും അവരുടെ റിപ്പോർട്ടുകളെപ്പറ്റി പുനരാലോചന നടത്തുന്നതിനും ആരുണ്ടാകുന്നു. ഓരോ ഇൻസ്പെക്ടർമാരും അടുത്തു വലുതുവരുന്ന ഇരിക്കുന്ന ആളിനു അയച്ചുകൊടുക്കുകയാണോ ചെയ്യേണ്ടതു്? 'എക്സ്' എന്ന ഇൻസ്പെക്ടർ 'രമവ' എന്ന ഇൻസ്പെക്ടരുടെ മേൽവിധി പ്രകാ

ുവിക്കുകയാണെന്നു വേണ്ടേതു്? നിങ്ങളിൽ അധികംപേരും ഉൽക്കണ്ഠയോടേ നോക്കിക്കൊണ്ടിരിക്കുന്ന പ്ലൂൺ ഇടങ്ങി സർവീസിലുള്ള എല്ലായ്മയുടേയും നിയമനവിഷയങ്ങളിൽ എല്ലാജാതിക്കാരുടേയും, അവകാശങ്ങളേയും പരിഗണിക്കേണ്ടതാണെന്നുള്ള നയത്തെ എസ്സ്, ടൈ, ഇസഡ്, എന്നീ ഇൻസ്പെക്ടർമാർ കൃത്യമായി അനുഷ്ഠിക്കുന്നുണ്ടോ എന്നു നോക്കാൻ ആരാണുള്ളതു്? അദ്ധ്യാപകന്മാർ തരാതരംപോലേ തെരഞ്ഞെടുത്തു് നിയമിക്കുന്നുണ്ടോഎന്നു ആരുനോക്കും? ഓരോ സ്ഥലങ്ങളിലും ചുറ്റിസഞ്ചരിച്ചു സ്കൂളുകൾ വേണ്ടവിധം സാമാനങ്ങൾ ഉള്ളതായും, ക്രമപ്പെടുത്തപ്പെട്ടതായും, കായ്ക്ഷമതയുള്ള അനുസരണമായി ജോലി ചെയ്യപ്പെടുന്നതായും ഇരിക്കുന്നുണ്ടോഎന്നു പരിശോധിക്കുവാനും ഇതിനെല്ലാത്തിനുപുറമെ വിദ്യാഭ്യാസസംബന്ധമായ സംഗതികളിൽ ഗവണ്മെൻറു ചെയ്യേണ്ടതതെന്തെന്നു ഉപദേശിക്കുവാനും ആരാണുള്ളതു്? ഒരു ഇടുങ്ങിയ മാഗ്ഗത്തിൽക്കൂടി മാത്രം വേലചെയ്തുകൊണ്ടിരിക്കുന്ന ഓരോ ഇൻസ്പെക്ടറെന്മുതൽ, കാളേജിൻെറ നാലു ചുവരുകൾക്കകത്തു അടച്ചിട്ടുള്ള ഓരോ ഹെഡ്മാസ്റ്റരും പ്രിൻസിപ്പാലും അദ്ധ്യയനത്തിൻെറ ഒരു പ്രത്യേകശാഖയെമാത്രം മനസ്സിക്കുന്ന ഇൻസ്പെക്ടരും മിസ്റ്റർ എ. കെ. പിള്ള പേണമെന്നുചായുന്ന ഉദ്യോഗസ്ഥൻെറ പരിശോധനയ്ക്കു യശംവദരായി സ്വയംവേലചെയ്തുകൊള്ളണമെന്നാണോ പറയുന്നതു്? അങ്ങനെയാണെങ്കിൽതന്നെ സാധാരണ നിസ്സാരസംഗതികളിൽ കവിഞ്ഞുള്ളവയെപ്പറ്റി പ്രത്യേകം ചിന്തിക്കുന്നതിനോ എല്ലാത്തിനേയും ഒന്നാകെ ചിന്തിക്കുന്നതിനോ ആരാണുള്ളതു്? ഓരോ ഇൻസ്പെക്ടരോടും ഹെഡ്മാസ്റ്ററോടും പ്രിൻസിപ്പാലോടും അവരുടെ പ്രത്യേകമായ അഭിപ്രായങ്ങളുടെയും അഭിപ്രായങ്ങളുടെയും എഴുതുകൂട്ടുകയും ഗവണ്മെൻറു ആവശ്യപ്പെടുന്നതായാൽ പൊസ്തുവിഷയങ്ങളായ അഭിപ്രായങ്ങളുടെയും എഴുതുകൂട്ടുകയും കൊണ്ടു ഗവണ്മെൻറു വിക്രമിക്കുന്നതിനു ഇടയാകുമെന്നുമാത്രമല്ല വിദ്യാഭ്യാസസംബന്ധമായ ഏതെങ്കിലും ഒരു ചോദ്യത്തിനു അതിൽനിന്നും ശരിയായ ഒരു സമാധാനം കണ്ടുപിടിക്കുവാൻ ഗവണ്മെൻറിനു പ്രയാസമായിത്തീരുകയും ചെയ്യുമെന്നുള്ളതിനു് സംശയമില്ല. രാജ്യത്തിലെല്ലാഭാഗങ്ങളിൽനിന്നുമുള്ള ഉൽബോധനങ്ങൾകൊണ്ടു ഗവണ്മെൻറിനെ ഹിമപ്രഹരം ചെയ്യണമെന്നുള്ള ആഗ്രഹം നിങ്ങൾക്കുള്ളതായി ഞാൻ വിചാരിക്കുന്നില്ല. സാധാരണ രാജ്യഭരണം, പോലീസ്, റവന്യൂ ഇവസംബന്ധിച്ചു അല്പമായ ജ്ഞാനംമാത്രമുള്ള സിവിൽ ജീവനക്കാരിൽനിന്നും ഗവണ്മെൻറിനു വിദ്യാഭ്യാസസംബന്ധമായി ഇപ്പോൾ ആവശ്യമിരിക്കുന്ന ഉപദേശം വിചാരിച്ചുമാത്രയിൽ ലഭിക്കുന്നതല്ല. വിദ്യാഭ്യാസസംബന്ധമായ വിഷയേറിയ ഉപദേശങ്ങൾക്കു നമുക്കു അവശ്യ ആശ്രയിച്ചിരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു ഇപ്പോഴത്തെസ്ഥിതിക്കു നമ്മോടുകൂടി സഹകരിച്ചു വിദ്യാഭ്യാസവിഷയങ്ങളിൽ നമ്മെ ഉപദേശിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ഡയറക്ടരെ വേണ്ടെന്നുവെയ്ക്കുന്നതു പ്രായോഗികമായ ഒരുനടത്തിനു യോജിച്ചതായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ ഞാൻ രണ്ടു ദിവസം മുമ്പു പ്രസ്താവിച്ചതനുസരിച്ചും, വാദപ്രതിവാദത്തിനിടയ്ക്കു നിങ്ങൾക്കെല്ലാവർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതുപോലെയും തിരുവിതാംകൂറിലെ വിദ്യാഭ്യാസ പോളിസി കഴിയുന്നതും പേഗത്തിൽ വാദവിഷയമായിത്തീർന്നു എല്ലാവർക്കും സമ്മതമായവിധം ഒരു നിശ്ചയത്തിനു അധീനമാക്കേണ്ടതാണു്. ഈ പോളിസിയെപ്പറ്റി ആകപ്പാടെ ആലോചിച്ചു ഭേദഗതിചെയ്യുവാൻ സംഗതിയാകുന്ന, എങ്കിൽ അവയെ നടത്തിക്കൊണ്ടുപോകുന്ന ആളുകൾക്കും അതുപോലെയുള്ള മാറ്റങ്ങൾ ഉണ്ടാകാതിരിക്കയില്ല. അപ്രകാരം ഒരു പുതിയ പോളിസി നിർണ്ണയിക്കപ്പെടുമ്പോൾ ഡയറക്ടരോ അല്ലെങ്കിൽ വേറെവല്ലവരുമോ ആരാണുണ്ടായിരിക്കുന്നതെന്നു ഭാവിയിൽമാത്രമേ നിശ്ചയിക്കാൻതരമുള്ളൂ. നമുക്കു ഇനിയും ആ പ്രത്യേക ഉദ്യോഗസ്ഥൻെറ നിലനില്പിനുവേണ്ടി പ്രാർത്ഥിക്കേണ്ടതായിത്തന്നെയിരിക്കുന്നു. അതുവരെ, വിദ്യാഭ്യാസവകുപ്പുകളുടെ ആവശ്യകതയെ പ്രതിവാദിക്കുന്ന ആധുനിക വിദ്യാഭ്യാസ പോളിസിയെ അല്പനേരത്തേക്കുപോലും ആലോചനാവിഷയമാക്കുന്നതുതന്നെയും യോഗ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. പി. കെ. പിള്ള (കരുനാഗപ്പള്ളി): സർ, എൻെറ അഭിപ്രായങ്ങൾക്കെതിരായി രണ്ടു ന്യായങ്ങളാണ് കൊണ്ടുവരപ്പെട്ടിരിക്കുന്നതു. ഒന്നു് ഗവണ്മെൻറിനു് ഒരു സാങ്കേതിക വിദഗ്ദ്ധൻ ആവശ്യമുണ്ടെന്നും അതു് ഡയറക്ടരുടെ നിയമനംകൊണ്ടോന്നു് സിദ്ധിക്കുന്നതെന്നും മറ്റൊന്നു് ഇൻസ്പെക്ടറന്മാരുടെ പരിശോധനയുമായി സംബന്ധിച്ചു ജോലികൾക്കു ഐകരൂപ്യം വരുത്തി യോജിപ്പിക്കുന്നതിനു് ഒരു ഉദ്യോഗസ്ഥൻ ആവശ്യമാണെന്നും ആകുന്നു. സർ, ഈ ന്യായങ്ങൾക്കു ചില ആക്ഷേപങ്ങൾ പറയുവാനുണ്ടെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

ഒരു വിദ്യാഭ്യാസവിദഗ്ദ്ധൻെറആവശ്യമുണ്ടെന്നും അതു് ഡയറക്ടരുടെനിയമനംകൊണ്ടോന്നു് സിദ്ധിക്കുന്നതെന്നും പുറപ്പെടുവിച്ച ന്യായം തന്നെ വലുതായ തെറ്റിദ്ധാരണയ്ക്കു അസ്പദമായിട്ടുള്ളതാണു്. ഇതാണ് ഒന്നാമതായ ആക്ഷേപം. എന്തുകൊണ്ടെന്നാൽ ഡയറക്ടറന്മാരെ സംബന്ധിച്ചപൂർവചരിത്രം പരിശോധിക്കുന്നതായാൽ അവർ സയന്തുമാ, പ്രകൃതിശാസ്ത്രമോ, ഗണിതശാസ്ത്രമോ പഠിപ്പിച്ചുകൊണ്ടിരുന്ന പ്രൊഫസറന്മാർ മാത്രമായിരുന്നുഎന്നു കാണപ്പെടുന്നതാണു്. നിങ്ങൾക്കോ എനിക്കോ അറിയാവുന്നതിൽനിന്നും അതുവളരെഅറിവു അവക്കു് വിദ്യാഭ്യാസസംബന്ധമായിട്ടുണ്ടെന്നു തോന്നുന്നില്ല. ജീവിതംമുഴുവൻ ഒരുപ്രത്യേകവിഷയത്തിൽമാത്രം പ്രത്യേകപരിജ്ഞാനസമ്പാദനത്തിനായി വ്യയംചെയ്തിട്ടുള്ളവരാകുന്നുഅവർ. അവരെയാകുന്ന നാം ഡയറക്ടരായി നിയമിക്കുന്നു. അപ്രകാരമുള്ളവരേ അവർ കാളേജിലെ അംഗമായിരിക്കുവാൻ യഥാർത്ഥയാ സംഗതിയായതുനിമിത്തം, വിദ്വാൻമാരായി ഗണിക്കുന്നതായാൽ ഏതാരാളെയും അപ്രകാരം കണക്കാക്കുന്നതിനു് വിരോധമുണ്ടെന്നു തോന്നുന്നില്ല. ഒരു വിദ്യാഭ്യാസവിദഗ്ദ്ധന് വിദ്യാഭ്യാസപ്രാളിസിയെ സംബന്ധിച്ചും മറെറരാജ്യങ്ങളിൽ ഉണ്ടായിരിക്കുന്നവിദ്യാഭ്യാസസംഗതിയെക്കുറിച്ചും അറിവുണ്ടായിരിക്കേണ്ടതാണു്. ഏതെങ്കിലും ഒരുമെമ്പറേയൊപ്പോഫസ്സറേയാ വിസ്തരിക്കുന്നതിനെ എന്നെ അനുവദിക്കുന്നതായാൽ, മോണ്ടിസ്സോറി സിസ്റ്റം, ഡാൾട്ടൺ പ്ലാൻ, ഗ്രേസ്കീം ആദിയായവയിൽ ഒന്നിലുംതീരെ പരിജ്ഞാനമില്ലെന്നു അപ്രകാരമൊക്കെയുണ്ടെന്നതന്നെ ഞാൻ തീർച്ചയായി സമ്മതിപ്പിക്കാമെന്നു അറിയിച്ചുകൊള്ളുന്നു. ഈ വിഷയങ്ങളിലുള്ള അജ്ഞതയെത്ത അവർ സന്തോഷപുരസ്സരം സമ്മതിക്കുമെന്നു എനിക്കു നിശ്ചയമുണ്ടു. യഥാർത്ഥമായ പ്രൊഫസർസ്ഥാനംകൊണ്ടു മാത്രമാണു് നാംഅവരെ വിദഗ്ദ്ധന്മാരായി വിചാരിച്ചു വിദ്യാഭ്യാസവിഷയത്തിൽ മേധാവികളായി ഗണിച്ചുപോരുന്നതു്, എന്നാലെയുമെ നിശ്ചയമുണ്ടു്. വാസ്തവത്തിൽ അവർ ഗവണ്മെൻറിനെ വിദഗ്ദ്ധന്മാരിൽനിന്നും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതിനു ഞാനനുസരണമായി യാതൊരു ഭേദവും നാം കിവരുന്നുവെന്നു തോന്നുകയുമില്ല.

ല്ല. അവർ ഭരണസംബന്ധമായ ജോലികൾ മാത്രമാണ് ചെയ്യുകൊണ്ടിരിക്കുന്നത്. ഫയലുകൾ പരിശോധി ക്കുന്നതും അവധിക്കുള്ള അപേക്ഷകളെപ്പറ്റി പ്രവർത്തിക്കുന്നതും പരീക്ഷാവിജയംസംബന്ധിച്ച ലിസ്റ്റുകൾ തയ്യാറാക്കുന്നതുംആകുന്നു അവരുടെജോലി. എഡ്യുക്കേഷണൽ പോളിസി സംബന്ധിച്ചു അവർ യാതൊന്നും ചെയ്യുന്നില്ല. അതാണ് യാസ്തവമായ സംഗതികൾ അറിവുള്ളവർക്ക തിരുവിതാംകൂറിന്റെ പൂർവചരിത്രപരി ശോധനയിൽനിന്നും വിദ്യാഭ്യാസസംബന്ധമായി വെളിപ്പെട്ടുന്നത്.

രണ്ടാമതായ ന്യായം പരസ്പരസംബന്ധംഉണ്ടാക്കുന്ന ഒരു ഉദ്യോഗസ്ഥൻ വേണമെന്നുള്ളതാണ്. അതു വ സ്തവംതന്നെ, ആ മുലയിൽ ഇരിക്കുന്ന ഒരു മെംബർ—ആരാണെന്ന എനിക്ക് നല്ല നിശ്ചയംഇല്ല— ചില സ ഹായധനംപറ്റുന്ന കാളേജുകൾ ഉള്ളപ്പോൾകൂടി മറ്റുള്ള കാളേജുകളാണ് ഗ്രാന്റിനു യോഗ്യതയുള്ളതെന്നു നി ർണ്ണയിക്കുന്നതിനു ഒരു ഉദ്യോഗസ്ഥന്റെ ആവശ്യകതയുണ്ടെന്നു ബലമായി വാദിക്കുകയുണ്ടായി. കാളേജുകൾ ക്കു ഗ്രാന്റു കൊടുക്കുന്നതു ഡയറക്ടർ ഒരു പ്രത്യേക കാളേജിനു ഗ്രാന്റുകൊടുക്കണമെന്നു അഭിപ്രായപ്പെടുന്നതനു സരിച്ചല്ല. പ്രസ്തുത യൂണിവേർസിറ്റി കമ്മിഷൻ ആ അഭിപ്രായമുള്ളവരായതുകൊണ്ടാണെന്നു അദ്ദേഹത്തെ ധരിപ്പിച്ചുകൊള്ളട്ടെ, ഭരണസംബന്ധമായ കാര്യങ്ങളിലല്ലാതെ യൂണിവേർസിറ്റിസംബന്ധമായ കാളേജുകാര്യങ്ങ ളിൽ ഡയറക്ടർക്ക യാതൊരധികാരവുമില്ല. ഉദാഹരണമായി, സയൻസു കാളേജിൽനിന്നും ഗണിതശാസ്ത്രത്തിൽ ഓണേർസ് കോർസ് നടപ്പാക്കണമെന്നു ആവശ്യപ്പെടുന്നു എന്നിരിക്കട്ടെ, അതിലേക്ക് ആവശ്യമുള്ള പണത്തു ക അനുവദിപ്പിക്കുന്ന സംഗതിയെപ്പറ്റി ഗവൺമെൻറുമായി എഴുത്തുകുത്തുകൾ നടത്തണമെന്നു പ്രിൻസിപ്പാൽ ഡയറക്ടരെ അറിയിക്കുമായിരിക്കാം.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേട്ടം): ഗ്രാന്റു നൽകുന്നതു സർക്കുലാശ്രമയിൽനിന്നുമാ ണോ എന്നറിഞ്ഞാൽകൊള്ളാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അല്ല, ഒരു കാളേജു ഗ്രാന്റു ലഭിക്കുന്നതിനു അർഹതയുള്ള താണോ അല്ലയോ എന്നു നിശ്ചയിക്കുന്നതിനുള്ള ഒടുവിലത്തെ അധികാരം സർക്കുലാശ്രമയ്ക്കാണ്.

മി. ജെ. സ്റ്റീഫ്ൻസൻ (ഡയറക്ടർ): സർ, ഗ്രാന്റു കൊടുക്കുന്നതുസംബന്ധിച്ചു യൂണിവേർസിറ്റിക്ക യാതൊരു ബന്ധവുമില്ല. സ്വന്ത മുതലിൽനിന്നും യാതൊരു ഗ്രാന്റും അതു നൽകുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻപറഞ്ഞതു ഒന്നുകൂടെ വ്യക്തമാക്കുവാൻ എന്നെ അ നുവദിക്കണം.

പ്രൊസിഡണ്ട്: അനുവദിച്ചിരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ സംഗതിയിൽ ഗവൺമെൻറിനെ ഉപദേശിക്കേണ്ടതു ആ രാകുന്നു. പക്ഷേ ഡയറക്ടർസ്ഥാനത്തിലിരിക്കുന്ന ആളായിരിക്കാം. അതായതു ഭരണസംബന്ധമായ കാര്യ ങ്ങൾക്കായിട്ട്—

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേട്ടം): ഹജൂർകച്ചേരിയിലെ സെക്രട്ടറിയെയാണോ നി ങ്ങൾ ഉദ്ദേശിക്കുന്നത്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതേ. ഗവൺമെൻറു ആഗ്രഹിക്കുന്ന ചില ജോലികൾ മാത്രമേ അവർക്കു ചെയ്യേണ്ടതായിട്ടുള്ളു. ഏതാനും വർഷങ്ങൾക്കുമുമ്പു അതു ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. അ തുകൊണ്ടു അതിനു പ്രത്യേകമായ പ്രയാസമൊന്നും ഞാൻ കാണുന്നില്ല. പ്രൊഫസർ എന്നൊരാൾ ഉള്ളതുകൊ ണ്ടു അദ്ദേഹത്തിനു ഏതെങ്കിലും ഒരു ഉയർന്ന സ്ഥാനം എങ്കിലും നൽകേണ്ടതാണ്, എന്നൊരു ഭ്രമം നമ്മുടെ മനസ്സിൽ കടന്നുകൂടിയിട്ടുണ്ടെന്നുമാത്രമേയുള്ളു. അപ്രകാരമുള്ള ചിന്തയെ നിരാകരിക്കുന്നതായാൽ അതിനു നിവൃ ത്തിമാർഗ്ഗം കാണുവാൻ യാതൊരു പ്രയാസവുമുണ്ടെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ ഞാൻ ഇപ്രകാരം അ ഭിപ്രായപ്പെടുന്നതുകൊണ്ടു ചിലപ്പോൾ മാറിമാറിയും പല സ്ഥാനങ്ങളിലായി വരുത്തുവാനാഗ്രഹിക്കുന്നു എന്നു അ ർത്ഥമാക്കരുതു. വിദ്യാഭ്യാസം സംബന്ധിച്ചു ഒരുപ്പാടെ ഒരു ഭേദഗതി ആവശ്യമായിരിക്കുന്നു എന്നുള്ള വാസ്തു വം ഗവൺമെൻറിനേയും ഈ സഭയേടേയും ശ്രദ്ധയിലേയ്ക്കു വിഷയീഭവിപ്പിക്കുന്നതിനുമാത്രമേ ഞാൻ ശ്രമിച്ചുള്ളു. പ്രൊസിഡണ്ടു അവർകളും ഈ ഉദ്ദേശത്തെത്തന്നെ സഭയെ അറിയിച്ചു ഈ സംസ്ഥാനത്തിലെ വിദ്യാഭ്യാസരീതി യെപ്പറ്റി വേണ്ടപോലെ ആലോചിച്ചു അതികമാനം പരിഷ്കരിക്കേണ്ടതാവശ്യമാണെന്ന അഭിപ്രായപ്പെട്ടതിൽ എനിക്കു വളരെ സന്തോഷമുണ്ടു. അങ്ങനെയാകുന്ന എന്റെ ഇപ്പോഴത്തെ ഉദ്ദേശ്യവും, ഈ മോഷനു ഇ തിലേക്ക ബുദ്ധിമുട്ടുന്നതുപോലെ അതേതരത്തിലുള്ള ബുദ്ധിമുട്ട മറ്റുഭാഗത്തിലുമുണ്ടു. സാമുകാരണങ്ങളും, ബുദ്ധി മുട്ടുകളും പ്രതിബന്ധങ്ങളും നാം കാണുന്നുണ്ടു, അതുകൊണ്ടു വിദ്യാഭ്യാസ യന്ത്രത്തെ പരിഷ്കരിക്കുന്നതുകൊണ്ടു മാത്രം മതിയാകുന്നതല്ല. അതിന്റെ ഓരോ ഭാഗങ്ങളെപ്പറിയും അതികമായി ഗാഢമായി പരിചിന്തിക്കേ ണ്ടതായിട്ടുണ്ടിരിക്കുന്നു. ഞാൻ ഈ ഒരു കാരണംമാത്രം ഉദാഹരണമായിട്ടു എടുക്കുകയായിരുന്നു. പ്രാഥ മിക വിദ്യാഭ്യാസത്തേയും സെക്കണ്ടറി വിദ്യാഭ്യാസത്തേയുംപറ്റി പറയുംപോൾ മറ്റുകാര്യങ്ങളേയും ഉദാഹര ണങ്ങളായിട്ടു എടുക്കുന്നതാണ്. അതാകുന്ന എന്റെ വാസ്തവമായ ഉദ്ദേശം. ഈ സമയംവരെ ഈ മോഷൻ കൊണ്ടുപ്രയോജനവും അതിലേക്കായിട്ടതന്നെയാകുന്നു.

പ്രൊസിഡണ്ട്: നിങ്ങൾ നിങ്ങളുടെ മോഷനെ പിൻവലിക്കുന്നുവോ ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മോഷൻ പിൻവലിക്കുന്നതിനുമുമ്പു എനിക്കു ചിലതു നിശ്ച യിക്കേണ്ടതായിട്ടുണ്ടു.

മി. ജെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): ഒരു ഡയറക്ടർ വേണമോ വേണ്ടയോ എന്നാരെ ങ്കിലും ഇപ്പോൾ ഈ സഭയിൽ ആലോചനാവിഷയമായിരിക്കുന്നതു. ഇൻസ്പെക്ടർമാരെക്കൊണ്ടും മറ്റുകീഴ്ജീവ നക്കാരെക്കൊണ്ടും ചെയ്യുതീർക്കാൻസാധിക്കുന്ന കുറെ ജോലികളാണ് ഡയറക്ടർ ചെയ്യുന്നതെന്നു ഇവിടെ പ്ര സ്താവിക്കുകയുണ്ടായി. എത്രമാത്രം ജോലിയാണു ഡയറക്ടർ ഇപ്പോൾ വാസ്തവത്തിൽ ചെയ്യുന്നതു് അതിൽ എ ത്രമാത്രം ജോലി ഇൻസ്പെക്ടർമാർക്കും കാളേജു പ്രിൻസിപ്പാൾമാർക്കും വിട്ടുകൊടുക്കാവുന്നതാണെന്നുള്ള വിഷയം ആലോചനയിലിരിക്കുന്നുണ്ടു. അയികാരങ്ങൾ എത്രമാത്രം കീഴ്ജീവനക്കാർക്കു വിട്ടുകൊടുക്കാവുന്നതാണെന്നു ള്ളതിനെപ്പറ്റി തയ്യാറാക്കപ്പെടുന്ന പദ്ധതി അനുസരിച്ചു എങ്ങിനെയായാലും കുറെ വിട്ടുകൊടുക്കുവാൻ സാധി ക്കുന്നതാണെന്നു തോന്നുന്നു.

പരസ്പരബന്ധത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ആവശ്യമാണെന്നു മി. എ. കെ. പിള്ള സമ്മതിച്ചുവെല്ലോ. ഭരണശാഖയിൽ സംഗതികളെ അന്യോന്യം യോജിപ്പിക്കുന്നതിനു ഒരു വിദ്യാഭ്യാസ കമ്മിറ്റിയെ അദ്ധ്യക്ഷം ആവശ്യപ്പെടുന്നു. ഭരണശാഖയിൽ പരസ്പരബന്ധം ഉണ്ടാക്കുന്നതിനു ഒരു ഉദ്യോഗസ്ഥൻ വേണമെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. എന്നാൽ സംസ്ഥാനത്തുള്ള അനേകം കാളേജുകളിലും മറ്റുപല സ്ഥാപനങ്ങളിലും യാഥാർത്ഥത്തിൽ നടക്കുന്ന അദ്ധ്യാപന രീതികൾക്കും, മലയാളം പള്ളിക്കൂടങ്ങൾക്കും ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾക്കും തമ്മിലും യോജിക്കത്തക്കവിധം പാഠപദ്ധതികൾ നിശ്ചിക്കുന്ന രീതികൾക്കും പരസ്പരബന്ധം വരുത്തുന്ന ഒരു ഉദ്യോഗസ്ഥനെങ്കിലും ആവശ്യമാണ്. വാസ്തവത്തിൽ നമുക്കു അതിനേക്കാൾ കൂടുതലായിരിക്കുന്നു എന്നാണു എനിക്കു തോന്നുന്നതു. സംസ്ഥാനത്തിൽ വേണ്ടതായ പാഠപദ്ധതികളെപ്പറ്റി ഡയറക്ടർ ഗവർണ്മെൻറിനെ ഉപദേശിക്കുന്നില്ലെന്നു മി. എ. കെ. പിള്ള പറയുന്നു. എല്ലാ ഡയറക്ടർ ഗവർണ്മെൻറിനെ തുടർച്ചയായി ഉപദേശിച്ചുകൊണ്ടുതന്നെയിരിക്കുന്ന മലയാളം മിഡിൽസ്കൂളുകളിലേയും പ്രാഥമിക വിദ്യാലയങ്ങളിലേയും പാഠപദ്ധതിയെപ്പറ്റിയുള്ള ഒരു സ്കീം ഇപ്പോൾ ആലോചനയിലിരിക്കുന്നുണ്ടു. ഇതിനെസംബന്ധിച്ചു ആലോചിക്കുവാൻ ഒരു കമ്മിറ്റി ഏർപ്പെടുത്തുകയും ഇവരുടെ ആലോചനകളെ ഡയറക്ടരുടെ അഭിപ്രായത്തിനു അയയ്ക്കുകയും അവ ഇപ്പോൾ ഗവർണ്മെൻറുമുമ്പാകെ ഇരിക്കുകയും ചെയ്യുന്നുണ്ടു. ഞാൻ ആരംഭത്തിലേ പറഞ്ഞതുപോലെ വിദ്യാഭ്യാസകാര്യത്തിനു പരസ്പരബന്ധംവരുത്തുന്ന ഒരു ഉദ്യോഗസ്ഥൻ ആവശ്യമാണ്. മെഡിസിൻ, എൻജിനീയറിംഗ് എന്നതുപോലെ വിദ്യാഭ്യാസവും ഒരു സാങ്കേതിക വിഷയമാണെന്നു ഗവർണ്മെൻറു അറിയേണ്ടതാണ്. എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാരും വിദ്യാഭ്യാസത്തിൽ ശാസ്ത്രീയ പരിചയം സിദ്ധിച്ചവരാണെന്നു ഞാൻ പറയുന്നില്ല. ഏറ്റവും നല്ല ഒരു വിദ്യാഭ്യാസ ഡയറക്ടറെ കിട്ടുന്നതിനുള്ള ഒരു മാർഗ്ഗം എന്താണെന്നു അറിയുന്ന കാര്യം വളരെ പ്രയാസമാണ്. കാര്യക്ഷമതയുള്ള ആവശ്യമുണ്ടെന്നു വിചാരിക്കുന്നിടത്തോളം യോഗ്യത സിദ്ധിക്കുന്നതിനു അദ്ദേഹത്തിനു എത്രമാത്രം വിദ്യാഭ്യാസം ഉണ്ടായിരിക്കണമെന്നും അറിയുന്നില്ല. വിദ്യാഭ്യാസസംബന്ധമായ പ്രവൃത്തിമാർഗ്ഗങ്ങൾ അനേകം ഒന്നു്. ഡയറക്ടർ സ്ഥാനത്തിനു അവയിൽ ചിലതിനു കൂടുതൽ യോഗ്യത ഉണ്ടായിരിക്കും. എന്നാൽ എല്ലാ യോഗ്യതകളും തികഞ്ഞ ആളുകൾ ആരുംതന്നെ കാണുകയില്ല. രേഖാസംബന്ധമായും സാങ്കേതികമായുമുള്ള ശാഖകളിൽ —

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരാൾ പ്രൊഫ്സർ ജോലിക്കു നിയമിക്കപ്പെട്ടു എന്നുള്ളതുകൊണ്ടുമാത്രം അയാളും ഒരു വിദ്യാഭ്യാസ വിദഗ്ധനാണെന്നു വിചാരിക്കുന്നതു ശരിയാണോ എന്നു മി. സ്റ്റീഫൻസൻ പറഞ്ഞാൽ കൊള്ളാം,

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): നാം പ്രൊഫസറന്മാരെ തെരഞ്ഞെടുക്കുന്നതു് ആ പ്രത്യേകവിഷയത്തിൽ നല്ല പരിജ്ഞാനം ലഭിച്ചവരെമാത്രം ആയിരിക്കണം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു പ്രത്യേകവിഷയത്തിലോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): അതെ. ഒരു പ്രത്യേകവിഷയത്തിൽ തന്നെ. ഇംഗ്ലീഷിനു ഒരു പ്രൊഫസറാണ് വേണ്ടതെങ്കിൽ ഇംഗ്ലീഷ് നല്ലപോലെ അറിയാവുന്ന ഒരാളാണ് നമുക്ക് ആവശ്യമുള്ളതു്. ചരിത്രത്തിനാണ് നമുക്ക് ഒരു പ്രൊഫസർ വേണ്ടതെങ്കിൽ ചരിത്രം നല്ലപോലെ അറിയാവുന്ന ഒരാളായിരിക്കണം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കാലക്രമേണ ഒരു പ്രൊഫസർ പ്രിൻസിപ്പാലായി നിയമിക്കപ്പെടുന്നതല്ലെന്നു് മിസ്റ്റർ സ്റ്റീഫൻസൻ സംശയിക്കുന്നുണ്ടോ?

മി. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): എനിക്കു് ആ ചോദ്യം നല്ലപോലെ മനസ്സിലായില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു പ്രൊഫസർ കാലക്രമേണ പ്രിൻസിപ്പാലായി നിയമിക്കപ്പെടുന്നതല്ലെന്നു് മിസ്റ്റർ സ്റ്റീഫൻസൻ സംശയിക്കുന്നുണ്ടോ? ഒരു ആർട്ട്സ് കാളേജിനെറ പ്രിൻസിപ്പാലായി ഒരു പ്രൊഫസ്സറെ നിയമിക്കുന്നതു സാധാരണമല്ലയോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): അല്ലു് അപ്രകാരംതന്നെ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അവരെ പ്രൊഫസറന്മാരായി നിയമിക്കുമ്പോൾ അവരെ വിദ്യാഭ്യാസ വിദഗ്ധന്മാരായി ഗണിച്ചിരുന്നുവൊ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): അവർ വിദ്യാഭ്യാസവിദഗ്ധന്മാരായിരുന്നെങ്കിൽ അപ്രകാരം ഗണിക്കപ്പെട്ടിരുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രിൻസിപ്പാലന്മാരായി നിയമിക്കപ്പെട്ടിട്ടുള്ള പ്രൊഫസറന്മാർ വിദ്യാഭ്യാസ വിദഗ്ധന്മാരായിരുന്നുവൊഎന്നു് മിസ്റ്റർ സ്റ്റീഫൻസൻ പറയുമോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): അവർക്കുണ്ടായിരുന്ന യോഗ്യതായോഗ്യതകളെപ്പറ്റി ആലോചിച്ചിട്ടുണ്ടു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ അറിയാൻ ആഗ്രഹിക്കുന്നതു് ഗവർണ്മെൻറു ചരിത്രം, ഗണിതം, രസതന്ത്രം ഈ വിഷയങ്ങൾക്കു് പ്രൊഫസറന്മാരായിട്ടു ആളുകളെ നിയമിക്കുമ്പോൾ അവരെ എഡ്യൂക്കേഷനൽ എക്സ്പേർട്ടായിട്ടു ഗണിക്കുന്നുണ്ടോഎന്നാണു്.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): അപ്രകാരം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ഗവർണ്മെൻറു, ചരിത്രത്തിനു ഒരു പ്രൊഫസറെ നിയമിക്കുമ്പോൾ അയാൾക്കു ചരിത്രം സംബന്ധിച്ചു വേണ്ടുവോളം അറിവുണ്ടോഎന്നു നോക്കുന്നു. രസതന്ത്രത്തിനു ഒരു പ്രൊഫസറെ നിയമിക്കുമ്പോൾ രസതന്ത്രത്തിൽ നല്ല പരിജ്ഞാനം അയാൾക്കുണ്ടോഎന്നു നോക്കുന്നു. ഇതുപോലെ പലതുമുണ്ടു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ പ്രൊഫസറന്മാരെല്ലാം കാലക്രമത്തിൽ പ്രിൻസിപ്പാലന്മാരായിത്തീരുന്നുണ്ടെന്നു് മിസ്റ്റർ സ്റ്റീഫൻസൻ സമ്മതിക്കുമെന്നു എനിക്കു നിശ്ചയമുണ്ടു്.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): അവരിൽ ചിലർക്കു് പ്രിൻസിപ്പാലന്മാരാകാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതെ. ഏതു പ്രൊഫസർക്കും പ്രിൻസിപ്പാലാകാവുന്നതാണു പ്രിൻസിപ്പാലാകുന്നതിനു അവരെ യാതൊന്നും തടസ്സംചെയ്യുന്നില്ല.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): അതു എനിക്കു പറയുവാൻ നിവൃത്തിയില്ല. ചില പ്രൊഫസറന്മാർ പ്രിൻസിപ്പാലന്മാരായി നിയമിക്കപ്പെട്ടിട്ടുണ്ട്. അതിൽ കൂടുതൽ എനിക്കു പറയുവാൻ നിവൃത്തിയില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സീനിയാറിറ്റിയെ മാത്രമല്ലയോ അതു ആശ്രയിച്ചിരിക്കുന്നതു?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): എനിക്കു ആ സംഗതിയെപ്പറ്റി യാതൊരറിവും ഇല്ല. പ്രിൻസിപ്പാലിന്റെ നിയമനത്തെ സംബന്ധിച്ചു് എനിക്കു യാതൊരു ബന്ധവുമില്ല (ചിരി).

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ചില പ്രൊഫസറന്മാർക്കു പ്രിൻസിപ്പാലന്മാരാകാൻ സാധിക്കും. ഈ പ്രൊഫസറന്മാർ പ്രിൻസിപ്പാലന്മാരാകുമ്പോൾ എക്സ്സർവ്വീസുകളാകാൻ തക്ക വിദ്യാഭ്യാസയോഗ്യതകൾ സമ്പാദിക്കുന്നുണ്ടോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): അവരുടെ പ്രത്യേകഡിപ്പാർട്ടുമെൻറുകളിൽ ഭരണസംബന്ധമായി വളരെ അറിവു അവർ സമ്പാദിക്കുന്നുണ്ടു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അവരുടെ പ്രത്യേകഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചു അവർക്കു പരിചയം കിട്ടുന്നുണ്ടോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): ഇല്ല. സൂക്ഷ്മമായിട്ടാണെങ്കിൽ അവരുടെ പ്രത്യേകഡിപ്പാർട്ടുമെൻറിലല്ല എന്നാൽ കോളേജുസംബന്ധിച്ചു ഡിപ്പാർട്ടുമെൻറിലാണു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അവർ പ്രിൻസിപ്പാലന്മാരാകുമ്പോൾ ഇതരപരിചയം ഏതെങ്കിലും അവർക്കു ലഭിക്കുന്നുണ്ടോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): ഞാൻ ആദ്യം പറഞ്ഞതുപോലെ അവർ പ്രിൻസിപ്പാലന്മാരാകുമ്പോൾ ഭരണസംബന്ധമായ പരിചയം സമ്പാദിക്കുന്നുണ്ടു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കോളേജുസംബന്ധിച്ചു ജോലി വിദ്യാഭ്യാസഡയറക്ടരുടെ ജോലിയിൽനിന്നു് വ്യത്യാസമുള്ളതാണെന്നു മിസ്റ്റർ സ്റ്റീഫൻസനു അറിയാമോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): വളരെ വ്യത്യാസമുള്ളതായിട്ടു തന്നെയാകുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആകുന്നുവെന്നോ അല്ലായെന്നോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): ആകുന്നു.

പ്രസിഡണ്ടു്: മിസ്റ്റർ എ. കെ. പിള്ളേ! നിങ്ങൾ അപ്രകാരം ക്രോസ്സുചെയ്യുവാൻ പാടില്ല. നിങ്ങൾക്കു ചോദ്യം ചോദിക്കുവാൻ മാത്രമേ അധികാരമുള്ളൂ (ചിരി).

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ വിവരങ്ങളെല്ലാം തരത്തക്ക ഉദ്യോഗസ്ഥൻ അദ്ദേഹം മാത്രമേ ഉള്ളുവെന്നു അറിയിച്ചുകൊള്ളട്ടെ.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): സർ—

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും—പീരുമേട്ടും): പ്രിൻസിപ്പാലന്മാർക്കു സർക്കാരാഫീസുമായി നേരിട്ടു് ബന്ധം ഇല്ലയോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): ഉണ്ടു്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും—പീരുമേട്ടും): തിരുവിതാംകൂറിലെ വിദ്യാഭ്യാസ പോളിസിയെ സംബന്ധിച്ചു് യൂണിവേർസിറ്റി പ്രവർത്തിക്കുന്നുണ്ടോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): ഉണ്ടു്. അവർക്കു വേണ്ടതു ചെയ്യാം. എന്നാൽ കോളേജുവിദ്യാഭ്യാസം സംബന്ധിച്ചിടത്തോളമെ പാടുള്ളൂ എന്നുണ്ടു്.

വാദപ്രതിവാദത്തിൽ അനേകം കടലാസ്സുകൾ കൊണ്ടുവരപ്പെട്ടിട്ടുണ്ടു്. എന്നാൽ അവയെപ്പറ്റിയെല്ലാം വേണ്ടിടത്തോളം വാദപ്രതിവാദം നടത്തീട്ടുണ്ടു്. എനിക്കു ഇതിനെപ്പറ്റിയെല്ലാം പറയാനുള്ളതു് ഞാൻ പറഞ്ഞിട്ടുണ്ടു്. മിസ്റ്റർ എ. കെ. പിള്ളക്കു് അദ്ദേഹത്തിന്റെ മോക്ഷനം പിൻവലിക്കുന്നതിൽ വിരോധമുണ്ടായിരിക്കയില്ലെന്നു് വിശ്വസിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കു മോക്ഷൻ പിൻവലിക്കുന്നതിനു് യാതൊരു വിരോധവുമില്ല.

പ്രസിഡണ്ടു്: മോഷൻ പിൻവലിക്കുന്നതിൽ സഭയ്ക്കു സമ്മതംതന്നെയോ?

സമ്മതപ്രകാരം മോക്ഷൻ പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക്രമ ക.

താഴെ കാണുന്ന ഉപക്ഷേപം കൊണ്ടുവരപ്പെട്ടില്ല.

മി. സി. പി. തങ്കച്ചുകുഞ്ഞുപിള്ള:

ക്രമ ക. എസ്റ്റാബ്ലിഷ്മെൻറു് ഇനത്തിൽ നീക്കിവെയ്ക്കപ്പെട്ടിട്ടുള്ള ൨൫,൯ ഒന്നു രൂപായിൽനിന്നും ൭൫൦ രൂപാ കുറയ്ക്കുണം.

ഉപക്ഷേപം ക്രമ ൨.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): സർ, ഞാൻ താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നു.

ക്രമ ൨. ഇൻസ്പെക്ടറന്മാർക്കു് എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൭,൫൪൪ രൂപായിൽനിന്നും ൨൦൦ രൂപാ കുറയ്ക്കുണം.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): കഴിഞ്ഞതവണ ഇതിനെ സംബന്ധിച്ചുതന്നെ ഒരു ഉപക്ഷേപം കൊണ്ടുവരികയും ഇതിനെപ്പറ്റി വാദപ്രതിവാദം നടത്തുകയും ചെയ്തിട്ടുണ്ടു്. ഈ സംഗതിയിൽ എനിക്കു പ്രധാനമായി പറയാനുള്ളതു് ചീഫ് ഇൻസ്പെക്ടരെക്കൊണ്ടു വളരെ നല്ല കാര്യങ്ങൾ നാട്ടുകാര്യാ വിദ്യാഭ്യാസത്തിനുവേണ്ടി ചെയ്യുവാൻ സാധിക്കുമെന്നാണു്. അങ്ങനെയുള്ള കാര്യങ്ങൾ അദ്ദേഹത്തിനു സാധിക്കത്തക്കവണ്ണം അദ്ദേഹത്തിന്റെ ഇപ്പോഴത്തെ അസൌകര്യമായ ജോലികളിൽ പലതും മാറ്റിപ്പിടിപ്പിക്കുകയും ചെയ്യേണ്ടതാണു്. ഇപ്പോൾ അദ്ദേഹത്തിന്റെ കീഴ് വകുതിയിൽ ൪,൫൪൦ മലയാളം പള്ളിക്കൂടം അദ്ധ്യാപകന്മാരുണ്ടു്.

ഈ ഡിപ്പാർട്ടുമെന്റിലെ പ്ലാൻ നിർദ്ദേശിക്കുക, അവയ്ക്ക് അവധി അനുവദിക്കുക മുതലായ ചില്ലറ കാര്യങ്ങളിൽ ഈ വിഭാഗത്തിന്റെ സഹായത്തിൽ അധികമായി ഉപയോഗിക്കേണ്ടിവരുന്നു. അതുകൊണ്ടു ഓട്ടമോഷാവ്വിന്റെയും മറ്റും സസംബന്ധമായ പല കാര്യങ്ങളിലും ആ വിഭാഗത്തിന്റെ ശ്രദ്ധ പതിയേണ്ടതാവശ്യമാണ്. കഴിഞ്ഞപ്രാവശ്യം ഞാൻ പറഞ്ഞിട്ടുള്ളതുപോലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ചില അധികാരങ്ങളെപ്പറ്റി അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് കൊടുക്കണമെന്നാണ്. ഇപ്പോൾ ഈ അസിസ്റ്റന്റ് എഞ്ചിനീയർമാരെല്ലാം എം. പി., എസ്., ടി. പാസായിട്ടുള്ളവരാണല്ലോ. അവർക്ക് ഈ പ്രവൃത്തികൾ ശരിയായി ശ്രദ്ധിക്കുന്നതിനുള്ള അധികാരങ്ങൾകൊടുത്താൽ പല സൌകര്യങ്ങളും ഉണ്ടാകും. ഒന്നാമതായി, ഓരോ ഡിസ്ട്രിക്ടിലുള്ള മോഗ്രുമായോ ഡോക്ടർമാരെ വാഴ്ത്തുന്നതിനുള്ള സൌകര്യവും അവർക്കു കിട്ടും. രണ്ടാമതായി, ഓരോ സ്ഥലങ്ങളിലും പബ്ലിക് ഹെൽത്ത് ഓഫീസർമാരുടെയും മറ്റും രക്ഷാർത്ഥമായിട്ടുള്ള പരിശോധനകളുടെയും മറ്റും കാര്യങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ചിട്ടപ്പെടുത്തുന്നതിനും സാധിക്കും.

ഇതിനെപ്പറ്റി ഡോക്ടർമാരുടെ അഭിപ്രായമെന്താണെന്നു ഞാൻ അറിയുന്നില്ല. ഈ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായമെന്താണെന്നും എനിക്കറിയില്ല. ഇതിനെപ്പറ്റി ചീഫ് എഞ്ചിനീയർ ഇൻസ്പെക്ടിങ്ങിനു പോയപ്പോൾ പല പ്രധാനപ്പെട്ടവരോടും സംസാരിച്ചു. അദ്ദേഹത്തിന്റെ ശ്രദ്ധ പതിയുകയും ചെയ്തു. പട്ടണത്തിലുള്ള പരിഷ്കൃതസ്ഥലങ്ങളിലും മറ്റുമെല്ലാം പ്രാഥമികവിദ്യാഭ്യാസം പ്രചാരത്തിൽ വന്നിട്ടുള്ള ഈ കാലത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാർക്കു മുനിസിപ്പാലിറ്റികളിൽ സ്ഥാനമിരുന്നു പ്രാഥമികവിദ്യാഭ്യാസം ഏർപ്പാടുചെയ്യുന്നതിനുള്ള അധികാരം കൊടുക്കുന്നതിനും ഒരു ബുദ്ധിമുട്ടും ഉണ്ടാകുന്നതായി തോന്നുന്നില്ല.

മി. സി. പി. രാമസ്വാമി അയ്യർ (ഗവർൺമെന്റ് നിയമനം): അങ്ങനെയുള്ള ദരിദ്രങ്ങളായ പ്രദേശങ്ങളിലാണ് എന്തു ഉദ്ദേശിച്ചാണ് മെമ്പർ ഈ നിർദ്ദേശം അവതരിപ്പിക്കുന്നത്? സ്ഥലപരിശോധന കൂടാതെ ഉത്തരവുകൾ, തലസ്ഥാനത്തിരിക്കുന്ന ചീഫ് എഞ്ചിനീയർമാരോ അസിസ്റ്റന്റ് എഞ്ചിനീയർമാർ അഭിപ്രായങ്ങളോ നടപ്പാക്കുകയും ജനങ്ങളെ ഉത്സാഹിപ്പിക്കുകയും ചെയ്യുന്നതല്ലയോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങേഹത്തിനു ഒരു ശിശുവായ നാമധേയം പറഞ്ഞു മനസ്സു പാതിക്കുണ്ടായതിനാലാണ്. അവിടെ ഒരു മാസ്റ്റർ വേണം കിടക്കാനായിട്ടാണ് ഈ പള്ളിക്കൂടം നീക്കുന്നതിനു വേണ്ട പ്രയത്നം ചെയ്തിട്ടുണ്ട്. അവിടെ ഡോക്ടറുടെ ബന്ധുവായ സ്കൂൾമാസ്റ്റർ പോസ്റ്റായ ഒരു പെൻഷൻകാരൻ ഉണ്ട്. ഈ പെൻഷൻകാരനാണ് ആ പള്ളിക്കൂടം സ്ഥാപിക്കുന്നതിനു വേണ്ട ഭവിഷ്യത്തുകളുടെ ഇടയ്ക്കിടയ്ക്കു പോയി പരിശോധിക്കുകയും തർജ്ജമചെയ്യുകയും ശ്രമിക്കുകയും ചെയ്യുന്നത്. ഈ വിഷയം അസിസ്റ്റന്റ് എഞ്ചിനീയർക്കു നല്ലതിനുണ്ണം അറിയാം. അങ്ങേഹം ആ യുവാവിനെ അവിടെ ഒരു വാല്യുവേഷൻ കൽക്കുമായിട്ടെങ്കിലും നിയമിച്ചു. ഇപ്പോൾ ജോലിയില്ല. അതുകൊണ്ടു ജോലിചെയ്യുന്നതിനു വേണ്ടിയാണ് ഞാൻ പറഞ്ഞത്. അങ്ങേഹത്തിനെ ചോദ്യത്തിനു മറുപടി പറയാൻ വേണ്ടിയാണ് ഇതുമുതൽ പറഞ്ഞത്. അവിടെ ഫുഡാംക്ലാസ്സുവരെയുള്ള ഒരു പള്ളിക്കൂടമാണ് അതു. അതു പള്ളിക്കൂടമായിത്തന്നെവേണ്ടി സംഭവങ്ങൾ ചെയ്തു ഒരു യുവാവിനെ പിടിച്ചുയർത്തുക എന്നുള്ളതാണ്. ഈ നിയമനാധികാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഉണ്ടായിരുന്നെങ്കിൽ ഇതിനിടയാകയില്ലായിരുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്): അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നിയമനാധികാരം കൊടുക്കാത്തതുകൊണ്ടു പള്ളിക്കൂടം വർദ്ധിപ്പിക്കുന്നതിന് സാധിക്കാതെ വരുന്നുവെന്ന് മെമ്പർ പറഞ്ഞു. ചീഫ് എഞ്ചിനീയർക്ക് അധികാരം ഇല്ലാതിരിക്കുന്നപക്ഷം അങ്ങേഹത്തിനു പള്ളിക്കൂടങ്ങളും വർദ്ധിപ്പിക്കുന്നതിന് സാധിക്കാതെവരികയില്ലേ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മി. തരകൻ രണ്ടുസംഗതികളും മറന്നാണ് ഈ ചോദ്യം ചോദിച്ചിട്ടുള്ളത്. ചീഫ് എഞ്ചിനീയർക്കു അധികാരത്തിൽ ഉൾപ്പെട്ടതിൽ ലഘുവായ ഭാഗമാണല്ലോ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കു കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളത്. രണ്ടാമതു അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ചുമതലയിൽ കാര്യമാണ് ചീഫ് എഞ്ചിനീയർ. ഇതു രണ്ടുംകൊണ്ടാണ് മി. തരകൻ ഈ ചോദ്യം ചോദിച്ചതു.

മി. കെ. കെ. തോമസ് (കോട്ടയം): ഓരോ അസിസ്റ്റന്റ് എഞ്ചിനീയർക്കും എത്ര രൂപായ്ക്കാണെന്ന് അറിയാമോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതറിയേണ്ട ആവശ്യമില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ഏതു രൂപാവരെ ആക്കാനുള്ള അധികാരം കൊടുക്കണമെന്നു പറഞ്ഞു. എത്രരൂപാ ശമ്പളമുള്ള ആളിനാണ് ഏതു രൂപാ ശമ്പളമുള്ള ആളിനെ ആക്കാൻ അധികാരമുള്ളത്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിലേയ്ക്കു ഒരു തോതു നിശ്ചയിച്ചിട്ടുള്ളതായി എനിക്കറിവില്ല.

മി. കെ. കെ. തോമസ് (കോട്ടയം): അവർ നിയമനം നടത്തുമ്പോൾ അവിടെ കുഴപ്പം ഉണ്ടാകയില്ലേ?

മി. ടി. കുമാരപിള്ള (കൽക്കുളവുംവിളവങ്കോടും): ഈമാതിരിയുള്ള ഒരു ധാരണയുള്ളതുകൊണ്ടാണ് ഈ രാജ്യത്തു ശമ്പളച്ചെലവു് ഏതാണ്ടു ലക്ഷം രൂപാവരെ വളർന്നിരിക്കുന്നതു.

മി. കെ. കെ. തോമസ് (കോട്ടയം): വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ ഏതു രൂപാ ശമ്പളമുള്ള ഉദ്യോഗസ്ഥൻ ഏതു രൂപാ ശമ്പളത്തിൽ അധികം ആക്കണമെന്നതായി അറിയാമോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മെമ്പർ ചോദിക്കുന്നതിന്റെ ഉദ്ദേശം എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. കെ. തോമസ് (കോട്ടയം): അതറിയാമോ എന്നു ചോദിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു് അറിയേണ്ട ആവശ്യമുണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല.

മി. കെ. സി. മാത്തൻമാപ്പിള (കുട്ടനാടവും വ്യവസായവും, വടക്കു): ബലമായ ശുപാർശകരുള്ള അനേകംപേർ ഒരു ജോലിക്കു് ആഗ്രഹിക്കുന്നവരായിട്ടില്ലയോ എന്നും അപ്രകാരമുള്ളപ്പോൾ അതു് ആ സ്ഥലത്തു് വിരോധത്തിനും വഴക്കിനും കാരണമാകുകയും ചെയ്യും നിലകൊള്ളുന്നതല്ലയോ എന്നും അതുകൊണ്ടു് ഉദ്യോഗസ്ഥലത്തു് ഇരിക്കുന്ന ആളുടെ ചില ഒരാം നിയമനങ്ങൾ നടത്തുന്നതല്ലയോ ഏറ്റവും നല്ലതെന്നും മെംബർ ദയവുചെയ്തു പറയുമോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കടുന്നിലുള്ള കഥയാണെങ്കിൽ മി. മാത്തൻമാപ്പിള പറഞ്ഞതു ശരിതന്നെയാണു്. ഉദ്യോഗങ്ങളിൽ വിദ്യാഭ്യാസംകുറഞ്ഞ ആളുകളുടെ കുത്തുമാണ് ഞാൻ പറഞ്ഞതു്.

മി. കെ. സി മാത്തൻമാപ്പിള (കുട്ടനാടവും വ്യവസായവും, വടക്കു): മി. കുമാരപിള്ള ഏതുസ്ഥലത്തുനിന്നു പരുന്നവോ അതുപോലെ ഉദ്യോഗായ ഒരു സ്ഥലത്തുനിന്നുതന്നെയാണ് ഞാനുവരുന്നതു്. ഉദ്യോഗങ്ങളിലെ ചായ്വുകളെപ്പറ്റി എനിക്കും അല്പം പരിചയമുണ്ടു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എന്നിൽനിന്നും മെംബർമാർ അറിവാൻ ആഗ്രഹിക്കുന്നതു് എന്തെന്നു മനസ്സിലാകുന്നില്ല.

മി. കെ. സി. മാത്തൻമാപ്പിള (കുട്ടനാടവും വ്യവസായവും, വടക്കു). അസിസ്റ്റൻറ ഇൻസ്പെക്ടർമാർക്കു് അവരുടെ സ്ഥലത്തെ നിയമനാധികാരം കൊടുക്കുന്നതുമൂലം കൂട്ടരുടെ വിരോധത്തിനും വഴക്കിനും കാരണമാകുന്നതല്ലയോ എന്നും നിയമനാധികാരി ദൂരെയുള്ള ഒരാളാണെങ്കിൽ ഈ വിരോധത്തിനും വഴക്കിനും കുറവു ണ്ടാകുന്നതല്ലയോ എന്നുമാണ് എന്റെ ചോദ്യം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിനു മറുപടിപറയേണ്ട ആവശ്യമുണ്ടെന്നുഞാൻ വിചാരിക്കുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും തോവികുളവും): അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെ ശുപാർശയനുസരിച്ചു് ചീഫ് ഇൻസ്പെക്ടർ നിയമനം നടത്തിയാൽ അപ്രകാരമുള്ള പരാതിയുണ്ടാകുമോ?

മി. ടി കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ചോദ്യം മനസ്സിലായില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും തോവികുളവും): മി. കുമാരപിള്ള സ്കൂൾഫൈനൽ പാസ്സായ ഒരാളോടു ഒക്കുന്നതുപോലെ പറഞ്ഞു. അസിസ്റ്റൻറ ഇൻസ്പെക്ടർ നിയമനം നടത്തിയാൽ ആ ആൾക്കു ഉദ്യോഗം കിട്ടുമായിരുന്നു എന്നു പറഞ്ഞു. ചീഫ് ഇൻസ്പെക്ടർ നിയമനം നടത്തിയതുകൊണ്ടാണ് ആ മനുഷ്യനു ഉദ്യോഗം കൊടുക്കാത്തതെന്നുംപറഞ്ഞു. അതിനെസംബന്ധിച്ചു എനിക്കു ചോദിക്കാനുള്ളതു് അസിസ്റ്റൻറ ഇൻസ്പെക്ടരുടെ ശുപാർശയനുസരിച്ചു ചീഫ് ഇൻസ്പെക്ടർ നിയമനം നടത്തിയാൽ ആ കാര്യം സാധിക്കയില്ലയോ ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങിനെ നടത്തിട്ടില്ലാത്തതുകൊണ്ടാണ് സാധിക്കാത്തതു്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും തോവികുളവും): ഈ സ്ഥിതിയ്ക്കു് അസിസ്റ്റൻറ ഇൻസ്പെക്ടരുടെ ശിപാർശയനുസരിച്ചു ചീഫ് ഇൻസ്പെക്ടർ ചെയ്യണമെന്നു ഒരു വ്യവസ്ഥയുണ്ടായാൽപോരേ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെ ഒരു വ്യവസ്ഥ ഇപ്പോൾതന്നെയുണ്ടു്. അതിൽ യാതൊരുഫലവും കാണാത്തതുകൊണ്ടുതന്നെയാണ് ഇതു ഇവിടെ കൊണ്ടുവരാനിടയായതു്.

മി. എം. ശിവരാമപിള്ള (തോവാള): എഴുപതുരൂപാ ശമ്പളമുള്ള ഉദ്യോഗസ്ഥനു് ഈ അധികാരം കൊടുത്താൽ കൈക്കൂലി വർദ്ധിക്കുകയില്ലേ ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും). കൈക്കൂലിവർദ്ധിക്കുന്നതിനു ഇതു് പ്രത്യേക സന്ദർഭമായിത്തീരുകയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും തോവികുളവും): അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെ ശിപാർശയനുസരിച്ചു ചീഫ് ഇൻസ്പെക്ടർ നിയമനംനടത്താത്തതു എന്തുകാരണത്താലാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആ ചോദ്യത്തിനു ഞാൻ ഉത്തരംപറയുന്നില്ല.

മി. എൻ. കുമാരൻ (ഗവർണ്മെൻറ നിയമനം): ആ ഉത്തരം നിയമപ്രശ്നമാണ്, പ്രസിഡണ്ടു് മുഖാന്തിരമേ മെംബറന്മാർക്കു ചോദിക്കാൻപാടുള്ളുഎന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും തോവികുളവും): ഞാൻ പ്രസിഡണ്ടുവഴിയായിട്ടുമാത്രമാണ് ചോദിക്കുന്നതു്.

പ്രസിഡണ്ടു്:: നിങ്ങൾക്കു വിവരങ്ങൾഅറിവാൻ ആഗ്രഹിക്കുന്നുവോ ? അതോ അഭിപ്രായത്തെ വ്യസ്തരിക്കുന്നുവോ ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും തോവികുളവും). എനിക്കു ഒരു ചെറിയവിവരം അറിവാൻമാത്രമേ ആവശ്യമുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മറുപടിപറയുന്നതിനു മെംബർക്കു എന്തെ നിർബന്ധിക്കുവാൻപാടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും തോവികുളവും): എനിക്കു അഭിപ്രായത്തോടു ചോദ്യംചോദിക്കാൻ അവകാശം ഇല്ലയോ ?

പ്രസിഡണ്ടു്: നിങ്ങൾക്കു രഹസ്യമായിപ്രതിവാദം ചെയ്യാൻപാടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇങ്ങനെ ചില മെംബറന്മാർ ചോദിച്ചിട്ടുള്ളതിനു സമാധാനംപറവാൻ എനിക്കു് വിരോധമില്ല. മിൻറനസ്സുള്ളതിനു പുറമേ രൂപാവരെ നിയമനാധികാരമുണ്ടു്. താഴ്ന്നിൽക്കാർക്കും അതിലധികം അധികാരമുണ്ടു്. അതിനാൽ അവർ അഴിമതിനടത്തുന്നുഎന്നു് വിചാരിക്കുവാൻ അവകാശമില്ല. അങ്ങനെ അഴിമതിനടത്താത്തതിൽ പലരേയും എനിയ്ക്കു അറിയാം. ഇപ്പോഴത്തെ

അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരെല്ലാം ബി. എ., എൽ. ടി. പാസ്സായിട്ടുള്ളവരാണ്, എല്ലാവരും കൈക്കൂലി ക്കാരാണെന്നുള്ള വിചാരം ഉണ്ടായിരുന്നാൽ ഒരിക്കലും പബ്ലിക്ക് സർവീസ് നന്നായിവരാൻ സായിക്കുകയില്ല.

പിന്നെ ചില കാര്യങ്ങൾ പറയുവാനുള്ളത് —

പ്രൈസിഡണ്ട്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): സർ, വീണ്ടും പ്രധാനചോദ്യമായിക്കാണുന്നത് ഇപ്പോഴുള്ള ജോലിയിൽ പ്രമോഷനോടുകൂടി മറ്റൊരുള്ളവക്ക് കൊടുത്തു കൂടുതൽ ഉത്തരവാദിത്തം സാധിക്കുകയില്ലയോ എന്നാണ്. മലയാളം സ്കൂൾഇൻസ്പെക്ടർക്ക് ഇപ്പോൾ വളരെ കൂടുതൽ ജോലിയുണ്ടെന്നുള്ളതിന് സംശയമില്ല. അദ്ദേഹത്തിന്റെജോലിയിൽ ഏതാനും അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാർക്ക വിട്ടുകൊടുക്കുന്നതായാൽ ഒട്ടുവളരെ ജോലിയിലുണ്ടാകുന്നതാണ്. ഇൻസ്പെക്ടറന്മാരുടെ അധികാരങ്ങളെ അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാർക്ക വിട്ടുകൊടുക്കുന്നതിനെപ്പറ്റി ഞാൻ വേണ്ടുവോളം ആലോചിച്ചിട്ടുണ്ടെന്നുപറയുവാൻ എനിക്ക് നിവൃത്തിയില്ല. ആ സംഗതിയെപ്പറ്റി പ്രവർത്തിക്കേണ്ടതായിട്ടുണ്ടെന്നാണ് മി. കുമാരപിള്ള പറഞ്ഞിട്ടുള്ള എല്ലാ വിഷയങ്ങളെപ്പറ്റിയും ഞാൻ ഈയിടെ ആലോചിക്കുന്നതാണ്. ഏതുസമയത്തും വിട്ടുകൊടുക്കാവുന്ന അധികാരങ്ങളും ഏതെല്ലാമുണ്ടെന്നുള്ളത് ഒരു നല്ല ചോദ്യമാണ്. ചോദ്യം നിയമനാധികാരത്തെപ്പറ്റിയാകുമ്പോൾ വളരെ വിഷമമായിട്ടുള്ളതാകുന്നു. ആ സംഗതിയെസംബന്ധിച്ചു എനിക്കു ചില ഉപദേശങ്ങൾ വേണ്ടിവരും. ആ ഉപദേശങ്ങൾ അനുസരിച്ചു ഞാൻ ശിപാർശചെയ്യുന്നതാണ്. ഞാൻ ആ സംഗതിയെപ്പറ്റി നിശ്ചയമായും ഗൌനിക്കുന്നതാകുന്നു.

വാല്യൂവർമ്മാരുടെ സ്ഥലംമാറ്റത്തെപ്പറ്റി മി. കുമാരപിള്ള എന്തെങ്കിലും പറഞ്ഞുവോ എന്ന് ഞാൻ അറിയുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സന്ദർഭോചിതമായി അദ്ദേഹം അതിനെപ്പറ്റിയും പറയുകയുണ്ടായി.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): കഴിഞ്ഞവർഷം വാല്യൂവറുസംബന്ധിച്ചു വാഗ്വിവാദത്തിൽ വാല്യൂവർമ്മാരുടെ സ്ഥലമാറ്റത്തെപ്പറ്റി പ്രസ്താവിക്കയുണ്ടായി. ഇപ്പോഴത്തെവിഷയത്തിൽ ആ വാദത്തെപ്പറ്റി പറഞ്ഞിരുന്നുവെങ്കിൽ അതുസംബന്ധിച്ചു സംസാരിക്കുവാൻ എനിക്കും ആഗ്രഹമുണ്ടായിരുന്നു. എന്നാൽ അതിനെസംബന്ധിച്ചു സന്ദർഭവശാൽമാത്രം പറയണമെന്നുദ്ദേശിച്ചുകൊണ്ടു ഇപ്പോൾ ഞാൻ അതിനെപ്പറ്റി ഒന്നും പറയുന്നില്ല.

മി. ടി. കുമാരപിള്ള (കുൽക്കളവും വിളവടങ്കോടും): എന്റെ ഉദ്ദേശംസാധിച്ചുകിട്ടിയതുകൊണ്ടു ഞാൻ മോഷൻ പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ സമ്മതപ്രകാരം മോഷൻ പിൻവലിക്കപ്പെട്ടു.

ഉപരക്ഷപം കരുനു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, താകൊണ്ടുന്ന ഉപക്ഷേപം ഞാൻ ഫാജരാക്കിക്കൊള്ളുന്നു.

കരുനു. ഇൻസ്പെക്ടറന്മാർക്ക എന്നഇനത്തിൽ നീക്കിവച്ചിട്ടുള്ള ൭ ാ,൪൫൫ രൂപായിൽനിന്നും കുറവ് രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപം കൊണ്ടുദ്ദേശിക്കുന്നതിൽ എന്റെ ഉദ്ദേശ്യം വളരെ സാരമില്ലാത്തതാകുന്നു. വിദ്യാഭ്യാസഡയറക്ടരിൽനിന്നും ചില വിവരങ്ങൾ എനിക്കു മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ആ ഉദ്ദേശ്യം. ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ സ്വീകരിച്ചിരുന്ന നയത്തെ സംബന്ധിച്ചു ചില സംഗതികൾ കഴിഞ്ഞ കൌൺസിലിൽ പാസ്സാക്കുകയുണ്ടായി. അതുസംബന്ധിച്ചു ഗവണ്മെൻറ് എന്തുനടപടി നടത്തിട്ടുണ്ടെന്ന് അദ്ദേഹത്തിൽനിന്നും അറിഞ്ഞാൽകൊള്ളാം. പ്രസ്തുതനയം തെറ്റാണെന്നും ഗവണ്മെൻറ് അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ആസംഗതി സംബന്ധിച്ചു ഗവണ്മെൻറ് നടത്തിട്ടുള്ള നടപടികൾ ഒന്നുംതന്നെ അറിയപ്പെട്ടിട്ടില്ല. ഏതെങ്കിലും നടപടികൾ അതിനുമേൽ നടത്തീട്ടുണ്ടോഎന്നും ഉണ്ടെങ്കിൽ എന്താണെന്നും അറിഞ്ഞാൽകൊള്ളാം. അത്രമാത്രമേയുള്ളൂ.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): സർ, മി. കൊച്ചുകുഞ്ഞുപിള്ളയുടെ ചോദ്യത്തിന് എനിക്ക പറയുവാനുള്ളത് ഇത്രമാത്രമാകുന്നു. കഴിഞ്ഞ ആണ്ടത്തെ കൌൺസിലിൽ നടന്ന വാഗ്വിവാദത്തിന്റെ ഫലമായി ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ നടത്തിട്ടുള്ള നിയമനങ്ങളെപ്പറ്റി ഞാൻ വേണ്ടത്രാന്വേഷണങ്ങൾ നടത്തണമെന്ന് ഗവണ്മെൻറ് എന്നോടു ആജ്ഞാപിച്ചു. ഇംഗ്ലീഷ്സ്കൂളിൽ നടത്തിട്ടുള്ള ബി. എ—ക്കാരുടെ നിയമനത്തെപ്പറ്റി ഞാൻ അന്വേഷണം നടത്തിട്ടുണ്ട്. മറുകാര്യങ്ങൾക്ക ഉപയോഗിക്കാവുന്ന വളരെസമയവും പ്രയത്നവും ഇതിലേക്കുവേണ്ടി എനിക്ക നഷ്ടപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞുകൊള്ളട്ടേ. അന്വേഷണംനടത്തിയതിന്റെ ഫലത്തെസംബന്ധിച്ചു ഗവണ്മെൻറിനു റിപ്പോർട്ട സമർപ്പിച്ചിട്ടുമുണ്ട്. ഉദ്ദേശം രണ്ടുദിവസത്തിനുമുമ്പാണ് റിപ്പോർട്ട അയച്ചത്. ഇതാണ് അതുസംബന്ധിച്ച യഥാർത്ഥവിവരങ്ങൾ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ആ റിപ്പോർട്ടിന്റെ സ്വഭാവം എന്താകുന്നതെന്ന ഡയറക്ടരിൽനിന്നും അറിഞ്ഞാൽകൊള്ളാം.

പ്രൈസിഡണ്ട്: ഇത് ആപേക്ഷികമുള്ളതിൽ അധികമായ ഒരു പ്രശ്നമായമാണ്. മി. കൊച്ചുകുഞ്ഞുപിള്ള ആ പാളിസിയെ സംബന്ധിച്ചു വാഗ്വിവാദത്തിനു കൊണ്ടുവരുന്നതിനുപകരം ഒരു പ്രത്യേക സംഭവത്തെപ്പറ്റിയുള്ള വിവരം അറിയുവാൻ ആവശ്യപ്പെട്ടുകയാകുന്നു ചെയ്യുന്നത്. അതുകൊണ്ടു അതുസംബന്ധിച്ചിടത്തോളം മോഷൻ നിയമവിരുദ്ധമാണെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾ ഒരു പാളിസിയെപ്പറ്റി വാഗ്വിവാദം ചെയ്യുകയല്ലാ ചെയ്യുന്നത്. കഴിഞ്ഞസംവത്സരം നടന്നിട്ടുള്ള ഏതോ ഒരു സംഭവത്തെപ്പറ്റിയുള്ള വിവരം അറിവാൻ ആഗ്രഹിക്കുകയാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതിനു ഡയറക്ടർ ഉത്തരം പറഞ്ഞുകഴിഞ്ഞു. അതുകൊണ്ടു ഞാൻ മോഷൻ പിൻവലിക്കുന്നു.

സഭയുടെ അനുവാദപ്രകാരം മോഷൻ പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക്ര്യ.

നമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെകാണുന്ന മോഷൻ കൊണ്ടുവരപ്പെട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള:

ക്ര്യ ഴ. സഞ്ചാരപടി ഇനത്തിൽ ഴിക്കിയച്ചിട്ടുള്ള ര, ക്ലം രൂപായിൽനിന്നും ക്ക ം രൂപാ കുറയ്ക്കണം.

ഉപക്ഷേപം ക്ര്യ ട.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): താഴെകാണുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

ക്ര്യ ട. ഇൻസ്പെക്ടസ്സുകൾക്ക് എന്ന നത്തിൽ നീക്കിവച്ചിട്ടുള്ള ക്ന്യ, ം ം രൂപായിൽനിന്നും ക ം രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപത്തിൽ മിക്കവാറും ചൊല്ലുന്നതിനു അവകാശമില്ലെന്നു തോന്നുന്നു. എല്ലാവർക്കും സന്തോഷമാകത്തക്കവണ്ണമാണ് പറയാൻ ഉദ്ദേശിക്കുന്നത്. അതായതു പുലയന്മാരുടെ സ്ത്രീകളെ നിർബന്ധിച്ചുള്ള മാറുമറയ്ക്കൽ അവരുടെ സ്വന്തം സ്ഥലങ്ങളിൽതന്നെ ആകണമെന്നുണ്ടെങ്കിൽ അതിൽ ഞാനൊരു കുറവുപ്പെടുത്തുവാൻ പാടില്ല. അവർക്ക് അന്യസ്ഥലങ്ങളിൽ താമസിക്കുവാൻ ഒന്നുകയുമില്ല. മിക്കവാറും ആളുകൾക്കു ജന്മാക്കന്മാരുണ്ടായിരിക്കും. ഇപ്പോൾ നാവൽ അന്യദേശങ്ങളിൽ കിടന്നു ഉടനെ ബുക്കിങ്ങുള്ള അനേകായിരം ഉണ്ട്. അതുകൊണ്ടു ഡിസ്ട്രക്ട് ബോർഡിയിൽ പുരുഷന്മാരുടെ സമ്മതമാത്രം കൊണ്ടുമാത്രം ക്ലോത്തിങ്ങ് പരിഷ്കരിക്കണം. നിവൃത്തിയുള്ളിടത്തോളം അവരുടെ സ്വന്തസ്ഥലങ്ങളിൽതന്നെ സ്വാതന്ത്ര്യം കൊടുക്കണം. അവരുടെ സ്വന്തസ്ഥലത്തുതന്നെ കൊടുക്കുവാൻ നിവൃത്തിയില്ലാത്തപക്ഷം അവരുടെ സ്വന്തസ്ഥലങ്ങൾക്കു നിവൃത്തിയുള്ളിടത്തോളം സമീപസ്ഥലങ്ങളിൽ മുൻഗണ്യം കൊടുക്കണം.

മറ്റൊരു സംഗതി പറയാനുള്ളതു പള്ളിക്കൂടങ്ങളുടെ കെട്ടിമേച്ചിൽ സംബന്ധിച്ചു ശരിയായവിധത്തിൽ മേയുന്നവരുണ്ടായിരുന്നില്ലെന്നുള്ളതാണ്. അതിനെ കണ്ടു പിടിച്ചുകൊടുത്തു അതു ശരിയായവിധം കെട്ടിമേച്ചിൽ നടത്താത്തതുനിമിത്തം പലപള്ളിക്കൂടങ്ങളും ഇടിഞ്ഞുംപൊളിഞ്ഞും നശിക്കുന്നതിനു ഇടയായിട്ടുണ്ട്. ഓരോദിക്കുകാർ അവിടെയുള്ള പൊതുജനങ്ങളിൽനിന്നും പണംപിരിച്ചു മേയപാകി കെട്ടിച്ചിട്ടുള്ള പള്ളിക്കൂടമായതുകൊണ്ടു കെട്ടിമേച്ചിൽ അവിടെയുള്ള ആരെയെങ്കിലുംതന്നെ ഏർപ്പെടുത്തുന്നതായാൽ അവർക്കു ഭംഗിയായി നടത്തുവാൻ സാധിക്കും. അങ്ങനെ ചെയ്യാതിരിക്കുന്നതുകൊണ്ടു പല വിധനാശങ്ങളും ഉണ്ടാകുന്നു എന്നുള്ളതിനു ഒരുദാഹരണമായി നിരവധിരൂപാ ചെലവാക്കി ഒരു പള്ളിക്കൂടം കെട്ടിയതു ഓലകെട്ടുതന്നെ മുഴുവനും ഇടിഞ്ഞുപൊളിഞ്ഞു നശിച്ചുപോകുന്നിടയായി. ഇങ്ങനെ പലവിധനാശങ്ങളും ഉണ്ടാകുന്നതുകൊണ്ടു പള്ളിക്കൂടങ്ങളുടെ കെട്ടിമേച്ചിൽ ഓരോസ്ഥലത്തേൽ ഉള്ളവർക്കുതന്നെ കൊടുത്തു അവരെക്കൊണ്ടു ശരിയായി നടത്തിക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. സി. പി. താമസ് (ഗവണ്മെൻറ് നിയമനം): ഈടുമാവി കയ്യേറിക്കുടിമയുള്ളവർക്കു ഇതിലേക്കുള്ള നവദിച്ചിട്ടുള്ളതുപോലെ സമ്മതമായിരിക്കുമെന്നു മെമ്പർ വിചാരിക്കുന്നുവോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇങ്ങനെ നടത്തുന്ന പള്ളിക്കൂടങ്ങൾ എന്റെ സമീപത്തിൽ ഉണ്ട്. ഒ ം രൂപാവരെ കെട്ടിമേച്ചിലിനു ചെലവുവരുമായതിനാൽ ഒ ഉ രൂപാ ആവശ്യമുള്ള ഒരുകെട്ടിടത്തിനു ഒ ം രൂപായെ കൊടുക്കുന്നുള്ളുഎങ്കിൽ ഒ രൂപാക്കുവേണ്ടി അവർ നിശ്ചയമായിട്ടും കയ്യിൽനിന്നു കൊടുക്കുകതന്നെ ചെയ്യും. ഒരുപാ ലാഭംപിടിച്ചാൽ പിന്നീടു ഒ ം രൂപാ ചെലവാക്കേണ്ടിവരും. അതുകൊണ്ടു പള്ളിക്കൂടങ്ങളുടെ വിഷയത്തിൽ പ്രത്യേകം താല്പര്യം കാണിച്ചുകൊണ്ടിരിക്കുന്ന നാട്ടുകാർക്കുതന്നെ കൊടുക്കുന്നതായാൽ കെട്ടിമേച്ചിൽചെലവ് കുറയുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഉന്നിമാങ്കുസംഗതി പറയാനുള്ളതു ഇപ്പോഴത്തെ ഇൻസ്പെക്ടറന്മാർ വിചാരിച്ചാൽ പള്ളിക്കൂടങ്ങൾ എളുപ്പം കൂടിട്ടുന്നതിനു സാധിക്കുന്നതാണ്. അതു എങ്ങിനെയാണെന്നുവെച്ചാൽ മ. ഒ ശ്രീ. പറയാൻ വടക്കൻപിക്കിൽ ഇൻസ്പെക്ടറായിരുന്നകാലത്തു ആളുകളോടുപറഞ്ഞു മുന്നൂറുരൂപാവിലയുള്ള പണം മുമ്പേറായി പോലിച്ചു അവരെക്കൊണ്ടു ഓടു ഇടുവിക്കയായിരുന്നു. ഞാൻ സാല്പകാലത്തിനുമുമ്പു ഒരിക്കൽ എന്റെ അടുത്തുള്ള ഒരു പള്ളിക്കൂടം ഓടു ഇടുവിക്കുന്നതിനു ൪ വർഷത്തെപണം മുമ്പേകരണമെന്നു ഡയറക്ടരാഫീസിൽ എഴുതിഅയച്ചതിൽ നിവൃത്തിയില്ലെന്നാണ് മറുപടികിട്ടിയതു്. ഇങ്ങനെയുള്ള ചില സൌകര്യങ്ങൾ ചെയ്യുകൊടുത്താൽ പള്ളിക്കൂടങ്ങൾ ഓടു് ഇടുന്നതിനു സാധിക്കുന്നതാണ്. ഈ സംഗതിയിൽ ഗവണ്മെൻറ് ശ്രദ്ധ പതിക്കേണ്ടതാണ്

ഇൻസ്പെക്ടസിന്റെ ആഫീസിൽ സ്ത്രീകൾക്കു ഒരു രക്ഷകൂടിചെയ്യാനുണ്ട്. അവരുടെ ആഫീസിലുള്ള ഉദ്യോഗികൾ സ്ത്രീകൾക്കുതന്നെ ചെയ്തുകൊടുക്കുന്നതു വളരെ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): കഴിയുന്നിടത്തോളം സ്ത്രീകളായ വാദ്ധ്യാന്മാരെ അവരുടെ സ്വദേശത്തുതന്നെ സ്ഥലംമാറ്റാമെന്നുള്ള മി. കുമാരപിള്ളയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. കുറഞ്ഞശമ്പളം വാങ്ങിക്കുന്ന ആൺവാദ്ധ്യാന്മാരെയും അവരുടെ സ്വദേശങ്ങളിൽവെച്ചു സ്ഥലംമാറ്റാറുണ്ടു്. മി. കുമാരപിള്ള പറയുന്നതുപോലെ പെൺവാദ്ധ്യാന്മാരുടെ കാര്യത്തിൽ ഇതു വളരെ നിർബന്ധമായിട്ടുള്ളതാണ്. കഴിഞ്ഞവർഷം സഭയിൽനടന്ന വാഗ്പ്രതിവാദത്തിന്റെ ഫലമായി ഇതിനെസംബന്ധിച്ചു ഞാൻ ചില അന്വേഷണങ്ങളും നടത്തിയിട്ടുണ്ട്. എല്ലാ ആൺപള്ളിക്കൂടങ്ങളിലും പെൺപള്ളിക്കൂടങ്ങളിലുമുള്ള ഓരോ വാദ്ധ്യാരോടും അവക്കു സ്ഥലംമാറ്റം ആവശ്യമുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതിടത്തേക്കു വേണമെന്നും അതല്ലെങ്കിൽ ഇപ്പോഴും ഇരിക്കുന്ന സ്ഥലത്തുതന്നെ ഇരിക്കണമോഎന്നു വിവരമായി പറയുവാൻ ആവശ്യപ്പെട്ടതനുസരിച്ചു പെൺപള്ളിക്കൂടങ്ങളിൽ ൭ പേരു വാദ്ധ്യാന്മാർ സ്ഥലംമാറ്റത്തിനു ആവശ്യപ്പെട്ടിട്ടുള്ളതായി മനസ്സിലായി. അതിന്റെ ഫലമായി—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതുപേരുള്ളതിൽ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): ഉദ്ദേശം ക്ലാസ്സുകളിൽ കുട്ടികൾ കുറയുകയാണെങ്കിൽ ക്ലാസ്സുകൾ കുറയ്ക്കണമെന്നാണ്. സ്ഥലംമാറ്റത്തിനു ശുപാർശിച്ചു ഈ ദിവസം വരെ വാദ്ധ്യന്മാരിൽ നിന്നു ധാരാളം പേരെ സ്ഥലംമാറ്റി. എത്ര സ്ഥലംമാറ്റം ചെയ്യുവാൻ നിവൃത്തിയുണ്ടോ അത്ര ചെയ്തിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്. പെൺപള്ളിക്കൂടങ്ങളിൽ ഡിസ്ട്രിക്ടുകൾതോറും, അസിസ്റ്റന്റ് ഇൻസ്പെക്ട്രസ്സുകളെ സംബന്ധിച്ചിടത്തോളം അതുപോലെ ഡിസ്ട്രിക്ടടിസ്ഥാനത്തിലും സ്ഥലംമാറ്റങ്ങൾ ചെയ്യപ്പെട്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): വാദ്ധ്യാന്മാരുടെ അപേക്ഷകളെ അസിസ്റ്റന്റുമാർ അയയ്ക്കുന്നില്ലെന്നുള്ള വിവരം ശരിയാണോ.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ഏതു അപേക്ഷകളെ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): സ്ഥലമാറ്റത്തിനുള്ള അപേക്ഷകളെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വാദ്ധ്യാന്മാരുടെ സർവീസും യോഗ്യതകളും കണിക്കുന്ന രജിസ്റ്റർകാർഡുകൾ സ്കൂൾഇൻസ്പെക്ടർ സൂക്ഷിക്കുന്നുണ്ടോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): അങ്ങിനെ സൂക്ഷിക്കുന്നുണ്ടെന്നാണ് എനിക്കു തോന്നുന്നത്. എന്നാൽ ഞാൻ അതു കണ്ടിട്ടില്ല. ഞാൻ ഈ ഉത്തരവുകാർഡ് പാസ്സാക്കുന്നതിനുമുമ്പും ഇപ്പോഴും പെൺപള്ളിക്കൂടങ്ങളിലെ അസിസ്റ്റന്റ് ഇൻസ്പെക്ട്രസ്സുകൾക്ക അവരുടെ ഡിസ്ട്രിക്ട്കാർഡുകളിൽ സ്ഥലമാറ്റം ചെയ്യാവുന്നതാണ്. ഞാൻ ഇപ്പോൾ ഈ ഉത്തരവുകാർഡ് പാസ്സാക്കുന്നതുവരെ സ്ഥലമാറ്റത്തിനുള്ള അപേക്ഷകാർഡ് ഗവൺമെന്റിനു ഇൻസ്പെക്ട്രസ്സിനു അയയ്ക്കുന്നതിനു നിർബന്ധമുണ്ടായിരുന്നില്ല. കഴിയുന്നിടത്തോളം സ്ഥലമാറ്റങ്ങൾ കൊടുത്തിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നുണ്ടെങ്കിലും ഇനിയും ഏതെങ്കിലും സ്ഥലമാറ്റം ഡിസ്ട്രിക്ടുകാർഡുകൾ കൊടുക്കുവാൻ നിവൃത്തിയുണ്ടോ എന്നു നോക്കുവാൻ അവരുടെ അപേക്ഷകളെല്ലാം വരുത്തി പരിശോധിക്കുവാൻ ആജ്ഞാപിക്കുന്നുണ്ട്. അപ്രകാരംചെയ്യുന്നതുകൊണ്ടു സ്ഥലമാറ്റങ്ങൾ അനിയന്ത്രിതമായ സമയത്തു നടത്തുവാനും അസിസ്റ്റന്റ് ഇൻസ്പെക്ട്രസ്സുകൾക്ക അവരുടെ ഡിസ്ട്രിക്ടിൽതന്നെ സ്ഥലമാറ്റങ്ങൾ നടത്തുന്നതിനും നിയമനങ്ങൾചെയ്യുന്നതിനും സാധിക്കുന്നതാണ്. വാദ്ധ്യാന്മാരെ അവരുടെ സ്വദേശത്തുതന്നെ നിയമിക്കണമെന്നു മിസ്റ്റർ കുമാരപിള്ള പറഞ്ഞു. ഞാനും അതു സമ്മതിക്കുന്നു. വാദ്ധ്യാന്മാർ അവരുടെ സ്വദേശങ്ങളിലോ അതിനു സമീപത്തിലോ ഇരിക്കുന്നതായാൽ പള്ളിക്കൂടങ്ങളെ നല്ലനിലയിൽ സൂക്ഷിക്കുന്നതിനു പുറംസഹായങ്ങളിലേക്ക് ഇരിക്കുന്നതിനുപോലും കൂടുതൽ സൌകര്യം അവർക്ക് ഉണ്ടായിരിക്കുന്നതാണെന്നുള്ളതിനു സംശയമില്ല. ഗവൺമെന്റിനു ചെലവുചെയ്യുന്ന തുക സാമ്പത്തികമായി കുറയുകയാണെങ്കിലും ജനങ്ങൾ കൂടെ സഹായിക്കുന്നപക്ഷം ഈ പ്രകാരം ചെയ്യുന്നതുകൊണ്ടു ഏറ്റവും ഉപയോഗപ്രദമായിരിക്കുമെന്നുള്ളതിനു സന്ദേഹമില്ല.

മിസ്റ്റർ കുമാരപിള്ള പ്രസ്താവിച്ച മാർഗ്ഗനിർദ്ദേശങ്ങളെപ്പറ്റി ഞാൻ നിശ്ചയമായിട്ടും ആലോചിക്കുന്നതാണ്. മിസ്റ്റർ കുമാരപിള്ള മോക്ഷനെപ്പറ്റി ഇനിയും നിർബന്ധമായി കരുതുന്നുണ്ടോ എന്നു ഞാൻ അറിയുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ മോക്ഷനെ പിൻവലിക്കുന്നു.

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം കർ 0.

താഴെകാണുന്ന ഉപക്ഷേപം മേശപ്പുറത്തുവയ്ക്കപ്പെട്ടില്ല.

മി. കെ. മാധവൻപിള്ള കർത്താവായ ഇൻസ്പെക്ട്രസ്സുകൾക്ക എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ക്രമം 000രൂപയിൽനിന്നും കർ 000രൂപ കുറയ്ക്കുണം.

ഉപക്ഷേപം കർ 9.

മി. പി. കെ നാരായണപിള്ള (അമ്പലപ്പുഴ): സർ, ഞാൻ ഈ ഉപക്ഷേപം കൊണ്ടുവരുന്നതിന്റെ ഉദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കണമെന്നുള്ളതാണ്.

മി. എ കെ. പിള്ള (കുമരനാശാൻനഗർ): അങ്ങിനെ ഉപക്ഷേപം കൊണ്ടുവന്നിട്ടുണ്ടോ?

മി. എൻ. കുമാരൻ (ഗവൺമെന്റിന്റെ നിയമനം): സർ, അങ്ങിനെ ഉപക്ഷേപം ഹാജരാക്കിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു അവതാരികയോടുകൂടി ഉപക്ഷേപം തരുവാനുള്ള കാര്യത്തിനു ചിലർ ധൃതിപ്പെടുന്നതുകൊണ്ടു ഞാൻ വൈകിച്ചു. മോക്ഷൻ ഞാൻ കൊണ്ടുവരുന്നതേയുള്ളു. മെമ്പർമാർ ഇതു മാത്രം അശ്രദ്ധചെയ്യുന്നതെന്തിന്? മലയാളം പള്ളിക്കൂടങ്ങളേയും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളേയും സംബന്ധിച്ചു പുരോഗതിയുള്ള ചില കാര്യങ്ങളിലേക്കു ഗവൺമെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കണമെന്നുള്ളതാണ് ഞാൻ ഈ മോക്ഷൻ കൊണ്ടുവരുന്നതിന്റെ ഉദ്ദേശം. 'കൺട്രോളിംഗ് പ്ലേജൻസീകരം' എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുകയിൽനിന്നും കർ 0രൂപാ കുറയ്ക്കുണമെന്നാണ് മോക്ഷൻ. അദ്ധ്യാപികമാരെ കഴിയുന്നതും അവരുടെ സ്വദേശത്തേയ്ക്കു സ്ഥലമാറ്റംചെയ്യുണ്ടതാണെന്ന് മിസ്റ്റർ കുമാരപിള്ള പ്രസ്താവിച്ചുകഴിഞ്ഞതിനാൽ ആ ജോലിയിൽ ഒരു ഭാഗം അദ്ദേഹം എനിക്ക് ചാർത്തിത്തന്നിട്ടുണ്ട്. എന്നാൽ ഉദ്ദിഷ്ടഫലം എളുപ്പത്തിൽ സാധിക്കുന്നതിനു ഒരുപദേശമല്ല വേണ്ടതു്. അതുസംബന്ധിച്ചു വളരെനാളത്തെ വാദപ്രതിവാദം നടന്നുകഴിഞ്ഞിരിക്കുന്നു. കഴിയുന്നതുവരേയ്ക്കും അദ്ധ്യാപികമാരെ അവരുടെ സ്വദേശങ്ങളിലേയ്ക്കു സ്ഥലമാറ്റികൊടുക്കേണ്ടതാണെന്നുള്ള പാളിസി ഗവൺമെന്റു സ്വീകരിക്കുന്നതാണെന്നു സമ്മതിച്ചിട്ടുണ്ട്. അതുകൊണ്ടു ഈ സഭയിൽ നിർബന്ധപൂർവ്വം പ്രതിപാദിക്കപ്പെട്ടിട്ടുള്ള ആ സംഗതിയെസംബന്ധിച്ചു ആവർത്തിക്കേണ്ട ആവശ്യമില്ല. സ്ഥലമാറ്റക്കാര്യങ്ങളിൽ ഇൻസ്പെക്ടർമാരും അവരുടെ അസിസ്റ്റന്റുകളും കാണിക്കുന്ന താമസത്തെപ്പറ്റിമാത്രമാണ് എനിക്ക് ഇപ്പോൾ പറയുവാനുള്ളതു്. അതിനുംപുറമെ, ഈ സ്കീം സംബന്ധിച്ചു സഭയിൽ വാദപ്രതിവാദം നടന്നതിനുശേഷവും ചില ഇൻസ്പെക്ടറന്മാർ ഈ സ്കീം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭിക്കർപ്പാടുകൾ നടന്നുകാണുന്നില്ലെന്നതിനു ഒരു കാരണംപറഞ്ഞു വാദ്ധ്യാന്മാരെ അവരുടെ സ്വദേശങ്ങളിൽനിന്നും അതിദൂരസ്ഥലങ്ങളിലേക്ക് സ്ഥലമാറ്റുവാൻ ഗൌരവപ്രയത്നംചെയ്യുകയുണ്ടായെന്നു എനിക്കറിയാം. തിരുവല്ല, ചങ്ങനാശ്ശേരി ഈ സ്ഥലങ്ങളിലെ സ്കൂളുകളിൽ അദ്ധ്യം ഇരുന്നിരുന്ന ചില വാദ്ധ്യന്മാരെ സംസ്ഥാനത്തിന്റെ

വിദ്യാഭ്യാസത്തിന്റെ ഭാവിപുരോഗതിയെ ഓർത്തു എന്നെ എനിക്കു ഭയമില്ല. അതിനെ സംബന്ധിച്ചു ഞാൻതന്നെ ഡയറക്ടർക്കു എഴുതിയിട്ടുണ്ട്. അതുകൊണ്ടു ഗവണ്മെന്റു സ്വീകരിച്ചിരിക്കുന്ന ഈ പോളിസിസംബന്ധിച്ചു കുറ്റങ്ങൾ അസിസ്റ്റന്റു ഇൻസ്പെക്ടറന്മാരെ ഇഷ്ടംപോലെ പ്രയത്നിക്കുവാൻ അനുവദിക്കുന്നതുകൊണ്ടു പള്ളിക്കൂടങ്ങളിൽ ജോലിനോക്കുന്ന വർഗ്ഗത്തിനു യാതൊരു രക്ഷയും ഉണ്ടാകുമെന്നു ആശിക്കാൻ നിവൃത്തിയില്ല.

മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനെസംബന്ധിച്ചു വീണ്ടും വീണ്ടും ബലമായും നിരന്തരമായും നടന്ന പരിശ്രമത്തിൽ അപ്പോഴത്തെ ഡയറക്ടറായിരുന്ന മിസ്റ്റർ ഹഡ്സൺ, അതിനെപ്പറ്റി ആലോചിക്കാൻപോലും നിവൃത്തിയില്ലെന്നു. അവരുടെ ശമ്പളം അല്പമായിട്ടുപോലും വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നുള്ള ശുഭാപ്തിവിശ്വാസം നാം വച്ചുകൊണ്ടിരിക്കേണ്ടതാണെന്നും അല്പകാരം ചെയ്യുന്നതായാൽ അതു സംസ്ഥാനത്തിലെ ധനസ്ഥിതിയെ വല്ലാതെ കുഴപ്പത്തിലാക്കുന്നതാണെന്നും പറയുകയുണ്ടായി. ആ കല്പനകേട്ടപ്പോൾ ഞങ്ങൾ തത്വജ്ഞാനികളെപ്പോലെ ഞങ്ങളുടെ ശിരോവികാരത്തെ ഒതുക്കി സമാധാനപ്പെട്ടു. ഈ ദുഃഖപരിഹാരത്തിനായി മലയാളം പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരെ കഴിയുന്നിടത്തോളം അവരുടെ സ്വഭാവങ്ങളിലേക്കോ അതിനു നിവൃത്തിയില്ലാത്ത പക്ഷം സ്വശരീരത്തെ ഏറ്റവും അടുത്തുള്ള സ്ഥലങ്ങളിലേക്കോ സ്ഥലമാറ്റം നിർത്തുകയെങ്കിലും ചെയ്യണമെന്നു ഗവണ്മെന്റിനോടു അപേക്ഷിച്ചു. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനു യാതൊരു ബുദ്ധിമുട്ടും കൂടാതെ സാധിക്കാവുന്ന ഒരു പ്രയോഗമാണ് അതു. മിസ്റ്റർ സ്മിഥ്സന്റെ സദുദ്ദേശ്യങ്ങളിൽ എനിക്കു പരിപൂർണ്ണവിശ്വാസമുണ്ടെന്നു ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. എന്നാൽ അവിടെനിന്നു കീഴോട്ടുപോയി നോക്കുമ്പോൾ അദ്ദേഹത്തിന്റെ കീഴ്ജീവനക്കാരായ ഉദ്യോഗസ്ഥന്മാരുടെ ഔദാര്യം സന്ദർശനപ്രകാരം ഭേദഗതിക്കു അധീനമായിട്ടാണ് കാണപ്പെട്ടതു. അതുകൊണ്ടു മിസ്റ്റർ സ്മിഥ്സന്റെ സദുദ്ദേശ്യങ്ങളും യാതൊരുതരത്തിലുള്ള ഫലപ്രാപ്തിക്കു കാരണമായി പരിണമിക്കുന്നില്ല. അതുകൊണ്ടു വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ ഏവം വ്യയമായ അലസഗതിയെസംബന്ധിച്ചു ഗവണ്മെന്റിനെ ഉണർത്തുന്നതിലേക്കായിട്ടാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു.

വേറെ ഒരു കാര്യംകൂടി എനിക്കു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ടു. മലയാളംപള്ളിക്കൂടങ്ങളെ അവയ്ക്കു ഇപ്പോൾ ഇംഗ്ലീഷുപള്ളിക്കൂടങ്ങളുമായി ഏതുതരത്തിലുള്ള സംബന്ധമാണോ ഉള്ളതു് അതിങ്കനിന്നും കഴിയുന്നിടത്തോളം വേർപെടുത്തണമെന്നുള്ളതാകുന്നു അതു. സർ, ഡയറക്ടരുടെ നിയമനം ആലോചനാപീക്ഷയമായിരുന്നപ്പോൾ എഡ്യൂക്കേഷണൽ പോളിസിയെ ശരിയായി നയിച്ചുകൊണ്ടുപോകുന്നതിനു ഡയറക്ടരെപ്പോലെ തുണിയുള്ള ഒരു കരണാധികാരി ആവശ്യമുണ്ടെന്നും മറ്റും പ്രസ്താവിച്ചു. സർ, അതിൽ കവിഞ്ഞുവങ്കിലും ഉണ്ടെങ്കിലും അതു മൂഢവചനം പോലെയാണെന്നു ഇപ്പോൾ സമ്മതിക്കുവാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ കഴിഞ്ഞകൊല്ലങ്ങളിലെന്നപോലെ ഏറ്റവും അടുത്ത രണ്ടുകൊല്ലങ്ങളിലും ഡയറക്ടരായി വിദ്യാഭ്യാസംകൂടാതെ യൂറോപ്യന്മാരെതന്നെയാണ് ഗവണ്മെന്റു സ്വീകരിച്ചുവരുന്നതു്. ഈ സംസ്ഥാനത്തിനു ആവശ്യമായ എഡ്യൂക്കേഷണൽ പോളിസിയെ അദ്ദേഹം വളരെ വ്യാപകമായ നിലയിൽനിന്നാണ് ആവേക്ഷണംചെയ്യുന്നതു്. ബ്രിട്ടിഷ് ഇൻഡ്യയിലെ വിദ്യാഭ്യാസഗതിയെപ്പറ്റി മാത്രമല്ല ലോകത്തിലെല്ലായിടത്തുമുള്ള വിദ്യാഭ്യാസവിഷയത്തിനേയും തന്റെ ആലോചനയുടെ ഒരു തോതായി അദ്ദേഹം സ്വീകരിക്കുന്നുണ്ടു് അതുകൊണ്ടു അദ്ദേഹത്തിന്റെ ഇപ്രകാരമുള്ളനോട്ടം ഇവിടത്തെ യഥാർത്ഥസ്ഥിതിക്കും ആവശ്യത്തിനും തീരെ മതിയാകുന്നതാണെന്നു തോന്നുന്നില്ല.

ഇംഗ്ലീഷ്വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനമായ ഉദ്ദേശ്യം കച്ചാശാലാബിരുദം ലഭിക്കുന്നതായിരിക്കുകൊണ്ടാണ് ഡയറക്ടർ വിദ്യാഭ്യാസപോളിസിയെ അതിനനുസരണമായ വിധം ഇത്രമാത്രം വ്യാപകമായി പരിഗണിക്കുവാൻ ശ്രമിക്കുന്നതെന്നു എനിയ്ക്കറിയാം. എന്നാൽ മലയാളംപോലുള്ള വിദ്യാഭ്യാസാധാരവിഷയങ്ങളിൽ പ്രയാണംചെയ്യുന്ന മറ്റൊരു അപ്രകാരമുള്ള കലാശാലാബിരുദങ്ങളെ കാംക്ഷിക്കുവുന്നതല്ല. മലയാളവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ആ വിദ്യാഭ്യാസപോളിസിയെ രൂപീകരിക്കുമ്പോൾ, ഞാൻ ചോദിക്കുന്നു, ഇപ്പോൾ നിലകിടക്കുന്നതിൽനിന്നും കൂടുതലായി സ്ഥലത്തെ സ്ഥിതിഗതികൾക്കു സ്ഥാനം കല്പിക്കേണ്ടതല്ലയോ എന്നാകുന്നു. ആ ഒരു സംഗതിയാണ് എനിയ്ക്കു പ്രധാനമായി ഗവർണ്മെന്റിനെന്റെ ആലോചനയ്ക്കു വിഷയീകരിപ്പിക്കുവാനുള്ളതു്. ഒന്നാമതായി എനിയ്ക്കു പറവാനുള്ളതു് നമ്മുടെ ബാലന്മാർക്കു ഇപ്പോൾ ലഭിച്ചുവരുന്ന മലയാളവിദ്യാഭ്യാസം ആവശ്യമില്ലാത്തവിധം ഇംഗ്ലീഷ്വിദ്യാഭ്യാസരീതിയുമായി സങ്കലിതമായിട്ടുണ്ടെന്നും അതിനു പ്രധാനകാരണം വിദ്യാഭ്യാസത്തിന്റെ ഇംഗ്ലീഷ്ശാഖയ്ക്കും മലയാളംശാഖയ്ക്കും അധിപൻ ഡയറക്ടറായിരിക്കുന്നതാണെന്നുമാകുന്നു. മിസ്റ്റർ സ്മിഥ്സനെ സംബന്ധിച്ചു് ഈ സംഗതിയിൽ എനിക്കു് യാതൊരു വിപരീതാഭിപ്രായവും പറയുവാനില്ല. ഞാൻ ഒന്നുകൂടി അതിനെസംബന്ധിച്ചു് ഗുണപ്രദർശനമായിക്കാം. ഇപ്പോഴത്തെക്കാൾ മലയാളവിദ്യാഭ്യാസത്തെ ഇംഗ്ലീഷ്വിദ്യാഭ്യാസത്തിന്റെ ബന്ധത്തിൽനിന്നും കൂടുതലായി വേർപെടുത്തുന്നപക്ഷം മലയാളവിദ്യാഭ്യാസത്തിന്റെ സ്ഥിതിയെ ഒന്നുകൂടെ നന്നാക്കുവാൻ സാധിക്കുന്നതല്ലയോ എന്നതാണു് പ്രശ്നം സാധാരണയായി ഉണ്ടാകുന്നതാണു്. ബ്രിട്ടിഷ് ഇൻഡ്യയിൽ സാധാരണയായുള്ള പോളിസിയല്ല അതു്. ഇപ്രകാരം വിഷമതയുള്ള കാര്യങ്ങളെമായി അവർക്കു് മദിരാശിയും നേരിടേണ്ടതായിട്ടില്ല. വിദ്യാഭ്യാസവകുപ്പിലെ മലയാളംശാഖയ്ക്കു മാത്രമായി ഒരു വലിയ സംഖ്യ ചെലവുചെയ്യുവരുന്ന തിരുവിതാംകൂറിനെമാത്രം പ്രത്യേകമായുള്ള ഒരു വിഷയമാണു് അതു്.

മി കെ. കെ. തോമസ് (കോട്ടയം): ബ്രിട്ടീഷ് ഇൻഡ്യയിൽ നാട്ടുഭാഷാവിദ്യാഭ്യാസം സംബന്ധിച്ചു് ചെയ്യുവരുന്നതെന്തെന്നു പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിശ്ചയമായിട്ടും നാം ഇവിടെ ഉടൻവരുന്ന രീതിയിലല്ല അവിടെ നടത്തപ്പെട്ടുവരുന്നതു്. അതുതന്നെയാണു് എനിക്കു നിശ്ചയമുണ്ടു്. പോരെ അവിടെ അവർ ചെയ്യുന്നതെന്താണെന്നു നമുക്കു അറിയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതാണു് എന്റെ അഭിപ്രായം.

നാം മലയാളം ഡിപ്പാർട്ടുമെന്റിനെ രൂപീകരിച്ചിട്ടുണ്ടു്. എന്നാൽ ആ രൂപീകരണത്തിന്റെ ഫലം തീരെ തൃപ്തികരമല്ല. മലയാളവിദ്യാഭ്യാസത്തെ സംബന്ധിച്ചു എനിക്കു പറയുവാനുള്ളതു് അത്രമാത്രമാണു്. ഈ സഭ-

യതിയിൽ ഗവർണ്ണമെന്റിന്റെ ശ്രദ്ധയെ പതിപ്പിക്കുന്നതിനു മാത്രമാണ് എന്റെപേരിൽ കാണപ്പെടുന്ന ഈ ഉപേക്ഷേപം ഞാൻ കൊണ്ടുവരുന്നത്.

ശ്രീ ഇ. കൺട്രോളിംഗ് എഞ്ചിൻസിനിയർ എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള ചിലവു രൂപായിൽനിന്നും ചിലവു രൂപാ കുറയ്ക്കണം.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, മിസ്റ്റർ പി. കെ. നാരായണപിള്ള ആദ്യമായി ആവശ്യപ്പെട്ട സംഗതി മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാരുടെ സ്ഥലമാറ്റത്തെപ്പറ്റി ആയിരുന്നു. മിസ്റ്റർ കുമാരപിള്ളയോട് പറഞ്ഞ മറുപടിയിൽ മലയാളപള്ളിക്കൂടം വാദ്ധ്യാന്മാരുടെ അപേക്ഷകളെസംബന്ധിച്ച് വഞ്ചിച്ചിട്ടുള്ളതൊന്നും ഞാൻ പറഞ്ഞിട്ടില്ല.

മി. പി. കെ നാരായണപിള്ള (അമ്പലപ്പുഴ): മലയാളപള്ളിക്കൂടം വാദ്ധ്യാന്മാരിൽനിന്നും സ്ഥലമാറ്റത്തിനപേക്ഷ കിട്ടീട്ടുള്ള അപേക്ഷകരുടെ എത്രയെന്ന അറിഞ്ഞുകൊള്ളാം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): ഏകദേശം വാദ്ധ്യാന്മാർ സ്ഥലംമാറ്റത്തിനു അപേക്ഷിച്ചിട്ടുണ്ട്. ഏകദേശം അത്രയും വാദ്ധ്യാന്മാർ ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തുതന്നെ ഇരിക്കണമെന്നും ആഗ്രഹിക്കുന്നതായി കണ്ടിട്ടുണ്ട്. സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ള ഈ ഏകദേശം അദ്ധ്യാപകന്മാരിൽ ഇൻസ്പെക്ടർമാരിൽ ഇൻസ്പെക്ടർമാരായ ഉദ്യോഗസ്ഥന്മാർ സ്ഥലംമാറ്റിട്ടുണ്ട്. സ്ഥലംമാറ്റത്തിനായി കിട്ടീട്ടുള്ള അപേക്ഷകളുടെ നാലിൽ ഒരു ഭാഗത്തിൽതന്നധികം ക്ലിപ്തമാണ് അത്. ഏകദേശം നൂറോളം വരെ വരും. ഓരോ ഡിസ്ട്രിക്ടിലും എത്രത്താളം സ്ഥലംമാറ്റങ്ങൾ ചെയ്യുവാൻ സാധിക്കുമോ അത്രത്താളം ചെയ്തിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ക്ലിപ്തം സ്ഥലംമാറ്റങ്ങൾ ചെയ്യുന്നതിലേക്കു അപേക്ഷകരുടെയെല്ലാം മനസ്സുകൂടി പരിശോധിക്കുന്നതിനു ഞാൻ ആജ്ഞാപിക്കുന്നുണ്ട്.

മി. ജി. രാമേശ്വരൻപിള്ള (നെയ്യാറ്റിൻകര): കഴിഞ്ഞ ആണ്ടത്തെ വാദപ്രതിവാദത്തിനുശേഷം മിസ്റ്റർ പി. കെ. നാരായണപിള്ള പ്രസ്താവിച്ചതുപോലെ സ്വദേശങ്ങളിൽതന്നെ ഇരുന്നിരുന്ന അനേകം ആളുകളെ സ്ഥലംമാറ്റീട്ടുണ്ടോ എന്നു അറിയിക്കുമോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): അപ്രകാരം ചില സ്ഥലംമാറ്റങ്ങൾ നടന്നിട്ടുണ്ടായിരിക്കാം. എന്നാൽ എത്ര എണ്ണമുണ്ടെന്നു പറയുവാൻ എനിക്കു സാധിക്കുന്നതല്ല. അനേകം സ്ഥലംമാറ്റങ്ങൾ ചെയ്തുണ്ടെന്നാണ് ക്ലാർക്കുകൾ ചെയ്യാറുള്ളത്. 'എ' എന്ന വാദ്ധ്യാർ 'ബി'യുടെ സ്ഥാനത്തേക്കും 'ബി' എന്ന വാദ്ധ്യാർ 'സി'യുടെ സ്ഥാനത്തേക്കും പോകാൻ ആഗ്രഹിക്കുമ്പോൾ ചില സന്ദർഭങ്ങളിൽ ആൺവാദ്ധ്യാന്മാരും പെൺവാദ്ധ്യാരൊ ആയ 'സി'യെ, 'എ'യുടെ സ്ഥാനത്തേക്കു സ്ഥലംമാറ്റുന്നുണ്ട്. ഇപ്രകാരം ചെയ്യുണ്ടിവരുന്നതു 'എ'ക്കും, 'ബി'ക്കും അവരുടെ തുല്യപ്രകാരമുള്ള സ്ഥാനം കിട്ടുന്നതിനായിട്ടാണ്. അതുകൊണ്ടു രണ്ടുപേരുടെ അപേക്ഷയുടെ ഇഷ്ടപ്രകാരമുള്ള സ്ഥലത്തേക്കു മാറ്റുന്നതിന്റെ ഫലമായിട്ടു മൂന്നാമതൊരാൾക്കു അയാൾക്കുപോകാൻ ഇഷ്ടമില്ലാത്ത ഒരു സ്ഥലത്തേക്കു പോകേണ്ടിവരുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു സ്ഥലത്തുനിന്നും വേറൊരായാൽ സ്ഥലത്തേക്ക് സ്ഥലംമാറ്റംചെയ്തു ഒരു വാദ്ധ്യാർ തന്റെ പുതിയ സ്ഥലത്തേക്കുപോകുമ്പോൾ അവിടെ അസിസ്റ്റൻറ് ഇൻസ്പെക്ടരുടെ നിയമനം അനുസരിച്ചു ചേരുവയൊരാൾ ജോലിയിൽ പ്രവേശിച്ചിരിക്കുന്നതായി കാണുന്നു എന്നതിൽ വാസ്തവം വല്ലതുമുണ്ടോ എന്നു മിസ്റ്റർ സ്റ്റീഫൻസൻ പറയുമോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): അപ്രകാരം ഒരു സംഭവം ഞാൻ കേട്ടിട്ടുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). എനിക്കു അപ്രകാരമുള്ള മൂന്നു സംഭവം അറിയാം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): ഈ സംഗതിയിൽ ഉത്തരവുകൾ പാസ്സാക്കിയതുസംബന്ധിച്ചു അസിസ്റ്റൻറ് ഇൻസ്പെക്ടർന്മാർക്കും മലയാളംസ്കൂൾ ചീഫ് ഇൻസ്പെക്ടർക്കും തമ്മിൽ ചില കഴിപ്പുങ്ങൾ ഉണ്ടായിട്ടുണ്ട്. അവർ അതു ശരിപ്പെടുത്തിക്കൊള്ളുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. പി. കെ. നാരായണപിള്ള പ്രസ്താവിച്ച അടുത്ത വിഷയം മലയാളംപള്ളിക്കൂടം വാദ്ധ്യാന്മാരുടെ ശമ്പളത്തെപ്പറ്റി ആയിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശമ്പളം അല്ല; എന്നാൽ മലയാളം പള്ളിക്കൂടങ്ങളെ ഇപ്പോഴത്തെ കൺട്രോളിംഗ് എഞ്ചിൻസിയിൽനിന്നും അതതുജില്ലാ വിദ്യാഭ്യാസ ഡയറക്ടരിൽനിന്നും കഴിയുന്നിടത്തോളം വേർപെടുത്തുന്നതിനെപ്പറ്റിയാണ്.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാരുടെ ശമ്പളം തീരെ കുറവാണെന്നു മിസ്റ്റർ പി. കെ. നാരായണപിള്ള പ്രസ്താവിച്ചതു ഞാൻ കേട്ടു. വാദ്ധ്യാന്മാരെ അവരുടെ സ്വദേശങ്ങളിലേക്ക് സ്ഥലംമാറ്റുന്നതാണെന്നുള്ള വാദത്തിന് അതിനെ ഒരു കാരണമാക്കി കൊണ്ടുവന്നതും ഞാൻ സൂക്ഷിച്ചു.

മിസ്റ്റർ നാരായണപിള്ള പിന്നീടു പറഞ്ഞതു് മലയാളം പള്ളിക്കൂടങ്ങൾക്കും ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾക്കും തമ്മിലുള്ള സംബന്ധത്തെപ്പറ്റി ആയിരുന്നു. ഞാൻ ആലോചിച്ചിടത്തോളം ഈ സംഗതിയെസംബന്ധിച്ചു എനിക്കു രണ്ടു അഭിപ്രായം തോന്നുന്നുണ്ട്. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ സ്വീകരിച്ചുപോരുന്ന രീതിയിൽ പാഠപദ്ധതികൾ തയ്യാറാക്കപ്പെട്ടിരിക്കുന്നതുകൊണ്ടു ഇംഗ്ലീഷ്വിദ്യാഭ്യാസവുമായുള്ള ഏറ്റവും അടുത്ത ബന്ധം മലയാളം വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിക്കു ഹാനികരമായിത്തീരുന്നുണ്ടെന്നുള്ള മിസ്റ്റർ നാരായണപിള്ളയുടെ അഭിപ്രായം ഒന്ന്. മറെറാന്ന്— അതുതന്നെ ഒരു പ്രത്യേകമോഷനായിക്കൊണ്ടുവരുന്നുണ്ട്— ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾക്കും മലയാളം പള്ളിക്കൂടങ്ങൾക്കും തമ്മിൽ യാതൊരു വേർപാടും ഉണ്ടായിരിക്കരുതെന്നും ഇംഗ്ലീഷ് മിഡിൽസ്കൂളുകളിലും മലയാളം മിഡിൽസ്കൂളുകളിലുമുള്ള ക്ലാസുകൾ തമ്മിൽ സംയോജിപ്പിക്കേണ്ടതാണെന്നുള്ളതു അഭിപ്രായമാകുന്നു. ഈ സംഗതികളെപ്പറ്റി ഇതിനുമുമ്പു് ഇരുന്നിട്ടുള്ള ഡയറക്ടന്മാരെയും ഗവർണ്മെന്റിനേയും നിരവധികാരണങ്ങൾ ധരിപ്പിച്ചിട്ടുണ്ട്. ഇതിൽ ഗവർണ്മെന്റിന്റെ അഭിപ്രായം ഇപ്പോഴത്തെ മലയാളം വിദ്യാഭ്യാസത്തെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തെയും അടുത്തു ഭയപ്പെടുത്തുന്നതു നന്നല്ല എന്നാകുന്നു.

ഇംഗ്ലീഷ്സ്കൂളിലെ വിദ്യാഭ്യാസച്ചെലവിനോട് അധികം അനുരൂപമായ രീതിയിലിരിക്കുന്നതുകൊണ്ട് മലയാളം വിദ്യാഭ്യാസം ക്ഷയിക്കുകയാണു ചെയ്യുന്നതു് എന്നു മിസ്റ്റർ നാരായണപിള്ള അഭിപ്രായപ്പെട്ടതിനോട് ഞാൻ തീരെ അനുകൂലിക്കുന്നില്ല. ഭാഷയ്ക്കും മറ്റുള്ളതായ തോതിനപ്പുറമുള്ള ഇംഗ്ലീഷും മലയാളവും സ്കൂളുകളിലുള്ള പാഠപദ്ധതികളും തമ്മിൽ വളരെ വ്യത്യാസമുണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് എനിക്കു മനസ്സിലാകുന്നില്ല. കഴിയുന്നിടത്തോളം മലയാളം വിദ്യാഭ്യാസം സ്ഥലത്തെ സ്ഥിതിക്കും ആവശ്യത്തിനും യോജിച്ചതായിരിക്കണമെന്ന് മിസ്റ്റർ നാരായണപിള്ള പറഞ്ഞതിനോട് ഞാൻ അനുകൂലിക്കുന്നു. എന്നാൽ അദ്ധ്യയനരീതി, പാഠപദ്ധതി ഇവ സംബന്ധിച്ചിടത്തോളം ഇന്നത്തെ മലയാളംസ്കൂളിലെ ഏർപ്പാട് ഇംഗ്ലീഷ് സ്കൂളിനോടു വളരെ സാശ്രയമുള്ളതായിരിക്കുന്ന സ്ഥിതിയ്ക്കു ഈ വിപരീതഭാവം ഉണ്ടാകണമെന്നതു എനിക്കു മനസ്സിലാകുന്നില്ല. ആ കാരണംകൊണ്ടുതന്നെ മലയാളവിദ്യാഭ്യാസത്തിന്റെ ഭാരം വഹിക്കുന്ന ഏർപ്പാടുകളും മലയാളവിദ്യാഭ്യാസ ഡയറക്ടർ മിസ്റ്റർ നാരായണപിള്ളയുടെ അഭിപ്രായപ്രകാരമുള്ള ഉദ്ദേശത്തെ വിപരീതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതാണെന്നു ഞാൻ അറിയുന്നില്ല. വാസ്തവം തോന്നുന്നതായാൽ വിദ്യാഭ്യാസ ഡയറക്ടർ മലയാളം സ്കൂൾ ഇൻസ്പെക്ടരുടെ സഹായത്തോടുകൂടി മലയാളവിദ്യാഭ്യാസത്തിനുവേണ്ടി വളരെ പരിശ്രമം ചെയ്യുവരുന്നുണ്ടെന്നു കാണാവുന്നതാണ്. ഈ വിഷയം സംബന്ധിച്ചു നിവൃത്തിയുള്ളിടത്തോളം ആവശ്യംപോലെ അധികാരങ്ങളും മറ്റുള്ളവയ്ക്കു നിറുകിയതാണെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു വാസ്തവത്തിൽ ഇപ്പോഴത്തെ ഏർപ്പാടും നടപ്പിലിരിക്കുന്ന പാളിസിയുടെ ഭരണത്തിൽ—

മി. സി. പി. തോമസ് (ഗവർണ്ണരുടെ നിയമനം): വിദ്യാഭ്യാസനയം സംബന്ധിച്ച വിഷയങ്ങളിൽ വിദ്യാഭ്യാസ ഡയറക്ടർക്കും മലയാളംസ്കൂൾ ചീഫ് ഇൻസ്പെക്ടർക്കും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ടോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): വിദ്യാഭ്യാസ നയം സംബന്ധിച്ചോ? മലയാളം സ്കൂളിലെ പാഠപദ്ധതിസംബന്ധിച്ചു അഭിപ്രായങ്ങൾക്കു മാറ്റം എപ്പോഴെല്ലാം ഉണ്ടോ അവിടെ എല്ലാം വിദ്യാഭ്യാസ ഡയറക്ടർക്കും മലയാളം സ്കൂൾ ചീഫ് ഇൻസ്പെക്ടർക്കും തമ്മിൽ അഭിപ്രായവ്യത്യാസവും ഉണ്ടായിരിക്കാം. അങ്ങനെ ഉണ്ടാകുന്നതു സാധാരണമാണ്.

മി. സി. പി. തോമ്മസ് (ഗവർണ്ണരുടെ നിയമനം): ആ സന്ദർഭങ്ങളിൽ മലയാളം സ്കൂൾ ഇൻസ്പെക്ടരുടെ അഭിപ്രായത്തേക്കാൾ വിദ്യാഭ്യാസഡയറക്ടരായ യൂറോപ്യന്റെ അഭിപ്രായത്തിന് കൂടുതൽ വില കല്പിക്കുന്നുണ്ടോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): ഇപ്രകാരമുള്ള പ്രധാനകാര്യങ്ങളിൽ ഗവർണ്മെന്റിന്റെ അഭിപ്രായത്തിന് സമർപ്പിക്കുന്നു. ഇൻസ്പെക്ടരുടെ അഭിപ്രായവും ഡയറക്ടരുടേതിനോടുകൂടി ഗവർണ്മെന്റിന് അയയ്ക്കുന്നതാണ്. അതുകൊണ്ടു മലയാള വിദ്യാഭ്യാസത്തെ ബാധിക്കുന്ന സംഗതികളെപ്പറ്റി തീരുമാനംചെയ്യുന്നതിൽ വിദ്യാഭ്യാസഡയറക്ടരായ യൂറോപ്യന് യാതൊന്നും കൂടുതലായിട്ടില്ല.

മി. നാരായണപിള്ള പിന്നീടു പ്രസ്താവിച്ചതു വാല്യുവേഷനുടെ സ്ഥലംമാറ്റത്തെപ്പറ്റിയാണ്. അതിൽ, അദ്ദേഹം, അപ്രകാരം പാടില്ലെന്നല്ല പറയുന്നതു. കഴിഞ്ഞവർഷം സെപ്റ്റംബർ മാസത്തിൽ പരീക്ഷ നടന്നപ്പോൾ ഒരു സ്കൂൾവർഷത്തിന്റെ മദ്ധ്യത്തിൽ സ്ഥലംമാറ്റംചെയ്യുന്നതു ഗുണകരമല്ലാത്തതുകൊണ്ടു ആ സംഗതി സ്കൂളുകൾ പൂർണ്ണമായി തുറക്കുന്നതുവരെ താമസിക്കട്ടെ എന്നു തീരുമാനിച്ചു. അദ്ധ്യാപകന്മാരുടെ സ്ഥലംമാറ്റം സാധാരണയായി സ്കൂൾ വർഷത്തിന്റെ ആരംഭത്തിൽമാത്രമേ ചെയ്യാറുള്ളു. ഞാൻ ആ സംഗതിയിൽ ഏകദേശമൊക്കെ കഴിയുന്നിടത്തോളം നിർബന്ധമായി പ്രവർത്തിക്കുന്നുണ്ട്. അത്രമാത്രമേ എനിക്കു പറയുവാനുള്ളു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, വിദ്യാഭ്യാസവകുപ്പിന്റെ ഭരണത്തെയും അതിന്റെ മാഗ്ഗോദ്യോഗസ്ഥന്മാരെയും സംബന്ധിച്ചു വാഗ്പ്രതിവാദം നടക്കുന്നതുകൊണ്ടു അതിനെപ്പറ്റി എനിക്കും ചില അഭിപ്രായങ്ങൾ പറഞ്ഞാൽകൊള്ളാമെന്നുണ്ട്. സംസ്ഥാനത്തിലെ വിദ്യാഭ്യാസനയം ഇപ്പോഴുള്ളതിൽനിന്നും കൂടുതൽ തൃപ്തികരമായും കാര്യക്ഷമമായും തീരുന്നതിനു ഈ രാജ്യത്തിലെ സകല ആവശ്യങ്ങളും നേരിട്ടുചെന്നു മനസ്സിലാക്കുവാൻ സൌകര്യമുള്ളതായ ഒരു എഡ്യൂക്കേഷൻ ബോർഡിനെ, അപ്രകാരമുള്ള സംഗതികളെപ്പറ്റി ആവശ്യമുള്ളപ്പോഴെല്ലാം ഉപദേശിക്കുന്നതിനായി ഉടനടി നിയമിക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. ആ ബോർഡിനു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിനും ഒരു സ്ഥാനം ഉണ്ടായിരിക്കേണ്ടതാണ്. ഈ സംഗതികളെ സംബന്ധിച്ചു ആ ഓഫീസുകളെയെല്ലാം അഭിപ്രായങ്ങൾ ആവശ്യമായിത്തീർന്നേക്കുമെന്നു വിചാരിക്കപ്പെടുന്നുവോ അപ്രകാരമുള്ള ധാന്യകൃഷിയായ ആളുകൾക്കും ക്രമാനുസരണമായ സ്ഥാനം ഇതിൽ നൽകണം. അപ്രകാരം ഒരു പുതിയമാഗ്ഗം സ്വീകരിക്കുന്നതായാൽ ഇൻസ്പെക്ടർമാരുടെ സംഖ്യയെന്നു തുടങ്ങിയ ഏറ്റവും പ്രധാനമായ ചോദ്യങ്ങളെസംബന്ധിച്ചു ആ ബോർഡിനു ഏറ്റവും ഫലപ്രദമായ തീരുമാനംവരുത്തുന്നതിനു സാധിക്കുന്നതാകുന്നു. ഇപ്പോഴത്തെസ്ഥിതിക്കു ഏറ്റവും ഉത്തമമായമാഗ്ഗം ഡയറക്ടരെ വിദ്യാഭ്യാസമന്ത്രിയായി നിയമിച്ചു അദ്ദേഹത്തിന്റെ ആഫീസിനെ ഹജൂർ കച്ചേരിയിലേക്കു മാറിയിട്ടു അവിടത്തെ വിദ്യാഭ്യാസകാര്യങ്ങൾ അദ്ദേഹത്തിന്റെ അധീനത്തിലാക്കുകയാകുന്നു. ഇപ്രകാരമെല്ലാം ചെയ്യുന്നതായാൽ ഇൻസ്പെക്ടർമാരെ സംബന്ധിച്ചുള്ള ഇപ്പോഴത്തെ ഏർപ്പാടിനെ വീണ്ടും ആവശ്യത്തിനനുസരണമായി ക്രമപ്പെടുത്താൻ യാതൊരപ്രയാസവും ഉണ്ടാകുന്നതല്ല. ഇപ്പോൾ, പെൺകുട്ടികൾക്കുവേണ്ടിയുള്ള ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾക്കു പോരുംപോരാ, മലയാളം പെൺകുട്ടികൾക്കുള്ള മൂന്നാംതരത്തിൽ എന്നിങ്ങനെയുള്ള മൂന്നുതരത്തിൽ ഇൻസ്പെക്ടിംഗ് ഉദ്യോഗസ്ഥന്മാരുണ്ട്. ബുദ്ധിപൂർവ്വമായ ഏർപ്പാടു എങ്കിൽ പള്ളിക്കൂടങ്ങൾക്കെല്ലാംകൂടി ഒരു ഇൻസ്പെക്ടർ, ഫയർഗ്രേഡ് പെൺകുട്ടികളുടെ പള്ളിക്കൂടങ്ങൾക്കെല്ലാംകൂടി ഒരു ഇൻസ്പെക്ട്രസ്സു എന്നുള്ളതാണെന്നു എനിക്കു തോന്നുന്നു. ഇതുമതിയാകുന്നതുമാണ്. ഈ തരത്തിരിക്കൽകൊണ്ടു, കൺസ്ട്രക്ടിംഗ് എഞ്ചിനീയറെസംബന്ധിച്ചിടത്തോളം വിദ്യാഭ്യാസസംബന്ധമായ കാര്യവുദ്യോഗങ്ങളുമായിട്ടു കൂടുതൽ ബന്ധപ്പെടുന്നതാകുന്നു. ഇപ്രകാരം മിച്ചംകിട്ടുന്ന പണം ഇപ്പോഴത്തെ കിടന്ന മലയാളംസ്കൂൾ വാദ്ധ്യാന്മാർക്കു കൂടുതൽ കൊടുക്കുന്നതിനായി ഉപയോഗിക്കാവുന്നതുമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, നാം നമ്മുടെ പതിവായുള്ള ചടങ്ങുകളെ യെന്തു അതിക്രമിക്കയല്ലേ ചെയ്യുന്നതു്.

പ്രസിഡണ്ടു്: അതേ. മിസ്റ്റർ രാമൻമേനോൻ! നിങ്ങൾക്കു ഇനി അരമിനിട്ടുകൂടിയുണ്ടു്.

മി. ജി. രാമൻമേനോൻ (മാവേലിക്കര യും കാഞ്ഞിരപ്പള്ളിയും): വിദ്യാഭ്യാസനയത്തെസംബന്ധിച്ചു ഞാനെന്റെ ഉപദേശിക്കുന്ന കൃത്യം ഒരു വിദ്യാഭ്യാസ ബോർഡിനെ ഭരമേല്പിക്കേണ്ടതാകുന്നു എന്നാണു് എനിക്കു പറവാനുള്ളതു്.

രണ്ടിച്ചു പരിഭവമില്ലാതിരുന്നിട്ടായപ്പോൾ ചടങ്ങുകൾക്കുവേണ്ടി സഭ പിരിഞ്ഞു. മൂന്നരിച്ചു നാലുമിനിട്ടായപ്പോൾ സഭ വീണ്ടുംകൂടി.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഞാൻ മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ പ്രമേയത്തെ ഹാർദ്ദമായി അനുകൂലിക്കുന്നു.

മലയാളഭാഷാഭ്യസനവും ഇംഗ്ലീഷ്ഭാഷാഭ്യസനവും ഒരു മേലധ്യക്ഷന്റെ മേൽനോട്ടത്തിൽ നടത്തിക്കുന്നതിൽ മലയാളഭാഷയ്ക്കു നേരിട്ടിരിക്കുന്ന ദുർഗ്ഗതാവസ്ഥയെ ഞാൻ ചൂണ്ടിക്കാണിക്കുവാൻ വിചാരിക്കുന്നു. മലയാളവിദ്യാഭ്യാസത്തിനായി തിരുവിതാംകൂറിലുള്ള വിദ്യാശാലകളുടെരീതിയും വിദ്യാരംഭങ്ങളിൽ നിയമിക്കപ്പെട്ടുന്ന ഉപാദ്ധ്യായന്മാരുടെ ശമ്പളക്രമവും ഇംഗ്ലീഷു വിദ്യാഭ്യാസത്തിനുള്ള കെട്ടിടങ്ങളും ആ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന ഉപാദ്ധ്യായന്മാരുടെ ശമ്പളക്രമവും തമ്മിലുള്ള വ്യത്യാസം നോക്കുമ്പോൾ മലയാളഭാഷയോടുള്ള ഒരവജ്ഞ പ്രത്യക്ഷമായി വെളിപ്പെടുന്നുണ്ടു്. മലയാളഭാഷയ്ക്കു ഒരു സ്വതന്ത്രമായനില സിദ്ധിച്ചിട്ടുണ്ടു്. മലയാളഭാഷയിൽ ഇരിക്കുന്ന പാഠ്യപുസ്തകങ്ങളും ഒരു പാഠ്യപുസ്തകക്കമ്മിറ്റിയാൽ നിർണ്ണയിക്കപ്പെടുന്നു. ആ പാഠ്യപുസ്തകങ്ങളും നിർണ്ണയിക്കുന്നതിനു്—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ നാരായണപിള്ള വാദിക്കുന്നതു് അത്ര ശരിയല്ലെന്നു പറഞ്ഞുകൊള്ളട്ടെ. പാഠപുസ്തകക്കമ്മിറ്റി ഇന്ന പുസ്തകംകൊള്ളാമെന്നും ഇന്നപുസ്തകം കൊള്ളുകയില്ലെന്നും പറയുന്നതല്ലാതെ പുസ്തകം നിർണ്ണയിക്കുന്നതിനുള്ള അധികാരം അവക്കില്ല. പുസ്തകം നിർണ്ണയിക്കുന്നതു് മറ്റേതോ സ്ഥാനത്തുരാണെന്നുള്ള സംഗതി അറിവുണ്ടോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഉണ്ടു്. അതുതന്നെയാണു് എന്റെ ഓർമ്മയിൽവരുന്നതു് പാഠപുസ്തകക്കമ്മിറ്റിയിൽനിന്നും പല പുസ്തകങ്ങളും കൊള്ളാമെന്ന അഭിപ്രായപ്പെട്ടതിന്റെശേഷം ഡിപ്പാർട്ടുമെന്റധികൃതന്മാർ പുസ്തകം ഇഷ്ടംപോലെ നിശ്ചയിക്കുകയാണു് ചെയ്തുവരുന്നതു്. അതിൽനിന്നും പാഠപുസ്തകക്കമ്മിറ്റിയ്ക്കു ഒരു നിയന്ത്രണാധികാരം ഇല്ല എന്നുള്ളതാണു് വ്യക്തമാകുന്നതു്. അതുകൊണ്ടു ആ നയം ഒരിക്കലും സ്വീകാര്യമല്ലെന്നാണു് എന്റെ അഭിപ്രായം.

അതിനുപുറമെ ഒരു യൂറോപ്യൻ മേലധികാരി മലയാളഭാഷാഭ്യസന പാഠശാലകളുടെ മേലദ്ധ്യക്ഷംവഹിക്കുന്നതുകൊണ്ടു വാസ്തവത്തിൽ ആ ഭാഷയ്ക്കു ഹാനികരമായ ഒരു നിലവന്നുപോകുമെന്നുള്ളതിൽ സംശയമില്ലാത്തതാണു്. ഇൻസ്പെക്ഷൻനടത്തുന്നകാലത്തു മലയാളംപഠിക്കുന്ന ഒരു വിദ്യാർത്ഥിയുടെ അഭിവൃദ്ധിയെസംബന്ധിച്ചു പരിശോധനനടത്തുന്നതിനു വിദ്യാഭ്യാസമേലദ്ധ്യക്ഷനു തിരുവുള്ളമില്ല എന്നുവന്നുകൂടുന്നതു ആ ഭാഷയുടെ ശോഭകരമായ നിലയെ വെളിപ്പെടുത്തുകയാണു് ചെയ്യുന്നതു്.

അതുപോലെതന്നെ സ്ത്രീവിദ്യാശാലകളുടേയും മേലദ്ധ്യക്ഷംവഹിക്കുന്നതു മലയാളഭാഷാപരിജ്ഞാനംഇല്ലാത്ത വർഗ്ഗത്തിൽപെട്ട ഒരു സ്ത്രീയാണെന്നു കാണുന്നതും ശോചനീയാവസ്ഥയായ ഒരു സംഗതിയാണെന്നു എനിക്കുതന്നെ അറിയാം. ഒരു പരീക്ഷാധികാരിണിയായിരിക്കുന്ന സ്ത്രീ ഒരു സ്കൂളിൽ ഹാജരായി മൂന്നാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയോടു് "കുട്ടി, കോഴിനെ എന്തു മൂടീരിക്കുന്നു?" (ചിരി) എന്നു ചോദിച്ചു. ആ കുട്ടി ആ പൊട്ടിച്ചുനോക്കിയപ്പോൾ കോഴിയെ വയ്ക്കുപാത്രത്തിൽ അടച്ചിരിക്കുന്നുഎന്നു മനസ്സിലാക്കി 'ഒന്നും' എന്നു മറുപടിപറഞ്ഞു. വേറെ ഒരു കുട്ടി 'കുട്ട' യാണെന്നും പറഞ്ഞു; ആ പരീക്ഷണാധികാരി ഒടുവിൽ "കോഴിനെ തുവൽകൊണ്ടു മൂടീരിക്കുന്നു" എന്നു ധരിപ്പിച്ചു. മലയാളഭാഷാപരിജ്ഞാനമില്ലാത്ത പരിശോധനാധികാരികൾ മലയാളം പഠിക്കുന്ന കുട്ടികളോടു വല്ലതുകിലും ഒരു ചോദ്യംചോദിക്കുന്നതിനോ ആ കുട്ടിയെ മനസ്സിലാക്കുന്നതിനോ പ്രാപ്തന്മാരല്ലാതിരിക്കുന്നതിനും ഇടയാകുന്നു. അതുകൊണ്ടു മലയാളഭാഷാപരിജ്ഞാനമുള്ള ആളെ ആ വിദ്യാലയങ്ങളുടെ മേലധികാരം വഹിക്കുന്നതിനു നിയമിക്കുന്നതു തന്നായിരിക്കും. പാഠ്യപുസ്തകം നിർണ്ണയിക്കുന്നതിനു ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന കമ്മിറ്റികൾ പരിഷ്കരിച്ചു മലയാള പാഠ്യപുസ്തകങ്ങളും ഇംഗ്ലീഷു പാഠ്യപുസ്തകങ്ങളും നിർണ്ണയിക്കുന്നതിനു ഒരു കമ്മിറ്റി മതിയാകുമെന്നുള്ള നിലയിൽ ഒരു സ്ത്രീ തയ്യാറാക്കിയതായി അറിയുന്നു.

പ്രസിഡണ്ടു്: സമയമായി.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അതുകൊണ്ടു സെപ്പറേഷൻ ഏറ്റവും അത്യാവശ്യമാണെന്നുള്ള അഭിപ്രായത്തോടു ഞാനും പൂർണ്ണമായി യോജിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, മിസ്റ്റർ സ്റ്റീഫൻസന്റെ അഭിപ്രായങ്ങൾക്കു മറുപടിയായി എനിക്കു കുറച്ചുമാത്രമേ പറയുവാനുള്ളു. അദ്ധ്യാപകന്മാരുടെ സ്ഥലമാറ്റസംഗതിയെസംബന്ധിച്ചു ചോദ്യത്തിനു അല്പം ആ സംഗതിയിൽ വേണ്ടത്ര പ്രാധാന്യംകൊടുക്കാതിരിക്കുന്നതായി പറയുന്നു. ഇതു അല്പം ചെയ്യുന്നതു ഏറ്റവും സാധ്യമാണെന്നുള്ള കാര്യത്തിൽ ഒരുതരം അഭിപ്രായഭിന്നതയും പ്രദർശിപ്പിക്കാതിരിക്കാൻ സാധിക്കുന്നതല്ല. മലയാളം പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരിൽനിന്നും സ്ഥലമാറ്റത്തിനുവേണ്ടി ധാരാളം അപേക്ഷകൾ കിട്ടീട്ടുണ്ടെന്നും അതിൽ നാലിൽ ഒരുഭാഗം അപേക്ഷകളെസംബന്ധിച്ചുമാത്രമേ ശ്രീമതിക്കു ശ്രദ്ധിച്ചിട്ടുള്ളു എന്നും മിസ്റ്റർ സ്റ്റീഫ്ൻസൻ പ്രസ്താവിച്ചു.

മി. കെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): നാലിലൊരുഭാഗം അപേക്ഷകളെപ്പറ്റിമാത്രമേ ശ്രദ്ധിച്ചുള്ളുഎൻ ഞാൻ പറഞ്ഞില്ല. നാലിലൊരുഭാഗത്തിൽ കൂടുതൽ അപേക്ഷകൾക്കു അനുകൂലം നിർണ്ണയിക്കുന്നതായിട്ടാണു് ഞാൻ പറഞ്ഞതു്.

മി. പി. കെ. മായൻകുഞ്ഞ് (അമ്പലപ്പുഴ): വാസ്തവംതന്നെ; ആകപ്പാടെ ഉള്ളതിൽ നല്ലതെന്നു തോന്നിയ ഒരു സ്ഥലമാണ് ഞാൻ തിരഞ്ഞെടുത്തിട്ടുണ്ട്. അതു നല്ലതുതന്നെ. എന്നാൽ ശേഷമുള്ള വാദ്ധ്യാന്മാർ സ്ഥലമാറ്റത്തിനുവേണ്ടി അപേക്ഷകരും അയച്ചതു കേവലം നേരംപോക്കിനായിട്ടാണെന്ന് വിചാരിക്കാവുന്നതല്ല. അവർ അത്യാവശ്യംകൊണ്ടുമാത്രമാണ് അപ്രകാരം അപേക്ഷിച്ചിട്ടുള്ളതു്. രവുക്കേഷൻകഴിഞ്ഞു പള്ളിക്കൂടങ്ങൾ തുറക്കുമ്പോൾമാത്രമേ സ്ഥലമാറ്റങ്ങൾ നടത്താവുള്ളു എന്ന മിസ്റ്റർ സ്റ്റീഫ്ൻസൻപറഞ്ഞു. എന്നാൽ ഇക്കാര്യത്തിൽ പേരെടുത്താളം മിസ്റ്റർ സ്റ്റീഫ്ൻസൻ ചെയ്തിട്ടുണ്ടെന്നു പറയുവാൻ നിവൃത്തിയില്ലാതായതിൽ വ്യസനിക്കുന്നു. എന്തായാലും ഇതുസംബന്ധിച്ചു വേണ്ടതുപോലെ ശ്രദ്ധിക്കുന്നതാണെന്നു മിസ്റ്റർ സ്റ്റീഫ്ൻസൻ പറയുന്നതുകൊണ്ടു ഞാൻ അക്കാര്യത്തെപ്പറ്റി കൂടുതൽ നിർബന്ധിക്കുന്നില്ല.

ബഡ്ജറ്റുസംബന്ധമായി നടന്ന വാദപ്രതിവാദത്തിനിടയ്ക്കു പി. ഡബ്ലിയു. ഡി. യിലെ ചെലവു ഇത്രമാത്രമേ പാടുള്ളുഎന്നു ക്ലിപ്തമായ ഒരു കണക്കുണ്ടെന്നു ഫിനാൻസ്സെക്രട്ടറി എടുത്തുകാണിച്ചതുപോലെ വിദ്യാഭ്യാസസംബന്ധിച്ചപ്പോൾട്ടുമെന്റിലും വാദ്ധ്യാന്മാരുടെ സ്ഥലമാറ്റത്തിനും ഒരു അതിര് ഒരുപക്ഷേ ഉണ്ടായിരിക്കാം. അതുകൊണ്ടു മിസ്റ്റർ സ്റ്റീഫ്ൻസന്റെ വാശ്വാസത്തിൽ വിശ്വസിച്ചു അദ്ദേഹം ആ സംഗതിയിൽ വേണ്ടതു പ്രവർത്തിക്കുമെന്നു ആശിച്ചുകൊള്ളുന്നു.

അതിനുംപുറമേ, ഡയറക്ടരുടെകൺട്രോളിൽനിന്നും മലയാളംഡിപ്പാർട്ടുമെന്റിനെ വേർപ്പെടുത്തേണ്ടതാണെന്നുകാണിക്കുന്നതിനുള്ള കതച്ചിവുകൾ ഞാൻ മിസ്റ്റർ സ്റ്റീഫൻസന്ക്കൊടുത്തിട്ടില്ല. അതുകൊണ്ടു അദ്ദേഹത്തിനു ആ കാര്യത്തിലുള്ള അഭിപ്രായവും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. എന്തുകൊണ്ടും എനിക്കിപ്പോൾവെച്ചിട്ടുള്ള ഈ ക്ലിപ്തസമയത്തിനുള്ളിൽ അതിനു എനിക്കുസാധിക്കുമെന്നും തോന്നുന്നില്ല. ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്നതു ആ സംഗതിയെ സംബന്ധിച്ചു ഒരു പ്രത്യേകകാര്യം മാത്രം ശ്രദ്ധയിൽകൊണ്ടുവരണമെന്നാകുന്നു. മലയാളം പള്ളിക്കൂടങ്ങളിൽ വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾ ഒരു തരം തൊഴിലിനുമാത്രമേ കൊള്ളാവുന്നവരായി കാണപ്പെടുന്നുള്ളു. അതായതു മലയാളം പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകവൃത്തി ഒന്നു മാത്രമാണ്. അവർക്കു ഉപജീവനത്തിനു ഏകമാർഗ്ഗമായി ലഭിച്ചിരിക്കുന്നതു്. കാലക്ഷേപത്തിനു ആവശ്യമുള്ളവ സമ്പാദിക്കുന്നതിനു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ ഉദ്യോഗങ്ങൾ മാത്രമല്ല ഇതരമാർഗ്ഗങ്ങളുമുണ്ടെന്നുള്ള ബോധം ഉളവാക്കുന്നതിനു പര്യാപ്തമായ വിദ്യാഭ്യാസം അവർക്കു നൽകേണ്ടതല്ലയോ എന്നാണു ഞാൻ ചോദിക്കുന്നതു്. ദിവസംതോറും പെരുമാറ്റംചെയ്യേണ്ടവരായ ആളുകളുടെ ഇടയിൽ സംവേദിച്ചുകൊണ്ടിരിക്കുന്ന സാധാരണ സംഗതികളെ അറിഞ്ഞു പ്രവർത്തിക്കുന്നതിന് സഹായിക്കുന്ന വിദ്യാഭ്യാസമാണ് അവർക്കു നൽകേണ്ടതു്. മുക്കു കീപ്പിംഗ് സംബന്ധമായ കുറെ പരിചയം, നിയമസംബന്ധമായ അല്പജ്ഞാനം, മര്യാദകളെപ്പറ്റിയുള്ള ആവശ്യമായ അറിവു് എന്നിപ്രകാരം സമുദായത്തിന്റെ സാധാരണ നടത്തയ്ക്കു അത്യന്താപേക്ഷിതങ്ങളായ കാര്യങ്ങളെപ്പറ്റി അവർക്കു അഭ്യസനം നൽകേണ്ടതാണ്. ഇന്നത്തെസ്ഥിതിനോക്കുന്നപക്ഷം മലയാളം പള്ളിക്കൂടങ്ങളിലെ ഒൻപതാംക്ലാസ് പരീക്ഷ ജയിച്ചുപോകുന്ന ഒരു വിദ്യാർത്ഥിക്കു ഒരു പ്രൈമറിസ്കൂളിലേക്കു എഴുത്തച്ഛനായിട്ടോ ഒരു കച്ചീട്ടുകൊടുക്കുന്നതിനോ അറിവില്ലാതാണിരിക്കുന്നതെന്നു കാണാവുന്നതാണ്. അതുകൊണ്ടു ജീവിതത്തിൽ ഏറ്റുടേണ്ടതായി വരുന്ന കാര്യങ്ങൾക്കു മുൻപറഞ്ഞ വിഷയങ്ങൾസംബന്ധിച്ച പരിജ്ഞാനം ഒരു വലിയ സഹായമായിരിക്കുമെന്നുള്ളതിനു സംശയമില്ല. സർ, ഇവർ വക്കീലന്മാരായിത്തീരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നില്ല. പ്ലീഡർഷിപ്പ് ക്ലാസിൽനിന്നും വഴിപിഴച്ചിട്ടുള്ള വക്കീലന്മാരുടെകൊണ്ടുതന്നെ വലുതായ ദോഷമാണു ഉണ്ടാകുന്നതെന്നുള്ള അഭിപ്രായം തന്നെയല്ലാ എന്റെ ഉദ്ദേശം. ജീവിതത്തിൽ ഒരുവനു അവന്റെ കാര്യാദികളെ നടത്തിക്കൊണ്ടുപോകുന്നതിനു് അവനെ സഹായിക്കുന്ന സാധാരണ ജ്ഞാനം നൽകുന്നതാണു ഈ വിദ്യാർത്ഥികൾക്കു ഏറ്റവും പ്രയോജനകരമായിട്ടുള്ളതു്. ഇപ്രകാരമുള്ള ഒരു അഭിപ്രായം പുറപ്പെടുവിക്കണമെന്നുദ്ദേശിച്ചുമാത്രമാണ് എഴുത്തുവായനയെ സംബന്ധിച്ചും മിനചയ്ക്കുകൊണ്ടുള്ള പ്രയോഗമില്ലാത്തതായും കാണപ്പെട്ടിട്ടുള്ള വിദ്യാഭ്യാസരീതി സ്വീകരിച്ചുപോരുന്ന വിദ്യാഭ്യാസവകുപ്പിൽനിന്നും ഇതിനെ വേർപെടുത്തണമെന്നു ഞാൻ പറഞ്ഞതു്. എങ്കിലെന്തായാലും ഈ സന്ദർഭത്തിൽ ഈ അഭിപ്രായത്തെപ്പറ്റി പൂർണ്ണമായി ആലോചിക്കുവാൻ തരമില്ല. അതുകൊണ്ടു ഈ കാര്യത്തെസംബന്ധിച്ചിട്ടുള്ള ഈ മാദ്ധ്യമത്തെപ്പറ്റി മാത്രം അല്പം സൂചിപ്പിച്ചുകൊണ്ടു ഞാൻ എന്റെ മോഷണത്തിൽ വലിച്ചുകൊള്ളുന്നു.

ഉപക്ഷേപം. ക്ലർവു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല); സർ, താഴെക്കാണുന്ന ഉപക്ഷേപം ഞാൻഹാജരാക്കുന്നു.

ക്ലർവു. കൺട്രോളിംഗ് ഏജൻസിഎന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ക ൦ ര, ൪ വ്വു രൂപായിൽനിന്നും ക ൦ ൦ രൂപാ കുറയ്ക്കുണം.

ഞാൻ ഈ പ്രമേയംകൊണ്ടുവന്നിട്ടുള്ളതിന്റെ ഉദ്ദേശം ഇക്കാലത്തു മലയാളം പള്ളിക്കൂടംവാദ്ധ്യാന്മാർക്കു ലഭിച്ചുവരുന്ന കുറഞ്ഞ ശമ്പളത്തെപ്പറ്റി ഗവർണ്മെന്റിന്റെയും ഈ സഭയിലെ അംഗങ്ങൾമാത്രമടേയും ശ്രദ്ധയെ ക്ഷണിക്കണമെന്നുള്ളതാണ്. സർ, ഞാൻ എന്റെ ബഡ്ജറ്റുസംബന്ധിച്ച സംഭാഷണത്തിൽ പറഞ്ഞിട്ടുള്ളതുപോലെ മലയാളം പള്ളിക്കൂടംവാദ്ധ്യാന്മാർക്കു ഇപ്പോൾ കൊടുത്തുവരുന്നശമ്പളം ഒരു ചാക്കരിയ്ക്കു മതിയാകുന്നതല്ലെന്നു പ്രസിദ്ധമാണ്. ഇപ്രകാരം പറഞ്ഞതിനെ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. മലയാളം പള്ളിക്കൂടംവാദ്ധ്യാന്മാർക്കുഅവരുടെ അഭിമാനത്തെയും അവസ്ഥയേയും നിലനിറുത്തേണ്ടതിനും തനിക്കും തന്റെ കുടിയകുടുംബത്തിനുമുള്ള ഭക്ഷണച്ചെലവു നടത്തേണ്ടതിനും തന്റെയും തന്റെ കുടുംബാംഗങ്ങളുടേയും വസ്ത്രധാരണത്തിനു ആവശ്യമുള്ളവ വാങ്ങിക്കേണ്ടതിനും തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതിനും ഇതരചെലവുകൾ നിർവ്വഹിക്കേണ്ടതിനും മാസം ഇരുപത്തഞ്ചുരൂപകൊണ്ടു മാത്രമാണ്. ക്ലാസിലുള്ള തന്റെ കുട്ടികളുടെ മുമ്പിൽ ഒരു നേതാവു എന്നുള്ള നില അഭിനയിക്കുകയും വേണം. ബാലന്മാരുടെ മുമ്പിൽ അപ്രകാരം കാണപ്പെടാതിരുന്നാൽ അവർ അദ്ധ്യാപകം പഠിപ്പിക്കുന്നതിൽ ശ്രദ്ധിക്കുകയില്ല. വാദ്ധ്യാർക്കു തങ്ങളുടെ മുമ്പിൽ നല്ലപോലെ വസ്ത്രധാരണംചെയ്തു ഹാജരാകുന്നതിനു നിവൃത്തിയില്ലെന്നാ അതല്ലെങ്കിൽ ഉച്ചയൂണിനു കേരണം അദ്ധ്യാപകംകഴിച്ചിട്ടില്ലെന്നോ ധരിപ്പിക്കുന്നതായാൽ അവർ അദ്ധ്യാപകത്തെ പരിഹസിക്കുവാൻ ആരംഭിക്കും. ഇതിനെല്ലാത്തിനുംപുറമേ അദ്ധ്യാപകത്തിനു ലഭിക്കുന്നതു പകുതി പട്ടിണിക്കായുള്ള ഈ ശമ്പളം മാത്രമാകുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം ഡപ്യൂട്ടി): പ്രസിഡണ്ട്):

സർ, മെമ്പർ കാര്യപ്പെട്ട പറയുന്നുണ്ട്. മലയാളം വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള മൊത്തമായ ഗ്രാൻറിൽനിന്നും ഏതാനും സംഖ്യ കുറയ്ക്കണമെന്ന ഒരു പ്രമേയം കൂടെ കഴിഞ്ഞുകൊണ്ടുവന്നതായി കാണുന്നു. നാം ഇപ്പോൾ കൺട്രോളിംഗ് ഏജൻസിയെപ്പറ്റിയാകുന്നു ആലോചിക്കുന്നതു്. മലയാളം സ്കൂൾ മാനേജർമാർ കൺട്രോളിംഗ് ഏജൻസിയിൽ ഉൾപ്പെടുന്നതുണ്ടെന്നു തോന്നുന്നില്ല.

പ്രസിഡൻറ്: മിസ്റ്റർ സുബ്ബയ്യർ നിങ്ങൾ പറഞ്ഞതു ശരിയാണ്.

മി. ശിവരാമപ്പണിക്കർ നിങ്ങൾ നിങ്ങളുടെ പ്രമേയത്തെ സംബന്ധിച്ചു മാത്രമേ സംസാരിക്കാവൂ. കൺട്രോളിംഗ് ഏജൻസിപ്പറ്റിയാകുന്നു നിങ്ങളുടെ പ്രമേയം. അതുകൊണ്ടു കൺട്രോളിംഗ് ഏജൻസി എന്ന വിഷയത്തെ സംബന്ധിച്ചുമാത്രമായിരിക്കണം നിങ്ങൾ പ്രസംഗിക്കുന്നതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ മോഷൻകൊണ്ടുവരണമെന്നു ആലോചിച്ചപ്പോൾതന്നെ എൻറെ ഉദ്ദേശ്യം വാദ്ധ്യാന്മാരുടെ സ്ഥലമാറ്റത്തെപ്പറ്റി പറയണമെന്നായിരുന്നു. എന്നാൽ വിദ്യാഭ്യാസമന്ത്രിയുടെ മറുപടികേട്ടപ്പോൾ വാദ്ധ്യാന്മാരുടെ സ്ഥലമാറ്റക്കാര്യത്തിൽ എനിക്കു സമാധാനമായി. ഗവണ്മെൻറിൻറെയും ഡിപ്പാർട്ടുമെൻറിൻറെയും ശ്രദ്ധയെ ഉടനടി ആകർഷിക്കുന്ന മലയാളംസ്കൂൾ വാദ്ധ്യാന്മാരുടെ അമ്പളത്തെപ്പറ്റിക്കൂടെ ഒന്നുരണ്ടു വാക്കു ഈ അവസരത്തിൽ പറയണമെന്നു എനിക്കുതോന്നി.

പ്രസിഡൻറ്: ഇതിലുള്ള കുഴപ്പം നിങ്ങൾപറയുന്നതു ഈ സഭയിലെ നടപടിക്കു അനുസരണമായിട്ടുള്ളതല്ലാത്തതാണ്. നിങ്ങളുടെ പ്രമേയത്തിൽ അതു ഉൾപ്പെട്ടുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എന്നാൽ, സർ, ഞാൻ എൻറെ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക്രമൻ.

താഴെ കാണുന്ന ഉപക്ഷേപം കൊണ്ടുവരപ്പെട്ടില്ല.

മി. ടി. കുമാരപിള്ള.

കൺട്രോളിംഗ് ഏജൻസി എന്ന ഇനത്തിൽ നിക്കിവച്ചിട്ടുള്ള ക, ൦൭, ൪൫൫ രൂപായിൽ നിന്നും ക ൦ ൦ രൂപാ കുറയ്ക്കുണം.

ഉപക്ഷേപം ക ൪ ൦.

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): സർ, താഴെ കാണുന്ന മോഷൻ ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ക ൪ ൦. കൺട്രോളിംഗ് ഏജൻസി എന്ന ഇനത്തിൽ നിക്കിവച്ചിട്ടുള്ള ക, ൦൭, ൪൫൫ രൂപായിൽ നിന്നും ക ൦ ൦ രൂപാ കുറയ്ക്കുണം.

സർ, ഈ മോഷൻ കൊണ്ടുവരുന്നതിനുള്ള എൻറെ പ്രധാനമായ ഉദ്ദേശ്യം 'കൺട്രോളിംഗ് ഏജൻസികൾ' എന്ന ഇനംസംബന്ധിച്ചു ഉണ്ടായിട്ടുള്ള വലിയ ചെലവിനെപ്പറ്റി ഗവൺമെൻറ് ശ്രദ്ധയിൽ വരുത്തണമെന്നുള്ളതാണ്. വിദ്യാഭ്യാസമന്ത്രിക്കു ഒരു വലിയ തുക ശമ്പളമായി കൊടുക്കുന്നുണ്ട്. ഇതിനുപുറമേ ഡപ്യൂട്ടി ഡയറക്ടർമാരും രണ്ടു ഇൻസ്പെക്ടറന്മാരും രണ്ടുപേർസണൽ അസിസ്റ്റൻറുകളും അനേകം ഇൻസ്പെക്ടർമാരും ഉണ്ട്.

മി. സി പി. തോമ്മസ് (ഗവണ്മെൻറ് നിയമനം): ഡിപ്പാർട്ടുമെൻറിലെ ആകെ ചിലവിനോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ കൺട്രോളിംഗ് ഏജൻസി സംബന്ധിച്ചു ചെലവിനു അധികമായുള്ള സംബന്ധം എന്താണെന്നു് മി. ജോസഫ് പറയുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): നോട്ടീസിലെ അടുക്കിൽ സ്കൂളറിലെ കൊടുത്തിട്ടുള്ള കണക്കുകൾ നോക്കുകയാണെങ്കിൽ അതു എളുപ്പത്തിൽ കണ്ടുപിടിക്കാവുന്നതാകുന്നു. കൺട്രോളിംഗ് ഏജൻസിക്കു അനുവദിച്ചിട്ടുള്ളതു ഒരു ലക്ഷത്തിൽ കൂടുതൽ രൂപായും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലേക്കുള്ള ആകെച്ചെലവു നൂറു ലക്ഷത്തിൽ ചിലപ്പോൾ രൂപായും ആകുന്നു. അതു എന്നോടു ചോദിക്കാതെ തന്നെ ആർക്കും അറിയാവുന്നതാണ്.

കൺട്രോളിംഗ് ഏജൻസി എന്ന ഇനത്തിനുവേണ്ടി ഇപ്പോൾ ചെലവുചെയ്തു വരുന്ന തുക ആവശ്യമുള്ളതിൽനിന്നും വളരെ കൂടുതലാണെന്നാകുന്നു ഞാൻ പറയുന്നതു്. അതുകൊണ്ടു എല്ലാ വിധവും ഇൻസ്പെക്ടരുടെ പേർസണൽ അസിസ്റ്റൻറു വേണ്ടെന്നു വെയ്ക്കുവാനുന്നതാണ്. ഇൻസ്പെക്ടർമാർക്കു അവരുടെ ജോലിതന്നെതന്നെ ചെയ്യാൻ കഴിയും. എൻറെ അഭിപ്രായം അനുസരിച്ചു കുറവുവരുത്തുന്നതായാൽ മലയാളംപള്ളിക്കൂടങ്ങളിലെ പാവപ്പെട്ട വാദ്ധ്യാന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു സാധിക്കുന്നതാണ്.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ്) (നിയമനം ഡപ്യൂട്ടിപ്രസിഡൻറ്): രണ്ടു് ഇൻസ്പെക്ടർമാരുടെയും പേർസണൽ അസിസ്റ്റൻറുകളെയും വേണ്ടെന്നുവെയ്ക്കുന്നതു നിമിത്തം മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാരുടെ ശമ്പളം എത്രമാത്രം വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നു പറയുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മേലുകാവും): ഇൻസ്പെക്ടർമാരുടെ പേർസണൽ അസിസ്റ്റൻറുമാരെ വേണ്ടെന്നുവെയ്ക്കുന്നതിൽനിന്നും ഉണ്ടാകുന്ന മിച്ചംകൊണ്ടു വരുത്താവുന്ന ശമ്പളക്കൂടുതൽ എത്രയെന്നു നിശ്ചയമാണെങ്കിലും പാവപ്പെട്ട മലയാളം സ്കൂൾ അദ്ധ്യാപകന്മാർക്കു അതു വലിയസഹായമായിരിക്കുന്നതാകുന്നു. അതുകൊണ്ടു എൻറെ പ്രധാനമായ അഭിപ്രായം 'കൺട്രോളിംഗ് ഏജൻസി'യിൽനിന്നും പേർസണൽ അസിസ്റ്റൻറുമാരെ മാത്രമെങ്കിലും വേണ്ടെന്നു വെയ്ക്കുവാനുന്നതാണ് എന്നാകുന്നു. ഈ സഭയാകുന്നു അതു തീരുമാനിക്കേണ്ടതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ); അദ്ദേഹം മോഷൻ പിൻവലിച്ചുതായി പറയുമോ?

പ്രസിഡണ്ടു്. ഇല്ല, അതു സഭയുടെ ഇഷ്ടപ്രകാരം ചെയ്യേണ്ടതാണ്.

മി. ജെ. സ്മിത്സൻ (വിദ്യാഭ്യാസ ഡയറക്ടർ): സർ, വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ ചെലവിനെ അപേക്ഷിച്ചു കൺട്രോളിംഗ് ഏജൻസിക്കു മാത്രമായുള്ള ചെലവു കൂടുതലാണെന്നു തെളിയിക്കുന്നതിനു എനിക്കു

ന്യായങ്ങളാണെ പറയേണ്ടതെന്നു ഞാൻ അറിയുന്നില്ല. വിദ്യാഭ്യാസ റിപ്പോർട്ടിന്റെ പത്തംപുറമോക്കേ പോലും ഫാൻവൃംഗ് ആണ്ടു വിദ്യാഭ്യാസം സംബന്ധിച്ചുള്ള ആകെ ചെലവിൽ കൺട്രോളിംഗ് ഏജൻസിവക യ്ക്കു ചെലവായിട്ടുള്ളതു നൂറിനു മുകളിൽ ആയിരുന്നു എന്നു കാണുന്നുണ്ട്. ഫാൻ-ൽ അതു ഇ.വ ആയി രുന്നു. ഫാൻവൃംൽ കൺട്രോളിംഗ് ഏജൻസിവകയ്ക്കു കൃത്യമായി ചെലവായിട്ടുള്ളതു ഫവ൦൦൦ രൂപാ യും ഫാൻ-ൽ ഫ൭൦൦൦ രൂപായും ആകുന്നു. കൺട്രോളിംഗ് ഏജൻസി എന്ന വകുപ്പിൽ വിദ്യാഭ്യാ സഡയറക്ടരെക്കൂടാതെ മലയാളം പള്ളിക്കൂടം ഇൻസ്പെക്ടർ, ഇംഗ്ലീഷ് പള്ളിക്കൂടം ഇൻസ്പെക്ടർ, പെൺപള്ളി ക്കൂടം ഇൻസ്പെക്ട്രസ്സ് വ.ഫ മലയാളം പള്ളിക്കൂടം അസിസ്റ്റൻറ് ഇൻസ്പെക്ടർമാർ, ആറു ഗവൺമെന്റ് അസി സ്റ്റൻറ് ഇൻസ്പെക്ട്രസ്സുകളും.

രണ്ടു ഇംഗ്ലീഷ് പള്ളിക്കൂടം അസിസ്റ്റൻറ് ഇൻസ്പെക്ടർമാർ എന്നിങ്ങനെ പരിശോധനയ്ക്കു ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ടിരുന്നതുകൊണ്ടു ഈ ഇനത്തിനു വേണ്ടിവരുന്ന കൃത്യമായചെലവോ അല്ലെങ്കിൽ വി ദ്യാഭ്യാസവകുപ്പിന് ആകെവേണ്ടിവരുന്ന ചെലവിനെ അപേക്ഷിച്ചു ഈ ഇനത്തിനു നേരിടുന്നചെലവോ അ ധികമാണെന്നു് എനിക്കഭിപ്രായമില്ല. വിദ്യാഭ്യാസസംബന്ധമായ ചെലവു് ഓരോതോരം വർദ്ധിച്ചുവരുന്നതുകൊ ണ്ടും "കൺട്രോളിംഗ് ഏജൻസി" എന്നിനത്തിലുള്ളചെലവു ക്രമേണ കുറഞ്ഞുവരുന്നതു് തൃപ്തികരമായ ഒരു കാര്യമാണ്. വിദ്യാഭ്യാസം സംബന്ധിച്ചുള്ള ആകെ ചെലവിനെ അപേക്ഷിച്ചു അതിനുള്ളചെലവും കുറഞ്ഞു തന്നെയാണ് വരുന്നതു. മിസ്റ്റർ ജോസഫ് ഏതു ചെലവു് വേണ്ടതാണെന്നും ഏതു ചെലവു ആവശ്യമില്ലെന്നുംകൃത്യമായി പറഞ്ഞില്ല.

മി. കെ. എ. ജോസഫ് (മീനച്ചിലും മേപികളവും): പേർസണൽ അസിസ്റ്റന്റന്മാർ ആവശ്യമില്ലെന്നാണ് ഞാൻപറഞ്ഞതു്.

മി. സ്മീഥ്ൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഇന്നുകാലത്തു ഞാൻ അതിനെപ്പറ്റിവ്യക്തമാക്കിയിട്ടുണ്ടു്. എങ്കിലും നോക്കിയാലും അതു സംബന്ധിച്ചുണ്ടാകുന്നചെലവു് സാരമില്ലാത്തതാണ്. ആ സ്ഥാനം നിലനിർത്തൽ ചെയ്യുന്നതായാൽ അതിനുപകരം വേറെയൊരാളെ നിയമിക്കേണ്ടിവരും, ആഫീസുജോലിചെയ്യുന്നതിന് ആരെങ്കിലും ഒരാൾ ഉണ്ടായിരിക്കുകതന്നെ നിവൃത്തിയില്ല. അതിലേക്ക് പേർസണൽ അസിസ്റ്റൻറ് ഉണ്ടായിരിക്കുന്നതുനല്ലതാണ്. അദ്ദേഹത്തിനു പതിവു ജോലികൾക്കു പുറമെ പ്രത്യേകപരിജ്ഞാനമുള്ള ജോലികളും ചെയ്യാൻ സാധിക്കുന്നതാണ്.

മി. കെ. എ. ജോസഫ് (മീനച്ചിലും മേവിക്കളവും): ഇൻസ്പെക്ടർമാക്കും പേർസണൽ അസിസ്റ്റന്റന്മാർ ആവശ്യമാണോഎന്നു് അറിഞ്ഞാൽകൊള്ളാം.

മി. ജെ. സ്മീഥ്ൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഇൻസ്പെക്ടർമാക്കും പേർസണൽ അസിസ്റ്റൻറ് ഉണ്ടാ യിരിക്കുന്നതു ധാരാളം ഉപയോഗമുള്ളതാണെന്നാണ് എന്റെ അഭിപ്രായം. ഇൻസ്പെക്ടർമാക്കു അനേകം ദിവ സം ക്യാമ്പിൽ ഇരിക്കേണ്ടതായിട്ടുണ്ടു്. ഇൻസ്പെക്ടർ ഇല്ലാതിരിക്കുമ്പോൾ അദ്ദേഹത്തിന്റെജോലി ആഫീസി ൽ ഇരുന്നു ചെയ്യുന്നതിനു് ആരെങ്കിലും കൂടാതെ കഴികയില്ല. സർ, കൺട്രോളിംഗ് ഏജൻസിക്കുവേ ണ്ടിവരുന്ന ചെലവു് ആവശ്യത്തിൽ അധികമാണെന്നു് മിസ്റ്റർ ജോസഫ് കാരണസഹിതം സ്ഥാപിച്ചതായി ഞാൻ വിചാരിക്കുന്നില്ല. എനിക്കു് ഇതിൽ കൂടുതൽ ഒന്നും പറയുവാനില്ല.

മി. സി. പി. തോമ്മസ് (ഗവർൺമെൻറ് നിയമനം): 'കൺട്രോളിംഗ് ഏജൻസികം' എന്നഇനത്തിൽ ചെലവുചെയ്യുന്നതുക ആവശ്യത്തിൽ കവിഞ്ഞതാണെന്നുള്ള അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നില്ല. കൺ ട്രോളിംഗ് ഏജൻസികം എന്നവകുപ്പിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥന്മാർ ചെയ്യുന്നജോലികളുടെ സ്വഭാവത്തെപ്പ റി ഒന്നു രണ്ടു വാക്കു പറഞ്ഞാൽ കൊള്ളാമെന്നു് ഞാൻവിചാരിക്കുന്നു. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനുവേ ണ്ടി അനേകലക്ഷം രൂപാ ചെലവുചെയ്യുന്ന സ്ഥിതിക്കു കൺട്രോളിംഗ് ഏജൻസി, ഡിപ്പാർട്ടുമെൻറ് മേണ ത്തിനു പുറമേകൂടുതൽ ഫലപ്രദമായ ജോലികൾ ചെയ്യേണ്ടതായിട്ടുണ്ടു്. ഡിപ്പാർട്ടുമെൻറ് ഭരണത്തിനുപോരു മാത്രം പ്രവർത്തിക്കുന്നതിനേക്കാൾ വിദ്യാഭ്യാസാവശ്യങ്ങൾക്കു് സഹായമായിത്തീരുന്ന തരങ്ങളെ നിശ്ചിച്ചു് തടപ്പില ാക്കുന്നതിനുവേണ്ടി കൺട്രോളിംഗ് ഏജൻസിപോലെ ചെയ്യേണ്ടതു് ആവശ്യമാണു്. ഇപ്പോൾ ഈ ഏർപ്പാടിൽ കണ്ടുവരുന്ന പ്രധാനമായദോഷം സകലകാര്യങ്ങളും ഏറെറവും കേന്ദ്രീകരിച്ചിരിക്കുന്നതാകുന്നു. ഇതിനെമാറ്റപ്പ ട്ടുത്തുന്നതിനു് എത്രമാത്രം സാധിക്കുന്നതാണെന്നുള്ള കാര്യത്തിലാണു് ഡെവലപ്മെൻറ് ആഫീസർ പ്രവർത്തിച്ചുകൊ ണ്ടിരിക്കുന്നതു്. എന്റെഅറിവിൽ വന്നിട്ടുള്ള ഒന്നുരണ്ടുകാര്യങ്ങളും ഞാൻ ഇവിടെ പ്രസ്താവിക്കാം. താഴെകാ ണുംപ്രകാരം ഇപ്രധാനപ്പെട്ടയ കാര്യങ്ങളെ സംബന്ധിച്ചു അവസാനതീർപ്പുചെയ്യുന്നതിനു് ഡയറക്ടർവേണ്ടെന്നാണു് ഇപ്പോഴത്തെഅഭിപ്രായം. ഒരുവിദ്യാർത്ഥിപള്ളിക്കൂടത്തിൽ ചേരുന്ന അവസരത്തിൽ കൊടുത്തിട്ടുള്ളവയസ്സു് തെ റ്റായിട്ടുള്ളതാണെന്നു് പിന്നീടു ഒരു കാലത്തു അറിയാകുന്നതിനിടയായാൽ അതിനെസംബന്ധിച്ചു അപേക്ഷചെയ്യു ന്നതിനു് ഹെഡ്മാസ്റ്ററോടു് ആവശ്യപ്പെടുമ്പോൾ അപ്രകാരം ആ വിദ്യാർത്ഥിയുടേയോ അല്ലെങ്കിൽ രക്ഷകർത്താ വിന്റേയോ അപേക്ഷ വാങ്ങിക്കുന്നു. അതിനുശേഷം അദ്ദേഹം തന്നിക്കു കിട്ടിയിട്ടുള്ള തെളിവുകളോടുകൂ ടി തന്റെ അഭിപ്രായവും ചേർത്തു ആ അപേക്ഷയെ ഇൻസ്പെക്ടർക്കു അയക്കുന്നു. ഇൻസ്പെക്ടർ അതിനെ ഡയറക്ട ർക്കു അയക്കുന്നു. സർ, ഒടുവിൽ ഡയറക്ടർ അതിനെപ്പറ്റിചെയ്യുന്ന തീരുമാനം ഹെഡ്മാസ്റ്റർ രേഖപ്പെടുത്തിയിട്ടുള്ള തെളി വിനെ അടിസ്ഥാനമാക്കി മാത്രമായിട്ടാണ് കാണപ്പെടുന്നതു്. നാലോ, അഞ്ചോ ചിലപ്പോൾ കൂടുതലായി രുമോ വിദ്യാർത്ഥികളുടെ ശിക്ഷണത്തിനു് ഉത്തരവാദിത്വം വഹിക്കുന്ന ഒരു ഹെഡ്മാസ്റ്ററെ, ഒരുവിദ്യാർത്ഥിയുടെ വയസ്സു ശരിയോ തെറ്റോഎന്നു് കിട്ടുന്ന തെളിവുകൾനോക്കി നിർണ്ണയിക്കുന്ന നിസ്സാരകാര്യത്തിൽ വിശ്വസിക്കാ വുന്നതാകുമോ. ഈ നിസ്സാരകാര്യങ്ങൾക്കുവേണ്ടി ഇൻസ്പെക്ടരുടേയും ഡയറക്ടരുടേയും മാത്രമല്ല, ആഫീസിലുള്ള ക്ലാർക്കുകളുടേയും സമയത്തിൽ ഒരുനല്ലഭാഗം വിനിയോഗിക്കേണ്ടിവരുന്നു. അതായതു ഒട്ടുവളരെ എഴുത്തുകുത്തുക ൾക്കു് ഇടയാകുന്നുണ്ടെന്നോണ്ട് ഞാൻ ഉല്ലേഖിക്കുന്നതു്.

ഗവർൺമെൻറിന്റെ ശ്രദ്ധയെ വേറെ ഒരു കാര്യത്തിലേക്കുകൂടി ക്ഷണിക്കുവാൻ എനിക്ക് ആഗ്രഹമുണ്ടു്. അതു് ഇതാകുന്നു ഒരു ഹൈസ്കൂൾ വിദ്യാർത്ഥി ഒരുവർഷത്തിൽ രണ്ടോ മൂന്നോ രാഷ്ട്രീയ വിഷയങ്ങൾ സ്വീകരിക്കു

ന്നുഎന്നിരിക്കട്ടെ. അതിനുശേഷം അതിനെമേടിച്ചെടുത്തിയാൾ കൊള്ളാമെന്ന് ആഗ്രഹിച്ചു ഹെഡ്മാസ്റ്ററോ ട് അപേക്ഷിക്കുന്നു. ഹെഡ്മാസ്റ്റർ യാതൊരുതീരുമാനവും ചെയ്യാതെ തന്റെ അഭിപ്രായത്തോടുകൂടി ഇൻസ്പെക്ടർക്കും ഇൻസ്പെക്ടർ ഡയറക്ടർക്കും ആ അപേക്ഷയെ അയക്കുകമാത്രമാണ് ചെയ്യുന്നതു. ഒരു ഹൈസ്കൂൾഹെഡ്മാസ്റ്റർ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥനായിരിക്കുന്നസ്ഥിതിക്ക് ഈ കാര്യവും അദ്ദേഹത്തിന്റെ അധികാരത്തിൽ വിട്ടുകൊടുക്കാവുന്നതാണ്.

ഇനിയും ഹാജർസംബന്ധിച്ചു നിശ്ചയിക്കപ്പെട്ടിട്ടുള്ള കുറഞ്ഞശതമാനത്തിൽനിന്നും അല്പം കുറവുവന്നുപോയിട്ടുണ്ടെങ്കിലും ക്ലാസ്സുകയറ്റം കൊടുക്കേണ്ടതായിട്ടുള്ള ചിലവിദ്യാർത്ഥികളുണ്ട്. ഈക്കാര്യത്തിലും ഹെഡ്മാസ്റ്റർക്കുപുറമേ ഹാജരാകാതിരുന്നതിനുള്ള കാരണങ്ങളെ കാണിക്കുന്ന സ്റ്റേറ്റുമെന്റും അയക്കേണ്ടതായിട്ടുണ്ട്. ഇൻസ്പെക്ടർ ഇതിനേയും ഡയറക്ടർക്ക് അയക്കുന്നു. ഒടുവിൽ, നേരിട്ടു വിവരങ്ങളും അറിവാൻ മാർഗ്ഗമുള്ള ഹെഡ്മാസ്റ്ററുടെ അഭിപ്രായത്തേയും മെഡിക്കൽ സർട്ടിഫിക്കേറ്റിനേയും അടിസ്ഥാനമാക്കി മാത്രമാണ് തീർച്ചപ്പെടുത്തുന്നതു്.

ഞാൻ ചിലദൃഷ്ടാന്തങ്ങൾ മാത്രമാണ് ഇവിടെ കൊടുത്തിട്ടുള്ളതു ഇതിൽനിന്ന് ഇൻസ്പെക്ടരുടേയും ഡയറക്ടരുടേയും ആഫീസുജോലി വർദ്ധിക്കുന്നതിന് അനുസരണമായഫലം വിദ്യാഭ്യാസവിഷയത്തിൽ ഉണ്ടാകുന്നില്ലെന്ന് കാണാവുന്നതാണ്, ഒരുപക്ഷേ ഒരു അന്വേഷണസമിതിക്ക് ഇൻസ്പെക്ടരുടേയും ഡയറക്ടരുടേയും ആഫീസുജോലികളുടെ സ്വഭാവത്തെ നല്ലപോലെ പരിശോധിക്കുന്നപക്ഷം ഇതിലേക്ക് തെളിവായി ഞാൻ ഇപ്പോൾപ്രസ്താവിച്ചതിലധികമായ അനേകം ദൃഷ്ടാന്തങ്ങൾ തരുവാൻ സാധിച്ചേക്കാം. ഇൻസ്പെക്ടരുടേയും ഡയറക്ടരുടെയും ആഫീസുകളിലും ആവശ്യമില്ലാത്ത ജോലികൾ തന്നേക്കാൾ സ്ഥാനംഉള്ളവരും കൂടെത്താഴെയുള്ളവരുമായ ഉദ്യോഗസ്ഥന്മാർ ചെയ്യേണ്ടതായ അനേകംജോലികൾ താൻതന്നെ ചെയ്യുന്നതായി മിസ്റ്റർ സ്റ്റീഫൻസൻ പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ മറ്റുശാഖകളിലുള്ള ഭയങ്കരചില ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരും ഇതേപ്രകാരം പറഞ്ഞിട്ടുള്ളതു് ഞാൻകേട്ടിട്ടുണ്ട്. അതുകൊണ്ടു ഇൻസ്പെക്ടരുടേയും ഡയറക്ടരുടേയും ആഫീസുകളിലെ ജോലികൾ നടത്തിപ്പോരുന്നതിനു് ചെയ്തിട്ടുള്ള എർപ്പാടിനെപ്പറ്റി നല്ലപോലെ പരിശോധിക്കേണ്ടതാണെന്നു് ഞാൻ ഗവർൺമെന്റിനെ ബഹുമായി അറിയിച്ചുകൊള്ളുന്നു.

ഇൻസ്പെക്ടറന്മാർക്ക് അവർനടത്തുന്ന പരിശോധന സംബന്ധിച്ചു ജോലികളെപ്പറ്റി റിപ്പോർട്ടുചെയ്യുന്നതിനു ഒരുഫാറം കൊടുത്തിട്ടുണ്ടു് ഈ ഫാറം തയ്യാറാക്കപ്പെട്ടതു പത്തുവർഷത്തിനുമുമ്പാണു്. ഒരുപക്ഷേ അല്പമായ തോതിൽ ഈയിടെ ഇതിൽ വല്ലതും തീണ്ടീട്ടുണ്ടായിരിക്കാം. ആ എർപ്പാടു ഒട്ടുംതന്നെ ആവശ്യമില്ലാത്ത ജോലികൾക്കു് ഇടയാക്കീട്ടുണ്ടെന്നാണു് എനിക്കുതോന്നുന്നതു. ഇൻസ്പെക്ടറന്മാർക്ക് അവക്കുകൊടുത്തിട്ടുള്ള ആ ഫാറം പൂരിപ്പിക്കുന്നതിൽ ബുദ്ധിപൂർവമായി പ്രവർത്തിക്കേണ്ടതായിട്ടില്ല. തന്നിമിത്തം ഇൻസ്പെക്ടർ റിപ്പോർട്ടുകൾ അയക്കുമ്പോഴെല്ലാം അതിനു മുമ്പു് അനേകം പ്രാവശ്യം കൊടുത്തിട്ടുള്ള അനേകംപിടിപരങ്ങൾ ആവശ്യമില്ലാതെ ആവർത്തിക്കേണ്ടതായി വരുന്നുണ്ടു്. ഇതുനിമിത്തം ഇൻസ്പെക്ടരാഫീസിലെ ജോലി വളരെവർദ്ധിക്കുന്നുണ്ടു്. അതുകൊണ്ടു ഇവിടെയും ഇത്തരത്തിലുള്ള റിപ്പോർട്ടുകൾക്കുള്ള ഫാറം പരിശോധിച്ചു് കൂടുതൽ ലഘുവായിട്ടുള്ളതും പ്രയോജനമുള്ളതുമായ ഫാറം ഏർപ്പെടുത്തുന്നതിനു മാർഗ്ഗമുണ്ടു്.

ആണ്ടിലൊരിക്കലെങ്കിലും ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ എല്ലാ ഹൈസ്കൂളുകളും സന്ദർശിക്കേണ്ടതാണെന്നുള്ള ഇപ്പോഴത്തെ നിയമത്തെ കഴിയുന്നിടത്തോളം ലഘുകരിക്കേണ്ടതാണു്. സംസ്ഥാനത്തിൽ ഇരുപത്തെട്ടു ഹൈസ്കൂളുകൾ മാത്രമുണ്ടായിരുന്നപ്പോൾ ഈ നിയമം സാധുവായിരുന്നു. എന്നാൽ ഇപ്പോൾ ഹൈസ്കൂളുകളുടെഎണ്ണം നാല്പതോടടുത്തായിട്ടു് വർദ്ധിച്ചിട്ടുണ്ടു്. ഇൻസ്പെക്ടർ ആണ്ടിലൊരിക്കൽ എല്ലാഹൈസ്കൂളുകളും സന്ദർശിക്കേണ്ടതാണെന്നു് ഗവർൺമെന്റു് നിർബന്ധിക്കുന്നപക്ഷം, പരിശോധിക്കുന്ന സ്കൂളുകളുടെ എണ്ണത്തെ നിർബന്ധമായി ഗണിക്കുന്നതോടൊപ്പം പരിശോധനകൊണ്ടുണ്ടാകേണ്ട ഗുണംവളരെ കുറവാകുന്നതായിരിക്കും ഫലം. അതുകൊണ്ടു എന്റെ അഭിപ്രായം, ഇൻസ്പെക്ടർ ഓരോഹൈസ്കൂളും രണ്ടുവർഷത്തിലൊരിക്കൽ സന്ദർശിച്ചാൽ മതിയാകുന്നതാണെന്നും അപ്രകാരം ചെയ്യുമ്പോൾ ഇപ്പോഴത്തെപ്പോലെ പരിശോധനാസംഖ്യകൊണ്ടു തൃപ്തിപ്പെടാതെ ശരിയായ പരിശോധനനടത്തുന്നതിനുനിഷ്കർഷിക്കേണ്ടതാണെന്നും അറിയുന്നു.

പ്രസിഡണ്ടു്: മിസ്റ്റർ തോമസ് സമയമായി.

മി. സി. പി. തോമസ് (ഗവർൺമെന്റു നിയമനം): ഇൻസ്പെക്ടർമാർ സാധാരണ ഇപ്പോൾ ചെയ്യാറുള്ള ഇപ്പോഴത്തെ വാല്യുവേഷനുമാത്രമായി ജോലികളെപ്പറ്റി നിരൂപണരൂപത്തിൽമാത്രം പരിശോധനനടത്താതെ അവർക്ക് അവരുടെജോലിചെയ്യുന്നതിനു സഹായമായി തീരുന്ന ഉപദേശങ്ങളും പരിശോധനാവസരങ്ങളിൽ നടത്തുന്നതായിരിക്കുമെന്നു് അവസാനമായി പറഞ്ഞുകൊള്ളുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഈ സഭയിൽ ഇനിയും എത്രയോ പ്രമേയങ്ങളും വാദപ്രതിവാദം ചെയ്യേണ്ടതായിരിക്കുന്നതുകൊണ്ടു സമയം ക്ലിപ്തപ്പെടുത്തുന്നതിൽ കൂടുതൽ തിണ്ണർക്കിക്കുമോ?

മി. കെ. എ. ജോസഫ് (മീനച്ചിലും ഭേഷികളും): പേർസനൽ അസിസ്റ്റന്റിന്റേയും കൺട്രോളിംഗ് ഏജൻസി എന്ന ഇനത്തിൽ ഇപ്പോൾ ഉണ്ടായികൊണ്ടിരിക്കുന്ന അധികമായ ചെലവിന്റേയും ആവശ്യകതയെപ്പറ്റിഎനിക്കു ബോധ്യമായിട്ടില്ലെങ്കിലും ആ സംഗതിയെ സംബന്ധിച്ചു ഈ സഭയ്ക്കു അനാസ്ഥയുള്ളതുപോലെ തോന്നുന്നതുകൊണ്ടു ഞാൻപ്രമേയത്തെ പിൻവലിച്ചു കൊള്ളുന്നു.

അനന്തരം പ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക ഒ ക.

മി. എൻ. കുമാരൻ (ഗവർണ്മെന്റുനിയമനം). ഞാൻ താഴെ കാണുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

ക ഒ ക: സയൻസുകാളേജ് എസ്റ്റാബ്ലിഷ്മെന്റുവകയ്ക്കു നീക്കിവെച്ചിട്ടുള്ള ക ഒ, ക നൂറു രൂപയിൽ നിന്നും ക ൦ ൦ രൂപാ കുറയ്ക്കുണം.

ഞാൻ ഈ ഉപക്ഷേപംകൊണ്ടു വന്നിട്ടുള്ളതിന്റെ ഉദ്ദേശ്യം തിരുവനന്തപുരം സയൻസുകാളേജിലും ആർട്ട്സ് കാളേജിലുള്ള ട്യൂട്ടർമാരുടെയും പണ്ഡിതന്മാരുടെയും ശമ്പളങ്ങൾക്കു തമ്മിലുള്ള ന്യായവിരുദ്ധമായ വ്യത്യ

സ്കെത്തപ്പറ്റി വാദപ്രതിവാദം ചെയ്യണമെന്നുള്ളതാകുന്നു. ഈ പണ്ഡിതന്മാരുടെ ശമ്പളം ൪൦൦ രൂപായും അവരുടെ ഗ്രേഡ് ൪൦-൪൦-൭൦ രൂപായും, ൨൦൦ രൂപാവരെ ക്രമേണ കൂട്ടുതലാകുന്നതും ആകുന്നു എന്ന് ബഡ്ജറ്റു നോക്കിയാൽ നിങ്ങൾക്കു മനസ്സിലാകും. ഇതിനുമുമ്പ് ഒരു സന്ദർഭത്തിൽ ഈ സഭയിൽവെച്ചുതന്നെ, സംസ്കൃതമെടുത്തു് എം. എ. ജയിച്ചിട്ടുള്ള ഒരാൾ ഉണ്ടായിരിക്കെ സംസ്കൃതത്തിൽ ബി. എ. ജയിച്ചിട്ടുള്ള ആളെ സംസ്കരിച്ചുതന്നുകൊണ്ടോ എന്ന ചോദ്യമുണ്ടായപ്പോൾ മിസ്റ്റർ സ്റ്റീഫ്ൻസൻ തക്കപ്രമാധാനം പറയുന്നതിനു വളരെ ബുദ്ധിമുട്ടുകയാണ് ചെയ്തതു്. അദ്ദേഹം അപ്പോൾപറഞ്ഞ സമാധാനം ആ ബി. എ. ക്കാരന്റെ പൂർവ്വചരിത്രത്തെ സംബന്ധിച്ചു നല്ലപോലെ ആലോചിച്ചിട്ടുണ്ടെന്നും അയാൾ അത്യന്തം പ്രാധാന്യംതന്നെ പരീക്ഷയിൽ സമ്പാദിച്ചിട്ടുള്ളതായും, ഇപ്പോൾ എം. എ. ക്കാരനേക്കാൾ കൂടുതൽ മാർക്ക് അയാൾക്കു സിദ്ധിച്ചിട്ടുള്ളതായും തോന്നുന്നുണ്ടെന്നും ആയിരുന്നു. അതുകൊണ്ടു ഈ അഭിപ്രായത്തിൽ നിന്നും പണ്ഡിതന്മാരെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെണ്ടു് പല്ലവരെ ശ്രദ്ധിക്കുന്നതായി തെളിയുന്നുണ്ടു്. ഇതുപോലെതന്നെ സയൻസുകാളേജിലേയും ആർട്ട്സ്കാളേജിലേയും ട്യൂട്ടർമാരേയും ഡെമോൺസ്ട്രേട്ടന്മാരേയും തെരഞ്ഞെടുക്കുന്നതിലും ശ്രദ്ധിക്കുന്നുണ്ടെന്നാണ് എന്റെ വിശ്വാസം.

മി. കെ. ഐ. ജോസഫ് (മാനച്ചിലും ദേവികുളവും): ഈ പണ്ഡിതന്മാരുടെ യോഗ്യതകൾ എന്താണെന്നു അറിഞ്ഞാൽകൊള്ളാം.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമനം): അവർ ദ്രാവിഡഭാഷകൾ സ്വീകരിച്ചു ബി. എ. ജയിച്ചിട്ടുള്ളവരാണു്. അവരിൽ എം. എ. ബി. എക്കു ലഭിച്ചിട്ടുള്ളവരും ചിലർഉണ്ടു്. ട്യൂട്ടർമാരുടേയും ഡെമാൺസ്ട്രേട്ടർമാരുടേയും ശമ്പളം ൧൦൦ രൂപാ മുതൽ ൧൭൫ രൂപാവരെ ആയി കാണപ്പെടുന്നു. ഈ രണ്ടുതരത്തിലുള്ള വാങ്ങുന്നവർ ഈ കോളേജിൽ ചെയ്യുന്ന ജോലികൾ മിക്കവാറും ഒരേതരത്തിലുള്ളതാണെന്നാണ് തോന്നുന്നതു്. അതു വാസ്തവമാണെങ്കിൽ ദ്രാവിഡഭാഷകൾ പഠിപ്പിക്കുന്ന എന്ന ഏകകാരണംകൊണ്ടു ഒരു കൂട്ടർക്ക് ഇംഗ്ലീഷോ, സയൻസോ, പഠിപ്പിക്കുവാൻ മാത്രം ലഭിച്ചിട്ടുള്ളവരും ഇതുയോഗ്യതയുള്ളവരുമായ മറ്റൊരു കൂട്ടരെക്കാൾ കുറഞ്ഞശമ്പളം മാത്രമേ ലഭിക്കുവാൻ അർഹതയുള്ള എന്നു് തീരുമാനിച്ചിരിക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ പണ്ഡിതന്മാരും ട്യൂട്ടർമാരും എത്രയെത്ര പീരിയഡുകൾ വീതം വേലചെയ്യുന്നുണ്ടു്?

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമനം): ആ വിവരം നിശ്ചയിക്കുവാൻ എനിക്കു നിവൃത്തിയില്ലെന്നു് എന്റെ സ്നേഹിതനു് അറിയാവുന്നതാണു്. അതു മിസ്റ്റർ സ്റ്റീഫ്ൻസൻ സംസാരിക്കുമ്പോൾ അദ്ദേഹത്തിനു് ഖണ്ഡിക്കുന്നതാണു്. ഈ രണ്ടുകൂട്ടരും പഠിപ്പിക്കുന്ന പീരിയഡുകൾക്കു തമ്മിൽ വ്യത്യാസമുണ്ടെന്നതെന്നെ ചിലപ്പോൾ എനിക്കുണ്ടും അതു അവരുടെ സർവ്വീസുകളെ പരിഗണനം ചെയ്യുവാനുള്ള ഒരു മാനദണ്ഡമായി ഡിപാർട്ടുമെണ്ടു് സ്വീകരിക്കുവാനുദ്ദേശിക്കുന്നതല്ല. ഒരാൾക്കു ഒരു നിശ്ചിതനം നിശ്ചയിക്കുമ്പോൾ, അയാൾ അഞ്ചോ ആറോ മണിക്കൂർനേരം ജോലിചെയ്യുന്നതുകൊണ്ടും വേറൊരാൾ കൂട്ടർ കൂട്ടൽ മണിക്കൂർനേരം ജോലിചെയ്യുന്നതുകൊണ്ടും അവരുടെ ശമ്പളങ്ങൾക്കു തമ്മിൽ വ്യത്യാസം ഉണ്ടായിരിക്കുന്നതാണെന്നു പറയാവുന്നതല്ല. ഉദ്യോഗസ്ഥന്മാരുടെ യോഗ്യതകളും സ്വഭാവഗുണപ്പെടുത്തലും ഒരുപോലെയുള്ളതാണെങ്കിൽ അവരുടെ ശമ്പളവും ഉല്യമായിത്തന്നെയിരിക്കണം. അനേകം അവസരങ്ങളിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളങ്ങൾക്കു തമ്മിൽ ഐകരൂപ്യം വരുത്തുവാൻ ഗവണ്മെൻറു ശ്രമിച്ചിട്ടുണ്ടു്. ഇതിനുമുമ്പു് നടന്നിട്ടുള്ള അനേകം പുനഃപരിശോധനകളിൽ ഇപ്രകാരം ശമ്പളങ്ങൾക്കു തമ്മിലെ വ്യത്യാസമുണ്ടെന്നു കാണപ്പെട്ടപ്പോൾ ഗവണ്മെൻറു് ആ വ്യത്യാസത്തെ ഇല്ലാതാക്കുവാൻ യത്നിച്ചിട്ടുണ്ടു്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ചിലപ്പോൾ ഇപ്രകാരമുള്ള വ്യത്യാസം കാണപ്പെടുന്നുണ്ടു്. ബഡ്ജറ്റുനോക്കുമ്പോൾ ൪൦൦ രൂപാ മുതൽ ൭൫൦ രൂപാവരെ ശമ്പളം കിട്ടുന്ന ഏതാനും പ്രൊഫസർമാരും, ൩൦൦ രൂപാമുതൽ ൭൦൦ രൂപാവരെ ശമ്പളമുള്ള പലതരം പ്രൊഫസർമാരും ഉണ്ടെന്നു കാണാവുന്നതാണു്. ഈ വ്യത്യാസത്തിനുള്ള കാരണം എന്തെന്നു മനസ്സിലാകുന്നില്ല. എന്തായാലും ശരി, ഞാൻ ഈ കാര്യത്തിനു വേണ്ടിയുള്ള പ്രമേയം കൊണ്ടുവന്നിരിക്കുന്നതു് പണ്ഡിതന്മാർക്കും, ട്യൂട്ടർമാർ, റഡമോൺസ്ട്രേട്ടർമാർ എന്നിവർക്കും തമ്മിൽ ഈ വ്യത്യാസം ആവശ്യമുണ്ടോ എന്നു വാദപ്രതിവാദം നടത്തുന്നതിനാണു്. ഒരുതരം ഉദ്യോഗസ്ഥന്മാർ പണ്ഡിതന്മാരും മറ്റൊരുതരം ഉദ്യോഗസ്ഥന്മാർ ട്യൂട്ടർമാരും ഡെമാൺസ്ട്രേട്ടർമാരുമാണു് എന്നുള്ളതാണു് ഈ വ്യത്യാസത്തിനു കാരണമെങ്കിൽ പണ്ഡിതന്മാർ എന്നുള്ള പേരുമാറ്റി അവർക്കു മലയാളം ട്യൂട്ടർമാർ എന്നോ സാധാരണഭാഷാ ട്യൂട്ടർമാർ എന്നോ അഭിധാനം നിശ്ചയിച്ചു മറ്റുവിഷയങ്ങളിലുള്ള ട്യൂട്ടർമാർക്കും ഡെമാൺസ്ട്രേട്ടർമാർക്കും കൊടുത്തുവരുന്ന ശമ്പളവും സ്ഥാനവും അവർക്കും നിശ്ചയിക്കേണ്ടതാണെന്നു ഞാൻ വിദ്യാഭ്യാസ ഡയറക്ടരോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മൊഹസ്സൽപ്പുറത്തിലെ മുനിഷിമാർക്കും പാഠ്യാന്തരാർക്കും മറ്റുവാദ്ധ്യാന്മാർക്ക് കൊടുത്തുവരുന്ന രീതിയിലുള്ള ശമ്പളം കൊടുക്കുന്നുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമനം): അവരുടെ പരീക്ഷായോഗ്യതകൾക്കു വ്യത്യാസമുണ്ടു്. കോളേജിലെ ട്യൂട്ടർമാർക്കും പ്രൊഫസർമാർക്കും കൊടുത്തുവരുന്ന ശമ്പളസ്കയിൽ അനുസരിച്ചു മൊഹസ്സലിലെ അദ്ധ്യാപകന്മാർക്കും കൊടുക്കാൻ നിവൃത്തിയില്ല. അതിനുള്ള കാരണം താഴെ പറയുന്നതാണു്: ഈ പണ്ഡിതന്മാർ മൊഹസ്സലിലെ ക്ലാസുകളല്ലാതെ കോളേജ് ക്ലാസുകളാണു് പഠിപ്പിക്കുന്നതു്. ഇവർ സർവകലാശാലാപരീക്ഷകളിൽ ജയിച്ചിട്ടുള്ളവരാണു്. മൊഹസ്സലുകളിലാകട്ടെ ഒൻപതാംക്ലാസു് പരീക്ഷയോ, മദ്രാസു് സർവകലാശാലയുടെ ഓറിയന്റൽ അല്ലെങ്കിൽ വിദ്വാൻപരീക്ഷയോ ജയിച്ചിട്ടുള്ളവരെ നിയമിക്കുവാനുദ്ദേശിക്കുന്നതാണു്. കോളേജുപണ്ഡിതന്മാർ, മദ്രാസ്സർവകലാശാലയിലെ ഗ്രാജുവേറ്റുകളോ, എം.എ. ക്കാരോ ആയിരിക്കുന്നതുകൊണ്ടു മുൻപ്രസ്താവിച്ച പരീക്ഷകളിൽമാത്രം ജയിച്ചിട്ടുള്ളവർ പണ്ഡിതസ്ഥാനത്തിനുതക്ക യോഗ്യതയുള്ളവരല്ല

മി. ജെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): സർ, മറ്റുവിഷയങ്ങളിലേക്കുള്ള ട്യൂട്ടർമാരെപ്പോലെ ഇൻഡർമീഡിയറോ, ബി. എ. യോ ആയിരുന്നാലും വിരോധമില്ല. അവർ ഒരു വിഷയം ഒരേതോതിൽ പഠിപ്പിക്കുന്നതുകൊണ്ടു മറ്റുവിഷയങ്ങളും പഠിപ്പിക്കുന്ന വാദ്ധ്യാന്മാക്ക് കൊടുക്കുന്നശമ്പളം സംസ്കൃതവും ദ്രാവിഡഭാഷകളും പഠിപ്പിക്കുന്നവക്കും കൊടുക്കേണ്ടതാണെന്നുള്ള അഭിപ്രായത്തെ ഞാൻ എല്ലായ്പോഴും അനുകൂലിക്കുകതന്നെയാണ് ചെയ്യുന്നതു്. ഞാൻ കോളേജിലായിരുന്നപ്പോൾ ട്യൂട്ടർമാക്ക് കൊടുക്കുന്നതുപോലെയുള്ള ശമ്പളം

നാട്ടഭാഷകൾ പഠിപ്പിക്കുന്ന വാദ്ധ്യാന്മാക്കും കൊടുക്കേണ്ടതാണെന്ന ശിപാർശചെയ്തിട്ടുണ്ട്. സയൻസുകാളേജിലെ സംബന്ധിച്ചു ഈ മോഷനിൽ മറ്റുവിഷയങ്ങൾ പഠിപ്പിക്കുന്ന വാദ്ധ്യാന്മാക്ക് കൊടുത്തുവരുന്ന ശമ്പളത്തിൽ നിന്നും പണ്ഡിതന്മാരുടെ ശമ്പളം കൂറവാണെന്നു പറഞ്ഞിട്ടുള്ളതു വാസ്തവമാണ്. പണ്ഡിതന്മാരുടെ ശമ്പളം ൪൦ രൂപാമുതൽ ൫൦൦ രൂപാവരേയും ട്യൂട്ടർമാരുടെ ശമ്പളം ൫൦൦ രൂപാ മുതൽ ൫൭൫ രൂപാവരേയും ആകുന്നു. എന്നാൽ സംഗതിയുടെ വാസ്തവം ആലോചിക്കുമ്പോൾ ഇതിനു ചിലന്യായവും കാണാവുന്നതാണ്. ഈതായതു സയൻസുകാളേജിൽ ഇംഗ്ലീഷ്, രസതന്ത്രം, പ്രകൃതിശാസ്ത്രം, ഗണിതംമുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് നിയമിക്കപ്പെട്ടുന്ന വാദ്ധ്യാന്മാക്ക് ബി. എ. ക്ലാസുവരെ ആ വിഷയങ്ങൾ പഠിപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ നാട്ടഭാഷാ ശാഖയിലുള്ളവക്ക് ഇൻടർമീഡിയറേറ ക്ലാസുവരെ മാത്രമെ പഠിപ്പിക്കാനുള്ളു.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): ആർട്ട്സ്കാളേജിൽ അവർ ബി. എ. ക്ലാസുവരെ പഠിപ്പിക്കുന്നില്ലയോ?

മി. ജെ. സ്റ്റിഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): ഉവ്വ്, അവർ പഠിപ്പിക്കുന്നുണ്ട്. ആർട്ട്സ്കാളേജിൽ നാട്ടഭാഷകൾ ബി. എ. ക്ലാസിലും പഠിപ്പിക്കുന്നുണ്ട്.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): അവിടെയും അവക്ക് ൪൦ രൂപാമുതൽ ൧൫൦ രൂപാവരെ മാത്രമെ ശമ്പളം കൊടുക്കുന്നുള്ളു.

മി. ജെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): എന്നാൽ ഞാൻ സയൻസു കാളേജുസംബന്ധിച്ചുള്ള മോഷനെപ്പറ്റി മാത്രമേ പറയുന്നുള്ളു. ഈരണ്ടു സയൻസുകാളേജിൽ പറയുവിഷയങ്ങൾ പഠിപ്പിക്കുന്ന ട്യൂട്ടർമാരേക്കാൾ കുറഞ്ഞശമ്പളം ഓറിയന്റൽഭാഷകൾ പഠിപ്പിക്കുന്ന ട്യൂട്ടർമാക്ക് കൊടുത്തുവരുന്നതിനെ ചില ന്യായങ്ങൾകൊണ്ടു സാധൂകരിക്കാവുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സയൻസുകാളേജിലേ ബി. എ. ക്ലാസിൽ നാട്ടഭാഷാശാഖ ഏർപ്പെടുത്തീട്ടില്ലാത്തതാണോ ഇതിനു കാരണം?

മി. ജെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): ബി. എ. ക്ലാസിനു നാട്ടഭാഷാവകുപ്പുതന്നെ ഇല്ല അതുകൊണ്ടു അവിടെ പഠിപ്പിക്കുന്നതു നാട്ടഭാഷാ മുഖ്യനായുള്ള തമിഴും വൈദികരചനയും, സംസ്കൃതത്തമിഴും മാത്രമാകുന്നു. ആർട്ട്സ് കാളേജിലുള്ള പണ്ഡിതന്മാക്കും ഇതരശമ്പളം തന്നെയാണ് നൽകുന്നതു് എന്ന് മിസ്റ്റർ കുമാരൻ സൂചിപ്പിച്ചു. എന്നാൽ ഈ ദോഷൻ സയൻസുകാളേജിനെ സംബന്ധിച്ചുള്ള മാത്രമാകകൊണ്ടാണ് ഞാൻ ആ കാളേജിനെപ്പറ്റി പ്രസ്താവിച്ചതു്. ആർട്ട്സ്കാളേജിൽ ട്യൂട്ടർമാരേക്കാൾ പണ്ഡിതന്മാക്ക് കുറഞ്ഞശമ്പളം കൊടുക്കുന്നതിനുകാരണം ആ ശമ്പളത്തിന് ആളുകിട്ടുമെന്നുള്ളതാണെന്നു എനിക്കു തോന്നുന്നു. ഒരുപക്ഷേ ആവശ്യത്തിനു അനുസരണമായ സ്വീകരണം എന്ന നിയമത്തിന് ഏറക്കുറെ ഇവിടെ പ്രചാരമുണ്ടെന്നു തോന്നുന്നു. ഏതുയാലും ഈ രാജ്യത്തിൽ പണ്ഡിതന്മാക്ക് കുറഞ്ഞശമ്പളം കൊടുക്കുന്നതു് ഒരു മാമൂലായിത്തീർന്നിട്ടുണ്ട്.

മി. കെ. ഐ. ജോസഫ് (മിതച്ചിലവു ദേവികുളവും): മദ്രാസ്, തൃശ്ശിനാപ്പള്ളി തുടങ്ങിയ മറ്റു സ്ഥലങ്ങളിൽ, പണ്ഡിതന്മാക്ക് ട്യൂട്ടർമാരേയും, ഡെമാൺസ്ട്രേട്ടന്മാരേയും പോലെ ശമ്പളം കൊടുക്കുന്നുണ്ടോ?

മി. ജെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): എനിക്കറിഞ്ഞുകൂടാ. എന്നാൽ തുല്യശമ്പളം അവക്കു കിട്ടുന്നുണ്ടോ എന്നു എനിക്കു വളരെ സംശയമുണ്ട്.

മി. സി. പി. തോമസ് (ഗവണ്മെൻറു നിയമനം): മറ്റുചില ട്യൂട്ടർമാരുടെ ശമ്പളം ഇപ്പോഴത്തേതിൽ നിന്നും കുറവുചെയ്യുന്നതായാൽതന്നെയും അതുപോലെയോ കൂടുതലോ പരിക്ഷായോഗ്യതയുള്ള ആളുകളെ ഇവിടെ കിട്ടിയേക്കാം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): ഉവ്വ് അതു വാസ്തവംതന്നെ.

മി. സി. പി. തോമസ് (ഗവണ്മെൻറു നിയമനം): ഗവണ്മെൻറു അതു ചെയ്യുന്നതിനു തയ്യാറായിരിക്കുമോ?

മി. ജെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): കുറഞ്ഞശമ്പളക്കാരെപ്പറ്റി ശിപാർശചെയ്യുവാൻ ഞാൻ തയ്യാറില്ല. വിദ്യാഭ്യാസവകുപ്പിൽ നല്ലയോഗ്യതയുള്ളവരെ കിട്ടണമെങ്കിൽ നല്ലശമ്പളവും കൊടുക്കുവാൻ തയ്യാറായിരിക്കണം.

മി. സി. പി. തോമസ് (ഗവണ്മെൻറു നിയമനം): ഈ നിയമം ആർട്ട്സ്കാളേജിലെ, പണ്ഡിതന്മാരെ സംബന്ധിച്ചുംആവശ്യമായിട്ടുള്ളതല്ലയോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): ആ സംഗതിയെപ്പറ്റി ആലോചിക്കുവാൻ ഞാൻ തയ്യാറാണ്. ഇൻറർമീഡിയേറ ക്ലാസ്സിലേക്കുമാത്രം നാട്ടഭാഷയാവശ്യമുള്ള സയൻസുകാളേജിനെ സംബന്ധിച്ചിടത്തോളം ഭേദഗതിചെയ്യുന്നതു സാധൂകരിക്കത്തക്കതാണോഎന്നു എനിക്കു നിശ്ചയമില്ല. ഒരു ഇംഗ്ലീഷ്പണ്ഡിതന്റെ അദ്ധ്യാപകനെക്കാൾ ഒരു മലയാളംപണ്ഡിതന്റെ വാദ്ധ്യാക്ക കുറവായി കിട്ടുന്നപോലെയും, ഒരു കാളേജ് അദ്ധ്യാപകനേക്കാൾ ഒരു ഹൈസ്കൂൾ അദ്ധ്യാപകന് കുറവായിരിക്കുന്നതുപോലെയുമാണ് ഒരു ബി. എ. ക്ലാസിൽ പഠിപ്പിക്കുവാൻ ആവശ്യപ്പെടുന്ന ഒരു അദ്ധ്യാപകനെക്കാൾ ഒരു ഇൻറർമീഡിയേറ ക്ലാസുപഠിപ്പിക്കുന്ന വാദ്ധ്യാക്ക കുറഞ്ഞശമ്പളം കിട്ടുന്നതു്. ഇതു ന്യായമാണെന്നു എനിക്കു തോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സയൻസുകാളേജിലുള്ള ട്യൂട്ടർമാർ, ഡെമോൺസ്ട്രേട്ടർമാർ-എന്നിവരിൽ ഇൻറർമീഡിയേറ ക്ലാസുമാത്രം പഠിപ്പിക്കുന്നവർ ഇല്ലയോ?

മി. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): ഒരു പ്രത്യേകവിഷയത്തിൽ അപ്രകാരം പഠിപ്പിക്കുന്നവർ ഉണ്ടായിരിക്കാം. എന്നാൽ അവരെ സ്വീകരിച്ചിട്ടുള്ളതു് ബി. എ. ക്ലാസുകളും ഓണേഴ്സ്ക്ലാസുകളും വേണ്ടി വരുമ്പോൾ പഠിപ്പിക്കുവാൻ ആവശ്യപ്പെടുന്നതാണെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. ഓണേർസ്ക്ലാസുവരെ മുറയ്ക്കു പഠിപ്പിക്കുന്നതിന് പരിചയംകൊണ്ടു പ്രാപ്തന്മാരായിത്തീരാവുന്ന ആളുകളെ സ്വീകരിക്കുന്ന വിഷയത്തിൽ ഞാൻ എല്ലായ്പോഴും വളരെ ബുദ്ധിമുട്ടീട്ടുണ്ട്. അങ്ങനെചെയ്യാതെ ഒരു നിശ്ചിതനിലയിൽനിന്നും മുകളിലോട്ടു പോകുവാൻ സാധിക്കാത്ത വാദ്ധ്യാന്മാരെ തെരഞ്ഞെടുക്കുന്നതുയാൽ ഓണേർസ്ക്ലാസു സംബന്ധിച്ചു വളരെ ബുദ്ധിമുട്ടിനിടയാകും. അതുകൊണ്ടു ഡിപ്പാർട്ടുമെൻറുസംബന്ധിച്ചു മുഴുവനും ഉയർന്തരത്തിലുള്ള ജോലിചെയ്യുന്നതിനും തുണിയുള്ളവരായ ആളുകളെ സ്വീകരിക്കുന്നതാണ് നല്ലതു. ഈ കാരണങ്ങളെല്ലാംകൊണ്ടു് ആർട്ട്സും

കാളേജിലെ പണ്ഡിതന്മാരുടെ ശമ്പളക്കാര്യത്തെപ്പറ്റി വേണ്ടുപോലെ ആലോചിക്കാം എന്നുമാത്രമേ ഇപ്പോൾ എനിക്കു വശദീകരിച്ചുപറയാൻ നിവൃത്തിയുള്ളൂ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പൽ): ആർട്ട്സ്കാളേജിൽ ഒട്ടേവളരെ പണ്ഡിതന്മാർ ഉള്ളതുകൊണ്ടു ഈ സംഗതിയെപ്പറ്റി പ്രത്യേകമായി എനിക്കു ഒരു വാക്കുപറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ആർട്ട്സ്കാളേജിൽ ഞങ്ങൾക്കു രണ്ടു ദ്രാവിഡഭാഷാവകുപ്പുകൾ കൂടി ഉണ്ടു്. ഒന്നു്—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ദയവുചെയ്തു കുറേക്കൂടെ ഉറക്കെ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പൽ): ആർട്ട്സ്കാളേജിൽ രണ്ടു ദ്രാവിഡഭാഷാവകുപ്പുകൾ കൂടി ഉണ്ടെന്നു് ഞാൻ പറഞ്ഞുവല്ലോ. അവയിൽ ഒന്നു് സംസ്കൃതഭാഷാവകുപ്പും മറ്റൊന്നു് നാട്ടുഭാഷാവകുപ്പും ആകുന്നു. ഈ രണ്ടു വകുപ്പുകളിലും ഞങ്ങൾക്കു പണ്ഡിതന്മാരും ട്യൂട്ടർമാരും പ്രാസംഗികന്മാരുമുണ്ടു്. ആർട്ട്സ്കാളേജിലെ സിൽബന്തികളെ തരംതിരിക്കുന്നതിൽ വ്യത്യസ്തങ്ങളായ മൂന്നു ഗ്രേഡുകൾ വെച്ചിട്ടുണ്ടു്. ഓരോഗ്രേഡിലും ഒരു കുറഞ്ഞതോതിലുള്ള പരീക്ഷായോഗ്യത വേണമെന്നു് നിർബന്ധമാണു്. ഏതെങ്കിലും ഒരു പ്രത്യേകഗ്രേഡിലേയ്ക്കു ശമ്പളം ആ ഗ്രേഡിലുള്ള നിയമനങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള കുറഞ്ഞതോതിലുള്ള പരീക്ഷായോഗ്യതയെ അടിസ്ഥാനമാക്കിയാണു് തീരുമാനിക്കുന്നതു്. ചിലപ്പോൾ ഒരു നിയമനത്തിനു നിശ്ചയിച്ചിട്ടുള്ള കുറഞ്ഞതോതിലുള്ള പരീക്ഷായോഗ്യത ഒരുതരത്തിലായിരിക്കും ഉദ്യോഗമത്സരത്തിനിടയിൽ കൂടുതൽ പരീക്ഷായോഗ്യതയുള്ള ആളുകളെ ഞങ്ങൾക്കു കിട്ടിപ്പെടുമാറാകും. ഇപ്രകാരം സംഭവിക്കുമ്പോൾ അതു് സ്ഥാപനത്തെപ്പറ്റി അവിചാരിതമായിട്ടുണ്ടാകുന്ന ഒരു ഭാഗ്യമായിട്ടുവേണം വിചാരിക്കാൻ. എന്നാൽ ഏതെങ്കിലും ഒരു നിയമനത്തിനു് ഒരു കുറഞ്ഞതോതിലുള്ള പരീക്ഷായോഗ്യത വേണമെന്നു നിശ്ചയിച്ചിരിക്കുമ്പോൾ ആ നിയമനത്തിനുള്ള ശമ്പളം അപ്രകാരമുള്ള യോഗ്യതയ്ക്കു് അനുസരണമായേ ഇരിക്കുവുള്ളൂ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു പണ്ഡിതന്റെ സ്ഥാനമേതെന്നുള്ള ആവശ്യമുള്ള കുറഞ്ഞ പരീക്ഷായോഗ്യത എന്താണു് ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പൽ): ഒരു പാഠ്യക്കു ഏറ്റവും കുറഞ്ഞയോഗ്യത ഓണേർസ് ബി. എ. തന്നെയായിരിക്കണമെന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ യോഗ്യത എന്താകണമെന്നു് ഏതെങ്കിലും നിയമത്തിൽ പറഞ്ഞിട്ടുണ്ടോഎന്നു അറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പൽ): ഉണ്ടെന്നോണ്ണ് എനിക്കു തോന്നുന്നതു്. അതു ഏവിടെയുണ്ടെന്നുകാണുവാനായി ഞാൻ ഇപ്പോൾതന്നെയാണു് പബ്ലിക്ക സർവീസ് സംബന്ധിച്ചു വിജ്ഞാപനത്തിനു ആവശ്യപ്പെട്ടതു്. കാളേജിലെ വിവിധനിയമനങ്ങൾക്കു ആവശ്യമായ പദവികളിലുള്ള പരീക്ഷായോഗ്യതകളും അതിൽ കൊടുത്തിട്ടുണ്ടു്. ഉദാഹരണത്തിനു് ട്യൂട്ടർസ്ഥാനത്തിനും, ഡമോൺസ്ട്രേട്ടർജോലിക്കും ചില യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടു്. ഒരു ട്യൂട്ടർസ്ഥാനത്തിനുള്ള യോഗ്യതകൾ ഓണേർസ്ഡിഗ്രിയും, എം. എ. ഡിഗ്രിയും വേണമെന്നാണു്. എന്നാൽ ഒരു പണ്ഡിതസ്ഥാനത്തിനു യൂണിവേർസിറ്റിഡിഗ്രി ഒന്നുംതന്നെ വേണമെന്നില്ല. അപൂർവമായിട്ടു ചിലപ്പോൾ ഒരു പണ്ഡിതനെ ഒരു ട്യൂട്ടറായിട്ടും ഉയർത്താറുണ്ടു്. ഇംഗ്ലീഷ്പരിചയമില്ലാത്ത പണ്ഡിതന്മാരെ ട്യൂട്ടറായിട്ടു ഉയർത്തിട്ടുള്ളതിനു് ഉദാഹരണങ്ങളുമുണ്ടു്. ഇതുനിമിത്തമാണു് ട്യൂട്ടർസ്ഥാനത്തിനു അവകാശം പറയത്തക്ക പരീക്ഷായോഗ്യതയുള്ള ആളുകൾ പണ്ഡിതസ്ഥാനാർത്ഥികളാകുവാനും ആല്പമായിമാത്രമേ കാണുന്ന പണ്ഡിതസ്ഥാനം സ്വീകരിക്കുവാനും ഇടയാകുന്നതെന്നു് ഞാൻ ഊഹിക്കുന്നു. ആർട്ട്സ്കാളേജിൽ ഇപ്പോൾ മലയാളംവകുപ്പിൽ പണ്ഡിതരായിട്ടു രണ്ടു ഓണേർസ് ബി. എ. ക്കാരെ എനിക്കു ഓർമിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതകൾ ഒരു ട്യൂട്ടർസ്ഥാനത്തേയ്ക്കു അദ്ദേഹത്തെ അവകാശപ്പെടുത്തുന്നതാണു്. മേരെമറിച്ചു ഇംഗ്ലീഷ്പരിജ്ഞാനം ലേശംപോലുമില്ലാത്ത ഒരു സംസ്കൃതാദ്ധ്യാപകൻ ഒരു ട്യൂട്ടറായിട്ടിരിക്കുന്നു. അതുകൊണ്ടു നാട്ടുഭാഷാവകുപ്പിൽ പ്രാസംഗികന്മാർ, ട്യൂട്ടർമാർ, പണ്ഡിതന്മാർ എന്നിപ്രകാരം മൂന്നു ഗ്രേഡുകൾഉണ്ടു. ഈ മൂന്നു ഗ്രേഡുകളിലേക്കുവെച്ചു് ഏറ്റവും താണപദവിയിലുള്ളതാണു് പണ്ഡിതസ്ഥാനം. ഞാൻ അല്പംപറഞ്ഞതുപോലെ ഈ ഗ്രേഡിലേയ്ക്കുള്ള ശമ്പളം ആ ഗ്രേഡിനു ആവശ്യമായി കരുതിട്ടുള്ള ഏറ്റവുംകുറഞ്ഞ പരീക്ഷായോഗ്യതയ്ക്കു അനുസരണമായിട്ടാണു് നിശ്ചയിച്ചിട്ടുള്ളതു്. ഒരു പണ്ഡിതനായിട്ടുള്ള നിയമനത്തിനു ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം ക്ലിപ്തമേതീർത്തും എന്നില്ല; അപ്രകാരം ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം ഇല്ലാത്ത ഒരാളെ നിങ്ങൾ സ്വീകരിച്ചാൽ ചിലപ്പോൾ സ്വന്തം ഭാഷകളിൽ അദ്വിതീയമായ വിദ്വത്തുള്ള ആളുകളെ കിട്ടിയെന്നുവരാം. ഇപ്രകാരം സംഭവിക്കുമ്പോൾ അതു് സ്ഥാപനത്തെപ്പറ്റി അവിചാരിതമായിട്ടുണ്ടാകുന്ന ഒരു ഭാഗ്യമായിട്ടുവേണം വിചാരിക്കാൻ. എന്നാൽ ഏതെങ്കിലും ഒരു നിയമനത്തിനു് ഒരു കുറഞ്ഞതോതിലുള്ള പരീക്ഷായോഗ്യത വേണമെന്നു നിശ്ചയിച്ചിരിക്കുമ്പോൾ ആ നിയമനത്തിനുള്ള ശമ്പളം അപ്രകാരമുള്ള യോഗ്യതയ്ക്കു് അനുസരണമായേ ഇരിക്കുവുള്ളൂ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ യോഗ്യത എന്താകണമെന്നു് ഏതെങ്കിലും നിയമത്തിൽ പറഞ്ഞിട്ടുണ്ടോഎന്നു അറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പൽ): ഉണ്ടെന്നോണ്ണ് എനിക്കു തോന്നുന്നതു്. അതു ഏവിടെയുണ്ടെന്നുകാണുവാനായി ഞാൻ ഇപ്പോൾതന്നെയാണു് പബ്ലിക്ക സർവീസ് സംബന്ധിച്ചു വിജ്ഞാപനത്തിനു ആവശ്യപ്പെട്ടതു്. കാളേജിലെ വിവിധനിയമനങ്ങൾക്കു ആവശ്യമായ പദവികളിലുള്ള പരീക്ഷായോഗ്യതകളും അതിൽ കൊടുത്തിട്ടുണ്ടു്. ഉദാഹരണത്തിനു് ട്യൂട്ടർസ്ഥാനത്തിനും, ഡമോൺസ്ട്രേട്ടർജോലിക്കും ചില യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടു്. ഒരു ട്യൂട്ടർസ്ഥാനത്തിനുള്ള യോഗ്യതകൾ ഓണേർസ്ഡിഗ്രിയും, എം. എ. ഡിഗ്രിയും വേണമെന്നാണു്. എന്നാൽ ഒരു പണ്ഡിതസ്ഥാനത്തിനു യൂണിവേർസിറ്റിഡിഗ്രി ഒന്നുംതന്നെ വേണമെന്നില്ല. അപൂർവമായിട്ടു ചിലപ്പോൾ ഒരു പണ്ഡിതനെ ഒരു ട്യൂട്ടറായിട്ടും ഉയർത്താറുണ്ടു്. ഇംഗ്ലീഷ്പരിചയമില്ലാത്ത പണ്ഡിതന്മാരെ ട്യൂട്ടറായിട്ടു ഉയർത്തിട്ടുള്ളതിനു് ഉദാഹരണങ്ങളുമുണ്ടു്. ഇതുനിമിത്തമാണു് ട്യൂട്ടർസ്ഥാനത്തിനു അവകാശം പറയത്തക്ക പരീക്ഷായോഗ്യതയുള്ള ആളുകൾ പണ്ഡിതസ്ഥാനാർത്ഥികളാകുവാനും ആല്പമായിമാത്രമേ കാണുന്ന പണ്ഡിതസ്ഥാനം സ്വീകരിക്കുവാനും ഇടയാകുന്നതെന്നു് ഞാൻ ഊഹിക്കുന്നു. ആർട്ട്സ്കാളേജിൽ ഇപ്പോൾ മലയാളംവകുപ്പിൽ പണ്ഡിതരായിട്ടു രണ്ടു ഓണേർസ് ബി. എ. ക്കാരെ എനിക്കു ഓർമിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതകൾ ഒരു ട്യൂട്ടർസ്ഥാനത്തേയ്ക്കു അദ്ദേഹത്തെ അവകാശപ്പെടുത്തുന്നതാണു്. മേരെമറിച്ചു ഇംഗ്ലീഷ്പരിജ്ഞാനം ലേശംപോലുമില്ലാത്ത ഒരു സംസ്കൃതാദ്ധ്യാപകൻ ഒരു ട്യൂട്ടറായിട്ടിരിക്കുന്നു. അതുകൊണ്ടു നാട്ടുഭാഷാവകുപ്പിൽ പ്രാസംഗികന്മാർ, ട്യൂട്ടർമാർ, പണ്ഡിതന്മാർ എന്നിപ്രകാരം മൂന്നു ഗ്രേഡുകൾഉണ്ടു. ഈ മൂന്നു ഗ്രേഡുകളിലേക്കുവെച്ചു് ഏറ്റവും താണപദവിയിലുള്ളതാണു് പണ്ഡിതസ്ഥാനം. ഞാൻ അല്പംപറഞ്ഞതുപോലെ ഈ ഗ്രേഡിലേയ്ക്കുള്ള ശമ്പളം ആ ഗ്രേഡിനു ആവശ്യമായി കരുതിട്ടുള്ള ഏറ്റവുംകുറഞ്ഞ പരീക്ഷായോഗ്യതയ്ക്കു അനുസരണമായിട്ടാണു് നിശ്ചയിച്ചിട്ടുള്ളതു്. ഒരു പണ്ഡിതനായിട്ടുള്ള നിയമനത്തിനു ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം ക്ലിപ്തമേതീർത്തും എന്നില്ല; അപ്രകാരം ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം ഇല്ലാത്ത ഒരാളെ നിങ്ങൾ സ്വീകരിച്ചാൽ ചിലപ്പോൾ സ്വന്തം ഭാഷകളിൽ അദ്വിതീയമായ വിദ്വത്തുള്ള ആളുകളെ കിട്ടിയെന്നുവരാം. ഇപ്രകാരം സംഭവിക്കുമ്പോൾ അതു് സ്ഥാപനത്തെപ്പറ്റി അവിചാരിതമായിട്ടുണ്ടാകുന്ന ഒരു ഭാഗ്യമായിട്ടുവേണം വിചാരിക്കാൻ. എന്നാൽ ഏതെങ്കിലും ഒരു നിയമനത്തിനു് ഒരു കുറഞ്ഞതോതിലുള്ള പരീക്ഷായോഗ്യത വേണമെന്നു നിശ്ചയിച്ചിരിക്കുമ്പോൾ ആ നിയമനത്തിനുള്ള ശമ്പളം അപ്രകാരമുള്ള യോഗ്യതയ്ക്കു് അനുസരണമായേ ഇരിക്കുവുള്ളൂ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു പണ്ഡിതന്റെ സ്ഥാനമേതെന്നുള്ള ആവശ്യമുള്ള കുറഞ്ഞ പരീക്ഷായോഗ്യത എന്താണു് ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പൽ): ഒരു പാഠ്യക്കു ഏറ്റവും കുറഞ്ഞയോഗ്യത ഓണേർസ് ബി. എ. തന്നെയായിരിക്കണമെന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ യോഗ്യത എന്താകണമെന്നു് ഏതെങ്കിലും നിയമത്തിൽ പറഞ്ഞിട്ടുണ്ടോഎന്നു അറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പൽ): ഉണ്ടെന്നോണ്ണ് എനിക്കു തോന്നുന്നതു്. അതു ഏവിടെയുണ്ടെന്നുകാണുവാനായി ഞാൻ ഇപ്പോൾതന്നെയാണു് പബ്ലിക്ക സർവീസ് സംബന്ധിച്ചു വിജ്ഞാപനത്തിനു ആവശ്യപ്പെട്ടതു്. കാളേജിലെ വിവിധനിയമനങ്ങൾക്കു ആവശ്യമായ പദവികളിലുള്ള പരീക്ഷായോഗ്യതകളും അതിൽ കൊടുത്തിട്ടുണ്ടു്. ഉദാഹരണത്തിനു് ട്യൂട്ടർസ്ഥാനത്തിനും, ഡമോൺസ്ട്രേട്ടർജോലിക്കും ചില യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടു്. ഒരു ട്യൂട്ടർസ്ഥാനത്തിനുള്ള യോഗ്യതകൾ ഓണേർസ്ഡിഗ്രിയും, എം. എ. ഡിഗ്രിയും വേണമെന്നാണു്. എന്നാൽ ഒരു പണ്ഡിതസ്ഥാനത്തിനു യൂണിവേർസിറ്റിഡിഗ്രി ഒന്നുംതന്നെ വേണമെന്നില്ല. അപൂർവമായിട്ടു ചിലപ്പോൾ ഒരു പണ്ഡിതനെ ഒരു ട്യൂട്ടറായിട്ടും ഉയർത്താറുണ്ടു്. ഇംഗ്ലീഷ്പരിചയമില്ലാത്ത പണ്ഡിതന്മാരെ ട്യൂട്ടറായിട്ടു ഉയർത്തിട്ടുള്ളതിനു് ഉദാഹരണങ്ങളുമുണ്ടു്. ഇതുനിമിത്തമാണു് ട്യൂട്ടർസ്ഥാനത്തിനു അവകാശം പറയത്തക്ക പരീക്ഷായോഗ്യതയുള്ള ആളുകൾ പണ്ഡിതസ്ഥാനാർത്ഥികളാകുവാനും ആല്പമായിമാത്രമേ കാണുന്ന പണ്ഡിതസ്ഥാനം സ്വീകരിക്കുവാനും ഇടയാകുന്നതെന്നു് ഞാൻ ഊഹിക്കുന്നു. ആർട്ട്സ്കാളേജിൽ ഇപ്പോൾ മലയാളംവകുപ്പിൽ പണ്ഡിതരായിട്ടു രണ്ടു ഓണേർസ് ബി. എ. ക്കാരെ എനിക്കു ഓർമിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതകൾ ഒരു ട്യൂട്ടർസ്ഥാനത്തേയ്ക്കു അദ്ദേഹത്തെ അവകാശപ്പെടുത്തുന്നതാണു്. മേരെമറിച്ചു ഇംഗ്ലീഷ്പരിജ്ഞാനം ലേശംപോലുമില്ലാത്ത ഒരു സംസ്കൃതാദ്ധ്യാപകൻ ഒരു ട്യൂട്ടറായിട്ടിരിക്കുന്നു. അതുകൊണ്ടു നാട്ടുഭാഷാവകുപ്പിൽ പ്രാസംഗികന്മാർ, ട്യൂട്ടർമാർ, പണ്ഡിതന്മാർ എന്നിപ്രകാരം മൂന്നു ഗ്രേഡുകൾഉണ്ടു. ഈ മൂന്നു ഗ്രേഡുകളിലേക്കുവെച്ചു് ഏറ്റവും താണപദവിയിലുള്ളതാണു് പണ്ഡിതസ്ഥാനം. ഞാൻ അല്പംപറഞ്ഞതുപോലെ ഈ ഗ്രേഡിലേയ്ക്കുള്ള ശമ്പളം ആ ഗ്രേഡിനു ആവശ്യമായി കരുതിട്ടുള്ള ഏറ്റവുംകുറഞ്ഞ പരീക്ഷായോഗ്യതയ്ക്കു അനുസരണമായിട്ടാണു് നിശ്ചയിച്ചിട്ടുള്ളതു്. ഒരു പണ്ഡിതനായിട്ടുള്ള നിയമനത്തിനു ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം ക്ലിപ്തമേതീർത്തും എന്നില്ല; അപ്രകാരം ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം ഇല്ലാത്ത ഒരാളെ നിങ്ങൾ സ്വീകരിച്ചാൽ ചിലപ്പോൾ സ്വന്തം ഭാഷകളിൽ അദ്വിതീയമായ വിദ്വത്തുള്ള ആളുകളെ കിട്ടിയെന്നുവരാം. ഇപ്രകാരം സംഭവിക്കുമ്പോൾ അതു് സ്ഥാപനത്തെപ്പറ്റി അവിചാരിതമായിട്ടുണ്ടാകുന്ന ഒരു ഭാഗ്യമായിട്ടുവേണം വിചാരിക്കാൻ. എന്നാൽ ഏതെങ്കിലും ഒരു നിയമനത്തിനു് ഒരു കുറഞ്ഞതോതിലുള്ള പരീക്ഷായോഗ്യത വേണമെന്നു നിശ്ചയിച്ചിരിക്കുമ്പോൾ ആ നിയമനത്തിനുള്ള ശമ്പളം അപ്രകാരമുള്ള യോഗ്യതയ്ക്കു് അനുസരണമായേ ഇരിക്കുവുള്ളൂ.

പ്രസിഡണ്ടു്: സമയം

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പൽ): നമ്മുടെ ട്യൂട്ടർമാരെ എത്രയും ഉചിതമെന്നുതോന്നുന്ന ശമ്പളങ്ങൾക്കാകുന്ന അവർ വേലചെയ്യുന്നതു്. അതിനു കാരണം ആ സ്ഥാനങ്ങൾക്കു യൂണിവേർസിറ്റിപരീക്ഷകൾ ജയിച്ചിരിക്കണമെന്നു നിർബന്ധിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ടാകുന്നു. ഇതുതന്നെയാകുന്നു ശമ്പളത്തിലുള്ള ഈ വ്യത്യാസത്തിനുംകാരണം.

മി. പി. രാ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഞാനും ആ വിഷയത്തോടു അനുരൂപമായുള്ള ഉപക്ഷേപം സമർപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു മി. കുമാരനു അനുകൂലമായി എനിക്കു പറയാനുള്ളതുകൂടെ ഇവിടെ പ്രസ്താവിക്കുവാൻ എന്നെ അനുവദിച്ചാൽകൊള്ളാം. പണ്ഡിതന്മാർ ഈ രാജ്യത്തു ഈ കുറഞ്ഞ ശമ്പളത്തിനു കിട്ടുന്നതുകൊണ്ടാണു് അവർക്കു ഇപ്രകാരം കുറഞ്ഞശമ്പളം കൊടുത്തുവരുന്നതെന്നു മി. സ്റ്റിഫൻസൻ പറഞ്ഞ അഭിപ്രായത്തെപ്പറ്റി എനിയ്ക്കു പറവാനുള്ളതു് അതു് കാളേജിലെ നാട്ടുഭാഷാവകുപ്പിനോടുള്ള അനുഭാവമില്ലായ്മയെയൊ അല്ലെങ്കിൽ ചിറമ്മേസ്ഥനത്തെയൊആണു് വെളിപ്പെടുത്തുന്നതു് എന്നാകുന്നു. കഴിഞ്ഞ കുറെക്കാലങ്ങളിൽ, അദ്ദേഹം പ്രസ്താവിച്ചതുപോലെ ഈ രാജ്യത്തിൽ നാട്ടുഭാഷയിലും സംസ്കൃതത്തിലും വിദ്വാന്മാരായിട്ടുള്ളവരെ ധാരാളമായി കുറഞ്ഞ ശമ്പളത്തിനു് ലഭിച്ചുവന്നിരുന്നുഎന്നുള്ളതിനു് സംശയമില്ല. എന്നാൽ ഒരു മേലധികാരത്തിൽനിന്നും ഈ നീതിവിരുദ്ധമായ ലാഭത്തിനു് ഇച്ഛിക്കുന്നതു് ശരിയായിട്ടുള്ളതാണോഎന്നു നല്ലപോലെ ആലോചിക്കാനുള്ളതാകുന്നു.

പണ്ഡിതന്മാരുടെ പരീക്ഷായോഗ്യതകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ കാളേജുകളിലുള്ള ട്യൂട്ടർമാർ, മഡമാൻസ്ലേട്ടർമാർ, മറ്റു താണതരം ഉദ്യോഗസ്ഥന്മാർ എന്നിവക്കുള്ളതുപോലെ ഉള്ള യോഗ്യത ഇവക്കുംഉണ്ട്. ഇംഗ്ലീഷുഭാഷയിലുള്ള പദമല്ലാത്തതുകൊണ്ടും നാട്ടുഭാഷാപദം മാത്രമായതുകൊണ്ടും മാത്രമായിരിക്കാം പണ്ഡിതസ്ഥാനത്തിന് ശമ്പളക്കുറവു വന്നുപോയിട്ടുള്ളതു്. 'ഈ ശമ്പളക്കുറവിന് പണ്ഡിതൻ എന്നുള്ള പേരാണ് കാരണമെന്നു മി. കുമാരൻ പ്രസ്താവിച്ചതു വാസ്തവമാണെങ്കിൽ ഗണിതശാസ്ത്രപണ്ഡിതൻ, ചരിത്രപണ്ഡിതൻഎന്നു വിളിച്ചു അവരുടെ ശമ്പളവും അതിനനുസരണമായി കുറയ്ക്കണമെന്നാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. (ചിരി) പണ്ഡിതൻ എന്നപേരിനും ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനുംതമ്മിൽ ഏതെങ്കിലും ബന്ധമുണ്ടെങ്കിൽ അതു് തവർണമണ്ണിനെ ആടയ്ക്കുകയുമാണ്. അല്ലാതെ ഇപ്പോഠം ഇവിടെ പ്രസ്താവിച്ച ന്യായങ്ങൾ കേവലം ഒരു രക്ഷാമാർഗ്ഗമായിട്ടല്ലാതെ നിർദ്ദിഷ്ട സംഗതിക്കുള്ള ഒരു ശരിയായ സമാധാനമായിട്ട് ഗണിക്കപ്പെടാൻ നിവൃത്തിയില്ലെന്നാണ് എനിയ്ക്കു തോന്നുന്നതു്.

മി. രങ്കസ്വാമിഅയ്യങ്കാർ പിന്നീടു പ്രസ്താവിച്ചതു് അവർ ആവശ്യപ്പെടുന്നതു മറ്റൊരാളും കുറഞ്ഞ പരീക്ഷായോഗ്യതയാണെന്നും അതു് ഇംഗ്ലീഷ് പരിജ്ഞാനമുള്ളതായിരിക്കണമെന്നു് നിർബന്ധമില്ലെന്നും ആയിരുന്നു. സർ, ഇതു് വിശ്വാസയോഗ്യമല്ലെന്നു് പറയേണ്ടിവരുന്നതിൽ എനിക്കു വ്യസനമുണ്ടു്. ഇംഗ്ലീഷിൽനിന്നും സംസ്കൃതത്തിലേയ്ക്കും സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിലേയ്ക്കും തർജ്ജമചെയ്യുന്നതിനു കുറച്ചുകിലും ഇംഗ്ലീഷ്പരിജ്ഞാനംകൂടാതെ കഴിയുകയില്ല. ഈ പണ്ഡിതന്മാരിൽ ചിലർ തർജ്ജമോദ്യോഗിയ്ക്കപ്പെട്ടുന്നതുണ്ടെന്നു എനിക്കറിയാം. ഇംഗ്ലീഷ്പരിജ്ഞാനംകൂടാതെ, ഒരു പണ്ഡിതനു ഇംഗ്ലീഷിൽനിന്നു് മറ്റുഭാഷകളിലേയ്ക്കും, നാട്ടുഭാഷകളിൽനിന്നു് ഇംഗ്ലീഷിലേയ്ക്കും തർജ്ജമചെയ്യുവാൻ സാധിക്കുന്നതാണെന്നു എന്നുള്ളകാര്യം ആലോചനാർഹമാണ്. അല്പമെങ്കിലും ഇംഗ്ലീഷ്ഭാഷാജ്ഞാനം അത്യാവശ്യമാണെന്നുള്ളതിനു സംശയമില്ല. അല്പമാത്രമല്ല ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ തോതിലുള്ള പരീക്ഷായോഗ്യത ശരിയായിട്ടുള്ളതുമല്ല. എന്നാൽ ഇവിടെ പണ്ഡിതന്മാർ എന്നുള്ള പേരിലാണെങ്കിലും നിയമിക്കുന്നതു ഓണേഴ്സ് ബി. എ. കാരേയും മറ്റുമാണെന്നുള്ളതു പരമസത്യമായ വാസ്തവമാണ്. ഇപ്രകാരം കൂടുതൽ യോഗ്യതയുള്ളവർ വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗസ്ഥന്മാരായി ചേർന്നുപോയതുകൊണ്ടു അവക്ക് യോഗ്യമായനിലയിൽ ശമ്പളംകൊടുക്കേണ്ട ആവശ്യമില്ലെന്നു ഗവണ്മെന്റു വിചാരിക്കുന്നു. ഇതുനിമിത്തം ആകപ്പാടെ സംസ്ഥാനത്തുള്ള വിദ്യാഭ്യാസ സംബന്ധമായ സ്ഥാപനങ്ങളുടെ ഉൽക്കർഷത്തിനു മാത്രമല്ല നാട്ടുഭാഷാസാഹിത്യത്തിന്റെ ക്രമമായ വളർച്ചയ്ക്കും ഹാനിയാണ് നേരിട്ടുന്നതു്. ഈ പണ്ഡിതന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുകയാണെങ്കിൽ നാട്ടുഭാഷാസാഹിത്യത്തിന്റെയും സംസ്കൃതസാഹിത്യത്തിന്റെയും സ്ഥിതിയെ കൂടുതൽ തരക്കേടാക്കുവാൻ തക്ക ശക്തിയുള്ള വിദ്വാന്മാരായ ആളുകളെ ആകർഷിക്കുവാൻ സാധിക്കുന്നതാണെന്നു എനിക്കുതോന്നുന്നു. എന്തുകൊണ്ടെന്നാൽ ഈ പണ്ഡിതന്മാർ ഇപ്പോൾചെയ്യുന്ന ജോലികൊണ്ടു കഴിഞ്ഞുപോയ പ്രൊഫസർ രാജരാജവർമ്മതമ്പുരാനെപ്പോലെ ശക്തിമാന്മാരായ ആളുകളുണ്ടാകുവാൻ ഞങ്ങൾക്കുണ്ടായിരുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ മോഷനെ സസന്തോഷം അനുകൂലിച്ചുകൊള്ളുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) : സർ, സംസ്കൃതം, മലയാളം, എന്നിങ്ങനെയുള്ള പ്രാസംഗികന്മാരെ സംബന്ധിച്ചു എനിക്കും ചിലതു പറയാനുണ്ടു. ഉള്ളതിൽ ഏറ്റവും നല്ലയാളുകളെ കിട്ടുവാൻ ആഗ്രഹമുണ്ടെന്നു ഗവർണ്മെന്റുപറയുന്നു. എന്നാൽ മലയാളം, തമിഴ എന്നിങ്ങനെസംബന്ധിച്ചുകാളേജിലെ പെരുമാറ്റം തൃപ്തികരമല്ല. കഴിഞ്ഞുപോയ രാജരാജവർമ്മതമ്പുരാൻ കാളേജിൽ സംസ്കൃതത്തിനേയും നാട്ടുഭാഷകളുടേയും പ്രൊഫസർ ആയിരുന്നു. അദ്ദേഹം പെൻഷൻപറ്റി പിരിഞ്ഞതോടുകൂടി ആവശ്യത്തിലധികം പ്രൊഫസർസ്ഥാനം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടു. എന്നാൽ സംസ്കൃതത്തിനു അസിസ്റ്റന്റുപ്രൊഫസ്സരുടെ ശമ്പളത്തേക്കാൾ കുറവുള്ള ഒരു പ്രാസംഗികനെ മാത്രമേ ഗവർണ്മെന്റു സ്വീകരിച്ചിട്ടുള്ളൂ.

പ്രൊസിഡണ്ടു: തിങ്കളാഴ്ച ഉപക്ഷേപം സംബന്ധിച്ചുകായ്യങ്ങളെല്ലാം പറയുന്നതാണ്. ഉപക്ഷേപം സയൻസുകാളേജിലെ പണ്ഡിതന്മാരെ പ്പറ്റിയാണു. നിങ്ങൾപറയുന്നതു് ആർട്ടസ്കാളേജിലുള്ള പ്രാസംഗികന്മാരെപ്പറ്റിയുമാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) : ആ ഉപക്ഷേപം കൊണ്ടുവരുന്നതുവരെ ഞാൻഎന്റെ അഭിപ്രായങ്ങളെ സൂക്ഷിച്ചുവെച്ചുകൊള്ളാം.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം) : സർ, പണ്ഡിതന്മാരുടെ ശമ്പളത്തേയും സ്ഥാനവലിപ്പത്തേയും പറ്റി മിസ്റ്റർ. സ്റ്റീഫൻസൻ സമാധാനത്രുപ്രദമായ ചിലവിവരങ്ങൾ നൽകുവാൻ ഉദ്യമിച്ചു എങ്കിലും സഭയിലെ ഈ വശത്തുള്ള മെംബർമാർക്കു അവ ശരിയാണെന്നു് വോധ്യംവരത്തക്കതല്ലായിരുന്നു അദ്ദേഹം പറഞ്ഞരീതിയിൽ നിന്നു് അദ്ദേഹത്തിനുതന്നെ ആ സമാധാനം തൃപ്തികരമായിത്തോന്നിട്ടുണ്ടോ എന്നു സംശയമാണു. ബഹുമാനപരിശോധിച്ചു നോക്കുന്നതായാൽ ഇതിനുള്ള പ്രധാനമായ കാരണം മിസ്റ്റർ സ്റ്റീഫൻസൻ പറഞ്ഞസമാധാനമതല്ലെന്നും പക്ഷേവത്തിൽ വേറെയേതോ ആകണമെന്നുംതന്നെയാണു. നാട്ടുഭാഷാവകുപ്പിനെ ഇംഗ്ലീഷ്, സയൻസു മുതലായ വകുപ്പുകളെക്കാൾ താഴ്ന്നപടിയിൽ മാത്രമേ ഗണിച്ചിട്ടുള്ളൂ എന്നു പറയാനെനിവൃത്തിയില്ല. അങ്ങനെയല്ലെങ്കിൽ നാട്ടുഭാഷകൾ പഠിപ്പിക്കുന്ന പ്രൊഫസറന്മാർക്കു പ്രാസംഗികന്മാരെക്കാളുള്ള സ്ഥാനം കല്പിച്ചു അവരെ അസിസ്റ്റന്റുപ്രൊഫസറന്മാരെക്കാൾ താഴ്ന്നനിലയിൽ ഗണിച്ചുപോരുന്നതെന്തിനെന്നു അറിയുന്നില്ല. ഇംഗ്ലീഷ്, സൈയൻസു മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്ന അവരുടെനിലയിലുള്ളവർക്ക പ്രൊഫസറന്മാരുടെ ശമ്പളം കൊടുത്തുവരുന്നുമുണ്ടു. പരമാർത്ഥം, നാട്ടുഭാഷാവകുപ്പിനെ താഴ്ന്നനിലയിലെ ഗണിച്ചിട്ടുള്ള എന്നതാകുന്നു. ആ വകുപ്പിലുള്ള പ്രൊഫസറന്മാർക്കു കുറഞ്ഞശമ്പളവും കുറഞ്ഞസ്ഥാനവും നൽകിവരുന്നതുകൊണ്ടു അതിനനുസരണമായി അവരിൽ താഴ്ന്നനിലയിലുള്ള അദ്ധ്യാപകന്മാരായപണ്ഡിതന്മാർക്കു കുറഞ്ഞശമ്പളവും കുറഞ്ഞസ്ഥാനവും നൽകുവാനിടയായിരിക്കുന്നു. അതുകൊണ്ടു ഈ സംഗതിയെപ്പറ്റി ഗവർണ്മെന്റുവേണ്ടുംപോലെ ആലോചിച്ചു ഈ ന്യൂനത പരിഹരിക്കേണ്ടതാണെന്നാണെന്റെ അഭിപ്രായം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : സർ, പണ്ഡിതന്മാർ ധാരാളമായി കിട്ടുന്നതുനിമിത്തം അവർക്കു കുറഞ്ഞശമ്പളം കൊടുത്താൽ മതിയാകുന്നതാകുന്നു മിസ്റ്റർ. സ്റ്റീഫൻസൻ അഭിപ്രായപ്പെട്ടതു വളരെ വ്യസനകരമായിട്ടുള്ളതാകുന്നു.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ) : അവർക്കുകുറഞ്ഞശമ്പളം കൊടുക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടില്ല. അവർക്കു അപ്രകാരം കുറഞ്ഞതുശമ്പളം കൊടുക്കുവാൻ ഇടയായതെങ്ങിനെയാകുന്നു എന്നുമാത്രമേ ഞാൻ പ്രസ്താവിച്ചുള്ളൂ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : കിട്ടുന്നതിനനുസരണമായിട്ടേ ആവശ്യവും ഉണ്ടാകുവാൻ തരമുള്ളൂ എന്ന തോതിനെ ആസ്പദമാക്കി അദ്ദേഹം പുറപ്പെടുവിച്ചു ന്യായങ്ങൾ വാസ്തവത്തിൽ സന്തോഷപ്രദമായിട്ടുള്ളതല്ല. നമുക്കു ഏതിനും ഒരുപ്രത്യേകതോതു ഉണ്ടായിരിക്കേണ്ടതിനും പുറമെ പരീക്ഷായോഗ്യതകൾക്കും ശമ്പളങ്ങൾക്കും തമ്മിൽ ഒരുസംബന്ധവും വേണ്ടതാണു. ഉദ്യോഗനിലയിൽ പണ്ഡിതന്മാരെന്നോ ട്യൂട്ടർമാരെന്നോ, പ്രാസംഗികന്മാരെന്നോ വിളിക്കപ്പെട്ടുന്നുണ്ടെങ്കിലും ഒരേ പരീക്ഷായോഗ്യതയുള്ള ആളുകളുടെ അവകാശങ്ങളെ പ്പറ്റിയാണു നാം ആലോചിച്ചുകൊണ്ടിരിക്കുന്നതു. ബി. എ. പരീക്ഷജയിച്ചിട്ടുള്ളവരും, തുല്യമായ യോഗ്യതയുള്ളവരും ഹൈസ്കൂൾ ക്ലാസുകളിൽ ഇംഗ്ലീഷ്വിഷയം പടിപ്പിക്കാൻ തക്കിയുള്ളവരുമായ ആളുകളുടെ അവകാശത്തെപ്പറ്റിയാണ് നമ്മുടെ ആലോചനാവിഷയം കാളേജ്കളിലും ഹൈസ്കൂൾകളിലും ഒരേതരത്തിലുള്ള ഇംഗ്ലീഷ് പാഠങ്ങളാണു. അവർക്കു ലഭിച്ചിട്ടുള്ളത്. അവരുടെവിദ്യാഭ്യാസസംബന്ധമായ യോഗ്യതകളും അവകാശങ്ങളും പരിഗണിക്കപ്പെട്ടുന്നതായാൽ അവർ ട്യൂട്ടർമാരുടെ സ്ഥാനത്തിനു യോഗ്യന്മാരാണു. അവർക്കുചെയ്യാനുള്ളജോലി കുറവായതുകൊണ്ടാണു അവർക്കു കുറഞ്ഞശമ്പളം കൊടുക്കണമെന്നു എന്നുപറയുന്നതു് തിരെ സാധൂകരിക്കാവുന്നതല്ല. ചെയ്യുന്നവേലയ്ക്കു് അനുസരണമായ ശമ്പളം കൊടുക്കണമെന്നതാകുന്നു പറഞ്ഞിട്ടില്ല അവരെന്തിനുമിച്ചിട്ടുള്ളതെന്നു ഞാൻഇവിടെഅറിയിച്ചുകൊള്ളുന്നു അവർ അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരുമല്ല. അപ്പോഴപ്പോൾ കൊടുക്കുന്നജോലികൾ അവർക്കു ചെയ്യേണ്ടതായിട്ടുമില്ല. അവർ എല്ലായ്പോഴും ജോലിചെയ്യേണ്ടവരാണു. എല്ലാസമയവും ചെയ്യത്തക്കജോലി അവർക്കു കൊടുക്കാത്തപക്ഷം അതു അവരുടെ കുറവായി ഗണിക്കാവുന്നതുമല്ല. നേരെമറിച്ചു അതു നിങ്ങളുടെ കുറവുമാകുന്നു. പറയപ്പെട്ടുന്നന്യായം അതാണെങ്കിൽ, ഒരുപട്ടികയ പീത്തപ്പേടവിളിച്ചിട്ടു ആ കാരണംകൊണ്ടു് അതിനെത്തുക്കിക്കൊല്ലാൻ പറയുന്നതിനോടു അതിനെ സാമ്യപ്പെടുത്താവുന്നതാകുന്നു. പണ്ഡിതന്മാർ, ട്യൂട്ടർമാർ, പ്രാസംഗികന്മാർ എന്നുംപേരുമുള്ള സ്ഥാനപ്പേരുകളും ഗവണ്മെൻറതന്നെ സൃഷ്ടിച്ചിട്ടുള്ളതാണു. ഒരേയോഗ്യതയുള്ള ആളുകളെ ഇപ്രകാരം നീതിവിരുദ്ധമായവിധം വ്യത്യസ്ഥമായി ഗണിച്ചുവരുന്നതിനുള്ള ഉദ്ദേശം എന്താണെന്നു എനിക്കുമനസ്സിലാകുന്നില്ല. അവർ, പണ്ഡിതന്മാരാണോ, ട്യൂട്ടർമാരാണോ എന്നല്ല ആലോചിക്കേണ്ടതായിട്ടുള്ളതു്. നേരെമറിച്ചു ഒരുകാളേജിലൊ ഹൈസ്കൂളിലൊ അവർ ഇംഗ്ലീഷ് അല്ലെങ്കിൽ ഗണിതശാസ്ത്രം അല്ലെങ്കിൽ മറ്റുശാഖാവിഷയങ്ങളോ ഇവ പഠിപ്പിക്കുന്നുണ്ടോ എന്നുവേണം നോക്കുവാൻ. അവർക്കു ഒരേപരീക്ഷായോഗ്യതയും, ഒരേ സർവകലാശാലാബിരുദം ഉണ്ടെങ്കിൽ ഒരേതരത്തിൽതന്നെ ശമ്പളവും കൊടുക്കണം. അങ്ങനെചെയ്യാതിരിക്കുന്നതു് വലുതായ തെറ്റും ആക്ഷേപവും ആണെന്നാണു എൻറെഅഭിപ്രായം.

മി. സി. പി. തരകൻ (കുന്നത്തൂനാടു): മിസ്റ്റർ കുമാരൻറെ ഉപക്ഷേപത്തോടു ഞാൻ പൂർണ്ണമായിട്ടുയോജിക്കുന്നു. മലയാളരാജ്യത്തുടനീളമുള്ള ഗവർമ്മെൻറുകാണിക്കുന്ന അനുഭാവക്കുറവു പ്രാഥമികവിദ്യാഭ്യാസംമുതൽ കാളേജ് ക്ലാസുവരെ ഉണ്ടാകുന്നതുണ്ടെന്നു കാണുന്നതിൽ വളരെ ഖേദിക്കേണ്ടിയിരിക്കുന്നു. കാളേജിൽപ്രൊഫസന്മാർക്കുള്ളശമ്പളം വളരെ അധികമാക്കണമെന്നുള്ളതിനെ സംബന്ധിച്ചു ഗവർമ്മെൻറും ഡിപ്പാർട്ടുമെൻറധികാരിയും പറയുന്നമറുപടി ഈ വിഷയത്തിൽ ലായർമാർ മുതലായവരോടു മത്സരിക്കേണ്ടി ഇരിക്കുന്നുഎന്നും അതിനാൽ ശമ്പളം കുറവായിരുന്നാൽ യോഗ്യന്മാരായ ആളുകളെ പ്രൊഫസർസ്ഥാനത്തിനു് ലഭിക്കുകയില്ലെന്നും ഇവിടെ കൂട്ടത്തൽശമ്പളം കൊടുക്കാത്തപക്ഷം എല്ലാവരും ബ്രിട്ടീഷ്ഇൻഡ്യയിൽ പോകുമെന്നുമാണു മലയാളരാജ്യസ്വീകരിച്ചു ഗ്രാഡുവേറ്റായി വരുന്ന ആളുകൾക്കു ശമ്പളക്കൂട്ടത്തൽ കൊടുക്കാത്തപക്ഷം ബ്രിട്ടീഷ്ഇൻഡ്യയിൽ പോകും അല്ലെങ്കിൽ പാണ്ടിയിൽപോകും എന്നുപറയത്തക്കവണ്ണമുദ്ധരിക്കാരും അവരില്ലായ്തായതുകൊണ്ടുമാത്രം ഈവരോടു അനുഭാവക്കുറവു കാണിക്കുന്നതു വളരെ സങ്കടമാണെന്നും ഈ അനുഭാവക്കുറവുവളരെനാൾ സഹിച്ചുകൊണ്ടിരിക്കാൻ ഈ നാട്ടുകാക്കു ശക്തിയില്ലെന്നും അറിയിച്ചുകൊള്ളുന്നു.

മി. കെ. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും) താലൂക്കാഫീസ്വിദ്യാഭ്യാസത്തിനോടു അധികൃതന്മാർ ശ്രദ്ധിയായ അനുഭാവം കാണിക്കുന്നില്ല എന്നുള്ളഅസങ്കടം പൊതുജനങ്ങളുടെ ഇടയിൽ ധാരാളം ഉണ്ടെന്നു എനിക്കറിയാം അതിനെസംബന്ധിച്ചു വേറെ ഒരു മോഷൻ കൊണ്ടുവന്നു സംസാരിക്കാൻ ഉദ്ദേശിച്ചിരിക്കയാണു്. കാളേജിലുള്ള വിഷയങ്ങളായ ബി. എ., എം-എ. മുതലായ പരീക്ഷകളിൽ പാസ്സായാൽ അവർക്കു കൂട്ടത്തലായി ശമ്പളംകൊടുത്തുവരുന്നുണ്ടു. എന്നാൽ മാതൃഭാഷയിലുള്ള ബി. എ., എം. എ. ഈപരീക്ഷകളിൽ ജയിച്ചാൽ ശമ്പളം കൊടുക്കുമ്പോൾ ഒന്നാമതായി നോക്കുന്നതു, ശമ്പളങ്ങളെ കുറയ്ക്കുന്നതിനാണു, ഇതു ഈ രാജ്യത്തെ ഭാഷയുടെ അഭിമാനക്ഷയത്തെയാണു് സൂചിപ്പിക്കുന്നതു. അല്ലാതെ ഒരാൾക്കു ശമ്പളം കുറഞ്ഞുപോയി എന്നോ ഉദ്യോഗംകൊടുക്കുന്നില്ലെന്നോ അല്ലാ ഇതിൽനിന്നു തെളിയുന്നതു. ഈ രാജ്യത്തു മാതൃഭാഷയായി സ്വീകരിച്ചിരിക്കുന്ന ഭാരതീയ ഭാഷയോടു കാണിച്ചുവരുന്ന പക്ഷപാതമായിട്ടാണ്, അല്ലുങ്കിൽ ചിരന്തനസ്ഥാനമായിട്ടാണ് കരുതുന്നതു. ഇതു ഒരിക്കലും ഉചിതമായ പ്രവൃത്തിയല്ല.

മി. കെ. എ. ജോസഫ് (മീനച്ചിലും-തോവികളവും) : ബ്രിട്ടീഷ് ഇൻഡ്യയിലെ ശമ്പളം കുറച്ചാൽ ഇവിടെയും കുറയ്ക്കാമെന്നാണൊപറയുന്നതു?

മി. കെ. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അതിനു ആക്ഷേപമില്ല. ശമ്പളക്കൂട്ടത്തൽ വേണമെന്നുപറയുന്നതു അവരുടെ ശമ്പളക്കുറവുകൊണ്ടാണു. ശമ്പളക്കൂട്ടത്തൽ ചോദിക്കുന്നതു മറ്റുള്ളവരുടെശമ്പളതോതിനെ അനുസരിച്ചാണു അതുകൊണ്ടു അങ്ങിനെ ആക്കുന്നപക്ഷം അതിനു യാതൊരു ആക്ഷേപവുമില്ല. അതിനോടു ഞാൻ പൂർണ്ണമായിയോജിക്കുന്നു.

മി. എൻ. കുമാരൻ (ഗവർമ്മെൻറുദ്യോഗസ്ഥനാമനം) : ഇപ്പോൾ നടപ്പിലിരിക്കുന്ന ഈ വ്യത്യാസം സാധൂകരിക്കത്തക്കതാണെന്നു മി. സ്റ്റീഫൻസനോ മി. രങ്കസ്വാമിഅയ്യങ്കാരോ പുറപ്പെടുവിച്ച ന്യായങ്ങളിൽ

നിന്നു എ നിക്കഭ്യാല്യുമായിട്ടില്ല. മി. സ്റ്റിഫൻസൻ ഈ സംഗതിയെപ്പറ്റി, അതു ഉപക്ഷേപത്തിൽ ഉൾ പ്പെടാത്തതാണെങ്കിലും, ആകപ്പാടേയും ആർട്ടസ് കാളേജ് പണ്ഡിതന്മാരെ സംബന്ധിച്ചു പ്രത്യേകിച്ചും ഒന്നു കൂടി ആലോചിക്കാമെന്നു സമ്മതിച്ചിട്ടുണ്ടു. ആർട്ടസ് കാളേജിലെ പണ്ഡിതന്മാരെ സംബന്ധിച്ചു അല്പമെങ്കിലും ഇപ്രകാരം പ്രാധാന്യം ചെയ്യുന്നതാലോചിക്കുമ്പോൾ സയൻസു കാളേജിലെ പണ്ഡിതന്മാരെ സംബന്ധിച്ചും ഇതു പോലെ ചെയ്യാൻ നിവൃത്തിയില്ലാതെ വന്നതിനു കാരണം കാണുന്നില്ല. സയൻസു കാളേജിലുള്ള ഡെമാൻസ്ട്രേട്ടന്മാക്ക കൊടുക്കുന്നതുപോലെയുള്ള ശമ്പളം അവിടത്തെ പണ്ഡിതന്മാക്കും കൊടുക്കാത്തതിനു അല്പമെങ്കിലും പറയുന്നകാരണം അവരുടെ ജോലിക്കനുസരിച്ചാണു. എന്നാൽ എൻറസ്സഹിതൻ മി. ഫ്ല. കെ. പിള്ള, പ്രസ്തുവിച്ചുപ്രകാരം, ഗവണ്മെൻറപ്രസ്സുമുതലായ മറെറ ചില വകുപ്പുകളിലെ അല്പോഴപ്പോഴും കിട്ടുന്ന ജോലികൊണ്ടുമാത്രം കഴിയുന്നവരായിട്ടു ഗവണ്മെൻറ ഇവരെ ഗണിക്കാൻ പാടില്ലാത്തതാകുന്നു. സംസ്ഥാനത്തിലെ ഉദ്യോഗസ്ഥന്മാരിൽ ഏറാവും കൂടുതൽ ഭാരം നിയമനം നടത്തുന്ന ഒരു ഡിപ്പാർട്ടുമെൻറിനെറ പേരായതുകൊണ്ടു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെറ അധികൃതനിൽനിന്നും ഇല്പകാരമുള്ള ഒരു സമാധാനം ഉണ്ടാകാൻ പാടില്ലാത്തതാണെന്നാകുന്നു എൻറെ അഭിപ്രായം. അതിലും പുറമെ, ആണ്ടുതോറും തൻറെ ഡിപ്പാർട്ടുമെൻറുവഴിയായി അനേകംപേരെ ബി-എ-ക്കാരാക്കിത്തീക്കുന്നതിൽ സദാ ശ്രമിച്ചുപോന്നിരിക്കുന്ന ഒരാൾ അവരുടെ സ്ഥാനത്തേയും ശമ്പളത്തേയും സംബന്ധിച്ചു അല്പം തൻറെ ഡിപ്പാർട്ടുമെൻറിൽതന്നെ ഉള്ളവരുടെ കാര്യത്തിൽ കൂടുതൽ അഭിമാനം പ്രദർശിപ്പിച്ചേക്കുന്നതാണു്. എൻറെ സ്നേഹിതൻ അഭിപ്രായപ്പെട്ടതുപോലെ അവരെ പണ്ഡിതന്മാരെന്നു വിളിക്കുന്നതിലാണു് ബുദ്ധിമുട്ടുണ്ടാവുകിൽ അവർക്കു ട്യൂട്ടർ എന്ന പേരു അല്പമെങ്കിലും കൂടുതൽ കൊടുക്കാവുന്നതുമാണു്. ഇനിയും അനേകം മോഷനെപ്പറ്റി ഇവിടെ ആലോചിക്കേണ്ടതായിട്ടുള്ളതുകൊണ്ടു ഈ മോഷനെ സംബന്ധിച്ചു ഇതിൽ കൂടുതൽ സംസാരിക്കുവാൻ ഞാൻ ഒരുമ്പെടുന്നില്ല. ഇതു ഈ സഭ സമ്മതിക്കുമോ എന്നു എനിക്കു് അറിയുന്നതല്ല.

മി. ജെ. സ്റ്റിഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): സർ, പണ്ഡിതന്മാരെ ധാരാളമായി ഈ ശമ്പളത്തിനു വർദ്ധിക്കുന്നതാണെന്നു പറഞ്ഞതിൽനിന്നും അവർക്കു വർദ്ധിപ്പിക്കുന്ന ശമ്പളം ഉപയുക്തമായിട്ടുള്ളതായി ഞാൻ സാധുകരിക്കുകയാണു ചെയ്തതു എന്നു പറഞ്ഞ അഭിപ്രായത്തെ അല്പമായി എനിക്കു് എതിർക്കാതെ നിവൃത്തിയില്ല. പണ്ഡിതന്മാക്ക് ട്യൂട്ടർമാരേക്കാൾ കൂടുതലായൊന്നും കിട്ടുന്നതിനുള്ള കാരണം എന്താണെന്നു പറയുവാൻ എന്നോടു ആവശ്യപ്പെട്ടു. ഞാൻ അതിലേക്ക് നൽകിയ സമാധാനം പക്ഷപാതരഹിതമായിരുന്നു എന്നുള്ളതിനു സംശയമില്ല. അതുമാത്രമുമല്ല, ആ സംഗതിയെ സംബന്ധിച്ചു ആകപ്പാടെ വേണ്ടുവോളം ആലോചിക്കുന്നതാണെന്നു പറഞ്ഞതിൽനിന്നും അവർക്കു കൊടുത്തുവരുന്ന ശമ്പളം ന്യായമാണെന്നു ഞാൻ സാധിച്ചിട്ടുണ്ടെന്നും എനിക്കു തോന്നുന്നില്ല. എങ്കിലായാലും സയൻസുകാളേജിനെ സംബന്ധിച്ചു ഞാൻ പ്രസ്താവിച്ച അഭിപ്രായങ്ങൾ അത്രമാത്രം ശരിയായിട്ടുള്ളതല്ലെന്നു എനിക്കുതന്നെ അറിയാം. എന്നാൽ അവിടെയുള്ള പണ്ഡിതന്മാരെ സംബന്ധിച്ചു എനിക്കുതോന്നിട്ടുള്ള അഭിപ്രായത്തെ എങ്ങിനെയാണു മാറേണ്ടതെന്നു ഞാൻ അറിയുന്നില്ല. നാട്ടുഭാഷാധ്യാപകന്മാക്ക ഒരുശമ്പളം ഇംഗ്ലീഷുഭാഷാധ്യാന്മാക്ക അതിൽ കൂടുതൽ ശമ്പളം കാളേജധ്യാപന്മാക്ക അതിലും ഉയർന്നശമ്പളം എന്നിങ്ങനെ അദ്ധ്യാപകന്മാരിൽതന്നെ പദവ്യത്യാസം സ്വീകരിച്ചിരിക്കുന്നതുപോലെ നാട്ടുഭാഷകളെ സംബന്ധിച്ചിടത്തോളം സയൻസു കാളേജിലെ അദ്ധ്യയനം ഇൻറർമീഡിയറ്റു ക്ലാസുവരെയായിരിക്കുന്ന സ്ഥിതിക്ക് ആ വാദ്ധ്യാന്മാക്ക നിശ്ചയിച്ചിട്ടുള്ള കുറഞ്ഞതോതിലുള്ള ശമ്പളം ബി-എ-ക്ലാസുവരെയുള്ള പഠിപ്പിക്കേണ്ട വാദ്ധ്യാന്മാരുടെ ശമ്പളത്തേക്കാൾ കുറഞ്ഞിരിക്കുന്നതു ന്യായമാണെന്നതന്നെയാണു എനിക്കു തോന്നുന്നതു്. ബി-എ. ക്ലാസുവരെ പഠിപ്പിക്കേണ്ടവരായ ആർട്ട്സ് കാളേജിലെ പണ്ഡിതന്മാരുടെ കാര്യത്തെപ്പറ്റി ആലോചിക്കുന്നതുമാണു. എൻറെ ഈ വാക്കിനെ വിശ്വസിച്ചു തൃപ്തിയോടുകൂടി മി: കുമാരൻ അഭിപ്രായത്തിൻറെ മോഷൻ പിൻവലിയ്ക്കുന്നപക്ഷം എനിക്കു് ഇതിൽ കൂടുതൽ ഒന്നും പറയുവാൻ ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എൻ. കുമാരൻ (ഗവണ്മെൻറധിയമനം): ഉപക്ഷേപത്തെപ്പറ്റി ബഹുമായി ആലോചിക്കേണ്ടതാണെന്നു ഞാൻ ഇതിനുമുമ്പുതന്നെ നിർബന്ധപൂർവ്വം പറഞ്ഞിട്ടുണ്ടു്.

പ്രൊസിഡണ്ടു്: ഈ വാദപ്രതിവാദത്തിൽനിന്നും എനിക്കു് മനസ്സിലാക്കുവാൻ സാധിച്ചിടത്തോളം ഇതുവരെ ചോദിച്ചിട്ടുള്ളതിനെറെയെല്ലാം ഉദ്ദേശ്യം ഒരേതരം പരീക്ഷായോഗ്യതയുള്ള എല്ലാവക്കും ഒരുപോലെ ശമ്പളം കൊടുക്കാത്തതിനുള്ള കാരണം എന്താണെന്നാകുന്നു. എന്നാൽ ഈ ഉദ്ദേശ്യം എതായും അല്പമെങ്കിലുമായിട്ടുള്ളതാണു. ഒരാൾക്കു് നൽകുന്ന ശമ്പളം അയാളുടെ യോഗ്യതയെമാത്രം നൊക്കീട്ടല്ല; ചെയ്യുന്ന ജോലിയിൽ അയാൾക്കു് കാണിക്കുവാൻ കഴിയുന്ന ഫലത്തെയും അതിടമുള്ള അയാളുടെ ഉത്തരവാദിത്വത്തേയും അനുസരിച്ചുകൂടിയെന്നാണു ഞാൻ മനസ്സിലാക്കീട്ടുള്ളതു. ഇവിടെ ആലോചനാവിഷയമായിരിക്കുന്ന പണ്ഡിതന്മാരുടെ സംഗതിയെപ്പറ്റി നോക്കുന്നതായാൽ അവക്കു കുറഞ്ഞനിരക്കിലുള്ള ശമ്പളം കൊടുത്തുവരുന്നതിനു കാരണം അവരെ ഏൽപ്പിച്ചിട്ടുള്ള ജോലികളിൽ അവർക്കുള്ള ഉത്തരവാദിത്വവും അവർ അതിൽ ഉളവാക്കേണ്ട ഫലവും ഒരു ട്യൂട്ടർമാരുടേതിൽനിന്നും അധികം കുറഞ്ഞതരത്തിലായിരിക്കുന്നതുകൊണ്ടാണു തോന്നുന്നതു. അതു അല്പകാരമാണെന്നും അല്ലെന്നും അഭിപ്രായവ്യത്യാസം ഉണ്ടായേക്കാം. എങ്ങിനെയാണെങ്കിലും പണ്ഡിതന്മാർക്കു ട്യൂട്ടർമാരെപ്പോലെ ശമ്പളം കൊടുക്കേണ്ടതാകുന്നുള്ള അഭിപ്രായം ഇതുവരെ ഉണ്ടായിട്ടില്ല, മുൻകാലങ്ങളിൽ ഇപ്പോൾ കൂടുതൽ ശമ്പളംവാങ്ങിക്കുന്ന മുൻഷിമാരെ അപേക്ഷിച്ചു കൂടുതൽ പഠിപ്പുള്ളവരായിരുന്ന മുൻഷിമാക്ക് വളരെ കുറഞ്ഞശമ്പളമേ നറുകിവന്നിരുന്നുള്ളു. ഒരുപക്ഷേ അതിനുള്ള കാരണം മി: സ്റ്റീഫൻസൻ പ്രസ്താവിച്ചുപോലെ പണ്ഡിതസ്ഥാനത്തിനു ധാരാളംപേർ അപേക്ഷകന്മാരുണ്ടായിരുന്നതായിരിക്കണം. എങ്കിലുമായാലും താഴ്ന്ന ക്ലാസുകളിൽ രണ്ടും മൂന്നും മണിക്കൂർനേരത്തെ ജോലിമാത്രം ചെയ്യുന്ന ഒരാൾക്കുള്ള കൂടുതൽജോലി ചെയ്യാനുള്ള, ഉദാഹരണത്തിനു, ഒരു ഓണേർസ് ബി. എ. ജയിച്ചിട്ടുള്ള ഒരാളുടെപോലെ ശമ്പളം കൊടുക്കുന്ന കാര്യം നിങ്ങൾക്ക് ആശിക്കാവുന്നതല്ല. ഞാൻ പ്രസ്താവിച്ചുപോലെ ഇതിനെയൊക്കെ ക്രമപ്പെടുത്തുന്നതു നാട്ടുകാരുടെതന്നെയും നിങ്ങളും ആലോചിക്കണം. ഈ വ്യത്യാസം നിലനിന്നുപോരുന്നതും പഴയ ഏർപ്പാടുകളുടെ അവശിഷ്ടമായിട്ടാണു്. അല്പകാരമൊക്കെയാണെങ്കിലും മി: സ്റ്റിഫൻസൻ ഈ സംഗതിയെപ്പറ്റി ആകപ്പാടെ ഒന്നുകൂടി ആലോചിക്കുന്നതാണെന്നു പറയുന്നുണ്ടു്. അതനുസരിച്ചു അല്പകാലം ഈ സംഗതിയെ

ക്കുറഞ്ഞ പുനരാലോചിക്കുവാൻ തയ്യാറാകുന്നപക്ഷം ഞാൻ അദ്ദേഹത്തെ അതിലേക്ക് നിശ്ചയമായിട്ടും അധികാരപ്പെടുത്തുന്നതാണെന്ന നിങ്ങൾക്ക് വാക്കുതന്നുകൊള്ളുന്നു.

മി. കുമാരൻ (ഗവണ്മെന്റ് നിയമനം): അബ്സ്ക്കണ്ഡിംഗിനിന്നും മടിച്ചിട്ടുള്ള വാശ്വാസത്തെ ആധാരമാക്കി ഞാൻ എന്റെ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്: ഉപക്ഷേപം പിൻവലിക്കുന്നതിനു സഭയ്ക്കുവിരോധം ഉണ്ടെന്നു വിചാരിക്കുന്നുണ്ടോ?

അങ്ങനെവിരോധപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക ൪൨.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ക ൪൨-ാംനമ്പർ ഉപക്ഷേപത്തിലെ വിഷയം ഈ സഭയിൽ വാദപ്രതിവാദം ചെയ്തിട്ടുള്ളതിനു അനുരൂപമായിട്ടുള്ളതാകയാൽ ഞാൻ ആ ഉപക്ഷേപം കൊണ്ടുവരുന്നില്ല.

താഴെക്കാണുന്ന ഉപക്ഷേപം കൊണ്ടുവരപ്പെട്ടില്ല,

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ):

ക ൪൩. മഹാരാജാവു തിരുമനസ്സിലെ സയൻസുകാളേജിലേക്കു നീക്കിവച്ചിട്ടുള്ള ൭ ൦,൭ ൦ ൪ രൂപായിൽനിന്നും ക ൦ ൦ രൂപാ കുറയ്ക്കുണം.

ഉപക്ഷേപം ക ൪൪.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, താഴ്പ്പറയുന്ന ഉപക്ഷേപം പാസ്സാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ക ൪൪. സഞ്ചാരപ്പടി എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള ൪ ൦ രൂപായും കുറയ്ക്കുണം.

ഈ ഇക അനുവദിച്ചിരിക്കുന്നതു എന്തുദ്ദേശ്യത്തിലാണെന്നു എനിക്കു മനസ്സിലാകുന്നില്ല. എനിക്ക് അറിവുള്ളിടത്തോളം പ്രൊഫ്സർമാർക്ക് യാത്രചെയ്യേണ്ടതായിട്ടില്ല. അതുപോലെതന്നെ ട്യൂട്ടർമാരെക്കാൾ മറ്റുള്ളവരാരെങ്കിലും സഞ്ചരിക്കേണ്ടതായിട്ടില്ല. ഒരു വിദ്യാർത്ഥിയെന്ന നിലയിലും ഒരു ട്യൂട്ടർ എന്ന നിലയിലും കാളേജുമായിട്ടു എനിക്ക് അല്പം പരിചയം മുമ്പിട്ടുണ്ട്. അതുകൊണ്ടു ഈ പ്രത്യേകഇനത്തിന്റെ ഉദ്ദേശ്യം എന്താണെന്നു മനസ്സിലാകാത്ത ബഡ്ജറ്റിനെ പരിശുദ്ധിക്കുവാൻ എനിക്ക് മനസ്സുവരുന്നതല്ല.

മി. ജെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): ബഡ്ജറ്റിൽ ഉൾപ്പെടുത്തീട്ടുള്ള ൪ ൦ ൦ രൂപാ ഇന്ന വകയ്ക്കാണെന്നു അച്ചടിച്ച ബഡ്ജറ്റിന്റെ വശങ്ങളിൽ വിവരമായി കാണിച്ചിട്ടില്ല. എന്നാൽ ഇതു ഉദ്ദേശത്തോടുകൂടിയാണു ഈ ഇക ബഡ്ജറ്റിൽ ഉൾപ്പെടുത്തീട്ടുള്ളതു. പ്രകൃതിതത്വശാസ്ത്രവകുപ്പിലുള്ള ജീവനക്കാർ, പ്രാസംഗികന്മാർ, ശിപായികൾ എന്നിവർക്ക് സസ്യശാസ്ത്രസംബന്ധമായും മൃഗശാസ്ത്രസംബന്ധമായും ഉള്ള മാതൃകകൾ ശേഖരിക്കുന്നതിനായി പല സ്ഥലങ്ങളിലും സഞ്ചരിക്കുന്നതിനു ഒരു ഫണ്ടു നടത്തുകയാണു ആദ്യത്തെ ഉദ്ദേശം. ചിലപ്പോൾ പ്രാസംഗികന്മാർ ഒഴിവുദിവസങ്ങളിലും ശനിയാഴ്ചകളിലും മാതൃകാസാമാനങ്ങൾ ശേഖരിച്ചുകൊണ്ടു ഈ രാജ്യത്തു പലസ്ഥലങ്ങളിലും സഞ്ചരിക്കും. അപ്രകാരം ചെയ്യുമ്പോൾ അവരുടെ ചെലവു കൊടുക്കേണ്ടതായിട്ടുമുണ്ട്.

മി. കെ. കെ. തോമ്മസ് (കോട്ടയം): ഈ ഉദ്ദേശ്യത്തോടുകൂടി യാത്രചെയ്യുന്ന വിദ്യാർത്ഥികളുടെ ചെലവും ഇതിൽ ഉൾപ്പെടുന്നുണ്ടോ?

മി. ജെ സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): ഉൾപ്പെടുന്നില്ല.

മി. കെ. കെ. തോമ്മസ് (കോട്ടയം): അങ്ങനെയാണെങ്കിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതെന്തിന്? എനിക്കു മനസ്സിലാകുന്നില്ല.

മി. ജെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): അതുസംബന്ധിച്ചു ചെലവിലേക്കു ൪ ൦ ൦ രൂപായേറെ അനുവദിച്ചിട്ടുണ്ടു. അതിനുംപുറമെ സയൻസുകാളേജിലേക്ക് ചിലപ്പോൾ വേണ്ടിവരുന്ന വാശ്വാസത്തെ സ്ഥലംമാറ്റത്തെ സംബന്ധിച്ചും ഒരു തുക നീക്കിവയ്ക്കേണ്ടിയിരിക്കുന്നു. സയൻസുകാളേജിലെ തൽക്കാലജോലിക്കായി ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽനിന്നും സ്ഥലംമാറ്റപ്പെട്ടിട്ടുള്ള വാശ്വാസത്തെ പരിചിന്തിക്കുമ്പോൾ അവരുടെ യാത്രച്ചെലവു കാളേജിലെ ഫണ്ടിൽനിന്നുതന്നെയാണു കൊടുക്കേണ്ടിയിരിക്കുന്നതു. അതുകൊണ്ടാണു ഈ ൪ ൦ ൦ രൂപായും ആവശ്യമായിരിക്കുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കഴിഞ്ഞ വർഷം ന. ൦ ൦ രൂപാ മാത്രമേ ഇതിലേക്കു അനുവദിച്ചിട്ടുള്ളു.

മി. ജെ. സ്റ്റീഫ്ൻസൻ (വിദ്യാഭ്യാസഡയറക്ടർ): അപ്പോൾ ട്യൂട്ടർമാരുടെ സ്ഥലംമാറ്റം ഒന്നും ആവശ്യപ്പെടാത്തതുകൊണ്ടു ചെലവുകൾ ഒന്നുംതന്നെ വേണ്ടിവന്നിട്ടില്ലെന്നുള്ളതു എടുക്കുതോന്നുന്നതല്ല.

സംവത്സരാരംഭത്തിൽ വളരെ കുറച്ചുമാത്രമേ ചെലവായിട്ടുള്ളു എന്നുകണ്ടതുകൊണ്ടു രണ്ടാമതായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതാണ് ന. ൦ ൦ രൂപാ. ഈ ഇക ആവശ്യവുമാകുന്നു. സയൻസുകാളേജിൽ ഒരു പ്രകൃതിതത്വശാസ്ത്രവകുപ്പു ഏർപ്പെടുത്തണമെങ്കിൽ അനേകം മാതൃകകൾ അടങ്ങിയ ഒരു മ്യൂസിയം ഉണ്ടായിരിക്കേണ്ടതാവശ്യമാണെന്നുള്ള എന്റെ അഭിപ്രായത്തിൽ ഈ സഭ യോജിക്കുമെന്നു വിശ്വസിക്കുന്നു. കാളേജിലെ പ്രൊഫസർമാർക്ക് ഈ മ്യൂസിയത്തിനു ആവശ്യമുള്ള മാതൃകകൾ ശേഖരിക്കുന്നതിനു രണ്ടു മാർഗ്ഗങ്ങൾ ഉണ്ട്, അതായതു് ഇൻഡ്യയിലെ മറ്റു ഭാഗങ്ങളിൽ നിന്നും യൂറോപ്പിൽ നിന്നും വിലയ്ക്കു വാങ്ങിക്കുകയും ഈ രാജ്യത്തുതന്നെ ശേഖരിക്കുകയും ആകുന്ന ആ രണ്ടുമാർഗ്ഗം.

മി. സി. പി. തോമ്മസ് (ഗവണ്മെന്റ് നിയമനം): ഇതുകയ്ക്കു ക ൦ ൻ-ൽ ചെലവു ചെയ്തിട്ടുള്ളതു എത്രയെന്നു പറയുമോ?

മി. കെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): എനിക്ക അറിഞ്ഞുകൂടാ. ബഡ്ജറ്റ് എസ്റ്റിമേറിൽ അതുസംബന്ധിച്ച യാതൊരുവിവരവും കാണുന്നില്ല. എനിക്ക ഇതു മോഷൻ അറിയാനിടയായതുതന്നെ രാത്രിമാത്രമാണ്. നേരത്തെ കിട്ടിയിരുന്നെങ്കിൽ കൂടുതൽവിവരങ്ങളും ഞാൻ ശേഖരിക്കുമായിരുന്നു.

മി. സി. പി. തോമസ് (ഗവൺമെൻറ നിയമനം): ബഡ്ജറ്റിൽ അതു കാണാനില്ല.

മി. കെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): എനിക്ക യാതൊരറിവും ഇല്ല. ഫാമിൻ-ൽ ഈ പണം ചെലവുചെയ്യുക എങ്ങനെയാണെന്നാണെങ്കിൽ പ്രാസംഗികനായുള്ള യാത്രയ്ക്കായി യാതൊന്നും തന്നെ മിക്കവാറും ചെലവാകിട്ടിയില്ലെന്നാണ് എനിക്ക പറയുവാനുള്ളതു്. ഇതു മിക്കവാറും അപ്രകാരം സംഭവിക്കാനാണ് എളുപ്പം. അതു സംബന്ധിച്ചു എനിക്ക തല്ല നിശ്ചയമില്ല.

മി. കെ. ജോൺ (ധനകാര്യസെക്രട്ടറി): കഴിഞ്ഞസംവത്സരം രണ്ടു കാളേജിലേക്കുംകൂടി ഇപ്രകാരം നീക്കിവച്ചിട്ടുള്ളതു് ൫൦൦൦ രൂപാ ആയിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്രകാരം നീക്കിവച്ചിട്ടുള്ള തുക സയൻസു കാളേജിലേക്ക ൫൦൦൦ രൂപായും, ആർട്ട്സ്കാളേജിലേക്ക ൫൦൦ രൂപായും എന്നിങ്ങനെ രണ്ടിനമായിട്ടാണെന്നു ഞാൻ വിചാരിക്കുന്നു. ഇതു് എനിക്ക മനസ്സിലാകുന്നുണ്ട്. എന്നാൽ വൃദ്ധപുരുഷന്മാർക്കുള്ള അടിയിൽകാണുന്ന സൂചനയിൽ "എക്സ്ക്ഷൻഫണ്ടിലേക്ക കൊടുക്കുന്നതിനുള്ള ൫൦൦ രൂപായും ഉൾപ്പെട്ടതാണ്" എന്നു കൊടുത്തിട്ടുള്ളതിന്റെ ഉദ്ദേശം എന്താണെന്നു മനസ്സിലാകുന്നില്ല.

മി. കെ. ജോൺ (ധനകാര്യസെക്രട്ടറി): ഈതു് ആഫീസ്ചെലവുകൾക്കും മറ്റു ചില്ലറ ചെലവുകൾക്കും വേണ്ടിവരുന്നതു, എക്സ്കർഷനു വേണ്ടിവരുന്നതു ൫൦൦ രൂപായും ഇതിൽ ഉൾപ്പെട്ടതാണു്.

മി. കെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): രണ്ടു പ്രത്യേകങ്ങളായ ഇനങ്ങൾതന്നെയുണ്ടു്. നാം ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ഇതും, മറ്റുള്ളസാമാനങ്ങളും ശേഖരിക്കുന്നതിനെപ്പറ്റിയായിരുന്നു. അതു ചെയ്യുന്നതു കാളേജ്സൂപ്രണ്ടുമാരാണു്. ക്ലാസുകളിൽവച്ചു മാത്രമായിട്ടു പഠിപ്പിക്കുവാൻ മാത്രമല്ലാതെ സസ്യശാസ്ത്രം, ജന്തുശാസ്ത്രം എന്നിവകളുടെ വിദ്യാർത്ഥികൾക്ക ആവശ്യമുള്ള എക്സ്ക്ഷനു വേണ്ടിയുള്ള തുകയായിട്ടാണു് ഇവിടെ ൫൦൦ രൂപാ. സസ്യശാസ്ത്രം, ജന്തുശാസ്ത്രം എന്നീ വിഷയങ്ങളും പഠിക്കുന്ന വിദ്യാർത്ഥികൾക്ക പ്രകൃതിവസ്തുക്കളെ അവയുടെ സ്വാഭാവിക രൂപത്തിൽതന്നെ കണ്ടുപഠിക്കുന്നതിനുവേണ്ടിയുള്ള അവശ്യമായ ശിക്ഷണം നൽകുവാൻ സാധിക്കുന്നതിലേക്കുവേണ്ടിവിദ്യാർത്ഥികളെ നാട്ടിൻപുറങ്ങളിലും, സമുദ്രതീരം, കായൽവാരം എന്നീ പ്രദേശങ്ങളിലേക്കയക്കുവാൻ അവിടെയുള്ള ജീവിതസ്ഥിതികളെ നിരീക്ഷണം ചെയ്യുന്നതിലേക്കുവേണ്ടിയുമാണു്. ഇതാണ് ഉദ്ദേശം. ട്യൂട്ടർമാരും വിദ്യാർത്ഥികളെ ഈ സന്ദർഭങ്ങളിൽ പ്രത്യേകം നിരീക്ഷിക്കുക പതിവാണു്. ആ സന്ദർഭങ്ങളിൽ വേണ്ടിവരുന്ന വിദ്യാർത്ഥികളുടെ ചെലവിലേയ്ക്കായിട്ടുള്ള ഒരംശം എക്സ്കർഷൻ ഫണ്ടിൽ നിന്നുകൊടുക്കുന്നതിലേക്കുവേണ്ടിയുള്ള ഈ ൫൦൦ രൂപായിൽനിന്നാണ് എടുക്കുന്നതാണ്.

മി. കെ. കെ. തോമസ് (കോട്ടയം): മിസ്റ്റർ സ്റ്റീഫൻസൻ ഇതുപോലെ പലപ്രാവശ്യവും കേട്ടിട്ടുള്ളതാണല്ലോ ഫാമിനുവേണ്ടി ചെലവിലേക്കായി നീക്കിവച്ചിട്ടുള്ള ൫൦൦ രൂപാ അത്യാവശ്യമായിട്ടുള്ളതാണെന്നു എനിക്ക വിശ്വാസമുണ്ടായിരുന്നില്ല. വിദ്യാർത്ഥികളുടെ ചെലവും ഈ അഞ്ഞൂറുരൂപായിൽ ഉൾപ്പെടുമെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നതു്. എന്നാൽ ഇപ്പോൾ എക്സ്കർഷൻ ഫണ്ടിലേക്ക മാത്രമായിട്ടുള്ളതാണെന്നറിഞ്ഞതിൽ പിന്നീട് എനിക്ക നല്ലവണ്ണം സംശയമായിരിക്കുന്നു. മറ്റുകാര്യങ്ങളെ സ്വാഭാവികരീതിയിൽ കാണുന്നതിനു വേണ്ടിയുള്ള എക്സ്കർഷൻ തിരുവിതാംകൂറിനു മാത്രമല്ല ഇന്ത്യയിലാകമാനമായി കാണുന്നുള്ളു. അതുകൊണ്ടു ഈ അഞ്ഞൂറുരൂപാ ഇപ്പോഴത്തെസ്ഥിതിക്ക വളരെ കുറഞ്ഞതാണെന്നാണ് എന്റെ അഭിപ്രായം. ഇക്കാരണത്താൽ ഞാൻ മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ മോഷനോടു് പൂർണ്ണമായി യോജിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ സ്റ്റീഫൻസന്റെ അഭിപ്രായം കേട്ടതിൽ നിന്നും ശാസ്ത്രീയമായിവിധിയാകുന്ന ഒരു ഫാമിനിയമായ കാര്യങ്ങൾക്കുവേണ്ടിയാണ് ഈ ചെലവുകൾ ചെയ്യുന്നതെന്നു അറിയുന്നതുകൊണ്ടു ഞാൻ മിസ്റ്റർ സ്റ്റീഫൻസന്റെ ഉപക്ഷേപത്തെ മിസ്റ്റർ സ്റ്റീഫൻസന്റെ ഇഷ്ടപ്രകാരം ചെയ്യുകൊള്ളുന്നതിനായി വിട്ടുകൊടുക്കുന്നു. ഞാൻ മോഷനെ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്. ഈ ഉപക്ഷേപം പിൻവലിച്ചതിൽ സഭാനുപാലം ഉണ്ടെന്നു വിചാരിക്കുന്നുവോ?

സഭാനുപാലം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ക്രമീകരിച്ചു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): താഴെക്കാണുന്ന ഉപക്ഷേപം ഞാൻ ഫാമാക്കിക്കൊള്ളുന്നു.

ക്രമീകരിച്ചു. പുസ്തകങ്ങൾക്കും, മാസികകൾക്കും, വർത്തമാനപ്പത്രങ്ങൾക്കും എന്നിവയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയിൽ ൫൫ രൂപാ കിഴിച്ചതിനുശേഷം ബാക്കിയുള്ള ൪൫൦ രൂപാ കുറയ്ക്കണം. സർ. കുറച്ചുതാഴെയായി കൊടുത്തിട്ടുള്ള കാർഷിക വകുപ്പിൽ നാട്ടുപക്ഷി വിദ്യാഭ്യാസം എന്ന ഇനത്തിനു നീക്കിവച്ചിട്ടുള്ളതിൽനിന്നും പേരിനുമാത്രം ൫൦ രൂപാ കുറയ്ക്കുന്നതായാൽ ആവശ്യപ്പെട്ടതുക മോഷൻ നിഷ്പ്രയാസം കാണാം. അതു് അപ്രകാരം ചെയ്തിട്ടുള്ള തിനുശേഷം ശ്രദ്ധേയമായ മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാരുടെ ശമ്പളത്തെപ്പറ്റി വാദപ്രതിവാദം ചെയ്യുന്നതിലേയ്ക്കായിട്ടാണു്. എന്നാൽ ഇപ്പോഴത്തെ മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാർക്ക ശമ്പളം കൂട്ടുന്നതിൽ നാം കൈകടത്തുന്നതെന്തിനു, അതിനുപരി ഒരു മാറ്റം കൊണ്ടുവരുകൊടുക്കാതെ അവർ തൃപ്തിപ്പെടുന്നതായാൽ അതു സാധിക്കുന്നതെങ്ങനെയെന്നുള്ളതു മാത്രമല്ല വിഷമമായ ഒരു അഭിപ്രായമാണെന്നതും മിസ്റ്റർ ജോൺ ഗണിക്കാൻ ഇടയുണ്ടു്. ഒരുകൊണ്ടു വിദ്യാഭ്യാസവകുപ്പിലേക്ക പ്രത്യേകിച്ചു ടൈപ്പിസ്റ്റിനും കോളേജും സംബന്ധിച്ചു ഇംഗ്ലീഷ് വിദ്യാഭ്യാസവകുപ്പിലേക്ക നീക്കിവച്ചിട്ടുള്ള തുകയിൽ കുറവു വരുത്തുന്നതിനുള്ള ഒരു മാർഗ്ഗം കണ്ടുപിടിക്കുവാനും എന്നാൽ കഴിയുന്നടത്തോളം ഞാൻ ശ്രമിച്ചുനോക്കിട്ടുണ്ടു്. അതിന്റെ ഫലമായി ചില പ്രത്യേക ഇനങ്ങളിലായിട്ടു് ഒരുകൂട്ടുകെ ഉദ്ദേശം ൭൦,൨൦൦ രൂപായോളം വരുന്ന ഒരു ഇകപ്പെടുപ്പുകാരത്തിൽ കുറവുവരുത്താവുന്നതാണെന്നു ഞാൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇപ്പോൾ ഞാൻ ഈ സഭമുമ്പാകെ ഹാജരാക്കിട്ടുള്ള മോഷൻ ഈ ഇനങ്ങളിൽ ആദ്യത്തേതാകുന്നു.

സയൻസുകോളേജിലെ പുസ്തകങ്ങൾക്കും മാസികകൾക്കുമായി നൂറു രൂപാ ബഡ്ജറ്റിൽ നീക്കിവെച്ചിട്ടുണ്ട്. പുസ്തകങ്ങളും മാസികകളും കോളേജിലേക്കു ആവശ്യമില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ കോളേജ്വിദ്യാഭ്യാസം സംബന്ധിച്ച ചെലവിൽ കുറവു ചെയ്യേണ്ടതായി തീർന്നിരിക്കുന്നതിനെ ആലോചിക്കുമ്പോൾ ഈ തുക ഒട്ടുമധികം ഉദാരമായി അനുവദിക്കുന്നതായിട്ടുള്ളതാണെന്നോ, രണ്ടോ മൂന്നോ സംവത്സരങ്ങളിലായിട്ട് അല്പാല്പമായി കൊടുത്താൽ മതിയാവുന്നതല്ലെന്നോ എനിക്കു തോന്നുന്നില്ല. പുസ്തകങ്ങൾക്കും മാസികകൾക്കുമായിട്ടു നൂറു രൂപയെ ഉണ്ടായിരിക്കയുള്ളു. എങ്കിലും സയൻസുകോളേജിലേക്ക ഈ ഇനത്തിൽ ഒരടുത്ത അഞ്ചുവർഷത്തേക്കു മിക്കിവെച്ചിട്ടുള്ള തുകയിൽനിന്നും നാ ൦ ൦ രൂപാ നിശ്ചയമായും കുറയ്ക്കുവാവുന്നതാണ്. നൂറു രൂപാ ഉപയോഗത്തിനു പുറമേ മതിയായ ഒരു തുകയാണെന്നും കമ്മിറ്റി മാനേജരത്തെ ആവശ്യപ്രകാരം മിസ്റ്റർ സ്റ്റീഫൻസൻ അനുകൂലിച്ചു രേഖപ്പെടുത്തുമെന്നും ഞാൻ വിശ്വസിക്കുന്നു. ഇതുംകൂടി പ്രസ്താവിച്ചുകൊണ്ടു ഈ കുറവു ചെയ്യേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): സർ, ഒരു സാധാരണ സംവത്സരത്തിലാണ് മിസ്റ്റർ പരമേശ്വരൻപിള്ള നാ ൦ ൦ രൂപാ കുറയ്ക്കുന്നതിനു ആവശ്യപ്പെട്ടിരുന്നതെങ്കിൽ ശേഷിപ്പുള്ള നൂറു രൂപകൊണ്ടു സയൻസുകോളേജിലേക്കു മതിയാക്കാമായിരുന്നു. എന്നാൽ അടുത്ത മലബാർവർഷം അതായതു ഈ സ്കൂൾവർഷം കോളേജിന്റെ ജീവിതത്തിൽ പതിവുപോലെയുള്ള ഒരു വർഷമല്ല.

പുതുമയായിട്ടു ഈയാണ്ടുതന്നെയാണ് ഗണിതശാസ്ത്രസംബന്ധമായ ഓണേർസ്ക്ലാസ് ഏർപ്പെടുത്തിട്ടുള്ളതു്. അതിലേക്കു ആവശ്യമുള്ള സാമഗ്രികളും ഒരു മതിയായ ലൈബ്രേറിയും തയ്യാറാക്കേണ്ടിയിരിക്കുന്നു ഇ. പയെ നല്ലനിലയിലാക്കിത്തീർക്കുകയുംവേണം. പ്രകൃതിശാസ്ത്രവകുപ്പിൽ ഈയ്യാണ്ടിലാണ് സീനിയർ ബി. എ. ക്ലാസ് ആരംഭിച്ചതു്. അവിടെയുള്ള ലൈബ്രേറിയും ആവശ്യത്തിനു മതിയായിട്ടുള്ളതല്ല. അതുകൊണ്ടു പ്രകൃതിശാസ്ത്രവകുപ്പിനും ഗണിതശാസ്ത്രവകുപ്പിനും പ്രത്യേക തുക ചെലവു ചെയ്യേണ്ടതായിരിക്കുന്നു.

അതിനുംപുറമെ കഴിഞ്ഞവർഷത്തിൽ കോളേജിലെ വിദ്യാർത്ഥികളുടെ സംഖ്യ നൂറുവർഷത്തിനിന്നും വ൪ ൦ ആയിട്ട് അതായതു ഏകദേശം ഫ൦ ൦ വിദ്യാർത്ഥികളോളം വർദ്ധിച്ചിട്ടുണ്ടെന്നോള്ളതും ഓർക്കേണ്ടതായിട്ടുണ്ട്. ഇതിൽനിന്നും വ്യക്തമാകുന്നതു് ഇംഗ്ലീഷ്ശാഖയിൽ പ്രത്യേകിച്ചും എല്ലാ പുസ്തകങ്ങളുടെയും ഈരണ്ടു പ്രതിവീതം വാങ്ങിക്കേണ്ടതായിട്ടുണ്ടെന്നാണ്. അല്ലെങ്കിൽ ഏറ്റവും ആവശ്യമുള്ള ലൈബ്രേറി പുസ്തകങ്ങൾ വിദ്യാർത്ഥികൾക്കു ലഭിക്കുന്നതല്ല.

ഇപ്രകാരം മൂന്നു പ്രത്യേകകാരണങ്ങൾ ഉള്ളതുകൊണ്ടാണ് സാധാരണ വർഷങ്ങളിൽനിന്നും ഈ ആണ്ടിൽ കൂടുതൽതുക നീക്കിവെയ്ക്കേണ്ടിവന്നിട്ടുള്ളതു്. ഒന്നാമത്തേതു് ഗണിതശാസ്ത്രവകുപ്പിൽ ഓണേർസ്ക്ലാസ് ആരംഭിച്ചു നടത്തിപ്പോരുന്നതു്, രണ്ടാമത്തേതു് പ്രകൃതിശാസ്ത്രസംബന്ധമായുള്ള ലൈബ്രേറി ആവശ്യത്തിനു മതിയായ നിലയിലായിട്ടില്ലാത്തതു, മൂന്നാമത്തേതു് കോളേജിൽ ഈയ്യാണ്ടു നാ ൦ ൦ വിദ്യാർത്ഥികളോളം വർദ്ധിച്ചിട്ടുള്ളതു് എന്നിവയാകുന്നു ഈ മൂന്നു കാരണങ്ങൾ. അതിനുംപുറമെ എനിക്കു കൂട്ടുതലായി പറയാനുള്ളതു്—

മി. കെ. ഐ. ജോസഫ് (മീനച്ചിലും—ദേവികുളവും): പുസ്തകങ്ങൾക്കും മാസികകൾക്കും ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പണത്തുക എത്രവീതമാണെന്നു അറിഞ്ഞാൽകൊള്ളാം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): കോളേജിൽനിന്നും ൭ ൫൦൦ രൂപായ്ക്കുള്ള ഒരു ഗ്രാന്റിനു അപേക്ഷിച്ചു. എന്നാൽ സയൻസുകോളേജിലെ പുസ്തകങ്ങൾക്കും മാസികകൾക്കും എന്ന ഇനത്തിൽ ബഡ്ജറ്റിൽ കാണുന്നതു നൂറു രൂപാമാത്രമാണ്. ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ൭ ൫൦൦ രൂപായിൽനിന്നും മാസികകൾവകയ്ക്കായി ചെലവുചെയ്യുവാൻ ഉദ്ദേശിച്ചിരുന്നതു് ര ൫ ൦ രൂപായാണ്. ഗവണ്മെന്റു നൂറു രൂപാമാത്രമെ ഗ്രാന്റു തരുന്നുള്ളു എങ്കിൽ മാസികകൾക്കായിട്ടുള്ള ഗ്രാന്റും അതിനനുസരണമായി കുറയ്ക്കേണ്ടിവരും. ആദ്യം കണക്കാക്കപ്പെട്ടിരുന്ന ൭ ൫൦൦ രൂപാ താഴെ കാണുംപ്രകാരമാണ് വിഭജിക്കുവാൻ ഉദ്ദേശിച്ചിരുന്നതു്:

ഇംഗ്ലീഷ് വകുപ്പ്—	രൂപാ	വ൦൦
ഗണിതശാസ്ത്രവകുപ്പ്—	രൂപാ	ഫ൫൦൦
രസതന്ത്രവകുപ്പ്—	രൂപാ	ഫ൫൦൦

(സീനിയർ ബി. എ. ക്ലാസിലെ വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചതുനിമിത്തമാണ് ചെലവും അധികമായിട്ടുള്ളതു്)

പ്രകൃതിശാസ്ത്രവകുപ്പ്—	രൂപാ	൫൦൦
പ്രകൃതിതത്വശാസ്ത്രവകുപ്പ്—	രൂപാ	൨൭൫൦
നാട്ടുഭാഷകൾ—	രൂപാ	൫൦
സംസ്കൃത വകുപ്പ്—	രൂപാ	൫൦

ഞാൻ മുമ്പു പ്രസ്താവിച്ചതനുസരിച്ചാണ് കോളേജിൽനിന്നും ഈ ആണ്ടത്തെ അസാധാരണ ചെലവിലേക്കായിട്ട് ഇത്രമാത്രം കൂടുതലായ ഗ്രാന്റിനു അപേക്ഷിച്ചിട്ടുള്ളതു്. അതുകൊണ്ടു നൂറു രൂപാ ആവശ്യത്തിൽകൂടുതലാണെന്നു ഈ സഭ എന്റെ അഭിപ്രായത്തോടു യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): സർ, ഒരാണ്ടത്തെ ആവശ്യത്തിനു നൂറു രൂപാ ഒരു വലിയ തുകയാണ്. ഇത്ര വലിയ തുക ആവശ്യപ്പെടുന്നതിനു മിസ്റ്റർ സ്റ്റീഫൻസൻ പറയുന്ന കാരണങ്ങൾ മതിയായിട്ടുള്ളവയാണെന്നു എനിക്കു തോന്നീട്ടില്ല. ഗണിതശാസ്ത്രവകുപ്പിൽ ഓണേർസ് ക്ലാസ് ഈയാണ്ടു ആരംഭിച്ചിട്ടുള്ളതും അതിലേക്കു കൂടുതൽപുസ്തകങ്ങൾ ആവശ്യമുള്ളതും വാസ്തവമാണ്. സംശയം ഇല്ല. എന്നാൽ ഈ ലൈബ്രേറി പുസ്തകങ്ങൾക്ക് വലിയ വിലയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ ഉദ്ദേശിക്കുന്നതു അതിന്റെ വിദ്യാഭ്യാസസംബന്ധമായ വിലയെയല്ല, പണംസംബന്ധിച്ച വിലയെ ആകുന്നു. അതുകൊണ്ടു ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് എന്നീ വകുപ്പുകളിലെ ഓരോഇനത്തിനും വീതിവെച്ചിട്ടുള്ള തുകയിലെന്നും ഒരു തുക കുറയ്ക്കുവാവുന്നതാണെന്നാകുന്നു എന്റെ അഭിപ്രായം. അടുത്താണ്ടത്തെ ആവശ്യത്തിലേയ്ക്കു നൂറു രൂപാ ധാരാളം മതിയാകുന്നതാണെന്നും എനിക്കു തോന്നുന്നുണ്ടു്, അതുകൊണ്ടു് പക്ഷേ ഒരു ഉത്തമ

ിനിയിലുള്ള ടെലഫ്രാഫി ലൈക്കന്നതല്ലായിരിക്കാം. എന്നാൽ തൽക്കാലാവശ്യത്തിലേയ്ക്കു മതിയാകുന്ന ഒരു ടെലഫ്രാഫി സമ്പ്രദായം ഉണ്ടാക്കാവുന്നതാകുന്നു. ഇപ്പോഴുള്ള ഒരു ടെലഫ്രാഫിയോടുകൂടി അടുത്ത വർഷത്തെ ജോലി ആരംഭിക്കാവുന്നതുമാണ്. മിസ്റ്റർ സ്റ്റീഫൻസൻ അടുത്ത ആണ്ടേയ്ക്കു വേറൊരാളെ ഡിമാൻഡ് ചെയ്തുവരാനിരിക്കയില്ല. മറ്റു മാഷൻ ആവശ്യമുള്ളതാണോ അല്ലയോ എന്നു ഈ സഭ അപ്പോൾ ആലോചിച്ചു നിശ്ചയിക്കുന്നതുമാകുന്നു. അതുകൊണ്ടു ഈ കൗൺസിലിനെ ഇപ്പോൾ ഞാൻ ബുദ്ധിമുട്ടിക്കുന്നില്ല. ഈ മോഷനെസംബന്ധിച്ചു ഈ സഭ ഒരു തീരുമാനം ചെയ്യുകയേതാണെന്നു നിബന്ധിക്കയും ചെയ്തുകൊള്ളുന്നു.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ പറഞ്ഞിട്ടുള്ളതിൽനിന്നും വളരെ കൗൺസിലുമാത്രമേ കൂടുതലായിട്ടു എനിക്കു പറയുവാനുള്ളൂ. പുസ്തകങ്ങളും ആവശ്യമാണ്. കോളേജിലെ വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചിരിക്കുന്നതുകൊണ്ടു പുതിയ ക്ലൂട്ടറിയായിട്ടു ആവശ്യപ്പെട്ടിട്ടുള്ളതാണ്. കോളേജിൽ വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനു കാരണം കോളേജിലെ പ്രവേശനത്തെസംബന്ധിച്ചു നിർബന്ധപൂർവമായി ഉണ്ടായ പ്രോത്സാഹനമാണ്. ആവശ്യമുള്ള സാമഗ്രികൾ നാംകൊടുത്തപക്ഷം കോളേജിൽ ഇതു വളരെ വിദ്യാർത്ഥികൾ ഉള്ള സ്ഥിതിക്കു അവക്കു ശരിയായ വിദ്യാഭ്യാസം നാംകൊടുപ്പാൻ സാധിക്കുന്നതല്ല. ഫാം വിദ്യാർത്ഥികൾ ക്ലൂട്ടറിയിൽ ഇല്ലാതിനെയും ഗണിതശാസ്ത്രപുസ്തകപ്പിൽ ഓണേർസ് ക്ലാസ് ആരംഭിച്ചിരിക്കുന്നതിനെയും പ്രകൃതിതത്വശാസ്ത്രപുസ്തകപ്പിൽ പ്രാരംഭദശയിലുള്ള മാത്രം സ്ഥിതിചെയ്യുന്നതിനെയും ആലോചിച്ചുനോക്കുമ്പോൾ ആവശ്യപ്പെട്ടിട്ടുള്ള തുക കൂടിയതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ ഉപക്ഷേപത്തെസംബന്ധിച്ചു തീരുമാനം ചെയ്യേണ്ടതാണെന്നു ഞാൻ നിർബന്ധിക്കുന്നു.

ഉപക്ഷേപം സഭയുടെ പോട്ടിനിട്ടതിൽ തള്ളിപ്പോയി.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പോൾ എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

താഴെക്കാണുംപ്രകാരം സഭ വോട്ടുചെയ്തു.

അനുകൂലിച്ചുവർ ൧൭.

(൧)	മി.	കെ. ഐ. ജോസഫ്	(൧൦)	മി. എ. ജെ. ടോൺ
(൨)	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള	(൧൧)	,, ആർ. പത്മനാഭൻ
(൩)	,,	എ. കെ. പിള്ള	(൧൨)	,, ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള
(൪)	,,	എൻ. കുമാരൻ		
(൫)	,,	ടി. കുമാരപിള്ള	(൧൩)	,, ജി. രാമൻമേനോൻ
(൬)	,,	തയ്യുള കുഞ്ഞിരാമൻനമ്പ്യാർ	(൧൪)	,, കെ. ശിവരാമപ്പണിക്കർ
(൭)	,,	കെ. മാധവൻപിള്ള	(൧൫)	,, എം. ശിവതാണുപിള്ള
(൮)	,,	കല്ലൂർ നാരായണപിള്ള	(൧൬)	,, സി. പി. തരകൻ
(൯)	,,	എം. എൻ. പിള്ള	(൧൭)	,, കെ. കെ. തോമ്മസ്.

പ്രതികൂലിച്ചുവർ ൧൩.

(൧)	മി.	ഐ. സി. ചാക്കോ	(൧൩)	മി. എൻ. നീലകണ്ഠപ്പിള്ള
(൨)	,,	കെ. ബി. കുക്ക്	(൧൪)	,, കയ്യാലം പരമേശ്വരൻപിള്ള
(൩)	,,	ആർ. ധനക്കോടിപ്പിള്ള	(൧൫)	,, ഡബ്ലിയു. എച്ച്. പിറ്റ്
(൪)	,,	കെ. മജാജ്	(൧൬)	മിസ്സസ് എം. പൂന്നൻ ലൂക്കാസ്
(൫)	,,	എൻ. വി. ജോസഫ്	(൧൭)	മി. ടി. വി. രാമസുബ്ബയ്യർ
(൬)	,,	എസ്. ജ്ഞാനമുത്തുപാ	(൧൮)	റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ
(൭)		ഡാക്ടർ എൻ. കുഞ്ഞൻപിള്ള		
(൮)	മി.	എക്സ്. ജി. ലോപ്പസ്	(൧൯)	മി. എസ്. സി. എച്ച്. റാബ്സൻ
(൯)	,,	കെ. സി. മാമ്മൻമാപ്പിള	(൨൦)	,, ജെ. സ്റ്റീഫൻസൺ
(൧൦)	,,	ടി. ജെ. മാത്തൂ	(൨൧)	,, വി. സുബ്ബയ്യർ
(൧൧)	,,	കെ. നാരായണൻപണ്ടാല	(൨൨)	,, സി. പി. തോമസ്
(൧൨)	,,	നടേശയ്യർ	(൨൩)	,, എ. ജെ. വാൻറൊസ്.

നിഷ്പക്ഷനില സ്വീകരിച്ചവർ ൩.

(൧) മി. സി. കേരളവർമ്മ കോയിൽതമ്പുരാൻ (൨) മി. എം. സുബ്രഹ്മണ്യപിള്ള.

(൩) ,, എസ്. സുബ്രഹ്മണ്യകരയാളർ

൧൭പേർ അനുകൂലമായും ൨൩പേർ പ്രതികൂലമായും ൩പേർ നിഷ്പക്ഷനിലയിലും വോട്ടുചെയ്തുകൊണ്ടു പ്രമേയം തള്ളപ്പെട്ടു.

മോഷൻ ൧൪൩.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, താഴെ കാണുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

൧൪൩. ടെലഫ്രാഫിചാർജിലേയ്ക്കു നീക്കിവെച്ചിട്ടുള്ള ൪൨,൫൦൦ രൂപായിൽനിന്നും ൫൨,൫൦൦ രൂപ കുറയ്ക്കുണം.

സഭയുടെ സമയത്തെ വൃഥാ കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ ഈ മോഷൻ കൊണ്ടുവന്നിട്ടുള്ളതിന്റെ ഉദ്ദേശ്യം മലയാളംപള്ളിക്കൂടം വാഗ്ദാനമാത്രമാക്കാതെ അതിനു വല്ലതും വർദ്ധിപ്പിക്കുന്നതിനു ഏതെങ്കിലും മാർഗ്ഗമുണ്ടാക്കണമെന്നു മുൻപു പ്രസ്താവിച്ചിട്ടുള്ളതുതന്നെയാകുന്നു. ഈ പ്രത്യേകവർഷത്തിൽ ടെലഫ്രാഫിവകയ്ക്കു

ആവശ്യമുള്ള സാമഗ്രികൾ വാങ്ങിക്കുന്നതിനുവേണ്ടി ൪൫൦൦൦ രൂപാ ചെലവുചെയ്യുന്നതു വളരെ കൂടുതലാണ്. ഞാൻ ഇതിനുമുമ്പു പ്രോജിപ്പിച്ചിട്ടുള്ളതുപോലെ ഈ തുക രണ്ടോ മൂന്നോ വർഷങ്ങളിലായിട്ട് കൊടുക്കാവുന്നതാണ്. ൪൫൦൦൦ രൂപായിൽനിന്നും ൨൫൦൦൦ രൂപാമാത്രമേ കുറയ്ക്കുണമെന്ന് ഞാൻ ആവശ്യപ്പെടുന്നുള്ളു. അപ്രകാരം ചെയ്യുന്നതായാൽതന്നെയും ൫൦൦൦ രൂപ ശേഷിക്കുന്നതാണ്. അതു അടുത്തതായുള്ള ആവശ്യത്തിനു ധാരാളം മതിയാകുന്നതുമാണ്. അതുകൊണ്ടു വിദ്യാഭ്യാസഡയറക്ടർ ഈ കുറവിനു സമ്മതിക്കുമെന്നു വിശ്വസിക്കുന്നു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, ഈ മോഷനേയും എനിക്കു എതിർക്കേണ്ടതായിട്ടൊന്നായിരിക്കുന്നു. ഇതിലേയ്ക്കു എനിക്കു പ്രസ്താവിക്കുവാനുള്ള ന്യായങ്ങൾ ടൈത്രോറിഗ്രാൻറിനെ സംബന്ധിക്കുവാൻ ഉപയോഗിക്കേണ്ടിവന്ന ന്യായങ്ങൾതന്നെയാണ്. ൪൫൦൦൦ രൂപ ഒരു വലിയ തുകയായിട്ടു തോന്നിയേക്കാം. എന്നാൽ വാസ്തവത്തിൽ ഈ തുക ഒരു സാധാരണസംവത്സരത്തേക്കു ആവശ്യമുള്ളതിനേക്കാൾ കുറഞ്ഞതൊന്നുമാണ്. ടൈത്രോഗ്രാൻറിനെ സംബന്ധിച്ചു സംഗതിയിലെന്നപോലെതന്നെ മിസ്റ്റർ പരമേശ്വരൻപിള്ള ഒരു സാധാരണ വർഷത്തിലെ ചിലവിലേയ്ക്കു ആവശ്യമുള്ള ഒരു തുക വരുത്തക്കവണ്ണമാണ് ഒരു കുറവിനു ഇവിടെ ആവശ്യപ്പെട്ടതു്. ഞാൻ മുമ്പു് പ്രസ്താവിച്ചതുപോലെ ഈതുണ്ടു ഒരു സാധാരണതുകയല്ല. വിദ്യാർത്ഥികളുടെ സംഖ്യ ഇരട്ടിയോളം വർദ്ധിച്ചിട്ടുണ്ട്. അതായതു ഓരോ വിദ്യാർത്ഥിക്കും പ്രത്യേകംപ്രത്യേകം ക്ലോക്കിചെയ്യത്തക്കവണ്ണം ചാർജ്ജുററിക്ലോക്കികൊണ്ടു ഏതെങ്കിലും പ്രയോജനം ഉണ്ടാകുണമെങ്കിൽ നാം കൂടുതൽ തുകയ്ക്കുവേണ്ടിയും അതിലേയ്ക്കു ചെയ്യേണ്ടതായിരുന്നുതന്നെയിരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-തേവികളുവും): കോളേജിൽ ഫുകെയുള്ള സയൻസുവിദ്യാർത്ഥികളുടെ സംഖ്യ എന്താണെന്നു് അറിഞ്ഞാൽകൊള്ളാം.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ). സയൻസുവിദ്യാർത്ഥി എന്നു പറയുന്നതിൽനിന്നും മെംബർ ഉദ്ദേശിക്കുന്നതു എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കഴിഞ്ഞവർഷം ചെലവായ തുക എത്രയെന്നും അപ്പോൾ എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നുവെന്നും അറിഞ്ഞാൽകൊള്ളാം?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതുസംബന്ധിച്ച കണക്കു എന്റെ കൈവശമില്ല. ബഡ്ജറ്റിൽ അതു രേഖപ്പെടുത്തിട്ടുമില്ല: എന്നാൽ വർഷംതോറും വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടുതന്നെ വരുന്നുണ്ടെന്നുള്ളതു: കഴിഞ്ഞ എട്ടു വർഷങ്ങളിൽ ഒരു വർഷത്തിലെങ്കിലും വിദ്യാർത്ഥികളുടെ സംഖ്യ അധികമാകാതിരുന്നതായിട്ടുണ്ടെന്നു തോന്നുന്നുമില്ല:

മി. കെ. ഐ. ജോസഫ് (മീനച്ചിലും-തേവികളുവും): കോളേജിലെ വിദ്യാർത്ഥികളുടെ സംഖ്യ എത്രയെന്നു് അറിഞ്ഞാൽകൊള്ളാം.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഗണിതശാസ്ത്രവകുപ്പിലുള്ള ഓണേഴ്സ് വിദ്യാർത്ഥികളൊഴിച്ചു സയൻസുകാരായിട്ടുള്ള എല്ലാ വിദ്യാർത്ഥികളും അവരുടെ കോളേജ്വിദ്യാഭ്യാസകാലത്തിൽ ഏതെങ്കിലും സയൻസുപ്രോജക്ടി ചെയ്യുന്നവരാണ്. അതായതു ഫുകെയുള്ള ൧൫൦ വിദ്യാർത്ഥികളിൽ ൧൫൦പേരും സയൻസുപ്രോജക്ടിചെയ്യുന്നുണ്ട്.

മി. ഒ. സി. ജോസഫ് (മീനച്ചിലും-തേവികളുവും): ഫുകേഷനും എത്രപേരുണ്ടെന്നുകിലും അറിഞ്ഞാൽകൊള്ളാം.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതു ൧൫൦൦ൽനിന്നും തനിതശാസ്ത്രവകുപ്പിലുള്ള ഓണേഴ്സ് വിദ്യാർത്ഥികളുടെ സംഖ്യ നീക്കിക്കിട്ടുന്ന സംഖ്യയാണ്. ഓണേഴ്സ്വിദ്യാർത്ഥികളുടെ സംഖ്യ ഉദ്ദേശം ൧൦൦ മുതൽ ൧൫൦ വരെ അകമായിരിക്കുമെന്നു തോന്നുന്നു. എനിക്കു അതിനെപ്പറ്റി നല്ല നിശ്ചയമില്ല. അപ്രകാരം നോക്കുമ്പോൾ സയൻസുപ്രോജക്ടിചെയ്യുന്നവരായിട്ടു ൧൫൦ വിദ്യാർത്ഥികളിലധികം ഉണ്ടെന്നു കാണുവാനാണ്. ഇവർതന്നെയും പ്രകൃതിശാസ്ത്രം, രസതന്ത്രം, പ്രകൃതിഭൂതശാസ്ത്രം എന്നിവ സംബന്ധിച്ചു രണ്ടു വകുപ്പുകളിലായിട്ടാണ്. ഈ രണ്ടു വകുപ്പുകളിലേയും ആവശ്യങ്ങൾ പ്രത്യേകം സാധിച്ചുകൊടുക്കേണ്ടതായിട്ടുണ്ട്. ഈ വകുപ്പുകളിലെല്ലാം വിദ്യാർത്ഥികളുടെ എണ്ണം അധികമായിട്ടുമുണ്ട്. പ്രകൃതിശാസ്ത്രവകുപ്പിലെ ജൂണിയർ ബി. എ. ക്ലാസിലുള്ള വിദ്യാർത്ഥികളുടെ എണ്ണം ഈയാണ്ടിൽ ൫൦ൽനിന്നും നന്നുറപ്പായി വർദ്ധിച്ചിരിക്കുന്നു. അതിലേയ്ക്കായിട്ടു മുതൽ പതിനായിരം രൂപാവരെ ചെലവു വേണ്ടിവരും. അതിനു കാരണം പ്രകൃതിശാസ്ത്രവകുപ്പിലേയ്ക്കു ഏറ്റവും ആവശ്യമുള്ള ഉപകരണങ്ങൾക്കു വളരെ വില കൊടുക്കേണ്ടിയിരിക്കുന്നതാണ്. ആ ഉപകരണങ്ങളിൽ പ്രധാനമായിട്ടുള്ളതു ദൂരദർശിനികളാകുന്നു. ബി. എ. വിദ്യാർത്ഥികളിൽ ഓരോരുത്തർക്കും ഓരോ ദൂരദർശിനികൊടുക്കണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോൾ ദൂരദർശിനികൾ വാങ്ങുന്നതിലേയ്ക്കു കഴിഞ്ഞതായ ബഡ്ജറ്റിൽ പണം അനുവദിച്ചിരുന്നില്ലയോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): കഴിഞ്ഞുണ്ടായതു ബഡ്ജറ്റിൽ അതു് ഉൾപ്പെടുത്തീട്ടില്ലായിരുന്നു. ജൂണിയർ ബി. എ. ക്ലാസിൽ കഴിഞ്ഞ വർഷം ൫൦ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. ഈ വർഷം അതു് ൧൫൦ ആയിവർദ്ധിച്ചിട്ടുണ്ടു്: ഇപ്രകാരമുള്ള ആവശ്യമുള്ള ഉപകരണങ്ങൾ കൊടുക്കുവാൻ സാധിക്കുന്നതല്ലെന്നു അറിയാമായിരുന്നു എങ്കിലും ഡിമാൻഡ് കൂടുതലായിരുന്നതുകൊണ്ടു അവരെ കോളേജിൽ ചേർക്കേണ്ടതാണെന്നു വന്നുചേർന്നു. വിദ്യാർത്ഥികളുടെ സംഖ്യ അധികമാകണമെങ്കിലും ആ കാരണംകൊണ്ടുതന്നു ആവശ്യമുള്ള ഉപകരണങ്ങളും ഒരിക്കൽ നാം വിലയ്ക്കുന്നതായാൽ പിന്നീടുള്ള വർഷങ്ങളിൽ അതുസംബന്ധിച്ചുള്ള ചെലവു വളരെ കുറയുന്നതാണു. മിസ്റ്റർ പരമേശ്വരൻപിള്ളയുടെ അഭിപ്രായം നാം ഈ തുകയിൽ നിന്നും കുറഞ്ഞതുക സ്വീകരിക്കണമെന്നും അടുത്ത മൂന്നു് തുടർച്ചകൊണ്ടു ഓരോ അംശങ്ങളായി ഈ ഗ്രാന്റു മുഴുവൻ വാങ്ങിച്ചുകൊള്ളണമെന്നും ആകുന്നു. ഇപ്പോൾ കോളേജിലുള്ള വിദ്യാർത്ഥികൾക്കു ഉപകരണങ്ങൾ കൊടുക്കാതെ നിവൃത്തിയില്ലെന്നാണ് ഇതിനു സമാധാനമായി എനിയ്ക്കു പറവാനുള്ളതു്. നാം ഇപ്പോൾ വാങ്ങിക്കുന്ന ഉപകരണങ്ങൾ അടുത്തവർഷങ്ങളിലും ഉപയോഗിക്കാവുന്നതാണ്. ഈ ഗ്രാന്റു് ഇപ്പോൾ അനുവദിക്കുന്നതായാൽ ഇതു് സംബന്ധിച്ചിടത്തോളമുള്ള ചെലവു അടുത്തവർഷത്തേക്കു വേണ്ടിവരുന്നതല്ല. എന്നാൽ

രസതന്ത്രം സംബന്ധിച്ച വകുപ്പുകളിൽ ഉടഞ്ഞുംമറവും നശിക്കുന്നതിനു ചിലസാധനങ്ങൾ ഉണ്ട്. അപ്പുകാരുള്ളപ്പോൾ ഉള്ളതുകൊണ്ടേ അവ വീണ്ടും വാങ്ങിയ്ക്കുന്നതിനായിട്ട് ആണ്ടുതോറും കുറെചെലവു ചെയ്യേണ്ടി വരുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഫിസിക്സ് ലബോറേറ്ററിയെയും കെമിസ്ട്രി ലബോറേറ്ററിയെയും സംബന്ധിച്ച് മി. സ്റ്റീഫൻസൻ പ്രസ്താവിച്ച സമാധാനങ്ങൾ ഒന്നും നമ്മുടെ ഉദ്ദേശ്യത്തിനു് അനുസരണമായിട്ടുള്ളതല്ല. എഡുക്കേഷന്റെ പ്രധാനമായ ഉദ്ദേശ്യം നാട്ടുഭാഷാ വിദ്യാഭ്യാസത്തെ വിശദീകരിച്ചിട്ട് ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പോഷിപ്പിക്കേണ്ട ആവശ്യകത ഉണ്ടോ എന്നായിരുന്നു. അനുസംഗതി മനഃപൂർവം വിട്ടകളഞ്ഞിട്ടുണ്ട്. സർ, ഈ കമ്മീഷൻ നിയമിക്കുന്നതിനു മുൻപു ഇന്നയിന്ന ഇനങ്ങളിലുള്ള ചെലവു് ആലോചനകൂടാതെ വിധം കുറയ്ക്കാവുന്നതാണെന്നും അതിന്റെ ഒരംശം ഈ ആവശ്യത്തിനു വകയില്ലാതെ കഷ്ടപ്പെടുന്ന നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാർക്കുകൊടുത്തു് ഉടനടി നടത്തേണ്ട ആവശ്യത്തെ നിവൃത്തിക്കാവുന്നതാണെന്നും പ്രകൃതമായും സംശയമുണ്ടാവത്തവിധത്തിലും കാണിച്ചിട്ടുണ്ട്. ഒരുപക്ഷത്തു നാം നാട്ടുഭാഷാ വിദ്യാഭ്യാസത്തെയും ഒരിലേക്കുപേക്ഷിച്ചു പ്രവർത്തിച്ചുകൊണ്ടിരിയ്ക്കുന്ന ആളുകളേയും പേടിണിയ്ക്കിടുന്നു. മറുവശത്തു് ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പരിപൂർണ്ണതിയിൽ കൊണ്ടുവരുവാൻ യത്നിയ്ക്കുന്നു. ഇതിൽ നീതി എവിടെയാണ്? അതാണ് ഈ ഉപജ്ഞാപത്തിൽ സവ്പ്രധാനമായി ആവശ്യപ്പെടുന്നതു്. ഈ ആവശ്യം എന്നും നിലനിൽക്കുകതന്നെ ചെയ്യും. ഇതിനു അനുയോജ്യമായ പ്രമേയം വീണ്ടുംവീണ്ടും വന്നുകൊണ്ടുമിരിക്കും. ഈ പ്രമേയങ്ങൾ സ്വീകരിച്ചുപോയ ലക്ഷക്കണക്കായ തുകയിൽ അല്പകൊണ്ടു് കായ്യമില്ല. ഇതു് നമ്മുടെ നാട്ടിലുള്ളവർ ആറിയുമ്പോൾ അവർ അനിശ്ചയിച്ചുപോകുമെന്നു് എനിയ്ക്കു് അറിയാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജു പ്രിൻസിപ്പൽ): സർ, മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ ശ്രമങ്ങളെ അനുകൂലിച്ചുകൊണ്ടും ഏറ്റവും പ്രശംസനീയമായ ഒരു സ്കീമിന്റെ കരടുപ്രതിയ്ക്കു് ചില്ലറ ഭേദഗതികൾ സംശയാസ്പദമായ ഒരു മാറ്റത്തെപ്പറ്റി അഭിപ്രായപ്പെട്ടുകൊണ്ടും മി. കുഞ്ഞുപിള്ള നടത്തിയ ശ്രദ്ധേയവും നിശ്ചിതവുമായ സംഭാഷണം കേൾക്കാൻ സാധിച്ചതിൽ എനിയ്ക്കു് സന്തോഷമുണ്ടു്. മി. കുഞ്ഞുപിള്ള ഈ സംഗതിയെ ഒരു നിശ്ചിതമായ അവസാനത്തിലേയ്ക്കു കൊണ്ടുവന്നിരിക്കുന്നു. നാട്ടുഭാഷാ വിദ്യാഭ്യാസം പരിപുഷ്ടിപ്പെടുത്തുന്നതിനായുള്ള കരുതലിനും കാളേജിനുവേണ്ടി ചെലവുചെയ്യുന്ന പണത്തിനും തമ്മിൽ ഒരുപരിധിവരെ നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. മി. കുഞ്ഞുപിള്ളയുടെ അഭിപ്രായത്തെപ്പറ്റി ഞാൻ മനസ്സിലാക്കിട്ടുള്ളതു് ശരിയാണെങ്കിൽ നാട്ടുഭാഷാ വിദ്യാഭ്യാസത്തിന്റെ പരിപുഷ്ടരണത്തിനു് ആവശ്യമുള്ള ചെലവിനെ സംബന്ധിച്ചിടത്തോളം കുറവായിട്ടാണു് കാളേജു വിദ്യാഭ്യാസത്തിന്റെ കുറഞ്ഞതോതിലുള്ള കായ്യക്ഷമതയ്ക്കുവേണ്ടി ചെലവുചെയ്യുന്നതെന്നാണ് എനിക്കു പറയുവാനുള്ളതു്. വിദ്യാഭ്യാസത്തിന്റെ ഒരുപശ്ചാത്തല അഭിവൃദ്ധിയുണ്ടാക്കുന്നതിനു് കൂടുതൽ ചെലവുചെയ്യുന്നതിനുള്ള സാധിക്കുമുള്ളതാണെന്നു് എനിക്കു അറിയാം. എന്നാൽ കാളേജ് വിദ്യാഭ്യാസത്തിന്റെ പുരോഗമനം നാട്ടുഭാഷാ വിദ്യാഭ്യാസത്തിന്റെ പുറകോട്ടുള്ളഗതിക്കോ അല്ലെങ്കിൽ അതിന്റെ അവകാശാനുസരണമായ അഭിവൃദ്ധിയില്ലായ്മയ്ക്കോ കാരണമായിത്തീർന്നതെന്നു് എനിയ്ക്കു് മനസ്സിലാകുന്നില്ല. ഈസംഭാഷണത്തിനു മുൻപു് ഈസംഗതിയുടെ നിഷേധകരമായതെ വെളിപ്പെടുത്തീട്ടുണ്ടു്. പേരറയൊരിടത്തുവെച്ചു് വാദപ്രതിവാദം ചെയ്യുന്നതിനുള്ള ഒരു സംഗതിയെ സംബന്ധിച്ചു ഇവിടെ പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂർ സർവ്വകലാശാലാ കമ്മിറ്റിക്കാർ സമർപ്പിച്ച റിപ്പോർട്ടിന്റെ കരടുപ്രതിയും പുറം നോക്കണമെന്നുമാത്രം ഞാൻ മി. കുഞ്ഞുപിള്ളയോടു് അപേക്ഷിച്ചുകൊള്ളുന്നു. അവിടെ ഈസംഗതിയെപ്പറ്റി ശ്രദ്ധയവും ബഹുമാനപുരസ്സരവുമായ അഭിപ്രായങ്ങളെ ആസ്പദമാക്കി വാദപ്രതിവാദം ചെയ്തിട്ടുണ്ടു്. മദ്രാസിലെ വിദ്യാഭ്യാസനിർണ്ണയസഭയിലും അപേക്ഷിക്കുന്ന സർവ്വകലാശാലാ പരിഷ്കരണം സംബന്ധിച്ചു് മോഷൻ കൊണ്ടുവന്നപ്പോൾ കൺവെൻഷനോടുകൂടി ഈ സംഗതിയെപ്പറ്റി വാദപ്രതിവാദം നടന്നിട്ടുണ്ടു്. ഫാണറ്റബിൾ മി. എം. സി. രാജാ ഇതേമാതിരിയിലുള്ള അഭിപ്രായങ്ങളെ പ്രകടിപ്പിക്കുകയും മി. എം. സി. കറുത്തിരുടങ്ങിയ അനേകം പ്രഭാഷകന്മാർ ഇതിനു് മറുപടി പറയുകയുണ്ടായി. ഈ രണ്ടു വിദ്യാഭ്യാസ വകുപ്പുകൾക്കും തമ്മിൽ വിപരീതഭാവം ഉണ്ടാവുന്നതല്ലെന്നു് തീരുമാനിക്കയും ചെയ്തിട്ടുണ്ടു്. നമ്മുടെ നാട്ടുഭാഷാ വിദ്യാഭ്യാസത്തെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനുവേണ്ടി കഴിയുന്നതും പ്രയത്നിക്കയുമെന്നുള്ള അനുഭവം എല്ലാവർക്കും പൂർണ്ണമായ അനുഭവമുണ്ടു്. എന്നാൽ കാളേജ് സംബന്ധമായ സ്ഥാപനങ്ങളുടെ കായ്യക്ഷമതയെ കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യാൽമാത്രമേ നാട്ടുഭാഷാ വിദ്യാഭ്യാസത്തെ നടത്തുവാൻ സാധിക്കുകയുള്ളുവെന്നു് പറയുന്നതിന്റെ അർത്ഥം എനിക്കു് മനസ്സിലാകുന്നില്ല. കഴിവുള്ളിടത്തെല്ലാം ഏതാനും ചില സ്ഥാപനങ്ങളുടെ കായ്യക്ഷമതയെ കുറച്ചിട്ട് പേരറയൊരു മാർഗ്ഗത്തിൽ ഏറ്റവും സ്വീകർഹമായ ഫലം ഉണ്ടാക്കാമെന്നുള്ള ഉദ്ദേശം ന്യായമാണെന്നു് ഞാൻ തീരെ സമ്മതിക്കയില്ല. എന്റെ അഭിപ്രായത്തിൽ രണ്ടുശ്രേഢികളും പരസ്പരസംബന്ധമുള്ളതാണു്. "ഏതെങ്കിലും ഒരു ഫണ്ടു് എവിടെയെങ്കിലും ഉണ്ടാക്കിയിരിക്കണം; അല്ലെങ്കിൽ ശരിയായ ഫണ്ടുകാണാതെ കൂട്ടത്തിൽചെലവിനു് ആവശ്യപ്പെടുന്ന എന്നപറഞ്ഞു് മി. ജാഫ്രി നടത്തെ കുറയപ്പെടുത്തുന്നു; അതുകൊണ്ടു എവിടെ കിട്ടാൻ മാർഗ്ഗമുണ്ടോ അവിടെ നാം കൈകവയ്ക്കണം; അതു് ലാബോറട്ടറി ചെലവുസംബന്ധിച്ചതാ, കാളേജ് വിദ്യാഭ്യാസത്തിനു് ആവശ്യമുള്ള സാമാനങ്ങൾ സംബന്ധിച്ചതാ അല്ലെങ്കിൽ അതുപോലെയുള്ള മറേതെങ്കിലും ഇനത്തെ സംബന്ധിച്ചതാ ആയിരുന്നാലും കൊള്ളാം. നാട്ടുഭാഷാ വിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് ആവശ്യമുള്ള കുറവു് അവയിൽ ചെയ്യുമെന്നു" എന്നുപറയുന്നതു ശരിയായിട്ടുള്ളതുമല്ല; ഒരുവിധത്തിലും സാധുകരിക്കത്തക്കതുമല്ല. ഈ അബദ്ധ പരിപൂർണ്ണമായ അഭിപ്രായത്തെ വാസ്തവമാക്കി ഉറപ്പിക്കുവാനായിട്ടാകുന്നു നാട്ടുഭാഷാ വിദ്യാഭ്യാസത്തിനോ അല്ലെങ്കിൽ പ്രാഥമിക വിദ്യാഭ്യാസത്തിനോ വേണ്ടിവരുന്ന ചെലവിനോടു് താരതമ്യപ്പെടുത്തി നോക്കുമ്പോൾ കാളേജ് വിദ്യാഭ്യാസത്തിനായുള്ള ചെലവു് കേവലം സുഖാനുഭവത്തിനു മാത്രമായിട്ടുള്ളതാണെന്നു് വാദിക്കുന്നതു്. ഈ അഭിപ്രായം സമ്മതിക്കത്തക്കതല്ല. ഈ രണ്ടു വിദ്യാഭ്യാസ വകുപ്പുകൾക്കും തമ്മിൽ ഏതെങ്കിലുംതരത്തിൽ വിപരീതഭാവമുണ്ടെന്നു്, എനിയ്ക്കു് അറിവുള്ളിടത്തോളം മുതലബോധമുള്ളവരാരും സമ്മതിച്ചിട്ടില്ല. അവതമ്മിൽ ബന്ധിക്കപ്പെട്ടിട്ടുണ്ടു്. ഇവിടെയും മറ്റുസ്ഥലങ്ങളിലും ഈ അവശ്യത്തു

കാളേജ് വിദ്യാഭ്യാസത്തിനും മറ്റുവരുന്നു് നാട്ടുഭാഷാ വിദ്യാഭ്യാസത്തിനും നേരിട്ടിട്ടുള്ള മോക്ഷത്തിനു് ഉത്തരവാദിത്വം വഹിക്കുന്നതു് ഇപ്രകാരം ഇവയ്ക്കുതമ്മിൽ ഉണ്ടെന്നു് സങ്കല്പിച്ചിട്ടുള്ള വിരോധാഭാവമാണു്. കാളേജ് വിദ്യാഭ്യാസം രാജ്യത്തിന്റെ നന്മയ്ക്കു് ആവശ്യമാണു്. അതുകൊണ്ടു് എത്ര ചെലവുചെയ്താലും കാളേജ് വിദ്യാഭ്യാസത്തെ പുലർത്തിക്കൊണ്ടുപോകേണ്ടതാണു്, തന്നിമിത്തം നാട്ടുഭാഷാ വിദ്യാലയങ്ങളിലെ വാദ്ധ്യാന്മാർക്കു കൂടുതൽ ശമ്പളം നിശ്ചയിക്കുന്നതിനു് ഇടയായാലും വിരോധമില്ല, എന്നിപ്രകാരം ആരെങ്കിലും അഭിപ്രായപ്പെടുന്നതായാൽ ഇപ്പോൾ നമ്മുടെ ഇടയിൽ വ്യാപ്തമായ പ്രക്ഷോഭം ഉണ്ടാകാതിരിക്കയില്ല. അതു് ന്യായവും സ്വാഭാവികമായിട്ടുള്ളതുമാകുന്നു. അതുകൊണ്ടു് ഈസഭയുടെ മറ്റുവശത്തിരിക്കുന്ന മെമ്പർമാർ പ്രസ്തുത മോക്ഷത്തെപ്പറ്റി ഇപ്പോൾ പെട്ടു് പരിശോധിച്ചു് ഇംഗ്ലീഷുവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ചെലവിനെയും പരിശോധിക്കുവാൻ ശ്രമിക്കുകയില്ലാത്ത അതിലേക്കു ആവശ്യമുള്ള ചെലവു് കാളേജ് വിദ്യാഭ്യാസം സംബന്ധിച്ചുള്ള ചെലവു കുറച്ചു് ഉണ്ടാക്കുവാനല്ലാ നോക്കേണ്ടതെന്നാകുന്നു എനിക്കു അപേക്ഷിച്ചു പറയുവാനുള്ളതു്.

മി. സി. പി. തരകൻ (കുന്നത്തുനാടു്): മലയാള വിദ്യാഭ്യാസത്തിന്റെ നേരെയുള്ള മി. രങ്കസ്വാമി അയ്യങ്കാരുടെ സഹതാപ പ്രദർശനംകൊണ്ടുമാത്രം തൃപ്തിപ്പെടുവാൻ നിവൃത്തിയില്ല. മലയാളഭാഷാഭ്യാസനത്തിനു പണം ചെലവാക്കുന്നതു് അദ്ദേഹത്തിനു സന്തോഷമാണെന്നു തോന്നുന്നുണ്ടു്. എങ്കിലും അതിനുള്ളവഴി ഉണ്ടാക്കുന്നതിനു ശ്രമിക്കാൻപോലും അതുവരെയായിട്ടുള്ളതായി ഇതുവരെ കാണപ്പെട്ടിട്ടില്ല. കാളേജുവിദ്യാഭ്യാസം സംബന്ധിച്ചുള്ള ചെലവു വളരെ അധികമാണെന്നും അതു കുറയ്ക്കണമെന്നും മെസ്സേഴ്സ് പരമേശ്വരൻപിള്ള, എ കെ. പിള്ള മുതലായവർ പറഞ്ഞ അഭിപ്രായത്തോടു് ഞാനും യോജിക്കുന്നു. കാളേജുക്ലാസുകളിലുള്ള വെബും കസേരയും കുറയ്ക്കുന്നതിനുപോലും ഞങ്ങൾക്കു യാതൊരുവിരോധവുമില്ല. കാളേജുവിദ്യാർത്ഥികളുടേയും പ്രൊഫസർമാരുടേയും സുഖസൌകര്യങ്ങൾ എത്രത്തോളം കുറയ്ക്കാൻസാധിക്കുമോ അത്രത്തോളം കുറയ്ക്കണമെന്നാണു് പൊതുജനങ്ങളുടെ അഭിപ്രായവുംഅഭിപ്രായവുംഅതിനെകുറിച്ചു് പ്രാഥമിക വിദ്യാഭ്യാസം സംബന്ധിച്ചുള്ള ചെലവു നിവൃത്തിയുള്ളിടത്തോളം വർദ്ധിപ്പിക്കേണ്ടതു് എത്രയും അത്യാവശ്യമാണു്. ഹിനാൻഷ്യൽ സെക്രട്ടറി രു ലക്ഷം രൂപാ മിച്ചം വച്ചിരുന്നിട്ടും ആയതു പ്രാഥമിക വിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നതിലേയ്ക്കു് ചിലവാക്കാതിരുന്നതും ന്യായരഹിതമാണെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല.

മി. കെ. കെ. ജോസഫ് (മീനച്ചിലും ഭേവികുളവും): സർ, വിദ്യാഭ്യാസം സംബന്ധിച്ചുള്ള ഇപ്പോഴത്തെ ചെലവു് വർദ്ധിപ്പിക്കുവാനുള്ള ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ലെന്നു് ഹിനാൻഷ്യൽസെക്രട്ടറി അദ്ദേഹത്തിന്റെ സംഭാഷണത്തിൽ പ്രസ്താവിച്ചു. സർ, നാട്ടുഭാഷാ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതു് അത്യാവശ്യമാണെന്നു് ഈസഭയിലെ ഈ പാർശ്വത്തുള്ള മെമ്പർമാരിൽ മിക്കവർക്കും അഭിപ്രായമുണ്ടു്. കാളേജുവിദ്യാഭ്യാസം സംബന്ധിച്ചു ലൈബ്രറി, ലാബറേറ്ററി മുതലായ ഇനങ്ങൾക്കായി ചെയ്തുവരുന്ന ചെലവു് കുറയ്ക്കുകയാണെങ്കിൽ നാട്ടുഭാഷാ വിദ്യാലയങ്ങളിലെ വാദ്ധ്യാന്മാരുടെ ശമ്പളം കുറഞ്ഞ അല്പമായ പരിഹാരം ചെയ്യുവാൻ സാധിക്കുമെന്നാണു് മി. പരമേശ്വരൻപിള്ളയുടെ അഭിപ്രായം. മി. പരമേശ്വരൻപിള്ളയുടെ മോക്ഷനെ ഞാൻ വളരെ ശക്തിയോടെ അനുകൂലിക്കുന്നു. കാളേജുവിദ്യാഭ്യാസം സംബന്ധിച്ച ചെലവിൽ ആവിടെയും ഇവിടെയുമായി അദ്ദേഹം പറയുന്നപോലെ ലാഭിക്കുന്നതായാൽ മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാർക്കു എന്തെങ്കിലും ചെയ്യുവാൻ സാധിക്കുന്നതാണു്. ഒരു ശരാശരിമനുഷ്യനു എങ്ങിനെയും കാളേജുവിദ്യാഭ്യാസം സുഖത്തേടമാണും, പ്രാഥമിക വിദ്യാഭ്യാസം അത്യാവശ്യമാണും തീർന്നിട്ടുണ്ടു്. മറ്റും വിദ്യാർത്ഥികൾക്കുവേണ്ടി ഒരു വർഷത്തിനകം ചെലവാക്കുന്നതുകൊണ്ടു് അനേകം സാധുവിദ്യാർത്ഥികൾക്കും കയ്യുരുവത്തരമെഴുതുവാൻ ഇടയാകുന്നു. അതുകൊണ്ടു് മി. പരമേശ്വരൻപിള്ളയുടെ അഭിപ്രായപ്രകാരം ചെലവു കുറയ്ക്കുന്നതാണു്. ഞാൻ അദ്ദേഹത്തിന്റെ മോക്ഷത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം) (ഡെപ്യൂട്ടി പ്രസിഡൻറ്): സർ, ഞാൻ—

മി. എൻ. കുഞ്ഞൻ (ഗവണ്മെന്റുനിയമനം): സർ, ഈ ഡിപ്പാർട്ടുമെന്റിന്റെ വാർഷികപ്രതിവാദത്തിനു ഇനിയും എത്രസമയമുണ്ടെന്നു അറിഞ്ഞുകൊൾകൊള്ളാം.

പ്രസിഡണ്ടു്. സഭ മിന്നിട്ടുള്ളതിയുണ്ടു്.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം): സർ, ഈസഭയുടെ ഇപ്പോഴത്തെ അഭിപ്രായങ്ങളെല്ലാം ഞാൻ ശ്രദ്ധിച്ചുകേട്ടിട്ടുണ്ടു്. ഒരു കാരണംകൊണ്ടുമാത്രമാണു് എനിക്കു ഈ മോക്ഷത്തെ സംബന്ധിച്ചു വിപരീതാഭിപ്രായം പറയേണ്ടിവരുന്നതു്. അങ്ങനെയായാൽ നാട്ടുഭാഷാ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കു ശമ്പളവർദ്ധനവു് ചെയ്യുന്നകാര്യത്തിൽ എനിക്കു യാതൊരു വിപരീതാഭിപ്രായവും ഇല്ല. എന്നാൽ അവരുടെശമ്പളത്തിൽ ഒരു ശരാശരി കിട്ടുന്നതായാൽ മൊത്തപ്പാടെ ഒരുലക്ഷം രൂപാ വേണ്ടിവരുമെന്നു ഞാൻ കണക്കാക്കീട്ടുണ്ടു്.

മി. സി. പി. തരകൻ (കുന്നത്തുനാടു്): സർ, അതു ശരിയല്ല,

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമനം): ഏകദേശം ൧ ൫ ൦ ൦ രൂപാ വരുമെന്നു തോന്നുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു്): അതുതന്നെയുമല്ല വരുന്നതല്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമനം) അതു സംബന്ധിച്ചു ശരിയായ അഭിപ്രായം പറയുവാൻ മിസ്റ്റർ ജാങ്കിന്നു് സാധിക്കും അതു എങ്ങിനെയും ഇരിക്കട്ടെ. നമ്മുടെ ഇപ്പോഴത്തെ ആലോചനാ വിഷയംസയൻസുകാളേജിലെ ലാബറേറ്ററിചെലവിനെസംബന്ധിച്ചുതാണു്. കാളേജു പ്രവേശനം വളരെ നിയന്ത്രിക്കപ്പെട്ടിരിക്കുന്നുഎന്നും തിരുവിതാംകൂർകാരായ വിദ്യാർത്ഥികൾക്കു പ്രവേശനം ലഭിക്കുന്നതുകൊണ്ടു മദ്രാസ് കാളേജിൽ പ്രവേശനം അന്വേഷിച്ചു ദൂരസ്ഥലങ്ങളിൽ പോകേണ്ടിവരുന്നുഎന്നും ഒരു പ്രക്ഷോഭം ഇവിടെ ഉണ്ടായിരുന്നതു എല്ലാവർക്കും അറിയാവുന്നതാണു്. കാളേജുപ്രവേശനം കൊടുപ്പിക്കുന്നതിനുവേണ്ടി വളരെ പ്രക്ഷോഭങ്ങൾ നടത്തുകയും, എന്റെ ഓർമ്മ ശരിയാണെങ്കിൽ ഒരു ജനപ്രതിനിധിസംഘം ഇതു സംബന്ധിച്ചു് ഗവണ്മെന്റിനെ ഉൽബോധിപ്പിക്കുകയും അതിന്റെ ഫലമായി കാളേജിനെ ഇപ്പോൾ നാം കാണുന്നതുപോലെ ആർട്ട്സ്കാളേജുഎന്നും സയൻസ്കാളേജെന്നും രണ്ടായി പിരിക്കുകയുംചെയ്തു. സയൻസുകാളേജ് പ്രത്യേകമാക്കിയതിനുശേഷം മിസ്റ്റർ സ്റ്റീഫ്ൻസൻ പ്രസ്താവിച്ചതുപോലെ കൂടുതൽ വിദ്യാർത്ഥികൾ കാളേജിൽ ചേർന്നിട്ടുണ്ടു്. അപ്രകാരം ഇരുന്നൂറു വിദ്യാർത്ഥികളെ കൂടുതലായിചേർത്തു് അവർക്കു രസതന്ത്രസംബന്ധമായും പ്രകൃതിശാസ്ത്രസംബ

ന്ധമായും മറ്റും ഉപകരണങ്ങളും നിർമ്മിക്കുന്നതാണെന്ന് അറിയിച്ചതിനുശേഷം, ഗവണ്മെന്റ് ആവശ്യമുള്ള ഉപകരണങ്ങളും നിർമ്മിക്കാത്തതുകൊണ്ട് ഏതാനും വിദ്യാർത്ഥികൾക്കുമാത്രമേ പ്രായോഗികപരിശീലനത്തിനു സൌകര്യമുള്ളൂ എന്നും മറ്റും ചിലർ അഭിപ്രായപ്പെട്ടിട്ടില്ലെന്നും പറയുന്നതു ശരിയാണെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഈ സംഗതിയെപ്പറ്റി ഗൌരവമായി ആലോചിക്കേണ്ടതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വിദ്യാർത്ഥിയൊന്നിനു എന്തു ചെലവാകുന്നുണ്ട്?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം): കോളേജിലെ വിദ്യാർത്ഥികളുടെ സംഖ്യ ന്യൂ ഓൺ നിന്നും വൺ ആയി ഉയർത്തുന്നതുവരെ വിദ്യാർത്ഥികളോടും വഴിച്ചിട്ടുണ്ടെന്ന് മിസ്റ്റർ സ്റ്റീഫൻസൻ പ്രസ്താവിച്ചു. അവരിൽ ഫീ പേർ ഒഴികെ ശേഷമുള്ള വിദ്യാർത്ഥികളെല്ലാം സയൻസു സംബന്ധമായ ജോലിചെയ്യുന്നവരാണെന്നും അദ്ദേഹം പറഞ്ഞു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കഴിഞ്ഞവർഷം സയൻസുസംബന്ധിച്ചു ജോലിചെയ്യുന്ന വിദ്യാർത്ഥിയൊന്നിനു എന്തു ചിലവായിട്ടുണ്ടെന്ന് അറിഞ്ഞാൽകൊള്ളാം.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം): കഴിഞ്ഞതുണ്ടാൽ ചെലവു കുറവായിരിക്കണമെന്നു തോന്നുന്നു. എന്തായാലും മിസ്റ്റർ സ്റ്റീഫൻസനോടു് ഇതിനെപ്പറ്റി ചോദിച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ അദ്ദേഹത്തോടു് അതിനെപ്പറ്റി ചോദിച്ചു.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം): കൂടുതൽ വിദ്യാർത്ഥികളെ ചേർത്തിട്ടുള്ളതുകൊണ്ടു കഴിഞ്ഞ വർഷം കൊടുത്തതിനുപുറമേ കൂടുതൽ പണംവേണമെന്നാണ് അവരുടെ അഭിപ്രായം. പ്രകൃതിശാസ്ത്ര വകുപ്പ്സംബന്ധിച്ചു ലാബറേറ്ററിവിസ്തീർണമതിയായിട്ടില്ല എന്നു് ഈയിടെയാണ് അറിയിച്ചിട്ടുള്ളതു്. അതുകൊണ്ട് അതിലേക്ക് ആവശ്യമുള്ള ആയുധങ്ങളും മറ്റു് ഉപകരണങ്ങളും വാങ്ങിക്കുന്നതിനു നിവൃത്തിയില്ല. അതിനുപുറമെ വിദ്യാർത്ഥികൾ കൂടുതലായിട്ടുള്ളതുകൊണ്ട് സയൻസുസംബന്ധിച്ചു മറ്റു ശാഖകളിലും കൂടുതൽ ഫർണ്ണിച്ചറുകൾ ആവശ്യമുണ്ട്. ഈ കാരണങ്ങളെല്ലാം നോക്കുമ്പോൾ ഈ ആണ്ടു ഇതിലേക്കു അനുവദിച്ചിട്ടുള്ള ഫണ്ടിനു പുറമെ കുറച്ചു രൂപായിൽകുറയാതെ കൂടുതൽ ചെലവുചെയ്യേണ്ടതാണെന്നും അടുത്ത ടന്നതണ്ടു ആണ്ടുകളിലായിട്ടു പോരാത്തതുകൊടുക്കുന്നതു ന്യായമായിരിക്കുമെന്നു തോന്നുന്നില്ല. ഇതു് ഒരു സാധാരണവർഷമല്ലെന്നും മിസ്റ്റർ സ്റ്റീഫൻസൻ കാരണസഹിതം പറഞ്ഞിട്ടുണ്ടു്. ആ സ്ഥിതിക്കു കൂടുതൽ വിദ്യാർത്ഥികളെ ചേർത്തതിനുശേഷം ഈ ഇനത്തിലുള്ള ചെലവു് കുറയ്ക്കുന്നതു് ശരിയായനയമല്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പിരുമേടും): സർ, ലാബറേറ്ററികളിലേയ്ക്കു് ചെലവുചെയ്യാൻ ഉദ്ദേശിക്കുന്ന സംഖ്യ ൨൫൦൦൦ രൂപായാണു്. ഇതു് ഒരു വലിയ തുകയായിരിക്കുന്നതുകൊണ്ടു അതിലേക്കുള്ള ഇനങ്ങളും ഏതെല്ലാമാണെന്ന വിവരമായി പറയേണ്ടതായിരുന്നു. അതിനെപ്പറ്റി ചോദിച്ചതിനുശേഷവും ഈ ഇനത്തിൽ കഴിഞ്ഞവർഷം ചെലവായിട്ടുള്ളതു എത്രയാണെന്നു പറയുവാൻ മിസ്റ്റർ സ്റ്റീഫൻസനു കഴിഞ്ഞില്ല. ഈ സഭയിൽ ഹാജരാക്കീട്ടുള്ള ബഡ്ജറ്റിലും കഴിഞ്ഞവർഷത്തിലോ അതിനു മുമ്പിലത്തെ വർഷത്തിലോ ചെലവായിട്ടുള്ളതു് എത്രയാണെന്നു കാണുന്നില്ല. അതുകൊണ്ടു എന്റെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ള കുറയ്ക്കണമെന്നു ആവശ്യപ്പെട്ടിട്ടുള്ള തുക കുറഞ്ഞുപോയി എന്നാണ് എന്റെ അഭിപ്രായം. ഞാനും അദ്ദേഹത്തിന്റെ പ്രമേയസാരത്തോടു് പൂർണ്ണമായി യോജിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഈ ഇനത്തെ സംബന്ധിച്ച ചെലവു് അനുമാനിയമാണോഎന്നു നിശ്ചയിക്കുന്നതിനു് ആവശ്യമുള്ള വിവരങ്ങളും ഈ സഭയ്ക്കു് നൽകിട്ടില്ലെന്നുള്ള കാരണത്താൽ ഞാൻ ഈ മോഷനെ അനുകൂലിക്കുന്നു. സർ, മഹാരാജാവുതിരുമനസ്സിലെ കോളേജിൽ ഞാൻ ഒരു സയൻസു വിദ്യാർത്ഥികാണ്ടി ഇരുന്നിട്ടുണ്ടു്. രസതന്ത്രക്ലാസിൽ പഠിക്കുന്ന ഒരു ബി. എ. വിദ്യാർത്ഥിയുടെ വിദ്യാഭ്യാസത്തിനു ബന്ധിച്ചു് ചെലവാകുന്നതെന്താണെന്നു് എനിക്കു അറിയാം. ഞാൻ രസതന്ത്രം പഠിക്കുന്ന വിദ്യാർത്ഥിയായിരുന്നപ്പോൾ കെമിക്കൽ സാമാനങ്ങളുടെ ചെലവിലേക്കായി മാസംഒന്നുക്കു ഓരോ വിദ്യാർത്ഥിയും അര രൂപാവീതം കൂടുതലായി കൊടുക്കണമെന്നു് ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ കൂടുതലായി ചേർത്തിട്ടുള്ള ൨൫൦൦ വിദ്യാർത്ഥികളുടെ പ്രാഥമികവിദ്യാർത്ഥികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിനു ആവശ്യമുള്ള ചെലവുമാത്രമേ നമുക്കു ഇപ്പോൾ വഹിക്കുവാൻ സാധിക്കുന്നുള്ളൂ. അതുകൊണ്ടു ഇതു സംബന്ധിച്ചു വളരെ പ്രയത്നിക്കേണ്ടതായിട്ടുണ്ടു്. അതിലേക്കുള്ള മാർഗ്ഗം ഉയർന്നതരം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാകുന്ന തുകയിൽനിന്നും കഴിയുന്നതും ചുരുക്കിച്ചിലവു കിട്ടുന്നതിനെ ഇതിലേയ്ക്കു വിനിയോഗിക്കേണ്ടതാകുന്നു.

സയൻസ്കോളേജിലെ വിദ്യാർത്ഥികളുടെ സംഖ്യ ഈ ആണ്ടു അധികമായിട്ടുണ്ടെന്നു് മിസ്റ്റർ സ്റ്റീഫൻസൻ പറയുന്നു എങ്കിലും കോളേജ് വിദ്യാർത്ഥികൾക്കു ആവശ്യമുള്ള സാമഗ്രഹികളുടേയും ഉപകരണങ്ങളുടേയും സംഭരണത്തിനുവേണ്ടിവരുന്ന ചെലവു് ചുരുക്കുവയാൻ മാർഗ്ഗമുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. മിസ്റ്റർ പി കെ. നാരായണപിള്ളയുടെ കാലത്തു ഞാനും തിരുവനന്തപുരം കോളേജിലെ വിദ്യാർത്ഥിയായിരുന്നു. അന്നത്തെ അവസ്ഥയുമായി പരിചയമുണ്ടായിരുന്ന ഞാൻ പറിച്ചുകൊണ്ടിരുന്നതു. അതുകൊണ്ടു അതുസംബന്ധിച്ചു എനിക്കും ചില വിവരങ്ങൾ അറിയാം. ഞാൻ കോളേജിൽ ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾ ബി. എ. ക്ലാസിൽ മാത്രമേ സയൻസു പഠിപ്പിച്ചിരുന്നുള്ളു. അപ്പോൾ വിദ്യാർത്ഥിയുന്നിനുവേണ്ടിവന്നിരുന്ന ചെലവു് ഏകദേശം പതിനായിരത്തോളമായിരുന്നു. എന്നാൽ മിസ്റ്റർ സ്റ്റീഫൻസൻ ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള കണക്കനുസരിച്ചു നോക്കുന്നതായാൽ വിദ്യാർത്ഥിയൊന്നിനു ചുരുങ്ങിയതു ഒരു പതിനായിരം രൂപാവീതം ചെലവാക്കുമെന്നു കാണുന്നുണ്ടു. ഇതിൽ ഇൻടർമീഡിയറേറ ക്ലാസിൽ സയൻസ് പഠിപ്പിക്കുന്നതിനു ആവശ്യമുള്ളതുകൊണ്ടു ചെലവും ഉൾപ്പെടുന്നതാണു്. എന്നാൽ ഈ ക്ലാസുകളിലെ സാമാനങ്ങൾക്കു ബി. എ. ക്ലാസു സാമാനങ്ങളേക്കാൾ വളരെകുറച്ചേ ചെലവാക്കുകയുള്ളു. അതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക വളരെ കൂടുതലാണെന്നും, നിഷ്കൃഷ്ടമായ ചെലവുചുരുക്കുന്നപക്ഷം, വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചിട്ടുണ്ടെങ്കിലും ൩൦൦൦ രൂപാകൊണ്ടു ഇപ്പോഴത്തെ ആവശ്യങ്ങളെല്ലാം നിർവഹിക്കാവുന്നതാണെന്നും ആണു എന്റെ അഭിപ്രായം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജുപ്രിൻസിപ്പാൾ): മി. പരമേശ്വരൻപിള്ള വിദ്യാർത്ഥിയായിരുന്നപ്പോൾ കെമിക്കൽസിൽ ഉണ്ടായിരുന്ന വിലതന്നെയാണോ ഇപ്പോഴും അവയ്ക്കു ഉള്ളതെന്നു അദ്ദേഹംപറഞ്ഞാൽകൊള്ളാം.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): യുദ്ധത്തിനുശേഷം വിലവളരെ വർദ്ധിച്ചിട്ടുണ്ടു്. അതിനു ഒരു അലവൻസുകൊടുത്താലും ഞാൻ നിർദ്ദേശിച്ച തുകമതിയാകുന്നതാണു്.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ്കോളേജുപ്രിൻസിപ്പാൾ): മി. പരമേശ്വരൻപിള്ള കെമിസ്ട്രിറി ക്ലാസിലെ വിദ്യാർത്ഥിയായിരുന്നതു എപ്പോഴാണെന്നു അറിഞ്ഞാൽകൊള്ളാം.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഇരുപത്തഞ്ചോ, ഇരുപത്താറോ സംവത്സരങ്ങൾക്കു മുമ്പു്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജുപ്രിൻസിപ്പാൾ): അതിനുശേഷം ഇപ്പോൾ കെമിക്കലിന്റെ വില ൨൦൦ ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു മിസ്റ്റർ പരമേശ്വരൻപിള്ളക്കു അറിയാമോ?

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ൨൦൦ ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ടെന്നു് എനിക്കു തോന്നുന്നില്ല എങ്കിലും അതിനപ്പുറമില്ല. സ്റ്റീഫൻസൻ സംസാരിക്കുമ്പോൾ അദ്ദേഹം നമ്മെ മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): സർ, സയൻസുകോളേജിലെ ലാബ്രട്ടറിയെ സംബന്ധിച്ചുചെലവു വിവരങ്ങളും കൈവശമില്ലാത്തതിനാൽ ഞാൻ വളരെ വ്യസനിക്കുന്നു. കടലാസിൽ കാണുന്ന ചില പ്രത്യേകങ്ങളിൽ ഏതെല്ലാം ഇവിടെ വാദവിഷയമായിത്തീരുമെന്നും ഏതെല്ലാം തീരുകയില്ലെന്നും എനിക്കു മുൻകൂട്ടി ഉല്ലേഖിക്കുവാൻ സാധിച്ചില്ല. ഞാൻ ഇതിനുമുമ്പു സമ്മതിച്ചിട്ടുള്ളതുപോലെ ഈ ആണ്ടത്തേയ്ക്കു ലാബ്രട്ടറിയിലേ ആവശ്യങ്ങൾക്കു വേണ്ടതായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള ചെലവു അനിതരസാധാരണമായതെന്നു ഇപ്പോഴും സമ്മതിക്കുന്നു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): കഴിഞ്ഞവർഷത്തിലോ അതിനു മുമ്പിലത്തെ വർഷത്തിലോ വിദ്യാർത്ഥിയൊന്നിനു ചെലവായിട്ടുള്ളതു എന്തെന്നു അറിഞ്ഞാൽകൊള്ളാം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): എനിക്കു അതു സംബന്ധിച്ചു യാതൊരറിവും ലഭിച്ചിട്ടില്ലാത്തതുകൊണ്ടു പറയുവാൻ സാധിക്കുന്നതല്ല. അറിവു ലഭിച്ചിരുന്നാൽതന്നെയും, നാം ഒരു അസാധാരണ സംവത്സരത്തിൽ നടത്തേണ്ടുന്ന സംഗതികളെപ്പറ്റി ആലോചിക്കുന്നതാകകൊണ്ടു യാതൊരു പ്രയോജനവും ഇല്ല അതുകൊണ്ടു പ്രയോജനം ഒരു സാധാരണ സംവത്സരത്തെ സംബന്ധിച്ചാണെങ്കിലേയുള്ളു. ഒരു സാധാരണമല്ലാത്തസന്ദർഭത്തിൽ നടത്തേണ്ടതായ അനിതരസാധാരണമായ ചെലവിനെപ്പറ്റി ആലോചിക്കുമ്പോൾ ആകെയുള്ള ചെലവിനെ വിദ്യാർത്ഥികളുടെ സംഖ്യകൊണ്ടു ഗുണിച്ചുകിട്ടുന്ന ഫലത്തെ അടിസ്ഥാനമാക്കി കണക്കാക്കുന്നതായാൽ നമുക്കു ലഭിക്കുന്ന അറിവു് തെറ്റായിരിക്കും. അടുത്ത ആണ്ടു് നാം വാങ്ങിക്കുന്ന ഉപകരണങ്ങളിൽ ചിലതുകിലും പിന്നിട്ടുള്ള വർഷങ്ങളിലേക്കു് ഉപയോഗയോഗ്യമാകാതിരിക്കയില്ല. ഇപ്പോൾ നാം ആവശ്യപ്പെടുന്ന തുക കിട്ടുന്നതായാൽ അടുത്ത ആണ്ടത്തെ ചെലവു് നിശ്ചയമായിട്ടും കുറയ്ക്കാവുന്നതാണു്. കോളേജിൽനിന്നു് ൨൭,൦൦൦ രൂപാ ആവശ്യപ്പെട്ടിരുന്നു; എന്നാൽ അതു് ൨൫,൦൦൦ രൂപായായിട്ടു് കുറയ്ക്കപ്പെടുകയാണു് ചെയ്തിട്ടുള്ളതു്. ൬൭൦ വിദ്യാർത്ഥികളുള്ള കോളേജിലെ ഒരാണ്ടത്തെക്കുള്ള എന്റെ എസ്റ്റിമേറവു് ൩൦,൦൦൦ രൂപാ ആയിരിക്കും.

ഉപകരണങ്ങളുടെ വിലയെ സംബന്ധിച്ചു് മിസ്റ്റർ പരമേശ്വരൻപിള്ള വിദ്യാർത്ഥിയായിരുന്നകാലത്തു ആളൊന്നുക്കു് ചെലവായതിനേയും ഇപ്പോൾ ആളൊന്നുക്കു് ചെലവാകുന്നതിനേയും തമ്മിൽ താരതമ്യപ്പെടുത്തുന്നതുകൊണ്ടു് നമുക്കു യാതൊരു ഉപയോഗവും ഉണ്ടാകുന്നതല്ല. ഉദ്ദേശം പത്തു കണക്കാക്കുന്നതായാൽ മിസ്റ്റർ പരമേശ്വരൻപിള്ളയുടെ കാലത്തു് ഉണ്ടായിരുന്ന വിലയുടെ ഇരട്ടി ഇപ്പോൾ ഒരു ഉപകരണത്തിനു് വേണ്ടിവരുന്നതായികാണാം. അതുമാത്രവുമല്ല പ്രകൃതിശാസ്ത്രം, രസതന്ത്രം മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്ന രീതിക്കും വളരെ പരിഷ്കാരം വന്നിട്ടുള്ളതുകൊണ്ടു് നമുക്കു് പരിഷ്കൃതരീതിയിലുള്ള ഉപകരണങ്ങളാണു് ഇപ്പോൾ വേണ്ടിയിരിക്കുന്നതു്. മിസ്റ്റർ പരമേശ്വരൻപിള്ള വിദ്യാർത്ഥിയായിരുന്നപ്പോൾ നടത്തിവന്നിരുന്നതിൽനിന്നും ഇപ്പോൾ എത്രയോ കൂടുതലായിട്ടു് പ്രായോഗികാഭ്യസനം നടത്തുന്നുണ്ടെന്നു് അദ്ദേഹംതന്നെ സമ്മതിക്കും.

സർ, ശരിയായ വിവരങ്ങൾ തന്നിട്ടില്ലായെന്ന കാരണംകൊണ്ടു് ഈ അഭ്യർത്ഥന സഭ ഉപേക്ഷിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ വിവരങ്ങൾ ആവശ്യപ്പെടുമെന്നു് ഞാൻ വിചാരിച്ചില്ല. ഞങ്ങൾ ഈ അഭ്യർത്ഥന തയ്യാറാക്കിട്ടുള്ളതു് അത്രവളരെ വേഗത്തിലൊന്നുമല്ല. ഉപകരണങ്ങളുടെ ലിസ്റ്റുകളെല്ലാം

വളരെ സൂക്ഷ്മമായിട്ട് മനസ്സിലാക്കി എഴുതപ്പെട്ടിട്ടുള്ളതാണ്. ഞങ്ങൾ ആലോചിച്ചിട്ടുള്ള തുകയിൽനിന്നും വളരെ വലുതായ ഒരു തുക കുറച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഇപ്പോൾ കൊടുത്തിട്ടുള്ള തുക ഉടനടി നടത്തിത്തീരേണ്ടതായ ചില പ്രവൃത്തികൾക്ക് അപര്യാപ്തമായിട്ടുള്ളതാണ്.

സർ, മിസ്റ്റർ എം. കെ. പിള്ള വലപ്പട്ടത്തിനു സംഗതികളെ സംബന്ധിച്ചു് ഞാൻ വീണ്ടും ഒരു ചോദ്യം ചിലപ്പോൾ ഉണ്ടായിട്ടുണ്ടാകുമെന്ന് എനിക്കു അറിഞ്ഞുകൂടാ. ഇവിടെയും അവിടെയുമായിട്ട് അല്പാല്പമായി മിച്ചം വയ്ക്കുന്നതുകൊണ്ട് ആ തുകകൊണ്ടു നടത്തേണ്ട വിദ്യുച്ഛക്തിയുടെ അത്യുപകരണങ്ങളിലെ ഏതെങ്കിലും ഒരു സഹായം ചെയ്യുന്നതിന് സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഏതു രീതിയിലായിരുന്നാലും ഉപയോഗയോഗ്യമായ മറ്റു ചില മാർഗ്ഗങ്ങളിലേക്ക് ചെലവുചെയ്യണമെങ്കിലും പുതിയ തരത്തിൽ ചെലവു ചുരുക്കുന്നതിനേക്കാൾ ഞാൻ പ്രതിക്ഷിക്കുന്നതല്ല. വസ്തുവം പറയുന്നതുപോലെ എനിക്കു അഭിപ്രായമുള്ള ഉദ്ദേശമല്ല. നടപ്പിലാക്കുവാൻ പോകുന്നതുപോലെ ശമ്പളം വർദ്ധിപ്പിക്കണമെന്നതാണ് എന്റെ അഭിപ്രായം. കഴിഞ്ഞ പത്തു വർഷത്തിനിടയ്ക്കു അതു ക്രമേണയായി വർദ്ധിപ്പിക്കപ്പെട്ടിട്ടുണ്ട്.

മി. കെ. കെ. തോമ്മസ് (കോട്ടയം): ബ്രിട്ടീഷ് ഇൻഡ്യയിൽ നടപ്പാക്കുന്നതുപോലെ പോലീസുകാർക്ക് കൊടുക്കുന്ന ശമ്പളം എന്താണെന്ന് അറിഞ്ഞാൽകൊള്ളാം.

മി. ടെ. സ്റ്റീഫൻസൺ (വിദ്യുച്ഛക്തിവകുപ്പു ചീഫ് എഞ്ചിനീയർ): ബ്രിട്ടീഷ് ഇൻഡ്യയിൽ കൊടുക്കുന്നുവെന്നു പറഞ്ഞതിനെക്കാൾ കൂടുതൽ ശമ്പളം ഇവിടെ കൊടുക്കുന്നുണ്ട്.

മി. എ. കെ. പിള്ള (കൃഷിനാശപ്പുരക്കി): അപകടശമ്പളം എത്രയാണെന്ന വിദ്യുച്ഛക്തിസംബന്ധമായ ചട്ടങ്ങൾക്കുള്ളിൽ പറയുവാൻ കഴിയുമോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യുച്ഛക്തിവകുപ്പു ചീഫ് എഞ്ചിനീയർ): ഏതൊരു കൈപുസ്തകത്തിലും അതുസംബന്ധിച്ചു കണക്കുകൾ ഉണ്ട്. കഴിഞ്ഞകൊല്ലത്തെ സഭയിൽ ഈ കണക്കുകൾ ഞാൻ കൊടുത്തിട്ടുണ്ട്. അപകടശമ്പളം വിദ്യുച്ഛക്തി ട്രാൻസ്മിഷനിലോ വിതരണത്തിലോ മാത്രമുള്ള ഉദ്യോഗസ്ഥന്മാർക്കു മാത്രമല്ല വകയിരുത്തിയിട്ടുള്ളത്. ടെലഫോൺ ഓപ്പറേറ്റർമാരുടെ ശമ്പളം ഇവിടെ കൊടുത്തുവരുന്നുണ്ട്. താഴെ കാണുംപ്രകാരമുള്ള ശമ്പളസ്കെയിലാണ് ഞങ്ങൾ അനുവദിച്ചുതന്നിട്ടുള്ളത്. ഒരു ഓപ്പറേറ്റർ ശമ്പളം സ്വീകരണത്തിനായി ശുപാർശചെയ്യുന്നതുപോലെ നിയമങ്ങളിൽ കാണുന്നുണ്ട്. ഒരു ഓപ്പറേറ്റർ ശമ്പളം എടുത്തുപറയുന്നതിനുള്ള കാരണം ഇതാണ്. വാല്യൂമാർ സമ്മതിക്കപ്പെട്ടിട്ടുള്ള ഗ്രേഡുകളിലേക്കു ഓരോ ഇൻക്രിമെന്റ് ഡിമാർക്കേഷൻ ഗ്രേഡിൽ കവിയാതെ ഒരു ശരാശരി നിശ്ചയിച്ചിട്ടുള്ളവരായിരിക്കണമെന്നും അതിൽ നിഷ്കർഷിച്ചിട്ടുണ്ട്. തെറ്റായ ഒരു ധാരണ ഇതിനെ സംബന്ധിച്ചുണ്ടാകുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ആ നിയമത്തിൽ വീഴ്ചയും തെറ്റുകളും പറ്റുകയുണ്ടായിട്ടുണ്ടെന്നും പത്തു രൂപായിൽ കവിയുള്ള ഏതൊരു ഗ്രേഡിൻഡ് വാല്യൂമാർക്കും, സമ്മതിക്കപ്പെട്ടിട്ടുള്ള വാല്യൂമാർക്കും മാസം ശമ്പളം പത്തു രൂപായിൽതന്നെ കുറയാതെ ഒരു അലവൻസ് അനുവദിക്കപ്പെട്ടിട്ടുണ്ടെന്നതാണ്. പിന്നെയും അതിൽ ഇപ്പോൾ കാണുന്ന തുകയിൽ ഇടയ്ക്കു പറഞ്ഞിരിക്കുന്ന .....

മി. കെ. ഐ. ജോസഫ് (മീനച്ചിൽ–മേലുകാവും): ബ്രിട്ടീഷ് ഇൻഡ്യയിലും തിരുവിതാംകൂറിലും ജീവിതാവശ്യങ്ങൾക്ക് ആവശ്യമുള്ള ചെലവുകളുടെ താരതമ്യം എന്താണെന്നു് അറിഞ്ഞിരുന്നാൽ കൊള്ളാം.

മി. ജെ. സ്റ്റീഫൻസൺ (വിദ്യുച്ഛക്തിവകുപ്പു ചീഫ് എഞ്ചിനീയർ): എനിക്ക് അറിഞ്ഞുകൂടാ. അതിൽ ഇപ്പോൾ കാണുന്ന തുകയായി പറഞ്ഞിരിക്കുന്നു.

"ഫണ്ടു് അനുവദിക്കുമ്പോൾ, ആൺകുട്ടിയെന്നില്ല ഒരു രൂപാവീതവും പെൺകുട്ടിയെന്നില്ല രണ്ടു രൂപാവീതവും കണക്കാക്കി ശരാശരി ഫാക്ടർ അനുസരിച്ചു് നിർണ്ണയപ്പെടുന്ന കാപ്പിറേറഷൻ അലവൻസിന്റെ ഒരു പങ്കിനു ഓരോ ട്രയിൻഡ് വാല്യൂമാർക്കും അവകാശമുണ്ടായിരിയ്ക്കുന്നതാണ്". ശരാശരി ഫാക്ടർ നോക്കി ആണെന്നു വിചാരിയ്ക്കുന്നപക്ഷം ഫണ്ടു് അനുവദിയ്ക്കുമ്പോൾ ഒരു വാല്യൂമാരുടെ ശമ്പളം മാസമെന്നില്ല രൂപാവീതം വർദ്ധിപ്പിയ്ക്കുന്നതാണ്.

തിരുവിതാംകൂറിലാകട്ടെ, ട്രയിനിംഗ് കഴിഞ്ഞിട്ടില്ലാത്ത വാല്യൂമാർക്ക് ഫസ്റ്റ് രൂപായും ട്രയിനിംഗ് കഴിഞ്ഞിട്ടുള്ളവർക്ക് ഫൈനൽ രൂപയും ശമ്പളം കൊടുത്തുവരുന്നുണ്ട്.

മി. എ. കെ. പിള്ള (കൃഷിനാശപ്പുരക്കി): സഹായധനം വാങ്ങുന്ന വിദ്യാലയങ്ങളിലെ വാല്യൂമാർക്ക് ഒരു രൂപാമാത്രമേ ലഭിയ്ക്കുന്നുള്ളൂഎന്ന വിവരം മിസ്റ്റർ സ്റ്റീഫൻസനു അറിവില്ലയോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യുച്ഛക്തിവകുപ്പു ചീഫ് എഞ്ചിനീയർ): സഹായധനം വാങ്ങുന്ന വിദ്യാലയങ്ങളിലെ വാല്യൂമാരുടെ ശമ്പളക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിനു വളരെ താല്പര്യം കാണിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ കൊടുത്തുള്ള വരുന്ന ശമ്പളത്തെസംബന്ധിച്ചു ഡിപ്പാർട്ടുമെന്റിനു ഉത്തരവാദിത്വമില്ല.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): മിസ്റ്റർ സ്റ്റീഫൻസൻ പ്രസ്താപിച്ചപ്രകാരം ബ്രിട്ടീഷ് ഗവർമ്മെന്റു അനുവദിച്ചിട്ടുള്ള വർദ്ധനാ ഗ്രാന്റു വാല്യൂമാർക്കു കൊടുത്തുവരുന്ന ശമ്പളം തന്നെയാണോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യുച്ഛക്തിവകുപ്പു ചീഫ് എഞ്ചിനീയർ): "താഴെക്കാണുന്ന ശമ്പളസ്കെയിലാണ് ..... ഫണ്ടു അനുവദിക്കുന്നതെങ്കിൽ അപ്രകാരം ചെയ്യപ്പെട്ടിരിക്കുന്നു" ... ... ഇതാണ് നിയമത്തിൽ കാണുന്ന വാചകം.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഈ എട്ടുരൂപാ സ്ഥലം സംഘടിക്കാൻ കൊടുക്കുന്ന ഗ്രാന്റായിട്ടാണോ അതല്ലെങ്കിൽ വാല്യൂമാർക്കു കൊടുക്കുന്ന ശമ്പളമായിട്ടാണോ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്നാകുന്നു എന്റെ ചോദ്യം.

മി. ജെ. സ്റ്റീഫൻസൻ (വിദ്യുച്ഛക്തിവകുപ്പു ചീഫ് എഞ്ചിനീയർ): അതിൽ ഇപ്രകാരമാണ് കാണുന്നത്. "ശമ്പളത്തോടെ സ്കെയിൽ താഴെ കാണുംപ്രകാരമാകുന്നു" .... ശമ്പളത്തെപ്പറ്റിയല്ലാതെ ഗ്രാന്റിനെപ്പറ്റി അഭിപ്രായപ്പെട്ടിട്ടില്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു): കൊച്ചിയിൽ കൊടുത്തുവരുന്ന കുറഞ്ഞശമ്പളം എന്താണെന്ന് അറിവുണ്ടോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യുച്ഛക്തിവകുപ്പു ചീഫ് എഞ്ചിനീയർ): എനിക്കു അറിവില്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു): അതു തിരുവിതാംകൂറിൽ കൊടുക്കുന്നതിൽ കുടുതലാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സ്റ്റിപ്പിക് ഇൻഡ്യയിൽ നിലവിലുള്ളതിനു പുറമെ ഒരു അലവൻസുകൂടി കൊടുക്കുന്നുണ്ടോ എന്ന് മിസ്റ്റർ സ്റ്റീഫൻസനു അറിയാമോ?

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): അറിയാം. അലവൻസ് മാസമൊന്നിനു ഏകദേശം നൂറു രൂപായോളം വരും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അപ്രകാരം ശമ്പളം മാസം ഒന്നിനു ആകെ ഏഴു രൂപായാകുന്നുണ്ടു.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): ഉവ്വ്.

മി. പി. കെ നാരായണപിള്ള (അമ്പലപ്പുഴ): സർ, സമയം ക്ലിപ്തപ്പെടുത്തിട്ടുണ്ടെന്നുള്ള വിഷയത്തിലേയ്ക്കു നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മി. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസ ഡയറക്ടർ): നാട്ടുരാജ്യവിദ്യാലയങ്ങളിലെ വാദ്ധ്യാന്മാരുടെ ശമ്പളക്കാര്യത്തെപ്പറ്റി ഗവർണ്മെന്റിനു വേണ്ടതുപോലെ ആലോചിച്ചു വർദ്ധിപ്പിച്ചിട്ടുണ്ടു. സാധാരണക്കാരിൽനിന്നും ടേയും എഡ്യൂക്കേഷൻ എക്സ്പെൻഡിച്ചർ കമ്മിറ്റിയിൽനിന്നും ശുപാർശയനുസരിച്ചു ഫൻഡഡ് സ്കൂളുകളിലാണ് ശമ്പളക്കൂട്ടൽ കൊടുത്തതു്. ആ സന്ദർഭത്തിൽ കുറഞ്ഞ ശമ്പളക്കാരായ വാദ്ധ്യാന്മാരുടെ മാസശമ്പളത്തിൽ രണ്ടു രൂപാ വർദ്ധിപ്പിച്ചു. അതേസന്ദർഭത്തിൽതന്നെ ഹെഡ്മാസ്റ്റരന്മാരുടെ അലവൻസു കൂട്ടുതലാക്കുകയും ചെയ്തു.

സർ, ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന മോഷൻ സയൻസു കോളേജിലേക്കു ആവശ്യമുള്ള സയൻസ് സംബന്ധിച്ചു ഉപകരണങ്ങൾ വാങ്ങിക്കുവാൻ അനുവദിച്ചിട്ടുള്ള തുക കുറയ്ക്കണമെന്നുള്ളതു് സംബന്ധിച്ചാണ്.

പ്രസിഡൻറ്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഇതു വോട്ടിട്ടു തീർപ്പാക്കപ്പെടണമെന്നു ഞാൻ നിർബന്ധിക്കുന്നു.

പ്രമേയത്തെ സംബന്ധിച്ചു സഭയിൽ വോട്ടിട്ടതിനു പ്രമേയം തള്ളപ്പെട്ടു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ ഒരു പേരു് ആവശ്യപ്പെടുന്നു.

പേരു് എടുത്തതിൽ താഴെക്കാണുംപ്രകാരമായിരുന്നു ഫലം.

അനുകൂലിച്ചവർ ൧൯.

൧ മിസ്റ്റർ പി. ഹബീബ് മഹമ്മദ്
൨ ,, കെ. ഐ. ജോസഫ്
൩ ,, സി. പി. കൊച്ചുകുഞ്ഞുപിള്ള
൪ ,, എ. കെ. പിള്ള
൫ ,, എൻ. കുമാരൻ
൬ ,, ടി. കുമാരപിള്ള
൭ ,, തയ്യിൽ കുഞ്ഞിത്തൊമ്മൻ
൮ ,, കെ. മാധവൻപിള്ള
൯ ,, ടി. ജെ. മാത്യു
൧൦ ,, കല്ലൂർ നാരായണപിള്ള
൧൧ മിസ്റ്റർ പി. കെ. നാരായണപിള്ള
൧൨ ,, എം. എൻ. പിള്ള
൧൩ ,, എ. ജെ. ജോൺ
൧൪ ,, ആർ. പത്മനാഭൻ
൧൫ ,, ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള
൧൬ ,, ജി. രാമൻമേനവൻ
൧൭ ,, കെ. ശിവരാമപ്പണിക്കർ
൧൮ ,, എം. ശിവതാണുപിള്ള
൧൯ ,, സി. പി. തരകൻ

പ്രതികൂലിച്ചവർ ൨൪.

൧ മിസ്റ്റർ കെ. സി ചാക്കോ
൨ ,, ആർ. ധനക്കോടിപ്പിള്ള
൩ ,, കെ. ജാള്ള
൪ മിസ്റ്റർ എസ്. ജ്ഞാനജോക്യാ
൫ ,, സി. കേരളവർമ്മകോയിത്തമ്പുരാൻ
൬ ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൭ മിസ്റ്റർ എക്സ്. ജി. മോസ്സസ്
൮ ,, കെ. നാരായണൻപണിക്കർ
൯ ,, കെ. വി. നടേശയ്യർ
൧൦ ,, എൻ. നീലകണ്ഠപ്പിള്ള
൧൧ ,, കയ്യാലം പരമേശ്വരൻപിള്ള
൧൨ ,, ഡബ്ല്യു എച്ച്. പിറൗ
൧൩ മിസ്സ് പുന്നൻ ലൂക്കോസ്
൧൪ മിസ്റ്റർ കെ. പി. രാമസുബ്ബയ്യർ
൧൫ റാവുബഹദൂർ കെ വി. രങ്കസ്വാമി അയ്യങ്കാർ
൧൬ മിസ്റ്റർ എസ്. സി. എച്ച്. റാബിൻസൻ
൧൭ ,, ജെ. സ്റ്റീഫൻസൻ
൧൮ ,, എ. ജെ. വാൻറാസ്
൧൯ ,, ജെ. ബി കുക്ക്
൨൦ ,, എൻ. വി. ജോസഫ്
൨൧ ,, വി. സുബ്ബയ്യർ
൨൨ ,, സി. സുബ്രഹ്മണ്യകരയാളർ
൨൩ ,, സി. പി. തോമ്മസ്
൨൪ ,, കെ. കെ. തോമ്മസ്

നിഷ്പക്ഷനിലസ്വീകരിച്ചവർ—൧

മി. എം. സുബ്രഹ്മണ്യപിള്ള.

൧൯ പേർ അനുകൂലമായും ൨൪ പേർ പ്രതികൂലമായും ൧ ആൾ. നിഷ്പക്ഷനിലയിലും വോട്ടുചെയ്തതിനാൽ ഉപക്ഷേപം തള്ളപ്പെട്ടു.

ഉപക്ഷേപം ൧൩൫.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, ഞാൻ താഴെക്കാണുന്ന ഉപക്ഷേപം കൊണ്ടുവരുന്നതിനു അനുവദിക്കുമാറാകട്ടെ.

൧൩൫. സാമാനങ്ങൾ വാങ്ങിക്കുന്നതിനും അറകുറകൾ തീർക്കുന്നതിനും വേണ്ടി തീക്കിണവച്ചിട്ടുള്ള ൯൦൦ രൂപായിൽനിന്നും ൧൪൦൦ രൂപാ കുറയ്ക്കുണം.

സാമാനങ്ങൾ വാങ്ങിക്കുന്നതിനും അറകുറകൾ തീർക്കുന്നതിനും ഇത്രവളരെ പണം ചെലവാക്കണമെന്നു പ്രതിഭാസിക്കുന്നില്ല. കോളേജിൽ ൨൫൦ കുട്ടികളെ ചേർത്തിട്ടുണ്ടെന്നും അതുകൊണ്ടു കൂട്ടു

തൽ സാമാനങ്ങൾ ആവശ്യമുണ്ടെന്നും ആയിരിക്കും ഇതിന് മി. സ്റ്റീഫൻസൻ പറയുന്ന സമാധാനം. അങ്ങനെയാണെങ്കിൽതന്നെയും കൂടുതൽ സാമാനങ്ങൾക്കു വിദ്യാർത്ഥിയെന്നിന് ഫീ രൂപാവരെ ഏകദേശം ചെലവു വരുമെന്ന് തോന്നുന്നു. അഞ്ച് വള്ളത്തെ കൂടുതലുണ്ട്. കാളേജിൽ സാമാനങ്ങളുടെ കടന്മർലള്ളതുമില്ല. ഒരു കൊണ്ടു ഇപ്പോൾ ഇരിപ്പുള്ള സാമാനങ്ങൾക്കുണ്ടെ പുതിയ വിദ്യാർത്ഥികളുടെ ആവശ്യത്തേയും മി. സ്റ്റീഫൻസൻ നിർവഹിക്കുകയാണ് വേണ്ടതു്. പുതിയ വിദ്യാർത്ഥികളുടെ ആവശ്യത്തിലേക്കുമാത്രം ഫീ ൪൦ രൂപാ അനുവദിച്ചാൽ മതിയാകുന്നതാണ്. ഈ കൊണ്ടു ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ഫീ ൪൦ രൂപാ കുറയ്ക്കുണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): സർ, ഈ ഉപക്ഷേപത്തേയും എനിയ്ക്കു എതിക്കേണ്ടിയിരിക്കുന്നതിൽ ഞാൻ വളരെ വ്യസനിക്കുന്നു. കൂടുതൽ വിദ്യാർത്ഥികൾ ഉള്ളവിവരം ഞാൻ സന്തോഷമായി കൊണ്ടുവരുമെന്നു മി. പരമേശ്വരൻപിള്ള മൻക്കൂട്ടി ഉദ്ദേശിച്ചതിൽ എനിയ്ക്കു സന്തോഷമുണ്ട്. വിദ്യാർത്ഥികളെ കൂടുതലായിച്ചേർത്താൽ അവക്കു ആവശ്യമുള്ള ബഞ്ചു്, ഡെസ്ക്കു മുതലായ സാമാനങ്ങൾ കൂടാതെ കഴിയുന്നതല്ല. വിദ്യാർത്ഥികളുടെ സംഖ്യ അധികമായിട്ടുള്ളതു സാമാനങ്ങൾ അപര്യാപ്തമായിത്തീർന്നിട്ടുള്ള വകുപ്പുകളിലാണ് കാണുന്നതു. ഈ ചെലവു മറ്റുചില വകുപ്പുകളിലായിരുന്നുവെങ്കിൽ സാമാനങ്ങൾക്കു വകയ്ക്കു ചെലവു ആവശ്യമില്ലായിരുന്നു. എന്നാൽ ചില വകുപ്പുകളിൽ ഈതു് അത്യാവശ്യമുണ്ട്. ഈ ആണ്ടു നൂതനമായി ഗണിതശാസ്ത്രംസംബന്ധിച്ചു് ആരംഭിച്ചിട്ടുള്ള ഓണേഴ്സ്ക്ലാസ് ഇതിനു ഉദാഹരണമാണ്. ഇതിലേയ്ക്കു ഒരു ക്ലാസുമുറിയും അതിനു ആവശ്യമുള്ള ഡസ്ക്ക്, ബഞ്ചു്, ബ്ലാക്ക്ബോർഡ് മുതലായവ വാങ്ങിക്കേണ്ടതായിരിക്കുന്നു. അതുകൂടാതെ പ്രകൃതിശാസ്ത്രംസംബന്ധിച്ചു് ജൂനിയർ ബി. എ. ക്ലാസിൽ വിദ്യാർത്ഥികളുടെ സംഖ്യ ൨൦-നിന്നു് നൂറു ആയി വർദ്ധിച്ചിട്ടുള്ളതുകൊണ്ടു കൂടുതലുള്ള നൂറു വിദ്യാർത്ഥികളിൽ ഓരോരുത്തർക്കും പ്രായോഗിക പരിശീലനത്തിനു് വേണ്ടിയ മേശകളും, ബഞ്ചുകളും, ഇരിക്കുന്നതിനുള്ള പീഠങ്ങളും മുതലായവ ആവശ്യമാണ്. സാമാനങ്ങളുടെ അറ്റകുറ്റം വകയ്ക്കു അടുത്തവർഷം ഫ ൨൦൦ രൂപായിൽകുറയാതെ ഒരു തുക ആവശ്യമായി വേണ്ടിവരികയുള്ളു എന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. എന്നാൽ ഈ തുകയേയ്ക്കു നൂ൫൦൦ രൂപാക്കുടാതെ കഴികയില്ല, ഗണിതശാസ്ത്രം സംബന്ധിച്ചു പുതിയതായിട്ടുള്ള പ്രാക്ടിക്കൽ ക്ലാസുവകയ്ക്കു ഫ ൨൦൦ രൂപായും, പ്രകൃതി ശാസ്ത്രവകുപ്പിനു് ൨൦൦ രൂപായും വേണ്ടിവരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഫ ൪൦൦ രൂപാ മതിയാകുന്നതല്ലെന്നു് കാണുന്നതിൽ വ്യസനിക്കുന്നു. ഈ തുക ആവശ്യമാണെന്നു എനിയ്ക്കതന്നെ ബോദ്ധ്യമായിട്ടുള്ളതാണ്. ഞാൻ ഇതിലേയ്ക്കു കൊണ്ടുവന്ന ന്യായങ്ങൾ സഭയ്ക്കും ബോദ്ധ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

മി. കെ. എ. ജോസഫ് (മിനച്ചിലും മേവികളുവും): ഈ ഉപക്ഷേപത്തെ ഞാനും എതിക്കുന്നു. വിദ്യാർത്ഥികൾ ഫീസുകൊടുക്കുന്നതുകൊണ്ടു്, സാമാനങ്ങൾസംബന്ധിച്ച വിഷയങ്ങളിൽ കൂടുതൽ സുഖസൗകര്യങ്ങൾ അവക്കു നൽകുന്നതിനു ആവശ്യമുള്ളതു് ചെയ്യേണ്ടതുതന്നെ ആവശ്യമാണ്. ൨൦൦ വിദ്യാർത്ഥികൾ കൂടുതൽ ഉള്ളതു ആലോചിക്കുമ്പോൾ ൨൦൦ രൂപാ ചെലവു് വേണ്ടിവരുന്നതു അധികമാണെന്നുപറയാൻ നിവൃത്തിയില്ല. ഈ കാരണങ്ങളാൽ ആവശ്യപ്പെട്ടിട്ടുള്ള തുക ന്യായമായിട്ടുള്ളതാണെന്നു താനുണ്ടുകൊണ്ടു ഞാൻ മോഷനെ എതിക്കുന്നു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഉപക്ഷേപത്തെ സംബന്ധിച്ചു ഞാൻ നിർബന്ധിക്കുന്നില്ല.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ഫ ൪൨.

താഴേക്കാണുന്ന ഉപക്ഷേപം കൊണ്ടുവരപ്പെട്ടില്ല.

മി. കെ. കുഞ്ഞൻപിള്ള:

ഫ ൪൩. ആഫീസുചെലവുകൾക്കും പലവകച്ചെലവുകൾക്കും വേണ്ടി നീക്കിവെച്ചിട്ടുള്ള ഫ കവും രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കുണം.

ഉപക്ഷേപം പതിവു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): സർ, താഴെകാണുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ഫ ൪൪. ആഫീസുചെലവുകൾക്കും പലവകച്ചെലവുകൾക്കുമായി നീക്കിവെച്ചിട്ടുള്ള ഫ കവും രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കുണം.

ആഫീസുചെലവുകൾക്കു എല്ലാ ഡിപ്പാർട്ടുമെൻറുകളേയും ആകപ്പാടെടുത്തു കണക്കാക്കുന്നതായാൽ ഉദ്ദേശം ൧൦,൦൦൦ രൂപാ നീക്കിവെച്ചിട്ടുള്ളതായി കാണുമെന്നു് എനിക്കു തോന്നുന്നു. ഓരോ ഡിപ്പാർട്ടുമെണ്ടായിട്ടു കണക്കാക്കുന്നതായാൽ വലിയതുകയായിട്ടു കാണപ്പെടുകയില്ലെങ്കിലും എല്ലാംകൂടി നോക്കുമ്പോൾ പല വകച്ചെലവുകൾക്കും ഒരു വലിയതുക ചെലവാകുന്നുണ്ടെന്നുകാണാം. അതുകൊണ്ടു ഓരോ ഡിപ്പാർട്ടുമെണ്ടിലും ആഫീസുചെലവുകൾ, പലവകച്ചെലവുകൾ എന്നീ ഇനങ്ങളിൽ കുറവുവരുത്തേണ്ടതു് അത്യാവശ്യമാണെന്നു് എനിക്കു തോന്നുന്നു. അതുകൊണ്ടു ഈ തുക കുറയ്ക്കുണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. കെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): സർ, ഞാൻ ഈ ഉപക്ഷേപത്തിലെ അഭിപ്രായത്തെ ഖണ്ഡിക്കുന്നതിനായി എഴുന്നേൽക്കുന്നു. ആഫീസുചെലവുകൾക്കും പലവകച്ചെലവുകൾക്കും എന്നഇനത്തിൽ ബഡ്ജറിന്റെ അടിയിൽകൊടുത്തിട്ടുള്ള സൂചനയിൽകാണുന്ന ഫ കവും രൂപായിൽ കാണുന്ന ൫൦൦ രൂപാ എക്സ്ക്കർഷൻഫണ്ടിലേയ്ക്കു കൊടുക്കാനുള്ളതാകുന്നു. അതുകൊണ്ടു സാധാരണ ആഫീസുചെലവുകൾക്കു് നൂവും രൂപാമാത്രമെ കിട്ടുന്നുള്ളു. ഈ ഇനത്തെസംബന്ധിച്ചു് കൂടുതൽപറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സെൻസസ്കമ്മീഷനെപ്പോലെയുള്ള ഒരു വലിയ സ്ഥാപനത്തിലെ ആഫീസുചെലവുകൾക്കു് നൂവും രൂപാ എന്നതും ചുരുങ്ങിയ ഒരു തുകയാണെന്നു മാത്രമെ എനിയ്ക്കു അറിയിക്കുവാനുള്ളു. ചെലവുവരുന്ന ഇനങ്ങളുടെ വിവരങ്ങളും സൂക്ഷ്മമായി പരിശോധിച്ചുനോക്കീട്ടും നൂവും രൂപാ ആവശ്യംതന്നെയാണെന്നു് കണ്ടിട്ടുണ്ടു്.

എക്സ്ക്കർഷൻഫണ്ടിലേയ്ക്ക കൊടുക്കുന്ന ഒരു ത്രുപാ സംബന്ധിച്ചു ഞാൻ ഇപ്പോളുമുപ് വിവരമായി പ്രസ്താവിക്കുട്ടുണ്ട്. അവിടെന്റെ ഉദ്ദേശം ചെടികളും ജന്തുക്കളും സമ്പുഷ്ടമായുള്ള ഉഷ്ണാടുകളിലേയ്ക്കും, കായൽതീരങ്ങളിലേയ്ക്കും അല്ലെങ്കിൽ കടൽത്തീരങ്ങളിലേയ്ക്കും എക്സ്ക്കർഷൻനടത്തി കുട്ടികൾക്ക് വിദ്യാർത്ഥികൾക്ക് അവിടെ ചെന്നുനേരുയ നേരിട്ടറിവുന്ന നിരീക്ഷണംചെയ്തു വിദ്യാഭ്യാസം വിപുലീകരിക്കുന്നതിനുള്ളതാണ്.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കഴിഞ്ഞവർഷം അയ്യ എത്രെങ്കിലും എക്സ്ക്കർഷൻ നടന്നിരുന്നോ?

ശ്രീ. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): കഴിഞ്ഞവർഷം അവർ എക്സ്ക്കർഷൻ നടത്തിയോ ഇല്ലയോഎന്നു എനിക്ക അറിവില്ല. ഉണ്ടായിരുന്നിട്ടുണ്ടെങ്കിൽ അതു ഫണ്ടിന്റെ അഭാവംകൊണ്ടായിരിക്കും.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഉദ്ദേശിക്കുന്നത് ഈ വർഷത്തെപ്പറ്റിയാണ്, അതായതു് ഈ കഴിഞ്ഞുവർഷം.

ശ്രീ. ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): മെമ്പർ ഉദ്ദേശിക്കുന്നതു് ക്രിസ്മസ് —ടെ—ാം വർഷമാണോഎന്ന് എനിക്ക അറിഞ്ഞുകൂടാ. എന്നാൽ ആ വർഷത്തിൽ അവർക്ക എക്സ്ക്കർഷൻ ഉണ്ടായിരുന്നിരിക്കണം. ഇല്ലായിരുന്നെങ്കിൽ ഫണ്ടിന്റെ അഭാവമോ അല്ലെങ്കിൽ വേറെ എത്രെങ്കിലും തക്കതായ കാരണമോകൊണ്ടായിരിക്കാം. മദ്രാസ്പ്രസിഡൻസി കോളേജിലെ വിദ്യാർത്ഥികൾ വളരെക്കാലം സ്ഥിതിചെയ്യുന്ന കന്യാകുമാരിപോലെ ഒരു എക്സ്ക്കർഷൻ കഴിഞ്ഞമാണ്ടു നടത്തിയവിവരം ഇപ്പോഴിമിത്തം ഞാൻ ഓർക്കുന്നു. അവർ ഇനിയുംപോകുവാൻ ഉദ്ദേശിക്കുന്നുണ്ട്. സസ്യശാസ്ത്രംസംബന്ധിച്ചും ജന്തുശാസ്ത്രംസംബന്ധിച്ചും ശരിയായ പരിജ്ഞാനം ലഭിപ്പാണമെങ്കിൽ പെട്ടെന്നുള്ള ഓടിച്ചുള്ള പോകലിൽകൊണ്ടു് അത്രാവശ്യമാണെന്നുള്ള അഭിപ്രായം അങ്ങയ്ക്കുണ്ടു് അവർ സമ്മതിക്കുന്നുണ്ട്. ഇതുസംബന്ധിച്ചു കൂടുതൽ പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ത്രുപാ സംബന്ധിച്ചിടത്തോളം അതിന്റെ ആവശ്യകതയെ വ്യക്തമാക്കുന്നതിനു് ഇതിലധികം കൂടുതൽ ന്യായങ്ങൾ പ്രസ്താവിക്കുവാനുണ്ടെന്നു് എനിയ്ക്കു തോന്നുന്നില്ല.

ശ്രീ. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): മേശപ്പുറത്തിരി ഞാൻ നിർബന്ധിക്കുന്നില്ല.

ഉപേക്ഷപ്രകാരം അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

അദ്ധ്യക്ഷൻ: ഈ അദ്ധ്യർത്ഥനസംബന്ധിച്ചു് അനുവദിച്ചിട്ടുള്ള സമയം അവസാനിച്ചിരിക്കുന്നു.

ക്രിസ്മസ് വെക്കേഷൻ വരേയുള്ള ഉപക്ഷേപങ്ങൾ.

അദ്ധ്യർത്ഥനസംബന്ധിച്ചു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോയതുകൊണ്ടു താഴേക്കാണുന്ന ഉപക്ഷേപങ്ങൾ മേൽപ്പടി വരുപ്പെട്ടില്ല.

ശ്രീ. കെ. മാധവൻപിള്ള:

ക്രിസ്. കായികാഭ്യാസങ്ങൾ എന്ന ഇനത്തിൽ വിനിയോഗിച്ചിട്ടുള്ള ക്രസ്തൻ ത്രുപായിൽ നിന്നും ക ത ത ത്രുപാ കുറയ്ക്കുണം.

ശ്രീ. കെ. ശിവരാമപ്പണിക്കർ.

ക്രസ്തു. സയൻസ്കോളേജ്വകയ്ക്ക വിനിയോഗിച്ചിട്ടുള്ള ഉ ത, ഉ ത ത രൂപായിൽനിന്നും ക ത ത രൂപാ കുറയ്ക്കുണം.

ശ്രീ. എം. എൻ. പിള്ള:

ക്രസ്തക. സയൻസ്കോളേജ്വകയ്ക്ക നീക്കിവെച്ചിട്ടുള്ള ഉ ത, ഉ ത ത രൂപായിൽനിന്നും ക ത ത രൂപാ കുറയ്ക്കുണം.

ശ്രീ. പി. കെ. നാരായണപിള്ള:

ക്രസ്തഖ. സഞ്ചാരപ്പടി എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള ഇ ത ത രൂപാ കുറവുചെയ്യണം.

ശ്രീ. ടി. പരമേശ്വരൻപിള്ള:

ക്രസ്തഗ. പുസ്തകങ്ങൾക്കും മാസികകൾക്കും എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ന,വ ത ത രൂപായിൽനിന്നും ഫ, ത ത ത രൂപാ കുറയ്ക്കുണം.

ശ്രീ. കെ. പരമേശ്വരൻപിള്ള:

ക്രസ്തങ. സാമാനങ്ങൾ വാങ്ങിക്കുന്നതിനും അറ്റകുറ്റങ്ങൾ തീർക്കുന്നതിനും വേണ്ടി നീക്കിവെച്ചിട്ടുള്ള ക,ഇ ത ത രൂപായിൽ ഇ ത ത രൂപാ കുറയ്ക്കുണം.

ശ്രീ. കെ. പരമേശ്വരൻപിള്ള:

ക്രസ്തച. കായികാഭ്യാസങ്ങൾക്ക എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ക,ഉ ത ത രൂപായിൽനിന്നും ച,ത ത ത രൂപാ കുറയ്ക്കുണം.

ശ്രീ. കെ. പരമേശ്വരൻപിള്ള:

ക്രസ്തഛ. ആഫീസ് ചെലവുകൾക്കും പരീക്ഷ ചെലവുകൾക്കും വേണ്ടി നീക്കിവച്ചിട്ടുള്ള ഉൻ ത രൂപായിൽനിന്നും ന,ത ത രൂപാ കുറയ്ക്കുണം.

ശ്രീ. കെ. ഡി. മുഹമ്മദ്മാപ്പിള:

ക്രസ്തജ. സപ്ലൈസ്, സെർവീസസ്സ്, കണ്ടിജന്റ്സികൾ എന്ന ഇനങ്ങളിൽ നീക്കിവെച്ചിട്ടുള്ള ഫൻ,നൻ ത രൂപായിൽനിന്നും ക ത ത രൂപാ കുറയ്ക്കുണം.

ശ്രീ. ശിവതാണുപിള്ള:

ക്രസ്തവ. മഹാരാജാവു തിരുമനസ്സിലെ ആർട്ട്സ് കോളേജിലേക്ക എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ഫൻ,ങ ക ത രൂപായിൽനിന്നും ക ത ത രൂപാ കുറയ്ക്കുണം.

ശ്രീ. കെ. സി. മാമ്മൻമാപ്പിള:

ക്രസ്തൻ. ഏസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ന,ഉ ന്നു രൂപായിൽനിന്നും ക ത ത രൂപാ കുറയ്ക്കുണം.

മി. ടി. കുമാരപിള്ള:

൧൭൦. ടീച്ചേർസ് കാളേജിലേക്ക എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൧൯,൫൦൦ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. എ. കെ. പിള്ള:

൧൭൧. കാളേജു വിദ്യാഭ്യാസത്തിനു എന്ന ഇനത്തിൽ നിക്കിവെച്ചിട്ടുള്ള ൧,൧൯,൫൦൦ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണം.

മി. കെ. സി. മാമ്മൻമാപ്പിള:

൧൭൨. കാളേജു വിദ്യാഭ്യാസത്തിനു എന്ന ഇനത്തിൽ നിക്കിവെച്ചിട്ടുള്ള ൧,൧൯,൫൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. പി. കെ. നാരായണപിള്ള:

൧൭൩. കാളേജു വിദ്യാഭ്യാസത്തിനു എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൧,൧൯,൫൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. സി. പി. തോമ്മസ്:

൧൭൪. കാളേജു വിദ്യാഭ്യാസത്തിനു എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൧,൧൯,൫൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. കെ. പരമേശ്വരൻപിള്ള:

൧൭൫. കാളേജു വിദ്യാഭ്യാസത്തിനു എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൧,൧൯,൫൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. ടി. കുമാരപിള്ള:

൧൭൬. കാളേജു വിദ്യാഭ്യാസം എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൧,൧൯,൫൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. ജി. രാമൻമേനോൻ:

൧൭൭. കാളേജു വിദ്യാഭ്യാസം എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൧,൧൯,൫൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. എം. എൻ. പിള്ള:

൧൭൮. കാളേജു വിദ്യാഭ്യാസം എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൧,൧൯,൫൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. കെ. ഐ ജോസഫ്:

൧൭൯. കാളേജു വിദ്യാഭ്യാസം എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൧,൧൯,൫൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. എ. കെ. പിള്ള:

൧൮൦. ഇംഗ്ലിഷ് സ്കൂൾ വിദ്യാഭ്യാസം എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൪,൭൯,൭൯൦ രൂപയിൽനിന്നും ൧ രൂപാ കുറയ്ക്കണം.

മി. സി. പി. തോമ്മസ്:

൧൮൧. ഇംഗ്ലിഷ്സ്കൂൾ വിദ്യാഭ്യാസം എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൪,൭൯,൭൯൦ രൂപയിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. ടി. കുമാരപിള്ള:

൧൮൨. ഇംഗ്ലിഷുസ്കൂൾ വിദ്യാഭ്യാസം എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൪,൭൯,൭൯൦ രൂപയിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. എം. എൻ. പിള്ള:

൧൮൩. ഇംഗ്ലിഷുസ്കൂൾ വിദ്യാഭ്യാസം എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൪,൭൯,൭൯൦ രൂപയിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. കെ. എം. ജോസഫ്:

൧൮൪. ഇംഗ്ലിഷുസ്കൂൾ വിദ്യാഭ്യാസം എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൪,൭൯,൭൯൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. എൻ. കുമാരൻ:

൧൮൫. ഇംഗ്ലിഷുസ്കൂൾ വിദ്യാഭ്യാസം എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൪,൭൯,൭൯൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. കെ. സി. മാമ്മൻമാപ്പിള:

൧൮൬. ഫിസ്കൽ കണ്ടിൻജൻസ്ഗ്രാൻറ് എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൨൨,൭൯൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. കെ. ഐ. ജോസഫ്:

൧൮൭. ആൺകുട്ടികൾക്കുള്ള പ്രാഥമിക വിദ്യാലയങ്ങൾക്ക എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൩൭,൫൨,൪൧൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. ടി. കുമാരപിള്ള:

൧൮൮. ആൺകുട്ടികൾക്കുള്ള പ്രാഥമിക വിദ്യാലയങ്ങൾക്ക എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൩൭,൫൨,൪൧൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി. ടി. കുമാരപിള്ള:

൧൮൯. പെൺകുട്ടികൾക്കുള്ള പ്രാഥമികവിദ്യാലയങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ൨,൩൭,൧൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

ശ്രീ. സി. പി. തകോച്ചുകുഞ്ഞുപിള്ള:

ചോദ്യം. കായിക പരിശീലനം എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൫,൫൫൦ രൂപായിൽനിന്നും ൨൦൦ രൂപാ കുറയ്ക്കുന്നു.

ശ്രീ. എ. കെ. പിള്ള:

ചോദ്യം. നാട്ടുഭാഷാ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിനു നീക്കിവെച്ചിട്ടുള്ള ൨൫,൫൭,൮൯൦ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കുന്നു.

ശ്രീ. എ. ജെ. ജോൺ:

ചോദ്യം. നാട്ടുഭാഷാ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിനു മീക്കിവെച്ചിട്ടുള്ള ൨൫,൫൭,൮൯൦ രൂപായിൽനിന്നും ൪ രൂപാ കുറയ്ക്കുണം.

ശ്രീ. കെ. പരമേശ്വരൻപിള്ള:

ചോദ്യം. നാട്ടുഭാഷാ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിനു നീക്കിവെച്ചിട്ടുള്ള ൨൫,൫൭,൮൯൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുണം.

ശ്രീ. സി. പി. തോമ്മസ്:

ചോദ്യം. നാട്ടുഭാഷാ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിനു നീക്കിവെച്ചിട്ടുള്ള ൨൫,൫൭,൮൯൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുണം

ശ്രീ. ടി. കുമാരപിള്ള:

ചോദ്യം. നാട്ടുഭാഷാ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിനു നീക്കിവെച്ചിട്ടുള്ള ൨൫,൫൭,൮൯൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുണം.

ശ്രീ. എം എൻ. പിള്ള:

ചോദ്യം. നാട്ടുഭാഷാ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിനു നീക്കിവെച്ചിട്ടുള്ള ൨൫,൫൭,൮൯൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുണം.

ശ്രീ. കെ. ഐ. ജോസഫ്:

ചോദ്യം. നാട്ടുഭാഷാ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ൨൫,൫൭,൮൯൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുണം.

ശ്രീ. എൻ. കുമാരൻ:

ചോദ്യം. ഒറ്റപ്പനപരിഹാരപാഠശാലവകയ്ക്കു കൂടുതൽ ഭൂമി വിലയ്ക്കുവാങ്ങുവാനായി നീക്കിവെച്ചിട്ടുള്ള ൧,൦൦൦ രൂപായും കുറവുചെയ്യണം.

ശ്രീ. കെ. പരമേശ്വരൻപിള്ള:

ചോദ്യം. മലയാളബ്രാഹ്മണർക്കായുള്ള സ്പെഷ്യൽ സ്കൂൾവകയ്ക്കു നീക്കിവെച്ചിട്ടുള്ള ൭,൪൦൦ രൂപായും കുറവുചെയ്യണം.

ശ്രീ. എൻ. കുമാരൻ:

ചോദ്യം. മലയാളബ്രാഹ്മണർക്കായുള്ള സ്പെഷ്യൽസ്കൂൾവകയ്ക്കു നീക്കിവെച്ചിട്ടുള്ള ൭,൪൦൦ രൂപായും കുറവുചെയ്യണം,

ശ്രീ. കെ. ഐ ജോസഫ്:

ചോദ്യം. സ്പെഷ്യൽസ്കൂൾ എഡ്യൂക്കേഷൻ വകയ്ക്കു നീക്കിവെച്ചിട്ടുള്ള ൩൫,൪൭൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുണം

ശ്രീ. കെ. ഐ ജോസഫ്:

ചോദ്യം. ഹോസ്റ്റലുകളുടെ ആവശ്യത്തിലേക്കായി നീക്കിവെച്ചിട്ടുള്ള ൧൫,൭൩൭൫ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുണം.

ശ്രീ. കെ. പരമേശ്വരൻപിള്ള:

ചോദ്യം. ഹോസ്റ്റലുകളുടെ ആവശ്യത്തിലേക്കായി നീക്കിവെച്ചിട്ടുള്ള ൧൫,൭൩൭൫ രൂപായിൽനിന്നും ൪൦൦ രൂപാ കുറയ്ക്കുണം.

ശ്രീ. എൻ. കുമാരൻ:

ചോദ്യം. ടെക്സ്റ്റ്ബുക്ക് കമ്മിറ്റിവകയ്ക്കു നീക്കിവെച്ചിട്ടുള്ള ൧,൭൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുണം.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള:

ചോദ്യം. പരീക്ഷകർ എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൩൦,൦൦൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കുണം.

ശ്രീ. കെ. ഐ. ജോസഫ്:

ചോദ്യം. സഹായധനങ്ങൾ എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൫,൧൦,൦൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുണം.

ശ്രീ. കെ. പരമേശ്വരൻപിള്ള:

ചോദ്യം. സയൻസുകാളേജിലും ആർട്ട്സ്കാളേജിലുമുള്ള സ്കോളർഷിപ്പുകൾ എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൧൪,൫൦൦ രൂപായിൽനിന്നും ൧൫,൦൦൦ രൂപാ കുറയ്ക്കുണം.

ശ്രീ. കെ. പരമേശ്വരൻപിള്ള:

ചോദ്യം. സംസ്കൃതകാളേജിലെ സ്കോളർഷിപ്പുകൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ൪,൯൦൦ രൂപായിൽനിന്നും ൯,൦൦൦ രൂപാ കുറയ്ക്കുണം.

ശ്രീ. കെ. പരമേശ്വരൻപിള്ള:

ചോദ്യം. ആൺകുട്ടികൾക്കായുള്ള ഇംഗ്ലീഷുപള്ളിക്കൂടങ്ങളിലെ സ്കോളർഷിപ്പുകൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ൫൫,൫൦൦ രൂപായിൽനിന്നും ൫൦,൦൦൦ രൂപാ കുറയ്ക്കുണം.

മി. കെ. പരമേശ്വരൻപിള്ള:

൨൫൦. ട്രെയിനിംഗ്കോളേജിലെ വേതനങ്ങൾക്കായി നീക്കിവെച്ചിട്ടുള്ള ൨൦,൪൦൦ രൂപയും കുറവുചെയ്യണം.

മി. ജി. രാമൻമേനവൻ:

൨൫൧. വേതനങ്ങൾക്കും സ്കോളർഷിപ്പുകൾക്കുംവേണ്ടി നീക്കിവെച്ചിട്ടുള്ള ൯൫,൪൦൦ രൂപായിൽ നിന്നും ൯,൪൦൦ രൂപാ കുറയ്ക്കണം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള:

൨൫൨. മാപ്പുമില്ലൻ പാഠപുസ്തകങ്ങളുടെ വില്പനയ്ക്കായി നീക്കിവെച്ചിട്ടുള്ള ൩,൩൦൦ രൂപായിൽ നിന്നും ൫൦൦ രൂപാ കുറയ്ക്കണം.

മി. സി. പി. തോമ്മസ്:

൨൫൩. പലവകചെലവുകൾ എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൯,൯൭,൩൨൭ രൂപായിൽ നിന്നും ൫൦൦ രൂപാ കുറയ്ക്കണം.

മി. കെ. സി. മാമ്മൻമാപ്പിള:

൨൫൪. പലവകചെലവുകൾ എന്ന ഇനത്തിൽ നീക്കിവെച്ചിട്ടുള്ള ൯,൯൭,൩൨൭ രൂപായിൽ നിന്നും ൫൦൦ രൂപാ കുറയ്ക്കണം.

മി. എം. എൻ. പിള്ള:

൨൫൫. അഭ്യർത്ഥന XII എന്ന ഇനത്തിൽ ആകെ നീക്കിവെച്ചിട്ടുള്ള ൩൩.൪൫൨ ലക്ഷം രൂപായിൽനിന്നും ൪ രൂപാ കുറയ്ക്കണം.

മി. ജി. രാമൻമേനവൻ:

൨൫൬. അഭ്യർത്ഥന XII എന്ന ഇനത്തിൽ ആകെ നീക്കിവെച്ചിട്ടുള്ള ൩൩.൪൫൨ ലക്ഷം രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കണം.

മി. കെ. പരമേശ്വരൻപിള്ള:

൨൫൭. അഭ്യർത്ഥന XII എന്ന ഇനത്തിൽ ആകെ നീക്കിവെച്ചിട്ടുള്ള ൩൩.൪൫൨ ലക്ഷം രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കണം.

മി. എ. ജെ. ജോൺ:

൨൫൮. അഭ്യർത്ഥന XII എന്ന ഇനത്തിൽ ആകെ നീക്കിവെച്ചിട്ടുള്ള ൩൩.൪൫൨ ലക്ഷം രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കണം.

മി. സി. പി. തരകൻ:

൨൫൯. അഭ്യർത്ഥന XII എന്ന ഇനത്തിൽ ആകെ നീക്കിവെച്ചിട്ടുള്ള ൩൩.൪൫൨ ലക്ഷം രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കണം.

മി. ജി. പരമേശ്വരൻപിള്ള:

൨൬൦. അഭ്യർത്ഥന XII എന്ന ഇനത്തിൽ ആകെ നീക്കിവെച്ചിട്ടുള്ള ൩൩.൪൫൨ ലക്ഷം രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കണം.

മി. ടി. ജെ. മാത്യു:

൨൬൧. അഭ്യർത്ഥന XII എന്ന ഇനത്തിൽ ആകെ നീക്കിവെച്ചിട്ടുള്ള ൩൩.൪൫൨ ലക്ഷം രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കണം.

പ്രെസിഡണ്ട്: ൩൩.൪൫൨ ലക്ഷം രൂപായ്ക്കായുള്ള വിദ്യാഭ്യാസം അഭ്യർത്ഥന XII എന്ന ഇനത്തെസംബന്ധിച്ചു സഭയുടെ അഭിപ്രായം അറിയാനായി പോട്ടിനെ ഇട്ടുകൊള്ളുന്നു.

സഭ ഉപക്ഷേപത്തെ സമ്മതിച്ചതനുസരിച്ചു ഗ്രാൻറ് കൊടുക്കപ്പെട്ടു.

അടുത്തദിവസം കാലത്തു ൧൧മണിക്കു വീണ്ടും കൂടുന്നതാണെന്നുള്ള നിശ്ചയത്തോടുകൂടി ൪ അടിച്ചു ൩൦ മിനിട്ടായപ്പോൾ സഭ പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

നിയമസഭ ഏഴാം ലക്കം രണ്ടാമത്തെ ഇൻറു ആഗസ്റ്റ് മാസം ഒന്നാം തീയതി വിക്ടോറിയ ജൂബിലി ടൗൺഹാളിൽ വച്ചു കൂടി. പ്രൈസിഡൻറു് അഗ്രാസനാധിപത്യം വഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

[സ്റ്റാൻഡിങ്ങ് ഓർഡർ നമ്പർ ഏഴു-പ്രകാരം പ്രൈസിഡൻറു ചൂണ്ടിക്കാണിച്ച ഉത്തരവു്.

ക. സഭയുടെ ഓരോ യോഗത്തിൽ ചോദിക്കാനുള്ള ചോദ്യങ്ങളുടേയും അവയ്ക്കു കൊടുക്കുന്ന മറുപടികളുടേയും അച്ചടിച്ച പകർപ്പുകൾ പ്രൈസിഡൻറു് ആസനസ്ഥനാകുന്നതിനു ഏതു നിശ്ചിനമുമ്പായി മേശപ്പുറത്തുവച്ചിരിക്കണം.

ഖ. ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടികൾ കൊടുക്കുന്നതും താഴെ കാണിച്ചിരിക്കുന്ന ക്രമപ്രകാരമായിരിക്കണം

ഓരോ പ്രശ്നകർത്താവിൻറെയും പേരു നമ്പർക്രമപ്രകാരം സെക്രട്ടറി വിളിക്കയും അദ്ദേഹത്തിൻറെ ചോദ്യങ്ങളുടെ നമ്പർ പ്രസ്താവിക്കയും ചെയ്തിട്ടു അദ്ദേഹത്തിനു വല്ല ഉപചോദ്യങ്ങളും ചോദിക്കാനുണ്ടെങ്കിൽ അതിനു സൗകര്യപ്പെടുവാൻവണ്ണം തൻറെ സ്ഥാനത്തു എഴുനേറ്റു നില്ക്കുവാൻ അല്പസമയം കൊടുക്കണം. പ്രധാനചോദ്യങ്ങളെ തുടർന്നതന്നെ അവയെ സംബന്ധിച്ച ഉപചോദ്യങ്ങളും ചോദിക്കേണ്ടതാകുന്നു.]

നെൽപുര ചന്തിരം.

ൻസു. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): താഴെപറയുന്ന സംഗതികളെ ഗവണ്മെൻറു് ദയവായി പറയുമോ?

(എ) റെവന്യൂഡിപ്പാർട്ടുമെൻറിൽ മേൽകണ്ടാംണം വകുപ്പിൽ നെൽപുരചന്തിരക്കാരനായി നൂറു വയസ്സു പ്രായമുള്ള ഒരാളെ പുതുതായി നിയമിച്ചിട്ടു അയാളെ വയസ്സുചട്ടത്തിൽനിന്നു ഒഴിവാക്കണമെന്നുള്ള ശിപാർശ ത്രികൂതി കമ്മീഷണരിൽനിന്നും ഗവണ്മെണ്ടിൽ കിട്ടീട്ടുണ്ടോ?

(ബി) ഈ ആളെ വയസ്സുചട്ടത്തിൽനിന്നും ഒഴിവാക്കണമെന്നു ഗവണ്മെൻറിലേക്കു ശിപാർശചെയ്യുന്നതിനു മുമ്പായിതന്നെ സ്ഥിരമായിട്ടാണൊ നിശ്ചയിച്ചിട്ടുള്ളതു?

(സി) ഒഴിവാക്കി കല്പനവാങ്ങുന്നതിനു മുമ്പായിരുന്നെ അയാളെ സ്ഥിരമായി നിയമിച്ചതിനാൽ നിയമനാധികാരി ഗവണ്മെൻറുത്തരവുകളെ ലംഘിച്ചിട്ടില്ലയോ?

(ഡി) ഈ ചന്തിരക്കാരൻറെ ജാമ്യത്തുക വർദ്ധിപ്പിക്കണമെന്നകാണിച്ചയച്ച ഗവണ്മെൻറുകല്പനയ്ക്കു തന്നെ ആ ഉദ്യോഗത്തിൽ മൂന്നുവർഷമായി "സബ്പ്രോട്ടം" ആയി ജോലി ചെയ്യുന്ന ആളെ അയാൾ വർദ്ധിപ്പിച്ച ജാമ്യം കൊടുത്താൽ സ്ഥിരപ്പെടുത്തണമെന്ന ഉത്തരവിട്ടിരുന്നില്ലേ എന്നും ഉണ്ടെങ്കിൽ ആ ജാമ്യം കൊടുക്കുന്നതിനു അയാൾക്കു വീഴ്ചചെയ്തോ എന്നും പറയുമോ?

(ഇ) ജാമ്യം കൊടുക്കാമെന്നു അയാൾ സമ്മതിച്ചിരുന്നു എങ്കിൽ ഗവണ്മെൻറുത്തരവിനെ തിരസ്കരിച്ചു മുമ്പു വയസ്സു പ്രായമുള്ള ഒരു അന്യനെ നിയമിക്കുന്നതിനുണ്ടായ കാരണങ്ങൾ എന്താണെന്നു പറയുമോ?

(എഫ്) ഈ ചന്തിരക്കാരൻ ഉദ്യോഗത്തിനു ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നവർ അതും അപേക്ഷിച്ചിട്ടുണ്ടായിരുന്നില്ലേ എന്നും ഉണ്ടായിരുന്നെങ്കിൽ അവരുടെ അവകാശങ്ങളെ അവഗണിച്ചു ഒരു അന്യനെ നിയമിപ്പാൻ കാരണമെന്തെന്നും ഗവണ്മെൻറു ഒരു റിപ്പോർട്ടു വരുത്തുമോ?

(ജി) ആ ഉദ്യോഗത്തിലിരുന്നിനു പിരിച്ചുവിട്ട ആക്കിംഗ് ചന്തിരക്കാരൻ എകദേശം രണ്ടാഴ്ചയോളം ഉദ്യോഗമൊന്നുമില്ലാതെ അലഞ്ഞുനടക്കേണ്ടി വന്നോ എന്നും ഈ സർവീസ് മുടക്കം നിമിത്തം അയാളുടെ പെൻഷനു വല്ല ഹാനിയും ഉണ്ടോ എന്നും പറയുമോ?

(എച്ച്) ഈ വർഷത്തിലധികം ശരിയായസർവീസുള്ള ഒരു കീഴുദ്യോഗസ്ഥനെ അല്പകാലത്തേക്കെങ്കിലും ജോലിയില്ലാതെ പിരിച്ചുവിട്ടതെന്തിനെന്നും അതിനു ഉത്തരവാളി ആരാണെന്നും പറയുമോ?

മി: കെ. നാരായണൻപണ്ടാല (ഗവണ്മെൻറു ആക്ടിംഗ് ചീഫ്സെക്രട്ടറി): (എ) ഉവ്വ്.

(ബി) അതെ.

(സി) ഉദ്യോഗത്തിൽ നിയമിക്കുന്ന ആളെ വയസ്സുചട്ടത്തിൽനിന്നു ഗവണ്മെൻറു ഒഴിവാക്കി അനുവദിച്ചുവരുന്നതിനു മുമ്പായി പേഴ്സണൽ സ്ഥിരമായ് നിയമിച്ചതു അക്ഷരപ്രകാരം ശരിയല്ല. എന്നാൽ അടിയന്തിരകാര്യങ്ങളിൽ ഗവണ്മെൻറുവാദം പിന്നീടുചേർക്കുമെന്നുള്ള പ്രതീക്ഷയിന്മേൽ അങ്ങനെയുള്ള നിയമനങ്ങളും ചിലപ്പോൾ ചെയ്യാറുണ്ടു്. ഗവണ്മെൻറിൻറെ ഉന്നം ഉദ്ദേശിച്ചും ജോലി നടപ്പിനുംവേണ്ടി ഉത്തരവാദിത്വമുള്ള ഒരു ഉദ്യോഗസ്ഥൻ ഇങ്ങനെ ചെയ്യുന്നതു ഗവർണ്മെൻറു കല്പന ലംഘിക്കയാണെന്നു വിചാരിക്കുകയില്ല.

(ഡി) "ഉദ്യോഗത്തിലിരിക്കുന്ന ചന്തിരക്കാരൻ അധികമായാവശ്യപ്പെട്ടിട്ടുള്ള ജാമ്യം ഉടനെ കെട്ടിവയ്ക്കാൻ ആവശ്യപ്പെടണം" എന്നു ഗവണ്മെൻറുകല്പനയ്ക്കു പ്രസ്താവിച്ചിരുന്നു. ജാമ്യംകൊടുക്കുവാൻ അയാൾ വീഴ്ചചെയ്തില്ല.

(ഇ) മുൻപുണ്ടായിരുന്ന ഉദ്യോഗസ്ഥൻ ആ ഉദ്യോഗത്തിനു അയോഗ്യനാണെന്നു പേഷ്ക്കാർ കണ്ടെത്തുകയും ഒരു അന്യനെ നിയമിച്ചു. പുതുതായി നിയമിച്ചയാളാണോ ആ ഉദ്യോഗത്തിനു ഉള്ളവരിൽ പരമയോഗ്യൻ എന്നു രണ്ടു പേഷ്ക്കാരന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്,

(എഫ്) നിയമനം കഴിഞ്ഞുപോയതുകൊണ്ടു അങ്ങനെ ചെയ്യാൻ ആവശ്യമുണ്ടെന്നു ഗവർണ്മെന്റു വിചാരിക്കുന്നില്ല.

(ജി) കാര്യം പരിശോധനയിൽ ഇരിക്കുന്നു.

(എച്ച്) അന്വേഷണം നടത്തും.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): (സി) ഭാഗം മറുപടിയെസംബന്ധിച്ച്, ആ ഉദ്യോഗത്തിൽ സ്ഥിരമായി നിയമിക്കുന്നതിനുണ്ടായ താമസമെന്തായിരുന്നു എന്നു ചീഫ്സെക്രട്ടറി അറിയുമോ?

ശ്രീ: കെ. നാരായണൻ പണ്ടാല (അക്കിംഗ് ഗവർണ്മെന്റു ചീഫ്സെക്രട്ടറി): തൽസമയം ജോയിന്റു അഗ്രിക്കൾച്ചറൽ ഓഫീസർക്കു പകരം മറ്റാരേയെങ്കിലും നിയമിക്കണമെന്നും തഹശീൽദാർ പേഷ്ക്കാർക്കു റിപ്പോർട്ടയച്ചു എന്നാണു എന്റെ അറിവു.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ആ റിപ്പോർട്ടയച്ചതു എപ്പോഴാണ്?

ശ്രീ: കെ. നാരായണൻപണ്ടാല (അക്കിംഗ് ഗവർണ്മെന്റു ചീഫ്സെക്രട്ടറി): പുതിയ ആളെ നിയമിച്ചതിനു കുറച്ചു മുമ്പു.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അന്യനെ സ്ഥിരമായി നിയമിക്കുന്നതിനു മുമ്പായി, ആക്ടറചെയ്യുന്നവൻ അധികജാമ്യം കൊടുത്താൽ ആയാളെ ആ സ്ഥാനത്തു സ്ഥിരപ്പെടുത്തുന്നതാണെന്നു പേഷ്ക്കാർ തഹശീൽദാർക്കു രേഖാമൂലം ഒരു കല്പന അയച്ചുസംഗതി ചീഫ്സെക്രട്ടറിക്കു അറിവുണ്ടോ?

ശ്രീ: കെ. നാരായണൻപണ്ടാല (അക്കിംഗ ഗവർണ്മെന്റു ചീഫ്സെക്രട്ടറി): ആ കടലാസ്സു ഗവർണ്മെന്റിന്റെ മുമ്പാകെ ഇല്ല.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അങ്ങനെ ഒരു കല്പന അയക്കുക ഉണ്ടായോ എന്നു അദ്ദേഹം അന്വേഷിക്കുമോ?

ശ്രീ: കെ. നാരായണൻപണ്ടാല (അക്കിംഗ്ഗവർണ്മെന്റു ചീഫ്സെക്രട്ടറി): അന്വേഷിക്കാം.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): (ഡി) ഭാഗം മറുപടിയെ സംബന്ധിച്ചു ഈ ചന്തിരക്കാരന്റെ ജാമ്യം അധികമാക്കണമെന്നു അയച്ചിരുന്ന ഗവർണ്മെന്റുകല്പനയിൽ ആ ഉദ്യോഗത്തിൽ മുന്നുകെല്ലുമായി സബ്പ്രൊട്ടം ജോലി നോക്കുന്നയാളെ സ്ഥിരപ്പെടുത്തണമെന്നും കല്പിച്ചിരുന്നില്ലയോ എന്നാണിരുന്നു ചോദ്യം.

ശ്രീ: കെ. നാരായണൻ പണ്ടാല (അക്കിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): അങ്ങനെ കല്പന ഉണ്ടായിരുന്നില്ല.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നിയമിച്ചയാളെ വയസ്സു കുറിപ്പത്തിൽ പ്രായം ഒഴിവാക്കി ഗവണ്മെന്റനു ബോധംകിട്ടുന്നതിനു മുമ്പായി അയാളെ സ്ഥിരമായി നിയമിച്ചുകൂടായിരുന്നോ?

ശ്രീ: കെ. നാരായണൻ പണ്ടാല (അക്കിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): (സി) ഭാഗം മറുപടിയിൽ പറഞ്ഞിട്ടുണ്ടു.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): (സി) യിൽ പ്രസ്താവിച്ച അടിയന്തിരം എന്തായിരുന്നു? ആക്ടു ചെയ്തിരുന്നയാൾ മൂന്നുവർഷമായി ആ ഉദ്യോഗം നിർവഹിക്കുന്നില്ലായിരുന്നോ?

ശ്രീ: കെ. നാരായണൻ പണ്ടാല (അക്കിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): പുതിയ ആളെ നിയമിക്കുന്നതുവരെ കുറേക്കാലമായി അയാൾ ആ ജോയിന്റോക്കുനായിരുന്നു. അയാൾക്കെതിരായി ഒരു റിപ്പോർട്ടുണ്ടായി.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): റിപ്പോർട്ടിന്റെ സ്വഭാവം എന്തായിരുന്നു?

ശ്രീ: കെ. നാരായണൻ പണ്ടാല (അക്കിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): റിപ്പോർട്ടിലെ വിവരങ്ങൾ അതിന്റെ പകർപ്പു കിട്ടിയശേഷമേ പറവാൻ കഴികയുള്ളു.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ആക്ടു ചെയ്തിരുന്ന മനുഷ്യന്റെ മേൽ അത്രയ്ക്കു പ്രതികരമായി വല്ലതും ഉണ്ടായിരുന്നെങ്കിൽ അധികജാമ്യംകൊടുത്തു അയാളെ സ്ഥിരപ്പെടുത്തുന്നതായിരിക്കും എന്നു ദിവാൻ പേഷ്ക്കാരുടെ കല്പനയിൽ പ്രസ്താവിപ്പാൻ സംഗതി ഉണ്ടായിരുന്നോ?

ശ്രീ: കെ. നാരായണൻ പണ്ടാല (അക്കിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): അങ്ങനെ കല്പനയുണ്ടായിരുന്നോ എന്നു എനിക്കിപ്പോൾ പറവാൻ കഴികയില്ല.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): (ഇ) ഭാഗം ചോദ്യത്തിന്റെ മറുപടിയിൽ അയാളെ ആ ഉദ്യോഗത്തിനു അയോഗ്യനായി കണ്ടു എന്നു പറഞ്ഞിരിക്കുന്നു. എപ്പോഴാണു അയാളെ അയോഗ്യനായികണ്ടതു?

ശ്രീ: കെ. നാരായണൻ പണ്ടാല (അക്കിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): പുതിയ നിയമനത്തിനു അപ്പുതിവസംമുമ്പു?

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അധിക ജാമ്യം കൊടുത്താൽ അയാളെ സ്ഥിരപ്പെടുത്തുമെന്നു പിന്നെ എന്തിനാണ്പറഞ്ഞതു?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ചന്തിരക്കാരന്റെ ജോലി നോക്കിയിരുന്ന ആളിന്റെമേൽ അഴിമതിക്കാർ ഒരു റിപ്പോർട്ടയച്ചു. അതുകൊണ്ടാണു് ഒരു പുതിയ ആളെ നിയമിക്കേണ്ടിവന്നതു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): പിന്നെ എന്തിനാണു് അയാൾക്കു് അധികജാമ്യം കൊടുക്കണമെന്നു ഗവണ്മെൻറാവശ്യപ്പെട്ടതു?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ആ ഉദ്യോഗത്തിനു അധികജാമ്യം വേണമെന്നും ആ ഉദ്യോഗത്തിലിരിക്കുന്ന ആൾക്കു അധികജാമ്യം കൊടുക്കണമെന്നും ആയിരുന്നു ഗവണ്മെൻറു കല്പന.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അയോഗ്യനായ ഒരാളോടു അധികജാമ്യം കൊടുപ്പാൻ ആവശ്യപ്പെട്ടതെന്തിനു്?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അയാളോടു പ്രത്യേകമായാ ആവശ്യപ്പെട്ടിട്ടില്ല. ആ ഉദ്യോഗം വഹിച്ചിരുന്നയാളെ സംബന്ധിച്ചായിരുന്നു കല്പന.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അങ്ങനെചെയ്യാൻ പേഷ്കാർ അയാളോടാവശ്യപ്പെട്ടതെന്തിനു്?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അധികം ജാമ്യം ഹാജരക്കാൻ ആ മനുഷ്യനോടു പേഷ്കാർ ആവശ്യപ്പെട്ടോ എന്നു എനിക്കു് അറിവില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അധികജാമ്യത്തിനുവേണ്ടി തന്റെ വസ്തുക്കളുടെ ആധാരങ്ങളും പരിശോധനക്കായി അയാൾ ഹാജരാക്കിയെന്നു പറയുന്നതു സത്യമോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിങ്ങ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ആ കടലാസ്സു് ഗവണ്മെൻറിന്റെ മുമ്പാകെയുള്ളതല്ല. അതുകൊണ്ടു അയാൾ ആധാരങ്ങളും ഹാജരാക്കിയോ എന്നു തീർച്ചപറവാൻ കഴികയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): വലിയ ഉദ്യോഗസ്ഥന്മാർ കല്പനകളും ചട്ടംവിട്ടാൽ അവരുടെ പ്രവൃത്തികളെ ഗണ്യമാക്കേണ്ടതില്ലെന്നാണോ ചീഫ്സെക്രട്ടറി പറയുന്നതു?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ചട്ടങ്ങളും ലംഘിച്ചിട്ടില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): പ്രായംകൊണ്ടുതൽപ്പരനായ ഒരാളെ സ്ഥിരപ്പെടുത്തുന്നതിനു അയാളെ വയസ്സു ചട്ടങ്ങളിൽ നിന്നു മഴിവാക്കേണ്ടതു അത്യാവശ്യമാണു്. അങ്ങനെയിരിക്കെ പുതിയആളെ ആക്ടിംഗ് ആയി നിയമിക്കേണ്ടതു എന്തുകൊണ്ടു്?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഇങ്ങനെയുള്ള ഉദാഹരണങ്ങൾ എല്ലാഡിപ്പാർട്ടുമെൻറുകളിലും കാണാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സ്ഥിരമായിട്ടാണോ നിയമിക്കുന്നതു?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതെ വയസ്സു കഴിഞ്ഞതിൽപിന്നും ഒഴിവാക്കുന്നതുള്ള ശിപാർശയും അപ്പോൾതന്നെയയക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അങ്ങനെയുള്ള നിയമനങ്ങളെല്ലാം സ്ഥിരമായിട്ടാണു ചെയ്യുന്നതെന്നാണോ ചീഫ്സെക്രട്ടറി പറയുന്നതു?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അല്ല. അങ്ങനെയുള്ള ഉദാഹരണങ്ങളും സാധാരണയാണെന്നു മാത്രമാണു ഞാൻ പറഞ്ഞതു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവണ്മെൻറിനുവാളം മുമ്പിൽക്കൂട്ടി വാങ്ങേണ്ടതാവശ്യമായിരിക്കെ പുതിയആളെ അതിനുമുമ്പായിതന്നെ സ്ഥിരമായി നിയമിക്കാൻ എന്താവശ്യമാണുണ്ടായതു എന്നുപറയുമോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അങ്ങനെചെയ്യുന്നതിനു വിരോധമില്ല. ആ ഉദ്യോഗത്തിനു അധികം അവകാശമുള്ളവർ വേറെയില്ലെന്നു ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കുതോന്നി.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ആ ഉദ്യോഗത്തിനു ഡിപ്പാർട്ടുമെൻറിൽ നിന്നുതന്നെ അപേക്ഷകന്മാർ ഉണ്ടായിരുന്നോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഇതിനെസംബന്ധിച്ചു ഒരു റിപ്പോർട്ടവരുത്താതെ മറുപടിപറയാൻ സാധിക്കുന്നില്ല.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ചോല്യത്തിന്റെ (എഫ്) ഭാഗത്തെ പറ്റി, നിയമനം ക്രമക്കേടായിട്ടുണ്ടായതാണെന്നു തെളിഞ്ഞാൽ ഗവണ്മെൻറു അക്കാര്യത്തിൽ ഇടപെടുകയില്ലെന്നാണോ ചീഫ്സെക്രട്ടറി പറയുന്നതു. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെടാതിരിക്കയാണോ ഗവണ്മെൻറിന്റെ നയം.

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): ക്രമക്കേടുണ്ടെന്നു ഗവണ്മെൻറിനു ബോദ്ധ്യമായാൽ തീർച്ചയായും അവർ അതിൽ ഇടപെടും. ശരിയായി പറഞ്ഞാൽ, പേഷ്കാർ അതു നിയമനം ചെയ്യുന്നതായിരുന്നു. അതായിരുന്നു (സി) ഭാഗം ചോല്യത്തിന്റെ മറുപടി.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഇക്കാര്യത്തിലോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): ചട്ടത്തിന്റെ അക്ഷരപ്രകാരം പ്രായം കവിഞ്ഞ ഒരു ആളെ നിയമിക്കുന്നതിനു മുമ്പായി ഗവണ്മെൻറനുവാദം വാങ്ങേണ്ടതാണു്.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ചട്ടം പ്രയോഗത്തിൽ ലംഘിക്കാമെന്നാണു, എന്നാൽ ചീഫ്സെക്രട്ടറി പറയുന്നതു്?

മി: കെ. നാരായണൻ പണ്ടാല (ഇക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അങ്ങനെയല്ല. എല്ലാ ഡിപ്പാർട്ടുമെൻറ മേലധികാരികളും ഗവണ്മെൻറനുവാദം കിട്ടുമെന്നുള്ള പ്രതീക്ഷയിന്മേൽ ചിലപ്പോൾ പ്രായം കവിഞ്ഞുപോയവരെ സ്ഥിരപ്പെടുത്തി നിയമിക്കും പിന്നീട് ഗവണ്മെൻറിലേക്ക് റിപ്പോർട്ട ചെയ്യുകയും പതിവുണ്ട്.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): "അതാണോ ഗവണ്മെൻറിൻെറ നയം" എന്ന ചോദ്യത്തിന്ന മറുപടി കിട്ടണം.

പ്രെസിഡൻറ: ഒരൊറ സംഭവത്തിൽ നിന്ന ഒരു സാധാരണ തത്വം അനുമാനിക്കാൻ പാടില്ല മിസ്റ്റർ മാധവൻ പിള്ളെ.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അതു പിന്നെ എന്താണ്.

പ്രെസിഡൻറ: നാം ഒരു ഒറ പ്രത്യേക സംഗതിയെ കുറിച്ചാണ സംസാരിക്കുന്നതു, അതിൽ നിന്ന ഒരു സാധാരണ തത്വം അനുമാനിക്കാൻ പാടില്ലെന്ന ഞാൻ വിചാരിക്കുന്നു.

മലയാളം പാഠപുസ്തകങ്ങളെ സംബന്ധിച്ചു മാക്മില്ലൻ കമ്പനിക്കാരുമായുള്ള ഉടമ്പടി.

*൪. മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): (എ) പാഠപുസ്തകങ്ങളുടെ വില്പനയെ സംബന്ധിച്ചുഗവണ്മെൻറും മാക്മില്ലൻ കമ്പനിക്കാരും തമ്മിലുണ്ടായ ഉടമ്പടിയുടെ അവധി എന്നാണ തീരുന്നതെന്ന ഗവണ്മെൻറ ദയവായി പറയുമോ?

(ബി) ആദ്യത്തെ ഉടമ്പടിക്കാലം അവസാനിച്ചിട്ടുണ്ടെങ്കിൽ വീണ്ടും അവധി നീട്ടികൊടുത്തിട്ടുണ്ടോ. ഉണ്ടെങ്കിൽ എത്രകാലത്തേക്ക്?

(സി) ഉടമ്പടിക്കാലം അവസാനിച്ചിട്ടും വീണ്ടും അവധി നീട്ടി കൊടുത്തിട്ടില്ലെങ്കിൽ അതേ പുസ്തകങ്ങൾ തന്നെയാണോ ഇപ്പോഴത്തെ മലയാളം പള്ളിക്കൂടങ്ങളിലെ ക്ലാസുകളിലേക്കും പാഠപുസ്തകങ്ങളായി നിശ്ചയിച്ചു കാണുന്നതു.

മി: ജി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) മാക്മില്ലൻ മലയാളം പാഠപുസ്തകങ്ങളെ സംബന്ധിച്ചു ഉടമ്പടിക്കാലം അവസാനിക്കുന്നതു താഴെകാണും പ്രകാരമാണ്.

പാഠപുസ്തകം.	അവസാന തീയതി
പാഠപുസ്തകം. ക	ക്ലാസ് മെയി ക
ക്ലാ	ടി
സു	ക്ലാസ് ജൂൺ
ര	ക്ലാസ് ജൂൺ
ഭ	ക്ലാസ് മെയി
ന്യ	ടി

(ബി) ക മുതൽ ന വരെ പാഠപുസ്തകങ്ങളുടെ കാലം അവസാനിച്ചിരിക്കുന്നു. എന്നാൽ വേറെയുള്ളവർപ്പാടുകൾ ചെയ്യാൻ സമയം പോരാഞ്ഞിട്ടു ആ പുസ്തകങ്ങൾ തന്നെ ക്ലാസ് ടു-ലും ഇവിടെ വിൽക്കുന്നതിന്ന മാക്മില്ലൻ കമ്പനിക്കാരോടു ആവശ്യപ്പെട്ടു.

(സി) മാക്മില്ലൻ കമ്പനിക്കാരുടെ പുസ്തകങ്ങൾക്കു പകരം പേറെ പുസ്തകങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഏർപ്പാടുകൾ പൂർത്തിയായിട്ടില്ല.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മലയാളിയിൽ നിന്ന ക മുതൽ ന വരെ പാഠപുസ്തകങ്ങളെ സംബന്ധിച്ചു ഉടമ്പടി ക്ലാസ് മെയ് ക്ലാസും ക്ലാസ് ജൂണിലും അവസാനിച്ചതായി കാണുന്നു ക്ലാസ് ടു-ലും പുതിയ പുസ്തകങ്ങൾ തയ്യാറായിരിക്കത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ ഗവണ്മെൻറ സമയത്തിന്ന ചെയ്തില്ലയോ എന്നറിവാൻ ആഗ്രഹിക്കുന്നു.

മി: ജി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): മലയിയിൽ പറഞ്ഞപ്രകാരം ക മുതൽ ന വരെ പാഠപുസ്തകങ്ങൾ ഇവിടെത്തന്നെ തയ്യാറാക്കാനായിരുന്ന ആദ്യത്തെ നിശ്ചയം ക-ാം നമ്പർ പുസ്തകം തയ്യാറാക്കി എന്നാൽ പരിശോധനയിൽ അതു അങ്ങനെ തന്നെ സ്വീകരിക്കാൻ പാടില്ലെന്ന കണ്ടു. അങ്ങനെ ഇവിടെത്തന്നെ പുസ്തകങ്ങൾ തയ്യാറാക്കാൻ സമയം ഇല്ലാതെ വന്നു. അതു കൊണ്ടു ഒരു വർഷം കൂടെ കമ്പനിക്കാരോട് അവരുടെ പുസ്തകങ്ങൾ ഏല്പിക്കാൻ ആവശ്യപ്പെട്ടു. വിദ്യാലയങ്ങൾ തുറക്കുന്നതിന്ന മുമ്പായി കമ്പനിക്കാരുടെ പുസ്തകങ്ങൾ ഇവിടെ കിട്ടിയില്ല.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ വിടത്തെ അച്ചടിവ്യവസായത്തെ പ്രോത്സാഹിപ്പിക്കത്തക്കവണ്ണം പുതിയ പാഠപുസ്തകങ്ങളെ തിരുവിതാംകൂറിൽ തന്നെ അച്ചടിപ്പിക്കാൻ ഗവണ്മെൻറ ആലോചിക്കുന്നുണ്ടോ എന്ന അറിവാൻ ആഗ്രഹിക്കുന്നു.

മി: ജി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഈ പാഠപുസ്തകങ്ങൾ ഇവിടെ തന്നെ അച്ചടിച്ചു പ്രസിദ്ധം ചെയ്യാൻ ഉത്തരവായിട്ടുണ്ടു. എന്നാൽ ക്ലാസ് ടു-ലേക്കു വേണ്ട ഏർപ്പാടുകൾ ചെയ്യാൻ സമയം ഉണ്ടായില്ല.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ സ്കൂൾ വർഷത്തിൽ ആവശ്യമുള്ളപാഠപുസ്തകങ്ങൾ വരാൻ താമസം ഉണ്ടായോ എന്ന പറയുമോ?

മി: ജി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): മാക്മില്ലൻ കമ്പനിക്കാർ പുസ്തകങ്ങൾ അയച്ചുതരുന്നതിൽ താമസമുണ്ടായിട്ടുണ്ടെന്ന ഞാൻ പറഞ്ഞുവല്ലോ. അതു കൊണ്ടു പുസ്തകങ്ങളുടെ വിതരണത്തിനും താമസം നേരിട്ടു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതു കൊണ്ടാണോ വിദ്യാലയങ്ങളിൽ പുസ്തകങ്ങൾ എത്തിക്കാൻ വിദ്യുവന്നതു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അതേ. രാജ്യത്തിലെ എല്ലാ വിദ്യാലയങ്ങളിലും പുസ്തകങ്ങളും കിട്ടുന്നതിനു വേണ്ടുന്ന ഏർപ്പാടുകളും ചെയ്തു കഴിഞ്ഞിരിക്കുന്നു എന്നറിയുന്നു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഒരാണ്ടേത്തേക്കു വേണ്ടുന്ന പുസ്തകങ്ങളും ഉണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഒരാണ്ടേത്തേക്കു വേണ്ടുന്ന പുസ്തകങ്ങളും അയച്ചു തരണമെന്നാണു ഗവണ്മെൻറ കല്പന അയച്ചിട്ടുണ്ടു. അതു പ്രകാരം പുസ്തകവും എത്തിട്ടുണ്ടു്.

അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെ പട്ടിക.

൯൫. മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെയും ഡോവർഗ്രേഡ് ഇംഗ്ലീഷ് പള്ളിക്കൂടങ്ങളുടെ ഹെഡ്മാസ്റ്റർമാരുടെയും സൈച്ഛികവിഷയപ്രകാരം തരംതിരിച്ചു ഒരു പട്ടിക ഗവണ്മെൻറ മേശവായി മേശപ്പുറത്തു വെക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട പട്ടിക * മേശപ്പുറത്തു വച്ചിരിക്കുന്നു.

റിസർവ വനങ്ങളുടെ വിസ്തീർണ്ണം.

൯൬. മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ഗവണ്മെൻറ താഴെപറയുന്ന വിവരങ്ങളും തരുമോ?

(ക) റിസർവ്വനങ്ങളുടെ വിസ്തീർണ്ണം ഇനിയും അധികമാക്കുന്നതിനെ പറ്റി ശ്രീമൂലംപ്രജാസഭാ മെമ്പർമാരുടെ അനേകം നിവേദനങ്ങളും ഉണ്ടായിട്ടില്ലേ.

(ഖ) രാജ്യത്തിൻറെ ആകെ വിസ്തീർണ്ണത്തിൽ റിസർവ്വനങ്ങളാക്കിട്ടുള്ള ഭൂമികളുടെ വിസ്തീർണ്ണത്തിൻറെ ശതമാനം.

(ഗ) തിരുവിതാംകൂറിൽ റിസർവ്വനങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ ഇനിയും മാർഗ്ഗമില്ലെന്നു ശ്രീമൂലം പ്രജാസഭയുടെ പതിനാലാംയോഗത്തിൽ മിവാൻ ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നില്ലേ?

(ഘ) ഉണ്ടെങ്കിൽ ഗവണ്മെൻറ് ആ നയം മാറ്റപ്പെടുത്താൻ സംഗതി എന്തു?

മി: എൻ. നീലകണ്ഠപിള്ള (ഗവണ്മെൻറ് സെക്രട്ടറി, ഡേറെജോലിയിൽ):

(ക) ശ്രീമൂലംപ്രജാസഭയുടെ പതിനാലാംയോഗത്തിൽ ഇനിയും സ്ഥലങ്ങളും വനമായി ഒഴിച്ചിടാൻ പാടില്ലെന്നു ചെങ്ങന്നൂർതാലൂക്കുമെമ്പർ മിസ്റ്റർ അയ്യപ്പൻപിള്ള നിവേദനം ചെയ്തു.

(ഖ) ഏകദേശം ൧൫ ശതമാനം.

(ഗ) ഉവ്വു്. പ്രജാസഭയുടെ പതിനാലാംയോഗത്തിൽ വനങ്ങളുടെ വിസ്തീർണ്ണം ഇനിയും കൂട്ടാൻ മാർഗ്ഗമില്ലെന്നു മിവാൻ പ്രസ്താവിക്കയുണ്ടായി.

(ഘ) ആ കാലത്തു റിസെർവ്വാക്കാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞിരുന്ന ചിലസ്ഥലങ്ങളുടെ കാര്യമൊഴിച്ചു ഗവണ്മെൻറിൻറെനയം മാറ്റപ്പെടുത്തീട്ടില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ൧൪-ാംയോഗത്തിൻറെ മരപടിസംബന്ധിച്ചു, പ്രസ്താവിച്ചു തീരുന്നതിനുശേഷം എതു സ്ഥലങ്ങളും പുതുതായി വനമാക്കി ഒഴിച്ചിട്ടിട്ടുണ്ടെന്നു ഗവണ്മെൻറ് ഒടുവായി പറയുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി, ഡേറെജോലിയിൽ): മരപടിയിൽനിന്നും ഇതു ചോദ്യത്തിനു അവകാശമില്ല. നോട്ടീസ്സ്കൊടുക്കണം.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ചിലസ്ഥലങ്ങളും ഒഴിവാക്കിഎന്നു മരപടിയിൽ ഉണ്ടു്.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി, ഡേറെജോലിയിൽ): റിസെർവ്വ് ചെയ്ത സ്ഥലങ്ങളെ പറ്റി എല്ലാവർഷത്തെയും റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ടു്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): അതുകൊണ്ടു എത്ര എണ്ണം റിസെർവ്ചെയ്തു എന്നു ഗവണ്മെൻറിനു പറവാൻ സാധിക്കയില്ലേ.

മി: എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറി, ഡേറെജോലിയിൽ): എത്ര റിസെർവ് ചെയ്തിട്ടുണ്ടെന്നു ഗവണ്മെൻറിനു പറവാൻ കഴിയും. എന്നാൽ ഞാൻ വിവരങ്ങൾ ശേഖരിച്ചു ശരിപ്പെടുത്തീട്ടില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): പ്രജാസഭയുടെ പതിനാലാംയോഗത്തിനു പ്രസ്താവിച്ച നയം പാലിച്ചുകൊണ്ടുപോകാമെന്നു ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

മി: എൻ നീലകണ്ഠപ്പിള്ള (ഗവർണ്മെൻറ് സെക്രട്ടറി, ഡേറെജോലിയിൽ): ഉവ്വു്, അതു ൧൪-ാംയോഗം മരപടിയിൽ കാണാം.

ചെറുവള്ളി-വെള്ളനാടിറോഡ്.

൯൭. മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): (എ) (കോട്ടയം-കുമിളിറോഡ് ൨൯-ാം മൈൽ) കാഞ്ഞിരപ്പള്ളിയിൽനിന്നും എരുമേലിക്കു ഒരു റോഡ്പെട്ടുന്നുണ്ടോ എന്നു ഗവണ്മെൻറ് ദയവായി പറയുമോ?

(ബി) എരുമേലിൽ ആ റോഡ് അവസാനിക്കുന്നിടത്തുനിന്നു (ക) വെള്ളനാടിതോട്ടത്തിലേക്കും (ഖ) ചെറുവള്ളിതോട്ടത്തിലേക്കും ദൂരം എന്തു?

(സി) വെള്ളനാടിതോട്ടം മുണ്ടക്കയത്തു കോട്ടയം-കുമളിറോഡിനോടും ചെറുവള്ളിത്തോട്ടം മണിമല-റാന്നിറോഡിനോടും റോഡുവഴിയായി ചേരുന്നുണ്ടോ?

---

* അനുബന്ധം (പുറം ൨൫) നോക്കുക.

(ഡി) (ക) വെള്ളനാടിനും ചെറുവള്ളിക്കും തോട്ടങ്ങൾക്കും (എ) യിൽ പ്രസ്താവിച്ചു കാഞ്ഞിരപ്പള്ളി എരുമേലി റോഡോടു റോഡുവെട്ടിച്ചേർക്കാൻ പാടില്ലയെന്നും (ബി) വെള്ളനാടിതോട്ടവും ചെറുവള്ളിതോട്ടവും റോഡുമുഖം ചേർക്കുന്നതിന്റെ അങ്കിലഷണീയതയേയും ആവശ്യത്തെയും കുറിച്ചു ശ്രീമൂലംപ്രജാസഭയിൽ മിസ്റ്റർ ജെ. ആർ. വിൻസെന്റും മറ്റു മെമ്പർമാരും നിവേദനങ്ങൾ ചെയ്തിട്ടില്ലെന്നും (സി) അവയെ മുൻനിർത്തി റോഡുണ്ടാക്കുന്നതിനു ഉദ്ദേശംഎന്തു ചെലവുവരുമെന്നും ഗവണ്മെന്റു മറുപടിയായിപറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) ഉവ്വ്.

(ബി) (ക) കുറിഞ്ഞാടിച്ചുവഴിയായി ഏകദേശം മുന്നരമൈൽ

(ഖ) മേൽപ്രകാരംതന്നെ.

(സി) ഉവ്വ് രണ്ടും അങ്ങനെഘടിപ്പിച്ചിട്ടുണ്ട്.

(ഡി) (ക) രണ്ടും അങ്ങനെഘടിപ്പിക്കാൻ കഴിയും.

(ഖ) ഉവ്വ്.

(ങ) രണ്ടുതോട്ടങ്ങളും ഒരു റോഡുപോലുണ്ടാക്കിപ്പിക്കുന്നതിനു എൻക്വയറിൽ ചെയ്തുറപ്പിച്ച എസ്റ്റിമേറും പ്രകാരം എരുമേലിപേട്ടയിൽ സ്ഥലവിലയ കുറെ ഉൾപ്പടെ ൪൦,൦൦൦ രൂപാ ഉദ്ദേശം ആയിരുന്നു. ഇപ്പോൾ ൬൦,൦൦൦ രൂപാ വേണ്ടിവരുമായിരിക്കും. എന്നാൽ കുറിഞ്ഞാടിച്ചുവഴി വളരെ അസൌകര്യപ്രദം ആയിരുന്നു. സ്ഥലത്തിന്റെ കയറ്റവും ഇറക്കവും മണിമലയാറ്റിലൂടെ മൂന്നുപ്രാവശ്യം പോയ്കടന്നുകടക്കുന്നതിനു വളരെ വളവുകളും വേണ്ടിവരുന്നതുകൊണ്ടും ഇങ്ങനെ കടക്കുന്ന സ്ഥലങ്ങളിൽ റോഡുണ്ടാക്കിയാൽ മണിമലയാറ്റിലെ വെള്ളംവന്നു മുങ്ങിപ്പോകുന്നിടയുള്ളതുകൊണ്ടും ആയിരുന്ന അസൌകര്യപ്രദമായി വിചാരിച്ചതു ഇങ്ങനെ ഘടിപ്പിക്കുന്നതുകൊണ്ടു ഉപേക്ഷ വേണ്ടിവന്നു. അതിനുപുകരവും ആ ആവശ്യത്തിനും കാഞ്ഞിരപ്പള്ളി എരുമേലിറോഡു മതിയാകുമെന്നു തീർച്ചയാക്കി ആ റോഡുവെട്ടാൻ ആരംഭിച്ചു.

മി: ടി ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): (സി) ഭാഗം മറുപടിസംബന്ധിച്ചു ചെറുവള്ളിതോട്ടത്തിലേക്കു വേണമെന്നു പറഞ്ഞ റോഡിന്റെ ആവശ്യം ഇപ്പോൾ ഉണ്ടാക്കുന്ന റോഡുകൊണ്ടു നിവർത്തിക്കാമെന്നു ഗവർണ്മെന്റു വിചാരിക്കുന്നുവോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): ഉവ്വ്; രണ്ടു തോട്ടങ്ങളും തമ്മിൽ ഘടിപ്പിക്കാൻ ഉണ്ടാക്കണമെന്നുപറഞ്ഞ റോഡു പല പ്രാരണ്ടങ്ങളാൽ പ്രായോഗികമല്ലെന്നും ഉദ്ദേശം മാറ്റിവച്ചിട്ടുള്ളതു എരുമേലിറോഡോടുചേരണമെന്നാണെന്നും പരിശുദ്ധനയിൽ മനസ്സിലായി. അതുകൊണ്ടാണു ഗവർണ്മെന്റു ആ റോഡിനു എസ്റ്റിമേറ്റ് തയ്യാറാക്കിയതു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): അതു ഈ മറുപടിയിൽ തന്നെ ഉണ്ടല്ലോ. "തോട്ടങ്ങളും രണ്ടും ഘടിപ്പിക്കുന്നതിന്റെ ഉദ്ദേശം പുതിയറോഡുകൊണ്ടു സാധിക്കുമോ" എന്നായിരുന്ന എന്റെ ചോദ്യം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): ശ്രീമൂലംപ്രജാസഭയുടെ പതിനഞ്ചാംയോഗത്തിലെ പ്രസംഗങ്ങളും പരിശോധന നടത്തിയതിൽ രണ്ടുതോട്ടങ്ങളും തമ്മിൽ ഘടിപ്പിക്കുന്ന ഒരു റോഡുണ്ടാക്കുന്നതുകൊണ്ടും ആ പ്രദേശത്തിന്റെ കിടപ്പുനോക്കിയാൽ പ്രായോഗികമല്ലെന്നു കണ്ടു എന്നും പാടാൻ മറുപടിയിൽ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. കാഞ്ഞിരപ്പള്ളിയും എരുമേലിയും തമ്മിൽ ഘടിപ്പിക്കായിരുന്ന ഉദ്ദേശം എന്നു പിന്നീടു മനസ്സിലായി. തൽപ്രകാരം കാഞ്ഞിരപ്പള്ളിയും എരുമേലിയും തമ്മിൽ കൂട്ടി ചേർക്കുന്നതിനു ഒരു റോഡുണ്ടാക്കാൻ ൫,൦൦൦ രൂപയുടെ ഒരു എസ്റ്റിമേറും ഗവർണ്മെന്റിലേക്കയച്ചു. ഇതുകൊണ്ടു ഉദ്ദേശിച്ചകാര്യം സാധിക്കുന്നില്ലെന്നു കണ്ടാൽ കാര്യം പുനരാലോചനചെയ്യേണ്ടിവരും.

പൊതുമരാമത്തുഡിപ്പാർട്ടുമെന്റുവക റോഡ്സംരക്ഷണം.

൫൦൫. മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): (എ) റോഡുസംരക്ഷണപ്രവൃത്തികൾ കൺട്രാക്ടർമാർക്കു കൊടുക്കുന്നതെന്നും, ഡിപ്പാർട്ടുമെന്റിലുള്ള നേരിട്ടുനടത്തേണ്ടതുണ്ടെന്നും ഡിവിഷൻ ഉദ്യോഗസ്ഥന്മാർക്കും സബ്ഡിവിഷൻ ഉദ്യോഗസ്ഥന്മാർക്കും അവരുടെ കീഴ്ജോലിസ്ഥന്മാർക്കും ഒരു ഡിപ്പാർട്ടുമെന്റുവക സൈക്കിൾ അനുവദിച്ചിട്ടുണ്ടോ എന്നു ഗവണ്മെന്റു ദയവായി പറയുമോ?

(ബി) അങ്ങനെ ഉണ്ടെങ്കിൽ സൈക്കിൾ കൊടുത്തിരിക്കുന്നവരുടെ റോഡുകൾക്കും സംബന്ധിക്കുന്നതാണോ?

(സി) അങ്ങനെ ഒരു സൈക്കിൾ കൊടുക്കുന്നതിൽ അതുപയോഗിപ്പാനുള്ള കാരണം എന്താണെന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): (എ) മറുപടി ഉവ്വ് എന്നാണ്.

(ബി) ഉവ്വ്. കൊടിയാൻവക റോഡുകളുടെ സംരക്ഷണപ്രവൃത്തികൾ ഗവണ്മെന്റിൽ നിന്നു എടുക്കുമ്പോൾ ഈ സൈക്കിൾ ഉത്തരവു, അവയ്ക്കും ബാധകമാണ്.

(സി). ഉത്തരവു അയച്ചതു ഗവണ്മെന്റിന്റെ ഗുണം പ്രമാണിച്ചാണ്. അതുപ്രകാരം സാമാന്യങ്ങൾ രേഖപ്പെടുത്തിച്ചു കൊടുക്കുന്ന മേധാവി കൺട്രാക്ടു കൊടുക്കും. എന്നാൽ യഥാർത്ഥറിപ്പേർ പ്രവൃത്തി ഡിപ്പാർട്ടുമെന്റിൽ നിന്നു ചെയ്യും. റോഡു സംരക്ഷണം എന്നു പറഞ്ഞാൽ റോഡു ഒരറ്റം മുതൽ മറ്റേ അറ്റം വരെ റിപ്പേർ ചെയ്യുന്നു എന്നു അർത്ഥമില്ല. ആവശ്യം പോലെ അങ്ങുമിങ്ങും ചില്ലറ പ്രവൃത്തികളാണ്. ആ പ്രവൃത്തിയുടെ സ്വഭാവം നോക്കിയാൽ ഡിപ്പാർട്ടുമെന്റിൽ നിന്നു നേരിട്ടുചെയ്യുകയാണ് ഉത്തമം.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും); സൈക്കിൾ ഉത്തരവു അയച്ചതു ഗവണ്മെന്റുവകതോട്ടക്കൂടിയാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഡിപ്പാർട്ടുമെന്റുവക ഉത്തരവാകയാൽ അതയച്ചതു ചീഫ് എൻജിനിയരാണ്. ഗവണ്മെന്റുവകതോട്ടക്കൂടിയതാണോ എന്നു എനിക്കിപ്പോൾ പറവാൻ സാധിക്കയില്ല. അങ്ങനെയല്ലായിരിക്കാം.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ഒരുജോലിയും കണ്ട്രാക്ടർമാരെ ഏല്പിക്കരുതെന്നു ആ സർക്കുലറിൽ പ്രത്യേകം വിവരിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഏതെല്ലാം ജോലികൾ കണ്ട്രാക്ടർമാരെ ഏല്പിക്കാമെന്നും ഏതെല്ലാം ജോലികൾ ഡിപ്പാർട്ടുമെൻറിൽ നിന്നു ചെയ്യണമെന്നും ആ ഉത്തരവിൽ വിവരിച്ചിട്ടുണ്ടു. അതിൽ പ്രധാനമായതു ഉദ്ധരിച്ചാണു മറുപടി പറഞ്ഞതു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): റോഡുസംരക്ഷണപ്രവൃത്തി കണ്ട്രാക്ടു് കൊടുത്തേക്കുടാ എന്നു ആ ഉത്തരവിൽ പറയുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഇല്ല. ഉത്തരവിൽ ഇങ്ങനെയാണു പറഞ്ഞിട്ടുള്ളതു: "സാധനങ്ങളും ശേഖരിച്ചു കൂട്ടുന്നതുവരെ പതിവുപോലെ ഉടമ്പടി എഴുതിവാങ്ങിക്കൊണ്ടു കണ്ട്രാക്ടർമാരെ ഏല്പിക്കണം". ഡിപ്പാർട്ടുമെൻറു മുഖാന്തരം എന്തെല്ലാം ജോലികളും ചെയ്യണമെന്നും ഉത്തരവിൽ വിവരിച്ചിട്ടുണ്ടു്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): യഥാർത്ഥ സംരക്ഷണജോലി ഡിപ്പാർട്ടുമെൻറിൽ നിന്നു ചെയ്യണമെന്നാണല്ലോ മറുപടിയിൽ പറഞ്ഞതു. ഡിപ്പാർട്ടുമെൻറുകാർ തന്നെ ചെയ്യണമെന്നു പറയുന്ന ജോലികളും കണ്ട്രാക്ടർമാരെ ഒരിക്കലും ഏല്പിക്കാൻ പാടില്ലയോ എന്നാണു ഞാൻ ചോദ്യം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): കഴിവുള്ളേടത്തോളം കല്പന അനുസരിച്ചു ചെയ്യേണ്ടതാണു്. എന്തെല്ലാം ഡിപ്പാർട്ടുമെൻറുകാർ ചെയ്യണം, എന്തെല്ലാം കണ്ട്രാക്ടർമാരെക്കൊണ്ടു ചെയ്യുകയും എന്നു ഉത്തരവിൽ വിവരിച്ചിട്ടുണ്ടു.

റോഡുണ്ടാക്കുന്നതിനുള്ള ജോലി കണ്ട്രാക്ടർമാരെ ഏല്പിക്കുന്നതു്.

൧൦൨. മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): (എ) കുടിയാൻ റോഡുകളും മറ്റു റോഡുകളും പൊകുന്ന പ്രദേശങ്ങളിലെ ആളുകൾക്കു ആ റോഡുകൾ യഥാർത്ഥമായി നന്നാക്കി ശരിയായി സംരക്ഷിച്ചു കാണണമെന്നു താല്പര്യമുണ്ടെന്നു ഗവണ്മെൻറിനറിവുണ്ടോ?

(ബി) റോഡുകൾ നന്നാക്കി സംരക്ഷിക്കുന്ന ജോലി അങ്ങനെയുള്ളവരെ കണ്ട്രാക്ടായി ഏല്പിച്ചാൽ അവർക്കു ആ ജോലിയിൽ മുന്നോട്ടുപോകാൻ പ്രയാസമുണ്ടാകുകയും അനുവദിച്ച സംഖ്യകൊണ്ടു ചെയ്യാവുന്നേടത്തോളം ജോലി ചെയ്തിട്ടില്ലായെന്നും വരുമോ?

(സി) കുടിയാൻ റോഡുകളും മറ്റു പുതിയറോഡുകളും നന്നാക്കി സംരക്ഷിക്കുന്ന ജോലി ആ റോഡുകൾ പോകുന്ന പ്രദേശങ്ങളിലെ ജനങ്ങളെ കണ്ട്രാക്ടായി ഏല്പിക്കണമെന്നു ഗവണ്മെൻറ് ലയവഴിയായി ചീഫ് എൻജിനീയർക്കു കല്പന കൊടുക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) ഉവ്വു് അതു സ്വാഭാവികമാണു്.

(ബി) കണ്ട്രാക്ടു് എടുക്കാൻ വരുന്നവരെ സംഗതികൾ അധികവും അന്വേഷിച്ചിട്ടുണ്ടാകും.

(സി) മെമനൻ റോഡുകളുടെ സംരക്ഷണജോലി എക്സിക്യൂട്ടീവു് എൻജിനീയരോടു അപേക്ഷിക്കുകയും ഡിപ്പാർട്ടുമെൻറിലെ ചട്ടങ്ങൾ അനുസരിക്കുമെന്നു ഉറപ്പു കൊടുക്കുകയും ചെയ്യുന്നവർക്കു കണ്ട്രാക്ടു് കൊടുക്കുന്നതാണു്. ചീഫ് എൻജിനീയർ തന്നെ ഇങ്ങനെയുള്ള ഉപദേശം കൺവെൻഷൻ ഡിസംബറിൽ എക്സിക്യൂട്ടീവു എൻജിനീയർമാർക്കു കൊടുത്തിട്ടുണ്ടു്.

മൂലം-പൊൻകുന്നം റോഡിൽ മീനച്ചിലാറിനു പാലം.

൧൦൩. മി: കെ. സി. ജോസഫ് (മീനച്ചിലും-ദേവികുളവും): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) മൂലം-പൊൻകുന്നം റോഡിൽ മീനച്ചിലാറു കടക്കുന്നതിനു ഒരു പാലം പണിയണമെന്നു മീനച്ചിലിലെ ജനങ്ങൾ എത്രകാലമായി അപേക്ഷകൾ ചെയ്തു കൊണ്ടിരിക്കുന്നു?

(ബി) ആ പാലം പണിയുന്നതിനു എപ്പോഴാണു ഗവണ്മെൻറു വാഗ്ദാനം കൊടുത്തതു?

(സി) അതിനു എന്തു സംഖ്യ അനുവദിച്ചിട്ടുണ്ടു് ഏതെല്ലാം വർഷങ്ങളിലാണു അനുവദിച്ചതു?

(ഡി) അതിനായി ഇതുവരെ ചെലവായ സംഖ്യ എത്ര?

(ഇ) അതിന്റെ പണിക്കായി എന്തെങ്കിലും ജോലി ആരംഭിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ താമസത്തിനുകാരണം എന്തു?

(എഫ്) ൧൯൪൦-മാണ്ടു പണി പൂർത്തിയാക്കുന്നതിനു ഗവണ്മെൻറ് എന്തെങ്കിലും വഴി എടുക്കാൻ ആലോചിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) ഏകദേശം ൨൫ വർഷം.

(ബി) കൺഫർമ്മു സെപ്റ്റംബർ മാസത്തിൽ.

(സി) ൧൯൩൯-ൽ ആ പണിക്കായി ൪,൦൦൦ രൂപായും ൧൯൪൦-ൽ ൭,൦൦൦ രൂപയും അനുവദിച്ചിരുന്നു.

(ഡി) ൧൯൪൦ ജൂലൈ വരെ ൨൫൫ രൂപാ മാത്രമേ ചെലവാകീട്ടുള്ളൂ.

(ഇ) ഉവ്വു് പ്രാരംഭജോലികളെല്ലാം ചെയ്തുതീർന്നു. പാലത്തിനുവേണ്ടിവരുന്ന ൨൫,൦൦൦ രൂപാ വിലയ്ക്കുള്ള ഇരുമ്പുസാമഗ്രികൾക്കു ഏർപ്പാടു ചെയ്തു. പാലത്തിന്റെ പ്ലാൻ നല്ലതോ എന്നും വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ വള്ളങ്ങളുടെ സഞ്ചാരത്തിനു വല്ല വ്യവസ്ഥയും ആവശ്യമുണ്ടോ എന്നു നോക്കേണ്ടതു ആവശ്യമായിതോന്നി ൧൯൪൦-ൽ ഈ ജോലിനടന്നു കൊണ്ടിരുന്നു. സംഗതികാം ൧൯൪൦-ൽ അവസാനമായി തീർച്ചയായപ്പോഴേക്കും മഴക്കാലം കഴിയാറായി. അതുകൊണ്ടു ഈ യാണ്ടിൽ പാലം പണി ആരംഭിക്കാൻ കഴിഞ്ഞില്ല.

(എഫ്) ഈ ജോലിക്ക കഫ 0 കാലെ പ്രാരംഭബഡ്ജറിൽ കറ 0,0 0 0 രൂപാ അനുവദിച്ചിട്ടുണ്ടോ ജോലി വേഗം തീർക്കാൻ വേണ്ടുന്ന ജാഗ്രതചെയ്യും. കഫ 0 കാൽ പണി തീർക്കാൻ സാധിക്കയില്ല. പാലത്തിന്റെ ഇരുകര എസ്റ്റിമേറും സൻ,ൻ്റ 8 രൂപായാണ്. വേനൽക്കാലത്തിൽ ജോലിചെയ്യാവുന്ന സമയവും കുറച്ചേയുള്ളൂ.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും). ഇതിനു സാമാനങ്ങളെല്ലാം ശേഖരിച്ചു കഴിഞ്ഞതായോ എന്നു പറയുമോ? മറുപടിയിൽ (ഇ) ഭാഗത്തെ സംബന്ധിച്ചാണ് ഇതു ചോദിക്കുന്നതു.

ശ്രീ. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): പാലത്തിന്റെ ഇരുമ്പു സാമാനങ്ങളിൽ ഒരു ഭാഗം ഇവിടത്തെ വൊക്ക് ഷാപ്പിൽ ഉണ്ടാക്കാൻ ഏർപ്പാടു ചെയ്തു. തുണ മുതലായതിനു വിദേശവ്യാപാരി കറാക്ക കൺവെ 8 മുതൽ മാർച്ചായിമാസത്തിൽ എഴുതി അയച്ചിട്ടുണ്ട്. ഈ ഇരുമ്പു സാമാനങ്ങൾക്കു ഏകദേശം കറ 0,0 0 0 രൂപാ വില ഉണ്ടാകും. ഇതുമാണ്ടത്തെ കണക്കിൽ ഈ ചെലവിൽ കുറെ കണിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. സാമാനങ്ങൾ എത്തിയോ, വിചാരകാട്ടത്തോ എന്നു എനിക്കു ഇപ്പോൾ പറവാൻ സാധിക്കയില്ല.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും): എന്നു വരുമെന്നായിരുന്നു പ്രതീക്ഷ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സെക്രട്ടറി): ശരിയായ തീയതി പറവാൻ സാധിക്കയില്ല. ഈ കറ 0,0 0 0 രൂപായിൽ ഒരു ഭാഗം ഈയാണ്ടത്തെ കണക്കിൽകൊള്ളിക്കാൻ കഴിയുമെന്നു ചീഫ് എൻജിനീയർ വിചാരിക്കുന്നു. അതിന്റെ അർത്ഥം സാമാനങ്ങൾ കഫ 0 0-മാണ്ടവസാനത്തിനുമുമ്പു എത്തുമെന്നാണ്.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും): ഒൻപതു പത്തുവർഷം മുമ്പു അനുവദിച്ച ഒരു പണിയുടെ വ്യവസ്ഥകൾ ശരിയാക്കുന്നതിനു രണ്ടുവർഷം വേണ്ടിവന്നതു എന്തുകൊണ്ടാണെന്നു പറയുമോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): പ്ലാനിന്റെ യോഗ്യതയെപ്പറ്റിയും വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ വക്കു പോകുന്നതിനെപ്പറ്റിയും കൂടുതൽ അന്വേഷണം ആവശ്യമായി വന്നതുകൊണ്ടു എസ്റ്റിമേറ് അനുവദിച്ചു ഉടനെ ജോലി ആരംഭിക്കുവാൻ സാധിച്ചില്ല. ഈ ജോലി ഇപ്പോൾ പൂർത്തിയാകയും അതനുസരിച്ചു തയ്യാറാക്കിയ പുതിയ എസ്റ്റിമേറ് അനുവദിക്കയും ചെയ്തിട്ടുണ്ട്.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും): വ്യവസ്ഥകൾ എല്ലാം ശരിയാക്കാൻ രണ്ടുവർഷം വേണ്ടിവന്നതു എന്തുകൊണ്ടാണെന്നു പറയുമോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): പണമില്ലാതെ വന്നതുകൊണ്ടു കറ 0 ൻ൯ വളരെ പണി നിന്നിവക്കേണ്ടിവന്നു. അതിനേറെശേഷം ഞാൻ പറഞ്ഞ അന്വേഷണം നടത്തേണ്ടിവന്നു. ഇതുമൂലം ഒരു പുതിയ എസ്റ്റിമേറ് അയച്ചു. ഇനി പണി ആരംഭിക്കും.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും): (എഫ്) ഭാഗം സംബന്ധിച്ചു, വരുന്നയാണ്ടിൽ എന്തെങ്കിലും പണി ചെയ്യുമെന്നു ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതിനായി കറ 0,0 0 0 രൂപാ അനുവദിച്ചിട്ടുണ്ട്.

ശ്രീ: കെ. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും): കഫ 0 കാൽ സ്ഥലത്തു എന്തെങ്കിലും പണി ചെയ്യാൻ ഗവണ്മെൻറ് വേണ്ടുന്ന വഴി എടുക്കുമോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സെക്രട്ടറി): ഉവ്വ്.

ളാഹം-രാമപുരം റോഡ്.

കറ 0. ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും): (എ) ളാഹം-രാമപുരംറോഡ് വണ്ടിപോകുവരവിനു യോഗ്യമല്ലെന്നു ഗവണ്മെൻറിനു അറിവുണ്ടോ?

(ബി) കഫ 0 കാൽ ഗതാഗതയോഗ്യമാക്കുവാൻ ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ) ഉവ്വ്. അതൊരു വഴി മാത്രമായിരുന്നു.

ബി) ആ റോഡിലെ ജോലി നടന്നുവരുന്നു. കഫ 0 കാൽ അതിനു പണവും അനുവദിച്ചിട്ടുണ്ട്.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും): എത്രനാളായി ജോലി നടന്നുവരുന്നു.

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): പണിവക ബഡ്ജറ് കാ—ാമാകം കറ 0-ാംപുറത്തുള്ള കഫ 8-ാംനമ്പർ മെമ്പറിന്റെ ശ്രദ്ധാവിഷയം ആക്കിക്കൊള്ളുന്നു. കറ 0 ൻൻ൯ കറ 0,0 0 0 രൂപാ ചെലവാക്കിയെന്നും കറ 0 0 0 രൂപാ ഈയാണ്ടിൽ ചെലവാകുമെന്നുമാണ് പ്രതീക്ഷ എന്നും അതിൽ കാണാം. അതുകൊണ്ടു കറ 0 ൻൻ൯-മണ്ടുമുതലെങ്കിലും ആ ജോലി നടന്നു വരുന്നുണ്ടായിരിക്കണം.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും): ഇതുവരെ ആ ജോലി എത്രത്തോളം തീർന്നിട്ടുണ്ട്?

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): എന്തു ചെലവായി എന്നു മാത്രമേ എനിക്കു പറയാൻ സാധിക്കുന്നുള്ളൂ.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും): ചെലവായസംഖ്യ എത്രയാണെന്നു ബഡ്ജറിൽ കാണാവുന്നതുതന്നെയാണ്. എന്തു ജോലി ചെയ്തതിനു എന്നാണ് എനിക്കു അറിയേണ്ടതു.

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സെക്രട്ടറി): അതിനെപ്പറ്റി മെമ്പർക്കായിരിക്കണം എന്നേക്കാൾ കൂടുതൽ അറിവു.

ശ്രീ: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും): ഞാൻ അറിഞ്ഞേടത്തോളം അധികമൊന്നും ചെയ്തിട്ടില്ല.

ശ്രീ: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ചെലവായസംഖ്യ കറ 8 രൂപായാണ്. വരുന്നയാണ്ടിലേക്കു കറ 0 0 0 രൂപാ ബഡ്ജറ് ചെയ്തിട്ടുമുണ്ട്?

മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികുളവും): ഈ ബജറ്റ് അടുത്ത ഭാവിയിൽ പൂർത്തിയാവാൻ ഗവണ്മെൻറ് ശ്രദ്ധകൊടുക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): റോഡുമുഴുവനും ഫ ഫ ഠ ഫ-ൽ നന്നാക്കുവാൻ സാധിക്കയില്ല. പുതുതായി ഒരു എസ്റ്റിമേറ് തയ്യാറാക്കിവരുന്നു. ഏതാനും ഭാഗം ഫ ഫ ഠ ഫ-ൽ പണി പൂർത്തിയാകും.

ളാലം-പൂഞ്ഞാർറോഡ്.

ഫ ഠ ട. മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികുളവും): (എ) ളാലം പൂഞ്ഞാർറോഡ് വർഷകാലത്തിൽ അധികഭാഗവും, സംരക്ഷണപ്രവൃത്തികളുടെ അഭാവംമൂലം സഞ്ചാരയോഗ്യമല്ലാത്തതാണെന്നു ഗവണ്മെൻറിനു അറിയാമോ?

(ബി) അടുത്ത ഭാവിയിൽ ആ റോഡ് നന്നാക്കുന്നകാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) റോഡ് മണ്ണിട്ടുറപ്പിച്ചിട്ടുള്ളതും പൊളിഞ്ഞുമാത്രമുദ്ധിപ്പിച്ചിട്ടുള്ളതുമാണ്. ചിലഭാഗങ്ങളിൽ വെള്ളത്തിനടിയിൽ ആയിപോകുന്നതിനാൽ വർഷകാലത്തു കേടുപറ്റുന്നു.

(ബി) അതു നന്നാക്കുന്നതിനുള്ള വഴി എടുത്തിട്ടുണ്ട്. ഫ ഫ ഠ ഫ ഇടവം അവസാനംവരെ അതിന്നായി ന,ന്യൂ വ രൂപാ ചെലവുചെയ്തിട്ടുണ്ട്. ഫ ഫ ഠ ഫ-ലെ പ്രാരംഭവേലക്കുറവിൽ അതിന്നായി ഫ, ഠ ഠ രൂപാ അനുവദിച്ചിട്ടുമുണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികുളവും): എല്ലാഭാഗങ്ങളാണ വർഷകാലത്തു മുങ്ങിപ്പോകുന്നതെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): വെള്ളംകയറാൻ സംഗതിയുള്ള ഭാഗങ്ങളാണ മുങ്ങിപ്പോകുമെന്നു വിചാരിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികുളവും): പബ്ലിക്വർക്സ് ഡിപ്പാർട്ടുമെൻറിനു അതറിയാൻ പാടില്ലെ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): അഭ്യർത്ഥനയെപ്പറ്റി വാദപ്രതിവാദം നടക്കുമ്പോൾ മെംബറിനു ചീഫ് എഞ്ചിനീയരോട് ഈ വിവരം ചോദിച്ചറിയാൻ കഴിയും.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികുളവും): റോഡിൻെറ ആ സ്ഥിതി ശരിയായ സംരക്ഷണ ജോലി നടക്കാത്തതിനാലാണെന്നു ഗവണ്മെൻറിനു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അല്ല; അതുകൊണ്ടല്ല. റോഡു മണ്ണിട്ടുറപ്പിച്ചതാണ്. എല്ലായിടത്തും ചരലൊ കല്ലൊ ഇട്ടുറപ്പിച്ചിട്ടില്ല. ൻ-ം ഫ ഠ-ം മൈലുകളിൽ ചില കയറ്റങ്ങളും ചില വർഷങ്ങൾക്കു മുമ്പു കല്ലിട്ടുറപ്പിച്ചു. ആ റോഡ് ചില സ്ഥലങ്ങളിൽ റോഡിലും ചാലുകളിലും കല്ലും പാറയുമാണ്. ആട്ടം ചെയ്യേണ്ടതു ഈ കല്ലും പാറയും നീക്കി ചില കയറ്റങ്ങളും ഇറക്കവുമൊഴിച്ചു കവലയിൽ വന്നുചേരുന്ന വഴികളും ചരിച്ചുറപ്പിക്കയാണു. ഈ ജോലി ഈയിടെയിൽ ആരംഭിച്ചു ചെയ്തുവരുന്നു. സംരക്ഷണപ്രവൃത്തിയിൽ വലിയ മാറ്റങ്ങളും വരുത്താതെ റോഡു മുങ്ങാതെയാക്കാൻ സാധിക്കയില്ല.

മൂവാറ്റുപുഴയും-തൊടുപുഴയും താലൂക്കുകളിലെ ഗതാഗതമാഗ്രങ്ങളും.

ഫ ഠ ന. മി: തയ്യിലകത്തിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഉൾനാടുകളായ മൂവാറ്റുപുഴയും തൊടുപുഴയും താലൂക്കുകളിലെ ഗതാഗതമാഗ്രങ്ങളും താഴെപ്പറയുന്ന ജോലികളും ചെയ്തിച്ചു ഗവണ്മെൻറ ഭയവായി നന്നാക്കുമോ?

(എ) തൊടുപുഴ താലൂക്കിൽ കരിമണ്ണൂർ ചന്തയിൽനിന്നു നെയ്യശ്ശേരിവഴി തൊടുപുഴ കാളിയാർ റോഡിൽ വണ്ടിമറ്റത്തു ചെന്നുചേരുന്ന ആറടിപ്പാത വീതിവരുത്തി വണ്ടിപ്പാതയാക്കുക.

(ബി) മൂവാറ്റുപുഴ-തൊടുപുഴ റോഡിൽ ഫ ഫ-ാം മൈലിങ്കൽനിന്നു കുമാരമംഗലം പകുതി കച്ചേരിവഴി പോയി നെടുവക്കാട്ട റോഡിൽ പൈങ്ങോട്ടൂർ ചന്തവരെയുള്ള ആറടിപ്പാത വണ്ടിപ്പാതയാക്കുക

(സി) വാഴക്കുളം ചന്തയിൽനിന്നു അരിക്കുഴവഴി കൂത്താട്ടുകുളം-തൊടുപുഴ റോഡിൽ വഴിത്തലവരെ പോകുന്ന വഴി വണ്ടിപ്പാതയാക്കുക:

(ഡി) മൂവാറ്റുപുഴ-പെരുമ്പാവൂർ റോഡിൽ പേഴക്കാപ്പിള്ളിയിൽനിന്നു മുടവൂർ പകുതിയിൽക്കൂടി ഇക്കാര്യമുദ്ദേശിക്കുള്ള വഴി കോതമംഗലം-പെരുമ്പാവൂർ റോഡുവരെ വീതികൂട്ടി വണ്ടിപ്പാതയാക്കുക.

(ഇ) കൂത്താട്ടുകുളം-പിറവംറോഡിൽ അഞ്ചൽപ്പെട്ടിയിൽനിന്നു പാമ്പാക്കുടവഴി രാമമംഗലം പകുതി കച്ചേരിക്കു സമീപത്തുകൂടിപോകുന്ന വഴി പുത്തൻ കുരിശിൽനിന്നു ആറ്റിലേക്കുപോകുന്ന റോഡോടുചേർക്കുക.

(എ) കോതമംഗലം ഹൈറെഞ്ച് റോഡ് കുട്ടമംഗലം കോതമംഗലം പകുതിക്കടുത്തു ചേരുന്നിടത്തുനിന്നു കുരുമുറിവഴി ജനങ്ങൾക്കും ഉണ്ടാക്കിച്ചറോഡ് വീതികൂട്ടി ഇപ്പോൾ പണിനടക്കുന്ന കുറുപ്പംപടിക്കൽ കോട്ടപ്പടിക്കൽ റോഡോടു ചേർക്കുക.

(ജി) മൂവാറ്റുപുഴ-കോതമംഗലം റോഡിൽനിന്നു പോറാനിക്കാട്ട പൈങ്ങോട്ടൂർ നെടുവക്കാട്ടുവഴി തൊടുപുഴ കാളിയാർ റോഡിലേക്കു ഒരു റോഡുണ്ടാക്കുക.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) മുതൽ (ഇ) വരെയുള്ള പണികൾക്ക എ ക്ലാസ്സിലെ പ്രാരംഭബഡ്ജറ്റിൽ പണം അനുവദിച്ചിട്ടുണ്ട്.

(സി) ഒരു റിപ്പോർട്ട പ്രതീക്ഷിച്ചിരിക്കുന്നു.

(ഡി) കളംപൂർവരെയുള്ള റോഡിൻെറ ആദ്യഭാഗം പണി നടന്നുവരുന്നു. ശേഷംഭാഗങ്ങൾക്ക എസ്റ്റിമേറുകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗങ്ങൾ.

ക ൧൬. മി: തയ്യുള്ളകണ്ടി തെയ്യാമ്മൻ (മൂവാറുപുഴയും-തൊടുപുഴയും): പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽ ഡ ശ്രേണിയും അതിലധികവും ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചു എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറ ദയവായി മേശപ്പുറത്തു വെയ്ക്കുമൊ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി):

എ.	ബ്രാഹ്മണർ	൪൭൫
ബി.	നായർ	൧൪൭
സി.	വേറെ സവർണ്ണഹിന്ദുക്കൾ	൪൨
ഡി.	ഈഴവർ	൩൨
ഇ.	ക്രിസ്ത്യാനികൾ	൧൭൩
എഫ്.	മുഹമ്മദീയർ	൪
ജി.	മറുജാതിക്കാർ	൩.
എച്ച്.	(സ്ഥിരം ആധിനിയമിക്കാതെ) ഒഴിവു	൩൨
	ആകെ	൧൭൭൭

വിറകു, മുള മുതലായതിനു പാസ്സുകൾ.

ക ൧൭. മി: തയ്യുള്ളകണ്ടി തെയ്യാമ്മൻ (മൂവാറുപുഴയും-തൊടുപുഴയും): (എ) വിറകു, മുള, വെന്തേക്ക വെൺമരുന്നു, പുന്ന ഇവ വെട്ടി നീക്കി ഉപയോഗിക്കുന്നതിനു വനം ഡിപ്പാർട്ടുമെൻറിൽനിന്നു പാസുകൾ വാങ്ങണമെന്നുള്ള വ്യവസ്ഥ നിമിത്തം ജനങ്ങൾക്കു കഷ്ടനഷ്ടങ്ങൾ ഉണ്ടെന്നുള്ള സംഗതി ഗവണ്മെൻറിനു അറിയാമൊ?

(ബി) മേൽപറഞ്ഞ ഇനങ്ങളെ പാസ്സുവാങ്ങണമെന്നുള്ള ചട്ടങ്ങളിൽനിന്നു ഒഴിവാക്കി ജനസങ്കടം തീർക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമൊ?

മി: എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): (എ) ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിറ്റി കൂടി തയ്യാറാക്കിയ ചട്ടങ്ങൾ ഈയിട നടപ്പിൽ വരുത്തിയശേഷം പ്രസ്തുതവിഷയത്തിൽ പെട്ട വ്യവസ്ഥകളിലും ആക്ഷേപങ്ങളും സങ്കടമുണ്ടെന്നു ഗവണ്മെൻറിനു അറിവില്ല.

(ബി) ഏതു ഭാഗത്തിൻെറ മേൽപടികൊണ്ടു് ഇനിയെന്തെങ്കിലും പ്രവർത്തിക്കാൻ ആവശ്യമില്ല.

ഉദ്യോഗസ്ഥന്മാർ അന്യതൊഴിലിൽ ഏർപ്പെടുക.

ക ൧൮. മി: തയ്യുള്ളകണ്ടി തെയ്യാമ്മൻ (മൂവാറുപുഴയും-തൊടുപുഴയും): (എ) ഗവണ്മെൻറ ഉദ്യോഗസ്ഥന്മാർക്കു നേരിട്ടോ വേറെ ആൾമുഖാന്തിരമൊ ഡിപ്പാർട്ടുമെണ്ടുവക കൺട്രാക്ടു് എടുക്കയൊ വ്യാപാരംചെയ്കയൊ ചെയ്യാമൊ എന്നു ഗവണ്മെൻറ ദയവായി പറയുമൊ?

(ബി) ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇപ്പോൾ അങ്ങനെ ചെയ്യുന്നുണ്ടെ. എന്നു ദയവായി ഒരന്വേഷണം നടത്തുമൊ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറ) (എ) ഒരു പടി നിഷേധത്തിലാണ്.

(ബി) ഏതെങ്കിലും ഉദ്യോഗസ്ഥൻെറ കയ്യും മെംബർ ഗവണ്മെൻറിൻെറ ഒഫ്ടിയിൽകൊണ്ടു വന്നാൽ അന്വേഷണം കഴിക്കുന്നതായിരിക്കും.

വ്യവസായവകുപ്പും വെമ്പിളി പ്രദർശനവും.

ക ക ൦. മി: തയ്യുള്ളകണ്ടി തെയ്യാമ്മൻ (മൂവാറുപുഴയും-തൊടുപുഴയും): വ്യവസായഡിപ്പാർട്ടുമെൻറാ അവരുടെ ഉപദേശപ്രകാരമൊ മേലന്വേഷണത്തിലൊ ഉണ്ടാക്കി ബ്രിട്ടീഷ്സാമ്രാജ്യപ്രദർശനത്തിനയച്ച സാമാനങ്ങളുടെ പേരുകൾ ഗവണ്മെൻറ ദയവായി പറയുമൊ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): വ്യവസായഡിപ്പാർട്ടുമെൻറാ അവരുടെ ഉപദേശപ്രകാരമൊ മേലന്വേഷണത്തിലൊ ഉണ്ടാക്കി പ്രദർശിപ്പിച്ച സാമാനങ്ങളുടെ ഒരുപട്ടിക നിയമസഭാ സെക്രട്ടറിയുടെ ആഫീസിൽ ഉള്ളതു മെംബർക്കു നോക്കാവുന്നതാണ്.

അനുബന്ധം.

അസിസ്റ്റൻറ് ഇൻസ്പെക്ടർമാരും ഇംഗ്ലീഷ് മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർമാരും,
സർവ്വ-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

നമ്പർ	പേര്	ഉദ്യോഗം				കൈച്ചരിത്രവിഷയം
൧	മി: കെ. എസ്. ശങ്കരരാമയ്യ	എം. എ. എൽ. ടി.	മലയാളം സ്കൂൾ	അസിസ്റ്റൻറ് ഇൻസ്പെക്ടർ	ഡിസ്ട്രിക്ട്	൧	ബി എ-യ്ക്കു ചരിത്രം, എം. എ-യ്ക്കു തമിഴ്
൨	,, എസ്. നാരായണയ്യർ	ബി. എ. എൽ. ടി.	ടി		ടി	൨	ചരിത്രം
൩	,, സി. ശിവതാണുപിള്ള	ബി. എ. എൽ. ടി.	ടി		ടി	൩	ടി
൪	,, എം. ആർ. കൃഷ്ണവാര്യർ	ബി. എ. എൽ. ടി.	ടി		ടി	൪	ടി
൫	,, പി. ടി. മാത്തു	ബി. എ. എൽ. ടി.	ടി		ടി	൫	ടി
൬	,, സി. എം. ചാമക്കാ	ബി. എ. എൽ. ടി.	ടി		ടി	൬	ടി
൭	,, പി. ടി. ഇടിക്കള	ബി. എ. എൽ. ടി.	ടി		ടി	൭	ടി
൮	,, എം. മത്തായി	ബി. എ. എൽ. ടി.	ടി		ടി	൮	ടി
൯	,, പി. വി. അഖിലേശ്വരശാസ്ത്രി	ബി. എ. എൽ. ടി.	ടി		ടി	൯	ടി
൧൦	,, വി. ശങ്കരയ്യർ	ബി. എ. എൽ. ടി.	തേർപ്പാണ്ടി	ഇംഗ്ലീഷ് മിഡിൽസ്കൂൾ			ടി
൧൧	,, എൻ. എസ്. ഫാന്തവെൽ	ബി. എ. എൽ. ടി.	ചാല		ടി		ടി
൧൨	,, പി. ഫിലിപ്പ്	ബി. എ. എൽ. ടി.	ഹരിപ്പാട്		ടി		ടി
൧൩	,, എം. ഉദയവർമ്മരാജാ	ബി. എ. എൽ. ടി.	മാവേലിക്കരസ്പെഷ്യൽ		ടി		ടി
൧൪	,, വറുഗീസ് കോരയ്യ	ബി. എ. എൽ. ടി.	പത്തനംതിട്ട		ടി		ടി
൧൫	,, ടി. പി. ചെറിയാൻ	ബി. എ. എൽ. ടി.	കുമരകം		ടി		ടി
൧൬	,, പി. എം. തോമസ്	ബി. എ. എൽ. ടി.	തൊടുപുഴ		ടി		ടി
൧൭	,, പി. എ. രാമയ്യർ		പെരുമ്പാവൂർ		ടി		ടി
൧൮	,, ആർ. ചിദംബരയ്യർ	ബി. എ. എൽ. ടി.	മലയാളം സ്കൂൾ	അസിസ്റ്റൻറ് ഇൻസ്പെക്ടർ,	ഡിസ്ട്രിക്ട്	൯	പ്രകൃതിശാസ്ത്രം
൧൯	,, എം. രാമവാര്യർ	ബി. എ. എൽ. ടി.	ടി		ടി	൧൦	ടി
൨൦	,, സി. തോമസ്	ബി. എ. എൽ. ടി.	ടി		ടി	൧൧	ടി
൨൧	,, പി. ജി. വിശ്വനാഥയ്യർ	ബി. എ. എൽ. ടി.	ടി		ടി	൧൨	ടി
൨൨	,, ഇ. എം. വക്കി	ബി. എ. എൽ. ടി.	ടി		ടി	൧൩	ടി
൨൩	,, കെ. വി. ചാണ്ടി	ബി. എ. എൽ. ടി.	ഇംഗ്ലീഷ്സ്കൂൾ		ടി	തിരുവനന്തപുരം	ടി
൨൪	,, ഐപ്പ് മത്തായി	ബി. എ. എൽ. ടി.	ടി		ടി	കോട്ടയം	ടി
൨൫	,, വി. അനന്തകൃഷ്ണയ്യർ	ബി. എ. എൽ. ടി.	അമ്പലപ്പുഴ	ഇംഗ്ലീഷ്മിഡിൽസ്കൂൾ	ഹെഡ്മാസ്റ്റർ		ടി
൨൬	,, ജി. അലക്സാണ്ടർ	ബി. എ.	മലയാളം സ്കൂൾ	അസിസ്റ്റൻറ് ഇൻസ്പെക്ടർ	(അവധിയിൽ)		രസതന്ത്രം

അനുബന്ധം (തുടർച്ച)

നമ്പർ	പേര്	ഉദ്യോഗം	രജിസ്ട്രേഷൻ വിഷയം
൨൭	മി: ആർ. കൃഷ്ണസ്വാമിഅയ്യർ ബി. എ. എൽ.ടി.	മലയാളംസ്കൂൾ അസിസ്റ്റൻറ് ഇൻസ്പെക്ടർ (അക്കിംഗ്)	ചരിത്രം
൨൮	,, ആർ. രാമയ്യർ ബി. എ. എൽ. ടി.	ടി ടി ഡിസ്ട്രിക്ട് ര	രസതന്ത്രം
൨൯	,, പി. കേശവപിള്ള ബി. എ.,	ടി ടി ടി ക	ടി
൩൦	,, എസ്സ്. സുബ്രഹ്മണ്യൻപോറ്റി എം. എ.	ടി ടി ടി ൻ	മലയാളം
൩൧	,, ടി. എസ്. ഗോപാലകൃഷ്ണയ്യർ എം. എ. എൽ. ടി.	ടി ടി ടി ക	ബി. എ-യ്ക്ക കണക്ക, എം. എ-യ്ക്ക സാഹിത്യം
൩൨	,, എസ്. കൃഷ്ണയ്യർ ബി. എ.	ടി ടി ടി ക	തത്വജ്ഞാനം
൩൩	,, എം. കെ. എബ്രഹാം ബി. എ. എൽ. ടി.	ടി ടി ടി ൨	ടി
൩൪	,, കെ. നാരായണപിള്ള ബി. എ. എൽ. ടി.		ടി
൩൫	,, കെ. ആർ നാരായണയ്യർ	തക്കല ഇംഗ്ലീഷ്മിഡിൽസ്കൂൾ, ഹെഡ്മാസ്റ്റർ	എഫ്. എ. ക്ലെയിൻഡ്
൩൬	,, വി. ടി. എബ്രഹാം	തൊട്ടമങ്ങാട് ടി ടി	ടി
൩൭	,, കെ. സി. തോമസ്	ഏറ്റുമാനൂർ ടി ടി	ടി
൩൮	,, പി. സി. ഫിലിപ്പ്	കാഞ്ഞിരപ്പള്ളി ടി ടി	ടി
൩൯	,, കെ. ആർ. അച്യുതൻപിള്ള	കോതമംഗലം ടി ടി	ടി
൪൦	,, എം. രാജാങ്കം അയ്യർ	എടപ്പള്ളി ടി ടി	ടി
		തിരുവിതാംകോട് ടി ടി	ടി

പ്രത്യേകയിഷയം ഇല്ല

ഗമട്രിക്ക് ക്ലെയിൻഡ്

അഭ്യർത്ഥനകൾ (തുടർച്ച).

ഡിപ്പാർട്ട്മെന്റ് ഓഫ് കൃഷിയും മത്സ്യവ്യവസായവും.

ഡോക്ടർ. എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൃഷിയും മത്സ്യവ്യവസായവും വകയ്ക്കു കഴിഞ്ഞ വർഷം തുപായിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

പ്രമേയം പാസ്സായി ...

താഴെ പറയുന്ന പ്രമേയം ഹാജരാക്കിയില്ല.

മി: ജി. രാമൻ മേനോൻ

പാടത്തെ കിസ്റ്റാബ്ലിഷ്മെന്റിനു അനുവദിച്ചിട്ടുള്ള 8,8 രൂപ തുകയിൽ 2 വർഷം തുടർച്ചയായി കൊടുക്കണം.

പ്രമേയം പാസ്സാക്കി.

മി: ജി. രാമൻ മേനോൻ (മാവേലിക്കര തെക്കുംകാഞ്ഞിക്കപ്പുള്ളിയും): സർ, ഞാൻ ഈ പ്രമേയം ഹാജരാക്കുന്നു.

പാടത്തെ, അഗ്രിക്കൾച്ചറൽ കെമിസ്റ്റിന്റെ (കൃഷിസന്തുഷ്ടജ്ഞൻ) അസിസ്റ്റന്റിനു അനുവദിച്ചിട്ടുള്ള 2,8 വർഷം രൂപായിൽ 1 വർഷം രൂപാ കുറയ്ക്കണം

ഒരു അഗ്രിക്കൾച്ചറൽകെമിസ്റ്റും ഒരു അസിസ്റ്റന്റ് അഗ്രിക്കൾച്ചറൽകെമിസ്റ്റും ഉണ്ട്. കൃഷിഡിപ്പാർട്ടുമെന്റ് ഏർപ്പെടുത്തിയതു മുതൽക്കേ അഗ്രിക്കൾച്ചറൽ കെമിസ്റ്റ് ജോലിയിൽ ഏർപ്പെട്ടിട്ടുള്ള മണ്ണ് വളം മുതലായവയുടെ പരിശോധന നടത്തിവരുന്നു. അതുകൊണ്ടു ഒരു അഗ്രിക്കൾച്ചറൽകെമിസ്റ്റ് ഇതിനെന്നും ഒരു അസിസ്റ്റന്റ് ആവശ്യമില്ലെന്നും ഞാൻ വിചാരിക്കുന്നു. ഇതാണു ഒരു കാരണം.

പ്രാദേശബഡ്ജറ്റിന്റെ ഫർത്താം ഭാഗത്തു കാണംപ്രകാരം ഭക്ഷിണേന്ത്യയിലെ തോട്ട വ്യവസായങ്ങളുടെ സഹായത്തിന്നായി മദ്രാസ് ഗവണ്മെന്റ് സ്ഥാപിച്ചു നടത്തിവരുന്ന ശാസ്ത്രീയവകുപ്പിന്റെ ചെലവിലേക്ക് ഇവിടെ നിന്നും ഒരു സംഖ്യ ഒരു കൊടുക്കുന്നതാണു വേറൊരു കാരണം. ഇങ്ങനെ ഒരു സംഖ്യ എല്ലാകാലവും കൊടുക്കുന്നുണ്ട്. കൃഷിഡിപ്പാർട്ടുമെന്റിന്റെ ശാസ്ത്രീയവകുപ്പുകാർ ഈ ജോലിയും ചെയ്യേണ്ടതാണു. അവർക്ക് അതു സാധിക്കയില്ലെങ്കിൽ ഒരു അസിസ്റ്റന്റിനെ എങ്കിലും പിരിച്ചു വിടാം. ഇതാണു സംഖ്യ കുറയ്ക്കണമെന്നു ഞാൻ പറഞ്ഞതിനു വേറൊരു കാരണം. അഗ്രിക്കൾച്ചറൽകെമിസ്റ്റിനു ഒരുപാടു ജോലിയുണ്ട്, വളം, മണ്ണ് മുതലായവയുടെ പരിശോധന പ്രവൃത്തി ഇനിയും ചെയ്തുവരുന്നുണ്ട് എന്നു പറയുമായിരിക്കും. എന്നാൽ ഈ ജോലി കഴിഞ്ഞു പന്ത്രണ്ടു വർഷമായി നടന്നു വരുന്നതുകൊണ്ടു അസിസ്റ്റന്റിനെ പിരിച്ചുവിടുന്നതിനാൽ ജനങ്ങൾക്കു ഗണ്യമായ നഷ്ടം സംഭവിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇക്കാരണങ്ങളാൽ അഭ്യർത്ഥനസംഖ്യയിൽ ഞാൻ പറഞ്ഞ കുറവു വരുത്തേണ്ടതാണെന്നു ഞാൻ ബോധിപ്പിക്കുന്നു.

ഡോക്ടർ. എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സർ, ഞാൻ പ്രമേയത്തെ എതിർത്തു കൊള്ളുന്നു. തോട്ടവ്യവസായങ്ങളെ സംബന്ധിച്ചു ഒരു ശാസ്ത്രീയവകുപ്പു സ്ഥാപിച്ചു നടത്തുന്ന ചെലവിലേക്കു തിരുവിതാംകൂർ ഗവണ്മെന്റു ഒരു സംഖ്യ കൊടുക്കുന്നുണ്ടെന്നുള്ളതാണു ഞാൻ പ്രമേയത്തിനനുകൂലമായി മിസ്റ്റർ രാമൻ മേനോൻ പറഞ്ഞ ഒരു കാരണം. റബ്ബറും തേയിലയും കൃഷിചെയ്യുന്നതിനു ശാസ്ത്രീയസഹായം ചെയ്യുന്നതിനു മാത്രമാണു ഈ സംഖ്യ കൊടുക്കുന്നതു. ഈ ആവശ്യത്തിനു മദ്രാസ് ഗവണ്മെന്റു കൃഷി ഡിപ്പാർട്ടുമെന്റിന്റെ വകുപ്പായി ഒരു പ്രത്യേക വകുപ്പു നടത്തിപോരുന്നുണ്ട്. തോട്ടങ്ങളുള്ള ഡിസ്ട്രിക്റ്റുകൾക്കും പ്രത്യേകമായി ഒരു കൃഷിഡിപ്പാർട്ടുമെന്റ് ഓഫീസറുമുണ്ട്. അവർക്ക് ഒരു റബ്ബർ മൈക്കോളജിസ്റ്റ് (ഛത്രകുമാസ്ത്രി) ഉണ്ട്. അദ്ദേഹത്തിന്റെ പ്രധാനശാല തിരുവിതാംകൂറിലാണ്. ആ ശാസ്ത്രീയവകുപ്പുകാർ തിരുവിതാംകൂറിലും തിരുവിതാംകൂറിനു പുറത്തുമുള്ള റബ്ബറും തേയിലയും സംബന്ധിച്ചു പരീക്ഷണങ്ങൾ നടത്തി വരുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തോട്ടക്കാരുടെ ഗുണം ആലോചിച്ചു വേറെ ഏതെങ്കിലും ഗവണ്മെന്റു ഒരു പ്രത്യേകവകുപ്പു സ്ഥാപിച്ചു നടത്തുന്നുണ്ടോ എന്നു പറയുമോ?

ഡോക്ടർ. എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആ ശാസ്ത്രീയവകുപ്പിന്റെ ചെലവിലേക്കു കൊച്ചി ഗവണ്മെന്റും മൈസൂർ ഗവണ്മെന്റും ധനസഹായം ചെയ്യുന്നുണ്ട്

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ധനസഹായത്തെപ്പറ്റിയല്ല ഞാൻ ചോദിക്കുന്നതു, ഇങ്ങനെയൊരുവകുപ്പു ഏതെങ്കിലും ഒരു ഗവണ്മെന്റു സ്ഥാപിച്ചു നടത്തുന്നുണ്ടോ എന്നാണു എനിക്കു അറിയേണ്ടതു്.

ഡോക്ടർ. എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിക്കു അതിനെപ്പറ്റി അറിവില്ല. മദ്രാസ്കൃഷി ഡിപ്പാർട്ടുമെന്റിനു അങ്ങനെയൊരു പ്രത്യേകവകുപ്പുണ്ടു്. ധനസഹായം ചെയ്യുന്നതു ഒരു പ്രത്യേക ഉദ്ദേശത്തോടെ, അതായതു തോട്ടവ്യവസായത്തിനു ശാസ്ത്രീയ ഉപദേശം കൊടുക്കുന്നതിനു ആകുന്നു, അവരുടെ പരീക്ഷകളും പര്യാലോചനകളും കൊണ്ടു തിരുവിതാംകൂറിലെ തോട്ടക്കാർക്കും ഗുണം കിട്ടുന്നുണ്ടു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തോട്ടവ്യവസായം സംബന്ധിച്ചു സിലോൺഗവണ്മെന്റു പ്രത്യേകമായി വല്ലതും ചെയ്യുന്നുണ്ടോ?

ഡോക്ടർ. എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അവർക്ക് ഒരു കൃഷിഡിപ്പാർട്ടുമെന്റുള്ളതു; ഇൻഡ്യൻ ടീ അസോസിയേഷൻ (തേയിലസംഘം) ആസ്സാമിൽ ഒരു പ്രത്യേകശാസ്ത്രീയ വകുപ്പു നടത്തുന്നുണ്ടു്. അതിനു ഗവണ്മെന്റിൽ നിന്നു ആ സംഘത്തിനു ധനസഹായം ചെയ്യുന്നുണ്ടെന്നാണു എന്റെ വിശ്വാസം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതു ഗവണ്മെന്റു?

ഡോക്ടർ. എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇൻഡ്യാ ഗവണ്മെന്റും കൊങ്കണും ഗവണ്മെന്റും ആണ എപ്രകാരം നിശ്ചയമില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബെങ്കാൾ ടീ അസോസിയേഷന്റെ വല്ലധന സഹായവും ചെയ്വാൻ തിരുവിതാംകൂർ ഗവണ്മെന്റ് ഒരുക്കമുണ്ടോ?

ഡോക്ടർ. എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മദ്രാസ് കൃഷ്ഡിപ്പാർട്ടുമെന്റിന ഒരു പ്രത്യേക വകുപ്പുണ്ട്. അവർ തേയിലയെപ്പറ്റി ശാസ്ത്രീയാന്വേഷണങ്ങളും നടത്തുന്നതു തിരുവിതാംകൂറിനും വേണ്ടിയാണ്. ധനസഹായം ചെയ്യുന്നതു തേയിലയും റബ്ബറും സംബന്ധിച്ചു ജോലിക്കാണ്. ആ ജോലി തിരുവിതാംകൂർ തോട്ടക്കാർക്കും ഉപകാരപ്രദമാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തേയിലയും റബ്ബറും സംബന്ധിച്ചു തിരുവിതാംകൂർഗവണ്മെന്റ് ഡിപ്പാർട്ടുമെന്റ ഒന്നും ചെയ്യുന്നില്ലെ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇല്ല, ഞങ്ങളൊന്നും ചെയ്യുന്നില്ല. ആ ജോലി ചെയ്യാൻ മദ്രാസു കൃഷിഡിപ്പാർട്ടുമെന്റിന്റെ ഒരു പ്രത്യേക വകുപ്പും അതിനു ഇവിടെ നിന്നു ധന സഹായവും ഉള്ളതു കൊണ്ടു ഞങ്ങളുടെ ശ്രദ്ധ സാധാരണ കൃഷിയിലാണ പതിച്ചിട്ടുള്ളതു. തേയിലയും റബ്ബറും സംബന്ധിച്ചു ഞങ്ങളൊന്നും ചെയ്യുന്നില്ല.

മി: കെ. ഒ. തോമസ് (കോട്ടയം): തിരുവിതാംകൂറിലെ തോട്ടവ്യവസായക്കാക്ക അവർ ശാസ്ത്രീയ സഹായം നല്കേണ്ടതു ആവശ്യമല്ലേ?

ഡോക്ടർ. എൻ. കുഞ്ഞൻപിള്ള (കൃഷിയും വ്യവസായവും ഡയറക്ടർ): എനിക്ക പറവാൻ സാധിക്കുകയില്ല. പരിശോധനകളുടെ ഫലം പ്രസിദ്ധപ്പെടുത്തുന്നതു എല്ലാവക്കും കിട്ടുന്നതാണ്. യു. പി. എ. എസ്. ഐ. സംഘക്കാർ "പ്ലാന്റേർസ്ക്രോണിക്കിൾ" എന്ന പേരായ ഒരു മാസിക പ്രസിദ്ധപ്പെടുത്തുന്നുണ്ട്. അതിന്റെ വരിക്കാക്കെല്ലാം വിവരങ്ങൾ കിട്ടും.

മി: രാമൻ മേനോൻ പറഞ്ഞ പോലെ ഒരു അഗ്രിക്കൾച്ചറൽ കെമിസ്റ്റ് ഉള്ളതുകൊണ്ട് ഒരു അസിസ്റ്റന്റ് അനാവശ്യമെന്നാണ്. അഗ്രിക്കൾച്ചറൽ കെമിസ്റ്റ് ആദിയുതലെ മണ്ണുകളുടെയും വളങ്ങളുടെയും രസതന്ത്രപരീക്ഷകൾ ചെയ്തു വരികയാണ്. ഈ പരീക്ഷകൾ എന്നവസാനിക്കും എന്നു പറവാൻ സാധിക്കയില്ല. തിരുവിതാംകൂറിലെ മണ്ണു പരിശോധന മുഴുവൻ ചെയ്യണമെന്നും കഴിയുന്നവേഗത്തിൽ ചെയ്യണമെന്നുമാണ ഞങ്ങളുടെ ആഗ്രഹം. നാഞ്ചിനാട്ടെയും കുട്ടനാട്ടെയും പരിശോധന പൂർത്തിയായി. ഇപ്പോൾ വൈക്കം താലൂക്കിലെ മണ്ണ് പരിശോധന നടന്നു വരുന്നു. പരിശോധന എളുപ്പത്തിൽ തീരുന്നതല്ല. ഓരോ പരിശോധനയ്ക്കും അധികം ദിവസങ്ങൾ വേണം. അഗ്രിക്കൾച്ചറൽകെമിസ്റ്റ് ഈ ജോലിയിൽ ഏർപ്പെട്ടിരിക്കയാണു. അദ്ദേഹത്തിന്റെ അസിസ്റ്റന്റ് കായികരസതന്ത്രത്തിൽ മാത്രമല്ല ജന്തുജന്യശാസ്ത്രത്തിലും പരിജ്ഞാനം പ്രാപിച്ചിട്ടുള്ളയാളാണ്. തിരുവിതാംകൂർ ഗവണ്മെന്റ അദ്ദേഹത്തെ പൂസായിൽ ജീവരസതന്ത്രത്തിൽ പരിശീലനത്തിനായി അയച്ചു. ഈ വിഷയം ഇപ്പോൾ എല്ലായിടത്തും പ്രാമുഖ്യത്തപ്രാപിച്ചു വരികയാണ്. നാം സാങ്കേതിക സംജ്ഞകൾ ഉപയോഗിക്കുന്നതു സൂക്ഷ്മമിക്കണം, അല്ലാതെ നിവൃത്തിയില്ല. ഇദ്ദേഹം ജീവരസതന്ത്രം പ്രത്യേകമായി പഠിച്ചുവന്നു. ഇപ്പോൾ ചില പ്രധാന വിഷയങ്ങൾ പരിശോധിച്ചുവരുന്നു. പൂക്കോടിനു സമീപം കുറെ അധികം കരിനിലം കൃഷിചെയ്യാതെ കിടക്കുന്നു. മണ്ണിൽ ചില ഭേദങ്ങൾ വരുത്തിയാൽ അതു നെൽ കൃഷിക്കു യോഗ്യമാക്കാം. രസതന്ത്രമായും ജീവസംബന്ധമായും അദ്ദേഹം ഇപ്പോൾ നടത്തിവരുന്ന പരീക്ഷണങ്ങൾകൊണ്ടു വളരെ പ്രയോജനം ഉണ്ടാകും. തെക്കൻ തിരുവിതാംകൂറിലെ ക്ഷാര നിലങ്ങൾ നന്നാക്കാൻ എന്താണ മാർഗ്ഗമെന്നും അദ്ദേഹം പരീക്ഷിച്ചു വരുന്നു. അങ്ങനെയുള്ള നിലങ്ങൾ നന്നാക്കിയെടുക്കാൻ കുറെ അധികം ഉണ്ട്. ക്ഷാര ഗുണമുള്ള മണ്ണു ചുണ്ണാമ്പുകല്ലു ചെത്താൽ നന്നാകുമെന്നാണ ഇപ്പോഴത്തെ അഭിപ്രായം. പിന്നീടുള്ള പരിശോധനയിൽ ഗന്ധകമാണ ഉത്തമം എന്നു കണ്ടു. പ്രയോഗശാലയിലെ പരീക്ഷകൾകൊണ്ടു ഗന്ധകമാണ നല്ലതെന്നു കണ്ടതു വയലിൽ പരീക്ഷിച്ചു നോക്കാൻ അസിസ്റ്റന്റ് ഇപ്പോൾ ഉദ്യമിച്ചു വരുന്നു. ഈ രണ്ടു സംഗതികളാണ അസിസ്റ്റൻ കെമിസ്റ്റ് ഇപ്പോൾ പരിശോധിച്ചു വരുന്നതു. കെമിസ്റ്റ് മണ്ണു, വളം മുതലായതു പരിശോധിച്ചു വരുന്നു.

അസിസ്റ്റന്റ് കെമിസ്റ്റിനും ഇപ്പോഴത്തെ ശമ്പളം ൧൦൦ രൂപയാണെന്നും കുറയ്ക്കണമെന്നു പറയുന്നതു ൭൫൦ രൂപയാണെന്നും പ്രസ്താവയോഗ്യമാണ്. അദ്ദേഹം ൩൦ മുതൽ ൧൫൦ വരെ ശമ്പളസ്കെയിലിൽ ആണ ഏർപ്പെടുത്തിയതു. ഇപ്പോൾ അദ്ദേഹത്തിനു ശമ്പളം ൧൫൦ രൂപയാണ്. അദ്ദേഹം ആരംഭിച്ചിട്ടുള്ള ചില പ്രധാന പരീക്ഷകൾകൊണ്ടു വലിയ പ്രയോജനം ഉണ്ടാകാനുണ്ട്. അതുകൊണ്ടു ഈ അഭ്യർത്ഥന യുക്തമായി നിരാകരിക്കയില്ലെന്നു വിശ്വസിക്കുന്നു.

മി: കെ. സി. മമ്മൻ മാപ്പിള (കൃഷിയും വ്യവസായവും വടക്കു): തിരുവിതാംകൂറിലെ മണ്ണിനെറയും വിളവുകളുടെയും ശാസ്ത്രീയപരിശോധനയ്ക്കു എനിക്കു വിരോധമില്ല. ഈ ശാസ്ത്രജ്ഞന്മാരുടെ പ്രയത്നത്തിന്റെ ഫലം ഉടൻ തന്നെ പ്രത്യക്ഷമാകുന്നില്ലെങ്കിലും മറെറ പ്രദേശങ്ങളിലെ ശാസ്ത്രജ്ഞന്മാരുടെ പരിശ്രമഫലങ്ങളുടെ അനുഭവംകൊണ്ടു, കൃഷി രീതികളിൽ ചിലഭേദങ്ങൾ ഉണ്ടാക്കിയാൽ അതിനു വേണ്ടിവരുന്ന ചെലവിന്റെ പലമടങ്ങു ഗുണം ഉണ്ടാകാൻ ഇടയുണ്ടെന്നു വിചാരിപ്പാൻ ന്യായമുണ്ട്. ഏതായാലും ഒരു അസിസ്റ്റന്റിനെ നിയമിച്ചു കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിനു വേണ്ടുവോളം ജോലിയുണ്ടെന്നു ഡയറക്ടർ പറയുകയും ചെയ്യുന്നു. അദ്ദേഹം ഇതുത്തോളം ചെയ്തിട്ടുള്ള പരിശ്രമങ്ങളുടെ ഫലം ജനസാമാന്യത്തിന്റെ അറിവിൽ

കൊടുക്കുകയും അവരുടെ പ്രായോഗികമായ അഭിപ്രായങ്ങളെ അവക്ക് ഇപ്പോഴത്തെക്കാൾ അനുഭാവപൂർണ്ണമായി കൈക്കൊള്ളുകയും ചെയ്യുന്നതിൽ നന്നായിരിക്കുമെന്നു എനിക്കു വിചാരമുണ്ട്. നമ്മുടെ ആളുകൾക്കു ശാസ്ത്രജ്ഞന്മാരുടെ ജോലിയുടെ ഫലങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുകയില്ല. അതുകൊണ്ടു അവരുടെ പരിശ്രമഫലങ്ങളെ പ്രായോഗികമായി ഗണിച്ചുകൊടുക്കുന്നതിൽ അധികം അധികം ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. കൃഷിഡിപ്പാർട്ടുമെന്റിൽ ആഗ്രികൾച്ചറൽകെമിസ്റ്റും അസിസ്റ്റന്റും ആവശ്യമാണെന്നാണു എന്റെ അഭിപ്രായം. അതുകൊണ്ടു പ്രമേയത്തെ ഞാൻ എതിർക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഡോക്ടർ കുഞ്ഞൻപിള്ള പ്രസ്താവിച്ച ധനസഹായത്തെ പറ്റി ഒന്നു രണ്ടു സംഗതികൾ പറവാനായി ഞാൻ എഴുന്നേറ്റുകൊള്ളുന്നു. മദ്രാസ് ഗവർണ്മെന്റിന്റെ കീഴിൽ മദ്രാസിൽ ജോലിചെയ്യുന്ന ഒരു കൂട്ടം ശാസ്ത്രജ്ഞന്മാക്ക് ധനസഹായം ചെയ്യാൻ തിരുവിതാംകൂർ ഗവണ്മെന്റിനെ നിർബന്ധിക്കുന്നതിനു പറഞ്ഞുകാരണങ്ങൾ എനിക്കു ബോദ്ധ്യമാകുന്നില്ല. അവരുടെ പഠിപ്പിനുപയോഗപ്പെടുത്തുന്നതിനു തിരുവിതാംകൂറിൽ ഉള്ള നമുക്കു സിദ്ധിക്കുന്നു എന്നാണു ഡോക്ടർ കുഞ്ഞൻപിള്ള പറഞ്ഞുകാരണം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): നടപടിക്രമത്തെപ്പറ്റി ഒന്നു പറഞ്ഞുകൊള്ളട്ടെ. മദ്രാസ് ഗവർണ്മെന്റിലേക്കു കൊടുക്കുന്ന ധനസഹായത്തെപ്പറ്റി ഈ സഭയ്ക്കു വാദംചെയ്യാൻ അധികാരമില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതേഹം പറയുന്നതു ഞാൻ കേൾക്കുന്നേയില്ല.

പ്രസിഡന്റ്: മദ്രാസ് ഗവർണ്മെന്റിനു ധനസഹായം ചെയ്യുന്നതിനെപ്പറ്റി വാദം ചെയ്യുന്നതു നടപടിക്രമത്തിനു ഭംഗമല്ലയോ എന്നു അദ്ദേഹം ചോദിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡോക്ടർ കുഞ്ഞൻപിള്ള അതിനെക്കുറിച്ചു രണ്ടിക്കുടം തെ പ്രസ്താവിച്ചു. ഈ സഭയിൽ അതിനെക്കുറിച്ചു പ്രതിപാദിക്കുന്നതിനു വല്ല തടസ്ഥവും ഉണ്ടെന്നു വിചാരിച്ചുതായി തോന്നിയില്ല. ആ വിഷയത്തെപ്പറ്റി സംസാരിക്കുന്നതിനു വിരോധമുണ്ടെന്നു സൂചിപ്പിക്കുപോലും ചെയ്തില്ല. അതിനാൽ എനിക്കും അതിനെപ്പറ്റി സംസാരിക്കാമെന്നു ഞാൻ വിചാരിച്ചു. ഞാൻ പറഞ്ഞതു ഒരു വരം അഭിപ്രായമായി എടുത്താൽ മതി. എന്റെ പ്രസ്താവങ്ങൾ അങ്ങനെ കരുതുന്നതിനു വിരോധമില്ല. ഈ പരിശോധനകളുടെ ഗുണം നമുക്കും സിദ്ധിക്കുന്നുണ്ടെന്നാണ് വാദത്തിന്റെ അടിസ്ഥാനം. അതൊരു യഥാർത്ഥ കാരണമാണെങ്കിൽ ലോകത്തിൽ അനേകം ശാസ്ത്രജ്ഞന്മാർ ഇങ്ങനെ അന്വേഷണങ്ങൾ കഴിച്ചുവരുന്നുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ അവർ ചെയ്യുന്ന പരീക്ഷണങ്ങളുടെ ഫലം നമുക്കും സിദ്ധിക്കുന്നതുകൊണ്ടു അവക്ക് ധനസഹായം ചെയ്യുന്നതു ന്യായമായിരിക്കും. അങ്ങനെയിരിക്കുമ്പോൾ എന്തെങ്കിലും പ്രത്യേകകാരണംകൂടാതെ തിരുവിതാംകൂർ ഗവർണ്മെന്റു ഈ ധനസഹായം ചെയ്യുന്നതിനു ന്യായമുണ്ടോ?

പ്രസിഡന്റ്: ഉദാഹരണമായി ഉഷ്ണമേഖലയിലെ രോഗങ്ങളെപ്പറ്റി അന്വേഷണങ്ങൾ നടത്തുന്ന ലണ്ടനിലെ സംഘത്തിനു നാം ധനസഹായം ചെയ്യുന്നുണ്ടെന്നു തോന്നുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ജെർമ്മനിയിലോ ഫ്രാൻസിലോ ആക്കാമില്ലല്ലോ.

പ്രസിഡന്റ്: അവർ അപേക്ഷിച്ചാൽ അതിനെപ്പറ്റി ആലോചിക്കും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തിരുവിതാംകൂർ വ്യവസായഡയറക്ടർ ലണ്ടനിലെ ഒരു സാങ്കേതിക സംഘത്തെപ്പറ്റി കൂടക്കൂടെ പ്രസ്താവിക്കാറുണ്ട്. ആ സംഘത്തോടു ചോദിക്കുന്നവിഷയങ്ങളെപ്പറ്റി അന്വേഷണം കഴിക്കുന്നതിനു ധനസഹായം ചെയ്യുന്നതിന്റെ ഔചിത്യം ഗ്രഹിപ്പാൻ കഴിയും. അതു ന്യായവും ഡയറക്ടരും ഒരു പ്രത്യേകസംഘവും തമ്മിലുള്ള ഏർപ്പാടു നിമിത്തവും ആകുന്നു. എന്നാൽ തിരുവിതാംകൂർ കൃഷിഡിപ്പാർട്ടുമെന്റിന്റെ ആവശ്യപ്രകാരം മദ്രാസിലെ സ്ഥാപനം തിരുവിതാംകൂർ ഗവർണ്മെന്റിനുവേണ്ടി എന്തെങ്കിലും ജോലിചെയ്യുന്നുണ്ടെന്നു എനിക്കു തോന്നുന്നില്ല.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അയക്കാരം റബ്ബർ കെമിക്കാളജിസ്റ്റ് ഉണ്ട്. അദ്ദേഹം ജോലചെയ്യുന്നതു മുണ്ടക്കയം പ്രയോഗശാലയിലാണ്. അവിടെ തെന്മലയിൽ ഒരു റബ്ബർ പരീക്ഷണശാലയും ഹൈറേഞ്ചുസിൽ ഒരു തേയില പരീക്ഷണശാലയും ഉണ്ട്.

പ്രസിഡന്റ്: യുണൈറ്റഡ് പ്ലാന്റേർസ് സംഘവും ഉണ്ട്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): യുണൈറ്റഡ് പ്ലാന്റേർസ് സംഘത്തിന്റെ അധീനതയിലുള്ള ശാസ്ത്രീയവകുപ്പിനാണു നാം ധനസഹായം ചെയ്യുന്നത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ വകുപ്പു കൃഷിഡയറക്ടരുടെ ആവശ്യപ്രകാരം തിരുവിതാംകൂർഗവർണ്മെന്റിനു വല്ല ജോലിയും ചെയ്യുന്നുണ്ടോ എന്നാണു ചോദ്യം. അതിനു തൃപ്തികരമായ മറുപടി പറഞ്ഞാൽ ഞാൻ ഈ വിഷയം വിട്ടുകളയാം. എന്നാൽ അവരുടെ ആവശ്യംപ്രമാണിച്ചു മുണ്ടക്കയത്തു അവർ ഒരു പ്രയോഗശാല സ്ഥാപിച്ചു നടത്തുകയാണെങ്കിൽ അവരെ സഹായിക്കാൻ തിരുവിതാംകൂർഗവർണ്മെന്റ് പുറകിട്ടുനിൽക്കുന്നതു എന്തിനാണെന്നു മനസ്സിലാകുന്നില്ല.

പ്രസിഡന്റ്: നിങ്ങൾ ഈ വിഷയത്തെപ്പറ്റി സംസാരിക്കുന്നതു സമയപ്പിയായിട്ടാകുന്നു. ഈ സംഘങ്ങൾ പ്രവൃത്തിചെയ്യുന്നതു ലോകർമാട്ടുകളുള്ള വ്യവസായത്തെ സഹായിക്കാൻ മാത്രമല്ലാതെ കണ്ടുപിടിക്കുന്നതിനാണ്. അവർ കണ്ടുപിടിക്കുന്നതെല്ലാം റബ്ബറും തേയിലയും കൃഷിചെയ്യുന്ന മറ്റുരാജ്യങ്ങളെ സഹായിക്കുന്നതുപോലെ തിരുവിതാംകൂറിനെയും സഹായിക്കുന്നതാണ്. അതുകൊണ്ടു അവരുടെ പരീക്ഷണങ്ങൾ നടത്തുന്നതിനു സഹായിക്കുന്നതു ഉചിതമായിരിക്കും. നമ്മുടെ രാജ്യത്തിനുമാത്രം ഗുണപ്രദമായിരിക്കുന്ന എതെങ്കിലും പ്രത്യേക സംഗതി ചൂണ്ടിക്കാണിക്കാൻ പ്രയാസമാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നമുക്കിതിൽ എന്തെങ്കിലും കർത്തവ്യം ഉണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു. ശാസ്ത്രീയമായി അവർ നടത്തുന്ന മഹത്തായ പരിശ്രമങ്ങളിൽ നമുക്കൊരു കയ്യാളുകർത്തവ്യം ഇല്ലെങ്കിൽ ആ സ്ഥാപനത്തിനു ധനസഹായം ചെയ്യാൻ ഞാൻ ഒരു കാരണവും കാണുന്നില്ല.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): യൂണൈറ്റഡ് പ്ലാന്റേർസ് സംഘത്തിന്റെ എല്ലാ അംഗങ്ങൾക്കും ഈ സ്ഥാപനത്തിനേൽ കർതൃത്വം ഉണ്ട്. തിരുവിതാംകൂറിലെ തോട്ടക്കാർ എല്ലാവരും ആ സംഘത്തിന്റെ അംഗങ്ങളുമാണ്.

ശ്രീ: കെ. കെ. തോമസ് (കോട്ടയം): പ്രാസംഗികന്മാരുടെ മനസ്സിൽ എന്തോ കുഴപ്പമുള്ളതായി തോന്നുന്നു. പ്രമേയകർത്താവിന്റെ ഉദ്ദേശം ആഗ്രിക്കൾച്ചറൽ അസിസ്റ്റന്റിന്റെ ശമ്പളം അനുവദിക്കുന്നതെന്നായിരുന്നു. എന്നാൽ വാദം തിരുവിതാംകൂറിലെ തോട്ടവ്യവസായത്തിന്റെ പ്രോത്സാഹനാർത്ഥം മദ്രാസ് ഗവണ്മെന്റിനു പണം കൊടുക്കുന്ന കാര്യത്തെപ്പറ്റിയായി മാറിപ്പോയിരിക്കുന്നു. പീരുമേട്ടിൽ ഒരു സ്ഥലത്തു ഒരു ഉദ്യോഗസ്ഥൻ റബ്ബിന്റെയും തേയില ചെടികളുടേയും രോഗങ്ങളെപ്പറ്റി പരിശോധനകൾ നടത്തുന്നതു ഞാൻ കണ്ടിരിക്കുന്നു. പ്രമേയകർത്താവു ആഗ്രിക്കൾച്ചറൽ കെമിസ്റ്റിന്റെ ശമ്പളം കൂടുവാണമെന്നു മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളു. അതിനും മദ്രാസ് ഗവണ്മെന്റിനും ശാസ്ത്രീയവകുപ്പിനു ധനസഹായം ചെയ്യുന്നതിനും തമ്മിൽ യാതൊരുസംബന്ധവും ഇല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സംഖ്യാദ്യം അത്യന്താപേക്ഷിതമായിരിക്കുന്ന വിഷയങ്ങളെ പ്രസംഗികന്റെ ശ്രദ്ധയിലേക്കു വിഷയീഭവിപ്പിച്ചു കൊള്ളുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): ഒരു വലിയ ഡിപ്പാർട്ടുമെന്റിന്റെ ചെയ്യാനുള്ള മണ്ണു പരിശോധനയിലും മറ്റുജോലികളിലും ആ ഡിപ്പാർട്ടുമെന്റിനെ സഹായിക്കാനാണു ആഗ്രിക്കൾച്ചറൽ കെമിസ്റ്റിനെ നിയമിച്ചിട്ടുള്ളതു്. മുൻപറഞ്ഞ ശാസ്ത്രീയവകുപ്പിനു സഹായധനം കൊടുക്കുന്നതു തിരുവിതാംകൂറിലെ തോട്ടവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനാണ്. ഇവരണ്ടും വേർതിരിച്ചു ഡിപ്പാർട്ടുമെന്റിന്റെ ആവശ്യത്തിനു മിതമാണോ വേണ്ടതെന്നു നോക്കണം. ഇപ്പോഴത്തെ നിലയിൽ ആഗ്രിക്കൾച്ചറൽ കെമിസ്റ്റിനു ഒരു അസിസ്റ്റന്റ് തിരുവിതാംകൂറിൽ അത്യാവശ്യമാണ്. കൃഷിയുടെ അഭിവൃദ്ധിമാർഗ്ഗത്തിൽ നാം പ്രവേശിച്ചിരിക്കുന്നു. അതിനു എന്തെങ്കിലും പ്രതിബന്ധം ഉണ്ടാക്കുന്നതു ശോചനീയമാണ്. ആഗ്രിക്കൾച്ചറൽ കെമിസ്റ്റിന്റെ അസിസ്റ്റന്റിന്റെ പരിശോധനാഫലങ്ങളും ആശിക്കാവുന്നേടത്തോളം പ്രസിദ്ധമാക്കിട്ടില്ലെങ്കിലും അദ്ദേഹം ആഫീസിൽ തല്ലുജോലി ചെയ്യുന്നതായി കാണുന്നു. ആഗ്രിക്കൾച്ചറൽ കെമിസ്റ്റിനു ഒരു അസിസ്റ്റന്റും അത്യാവശ്യമാണ്. അതുകൊണ്ടു പ്രമേയത്തെ ഞാൻ എതിർക്കുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും-കുത്തിക്കുപ്പള്ളിയും): ഒരു അസിസ്റ്റന്റു വേണമെന്നുള്ളതിനു പറഞ്ഞ കാരണങ്ങളും ബോധ്യം വരുത്തുന്നവയാണെന്നു എനിക്കു തോന്നുന്നില്ല. എന്നുമാത്രമല്ല മി: മാത്തൻ മാപ്പിളയുടെ വാദങ്ങളും ഒരു തരത്തിലാണപരിമിതം ഉണ്ടായതാണ്. ഈ പരീക്ഷണങ്ങളും പയ്യാനേഷണങ്ങളും നിരന്തരമുണ്ടാകേണമെന്നു ഞാൻ ആവശ്യപ്പെട്ടില്ല. അസിസ്റ്റന്റു വേണ്ടെന്നുവെച്ചാലും ആ ജോലിചെയ്യാൻ ബാക്കി ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കും. ആഗ്രിക്കൾച്ചറൽ കെമിസ്റ്റും, ഡെമൺസ്ട്രേട്ടരും അസിസ്റ്റന്റുമില്ലായിരുന്നപ്പോൾ ഉണ്ടായിരുന്നതിനെക്കാൾ കൂടിയുന്മാരുടെ ഭാരം കുറയ്ക്കുന്നതിനും കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണമെന്നുമാണു എന്റെ വാദം അതാണു എന്റെ ഉദ്ദേശം. ഇതിനുപ്രതികൂലമായി ഒരു സംഗതിയും പറഞ്ഞിട്ടില്ല. ഉദ്യോഗസ്ഥന്മാർക്കു വേണ്ടുവോളം ജോലി ഉണ്ടെന്നും മറ്റും പറയാൻകഴിയും. അതു എല്ലാഉദ്യോഗസ്ഥന്മാരും പരിതാപമായി പറയുന്ന ഒരു കാരണമാണ്. അങ്ങനെയുള്ള വാദം എന്നെ ബോധ്യപ്പെടുത്തുകയില്ല. ഞാൻ പറഞ്ഞപ്രകാരം അഭിപ്രായം കുറയ്ക്കുന്നതിനു വിരോധംഉള്ളവർ സഭയുടെ ഈ ഗോത്രത്തും ഉണ്ടായിരിക്കും. സഭ അനുകൂലമാണെങ്കിൽ പ്രമേയം വോട്ടിനു വെക്കണമെന്നു ഞാൻ പറയുന്നതു അനിവാര്യമായിരിക്കും. ഡാക്ടർ കുഞ്ഞൻപിള്ളയുടെ മറുപടി ഞാൻ പ്രതീക്ഷിച്ചിരിക്കുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആഗ്രിക്കൾച്ചറൽ കെമിസ്റ്റിന്റേയും അസിസ്റ്റന്റിന്റേയും ജോലികൾ എന്തെല്ലാമാണെന്നു ഞാൻ വിവരിച്ചുവല്ലൊ. ഉദ്യോഗസ്ഥന്മാർ തങ്ങളുടെ കീഴുദ്യോഗസ്ഥന്മാരെ കവച്ചുകൊണ്ടിരിക്കാൻ ന്യായവും ന്യായക്കേടുംനോക്കാതെ എന്തെങ്കിലും കാരണംപറക പതിവാണെന്നു എന്റെ സ്നേഹിതൻ മി: രാമൻമേനോൻ വിചാരിക്കുന്നതായി തോന്നുന്നു. എന്നാൽ ഈ കാര്യത്തിൽ അസിസ്റ്റന്റുകെമിസ്റ്റ് ചെയ്യുന്നതു ഒരു പ്രത്യേകജോലിയാണു. ആജോലി ആഗ്രിക്കൾച്ചറൽ കെമിസ്റ്റിനേ., ഡെമൺസ്ട്രേട്ടർക്കോ, മറ്റു ഉദ്യോഗസ്ഥന്മാർക്കോ ചെയ്യാൻ കഴിയുന്നതല്ല. അദ്ദേഹത്തെ ആജോലി പ്രത്യേകം പരിശീലിപ്പിച്ചു വരുത്തിയതാണ്. ഞാൻ മുൻപു പറഞ്ഞതുപോലെ അദ്ദേഹം തന്റെ പ്രത്യേകകാര്യങ്ങളെപ്പറ്റി അന്വേഷണം കഴിച്ചുവരുന്നു. അതു വിജയമാണെങ്കിൽ വളരെ ഉത്സാഹജനകമായ ഫലങ്ങളും ഉണ്ടാകുന്നതാണു. കരിനിലങ്ങളും കൃഷിക്കു ഉപയുക്തമാക്കുന്ന ജോലി തുടർന്നുകൊണ്ടു പോകുണമെന്നുണ്ടെങ്കിൽ ഈ ശാസ്ത്രീയജോലി പരിശീലിക്കുന്നതിനു വിണ്ടും ഒരാളെ പൂസായ്ക്കു അയക്കേണ്ടിവരും. അതു അധികച്ചെലവു ആണല്ലൊ. കെമിസ്റ്റ് കൃഷിക്കാക്കു സവ്പ്രധാനമായ മണ്ണു പരിശോധനയിൽ ഉൾപ്പെട്ടിരിക്കയാണ്.

പരിശോധനാഫലങ്ങളും പ്രയോഗിക്കുകാണിച്ചു കൃഷിക്കാരെ ബോധ്യപ്പെടുത്തുന്നതിനെപ്പറ്റി എന്റെ ചില സ്നേഹിതന്മാർ സംസാരിക്കുണ്ടായി. ചെലവു കുറയ്ക്കുണമെന്നുള്ള മറ്റു പ്രമേയങ്ങളേപ്പറ്റി പറയുമ്പോൾ ഈ സംഗതിയെ പറ്റിഎനിക്കു സംസാരിക്കാൻ അവസരമുണ്ടാകും. ഇപ്പോൾ കെമിസ്റ്റും അസിസ്റ്റന്റ് കെമിസ്റ്റും ആവശ്യമാണെന്നു വീണ്ടുംപറഞ്ഞാൽ മതിയെന്നു വിചാരിക്കുന്നു. ഞാൻ പ്രമേയത്തെ പ്രതിക്ഷേപിക്കുന്നു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മദ്രാസിലെ ശാസ്ത്രീയവകുപ്പിനു എത്രനാളായി ഈ ധനസഹായം ചെയ്യുന്നു എന്നു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും-വ്യവസായവും ഡയറക്ടർ): അഞ്ചാറുവർഷമായി എന്നതൊന്നും നിശ്ചയമില്ല.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ പരിശോധനകളെപ്പറ്റി കൃഷിഡയറക്ടർ മദ്രാസ്ഡിപ്പാർട്ടുമെന്റിനോടു വല്ല വിവരവും ചോദിച്ചിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ ചോദിച്ചിട്ടില്ല. മറ്റാരെങ്കിലും ചോദിച്ചിട്ടുണ്ടായിരിക്കും.

ശ്രീ: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഡാക്ടർ കുഞ്ഞൻപിള്ളയല്ല കൃഷിഡിപ്പാർട്ടുമെന്റു ചോദിച്ചിട്ടുണ്ടോ എന്നാണു ഞാൻ ചോദിച്ചതിന്റെ അർത്ഥം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇല്ല. കൃഷിഡിപ്പാർട്ടുമെന്റു ചോദിച്ചിട്ടില്ല.

ശ്രീ: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ ധനസഹായംകൊണ്ടു നമുക്കു വല്ല ഗുണവും സിദ്ധിച്ചുതിന്റെ ഒരു ദൃഷ്ടാന്തം ഡയറക്ടർക്കു പറയാൻ കഴിയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): പല തോട്ടക്കാരോടും ഞങ്ങൾ ഇക്കാര്യത്തെപ്പറ്റി ചോദിച്ചിട്ടുണ്ട്. പരിശോധനകളെപ്പറ്റി അവർ തൃപ്തിയാണ് പ്രകടിപ്പിച്ചിട്ടുള്ളതു. അവർക്കു എത്രത്തോളം ഗുണം സിദ്ധിച്ചിട്ടുണ്ടെന്നു എനിക്കു പറയാൻ കഴിയുകയില്ല.

ശ്രീ: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ ധനസഹായംകൊണ്ടു ഈ രാജ്യത്തിനു വല്ലഗുണവും സിദ്ധിച്ചിട്ടുണ്ടോ ഇല്ലയോ എന്നു പറവാൻ അദ്ദേഹത്തിനു കഴികയില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിയ്ക്കു ശരിയായ വിവരമൊന്നുമില്ല. ധനസഹായം ചെയ്യുന്നതിനു മുമ്പു അങ്ങനെ ഒരു ഉടമ്പടി ഉണ്ടായിട്ടില്ല. അതു കൊടുക്കുന്നതു തോട്ടക്കാരുടെ ആവശ്യപ്രകാരമാണു. അവർക്കു അതുകൊണ്ടു ഗുണമുണ്ടെന്നു അവർ പറകയും ചെയ്യുന്നു. ധനസഹായംചെയ്യാൻ ഗവണ്മെന്റു സമ്മതിച്ചപ്പോൾ തോട്ടക്കാർക്കു അതുകൊണ്ടു ഗുണമുണ്ടോ ഇല്ലയോ എന്നു കൃഷിഡയറക്ടർ അന്വേഷിക്കണമെന്നു ഗവണ്മെന്റു കല്പിച്ചിട്ടുമില്ല.

ശ്രീ: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇങ്ങനെ ഡിപ്പാർട്ടുമെണ്ടിനു ഇതിനെ സംബന്ധിച്ചു യാതൊരുവിചാരവുമില്ല.

ശ്രീ: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പു): ഒരു സമാധാനം പറവാൻ അനുവദിക്കുമോ?

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അതു നടപടിക്രമം അനുസരിച്ചാണോ?

പ്രസിഡന്റ്: എന്നെ സംബന്ധിച്ചു ഒരു സമാധാനമാണെങ്കിൽ ആയിരിക്കും.

ശ്രീ: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പു): അതു തോട്ടക്കാർക്കു ഗുണപ്രദമാണെന്നാണു എന്റെ അറിവു എന്നു പറഞ്ഞുകൊള്ളട്ടെ.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ തോട്ടക്കാരുമായി സംസാരിച്ചപ്പോൾ അവർക്കു ഗുണമുള്ളതായി അവർ പറഞ്ഞുഎന്നു ഞാൻ സമ്മതിച്ചുകൊടുക്കുന്നു. എത്രത്തോളം ഗുണമുണ്ടാകുന്നുണ്ടെന്നു അവർ എന്നോടു പറഞ്ഞിട്ടില്ല. റബ്ബറിന്റെ ഇല കൊഴിയുന്നതിനെപ്പറ്റി ശീർഷമായ പരിശോധനകൾ കഴിച്ചു അതിനൊരു ഒരു നിവാരണമാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ടു.

ശ്രീ: ജി. രാമൻമേനോൻ (മാധ്യമിക്കരയും-കാഞ്ഞിരപ്പള്ളിയും): പ്രമേയം വോട്ടിനു ഇടണമെന്നു നിർബന്ധമുണ്ടു.

വോട്ടിനിട്ടപ്പോൾ പ്രമേയം തള്ളിപ്പോയി.

പ്രമേയം പരാജയപ്പെട്ടു.

താഴെ കാണുന്ന പ്രമേയം ഹാജരാക്കിയില്ല.

ശ്രീ. എൻ. കുമാരൻ.

പരാജയപ്പെടുത്തിയവർക്കുള്ള ശുപാർശ ഒരു കേവലം വിട്ടുകളയണം.

പ്രമേയം പരാജയപ്പെട്ടു

ശ്രീ: കെ. എം. ജോസഫ് (മീനച്ചിലും-ഭരണങ്ങാനവും): താഴെപ്പറയുന്ന പ്രമേയം ഞാൻ ഹാജരാക്കുന്നു.

പരാജയപ്പെടുത്തിയവർക്കുള്ള പാരിതോഷികം 500 രൂപായിൽ കവിയരുതു.

ഞാൻ ഈ പ്രമേയം ഹാജരാക്കുന്നതിന്റെ ഉദ്ദേശം തിരുവിതാംകൂറിന്റെ ചിലഭാഗങ്ങളും പ്രത്യേകമായി മീനച്ചിൽതാലൂക്കും അതിന്റെ സമീപസ്ഥലങ്ങളും ഈ ഡിപ്പാർട്ടുമെന്റുകൊണ്ടുള്ള ഗുണങ്ങളും അനുഭവിക്കുന്നില്ലെന്നുള്ള സംഗതി സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണു കൃഷിഡയറക്ടർ പരീക്ഷണങ്ങളും രാജ്യത്തിന്റെ ചില പ്രത്യേക ഭാഗങ്ങളിൽ വേണ്ട ജോലികളും അധികം ജോലി ചെയ്യുന്നുണ്ടായിരിക്കും. ആ ജോലിയെപ്പറ്റി വിപരീതങ്ങളൊന്നും എനിക്കില്ല. എന്റെ നാട്ടിലുള്ള ജനങ്ങൾക്കു ഈ ഡിപ്പാർട്ടുമെന്റുകൊണ്ടു യാതൊരു ഗുണവുമില്ലെന്നുള്ള മാത്രമേ എനിക്കറിയാവൂ.

ശ്രീ: കെ. കെ. തോമസ് (കോട്ടയം): ഏറ്റുമാനൂർ മീനച്ചിൽ താലൂക്കിനോടു അടുത്തുള്ള സ്ഥലമാണോ എന്നു മെമ്പർ പറയുമോ?

ശ്രീ. കെ. എം- ജോസഫ് (മീനച്ചിലും-ഭരണങ്ങാനവും): മെമ്പറിനുതന്നെ അതിനെപ്പറ്റി അറിവുണ്ടായിരിക്കണം എന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ: ടി. ജെ. മാത്തു (ചങ്ങനാശ്ശേരിയും-പീരുമേടും): ഏറ്റുമാനൂർ കോട്ടയം താലൂക്കിലാണെന്നു മെമ്പർക്കറിയാമോ?

ശ്രീ: കെ. എം. ജോസഫ് (മീനച്ചിലും-ഭരണങ്ങാനവും): എന്റെ സ്നേഹിതൻ മിസ്റ്റർ കെ. കെ. തോമസിനു അറിവുണ്ടായിരിക്കണം. അദ്ദേഹവും കോട്ടയത്തുകാരനാണല്ലോ.

എങ്ങനെയായാലും മീനച്ചിലേയും അടുത്ത പ്രദേശങ്ങളിലേയും സാധാരണ കൃഷിക്കാർക്കു ഈ ഡിപ്പാർട്ടുമെന്റിൽനിന്നു യാതൊരു ഗുണവും സിദ്ധിച്ചിട്ടില്ല.

മി: കെ. കെ. തോമസ് (കോട്ടയം): മീനച്ചിൽതാലൂക്കിന്റെ അതൃത്തിക്കു സമീപം ഏറുമാന്തുരിൽ ഒരു കൃഷി ഇൻസ്പെക്ടർ ഉണ്ടോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും-തോടുകളും): അദ്ദേഹം മീനച്ചിൽ അതൃത്തിയിൽ പോകാറുണ്ടോ ഇല്ലയോ എന്നു എനിയ്ക്കറിയില്ല. മീനച്ചിലിലെല സാധാരണ കൃഷിക്കാർ എന്നവേണ്ടോ എല്ലാ കൃഷിക്കാരും ആ താലൂക്കിലെ കൃഷി അധോഗതി പ്രാപിച്ചുവരുന്നു എന്നു അറിയുന്നു എന്നു ഞാൻ പറയുന്നു. ഇവിടെ ചില വർഷങ്ങൾക്കു മുമ്പു നന്നായി വളരുന്ന ഒട്ടുവളരെ തെങ്ങുകളും ഉണ്ടായിരുന്നു. എന്നാൽ, ഇപ്പോഴത്തെ സ്ഥിതി വളരെ പരിതാപകരമാണ്. മുകളിലുള്ളവരുടെ കാര്യത്തിലും ഇതുതന്നെയാണു പറയാനുള്ളതു. ഇതൊക്കെ ആലോചിച്ചിട്ടാണു ഈ പ്രദേശത്തിനു ആ ഡിപ്പാർട്ടുമെന്റു കൊണ്ടു ഒരു ഗുണവും ഇല്ലെന്നു ഞാൻ പറയുന്നതു. ആ ഡിപ്പാർട്ടുമെന്റുകൊണ്ടു മറ്റു പ്രദേശങ്ങൾക്കു വല്ലഗുണവും ഉണ്ടോ എന്നു എനിക്കു അറിഞ്ഞുകൂടാ. എന്തായാലും ഈ കാര്യത്തിൽ മറ്റു മെമ്പർമാരുടെ അഭിപ്രായം അറിവാനും മീനച്ചിൽ താലൂക്കിന്റെ ഇപ്പോഴത്തെ സ്ഥിതിക്കു ഡയറക്ടരുടെ സമാധാനം എന്താണെന്നറിവാനും എനിക്കു ആഗ്രഹമുണ്ടു്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മീനച്ചിൽ താലൂക്കിൽ ഏറ്റവുട്ടപ്പെട്ട എന്ന സ്ഥലത്താണു അമ്പതു അറുപതുവർഷം മുമ്പു ആളൊരം തെങ്ങുകൾക്കു രോഗം പിടിപെട്ടതു. കൃഷി ഡിപ്പാർട്ടുമെന്റു സ്ഥാപിച്ചപ്പോൾ ആ താലൂക്കിൽ ഈ രോഗം സംബന്ധിച്ചു ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയുണ്ടായിരുന്നു പതിക്കുന്നതെന്നു നിശ്ചയിച്ചു. ആ രോഗനിവാരണത്തിനു വല്ല മാർഗ്ഗവും കണ്ടുപിടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ അവിടത്തെ സ്ഥിതി കണ്ടറിഞ്ഞു പരിശോധനകളും നടത്താൻ ഞാൻതന്നെ ആ താലൂക്കിൽക്കൂടെ പൊകാറുണ്ടായിരുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-തോടുകളും): അദ്ദേഹം മീനച്ചിൽ താലൂക്കു സന്ദർശിച്ചതു ഏതു പ്രായശ്രമെന്നും ഏതു വർഷങ്ങളിലെന്നും പറയുമോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആ വിവരം ഉടനെ പറവാൻ സാധിക്കയില്ല. എന്റെ ആണ്ടുതോറും അയയ്ക്കുന്ന റിപ്പോർട്ടുകളിൽ വിവരം ഉണ്ടാകും.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-തോടുകളും): കഴിഞ്ഞ രണ്ടുമൂന്നു വർഷത്തിനുള്ളിൽ അദ്ദേഹം മീനച്ചിൽ താലൂക്കിൽ പോയിട്ടുണ്ടോ എന്നു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കഴിഞ്ഞ വർഷം ഞാൻ ഇവിടെ ഇല്ലായിരുന്നതുകൊണ്ടു പോയില്ല. ഈ വർഷം ഞാൻ ഇംഗ്ലണ്ടിൽ നിന്നു മടങ്ങിവന്നശേഷം പോകാൻ കഴിഞ്ഞിട്ടില്ല. പണ്ടു ഞാൻ അവിടെ കൂടക്കൂടെ പോയിരുന്നു. ഇപ്പോൾ അവിടേക്കു ഒരാളെ നിയമിച്ചിട്ടുണ്ടു്. അയാൾകൊണ്ടു അവിടെ ഞാൻ ചിലപ്പോഴെ പോകുന്നുള്ളൂ.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-തോടുകളും): അദ്ദേഹം അവിടെ ഒടുവിൽ പോയിട്ടു എത്രവർഷമായി എന്നു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): പെട്ടെന്നു പറവാൻ സാധിക്കയില്ല. ഞാൻ കൂടക്കൂടെ പോകുന്നതിനുമുമ്പായിരുന്നു. എന്റെ ഓർമ്മശരിയാണെങ്കിൽ രണ്ടു വർഷംമുമ്പു ഞാൻ അവിടെ പോയിട്ടുണ്ടു്.

തെങ്ങുകളുടെ ശ്രദ്ധയുമുഴുവനും ആ താലൂക്കിൽ പതിച്ചു, തെങ്ങുരോഗം ഇല്ലാതാക്കുന്നതിനു ചില പരിശോധനകളും തുടങ്ങി. ഈ പരിശോധനകളും ചില വർഷങ്ങളോളം നടത്തിക്കൊണ്ടിരുന്നു. കുറെവശ്യം കുമ്മായവും നല്ലവളവും ഉപയോഗിച്ചാൽ രോഗം ബാധിച്ച വൃക്ഷങ്ങൾക്കു രോഗശമനം ഉണ്ടാക്കുമെന്നു തെളിഞ്ഞു. പരിശോധനകളും ആരംഭിക്കുന്നതിനുമുമ്പും പിമ്പും ഈ വൃക്ഷങ്ങളും കണ്ടിട്ടുള്ള മെമ്പർമാർ ഇതു സമ്മതിക്കാതിരിക്കയില്ല. ആ പരിശോധന കുറെക്കാലം നടത്തിക്കൊണ്ടിരുന്നു. ജനങ്ങളും ഇക്കാര്യത്തിൽ ഉത്സാഹമുള്ളവരായി ഡിപ്പാർട്ടുമെന്റുകാരോടു സഹകരിക്കുമെന്നു ഞങ്ങളും വിചാരിച്ചു.

മി: കെ. കെ. തോമസ് (കോട്ടയം): രോഗം ബാധിച്ച ഒരു സാധാരണതെങ്ങിന്റെ ചികിത്സക്കു എത്ര ചിലവുണ്ടാകുമെന്നു കൃഷിഡയറക്ടർ പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ചില വർഷങ്ങളും വളം ചെയ്തുകൊടുത്താൽ തെങ്ങൊന്നിനു ആണ്ടിൽ അരരൂപായോളം വരും.

മി: കെ. കെ. തോമസ് (കോട്ടയം): വളംചെയ്യുന്ന ചിലവുമാത്രമല്ല ഞാൻ ചോദിച്ചതു്. വളം ചെയ്യുന്നതിനും വൃക്ഷത്തിന്റെ ചുറ്റുമുള്ള മണ്ണിലെ രോഗബീജങ്ങളും ഇല്ലാതാക്കുന്നതിനും എന്തു ചെലവുവരുമെന്നാണു എനിക്കു് അറിയേണ്ടതു്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മണ്ണിലെ രോഗബീജങ്ങളും നീക്കുന്നതിനും അരരൂപായോളം ചിലവുവരും.

മി: കെ. കെ. തോമസ് (കോട്ടയം): തെങ്ങൊന്നിനു ഒരു രൂപാവീതം രോഗംബാധിച്ച വൃക്ഷങ്ങളുടെ ചികിത്സ നടത്തിക്കൊടുക്കാൻ ഡിപ്പാർട്ടുമെന്റു തയ്യാറുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഉവ്വു് എന്നാൽ ചികിത്സ കുറെ വർഷങ്ങളോളം നടത്തണം.

മി: കെ. കെ. തോമസ് (കോട്ടയം): എത്രവർഷം വേണ്ടിവരുമെന്നു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതു പറയാൻപോകയാണു. ഈ രോഗത്തിനു ഒരു സിദ്ധൗഷധം കണ്ടുപിടിച്ചിട്ടില്ല. ഈ രോഗത്തെപ്പറ്റി മറ്റു രാജ്യങ്ങളിലെ വിദഗ്ധന്മാരും അന്വേഷണം കഴിച്ചുവരുന്നു. ഈ രോഗം തിരുവിതാംകൂറിൽ മാത്രമല്ല, സിലോൺ, മലയാ, വെസ്റ്റ് ഇൻഡീസ് മുതലായി തെങ്ങുള്ള മറ്റു രാജ്യങ്ങളിലും ഉണ്ടു്. ഈ രോഗത്തിനു ഒരു സിദ്ധൗഷധം കണ്ടുപിടിക്കാൻ സാധിക്കയില്ലെന്നും രോഗബാധിതരായ മനുഷ്യരെപ്പോലെ ഔഷധങ്ങളും രോഗം പിടിച്ച വൃക്ഷങ്ങളിന്മേൽ കുത്തിവെച്ചും മറ്റുപ്രകാരം പിടിച്ചിയാ ശമിപ്പിക്കാൻ കഴിയുന്നതല്ലെന്നുമാണു് അന്വേഷണങ്ങളും

കഴിച്ചിട്ടുള്ള പിഗ്മെന്റുകളുടെ അളവ്, ഉണ്ണി നിർദ്ദോഷമാക്കുവാൻ ചെയ്യുന്ന വൃക്ഷം ക്രമേണ രൂക്ഷപ്പെട്ടുവരുന്നു എന്നും ചികിത്സയുടെ മുമ്പുള്ളതിനെക്കാൾ പിന്നീട് അധികം ഫലപ്രദമായിരിക്കുമെന്നാണ് അവർ പറയുന്നത്, ചികിത്സ ക്രമമായും വളരെക്കാലത്തേക്കും നടത്തിക്കൊണ്ടിരുന്നാൽ രോഗം ഒരുപക്ഷേ ഇല്ലാതാകുവാനിടയുണ്ട്.

ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ ഈ ജോലി ഞങ്ങൾ മീനച്ചിൽ താലൂക്കിൽ ആരംഭിച്ചു. എന്നാൽ ഞങ്ങൾക്കു ജനങ്ങളുടെ സഹകരണം ലഭിച്ചില്ല. ഈ നിസ്സഹകരണത്തിനു കാരണം പറയാം. മീനച്ചിൽ താലൂക്കിലെ കൃഷിക്കാർ അവരുടെ കുരുമുളകു തോട്ടങ്ങൾ നശിപ്പിച്ചിട്ടു റബ്ബർ കൃഷി തുടങ്ങുന്നു എന്ന് അടിക്കടി ഒരു മാന്യന്റെ എഴുത്തു എനിക്കു കിട്ടീട്ടു രണ്ടു ദിവസമേ ആയിട്ടുള്ളൂ.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികളവും): അവിടെ തെങ്ങു കൃഷികൊണ്ടു യാതൊരു ഗുണവും ഇല്ലെന്നു കണ്ടതുകൊണ്ടാണു ജനങ്ങൾ റബ്ബർ കൃഷി ആരംഭിച്ചിട്ടുള്ളതെന്നു മെമ്പർക്കു തോന്നുന്നില്ലയോ?

ഡോക്ടർ. എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മുളകു കൊണ്ടു ആദായം കിട്ടും പക്ഷേ റബ്ബറിനെപ്പോലെ ആദായകരമല്ലായിരിക്കും.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികളവും): ജനങ്ങൾ റബ്ബർ കൃഷിക്കു ഒരുമ്പെട്ടതുകൊണ്ടു അധികപേരുള്ളതുകൊണ്ടോ നിലവിൽ തെങ്ങു കൃഷിക്കു അയോഗ്യമായി തീർന്നതുകൊണ്ടോ എന്താണു ഡയറക്ടർ വിചാരിക്കുന്നത്?

പ്രസിഡന്റ്: ഡോക്ടർ കുഞ്ഞൻപിള്ള മുളകിനെ കുറിച്ചാണു പറയുന്നത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡോക്ടർ കുഞ്ഞൻപിള്ള മുളകിനെപ്പറ്റി സംസാരിക്കുമ്പോൾ എന്റെ സ്നേഹിതൻ മിസ്റ്റർ ജോസഫ് തെങ്ങു കൃഷിയെപ്പറ്റിയും റബ്ബറിനെ പറ്റിയുമാണു സംസാരിക്കുന്നത്.

ഡോക്ടർ. എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): നിശ്ചയം മുളകു കൃഷിക്കുപറ്റിയതല്ലെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികളവും): മീനച്ചിൽ താലൂക്കിൽ തെങ്ങും മുളകും ഒന്നിച്ചു നല്ല പോലെ പറമ്പിലാണ് കൃഷിചെയ്യുന്നതെന്നും മുളകു പ്രത്യേക കൃഷിയായി ആരും ചെയ്യുന്നില്ലെന്നും കൃഷി ഡയറക്ടർക്കു അറിവുണ്ടോ?

ഡോക്ടർ. എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിക്കു അതിനെപ്പറ്റി നല്ല അറിവുണ്ട്. തെങ്ങും മുളകും ഒന്നിച്ചു കൃഷിചെയ്യുന്നിടത്തും കൃഷിക്കാർ തെങ്ങിനെ ഉപേക്ഷിച്ചു കളയുന്നു ഇങ്ങനെ തെങ്ങു നശിക്കുകയും മുളകിൽ നിന്നു മാത്രം അനുഭവം കിട്ടിവരികയും ചെയ്യുന്നു. മുളകു കൊണ്ടുള്ളതിനെക്കാൾ ആദായമുണ്ടെന്നു കണ്ടപ്പോൾ ജനങ്ങൾ മുളകു കൃഷി തുടങ്ങി, റബ്ബർ അതിനെക്കാൾ കൂടുതൽ ആദായം കിട്ടുന്നതെന്നു കണ്ടപ്പോൾ അവർ മുളകു ഉപേക്ഷിച്ചു റബ്ബർ കൃഷി തുടങ്ങി. ഒരു യിദ്ധം നോക്കിയാൽ അവർ ചെയ്യുന്നതു ശരിയാണ്. കുറെ വർഷം മുമ്പു തെങ്ങിനെക്കാൾ ആദായകരം മുളകായിരുന്നു. അതുകൊണ്ടു തെങ്ങിനെ ഉപേക്ഷിച്ചു മുളകു കൃഷിതുടങ്ങി. ഇപ്പോൾ റബ്ബർ മുളകിനെക്കാൾ ആദായകരമാണു, അതുകൊണ്ടു അവർ മുളകു ഉപേക്ഷിച്ചു റബ്ബർ കൃഷി ചെയ്യുന്നു.

ഇപ്പോൾ ഏറുമാന്തർ ഒരു കൃഷി സബ്-ഇൻസ്പെക്ടർ ഉണ്ട്. അദ്ദേഹം ഏറുമാന്തരും മീനച്ചിലും താലൂക്കുകളിൽ സഞ്ചരിക്കുന്നു. മേരോ താലൂക്കിലേക്കും അയക്കാൻ ഗവൺമെന്റിനു അധികാരമില്ല. ഏറുമാന്തരേക്കാൾ മീനച്ചിലിലേക്കും കൂടി ഒരാളെ ഏറുമാന്തർ നിയമിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ ഏറുമാന്തർ മാത്രമല്ല, മീനച്ചിലിലും ഇഞ്ചികൃഷിയെപ്പറ്റി രസകരമായ ചില പരീക്ഷകൾ നടത്തിവരുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളായി അദ്ദേഹം ഏറുമാന്തരും മീനച്ചിലിലും ഈ പരീക്ഷകൾ നടത്തിവരുന്നു., മീനച്ചിൽ താലൂക്കിനെ ഇപ്പോഴുപേക്ഷിച്ചിട്ടിരിക്കയാണെന്നു പറയുന്നതു ശരിയല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികളവും): വാദം എനിയ്ക്കുത്തരം പറയുകയില്ല.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഈ പ്രമേയത്തെപ്പറ്റി യെന്തെങ്കിലും മെമ്പർമാർ സംഭാവനചെയ്യണമെന്നു അഭ്യർത്ഥിക്കുന്നു.

പ്രസിഡന്റ്: മെമ്പർമാർക്കു സമയമുള്ളതു എഴുന്നേറ്റു നില്ക്കാത്തതുകൊണ്ടു ആ അവസരം കൊടുക്കുന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികളവും): ഡോക്ടർ കുഞ്ഞൻപിള്ളയുടെ വാക്കുകൾ എനിക്കു ബോധ്യം വരുന്നതായില്ല. എന്റെ താലൂക്കിലെ ജനങ്ങൾക്കു പ്രയോഗികമായ വല്ല ഗുണവും സിദ്ധിക്കുന്നതുവരെ, യാതൊന്നും കൃഷിഡിപ്പാർട്ടുമെന്റു ചെയ്തിട്ടില്ലെന്നാണ് എന്റെ അറിവു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): തന്റെ താലൂക്കിലെ ജനങ്ങൾ കൃഷി ഡയറക്ടർക്കു വല്ല പ്രോത്സാഹനവും അയച്ചിട്ടുള്ളതായി മെമ്പറിനു അറിയാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും-മേവികളവും): എനിക്കു അറിവില്ല. പക്ഷേ അങ്ങനെ കൃഷി ഡയറക്ടർ തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളും സ്ഥിതികളും അറിഞ്ഞു ആവശ്യമുള്ളതു പ്രവർത്തിക്കണമെന്നാണ് എനിക്കു തോന്നുന്നത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മീനച്ചിൽ താലൂക്കിന്റെ ആവശ്യങ്ങളെ അദ്ദേഹത്തെ കൃഷി ഡയറക്ടരുടെ ദൃഷ്ടിയിൽ പെടുത്തീട്ടുണ്ടോ എന്നു പറയുമോ?

മി: കെ. എ. ജോസഫ് (മീനച്ചിലും-ഒഴികളവും): എന്റെ സ്നേഹിതൻ മിസ്റ്റർ ശിവരാമപ്പണിക്കർ കൊടുത്ത മറുപടി തന്നെ മിസ്റ്റർ. പി. കെ. നാരായണപിള്ളയ്ക്കും മറിയാക്കും എന്ന ഞാൻ വിചാരിക്കുന്നു. ജനങ്ങൾ പറയാതെ തന്നെ കൃഷിഡയറക്ടർ തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളുടെയും സ്ഥിതികൾ അറിഞ്ഞു വേണ്ടതു പ്രവർത്തിക്കണമെന്നാണ് എന്റെ വാദം. എന്റെ വാദം അതാകയാൽതന്നെ കൃഷിഡയറക്ടർ മീനച്ചിൽ വന്നുകണ്ടതിന്റെ ഇപ്പോഴത്തെ സ്ഥിതി മനസ്സിലാക്കിട്ടില്ലെന്നു ഞാൻ പറഞ്ഞതല്ല. അവരവരുടെ നിലങ്ങളിൽ എപ്രകാരം വിളയുവാണ് ലാഭകരമാകുന്നതെന്നു വിചാരമില്ലാത്തതിനാൽ ജനങ്ങൾക്ക് ഇപ്പോൾ ഒരു തരം കൃഷിയും ചെയ്യാൻ ധൈര്യപ്പെടുന്നില്ല. അതുകൊണ്ടു ആ പ്രദേശത്തെ ജനങ്ങൾ അവിടെയുള്ള നിലങ്ങൾ ഉപേക്ഷിച്ചിട്ടു മറ്റു പ്രദേശങ്ങളിൽ കൃഷിക്കു പറ്റിയ സ്ഥലങ്ങൾ തിരഞ്ഞു പോകുന്നു. മീനച്ചിൽ താലൂക്കിലെ കൃഷിസ്ഥിതി ദിനംപ്രതി അധോഗതി പ്രാപിച്ചുവരുന്നു എന്നു ഞാൻ പറഞ്ഞതിൽ നിന്നു തെളിവാകുന്നുണ്ടു്. മേലാൽ കൃഷി ഡയറക്ടർ തന്റെ ശ്രദ്ധയെ ആ താലൂക്കിൽ അധികമായി പതിച്ചു കൃഷിയെ സംബന്ധിച്ചു ശരിയായ ഉപദേശം കൊടുക്കണമെന്നു മാത്രം ഞാൻ അപേക്ഷിക്കുന്നു. ഈ അഭിപ്രായത്തോടു കൂടെ ഞാൻ പ്രമേയം പിൻവലിക്കുന്നു.

പ്രമേയം അനുവാദപ്രകാരം പിൻവലിച്ചു.

പ്രമേയം

മി: കെ. കെ. തോമസ് (കോട്ടയം): ഞാൻ ഈ പ്രമേയം ഹാജരാക്കിയതു കൺട്രാക്ടർ (ഉടമ്പടി) വ്യവസ്ഥയിലുള്ളതുകൊണ്ടു ശ്രദ്ധയെ ആകർഷിക്കുന്നതിനായിരുന്നു. രണ്ടാം നമ്പർ പ്രമേയം കണ്ടപ്പോൾ ഒരിപ്രധാനകാര്യമാണെന്നു കാണുന്നു. ആ പ്രമേയം വായിക്കുന്നതിനു വരുമ്പോൾ ഞാൻ സംസാരിച്ചുകൊള്ളാം. അതുകൊണ്ടു ഈ പ്രമേയം ഞാൻ ഹാജരാക്കുന്നില്ല.

അതിനാൽ താഴെ പറയുന്ന പ്രമേയം ഹാജരാക്കിയില്ല.

മി: കെ. കെ. തോമസ്,

റവന്യൂ മേലന്വേഷണത്തിനുള്ള റവന്യൂ ഫണ്ടിൽ നിന്നു ൧൦൦ രൂപായിൽ ൧൦൦ രൂപാ കുറവു ചെയ്യണം.

പ്രമേയങ്ങൾ വോട്ടിനു വച്ചു.

താഴെ പറയുന്ന പ്രമേയങ്ങൾ ഹാജരാക്കിയില്ല.

മി: ജി. രാമൻ മേനോൻ.

റവന്യൂ - സർവ്വേ ചെലവിനുള്ള ൧൫,൯൭൦ രൂപായിൽ ൧,൫൫൦ രൂപാ കുറവുചെയ്യണം.

മി: കെ. കെ. തോമസ്.

റവന്യൂ. മാതൃകാ തോട്ടങ്ങൾക്കും വളം ഡിപ്പോകൾക്കും അനുവദിച്ചിട്ടുള്ള ൭൪,൪൭൦ രൂപായിൽ ൧൦൦ രൂപാകുറയ്ക്കണം.

പ്രമേയം വോട്ടിനു വച്ചു.

മി: സി പി. തരകൻ (കുന്നത്തുനാട്): ഞാൻ താഴെ പറയുന്ന പ്രമേയം ഹാജരാക്കുന്നു.

റവന്യൂ. ആലുവാ ആഗ്രിക്കൾച്ചറൽ സ്കൂളിലേക്കു അനുവദിച്ചിട്ടുള്ള ൯,൦൫൭ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കണം.

ആലുവാ ആഗ്രിക്കൾച്ചറൽ സ്കൂളിലേക്കു അനുവദിച്ചിട്ടുള്ള ൯,൦൫൭ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കുന്നതെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഇപ്പോൾ ആലുവാ ആഗ്രിക്കൾച്ചറൽ സ്കൂൾ ഇരിക്കുന്നസ്ഥലത്തിന്റെ ന്യൂനതയെപ്പറ്റിയും സ്കൂൾ സംബന്ധിച്ചുവരുന്നതിനു ചില പരിഷ്കാരങ്ങളെപ്പറ്റിയും ഗവണ്മെന്റിനെ അറിയിക്കാനാണു ഞാൻ ഈ ഉപക്ഷേപം കൊണ്ടു വന്നിട്ടുള്ളതു. ഇപ്പോൾ സ്കൂൾ ഇരിക്കുന്നസ്ഥലം സാധാരണയായി വെള്ളപ്പൊക്കമുള്ള വളരെക്കാലം വെള്ളത്തിനടിയിൽ കിടക്കുന്നതുകൊണ്ടു കുട്ടികൾക്കു കൃഷി സമ്പ്രദായങ്ങളെ ശരിയായി മനസ്സിലാക്കാൻ സാധിക്കുന്നില്ലെന്നുള്ളതു ഡോക്ടർ കുഞ്ഞൻപിള്ള തന്നെ സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. അതിനാൽ ഓരോ കൃഷിയുടെയും എല്ലാവശങ്ങളും കുട്ടികളെ ശരിയായി മനസ്സിലാക്കാൻ സ്കൂൾ അദ്ധ്യാപകന്മാർക്കു സാധിക്കാതെയാണിരിക്കുന്നതു. അതിനാൽ ആ സ്കൂൾ അവിടെ നിന്നും മാറി വർഷകാലത്തുകൂടി കൃഷിചെയ്യാവുന്ന ഒരു സ്ഥലത്തു സ്ഥാപിക്കുന്നപക്ഷം പല വിധത്തിലും പ്രയോജനകരമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

മി: എൻ. വി. ജോസഫ് (പറവൂർ): എല്ലാക്കാലവും വെള്ളം കയറുമോ?

മി: സി. പി. തരകൻ (കുന്നത്തുനാട്): എല്ലാക്കൊല്ലവും വെള്ളം കയറുന്നു എന്നാണ് എന്റെ അറിവു.

ഇപ്പോഴത്തെസ്കൂളിൽ നിന്നും ഉദ്ദേശം അരമൈൽദൂരെ പച്ചവെളം ശേഖരിക്കുന്നതിനായി ഒരുസ്ഥലം ഡിപ്പാർട്ടുമെന്റിൽ നിന്നും എടുത്തിട്ടുണ്ടു്. അതു സംബന്ധിച്ചു പത്തിരുനൂറു രൂപക്കർ സ്ഥലം ഗവണ്മെന്റു പുറമ്പോക്കായികിടപ്പുണ്ടു്. ആ സ്ഥലത്തു സ്കൂൾസ്ഥാപിക്കുകയും അവിടെത്തന്നെ ആഗ്രിക്കൾച്ചറൽ ഫാം തിരിക്കുകയും ചെയ്യുന്നപക്ഷം സ്കൂൾ അഭിവൃദ്ധിപ്പെടുന്നതിനും വിദ്യാർത്ഥികൾക്കു പഠിക്കുന്നതിനുപയോഗകരമായ വിധത്തിൽ കൃഷിചെയ്യുന്നതിനും സാധിക്കും. അതിൽ ഒരു ന്യൂനതയുള്ളതു നെൽകൃഷിക്കുപയുക്തമായ വെറ്റ് ലാന്റു അവിടെ ഇല്ലെന്നുള്ളതാണ്. എന്നാൽ അതിനാവശ്യമുള്ളസ്ഥലം അതിനടുത്തുതന്നെ പാളത്തിനകിട്ടാൻ വളരെസൗകര്യവുമുണ്ടു്. എന്നുമാത്രമല്ല കുറെ ചെലവുകൂടുന്നപക്ഷം കുറെ സ്ഥലം നെൽകൃഷിചെയ്യത്തക്കവണ്ണം നന്നാക്കുകയും ചെയ്യാം.

മി: എസ്. സി. എച്ച്. റോബിൻസൺ (ലാന്റു റവന്യൂവും അഗ്രിയന്നികൾച്ചറും കമ്മീഷണർ) : മേച്ചൽസ്ഥലങ്ങൾ ഈ ആവശ്യത്തിനുപയോഗിച്ചാൽ മേച്ചൽസ്ഥലങ്ങൾ കൃഷിഡിപ്പാർട്ടുമെന്റു ഉപയോഗിക്കുന്നു എന്നു ജനങ്ങൾ പരാതിപ്പെടുകയില്ലയോ?

മി: സി. പി. തരകൻ (കുന്നത്തുനാട്ടു) : മിസ്റ്റർ റോബിൻസൺ പറയുന്നതു കേൾക്കുന്നില്ല.

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ്‌ റവന്യൂവും ആഭ്യന്തരകൃഷിയും കമ്മീഷണർ): മെച്ചൽ സ്ഥലങ്ങളുടെ ഒരുഭാഗം കൃഷിഡിപ്പാർട്ടുമെന്റിന്റെ ആവശ്യത്തിനു ഉപയോഗിച്ചാൽ ജനങ്ങൾക്കു പരാതി പറയുകയില്ലയോ?

മി: സി. പി. തരകൻ (കുന്നത്തുനാട്ടു) : അവിടെ ധാരാളം സ്ഥലമുണ്ടു. പക്ഷേ അൻപതോ എഴുപതോ ഏക്കർ സ്ഥലം അതിൽ നിന്നും എടുക്കുന്നതുകൊണ്ടു യാതൊരു ദോഷവും വരുന്നില്ല. എന്നിരുന്നാലും ആ താലൂക്കിലെ സ്ഥിതി മി: റോബിൻസണോളം വേറെ അറിയാൻ പാടില്ലെങ്കിലും എന്താണു അറിയാമെന്നാണ് തോന്നുന്നതു.

മി: എൻ. വി. ജോസഫ് (പറവൂർ): മിസ്റ്റർ തരകൻ പറയുന്ന സ്ഥലം ആലുവായുടെ എത്രദൂരത്താണെന്നു പറയുമോ?

മി: സി. പി. തരകൻ (കുന്നത്തുനാട്ടു): അതു ആലുവായിലല്ല, ആലുവായുടെ തെക്കുകിഴക്കാണ്.

മി: എൻ. വി. ജോസഫ് (പറവൂർ) : സ്ഥലത്തിന്റെ പേരുപറയുമോ?

മി: സി. പി. തരകൻ (കുന്നത്തുനാട്ടു) : വെങ്ങോല.

മി: എൻ. വി. ജോസഫ് (പറവൂർ) : ആലുവായിൽ നിന്നു എത്ര ദൂരമുണ്ടു?

മി: സി. പി. തരകൻ (കുന്നത്തുനാട്ടു) : ഏകദേശം അഞ്ചുമൈൽ.

മി: തയ്യിലകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ടൌണിൽനിന്നും എത്രദൂരം ഉണ്ടു?

മി: സി. പി. തരകൻ (കുന്നത്തുനാട്ടു): അഞ്ചുമൈൽ ഉണ്ടു.

മി: തയ്യിലകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ടൌണിനടുത്തിരിക്കയല്ലേ അധികം നല്ലതു?

മി: സി. പി. തരകൻ (കുന്നത്തുനാട്ടു): സാധാരണ കൃഷിക്കാർ ടൌണിലല്ല അധികം താമസിക്കുന്നതു. എന്നാണു എന്റെ അറിവു സ്കൂളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കു ടൌണിൽ പോകേണ്ട യാതൊരാവശ്യവും ഇല്ല. വിദ്യാർത്ഥികൾ ഫാമത്തിൽതന്നെ താമസിക്കണമെന്നു ഏർപ്പാടുണ്ടു. അതിനെ സംബന്ധിച്ചു അധികം പേടിപ്പെടേണ്ട ആവശ്യമില്ല. അതിനാൽ ഗവണ്മെന്റിനു ജനങ്ങളെ ആശിക്കുന്നതായ ഫലം ഈ വിദ്യാലയംകൊണ്ടു ലഭിക്കുന്നില്ല സാധാരണ ഏഴാംക്ലാസ്സു പാസാകുന്ന വിദ്യാർത്ഥികൾ സർട്ടിഫിക്കേറ്റുകളുമായി ഉടനെ ഉദ്യോഗസ്ഥന്മാരുടെ പുറകെ ഉദ്യോഗത്തിനായിട്ടു നടക്കുന്നതുപോലെ ഡാക്ടർ കുഞ്ഞൻപിള്ളയെ ഉപദ്രവിക്കാൻ ഒരുകൂട്ടം ആളുകളെ സൃഷ്ടിക്കയാണു ഈ വിദ്യാലയം ഇപ്പോൾ ചെയ്യുന്നതു. അതിനെക്കാൾ പ്രയോജനകരമാക്കേണ്ടതാണു. ഇതിൽനിന്നു പാസായി വെളിയിൽവരുന്ന ആളുകൾക്കു അല്പമെങ്കിലും പക്ഷേ ഏക്കർ സ്ഥലം മാനമായിക്കൊടുത്തു ൧൦൦ രൂപായിൽ കുറയാത്ത ഒരു സംഖ്യയും കൊടുത്തു ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യുന്നതിനു അവരെ നിർബന്ധിക്കണം. അങ്ങനെ സംസ്ഥാനത്തിന്റെ പദ്ധതിയിലും ഈ വിദ്യാർത്ഥികൾ ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യാൻ തുടങ്ങുന്നപക്ഷം ഇന്നത്തെ കൃഷി ഇൻസ്പെക്ടർമാരെക്കൊണ്ടുണ്ടാകുന്നതിനേക്കാൾ കൂടുതൽ പ്രയോജനം ജനങ്ങൾക്കു ഉണ്ടാകുമെന്നാണു എന്റെ അഭിപ്രായം. ഈ സംഗതികൾ ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ എത്തിക്കണമെന്നുള്ളതാണു എന്റെ ഉദ്ദേശം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സർ, ആലുവാ ആഗ്രിക്കൾച്ചറൽ സ്കൂൾ ഒരു ഉത്തമസ്ഥാനത്തല്ല സ്ഥാപിച്ചിട്ടുള്ളതെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. എന്നാൽ അതിനെപ്പറ്റി സംസാരിക്കുന്നതിനുമുമ്പായി ആലുവായിൽ ഒരു ആഗ്രിക്കൾച്ചറൽ സ്കൂൾ സ്ഥാപിക്കാനിടവന്നതു എങ്ങനെയെന്നു പറയേണ്ടിയിരിക്കുന്നു. ആലങ്ങാട്ടു താലൂക്കുകാർ മഹാരാജാവുതിരുമനസ്സിലെ ശ്രദ്ധയിൽപ്പെടുത്തി ആലോചിച്ചു. ആലോചനാശേഷം അവരുടെപക്കൽ കുറെ പണം ബാക്കി ഉണ്ടായിരുന്നു. ആ പണം ഉപയോഗപ്രദമായ ഏതെങ്കിലും കാര്യത്തിനു വിനിയോഗിക്കണമെന്നു നിശ്ചയിച്ചുകൊണ്ടു ആലുവായിൽ ഒരു ആഗ്രിക്കൾച്ചറൽസ്കൂൾ സ്ഥാപിച്ചു അവരെ പ്രോത്സാഹിപ്പിക്കുമോ എന്നു എന്നോടു ഏതോ ചോദിച്ചു. ഗവണ്മെൻറ് സ്കൂൾ നടത്തിക്കൊണ്ടു പോകുമെങ്കിൽ സ്കൂളിനാവശ്യമുള്ള കെട്ടിടം അവർ ഉണ്ടാക്കിത്തരാമെന്നാണു അവർ പറഞ്ഞതു. ഞാൻ ഇക്കാര്യത്തെപ്പറ്റി ഗവണ്മെൻറിനെഴുതിയാറെ ഗവണ്മെൻറും സമ്മതിച്ചു ഇങ്ങനെ ആ സ്കൂൾ കെട്ടിടം ആലങ്ങാട്ടുകാർ പിരിച്ചെടുത്ത പണം കൊണ്ടുണ്ടാക്കിയതാണു. എന്റെ സ്നേഹിതൻ മിസ്റ്റർ എൻ. വി. ജോസഫിനു ഈ പ്രമേയത്തെപ്പറ്റി സംസാരിക്കാൻ അത്രമാത്രമുള്ളതായികാണുന്നു. ആലുവായിൽനിന്നു സ്കൂൾമാറുന്നതിനു അദ്ദേഹം വിരോധിയാണെന്നു എനിക്കു നിശ്ചയമുണ്ടു. മിസ്റ്റർ ജോസഫ് പറവാൻ വിചാരിക്കുന്നതു ഞാൻ കുറച്ചൊക്കെ സമ്മതിക്കാമെങ്കിലും സ്കൂളിന്റെ ഇപ്പോഴത്തെ സ്ഥാനം അതിനു യോജിച്ചതല്ലെന്നു പറയേണ്ടിയിരിക്കുന്നു. ആണ്ടിൽ രണ്ടുമാസം—എല്ലാക്കാലവുമല്ല—കൃഷിസ്ഥലം വെള്ളത്തിനടിയിലാണു. എന്നാൽ വെള്ളപ്പൊക്കം രണ്ടുമൂന്നു ദിവസത്തേക്കേ നിൽക്കൂ. അതു കൃഷിക്കു ദോഷം ചെയ്യുമെന്നുള്ളതു ശരിയാണു. കഴിഞ്ഞയാണ്ടത്തെപ്പോലെ അസാധാരണവെള്ളപ്പൊക്കം ഉണ്ടായാൽ കൃഷിക്കു ദോഷംവരും. എന്നാൽ അതു നിവൃത്തിയില്ലാത്ത ഒരു സംഗതിയാണു. അങ്ങനെയുള്ള കാലങ്ങളിൽ ഇവിടെ പ്രദേശങ്ങളിലെ കൃഷിയും നശിച്ചുപോകാറുണ്ടല്ലോ. ഏതായാലും വെള്ളപ്പൊക്കം ഉണ്ടായാൽ പാടം വെള്ളത്തിനടിയിലാകുമെന്നുള്ളതു കൃഷി നശിക്കാനും വിദ്യാർത്ഥികൾക്കു ബുദ്ധിമുട്ടുണ്ടാവാനും ഇടയുണ്ടു. ഇതു സംബന്ധിച്ചു ഒന്നു സൂചിപ്പിച്ചുകൊണ്ടുണ്ടു; എന്നാൽ ആ സംഗതി ആവശ്യമുള്ള പണം ഉണ്ടോ എന്നുള്ള കാര്യത്തെ ആശ്രയിച്ചിരിക്കും. സ്കൂൾ ആലുവായിൽനിന്നു മാറണമെന്നില്ല. വേനൽക്കാലത്തു വിദ്യാർത്ഥികൾക്കും അല്പംപോകുന്നതുകൊണ്ടു കൃഷിക്കും ആലുവാ ഒന്നാംതരം സ്ഥലമാണു. വേനൽക്കാലത്തു സ്കൂൾ ആലുവായിൽതന്നെ നടത്തുകയും മഴക്കാലം മിസ്റ്റർ തരകൻ പറഞ്ഞപ്രകാരം വേങ്ങോലയ്ക്കു മാറ്റി അപ്പിടെ നടത്തുകയും ചെയ്യണമെന്നാണു എന്റെ അഭിപ്രായം. അങ്ങനെ ചെയ്യൽ വിദ്യാർത്ഥികളെ എല്ലാത്തരം കൃഷിയും ശാസ്ത്രീയമായി വേണ്ടുവോളം വേണ്ടാത്തവിധം പഠിപ്പിക്കാൻ കഴിയുന്നതും അവക്കു അല്പകൊണ്ടു വലിയ ഗുണം സിദ്ധിക്കുന്നതുമാകുന്നു. എന്നാൽ കൂടുതൽ ചെലവുണ്ടാകും.

ശ്രീ: എൻ. വി. ജോസഫ് (പറവൂർ): വേങ്ങോലയോടും ചേർത്തുപോകുന്നതിനുപകരം ആലുവ പട്ടണത്തിനു സമീപം ഒരു സ്ഥലം കിട്ടുകയില്ലയോ എന്നു കൃഷിഡയറക്ടരോടു ചോദിച്ചുകൊള്ളുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആലുവയ്ക്കു സമീപം തക്കതായ ഒരു സ്ഥലം കിട്ടുകയില്ല.

ശ്രീ: എൻ. വി. ജോസഫ് (പറവൂർ): ഈ ഉദ്ദേശത്തോടുകൂടെ കൃഷിഡയറക്ടർ വല്ല അന്വേഷണവും നടത്തിട്ടുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഈ സ്കൂൾ തുടങ്ങുന്നതിനു മുമ്പു ഞാൻ അന്വേഷണം നടത്തിട്ടുണ്ടു. കറുകുറ്റിയിൽ സ്ഥലം ഉണ്ടു്. എന്നാൽ അതു വളരെ ദൂരമായിപ്പോയി. സർക്കാരിൽനിന്നും കൂടിവന കുമികൂം എടുക്കാതെ ആലുവായ്ക്കടുത്തു സ്ഥലംകിട്ടുമെന്നു തോന്നുന്നില്ല. മിസ്റ്റർ ജോസഫിനേയും മിസ്റ്റർ തരകനേയും തൃപ്തിപ്പെടുത്താനാണു ഞാൻ ഈ അഭിപ്രായം പറഞ്ഞതു. സഭ പണം അനുവദിക്കുമെങ്കിൽ സ്കൂൾ വേനൽക്കാലം ആറുമാസം ആലുവായിലും ശേഷം ആറുമാസക്കാലം വേങ്ങോലയിലും നടത്തുന്നതിനു എനിക്കു വിരോധമില്ല. എന്നാൽ സ്കൂൾ ആലുവായിൽനിന്നു മാറാൻ നിശ്ചയിക്കുന്നതിനുമുമ്പായി ഈ സ്ഥാപനം ഉണ്ടാക്കുന്നതിനുവേണ്ടി ആയിരങ്ങൾ നിവാസികൂം പണം ചെലവാക്കിട്ടുണ്ടെന്നു ഓർമ്മിക്കേണ്ടതാണു. ആലുവായിൽ സ്കൂൾ നടത്തിക്കൊള്ളാമെന്നുള്ള ഉടമ്പടിയിന്മേലാണു ഗവണ്മെൻറു കെട്ടിടം ഏറ്റുവാങ്ങിയതു.

മറ്റൊരു സംഗതിയെപ്പറ്റി, വിദ്യാർത്ഥികൾക്കു പ്രായോഗികപരിശീലനം നൽകുന്നതിൻറെ ആവശ്യകതയെപ്പറ്റി, മിസ്റ്റർ തരകൻ സംസാരിക്കുണ്ടായി. അവിടത്തെ പരിശീലനം കഴിയുന്നതു പ്രായോഗികമാക്കാൻ ഞങ്ങളും ശ്രമിക്കുന്നുണ്ടു്. ആ സംഗതി മിസ്റ്റർ തരകൻതന്നെ സമ്മതിക്കുമെന്നും എനിക്കു നിശ്ചയമുണ്ടു. അവർക്കു ക്ലാസിൽ കുറച്ചു പാഠങ്ങളെയുള്ളു. പ്രായോഗികപാഠങ്ങൾ അധികവുമുണ്ടു. പ്രായോഗികമായ കൃഷിപാഠങ്ങൾക്കു പുറമെ മരപ്പണിയും ഇരുമ്പുപണിയും അവരെ പഠിപ്പിക്കുന്നുണ്ടു്. ഇങ്ങനെ കൃഷിക്കാക്കു സാധാരണ ആവശ്യമുള്ള ആശാരിപ്പണിയും കൊല്ലപ്പണിയും മാരോ വിദ്യാർത്ഥിക്കും ചെയ്യാൻ കഴിയും. സ്കൂളിലെ പാഠങ്ങൾ കഴിയുന്നതു പ്രായോഗികമാണെന്നു സ്കൂൾ സന്ദർശിച്ചുള്ളവരൊക്കെ സമ്മതിക്കുമെന്നു വിചാരിക്കുന്നു. വിദ്യാർത്ഥികളെ ഇങ്ങനെ പരിശീലിപ്പിച്ചാൽമാത്രം പോരെന്നാണു് മിസ്റ്റർ തരകൻറെ വാദം. അയക്കു ചെയ്യുന്ന അഭ്യാസവും പരിശീലനവും ഉപയോഗപ്രദമാക്കുന്നതിനു ഒരു നിവൃത്തിമാർഗ്ഗവും ഉണ്ടാക്കിക്കൊടുക്കണമെന്നാണു് അദ്ദേഹം പറയുന്നതു്. ഈ എത്രയോ വിസ്തീർണ്ണമായ ഒരു നയം സ്വീകരിക്കുകയാകയാൽ എനിക്കിപ്പോൾ മറുപടിപറവാൻ സാധിക്കയില്ല. ആ കാര്യം ഗവണ്മെൻറു് ആലോചിക്കേണ്ടതാണു്. എൻറെ സ്വന്ത അഭിപ്രായത്തിൽ അതൊരു നല്ലകാര്യമാണു്. കാർഷികാഭിനിവേശവ്യവസ്ഥ സംബന്ധിച്ചു ചില ചട്ടങ്ങൾ ഗവണ്മെൻറു ഉണ്ടാക്കീട്ടുണ്ടു്. ആ വ്യവസ്ഥക്കനുസരിച്ചു ആഗ്രിക്കൾച്ചറൽ സ്കൂളിൽ പരിശീലനം ചെയ്യുന്ന വിദ്യാർത്ഥികൾക്കു നിശ്ചിതം പതിച്ചുകൊടുക്കാം. ഗവണ്മെൻറു അവർക്കു പണസഹായംകൂടെ ചെയ്യുന്നതു് അവർക്കു ആഗ്രിക്കൾച്ചറൽ സ്കൂളിലെ പരിശീലനം പ്രയോജനമുള്ളതാക്കാം.

ശ്രീ: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ആ സ്കൂളിൽനിന്നു പരീക്ഷ പാസായി ഇറങ്ങിയ വിദ്യാർത്ഥികൾ ഇപ്പോൾ എന്തുചെയ്യുകയാണെന്നു ഡോക്ടർ കുഞ്ഞൻപിള്ളയ്ക്കു വല്ല വിവരവും ഉണ്ടോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മിസ്റ്റർ തരകൻ പറഞ്ഞ അഭിപ്രായംതന്നെയാണു എനിക്കും ആരംഭംമുതൽക്കു ഉള്ളതു്.

ശ്രീ: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ജയിച്ചിറങ്ങിയ വിദ്യാർത്ഥികൾ ഇപ്പോൾ എന്തുചെയ്യുകയാണെന്നു കൃഷിഡയറക്ടർക്കു അറിവുണ്ടോ എന്നാണു എൻറെ ചോദ്യം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ചിലർ എൻറെ ഡിപ്പാർട്ടുമെൻറിൽ ജോലിയിൽ ഇരിക്കുന്നു. ചിലർ മിസ്റ്റർ തരകൻ പറഞ്ഞപ്രകാരം എന്തെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ചില ദിവസം ഭൂമി നിലവും പണവും കൊടുത്താൽ കൃഷി ചെയ്തുകൊള്ളാമെന്നു കാണിച്ചു അഞ്ചാറു വിദ്യാർത്ഥികൾ കൂടി ഒരു അപേക്ഷ അയച്ചിരുന്നു.

ശ്രീ: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇവർ കൃഷി ഒരു ജോലിയായിസ്വീകരിക്കുന്നതിനു വല്ലമാർഗ്ഗവും കൃഷിഡയറക്ടർ കണ്ടിട്ടുണ്ടോ എന്നുപറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അഞ്ചാറു വിദ്യാർത്ഥികൾ തങ്ങൾക്കു കൃഷിജോലിചെയ്യാൻ ഒരുക്കമാണെന്നു കാണിച്ചു ഒരപേക്ഷ അയച്ചിട്ടുണ്ടെന്നു ഞാൻ പറഞ്ഞുവല്ലൊ. അവർ ഒരിടുമ്പോരാകയാൽ കൃഷി ആരംഭിക്കുന്നതിനു അവർക്കു നിലവും പണവും വേണം. അവരുടെ അപേക്ഷപ്രകാരം ചെയ്യാൻ ഗവണ്മെൻറിനു എത്രത്തോളം കഴിയുമെന്നു പറയാൻ എനിക്കു സാധിക്കയില്ല. അവർ ചോദിക്കുന്ന സഹായം ചെയ്തുകൊടുക്കണമെന്നാണു എൻറെ സ്വന്ത അഭിപ്രായം.

ശ്രീ: സി. പി. തോമസ് (ഗവണ്മെൻറു നിയമനം): ഇവരുടെ അഭ്യാസവും പരിശീലനവും തങ്ങൾക്കു ഉപയോഗപ്രദമാംവണ്ണം തങ്ങളുടെ കൃഷി നടത്തുന്നതിനു ഭൂമി ഉടമസ്ഥന്മാർ അവരെ നിയമിക്കേണ്ടതാണെന്നു കൃഷിഡയറക്ടർ വിചാരിക്കുന്നില്ലയോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അവർ അങ്ങനെ ചെയ്യേണ്ടതാണു്. മറുരാജ്യങ്ങളിൽ അങ്ങനെ അവർ ചെയ്യുന്നുണ്ടു്.

ശ്രീ: കെ. കെ. തോമസ് (കോട്ടയം): ഏതെങ്കിലും ഒരു വിദ്യാർത്ഥി എങ്കിലും കൃഷി തൊഴിലായി സ്വീകരിച്ചിട്ടുള്ളതായി കൃഷിഡയറക്ടർക്കു അറിവുണ്ടോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിക്കതിനെപ്പറ്റി വിവരമൊന്നുമില്ല. നിശ്ചയമില്ലെന്നു ചിലർ എന്നോടു അപേക്ഷിച്ചിട്ടുണ്ടു്.

മി: എ. കെ. പിള്ള (കുന്നാറ്റുപുള്ളി): ഇങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് ബങ്കാം ഗവണ്മെന്റിന്റെ നിലവും പണവും കൊടുക്കുന്നുണ്ടെന്നു കൃഷിഡയറക്ടർക്ക് അറിയാമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മെമ്പർ പറയുന്നതുകൊണ്ട് ബെങ്കാളിൽ അവർ അങ്ങനെ ചെയ്യുന്നുണ്ടെന്നു വിചാരിക്കുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഇപ്പോൾ അവിടെ പഠിച്ചുവരുന്നവർക്ക് ഇങ്ങനെ ഒരു സഹായം ചെയ്യുന്നപക്ഷം ആണ്ടുതോറും എണ്ണം സംഖ്യ ചിലവിടേണ്ടിവരുമെന്നു ഡാക്ടർ കുഞ്ഞൻപിള്ളക്ക് അറിയാമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ അതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ഓരോരുത്തർക്കും എത്ര സ്ഥലം കൊടുക്കണമെന്നും എത്രരൂപാ കൊടുക്കണമെന്നുമുള്ള ഒരു സ്കീം ഇതുവരെ ഗവണ്മെന്റിലേക്ക് അയച്ചിട്ടില്ല. അങ്ങനെ കൊടുക്കുന്നതു നന്നായിരിക്കും.

മി: എൻ. വി. ജോസഫ് (പറവൂർ): കൃഷിഡയറക്ടർ സൂചിപ്പിച്ചതുപോലെ എന്റെ സ്നേഹിതൻ മിസ്റ്റർ തരകന്റെ പ്രമേയത്തെ ഞാൻ ബലമായി പ്രതിക്ഷേധിക്കുന്നു. ഞാൻ ആലുവാക്കാരനാകകൊണ്ടല്ല ആ കാരണത്താൽ മാത്രവുമല്ല. ഡയറക്ടർതന്നെ പ്രസ്താവിച്ചപ്രകാരം ആലുവായിൽ ഒരു ആഗ്രിക്കൾച്ചറൽ സ്കൂൾ സ്ഥാപിക്കണമെന്നുള്ള അഭിപ്രായപ്പെട്ടതു ആലങ്ങാട്ടുതാലൂക്കിലെ ജനങ്ങളാണ്. നിർഭാഗ്യവശാൽ ആ താലൂക്ക് ഇപ്പോൾ എടുത്തുകളഞ്ഞു. എങ്കിലും ആലങ്ങാട്ടുതാലൂക്കായിരുന്ന പകുതികളിലെ ജനങ്ങൾക്കു ആ സ്കൂളിനേൽ ഒരു അവകാശം ഉണ്ട്. സ്കൂൾ ആലുവായിൽനിന്നു വേങ്ങോലക്കൊ മറെവിടേയെങ്കിലുമൊ മാറുന്നതു ആലങ്ങാട്ടുകാരെ സംബന്ധിച്ചേടത്തോളം ഒരു ചതിവായിരിക്കും. ഇപ്പോഴത്തെ സ്ഥലം ഉത്തമസ്ഥലമല്ലെന്നു ഡയറക്ടർ പറഞ്ഞതോട്ടു യോജിക്കാതെ നിവൃത്തിയില്ല. പെരിയാറിൽ വെള്ളം പൊങ്ങുമ്പോഴൊക്കെ അതിന്റെ തീരത്തുള്ള പലസ്ഥലങ്ങളും മുങ്ങിപ്പോകുന്നതുകൊണ്ടു ആലുവായിലെ ഇപ്പോഴത്തെ സ്റ്റോർഫാറമിൽ കൃഷിപരിശോധനകൾ നടത്തുന്നതു പെരിയാർ തീരത്തു കൃഷിചെയ്യുന്ന ജനങ്ങൾക്കു പ്രയോഗപാഠങ്ങൾ കൊടുക്കയായിരിക്കും. എന്തെന്നാൽ തൽകാലപ്രളയപ്പൊക്കം ഉണ്ടായാലും വിളവുരക്ഷിക്കുന്നതു എങ്ങനെയെങ്കിലും അവരെ ഗ്രഹിപ്പിക്കുന്നതിനു അതൊരു മാർഗ്ഗമായിരിക്കും. ഇതിനേപ്പോലെ അനേകം സ്ഥലങ്ങൾ പെരിയാറിലെ വെള്ളം കയറി മുങ്ങിപ്പോകുന്നുണ്ടെന്നു തോന്നുന്നു. ആലുവായിലെ ജനങ്ങൾ ഡയറക്ടരോടു സസന്തോഷം സഹകരിക്കുന്നതുകൊണ്ടും ആലുവായ്ക്കു സമീപം വേറൊരുസ്ഥലം തിരഞ്ഞെടുക്കണമെന്നാണ് എന്റെ അപേക്ഷ. ആലുവായിൽനിന്നും ഈ സ്ഥാപനം എടുത്തുകളയുന്നതിനു ഞാൻ പരമാവിരോധിയാണ്. എന്നുമാത്രമല്ല ആലുവയിലെ സൌകര്യങ്ങളും ഗതാഗതമാർഗ്ഗങ്ങളും മറ്റുംസംബന്ധിച്ചു ആലുവാ ഉത്തരതിരുവിതാംകൂറിന്റെ മധ്യഭാഗമെന്നുള്ള സംഗതിയും ആലോചിച്ചാൽ സ്കൂൾ വേങ്ങോലക്കുകൊണ്ടുപോകാതെ ആലുവായിൽതന്നെ വെച്ചുകൊണ്ടിരിക്കയാണു അധികം ഗുണകരമായിട്ടുള്ളതു. മിസ്റ്റർ തരകൻ പറഞ്ഞപ്രകാരം വേങ്ങോലയിൽ ഏകദേശം പതിനായിരം ഏക്കർസ്ഥലം തരിശുഭൂമിയാണല്ലൊ. ആ സ്ഥലം എത്രത്തോളം വാസയോഗ്യമാണെന്നു അതുകൊണ്ടെന്തെന്നു അറിയാം. അങ്ങനെയുള്ള ഒരു സ്ഥലം ഒരു കൃഷിപാഠശാലയ്ക്കു പറ്റിയതല്ലെന്നു എനിക്കഭിപ്രായമുണ്ട്. അതുകൊണ്ടു മിസ്റ്റർ തരകന്റെ പ്രമേയത്തെ ഞാൻ പ്രതിക്ഷേധിക്കുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ആലുവായിൽ ഉള്ള കൃഷിപാഠശാലയും അതോടു ചേർന്നുള്ള തോട്ടവും വളരെ അസൌകര്യമുള്ള സ്ഥലത്താണ് ഇപ്പോൾ ഇരിക്കുന്നു എന്നു മിസ്റ്റർ തരകൻ പറയുന്നതിനോടു ഞാൻ വളരെ യോജിക്കുന്നു. ആ സ്കൂളും തോട്ടവും അവിടെ നിന്നു മാറ്റേണ്ടതാണ്. പക്ഷേ അവിടെ നിന്നു വളരെ ദൂരം മാറ്റുന്നതു നന്നായിരിക്കുകയില്ല. ഈ തോട്ടത്തിൽ നിന്നു രണ്ടും മൂന്നും മൈൽ ദൂരത്തു തെക്കും വടക്കും ഭാഗങ്ങളിൽ റോഡിനടുത്തു തരിശുഭൂമികൾ ധാരാളമായി ഉണ്ട്. കൂടികളുടെ വകയായ സ്ഥലങ്ങൾ അവിടെ പാട്ടത്തിനു കിട്ടും. അങ്ങനെയുള്ള സ്ഥലങ്ങളിൽ മാറ്റി ഇടാവുന്നതാണ്. ഇപ്പോൾ പാഠശാലയും കൃഷിത്തോട്ടവും സന്ദർശിക്കണമെന്നു ജനങ്ങൾ വിചാരിച്ചാൽ എളുപ്പത്തിൽ അവിടെ എത്താൻ സാധിക്കയില്ല. രണ്ടു ആറിന്റെയും മദ്ധ്യത്തിലാണ് തോട്ടം സ്ഥിതിചെയ്യുന്നതു. റയിൽവേ പാലം വഴിവേണം അവിടെ പോകാൻ. ചിലപ്പോൾ പോകാൻ പാടില്ലാ എന്നപോലത്തിൽ റെയിൽവേ പാലത്തിന്റെ അറ്റത്തു ഒരു ബോർഡ് ഇരിക്കുന്നതായി കാണാം. തോട്ടത്തിലും അതിനു ചുറ്റുമുള്ള സ്ഥലങ്ങളിലും മിക്ക അവസരങ്ങളിലും വെള്ളം കയറി കിടക്കുന്നുണ്ട്. അതു കൊണ്ടു മരച്ചീനി മുതലായ സാധനങ്ങളേ എടുത്തിവസം കൊണ്ടാണ് അഴുകി തുടങ്ങുന്നതു് എന്നുള്ള മാതൃക അവിടെ നിന്നും കിട്ടും എന്നല്ലാതെ അവയുടെ ആളായത്തെ കാണിക്കുവാൻ നിവൃത്തിയില്ല. (ചിരി). കർക്കടകം, ചിങ്ങം ഈ മാസങ്ങളിൽ എട്ടുപത്തു ദിവസം വരെ ആ സ്ഥലങ്ങളും വെള്ളത്താൽ മൂടിക്കിടക്കുന്നതു് സാധാരണയാണ്.

മി: എൻ. വി. ജോസഫ് (പറവൂർ): ഇങ്ങനെ വെള്ളം കയറി മൂടിക്കിടക്കുന്ന സ്ഥലം എത്ര ഏക്കർ ഉണ്ടാകും?

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): പലസ്ഥലങ്ങളിലും ഉണ്ട്. സൂക്ഷ്മമായി പറവാൻ കണക്കെടുക്കണം.

മി: എൻ. വി. ജോസഫ് (പറവൂർ): അതിൽ കൂടിയാണവനങ്ങളുടെ സ്ഥലം എത്രയുണ്ടെന്നു അറിയാമോ?

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അതിനു വിഷമം ഉണ്ട്. തീർച്ചയായ കണക്കറിഞ്ഞുകൂടാ. കൂടികളുടെ സ്ഥലം മാറ്റി എടുക്കുവാൻ കഴികയില്ലല്ലോ?

എന്നാൽ ഈ സ്കൂൾ മാറ്റി സ്ഥാപിക്കുന്നതിനു സ്ഥലം കിട്ടുന്നതിനു പ്രയാസമില്ല. ഇപ്പോൾ ഗവണ്മെന്റിനു മാറ്റാൻ കഴിയും. ആലുവാ പട്ടണത്തിൽ താനാഭാഗത്തു നിന്നും കൃഷിക്കാർ വിളവു സാധനങ്ങൾ വിൽക്കാൻ കൊണ്ടുവരുന്ന ഒരു കടവുണ്ട്. കൃഷിക്കാർക്കു പട്ടണത്തിൽ സാധാരണ വരണം, അവർക്കു കൃഷിത്തോട്ടം കണ്ടു മനസ്സിലാക്കാമല്ലോ. അതു കൊണ്ടു വളരെ ദൂരം മാറാതിരിക്കുന്നതാണ് നല്ലതു്.

പിന്നെ അവിടെ നിന്നും പഠിച്ചു പോകുന്നവർക്ക് എല്ലാം ഒരു സംഖ്യകൊടുക്കണമെന്നു പറയുന്നതു ന്യായമല്ല. കൃഷിപണ്ടു കിട്ടുന്നതു കൃഷിക്കാരുടെ കുട്ടികൾക്കു മതി. അവിടെ പഠിക്കുന്ന അധികവും വിദ്യാർത്ഥികൾ കൃഷിക്കാരുടെ സന്താനങ്ങൾ അല്ല. ഇപ്പോൾ ഉള്ളവർക്ക് എല്ലാം കൃഷിയിൽ പ്രവേശിക്കാൻ പാടില്ലേ എന്നു ഒരു ചോദ്യത്തിനു അവകാശമുണ്ട്. എന്നാൽ മിക്കവാറും അങ്ങിനെ പ്രവർത്തിച്ചു കാണുന്നില്ല. ഓരോ തൊഴിലും ഓരോരുത്തരും പാരമ്പര്യമായി ചെയ്തു കൊണ്ടിരിക്കയാണ്. കൃഷിക്കാരുടെ സന്താനങ്ങളെ ചേർക്കയാണെങ്കിൽ അവർ നിമിത്തം പഠിപ്പു പ്രയത്നിക്കുപേണ ഉപയോഗത്തിൽ കൊണ്ടു വരുന്നതിനും തൽനിമിത്തം ജനങ്ങളുടെ കൃഷി അഭിവൃദ്ധിപ്പെടുന്നതിനും മാർഗ്ഗമുണ്ടാകുന്നതാണ്. സാധുക്കൾക്കും മരുപ്പിനി കൃഷി ചെയ്യുന്നതു കൊണ്ടു വളരെ ഗുണം ഉണ്ടാകുന്നതാണ്; എന്നാൽ അതിനു പോകാതെ പഠിച്ചിറങ്ങുന്നവർ എല്ലാം ഉദ്യോഗത്തെ ആശിക്കുന്നതായിട്ടാണ് സാധാരണ കണ്ടു വരുന്നതു. അതു കൊണ്ടു കൃഷിക്കാരുടെ സന്താനങ്ങളെ തിരഞ്ഞെടുത്തു സ്കൂളിൽ പഠിപ്പിക്കാൻ നോക്കണമെന്നാണ്. ഈ അഭിപ്രായത്തോടു കൂടി ഞാൻ മിസ്റ്റർ തരകനുടെ അഭിപ്രായത്തെ അനുകൂലിച്ചു കൊള്ളുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): ആലുവായിലെ സ്കൂളിനെ പറ്റി അല്പം സംസാരിക്കാൻ ഞാനും ആഗ്രഹിക്കുന്നു. മെമ്പർമാരുടെ പ്രസംഗങ്ങളും കേട്ടശേഷം എനിക്കുണ്ടായ അഭിപ്രായം ഗവണ്മെൻറുദ്യോഗത്തിൽ പ്രവേശിക്കാൻ ഒരു യോഗ്യത ഉണ്ടാക്കി കൊടുക്കയാണു ആ സ്കൂളിൽ നൽകുന്ന അഭ്യാസത്തിനുടെ ഉദ്ദേശം എന്നാണ്.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സ്കൂളിന്റെ ഉദ്ദേശം അതല്ലെന്നു പറഞ്ഞു കൊള്ളുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): സ്കൂളിന്റെ ഉദ്ദേശം അതല്ലായിരിക്കാം. എന്നാൽ ആ ഉദ്ദേശത്തോടു കൂടെയാണു വിദ്യാർത്ഥികൾ ആ സ്കൂളിൽ വന്നു ചേരുന്നതു. അവരിൽ അധികംപേർക്കും വേതനങ്ങളും ഉണ്ടെന്നും തോന്നുന്നു. രാജ്യത്തിലെ കൃഷിയുടെ അഭിവൃദ്ധിയാണ് ഉദ്ദേശമെങ്കിൽ വിദ്യാർത്ഥികളോടു അവർക്കു ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗം കൊടുക്കയില്ലെന്നും അവർ കൃഷിചെയ്വാൻ പോകേണ്ടുന്നവരാണെന്നും തുടക്കത്തിലേ പറഞ്ഞേക്കയാണു ഉത്തമം. അങ്ങനെ ചെയ്താൽ സ്കൂൾകൊണ്ടുള്ള ഉപകാരം വർദ്ധിക്കയും ആലുവായും സമീപസ്ഥലങ്ങളും ഗുണപ്പെടുകയും ചെയ്യുമെന്നു വിചാരിക്കുന്നു. ആലുവായിൽ ആഗ്രിക്കൾചുറൽസ്കൂൾ സ്ഥാപിച്ചതു ഉത്തരതിരുവിതാംകൂറിലെ ജനങ്ങളുടെ ഗുണത്തിനു വേണ്ടിയാണെന്നു ഞാൻ വിചാരിക്കുന്നു. വടക്കൻതാലൂക്കുകളിൽ ഒരിടത്തും ഇങ്ങനെയുള്ള വേറൊരു സ്കൂൾ ഇല്ലതാനും. തെങ്ങു രോഗം ഇല്ലാതാക്കാൻ യത്നിക്കുന്ന സാധുജനങ്ങൾക്കു സ്കൂൾ സഹായമായിരിക്കുമെന്നുള്ളതു കൊണ്ടു മീനച്ചിലിനും മണിമലയ്ക്കും മദ്ധ്യേ ഒരു സ്കൂൾ സ്ഥാപിക്കണം. അവിടെയുള്ള ജനങ്ങൾക്കു അതുകൊണ്ടു ഉപകാരമുണ്ടാകും. തെങ്ങുരോഗം നിമിത്തം വളരെ നഷ്ടം ഉണ്ടാകുന്ന മീനച്ചിൽ താലൂക്കിൽ ഒരു പരീക്ഷണത്തോട്ടം ഉണ്ടു. കോട്ടയത്തിനു തെക്കു എവിടെയെങ്കിലും, ചങ്ങനാശ്ശേരിയിലോ അമ്പലപ്പുഴയോ പുഞ്ചകൃഷിയുടെ ഗുണം ഉദ്ദേശിച്ചു അങ്ങനെയുള്ള ഒരു സ്കൂളും സ്ഥാപിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: കെ. ശിവരാമപ്പണിക്കർ (പേത്തല): സ്കൂളുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനാൽ ഗവണ്മെൻറുദ്യോഗങ്ങൾക്കുള്ള അപേക്ഷകന്മാരുടെ എണ്ണം വർദ്ധിപ്പിക്കയല്ലയോ ചെയ്യുന്നു?

മി: കെ. സി. തോമസ് (കോട്ടയം): ഇപ്പോൾ അങ്ങനെയായിരിക്കാം. സ്കൂളുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതു ആവശ്യമുള്ള പരിശീലനം കൊടുക്കുന്നതിനാണ്. ഈ പ്രസ്താവനകളോടു കൂടെ ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): ആഗ്രിക്കൾചുറൽ സ്കൂളിലെവിദ്യാർത്ഥികൾക്കു ഇപ്പോഴത്തെ സ്ഥിതിക്കു ഉദ്യോഗങ്ങൾ കൊടുക്കയില്ലെന്നു എല്ലാവരെയും ഗ്രഹിപ്പിച്ചുൽ—

മി: കെ. കെ. തോമസ് (കോട്ടയം): പക്ഷേ ഉദ്യോഗം കൊടുത്തു എന്നാണു ഡോക്ടർ കുഞ്ഞൻപിള്ള പറഞ്ഞതു.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): ആലുവാ ആഗ്രിക്കൾചുറൽസ്കൂളിലോ മറ്റേതെങ്കിലും സ്കൂളിലോ പഠിക്കുന്നവർക്കു ഗവണ്മെൻറുദ്യോഗങ്ങൾ കൊടുക്കുന്നതല്ലെന്നു സൃഷ്ടമാക്കിയാൽ, ആ സ്കൂളുകളിൽ ചേർന്നു പഠിക്കാൻ ആരുമുണ്ടാകാതിരിക്കാനാണു സംഗതി അതാണു മനുഷ്യരുടെ മനഃസ്ഥിതി.

മി: കെ. കെ. തോമസ് (കോട്ടയം): മട്ടാസിലും സോമ്പേയിലും, മദ്രാസ്, സൈദാപ്പെറവ് മുതലായ സ്ഥലങ്ങളിൽ കൃഷിവിദ്യാഭ്യാസം പ്രാപിച്ച ഭൂമി ഉടമസ്ഥന്മാർ ഇല്ലയോ എന്നു മിസ്റ്റർ മാമ്മൻ മാപ്പിള പറയുമോ?

മി: കെ. സി. മാമ്മൻ മാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): ആ സംഗതി എനിക്കു അറിയാം. കോയമ്പത്തൂർ ആഗ്രിക്കൾചുറൽ കോളെജുകൊണ്ടുള്ള ഗുണങ്ങളെ യഥാർത്ഥകൃഷിക്കാർ തങ്ങൾക്കു ഉപകാരപ്രദമാക്കുന്നുണ്ടെന്നു ആ കോളെജുമേധാവികളും മദ്രാസു ഗവണ്മെൻറും പരാതി പറയുന്നുണ്ടെന്നും എനിക്കു അറിവുണ്ടു്.

മി: കെ. കെ. തോമസ് (കോട്ടയം): എന്നാൽ അങ്ങനെയായ സ്കൂൾ നടത്തുന്നതിനുടെ പ്രയോജനം എന്താണെന്നു പറയുമോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): കാലക്രമം കൊണ്ടു സന്ദർഭവശാൽ വല്ല ഗുണവും ഉണ്ടാകാനിടയുണ്ടു്.

മി: കെ. കെ. തോമസ് (കോട്ടയം): അങ്ങനെയുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കണമെന്നാണോ മെമ്പർ പറയുന്നതു്?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): അതെ, വിദ്യാഭ്യാസത്തിനുടെ ഉത്തമോദ്ദേശം ജനങ്ങളിൽ ചിലരെ ഗ്രഹിപ്പിക്കാൻ കഴിയും. കാലാന്തരത്തിൽ അവരും ജനങ്ങൾക്കു പ്രയോജനകരമായിരിക്കും. ആഗ്രിക്കൾചുറൽ സ്കൂളുകളുടെ സ്ഥാപനംകൊണ്ടു രാജ്യത്തിനു എന്താണു ഗുണം സിദ്ധി

ക്കുമെന്നുള്ള വിശ്വാസംനിമിത്തം അങ്ങുമിങ്ങും ആ വക സ്കൂളുകൾ സ്ഥാപിച്ചുകിട്ടണമെന്നു ജനങ്ങൾ ആവശ്യപ്പെടുന്നതു കേട്ടിട്ടുണ്ട്. എന്നാൽ ഇങ്ങനെ ആവശ്യപ്പെടുന്ന ആളുകൾക്കുതന്നെ അവരുടെ കുട്ടികളെ ആ സ്കൂളുകളിൽ അയക്കാൻ മനസ്സില്ല. അതൊന്നു ഇത്രത്തോളം എന്റെ അനുഭവം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ഭേവികുളവും): ലാകാളേജ്പോലെ പള്ളിക്കൂടത്തിൽ പഠിപ്പിക്കുന്നസമയം രാവിലേയും വൈകിട്ടും ആക്കിയാൽ അധികം വിദ്യാർത്ഥികൾ വരികയില്ലയേ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): ആലുവായെപ്പോലെ നാട്ടുപ്രദേശത്തു അളുകൊണ്ടൊന്നു വ്യത്യാസം വരുന്നില്ല. ബോമ്പേയും മദ്രാസും പോലെ ജനങ്ങൾക്കു രാവും പകലും പ്രവൃത്തിയുള്ള സ്ഥലങ്ങളിൽ അളുകൊണ്ടു വ്യത്യാസം വരാം. ഇവിടത്തെ പ്രയാസം സമയംപോക്കുന്നതു എങ്ങനെയെന്നാണ്. ഇപ്പോൾ നാം കുട്ടികളെ ഇംഗ്ലീഷുസ്കൂളുകളിലും ആഗ്രിക്കൾച്ചറൽസ്കൂളുകളിലും അയയ്ക്കുന്നതു ഗവണ്മെൻറുദ്യോഗം കിട്ടുമെന്നുള്ള വിചാരംകൊണ്ടാണ്. അതുകൊണ്ടു ആ സ്കൂളിൽ പഠിച്ചുവക്കം പഠിക്കുന്നവക്കം ഗവർണ്മെൻറിൽ ഉദ്യോഗം കൊടുക്കയില്ലെന്നു പറയുന്നതു അഭിലഷണീയമല്ല. ഗവണ്മെൻറു വക ആഗ്രിക്കൾച്ചറൽസ്കൂളുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുകൊണ്ടു വല്ല ഗുണവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഉദ്യോഗം കിട്ടുന്നില്ലെന്നു വിദ്യാർത്ഥികൾക്കുതന്നെ മനസ്സിലാകുമ്പോൾ, ആലുവാസ്കൂൾതന്നെ നിറുത്തിക്കേണ്ടിവന്നേക്കാം. സ്കൂളുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കാൻ സമയമായിട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്കൂൾ അവിടെനിന്നു മാറുന്നതിനെപ്പറ്റി അങ്ങേഹം എന്താണു പറയുന്നതു?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): സ്കൂൾ മാറുന്നകാര്യത്തെ ഞാൻ കേവലം പ്രതിക്ഷേധിക്കുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): സ്കൂൾ തുടർന്നുകൊണ്ടുപോകുന്ന സംഗതിയെപ്പറ്റി അങ്ങേഹം എന്താണു പറയുന്നതു?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): സ്കൂളിന്നാവശ്യമുള്ള സിൽവസ്തുകളും സാമഗ്രികളും ഉള്ള സ്ഥിതിക്കു കൃഷിയുടെ അഭിവൃദ്ധിയിൽ ജനങ്ങൾക്കു ഉത്സാഹം ഉണ്ടാകുന്നതുവരെ സ്കൂൾ നടത്തിക്കൊണ്ടുപോകേണ്ടതാണു്. സ്കൂൾ മാറുന്ന കാര്യത്തിനു കൂടുതൽ മുതലായവകയ്ക്കു കൂടുതൽ ചെലവുള്ളതിനാൽ ഞാൻ പ്രതിക്ഷേധിപ്പാനായക്കാരനാണ്. പ്രയോജനമുള്ളതായി കാണുന്നകാലം മുഴുവനും സ്കൂൾ നടത്തിക്കാണമെന്നാണ് എന്റെ ആഗ്രഹം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ഭേവികുളവും): തങ്ങളുടെ സാധാരണസ്കൂളുകളിൽ കൃഷിയും പഠിക്കുന്നതു അഭിലഷണീയമല്ലയോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): സാധാരണസ്കൂളുകളിലെ പഠനവിഷയങ്ങളും വർദ്ധിപ്പിക്കുന്നതു അഭിലഷണീയമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: സി. പി. തരകൻ (കുന്നത്തുനാടു): ഈ സ്കൂൾ ആലുവായിൽനിന്നും മാറുന്നതിനു തടസ്സമായി പല കാരണങ്ങളും ഇവിടെ പ്രസ്താവിക്കയുണ്ടായി. മിസ്റ്റർ ജോസഫ് പറഞ്ഞ തടസ്സം ആലങ്ങാട്ടതാലൂക്കിൽ ഉള്ള അളുകൾ ഷണ്ട്രപ്പുപുത്തിസംബന്ധിച്ചു പിരിച്ചു പണം കുറെ എടുത്തു ഈ സ്കൂൾ പണിയുന്നതിനു ഉപയോഗിച്ചു എന്നാണ്. അങ്ങനെ ആലങ്ങാട്ടു താലൂക്കിൽ ഉള്ള ജനങ്ങളിൽ നിന്നും പിരിച്ച സംഖ്യ ഇതിലേക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അതിനേക്കാറും അഞ്ചോ പത്തോ ഇരട്ടി സംഖ്യ തിരുവിതാംകൂറിലെ പല ഭാഗങ്ങളിൽനിന്നും പിരിച്ചു ഇതിലേക്ക കൊടുത്തിട്ടുണ്ട്. അതുകൊണ്ടു ആലങ്ങാട്ടു താലൂക്കിൽ ഉള്ളവരെക്കാറും കൂടുതൽ അവകാശം പറയാൻ ഈ സംസ്ഥാനത്തുള്ള എല്ലാ ആളുകൾക്കും അവകാശം ഉണ്ടെന്നാണു എന്റെ അഭിപ്രായം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ഭേവികുളവും): വെങ്ങോല പഴയ ആലങ്ങാട്ടതാലൂക്കിലാർന്നോ?

മി: സി. പി. തരകൻ (കുന്നത്തുനാടു): അല്ല പിന്നെ എനിക്കു പറയാനുള്ളതു ആലങ്ങാട്ടതാലൂക്കിനെപറ്റിയാണ്. പഴയ ആലങ്ങാട്ടതാലൂക്കിലുൾപ്പെട്ട ആലുവാ, തൃക്കാക്കര, കോതകുളങ്ങര ഈ മൂന്നു പകുതികളും ഇപ്പോൾ കുന്നത്തുനാടു താലൂക്കിൽ ചേർത്തിരിക്കുന്നു. ഈ മൂന്നു പകുതികളിൽനിന്നാണ് പ്രധാനമായി മേല്പറഞ്ഞ സംഖ്യ പിരിഞ്ഞിട്ടുള്ളതു്. വെങ്ങോല ഇപ്പോൾ സ്ഥിതിചെയ്യുന്നതു കുന്നത്തുനാടു താലൂക്കിന്റെ മദ്ധ്യത്തിലാണ്. അതയ്ക്കൽ അതു ഒരു വലിയ പ്രയാസമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ അതു തിരുവിതാംകൂറിലുള്ള എല്ലാ ആളുകൾക്കും ഒരുപോലെ അവകാശമുള്ള ഒരു ഇൻസ്റ്റിറ്റ്യൂഷൻ എന്നുള്ളതാണ് എനിക്കു പ്രധാനമായി പറയാനുള്ള സമാധാനം.

പിന്നെ അതിനെ ആലുവാ പട്ടണത്തിൽനിന്നും വളരെദൂരെ കൊണ്ടുപോകുന്നതു് ആരോഗ്യമല്ലെന്നാണു ചില സാമൂഹികന്മാർ പറയുന്നതു്. തിരുവിതാംകൂറിലെ യൂനിവേഴ്സിറ്റിയെ അതുയിക്കരെക്കൊണ്ടു സ്ഥാപിക്കാൻ ഗാഢമായി ആലോചിക്കുന്ന ഈ കാലത്തു ഉൾനാടുകളിലെ കൃഷിക്കാരുടെ പ്രയോജനത്തെ പ്രധാനമായി ഉദ്ദേശിച്ചു നടത്തിവരുന്ന ഈ കൃഷിസ്കൂളിനെ പട്ടണത്തിൽനിന്നും മാറുന്നതിനു ഇത്ര വളരെ ബഹളപ്പെടേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. മലമ്പനിയുള്ളതും കയറി കൃഷിക്കു ദോഷം വരുന്നതിനാൽ കൃഷിയെ മലമ്പനിയുള്ളതിൽനിന്നും രക്ഷപ്പെടുത്താൻ ഉള്ള മാർഗ്ഗം കണ്ടിക്കുന്നതിനു സ്കൂൾ അവിടെത്തന്നെ വച്ചിരിക്കണമെന്നാണ് മിസ്റ്റർ ജോസഫ് പറയുന്നതു്. അങ്ങിനെ മലമ്പനിയിൽനിന്നും രക്ഷപ്പെടാൻ ഉള്ള മാർഗ്ഗം എന്തെങ്കിലും ഡാക്ടർ കുഞ്ഞൻപിള്ള കണ്ടുപിടിച്ചിട്ടുണ്ടെന്നോ കണ്ടുപിടിക്കാൻ അദ്ദേഹത്തിനു സാധിക്കുമെന്നോ ഞാൻ വിചാരിക്കുന്നില്ല. (ചിരി) ഇപ്പോൾ സ്കൂളിൽ നടത്തിവരുന്ന പഠിത്തത്തെ സംബന്ധിച്ചു എനിക്കു യാതൊരാക്ഷേപവുമില്ല. അങ്ങിനെ പറഞ്ഞതായി ഡയക്ടർ അവർകൾ ധരിച്ചിട്ടുണ്ടെങ്കിൽ അതിനു ഞാൻ മാപ്പു് അപേക്ഷിച്ചുകൊള്ളുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ), അല്പം കേട്ടതിനാൽ സന്തോഷിക്കുന്നു.

മി: സി. പി. താകൻ (കുന്നത്തുനാട്ട): പിന്നെ ഈസ്കൂളിൽനിന്നും പഠിച്ചു കഴിഞ്ഞു പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്കു കൃഷിചെയ്യുന്നതിനായി എന്തെങ്കിലും ഒരു സംഖ്യ കൊടുക്കണമെന്നുള്ള എന്റെ അഭിപ്രായം അത്ര ഗുണമില്ലെന്നു ചില സാമാജികന്മാർ പറയുകയുണ്ടായി. കൃഷിവായ്പ കൊടുക്കുന്നതുപോലെ നാലോ അഞ്ചോ വർഷം കഴിഞ്ഞു തിരിച്ചുകിട്ടുന്നതരത്തിലായിൽ കൊടുക്കണമെന്നു എനിക്കു അപേക്ഷയുള്ളൂ. ഒരു പക്ഷേ ചിലവ തിരിച്ചു കിട്ടാതെപോയാലും തരക്കേടില്ലെന്നും അതു പ്രയോജനകരമായ വഴിയിലാണ് ചെലവാകുന്നതെന്നും അതുകൊണ്ടു ദോഷം വരികയില്ലെന്നുമാണ് എന്റെ അഭിപ്രായം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും, മത്സ്യവ്യവസായവും ഡയറക്ടർ): സർ, ഈ പ്രമേയത്തെ സംബന്ധിച്ചുള്ള വാദം രസകരമായിരുന്നു. തൊഴിൽ സംബന്ധമായും വ്യവസായസംബന്ധമായും പരിശീലനം കൊടുക്കുന്നതിന്റെ ആവശ്യവും ഗുണങ്ങളും വിദഗ്ധവിഷയമായി നമ്മുടെ വിദ്യാഭ്യാസരീതി മെച്ചപ്പെടുത്തി അതിന്റെ തൊഴിലുകൾക്കും വ്യവസായങ്ങൾക്കും ഒരു പ്രാധാന്യം നൽകുന്നതിനെ പറ്റി ഭിന്നഭിന്നമായ പ്രസംഗങ്ങൾ കേട്ടിട്ടുണ്ടല്ലോ. കുട്ടികൾക്കു കൃഷിയെ സംബന്ധിച്ചു അറിവുകൊടുക്കാനുള്ള ഗവർണ്മെന്റിന്റെ ഒരു ചെറിയ ഉദ്യമമാണു ഇവിടെ ഉള്ളതു. യഥാർത്ഥകൃഷിക്കാരുടെ മക്കൾക്കു ഈ സ്കൂളിൽ ചേരുന്നതിനു യാതൊരു തടസ്സവുമില്ലെന്നു ഞാൻ മിസ്റ്റർ കുഞ്ഞിക്കണ്ണന്നോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. ഞങ്ങളുടെ അനന്തരം യഥാർത്ഥ കൃഷിക്കാരുടെ മക്കളെ കൃഷിപഠിപ്പിക്കണമെന്നാകൊണ്ടു അവരെ സന്തോഷത്തോടെ സ്വീകരിക്കുന്നതാണ്. എന്നാൽ അവർ ഞങ്ങളുടെ അപേക്ഷയെ ഉത്സാഹത്തോടെ സ്വീകരിച്ചിട്ടില്ല. സ്വന്തം നിലങ്ങളും കൃഷിചെയ്യുവാൻ കഴിവുള്ള ചില വിദ്യാർത്ഥികൾ ഉണ്ടെന്നതോന്നുന്നു. എങ്കിലും അവർ അഡ്മിഷൻപേരിട്ടില്ല. സ്കൂൾ ആരംഭിച്ചപ്പോൾ, സ്കൂളിൽ ചേരാൻ വന്നവരോടു ഗവർണ്മെന്റുദ്യോഗം കിട്ടുമെന്നു ആശിക്കണ്ടാ എന്നും അവരുടെ ഉദ്ദേശം തിരിച്ചുപോയി കൃഷിചെയ്യുന്നായിരിക്കണമെന്നും ഞങ്ങൾപറഞ്ഞു. അന്നു അവർ അപ്രകാരം സമ്മതിച്ചു. എന്നാൽ പിന്നീടു അവർ ഓരോരുത്തരായിവന്നു എന്നെ ഉദ്യോഗത്തിനു ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. ചിലരെ എന്റെ ഡിപ്പാർട്ടുമെന്റിൽ നിയമിച്ചു. എന്നാൽ വളരെപേർ ഇപ്പോൾ ജോലിയൊന്നുമില്ലാതെയാണിരിക്കുന്നതു. എന്റെ അഭിപ്രായത്തിൽ—

മി: മകു. കെ. തോമസ് (കോട്ടയം): സ്കൂളിൽ ചേരാൻ കുട്ടികളെ കിട്ടുന്നകാര്യത്തിൽ വല്ലുപ്രയാസവും ഉണ്ടായിരുന്നോ എന്നു ഡാക്ടർ കുഞ്ഞൻപിള്ള പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും, മത്സ്യവ്യവസായവും ഡയറക്ടർ): ഉവ്വ്, പ്രയാസമുണ്ട്. ഒന്നാം ആണ്ടിൽ ക.സം.ം അപേക്ഷകന്മാർ ഉണ്ടായിരുന്നു. അവരിൽ സ.ം പേരെ തിരഞ്ഞെടുത്തു. രണ്ടാം വർഷം ങ.ം അപേക്ഷകന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരിൽ ക.ങ പേരെ തിരഞ്ഞെടുത്തു. വരുന്നയാണ്ടുമുതൽ സ്കൂൾ നടത്തിക്കൊണ്ടുപോകുന്നതിനും വേണ്ടും ആളെകിട്ടാതെ വന്നേക്കുമെന്നു മിസ്റ്റർ മാമ്മൻമാപ്പിള പറഞ്ഞ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസം സാഹിത്യപരമാണെന്നും അവശ്യമുള്ളതു തൊഴിലുകളും വ്യവസായവും സംബന്ധിച്ച വിദ്യാഭ്യാസമാണെന്നും ജനങ്ങൾക്കു ബോധമുണ്ടാകികൊണ്ടിരിക്കുന്നു. ഈ സ്ഥാപനം കഴിവുള്ളതാക്കിയും പ്രയോജനകരമാക്കാൻ ഗവണ്മെന്റു ഒരുക്കമാണു എന്നാൽ ജനങ്ങളുടെ സഹകരണംകൂടാതെ സ്കൂൾ നടത്താൻ സാധിക്കയില്ല. സ്കൂൾ നിലനിറുത്തുകതന്നെ വേണ്ടിവരും. അങ്ങനെ സംഭവിക്കാതിരിക്കാൻ ഈ വിദ്യാർത്ഥികൾ കൃഷി ഒരു തൊഴിലായി സ്വീകരിക്കത്തക്കവണ്ണം ഒരു പദ്ധതി ഞാൻ ഗവർണ്മെന്റിലേക്കു സമർപ്പിക്കുന്നുണ്ടു്. ആ വ്യവസ്ഥ എത്രത്തോളം പ്രായോഗികമാണെന്നു എനിക്കിപ്പോൾ പറവാൻ സാധിക്കയില്ല. ഏതായാലും ഈ വിദ്യാർത്ഥികൾ ഗവർണ്മെന്റുദ്യോഗത്തിനു നടക്കാതെ അവർക്കാവശ്യമുള്ള ജോലികൊടുക്കുന്നതിനു ഇതൊരു മാർഗ്ഗമേയുള്ളൂ. വിദ്യാർത്ഥികൾ പിന്നീടു ഉദ്യോഗം കിട്ടുമെന്നുള്ള വിചാരത്തോടെ വരാതെ തിരിച്ചുപോയി കൃഷിയിൽ മുഴുപ്പിടുകയാണു വേണ്ടതെന്നു മാതാപിതാക്കന്മാരെ ഉപദേശിച്ചു ബോധ്യപ്പെടുത്തുകയാണു വേണ്ടതു്. തിരുവിതാംകൂറിനെപ്പോലുള്ള അഭിവൃദ്ധിപ്രാപിച്ചുവരുന്ന കാർഷികരാജ്യങ്ങളിൽ ഞങ്ങളുടെ മക്കളെ ചേർക്കുന്നതിനു ശിപാർശകത്തുകൾ കൊടുക്കണമെന്നു മന്ത്രിമാരായ എന്റെ ചില സ്നേഹിതന്മാർ എന്നോടു പലപ്പോഴും ചോദിക്കാറുണ്ടെന്നുള്ള സംഗതിയും പ്രസ്താവയോഗ്യമാണു്. ശിപാർശക്കത്തുവരുമ്പോൾ അവരുടെ മക്കൾക്കു ഗവർണ്മെന്റു സെർവീസിൽ പ്രവേശനം വേണ്ടായെന്നും സ്വന്തം നിലങ്ങൾ കൃഷിചെയ്യുന്നതിനു പ്രായോഗികപരിശീലനമാണു അവർക്കാവശ്യമെന്നും പറയും. എന്നാൽ പരിശീലനം കഴിഞ്ഞുകഴിയുമ്പോൾ അവർ വന്ന എന്നെ ഉദ്യോഗത്തിനു ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കും. ജനങ്ങൾ തന്നെ ഗവണ്മെന്റിനോടു സഹകരിച്ചു കാർഷികപള്ളിക്കൂടങ്ങളിലും അതുപോലെയുള്ള മറ്റുസ്ഥാപനങ്ങളിലും കൊടുക്കുന്ന പരിശീലനം ഉപയോഗപ്രദമാക്കേണ്ടതാണു.

മി: സി. പി. രാകൻ (കുന്നത്തുനാട്ട്): പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

പ്രമേയം അനുവാദപ്രകാരം പിൻവലിച്ചു.

പ്രമേയം ക.സം.ം.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, താഴെപറയുന്ന പ്രമേയം ഹാജരാക്കിക്കൊള്ളുന്നു.

ക.സം.ം. ഡിമാണ്ട് ക.സം-ന അനുവദിച്ചിട്ടുള്ള ക.ഒന്നു ലക്ഷം രൂപായിൽ ക.ം.ം രൂപാകുറയ്ക്കുണം.

ഗവണ്മെന്റിന്റെ കൃഷിസംബന്ധമായ നയത്തിൽ ഗൌരവമായ ചില ന്യൂനതകളും ഉള്ളതിനെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണു ഞാൻ ഈ പ്രമേയം ഹാജരാക്കുന്നതു്. ഗവണ്മെന്റു കൃഷിഡിപ്പാർട്ടുമെന്റു് ഏർപ്പെടുത്തിയതു ഈ രാജ്യത്തു കൃഷിപ്രോത്സാഹിപ്പിക്കുന്നതിനും കൃഷിക്കു ഉത്തമനിദാനമാകുന്നതിനുമാണു് കുഞ്ഞിടിച്ചുനടപ്പിനെ വരുത്തുന്നതിനു ജനങ്ങളുടെ സഹായിക്കുന്നതിനുമായിട്ടാണു്. എന്നാൽ ഗവണ്മെന്റു പ്രസ്ഥാപനങ്ങളിൽ കൃഷിവിദഗ്ധന്മാരെ പരിശീലിപ്പിച്ചു വരുത്തി അവർക്കു ഉദ്യോഗങ്ങൾകൊടുക്കയാണു ചെയ്തിട്ടുള്ളതു, ഇതു കൃഷിപ്രോത്സാഹിപ്പിക്കയല്ല. ഗവണ്മെന്റു് ഇങ്ങനെ ചെയ്യാതെതന്നെ ഗവണ്മെന്റുദ്യോഗം മനുഷ്യരുടെയും പ്രതിഫലമുള്ളതുമാണെന്നു ജനങ്ങൾക്കു അറിയാം. ഗവണ്മെന്റു ഇത്രത്തോളം ചെയ്തിട്ടുള്ളതു ഈ കൃഷിവിദഗ്ധന്മാരെ ഗവണ്മെന്റുദ്യോഗസ്ഥന്മാരായി നിയമിക്കുമാത്രമാണു, ഗവണ്മെന്റു ചെലവിന്മേലോ

സ്വന്തം ചെലവിലേലോ ഇൻഡ്യയിലും മറ്റു വിദേശങ്ങളിലും പരിശീലനംകഴിഞ്ഞുവന്നിട്ടുള്ള കൃഷിവിദഗ്ദ്ധന്മാരെ വന്നാലുടനെ ഗവണ്മെൻറുദ്യോഗസ്ഥന്മാരായി നിയമിക്കുന്നതെന്നാണു ഞാൻ പറയുന്നതു്. സ്വന്തമായി കൃഷി ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുമാത്രമേ ചെയ്യാവു. ഇതിനു ആവശ്യമുള്ളപക്ഷം മതിയായ ജാമ്യത്തിന്മേൽ അഡ്വാൻസായി കൊടുക്കാവുന്നതാകുന്നു. ഈ ഗവണ്മെൻറു സഹായത്തിനു പ്രതിഫലമായി അവരുടെ പരീക്ഷണങ്ങളുടെ ഫലം അതാതു സമയം ഗവണ്മെൻറു ഗസറ്റിൽ പ്രസിദ്ധംചെയ്യാൻ അവരോടു ആവശ്യപ്പെടണം. അവരുടെ കൃഷിത്തോട്ടങ്ങൾ സന്ദർശിക്കുന്നതിനു ആഗ്രഹിക്കുന്നവർക്കു എല്ലാസൌകര്യങ്ങളും ഉണ്ടാക്കികൊടുക്കണമെന്നും ആവശ്യപ്പെടണം. ഗവണ്മെൻറു് അങ്ങനെ ചെയ്യുൽ കൃഷി ഒരു മാനമുള്ളതൊഴിലാണെന്നും അതു ലാഭകരമായവിധത്തിൽ നടത്താൻ കഴിയുമെന്നും സ്പഷ്ടമാകുന്നതാണ്.

പേരൊരു ന്യൂനത ചൂണ്ടിക്കാണിക്കാനുള്ളതു ഉടമ്പടി വ്യവസ്ഥകളെ പ്രോത്സാഹിപ്പിക്കുന്നനയം കൃഷിഡിപ്പാർട്ടുമെൻറു ഇന്നേടം സ്വീകരിച്ചിട്ടുള്ളതാണ്. അങ്ങനെയുള്ള ഒരു ഉടമ്പടിയാണു പേരൊരു പ്രമേയത്തിനുവിഷയമായി വാദത്തിനു വരാനുള്ള കക്കാ ഉടമ്പടി. അതിനെ പറ്റി ഇപ്പോൾ ഞാൻ സംസാരിക്കാൻ വിചാരിക്കുന്നില്ല. കായലുകളിലെ പായലും ഉടമ്പടി പ്രകാരം ചിലരെ എല്പിക്കാൻ പോകുന്നു എന്നു കേട്ടപ്പോൾ വല്ലാതെ ഒരു കിടുകിടപ്പു ഉണ്ടായിരുന്നു. അങ്ങനെയുള്ള ഉടമ്പടികളെല്ലാം ഡിപ്പാർട്ടുമെൻറു പ്രോത്സാഹിപ്പിക്കരുതെന്നുമാത്രമേ ഇപ്പോൾ ഞാൻ പറയുന്നുള്ളു. കായലുകളിൽ നിന്നുള്ള പ്രാകൃതവിഭവങ്ങൾ കൃഷിഡിപ്പാർട്ടുമെൻറു സംരക്ഷിക്കേണ്ടതു ആവശ്യമായിരിക്കാം. അതു ന്യായമായി ചെയ്യേണ്ടുന്നമാർഗ്ഗം ഉടമ്പടികൊടുക്കയല്ല. മീൻപിടിത്തത്തിനു ലൈസൻസ് കൊടുക്കുന്നതുപോലെ ലൈസൻസ്കൊടുക്കയാകുന്നു. കായലിലെ പ്രകൃതിവിഭവങ്ങൾ തിന്നുപോകുമെന്നു ഭയപ്പെടാൻ കാരണമുണ്ടെങ്കിൽ ആ വക സാധനങ്ങൾ ഒരു സമയത്തെപ്പറ്റി ഒരു ആണ്ടിലൊ ഇത്രത്തോളമേ എടുക്കാവു എന്നു വ്യവസ്ഥചെയ്യുകയാണ് വേണ്ടതു്. ഇങ്ങനെ ഈ ന്യൂനതകൾക്കു പരിഹാരമുണ്ടാക്കാം. ഈ ഉദ്ദേശത്തോടുകൂടിയേ ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നുള്ളു.

ശ്രീ: തയ്യുള്ള കുഞ്ഞിതൊമ്മൻ (മുവാറ്റുപുഴയും-തൊടുപുഴയും): ഗവണ്മെൻറിൻറെ പ്രധാനമുതലെടുപ്പും ജനങ്ങളുടെ ഉപജീവനമാർഗ്ഗവും കൃഷിയെ ആശ്രയിച്ചാണിരിക്കുന്നതെന്നുള്ളതു് വ്യക്തമാണല്ലൊ. കൃഷിസ്ഥലങ്ങളെ വർദ്ധിപ്പിക്കാൻ നിവൃത്തിയില്ലാതിരിക്കുന്നു. എന്തെന്നാൽ റിസർവ്വ്ബൌണ്ടറി അതിനെ തടുക്കുന്നു. എന്നാൽ ഇപ്പോഴുള്ള കൃഷിസ്ഥലങ്ങളിൽ കൂടുതൽ വിളവുണ്ടാക്കാനുള്ള കൃഷിഡിപ്പാർട്ടുമെൻറിൻറെ പരിശ്രമങ്ങളും ഇതുവരെ പ്രയോജനത്തിൽ വന്നിട്ടില്ല. പുതിയ കൃഷികളൊന്നും നാട്ടിൽ പ്രചരിപ്പിക്കാൻ സാധിച്ചിട്ടില്ല. നിലക്കടല, ചണ്ടി, ചോളം മുതലായ കൃഷികൾ വ്യാപിച്ചിട്ടുണ്ടെന്നു കൃഷിഡയറക്ടർ പറയുന്നു. എന്നാൽ ഈ രാജ്യത്തിലെ കൃഷിക്കാരുടെയിടയിൽ അന്വേഷിക്കയാണെങ്കിൽ അവർ ഇതൊന്നും കൃഷിചെയ്യുന്നില്ലെന്നും ആരെങ്കിലും കൃഷിചെയ്തിട്ടുണ്ടെങ്കിൽ അതുകൊണ്ടു ലാഭം കിട്ടുന്നില്ലെന്നും വ്യക്തമായി അറിയാം. പഞ്ഞികൃഷി മുവാറ്റുപുഴ ചിലസ്ഥലങ്ങളിൽ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും തന്നെ ചെയ്യുകാണിച്ചു. എന്നാൽ അതു ഗുണമായില്ല. പിന്നെ കൃഷി ഉപകരണങ്ങളെപ്പറ്റിയാണ് എനിക്കു പറയാനുള്ളതു്. പുതിയമാതിരിയിലുള്ള കൃഷി ഉപകരണങ്ങളും കൃഷിക്കാരുടെയിടയിൽ അധികം പ്രചരിച്ചിട്ടില്ല. പുതിയമാതിരിയിലുള്ള കലപ്പകൾ വളരെ പ്രയോജനകരങ്ങളാണെന്നു ഡയറക്ടർ പറഞ്ഞിട്ടുണ്ട്. അതു ഉപയോഗിച്ചുനോക്കി വളരെ പ്രയോജനകരമാണെന്നു കാണിച്ചിരുന്നാൽ പ്രചാരത്തിൽ വരുമായിരുന്നുവല്ലൊ.

ഓരോതരം കൃഷികൾക്കും ബാധിക്കുന്ന രോഗങ്ങൾക്കു ശമനം ഉണ്ടാക്കാനും ഡിപ്പാർട്ടുമെൻറിനു സാധിച്ചിട്ടില്ല. ചാഴി പുഴു മുതലായവയുടെ ഉപദ്രവത്തിൽനിന്നു നെൽകൃഷിയെ രക്ഷിക്കുന്നതിനൊ തെങ്ങുരോഗത്തിനു പ്രതിവിധി കണ്ടുപിടിച്ചു നടപ്പിലാക്കാനൊ കഴിഞ്ഞിട്ടില്ല രോഗം ബാധിച്ചു തെങ്ങുകളെ വെട്ടിക്കളയാൻ പറയുകയാണ് ഡിപ്പാർട്ടുമെൻറു ചെയ്യുന്നതു്. അനേകലക്ഷം രൂപയും പതിനാലുവർഷവും ഈ ഡിപ്പാർട്ടുമെൻറിൽനിന്നു ചിലവുചെയ്തിട്ടും സാരമായ ഫലമൊന്നും കാണുന്നില്ല. അതിനാൽ ഈ ഡിപ്പാർട്ടുമെൻറിൻറെ പ്രവർത്തനപദ്ധതിയിൽ വളരെ വൈകല്യങ്ങൾ ഉണ്ടെന്നു വിചാരിക്കണം. ഈ രാജ്യത്തെ ശീതോഷ്ണസ്ഥിതിക്കും മണ്ണിൻറെ സ്ഥിതിക്കും പറ്റിയ ഏതൊക്കെ കൃഷികൾ ഡിപ്പാർട്ടുമെൻറിൽനിന്നും പരീക്ഷിച്ചുനോക്കേണ്ടതുണ്ട്. നമ്മുടെ രാജ്യത്തിലെ ശീതോഷ്ണസ്ഥിതിപോലെയുള്ള ശീതോഷ്ണസ്ഥിതിയോടുകൂടിയ രാജ്യങ്ങളിൽപോയി അന്വേഷണം നടത്തി അവിടെ ആദായകരങ്ങളായിക്കാണുന്ന കൃഷികളെ തിരഞ്ഞെടുത്തു് അറിയായി പരീക്ഷിച്ചറിഞ്ഞു ആദായകരമാണെന്നു നല്ലവണ്ണം ബോധ്യപ്പെട്ടശേഷം മാത്രമെ അതിനെ ലഘുമേഖനമൂലവും മറ്റും രാജ്യത്തിലെ കൃഷിക്കാരുടെയിടയിൽ പ്രചരിപ്പിക്കുവാൻ ശ്രമിക്കാവു. യൂറോപ്യൻരാജ്യങ്ങളിലോ ഉത്തര ഇൻഡ്യയിലോ ഉള്ള കൃഷികളും കൃഷിസംപ്രദായങ്ങളും ഇവിടെ അധികം പ്രചാരത്തിൽ വരുത്താൻ സാധിക്കയില്ല. കുമ്മായം വളമായി ഉപയോഗിക്കുന്നതു വളരെ നല്ലതാണെന്നു കൃഷിഡിപ്പാർട്ടുമെൻറുകാർ ഉപദേശിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുപയോഗിക്കുന്നതിനു ഇവിടെ ചില പ്രതിബന്ധങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിവരവും ഇവിടെ പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഗവണ്മെൻറിൽനിന്നും കായലിലെ കക്കാപായലുകൊടുത്തിരിക്കയാണ്. അതുകൊണ്ടു കൃഷിക്കാർക്കു വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കക്കാ ചേനം പനിയാനും അത്യാവശ്യമാണ്, അതു കുത്തകചരക്കാക്കുകയാണെങ്കിൽ ജനങ്ങൾക്കു വലിയ സങ്കടമുണ്ടാകും. ഗവണ്മെൻറിനു സ്വല്പം ആദായമുണ്ടാകുമായിരിക്കാം. മുവാറ്റുപുഴ ഒന്നരചക്രമൊ മറ്റൊ വിലയായിരുന്ന കക്കാ ഇപ്പോൾ മേലം വന്നശേഷം അഞ്ചു് ചക്രം, ആറു് ചക്രംവരെ വിലയായിരിക്കുന്നു.

എന്തായാലും ശരി; വളം ഉണ്ടാക്കുന്നതിനുള്ള സാധനമായ കക്കാ ജനങ്ങൾക്കു സൌകര്യമായിക്കിട്ടണം. കക്കാ മേലം വേണ്ടെന്നുവയ്ക്കണം. നാട്ടിലെ കൃഷിക്കാരുടെയിടയിൽ നിരന്തരമായി കുറെ ആളുകളെ തിരഞ്ഞെടുത്തു ഒരു കമ്മറ്റി ഏർപ്പെടുത്തി കൃഷിതോട്ടങ്ങളെ പരിശോധിക്കാനും കൃഷിയെപ്പറ്റി വേണ്ട അന്വേഷണം നടത്താനും ഏർപ്പാടുചെയ്താൽ കൊള്ളാം. ഗവർണ്മെൻറു് ഈ മാതിരി പദ്ധതി സ്വീകരിക്കണം. പുത്തൻ കൃഷിയും രാജ്യത്തു പരത്തുവാൻ ഈല്ലന്നു കൃഷിഡിപ്പാർട്ടുമെൻറുകാർ പറയുമായിരിക്കാം. മരച്ചീനികൃഷി ഇന്നാട്ടിൽ ഉണ്ടായിരുന്നതല്ല. വിദേശത്തുനിന്നും വന്നതാണ്. പറങ്കിമാവു്, പേരത്തികൃഷി ഇതെല്ലാം വിദേശ

ത്തുനിന്നും കൊണ്ടുവരപ്പെട്ടതാണ്. റബ്ബർ യൂറോപ്യന്മാർ ഇവിടെ കൃഷിചെയ്തതിനുശേഷമാണ് നാട്ടുകാർ ആ കൃഷി സ്വീകരിച്ചുള്ളൂ. ജനങ്ങളുടെ പണം കൃഷിഡിപ്പാർട്ടുമെന്റ് ഇവ്വിധം ചെലവുചെയ്യുന്നതു പ്രയോജനകരമല്ലാതെ വരികയാണെങ്കിൽ അതു വളരെ സങ്കടമാണെന്നുള്ള ഒരു കൃഷിക്കാരന്റെ നിലയിലൊ കൃഷിക്കാരുടെ ഒരു പ്രതിനിധി എന്ന നിലയിലൊ ഇവിടെ ഇതു പറയാതിരിക്കാൻ നിവൃത്തിയില്ല.

മി: ടി. കുമാരപിള്ള (കല്ലൂഴവും-വിളവംകോടും): പുതിയ കൃഷിപ്രചാരത്തിൽ വന്നിട്ടില്ലെന്നു പറഞ്ഞതു തിരുവിതാംകൂർ ഭൂമിക്കാര്യത്തെപ്പറ്റിയാണോ?

മി: തയ്യുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഞാൻ തെക്കൻതിരുവിതാംകൂറിലും സഞ്ചരിച്ചിട്ടുണ്ടെന്നുള്ളതു മിസ്റ്റർ കുമാരപിള്ള സമ്മതിക്കുമായിരിക്കാം. അവിടേയും പുതിയ കൃഷിമുറകൾ പ്രചരിച്ചിട്ടില്ലെന്നാണ് കൃഷിക്കാരിൽനിന്നും ഞാൻ അറിഞ്ഞിട്ടുള്ളതു്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഏതെങ്കിലും സ്ഥലത്തു പ്രയോജനമുണ്ടായിട്ടില്ലെ?

മി: തയ്യുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഏതെങ്കിലും ഒരു സ്ഥലത്തു പ്രയോജനമുണ്ടായിട്ടില്ലെന്നു എനിക്കു പറയാൻ സാധിക്കുകയില്ല. പുതിയ കൃഷിമുറകൾ പ്രചരിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നതെയ്തുമായിപറയാൻ സാധിക്കും.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): തെക്കൻതിരുവിതാംകൂറിൽ കൃഷിഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തികൊണ്ടു് എന്തെങ്കിലും പ്രയോജനത്തിൽ വന്നിട്ടുള്ളതായി അറിയാമോ?

മി: തയ്യുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): തെക്കൻതിരുവിതാംകൂറിൽ എനിക്കു ചില കൃഷിക്കാരുമായി പരിചയിക്കാനിടയായിട്ടുണ്ടു്. അവിടെ സാരമായ ഗുണമുണ്ടായിട്ടില്ലെന്നാണ് അറിവു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻ പിള്ള (കൊല്ലം); മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ നാട്ടുധാരാളം തെങ്ങുകൃഷിയുള്ള സ്ഥലമാണോ?

മി: തയ്യുഞ്ഞു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): തെങ്ങുകൃഷി മൂവാറ്റുപുഴ താലൂക്കിന്റെ തെക്കേഭാഗത്തുണ്ടു്. വടക്കേഭാഗത്തില്ല.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അവിടെ തെങ്ങുകൾക്കു രോഗം ബാധിച്ചിട്ടുണ്ടോ?

മി: തയ്യുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): മീനച്ചിൽതാലൂക്കിൽനിന്നു രോഗം അങ്ങോട്ടും കടന്നുവരികയാണ്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അവിടങ്ങളിൽ ഡിപ്പാർട്ടുമെന്റുകാർ പരിശോധന നടത്തിട്ടുണ്ടോ?

മി: തയ്യുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): മീനച്ചിൽതാലൂക്കിൽ ഒരു ഗൃഹസ്ഥന്റെ തോട്ടത്തിൽ തെങ്ങുരോഗത്തിനു ഡിപ്പാർട്ടുമെന്റിൽനിന്നും ചികിത്സനടത്തിയതായും പ്രയോജനം ഉണ്ടാകാതെ കുറേ തെങ്ങു മിക്കവാറും നശിച്ചുതായും കേട്ടിട്ടുണ്ടു്.

മി: ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): കുമരകം, കാഞ്ഞിരപ്പള്ളി മുതലായതാലൂക്കുകളിൽ തെങ്ങുരോഗം ശമിച്ചുതായി അറിയാമോ?

മി: തയ്യുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): മീനമുള്ള ചില തെങ്ങുകൾക്കു ചികിത്സകൂടാതെ മീനം ഭേദപ്പെടുന്നതായിട്ടും കേട്ടിട്ടുണ്ടു്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പല സ്ഥലങ്ങളിലും ചികിത്സകൊണ്ടു ഭേദമായതായി അറിയാമോ?

മി: തയ്യുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഇതുവരെ ഞാൻ അങ്ങിനെ കേട്ടിട്ടില്ല.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അതിനുപ്പുറി അന്വേഷിക്കുമോ?

മി: എം. ശിവതാണുപിള്ള (തോവാള): തെക്കൻതിരുവിതാംകൂറിൽ പോയതായി പറഞ്ഞല്ലോ?

മി: തയ്യുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): എനിക്കു തെക്കൻതിരുവിതാംകൂറിൽ പല കൃഷിക്കാരേയും പരിചയമുണ്ടു്.

മി: എം. ശിവതാണുപിള്ള (തോവാള): തെക്കൻതിരുവിതാംകൂറിൽ ഉള്ള അനേകം തുടുകളും കൃഷിവകുപ്പിനു നിസ്സാരമാണെന്നു പറഞ്ഞിട്ടുള്ളതായി പറഞ്ഞുവല്ലോ?

മി: തയ്യുഞ്ഞു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അങ്ങിനെ ചിലർ പറഞ്ഞിട്ടുണ്ടു്.

മി: എം. ശിവതാണുപിള്ള (തോവാള): മുഖ്യമായ ഒരു ആളിന്റെ പേർ പറയാമോ?

മി: തയ്യുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): പറയാം. മിസ്റ്റർ കുമാരപിള്ള.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഞാൻ അങ്ങിനെ എപ്പോഴാണ് പറഞ്ഞിട്ടുള്ളതു്? കൃഷിഡിപ്പാർട്ടുമെന്റിനെപ്പറ്റി എന്തെങ്കിലും മോക്ഷാരോപണം ഞാൻ ചെയ്തിട്ടുണ്ടോ?

മി: തയ്യുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): കോന്നി മുള്ളുതോട്ടം പരിശോധിച്ചപ്പോൾ പറഞ്ഞു. ഞാനും മിസ്റ്റർ കുമാരപിള്ളയും മിസ്റ്റർ ഡോമനിക്ക് തൊമ്മനുംകൂടി കോന്നി മുള്ളുതോട്ടം കണ്ടപ്പോഴാണ് പറഞ്ഞതു്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ആ പറഞ്ഞതുവരെയും ആണെന്നു് മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇനിയെങ്കിലും ഓർമ്മിച്ചാൽകൊള്ളാം.

മി: എം. ശിവതാണുപിള്ള (തോവാള): തെക്കൻതിരുവിതാംകൂറിലെ ഫാറംകൊണ്ടു നാഞ്ചിനാട്ടു കൃഷിക്കു വളരെ ഉപയോഗമുണ്ടെന്നു താങ്കൾക്കറിയാമോ?

മി: തയ്യുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): എനിക്കു അറിഞ്ഞുകൂടാ.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): തെക്കൻതിരുവിതാംകൂറിൽ കൃഷിഡിപ്പാർട്ടുമെന്റുകൊണ്ടു പ്രയോജനമുണ്ടായിട്ടില്ലെന്നും അതോടുകൂടി അങ്ങിനെ ഞാൻ മിസ്റ്റർ കുഞ്ഞിത്തൊമ്മനോടു പറഞ്ഞിട്ടുണ്ടെന്നും പറഞ്ഞുകേൾക്കാൻ ഇടയായതുകൊണ്ടു് എനിക്കു് ഈ വിഷയത്തെപ്പറ്റി സ്വല്പം പറയാതിരി

ക്കാൻ നിവൃത്തിയില്ല. മീനച്ചൽ താലൂക്കിൽ കൃഷിഡിപ്പാർട്ടുമെൻറിന്റെ പരിശ്രമങ്ങൾ കാണുന്നില്ലെന്നു മിസ്റ്റർ കെ. ഐ. ജോസഫ് പറഞ്ഞിട്ടുള്ളതു ന്യായമായി കരുതുന്നു. ഈ ഉപദ്രവമെന്തെന്നു കൃഷിഡിപ്പാർട്ടുമെൻറിന്റെ ശ്രമങ്ങൾ മീനച്ചൽതാലൂക്കിനെ സംബന്ധിച്ചു പോരെന്നാണെന്നു അദ്ദേഹം പറഞ്ഞിട്ടുള്ളതും ന്യായമെന്നുതന്നെയാണ്. ഇങ്ങിനെയുള്ള സംഗതികൾ കൃഷിഡയക്ടരുടെ അറിയിക്കേണ്ടതുതന്നെയാണ്. എന്നാൽ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറയുന്നതു അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കൃഷിഡിപ്പാർട്ടുമെൻറിലേക്കു ഇതുവരെ അനേകലക്ഷം രൂപാ ഓരോ വർഷത്തേക്കായി ചിലവാക്കിപ്പോന്നിട്ടും യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ലാ എന്നാണ്. ഈ അഭിപ്രായത്തോടു ചേരാൻ പലരെ ആളുകൾക്കും ഉണ്ടാകുമെന്നു തോന്നുന്നില്ല.

മി: തയ്യിലകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): പ്രയോജനം ഒന്നും ഇല്ലെന്നല്ല പറഞ്ഞതു. സാരമായ പ്രയോജനം ഒന്നും ഇല്ലെന്നാണ്. അതായതു പുത്തൻ കൃഷിസമ്പ്രദായങ്ങളോ കൃഷികളോ കൃഷിയുടെ രോഗശമനത്തിനുള്ള വഴികളോ ഒന്നും പ്രചരിപ്പിച്ചിട്ടില്ലെന്നാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അതും. അതായതു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും സാരമായ സംഗതികളൊന്നും ചെയ്തിട്ടില്ലാ എന്നതന്നെയാണ് ഞാൻ ഉദ്ദേശിക്കുന്നതു. തെക്കൻതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം കൃഷിഡിപ്പാർട്ടുമെൻറിന്റെ ശ്രമഫലങ്ങൾ പൂർണ്ണമായി ഉണ്ടായിട്ടുണ്ടെന്നു പറയാൻ എന്റെ സ്നേഹിതന്മാരിൽ പലരും തയ്യാറുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ തെക്കൻതിരുവിതാംകൂറുകാരനായതുകൊണ്ടും എന്റെ തൊഴിൽ പ്രധാനമായി കൃഷിയായതുകൊണ്ടും തെക്കൻതിരുവിതാംകൂർ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ സ്ഥിരമായതുകൊണ്ടും ഈ അഭിപ്രായം ധൈര്യമായി പറയാൻ എനിക്കു മടിയൊന്നുമില്ലാ.

മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറയുന്നതു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ഏർപ്പെടുത്തിയ ബാങ്കുനെല്ലും പിന്നെ കാണാനില്ലെന്നാണ്:

മി: തയ്യിലകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): രാജ്യത്തിൽ പ്രചരിച്ചിട്ടില്ലെന്നുള്ളതുകൊണ്ടു കാണാനില്ലെന്നല്ല ഞാൻ പറഞ്ഞതു.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): തെക്കൻതിരുവിതാംകൂറിൽ ബാങ്കുനെല്ലു വളരെ പേർ കൃഷിചെയ്യുവരുന്നു. അതിനു മറ്റുള്ള നെല്ലിനു കിട്ടുന്നതുപോലെയുള്ള വില കിട്ടി വരാത്തതുകൊണ്ടു ഓരോരുത്തരും അവരുടെ ആവശ്യങ്ങൾക്കുമാത്രമേ കൃഷിചെയ്യുവരുന്നുള്ളു. അങ്ങനെ കൃഷിചെയ്യുന്ന സ്ഥലങ്ങളും തെക്കൽ തിരുവിതാംകൂറിൽ ധാരാളമുണ്ടു. ഈ ബാങ്കുനെല്ലു കാഴ്ചയിൽ വളരെ ചെറുതാണു. നല്ല ഉഹനംകെട്ടി ഇല്ലാത്തവർക്കു ഈ നെല്ലു വളരെ ഗ്രഹണം ചെയ്യുന്നതാണു. ഈ നെല്ലു ഇവിടത്തെ കാലദേശവസ്ഥകൾക്കു ചേരുന്ന ഒരു വിത്തിനമാണെന്നും ആയതു ഡാക്ടർ കുഞ്ഞൻപിള്ള ഇവിടെ ഏർപ്പെടുത്തിയതാണെന്നും സമ്മതിക്കാതെ തരമില്ല.

മി: തയ്യിലകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഈ നെല്ലു കൃഷിചെയ്യുന്ന സ്ഥലം എത്ര ഏക്കർ ഉണ്ടാകും?

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഇത്ര ഏക്കറുണ്ടാകുമെന്നു കണക്കെടുപ്പിച്ചറിയാൻ നിവൃത്തിയില്ല. നാഞ്ചിനാട്ടിലും ഇംനാട്ടിലും ഏകദേശം ഏക്കർ കൃഷിചെയ്യുവരുന്ന സ്ഥലത്തു ഈ നെല്ലു എത്രസ്ഥലത്തു കൃഷിയിടുവരുന്നു എന്നു പറയാൻ നിവൃത്തിയില്ല.

മി: തയ്യിലകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): എങ്കിലും ഉദ്ദേശം പറയുന്നതും സാധിക്കുകയില്ലയോ?

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): സാധിക്കയില്ല. അവിടെ ബാങ്കുനെല്ലു കൃഷിചെയ്യുന്നസ്ഥലങ്ങളും ധാരാളമുണ്ടെന്നു എനിക്കു അറിയാവുന്നതുകൊണ്ടു അതിനു പ്രചാരമുണ്ടെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല.

മറെറാരുസംഗതി മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറഞ്ഞതു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ഏർപ്പെടുത്തിയ കലപ്പകൾ പ്രചാരത്തിൽ ഇല്ലെന്നാണ്. അതു കേവലം തെറ്റായ അഭിപ്രായമല്ല. ഓരോ കൃഷിക്കാരുടേയും വീടുകളിൽ ഒന്നും രണ്ടും കലപ്പവീതം ഉണ്ടായിരിക്കുന്നതായി കാണാവുന്നതാണ്.

മി: തയ്യിലകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അതു പുതിയമാതിരി കലപ്പയാണോ പഴയതാണോ?

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): പണ്ടുള്ള കലപ്പകളെപ്പറ്റി ഇവിടെ പറയുന്നില്ല. കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പ്രചാരത്തിൽ വരുത്തീട്ടുള്ള കലപ്പകളെപ്പറ്റിയാണു ഞാൻ പറഞ്ഞതു. അതു പൊൽകൃഷിക്കു വളരെ പറ്റിയതും ക്ഷീണമായി ആദായം ഉണ്ടാക്കുന്നതുമാണെന്നുള്ളതിനു സംശയമില്ല. ഈ കലപ്പകൾതന്നെയാണു പുരയിടങ്ങൾക്കും ഉപയോഗിക്കുന്നതു. നെൽകൃഷിക്കു പ്രോത്സാഹനപ്പെടുത്തുന്നതിനേക്കാൾ വളരെ ക്ഷീണമായി പുരയിടങ്ങൾക്കു ഉപയോഗപ്പെടുവരുന്നു.

മി: എം. ശിവരാമപിള്ള (തോവാള): മോട്ടാർ കലപ്പകൾ കണ്ടുപിടിച്ചതിൽ പിന്നെ അതു ധാരാളമായി ഉപയോഗിക്കുന്നതായി ആറിയുമോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അറിയാം. പെരുഞ്ചൊന്നു എന്ന സ്ഥലത്തു വർഷം പതിനായിരം ഏക്കർ നിലങ്ങൾ ഉള്ളതിനു അവിടെയുള്ള കൃഷിക്കാർ ഒന്നിച്ചുചേർന്നു ഈ മോട്ടാർ കലപ്പ കൊണ്ടുവന്നു പല പ്രാവശ്യവും ഉപയോഗിക്കയും അതിനാൽ വലിയ ഗുണം കിട്ടുകയും ചെയ്തിട്ടുള്ളതായി എനിക്കറിയാം.

ഇനി വളങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ, കുമ്മായം ഒരു വളമായിട്ടാണു കൃഷിഡയറക്ടരുടെ ശ്രമത്താലാണ്. കുമ്മായം ഉപയോഗിക്കണമെന്നു പറഞ്ഞപ്പോൾ കൽക്കുളം താലൂക്കിലെ കൃഷിക്കാരിൽ വളരെപേർക്കും നല്ല അഭിപ്രായമില്ലായിരുന്നു. ഇപ്പോൾ അതു സർവ്വ സാധാരണമായി എല്ലാവരും ഉപയോഗിച്ചുവരുന്നു. വളങ്ങളിൽ കൂടുതൽ പ്രചാരം പച്ചിലക്കാണ് കണ്ടുവരുന്നതു. അതിനുമുമ്പു കൃഷിസ്ഥലങ്ങളിൽ പിണ്ണാക്കു ഉപയോഗിക്കപതിവില്ലെന്നുമാത്രമല്ല കൃഷിഡിപ്പാർട്ടുമെൻറിൽ നിന്നു ഡയറക്ടരുടേയും

മറ്റും ഗ്രാമങ്ങൾക്കു മുമ്പു പിണ്ണാക്കിനെ തീ കത്തിക്കുകയായിരുന്നു ചെയ്യുവന്നിരുന്നതു്. അപ്പോൾ പിണ്ണാക്കു് നല്ലതാണെന്നു അറിയാൻപാടില്ലായിരുന്നു. പിന്നീടു അളേഹത്തിന്റെ പ്രസംഗങ്ങൾ കൊണ്ടും അളേഹത്തിന്റെ ഡിപ്പാർട്ടുമെന്റിലുള്ള പല ഇൻസ്പെക്ടറന്മാരും കുരോ സ്ഥലങ്ങളിലും സഞ്ചരിച്ചു പിണ്ണാക്കിനെ പാകം ചെയ്തുകൊടുത്തു ഉപയോഗിച്ചും ബോധ്യപ്പെട്ടതിനു ശേഷമാണു ഇപ്പോൾ സർവ്വസാധാരണമായി എല്ലാവരും ഉപയോഗിച്ചുവരുന്നതു്. ഇപ്പോൾ പിണ്ണാക്കു ചക്കിൽനിന്നും പുറത്തു എടുത്ത ഉടൻ അതിനെ വാങ്ങി കൊണ്ടുപോകാൻ കൃഷിക്കു ധാരാളമായി ഉപയോഗിച്ചുവരുന്നു.

കൃഷിഡിപ്പാർട്ടുമെന്റു് ഉണ്ടാകുന്നതിനുമുമ്പു ഒറ്റതായി നട്ടുന്ന ഏർപ്പാടു തിരുവിതാംകൂറിൽ ഇല്ലായിരുന്നു. കാറണ്ടർ നടണമെന്നു ഡാക്ടർ കുഞ്ഞൻപിള്ള പ്രസംഗിച്ചു കാലത്തു കൃഷിക്കാരിൽ ആരംഭിച്ചതെന്നു അതു വകവയ്ക്കാതെയാണു് ഇരുന്നതു.

ശ്രീ: ജോൺ. ടി. ജോസഫ് (പൊന്നൂർ): വടക്കൻ തിരുവിതാംകൂറിലും അങ്ങിനെ ആണോ?

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): വടക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചു എനിക്കു അറിയാൻപാടില്ല.

ശ്രീ. എൻ. വി. ജോസഫ് (പൊന്നൂർ): മുമ്പു കണ്ടുപിടിച്ചു നടപ്പിലുണ്ടായിരുന്നോ?

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): കൃഷിഡയറക്ടർ അവിടെ വന്നു പ്രസംഗിക്കുന്നതിനുമുമ്പായും അതിൽപിന്നെ സല്പും പരുവും തെക്കൻതിരുവിതാംകൂറിൽ ഒറ്റതായി നടവില്ലായിരുന്നു.

ശ്രീ: കെ. സി. തോമസ് (കോട്ടയം): ഇങ്ങനെ ചെയ്യുവതന്നു വളരെ കൃഷിസ്ഥലങ്ങൾ ഉണ്ടോ?

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഭൂരിഭാഗം കൃഷിസ്ഥലങ്ങളുമുണ്ടു് തോന്നുന്നില്ല.

ശ്രീ: കെ. സി. തോമസ് (കോട്ടയം): അതു് അനുഭവത്തിൽ മിസ്റ്റർ അനന്തസുബ്രഹ്മണ്യയ്യർ പറഞ്ഞതിനുശേഷമാണു് ഞാനിതറിഞ്ഞതു്.

ശ്രീ: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഞാൻ എന്റെ അനുഭവംകൊണ്ടു പറയുകയാണു്. അതിലധികം എനിക്കു അനന്തസുബ്രഹ്മണ്യയ്യരുടെയോ മറ്റുള്ളവരുടേയോ അഭിപ്രായം അറിയേണ്ട ആവശ്യമില്ല. എന്റെ അനുഭവത്തിൽ എനിക്കു ധാരാളം അറിവുള്ളതിനാൽ അഭിപ്രായ വ്യത്യാസങ്ങളുള്ളവരുടെ നേരേക്കേണ്ട ആവശ്യമില്ല.

ഡാക്ടർ കുഞ്ഞൻപിള്ള ഒറ്റതായി നടുന്നതിനെ സംബന്ധിച്ചു പല അവസരങ്ങളിലും പ്രസംഗിച്ചിട്ടുള്ളതായി എനിക്കറിയാം. ഇങ്ങിനെ പ്രസംഗിച്ചതിൽ പിന്നീടും പലേ കൃഷിക്കാരും അതിനെ തെറ്റിദ്ധരിച്ചതായി കാണുന്നു. അപ്പോൾ പിന്നീടു ഏതോ പ്രദേശത്തു അളേഹത്തിന്റെ ചില ഇൻസ്പെക്ടറന്മാർ വഴിയും ഒറ്റതായി നടുന്നതിനു ആളായക്കുമാണെന്നു അവിടത്തെ ജനങ്ങളെ മനസ്സിലാക്കുന്നതിനു ഒരു നിവൃത്തിക്കു കാണിച്ചുകൊടുക്കുകയും അതിന്റെ വിത്തിനെ വിളവു് എത്രുണ്ടായിരുന്നു എന്നു അവിടത്തെ കൃഷിക്കാരെ ബോധ്യപ്പെടുത്തികൊടുക്കുകയും ചെയ്തു. കൃഷി ഇൻസ്പെക്ടർതന്നെ കൂടെയുണ്ടായിരുന്നു നിലം നടുവിക്കയും, അതു് വിളവെടുക്കുന്ന കാലത്തു ആ മിക്കകാരെ എല്ലാം വിളിച്ചുവരുത്തി അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ കാണിച്ചുകൊടുത്തതിൽ പിന്നീടു് എല്ലാസ്ഥലത്തിലും ഒറ്റതായി നടുവാൻ തുടങ്ങി. കൂലിക്കാർ കിട്ടാത്തതായ അവസരങ്ങൾ ഒഴിച്ചു മറ്റെല്ലാ സമയത്തും ഒറ്റതായാണു് ഇപ്പോൾ നടുവരുന്നതു്. ഇതു് ഡാക്ടർ. കുഞ്ഞൻപിള്ളയുടെ പരിശ്രമഫലമാണെന്നു ഞാൻ സമ്മതിക്കുന്നതാണു്.

മുക്കുകോട്ടത്തിൽ മിസ്റ്റർ കുത്തിയൊന്നും ഞാനും കഡാമനിക്കു പോയ്മനും പോയി. എന്നും മുക്കുകോട്ടം കണ്ടപ്പോൾ കൃഷിഡിപ്പാർട്ടുമെന്റിനെപ്പറ്റി ഞാൻ ദുഃഖിപ്പായും പറഞ്ഞു എന്നും മിസ്റ്റർ കുഞ്ഞിതൈമ്മൻ പറയുന്നു. അളേഹം ഈ കൌൺസിലിലെ ബഹുമാനപ്പെട്ട ഒരു സംബന്ധായതുകൊണ്ടു അതിന്റെ പരമാർത്ഥത്തെ പറയാൻ എനിക്കു വളരെ മടി തോന്നുന്നുണ്ടു്. എന്നായാലും ഞാൻ അങ്ങിനെ പറഞ്ഞിട്ടില്ലെന്നമാത്രമല്ല പറയുന്നതുമില്ല. കുക്കൻതിരുവിതാംകൂറിൽ മുക്കുകൃഷിവളരെ കുറവുണ്ടു്. ഇപ്പോൾ അതു് പ്രചാരത്തിൽ വന്നു തുടങ്ങീട്ടേയുള്ളു. അതുകൊണ്ടു ഒരു മുക്കുകോട്ടം കണ്ടാൽ ശരിയായ അഭിപ്രായം പറയുന്നതിനുള്ള ജ്ഞാനം എനിക്കില്ല. ഞാൻ ചെന്ന നോക്കിയപ്പോൾ സക്കാർ തോട്ടത്തിൽ കുറച്ചു മുക്കു അങ്ങിട്ടിട്ടില്ലായിരുന്നു. അതുകൊണ്ടു അതിനെപ്പറ്റി അഭിപ്രായം പറയാൻ സാധിക്കയില്ല.

ശ്രീ: എ. കെ. പിള്ള (കുരുനാഗപ്പള്ളി): സർ, ഇതുസംബന്ധിച്ചു ഒരു കാര്യം പറഞ്ഞുകൊള്ളണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. തൊഴിലാളികളെപ്പറ്റി ഡയറക്ടരുടെ കീഴുദ്യോഗസ്ഥന്മാരിൽ തൊഴിൽ അഭ്യാസം വേണമെന്നു നിലവിടിക്കുന്ന ഉദ്യോഗസ്ഥന്മാരായ അധികാരസ്ഥന്മാർ ആവശ്യപ്പെടുമ്പോൾ അവരോടു സഹകരിക്കുന്നില്ലെന്നു സങ്കടം പറഞ്ഞു. ഇതു ഇടയ്ക്കിടയ്ക്കുണ്ടാകുന്ന ഈ ഉപേക്ഷ ഡിപ്പാർട്ടുമെന്റിന്റെ പുരോഗതിക്കു ഒരു നിഴൽ മാത്രമാണു. വിജയം പിടിയ്ക്കത്തക്ക ഉണ്ടാകുന്നതു എന്നുള്ളതത്വം ഡയറക്ടർ സമ്മതിക്കാതിരിക്കയില്ല. ഇപ്പോഴത്തെ നിലയിൽ ഭേദഗതി ചെയ്യാൻ കൃഷിഡിപ്പാർട്ടുമെന്റുകൊണ്ടു വ്യവസായഡിപ്പാർട്ടുമെന്റിനോടു ഇപ്പോഴത്തെ നീതിയ്ക്കുള്ള വിദ്യാലയങ്ങളുടെ വ്യവസായശാലകളുടെ സ്ഥാപിച്ചാൽ നങ്ങളുടെ സഹകരണം ഉണ്ടാകുന്നതല്ല. ഇപ്പോൾ അവർ പ്രവൃത്തിചെയ്യുന്നതു കുറ്റം കുറവും ഇല്ലാതെയാണു. അവരുടെ പരാജയം പരിക്ഷണത്തിനുവേണ്ടി സഹജമായുള്ള ഫലമായിരിക്കാം. ഡിപ്പാർട്ടുമെന്റുകളെ ഞാൻ കുറ്റംപറയുന്നില്ല. എന്നാൽ ജനങ്ങൾ സഹകരണബുദ്ധിയില്ലാത്തവരാണെന്നു ഡയറക്ടർ പറഞ്ഞ അഭിപ്രായം ഞാൻ സമ്മതിക്കുന്നില്ല. പരീക്ഷണശാലയിലുണ്ടാകുന്ന പരാജയത്തെ രജിസ്റ്റർ ചെയ്യുന്നവക്കു ഗ്രഹിപ്പാൻകഴിയും, സാധാരണജനങ്ങൾക്കു ഗ്രഹിപ്പാൽ കഴിയുകയില്ല. കൃഷിഫാമുകൾ ഇപ്പോൾ നടത്തുന്നരീതി ഇപ്പോൾ രാജ്യത്തുള്ള അംശാസ്ത്രീയരീതിയെ പോഷിപ്പിക്കുകയല്ലെന്നുള്ള മാത്രമേ അവർ മനസ്സിലാക്കുന്നുള്ളു. അതുകൊണ്ടു തന്നെ പ്രായോഗിക കൃഷിക്കാർ കൃഷിപാഠശാലകളിൽ നിന്നു ഉണ്ടാകുന്ന ഗുണങ്ങളെ കരസ്ഥമാക്കാൻ ഉത്സാഹിക്കാതെയുള്ളു. നേരെമറിച്ചു, ഈ ഫാമുകളും കൃഷിസ്ഥാപനങ്ങളും ഇപ്പോൾതന്നെ ഉപയോഗമുള്ളതാണെന്നു ജനങ്ങളെ അവർക്കു ബോധ്യപ്പെടുത്താൻ കഴിയുമെങ്കിൽ അവർ സഹകരിക്കുമെന്നുള്ളതു തെറ്റിപറഞ്ഞു എനിക്കു സംശയമില്ല. ഏതു ഡിപ്പാർട്ടുമെന്റിനും ശരിയായ തൊഴിലാളിവർഗ്ഗം, കൃഷിസംബന്ധമായോ വ്യവസായസംബന്ധമായോ കൂടിൽ വ്യവസായസംബന്ധമായോ, കൊടുക്കയും, അതുപരാജയത്തിൽ കലാശിക്കാതെ വിജയമാക്കുമെന്നു തെളിയിക്കയും ചെയ്താൽ ജനങ്ങൾ അതിനെ സന്തോഷത്തോടെ തരുകയുള്ളുമെന്നു കാണിപ്പാൻ മാത്രമാണു ഞാൻ ഇതു ഇത്രവലമായി പറയുന്നതു.

ശ്രീ: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബ്രിട്ടീഷ് ഇൻഡ്യയിൽ മഹാത്മാ ഗാന്ധിയുടെ നമ്മെ നല്ല പദ്ധതിയെപറ്റി എന്താണെപറയുന്നതു?

ശ്രീ: എ. കെ. പിള്ള (കുന്നാഗപ്പള്ളി): അതു അടിവുമിപ്രാപ്തിക്കുവേണ്ടി, വിജയകരമാംവണ്ണം അടിവുമി പ്രാപിച്ചുവരുന്നു.

ശ്രീ: എം. ശിവശങ്കരപിള്ള (മാവേലിക്കര): ഇതിനെസംബന്ധിച്ചു ഞാൻ പറയുന്ന ചില വാക്കുകൾ സഭയുടെ ഈ മഹത്തായ ആശയത്തെ നിഷേധിക്കുന്ന ധൃഷ്ടപടമായതു നിരുപദ്രവമായിരിക്കുമെന്നു വിചാരിക്കുന്നു. മിസ്റ്റർ കുഞ്ഞിരാമൻനായർ അടിവുമി പ്രായങ്ങളെപ്പറ്റി, പ്രത്യേകിച്ചു തെക്കൻതിരുവിതാംകൂറിൽ കൃഷിക്കുണ്ടായ അടിവുമിയെ സംബന്ധിച്ചു, കേവലം പ്രതിഷേധിക്കുന്നതിനു എനിക്കു ചിലതു പറയേണ്ടതുകൊണ്ടു ഇതുവരെയുണ്ടായിട്ടുള്ള കൂടിയാണു. നാഞ്ചിനാടുൾപ്പെടെ തെക്കൻ തിരുവിതാംകൂറിൻറെ നട്ടെല്ലാണു. അവിടത്തെ പ്രധാനതൊഴിൽ കൃഷിയും പ്രത്യേകമായി നെൽകൃഷിയും ആകുന്നു. സഭയ്ക്കു അറിവുള്ളതുപോലെ ഞാൻ ആ നിരപരാധമണ്ഡലത്തിൻറെ പ്രാതിനിധ്യം വഹിക്കുന്നു. കൃഷിപ്രചരണത്തോടുബന്ധപ്പെട്ടു കൃഷിവകുപ്പുകാർ നടത്തിയ പ്രയത്നം വന്നപ്പോൾ കൃഷിയിൽ പരിഷ്കാരത്തിൽ കമ്പമുള്ളവരിൽ ചിലരും അതിനോടു സഹകരിക്കുകയുണ്ടായി. ജനങ്ങളുടെ കൃഷിസമ്പ്രദായങ്ങളിൽ ചില നവീകരണങ്ങൾ ഉണ്ടാക്കിക്കുന്നതിനു ഉദ്യോഗസ്ഥന്മാർ പല ശ്രമങ്ങളുടെയും ഫലമായി, ആ പ്രദേശത്തെ ജനങ്ങളുടെ ഇടയിൽ ചിലരെങ്കിലും ഒരു ഉണർച്ചയുണ്ടായിട്ടുണ്ടെന്നു ഞങ്ങൾക്കു ബോധ്യമായിട്ടുണ്ടു. കൃഷിക്കു ഉതകുന്ന പുതിയ ഉപകരണങ്ങളും വളങ്ങളും ഉപയോഗിക്കുന്നതിൻറെ ഗുണം അവർ ഗ്രഹിച്ചിരിക്കുന്നു. അദ്ദേഹത്തിൻറെ പ്രചാരണത്തോടുകൂടെ ചെലവുചുരുക്കുന്നതിനുവേണ്ടി കൃഷിക്കാരിൽ ചിലർ ജനസംഘടനയും സഹകരിച്ചിട്ടുള്ളതുകൊണ്ടു കൃഷിയിൽ പരിഷ്കാരത്തിനുള്ള ഉത്സാഹം അവരുടെ ദാരിദ്ര്യനിമിത്തമായിട്ടുണ്ടെന്നു അവർ ഗ്രഹിക്കാത്തതുമല്ല, അവരുടെ ദാരിദ്ര്യനിമിത്തമാകുന്നു. ശാസ്ത്രീയമായ കൃഷിക്കുള്ള ചെലവു ജനങ്ങൾക്കു വഹിക്കാൻ കഴിയുന്നില്ല. കൃഷിഡിപ്പാർട്ടുമെൻറിൻറെ പ്രചരണത്തോടുനിമിത്തമുണ്ടാകുന്ന തെക്കൻതിരുവിതാംകൂറിൽ ഒരുതരം ഉണർച്ച ഉണ്ടായിട്ടുള്ളതെന്നാകുന്നു എൻറെ വിചാരം. വളത്തിൻറെ പ്രയോഗം, പ്രത്യേകം പുന്നക്കാപിണ്ണാക്കിൻറെയും മത്സ്യവളത്തിൻറെയും പ്രയോഗം പ്രചരണത്തിൽ വന്നുചേരുന്നതു അത്യാവശ്യമാകുന്നു. ഞങ്ങൾക്കു മുട്ടുള്ള ഒരു മത്സ്യം ഉണ്ടെങ്കിൽസ്ഥലം ഉണ്ടു. ഈ രണ്ടു തരം വളങ്ങളും ഓഗസ്റ്റിലവരെയും തുടങ്ങുകളിലെ കൃഷിക്കാരുടെ വളരെ ഉപകാരപ്രദമായിരിക്കുന്നു. തങ്ങൾക്കു ആവശ്യം നേരിടുമ്പോൾ അവർപോയി അമ്പലപ്പുഴ അറപതോ രൂപയ്ക്കു മത്സ്യവളം വാങ്ങുന്നതു തന്നെ ഉദാഹരണമായി പറയാം. കുട്ടങ്ങളുടെ കീഴ്ഭാഗങ്ങളിൽ മണ്ണു കൂടുതലുള്ളതാകയാൽ ഈ വളം വളരെ ഗുണകരമാണു. ഇതുവരെ തരിശായികിടന്ന ഒരു വയലിൽ ശാസ്ത്രീയമായി കൃഷിചെയ്തിട്ടു ഇപ്പോൾ അവിടെ മന്നാന്തരം വിളവുണ്ടാകുന്നു. അവിടെ ഉണ്ടാകുന്ന നെല്ലും ഇപ്പോൾ കൃഷിക്കാക്കു വിത്തുനെല്ലായി വിറ്റുവരുന്നു. ഇങ്ങനെ കൃഷിക്കായി വിത്തിനു ഉപയോഗിക്കുന്ന നെല്ലു തുപ്പ സംഭാവ്യം ഉണ്ടാകുന്ന നെല്ലാണു. ഒരു വാളയും ആഗസ്റ്റിശ്വരത്തിലും തന്നെ ക ാ,൦൦൦ പറനെല്ലു വിറ്റിട്ടുണ്ടു. മദ്ധ്യതിരുവിതാംകൂറിലെ ആ നെല്ലുവിപ്പാൻ സകായ്യപ്പെടുത്തരം ഉണ്ടു.

കൃഷി ആയുധങ്ങളെ സംബന്ധിച്ചു എനിക്കു ഉറപ്പായി പറവാൻ സാധിക്കയില്ല. എന്നാൽ മദ്ധ്യതിരുവിതാംകൂറിൽ പരിഷ്കൃതകൃഷി ആയുധങ്ങളും പ്രചാരത്തിൽ വന്നിട്ടുണ്ടു. മോട്ടാർകമ്പനിയെപറ്റി പറഞ്ഞാൽ ഗവണ്മെൻറു ചിലതു കടം കൊടുത്തു സഹായിക്കുമെങ്കിൽ മോട്ടാർകമ്പനി വരുത്താൻ എൻറെ ദേശത്തുള്ള ചിലനാലു ഭൂമി ഉടമസ്ഥന്മാർ കൂട്ടുമായി ആലോചിച്ചു വരുന്നു. ഗവണ്മെൻറു ഒരു ചെറിയ സംഖ്യകളും കടം കൊടുക്കുമെങ്കിൽ കുറഞ്ഞപക്ഷം ആറു മോട്ടാർ കമ്പനികളും ഉടനെ വരുത്തുന്നതാണു. തരിശായികിടക്കുന്ന നിലങ്ങളിൽ ഈ കമ്പനികളും വളരെ പ്രയോജനമുള്ളതായി കാണും. കൺകാലികളെ നന്നാക്കുന്ന കാര്യത്തിൽ കൃഷിക്കു മുട്ടുവളരെ ഗവൺമെൻറുകാലികളെ കൊടുത്തിട്ടുണ്ടു, നല്ല കാളകളെ വാങ്ങുവാൻ പണം കടം കൊടുക്കുന്നുമുണ്ടു, ഫാർമ്മൽ പ്ലോങ്കേശം ക,൯൦൦ പേർക്കുള്ളതു വിറ്റിട്ടുണ്ടു.

കൺകാലികളുടെ ചികിത്സാകാര്യത്തിലും കൃഷിക്കാർക്കു വൈദ്യവെ വളരെ സഹായം ചെയ്യുന്നുണ്ടു.

ഈ പ്രസ്താവനകളോടു കൂടി, മെമ്പർമാർ താന്താങ്ങളുടെ തായ്തുകകളെപ്പറ്റി മറ്റു കാര്യങ്ങളെ കുറിച്ചു വല്ലതും സംസാരിക്കുമ്പോൾ അവർ പറയുന്നതിനു ശരിപോലെ ഒരടിസ്ഥാനം ഇല്ലെന്നു ഞാനും എൻറെ സ്നേഹിതൻ മിസ്റ്റർ കുമാരപിള്ളയും പ്രത്യേകം തെക്കൻതിരുവിതാംകൂറിനെ സംബന്ധിച്ചു പറഞ്ഞതുകൊണ്ടു പ്രത്യേകപ്പെട്ടതെന്നു പറഞ്ഞുകൊള്ളുന്നു.

ശ്രീ: കെ. സി. മാമ്മൻ മാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു): സർ, കൃഷിഡിപ്പാർട്ടുമെൻറിനെ പറ്റിയുള്ള ആക്ഷേപങ്ങൾ കേട്ടപ്പോൾ അവയെല്ലാം കൃഷി ഡിപ്പാർട്ടുമെൻറിൻറെ ഉദ്ദേശത്തെപറ്റിയുള്ള തെറ്റിദ്ധാരണനിമിത്തമാണെല്ലോ എന്നു കണ്ടിട്ടു എനിക്കു ഖേദമുണ്ടായിട്ടുണ്ടു. തങ്ങളുടെ മേൽത്തരം ഭൂമിയുടെ നമ്മോ പണച്ചുരുക്കമോ സഹകരണമോ ഇവയിപ്പാർട്ടുമെൻറിൻറെ ഉപദേശങ്ങൾ നടപ്പിലാക്കാൻ വേണ്ടുന്ന വിധമായ പരിശ്രമമോ കൂടാതെ ജനങ്ങളെ ക്ഷണത്തിൽ ആ ഡിപ്പാർട്ടുമെൻറു ധനികന്മാരാക്കണമെന്നു ചില മെമ്പർമാർ വിചാരിക്കുന്നതായി തോന്നുന്നു. കൃഷി ഡിപ്പാർട്ടുമെൻറിനെപ്പറ്റി എന്നോടു സംസാരിച്ചിട്ടുള്ള പലരുടെയും അഭിപ്രായം അതാകുന്നു. അതുകൊണ്ടു മതിയായ ഒരു വലിയ ഡിപ്പാ സ്ഥാപിച്ചെന്നാൽ ഒരു കൃഷിപ്പാഠശാല പൊളിച്ചിട്ടു എന്നോ ഒരു സ്ഥലത്തു കൃഷി ഡയറക്ടർ ചെന്നെന്നോ കേൾക്കേണ്ടാമാം ഇടയുടെ നടത്തിപ്പിനെപ്പറ്റി അറിവോ അവയാലുള്ള ഗുണങ്ങളുടെ അനുഭവമോ ഇല്ലാത്തവർ തങ്ങൾക്കും ഒരു കൃഷിപ്പാഠശാല പണമെന്നും കൃഷിഡയറക്ടർ തങ്ങളുടെ സ്ഥലത്തു തന്നെ താമസിക്കണമെന്നും അവർ മറവിച്ചിട്ടുപോന്നു. ഇങ്ങനെ ഡയറക്ടരുടെ ഉദ്ദേശപ്രകാരമല്ല ജനങ്ങളുടെ അനുചിതപ്രകാരം ഗവണ്മെൻറിൻറെ ശക്തിയും പണവും ദുർവ്യയം ചെയ്യപ്പെട്ടു. കൃഷിഡിപ്പാർട്ടുമെൻറിനെ പറ്റി അക്ഷേപങ്ങൾ കേൾക്കുമ്പോഴെല്ലാം ഇതു വിചാരമാണു് എനിക്കു ഉണ്ടാകാറുള്ളതു.

കൃഷിഡിപ്പാർട്ടുമെൻറിൻറെ ഉദ്ദേശം കൃഷിയിൽ, ഉദാഹരണമായി തെങ്ങു കൃഷിയിൽ പരിഷ്കൃതരീതികൾ നടപ്പിൽ വരുത്തുന്നതിൻറെ പ്രയോജനം ജനങ്ങൾക്കു ബോദ്ധ്യപ്പെടുത്തുകയാണു്. വിത്തു തിരഞ്ഞെടുക്കുന്നതു എത്രയോ സൂക്ഷ്മതയോടു ചെയ്യേണ്ടുന്ന ഒരു കാര്യമാണെന്നു നമുക്കെല്ലാവർക്കും അറിയാമല്ലോ. നാടൻ കൃഷി

എനിക്കു നല്ല പരിചയമുണ്ടു. ആരംഭത്തിൽ അവർ വിത്തു തിരഞ്ഞെടുക്കുന്നതിൽ ഒരു സൂക്ഷ്മതയും കാണിക്കുന്നില്ല. ഏന്നിട്ടു വിളവു മോശമാണെന്നു പരാതി പറയുകയും ചെയ്യും. നല്ലവിത്തു തിരഞ്ഞെടുക്കുന്നകാര്യത്തിൽ എല്ലാവരും ജാഗ്രതകാണിച്ചാൽ വിളവു ഗണ്യമായി അധികമാകും അതു ഈ രാജ്യത്തിൽ ചെയ്യാവുന്നതേയുള്ളു.

മി: കെ. പി. ജോസഫ് (വിനിമയവും ദേവികുളവും): ഇതു തിരുവല്ലായിലെ കായ്ം മാത്രമാണോ തിരുവല്ലായ കേരളം മുഴുവനുമുള്ള കായ്മാണോ?

മി: കെ. സി. മാമ്മൻ മാപ്പിള (വ്യവസായവും വ്യവസായവും, വടക്ക): ഇതിനു കാരണം ജനങ്ങളുടെ മനഃസ്ഥിതിയായിരിക്കാം. മറ്റിടങ്ങളിലെ ജനങ്ങൾക്കു നമ്മുടെ നാട്ടുകാരെക്കാൾ ന്യൂനതയില്ലായിരിക്കാം. എന്നാൽ ഇവിടത്തെ കൃഷിക്കാർ വിത്തുതിരഞ്ഞെടുക്കുന്നതിൽ ശ്രദ്ധയൊന്നും തെരഞ്ഞെടുക്കുന്നില്ലെന്നാണു എന്റെ അനുഭവം.

തെങ്ങു കൃഷിക്കുള്ള പോലൊരു പ്രയാസം തെങ്ങു ശരിയായരീതിൽ നട്ടുന്ന കാര്യമാണു. ഒരു ഏക്കർ പുരയിൽ നടാവുന്ന തെങ്ങിന്റെ വലിയസംഖ്യ അമ്പതോ എഴുപതോ ആണു. എന്നാൽ ഞാൻ കണ്ടിട്ടുള്ള ചിലതോട്ടങ്ങളിൽ—

മി: തയ്യിലകത്തെ തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അലപ്പുഴയുള്ള ഡിപ്പാർട്ടുമെന്റുകാർ തെങ്ങുതോട്ടം അതിനു ചുറ്റുമുള്ള കുടിക്കിടപ്പുകാരെ ഏൽപ്പിക്കുന്നതിനെക്കാൾ മോശമായിരിക്കുന്നോ നന്നായിരിക്കുന്നോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യവസായവും വ്യവസായവും, വടക്ക): ഞാൻ അവിടെ പോകാറില്ല. ഇരിക്കൽ പോയപ്പോൾ രണ്ടു തോട്ടവും കണ്ടു. രണ്ടും ശ്രദ്ധിച്ചതായി തോന്നിയില്ല.

മി: തയ്യിലകത്തെതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ആ തോട്ടത്തിൽനിന്നും നോക്കിയാൽ പുറമുള്ള തോട്ടങ്ങൾ കാണാമോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യവസായവും വ്യവസായവും, വടക്ക): ഞാൻ ഇയിടെ അങ്ങും പോകാറില്ലെന്നു പറഞ്ഞില്ലെ. (ചിരി)

മി: തയ്യിലകത്തെതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): പോയപ്പോൾ കണ്ടോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യവസായവും വ്യവസായവും, വടക്ക): കണ്ടതായിട്ടു ഓർക്കുന്നില്ല.

ശരിയായ രീതിൽ നട്ടുന്നതിനെ പറ്റി സംസാരിക്കാൻ സമയമില്ല. ഡിപ്പാർട്ടുമെന്റിന്റെ സൗജന്യങ്ങളെപ്പറ്റി എനിക്കു ചില അഭിപ്രായങ്ങളും ഉണ്ടു. അവയെ പറ്റി പറയാറാകുമ്പോഴെക്കു എനിക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോകുമെന്നു തോന്നുന്നു. തടവുന്ന തെങ്ങിന്റെ എണ്ണം അമ്പതോ അറുപതോ എഴുപതോ ആയിരിക്കട്ടെ ജനങ്ങൾ ക ാ ം ക ി ാ ം വ ാ ം നടുന്നു. ഇതിന്റെ ഫലം കഷ്ടതരമാണെന്നു ഞാൻ കണ്ടറിഞ്ഞിട്ടുണ്ടു്. ഇരുപതും മുപ്പതും വയസ്സായ തെങ്ങുകൾ ഒന്നോ രണ്ടോ മൂന്നോ തെങ്ങുപോലും കായ്ക്കാതെ നില്ക്കുന്നതുകാണാം. കാരണം അന്വേഷിച്ചു പോകണ്ട, അകലത്തിന്റെ കുറ്റത്തിൽ കുഴിക്കാർ ശ്രദ്ധിക്കാറില്ല.

ഇനി വളമിടുന്നതിനെപ്പറ്റി പറയാം. തെങ്ങാ ധാരാളം ഉണ്ടാകുന്ന മുനമ്പം മുതലായ സ്ഥലങ്ങളിൽ ഞാൻ പോയിട്ടുണ്ടു്. അവർ ഓരോ തെങ്ങിനും വളമിടുന്നതിനായി മൂന്നോ നാലോ രൂപാ ചെലവിടും അങ്ങിനെ ഏഴെട്ടു രൂപാ വിലയും കിട്ടും. വളമൊട്ടും ഇടാത്ത സ്ഥലങ്ങളിൽ അങ്ങനെ ഫലവും കിട്ടുകയില്ല. ശരിയായ വളം ഉപയോഗിക്കാത്തതു കൃഷിഡിപ്പാർട്ടുമെന്റിന്റെ കുറ്റമാണോ? നല്ലവളങ്ങളും ഏതാണെന്നു എല്ലാപേർക്കും അറിയാം. എല്ലാ തെങ്ങുകൃഷിക്കാർക്കും അറിയാവുന്ന സാധാരണ വളങ്ങളും ഉപയോഗിക്കാതിരിക്കെ നാം പുതിയ വളങ്ങളും വേണമെന്നു കലശൽ കൂട്ടുന്നതു എന്തിനു?

ഈ രാജ്യത്തിലെ കന്നുകാലികളുടെ കുറ്റവും പറയാം. കന്നുകാലിവർഗ്ഗത്തെ നന്നാക്കുന്നതിനു വിദ്യാലയങ്ങളെ ഇണചേർക്കുന്നതു അത്യാവശ്യമാകുന്നു. ചുരുക്കം ചില മാത്രമെ ഇതിനെപ്പറ്റി ചിന്തിക്കുന്നുള്ളു. തിരുവിതാംകൂറിൽ അതിനു വേണ്ടിയ സൌകര്യങ്ങളും ഇല്ലായിരിക്കാം. എന്നാൽ ഉള്ള സൌകര്യങ്ങളും തന്നെ ഉപയോഗപ്രദമാക്കുന്നില്ല. അവയെ നല്ല കാളകളിൽ കെട്ടി ശരിയായ രീതിയിൽ കൊണ്ടുനടത്താൽ ഇവിടെയുള്ള ക്ഷുദ്രകിടാക്കളെ നന്നാക്കുന്നതാണ്.

ഈ കുറ്റങ്ങളിൽ ഇപ്പോഴുള്ള അറിവു തന്നെ പ്രയോഗത്തിൽ കൊണ്ടുവരിക. അജ്ഞതയും കഴിവുകേടോ സംഘടനാന്യൂനതകൊണ്ടോ മനഃസ്ഥിതിനിമിത്തമോ മൂലധനം ഇല്ലാത്തതിനാലോ പ്രയോഗത്തിൽ കൊണ്ടുവരാത്തതും ഇപ്പോഴുള്ളതുമായ അറിവുകളും തന്നെ പ്രചാരത്തിൽ കൊണ്ടുവരികയാകുന്നു കൃഷി ഡിപ്പാർട്ടുമെന്റിന്റെ ഒരു പ്രവൃത്തി. പുതിയവളങ്ങളും ഉണ്ടാക്കി എന്നും പുതിയ കൃഷിരീതികളും കണ്ടുപിടിച്ചു എന്നും വരാം. എന്നാൽ ഇപ്പോഴുണ്ടാകുവുന്ന ഗുണം നാമോ നമ്മുടെ പൂർവികന്മാരോ ഉപയോഗിച്ചു വന്ന വളങ്ങളുടെ ഗുണത്തോടു ഉപമിച്ചു നോക്കിയാൽ നിസ്സാരമാകുന്നു. ഡിപ്പാർട്ടുമെന്റിനെപ്പറ്റി ആലോചിക്കുമ്പോൾ ഞാൻ കാണുന്ന പ്രധാന ന്യൂനത ഇതാണ്

കലപ്പകളുടെ പ്രചാരത്തിൽ കൊണ്ടുവരുന്നില്ലെന്നുള്ള ഒരു സംഗതി മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പ്രത്യേകമായി എടുത്തു പറഞ്ഞു. എന്റെ വീട്ടിനു സമീപത്തുള്ള എന്റെ ബന്ധുക്കളും തന്നെ ഒരു പ്രത്യേകതരം കലപ്പ വളരെ ഉപയോഗപ്രദമായി കണ്ടിട്ടു ആ തരം കലപ്പ അവർ ഇപ്പോൾ അധികമായി ഉണ്ടാക്കിവരുന്നകാര്യവും എനിക്കു തന്നെ അറിവുള്ളതാണ്. അവ വളരെ ഓരോരുത്തർ വിലക്കു മേടിക്കുന്നുണ്ടു്. അങ്ങനെയാകുമ്പോൾ കുറ്റം സാധിച്ചുവന്നാൽ ആ തരം കലപ്പ പ്രചാരത്തിൽ കൊണ്ടുവന്നു എന്നു പറയാം. അങ്ങനെയുള്ള പല ഉപകരണങ്ങളും ഉപയോഗത്തിൽ വരുത്തിട്ടുണ്ടെന്നു ഞാൻ പറയുന്നില്ല. പലരുടെയും ആവശ്യത്തിനു മാത്രമായി തീർന്നിട്ടുള്ള ഡയറക്ടരുടെ കുറ്റം സത്യാനുസരണമായും നിതിയായും—

മി: തയ്യിലകത്തിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): മെമ്പരുടെ വക സ്ഥലങ്ങളും കൃഷിഡിപ്പാർട്ടുമെന്റിൽ നിന്നും വളമിട്ടു പരീക്ഷണം നടത്തിട്ടുണ്ടോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യവസായവും വ്യവസായവും, വടക്ക): ഉണ്ടു്.

മി: തയ്യിലകത്തിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അതിന്റെ ഫലം ആശയകരമായിരുന്നോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): കൃഷി ഡയറക്ടർ മണ്ണുപരിശോധന നടത്തി മണ്ണിൽ പിരിച്ചുൽ ഉണ്ടാകുന്നു എന്നു പറഞ്ഞു. എന്റെ സ്ഥലത്തു വന്നു ഡയറക്ടർ പരിശോധിച്ചിട്ടാണു കുമ്മായമിടണമെന്നു പറഞ്ഞതു. ഭൂവിടകടുള്ള കൃഷിക്കാരെല്ലാം അങ്ങേഹത്തെയും എന്നെയും ശകാരിക്കുന്നു മാത്രമല്ല കുമ്മായം കൊണ്ടിട്ടു വിളവു നശിച്ചു പോകുന്നതായി പറഞ്ഞു. നഷ്ടത്തിനു സിവിൽ കേസു എന്റെ മേൽ കൊടുക്കാൻ കൂടി ആലോചിച്ചു. ഇപ്പോൾ അതു കൊണ്ടു എന്റെ സ്ഥലം മാത്രമല്ല അതിനടുത്തുള്ള സ്ഥലം കൂടി വളരെ പ്രാധാന്യത്തിൽ വന്നിട്ടുണ്ടു്. ആ സ്ഥലത്തു തെങ്ങുണ്ടാകുന്ന കായ്ക്കുംസംശയമാണെന്നാണു അങ്ങേഹം പറഞ്ഞതു. എങ്കിലും പരിശോധിച്ചിട്ടു വല്ലതുണ്ടെന്നു തോന്നിയില്ല.

മി: ഇട്ടുണ്ണിമഠത്തിൽ മത്തൻ (മുവാറ്റുപുഴയും തൊടുപുഴയും). ആ വളം സൌജന്യമായിട്ടാണോ തന്നതു?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്ക): മുഴുവനും പണം കൊടുക്കണ്ടതു തന്നെ. (ചിരി)

മി: ഇട്ടുണ്ണിമഠത്തിൽ മത്തൻ (മുവാറ്റുപുഴയും തൊടുപുഴയും): കൂടുതൽ ആളായം ഉണ്ടായോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്ക): അതനുസരിച്ചു ഫലം കിട്ടുകയും ചെയ്തു.

പ്രൊസ്പെൻറ: സമയമായി.

മി: കെ. സി. മാമ്മൻമാപ്പിള (വ്യവസായവും വ്യാപാരവും വടക്കു:) ഡയറക്ടറെ പറഞ്ഞുള്ള ആക്ഷേപമൊന്നും പറഞ്ഞതാൻ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ എന്നെ വിഷ്വസപ്പെടുത്തിയതു കൊണ്ടു പറയാനുള്ളതു മുഴുവനും പറയാൻ കഴിയുന്നതുകൊണ്ടു വ്യസനിക്കുന്നു.

മി: എം. ശ്രീനിവാസൻപിള്ള (അഗസ്തീശ്വരം): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിത്തൊമ്മനും എന്റെ തെക്കൻ തിരുവിതാംകൂർ സ്നേഹിതന്മാർ മെസ്സേഴ്സ് ടി. കുമാരപിള്ളയും ശിവതാണുപിള്ളയും ചെയ്ത പ്രസംഗങ്ങളും കേട്ടു. തെക്കൻ തിരുവിതാംകൂറിൽ കൃഷിഡിപ്പാർട്ടുമെൻറിന്റെ പ്രവൃത്തികളെപറ്റി എനിക്കുള്ള അഭിപ്രായം മിസ്റ്റർ ടി. കുമാരപിള്ള ക്ഷണിച്ചു. ഞാൻ തൊഴിൽ കൊണ്ടു ഒരു കൃഷിക്കാരനാണു. അതുകൊണ്ടു ഇക്കാര്യത്തെപറ്റി എനിക്കുള്ള അഭിപ്രായം ഈ സഭയ്ക്കു സ്വീകാര്യമായിരിക്കുമെന്നു വിചാരിക്കുന്നു. എന്റെ സ്നേഹിതന്മാർ മിസ്റ്റർ കുമാരപിള്ളയും മിസ്റ്റർ ശിവതാണുപിള്ളയും പറഞ്ഞതു ആവർത്തിച്ചു പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അവർ പറഞ്ഞ സംഗതികളെല്ലാം ഞാൻ അനുകൂലിക്കുന്നു എന്നു മാത്രം ഞാൻ പറഞ്ഞു കൊള്ളുന്നു. അവർ പ്രസ്താവിക്കാത്ത ഒന്നോ രണ്ടോ കാര്യങ്ങൾ മാത്രം ഞാൻ പറവാൻ ആഗ്രഹിക്കുന്നു.

നാഗരുകോവിലിനു സമീപം തുപ്പൽസംരത്തു ഒരു മാതൃകാ കൃഷിത്തോട്ടം ഇപ്പോൾഉണ്ടു്. തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചു നല്ല ഒരു ജോലിയാണു് ആ തോട്ടത്തിൽ ചെയ്തുവരുന്നതു്. അവർ ചെയ്യുന്ന നല്ല പ്രവൃത്തി ആണ്ടുതോറും തെക്കൻതിരുവിതാംകൂറിലെ കൃഷിക്കാർക്കു നല്ല വിത്തു വിതരണം ചെയ്യുന്നതാണു. നാഞ്ചിനാട്ടെ വിത്തുതരങ്ങൾ എല്ലാം അവർ മുഖാന്തരം വളരെ നന്നായിട്ടുണ്ടു്. വിത്തു നന്നാക്കുന്നതിനുള്ള മാർഗ്ഗം രണ്ടു മൂന്നു വർഷത്തിലൊരിക്കൽ വിത്തു തിരഞ്ഞെടുക്കയാകുന്നു എന്നാണു എന്റെ അനുഭവം. വിത്തുകൾക്കു കാലക്രമേണ ജീവശക്തിയില്ലാതെ ആയിപോകും. എന്നാൽ വിത്തു തിരഞ്ഞെടുക്കുന്ന പ്രവൃത്തി മാതൃകാ ഫാമത്തിൽ ശാസ്ത്രീയമായി ചെയ്തുവരുന്നു. അഭ്യാസക്കുറവു നിമിത്തം കൃഷിക്കാർക്കതിനെ വിത്തു തിരഞ്ഞെടുക്കാൻ കഴിയില്ല ഇങ്ങനെ ആ ഫാമത്തിൽ വിശിഷ്ടവേല ചെയ്തുവരുന്നു. ആ വേലയെ നാഞ്ചിനാട്ടുകാർ അഭിവന്ദിച്ചും വരുന്നു.

സഭയുടെ ദൃഷ്ടിയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്ന വേറൊരു സംഗതി തെക്കൻതിരുവിതാംകൂറിൽ വളം ഉപയോഗിക്കുന്നതാകുന്നു. കൃഷിഡിപ്പാർട്ടുമെൻറിന്റെ പ്രവേശനം ഇല്ലായിരുന്നെങ്കിൽ വളത്തിന്റെ കാര്യം പ്രയാസമേറിയ ഒരു വിഷയം ആയിത്തീരുമായിരുന്നു. മാതൃകാഫാമത്തിൽ കൃഷിഡിപ്പാർട്ടുമെൻറ് ഉപയോഗിച്ചു കുണിച്ചുണ്ടാക്കുന്ന പുന്നാക്കപ്പിണ്ണാക്കും മത്സ്യവളവും നാഞ്ചിനാട്ടുകാർ വളമായി ഉപയോഗിക്കുമെന്നു വിശ്വസിച്ചിട്ടില്ലായിരുന്നു. മുക്കുവരുടെ വാസസ്ഥലങ്ങളിൽ എറിഞ്ഞു കളഞ്ഞിട്ടു പീഞ്ഞു ജനാരോഗ്യത്തിനു ഹാനിവരുത്തിയിരുന്ന ചീത്ത മത്സ്യങ്ങളും കടൽ മുതലായതും ഇപ്പോൾ നാഞ്ചിനാട്ടു കൃഷിക്കാർ ഉപയോഗപ്പെടുത്തിവരുന്നു. മനു ഡിപ്പാർട്ടുമെൻറ് കൃഷിക്കാർക്കു വിറ്റുവന്ന വളം ഇപ്പോൾ അവർ മുക്കുവരുടെ ഗ്രാമങ്ങളിൽനിന്നു ശേഖരിച്ചു വളമാക്കുന്നു. പുന്നാക്കപിണ്ണാക്കിന്റെ കായ്ത്തിപ്പും ഇങ്ങനെതന്നെയാണു്.

ഉത്തരതിരുവിതാംകൂറിൽ കൃഷിഡിപ്പാർട്ടുമെൻറിനെറ പ്രവൃത്തിയെപ്പറ്റി എനിക്കു അധികം വിവരമില്ല. അതിനെക്കുറിച്ചു അറിവുണ്ടെന്നു ഞാൻ നടിക്കുന്നുമില്ല എന്നാൽ തെക്കൻതിരുവിതാംകൂറിൽ അവർ പ്രയത്നമായ രീതിയിൽ ചെയ്യുന്നുണ്ടെന്നും അവരുടെ പ്രവൃത്തി അവിടത്തെ കൃഷിക്കാർ ഗുണാംശിക്കുന്നുണ്ടെന്നും ഞാൻ ധൈര്യമായി പറഞ്ഞുകൊള്ളുന്നു.

പ്രൊസിഡെൻറ്: സഭ ഇപ്പോൾ മൂന്നുമണി വരെ പിരിയാം.

സഭ ചായുപേക്ഷണത്തിനായി ഉച്ചയ്ക്കു പിരിഞ്ഞു രണ്ടര മണിക്കു വീണ്ടും കൂടി.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): പ്രദേശം ഇപ്പോൾ വോട്ടിനു ഇടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞാൻ അനുകൂലിക്കുന്നു.

മി: ജി. രാമൻതമ്പി (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഉദ്യോഗസ്ഥന്മാർ ഇതിനെപ്പറ്റി സംസാരിച്ചിട്ടില്ല.

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇപ്പോൾ നടന്ന വാദത്തെപറ്റി അധികം സംസാരിപ്പാൻ ഞാൻ വിചാരിക്കുന്നില്ല. എന്റെ ഡിപ്പാർട്ടുമെൻറിനെപ്പറ്റി പല ആക്ഷേപങ്ങളും കൊണ്ടുവന്ന അതിനു അനുകൂലമായും പ്രസംഗങ്ങളും ഉണ്ടായി സമാധാനമായി ഞാൻ വേറൊന്നും

പോഞ്ഞിട്ടാവശ്യമില്ല. (മി: ശിവതാണുപിള്ള: ദയവുചെയ്തു കുറെ ഉറക്കെ) എന്നോ ഡിപ്പാർട്ടുമെന്റ് നെപ്പറ്റി പറഞ്ഞ ആക്ഷേപങ്ങൾക്ക സാമത്ഥ്യത്തോടെ സമാധാനം പറഞ്ഞുകഴിഞ്ഞതുകൊണ്ടു ഡിപ്പാർട്ടുമെന്റിനു അനുകൂലമായി കുറെന്നും പോഞ്ഞിട്ടുപോകുമല്ലൊണ്ടിരുന്ന ഞാൻ പറഞ്ഞുവന്നതു.

എങ്കിലും ഒന്നുരണ്ടു സംഗതികളെപ്പറ്റി അല്പം സംസാരിക്കാൻ ആഗ്രഹിക്കുന്നു. രണ്ടുമൂന്നു വർഷം മുമ്പു കൃഷിഡിപ്പാർട്ടുമെന്റിന്റെ പ്രയോജനത്തെപ്പറ്റി ഇങ്ങനെയൊരു വാദപ്രതിവാദം നടന്നു എന്നുമുൻ സഭയുടെ അംഗങ്ങളല്ലായിരുന്ന ചിലരോടു ഒന്നുമേതായി പറഞ്ഞുകൊള്ളുന്നു. സഭയുടെ അഭിപ്രായം അന്നു സൂക്ഷ്മമായി രേഖപ്പെടുത്തി. അന്നത്തെ എതിർകക്ഷിയുടെ നായകനായിരുന്ന മിസ്റ്റർ കുഞ്ഞിത്തമ്മൻ ഇന്നു പറഞ്ഞതിൽ അധികമൊന്നും അന്നും പറഞ്ഞില്ല. അന്നു അദ്ദേഹം പറഞ്ഞതിനെല്ലാം പൂർണ്ണമായി സമാധാനം പറഞ്ഞു. ഇന്നു അദ്ദേഹത്തിന്റെ വാദങ്ങളെല്ലാം തെറ്റാണെന്നു സ്ഥാപിച്ചിരിക്കുന്നു. മിസ്റ്റർ കുഞ്ഞിത്തമ്മൻ പ്രസ്താവങ്ങളെപ്പറ്റി ഇതിലധികം പറയാൻ എനിക്കു ആഗ്രഹമില്ല. വേറൊരു സംഗതിയെപ്പറ്റി അല്പം പറയാനുണ്ടു.

മി: എൻ. വി. ജോസഫ് (പരവൂർ): മിസ്റ്റർ കുഞ്ഞിത്തമ്മൻ എതിർകക്ഷിനേതാവെന്നു പറഞ്ഞുവല്ലോ അന്നു അദ്ദേഹത്തെ വേറെ ഏതെങ്കിലും മെമ്പർ അനുകൂലിച്ചു സംസാരിച്ചിരുന്നുവോ എന്നു കൃഷി ഡയറക്ടർ പറയുമോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ ഓർക്കുന്നതു ശരിയാണെങ്കിൽ അദ്ദേഹം നേതാവായിരുന്ന എതിർകക്ഷിയിൽ അദ്ദേഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ. (ചിരി)

സർ, ഒരു കാര്യത്തിൽ എന്താണു ചെയ്യേണ്ടതെന്നറിയാതെ ഞാൻ വിഷമിക്കുന്നുണ്ടു. ജനങ്ങൾക്കു ഇപ്പോൾ അറിവില്ലാത്ത സാധനങ്ങൾ കൃഷിചെയ്യുന്ന കാര്യത്തിൽ ശ്രദ്ധ പതിക്കണമെന്നു മിസ്റ്റർ കുഞ്ഞിത്തമ്മൻ പറയുന്നു. ഇപ്പോൾ ജനങ്ങൾക്കു ഇപ്പോൾ അറിവുള്ള സാധനങ്ങളുടെ കൃഷിയും കൃഷിരീതികളും നന്നാക്കുന്നകാര്യത്തിൽ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധ പതിയണമെന്നു മിസ്റ്റർ മാമ്മൻമാപ്പിളയും പറയുന്നു. ഇവർ രണ്ടുപേരിൽ ആര് പറയുന്നതാണു ചെയ്യേണ്ടതെന്നു തീർച്ചയാക്കാൻ കഴിയുന്നില്ല. മിസ്റ്റർ മാമ്മൻമാപ്പിളയുടെ അഭിപ്രായം സ്വീകരിച്ചു ഇവിടെ ഉണ്ടാകുന്ന ഇല്ലെയ്മ എന്ന നിശ്ചയമില്ലാത്ത വിത്തുകൾവരുത്തി കൃഷിചെയ്യുന്നതിനെക്കാൾ ഉത്തമം ഇപ്പോഴുള്ള സാധനങ്ങളുടെ കൃഷിനന്നാക്കാൻ ശ്രമിക്കയാണെന്നാണു എന്റെ പക്ഷം.

കൃഷിവിദഗ്ധന്മാരെ സർക്കാരുദ്യോഗത്തിൽ നിയമിയ്ക്കുന്നതിനുമുമ്പു സ്വന്തമായി കൃഷിചെയ്യാൻ ഉപദേശിക്കണമെന്നും അതിനു വേണ്ടുന്ന മുതൽകയ്യുകൊടുത്തു അവക്കുണ്ടാക്കിക്കൊടുക്കണമെന്നും മിസ്റ്റർ ജി. രാമൻമേനോൻ അഭിപ്രായപ്പെടുകയുണ്ടായി. അതു സ്വീകരിക്കാൻ ഞാൻ ഒരുക്കമാണ്. എനിക്കും ആ അഭിപ്രായം ഉണ്ടു. എന്നാൽ ഏതെങ്കിലും ഒരു സ്ഥലം കാണിച്ചു തന്നിട്ടു് അവിടെപോയി കൃഷിചെയ്യാൻ ഞങ്ങളോടു ആവശ്യപ്പെടരുതു്. ഞങ്ങളുടെ ഇഷ്ടപ്രകാരമുള്ള ഭൂമികയും തിരഞ്ഞെടുക്കാൻ അനുവദിക്കണം. ബഡ്ജറിനെപ്പറ്റിയുള്ള സാധാരണ നിരൂപണത്തിൽ കൃഷിഡിപ്പാർട്ടുമെന്റിന്റെ ചെലവിനുള്ള പണം അവർതന്നെ ഉണ്ടാക്കണമെന്നു ഒരു മെമ്പർ പറഞ്ഞു. കൃഷിവിദഗ്ധന്മാർക്കു നല്ലസ്ഥലങ്ങളും മേച്ചിടത്തോളം സ്ഥലങ്ങളും ആലപ്പുഴയിൽ തെങ്ങുകൃഷിക്കു തിരഞ്ഞെടുത്ത സ്ഥലംപോലെയുള്ളതല്ല. ആവശ്യമുള്ള പണവുംകൊടുത്താൽ ഡിപ്പാർട്ടുമെന്റിന്റെ ചിലവിൽ കൂടുതൽ പണം സമ്പാദിക്കാൻ അവർക്കു കഴിയുമെന്നാണു എന്റെ വിശ്വാസം. എന്നാൽ ഈ വസ്തുക്കളുടെ ചാർജ് ഇൻസ്പെക്ടർമാർ വഹിക്കും. ഡയറക്ടർ ഒരുവക മേലന്വേഷണക്കാരൻ ആയിരിയ്ക്കും. അദ്ദേഹത്തിനു അങ്ങനെചെയ്യാൻ വിരോധമുണ്ടാകയില്ല. പണം സംബന്ധിച്ചു അദ്ദേഹത്തിനു അതായിരിക്കും അനുകൂലം. ഇതു പ്രായോഗികമാണെങ്കിൽ അങ്ങനെ ചെയ്യാൻ ഒരു പദ്ധതി തയ്യാറാക്കി ഗവണ്മെന്റിലേക്കു സമർപ്പിക്കുന്നതിനു എനിക്കു വിരോധമില്ല. എന്നാൽ അതു പ്രായോഗികമാണെന്നും ഞാൻ വിചാരിക്കുന്നില്ല.

പായമ്പിനെപ്പറ്റി മിസ്റ്റർ രാമൻമേനോൻ പറകയുണ്ടായി. ഒരിക്കൽ ആരോ ഒരുത്തൻ അതു ശേഖരിച്ചുവിൽക്കുന്നതിനുള്ള അവകാശം കുത്തകയായി കൊടുക്കണമെന്നു ആവശ്യപ്പെട്ടു. ആ കാര്യം ആലോചനയിൽനിന്നു തള്ളിട്ടു രണ്ടുമൂന്നു വർഷമായി ആ സംഗതി പുനരാലോചനയ്ക്കു എത്തിട്ടുമില്ല.

ഇന്നത്തെ വാദത്തിന്റെ ആകപ്പാടെയുള്ള സ്വഭാവം ആലോചിച്ചാൽ രാജ്യത്തിന്റെ മറ്റുഭാഗങ്ങളെ അപേക്ഷിച്ചിട്ടു ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധ മുഴുവനും തെക്കൻതിരുവിതാംകൂറിൽ പതിക്കുന്നു എന്നൊരു ആക്ഷേപമാണെന്നു കാണുന്നുണ്ടു. ഇതിനു പ്രത്യേകകാരണങ്ങളും ഉണ്ടു. വടക്കൻതിരുവിതാംകൂറുകാരേക്കാളും തെക്കൻതിരുവിതാംകൂറുകാർ ഞങ്ങളുടെ ഉപദേശങ്ങൾക്കു വഴിപ്പെടുന്നുണ്ടു്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര) നെയ്യാറ്റിങ്കര താലൂക്കിനെ സംബന്ധിച്ചിടത്തോളം കൃഷിഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തികളുടെ അഭാവമാണു അവിടെ പ്രത്യക്ഷമായിട്ടുള്ളതെന്നു ഡോക്ടർ കുഞ്ഞൻപിള്ളയോടു പറഞ്ഞുകൊള്ളട്ടെ.

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതെ ഞാൻ അതു സമ്മതിക്കുന്നു. നെയ്യാറ്റിങ്കര ഒരു പ്രധാന താലൂക്കായാലും അവിടെ ഇപ്പോഴത്തെ ഞങ്ങൾക്കു യാതൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടും അവിടെ ഒരു കൃഷി ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനു പകരം നെയ്യാറിൽ പണം അനുവദിക്കുന്നതിനു ഞാൻ വ്യവസ്ഥചെയ്തിരുന്നു. എന്നാൽ എന്തു കാരണവശാലോ ബഡ്ജറിൽ ഇപ്പോൾ പണം അനുവദിച്ചുകണ്ടുന്നില്ല. ഗവണ്മെന്റു മൂന്നു വിദ്യാർത്ഥികളെ നാഗപുരത്തേയ്ക്കും വേറെചിലരെ പൂസായിലേക്കും കൃഷിപരിശീലനത്തിനായി അയച്ചിരുന്നു. അവർ പരിശീലനം കഴിഞ്ഞു തിരിച്ചുവന്നിട്ടുണ്ടു്. അവരിൽ ഒരാളെ നെയ്യാറ്റിങ്കരയിലും ഒരാളെ തിരുവല്ലായിലും മൂന്നാമതൊരാളെ മാവേലിക്കരയിലും നിയമിക്കണമെന്നാണു ഞാൻ വിചാരിച്ചതു്. എന്നാൽ ബഡ്ജറിൽ അനുവദിക്കണമെന്നാവശ്യപ്പെട്ട പണം ഇപ്പോൾചേർത്തുകാണുന്നില്ല.

ഇനി ഡിപ്പാർട്ടുമെന്റിന്റെ പരിശ്രമങ്ങളെല്ലാം തെക്കൻതിരുവിതാംകൂറിലാണെന്നും മധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും അല്ലെന്നുമാണു വേറൊരാക്ഷേപം. തെക്കൻതിരുവിതാംകൂറിലെ ജനങ്ങൾക്കു

മറ്റു സ്ഥലങ്ങളിലുള്ളവരെക്കാൾ ഞങ്ങളോട് സഹകരിക്കുവാൻ ഒരുപക്ഷേ കാണുമെങ്കിലും കൃഷി നന്നാക്കുന്നതിനു ഞങ്ങൾക്ക് അധികം സൌകര്യമുള്ളതാണ്. എന്നാൽ രാജ്യത്തിന്റെ മറ്റു വിഭാഗങ്ങളെ ഞങ്ങൾ ഉപേക്ഷിച്ചിരിക്കുവാണെന്ന അർത്ഥമില്ല.

മി: കുഞ്ഞിത്തൊമ്മന കോന്നിയിലുള്ള കുരുമുളകുതോട്ടത്തെപ്പറ്റി എന്തോ തെറ്റിദ്ധാരണയുള്ളതായി തോന്നുന്നു. അതു സ്ഥാപിച്ചതിന്റെ ഉദ്ദേശം ഈ രാജ്യത്തു ഇപ്പോൾ ഉള്ള പലതരം മുളക കൊടികളെ പരിശോധിച്ചു ഏതു തരമാണ അധികം ഫലപ്രദം എന്നറിയണമെന്നായിരുന്നു. തിരുവിതാംകൂറിൽ വളരെ സ്ഥലത്തു മുളകുകൃഷി ചെയ്യുന്നുണ്ട്. എന്നാൽ അതിൽനിന്നും കിട്ടുവുന്നിടത്തോളം ഫലം കിട്ടിവരുന്നില്ല. ഈ രാജ്യത്തിനു പറ്റിയതരം മുളകുകൊടി ഏതാണെന്നു പരീക്ഷിച്ചറിഞ്ഞു അതു പ്രചാരത്തിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിച്ചു. ഇതാണു ആ മുളകുതോട്ടത്തിന്റെ ഉദ്ദേശം. ആ തോട്ടത്തിന്റെ ചെലവു അവിടം കൊണ്ടുതന്നെ നടക്കത്തക്കവണ്ണം ഈ പരിശോധനയ്ക്കു വിസ്തീർണ്ണമായ സ്ഥലമാണ എടുത്തിട്ടുള്ളതു്. കുരുവ്യക്ഷത്തിനുകൊണ്ടു നൂറിനാൽപ്പതു നൂറൻപതു ഏക്കർ സ്ഥലത്തു മുളകുകൊടി ഇട്ടു പിടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടു തോട്ടത്തിന്റെ ചെലവു നടക്കുമെന്നു മാത്രമല്ല അതുകൊണ്ടു ലാഭവും ഉണ്ടാകുമെന്നാണിരുന്നു. ഈ സന്ദർഭത്തിൽ ഒരുകാര്യംകൂടി ഞാൻ—

മി: എൻ. വി. ജോസഫ് (പറവൂർ): മി: കുഞ്ഞിത്തൊമ്മൻ കുരുമുളകുപ്പറ്റി എന്തോ സംസാരിച്ചു എന്നു ഡയറക്ടരെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. കുരുമുളകുവള്ളികൾ അവസാനിക്കാത്തതല്ലെന്നും കൃഷിക്കുവേണ്ടി എങ്കിലും അതു സംരക്ഷിക്കേണ്ടതാണെന്നും ഡയറക്ടർ വിചാരിക്കുന്നില്ലെ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതിനു എന്തെങ്കിലും ചെയ്യണമെന്നാണു ഞാൻ വിചാരിക്കുന്നതു്.

മി: എൻ. വി. ജോസഫ് (പറവൂർ): മെംബർ കൃഷിഡിപ്പാർട്ടുമെന്ററിന്റെ നയത്തെപ്പറ്റി ആക്ഷേപം പറഞ്ഞുവല്ലൊ. കുരുമുളകുവള്ളികൾ അവസാനിക്കാത്തതല്ല. അതുകൊണ്ടു അതു സംരക്ഷിക്കാൻ എന്തെങ്കിലും ചെയ്യുണ്ടോ? ഒരുകാലത്തു അതു കിട്ടുകയില്ലെന്നു വരും.

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഈ വിഷയത്തെ സംബന്ധിച്ചു പ്രത്യേകമായി ഒരു പ്രമേയം ഉള്ളതായിക്കാണുന്നു. ആ പ്രമേയത്തിലുള്ള ആക്ഷേപങ്ങൾക്കു മറുപടി പറയുമ്പോൾ അതിനെപ്പറ്റി അധികം പറഞ്ഞുകൊള്ളാം.

ഇനി കരിമ്പിന്റെ കാര്യം ആലോചിച്ചാൽ അതിനെസംബന്ധിച്ചു മല്യ തിരുവിതാംകൂറിൽ ഞങ്ങളോടു പല കാര്യങ്ങളും ചെയ്തിട്ടുണ്ടു്. മല്യതിരുവിതാംകൂറിൽനിന്നും വന്നിട്ടുള്ള എന്റെ സ്നേഹിതന്മാർക്കു ആ സംഗതിയെക്കുറിച്ചു സാക്ഷ്യം വഹിക്കാൻ കഴിയും.

പ്രസിഡൻറ: സമയമായി, ഡോക്ടർ കുഞ്ഞൻപിള്ള

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എന്നാൽ ഞാൻ ഇരുന്നുകൊള്ളാം.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). എന്റെ ഉദ്ദേശം ഗവണ്മെന്റിന്റെ ശ്രദ്ധയെ രണ്ടു വിഷയങ്ങളിലേക്കു ആകർഷിക്കുന്നതിനായിരുന്നു. കൃഷിഡിപ്പാർട്ടുമെന്ററിന്റെ ഉപയോഗത്തെപ്പറ്റി വേറെ വിഷയങ്ങളും ഈ വാദത്തിൽ ചേർത്തുകൊണ്ടു ഞാൻ വ്യസനിക്കുന്നു. കൃഷിഡിപ്പാർട്ടുമെന്ററുകൊണ്ടു ഏതാണ്ടു ഗുണം ഉണ്ടെന്നാണു ഞാൻ പറയുന്നതു്. കൃഷിവിദഗ്ധന്മാരെ സ്വന്തം കൃഷിയിൽ ഏർപ്പെടാൻ ഉത്സാഹിപ്പിക്കുന്നതല്ലയോ ഇപ്പോഴത്തെ വ്യവസ്ഥയെക്കാൾ പൊതുജനത്തിനു അധികം ഗുണകരം എന്നു ഗവണ്മെന്റു ആലോചിക്കണമെന്നായിരുന്നു എന്റെ ഉദ്ദേശം.

വേറൊരുകാര്യം കുരുമുളകു ഏറ്റവുമാണ്, ഈ രാജ്യത്തിൽ പ്രകൃതിദത്തമായിട്ടുള്ള സാധനങ്ങളെ സംരക്ഷിക്കേണ്ടതു് ആവശ്യമാണെന്നും ഞാൻ പറഞ്ഞു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഉദ്യോഗസ്ഥമെംബർ മറുപടി പറഞ്ഞശേഷം മെംബർ സംസാരിക്കുന്നതു ചട്ടവിരോധം അല്ലയോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

പ്രസിഡൻറ: മി: രാമൻമേനോന്റെ പ്രമേയത്തെപ്പറ്റി ഡോക്ടർ കുഞ്ഞൻപിള്ള അല്പമായിട്ടാണു സംസാരിച്ചതെന്നു തോന്നുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഉദ്യോഗസ്ഥമെംബർ സംസാരിക്കുന്നതിനുമുമ്പല്ലാതെ അതിനുശേഷം സംസാരിക്കാൻ അംഗങ്ങൾക്കു അവകാശമില്ല.

പ്രസിഡൻറ: ഇല്ല. അവസാനമറുപടി പറവാൻ ഡോക്ടർ കുഞ്ഞൻപിള്ളക്കു അവകാശമുണ്ടു്.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കുരുമുളകു കൊടുക്കുന്നതാണതാകുന്നു. ഈ വാക്കുകളോടുകൂടി ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

പ്രമേയം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

പ്രമേയം

താഴെപറയുന്ന പ്രമേയം ഹാജരാക്കിയില്ല.

മി: ടി. ജെ. മാത്യു കുന്നത്തു ഡിമാണ്ടു കുന്നത്തു അനുവദിച്ചിട്ടുള്ള ക. ഒന്നു ലക്ഷം രൂപായിൽ ക ം രൂപാ കുറയ്ക്കുണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഈ അദ്ധ്യായത്തിനു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): നാം മുന്നടിച്ചു അഞ്ചുമിനിട്ടു കഴിഞ്ഞാണ് ആരംഭിച്ചതെന്നുള്ള സംഗതി പ്രസിഡൻറിനെ അറിയിച്ചുകൊള്ളട്ടെ.

പ്രസിഡൻറ: പന്ത്രണ്ടു അടിക്കാൻ അഞ്ചുമിനിട്ടുള്ളപ്പോൾ നാം ആരംഭിച്ചു അഞ്ചുമിനിട്ടു സമയം കൂടെ ഉണ്ടെന്നുതോന്നുന്നു.

പ്രമേയങ്ങൾ ക്രമം മുതൽ ക്രമം വരെ

ശ്രീ. ത്താനുള്ള കാരണവിശദീകരിച്ചിരുന്ന സമയം കഴിഞ്ഞുപോയതു കൊണ്ടു താഴെ പറയുന്ന പ്രമേയങ്ങൾ കൂടി കൊണ്ടുപോയി.

ശ്രീ: എ. ഇ. ജോൺ

ക്രമം. ഡിമാണ്ട് ക്രമം അനുവദിച്ചിട്ടുള്ള മിനു ലക്ഷം രൂപയിൽ ക ൦ ൦ രൂപാ കുറയ്ക്കണം.

ശ്രീ: സി. പി. കൊച്ചുകുഞ്ഞുപിള്ള

ക്രമം. ഡിമാണ്ട് ക്രമം അനുവദിച്ചിട്ടുള്ള മിനു ലക്ഷം രൂപയിൽ ക ൦ ൦ രൂപാ കുറയ്ക്കണം.

ശ്രീ: എം. എൻ. പിള്ള:—

ക്രമം ൪. ഡിമാണ്ട് ക്രമം അനുവദിച്ചിട്ടുള്ള മിനു ലക്ഷം രൂപായിൽ ക ൦ ൦ രൂപാ കുറയ്ക്കണം.

ശ്രീ: കെ. സി. മാത്തൻമാപ്പിള:—

ക്രമം ൫. ഡിമാണ്ട് ക്രമം അനുവദിച്ചിട്ടുള്ള മിനു ലക്ഷം രൂപായിൽ ക ൦ ൦ രൂപാ കുറയ്ക്കണം.

ശ്രീ: എൻ. കുമാരൻ:—

ക്രമം൭. ഡിമാണ്ട് ക്രമം അനുവദിച്ചിട്ടുള്ള മിനു ലക്ഷംരൂപായിൽ ക ൦ ൦ രൂപാ കുറയ്ക്കണം

പ്രൊസിഡെൻസ്: ഡിമാണ്ട് ക്രമം—കൃഷിയും മത്സ്യവ്യവസായവും—മിനു ലക്ഷം രൂപാ വേണമെന്നുള്ള അദ്ധ്യക്ഷന സമയോടെ പോട്ടിനു ഇടുന്നു.

അദ്ധ്യക്ഷന സംഖ്യ അനുവദിച്ചു.

ഡിമാണ്ട് ക്ര൮, വ്യവസായം.

ശ്രീ: കെ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): സർ, ഡിമാണ്ട് ക്ര൮-ൽ—വ്യവസായം— മി൮ ൦ ലക്ഷം രൂപായിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

പ്രമേയം ക്രമം ൭.

താഴെപറയുന്ന പ്രമേയം ഹാജരാക്കിയില്ല.

ശ്രീ: ജി. രാമൻമേനോൻ.

ക്രമം ൭. സിൽബന്ധിച്ചെലവിനു അനുവദിച്ചിട്ടുള്ള ൪ വുൻവു രൂപായിൽ ൫ വു ൦ രൂപാ കുറയ്ക്കണം.

പ്രമേയം ക്രമം വു.

ശ്രീ: ടി. കുമാരപിള്ള (കല്ലൂപ്പുഴം വിളവങ്കോട്ടം): താഴെ പറയുന്ന പ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ക്രമം വു. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൫,൫൫ ൦ രൂപായിൽ ൫ ൦ ൦ രൂപാ കുറയ്ക്കണം.

സഞ്ചാരപ്പടിക്കായി ബഡ്ജറിൽകാണുന്ന ൫,൫൫ ൦ രൂപായിൽ ഡയറക്ടർക്കു ക ൦ ൦ ൦ രൂപായും ജിയാളജിക്കൽ അസിസ്റ്റന്റിനു വു ൦ ൦ രൂപായും മനഃശ്ശുദ്ധി വിദഗ്ദ്ധനു ൫൫ ൦ രൂപായും ഇൻഡസ്ട്രിയൽ കെമിസ്റ്റിനും ഇകൽ വിദഗ്ദ്ധനുംകൂടി വു ൦ ൦ രൂപായുമാണ് നിശ്ചയിച്ചിരിക്കുന്നതു്.

വ്യവസായഡയറക്ടർ ക ൦ ൭-ൽ ൽവു ദിവസങ്ങളിൽ സഞ്ചരിച്ചുപോയിട്ടുള്ളതിനു ക,൪ ൦ ൦ രൂപായണനുവദിച്ചിട്ടുള്ളതു്.

ക ൦ ൭-ൽ വുനു ദിവസങ്ങളിലേക്കു സഞ്ചരിച്ചുപോയിട്ടുള്ളതിനു ക,൪ ൦ ൦ രൂപായാണു അനുവദിച്ചിട്ടുള്ളതു്.

ക ക ൦ ക്രമങ്ങളിലേക്കു ഇതിൽ കൂടുതൽ അനുവദിക്കേണ്ട ആവശ്യമില്ലാത്തതാണു.

ഡയറക്ടറുടെ അസിസ്റ്റന്റന്മാർക്കു സഞ്ചാരപ്പടി കുറയ്ക്കുന്നതിനു സൌകര്യമുള്ളതായി അദ്ദേഹത്തിന്റെ വാക്ഷികറിപ്പോർട്ടിൽനിന്നും അനുമാനിക്കാവുന്നതാണു് ആ ഓഫീസിന്റെ ഘടന ഇങ്ങനെയാണു്.

"ഈ ഉദ്യോഗസ്ഥന്മാർ (അതായതു നെയ്ത്തു വിദഗ്ദ്ധൻ, തുകൽ വിദഗ്ദ്ധൻ, വ്യവസായ രസതന്ത്രജ്ഞൻ) തലസ്ഥാനത്തുള്ള അവരുടെ ആഫീസുകളിൽ ജോലി ചെയ്വാനുള്ള അവരുടെ ജോലിയുടെ സ്വഭാവം കൊണ്ടു അവർ സഞ്ചാര ഉദ്യോഗസ്ഥന്മാർ അല്ല. പ്രത്യേക പരീക്ഷണങ്ങൾക്കോ പരിശോധനകൾക്കോ മാത്രമേ അവർ തലസ്ഥാനം വിട്ടുപോകേണ്ടതുള്ളൂ."

ഇങ്ങനെയാണു അദ്ദേഹത്തിന്റെ അസിസ്റ്റന്റന്മാരുടെ ജോലി എങ്കിൽ സഞ്ചാരപ്പടിയിൽ ഒരു ഗണ്യമായ തുക കുറയ്ക്കാവുന്നതാണു്. വ്യവസായഡയറക്ടർ ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു എങ്കിലും അതിനോടു ഗവണ്മെന്റു പൂർണ്ണമായി യോജിക്കാതെയാണിരിക്കുന്നതു ഗവണ്മെന്റു ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"നെയ്ത്തു വിദഗ്ദ്ധനു തലസ്ഥാനത്തുള്ള അദ്ദേഹത്തിന്റെ ആഫീസിൽ ജോലിചെയ്യേണ്ടതായുള്ള എന്നും ചില പ്രത്യേക അന്വേഷണങ്ങൾക്കോ പരിശോധനകൾക്കോ മാത്രമേ തലസ്ഥാനം വിട്ടുപോകേണ്ടതുള്ളൂ എന്നും ഡയറക്ടറുടെ അഭിപ്രായം ശരിയല്ല. നെയ്ത്തു വിദഗ്ദ്ധൻ നെയ്ത്തുശാലകൾ—ഗവണ്മെന്റുവകയും സഹായധനം വാങ്ങുന്നവയും—പരിശോധിക്കുകയും യുക്തമായ സൂചനകളാലും ഉപദേശങ്ങളാലും അവയെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണമെന്നാണു് പ്രതീക്ഷിച്ചിട്ടുള്ളതു്."

ഈ രാജ്യത്തു ഏറ്റവും പ്രചാരത്തിലിരിക്കുന്ന ഒരു തൊഴിൽ നെയ്ത്തു വ്യവസായമാണു. ഇതിൽ സഹായികധനം വാങ്ങിവരുന്ന ൫൭൦ സഹായികധനം വാങ്ങാത്ത ൪൪൦ നെയ്ത്തുശാലകൾ ഉള്ളതായിക്കാണുന്നു. ഇവിടെയൊരു നെയ്ത്തു വിദഗ്ദ്ധനുള്ളപ്പോൾ അവയെ പരിശോധിക്കാതെയും അവർക്കു വേണ്ട ഉപദേശങ്ങൾ കൊടുക്കാതെയും തിരുവനന്തപുരത്തു അദ്ദേഹത്തിന്റെ ആഫീസിലിരുന്നു എഴുത്തുജോലികൾ നോക്കിയിരുന്നാലുള്ള പ്രയോജനം എന്താണെന്നു മനസ്സിലാകുന്നില്ല. ഡയറക്ടറുടെ ജിയാളജിക്കൽ അസിസ്റ്റന്റിന്റെ സഞ്ചരിപ്പടിക്കായി വു ൦ ൦ രൂപായും നെയ്ത്തു വിദഗ്ദ്ധന്റെ സഞ്ചരിപ്പടിക്കായി നൂറു ൦ രൂപായും ബഡ്ജറിൽ തിരുത്തിയിട്ടുള്ളതുകൊണ്ടു ഈ വ്യവസായത്തിൽ അദ്ദേഹത്തിന്റെ അനുകമ്പ എത്രത്തോളമുണ്ടെന്നു അനുമാനിക്കാവുന്നതാണു്. ഈ കാരണങ്ങളാൽ വ്യവസായഡിപ്പാർട്ടുമെന്റിലേക്കു ബഡ്ജറിൽകാണുന്ന സഞ്ചാരപ്പടിയിൽ ൫ ൦ ൦ രൂപാ കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): സർ, മിസ്റ്റർ ടി. കുമാരപിള്ള സൂചിപ്പിച്ചതുപോലെ ചട്ടപ്രകാരം, സഞ്ചാരപ്പെടി കൊടുക്കണമെന്നുണ്ട് പ്രമേയം. ഞങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളതിലും അധികമായി ബഡ്ജറ്റിൽ ഈ വകയിൽ അനുവദിച്ചിട്ടുള്ളതിൽ അധികമായി ചിലവഴിക്കണമെന്നുണ്ട് അദ്ദേഹത്തിന്റെ വാദം കൊണ്ടു തെളിയുന്നതു. സഞ്ചാരപ്പെടി ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക ഏതു ഉദ്യോഗസ്ഥന്മാർക്കുള്ളതാണ് എന്നതു കണക്കുനോക്കിയാൽ ബഡ്ജറ്റിൽ ചില വ്യത്യാസങ്ങൾ കാണുവാൻ കഴിയുന്നതാണ്. എന്നാൽ അനുവദിച്ച സംഖ്യ മുഴുവനും ചെലവാക്കിയിട്ടുണ്ട് എന്നതു അതിനിൽ പണം കൊടുത്തിട്ടുള്ള സംഖ്യ മാത്രമേ അതു ഉദ്യോഗസ്ഥന്മാർ ചെലവിടാവൂ എന്നു വിധിയുള്ളതല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഡയറക്ടറുടെ പേരിൽ കൂടെക്കൂടെ ഓരോരുത്തരുടെ വീതിച്ചുകൊടുക്കാമോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഇല്ല. അതു ജോലിയുടെ ആവശ്യംപോലെ ഇരിക്കും. ഞാൻ അതു ചെയ്യാറില്ല. ഞാൻ വീതിച്ചുകൊടുക്കാറില്ല. ജോലിയുടെ ആവശ്യമനുസരിച്ചു എന്റെ അസിസ്റ്റന്റുമാരും ഓഫീസും സഞ്ചരിക്കുന്നു. അതുകൊണ്ടു ആഫീസിൽനടക്കുന്നതു കൂടിച്ചിട്ടുള്ളതുപോലെ സംഖ്യവീതം ചെയ്തിട്ടില്ല.

വേറൊരു സംഗതി മിസ്റ്റർ കുമാരപിള്ള പറഞ്ഞതു ഇൻഡസ്ട്രിയൽ അസിസ്റ്റന്റിനുവേണ്ടി വച്ചിട്ടുള്ള സംഖ്യ നെയ്ത്തു പ്രദർശന മുതലായതിൽ ചെയ്കയാണെന്നാണ് ഇൻഡസ്ട്രി അസിസ്റ്റന്റിനു സമയം മുഴുവനും ഇപ്പോൾ അതിനു തന്നെ കഴിച്ചുകൂട്ടുന്നതു. അദ്ദേഹത്തിനു ഇതിനെക്കുറിച്ചു വ്യക്തമായ അറിവുണ്ടു. കാലാകാലങ്ങളിൽ പ്രമേയങ്ങൾ കൊടുത്തു വല്ലതും ചെയ്യുന്നുള്ളപ്പോൾ മാത്രമേ അദ്ദേഹം തലസ്ഥാനത്തിൽ വന്നാൽ മതി. പുറം ജില്ലകൾ അനുവദിച്ചിട്ടുള്ള അദ്ദേഹത്തിനുകൂടെ സഞ്ചരിക്കുന്ന ശിപായിമാർ മുതലായ സിബ്ബന്ധികൾക്കും കൂടെയാണ്. നെയ്ത്തുവിദഗ്ദ്ധനു അതു അധികം ദിവസം സഞ്ചാരത്തിൽ കഴിയുവാനില്ല. നെയ്ത്തുവിദഗ്ദ്ധൻ അധികവും സഞ്ചരിച്ചു ഇപ്പോൾ കണ്ടെത്തിയ നെയ്ത്തുസംപ്രദായങ്ങളിൽ ഉള്ള ന്യൂനതകൾ കണ്ടുപിടിച്ചു പരിഹാരങ്ങളും പരിഷ്കാരങ്ങളും ഉണ്ടാക്കണം എന്നു ഗവണ്മെന്റു പ്രസ്താവിച്ചിട്ടുള്ളതിലേക്കു നമ്മുടെ ശ്രദ്ധയെ ആകർഷിച്ചുവല്ലോ. ഇതിലേക്കു അദ്ദേഹം സഞ്ചരിക്കേണ്ടതുതന്നെയാണ്. ഏതുപക്ഷം ഇൻഡസ്ട്രി അസിസ്റ്റന്റിനെപ്പോലെ അധികം സഞ്ചരിച്ചിട്ടായിട്ടില്ല. അദ്ദേഹത്തിന്റെ കൂടുതൽ ശമ്പളം ഓർത്തുകൊണ്ടു അദ്ദേഹത്തിനു കൂടെക്കൂടെ ചെയ്യുള്ള. എങ്കിലും അദ്ദേഹം അധികം സഞ്ചരിക്കുന്നതുകൊണ്ടു അദ്ദേഹംസഞ്ചാരപ്പടിയായി വാങ്ങുന്ന സംഖ്യ അധികമായിരിക്കും. നെയ്ത്തുവിദഗ്ദ്ധൻ നെയ്ത്തുസംപ്രദായത്തിലെ ന്യൂനതകൾ കണ്ടുപിടിച്ചിട്ടു അതിനു പരിഹാരങ്ങൾ കണ്ടുപിടിക്കുന്നതു തിരുവനന്തപുരത്തെ നെയ്ത്തുശാലയിൽവച്ചാണ്. അതിനു അധികം സമയം വേണ്ടിവരും. അദ്ദേഹത്തിനു ഇൻഡസ്ട്രിഅസിസ്റ്റന്റിനെപ്പോലെ കുറച്ചുദിവസം മാത്രം തലസ്ഥാനത്തു കഴിച്ചുകൂട്ടുവാൻ സാധിക്കയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇൻഡസ്ട്രി അസിസ്റ്റന്റു ശേഖരിക്കുന്ന സാധനങ്ങളെ പരിശോധിച്ചുനോക്കേണ്ടതു തലസ്ഥാനത്തുവച്ചു വേണമെന്നൊണ്ടോ നിശ്ചയം എന്നു പറയുമോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതെ. എല്ലാ ഇൻഡസ്ട്രിഡിപ്പാർട്ടുമെന്റുകളിലെപ്പോലെ പരിശോധനകളും നടത്തുന്നതു മുഴക്കാലത്താണ്. ഉണ്ണികാലം ഇൻഡസ്ട്രിക്കാരെക്കൊണ്ടു ഉൾപ്രദേശങ്ങളിലെ സഞ്ചരിക്കും; വേനൽകാലത്തു തലസ്ഥാനത്തുവച്ചു പരിശോധനകളും നടത്തും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സഞ്ചാരപ്പടിക്കുള്ള സംഖ്യ മുഴുവനും ഒന്നായിട്ടാണു കൊടുത്തുകഴിഞ്ഞതിൽ ഈ വ്യത്യാസം വിശദീകരിക്കുന്നതിനു യാതൊരു കുറിപ്പും ചേർക്കാത്തതിനു മിസ്റ്റർ ഐ. സി. ചാക്കോ സമാധാനം പറയുമോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അനുവദിച്ചസംഖ്യ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തെപ്പറ്റി ഏകദേശമായ ഒരറിവു സർക്കാരിലേക്കു കൊടുക്കുന്നതിനുമാത്രമാണു വിവരം ചേർത്തിട്ടുള്ളതു.

നെയ്ത്തുവകുപ്പിന്റെ സഞ്ചാരഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപ്പടിക്കായി ഒന്നും രൂപാ വേറെയും ഒരിനം ചേർത്തിട്ടുണ്ട്. ഇക്കാരണങ്ങളാൽ മിസ്റ്റർ കുമാരപിള്ള തന്റെ പ്രമേയത്തെ പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിലെക്കുവേണ്ടി ചിട്ടപ്പെടുത്തിയതിൽ ഒരുകാര്യത്തിലും കുറയ്ക്കണമെന്നു പറയാൻ ഞാൻ തയ്യാറില്ല. അങ്ങനെ കുറയ്ക്കണമെന്നു പറഞ്ഞതിന്റെ ഉദ്ദേശം ആ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരുടെ ജോലി ശരിയായി നിർവ്വഹിച്ചുകാണണമെന്നു മാത്രമാണ്. ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിനു കൂടുതൽ പണം അനുവദിക്കേണ്ടതു അത്യാവശ്യമാണ്. അവരെക്കൊണ്ടു ശരിയായി ജോലി എടുപ്പിക്കാമെന്നുള്ളപക്ഷം ഈ മോഷൻ പിൻവലിക്കുന്നതിൽ എനിക്കു വിരോധമില്ല

പ്രമേയം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

പ്രമേയം പാസ്സാക്കൽ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): സർ, ഞാൻ താഴെ പറയുന്ന പ്രമേയം ഹാജരാക്കുന്നു.

പാസ്സാക്കൽ. മേൽനോട്ടത്തിനു അനുവദിച്ചിട്ടുള്ള ക്ലർക്ക്, ഒരു പാസ്സാക്കൽ രൂപായിൽ കുറയ്ക്കുവാൻ പാടുള്ളതല്ലെന്നു ഈ സഭ തീരുമാനിക്കുന്നു.

വ്യവസായഡിപ്പാർട്ടുമെന്റിനെയും അതിന്റെ മേൽനോട്ടത്തെയും പറ്റി ചിലവിവരങ്ങൾ കൌൺസിലിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനാണ് ഈ മോഷൻ കൊണ്ടുവന്നിട്ടുള്ളതു.

ജനങ്ങളുടെ ധനാഭിവൃദ്ധി വർദ്ധിക്കുന്നതിനു വേണ്ട കൈത്തൊഴിലുകളുമായി നിലകൊള്ളുന്ന സ്ഥാപനങ്ങളും കുടിയും വ്യവസായവും ഡിപ്പാർട്ടുമെന്റുകളാണെന്നുള്ളതു ആരും സമ്മതിക്കുന്നതാണ്. ഇവിടെയുള്ള ജനങ്ങൾക്കു മതിയാകാത്തവണ്ണം നെല്ലു വിളയിച്ചുണ്ടാക്കുകയും ഇവിടെ വിളഞ്ഞുണ്ടാകുന്ന അസംസ്കൃതസാധനങ്ങളെ സംസ്കൃതസാധനങ്ങളാക്കിത്തീർക്കയും ചെയ്യുന്നതായാൽ ജനങ്ങളുടെ ധനാഭിവൃദ്ധിവർദ്ധിച്ചുവരുന്നതാണ്. ഈ സംഗതികളെ പുരസ്കരിച്ചു ഇവിടെ ഒരു വ്യവസായസമ്പ്രദായം നടത്തണമെന്നും ഒരു വ്യവസായഡിപ്പാർട്ടുമെന്റു തുടങ്ങുക

രിക്കണമെന്നും ഫ ഒ വർഷങ്ങൾ മുമ്പുമുതൽ ശ്രീമൂലം പ്രജാസഭയിൽ ഉടനീളം പറഞ്ഞുകൊണ്ടിരുന്നപ്പോഠം അന്നത്തെ ദിവർണ്ണൻറെ പറഞ്ഞിട്ടുള്ള മറുപടി അതിലേക്ക ഇവിടെയുള്ളിലില്ലെന്നും ഒരാളെ കിട്ടാനുള്ള വിഷമംമാത്രമാണ് ഉദ്യോഗസ്ഥന്മാരിലുണ്ടായിരുന്നതെന്നുമായിരുന്നു. ഫ ഠ൯വ-ൽ വ്യവസായവകുപ്പുണ്ടാക്കുകയും ഫ ഠ൯ര-ൽ വ്യവസായഡിപ്പാർട്ടുമെൻറ രൂപീകരിക്കുയും ചെയ്തു. ആ ഡിപ്പാർട്ടുമെൻറിലേക്ക ഇപ്പോഠം ചിലവാക്കിട്ടുള്ള സമയത്തിനും ശ്രമത്തിനും അനുരൂപമായി ആശിക്കാവുന്ന ഫലം അതിൽ നിന്നും ലഭിച്ചുവരുന്നതായി പറയാൻ തരമില്ല.

വ്യവസായഡയറക്ടരുടെ സാങ്കേതികഅസിസ്റ്റൻറുമാരെ പറ്റി ഫ ഠ൯ര-ലെ വകുപ്പിരിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

"പ്രസ്തുതവർഷത്തിലേക്കുള്ള ഡിപ്പാർട്ടുമെൻറ അടങ്കലിൻറെ ഇപ്പോഴത്തെ ചുരുക്കിയ പട്ടികയിൽ പ്രവേശിച്ചിട്ടുള്ള വ്യവസായപരസഹായങ്ങളും വ്യവസായ എഞ്ചിനിയർ, മനയ്ക്കൽ വിദഗ്ധന്മാർ, ഉകൽ വിദഗ്ധന്മാർ ഫ ഠ൯ര-ാമാണ്ടവസാനത്തിൽ നിയമിക്കപ്പെട്ടു. ഫ ഠ൯വ-ൽ ജനവർഗ്ഗങ്ങളുടെ തരംതിരിയ്ക്കലിനാവശ്യമായ പ്രാരംഭാന്വേഷണങ്ങളും പരിശോധനകളും നടത്തിക്കൊണ്ടിരുന്നു. ഇങ്ങനെ എൻറെ സാങ്കേതികഅസിസ്റ്റൻറുമാർ അവരുടെ നിയോഗിക്കപ്പെട്ടതും ന്യായവും ആയജോലിയിൽ പ്രവേശിച്ചത് പ്രസ്തുതവർഷത്തിൽ പല സമയങ്ങളിലായിട്ടാണ്".

ഈ ലഘുവായ സമയത്തിനകം ഇവരിൽനിന്നും പ്രയോജനകരമായ ഫലങ്ങളും ആശിക്കാൻ അവകാശമില്ലെന്നുള്ളതു സമ്മതിക്കാവുന്നതാണ്. ഫ ഠ൯ര അവസാനംവരെ വ്യവസായസഹായവും നടത്തിട്ടുള്ളതിലപ്പുറം വ്യവസായഡിപ്പാർട്ടുമെൻറിലേക്ക സു ലക്ഷ്യത്തിൽപരം തുപോ ചിലവാക്കിട്ടുള്ളതിൻറെ ഫലം ഇത്രത്തോളമേ എത്തീട്ടുള്ളൂ എന്നുള്ളതു തൃപ്തികരമല്ലെന്നാണ് എനിക്ക തോന്നുന്നതു്. ഇതിലേക്കുള്ള പ്രധാന കാരണം ഓരോ തൊഴിലുകളും പഠിച്ചു വിദഗ്ധാഭിപ്രായം നേടുന്നതിനായി പുറംരാജ്യങ്ങളിലേക്ക അയക്കുമ്പോഠം എത്രയെല്ലാം വ്യവസായങ്ങളാണ് ഇവിടെ അത്യാവശ്യമായ് നിലകൊള്ളുന്നതെന്ന് വേണ്ടതുപോലെ ആലോചിക്കാതെ അയക്കാനിടയായി. അതിനുംപുറമെ അവർ തിരിയെ എത്തുമ്പോഠം അവരെ എങ്ങിനെയാണ് ഉപയോഗിക്കേണ്ടതെന്നുള്ള പദ്ധതിയുമുണ്ടാക്കിപ്പുറപ്പെടാൻ ആലോചിക്കാതിരിക്കയും ചെയ്തു. ഈ സംഗതികളാൽ ഓരോവ്യവസായശാഖകളിൽ അവരെ നിയമിക്കുന്നതിനും അവരുടെ പദ്ധതികളെ രൂപീകരിക്കുന്നതിനും ചുരുങ്ങിയതോതിലെങ്കിലും വേണ്ടതായി വന്നു.

ഈ അവസരത്തിൽ വേറൊരുസംഗതി ഇവിടെ പറയേണ്ടതായിരിക്കുന്നു ഇന്നത്തെ വ്യവസായവകുപ്പിൽ പല ശാഖകളും അതിപ്രധാനമായതും വിദഗ്ധന്മാരുടെ വിദഗ്ധനുഭവം ഉള്ളതുമാണ്. ഇവർ വിദേശങ്ങളിൽപോയി അതാതു വിഷയങ്ങളിൽ പ്രത്യേകപഠിപ്പും പരിശീലനവും സമ്പാദിച്ചു വന്നിട്ടുള്ളവരുമാണ് ഇവരിൽ ഓരോ ചുമതലയും വഹിച്ചുപോരുന്ന ശാഖകളിലുള്ള വ്യവസായങ്ങളെ ശരിയായ പുരോഗതിയിൽ വർദ്ധിപ്പിക്കുന്നതിനു അവക്ക വേണ്ടപ്രോത്സാഹനങ്ങളും സഹായങ്ങളും ചെയ്തുകൊടുക്കേണ്ടുന്ന വ്യവസായഡയറക്ടരുടെ ഏറ്റവും പ്രധാനമായ ഒരു കടമയാണ്. ഈ സംഗതിയിൽ വ്യവസായഡയറക്ടരപ്പുറമുള്ള തൃപ്തികരമല്ലാത്ത കേസുകളുണ്ടായിക്കൊണ്ടിരിക്കുന്നതാണ്. അങ്ങിനെയാണെങ്കിൽ ഈ വിദഗ്ധന്മാർക്ക ഗവർണ്മെൻറിലുണ്ടാകുന്ന ചെലവിനു അനുരൂപമായ ഫലം ഇല്ലാതെ വരികയും അതിനാൽ ജനങ്ങൾക്ക അനുരൂപമായ പ്രയോജനം ലഭിക്കാതെ വരികയും ചെയ്യുന്നതാണ്. പലപ്രോജക്ടുകളും അതിലേക്ക പലേ വിദഗ്ധന്മാരും ഉള്ളതായ വ്യവസായഡിപ്പാർട്ടുമെൻറിൽ അതിലെ അദ്ധ്യക്ഷൻ അവരോടു സൗഹാർദ്ദമായി പെരുമാറുകയും ആ വിദഗ്ധന്മാരുടെ പ്രവൃത്തികളിൽ നാട്ടിലെ ജനങ്ങൾക്കും നന്മയുണ്ടായിരിക്കണമെന്നുള്ള മനഃപൂർവ്വമായ ധിക്കാരത്തോടുകൂടി ഭരണം നടത്താൻ സാധിച്ചില്ലെങ്കിൽ അതിൻറെ ഫലം ജനങ്ങളുണ്ടു അനുഭവിക്കേണ്ടിവരുന്നതാണ്. ഇതോടുകൂടി മറ്റൊരു സംഗതികൂടി ഈ അവസരത്തിൽ പറയേണ്ടതായിരിക്കുന്നു. വൈദ്യുതപ്രസരണത്തിനു കൃഷിഡയറക്ടരെ അയക്കുകയും അദ്ദേഹത്തിലേക്കുവേണ്ടി പൊതുമുതലിൽ നിന്നും വലുതായൊരു തുക ചിലവാക്കുകയും ചെയ്തു കൃഷിഡയറക്ടരെ ആ പ്രസരണത്തിനു അയച്ചതിൽ പലേ ഗുണങ്ങളും കിട്ടീട്ടുണ്ടെന്നുള്ളതിനു സംശയമില്ലാത്തതാണ്. ഇവിടെ വിളഞ്ഞുണ്ടാകുന്ന അസംസ്കൃതസാധനങ്ങളിൽ പുറമേയുള്ള രാജ്യങ്ങൾക്ക ആവശ്യപ്പെടുന്നവ ഏതെല്ലാമാണെന്നും ഇവിടത്തെ അസംസ്കൃതസാധനങ്ങളെ സംസ്കൃതസാധനങ്ങളാക്കുന്നതിനുള്ള സൌകര്യങ്ങൾ എന്തെല്ലാമുണ്ടെന്നും അവയെ വിറ്റഴിക്കുന്നതിനുള്ള സ്ഥലങ്ങൾ ഏവിടെയെല്ലാമാണെന്നും ഉള്ള പലേ അറിവുകളും അദ്ദേഹത്തിനു വളർക്കാനിടയായിട്ടുണ്ട്. ഇങ്ങനെ കൃഷിഡയറക്ടർ സമ്പാദിച്ചിട്ടുള്ള പലേ അറിവുകളും വ്യവസായഡിപ്പാർട്ടുമെൻറിനെ സംബന്ധിക്കുന്നതാണ്. അതിലെ അദ്ധ്യക്ഷൻ പേരെയാണുണ്ടു്. ആ ഡിപ്പാർട്ടുമെൻറുമായി കൃഷിഡയറക്ടർക്ക യാതൊരു ബന്ധവുമില്ലാത്തതാണ്. പരിപോഷണഡിപ്പാർട്ടുമെൻറുകളും ഒന്നിച്ചുചേർന്നും അതിലെ അദ്ധ്യക്ഷന്മാർ പരസ്പരസഹചിന്തയും ഇങ്ങനെയില്ലെങ്കിൽ അവയിൽനിന്നും ആശിക്കുന്ന ഫലം കിട്ടുന്നതല്ല. വ്യവസായഡിപ്പാർട്ടുമെൻറ ഇങ്ങനെ പ്രത്യേകമായിനിന്നു വേലചെയ്യുന്നതായാൽ അതിൽ നിന്നും പൂർണ്ണമായ ഫലം സിദ്ധിക്കുമെന്നു ആശിക്കാൻ വഴിയില്ലാത്തതാണ്. ഈ സംഗതിയിൽ ഗവർണ്മെൻറിൻറെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്, പൊതുമുതലിൽ നിന്നു വലുതായൊരു സംഖ്യ പിരിച്ചു കൃഷിഡയറക്ടർ സമ്പാദിച്ചുനിടയായിട്ടുള്ള അറിവിനെ രാജ്യത്തിനും ജനങ്ങൾക്കും പ്രയോജനകരമാക്കിതീർക്കാൻ സൌകര്യം കൊടുക്കാതിരിക്കുന്ന പക്ഷം അതൊരു ഒഴിവുകേടായി കരുതാതെ തരമില്ലാത്തതാണ്".

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വ്യവസായഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു ഗവണ്മെൻറിൻറെ നയം അനിശ്ചിതവും അസ്ഥിരവും ആണെന്നു മിസ്റ്റർ കുമരേപിള്ള പറഞ്ഞതിനോടു ഞാനും യോജിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു ഗവണ്മെൻറ എന്തെങ്കിലും കാര്യം ചെയ്യുന്നതിൻറെ ശേഷമാണ് അതിനെപ്പറ്റി ആലോചിക്കുന്നതെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ഡിപ്പാർട്ടുമെൻറിൻറെ പ്രവൃത്തി ഒരു സ്ഥിരനയം അനുസരിച്ചല്ല ചെയ്യുവരുന്നതു്. ഇതാകുന്നു ഡിപ്പാർട്ടുമെൻറിൻറെ പൂർവ്വചരിത്രംകൊണ്ടു കാണുന്നതു്. ഡിപ്പാർട്ടുമെൻറു ആരംഭം സംഘടനംചെയ്തതു ഡോക്ടർ ബാക്കർ ആകുന്നു. ഒരു വ്യവസായവിദഗ്ധൻ എന്ന നിലയിലല്ല ഡോക്ടർ ബാക്കറെ തിരുവിതാംകൂറിലേക്കു വരുത്തിയതു്. അദ്ദേഹത്തെ വരുത്തിയതു ട്രെയിനിംഗ്കോളേജിൽ ഒരു പ്രൊഫസറിനായിട്ടാണ്. എങ്കിലുമെന്തായാലും ട്രെയിനിംഗ് കോളേജിൽ അദ്ദേഹത്തിൻറെ സ്ഥാനം

പ്പെട്ടന്നു നിശ്ചയിച്ചു. ഇങ്ങനെ ഒരു സൂചിനാരംഭത്തിൽ ഡോക്ടർ ബാക്കർ തിരുവിതാംകൂർ വ്യവസാ
യഡിപ്പാർട്ടുമെന്റിന്റെ അധിപനായി കാണപ്പെട്ടു. അദ്ദേഹം തിരുവിതാംകൂർ വിട്ടുപോന്നതിന്റെ രഹസ്യം
ഇപ്പോഴും പുറത്തായിട്ടില്ല. അതിനെപ്പറ്റി ഗവണ്മെന്റിന്റെ യാതൊരു വിജ്ഞാപനവും പുറപ്പെടുവന്നിട്ടില്ല.
എങ്കിലും ആരെങ്കിലും ദുഃഖമോ വ്യസനമോ ഇല്ലാതെയും ശരീരം അറിയാതെയും അദ്ദേഹം തിരുവിതാംകൂർവിട്ട
പോയി എന്നുള്ളതിനെപ്പറ്റി സംശയമില്ല. പിന്നീട് എന്റെ സ്നേഹിതൻ മിസ്റ്റർ ചാക്കോ ഡിപ്പാർട്ട്
മെന്റിന്റെ മേധാവിയായി നിയമിച്ചു. മിസ്റ്റർ ചാക്കോയുടെ ഗുണഗണങ്ങളെപ്പറ്റി എനിക്കു വലിയ
ബഹുമാനമാണ്. അദ്ദേഹം കണക്കുശാസ്ത്രത്തിൽ സമർത്ഥനായിരുന്നു. അദ്ദേഹത്തെ ഒരു വേതനത്തോടുകൂടി
തിരുവിതാംകൂർ ഗവണ്മെന്റു ഉപരിശാസ്ത്രം പഠിച്ചുവരുന്നതിനായി അയച്ചു. ഇതിനുംപുറമെ അദ്ദേഹം ഒരു
സാഹിത്യകുശലനാണെന്നും എനിക്കറിയാം. ഈ സംഗതിയെപ്പറ്റി ഏനിക്കു യാതൊന്നും പറയുവാനില്ല. ഏ
ന്നാൽ മിസ്റ്റർ ചാക്കോയെ ഡിപ്പാർട്ടുമെന്റിന്റെ മേധാവിയായി നിയമിച്ചശേഷം അദ്ദേഹത്തെ സ്ഥിരപ്പെടു
ത്തണമെന്നോ, കുറഞ്ഞപക്ഷമെങ്കിലും ആ ഡിപ്പാർട്ടുമെന്റ് പ്രത്യേകിച്ചൊരിടത്തായി വച്ചു കൊണ്ടുനടക്കണമെന്നോ
ഗവണ്മെന്റു വിചാരിച്ചായിരുന്നില്ല. ഞാൻ പറയുന്നതിനു കാരണമെന്തെന്നാൽ ഉടനെ
തന്നെ വാങ്കിടുകയില്ലെങ്കിലെ അസിസ്റ്റന്റു പ്രൊഫസർമാരിൽ ഒരാളെ ധനശാസ്ത്രത്തിന്റെ പ്രതിനി
ധിയെത്തിനായി ഗവണ്മെന്റു ഇംഗ്ലണ്ടിലേക്കയച്ചു. അനന്തരം ഈ കല്പന മേൽപ്പറഞ്ഞതിൽ അദ്ദേഹം വ്യാപാരം
വും വ്യവസായവും പഠിച്ചുവരുന്നതിനു ആജ്ഞാപിച്ചു. അതിനായും അദ്ദേഹത്തിനു വേതനം അനുവദിച്ചും
അദ്ദേഹം കല്പനപ്രകാരംതന്നെ വിശ്വസ്തതയോടെ ധനശാസ്ത്രവും വ്യാപാരവും വ്യവസായവും പഠിച്ചിട്ടുവന്നു.
ഫാർസിൽ ആരെന്നെ തോന്നുന്നു, അദ്ദേഹം തിരിച്ചുവന്നുടനെ അദ്ദേഹത്തെ വ്യവസായഡിപ്പാർട്ടുമെന്റി
ന്റെ മേലധികാരിയാക്കിനിയമിച്ചു അതിന്റെ സംഘടനപ്രവൃത്തി അദ്ദേഹത്തെ ഏല്പിക്കണമെന്നു പ്രത്യേകമായി
പ്രസിഡന്റു അഭിപ്രായപ്പെടുവാൻ പ്രസ്താവിച്ചു. അദ്ദേഹം ഒരു വർഷത്തിനുമുമ്പോ മറ്റൊരു തിരിച്ചുവന്നു.
എന്നാൽ അദ്ദേഹം തിരിച്ചുവന്ന കാര്യം ഗവണ്മെന്റിന്റെ മനസ്സിൽ കയറീട്ടുള്ളതായിട്ടാണെന്നില്ല. അദ്ദേഹം
പഴയപോലെ ഇപ്പോഴും അസിസ്റ്റന്റു പ്രൊഫസറായി ഇരിക്കണം. അദ്ദേഹത്തിന്റെ പരിശ്രമവും യോഗ്യതയും
ഡിപ്പാർട്ടുമെന്റു സംഘടനയ്ക്കു ഉപയോഗിക്കണ കാര്യത്തെപ്പറ്റി ഒന്നും പറഞ്ഞുകേട്ടിട്ടില്ല. ഇതു നിശ്ചയമാണ്
ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു ഓരോ കാര്യം പ്രവർത്തിച്ചുതുടങ്ങുമ്പോഴും അതിനെക്കുറിച്ചു ചിന്തിക്കണമെന്നു
ഞാൻ പറഞ്ഞല്ലോ. ഇതു ഏറ്റവും അത്യാവശ്യകരമാണ്. ഈ ഡിപ്പാർട്ടുമെന്റിനോടു എങ്ങനെയാണോ പെരുമാ
റേണ്ടതെന്നു ഗവണ്മെന്റു അടിക്കടി ചിന്തിക്കേണ്ടതാണ്. ഇപ്പോഴത്തെ നിലയിൽ വ്യവസായാഭിവൃദ്ധി
ക്കായി ഗവണ്മെന്റു വേണ്ടുംപോലെ പ്രവർത്തിക്കുന്നില്ലെന്നാണ് പൊതുവേ പറയേണ്ടതു്. മേലാൽ വ്യവസാ
യാഭിവൃദ്ധിക്കായി വളരെ പണവും ചെലവുചെയ്യുവാൻ ആലോചിക്കുന്നതിനുമുമ്പായി ഡിപ്പാർട്ടുമെന്റു പ്രവർത്തി ഉദ്ദേശിക്കുന്ന
പ്രവൃത്തിയെപ്പറ്റിയെല്ലാം ഒരു സ്ഥിരനയം ഗവണ്മെന്റു സ്വീകരിക്കേണ്ടതാണ്. ഡിപ്പാർട്ടുമെന്റിന്റെ ഘടന
യേയും പ്രവൃത്തിയേയുംസംബന്ധിച്ചു ഇപ്പോഴത്തെ അനിശ്ചിതവും അസ്ഥിരവുമായ നിലയ്ക്കു പകരം ഒരു പുതി
യ നയം സ്വീകരിക്കേണ്ടതാണെന്നു എന്നു ഗവണ്മെന്റു ആലോചിക്കേണ്ടതുകൂടിയുണ്ട്. ഈ പ്രസ്താവനകൾകൊണ്ടുകൂടി
പ്രമേയത്തെ അനുകൂലിക്കുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ്): വ്യവസായഡിപ്പാർട്ടുമെന്റിനെ
സംബന്ധിച്ചു ഗവണ്മെന്റിന്റെ നയം അനിശ്ചിതവും അസ്ഥിരവും മറ്റും ആണെന്നു മിസ്റ്റർ ഗോപാലപിള്ള
പറഞ്ഞുവല്ലോ. ഗവണ്മെന്റിന്റെ നയം ഈ വിഷയത്തെപ്പറ്റി പൊതുജനങ്ങൾക്കുള്ള അനിശ്ചിതവും അ
സ്ഥിരവുമായ അഭിപ്രായത്തിന്റെ പ്രതിബിംബമാത്രമാണെന്നാണ് എനിക്കു തോന്നുന്നതു്. ചിലപ്പോൾ ചില
അഭിപ്രായം ഗവണ്മെന്റിന്റെ ഉള്ളിയിൽ നിർബന്ധമായി കൊണ്ടുവരും. ചിലപ്പോൾ വേറൊരു അഭിപ്രാ
യം ആയിരിക്കും ഇങ്ങനെ കൊണ്ടുവരുന്നതു്. ഇങ്ങനെ ഗവണ്മെന്റു——

മി: പി. കെ നാരായണപിള്ള (അമ്പലപ്പുഴ): ഈ വിഷയത്തെപ്പറ്റി ഗവണ്മെന്റിനു സ്വന്തമായി
അഭിപ്രായം ഉണ്ടാകത്തക്ക ഒരു മനസ്സില്ലായോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ്): തിരുവിതാംകൂറിനെ സംബന്ധി
ച്ചിടത്തോളം ഗവണ്മെന്റെന്നു പറഞ്ഞാൽ രാജാവിന്റെ ആജ്ഞാപ്രകാരം രൂപംചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ
കൂട്ടം. ഒരു ആറുമാസത്തിനുള്ളിൽ ഒരു വിഷയത്തെപ്പറ്റി ആലോചിച്ചു ഒരു സ്ഥിരതയില്ലാത്ത വ്യവസ്ഥ ഉണ്ടാക്കാൻ കഴി
യുമോ എന്നു എനിക്കു നിശ്ചയമില്ല. ഏല്ലാവക്കും ഇങ്ങനെയുള്ള കാര്യങ്ങളിൽ തമ്മിൽനടന്ന പരീക്ഷണങ്ങൾക്കും
നടത്തുവാൻ ഒരവകാശം ഉണ്ടാക്കിയും ആവക പരീക്ഷണങ്ങൾക്കും ശേഷം ഉപയോഗപ്രദമായ
ഒരു വ്യവസ്ഥ കണ്ടുപിടിക്കുവാൻ കഴിയുമായിരിക്കും. ഇതാണ് ഇംഗ്ലണ്ടിലും മദ്രാസിലും ഉള്ളവർ ചെയ്യുന്നതു്.
ഉദാഹരണമായി ഇൻഡ്യയുടെ ഉഭയരണത്തിൽ കൈയിടരുതെന്നു ഒരു നയം മേർലി പ്രഭു സ്വീകരിച്ചു. പി
ന്നീടു ആ നയം ഹാർഡിഞ്ജ് പ്രഭു തള്ളിപ്പറഞ്ഞു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നമ്മുടെ നയം മുമ്പോട്ടല്ലായോ?

മി: കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും): നാം മുമ്പോട്ടോ പോകുന്നോ അല്ലയോ
എന്നതിനെപ്പറ്റി അഭിപ്രായവ്യത്യാസം ഉണ്ടാകാം. അതുകൊണ്ടു നമ്മുടെ നയം അനിശ്ചിതമോ അസ്ഥിര
മോ ആയിരിക്കുന്നതിനു നാം നമ്മുടെ സ്ഥാനം ഉറപ്പിക്കാൻ ഒരു സ്ഥലം അന്വേഷിച്ചു നടക്കുകയാണെന്നു അ
ർത്ഥമുള്ളു. ഈ ഡിപ്പാർട്ടുമെന്റിന്റെ ഒരു ന്യൂനതയല്ല; ഉറപ്പുള്ള വല്ലതിന്മേലും കാലുറപ്പിക്കുവാൻ നാം ശ്രമി
ക്കുമ്പോഴെന്നുള്ള അതു ഗണിക്കേണ്ടതുള്ളു;

മിസ്റ്റർ ചാക്കോയുടെ യോഗ്യതയെപ്പറ്റി നമുക്കു വല്ല സങ്കടവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അ
ദ്ദേഹത്തിന്റെ സാഹിത്യകുശലതയെപ്പറ്റിയും മറ്റും പറഞ്ഞതു കാര്യസംബന്ധമായിട്ടാണെന്നു എനിക്കതോ
ന്നുന്നില്ല. അദ്ദേഹം ക്ലുപ്തബുദ്ധിയുള്ള ശാസ്ത്രജ്ഞനാണെന്നു എനിക്കറിയാം. വ്യവസായവിഷയങ്ങളിൽ വള
രെയും വൈഭവശ്യാ ഉള്ള ഒരാളെക്കൊണ്ടുവന്നാലും തൃപ്തിയില്ലാത്ത ഒരു വ്യവസ്ഥ ഉണ്ടാക്കാൻ അയാൾക്കുക
ഴിയുമെന്നു തോന്നുന്നില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വടവുകോടും): ൻറെ-ൽ എക്കണാമിക്ക് സർവ്വെനടത്തിയകാര്യത്തെ അദ്ദേഹം സഭീസിൽ ഇല്ലെ?

മി: കെ. സി. മാത്തൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ): ഉണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അന്നു അദ്ദേഹത്തെ നിയമസഭാംഗത്വത്തിൽ നിന്നു മാറ്റിയ കാരണം എന്താണെന്നറിയാമൊ?

മി: കെ. സി. മാത്തൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ): മറ്റൂർ കുമാരപിള്ളയുടെ ചോദ്യത്തിനോ സംബന്ധം മനസ്സിലാകുന്നില്ല. ഗവണ്മെൻറിൻറെ അന്നത്തെ പ്രവൃത്തിയിൽ ഞാൻ ഉൾപ്പെട്ടിയതല്ല; അവകാശവാദി പ്രതിവാദം ചെയ്യുന്നതല്ല ഞാൻ ഇവിടെ വന്നിട്ടുള്ളത്.

മി: എൻ. വി. ജോസഫ് (പറവൂർ). ക്രസ്റ്റഡ് വ്യവസായ ഡയറക്ടറെ നിയമിക്കുന്നതിനുള്ള അധികാരം മെമ്പർക്ക് തിരുന്നവോ എന്നാണറയുന്നതു?

മി: കെ. സി. മാത്തൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ): മനപൂർവ്വമായിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചേർത്തല). ഒരു വിദഗ്ധനെ കിട്ടുമെങ്കിൽ അയാളെ സഭീസിൽ നിയമിക്കുന്നതിനാണോ മെമ്പരുടെ അഭിപ്രായം?

മി: കെ. സി. മാത്തൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ): വിദഗ്ധനാരെയെല്ലാം വരുത്തി ഒരിക്കലായ ത്രുവിതാംകൂറുകാരൻറെ തലയിൽ വച്ചുകെട്ടരുത് എന്നാണ് എൻറെ അഭിപ്രായം. വിദഗ്ധനാരെന്നു പറയുന്നവരെല്ലാം സ്വന്തമായുള്ള വ്യവസ്ഥകൾ നിൽക്കുമെന്നു പറയുന്നതു കേവലം സങ്കല്പമാണ്. തപ്പിത്തേടിപ്പിടിക്കാനും കഴിയുകയില്ല. പൊതുജനങ്ങളും ഗവണ്മെൻറും സഭയും ഒരു വ്യക്തവും സ്ഥിരവുമായ നയം ഉണ്ടാക്കാൻ ശ്രമിക്കണം. നാമും തെറ്റിപ്പോകുന്നുണ്ടാവും.

മി: സി. പി. തരകൻ (കുന്നത്തുനാടു): എല്ലാം പറഞ്ഞാലും ഒരു വ്യവസായവിദഗ്ധൻ തിരുവിതാംകൂറിൽ ഉണ്ടൊ?

മി: കെ. സി. മാത്തൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ): നിങ്ങൾ വിദഗ്ധനാരെന്നു പറയുന്നവർ വിദഗ്ധന്മാരല്ലെന്നായിരിക്കാം ഞാൻ പറയുന്നതു. ഈ ത്രുതിതാംകൂറിനു കിട്ടീട്ടുള്ള ശ്രേഷ്ഠ വിദഗ്ധൻ ഡോക്ടർ ബാക്കറാണ്. (ചിരി) കൃഷി ഡയറക്ടരുടെ കായ്യത്തിലാകട്ടെ വ്യവസായഡയറക്ടരുടെ സംഗതിയിലാകട്ടെ ഒരു കായ്യം ഉള്ളതു —

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മുമ്പൊരവസരത്തിൽ ഡാക്ടർ ബാക്കിനെപ്പറ്റി അനുകൂലമായി മിസ്റ്റർ രാമൻമാപ്പിള പറഞ്ഞതിനു എതിരല്ലയോ ഇപ്പോൾ പറഞ്ഞതു?

മി: കെ. സി. മാത്തൻമാപ്പിള (വ്യാപാരവും വ്യവസായവും വകുപ്പ): അവസരംകിട്ടിയാൽ വീണ്ടും ഞാൻഅതുപറയും. ഞാൻ പറഞ്ഞതു മുമ്പൊരിക്കൽ പറഞ്ഞതിനു വിരുദ്ധമാണെന്നു എനിക്കു തോന്നുന്നില്ല. നമുക്കാവശ്യമുള്ളതു ഡാക്ടർ ബാക്കറെപ്പോലെയുള്ള ഒരു വിദഗ്ധനൊ ന്യൂനതകളില്ലാത്ത വ്യവസ്ഥകൾ നിൽക്കാൻ കഴിവുള്ളവനെന്നു ശ്രുതിപ്പെട്ട ഒരു വിദഗ്ധനൊ അല്ല; നമുക്കാവശ്യമുള്ളതു ശാസ്ത്രീയജ്ഞാനമുള്ളവനും രാജ്യത്തിൻറെ ആവശ്യങ്ങളെപ്പറ്റി സമ്യക് ജ്ഞാനമുള്ളവനുമായ ഒരാളെയാണു ഇപ്പോഴത്തെ വ്യവസായഡയറക്ടരിലും കൃഷിഡയറക്ടരിലും അങ്ങിനെയുള്ളവരാണ് നമുക്കുള്ളതു. അവർ വഴിതെറ്റിപ്പോകുന്നു. അങ്ങനെതന്നെ ജനങ്ങളും അവരെ ആവശ്യം പോലെ വഴികാട്ടേണ്ടതു ഈ സഭയുടേയും പൊതുജനത്തിൻറെയും ധർമ്മമാണ്. ഞാൻ പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അവർ ന്യൂനതയില്ലാത്തവരല്ല. തെറ്റുകളുണ്ടാക്കി എന്നുവരാം തെറ്റുകളുണ്ടാക്കാതെ അഭിവൃദ്ധി ഉണ്ടാകയില്ല. തെറ്റുകളുണ്ടാക്കാതെ വിജയവും ഉണ്ടാകയില്ല. ഈ സഭയും ഗവണ്മെൻറും ഒരു പദ്ധതി നിശ്ചിച്ചാൽ വ്യവസായഡയറക്ടർക്കും കൃഷിഡയറക്ടർക്കും അതു പ്രകാരം പ്രവർത്തിപ്പാൻകഴിയും. വ്യവസായഡയറക്ടറിലൊ അദ്ദേഹത്തിൻറെ ഡിപ്പാർട്ടുമെൻറിലൊ എന്തെങ്കിലും തെറ്റുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: ജി. രാമൻനമ്പൂതിരിപ്പാടു (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവണ്മെൻറു ഒരു പദ്ധതി സ്വീകരിക്കാൻ മാത്രം തപ്പിനടക്കയാണെന്നും നാമും അതേസ്ഥിതിയിലാണിരിക്കുന്നതെന്നും മിസ്റ്റർ മാത്തൻമാപ്പിളയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. അതുകൊണ്ടു ജനങ്ങളിൽനിന്നുവരുന്ന അഭിപ്രായം ഗവണ്മെൻറിനു സ്വീകാര്യമായിരിക്കും. അങ്ങനെയുള്ള അഭിപ്രായങ്ങളും നമുക്കും ഉപകാരപ്രദമായിരിയ്ക്കും. വിദേശങ്ങളിൽ പരിശീലനം കഴിഞ്ഞുവന്ന വിദഗ്ധന്മാരുടെ കായ്യത്തിൽ അവർ മടങ്ങിവരുമ്പോൾ അവക്കു ഉദ്യോഗംകൊടുക്കാൻ ഗവണ്മെൻറു ഒരുമേൽക്കുന്നില്ലെന്നു അവരെ പരിശീലനത്തിനയയ്ക്കുന്നതിനെപ്പറ്റിയുള്ള പരസ്യത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ടായിരുന്നുവെന്നാണു എൻറെ വിശ്വാസം.

ഈ വിദഗ്ധന്മാരുടെ കായ്യത്തിൽ അവർ പരിശീലനംകഴിഞ്ഞുവന്ന വ്യവസായം സ്വന്തമായി നടത്താൻ ഗവണ്മെൻറു അവരെ ഉത്സാഹിപ്പിച്ചിരുന്നുവെങ്കിൽ നന്നായിരുന്നേനെ. എന്തെങ്കിലും ഉദ്യോഗം കൊടുത്താൽ വഹിയ്ക്കുന്ന ഉത്തരവാദിത്വബോധമില്ലാതെ ജോലിനടത്തിക്കൊണ്ടുപോകുന്നതു മാനുഷസ്വഭാവമാണ്. എന്നാൽ തൻറെ ഉപജീവനം താൻ ചെയ്യുന്ന ജോലിയെ ആശ്രയിച്ചിരിക്കുന്നുവെന്നു ഗ്രഹിപ്പിച്ചാൽ ഉദ്യോഗംകൊടുത്താൽ ചെയ്യുന്നതിനേക്കാൾ നല്ലജോലി ചെയ്യുമാണു സംഗതിയുള്ളതു. അതുകൊണ്ടു ഒരു പ്രവൃത്തിപദ്ധതി ഉണ്ടാക്കുന്നകായ്യത്തിൽ വിദഗ്ധന്മാരെ സ്വന്തമായി വ്യവസായങ്ങൾ നടത്താൻ ഉത്സാഹിപ്പിക്കയാണു വേണ്ടതെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇതാണു ഇക്കായ്യത്തെപ്പറ്റി എനിക്കു പറവാനുള്ളതു.

മി: സി. പി. തരകൻ (കുന്നത്തുനാടു): മിസ്റ്റർ ചാക്കോവിനെ വ്യവസായഡയറക്ടരായി സ്ഥിരപ്പെടുത്തണമെന്നുള്ള ഉദ്ദേശം ഗവണ്മെൻറിനു ഇല്ലായിരുന്നു എന്നും ഇവിടുത്തെ കോളേജിലെ അസിസ്റ്റൻറു പ്രൊഫസരന്മാരിൽ ഒരാളെ ഇംഗ്ലണ്ടിൽ അയച്ചുപഠിപ്പിച്ചു വരുത്തി വ്യവസായഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷനായി നിയമിക്കണമെന്നും ഗവണ്മെൻറു ഉദ്ദേശിച്ചിരിക്കുന്നു എന്നും മിസ്റ്റർ നാരായണപിള്ള പ്രസ്താവിക്കുകയുണ്ടായി

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ പറഞ്ഞതു ഗവണ്മെന്റു പ്രസ്താവിച്ച സംഗതിയിൽനിന്നും അങ്ങനെ ഊഹിക്കേണ്ടിയിരിക്കുന്നു എന്നാണ്.

മി: സി. പി. തരകൻ (കുന്നത്തുനാടു): അങ്ങനെ ഊഹിക്കാൻ നിവൃത്തിയില്ല. മിസ്റ്റർ ഗോപാലമേനോനെ ഇൻഡസ്ട്രീസ് സംബന്ധമായി പഠിപ്പിക്കാൻ അയച്ചിട്ടുള്ളതായി എനിക്കറിവില്ല. പ്രജാസഭയിൽ ദിവാൻജിയുടെ അഡ്രസിൽ മിസ്റ്റർ ഗോപാലമേനോനെ സംബന്ധിച്ചുള്ള ഒരു ഭാഗം പറഞ്ഞിട്ടുണ്ട്. ആ സമയം ഞാനും ഉണ്ടായിരുന്നു. അതിൽ പറഞ്ഞിട്ടുള്ളതു മിസ്റ്റർ ഗോപാലമേനോൻ ബാങ്കിംഗ്സംബന്ധമായി പഠിക്കാനാണു പോയതെന്നാണ്. അദ്ദേഹത്തെ ഇൻഡസ്ട്രിയൽ ഡയറക്ടരായി അങ്ങനെയൊരാൾ പറഞ്ഞിട്ടുള്ളതായി ഞാൻ ഓർക്കുന്നില്ല.

മി: നാരായണപിള്ള പറഞ്ഞതുപോലെ ഒരു സംഗതിക്കു ഗവണ്മെൻറിൽ നിന്നും ആളയച്ചു പഠിപ്പിച്ചു വരുത്തി മറെറാരു സംഗതിക്കു ഉപയോഗിക്കുന്നതിനെ സംബന്ധിച്ചു എനിക്കഭിപ്രായമുണ്ട്. അതിനെ സംബന്ധിച്ചു സ്വല്പമായിട്ടു ഇന്നലെ പറഞ്ഞു കഴിഞ്ഞതിനാൽ അധികം പറയണമെന്നു വിചാരിക്കുന്നില്ല. അഭിവന്ദ്യ മന്ത്രിയുടെ ദൃഷ്ടിയിൽ ഇരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഈ പ്രമേയത്തെ പററിയുള്ള വാദത്തിൽ എന്റെ അനുദ്യോഗസ്ഥസ്നേഹിതന്മാർ അനേകസംഗതികളും പ്രസ്താവിച്ചതിനെല്ലാം സമാധാനം ഉദ്യോഗസ്ഥമെമ്പർമാക്കു താങ്കളും അദ്ദേഹത്തെന്നു ഞാനുപദിക്കുന്ന അല്പസമയത്തിനുള്ളിൽ എനിക്കു പറവാൻ സാധിക്കയില്ലായിരിക്കും. മെമ്പർമാർ പ്രസ്താവിച്ച സംഗതികൾക്കു മറുപടി പറവാൻ തന്നെ വ്യവസായഡയറക്ടർക്കു അസാദ്ധ്യമാണു. നോട്ടീസില്ലാതെ എതിർ ഭാഗത്തു നിന്നു പറഞ്ഞിട്ടുള്ള സംഗതികൾക്കു എന്നാൽ കഴിവുള്ളതുപോലെ ചുരുക്കമായി മറുപടി പറയാം.

മി: കുമാരപിള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കൃഷിയും വ്യവസായവും ഡിപ്പാർട്ടുമെൻറുകൾ തമ്മിൽ സഹകരണം വേണമെന്നു പറകയുണ്ടായി. അങ്ങനെ സഹകരണം ഇല്ലെന്നു വിചാരിപ്പാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്താണെന്നു ഞാൻ ആശ്ചര്യപ്പെടുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): അദ്ദേഹം ഉദ്ദേശിച്ചതു "ക്രമീകരണസമ്മേളനം" ആണ് "സഹകരണം" അല്ല എന്നു തോന്നുന്നു.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അദ്ദേഹം മലയാളത്തിലാണു സംസാരിച്ചതു. മി: തോമസ് "ക്രമീകരണസമ്മേളനം" എന്നു തർജ്ജമചെയ്യുന്നു. അദ്ദേഹം ഉദ്ദേശിച്ചതു "സഹകരണം" തന്നെയാകുന്നു എന്നു ഞാൻ വിചാരിച്ചു.

വേറൊരു കാര്യം മിസ്റ്റർ കുമാരപിള്ള തന്നെ പറഞ്ഞതു എന്റെ സാങ്കേതിക അസിസ്റ്റന്റുമാരെ പററിയാണു. മിസ്റ്റർ കുമാരപിള്ളയോ വേറെ ഏതൊരു മെമ്പരോ ഈ വിദഗ്ധന്മാരെ പരിശീലനത്തിനയച്ചതു കൃത്യമായ ഉദ്ദേശമൊന്നുമില്ലാതെയായിരുന്നു എന്നും അവർ ഇംഗ്ലണ്ടിൽ നിന്നു മടങ്ങിവന്നപ്പോൾ ഗവണ്മെൻറ് വീണ്ടും കൃത്യമായ ഉദ്ദേശമൊന്നുമില്ലാതെ ഓരോ ഉദ്യോഗങ്ങളിൽ നിയമിച്ചു എന്നും പറഞ്ഞു.

മി: ടി. കുമാരപിള്ള (കല്ലൂരവും വിളവങ്കോടും): ഇവർ വിദ്യാഭ്യാസം കഴിഞ്ഞു മടങ്ങി വന്നതിൽ പിന്നീടു എത്രമാസം കഴിഞ്ഞിട്ടാണ് ഇവക്കു ഉദ്യോഗം കൊടുത്തതു.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉദ്ദേശം മൂന്നു നാലു മാസം കഴിഞ്ഞിട്ടായിരിക്കും. ഞാൻ പറവാൻ ഭാവിച്ചതു ഇതാണ് ഈ വിദഗ്ധന്മാരെ ഇംഗ്ലണ്ടിനയച്ചപ്പോൾ ഞാൻ അല്ലായിരുന്നു വ്യവസായഡയറക്ടർ.

മി: ടി. കുമാരപിള്ള (കല്ലൂരവും വിളവങ്കോടും): മിസ്റ്റർ ചാക്കോവിനെ ചൂണ്ടിക്കാണിച്ചില്ലാ ഞാൻ പറഞ്ഞിട്ടുള്ളതു.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): മിസ്റ്റർ ബാക്കർ മുഖാന്തിരമുള്ള കാര്യങ്ങളിൽ ഞാൻ അദ്ദേഹത്തോടു യോജിച്ചിട്ടില്ലെന്നാണു എനിക്കു പറവാനുള്ളതു. എന്നാൽ വിദഗ്ധന്മാരുടെ കാര്യത്തിൽ എനിക്കു ഏതാണ്ടഭിപ്രായം ഉണ്ടായിട്ടില്ല. ഓരോ പ്രത്യേകവിഷയങ്ങളിൽ പരിശീലനം പ്രാപിച്ചു വരാൻ ഈ യുവാക്കന്മാരെ ഇംഗ്ലണ്ടിലേക്കു അയച്ചതു തെറ്റായിപ്പോയി എന്നു ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെൻറും വിചാരിക്കുന്നില്ല. ഞാൻ സഭയുടെ മുൻ യോഗങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളപ്രകാരം വ്യവസായഡിപ്പാർട്ടുമെൻറിന്റെ പ്രധാന ആലോചനാവിഷയങ്ങളും എൻജിനീയറിങ്ങും രസതന്ത്രവും സംബന്ധിച്ചവയാണ്. എല്ലാവ്യവസായങ്ങളിലും ഇവ രണ്ടും ആവശ്യമാണു. അതുകൊണ്ടു വ്യവസായപുരോഗതിയിൽ യോഗ്യതയുള്ള ഒരു രസതന്ത്രജ്ഞൻ അത്യാവശ്യമാണു. ഇപ്പോൾ ഡിപ്പാർട്ടുമെൻറിൽ ഒരു വ്യവസായ എൻജിനീയരും ഒരു വ്യവസായ രസതന്ത്രജ്ഞനും ഉണ്ട്, ശരിയായി നടത്തപ്പെടുന്ന എല്ലാ വ്യവസായഡിപ്പാർട്ടുമെൻറുകളിലും ഈ വിദഗ്ധന്മാർ അത്യാവശ്യമാണു. ഈ ആഫീസിൽ ആലോചനയ്ക്കു വരുന്ന എല്ലാകാര്യങ്ങളും എൻജിനീയറിങ്ങു സംബന്ധിച്ചോ രസതന്ത്രം സംബന്ധിച്ചോ ആണ്. ചിലവിഷയങ്ങൾ ഇവ രണ്ടും സംബന്ധിച്ചാണു,

മി: കെ. ഐ. ജോസഫ് (മീനച്ചിലും ഭേവികളവും): ശരിയായ പരിശീലനം പ്രാപിച്ച ഒരു ചരിത്രകാരനു ഈ ജോലികൾ നിർവ്വഹിക്കാൻ കഴികയില്ലയോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ആ ചോദ്യത്തിനു മറുപടിപറവാൻ എനിക്കു സാധിക്കയില്ല.

ഇനി എന്റെ കീഴിലുള്ള നെയ്ത്തു വിദഗ്ധനും ഉരുൾ വിദഗ്ധനും പ്രത്യേകവിഷയങ്ങളിൽവിദഗ്ധന്മാരാണു. ഒരു വ്യവസായ ഡിപ്പാർട്ടുമെൻറിൽ അവർ അത്യാവശ്യമല്ല. അവർ ഈ രാജ്യത്തിന്റെ സ്ഥിതിക്കു ആവശ്യമെന്നേയുള്ളൂ. അവർ മറെറാരു സംഗതികളെ ആലോചിച്ചാൽ വലയുള്ളവരാണെന്നേയുള്ളൂ. തിരുവിതാംകൂറിൽ നെയ്ത്തു വ്യവസായം പ്രചാരത്തിൽ വരുന്നുണ്ടു. അതിന്റെ പ്രചാരത്തിനു ഗവണ്മെൻറും വളരെ സഹായിച്ചിട്ടുണ്ട്. തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളിലും ആ വ്യവസായം ഇപ്പോൾ നടത്തിവരുന്നുണ്ടു,

ഇവിടത്തെ അവസ്ഥ ഇങ്ങനെയിരിക്കുമ്പോൾ ഒരു പുതിയ വ്യവസായം ആവശ്യമായി വന്നു. ഇങ്ങനെ തന്നെയാണു തുകൽ വിദഗ്ധന്റെ കാര്യവും. തുകൽ ഉൗറയ്ക്കിടുവാൻ എനിക്കു അറിവില്ല. എങ്കിലും തുകൽ വ്യവസായത്തെ പറ്റി ഞാൻ പഠിച്ചു. ഞാൻ പഠിച്ചിട്ടുള്ളതിൽ നിന്നും തുകൽ വിദഗ്ധൻ അയച്ചുതന്നിട്ടുള്ള റിപ്പോർട്ടുകളും കൊണ്ടും തിരുവിതാംകൂറിൽ തുകൽ വ്യവസായം ആദായകരമായിരിക്കുമെന്നാണു ഞാൻ അനുമാനിച്ചിട്ടുള്ളതു. ഇപ്പോൾ തന്നെ ഈ രാജ്യത്തു നാലു തുകൽ വ്യവസായശാലകളും ഉണ്ടു. എന്നാൽ അവയൊന്നും ആധുനികവ്യവസ്ഥകളും അനുസരിച്ചു നടത്തുന്നവയല്ല. തുകൽ വ്യവസായം പ്രചരിപ്പിക്കുന്നതിനും നന്നാക്കുന്നതിനും ഇവിടെ മാർഗ്ഗമുണ്ടു.

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): കൊച്ചിയിൽ ടാനറിയുള്ളതായി അറിയാമോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അറിയാം.

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു അറിയാമോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഞാൻ അതിനെപ്പറ്റി മുമ്പൊരവസരത്തിൽ പറഞ്ഞിട്ടുണ്ടു.

മി: ടി. കുമാരപിള്ള (കല്ലൂളവും-വിളവങ്കോടും): സഭയുടെ അറിവിന്നായിമാത്രം ഞാൻ ചോദിച്ചതാണു.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഞാൻ പറയാം കൊച്ചിയിലെ ടാനറി ക്രോമിലെതർ ഉണ്ടാക്കുന്നായിട്ടാണു സ്ഥാപിച്ചതു. കാൺപൂരിൽ ക്ലപ്പർ അലന്റെ ടാനറിയും ക്രോസിയിലെ ടാനറികളും മുതലായി ഇപ്പോഴുള്ളതെന്നെ ക്രോമിലെതർ ടാനറികളും ഉണ്ടു. എന്നാൽ ഇൻഡ്യയിൽ ക്രോമിലെതറിനുള്ള ആവശ്യക്കാർ പുരുക്കുമാകകൊണ്ടു കൊച്ചിയിലെ ടാനറിയിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്കു ചെലവില്ല. തിരുവിതാംകൂറിൽ ടാനറി ഉണ്ടാക്കുന്നതിനുള്ള ഒരു പദ്ധതി ഉണ്ടാക്കി സമർപ്പിക്കുന്നതിനുമുമ്പായി കൊച്ചിയിലെ ടാനറിയെപ്പറ്റി വേണ്ട അന്വേഷണങ്ങളും കഴിച്ചു. ഞാൻ ആ സ്ഥലത്തുപോയി കണ്ടു. മിസ്റ്റർ രംഗവക്കരപ്പിനെ കണ്ടു അദ്ദേഹത്തിന്റെ അഭിപ്രായം അറിഞ്ഞു. വ്യവസായാഭിവൃദ്ധിയെപ്പറ്റി പറയുമ്പോൾ തിരുവിതാംകൂറിന്റെ സ്ഥിതി അറിയേണ്ടതാണു്. ചില മാന്യന്മാർ ജപ്പാനിലേയും മറ്റു സ്ഥലങ്ങളിലേയും അഭിവൃദ്ധിയെപ്പറ്റി പറയാറുണ്ടു. എന്നാൽ ജപ്പാൻ ഒരു സ്വതന്ത്രരാജ്യമാണു മറ്റു രാജ്യങ്ങളുടെ ഇടയിൽ ഒരു സ്ഥാനമുണ്ടു. അതുകൊണ്ടു മറ്റുരാജ്യങ്ങളും സമ്മതിക്കുന്ന നയം സ്വീകരിക്കാൻ കഴിവുണ്ടു.

പ്രൈസിഡെണ്ടു: വിഷയത്തോടു സംബന്ധമില്ലാത്ത കാര്യങ്ങളും വിവരിക്കേണ്ട മി: ചാക്കോ

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ജപ്പാനെപ്പോലെ വ്യവസായങ്ങളും അഭിവൃദ്ധിപ്പെട്ടതാൻ നമുക്കു സാധിക്കയില്ലെന്നാണു് ഞാൻ പറയുന്നതു്. റഷ്യ രാജ്യത്തിൽ നാമൊരു ചെറിയ രാജ്യമാണു്.

ഞാൻ പറഞ്ഞതുപോലെ നാം ക്രോം ലതർ ഉണ്ടാക്കിയാൽ അതു ചെലവാക്കാൻ മാർഗ്ഗമില്ല. എന്നാൽ ഉൗറയ്ക്കിടുകമാത്രം ചെയ്തുകഴിഞ്ഞ തോൽ മുട്ടുക്കു ആവശ്യക്കാർ ഉണ്ടു. പകുതി ഉൗറയ്ക്കിട്ട തുകൽ അമേരിക്കാക്കാർ വളരെ വാങ്ങുന്നുണ്ടു തിരുവിതാംകൂറിൽ ടാനറി സ്ഥാപിക്കുന്നതിന്റെ ഉദ്ദേശം പകുതി ഉൗറയ്ക്കിട്ട തുകൽ ഉണ്ടാക്കി ഇൻഡ്യയിലൊ യൂറോപ്പിലോ അമേരിക്കയിലോ ചെലവാക്കാമോ എന്നു നോക്കാനാണു് ക്രോം ലതർ ആവശ്യത്തിനനുസരിച്ചു ഉണ്ടാക്കാൻപോട്ടുള്ളു. ഈ അഭിപ്രായത്തോടുകൂടെയാണു ഇവിടെ ഒരു ടാനറി സ്ഥാപിച്ചതു്.

പ്രൈസിഡെന്റു: സമയമായി മിസ്റ്റർ ചാക്കോ.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): വ്യവസായഡയറക്ടർ പറഞ്ഞതു കേട്ടപ്പോൾ ഈ പ്രശ്നത്തെപ്പറ്റി അല്പം സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഫൻറു കൾ ടിവാൻ പ്രജ്ഞാസഭയിൽ ചെയ്ത പ്രസംഗത്തിൽ വ്യവസായഡിപ്പാർട്ടുമെൻറു സംബന്ധിച്ചു നമ്മുടെ നയം "ചെല്ലുന്നേടത്തു ചെല്ലുട്ടെ" എന്നായിരുന്നു എന്നു പറകയുണ്ടായി. ഈ വാക്കുകളും തന്നെയാണു അദ്ദേഹം ഉപയോഗിച്ചതു അതിനുപിന്നെ നാലു സംവത്സരം കഴിഞ്ഞെങ്കിലും ആ നയം മാറ്റപ്പെട്ടിട്ടുണ്ടോ എന്നോ വ്യവസായഡിപ്പാർട്ടുമെൻറിന്റെ അഭിവൃദ്ധിക്കായി ആലോചനാപൂർവ്വം വല്ല സ്ഥിരനയവും ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ എന്നോ അറിയാൻ ഇടയായിട്ടില്ല. ഡിപ്പാർട്ടുമെൻറിന്റെ ചാർജ്ജു വഹിക്കുന്ന യാതൊരാളെപ്പറ്റിയും എനിക്കു പരാതിയില്ല. ആ ഡിപ്പാർട്ടുമെൻറിന്റെ മേലധികാരിയായി ഒരു പ്രത്യേകവിഷയത്തിൽ വിദഗ്ധൻ വേണമെന്നും ഞാൻ വിചാരിക്കുന്നില്ല. ഒരു പ്രത്യേക ആളെ വ്യവസായ ഡിപ്പാർട്ടുമെൻറിന്റെ മേലധികാരിയായി നിയമിക്കാനുള്ള ഉദ്ദേശത്തോടുകൂടി (ഗവണ്മെൻറിനു ആ ഉദ്ദേശം ഉണ്ടായിരുന്നെങ്കിൽ) വ്യാപാരവും വ്യവസായവും പഠിച്ചുവരുന്ന ഗവണ്മെൻറു അയച്ചതുതന്നെ എനിക്കു ആശ്ചര്യകരമാണു്. വ്യവസായ ഡിപ്പാർട്ടുമെൻറിന്റെ നടത്തിപ്പിനു ഒരു പ്രത്യേക പരിശീലനം ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. വ്യവസായഡയറക്ടർ വിവരിച്ചപ്രകാരം വ്യവസായ ഡിപ്പാർട്ടുമെൻറിനു പ്രത്യേക വിദഗ്ധന്മാർ നടത്തിക്കൊണ്ടുപോരേണ്ടുന്ന പല ശാഖകളും ഉണ്ടു. എന്നാൽ ഡിപ്പാർട്ടുമെൻറു മൊത്തമായി ഭരിക്കുന്നതിനു ഒരു പ്രത്യേക വിദഗ്ധൻ വേണമെന്നു തോന്നുന്നില്ല. ഇതു ഇടയ്ക്കു പറഞ്ഞുവെന്നേയുള്ളു.

വ്യവസായാഭിവൃദ്ധിക്കായി ഫൻറു മുതൽ ഗവണ്മെൻറിന്റെ നയം ആലോചിച്ചാൽ വ്യവസായഡിപ്പാർട്ടുമെൻറു ചില പരീക്ഷണങ്ങൾ നടത്താൻ ആരംഭിച്ചിരിക്കുന്നു എന്നു ഫൻറു-ൽ ഗവണ്മെൻറു പ്രസ്താവിച്ചു. ഫൻറു, ഫൻറുവു, ഫൻറുനു ഈ വർഷങ്ങളും കഴിഞ്ഞുപോയിരിക്കുന്നു. എങ്കിലും നമ്മോടു ഇപ്പോഴും പറയുന്നതു ഡിപ്പാർട്ടുമെൻറിനു ഇതുവരെ ഒന്നും ചെയ്വാൻ കഴിഞ്ഞിട്ടില്ലെന്നും അതു ഇപ്പോഴും ഒരു ഒരുക്കിൽ പ്രവർത്തിച്ചിരിക്കുന്നു് എന്നുമാണു. വ്യവസായഡയക്ടറുടെയും ഡിപ്പാർട്ടുമെൻറിന്റെ ശരിയായ നടത്തിപ്പിനും ഉദ്യോഗവാദികളുടെയും നടപ്പിനും സ്വീകരണത്തിനുമായി ആലോചനാപൂർവ്വം ഒരു സ്ഥിരനയം ഗവണ്മെൻറു

ചൂർപ്പെട്ടുപോയതിനെക്കുറിച്ചും അതിക്രമിച്ചുകിടക്കുന്ന ഏതാണ്ടുള്ള സംഖ്യയിലേക്കു ഈ പ്രദേശം സംബന്ധമായി ഗവൺമെന്റിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

ശാലകൾ ഉണ്ടാക്കിച്ചേർക്കുന്നതു വലിയ മുതൽമുടക്കുകളെ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നതിനു മുമ്പു വ്യവസായങ്ങളുടെ അഭിവൃദ്ധിയിലാണ് ശ്രദ്ധ പതിക്കേണ്ടതെന്നുള്ള ഡിപ്പാർട്ടുമെന്റിന്റെ മുമ്പത്തിനു ഉത്തരവാദികളായ പലരേയും ഗവൺമെന്റു ഉപദേശിച്ചാൽ നന്നായിരിക്കുമെന്നും ഇതു സംബന്ധിച്ചു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇങ്ങനെ ചെയ്യുന്നതിനാൽ അവരെ ഓരോ വിഷയത്തിനു വൈദഗ്ദ്ധ്യം പ്രാപിച്ചുവരുന്നതിനു ഗവൺമെന്റിന്റെ അനുവാദം ലഭിക്കുന്നു എന്നുള്ള ഉദ്ദേശത്തോടെ ആയിരുന്നാലും—ഈ വിഭാഗത്തിനെ വേലചെയ്തു കാലയാപനംചെയ്യുന്നവരുടെ ഇടയിൽ ഓരോ തൊഴിൽ പ്രചരണത്തിനായി ഉപയോഗിക്കുന്നതു നന്നായിരിക്കും. ഗവൺമെന്റും ഈ ചെറിയ തൊഴിൽക്കാരുടെ എഞ്ജിൻറായിനിന്നു അവരുടെ സാമാനങ്ങൾ ചെലവുകുന്നതിനുള്ള ചാർജ്ജുകൾ കണ്ടുപിടിക്കണം. ഇങ്ങനെ ചെയ്യുന്നതിൽ ഈ കൂടിൽ വ്യവസായങ്ങൾക്കു അധികം പ്രചാരം ഉണ്ടാകും. ഈ പ്രസ്താവനകളോടുകൂടി ഞാൻ മിസ്റ്റർ കുമാരപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം). ഡിപ്പാർട്ടുമെന്റിന്റെ സാധാരണ നയം വലിയ വിഷയമായി തീർന്നിരിക്കുകയാണു അതിനെപ്പറ്റി ഒരു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വ്യവസായപ്രചരണത്തെ കുറിച്ചു അനുഭവമില്ലാത്ത ഒരു സംഖ്യയിൽനിന്നു കാര്യം രൂപപ്പെടുത്തുക എന്നുള്ള പ്രയാസം ചിലത്തിനെടുക്കേണ്ടതാകുന്നു എനിക്കു പറവാനുള്ളതു പറഞ്ഞാൽ മതി എന്നാണെന്നു ഞാൻ വിചാരിച്ചു. മിസ്റ്റർ ജോർജ്ജും ഡിപ്പാർട്ടുമെന്റിന്റെ നയത്തെപ്പറ്റി ഇപ്പോൾ സംസാരിക്കുന്നതുകൊണ്ടു ആ പ്രദേശം വിചാരണയ്ക്കെടുക്കാം. ഇടയ്ക്കു അതുകൊണ്ടു എനിക്കു പറവാനുള്ളതു പറയാൻ ഈ അവസരം ഉപയോഗിക്കയാണു നല്ലതെന്നു ഞാൻ വിചാരിക്കുന്നു.

എനിക്കു രണ്ടു കാര്യങ്ങളാണു പ്രത്യേകമായി പറവാനുള്ളതു. ഒന്നാമതായി ചേരിൽ തൊഴിൽശാലാ വ്യവസായങ്ങളെയല്ല കുടിൽവ്യവസായങ്ങളെക്കുന്നു ഗവൺമെന്റു പ്രോത്സാഹിപ്പിക്കുവാൻ വിചാരിക്കുന്നതെന്നു മിസ്റ്റർ ജോർജ് തന്റെ ബഡ്ജറ്റു പ്രസംഗത്തിൽ പറയുകയുണ്ടായി. ഏതു കുടിൽ വ്യവസായത്തെ സംബന്ധിച്ചാണു അദ്ദേഹം ഇങ്ങനെ പറഞ്ഞതെന്നു എനിക്കു അറിഞ്ഞുകൂടാ. വ്യവസായഡിപ്പാർട്ടുമെന്റിന്റെ ക്വാർട്ടർമാണ്ടത്തെ റിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"കുടിൽവ്യവസായങ്ങളെ സഹായിച്ചു അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മാർഗ്ഗം നിർദ്ദേശിക്കുന്ന കാര്യം ഞാൻ കായ്യർശിയായ ധനപരിപോഷണബോർഡിന്റെ വ്യവസായക്കമ്മിറ്റിയോടു ഞാൻ ആലോചിച്ചു. അവർ യൂറോപ്പിലും ഇന്ത്യയിലും നാട്ടുരാജ്യങ്ങളിലും ഉള്ള കുടിൽ വ്യവസായങ്ങളെപറ്റിയും ആ വക വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനു ഗവൺമെന്റുകളും മറ്റു സ്ഥാപനങ്ങളും ഉണ്ടാക്കീട്ടുള്ള വ്യവസ്ഥകളെപ്പറ്റിയും ആലോചിക്കയും തിരുവിതാംകൂറിലെ കുടിൽ വ്യവസായങ്ങളെ അവയോടു താരതമ്യപ്പെടുത്തിനോക്കുകയും ചെയ്തു. ഈ കമ്മിറ്റിയോഗം രണ്ടു ദിവസത്തേക്കുണ്ടായിരുന്നു. ഇപ്പോഴത്തെ സ്ഥിതിക്കു പരിപോഷണപ്രവൃത്തികൾ കൊണ്ടു അഭിവൃദ്ധിപ്പെടുത്താവുന്നതു തിരുവിതാംകൂറിൽ നെയ്ത്തു വ്യവസായം മാത്രമേ ഉള്ളൂ എന്നു കമ്മിറ്റി അഭിപ്രായപ്പെടുകയും അതിനായി പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തണമെന്നു ശിപാർശ ചെയ്യുകയും ചെയ്തു. സമ്പൽസമൃദ്ധിയുള്ള ഉദ്യോഗസ്ഥന്മാർ നെയ്ത്തു കുറഞ്ഞുകൊടുക്കുന്നതിനായി താമസിക്കുന്ന സ്ഥലങ്ങളിൽ അവർ ഇപ്പോൾ പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്താൻ യത്നിച്ചുവരുന്നു."

ഇങ്ങനെ ഈ സംസ്ഥാനത്തിൽ നെയ്ത്തല്ലാതെ പരിപോഷണത്തിനു യോഗ്യമായ വേറൊരു കുടിൽ വ്യവസായമില്ലെന്നു പറഞ്ഞതാണു ധനപരിപോഷണബോർഡു വ്യവസായഡിപ്പാർട്ടുമെന്റുകാരുടെ രണ്ടു ദിവസം നീണ്ടുനിന്ന ആലോചിച്ചതിന്റെ ഫലം. നെയ്ത്തു ഈ നാട്ടിൽ ഒരു കുടിൽവ്യവസായമായി പുരാതനകാലം മുതൽക്കേ പ്രസിദ്ധമാണ്. അതു പ്രോത്സാഹിപ്പിക്കേണ്ടതാണെന്നു ബോർഡു കണ്ടുപിടിച്ചതു ഒരു കണ്ടുപിടിത്തമാണെന്നു ഞാൻ വിചാരിക്കുന്നില്ല. റിപ്പോർട്ടിൽ പിന്നെയും പറയുന്നു വ്യവസായഡിപ്പാർട്ടുമെന്റിന്റെ പുതിയ വ്യവസ്ഥകളിൽ പ്രോത്സാഹിപ്പിക്കുന്നതെന്നു പറയുന്നതു ഉദ്ദേശിയ്ക്കുന്നതു ഉണക്കുക, ബട്ടൻസ് ഉണ്ടാക്കുക, ഡൈയിംഗ്, സോപ്പു, ചക്കര മുതലായി വലിയ തൊഴിൽ ശാലകളും യന്ത്രങ്ങളും വേണ്ടുന്നവയാണു. മിസ്റ്റർ ജോർജ്ജ് പറഞ്ഞതു ശരിയായി ഗ്രഹിക്കയാണെങ്കിൽ ഈ വക വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റു ഒരുക്കമല്ല, അതുകൊണ്ടു തിരുവിതാംകൂറിലെ സ്ഥിതിക്കു യോഗ്യമായ കുടിൽ വ്യവസായങ്ങളും ഇന്നവയാണെന്നു കണ്ടുപിടിക്കുവാൻ ഇവിടെ ശാസ്ത്രമായ ഒരു വ്യവസായസർവ്വേ നടത്തണമെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു. ഡോക്ടർ ബാക്കർ ഇങ്ങനെയൊരു ശ്രമം ചെയ്തു. അതിന്റെ പരിണാമം എന്താണെന്നു എനിക്കു എല്ലാവക്കും അറിയുമല്ലോ. മദ്രാസിലെ സർഅൽഫ്രഡ് ചാമർടനെപ്പോലെ ഇൻഡ്യൻവ്യവസായങ്ങളെപ്പറ്റി പാണ്ഡിത്യമുള്ള ഒരു വിദഗ്ദ്ധനെക്കൊണ്ടു ഇവിടെ ഒരു വ്യവസായസർവ്വേ നടത്തണമെന്നു പറഞ്ഞുകൊള്ളുന്നു. ഒരുപക്ഷേ മാസം രണ്ടായിരം രൂപാ ചെലവുവരും. എന്നാൽ അതു കുറച്ചുകാലത്തേക്കു വേണ്ടിവരുന്ന ആ ചെലവു ദുർവ്യയം ആയിരിക്കയുമില്ല.

വ്യവസായങ്ങളിൽ ജനങ്ങൾക്കു അഭിരുചി ഉണ്ടാക്കുന്നതിനു വ്യവസായഡിപ്പാർട്ടുമെന്റു പ്രചരണപ്രവർത്തനം നടത്തണമെന്നുള്ളതാണു ഞാൻ പറവാൻ ആഗ്രഹിക്കുന്ന വേറൊരു കാര്യം. പരിപോഷണഡിപ്പാർട്ടുമെന്റുകളുടെ ശ്രമങ്ങൾക്കു അനുയോജ്യമായ സഹകരണം ജനങ്ങളിൽനിന്നുണ്ടാകുന്നില്ലെന്നു കൃഷിഡയറക്ടർ പരാതി പറഞ്ഞു. കൃഷിയും വ്യവസായവും ഡിപ്പാർട്ടുമെന്റുകളും അവരുടെ പരിശ്രമങ്ങളും സഫലമാകുന്നതിനു ഒട്ടുമുക്കാലും ജനങ്ങളുടെ സഹകരണമാണു ആവശ്യമായിരിക്കുന്നതു. മഹാത്മാഗാന്ധിയെപ്പോലെ ഒരു ആറുമാസക്കാലത്തേക്കു ഇൻഡ്യാ ഒട്ടുക്കു ചക്രം പ്രചരണത്തിൽ വരുത്തുവാൻ കഴിഞ്ഞുവെങ്കിലോ അങ്ങനെയിരിക്കെ തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു ചെറിയരാജ്യത്തു ഏതെങ്കിലും വ്യവസ്ഥകളും പ്രചാരത്തിൽ വരുത്തുവാൻ എളുപ്പമായിരിക്കണം. പ്രചരണജോലിയോടുകൂടെ പുതിയ കുടിൽ വ്യവസായങ്ങളും ധാരാളമായി ചെയ്യുകാണിക്കയും വേണം. ഒരു ശരിയായ വിദഗ്ദ്ധനെക്കൊണ്ടു ശരിയായ വ്യവസായസർവ്വേ ഗവൺമെന്റു നടത്തിക്കുമെന്നു വിശ്വസിക്കുന്നു. ഈ രാജ്യത്തു എന്തെല്ലാം പുതിയ വ്യവസായങ്ങളും പ്രചരിപ്പിക്കാമെന്നു അന്വേഷണം കഴിക്കേണ്ടതാരും എക്കോണോമിക് ഡെവലപ്പുമെന്റു ബോർഡിനെ ഏല്പിക്കുന്നതു

രകാര്യമായ ഒരു പ്രയോജനവും ഇല്ല. ഞാൻ പറഞ്ഞ വിദഗ്ദ്ധൻ ശിപാർശ ചെയ്യുന്ന വ്യവസായങ്ങൾ ജനങ്ങളെ ചെയ്യുകയാണെങ്കിൽ മാത്രമേയിരിക്കുകയുള്ളു വ്യവസായഡിപ്പാർട്ടുമെന്റിന്റെ ജോലി.

ചെയർമാൻ: സഭയുമായി.

ശ്രീ. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേട്ടും): ഈ പ്രമേയത്തെപ്പറ്റി അല്പം സംസാരിക്കാൻ ഞാനും ആഗ്രഹിക്കുന്നു. വ്യവസായഡിപ്പാർട്ടുമെന്റിന്റെ സാധാരണ നയത്തെപ്പറ്റി വളരെ പ്രതിപാദിച്ചുകഴിഞ്ഞു. വ്യവസായഡിപ്പാർട്ടുമെന്റ് ഒരു പുതിയ ഡിപ്പാർട്ടുമെന്റാണെന്നു സൂചിപ്പിക്കുകയുണ്ടായി. ഈ ഡിപ്പാർട്ടുമെന്റ് തിരുവിതാംകൂറിൽ അല്പം ഫ്ലർപ്പെട്ടെന്നിയതു ഫാർമറച്ചാണ്. വ്യവസായങ്ങൾക്കു ഈ നാട്ടിൽ വളരെ പ്രചാരം ഇല്ല എന്നുകൊണ്ടു ഒരു ഡിപ്പാർട്ടുമെന്റിന്റെ ആരംഭത്തിൽതന്നെ ഒരു സ്ഥിരനയം ഉണ്ടാക്കാൻ ഡിപ്പാർട്ടുമെന്റിനെ ഗവണ്മെന്റിനോ കഴികയില്ല. അതുകൊണ്ടു മിസ്റ്റർ നാരായണപിള്ള പറഞ്ഞതുപോലെ ഗവണ്മെന്റിന്റെനയം അസ്ഥിരമായിരിക്കുന്നതു അസ്വാഭാവികം അല്ല. കിണ്ടമല്ലെങ്കിലും കുറെശ്ശകാലംകൊണ്ടു പരീക്ഷണങ്ങൾകൊണ്ടും ഡിപ്പാർട്ടുമെന്റു നടത്തുന്ന ജോലിയിലുള്ള പരിചയംകൊണ്ടും പിന്നീടു ഉപയോഗിക്കത്തക്കവണ്ണം ഒരു പദ്ധതി തയ്യാറാക്കാൻ നമുക്കു കഴിയുമെങ്കിൽ. കഴിഞ്ഞ വർഷത്തെ വ്യവസായഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടുകളും അവയെ സംബന്ധിച്ചുണ്ടായിട്ടുള്ള ഗവണ്മെന്റു കല്പനകളും വായിച്ചുനോക്കിയാൽ ഡിപ്പാർട്ടുമെന്റു മിക്കവാറും ശരിയായ ഒരു നിലയെ പ്രാപിച്ചിട്ടുണ്ടെന്നും ഒരു നയം സ്വീകരിച്ചുട്ടുണ്ടെന്നും തെന്നുകാണും. ഉദാഹരണമായി മേലാൽ കൂടിൽ വ്യവസായങ്ങൾക്കല്ലാതെ വായ്പ തൊഴിലുകാർക്കു പ്രോത്സാഹനം നല്കുന്നതല്ലെന്ന ഗവണ്മെന്റു നിശ്ചയിച്ചിട്ടുള്ളതായി ഫൈനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ നാം വായിച്ചുപോലും. അതുകൊണ്ടു വ്യവസായഡിപ്പാർട്ടുമെന്റിനെപ്പറ്റി ഗവണ്മെന്റു ഒരു നയം സ്വീകരിച്ചിട്ടില്ലെന്നു പറയാൻ പാടില്ല.

ഡിപ്പാർട്ടുമെന്റിന്റെ മേലധികാരിയെപ്പറ്റി മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു.

ശ്രീ: ടി. കുമാരപിള്ള (കല്ലൂമ്പുവും-വിളപങ്കോടും): ഈ നയത്തെ ഗവണ്മെന്റു എപ്പോൾ എങ്ങനെയാണു ഉപയോഗപ്പെടുത്തിട്ടുള്ളതു?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേട്ടും): ഞാൻ സംസാരിക്കാൻ തുടങ്ങിയതിനുമുമ്പു നടന്നിട്ടുള്ള സംഗതികളെ അടിസ്ഥാനപ്പെടുത്തിയാണു ഞാൻ പറയുന്നതു. ഈ പദ്ധതിയുടെ ആരംഭയോഗത്തിനു ഞാൻ ഉദ്ഘാടിപ്പിച്ചപ്രകാരമാണു ഫൈനാൻഷ്യൽ സെക്രട്ടറി പ്രസ്താവിച്ചതു. സ്ഥിരമായ ഒരു നയം സ്വീകരിച്ചു കഴിഞ്ഞുഎന്നു ഞാൻ പറഞ്ഞില്ല. ഗവണ്മെന്റിനു ഒരു നയവും ഇല്ലെന്നുപറവാൻ പാടില്ലെന്നാണു ഞാൻ പറയുന്നതു. ചില സംഗതികളെ അവർ ആലോചിച്ചുകൊണ്ടിട്ടുണ്ടെങ്കിലും ഒരു പദ്ധതി രൂപീകരിച്ചു നടപ്പിൽ വരുത്തുന്നതിനു അല്പം കാലതാമസം ഉണ്ടാകും.

മേലധികാരിയുടെനിയമനത്തെപ്പറ്റിയാണെങ്കിൽ, ഞാൻ സംസാരിച്ചതുതന്നെ. ഡിപ്പാർട്ടുമെന്റിന്റെ മേലധികാരി ഒരു പിരഗ്രഹനായിരിക്കണമെന്നില്ലെന്നു മി: പരമേശ്വരൻപിള്ളയെപ്പോലെ ഞാനും വിചാരിക്കുന്നു എന്നു ഞാൻ പറഞ്ഞു. മറ്റുരാജ്യങ്ങളിൽ വ്യവസായഡിപ്പാർട്ടുമെന്റുകളുടെ മേലധികാരിമാർ ഐ. സി. എസ് പരീക്ഷ ജയിച്ചവർ ആയിരുന്നതിന്റെയും ആയിരിക്കുന്നതിന്റെയും ഉദാഹരണങ്ങൾ ഉണ്ടു. ഇംഗ്ലണ്ടിൽ പോലും മുന്നുവർഷം വ്യവസായവും ബാങ്കിങ്ങും പഠിച്ചുവന്ന ഒരാളെ ഡിപ്പാർട്ടുമെന്റിന്റെ മേലധികാരിയായി നിയമിക്കുന്ന കാര്യത്തെപ്പറ്റി വ്യവസായഡിപ്പാർട്ടുമെന്റിന്റെ ശരിയായ നടത്തിപ്പിനു ഗവണ്മെന്റിനും ജനങ്ങൾക്കും ആവശ്യമുള്ളതു പ്രൊഫഷ്യണൽ അല്ല പരിചയം ആകുന്നു എന്നാകുന്നു എനിക്കു പറയാനുള്ളതു്. ആ ഡിപ്പാർട്ടുമെന്റിനോടു ബന്ധമുള്ള ആളുകളും സംഘങ്ങളും കമ്മിറ്റികളും തന്നെയായിരിക്കും ഒരു നയത്തെപ്പറ്റി ഗവണ്മെന്റിനെ ഉപദേശിപ്പാൻ യോഗ്യതയുള്ളവർ എന്നും ഞാൻ വിചാരിക്കുന്നു. വ്യവസായങ്ങളുടെ നടത്തിപ്പിനെപ്പറ്റി ഒരു അഭിപ്രായം പറയത്തക്ക പ്രൊഫഷ്യണൽ എനിക്കില്ലെന്നു ഞാൻ സമ്മതിച്ചുകൊടുക്കുന്നു. എന്നാൽ ഡിപ്പാർട്ടുമെന്റിൽതന്നെ പല പിരഗ്രഹന്മാർ ഉണ്ടു. നെയ്ത്തു പിരഗ്രഹൻ, വ്യവസായസംബന്ധമായ മുതലായ പലരും ആ ഡിപ്പാർട്ടുമെന്റിൽ ഉണ്ടു. തിരുവിതാംകൂറിൽ ഏതെല്ലാം വ്യവസായങ്ങൾ എങ്ങനെയെല്ലാം അഭിവൃദ്ധിപ്പെടുത്താം എന്നു അവർക്കു ധനപരിപോഷണബോർഡിനും വ്യവസായഡയറക്ടർക്കും അറിയാമായിരിക്കണം—ഇവയാണു് ഈ പ്രമേയം സംബന്ധിച്ചു എനിക്കു പറവാനുള്ളതു.

മി: സി. പി. തോമസ് (ഗവണ്മെന്റു നിയമനം): വ്യവസായഡിപ്പാർട്ടുമെന്റിനു ഒരു നയവും ഇല്ലെന്നുള്ളതിനെപ്പറ്റി ഇവിടെ അധികം പറകയുണ്ടായി. ചില വർഷങ്ങൾക്കുമുമ്പു വ്യവസായഡിപ്പാർട്ടുമെന്റു സ്ഥാപിക്കുന്നതിനെസംബന്ധിച്ചു എന്റെ സ്നേഹിതൻ മിസ്റ്റർ മാത്തു പറഞ്ഞതിനുപുറമേ ഈ ഡിപ്പാർട്ടുമെന്റു ഇപ്പോൾ സ്വീകരിച്ചിട്ടുള്ള ക്രമപ്പെട്ടനയത്തെപ്പറ്റി ചില വാക്കുകൾ എനിക്കു പറവാനുണ്ടു്. ആശാരിപണി പഠിപ്പിക്കുന്നതിനുള്ള സ്കൂളിനുപുറമെ എൻജിനീയർ ജോലിയും ഫിറ്റർ ജോലിയും പഠിപ്പിക്കുന്നതിനും ഒരു സ്കൂൾ ഗവണ്മെന്റു സ്ഥാപിച്ചു നടത്തുന്നുണ്ടു്. വ്യവസായ വിദ്യാലയങ്ങൾക്കു സഹായധനം കൊടുക്കുന്നതിനു വേണ്ടുന്ന വ്യവസ്ഥയും ഉണ്ടാക്കീട്ടുണ്ടു്. എങ്കിലും ബഡ്ജറിനെ പറ്റിയുള്ള സാധാരണ നിരൂപണത്തിൽ ഞാൻ പറഞ്ഞപ്രകാരം വ്യവസായ സ്കൂളുകളുടെ എണ്ണവും സഹായധനവ്യവസ്ഥയും തൃപ്തികരമല്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാലും വ്യവസായസ്കൂളുകൾക്കു സഹായധനം കൊടുക്കുമെന്നുള്ള നയം സ്വീകരിച്ചിട്ടുണ്ടെല്ലോ. സഹകരണമായി സ്ഥാപിക്കുന്ന വ്യവസായസംഘങ്ങൾക്കു കടംവാങ്ങികൊടുത്തു സഹായിക്കുമെന്നും നിശ്ചയിച്ചുകാണുന്നു. അതുകൊണ്ടു നയമൊന്നുമില്ലെന്നുപറയുന്നതു അതിശയോക്തിയും അടിസ്ഥാനമില്ലാത്തതും അനുചിതവുമാണു് എന്റെ അഭിപ്രായം. ഇപ്പോഴത്തെ നയം ഇനിയും നന്നാക്കുന്നതിനു മാർഗ്ഗമില്ലെന്നല്ലാ ഞാൻ പറയുന്നതു്. ഇനി ഉദ്യോഗസ്ഥന്മാരെപറ്റി—

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വ്യവസായഡിപ്പാർട്ടുമെന്റിന്റെ നയം "കഴിയുന്നേടത്തു കഴിയട്ടെ" എന്നാണെന്നുള്ള പ്രജാസഭയിൽ ദിവാൻ പ്രസ്താവിച്ചതിനെപ്പറ്റി മെമ്പർ എന്താണു് പറയുന്നതു്?

മി: സി. പി. തോമസ് (ഗവണ്മെൻറ നിയമനം): അല്ല ഫൻറ ഫുൽ ആയിരുന്നു നാം ഇപ്പോൾ പറയുന്നതു ഫൻറ ഇംപെ കായ്മാണ്ട്. ഡിപ്പാർട്ടുമെൻറിൻെറ മേലന്വേഷണത്തെ ഇംഗ്ലണ്ടിൽ പോയി പഠിച്ചുവന്ന ഒരു വ്യവസായവിദഗ്ദ്ധനല്ല ഡിപ്പാർട്ടുമെൻറിനോടു പരിചയവും, അതിൻെറ നടത്തിപ്പിനെപ്പറ്റി കുറെങ്കിലത്തെ അറിവും ഉള്ള ഒരാളാണു വേണ്ടതെന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള ഉദ്യോഗസ്ഥന്മാരെപ്പറ്റി പറഞ്ഞ അഭിപ്രായത്തിൽ ഞാനും യോജിക്കുന്നു. ഇംഗ്ലണ്ടിൽ പോയി സാങ്കേതികവിദ്യാഭ്യാസം കഴിഞ്ഞു വന്ന പുതിയ ഒരാളെക്കാൾ അധികം പ്രയോജനം അങ്ങനെയുള്ള ഒരാളെക്കൊണ്ടു ഉണ്ടാകും. ഇപ്പോഴത്തെ വ്യവസായഡിപ്പാർട്ടുമെൻറ മേലധികാരിക്കു ധനപരിപോഷണ ബോർഡിൻെറ ഉപദേശത്തോടുകൂടി രാജ്യത്തിൻെറ ധനാഗമമാർഗ്ഗങ്ങൾ അധികമാക്കുന്നതിനു എതെല്ലാം വ്യവസായങ്ങളാണു യോജിച്ചതെന്നു തീർച്ചയാക്കാൻ കഴിയുമെന്നാണു എൻെറ ഉത്തമവിശ്വാസം.

മി: കെ. കെ. തോമസ് (കോട്ടയം): ഇപ്പോൾ നടക്കുന്ന വാദപ്രതിവാദം സംബന്ധിച്ചു ചില വാക്കുകൾ പറവാൻ എന്നെയും അനുവദിക്കുമോ? ഡിപ്പാർട്ടുമെൻറിൻെറ നയത്തെപ്പറ്റിയുള്ള വാദത്തിൽ ഡിപ്പാർട്ടുമെൻറ മേലധികാരിയുടെ യോഗ്യതകളും വാഴ്വിഷയമായി തീർന്നതു കഷ്ടമായിപ്പോയി.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിപ്പാർട്ടുമെൻറ മേലധികാരിയെപ്പറ്റി അധികം ഒന്നും പറഞ്ഞതിലെന്നു തോന്നുന്നു.

മി: കെ. കെ. തോമസ്സ് (കോട്ടയം): അദ്ദേഹത്തെപ്പറ്റി ഇവിടെ പ്രസ്താവം ഉണ്ടായിട്ടുണ്ട്. അതു വാദം ഇവിടെ അസ്ഥാനത്തിലാണെന്നു ഞാൻ വിചാരിക്കുന്നു. വ്യവസായകാര്യങ്ങളിലധികം പഠിച്ചുവരുന്നതിനു ഒരു മാന്യനെ ഇംഗ്ലണ്ടിലേക്കു അയച്ച സംഗതി എൻെറ പല സ്നേഹിതന്മാരും പ്രത്യേകം എടുത്തുപറഞ്ഞു പിന്നെ വാദവിഷയമായതു വ്യവസായഡിപ്പാർട്ടുമെൻറിൻെറ സ്ഥിരനയമില്ലായ്മയോ "ചെല്ലുന്നേടത്തു ചെല്ലട്ടെ" എന്നുള്ള നയമോ ആണ്. പിന്നത്തെ സംഗതി ഇപ്പോഴത്തെ നയമോ നയമില്ലായ്മയോ ആയിരുന്നു. അതിൻെറ നയം 'ചെല്ലുന്നേടത്തു ചെല്ലട്ടെ' എന്നാണെന്നു കാണിപ്പാൻ ഡിപ്പാർട്ടുമെൻറിൻെറ ഭരണറിപ്പോർട്ടിൽനിന്നു ചിലഭാഗം ഉദ്ധരിച്ചുകേൾപ്പിച്ചു. അനന്തരം ആ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു യാതൊരു സ്ഥിരനയവും സ്വീകരിച്ചിട്ടില്ലെന്നും നമ്മുടെ ഒഴിയിൽ കൊണ്ടുവന്ന തൊഴിൽശാലാവ്യവസായങ്ങളെയല്ല കുടിൽവ്യവസായങ്ങളെ ആണ് ഗവണ്മെൻറ പ്രോത്സാഹിപ്പിക്കാൻ വിചാരിക്കുന്നതെന്നും ഫൈനാൻഷ്യൽ സെക്രട്ടറിയും പ്രസ്താവിച്ചു. തൊഴിൽശാലാവ്യവസായങ്ങളെ മൈസൂർ ഗവണ്മെൻറ ഒരുമിയ്ക്കുമായി സഹായിച്ചിരുന്നു. എങ്കിലും അതിൻെറ പരിണാമം നമുക്കു അറിയാമല്ലൊ. കൊച്ചി ഗവണ്മെൻറ അങ്ങിനെ ചെയ്ത പരിശ്രമങ്ങളുടെ ഫലം ഇപ്പോൾ അധികം അനുഭവിക്കുന്നു. ബ്രിട്ടീഷ്ഇൻഡ്യയിൽനിന്നു ഒരു വിദഗ്ദ്ധനെ വരുത്തി ഒരു വ്യവസായസംഘം നടത്തുന്നതിൻെറ അഭിലഷണീയതയെപ്പറ്റി മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പറഞ്ഞു. ഡോക്ടർ ബാക്കർ ഒരു റിപ്പോർട്ടു സമർപ്പിച്ചിരുന്നു എന്നു എനിക്കറിവുണ്ട്. അധികാരസ്ഥന്മാർ അതു തിരസ്കരിച്ചുകളഞ്ഞുവൊ എന്നു അറിയുന്നില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അദ്ദേഹത്തിൻെറ റിപ്പോർട്ടു വായിച്ചിട്ടുണ്ടോ?

മി: കെ. കെ. തോമസ് (കോട്ടയം) ആ റിപ്പോർട്ടു പ്രസിദ്ധം ചെയ്തിട്ടുള്ളതും ഞാൻ വായിച്ചിട്ടുള്ളതുമാണ്. മരച്ചീനി അധികമുള്ള സ്ഥലങ്ങളിൽ മരച്ചീനിപ്പൊടിവ്യവസായം ഏർപ്പെടുത്തുന്നതിൻെറ ഔചിത്യത്തെപ്പറ്റി അതിൽ നിഷ്കൃഷ്ടമായി പ്രതിപാദിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഇങ്ങനെതന്നെ മറ്റനവധി വ്യവസായവും അദ്ദേഹം ശിപാർശചെയ്തിട്ടുണ്ട്. നാം തൊഴിൽശാലാവ്യവസായങ്ങളും ഒഴിഞ്ഞുകളകയാണു ചെയ്യുന്നതു്. പാശ്ചാത്യരാജ്യങ്ങളിൽ വ്യവസായശക്തിക്രമം ഉണ്ടായിട്ടുള്ള ദോഷങ്ങളെ ആലോചിച്ചാലും നമ്മുടെ രാജ്യം പ്രധാനമായി കൃഷിരാജ്യമാണെന്നും ജനങ്ങളിൽ ഭൂരിപക്ഷം കൃഷിക്കാരാണെന്നുള്ള സംഗതിയും ആലോചിച്ചാലും ഇവിടെ തൊഴിൽശാലകൾ ഏർപ്പെടുത്തി ചെയ്യുണ്ടുന്ന വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുവാൻ വളരെ കാലതാമസം ഉണ്ടാകുമെന്നു. എനിക്കു തോന്നുന്നു, കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറ അവലംബിക്കേണ്ടുന്ന നയത്തെപ്പറ്റി ഇങ്ങനെ പറഞ്ഞുകൊണ്ടും തൊഴിൽശാലാവ്യവസായങ്ങളിൽ ഗവണ്മെൻറ ഏർപ്പെടുന്നതു ആപൽകരമായിരിക്കുമെന്നു പ്രസ്താവിച്ചുകൊണ്ടും ഞാൻ മിസ്റ്റർ കുമാരപിള്ളയുടെ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇൻഡസ്ട്രിയൽഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു എൻെറ സ്നേഹിതന്മാരിൽ ചിലർ പറഞ്ഞിട്ടുള്ളതു ഗവണ്മെൻറ ഒരുനയം രൂപീകരിച്ചിട്ടുണ്ടെന്നും പക്ഷേ അതു "cut and dry', അല്ലെന്നുമാണ്. ഞാൻ പെട്ടെന്നുപോലെ ആലോചിച്ചിട്ടും അതെങ്ങിനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഗവണ്മെണ്ടു ഒരു പോളിസി രൂപീകരിക്കുകയും അതനുസരിച്ചു നടത്തുകയും ചെയ്യുകയാണെങ്കിൽ അതിൽ കുഴപ്പംവരാൻ മാർഗ്ഗമില്ല, അതില്ലാത്തതുകൊണ്ടാണ് പതിനേഴാമത്തെ അസംബ്ലിയിൽ ബിഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തികളെപ്പറ്റി സങ്കടപ്പെട്ടു പറയാൻ ഇടയായിട്ടുള്ളതു്. ഇതുവരെ ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറ പലതു നല്ലകാര്യങ്ങളും ചെയ്തിട്ടുണ്ടെന്നും മേലാൽ എന്തെങ്കിലുമൊക്കെ കാര്യങ്ങൾ സാധിക്കാൻ ഉണ്ടെന്നും ജനങ്ങളുടെ ഇടയിൽ വലുതായ വിശ്വാസം ജനിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതു് വലുതായ ഇച്ഛാഭംഗത്തിൽ അവസാനിപ്പിച്ചിരുതയുള്ളു. ഇതുവരെ വ്യവസായഡിപ്പാർട്ടുമെണ്ടിൽ ചെയ്തിട്ടുള്ള ദോഷികരം പ്രയോജനപ്പെടാതെ തെറ്റിപ്പോയതായി പ്രകടമായി ഭാവിയിൽ ഗവണ്മെൻറതന്നെ സമ്മതിച്ചിരിക്കുന്നു, ഈ സ്ഥിതിക്കു ഈ സംഗതിയിൽ ഗവണ്മെൻറിനു പോളിസി ഉണ്ടെന്നും അതു കട്ട് ആൻറഡ്രൈഅതാണെന്നും പറയുന്നതു അർത്ഥമില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്.

മറ്റൊരു സംഗതി എനിക്കു പറയാനുള്ളതു് ഡെവലപ്പുമെൻറ ഡിപ്പാർട്ടുമെൻറുകളും ഐകമത്യത്തോടും സൌഹാർദ്ദത്തോടുംകൂടി വേല ചെയ്യുകിൽമാത്രമെ ഗുണമുള്ള എന്നുള്ളതാണ്. മിസ്റ്റർ ഐ. സി. ചാക്കോ അദ്ദേഹത്തിൻെറ൯-ാമെ റിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

"വ്യാപാരത്തേയും വ്യവസായത്തേയും വർദ്ധിപ്പിക്കുന്നതിനു പരിഷ്കൃതഗവണ്മെൻറുകളും സ്വീകരിച്ചിട്ടുള്ള പ്രകാരങ്ങളെല്ലാം തിരുവിതാംകൂറിലും ഉണ്ട്. എന്നാൽ അവയെല്ലാം ഈ ഡിപ്പാർട്ടുമെൻറിൻെറ വാഴ്ചയിൽ

ചെയ്യുന്നില്ല. എന്തെന്നാൽ വ്യാപാരവ്യവസായങ്ങളുടെ അഭിവൃദ്ധിയെ നേരിട്ടോ അല്ലാതെയോ സ്വാധീകരിക്കുന്നവയായി പൊതുമരാമത്തു്, കൃഷി, പരസ്പരസഹായം, ജോയിന്റസ്റ്റാക്ക് മുതലായ പേരെയും പല ഡിപ്പാർട്ടുമെന്റുകളും ഉണ്ടു് വ്യവസായം സംബന്ധിച്ച പരീക്ഷണങ്ങൾ പ്രവൃത്തനരീതികളുടെ പരിഷ്കാരം സാങ്കേതികോപദേശം നൂതന വ്യവസായങ്ങളുടെ ആരംഭം, വ്യവസായസഹായം, വിക്രയമാർഗ്ഗങ്ങൾ, ഇവയെല്ലാം വ്യവസായഡിപ്പാർട്ടുമെന്റിന്റെ വ്യാപ്തിയിൽ പെട്ടവയാണ്. അവയെല്ലാം ഇവിടത്തെ പരീക്ഷണവിഷയങ്ങളുമാണ്''

ഇങ്ങനെ അദ്ദേഹം സമ്മതിച്ചു പറഞ്ഞിട്ടുള്ളതു അക്ഷരംപ്രതി പരമാർത്ഥമായിട്ടുള്ളതാണു്. ഈ ഡിപ്പാർട്ടുമെന്റിലുദ്യോഗസ്ഥർ യോജിപ്പോടും സൌഹാർദ്ദത്തോടും പെരുമാറിവരുന്നതിനെ എന്നുനോക്കുന്നതായാൽ അവർതമ്മിൽ തമ്മിൽ വേണ്ടതുപോലെ യോജിക്കാതെയും വേണ്ടതുപോലെ ആലോചിക്കാതെയും പ്രവർത്തിച്ചുപോരുന്നതിന്റെ ഫലം പലപ്പോൾവികാരംകൊണ്ടു കാര്യമായിത്തീർന്നിട്ടുണ്ടെന്നു പറയുന്നതിൽ എനിക്കു മടി തോന്നുന്നില്ല.

മി: സി. പി. തോമസ് (ഗവണ്മെന്റു നിയമനം): അങ്ങനെ യോജിക്കാതെയുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുള്ളതായി അറിയാമോ

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇൻഡസ്ട്രിയൽഡിപ്പാർട്ടുമെന്റു അഗ്രിക്കൽച്ചറൽഡിപ്പാർട്ടുമെന്റു അതുപോലെയുള്ള മറ്റു ഡെവലപ്പുമെന്റു ഡിപ്പാർട്ടുമെന്റുകളും തമ്മിൽ പെരുമാറിവരുന്ന ഇന്നത്തെ നിലയെപ്പറ്റി അറിവുള്ളവർ ഈ ചോദ്യം ചോദിക്കയില്ലെന്നുമാത്രമെ എനിക്കു മറുപടി പറയാനുള്ളൂ.

ഈ രാജ്യത്തുതന്നെ ധാരാളമായി നടപ്പാക്കുന്ന ഒരു സാധനമാണു മരച്ചീനി. ഈ മരച്ചീനിയെ സംസ്കൃതസാധനമാക്കുന്നതിനു വളരെ വിഷമം വരുമോ എന്നുള്ളതു സംശയമാണു്. ഇതിനെപ്പറ്റി പല അഭിപ്രായങ്ങളും നടന്നിട്ടുള്ളതായി രേഖാമൂലം ഡിപ്പാർട്ടുകളിൽനിന്നും കാണാനിടയായിട്ടുണ്ടു്. അതിനെപ്പറ്റി ആ ഡിപ്പാർട്ടുമെന്റിൽനിന്നും യോഗ്യമായ പ്രവർത്തിച്ചിട്ടുള്ളതായി എനിക്കറിവില്ല. ഇങ്ങനെയുള്ള പലേകാരണങ്ങളാലും മിസ്റ്റർ കെ. പരമേശ്വരൻപിള്ള പറഞ്ഞിട്ടുള്ള അഭിപ്രായത്തോടുകൂടി ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതായതു വ്യവസായഡിപ്പാർട്ടുമെന്റിനെ ശരിയായ വഴിയിലിട്ടു പ്രവർത്തിക്കുന്നതിനു വിദഗ്ധന്റെ അഭിപ്രായം അത്യാവശ്യമെന്നാണു എനിക്കും തോന്നുന്നതു്. അതേ അഭിപ്രായം തന്നെയാണു ഗവർമെന്റു പറഞ്ഞിട്ടുള്ളതു്. അന്നത്തെ ഗവർമെന്റു പറഞ്ഞിട്ടുള്ള പരമാർത്ഥമായ വാക്കുകളെ ഗണിച്ചിട്ടോ, അല്ലെങ്കിൽ പൊതുജനങ്ങളുടെ വകയായിട്ടു ചിലവാക്കുന്ന അവസരങ്ങളിൽ അതിയായ ഫലമുണ്ടാകുമെന്നുള്ള തത്വത്തെ അടിസ്ഥാനമാക്കിയോ മേലാലെങ്കിലും ജനങ്ങൾക്കു നഷ്ടത്തേയും ഇച്ഛാഭംഗത്തേയും ഉണ്ടാക്കരുതെന്ന ഒരു വിദഗ്ധാഭിപ്രായത്തോടുകൂടി വ്യവസായഡിപ്പാർട്ടുമെന്റിനെ രൂപീകരിച്ചു അതിലേക്കുള്ള പദ്ധതികളെ നിശ്ചയിക്കേണ്ടതു അത്യാവശ്യമായിട്ടുള്ളതാണു്.

ഈ മോഷനിൽ പലേ മാന്യന്മാരും സംസാരിച്ചിരിക്കുന്നു. അവരിൽ ചിലരുടെ പ്രസംഗങ്ങളിൽ ആളുകളെ ചുണ്ടിക്കാണിച്ചു സംസാരിച്ചുകൊണ്ടിരുന്നതിൽ ഞാൻ മനസ്സുപൊറുപ്പിക്കുന്നു. എങ്കിലും ഒരുസംഗതിയെപ്പറ്റി കൌൺസിലിൽ സംസാരിക്കുമ്പോൾ ഒരു ഡിപ്പാർട്ടുമെന്റിലുള്ള മേലധികാരിയെപ്പറ്റിയോ കീഴ് സ്ഥർബന്ധികളെപ്പറ്റിയോ ആക്ഷേപിച്ചിട്ടു യാതൊരാവശ്യവുമില്ലാത്തതാണു്. അവരുടെ ഡിപ്പാർട്ടുമെന്റു സംബന്ധമായ ടീക്കുകളെപ്പറ്റി ചുണ്ടിക്കാണിക്കുക എന്നല്ലാതെ മിസ്റ്റർ ഐ. സി. ചാക്കോയെ ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിലേക്കു മിസ്റ്റർ ഗോപാലമേനവനെ അഗ്രിക്കൽച്ചറൽ ഡിപ്പാർട്ടുമെന്റിലേക്കോ അതല്ലെങ്കിൽ ഇന്നാൾക്കിന്ന ഉദ്യോഗം കൊടുക്കണമെന്നോ അഭിപ്രായപ്പെടുന്നതു കൌൺസിലിന്റെ അഭിമാനത്തെ രക്ഷിക്കുന്ന ഒരു നയമല്ലെന്നാണു എന്റെ അഭിപ്രായം (ഹീയർ, ഹീയർ.) മിസ്റ്റർ ഐ. സി. ചാക്കോവിന്റെ യോഗ്യതയെയും ശേഷിയേയും പറ്റി എനിക്കു നല്ലവണ്ണം അറിയാം. അതിനെസംബന്ധിച്ചു യാതൊരാക്ഷേപവും എനിക്കു പറയാനില്ല. അദ്ദേഹം ഡിപ്പാർട്ടുമെന്റുഭരണം നടത്തുന്നതു എടയപ്പുവും അദ്ദേഹത്തിനും തമ്മിൽ വിരുദ്ധാഭിപ്രായത്തോടുകൂടിയിട്ടാണു്. അതുകൊണ്ടു ദുഷ്പ്രചാരമുണ്ടാകാൻ പാടില്ലെന്നമാത്രമെ എനിക്കഭിപ്രായമുള്ളൂ. വീണ്ടും ഞാൻ പറയുന്നതു നമ്മുടെ ഇന്നത്തെ വ്യവസായപ്രകൃതിയെ ഒരു എക്സ്പെരിമെന്റിനെ വരുത്തുവാൻവേണ്ടുവോളമുള്ള പരിശോധനകൊണ്ടു രാജ്യത്തിനുഭാവിക്കു പ്രയോജനകരമാക്കിത്തീർക്കണമെന്നാണു്. അല്ലാതെ ഞാൻ മിസ്റ്റർ ഐ. സി. ചാക്കോവിനെയാതൊരുകാരണവശാലും പറയുന്നില്ല. പറയുകയും ആശ്യവും ഇല്ലാത്തതാണു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആരാണു് കൂടുതൽ പറഞ്ഞതു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കൂടുതൽ പറഞ്ഞു എന്നുള്ള സങ്കടത്തോടുകൂടിയാണു ചിലരുടെ പ്രസംഗങ്ങളിൽനിന്നു കാണുന്നതു്. ആരും കൂടുതൽ പറഞ്ഞതായിട്ടതാനുമില്ല. അങ്ങനെ പറഞ്ഞുഎന്നുള്ള സങ്കടത്തോടുകൂടിയാണു് ഇവിടെ പലേ പ്രസംഗങ്ങളും നടന്നിട്ടുള്ളതു്.

മി: കെ. സി. ചാക്കോ (വ്യവസായഡയറക്ടർ): സർ, ഈ പ്രമേയത്തെപ്പറ്റി ഞാൻ എന്റെ ആദ്യപ്രസംഗത്തിൽ പറഞ്ഞതുപോലെ എനിക്കഭിപ്രായമുള്ള എന്റെ സ്നേഹിതന്മാർ ഈ വാദത്തിൽ ആഴത്തിൽസംബന്ധിച്ചുള്ള പല സംഗതികളും ചൂണ്ടിക്കാണിച്ചിട്ടുള്ളതുകൊണ്ടു എല്ലാവക്കും മറുപടിപറയണമെന്നു എനിക്കു ആദ്യപ്രസംഗത്തിനശേഷം പ്രസ്താവത്തിൽവന്ന ചില സംഗതികളെമാത്രം തിരഞ്ഞെടുത്തുള്ള അവയ്ക്കു മറുപടി പറയാം.

വ്യവസായഡിപ്പാർട്ടുമെന്റിന്റെ നടത്തിപ്പിൽ ഒരു സ്ഥിരനയം ഇല്ലെന്നു മിസ്റ്റർ കുമാരപിള്ള പറഞ്ഞു. നയം എന്താണെന്നു പറഞ്ഞാൽ ഞാൻ പറഞ്ഞതു തെറ്റാണെന്നു കാണിക്കാൻ ഏതെങ്കിലും സൂത്രങ്ങൾ ഉദ്ധരിച്ചു പറയും.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അതൊരു തെറ്റാണോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തികൊണ്ടുകൊണ്ടു ഡിപ്പാർട്ടുമെന്റിനു ഒരു സ്ഥിരനയം ഉണ്ടെന്നു ഗ്രഹിക്കാവുന്നതാണ്. ഒന്നാമതായി വ്യവസായവിദ്യാഭ്യാസത്തെ സംബന്ധിച്ചു ഗവണ്മെന്റും ഡിപ്പാർട്ടുമെന്റും സ്ഥിരനയം സ്വീകരിച്ചിട്ടുണ്ട്. തിരുവിതാംകൂറിൽ വ്യവസായങ്ങൾ വർദ്ധിക്കത്തക്കവണ്ണമുള്ള വ്യവസ്ഥകൾ അനുസരിച്ചു വിദ്യുച്ഛക്തി നൽകുവാൻ കഴിവുള്ളതെല്ലാം ഗവണ്മെന്റും ഡിപ്പാർട്ടുമെന്റും ചെയ്യുന്നുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): സ്ഥിരതയോടുകൂടിയ നയമാണോ സ്വീകരിച്ചുപോരുന്നതു?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ലോകത്തിൽ സ്ഥിരമായിട്ടു ഒന്നുംതന്നെ ഇല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അതു പോരാത്തതായിപ്പോയി.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): പോരാത്തതല്ല. ഒരുനയത്തിൽ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുവാൻ അപ്രകാരം തന്നെ വ്യവസായവും നോക്കിപ്പോരുന്നവരാകണം. ആ അർത്ഥത്തിൽ മാറ്റങ്ങളുണ്ടാകാം.

ചില പ്രാസംഗികന്മാർ ഫൈനാൻഷ്യൽ സെക്രട്ടറിയുടെ ബഡ്ജറ്റു പ്രസംഗം അടിസ്ഥാനമാക്കി കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കയാണു ഗവണ്മെന്റിന്റെ ഇപ്പോഴത്തെ നയമെന്നു പറഞ്ഞു. ഫൈനാൻഷ്യൽ സെക്രട്ടറി പ്രയോഗിച്ച വാക്കുകൾ ഞാൻ ഓർക്കുന്നില്ല. എന്നാൽ ഗവണ്മെന്റു കുടിൽവ്യവസായങ്ങളെ മാത്രമേ പ്രോത്സാഹിപ്പിക്കയുള്ളു എന്നു അദ്ദേഹം ഉദ്ദേശിച്ചു എന്നു ഞാൻ വിചാരിക്കുന്നില്ല. ഇതുവരെയുള്ളതിൽ അധികം ശ്രദ്ധ ഗവണ്മെന്റു കുടിൽവ്യവസായങ്ങളിൽ പതിക്കുമെന്നു അദ്ദേഹം പറഞ്ഞു എന്നുമാത്രം ഞാൻ ഗ്രഹിച്ചു.

മിസ്റ്റർ കുമാരപിള്ള ഒരു കുറ്റം ക്ഷമാപൂർവ്വം ചൂണ്ടിക്കാണിച്ചു. മരച്ചീനിവ്യവസായംപോലെ ഏതെങ്കിലും ഒരു ക്ഷുദ്ര വ്യവസായത്തിൽ ഗവണ്മെന്റു ഫുൾപ്പട്ടണമെന്നാണു അദ്ദേഹം പറഞ്ഞതു്. ഈ വിഷയവും വ്യവസായസംബന്ധമായ മറ്റു വിഷയങ്ങളും ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധാപാത്രമായിട്ടുണ്ടു്.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): പരീക്ഷാർത്ഥമായിട്ടതന്നെയാണോ നടത്തുന്നതു?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ചിലതൊക്കെ പരീക്ഷാർത്ഥമാണു; ചിലതങ്ങനെയല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): മരച്ചീനിയെ കവച്ചാൻ ഒരു യന്ത്രം വച്ചിട്ടില്ലേ, അതു ശരിയായി വേഗം ചെയ്യുന്നുണ്ടോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതു മരച്ചീനിവെട്ടുന്നു. മരച്ചീനിവെട്ടാൻ അതുപയോഗിക്കാൻ കൊള്ളുമോ എന്നു പരീക്ഷിച്ചു നോക്കുകയാണു അതു വരുത്തിയതു.

മി: കെ. കെ. തോമസ് (കോട്ടയം): ഒരു വ്യവസായസാധനമാക്കാനുംവേണ്ടി മരച്ചീനി ഈ നാട്ടിൽ ഉണ്ടോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഇല്ല. അതിനെപ്പറ്റി പറയാൻ ഞാൻ ഭാവിക്കയാണു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മിസ്റ്റർ ജോർജ് പറഞ്ഞതു മിസ്റ്റർ ചാക്കോയെ കേൾപ്പിച്ചുകൊള്ളട്ടെ. അദ്ദേഹം ഇങ്ങനെ പറയുന്നു.

"തിരുവിതാംകൂറിൽ നമ്മുടെ ശക്തിയും ധനവും തൊഴിൽശാലാ വ്യവസായങ്ങളെ വർദ്ധിപ്പിക്കാൻ വിനിയോഗിക്കുന്നതു വഴിയായി ബന്ധമുണ്ടാക്കുമെന്നു ഗവണ്മെന്റു നടപടികൾ കാണുന്നു. നമ്മുടെ വ്യവസായപുരോഗതിക്കു കുടിൽ വ്യവസായങ്ങൾ അടിവച്ചടിത്താരം പുരോഗമിക്കാനും ഉയരാനും ഉള്ള കാരണമായിരിക്കട്ടെ".

മി: കെ. വി. മാമ്മൻമാപ്പിള (വടവാതൂർ വ്യവസായവു, വടക്കു): തരക്കേടു ആവശ്യമെന്നതോന്നിയാലും, വ്യവസായവിദ്യാഭ്യാസം നടത്തുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെന്റിനു ഇതൊരു തടസ്സമായി വരുമോഎന്നു മിസ്റ്റർ ചാക്കോയോടു ചോദിക്കാൻ ആഗ്രഹിക്കുന്നു.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഇല്ല.

മരച്ചീനപ്പൊടിനിർമ്മിക്കുന്നതിന്റെ അന്വേഷണം കഴിച്ചു. തിരുവിതാംകൂറിൽ പച്ചമരച്ചീനി കിട്ടുന്ന വിലയ്ക്കുവച്ചാൽ മരച്ചീനിപ്പൊടി ഉണ്ടാക്കുന്നതു ആദായകരമായിരിക്കയില്ലെന്നാണു ഞങ്ങൾ അനുമാനിച്ചതു.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): മരച്ചീനി പൂശാതെ കൊണ്ടുപോകുന്നവർ സംസ്കൃതസാധനമാക്കുന്നില്ലേ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): എവിടെ കൊണ്ടുപോകുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഈ രാജ്യത്തുനിന്നുപുറമെ മരച്ചീനി കൊണ്ടുപോകുന്നതായില്ലേ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം ഇല്ല. കൊച്ചിവഴി കൊണ്ടുപോകുമായിരിക്കും.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഏതായാലും ഈ രാജ്യത്തുനിന്നു വെളിയിൽ പോകുന്നുണ്ടല്ലോ. കൊച്ചിയിലായാലും ശരി, മലബാറിലായാലും ശരി.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അധികം മരച്ചീനി തിരുവിതാംകൂറിൽനിന്നും പുറത്തു പോകുന്നതായി എനിക്കു അറിവില്ല.

മി: സി. പി. തോമസ് (ഗവണ്മെന്റു നിയമനം): തിരുവിതാംകൂറിനു പുറത്തു പോകുന്നതു കേരളത്തിനായിട്ടു ഉപയോഗിക്കുന്നതിനോ വ്യവസായാർത്ഥമോ?

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അതു പച്ചയായിട്ടുപയോഗിക്കുന്നു. മരച്ചീനികൃഷിയിൽ നമ്മോടു മത്സരിക്കുന്നതു ഫെഡറേറേറഡ് മലയാരാജ്യമാണ്. അവിടെ മരച്ചീനി അധികം ഉണ്ടാകുന്നു. അവിടെ ഒരു ഏക്കർ ഭൂമിയിൽ 4 ടൺ മരച്ചീനി ഉണ്ടാകും. തിരുവിതാംകൂറിൽ വളമിട്ടു കൃഷിചെയ്താലും ക്ടുതൽ പിടിച്ചവ 8 ടൺ ആണ്. തിരുവിതാംകൂറിൽ മരച്ചീനിപ്പൊടിയുണ്ടാക്കുന്നതിനു പ്രതിബന്ധം അതാണെന്നാകുന്നു, എന്റെ അഭിപ്രായപ്രകടനഫലം. പിച്ചുക്കിഴങ്ങിന്റെ വിലക്കുടുതൽ നിമിത്തം മരച്ചീനിപ്പൊടിയുണ്ടാക്കാനായി ഉപയോഗിക്കാൻ സാധിക്കയില്ല.

മി: സി. പി. തോമസ് (ഗവൺമെന്റ് നോമിനി): മരച്ചീനിയെപ്പറ്റിയുള്ള ഈ സംഗതി പ്രസിദ്ധപ്പെടുത്തിട്ടുണ്ടോ?

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഇതുവരെ എന്റെ ഡിപ്പാർട്ടുമെന്റു ഉപേക്ഷിച്ച വ്യവസ്ഥകളുടെ വിവരം പ്രസിദ്ധപ്പെടുത്തുക പതിവുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ അഭിപ്രായം മാറി, ഡിപ്പാർട്ടുമെന്റിന്റെ വാഴങ്ങളേയും അനുമാനങ്ങളേയുംപറ്റി പൊതുജനങ്ങളെ വിമർശനംചെയ്യാൻ അവസരം ഉണ്ടാക്കേണ്ടതിനു ഉപേക്ഷിച്ച വ്യവസ്ഥകളുടേയും വിവരങ്ങളും മേലാൽ പ്രസിദ്ധംചെയ്യാൻ വിചാരിക്കുന്നു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ബഡ്ജറ്റിൽ വ്യവസായാഭിവൃദ്ധിക്കായി അനുവദിച്ചിട്ടുള്ള 5,000 രൂപാ വ്യവസായാഭിവൃദ്ധിക്കായി വിനിയോഗിക്കാൻ ഡയറക്ടർക്കു വല്ല പദ്ധതിയും ഉണ്ടോ എന്നു പറയുമോ?

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഈ പ്രമേയത്തെ സംബന്ധിച്ചു ആ ചോദ്യത്തിനു സംഗതി ഉണ്ടോ എന്നു അറിയുന്നില്ല.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): നാം വ്യവസായ ഡിപ്പാർട്ടുമെന്റിന്റെ നയത്തെയാണു നിരൂപണം ചെയ്യുന്നതു. വ്യവസായാഭിവൃദ്ധിയും അതിന്റെ വ്യാപ്തിയിൽ വരും.

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഈ ചോദ്യത്തിനു ഇപ്പോൾ സംഗതി ഉണ്ടോ എന്നു അഗ്രാസനരുടെ രീതി അറിയണം.

പ്രസിഡന്റ്: പ്രമേയം ആകെയുള്ള അനുവാദ സംഖ്യ കൂറയ്ക്കാനാണ്, മിസ്റ്റർ ചാക്കോ. അതു വ്യവസായഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തികളെയെല്ലാം സംബന്ധിക്കും. ആകെ സംഖ്യയെസംബന്ധിച്ചു പ്രത്യേകമൊരു പ്രമേയം ഇല്ലേ?

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): വ്യവസായാഭിവൃദ്ധിസംബന്ധിച്ചു വ്യവസ്ഥകൂടിക്കു 5,000 രൂപാ ഡയറക്ടർ ബഡ്ജറ്റിൽ കണക്കിട്ടിട്ടുണ്ട്.

മി: വി. നമ്പ്യാർ (ഗവൺമെന്റ് നിയമനം—ഡിപ്യൂട്ടിപ്രസിഡന്റ്): അതിനെ പറ്റി ഒരു പ്രത്യേകപ്രമേയം, പ്രമേയം വേണ്ട, ഉണ്ട്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻ പിള്ള (കൊല്ലം): അതൊന്നും ആലോചിക്കേണ്ടാ. ഇതൊരു പ്രധാനസംഗതിയാണ്. അതിനെപ്പറ്റി ഒരു മറുപടി കിട്ടാൻ തക്കവണ്ണം ആഗ്രഹമുണ്ടു. മറ്റൊരുപ്രമേയത്തിൽ നാം എഴുതുകയല്ലായിരിക്കും.

പ്രസിഡന്റ്: അതു കൊണ്ടു അതു ഇതിൽ ഉൾപ്പെടുത്താൻ പാടില്ല.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതു ന്യായമായി ഈ പ്രമേയത്തിൽ ഉൾപ്പെടും. ഈ പ്രമേയം മേലന്വേഷണത്തിനുള്ള സംഖ്യ കൂറയ്ക്കാനാണു.

പ്രസിഡന്റ്: മേലന്വേഷണത്തിൽ എല്ലാം ഉൾപ്പെടുമെന്നു നിങ്ങൾ സങ്കല്പിക്കയാണ്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻ പിള്ള (കൊല്ലം): അല്ല. ഡയറക്ടരുടെ ശിപാർശപ്രകാരമാണു ആ സംഖ്യ അനുവദിച്ചതു.

പ്രസിഡന്റ്: അതെല്ലാം സങ്കല്പിക്കാൻ നിങ്ങൾക്കു അവകാശമില്ല. മേലന്വേഷണത്തിനു 5,000 രൂപാ അനുവദിച്ചിട്ടുണ്ടു. അതിൽ ഉൾപ്പെടുന്ന സംഗതികൾ മാത്രമേ ഈ പ്രമേയത്തിൽ വാദവിഷയമാക്കാൻ പാടുള്ളൂ.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): വ്യവസായാഭിവൃദ്ധി ഡിപ്പാർട്ടുമെന്റിന്റെ മേലന്വേഷണത്തിൽ ഉൾപ്പെട്ടുകയില്ലയോ? അതു മേലന്വേഷണത്തിൽ ഉൾപ്പെടേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. സംബന്ധപ്പുറത്തിന്റെ 5-ാം ഖണ്ഡം ഒന്നു കൂടി ചേർത്തിരിക്കുന്നു.

പ്രസിഡന്റ്: ഈ കാര്യം തീർച്ചയാക്കാൻ ഏതുപ്പുമല്ല.

മി: കെ. സി. മത്തൻതുപ്പിള്ള (വ്യാപാരവും വ്യവസായവും ഡടക്കം): മുൻ പ്രാസംഗികന്മാർ ഈ സംഗതിയെ പറ്റി സംസാരിച്ചിട്ടുണ്ടോ എന്നും അതൊരു പുതിയ സംഗതിയാണെങ്കിൽ അതിനെ പറ്റി മിസ്റ്റർ ചാക്കോയ്ക്കു സംസാരിക്കാമോ എന്നും പറയാമോ?

പ്രസിഡന്റ്: ഇതിനെപ്പറ്റി പിന്നീടൊരു തീർച്ചപറയാം.

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): എനിക്കു ഇനിയൊന്നും പറയാനില്ല.

മി: ടി. കുമാരപിള്ള (കുൽക്കളവും വിളവങ്കോടും): പ്രമേയം ഞാൻ പിൻവലിക്കുന്നു.

പ്രമേയം അനുവാദപ്രകാരം പിൻവലിച്ചു.

പ്രമേയം 5,000 രൂ.

മി: ടി. കുമാരപിള്ള (കുൽക്കളവും വിളവങ്കോടും): താഴെ പറയുന്ന പ്രമേയം ഞാൻ ഹാജരാക്കുന്നു

5,000 രൂ. മനയത്തു് വിദ്യാശാലയ്ക്കു് അനുവദിച്ചിട്ടുള്ള 1,500 രൂപയിൽ 1000 രൂപാ കുറയ്ക്കുണം.

ഈ ഉപക്ഷേപത്തെ സംബന്ധിച്ചു എനിക്കു വളരെ കുറച്ചു മാത്രമേ പറയാനുള്ളു. നാഗരുകോവിലുള്ള എസ്. എം. വി. ആർ. ഇൻസ്റ്റിറ്റ്യൂട്ടിനെ അടുത്ത കാലത്തു തന്നെ ഒരവസരത്തിൽ എനിക്കു കാണാനിടിയായി. ആ സ്ഥാപനം വളരെ വളരെ അത്യാവശ്യമാണെന്നുള്ളതിലേക്കു അഭിപ്രായവ്യത്യാസം ഇല്ല. അവിടെ ചെന്നു നോക്കിയതിൽ ടെക്സ്റ്റയിൽ എക്സ്പെർട്ടിന്റെ മേൽവിചാരം അവിടെ ഉണ്ടോ എന്നു സംശയം വരത്തക്കവണ്ണം പല ന്യൂനതികളും കണ്ടുപിടിയായി. ഈ രാജ്യത്തുള്ളതിൽ ഏറ്റവും പ്രധാനമായ ഒരു വ്യവസായം-നെയ്ത്താണ്. എന്നാൽ ടെക്സ്റ്റയിൽഎക്സ്പെർട്ടിന്റെ ശരിയായ മേൽ വിചാരം ഇല്ലാതിരുന്നാൽ അതു അഭിവൃദ്ധിയിൽ പോകുമോ എന്നുള്ളതു സംശയമാണു. ഞാൻ അതിനെ പറ്റി അന്വേഷിച്ചതിൽ അല്പമെങ്കിലും ഈതിൽ വേണ്ടപോലെ ഉള്ള പരിശോധനാധികാരം ഇല്ലാത്തതു കൊണ്ടു യാതൊന്നും പ്രവർത്തിക്കാൻ സാധിച്ചിട്ടില്ലെന്നാണു അറിയുന്നതു. അതുകൊണ്ടു അവിടെ ടെക്സ്റ്റയിൽഎക്സ്പെർട്ടിന്റെ മേൽവിചാരം ഉണ്ടായിരിക്കണമെന്നു പറയാൻ ആണു ഞാൻ ഈ മോഷൻ കൊണ്ടു വന്നിട്ടുള്ളതു്.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): മിസ്റ്റർ കുമാരപിള്ളയ്ക്കു ഇതിനെ പറ്റി എന്തോ അതിനെ വിവരം കിട്ടിയതായി കാണുന്നതിൽ വ്യസനിക്കുന്നു. നെയ്ത്തുവിദഗ്ദ്ധൻ ക്ലാസ്സുകൊണ്ടു നാഗരുകോവിലിൽ പോകുകയും നെയ്ത്തിൽ പരിഷ്കൃതരീതികളെ പറ്റി ഉപദേശം കൊടുക്കയും ചെയ്യുന്നുണ്ടെന്നു എനിക്കു നിശ്ചയമുണ്ടു്.

മി: ടി. കുമാരപിള്ള (കുൽക്കുളവും വിളവങ്കോടും): ടെക്സ്റ്റയിൽ എക്സ്പെർട്ടിനു അവരുടെ മേൽവിചാരം ഇല്ലെന്നും ടെക്സ്റ്റയിൽ ഇൻസ്പെക്ടർ പറഞ്ഞാൽ അവർ കേൾക്കയില്ലെന്നും ഡയറക്ടർക്കു അറിയാമോ?

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഇല്ല, എനിക്കറിവില്ല. അങ്ങനെയൊരുകാര്യം എന്റെ ശ്രദ്ധയിൽ പെടുത്തിയാൽ അന്വേഷണത്തിനു കാണിക്കുന്നവക്കു കഠിന ശിക്ഷയുണ്ടാകുന്നതാണ്. എസ്. എം. വി. ആർ. ഇൻസ്റ്റിറ്റ്യൂട്ടിൽ ചില ന്യൂനതകൾ ഉണ്ടെന്നു എനിക്കറിയാം. അക്കാര്യം ഗവണ്മെന്റിന്റെയും എന്റെയും ആലോചനയിൽ ഇരിക്കുന്നു. ഇതിലധികമൊന്നും പറയാനില്ല.

മി: ടി. കുമാരപിള്ള (കുൽക്കുളവും വിളവങ്കോടും): പ്രമേയം ഞാൻ പിൻവലിക്കുന്നു.

പ്രസിഡന്റ്:—പ്രമേയം പിൻവലിക്കാൻ സഭ അനുവദിക്കുന്നു എന്നു സങ്കല്പിക്കട്ടെമോ?

പ്രമേയം അനുവാദപ്രകാരം പിൻവലിച്ചു.

പ്രമേയങ്ങൾ ൨൫ മുതൽ ൨൫൯ വരെ.

താഴെ പറയുന്ന പ്രമേയങ്ങൾ ഹാജരാക്കിയില്ല.

മി: എൻ. കുമാരൻ്:

൨൫൫ വ്യവസായ വിദ്യാഭ്യാസത്തിനുള്ള ന൨,൫൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: ജി. രാമൻമേനോൻ:

൨൫൬. സഞ്ചാര ഉദ്യോഗസ്ഥന്മാരുടെ സിൽബന്ധിച്ചെലവിനുള്ള ൨,൯൯൯ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: ടി. ജെ. മാത്യു:

൨൫൯. വ്യവസായാഭിവൃദ്ധിക്കുള്ള വ്യയസ്ഥകൾക്കുവേണ്ടി ൯൦,൦൦൦ രൂപാമുഴുവനും വിട്ടു കളയണം.

പ്രമേയം ൨൫൮.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, താഴെപ്പറയുന്ന പ്രമേയം ഹാജരാക്കുന്നു.

൨൫൮. ഇരുമ്പുൻ യന്ത്രത്തിനു അനുവദിച്ച ൧,൪൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

ഈ പ്രമേയത്തിന്റെ ഉദ്ദേശം ഡിപ്പാർട്ടുമെൻറിൽ നിന്നു വരുത്തിയ ഇരുമ്പുൻ യന്ത്രത്തെ വല്ല വിധത്തിലും ഉപയോഗിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എങ്ങനെ എന്നറിവാൻ മാത്രമാണു. ആ യന്ത്രം എങ്ങനെ ഉപയോഗിക്കുന്നു എന്നറിവാനുള്ള കൌതുകം നിമിത്തമാണു ഈ പ്രമേയം ഞാൻ കൊണ്ടുവന്നതു. മിസ്റ്റർ ചാക്കോയ്ക്കു തൃപ്തി പറഞ്ഞാൽ പ്രമേയം പിൻവലിക്കാൻ കഴിയുമായിരിക്കും.

മ: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഇരുമ്പുൻ യന്ത്രം ഇപ്പോൾ വേളിമല റിസർവിൽ ഉപയോഗിച്ചു വരുന്നു. ഇതിനെ സംബന്ധിച്ചു മുമ്പാരവസരത്തിൽ ഈ സഭയിൽ വാദമുണ്ടായിട്ടുണ്ടു. യന്ത്രം ശരിയായി ഉപയോഗിച്ചുവരുന്നു.

ഇതു മിസ്റ്റർ പി. കെ. നാരായണപിള്ളയെ തൃപ്തിപ്പെടുത്തുമെന്നാശിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രമേയം പിൻവലിക്കുന്നു.

പ്രസിഡന്റ:—പ്രമേയംപിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

പ്രമേയം അനുവാദപ്രകാരം പിൻവലിച്ചു.

പ്രമേയം ൨൫൭.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, ഞാൻ ഈ പ്രമേയം ഹാജരാക്കിയിട്ടില്ലെന്നു.

൨൫൭. ഡിമാണ്ട് ൨൫-ന്മേൽ അനുവദിച്ചിട്ടുള്ള ൫൭൦ ലക്ഷം രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

സർ, സമയം കഴിയാറായതുകൊണ്ടു ഈ സംഗതിയെ പറ്റി ദീർഘമായി ഒന്നും പറവാൻ വിചാരിക്കുന്നില്ല. എനിക്കു പറയാനുള്ളതെല്ലാം ഡിപ്പാർട്ടുമെൻറിന്റെ നയത്തെന്നിരൂപണം ചെയ്യുമ്പോൾ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ ഒരു സംഗതി മാത്രം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നു. വ്യവസായ ഡിപ്പാർട്ടുമെൻറിന്റെ നയം കടിൽ വ്യവസായത്തിന്റെ പരിപോഷണമായിരിക്കണമെന്നു ഗവണ്മെൻറു കല്പിക്കയും നെയ്ത്തല്ലാതെ വേറൊരു വ്യവസായവും പരിപോഷിപ്പിക്കത്തക്കതായിട്ടില്ലെന്നു വ്യവസായ

ഡിപ്പാർട്ടുമെൻറിന്റെ റിപ്പോർട്ടിൽ കാണിക്കയും ചെയ്തിരിക്കേ വ്യവസായ ഡിപ്പാർട്ടുമെൻറിന്റെ പരിപോഷണപ്രവൃത്തിക്കു നാ, ൦൦൦ രൂപാ അനുവദിച്ചിട്ടുള്ളതു എന്തിനാണെന്നറിവാൻ ആഗ്രഹിക്കുന്നു. ഈ സംഖ്യാതിമാത്രമേ എനിക്കു പ്രസ്താവിക്കാനുള്ളു. വ്യവസായ ഡയറക്ടർ ഇതിനു സമാധാനം പറയുമെന്നു വിചാരിക്കുന്നു.

പ്രൊസിഡൻറ്:—ഇതിനു ഞാൻ തന്നെ മറുപടി പറയാം. ഈ നാ, ൦൦൦ രൂപാ കണക്കിൽ ഉൾപ്പെടുത്തിയതു ഞാൻ തന്നെയാണു. വരുന്നയാണ്ടിൽ കൂടിൽ വ്യവസായങ്ങൾ പരിപോഷിപ്പിക്കാൻ വല്ലതും ചെയ്വാൻ ആരംഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെയാണു ചേർത്തതു. ഏതു വിധത്തിലാണ് ഈ സംഖ്യ വിനിയോഗിക്കാൻ പോകുന്നതെന്നു കൃത്യമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മതി. എനിക്കു തൃപ്തിയായി.

പ്രൊസിഡൻറ്:—പ്രമേയം പിൻവലിക്കുന്നുവോ?

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഉവ്വ് പ്രമേയം ഞാൻ പിൻവലിക്കുന്നു.

പ്രൊസിഡൻറ്:—പ്രമേയം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

പ്രമേയം അനുവദിക്കപ്പെടുകയും പിൻവലിച്ചു.

പ്രമേയങ്ങൾ ൨൪ന്നു മുതൽ ൨൪ൻ വരെ.

താഴെ പറയുന്ന പ്രമേയങ്ങൾ ഹാജരാക്കിയില്ല.

മി: ജി. രാമൻനായർ:

൨൪ന്നു. ഡിമാണ്ട് ൧൪-ന അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧൦ ലക്ഷം രൂപായിൽ ൧൦൦ രൂപാ കുറയ്ക്കുണം.

മി: എം. എൻ. പിള്ള:

൨൪൨. ഡിമാണ്ട് ൧൪-ന അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧൦ ലക്ഷം രൂപായിൽ ൧൦൦ രൂപാ കുറയ്ക്കുണം.

മി: കെ. കെ. തോമസ്സ്:

൨൪൩. ഡിമാണ്ട് ൧൪-ന അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧൦ ലക്ഷം രൂപായിൽ ൧൦൦ രൂപാ കുറയ്ക്കുണം.

മി: ജി. പരമേശ്വരൻപിള്ള:

൨൪൯. ഡിമാണ്ട് ൧൪-ന അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧൦ ലക്ഷം രൂപായിൽ ൧൦൦ രൂപാ കുറയ്ക്കുണം.

പ്രമേയം ൨൪൦.

മി: കെ. സി. മാമ്മൻമാപ്പിള്ള (വ്യാപാരവും വ്യവസായവും വടക്കു): താഴെ പറയുന്ന പ്രമേയം ഞാൻ ഹാജരാക്കുന്നു.

൨൪൦. ഡിമാണ്ട് ൧൪-ന അനുവദിച്ചിട്ടുള്ള ആകെസംഖ്യ ൧൦ ലക്ഷം രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കുണം.

ഈ പ്രമേയം ഞാൻ ഹാജരാക്കിയതിന്റെ ഉദ്ദേശം വ്യവസായഡിപ്പാർട്ടുമെൻറിന്റെ പ്രവൃത്തികളെ സംബന്ധിച്ചു പ്രായോഗികമായ ഒരു അഭിപ്രായം പറയുന്നതിനാണ്. ഗവണ്മെൻറു ഇപ്പോൾ പ്രത്യേകമായും ഉദ്ദേശിക്കുന്നതു കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനാണെന്നു നാം കേട്ടുവല്ലോ. വ്യവസായഡയറക്ടർ പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറാട്ടുകൂടി ആലോചിച്ചു തക്കതെങ്കിലും ഗ്രാമം തിരഞ്ഞെടുത്തു അവിടെ പ്രത്യേകകുടിൽ വ്യവസായങ്ങൾ നടപ്പിൽ വരുത്തണം. ഇതിനു ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ ഗവണ്മെൻറു മൊത്തമായി വരുത്തി വ്യവസായവേലകൾ നടത്താനുള്ള വിദഗ്ദ്ധർ ഓഹരി ചെയ്തുകൊടുക്കണം. അനന്തരം തീർന്ന സാമാനങ്ങൾ അവരോടു വാങ്ങി പുറമേ വില്പാനും. ഈ സാമാനങ്ങൾ വിലയ്ക്കു വിറ്റു കിട്ടുന്ന പണം വേലചെയ്ത വിദഗ്ദ്ധർക്കു വീതിച്ചു കൊടുക്കണം. ഇങ്ങനെ ചെയ്താൽ ലാഭമെല്ലാം ഇടക്കച്ചവടക്കാർക്കായിപോകാതെ വേല ചെയ്തവർക്കു കിട്ടും. കൂടാതെ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം എന്ന മാത്രം പറഞ്ഞതുകൊണ്ടു ഫലമില്ല. ഉണ്ടാക്കുന്നസാധനങ്ങൾ വില്പാനും സൌകര്യങ്ങൾ വേണം. അസംസ്കൃതസാധനങ്ങൾ കൊടുക്കുന്നതു കുറഞ്ഞ വിലയ്ക്കു വേണം. വേണ്ടാത്ത അത്യാവശ്യസംഗതി സംസ്കൃതസാധനങ്ങൾ ചിലവാകുന്നസ്ഥലങ്ങൾ കണ്ടുപിടിച്ചു നല്ലവില കിട്ടത്തക്കവണ്ണം അവയെ ചെലവാക്കുകയാണ്. ഇങ്ങനെയുള്ള ഏർപ്പാടുകളാൽ മാത്രമേ കുടിൽ വ്യവസായങ്ങൾ തൃപ്തികരമാംവണ്ണം അഭിവൃദ്ധിപ്പെടുകയുള്ളു. ഈ ഉദ്ദേശനിവൃത്തിക്കായി ഒരുവ്യവസായം തിരഞ്ഞെടുത്തു അതിനു അനുകൂല്യങ്ങൾ ഉള്ള ഒരു ഗ്രാമത്തിൽ പ്രചരിപ്പിച്ചു ഞാൻ പറഞ്ഞസൌകര്യങ്ങൾ ആ ഗ്രാമക്കാർക്കു ഉണ്ടാക്കി കൊടുക്കയും വേണം എന്നു ഞാൻ ഗവർണ്മെൻറിനോടും ഡയറക്ടരോടും ശിപാർശ്ചെയ്യുകയുള്ളൂന്നു. ആ വ്യവസായം ആ ഗ്രാമത്തിൽ വിജയകരമായികണ്ടാൽ മറ്റു ഗ്രാമങ്ങളിലും ആ വ്യവസായം പ്രചരിപ്പിക്കാം. ഈ ഉദ്ദേശത്തോടുകൂടെയാണു ഞാൻ ഈ പ്രമേയം അവതരിപ്പിച്ചതു. എനിക്കു പറവാനുള്ളതു പറഞ്ഞുകഴിഞ്ഞതുകൊണ്ടു പ്രമേയം പിൻവലിക്കുന്നു.

പ്രൊസിഡൻറ്:—പ്രമേയം പിൻവലിക്കാൻ സഭ അനുവദിക്കുന്നു എന്നു സങ്കല്പിക്കുന്നു.

പ്രമേയം അനുവദിക്കപ്പെടുകയും പിൻവലിച്ചു.

പ്രമേയം ൨൪൧.

താഴെ പറയുന്ന പ്രമേയം ഹാജരാക്കിയില്ല.

മി: എൻ. കുമാരൻ:—

൨൪൧. ഡിമാണ്ട് ൧൪-ന അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧൦ ലക്ഷം രൂപായിൽ ൧൦൦ രൂപാ കുറയ്ക്കുണം.

പ്രസിഡന്റ്:—ഡിമാണ്ട് കട-ന —വ്യവസായങ്ങൾ—ക.ര 0 ലക്ഷം രൂപാ അനുവദിക്കുന്നതിനായി സഭയുടെ വോട്ടിനുകവക്കുന്നു.

അഭ്യർത്ഥന അനുവദിച്ചു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻ പിള്ള (കൊല്ലം): ക ങ മിന്നിട്ട കൂടെയുണ്ട്.

പ്രസിഡന്റ്:—അധികം ഇടരണമെന്നു സഭ അഭിപ്രായപ്പെടുന്നുവോ?

മി: വി. സുബ്ബയ്യർ (ഗവർണ്മെന്റ് നിയമനം—ഡിപ്യൂട്ടി പ്രൈസിഡന്റ്): ധാരാളം സ്വത്തിരിക്കുന്നതു കൊണ്ടുമാത്രം നല്ലതെന്നു വിചാരിക്കുന്നു.

ഡിമാണ്ട് കട-മെഡിക്കൽ ഡിപ്പാർട്ടുമെന്റ്.

പ്രൈസിഡന്റ്:—ഇനിയത്തേതു മെഡിക്കൽ ഡിപ്പാർട്ടുമെന്റാണു.

മിസ്സസ്. എം. പുന്നൻപൂക്കോസ് (ഡർബാർഫിസിഷ്യൻ ചാർജ്ജ് സർജൻ): മെഡിക്കൽ ഡിപ്പാർട്ടുമെന്റ് വക ഡിമാണ്ട് കട-ന ക.നേ ലക്ഷം രൂപയിൽ കവിയാത്ത ഗ്രാന്റ് അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

ഞാൻ മുമ്പോട്ടു വന്നു കൊള്ളട്ടെ, സർ.

പ്രൈസിഡന്റ്:—വരാം മുമ്പോട്ടു വരിക.

പ്രമേയം പ ഒറ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, താഴെ പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പ ഒറ. സബ്മോട്ടിക്കു അനുവദിച്ചിട്ടുള്ള ക.ം ം ം രൂപായിൽ ക ാ രൂപാ കുറയ്ക്കുന്നതു.

സർ, ഈ നാട്ടിലെ ആശുപത്രികളുടെ മേലന്വേഷണത്തിൽ ഡർബാർഫിസിഷ്യന്റെ ജോലിനോക്കുന്ന ഇപ്പോഴത്തെ ഉദ്യോഗസ്ഥന്റെ ഉപേക്ഷ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് ഈ പ്രമേയം കൊണ്ടുവന്നതിന്റെ ഉദ്ദേശം. ഓരോ ആശുപത്രിയിലും ചെയ്തു വരുന്ന ജോലി വിവരിക്കുന്ന പരിശോധനാറിപ്പോർട്ടുകൾ സ്ഥിരം ഡർബാർഫിസിഷ്യൻ ഇതുവരെ അയച്ചുവന്നതുപോലെ, എനിക്കു കിട്ടിട്ടുള്ള വിവരം ശരിയാണെങ്കിൽ, ഡർബാർഫിസിഷ്യന്റെ ജോലി ഇപ്പോൾ നോക്കുന്ന ഉദ്യോഗസ്ഥൻ തന്റെ റിപ്പോർട്ടുകൾ ഗവർണ്മെന്റിലേക്കു അയച്ചുവരുന്നില്ല.

പ്രൈസിഡന്റ്:—മി: നീലകണ്ഠപ്പിള്ളയ്ക്കു ഈ അറിവു എവിടെ കിട്ടിയെന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "എനിക്കു കിട്ടിട്ടുള്ള വിവരം ശരിയാണെങ്കിൽ" എന്നാണു ഞാൻ പറഞ്ഞതു.

പ്രൈസിഡന്റ്:—നിങ്ങൾക്കെന്തോ അറിവുണ്ടെന്നാണെല്ലോ അതിൽ നിന്നു അനുമാനിക്കേണ്ടതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു ഏതാണ്ടൊക്കെ അറിവുണ്ടു. എന്നാൽ കൃത്യമായഅറിവു കിട്ടുന്നില്ല.

പ്രൈസിഡന്റ്:— ഞാൻ പറയുന്നതു സ്വല്പനേരം കേൾക്കുമോ? ഗവർണ്മെന്റും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള എഴുത്തുകുത്തും സ്വകാര്യങ്ങളാണെന്നാണ് വിചാരിച്ചു വരുന്നതു. ഒരു ഉദ്യോഗസ്ഥൻ ഗവർണ്മെന്റിലേക്കയക്കുന്ന സഞ്ചാരറിപ്പോർട്ടുകളും സ്വകാര്യങ്ങളാണോ. അങ്ങനെയുള്ള ഉദ്യോഗസ്ഥനെപ്പറ്റിയുള്ള പൊതുജനാഭിപ്രായം അറിയുന്നതിനു സംഗതിയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിപ്പാർട്ടുമെന്റു ചാർജ്ജുവഹിക്കുന്ന ആളെക്കുറിച്ചു പറയാനുള്ളതു കേട്ടശേഷം പ്രമേയം ഞാൻ പിൻവലിക്കാം.

പ്രൈസിഡന്റ്: നിങ്ങളുടെ പ്രമേയം വല്ല നിശ്ചയമായ വിവരത്തിന്മേലാണോ അടിസ്ഥാനപ്പെടുത്തിട്ടുള്ളതു?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു നിശ്ചയമായ വിവരമില്ല.

പ്രൈസിഡന്റ്:—എന്നാൽ നിങ്ങളുടെ പ്രമേയത്തിന്റെ അടിസ്ഥാനം എന്താണു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിപ്പാർട്ടുമെന്റിന്റെ ജോലിനിർവ്വഹണത്തെപ്പറ്റി ഞങ്ങൾ അഭിപ്രായം പറയേണ്ടതുണ്ടു. ഡർബാർഫിസിഷ്യൻ ജോലിനോക്കുന്ന ആളെപ്പറ്റി പ്രത്യേകം പേരു പറഞ്ഞു ചോദിക്കുന്നില്ലെങ്കിലും ഉൾപ്രദേശത്തുള്ള ആശുപത്രികളിൽ ചെന്നു ഡർബാർഫിസിഷ്യൻ സ്ഥലത്തു ചെന്നിരുന്നോ എന്നു ഞങ്ങൾ അന്വേഷണം കഴിക്കുന്നുണ്ടു.

പ്രൈസിഡന്റ്:—അങ്ങനെയെങ്കിൽ നിങ്ങളുടെ വാചകം ഉചിതമായ വിധത്തിൽ രചിക്കാമായിരുന്നു.

മിസ്സസ് എം. പുന്നൻ പൂക്കോസ് (ഡർബാർഫിസിഷ്യൻജോലി ചാർജ് സർജൻ): സർ, ഡർബാർഫിസിഷ്യൻ ഗവണ്മെന്റിലേക്കയക്കുന്ന റിപ്പോർട്ടുകളെപ്പറ്റി ഉൾനാടൻ ആശുപത്രികളിലെ മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്കു എങ്ങനെയാണു അറിവുണ്ടാകുക എന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡർബാർഫിസിഷ്യൻ ആശുപത്രി സന്ദർശിച്ചിട്ടില്ലെങ്കിൽ അങ്ങനെ സങ്കല്പിക്കാമല്ലോ.

പ്രൈസിഡന്റ്:— നിങ്ങൾ പറഞ്ഞതു സഞ്ചാര റിപ്പോർട്ടിനെ പറ്റി ആയിരുന്നു,

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ പറഞ്ഞതു "എനിക്കു കിട്ടിട്ടുള്ള വിവരം ശരിയാണെങ്കിൽ", എന്നുള്ള മുഖവുരയോടുകൂടിയായിരുന്നു.

പ്രൈസിഡന്റ്:—ഡർബാർഫിസിഷ്യന്റെ ജോലിനോക്കുന്ന ഇപ്പോഴത്തെ ആളുടെ അവധിയിൽ സഞ്ചാര റിപ്പോർട്ടുകൾ ഗവർണ്മെന്റിലേക്കു അയക്കുന്നില്ലെന്നും അതാണു നിങ്ങളുടെ അറിവെന്നും ആകുന്നു നിങ്ങൾ പറഞ്ഞതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതേ.

പ്രൈസിഡന്റ്:—ഞാൻ നിങ്ങളോടു ചോദിച്ചചോദ്യങ്ങൾക്കു മറുപടിയായി നിങ്ങൾക്കു അറിവാനായിട്ടില്ലെന്നു നിങ്ങൾ സമ്മതിക്കയും ചെയ്തു.

മി: കെ. പി. സഖകണ്ണപ്പിള്ള (ചിറയിൻകീഴ്): എനിക്ക നേരിട്ട അറിവില്ലെന്ന ഞാൻ പറഞ്ഞു.

പ്രെസിഡന്റ്: —നിങ്ങടെ ഉടനാട്ട ആശുപത്രികളിൽ അന്വേഷിച്ചു എന്നു നിങ്ങടെ പറഞ്ഞു. ഡർബാർ ഫിസിഷ്യൻ ടൈന്റെ സഞ്ചാരറിപ്പോർട്ട ഗവണ്മെൻറിലേക്ക അയച്ചിട്ടണ്ടോ ഇല്ലയൊ എന്ന ഉടനാട്ടിലെ ഒദ്യോഗിക്കൽ ഉള്ള ഉദ്യോഗസ്ഥന്മാർ അറിയുന്നു എങ്ങനെയാണ്?

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): ആശുപത്രികടെ അവർ സന്ദർശിച്ചൊ എന്ന അവക്ക അറിയാമല്ലൊ.

പ്രെസിഡന്റ്: അതു വേറൊരുകാര്യം

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): ആശുപത്രി സന്ദർശിക്കാതെ ഗവണ്മെൻറിലേക്ക ഒരു റിപ്പോർട്ടയക്കാനും കഴികയില്ലല്ലൊ.

പ്രെസിഡന്റ്:—അതു ഞാൻ ഗ്രഹിക്കുന്നു.

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): ഒരു ഉദ്യോഗസ്ഥൻ ഒരു ഇൻസ്പെക്ഷൻ റിപ്പോർട്ട തയ്യാറാക്കണമെങ്കിൽ ആശുപത്രി സന്ദർശിച്ചിരിക്കണം.

പ്രെസിഡന്റ്:—പല ഉടനാട്ട ആശുപത്രികളിൽ നിങ്ങടെ അന്വേഷണം കഴിച്ചിട്ട നിങ്ങടെ അന്വേഷണം കഴിച്ച ആശുപത്രികളെ ഡർബാർഫിസിഷ്യന്റെ ജോലിനോക്കുന്ന ആൾ സന്ദർശിച്ചിട്ടില്ലെന്നാകുന്ന നിങ്ങൾക്ക കിട്ടിയ അറിവു എന്ന സൂക്ഷ്മമായ ഒരു സംഗതിയാണോ നിങ്ങടെ പറയുന്നതു.

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): അതേ.

പ്രെസിഡന്റ്:—നിങ്ങൾക്ക നിശ്ചയമുള്ള കാര്യമാണ നിങ്ങടെ പറയുന്നതു എന്ന പറഞ്ഞാൽ തൊറല്ല അല്ലേ മിസ്റ്റർ കെ. പി. നീലകണ്ണപ്പിള്ളേ?

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): അല്ല. ഞാൻ നിശ്ചയമായ ഒരു സംഗതി അല്ല പറയുന്നതു. "എനിക്ക കിട്ടിയ വിവരം സത്യമാണെങ്കിൽ" ആ വിവരത്തിന്മേലാണ ഞാൻ പറയുന്നതു.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (ഡർബാർഫിസിഷ്യന്റെ ജോലി നോക്കുന്ന ആൾ): സർ, ഞാൻ സന്ദർശിച്ചിട്ടില്ലാത്ത ആശുപത്രികളിടെ പേരുകൾ മെമ്പർ പറയുമോ എന്ന ചോദിച്ചുകൊള്ളട്ടെ.

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): അറിയാം. ഒന്നു ചിറയിൻകീഴാണ്. അവിടെ പല പരാതികൾ ഉണ്ടായ്. അക്കാര്യങ്ങളെപ്പറ്റി ഡർബാർഫിസിഷ്യനു നല്ല അറിവുണ്ടെന്നാണ ഞാൻ വിശ്വസിക്കുന്നതു. ചിറയിൻകീഴ് ആശുപത്രിയിലെ അവിടത്തെ രണ്ടു ഡോക്ടർമാർ തമ്മിൽ ഒരു കലശൽ നടക്കുന്നുണ്ട്

മിസ്സസ് എം. പുന്നൻ ലൂക്കോസ (ഡർബാർഫിസിഷ്യന്റെ ജോലിനോക്കുന്ന ആൾ):സർ, ഡർബാർഫിസിഷ്യൻ ചിറയിൻകീഴ് ആശുപത്രി സന്ദർശിച്ചിട്ടുണ്ട്.

പ്രെസിഡന്റ്:— നിങ്ങൾ പറയുന്നതു ഡർബാർഫിസിഷ്യൻ ചിറയിൻകീഴ് ആശുപത്രി സന്ദർശിച്ചിട്ടില്ലെന്നാണ്. ചിറയിൻകീഴ് ആശുപത്രി താൻ സന്ദർശിച്ചിട്ടണ്ടെന്നു ഡർബാർഫിസിഷ്യനും പറയുന്നു.

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): അതു ഞാൻ പറഞ്ഞവഴക്കിനു മുമ്പായിരിക്കാം. അതു ഞാൻ അന്വേഷണം കഴിച്ചതിനുശേഷമായിരിക്കും.

പ്രെസിഡന്റ്:—എന്നാൽ ഇന്നയ്ന്ന തീയതികൾക്കുമുമ്പു ഡർബാർഫിസിഷ്യൻ സ്ഥലം സന്ദർശിച്ചിട്ടില്ല എന്നായിരുന്നു നിങ്ങൾ പറയേണ്ടിയിരുന്നതു.

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): അതേ അതു ഞാൻ അന്വേഷിച്ചറിയണം.

പ്രെസിഡന്റ്: അങ്ങനെയെങ്കിൽ നിങ്ങൾ ഡർബാർഫിസിഷ്യനോടു ചോദ്യം ചോദിക്കരുതായിരുന്നു. അവർ ആശുപത്രി സന്ദർശിച്ചിട്ടില്ല എന്നാണ നിങ്ങൾ പറഞ്ഞതു. അതു നിശ്ചയം സൂചിപ്പിക്കുന്ന വാചകമാണ്.

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): ഞാൻ അന്വേഷണം കഴിച്ചപ്പോൾ അവർ സ്ഥലം സന്ദർശിച്ചിട്ടില്ലെന്നു ഗ്രഹിച്ചു.

പ്രെസിഡന്റ്.—പ്രസംഗം തുടരുക.

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): ഡിസ്പെൻസറിമെൻറുമേധികാരിമാരുടെ പ്രധാനജോലികളിൽ ഒന്നു അവരുടെ സഞ്ചാരറിപ്പോർട്ടകൾ ഗവണ്മെൻറിലേക്ക അയക്കയാണ്. പരിശോധനറിപ്പോർട്ടകൾ അയക്കാതിരിക്കുന്നതു ജോലിയിൽ ഗൌരവമായ വീഴ്ചയാണെന്നു പറയേണ്ടിയിരിക്കുന്നു.

പ്രെസിഡന്റ്: —ഇൻസ്പെക്ഷൻ ഡയറികൾ അയയ്ക്കുന്നകാര്യത്തിൽ വീഴ്ചവന്നിട്ടുണ്ടെന്നാണോ നിങ്ങൾ പറയുന്നതു?

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): അങ്ങനെ യഥാർത്ഥത്തിൽ സംഭവിച്ചിട്ടുണ്ടെങ്കിൽ അതു നിശ്ചയമായും ജോലിയിൽ വീഴ്ചയാണ്.

ഇനി എനിക്ക പറയാനുള്ളതു സ്ഥിരമായി ഒരു ഡർബാർഫിസിഷ്യനെ നിയമിക്കാതിരുന്നാൽ ഉൾപ്രദേശങ്ങളിലുള്ള ആശുപത്രികളിൽ കിഴ്വഴക്കം ഇല്ലാതായിപോകും. സ്ഥിരം ഡർബാർഫിസിഷ്യൻ ഇല്ലാതെ മുട്ടുശാന്തി വ്യവസ്ഥനിമിത്തം മെഡിക്കൽ ഉദ്യോഗസ്ഥന്മാർ സ്വയേച്ഛം പ്രവർത്തിക്കുന്നതിനാൽ ഡിസ്പെൻസറിമെൻറു മുഴുവനും കുഴപ്പത്തിലായിരിക്കുന്നു.

പ്രെസിഡന്റ്: നിങ്ങൾ സക്കീർജോലിയെന്നു പറയുന്നതിനും ഇതിനും തമ്മിൽ എന്താണ് സംബന്ധം?

മി: കെ. പി. നീലകണ്ണപ്പിള്ള (ചിറയിൻകീഴ്): എന്നെ സംസാരിക്കാൻ സമ്മതിക്കുന്നില്ലല്ലൊ. സഭയിലെ ശരിയായ മാമൂലുകളും മര്യാദകളും ഇങ്ങനെ ഇടച്ചുയറി ലംഘിക്കയാണെങ്കിൽ പ്രസംഗം തുടരാൻ ഞാൻ ഇരിക്കേണ്ടിവരും.

പ്രസിഡന്റ്: നിങ്ങളുടെ പ്രാരംഭപ്രസ്താവം പ്രമേയത്തെ സംബന്ധിച്ചു മാത്രമാണെങ്കിൽ പ്രസംഗത്തിനു നേരെ തടസ്സവും ഉണ്ടാകയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതുമായി പറയുന്നതിനാൽ ഈ സ്ഥാപനങ്ങളുടെ മേലന്വേഷണം ശരിയായി നടക്കുന്നില്ലെന്നുള്ള സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നാണ് ഞാൻ വിചാരിച്ചതു്.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും ചാത്തന്നൂപ്പുള്ളിയും): ഈ സംഖ്യാപ്പടിയെ സംബന്ധിച്ചുള്ള ഒരു കാര്യമല്ലയോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതേ, ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധപ്രവൃത്തികളിൽചോയി ചരിശോധിക്കുന്നതിനാണ് സഞ്ചാരപ്പടി സാധാരണ ഉപയോഗിച്ചുവരുന്നതു്. അതു അസംബന്ധമാണോ സർ.

പ്രസിഡന്റ്: സംബന്ധമുള്ളതെന്നയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ടെസ്റ്റിന്റെ സ്വഭാവം വിചാരിച്ചാൽ—

പ്രസിഡന്റ്: ക്ഷമിക്കണം നിങ്ങളുടെ ഉപന്യാസത്തിനു പേരെന്താണ്? ഞാൻ അതു ശരിയായി കേട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). എന്റെ പ്രസംഗം ഗവർമെന്റുമായുള്ള വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണെന്നും ഇങ്ങനെയുള്ള വിവരമൊന്നും തങ്ങൾക്ക് ഇക്കാര്യങ്ങളിൽ കിട്ടുന്നതല്ല. ഡിപ്പാർട്ടുമെന്റുകളും തമ്മിലുള്ള കത്തിടപാടുകളും നടക്കാര്യങ്ങളുമായാൽ ഡർബാർഹിസിഷ്യന്റെയും ഗവർണ്മെന്റിന്റെയും നേരെയുള്ള പക്ഷപാതമില്ലാതെ ശരിയായ വിവരം കിട്ടിട്ടു ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിയുന്നതല്ല.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഗവണ്മെന്റിനോടു (സഭയിൽ) ചോദ്യങ്ങൾ ചോദിച്ചു വേണ്ട വിവരങ്ങൾ സമ്പാദിക്കാൻ മെമ്പർക്ക് സാധിക്കയില്ലയോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഗവണ്മെന്റിലേക്കു അനേകം ചോദ്യങ്ങൾ അയച്ചു. അവയെ എല്ലാം തിരസ്കരിക്കയാണു ചെയ്തതു്.

മി: സി. പി. തരകൻ (കുന്നത്തുനാട്): എന്നാൽ വിവരത്തിനായി ഗവണ്മെന്റിലേക്കു എഴുതയച്ചതു എന്തുകൊണ്ടു?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവ സ്വകാര്യമാണെന്നല്ലെ പറയുന്നതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെമ്പർമാർക്ക് തമ്മിൽതമ്മിൽ സംസാരിക്കാൻ അനുവാദമുണ്ടോ അവർ അഡ്രസനുരോടാണു സംസാരിക്കേണ്ടതെന്നു എനിക്കു തോന്നുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഞാൻ അഡ്രസനരോടതന്നെയാണു സംസാരിച്ചതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കിത്രയേ പറയാനുള്ളു. ഈ സ്ഥാപനങ്ങളിന്മേൽ ഇപ്പോഴത്തെ മേലന്വേഷണം പോരാ. അവയുടെമേൽനോട്ടം സൂക്ഷ്മതയോടെ ചെയ്യേണ്ടതാകുന്നു. ഈ പ്രസ്താവനകളോടുകൂടെ ഞാൻ പ്രമേയത്തെ ഫാജരാക്കിക്കൊള്ളുന്നു.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (ഡർബാർഹിസിഷ്യൻ ജോലിനോക്കുന്ന സജ്ജൻ): സർ, ഡിപ്പാർട്ടുമെന്റു ചാർജ്ജ് വഹിക്കുന്ന ആഫീസരുടെ സക്കീട്ടജോലി അശ്രദ്ധികരമാണെന്നു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതുകേട്ടപ്പോൾ എനിക്കു വളരെ രസമാണെന്നുതോന്നുന്നു. ഗവണ്മെന്റപണം എങ്ങനെയാണു ചെലവാക്കുന്നതെന്നു ഞാനിപ്പോൾ പണം ഒട്ടുമുക്കാലും ചെയ്യുന്ന എനിക്കുണ്ടോ? അതു ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനും മെമ്പർമാർക്കു പൂർണ്ണാധികാരം ഉണ്ടെന്നും എനിക്കു ഗ്രഹിപ്പാൻ കഴിയും. എന്നാൽ തന്റെ പ്രസ്താവനകൾക്കു ശരിയായ അടിസ്ഥാനമില്ലാതെ മെഡിക്കൽഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് വഹിക്കുന്ന അല്ലപ്പുറി ഇങ്ങനെയുള്ള ആക്ഷേപങ്ങൾ പറവാൻ ഒരു മെമ്പർക്ക് എന്താണ് അധികാരമെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറയിൻകീഴാസ്പത്രി എപ്പോഴാണ് സന്ദർശിച്ചതെന്നു പറയുമോ?

മിസ്സസ് എം. പുന്നൻലൂക്കോസ് (ഡർബാർഹിസിഷ്യൻജോലിനോക്കുന്ന സജ്ജൻ): ഇല്ല. അങ്ങനെ അർത്ഥമില്ല എന്നാൽ അതാണു ഡർബാർഹിസിഷ്യന്റെ പ്രഥമകൃത്യം. ഇക്കാലത്തു ഡർബാർഹിസിഷ്യന്റെ ജോലികൾ വർദ്ധിച്ചിട്ടുണ്ട്. ഞാൻ ഡിപ്പാർട്ടുമെന്റു ചാർജ്ജ് ഏറ്റുകഴിവോളത്തെ സ്ഥിതി ചില മെമ്പർമാർക്കു അറിയാമായിരിയ്ക്കും. അതു കഴിഞ്ഞ സെപ്റ്റംബർമാസം അവസാനത്തിലായിരുന്നു. അതിന്റെ രണ്ടുമാസക്കാലം എന്റെ സമയം രാജകുടുംബത്തിന്റെ ആശ്രിതത്തിലേക്കു വിനിയോഗിക്കേണ്ടിവന്നു. അക്കാലത്തു എനിക്കു ആഫീസ് ജോലികൾ ചെയ്യുകയല്ലാതെ തലസ്ഥാനം വിട്ടുപോകാൻ പാടില്ലായിരുന്നു. ഇതു ഉപ്പുകരമല്ലെന്നു തോന്നിയതിനാൽ ക്രി. പ. ൦൦ ഉദ്യോഗസ്ഥിൽ ഞാൻ ഇൻസ്പെക്ഷൻ (പരിശോധന)ജോലി ആരംഭിച്ചു. ധനു മകരം മാസങ്ങളിൽ ഞാൻ ൨൯ ദിവസം സഞ്ചാരിയായിരുന്നു. ഈ ദിവസങ്ങളിൽ ഞാൻ കരയ്ക്കും വെള്ളത്തിലുമായി ൬൯൦ നാഴിക സഞ്ചരിക്കുകയും ൨൨ ആശുപത്രികളും കുമരകം, പിറവം, കുറവിലങ്ങാട്,

പഞ്ചായത്തിൽ ഈ സ്ഥലങ്ങളിൽ ആശുപത്രി സ്ഥാപിക്കാനുള്ള സ്ഥലങ്ങളും പരിശോധിക്കുകയും ചെയ്തു. ഇവയിൽ ഏതിലെങ്കിലും ഡർബാർഹിസിഷ്യൻ മുമ്പുതൽ പത്തുവർഷങ്ങളോളം സന്ദർശിച്ചിട്ടില്ലാത്തവയാണ് (മിസ്റ്റർ സി. പി. തരകൻ: കേൾപ്പിൻ കേൾപ്പിൻ).

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഈ സ്ഥലങ്ങൾ എവിടെയാണെന്നു പറയുമോ?

മിസ്സസ് എം. പുന്നൻ ലൂക്കോസ് (ഡർബാർഹിസിഷ്യൻ ജോലിനോക്കുന്ന സർജ്ജൻ) കുമരകം എവിടെയാണെന്നു മെമ്പർക്ക് അറിയാമെന്നു വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു അറിഞ്ഞുകൂടാ. കോട്ടയത്തിനു പടിഞ്ഞാറെങ്ങാനും ആണോ?

മിസ്സസ്. എം. പുന്നൻ ലൂക്കോസ് (ഡർബാർഹിസിഷ്യൻ ജോലിനോക്കുന്ന സർജ്ജൻ): അതെ, കോട്ടയത്തിനു സമീപത്താണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡർബാർഹിസിഷ്യന്റെ നാമസ്ഥലം എവിടെയായിരുന്നു എന്നു പറയുമോ?

മിസ്സസ്. എം. പുന്നൻലൂക്കോസ് (ഡർബാർഹിസിഷ്യൻ ജോലിനോക്കുന്ന സർജ്ജൻ): ഡർബാർഹിസിഷ്യന്റെ നാമസ്ഥലം കോട്ടയത്തായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡർബാർഹിസിഷ്യൻ അവിടെ എത്രദിവസം താമസിച്ചുഎന്നു പറയുമോ?

മിസ്സസ്. എം. പുന്നൻലൂക്കോസ് (ഡർബാർഹിസിഷ്യൻ ജോലിനോക്കുന്ന സർജ്ജൻ): ഒരു മകരമാസങ്ങളിൽ ഞാൻ മുന്നൂദിവസം താമസിച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശേഷം ദിവസങ്ങളോ?

മിസ്സസ്സ് എം. പുന്നൻപൂക്കോസ് (ഡർബാർഹിസിഷ്യൻ ജോലിനോക്കുന്ന സർജ്ജൻ): ശേഷം ദിവസങ്ങളും സൗകര്യപ്പെട്ടില്ലായിരുന്നു. കുംഭം, മീനം, മേടം മാസങ്ങളിൽ പിന്നും ഞാൻ പല ദിവസം സൗകര്യപ്പെടുത്തുകയും ന്യൂനം നാഴിക സമ്പാദിക്കുകയും ചെയ്തു. ഈ കാലത്തു ഞാൻ ആർണാക്കുൽ, ഏലൂർ, പീരുമേട്, തേക്കടി, കുമിളി, ഈ സ്ഥലങ്ങളും ഉൾപ്പെടെ പതിനെട്ടു സ്ഥലങ്ങളും സന്ദർശിച്ചു. ഈ സൗകര്യപ്പെടുത്തുന്നതിനു ഞാൻ പീരുമേട്ടിലും തിരുവനന്തപുരത്തുംചെന്നു രാജകുടുംബത്തെ കാണുകയും വേണ്ടിയിരുന്നു. ഇടവത്തിൽ ഞാൻ പന്ത്രണ്ടു ദിവസം സൗകര്യപ്പെടുത്തിയിരുന്നു. ഈകാലത്തു ഞാൻ വെള്ളത്തിലും കരയ്ക്കുമായി പല നാഴിക സഞ്ചരിക്കുകയും പല ആശുപത്രികളും പുതുതായുൾപ്പെടെ ആശുപത്രിക്കു നിശ്ചയിച്ച സ്ഥലങ്ങളും സന്ദർശിക്കുകയും ചെയ്തു. പുതുതായി ആശുപത്രി വേണമെന്നു പത്തു വർഷത്തിലധികമായി സ്ഥാനീയവാസികളും ഗവണ്മെന്റിലേക്കു ഹർജികളും അയച്ചുകൊണ്ടിരുന്നതുകൊണ്ടും അവരെ ഒരു ഡർബാർഹിസിഷ്യനും ആസ്ഥലം സന്ദർശിച്ചിട്ടില്ല. പീരുമേട്ടിലും തിരുവനന്തപുരത്തും പോയി ഞാൻ രാജകുടുംബത്തെ കാണുകയും ഉണ്ടായി. കോട്ടയത്തുനിന്നും പീരുമേട്ടിൽ നിന്നും ഞാൻ തിരുവനന്തപുരത്തുവന്നതു വസന്തത്തിനുവേണ്ടിയല്ല. കഴിഞ്ഞ പത്തുമാസത്തിൽ ഞാൻ നൂറു ദിവസം സൗകര്യപ്പെടുത്തിക്കൊടുത്തിട്ടുണ്ട്, മെമ്പർ "ആറുമണിക്കും വയറുകീറിയും" വായിച്ചു നോക്കിയാൽ ഇവിടെ പല സർക്കാർ ആശുപത്രികളും ഉണ്ടെന്നു കാണാം. ഇവയിൽ പല എണ്ണം ഞാൻ സന്ദർശിക്കയല്ല പരിശോധിച്ചിട്ടുണ്ട്. (മിസ്റ്റർ സി. പി. തരകൻ ഹീയർ, ഹീയർ) ചെങ്കോട്ടയിലും പഴവൂരിലും പോയില്ല. വരുന്നയാഴ്ചകഴിഞ്ഞു ചെങ്കോട്ടയ്ക്കുപോകാൻ കഴിയുമെന്നു വിചാരിക്കുന്നു. ഇനിയും ഇവിടെ നടന്നു, ഔഷധാലയങ്ങളും (ഡിസ്പെൻസറികളും) ഉണ്ട്. തൊട്ടടുത്തു പകയായുള്ള മൂന്നെണ്ണം ഒഴിച്ചാൽ ബർഡർ ബാർഹിസിഷ്യൻ പരിശോധിക്കേണ്ടതായി നമ്മുടെ ഔഷധശാലകളും ഉണ്ട്. ഇവയിൽ ആഴ്ചയിൽ രണ്ടു ദിവസം മാത്രം നടത്തുന്നവകയാണ് രണ്ടെണ്ണം. അവിടെ പരിശോധിക്കാതെന്നുമല്ല. എന്തെന്നാൽ അവയെ നടത്തുന്നതു രണ്ടു സ്റ്റേഷൻ ഹോസ്പിറ്റലുകളിലെ മെഡിക്കൽ ഉദ്യോഗസ്ഥന്മാരാണ്. ഇവയെ സംബന്ധിച്ചുള്ള റിക്കാർഡുകളും ആ ഉദ്യോഗസ്ഥന്മാരുടെ ആശുപത്രികളിലാണു സൂക്ഷിക്കുന്നതും ഇങ്ങനെ ഡർബാർഹിസിഷ്യൻ പരിശോധിക്കേണ്ടതായ നമ്മുടെ ഔഷധശാലകളിൽ പല എണ്ണം ഞാൻ പരിശോധന കഴിച്ചിരിക്കുന്നു. സഹായധനം വാങ്ങുന്ന ചില ഔഷധശാലകളിൽ വച്ചു എണ്ണം ഞാൻ സന്ദർശിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഞാൻ സന്ദർശിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ ആകെ എണ്ണം നൂറു കവിയുന്നു. ഇതിനു പുറമെ മെഡിക്കൽ ഉദ്യോഗസ്ഥനപ്പുറമുള്ള പരാതിയുണ്ടായിട്ടു ഉദിനാട്ടിലെ ഒരു ആശുപത്രിയും സന്ദർശിക്കേണ്ടിവന്നതുകൂടാതെ ഔഷധശാലകളും ഏറ്റെടുത്തതായുള്ള ചില സ്ഥലങ്ങളും സഹായധനത്തിനു അപേക്ഷിച്ചു രണ്ടു ഔഷധശാലകളും ഞാൻ പരിശോധിച്ചിട്ടുണ്ട്. ഇവയിൽ ചിലതു ചെന്നെത്താൻ പ്രയാസമുള്ളവയാണ്. ഇവയിൽ ചില സ്ഥലങ്ങളിലെ നിവാസികളും പത്തു വർഷത്തിനുമേലായി ഔഷധശാലകളും സ്ഥാപിക്കണമെന്നപേക്ഷിച്ചുകൊണ്ടിരിക്കുന്നെങ്കിലും ഇതിനുമുമ്പു ഒരു ഡർബാർഹിസിഷ്യനും ആ സ്ഥലങ്ങളും സന്ദർശിക്കയുണ്ടായിട്ടില്ല. ഇനി കഴിഞ്ഞ മൂന്നു വർഷം ഡർബാർഹിസിഷ്യൻ തദ്സ്ഥാനത്തിനുപുറമേയുള്ള സ്ഥാപനങ്ങളും സന്ദർശിച്ചിട്ടുള്ള കണക്കു പറയാം.

ക ൻ ൗ —ൽ	പല	സ്ഥാപനങ്ങളും പരിശോധിച്ചു.
ക ൻ വു —ൽ	നൂറു	ടി
ക ൻ ൻ —ൽ	നൂറ	ടി സന്ദർശിക്കയും പരിശോധിക്കയും ചെയ്തു.

ഇതാകുന്നു ഞാൻ ചെയ്ത ഇൻസ്പെക്ഷൻ ജോലിയുടെ പരിമാണം. എന്നാൽ അതുമാത്രം ഗ്രഹിച്ചതുകൊണ്ടു മതിയായില്ല. ഇൻസ്പെക്ഷൻ ജോലിയുടെ ഗുണവും നോക്കേണ്ടതാണ്.

പ്രസിഡൻറ്: സമയമായി.

മിസ്സസ്സ്. എം. പുന്നൻപൂക്കോസ് (ഡർബാർഹിസിഷ്യൻ ജോലി നോക്കുന്ന സർജ്ജൻ): അല്പംകൂടി സംസാരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ മേൽ ആരോപിച്ചിട്ടുള്ള കുറ്റം ഗൗരവമായ ഒന്നാകകൊണ്ടു എനിക്കു ഒന്നരയെ മിന്നിട്ടുകൂടെ അനുവദിച്ചുതരുമെന്നു വിശ്വസിക്കുന്നു.

പ്രൊസിഡന്റ്: അതുകൊട്ടെ.

മിസ്സസ്. എം. പുന്നൻലൂക്കോസ് (ഡർബാർഹിസിഷ്യൻ ജോലിനോക്കുന്ന സർജ്ജൻ): ഇൻസ്പെക്ഷൻ ജോലിയുടെ ഗുണം കൂടെ നോക്കേണ്ടതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഇൻസ്പെക്ഷൻ ഡയറിക്കും ഗവണ്മെൻറിനും ചക്കലുണ്ടോ എന്നു പറയുമോ?

മിസ്സസ്. എം. പുന്നൻലൂക്കോസ് (ഡർബാർഹിസിഷൻ ജോലിനോക്കുന്ന സർജ്ജൻ): അവയിൽ ചില തുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എത്ര.

മിസ്സസ്. എം. പുന്നൻലൂക്കോസ് (ഡർബാർഹിസിഷ്യൻജോലിനോക്കുന്ന സർജ്ജൻ): ഇപ്പോഴും പറവാൻ സാധിക്കയില്ല. സക്കീട്ടഹൗസ്സൻ സുഖക്കേടുനിമിത്തം അവധി എടുത്തുപോയതിനാൽ എല്ലാ ഇൻസ്പെക്ഷൻ റിപ്പോർട്ടുകളും അയക്കാൻ സാധിച്ചില്ല. റിപ്പോർട്ടിൽ ചേർക്കേണ്ടുന്ന ചില വിവരങ്ങൾ അയാളോടു ചോദിക്കേണ്ടതാണ്. അയാൾ ഉടനെ ജോലിയിൽ ഹാജരാകുന്നതും റിപ്പോർട്ടുകൾ ക്രമപ്രകാരം അയക്കുന്നതുമാണ്. ഇതുകൊണ്ടു ഉദ്യോഗസ്ഥന്മാരുടെ ഇൻസ്പെക്ഷൻ കഴിഞ്ഞിട്ടില്ലെന്നു വരികയില്ല.

ഇൻസ്പെക്ഷൻജോലിയുടെ ഗുണത്തെപ്പറ്റി സഭയുടെ ആ ഭാഗത്തുള്ള ഒരു മെംബർ ഒഴികെ മറ്റുള്ള വർക്കു വിയോജിപ്പാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പറഞ്ഞതു വ്യക്തമായി എന്നു വിശ്വസിക്കുന്നു. ചിറയിൻകീഴ് ആശുപത്രിയെപ്പറ്റി മെംബർ ചിലതെല്ലാം പറഞ്ഞു. ഞാൻ ആ ആശുപത്രി പരിശോധിച്ചുള്ള കുറിപ്പിലൊ മിനുത്തിലൊ ആണ്. മെമ്പർ പറഞ്ഞ സംഭവം ചിറയിൻകീഴ് ഈയ്യിട ഉണ്ടായതാണ്. മെഡിക്കൽ ആഫീസരുടെ അസിസ്റ്റൻറും തമ്മിൽ എന്തൊ കലശൽ ഉണ്ടായി. അതിനെ സംബന്ധിച്ച സംഗതികളും എന്നെ പറഞ്ഞു ഗ്രഹിപ്പിക്കുന്നതിനായി രണ്ടു ഡിപ്യൂട്ടേഷൻ (പ്രതിനിധിസംഘം) കഴിഞ്ഞ ആഴ്ച തിരുവനന്തപുരത്തുവന്നു. ചില ദിവസങ്ങൾക്കുമുമ്പു മെഡിക്കൽ ആഫീസരുടെ റിപ്പോർട്ടുകളും എനിക്കു കിട്ടീട്ടുണ്ട്.

നിയമസഭായോഗങ്ങൾ നടന്നുകൊണ്ടിരിക്കയാൽ ചിറയിൻകീഴുപോയി അന്വേഷണംനടത്തുവാൻ എനിക്കു കഴിഞ്ഞില്ല. ഡിപ്യൂട്ടേഷൻകാരിൽനിന്നു ഇരുഭാഗക്കാരുടെയും വാദങ്ങൾ കേട്ടിരിക്കയാൽ അവിടെ പോയതുകൊണ്ടു വിശേഷാൽ ഗുണമുണ്ടെന്നും ഞാൻ വിചാരിക്കുന്നില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ആ മെഡിക്കൽ ഉദ്യോഗസ്ഥന്മാരിൽ ഒരാൾക്കു അവിടെനിന്നു സ്ഥലംമാറ്റം കൊടുത്തുകൂടുമെയൊ?

മിസ്സസ്. എം. പുന്നൻലൂക്കോസ് (ഡർബാർഹിസിഷ്യൻ ജോലിനോക്കുന്ന സർജ്ജൻ): ആ ചോദ്യത്തിനു ഇപ്പോഴും സംഗതി ഇല്ല.

മറ്റു ഉദ്യോഗസ്ഥന്മാരെ പോലെ ഡർബാർഹിസിഷ്യനു തന്റെ സൌകര്യംപോലെ ഇൻസ്പെക്ഷൻ ജോലി ക്രമപ്പെടുത്തുവാൻ സാധിക്കയില്ല. അതുപോലെതന്നെ പ്രാധാന്യമുള്ള വേറെജോലികളും ചെയ്യേണ്ടതായ വരുമല്ലൊ. ഇതു ഗ്രഹിച്ചിട്ടു ഗവണ്മെൻറു സക്കീട്ടകാര്യത്തിൽ ഡർബാർഹിസിഷ്യനു ചില ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സക്കീട്ട ജോലിയെ സംബന്ധിച്ചു ഡർബാർഹിസിഷ്യൻ കൊടുത്ത വിവരണത്തിൽനിന്നു അവർ പ്രശസ്തമായ ജോലിചെയ്തിട്ടുള്ളതായിക്കാണുന്നു. എന്തു സംഗതി അടിസ്ഥാനമാക്കിയാണ് എന്റെ സ്നേഹിതൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഈ കുറ്റാരോപണം ചെയ്തതെന്നു എനിക്കു മനസ്സിലാകുന്നില്ല.

പ്രൊസിഡൻറ്: ഉത്തരവാദിത്വസ്ഥാനത്തിരിക്കുന്ന ഒരു ഗവണ്മെൻറുദ്യോഗസ്ഥനെപ്പറ്റി ഒരു മെമ്പർ നേരിട്ടോ സൂചിപ്പിച്ചോ ഒരു ആക്ഷേപം പുറപ്പെടുവിക്കുമ്പോൾ അതിനു കാരണമായ സംഗതികളുടെ യഥാർത്ഥ്യത്തെപ്പറ്റി ആ മെമ്പർക്കു നിശ്ചയമുണ്ടായിരിക്കണമെന്നു മിസ്റ്റർ നീലകണ്ഠപ്പിള്ള ഗ്രഹിച്ചിട്ടില്ലെന്നതിനാൽ അദ്ദേഹത്തോടു സാമാന്യം കാണിയിലയിൽ പെരുമാറേണ്ടിവന്നതു മിസ്റ്റർ നാരായണപിള്ള സൂക്ഷിച്ചിരിക്കുമല്ലൊ. മിസ്റ്റർ നീലകണ്ഠപ്പിള്ളക്കു അദ്ദേഹം പ്രസ്താവിച്ച സംഗതികളെപ്പറ്റി നിശ്ചയമില്ലെന്നു എനിക്കു തോന്നി. അങ്ങനെതന്നെയാണെന്നു പിന്നീടു സ്പഷ്ടമാകുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായക്കുന്നതുപോലെ സംഗതികൾ യഥാർത്ഥമല്ല കിംവദന്തി യാണെന്നു ഇന്നാൾ സമ്മതിച്ച സംഗതിയിന്മേലാണു താൻ വാഴിക്കുന്നതെന്നു അദ്ദേഹം ഒട്ടുംതന്നെ ഗ്രഹിക്കുന്നില്ല. മിസ്റ്റർ നീലകണ്ഠപ്പിള്ളയോടു ഞാൻ സംസാരിച്ചുപോലെ സംസാരിച്ചതിനു വേറൊരു ഉദ്ദേശവും എനിക്കുണ്ടായിരുന്നു. ഈ സഭയുടെ ജോലി ഫലമേറിയതും ഗൌരവവും ആണെന്നും സങ്കല്പങ്ങളെയും കിംവദന്തികളെയും അടിസ്ഥാനപ്പെടുത്തി നടത്തുന്നതല്ലെന്നും പഴയ മെമ്പർമാർ ഗ്രഹിച്ചു പ്രവൃത്തിക്കുന്നതുപോലെ പുതിയ മെമ്പറായ അദ്ദേഹവും ഗ്രഹിക്കണമെന്നു ഞാൻ ആഗ്രഹിച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു കിട്ടിയ വിവരത്തിന്റെ സ്വഭാവത്തെപ്പറ്റി ആലോചിച്ചാൽ ചിറയിൻകീഴ് ആശുപത്രിയിൽ രണ്ടു മഡിക്കൽമാർ തമ്മിൽ വഴക്കുണ്ടായി എന്നു ഇൻചാർജ്ജ് ആഫീസർ സമ്മതിക്കുന്നു. ഇക്കാര്യം എന്റെ ഒഫ്ഫീയിൽ കൊണ്ടുവന്നതു ഏകദേശം രണ്ടുമാസം മുമ്പാണ്. ഞാൻതന്നെ ആ ഡോക്ടർമാരെക്കണ്ടു ഇൻചാർജ്ജ് ഡർബാർഹിസിഷ്യൻ സ്ഥലത്തുവന്നു അന്വേഷണം കഴിച്ചോ എന്നു ചോദിച്ചു. ആ സ്ഥലത്തേക്കു അവർക്കു സ്ഥലംമാറ്റം കിട്ടിയതിനു പിന്നെ ഡർബാർഹിസിഷ്യൻ സ്ഥലത്തു വരികയൊ പരിശോധന നടത്തുകയൊ ചെയ്തിട്ടില്ലെന്നു അവർ പറഞ്ഞു ഇതെനിക്കു സ്ഥലാന്വേഷണത്തിൽ ലഭിച്ച വിവരമാണ്. ആ വിവരം എന്റെ വാദത്തിൽ പ്രയോഗിക്കുന്നതിനു എന്താണ് തടസ്സം. അതു പറഞ്ഞു കേട്ട വിവരമാണെന്നു സമ്മതിക്കുന്നു. ഡയറിക്കും സ്വകാര്യമാണെന്നു വെച്ചിരിക്കുന്ന സ്ഥതിക്കു എനിക്കും ഇതിലധികം നിശ്ചയമുണ്ടാകാൻ മാർഗ്ഗമില്ല. ചിറയിൻകീഴ് ആശുപത്രിയിലെ സ്ഥിതിയെപ്പറ്റി സ്ഥലാന്വേഷണം കഴിച്ചശേഷം ആശുപത്രിയിൽ കുഴപ്പമുണ്ടെന്നും ഡിപ്പാർട്ടുമെൻറ് മേലധികാരി

യുടെ കൃത്രിമായ പരിശോധനകൊണ്ടു അയാൾ ജീക്കാമെന്നും കിട്ടിയ ആ അനേക്ഷണഫലം ഗവൺമെൻറിന്റെ ഉദ്ദിയിൽ കൊണ്ടുവരുന്നതു എന്റെ ധർമ്മമാണെന്നു ഞാൻ വിചാരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടെയാണ് ഞാൻ ഈ പ്രമേയം കൊണ്ടുവന്നതു. ആശുപത്രിയിൽ വഴക്കുണ്ടെന്നു ആഫീസർ സമ്മതിക്കുന്നു. എന്നാൽ സങ്കടം അനുഭവിക്കുന്നതു സാധുരോഗികളല്ലാതെ ആരാണ്? രണ്ടു ഡോക്ടർമാർക്കു കലശൽ കൂടാൻ ഒരു പ്രയാസവുമില്ല. കഷ്ടപ്പെടുന്നവർ ആരാണ്? സാധുക്കളായ രോഗികൾ അവർക്കു മരുന്നുകിട്ടുകയില്ല. ഡോക്ടർസിൽനിന്നു നേരിട്ടു അറിവുകിട്ടിയുടനെ സ്ഥലത്തു എത്തി കൂടിയാന്മാരുടെ പണംകൊണ്ടു നടത്തുന്ന ആ സ്ഥാപനത്തിന്റെ നടത്തിപ്പിനു വേണ്ട ശട്ടംകെട്ടുകൾ ചെയ്യേണ്ടതു ഡർബാർഫിസിഷ്യന്റെ ധർമ്മമല്ലയോ?

പ്രൈസിഡെൻറ്: ഇതിനെയെല്ലാം സംബന്ധിച്ചു നിങ്ങൾ ഒരു പ്രസംഗം ചെയ്തിട്ടു അതുവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിരയിൻകീഴ്): കിംവദന്തിയിന്മേൽ എന്റെ വാദം സ്ഥാപിച്ചതിനു എന്നെ അധികം കുറ്റപ്പെടുത്തിയതിനാൽ ഞാൻ സമാധാനം പറവാൻ വിചാരിച്ചതാണു. ഈ വിവരം ഈ പ്രമേയം സംബന്ധിച്ചു ഉപയോഗിക്കാൻ എനിക്കു അവകാശമില്ലേ?

പ്രൈസിഡെൻറ്: നിങ്ങൾ വേണ്ടുവോളം സമാധാനം പറഞ്ഞു. നിങ്ങൾ സംസാരിച്ചതു അബദ്ധവും തെറ്റിദ്ധാരണയും നിമിത്തമാണെന്നു എന്നെപ്പോലെതന്നെ സഭ മുഴുവനും മനസ്സിലാക്കിയിരിക്കുന്നു. (ചിരി).

മി: കെ പി. നീലകണ്ഠപ്പിള്ള (ചിരയിൻകീഴ്): ചിരയിൻകീഴ് ആശുപത്രിയെ സംബന്ധിച്ചടത്തോളം തെറ്റിദ്ധാരണയെന്നുമില്ല എങ്കിലും ഒരു സ്ത്രീ (ചിരി) ഒരു മാന്യദരിച്ചുവന്ന ഡിസ്പാട്ട്മെൻറിനെപ്പറ്റി ആക്ഷേപം പറവാൻ ഇടവന്നതുകൊണ്ടു ഞാൻ വ്യസനിക്കുന്നു. ഡിസ്പാട്ട്മെൻറ് മേലധികാരികളെപ്പറ്റി അവരുടെ പ്രവൃത്തികളും മേൽനോട്ടവും സംബന്ധിച്ചു ആക്ഷേപിക്കുന്നതു വളരെ പ്രയാസമാണെങ്കിലും അങ്ങനെ ചെയ്യുന്നതും എന്റെ ധർമ്മമാണെന്നു ഞാൻ വിചാരിച്ചു. ഈ വാക്കുകളോടുകൂടെ പ്രമേയം ഞാൻ പിൻവലിച്ചുകൊള്ളുന്നു.

പ്രൈസിഡെൻറ്: പ്രമേയം പിൻവലിക്കാൻ യോഗം അനുവദിക്കുന്നുവോ?

പ്രമേയം അനുവദിപ്രകാരം പിൻവലിച്ചു.

പ്രൈസിഡെൻറ്: യോഗം ഇപ്പോൾ പിരിഞ്ഞു നാളെ പകൽ പതിനൊന്നരമണിക്കു വീണ്ടും കൂടാം. യോഗം വൈകിട്ടു 3-നു മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true Translation.)

T. RAMALINGAM PILLAI,
Head Translator to Government.

രാജാധരത്ത സഭ.

ഒന്നാമത്തെ യോഗം കക്കാം.

(അഫിക്യൽ റിപ്പോർട്ട്)

കൻവ ൪ ആഗസ്റ്റ് കണ്ടാം തീയതി വ്യാഴാഴ്ച.

സഭായോഗം വിക്ടോറിയാജ്യൂബിലിടൌൺഹാളിൽ പതിനേഴരയ്ക്കു തുടുത്തതിനു മിനിട്ടായപ്പോൾ വീണ്ടുംകൂടി. പ്രസിഡൻറ് അദ്ധ്യക്ഷംവഹിച്ചു.

ചോദ്യങ്ങളും മറുപടികളും.

[സ്റ്റാൻഡിംഗ് ആർഡർ കവ പ്രകാരം അദ്ധ്യക്ഷൻ നടപടി ക്രമപരിപാലനാർത്ഥമായി]

ക. സഭയുടെ ഓരോ യോഗത്തിലും ചോദിക്കാനുള്ള ചോദ്യങ്ങളുടേയും അതുയ്ക്ക് കൊടുക്കുന്ന മറുപടികളുടേയും അച്ചടി പകർപ്പുകൾ അദ്ധ്യക്ഷൻ ആസന്നസ്ഥനാകുന്നതിനു കഅ മിനിട്ടിനുമുമായി മേശപ്പുറത്തു വച്ചിരിക്കണം.

ഖ. ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടി പറയുന്നതും താഴെ പറയുന്ന ക്രമപ്രകാരം ആയിരിക്കണം.

സെക്രട്ടറി ഓരോ പ്രശ്നകർത്താവിന്റേയും പേരു നമ്പർ ക്രമത്തിനു വിളിക്കുകയും ഓരോരുത്തരുടെ ചോദ്യങ്ങളുടെ നമ്പർ പ്രസ്താവിക്കുകയുംചെയ്യണം. അവരിൽ ആർക്കെങ്കിലും വല്ല ഉപചോദ്യങ്ങളും ചോദിക്കാനുണ്ടെങ്കിൽ അതിനു സൌകര്യമുണ്ടാകത്തക്കവണ്ണം പ്രശ്നകർത്താക്കൾ തങ്ങളുടെ സ്ഥാനത്തു് എഴുന്നേറ്റു നിൽക്കുന്നതിനു അല്പം സമയം കൊടുക്കുകയുംവേണം. മുഖ്യചോദ്യങ്ങളേയും അതിനു സംബന്ധിച്ചു ഉപചോദ്യങ്ങൾ ചോദിക്കേണ്ടതാകുന്നു.]

വർണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാരെ അവരുടെ സ്ഥിരജോലിയിലേക്കു സ്ഥലംമാറ്റുന്നതു്.

കകക. മി. പി. കെ. നാരായണപ്പിള്ള (അമ്പലപ്പുഴ): (എ) കഴിവുള്ളവരായിട്ടുള്ള വർണാക്യുലർസ്കൂൾ അദ്ധ്യാപകന്മാരെ അവരവരുടെ സ്വന്തഗ്രാമങ്ങളിലേക്കോ ആ ഗ്രാമങ്ങളുടെ സമീപസ്ഥലങ്ങളിൽ എവിടേയെങ്കിലുമോ സ്ഥലംമാറ്റുന്നതിനെന്നുള്ള തന്റെ പ്രത്യേകമായ നടപടിയിൽ വരുത്തുന്നതിനു വിദ്യാഭ്യാസ ഡയറക്ടക്കു എത്രത്തോളം സാധിച്ചിട്ടുണ്ടെന്നു് ഗവർണ്മെൻറ് സഭയെ അറിയുമോ?

(ബി) സ്ഥലംമാറ്റത്തിനായി എത്ര അപേക്ഷകൾ കിട്ടിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം അനുവദിച്ചുകൊടുത്തിട്ടുണ്ടെന്നും അറിയുമോ?

(സി) ഇങ്ങനെയുള്ള സ്ഥലംമാറ്റങ്ങളെക്കുറിച്ചു ഡയറക്ടർക്കുള്ള ഉദ്ദേശത്തെ തടയുന്നതിൽ വർണാക്യുലർസ്കൂൾ ഇൻസ്പെക്ടരും അദ്ദേഹത്തിൻറെ അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരും തങ്ങളാൽ കഴിയുന്നതു ചെയ്തിക്കുകയാണു പതിവുണ്ടെന്നുള്ളതു വാസ്തവമാണോ?

(ഡി) ഇങ്ങിനെയുള്ള സ്ഥലംമാറ്റങ്ങൾ പിന്നീടു തിരുത്തിക്കുകയോ, താമസിപ്പിക്കുകയോ ചെയ്യുന്നതിൽ ഇൻസ്പെക്ടരുടേയും അദ്ദേഹത്തിൻറെ അസിസ്റ്റൻറുമാരുടേയും സഹായം അവശ്യപ്പെടുന്നതിനു ഗവർണ്മെൻറിനു് ഉദ്ദേശ്യമുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സിക്രട്ടറി): (എ) ആവശ്യപ്പെട്ട ഉത്തരവുകൾ ഗവൺമെൻറ് സ്കൂൾ ഇൻസ്പെക്ടറേറ്റിനും, വർണാക്യുലർസ്കൂൾ ഇൻസ്പെക്ടർക്കും അവരവരുടെ കീഴുള്ള അസിസ്റ്റൻറ് ഇൻസ്പെക്ടർമാർക്കും, അസിസ്റ്റൻറ് ഇൻസ്പെക്ടർമാർക്കും അയച്ചിട്ടുണ്ടു്.

(ബി) ഓരോ സ്കൂളിൽനിന്നും, സ്ഥലംമാറ്റം ആവശ്യപ്പെട്ട അദ്ധ്യാപകൻമാരുടേയും ഒരു വിവരപത്രിക (സ്റ്റേറ്റുമെൻറ്) വാങ്ങീട്ടുണ്ടു്.

അൻകൂട്ടികളുടെ വർണാക്യുലർ സ്കൂളുകളുടെ വിഷയത്തിൽ ൨൦ ഡിസ്ട്രിക്ടുകളിലായി ൨൧൫ അദ്ധ്യാപകന്മാർ സ്ഥലംമാറ്റത്തിനായി പ്രത്യേകപ്പെടുകയും ഇതു സ്ഥലംമാറ്റങ്ങളും അനുവദിക്കപ്പെടുകയും ഉണ്ടായിട്ടുണ്ടു്.

വിദ്യുത്തിനികളുടെ വർണാക്യുലർസ്കൂളുകളുടെ വിഷയത്തിൽ ൭ ൫൨ അദ്ധ്യാപകന്മാർ സ്ഥലംമാറ്റത്തിനാവശ്യപ്പെട്ടുകയും ൫൦൩ സ്ഥലംമാറ്റങ്ങളും അനുവദിക്കപ്പെടുകയും ഉണ്ടായി.

(സി) മറുപടി നിഷേധരൂപത്തിലുണ്ടു്.

(ഡി) (സി) ഭാഗത്തിനു കൊടുത്തമറുപടികാരണം ഈ ചോദ്യം അസംഗതമാണു്.

ഡിസ്പ്ലാർട്ടുമെൻറ് വർണാക്യുലർസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കരണം.

കകഖ. മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) സർക്കാർ വർണാക്യുലർ സ്കൂളുകളിലെ, പ്രത്യേകിച്ചു പ്രാഥമികസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ പ്രാരംഭശമ്പളവും ഭാവ്യുയർത്തിയും, റജിസ്ട്രേഷൻ, എക്സ്ട്രസ്, ഫവന്റ്, അഞ്ചൽ മുതലായ വകുപ്പുകളിൽ പ്രവേശിക്കുന്നവരുടെ അവരവരുടെപ്പോലെ സാമാന്യവിദ്യാഭ്യാസയോഗ്യതകളുള്ള മറ്റുകാര്യക്കാരെ ലഭിക്കുന്നവയെക്കാൾ ഉയരം മോശമാണെന്നു ഗവർണ്മെൻറിനു് അറിവുണ്ടോ?

(ബി) മേല്പറഞ്ഞ നഷ്ടത്തെ പരിഹരിക്കുന്നതിലേക്കു അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടുന്നതിനും ശമ്പളത്തിനു സാമയികമായ കൂട്ടുതലിനു തോതു ഏർപ്പെടുത്തുന്നതിനും ഗവർണ്മെൻറിനു ഉദ്ദേശ്യമുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സിക്രട്ടറി): (എ) യും (ബി) യും വർണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഇക്കഴിഞ്ഞ കൻവ൪-ാമാണ്ടിൽ പരിഷ്കരിച്ചുകഴിഞ്ഞു. ശമ്പളത്തോതു ഇതിനുമുമ്പായികൂട്ടുന്നതായാൽ, പൊതുമുതലെടുപ്പിൽനിന്നു ഭീമമായ ചെലവു നേരിടുന്നതാകകൊണ്ടു ഏതുവിഷയത്തിലുള്ളാലോചനയും സന്തോഷമനസ്യത്തോടെ എങ്കിലും, ഇനിയുമൊരവസരത്തിലേക്കു മാറ്റിവയ്ക്കുന്നതിനു ഗവണ്മെൻറ് നിർബന്ധിതരായിരിക്കുന്നു.

മി. ജി. രാമഭദ്രനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചങ്ങനാശ്ശേരി കൊല്ലത്തേക്കുള്ള ബസ്സുകളിൽ ഉദ്ദേശം ൩,൬൯,൬൦൦ രൂപാ നീക്കിയിരിപ്പു ഉണ്ടാകുമെന്നുള്ളതും, ഇനിയും ൨ ൪ വർഷത്തേക്കു ഏതാണ്ടം ഇതുകളിൽ മുതലെടുപ്പു സമൃദ്ധമായ നിലയിൽതന്നെ ഇരിക്കുമെന്നു ധനകാര്യ സിക്രട്ടറി ഉറപ്പുപറയുന്നതും ആലോചിച്ചു, അദ്ധ്യാപകന്മാർക്കു ശമ്പളക്കുടിശ്ശിക കൊടുക്കുന്ന സംഗതി പുനരാലോചിക്കുന്നതിനു ഗവണ്മെൻറിനു ഒരു ഭേദഗതിയുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): ഈ മരപ്പടി തയ്യാറാക്കിയസമയത്തു മുന്നു ലക്ഷത്തിൽ ചിലചില്വാനം രൂപാ ബാക്കിവരുമെന്നു ഗവണ്മെൻറിനു അറിയാമായിരുന്നു. ഈ ബാക്കിയുംകൂടി ആലോചിച്ചിട്ടായിരുന്നു, "ഗവണ്മെൻറ്സംഗതിയുടെ പുനരാലോചന വൈമനസ്യത്തോടെയെങ്കിലും, ഇനിയുമൊരവസരത്തിലേക്കു മാറ്റിവയ്ക്കുന്നതിനു നിർബന്ധിതരായിരിക്കുന്നു" എന്നുപറഞ്ഞതു്.

വർണ്ണാക്യുലർസ്കൂൾ അദ്ധ്യാപകന്മാരുടെ സങ്കടങ്ങൾ.

൧൯൨. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): (എ) തങ്ങൾക്കു കിട്ടിവരുന്ന തുച്ഛമായ ശമ്പളംനിമിത്തം വർണ്ണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാർ അനുഭവിച്ചുപോരുന്ന സങ്കടങ്ങളുടെ യഥാർത്ഥതയെപ്പറ്റി ഗവണ്മെൻറിനു ബോദ്ധ്യംവന്നിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ, അടുത്തകാലത്തുതന്നെ അവക്കു സങ്കടനിവൃത്തിയുണ്ടാക്കുന്നതിനു ഗവണ്മെൻറു നിശ്ചയിച്ചിട്ടുണ്ടോ എന്നു് സദയം പറയുമോ?

(സി) ഇപ്പോൾ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടുന്നതിലേക്കു വേണ്ടതായ മാർഗ്ഗങ്ങൾ ഗവണ്മെൻറ് കണ്ടുപിടിച്ചിട്ടുണ്ടോഎന്നു സദയം പറയുമോ?

(ഡി) ഇല്ലെങ്കിൽ, അവരുടെ സ്ഥിതിയെ ഉയർത്തുന്നതിനും ശമ്പളംകൂട്ടുന്നതിനും ആയിട്ടുള്ള മാർഗ്ഗങ്ങളെക്കുറിച്ചു ഉപദേശിക്കുന്നതിനു ഉദ്യോഗസ്ഥന്മാരല്ലാത്തവരുടെ പ്രതിപക്ഷമുള്ളതുമായ ഒരു കമ്മിറ്റി ഏർപ്പെടുത്തുന്നതിനു് ഗവണ്മെൻറിനു ഭേദമുണ്ടാകുമോ?

(ഇ) വർണ്ണാക്യുലർസ്കൂൾഅദ്ധ്യാപകന്മാരെ കഴിവുള്ളേടത്തോളം അവരവരുടെ സ്വദേശങ്ങളിൽ തന്നെയോ, അടുത്തപ്രദേശങ്ങളിലൊ, നിയമിക്കേണ്ടതാണ് എന്നുള്ള ഗവണ്മെൻറു നിർദ്ദേശങ്ങളുണ്ടായിരുന്നിട്ടും, അവരിൽ അനേകംപേർക്കും ഈ നിർദ്ദേശങ്ങളുടെ ഗുണം അനുഭവിക്കാതെയാണിരിക്കുന്നതു്എന്നുള്ളവസ്തുത ഗവണ്മെൻറിന്റെ അറിവിൽ വന്നിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): (എ)—ം (ബി)—ം (സി)—ം (ഡി)—ം മെമ്പർ ൧൯൨-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി നോക്കേണ്ടതാണ്.

ഇ. ൧൯൨-ാംചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി മെമ്പർ നോക്കണം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മാസശമ്പളം ൧൫ രൂപാകൊണ്ടു ഒരു വർണ്ണാക്യുലർ സ്കൂൾ വാദ്ധ്യാക്കു തന്റെ സ്ഥിതിക്കനുസരണമായ വിധത്തിൽ ഉപജീവിക്കാവുന്നതാണെന്നു ഗവണ്മെൻറിനു വിശ്വാസമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): ഗവണ്മെൻറിന്റെ മനസ്ഥിതി മറുപടിയിൽകാണാവുന്നതാണു. ശമ്പളം പര്യാപ്തമാകുന്നു ഗവണ്മെൻറിനറിയാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഉദ്യോഗസ്ഥാന്മാരല്ലാത്തവരുടെ പ്രതിപക്ഷമുള്ള ഒരു കമ്മിറ്റിയെ ഏർപ്പെടുത്തുന്നതിനു ഗവണ്മെൻറിനു ഭേദമുണ്ടാകുമോഎന്നുള്ള എന്റെ ചോദ്യം (ഇ) ഭാഗത്തിനു മറുപടികിട്ടീട്ടില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): (എ), (ബി), (സി), (ഡി) എന്നീഭാഗങ്ങളെ ലക്ഷ്യമാക്കിയിട്ടുള്ള മറുപടിയുടെ ആദ്യഭാഗത്തു ഇതടങ്ങിയിരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നോക്കണമെന്നു എന്നോടാവശ്യപ്പെട്ടമറുപടി ഞാൻകണ്ടിട്ടില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): മറുപടി ഇതാകുന്നു. "തൽക്കാലത്തേക്കു ഈ വിഷയത്തെക്കുറിച്ചുള്ള പര്യാലോചന മനോവൈമനസ്യത്തോടെകിലും, മാറ്റിവയ്ക്കുന്നതിനു ഗവണ്മെൻറു നിർബന്ധിതരായിരിക്കുന്നു." ഈ മറുപടിയെക്കുറിച്ചു നിയമിക്കേണ്ട ആവശ്യമൊന്നുമില്ല.

അദ്ധ്യാപകന്മാരുടെ സ്ഥലനിശ്ചയങ്ങൾ.

൧൯൩. മി. എ. കെ പിള്ള (കരുനാഗപ്പള്ളി): (എ) അദ്ധ്യാപകന്മാർക്കു കൊടുത്തുവരുന്ന താരതമ്യേന തുച്ഛമായ, ശമ്പളത്തെ ആലോചിച്ചിട്ടു, അവർക്കു സ്വദേശത്തും സമീപസ്ഥലങ്ങളിലുംനിയമിച്ചുകൊടുക്കേണ്ടതാകുന്നതുള്ള ഗവണ്മെൻറുനയം അധികം ഉത്തേജിതപ്പെടുത്തുന്നതിനു ഗവണ്മെൻറിനു ഭേദമുണ്ടാകുമോ?

(ബി) ഇക്കഴിഞ്ഞ രണ്ടുകൊല്ലങ്ങളിലുണ്ടായിട്ടുള്ള അഞ്ചിനെയുള്ള നിയമനങ്ങളുടെ ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുന്നതിനു ഗവർണ്മെൻറിനുദ്ദേശമുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): (എ) ൧൯൨-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ളമറുപടി മെമ്പർ നോക്കേണ്ടതാകുന്നു.

ബി. അപ്രകാരമുള്ള ഒരുവിവരണം തയ്യാറാക്കുന്നതിൽ നേരിടുന്ന സമയവും പ്രയത്നവും അതിൽനിന്നുള്ളപ്രയോജനത്തെ ക്രമാതീതമായി അധികരിക്കുന്നതായാൽ, അങ്ങിനെചെയ്യുന്നതിനു ഗവണ്മെൻറു വിചാരിക്കുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ചോദ്യത്തിന്റെരണ്ടാംഭാഗം (ബി) നമ്പർകൊടുത്തിട്ടുള്ള മറുപടിയിൽ നിന്നു് കാണുന്നതു, ഗവണ്മെൻറിനുദ്ദേശമുണ്ടെന്നതെന്നുള്ളചോദ്യത്തിനുള്ളതായ മറുപടികൊടുക്കുന്നതിനു അവർ വിചാരിക്കുന്നില്ലെന്നാകുന്നു, അതു് ഇനിക്കു തൃപ്തിയായിരിക്കുന്നില്ല. മറുപടിഇതാകുന്നു അപ്രകാരമുള്ള ഒരുവിവരണം തയ്യാറാക്കുന്നതിൽ നേരിടുന്ന സമയവും പ്രയത്നവും അതിൽനിന്നുള്ളപ്രയോജനത്തെ ക്രമാതീതമായി അധികരിക്കുമെന്നുള്ളതിനാൽ അങ്ങിനെചെയ്യുന്നതിനു ഗവണ്മെൻറു വിചാരിക്കുന്നില്ല.

പ്രയോഗനം മെമ്പർക്കല്ലാതെ ഗവൺമെന്ററിനല്ല ഒരുഉദ്ദേശത്തോടുകൂടിയാണ് ഞങ്ങൾ ചോദ്യങ്ങ പ്രചോദിക്കുന്നത്. അതിനാൽ ഞങ്ങൾക്ക മറുപടികിട്ടണം. ഇക്കാര്യത്തിലുള്ള സംശയം തീർക്കുന്നതിനായി ഞാൻ ഒരു കാര്യം ചോദിക്കുന്നു—

മി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി) : ക്ഷേത്രപരിപാലന വിഷയമായ ഒരു സംഗതി യിലേക്ക ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. മെമ്പർ ഒരു ഉപചോദ്യമല്ല ചോദിക്കുന്നത്, ഇത് ഉപചോദ്യങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള സമയമാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : ഞാൻ ഒരു ഉപചോദ്യമല്ല ചോദിക്കുന്നത്. ഈ സം ഗതിയിലേക്ക ഗവൺമെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതിനത്രേ ഞാൻ ആഗ്രഹിക്കുന്നത്.

പ്രസിഡന്റ്. നിങ്ങൾക്ക ഒരു ഉപചോദ്യം ചോദിക്കാവുന്നതാണല്ലോ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : എനിക്ക ഉപചോദ്യങ്ങളൊന്നും ചോദിക്കാനില്ല. എ ന്നാൽ ഇപ്രകാരം അതൃപ്തികരമായ മറുപടികളിലേക്ക പ്രസിദ്ധങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിനു എനി ക്കുസമയം ആവശ്യമുണ്ട്. സർ, അങ്ങിനെചെയ്യുകൊള്ളുന്നതിനു എനിക്ക സമയമില്ലേ?

മി. കയ്യാലം പരമേശ്വരൻ പിള്ള (ആക്ടിംഗ് അസിസ്റ്റന്റ ഹെഡ്സക്രട്ടർ വകയിൽ) : ഗവൺമെന്റ കൊടുക്കുന്ന മറുപടികളെക്കുറിച്ച ഈ സഭയിൽ വാദപ്രതിവാദംചെയ്യുന്നതിനവകാശമില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : എന്നാൽ, എന്റെ അഭിപ്രായത്തിൽ, അതൃപ്തികരമെ ന്നതോന്നുന്ന ഏതുകാര്യത്തിലേക്കും പ്രസിദ്ധങ്ങളുടെ ശ്രദ്ധയെ എനിക്ക ക്ഷണിക്കാവുന്നതാണ്.

പ്രസിഡന്റ്. സൂക്ഷ്മത്തിൽ ചോദ്യസമയത്തു നിങ്ങൾക്ക അപ്രകാരം ചെയ്യാമെന്നു ഞാൻ വിചാരി ക്കുന്നില്ല. ന്യായാന്യായമായ എല്ലാവിചാരവും തന്നെ സംഗതിയിൽ ഗവൺമെന്റ പൂർണ്ണമനസ്സുള്ളവരാണെന്നു നിങ്ങളോടുപറയുന്നതിനു എനിക്ക വിരോധമില്ല. എങ്കിലും മറുപടി തയ്യാറാക്കുന്നതിൽ നേരിടുന്ന വലുതായ അദ്ധ്വാനംനോക്കുമ്പോൾ, അതും അവക്ക ചിന്തിപ്പാനുള്ളതാകുന്നു, തങ്ങളുടെ കീഴുദ്യോഗസ്ഥന്മാരിൽ ഈ അദ്ധ്വാനമെല്ലാം മുഴുക്കുന്നതു വല്ലപ്രകാരത്തിലും പ്രയോജനകരമായി വരുമെന്നു അവക്കുബോദ്ധ്യംവരുന്നപ ക്ഷം ആവശ്യപ്പെടുന്നവിവരണം അവർ തരുന്നതാണ്. ചുരുക്കൽ വാസ്തവത്തിൽ എല്ലാ അദ്ധ്വാനവും പര മാകുന്നതുകൊണ്ടും, പണം കരംകൊടുക്കുന്നവരുടേതാകകൊണ്ടും, ആ അദ്ധ്വാനത്തിനിടയാക്കുന്നതിനാൽ മറുപടിതയ്യാറാക്കുന്നതിൽ നേരിടുന്ന അദ്ധ്വാനത്തിനു അനുയോജ്യമായ പ്രയോജനമുണ്ടാകുന്നതായില്ലെന്നു ബോ ദ്ധ്യംവരുന്നെങ്കിൽ, അവർ അതു പിടിച്ചുകളയുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : മെമ്പർമാർ ചോദ്യങ്ങൾ ചോദിക്കുന്നതു വല്ലനേരംപോ ക്കിനുമല്ല. മതിയായ കാരണത്തോടുകൂടിയാണ് മെമ്പർമാർ ചോദ്യങ്ങൾ ചോദിക്കുന്നത്.

പ്രസിഡന്റ്. എനിക്ക അതറിയാം മെമ്പർ ആഫീസിലേക്ക വരുന്നെങ്കിൽ, ഞങ്ങൾക്ക കഴിവുള്ളട ത്തോളം എല്ലാവിവരങ്ങളുടെയും കരസ്ഥമാക്കുന്നതിനുള്ള സൌകര്യങ്ങൾ നൽകുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : അങ്ങിനെതന്നെ.

പ്രസിഡന്റ്. സംബന്ധപ്പെട്ട സെക്രട്ടറിയുടെ അടുക്കൽപോകുന്നതിനു നിങ്ങൾക്ക പൂർണ്ണസ്വാതന്ത്ര്യമു ണ്ട് വിവരം കണ്ടുപിടിക്കുന്നതിനുള്ള എല്ലാസൌകര്യങ്ങളേയും അദ്ദേഹം തരുന്നതുമാകുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : ഞാൻ അങ്ങയുടെ വളരെ നന്ദിപറഞ്ഞുകൊള്ളുന്നു,

വർണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളക്കാര്യം,

*൪൪൩. മി. തയ്യിൽകുന്നിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) കഴിവുള്ളടത്തോളം അടുത്തുതന്നെ വർണ്ണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു അവരുടെസ്ഥിതിനന്നാക്കുന്നതിനു ഗവൺമെന്റി നുദ്ദേശമുണ്ടോകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി) : *൪൪൩-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപ ടി മെമ്പർ നോക്കേണ്ടതാണ്.

വർണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാർ.

*൪൪൪. മി. കെ. ജെ. ജോസഫ് (മീനച്ചിലും ദേവികുളവും): എ. വർണാക്യുലർസ്കൂളുകളിലെ,പ്ര ത്യേകിച്ചു വർണാക്യുലർ പ്രാഥമികസ്കൂളുകളിലെ അദ്ധ്യാപകന്മാർക്കകൊടുത്തുവരുന്ന പ്രതിഫലം തുലോം തുച്ഛ മാകുന്നതായ ഗവൺമെന്റിനറിവുണ്ടോഎന്നും,

ബി. അവരുടെശമ്പളത്തിൽ ഗണ്യമായ വർദ്ധനവുവരുത്തി, അവരുടെ കഷ്ടപ്പാടിനെ ലഘൂകരി ക്കുന്നതിലേക്ക വല്ലതും പ്രവർത്തിക്കുന്നതിന് ഗവൺമെന്റവിചാരിക്കുന്നുണ്ടോ എന്നും, പറയുന്നതിനു ഗവൺമെ ന്റിനു മയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): *൪൪൩-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറു പടി മെമ്പർ നോക്കണം.

മി. കെ. കെ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇങ്ങിനെയുള്ള വർണാക്യുലർസ്കൂൾ അ ദ്ധ്യാപകൻമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള ആ പര്യാപ്തതയെക്കുറിച്ചു ഗവൺമെന്റിനു ബോദ്ധ്യംവന്നി രിക്കുന്നതായ ഈ മറുപടിയിൽനിന്നും ഞാൻ മനസ്സിലാക്കട്ടെയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): *൪൪൩-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറു പടിയിലേക്ക മെമ്പരുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നു അതിൽ ഗവൺമെന്റ പറഞ്ഞിരിക്കുന്നു: "മൊത്തമനസ്യത്തോടെങ്കിലും, തൽക്കാലത്തേക്ക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഴയാലോചന മാറിവയ്ക്കുന്നതിനു ത ങ്ങൾ നിർബന്ധിതരായിരിക്കുന്നു" എന്നാകുന്നു.

മി. കെ. കെ. ജോസഫ് (മീനച്ചിലും ദേവികുളവും): "മൊത്തമനസ്യത്തോടെ നിർബന്ധിതരായി" എന്നുള്ള വാക്കുകളിൽനിന്നു അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ഗവൺമെന്റിനു ബോദ്ധ്യംവന്നിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കട്ടെയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): ഈ അദ്ധ്യാപകന്മാർക്ക ശമ്പളക്കൂട്ടുതൽ കിട്ടു ന്നതു അധികം നന്നായിരിക്കുമെന്നു ഗവൺമെന്റിനു തോന്നുന്നുണ്ട്.

കാ ാ ൬. ലോവർഗ്രേയിഡ് എലിമെന്ററിസ്കൂൾ അദ്ധ്യാപകന്മാരുടെ അപ്പീൽ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി):

(എ) ഗ്രാൻറ് സഹായംവാങ്ങുന്ന ലോവർഗ്രേയ്ഡ് എലിമെൻട്രിസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ സ്ഥിതി തന്നാക്കുന്നതിലേക്ക് ഗവൺമെൻറ് എന്തു നടപടികൾ നടത്തുവാനിരിക്കുന്നു എന്നു സഭയെ അറിയിക്കാമോ?

(ബി) മേല്പറഞ്ഞ അദ്ധ്യാപകൻമാർക്ക് ഇപ്പോഴുള്ള വില കുടുതൽ വിചാരിച്ചു, ഒരു ഉപഗവൺമെൻറ് തീരുമാനമായിരിക്കുന്നതിനു മുമ്പായി ഒട്ടു മുപ്പതു വിതമാണ് മാസമൈനക്കു കുട്ടിവരുന്നതെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവോ?

(സി) ഗ്രാൻറ് സഹായംവാങ്ങുന്ന ലോവർഗ്രേയ്ഡ് എലിമെൻട്രിസ്കൂളുകൾക്ക് ഗവൺമെൻറിൽനിന്നും കിട്ടിവരുന്ന ഗ്രാൻറുമാത്രമല്ലാതെ വേറെ വരവൊന്നുമില്ലെന്നുള്ള വസ്തുതയെ അനുവദിച്ചു ഗ്രാൻറ് സഹായം വാങ്ങുന്ന സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കും ഗവൺമെൻറ് സ്കൂളുകളിലെ അദ്ധ്യാപകൻമാർക്കും തമ്മിലെ ശമ്പളത്തിലും പെൻഷനിലും ഇങ്ങനെയുള്ള വ്യത്യാസം വച്ചുകൊണ്ടിരിക്കുന്നതിനുള്ള കാരണങ്ങൾ എവ എന്നു സഭയെ ഉണർത്തിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): (എ)-ം, (സി)-ം വിദ്യാഭ്യാസംകൊണ്ടു ഗ്രാൻറുകൊടുക്കുന്നതിൻെറ മുഖ്യതത്വം മറ്റു സ്രോതസ്സുകളിൽനിന്നുമുള്ള മുൻ വരുമാനത്തിനുപുറമെയുള്ള വരവിനെ പരിപുഷ്ടിപ്പെടുത്തുന്നതിനുമാത്രം ഉദ്ദേശിച്ചിട്ടുള്ള ഗവൺമെൻറ് ഗ്രാൻറുസഹായത്തിൻെറ ബലംമാത്രം ആശ്രയിച്ചുകൊണ്ടു യാതൊരു സഹായധനം വാങ്ങുന്ന സ്കൂളും നടത്തിക്കൂടാ എന്നും, അങ്ങിനെയുള്ള സ്കൂളുകളുടെ നടത്തിപ്പിലേക്കു വേണ്ടുന്ന മുഴു സംഖ്യയും ഗവൺമെൻറുതന്നെ നിർവഹിക്കണമെന്നും ഗ്രാൻറു സഹായ സമ്പ്രദായത്തിൻെറ ഉദ്ദേശം മുഴുവനും വിഫലീഭവിക്കുന്നതുകൊണ്ടും എന്നും അതുകൊണ്ടു സഹായധനം കൊടുത്തുകൊണ്ടിരിക്കുന്നതിൽ വല്ലതും പ്രവർത്തിക്കണമെന്നും ഗവൺമെൻറിനു വിചാരമില്ല.

(ബി) പ്രാഥമികസ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് ഒന്നാം ഫാറം മുതൽ മൂന്നാം ഫാറം വരേയും, അദ്ധ്യാപികമാർക്ക് രണ്ടാം ഫാറം മുതൽ മൂന്നാം ഫാറം വരേയും, അവരവരുടെ വിദ്യാഭ്യാസയോഗ്യതകളും, പഠിപ്പിക്കുന്ന ക്ലാസ്സുകളും നോക്കി, മാസമൈനക്കു ഗ്രാൻറു സഹായത്തുകകളായി ചേർക്കുന്നുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഗവൺമെൻറിൽനിന്നും കൊടുത്തുവരുന്ന ഗ്രാൻറുസഹായം ഇതുകളല്ലാതെ, വേറെ യാതൊരു വരുമാനവും ഈ ഗ്രാൻറു സഹായം വാങ്ങുന്ന സ്കൂളുകൾക്കു ഇല്ലെന്നു ഗവൺമെൻറു അറിയുന്നുണ്ടോ എന്നു സഭയെ പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഗ്രാൻറു സഹായം ശമ്പളത്തിനു പകരം ആയിട്ടല്ല ഉദ്ദേശിച്ചിട്ടുള്ളത്. വേറെ വരുമാനം യാതൊന്നുമില്ലെങ്കിലും, ഗ്രാൻറുമാത്രം കൊടുക്കാവുന്നതാണ്. ഗ്രാൻറുസഹായം ശമ്പളത്തിനു സമമായിരിക്കണമെന്നു ഗണിക്കുന്നുകയുമില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഡിപ്പാർട്ടുമെൻറു സ്കൂളുകളിലേതുപോലെതന്നെ ഗ്രാൻറുവാങ്ങുന്ന സ്കൂളുകളും കാര്യക്ഷമതയുള്ളവയായിരിക്കണമെന്നു ഗവൺമെൻറിനു തീരുമാനമുണ്ടോ എന്നു സഭയെ പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അങ്ങിനെതന്നെ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അദ്ധ്യാപകന്മാരുടെ സ്ഥിതിയും ശമ്പളവും പരിഷ്കരിക്കയോ, പരിഷ്കരിക്കാതിരിക്കയോ ചെയ്യുംപോലെ അവരുടെ കാര്യക്ഷമതയും വർദ്ധിക്കയോ, കുറയുകയോ ചെയ്യുമെന്നു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഉണ്ട്. ഇതിനുള്ള ഉത്തരവാദിത്വം മാനേജരന്മാർക്കാണുള്ളത്. ഗവൺമെൻറിനുള്ളതിനെക്കാൾ അധികം മാനേജരന്മാർക്കാണുള്ളത്. അതെപ്പറ്റി ആലോചിക്കേണ്ട കാര്യം അവരുടേതാണ്.

പ്രാഥമിക സ്കൂളുകൾക്കു സഹായധനം വർദ്ധിപ്പിക്കുന്നതല്ല.

കാ ാവു. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കായംകുളവും):

(എ) ഗ്രാൻറുവാങ്ങുന്ന വർണ്ണാക്യുലർ പ്രാഥമികസ്കൂളുകളിലെ അദ്ധ്യാപകന്മാരിൽ ഭൂരിപക്ഷംപേർക്കും ഗവൺമെൻറു അനുവദിച്ചിട്ടുള്ള ഗ്രാൻറുതുക മാത്രമെ പ്രതിഫലമായി ലഭിക്കുന്നുള്ള എന്നും അപ്രകാരമുള്ള പ്രതിഫലം മാരോരുത്തർക്കും കിട്ടിവരുന്നതു, സംബന്ധിച്ചു് അവരുടെ ജീവസന്ധാരണത്തിനു തീരെ പര്യാപ്തമല്ലെന്നും, ഗവൺമെൻറിനറിയാമോ?

(ബി) വിദ്യാർത്ഥികളിൽനിന്നും ഫീസ്സ് ഈടാക്കുന്നതിനു വിരോധിച്ചിട്ടുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ പേരിലുള്ള ഗ്രാൻറുതുക വർദ്ധിപ്പിക്കുന്നതിനു ഗവൺമെൻറിനു ഭാവമുണ്ടോകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി):

(എ) സഹായധനംവാങ്ങുന്ന പ്രാഥമികസ്കൂളുകളിലെ ചില അദ്ധ്യാപകന്മാർക്കു ഗവൺമെൻറു സഹായധനമായി അനുവദിച്ചിട്ടുള്ള തുകകളല്ലാതെ ഒന്നും കിട്ടുന്നില്ലെന്നും അങ്ങിനെയുള്ള പ്രതിഫലം അദ്ധ്യാപകന്മാരുടെ ജീവസന്ധാരണത്തിനു മതിയാകാത്തതാകണമെന്നും, ഗവൺമെൻറിനറിയാം.

(ബി) കാ ാ ൭-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി മെംബർ നോക്കേണ്ടതാണ്.

മലയാളം ട്രെയിനിങ്ങ് സ്കൂളുകളിൽ ഉയന്നരം ട്രെയിനിങ്ങ് ലഭിച്ച അദ്ധ്യാപകന്മാരുടെ ശമ്പളവും ആയതിലും.

കാ കൻ. മി. എ. കെ. പിള്ള (കരുനാഗപ്പള്ളി):

(എ) മലയാളം ട്രെയിനിങ്ങ് സ്കൂളുകളിലെ ഉയന്നതരം ട്രെയിനിങ്ങ് ലഭിച്ചിട്ടുള്ള അസിസ്റ്റൻറു അദ്ധ്യാപകന്മാർ, ഉയന്നതരം ട്രെയിനിങ്ങ് ലഭിച്ച മറു അദ്ധ്യാപകൻമാർക്കു ലഭിച്ചുവരുന്ന ശമ്പളക്കുടുതലുകളും പ്രമോഷനുകളും തങ്ങൾക്കും കിട്ടേണ്ടതാണെന്നുചെയ്യുന്ന അവകാശ പ്രസ്താവനയുടെ ന്യായത്തെക്കുറിച്ചു ഗവൺമെൻറു സഭയം പര്യാലോചിക്കുമോ?

(ബി) ഈപ്പോൾ ട്രെയിനിങ്ങ്സ്കൂളുകളിൽ ജോലിചെയ്യുന്ന ഉയന്നതരം ട്രെയിനിങ്ങ് ലഭിച്ച അദ്ധ്യാപകന്മാർ ൫൦ മുതൽ ൫൦ രൂപാവരെയുള്ള സ്കെയിലിൽ ജോലിചെയ്യുന്നെങ്കിലും, സാധാരണ ഉയന്നതരം ട്രെയിനിങ്ങ് ലഭിച്ച അദ്ധ്യാപകന്മാർക്കു വർണ്ണാക്യുലർ മിഡിൽസ്കൂളുകളുടെ ഹെഡ്മാസ്റ്റർമാരായിട്ട ൪൦ രൂപാവരെ പ്രമോഷൻ കിട്ടാവുന്നതാണെന്നുള്ളതു് വാസ്തവമല്ലേ?

മി. ജി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ)-ം, (ബി)-ം ഹെഡ്മാസ്റ്റർമാരായി പ്രമോഷൻ കിട്ടുന്നതിന ആശയില്ലാത്ത അദ്ധ്യാപകന്മാരുടെ ശമ്പളം പരിഷ്കരിക്കുന്ന സംഗതിയെക്കുറിച്ചു ഏറെ താമസിയാതെ ആലോചിക്കുന്നതാകുന്നു.

താലൂക്കുകളിൽ മുതലെടുപ്പും ചിലവും തമ്മിലുള്ള സമ്മിതി.

൧൨൦. മി. കെ. ശിവരാമപണിക്കർ (ചേർത്തല):

(എ) ഓരോ താലൂക്കിലേയും ചിലവിനു ആ താലൂക്കിൽനിന്നുണ്ടാകുന്ന മുതലെടുപ്പിനോട വല്ല ക്രിയ്യ സമ്മിതിയുമുണ്ടോ എന്നു ഗവണ്മെൻറ സമയം പോലെ പറയുമോ?

(ബി) കൽപ്പള്ളം, മേവിക്കൂർ, ചേർത്തല എന്നീ താലൂക്കുകളുടെ കഴിഞ്ഞ അഞ്ചുകൊല്ലത്തേക്കുള്ള മുതലെടുപ്പും ചിലവും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വെക്കുന്നതിനു ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

മി. കെ. ജോസ് (ഗവർണ്മെൻറ ധനകാര്യസിക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ്. ഓരോ താലൂക്കിലും നേരിടുന്ന ചിലവു ആ താലൂക്കിൻറ ആവശ്യങ്ങളനുസരിച്ചല്ലാത അതിൽനിന്നു പൊതുമുതലെടുപ്പിച്ചേയ്ക്കുന്ന കൊടുത്തുവരുന്ന തുകയുമായി ഒരു സംബന്ധവുമില്ലാതെയാണ് ഇരിക്കുന്നത്.

(ബി) ആവശ്യപ്പെട്ട പട്ടിക കിട്ടുന്നതല്ല.

മീനച്ചിൽതാലൂക്കിലെ മുതലെടുപ്പും ചെലവും.

൧൨൧. മി. കെ. ഐ. ജോസഫ് (മീനച്ചിലും-മേവിക്കൂറും):

(എ) ഇക്കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ ഒട്ടാകെ മീനച്ചിൽതാലൂക്കിൽനിന്ന് കിട്ടീട്ടുള്ള മുതലെടുപ്പിൻറ തുകയും,

(ബി) മീനച്ചിൽ താലൂക്കിൻറ ആവശ്യത്തിലേയ്ക്കുമായും അതേകാലത്തിനുള്ളിൽ ചെന്നിട്ടുള്ള ചിലവിൻറ തുകയും,

ഗവർണ്മെൻറ സമയം പോലെ പറയുമോ?

മി. കെ. ജോസ് (ഗവർണ്മെൻറ ധനകാര്യസിക്രട്ടറി): (എ)-യും (ബി)—യും ൧൨൦—ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി കാൺക.

മി. കെ. ഐ. ജോസഫ്: ഈ സംഗതിയെപ്പറ്റി യാതൊരറിവും കിട്ടുന്നതിനു ഗവണ്മെൻറിനു സാധിക്കയില്ലെന്നു ഞാൻ മനസ്സിലാക്കണമോ?

മി. കെ. ജോസ് (ഗവണ്മെൻറ ധനകാര്യസിക്രട്ടറി): ഗവണ്മെൻറിലേയ്ക്കു വരുന്ന കണക്കുകൾ ഡിവിഷൻ ട്രഷറികളിൽ സമാഹരിക്കപ്പെടുന്നവയാണ്. ഓരോ താലൂക്കിൻറേയും പ്രത്യേകമായ റവന്യൂസംബന്ധിച്ച വിവരണം കിട്ടുന്നതിനു ഗവണ്മെൻറിനു നിവൃത്തിയില്ല. ഒരു ഖജനായിലൊടുക്കുന്ന തുക ഏതുവൻ ആ താലൂക്കിലേയ്ക്കുള്ള മാത്രമല്ലാതെയിരിക്കാവുന്നതാണ്.

കുടിനിംബിനായി തിരഞ്ഞെടുക്കപ്പെട്ടുന്ന ഗ്രാമുവയിറ അദ്ധ്യാപകന്മാരുടെ സ്റ്റൈപെൻറ.

൧൨൨. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): (എ) ഡിപ്പാർട്ടുമെൻറ സ്കൂളുകളിൽ ൧൯൨൭—൨൮ നു സ്കൂൾവർഷത്തേയ്ക്കു കുടിയിരുത്തിട്ടുള്ള അദ്ധ്യാപകന്മാരുടെ എണ്ണവും,

(ബി) അങ്ങിനെയുള്ള ഒഴിവുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകന്മാരുടെ പേരുകളും,

ഗവണ്മെൻറ സമയം പ്രസ്താവിക്കുമോ?

മി. ജി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സിക്രട്ടറി): (എ) വേതനമുള്ള ഫസ്റ്റും വേതനമില്ലാത്തതുമായ ഉൾപ്പെടെ ൧൭ ഗ്രാമുവയിറ അദ്ധ്യാപകന്മാരെ ഈ സ്കൂൾവർഷമായ ൧൯൨൭—൨൮ നുവേണ്ടി കുടിയിരുത്തിയിട്ടുണ്ട്. അവരുടെ പേരുകളടങ്ങിയ ഒരു ലിസ്റ്റ മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ബി) ഡയറക്ടർ ചാർജ് ചെയ്തിട്ടുള്ളവരുടെ സംഗതി ഗവണ്മെൻറിൻറ അനുമോദനയിൽ ഇരിക്കുന്നു.

ഫസ്റ്റ ഡിസ്ട്രിക്ട്മുൻസിഫ് മിസ്റ്റർ ഇ. ൨൦. കുട്ടൻറപേരിലുള്ള പരാതികൾ.

൧൨൩. മി. ജി. രാമൻമേനോൻ (മാരേലിക്കരയും—കാർത്തികപ്പള്ളിയും): (എ) കാർത്തികപ്പള്ളിതാലൂക്കനിവാസികളിൽനിന്നും ഫസ്റ്റ ഡിസ്ട്രിക്ട്മുൻസിഫ് മി. ഇ. ൨൦. കുട്ടൻറ പേരിൽ ഗൌരവങ്ങളായ ക്രമക്കേടുകളാരോപിച്ചുള്ള വല്ല ഹർജികളും പ്രത്യേകിച്ചു ൧൯൨൦ മിഥുനം ൨൫-ൽ കാർത്തികപ്പള്ളിതാലൂക്കിൽ അനഭിപക്ഷതയിൽ അമ്പക്കാട്ടുവീട്ടിൽ കണക്ക കുമാരപിള്ള മാധവൻപിള്ള മുതൽപേരു ഒപ്പുവച്ചു അയച്ചിട്ടുള്ള ഒരു ഹർജിയെ ഗവണ്മെൻറിലേക്കോ ഹൈക്കോർട്ടിലേക്കോ വന്നിട്ടുണ്ടോഎന്നു ഗവണ്മെൻറ സമയം പോലെ പറയുമോ?

(ബി) മേല്പറഞ്ഞതായ ൧൯൨൦ മിഥുനം ൨൫—ൽ ഒരു ഹർജിയിൽ മി. കുട്ടൻ ചെയ്തിട്ടുണ്ടെന്നു പറയുന്ന പ്രസ്താവന അപ്രകാരം അർഹം ചെയ്തിട്ടുള്ളതാണോ എന്നു സമയം ഗവണ്മെൻറ സൂക്ഷ്മാന്വേഷണം കഴിക്കുമോ?

(സി) പൊതുജനക്ഷേമം ലക്ഷീകരിച്ചു എപ്പോഴെങ്കിലും ആവശ്യമെന്നു ബോദ്ധ്യപ്പെട്ടുമ്പോൾ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരുടെപേരിലുള്ള പരാതിഹർജികളപ്പറ്റി അന്വേഷണംകഴിച്ചു റിപ്പോർട്ടുചെയ്യുന്നതിലേക്കു വേണ്ടുന്ന അധികാരങ്ങളുള്ളതും ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗസ്ഥാംശങ്ങളുടെകൂടി അടങ്ങിയതുമായ ഒരു കമ്മിറ്റിയെ സമയം ഗവണ്മെൻറ നിയമിക്കുമോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിങ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ)യും (ബി)യും മേൽപറഞ്ഞപ്രകാരമുള്ള ഹർജികൾ ഗവണ്മെൻറിലേക്കും ഹൈക്കോർട്ടിലേയ്ക്കും വന്നിട്ടുണ്ട്. സംഗതി ഹൈക്കോർട്ടിൻറ ശ്രദ്ധയിലിരിക്കുന്നു.

(സി) പബ്ലിക്കുദ്യോഗസ്ഥയാതുടെ, പ്രത്യേകിച്ചു ജൂഡിഷ്യൽ ഉദ്യോഗസ്ഥനാതുടെ നടത്തയെപ്പറ്റിയുള്ള അന്വേഷണങ്ങളെ ക്രമീകരിക്കുന്നതിനു തൽക്കാലം നടപ്പിലിരിക്കുന്ന രീതികൾ ഉദ്ദേശനിർവഹണത്തിനു പര്യാപ്തങ്ങളായിരിക്കുന്നതിനാൽ മെമ്പർ നിർദ്ദേശിച്ചപ്രകാരമുള്ള ഒരു കമ്മിറ്റിയെ ഏർപ്പെടുത്തുന്നതു ആവശ്യമാണെന്നു വിചാരിക്കേണ്ടതില്ല.

കരുനാഗപ്പള്ളി, കാർത്തികപ്പള്ളി താലൂക്കുകളിൽ ഉള്ള ജലസംരക്ഷണമെസർക്കും.

ക്വ. ൯. മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കരുനാഗപ്പള്ളി, കാർത്തികപ്പള്ളി താലൂക്കുകളിൽ സമുദ്രതീരനിവാസികൾക്കു ശുദ്ധജലം സംഭരിക്കുന്നതിലേക്കു പൊതുമരാമത്തുഡിപ്പാർട്ടുമെൻറിൽനിന്നും എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു സഭയെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സിക്രട്ടറി): പൊതുമരാമത്തുഡിപ്പാർട്ടുമെൻറിൽനിന്നും ഒരു അന്വേഷണം കഴിച്ചെങ്കിലും സമുദ്രതീരത്തുള്ള അഴീക്കൽ, ആയിരംതെങ്ങു മുതലായ സ്ഥലങ്ങളുടെ സമീപപ്രദേശങ്ങളിൽ കുടിക്കത്തക്ക ജലം കിട്ടുന്നതല്ലെന്നുകണ്ടു വ്യവസായഡിപ്പാർട്ടുമെൻറിൻറെ ആവശ്യത്തിലേക്കു വരുത്തിയിട്ടുള്ള വേധകയന്ത്രത്തിൻറെ സഹായത്തോടെ ഒന്നോ രണ്ടോ ആഴമുള്ള കിണറുകൾ കുഴിക്കുന്നതിനു ശ്രമിക്കുന്നതായിരിക്കും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): യന്ത്രം വാങ്ങിയിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സിക്രട്ടറി): വാങ്ങിയിട്ടുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു എവിടെയാണ് ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സിക്രട്ടറി): ഇപ്പോൾ അതു പേട്ടിമലയിൽ ഉപയോഗിച്ചുവരുന്നു. വ്യവസായഡയറക്ടർ ഇന്നലെ സഭയിൽവച്ചു അങ്ങനെയാണ് പറഞ്ഞതു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കരുനാഗപ്പള്ളിനിവാസികൾക്കു തങ്ങളുടെ ദിക്കിൽ അതു എപ്പോൾവരുമെന്നുചോദിക്കാമെന്നാശിക്കാം?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സിക്രട്ടറി): വരുന്ന കൊല്ലത്തിൻറെ ആരംഭത്തോടെ ചീഫ് എഞ്ചിനീയർ അതു ഏറെയാങ്ങി ആ ദിക്കിൽ കൊണ്ടുചെല്ലുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

ആലോചനയിലിരിക്കുന്ന റാന്നി റിസർവു വനവിസ്തൃതി.

ക്വ. ൰. മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേട്ടും):

(എ) റാന്നിപകുതിയിൽ സർവ്വെനമ്പർ ൪൫൦/ക-ൽ ൨,൪൫൦ ഏക്കർ ഭൂമി ഒരു റിസർവ് വനമായി ഇടുന്നതിനു നിർദ്ദേശിക്കുന്ന ഫൻറ് ഉം മെയ്, ൪-൦൯-൨൯ ഡഡ്ഡ്ലിയപ്പുമെൻറു ആർ. ഡിസ്. വൻറ്/൨൫-ാംനമ്പർ ചർസ്യത്തെസംബന്ധിച്ചു

(ബി) പ്രസ്തുത റിസർവ്വിൽ ഇപ്പോൾ വല്ല കാടുംഉണ്ടോഎന്നും ഉണ്ടെങ്കിൽ റിസർവിൻറെ എത്ര ഭാഗം വരുമെന്നും;

(സി) പ്രവേശനക്കാർ കഴിഞ്ഞ ഏഴു വർഷങ്ങളിലായി പ്രസ്തുത ബ്ലാക്കിൽ പണികഴിച്ചിട്ടുള്ള വീടുകളുടേയും കുടിലുകളുടേയും എണ്ണവും ആ സ്ഥലത്തു അധിവസിച്ചുവരുന്ന ആളുകളുടെ എണ്ണവും;

(ഡി) പ്രസ്തുത ബ്ലാക്കിൻറെ അധികഭാഗവും നിശ്ശേഷം വെട്ടിത്തെളിച്ചു മിക്കവാറും തെങ്ങു കരമുള്ള എന്നി കൃഷികൾ ഇറക്കിയിട്ടുള്ളതല്ലയോ എന്നും, അതിനുള്ളിൽ സ്ഥിരമായ പുരിഷ്കാരങ്ങൾ വരുത്തീട്ടില്ലയോ എന്നും;

(ഈ) രജിസ്റ്റർചെയ്യപ്പെട്ടതും കുടിയാനവകാശങ്ങൾക്കു വിധേയമായിരിക്കുന്നതുമായ ഭൂമികൾ പ്രസ്തുത റിസർവിൻറെ മുന്ന അതിർത്തികളിലും ഇല്ലയോ എന്നും;

(ഇ) പ്രസ്തുത സ്ഥലമദ്ധ്യത്തിൽ വർഷക്കാട്ടു ക്ഷേത്രം സ്ഥിതിചെയ്യുന്നില്ലയോ എന്നും;

(ഫ) പ്രസ്തുത റിസർവിലുള്ള നിവാസികൾ പ്രായേണ നിർധനന്മാരും തങ്ങളുടെ ഉപജീവനത്തിനായിട്ടു ആ സ്ഥലത്തു തങ്ങൾ ചെയ്തുവരുന്ന കൃഷിസ്ഥലങ്ങളെ മാത്രം ആശ്രയിച്ചിരിക്കുന്നവരും അല്ലയോ എന്നും;

(ഗ) ഈ അനധികൃതാക്രമം നിഷ്കാസനംചെയ്യുന്നതിന് ഗവൺമെൻറ് വിചാരിക്കുന്നുവോ എന്നും, വരുമെങ്കിൽ സഭയെ അറിയിക്കുമോ?

(ബി) പ്രസ്തുതറിസർവിനോടു തൊട്ടുകിടക്കുന്ന കാഞ്ഞിരപ്പള്ളി, മണിമല, റാന്നി, എന്നീ പകുതികളിൽ പേരിൽ പതിഞ്ഞിട്ടില്ലാത്ത ഭൂമി പതിക്കുന്നതിനായിട്ടു ധാരാളമുണ്ടോ?

(സി) മേല്പറഞ്ഞ പകുതികളിലെ നിവാസികൾക്കു കൃഷിക്കു ഉപയോഗപ്പെടുത്താവുന്ന സ്ഥലങ്ങൾ മതിയാകാഞ്ഞിട്ടു കഷ്ടപ്പെടുന്നില്ലയോ?

(ഡി) പ്രസ്തുത റാന്നി വിസ്തൃത റിസർവിൻറെ സംഗതിയെപ്പറ്റി കൊല്ലം ജില്ലാകോർട്ടിൽ സക്കാരിൻറെ പേരിൽ ഒരു സിവിൽ കേസ്സ് തീർച്ചയാകാതെ കിടക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): എ. (ഫ) മിക്കവാറുംഭാഗം, അതായതു ൨൦൦൦ ഏക്കറോളം കാടുപിടിച്ചു കിടക്കുന്നുണ്ട്.

(ബി) സ്ഥിരമായ കെട്ടിടങ്ങളൊന്നും പണികഴിച്ചിട്ടില്ല. എന്നാൽ കോട്ടയം ഡിവിഷനിലുൾപ്പെട്ട പ്രസ്തുത ബ്ലാക്കിൻറെ ഒരു ഭാഗത്തു കൃഷിക്കാവശ്യമുണ്ടാക്കുന്നതും, കൃഷി എടുത്തതിൽപിന്നെ ഉപേക്ഷിക്കപ്പെട്ടതും ആയ ഏതാനും താൽക്കാലിക കുടിലുകളുള്ളതായി റിപ്പോർട്ടു കിട്ടീട്ടുണ്ട്.

(സി) പ്രസ്തുത ബ്ലാക്കിൻറെ കോട്ടയം ഡിവിഷനിൽ കിടക്കുന്നതായ ഭൂരിഭാഗവും ചെറുതായ ഒരു ഭാഗത്തു മാത്രമേ അനുവാദമില്ലാതെ ആക്രമണം നടത്തി, കൃഷി മാത്രമുണ്ടാക്കുന്നതിലേക്കു വെട്ടി തെളിച്ചിട്ടുള്ളൂ. ഇവിടേയും കൂടുതലായി ബ്ലാക്കുകളിൽ മാത്രമേ, റബ്ബർ, തെങ്ങു മുതലായ വിളവുകൾ കൃഷിചെയ്തുവരുന്നുള്ളൂ.

(ഈ) പ്രസ്തുത ബ്ലാക്കു മുഴുവനും റിസർവ് വനങ്ങളാക്കുന്നതിനും ഒരു വശത്തു പതിഞ്ഞിട്ടുള്ളതും പതിയാത്തതുമായ ഭൂമികളെക്കൊണ്ടും ചുറ്റപ്പെട്ടിരിക്കുന്നു.

(ഭ) നൂർവക്കാട്ടുക്ഷേത്രം പ്രസ്തുതബ്ലോക്കിനു വെളിക്കാകുന്നു.

(ന) അതുപോക്കാർ സ്ഥലാക്രമണം ചെയ്തിട്ടുള്ള പരായ ധനികന്മാരായ ആളുകളുടെ ക്ലലിഭവലക്കാരാണെന്നു പറയപ്പെട്ടുന്നു.

(ഉ) നിയമിക്കാനിരിക്കുന്ന വനം കൺസർവേറ്റർ ഓഫീസർ ഇങ്ങിനെയുള്ള സംഗതികളെപ്പറ്റി അന്വേഷിച്ചു, ഓരോന്നിനേയും യോഗ്യതാനുസരണം തീർച്ചപ്പെടുത്തുന്നതാണ്.

(ബി) മുന്നു പ്രകൃതികളിലും പ്രസ്തുത ബ്ലോക്കിനുപുറത്തായി കൂടെ നിലം കൃഷിക്കായിട്ടും വീടുകൾ പണിയുന്നതിനായിട്ടും ലഭ്യമാണ്.

(സി) ഗവർണ്മെൻറിൻറെ അറിവിൽ വന്നിട്ടില്ല.

(ഡി) ഗവർണ്മെൻറിനു യാതൊരറിവും കിട്ടീട്ടില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ചോദ്യത്തിനുൻറ (എ) (ക) ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടിയെ സംബന്ധിച്ചു, ഈ പ്രദേശത്തു വല്ല വൃക്ഷങ്ങളും ഉണ്ടോ എന്നു ഗവർണ്മെൻറ് സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറ് സെക്രട്ടറി): കാടുപിടിച്ചു സ്ഥലങ്ങളിൽ സാധാരണയായി വൃക്ഷങ്ങൾ കാണപ്പെട്ടും. ഇപ്പോൾ അവിടെ വൃക്ഷങ്ങൾ ഉണ്ടോ ഇല്ലയോ എന്നു എനിക്കു പറയുന്നതിനു നിവൃത്തിയില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): സ്ഥലാക്രമണം ചെയ്തിരിക്കുന്നു എന്നു പറയുന്ന അന്തരായത്തെക്കുറിച്ചു അല്പം എന്തുപറയുന്നു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറ് സെക്രട്ടറി): അതു കാടുപിടിച്ചു സ്ഥലമല്ലാ. അതു വെട്ടിത്തെളിച്ചതാണ്.

വനം കൺസർവേറ്റർ മി. ധനക്കോടിപ്പിള്ള ചെയ്തിട്ടുള്ള നിയമനങ്ങൾ.

*൧൭൯. മി. തയ്യൂർ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇപ്പോഴത്തെ വനം കൺസർവേറ്റർ ഡിപ്പാർട്ടുമെൻറ് ചാജ്ജ് ഏറ്റതിൽപിന്നീടു ചെയ്തിട്ടുള്ള നിയമനങ്ങളുടെ ജാതിക്രമമനുസരിച്ചുള്ള ലിസ്റ്റ് ഗവർണ്മെൻറ് സദയം മേശപ്പുറത്തുവയ്ക്കുമോ?

മി. കെ. നാരായണൻപണിക്കർ (ഫുഡ്ഡിംഗ് ഗവർണ്മെൻറ് ചീഫ് സെക്രട്ടറി): ഇപ്പോഴത്തെ വനം കൺസർവേറ്റർ ഡിപ്പാർട്ടുമെൻറ് ചാജ്ജ് ഏറ്റതിൽപിന്നെ ആദ്യമായ ഉദ്യോഗനിയമനങ്ങളൊന്നും ഉണ്ടായിട്ടില്ല. മുമ്പു സർവീസിലായിരുന്നിട്ട ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് പരിക്ഷ്കരണകാലത്തു പിരിച്ചുവിടപ്പെട്ടവരായ കീഴ്ദ്യോഗസ്ഥന്മാർ താൽക്കാലികമായ ഒഴിവുകളിൽ അവരുടെ സർവീസിൻറെ ദൈർഘ്യമനുസരിച്ചു വീണ്ടും നിയമിക്കപ്പെട്ടിട്ടുണ്ട്.

കൃഷി ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗനിയമനങ്ങൾ.

*൧൮൦. മി. തയ്യൂർ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): കൃഷി ഡിപ്പാർട്ടുമെൻറിൽ ഓരോ രൂപായും കവിഞ്ഞും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ഓരോ ജാതിയിലും ഇത്രഎന്നു കാണിക്കുന്ന ഒരു വിവരം മേശപ്പുറത്തുവയ്ക്കുന്നതിനു ഗവർണ്മെൻറിനു ഭയപ്പെടുമോ?

മി. കെ. നാരായണൻപണിക്കർ (ഫുഡ്ഡിംഗ് ഗവർണ്മെൻറ് ചീഫ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടതായ വിവരം മേശപ്പുറത്തു വെച്ചിരിക്കുന്നു. (അനുബന്ധം ൨ കാൺക)

റിസർവ്വ് വനങ്ങളിൽനിന്നു പച്ചിലവളം ശേഖരിക്കുന്നതു്.

*൧൮൧. മി. തയ്യൂർ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): (എ) റിസർവ്വ് വനങ്ങൾ കൃഷിചെയ്യുവാനുള്ള വിരിപ്പു നിലങ്ങളോടും എല്ലുന്നതുമിത്തം മൂവാറ്റുപുഴ തൊടുപുഴ മുതലായ താലൂക്കുകളിലെ പ്രകൃതികളിലുള്ള കൃഷിക്കാർക്കു പച്ചിലവളം ശേഖരിക്കുന്ന കാര്യത്തിൽ വളരെ അസൗകര്യം നേരിടുന്നുണ്ടെന്നു ഗവർണ്മെൻറ് അറിയുന്നുണ്ടോ?

(ബി) കൃഷിചെയ്യുവാനുള്ള വിരിപ്പുനിലങ്ങളോടു തൊട്ടുകിടക്കുന്ന റിസർവ്വു വനങ്ങളിൽനിന്നു പച്ചിലവളം ശേഖരിക്കുന്നതിനു ഗവർണ്മെൻറ് സദയം അനുവദിക്കുമോ?

മി. എൻ. നീലകണ്ഠപിള്ള (പേരാ ജോലിയിലിരിക്കുന്ന ഗവർണ്മെൻറ് സെക്രട്ടറി): (എ) മെമ്പർ പറഞ്ഞ താലൂക്കുകളിലെ യാതൊരു കൃഷിക്കാരിൽനിന്നും പച്ചിലവളം ശേഖരിക്കുന്നതു സംബന്ധിച്ചു ഒരു പരാതിയും വന്നിട്ടില്ല.

(ബി) റിസർവ്വുവനങ്ങളിൽനിന്നു അപരിഹാര്യമായി പച്ചിലവളം ശേഖരിക്കുന്നതു് വനസംരക്ഷണത്തിനു വിരുദ്ധമാകയാൽ, എല്ലാ റിസർവ്വു വനങ്ങളേയും ഒട്ടാഴിയാതെ ഇതിലേക്കു അനുവദിക്കാൻ പാടുള്ളതല്ല. വനം ഡിവിഷനുകളിലെല്ലാറ്റിലും കുറെക്കാട്ടു റിസർവ്വുകൾ പച്ചിലവളം ശേഖരിച്ചുകൊള്ളുന്നതിനായി അനുവദിക്കപ്പെട്ടിരിക്കുന്നു.

കോന്നിയിലെ കുരുമുളകു തോട്ടം.

*൧൮൨. മി. തയ്യൂർ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും); (എ) കോന്നിയിലെ കുരുമുളകു കൃഷി ആരംഭിച്ചു വർഷം ഏതെന്നും, അനന്തരവർഷങ്ങളിൽ ഓരോന്നിലും കൃഷിക്കായി ഉപയോഗത്തിൽകൊണ്ടുവന്നിട്ടുള്ളതു് എത്ര ഏക്കർ ഭൂമിയാണെന്നും, ഇതിലേക്കു നേരിട്ട ചിലവു് എന്തു് എന്നും, ഈ തോട്ടത്തിനേൽ തറവില ഉൾപ്പടെ ക ഠ ൻ-മാണ്ടു മിച്ചവും ക-ന-വരെ ഉണ്ടായിട്ടുള്ള ചിലവിൻറെ ആകെയുക എത്ര എന്നും ഗവർണ്മെൻറ് സദയം പറയുമോ?

(ബി) ഈ തോട്ടത്തിൽനിന്നും ക ഠ ൻ-മാണ്ടിൽ എത്രയുലാം കുരുമുളകു കിട്ടിയെന്നും അതിൻറെ വിലയായി കിട്ടിയതുക എത്ര എന്നും പറയുമോ?

(സി) ഈ തോട്ടത്തിലേക്കു സന്ദർശകന്മാർക്കു വണ്ടിയിലിയുവാൻ പോകാൻ സൌകര്യമുണ്ടോ?

മി. എൻ. നീലകണ്ഠപിള്ള (പേരാ ജോലിയിലിരിക്കുന്ന ഗവർണ്മെൻറ് സെക്രട്ടറി): (എ) തോട്ടത്തിൽ കൃഷി ആരംഭിച്ചതു ക ഠ ൻ ൪-മാണ്ടിലെൻറ അവസാനത്തിലായിരുന്നു. ക ഠ ൻ ൪-മാണ്ടിൽ ന്യൂ ഏക്കർ സ്ഥലം തെളിച്ചു താലൂതരം വളമിടുകയും നട്ടു. ഇതിനു ചിലവായ സംഖ്യ ഏക്കർ ഒന്നിനു ന-റ രൂപാവീതം, ആകെ ക ൻ ൨ രൂപയാണ്. ക ഠ ൻ-മാണ്ടിൽ വൃ ഠ ഏക്കർ സ്ഥലം തെളിച്ചു എല്ലുതരം കൊടുകയും

നട്ടുപിടിപ്പിച്ചു. ഇതിലേക്കു ചെലവായ ആകെ തുക ൨,൪൩൦ രൂപയാണ്. ൧൯൩൮-ലും, ൧൯൩൯-ലും ൨൦ ഏക്കർ സ്ഥലം തെളിച്ചു നിരപ്പാക്കി തട്ടുകളാക്കി പല ഇനങ്ങളിലുള്ള വള്ളികളും നട്ടുപിടിപ്പിച്ചു. സ്ഥലം ഗവണ്മെന്റു ഭൂമിയാകയാൽ താവീലയ്ക്കായിട്ടില്ല. ൧൯൪൦-മാണ്ടു മിഥുനമാസം ആരംഭംവരെ തോട്ടംവകയ്ക്കു ചെലവായിട്ടുള്ള ആകെ തുക ൪൭,൯൪൫ രൂപയാണു.

(ബി) ൧൯൩൮-മാണ്ടിൽ കുരുമുളകു് വിളവെടുത്തപ്പോൾ, തോട്ടത്തിൽ ആദ്യം നട്ടുപിടിപ്പിച്ച വള്ളികൾക്കു മുന്നിൽചില്വാനം വർഷത്തെ മുപ്പുമാത്രമേ ഉണ്ടായിരുന്നൊള്ളു. ഒരു കുരുമുളകുതോട്ടത്തിൽനിന്നു കായ്മുറയായ അനുഭവം കിട്ടുന്നതിനു അഞ്ചോ ആറോ വർഷങ്ങൾ വേണ്ടിവരും. ൧൯൩൮-മാണ്ടിൽ ൧൯൩൯-മാണ്ടിൽ നട്ടതായ വള്ളികളിൽ അവിടവിടെയായി ചിലവ മാത്രമേ ഫലം തന്നൊള്ളു. ഉദ്ദേശം ൭൦ റാത്തൽ അളക്കുകിൽ ൫-ൽ ചില്വാനം തുലാം ഉണക്കുചന്ന കുരുമുളകു ഈ വള്ളികളിൽനിന്നും ശേഖരിച്ചു്, കട തുറപ്പ ചക്രത്തിനു യിൽക്കയുണ്ടായി.

(സി) കൺവെൻഷൻ ആഗസ്റ്റ് മാസം ൧൫-ന് കൂടിയ സഭായോഗത്തിൽ മെമ്പർ ൧൭-ാം നമ്പർ ചോദ്യമായി ചോദിച്ചിട്ടുള്ളതിന്റെ (എ) ഭാഗത്തിനു മറുപടി മെമ്പർ കാണ്കെ.

കൃഷിക്കാരുടെ നിലങ്ങളിൽ നടത്തീട്ടുള്ള കൃഷിപരീക്ഷണങ്ങൾ.

൧൭൮൦. മി. തയ്യൂ കുഞ്ഞിതൈമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): (എ) കൃഷിക്കാരുടെ നിലങ്ങളിൽ കൃഷിഡിപ്പാർട്ടുമെന്റുമായി കൃഷിപരീക്ഷണങ്ങൾ നടത്തിവരുന്ന താലൂക്കുകളുടെ പേരുകളും ൧൯൩൮-ാമാണ്ടിൽ അങ്ങനെ നടത്തിട്ടുള്ള ഓരോ പരീക്ഷണത്തിൽനിന്നുമുള്ള ചിലവും വരവും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു ഗവണ്മെന്റു സഭയെ മേശപ്പുറത്തു വയ്ക്കുമോ?

(ബി) അങ്ങനെ നടത്തീട്ടുള്ള കൃഷിപരീക്ഷണങ്ങൾ ശ്രീമൂലം പ്രജാസഭയിലെ, നിയമനിർമ്മാണസഭയിലെ മെമ്പർമാരായിരിക്കുന്നവരുടേതായ, അങ്ങനെയുള്ള മെമ്പർമാരായിരുന്നവരുടേതായോ നിലങ്ങളിൽ ൧൯൩൮-ാമാണ്ടിൽ നടത്തീട്ടുണ്ടെന്നോ ൧൯൩൯-ാമാണ്ടിൽ നടത്തിക്കൊണ്ടിരിക്കുന്നു എന്നോ പറയുന്നതിനും അങ്ങനെ എങ്കിൽ അപ്രകാരമുള്ള നിലങ്ങളുടെ വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തു വയ്ക്കുന്നതിനും ഗവണ്മെന്റിനു ഭയവുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റു സെക്രട്ടറി): (എ) കൃഷിമന്ത്രി വ്യവസായഡിപ്പാർട്ടുമെന്റിനും പ്രവർത്തനസമ്പ്രദായത്തെക്കുറിച്ചു ൧൯൩൮-ാമാണ്ടത്തെ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിട്ടുള്ള സ്റ്റേറ്റുമെന്റുകൾ വ, ക, ഖ, ഗ, ഘ എന്നീ നമ്പർകളും റിപ്പോർട്ടിന്റെ ൨൯, ൩൦, ൩൬, ൩൭, ൩൯, ൪൨, ൪൩ എന്നീ പാരാകളും മെമ്പർ നോക്കണം.

(ബി) തങ്ങളുടെ നിലങ്ങളിൽ കൃഷിപരീക്ഷണങ്ങൾ ൧൯൩൮-ലും ൧൯൩൯-ലും നടത്തുവാൻ പല മാന്യന്മാരിൽ, ശ്രീമാന്മാരായ പള്ളിക്കൽ കെ. ജി. തോമസവർകൾ, കുമരകത്തു എം. എൻ. നാരായണമേനവൻ അവർകൾ, ആലപ്പുഴ എം. എൻ. ജനാർദ്ദനൻപിള്ള അവർകൾ, പെരുപ്പൻകോട്ട കെ. കേശവപിള്ള അവർകൾ എന്നിവർ പ്രജാസഭാ മെംബർമാരായിരുന്നു. നിയമനിർമ്മാണസഭാ മെമ്പറായി പരേതനായ മിസ്റ്റർ സി. ജെ. കുര്യൻ മാത്രമേ ഉണ്ടായിരുന്നാള്ളൂ. മെമ്പർ ആവശ്യപ്പെട്ടതു വിവരം താഴെ കൊടുത്തിരിക്കുന്നു:—

ഉടമസ്ഥന്റെ പേരു	വിസ്തീർണ്ണം	വിളവു്
ക. മി. കെ. ജി. തോമസ്	൨൫ ഏക്കർ	൪൦ തേങ്ങാകൊപ്ര
ഖ. മി. എം. എൻ. നാരായണമേനവൻ	൨൪ ടി	പുല്ലുമാത്രം
ഗ. മി. എം. എൻ. ജനാർദ്ദനൻപിള്ള	൧൫ ടി	ഒന്നും
ഘ. മി. കെ. കേശവപിള്ള	൧ ടി	ടി
ങ. പരേതനായ മി. സി. ജെ. കുര്യൻ	൨൪ ടി	പുല്ലുമാത്രം

൧൭൮൧. മി. തയ്യൂ കുഞ്ഞിതൈമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ൧൯൪൦-ാമാണ്ടു മിഥുനം ൧-ന്നു-മുതൽ വ്യവസായ ഡിപ്പാർട്ടുമെന്റിൽനിന്നും ഓരോ താലൂക്കിലും വ്യവസായങ്ങൾ നടത്തുന്നതിനായിട്ടു വാഗ്ദത്തങ്ങളുടെ ഇനത്തിൽ കൊടുത്തിട്ടുള്ള ആകെ തുക കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തു വയ്ക്കുന്നതിനു ഗവണ്മെന്റിനു ഭയവുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റു സെക്രട്ടറി): ൧൯൪൦-ാമാണ്ടു മിഥുനം ൧-നു-മുതൽ വ്യവസായഡിപ്പാർട്ടുമെന്റിൽനിന്നും വ്യവസായങ്ങൾ നടത്തുന്നതിലേക്കു വാഗ്ദത്തങ്ങളായി ഓരോ താലൂക്കിലും കൊടുത്തിട്ടുള്ള തുക കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തു വച്ചിരിക്കുന്നു.

തക്കല മോഡൽഗ്രേയിഡ് വർണാക്യുലർ-സ്കൂളിൽ മലയാളം പഠിപ്പിക്കുന്നതു്.

൧൭൮൨. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (എ) തക്കല താലൂക്കാഫീസിനു മുൻവശം ഇരിക്കുന്ന തുൺകട്ടികൾക്കുള്ള മോഡൽഗ്രേയിഡു് വർണാക്യുലർ സ്കൂളിൽ മലയാളവുംകൂടി പഠിപ്പിക്കണമെന്നു ആ സ്ഥലനിവാസികൾ അപേക്ഷിച്ചിട്ടുണ്ടോ എന്നു ഗവണ്മെന്റു സഭയെ പറയുമോ?

(ബി) ആ സംഗതിയെക്കുറിച്ചുള്ള എഴുത്തുകുത്തുകൾ ഇപ്പോൾ ഏതു് നിലയിലെത്തിയിരിക്കുന്നു എന്നു സഭയെ പറയുമോ?

(സി) ഇനിയും കാലതാമസംകൂടാതെ മലയാളവുംകൂടി ആ സ്കൂളിൽ പഠിപ്പിക്കുന്നതിലേക്കു വേണ്ടെ ഏർപ്പാടു ചെയ്യുന്നതിനു ഭയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ഉണ്ടു്. (ബി)-യും (സി)-യും. പ്രസ്തുത സ്കൂളിൽ മലയാളം ക്ലാസുകൾ ഏർപ്പെടുത്തുന്നതിനു ഉത്തരവുകൾ അയച്ചിട്ടുണ്ടു്.

അനുബന്ധം ക.

൧൯൬൰-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി നോക്കുക.

ഡിപ്പാർട്ട്മെൻറു സ്കൂളുകളിൽനിന്നു ടെയിനിങ്ങിനയക്കപ്പെട്ട ഗ്രാഡുവേയിറു വാദ്ധ്യാർമാരുടെ പേരുകൾ.

വേതനം വാങ്ങുന്നവർ.

ക	എൻ. മഹാദേവയ്യർ.	ൻ	എം. ഗിവർഗ്ഗീസ്.
ഖ	ഡി. ശങ്കരനാരായണയ്യർ.	ക ൦	എ. ജി. വർഗ്ഗീസ്.
ഗ	കെ. ചിദംബരയ്യർ.	ക ക	ടി. കെ. കോശി.
ഘ	ജി. ഡെന്നിസ്.	ക ഖ	എം. അയിപ്പു.
ങ	കെ. പത്മനാഭയ്യർ.	ക ഗ	എസ്. നാരായണയ്യൻ.
ന	ടി. സി. ജോൺ.	ക ഘ	കെ. സി. കുരിയാൻ.
ഩ	ഡി. കേശവൻനമ്പ്യാതിരി.	ക ങ	കെ. എം. ജോസഫ്.
വ	വി. വിശ്വനാഥയ്യർ.	ക ന	ടി. എൻ. ജേക്കബ്.

വേതനം വാങ്ങാത്തവർ.

ക ഩ	കെ. ജി. ഉമ്മാമ്മൻ.

അനുബന്ധം ഖ.

൧൯൬൰-ാം ചോദ്യത്തിനു കൊടുത്ത മറുപടി നോക്കുക.

കുക്കിഡിപ്പാർട്ടുമെൻറിൽ ഖ ൫ രൂപായും കവിഞ്ഞും ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ജാതികുമമനുസരിച്ചുള്ള സ്റ്റേറുമെൻറു്.

ഹിന്ദുക്കൾ	എണ്ണം	ക്രിസ്ത്യർ	എണ്ണം	മുഹമ്മദീയർ	എണ്ണം
മലയ ബ്രാഹ്മണർ	ഇല്ല	പ്രോട്ടസ്റ്റൻറുകാർ	ൾ	മുഹമ്മദീയർ	ക
മറ്റു ബ്രാഹ്മണർ	കഖ	റോമൻകത്തോലിക്കർ	ന		
മലയാളക്ഷത്രിയർ	ക	യാക്കോബായക്കാർ	൫		
നായന്മാർ	ഖ ഩ	നവീകരണക്കാർ	ന		
വെള്ളാളർ	ൾ				
ഈഴവർ	ന				
നാടാന്മാർ	ഇല്ല				
കമ്മാളർ	ഇല്ല				
പുലയർ	ഇല്ല				
മറ്റു അധ്യക്ഷർ	ഖ				
മറ്റു ഹിന്ദുക്കൾ	ക				
ആകെ	൫൦	ആകെ	കവ	ആകെ	ക

അനുബന്ധം ന.

൧൯൬൰-ാം ചോദ്യത്തിനു കൊടുത്ത മറുപടി നോക്കുക.

വ്യവസായഡിപ്പാർട്ടുമെൻറിൽനിന്ന് ക ക ൦ ൦ മിഥുനം ക-ൽ-വരെ വ്യവസായങ്ങൾ നടത്തുന്നതിനായി ഓരോ താലൂക്കിലും വായ്പയായി കൊടുത്തിട്ടുള്ളതിൽസ്ഥം ആകെ തുകകൾ.

കൊല്ലം	താലൂക്ക്	തുക
ക ൦൰൰	ക എറണാകുളം	ന൦൦ രൂപ
ടി	ഖ കാർത്തികപ്പള്ളി	൫൦൦ ടി
ക ക ൦ ൦	ഗ മുവാറ്റുപുഴ	ന,൫൫൫ ടി
ടി	ഘ തിരുവനന്തപുരം	ഖ,൫൦൦ ടി
ടി	ങ അമ്പലപ്പുഴ	ക,൦൦൦ ടി
ടി	ന മാവേലിക്കര	൫൫൫ ടി
ടി	ഩ മീനച്ചിൽ	ഖ,൫൦൦ ടി
ടി	വ കൊട്ടാരക്കര	ക,൫൦൦ ടി
ടി	ൻ കുന്നത്തുനാട്	൫൦ ടി
ടി	ക ൦ കുട്ടനാടപ്പള്ളി	ഖ൦൦ ടി
	ആകെ	ൻ,ഖന്നൂവ ടി

മഹാറാണി റീജൻറു തിരുമനസ്സുകൊണ്ടു കല്പിച്ചരുളിച്ചെയ്ത റഫ്രഷേക്ഷനുകൾ.

മി. ടി. പി. രാമസുബ്ബയ്യർ (നിയമസഭാ സിക്രട്ടറി): സർ, മഹാറാണി റീജൻറു തിരുമനസ്സുകൊണ്ടു ഓരോന്നിനേറയും എതിരെ കൊടുത്തിരിക്കുന്ന തീയ്യതിയിൽ താഴെപറയുന്ന റഫ്രഷേക്ഷനുകളെ കല്പിച്ചരുളിച്ചെയ്തിരിക്കുന്നു എന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു:—

ക. കക൦൦-ാമാണ്ടത്തെ ൪-ാം റഫ്രഷേക്ഷനായ തിരുവിതാംകോട്ടു് ആമായനികുതി ഭേദഗതി റഫ്രഷേക്ഷൻ. — കക൦൦ കർക്കടകം ഖ൫–ാംതിയതി.

ഖ. കക൦൦-ാമാണ്ടത്തെ ന-ാംറഫ്രഷേക്ഷനായ തിരുവിതാംകോട്ടു് കാലഹരണറഫ്രഷേക്ഷൻ ഭേദഗതിറഫ്രഷേക്ഷൻ. — ടി

ന. കു.ക.ഠ.ം-മാമത്തെ ഒ-ാം റഗുലേഷനായ തിരുവിതാംകോട്ട് ഗ്രാമപഞ്ചായത്ത് റഗുലേഷൻ. — കു.ക.ഠ.ം കക്കടകം ഡെൻ.-ാം തീയതി

ശ. കു.ക.ഠ.ം-മാമത്തെ ഡ-ാംറഗുലേഷനായ സിവിൽ നടപടി നിയമം ഭേഗതി റഗുലേഷൻ. — ടി

പ്രസി: അദ്ധ്യാത്മകം നമ്മ്കുന്നതിനാരംഭിക്കുന്നതിനുമുമ്പായി ഇന്നലെ തി: ജി. പരമേശ്വരൻപിള്ള പറഞ്ഞ വിഷയത്തെ സംബന്ധിച്ച് ഞാൻ ഒരു വ്യവസ്ഥചെയ്യാൻ പോകുന്നു. അതായത് നിയന്ത്രണം എന്ന ബഡ്ജറിനത്തിൽനിന്ന് ഒരു കമാനുകമായതുക കുറയ്ക്കണമെന്ന് ഉപേക്ഷിക്കുമ്പോൾ, സൂക്ഷ്മത്തിൽ വാദപ്രതിവാദം ചെയ്യാവുന്നത് എന്തിനെക്കുറിച്ചാണ് എന്നുള്ളതത്രെ. ഈ സംഗതിയെപ്പറ്റി ഞാൻ ഗൗരവമായി ആലോചിച്ചതിന്റെ ഫലമായി ഞാൻ ഇപ്രകാരം വ്യവസ്ഥചെയ്യുന്നു. നിയന്ത്രണം എന്ന ബഡ്ജറിനത്തിൽ ഉൾപ്പെട്ട ഒരു ധനമുക കുറയ്ക്കണമെന്നുള്ള വിഷയം ആലോചനയ്ക്കെടുക്കുമ്പോൾ, ആ ഉപേക്ഷോപത്തിന്മേൽ വിമർശനം ചെയ്യാവുന്ന സംഗതികൾ നിയന്ത്രണം എന്ന ആ ബഡ്ജറിനത്തിൽ ഉൾപ്പെട്ടിട്ടുള്ള വിധങ്ങളായ സംഗതികളോടു മനേരെ ബന്ധമുള്ളവ മാത്രമായിരിക്കണം.

ഫെബ്രുവരിമാസത്തിലെ സമയോചിതത്തിൽ ഒന്നാമതായ നമ്പരായി പാസാക്കപ്പെട്ട നാലുമ്പിള്ളകാരുടെ മഹാരാജാവിന്റെ തിരുമനസ്സിലെ അനുമതി സിദ്ധിച്ചിരിക്കുന്നു എന്ന് സെക്രട്ടറി ഇപ്പോൾ പ്രസ്താവിച്ചുവല്ലോ. ഈ റഗുലേഷനുകൾ എല്ലാം കു.ക.ഠ.ം-മാണ്ടു ചിങ്ങം കു-ാംതീയതിമുതൽ നടപ്പിൽവരുന്നതാകുന്നു. സിവിൽനടപടി നിയമത്തിനെയും കാലഹരണറഗുലേഷനെയും സംബന്ധിച്ച് ജനസാമാന്യത്തിനു നൂതനനിയമത്തെക്കുറിച്ചു പരിചയപ്പെട്ടുന്നതിലേക്ക് അവശ്യം നടപ്പിൽവരുത്തുന്നതിനുമുമ്പായി കുറെ താമസമായി കുറെസമയം അനുവദിക്കേണ്ടതാണെന്ന് ഗവർണ്മെന്റിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അദ്ധ്യാത്മകം നമ്മ്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന സമയം തീർന്നുപോകുന്നതിനുമുമ്പായി പ്രസ്തുത റഗുലേഷനുകൾ രണ്ടിനെയും നടപ്പിൽവരുത്തുന്നതിനുള്ള കയ്യൊപ്പ് കു.ക.ഠ.ം-മാണ്ടു ചിങ്ങം കു-ാംതീയതിയിൽ നിന്നു കു.ക.ഠ.ം-മാണ്ടു മേടം കു-ാംതീയതിയിലേക്ക് മാറ്റിവയ്ക്കുന്നതിനായിട്ട് ഇന്നു വൈകുന്നേരംതന്നെ, ഭേദപ്പെടുത്തുന്ന ബില്ലുകൾ ലാമെംബർ അവതരിപ്പിക്കുന്നതാകുന്നു ഈ ബില്ലുകൾ അടങ്ങീട്ടുള്ള ഗസറ്റ് താമസമെന്നു നിങ്ങളുടെ കയ്യിൽ എത്തിക്കുന്നതാണ്. സ്റ്റാൻഡിംഗ് ആർഡറുകൾ നിറുത്തിവയ്ക്കുന്നതിനും ബില്ലുകൾ ഇന്നുതന്നെ അവസാനമായി പാസാക്കുന്നതിനും അഭിപ്രായപ്പെട്ടിരിക്കുന്നു. മെംബർമാർക്ക് കൂടുതൽസമയം അനുവദിക്കുന്നതിന് സാധിക്കാത്തവന്നതിനെ അവർ ക്ഷമിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ഒന്നാമുകകാര്യം അനുവദിക്കുന്നതിനായുള്ള അദ്ധ്യാത്മകം.

കു ം-ാം അദ്ധ്യായ-ഭേദഗതികൾ വകുപ്പ് (തുടർച്ച)

പ്രസി: നമുക്കിപ്പോൾ രാമാമുകകാര്യം അനുവദിക്കുന്നതിനുള്ള അദ്ധ്യാത്മകങ്ങളിന്മേൽ അനുകൂല പ്രതികൂല ഭാഷണം നിർണ്ണയിക്കുന്നതിനാരംഭിക്കാം.

ഉ നു-ാം ഉപക്ഷേപം.

മി: സി. കുമാരപിള്ള (കൽക്കുളവും-ചിറവങ്കോടും): സർ, ഞാൻ താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കുന്നു:—

ഉ നു. ഡർബാർഹിസിക്കുവേണ്ടിയുള്ള ൻ ര ഋ രൂപയിൽനിന്നു കു ം രൂപാകുറയ്ക്കണം.

ഇപ്പോൾ ഗവർണ്മെൻറിൽനിന്നും കൊടുത്തുവരുന്ന വൈദ്യസഹായംകൊണ്ട് ഉൾനാട്ടിലെ ജനങ്ങൾക്കു മതിയാകുന്നില്ലെന്നുള്ള സംഗതി കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായിട്ടാണ് ഞാൻ ഈ മേഷയെ അവതരിപ്പിച്ചിട്ടുള്ളതു.

ഈ രാജ്യത്തിലെ വരവിൽനിന്നും പ്രധാനമായി അർഹിച്ചുനിൽക്കുന്ന തിലധികം അവിടത്തെ ജനങ്ങളുടെ ആരോഗ്യരക്ഷയ്ക്കുവേണ്ടി വിനിയോഗിക്കേണ്ടതാകണമെന്നുള്ള തത്വത്തിനു അഭിപ്രായവ്യത്യാസംവരാൻ തരമില്ലാത്തതാണ്. ഈ രാജ്യത്തിൽ ഉൾനാടുകളിലുള്ള ജനങ്ങൾക്കു വൈദ്യസഹായം വേണ്ടപോലെ കിട്ടിവരുന്നില്ലെന്നുള്ളതു് ഒരിയ്ക്കലും മാച്ചുവയ്ക്കാവുന്നതല്ല. ഈ സങ്കടാവസ്ഥയെ പരിഹരിക്കാനാണ് ഗവർമ്മെൻറ് പ്രധാനമായി ശ്രമിയ്ക്കുന്നതു്. ഈ സംഗതി ഒന്നോ രണ്ടോ വർഷങ്ങൾകൊണ്ടു സാധിക്കുന്നതെന്നോ സാധിക്കുമെന്നോ ഞാൻ പറയുന്നില്ല. ഡർബാർഹിസിക്കാൻ സക്കീട്ടുകളിൽ ഉൾനാടുകളിലുള്ള ചിലരോ താമസിച്ചു അവിടെയുള്ള ജനങ്ങളുടെ ആരോഗ്യസ്ഥിതിയെ നല്ലപോലെ അന്വേഷിച്ചറിഞ്ഞു് തന്നതായി കൊടുക്കേണ്ട ആശുപത്രികളുടെ വിവരത്തിനെ ഒരു റിപ്പോർട്ട് ഗവർണ്മെൻറിനെ സമർപ്പിക്കണം. ഉൾനാട്ടിലുള്ള ജനങ്ങളുടെ ആരോഗ്യസ്ഥിതികളെ അന്വേഷിച്ചറിഞ്ഞു് വേണ്ട രക്ഷാമാർഗ്ഗങ്ങൾ ചെയ്യുന്നതിനു ഡർബാർഹിസിക്കുന്നിൽ സ്ഥിതിചെയ്യുന്ന ബഹുകൃത്യങ്ങളിൽ എങ്ങിനെ സാധിക്കുമെന്നുള്ള ന്യായമായചോദ്യത്തിന് അവകാശമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഈ സംഗതിയെ ലാഘവപ്പെടുത്തുന്നതിനു ഡർബാർഹിസ്സ്യൻറെ സക്കീട്ടുപ്രോഗ്രാം സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതായാൽ ഡർബാർഹിസിക്കുന്നിൻറെ സക്കീട്ടുകളിൽ അവിടെയുള്ള ജനങ്ങൾക്കു ആരോഗ്യത്തെ കാണുന്നതിനും കാര്യങ്ങൾ പറഞ്ഞറിയിക്കുന്നതിനും സൗകര്യം കിട്ടുന്നതുണ്ട്.

ആശുപത്രികളുടെ പരിശോധനകളിൽ ഒരു സംഗതി ഡർബാർഹിസിക്കുന്നിൻറെ ശ്രദ്ധയിൽ പതിയേണ്ടതായിരിക്കുന്നു. ഒരു ആശുപത്രിയിൽ രോഗികൾ കൊണ്ടുവരുമ്പോൾ, അതിനെപ്പറ്റി ആ മെഡിക്കലാഫീസരോടു ശരിയായ സമാധാനം ആവശ്യപ്പെടേണ്ടതാണ്, മെഡിക്കലാഫീസരുടെ അനൈപുണ്യക്കുറവിനാലും പണത്തിലുള്ള അത്യാഗ്രഹത്താലും രോഗികളോടു പെരുമാറുന്ന അപമര്യാദയാലും പലപ്പോൾ ആശുപത്രികളിലും രോഗികൾ കൊണ്ടുപോകുന്നതു സാധാരണയായി കണ്ടുവരുന്നു. മെഡിക്കലാഫീസറന്മാരിൽ കാണുന്ന ഈ ദോഷങ്ങളെപ്പറ്റി ജനങ്ങൾ പരാതിപ്പെട്ടാലും അതിലേക്കു കൊടുക്കുന്നുവരുന്ന ശിക്ഷ ഒരു സ്ഥലംമാറ്റമാത്രമാണ്. സ്ഥലംമാറ്റം ഒരു ശിക്ഷയായി ഗണിച്ചു കൊടുക്കുന്നതായാൽ ചില മെഡിക്കലാഫീസറന്മാർക്ക് അതൊരനുഗ്രഹമായി തീരുകയും ചെയ്യുന്നു. സ്ഥലംമാറ്റത്തെ ഒരു ശിക്ഷയായി ഗണിക്കുന്നപക്ഷം ഒരു ആശുപത്രിയുടെ കാര്യക്ഷമതക്ക് കുറവുവരുത്തിയിട്ടുള്ള ഒരു മെഡിക്കലാഫീസർക്കു മറ്റൊരു ആശുപത്രിയിലേക്കു മോഷപ്പെട്ടാൻ ഒരു സൗകര്യം കൊടുക്കുന്നതായിട്ടാണ് ഗണിക്കേണ്ടതു. ഒരു മെഡിക്കലാഫീസരുടെ കടമകളെ ശരിയായി നിർവ്വഹിക്കാത്തപക്ഷം അവർക്കു ശിക്ഷകിട്ടുന്നതാണെന്നുള്ള ബോധം അവർക്കുണ്ടായിരിക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടതാണു.

ആശുപത്രികളിൽ ചികിത്സയ്ക്കായി വരുന്നവരോട് പണം വാങ്ങുന്നതു കഠോരകരമാണെന്നു നിശ്ചയിക്കേണ്ടതും ആയതു തെളിയുന്നപക്ഷം ആ മെഡിക്കലാഫീസറെ കഠിനമായി ശിക്ഷിക്കേണ്ടതുമാണ്.

സാധുക്കളെ സംബന്ധിച്ചു ആശുപത്രികളെ കൂടുതൽ പ്രയോജനകരമാക്കി തീർക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതായിരിക്കുന്നു. രാജ്യത്തിൽ ആഹാരസാധനങ്ങൾ ഉണ്ടാക്കുന്നതിനു വേലകൾ ചെയ്യുന്നതു കൂടി വേലക്കാരും സാധുക്കളുമാണു. ഇവരുടെ ആരോഗ്യസ്ഥിതിയെ പ്രത്യേകശ്രദ്ധയോടുകൂടി സൂക്ഷിച്ചുകൊണ്ടിരിക്കേണ്ടതു ഗവർണ്മെന്റിന്റെ പ്രധാനകടമയാണു. ഇവരുടെ ചികിത്സയിൽ മെഡിക്കലാഫീസറന്മാരുടെ മനഃപൂർവമായ ശ്രദ്ധ പതിയുന്നില്ലെന്നാണു എനിക്കു അഭിപ്രായമുള്ളതു. പ്രസവക്കേസുകളിൽ സൂതികർമ്മിണികളുടെ (Midwives) ജോലി ക്ലാൻവു—ൽനിന്നും ക്ലാൻ-ൽ സ്വല്പം കൂടിട്ടുള്ളതായി കാണുന്നതു ഇതുപോലുള്ള സമാധാനപ്പെടാൻ പാടില്ലാത്തതാണ്. ഇവരുടെ ജോലിയെ സംബന്ധിച്ചു ക്ലാൻവുകെ വാർഷികറിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "പ്രസ്തുതവർഷത്തിൽ നൂറു സൂതികർമ്മിണികൾ (മിഡ്വൈഫ്മാർ) ജോലിചെയ്യുകയും ക്ലാൻ-ൽ ഇപ്പോൾ പ്രസവക്കേസുകളുണ്ടായിരുന്നതു ൪,൫൫൦ ആയിത്തീരുകയും ക്ലാൻ എണ്ണം കൂടുതലാക്കുകയും ചെയ്തിട്ടുണ്ടു. ഇതു വളരെ തൃപ്തികരമല്ലെന്നാണു എന്റെ അഭിപ്രായം. സൂതികർമ്മിണികളെ സാധുക്കളുടെ വീടുകൾ സന്ദർശിച്ചു സാധുക്കളുടെ വീടുകളിൽ ജോലിചെയ്യുന്നതിനു ഒരുക്കമുള്ളവരായിരിക്കത്തക്കവണ്ണം അവരെ ഉത്സാഹിപ്പിക്കുന്നതിലേക്കു മെഡിക്കലാഫീസറന്മാർക്കു ക്ലാൻവു ഡിസംബർ വരെ-നു- ഞാൻ അയച്ചിട്ടുള്ള സർക്കുലർ ഇരിക്കെ ഉണ്ടായിട്ടുള്ള ഫലമാണെ ഇതു"

കടലാസ്സിൽകാണുന്ന ഈ ആജ്ഞ എത്രത്തോളം പ്രവൃത്തിയിൽ വന്നിട്ടുണ്ടെന്നുള്ളതിനെപ്പറ്റി അന്വേഷിച്ചു സമയം കളയേണമെന്നു ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഡിപ്പാർട്ടുമെന്റുമായി ഉണ്ടായിട്ടുള്ള ഈ ആജ്ഞയെ പ്രവൃത്തിയിൽ കൊണ്ടുവരുന്ന ജനങ്ങൾക്കു വിശേഷിച്ചു സാധുജനങ്ങൾക്കും പ്രയോജനകരമായി തീർക്കുന്നതിനു നിർബന്ധിക്കേണ്ടതാണു.

പ്രസവക്കേസുകളെപ്പറ്റി ക്ലാൻവു-ലെ വാർഷികറിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "അധികം സൂക്ഷ്മമായ പരിശോധനയിൽനിന്നു പ്രായോഗികമായ സൂതികർമ്മത്തെക്കുറിച്ചു മെഡിക്കലാഫീസറന്മാർക്കുള്ള വ്യക്തമായ അജ്ഞത വെളിപ്പെടുന്നു. മകാടിൽ (ഫോഴ്സെപ്സ്) ഉപയോഗിക്കേണ്ട ആവശ്യം പക്ഷേ ഇല്ലാതിരിക്കുമ്പോൾ അതുപയോഗിക്കുകയും പ്രസവിപ്പിക്കുന്നതിനു ശിശുവിന്റെ തല വികലീകരിക്കുന്നതു പലപ്പോഴും കേസുകളിൽ ആവശ്യമായിരിക്കാൻ പാടില്ലാതിരിക്കുമ്പോൾ അങ്ങിനെ ചെയ്യുകയും ചെയ്തിട്ടുള്ള ചില മെഡിക്കലാഫീസറന്മാരുണ്ടു. മെഡിക്കലാഫീസറന്മാരുടെ അജ്ഞതയ്ക്കു പരിചയക്കുറവിനും അപ്പുറം കുറ്റക്കാരല്ല. അവർ മെഡിക്കൽസ്കൂളിലായിരുന്നപ്പോൾ കിട്ടീട്ടുള്ള അഭ്യാസം ഇപ്പോൾ കുറഞ്ഞ അളവിൽമാത്രമേ പ്രായോഗികമായിരുന്നിട്ടുള്ളു എന്നതുകാരണത്താൽ സാമർത്ഥ്യം പ്രയാസമുള്ള ഒരു പ്രസവക്കേസു തെരിടുമ്പോൾ സ്വയമായി അതു നിവർത്തിക്കുന്നതിനുതക്കതായ സഹായിക്കുന്നതിനു അതു മതിയാകാത്തതായിരുന്നു."

വൈദ്യശാസ്ത്രത്തിൽ ഉൽകൃഷ്ടപരീക്ഷാവിജയികളായ മെഡിക്കലാഫീസറന്മാരെ പറ്റിയാണു പ്രധാനമായി ഡർബാർഫിസ്കൻ ഈ അഭിപ്രായം പറഞ്ഞിട്ടുള്ളതു. ഈ സ്ഥിതിയിൽ ഇവിടെയുള്ള മെഡിക്കൽസ്ഥാപനങ്ങളിൽനിന്നും പരിച്ചു സർട്ടിഫിക്കെറ്റുകളും വാങ്ങി ചികിത്സ നടത്തിപ്പോരുന്നവരുടെ സ്ഥിതി പിന്നാ യിത്തീരുമെന്നുള്ളതു ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലാത്തതാണു. ഇവരുടെ ചികിത്സയിൽ അനേകസ്ത്രീകളുടെ ജീവിതം ഏറ്റവും കഷ്ടതരമായി തീർന്നിട്ടുള്ളതിനു അനേക ദൃഷ്ടാന്തങ്ങൾ എനിക്കു തന്നെ അറിയാവുന്നതാണു. ഇങ്ങനെ സ്ത്രീകളെ കഷ്ടദശയിലാക്കുന്നതിനു ഗവർണ്മെന്റു തീരുമാനിക്കുകയും അനുവദിക്കാൻ പാടുള്ളതല്ല. മറ്റുചികിത്സകളിലും ഇവർ പല അബദ്ധങ്ങളും പ്രവർത്തിക്കുന്നതിനാൽ മരണങ്ങൾക്കു ഇടയാകയുംചെയ്യുന്നു. വൈദ്യശാസ്ത്രത്തിൽ ഉൽകൃഷ്ടപരീക്ഷാ വിജയികൾക്കുമാത്രമേ ചികിത്സകളും പ്രസവക്കേസുകളും നടത്താൻ പാടുള്ളു എന്നൊരു നിയമം പാസ്സാക്കേണ്ടതു അത്യാവശ്യമായിട്ടുള്ളതാണു".

മിസ്സസ്സ് എം. പുന്നൻ മുക്കോസ് (സർജൻ ഇൻചാർജ്ജു): സർ, വൈദ്യസഹായം രാജ്യത്തിലെല്ലാം അധികം പ്രചാരമായി നടക്കേണ്ടതാവശ്യമുള്ളതു മി. കുമാരപിള്ള ചെയ്തിട്ടുള്ള ചില്ലകളെ ഞാൻ വളരെ വിലമതിക്കുന്നു. ഈ വിഷയത്തിൽ ഗവർണ്മെന്റു ഒട്ടുവളരെ പ്രവർത്തിച്ചിട്ടുണ്ടു. ഇക്കാലത്തു രാജ്യത്തിൽ പലപല ഭാഗങ്ങളിലും ആശുപത്രികളും ഔഷധവിതരണശാലകളും നമുക്കുണ്ടു. ഈ ഗവർണ്മെന്റു സ്ഥാപനങ്ങൾ മുഖേന എല്ലാം ജനങ്ങൾക്കും പ്രയോജനമുണ്ടാകുന്നതു സാദ്ധ്യമല്ലെന്നായിരുന്നു മി: കുമാരപിള്ള ചൂണ്ടിക്കാണിച്ചതു. ഡർബാർഫിസിഷൻ ചില പ്രദേശങ്ങളെ സന്ദർശിക്കുന്ന അവസരങ്ങളിൽ ആ ഉദ്യോഗസ്ഥൻ ചെയ്യേണ്ട ജോലിയെപ്പറ്റി അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ടു. അതു പരമമായ ഒരാശയമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എന്റെ സഞ്ചാരങ്ങളിൽ കഴിവുള്ളേടത്തോളമെല്ലാം എന്റെ സന്ദർശനങ്ങളെപ്പറ്റി ജനങ്ങൾക്കു അറിവുകൊടുക്കുന്നതിനു ശ്രമിക്കയും എന്റെ യാത്രകളെ രാജ്യത്തിന്റെയും ജനങ്ങളുടെയും ആവശ്യങ്ങളെ അറിയുന്നതിനുള്ള അവസരങ്ങളാക്കിക്കൊള്ളുകയും ചെയ്തിട്ടുണ്ടു. ഞാൻ സന്ദർശിച്ചിട്ടുള്ള പ്രദേശങ്ങളിലെ ആവശ്യങ്ങളെക്കുറിച്ചു സാമാന്യം ഉപകാരമായ വിധത്തിൽ അറിയുന്നതിനു എനിക്കു സാധിച്ചിട്ടുണ്ടു. എന്നാൽ ഡർബാർഫിസിഷൻ പലപ്രധാനസ്ഥലങ്ങളിലും മി. കുമാരപിള്ള പറഞ്ഞതുപോലെ ഏതാനും ദിവസങ്ങളോളം താമസിക്കുന്നപക്ഷം ഡർബാർഫിസിഷനെ സഹായിക്കുന്നതിനു വേറൊരുദ്യോഗസ്ഥനെക്കൂടി കൊഴ്സനേറ്റ അസിസ്റ്റൻറു എന്നോ മറ്റൊരു പേരുവിളിച്ചാലും ശരി, ആവശ്യമായി തീരുമെന്നു ഞാൻ തോന്നുന്നു.

പിന്നെ ആശുപത്രികളിലും ഡിസ്പെൻസറികളിലും ചെല്ലുന്ന രോഗികളുടെ എണ്ണത്തിലുള്ള കുറവിനെ സംബന്ധിച്ചു സർ എനിക്കു പറയാനുള്ളതു ആലോചിക്കേണ്ട സംഗതി ആണെങ്കിലും അതു എല്ലായ്പോഴും മെഡിക്കലാഫീസറുടെ ജനസമ്മതമില്ലായ്മയുടെ ലക്ഷണമായിരിക്കുന്നതല്ല എന്നാകുന്നു, ചില ദീനങ്ങൾക്കു ചില ഋതുക്കളിലും ചിലപ്രദേശങ്ങളിലും അധികമായി പ്രചരിക്കുന്നതിനും സാംക്രമികമായി പരിണമിക്കുന്നതിനും ഋതുക്കളുടെ സ്വഭാവവുമുണ്ടു. ചില ദീനങ്ങൾ മാറി ഋതുക്കളിലേക്കാം. ചില പ്രത്യേകഋതുക്കളിൽ അധികമാളുകളെ ബാധിച്ചുന്നതു കാണുന്നുമുണ്ടു. അതിനാൽ രോഗികളുടെ സംഖ്യ കുറയുന്നതിനു കാരണം ഡാക്ടരുടെ ജനപ്രീതിക്കുറവുമാത്രമാണെന്നു പറയുന്നതു മര്യാദയായിരിക്കുന്നില്ല.

മെഡിക്കലാഫീസർമാർ ആവശ്യപ്പെടുന്ന ഫീസിനെ സംബന്ധിച്ചു പറകയാണെങ്കിൽ ഈ വിഷയം ഈ സഭയിൽ വീണ്ടും വീണ്ടും ചൂടുകയറിയായി വിശദീകരണം ചെയ്തിട്ടുള്ളതാണ്. ഈ രോഗങ്ങൾ തടയുന്നതിലേക്ക് മതിയായ ഒരു പ്രത്യൗഷധം കണ്ടുപിടിക്കുന്നതിനു എനിക്കു ഇതുവരെ സാധിച്ചിട്ടില്ലെന്നു ഞാൻ സമ്മതിക്കേണ്ടിയിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോടം): ചികിത്സയ്ക്കു ആശുപത്രിക്കു പോകുന്നവരുടെ കഥയാണു പറഞ്ഞതു.

മിസ്സസ്സ് എം. പുന്നൻ പൂക്കോസ് (സർജൻ ഇൻ-ചാർജ്) അതിന്റെ കാര്യംതന്നെയാണു ഞാനും പറഞ്ഞതു്.

മെഡിക്കലാഫീസർമാക്ക് തങ്ങളുടെ ചുമതലയെപ്പറ്റിയും തങ്ങളുടെ മേലധികാരിയുടെ ഔൽകൃഷ്ട്യത്തെപ്പറ്റിയും ബോധമുണ്ടാകുന്നതുകൊണ്ടല്ലാതെ ഒരു ഡർബാർഫിസിക്കനെന്നല്ല പത്തു ഡർബാർഫിസിഷന്മാർകൂടി വിചാരിച്ചാൽ ഈ പതിവിനെ നിർമ്മൂലമാക്കുന്നതിനു കഴിയുന്നതല്ലെന്നു ഞാൻ ശങ്കിയ്ക്കുന്നു.

പ്രസവക്കേസുകളിൽ പ്രവർത്തിയ്ക്കുന്നതു സംബന്ധിച്ചു ഞാൻ ഇവിടത്തെ ആശുപത്രിചാർജ് വഹിച്ചുകഴിഞ്ഞ പത്തുകാലുകൊല്ലങ്ങൾക്കിടയിൽ രോഗികളെ പയ്യാപ്പുമല്ലാതെവിധത്തിൽ ചികിത്സിയ്ക്കുകയാരാളും നടക്കുന്നതായി എനിയ്ക്കു ബോധ്യമായിരിക്കുന്നതിനാൽ, സ്വല്പമെങ്കിലും പ്രാമാണ്യമായിപറയാൻ എനിക്കു കഴിയുന്നതാണ്. എന്റെ പരിശോധനകൾക്കിടയിൽ എവിടെയെങ്കിലും സ്ഥാപനസംബന്ധമായിട്ടു ഒരു സൂതികർമ്മിണി നിയമിക്കപ്പെട്ടിട്ടുണ്ടോ. ആസ്ഥാപനങ്ങളിലെ മെഡിക്കലാഫീസറന്മാർ സാക്ഷ്യംവഹിക്കുമെന്നു എനിക്കു നിശ്ചയമുള്ളപ്രകാരം ആ സൂതികർമ്മിണികൾ ചെയ്തിട്ടുള്ളജോലി മനസ്സിലാക്കുന്നതിനും അവർചെയ്യാതിരുന്നിട്ടുള്ളതിലേക്കു അവരുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനും അവരിൽനിന്നും ആശിച്ചിരിക്കുന്നതു ഇന്നതൊന്നുള്ളതിനെപ്പറ്റി അവരെ ഉപദേശിക്കുന്നതിനും ഞാൻപ്രത്യേകം യത്നിച്ചിട്ടുണ്ട്. എന്നാൽ ഈസൂതികർമ്മിണികളെ ജനങ്ങൾക്കു സമ്മതമുള്ളവരാക്കിത്തീർക്കുകയെന്നുള്ളതു വളരെ പ്രയാസമുള്ളകാര്യമാണ്. കാരണം ഈ സഭാമെംബർമാരിൽ ചിലർക്കുംതന്നെ അറിവുള്ളപ്രകാരം നമ്മുടെരാജ്യാസംചെന്നിട്ടില്ലാത്ത സൂതികർമ്മിണികളിൽ ജനങ്ങൾക്കുള്ളവിശ്വാസംപ്രബലമായിരിക്കുന്നതിനാൽ വിദ്യാഭ്യാസം ചെന്നിട്ടുള്ള ആശുപത്രി സൂതികർമ്മിണികളെക്കാൾ അധികമായി ആവശ്യപ്പെടുന്നതു, സൂതികർമ്മിണികൾക്കു പ്രത്യേകിച്ചു ചെറുപ്പക്കാരികൾക്കു വളരെ വിഷമമുള്ള പ്രവർത്തിയാണ് ചെയ്യുന്നതുള്ളതു്. അതുകൊണ്ടു പുരുഷന്മാർ നമ്മെ ഈ സംഗതിയിൽ സഹായിക്കാതെവിടുന്നാൽ ഈ ജോലിവളരെ പ്രധാന്യതയുള്ളതാണെന്നു എനിക്കുബോധമുണ്ടെങ്കിലും അതു നിർവഹിക്കുന്നതു വളരെ പ്രയാസമായിരിക്കുന്നതാണ്.

പുരുഷന്മാക്ക് സൂതികർമ്മവിദ്യയിലുള്ളന്യൂനതസംബന്ധിച്ചു അവർ മെഡിക്കൽകാളേജ്കളിൽനിന്നു പഠിച്ചിറങ്ങിയതിൽപിന്നെ, ഈ ശാഖയിൽ കുറെ പ്രത്യേകമായ അഭ്യാസംകിട്ടുന്നതു് കൂടുതൽ നന്നായിരിക്കുമെന്നു ഞാൻ സമ്മതിക്കുന്നു. പുതുതായി പണികഴിച്ചുവരുന്ന ജനറലാശുപത്രി പണിപൂർത്തിയായതിൻശേഷം, പുരുഷന്മാക്ക് അനന്തരാഭ്യാസം കിട്ടുന്നതിനോ അവർ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമുള്ള ആശുപത്രിയിൽ പരിചയിക്കുന്നതിനു കൽപനകയ്യൂടുണ്ടാക്കുന്നതിനോതക്കവണ്ണം വല്ല ഏർപ്പാടുംചെയ്യുമെന്നു ഞാൻ ആശിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളമായിട്ടു പറയുന്നതായാൽ, പുരുഷന്മാർ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമുള്ള ആശുപത്രിയിൽ പരിചയത്തിനായി വരുന്നതിൽ എനിക്കുവിരോധമില്ല. എനിക്കു അതു് സന്തോഷമായിരിക്കും എന്നാൽ ഒരു പുരുഷനെ കൊല്ലുന്നുള്ള സ്ത്രീകളുടെ ആശുപത്രിയിൽ പരിചയിക്കുന്നതിനായി അയച്ചുപ്പോൾ ഉണ്ടാക്കിയ എതിർപ്പും ബഹളവും മി. കുമാരപിള്ളയുടെതന്നെ ഓർമ്മയുണ്ടായിരിക്കാം. തൽക്കാലത്തേക്കു പുരുഷന്മാരെ സ്ത്രീകളുടെ ആശുപത്രികളിൽ പരിചയത്തിനായിട്ടു അയക്കുന്നതിനുള്ളപക്ഷിയിൽ നാം എത്തീട്ടില്ലെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സമ്പ്രദായത്തെ വിലമതിക്കാൻ തക്കവണ്ണം ജനങ്ങളെ അഭ്യസിപ്പിക്കേണ്ടിയിരിക്കുന്നു. ഗവണ്മെൻറ് ഈ സംഗതിയെപ്പറ്റി രഹസ്യനിക്കുന്നതും കഴിവുപോലെയുള്ളതെല്ലാം ചെയ്യുന്നതും ആയിരിക്കും.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്കൻ): സർ, മി. കുമാരപിള്ളയുടെ ഉപക്ഷേപത്തെ പിന്താങ്ങുന്നതിനായിട്ടു ഞാൻ എഴുന്നേൽക്കുന്നു. അങ്ങിനെ ചെയ്യുന്നതോടുകൂടെ മെഡിക്കൽഡിപ്പാർട്ടുമെൻറിന്റെ ഭരണത്തെക്കുറിച്ചു എനിക്കു ഒരു വാക്കു പറയാനുണ്ട്. വളരെകാലമായിട്ടു വിദഗ്ദ്ധിയരാൽ നിയന്ത്രിക്കപ്പെട്ടുവന്ന ഈ ഡിപ്പാർട്ടുമെൻറു പത്തുമാസങ്ങൾക്കുമുമ്പു, അല്പമായി, ഒരു തിരുവിതാംകോട്ടു സ്വദേശിയുടെ ഭരണത്തിൽവന്നുചേരുകയുണ്ടായി. അയാൾ ഇംഗ്ലീഷുമരുന്നുകളുടെ മേലധ്യക്ഷനെന്ന ഉദ്യോഗംവഹിക്കുന്ന ഒരുദ്യോഗത്തെ മാന്യവനിതയുടെപക്കൽവന്നുചേർന്നു. ഈ മാന്യവനിതയാണ് അല്പമായി യുവാക്കന്മാക്കുള്ള മഹാരാജാസ്കാളേജിൽപ്രവേശിച്ചു അല്പമായി പഠിക്കുകയിൽ വിജയിനിലയുറപ്പിച്ചിരുന്നു എന്നുള്ളതു അഭിനന്ദനവിഷയമായിട്ടുള്ളതാണ്. അവൾ ഒരു സ്ത്രീയായിപ്പോയില്ലെങ്കിൽ, എന്നാൽ തുണസാമർത്ഥ്യമുള്ള വിദഗ്ധയായ ഡാക്ടരായിപ്പോകുമെന്നതു, ഇപ്പോഴത്തെ മാന്യപദം അലങ്കരിക്കുന്നു. ഇതുപ്രധാനമായ ഒരു ഡിപ്പാർട്ടുമെൻറിന്റെഭരണം ഒരു സ്ത്രീയെ ഏൽപ്പിക്കുന്നതു ക്ഷേമകരമാണോ എന്നതിനെപ്പറ്റിയും പലർക്കും സംശയമുണ്ടായിരുന്നു. മെഡിക്കൽഡിപ്പാർട്ടുമെൻറുമേധാവിയായി ഒരു പുരുഷനെപ്പോലെ യാത്രചെയ്യുന്നതിനും പരിശോധനാജോലിനടത്തുന്നതിനും ഒരു സ്ത്രീയ്ക്കു പ്രാപ്തിയുണ്ടായിരിക്കുമോഎന്നതു പലർക്കും സംശയങ്ങളുണ്ടായിരുന്നു.

പ്രസി: ഇതെല്ലാം സന്ദർഭോചിതമായിരിക്കുന്നതെങ്ങിനെ?

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്കൻ): ഞാൻ മെഡിക്കൽഡിപ്പാർട്ടുമെൻറുഭരണത്തെക്കുറിച്ചാണ്പറയുന്നതു്, ഞാൻ അതു്പറയട്ടെ.

പ്രെസി: ആ ഉദ്യോഗത്തിന്റെ വൃത്തിധാനിയെക്കുറിച്ചു വിമർശിക്കുന്നതിനു നിങ്ങൾക്കു അധികാരമില്ലെന്നു ഞാൻ ശങ്കിക്കുന്നു.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്കൻ): കഴിഞ്ഞകാലം ഞങ്ങൾക്കു സംശയങ്ങളുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ജോലി ഭംഗികരമാണെന്നു കണ്ടുതുടങ്ങിയിരിക്കുന്നു. സർ, അതു ക്രമേണംവരുത്തുന്നതെന്നു അങ്ങു വിധിക്കുന്നെങ്കിൽ ഞാൻ ഇടപെടുന്നില്ല.

പ്രെസി: അതെ, നിങ്ങൾ ക്രമേണം വരുത്തിയിരിക്കുന്നു.

ശ്രീ. ടി. കുമാരപിള്ള (ചങ്ങനാശ്ശേരി വിളയങ്കോട്ടം): ഡർബാർഹിസിക്ര്യൻ പറഞ്ഞിട്ടില്ലെങ്കിൽ കൂടി ഗതികേടിനു ഏതോക്കെ [illegible] നിവൃത്തിയില്ല. അതുപോലെ ആയുർവേദത്തിൽ ശ്രീ. രാമൻ കുറുപ്പോക്കെ പറയുന്ന ഡാക്ടർമാരുടെ ഫീസ് [illegible] , അതിനു ഒരു ഡാക്ടർടെ കാര്യത്തിലായിരിക്കുന്നതാണ്. [illegible] കണക്കിനനുസരിച്ചുള്ള ഡാക്ടർമാരുടെ കൈയ്യിലുള്ള രോഗി കണക്കും നോക്കുമ്പോൾ അറിയാവുന്നതാണ്, ചിലകാലങ്ങളിൽ ചില സൗകര്യക്കേടും ഉണ്ടാകുന്നതുപോലെ സ്വഭാവമാണ്. പർമനന്റായിട്ടുള്ള കുംഭംമുതൽ ഇടവംവരെയുള്ള മാസങ്ങളിൽ ധാരാളം പേരുണ്ടായിരിക്കുമെന്നുള്ളതിൽ സംശയമില്ല. അതു ഇന്നയാൾക്കിടയിൽ ഉണ്ടെന്നോ ഇന്നയാൾക്കിടയിൽ ഇല്ലെന്നുംഇല്ല. എല്ലാവർക്കിടയിലും ഉണ്ടായിരിക്കും. കുംഭമാസത്തിലെ മഴയോട്ടുകൂടിതുടങ്ങി ഇടവമാസത്തെ മുഴുവനും മലമ്പനിയുണ്ടായിരിക്കും. അതുപോലെ ഓരോകാലത്തും ഉണ്ടാകുന്നതായ സൗകര്യക്കേടുകൾ ഓരോരാളുകളിലും ഉണ്ടാകുന്നതാണ്. അതുകൊണ്ടു ഗവർമെന്റു പോകുന്നതു ഡാക്ടർമാരുടേ ദോഷമാണോഎന്നു സംശയിക്കേണ്ടതുമാവശ്യമില്ല. നിശ്ചയമായിട്ടും അതുതന്നെയാണ്.

ഫീസിനെസംബന്ധിച്ചു ഡാക്ടർമാരുടെ മനഃസ്ഥിതി മാറേണ്ടതാണെന്നും അതു മാറാതിരിക്കുന്നപക്ഷം ഡർബാർഹിസിക്ര്യൻ വിചാരിച്ചാൽ സാധിക്കുന്നതല്ലെന്നുംപറഞ്ഞു. ആ അഭിപ്രായത്തോടു എനിക്കു പൂർണ്ണമായിയോജിക്കാൻ നിവർത്തിയില്ല. ഡർബാർഹിസിക്ര്യൻ നിശ്ചയിച്ചാൽ സാരതരമായ വ്യത്യാസം ഉണ്ടാകുമെന്നാണ് എന്റെ അഭിപ്രായം. ഡാക്ടർമാർ ആശുപത്രികളിൽ പോകുന്ന രോഗികളുടെ പേരും വാങ്ങിയ്ക്കുന്നുഎന്ന അറിവുകിട്ടിയാൽ ഉടനെ നടപടിയെടുക്കുന്നപക്ഷം ഇങ്ങനെയുള്ള അഴിമതികുറഞ്ഞുപോകുന്നതാണ്. അല്ലാതെമുഴുവനും കുറഞ്ഞുപോകുമെന്നു ഞാനും വിചാരിക്കുന്നില്ല.

മറ്റൊരുസംഗതി എനിക്കു പറയാനുള്ളതു സൂതികർമ്മിണികളുടെആവശ്യം ഉൾനാടുകളിൽ അത്രഅധികമുണ്ടോ എന്നുള്ള സംശയത്തെപ്പറ്റിയാണ്. അങ്ങിനെ ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ മിഡ്വയിഫ്മാരെപ്പറ്റി ഉൾനാടുകളിലെ ജനങ്ങൾക്കു നല്ലഅഭിപ്രായമുള്ളതുകൊണ്ടു കൂടുതൽ മിഡ്വയിഫ്മാർ അവിടെ അത്യാവശ്യമാണെന്നു പറയാതിരിക്കാൻ നിവർത്തിയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗതാഗതസൗകര്യം അഭിവൃദ്ധിയിലാക്കിയാൽ കുറെക്കൂടി ഔഷധവിഷയമായ സഹായം വിതരണം ചെയ്യുന്നതിനു സൗകര്യമുണ്ടാകുമെന്നു കരുതുന്നുവോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളയങ്കോട്ടം): ഗതാഗതസൗകര്യങ്ങളിലുള്ളവിഷമംകൊണ്ടാണോ ആശുപത്രി അധികമായിവേണ്ടതെന്നു പറയുവാൻ ഇടവന്നിട്ടുള്ളതു. സാധുക്കൾ പലരും യഥാഗതസൗകര്യമില്ലാത്തതുകൊണ്ടു ആശുപത്രികളിൽ പോകാൻ സാധിക്കാതെ മരിച്ചുപോകുന്നുണ്ടു്. അവർക്കു ഗതാഗതമാർഗ്ഗമാണ് വലിയപ്രതിബന്ധമായിരിക്കുന്നതു.

മിസ്സസ്സ് പി. പുന്നൻ മൂക്കോത്ത് (സർജൻ ജൻചാർജ്): സർ, രോഗികളുടെഎണ്ണത്തിൽ കുറവുണ്ടാകുന്നതു എല്ലാസംഗതികളിലും അങ്ങിനെ ആയിരിക്കുമെന്നല്ല. എന്നാൽ ചിലസംഗതികളിൽ അങ്ങിനെ ആയിരിക്കുമെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളതെന്ന് മി. കുമാരപിള്ളയെ ഞാൻ ചൂണ്ടിക്കാണിക്കട്ടെ. മി. കുമാരപിള്ളയുടെ മനസ്സിലിരിക്കുന്ന പ്രത്യേക ശ്ലോകം എനിക്കറിയാം.

രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവിനെപ്പറ്റി അതു മലമ്പനി നിമിത്തമായിരിക്കാമെന്ന് ആദ്യമേ ഞാൻ നിർദ്ദേശിച്ചു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളയങ്കോട്ടം): മലമ്പനിമാത്രമല്ല, മറ്റനേകം രോഗങ്ങളും ഇടയുണ്ട്.

മിസ്സസ്സ് എം. പുന്നൻ മൂക്കോസ് (സർജൻ ഇൻചാർജ്): അതിസാരം ഇൻഫ്ലുയൻസാ മുതലായ മറ്റു രോഗങ്ങളുമുണ്ടായിരിക്കാം. ഇവ അനിവാര്യമായി കൊല്ലുന്നോരും ഒരുപ്രത്യേകസ്ഥലത്തു ഒരേ മാതിരിയിൽ ബാധിക്കുന്നില്ല. എന്നാൽ ഇങ്ങിനെയുള്ള രോഗങ്ങൾ കൊല്ലുന്നോരും ഉണ്ടാകാവുന്നതാണ്. ഒരുപ്രത്യേകസ്ഥാപനത്തിൽ രോഗികളുടെ എണ്ണം കുറയുമ്പോൾ, അതു രോഗമായിട്ട്, ഡാക്ടരുടെ ജനസമ്മതക്കുറവുകൊണ്ടല്ലായിരിക്കുമെന്ന് ഞാൻ ഒരിക്കലും പറയുന്നില്ല, എന്നാൽ ജനസമ്മതമില്ലായ്മ ഏകകാരണമാകണമെന്നു പറയുന്നതിനും ഞാൻതയ്യാറില്ല.

ഫീസ് വാങ്ങുന്നതിനെക്കുറിച്ചു വല്ലദേശത്തും മെഡിക്കലോഫീസ്സർ ആശുപത്രിയിൽ വരുന്നരോഗികളോടു ഫീസ് ആവശ്യപ്പെട്ടതായ ഉദാഹരണങ്ങൾ എന്റെ ഓർമ്മയിൽ കുറഞ്ഞവരുന്നതായാൽ, ഞാൻ അവയെപ്പറ്റി അന്വേഷണം കഴിക്കുന്നതായിരിക്കുമെന്നു കഴിഞ്ഞ സഭയിൽ വെച്ചും ഞാൻ പറഞ്ഞിട്ടുള്ളതാകുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളയങ്കോട്ടം): അങ്ങിനെയുള്ള സംഗതികൾ ഡർബാർഹിസിക്ര്യന്റെ മുമ്പാകെ ഞാൻ തന്നെ എഴുതിഅയച്ചതിൽ യാതൊരു നടപടിയും നടത്തീട്ടില്ല.

മിസ്സസ്സ് എം. പുന്നൻ മൂക്കോസ് (സർജൻ ഇൻചാർജ്): മെമ്പർ അങ്ങിനെയുള്ള സംഗതികൾ എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുവോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളയങ്കോട്ടം): ഇപ്പോൾ അങ്ങിനെയിരിക്കുന്ന ഡർബാർ ഫിസിക്ര്യന്റെ ശ്രദ്ധയിലല്ല. (ചിരി)

മിസ്സസ്സ് എം. പുന്നൻ മൂക്കോസ് (സർജൻ ഇൻചാർജ്): ഇപ്രകാരമുള്ള പൊതുപ്രസ്താവനകൾ വീണ്ടും വീണ്ടും ഉണ്ടായിട്ടുണ്ട് എന്നാൽ പ്രത്യേകഉദാഹരണങ്ങൾ എന്റെശ്രദ്ധയ്ക്കു വിഷയമാക്കിട്ടില്ല. എന്നാൽകീഴ്ജീവനക്കാരുടെ സംഗതിയിൽ ഇതിനോടു തുല്യമായ ഉദാഹരണങ്ങൾ എന്റെശ്രദ്ധയിൽ വന്നിട്ടുണ്ടെന്നും, കമ്മീഷണറാപേക്ഷണത്തിന്റെ വിശ്വാസയോഗ്യതയെപ്പറ്റി ഇനിക്കു ബോദ്ധ്യപ്പെടുന്നപ്പോഴൊക്കെയും അവരെഞാൻ കർശനമായി തിക്കിച്ചിട്ടുണ്ടെന്നും ഞാൻ പറയട്ടെ.

സൂതികർമ്മിണിയെപ്പറ്റി, സംശയംകൂടാതെ മി. കുമാരപിള്ള പറഞ്ഞതുപോലെ സൂതികർമ്മിണിയുടെ വേലനയ ജനങ്ങൾ വിലമതിക്കുന്ന ചിലസ്ഥലങ്ങളുണ്ട്. എന്നാൽ എന്റെ യാത്രകളിൽ സൂതികർമ്മിണിമാർക്കു പോലും തങ്ങളുടെ ജോലി ശ്രദ്ധിക്കുമാറായി ചെയ്യുന്നതിനു വളരെബുദ്ധിമുട്ടുണ്ടാക്കുന്നതായ സ്ഥലങ്ങളുണ്ടെന്നും ഞാൻ കണ്ടിരിക്കുന്നു. മിഡ്വൈഫിനു അധികം ജോലിചെയ്യുന്നതിനു [illegible] അമ്പലപ്പുഴയിലെ യുവകുമാരൻ മി. പി. കെ. നാരായണപിള്ളയുടെ അറിയാമെന്നു ഇനിക്കു വിശ്വാസമുണ്ട്. അങ്ങിനെതന്നെ, മറ്റു

റെപ്പുഴ പ്രദേശങ്ങളിലെ ഗ്രാമീണരോഗങ്ങൾ ചികിത്സിക്കുന്നതിനു മിഡ്വൈഫ്മാർക്ക് വളരെയധികമുണ്ടെന്നു് ഗവർണ്മെന്റു് ഈ ജോലി, ക്ഷുദ്രാന്യതയപ്പറ്റി ബോധപ്പെട്ട കഴിഞ്ഞതിനാൽ ഗവർണ്മെന്റു സർവീസിലേക്കു് നിയമിക്കപ്പെട്ടവരല്ല, എന്നാൽ ഒരുപക്ഷത്തെ പരിശീലനത്തിനുശേഷം രാജ്യത്തു് പലസ്ഥലങ്ങളിലേക്കും പോയി സ്ത്രീകൾക്കു സഹായിക്കുന്നതിനായിട്ടു ചെറുപ്പക്കാരികളെ സർക്കാർവിട്ടു പഠിപ്പിച്ചുകൊണ്ടിരിക്കുന്നതിലേക്കു് കഴിഞ്ഞ മീശിനുസമീപത്തിൽ ഒരു ക്ലാസ്സ് സ്ത്രീകൾക്കുള്ള കുഞ്ഞുങ്ങൾക്കുള്ള ആശുപത്രിയിൽ ഉണ്ടാക്കിയിട്ടുണ്ടു്. അതിനാൽ ഈ സംഗതിയിൽ ഗവർണ്മെൻറിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടെന്നും, അതുപോലെ മറ്റൊരു മിഡ്വൈഫുണ്ടെന്നു് ഗവർണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും, കാണുവാനിടയുണ്ടു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇവിടെ മെഡിക്കൽ സ്ഥാപനങ്ങളും ഉണ്ടു്. അവിടെനിന്നും പരീക്ഷ ജയിച്ചു സർട്ടിഫിക്കറ്റു കിട്ടിയവർ നടത്തിവരുന്ന ചികിത്സയിൽ പല അപകടങ്ങളും വരുത്തിക്കൂട്ടുന്നുണ്ടു്.

മി. തയ്യിലകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഉദ്യോഗസ്ഥകളിൽ രോഗികളെ കാണുന്നതിനു് ഡോക്ടർമാർ പോകുന്ന സംഗതിയിൽ എണ്ണപ്പെടിയും ഔഷധങ്ങളും കൊടുക്കണമെന്നു് വിചാരിക്കുന്ന ഒരു ബോർഡു് ആശുപത്രിയിലുണ്ടാക്കുന്നതു് നന്നായിരിക്കുമെന്നില്ല ?

മിസ്സസ്സ് എം. പുന്നൻലൂക്കോസ് (സർജൻ ഇൻചാർജ്): മി. കുഞ്ഞിതൊമ്മൻ കഴിഞ്ഞബഡ്ജറ്റുയോഗത്തിലും ഈ പ്രശ്നത്തെക്കുറിച്ചുവന്നിട്ടുണ്ടായിരുന്നു, ഞാൻ അതിനെപ്പറ്റി ആലോചിക്കുകയും ആയിരുന്നു. ഇപ്പോൾ നടപ്പിലിരിക്കുന്ന മെഡിക്കൽകോഡ് മാറ്റപ്പെടേണ്ടതാണെന്നു് കരുതുന്നവരുണ്ടായിരുന്നു. ഇപ്രകാരം ചെയ്യുമ്പോൾ മെഡിക്കലുദ്യോഗസ്ഥന്മാർക്കു മാണ്ടിയുള്ള ഫീസ്സിന്റെ ഒരു ക്രമവും കൂടെ രേഖപ്പെടുത്തുന്നതായിരിക്കും. ബോർഡുകൊണ്ടു് സല്ലുമായ സഹായം ലഭിക്കാവുന്നതാണെന്നു് ഞാൻവിചാരിക്കുന്നു. എന്നാൽ ഇപ്രകാരം ഫീസ്സുക്രിപ്പപ്പെടുത്തുന്നതായാൽ, ഒരുമെഡിക്കലുദ്യോഗസ്ഥൻ നിഷ്കർഷണനായാണെങ്കിൽ, ബോർഡുണ്ടായാലും ഇല്ലെങ്കിലും, അങ്ങിനെതന്നെ തുടർന്നുകൊണ്ടുതന്നെയിരിക്കുമെന്നു ഞാൻ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. അയാൾ രോഗത്തിനു ചികിത്സിക്കുമ്പോൾ ക്ലിപ്തഫീസ്സു വാങ്ങുകയും ചെയ്തേക്കാം. എന്നാൽ അതുനിർബന്ധിതമായ ജോലിയല്ലെ? നിഷ്കർഷണനായ ഡാക്ടർ രോഗിയുടെ അടുക്കൽ പോയി കുറച്ചുവല്ലതും ചെയ്തുഎന്നുവരാം. കുറഞ്ഞഫീസ്സുമാത്രമെ അയാൾക്കു കൊടുത്തെള്ളൂ എന്നു രോഗികളുടെ സംബന്ധികൾക്കു തൃപ്തിപ്പെടുകയുംചെയ്യാം. എന്നാൽ അയാളിൽനിന്നു ലഭിക്കുന്ന പരമഫലം അവർക്കുകിട്ടുമോ എന്നു ഇനിക്കു അറിയാൻ വഹിയാ. തീച്ചുമായിട്ടു മെച്ചമുള്ളവനായ ഡാക്ടർക്കു, തനിക്കു മാർഗ്ഗദർശിയായി, ഒരുബോർഡുആവശ്യമായിരിക്കയില്ല. എതായാലും ഫീസ്സിന്റെ ഒരുതിരക്കുകാണിക്കുന്ന ലിസ്റ്റ് ചിലപ്രദേശങ്ങളിലെങ്കിലും പ്രയോജനകരമായിരിക്കാം. സംഗതിയെപ്പറ്റി ഗൌരവമായി ആലോചിക്കുന്നതാണെന്നു് മി. കുഞ്ഞിതൊമ്മനോടു ഞാൻ ഉറപ്പുപറയുന്നു.

മി. തയ്യിലകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇപ്പോഴത്തെ മെഡിക്കൽ കോഡിൽ ഡാക്ടർമാർക്കു മെൽ ഒന്നിന്നുഎണ്ണപ്പെടി കൊടുക്കണമെന്നു് വല്ല വിവരവും ഉണ്ടോ?

മിസ്സസ്സ് എം. പുന്നൻലൂക്കോസ് (സർജൻ ഇൻചാർജ്): ഗവൺമെന്റു—മെഡിക്കൽ പ്രാക്ടീഷണർമാർ—തമ്മിൽ ഉണ്ടാക്കിയിട്ടുള്ള ഒരു ഫീസ്സു പരമ്പരാപത്രമുണ്ടു്. നിരക്കുകൾ എന്താണെന്നു് ഞാൻസൂക്ഷ്മമായി ഓർമ്മിക്കുന്നില്ല. അന്നത്തെതിൽപിന്നെ, സ്ഥിതികൾ വളരെ മാറിട്ടുണ്ടു്. ആ പരമ്പരാപത്രം ഉപയോഗിക്കുന്നതു ഇപ്പോഴത്തെ സ്ഥിതിക്കു് സംഗതമെന്നു ഞാൻവിചാരിക്കുന്നുമില്ല. ഇപ്പോഴത്തെസ്ഥിതിക്കു് അനുയോജ്യമായ വിധത്തിൽ അതിനെ പരിഷ്കരിക്കേണ്ടതായിരിക്കും.

മി. തയ്യിലകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): കോഡ് പാസാക്കുന്നതിനു മുമ്പുതന്നെ അങ്ങിനെയുള്ള വ്യവസ്ഥചെയ്യുന്നതു് സാധുക്കളായ രോഗികളെ സംബന്ധിച്ചിടത്തോളം വളരെ ഉപകാരപ്രദമായിരിക്കുമെന്നു് ഡർബാർഫിസിഷ്യനു അറിയാമോ?

മിസ്സസ്സ് എം. പുന്നൻ ലൂക്കോസ് (സർജൻ ഇൻചാർജ്): അതുഉപകാരപ്രദമായിരുന്നേക്കാമെന്നു ഞാൻ വിചാരിക്കുന്നു. ഞാൻമുമ്പുപറഞ്ഞതുപോലെ അതെപ്പറ്റി ഗൌരവമായി ഞാൻ ആലോചിക്കുന്നുമുണ്ടായിരിക്കും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആശുപത്രിയിൽപോകാൻ സാധിക്കാത്ത സാധുക്കളെ വന്നുകാണണമെന്നു ആവശ്യപ്പെട്ടാൽ അവർക്കു ഫീസ്കൊടുക്കണമെന്നു നിർബന്ധിക്കുന്നതു ന്യായമായിരിക്കുമോ?

മിസ്സസ്സ് എം. പുന്നൻ ലൂക്കോസ് (സർജൻ ഇൻചാർജ്): സാധുക്കളെനോക്കുന്നതിനു ഡാക്ടർമാർ ഫീസുവാങ്ങിക്കുന്നതു ന്യായമല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിനു എന്തെങ്കിലും ഏർപ്പാടുചെയ്യാൻ സാധിക്കുമോ?

മിസ്സസ്സ് എം. പുന്നൻ ലൂക്കോസ് (സർജൻ ഇൻചാർജ്): കഴിവുള്ളതു ചെയ്യുന്നതിനു ഞാൻ ശ്രമിക്കാം

മി. തയ്യിലകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): സമ്പൽസമൃദ്ധിയില്ലാത്ത സ്ഥലങ്ങളിൽനിന്നും രോഗികളെ ആശുപത്രിക്കു കെട്ടിയെടുത്തു കൊണ്ടുവരികയാണെങ്കിൽ അപകടം സംഭവിക്കുമെന്നുള്ളതിനാൽ ഡാക്ടർമാരെ കൊണ്ടുപോകുന്നതിനു കൊടുക്കേണ്ട ഉടൻ ക്ലിപ്തമായിരിപ്പാൻ പാടില്ലാത്തതുകൊണ്ടു് സാധുക്കൾ വളരെ കഷ്ടപ്പെടുന്നതായി അറിയുമോ?

മിസ്സസ്സ് എം. പുന്നൻ ലൂക്കോസ് (സർജൻഇൻചാർജ്): അറിയാം, മി. കുഞ്ഞിതൊമ്മൻതന്നെ ഇതിനു മുമ്പു വളരെ ഭംഗിയായി പറഞ്ഞിട്ടുണ്ടു്.

മി. തയ്യിലകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ആ സംഗതി ഇത്രവരെ ക്ലിപ്തപ്പെടുത്താത്തതിനെറ കാരണമെന്തു്?

മിസ്സസ്സ് എം. പുന്നൻ ലൂക്കോസ് (സർജൻ ഇൻചാർജ്): ഞാൻ പല പ്രാവശ്യം മാത്രമെ ആലോചിച്ചുള്ളതിനെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടു്.

മി. തയ്യിലകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഉടൻതന്നെ ക്ലിപ്തപ്പെടുത്തുമോ?

മിസ്സസ്സ് എം. പുന്നൻ പൂക്കോസ് (സർജൻ ഇൻചാർജ്): ഉടൻതന്നെ ചെയ്യാമെന്നപറയാൻ നിവൃത്തി ഇല്ലാ.

മി. തയ്യിൽ കുഞ്ഞിക്കണ്ണൻ (മുപാരദൂഷിപ്പാ പെരുപ്പെടുത്തും). അതിൽ ഡാക്ടർമാർ അനുകൂലമായ മറുപടി പ്രായം പറയുകയില്ല. ഈ ചട്ടങ്ങളെ പരിഷ്കരിക്കുന്നതിൽ ഡാക്ടർമാർ അനുകൂലമായ അഭിപ്രായം പറയുമെന്നുണ്ടെങ്കിൽ ഡർബാർഹ്സ് ട്രൂൻ പിചാർച്ചെയ്യാം.

മിസ്സസ്സ് എം. പുന്നൻ പൂക്കോസ് (സർജൻ ഇൻചാർജ്). ഡാക്ടർമാർ തങ്ങളെ ടെലർമാരായി അഭിപ്രായം പറയുമെന്നു ഇങ്ങനെ വിശ്വാസമുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള). നാഗർകോവിൽ ഡിസ്ട്രിക്ട് ബോർഡാശുപത്രിയിൽ ഒരു പ്രസവരക്ഷിക്കുവാനും പൂർത്തിയായിരിക്കുന്ന എന്നു ഡർബാർഹിസിസ്ട്രൂന്റെ അറിവിൽ പെട്ടിട്ടുണ്ടോ എന്നു പറയുമോ?

മിസ്സസ്സ് എം. പുന്നൻ പൂക്കോസ് (സർജൻ ഇൻചാർജ്): ഈതൊരു പുതിയ എന്റെ അറിവിൽ വന്നിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ആശുപത്രിയിലേക്കു വരുന്നതുകൊണ്ടുള്ളതിൽ ഒരു സൗകര്യക്കുറവ് നയ അയക്കുന്നതിനു സവർണ്ണൻറെ വിചാരിക്കുന്നതെന്തു?

മിസ്സസ്സ് എം. പുന്നൻ പൂക്കോസ് (സർജൻ ഇൻചാർജ്): ഇപ്പോഴുതന്നെ ഈ ആശുപത്രിയിൽ ഒരോ ചികിത്സയ്ക്കുന്ന ഒരു മിഡൈവഫ് ഉണ്ട്. ഇതിനെക്കൂടി ഉണ്ടാക്കിട്ടുള്ള വാർഡിൽ ചെയ്തുണ്ടാക്കുന്ന സൗകര്യപ്രവൃത്തി ഈ ചെയ്തുകൊള്ളും. ഇപ്പോൾ ഒരു മിഡൈവഫിനെ ആവശ്യപ്പെട്ടതായി ഇനിക്കു തോന്നുന്നില്ല. തൽക്കാലത്തേക്കു ഒന്നു മതിയാകും. എങ്കിലും നാഗർകോവിൽ മുൻസിപ്പാലിറ്റി തിരുവനന്തപുരത്തുള്ള ആശുപത്രിയിൽ പരിശീലിച്ചുവരുന്ന രണ്ടു മിഡൈവഫ്മാർക്കു വേതനങ്ങളും കൊടുത്തു സഹായിക്കുന്നുണ്ട്. അവർ പരിശീലനം കഴിഞ്ഞു വെളിക്കിറങ്ങുമ്പോൾ നാഗർകോവിലിന്റെ പല ഭാഗങ്ങളിൽ ജോലിചെയ്യുന്നതിനായി നിയമിക്കപ്പെടുമെന്നു മുൻസിപ്പാലിറ്റി ഉദ്ദേശിക്കുന്നുണ്ട്. അപ്പോൾ സവർണ്ണൻറെ മിഡൈവഫ്മാരെ നാഗർകോവിൽആശുപത്രിയിൽ നിയമിക്കുന്നതിനെക്കാൾ അധികം നല്ലതാണെന്നു ഇനിക്കു തോന്നുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): മുൻസിപ്പാലിറ്റിയിൽ ഏറ്റവും കൂടുതലായ ശിശുമരണങ്ങളും ഉണ്ടായിട്ടുള്ളതു നാഗർകോവിലും മുൻസിപ്പാലിറ്റിയിലായിരുന്നു എന്നു ഡർബാർഹിസിസ്ട്രൂനറിഞ്ഞിരിക്കുന്നുവോ എന്നു പറയാമോ?

മിസ്സസ്സ് എം. പുന്നൻ പൂക്കോസ് (സർജൻ ഇൻചാർജ്): അതു അങ്ങിനെയായിരിക്കാം. എന്നാൽ സവർണ്ണൻറെ ആശുപത്രിയിൽ ജോലിചെയ്യുന്നതിനു ഒന്നിലധികം മിഡൈവഫ്മാർ ആവശ്യപ്പെട്ടതായി എനിക്കു തോന്നുന്നില്ല. ഇപ്പോൾതന്നെ അവിടെ ഒരു മിഡൈവഫ് ഉണ്ട്. മെഡിക്കലാഫിസർ മാസത്തോറും അയക്കുന്ന സ്ത്രീകളുൾപ്പെടുന്ന ഒരു ഒറ്റ മിഡൈവഫിനു നോക്കാൻകഴിയുന്നതിൽ കൂടുതലായ ജോലിചെയ്യുന്നതിനു അവർക്കിടവരുന്നു എന്നു എനിക്കു ബോദ്ധ്യമായിട്ടില്ല. കണക്കിലധികം കൂടുതൽജോലി ചെയ്യുന്നുണ്ടെന്നു തെളിയിപ്പെട്ടുന്നുണ്ടെങ്കിൽ, ആ ആശുപത്രിയിലേക്കു ഒരു മിഡൈവഫിനെക്കൂടെ നിയമിക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണ് ഇപ്പോൾ ദിനങ്ങളുടെ മാസാന്തകണക്കു പോരാത്ത മിഡൈവഫിന്റെ നിയമനത്തെ സാധൂകരിക്കുന്നില്ല.

മി. കെ. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു. അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ചോദ്യം ഉപക്ഷേപം.

മി. എൻ. കുമാരൻ (സവർണ്ണൻറെ നിയമിച്ച മെമ്പർ): ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഉപന്യസിക്കുന്നു.

"താൽക്കാലിക സബ്അസിസ്റ്റൻറെ സജ്ജനാക്കുവേണ്ടി നീക്കിട്ടുള്ള ക,ക.൪൦ രൂപായുടെ ഇക അനുശേഷം ഉപേക്ഷിക്കണം.

ഈ ഉദ്യോഗങ്ങൾ അത്യാവശ്യമാണെങ്കിൽ ഉപക്ഷേപം മുകേണ്ടുവരുന്നതിൽ എന്റെ ഉള്ളോം വെട്ടിക്കുറവുവരുത്തുന്നതിനായിട്ടല്ല. എന്നാൽ കഴിഞ്ഞവർഷത്തിൽ ഒരു താൽക്കാലിക സബ്അസിസ്റ്റൻറെ സർജനുവേണ്ടി മാത്രമേ കണക്കിൽ ചെയ്തിരുന്നുള്ളൂ. ഈ വർഷത്തിൽ ആക്ടിംഗ് ഡർബാർഹിസിസ്ട്രൻ കൂടി പേരെ ആവശ്യപ്പെട്ടന്നതായി കാണുന്നു. ഈ കൊല്ലത്തെക്കാൾ വരുന്നകൊല്ലത്തിൽ ഒന്നിലധികം സ്ഥലങ്ങളിൽ പകർച്ചവ്യാധി സാംക്രാമികരോഗങ്ങൾ ഉണ്ടാകുന്നതാണെന്നുള്ള വാർത്ത തീരെ ക്ഷോഭജനകമായിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. ഈവകുപ്പിൽ ഇത്രപേരെ ആവശ്യപ്പെട്ടന്നതു എന്തുകൊണ്ടാണെന്നും അവരെ ഏതെല്ലാ സ്ഥലങ്ങളിലെ നിയമിക്കാൻ പോകുന്നു എന്നും ക്ഷുദ്രതലായ സാംക്രാമിക രോഗങ്ങൾ ഉണ്ടാകുമെന്നു അനുമാനിച്ചുള്ള എന്തു അറിവിന്മേലാണെന്നും അറിയുവാൻ ഞാനഭ്യർത്ഥിക്കുന്നു. ഈ ആളുകളെ ഏതെല്ലാസ്ഥലങ്ങളിൽ നിയമിക്കണമെന്നു ഉണ്ടാകാൻപോകുന്ന സാംക്രാമിക രോഗങ്ങളെപ്പോലെതന്നെ തീർച്ചപ്പെടുത്തീട്ടില്ലെന്നു ഞാൻ ശങ്കിക്കുന്നു. ഈ സംഗതികളെപ്പറ്റി ഡർബാർഹിസിസ്ട്രന വല്ല വ്യക്തമായ അറിവും കിട്ടീട്ടുണ്ടെങ്കിൽ ദയവായി അറിയിക്കുന്നതു നന്ദിയുള്ളവരായിരിക്കും.

മിസ്സസ്സ് എം. പുന്നൻ പൂക്കോസ് (സർജൻ ഇൻചാർജ്): സർ എനിക്കു നല്ലപോലെ മനസ്സിലാകുന്നില്ല. മി. രാമൻ നായരുടെ ചോദ്യത്തിനു കൊടുക്കാൻ സാധിച്ചില്ല. കഴിഞ്ഞവർഷത്തെക്കുറിച്ചു അങ്ങേഹം ചോദിച്ചതിനെ എനിക്കു മനസ്സിലായില്ല. ദയവുണ്ടായി ചോദ്യം ഒന്നുകൂടി പറയുമോ?

ദിവാൻബഹദൂർ കെ. രാമുണ്ണിമേനോൻ: നിങ്ങൾപറഞ്ഞതു ആവർത്തിച്ചു പറയുമോ?

മിസ്സസ്സ് എം. പുന്നൻ പൂക്കോസ് (സവർണ്ണൻറെ നിയമിച്ചമെമ്പർ): കഴിഞ്ഞവർഷം ഒരു താൽക്കാലിക സബ്അസിസ്റ്റൻറെ സർജനുവേണ്ടി മാത്രമേ കണക്കിൽ ചെയ്തിരുന്നുള്ളൂ. ഈ വർഷത്തിൽ പത്തുപേരെ ക്ലാസ്സിഫൈചെയ്യുന്നതിനു കൂടുതൽ ആവശ്യമായ യന്ത്രിക ഫോറം-പേജിന്റെ ചുവടെ കൊടുത്തിരുന്നതിനെ കുറിച്ചു ഞാൻ വിചാരിക്കുന്നതു പ്രത്യേകം സൂപ്രണ്ടുമാരുടെ സൗകര്യമനുസരിച്ചു കൂടുതൽ കമ്മീഷണർമാർക്കു ബോധിക്കുന്നതായിരിക്കുമെന്നു വിചാരിക്കുന്നു. ചെയ്തതു പോരെന്നു തോന്നുന്നു. സബ് അസിസ്റ്റൻറെ സർജനാക്കുന്നതിനു പൊതുകൂടുവിട്ടിയിലെ ജൂനിയർ ഡോക്ടർമാരെ കൂടാതെ സർക്കിളിലെ ഓരോ സബ് അസിസ്റ്റൻറെ സർജനുവേണ്ടി കുറഞ്ഞതു ഒരു അപേക്ഷയെങ്കിലും ചെയ്തിരിക്കുന്നതായി കാണുന്നു.

മിസ്സസ്സ് എം. പുന്നൻ പൂക്കോസ് (സർജൻ ഇൻചാർജ്): മി. കുമാരൻ ഓർമ്മിപ്പാൻ ആഗ്രഹിച്ചതുപോലെ താൽക്കാലിക സ്ഥലങ്ങൾക്കു പുറമേ ഏതെല്ലാ സ്ഥലങ്ങളിൽ നിയമിക്കാൻപോകുന്നു എന്നും രാജ്യത്തിൽ ഏതെന്തെല്ലാം

[illegible] പിരിച്ചുവിടുന്നതിനിടയുണ്ടെന്നും ആരോപിച്ചു. അതു് എനിക്കു പറഞ്ഞുകൊടുക്കാൻ സാധിക്കുന്നതാണു്. ഈ താൽക്കാലിക സബ് അസിസ്റ്റന്റുമാരുടെ സർവ്വീസിൽ ഒരുതരത്തിലും നിയന്ത്രിക്കുന്നതിനിടയാക്കരുതെന്നു ഞാൻ ആശിക്കുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ നിന്നുവിടുകയും ചെയ്തിരിക്കുന്നതായി പറഞ്ഞുകേൾക്കുന്നതിനാൽ, ആശുപത്രികളിലെ ജോലിക്രമമതിതരായി ശിഥിലീഭവിക്കുന്നതിടയുള്ളതുകൊണ്ടാണു് ഇങ്ങനെ കരുതൽ ചെയ്തിട്ടുള്ളതു്. സാനിട്ടറി കമ്മിഷണറും മെഡിസിപ്രാക്ടിഷണറിയും ആയ ഡോക്ടർ ഗോവിന്ദൻനായരെ ഉടൻതന്നെ അയച്ചുകൊടുക്കണമെന്നു ഡർബാർഫിസിഷ്യനോടു് ഞാൻ പറഞ്ഞിട്ടുണ്ടു്. കഴിഞ്ഞവർഷത്തിലും അതിനു മുമ്പിലത്തെവർഷത്തിലും ഇപ്രകാരം ഒമ്പതുപേരെങ്കിലും പ്രാവശ്യം ഉണ്ടായിട്ടുണ്ടു്. ചെങ്ങന്നൂർ, ശ്രീചിത്തിര, ശബരിമല മുതലായ സ്ഥലങ്ങളിൽ ഉത്സവങ്ങൾസംബന്ധിച്ചും പ്രത്യേകജോലിക്കു മെഡിക്കൽഓഫിസറന്മാരെ അയച്ചുകൊടുക്കേണ്ടിയിരിക്കുന്നു. ഈ അസിസ്റ്റൻറുമാരെ ഡിസ്പെൻസിങ്ങ് ആശുപത്രികളിൽ താല്പര്യം ആവശ്യമുണ്ടു്. പെട്ടെന്നു അവരെ അന്യസ്ഥലങ്ങളിലേക്കു നിശ്ചിതസമയങ്ങൾക്കു നിയമിക്കേണ്ട ആവശ്യം നേരിടുമ്പോൾ, ആശുപത്രികളിലെജോലി എതുപ്രകാരം ശിഥിലമായി രീതിയിൽ ഉപേക്ഷിക്കാവുന്നതാണു്. അതുകൊണ്ടാകുന്നു ഇതിനെ കരുതൽചെയ്തിട്ടുള്ളതു്. ക്വാറൻറൈൻ-ചുമതലയിൽ ചില സമയങ്ങളിലായി ഒരാളെ ക്വാറന്റൈനിലയയ്ക്കുന്നതിനും, ഏഴുപേരെ വിഷൂചിക സംക്രമണങ്ങളെ തടയുന്നതിനായിട്ടും, മൂന്നുപേരെ ഉത്സവങ്ങൾക്കായിട്ടും ഇങ്ങനെ പതിനൊന്നുപേരെ പ്രത്യേകജോലിയിൽ നിയമിച്ചിട്ടുണ്ടായിരുന്നു. വീണ്ടും ക്വാറന്റൈനിൽ വിഷൂചിക ബാധിച്ച സ്ഥലങ്ങളുണ്ടായിരുന്നതുകൂടാതെ ഒരു സബ്അസിസ്റ്റൻറിനെ സർജനെ ജാഗ്രതയിലിരിക്കുന്നതിനും, രണ്ടുപേരെ ഉത്സവങ്ങൾക്കും, അയയ്ക്കേണ്ടിവന്നു. സച്ചിദാനന്ദമുമ്പായി ഒരസിസ്റ്റൻറിനെ ചവറയിലും, കരുനാഗപ്പള്ളിയിലും, കായംകുളത്തു ഉള്ള ഡിസ്പെൻസറികളിലേയ്ക്കു കുത്തിവെപ്പു ചികിത്സ ആരംഭിക്കുന്നതിനുവേണ്ടി അയച്ചിട്ടുണ്ടു്. ഈ വിവരണത്തിനുശേഷം, മി. കുമാരൻ, താൻകൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ പിൻവലിക്കുമെന്നു ഞാൻ ആശിയ്ക്കുന്നു.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): തന്നിട്ടുള്ള വിവരണത്തെ ഗണിച്ചു ഉപക്ഷേപം ഞാൻ പിൻവലിക്കുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൪൭-ാം ഉപക്ഷേപം.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിക്കപ്പെട്ടില്ല.

മി. എൻ. കുമാരൻ.

൨൪൪. യൂറോപ്യൻ ഔഷധങ്ങളും ശസ്ത്രപ്രയോഗ യന്ത്രങ്ങളും വാങ്ങുന്നതിനുവേണ്ടി നീക്കിട്ടുള്ള ക,൭൫൦൦ രൂപയിൽനിന്നും ക ൦൦ രൂപ കുറയ്ക്കണം.

൨൪൬-ാം ഉപക്ഷേപം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): താഴെപറയുന്ന ഉപക്ഷേപത്തെ ഞാൻ അവതരിപ്പിയ്ക്കുന്നു:

൨൪൬. എക്സ്-റേ യന്ത്രത്തിനും ഉൽക്ഷേപണ യന്ത്രവിന്യാസത്തിനും സംരക്ഷണംവകയിൽ നീക്കിട്ടുള്ള ക,൫൦൦ രൂപാ അശേഷം ഉപേക്ഷിപ്പിക്കണം.

ഇതിനെ സംബന്ധിച്ചു ക ൦൧-ാമെ വാർഷിക റിപ്പോർട്ടിൽ അന്നത്തെ ഡർബാർ ഫിസിഷ്യൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

ഇപ്പോൾ ഉപയോഗയോഗ്യമല്ലാത്തതും ഉപയോഗപ്പെടുത്താത്ത ഇട്ടിരിക്കുന്നതുമായ എക്സ്-റെ യന്ത്രം കേവലം കാഴ്ചക്കാണിയ്ക്കുന്നതിനായിട്ടുള്ള ഒരു നിഷ്പ്രയോജന ചോരമെന്നു് പറയാവുന്ന ഒരു അനുബന്ധമായിട്ടാണിരിയ്ക്കുന്നതു്.

അതുകൊണ്ടു ഇതിലേയ്ക്കു ക,൫൦൦ രൂപാ ചിലവാക്കേണ്ട ആവശ്യമില്ല.

മിസ്സസ്സ് എം. പുന്നൻപൂക്കോസ് (സർജൻ ഇൻചാർജ്): സർ, ആയവ്യയമാനപത്രികയിൽ ഇതേപ്പറ്റി കൂടുതലായി വിവരിച്ചിട്ടില്ലായ്കനിമിത്തം ഞാൻ വ്യസനിക്കുന്നു. അങ്ങിനെ ചെയ്തിട്ടുണ്ടായിരുന്നെങ്കിൽ മി. കുമാരപിള്ളയ്ക്കു ഈ ഉപക്ഷേപം കൊണ്ടുവരേണ്ട ആവശ്യം നേരിടുകയില്ലായിരുന്നു. മുഴുവൻ സംഖ്യയും എക്സ് റേ യന്ത്രസംരക്ഷണത്തിലേക്കല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എക്സ് റേ യന്ത്രത്തിനുവേണ്ടിയുള്ള തുക എത്ര?

മിസ്സസ്സ് എം പുന്നൻ പൂക്കോസ് (സർജൻ ഇൻചാർജ്): എക്സ് റേ യന്ത്രത്തിനുവേണ്ടി ആണ്ടുതോറും ക ൬ രൂപാ മാത്രമേ ചെലവാകുന്നുള്ളു.

എക്സ് റേ യന്ത്രം ഉപയോഗയോഗ്യമല്ലെങ്കിലും, യന്ത്രത്തിനു തുരുമ്പുപിടിച്ചു, കേടുവരിക്കാതിരിക്കുന്നതിനുവേണ്ടി ദിവസന്തോറും അതിനെ നടത്തേണ്ടതുമുണ്ടു് എണ്ണയിടേണ്ടതുമാണു്. മെഡിക്കൽ യോഗ്യതയുള്ള ഒരാൾ എക്സ് റേ ജോലിയിൽ പ്രത്യേക പരിശീലനം കിട്ടുന്നതിനായി സ്വന്ത ചെലവിന്മേൽ ഇംഗ്ലണ്ടിലേയ്ക്കുപോയിട്ടുണ്ടു്. അയാൾ തിരിച്ചുവന്നശേഷം എക്സ് റേ യന്ത്രം വീണ്ടും ജനസാമാന്യത്തിന്റെ ആവശ്യത്തിലേക്കു ഉപയോഗത്തിൽ കൊണ്ടുവരപ്പെടുന്നതാകുന്നു. ദിവസേന യന്ത്രം സൂക്ഷിക്കുന്നതിലേക്കു പ്രതിമാസം ക ൫ രൂപാ മതിപ്പിൽ ഒരു സൂക്ഷിപ്പുകാരനെ നിയമിച്ചിട്ടുണ്ടു്. ഉരുയിൽ ബാക്കിയുള്ളതു തൈക്കാട്ടു സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ഉള്ള ആശുപത്രിയിലെ ഉത്തോലന യന്ത്രവിന്യാസത്തിനായിട്ടു ചിലവാകുന്നു. ദിവസംതോറും മെഡിക്കൽ ഓഫീസർമാരിൽ ചിലർക്കു ആവശ്യമുള്ളപോലെ റോഡിന്റെ എതുവശത്തുള്ള കിണറിൽനിന്നു വെള്ളം പമ്പുചെയ്തു വരുന്നു. രണ്ടാമതു പറഞ്ഞ ജോലിചെയ്യുന്നതിനുള്ള സിഞ്ചെന്തികർക്കായുള്ള മുമ്പും, ക ൫ രൂപാ യന്ത്രംനടത്തിക്കുന്ന ആളിനും, ൫ രൂപാ ഒരു ക്ലിനറിനും, ഇങ്ങനെ ആകുന്നു. മെത്രോൾ, മോബിലായിൽ, കെറ്റിൽപ്പു, മരുന്നുണ്ണി, എണ്ണ, ബാർസോപ്പു്, മെഴുകൽ പോളിഷ് (മോഹധാവന സാധനം), എമറിക്കടലാസു്, മുതലായവയും വാങ്ങിക്കൊടുക്കേണ്ടിയിരിക്കുന്നു. ഈ ഇനങ്ങളിലെല്ലാംകൂടെ പ്രതിമാസം ഉദ്ദേശം ൫ രൂപായോളം വരും. ഉത്തോലന യന്ത്രവിന്യാസത്തിനുവേണ്ടിയുള്ള ആകെ ചിലവുമാത്രം ഉദ്ദേശം ക൦൦ ക ൬ രൂപായോളം വരും. അതുകൊണ്ടു ആണ്ടുതോറും എക്സ് റേ യന്ത്രത്തിനുവേണ്ടി ഒരു ചെറുതായ സംഖ്യമാത്രമേ ചിലവാകുന്നുള്ളു എന്നു കണ്ടാവുന്നതാകുന്നു.

മി. ജി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഉപക്ഷേപം ഞാൻ പിൻവലിക്കുന്നു.

അനന്തവാടത്തോട്ടുകളുടെ ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൪൪-ാം ഉപക്ഷേപം

മി. കെ മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെ കാണുന്ന ഉപക്ഷേപം ഞാൻ ഉപന്യസിക്കുന്നു.

൨൪൫. ആയുർവേദചികിത്സാ ഡിസ്പെൻസറികൾക്കുമായി നീക്കിവച്ചിട്ടുള്ള ൪,൯൭,൪൦൦ രൂപായിൽനിന്ന് ൫൦൦ രൂപാ കുറവുചെയ്യണം.

ഈ ഉപക്ഷേപം കൊണ്ടുവരുന്നതിൽ എനിക്കുള്ള ഉദ്ദേശ്യംസംഗതികളുടെ യഥാസ്ഥിതി പ്രസ്താവിക്കുമ്പോൾ, കഷ്ടപ്പാട് സഹിക്കുന്ന മനുഷ്യസമുദായത്തിന്റെ പേരിൽ ഈ സഭയിൽനിന്നു ധാരാളമായുള്ള അളവിൽ പ്രയോജനകരമായ അനേകം പ്രത്യക്ഷപ്പെടുമെന്നു പൂർണ്ണമായി വിശ്വസിച്ചുകൊണ്ടു, രാജ്യത്തിൽ നടക്കിവരുന്ന വൈദ്യസഹായങ്ങളോടു ഒന്നോടൊന്നു സംബന്ധിച്ചു ഒന്നൊരണ്ടു സംഗതികളിലേക്കു സഭയുടെ ശ്രദ്ധയെ ആകർഷിക്കുന്നതുമാത്രമാകുന്നു. മുമ്പായി, നമ്മുടെ ശ്രദ്ധയെ ആകർഷിക്കാനുള്ളത് മൈസൂരിൽ ൨൯,൭൦൦ ജനങ്ങൾക്കു ഒരു ഡിസ്പെൻസറിയൊ ആശുപത്രിയൊ വീതം, അതേ ൨൦൨ മെഡിക്കൽ സ്ഥാപനങ്ങളുണ്ടെന്നുള്ള വാസ്തവമാകുന്നു. ബോംബെ സംസ്ഥാനത്തിൽ ൫,൦൦൦ ജനങ്ങൾക്കു ഒരു മെഡിക്കൽ സ്ഥാപനംവീതം ഉണ്ട്. മദ്രാസ് സംസ്ഥാനത്തിൽപോലും, ൪൦,൦൦൦ ജനങ്ങൾക്കു ഒരു മെഡിക്കൽ സ്ഥാപനംവീതം ഉണ്ട് നമുക്കുള്ളതോ, ൫൭,൦൦൦ ജനങ്ങൾക്കു ഒരു മെഡിക്കൽ സ്ഥാപനംവീതം. വൻ ആശുപത്രികളും ചെറു ഡിസ്പെൻസറികളും ഉൾപ്പെടെ ആകെ ൫൮ മെഡിക്കൽ സ്ഥാപനങ്ങളുമാത്രമാണ്. ഞാൻ പറയാൻ ആഗ്രഹിക്കുന്നതു നമ്മുടെ രാജ്യവാസികൾക്കു കൊടുത്തുവരുന്ന വൈദ്യസഹായം മതിയാകാത്തതാണെന്നും, മൈസൂരിൽ ആലോചിച്ചുവരുന്നതുപോലെ, ൨൯,൦൦൦ ജനങ്ങൾക്കു ഒരു മെഡിക്കൽ സ്ഥാപനമെങ്കിലുമായിരിക്കുന്നതാണു ഉദ്ദേശ്യമെന്നും, അതു്. നമ്മുടെ രാജ്യത്തെ ജനസംഖ്യയിലെ ൫൬,൦൦൦ ജനങ്ങൾക്കു ഒരു മെഡിക്കൽ സ്ഥാപനം വീതം കിട്ടുന്നതിലേയ്ക്കു നമ്മുടെ ഗവർൺമെൻറു വഴികണ്ടുപിടിയ്ക്കുമെന്നു ഞാൻ ആശിക്കുന്നു. പൊടുന്നനവേ വേണമെന്നല്ല. ക്രമേണയെങ്കിലുമെന്നു ഞാൻ പറയുന്നതുള്ളൂ. ഉദ്ദേശ്യപ്രദേശങ്ങളിൽ വൈദ്യസഹായം നൽകുന്നതിലേയ്ക്കുള്ള ഒരു പദ്ധതിയുണ്ടായിരുന്നു. വൈദ്യസഹായം സാനിട്ടറി ഡിപ്പാർട്ടുമെൻറിനു വിട്ടുകൊടുത്തിട്ടുള്ള ചുമതലകളിലൊന്നായിരുന്നു. അതു നിർത്തൽചെയ്തിരിയ്ക്കുന്നു. അതെന്തുകൊണ്ടു നിർത്തിക്കളഞ്ഞു എന്നു ഒരോടത്തും പറഞ്ഞുകണ്ടില്ല. അതു മഹാരാജാവു തിരുമനസ്സുകൊണ്ടു ജനങ്ങൾക്കുവേണ്ടി ചെയ്തിട്ടുള്ള ഒരനുഗ്രഹമായിരുന്നുവെന്നും, അതിനെ ഒരോടത്തും വിമർശിച്ചിട്ടില്ലാത്തതായ ഒരുഡിപ്പാർട്ടുമെൻറു പ്രവർത്തനഫലമായിട്ടു നിർത്തിക്കളഞ്ഞതായിരിക്കുമെന്നും ഞാൻ ഗ്രഹിക്കുന്നു.

മി. എൻ. കുമാരൻ (ഗവർണ്മെൻറു നിയമിച്ച മെംബർ): മെംബർതന്നെ ഡിപ്പാർട്ടുമെൻറു ചാർജ്വഹിച്ചിരുന്നകാലത്തു പദ്ധതിയെ പുനർജീവിപ്പിക്കാൻ കഴിയാതിരുന്നതു എന്തുകൊണ്ടാണെന്നു പറയാമോ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഞാൻ തിരഞ്ഞെടുക്കപ്പെട്ട ഒരു മെംബറായിട്ടു മാത്രമാണു ഇവിടെ വന്നിരിക്കുന്നതു്. മെംബർ ആ ചോദ്യം ചോദിക്കയില്ലെന്നു ഞാൻ ആഗ്രഹിക്കുന്നു. അതു ഉർദ്ധടങ്ങളിലേക്കു വഴികാട്ടുന്നതായിരിക്കും. എനിക്കു അങ്ങനെ ചെയ്യാമായിരുന്നു. അതെല്ലാം രഹസ്യമിരിപ്പെടുത്തുന്നതിനു എനിക്കു സാധിക്കുന്നതായിരിക്കുന്നു.

അത്യന്താപേക്ഷിതമായിരിക്കുന്ന വേറൊരു സംഗതി എനിക്കു സഭയുടെ മുമ്പിൽ കൊണ്ടുചെല്ലുന്നതിനാഗ്രഹമുള്ളതു രാജ്യത്തിലുള്ള ഉൾനാട്ടാശുപത്രികളിലെ പ്രസവശുശ്രൂഷകർക്കുള്ള സ്ഥലർദ്ധിക്ഷയമാകുന്നു. പ്രതീക്ഷാകേസുകളെന്നു പറഞ്ഞുവരുന്ന അതായതു പ്രസവം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളുടെ കേസുകൾക്കുള്ളിടം സ്ഥലം മതിയാകാതെയാണിരിക്കുന്നതു്. നമ്മുടെ രാജ്യക്കാരിൽ കുറഞ്ഞപക്ഷം മൂന്നിലൊരുഭാഗത്തിലധികം ആളുകളും രാവിലേഞ്ഞ ഒറ്റമുറി മാത്രമുള്ള മൺകുടിലുകളിലത്രേ പാർത്തുവരുന്നതു്. ഇങ്ങിനെയുള്ള മുറികളിലാണു സാധാരണയായി പ്രസവങ്ങൾ നടക്കുന്നതു്. പ്രസവം നടക്കുന്നസമയത്തു അതെമുറിയിൽ ചപ്പുചവറുകളിയൊ ദുർഗന്ധമായ മറ്റു സാംക്രമികരോഗങ്ങളൊ പിടിപെട്ട കുഞ്ഞുങ്ങളും ഉണ്ടായിരിക്കും എന്നുള്ളതു ദീർഘമായി സംശയിക്കേണ്ടതാണ്. ഇങ്ങിനെയുള്ള വൃത്തികേടിലാണ് ശിശു ജനിക്കുന്നതു്. അതു ദയനീയമായ ഒരവസ്ഥയാണ്; ഈ സംഗതികളെപ്പറ്റി സഭ താല്പര്യമായി ശ്രദ്ധിച്ചു എല്ലാ ആശുപത്രികളിലും പ്രസവശുശ്രൂഷകർക്കുള്ള സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കുവേണ്ട വഴി തേടിക്കൊള്ളുമെന്നു ഞാൻ ഉദ്ഘോഷിക്കുന്നു. വിലപിടിച്ച കെട്ടിടങ്ങളാകണമെന്നു ഞാൻ പറയുന്നില്ല. നല്ല തറയും നല്ല മേൽക്കൂരയും നല്ല മറവും ഉള്ളതായിരിക്കണമെന്നുമാത്രമേ ഞാൻ അവശ്യപ്പെടുന്നുള്ളൂ. അവശ്യപ്പെടുന്നതു ഇത്രമാത്രമാകുന്നു.

സൂചിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്ന വേറൊരു സംഗതി ഇതാകുന്നു. എല്ലാ ആശുപത്രികളിലും പ്രസവശുശ്രൂഷകർക്കു സ്ഥലസൗകര്യമുണ്ടാക്കിയാൽക്കൂടി തങ്ങളുടെ കുഞ്ഞുങ്ങളെ വീട്ടകങ്ങളിൽ വിട്ടേച്ചു ആശുപത്രിയിൽ അഭയംപ്രാപിക്കുന്നതിനു മനസ്സുള്ള സ്ത്രീകൾ വളരെ കാണുകയില്ല എന്നുള്ള സംഗതിയാണു്. നാടുകളിലെവച്ചു ഏറ്റവും സാധുക്കളായിരുന്നാൽക്കൂടി അവർ ആശുപത്രിയിൽ പോവുകയില്ല. ഈ സ്ത്രീകൾ വാസ്തവത്തിൽ നാട്ടുപതിച്ചികളെ ആശ്രയിക്കുന്നവരാണ്. ഈ പതിച്ചികളെസംബന്ധിച്ചു കർശനമായ ഒരു ഷയിൽ സംസാരിക്കുന്നതിനു ഞാൻ നിർബന്ധിക്കപ്പെട്ടേക്കാവുന്നതാണ്. അവർ ചെയ്തിട്ടുള്ള അനേകം ക്രൂരകൃത്യങ്ങളെ ഞാൻ കണ്ടിട്ടുള്ളതാകുന്നു. നാട്ടുപതിച്ചിയെ മരണം മൂർത്തികരിച്ചതായി വിചാരിക്കേണ്ടതാണ്. പ്രസവസമയത്തു സ്ത്രീകൾക്കു അവർ അവർണ്ണ്യമായ കഷ്ടത വരുത്തിവയ്ക്കുന്നു. പ്രസവശുശ്രൂഷയിലിരിക്കുന്ന സാധുസ്ത്രീകളോടു നാട്ടുപതിച്ചികൾ കാട്ടിക്കൂട്ടുന്ന വിക്രിയകളെ എല്ലാം പ്രസ്താവിക്കുന്നതു ഭംഗിയല്ലായിരിക്കും. സംഭ്രമം അവളുടെ പ്രവൃത്തിയെപ്പറ്റി ഏകദേശമായ ഒരു ജ്ഞാനമുണ്ടാകുന്നതിലേയ്ക്കു ഞാൻ ഒരുദാഹരണം എടുത്തുപറയാം—പൂർണ്ണഗർഭിണിയായ സ്ത്രീയുടേയും വാസ്തവത്തിൽ പ്രസവവേദനയുള്ള സ്ത്രീയുടേയും യഥാർത്ഥമായ സ്ഥലനാമകരണം വഴിപ്പിക്കുന്നതിലേയ്ക്കുവേണ്ട വഴി തേടിക്കൊള്ളുമെന്നു ഞാൻ ഉദ്ഘോഷിക്കുന്നു. വിലപിടിച്ച കെട്ടിടങ്ങളാകണമെന്നു ഞാൻ പറയുന്നില്ല. നല്ല തറയും നല്ല മേൽക്കൂരയും നല്ല മറവും ഉള്ളതായിരിക്കണമെന്നുമാത്രമേ ഞാൻ അവശ്യപ്പെടുന്നുള്ളൂ. അവശ്യപ്പെടുന്നതു ഇത്രമാത്രമാകുന്നു.

സൂചിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്ന വേറൊരു സംഗതി ഇതാകുന്നു. എല്ലാ ആശുപത്രികളിലും പ്രസവശുശ്രൂഷകർക്കു സ്ഥലസൗകര്യമുണ്ടാക്കിയാൽക്കൂടി തങ്ങളുടെ കുഞ്ഞുങ്ങളെ വീട്ടകങ്ങളിൽ വിട്ടേച്ചു ആശുപത്രിയിൽ അഭയംപ്രാപിക്കുന്നതിനു മനസ്സുള്ള സ്ത്രീകൾ വളരെ കാണുകയില്ല എന്നുള്ള സംഗതിയാണു്. നാടുകളിലെവച്ചു ഏറ്റവും സാധുക്കളായിരുന്നാൽക്കൂടി അവർ ആശുപത്രിയിൽ പോവുകയില്ല. ഈ സ്ത്രീകൾ വാസ്തവത്തിൽ നാട്ടുപതിച്ചികളെ ആശ്രയിക്കുന്നവരാണ്. ഈ പതിച്ചികളെസംബന്ധിച്ചു കർശനമായ ഒരു ഷയിൽ സംസാരിക്കുന്നതിനു ഞാൻ നിർബന്ധിക്കപ്പെട്ടേക്കാവുന്നതാണ്. അവർ ചെയ്തിട്ടുള്ള അനേകം ക്രൂരകൃത്യങ്ങളെ ഞാൻ കണ്ടിട്ടുള്ളതാകുന്നു. നാട്ടുപതിച്ചിയെ മരണം മൂർത്തികരിച്ചതായി വിചാരിക്കേണ്ടതാണ്. പ്രസവസമയത്തു സ്ത്രീകൾക്കു അവർ അവർണ്ണ്യമായ കഷ്ടത വരുത്തിവയ്ക്കുന്നു. പ്രസവശുശ്രൂഷയിലിരിക്കുന്ന സാധുസ്ത്രീകളോടു നാട്ടുപതിച്ചികൾ കാട്ടിക്കൂട്ടുന്ന വിക്രിയകളെ എല്ലാം പ്രസ്താവിക്കുന്നതു ഭംഗിയല്ലായിരിക്കും. സഭയ്ക്കു അവളുടെ പ്രവൃത്തിയെപ്പറ്റി ഏകദേശമായ ഒരു ജ്ഞാനമുണ്ടാകുന്നതിലേയ്ക്കു ഞാൻ ഒരുദാഹരണം എടുത്തുപറയാം—പൂർണ്ണഗർഭിണിയായ സ്ത്രീയുടേയും വാസ്തവത്തിൽ പ്രസവവേദനയുള്ള സ്ത്രീയുടേയും യഥാർത്ഥമായ സ്ഥലനാമകരണം വഴിപ്പിക്കുന്നതിലേയ്ക്കുവേണ്ട വഴി തേടിക്കൊള്ളുമെന്നു ഞാൻ ഉദ്ഘോഷിക്കുന്നു. വിലപിടിച്ച കെട്ടിടങ്ങളാകണമെന്നു ഞാൻ പറയുന്നില്ല. നല്ല തറയും നല്ല മേൽക്കൂരയും നല്ല മറവും ഉള്ളതായിരിക്കണമെന്നുമാത്രമേ ഞാൻ അവശ്യപ്പെടുന്നുള്ളൂ. അവശ്യപ്പെടുന്നതു ഇത്രമാത്രമാകുന്നു.

ളിൽ ചിലതിനെ ഞൻ അളേഹത്തോട്ട പറയുന്നതിനിടയടിയി. അളേഹമാകട്ടെ അവരെയ കേട്ടമാത്രയിൽ അത്യന്തം സ്വസ്ഥനായിത്തീന്നു. അളേഹം മിക്കവാറും മോഹാലസ്യത്തിലായി എന്നു ഞാൻ പറയുന്നില്ല. എന്നാൽ ഉടൻതന്നെ അളേഹം എന്റെ സമീപത്തുനിന്നു ദൂരെ മപോയ്കളകയാണുണ്ടായതു. പിന്നീടു ഒരവസരത്തിൽ അളേഹം എന്നെ കണ്ടസമയത്തു ഞാൻ കുറെ അകലെയായിരിക്കുമ്പോൾതന്നെ ഇപ്രകാരം എന്നോടു വിളിച്ചുപറഞ്ഞു, "നാട്ടുപതിച്ചികളുടെ കാര്യത്തെപ്പറ്റി എന്നോടു പറയരുതേ. നമുക്കതിനെപ്പറ്റി ആലോചിച്ചു നമ്മുടെ കഴിവിലുള്ളതെല്ലാം ചെയ്യാം". എന്നാൽ ഒരു ചുറവും അപിശ്രാന്തമായ ഒരുദ്യോഗചരിത്രത്തിന്റെ അവസാനഘട്ടമായിരുന്നതിനാൽ പരിഹാരമാർഗ്ഗമൊന്നുണ്ടാക്കാതെ അളേഹം വിട്ടപോകുന്നതിനാണു് ഇടയായതു. ഉടനടിതന്നെ നിവൃത്തിമാർഗ്ഗമുണ്ടാക്കുന്നതിനു അത്യാവശ്യമായ വൃത്തികഠം ഇവയാണു്; അതിലേയ്ക്കുള്ള ഉപാധങ്ങളും മഹത്വമായിരിക്കുന്നു.

വിളഷിയായ ഡർബാർഹിസിസ്റ്റൻ ആ വിഷമാവസ്ഥയിൽനിന്നു പരിഹാരമുണ്ടാക്കുന്നകാര്യത്തിൽ വിജയംലഭിക്കുന്ന വഴിക്കു സാമാന്യം മുമ്പോട്ടു മപോയ്കൊണ്ടിരിക്കയാണു്. ഞാൻ നിർദ്ദേശിക്കുന്നതു ഇതുമാത്രമാണു്. വർഷംതോറും സംസ്ഥാനത്തു പല മജിസ്ട്രേട്ടുമാരുടെയും ഉദ്യോഗം ഹ്രസ്വമിദ്രമാരെ പരിശീലിപ്പിക്കുന്നതു് നന്നായിരിക്കും. മാറ്റിവശാൽ ഈ നാട്ടിൽ ശരിയായി പഠിപ്പിക്കുമെങ്കിൽ സുതികർമ്മവിദ്യയുടെ തത്വങ്ങളെ ഗ്രഹിക്കാൻ മതിയാകുന്ന വിദ്യാഭ്യാസം ചെന്നിട്ടുള്ള സാധുക്കളായ ബാലികമാരെ കിട്ടുന്നതിനു ഒരു പ്രയാസവുമില്ല. അവർക്കു വേതനങ്ങളൊന്നും കൊടുക്കേണ്ടതില്ല. ഈ വിദ്യ പഠിക്കുന്നതിനായിട്ടു സ്വമനസ്സാലെ അവർ മുമ്പോട്ടുവരുന്നതാണു്. പല മജിസ്ട്രേട്ടുമാരുടെയും അവരെ പരിശീലിപ്പിക്കണമെന്നാണു് ഞാൻ പറയുന്നതു്—നാമർക്കോവിലിലും പത്മനാഭപുരത്തും തെയ്യാറിൻകരയിലും ജനറലാശുപത്രിയിലും മാവേലിക്കരയിലും കൊട്ടയത്തും തിരുവല്ലായിലും ഈ എല്ലാ സ്ഥലങ്ങളിലും ഓരോ സ്ഥാപനത്തിൽ പത്തുപേരെവീതം പരിശീലിപ്പിക്കുക; പരിശീലനംകഴിച്ചുനിൽപാകുന്ന അവരെവേണ്ടി നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ അവർ താമസമുറപ്പിക്കുന്നതിലേയ്ക്കു ഓരോരുത്തരുടെയും മാസംപ്രതി എട്ടോ എട്ടരയോ രൂപാവീതം ഗ്രാന്റു നാംകൊടുക്കേണ്ടതാണു്. അവരിൽ ഓരോരുത്തരും ഒന്നരണ്ടു വർഷങ്ങൾകൊണ്ടു ജനസമ്മതം സമ്പാദിക്കുന്നതിനും അന്യസഹായംകൂടാതെ ജീവിക്കുന്നതിനും ഇടയാകുന്നതാണു്. അതിൽപിന്നെ ഈ ഗ്രാന്റു മുടക്കുകളെ നിർത്തലാക്കാവുന്നതുമാണു്. എന്നു് എനിക്കു പൂർണ്ണനിശ്ചയമുണ്ടു്. സഭയുടെ ഈ ആശയോചന സ്വീകാര്യമായി തോന്നുമെന്നു ഞാൻ വിചാരിക്കുന്നു

സഭയുടെ ഗാഢമായ ശ്രദ്ധയെ വിഷയമാക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്ന വേറൊരു സംഗതി സാധുക്കളായ ഭ്രാന്തന്മാരെപ്പറ്റിയാണു്. ഇപ്പോൾ നടപ്പിലിരിക്കുന്ന റെഗുലേഷൻപ്രകാരം തെരുവീഥികളിൽകൂടെ അലഞ്ഞുനടക്കുന്നതായി കാണപ്പെടുന്ന അപകടക്കാരായ ഭ്രാന്തന്മാർക്കുമാത്രമേ ഭ്രാന്താശുപത്രിയിൽ പ്രവേശിക്കുന്നതിനു അർഹതയുള്ളു. സർ, ഒരു ഭ്രാന്തൻ ഭ്രാന്താശുപത്രിയിൽ പ്രവേശിക്കുന്നതിനു അർഹനായിത്തീരുന്നതിനു മുമ്പു അയൽക്കാരുടെ പുരയ്ക്കു അനേകം കല്ലേറുകൊണ്ടുകയും അനേകം വഴികളിൽ ഒടിക്കയും ചെയ്തിരിക്കാം എന്നു് ഞാൻ പറഞ്ഞുകൊള്ളട്ടേ. അവൻ അങ്ങുമിങ്ങും അലഞ്ഞുനടക്കയും പൊതുജനത്തിനു അവിതക്കിതമായ അപകടകാരണമാകയുംചെയ്യണം. ഇതു വളരെ കഷ്ടംതന്നെയാണു്. റെഗുലേഷൻ ഭേദപ്പെടുത്തേണ്ടതായിട്ടിരിക്കുന്നു. ഭ്രാന്തന്മാർക്കു പ്രവേശനംകൊടുക്കുന്ന സമ്പ്രദായവും വളരെ വിഷമമായിരിക്കുന്നു. ഭ്രാന്തനായ ഒരാളെ പോലീസുകാർ ബലാൽക്കാരംചെയ്തു മജിസ്ട്രേട്ടുമുമ്പാകെ ഹാജരാക്കുകയും ഒരു മെഡിക്കലാഫീസരുടെ പരിക്ഷണത്തിനായി തിരിച്ചയക്കുകയും (റിമാണ്ടിൽ അയയ്ക്കുക) വീണ്ടും ഒരു കോട്ടുമ്പാകെ കൊണ്ടുവരികയും എത്രനാൾ ഒരുഗതിവിസ്താരം നടത്തുകയും തെളിവു രേഖപ്പെടുത്തുകയും ഒടുവിൽ ബന്ധിക്കുന്നതിനു ഉത്തരവുകൊടുക്കയും എന്നീ ചട്ടങ്ങളെല്ലാം വേണ്ടിയിരിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): എല്ലാ ഭ്രാന്തന്മാരേയും ഭ്രാന്താശുപത്രിയിലാക്കണമെന്നാണോ മെംബർ ആവശ്യപ്പെടുന്നതു?

മി. കെ മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സ്വന്തക്കാരാൽ രക്ഷിക്കുന്നതിനു കഴിവുള്ളവരും അപ്രകാരം രക്ഷിച്ചുവരുന്നവരുമായ ഭ്രാന്തന്മാരെ ഭ്രാന്താശുപത്രിയിലാക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. മജിസ്ട്രേട്ടുഖാന്തിരമുള്ള പ്രവേശനസമ്പ്രദായം പ്രയോഗിക്കണമെന്നു മാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു. ഭ്രാന്തന്മാരുടെ സംരക്ഷണത്തെ ഉദ്ദേശിച്ചു പറകയാണെങ്കിൽ അതിലേയ്ക്കു സൌകര്യമുള്ള ഒരു വീടും വാസ്തവത്തിൽ ഇല്ലെന്നു എനിക്കു നിശ്ചയമുണ്ടു്: ഭ്രാന്താശുപത്രിയിൽ കൊടുക്കുന്ന സ്ഥലസൌകര്യവും മതിയാകാത്തതാണു്: ഭ്രാന്താശുപത്രിയിലുള്ള സ്ഥലസൌകര്യം—ഞാൻ പറയുന്നതു ശരിയല്ലെങ്കിൽ തെറ്റെന്നു തെളിക്കൊള്ളുന്നതിനു സമ്മതമാണു്—കേവം രോഗികൾക്കു മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണു്. അതു തിരെ അപര്യാപ്തമായിട്ടുള്ളതത്രേ.

ഭ്രാന്തന്മാരെപ്പറ്റി വേറൊരു സംഗതിയുള്ളതു് അവരുടെ പരിസരം അത്രേ ഭ്രാന്താശുപത്രിയോടു വളരെ അടുത്തു മറ്റൊരു കുഷ്ഠരോഗാശുപത്രി ഉണ്ടു്, അതു് ഭ്രാന്താശുപത്രിയുടെ മതിൽക്കെട്ടിന്റെ അപ്പുറത്തുതന്നെയാണു്. അതും വളരെ കഷ്ടമായിട്ടുള്ള സംഗതിയാണു്. കുഷ്ഠരോഗം പകർച്ചയുള്ള രോഗമാണു് പകരുന്നവിധം ഇന്ന പ്രകാരമെന്നു ഇപ്പോഴും നിശ്ചയമായിരിക്കുന്നില്ല. അതിനാൽ ഭ്രാന്തന്മാരെ കുഷ്ഠരോഗികളുടെ തന്നെ അടുത്തായിട്ടു താമസിപ്പിക്കുന്നതു തീരെ അനുചിതകരമായിട്ടുള്ളതാകുന്നു. നമുക്കെല്ലാം അസൂയതോന്നത്തക്കവണ്ണം കൊട്ടാരംപോലെയുള്ള കെട്ടിടത്തിലും പരിസരത്തിലും കുറെചെയ്യുവരെ താമസിപ്പിച്ചിരിക്കുന്നതു് നാം കാണുന്നുണ്ടു്. ഈ നിർഭാഗ്യവാന്മാരായ ചിത്തഭ്രമംപിടിപെട്ട അല്പകുളെ കുഷ്ഠരോഗികളുടെ സമീപത്തുതന്നെ താമസിപ്പിക്കുന്നതിനു് നിർബന്ധിക്കപ്പെട്ടുന്നതു് കഷ്ടമത്രേ.

കുഷ്ഠരോഗികളുടെ ആശുപത്രിയെപ്പറ്റി വേറൊന്നു പറയാനുള്ളതു് ഇതാകുന്നു. അതു് ഒരു കുന്നിൻപുറത്തു് സ്ഥിതിചെയ്യുന്നതുകൊണ്ടു് മേൽമണ്ണിൽകൂടെയുള്ള ജലനിർഗ്ഗമം (നിരൊഴിവു) സമീപത്തുള്ള തെല്ലുകുഴിവയലുകളിലേക്കു് ചെന്നുചേരുന്നു. ഞാൻ പറയുന്നില്ല—

മി. കെ. ജോസ്സ് (തലശ്ശേരി യന്ത്രകാര്യാലയത്തിലെ ഡിറ്റിൽ): ഒരു ഭ്രാന്തരോഗിക്കു് കുഷ്ഠരോഗികളിൽനിന്നു ദീനം പകർന്നതായി വല്ല കേസും താങ്കളുടെ അറിവിൽ വന്നിട്ടുണ്ടോഎന്നു മിസ്റ്റർ മാധവൻപിള്ളയ്ക്കു് എന്നോടു പറയാമോ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): പ്രമാണവിഷയമായി ഞാൻ അതിനെ തിരാകുന്നു എന്നാണ് ഞാൻ പറയുന്നത്. എന്നാൽ കക്കുരോഗാശുപത്രിയിൽനിന്നു മേൽമണ്ണിൽക്കൂടിയുള്ള ജലനിഗ്രമം സമീപത്തുള്ള നെൽവയലുകളിലേയ്ക്ക്, നെല്ല് കൊയ്യാറാകുന്ന ഈ സമയത്ത് ഒഴിച്ചു ചാടുന്നതും, കക്കുരോഗാശുപത്രിയിൽനിന്നു വരുന്ന അഴുക്കുകൾകൊണ്ടു മലിനമായ വെള്ളം നെൽവയലുകളിൽ ഒഴിച്ചുചാടി അവിടെ കെട്ടിനിൽക്കുന്നതും വളരെ കഷ്ടമാണ്. സർ, അതു വളരെ ഭയങ്കരമായ സ്ഥിതി ആണ്; അതെക്കുറിച്ചു പ്രാരവും കാര്യമായി ആലോചിക്കണമെന്ന് ഞാൻ നവരണ്മെൻറിനോടു അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

വേറൊരുസംഗതി, വൈദ്യശാസ്ത്രത്തിൽ അടുത്തകാലത്തു് മഹത്തും വിപുലവും ആയ അഭിവൃദ്ധിയുണ്ടായിട്ടുള്ളതുകൊണ്ട്, വൈദ്യശാസ്ത്രത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അഭിവൃദ്ധിയുമായി അടുക്കും പരിചയപ്പെട്ടിട്ടുകൊണ്ടിരിക്കുന്നതിലേക്ക്, വൈദ്യശാസ്ത്രത്തിന്റെ വിവിധശാഖകളിൽ പ്രത്യേകപരിശീലനം അത്യന്താപേക്ഷിതമായിരിക്കുന്നു എന്നതു്. സൂതികർമ്മവിദ്യയിൽ പ്രത്യേകപരിശീലനം ലഭിച്ച ഡോക്ടർമാരും, നയനരോഗങ്ങളെ ചികിത്സിക്കുന്നതിൽ പ്രത്യേകപരിശീലനം ലഭിച്ച ഡോക്ടർമാരും, അണുശാസ്ത്രത്തിൽ പ്രത്യേകപരിശീലനം ലഭിച്ച ഡോക്ടർമാരും; മറ്റു തരത്തിലുള്ള പ്രത്യേക പരിശീലനങ്ങളും ലഭിച്ചിട്ടുള്ളവരും നമ്മുടെ ഒഴിക്കവിഷയമായിരിക്കുന്നു. ഇവിടത്തെ ജനറലാശുപത്രിയിൽ ശസ്ത്രപ്രയോഗത്തിനും ചികിത്സയ്ക്കുംകൂടി ഒറ്റ കരാളാണുള്ളതു്. ഇതു വലിയ അബദ്ധമാണ്.

പ്രൊസിഡിങ്സ്. നിശ്ചയിക്കുള്ള സമയം തീർന്നിരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): അങ്ങനെയാണെങ്കിൽ, ഞാൻ ഇരിക്കുന്നു.

മി. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): ആസ്പത്രികളുടെയും ഡിസ്പെൻസറികളുടേയും ഉപയോഗം പ്രധാനമായി ഗവർണ്മെൻറു ഉദ്ദേശിച്ചിരിക്കുന്നതു് സാധുക്കളായ ജനങ്ങൾക്കാണ്. ധനവാന്മാരായ ആളുകൾക്കു മിക്ക സ്ഥലങ്ങളിലും പ്രൈവറ്റു ഡോക്ടറന്മാരെ കിട്ടാൻ വളരെ പ്രയാസമില്ല. ആശുപത്രിക്കു സമീപമായിട്ടും മിയ്യ പട്ടണങ്ങളിലും ഇങ്ങനെയുള്ള പ്രൈവറ്റു ഡോക്ടറന്മാർ ധാരാളമുണ്ട്, എന്നാൽ സാധുക്കൾക്ക് അവരെ പ്രതിഫലംകൊടുത്തു ചികിത്സിക്കാൻ വളരെ പ്രയാസമാണ്. നാഗരീകത്വം വിദ്യാഭ്യാസവുമുള്ള ജനങ്ങൾ നിവസിക്കുന്നതും ജനബാഹുല്യമുള്ളതുമായ പട്ടണങ്ങളെവിട്ട് ഉൾനാട്ടിലേയ്ക്കു കടക്കുമ്പോൾ, അവിടെയുള്ള ജനങ്ങൾ മിക്കവാറും മിടുക്കന്മാരും രോഗാതുരന്മാരും ആയിട്ടാണ് കാണുന്നതു്. ചെയോരങ്ങളിൽ ഉചിതമായരോഗം ബാധിച്ചു്, ആംഗിൽ മൂന്നുനാലുമാസംവരെ അപകടന്മാരായിട്ടാണ് മിക്കവാറും ആളുകൾ കഴിച്ചുകൂട്ടുന്നതു്. അവിടെയാണ് ആസ്പത്രികളുടേയും ഡിസ്പെൻസറികളുടേയും ഉപയോഗം അധികമുള്ളതു്. അവരെ സംബന്ധിച്ചു് പറയുകയാണെങ്കിൽ, അവക്ക് ഇപ്പോൾ ആസ്പത്രികൾകൊണ്ടു വലിയ പ്രയോജനവുമില്ല. വല്ലപ്പോഴും ആസ്പത്രികളിൽ സാധുക്കൾ ചെന്നാൽ മരുന്ന് ഇല്ലാ, മരുന്നു് വരുത്തണം, എന്നുള്ള വാക്കാണ് കേൾക്കുക. മരുന്നുകൾ ദൂരത്തുനിന്നും എഴുതിഅയച്ചു വരുത്തുന്നതിനു് ചെലവു ഡോക്ടറന്മാർക്കു കൊടുക്കണം. ഈ രീതി സാധുക്കൾക്കു് ഉപകാരകരമാണ്, മരുന്ന് രോഗികൾ വാങ്ങിക്കുന്നതിനു് ഇടയാക്കരുതു്; അതിനു തക്കയണ്ണമുള്ള ഏർപ്പാടു് ഗവർണ്മെൻറ് ചെയ്യേണ്ടതാണ്. പല സ്ഥലങ്ങളിലും മുനുപ്രസ്സുവിച്ചുപോലെ രോഗികളെ കാണിക്കുന്നതിനു് ഡോക്ടരെ കൊണ്ടുപോകുവാൻ സാധിക്കുന്നില്ല. രോഗികളെ നോക്കുന്നതിനു പോകുവാൻ ഏറ്റവും വലുതായ ഫീസാണ് ഡോക്ടറന്മാർ ചോദിക്കുന്നതു്. ഒരു നിശ്ചിതതുക പടിയാക്കണമെന്നു് ഈ കൌൺസിലിൽ പല അവസരങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇതുവരെ യാതൊരു നിവൃത്തിമാർഗ്ഗവും ഉണ്ടായിട്ടില്ലാ. പല ഡോക്ടറന്മാരോടും പലി ക്ലിപ്പെടുത്തേണ്ടതിനെപ്പറ്റി അഭിപ്രായം ചോദിച്ചതായി ഡർബാർഹിസിച്ച്യൻ പറയുകയുണ്ടായി. ഡോക്ടർമാർ ഗവർണ്മെൻറിങ്കൽനിന്നും ശമ്പളം വാങ്ങുന്നവരാണെല്ലാ. രോഗികളിൽനിന്നും വാങ്ങുന്ന പലി ഏതു രീതിയിലായിരിക്കണമെന്നു് വിവരിക്കുന്ന ഓരോ പ്രമാണം ആസ്പത്രികളിൽ വയ്ക്കേണ്ടതാണ്. പലിനിരക്ക് എങ്ങിനെ ആയിരുന്നാൽ സമ്മതമാണെന്ന് ഡോക്ടർമാരോടു ചോദിച്ചാൽ അവരിൽനിന്നു് സാധുക്കൾക്ക് അനുകൂലമായ ഒരു അഭിപ്രായം കിട്ടുമെന്നു് വിചാരിച്ചുകൊണ്ടോ, ഡർബാർഹിസിച്ച്യൻ അവരോടു ചോദിച്ചതെന്നറിയുന്നില്ല. അങ്ങിനെ അവരുടെ അഭിപ്രായം അനുസരിച്ചു് ചെയ്യുന്ന വ്യവസ്ഥകൊണ്ടു് ഗുണമുണ്ടാകാൻ വഴിയില്ല. ശമ്പളംപറ്റുന്ന ഉദ്യോഗസ്ഥന്മാരായ ഈ ഡോക്ടറന്മാർ രോഗികളെ നോക്കാൻ പോകുന്നതിനു വാങ്ങേണ്ട പലിനിരക്ക് ഗവർണ്മെൻറുതന്നെ നിശ്ചയിക്കേണ്ടതാണു്; ഡോക്ടറന്മാരല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): സർക്കാർ വക്കീലന്മാർ ഇതുമായിരിക്കുന്ന കേസിനുപോകുന്നതായി അറിയാമോ?

മി. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): ഡോക്ടർമാരുടേയും വക്കീലന്മാരുടേയും ജോലി ഒന്നല്ലാത്തതുകൊണ്ട് അവർ തമ്മിൽ സാമ്യമില്ല. സാധുക്കൾക്കാണ് ഉപകാരം.

മി. എൻ. വി. ജോസഫ് (പറവൂർ): ധനവാനാണോ, അല്ലാ സാധുവാണോ, എന്നു തിരുമാനിച്ചു എന്തു ചെയ്യണം?

മി. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): സാധുവാണോ ധനവാനാണോ എന്നു് മിക്കവാറും മുഖവും വേഷവും നോക്കിയാൽ തിരിച്ചറിയാവുന്നതാണ്. വക്കീലന്മാർ കക്ഷികളെ തിരിച്ചറിയുന്നതുപോലെ അറിയണം.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും—വ്യവസായവും വടക്കൻ): വേഷംകണ്ടാൽ തിരിച്ചറിയാമോ?

മി. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): മിക്കവാറും അറിയാം.

മി. കെ. എ. ജോസഫ് (മീനച്ചിലും—ദേവികുളവും): ഈ സംശയനിവൃത്തിക്കു മുൻസിപ്പാലിറ്റിക്കാരെ ഏർപ്പെടുത്താമോ?

മി. തയ്യിൽ കുഞ്ഞിരാമൻ (മൂവാറ്റുപുഴയും—തൊടുപുഴയും): അതു പാടില്ലാ, പിന്നീട് പറയുന്നു ള്ള ആസ്പത്രികളിൽ കിടക്കുന്ന രോഗികൾക്ക് അനുവദിച്ചിട്ടുള്ള പടി പലേടത്തും ഡാക്ടറന്മാർ വേണ്ടപോ ലെ വിനിയോഗിക്കുന്നില്ല എന്നുള്ളതാണ്, അതിനാൽ ക്ഷണംകൂടി രോഗികൾക്ക് കിട്ടാതിരിക്കുന്നതിന് ഇട വരുന്നു. രണ്ടോ മൂന്നോ ഡിവിഷനായി പിരിച്ചു ഡർബാർഹാസിസ്റ്റന്റിന്റെ കീഴിൽ ആസ്പത്രികളുടെ പരിശോ ധനയ്ക്കു ഓരോ ആളുകളെക്കൂടിവച്ചാൽ തരക്കേടില്ലെന്നു തോന്നുന്നു. ഡർബാർഹാസിസ്റ്റന്റതന്നെ എല്ലാ സ്ഥല ങ്ങളിലും സഞ്ചരിച്ച് ഈമാതിരി കാര്യങ്ങളെ അപ്പപ്പോഴപ്പോൾ കണ്ടുപിടിക്കുന്നതിന് സാധിക്കുന്നതല്ല. ഡാക്ടറ ന്മാർ സായുധങ്ങളിൽനിന്നും കൂടുതൽ പിടിച്ചുപറിക്കുന്നുണ്ടോഎന്നും, സായുധങ്ങളെ ചൂഷണംചെയ്യുന്നുണ്ടോഎന്നും, രോഗികൾക്ക് ശരിയായി ശ്രദ്ധ കൊടുക്കുന്നുണ്ടോഎന്നും, മരുന്നുകൾ വേണ്ടപോലെ കൊടുക്കുന്നുണ്ടോഎന്നും, മറ്റുമുള്ള കാര്യങ്ങളെല്ലാം ഒരാൾ നേരിട്ടുചെന്നു നോക്കുന്നതിനു വളരെ വിഷമമാ ണ്. അതിലേയ്ക്കു പ്രത്യേകം പരിശോധനാധികാരമുള്ള കീഴുദ്യോഗസ്ഥന്മാർ വേണം. അതുകൊണ്ടു വളരെ ഗുണമുണ്ടാകും. അവർ പ്രതിവർഷം ഓരോ സ്ഥലത്തെങ്കിലും രണ്ടോ മൂന്നോ പ്രാവശ്യം സഞ്ചരിച്ചു അന്വേഷ ണം നടത്തുകയും, സ്ഥലത്തുള്ള ആളുകളെക്കണ്ടു ചോദിച്ചു മനസ്സിലാക്കുകയും, ചെയ്യണം. ഇങ്ങനെ ചെയ്യുകയാ ണെങ്കിൽ സായുധാധികൃതന്മാർക്ക് വളരെ ഗുണമുണ്ടാകും. ഈ രാജ്യത്തു ആസ്പത്രികൾ ധാരാളമുണ്ട്, ഇവയുടെയെല്ലാം മേൽവിചാരവും മേൽപറഞ്ഞ മന്ത്രിയിലുള്ള കാര്യങ്ങളും പരിശോധനയും ഒരാളെക്കൊണ്ടുമാത്രം സാധ്യമല്ല. ആസ്പത്രിയിലും അഭിമതികരിൽ നാലിരട്ടിയോളം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. ഇതു രണ്ടുമൂന്നുവർഷമായിട്ടു തുടങ്ങിയതല്ല. വളരെക്കാലമായി തുടർന്നിയിട്ട് ഇങ്ങനെ ദുസ്സഹമായ സങ്കടം രോഗികൾക്ക് നേരിട്ടിരിക്കുന്നതു കൊണ്ടാണ് അതിനെ കോൺസിലിന്റെ ശ്രദ്ധയിൽ സ്പഷ്ടമായി ഞാൻ കൊണ്ടുവരുന്നത്, അതിനാൽ ഈ കാര്യങ്ങളെ സംബന്ധിച്ച് ഡർബാർഹാസിസ്റ്റന്റും ഗവർണ്മെന്റും വേണ്ടപോലെ ശ്രദ്ധിച്ചു സാധുജനങ്ങൾക്കു ഉപയോഗപ്രദമായ രീതിയിൽ വേണ്ടതു ചെയ്യേണ്ടതു പ്രാവും അത്യാവശ്യമാണ്.

മി. കെ. കെ. തോമസ് (കോട്ടയം): സർ, മിസ്റ്റർ മാധവൻപിള്ള വളരെ സാമർത്ഥ്യത്തോടെ കൊ ണ്ടുവന്നിട്ടുള്ള ഉപേക്ഷണീയമല്ലാത്ത താങ്ങിപ്പറയുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. അങ്ങിനെ ചെയ്യു മ്പോൾ, സഭയുടെ ഈയവശ്യത്തിലുള്ള മെമ്പർമാരിൽ മെഡിക്കൽസംഗതികളെപ്പറ്റി അധികമായ ജ്ഞാനത്തെ അർഹിക്കുന്ന അത്ര പ്രാധാന്യമുള്ള ഒരു മെമ്പർ മാത്രമാണെന്നുകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും—ഭേദികളും): മിസ്റ്റർ എം. എൻ. പിള്ളയെപ്പറ്റി മെമ്പർ എന്തുപറയുന്നു?

മി. കെ. കെ. തോമസ് (കോട്ടയം): അദ്ദേഹത്തെപ്പറ്റി എനിക്കു അധികമായി പറയണമെന്നില്ല

മി. എ. കെ. പിള്ള (കുന്നംഗപ്പള്ളി): സർ, അയ്യാൾ ഇപ്പോഴത്തെ പ്രമേയത്തിൽനിന്നും ഉത്തരവിക്കുന്നതെന്തിനാ?

പ്രെസിഡണ്ട്, ഒന്നുകൊണ്ടു ഇരുന്നുകൊള്ളുക.

മി. കെ. കെ. തോമസ് (കോട്ടയം): വൈദ്യസഹായം പ്രചുരമാക്കുന്ന വിഷയത്തെപ്പറ്റി മി. മാധവൻപിള്ള വളരെ ഭംഗിയായി ഉപന്യസിച്ചിരിയ്ക്കുന്നു. വൈദ്യസഹായത്തിന്റെ പ്രയോജനത്തെ തിരുവിതാം കോട്ടു മുഴുവനിലും പ്രചരിപ്പിച്ചു പുറവും സാധുക്കളും ഉൾപ്പെടുകയായ ജനങ്ങൾക്കു കിട്ടുന്നിടത്തോളം ആ ശ്രമിക്കുന്നതിനു ഒരു സംഗതിയാണ്. ബോംബെയേയും തിരുവിതാംകോടിനേയും മൈസൂരിനേയും കുറിച്ചുള്ള കണക്കുകളിൽനിന്നു കാണുവാനുള്ള ഈ രാജ്യത്തിൽ വൈദ്യസഹായം എത്ര കുറവായ അളവിൽമാത്രം സാധാ രണ കൃഷീവലന്മാർക്കു കിട്ടുന്നുള്ളു എന്നാണ്. ഗവർണ്മെന്റു ഖജാനയിലെ പണക്കെടുർല്ലായ്മ ഒന്നല്ലാതെ അതി നെ പ്രചുരമാക്കുന്ന വിഷയത്തിനതുപോലെയായി പറയാനുള്ളു. ഇതുസംബന്ധിച്ചു എല്ലാ ഡിസ്ട്രിക്ട് ആസ്പത്രി കളിലും സാധനസാമഗ്രികളും, പ്രവർത്തകസാമഗ്രികളും മുമ്പുമുണ്ടായിരുന്ന നാഗർകോവിൽ, തിരുവനന്തപുരം, കൊ ല്ലം, കോട്ടയം, ആലപ്പുഴ എന്നീ സ്ഥലങ്ങളിലെ ആസ്പത്രികളിൽ സംഭരിച്ചുവയ്ക്കുണ്ടോയെന്നു ഞാൻ നിർദ്ദേ ശിക്കുന്നു. ഈ സ്ഥലങ്ങളിൽ ദൂരസ്ഥങ്ങളായ സ്ഥലങ്ങൾക്കു ഗുണപ്രദങ്ങളായിരിക്കത്തക്ക മാതൃകാ ആസ്പത്രി കളും സ്ഥാപിക്കാവുന്നതാണ്. സാധാരണയായി സർവ്വീസും സാമർത്ഥ്യവുമുള്ള ഡാക്ടർമാരെ ഈ ആസ്പത്രികളു ടേയും ചുമതല ഏൽപ്പിക്കുന്നുണ്ടു എന്നു ഇനിക്കു തോന്നുന്നു. അങ്ങിനെ വൈദ്യസഹായം പ്രചുരമാക്കു ന്നതിന്റെ ആവശ്യനിവൃത്തിക്കുവേണ്ടി ഈ മാതൃകാ ആസ്പത്രികളിൽ അധികം ഉപയുക്തമായ സാധന സാമഗ്രികളും സംഭരിച്ചുകൊടുക്കയും അവയെ അധികം ഒരു മേലന്വേഷണത്തിൽ വയ്ക്കുകയും കൂടെ ചെയ്യാ വുന്നതാണ്.

ഈ ആസ്പത്രികളിലെ പ്രസവശുശ്രൂഷാസൌകര്യങ്ങളെ വർദ്ധിപ്പിക്കേണ്ടതാണെന്നുള്ള ഡാക്ടർ മാധവൻ പിള്ള ചെയ്തിട്ടുള്ള ശുപാർശയെ ഞാൻ ഹാർദ്ദമായി താങ്ങുന്നു. സർ, നാടൻപതിച്ചികൾ സാധുക്കളായ രോഗികളോടു ക്രൂരമായി പെരുമാറുന്ന സമ്പ്രദായംനിമിത്തം വരുത്തിവയ്ക്കുന്ന ദോഷഫലങ്ങളെപ്പറ്റി ഡാക്ടർ മാധവൻപിള്ള ശക്തിയായി ചെയ്തിട്ടുള്ള പ്രസംഗം നമ്മിൽ മിക്കപേരേയും സംക്ഷുബ്ധരായി ത്തീർത്തിരിക്കുന്നു. ശിശുസംരക്ഷണം എന്ന സംഗതിയെ പ്രോത്സാഹിപ്പിക്കേണ്ടതു ഗവർണ്മെന്റിനിൻ മാത്രമായിട്ടുള്ള കടമയ ല്ലാ. പൌരന്മാവലിയുടേയും കൂടെ ആകുന്നു. ശിശുസംരക്ഷണത്തെ പ്രോത്സാഹിപ്പിയ്ക്കുന്നതിലേക്കു മെഡി ക്കൽ ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരു ഗ്രാന്റു നൽകുന്നതിനു മിർപ്പാടുചെയ്യുന്നതു നന്നായിരിക്കുമെന്നു എനി ക്കഭിപ്രായമുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സന്ദർഭത്തിൽ അതു ജനിയ്ക്കുന്നതു എങ്ങിനെ?

മി. കെ. കെ. തോമസ് (കോട്ടയം): മാതൃസ്ഥിതിയുടെയും പ്രസവത്തിന്റെയും സൌകര്യങ്ങളെപ്പറ്റി നാം സംസാരിക്കുമ്പോൾ, ശിശുസംരക്ഷണത്തെന്ന വികയവും ഉത്ഭവിക്കുന്നുണ്ട്. കുഷ്ഠരോഗികൾക്കുള്ള ആസ്പത്രിയിലെ കുഷ്ഠരോഗത്തേയും ശ്രദ്ധിക്കണ്ടപ്രവൃത്തിയെയുംപറ്റിയുള്ള അവേക്ഷണങ്ങളെ സംബന്ധിച്ചു അ ധികമൊന്നും പറയണ്ടതില്ല, കാരണം സമീപസ്ഥമായ കുഷ്ഠരോഗാസ്പത്രിയുടെ പരിസരത്തെ സൂക്ഷ്മതയേറ്റു കുടി ശ്രദ്ധിയെയിടത്തോളം ജനത്തെ ഉത്കിപ്പിയ്ക്കുന്നതിനാലോ മറ്റൊരുവല്ല രോഗകൃത്തിനും ഭംഗം വരുത്തുന്നതി നാലോ സ്ഥലനിവാസികളുടെ ആദ്ദേശ്യത്തെ ക്ഷയിപ്പിക്കുന്നതായ യാതൊരുതരം ഉപകരണഹേതുവിനേയും അനുവ ദിക്കരുതെന്നിരിക്കേണ്ടതുമാകുന്നു എന്നു നമ്മിൽ ഓരോരുത്തർക്കും ബോദ്ധ്യമായിരിക്കും എന്നുള്ളതുതന്നെ.

ഈ രോഗത്തെ ബാധിച്ചിരിയ്ക്കുന്ന മഹാരോഗം ക്ഷയം എന്നപേരയുന്ന രോഗമാണെന്ന വിചാരിക്കപ്പെട്ടിരിയ്ക്കുന്നു. രോഗശമനത്തിനായിട്ട അല്ല ദിവസേന പിടിപെട്ടകൊണ്ടിരിക്കുന്ന നമ്മുടെ ആളുകളെ ഉപയോഗപ്പെടുത്തിക്കൊള്ളേണ്ടതായ വല്ല പ്രത്യേക ചികിത്സാസമ്പ്രദായവും ഏർപ്പെടുത്താവുന്നതാണെന്നു എനിക്കു തോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മന്ത് എന്ന രോഗത്തെപ്പറ്റി എന്തുപറയുന്നു?

മി. കെ. കെ. തോമസ് (കോട്ടയം): തെക്കൻതിരുവിതാംകൂട്ടിൽ കമ്പിളികുമാരിയിലോ മാറ്റൊരിടത്തിലും ഈവർഷമില്ലാത്ത സ്ഥലത്തൊ ഒരു ക്ഷയരോഗാസ്പത്രി സ്ഥാപിക്കണമെന്നുള്ള ശിപാർശ വളരെ വളരെ ആദരണീയമാണ്. ഈ വഴിയിൽ പ്രവർത്തിക്കുന്നതിനു ഗവണ്മെന്റു കാലതാമസം വരുത്തുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. മദനപ്പള്ളിയിലേക്കും കടപ്പായിലേക്കും പോയ്ക്കൊണ്ടിരിക്കുന്ന ആളുകളുടെ സംഖ്യ വലിയതാകുന്നു. അതിനാൽ ഈ വഴിയിൽ ഗവണ്മെന്റു വല്ലതും പ്രവർത്തിക്കേണ്ടതിന്റെ അത്യാവശ്യകതയെ ഞാൻ അവരുടെ ആലോചനയ്ക്കു വിഷയീഭവിപ്പിച്ചുകൊള്ളുന്നു. ഈ അഭിപ്രായങ്ങളോടുകൂടി മി. മാധവൻപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനായ്ക്കൊണ്ടു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കായംകുളവും): ഡാക്ടർമാധവൻപിള്ള ഉൽക്ഷേപിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു രാജ്യത്തിൽ വിന്യസിക്കേണ്ടതായ രണ്ടുരവതരങ്ങളായ വൈദ്യവിഷയങ്ങളുണ്ടെന്നു സൂക്ഷ്മമാകുന്നുണ്ടു്. ആഗ്രഹിക്കാവുന്നിടത്തോളം ജനങ്ങളുടെ ആവശ്യങ്ങളെപ്പറ്റി പഠിച്ചുമോചിയ്ക്കുന്നതിനു ഡർബാർഹിസിക്കുന അതേ നിലവിൽ സമയമുണ്ടാകയില്ലെന്നു കാണുന്നു. ഡർബാർഹിസിക്കുൻ ഇന്നാലചെയ്ത പ്രസംഗത്തിൽനിന്നു ഡർബാർഹിസിക്കുന്റെ പ്രധാനചുമതല മഹാരാജാവു തിരുമനസ്സിലെയും രാജകുടുംബത്തിലെ അംഗങ്ങളുടെയും ആരോഗ്യത്തെ പരിപാലിക്കുന്നതാണെന്നു കാണുന്നു. അതിനാൽ നാട്ടുകാരുടെ ക്ഷേമത്തെ ഉദ്ദേശിച്ചു ഇന്നുമുമ്പുള്ള പ്രാസംഗികന്മാർ നമ്മുടെ ശ്രദ്ധയിലേയ്ക്കു വിഷയീഭവിച്ചതായ അത്യന്താവശ്യങ്ങളായ വിഷയങ്ങളെപ്പറ്റി തിരുമനസിയിലേയ്ക്ക് സങ്കൻ ജനറൽ എന്നപോലെയൊരാളെറ്റാ ഒരാളെ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നു. വെല്ലൂരായെ മുഖ്യസ്ഥലങ്ങളിലായി ഒന്നരണ്ടു പരിശോധക സങ്കന്മാരെ നിയമിക്കുവുന്നതാണെന്നു മി. കുഞ്ഞിതൊമ്മൻ പ്രസ്താവിച്ചു. നാട്ടുകാർക്കുവേണ്ടി മതൈദ്യസഹായം വിന്യസിയ്ക്കുന്ന ജോലി ഒരു സങ്കൻ ജനറലിന്റെ പ്രധാനചുമതലയിലാകയാലും ഉദ്ദേശം നിവർത്തിയ്ക്കുന്നതായിരിക്കും. തീർച്ചയായ്ട്ടും രാജകുടുംബത്തിന്റെ ആരോഗ്യസ്ഥിതി പരിപാലിയ്ക്കുന്നതു ഡർബാർഹിസിക്കുന്റെ ഏറ്റവും പ്രധാനമായ ഒരു ജോലി ആണെന്നു ഏവരും സമ്മതിയ്ക്കുന്നതാണ്. ജനസാമാന്യത്തിനു വേണ്ടിയുള്ള മതൈദ്യസഹായവിതരണം ആ ജോലി നടത്തുന്നതിനു കൂടുതൽ സമയമുള്ള ഒരു ഉദ്യോഗസ്ഥന്റെ പ്രമതലയിൽവച്ചുകൊള്ളുന്നതു അഭിലഷണീയമായിരിക്കുമെന്നുമുള്ള. തീർച്ചയായിട്ടും ആസ്പത്രികൾക്കും മൈദ്യസഹായത്തിനും വേണ്ടിയുള്ള ചിലവു അതു നിമിത്തം വർദ്ധിക്കുമെന്നു തോന്നുന്നില്ല. തൽക്കാലം മാത്രമേ ഇതിനു പറയാനുള്ളൂ. ആ വിഷമത്തെ പരിഹരിയ്ക്കുന്നതിലേയ്ക്കു ഞാൻ ഒരു ഉപദേശം നൽകാം. പരിഷ്കൃതരാജ്യങ്ങളിൽ മിക്കതിലും ആസ്പത്രികളിൽ പ്രത്യേകമായി പേട്ടണങ്ങളിൽ പ്രതിഫലം വാങ്ങാത്ത (ഓണററി സങ്കന്മാരെ നിയമിക്കുന്നതു പതിവാണ്. അതിനാൽ കിട്ടുന്നടത്തോളമെല്ലാം വലിയ ആസ്പത്രികളിൽ കഠോരവങ്ങളായ കേസുകളിൽ ചികിത്സ നടത്തുന്നതിനായിട്ടും സാമാന്യമായ മേൽനോട്ടത്തിനായിട്ടും ഓണററി സങ്കന്മാരെ നിയമിക്കേണ്ടതാണ്. ഓരോ ആസ്പത്രിയിലേയും ഔണസംബന്ധമായ വിസ്തൃതങ്ങളെപ്പറ്റി ശ്രദ്ധിയ്ക്കുന്നതിനു അധികം താഴ്ന്നപടിയിലുള്ള ഫിസിക്കന്മാരെ മാത്രം നിയമിച്ചാൽമതി. ഇപ്രകാരം ജനസാമാന്യത്തിന്റെ മതൈദ്യസഹായത്തെപ്പറ്റി അധികം പ്രത്യേകമായി അന്വേഷിയ്ക്കുന്നതിനു വേണ്ടി ഒരു സങ്കൻ ജനറലിനെ നിയമിയ്ക്കുന്നതിനു വേണ്ടിവരുന്ന പണം ലാഭിക്കാമെന്നു ഞാൻ വിശ്വസിയ്ക്കുന്നു.

മി. കെ. എ. ജോസഫ് (മീനച്ചിലും-മേലികളവും): സർ, ഇപ്പോൾ ഈ നാട്ടുകാർക്കു കൊടുത്തുവരുന്ന മതൈദ്യസഹായം അവരുടെ ആവശ്യത്തിനു മതിയാകാത്തതാണെന്നുള്ള മി. മാധവൻപിള്ളയുടെ പ്രസ്താവനയോടു ഞാൻ യോജിക്കുന്നു. ഇതു ഉൾനാട്ടുകാരെ സംബന്ധിച്ചിടത്തോളം പ്രത്യേകം വാസ്തവമാണു. വിശേഷിച്ചും ജനങ്ങളിൽ കൂലിവേലക്കാരും അധികം സാധുക്കളുമായവരുടെ വിഷയത്തിൽ. നിശ്ചയമായിട്ട പട്ടണങ്ങളിൽ സാമാന്യനിലയിലുള്ള ആളുകൾക്കു തൊട്ടുവരെ മതൈദ്യസഹായം ലഭിയ്ക്കുന്നതിനു പ്രയാസം കാണുകയില്ല. എങ്കിലും ഉൾനാട്ടുകളിൽ തൊട്ടുവരെ ഡാക്ടറന്മാരില്ലാത്തതിനാൽ അങ്ങിനെയുള്ള തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിയ്ക്കുന്നതിനോ കുറഞ്ഞ പക്ഷം ഉൾനാടുകളിൽ ഡിസ്പെൻസറികളെ അധികമാക്കുന്നതിനോ ഉള്ള ശ്രമം കഴയ്ക്കേണ്ടതാണെന്നു ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽകൊണ്ടുചെയ്യുന്നു.

ഇതും സംബന്ധിച്ചു ഞാൻ പ്രാതിനിധ്യം വഹിക്കുന്ന പ്രദേശത്തു പ്രത്യേകമായി താമരപുരം പകൃതിയോടടുത്തുകിടക്കുന്ന അതിന്റെവടക്കുഭാഗത്തു ഇതിന്റെ കലശലായ ആവശ്യമുണ്ടു എന്നുള്ള സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. അവക്കു അവിടെ ഒരു ഡിസ്പെൻസറിയുടെ കുട്ടം പരിഹാരമില്ലാത്ത ആവശ്യമുണ്ടു. അവിടെനിന്നു ഏറ്റവും അടുത്തായ ആസ്പത്രിയിലേക്കുള്ള ദൂരം പന്ത്രണ്ടൊ പതിനാലൊമൈൽസ് ദൂരമുണ്ടു. ഈ പ്രവൃത്തികളിൽ അവിടെയുള്ള സാധുക്കളായ ജനങ്ങളുടെ ആവശ്യത്തിലേക്ക ഒരു ഡിസ്പെൻസറിക്കുടി ഉടനടിയാക്കുന്നു. സംഗതി അത്യന്താപേക്ഷിതമായിരിക്കുന്നു എന്നു ഞാൻ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

പരിശോധനാ ജോലി സംബന്ധിച്ചു ഈ ആസ്പത്രികളിൽ വാസ്തവമായി അധികമായ പരിശോധനാ ജോലിനടത്തേണ്ടതാവശ്യമാണെന്ന മി. കുഞ്ഞിതൊമ്മൻ പറയുന്നതിനോടു ഞൻ പൂർണ്ണമായി യോജിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും സംഗതിയെപ്പറ്റി എനിക്കുള്ള പരിമിതമായ പരിചയവും ആസ്പത്രികളിൽ എല്ലാകാര്യങ്ങളും വളരെ തൃപ്തികരമല്ലാഎന്നു പ്രസ്താവിക്കുന്നതിനു എന്നെ നിർബന്ധിതനാക്കുന്നു. വാസ്തവമായി ഞങ്ങനല്ലധനസ്ഥിതിയിലിരിക്കുന്നവർക്കു പണം ചിലവാക്കാൻ കഴിവുള്ളതുകൊണ്ടു ഏറെ കഷ്ടപ്പാടില്ല. എന്നാൽ തീരെ സാധുക്കളായവർ വളരെ കഷ്ടപ്പെടുന്നുണ്ടു്. പരമോത്കണ്ഠികളും ക്ഷുദ്രമനസ്കന്മാരുമായ വാഷ്യാന്മാരുടെ സംഗതിയിൽ കണക്കില്ലാതെ ഇൻസ്പെക്ടന്മാരും അസിസ്റ്റന്റു ഇൻസ്പെക്ടന്മാരും പേഴ്സണൽ അസിസ്റ്റന്റന്മാരും ആവശ്യമാണെന്നു ഗവണ്മെന്റു വിചാരിക്കുന്നെങ്കിൽ ഈ ആസ്പത്രികളെ മേലന്വേഷണം കഴിക്കുന്നതിനും ഈ

ഉദ്യോഗസ്ഥന്മാരുടെ ജോലിയെ ക്രമീകരിക്കുന്ന (രേഗുലേറ്റ്) തിനും കൂടുതലായി മെഡിക്കൽ ഇൻസ്പെക്ടറന്മാർ ആവശ്യമാണെന്ന് എന്തുകൊണ്ടാകുന്നു സർക്കാർ വിചാരിക്കാത്തതു? ആസ്പത്രി ജോലിയുടെ ക്രമീകരണത്തിനായിട്ടുള്ളതായ മേലുദ്യോഗസ്ഥജോലി വളരെ ആവശ്യമാണെന്നു ഇനിക്കു അഭിപ്രായമുണ്ടു.

മിസ്സസ്സ് എം. പുന്നൻ മൂക്കോസ് (സർജൻ-ഇൻ-ചാർജ്ജു): സർ, ഡാക്ടർ കെ. മാധവൻപിള്ള തന്റെ ഉപന്യാസം ഉപന്യസിച്ചതിനിടയ്ക്ക് അനേകം സംഗതികളെ ഉത്ഭാവിപ്പിച്ചിട്ടുള്ളതിനാൽ അവയെ എല്ലാം തൃപ്തിയാംവണ്ണം തീരുമാനിക്കുന്നതിന് എനിക്കു കഴിവില്ലാതെ വന്നേക്കാമെന്നു ഞാൻ ശങ്കിക്കുന്നു. എന്നിരുന്നാലും മെഡിക്കലും സാനിട്ടറിയും ഡിപ്പാർട്ടുമെൻറുകളിൽ വളരെ വിസ്തീർണ്ണമായ പരിചയം സമ്പാദിച്ചിട്ടുള്ള ഒരാളിൽനിന്നു വരുന്നതുകൊണ്ടു ഞാൻ അവയെ അതിയായി വിലമതിക്കുന്നുണ്ടു. നമുക്കു അധികം മെഡിക്കൽ സ്ഥാപനങ്ങളേക്കാൾ രാജ്യത്തിൽ ആവശ്യമുണ്ടു് എന്നു അഭിപ്രായം ചൂണ്ടിക്കാണിച്ചു. അഭിപ്രായം പ്രസ്താവിച്ചതായതോടു ജനസംഖ്യയിൽ ഫ്രീ, ൦൦൦ ആളുകൾക്കു ഒന്നുവീതം ആണെന്നു തോന്നുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): എനിക്കഭിപ്രായം അതുതന്നെ.

മിസ്സസ്സ് എം. പുന്നൻമൂക്കോസ് (സർജൻ-ഇൻ-ചാർജ്ജു): അഭിപ്രായം മൈസൂർ, ബോംബെ പ്രോസ്സിഡൻസി എന്നീ രാജ്യങ്ങളിലുണ്ടായിരുന്നുള്ള കണക്കുകളേയും ഉദ്ധരിച്ചുകാണിച്ചു. എന്നാൽ എനിക്കു അഭിപ്രായത്തിന്റെ കാര്യത്തിൽ രണ്ടുവാക്കുണ്ടുള്ളതു്, തിരുവിതാംകോട്ടു സർക്കാരുടെ ആസ്പത്രികളെക്കൂടാതെ, ഗ്രാൻറുവാങ്ങുന്ന സ്ഥാപനങ്ങളും സർക്കാരിന്റെ ഗ്രാൻറുവാങ്ങുന്ന ആയുർവ്വേദവൈദ്യശാലകളുംകൂടെയുണ്ടെന്നും ബ്രിട്ടീഷ് ഇൻഡ്യയിൽ അങ്ങിനെ ഇല്ലെന്നും ആകുന്നു. ഈ രാജ്യത്തു് അനേകം തൃപ്തികരമായ മിഷ്യൻ ആസ്പത്രികളും ഉണ്ടു്. അതിനാൽ നമ്മുടെ രാജ്യത്തു ജനസംഖ്യയ്ക്കു് ഒന്നുവെച്ചെന്നു താരതമ്യേന വേണ്ടുവോളം സർക്കാരിന്റെ സ്ഥാപനങ്ങളില്ല എന്നു പറയുമ്പോൾ, ഇപ്രകാരമുള്ള സംഗതികളേയും ആലോചിക്കേണ്ടതായിട്ടുണ്ടു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ഈ രാജ്യത്തിൽ ആകെ എത്ര ഗ്രാൻറു വാങ്ങുന്ന സ്ഥാപനങ്ങളുണ്ടെന്നു് ഡർബാർഫിസിഷ്യനു എന്നോടു പറയാമോ?

മിസ്സസ്സ് എം. പുന്നൻ മൂക്കോസ് (സർജൻ-ഇൻ-ചാർജ്ജ്): ഇപ്പോൾ ഫസ്റ്റ ഗ്രാൻറുവാങ്ങുന്ന സ്ഥാപനങ്ങളും ഉണ്ടു. ഈ കൊല്ലത്തിൽ കൂടുതലായി ഒരു ഗ്രാൻറുവാങ്ങുന്ന സ്ഥാപനവും ഒരു സർക്കാരിന്റെ ഡിസ്പെൻസറിയും തുടങ്ങുന്നതിലേക്കു പ്രൊപ്പോസലുചെയ്തിട്ടുണ്ടു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): തിരുവിതാംകോട്ടു പോലെയുള്ള ഒരു രാജ്യത്തിന്റെ ആവശ്യത്തിലേക്കു ഇപ്രകാരം ഒരു സംഖ്യ മതിയാകുമെന്നു ഡർബാർഫിസിഷ്യനു എന്നോടു പറയാമോ?

മിസ്സസ്സ് എം. പുന്നൻ മൂക്കോസ് (സർജൻ-ഇൻ-ചാർജ്ജു): സംഖ്യ മതിയാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ നമുക്കു മെഡിക്കൽ സ്ഥാപനങ്ങളുടെ കാര്യം പറയുമ്പോൾ, ഗ്രാൻറുവാങ്ങുന്ന സ്ഥാപനങ്ങളേയും വൈദ്യശാലകളേയും ഉൾപ്പെടുത്തേണ്ടതാകുന്നു എന്നാണു ഞാൻ വിചാരിക്കുന്നതു്.

ആസ്പത്രികളിൽ വേണ്ടിയിരിക്കുന്ന കൂടുതലായ സ്ഥലസൌകര്യത്തെ സംബന്ധിച്ചു, ഈ വഴിക്കു പരിഷ്കാരം ആവശ്യമാണെന്നാകുന്നു എന്റെ അഭിപ്രായം. പ്രസവക്കേസുകൾക്കു് അപേക്ഷിതമായിരിക്കുന്ന കൂടുതൽ സ്ഥലസൌകര്യത്തെ സംബന്ധിച്ചു, സർക്കാരിന്റെ അങ്ങിനെയുള്ള സ്ഥലസൌകര്യവും രാജധാനി നഗരത്തിൽ നിന്നു ദൂരസ്ഥലങ്ങളായ ആസ്പത്രികളിൽ ആവശ്യമാണെന്നുകണ്ടിട്ടു, കോട്ടയത്തും, കൊല്ലത്തും നാഗർകോവിലിലും, പ്രസവക്കേസുകൾക്കുള്ള മുറികൾ പണികഴിപ്പിക്കുവാനും, അവ മിക്കവാറും പൂർത്തിയായിരിക്കുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ ഉപയോഗപ്പെടുത്താറാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): രാജ്യത്തിന്റെ ഉൾപ്രദേശങ്ങളിൽ അവ കൂടുതലായിട്ടുവേണമെന്നാണു് എന്റെ വാദം.

മിസ്സസ്സ് എം. പുന്നൻ മൂക്കോസ് (സർജൻ ഇൻചാർജ്ജു): എന്നാൽ നമുക്കു എവിടെയെങ്കിലും ഒന്നു തുടങ്ങേണ്ടിയിരിക്കുന്നു. ഈ സ്ഥലസൌകര്യം ആവശ്യമാണെന്നു ഡിപ്പാർട്ടുമെൻറു മനസ്സിലാക്കുന്നതിനാൽ ആ വഴിക്കു യത്നം തുടങ്ങിയിരിക്കുന്നു. പൊടുന്നനവെ, എല്ലായിടത്തും ഒരുപോലെ തുടങ്ങുന്നതിനു നിവൃത്തിയില്ല. നാം ശരിയായവഴിയിൽക്കൂടി പോയ്ക്കൊണ്ടിരിക്കയാണു്. ഗവർണ്മെൻറിൽനിന്നും ഈ ആവശ്യത്തെക്കുറിച്ചു ബോധംവന്നിട്ടുള്ളതിനാൽ അവക്കു കഴിവുള്ള എല്ലാ സഹായവും, തരുമെന്നും, അവരിൽ നിന്നു നമുക്കു ആശിക്കാവുന്നതാണു്.

സൂതികർമ്മിണിമാരുടെ ജോലി സംബന്ധിച്ചു പരിശീലനമില്ലാത്ത മിഡ്വൈഫുമാരുടെ മേൽക്കൈവിട്ടുകളയുന്നതിനെക്കുറിച്ചു ഡാക്ടർ കെ. മാധവൻപിള്ള ചിത്രംപോലെയുള്ള ഒരു വർണ്ണന നമുക്കു തന്നിരിക്കുന്നു. സർ, ഈ പ്രതിപാദ്യവിഷയത്തിൽ കാട്ടിക്കൂട്ടുന്ന മേൽക്കൈകുത്തുകളെപ്പറ്റി ഒരഭിപ്രായം പ്രകടിപ്പിക്കത്തക്കവണ്ണം എനിക്കു ധാരാളവും വിധവുംആയ അവസരങ്ങൾ ലഭിച്ചിട്ടുണ്ടു. ഡാക്ടർ മാധവൻപിള്ള അവരുടെ ക്രൂരകൃത്യങ്ങളെപ്പറ്റി വളരെ ദുഃഖമയമായ മാതൃകയിലതെപ്പറ്റിച്ചിട്ടുള്ളതു. ഈ വിഷമത്തെയും പരിഹരിക്കുന്നതിനുള്ള ശ്രമം ഞങ്ങൾ ചെയ്യുന്നുണ്ടായിരുന്നു. ഇപ്പോൾ ഗവർണ്മെൻറു ആസ്പത്രികളിലുള്ള മിഡ്വൈഫ്മാരോടു ഉച്ചയ്ക്കുമേൽ ഉള്ള തങ്ങളുടെ സമയത്തു് ആസ്പത്രിയിൽനിന്നു ദൂരമൈലിലകമുള്ള സാധുക്കളുടെ വീടുകൾ സന്ദർശിക്കേണ്ടതാണെന്നു ആജ്ഞാപ്പെട്ടിട്ടുണ്ടു്. അവരുടെ സന്ദർശനവൃത്താന്തം മിഡ്വൈഫ്മാർ ചെയ്തിട്ടുള്ള ജോലിയുടെ സ്വഭാവത്തെക്കുറിച്ചു കാണിക്കുന്നതായ ഒരു ഡയറിയിൽ ദിവസംതോറും രേഖപ്പെടുത്തുന്നുണ്ടു. ഈ ഡയറികൾ ചാർജ്ജുവഹിക്കുന്ന ഒരു ഡിക്കുവാഹീനുശേഷം കഴിവുള്ളപ്പോഴൊക്കെയും, ഡർബാർ-ഫിസിഷ്യനും പരിശോധിക്കുന്നുണ്ടു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ഫസ്റ്റ്-മാണ്ടിൽ അവർ മാസത്തിനുള്ള ശരാശരി എട്ടു കേസുകൾവീതമേ നോക്കീട്ടുള്ളു.

മിസ്സസ്സ് എം. പുന്നൻമൂക്കോസ് (സർജൻ ഇൻചാർജ്ജു): സർ, ഞാൻ ഇതു വിവരിച്ചുപറയാം. വലിയപട്ടണങ്ങളിൽ സാധുക്കളായ സ്ത്രീകൾ തിരുവനന്തപുരത്തും കൊല്ലത്തും ആലപ്പുഴയും ഉള്ള ഗവർണ്മെൻറു ആസ്പത്രികളുടെ സഹായം കരസ്ഥമാക്കുന്നതുകൊണ്ടും പ്രസവത്തിനായിട്ടു ഈ ആസ്പത്രികളിൽ പോയി താമസിക്കുന്നതുകൊണ്ടും കൂടുതൽ കേസുകളുടെ കണക്കു കാണിക്കുന്നതു പ്രയാസമാണു്. തിരുവനന്തപുരത്തും കൊല്ലത്തും

സ്ത്രീകൾക്കുള്ള ആസ്പത്രികളിൽ പ്രസവിക്കുന്ന ദരിദ്രരായ സ്ത്രീകളുടെ എണ്ണം കുറഞ്ഞുവരുന്നുണ്ടെന്നു ഈ കേസുകളും മിഡ്വൈഫ്മാർ നോക്കിയിട്ടുള്ള കേസുകളായി ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതുകൂടാതെ തിരുവിതാംകോട്ടു അനേകം സ്വകാര്യ ഡോക്ടർമാരും പരിശീലനംചെന്ന മിഡ്വൈഫ്മാരും ഉണ്ടു്. അവരുടെ ധാരാളം പ്രസവങ്ങളും നോക്കുന്ന ചുമതലവഹിക്കുന്നുണ്ടെന്നു ഞാൻ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഈ എല്ലാ സംഗതികളും നിമിത്തമാണു് ഗവണ്മെൻറു മിഡ്വൈഫ്മാരുടെ ജോലിയുടെ ശോഭനീകരണത്തെ കുറിച്ചു വായികാണുന്നതു്. എന്നാൽ ഇപ്പോൾ ഈ മിഡ്വൈഫ്മാർ സാമാന്യം തൃപ്തികരമായ ജോലിചെയ്യുവരുന്നു എന്നു എനിക്കു പരമാർത്ഥമായി പറയാവുന്നതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മിഡ്വൈഫുമാർ നടത്തിവരുന്ന പ്രസവകേസുകളുടെ ശോഭനീകരണത്തെക്കുറിച്ചാണു് ഞാൻ പറയുന്നതു്. അതു ഫാർമസിൽ മാസത്തിൽ ഒന്നുകൂടി മാത്രമേ വരുന്നുള്ളു.

മിസ്സസ്സ് എം. പുന്നൻ ലൂക്കോസ് (സർജൻ ഇൻചാർജ്): ആ സംഖ്യ ആശുപത്രിക്കു പുറമെ മിഡ്വൈഫ്മാർ ചെന്നു നടത്തിട്ടുള്ള കേസുകളാണു്. അവർ മാസംതോറും ഫീൽഡ് കേസുകൾ നോക്കേണമെന്നുള്ള വ്യവസ്ഥയുണ്ടു്. അങ്ങിനെചെയ്യുന്നതിനു എല്ലായ്പ്പോഴും സാധിക്കയില്ല. ശോഭനീകരണത്തെ കുറഞ്ഞുപോയതു് എന്തുകൊണ്ടാണെന്നു കാണിക്കുന്നതിനാണു് ഞാൻ ഇപ്പോൾ ശ്രമിച്ചിട്ടുള്ളതു്.

സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമുള്ള ആസ്പത്രിയിൽ ഒരു വർഷത്തേക്കുള്ള സൂതികർമ്മക്ലാസ്സ് ഏർപ്പെടുത്തുന്നതിനാൽ, സാധുക്കളായ സ്ത്രീകളുടെ ഇടയിൽ ജോലിചെയ്യുന്നതിനുവേണ്ടി അധികം മിഡ്വൈഫുമാരെ കിട്ടുന്നതിനു ഞങ്ങളിപ്പോൾ ശ്രമിച്ചുവരികയുമാണു് ആരംഭിച്ചിട്ടുള്ളപ്പോൾ ഒരു ഹാജർമായ അനുകൂലഭാവമുണ്ടായിട്ടില്ലെന്നാണു് എൻറെ അനുഭവം. ഞങ്ങൾ വർത്തമാനപത്രങ്ങളിലും ഗസെറ്റിലും പരസ്യംചെയ്തു പരീക്ഷിച്ചുനോക്കുന്നതിനായിട്ടു ഒരു ബാലികമാരുൾപ്പെടുന്ന ഒരു ക്ലാസ്സ് ഇടങ്ങുന്നതെന്നാണു് ഞങ്ങൾ ആലോചിച്ചിട്ടുള്ളതു്. എന്നാൽ ക്ലാസ്സ് ആരംഭിക്കുന്നതിനു ഫീൽ ദിവസങ്ങൾക്കുമുമ്പുതന്നെ 8 ബാലികമാർ മാത്രമേ പ്രവേശനത്തിനായി അപേക്ഷകൾ അയച്ചിട്ടുണ്ടായിരുന്നുള്ളു. അതിൽപിന്നെ, ഞാൻ പല ആളുകളോടും എഴുതിച്ചോദിച്ചതിൻറെ ഫലമായി നാഗർകോവിൽ മുനിസിപ്പാലിറ്റിക്കാർ ഫാർമായി അനുകൂലിക്കുകയും, 8 ബാലികമാരെ അയച്ചുതന്നതിനു പുറമെ, ഈ വിദ്യാർത്ഥിനികൾക്കു പ്രതിമാസം വൃത്തിപോലിനുമുള്ള വേതനങ്ങൾ നൽകുകയും ചെയ്തതിൽ എനിക്കു വളരെ സന്തോഷവുമുണ്ടു്. അതു വളരെ പ്രശംസാർഹമായിരുന്നു. ഈ ബാലികമാർ രണ്ടുകൊല്ലം കഴിഞ്ഞശേഷം തിരിച്ചുപോയി മുനിസിപ്പാലിറ്റിയുടെ കീഴ് ജോലിചെയ്യുമെന്നാശിക്കുന്നു. ഈ വിഷയത്തെ സ്വാസ്ഥ്യമായി ഇല്ലാതാക്കുന്നതു് തിരുവിതാംകോട്ടിൽ നടപ്പാക്കപ്പെട്ടിട്ടുള്ള 'മാതൃശിശുരക്ഷയും ശിശുസംരക്ഷണവും' എന്ന പ്രസ്ഥാനത്തിൻറെ ചുമതലയായിരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഇവിടെ, തിരുവനന്തപുരത്തു ഇതിനിടെ ഫീൽഡ്-ലും, ഫീൽഡ്-ലും ആയി രണ്ടു ശിശുവാരോത്സവങ്ങൾ നടന്നിരിക്കുന്നു. ശിശുക്ഷേമകമ്മിറ്റി നിർദ്ദേശിക്കുന്നതു ഫീൽഡ് ചിങ്ങം ഫീൽഡ്-നും മുതൽക്കു തിരുവനന്തപുരത്തു ഒരു ശിശുക്ഷേമ മദ്ധ്യസ്ഥമാരംഭിക്കണമെന്നാകുന്നു. ഒരു ഗവണ്മെൻറാശുപത്രിയിൽ പരിശീലനം ലഭിക്കുകയും ഇപ്പോൾ ഗവണ്മെൻറുദ്യോഗത്തിൽ നിയമിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്ന ഒരു മിഡ്വൈഫിനെ കിട്ടിട്ടുണ്ടു; അവരെ സാധുക്കളുടെ വീടുകൾ സന്ദർശിക്കുന്ന ജോലി ഉടനെതന്നെ ഭരമേൽപിക്കുന്നതുമാകുന്നു. ഈ ജോലിക്കുവേണ്ടിവരുന്ന ചെലവു ഒരു ഓക്സിലറിഫണ്ടുകൊണ്ടു നിർവഹിക്കപ്പെടേണ്ടതായിരിക്കും. തിരുവനന്തപുരം മുനിസിപ്പാലിറ്റിക്കാർ ഈ ജോലിയിൽ സഹായിക്കേണ്ടതാണു്. ഈ പ്രസ്ഥാനത്തിൽ താല്പര്യമുള്ളവരും, പ്രത്യേകിച്ചു ഡോക്ടർ കെ. മാധവൻപിള്ളയും ഈ ജോലിയിൽ പ്രയോഗികമായി സഹായിക്കുന്നതിനുള്ള അവസരങ്ങൾ കിട്ടുന്നതാണെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ജോലിയിൽ സഹായിക്കുന്നതിനായി ഗവണ്മെൻറിനോടാവശ്യപ്പെടുന്നതു ഭംഗിയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ജോലി മുമ്പോട്ടു നടത്തികൊണ്ടുപോകേണ്ടതു മുനിസിപ്പാലിറ്റികളുടേയും പൌരന്മാരുടേയും കടമയാണു്. നിശ്ചയമായിട്ടും, നമ്മിൽ മിക്കപേരും ഗവണ്മെൻറതല്ലാത്ത എല്ലാ സംഗതികളേയും നമുക്കുവേണ്ടി നിർവഹിക്കേണ്ടതാണെന്നുള്ള ആഗ്രഹമുള്ളവരാണു്. എന്നാൽ ഈ സംഗതിയിൽ അങ്ങനെയുള്ള നില ഇതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ഡിസ്പെൻസറികളെ സംബന്ധിച്ചിടത്തോളം, ജനങ്ങളുടെ യത്നംകൊണ്ടു വളരെ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. നല്ല ധനസ്ഥിതിയുള്ള ആളുകളും മുമ്പോട്ടുവന്നു, കെട്ടിടങ്ങളും, അകസാമാനങ്ങളും, സാധനസാമഗ്രികളും, ഇവ എല്ലാമോ കൊടുക്കാമെന്നു വാക്കുകൊടുക്കുന്നപക്ഷം ഗവണ്മെൻറിൻറെ ചുമതല അധികം ലഘുവായിതീരുന്നതാണു്. ഈ സമ്പ്രദായത്തിനുള്ള ഒരു അനുഭവത്തിനായാൽ, ഡോക്ടർ മാധവൻപിള്ള ചൂണ്ടിക്കാണിച്ചതുപോലെ ക്ലൂട്ടൽ ഡിസ്പെൻസറികളും സ്ഥാപിക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല. ചെലവു ഭീമമായിരിക്കുമെന്നുള്ളസംഗതി ഞാൻ പറഞ്ഞതിനു എന്നില്ല.

മി. യി. സുബ്ബയ്യർ (ഗവണ്മെൻറു നിയമിച്ച മെംബർ) (ഡിപ്യൂട്ടി പ്രസിഡൻറു): മൈസൂരിലും ബാംഗ്ലൂരിലും മുനിസിപ്പാൽറാണികളും പ്രാദേശികബോർഡുകളും ദ്രവ്യസഹായം ചെയ്യുന്നില്ലെ എന്നു ഡർബാർഹിസിഷ്യനു എന്നോടു പറയാമോ?

മിസ്സസ്സ് എം. പുന്നൻ ലൂക്കോസ് (സർജൻ ഇൻചാർജ്): അതു അങ്ങിനെതന്നെയാണെന്നു ഞാൻ വിശ്വസിക്കുന്നു. പരിശീലനമില്ലാത്ത മിഡ്വൈഫ്മാരുടെ സംഗതിയും എൻറെ ശ്രദ്ധാവിഷയമാക്കുന്നതിനു ഞാൻ ശ്രമിച്ചിട്ടുണ്ടു്. കഴിഞ്ഞവർഷത്തിലും അതിൻറെ മുമ്പിലത്തെവർഷത്തിലും ഇവിടെ ശിശുവാരോത്സവം നടക്കുന്ന സമയത്തു പരിശീലനമില്ലാത്ത മിഡ്വൈഫ്മാരെ പിടിക്കൂടുന്നതിനു ഞാൻ പ്രത്യേക യത്നംചെയ്തിട്ടുണ്ടു്. എന്നാൽ ഇതു അത്ര എളുപ്പമായസംഗതിയല്ലായിരുന്നു. ധൈര്യശാലിയായി എന്തോ അവരോടു ചെയ്യാനിരിക്കുന്നു എന്നു അവർ വിചാരിച്ചുകൊണ്ടു, വരുന്നതിനു ആദ്യം അത്യന്തം ഭയമുള്ളവരായിരുന്നു. ഞാൻ ആസ്പത്രി പരിചാരിക(നഴ്സു)മാരെ അയച്ചുകൊടുത്തു വീടുകളിലേക്കു അയക്കേണ്ടിവന്നു; ഒടുവിൽ, അവരിൽ ഓരോരുത്തരെ ശിശുവാരപ്രദർശനശാലയിലേക്കു കൊണ്ടുവരുന്നതിനു എനിക്കു സാധിക്കയുംചെയ്തു. ഒന്നോ രണ്ടോ വർഷത്തിലും സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമുള്ള ആസ്പത്രിയിലെ പ്രസവ വാർഡുകളിലെല്ലാം അവരെ കൊണ്ടുനടന്നു കാണിക്കുകയും, ശിശുവാരത്തിൽ സ്ത്രീഅസിസ്റ്റൻറുമാർ അവരോടു പ്രസംഗങ്ങൾചെയ്യുകയും ഉണ്ടായിട്ടുണ്ടു്. ഇപ്പോൾ

ഞാവർ തങ്ങളുടെ ജോലി തന്നെ നടത്തുവാൻ നിവൃത്തിയില്ലെന്ന കാണുന്ന കേസുകളെല്ലാം ആസ്പത്രിയിലയച്ചുവരുന്നു എന്നുള്ള സംഗതി പ്രസ്താവിക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഇതു ഡെയ്ത്തോളജികമായ ഒരു ലക്ഷണമാകുന്നു. മായിയിൽ അവരുടെമേൽ നമുക്കു കിട്ടിട്ടുള്ള സ്വാധീനശക്തികൊണ്ടുപോകേണ്ടതുണ്ടു നാട്ടുപതിച്ചികളെ പരിശീലിപ്പിക്കുന്നതിനാൽ മാത്രമേ (ഇതിൽ വളരെ യുക്തി ആവശ്യമാണ്), ഈ നാട്ടിൽ സധ്യേഷ്ടം നിസ്സഹായരുമായ സ്ത്രീകളുടേയും ശിശുക്കളുടേയും ഭയങ്കരമായ കഷ്ടപ്പാടുകൾ കുറയ്ക്കുന്നതിനു നമുക്കു ആശിക്കാൻ തരമുള്ളൂ.

ഭ്രാന്തന്മാരുടെ അല്ലെങ്കിൽ ഇപ്പോൾ പറഞ്ഞുവരുന്നതുപോലെ മാനസീകരോഗികളുടെ ആസ്പത്രിയിലേക്കു പ്രവേശനം കൊടുക്കുന്നതിനെസംബന്ധിച്ചിടത്തോളം, ഭ്രാന്തന്മാരുടെ റഫ്രഷ്മെന്റ് ഭേദപ്പെടുത്തുന്നതിനു മുമ്പായി ഗവണ്മെന്റു ആ സംഗതിയെപ്പറ്റി അന്വേഷണം നടത്തേണ്ടതായിരിക്കും, റഫ്രഷ്മെന്റ് ഭേദഗതി ആവശ്യമാണെന്നതു എന്റെ അഭിപ്രായം.

ഭ്രാന്തന്മാർക്കുള്ള ആസ്പത്രിയുടെ ഇരിപ്പിനെ സംബന്ധിച്ചിടത്തോളം അധികം സൌകര്യമായ ഒരു സ്ഥലം കാണിച്ചുകൊടുക്കുന്നതിനു കഴിയുമെങ്കിൽ, സംശയമെന്യേ ഗവണ്മെന്റു ആ സംഗതിയെപ്പറ്റി പുനർവിചാരം ചെയ്യുന്നതായിരിക്കും.

വൈദ്യശാസ്ത്രത്തിൽ പ്രത്യേക പരിശീലനത്തെ സംബന്ധിച്ചിടത്തോളം, ശാസ്ത്രവൈദ്യന്റെ (സർജന്റായും ചികിത്സക വൈദ്യന്റെ (ഫിസിഷന്റേ)യും ജോലി വേർതിരിക്കേണ്ടതാണെന്നുള്ള ഡാക്ടർ മാധവൻപിള്ളയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഈ ഏർപ്പാടുകൊണ്ടു ഡാക്ടർമാക്കും രോഗികൾക്കും ഗുണം സിദ്ധിക്കുന്നതാകുന്നു. ഇതനുസരിച്ചു പണികഴിപ്പിച്ചുവരുന്ന ജനറൽ ആസ്പത്രി പൂർത്തിയാകുമ്പോൾ—ഇതിനു സമയംപിടിക്കും —ജോലി വേർതിരിക്കാൻ സാധിക്കുന്നതാണ്. ഇപ്പോൾ പ്രയോഗത്തിൽ വരുത്തുന്നതിനു സാധിക്കയില്ലെന്നു എനിക്കു ശങ്കയുണ്ടു്.

സാധുക്കൾക്കു മരുന്നുകിട്ടുന്നില്ലെന്നു മി. കുഞ്ഞിതൊമ്മൻ ഉത്ഭവിപ്പിച്ചിട്ടുള്ള സംഗതിയെ സംബന്ധിച്ചിടത്തോളം, ഈ പരാതി കുറയ്ക്കുന്നതിനു എന്നാൽ കഴിയുന്നതെല്ലാം ഞാൻ ചെയ്യുന്നതിനു ശ്രമിച്ചുവരികയാണ് എന്നു എനിക്കു പറയാൻ കഴിയും. സർ, കുറെ കൊല്ലങ്ങളായി, ആസ്പത്രികളിൽ മതിയാകുന്നിടത്തോളം മരുന്നുകളില്ലാ എന്നുള്ള പരാതികൾ വർഷിച്ചുകൊണ്ടതന്നെ ഇരിക്കയാണെന്നു ഞാൻ സമ്മതിക്കേണ്ടിയിരിക്കുന്നു. എങ്കിലും സംഗതികളുടെ സ്ഥിതി സൂക്ഷിച്ചിട്ടുള്ളതുപോലെ അതുപ്പറ്റി വർഷങ്ങളാകണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ ഡിപ്പാർട്ടുമെന്റു ചാർജ്ജ് കയ്യേറുമ്പോൾ മരുന്നുകളുടെ സംഭരണവിഷയത്തിലേക്കു എന്റെ വളരെ സൂക്ഷ്മമായ ശ്രദ്ധ പതിഞ്ഞിട്ടുണ്ടു്. പല സ്ഥാപനങ്ങളിൽനിന്നും വരുന്ന മരുന്നുകൾ വാങ്ങുന്നതിനായുള്ള ആജ്ഞാപത്രങ്ങളെല്ലാം (ഇൻഡന്റുകൾ)റദ്ദിനേയും ഞാൻ സൂക്ഷ്മനിരീക്ഷണം ചെയ്തിട്ടുണ്ടു്. അതതു സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കൊത്തവണ്ണമുള്ള മരുന്നുകൾ കഴിവുള്ളിടത്തോളം അവിടവിടെ കിട്ടുന്നതിനു ഞാൻ നിഷ്കർഷ ചെയ്തിട്ടുമുണ്ടു്. എങ്കിലും ചുരുക്കം ചില സ്ഥാപനങ്ങളിൽ, ഇൻഡന്റുപ്രകാരമുള്ള മരുന്നു വരുത്തുന്നതിലേക്കു ആജ്ഞാപിച്ചുവെങ്കിലും, മൂന്നു മാസങ്ങൾ കഴിഞ്ഞപ്പോൾ മരുന്നുകൾ തീർന്നുപോയി എന്നുള്ള പരാതികൾ വരാൻ തുടങ്ങി. എന്റെ അന്വേഷണത്തിന്റെ ഫലമായിട്ടു ഞാൻ കണ്ടതു, ആ സ്ഥാപനങ്ങളിൽ തൽക്കാലത്തേക്കുമാത്രം നിയമിതരായിരുന്നവരും ഇൻഡന്റുകൾ തയ്യാറാക്കുന്നതിനു വേണ്ടുന്ന കണക്കുകൾ നല്ലവണ്ണം മനസ്സിലാക്കാഞ്ഞവരും ആയ അസിസ്റ്റൻറുമാർ ഇൻഡന്റുകളെ സൂക്ഷ്മക്കുടാതെ തയ്യാറാക്കിയിരുന്നു എന്നാകുന്നു. ഇൻഡന്റു അയച്ചിട്ടുള്ള പരിമാണങ്ങളിൽമാത്രമേ സ്റ്റോർകീപ്പർക്കു (സംഭരണ സൂക്ഷിപ്പുകാരൻ) അയച്ചുകൊടുക്കുന്നതിനു സാധിക്കയുള്ളൂ. അങ്ങിനെയായാൽ ചെയ്തിട്ടുണ്ടു്. ഒരു ആസ്പത്രി പരിശോധിക്കുമ്പോഴൊക്കെയും മരുന്നു സംഭരണം മതിയായതാണൊ എന്നു ഞാൻ ചുമതലപ്പെട്ട സബ്ഡിക്കലാഫിസറോടു ചോദിച്ചിട്ടുള്ളതുകൂടാതെ, സ്ഥലനിവാസികളിൽനിന്നും ഏതാനും അഭിപ്രായങ്ങളുംകൂടി എനിക്കു വാങ്ങുന്നതിനിടയായിട്ടുണ്ടു്. കഴിഞ്ഞ ആറുമാസങ്ങളിൽ ഈവഴിക്കു പരാതിക്കു അധികം കാരണമുണ്ടായിരുന്നില്ലെന്നാണ് എനിക്കു കിട്ടീട്ടുള്ള അറിവു്. ചില പ്രത്യേക മരുന്നുകൾ തീർന്നുപോയിട്ടുള്ള സ്ഥാപനങ്ങളെ എന്റെ അറിവിൽകൊണ്ടുവരികയും കൂടുതൽ മരുന്നുകൾ അയച്ചുകൊടുക്കയുംചെയ്തിട്ടുണ്ടു്. സംഭരണശാലയിൽ ഉണ്ടായിരുന്ന ചില ഔഷധങ്ങൾ കുറവായിരുന്നതുകൊണ്ടും, പിന്നെ കൊല്ലത്തേക്കുള്ള സംഭരണം എത്തുന്നതുവരെ ആ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനു സാധിക്കയില്ലെന്നു എനിക്കു തോന്നിയതുകൊണ്ടും, ഗവണ്മെന്റനുമതിയോടുകൂടെ ഇൻഡ്യയിൽനിന്നുതന്നെ ഉദ്ദേശം ക ൪ ൦ രൂപായോളം വിലയുള്ള മരുന്നുകൾ ഞാൻ വാങ്ങിച്ചിട്ടുണ്ടു്. എല്ലാ സ്ഥാപനങ്ങൾക്കും യോഗ്യമായ അളവിൽ മരുന്നുകൾ അയക്കുന്നതിനു കഴിവുണ്ടായിരുന്നതെല്ലാം ഞാൻ ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും ഈ പരാതികൾ ഇപ്പോഴും മുഴങ്ങിക്കേൾക്കുന്നതുതന്നെയിരിക്കുന്നു. പുതുതായി സ്ഥാപനങ്ങൾ ഉത്ഭവിച്ചുകൊണ്ടിരിക്കയും മുമ്പേയുള്ളവയിൽ വരുന്ന രോഗികളുടെ എണ്ണം ക്രമവർദ്ധകമായിരിക്കയുംചെയ്യുന്നുണ്ടു്. ഇതിന്റെ അപരിഹാര്യഫലമായിട്ടുള്ള ചെലവു കൂടിക്കൊണ്ടുതന്നെ ഇരിയ്ക്കും; മരുന്നുകൾ വാങ്ങുന്നതിലേയ്ക്കു ഒരു അധികരിച്ച സംഖ്യ അനുവദിക്കുന്നവിഷയത്തിൽ ഗവൈമനസ്യമില്ലെങ്കിൽ, ഗവണ്മെന്റു അതിനു തടസ്ഥമായി നില്ക്കുന്നതല്ല. എന്റെ സ്വന്തഅഭിപ്രായമെന്തെന്നാൽ, മരുന്നുകൾക്കു വിലകൊടുക്കാൻ പ്രാപ്തിയുള്ള ആളുകൾ അപ്രകാരം ചെയ്യുന്നതിനു നിർബന്ധിക്കപ്പെടുന്നെങ്കിൽ അല്ലാതെ ഈ വിഷമവിഷയത്തിനു തൃപ്തികരമായ പരിഹാരം വരുത്തുന്നതിനു ഒരിക്കലും സാധിക്കയില്ല എന്നാകുന്നു.

പ്രസിഡൻറ്: സമയം തീർന്നിരിക്കുന്നു.

മിസ്സസ്സ് എം. പുന്നൻ മൂക്കോസ് (സർജൻ ഇൻചാർജ്): ഒരു സർജൻ ജനറലിനെ നിയമിക്കുന്ന കാര്യത്തിൽ ആവശ്യമെന്നു തോന്നുന്നതെല്ലാം ഗവണ്മെന്റു ചെയ്യുന്നതായിരിക്കും.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ചെയ്യുന്ന വല്ല പ്രയോജനകരങ്ങളായ നിർദ്ദേശങ്ങളും ഡർബ്വാർഫിസിഷ്യനു സ്വീകാര്യമായിരിക്കുമോ എന്നു ഒരു ചോദ്യം ചോദിക്കാൻ എനിക്കു അനുവദിക്കുമോ?

മിസ്സസ്സ് എം. പുന്നൻ മൂക്കോസ് (സർജൻ ഇൻചാർജ്): സർ, നിശ്ചയമായിട്ടും അങ്ങിനെ ആവാം. നിർദ്ദേശങ്ങൾ ബുദ്ധിപൂർവ്വങ്ങളായിരിക്കുന്നെങ്കിൽ അവയെപ്പറ്റി പുനർവിചാരം ചെയ്യുന്നതിനു എനിക്കുശ്ലേഷം മടിയില്ല (ചിരി). എല്ലാ യുക്തിപൂർവ്വങ്ങളായ നിർദ്ദേശങ്ങളും എനിക്കു സന്തോഷംതരുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മെഡിക്കൽ സംഘതികളെപ്പറ്റിയുള്ള എന്റെ അഭിപ്രായം സ്വീകരിക്കപ്പെട്ടതാണോ എന്നറിയുന്നതിനാണ് ഞാൻ ആവശ്യപ്പെട്ടത്. എന്നെ സംബന്ധിച്ചു എന്റെ സ്നേഹിതൻ മിസ്റ്റർ കെ. ഐ. ജോസഫ് മിസ്റ്റർ കെ. കെ. തോമസിനോട് ഒരു ചോദ്യം ചോദിച്ചു. ഈ സഭാ മെമ്പർമാരിൽ ഓരോരുത്തരുടെയും അഭിപ്രായത്തെ, അയാൾ ഒരു ഭിക്ഷാചരൻ ആയിരുന്നാലും അല്ലെങ്കിലും നിർദ്ദേശങ്ങൾ ബുദ്ധിപൂർണ്ണമായിരിക്കുമെങ്കിൽ, ഡർബാർഹിസിഷ്യൻ വിചാരിക്കേണ്ടതാണെന്നാകുന്നു എനിക്കു തോന്നുന്നത്. മിസ്റ്റർ ജോസഫിന്റെ സംശയനിവൃത്തിക്കായിട്ടാണ് ഞാൻ ഈ ചോദ്യം ചോദിച്ചിട്ടുള്ളത്. മറ്റൊന്നായി ഒന്നും എനിക്കു പറവാനില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും തെക്കുമങ്ങാട്ടും): പൂർണ്ണവും വളരെ ശ്രമംചെയ്തിട്ടുള്ളതുമായ വിവരണത്തോടുകൂടിയിട്ടും വിവിധങ്ങളായ പ്രശ്നവിഷയങ്ങളെക്കുറിച്ചു അനേകരിച്ചിട്ടുള്ള അനേകമണിക്കൂർ നീണ്ടതായ നിലയ്ക്കായിട്ടും വിദഗ്ധിയായ ഡർബാർഹിസിഷ്യനോട് എനിക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിച്ചുകൊള്ളുന്നു. ഉപക്ഷേപത്തെ ഞാൻ പിൻവലിക്കുന്നു.

പ്രസിഡൻറ്: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നു എന്നു ഞാൻ മനസ്സിലാക്കട്ടെയോ? സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഒന്നാമതായി മുതൽ അഞ്ചാമതായുള്ള ഉപക്ഷേപങ്ങൾ,

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള:

ഒരുവൻ. ആസ്പത്രികൾക്കും ഡിസ്പെൻസറികൾക്കും നിക്കിവച്ചിട്ടുള്ള ൪,൯൭,൪൦൯ രൂപായിൽനിന്നു ക്രമേണ രൂപ കുറയ്ക്കുന്നതാണ്.

മി. എം. എൻ. പിള്ള:

രണ്ടൻ. ആസ്പത്രികൾക്കും ഡിസ്പെൻസറികൾക്കും നീക്കിവച്ചിട്ടുള്ള ൪,൯൭,൪൦൯ രൂപായിൽനിന്നു ക്രമേണ രൂപ കുറവുചെയ്യണം.

മി. സി. കുമാരപിള്ള:

രണ്ടര. ആസ്പത്രികൾക്കും ഡിസ്പെൻസറികൾക്കും നീക്കിവച്ചിട്ടുള്ള ൪,൯൭,൪൦൯ രൂപായിൽനിന്നു ക്രമേണ രൂപ കുറയ്ക്കണം.

മി. കെ. ഐ. ജോസഫ്:

രണ്ടര. ആസ്പത്രികൾക്കും ഡിസ്പെൻസറികൾക്കുമായി നിക്കിവച്ചിട്ടുള്ള ൪,൯൭,൪൦൯ രൂപായിൽനിന്നു ക്രമേണ രൂപ കുറവുചെയ്യണം.

രണ്ടാം ഉപക്ഷേപം.

മി. സി. കുമാരപിള്ള (കല്ലൂമലയും വിളവങ്കോടും): സർ, താഴെപ്പറയുന്ന ഉപക്ഷേപത്തെ ഉപന്യസിക്കുന്നതിനു ഞാൻ ആവശ്യപ്പെടുന്നു:

രണ്ടര. 'പ്രത്യേകാന്വേഷകഉദ്യോഗസ്ഥൻ' എന്ന ഇനത്തിൽ നിക്കിവച്ചിട്ടുള്ള രണ്ടര രൂപായും തള്ളുണം.

ഈ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ആഫീസർ വളരെ അത്യാവശ്യമാണ് എന്നതുനിക്കറിയാം. അതറിഞ്ഞിട്ടും, ആ ഇനം കുറയ്ക്കാൻ ഒരു ഉപക്ഷേപം കൊണ്ടുവന്നതിനെപ്പറ്റി പലർക്കും ആശ്ചര്യം തോന്നുന്നുണ്ടായിരിക്കാം. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ആഫീസരെ നിയമിച്ചു് അദ്ദേഹം വേണ്ടപോലെ വേലചെയ്യുന്നതുവരെ ഞങ്ങൾക്കു സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽനിന്നും വേണ്ടതു് പ്രവൃത്തിക്കാത്തതുകൊണ്ടാണ് അങ്ങനെ ഒരു ആഫീസർ വേണ്ടെന്നു പറയാൻ കാരണമായതു്. അദ്ദേഹം ചെയ്തിട്ടുള്ള ജോലികളെ സംബന്ധിച്ചു ൻവ-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പല സംഗതികളും പറഞ്ഞിരിക്കുന്നു. അങ്ങനെ അദ്ദേഹം അയയ്ക്കുന്നതായ റിപ്പോർട്ടുകളെ സംബന്ധിച്ചു് ഗവണ്മെൻറു വേണ്ടപോലെ അന്വേഷിച്ചു ജനങ്ങൾക്കു രക്ഷയുണ്ടാക്കി കൊടുക്കണമെന്നുള്ള സംഗതി ശക്തിയായിട്ടുകൂടി പറയാനാണ് ഇങ്ങനെ ഒരു ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്.

മിസ്സസ് എം. പുന്നൻ ലൂക്കോസ് (സങ്കൻ ഇൻചാർജ്): സർ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ആഫീസർ ഹെൽത്ത് ഓഫീസർ-ന്റെ അവസാനംമുതൽക്കു ജോലി ആരംഭിച്ചു. ഇതുമായി അദ്ദേഹം തിരുവനന്തപുരത്തു നടപ്പുള്ള ചില രോഗങ്ങളെപ്പറ്റി അന്വേഷണം കഴിച്ചതിൽപിന്നെ തിരുവിതാംകോട്ടെ പല സ്ഥലങ്ങളിലും ഈ അന്വേഷണപ്രവൃത്തി ചെയ്തുകൊണ്ടിരിക്കയാണ്. ഇപ്പോൾ അദ്ദേഹം ആലപ്പുഴയിൽ മലമ്പനി, മന്ത് മുതലായ രോഗങ്ങളെപ്പറ്റി അന്വേഷണംചെയ്യുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ആഫീസരെ ഈയാണ്ടവസാനംവരെമാത്രം വച്ചുകൊണ്ടിരിക്കുന്നതിനുവേണ്ടി ഒരു ശക്തമായ അഭിപ്രായം ഇവിടെ പ്രകടിപ്പിച്ചു. അദ്ദേഹം ഇപ്പോഴത്തെ ചെയ്തുകൊണ്ടിരുന്ന ജോലി പൊതുജനങ്ങൾക്കു ഉപകാരപ്രദമായി തീരണമെങ്കിൽ, തന്റെ ജോലി മൂന്നു മാസക്കാലത്തേക്കുകൂടി തുടരേണ്ടതു് ആവശ്യമാണ് എന്നാണ് എന്റെ ബലമായ അഭിപ്രായം. താൻ അന്വേഷണംകഴിച്ചിട്ടുള്ള രോഗങ്ങളെ കഴിവുള്ളടത്തോളം തടയുന്നതിനുവേണ്ടി പ്രത്യേകശുപാർശകളായും പ്രായോഗികമായുംഉള്ള ഉപായങ്ങളും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻആഫീസർ തിരിച്ചേൽപിക്കേണ്ടതാണെന്നു ഗവണ്മെൻറു മുമ്പുതന്നെ അദ്ദേഹത്തോടു ആവശ്യപ്പെട്ടിട്ടുള്ളതാണ്.

സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ആഫീസരുടെ ജോലി വളരെ പ്രയാസമുള്ളതാണെന്നു എനിക്കു പറയേണ്ടതുണ്ട്. ഉദ്യോഗിയാസികം അദ്ദേഹത്തെ "കൊതുകുപിടിക്കുന്ന ഡാക്ടർ" എന്നു വിളിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അദ്ദേഹം ഒരു സ്ഥലത്തു ജോലി ആരംഭിക്കുമ്പോൾ, ആദ്യമായിട്ടു ചെയ്യുന്നതു സ്ഥലത്തിന്റെ കിടപ്പു്, ജലവായു, ഉപയോഗിപ്പുള്ള വെള്ളത്തിന്റെ ഉല്പത്തിസ്ഥാനം, ജനസാന്ദ്രതകൾ തുടങ്ങിയ ഇതുകളെപ്പറ്റി അന്വേഷിച്ചറിയുകയും, അതിൽപിന്നെ നിവസിക്കുന്നജനങ്ങളുടെ അവസ്ഥാന്തരങ്ങൾ, അവരുടെശീലങ്ങൾ, തൊഴിലുകൾ മുതലായവയെപ്പറ്റി അറിയുന്നതിനും അദ്ദേഹത്തിനു ആവശ്യമുണ്ട്. പിന്നീടു ആ പ്രത്യേകരോഗം ബാധിച്ചുവരുന്നതിനുള്ള

യങ്ങനേകംപേരെ പരിശോധിക്കയും ഉത്സഗ്രൂപേണ നിരൂപണംചെയ്കയും, അതിനൊക്കെമായി, ചെയ്തിട്ട മുവിധങ്ങളായ അനേക്ഷണങ്ങളിൽനിന്ന് അനുമാനങ്ങളെ ഉണ്ടാക്കുകയും, അളേഹത്തിനു ചെയ്യാനുണ്ട്. ഈ ജോലിചെയ്യുന്നതിൽ വലുതായ ക്ഷമാശീലവും അതിശയിക്കത്തക്ക ഉത്സാഹവും ആവശ്യമാകുന്നു. ചില പ്രദേശങ്ങളിൽ കണ്ടുവരുന്ന മലമ്പനിയുടെ വലുതാഗ്ര ആഗന്തുകത്വം എന്ന സംഗതി സ്പെഷ്യൽ ഇൻകവസ്റ്റിഗേഷൻ ആഫീസർ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അളേഹത്തിന്റെ കണ്ടുപിടിത്തവും ശിപാർശകളും ഗവണ്മെന്റിനു ശ്രദ്ധയുള്ള വിഷയങ്ങളായി തീർന്നിട്ടുണ്ട്; അളേഹത്തിന്റെ റിപ്പോർട്ടുകിട്ടിയതിൽപിന്നീട്, ഗവണ്മെന്റു 'കയിനാ' എന്ന ഔഷധത്തിന്റെവില്പന അങ്ങൽ, വടം, എഡ്യൂക്കേഷൻ എന്നി ഡിപ്പാർട്ടമെന്റുകളെ ഏർപ്പിച്ചിട്ടുമുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മുമ്പു ഉണ്ടായിരുന്നില്ലെ ആ ഏർപ്പാട്?

മിസ്സസ്സ് എം. പുന്നൻ പൂക്കോസ് (സർജൻ ഇൻചാർജ്): മുമ്പു ഉണ്ടായിരുന്നതിലധികമായിട്ട് ഇപ്പോൾ ഉണ്ട്.

കൂടാതെ; മേയ്ക്കോട്ട മുതലായ സ്ഥലങ്ങൾ കുലശേഖരത്തുനിന്നും ദൂരസ്ഥങ്ങളല്ലാത്തതിനാൽ, അവിടത്തെ മെഡിക്കലാഫിസർക്ക് ആ സ്ഥലങ്ങളെ സന്ദർശിച്ചു വേണ്ട സഹായങ്ങൾ ചെയ്യാനും കഴിയും. പ്രസ്തുത സ്ഥലങ്ങളെ സന്ദർശിക്കുന്നവകയ്ക്കായിട്ട് ആണ്ടിലൊരംശംമുതൽക്ക് കുലശേഖരം മെഡിക്കലാഫിസർക്ക് പ്രതിമാസം റൂ 8 രൂപാ അലവൻസ്കൊടുത്തുവരുന്നുണ്ട്. കയിനാ എന്ന ഔഷധം ജനങ്ങൾക്ക കിട്ടുന്നതിനു സൌകര്യപ്പെടുത്തീട്ടുണ്ട് എങ്കിൽ ആ ഔഷധം സേവിക്കുന്നതു അത്ര രുചികരമല്ലാത്തതിനാൽ, ആവിധത്തുള്ള ചികിത്സയിൽ ജനങ്ങൾ പ്രതിഷേധംകാണിക്കുന്നുണ്ട്. എന്നാൽ 'കയിനാ' മാത്രം ഈ സ്ഥലങ്ങളിൽനിന്നു മലമ്പനിയെ ഉന്മൂലനംചെയ്കയുന്നതല്ലാ. അധികം ചിലവു നേരിടുന്നതായ അധികം പ്രയാസമുള്ള സംഗതിയും ഇതിൽ അന്തർവേചിച്ചിട്ടുണ്ട്. ആരോഗ്യരക്ഷാവിഷയങ്ങളിൽ ജനങ്ങൾക്ക അഭ്യാസം ചെല്ലേണ്ടിയിരിക്കുന്നു, എങ്ങിനെ ആയാലും, ഈ പ്രദേശങ്ങളുടെസ്ഥിതികളെ നന്നാക്കുന്നതിനു തങ്ങളാൽ കഴിവുള്ളതെല്ലാം ഗവണ്മെന്റു ചെയ്തുകൊടുക്കുന്നതിനു ശ്രമിക്കുമെന്നു ഇനിക്ക നിശ്ചയമുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മലമ്പനി ധാരാളമുള്ള സ്ഥലങ്ങളിൽ ആശുപത്രിയിൽനിന്നും ആഴ്ചയിൽ രണ്ടു ദിവസത്തിൽ കുറയാതെ ഡാക്ടർമാരെ അയച്ചു ചികിത്സിപ്പിക്കുന്നതു ജനങ്ങൾക്കു വളരെ സൌകര്യമായിരിക്കും. മേയ്ക്കോട്ട് എന്ന സ്ഥലത്തു കുലശേഖരത്തുനിന്നും ഡാക്ടർമാരെ ഒരു ക്ലിപ്തമായ സമയത്തുവന്നു ചികിത്സിക്കാൻ ഏർപ്പാടുചെയ്യണം. അങ്ങനെയുള്ള നാലുമൈൽ വടക്കു കളിയൽ എന്ന സ്ഥലത്തും ഡാക്ടർ ആഴ്ചയിൽ രണ്ടുദിവസംപോയി ചികിത്സിക്കാൻ വേണ്ട ഏർപ്പാടുചെയ്യുന്നതു നന്നായിരിക്കും സ്പെഷ്യൽ ആഫീസരെ മൂന്നുമാസത്തെ മൂന്നു വർഷത്തെ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ഒരാക്ഷേപവുമില്ല. എന്നാൽ ജനങ്ങളുടെ ആരോഗ്യരക്ഷയ്ക്കുവേണ്ടതെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ഗവണ്മെന്റു ചെയ്യണമെന്നേയുള്ള (കെ. സി. മാമ്മൻമാപ്പിള: ഹീയർ, ഹീയർ)

ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

പ്രൊസിഡന്റ: ഉപക്ഷേപം പിൻവലിക്കുന്നതു സഭയ്ക്കു സമ്മതമാണെന്നു ഞാൻ മനസ്സിലാക്കണമോ?

സമ്മതമുള്ളകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

പതിനൊന്നാം ഉപക്ഷേപം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, താഴെപറയുന്ന ഉപക്ഷേപത്തെ ഞാൻ അവതരിപ്പിക്കുന്നു.

പതിനൊന്നു. യൂറോപ്യൻ വൈദ്യശാസ്ത്രം പഠിക്കുന്നതിനായി നീക്കിട്ടുള്ള ക,ഡ.ങ ഒരു രൂപായും തള്ളണം.

സർ, ഈ ഉപക്ഷേപത്തെ ഉൽക്ഷേപിക്കുന്നതിൽ, ഈ യുക, വരും കൊല്ലത്തിൽ തുടങ്ങി ഏർപ്പെടുത്തുന്നതായിരിക്കുന്ന സ്കോളർഷിപ്പു (വേതനങ്ങൾ) സംബന്ധിച്ചും, ഇംഗ്ലണ്ടിലേയ്ക്കു പോകുന്ന അയച്ചിട്ടുള്ള വിദ്യാർത്ഥികളുടെ പഠനം തുടരുന്നതിനായിട്ടും, ആവശ്യപ്പെട്ടുന്നതെന്നു നിശ്ചയമുള്ള അഭിസ്ഥാനത്തിന്മേലല്ല ഞാൻ നിൽക്കുന്നതു. ഉത്തരപക്ഷമാണെങ്കിൽ, അതായതു ഗവണ്മെന്റു ഈ വിദ്യാർത്ഥികളെ ഇംഗ്ലണ്ടിലോ, മറ്റുവല്ല സ്ഥലത്തോ അവരുടെ പഠിത്തം തുടർന്നുകൊള്ളുന്നതിനായിട്ടു ഇതിനുമുമ്പുതന്നെ ചുമതലപ്പെട്ടിട്ടുണ്ടെങ്കിൽ, ഉപക്ഷേപത്തെ പിൻവലിക്കുന്നതു എനിക്കു മനസ്സാകുന്നു. എന്നാൽ ഇതു വരുംകൊല്ലത്തിൽ അയപ്പാനിരിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി ഗവണ്മെന്റു തീരുമാനിച്ചിട്ടുള്ള ചിലപക്ഷങ്ങളാകുന്നവെങ്കിൽ, വിഷയത്തിന്റെ ഒരു വശം എനിക്കു ചൂണ്ടിക്കാണിക്കാനുണ്ട്. അതായതു, സ്വന്ത ചിലവിന്മേൽ ഇംഗ്ലണ്ടിൽപോയി പാശ്ചാത്യവൈദ്യശാസ്ത്രരീതികളെ പഠിക്കുന്നതിനു തയ്യാറുള്ളതായി കാണുന്ന അനേകം വിദ്യാർത്ഥികളുണ്ട് എന്നാകുന്നു.

അങ്ങനെയുള്ള ഒരു സംഗതിയിൽ അപ്രകാരമുള്ള ആളുകളെ പാശ്ചാത്യ വൈദ്യശാസ്ത്രപഠനത്തിനായി പ്രേരിപ്പിക്കുന്നതായ പ്രോത്സാഹനംപോലെ ഒന്നും ഗവണ്മെന്റു ചെലവിന്മേൽ ചെയ്യേണ്ട ആവശ്യമായില്ല, ഈ അഭിപ്രായത്തോടുകൂടിയാണു ഞാൻ ഈ ഉപക്ഷേപം ഉപന്യസിക്കുന്നതു. എങ്കിലെങ്കിലും ഈ സംഗതിയെപ്പറ്റി ഡർബാർഫിസിച്ച്യനു കൊടുക്കാനുള്ള വിവരണത്തിനായി ഞാൻ കാത്തിരിക്കാം.

മിസ്സസ്സ് എം. പുന്നൻ പൂക്കോസ് (സർജൻ ഇൻചാർജ്): സർ, ഈ ചെലവു വിസ്തരമായി സഭമുമ്പാകെ ഞാൻ പ്രസ്താവിച്ചിരുന്നെങ്കിൽ, മി. പി. കെ. നാരായണപിള്ളയ്ക്കു ഈ ഉപക്ഷേപം ഉപന്യസിക്കുന്നതിനിടവരികയില്ലായിരുന്നു. 'യൂറോപ്യൻ വൈദ്യരീതി' എന്നുള്ള ശബ്ദം തെറ്ററിയാരണ്ടുള്ള ഇടവരുത്തുന്നതാകുന്നു. ഈ ജില്ല രണ്ടു സ്ത്രീവിദ്യാർത്ഥിനികളെ വെല്ലൂരിലും, ഒരാളെ മദ്രാസിലും താമസിപ്പിച്ചു പഠിപ്പിക്കേണ്ടതിനായിട്ടുള്ളതാകുന്നു. ഉൾപ്രദേശങ്ങളിലെ ആസ്പത്രികളിൽ സ്ത്രീഡാക്ടർമാർക്കുള്ള ആവശ്യത്തെപ്പറ്റി എല്ലവർക്കും വേദ്യമാണെന്നു ഞാൻ വിചാരിക്കുന്നു. ഉൾപ്രാട്ട ആസ്പത്രികളിൽ മതിയായ യോഗ്യതയുള്ള സ്ത്രീഡാക്ടർമാരെ കിട്ടുന്നതിനു വളരെ പ്രയാസമായിരിക്കുന്നു. തിരുവിതാംകോട്ടുകാരായ അനേകം സ്ത്രീകൾക്കു വെല്ലൂർ മെഡിക്കൽസ്കൂൾകാർ വേതനങ്ങൾ കൊടുത്തിട്ടുള്ളതിനാൽ, ആ സ്ത്രീകൾ സ്കൂൾരേഖയാഹികളുടെ ആജ്ഞാനുസരണം ഏതാനും വർഷങ്ങളോളം സേവചെയ്യുന്നതിനു കടംപെട്ടിരിക്കയും തന്നിമിത്തം അവരെ തിരുവിതാംകോട്ടിൽ സേവനത്തിനായി ലഭിക്കാതിരിക്കയും ആകുന്നു. തിരുവിതാംകോട്ട ഗവണ്മെന്റിൽനിന്നും വേതനങ്ങൾ

നൽകിട്ടുള്ള രണ്ടു മെഡിക്കൽ വിദ്യാർത്ഥിനികൾ വെല്ലൂർ സ്കൂളിൽനിന്നും വിജയിനികളായി തീരുകയും അവരിൽ ഒരാളെ ഇതിനുമുമ്പുതന്നെ സർവീസിൽ നിയമിക്കുകയും ഉണ്ടായിട്ടുണ്ട്. ബഡ്ജറ്റിൽ കരുതൽചെയ്തിട്ടുള്ള രണ്ടു സ്ത്രീകളിൽ രണ്ടുപേർ വരുംകൊല്ലത്തിൽ പഠിത്തം പൂർത്തിയാക്കിവരുന്നതാണെന്നു കൂടി അറിയുന്നു.

ശ്രീ. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ ഉദ്ദേശ്യത്തിലേക്കു നീക്കിയിട്ടുള്ള തുക എത്രയാണെന്നു എന്നോടു പറയാമോ?

മിസ്സസ്സ് എം. പുന്നൻ ലൂക്കോസ് (സർജൻ ഇൻചാർജ്): ഈ ആവശ്യത്തിലേക്കു നീക്കിട്ടുള്ള ചെലവു താഴെ കുറിച്ചിരിക്കുന്നു. —

(എ) മദ്രാസ് മെഡിക്കൽ കോളേജിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിനിയുടെപേക്ക പ്രതിമാസം ഇരുപത്തഞ്ചുവീതം പത്തുണ്ടു മാസത്തേക്കു ആകെ രൂപാ ൨൫൦ ൦൦.

(ബി) വെല്ലൂർ മെഡിക്കൽ സ്കൂളിൽ പഠിച്ചുവരുന്ന ഒരു വിദ്യാർത്ഥിനിയുടെപേക്ക പ്രതിമാസം ൨൦ രൂപാവീതം ഒമ്പതര മാസത്തേക്കു ആകെ രൂപാ ൧൯൫ ൦൦.

(സി) വെല്ലൂർ മെഡിക്കൽസ്കൂളിൽ പഠിക്കുന്ന വേറൊരു വിദ്യാർത്ഥിനിയുടെപേക്ക പ്രതിമാസം ൨൦ രൂപാവീതം പത്തു മാസത്തേക്കു ആകെ രൂപാ ൨൦൦.

ഈ ചെലവു ആവശ്യമായ ഒന്നാണെന്നു മെംബർമാർക്ക് ഇപ്പോൾ ബോദ്ധ്യപ്പെട്ടുമെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഉപേക്ഷാപം പിൻവലിക്കുന്നു.

സമ്മതപ്രകാരം ഉപേക്ഷാപം പിൻവലിക്കപ്പെട്ടു.

൨൯-ാം ഉപേക്ഷാപം.

താഴെപറയുന്ന ഉപേക്ഷാപം അവതരിപ്പിക്കപ്പെട്ടില്ല:—

ശ്രീ. എം. എൻ. പിള്ള:—

൨൯൫. യൂറോപ്യൻ വൈദ്യശാസ്ത്രസമ്പ്രദായം പഠിക്കുന്നതിനായി നീക്കിട്ടുള്ള ൫,൨൫൭ രൂപാ മുഴുവനും തള്ളുന്നു.

൩൯-ാം ഉപേക്ഷാപം.

ശ്രീ. കെ. എ. ജോസഫ് (മീനച്ചിലും ഭേവികുളവും): സർ, ഞാൻ താഴെ പറയുന്ന ഉപേക്ഷാപം ഇതാ ഉപന്യസിക്കുന്നു. —

൨൯൬. വൈദ്യസംബന്ധമായ ഉദ്ദേശ്യത്തിലേക്കു ൧-ാം, ൪-ാം നമ്പർ ഗ്രാന്റു ഇനങ്ങളിൽ നീക്കിട്ടുള്ള ൨൦,൫൯൨ രൂപായിൽനിന്നും ൫൦൦ രൂപാ കുറവുചെയ്യണം.

ഞാൻ ഒരുവിവരണം കൊടുക്കേണ്ടിയിരിക്കുന്നു. ഈഉപേക്ഷാപം ൧-ാം, ൪-ാം നമ്പർകളായ രണ്ടിനങ്ങളിലായിട്ടാണു ൪-ാംനമ്പർ ഇനം ശ്രീ. നാരായണപിള്ള മുമ്പുതന്നെ സമർപ്പിച്ചിട്ടുള്ളതാണ്. ആഉപേക്ഷാപം ഇതിനുമുമ്പായി പിൻവലിക്കപ്പെട്ടിരുന്നതിനാൽ, ഈ ഇനത്തെപ്പറ്റി എനിക്കധികം പറവാനില്ല. നിശ്ചയമായിട്ടു വിദ്യാർത്ഥികളെ അവർക്ക വേതനങ്ങളൊന്നും കൊടുക്കപ്പെടുകയില്ലെന്ന പ്രത്യേകവ്യവസ്ഥയിന്മേൽ മദ്രാസിലെ ഗവർണ്മെന്റു അയച്ചിട്ടുള്ളതാണെങ്കിൽ, ഈ വേതനം ഒന്നും കൊടുക്കാതെയാണെന്നുള്ള അവകാശം മാത്രമേ എനിക്കുള്ളു. തങ്ങളുടെ സ്വന്തചിലവിന്മേൽ വിദേശങ്ങളിൽപോയി പഠിക്കുന്നതിനു തയ്യാറുള്ള അനേകം വിദ്യാർത്ഥികളും ഉള്ളതിനാൽ, മേലാൽ ഗവർണ്മെന്റു ഒരുത്തരേയും അയയ്ക്കുന്നതു അഭിലഷണീയമല്ലെന്നു ഞാൻ ചൂണ്ടിക്കാണിക്കുന്നതിനാഗ്രഹിക്കുന്നു.

൪-ാംനമ്പർ ഇനത്തെസംബന്ധിച്ചു, ഈ ഉപേക്ഷാപം ഉപന്യസിക്കുന്നതിൽ എനിക്കുള്ള ഉദ്ദേശ്യം ഗ്രാന്റുകൊടുത്തുവരുന്ന സ്ഥാപനങ്ങളും ഇന്നിന്നവഎന്നും അവയുടേയുന്നതത്തെമാത്രം ഉദ്ദേശിച്ചിട്ടുള്ളവയാ അതതുരാജ്യവാസികളുടെ ഗുണത്തേക്കുമാത്രം ഉദ്ദേശിച്ചിട്ടുള്ളവയോ എന്നും തീർച്ചപ്പെടുത്തുന്നതിലേക്കുമാത്രമാണ്. ഡർബാർ ഫിസിഷ്യന്റിന് ഇന്നു ഈ സംഗതിയെപ്പറ്റി കൃത്യമായ ഒരുവിവരണം കിട്ടുന്നതിലേക്കുമാത്രമെ ഞാൻ ആവശ്യപ്പെടുന്നുള്ളൂ.

മിസ്സസ്സ് എം. പുന്നൻലൂക്കോസ് (സർജൻ ഇൻചാർജ്) : സർ, സ്കോളർഷിപ്പിന്റെ ഉദ്ദേശ്യമെന്താണെന്നു ഞാൻ മുമ്പുതന്നെ വിവരിച്ചുപറഞ്ഞിട്ടുണ്ടു. ശ്രീ. കെ. എ. ജോസഫ് പേരൊരുസാമ്പത്തയെ ഉപേക്ഷപിച്ചിട്ടുണ്ട്. അതു വിദേശങ്ങളിൽ തങ്ങളുടെ സ്വന്തചെലവിന്മേൽ പോയി പഠിച്ചു തിരിച്ചുവരുന്നവിദ്യാർത്ഥികളുടെ സേവനം നമുക്കു ഉപയോഗപ്പെടുത്തിക്കൊള്ളാവുന്ന താണെന്നതും വെല്ലൂരിലും മദ്രാസ് മെഡിക്കൽ കോളേജിലും വിദ്യാർത്ഥിനികൾക്കു വേതനങ്ങളൊന്നും കൊടുത്തുവരുന്നുണ്ടെന്നുള്ള വാസ്തവം ശ്രീ. ജോസഫിന്റെ അറിവിൽ വന്നിട്ടുണ്ടോ എന്നിനിക്കറിഞ്ഞുകൂടാ. അവരിൽ മിക്കപേരും തിരുവിതാംകോട്ടുകാരായവിദ്യാർത്ഥിനികളാണ്. അവർ അന്യസ്ഥലങ്ങളിൽ സേവനംചെയ്യുന്നതിനു പ്രത്യുപകാരം കടംപെട്ടവരാകയാൽ, അവരെ ഇവിടെസേവിക്കുന്നതിനു കിട്ടുന്നതല്ല. എന്തായാലും മിന്നിട്ടുകൊടുക്കുന്നുമാത്രം ഞാൻ പറഞ്ഞപ്രകാരം തിരുവിതാംകൂറിൽ സ്ത്രീഡാക്ടറന്മാരെ കിട്ടുന്നതുവരെയുള്ള പ്രയാസമുള്ള സംഗതിയായിരിക്കുന്നു. അതിനാൽ ഗവർണ്മെന്റിനെ സേവിക്കുന്നതിലേക്കു വിദ്യാർത്ഥിനികൾക്കു എന്തെങ്കിലും പ്രോത്സാഹനം കൊടുക്കേണ്ടതു, അവരെസേവചെയ്യുന്നതിനായി നമുക്കു കിട്ടുന്നതു അത്ര എളുപ്പമല്ലായിരിക്കും.

ഗ്രാന്റുസഹായംവാങ്ങുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചു, ഒരുസ്ഥാപനത്തിനു ഒരുഗ്രാന്റുസഹായം നൽകപ്പെടുമ്പോൾ ക്ലിപ്തമായവ്യവസ്ഥയിന്മേലത്രെ അപ്രകാരം ചെയ്യപ്പെടുന്നതു, ഗ്രാന്റുസഹായം തുടർന്നുകൊണ്ടുപോകണമെന്നുണ്ടായിരുന്നാൽ അനേകനിബന്ധനകളും വ്യവസ്ഥകളും ചട്ടങ്ങളും ഏർപ്പെടുത്തുന്നു. പ്രസ്തുതസ്ഥാപനങ്ങളും യൂറോപ്യൻതോട്ടക്കാരുടെ പേക്കായിട്ടുമാത്രമല്ല, തിരുവിതാംകോട്ടുകാരായ എല്ലാവരുടേയും പേക്കായിട്ടുള്ളവയാണ്.

ഗ്രാൻറ്സഹായം നൽകിവരുന്ന സ്ഥാപനങ്ങൾ

കാരയൻ ബൂത്ത് ആസ്പത്രി	വടകര
മാത്താണ്ഡം മിഷ്യൻ ആസ്പത്രി	
തെയ്യൂർ ടി	
ടബാണാമി ആർണക്കൽ	പീരുമേട് താലൂക്ക
മൂന്നാർ എല്ലുപ്പുരി ചോതപ്പാറ	ദേവികുളം താലൂക്ക
കല്ല് തുരുത്തി	പത്തനാപുരം താലൂക്ക
കപ്പാൻമുടി	നെടുമങ്ങാട്താലൂക്ക
അരുവി	തോവാളതാലൂക്ക
നെടുങ്കോലം	കൊല്ലംതാലൂക്ക
സെൻറ്ജോസഫ് ആസ്പത്രി	മഞ്ഞുമ്മൽ
രക്ഷാസൈന്യശാഖ ആസ്പത്രി	ആലുവാമൊഴി
തേക്കടി	പീരുമേട്താലൂക്ക
കുഷ്ഠരോഗമിഷ്യൻ ആസ്പത്രി	ആലപ്പുഴ

ഈ വർഷത്തിൽ കൂടുതലായി മെഡിക്കൽ രക്ഷാസൈന്യ ആസ്പത്രിക്കും ഗ്രാൻറ്സഹായം നൽകുവാനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മി. കെ. എ. ജോസഫ് (മീനച്ചിലും തോവാളയും) : ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

പ്രസ്തുതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഫണ്ടനുവദിക്കുന്നതിനുള്ള ഉപക്ഷേപം.

മി. എ. കെ. പിള്ള കരുനാഗപ്പള്ളി സർ, താഴെപറയുന്ന ഉപക്ഷേപത്തെ ഞാൻ ഉപന്യസിക്കുന്നു.

ഫണ്ടനുവദിക്കുന്നതിനുള്ള 1-ാമത്തെ ലക്ഷം രൂപായിൽ നിന്നും ഫ രൂപാകുറവു ചെയ്യണം.

സർ, ഈ ഉപക്ഷേപം ഫാജരാക്കുന്നതിനു എഴുന്നേൽക്കുമ്പോൾ, ആദ്യംതന്നെ, ജനങ്ങളുടെ ആരോഗ്യരക്ഷയെ പരിപാലിക്കുന്നതിലേക്കു ഡിപ്പാർട്ടുമെൻറിനോടു മുഖ്യമായ ഉത്തരവാദിത്വമുള്ള ഒരുദ്യോഗസ്ഥനായിരിക്കണമെന്നു മി. രാമൻമേനോൻ കൊണ്ടുവന്നിട്ടുള്ള നിർദ്ദേശത്തെ സംബന്ധമാക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. സർ, രാജകുടുംബാംഗങ്ങളുടെ ആരോഗ്യസ്ഥിതി ശരിയാംവണ്ണം പരിരക്ഷിക്കപ്പെട്ടുവരുന്നു എന്നുള്ള വാസ്തവം ഞങ്ങളിൽ ഉണ്ടാക്കീട്ടുള്ള ക്ഷേമബോധത്തിനു വേണ്ടി ജനങ്ങളായ ഞങ്ങൾ സാക്ഷാൽ വളരെ നന്ദിയുള്ളവരായിരിക്കുന്നു. എന്നാൽ ജനങ്ങളുടെ പ്രതിനിധികൾ ആയ ഞങ്ങൾക്കു ജനങ്ങളുടെ ആരോഗ്യസ്ഥിതിയെ പ്പറ്റി ശ്രദ്ധിക്കുന്നതിനായിട്ടുള്ളതുപോലെ ആരെങ്കിലും ഒരാൾ ഉണ്ടായിരിക്കേണ്ടതാണെന്നു ഈസമയോടും ഗവണ്മെൻറിനോടും നിർദ്ദേശിക്കുന്നതിനുള്ള ഒരവകാശം ഞങ്ങൾക്കുണ്ടു. മെഡിക്കൽകോഡുപ്രകാരം ഡിപ്പാർട്ടുമെൻറിൻറെ ആദ്യവും മുഖ്യവുമായ ധർമ്മം രാജകുടുംബാംഗങ്ങളുടെ ആരോഗ്യരക്ഷയെ പരിപാലിക്കുന്നതാണു് എന്നു ഇന്നലെ ഉച്ചയ്ക്കുശേഷം ഡിപ്പാർട്ടുമെൻറിൻറെ ചുമതലകളുടെ ചാർജ്ജ്വഹിക്കുന്ന സർജൻ ജനറൽ പ്രസ്താവിച്ചതുനിമിത്തം മാത്രമാണു് ഇപ്രകാരമുള്ള ഒരുനിർദ്ദേശം ചെയ്യുന്നതിലേക്കു ഞാൻ പ്രേരിതനായതു്. ഈ സംഗതിയെപ്പറ്റി നിർബന്ധിക്കുന്നതിനു ഇനിക്കാഗ്രഹമില്ല. ഒരുനിർദ്ദേശംചെയ്യുന്നതിനും അതിനുശക്തിപ്പെടുത്തുന്നതിനും മാത്രമെ ഞാൻ ആവശ്യപ്പെട്ടിട്ടുള്ളൂ.

ഗ്രാമീണമെഡിക്കൽ സർവീസു എന്നു പറയപ്പെടുന്ന സമ്പ്രദായത്തെ വിന്യസിക്കുന്നതിലേക്കു പേടുന്ന പ്രവൃത്തികൾ വളരെക്കാലമായ കാലത്തിൽ ഇടയ്ക്കേണ്ടതിനെറ ആവശ്യത്തിലേക്കു ഗവണ്മെൻറിൻറെ ശ്രദ്ധയെ ആകർഷിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. എൻറെ സ്വന്തഅഭിപ്രായം എന്തെന്നാൽ, വാസ്തവത്തിൽ ജീവകാരുണ്യമയം, എന്നപേരിനെ അർഹിക്കുന്നതായ സർവീസുകൾ എഡ്യൂക്കേഷൻ പരസ്പരസഹായം മൈലുംഎന്നീ ഡിപ്പാർട്ടുമെൻറുകളെ പോലെയുള്ളവമാത്രമാണു്. ഈ ഡിപ്പാർട്ടുമെൻറുകളിലെ ജോലി, ഇക്കാലത്തു ചെയ്യുവരുന്നപ്രകാരം, ക്രമത്തിലധികമായി ഏകാധ്രുയപരവും അധികാരപ്രധാനവും ആക്കിത്തീർക്കുന്നതിനെ ഞാൻ വിവക്ഷിക്കുന്നു. ഈ ജീവകാരുണ്യസേവനങ്ങളെ കഴിയുന്നടത്തോളം ജനങ്ങളുടെ അനധികാരപ്രവർത്തനങ്ങൾക്കായി വിട്ടുകൊടുക്കേണ്ടതും ഗവണ്മെൻറു ഗ്രാൻറുസഹായം നാംകൊടുക്കുന്നതിനാൽ മാത്രം അവിടെയെ പ്രോത്സാഹിപ്പിക്കേണ്ടതിനു ആവശ്യമുള്ളതിലധികം ആകുന്നു. മെഡിക്കൽ ഡിപ്പാർട്ടുമെൻറു വകയ്ക്കുള്ളചെലവുഭൂരിഭാഗമായിതീർന്നിട്ടുള്ളതു, അതിനെ ഏകാധ്രുയപരവും അധികാരപ്രധാനവും ആക്കീട്ടുള്ളതുകൊണ്ടാകുന്നു എൻറെ നിർദ്ദേശം അനധികാരചികിത്സകന്മാരെ ആയുർവേദഡിപ്പാർട്ടുമെൻറിലെ പതിവുപ്രകാരം നിയമിതമായ ഗ്രാൻറു സഹായപ്രകാരംകൊണ്ടു ഗ്രാമങ്ങളിൽ താമസമുറപ്പിപ്പാൻ തക്കവണ്ണം പ്രോൽസാഹിപ്പിക്കേണമെന്നാണ് എന്നതു്. ഈ അനധികാരചികിത്സാവൃത്തികൾ അവരുടെ തൊഴിലിനുവേണ്ട ശരിയായ യോഗ്യതയുള്ളവരാണന്നു ഗവണ്മെൻറിനു നിശ്ചയംവരുന്നപക്ഷം മാത്രം അങ്ങിനെയുള്ളവർക്കു ഗ്രാൻറുസഹായങ്ങൾ ചെയ്യേണ്ട ആവശ്യമുള്ളൂ. മാറാവ്യാധിക്കാർക്കുള്ള സങ്കേതം, ഭ്രാന്തുരോഗികൾക്കുള്ള സങ്കേതം, പരിചരണസങ്കേതങ്ങൾ, പ്രസവമന്ദിരങ്ങൾ, എന്നിവയെപ്പോലെയുള്ള പ്രത്യേകസ്ഥാപനങ്ങൾ തീച്ചയായിട്ടും ഗവണ്മെൻറുവകയായിട്ടുണ്ടായിരിക്കണം എക്സ്റേ വിദഗ്ദ്ധനെപ്പോലെയുള്ള വിദഗ്ദ്ധന്മാരെ വയ്ക്കുന്നതിനുള്ള ചെലവും ഗവണ്മെൻറിൽനിന്നു് ചിലവാക്കാവുന്നതാണു്. ഇപ്പോൾ നടത്തുന്നമാതിരിയിൽ ഡിപ്പാർട്ടുമെൻറു നടത്തേണ്ടതായ ആവശ്യമേയുള്ളൂ. ഇവിടെ മെഡിസ്പൻസറിയും അവിടെമന്നും ഗവണ്മെൻറു നടത്തേണ്ടതില്ല. മതിയാംവണ്ണം സജീകരിക്കപ്പെട്ട ആസ്പത്രിമന്ദിരങ്ങൾ നമുക്കുവേണ്ടുന്നോണ്ടു്. എന്നാൽഡിസ്പൻസറികളോടേയും ആസ്പത്രിക

ളുടെയും ഇപ്രകാരമുള്ള വിസ്തരമായ ഒരുപ്പെടുതി നമുക്ക് ആവശ്യമില്ല. നിർദ്ദേശം, പക്ഷേ, എന്തെങ്കിലുമായിരുന്നിയേക്കാം. എന്നാൽ പുറമെ നടക്കുന്ന സംഗതികളുമായി പരിചയത്തിലിരിക്കുന്ന ആളുകൾക്ക് അല്ല് അതു എന്തെങ്കിലുമായി തോന്നുമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഇപ്രകാരമൊരു പദ്ധതിയെ പ്രയോഗത്തിലാക്കുന്നതിനു ബോംബെയി കാർപ്പൊറേഷൻസ നിർദ്ദേശിച്ചിട്ടുള്ള അധികാരങ്ങൾ അധികമായിട്ടില്ല. ബോംബെയി കാർപ്പൊറേഷൻസിന്റെ അധികാരത്തിലുൾപ്പെട്ടവയിൽ സ്ലീപ്പിംഗ് നമ്മുടെരാജ്യത്തിലെവിടെയുള്ളതിനേക്കാൾ ഏകദേശം രണ്ടുമൂന്നുമടങ്ങുവരുന്നതാകുന്നു മെഡിക്കൽഡിപ്പാർട്ടുമെന്റിനെ പ്രവർത്തിപ്പാനുള്ള വിസ്തീർണ്ണതയല്ല, എന്നാൽ ജനാധിക്യം ആകയാൽ സൂക്ഷ്മത്തിൽ വിസ്തീർണ്ണമെന്നുപറഞ്ഞുകൂടാ, ബോംബായികാർപ്പൊറേഷനു നമ്മുടെരാജ്യത്തിലുള്ള ജനസംഖ്യയെക്കാൾ ഉദ്ദേശം മൂന്നുമടങ്ങുവരുന്ന ഒരു ജനസംഖ്യയുടെ ക്ഷേമത്തെ കരുതേണ്ടതായുണ്ടു. അതിനാൽ അവരുടെ ഉദ്ദേശ്യങ്ങൾക്കു പ്രായോഗികമെന്നു അവർ വിചാരിക്കുന്നതൊക്കെയും തിരുവിതാംകോടിനും പ്രായോഗികമായിരിക്കുമെന്നു ഞാൻ വിചാരിയ്ക്കുന്നു.

മറ്റൊരുനിർദ്ദേശം എനിക്കു തരാനുള്ളതിതാകുന്നു. ഈ സേവനങ്ങളിൽ പ്രവേശിക്കുന്ന ആളുകൾ ആ വിധമുള്ള സേവനത്തിൽ അവർക്കു വാസനയുള്ളതുകൊണ്ടല്ലു അങ്ങനെചെയ്യുന്നതെന്നുള്ള വാസ്തവത്തിലേക്കു സഭയുടെ ശ്രദ്ധയെ ക്ഷണിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. മറ്റേതൊരു ഉദ്യോഗസ്ഥന്മാരെപ്പോലെ ശമ്പളത്തിനും പ്രമോഷനുമായിട്ടാണ് ഈവക ആവിധമുള്ള സേവനത്തിൽ ഏർപ്പെടുന്നതു. മെഡിക്കൽഡിപ്പാർട്ടുമെന്റിലെ വളരെ ഉത്തരവാദിത്വമുള്ള ഒരു ഉദ്യോഗസ്ഥനും കുറെകാലത്തേക്കു ഡർബാർഫിസിഷ്യനായി ജോലി നോക്കിട്ടുള്ള ആളും ആയ ഡാക്ടർമാധവൻപിള്ള പറയുന്നതുകേട്ടു ഞാൻ വല്ലാതെക്ഷോഭിച്ചുവശായി. അദ്ദേഹം മി. കുഞ്ഞിതൊമ്മനോടു സക്കാർ വക്കീലന്മാർ തങ്ങളുടെ ഔദ്യോഗസ്ഥവൃത്തിക്കു പ്രതിഫലംവാങ്ങുന്നതിനു വിരോധമുണ്ടോ എന്നുചോദിച്ചതു ഞാൻ കേട്ടപ്പോൾ അനാശാസ്യമായ വിസ്തൃതിനു ഉദാഹരണമായിതീർന്നു. ദീർഘകാലമായി താൻ സേവിച്ചുവന്ന ഡിപ്പാർട്ടുമെന്റുനിന്നിത്രമാണ് അദ്ദേഹത്തിനു അങ്ങിനെയുള്ള ഒരു മനസ്ഥിതിയുണ്ടായതു് എന്നിനിക്കു തോന്നുന്നു. അദ്ദേഹം വൈദ്യസഹായമായ വക്കീലന്മാരുടെ കൂലിയേടുപ്പുമിക്കുന്നു. സർ, വിഷയത്തെ ശരിയായനിലയിൽനിന്നുമാത്രം ആലോചിയ്ക്കുന്നെങ്കിൽ, ഇപ്പറഞ്ഞ രണ്ടു സംഗതികളും തമ്മിൽ വളരെ അന്തരമുള്ളതായി തോന്നുന്നതായിരിക്കും. ഒരാൾ ദീനംപിടിപെട്ടു ജീവൻകിട്ടുന്നതിനായി വിഷമിക്കുമ്പോഴാണ് വൈദ്യസഹായം ആവശ്യപ്പെടുന്നതു. പോകുന്നതിനു നേരമില്ലാത്ത ഒരവസരത്തിലാണ് വൈദ്യസഹായം ആവശ്യപ്പെടുന്നതു, പോകുന്നതിനു നേരമില്ലാത്ത ഒരവസരത്തിലാണ് കൊടുക്കുന്നതു. വൈദ്യസഹായം അപേക്ഷിതമായിരിയ്ക്കുന്നതു്. എന്നാൽ വക്കീലന്മാർ ജീവനമായി എടപെടുന്നില്ലാത്തതുകൊണ്ടു അവർക്കുള്ള തിഫലത്തെക്കുറിച്ചു പേശി തീർച്ചയാക്കുന്നതിനു ധാരാളം സമയമുണ്ടു. അവർക്കു തീർച്ചയാക്കാനുള്ള വസ്തുവിനേയും ഭൗതികപദാർത്ഥങ്ങളേയും പറ്റിമാത്രമാണ്. അവരുടെപക്ഷം, അതിനാൽ, പോകുന്നതു ക്ഷന്തവ്യമാകുന്നു. എന്നാൽ ഒരു ഡാക്ടർ എന്നു തോന്നിയിരിയ്ക്കുന്ന ഒരാൾ വാസ്തവത്തിൽ ആസന്നമൃത്യുവായിരിക്കുന്ന ആളുകൾക്കു വൈദ്യസഹായം ചെയ്തുകൊടുക്കേണ്ടിയിരുന്നാൽ, തന്റെ സഹായം എപ്പോഴെങ്കിലും ആവശ്യപ്പെട്ടപ്പോൾ പണം ചോദിക്കരുതായിരുന്നുതാണ്. എന്നാൽ സർവീസിലിരിക്കുന്ന ഡാക്ടർമാർ, ജനങ്ങൾ അന്ത്യനിശ്വാസത്തിനുമുമ്പായിതന്നെ പണം ചോദിക്കുന്നതു നാം കണ്ടിട്ടുള്ളതും കഷ്ടപ്പെടുമ്പോൾ തുടയും, ഒരടി മുന്നോട്ടുവയ്ക്കുന്നതിനുമുമ്പായിതന്നെ പണം ചോദിക്കുന്നതു നാം കണ്ടിരിക്കുന്നതുമാണ്. അവർക്കു അങ്ങനെയുള്ള പരിതഃസ്ഥിതിയിൽനിന്നും ഒട്ടും ചുരുക്കമല്ല. അവർക്കു അങ്ങനെയുള്ള മനസ്ഥിതിക്കു യോജകമായിട്ടുള്ളതു. അതുകൊണ്ടു അവരുടെ ഇങ്ങനെയുള്ള മനസ്ഥിതിക്കു യോജകമായിട്ടുള്ള ഒരു ഡിപ്പാർട്ടുമെന്റിൽനിന്നും വന്നിട്ടുണ്ടു. അതു ഒരുണ്ടാധികാരികൾക്കും ജനസാമാന്യത്തിനും നല്ലപോലെ ഗ്രഹിക്കാവുന്ന ഒരു വിഷയമത്രേ.

പ്രൈസ്: സമയം.

മിസ്സസ്സ് എം. പുന്നൻലൂക്കോസ് (സർജൻഇൻചാർജ്): സർ, ജനസാമാന്യത്തിന്റെ ആരോഗ്യസ്ഥിതി സൂക്ഷിയ്ക്കുന്നതിനു ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ആവശ്യമായിരിക്കുന്നുഎന്നു മി. എ. കെ. പിള്ള പറഞ്ഞതു എനിക്കു ഗ്രഹിപ്പാൻ കഴിഞ്ഞിട്ടില്ല. ഉൾനാടുകളിൽ ജോലിയെ മേലധികാരിയുടെ നിരീക്ഷണംകഴിച്ചു, സാധുക്കളായ ആളുകൾക്കു അവശ്യം കിട്ടേണ്ടതായ വൈദ്യസഹായം കിട്ടുന്നുണ്ടെന്നു സൂക്ഷിക്കുന്നതിലേക്കുള്ള ഒരു ഉദ്യോഗസ്ഥൻ ആവശ്യമായിരിക്കുന്നു എന്നാണ് അദ്ദേഹം നിർദ്ദേശിച്ചതു എന്നു ഞാൻ ഊഹിക്കുന്നു. ജനസാമാന്യത്തിന്റെ ആരോഗ്യസ്ഥിതി പരിപാലിക്കുന്നവിഷയം സംബന്ധിച്ചു ആ വഴിക്കു ആസ്പത്രികളും ഡിസ്പെൻസറികളും പലസ്ഥലങ്ങളിലും സ്ഥാപിക്കുന്നതിനാൽ, ഗവർണ്മെന്റു വളരെ പ്രയത്നിച്ചിട്ടുണ്ടു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, എന്നെക്കുറിച്ചുതന്നെയുള്ള ഒരു വിവരണം ആവശ്യമായിരിക്കുന്നു ഞാൻ വിചാരിച്ചതു ഇതായിരുന്നു, ഇന്നലെ ഉച്ചയ്ക്കുമേൽ ഈ സഭയിൽ ആവിർഭവിച്ചിട്ടുള്ള തിൽനിന്നു രാജകുടുംബാംഗങ്ങളുടെ ആരോഗ്യസ്ഥിതിയെ പരിരക്ഷിക്കുന്നതിലേക്കു ഡർബാർഫിസിഷ്യനെപോലെയുള്ള ഒരു ഉദ്യോഗസ്ഥനെ വേണ്ടുവോളം ഭാരമുള്ളതായിരിക്കുമെന്നു ഞങ്ങൾ വിചാരിച്ചു. അതുകൊണ്ടാകുന്നു ജനസാമാന്യത്തിന്റെ ആരോഗ്യസ്ഥിതി പരിരക്ഷിക്കുന്നതിനു വേറൊരു ഉദ്യോഗസ്ഥനെകൂടെ ആവശ്യമാകുന്നുണ്ടെന്നു ഞാൻ വിവക്ഷിച്ചതു.

മി. എസ്. ജ്ഞാനജോഷ്വാ (ഗവർണ്മെന്റു നിയമിച്ചമെംബർ): ഡർബാർഫിസിഷ്യന്റെ അധികാരത്തിലുൾപ്പെടാത്ത വേറൊരുദ്യോഗസ്ഥനെ നിയമിക്കണമെന്നു അദ്ദേഹം നിർദ്ദേശിക്കുന്നുവോ ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എങ്ങിനെആയാലും വേണ്ടതില്ല. അധികാരത്തിലുൾപ്പെടാത്തതായ ഉൾപ്പെട്ടതെ ആയിരിക്കാം.

മിസ്സസ്സ് എം. പുന്നൻലൂക്കോസ് (സർജൻഇൻചാർജ്): സർ, മി. എ. കെ. പിള്ള നിർദ്ദേശിക്കുന്നപ്രകാരം പൊതുജനങ്ങളുടെ ആരോഗ്യസ്ഥിതി അതു പരിപൂർണ്ണമായവിധം പരിരക്ഷിക്കുന്നതിനു ഏതെങ്കിലും ഒരു ഒറ്റ ഉദ്യോഗസ്ഥനു സാധിക്കുന്നതാണെന്നു എനിക്കുതോന്നുന്നില്ല. ഉൾനാട്ടുസ്ഥലങ്ങളിൽ പൊതുജനങ്ങളുടെ ആരോഗ്യസ്ഥിതി പരിരക്ഷിക്കുന്നതിലേക്കു നമുക്കു മെഡിക്കലുദ്യോഗസ്ഥന്മാരുണ്ടു്. പക്ഷേ, അവരിൽ

ചിലർ ജനസാമാന്യത്തിന്റെ ആരോഗ്യസ്ഥിതി അതിയാംവണ്ണം പരിപാലിക്കുന്നുണ്ടെന്നുള്ളതു ശരിയായിരിക്കാം. മി. എ. കെ. പിള്ള ഉദ്ദേശിക്കുന്നതു്, എന്നാൽ, സർ. എല്ലായിടത്തും അങ്ങനെ ആകുന്നുഎന്നു സമ്മതിക്കുന്നതിനു ഇയ്ക്കു നിവൃത്തിയില്ലാതെയിരിക്കുന്നു. ജനസാമാന്യത്തിനുവേണ്ടി തങ്ങളാൽ ആവോളംചെയ്യുന്ന ഉദ്യോഗസ്ഥന്മാർ നമുക്കുണ്ടു്.

ഗ്രാമൃമെഡിക്കൽസർവ്വീസ് എന്നുപറയുന്നതു ഒരു നൂതനമായ ഏർപ്പാടല്ല. മദ്രാസ്സ്സംസ്ഥാനത്തും മറ്റുംചിലേടങ്ങളിലും ശരിയായ ഗ്രാമൃവൈദ്യസഹായം എന്ന സംഗതിയെപ്പറ്റി ഒട്ടുവളരെ പ്രസ്താവന നടന്നിട്ടുണ്ടു്. ജനങ്ങൾ മുമ്പോട്ടുവന്നു ഗവർണ്മെന്റിനെ സഹായിയ്ക്കുന്നതിനു ഒരുക്കമുള്ളപക്ഷം, തിരുവിതാംകോട്ടിലും ആ സമ്പ്രദായത്തെ സന്തോഷത്തോടെ നമുക്കു് അംഗീകരിക്കാവുന്നതാണു്. യോഗ്യന്മാരായ അനധികാരജനങ്ങൾ മുമ്പോട്ടുചെന്നുങ്കിൽ ഗവണ്മെന്റു അവരെ ഗ്രാന്റുസഹായംനൽകി സഹായിക്കുമെന്നുള്ളതിനെക്കുറിച്ചു എനിക്കു സംശയം ലേശമില്ല. എന്നാൽ ആദ്യമായിട്ടു ജനങ്ങൾക്കു മതൊവൈദ്യസഹായം സൌജന്യമായിപ്രദിക്കുമെന്നുള്ള യാതൊരു അറിയേണ്ടിയിരിക്കുന്നു. ഇക്കഴിഞ്ഞ ബഡ്ജറ്റുപുസ്തകാലോചനയോഗത്തിൽവച്ചു ഒരു മിത്രൻ ആസ്സുത്തിയ്ക്കു ഗ്രാന്റു സഹായംനൽകുന്ന സംഗതിയെപ്പറ്റി അതു മതനുകൂലിക്കുവേണ്ടി വിലകൊടുക്കുന്നതിനു ജനങ്ങളെ നിർബന്ധിക്കുന്നതായി പരിണമിക്കയില്ലയോഎന്നു ഈ സഭയിൽ നടന്നതായ വാഗ്പ്രതിവാദങ്ങളുമുഴുവനും കേട്ടതിനുശേഷം, ഈ ഏർപ്പാടു് ആരംഭിയ്ക്കുന്നതിനുമുമ്പുതന്നെ, നാം അതിനോടു എതുപ്രകാരത്തിൽ സംബന്ധപ്പെട്ടിരിക്കുന്നുഎന്നു നമുക്കു അറിയുന്നതിനാഗ്രഹമുള്ളതാകുന്നു. മതപ്രാക്ടീഷനർമാർ തങ്ങളുടെതൊഴിൽചെയ്യുവരുന്നതു് പൊതുജനങ്ങളെ സഹായിക്കണമെന്നുള്ള ആന്തരത്തോടെ മാത്രംഅല്ല. അവർക്കു ഉപജീവനമാർഗ്ഗം വേണ്ടിയിരിക്കുന്നു. അവർക്കു് എന്തെങ്കിലും പ്രതിഫലം കിട്ടുണ്ടതാണു്. ഗവണ്മെന്റു ഏറ്റുതന്നെ ഗ്രാന്റു സഹായം നൽകിയാലും, അവർ എല്ലാരോഗികളേയും സൌജന്യമായി ചികിത്സിക്കുമെന്നു ആശിക്കാവുന്നതാണെന്നു ഇനിയുള്ളവിചാരമില്ല. അതിനാൽ സംഗതിയുടെ ഈ സമയം കൂടെ ആലോചിക്കേണ്ടിയിരിക്കുന്നു. അപ്രകാരമുള്ള ജോലിചെയ്യുന്നതിനായിട്ടു മപ്രൈവറ്റുഡാക്ടർമാർ മുമ്പോട്ടുവരുന്നതു ഏറ്റവും വാസ്തവത്തിൽ സന്തോഷംതന്നെയാകുന്നു. എന്നാൽ പ്രസവാസ്പത്രികൾമാത്രം ഗവണ്മെന്റുനടത്തുകയും മറ്റുംകായ്ങ്ങളും ഗ്രാമൃമെഡിക്കൽസർവീസുകാർ നടത്തുകയുംചെയ്യേണ്ടതു എന്തുകൊണ്ടാണെന്നു ഇനിക്കു സൂക്ഷ്മമാകുന്നില്ല. അവർക്കു മറ്റു് വൈദ്യസഹായമെല്ലാം ചെയ്യാമെന്നുണ്ടെങ്കിൽ ശരിയായ പ്രസവാസ്പത്രികളും എന്തുകൊണ്ടു നടത്താൻ കഴികയില്ല; അങ്ങനെയുള്ള മന്ദിരങ്ങൾ പട്ടണങ്ങളിലേക്കാൾ അധികം ആവശ്യമായിരിക്കുന്നതു് ഗ്രാമങ്ങളിലാണല്ലൊ. ഗ്രാമവാസികളായജനങ്ങൾക്കു അനധികാര അസ്പത്രികളെക്കാൾ പ്രസവമന്ദിരങ്ങൾ കൂടുതൽ പ്രയോജനകരങ്ങളായിരിക്കും.

പിന്നെയും മി. എ. കെ. പിള്ള ആളുകൾ മെഡിക്കൽസർവീസിൽ പ്രവേശിക്കുന്നതു പണം സമ്പാദിക്കുന്നതിനുമാത്രമാണെന്നു സാകല്പ്യമായ ഒരു പ്രസ്താവനചെയ്തതിൽ ഇനിക്കു വ്യസനമുണ്ടായി. സർ, ഏറ്റവും ഔന്നത്യരായ ആളുകൾ മെഡിക്കൽഡിപ്പാർട്ടുമെന്റിൽ കാണപ്പെടുന്നു എന്നുള്ളതു സംഭാവ്യമാണോ? പണമുണ്ടാക്കുന്നതിനായിട്ടല്ല എന്നാൽ തങ്ങളോടുള്ളസ്നേഹംനിമിത്തംമാത്രം തങ്ങളുടെ ജോലിചെയ്യുന്നവരായ അനേകം പുരുഷന്മാരും സ്ത്രീകളും നമുടെസമ്പ്രദായത്തിൽ ഉള്ളതായിഎനിക്കറിയാം. ദുർജ്ജനങ്ങൾ ഉണ്ടെന്നു് സമ്മതിക്കുന്നതിനു് ഞാൻതയ്യാറുണ്ടു്. എന്നാൽ അങ്ങിനെ സാകല്യമായ ഒരുപ്രസ്താവന സമ്മതിക്കുന്നതിനു് ഞാൻ ഒരുങ്ങുന്നില്ല. പുരുഷന്മാരാകട്ടെ, സ്ത്രീകളാകട്ടെ, വൈദ്യപരിശീലനത്തിനു പോകുന്ന ആളുകൾക്കു് വളരെ പ്രയാസമേറിയ ഒരുപദ്ധതി. സുഖിപ്പവും ക്ലേശമേയിപ്പവും മഹോല്യമവും ആയ ഒരുപദ്ധതിപരിചിന്തിക്കയും വളരെപണം ചിലവാക്കുകയും ചെയ്തശേഷം മാത്രമേ, മെഡിക്കൽ ബിരുദകർം ലഭിക്കുന്നതിനു സാധിക്കുന്നുള്ളു. എന്നിട്ടു, മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ജോലിചെയ്യുന്ന പുരുഷന്മാർക്കും സ്ത്രീകൾക്കും ഗവർണ്മെന്റു നൽകുന്ന ശമ്പളങ്ങളും ഇതരസാങ്കേതിക ഡിപ്പാർട്ടുമെൻറുകളിൽ കൊടുത്തുവരുന്നവയേക്കാൾ വളരെ കുറവായിരിക്കുന്നു. ഗവർണ്മെൻറു് സർവീസിലുള്ള മെഡിക്കലുദ്യോഗസ്ഥന്മാരായ ആളുകളുടെ ശമ്പളങ്ങളും താരതമ്യേന കുറവായിരിക്കുന്നതു്, തങ്ങളുടെ ശമ്പളങ്ങളെ പ്രൈവറ്റു് ചികിത്സകൊണ്ടു് പരിപൂരിപ്പിക്കുന്നതിനു് അവർക്കു അവസരങ്ങളും ഉള്ളതുകൊണ്ടാകുന്നു. സംശയംകൂടാതെ എല്ലായിടത്തും വഞ്ചനക്കാരുണ്ടു്. ഈ സഭയിൽതന്നെ ചിലവിധത്തിലുള്ള മനസ്ഥിതികളും പെരുമാറ്റങ്ങളുമായി നാംകണ്ടിരിക്കുന്നു. ജനസാമാന്യത്തിന്റെ നടത്തയെപ്പറ്റി വിധികളും രൂപീകരിക്കുന്നതിനു ഒരു മറുതലുകൊണ്ടു സാധിക്കുകയില്ല. ശരിയായവിധ്യാഭ്യാസംകൊണ്ടുമാത്രമേ ഒരാളിനു് തന്റെ ചുമതലയെപ്പറ്റി ബോധമുണ്ടാകുന്നതിനിടയാകയുള്ളു. നമുക്കു ഉപചോദനം ചെയ്യാമെങ്കിലും മാനസ്ഥിതിയുടെ ചുവടെയുള്ള മാറ്റംകൊണ്ടുമാത്രമേ മി. എ. കെ. പിള്ള പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായത്തിനെ ഖണ്ഡിക്കുന്നതിനു് കഴിയൂ,

മി. സി. പി. തരകൻ (കുന്നത്തുനാടു): ചിലപ്രത്യേക സാഹചര്യങ്ങളാൽ ഉദ്യോഗം വഹിപ്പിക്കുന്നതിനും ചിലപ്രത്യേക സാഹചര്യങ്ങളാൽ ഉദ്യോഗം കൊടുക്കുന്നതിനും—

മി. ആർ. പത്മനാഭൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): സാഹചര്യം എന്നുള്ളതുകൊണ്ടു ഒന്നു് വിവരിച്ചു പറഞ്ഞാൽ കൊള്ളാം. ഇതുമനസ്സിലാകുന്നില്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു): സാഹചര്യം എന്നവാക്കു എല്ലാവക്കും മനസ്സിലാകുമെന്നാണ്തോന്നുന്നതു്. ചിലപ്രത്യേകസാഹചര്യങ്ങളാൽ ഉദ്യോഗങ്ങൾ വഹിപ്പിക്കുന്നതിനും, ചിലപ്രത്യേകസാഹചര്യങ്ങളാൽ ഉദ്യോഗങ്ങൾ കൊടുക്കുന്നതിനും ഈ മാതിരിയുള്ള ചിലസാമാജികന്മാർ പ്രകടിപ്പിച്ച ഉത്സാഹത്തെ സന്തോഷത്തോടും ദുഃഖത്തോടും കൂടി ഞാൻകേട്ടുകൊണ്ടിരിക്കയായിരുന്നു. മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കു് ഇനിമുട്ടുതൽശമ്പളം ഉള്ള ഒരുദ്യോഗസ്ഥനെക്കൂടി വഹിക്കാനൊ, തിരുവിതാംകൂറിനു് അതു് സഹിക്കാനൊ അശേഷംശേഷിയില്ലെന്നാണു് ഇതിക്കുതോന്നുന്നതു്. ഇപ്പോൾ ഗവർണ്മെൻറു് ആസ്പത്രികളായി നടത്തുന്നതിനെ എല്ലാം മപ്രൈവറ്റു് പ്രാക്ടീഷനർമാരെ ഏല്പിക്കണമെന്നും ഗവർണ്മെൻറിൽനിന്നും മരുന്നുവാങ്ങികൊടുക്കയും ഡാക്ടർമാർക്കു ശമ്പളം കൊടുക്കയും ചെയ്യേണ്ട ആവശ്യമില്ലെന്നും പറയുന്ന മി. എ. കെ. പിള്ളയുടെ അഭിപ്രായത്തോടു എനിക്കു തീരെയോജിക്കാൻ നിവൃത്തിയില്ലാ. മപ്രൈവറ്റുഡാക്ടറന്മാരെ ഈ ജോലിമേൽ ഏല്പിക്കുന്നപക്ഷം സാധുക്കളായ ചികിത്സവേണ്ടപോലെ ലഭിക്കുകയില്ലാത്തതിനാൽ ആസ്പത്രികൾ സ്ഥാപിക്കുന്ന ഇപ്പോഴത്തെനടപടിയെ മപ്രൈവറ്റു് ഡാക്ടറന്മാരെ ഏല്പിക്കണമെന്നുള്ളനയം സ്വീകരിക്കുന്നതെന്നു് ഞാൻ എൻറെ താല്പര്യമെ സാധുക്കളായ പ്രജകളുടെ പ്രതിനിധിയായി അപേക്ഷിച്ചുകൊള്ളുന്നു.

മി. പ്ലി. കെ. പിള്ള (കരുനാഗപ്പള്ളി): സർ, അധികമായിസമയക്കുറവുകൊണ്ടെന്തു വിഷമം നേരിട്ടു്. ഗ്രാമൈവെല്യസഹായത്തിന്റെ സമ്പ്രദായം മുഴുവനായി വിവരിക്കുന്നതു ഇന്നിക്കുസാധിക്കുമായിരുന്നില്ലാ. ഇന്നിക്കു് വേണ്ടസമയം കിട്ടിയിരുന്നെങ്കിൽ അപ്രകാരം ഇന്നിക്കു ചെയ്യുവാൻകഴിയുമായിരുന്നു. സഭയിലെ മെംബർമാരുടെ സമ്മതംകിട്ടി ഇന്നിക്കു പങ്കിക്കുമാവിരുന്നു എന്നു് ഇന്നിക്കു് നിശ്ചയവുമുണ്ടു്. ആ സമ്പ്രദായം മെംബർമാർ സ്വീകരിച്ചുന്നുവരികിൽ, അധികം ഉപകാരവും പ്രയോജനകരവും ആയ മൈവെല്യസഹായം ഉദ്യോഗങ്ങളിൽ കിട്ടുമായിരുന്നു എന്നു് എനിക്കുവിശ്വയമുണ്ടു്. ഞാൻ നിർദ്ദേശിച്ചതു് ഈ അനുകമ്പാപൂർണ്ണമായ സേവനങ്ങളുടെ വിഷയത്തിൽ അതു അധികാരപ്രയോഗം അല്ലെങ്കിൽ "കർച്ചരിച്ചുടൽ" ഉണ്ടാക്കിയിരുന്നു എന്നായിരുന്നു. ഇപ്പോഴത്തെ നിലയിൽ, ജനങ്ങൾക്കു് യാതൊരു പ്രയോജനവുംകൂടാതെ, ഒട്ടുവളരെ പണം ചെലവാകുന്നുണ്ടു്. ശമ്പളത്തിനും പെൻഷനുമായി മാത്രം പണം ചെലവാകുന്നു. ഞാൻവിചാരിച്ചതും ഇപ്പോഴും വിശ്വസിക്കുന്നതും—

മി. ഡബ്ലിയു. എച്ചു്. പിറൗ (പോലീസ് കമ്മീഷണർ): നൈക്കുള്ളു് സന്ദ്രാഹാശ്രമത്തിലെ വാളന്റിയർമാക്കു വസ്ത്രവും ക്ഷൗരവും കൊടുക്കുവാനല്ലാ എന്നും, സന്ദ്രാഹ ഉദ്യോഗസ്ഥന്മാർ അതിനുപുറമെ ശമ്പളം മോട്ടാർകാർ അലവൻസു് മുതലായവ വാങ്ങിട്ടില്ലെ എന്നും മി. പ്ലി. കെ. പിള്ള പറയുമോ?

മി. എം. ശിവരാമപിള്ള (തോവാള): ക്രമപരിപാലനം സംബന്ധിച്ചു ഞാൻ എഴുതേണ്ടകാര്യം.

മി. പ്ലി. കെ. പിള്ള (കരുനാഗപ്പള്ളി): അതെങ്ങനെ ഉത്തരവിക്കുന്നു?

പ്രസിഡൻറ്: മെഡിക്കൽ സർവീസ് സൌജന്യമായി നൽകുന്നതും സന്ദ്രാഹികർ തങ്ങളുടെ ജോലി സൌജന്യമായി ചെയ്യുന്നതും നമ്മിലുള്ള സംശയത്തിലേക്കു മി. പ്ലി. കെ. പിള്ളയുടെ ശ്രദ്ധയെ ക്ഷണിക്കയാതു മി. പിറൗ ചെയ്യുന്നതു.

മി. പ്ലി കെ. പിള്ള (കരുനാഗപ്പള്ളി): സംശയം എനിക്കു് നല്ലപോലെ ബോദ്ധ്യമാകുന്നില്ല.

പ്രസിഡൻറ്: ഭരണ ഒരുസംശയത്തെക്കുറിച്ചുള്ള സാഹിത്യപരമായ ഒരുസംഗതി മാത്രമാകുന്നു.

മി. പ്ലി. കെ. പിള്ള (കരുനാഗപ്പള്ളി): സർ, എനിക്കു ചെറുപ്പമായിരുന്നപ്പോൾ ഗ്രാമൈവെല്യ സഹായത്തിന്റെ സമ്പ്രദായം മുഴുവനായി സഭയ്ക്കു് സ്പഷ്ടമായി വിവരിക്കുമായിരുന്നു. ഞാൻപറഞ്ഞപോലെ, ഇപ്പോൾ നമുക്കുള്ള സമ്പ്രദായത്തെക്കാൾ അതു് അധികം കായ്ക്ഷമവും പ്രയോജനകരവുമായ ഒരു സമ്പ്രദായമാണെന്നു് സഭയ്ക്കു ബോദ്ധ്യം വരുത്തുന്നതിനും എനിക്കു നിശ്ചയമായി സാധിക്കുകയും ചെയ്യുമായിരുന്നു. ഈ ഡിപ്പാർട്ടുമെൻറുകളുടെ വളരെ ഭീമമായ ഒരുതുകയുടെ മിച്ചവു് ഇപ്പോൾ ഗവർണ്മെൻറിനു നേരിട്ട കൊണ്ടിരിക്കയാണു്. ഒരു വലിയ സംഖ്യ ശമ്പളമായിട്ടും പെൻഷനായിട്ടും മിച്ചമാകുന്നുണ്ടു്. സംശയംകൂടാതെ, ഒരുമനുഷ്യനും ജീവനമാർഗ്ഗമില്ലാതെ ജീവിക്കുന്നതിനു സാധിക്കുന്നതല്ലാ. തീർച്ചയായിട്ടും മെഡിക്കൽ ഉദ്യോഗസ്ഥന്മാക്കും എന്തെങ്കിലും ശമ്പളംകൊടുക്കേണ്ടതാകുന്നു. എന്നാൽ ഇപ്പോൾ ചെയ്യുവരുന്നതു് ഈ മെഡിക്കൽ ഉദ്യോഗസ്ഥന്മാക്ക സക്കാർ സർവീസിൽ പേഷ്യാരന്മാക്കും മറ്റധികശമ്പളമുള്ള ഉദ്യോഗസ്ഥന്മാക്കും എന്നപോലെ പ്രതിഫലം നൽകി വരുന്നു എന്നാകുന്നു. ഉപജീവനത്തിനുമാത്രം വല്ല അലവൻസും അവക്കു കൊടുക്കുന്നു എന്നല്ല. അവർക്കു വളരെ യോഗ്യമായ ശമ്പളങ്ങളും കൊടുത്തുവരുന്നുണ്ടു്. ഗവർണ്മെൻറുദ്യോഗസ്ഥന്മാക്കു യോഗ്യമായ ശമ്പളങ്ങളും കൊടുക്കുന്നതു് എനിക്കു വിരോധമാണെന്നു ഞാൻപറയുന്നതായി മനസ്സിലാക്കരുതു. വാസ്തവത്തിൽ ശമ്പളകുറവുള്ള ഗവർണ്മെൻറുദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു വളരെയധികം മയോടെ പോരാടുന്നതിനാഗ്രഹമുള്ളവരിൽ ഒരുത്തനാണ്ഞാൻ. എന്റെഅഭിപ്രായം കുഴിയുമെങ്കിൽ ഇപ്പോഴുള്ളതിന്റെ മക്കാരുടെ പോലും ഏറ്റവും കുറഞ്ഞശമ്പളം മാസം പ്രതി ൫൦ രൂപായിൽ കുറയരുതെന്നാണു്. ഇപ്പോഴുള്ള സ്ഥിതിയിൽ വിവിധ ഗവർണ്മെൻറുദ്യോഗസ്ഥന്മാർക്കും കൊടുത്തുവരുന്ന ശമ്പളത്തുകകളും തമ്മിൽ യാതൊരു അനുരൂപവുമില്ല. പോലീസ് കമ്മീഷണർക്കു നാം ൧൪൦൦ രൂപയും പുറപ്പെട്ട പോലീസ്കൺസ്റ്റബിളിനു വെറും രൂപാമാത്രവും ആണു് കൊടുത്തുവരുന്നതു. അതു് വളരെഅന്യായമാണെന്നു് ഞാൻ പറയുന്നു. ഈ ഗൌരവമായ സംഗതിയ്ക്കു ഞാൻ ഗവർണ്മെൻറിന്റെ ശ്രദ്ധയെ ക്ഷണിക്കുകയാണു്.

പിന്നെമെഡിക്കൽ ഡിപ്പാർട്ടുമെൻറു സംബന്ധിച്ചു് ഞാൻചെയ്തിട്ടുള്ള നിർദ്ദേശങ്ങളെക്കുറിച്ചു്, ജനസാമാന്യത്തിന്റെ ആരോഗ്യസ്ഥിതി പരിപാലിക്കുന്നതിനു ഒരുദ്യോഗസ്ഥൻ വേണ്ടതാണെന്നു് ഞാൻ പറഞ്ഞപ്പോൾ സംഖ്യയ്ക്കുമാണിച്ചു ഒന്നു് എന്നുഞാൻ അർത്ഥമാക്കിയല്ല പറഞ്ഞതു. രാജകുടുംബാംഗങ്ങളുടെ ആരോഗ്യസ്ഥിതി പരിരക്ഷിക്കുന്ന ഭാരമേറിയ ചുമതല നിർവഹിക്കുന്നതിനു ഒരാൾ ഉണ്ടായിരിക്കുമ്പോൾ, അപ്രകാരം ചുമതലയുള്ള ഒരാൾ ജനസാമാന്യത്തിന്റെ ആരോഗ്യസ്ഥിതി പരിപാലിക്കുന്നതിനും വേണ്ടതാണെന്നു മാത്രമേ പ്രസ്താവിച്ചിട്ടുള്ളു. അതും മറ്റൊരുപോലെതന്നെ അത്യാവശ്യമാണെന്നു് മാത്രമേ ഞാൻ നിർദ്ദേശിച്ചുള്ളു.

മി. എസ്സു്. ജ്ഞാന ജേക്കബ് (ഗവർണ്മെൻറുനിയമിച്ചമെംബർ): രണ്ടുഡർബാർ ഫിസിഷ്യന്മാർ ആവശ്യമാണെന്നാകണം അദ്ദേഹം പറയുന്നതു?

മി. പ്ലി കെ. പിള്ള (കരുനാഗപ്പള്ളി): ഡർബാർ ഫിസിഷ്യന്മാർ രാജകുടുംബാംഗങ്ങളുടെ ആരോഗ്യസ്ഥിതികാക്കേണ്ട ജോലിയുണ്ടെന്നുള്ള സംഗതിയിന്മേൽ ശക്തി കൊടുക്കുന്നതു മതിയാണെന്നു് മാത്രമേ ഞാൻപറഞ്ഞുള്ളു.

പ്രസിഡൻറ്: ആസംഗതി ദയവുചെയ്തു ഉപേക്ഷിക്കണം.

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവ്യവസായവും): സർ, ക്രമപരിപാലനം സംബന്ധിച്ചു ഞാൻ എഴുതേണ്ടകാര്യം.

മിസ്സസ്സു് എം. പുന്നൻ ലൂക്കോസ് (സബ്ജൻ ഇൻചാർജ്): സർ, ഇനിക്കുള്ളതായി ഒന്നുമേയില്ലാ.

മി. പ്ലി. കെ. പിള്ള (കരുനാഗപ്പള്ളി): എൻറെഉപേക്ഷപത്രത്തെ പിൻവലിക്കാത്തതിൽ ഞാൻ വ്യസനിക്കുന്നു. മിസ്സസ് ലൂക്കോസിനെ ഇനിയും താമസിപ്പിക്കേണ്ട ആവശ്യകത എനിക്കില്ല. ഞാൻ ഉപേക്ഷപത്രത്തെ പിൻവലിക്കുന്നു.

സമ്മതപ്രകാരം ഉപേക്ഷപത്രം പിൻവലിക്കപ്പെട്ടു.

പ്രസിഡൻറ്: ഈ അദ്ധ്യർത്ഥനയ്ക്കുള്ള സമയം നിന്നിരിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ യാണിജ്യവും വ്യയസാധ്യവും): ഈ അഭ്യർത്ഥനആരംഭിച്ചിട്ട ഇപ്പോൾ രണ്ടരമണിക്കൂർ ആയിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബഅയ്യർ (ഗവൺമെൻറ സിക്രട്ടറി): അതെ, ഇന്നലെ നാംഅരമണിക്കൂറോളം വാദപ്രതിവാദം ചെയ്തിട്ടുണ്ട്.

പ്രസിഡൻറ: ഞാൻഇപ്പോൾ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്ക ൩൯൫ ലക്ഷം രൂപായുടെ വേണ്ടിയുള്ള ൧൪-ാംഅഭ്യർത്ഥന സഭയുടെ പോട്ടിനായിവിടുന്നു. സഭഅഭ്യർത്ഥന അനുവദിച്ചിരിക്കുന്നു എന്ന് ഞാൻ ഗ്രഹിക്കുന്നു.

ധനാനുവദിക്കപ്പെട്ടു.

സഭ ൧ മണിക്ക് ൪൫ മിനിട്ടായപ്പോൾ ലഘുഭക്ഷണത്തിനായിപിരിഞ്ഞു. ൨ മണിക്ക് ൪൫ മിനിട്ടായപ്പോൾ വീണ്ടുംകൂടി.

൧൫-ാംഅഭ്യർത്ഥന രസതന്ത്രപരിശോധകനും ആയുർവേദവും, സാനിട്ടേഷനും.

മി. കെ. നാരായണൻപണിക്കർ (ആക്ടിംങ്ങ് ഗവണ്മെൻറ ചീഫ്സിക്രട്ടറി): സർ, രസതന്ത്രപരിശോധകനും ആയുർവേദവകുപ്പിനും സാനിട്ടേഷനുംവേണ്ടിയുള്ള ൧൫-ാംഅഭ്യർത്ഥനയായ ൧൭൫ ലക്ഷംരൂപായ്ക്കുപിയാത്ത ഒരു തുക ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

൨൯൯-ം, ൨൯൦-ം ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരുക്കപ്പെട്ടില്ല.

മി. സി. പി. തരകൻ.

൨൯൯. ആയുർവേദവകുപ്പിലേക്ക നീക്കിട്ടുള്ള ൩൨,൫൯,൪ രൂപായിൽനിന്ന ൧൦൦ രൂപാ കുറവു ചെയ്യുന്നം.

മി. കെ. കെ. തോമസ് (കോട്ടയം.)

൨൯൦. ആയുർവേദ വകുപ്പിലേക്ക നീക്കീട്ടുള്ള ൩൨,൫൯,൪ രൂപായിൽനിന്ന ൧൦൦ രൂപാ കുറവു ചെയ്യുണം.

൨൯൧-ാം ഉപക്ഷേപം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സർ, താഴെപറയുന്ന ഉപക്ഷേപം ഉപന്യസിക്കുന്നതിനായി ഞാൻ എഴുനേൽക്കുന്നു.

൨൯൧. ആയുർവേദ വകുപ്പിലേക്ക നീക്കിട്ടുള്ള ൩൨,൫൯,൪ രൂപായിൽനിന്ന ൧൦൦ രൂപാ കുറവു ചെയ്യുണം.

ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത ആയുർവേദ ഇൻസ്പക്ടരുടെയും ആയുർവേദ കാളേജ് പ്രിൻസിപ്പാളിൻറെയും ഉദ്ദ്യമായ ശമ്പളത്തെ ചുണ്ടിക്കാണിക്കുന്നതിനായിട്ടത്രെ ആയുർവേദകാളേജ് പ്രിൻസിപ്പാളിന ൪൦ രൂപായും ആയുർവേദ ഇൻസ്പക്ടർക്ക ൪൦ രൂപായും മാത്രമാണ് കിട്ടിവരുന്നത്.

ഇൻസ്പക്ടർ സംസ്ഥാനംമുഴുവനും ചുറ്റിസഞ്ചരിക്കണമെന്നായശ്യപ്പെട്ടിരിക്കുന്നെങ്കിലും, അദ്ദേഹത്തിന മൂന്നാംക്ലാസ് പടിമാത്രമെ കിട്ടുന്നാള്ളു. ഇൻസ്പെക്ഷൻ ജോലിയുടെ ആയശ്യത്തിലേക്ക ഈ ഉദ്ദ്യമായ ഉദ്യോഗത്തിലേൽ രാജ്യക്കൊട്ടുക്ക സഞ്ചരിക്കുന്നതു വളരെ പ്രയാസമായ സംഗതിയാണെന്ന ഞാൻ വിചാരിക്കുന്നു. ആയുർവേദകാളേജ് പ്രിൻസിപ്പാളിൻറെ സ്ഥിതിയും ശമ്പളവുംകൂടി വർദ്ധിപ്പിക്കേണ്ടതാകുന്നു. കുറഞ്ഞപക്ഷം അദ്ദേഹത്തിന ൧൫ ൪൦ ൧൫ രൂപാശമ്പളം കൊടുക്കേണ്ടതാണ്.

കൂടാതെ ആയുർവേദവകുപ്പിൻറെ അഭിവൃദ്ധിക്കവേണ്ടി വേറൊരു നിർദ്ദേശവും എനിക്ക പ്രസ്താവിക്കാനുണ്ട്. കഴിഞ്ഞകാലത്തിൽ ഈ സമയത്തു തിരുവനന്തപുരത്തിന പുറമെയുള്ള ജനങ്ങൾക്ക അല്ലോപ്പതി ഡിസ്പെൻസറികളുള്ളപ്പോലെ വളരെ പ്രയോജനകരമായിരിക്കുന്ന ഏതാണ്ടം ആയുർവേദ ഡിസ്പെൻസറികളും ഓരോ താലൂക്ക പട്ടണത്തിലും സ്ഥാപിക്കുന്നതിനാൽ ഈ ഡിപ്പാർട്ടുമെൻറിനു വരാവുന്ന അഭിവൃദ്ധിയെ ഉദ്ദേശിച്ച് ഒരു മോഷൻ ഞാൻ കൊണ്ടുവന്നിട്ടുള്ളതാകുന്നു. ഇപ്പോൾ ഈ ഫിർപ്പാട്ട ഓരോ താലൂക്കിലും ഉള്ള വൈദ്യന്മാക്ക ഗ്രാൻറുസഹായം നൽകുന്നതിനു മാത്രമായിട്ടാണ് ഇരിക്കുന്നത്. ഓരോ പ്രധാനതാലൂക്കിലും ഏതാണ്ടം ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുനിമിത്തം ഈ സമ്പ്രദായത്തിൽനിന്നും ജനങ്ങൾക്ക കൂടുതലായ ഗുണംസിദ്ധിക്കുന്നതിനിടയാകുമെന്ന ഞാൻ വിചാരിക്കുന്നു. കഴിഞ്ഞപ്രാവശ്യം ആയുർവേദ ഡിസ്പെൻസറികൾ ഏർപ്പെട്ടുത്തണമെന്ന് മുനിസിപ്പാലിറ്റികളിൽ ചിലതിനോടു ആവശ്യപ്പെടണമെന്നും ഗവണ്മെൻറ ചെലവുകൾ ഗ്രാൻറുസഹായങ്ങളായി നൽകി അവയെ സഹായിക്കണമെന്നതാണെന്നും ഞാൻ നിർദ്ദേശിച്ചിരുന്നു. ഈ നിരീക്ഷണങ്ങളോടുകൂടി ഞാൻ ഉപക്ഷേപം ഉപന്യസിച്ചുകൊള്ളുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മി. എം. എൻ. പിള്ളയുടെ പ്രമേയത്തെ ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു. ആയുർവേദചികിത്സയിൽ ജനങ്ങൾക്കധികം വിശ്വാസവും അതിൽ അധികംരോഗങ്ങൾക്ക ശമനവും കണ്ടുവരുന്നതായിട്ടാണ് കാണുന്നത്. അങ്ങനെയിരിക്കുന്നസ്ഥിതിക്ക ആയുർവേദചികിത്സയെ ഏറ്റവും വളർത്തിപ്പിടിക്കണമെന്നതാണ്. ആയുർവേദമെഡിക്കൽ തിരുതിതാംകൂറിൽ സ്ഥാപിച്ചുതുടങ്ങീട്ട പത്തുനാല്പതു കൊല്ലംവരുമെന്ന തോന്നുന്നു. ൩൨ മെഡിക്കൽകോ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ൧൨ മെഡിക്കൽകോ സ്ഥാപിക്കാനാണ് ഗവണ്മെൻറ അനുവാദംകൊടുത്തിട്ടുള്ളത്. ഈ ൩൨ മെഡിക്കൽകോളുകളുടെയും പരിശോധകനായ ഒരു ഇൻസ്പക്ടർക്ക ൪൦ രൂപാവീതവും ൪൦ രൂപാവരെയാണ് ശമ്പളം നിശ്ചയിച്ചിട്ടുള്ളത്. ൫൦ രൂപാവരെ ഗ്രാൻറ വാങ്ങിക്കുന്ന മെഡിക്കൽകോളുണ്ട്. ഈ ൫൦ രൂപാഗ്രാൻറ വാങ്ങിക്കുന്ന മെഡിക്കൽകോളെയും പരിശോധിക്കാൻ ൪൦ രൂപാശമ്പളമുള്ള ഉദ്യോഗസ്ഥൻതന്നെയാണ്. ഒരു പക്ഷെ അധികാരത്തെ വിചാരിച്ചു അനുസരിക്കുമായിരിക്കാം. ഈ ഇൻസ്പക്ടർ തിരുവിതാംകൂർ ഒട്ടുക്ക സഞ്ചരിക്കേണ്ട ആളാണ ഈ ചുരുങ്ങിയ ൪൦ രൂപാ ശമ്പളത്തിൽ തിരുവിതാംകൂർ ഒട്ടുക്ക സഞ്ചരിക്കത്തക്കവണ്ണം ഒരുദ്യോഗസ്ഥൻ ആയുർവേദ ഡിപ്പാർട്ടുമെൻറിലല്ലാതെ വേറെ ഒരു ഡിപ്പാർട്ടുമെൻറിലും ഇല്ലാ. ഈ വൈദ്യശാലകളും പരിശോധിക്കുന്ന ഉദ്യോഗസ്ഥനു സഞ്ചാരപ്പടി മെമാദിനം ൪ ചക്രവും ദിവസം നൂറ പണവുമാണ്. ഈ നിലയിൽ തിരുവിതാംകൂർ ഒട്ടുക്ക സഞ്ചരിക്കാൻ പ്രയാസമാണ്. പിന്നെ വൈദ്യന്മാണ വേറെ രോഗികളെ ചികിത്സിച്ചാൽ

ആളോത്തം കിട്ടുമെന്നുവിചാരിക്കാം. എന്നാൽ സർക്കീട്ടിൽ ഈ ഡ്രഗ്സ്റ്റെക്ടർമാർക്ക് രോഗികളെ ചികിത്സിക്കാൻ സാധിക്കയില്ല. അതുകൊണ്ട് ഇൻസ്പെക്ടർമാരുടെ ശമ്പളം കൂട്ടികൊടുക്കണം. ഈ ബഡ്ജറ്റുകാലത്തുതന്നെ കണ്ടറിഞ്ഞ ആയുർവേദഡിസ്പെൻസറിൽ ൪൦ രൂപാമുതൽ ൬൦ രൂപാവരെ ശമ്പളത്തിൽ ഒരു ഹേഡ്ക്ലാർക്കുണ്ടെന്നാണ്. അതിലധികത്തെക്കാൾ കുറവാണ്. സ്റ്റോറും കണ്ടുക്കുന്നതിനും സൂക്ഷിക്കേണ്ട ആയുർവേദ ഇൻസ്പെക്ടരുടെ ശമ്പളം.

ആയുർവേദപാഠശാലയിൽ ൪൦ രൂപാശമ്പളത്തിൽ ഒരു പ്രിൻസിപ്പലുണ്ട്. നേരത്തേറിച്ച് സംസ്കൃതപാഠശാലയിലെ പ്രിൻസിപ്പലിനു ൫൦൦ രൂപാമുതൽ ൫൫൦ രൂപാവരെയാണ് ശമ്പളം പറഞ്ഞിട്ടുള്ളത്. സംസ്കൃതവിദ്യാഭ്യാസം സാമാന്യമായി സിദ്ധിച്ചിട്ടുള്ളവരാണ് ആയുർവേദ പാഠശാലയിൽ സാധാരണയായി പഠിക്കാൻ കഴിയുന്നത്.

മി. കെ. കെ. ജോസഫ് (മീനച്ചിലും മേവികളവും): ഇൻസ്പെക്ടർക്കും എന്തു യോഗ്യതയാണെന്നറിഞ്ഞാൽകൊള്ളാം.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): സംസ്കൃതത്തിൽ നല്ല പാണ്ഡിത്യം ഉണ്ടായിരിക്കണം.

മി. കെ. പി. ജോസഫ് (മീനച്ചിലും മേവികളവും): എന്തു പരീക്ഷപാസ്സായിരിക്കണം.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ആയുർവേദപാഠശാലയിൽ പരീക്ഷയുണ്ട്. അതിൽ വിജയി ആയിരിക്കണം.

മി. കെ. കെ. ജോസഫ് (മീനച്ചിലും മേവികളവും): എതുകൊല്ലമാണ് പഠിക്കേണ്ടത്.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): അഞ്ചുകൊല്ലത്തിൽ കുറയാതെ പഠിച്ചിരിക്കണം.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ൩൦൦-ം ൪൦൦-ം രൂപാ ആളോത്തം കിട്ടുന്നവരുണ്ട്.

മി. കെ. കെ. ജോസഫ് (മീനച്ചിലും മേവികളവും): ഗവർണ്മെന്റുശമ്പളം വളരെ കുറച്ചാണോ കൊടുക്കുന്നത്?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): അതെ, ശമ്പളം പുതുതായി പുതുക്കിപോയി എന്നാണ് എന്റെ അഭിപ്രായം.

വൈദ്യഗ്രന്ഥങ്ങളെ പരസ്യംചെയ്യുന്നതിനു ഒരു പണ്ഡിതനെ നിയമിച്ചിട്ടുണ്ട്. ൯൯൰ ഒരു ഗ്രന്ഥവും പരസ്യപ്പെടുത്തിയതായി അറിയുന്നില്ല. അതിനുള്ളകാരണം ഒരു പണ്ഡിതനുകൊണ്ടു മാത്രം സാധിക്കയില്ലെന്നുള്ളതാണ്. വൈദ്യഗ്രന്ഥങ്ങൾഎല്ലാം സംസ്കൃതത്തിലുള്ളവയാണ്. ഒരാൾ പകർത്തുകയും മറ്റൊരാൾ വായിച്ചുകൊടുക്കയും ചെയ്യാതെ സാധിക്കയില്ല. മലയാളഗ്രന്ഥങ്ങൾ പരസ്യപ്പെടുത്തുന്നതിനു രണ്ടു പണ്ഡിതന്മാരുണ്ട്. ഇതു പോരെ എന്നുള്ളതിനു കൊടുപോരെ എന്നെഴുതിപോയാൽ ഒരാളിന്റെ ആയുസ്സിനു മോക്ഷം നേരിട്ടേയ്ക്കും. അതുകൊണ്ടു രണ്ടു പണ്ഡിതന്മാരെ അവിടെ നിയമിക്കേണ്ടതാണ്.

മി. സി. എൻ. ഇപ്പൻനംപൂതിരി (ഇന്ദു): ആയുർവേദ ഡിസ്പെൻസറിനെപ്പറ്റിയുള്ള മി. എം. എൻ. പിള്ളയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഈ മദ്ധ്യത്തിൽ ആയുർവേദചികിത്സയിലാണ് അധികം ജനങ്ങൾക്കും അഭിരുചിയുള്ളതെന്നുള്ളതിനു സംശയമില്ല. ആശുപത്രിയിൽനിന്നും മരുന്നുവാങ്ങികൊണ്ടുപോകുന്നതിനേക്കാൾ ഇപ്പോൾ അധികമാണ് ആയുർവേദ വൈദ്യശാലകളിൽനിന്നും മരുന്നു വാങ്ങിക്കുന്നവരുടെ സംഖ്യ; അതു എനിക്കനുഭവമാണ്. കോട്ടയം ആശുപത്രി ഒരു പ്രധാന ആശുപത്രിയാണ് അവിടെ ഒരു കൊല്ലത്തിൽ രോഗികളെ ചികിത്സിച്ചിട്ടുള്ളതായ കണക്കു നോക്കിയതിൽ അന്നത്തെ എന്റെ ഓർമ്മയിൽ ഉള്ളതു് ഏകദേശം ൧൦൦൦-ൽ ചില്വാനം ജനങ്ങളായിരുന്നു എന്നാൽ ആ കടുനിൽക്കുന്ന തിരിക്കുന്നതായ വൈദ്യന്മാരുടെ അടുക്കൽനിന്നും ഔഷധംവാങ്ങിച്ചു അവിടത്തെ ചികിത്സയിൽ ഇരിക്കുന്നതും ആയവരുടെ സംഖ്യ ഏകദേശം ൫൦൦൦-ൽ ചില്വാനമാണ് ഈ കണക്കുകളിൽതന്നെ കുറച്ചു വ്യത്യാസമുണ്ട്. ആശുപത്രിയിൽകൊണ്ടുനിസ്സാരമായ രോഗമുണ്ടെന്നു ഡാക്ടർമാരോടു പറയുകയാണെങ്കിൽ അതിനുംഉണ്ട് അവിടെ കണക്കു സാധാരണയായി നാട്ടുവൈദ്യന്മാരുടെ അടുക്കൽകൊണ്ടുപോകുന്നതുപോലെതന്നെയാണെന്നുപറഞ്ഞാൽ "ചന്ദനവും മനയ്ക്കുള്ളിൽ കുഴമ്പുള്ളിൽ" ഇട്ടേയ്ക്കുക എന്നുപറയും. അങ്ങനെയുള്ള കണക്കൊന്നും ഉൾപ്പെടുത്തീട്ടില്ല. ആശുപത്രിയാണ് നാട്ടുവൈദ്യശാലയിലും ഇരട്ടിയും സംഖ്യയുള്ളതു അതുനോക്കുമ്പോൾ ജനങ്ങൾക്കു നാട്ടുവൈദ്യത്തിലാണ് അധികം അഭിരുചി എന്നുള്ളതിനും സംശയമില്ല. ഇംഗ്ലീഷ്ചികിത്സയ്ക്കു നീക്കിവച്ചിട്ടുള്ളതു ഒരു വലിയ സംഖ്യയാണ് ആയുർവേദഡിസ്പെൻസറികളേക്കു നീക്കിവച്ചിരിക്കുന്നതു അതിലധികമെങ്കിലും ഇപ്പോൾ കുറവായ ഒരു സംഖ്യയാണ് ആയുർവേദഡിസ്പെൻസറികൾക്കു താമസംകൂടാതെ നിശ്ചയിച്ചാണ് ഇപ്പോൾ നടത്തുന്നതു് എന്നാൽ അതിനെ അഭിവൃദ്ധിപ്പെടുത്തികിട്ടണമെന്നുള്ള അഭിപ്രായം ജനങ്ങളിൽനിന്നും ഉണ്ടായിരിക്കുകയാണ് ഈ നാട്ടിൽ തന്നെ ധാരാളം അനേകം ഔഷധങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട് അതിപേക്ഷ ഒരു ഔഷധത്തോളം ഉണ്ടാകേണ്ടതും അത്യാവശ്യമാണ് അതുകൊണ്ടു ദീർഘദൃഷ്ടിയുള്ളോരാളും ആയുർവേദ ചികിത്സയെ അഭിവൃദ്ധിപ്പെടുത്തികൊണ്ടു വരണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മി. എം. എൻ. പിള്ളയുടെ പ്രമേയത്തോടുകൂടി അനുകൂലിച്ചുകൊള്ളുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): ആയുർവേദ ഡിസ്പെൻസറിനെസംബന്ധിച്ചു ഏതാനും തീരുമാനങ്ങൾ ചെയ്യുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഈ സമ്പ്രദായം രാജ്യത്തിൽ പ്രത്യേകമായിട്ടുള്ളതും അതുകൊണ്ടുപ്രത്യേകം ശ്രദ്ധയും ദീർഘവീക്ഷണവും ആവശ്യമുള്ളതുമാകുന്നു. പാസ്ചുറിക്ഷത്തിനുള്ള ചികിത്സയിലും വാതരോഗം അപസ്മാരം എന്നീ രോഗങ്ങളുടെ ചികിത്സയിലും ഇതിനോടു കിടപിടിക്കുവാൻ വേറൊരു സമ്പ്രദായവും ഇപ്പോൾ നടപ്പിലില്ല. ഇതിനെ ഒരു വലിയ ഡിസ്പെൻസറിയായിട്ടു വർദ്ധിപ്പിക്കണമെന്നു ഞാൻ നിർദ്ദേശിക്കുന്നില്ല. എന്നാൽ ഞാൻആവശ്യപ്പെടുന്നതു അല്ലോപ്പതിയിലും ആയുർവേദത്തിലും യൂനാനിയിലും ഹോമിയോപ്പതിയിലും അല്ലോപ്പതിയിലും അനേകം ചികിത്സകന്മാരുള്ള പട്ടണങ്ങളിൽമാത്രം വയ്ക്കേണ്ടതാകുന്നതായിരിക്കണമെന്നാണ് എന്നുകൂടെ പറയുന്നു. ഗവർമെന്റു വളരെ ഉദ്ദേശത്തോടുകൂടിയിരിക്കുന്ന താലൂക്കുകളിൽ ഉൾപ്രദേശങ്ങളിൽ തങ്ങൾക്കു കിട്ടുന്ന പണത്തേക്കാൾ സാധുജനങ്ങളുടെ സുഖവും നന്മയും അധികം കരുതുന്നവരായ നല്ലവരും സമർത്ഥന്മാരുമായ വൈദ്യന്മാരുണ്ട് എന്നുമാത്രമാണ് ഞാൻ പറയുന്നതു. ഈ വൈദ്യന്മാരെ, ഇടത്തരക്കാരായ സംഘങ്ങൾക്കു വാസ്തവമായ നന്മചെയ്യാൻ കഴിവുള്ളതുകൊണ്ടു, പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നതു ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനു ഈ വൈദ്യന്മാരോടു ആവശ്യപ്പെടുകയും ഡിസ്പെൻസറിയഥാപിക്കുന്നതിനു അവരെ പ്രോത്സാഹിപ്പിക്കുന്നതിനു ഗവർമെന്റു അവയ്ക്കു സഹായധനം നൽകുകയും ചെയ്യേണ്ടതാകുന്നു എന്നുള്ളതാണു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും–ഭേവികളവും): ആയുർവേദവൈദ്യസമ്പ്രദായത്തിന്റെ പ്രയോജനത്തെക്കുറിച്ചു സംസാരിച്ചിട്ടുള്ള മെംബർമാരുടെ അഭിപ്രായങ്ങളോടു ഞാനും യോജിക്കുന്നു. ദേശസ്ഥിതികളും ജനങ്ങളുടെ സ്വഭാവവിശേഷങ്ങളും ആലോചിച്ചാൽ ഈ രാജ്യനിവാസികൾക്കു ആയുർവേദസമ്പ്രദായം മറേറതു സമ്പ്രദായത്തെയുംകാൾ അധികം യോജിച്ചതാണെന്നു ഞാനും അഭിപ്രായപ്പെടുന്നു. അതിനു ചെലവു കുറയുവാനുണ്ട്. അതിനാൽ ഈ വകുപ്പിലേയ്ക്കു അധികം പണം ചിലവാക്കാമെന്നു ഞാൻ നിർദ്ദേശിക്കുന്നതിനോടു യോജിക്കുന്നു. എന്നാൽ പണം ചിലവാക്കുന്നതു എങ്ങനെ ആയിരിക്കണമെന്നു ഒരു ചോദ്യമുണ്ടാകുന്നു. കൂടുതൽ ഗ്രാന്റു സഹായമായുള്ള വൈദ്യശാലകൾ ഉണ്ടായിരിക്കണമെന്നും പല സ്ഥലങ്ങളിലും ചികിത്സനടത്തുന്ന വൈദ്യന്മാരുടെ ന്യായമായ സഹായംചെയ്തു തങ്ങളുടെ ജോലിയിൽ സഹായിക്കണമെന്നതാണെന്നും എന്റെ സ്നേഹിതൻ മി. തോമസ് ചെയ്തിട്ടുള്ള നിർദ്ദേശത്തോടു ഞാൻ യോജിക്കുന്നു. വാസ്തവത്തിൽ അലോപ്പതിയും ഹോമിയോപ്പതിയും ഡാക്ടർമാരെപ്പോലെ അല്ലാതെ ഈ വൈദ്യന്മാർ പണം സമ്പാദിക്കുന്നതിനായിട്ടു മാത്രം ജോലിചെയ്യുന്നില്ല. അവർ പല ദരിദ്രന്മാരായ രോഗികൾക്കു കൊടുക്കുന്ന മരുന്നുകളുടെ വിലമാത്രമല്ലാതെ പലപ്പോഴും ആഗ്രഹമില്ലാത്തവരും ആകുന്നു. ആ സ്ഥിതിക്കു ഗവണ്മെന്റും അവർക്കു ഗ്രാന്റു സഹായമെന്ന രൂപത്തിൽ സാരമായ സഹായംചെയ്യേണ്ടതു ന്യായംമാത്രമായിട്ടുള്ളതത്രെ. വേണ്ടുപോലും വൈദ്യന്മാർ ജോലിചെയ്യുവരുന്നതു ഞാൻ അറിയാവുന്നതുകൊണ്ടു മിക്കവാറും സംസ്ഥാനത്തിന്റെ എല്ലാ മുക്കിലും മൂലയിലും ഗവണ്മെന്റു ആയുർവേദ ഔഷധശാലകൾ സ്ഥാപിക്കുന്നതിൽ വലുതായ പ്രയോജനമുണ്ടെന്നു എനിക്കു വിചാരമില്ല. അതിനാൽ പുതുതായുള്ള സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനു പകരം ഈ വൈദ്യന്മാരെ സ്വന്തമായ ഗ്രാന്റുസഹായങ്ങൾകൊണ്ടു പ്രോത്സാഹിപ്പിക്കുന്നതു കുറെ നന്നായിരിക്കുമെന്നേ ഞാൻ വിചാരിക്കുന്നുള്ളൂ.

ഇൻസ്പെക്ടർമാരുടെയും പ്രിൻസിപ്പാളിന്റെയും ശമ്പളത്തെക്കുറിച്ചു ഈ ആയുർവേദവൈദ്യന്മാർ തങ്ങളുടെ ജോലിയിൽ സാധാരണമായി പണം ലാക്കാക്കുന്നില്ലെന്നു പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഈ ആളുകളുടെ സഹജമായ സ്വഭാവം തങ്ങളുടെ ജോലി സ്വമേധയായി ചെയ്യുന്നതിനുവേണ്ടി മാത്രം ദരിദ്രരുള്ള ഡാക്ടർമാരെപ്പോലെ പണം സമ്പാദിക്കുന്നവിഷയത്തിൽ അവരെക്കുറിച്ചു പ്രോത്സാഹിപ്പിക്കുന്നതിനു വലിയ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഏതായാലും കൂടുതൽ കർക്കശമായ അധികചെലവു ആവശ്യമെന്നു തോന്നുന്നപക്ഷം അങ്ങനെ ചെയ്യേണ്ടതാണു. എന്നാൽ അതു ദരിദ്രരായ വൈദ്യസമ്പ്രദായക്കാരോടുള്ള സാരമായ വിധിയായിരിക്കരുതു എന്നു രാവിലെ മി. ഫി. കെ. പിള്ള പറഞ്ഞതുപോലെ നാം അവരെ മനസ്ഥിതിഅനുസരിച്ചു ഗ്രഹിക്കേണ്ടതാണു. ആ മനസ്ഥിതിയെ അവരുടെ ശമ്പളം കൂട്ടുന്നതിനാൽ വ്യത്യാസപ്പെടുത്തുന്ന ഒരു സ്ഥാനത്തുണ്ടാക്കുന്നതു ചീത്തയായിട്ടുള്ളതാകുന്നു. എങ്ങിനെതന്നെയായാലും അവർക്കു യോഗ്യമായ ഒരു ജീവനമാർഗ്ഗം കൊടുക്കുന്നതു അത്യാവശ്യമായികാണുന്നെങ്കിൽ അതിനും എനിക്കു വിരോധമില്ല.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഇപ്പോൾ ഉപന്യസിച്ചിട്ടുള്ള ഉപേക്ഷേപത്തെ താങ്ങി ഒരു വാക്കു ഞാനും പറയാം. ആയുർവേദചികിത്സാ സമ്പ്രദായത്തിന്റെ പ്രയോജനത്തെക്കുറിച്ചു ഗവണ്മെന്റിനു അധികമായി ബോദ്ധ്യപ്പെട്ടുവരുന്നതിൽ നമുക്കു സന്തോഷമുണ്ടു. അതിലേയ്ക്കു ഗവണ്മെന്റു പ്രോത്സാഹനം നൽകിവരുന്നതിലും നമുക്കു സന്തോഷമാണു. എന്നാൽ ഇങ്ങനെയൊക്കെയാണെങ്കിലും ഞാൻ പറയുന്നതു ഇതിനു ചെയ്യാൻ വളരെയുണ്ടെന്നാണു. തിരുവനന്തപുരത്തുള്ള ആയുർവേദ ആസ്പത്രിയെസംബന്ധിച്ചു ഗവണ്മെന്റിന്റെ സവിശേഷമായ ശ്രദ്ധയെ ക്ഷണിക്കുന്നതിനു എനിക്കു ആഗ്രഹമുണ്ടു. സർ, ഈ ആസ്പത്രി എന്റെ അഭിപ്രായത്തിൽപ്പെട്ടിടത്തോളം നാമമാത്രമായ ഒരു ആസ്പത്രി ആകുന്നു. അതു പട്ടണമദ്ധ്യത്തിലുള്ള ഒരു ചെറിയ വൃത്തികെട്ട കെട്ടിടത്തിലാണു ഇട്ടിരിക്കുന്നതു. രോഗികൾക്കു കിടക്കകളോ കട്ടിലുകളോ കൊടുത്തുവരുന്നില്ല. ഇതു ഇങ്ങിനെ ആയിതീരുന്നതു എന്തുകാരണത്താലാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ആയുർവേദചികിത്സാരീതി മറെറ രീതികളെക്കാൾ അധികം ചിലവു കുറക്കുമുള്ളതാണു. ട്രാവൻകോർ–കൊച്ചി രാജ്യഭരണറിപ്പോർട്ടിൽ കാണുന്നതു ആയുർവേദആസ്പത്രിയിൽ ഒരു രോഗിക്കു ക്ഷേണത്തിനു ദിവസംപ്രതിയുള്ള ചിലവു 0 ചക്രം 4 കാശും എന്നാൽ ജനറൽആസ്പത്രിയിൽ അപ്രകാരമുള്ള ചിലവു 1 രൂപ 6 ണ ചക്രം 6 കാശും അതായതു ആയുർവേദആസ്പത്രിയിൽ ഒരു താമസക്കാരൻരോഗിക്കു ക്ഷേണത്തിനായുള്ള ചെലവിന്റെ ഏഴിലൊന്നും ആണെന്നതത്രെ. അതിനാൽ കൂടുതൽ താമസക്കാരായ രോഗികൾക്കു സ്വഭാവസൗകര്യമുണ്ടാകത്തക്കവണ്ണം ആയുർവേദചികിത്സാരീതിയെ വിപുലമാക്കുന്നതായാൽ ജനറലാസ്പത്രിയിലെ സ്ഥലക്കുറവു ഇല്ലാതെയാകുന്നതിനും ഗവണ്മെന്റിനു ചിലവു ചുരുങ്ങുന്നതിനും ക്ഷേണംവകയ്ക്കുള്ള ചിലവിൽ അധികമായ കുറവുവരുത്തുന്നതിനും ഇടയാകുന്നതാണു. അതുകൊണ്ടു ഈ സംഗതിയെ ഗവണ്മെന്റിന്റെ താല്പര്യമായ ആലോചനയ്ക്കായി കൊണ്ടുവരുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഇതുകൂടാതെ തിരുവനന്തപുരത്തുള്ള ആയുർവേദആസ്പത്രിയെപ്പററി അതിനെ അധികം പ്രയോജനകരമാക്കുന്നതിനായും അധികം യോഗ്യമായവിധത്തിൽ കിടക്കകളുടെ എണ്ണവും സ്ഥലസൗകര്യവും വർദ്ധിപ്പിക്കുന്നതിനായും കൂടുതൽ ശ്രദ്ധാവിഷയമാക്കുന്നതിനു കഴിയുന്നതല്ലെ എന്നു ചോദിക്കുന്നതിനും ഞാൻ ആഗ്രഹിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഈ പ്രാധാന്യതയേറിയ വിമർശനത്തെ സംബന്ധിച്ചു ഒരു നിരീക്ഷണമാത്രം പേക്കുന്നതിനു എനിക്കും ആഗ്രഹമുണ്ടു. സഭയുടെ മുമ്പാകെ വിമർശനത്തിനായി വച്ചിരിക്കുന്ന പ്രശ്നത്തെ തീച്ചുചെയ്യുന്നതിനു ഞാൻ മുനിയുന്നില്ല. മി. നാരായണപിള്ള സംഗതിവശാൽ കൊണ്ടുവന്നിട്ടുള്ളതും ആയുർവേഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തെസംബന്ധിക്കുന്നതുമായ കാര്യത്തെ സ്പർശിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. എന്റെ സ്നേഹിതൻ മി. നാരായണപിള്ള ആ പ്രശ്നത്തെ ലക്ഷ്യമാക്കി സംസാരിക്കയും ആയുർവേദവിഷയമായി ലഭിക്കുന്ന കയ്യെഴുത്തുഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം നിർവ്വഹിക്കുന്നകാര്യത്തിൽ ഒരു പണ്ഡിതൻ അശേഷം മതിയാകുന്നതല്ലഎന്നു നിരീക്ഷിക്കയും ചെയ്തു. ഗവണ്മെന്റിന്റെ ശ്രദ്ധിയിലും ഈ സഭയുടെ ശ്രദ്ധയിലും കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു സംസ്കൃതകയ്യെഴുത്തുഗ്രന്ഥങ്ങളെ പ്രസിദ്ധീകരിക്കുന്നതിനു വേറൊരു ഡിപ്പാർട്ട്മെന്റുണ്ടെന്നുകേൾക്കുന്നു. ആ ഡിപ്പാർട്ട്മെന്റു സാഹിത്യവിഷയമായി മാത്രമല്ല സംസ്കൃതശാസ്ത്രത്തിൽ വിവിധശാസ്ത്രങ്ങളേയും കലകളേയും സംബന്ധിക്കുന്ന കയ്യെഴുത്തുഗ്രന്ഥങ്ങളേയും പ്രസിദ്ധീകരിക്കുന്നതിനു യത്നിച്ചുകൊണ്ടിരിക്കയാണു. ഈ ഡിപ്പാർട്ട്മെന്റു ശേഖരിച്ചിട്ടുള്ള കയ്യെഴുത്തുപ്രതികളിൽ

ചിലയു ആയുർവേദത്തെ സംബന്ധിക്കുന്നവയുംആകുന്നു. ഇപ്പോൾ ചോദ്യത്തിനവകാശമുള്ളതു ആയുർവേദംസംബന്ധിച്ചുള്ള അതു പ്രധാനമായ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം ആയുർവേദഡിപ്പാർട്ടുമെൻറിനൊ സംസ്കൃതകൊയ്ഴുത്തു ഗ്രന്ഥങ്ങളെ പ്രസിദ്ധീകരിക്കുന്ന ഡിപ്പാർട്ടുമെൻറിനാ ആക്കാണ് വിട്ടകൊടുക്കേണ്ടതുഎന്നാകുന്നു. ഞാൻ പറയുന്നതു യൂറോപ്പിൽക്കൂടി കേൾവിയിൽപെട്ടിട്ടുള്ള ഡാക്ടർ ഗണപതിശാസ്ത്രി എന്ന പണ്ഡിതശ്രേഷ്ഠൻതന്നെയാണ് സംസ്കൃതകൊയ്ഴുത്തുഗ്രന്ഥങ്ങളെ പ്രസിദ്ധീകരിക്കുന്നതിനുള്ള ഡിപ്പാർട്ടുമെൻറിൻറെ അദ്ധ്യക്ഷൻ അദ്ദേഹത്തെ സഹായിക്കുന്നതിനു മാരോരുത്തരുതാന്താങ്ങളുടെ വിഷയങ്ങളിൽ അതിസമർത്ഥന്മാരായ ഏതാനും പണ്ഡിതന്മാരുണ്ട്. സംസ്കൃതകൊയ്ഴുത്തു ഗ്രന്ഥങ്ങളെ പ്രസിദ്ധീകരിക്കുന്ന വിഷയത്തിൽ തന്നെ ഗ്രന്ഥദോഷിക്കുന്നതിനായിട്ട ഒരു കമ്മിറിയും അദ്ദേഹത്തിനു താങ്ങായി ഉണ്ട്. സർ, എൻറെ അഭിപ്രായത്തിൽ ഒരു ചോദ്യത്തിനവകാശമുള്ളതു്. ആയുർവേദകൊയ്ഴുത്തു ഗ്രന്ഥങ്ങൾ എന്ന അഭിധാനത്തിൽ സംഭരിക്കപ്പെട്ടിട്ടുള്ളവയും ഇനി പ്രസിദ്ധീകരിക്കാനുള്ളയും ആയ പ്രാമാണ്യങ്ങളായ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം സംസ്കൃതകൊയ്ഴുത്തു ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള കമ്മിറിക്ക വിട്ടകൊടുക്കുന്നതല്ലെ നല്ലതു് എന്നാകുന്നു. സംശയംഇല്ലാതെ ഇപ്പോഴത്തെ ആയുർവേദഡയറക്ടർതന്നെ ഒരു നല്ല വിദ്വാൻ ആണ്. എന്നാൽ സംസ്കൃതഭാഷയിൽ ആയുർവേദം സംബന്ധിച്ചുള്ള പ്രാമാണ്യ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം മേന്മേൽക്കുന്നതിലേക്ക ആവശ്യമുള്ള സഹായികളും വിദഗ്ധന്മാരായ ഉപദേശകന്മാരും അദ്ദേഹത്തിനുണ്ടോഎന്ന ഞാൻ സംശയിക്കുന്നു. പ്രശ്നത്തിൻറെ ആവശ്യമാകുന്ന ഇതു സംബന്ധിച്ചു ഞാൻ ഗവണ്മെൻറിൻറെ ഉൽക്കട വിഷയീഭവിപ്പിക്കുന്നതു. ശേഷമുള്ളതിനെ സംബന്ധിച്ചു ഞാൻ ഉപക്ഷേപത്തെ അനുവദിക്കുന്നു എന്നല്ലാതെ കൂടുതലായി യാതൊന്നും പറയുന്നില്ല.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സെക്രട്ടറി): സർ, വിഷയത്തെക്കുറിച്ചു സംസാരിച്ചിട്ടുള്ളവരായി സഭയുടെ എതിർവശത്തിരിക്കുന്ന മഹാന്മാരോടുള്ളതാടെ സാമാന്യമായ അഭിപ്രായം ഈ രാജ്യത്തിൽ ആയുർവേദ സമ്പ്രദായത്തിനു അധികമായ പ്രോത്സാഹനം നല്കണമെന്നാകുന്നു. ഈ അഭിപ്രായത്തിൽ എതിർവശത്തിരിക്കുന്ന മെംബേർമാരാരാട്ട് ഗവർണ്മെൻറും യോജിക്കുന്നുണ്ട് എന്നു ഞാൻ ആദ്യമേ പറഞ്ഞുകൊള്ളട്ടെ. ഇക്കാലമെല്ലാം ഗവർണ്മെൻറു ആയുർവേദഡിപ്പാർട്ടുമെൻറിനു അധികമധികം പ്രോത്സാഹനം നല്കിക്കൊണ്ടിരിക്കയായിരുന്നു. കഴിഞ്ഞ വർഷം മാത്രമേ ഒരു സഹായധനംവാങ്ങുന്ന വൈദ്യശാലകളുടെ എണ്ണം 10 മാത്രമേ ഉണ്ടായിരുന്നൊള്ളു. രാജ്യത്തിൻറെ തുലോം ഉൾപ്രദേശങ്ങളിൽ നിവസിക്കുന്ന ജനങ്ങൾക്കുകൂടി ആയുർവേദചികിത്സാരീതി സുലഭമാക്കിതീർക്കുന്നതിൻറെ ആവശ്യത്തെപ്പറ്റി ഗവണ്മെൻറിനു ബോദ്ധ്യംവന്നിട്ടു ഗ്രാൻറുവാങ്ങുന്ന വൈദ്യശാലകളുടെ എണ്ണം 40 ആയി വർദ്ധിപ്പിക്കുന്നതിനു നിശ്ചയിച്ചു. ഇതുസംബന്ധിച്ചുള്ള ഗവണ്മെൻറു അനുകരിച്ചിട്ടുള്ള നയം വർഷംതോറും 5 വീതം വൈദ്യശാലകൾവീതം ആനുപാതമായി ഏർപ്പെടുത്തുകയാണ്. ഈ കണക്കിനു വൈദ്യശാലകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നതാകുന്നു. ഇപ്പോഴുള്ള വൈദ്യശാലകളുടെ ആകെയുള്ള എണ്ണം 70 ആണ് വരുന്നതുകൊണ്ടുതന്നെ വേറെ 5 വൈദ്യശാലകൾകൂടി ഏർപ്പെടുത്തുന്നതിനു ബഡ്ജറിൽ കരുതീട്ടുമുണ്ട്. അതിനാൽ വരുന്നകൊല്ലത്തിൽ നമുക്കു ആകെ 75 വൈദ്യശാലകളുണ്ടായിരിക്കുന്നതാണ്. ഇങ്ങിനെ തിട്ടുയാക്കീട്ടുള്ള ഏറ്റവും കൂടുതൽ എണ്ണമായ 75ൽ എത്തുന്നതുവരെ വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മുന്നൂതങ്കിലുംതാമുക്കിൽ വല്ല ആയുർവേദഡിസ്പെൻസറിയും ഏർപ്പെടുത്തുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ എന്നു എന്നോടു പറയാമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): ആ പ്രശ്നം ഒരിക്കൽ ഗവർണ്മെൻറു ആലോചിച്ചിട്ടുള്ളതാണ്. അപ്പോൾ അവർ കൈക്കൊണ്ട തീരുമാനം ഉൾപ്രദേശങ്ങളിൽ ആയുർവേദാശുപത്രികളും ഡിസ്പെൻസറികളും വർദ്ധിപ്പിക്കുന്നതു ഔഷധപാകശാലയെ വലുതായചിലവുചെയ്തു വിസ്തീർണ്ണപ്പെടുത്തുന്നതിനു ആവശ്യം നേരിട്ടുന്നതാകകൊണ്ടു വളരെ വിഷമമുള്ള ഒരു വിഷയമായിരിക്കും എന്നായിരുന്നു. ഇപ്പോൾ ഗ്രാൻറുസഹായംവാങ്ങുന്ന വൈദ്യന്മാരുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടിരിക്കയാലും ഈ വൈദ്യന്മാർക്ക് ആവശ്യമുള്ള ഔഷധസഹായം തങ്ങളുടെ കൈവശം വച്ചുകൊള്ളണമെന്നുനിർബ്ബന്ധിക്കാവുന്നതുകൊണ്ടും വളരെ ചില വൃദ്ധചെയ്തു ആസ്പത്രികളുടെയും ഡിസ്പെൻസറികളുടെയും എണ്ണം ഇപ്പോൾ അധികമാക്കേണ്ടിയ ആവശ്യമില്ലെന്നു ഗവർണ്മെൻറു തീരുമാനിച്ചിരിക്കുന്നു.

തിരുവനന്തപുരത്തുള്ള ആസ്പത്രിയെ സംബന്ധിച്ചു ഈ സഭയുടെ അറിവിനായി എന്നിക്കു കൂട്ടിക്കാണിക്കാനുള്ളതു ഈ സ്ഥാപനത്തിൽ മുമ്പുകാൾ അധികമധികമായി പൊതുജനങ്ങൾ വന്നിരിക്കുന്നതിനാൽ അല്പം ജനസാമാന്യത്തിനു വളരെ പ്രയോജനകരമാംവണ്ണം നടത്തപ്പെട്ടിട്ടുണ്ടെന്നാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ ആസ്പത്രിചാർജ്വഹിക്കുന്ന വൈദ്യൻറെ ശമ്പളംഎത്രയെന്നു പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറുചീഫ്സെക്രട്ടറി): ഉദ്ദേശം 75 രൂപായാണെന്നു തോന്നുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ആ ആസ്പത്രി ചാർജ്വഹിക്കുന്ന ഒമഡിക്കൽ ഉദ്യോഗസ്ഥനു അതു തീരെ ഇടുമായ ശമ്പളമാണെന്നു ഗവർണ്മെൻറു വിചാരിക്കുന്നില്ലേ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറു ചീഫ്സെക്രട്ടറി): ഈ വൈദ്യനൊ ആയുർവ്വേദകോളേജിൻറെ പ്രിൻസിപ്പാളിനെ ആയുർവ്വേദഇൻസ്പക്ടരക്കാ ഗവർണ്മെൻറു നിശ്ചയിച്ചിട്ടുള്ള ശമ്പളത്തിൻറെപകുതിയെപ്പറ്റി യാതൊരഭിപ്രായവും പ്രകടിപ്പിക്കുന്നതിനു എനിക്കു നിവൃത്തിയില്ല. പരമാർത്ഥമായ ശമ്പളം വർദ്ധിപ്പിക്കേണ്ട ആവശ്യമുണ്ട്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ ഡിസ്പെൻസറിയെപ്പറ്റിയല്ല. ആസ്പത്രിയെപ്പറ്റിയാണ് സംസാരിച്ചതു് ആസ്പത്രിയിൽ എത്ര താമസക്കാരായ രോഗികൾ ഉണ്ടെന്നു പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറു ചീഫ്സെക്രട്ടറി): എട്ടു്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ രോഗികൾക്കു് വല്ല കട്ടിലുകളും കിടക്കകളും ഉണ്ടോ? ചീഫ്സിക്രട്ടറി വല്ല സമയത്തും ഈ ആസ്പത്രി സന്ദർശിക്കയുണ്ടായിട്ടുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ്സെക്രട്ടറി): പായ്കളെയും കിടക്കകളെയും പറ്റി എനിക്ക വ്യക്തമായ അറിവ് കിട്ടീട്ടില്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ സംഗതിയെപ്പറ്റി ഗവർണ്മെൻറ് അന്വേഷണം നടത്തുമോ ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സെക്രട്ടറി): അതെ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സ്ഥലസൌകര്യം കൂടുതലാക്കുന്നതിൻറ ആവശ്യത്തെപ്പറ്റിക്കൂടി ഗവർണ്മെൻറ് ആലോചിക്കുമോ?

മി. കെ. നാരായണൻപണ്ടാല ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സെക്രട്ടറി): അതെ, അതും ആലോചിക്കുന്നതായിരിക്കും.

തിരുവനന്തപുരത്തുള്ള ആസ്പത്രിയിൽ അധികമധികം ആളുകൾ വന്നുകൊണ്ടിരിക്കുന്നു എന്നും വർഷംതോറും രോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നും അതെ ഞാൻ പറഞ്ഞതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സംഖ്യ തിരുവനന്തപുരം ജനറലാസ്പത്രിയിൽപോകുന്നവരുടെ സംഖ്യയെക്കാൾ കൂടുതൽ അല്ലേ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സെക്രട്ടറി): ആയുർവേദ ആസ്പത്രിയിൽ പോകുന്നവരുടേയും തിരുവനന്തപുരം ജനറലാസ്പത്രിയിൽ പോകുന്നവരുടേയും സംഖ്യകൾ ഞാൻ ഒത്തുനോക്കീട്ടില്ല.

വൈദ്യശാലകളെപ്പറ്റി പറയുന്നതായാൽ ഞങ്ങൾക്കും കഴിവുള്ളടത്തോളം താലൂക്കാസ്പത്രികളിലാണ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു എന്ന സഭയുടെ അറിവിനായി ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): തിരുവല്ലയിൽ ഈ സഹായധനംവാങ്ങുന്ന അധികം വൈദ്യശാലകൾ ഉണ്ടെന്നു ഗവർണ്മെൻറ അറിയുന്നുണ്ടോ? അതിലേക്ക് വല്ല പ്രത്യേകകാരണവുമുണ്ടോ ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ്സെക്രട്ടറി): തിരുവല്ലാതാലൂക്കിൽ രണ്ടു വിശ്വവൈദ്യശാലകൾ കൂടി ഉണ്ട്.

മി. കെ. കെ. തോമസ് (കോട്ടയം): അങ്ങനെയെങ്കിൽ പ്രകൃതിയിൽ വല്ല വൈദ്യശാലകളുമുണ്ടോ എന്നു പറയുമോ? ഞാൻ അറിയുന്നതു് കോട്ടയത്തു രണ്ടു വൈദ്യശാലകൾ മാത്രമേ ഉള്ളു എന്നാണ്.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ് ചീഫ്സെക്രട്ടറി): കോട്ടയത്തിനു കിഴക്കും അങ്ങിനെതന്നെ ചങ്ങനാശേരിയിലും വൈദ്യശാലകൾ വല്ലതും ഉള്ളതായി ഞാൻ കാണുന്നില്ല.

മി. സി. പി. തോമസ് (ഗവർണ്മെൻറ നിയമിച്ച മെംബർ): ഗ്രാൻറ സഹായംവാങ്ങുന്ന വൈദ്യശാലകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ എത്രയെണ്ണം ഗ്രാൻറ സഹായംവാങ്ങുന്ന അല്ലോപ്പതി ഡിസ്പെൻസറികൾ ഏർപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ എത്രഎണ്ണം മെംബർ പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): എനിക്ക ഇപ്പോൾ യാതൊരറിവുമില്ല.

അതിനാൽ ഞാൻ സമുന്വാകെ ഇപ്പോൾ തന്നിട്ടുള്ള വിവരണയെക്കുറിച്ചു ഉപക്ഷേപം പിൻവലിക്കുന്നതിനു മി. എം. എൻ. പിള്ള വഴികാണുമെന്നു ഞാൻ വിചാരിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ലക്ഷീകരിച്ചിട്ടുള്ള രണ്ടുദ്യോഗസ്ഥന്മാരുടെയും ശമ്പളംകൂട്ടുന്നകാര്യത്തിൽ ഗവണ്മെൻറിൻെറ നില എന്തു?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറ ചീഫ്സിക്രട്ടറി): ആ സംഗതിയെ ക്കുറിച്ചുമായി ഗവണ്മെൻറുമുമ്പാകെ കൊണ്ടുവന്നിട്ടില്ല. ഡയറക്ടർ അതിനെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നപക്ഷം അവർ അതു ആലോചിക്കുന്നതായിരിക്കും.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ ഉറപ്പിൻമേൽ ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

സഭ്യേതരകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൭൨ മുതൽ ൨൭൪ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഉപന്യസിക്കപ്പെട്ടില്ല.

മി. എൻ. കുമാരൻ:

൨൭൨. ആയുർവേദഡിസ്പെൻസർമാരിലേക്ക നീക്കിട്ടുള്ള നാല്, വണ്ണം രൂപായിൽ നിന്നു ൫൦൦ രൂപാ കുറവുചെയ്യണം.

ശ്രീ. ടി. കുമാരപിള്ള:

൨൭൩. സാനിട്ടേഷനും വാക്സിനേഷനുംവകയിൽ കമ്മിഷണർക്ക നീക്കിട്ടുള്ള ൻ്റെണ്ണൂറ രൂപയിൽനിന്നു ൫൦൦ രൂപാ കുറവുചെയ്യണം.

മി. കെ. മാധവൻപിള്ള:

൨൭൪. സാനിട്ടേഷനും വാക്സിനേഷനും വകയ്ക്കു നീക്കിട്ടുള്ള രണ്ടു,൯൦൦ രൂപയിൽ നിന്നു ൫൦൦ രൂപാ കുറയ്ക്കണം.

മി. ജി. പരമേശ്വരൻപിള്ള:

൨൭൫. സാനിട്ടേഷനും വാക്സിനേഷനുംവകയ്ക്കു നീക്കിട്ടുള്ള രണ്ടു,൯൦൦ രൂപയിൽനിന്നു ൫൦൦ രൂപാ കുറയ്ക്കണം.

൨൭൬-ാം ഉപക്ഷേപം.

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും): സർ, ഞാൻ താഴെ പറയുന്ന ഉപക്ഷേപത്തെ ഉപന്യസിക്കുന്നു.

൨൭൬. സാനിട്ടേഷനും വാക്സിനേഷനും വകയ്ക്കു നീക്കിട്ടുള്ള രണ്ടു,൯൦൦ രൂപായിൽ നിന്നു ൫൦൦ രൂപാ കുറവുചെയ്യണം.

ഈ ഉപക്ഷേപംകൊണ്ടുവരുന്നതിൽ ഉണ്ടായിരുന്ന എന്റെ ഉദ്ദേശ്യം ഈ നാട്ടിൽ വിസ്താരമായി പ്രചരിച്ചിട്ടുള്ള ട്യൂബർക്കുലോസിസ് (ഗ്രന്ഥി)എന്ന രോഗത്തെക്കുറിച്ചും അതിനെ ഇല്ലാതാക്കുന്നതിലേക്കു സഹായിതമാഗ്ഗങ്ങളെ ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യത്തെയും അഭിലഷണീയതയേയും കുറിച്ചും ശ്രദ്ധപതിപ്പിക്കുന്നതിനായിട്ടത്രെ. ഈ രാജ്യത്തിൽ ഗ്രന്ഥിരോഗപ്രസരത്തിന്റെ എല്ലാ സദ്ഭാവങ്ങളിലേക്കും തീക്ഷ്ണമായശ്രദ്ധയെ ആകർഷിക്കുന്നതിനു സമയം തീരെ മതിയാകുന്നില്ല. നമ്മേക്കാളധികമായ പാശ്ചാത്യരാജ്യങ്ങളിൽപോലും അതു മുഖ്യവശ്യമായ ഒരു പ്രധാനകാര്യമാണെന്നു സമ്മതിച്ചിരിക്കുന്നു. സാനിട്ടോറിയം ചികിത്സനടത്തപ്പെടുന്നതായ ഡിസ്പെൻസറികൾ ഉണ്ടാക്കുന്നതിലേക്കു ലക്ഷോപലക്ഷം പവൻ അവർ ചെലവാക്കുകയും ചെയ്യുന്നുണ്ട്. ഈ രോഗികൾക്കു ഗ്രന്ഥിരോഗചികിത്സനടത്തുന്നതിനായിട്ടു ഈ സാനിട്ടോറിയങ്ങളിൽ കിടത്തിക്കൊടുക്കുന്നതിനു മുമ്പ് ചുരുക്കം ചില ശയ്യകൾമാത്രമുണ്ടായിരുന്നെങ്കിലും, ഇപ്പോൾ ഇരുപതിനായിരമോ മുപ്പതിനായിരമോ ശയ്യകൾ വിതമുണ്ട്. മദ്രാസ്സംസ്ഥാനസ്സർക്കാരുകൾ മദ്രാസ്സ്വവണ്ടറിൽനിന്നും തിരുവിതാംകോട്ടമഹാരാജാവു തിരുമനസ്സിലെ ഗവണ്മെൻറ്റിൽപ്പെട്ട പലസ്ഥലങ്ങളിലെ ഗവണ്മെൻറുകളിൽനിന്നും കൊടുക്കപ്പെടുന്ന ഒരു വകയിൽ. ഇവയുടെ സഹായത്താൽ നടത്തപ്പെടുന്ന ഒരു ചിത്തിരപ്പട്ടമഹനപ്പള്ളി 'സാനട്ടോറിയം' ഉണ്ട്. ഏറ്റവും നവീനമായ ചികിത്സാരീതിയാണ് അവിടെ പ്രയോഗിച്ചു വരുന്നത്. എന്റെ ഓമ്മശരിയാണെങ്കിൽ ലോകത്തിലെങ്ങുമുള്ള ഗ്രന്ഥിരോഗവിദഗ്ദന്മാരിൽ വച്ചു ഏറ്റവുംകേമപ്പെട്ട ഒരാളായ ഡാക്ടർ ഗ്രൈസൺപുന്ന വിദേശ അധികാരികൾതന്നെയാണ്. അദ്ദേഹത്തിന്റെ ചികിത്സാരീതി സാനട്ടോറിയത്തിൽ പ്രയോഗത്തിലിരിക്കുകയും ആകുന്ന, ഒട്ടവളരെ രോഗികൾ അവിടെപോകുകയും വളരെ ഗുണം അവർക്കു സിദ്ധിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ കുടുംബാംഗങ്ങളായ രണ്ടോമൂന്നുകൾ അവിടെ പോയി വളരെ ഗുണപ്പെട്ടിരിക്കുന്നു. അവിടെ പോയി ഗുണപ്പെട്ടതായ പലരെയും ഒഴിവാന്തരങ്ങളിൽ എനിക്കു പരയുവാനുണ്ടായിട്ടുണ്ട്. തിരുവിതാംകോട്ട ഒരു സാനട്ടോറിയം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത അവക്കില്ലാവക്കും ബോദ്ധ്യമായിട്ടുണ്ട്. ഈ സംഗതിൽ ഈ സഭയുടെ തീക്ഷ്ണമായ ശ്രദ്ധാപതിയണമെന്നു ഞാൻ ആവശ്യപ്പെടുന്നു. അതിനായ് ഉപക്ഷേപത്തെ ഞാൻ ഉപന്യസിക്കുന്നു. അതിനെനിശ്കർഷിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല.

പ്രസിഡൻറ്: അതിനെ ഇപ്പോൾതന്നെ നിങ്ങൾ ഉൽക്ഷേപിക്കുന്നില്ലെന്നോ അതോ പിൻവലിക്കുന്നെന്നോ നിങ്ങൾ അർത്ഥമാക്കുന്നത്?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വടക്കൻ): ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അതിനെ പിൻവലിക്കുന്നതിനുമുമ്പായി ഉല്യോഗസ്ഥരുമായും സംസാരിപ്പാൻ അനുവദിക്കേണ്ടതാണ്.

മി. കെ. നാരായണൻപണിക്കർ (അ. ഗവണ്മെൻറു ചീഫ്സെക്രട്ടറി): സർ, ആ വാദത്തിനിക്കുന്ന എന്റെ സ്നേഹിതൻ ഈ രാജ്യത്തു ഗ്രന്ഥിരോഗചികിത്സക്കായി ഒരു സാനട്ടോറിയം ഏർപ്പെടുത്തണമെന്നു ആവശ്യപ്പെടുന്നു. അങ്ങനെയുള്ള ഒരു സ്ഥാപനം അത്യധികം പ്രയോജനകരമായിരിക്കുമെന്നു ഇനിക്കു പറയാം. ആ പ്രമേയം ഒരവസരത്തിൽ ഗവണ്മെൻറു ആലോചിച്ചിട്ടുള്ളതാണെങ്കിലും ക്ലിപ്തമായ ഒരു തീർച്ചു ഉണ്ടാക്കിയിട്ടില്ല. അതു ഇപ്പോഴും നിരസ്തിമായ ഒരു പ്രശ്നമാണ്. പക്ഷേ, അധികകാലതാമസംകൂടാതെ ആ കാര്യം ആലോചനയ്ക്കായി എടുക്കുന്നതായിരിക്കും.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വടക്കൻ): ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൭൭ മുതൽ ൨൭൯ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഉപന്യസിക്കപ്പെട്ടില്ല.

മി. കെ. ഐ. ജോസഫ്:

൨൭൭. കൈത്തൊഴിലുകൾക്കു ഗ്രാന്റുസഹായംചെയ്യുന്നുള്ള (൨)-ം, (൩)-ാ ഇങ്ങനെരിക്കായിട്ടു നിക്കിട്ടുള്ള ചെലവുന്നവു രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കുണം.

മി. സി. പി. തോമസ്:

൨൭൮. ഹൈസ്കൂൾ അദ്ധ്യാപകന്മാർക്കു നീക്കിട്ടുള്ള ൧൪൫ ലക്ഷം രൂപായിൽനിന്നു ൧൦൦ രൂപാ കുറവുചെയ്യുണം.

പ്രസിഡൻറ്: ഞാൻ ഇപ്പോൾ രസതന്ത്രപരിശോധകനും ആയുർവേദത്തിനും സാനിട്ടേഷനുമായും ൧൪൫ ലക്ഷം രൂപായ്ക്കുള്ള ഹൈസ്കൂൾ അദ്ധ്യാപകസങ്കുചിതംകേവയ്ക്കുന്നു. സഭ അതു അനുവദിക്കുന്നുഎന്ന് ഞാൻ മനസ്സിലാക്കുന്നു.

പ്രമേയം സമ്മതിക്കയും ഗ്രാന്റു അനുവദിക്കയുംചെയ്തു.

൧൭-ാം അദ്ധ്യാപന-സ്കോളർഷിപ്പുകളും അച്ചടിയും.

മി. കെ. നാരായണൻപണിക്കർ (അ. ഗവണ്മെൻറു ചീഫ്സെക്രട്ടറി): സർ, ൧൭-ാം അദ്ധ്യായത്തിൽ സ്കോളർഷിപ്പുകൾക്കും അച്ചടിയ്ക്കും വേണ്ടി ൩'൦൦ ലക്ഷം രൂപാ അനുവദിക്കണമെന്നു ഞാൻ ഉപന്യസിക്കുന്നു.

൨൮൦-ാം ഉപക്ഷേപം.

താഴെ പറയുന്ന ഉപക്ഷേപം ഉപന്യസിക്കപ്പെട്ടില്ല:—

മി. കെ. പി. നീലകണ്ഠപ്പിള്ള:

൨൮൦. തങ്കശ്ശാലയിലേക്കു പീസ്വക്ക ജോലിചെയ്യുന്ന ജോലിക്കാർക്കുവേണ്ടി നിക്കിട്ടുള്ള ൩,൦൦൦ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കുണം.

ഡവ്വ്-ാം ഉപക്ഷേപം.

മി. കെ. കെഎ. ജോസഫ് (മീനച്ചിലും മേവികുളവും): സർ, ഞാൻ താഴെ പറയുന്ന ഉപക്ഷേപം ഉപന്യസിക്കുന്നു:

ഡവ്വ്ക. അച്ചടിവകയായി നീക്കിട്ടുള്ള ക,ംക,ൻ൭ം രൂപായിൽ നിന്നു ക്ഷം രൂപാ കുറവു ചെയ്യുണം.

ഈ ഉപക്ഷേപം ഉപന്യസിക്കുന്നതിൽ എനിക്കുള്ള ഉദ്ദേശ്യം അച്ചടി ഈ രാജ്യത്തുള്ള ആളുകൾ എത്ര പ്പെട്ടിട്ടുള്ള എതുയും ചുരുക്കം ചിലവ്യവസായങ്ങളിൽ ഒന്നാണെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു മാത്രമാണ്. ഈ സ്ഥിതിക്കു നാട്ടുഭാഷാ പാഠപുസ്തകങ്ങൾ അച്ചടിക്കുന്ന ജോലി ഗവണ്മെൻറ സ്ഥാപനങ്ങളിൽ ചെയ്യിക്കാതെ പ്രൈവറ്റു സ്ഥാപനങ്ങൾക്കു വിട്ടുകൊടുത്തു പ്രൈവറ്റു വ്യവസായം ആ വിധത്തിൽ പ്രോത്സാഹിപ്പിക്കുന്നതു അധികം നന്നായിരിക്കും. പബ്ലിക്ക് അക്ക്സ് ഡിപ്പാർട്ടുമെൻറിനെപ്പറ്റി വിചർജനംചെയ്യുന്നതിനു മിക്ക മെംബർമാരും ഉൽസുകരായിരിക്കുന്നതിനാൽ അധികമായി പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ അധികമൊന്നു കൂട്ടിച്ചേർക്കുന്നതുമില്ല. ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എനിക്കു ഇതേമാതിരി ഒരു ഉപക്ഷേപം ഉണ്ടു്, അതിനെ ഉപന്യസിക്കാതെ ഇതെപ്പറ്റി കുറഞ്ഞൊന്നു പ്രസ്താവിച്ചുകൊള്ളട്ടെ

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഉപക്ഷേപം പിൻവലിച്ചുകഴിഞ്ഞു എന്നു ഞാൻ വിചാരിക്കുന്നു.

മി. ചങ്ങനാശേരി കെ, പരമേശ്വരൻപിള്ള (കൊല്ലം): ഉപക്ഷേപങ്ങൾ ഇല്ലുങ്ങളാക്കുന്നു.

പ്രെസിഡണ്ടൻറ്: മി. പണിക്കർ സംസാരിക്കുന്നതിനാവശ്യപ്പെട്ട എന്നു എനിക്കു തോന്നുന്നു. മി. ജോസഫ് നിങ്ങൾ ഉപക്ഷേപം പിൻവലിച്ചിട്ടില്ലേ?

മി: കെ. കെഎ. ജോസഫ് (മീനച്ചിലും മേവികുളവും): അതു നിഷ്കർഷിക്കുന്നതിനു എനിക്കു ആഗ്രഹമില്ല. ചീഫ്സെക്രട്ടറിയിൽ നിന്നുള്ള വിവരങ്ങളുടെതന്നെ ഞാൻ അതു പിൻവലിച്ചുകൊള്ളാം

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മെംബർ ഉപക്ഷേപം പിൻവലിക്കുന്നുവൊ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

പ്രെസിഡണ്ടു്: അങ്ങേഹം ഉപക്ഷേപം ഉപന്യസിക്കുന്നതുവരെങ്കിലും അതിനെ നിഷ്കർഷിക്കുന്നില്ലെന്നു പറയുന്നു.

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഈ ഉപക്ഷേപം എന്റെ ഭാഗത്തിൻറെ ഉപന്യസിക്കുന്നതിൻറെ ഉദ്ദേശം വർണാക്യുലർ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നജോലി ഗവണ്മെൻറ പ്രസ്സിൽ ചെയ്യുന്നതിനോ അതോ പ്രൈവറ്റു ആളുകൾക്കു വിട്ടുകൊടുക്കേണ്ടതാണോ എന്നുള്ള സംഗതി ഗവണ്മെൻറിൻറ ആലോചനയ്ക്കു വിധേയീകരിപ്പിക്കേണ്ടുന്നതിനായിട്ടു ആകുന്നു. രണ്ടാമത്തെ രീതിയാണു അദ്ദേഹത്തിനു സമ്മതം എന്നു അങ്ങേഹം പ്രസ്താവിച്ചു. പാഠപുസ്തകങ്ങളെ മെസ്സേഴ്സ് മാക്മില്ലൻ കമ്പനിക്കാരെക്കൊണ്ടു അച്ചടിപ്പിക്കുന്നതിനു അനുവദിച്ചു ഇപ്പോഴത്തെ ഏർപ്പാടുപോലും അഭിലഷണീയമല്ല എന്നും ആ ഏർപ്പാടു ഉടൻതന്നെ അവസാനിപ്പിക്കേണ്ടതാണെന്നും ഉള്ള നിവേദനങ്ങൾ ഉണ്ടായിട്ടുണ്ടു്. ഗവണ്മെൻറ ഈ സംഗതിയെപ്പറ്റി ആലോചിച്ചിട്ടു ആ പുസ്തകങ്ങൾ അച്ചടിക്കുന്ന ജോലി ഗവണ്മെൻറ പ്രസ്സിൽതന്നെ ചെയ്യേണ്ടതാണെന്നു തീരുമാനിച്ചിരിക്കുന്നു. എന്നാൽ ഗവണ്മെൻറ പ്രസ്സിൽ ഇപ്പോൾ പൂർണ്ണമായ സാധന സാമഗ്രികൾ ഇപ്പോഴുള്ളതുകൊണ്ടു ഈ തീരുമാനം ഉടൻതന്നെ നടപ്പിൽവരുത്തുന്നതിനു സാധിക്കാതെയിരുന്നു. വരുന്ന വർഷം കഴിഞ്ഞതിൽപിന്നെ ഈ പാഠപുസ്തകങ്ങൾ അച്ചടിക്കുന്ന ജോലി ഗവണ്മെൻറതന്നെ ഗവണ്മെൻറ പ്രസ്സിൽ നിർവഹിക്കുന്നതാണു്. കൂടുതലായി ഒന്നും എനിക്കു പറയാനില്ല.

മി. കെ. കെഎ. ജോസഫ് (മീനച്ചിലും മേവികുളവും): ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഡവ്വ്ഠ മുതൽ ഡവ്വ്ര വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഉപന്യസിക്കപ്പെട്ടില്ല:—

മി. കെ. പി. നീലകണ്ഠപിള്ള.

൨൨൪. ചപ്പിറമരാമത്തിനും ൽറകൊറപ്പുണിക്കും ആയി നീക്കിട്ടുള്ള ൨൫൦൦ രൂപാ അശേഷം ഉപയോഗിക്കണം.

മി. ജി. പരമേശ്വരൻപിള്ള.

൨൨൫. മ്യൂസിയവും പബ്ലിക്ക ഉദ്യാനവും വകയ്ക്കു നീക്കിട്ടുള്ള ൧൮,൧൭൯ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി. എം. എൻ. പിള്ള.

൨൨൬. മ്യൂസിയവും പബ്ലിക്ക ഉദ്യാനവും വകയ്ക്കു നീക്കിട്ടുള്ള ൧൮,൧൭൯ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കും.

മി. ജി. രാമൻ മേനവൻ.

൨൨൭. മ്യൂസിയവും പബ്ലിക്ക ഉദ്യാനവും വകയ്ക്കു നീക്കിട്ടുള്ള ൧൮,൧൭൯ രൂപായിൽനിന്നു ൧൫൦൦ രൂപാ കുറവു ചെയ്യണം.

മി. ജി. പരമേശ്വരൻപിള്ള.

൨൨൮. ഛായാപടമെടുക്കുന്ന ഡിപ്പാർട്ടുമെന്റിലേക്കു നീക്കിട്ടുള്ള ൧൯൫൫ രൂപായും ഒഴിവാക്കിക്കണം.

പ്രൈസിഡൻറ്: ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെൻറുകൾക്കുവേണ്ടി നീക്കിട്ടുള്ള ൨൫ ലക്ഷം രൂപ ഉൾപ്പെടുന്ന ഹെഡ് അദ്ധ്യർത്ഥന അനുവദിച്ചിരിക്കുന്നു എന്നു ഞാൻ ഗ്രഹിക്കുന്നു.

അദ്ധ്യർത്ഥന സമ്മതിക്കപ്പെട്ടുകയും ഇത അനുവദിക്കപ്പെട്ടുകയും ചെയ്തു.

൨൯-ാം അദ്ധ്യർത്ഥന—ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെൻറുകൾ.

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): സർ, ൨൯-ാം അദ്ധ്യർത്ഥനയായി ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെൻറുകൾക്കുവേണ്ടി. നൽ ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക ഞാൻ അദ്ധ്യർത്ഥിക്കുന്നു.

൨൯൦ മുതൽ ൨൯൨ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഉപന്യസിക്കപ്പെട്ടില്ല.

മി. എ. കെ. പിള്ള.

൨൯൦. പബ്ലിക്ക ലൈബ്രറിവകയ്ക്കു നീക്കിട്ടുള്ള ൫൦,൫൨൪ രൂപായിൽനിന്നു ൫ രൂപാകുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൨൯൧. പബ്ലിക്ക ലൈബ്രറിവകയ്ക്കു നീക്കിട്ടുള്ള ൫൦,൫൨൪ രൂപായിൽനിന്നു ൫൦ രൂപാ കുറയ്ക്കണം.

മി. ജി. പരമേശ്വരൻപിള്ള.

൨൯൨. പബ്ലിക്ക ലൈബ്രറിവകയ്ക്കു നീക്കിട്ടുള്ള ൫൦,൫൨൪ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കണം.

൨൯൩-ാം ഉപക്ഷേപം.

മി. പി. കെ. കെ. നാരായണപിള്ള (അമ്പലപ്പുഴ). സർ, ഞാൻ താഴെ പറയുന്ന ഉപക്ഷേപം ഉപന്യസിക്കുന്നു.

൨൯൩. പുരാണവസ്തുനേഷണഡിപ്പാർട്ടുമെൻറിലേക്കു നീക്കിട്ടുള്ള ൫൫൨൫ രൂപായിൽനിന്നു ൫൦ രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശ്യം ആർക്കിയോളോജിക്കൽ ഡിപ്പാർട്ടുമെൻറുവകയ്ക്കു നീക്കിട്ടുള്ളതുക കുറവാണെന്നുള്ള സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമാത്രമാണ്. ഇതു യാണ്ടുവത്തിൽ ആറുമാസത്തിനുശേഷം ഈ ഡിപ്പാർട്ടുമെൻറു നിർത്തിക്കളയുന്നതാണെന്നു ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുള്ള നയത്തിനു നിരായി ബഹുമാനപുരസ്സരമെങ്കിലും ശക്തിയായ ഒരു പ്രതിഷേധം ആകുന്നു, വിദ്യാഭ്യാസം തിരുവിതാംകോട്ടയ പരമകാഷ്ഠയെ പ്രാപിച്ചു വിലസുന്നു എന്നു സാധാരണയായി പറഞ്ഞുവരികയും ഗവർണ്മെൻറിന്റെ യത്നം കേരളമൊട്ടുക്കല്ലെങ്കിലും തിരുവിതാംകോട്ടെങ്കിലും ഒരുസാർവകലാശാലാസ്ഥാപനം എർപ്പെടുത്തുന്നതിലേക്ക് ആയിരിക്കയുംവിദ്യാഭ്യാസംചെയ്തിട്ടുള്ള ജനങ്ങളുടെകൃത്യം രാജ്യത്തിൽ കൂടുതലായി വിദ്യാഭിവൃദ്ധിയുണ്ടാക്കുന്നതിനു സഹായിക്കുകയും ആയിരിക്കുമ്പോൾ, ആർക്കിയോളോജിക്കൽ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനങ്ങൾ ഒഴിച്ചുവയ്ക്കാവുന്നതാണെന്ന് ഗവർണ്മെൻറ് വിചാരിക്കുന്നതിനു സംഗതിയെന്തിൽ ഞാൻ വിസ്മയിക്കുന്നു. ഇതുവരെ തിരുവിതാംകോട്ടിൽ ആർക്കിയോളോജിസംബന്ധിച്ച് വളരെ പ്രവർത്തിച്ചിരിക്കുന്നു എങ്കിലും ഇനിയും പ്രവർത്തിക്കുന്നതിനു വളരെയുണ്ട്. രാജ്യത്തിനുപുറമെയുള്ള വിദ്വാന്മാരുടേയും വിശ്രുതപുരുഷന്മാരുടേയും ശ്രദ്ധ ആർക്കിയോളോജിക്കൽ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിൽ പതിഞ്ഞുകൊണ്ടിരിക്കുന്ന അവസരത്തിൽ ഒഴിച്ചുന്തമായിട്ട തിരുവിതാംകോട്ടിൽ ൧൯൯൩-൪മാണ്ടിൽ തിരുവിതാംകോട്ടിൽ നിക്ഷേപിക്കപ്പെട്ടുകിടക്കുന്ന കുസ്യൂൻപുരാണവസ്തുക്കളെപ്പറ്റി അന്വേഷണം നടത്തുന്നതിനായിട്ട ഡാർജിലിങ്ങിൽ നിന്നുതിരുവിതാംകോട്ടയ്ക്കുവന്ന റവ. ഹോസ്റ്റെയിൽ പാതിരിയുടെ ജിജ്ഞാസയെക്കുറിച്ചു സഭയുടെ ശ്രദ്ധയെ ഞാൻ ആകർഷിക്കുന്നു—സംഗതികൾ ഇങ്ങിനെയിരിക്കുമ്പോൾ, ആ സംഗതിയെ സംബന്ധിച്ച് നമ്മുടെഗവർണ്മെൻറ് പ്രതീപഗാമിയായ ഒരുനിലയെ അവലംബിക്കുന്നതിന് ഒരുമ്പെട്ടതു എനിക്ക അത്യന്തം ദുസ്സഹഹേതുവായിതോന്നുന്നു. ഈ മനഃസ്ഥിതിയെ കുറിക്കുന്നതിനായിട്ടല്ലാതെ ഡിപ്പാർട്ടുമെൻറിനെ കുറച്ചെടുത്തുന്നതിനായിട്ടല്ലാ ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്.

മി. സി. എൻ. ഇപ്പൻതംപൂരി (ജന്മിമാർ): ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെൻറിനെ അടുത്തകാലത്തോടുകൂടി നിർത്തലാക്കിട്ടുള്ള നിലയിലാണ് ബഡ്ജറ്റുകൊണ്ടു കാണുന്നതു്. ആ ഡിപ്പാർട്ടുമെൻറ് പുരാതനാവസ്ഥയെ കണ്ടറിയുന്നതിന് ഏറ്റവും അത്യാവശ്യമാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു വളരെ ഉപയോഗം ജനങ്ങൾക്കുണ്ടാകും. മി. പി. കെ. നാരായണപിള്ള പറഞ്ഞ അഭിപ്രായത്തിൽ കൂടുതലായി എനിക്കൊന്നും പറയാനില്ലാത്തതിനാൽ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിച്ചുകൊള്ളുന്നു.

മി. തയ്യൂർ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): രാജ്യത്തിലെ രാഷ്ട്രീയമായും സാമൂഹായികമായും മതസംബന്ധമായുമുള്ള പുരാതനസ്ഥിതികളെ വേണ്ട പരിശോധനനടത്തി മനസ്സിലാക്കി ജന സാമാന്യത്തെ അറിയിക്കുന്നതിനുള്ള ഒരുഡിപ്പാർട്ടുമെൻറാണ് ആക്കിയാളജിക്കൽ ഡിപ്പാർട്ടുമെൻറ്. പലകാര്യങ്ങളും പരിശോധിച്ച് അതു സംബന്ധമായ അറിവുകളെ ജനങ്ങൾക്കു പ്രദാനംചെയ്തിട്ടുണ്ട്. അതുനിർത്തിക്കളയുന്നതു മോശംതന്നെയല്ല. പക്ഷേ ഇതുപോയ്കൊണ്ടിരിക്കുന്ന സംഗതികൾ ജനസാമാന്യത്തിന്ന് എല്ലാവർക്കും അറിയാൻപാടില്ലാത്തവിധം ഒരുവിധത്തിൽ മൂടിവച്ചിരിക്കയാണ്. ഈ വകസംഗതികൾ നൂറിനു പന്നിരുപതുപേരെങ്കിലുമാത്രം അറിഞ്ഞാൽ പോരെല്ലൊ. അതുകൊണ്ടു അതുസംബന്ധമായ റിപ്പോർട്ടുകൾ മലയാളത്തിൽകൂടി പ്രസിദ്ധപ്പെടുത്തണം. എന്നാലെ പരക്കെജനങ്ങൾ അറിയൂ. പുരാവസ്തു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചും ഈ മാന്യൻ പറയുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറിനെപ്പറ്റി ബഹുജനങ്ങൾക്കു ഒന്നും അറിഞ്ഞുകൂടാ. ഇനിയും ഇതിന്ന് ആ ഡിപ്പാർട്ടുമെൻറിനെ വച്ചുകൊണ്ടിരിക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. കെ. കെ. തോമസ് (കോട്ടയം): ഈ ഡിപ്പാർട്ടുമെൻറ് വേലചെയ്യുടങ്ങീട്ട് എത്രവർഷമായി എന്നറിയാമോ?

മി. തയ്യൂർകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): കുറെവർഷംആയി. കൃത്യമായ് ഇത്രവർഷം ആയി എന്നു രേഖയോക്കി പറയാം.

മി. കെ. ഐ. ജോസഫ് (മണക്കിലും ദേവികുളവും): ഒന്നാം ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുകയും ഈ ഡിപ്പാർട്ടുമെൻറ് നിർത്തിക്കളയുന്നതിനെ പ്രതിഷേധിക്കുകയുംചെയ്യുന്നു.

മി. കെ. നാരായണൻ പണിക്കർ (ആക്ടിങ്ങ് ഗവണ്മെൻറ് ചീഫ്സിക്രട്ടറി): ഗവൺമെൻറ് ആക്കിയാളജിക്കൽ ഡിപ്പാർട്ടുമെൻറിനെപ്പറ്റി ആലോചനനടത്തുകയും ആ വർഷത്തിൽതന്നെ ആക്കിയാളജിക്കൽ സൂപ്രണ്ടിനോടു തരമെന്നറിയിട്ടുള്ള ജോലിയിൽ എത്രത്തോളം ചെയ്യുതീർത്തിട്ടുണ്ടെന്നും ഇനിയും തീർക്കുന്നതിനു എത്രത്തോളമുണ്ടെന്നും റിപ്പോർട്ടുചെയ്യുന്നതിനു ആവശ്യപ്പെടുകയുംചെയ്തു. അദ്ദേഹം സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ നിന്ന് കണ്ടതു പ്രധാനങ്ങളായ കവിതകളിൽ പ്രധാനങ്ങളില്ലാത്തതെന്നു കേട്ടറിവിച്ചിട്ടുള്ളവയൊ പൂർണ്ണമല്ലാത്തവയോ ശകലങ്ങളൊ ആയ കവിതകളുടെ മാത്രമാണെന്നായിരുന്നു. ഭാവിഉപയോഗത്തിനായിട്ട് ആളൂർപറഞ്ഞവയിൽ ചിലവയെ പരിശോധിച്ചിട്ട് അച്ചടിക്കുന്നതിനും, അങ്ങനെതന്നെ രണ്ടാമതു പറഞ്ഞവയുടെ മൂലങ്ങൾമാത്രം അച്ചടിക്കുന്നതിനും അദ്ദേഹം നിർദ്ദേശിച്ചു. മി. രാമനാഥയ്യരെ നിയമിച്ചപ്പോൾ അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി മൂന്നുവർഷത്തേക്കായിരിക്കുമെന്ന് വിചാരിച്ചിരുന്നു. അതുകൊണ്ടു ജോലി എപ്പോഴേക്ക് ചെയ്തീർക്കുമെന്നാശിച്ചു എന്നും തിക്കാനുള്ള ജോലി എത്രത്തോളമുണ്ടായിരുന്നുഎന്നും അദ്ദേഹത്തോട് ആവശ്യപ്പെടുകയുണ്ടായി. ഇതു കൺവെൻഷൻ നവംബർ മാസത്തിലായിരുന്നു. അദ്ദേഹം അന്നുകൊടുത്ത മറുപടി കഫ ഠ-മാണ്ടിന്റെ അവസാനത്തോടുകൂടി ജോലിതീർക്കാമെന്നായിരുന്നുവെന്നുമായിരുന്നു. മി രാമനാഥയ്യരുടെ ഉദ്യോഗകാലാവധി കഫ ഫ കന്നി നടുവിൽ അവസാനിക്കുന്നതാണ്. എന്നിട്ടും കഫ ഫ-മാണ്ടേക്കുള്ള റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അദ്ദേഹംപറഞ്ഞതു ആയിർക്കാലംകൊണ്ടു ജോലി പൂർത്തിയാകയില്ലഎന്നും കഫ ഫ-മാണ്ടിൽ ആറുമാസത്തേക്കുകൂടി ജോലി തുടരേണ്ടതാണെന്ന് ശിപാർശചെയ്യുന്നുഎന്നും ആയിരുന്നു. ഈ ശിപാർശയെ ഗവൺമെൻറ് സ്വീകരിക്കയും അപ്രകാരം അതിലേക്ക് വേണ്ടുന്നകരുതൽ ചെയ്കയും ചെയ്തിരിക്കുന്നു. എന്നാൽ ഇപ്പോൾ സഭയുടെ എതിർവശത്തുള്ള മെംബർമാർക്കു ജോലിയുടനെ കെടുത്തുപോകണമെന്നഭിപ്രായമുള്ളതായി കാണുന്നതിനാൽ ഗവർമ്മെൻറ് ഇക്കാര്യത്തെപ്പറ്റി വീണ്ടും ആലോചിക്കുന്നതായിരിക്കും.

മി. സി. പി. തോമസ് (ഗവൺമെൻറ് നിയമിച്ചമെംബർ): തിരുവിതാംകോട്ട് ഇനിയും നടത്തുന്നുള്ള ആക്കിയാളജിക്കൽ ജോലി ഒന്നുമില്ലെന്ന് ഈപ്പോഴത്തെ ഉദ്യോഗസ്ഥൻ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ എന്നുപറയുമോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിങ്ങ് ഗവൺമെൻറ് ചീഫ്സെക്രട്ടറി): ഇല്ല

മി. സി. പി. തോമസ് (ഗവൺമെൻറ് നിയമിച്ചമെംബർ): ഇനിയുംനടത്തുവാനുള്ള വേലയെപ്പറ്റി തിരുവിതാംകോട്ടിനു പുറമെനിന്ന് വല്ല ആക്കിയാളജിക്കൽ വിദഗ്ധൻറെയും അഭിപ്രായം കിട്ടിട്ടുണ്ടോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിങ്ങ് ഗവൺമെൻറ് ചീഫ്സെക്രട്ടറി): അങ്ങിനെയുണ്ടായിട്ടില്ല.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): കഫ ഫ മകരം കഴിഞ്ഞതിൽപിന്നെ ഡിപ്പാർട്ടുമെൻറ് തുടർന്നുകൊണ്ടിരിക്കേണ്ട ആവശ്യമില്ലെന്നും വേലയെല്ലാവരും പൂർത്തിയായിരിക്കുന്നെന്നും ആക്കിയാളജിക്കൽ സൂപ്രണ്ടു റിപ്പോർട്ടു ചെയ്തിട്ടുണ്ടോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിങ്ങ് ഗവൺമെൻറ് ചീഫ്സിക്രട്ടറി): രാമനാഥയ്യർ തരമേറിട്ടുള്ള ജോലി ആ സമയം കൊണ്ടു പൂർത്തിയാകുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തിരുവിതാംകോട്ടിൽ ആക്കിയാളജിസംബന്ധിച്ചു ഇനിയും തുടവേലയും നടത്താനില്ലെന്നു വ്യക്തമായി അദ്ദേഹം പറഞ്ഞിട്ടുണ്ടോ?

മി. കെ. നാരായണൻപണിക്കർ (ആക്ടിങ്ങ് ഗവൺമെൻറ് ചീഫ്സെക്രട്ടറി): അദ്ദേഹം അങ്ങിനെ പറഞ്ഞിട്ടില്ലാ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, വിദ്വാനായ ചീഫ്സെക്രട്ടറിയിൽനിന്ന് എനിക്കു ഗ്രഹിപ്പാൻ കഴിഞ്ഞിട്ടുള്ളത് ഇപ്പോൾ ഡിപ്പാർട്ടുമെൻറ് ചാർജ്വഹിക്കുന്ന മി. രാമനാഥയ്യർ ഏതാണ്ടു ചിലകവിതകളെ ശേഖരിച്ചിട്ടുണ്ടെന്നും ആചിലതിനെ അച്ചടിക്കുന്നതിനു ജോലി മകരമാസംകൊണ്ടു പൂർത്തിയാകുമെന്നും അദ്ദേഹം റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നു തോന്നുന്നു. എന്നുമാത്രമാണുകാണുന്നു. അതിൽനിന്ന് രാജ്യത്തിൽ ആക്കിയാളജിസംബന്ധമായി ചെയ്യാനുള്ളവേലഇനിയും യാതൊന്നുമില്ല എന്നവരുന്നില്ല. സൂക്ഷ്മമായിട്ടു ഗവർമ്മെൻറ് ആക്കിയാളജി സൂപ്രണ്ടിന്റെ റിപ്പോർട്ടിനെ തുറന്നറിഞ്ഞിരിക്കുന്നു. അതുരാജ്യത്തിൽ നടന്നുകൊണ്ടിരിക്കുന്നആക്കിയാളജിക്കൽ ജോലി നിർത്തിക്കളയുന്നതിന് തക്കതായ കാരണമാകയില്ലഎന്ന് ഞാൻസമർപ്പിക്കുന്നു. ഞാൻസമർപ്പി

ക്കുന്നത്. മിസ്റ്റർ രാമനാഥഅയ്യർ തനിക്ക തിരുവിതാംകോട്ടിൽ ആക്കിയാളജിക്കൽ ജോലി മേലാൽ നടത്തുന്നതിനു തീരെ സമ്മതിക്കുന്നതല്ല എന്നു നിർദ്ദേശിക്കുന്നതുകൊണ്ടുമാത്രം, രാജ്യത്തിൽ പുരാണവിജ്ഞാനപ്രചരണജോലി ഉപേക്ഷിച്ചുപോകുന്നതിലുള്ള ഗവണ്മെൻറു വേദനാരാളെ കണ്ടുപിടിക്കേണ്ടതാണ് എന്നതത്രെ. ഇപ്രകാരമുള്ള ഒരു ഉപേക്ഷിക്കുന്നതിനു തീരെ കഴിവില്ലാത്ത ഒന്നാകുന്നു. രാജ്യസംബന്ധമായ വിവിധകാര്യങ്ങളെപ്പറ്റി ഗവേഷണം ചെയ്യപ്പെടുന്നതിനും, രാജ്യത്തിൻറെ ചരിത്രം കഴിവുള്ള ഗവേഷകന്മാരുടെ പുറകോട്ട അന്വേഷണം കഴിക്കുന്നതിനും ആക്കിയാളജി ശാസ്ത്രജ്ഞൻറെ സഹായം ഒഴിച്ചുകൂടാത്തതാകുന്നു. അതിനാൽ ഉപേക്ഷിക്കുവാൻ പാസ്സാക്കേണ്ടതായിരിക്കുമെന്നും ഞാൻ അതിനു നിർബന്ധിക്കുന്നു എന്നുംകൂടി ഉണ്ട് എൻറെ അഭിപ്രായം.

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): സർ, തിരുവിതാംകോട്ടിൽ ആക്കിയാളജിസംബന്ധമായ ഒരു ജോലിയും ഇനി ചെയ്യേണ്ടതായിട്ടില്ലെന്നു ഞാൻ അർത്ഥമാക്കീട്ടില്ല. ഇന്നാൾ മിസ്റ്റർ രാമനാഥഅയ്യരോടു അദ്ദേഹം കയ്യേറിട്ടുള്ള ജോലിയിൽ എത്രത്തോളം പൂർത്തിയാക്കിട്ടുണ്ടെന്നും ഇനിയും എത്രത്തോളം ചെയ്യുവാനുണ്ടെന്നും റിപ്പോർട്ടുചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഫെബ്രുവരിമാസാവസാനത്തോടുകൂടി പൂർത്തിയാക്കുമെന്നായിരുന്നു. കഴിഞ്ഞ മകരമാസം കഴിഞ്ഞതിൽപിന്നെ ഡിപ്പാർട്ടുമെൻറു നിർത്തലാക്കണമെന്നു ഞാൻ പറഞ്ഞിട്ടില്ല. ഡിപ്പാർട്ടുമെൻറു മകരമാസം കഴിഞ്ഞതിൽപിന്നെ ഇടയ്ക്കുവെച്ചുപോകുന്നതുപോലെ ഏതുള്ള സംഗതി ഗവണ്മെൻറു തീർച്ചയാക്കേണ്ടതാകുന്നു.

ഉപേക്ഷപ്രമേയത്തിന്മേൽ വോട്ടെടുപ്പും പാസ്സാക്കപ്പെട്ടതായി പ്രസ്താവിക്കപ്പെടുകയുംചെയ്തു.

൨൯ മുതൽ ൩൯ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഉപന്യസിക്കപ്പെട്ടില്ല:—

മി. ജി. രാമൻമേനവൻ:

൨൯. പരസ്യസഹായ ഡിപ്പാർട്ടുമെൻറിലേക്ക പേഴ്സണൽ അസിസ്റ്റൻറ്, ക്ലാർക്കുമാർ മുതലായവയ്ക്കുവേണ്ടി നീക്കിട്ടുള്ള ൭,൨൯൯ രൂപായിൽനിന്നു ൪ വു൦ രൂപ കുറയ്ക്കുചെയ്യണം.

മി. ജി. രാമൻമേനവൻ:

൩൦. ഇൻസ്പെക്ടർമാർക്കുവേണ്ടി നീക്കിട്ടുള്ള ൯,൪വുസ രൂപായിൽനിന്നു ൫,൪൦൦ രൂപ കുറയ്ക്കുണം.

മി. എ. കെ. പിള്ള:

൩൧. പരസ്യസഹായ ഡിപ്പാർട്ടുമെൻറു രജിസ്ട്രാക്ക് നീക്കിട്ടുള്ള ൪൦,൯൦൦ രൂപായിൽനിന്നു ൫ രൂപ കുറയ്ക്കുണം.

മി. കെ. കെ. ജോസ്:

൩൨. പരസ്യസഹായ ഡിപ്പാർട്ടുമെൻറു രജിസ്ട്രാക്ക് നീക്കിട്ടുള്ള ൪൦,൯൦൦ രൂപായിൽനിന്നു ൫൦൦ രൂപ കുറയ്ക്കുണം.

മി. എൻ. കുമാരൻ:

൩൩. പരസ്യസഹായ ഡിപ്പാർട്ടുമെൻറു രജിസ്ട്രർക്കുവേണ്ടി നീക്കിട്ടുള്ള ൪൦,൯൦൦ രൂപായിൽനിന്നു ൫൦൦ രൂപ കുറയ്ക്കുണം.

മി. ജി. പരമേശ്വരൻപിള്ള:

൩൪. ഡെവലപ്മെൻറു ബോർഡിനുവേണ്ടി നീക്കിട്ടുള്ള ൪,൫൦൦ രൂപായിൽനിന്നു ൫൦൦ രൂപ കുറയ്ക്കുണം.

പ്രെസിഡൻറു: ഇപ്പോൾ ഞാൻ ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെൻറുകാര്യങ്ങൾക്കുവേണ്ടി ൫൦ രൂപ കുറച്ചുള്ള ൩൯,൦൦൦ രൂപ ഉൾപ്പെടുന്ന ൧൯—ാം അദ്ധ്യത്മനായെ സഭയുടെ വോട്ടിന്നായി കൊണ്ടുവരുന്നു.

അദ്ധ്യത്മന സമ്മതിക്കപ്പെടുകയും ഇതു അനുവദിക്കപ്പെടുകയുംചെയ്തു.

൨൦—ാം അദ്ധ്യത്മന—പബ്ലിക്ക്വർക്സ് ഡിപ്പാർട്ടുമെൻറു.

മി. കെ. വി. നടേശഅയ്യർ (ചീഫ് ഇഞ്ചിനിയർ): സർ, ൨൦—ാം അദ്ധ്യത്മനായായി പബ്ലിക്ക്വർക്സ് ഡിപ്പാർട്ടുമെൻറുവകയ്ക്കു ൨൩,൫൫൪ രൂപായിൽ കവിയാത്ത ഒരു തുക ഞാൻ അദ്ധ്യത്തിക്കുന്നു.

൩൫—ാം ഉപക്ഷേപം.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ഉപക്ഷേപം ഉപന്യസിക്കണമെന്നു എനിക്കു നിർബന്ധം ഇല്ല. എന്നാൽ ഉദ്യോഗസ്ഥമെമ്പർക്കു ഈ വിഷയം സംബന്ധിച്ചു ഒരു പ്രധാനമായ വിജ്ഞാപനം ചെയ്യാനുണ്ടെന്നു എനിക്കു അറിവുകിട്ടിട്ടുള്ളതിനാൽ ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഉപന്യസിച്ചുകൊള്ളുന്നു:

൩൫. എസ്റ്റാബ്ലിഷ്മെൻറ് വകയ്ക്കു നീക്കിട്ടുള്ള ൨൭,൭൪൫ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കുണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉപക്ഷേപം ക്രമാനുസൃതമാകുന്നോ? അതു താൻ ഉപന്യസിക്കുന്നു എന്നു ഉദ്യോഗസ്ഥമെമ്പർക്കു പ്രസ്താവിക്കുന്നതിനു മുമ്പുണ്ടോകുപചാരമുണ്ടോയാണ് അതു എന്നു മിസ്റ്റർ രാമൻമേനവൻ നിരീക്ഷണം ചെയ്തുയായിരുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): "അതു ഉപന്യസിക്കുന്നതിനു ഞാൻ നിഷ്കൃഷ്ടിക്കുന്നില്ല" എന്നു അദ്ദേഹം പറയുന്നതിൻറെ അർത്ഥമെന്താണ്?

പ്രെസിഡൻറു: മിസ്റ്റർ രാമൻമേനവൻ, നിങ്ങൾ അതു ഉപന്യസിക്കുകയാണോ?

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉദ്യോഗസ്ഥമെമ്പർക്കു ഒരു പ്രധാനമായ വിജ്ഞാപനം ചെയ്യാനുണ്ടെന്നു എന്നോടു പറഞ്ഞതുകൊണ്ടാണ് ഞാൻ ഉപക്ഷേപം ഉപന്യസിക്കുന്നതു. അതിനാൽ, അതിൻറെ ഫലം കിട്ടുന്നതിനുവേണ്ടി ഞാൻ ഉപക്ഷേപം ഉപന്യസിക്കുന്നു. എനിക്കു സ്നേഹിതന്മാർക്ക് അതു ഇഷ്ടമല്ലായ്കയാൽ, ഞാൻ അതു പിൻവലിച്ചുകൊള്ളുന്നു.

പ്രെസിഡൻറു: നിങ്ങൾ അതു ഉപന്യസിക്കയും പിൻവലിക്കയും ആണോ?

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ഞാൻ ഉപക്ഷേപം മുമ്പുതന്നെ ഉപന്യസിച്ചിട്ടുണ്ടായിരുന്നതുകൊണ്ടു അതു പിൻവലിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി. കെ. വി. നടേശഅയ്യർ (ചീഫ് ഇഞ്ചിനീയർ): സർ, ഞാൻ മറുപടി പറയണമോ?

പ്രസിഡന്റ്: നിങ്ങൾക്കു മറുപടി പറയുന്നതിനു അവകാശമുണ്ട്.

മി. കെ. കെ. തോമസ് (കോട്ടയം): സഭയുടെ പൊതുവായ ഉപക്ഷേപമൊന്നുമില്ല. ഈ ഉപക്ഷേപം ഉപന്യസിക്കുകയും പിൻവലിക്കുകയും ചെയ്യുന്നു എന്നാണു ഉപക്ഷേപകത്താവു പറയുന്നതു്.

പ്രസിഡന്റ്: ഉപക്ഷേപം ഉപന്യസിച്ചുകഴിഞ്ഞാൽ ഗവൺമെന്റുപക്ഷത്തുനിന്നും ഒരു വിജ്ഞാപനം ചെയ്യുന്നതിനു അവകാശമുണ്ട്.

മി. കെ. കെ. തോമസ് (കോട്ടയം): ഉപക്ഷേപം അങ്ങേഥം പിൻവലിച്ചിരിക്കുന്നു എന്നു ഞാൻ ഗ്രഹിക്കുന്നു.

പ്രസിഡന്റ്: ഒരിക്കൽ അങ്ങേഥം അതുപന്യസിച്ചുകഴിഞ്ഞാൽ ഗവൺമെന്റുപക്ഷത്തിനു അവകാശമുണ്ടു്.

മി. കെ. വി. നടേശഅയ്യർ (ചീഫ് ഇഞ്ചിനീയർ): സർ, ഈ ഉപക്ഷേപത്തെക്കുറിച്ചു എനിക്കു പ്രസ്താവിക്കാൻ അധികമില്ല. ഫൻഫറ-ലെ പരിഷ്കാരത്തിനുമുമ്പു ക്ലാർക്കുമാരുടെ എസ്റ്റാബ്ലിഷ്മെന്റിലെ സ്ഥിരം ക്ലാർക്കുമാരുണ്ടായിരുന്നു. ഫൻഫറ-ലെ പരിഷ്കാരത്തിൽ ആ സംഖ്യ നൂറായി കുറച്ചു. ഫൻഫറ-ലെ പരിഷ്കാരത്തിൽ ആ സംഖ്യ വീണ്ടും കുറച്ചു ഇപ്പോൾ 70 ൽ ആയിരിക്കുന്നു. ഇതിലും അധികമായി കുറയ്ക്കുന്നതിനു സാധിക്കുന്നതല്ല. അതിൽപിന്നെ ആഫീസിൽ ജോലിയുടെ വർദ്ധനയ്ക്കു ഇടയാക്കിട്ടുള്ള പല കാരണങ്ങളും എനിക്കു പറയാൻകഴിയും; ഇതിനെപ്പറ്റി ഫൻൻ-ലെ പെൻഷൻ വക്സ് ഡിപ്പാർട്ടുമെന്റു വാർഷികറിപ്പോർട്ടിൽ കാണിച്ചിട്ടുമുണ്ടു്. എന്നാൽ കൌൺസിലിനു പേരറിയിക്കയുള്ളിലേക്കു പ്രവേശിക്കുന്നതിനു ഔൽസുക്യമുള്ളതുകൊണ്ടു, അവയെ വിവരിച്ചുപറഞ്ഞു അവരെ താമസിപ്പിക്കുന്നതിനു എനിക്കു ആഗ്രഹമില്ല. ആഫീസ് എസ്റ്റാബ്ലിഷ്മെന്റിൽനിന്നു കൂടുതൽ ക്ലാർക്കുമാരെ കുറയ്ക്കുന്നതിനു സാധിക്കുന്നതല്ലെന്നുമാത്രമേ എനിക്കു പറയാനുള്ളൂ.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

നമ്പർ ൧൦ ഉപക്ഷേപം.

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ താഴെ പറയുന്ന ഉപക്ഷേപം ഉപന്യസിക്കുന്നു.

നമ്പർ ൧. എസ്റ്റാബ്ലിഷ്മെന്റുവകയ്ക്കു നീക്കിട്ടുള്ള ൨൭,൫൪൫ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കുണം.

എന്റെ ഉദ്ദേശം കോതയാർ ഡിവിഷനിൽ ബാലമോർറോഡിൽ ചുങ്കം (ടോൾ) ഏർപ്പെടുത്തിട്ടുള്ളതിനെപ്പറ്റി വിമർശനം ചെയ്യുന്നതിനാകുന്നു.

മി. കെ. വി. നടേശഅയ്യർ (ചീഫ് ഇഞ്ചിനീയർ): ക്രമപരിപാലനംസംബന്ധിച്ചു ഞാൻ ഏതു നോക്കുന്നു. മെംബർ നിർദ്ദേശിച്ചിട്ടുള്ള കുറവു ചീഫ്ഇഞ്ചിനിയരാഫീസിൽ ജോലിചെയ്യുന്ന ഉപചാരവരവും സങ്കേതികവും ഭൃത്യവർഗ്ഗപരവും ആയ സ്റ്റാൻഡേസറഡ് എസ്റ്റാബ്ലിഷ്മെന്റിനായുള്ള ഗ്രാൻറിനെസംബന്ധിക്കുന്നതാകുന്നു.

പ്രസിഡന്റ്: മി. ശിവതാണുപിള്ള! ടോളിനു പരിചരണസംബന്ധമായ എസ്റ്റാബ്ലിഷ്മെന്റിനുള്ള ഗ്രാന്റുമായി എന്തു സംബന്ധമാണുള്ളതു്?

മി. എം. ശിവതാണുപിള്ള (തോവാള): ടോൾപിരിക്കുന്നതിനു ചീഫ് ഇഞ്ചിനീയർക്കുമാത്രം അധികാരമുള്ളതുകൊണ്ടു അതിനെ ആ ഇനത്തിൽ ചേർക്കാവുന്നതാണെന്നു ഞാൻ വിചാരിച്ചു.

പ്രസിഡന്റ്: എന്നാൽ ടോളിനു എസ്റ്റാബ്ലിഷ്മെന്റുമായി യാതൊരു സംബന്ധവുമില്ല. നിങ്ങൾ ബഡ്ജറ്റിൽ ഏതിനത്തെക്കുറിച്ചു ഉപക്ഷേപം കൊണ്ടുവന്നുവോ, ആ ഇനത്തിലേയ്ക്കു മയപ്പെടുത്തി ശ്രദ്ധതിരിക്കുമോ?

മി. എം. ശിവതാണുപിള്ള (തോവാള): അപ്പോൾ അങ്ങിനെ ആകുമെങ്കിൽ ഞാൻ ഉപന്യസിക്കുന്നതെല്ലാ.

സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

നമ്പർ ൧൧-ാം ഉപക്ഷേപം.

താഴെ പറയുന്ന ഉപക്ഷേപം ഉപന്യസിക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള:

നമ്പർ ൨. ആഫീസ് ചിലവുകൾക്കും പലവകയ്ക്കും നീക്കിട്ടുള്ള ൨,൦൦൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കുണം.

നമ്പർ ൧൨-ാം ഉപക്ഷേപം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ താഴെ പറയുന്ന ഉപക്ഷേപം ഉപന്യസിക്കുന്നു.

നമ്പർ ൩. പബ്ലിക്കുവർക്സ കോഡ് നവീകരിയ്ക്കുന്നതിനു നീക്കിട്ടുള്ള നമ്പർ ൦ രൂപാമുഴുവനായി ഉപേക്ഷിക്കുണം.

നക്കൽ ബഡ്ജറ ഫിഗർ പുറം നോക്കുന്നതായാൽ, ഫമ൦ കക്കടകത്തിലേയ്ക്കു കോഡ് നവീകരണ ഉദ്യോഗസ്ഥനുള്ള ശമ്പളം കൊടുക്കുന്നതിനും, കോഡു് അച്ചടിക്കുന്നതും മറ്റും സംബന്ധിച്ചു ചിലവിലേക്കും, ആയിട്ടു കൽപ്പനചെയ്തിരിക്കുന്നു എന്നു വ്യക്തമാക്കപ്പെടുത്തുന്ന നക്ഷത്രചിഹ്നത്തോടുകൂടിയ ഒരു ചുവട്ടിൽ കുറിപ്പുള്ളതായികാണാം. കോഡു് നവീകരണ ഉദ്യോഗസ്ഥൻ എന്നപേരിൽ ഒരു ഉദ്യോഗസ്ഥനെയോ എന്നു ഇനിക്കറിവില്ല. അതു ഡിപ്പാർട്ടുമെന്റു സംബന്ധമായ ഒരു കാര്യവും ഡിപ്പാർട്ടുമെന്റിലുള്ള മറ്റുദ്യോഗസ്ഥനെയുമെന്ന കോഡു് നവീകരണജോലി ഏൽപ്പിച്ചിരിക്കയും ആണെങ്കിൽ, കോഡു് നവീകരിക്കുന്നതു സംബന്ധിച്ചുള്ള

ഉദ്ദേശിച്ചു അദ്ദേഹം ചെയ്യുന്നതിനു കഴിവുണ്ടാകുന്നതിലേക്കു, അദ്ദേഹത്തിനു ചതിവായി കിട്ടിവരുന്ന ശമ്പളം പേ
ണ്ടുവോളം മതിയാകുന്നതാണു്. കൂടുതലായി നൂറു രൂപാ അഡ്വാൻസു അദ്ദേഹത്തിനു കൊല്ലേണ്ടതാണെന്നു
മുള്ള ഇനിക്കു ഗ്രഹിപ്പാൻ തീരെ കഴിവില്ലാതെ ഇരിക്കുന്നു. അതിനാൽ സഭയുടെ സമ്മതത്തിനായി ഞാൻ
ഈ ഉപക്ഷേപം ഉപന്യസിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): സർ, ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു. ഇപ്പോ
ൾ നടപ്പിലിരിക്കുന്ന പബ്ലിക്ക് വർക്ക്സ് കോഡു് കൺസ-ാമാണ്ടിൽ പ്രസിദ്ധപ്പെടുത്തിയതാണു്. എന്നാൽ
കൺസ-ാമാണ്ടെത്ത കോഡു് നവീകരിക്കപ്പെട്ട കോഡല്ല, വിധ്വനരൂപമായ തിരുത്തൽ തുണ്ടുകൾ ഉൾപ്പെട്ട
ത്തി പുസ്തകമായി അച്ചടിച്ചിട്ടുള്ള ഒരു പരിപ്പുമാത്രമാകുന്നു. അതിൽപിന്നെയും, ആ വർക്ഷത്തിനുമുമ്പും, അപ്പ
ഴപ്പോഴായി ഗവണ്മെൻറിനുമതി സിദ്ധിച്ചിട്ടുള്ള പല വ്യത്യാസങ്ങളുണ്ടായിട്ടുള്ളതുകൊണ്ടു്, അതു നവീകരിക്കു
ന്നതിനും അധുനാതനമാക്കുന്നതിനും, അത്യാവശ്യമുള്ളതായി തീർന്നിരിക്കുന്നു. തിരുവിതാംകോട്ടു സർവീസ് ചട്ട
ങ്ങൾ ആദ്യമായി പ്രസിദ്ധംചെയ്തതു് കൺസ-ാമാണ്ടിൽ ആയിരുന്നു. അതിൽപിന്നെ അതു നാലുപ്രാവശ്യം
നവീകരിക്കപ്പെട്ടിട്ടുണ്ടു്. അഞ്ചാമത്തെ പതിപ്പു കൺസ-ാൽ ആണു് കവളിക്കിടക്കീട്ടുള്ളതു്. കോഡു് നവീ
കരിക്കുന്നതിലേയ്ക്കു മെമ്പർക്കു വിരോധമില്ലെന്നുള്ളതുകൊണ്ടു ഞാൻ ഈ സംഗതിയെപ്പറ്റി വിസ്തരിക്കയില്ല.
എന്നാൽ മെമ്പർ അതു ആവശ്യപ്പെടുകയാണെങ്കിൽ, ഞാൻ അദ്ദേഹത്തോടു വിവരംപറയാം. അങ്ങിനെതന്നെ
അതുകൊണ്ടുകോഡും അതിന്റെ ആദ്യത്തെ പതിപ്പിനുശേഷം നാലുപ്രാവശ്യം നവീകരിക്കപ്പെടുകയും നാലാമ
ത്തെ പതിപ്പു കൺസ-ാമാണ്ടിൽ പ്രസിദ്ധമാക്കുകയും ചെയ്തിട്ടുണ്ടു്. ഡിപ്പാർട്ടുമെൻറിന്റെ ശരിയായ നട
ത്തിപ്പിലേയ്ക്കു ഡിപ്പാർട്ടുമെൻറു സാരസംക്ഷേപം അപ്പഴപ്പോഴും അധുനാതനമാക്കുന്നതു ആവശ്യമായ കാര്യമാ
ണെന്നു ഏവരും സമ്മതിക്കുമല്ലോ. വാസ്തവത്തിൽ നവീകരിക്കുന്നതിനുള്ള ഒരു വിധം യത്നം പത്തു വർഷങ്ങൾ
ക്കുമുമ്പു ചെയ്തിട്ടുണ്ടു്. എന്നാൽ അതു് വിഫലമാകയാണു ചെയ്തതു്. കൺസ-ാമാണ്ടിൽ ഗവണ്മെൻറു ധന
കാര്യസെക്രട്ടറി നവീകരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചു ബോദ്ധ്യപ്പെടുകയും ഞാൻ അദ്ദേഹത്തോടു യോജി
ക്കയും ചെയ്തു. കൺസ-ാമാണ്ടത്തെയ്ക്കുള്ള ബഡ്ജറിൽ അതിനായി കുറെതിയിരുന്ന നൂറുറുപ്പാ സഭ അനു
വദിക്കയുംചെയ്തു. എന്നാൽ, മദ്രാസ് പബ്ലിക്ക് വർക്ക്സ്, മൈസൂർ പബ്ലിക്ക് വർക്ക്സ് മുതലായ ഇതര
സമ്പ്രദായങ്ങളിലെ രൂളുകളേയും സ്റ്റാൻഡിംഗ് ആർഡറുകളേയുംപറ്റി ആവശ്യപ്പെട്ട വിവരങ്ങൾ കിട്ടുന്നതിനു
അപ്രതീക്ഷിതങ്ങളായ താമസങ്ങൾ നേരിട്ടതുനിമിത്തം, ഗവണ്മെൻറുമതിയോടുകൂടി കോഡു നവീകരണ
ഉദ്യോഗസ്ഥന്റെ കാലാവധി നീട്ടേണ്ടിയിരുന്നതുകൊണ്ടു ഈ ജോലി പയ്യാവ്വമല്ലെന്നുകണ്ടു കോഡിൽ ചേർക്കുന്നതി
നുമുമ്പായി പല സാംഗതികങ്ങളുംപറ്റിയും ഗവണ്മെൻറിന്റെ തീർപ്പുകാം കിട്ടേണ്ടതായിട്ടുമുണ്ടു്. കൺസ-ാ
മാണ്ടു് ആഗസ്റ്റുമാസത്തോളം മുമ്പു, ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങളുടെ സംക്രമണം മുതലായ സംഗതിക
ളെപ്പറ്റി ഗവണ്മെൻറിലേക്കു ചെയ്തിട്ടുള്ള അപേക്ഷകളിന്മേൽ ഗവണ്മെൻറു ഉത്തരവുകാം ഇനിയും പ്രതീക്ഷി
ക്കപ്പെട്ടിരിക്കുന്നതുള്ളൂ. നക്കൽ കോഡു് കൺസ-ാമാണ്ടവസാനത്തോടുകൂടി, അതായതു ഏതാനും ദിവസ
ങ്ങൾക്കുള്ളിൽ തയ്യാറാകുന്നതാണെന്നു ആശയുണ്ടു്. കൺസ-ാമാണ്ടേക്കുള്ള ചെലവു നൂറു രൂപായാണു്.
ബഡ്ജറിൽ പബ്ലിക്ക് വർക്ക്സ് കോഡു് നവീകരണത്തിനായി വച്ചിട്ടുള്ള കുത്തൽ തുകയായ നൂറു രൂപാ
യിൽ കൺസ-ാ കക്കടകത്തിലേയ്ക്കുള്ള ശമ്പളവും ഉൾപ്പെടുന്നുണ്ടു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നവീകരണ ജോലിയുടെ ചാർജ്ജുള്ളതു് ആർക്കാണു്?

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഫെഡ് അക്കൌണ്ടൻറും ഒന്നാം ഗ്രേഡിങ്ക് ക്ലാർക്ക
മായ മി. പി. ഐ. തോമസ് ബി. എ., ബി. എൽ. ആണു്. അദ്ദേഹം അതിനായി പ്രത്യേക ജോലിയിൽ ഇരിക്കയാണു്.

കൺസ-ാ കക്കടകത്തിലേയ്ക്കുള്ള ആ ഉദ്യോഗസ്ഥന്റെ ശമ്പളം കൺസ-ാ രൂപായും അതെമാസത്തേക്കു കൊടുപ്പി
സ്സിന്റെ ശമ്പളം ഒരു രൂപായും, കൺസ-ാ ചിങ്ങത്തിൽ നാലുദിവസത്തേക്കു അയാൾക്കു ഇപ്പോഴത്തെ സം
ക്ഷനിൽ ഉൾപ്പെടുന്ന നൂറു് ചില്വാനം രൂപായുംആണു്. അതിനാൽ കക്കടകത്തിലേക്കുള്ള ആകെ ചെ
ലവു് രൂപായാണു്, ബാക്കിയുള്ള കൺസ-ാ രൂപായും നക്കൽകോഡു് ഡിവിഷ്യൻ ആഫീസർമാരുടേയും,
അക്കൌണ്ടാഫീസരുടെയും, വിമർശനങ്ങൾക്കായിട്ടു സർക്കുലറു (വ്യാപത്തനം) ചെയ്യുന്നതിലേയ്ക്കു പകർപ്പെ
ടുക്കുന്നതിനായിട്ടും, ഗവണ്മെൻറനുമതി സിദ്ധിച്ചതിൽപിന്നെ ഗവണ്മെൻറു ആജ്ഞാപിക്കുന്ന വല്ല ഭേദഗതി
കളും വരുത്തിയശേഷം അവസാനപകർപ്പു അച്ചടിക്കുന്നതിനായി തയ്യാറാക്കുന്നതിനായിട്ടും, കുത്തീട്ടുള്ളതാകു
ന്നു. കൊടുപ്പിസ്റ്റിനെ കൺസ-ാമാണ്ടിൽ ഒരു മാസത്തേയ്ക്കുകൂടി ആവശ്യമുണ്ടായിരിക്കും. നക്കൽകോഡു
കൺസ-ാമാണ്ടിന്റെ അവസാനത്തോടുകൂടി തയ്യാറാകുന്നതാണു്, എന്നാൽ വക്കീഷാപ്പു കുഞ്ഞിരാമയ്യരുടെ റി
പ്പോർട്ടു, ഭരണാധികാരങ്ങളുടെ സാംക്രമണം, ഡിപ്പാർട്ടുമെൻറു പരീക്ഷകന്മാരായവരുടെ രൂളുകളുടെ നവീകര
ണം, എന്നിപ്രകാരമുള്ള പല പ്രധാന സംഗതികളെപ്പറ്റി ഞാൻ ഗവണ്മെൻറിലേക്കു അയച്ചിട്ടുള്ള നിർദ്ദേശ
ങ്ങൾസംബന്ധിച്ചു, ഉത്തരവുകാം കിട്ടീട്ടില്ലാത്തതിനാൽ, ഈ സംഗതികളെപ്പറ്റി ഗവണ്മെൻറിന്റെ അവ
സാനതീർപ്പുകാം കിട്ടിയതിൽപിന്നെ, നക്കലിൽ സാരമായ ഭേദഗതികാം വരുത്തേണ്ടതായിരിക്കും. അതുകൂടാ
തെ, ഇപ്പോഴത്തെ പബ്ലിക്ക് വർക്ക്സ് കോഡിനെ രണ്ടുഭാഗങ്ങളായി വേർതിരിക്കപ്പെട്ടവരുന്നു. ഒന്നാംഭാ
ഗത്തിൽ ഭരണസംബന്ധമായ രൂളുകളും, രണ്ടാംഭാഗത്തിൽ അക്കൌണ്ടു രൂളുകളും, അടങ്ങിയിരിക്കുന്നതാണു്.
ഒന്നാംഭാഗംമാത്രമേ എന്റെ ഡിപ്പാർട്ടുമെൻറിൽ തയ്യാറാക്കി വരുന്നുള്ളൂ. രണ്ടാംഭാഗം കൺസ-ാമാ
ണ്ടിൽ അക്കൌണ്ടാഫീസർ തരമേപോലെ ചെയ്യുന്നതിനിരിക്കയാണു്.

മി. എം. ശിവതാണുപിള്ള (തോവാള): മെയവുണ്ടായി, അധികംഉദ്യോഗക്കയറ്റം സംസാരിക്കണം.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഇപ്പോൾ തയ്യാറാക്കിവരുന്നതായ ഒന്നാംഭാഗം, രണ്ടാം
ഭാഗം പൂർത്തിയാകുമ്പോൾ, അതിനോടു ഒത്തുനോക്കുകയും സംബന്ധപ്പെടുത്തുകയും ചെയ്യേണ്ടതായിരിക്കും.
അതുകൊണ്ടു, കോഡു നവീകരണ ഉദ്യോഗസ്ഥനെ, സ്പെഷ്യലായിട്ടോ പ്രതിഫലം കൊടുക്കേണ്ടതായ അ
തിക്രാന്തകാലജോലിചെയ്യുന്നതായിട്ടോ കൺസ-ാംകൊല്ലത്തിൽ കുറച്ചുകാലത്തേക്കുകൂടി ഉപയോഗപ്പെടുത്തേ
ണ്ടിവരുന്നതാകുന്നു.

മി. എം. ശിവശങ്കരപിള്ള (തിരുവല്ല): ഞങ്ങൾക്ക കേൾക്കാൻതക്കവണ്ണം ക്ലിയറായ സാവധാനത്തിൽ സംസാരിക്കണമെന്ന ഞാൻ മെംബർമാരോട് ചോദിക്കാമോ?

മി. ഒ. കെ. തോമസ് (കോട്ടയം): മുമ്പോട്ടുവരുവാൻ അദ്ദേഹത്തോട് ചോദിച്ചാൽ, അതു നമുക്ക സഹായമായിരിക്കും.

പ്രസിഡന്റ്. മി. നടേശയ്യരെ, നിങ്ങൾ മുമ്പോട്ടുവന്നാലും.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എന്റെ റിക്കാർഡുകൾ എല്ലാം, ഇവിടെ ആണ്. അതിനാൽ കൂടെ വിഷമത്തിനിടയാകും, 5 ലക്ഷം രൂപാ ബാക്കിയുള്ളൂ എന്ന് 5 ലക്ഷം രൂപാ-മാണ്ടിൽ ജോലി തുടരുന്നതിലേക്ക് ചെയ്തതെല്ലാമെന്നുമാത്രം ഞാൻ വിചാരിച്ചു പറകയാണ്. മേൽവിവരിച്ച ഉദ്ദേശങ്ങൾക്ക 5 ലക്ഷം രൂപായുടെ കരുതൽ തുക, യുക്തമായും ചെയ്തതല്ല. ഡിപ്പാർട്ടുമെന്റ് രൂപീകരിച്ചുകാലം മുതൽക്ക, ചീഫ് ഇഞ്ചിനീയർ പുറപ്പെടുവിച്ചിട്ടുള്ള വ്യക്തിസംബന്ധമായും ഡിപ്പാർട്ടുമെന്റുസംബന്ധമായും ഉള്ള സർക്കുലറുകളെല്ലാം പരിശോധിക്കുന്നതിനും നവീകരിക്കപ്പെട്ട കോഡിന്റെ ഒരു അനുബന്ധമായി അവയെ പ്രസാധനംചെയ്യുന്നതിനും ഈ അവസരത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കയാണ്. ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാക്കും പിഴുദ്യോഗസ്ഥന്മാക്കും ഇതു ഒരു വിലമതിക്കാവുതല്ലാത്ത ലാഭവും ഉപകാരവുമായിരിക്കും. ഇക്കാരണങ്ങളാൽ മെംബർ ഉപക്ഷേപം പിൻവലിക്കണമെന്ന ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ടി. ഒ. ഫാസ്റ്റ് (ചങ്ങനാശേരിയും പീരുമേടും): ഈ തുകയിൽ ഒരംശം 5 ലക്ഷം കുക്കടകത്തേക്കുള്ള അലവൻസായി കൊടുക്കേണ്ടതാണെന്നു പറഞ്ഞിരിക്കുന്നു. 5 ലക്ഷം രൂപാ-മാണ്ടിൽ ചിലവാക്കേണ്ടതായ ഒരു തുക 5 ലക്ഷം രൂപാ-മാണ്ടിലെ ബഡ്ജറിൽ എങ്ങിനെ ഉൾപ്പെടുത്തുന്നതിന സാധിക്കും?

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): അതാകുന്നു പതിവു. 5 ലക്ഷം രൂപാ-മാണ്ടിലെ ബഡ്ജറിൽ 5 ലക്ഷം രൂപാ-മാണ്ടു കുക്കടകത്തിലേക്കു എല്ലാ ഉദ്യോഗസ്ഥന്മാരുടേയും ശമ്പളങ്ങൾ ഉൾപ്പെട്തുന്നുണ്ട്. അതു നിത്യപതിവായ സംഗതിയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വിലപ്പനായ ചീഫ് ഇഞ്ചിനീയർ ആഗ്രഹിക്കുന്നതുപോലെ ഉപക്ഷേപം പിൻവലിക്കുന്നതിനു എനിക്ക സാധിക്കയില്ല എന്നുള്ളതിൽ ഞാൻ വ്യസനിക്കുന്നു. പ്ലാസ്റ്റേജോലി, ചുമതല ഏറിട്ടുള്ള ഉദ്യോഗസ്ഥൻ ഫ്ലഷ്ക്കിംഗ് ഡിപ്പാർട്ടുമെന്റിൽ നിയമിച്ചിട്ടുള്ള ഒരു സ്ഥിരമായുണക്കാരനായ ഉദ്യോഗസ്ഥനാണ്.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീർ): എന്നാൽ അദ്ദേഹം പ്രത്യേകജോലിയിലാണ്. പതിവായ ജോലി ചെയ്യുന്നുമില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വളരെകൊള്ളാം. സർ, അദ്ദേഹത്തിനു തന്റെ പതിയായ ശമ്പളം കിട്ടുന്നുണ്ട്. അതിനുംപുറമെ ഈ പ്രത്യേക ഗ്രാന്റും സമ്പാദിക്കുകയുന്നിരിക്കുന്നു.

മി. കെ. വി. നടേശയ്യർ ചീഫ് ഇഞ്ചിനീയർ): അദ്ദേഹം ക്ലിപ്തമായി വാങ്ങുന്നതു തന്റെ ശമ്പളത്തിന്റെ അഞ്ചിലൊന്നായ ഒരു ചെറിയ ഡെപ്യൂട്ടേഷൻ അലവൻസു മാത്രമാണ്.

മി. പി കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ ഉദ്ദേശ്യത്തോടുകൂടിയാണ് 5 ലക്ഷം രൂപാ ബഡ്ജറിൽ കൊള്ളിച്ചിരിക്കുന്നതു. അതിനാൽ ചീഫ് ഇഞ്ചിനീയരുടെ ആഗ്രഹത്തോട് യോജിക്കുന്നതിനു ഞാൻ മടിയ്ക്കും കാണുന്നില്ല.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): അദ്ദേഹം കുക്കടകത്തിലേക്ക അലവൻസായി 5 ലക്ഷം രൂപാ മാത്രമേ വാങ്ങുകയുള്ളൂ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശേഷിപ്പുള്ളതോ?

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഞാൻ മുമ്പുതന്നെ വിസ്തരിച്ചു വിവരങ്ങൾ തന്നിട്ടുണ്ട്. അദ്ദേഹത്തിനു ഡെപ്യൂട്ടേഷൻ അലവൻസായി തന്റെ ശമ്പളത്തിന്റെ അഞ്ചിലൊന്നുമാത്രമേ കിട്ടുന്നുള്ളൂ. കുക്കടകത്തിലേക്കുള്ള ചെലവുകൾ നീക്കി ബാക്കിയുള്ള 5 ലക്ഷം രൂപായും കോഡ് അച്ചടിക്കുന്നതിനും പ്രകാശനം ചെയ്യുന്നതിനും ആ പണമുള്ളതാണ്. അപ്പോൾ പ്രത്യേകമായ എസ്റ്റാബ്ലിഷ്മെന്റു ആവശ്യപ്പെടുന്നതായാൽ, വിശേഷാൽ അനുവാദത്തിനായി ചീഫ് ഇഞ്ചിനീയർ ഗവണ്മെന്റിനോട് അപേക്ഷിക്കേണ്ടതായിരിക്കും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്പോൾ അതു 5 ലക്ഷം രൂപാമാത്രമാണ്.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): അതെ, കുക്കടകത്തിലേക്ക അദ്ദേഹം വാങ്ങുന്ന ഡബ്ലിഅലവൻസ് അത്രമാത്രമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെ എങ്കിൽ, ഉപക്ഷേപം ഞാൻ പിൻവലിക്കുന്നതിനു തയ്യാറാണ് (ചിരി).

സഭയുടെ സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

5 ാം ഉപക്ഷേപം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി). ഞാൻ ഉപന്യസിക്കുന്നു:—

5 ാമത്. മേലന്വേഷണത്തിലേക്ക നീക്കിവെച്ചിട്ടുള്ള 5 വ, ൻ 5 ാം രൂപായിൽനിന്നും 5 രൂപാ കുറയ്ക്കുണം.

എന്റെ ഉപന്യാസത്തിന്റെ ഉദ്ദേശ്യം പ്രധാനമായി—

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): മെയ്വുചെയ്തു അധികം ഉറക്കെ സംസാരിക്കണം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെ ഉപക്ഷേപത്തിന്റെ മുഖ്യ ഉദ്ദേശ്യം ഡിപ്പാർട്ടുമെന്റു അഭിവൃദ്ധിപ്പെടുത്തുന്നതിലേക്ക കൂടുതലായി പണം നൽകേണ്ടതിന്റെ ആവശ്യകത്തെപ്പറ്റി ഗവണ്മെന്റിനെ നിർബന്ധിക്കുന്നതിനായിട്ടാണ്, അതിൽനിന്നു ഞാൻ അൽപമാക്കുന്നില്ല.—

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): സർ, ക്രമപരിപാലനത്തെ സംബന്ധിച്ചു ഞാൻ ഒന്നുകൂടി പറഞ്ഞോട്ടെ. മേലന്വേഷണം സംബന്ധിച്ചു, സാമാന്യനയത്തെക്കുറിച്ചുള്ള ഒരു പ്രശ്നവും ആലോചിക്കാൻ പാടുള്ളതല്ലെന്നു ഞാൻ സമർപ്പിക്കുന്നു. അടുത്ത തുകയുള്ള തുകയുടെകുറവിനായുള്ള ഉപക്ഷേപങ്ങളായ 5 ാമതു മുതൽ 5 വരെയുള്ള ഉപക്ഷേപങ്ങളൊക്കെയും വരുന്നതാണ്, പ്ലാന്റ് (പരികല്പനം) എസ്റ്റാബ്ലിഷ്മെന്റു, സഞ്ചാരച്ചെലവു, വിവിധവും പരിചര്യയും (Supplies and services) എന്നിവയുൾപ്പെടുന്ന മേലനേ

ക്ഷണത്തെ സംബന്ധിക്കുന്നതാകുന്നു. അതിനാൽ മി. എ. കെ. പിള്ളയുടെ ഉപക്ഷേപം അദ്ദേഹത്തിനു തന്നെ കൊടുക്കുന്നതായിട്ടു വരേണ്ടതാണ്.

പ്രസിഡൻറ്: ഇന്നലെ മി. പരമേശ്വരൻപിള്ള ഉന്നയിപ്പിച്ച പ്രശ്നത്തിന്മേൽ ഞാൻ കൊടുത്തിട്ടുള്ള തീർപ്പിൽ ഇളം ഉൾപ്പെട്ടുമെന്ന് എനിക്കു തോന്നുന്നു. ഡയറക്ഷൻ (മേലന്വേഷണം) എന്ന അധികരണത്തിൽ എന്തെല്ലാം വിമർശനം ചെയ്യാമെന്നുള്ള പ്രശ്നം ഇന്നലെ മി. പരമേശ്വരൻപിള്ള ഉന്നയിപ്പിച്ചിട്ടുള്ളതാണ്. ഇന്നത്തപ്പിലെ ഞാൻ തീർപ്പുചെയ്തിട്ടുള്ളത്, മേലന്വേഷണം എന്ന അധികരണത്തിൽ, നിങ്ങൾക്കു, ബഡ്ജറ്റിൽ മേലന്വേഷണം എന്നുള്ള അധികരണത്തിൽ ഉൾപ്പെട്ടുന്നതായ ചിലവിനങ്ങളോടു നേരെയുള്ള സംബന്ധത്തിലിരിക്കുന്ന എല്ലാ സംഗതികളേയും വിമർശനംചെയ്യുന്നതിനവകാശമുണ്ടെന്നായിരുന്നു. ബഡ്ജറ്റിൽ ക ങ്ങ-ം ക ങ ം പുറങ്ങൾ നിങ്ങൾ നോക്കുന്നതവങ്കൽ അവിടെ മേലന്വേഷണം എന്നുള്ളതിൽ ഏതാനും ഇനങ്ങൾ ഉൾപ്പെട്ടുത്തിട്ടുള്ളതായി കാണും. അവിടെ നയസംബന്ധമായ ഏതു പ്രശ്നത്തെക്കുറിച്ചും, ആ അധികരണത്തിൽ കാണിച്ചിരിക്കുന്നതായ പല ഇനങ്ങളിലുള്ള ചിലവിനെ സംബന്ധിക്കുന്ന ഏതിനത്തെക്കുറിച്ചോ നിങ്ങൾക്കു വിമർശിക്കാവുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : ഞാൻറ്റിംഗിന് വിനേയനാകുന്നു. എന്നാൽഡ് ഉദ്യോഗസ്ഥൻറെ മേലന്വേഷണസംഗതിയിൽ കാണപ്പെട്ടുന്ന ചിലന്യൂനതകളെ ചൂണ്ടിക്കാണിക്കുന്നതിനായിട്ടു ഈ അവസരത്തെ ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.

പ്രസിഡണ്ട്. അങ്ങനെതന്നെ ആവാം. ഈ ഇനങ്ങളിൽ ഏതിനെസംബന്ധിച്ചും മേലന്വേഷണസംഗതിയിൽ കാണപ്പെട്ടുന്ന ന്യൂനതകളെപ്പറ്റി നിങ്ങൾക്കു സംസാരിക്കാവുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : ഇതു ഒരുവ്യാജോക്തികോപക്ഷേപം ആയിരുന്നതുകൊണ്ടു ഡിപ്പാർട്ടുമെൻറിൻറെ പ്രയോജനയോഗ്യതകയ അധികമാക്കുന്നതിലേക്കായിട്ടു ചിലസൂചനകളെ കൊടുക്കാമെന്നു ഞാൻ വിചാരിച്ചു. ഇപ്പോൾ അതു് ഇതിലുൾപ്പെടുത്താൻ പാടില്ലെന്നു ഞാൻ കാണുന്നു. ഡിപ്പാർട്ടുമെൻറു മേലന്വേഷണത്തിൽ കാണപ്പെട്ടുന്ന ന്യൂനതകളെക്കുറിച്ചുമാത്രം ഞാൻ സംസാരിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ) കാഷ്ട് നിർവഹണം എന്ന അധികരണത്തിൽ ആ കകയുക—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ചീഫ്ഇഞ്ചിനീയരുടെ പ്രസംഗം സഭയുടെ ഈ വശത്തിരിക്കുന്നവർക്കും വിമർശനവിഷയമായിരിക്കുന്നുവോ?

പ്രൈസിഡണ്ട്. അല്ല. അദ്ദേഹം ഉന്നയിപ്പിച്ചതു് ക്രമപരിപാലനവിഷയമായ ഒരുസംഗതിയാണു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : പബ്ലിക്കു വർക്കുസ് ചെലവുഎന്നപൊതുപ്രശ്നത്തിലുൾപ്പെടേണ്ടിയിരിക്കുന്നതിനാൽ, ഡിപ്പാർട്ടുമെൻറിൻറെപൊതുനയത്തെ സംബന്ധിക്കുന്നഏതു പ്രശ്നത്തെയുംവിമർശിക്കുന്നതിന് നിങ്ങൾക്കവകാശമില്ല. അതിനാൽ മേലന്വേഷണം എന്ന അധികരണത്തിൽ നയത്തേയോ രീതിയേയോ സംബന്ധിക്കുന്ന ഏതു് പ്രശ്നത്തെക്കുറിച്ചും നിങ്ങൾക്കു സംസാരിക്കാൻ പാടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) അപ്പോൾ ഞാൻ ഉപക്ഷേപം പിൻവലിക്കയോ, ഉപന്യസിക്കാതിരിക്കയോ, ഏതാണുവേണ്ടതു?

പ്രൈസിഡണ്ട്. സമയംലാഭിക്കുന്നതിലേക്ക് നിങ്ങൾ ഉപക്ഷേപം ഉപന്യസിക്കാതിരിക്കുന്നതു് അധികം നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

താഴെപറയുന്ന ഉപക്ഷേപം ആ കാരണത്താൽ ഉപന്യസിക്കപ്പെടാത്തതായി ഗണിക്കപ്പെട്ടു.

മി. എ. കെ. പിള്ള.

ന. ര. മേലന്വേഷണം വകയ്ക്കു നീക്കിട്ടുള്ള ഡവു. ൻറു ൦ രൂപായിൽനിന്നു ക രൂപാ കുറയ്ക്കുണം

ന. ൪ ഉ-ാം ഉപക്ഷേപം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : തീർച്ചചെയ്തപ്രകാരമുള്ള തടസ്ഥംപ്രബലപ്പെടുന്നതെങ്കിൽ, ഞാനും അതേവിഷമസ്ഥിതിയിലാണ്.

പ്രൈസിഡണ്ട്. മേലന്വേഷണം എന്ന അധികരണത്തിലുൾപ്പെടുന്ന ഏതു് ഇനത്തേയും പറ്റി നിങ്ങൾക്കു വിമർശിക്കാവുന്നതാണു.

മി. പി കെ. നാരായണപിള്ള (അമ്പലപ്പുഴ) ഞാൻ പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെൻറു മേലന്വേഷണകർത്താക്കൾ അനുകരിച്ചുപോരുന്ന നയത്തെക്കുറിച്ചുമാത്രം അപേക്ഷിക്കാം. അതുതന്നെയാണുപറയുന്നതിനുദ്ദേശിച്ചതുമുണ്ടു. എന്നാൽ മി. എ. കെ. പിള്ളയുടെ നേരെ നിർബന്ധംപിടിച്ചിട്ടുള്ള തടസ്ഥം ന്യായാനുസൃതമായ തടസ്ഥമാണെങ്കിൽ, ഞാനും അതേവഴിയിൽത്തന്നെകൂടുങ്ങിയിരിക്കുന്നുഎന്നു വിചാരിക്കുന്നു.

പ്രൈസിഡണ്ട്. നിങ്ങൾക്കു ന. ക ൦—ാംഉപക്ഷേപം തുടങ്ങി മുമ്പോട്ടു നയത്തെക്കുറിച്ചു കപാളുവായവിമർശനം ചെയ്യുന്നതിനു സവിശേഷമായ അവസരമുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ഞാൻ അതു ആ ഘട്ടത്തിലേക്കു സംഗ്രഹിച്ചുവയ്ക്കുന്നു. അതിനാൽ ഉപക്ഷേപം ഞാൻ ഇപ്പോൾ ഉപന്യസിക്കുന്നില്ല.

താഴെപറയുന്ന ഉപക്ഷേപം ഉപന്യസിക്കപ്പെട്ടില്ല.

മി. പി. കെ. നാരായണപിള്ള.

ന. ൦ ഭ. മേലന്വേഷണംവകയ്ക്കു നീക്കിട്ടുള്ള ഡവു. ൻറു ൦ രൂപായിൽ ക ൦ ൦ രൂപാകുറയ്ക്കുണം.

ന. ൦ ന്യ-ാം ഉപക്ഷേപം

താഴെപറയുന്ന ഉപക്ഷേപം, മെമ്പർ ഹാജരില്ലാതിരുന്നതിനാൽ ഉപന്യസിക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള.

ന. ൦ന്യ്. മേലന്വേഷണംവകയ്ക്കു നീക്കിട്ടുള്ള ഡവു. ൻറു ൦ രൂപായിൽനിന്നും ക ൦ ൦ രൂപാകുറയ്ക്കുണം.

സംരക്ഷണോപകരണം

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : സർ, ഞാൻ ഉപേക്ഷിക്കുന്നു.

സംരക്ഷണോപകരണം കെട്ടിടങ്ങൾ വകയ്ക്കുനീക്കിട്ടുള്ള വകയിൽനിന്നും 5 ലക്ഷം രൂപാകുറയ്ക്കുണം.

എന്റെ ഉദ്ദേശം ഖണ്ഡുവായിട്ടുള്ളതാണ്. അതു ചവറയിലുള്ള സ്കൂളിനു കൂടുതലായ കെട്ടിടങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിലേക്കു ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതിനും, സയൻസുകോളജിൽ ഡിബേറ്റിംഗ് സൊസൈറ്റിയുടെ യോഗങ്ങൾ നടത്തേണ്ടതിനു ഒരു ഹാൾ ഉണ്ടാക്കേണ്ടതുകൊണ്ടും ഫിസിക്സ് ഡിപ്പാർട്ടുമെന്റിനു കൂടുതൽ സ്ഥലം ആവശ്യപ്പെടുന്നതിനും മാത്രമാണു്. എന്റെ നിർദ്ദേശങ്ങൾ ഇവയാണു്.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ) : സർ, മെമ്പർ പറഞ്ഞതു ഞാൻ ശരിയായി കേട്ടിട്ടുണ്ടെങ്കിൽ, അദ്ദേഹം ചവറയിലുള്ള സ്കൂളിന്റെ സ്ഥലസൗകര്യത്തെ വർദ്ധിപ്പിക്കണമെന്നു നിർദ്ദേശിക്കുന്നു എന്നു ഞാൻ മനസിലാക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : ഞാൻ പറഞ്ഞതു ചവറയിലുള്ള സ്കൂളിനെപ്പറ്റിയാണ്.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ) : അതെ, ആ ചവറയിലുള്ളസ്കൂളിൽ കൂടുതൽ സ്ഥലം ഏർപ്പാടുചെയ്തു മുണ്ടാക്കുന്നതിലേക്കും സയൻസുകോളജിൽ ഏതാനും വേല നടത്തേണ്ടതിലേക്കും ഒരുകൂടുന്നു എന്നതാണു് അപേക്ഷിച്ചതു. അതെന്താണ്?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : വാടകപ്രതിവാരസംഖ്യത്തിന്റെ യോഗങ്ങൾ കൂടേണ്ടതിനു ഒരു ഹാൾ ഉണ്ടാക്കുന്ന ഉദ്ദേശത്തോടുകൂടി സയൻസുകോളേജിൽ ഏതാനും വിധാനങ്ങൾ ചെയ്യുന്നതാണു്.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ) : അതിലേക്കു എനിക്കു യാതൊരുവിരോധവുമില്ല വാസ്തവമായിട്ടു, ഈ ജോലികൾ വകുപ്പുകൊല്ലത്തിൽതന്നെ ചെയ്യുന്നതിനു സന്തോഷമാണു് ബഡ്ജറ്റിൽ കെട്ടിടങ്ങൾക്കുവേണ്ടി ഗവണ്മെന്റു അനുവദിച്ചിട്ടുള്ള തുകയിൽ എന്റെപക്കലുണ്ടു്. അടുത്തകൊല്ലങ്ങളിൽ അനുകരിച്ചുവന്നിട്ടുള്ള നയം കെട്ടിടങ്ങൾക്കായിട്ടുള്ള തുക പരിമിതമാക്കുന്നതിനും ഉത്തരതിരുവിതാംകോട്ടു ഗതാഗതസൗകര്യങ്ങൾക്കായി അധികപ്പണം ചിലവാക്കുന്നതിനും ആയിരുന്നു. മെമ്പർ ഈ തുകയിൽ തന്നിട്ടുള്ളതു രണ്ടും ആവശ്യപ്പെട്ടുന്നെങ്കിൽ ഞാൻ അവയെ ഉദ്ധരിച്ചുപറയാം 1 ൻവകുപ്പിൽ അഞ്ചു നൂറു ലക്ഷംരൂപയും, 2 ൻവകുപ്പിൽ നാലക്ഷംരൂപയും, 3 ൻവകുപ്പിൽ നാലരലക്ഷംരൂപയും 4 ൻവകുപ്പിൽ രണ്ടേമുക്കാൽലക്ഷംരൂപയും 5 ൻവകുപ്പിൽ മൂന്നരലക്ഷംരൂപയും 6 ൻവകുപ്പിൽ ഒന്നരലക്ഷംരൂപയും 7 ൻവകുപ്പിൽ ഒരുലക്ഷം രൂപയും ഞാൻ ചാർജ്ജ്ചെയ്തിരുന്നു ആളുകളെവർക്കും 8 ൻവകുപ്പിൽ നൂറുരൂപയും ഏതാനും പ്രധാനങ്ങളായ വേലകൾനിമിത്തം കൂടുതലുണ്ടായി, 9 ൻവകുപ്പിൽ രണ്ടരലക്ഷം രൂപയും ആയിരുന്നു. വരുന്നകൊല്ലത്തേക്കു രണ്ടുലക്ഷംരൂപയോളം കരുതിട്ടുണ്ടു്. അനുവദിക്കപ്പെട്ടതായ അനേകം കെട്ടിടങ്ങൾപണിപൂർത്തിയാക്കുന്നതിനുവേണ്ടി ആരംഭിച്ചിട്ടില്ല, ചവറയിൽ കൂടുതലായ സ്ഥലസൗകര്യമുണ്ടാക്കേണ്ടതിനുള്ള നടപടിക്കായി ആവശ്യപ്പെട്ടതായ വിദ്യാഭ്യാസ ഡയറക്ടർ ഗവർണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു നിർബന്ധിക്കയും ഗവണ്മെന്റു അതു അനുവദിക്കയും ചെയ്യുന്നതുമായാൽ, ആവേലയുടനടുന്നതിനും, താമസമെന്നേ, പൂർത്തിയാക്കുന്നതിനും, ഡിപ്പാർട്ടുമെന്റിനു സന്തോഷമേ ഉണ്ടാകയുള്ളൂ.

സയൻസുകോളേജിൽ ആവശ്യപ്പെട്ടിരിക്കുന്ന വേലസംബന്ധിച്ചുടത്തോളം വിദ്യാഭ്യാസഡയറക്ടറിൽ നിന്നു ആ സംഗതിയെപ്പറ്റിയൊന്നും ഏഴുതിവന്നിട്ടുള്ളതായി ഞാൻ ഓർമ്മിക്കുന്നില്ല. അദ്ദേഹം ഗവണ്മെന്റിലേക്കു അതുസംബന്ധിച്ചു എഴുതിഅയക്കയും വേലനടത്തുന്നതിലേക്കു ഗവണ്മെന്റു ഉത്തരവു പുറപ്പെടുവിക്കയും ചെയ്യുന്നപക്ഷം വേണ്ട നടപടി ഞാൻ എടുത്തുകൊള്ളാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, കൊടുത്തിട്ടുള്ള തുകകൊണ്ടു എന്നെ അശേഷം സഹായിക്കുന്നില്ല. മറുപടിയായി ഞാൻ പറയാൻ ആഗ്രഹിക്കുന്നതു് ഡിപ്പാർട്ടുമെന്റിനെപ്പറ്റിയും നയം ജനങ്ങളിൽ ഔത്സുക്യമുള്ളവരായിരിക്കുമ്പോൾ അവരെ പ്രോത്സാഹിപ്പിക്കുകയായിരിക്കണം എന്നുമാത്രമാകുന്നു. ചവറയെസംബന്ധിച്ചു കുറഞ്ഞപക്ഷമായ മൂന്നു മാസങ്ങൾക്കുള്ളിൽ അപേക്ഷിതത്തുകയിൽ 3 ൻ രൂപായോളം ശേഖരിച്ചു കൂടുതൽ ഒരു കെട്ടിടം തീർത്തിരിക്കുന്നു എന്നു് ഞാൻ പറയേണ്ടിയിരിക്കുന്നു. ഇവിടെയും ഇങ്ങനെയുള്ള അവസ്ഥകളിലും ആണു്. ഡിപ്പാർട്ടുമെന്റു മുമ്പോട്ടുവന്നു് ജനങ്ങളെ സഹായിക്കയും അവരുടെ ഔത്സുക്യത്തിൽ അവരെ പ്രോത്സാഹിപ്പിക്കയും അവരുടെ സഹകരണത്തെ ആകർഷിക്കയും ചെയ്യേണ്ടതാണു്. നേരെമറിച്ചു് ഡിപ്പാർട്ടുമെന്റു കയ്യുംകെട്ടി പിന്നിൽ നിൽക്കയാണെങ്കിൽ ജനങ്ങളുടെ ഉത്സാഹം തണുത്തുപോകയും ഒന്നുകിൽ ജനങ്ങളുടെ കൂട്ടികൾ വിദ്യാഭ്യാസമില്ലാത്തവരായി തീരുകയോ, അല്ലെങ്കിൽ വിദ്യാഭ്യാസസൗകര്യമുണ്ടാക്കുന്നതിനായിട്ടു രാജ്യത്തിനും ഗവണ്മെന്റിനും അധികസൗകര്യം നേരിടത്തക്ക വക്രമാർഗ്ഗങ്ങളിലൂടെ പോകുന്നതിനാവുള്ള കാലതാമസം നേരിടുകയോ ചെയ്യുന്നതാണു്. സർ, ആവശ്യപ്പെട്ട പണം കരുതുന്നതിനു വരുന്ന കൊല്ലത്തിലെ സാധിക്കയുള്ളൂ എന്നു പറയുന്നതു് വളരെ വ്യസനകരമായ ഒരു സംഗതിയാണു്. പണം ഉണ്ടെന്നും ഡിപ്പാർട്ടുമെന്റിന്റെ ചിലവിൽ ഏതാനും ജോലികൾ വരുത്തേണ്ടതു മാത്രമെയുള്ളൂ എന്നും ഞാൻ നിർദ്ദേശിക്കുന്നു. പ്രസ്തുത കെട്ടിടത്തിനു വേണ്ടുന്ന കൂടുതൽപണം കരുതുന്നതിനു ഡിപ്പാർട്ടുമെന്റിനു തിടുക്കമായിട്ടും സാധിക്കുകയില്ലെന്നു ഇനിക്കു നിശ്ചയമുണ്ടു്.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എന്റെ നിലയെപ്പറ്റി ഞാൻ മുമ്പുതന്നെ സ്പഷ്ടമായി വിവരിച്ചിട്ടുണ്ടു്. വരുന്നകൊല്ലമെന്നു ഞാൻ പറഞ്ഞതു് 1 ൻ വകുപ്പിൽ കൊല്ലമാണു്. ചവറസ്കൂളിനു കൂടുതൽ സ്ഥലസൗകര്യമുണ്ടാക്കി കൊടുക്കേണ്ടതിന്റെയും സയൻസുകോളേജിൽ വിധാനവ്യത്യാസം വരുത്തേണ്ടതിന്റെയും ആവശ്യത്തെ വിദ്യാഭ്യാസ ഡയറക്ടർ ഗവർണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു നിഷ്കർഷ കാണിക്കയും ഗവണ്മെന്റു ആ വേലകൾ നടത്തിക്കൊടുക്കേണ്ടതാണെന്നു ഉത്തരവിടുകയും ചെയ്യുന്നപക്ഷം ആ വേലകൾ തുടങ്ങുന്നതിനു വളരെ സന്തോഷം എനിക്കുണ്ടാകുന്നതാണു്. ഡയറക്ടർ ആവശ്യമുള്ളതു് ചെയ്യുമെന്നു ഞാൻ ആശിക്കുന്നു. എന്റെപക്കൽ ഉത്തരവു കിട്ടിയാലുടൻ വേലകൾ തുടങ്ങുന്നതാകുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഉപേക്ഷാവം പിൻവലിക്കുന്നു.

സഭയുടെ സമ്മതപ്രകാരം ഉപേക്ഷാവം പിൻവലിക്കപ്പെട്ടു.

നാലാം ഉപക്ഷേപം.

താഴെപറയുന്ന ഉപക്ഷേപം ഉപന്യസിക്കപ്പെട്ടില്ല.

മി. ടി. കുമാരപിള്ള.

നാലു. ഗതാഗതങ്ങൾക്കുവേണ്ടി അത്യാവശ്യമായുള്ള വേലകൾക്കുവേണ്ടിയിട്ടുള്ള ടി,ഡ വു,വുന്നാ ത്രുപ യിൽനിന്ന് ക്ക ാ ത്രുപാ കുറയ്ക്കണം.

നാൽ—ാം ഉപക്ഷേപം,

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഉപന്യസിക്കുന്നു.

നാൽ. ഗതാഗതത്തിനുവേണ്ടിയിട്ടുള്ള ക ട,ഡ വ,നക്ക വു ത്രുപയിൽനിന്നു ക ാ ത്രുപാ കുറയ്ക്കണം.

എന്റെ ഉദ്ദേശ്യം പ്രത്യേകമായ കരുനാഗപ്പള്ളി താലൂക്കിലെ ഗതാഗതമാർഗ്ഗങ്ങളുടെ ശോച്യാവസ്ഥ യെപ്പറ്റി ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിലേക്കാകുന്നു. ഇതുസംബന്ധിച്ചു് ഞാൻ പറയാതാ ഗ്രഹിക്കുന്നതു് ഗതാഗതമാർഗ്ഗങ്ങളും സംബന്ധിച്ചു ഈ താലൂക്കിനുമേൽ ഡിപ്പാർട്ടുമെന്റു വേണ്ടുവോളം ശ്രദ്ധ അശേഷം പതിച്ചിട്ടില്ല എന്നും കൂടി ആകുന്നു. അവരുടെ ഉദ്ദേശ്യം ഗവർണ്മെന്റിനെ സംപ്രീതരാക്കുകയുള്ള ഇ പ്പിപ്പെടുത്തുന്നതിനാകുന്നു. അവർ വേല വളരെ ചുരുങ്ങിയ ചെലവിനുമേൽ ചെയ്യുന്നതിനു ശ്രമിക്കയും ചെയ്തു ന്നുണ്ടു്. തിരുത്തപ്പെടുകയുണ്ടായ ഞാൻ താലൂക്കിന്റെ പല പ്രദേശങ്ങളിലും സഞ്ചരിച്ചു. മഴക്കാലമായിരുന്ന ആ സമയത്തു കച്ചുകൾക്കും എല്ലാം അത്യധികമായിരുന്ന എന്നുമാത്രമല്ല അറകൊറപ്പെട്ടിരുന്ന. ആ റോഡി ൽക്കൂടെ കാർ ഓടിക്കുന്നതു തീരെ അസാദ്ധ്യമായിരുന്നു. കുലുങ്കുകളില്ലാതെ ഇരുമ്പടുത്തുകൂടെ റോഡ് ഏറ്റവും അത്യധികമായ സ്ഥിതിയിലായിരുന്ന. ഞാൻ വിചാരിക്കുന്നതു്.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഒന്നുചോദിച്ചു ഏതുറോഡ് എന്നു പറയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കരുനാഗപ്പള്ളിറോഡ്.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ); ചവറയിൽനിന്നു കരുനാഗപ്പള്ളിയിലേക്കുള്ള റോഡു തന്നെയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതെ കൊല്ലത്തിനും ആലപ്പുഴയ്ക്കും മദ്ധ്യത്തിലുള്ള പ്രധാനറോ ഡായി വരുന്നതുമായ റോഡ് ഇതുതന്നെയാണെന്നു ഞാൻ ഗ്രഹിക്കുന്നു. റോഡിനു ക ട അടിമാത്രം വീതിയുള്ളപ്പോ ഴും ഒരേസമയത്തുതന്നെ രണ്ടു കാറുകൾക്കു പോകുന്നതിനു നിവൃത്തിയില്ല. റോഡിനു ക ന്ന അടിയിൽ കുറഞ്ഞതു വീ തിയായിരുന്നാൽ അതു് വ്യാപാരത്തിനു മതിയാകുന്നതല്ലെന്നു ഒരു ഇഞ്ചിനീയർക്കാ ആ സംഗതി പറയുമ്പോഴും ഒരു സാധാരണ മനുഷ്യനൊ പറയാവുന്നതാണു്. കൂടാതെ ഇതു് കൊല്ലവും ആലപ്പുഴയും തമ്മിൽ യോജിപ്പിക്കു ന്നതിനുദ്ദേശിച്ചിട്ടുള്ള റോഡാകയാൽ വളരെ പ്രധാനമായ ഒരു റോഡാണെന്നു ഉദ്ദേശിച്ചിരിക്കുന്നതാണു്.

കൊല്ലത്തിനും ആലപ്പുഴക്കും മദ്ധ്യേ ഈ റോഡിൽ ഒരു കടത്തുണ്ടു്, അതു മുഖ്യമായ കടത്തുകളിലൊന്നും അഷ്ടമുടിക്കായലും സമുദ്രവുമായി സന്ധിക്കുന്നിടമായതിനാൽ ഉള്ളതുമാകുന്നു. അതുവളരെ അപകടകരമായ അവസ്ഥയാകുന്നു.അവിടെ മഴക്കാലത്തുകടത്തുകടക്കുന്നതിൽവളരെ അപകടമുണ്ടാകുന്നതുമാകുന്നു. നാം അതു കടന്നുപോകുന്നതിനുമുമ്പായി ജോത്സ്യനോടു മുഹൂർത്തംതന്നെ ആലോചിക്കേണ്ടിയിരിക്കുന്നു. അതു അത്രവളരെ അപകടമുള്ളതാണു്. ഞാൻ എപ്പോഴെങ്കിലും ആഴി യാത്രചെയ്യുമ്പോൾ, ആ അപകടം അനുഭവിച്ചിട്ടു തു ണ്ടു്. എന്റെ വിഷയത്തിനു ഒട്ടുംതന്നെയിലേക്കായി ഞാൻ കരുനാഗപ്പള്ളിക്കു പുറമെപോകാം. അതായതു ഗ താഗതം സംബന്ധിച്ചു് ഡിപ്പാർട്ടുമെന്റു ജാഗ്രതയുള്ളവരായിരിക്കുന്നില്ല എന്നുള്ളതിലേക്കു എന്നുമാത്രമല്ല അവർ വളരെ സൂക്ഷ്മക്കുറവുള്ളവരാണു്. വരട്ടാറിന്മീതെ ഒരു പാലമുണ്ടു് അതു കെട്ടാരക്കരയ്ക്കും കോട്ടയത്തി നുമുള്ള മെയിൻസെൻട്രൽ റോഡിൽ ഒ ഒ-ാമത്തെ തരമെങ്കിൽ ആണെന്നു എനിക്കു തോന്നുന്നു. പാലം പണിയുതീർത്ത ഉടനെതന്നെ ന്യാ ,ക ഉ ാ രൂപാ ചെലവാക്കിയതിനു പുറമെ ഗവണ്മെന്റു ക, ാ ാ രൂപാ കൂടുതലായി അതെവഷത്തിൽതന്നെ ചെലവാക്കേണ്ടിവന്നു. കാരണം വേണ്ടുവോളം വ്യാവർത്തനകിലങ്ങൾ (സ്ക്രൂപൈൽസ്) ഉപയോഗിക്കുന്നതിൽ അവധാരകമനസ്യതയുള്ളവരായിരുന്നു, എന്നുള്ളതാണു്. അദ്ദ്യനത്തെ എ സ്റ്റിമേറയ്പുകാരും ആറു് വ്യാവർത്തനകിലങ്ങളും അവശ്യപ്പെട്ടിരുന്നു എങ്കിലും ഇപ്പോഴത്തെ ചീഫ് ഇഞ്ചിനിയരു ടെ അഭിപ്രായത്തിൽ അതു വേണ്ടിടത്തോളം വിലകുറവുള്ളതിനാൽ അദ്ദേഹം നാലു വ്യാവർത്തനകിലങ്ങ ളും രണ്ടു സാധാരണകിലങ്ങളും ഉപയോഗിച്ചുകൊള്ളുന്നതിനു ഏർപ്പാടുചെയ്തു. ഇതിന്റെ ഫലമായിട്ടു ക, ാ ാ രൂപാ ആരുക നഷ്ടമായിതീർന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): സർ ആവിയരം തെറ്റാണു്, എനിക്കു അതിനേ ട്ടു യാതൊരു സംബന്ധവുമില്ലായിരുന്നു. കീഴുള്ളുടെ കായ്ം എന്റെ പൂർവ്വാമിതന്നെ രീച്ചപ്പെട്ടതായിരുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെ വിചാരം ഏതാനുദ്യോഗസ്ഥനെയും കുറ്റപ്പെടുത്ത ണമെന്നല്ല പിന്നയൊ ഡിപ്പാർട്ടുമെന്റിന്റെ ന്യൂനതകളെ ചൂണ്ടിക്കാണിക്കണമെന്നു മാത്രമാണു്, ഓരോരുത്തരും പ്രത്യേകമായിചുമതലപ്പെട്ടവരാണു്. ഡിപ്പാർട്ടുമെന്റു ഇരിക്കേണ്ടപോലെ അല്ല ഇരിക്കുന്നതു എന്നുഎനിക്കുനിശ്ച യമുണ്ടു്. ചെങ്ങന്നൂർ—ആറൻമുളറോഡു വണ്ടികളുടെ ഗതാഗതത്തിനു തീരെ സൌകര്യമില്ലാത്തതാണു്. എനിയ്ക്കു ആ റോഡിൽകൂടി സഞ്ചരിക്കുന്നതിനു അവസരംലഭിച്ചു. ഡിപ്പാർട്ടുമെന്റുറിപ്പോർട്ടു ചെയ്തിട്ടുള്ളതു് അഞ്ചു വണ്ടി കറിം പോകുന്നതുകൊണ്ടാണെന്നും, എന്റെ അനുഭവത്തിൽ കണ്ടതു് നേരെ മറിച്ചു, ആയിരുന്നു. ഗവണ്മെന്റി ന്റെ ഗണ്ന വു ാ, ാ ാ രൂപായ്ക്കായിരുന്നെങ്കിലും, ഡിപ്പാർട്ടുമെന്റു മിതവ്യയശീലമുള്ളവരാണെന്നു് കാണി ക്കുന്നതിലേക്കു്, ക ങ, ാ ാ രൂപാമാത്രമെ അവർ ചെലവാക്കിയൊള്ളു. എന്നാൽ കാലപ്പഴക്കത്തിനു് ഈ മിതവ്യയം വളരെ ആദായകരമായിരിക്കയില്ലാ. ഡിപ്പാർട്ടുമെന്റിന്റെ മിതവ്യയവും എല്ലുവിധമുള്ളതാകുന്നു എന്നു് സഭയെ ധരിപ്പിക്കണമെന്നു് മാത്രമെ എനിക്കു ആവശ്യമുണ്ടായിരുന്നൊള്ളു. എന്നാൽ, സർ, ഇതു് മിത വ്യയത്വമൊ, ആദായമൊ, ആകയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മി. എ. കെ. പിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ, അശേഷം വ്യുത്പാദിപ്പെട്ട കാരണങ്ങളാൽ, പിൻതാങ്ങുന്നതിൽ എനിക്കു് അത്യധികം സന്തോഷമുണ്ടു്. അദ്ദേ ഹം കരുനാഗപ്പള്ളിയിൽ ഗതാഗതമാർഗ്ഗങ്ങളുടെ അഭാവത്തെപ്പറ്റി പരാതി പറകയായിരുന്നു. തീർച്ചയായിട്ടും,

എയിക്ക് അതിനോട് അനുകമ്പയുണ്ട്. ഇതുസംബന്ധിച്ച് എന്റെ താലൂക്കായ ചേർത്തലയിൽ ഗതാഗതമാർഗ്ഗങ്ങളുടെ അഭാവത്തെപ്പറ്റി പരാതിപ്പെടുന്നതിന് ഞാൻ നിർബ്ബന്ധിതനാണ് എന്ന് എനിക്കു തോന്നുന്നു. ചേർത്തലയിൽ ശരിയായ ഗതാഗതമാർഗ്ഗങ്ങളും ഇല്ലാതിരിക്കുന്നു എന്ന് ഈസഭയിൽ ആരും വിസമ്മതിക്കുന്നതല്ല. എന്റെ താലൂക്കിലുള്ള ഗതാഗതമാർഗ്ഗങ്ങളില്ലായ്മയെക്കുറിച്ചു സഭയ്ക്ക് ബോദ്ധ്യം വന്നിട്ടുള്ളതാകുന്നു. തിരുവായിട്ടും, ഇതുസംബന്ധിച്ച്, ധനകാര്യക്കമ്മിറ്റി സമയം ഞങ്ങൾക്കു അനുവദിച്ചിട്ടുള്ളതായ ഉടനെ ചില്ലറയായ ഏർപ്പാടുകളെ ഞാൻ വിസ്മരിക്കുന്നില്ല എന്ന് എനിക്കു പറയാനുണ്ട്. അതിനായിട്ട് ഞാൻ ധനകാര്യക്കമ്മിറ്റി മെമ്പർമാരോടും ചീഫ് ഇഞ്ചിനീയരോടും കൃതജ്ഞതയുള്ളവനായിരിക്കുന്നു. വേമ്പനാട്ടു കായലിൽനിന്നു ചേർത്തലയുടെ പടിഞ്ഞാറുഭാഗത്തേക്കു കുറുക്കെയുള്ള തോട്ടകർമ്മം കവട്ടാക്കിട്ടേണ്ട ആവശ്യകത ഞങ്ങൾക്കുണ്ട്. പടിഞ്ഞാറുമതിരത്തുള്ള ജനങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടപ്പാടുകളെക്കുറിച്ച് ചീഫ് ഇഞ്ചിനീയർക്ക് വല്ല രൂപവും ഉണ്ടായിരുന്നെങ്കിൽ, കുറുക്കെയുള്ള തോട്ടകർമ്മം വെട്ടിക്കുന്നതിലേക്ക ധാരാളം പണം കരുതിക്കൂട്ടുന്നതിന് നിർബന്ധിതനായി തീരുമായിരുന്നെന്ന് എനിക്ക നിശ്ചയമുണ്ട്. ചേർത്തലയുടെ പടിഞ്ഞാറുഭാഗങ്ങളിൽക്കൂടി സഞ്ചരിക്കുന്നതിന് അവസരങ്ങളും, എന്റെ തിരഞ്ഞെടുപ്പ് മത്സരത്തിന്റെ ഇടയിൽ, എനിക്ക ലഭിക്കയുണ്ടായിട്ടുണ്ട്; അക്കാലത്തു ചേർത്തലയുടെ പശ്ചിമപ്രദേശങ്ങളിൽ നിവസിക്കുന്ന ജനങ്ങൾക്കുള്ള കൂടുതൽ സൌകര്യപ്പെടുത്തുള്ളഗതാഗതമാർഗ്ഗങ്ങളുടെ വലുതായ ആവശ്യത്തെപ്പറ്റി ഇനിക്ക ബോദ്ധ്യം വന്നിട്ടുമുണ്ട്. ചേർത്തലയുടെ ആ പ്രദേശങ്ങളിൽ നിവസിക്കുന്ന ജനങ്ങൾ, വളരെ പരിഷ്കാരം സിദ്ധിച്ചുവരും വളരെ ധനികന്മാരും സ്വാധീനമുള്ളവരും ആകുന്നു. അവരുടെ ഇടയിൽ അനേകം ഗ്രാഡുവേറ്റുമാരുണ്ട്; അവർ വളരെ പരിഷ്കൃതന്മാരുമാണ്. എന്നാൽ നിർഭാഗ്യവശാൽ ഇതു സംബന്ധിച്ചു ഞാൻ പറയേണ്ടതു; ചേർത്തലനിന്ന് മാരാരിക്കുളത്തേയ്ക്കുള്ള ആറരമൈൽ ദൂരംവഴി സഞ്ചരിക്കുന്നതിനു വിഷമംകൂടാതെ എനിക്ക സാധിക്കാതെയിരുന്നു എന്നാണ്. ഈ ആറരമൈൽ ദൂരത്തിൽ പണി പൂർത്തിയാക്കപ്പെട്ടതായ ഏറ വീടുകളെങ്കിലും എനിക്ക കാണാൻ കഴിഞ്ഞില്ലാ. കിഴക്കുഭാഗത്തുനിന്ന അവസാനം വരിക്കിലേക്ക വെട്ടുകല്ലുകർമ്മം കൊണ്ടുപോകുന്നതിനുള്ള പ്രയാസം അവർക്ക അനുഭവമായിരുന്നു, ഈ കല്ലുകർമ്മങ്ങളുടെയും അത്യധികം പ്രയാസത്തോടെയാത്ര അവർക്ക കൊണ്ടുപോകുന്നതിനു സാധിച്ചിട്ടുള്ളൂ. ഈ വെട്ടുകല്ലുകർമ്മം, അവർ കായൽമാർഗ്ഗം കൊണ്ടുപോകേണ്ടിവന്നു. ഇന്നാർ ഒരുദിവസം ടി. പി. കെ. നാരായണപിള്ളയുമായി തമ്മിൽ സംഭാഷണങ്ങർക്കിടയിൽ, ഒരു യോഗം സംബന്ധിച്ച് അദ്ദേഹത്തെ മാരാരിക്കുളത്തേക്ക ഓവുസരത്തിൽ ക്ഷണിക്കയുണ്ടായി എന്ന് അദ്ദേഹം എന്നോടുപറഞ്ഞു എന്നുള്ളതും ഞാൻ ഇവിടെ പറയാം, ആയപ്പുഴനിന്നു മാരാരിക്കുളത്തേയ്ക്കുള്ള ഉദ്ദേശം ഏഴരമൈൽ ദൂരം നടന്നുപോകുന്നതിനു പകരം കടൽവഴിയായി ഒരു യന്ത്രത്തിൽ പോകുന്നതിനാണ് അദ്ദേഹം തീർച്ചയാക്കിയത്. ആ ജനങ്ങർക്ക നേരിടുന്ന ആപത്തിനേയും സഞ്ചാരവിഷയമായി ആ ദിഗ്വാസികർ അനുഭവിച്ചുപോരുന്ന പ്രയാസത്തെയും ചിന്തിച്ചുനോക്കുക, ഞങ്ങളുടെ അസംസ്കൃതങ്ങളായ ഉല്പന്നങ്ങർ ശരിയായവിലയ്ക്ക വിൽക്കുന്നതിനു സാധിക്കുന്നില്ലഎന്നും ഞങ്ങളുടെ തെങ്ങുകർക്ക മതിയായവിലം കിട്ടുന്നില്ലഎന്നും ഞാൻ പറയുന്നതു ഒട്ടും അതിശയോക്തി സംസാരിക്കയല്ല. ഈ വിവരങ്ങർ ഞാൻ എന്റെ ബഡ്ജറ്റുസംബന്ധിച്ചുള്ള പ്രസംഗത്തിൽ കാണിച്ചിട്ടുണ്ട്. ഞങ്ങളുടെ ഉല്പന്നങ്ങളെല്ലാം ഉദ്ദേശം 9 മൈലോളംവരുന്ന ദീർഘവഴി തലച്ചുമടുകളായി മുരിക്കുളത്തേക്ക കുറുക്കെ ഒരു തോട്ടംവെട്ടിയാൽ, കവട്ടുകല്ലുകളും മറ്റുപദാർത്ഥങ്ങളും പശ്ചിമപ്രദേശത്തേക്ക കൊണ്ടുപോകുന്നതിനു എത്രയും എളുപ്പമാണ്; ആ ദിഗ്വാസികർ വളരെ കൃതജ്ഞതയുള്ളവരായിരിക്കയും ചെയ്യും. കുറുക്കേയുള്ള ഓരോരുതോട്ടം വളരെ പ്രയോജനമുള്ളതാകുന്നു; ഈസംഗതി കഴിഞ്ഞസഭയിലെ സമ്പാദ്യം. ടി. പഞ്ചിക്കാരൻ പോയവർഷത്തിലും, അതിനുമുമ്പും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ട്. ഞാൻ പറയുന്നതു മുഴം കായലിൽനിന്ന് പടിഞ്ഞാറുഭാഗത്തുള്ള പൊഴിച്ചാൽ എന്നസ്ഥലത്തേക്ക് ഒരു തോട്ടം വേണമെന്നാണ്. ഈ രണ്ടുതോട്ടകളും ഞങ്ങൾക്ക അത്യന്തം ആവശ്യമായിട്ടുള്ളതാണ്; ചീഫ് ഇഞ്ചിനീയർ ഇതിൽ മതിയായ ശ്രദ്ധ പതിക്കയും അതിനുംവേണ്ടി യുക്തമുകയും ചെയ്യുന്നതാണെന്ന് ഞാൻ ആശിക്കയും ചെയ്യുന്നു.

മി. തയ്യിൽ കുഞ്ഞിരാമൻ (മുഴപ്പുഴയും-തൊടുപുഴയും): സമുദ്രതീരത്തുനിന്നും വളരെ മാറിക്കിടക്കുന്നതിനാൽ ജലമാർഗ്ഗമായ സഞ്ചാരത്തിനു തീരെ സൌകര്യമില്ലാത്തവയാണ് ഉത്തരതിരുവിതാംകൂറിലെ പ്രദേശങ്ങർ. അതിൽ ഏറ്റവും ഉൾഭാഗത്തു കിടക്കുന്നതു തൊടുപുഴ, മുവാറ്റുപുഴ, മുതലായ താലൂക്കുകളാണ്. അവിടെ ജനികൃതി കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ഇരട്ടിച്ചിട്ടുണ്ട്. ജനസംഖ്യയും വളരെ വർദ്ധിച്ചിരിക്കുന്നു. മറ്റു താലൂക്കുകളിലുള്ളവർ ഇവിടെയുള്ള തരിഭൂമികർ പതിച്ചുവാങ്ങി കൃഷിയേറി പാർത്തുവരുന്നതുകൊണ്ടാണ് കൃഷികൃതിയും ജനസംഖ്യയും വർദ്ധിച്ചതു്. എന്നാൽ അതനുസരിച്ചു ഗതാഗതസൌകര്യം മുതലായവയെ സംബന്ധിച്ചു ഗവണ്മെന്റിൽനിന്നും അവിടെ വേണ്ടതു ചെയ്തുവരുന്നില്ല. അടുത്തകാലത്തു പുതിയ ചീഫ് ഇഞ്ചിനീയർ അവിടെ വരുന്നതിനും എല്ലാസ്ഥലങ്ങളും സഞ്ചരിച്ചു അവിടത്തെ ആവശ്യങ്ങളെ മനസ്സിലാക്കുന്നതിനും ഇടയായിട്ടുണ്ട്. പല റോഡുകളെപ്പറ്റിയും ജനങ്ങർ അദ്ദേഹത്തോടു ആ സമയം പറയുകയുണ്ടായി. എന്നാൽ അവയിൽ ചിലറോഡുകളുടെ എങ്കിലും പണി ആരംഭിക്കുന്നതിനു ഓരോചെറിയ സംഖ്യകർ ബഡ്ജറ്റിൽ ചേർത്തുകാണുന്നു. അത്രമാത്രം ആശ്വാസകരംതന്നെ. മെയിൻ സെൻട്രൽറോഡു് ശരിയായവിധത്തിൽ വയ്ക്കുന്നതു വളരെ അത്യാവശ്യമാണ്. ഞങ്ങർക്ക ഉത്തരതിരുവിതാംകൂറിലുള്ള മുവാറ്റുപുഴ, തൊടുപുഴ മുതലായ താലൂക്കുകളിൽനിന്നും ഈ രാജ്യാനി പട്ടണത്തിൽ വരണമെങ്കിൽ, മല്ലാസിൽ പോകുന്നതിനുള്ളതിനേക്കാർ വളരെതാമസവും ചെലവുചിലവും വേണ്ടിയിരിക്കുന്ന സംഗതി കൌൺസിലിനെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി പല അവസരങ്ങളിലും കൊണ്ടുവന്നിട്ടുണ്ട്. മെയിൻ സെൻട്രൽറോഡു ബസ്സു പോകത്തക്കവണ്ണം സൌകര്യപ്പെടുത്തിയെങ്കിൽ, ഞങ്ങളുടെ മുഖ്യമുള്ള വളരെ കുറയുമായിരുന്നു. ഇപ്പോർ ഞങ്ങളുടെ സാധനങ്ങൾ മുവാറ്റുപുഴനിന്നും ആലുവായിൽഎത്തി അവിടെനിന്നും റയിലും ബോട്ടുമാർഗ്ഗം ആലപ്പുഴവഴിയാണ് വീണ്ടും തോട്ടകയറി കൊല്ലത്തുവന്നു അവിടെനിന്ന് റയിൽ കയറിയാണ് ഇവിടെ വരുന്നതു്. ഇതു വളരെ അസൌകര്യമുള്ള യാത്രയാണെല്ലാ. അങ്ങുവാഹനങ്ങളിൽ മാറികയറിവേണം വരുന്നതിനു്, അതാകുസമയങ്ങളും

ക്കളിൽ ഓരോ സ്ഥലങ്ങളിലും ചെന്ന്ചേർന്നില്ലെങ്കിൽ ഉദ്ദേശിച്ച സമയത്തു എത്താൻ സാധിക്കുകയില്ലാ. ഇപ്പോൾ ഒക്ടിണ്ണതിരുവിതാംകൂറിൽ ദിവസംപ്രതി ധാരാളം ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നതുകൊണ്ട് അവിടെ സഞ്ചാരത്തിനു വളരെ സൌകര്യമുണ്ട്. ഞങ്ങൾക്കതുകൊണ്ടു സന്തോഷമേയുള്ളൂ. ഉത്തരതിരുവിതാംകൂറിൽ ഉള്ള ജനങ്ങൾക്ക് സഞ്ചാരസൌകര്യം വളരെ കുറഞ്ഞെന്നും അവിടെയും ഗവൺമെൻറിന്നു മറ്റു ഭാഗങ്ങളിൽ ചെലവുചെയ്യുന്നതുപോലെ വേണ്ട ചെലവുകൾചെയ്തു സഞ്ചാരസൌകര്യം ഉണ്ടാക്കിത്തരണമെന്നും മാത്രമേ പറയുന്നുള്ളൂ.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു. കുന്നാഗപ്പള്ളിതാലൂക്കിൽ കൂടിയായ ഗതാഗതസൌകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള ആവശ്യത്തെപ്പറ്റി മെമ്പർ നിർബന്ധിച്ചിട്ടുള്ളതു ന്യായമാണ്. ഞാനും ആ അഭിപ്രായക്കാരനാണ്. എന്റെ പൂർവ്വാധികാരികളും ഈ സ്ഥിതിയെ നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ട്. തൽഫലമായി ആ താലൂക്കിലുള്ള ഗതാഗതസൌകര്യങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നയത്തെ ആണ് ഞങ്ങൾ സ്ഥിരമായി അനുകരിച്ചുവന്നിട്ടുള്ളതു്. നമ്പർ 8 (a 0 9) ആയി മെമ്പർ ചോദിച്ചിട്ടുള്ള ചോദ്യത്തിനു കൊടുത്ത മറുപടിയായി പൂർത്തിയാക്കപ്പെട്ടതും, നടന്നുകൊണ്ടിരിക്കുന്നതും ഫ 0 ൻ-മുതൽക്കുള്ളതെ ബഡ്ജറ്റിൽ കരുതിട്ടുള്ളതും ആയ വേലകളുടെ ഒരു പട്ടിക കൊടുത്തിട്ടുള്ളതിൽനിന്നു സമയം ഗ്രഹിക്കാവുന്നതാണ്. ആ താലൂക്കിലെ ഗതാഗതസൌകര്യങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്ന സംഗതിയിൽ ഡിപ്പാർട്ട്മെൻറ് അധികമായ ശ്രദ്ധ ചെലുത്തിക്കൊണ്ടിരിക്കയുമായിരുന്നു എന്നാണ് ഫൽഫ 0 മുതൽക്കുള്ള കഴിഞ്ഞതിൽപിന്നെ ഈ താലൂക്കിൽ ഡിപ്പാർട്ട്മെൻറിന്നിന്നും കൈയ്യേറ്റിട്ടുള്ളതായ വേലകളുടെ ചിലവിൻറെ ആകെയുള്ള കണക്കാക്കീട്ടുള്ളതാണ്, പ്രതിവർഷമുള്ള സംരക്ഷണ ജോലിയിൽനിന്നും ചെയ്തിട്ടുള്ള വിപുലീകരണങ്ങളുടെ അറ്റകുറ്റപ്പണി ഉൾപ്പെടുത്താതെ ഫ, ഫ ൭, ൭൪ ൭൫ രൂപയാണ്. ഈ കാലത്തിനുള്ളിൽ ആകെ ചിലവായ തുക ഫ ൭൫,൭൯൯ രൂപയാണ്. മേല്പറഞ്ഞിട്ടുള്ളതിൽ ഫ 0 ൻ-ലും ഫ ൭൫ 0 -ലും ഈ രണ്ടുവർഷങ്ങളിൽ അഞ്ചു റോഡുകളും ഒരു പാലവും സംബന്ധിച്ച് കയ്യേറ്റിട്ടുള്ള വേലകളുടെ കണക്കാക്കപ്പെട്ട ചെലവുതുക ൪൭,൭൫൦ രൂപയാണ്. ഈ താലൂക്കിനെ ഉപേക്ഷിച്ചിട്ടിരിക്കയാണെന്നുള്ള ആക്ഷേപത്തിനു എനിക്കു കൊടുപ്പാനുള്ള വിവരം അതാണ്.

മെമ്പർ ചോദിച്ചിട്ടുള്ള ഒരു ചോദ്യത്തിനു മറുപടിയായി ഈ താലൂക്കിൽ നടന്നുകൊണ്ടിരിക്കുന്ന വേലകാണിക്കുന്ന ഒരു പട്ടിക അദ്ദേഹത്തിനു കൊടുത്തിട്ടുണ്ട്. ഒരു ഉപചോദ്യത്തിൽ വള്ളിക്കാവു ഓച്ചിറ റോഡിനെപ്പറ്റി മെമ്പർ സംസാരിക്കയുണ്ടായി. എൻറെ അന്വേഷണത്തിൽ എത്തുന്നിടത്തോളം ആ റോഡിനെപ്പറ്റി അസംബ്ലിമെമ്പർമാർതന്നെയും വിസ്തരിച്ചുകൊള്ളുന്നതായി കണ്ടിരിക്കുന്നു. താമരക്കുളത്തുനിന്നു ഓച്ചിറവഴി ആലുംകടവിലേയ്ക്കുള്ള റോഡും, കുണ്ടുപുരം പാലംതുടങ്ങി കായൽവരയുള്ള റോഡും, കുന്നാഗപ്പള്ളിയിൽനിന്നു മരുതൂർകുളങ്ങരവരെയുള്ള റോഡും, വേറെ ചില റോഡുകളും മാത്രമേ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളൂ. അവയ സംബന്ധിച്ചുള്ള വേല ആരംഭിക്കുവാറുകയുംചെയ്തു. തൊടിയിൽനിന്നു കുലശേഖരപുരത്തേയ്ക്കുള്ള ഒരു റോഡിൻറെ അടങ്കലും ഇതിനിടയ്ക്കു എൻറെ കയ്യിൽ കിട്ടീട്ടുണ്ട്; അതു പരിശോധനയിലിരിക്കുന്നു. ഓച്ചിറ വള്ളിക്കിവു റോഡിനെസംബന്ധിച്ചു എക്സിക്യൂട്ടീവ് ഇഞ്ചിനിയരോട് ഒന്നുകൂടിപ്പോട്ടു സമർപ്പിക്കുന്നതിനാവശ്യപ്പെടാം; അതു കിട്ടിയാലുടൻ വേണ്ടതു പ്രവർത്തിക്കയുംചെയ്യാം. മെമ്പർ ഡിപ്പാർട്ടുമെൻറിൻറെ പ്രവർത്തനങ്ങളെപ്പറ്റി തെറ്റിയായി മനസ്സിലാക്കീട്ടില്ലെന്നുള്ളതിനാൽ ഞാൻ വ്യസനിക്കുന്നു. അടുത്തകഴിഞ്ഞകാലംമുതൽ ഗവൺമെൻറിൻറെ നയം പ്രധാനറോഡുകളുടെകാര്യം ശ്രദ്ധിയ്ക്കുന്നതും അവ പൂർത്തിയായതിൽ പിന്നീടു ഉപറോഡുകളുടെ കാര്യം ശ്രദ്ധിക്കുന്നതും ആയിട്ടാണ് ഇരിക്കുന്നതു. താമസിയാതെതന്നെ ഗ്രാമപഞ്ചായത്തു സംഖ്യകൊണ്ടു ഫീർപ്പെടുത്തുന്നതായിരിക്കും. ആകെവരുന്ന ചെലവിൽ മുക്കാൽഭാഗത്തോളം ഗവൺമെൻറിൽനിന്നും ലഭ്യമാകുന്ന അനുസരിച്ചു അഞ്ചിരുപതുള്ള ഉപറോഡുകൾ വെട്ടുന്ന സംഗതി അവർക്കു ആലോചിക്കാവുന്നതുമാകുന്നു.

ചവറയിൽനിന്നും കുന്നാഗപ്പള്ളിവഴിയും ഉള്ള റോഡിൻറെ വീതിയെപ്പറ്റിയും നൂനതകളെപ്പറ്റിയും മെമ്പർ സംസാരിച്ചു. റോഡിനു വേണ്ടുവോളം വീതിയുണ്ട്; അതിനു അനുവദിച്ചിട്ടുള്ള വീതിയിൽ ഞാൻ ഒട്ടും കുറവു വരുത്തിട്ടുമില്ലാ. ഈ റോഡുവഴിയായി തൽക്കാലം ഇത്രയും കുറച്ചു വ്യാപാരമേ നടക്കുന്നുള്ളൂ. പ്രസ്തുതറോഡിൽ വ്യാപാരം ഒന്നുംതന്നെ എൻറെ കണ്ണിൽ പെട്ടിട്ടില്ല. വ്യാപാരം വർദ്ധിക്കയും ആവശ്യമുണ്ടാകയും ചെയ്യുമ്പോൾ റോഡിനു ആവശ്യപ്പെട്ടതിടത്തോളം വീതികൂട്ടുന്നതിനു കഴിയുന്നതാണ്. അടുത്തകാലം കയറ്റങ്ങളുടെ സംസാരിച്ചു. കഴിഞ്ഞ വർഷത്തിൽ അവയുടെ പണി നടന്നുകൊണ്ടിരിക്കയായിരുന്നു. ചിലവു പൂർത്തിയാകാതെയിരുന്നതു മെമ്പർ കണ്ടിട്ടുണ്ടായിരിക്കാം. ആ സംഗതിയെപ്പറ്റി എനിക്കു അറിവില്ലാ. മെമ്പർ ആവശ്യപ്പെട്ടാലെങ്കിൽ ഞാൻ അന്വേഷണം കഴിച്ചു വേണ്ട നടപടി എടുക്കാം.

പിന്നെ മെമ്പർ പ്രസ്താവിച്ചതു നീണ്ടകരയുള്ള പാലംതുടങ്ങുന്നതു വലിയ ആപൽകരമായിരിക്കുന്നു എന്നാണ്. നീണ്ടകര ഞങ്ങൾക്കു ഉപയോഗയോഗ്യമായ ഒരു പാലംതന്നെ ഉണ്ടു. ഒരു വൃത്താന്തപത്രത്തിൽ ഒരു പ്രതികരണപ്പോൾ എക്സിക്യൂട്ടീവ് ഇഞ്ചിനിയരോട് എതിരേറ്റിക്കയുണ്ടായി, പാലംതന്നെ സ്ഥിതിയിലിരിക്കുന്നതും ഗതാഗതത്തിനു അതു നല്ലപോലെ ഉപയോഗപ്പെടുന്നു എന്നും അദ്ദേഹം റിപ്പോർട്ടുചെയ്തിരിക്കുന്നു, ഗതാഗതം വർദ്ധിക്കുന്ന പക്ഷം ഒരു അധികം കടത്തുവള്ളം ഏർപ്പെടുത്തേണ്ടതായിരിക്കും.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): മി. നടേശയ്യർ ആ പാലംതുടങ്ങാൻ കണ്ടിട്ടുണ്ടോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഞാൻ പലപ്രാവശ്യം ആ കടത്തു കടന്നിട്ടുണ്ടു.

പിന്നെ വരട്ടാർ പാലത്തെ സംബന്ധിച്ചു വ്യാവർത്തനകീലങ്ങൾ സംബന്ധിച്ചുള്ള കല്പനത്തി (ഡിസൈൻ)ൻറെ വിവരങ്ങളിൽനിന്നു ഞാൻ പൂർണ്ണസ്വാതന്ത്ര്യത്തിലാണിരിയ്ക്കുന്നതെന്നു ഞാൻ പറയുന്നു, അവയുടെ ഉപയോഗത്തെക്കുറിച്ചു എൻറെ പൂർവ്വാധികാരി തീർച്ചചെയ്തിട്ടുള്ളതാണു.

മി. എ. കെ. പിള്ള (കുന്നാഗപ്പള്ളി): ചീഫ് ഇഞ്ചിനീയർ പണി നടത്തിപ്പിനു സംബന്ധിച്ചു മേല്നോക്കണം കഴിച്ചിട്ടില്ലേ? ഇതു സംബന്ധിച്ചു സമയമായതിനു ഉത്തരവാദിത്വമില്ലേ?

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): വേല നടത്തുന്ന ചുമതല ആളുമായി അസിസ്റ്റൻറ് ഇഞ്ചിനിയരുടേതാണു. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ മേല്നോക്കണം കഴിക്കയും ഉപദേശങ്ങൾ നൽകുകയും

ചെയ്യുമെന്ന പ്രതീക്ഷയുണ്ട്. കഴിവുള്ള ഓഫീസർമാരെല്ലാം നടന്നുകൊണ്ടിരിക്കുന്ന വേലകൾ സംബന്ധിച്ചു ചീഫ് എഞ്ചിനീയറും പരിശോധന നടത്തുകയും ഉപദേശം നൽകുകയും ചെയ്യുമല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ പേരയുടെ ചാർജ്ജ് വഹിച്ചിരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈ സഭയിലുണ്ടെന്നു മി. നടേശയ്യർക്ക് എന്നോടു പറയാമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): മി. എൽ. എച്ച്. ജേക്കബ് ആയിരുന്നു ചാർജ്ജ് വഹിച്ചിരുന്നത്.

ചില കേടുകൾ വന്നിട്ടുള്ളതു നന്നാക്കാനുണ്ടായിരുന്നു എന്നു മെമ്പർ പ്രസ്താവിച്ചു. ഫാൻ ആടിമാസത്തിലെ വെള്ളപ്പൊക്കം രാജ്യത്തിൽ വളരെ നാശം ചെയ്തു. പാലത്തിന്റെ താങ്ങുകൽത്തികൾ കൽക്കെട്ടില്ലായിരുന്നു. കരിങ്കൽ ചില്ലകൾകൊണ്ടു പടുത്തിരുന്ന മൺതിട്ടകൾക്കു വെള്ളപ്പൊക്കത്തിൽ കേടുവന്നു. ഈ കരിങ്കൽച്ചില്ല പടുത്തതു മെമ്പർ പ്രസ്താവിച്ച പ്രകാരം ൫൦൦൦ രൂപാ ചെലവുചെയ്തുണ്ടാക്കിയതും ഉണ്ടായിരുന്നു എന്നു പറഞ്ഞു.

പിന്നെ മെമ്പർ ചെങ്ങന്നൂർ ആറൻമുള റോഡിനെപ്പറ്റി പ്രസ്താവിച്ചു. റോഡു വണ്ടിപോകത്തക്കതല്ലായിരുന്നു എന്നു നിർദ്ദേശിക്കപ്പെട്ടു. എന്നാൽ വേനൽക്കാലത്തുമാത്രം വണ്ടിക്കുപോകാവുന്നതാക്കി തീർത്തിട്ടുണ്ടെന്നു ഞാൻ പറയേണ്ടിയിരിക്കുന്നു. ഞാൻ കേഴശ്ശേരിയ്ക്കു സമീപത്തുള്ള ചെങ്ങന്നൂർവരെ റോഡ്നീളെ മോട്ടാർകാറിൽ സഞ്ചരിക്കയുണ്ടായിട്ടുണ്ട്. ഇനിയും തീരേണ്ടതായിട്ടു രണ്ടുപാലങ്ങൾകൂടിയുണ്ട്. അവയ്ക്കുപകരം തൽക്കാലത്തേക്കു രണ്ടു ചങ്ങാടങ്ങൾ ഏർപ്പെടുത്തണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങിനെ ചെയ്യുമ്പോൾ റോഡ് വർഷംമുഴുവനും വണ്ടിപോകത്തക്കതായി തീരുന്നതാണ്.

ചേർത്തലമെമ്പർ, ഞാൻ അദ്ദേഹത്തിന്റെ പേരു് ഓർക്കുന്നില്ല, ഈ താലൂക്കിൽ കൂടുതൽ ഗതാഗതസൗകര്യങ്ങൾക്കുവേണ്ടി വാദിക്കുന്നു. വരുന്നകൊല്ലത്തെ ബഡ്ജറ്റിൽ ഗതാഗതസൗകര്യവേലകൾക്കായി ഉദ്ദേശിച്ചിട്ടുള്ള ഒന്നരലക്ഷംരൂപായിൽനിന്നു ചേർത്തലതാലൂക്കിലേക്കുമാത്രം ൪൫,൦൦൦ രൂപാ കരുതീട്ടുണ്ട്.

പ്രസിഡൻറ്: സമയമായി.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഒന്നുരണ്ടുസംഗതികളെപ്പറ്റി കൂടെസംസാരിക്കുന്നതിനു ഞാൻ ഉൽസുകനായിരിക്കുന്നു. കൂടുതലായി കൂലുകെയുള്ള തോടുകളുടെ അഭിലഷണീയതയെപ്പറ്റി ബോദ്ധ്യപ്പെടുന്നിരിക്കുന്നു. ഞാൻ ചീഫ് എഞ്ചിനീയരായി ചാർജ്ജെടുത്തതിൽപിന്നെ, രണ്ടുകൂലുകെയുള്ളതോടുകളുടെ വേലകളെ രംഭിച്ചിട്ടുണ്ട്. എന്റെകാലത്തിനു മുമ്പു് കൂലുക്കേയുള്ളതോടുകൾ വെട്ടുന്ന സംഗതി ആലോചനയിൽ വന്നിട്ടില്ല. കാലംചെല്ലുന്തോറും അധികമധികം കൂലുക്കേയുള്ളതോടുകൾ വെട്ടുന്നതാകുന്നു. വേമ്പനാട്ടുകായലിൽ നിന്നു് ഷെഡ്ഡിച്ചാൽവരേയുള്ള തോടുവെട്ടിനെക്കുറിച്ചുള്ള തങ്ങളുടെ നിവേദനങ്ങളിൽ അങ്ങിനെയുള്ള തോടുകൾക്കായി ആവശ്യപ്പെട്ട അസ്സംബ്ലിമെമ്പർ മാരുടെ ഇടയിൽതന്നെ അഭിപ്രായവ്യത്യാസമുണ്ട്. ഫാൻവുമാണ്ടത്തെ മെമ്പറായ മി. മാത്യു പഞ്ഞിക്കാരൻ മതക്കെ അറുത്തു ഒരുതോടിനവേണ്ടിയും ഫാൻ-ാമത്തെ മെമ്പർ നാലഞ്ചുകൈമൽ വടക്കുമാറി ഒരു തോടിനവേണ്ടിയും ആവശ്യപ്പെട്ടതുകൊണ്ടായി. അഭിപ്രായവ്യത്യാസമുള്ളതിനാൽ സംഗതിസ്ഥലം പരിശോധിച്ചു് അന്വേഷണത്തിനായി എക്സിക്യൂട്ടീവ് ഇഞ്ചിനീയരോടു് എഴുതിച്ചോദിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ റിപ്പോർട്ടു് സമർപ്പിക്കുമ്പോൾ, ഞാൻ സംഗതി സൂക്ഷ്മമായി പര്യാലോചിച്ചു തീർച്ചചെയ്യുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഗതാഗതസൗകര്യങ്ങളും റോഡുകളും എന്നവിഷയം വളരെ പ്രധാനമായ ഒന്നത്രെ. പബ്ലിക്കവർക്സ് ഡിപ്പാർട്ടുമെൻറുകാർ ഈ വിഷയത്തെ പ്രയോഗത്തിൽ വരുത്തുന്നതു് യാതൊരുസമ്പ്രദായത്തെ അനുസരിച്ചുമല്ല.

മി. കെ. കെ. തോമസ്സ് (കോട്ടയം): ഉദ്യോഗസ്ഥമെമ്പർ സംസാരിച്ചു കഴിഞ്ഞതിൽ പിന്നെ, മെമ്പർ സംസാരിക്കുന്നതു ക്രമാനുസൃതമാണോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉപക്ഷേപം സംബന്ധിച്ചു ചീഫ് എഞ്ചിനീയർ അവസാനമായി പറഞ്ഞിട്ടില്ല. അതിനാൽ ഞാൻ പൂർണ്ണമായിക്രമാനുസൃതമാണു്, എന്റെസ്നേഹിതൻ മി. തോമസിനേക്കാൾ ഈ വകകളെപ്പറ്റി കൂടുതൽജ്ഞാനമുള്ളതെന്നു് ഞാൻ വിശ്വസിക്കുന്നുമുണ്ടു്.

ഈ പ്രധാനവിഷയത്തെ ലക്ഷ്യമാക്കാതെവിധത്തിലാണ് ഡിപ്പാർട്ടുമെൻറുകാർ പ്രയോഗത്തിലാക്കുന്നതു്. ഡിപ്പാർട്ടുമെൻറിന്റെ പ്രവൃത്തികളുടെ പിന്നിൽ ഒരുനിശ്ചിതമായ നയമെന്നതു മാത്രമേ ഒന്നുമില്ല. ഈ അധികാരത്തിൽ ഉത്തേജിപ്പിച്ചു പലസംഗതികളെപ്പറ്റി ഈ സന്ദർഭത്തിൽ എനിക്കുപറയണമെന്നുള്ള പ്രത്യേകസംഗതി—ആകുന്നു.

മി. കെ. വി. നടേശയ്യർ(ചീഫ് എഞ്ചിനീയർ):സർ ക്രമപരിപാലനസംബന്ധമായി ഞാൻ എഴുന്നേൽക്കുന്നു. ഉപക്ഷേപം ഗതാഗതസൗകര്യങ്ങളും എന്നഅധികാരത്തിലുൾപ്പെടുന്ന പ്രത്യേകവേലകളെ സംബന്ധിക്കുന്നതാണ്, അതിനാൽഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിന്റെ അടിയിൽ കിടക്കുന്ന നയത്തെപ്പറ്റി സംസാരിക്കുന്നതിൽ മെമ്പർ ക്രമാനുസൃതമാകുമെന്നു് ഞാൻവിചാരിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പലഗതാഗതമാർഗ്ഗങ്ങളേയും റോഡുകളേയുംപറ്റി ഇപ്പോൾ ഇവിടെ വിമർശിച്ചുകഴിഞ്ഞു എന്റെ സ്നേഹിതൻ മി. നടേശയ്യർ തന്നെയും ആ സംഗതികളെക്കുറിച്ചു പ്രതിപാദിക്കയും തന്നതന്നെ സംരക്ഷിക്കയും ചെയ്യുന്നതു ഞാൻ കേൾക്കയും ചെയ്തു.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഞാൻസംസാരിച്ചു കൊണ്ടിരുന്നതു പ്രത്യേകസ്ഥലങ്ങളിലുള്ള വേലകളെപ്പറ്റിയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാനും പ്രത്യേകസ്ഥലങ്ങളിലുള്ള വേലകളെപ്പറ്റിയാണു സംസാരിക്കാൻ പോകുന്നതു്. അദ്ദേഹം ക്ഷമയോടുകൂടികേൾക്കുമെങ്കിൽ, അതുസ്പഷ്ടമാകുന്നതാണ്. അമ്പലപ്പുഴ താലൂക്കിനേയും, ചേർത്തല താലൂക്കിനേയും പറ്റിയുള്ള ഗതാഗതസൗകര്യങ്ങൾ സംബന്ധിച്ചു് പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെൻറുകാരുടെ ഉപേക്ഷയെക്കുറിച്ചു് എനിയ്ക്കുവ്യക്തമായി സംസാരിക്കാൻ കഴിയുന്ന നിലയിലാണ്. സർ, ഞാൻ അമ്പലപ്പുഴതാലൂക്കിലുള്ള ഒരുവനാണ്. അതിൽ അമ്പലപ്പുഴനിന്നു് ആറരമൈൽസ് വട-

ക്കോട്ട് നീണ്ടുകിടക്കുന്ന ചേർത്തലതാലൂക്കിന്റെ ഒരു ചെറിയഭാഗവും അടുത്തകാലത്തു ഉൾപ്പെടുത്തിട്ടുണ്ട്. ആ സംയോജനം നിമിത്തം മാരാരിക്കുളത്തിൽ ഒരുഭാഗത്തുള്ളതെ അമ്പലപ്പുഴ താലൂക്കിൽ ചേർന്നിട്ടുണ്ട്. ആ സ്ഥലത്തിന്റെ സ്വഭാവത്തെക്കുറിച്ചു എനിയ്ക്കുസല്പമായ പരിചയം കിട്ടിട്ടുണ്ട്. കഴിഞ്ഞതിരുവഞ്ചാട്ടപ്പു ഉത്സവത്തിൽ ഈ സമയത്തു ഞാൻ വിവരിച്ചു പറയേണ്ടതെന്ന് എനിയ്ക്കുതോന്നുന്നതായ ഒരഭിപ്രായം ഞാൻ അനുഭവിക്കയുണ്ടായി. സർ, ആ അമ്പലപ്പുഴ താലൂക്കിന്റെ ആ പ്രത്യേകഭാഗം സഹാറമരുഭൂമിയുടെ ഒരുസംക്ഷേപമായ പതിപ്പാണെന്ന് ഞാൻ പറയുന്നതു അതിശയോക്തി ഒന്നുമല്ല, എന്നാൽ നിർഭാഗ്യവശാൽ അതു ജനനിബിഡമായസ്ഥലമത്രെ. അപ്രകാരമെയിലുള്ള വെള്ളം തിളയ്ക്കുന്നതുകൊണ്ടാണോ അധികഉഷ്ണമോ, ചുട്ടുപിടിക്കുന്നതും അസ്ഥിരവുമായ തറയ്ൽകൂടി മനുഷ്യനോ, മൃഗത്തിനോ, പുറത്തിറങ്ങി ആ മണലാരണ്യത്തിൽകൂടി സഞ്ചരിക്കുന്നതു തീരെ അസാദ്ധ്യമായിട്ടാണ്. ഒരുസർക്കൂട്ട് ഉദ്യോഗസ്ഥൻകൂടി, ആ സ്ഥലം സന്ദർശിക്കുന്നതിനു അശേഷംവിചാരിക്കയില്ലെന്ന് എനിയ്ക്കനുഭവമുണ്ടു ആ സ്ഥലത്തു പ്രസവസഹായം പോലെയുള്ള വല്ലവൈദ്യസഹായവും അടിയന്തിരമായി ആവശ്യപ്പെട്ടാലെന്നുകിൽ, അവിടെനിന്നു ഏറ്റവുമടുത്തുള്ള അമ്പലപ്പുഴ താലൂക്കാഫീസ്സിനകം ഉദ്ദേശമുള്ളതുകൊണ്ടു അവിടുത്തുദ്യോഗസ്ഥന്മാർ നെല്ലിക്കാപോലെ അത്രവളരെ സുലഭമാണെങ്കിലും, അമ്പലപ്പുഴ താലൂക്കിന്റെ ആഭാഗത്തു വല്ലസഹായവും ലഭിക്കുന്നതല്ല. നിർഭാഗ്യവശാൽ, ചേർത്തലയിലും അമ്പലപ്പുഴയിലും ഉള്ള ജനങ്ങൾക്ക് ഒരുപ്രയോജനവുമുള്ള ഈ ദിക്കാവസ്ഥയുടെ സഹായം ലഭിക്കുന്നതു അസാദ്ധ്യമാണ്. ഫാൻസ്-ൽ ക്യാപ്റ്റൻ ചെവറാറ് നിരീക്ഷിച്ചതു ഇമ്പാളിഎന്നസ്ഥലത്തു ചെമ്മീൻകിടുകുനിമിത്തം പുറപ്പോട്ടിൽനിന്നും അമ്പലപ്പുഴക്കുള്ളദൂരംപുന്നമൈൽസ് മാത്രമായുള്ള എങ്കിലും അമ്പലപ്പുഴനിന്നും കപ്പലിൽ കയറുന്നതിനായിട്ടു സാധനങ്ങൾ കൊണ്ടുപോകുന്നതിനു അശേഷം കഴിയാതിരുന്നു എന്നായിരുന്നു, അങ്ങിനെയുള്ള മണൽപ്രദേശത്തുകൂടി നടക്കുന്നതിനു വൈദ്യശാസ്ത്രമെന്ന ക്ഷേത്രത്തിൽ കാൽവെച്ചതിനു ഞാൻ ഡർബാർ ഹിസിഷ്യനോടു ക്ഷമായാചനം ചെയ്തുകൊള്ളുന്നു. തദ്ദേശവാസികൾക്കു മാത്രമാരോഗം പിടിപെട്ടു അവണ്ണനിയമായ ആരിഷ്ടതകൾ സഹിക്കുന്നതിൽ ഒട്ടും അതിശയിപ്പാനില്ലാ.

പിന്നെ എന്റെ സ്വന്തതാലൂക്കിലേക്കു വരുമ്പോൾ ഇക്കഴിഞ്ഞപെരുമ്പെയ്ത്തിനിടയ്ക്കു് ജനങ്ങൾക്കു് രക്ഷപ്പെടുന്നതിനു് കഴിവില്ല എന്നുകണ്ടു് അനേകം കുടിലുകളും വീടുകളും പെരുമ്പത്തിൽ ഒഴുകിപ്പോകുണ്ടായി കുന്നുകാലികളും വളരെ കഷ്ടപ്പെട്ടു. കുട്ടനാട്ടു് എന്നപറഞ്ഞുവരുന്ന പ്രദേശത്തു അധിവസിക്കുന്ന ജനങ്ങളുടെ ജീവൻ പോലുമായ അപകടത്തിലായി. അമ്പലപ്പുഴയും ചേർത്തലയും താലൂക്കുകളിലുള്ള ജനങ്ങളുടെ അവസ്ഥതാണു്. ആ പ്രദേശങ്ങളിൽ അനുവരുത്തമായി ഉണ്ടാകാറുള്ള വെള്ളപ്പൊക്കകാലത്തു ആപത്തിൽ നിന്നു് ഈ ജനങ്ങൾ രക്ഷപ്പെടുന്നതിനു മാത്രമെങ്കിലും ഒരു റോഡ്കിട്ടുന്നതായാൽ, അനിമന അവർ ഒരനുഗ്രഹമായി കരുതിക്കൊള്ളുന്നതായിരിക്കും. അമ്പലപ്പുഴനിന്നു് തിരുവല്ലായ്ക്കു് ഒരു റോഡ് അത്യാവശ്യമാകണമെന്നു കാണുകയും, കുറെമുമ്പു അതിലേയ്ക്കു് ചില ജോലി നടക്കുകയും ഉണ്ടായി. എന്നാൽ പബ്ലിക്ക്വർക്സ് ഡിപ്പാർട്ടുമെന്റു മേലന്വേഷണപ്രവർത്തകന്മാരുടെ ആറുമാറ്റത്തോടുകൂടി അതു ഉപേക്ഷയിലായി. ഞങ്ങൾ വീണ്ടും ആ സംഗതിയെപ്പറ്റി പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കയാണു്. ചീഫ് ഇഞ്ചിനീയരുടെ സദുദ്ദേശ്യങ്ങളെക്കുറിച്ചു ഞാൻ ഒട്ടും സംശയിക്കുന്നില്ല. ഈ മുറവിളിയിൽ ചീഫ് ഇഞ്ചിനിയർ അല്പമായ ശ്രദ്ധ പതിക്കുന്നതായാൽ, വല്ലതെങ്കിലും ചെയ്യാവുന്നതായിരിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.

പിന്നെ, ജനങ്ങൾ കഴിഞ്ഞ അനേകവർഷങ്ങളായി പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുന്നതായി പല ചില്ലറ റോഡുകളുണ്ടു്. ഈ ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ചിരകാലപ്രക്ഷോഭം നടത്തുന്നതിനും മുറയും കഴിവില്ലാത്തവരാകയാൽ, ഈ സാധുക്കളുടെ ആവശ്യങ്ങളെ പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെന്റുകാർ അവഗണിക്കുന്നതാണതു്.

പ്രസിഡന്റു. ദയവുചെയ്തു സമയം കുറയ്ക്കണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അല്പം ദീർഘകാലമായി നടന്നുവരുന്ന ഒരു പരാതിയാകയാൽ, എനിയ്ക്കു അതേപ്പറ്റി വളരെ പറയാനുണ്ടു്. ഈ താലൂക്കുകളിലെ ജനങ്ങൾക്കു തോന്നിട്ടുള്ളതിനിടയിലിരിക്കുന്ന ഉദ്ദിഷ്ടത്തെ വിചാരിച്ചുനോക്കുന്നതിനായിട്ടു് ഞാൻ അല്പം സമയം വിട്ടുകൊള്ളുന്നു.

പ്രസിഡന്റു. സഭയിലെ മറ്റു പ്രാസംഗികന്മാർ ഈ പ്രക്ഷോഭം തുടർന്നുകൊള്ളുമെന്നു വിശ്വസിക്കാവുന്നതാണു്.

മി. ഇ. ജെ. മാത്തു (ചങ്ങനാശേരിയും—പീരുമേടും): വടക്കൻതിരുവിതാംകോട്ടുള്ള എല്ലാ താലൂക്കുകളേയുംപറ്റി ഞാൻ സംസാരിക്കാം; അല്ലാതെകൊണ്ടു് വിഷയത്തെ ഉദ്ദേശിച്ചു അധികസമയം ചിലവാക്കുണ്ടാവശ്യം ഗവർമെന്റു നേരിടുന്നതല്ലാ. ഉത്തരതിരുവിതാംകോട്ടിൽ പബ്ലിക്ക്വർക്സ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തിന്റെ അപര്യാപ്തതയെക്കുറിച്ചു വലിയ ഒരു മുറവിളി ഉണ്ടായിട്ടുണ്ടു്. രാജകരണറിപ്പോർട്ടു് വായിച്ചുനോക്കുമ്പോൾ, ഞാൻ കാണുന്നതു അത്ര ഭീരമായ കാര്യമെയിൽക്കൂടിയും പബ്ലിക്ക്വർക്സ് ഡിപ്പാർട്ടുമെന്റു പ്രവർത്തനങ്ങൾക്കൊണ്ടു് ഉത്തരതിരുവിതാംകോട്ടു ഒരുപ്രകാരത്തിലും ഗുണപ്പെട്ടിട്ടില്ല എന്നു് ഗവർമെന്റു സമ്മതിച്ചിട്ടുണ്ടു് എന്നാകുന്നു. ഈ വാസ്തവം സമ്മതിച്ചിട്ടുണ്ടെങ്കിലും, ഉത്തരതിരുവിതാംകോടിന്റെ ആവശ്യങ്ങളിലേക്കു വേണ്ടുംപടി ശ്രദ്ധ പതിച്ചിട്ടില്ലാത്തതുകൊണ്ടു് ഉത്തരതിരുവിതാംകോട്ടു പ്രായോഗികമായി അല്പം എപ്പോഴും ഇരുന്നിട്ടുള്ള സ്ഥിതിയിൽതന്നെ ഇപ്പോഴും ഇരിക്കുന്നതുമുള്ളൂ. മുമ്പു ഒരുദിവസം കൃഷിഡയറക്ടർ ഈ സഭയിൽ പ്രസ്താവിച്ചതു് കൃഷിഡിപ്പാർട്ടുമെന്റിന്റെ ക്ഷണങ്ങൾക്കു ഉത്തരതിരുവിതാംകോട്ടു നിവാസികളിൽനിന്നു വേണ്ടുവോളമുള്ള ആനുകൂല്യമുണ്ടാകാതെയിരിക്കുന്നതിനു കാരണങ്ങൾ ആ പ്രദേശങ്ങളിൽ ഗതാഗതസൗകര്യങ്ങളുടെ അഭാവവും, കൃഷി ഇൻസ്പെക്ടരെ നിയോഗിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ചെന്നെത്തുന്നതിൽ ജനങ്ങൾക്കു നേരിടുന്ന പ്രയാസവും, അതുപോലെ മെഡിക്കൽ ഡിപ്പാർട്ടുമെന്റു സംബന്ധിച്ചും ഇതുതന്നെയാണു് ഞാൻ സമർപ്പിക്കുന്നതു്. ഉത്തരതിരുവിതാംകോട്ടുകാരായ ജനങ്ങൾക്കു കിട്ടിവരുന്ന വൈദ്യസഹായത്തിന്റെ അപര്യാപ്തത ഉത്തരതിരുവിതാംകോട്ടിൽ വളരെ അധികം ഡിസ്പെൻസറികളും, ആസ്പത്രികളും ഇല്ലായെന്നുള്ള സംഗതിയാൽ ആയിരിക്കാം. എന്നാൽ ഞങ്ങൾക്കു അധികം ഡിസ്പെൻസറികളുണ്ടായിരുന്നാലും, ശരിയായ ഗതാഗതസൗകര്യത്തിന്റെ അഭാവംനിമിത്തം ആ പ്രദേശങ്ങളിലെ നിവാസികൾക്കു, ആ ഡിസ്പെൻസറികളിൽ ചെല്ലുന്നതിനു കഴിയുന്നതല്ലാ.

ഗതാഗതസൗകര്യമില്ലായ്മയെക്കുറിച്ച് വേറൊരുവിധത്തിലും ചിന്തിക്കാവുന്നതാണ്. ഉത്തരതിരുവിതാംകോട്ട ഒരു അപരിഷ്കൃതപ്രദേശമത്രേ. അതു കൃഷിയെ മാത്രം പൂർണ്ണമായി ആശ്രയിച്ചിരിക്കുന്ന ഒരു പ്രദേശമാണ്; അതുകൊണ്ടു ഗതാഗതസൗകര്യങ്ങളെ പരിഷ്കരിച്ചില്ലെങ്കിൽ, അവിടത്തെ നിവാസികൾക്കു തങ്ങളുടെ ഉൽപന്നങ്ങളെ വിറ്റഴിക്കുന്നതിനു സൌകര്യംകിട്ടാതെ പോകുന്നതാകുന്നു. ഫലം നമുക്കു ഊഹിക്കാവുന്നതല്ലോ. അതിനാൽ, അപരിഷ്കൃതങ്ങളായ പ്രദേശങ്ങളെ കഴിയുന്നവേഗത്തിൽ പരിഷ്കൃതങ്ങളാക്കിത്തീർക്കുന്നതു ഗവർണ്മെൻറിനും ജനങ്ങൾക്കും ഒരുപോലെ പ്രയോജനകരമാകുന്നു.

ഇതുസംബന്ധിച്ചു, സർ പി. രാജഗോപാലാചാരിയുടെ കാലത്തു, ഉത്തരതിരുവിതാംകോട്ട ഉപേക്ഷിതമായികണ്ടിട്ടു, ഗവർണ്മെൻറു വിഭിന്നഡിപ്പാർട്ടുമെൻറുകളുടെ അദ്ധ്യക്ഷന്മാരുടെ ചീഫ് ഇഞ്ചിനിയരുമായി ആലോചിച്ചുകൊണ്ടു ഉടൻതന്നെ നിർവ്വഹിക്കേണ്ടതായ പലതരം അടിയന്തിരമായ ജോലികളുടെ കണക്കെടുക്കുന്ന ഒരു പട്ടിക തയ്യാറാക്കുകയുണ്ടായിഎന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. അവ അടിയന്തിരജോലികളാണെന്നു സമ്മതിച്ചിട്ടുണ്ടെങ്കിലും, പട്ടിക തയ്യാറാക്കിയതൊഴിച്ചു, പ്രായോഗികമായി യാതൊന്നും ചെയ്തിട്ടില്ലാ.

ഈ ജോലികളുടെ നിർവഹണവിഷയത്തിൽ ഡിപ്പാർട്ടുമെൻറിന്റെ നാമം അടിക്കടി മാറിക്കൊണ്ടിരിക്കുന്നുഎന്നും ഞാൻ പ്രസ്താവിക്കാം. ആലപ്പുഴ-ചെത്തലത്തോടു ആരംഭിച്ചു ജോലി ഇടയ്ക്കൊണ്ടിരുന്നു. ആദ്യം ഒരു തോടുവെട്ടണമെന്നായിരുന്നു വിചാരം; രണ്ടാമതു ആ പദ്ധതി ഉപേക്ഷിക്കണമെന്നു വിചാരിച്ചു; അതിന്റെ ഫലമായി തോടിന്റെ ഒരു ഭാഗം വെട്ടിതിന്നു മണലുകേറി നികന്നുപോകുന്നതിനും അതുനിമിത്തം ഗവണ്മെൻറിനു വലിയ നഷ്ടമുണ്ടാകുന്നതിനും ഇടയായിതീർന്നു. പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെൻറിന്റെ ഈ സ്ഥിരതയില്ലാത്ത നയത്തിനു വേറൊരു ദൃഷ്ടാന്തം ചാലയ്ക്കൽപാടം തോട്ടിന്റെ കാര്യമാണ്. തോടുവെട്ടുന്നതിനു ഒരു വിജ്ഞാപനം ചിലപ്രാവശ്യം കഴിഞ്ഞതിനു ശേഷം, എനിക്കു ഇപ്പോൾ അറിവുകിട്ടീട്ടുള്ളതു, തോടുവെട്ടിതീർക്കുന്നതിനു ഒരു ഫർലോങ്ങുമാത്രം ശേഷിച്ചിരിക്കെ, ഗവർണ്മെൻറു ആ വേല നിർത്തിവച്ചിട്ടു വേറെ ഒരു മാസ്റ്റിൻ അന്വേഷണം കഴിക്കയാണ്ണ് എന്നാകുന്നു. കുറവപ്പുഴതോട്ടിനെ സംബന്ധിച്ചും ഇതുതന്നെ കഥ. വേറൊരു ഗതാഗതമാർഗ്ഗത്തെക്കുറിച്ചു ഇന്നിക്ക സംസാരിക്കാനുള്ളതു കൂട്ടനാട്ടു തിരുവല്ലാ റോഡിനെപ്പറ്റിയാണ്ണ്. കഴിവുള്ളടത്തോളം പ്രാതിനിധ്യമുള്ള എല്ലാ സ്ഥാപനങ്ങളിൽനിന്നും ഗവർണ്മെൻറിനോടും ഡിപ്പാർട്ടുമെൻറിനോടും പിന്നെയും പിന്നെയും നിവേദനം ചെയ്തിട്ടുണ്ടെങ്കിലും ഉത്തരതിരുവിതാംകോടതന്റെ ആവശ്യങ്ങളെക്കുറിച്ചു വേണ്ടുവോളം ശ്രദ്ധ പതിച്ചിട്ടില്ലാ.

പ്രൈസിഡൻറു. ദയവുചെയ്തു സമയം അതിക്രമിക്കരുതു്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, സമയം മിക്കവാറും തീർന്നിരിക്കുന്നതുകൊണ്ടും എന്റെ ഉപക്ഷേപത്തിലേക്കു എത്തുന്നതിനിടയാകയില്ലെന്നു ഞാൻ ശങ്കിക്കുന്നതുകൊണ്ടും ഈ ഉപക്ഷേപം സംബന്ധിച്ചു രണ്ടുരണ്ടു വാക്കുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. (മിസ്റ്റർ കെ. വി. നടേശയ്യർ; (ദയവുചെയ്തു കുറുക്കുടെ ഉറക്കെ) രണ്ടു സംഗതികളെപ്പറ്റി മാത്രമേ പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളു.

ആളുമായി പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെൻറുചെയ്തു നീക്കിവച്ചിട്ടുള്ള ഇരുപതു ലക്ഷംരൂപായിൽ ഗതാഗതസൗകര്യങ്ങൾ സംബന്ധിച്ചുള്ള പുതുതുങ്ങളായ ആളൂർവേലകൾക്കു നിർദ്ദേശിച്ചിട്ടുള്ളതു രണ്ടു ലക്ഷംരൂപാ ചിലവാനും ബാക്കി മാത്രമാണെന്നു ഞാൻ കാണുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): എനിക്കു മനസ്സിലാകുന്നതിലേക്കു അങ്ങേഹം ദയവുചെയ്തു പേരുപറയുമോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഗതാഗതസൗകര്യങ്ങൾ എന്ന അധികരണത്തിലുൾപ്പെടുന്ന പുതുതുങ്ങളായ ആളൂർവേലകൾക്കായുള്ള കരുതൽധനമുകയ സംബന്ധിച്ചാണ്ണ് ഞാൻ പറയുന്നതു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഇക്കാര്യംകൊണ്ടു ഞാൻ കഴുപ്പത്തിലായിരിക്കുന്നു. ആ പ്രത്യേകമുകയുടെ അർത്ഥത്തിനു എങ്ങിനെ കിട്ടിഎന്നു അങ്ങേഹം ദയവുചെയ്തു പറയുമോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പുതിയാകാത്ത വേലകളെ ഒഴിച്ചാണ്ണ് ഞാൻ പറയുന്നതു്.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): അതെ, ഇപ്പോൾ എനിക്കു മനസ്സിലായി.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെൻറുചെയ്തു ഉദ്ദേശിച്ചിട്ടുള്ള തുകയിൽ ശിഷ്ടമുള്ളതു പുതിയാകാത്ത വേലകളെ പുതിയാക്കുന്നതിലേക്കും അറകുറപ്പണികൾക്കും സംരക്ഷണജോലിക്കും ഉപയോഗപ്പെടുത്തണമെന്നു ഉദ്ദേശിച്ചിട്ടുള്ളതാകുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): പുതിയാകാതെ ഇരിക്കുന്ന വേലകളിൽ പലതും ഫൗണ്ടു, ഫൗൺ, ഫ്ലഡ് എന്നീ വർഷങ്ങളിൽ ഇടഞ്ഞിട്ടുള്ളവയാണെന്നു ഞാൻ മെംബറെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പിന്നോക്കം): ഇതെല്ലാം ചീഫ് ഇഞ്ചിനീയർക്കു തന്റെ മറുപടിയിൽ പറയാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, വാർഷികബജറ്റിനിടയിൽ സഭയുടെ ഈ വശത്തിരിക്കുന്ന ഓരോമെംബർമാരും തങ്ങൾ സ്വന്തംതാലൂക്കിലെ ഗതാഗതസൌകര്യങ്ങളുടെ ഇപ്പോഴുള്ള അസ്വസ്ഥിതിയെപ്പറ്റി പരാതിപ്പെട്ടുകൊണ്ടിരിക്കയാണ്ണ്. അതിനാൽ രാജ്യത്തുള്ള എല്ലാ താലൂക്കുകളിലും പുതുതായ ഗതാഗതമാർഗ്ഗങ്ങളെ ഉണ്ടാക്കുന്നതിലേയ്ക്കു കൂടുതലായ ഒരു തുകയെ നീക്കിവയ്ക്കുന്നതിനുവേണ്ടി ഒരു നിലയിൽ ഗവർണ്മെൻറ് ആയിരിക്കേണ്ടതായിരുന്നു.

സഭയുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ സംഗതി, ഞാൻ പ്രാതിനിധ്യം വഹിക്കുന്ന താലൂക്കിലേയ്ക്കു പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെൻറു മതിയാകുന്നിടത്തോളം ശ്രദ്ധ പതിച്ചിട്ടില്ലെന്നാകുന്നു. കൊല്ലംതാലൂക്കിൽ അനേകം പുതിയ റോഡുകൾ ആവശ്യമുണ്ടു്. എന്നാൽ ബഡ്ജറ്റിൽ കാണുന്നതിനു ഞാൻ കാണുന്നുണ്ടു് ആ താലൂക്കിൽ ആളൂർവേലകൾക്കായി കരുതീട്ടുള്ളതുക കൊല്ലംടൌണിലെ ഉള്ളൂർറോഡിൽ കല്ലു് ടാർപ്പിടുന്നതുകയ്ക്കു വേണ്ടിയുള്ള ക,൪൦൦ രൂപാമാത്രമാണെന്നു് എന്നാകുന്നു. കൊല്ലം താലൂക്കിലെ ഗതാഗതസൌകര്യങ്ങൾ പരിഷ്കരിക്കുന്നതിലേക്കായി മറ്റൊരുപൈസപോലും കരുതീട്ടില്ല.

കൊല്ലംതാലൂക്കിനെ സംബന്ധിച്ച് ഗവർണ്മെൻറിനോടും ചീഫ് ഇഞ്ചിനീയരോടും ചൂണ്ടിക്കാണിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നത് പ്രത്യേകമോട്ടം ആവശ്യമായിരിക്കുന്ന പ്രദേശങ്ങളിൽ ഒന്ന് കല്ലടആകുന്നു എന്നാകുന്നു. ഫാമിൻ-ഒഴിവാക്കുന്നതിനുവേണ്ടിയുള്ള വെള്ളപ്പൊക്കം നിമിത്തം വലുതായനാശം നേരിട്ടതായ ഒരു സ്ഥലമാണ് ചീഫ് ഇഞ്ചിനീയർ തന്റെ ഡിപ്പാർട്ടുമെൻറു സംബന്ധമായ റിപ്പോർട്ടിൽ താഴെവരുന്നപ്രകാരം അപേക്ഷിക്കുന്നു:—

"ജലപ്രളയത്തിൽനിന്നു നിലങ്ങളെ സംരക്ഷിക്കുന്നതിനായി കല്ലട താഴ്വരയിൽനടക്കുന്ന വേലകൾ ത്വരിതപ്പെടുത്തി ചേക്കുഴിയും വള്ളക്കടവും ചിറകൾ പൂർത്തിയാക്കപ്പെടുകയുംചെയ്യുക."

എന്നാൽ ഈ സ്ഥലങ്ങളിലെ കൃഷിക്കാരിൽനിന്നും കൊല്ലത്തിന്റെ ആ പ്രദേശങ്ങളിൽ അധികംകഷ്ടതമായ നിവാരണവേലകൾ ആവശ്യമാണെന്നുള്ള പല നിവേദനങ്ങളും എന്നിക്ക വന്നിട്ടുണ്ട്. എന്നിട്ടും ഫാമാണക്കെ വെള്ളപ്പൊക്കത്തിൽനിന്നുള്ള നാശം പരിഹരിക്കുന്നതിലേയ്ക്കു മുഴുവൻചിറയുടെ വേല പൂർത്തിയാക്കുന്നതിനുള്ള ൬,൫൦൦ രൂപായുംപുറമെ, ഗവർണ്മെൻറു ഉദ്ദേശം ൫,൦൦൦ രൂപാമാത്രമെ നീക്കിട്ടുള്ളു. സർ, എനിക്ക തോന്നുന്നത് ഇതു കൃഷിക്കാക്കു ഫാമിൻ-ഒഴിവാക്കുന്നിമിത്തം വലുതായ നഷ്ടവും അസൌകര്യവും കഷ്ടപ്പാടും സഹിക്കുന്നതിനിടയായിട്ടുള്ള സ്ഥലങ്ങളിലൊന്നാകുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): സർ, കല്ലടയുടെ കൃഷിക്കാരെ ഉദ്ദേശിച്ച് എനിക്ക തീർച്ചയായും അനുകമ്പയാണുള്ളത്. എന്നാൽ ഗതാഗതസൌകര്യങ്ങൾ എന്ന അധികരണത്തിചേർക്കപ്പെട്ടന്ന ഇപ്പോഴത്തെ ഉപക്ഷേപത്തെക്കുറിച്ചു വാദപ്രതിവാദംചെയ്യുന്നതിൽ "നിവാരണ" ജലസേചനവേലയെസംബന്ധിക്കുന്നതായ കല്ലടയിലെ നിവാരണപ്രവൃത്തികളെപ്പറ്റി പറയുന്നത് ക്രമാനുസാരമായിരിക്കുന്നില്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ സംഗതികൾ സഭയുടേയും ഗവർണ്മെൻറിന്റേയും ശ്രദ്ധയെ ക്ഷണിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നവയാണ്; ഈ കാര്യങ്ങൾ ചീഫ് ഇഞ്ചിനീയർ വേണ്ടതു പ്രവർത്തിക്കുമെന്നു ഞാൻ ആശിക്കയുംചെയ്യുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ, വാണിജ്യവും വ്യവസായവും): സർ, ഉത്തരതിരുവിതാംകോട്ടിൽ ഗതാഗതസൌകര്യങ്ങൾ നന്നാക്കുന്നവിഷയത്തിൽ അടുത്തവർഷങ്ങളിൽ ഗവർണ്മെൻറും പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെൻറും ചെയ്യുന്നുണ്ടെന്നുള്ളതിനെല്ലാം ഞങ്ങൾക്കു നിർവ്യാജമായ കൃതജ്ഞതയുണ്ട്. എന്നാൽ കഴിഞ്ഞകാലങ്ങളിൽ ഗതാഗതസൌകര്യങ്ങളെഉദ്ദേശിച്ച് ഉത്തരതിരുവിതാംകോട്ടിലെ താലൂക്കുകളോട്—അശേഷം അവഗണനയുണ്ടായതെന്നു ഞാൻ പറയാം—ഉപേക്ഷയാണ് ഗവർണ്മെൻറു കാണിച്ചിട്ടുള്ളത്. ഈ വഴിക്കു അടുത്ത വർഷങ്ങളിൽ ഞങ്ങൾക്കു ലഭിച്ചിട്ടുള്ള ചില്ലറ ആനുകൂല്യങ്ങൾക്കുതന്നെ ഞങ്ങൾ തീർച്ചയായിട്ട കൃതജ്ഞതയുള്ളവരായിരിക്കുന്നു. എന്നാലും ഇനിയും ചെയ്യേണ്ടതിനെ അപേക്ഷിച്ചു ഇതേവരേ ചെയ്തുതന്നിട്ടുള്ളതു ഒന്നുമില്ലെന്നു പറയാവുന്നതാണ്,

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പിറമേടും): മീനച്ചൽതാലൂക്കിനു വല്ലതും ചില്ലറ ആനുകൂല്യങ്ങൾ ഉണ്ടായിട്ടുണ്ടോ?

മി. കെ. സി. മാമ്മൻമാപ്പിള (വടക്കൻ വാണിജ്യവും വ്യവസായവും): മീനച്ചൽതാലൂക്കിൽകൂടെ ഒരു റോഡു പോകുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതു ഒരു ചില്ലറയായ ആനുകൂല്യമാണെന്നു വിചാരിക്കാവുന്നതാണ്.

സർ, ഗതാഗതസൌകര്യങ്ങൾ പോരാഎന്നുള്ള പ്രതിയും, ഓരോതാലൂക്കിനും കൂടുതലായ ഗതാഗതമാർഗ്ഗങ്ങൾ വേണമെന്നുള്ള വഴക്കം, ഗവർണ്മെൻറു വരുന്ന അഞ്ചോ പത്തോ വർഷത്തേയ്ക്കു തടസ്സമെന്നുള്ള വേലകളുടെ ഒരു പദ്ധതിയോ പരിപാടിയോ തയ്യാറാക്കുന്നതുവരെ തുടർന്നുകൊണ്ടുതന്നെയിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. വേലകളുടെ അഭിയന്തിരസ്വഭാവമനുസരിച്ചു ക്രമപ്പെടുത്തിയ ഒരു പട്ടികപോലെ ഒന്ന് തയ്യാറാക്കുന്നതും ആ വേലകൾ അഭിയന്തിരസ്വഭാവക്രമത്തിൽ നിർവഹിക്കപ്പെടേണ്ടതുമാകുന്നു. അങ്ങിനെ ഒരു പദ്ധതിയോ പരിപാടിയോ തയ്യാറാക്കുന്നതിൽ എല്ലാ താലൂക്കുകളുടേയും അവകാശങ്ങൾ ആലോചിക്കാവുന്നതുമാകുന്നു. എല്ലാവശവും നിർബ്ബന്ധിച്ചുകൊണ്ടിരുന്ന ഒരു സംഗതിയായ ഓരോ താലൂക്കിൽനിന്നുമുള്ള മുതൽവർദ്ധിപ്പും അങ്ങിനെ ഒരു പദ്ധതി തയ്യാറാക്കുന്നതിൽ ആലോചിക്കാവുന്നതാണ്. വേലസംബന്ധിച്ച് അങ്ങിനെയുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതുവരേയോ, തയ്യാറാക്കാതിരിക്കുന്നെങ്കിലോ, ഗതാഗതസൌകര്യവിഷയത്തെക്കുറിച്ച് പോരാ പോരാ എന്നുള്ള പരാതിയുണ്ടായിരിക്കുന്നതാണ് എന്ന് ഞാൻ വിചാരിക്കുന്നു. ഞാൻ ഈ ഒറ്റസമയത്തിൽ ഗവർണ്മെൻറിന്റെ ശ്രദ്ധയ്ക്കായി നിർബന്ധിക്കുന്നതു, കഴിയുന്നതും പേഗത്തിൽതന്നെ തിരുവിതാംകോട്ടിന്റെ വടക്കുഭാഗവും തെക്കുഭാഗവും സംബന്ധിക്കുന്നതായ ഒരു പ്രവർത്തനപദ്ധതി രൂപീകരിക്കുന്നതിലേയ്ക്ക് ഏർപ്പാടു ചെയ്യുന്നതിനായിട്ടത്രെ. വേലകൾ അവയുടെ അഭിയന്തിരസ്വഭാവമനുസരിച്ചു നിർവഹിക്കപ്പെടുവുന്നതാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): തെക്കൻതിരുവിതാംകോട്ടിനെ ഈ ഡിപ്പാർട്ടുമെൻറുമായുള്ള പ്രത്യേക ഇടപാടിനെപ്പറ്റി ഞാൻ ഒരു വാക്കുപറഞ്ഞുകൊള്ളട്ടെ. ഈ വിഷയത്തിൽ തെക്കൻതിരുവിതാംകോട്ടിൽനിന്ന് ഗവർണ്മെണ്ടിനു ഉദ്ദേശം ൪,൦൦൦ രൂപാ ആദായമുണ്ട്. കുഴിത്തുറ ടോൾഗേറുമുതലും കഴിഞ്ഞകൊല്ലത്തിൽ പിരിഞ്ഞുകിട്ടിയ തുക ഉദ്ദേശം സന്തു,൦൦൦ രൂപായായിരുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനിയർ): റവന്യൂഎന്ന സംഗതി നയസംബന്ധമായ ഒന്നാണ്. ഈ ഉപക്ഷേപം ഗതാഗതസൌകര്യങ്ങളെപ്പറ്റിയുള്ളതാകുന്നു. മെമ്പർ ക്രമാനുസാരമാണെന്ന് ഞാൻ വിചാരിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): എന്റെവാദം തെക്കൻതിരുവിതാംകോട്ടിലുള്ള റോഡുകളുടെകാര്യം ഗവർണ്മെണ്ടു ആദായമുണ്ടാക്കുന്നതാണെങ്കിലും തെക്കൻതിരുവിതാംകോട്ടിലെ ഗതാഗതസൌകര്യങ്ങളെപ്പറ്റി അവർ വേണ്ടുവോളം ശ്രദ്ധിക്കുന്നില്ലെന്നാണ്. തെക്കൻതിരുവിതാംകോട്ടിലെ ഗതാഗതസൌകര്യങ്ങളെക്കുറിച്ചു പബ്ലിക്കപൊക്ക്സ് ഡിപ്പാർട്ടുമെൻറിൽനിന്നും കൂടുതൽ ശ്രദ്ധകാണിക്കേണ്ടതാണെന്നാവശ്യപ്പെടുന്നതിന് എനിക്കുള്ള അവകാശത്തെ പ്രകാശിപ്പിക്കുന്നതിനുമാത്രമെ എനിക്ക നിർവശ്യമുള്ളു. അതുകൊണ്ടാണ് തെക്കൻതിരുവിതാംകോട്ടിന് ഗവർണ്മെൻറുമായുള്ള പ്രത്യേക സംബന്ധത്തെക്കുറിച്ചു ഞാൻ സംസാരിക്കാൻപോകുന്നതെന്ന്

പ്രവൃത്തികൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞയാണ്ടിൽ കഴിഞ്ഞുപോയ ടോറിംഗ്റോഡിനു വേണ്ടി ൦൦൦ രൂപയും ആലുവാപ്രദേശത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി ൫൦൦൦ രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. തെക്കുള്ള മഴയിൽനിന്നു റോഡു സംരക്ഷിക്കുന്നതിലേക്കു ഗവർണ്മെണ്ടിൽനിന്നും കിട്ടിയിട്ടുള്ള തുക ൫൦൦൦ രൂപയാണ്. കഴിഞ്ഞയാണ്ടിൽ ൪,൦൦൦ രൂപാ അനുവദിക്കുകയുണ്ടായി. ഈ തുകയിൽ കഴിഞ്ഞുപോയ ടോറിംഗ്റോഡിനു ൫൦൦൦ രൂപയും ആലുവാപ്രദേശത്തിലെ റോഡുകളുടെ ഗതാഗതസൗകര്യത്തിനുവേണ്ടി ൭,൦൦൦ രൂപയും മഴയിൽനിന്നു റോഡുകളെ സംരക്ഷിക്കുന്നതിനു ൫൦൦൦ രൂപയും ചെലവുചെയ്തിരിക്കുന്നു. അതിനാൽ രണ്ടു പ്രവൃത്തികളും പൂർത്തിയാക്കുന്നതിനു ൫൦൦൦ രൂപയും അതിനുപുറമെ ൪൫,൦൦൦ രൂപാ ചിലവുവേണ്ടതുണ്ട്. അതുകൊണ്ടു ഈയാണ്ടിൽ അധികം വേണ്ടുന്ന ൫൦൦൦ രൂപാ അനുവദിക്കുന്നു. നാഗർകോവിൽ മുനിസിപ്പൽ കടന്നുപോകുന്നതിനുവേണ്ടി ഉള്ളേരി ആറുകമൺസ് ട്രസ്റ്റിയുള്ള വേറെ ഒരു ടോറിംഗ്റോഡുമുണ്ട്. എല്ലാംകൂടി ഗവൺമെൻറിനു ൫,൪൦൦ രൂപാ അധികമുണ്ട്. അതുകൊണ്ടു ഞാൻ ഗവൺമെൻറിനോടു ഈ തുക നിർബന്ധിക്കാൻ വിചാരിയ്ക്കുന്നതു തെക്കൻ തിരുവിതാംകോട്ടിലുള്ള റോഡുകളേയും ഗതാഗതമാർഗ്ഗങ്ങളേയും സംരക്ഷിക്കുന്ന വിഷയത്തിൽ ഡിപ്പാർട്ടുമെൻറുകാർ മതിയാകുന്നിടത്തോളം ശ്രദ്ധയുള്ളവരായിരിക്കുന്നില്ലാ എന്നാകുന്നു. ഞാൻ ചോദിച്ച ഒരു ചോദ്യത്തിനുള്ള മറുപടിയിൽനിന്നു കഴിഞ്ഞവർഷത്തിലും ഈ വർഷത്തിലും അധികാരപ്പെട്ടവർക്കു ഒരിഞ്ചു റോഡും, ഉപറോഡും ഉണ്ടാക്കീട്ടില്ല എന്നറിയുന്നതു വാസ്തവത്തിൽ വളരെ ശോചനീയതരമെന്നു, വാസ്തവം അതായിരിക്കെ, ഞാൻ അതിനെ ഗവൺമെൻറിനോടു ശ്രദ്ധയിലേയ്ക്കു വിഷയീകരിപ്പിച്ചിട്ടില്ലെങ്കിൽ ഞാൻ വിഡ്ഢിത്തമായി തീരുന്നതാണ്.

മി. കെ. വി. നടേശയ്യർ (ചീഫ് ഇഞ്ചിനീയർ): ഒടുവിൽ പറഞ്ഞ സംഗതി എന്താണ്?

മി. എം. ശിവതാണുപിള്ള (തോവാള): റോഡുകളുടെ സംരക്ഷണം ഉപേക്ഷയിലാക്കിയെന്നും, അധികൃതവർഗ്ഗക്കാരുടെ ഉപയോഗത്തിലേയ്ക്കു റോഡുകളെ വെട്ടുന്ന കാര്യത്തിൽ ഒന്നും ചെയ്തിട്ടില്ലെന്നുതന്നെ.

മി. കെ. കെ. തോമസ് (കോട്ടയം): ഞാൻ ഇപ്പോൾ ചെയ്യാൻ ആഗ്രഹിക്കുന്നതെല്ലാം, ഉത്തരതിരുവിതാംകോട്ടിൽ റോഡുകളേയും ഗതാഗതസൗകര്യങ്ങളേയുംപറ്റി വേണ്ടതാണെന്നു മി. മാത്യു പ്രകാശിപ്പിച്ചതായ ഓരോ സംഗതിയേയും സൂചിപ്പിക്കുന്നതുമാത്രമാണ്. അമ്പലപ്പുഴയിലേയും, ചേർത്തലയിലേയും, തൊടുപുഴയിലേയും വിഷമങ്ങളെസംബന്ധിച്ചു.

മി. എൻ. വി. ജോസഫ് (പറവൂർ): പറവൂരെ സംബന്ധിച്ചോ?

പ്രസിഡൻറ്: അങ്ങുമണിയായി; അതിനാൽ ഞാൻ അദ്ധ്യക്ഷനയെ വോട്ടിനായി വയ്ക്കുന്നു. മി. എ. കെ. പിള്ള, നിങ്ങൾ ഉപക്ഷേപം പിൻവലിയ്ക്കുന്നുഎന്നു ഞാൻ മനസ്സിലാക്കുന്നു.

മി. എ. കെ. പിള്ള (കുന്നാഗരൂപള്ളി): അതെ, ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ സമയക്കുറവു തന്നിമിത്തം അവതരിപ്പിക്കപ്പെടാതെയിരുന്നു.

൯൫൦ മുതൽ ൯൫൭ വരെയുള്ള ഉപക്ഷേപങ്ങൾ.

മി. എം. എൻ. പിള്ള:

൯൫൦. ഭരണനിർവ്വഹണംവകയ്ക്കു നീക്കിവെച്ചിട്ടുള്ള ൨൫,൯൭,൫൦൦ രൂപായിൽ നിന്നു ൫൦൦ രൂപാ കുറയ്ക്കുന്നു.

മി. ടി. കുമാരപിള്ള:

൯൫൫. ഭരണനിർവ്വഹണംവകയ്ക്കു നീക്കിവെച്ചിട്ടുള്ള ൨൫,൯൭,൫൦൦ രൂപായിൽനിന്നു ൫൦൦ രൂപ കുറയ്ക്കുന്നു.

മി. കെ. പരമേശ്വരൻപിള്ള:

൯൫൬. കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ മുതലായവയ്ക്കു നീക്കിവെച്ചിട്ടുള്ള ൨൬,൨൯,൭൫൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കുന്നു.

മി. സി. പി. തോമസ്:

൯൫൯. കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ മുതലായവയ്ക്കു നീക്കിവെച്ചിട്ടുള്ള ൨൬,൨൯,൭൫൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കുന്നു.

മി. കെ. പി. നീലകണ്ഠപിള്ള:

൯൬൪. കെട്ടിടങ്ങൾ, ഗതാഗതസൗകര്യങ്ങൾ മുതലായവയ്ക്കു നീക്കിവെച്ചിട്ടുള്ള ൨൬,൨൯,൭൫൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കുന്നു.

മി. എ. ജെ. ജോൺ:

൯൬൫. കെട്ടിടങ്ങൾ, ഗതാഗതസൗകര്യങ്ങൾ മുതലായവയ്ക്കു നീക്കിവെച്ചിട്ടുള്ള ൨൬,൨൯,൭൫൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള:

൯൬൯. കെട്ടിടങ്ങൾ, ഗതാഗതസൗകര്യങ്ങൾ മുതലായവയ്ക്കു നീക്കിവെച്ചിട്ടുള്ള ൨൬,൨൯,൭൫൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കുന്നു.

മി. ടി. ജെ. മാത്യു:

൯൭൭. കെട്ടിടങ്ങൾ, ഗതാഗതസൗകര്യങ്ങൾ മുതലായവയ്ക്കു നീക്കിവെച്ചിട്ടുള്ള ൨൬,൨൯,൭൫൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കുന്നു.

മി. എം. എൻ. പിള്ള:

൯൭൮. കെട്ടിടങ്ങൾ, ഗതാഗതസൗകര്യങ്ങൾ മുതലായവയ്ക്കു നീക്കിവെച്ചിട്ടുള്ള ൨൬,൨൯,൭൫൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കുന്നു.

മി. കെ. കെ. തോമസ്:

൯൭൯. കെട്ടിടങ്ങൾ, ഗതാഗതസൗകര്യങ്ങൾ മുതലായവയ്ക്കു നീക്കിവെച്ചിട്ടുള്ള ൨൬,൨൯,൭൫൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കുന്നു.

മി. ടി. ജെ. മാത്യു:

നമ്പർ 0. കെട്ടിടങ്ങളും, ഗതാഗതസൗകര്യങ്ങളും മുതലായവയ്ക്കു നീക്കിട്ടുള്ള പറ,പന്നു,ഉവ്വൻ രൂപായിൽനിന്നു പ00 രൂപാ കുറയ്ക്കണം.

മി. ടി. ജെ. മാത്യു:

നമ്പർ ക. കെട്ടിടങ്ങളും, ഗതാഗതസൗകര്യങ്ങളും മുതലായവയ്ക്കു നീക്കിട്ടുള്ള പറ,പന്നു,ഉവ്വൻ രൂപായിൽനിന്നു ക,000 രൂപാ കുറയ്ക്കണം.

മി. ടി. കുമാരപിള്ള:

നമ്പർ പ. പുതിയ മദ്യശാലകൾക്കായി നീക്കിട്ടുള്ള ക,കന്നു,ഉ00 രൂപായിൽനിന്നു ക00 രൂപാ കുറയ്ക്കണം.

മി. ജി. രാമൻനമ്പൂതിരി:

നമ്പർ, പ0-ാം അദ്ധ്യായത്തിൽ നീക്കിട്ടുള്ള പ ലക്ഷം രൂപായിൽ നിന്നു ക00 രൂപാ കുറയ്ക്കണം.

മി. സി. പി. തരകൻ:

നമ്പർ, പ0-ാം അദ്ധ്യായത്തിൽ നീക്കിട്ടുള്ള പ ലക്ഷം രൂപായിൽ നിന്നു ക00 രൂപാ കുറയ്ക്കണം.

മി. കെ. എം. ജോസഫ്:

നമ്പർ ച, പ0-ാം അദ്ധ്യായത്തിനായി നീക്കിട്ടുള്ള പ ലക്ഷം രൂപായിൽ നിന്നു ക00 രൂപാ കുറയ്ക്കണം.

പക-ാം അദ്ധ്യായം-അഞ്ചൽ ഡിപ്പാർട്ടുമെന്റ്.

മി. പി. കെ. നാരായണപിള്ള:

നമ്പർ ന. മേലന്വേഷണംവകയിൽ നീക്കിട്ടുള്ള പറ,നപ0 രൂപായിൽ നിന്നു ക00 രൂപാ കുറയ്ക്കണം.

മി. ടി. കുമാരപിള്ള:

നമ്പർ ഉ, മേലന്വേഷണം വകയ്ക്കു നീക്കിട്ടുള്ള പറ,നപ0 രൂപായിൽ നിന്നു ക00 രൂപാ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള:

നമ്പർ വ, തപാൽ ഉടമ്പടിവകയ്ക്കു നീക്കിട്ടുള്ള നമ്പ,000 രൂപായിൽനിന്നു ക0 രൂപാ കുറയ്ക്കണം.

മി. ടി. കുമാരപിള്ള:

നമ്പർ ൻ, തപാൽ ഉടമ്പടിവകയ്ക്കു നീക്കിട്ടുള്ള നമ്പ,000 രൂപായിൽ നിന്നു ക00 രൂപാ കുറയ്ക്കണം.

മി. കെ. എം. ജോസഫ്:

നമ്പർ 0. ജോലിനടത്തിപ്പു ചിലവുകൾക്കു നീക്കിട്ടുള്ള ന,കന,വ00 രൂപായിൽനിന്നു ക00 രൂപ കുറയ്ക്കണം.

മി. കെ. എം. ജോസഫ്:

നമ്പർ ക. മൂലധനം ഇനത്തിൽ നീക്കിട്ടുള്ള ക0,ൻ00 രൂപാ മുഴുവനും ഉപേക്ഷിക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള:

നമ്പർ പ. പകർപ്പാം അദ്ധ്യായത്തിൽ നീക്കിട്ടുള്ള നപ ലക്ഷം രൂപായിൽ നിന്നു ക0 രൂപാ കുറയ്ക്കണം.

മി. സി. പി. തരകൻ:

നമ്പർ ന, പകർപ്പാം അദ്ധ്യായത്തിനു നീക്കിട്ടുള്ള നപ ലക്ഷം രൂപായിൽ നിന്നു ക00 രൂപാ കുറയ്ക്കണം.

പപ-ാം അദ്ധ്യായം-പലവക ഇനങ്ങൾ.

മി. ടി. കുമാരപിള്ള:

നമ്പർ ര, അളവുകളും തൂക്കങ്ങളും റഗുലേഷൻ സംബന്ധിച്ചുള്ള ചിലവിനം ൻ ലേയ്ക്കു നീക്കിട്ടുള്ള 000 രൂപാ മുഴുവനും ഉപേക്ഷിക്കണം.

മി. കെ. എം. ജോസഫ്:

നമ്പർ ഉ, നിയമസംബന്ധിച്ചുള്ള ചിലവിനം കന്നു-ലേക്കു നീക്കിട്ടുള്ള ക ,000 രൂപായിൽ നിന്നു ക00 രൂപാ കുറയ്ക്കണം.

മി. കെ. പരമേശ്വരൻപിള്ള:

നമ്പർന്നു, നിയമസംബന്ധിച്ചുള്ള ചിലവിനം കന്നു-ലേയ്ക്കു നീക്കിട്ടുള്ള ക ,000 രൂപായിൽനിന്നു ക00 രൂപാ കുറയ്ക്കണം.

മി. ടി. ജെ. മാത്യു:

നമ്പർ ഒ, നിയമസംബന്ധമായ ചിലവിനം കന്നു-ലേയ്ക്കു നീക്കിട്ടുള്ള ക ,000 രൂപാ മുഴുവനും ഉപേക്ഷിക്കണം.

മി. കെ. പരമേശ്വരൻപിള്ള:

നമ്പർവ. പലവക എന്നുള്ള ചിലവിനം ക ലേയ്ക്കു നീക്കിട്ടുള്ള ക0,000 രൂപാ മുഴുവൻ ഉപേക്ഷിക്കണം.

പന-ാം അദ്ധ്യായം-വായ്പകൊടുക്കൽ.

മി. കെ. എം. ജോസഫ്:

നമ്പർൻ. കൃഷിവായ്പകൾക്കായി നീക്കിട്ടുള്ള ക,0,000 രൂപായിൽനിന്നു ക00 രൂപാ കുറയ്ക്കണം.

ധന-ാം അഭ്യർത്ഥന—വായ്പകൊടുക്കൽ.

മി. കെ. ഐ. ജോസഫ്:

നമ്പർ ൦. വ്യവസായസംബന്ധമായ വായ്പകൾക്കായി നീക്കിവച്ചിട്ടുള്ള രൂ ൪,൦൦൦ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കുണം.

പ്രൊസിഡൻറ്: പ്രമേയം ധ൦-ാം അഭ്യർത്ഥനയിൽ പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെൻറിലേയ്ക്കു ധ൪൦൦൦ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നാണ്.

തുക അനുവദിക്കപ്പെട്ടു.

ധ൧-ാം അഭ്യർത്ഥന—അഞ്ചൽ ഡിപ്പാർട്ടുമെൻറ്.

മി. എൻ. നീലകണ്ഠപ്പിള്ള (പോസ്റ്റ് ജോലിയിലിരിക്കുന്ന ഗവണ്മെൻറ് സിക്രട്ടറി): സർ, ഞാൻ ധ൧-ാം അഭ്യർത്ഥനയായി അഞ്ചൽ ഡിപ്പാർട്ടുമെൻറിലേക്കു ന൦൨ ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക അഭ്യർത്ഥിക്കുന്നു.

പ്രൊസിഡണ്ട്: പ്രമേയം ധ൧-ാം അഭ്യർത്ഥനയായി അഞ്ചൽ ഡിപ്പാർട്ടുമെൻറിലേക്കു ന൦൨ ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നാകുന്നു,

തുക അനുവദിക്കപ്പെട്ടു.

ധ൨-ാം അഭ്യർത്ഥന. പലവക ഇനങ്ങൾ.

മി. കെ. നാരായണൻപണ്ടാല (ആഭ്യന്തര ഗവണ്മെൻറ് ചീഫ് സിക്രട്ടറി): സർ, ഞാൻ ധ൨-ാം അഭ്യർത്ഥനയിൽ പലവക ഇനങ്ങൾക്കുവേണ്ടി, ൪൦ ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക അഭ്യർത്ഥിക്കുന്നു.

പ്രൊസിഡണ്ട്: പ്രമേയം ധ൨-ാം അഭ്യർത്ഥനയായി പലവക ഇനങ്ങൾക്കുവേണ്ടി ൪൦ ലക്ഷം രൂപായിൽകവിയാത്ത ഒരു തുക അനുവദിക്കണമെന്നാകുന്നു.

തുക അനുവദിക്കപ്പെട്ടു.

ധ൩-ാം അഭ്യർത്ഥന-വായ്പകൾ.

മി. എസ്. സി. എച്ച്. റോബിൻസൺ(ധനികതിയും ആഭ്യന്തികതിയുംകമ്മിഷണർ): സർ, ഞാൻ ധ൩-ാം അഭ്യർത്ഥനയിൽ വായ്പകൾക്കുവേണ്ടി ക.൪൦ ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക അഭ്യർത്ഥിക്കുന്നു.

പ്രൊസിഡണ്ട്: പ്രമേയം ധ൩-ാം അഭ്യർത്ഥനയായി വായ്പകൾക്കുവേണ്ടി ക.൪൦ ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നാകുന്നു.

തുക അനുവദിക്കപ്പെട്ടു.

ധ൪-ാം അഭ്യർത്ഥന-വായ്പകൾ.

മി. ഐ, സി, ചാക്കോ (വ്യവസായ ഡയറക്ടർ): സർ, ഞാൻ ധ൪-ാം അഭ്യർത്ഥനയിൽ വായ്പകൾക്കുവേണ്ടി ൪൦ ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നു അഭ്യർത്ഥിക്കുന്നു,

പ്രൊസിഡണ്ട്:- പ്രമേയം ധ൪-ാം അഭ്യർത്ഥനയായി വായ്പകൾക്കുവേണ്ടി ൪൦ ലക്ഷം രൂപാതിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നാകുന്നു,

തുക അനുവദിക്കപ്പെട്ടു.

മി. സി, പി. തോമസ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ): വരുന്ന കൊല്ലംമുതൽ അഭ്യർത്ഥനകളെ, മെമ്പർമാർക്കു വാദപ്രതിവാദം ചെയ്യുന്നതിനു കഴിവുണ്ടാകത്തക്കവണ്ണം, അവയുടെ പ്രാധാന്യതയുടെ ക്രമപ്രകാരം പുനഃസംവിധാനം ചെയ്യുന്നതു അഭിലഷണീയമായിരിക്കുമെന്നു അനുദ്യോഗസ്ഥ മെംബർമാരുടെ പേർക്കുവേണ്ടി ഞാൻ ചൂണ്ടിക്കാണിക്കട്ടെയോ?

പ്രൊസിഡണ്ട്: എന്നാൽ ഏതു പ്രാധാന്യത കുട്ടുന്നതെന്നും, ഏതു പ്രാധാന്യത കുറഞ്ഞതെന്നുമുള്ള ഒരു സംഗതിയല്ല അതു. ഒരുത്തക്കം സമയം കിട്ടിയില്ല എന്നു വരാതിരിക്കുന്നതിലേക്കു അഭ്യർത്ഥനകൾ ചക്രഗതിയായിവരുന്നതുകൊണ്ടും പുനഃസംവിധാനം ചെയ്യുന്നതായും നമുക്കാലോചിക്കാം.

മി. സി. പി. തോമസ് (ഗവണ്മെൻറ് നിയമിച്ച മെംബർ): ഇപ്പോൾ ഒരു മുഴു ദിവസം തന്നു ഡിപ്പാർട്ടുമെൻറുകൾക്കുവേണ്ടി ചിലവാക്കിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമിച്ച മെമ്പർ) (ഡിപ്യൂട്ടിപ്രൊസിഡണ്ടു): ഒരു പുനഃസംവിധാനം ആവശ്യമാണെന്നു ഞാനും സമ്മതിക്കുന്നു, മി. നടേശയ്യർ എല്ലാ കൊല്ലവും സ്വതന്ത്രനായി ചെയ്യുകയുന്നു.

പ്രൊസിഡണ്ട്: അഭ്യർത്ഥനകളെ രണ്ടു വർഷത്തിലൊരിക്കൽ പുനഃസംവിധാനം ചെയ്യുന്നെങ്കിൽ വാദപ്രതിവാദത്തിനു അതു നന്നായിരിക്കും.

മി. എ. കെ. പിള്ള (കമ്മനാഗപ്പള്ളി): സർ, ഞങ്ങൾക്കു കൂടുതൽ ദിവസങ്ങൾ അനുവദിക്കുമോ?

പ്രൊസിഡണ്ട്: സംഗതി, നമുക്ക് അതിലുള്ള ശ്രമം സഹിയാതെ വന്നേക്കുമെന്നുള്ളതാകുന്നു; അതു കൂടാതെ രാജപ്രകാരം അനുവദിച്ചിട്ടുള്ള പരമാവധി എട്ടു ദിവസമാണ്.

മി, എ, കെ, പിള്ള, (കമ്മനാഗപ്പള്ളി): ശ്രമം നമുക്കു സഹിക്കാം; എന്നാൽ വിശ്രമം എനിക്കു മനസ്സിലാകുന്നുണ്ട്.

നിയമവിധാനം,

സിവിൽ പ്രൊസീഡ്യുവർകോഡ് ഭേദഗതിബിൽ,

മി. കുട്ടാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സക്രട്ടേവക്കീൽ): സർ, ൧൯൦൦-മാണ്ടത്തെ വു-ാം ൦൬ാമേൻനായ സിവിൽനടപടി നിയമത്തെ ഭേദപ്പെടുത്തുന്ന ഒരു ബിൽ പ്രയോഗിക്കുന്നതിനു ഞാൻ എഴുന്നേൽക്കുന്നു. ഈ ബിൽ ഇപ്പോൾ പ്രയോഗിക്കപ്പെടുന്നതിനിടവരുത്തിട്ടുള്ള സംഗതികളെ പ്രസിഡൻറ് ഇന്നു രാവിലെ പ്രസ്താവിച്ചിട്ടുണ്ട്; മെംബർമാർ ഇതു പ്രയോഗിക്കപ്പെടുന്നതിലുണ്ടായ മുന്നറിയിപ്പിൻ സമയപ്പുതുക്കത്തെ ക്ഷമിക്കുമെന്നു ഞാൻ ആശിക്കയും ചെയ്യുന്നു, ബില്ലിൻറ പകർപ്പു വ്യാഖ്യാനിച്ചിട്ടുണ്ട്. ഞാൻ ഇപ്പോൾ വിധ്യനുരൂപമായി ഉൽക്ഷേപിക്കുന്നതു ബിൽ സഭയിൽ വായിക്കപ്പെടണമെന്നുമാകുന്നു,

മി. കെ, ജോർജ് (ധനകാര്യ സെക്രട്ടറി): ഞാൻ അതിനെ അനുവദിക്കുന്നു,

മി. വി. സുബ്ബയ്യർ (ഗവർണ്മെൻറ നിയമിച്ച മെമ്പർ) (ഡിപ്യൂട്ടി പ്രൊസിഡണ്ട്): ഈ സംബന്ധിച്ച ഒരു വാക്ക പറയാൻ എനിക്ക അനുവാദം തരണം. സിവിൽ നടപടിനിയമം വളരെ പ്രധാനമായ ഒരു നിയമ സംവിധാനമാണെന്നും അതു വളരെ വളരെ ദീർഘകാലത്തേക്ക ആലോചനയിലിരുന്ന എന്നും അതിൽ പല പരിവ്യമായ വ്യവസ്ഥകൾ അടങ്ങീട്ടുണ്ടെന്നുമുള്ളതിന സംശയമില്ല.

ബിൽ കാലവിളംബരം കൂടാതെ റെഗുലേഷനായി പരിണമിക്കണമെന്ന ഞങ്ങൾക്ക വളരെ ആഗ്രഹമുണ്ട്. എ നാൽ അതിൻറെ വിസ്തീർണ്ണതയെക്കുറിച്ചും, തജ്ജന്യമില്ലായ്മകയാലും വന്നുകൂടിയ അപരിഹാര്യമായ താമസംഭവിത്തം അതിനു കാലവിളംബമുണ്ടായിട്ടുള്ളതാണ്. സിവിൽകോർട്ട ഡൈഡിനെതിരായി നടത്തിയ അപ്പേക്ഷ കൊണ്ടും സിവിൽ നടപടി നിയമത്തിൻറെ നേരെയും നടത്തിയേക്കാവുന്നതാണ്. അതു ദീർഘകാലത്തേക്ക നീട്ടിവയ്ക്കാതിരിക്കുന്നതിൻറെ അഭിലഷണീയതയെക്കുറിച്ചു ഗവർണ്മെൻറിനോട നിർദ്ദേശിക്കുന്നതിനു ഞാനും ആഗ്രഹിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സിവിൽ നടപടി നിയമത്തെ ദീർഘകാലത്തേക്ക നീട്ടിയിടുന്നതു ഉചിതമല്ലെന്നുള്ള മി. സുബ്ബയ്യരുടെ അഭിപ്രായത്തെ താങ്ങിപറയുന്നതിനായി ഞാനും എഴുന്നേൽക്കുന്നു. കൂടാതെ, ഈ പ്രത്യേക ബിൽ ക്രമാനുസരമാണോ എന്ന് എൻറെ സ്വന്തമായ സംശയങ്ങളുണ്ട്. നിയമസേവാ റഗുലേഷൻ കവർ ചെയ്യാം സെക്ഷൻ (സി) വാചകത്തിലേയ്ക്ക ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിക്കുന്നു; അതിൽപറയുന്നത്.

"നമ്മുടെ ദിയാകൻറ രേഖാമൂലമായ മുന്നനുവാദംകൂടാതെ ഏതൊരു നിയമത്തേയും പ്രയോഗിക്കുന്നതു യാതൊരു മെംബർക്കും നിയമാനുസൃതമായിരിക്കുന്നതല്ല". എന്നാണ്.

(സീ) ഈ റഗുലേഷൻറെ കവർ ചെയ്യാം ഖണ്ഡം അനുസരിച്ചും, കവർ ചെയ്യാം റഗുലേഷനേറെയും, കവർ ചെയ്യപ്പെടാത്തതും, തിരുവിതാംകോട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നതുമായ വല്ല നിയമത്തെ റദ്ദാക്കുകയോ, ഭേദപ്പെടുത്തുകയോ"

ഇപ്പോഠം പറഞ്ഞ ഉദാഹരണത്തിൽനിന്നു ഞാൻ സമർപ്പിക്കുന്നതു പ്രസ്തുതബില്ലിനാൽ ബാധിക്കപ്പെടണമെന്നുദ്ദേശിക്കുന്ന നിയമം ഉൾപ്പെടുത്തിയിരിക്കുന്ന ഒരു നിയമമല്ല, എന്നാൽ മേലാൽ ഉൾപ്പെടുത്തിൽ വരാതിരിക്കുന്നതത്രെ എന്നാണ്. അപ്രകാരമുള്ള ഒരു നിയമം ദിവാൻറെ അനുവാദത്തോടുകൂടിയതെന്നും സഭയ്ക്ക് ഭേദപ്പെടുത്തുന്നതിനു കഴിവുണ്ടോ എന്നുള്ളതു റഗുലേഷൻറെ വല്ല പ്രത്യേക വകുപ്പിലോ നിയമത്തിലോ ഉൾപ്പെടുന്നതായി കാണാത്ത ഒരു പ്രശ്നമാണ്. അതാണ ഒരു തടസ്ഥം. എങ്ങിനെയെങ്കിലും തിരുവിതാംകോട്ട ദിവാൻ അടിയന്തിരാവസ്ഥകളിൽ അവരിഹാര്യങ്ങളായ അപസരങ്ങളിലെ അത്യാവശ്യങ്ങൾക്കൊത്തവണ്ണം ഏതൊരു നിയമവും ഭേദപ്പെടുത്തുന്നതിനു റഗുലേഷൻറെ കവർ ചെയ്യാംഖണ്ഡപ്രകാരം അധികാരമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അങ്ങനെയുള്ള അധികാരത്തെ പ്രയോഗിക്കുന്നതിനുദ്ദേശിക്കുന്നെങ്കിൽ, അവിടേയും, അപ്രകാരമുള്ള ഒരു നിയമം ആറുമാസത്തേക്കുമാത്രം ഉൾപ്പെടുത്തിയിരിക്കുന്നതായിരിക്കും. അതിനാൽ സിവിൽ പ്രൊസിഡ്യൂവർകോഡു ഉൾപ്പെടുത്തിൽ കൊണ്ടുവരുന്നതിനു ആറുമാസത്തിലധികം കാലത്തേക്ക നീട്ടിവയ്ക്കുന്നതു അഭിലഷണീയമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. വി. സുബ്ബയ്യർ (ഗവർണ്മെൻറ നിയമിച്ച മെമ്പർ) (ഡിപ്യൂട്ടി പ്രസിഡൻറ): മിസ്റ്റർ നാരായണപിള്ള ഉദ്ധരിച്ചിട്ടുള്ള സെക്ഷൻ കൌൺസിലിനാൽ പാസ്സാക്കപ്പെടാത്തതുമായും, എന്നാൽ മഹാരാജാവു തിരുമനസ്സുകൊണ്ടു നേരെ പാസ്സാക്കീട്ടുള്ളതോ, നിയമസേവാ റഗുലേഷനുകൂടാതെ ഗവർണ്മെൻറിനാൽ പാസ്സാക്കപ്പെട്ടതോ, ആയ റഗുലേഷനുകളെ മാത്രം ബാധിക്കുന്നതും, ഈ കൌൺസിലിനാൽ പാസ്സാക്കപ്പെടുന്ന ഒരു പ്രയോഗത്തെ ബാധിക്കാത്തതും ആണെന്നു ഞാൻ മിസ്റ്റർ നാരായണപിള്ളയ്ക്കു ചൂണ്ടിക്കാണിക്കട്ടെയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ കൌൺസിലിനാൽ പാസ്സാക്കപ്പെട്ടതായ സിവിൽ നടപടിനിയമം ഇന്നു നിയമമല്ലാത്തതിനാൽ, ഈ പ്രത്യേക പ്രയോഗത്താൽ ബാധിക്കപ്പെടുന്നതായ യാതൊരു നിയമവുമില്ല. അതു നിയമമായിപരിണമിക്കുന്നതിനു മുമ്പു, പ്രയോഗികമായി അതു ഉൽബുദ്ധപ്പോലുള്ള സാഹചര്യങ്ങളെ സ്ഥിതിയിലാകുന്നു. അതു ഏതുദേശം ഒരു ബില്ലിൻറെ നിലയിലാണിരിക്കുന്നതു; ഒരു ബിൽ ഭേദപ്പെടുത്താവുന്നതാണോ എന്നാകുന്നു ചോദ്യം.—

മി. വി. സുബ്ബയ്യർ (ഗവർണ്മെൻറ നിയമിച്ച മെമ്പർ) (ഡപ്യൂട്ടി പ്രസിഡൻറ): ഇന്നു അതു ഒരു ബില്ലാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ഇന്നു ഉൾപ്പെടുത്തിലിരിക്കുന്ന ഒരു റഗുലേഷനല്ലാ എന്നാണു ഞാൻ സമർപ്പിക്കുന്നതു. ഈ അവസ്ഥകളിൽ ഈ പ്രശ്നമെയും ഏതു പ്രത്യേക സെക്ഷൻറെയോ പാളിനേറെയോ, സ്റ്റാൻഡിംഗ് ആർഡറിൻറെയോ അധികരണത്തിലാണ് സഭയുടെ മുമ്പിൽ വന്നിട്ടുള്ളതു എന്നുള്ളതിനെക്കുറിച്ചു എനിക്ക അല്പമായ സംശയം നേരിട്ടുന്നുണ്ട്.

പ്രസിഡൻറ: വരുന്ന ഏതാനും ദിവസങ്ങളെപ്പറ്റി നമുക്ക വിചാരിക്കേണ്ടിയിരിക്കുന്നു. സിവിൽ നടപടിനിയമം ഒരു റഗുലേഷനായി തീർന്നതിൽപിന്നെ മാത്രമെ ഈ ബില്ലും ഒരു റഗുലേഷനായി തീരുകയുള്ളു; കാരണം അവയ്ക്ക രണ്ടിനും കവർ ചെയ്യാം കാര്യം മുതൽമാത്രമെ അസ്തിത്വം കിട്ടുകയുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ധാരണ സിവിൽ പ്രൊസീഡ്യൂവർകോഡ് കവർ ചെയ്യാം കാര്യം മുമ്പുതന്നെ നിയമമായിതീരുന്നു എന്നാണ്. സിവിൽ പ്രൊസിഡ്യൂവർകോഡ് ഉൾപ്പെടുത്തിൽ വരുന്നതെ തടുക്കുന്നതിലേയ്ക്കാണ ഇപ്പോഠം ഈ ശ്രമം നടത്തപ്പെട്ടുവരുന്നതു. റഗുലേഷൻറെയോ സ്റ്റാൻഡിംഗ് ആർഡറിൻറെയോ അധികാരത്തിൽ ഇതു സാധിക്കുമോഎന്നുള്ള ചോദ്യമാണ് ഞാനിപ്പോഠം ഉന്നയിപ്പിക്കുന്നതു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ ബില്ലിനേപ്പറ്റി ഞാനും ഒരു വാക്ക പറയട്ടെയോ? ഒന്നാമതു, ഇന്നലെയോ ഇന്നോ രാജസമാനത്തിനും അനുവാദം സിദ്ധിച്ചിട്ടുള്ളതും കവർ ചെയ്യാം മുതൽക്ക ഉൾപ്പെടുത്തിൽ വരാനിരിക്കുന്നതുമായ രണ്ടു റഗുലേഷനുകളും അത്രവേഗത്തിൽ, അതായതു, രാജകീയാനുവാദം സിദ്ധിച്ചതിൽപിന്നെ ഒരു മണിക്കൂറിനകം ഭേദപ്പെടുത്തപ്പെടുന്നതിൽ കുറഞ്ഞഭംഗിയുണ്ടെന്നു തോന്നുന്നു. മി. നാരായണപിള്ള നിർദ്ദേശിച്ചപ്രകാരം ബില്ലതന്നെ ക്രമായുസാരിയാണോ എന്നുള്ളതിനേപ്പറ്റി

ന്റെ എനിക്കും സംശയമുണ്ട്. കാരണം, ഒരു റഗുലേഷനെ ഭേദഗതിപ്പെടുത്തുവാനല്ല, ഈ ബില്ല് കൊണ്ടുവന്നിട്ടുള്ളത്. പിന്നെയും, അതു ക്ലോസ് ചിങ്ങം ക-നം- മുതൽക്ക് ഉൽജിതത്തിൽവരുമെന്നു പറയുന്ന ഒരു പ്രത്യേക സെക്ഷനെ ഭേദഗതിപ്പെടുത്തുന്നുമാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അതു ഒരു ഭേദഗതിയാണെന്നു പറയാറില്ലല്ലോ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ പറഞ്ഞതു അതു ബില്ലിന്റെ ഭേദഗതിയല്ല. എന്നാൽ അതു ക്ലോസ് ചിങ്ങം ക-നം- മുതൽക്ക് ഉൽജിതത്തിൽ വരുമെന്നുള്ള ഒരു സെക്ഷനെ ഭേദഗതിപ്പെടുത്തുന്നതാണെന്നു അഭിപ്രായമില്ല. നിയമം ഉൽജിതത്തിൽവരുന്നതിനുമുമ്പായി അതിനെ ഭേദഗതിപ്പെടുത്താമോ എന്നുള്ളതു ഒരു സംശയവിഷയമായ സംഗതിയാകുന്നു

മി. വി. സുബ്ബയ്യർ (ഗവർണ്മെന്റ് നിയമിച്ച മെമ്പർ) (ഡപ്യൂട്ടി പ്രസിഡന്റ്): അതു പറയുന്നതിന്റെ ഫലമെന്താകുന്നു?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതു വിഫലമായിരിക്കും. എന്നാൽ നമുക്കു സ്റ്റാൻഡിംഗ് ഓർഡർപ്രകാരം പോകാം. അതു ഉൽജിതത്തിൽ വന്നതിൽപിന്നെ, അതിനെ ഭേദഗതിപ്പെടുത്തുന്നതിനു സാധിക്കാതെവന്നേക്കാം. ആവശ്യപ്പെടുന്ന പക്ഷം, റഗുലേഷന്റെ നിർത്തിവയ്ക്കുന്നതിനായി ഒരു ബില്ലു കൊണ്ടുവരാവുന്നതാണ്. അതിനാൽ ഇതുവരെ ഉൽജിതത്തിൽ വന്നിട്ടില്ലാത്തതും ഒരു റഗുലേഷനിലുള്ളതുമായ ഒരു റഗുലേഷന്റെ ഒരു സെക്ഷനെ ഭേദഗതിപ്പെടുത്തുന്നതിനുമുള്ള ഉദ്ദേശത്തോടുകൂടിയുള്ള ഒരു ബില്ല് ഇന്നു മുമ്പാട്ടു കൊണ്ടുവരുന്നതു ക്രമവിരുദ്ധമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷനൽ ഹെഡ്സെക്രട്ടറിൽ): അതു സംബന്ധിച്ചു ഒരു വാക്കു ഞാൻ പറയട്ടെയോ? ഒരു നിയമം ഏതുകാലം എന്താകുന്നു എന്നുള്ളതിനേപ്പറ്റി മെസ്സേഴ്സ് പി. കെ. നാരായണപിള്ളയും പരമേശ്വരൻപിള്ളയും എന്തോ തെറ്റിദ്ധാരണയിലിരിക്കുന്നു എന്നു ഞാൻ ശങ്കിക്കുന്നു. ഒരു നിയമം എന്നു പറയുന്നതു രാജാവിങ്കൽനിന്നുള്ള ഒരു കല്പനയാണു; ഒരു ബില്ലിനു കൈയ്യൊപ്പു വയ്ക്കുന്നതുടൻ, അതു എപ്പോൾ ഉൽജിതത്തിൽ വന്നുതുടങ്ങിയാലും ശരി, ആ ബില്ലു നിയമമായിതീരുന്നു. അതു രാജാവിന്റെ ഒരു ദിവസത്തിനു ഉൽജിതത്തിൽ വന്നുതുടങ്ങുകയാണെങ്കിൽ അതും ആ പ്രവർത്തനത്തിലുൾപ്പെട്ട കല്പനയുടെ ഫലമായിട്ടാണു. സിവിൽ പ്രൊസീഡ്യൂർകോഡ് റഗുലേഷൻ ഇന്നതന്നെ നിയമമായിരിക്കുന്നു എന്നാണു ഞാൻ സമർപ്പിക്കുന്നതും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സഭയ്ക്കു രാജത്വത്തിന്റെ വല്ല അധികാരവുമുണ്ടോ എന്നു എനിക്കു ഗ്രഹിക്കാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷനൽ ഹെഡ്സെക്രട്ടറിൽ): അതു ഇവിടെ ഉന്നയിക്കുന്ന ഒരു ചോദ്യമല്ല (ചിരി).

പ്രസിഡന്റ്: ഈ സഭയ്ക്കു രാജത്വത്തിന്റെ യാതൊരു അധികാരവുമില്ലതന്നെ (ചിരി).

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒരു നിയമം ഒരു രാജാവിന്റെ കല്പനയാണെന്നുള്ളതു തെറ്റിദ്ധരിപ്പിച്ചതായ ഒരു സിദ്ധാന്തവാദമാണു.

പ്രസിഡന്റ്: അല്ല. രാജത്വമുള്ള ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളുടെ വിഷയത്തിൽ നിയമപ്രകല്പനത്തിനുള്ള അവകാശം രാജാവിങ്കലാണു നിക്ഷിപ്തമായിരിക്കുന്നതു; അതിനാൽ അതു രാജ്യവിഷയമായ ഒരു പ്രവൃത്തിയാണു.

സഭ പ്രമേയത്തെ സ്വീകരിക്കുന്നു എന്നു ഞാൻ മനസ്സിലാക്കട്ടെയോ?

പ്രമേയം പാസ്സാക്കപ്പെട്ടു.

അനന്തരം സാക്രട്ടറി ബില്ലിന്റെ സംജ്ഞ വായിച്ചു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷനൽ ഹെഡ് സെക്രട്ടറിൽ): ബിൽ ചുരുക്കമായ ഒന്നു ആകയാൽ, അതിനെ ആലോചനയ്ക്കായി ഒരു സിലക്ട് കമ്മിറ്റിയെ ഏൽപ്പിക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകാരണത്താൽ അതിനെ ഒരു സിലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കു വയ്ക്കാതെ ഉടൻതന്നെ ആലോചനയ്ക്കെടുക്കാവുന്നതാണെന്നു ഞാൻ നിർദ്ദേശിക്കുന്നു. അതിലേക്കു സ്റ്റാൻഡിംഗ് ഓർഡർ നടപ്പിലാകാതിരിക്കുന്നതിനുവേണ്ടി നിർത്തിവയ്ക്കുന്നതാകുന്നു; സർ, അപ്രകാരം അതിനെ നിർത്തിവയ്ക്കുന്നതായി ഞാൻ അങ്ങേയോടു അപേക്ഷിക്കുന്നു.

പ്രസിഡന്റ്: ഞാൻ സ്റ്റാൻഡിംഗ് ഓർഡർ നിർത്തിവയ്ക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡീഷനൽ ഹെഡ് സെക്രട്ടറിൽ): ബില്ലിനെ ഉടൻതന്നെ പരിശോധനയ്ക്കായി എടുക്കേണ്ടതാണെന്നു ഞാൻ ഉപന്യസിക്കുന്നു.

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റ് സെക്രട്ടറി): ഞാൻ അതിനെ അനുവദിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവർണ്മെന്റ് നിയമിച്ച മെമ്പർ) (ഡിപ്യൂട്ടി പ്രസിഡന്റ്): ഞാൻ ഒരു ഭേദഗതി പ്രയോഗിക്കുന്നു. 'മേടം' എന്നുള്ളതിൻപകരം 'മകരം' എന്നു ചേർക്കേണ്ടതാണെന്നു ഞാൻ ഉൽക്കോചിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സെക്രട്ടറിൽ): മേടം എന്നു ഞാൻ ചേർക്കുന്നതു എന്തുകൊണ്ടാണെന്നു ഞാൻ വിവരിച്ചു പറയാം. സിവിൽകോടതികൾ മദ്ധ്യവേനൽ അവധികഴിഞ്ഞു വീണ്ടും തുറക്കുമ്പോൾ അവയ്ക്കു ഒരു നിയമം ഉണ്ടായിരിക്കേണ്ടതിനാണു ഞാൻ മേടം ക-നം- എന്നു ചേർക്കുന്നതു.

പ്രസിഡന്റ്: ആ ഭേദഗതി അംഗീകരിക്കുന്നതിനു ഗവണ്മെന്റിനു പൂർണ്ണമനസ്സുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബാർ അസ്സോസ്സിയേഷൻ സിവിൽ പ്രൊസീഡ്യൂർകോഡു പഠിച്ചുതീർക്കുന്നതിലേക്കു ആറുമാസക്കാലം മാത്രമെ ആവശ്യപ്പെട്ടുള്ളു.

പ്രസിഡന്റ്: അതു മകരം ക-നം- എന്നാക്കുന്നതിൽ ഒരു വിരോധവുമില്ലെന്നു ഞാൻ വിചാരിക്കുന്നു.

ഭേദഗതി സ്വീകരിക്കപ്പെട്ടു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): ബില്ലിനെ നാം തള്ളണമെന്ന ആലോചനകഴിച്ചു പാസ്സാക്കണമെന്നു ഞാൻ ഉൽക്ഷേപിക്കുന്നു.

മി. എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): ഞാൻ പ്രമേയത്തെ അനുവദിക്കുന്നു.

പ്രമേയം പാസ്സാക്കപ്പെട്ടു.

കാലഹരണറഗ്രുലേഷൻ ഭേദഗതി ബിൽ.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ഞാൻ ക്രമം ൦൫മാണ്ടത്തെ നു—ാം റഗ്രുലേഷനായിട്ടു, കാലഹരണറഗ്രുലേഷനെ ഭേദപ്പെടുത്തുന്നതിനു ഒരു ബിൽ പ്രയോഗിക്കുന്നു. ബില്ലിൻെ പകർപ്പുകൾ ഇതിനു മുമ്പുതന്നെ മെംബർമാരുടെ ഇടയിൽ വ്യാവർത്തിപ്പിച്ചിട്ടുണ്ട്: ബിൽ സഭയിൽ വായിക്കപ്പെടണമെന്നു ഞാൻ ഉൽക്ഷേപിക്കയും ചെയ്യുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഞാൻ അതു അനുവദിക്കുന്നു.

പ്രമേയം പാസ്സാക്കപ്പെട്ടു.

അനന്തരം സെക്രട്ടറി ബില്ലിൻെറ ഉപോദ്ഘാതം വായിച്ചുകേൾപ്പിച്ചു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): സർ, ബിൽ ഉടൻതന്നെ ആലോചനയ്ക്കായി എടുക്കേണ്ടതിനു സഭാ സ്റ്റാൻഡിംഗ് ഓർഡർ നിർത്തിവയ്ക്കണമെന്നു ഞാൻ അങ്ങയോടു അപേക്ഷിക്കുന്നു.

പ്രെസിഡൻറ്: ഞാൻ സ്റ്റാൻഡിംഗ് ഓർഡർ നിർത്തിവയ്ക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ബിൽ ആലോചനയ്ക്കായി ഒരു സിലക്ട് കമ്മിറ്റിയെ ഏൽപ്പിക്കണ്ടതില്ല എന്നും അതിനെ ഉടൻതന്നെ ആലോചനയ്ക്കു എടുക്കേണ്ടതാണെന്നും ഞാൻ ഉൽക്ഷേപിക്കുന്നു.

മി. കെ. ജോസ് (ഗവണ്മെൻറ ധനകാര്യസെക്രട്ടറി): ഞാൻ അതു അനുവദിക്കുന്നു.

പ്രമേയം പാസാക്കപ്പെട്ടു.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമിച്ച മെംബർ) (ഡിപ്യൂട്ടി പ്രെസിഡൻറ്): താഴെപ്പറയുന്ന ഭേദഗതിയെ ഞാൻ ഉൽക്ഷേപിക്കുന്നു.

'മേടം' എന്നുള്ളതിനു പകരം 'മകരം' എന്നു ചേർക്കണം.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ അതു അനുവദിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ഞാൻ അതു സ്വീകരിക്കുന്നു.

ഭേദഗതിയെ സഭ സ്വീകരിച്ചു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ബിൽ താമസിയാതെന്നു ആലോചനകഴിച്ചു പാസാക്കേണ്ടതാണെന്നു ഞാൻ ഉൽക്ഷേപിക്കുന്നു.

മി. കെ. നാരായണൻപണിക്കർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഞാൻ അതു അനുവദിക്കുന്നു.

പ്രമേയം പാസാക്കപ്പെട്ടു.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമിച്ച മെംബർ) (ഡിപ്യൂട്ടിപ്രെസിഡൻറ്): ഇതുസംബന്ധിച്ചു ഞാൻ സഭയുടെ ശ്രദ്ധയെ ഒരു സംഗതിയിലേക്കു ആനയിക്കാം. ഈ റഗ്രുലേഷൻകളും അച്ചടിച്ചിരിക്കുന്നതു ഇപ്പോൾ ചെറിയ അക്ഷരത്തിലും വളരെ മോശമായ കടലാസിലുമാണ്. അന്യസ്ഥലങ്ങളിൽ പതിവു് അവയെ അധികം ഉന്നതമായ അക്ഷരത്തിലും കട്ടിക്കുടലെല്ലുള്ള കടലാസിലും അച്ചടിക്കുകയാണ്. അതു വക്കീലന്മാർക്കും മറ്റും വില്ക്കുന്നതിനാൽ ചിലവായ തുക ഈടാക്കാവുന്നതാണ്. അധികം നല്ല കടലാസിൽ അച്ചടിക്കുന്നെങ്കിൽ, സിവിൽ പ്രൊസീഡ്യുർകോഡിനെ ഉദ്ദേശം ഫസ്റ്റ് ഷെഡ്യൂളിനെയും കിട്ടുന്നതാണ്.

പ്രെസിഡൻറ്: നിങ്ങളുടെ കൈയ്യകം തന്നിട്ടുള്ളതു അസാധാരണ ഗസറിൻെറ ഒരു പ്രതിമാതൃകയെന്നു ഞാൻ വിചാരിക്കുന്നു. അക്ഷരംപോലെയുള്ള ഇപ്പോഴും ഉണ്ടെങ്കിൽ, നിങ്ങൾ ഉപദേശിക്കുന്നപ്രകാരം നമുക്കു അതു അധികം നല്ല കടലാസിൽ അച്ചടിച്ചുവാങ്ങാം.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമിച്ച മെംബർ) (ഡിപ്യൂട്ടിപ്രെസിഡൻറ്): ബില്ലുകൾ ഈ കടലാസിൽ അച്ചടിക്കാം; എന്നാൽ അവ റഗ്രുലേഷനുകളായി പരിണമിക്കുമ്പോൾ, അവയെ അധികം നല്ല കടലാസിൽ അച്ചടിക്കേണ്ടതാണ്.

പ്രെസിഡൻറ്: ഗവണ്മെൻറപ്രസ്സ് സൂപ്രണ്ടു് അക്ഷരക്കൂട്ടു ഇപ്പോഴും നിൽക്കുന്നതായി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ, ഇതു അധികം നല്ല കടലാസിൽ അച്ചടിക്കണമെന്ന അഭിപ്രായത്തോടു നമുക്കു ആവശ്യപ്പെടാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): വില്ലനയ്ക്കു തക്കവണ്ണം ഈ രണ്ടു റഗ്രുലേഷനുകളേയും അധികം നല്ല കടലാസിൽ അച്ചടിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഇതിനു മുമ്പുതന്നെ പുറപ്പെടുവിച്ചിട്ടുണ്ടു്.

പ്രെസിഡൻറ്: സഭ ഇപ്പോൾ പിരിയും; വീണ്ടും നാളെ രാവിലെ പതിനൊന്നര മണിക്കു കൂടുന്നതാണ്.

ഉച്ചയ്ക്കുമേൽ ൪ അടിച്ചു പിരിഞ്ഞു.

പരിശിഷ്ടം ക.

നിയമനിർമ്മാണസഭാ ചട്ടങ്ങളിൽ രൂപം (ഫോൻ) പ്രകാരം താഴെപ്പറയുന്ന ബിൽ അതിന്റെ ഉദ്ദേശങ്ങളോടേയും കാരണങ്ങളോടേയും പ്രസ്താവനയോടുകൂടി ജനസാമാന്യത്തിന്റെ അറിവിന്നായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു

കക്ക ൦ ൦-മാണ്ടത്തെ വു-ാം റഗുലേഷൻ ആയ സിവിൽ നടപടിനിയമം ഭേദഗതി റഗുലേഷൻ.

കക്ക ൦ ൦—മാണ്ടത്തെ വു—ാം റഗുലേഷനായ സിവിൽ നടപടിനിയമം പ്രയോഗത്തിൽ വരുന്നതു നിട്ടിവയ്ക്കുന്നതു യുക്തമാണെന്നു തോന്നുന്നതിനാൽ താഴെപ്പറയുന്നപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു:—

കക്ക ൦ ൦—മാണ്ടത്തെ വു—ാം റഗുലേഷനായി സിവിൽ നടപടിനിയമം ക (ഫ) സെക്ഷനിൽ 'ചിങ്ങ' എന്നുള്ളതിനു പകരമായി 'മേടം' എന്നു ചേർക്കേണ്ടതാണ്.

ഉദ്ദേശകാരണവിവരണം.

നിയമനിർമ്മാണസഭയുടെ കഴിഞ്ഞ യോഗത്തിൽ പാസാക്കപ്പെട്ട സിവിൽ നടപടിനിയമം കക്ക൦-മാണ്ടു ചിങ്ങം ക—നു പ്രയോഗത്തിൽ വരാനിരിക്കുന്നതാണ്. അതു സിവിൽകോടതികളിലെ നടപടിക്രമത്തിന്റെ വിസ്താരങ്ങളേക്കുറിയും ബാധിക്കുന്നതായ വിസ്തീർണ്ണവും പ്രാധാന്യതയുള്ളതുമായ ഒരു പ്രയോഗം ആകുന്നു. ഈ നിയമത്തിന്റെ പ്രവർത്തനാരംഭസമയം നീട്ടിവയ്ക്കുന്നതിനായിട്ടുള്ള നിവേദനങ്ങൾ ഗവർണ്ണമെന്റിനു കിട്ടിട്ടുണ്ട്. ഈ നിയമം ഒരു റഗുലേഷനായി പ്രസിദ്ധം ചെയ്തതിൽപിന്നെ അതെപ്പറ്റി കോടതികൾക്കും കക്ഷികൾക്കും വക്കീലന്മാർക്കും പരിചയം വരുന്നതിനുവേണ്ടി സമയം അനുവദിക്കുന്നതു സംബന്ധപ്പെട്ട എല്ലാ ഭാഗക്കാർക്കും ഗുണകരമായിരിക്കുമെന്നു ബോധപ്പെട്ടിരിക്കുന്നു. അതിനാൽ സിവിൽ നടപടിനിയമത്തിന്റെ പ്രവർത്തനസമയം കക്ക ക-ാമാണ്ടു മേടം ക-നു-യിലേയ്ക്കു മാറ്റിവയ്ക്കുന്നതിനുള്ള ഈ ബിൽ തയ്യാറാക്കപ്പെട്ടിരിക്കുന്നു.

ഉത്തരവിൻപ്രകാരം,

ടി. പി. രാമസുബ്ബയ്യർ,
നിയമനിർമ്മാണസഭാ സെക്രട്ടറി.

പരിശിഷ്ടം ഖ.

നിയമനിർമ്മാണസഭാ ചട്ടങ്ങളിൽ രൂപം (ഫോൻ) പ്രകാരം താഴെപ്പറയുന്ന ബിൽ അതിന്റെ ഉദ്ദേശ്യങ്ങളോടേയും കാരണങ്ങളോടേയും വിവരണസഹിതം ജനസാമാന്യത്തിന്റെ അറിവിന്നായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

കക്ക ൦ ൦-മാണ്ടത്തെ ന്യ-ാം റഗുലേഷൻ ആയ തിരുവിതാംകോട്ടു കാലഹരണറഗുലേഷനെ ഭേദപ്പെടുത്തുന്നതായ ഒരു റഗുലേഷൻ.

കക്ക ൦ ൦-മാണ്ടത്തെ ന്യ-ാം റഗുലേഷൻആയ തിരുവിതാംകോട്ടു കാലഹരണറഗുലേഷൻ പ്രവർത്തനത്തിൽ വരുന്ന കാലം നീട്ടിവയ്ക്കുന്നതു യുക്തമാണെന്നു തോന്നുന്നതിനാൽ, താഴെപ്പറയുന്നപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു:—

കക്ക ൦ ൦-മാണ്ടത്തെ ന്യ-ാം റഗുലേഷനായ തിരുവിതാംകോട്ടു കാലഹരണറഗുലേഷൻ ക (ന) വകുപ്പിൽ 'ചിങ്ങം' എന്നുള്ളതിനു പകരം 'മേടം' എന്നു ചേർക്കേണ്ടതാണ്.

ഉദ്ദേശ്യങ്ങളോടേയും കാരണങ്ങളോടേയും വിവരണം.

നിയമനിർമ്മാണസഭയുടെ കഴിഞ്ഞ യോഗത്തിൽ പാസാക്കപ്പെട്ട കാലഹരണറഗുലേഷൻ ഭേദഗതി ബിൽ കക്ക ൦ ക-മാണ്ടു ചിങ്ങം ക-നു പ്രവർത്തനത്തിൽ വരാനിരിക്കയാണ്. അതു വിസ്തീർണ്ണവും പ്രാധാന്യതയുള്ളതുമായ ഒരു നിയമമാകുന്നു. ഈ നിയമത്തിന്റെ പ്രവർത്തനസമയം നീട്ടിവയ്ക്കുന്നതിനായിട്ടുള്ള നിവേദനങ്ങൾ ഗവർണ്മെന്റിനു കിട്ടീട്ടുണ്ട്. ആ നിയമം ഒരു റഗുലേഷനായി പ്രസിദ്ധപ്പെടുത്തിയതിൽപിന്നെ, കോടതികൾക്കും കക്ഷികൾക്കും വക്കീലന്മാർക്കും അതെപ്പറ്റി പരിചയം വരുന്നതിനുവേണ്ടി സമയം അനുവദിക്കുന്നതു സംബന്ധപ്പെട്ട എല്ലാ ഭാഗക്കാർക്കും ഗുണകരമായിരിക്കുമെന്നു ബോധപ്പെട്ടിരിക്കുന്നു. അതിനാൽ കാലഹരണറഗുലേഷന്റെ പ്രവർത്തനാരംഭസമയം കക്ക ക-ാമാണ്ടു മേടം ക-നു-യിലേക്കു മാറ്റിവയ്ക്കുന്നതിനുള്ള ഈ ബിൽ തയ്യാറാക്കപ്പെട്ടിരിക്കുന്നു.

ഉത്തരവിൻപ്രകാരം,

ടി. പി രാമസുബ്ബയ്യർ,
നിയമനിർമ്മാണസഭാ സെക്രട്ടറി.

(A true translation)

T. RAMALINGOM PILLAI,
Head translator to Government.

രണ്ടാമത്തെ സൂട്.

കക ൦ ൽ ഒന്നാമത്തെയോഗം.

കൻ൨ ൪ ആഗസ്റ്റ് കള -ാനു- വെള്ളിയാഴ്ച

(ഒഫിഷ്യൽ റിപ്പോർട്ട്).

സഭയുടെ യോഗം പകൽ കക-നു൪ ക്ണിക്ക വിളക്കോറിയാ ജൂബിലിടൌൺഹാളിൽ വീണ്ടും കൂടി. പ്രെസിഡെൻറ അഗ്രാസനാധിപത്യം വഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

[സ്റ്റാന്റഡിംഗ് ഓർഡർ നമ്പർ കവ പ്രകാരം പ്രെസിഡൻറ ചോദ്യംക്കിയ ഉത്തരവു.]

ക. സഭയുടെ ഓരോ ദിയാഗത്തിൽ ചോദിക്കാനുള്ള ചോദ്യങ്ങളുടേയും അവശ്യം കൊടുക്കണ്ട മറുപടികളുടേയും അച്ചടിച്ച പകർപ്പുകൾ പ്രെസിഡെൻറ ആസനസ്ഥനാകുന്നതിനു കള മിനിട്ടിനുമുമ്പായി മേശപ്പുറത്തു വെച്ചിരിക്കണം.

ഖ. ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടികൾ കൊടുക്കുന്നതും താഴെ കാണിച്ചിരിക്കുന്ന ക്രമപ്രകാരം ആയിരിക്കണം:—

ഓരോ പ്രശ്നകർത്താവിൻറെയും പേരു നമ്പർക്രമപ്രകാരം സെക്രട്ടറി വിളിക്കയും അദ്ദേഹത്തിൻറെ ചോദ്യങ്ങളുടെ നമ്പർ പ്രസ്താവിക്കയും ചെയ്തിട്ടു അദ്ദേഹത്തിനു വല്ല ഉപചോദ്യങ്ങളും ചോദിക്കാനുണ്ടെങ്കിൽ അതിനു മന്ത്രികയ്ക്കും ഉണ്ടാകത്തക്കവണ്ണം തൻറെ സ്ഥാനത്തു എഴുന്നേറ്റു നിൽക്കാൻ അപ്പോൾ സമയം കൊടുക്കണം. പ്രധാന ചോദ്യങ്ങളെ തുടർന്നതെന്ന അവയെസംബന്ധിച്ചു ഉപചോദ്യങ്ങളും ചോദിക്കേണ്ടതാകുന്നു.]

കനമ. അക്ഷാസന മോട്ടാർകാറുകളുടെ ഉപയോഗനിരോധനം.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം):

(എ) കക൦൦ ഇടവമാസാവസാനത്തിൽ മിക്കവാറും എല്ലാ മോട്ടാർകാറുകളുടേയും ഉപയോഗം പൊടുന്നനെ നിരോധിപ്പാൻ സംഗതി എന്തെന്നു ഗവണ്മെൻറു ദയവായി പറയുമോ?

(ബി) കാർ ഉടമസ്ഥന്മാരുടേയും ഡ്രൈവർമാരുടേയും വല്ല അക്രമവും പൊലീസുകാർ പൊടുന്നനെ കണ്ടുപിടിച്ചതിനാലാണോ?

(സി) യാത്രക്കാരെ അസൌകര്യപ്പെടുത്തത്തക്കവണ്ണം കാറുകളുടെ ഉപയോഗം നിരോധിക്കുന്നതല്ലാതെ കുറ്റക്കാരെ ശിക്ഷിക്കാൻ വേറെ മാർഗ്ഗം ഇല്ലായിരുന്നോ?

മി. കെ. നാരായണൻപണ്ടാല (ഗവണ്മെൻറു ആക്ടിംഗ് ചീഫ് സെക്രട്ടറി):

(എ) ചില "ജി" അനുവാദപത്രങ്ങൾ ദുരുപയോഗം ചെയ്യുന്നിമിത്തം പൊലീസു കമ്മിഷണർ ശ്രദ്ധയിൽപ്പെടുത്തി. അതുകാണ്മ തിരുവിതാംക്കൂർ മോട്ടാർയൂണിയൻറെ ഉത്സാഹത്താൽ ഉടമസ്ഥന്മാർ സഹകരണത്യാഗം അവലംബിച്ചു. അതിനാൽ അക്ഷാസനകാരകം തല്ക്കാലത്തേക്കു ഉപയോഗിക്കാതെവന്നു.

(ബി) മെംബർ (എ) ഭാഗം ചോദ്യത്തിൻറെ മറുപടി നോക്കണം.

(സി) സന്ദർഭത്തിനു ഉചിതവും യോഗ്യവും ഈ നയം ആണെന്നു പൊലീസു കമ്മിഷണർക്കു തോന്നുകയാൽ അദ്ദേഹം അതു സ്വീകരിച്ചു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഡ്രൈവർമാരുടെ അക്രമംനിമിത്തം അനുവാദപത്രങ്ങൾ പിൻവലിച്ചുകൊണ്ടു ജനങ്ങൾക്കു വളരെ അസൌകര്യങ്ങൾ ഉണ്ടെന്നും ഡ്രൈവർമാരെ ശിക്ഷിക്കയായിരുന്നു ഉചിതശിക്ഷയെന്നും ഗവണ്മെൻറിനു അറിയാമോ?

മി. കെ. നാരായണൻപണ്ടാല (ഗവണ്മെൻറു ആക്ടിംഗ് ചീഫ് സെക്രട്ടറി): ഈ കാര്യത്തിൽ വേണ്ട ഉത്തരവർത്തിപ്പാൻ പൊലീസു കമ്മിഷണർക്കു അധികാരമുണ്ടു. അദ്ദേഹത്തിനു സന്ദർഭത്തിനു യുക്തമെന്നു തോന്നിയതു അദ്ദേഹം ചെയ്തു. രണ്ടോ മൂന്നോ ബസ്സിൻറെ അനുവാദപത്രമേ പിൻവലിച്ചുള്ളൂ. അപ്പോൾ തന്നെ ക്ഷേപ്തൃ അവരോടു സഹകരിച്ചു അവരുടെ ബസ്സുകളും നിരത്തിവെച്ചു. അതുനിമിത്തമാണു ജനങ്ങൾക്കു അസൌകര്യം ഉണ്ടായതു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): കാറുകളുടെ ഉപയോഗം നിരോധിക്കുന്നതിനുപകരം അക്രമംകാണിച്ച ഡ്രൈവർമാരെ ശിക്ഷിക്കയാണു ഉത്തമം എന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല എന്നാണു എനിക്കു അറിയേണ്ടതു.

മി. കെ. നാരായണൻപണ്ടാല (ഗവണ്മെൻറു ആക്ടിംഗ് ചീഫ്സെക്രട്ടറി): ബസ്സുടമസ്ഥന്മാർ എണ്ണമുട്ടുള്ളതുകൊണ്ടാണു ലംഘിച്ചതെന്നു ഗവണ്മെൻറിനു അഭിപ്രായമുണ്ടു എന്നു ശിക്ഷയാണു യോഗ്യമെന്നു പറവാൻ കഴികയില്ല.

കനമ൫. കൻ൨ ൪-ലെ എസ്. എൽ. സി. പരീക്ഷാഫലം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ):

(എ) തിരുവിതാംക്കൂറിനെസംബന്ധിച്ചേടത്തോളം കഴിഞ്ഞ ഇംഗ്ലീഷ്സ്കൂൾ സെക്കണ്ടറിപരീക്ഷയുടെ ഫലമെന്തെന്നു പറഞ്ഞു ഗവണ്മെൻറിനറിവുണ്ടോ?

(ബി) ഉണ്ടെങ്കിൽ മുൻ സംവത്സരങ്ങളിലെ പരീക്ഷാഫലങ്ങളോടു താരതമ്യപ്പെടുത്തിനോക്കിയാൽ എങ്ങനെയിരിക്കുന്നു?

(സി) ചരിത്രത്തിലും അതുസംബന്ധിച്ച വിഷയങ്ങളിലും ഉള്ള പരീക്ഷാഫലങ്ങൾ ആലോചിച്ചാൽ അദ്ധ്യേതാക്കളുടെ യോഗ്യത അത്യല്പികരവും കുറവും ആണെന്നു പറയുന്നതു ശരിയാണോ?

(ഡി) തജ്ജന്യ പരീക്ഷയിൽ കിട്ടേണ്ട മാക്കു കിട്ടാത്തതിനാൽ എത്രപേർ തോറ്റുപോയി എന്നും ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി):

(എ) ഉവ്വ്.

(ബി) തിരുവിതാംകൂർ എസ്. എൽ. സി. പരീക്ഷയ്ക്കു ചേർന്നവരിൽ സമുദായാടിസ്ഥാനത്തിൽ പ്രവേശനത്തിനു യോഗ്യന്മാരായിട്ടുള്ളവരുടെ ശതമാനം ഇങ്ങനെയാണ്.

ക്ലാസ് ക—നായർ
ക്ലാസ് ഖ—ക്രിസ്ത്യൻ
ക്ലാസ് ഗ—മുസ്ലീം
ക്ലാസ് ഘ—മറ്റുള്ളവർ
ക്ലാസ് ങ—നാടാർ

(സി) ഇന്ത്യാചരിത്രമോ ഇംഗ്ലീഷ് ചരിത്രമോ ക്ലാസ് ങ-ൽ ഐച്ഛികവിഷയമായി എടുത്ത ക്ലാസുകളിൽ ഓരോ അഞ്ചുകുട്ടികൾ വീതം ശതമാനംപോലും യോഗ്യതാപത്രങ്ങൾകിട്ടി. യോഗ്യതാപത്രങ്ങൾ കിട്ടാത്ത വിദ്യാർത്ഥികളിൽ നാലു പേർ ചരിത്രത്തിൽമാത്രം തോറ്റു. മുൻ സംവത്സരങ്ങളെ അപേക്ഷിച്ചു അദ്ധ്യേതാക്കളുടെ യോഗ്യത കുറവായിരുന്നു എന്നു പറയാം.

(ഡി) യോഗ്യതാപത്രം കിട്ടാത്തവരിൽ രണ്ടു പേർ മലയാളം വാചകരചനയിലും തൃപ്തിയിലും നാലു പേർ തൃപ്തിയിൽ മാത്രവും തോറ്റു.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മറുപടി (സി) ഭാഗത്തെസംബന്ധിച്ചു ചരിത്രത്തിലും അതിരസംബന്ധിച്ചു മറ്റു വിഷയങ്ങളിലും ജയിച്ചവരുടെ എണ്ണം ഇത്ര ചുരുങ്ങിപ്പോയതിനു കാരണം എന്താണെന്നു ഗവർമ്മെൻറു അന്വേഷണം നടത്തിയോ എന്നു പറയുമോ?

ശ്രീ. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): ഇല്ല

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): (ബി) ഭാഗത്തെസംബന്ധിച്ചു തൃപ്തിയിലും വാചകരചനയിലും തോറ്റതിനെപ്പറ്റി വല്ല അന്വേഷണവും കഴിച്ചോ എന്നു പറയുമോ?

ശ്രീ. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): അന്വേഷണം കഴിച്ചിട്ടില്ല.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ രണ്ടു വിഷയങ്ങളിലും ഇത്ര അധികം ആളുകൾ തോൽക്കാൻ കാരണമെന്തെന്നറിവാൻ ഗവർമ്മെൻറു മേലായി അന്വേഷണം നടത്തുമോ?

ശ്രീ. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): ഉവ്വ്.

ചേരമർസമുദായക്കാർക്കു മേൽപതിച്ചുകൊടുക്കൽ.

ക്രമാങ്കം. ശ്രീ. എസ്. ഗുണാനന്ദപൈ (ഗവർമ്മെൻറു നിയമനം): അമ്പലപ്പുഴതാലൂക്കിൽ ചേരമർസമുദായത്തിൽപ്പെട്ടവരുടെ പേരിൽ രജിസ്റ്റർചെയ്തിട്ടുള്ള പുരയിടവും പുറമ്പോക്കും ഭൂമികളുടെ വിസ്തീർണ്ണം എത്രയെന്നു ഗവർമ്മെൻറു മേയായി പറയുമോ?

ശ്രീ. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): ചേരമർസമുദായത്തിൽപ്പെട്ടവരുടെ അപേക്ഷകൾ കിട്ടാഞ്ഞതുകൊണ്ടു അമ്പലപ്പുഴതാലൂക്കിലെ അവരുടെ പേരിൽ ഭൂമികൾ രജിസ്റ്റർചെയ്യാൻ ഇടവന്നിട്ടില്ല.

ഇപ്പോഴത്തെ ചീഫ് എൻജിനീയറിൻറെ പ്രവൃത്തി.

ക്രമാങ്കം. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) താഴെപ്പറയുന്ന സംഗതികൾ ഗവർമ്മെൻറു മേയായി പറയുമോ?

(എ) ക ൦ വ, ക ൦ ൻ, ക ക ൦ ൦ ഈ വർഷങ്ങളിൽ ചീഫ് എൻജിനീയർ സർക്കീട്ടിലായിരുന്ന ദിവസങ്ങളുടെ എണ്ണം.

(ബി) ക ൦ വ, ക ൦ ൻ, ക ക ൦ ൦ ഈ ആണ്ടുകളിൽ അദ്ദേഹം ചിറയിൻകീഴ് താലൂക്കിൽ സർക്കീട്ടുചെയ്ത ദിവസങ്ങളുടെ എണ്ണം.

(സി) ക ൦ വ, ക ൦ ൻ, ക ക ൦ ൦ ഈ ആണ്ടുകളിൽ അദ്ദേഹം കുതിരപ്പുറത്തോ, കാൽനടയായോ, സൈക്കിളിന്മേലോ സഞ്ചരിച്ച ദൂരം.

(ഡി) ക ൦ ൦—ലും ക ൦ ൻ ൫—ലും ചീഫ് എൻജിനീയർ ഉദ്യോഗം വഹിച്ചിരുന്ന ആളിൻറെ പേര്.

(ഇ) മിസ്റ്റർ ബാസ്റ്റോയും മിസ്റ്റർ ജേക്കബും ഇപ്പോഴത്തെ ചീഫ് എൻജിനീയർ മിസ്റ്റർ നടേശ്വരയ്യരേക്കാൾ കൂടുതൽദിവസം സർക്കീട്ടിലായിരുന്നു എന്നതു വാസ്തവമോ?

(ഈ) മിസ്റ്റർ നടേശ്വരയ്യരെ ചീഫ് എൻജിനീയരായും മിസ്റ്റർ ബാലകൃഷ്ണറാവുവിനെ ആഫീസ് അസിസ്റ്റൻറായും നിയമിച്ചശേഷം ചീഫ് എൻജിനീയരാഫീസിൽനിന്നു അയക്കുന്ന എഴുത്തുകളുടെ എണ്ണം കുറഞ്ഞിട്ടില്ലേ?

(ഉ) മറുപടി കുറഞ്ഞിട്ടുണ്ടെന്നാകുന്നെങ്കിൽ അതിനുള്ള കാരണംപറയുമോ?

ശ്രീ. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി):

(എ) (എ) ക ൦ വ — ന്യൂ ദിവസം.
ക ൦ ൻ — ൻ൫ ദിവസം.
ക ക ൦ ൦ — ൻ ക ദിവസം മിഥുനമാസാവസാനംവരെ.

(ബി) ക ൦ വ—ൽ നാലുദിവസം താമസവും താമസംകൂടാതെ ക൨ ദിവസം ജോലിചെയ്തിരിക്കുന്നതായും.

ക ൦ ൻ—ൽ ഒരുദിവസം താമസവും താമസംകൂടാതെ ൨ ൦ ദിവസം പരിശോധനയും.

ക ക ൦ ൦—ൽ ഒരുദിവസം താമസവും മിഥുനാവസാനംവരെ താമസംകൂടാതെ ക൫ ദിവസം പരിശോധനയും.

(സി)

	കുതിരപ്പുറം.	കാൽനട.	സൈക്കിൾ.
ക ൦ വ—ൽ	,,	ന൨ നാഴിക	,,
ക ൦ ൻ—ൽ	,,	ന൦ നാഴിക	,,
ക ക ൦ ൦ മിഥുനംവരെ	൨ നാഴിക	നന൨ നാഴിക	,,

(ഡി) ഫോർമർ മെട്രിക്കുലേഷൻ സ്കീമിലുള്ള ഫിഫ്ത്ത് ഫോറം, തേർഡ് ഫോറം, ഫസ്റ്റ് ഫോറം എന്നിവയും ഫോർത്ത് ഫോറം, സെക്കന്റ് ഫോറം എന്നിവയും.

ഫോർമർ മെട്രിക്കുലേഷൻ സ്കീമിലുള്ള ഫിഫ്ത്ത് ഫോറം, തേർഡ് ഫോറം, ഫസ്റ്റ് ഫോറം എന്നിവയും ഫോർത്ത് ഫോറം, സെക്കന്റ് ഫോറം എന്നിവയും.

(ഇ) ഇല്ല.

(എഫ്) ഇല്ല.

(ജി) സ്കൂൾ ഓഫീസിന്റെ മരാമത്തിനെക്കൊണ്ടു ഇതിനു മറ്റൊരു ഏർപ്പാടു ആവശ്യമില്ല.

പ്രാഥമികവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടേയും അദ്ധ്യാപികമാരുടേയും എണ്ണം.

*1170. മി. സി. പി. തരകൻ (കുന്നത്തുനാട്): ഈ സംസ്ഥാനത്തിലെ ഗവർമ്മെന്റ് വകയും ഗ്രാന്റ് ഇൻ-എയിടും പ്രാഥമികവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടേയും അദ്ധ്യാപികമാരുടേയും എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവർമ്മെന്റ് ഭാഷയിൽ മേശപ്പുറത്തു വെക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടപ്രകാരം ഗവർമ്മെന്റ് സ്കൂളുകളെ സംബന്ധിച്ചിടത്തോളമുള്ള ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു. *

സഹായധനംവാങ്ങുന്ന സ്കൂളുകളെ സംബന്ധിച്ച വിവരം ഇപ്പോൾ ഇവിടെ ഇല്ല.

കരക്കാട്ട റിസർവ്വിന്റെ പതിരവാ പാട്ടമെ.

*1171. മി. സി. പി. തരകൻ (കുന്നത്തുനാട്): മഞ്ഞപ്പാറപകുതിയിൽ കരക്കാട്ട റിസർവ്വിനത്തിൽ പറയത്തക്ക വൃക്ഷങ്ങളും വളരുന്നില്ലാത്തതിനാൽ അതിനെ ഗവർമ്മെന്റ് ഡിസ്പോസ്സ്ചെയ്തു കൊടുക്കയോ കുത്തകപ്പാട്ടവകാശമായി കൃഷിചെയ്യാൻ അനുവദിക്കയോ ചെയ്യുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (വേഴാമ്പോലിയിൽ ഇരിക്കുന്ന ഗവർമ്മെന്റ് സെക്രട്ടറി): റിസർവ്വിനകം വിസ്തീർണ്ണം ൻ്റ ഭൂമി ഏകദേശമുണ്ട്. പുനഃസർവ്വേക്ഷൻ കവുപ്പുപ്രകാരം അതു തീർച്ചയായി പുതുക്കി പ്രസിദ്ധംചെയ്തതു ഫോർമർ മകരം മുതൽ-തന്നെയാണ്. സ്ഥലത്തെ ജനങ്ങളുടെ ഉപയോഗത്തിനു വിരോധമായി അതൊന്നുമാത്രമേ ഒഴിച്ചിട്ടിട്ടുള്ളു. പൊതുജനഗ്രഹണത്തിനു ഹാനിവരാതെ അതോ അതിന്റെ ഏതാനും ഭാഗമോ പുനഃസർവ്വേക്ഷനിന്റെ വ്യാപ്തിയിൽനിന്നും ഒഴിവാക്കുന്നതിനോ എന്നു ഗവർമ്മെന്റ് അന്വേഷണം നടത്തുന്നു

മീനച്ചിൽ ഡിസ്ട്രിക്ട്മുൻസിപ്പ മിസ്റ്റർ ജോഷ്വായുടെപേരിൽ പരാതി.

*1172. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മീനച്ചിൽ ഡിസ്ട്രിക്ട്മുൻസിപ്പ മി. ജോഷ്വായുടെമേൽ സാരമായ ഔദ്യോഗികക്രമക്കേടുകൾ ആരോപിച്ചുകൊണ്ടു മീനച്ചിൽതാലൂക്കു നിവാസികളുടെ വല്ല ഹർജിയും ഗവണ്മെന്റിലോ കോഴിക്കോടതിക്കോ കിട്ടീട്ടുണ്ടോ എന്നു ഗവണ്മെന്റ് ദയവായി പറയുമോ?

മി. കെ. നാരായണൻപണിക്കർ (ഗവർമ്മെന്റ് അക്കിംഗ്സെക്രട്ടറി): ഗവണ്മെന്റിലോ കോഴിക്കോടതിയിലോ അങ്ങനെ ഒരു ഹർജി കിട്ടീട്ടില്ല.

തിരുവനന്തപുരം പട്ടണത്തിൽ പുതിയരോഡുപണി.

*1173. മി. എം. എൻ. പിള്ള (തിരുവനന്തപുരം): തിരുവനന്തപുരം മുനിസിപ്പൽ അതിർത്തിക്കുള്ളിൽ പുതിയരോഡുകൾ ഉണ്ടാക്കുന്നതിനു കഴിഞ്ഞ ആറുവർഷങ്ങളിൽ അനുവദിച്ചിട്ടുള്ള എസ്റ്റിമേറുകളുടെയും അവയിൽ പണി പൂർത്തിയായ രോഡുകളുടേയും വിവരം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റ് ഭാഷയിൽ മേശപ്പുറത്തുവെക്കുകയും മറ്റു എസ്റ്റിമേറുപ്രകാരമുള്ള ജോലികൾ ചെയ്യാത്തതിനുള്ള കാരണം പറകയും ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടവിവരങ്ങൾ അടങ്ങിയ ഒരു മിസ്സ് * മേശപ്പുറത്തു വെച്ചിരിക്കുന്നു.

മിസ്സിലെ ഫുൾ ഒരു വലിയ ജോലികൾ പൂർത്തിയായിരിക്കുന്നു.

ഇനം വു. ഒരു ഇടവഴി പരിഷ്കരിക്കാനാണ് ഈ എസ്റ്റിമേറു അനുവദിച്ചതു്. ഇതു് മുനിസിപ്പാലിറ്റിയോ ജനങ്ങളോ ആവശ്യപ്പെട്ടതല്ല. അതുകൊണ്ടു ചെയ്തിട്ടില്ല. ഇടവഴി ഒരു വണ്ടിപ്പാതയാക്കണമെന്നാണ് അവർ ആവശ്യപ്പെട്ടതു്.

ഇനം ൻ. ഈ എസ്റ്റിമേറു അനുവദിച്ചതു് ഫെബ്രുവരി ഏപ്രിൽ മാസത്തെ രണ്ടാം നമ്പർ ഗവണ്മെന്റുത്തരവിലാണ്. ഫോർട്ട്-മേഖലയിലുള്ള പ്രാരംഭവെയ്ക്കുന്നതിൽ നിന്നു, ൦൦൦ രൂപാ ഈ ജോലിക്കായി അനുവദിച്ചിട്ടുണ്ട്.

സയൻസ്കോളേജിലെ പ്രവേശനക്കണക്ക്.

*1174. മി. എം. എൻ. പിള്ള (തിരുവനന്തപുരം): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെന്റ് ദയവായി പറയുമോ.

(എ) വിദ്യാഭ്യാസവർഷം ഫെബ്രുവരി-ഫെബ്രുവരി-ൽ സയൻസ്കോളേജിലെ ഇൻറർമീഡിയറേറും ബി. എ-യും ക്ലാസുകളിൽ പ്രവേശനം കിട്ടുന്നതിനു വന്നിട്ടുള്ള അപേക്ഷകളുടെ എണ്ണം.

(ബി) പ്രവേശനം അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം.

(സി) താഴെപ്പറയുന്ന വർഗ്ഗക്കാരിൽനിന്നു കിട്ടിയ അപേക്ഷകളുടെ എണ്ണം.

(എ) ബ്രാഹ്മണർ (ഇ) ക്രിസ്ത്യാനികൾ

(ബി) നായന്മാർ (എഫ്) തമിഴർ

(സി) ഈഴവർ (ജി) മറ്റുഹിന്ദുക്കൾ

(ഡി) മുഹമ്മദീയർ

(ഡി) ഓരോ സമുദായത്തിൽനിന്നും പ്രവേശനം അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം.

(ഇ) വിദേശിയരെ അനുവദിച്ചിട്ടുണ്ടെങ്കിൽ അവരുടെ എണ്ണം.

(എഫ്) അങ്ങനെയുള്ള വിദേശിയരുടെ ജാതി.

(ജി) ഉപേക്ഷിച്ച അപേക്ഷകളുടെ എണ്ണം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ് സെക്രട്ടറി):

* അനുബന്ധം I നോക്കുക (പുറം നമ്പർ)

ക്ലാസ്സ്.	(എ)—യും (ബി)—യും അപേക്ഷകരിൽവന്ന എണ്ണം.	പ്രവേശനം അനുവദിച്ച എണ്ണം.
ജൂനിയർ ഇൻറർമീഡിയേറ്റ്	൨൫൫	൧൫൫
സീനിയർ ”	൫൫൦	൫൦
ജൂനിയർ ബി. എ. (പാസ്സും ഓണേഴ്സും)	൧൫൫	൨൯൦
സീനിയർ ബി. എ.	൫	൫

(സി)-യും (ഡി)-യും.

സമുദായം	ജൂനിയർ ഇൻറർ മീഡിയേറ്റ ക്ലാസ്സ്		സീനിയർ ഇൻറർ മീഡിയേറ്റക്ലാസ്സ്		ജൂനിയർ ബി. എ. പാസ്സുംഓണേഴ്സും		സീനിയർ ബി. എ. ക്ലാസ്സ്	
	ഗവർമ്മേണ്ടിലെ സ്കൂളുകളിൽ	പ്രൈവറ്റ് സ്കൂളുകളിൽ	ഗവർമ്മേണ്ടിലെ സ്കൂളുകളിൽ	പ്രൈവറ്റ് സ്കൂളുകളിൽ	ഗവർമ്മേണ്ടിലെ സ്കൂളുകളിൽ	പ്രൈവറ്റ് സ്കൂളുകളിൽ	ഗവർമ്മേണ്ടിലെ സ്കൂളുകളിൽ	പ്രൈവറ്റ് സ്കൂളുകളിൽ
ക. ബ്രാഹ്മണർ	൭൨	൯൯	൫	൩	൭൯	൭൯	...	...
ഖ. നായന്മാർ	൨൨൪	൨൨൨	൫	൩	൭൯	൭൯	...	...
ഗ. ഈഴവർ	൨൭	൨൭	...	...	൨൦	൨൦	...	....
ഘ. മുഹമ്മദീയർ	൯	൯	...	...	൩	൩	...	...
ങ. ക്രിസ്ത്യാനികൾ	൭൭	൭൯	൫	൫	൨൩	൨൩	...	...
ച. തമിഴർ	൭	൭	൫	൫	൭	൭	...	...
ഛ. മറ്റഹിന്ദുക്കൾ	൨൭	൨൯	൨	൨	൨൫	൨൫	..	...

(ഇ)-യും (എഫ്)—ം.

സമുദായം	ജൂനിയർ ഇൻറർ മീഡിയേറ്റക്ലാസ്സ	സീനിയർ ഇൻറർ മീഡിയറേറ്റക്ലാസ്സ	ജൂനിയർ ബി. എ. ക്ലാസ്സ് (പാസ്സും ഓണേഴ്സും)	സീനിയർ ബി. എ. ക്ലാസ്സ
ക. ബ്രാഹ്മണർ	൫	...	൭	...
ഖ. നായന്മാർ	...	...	൯	...
ഗ. ഈഴവർ	...	...	...	....
ഘ. മുഹമ്മദീയർ	...	...	...	...
ങ. ക്രിസ്ത്യാനികൾ	...	...	...	...
ച. തമിഴർ	...	...	...	...
ഛ. മറ്റഹിന്ദുക്കൾ	...	...	൨	...

(ബി) ക്ലാസ്സ്.	അപേക്ഷകരെ ഉപേക്ഷിച്ചതു്.	റിമാർക്ക്സ്.
ജൂനിയർ ഇൻറർ മീഡിയേറ്റ് ക്ലാസ്	൨൭	
സീനിയർ ഇൻറർമീഡിയേറ്റ്	* ൯	* ഒരാൾതാമസിച്ചു അപേക്ഷിച്ചു. ശേഷം ൪ പേർ ആവശ്യപ്പെട്ട വിവരങ്ങൾ ഹാജരാക്കിയില്ല.
ജൂനിയർ ബി. എ. പാസ്സുംഓണേഴ്സും	൪൨	
സീനിയർ ബി. എ.	...	

കോട്ടയംതാലൂക്കിൽ കുടിയാന്മാർ ഉണ്ടാക്കിയ റോഡുകൾ.

൨൪൨൨. മി. കെ. കെ. തോമസ് (കോട്ടയം): താഴെകൊണ്ടവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ദയവായി മേശപ്പുറത്തുവെയ്ക്കുമോ?

* അനുബന്ധം ൨൨ നോക്കുക. പുറം ൫൨൨൨.

(എ) കോട്ടയം താലൂക്കിന്റെ ഉത്തരഭാഗത്തു കൂടിയുള്ളവന്മാർ കവട്ടീട്ടുള്ള റോഡുകളുടെ തിളവും എണ്ണവും.

(ബി) അവയിൽ പൊളിഞ്ഞുതരമുള്ള ഡിപ്പാർട്ടുമെന്റിന്റെ സംരക്ഷണത്തിൽ എടുത്തവയുടെ എണ്ണം.

(സി) മുമ്പുതരാമുള്ളതായ പൊളിഞ്ഞുതരാമുള്ളതായ ഡിപ്പാർട്ടുമെന്റുകൾ സക്കാർവകയായി ഉണ്ടാക്കിയതും ഇപ്പോൾ ഉപേക്ഷിച്ചതായ സംരക്ഷിക്കപ്പെടാതെയോ കിടക്കുന്നതും.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) പതിനാലേക്കാൽ നാഴികനീളത്തിൽ ഒൻപതു റോഡുകൾ.

(ബി) എട്ടേമുക്കാൽ നാഴികനീളത്തിൽ 8 റോഡുകൾ.

(സി) ഒന്നുമില്ല.

മി. കെ. കെ. തോമസ് (കോട്ടയം): മറുപടിയുടെ (ബി) ഭാഗത്തിൽ സംരക്ഷണത്തിൽ എടുത്തു എന്നപറയുന്ന റോഡുകളുടെ പേരുവിവരമുണ്ടോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ആ വിവരം പറയാൻ ഇപ്പോൾ സാധിക്കയില്ല.

മി. കെ. കെ. തോമസ് (കോട്ടയം): മറുപടിയുടെ (ബി) ഭാഗത്തെസംബന്ധിച്ചുതന്നെ ഈ റോഡുകൾസംരക്ഷണത്തിനു ഏറ്റെടുക്കുന്നതിയതിഅറിവാൻ ആഗ്രഹിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ആ വിവരവും ഇപ്പോൾ പറയാൻ സാധിക്കയില്ല.

മി. കെ. കെ. തോമസ് (കോട്ടയം): പുതുപ്പള്ളി പുതുശ്ശേരി റോഡിന്റെ കാര്യം ശ്രീമൂലംപ്രജാസഭയിൽ പ്രാവശ്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വിഷയീഭവിപ്പിച്ചു എങ്കിലും അതുപേക്ഷിച്ചു കിടക്കയാണെന്നുള്ള സംഗതി ഗവണ്മെന്റിനു അറിയാമോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഇക്കാര്യത്തെപ്പറ്റി ഗവണ്മെന്റ് അന്വേഷണം നടത്തുന്നതാണ്.

ചോദ്യങ്ങൾ പാടംതോട്.

*൨൪൫. മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): (എ) താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ് മയത്തായി പറയുമോ ?

(എ) ചാലയ്ക്കൽ പാടം തോടിനു ആകെ ചെലവായിട്ടുള്ള സംഖ്യ.

(ബി) തോട് എത്രനീളം ഉപയോഗത്തിൽ കൊണ്ടുവന്നു, എത്രനീളം ഉപയോഗത്തിൽ കൊണ്ടുവരാനുണ്ട് ?

(ബി) ഈ തോട്ടുവെട്ടിതീർന്നാൽ അതിന്റെ പടിഞ്ഞാറു കിടക്കുന്ന നിലങ്ങൾക്കു എപ്രകാരം ഉണ്ടാകുമെന്നു ഗവണ്മെന്റ് അന്വേഷണം കഴിച്ചുവോ ?

(സി) കഴിച്ചെങ്കിൽ ആ അന്വേഷണത്തിന്റെ ഫലം എന്തു ?

(ഡി) താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ് മയമായി പറയുമോ ?

(എ) തോട്ടുപയോഗത്തിൽ കൊണ്ടുവരുന്ന തീയ്യതിമുതൽ ഗവണ്മെന്റ് ചെലവാക്കുന്ന പണത്തിന്റെ പലിശയ്ക്കായി ഒരു വരികൊടുക്കാമെന്നു ആ നിലങ്ങളുടെ ഉടമസ്ഥന്മാർ ഏറ്റിരുന്നുവോ ?

(ബി) ആ തോട്ടുവെട്ടു ഇപ്പോൾ നടക്കുന്നുണ്ടോ ?

(സി) ഇല്ലെങ്കിൽ എപ്പോഴാണു തീർത്തിയതു, എന്തുകൊണ്ടാണു നിർത്തിയതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) (എ) സ്ഥലവില ഉൾപ്പെടെ തുപ്പാ ക്കുവാക്കുന്നു ൦ കാര്യം ൦.

(ബി) തോടിന്റെ നീളം നൂറ്റൻ അടി ഉടകളിലുള്ള മണ്ണുനീക്കി കുറെവെട്ടുകഴിഞ്ഞു അപ്പോൾപാറകണ്ടു. പാറകുറെപൊട്ടിക്കാൻ ശ്രമിച്ചുശേഷം ജോലിനിർത്തിവച്ചു. തോടിന്റെ ഒരുഭാഗവും എസ്റ്റിമേറിൽ ഉള്ളടത്തോളം കുഴികുഴിച്ചിട്ടില്ല.

(ബി) ഉവ്വ്.

(സി) തോട്ടുവെട്ടുന്നതിന്റെ ഗുണം അതിന്റെ ചെലവിനു അനുരൂപമായിരിക്കയില്ലെന്നാണു അന്വേഷണം കൊണ്ടുകണ്ടതു.

(ഡി) (എ) തോടിന്റെ കായ്ത്തലിൽ താല്പര്യം ഉണ്ടായിരുന്ന കുടിയാന്മാർ ചെലവിനെ ആലോചിച്ചു ഒരു ജലവരികൊടുക്കാമെന്നു വാഗ്ദാനം ചെയ്തിരുന്നു. ചിലകുടിയാന്മാർക്കു ജലവരി കൊടുക്കുന്ന കാര്യം വിസമ്മതം ആണെന്നു പിന്നീടറിപ്പോൾകിട്ടി.

(ബി) ഇല്ല.

(സി) മേൽപറഞ്ഞ കാരണങ്ങളാൽ തോട്ടുവെട്ടു തൽക്കാലം നിർത്തിവയ്ക്കുന്നതെന്നു ഗവണ്മെന്റ് കല്പിച്ചു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): തോട്ടു എത്രയും എന്തിയപ്പോഴാണു പാറകണ്ടതെന്നു ഗവണ്മെന്റ് സഭയെയാട്ടു പറയുമോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): തോടിന്റെ ഏഴുഭാഗത്താണു പാറയുള്ളതെന്നു അന്വേഷണം നടത്തിയില്ല. പാറകണ്ടയുടനെ പണിനിർത്തിവച്ചു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): പാറപൊട്ടിക്കാനുള്ള ചെലവു കണക്കാക്കിയോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഇല്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): പാറപൊളിക്കാൻ ടെൻഡർ വിളിച്ചിരുന്ന സംഗതി ഗവണ്മെന്റിനു അറിവുണ്ടോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഉവ്വ്. പാറകൾ എളുപ്പത്തിലും പ്രയാസം കൂടാതെയും പൊളിക്കാനുള്ളസാധനത്തെപ്പറ്റി ചിലകമ്പനിക്കാരോടു ചോദിച്ചിരുന്നു. എന്നാൽ പൊളിച്ചുകല്ലിനുള്ള വശ്യക്കാർ ഇല്ലെന്നാണു കണ്ടതു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): പാറപൊളിക്കാൻ മർഘാസുവിളിച്ചിരുന്നോ എന്നാണ് എന്റെ ചോദ്യം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഇല്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ചങ്ങനാശ്ശേരി മുൻസിപ്പൽകോടതിവക്കീൽ മിസ്റ്റർ എ. മാധവൻപിള്ള ഇക്കഴിഞ്ഞതിൽ മർഘാസു ബോധിപ്പിച്ചിരുന്ന എന്ന ഗവർണ്മെന്റിനു അറിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): അതിനെപ്പറ്റി ഇവിടെ വിവരമില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): പാറപൊളിക്കുന്നതിനു ഒരു എസ്റ്റിമേറു ഗവർണ്മെന്റു ഭയയായി തയ്യാറാക്കിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ജോലിനടത്തുമെന്നുണ്ടെങ്കിലേ എസ്റ്റിമേറു തയ്യാറാക്കിയുള്ളുകൊണ്ടു പ്രയോജനമുള്ളു. ജോലി നടത്തുന്നകാര്യം പ്രയാസംകൂടിയ കാര്യമായിട്ടിരിക്കും. തോട്ടപ്പള്ളിയാൽ കൂടുതൽ കരംകെട്ടിക്കാമെന്നു കുടിയാന്മാർ അല്പം ഏറിനിന്നു. എന്നാൽ ചിലർ മാറിക്കളഞ്ഞു. അതുകൊണ്ടു ജനഹിതത്തെയാണു ഈ ജോലി ആശ്രയിച്ചിരിക്കുന്നതു. അതുകൊണ്ടു പാറ പൊളിച്ചുമാറ്റുന്നതിനു എന്തു പ്രയാസങ്ങളുണ്ടെന്നു എസ്റ്റിമേറു തയ്യാറാക്കുന്നതുകൊണ്ടു പ്രയോജനമൊന്നും വരാനില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ഏതു കുടിയാന്മാർ പിൻമാറിക്കളഞ്ഞു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ശരിയായ എണ്ണം ഇപ്പോൾ പറവാൻകഴിയുകയില്ല. കൂടുതൽ കരം കെട്ടാമെന്നു അല്പം പറഞ്ഞിരുന്ന വളരെപേർ പിൻമാറിക്കളഞ്ഞു

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): കുടിയാൻമാർ എല്ലാവരും പിൻമാറിക്കളഞ്ഞു എന്നാകണം ഞാൻ മനസ്സിലാക്കേണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): അല്ല. അവരിൽ വളരെപേർ പിൻമാറിക്കളഞ്ഞു എന്നാണു ഞാൻ പറഞ്ഞതു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): മനസ്സിലില്ലെന്നുപറഞ്ഞവർ അപ്രതീക്ഷിതമായ എതു തരമായ സംഭവങ്ങളെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഇപ്പോൾ പറവാൻ സാധിക്കയില്ല.

റോഡുകൾ ഉണ്ടാക്കാനുള്ള കണ്ട്രാക്ട് കൊടുത്തശേഷം കണ്ട്രാക്ടർമാർക്ക് കൊടുക്കുന്നതിനെപ്പറ്റി.

൧൪൪. മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): (എ) കുടിയാൻവക റോഡുകളും ഉറവു പുതിയ റോഡുകളും പോകുന്ന വഴിക്കു നിവസിക്കുന്ന ജനങ്ങൾ ആ വക റോഡുകൾ യഥാർത്ഥമായി നന്നാക്കി സംരക്ഷിക്കുന്നകാര്യത്തിൽ അതിതാല്പര്യവും ഉള്ളവരാണെന്നു ഗവർണ്മെന്റിനറിയാമോ?

(ബി) ആ റോഡുകൾ നന്നാക്കാനോ സംരക്ഷിക്കാനോ ഉള്ള ജോലി അവക്ക് കണ്ട്രാക്ട് കൊടുത്താൽ ആ ജോലിയിൽ അവക്ക് അന്യരേക്കാൾ താല്പര്യവും ഉണ്ടായിരിക്കയും അനുഭവിച്ച സംഖ്യകൊണ്ടു ചെയ്യുവാനേടത്തോളം ജോലി തീർക്കയും ചെയ്യുകയില്ലയോ?

(സി) കുടിയാൻവക റോഡുകളും മറ്റു പുതിയ റോഡുകളും നന്നാക്കുകയും സംരക്ഷിക്കയും ചെയ്യുന്ന ജോലി ആ റോഡുകൾ പോകുന്ന സ്ഥലത്തെ നിവാസികളെ കണ്ട്രാക്ട് ഏൽപ്പിക്കുന്നതാണെന്നു ചീഫ് എഞ്ചിനീയരോടു ഗവർണ്മെന്റു ഭയവായി അന്വേഷിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): (എ) ഉവ്വ്. അതു സാധാരണമാണ്.

(ബി) അധികവും ജോലി കണ്ട്രാക്ടായി എടുത്തു നടത്തുവാൻ വരുന്ന ആളുകളെ ആശ്രയിച്ചിരിക്കും.

(സി) ഒരേതരം റോഡുകളുടെ സംരക്ഷണപ്രവൃത്തി ചീഫ് എൻജിനീയരോടു അപേക്ഷിക്കയും ഡിപ്പാർട്ടുമെന്റു ചട്ടങ്ങളും നടപടികളും അനുസരിച്ചു പ്രവർത്തിക്കുമെന്നു ഏൽക്കുകയും ചെയ്യുന്നവർക്ക് കണ്ട്രാക്ട് കൊടുക്കുന്നതാണ്. ഇങ്ങനെയുള്ള ഉപദേശം എക്സിക്യൂട്ടീവ് എൻജിനീയർമാർക്ക് കൺവെൻഷൻ ഡിസംബർമാസത്തിൽ ചീഫ് എൻജിനീയർതന്നെ അയച്ചിട്ടുണ്ട്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): സെക്രട്ടറി മറുപടിപറഞ്ഞ ചോദ്യങ്ങളുടെ മിന്നു നോക്കി അതിലെ ൧൮-ാം നമ്പർ ചോദ്യവും ഈ ൧൯-ാം നമ്പർ ചോദ്യവും താരതമ്യപ്പെട്ടുനോക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഉവ്വ്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): രണ്ടും ഒന്നുതന്നെയല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): അതെ. ഒന്നുതന്നെയാണു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ൧൮-ംനമ്പർ ചോദ്യത്തിനു മറുപടി പറഞ്ഞശേഷം ഇന്നാം ആ മറുപടി ആവർത്തിച്ചതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഒരു തെറ്റു വന്നുപോയതാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): എന്നാൽ എനിക്കു വേറൊരു ചോദ്യം ചോദിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): നമ്പർ ഒരു തെറ്റു വന്നുപോയതു തിരുത്തി ഉപചോദ്യം ചോദിക്കാൻ വിചാരിക്കുന്നെങ്കിൽ അതിനു മറുപടിപറയുന്നതിനു ഗവർണ്മെന്റിനു വിരോധ

മി. ജി. ജെ. മാത്യു (ചങ്ങനാശേരിയും പിന്നാക്കപ്രദേശം): നിങ്ങൾ സർവ്വേക്ഷൻ നടപ്പായതിൻപ്രകാരം എത്ര പോപ്പുലേഷനുകൾ ബോധിപ്പിച്ചിട്ടുണ്ടെന്നു പറയുമോ? അതു ഞാൻ ചോദിച്ചിട്ടില്ലെന്നും മറുപടി പറയാത്തതുമായ ഒരു ചോദ്യമാണ്. ഒരു ഉപചോദ്യമല്ല (കുറച്ചു ഉറക്കെ, ഒയവായി) ക ര ര-ാം നമ്പർ ചോദ്യം ഞാൻ പറഞ്ഞപ്രകാരം ഒരിക്കൽ മറുപടിപറഞ്ഞിട്ടുള്ള ക ാ വു-ാം ചോദ്യം ആവർത്തിച്ചതാകയാൽ, അതിനു പകരമായി ഞാൻ ഒരു പുതിയ ചോദ്യം ചോദിക്കയാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അതു ചട്ടപ്രകാരം അനുവദിക്കാവുന്നതല്ല എന്നു തോന്നുന്നു.

ദേവാലയങ്ങളും മുഖ്യമായവയ്ക്കു സമീപമുള്ള മദ്യഷാപ്പുകളുടെ സ്ഥാപനം.

ക ര ള. മി. തയ്യിൽ കുഞ്ഞിരാമൻനായർ (മൂഴിക്കുളവും തൊട്ടുപുഴയും): (എ) സംസ്ഥാനത്തിലെ മദ്യഷാപ്പുകളിൽ എത്ര എണ്ണം ദേവാലയങ്ങൾ, വിദ്യാലയങ്ങൾ, ഗവൺമെൻറാഫീസുകൾ ഇവയുടെ ഒരു ഫർലോങ്ങിനുള്ളിൽ സ്ഥാപിക്കപ്പെട്ടവയാണെന്നു ഗവൺമെൻറ ഒയവായി പറയുമോ?

(ബി) മദ്യഷാപ്പുകളുടെ പ്രസ്തുതസ്ഥാപനംകൊണ്ടു ജനങ്ങൾക്കു വളരെ അസൌകര്യങ്ങൾ ഉണ്ടെന്നു ഗവൺമെൻറിനു അറിയാമോ?

(സി) ജനങ്ങളുടെ സമാധാനസംരക്ഷണത്തിനുവേണ്ടി ദേവാലയങ്ങൾ, വിദ്യാലയങ്ങൾ, ഗവൺമെൻറ ആഫീസുകൾ ഇവയുടെ രണ്ടു ഫർലോങ്ങ് സമീപത്തിനുള്ളിൽവെച്ചുള്ള മദ്യവ്യാപാരം പാടില്ലെന്നു ഗവൺമെൻറ ഉടനേതന്നെ ഉത്തരവുകൾ അയക്കുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിൽ ഇരിക്കുന്ന ഗവൺമെൻറ സെക്രട്ടറി): (എ) വിവരം ഇപ്പോൾ ഇവിടെ ഇല്ല. എടുത്തിവരുന്നുണ്ട്.

(ബി) ഒരു കാപ്പിൻറ സ്ഥാപനത്തെപ്പറ്റി വല്ല പരാതിയും ഉണ്ടായാലുടനെ കഴിവുള്ളേടത്തോളം വിരോധമില്ലാത്ത ഒരു സ്ഥലത്തേക്കു അതിനെ നീക്കംചെയ്യാൻ വേണ്ടതു ചെയ്യുവരുന്നുണ്ട്.

(സി) ജനങ്ങൾകൂടുന്ന പൊതുസ്ഥലങ്ങളുടെ രണ്ടു ഫർലോങ്ങിനുള്ളിൽ ചാരായക്കാപ്പുകളും കള്ളുകാപ്പുകളും കഴിവുള്ളേടത്തോളം സ്ഥാപിക്കരുതെന്നു ഡിപ്പാർട്ടുമെൻറുവക ഉത്തരവു ഇപ്പോൾതന്നെ ഉണ്ട്. ഇക്കാര്യത്തിൽ അയച്ചിട്ടുള്ള ഉത്തരവിൻറ ഒരു പകർപ്പു * മേശപ്പുറത്തു വച്ചിരിക്കുന്നു.

മലയാള പാഠപുസ്തകങ്ങളുടെ വില്പന.

ക ര സു. മി. എൻ. കുമാരൻ (ഗവൺമെൻറ നിയമനം): മലയാളം പാഠപുസ്തകങ്ങൾ അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെ ആപ്പീസുകളിൽ വാങ്ങാൻ കിട്ടുന്നില്ലെന്നും അതുനിമിത്തം വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കന്മാർക്കും വളരെ അസൌകര്യങ്ങൾ നേരിടുന്നുണ്ടെന്നും ഗവൺമെൻറിനു അറിവുണ്ടോ?

(ബി) ഇവയുടെ വിൽപ്പനയ്ക്കു ഗവൺമെൻറ ഒയവായി കൂടുതൽ ഏജൻറന്മാരെ നിയമിക്കുകയും എല്ലായ്പോഴും അവരുടെപക്കൽ ആവശ്യമുള്ള പുസ്തകങ്ങൾ ഉണ്ടായിരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): (എ) യും (ബി) യും ഈ സ്കൂൾ വർഷാരംഭത്തിൽ ചില അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെ ആഫീസിൽ ചില മലയാളപാഠപുസ്തകങ്ങൾ വിൽക്കാൻ ഇല്ലായിരുന്നു എന്നു ഗവൺമെൻറിനു അറിവുണ്ട്. ആവശ്യമുള്ള പുസ്തകങ്ങൾ പിന്നീട അവർക്കു എത്തിച്ചുകൊടുത്തിട്ടുണ്ട്. അതുകൊണ്ടു അവയുടെ വിൽപ്പനയ്ക്കു കൂടുതൽ ഏജൻറന്മാരെ നിയമിച്ചിട്ടാവശ്യം ഉണ്ടെന്നു ഗവൺമെൻറ വിചാരിക്കുന്നില്ല.

മി. എൻ. കുമാരൻ (ഗവൺമെൻറ നിയമനം): എൻറെ ചോദ്യത്തിൻറെ രണ്ടു ഭാഗങ്ങൾക്കും മന്നായിട്ടാണ് മറുപടി പറഞ്ഞിട്ടുള്ളതു്. "ആവശ്യമുള്ള പുസ്തകങ്ങൾ പിന്നീട അവർക്കു എത്തിച്ചുകൊടുത്തു" എന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. അതു എൻറെ ചോദ്യത്തിൻറെ (എ) ഭാഗത്തിൻറെ മറുപടിയോ (ബി) ഭാഗത്തിൻറെ മറുപടിയോ, ആ വിവരം കിട്ടണമെന്നു ഞാൻ ആവശ്യപ്പെട്ടില്ല. ഗവൺമെൻറു കൂടുതൽ വിവരമായ് തന്നതാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ചോദ്യത്തിനു ഭാഗംഭാഗമായി മറുപടി പറയുന്നതിനു പകരം ചോദ്യത്തിനു പൂർണ്ണവിവരം അടങ്ങിയ മറുപടി പറഞ്ഞാൽ മതിയെന്നു ഗവൺമെൻറു വിചാരിച്ചു എന്നേയുള്ളൂ.

മി. എൻ. കുമാരൻ (ഗവൺമെൻറ നിയമനം): എൻറെ ചോദ്യത്തിൻറെ (എ) ഭാഗത്തിൻറെ മറുപടിയാണോ (ബി) ഭാഗത്തിൻറെ മറുപടിയാണോ എന്നാണ് എനിക്കു അറിയേണ്ടതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): മറുപടി (എ) യും (ബി) യും ഭാഗങ്ങൾക്കു മന്നായിട്ടുള്ളതാണ്.

മി. എൻ. കുമാരൻ (ഗവൺമെൻറ നിയമനം): മറുപടിയിൽ "അതുകൊണ്ടു അവയുടെ വിൽപ്പനയ്ക്കു കൂടുതൽ ഏജൻറന്മാരെ നിയമിച്ചിട്ടാവശ്യം ഉണ്ടെന്നു ഗവൺമെൻറു വിചാരിക്കുന്നില്ല" എന്നുള്ള വാചകത്തിലെ 'അതുകൊണ്ടു' എന്ന പദത്തിൻറെ അർത്ഥം എന്താണെന്നു സെക്രട്ടറി പറഞ്ഞുതരുവാൻ ആഗ്രഹിക്കുന്നു. പിന്നീടു പുസ്തകങ്ങൾ എത്തിച്ചുകൊടുത്തതുകൊണ്ടു എന്നാണോ പുസ്തകങ്ങൾ അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെ ആഫീസുകളിൽ ഇല്ലായിരുന്ന എന്നുള്ളതുകൊണ്ടാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അതു മറുപടിയിൽ കൊടുത്തിട്ടുണ്ട്. "ഈ സ്കൂൾവർഷാരംഭത്തിൽ ചില അസിസ്റ്റൻറ ഇൻസ്പെക്ടർമാരുടെ ആഫീസുകളിൽ ചില മലയാളപാഠപുസ്തകങ്ങൾ വിൽക്കാൻ ഇല്ലായിരുന്നു എന്നു് ഗവൺമെൻറിനു അറിവുണ്ട്. ആവശ്യമുള്ള പുസ്തകങ്ങൾ പിന്നീട അവർക്കു എത്തിച്ചുകൊടുത്തു. അതുകൊണ്ടു അവയുടെ വിൽപ്പനയ്ക്കു കൂടുതൽ ഏജൻറന്മാരെ നിയമിച്ചിട്ടാവശ്യം ഉണ്ടെന്നു ഗവൺമെൻറു വിചാരിക്കുന്നില്ല".

---

* അനുബന്ധം III നോക്കുക (പുറം [illegible]).

മി. എൻ. കുമാരൻ (ഗവണ്മെന്റിന്റെ നിയമനം): സെക്രട്ടറി മറുപടി വായിക്കയാണെങ്കിൽ ചെയ്യട്ടെ. മറുപടിയുടെ അവസാന വാചകത്തിൽ കാണുന്ന "അളന്നുകൊണ്ടു" എന്ന പദത്തിന്റെ അർത്ഥം എന്താണെന്നായിരുന്നു എന്റെ ചോദ്യം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റിന്റെ സെക്രട്ടറി): പുസ്തകങ്ങളും എണ്ണുകയും എല്ലാ അസിസ്റ്റന്റ് ഇൻസ്പെക്ടറന്മാർക്കും അയച്ചുകൊടുക്കയും ചെയ്തിരിക്കയാൽ അവയെ വിൽക്കുന്നതിനു പ്രത്യേകം ശട്ടംകെട്ടുകയുമാവശ്യമില്ല അതാണു "അളന്നുകൊണ്ടു" എന്ന പദത്തിന്റെ അർത്ഥം.

മി. എൻ. കുമാരൻ (ഗവണ്മെന്റിന്റെ നിയമനം): ഇപ്പോൾ പുതിയ പുസ്തകങ്ങൾ ഗവണ്മെന്റിൽ എത്തിയിട്ടുള്ളതുകൊണ്ടു വിൽക്കാൻ ഏജന്റന്മാർ ആവശ്യമില്ലെന്നു ഗവണ്മെന്റു തീർച്ചയാക്കി. എന്റെ അനുമാനം ശരിയായോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റിന്റെ സെക്രട്ടറി): ഇപ്പോൾ വേണ്ടപ്പെട്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. പുസ്തകവില്പനയ്ക്കായി ഓരോ അസിസ്റ്റന്റ് ഇൻസ്പെക്ടരുടെയും ആഫീസിൽ ഓരോ ഗുമസ്തൻ ഉണ്ടു്. പുസ്തകങ്ങൾ എത്തിയതു പള്ളിക്കൂടങ്ങൾ ഇറന്നതിന്റെ ശേഷമാണു്. പിന്നെ എല്ലാ അസിസ്റ്റന്റ് ഇൻസ്പെക്ടർമാരുടേയും ആഫീസുകളിലേക്കു അയച്ചു. ഇപ്പോൾ എല്ലാ വിദ്യാർത്ഥികൾക്കും കിട്ടിക്കാണണം. അളന്നുകൊണ്ടു വിൽക്കുന്നതിനു ഏജന്റന്മാർ ഇപ്പോൾ ആവശ്യമില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റിന്റെ നിയമനം): അസിസ്റ്റന്റ് ഇൻസ്പെക്ടർമാരുടെ ആഫീസുകളിൽ പുസ്തകങ്ങൾ എത്രമാസക്കാലം ഇല്ലാതിരുന്നു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റിന്റെ സെക്രട്ടറി): പള്ളിക്കൂടങ്ങൾ തുറന്നശേഷമെ കമ്പനിക്കാർ പുസ്തകം അയച്ചുതന്നുള്ളു. തെക്കൻ ഡിസ്ട്രിക്ടിൽ കൊടുക്കേണ്ടുന്ന ചില പാഠപുസ്തകങ്ങൾ കമ്പനിക്കാരിൽനിന്നും കിട്ടിയതു സെപ്തംബർ-ഒക്ടോബർ-മാസമാണു്. ഇങ്ങനെ ഇരുപ്പാണ്ടിൽ പാഠപുസ്തകങ്ങൾ അസിസ്റ്റന്റ് ഇൻസ്പെക്ടർമാർക്കു എത്തിച്ചുകൊടുക്കുന്നതിനു കുറെ കാലതാമസം ഉണ്ടായി. വടക്കുള്ള പത്തുപന്ത്രണ്ടു അസിസ്റ്റന്റ് ഇൻസ്പെക്ടർമാർക്കു മഹഡാഫീസിൽനിന്നു പുസ്തകങ്ങൾ കിട്ടിക്കഴിഞ്ഞിരിക്കുന്നു. അതിൽപിന്നെ ശേഷം സ്ഥലങ്ങളിലേക്കും ആവശ്യമുള്ള പുസ്തകങ്ങൾ അയച്ചിട്ടുണ്ടു.

മി. എൻ. കുമാരൻ (ഗവണ്മെന്റിന്റെ നിയമനം): ഈ പുസ്തകങ്ങൾ തിരുവിതാംകൂറിൽതന്നെ ഇല്ലാഞ്ഞിട്ടാണ് അസിസ്റ്റന്റ് ഇൻസ്പെക്ടർമാരുടെ ആഫീസുകളിലും ഇല്ലാതെവന്നതു എന്നാരണാ ഞാൻ മനസ്സിലാക്കേണ്ടതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റിന്റെ സെക്രട്ടറി): അതെ, അങ്ങനെതന്നെയാണ്. പുസ്തകങ്ങൾ എപ്പിൽ ഏപ്രിൽ-മെയ് മുമ്പായി എത്തിച്ചുതരണമെന്നു കമ്പനിയോടു ആവശ്യപ്പെട്ടിരുന്നു; എന്നാൽ പുസ്തകങ്ങൾ എത്തിയതു ജൂലായിമാസത്തിലാണ്,

മി. എൻ. കുമാരൻ (ഗവണ്മെന്റിന്റെ നിയമനം): ഇങ്ങനെയുള്ള പ്രയാസങ്ങൾ മേലിൽ ഉണ്ടാകാതിരിപ്പാൻ വേണ്ടുന്ന ശട്ടംകെട്ടുകൾ ഗവണ്മെന്റു ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റിന്റെ സെക്രട്ടറി): അതിനു മറുപടി പറഞ്ഞുകഴിഞ്ഞിരിക്കുന്നു, പാഠപുസ്തകങ്ങൾ ഇവിടെതന്നെ അച്ചടിച്ചു പള്ളിക്കൂടങ്ങൾ തുറക്കുന്നതിനുമുമ്പായി വില്പനക്കു തയ്യാറായിരിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതു്.

പാഠവിഷയപരിഷ്കരണക്കമ്മിറ്റിയുടെ റിപ്പോർട്ടുകൾ.

൧൪൭. മി. സി. പി. താമസ് (ഗവണ്മെന്റിന്റെ നിയമനം): നാട്ടുഭാഷാവിദ്യാഭ്യാസങ്ങളിലെ പാഠവിഷയങ്ങൾ പരിഷ്കരിക്കുന്നതിനു നിയമിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സമർപ്പിച്ചു മൂന്നുവർഷമായി എങ്കിലും അവയെസംബന്ധിച്ചു ഇതുവരെ ഉത്തരവും പാസ്സാക്കാതെയും എന്തുകൊണ്ടാണെന്നു ഗവണ്മെന്റിന്റെ മറുപടി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റിന്റെ സെക്രട്ടറി): സയ്കലാഭാഷാകമ്മിറ്റിയുടെ റിപ്പോർട്ടിനെപ്പറ്റി ആലോചിക്കുമ്പോൾ, ഇംഗ്ലീഷും നാട്ടുഭാഷയും മദ്ധ്യമസ്കൂളുകളെ യോജിപ്പിക്കുന്ന കാര്യവും ഓരോ കലാവിദ്യാഭ്യാസവും പ്രചരിപ്പിക്കുന്നകാര്യവും മറ്റും ആലോചിച്ചു തീർച്ചയാക്കാനുള്ളതുകൊണ്ടു നാട്ടുഭാഷാ മിഡിലും ഹൈയറും സ്കൂളുകളിലെ പാഠപദ്ധതിയെപ്പറ്റിയും ഉള്ള ആലോചനകൾ അധികവരെ നിറുത്തിവയ്ക്കുന്നതു നന്നായിരിക്കുമെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം. മിഡിൽസ്കൂളുകളിലേയും ഹൈസ്കൂളുകളിലേയും പാഠപദ്ധതി തീരുമാനപ്പെടുത്താതെ പ്രാഥമികസ്കൂളുകളിലേക്കു ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള പാഠപദ്ധതി വരുന്ന വിദ്യാഭ്യാസവർഷാരംഭംമുതൽ നടപ്പിൽവരുത്താമെന്നു എന്നു പറവാൻ വിദ്യാഭ്യാസഡയറക്ടരോടു ആവശ്യപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ മറുപടി കിട്ടിയാലുടനെ ഉത്തരവു പുറപ്പെടുന്നതാണ്.

മുഹമ്മദീയസ്കൂളുകളും വിദ്യാർത്ഥികളും.

൧൪൮. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ സംസ്ഥാനത്തു മുഹമ്മദീയരുടെ നാട്ടുഭാഷാവിദ്യാഭ്യാസങ്ങൾ ആകെ എത്ര ഉണ്ടെന്നും അവയിൽ ൧൯൨൭-൨൮ വർഷാവസാനത്തിൽ ആകെ എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നെന്നും ഗവണ്മെന്റിന്റെ മറുപടിയായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റിന്റെ സെക്രട്ടറി):

	എണ്ണം.	വിദ്യാർത്ഥിസംഖ്യ.
മുഹമ്മദീയ ആൺപള്ളിക്കൂടം	൩൩	൨൩൫൫
മുഹമ്മദീയ പെൺപള്ളിക്കൂടം	൫	൩൭൯
ആകെ	൩൮	൨൭൩൪

തമിഴ് സ്കൂളുകളും തമിഴ് വിദ്യാർത്ഥികളും.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഓരോ താലൂക്കിലും ഉള്ള (൧) ഡിപ്പാർട്ടുമെന്റുവക തമിഴ് മിഡിൽസ്കൂളുകളും. (൨) ഡിപ്പാർട്ടുമെന്റുവക തമിഴ് ഹൈസ്കൂളുകളും, (൩) സഹായധനംപറ്റുന്ന തമിഴ് മിഡിൽസ്കൂളുകളും. (൪) സഹായധനംപറ്റുന്ന തമിഴ് ഹൈസ്കൂളുകളും. (൫) ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ള തമിഴ് മിഡിൽസ്കൂളുകളും. (൬) അംഗീകരിച്ചിട്ടുള്ള തമിഴ് ഹൈസ്കൂളുകളും. (൭) ഡിപ്പാർട്ടുമെന്റുവക കരകമ്പനി ചെർണാക്കുലർ മിഡിൽസ്കൂളുകളും. (൮) ഡിപ്പാർട്ടുമെന്റുവക വെർണാക്കുലർഹൈസ്കൂളുകളും ഇവയുടെ എണ്ണവും ഓരോ താലൂക്കിലും ൧-ാം, ൨-ാം, ൩-ാം, ൪-ാം, ൫-ാം, ൬-ാം, ൭-ാം, ൮-ാം ക്ലാസ്സുകളിൽ

ളിൽ ക്ലാസ്സ്-ൽ വെ സ്കൂൾവർഷാവസാനത്തിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളുടെ എണ്ണവും കാണിക്കുന്ന ഒരു പട്ടിക സഭാങ്ങൾക്കു മേശപ്പുറത്തുവയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (സഭാങ്ങൾകാര്യസെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു.

നാട്ടുഭാഷാപരീക്ഷകർക്കുള്ള പ്രധാനപരീക്ഷകന്മാർ.

൧൪൦ മി. എം. എൻ. പിള്ള (തിരുവനന്തപുരം): (ക) ക്ലാസ്സ്-വെ-ൽ നാട്ടുഭാഷാ പരീക്ഷകർക്കു പ്രധാനപരീക്ഷകന്മാരായി നാട്ടുഭാഷാവകുപ്പിൽനിന്നു എത്രപേരെ തിരഞ്ഞെടുത്തു? ആരെയും എടുത്തിട്ടില്ലെങ്കിൽ എന്തുകൊണ്ട്?

(ഖ) ക്ലാസ്സ്-വെ-ൽ ടെയ്ൻഡ് ടീച്ചേഴ്സ് സെർട്ടിഫിക്കേറ്റ് പരീക്ഷയ്ക്കു പ്രധാന പരീക്ഷകനായി മലയാളഭാഷാജ്ഞാനമില്ലാത്ത മിസ്റ്റർ ശങ്കരസുബ്ബയ്യർ ബി. എ., എൽ. ടി. യെ നിയമിച്ചതിനു കാരണമെന്തെന്നു സഭാങ്ങൾക്കു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (സഭാങ്ങൾകാര്യസെക്രട്ടറി): (ക) ക്ലാസ്സ്-വെ-ലും ക്ലാസ്സ്-ൽ-ലും നടത്തിയ നാട്ടുഭാഷാ പരീക്ഷകർക്കു ഒരു പരീക്ഷകനെ നാട്ടുഭാഷാവകുപ്പിൽനിന്നു എടുത്തിരുന്നു.

(ഖ) മി. ശങ്കരസുബ്ബയ്യർ ബി. എ., എൽ. ടി. ക്കു മലയാളവും തമിഴും അറിയാം, മലയാളത്തിൽപ്പറിപ്പിക്കാനും മലയാളത്തിൽ ഭാഷാശിക്ഷണമുള്ള വിഷയങ്ങളിലെ ഉത്തരകടലാസുകൾ നോക്കാനും ആവശ്യമുള്ള മലയാളഭാഷാപരിജ്ഞാനം അദ്ദേഹത്തിനുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഒന്നാംഭാഗത്തിന്റെ മറുപടിസംബന്ധിച്ചു നാട്ടുഭാഷാവകുപ്പിൽ പ്രധാനപരീക്ഷകന്മാരായി ഇരിപ്പാൻ യോഗ്യതയുള്ള അദ്ധ്യാപകന്മാർ ആവശ്യംപോലെഇല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (സഭാങ്ങൾകാര്യസെക്രട്ടറി). ഉണ്ടായിരിക്കാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എന്നാൽ അവരിൽ ചിലരെ പ്രധാനപരീക്ഷകന്മാരായി നിയമിക്കാത്തതു എന്തുകൊണ്ട്?

മി. ടി. പി. രാമസുബ്ബയ്യർ (സഭാങ്ങൾകാര്യസെക്രട്ടറി): ഈ മാന്യനും ആ സ്ഥാനത്തിനു യോഗ്യനായിത്തന്നെ, അദ്ദേഹം യോഗ്യനായിരുന്നതുകൊണ്ടു അദ്ദേഹത്തെ തിരഞ്ഞെടുത്തു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): രണ്ടാംഭാഗത്തിന്റെ മറുപടി സംബന്ധിച്ചു മിസ്റ്റർ ശങ്കരസുബ്ബയ്യർ ജനിച്ചു പരീക്ഷകർക്കു അദ്ദേഹത്തിനുള്ള ഐച്ഛികഭാഷ മലയാളം ആയിരുന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (സഭാങ്ങൾകാര്യസെക്രട്ടറി): അല്ല.

മി. എം. എൻ. പിള്ള. (തിരുവനന്തപുരം): മറുപടിയിൽ അദ്ദേഹത്തിനു മലയാളവും തമിഴും ഇംഗ്ലീഷും അറിയാമെന്നു പറഞ്ഞുവല്ലോ അദ്ദേഹം ചേർന്ന പരീക്ഷകർക്കു രണ്ടാമതായിട്ടോ മലയാളം അല്ലായിരുന്നെങ്കിൽ അദ്ദേഹത്തിനു മലയാളഭാഷയ'ൽ പഠിപ്പിക്കാനും മലയാളത്തിൽ എഴുതിയ ഉത്തരകടലാസ്സുകൾ നോക്കാനും കഴിയുന്നതു എങ്ങനെയെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (സഭാങ്ങൾകാര്യസെക്രട്ടറി): അദ്ദേഹത്തിനു മലയാളം അറിഞ്ഞാൽമതി മലയാളത്തിൽ പഠിപ്പിക്കാനും ഭാഷാസംബന്ധമല്ലാത്ത ഉത്തരക്കടലാസുകൾ നോക്കാനും വേണ്ടുന്ന മലയാളഭാഷാപരിജ്ഞാനം അദ്ദേഹത്തിനുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അദ്ദേഹം മലയാളം പഠിച്ചിട്ടുണ്ടോ? മലയാളം പഠിക്കാത്ത ആളെ എഴുതിക്കുന്നതെങ്ങനെ?

മി. ടി. പി. രാമസുബ്ബയ്യർ (സഭാങ്ങൾകാര്യസെക്രട്ടറി). അദ്ദേഹം മലയാളം ക്ലാസുകളിൽപോലും പഠിപ്പിക്കുന്നുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മലയാളം പഠിപ്പിക്കാൻ അദ്ദേഹത്തിന്റെ യോഗ്യത പരിക്ഷിച്ചുനോക്കിയതാർ?

മി. ടി. പി. രാമസുബ്ബയ്യർ (സഭാങ്ങൾകാര്യസെക്രട്ടറി): അദ്ദേഹം മലയാളം ക്ലാസ്സുകളിൽ പഠിപ്പിച്ചിട്ടുണ്ട്. ആ ക്ലാസുകളെ ഇൻസ്പെക്ടർ തീർച്ചയായും പരീക്ഷിച്ചിട്ടുണ്ടായിരിക്കണം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അദ്ദേഹത്തിന്റെ ഉപഭാഷ മലയാളമല്ല. മലയാളത്തിൽ പ്രധാന പരീക്ഷകനായിരിക്കാൻ അദ്ദേഹത്തിനു യോഗ്യതയുണ്ടാകുന്നതെങ്ങനെയെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (സഭാങ്ങൾകാര്യസെക്രട്ടറി): മി. ശങ്കരസുബ്ബയ്യർ കുറെക്കാലമായി രണ്ടാംഫാറത്തിനു താഴെയുള്ള ക്ലാസുകളിൽ മലയാളത്തിൽ പഠിപ്പിക്കുന്നു. മിഡിൽക്ലാസ്സിൽ മലയാളഭാഷയും പഠിപ്പിച്ചിട്ടുണ്ട്. ആ ക്ലാസ്സുകളിൽ പഠിപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ ജോലി ഇൻസ്പെക്ടർ പരിശോധിച്ചിട്ടുണ്ടായിരിക്കണം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അദ്ദേഹത്തിന്റെ പരീക്ഷയ്ക്കു ഉപഭാഷ തമിഴായിരുന്നു. യോഗ്യതയെന്നുമില്ലാതെ മലയാളം പഠിപ്പിക്കുന്നതെങ്ങനെ?

പ്രസിഡന്റ്, ഒരുഭാഷയിൽ പരീക്ഷ ജയിച്ചെങ്കിൽ മാത്രമേ ഒരാൾക്കു ആഭാഷയറിയാൻ പാടുള്ളൂ എന്നാണോ മെമ്പർ വിചാരിക്കുന്നതു?

മി. എം. എൻ. പിള്ള (തിരുവനന്തപുരം) : മി. ശങ്കരസുബ്ബയ്യർ തെറ്റുമിഴനാണു, അവിടേയ്ക്കു നിയമനമാകണമെന്നു തോന്നുന്നു. അദ്ദേഹം മലയാളം പഠിപ്പിക്കുന്നകാര്യം പ്രയാസമായിരിക്കണം എന്നുവിചാരിക്കുന്നു.

പ്രസിഡന്റ്. ഒരാൾക്കു പലഭാഷകൾ അറിയാമെന്നിരുന്നാലും ഒരുഭാഷയിലെ പരീക്ഷയ്ക്കു മാത്രമേ പോയേക്കുള്ളൂ എന്നു ഞാൻ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) : പ്രധാന പരീക്ഷകനായിരിക്കാൻ യോഗ്യതയുള്ള അനേകംമലയാളികളും സംസ്കൃതവും ബി. എ. ക്കാരുണ്ട്. അവരുടെ അവകാശം നോക്കാതിരിക്കുന്നതും എന്തുകൊണ്ടാണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (സഭാങ്ങൾകാര്യസെക്രട്ടറി) : മലയാളം വിദ്യാർത്ഥികളെ മാത്രമല്ലഹൈസ്കൂൾ ഗ്രേഡ് ഇംഗ്ലീഷ് അദ്ധ്യാപകന്മാരെയും തമിഴ് അദ്ധ്യാപകന്മാരെയും ബോധ്യപരീക്ഷിക്കേണ്ടതായിട്ടുണ്ട്. അ

* അനുബന്ധം IV നോക്കുക (പുറം 534)

ഇതുകൊണ്ടു പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല. ഏതെങ്കിലും വിഷയത്തിൽ പാണ്ഡിത്യമുള്ളവരായി തമിഴുപരീക്ഷകന്മാരെ പരീക്ഷിക്കാനും തമിഴിൽ തർജ്ജമചെയ്യാനും കഴിവുള്ള ഒരാൾ ബോർഡിൽ ഉണ്ടായിരിക്കേണ്ടതു ആവശ്യമാണു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) : തമിഴിനെപ്പറ്റി ഞാനൊന്നും ചോദിക്കുന്നില്ല. എന്റെ ചോദ്യം മലയാളത്തെ പറ്റിയായിരുന്നു. മി. ശങ്കരസുബ്ബയ്യർ തിരുവിതാംകൂർകാരനാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ടു സെക്രട്ടറി) : അതെ, അദ്ദേഹം തിരുവിതാംകൂർകാരനാണു, പരദേശിയല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) : മേലാലെങ്കിലും മലയാളഭാഷാ പരിജ്ഞാനംള്ളവരെ നിയമിക്കണമെന്നു അധികാരസ്ഥന്മാരോടു ആജ്ഞാപിക്കാമെന്നു ഗവണ്മെന്റു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി) : അങ്ങനെയല്ലയും ചെയ്യാൻ കഴിയുമെന്നുതോന്നുന്നില്ല. എന്തെന്നാൽ മി. ശങ്കരസുബ്ബയ്യക്കു പരീക്ഷകനായിരിക്കാൻ യോഗ്യതയുണ്ടെന്നു കണ്ടാൽ അദ്ദേഹത്തെ നിയമിക്കേണ്ടിവന്നേക്കാം.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ ഉദ്യോഗങ്ങൾ.

൨൪൫ മി. തയ്യുള്ളകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) : വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ മലയാളവും ഇംഗ്ലീഷും വകുപ്പുകളിലുള്ള ഓരോ ജാതിയിൽപെട്ട അദ്ധ്യാപകന്മാരുടെ എണ്ണംകാണിക്കുന്നതായ പട്ടിക ഗവണ്മെൻറിന്റെ ഭയവായി മേശപ്പുറത്തുവയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി) : മെമ്പർ ആവശ്യപ്പെട്ട പ്രകാരമുള്ള പട്ടിക * മേശപ്പുറത്തുവച്ചിരിക്കുന്നു.

മി. തയ്യുള്ളകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) : മലയാളവും ഇംഗ്ലീഷും സ്കൂൾ ഇൻസ്പെക്ടന്മാരുടെ വഴിതിരിച്ചുള്ള സ്റ്റേറ്റുമെൻറു ആവശ്യപ്പെട്ടതിൽ തന്നിട്ടുള്ളതുസ്റ്റേറ്റുമെൻറു അടുത്തകാലത്തു ഗവണ്മെൻറിങ്കനിന്നും ഉണ്ടായിട്ടുള്ള സർക്കുലർ അനുസരിച്ചുതയാറാക്കിയതാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി) : മെമ്പരുടെചോദ്യത്തിൽ അങ്ങനെസർക്കുലർ അനുസരിച്ചു വേണമെന്നു ചോദിച്ചിട്ടില്ല. അതുകൊണ്ടു ചോദ്യത്തിനു അനുസരണമായ ഉത്തരമാണു തന്നിട്ടുള്ളതു.

മി. തയ്യുള്ളകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) : ഇതിനുമുമ്പു തന്നിട്ടുള്ള സ്റ്റേറ്റുമെൻറു പോലെയാണോ ഇതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി) : അതു നോക്കിയാലെ പറയാൻ സാധിക്കയുള്ളു

മി. തയ്യുള്ളകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) : സ്റ്റേറ്റുമെൻറു ഇന്നതരത്തിലാണെന്നുള്ള നിയമം വല്ലവ്യവസ്ഥയും ഉണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി) : ഗവണ്മെൻറുചോദിച്ചിട്ടുള്ള കണക്കിനു മാത്രമാകുമിപ്പോൾ കൊടുത്തിട്ടുണ്ടു.

മി. തയ്യുള്ളകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) : ആ മാതൃക എപ്പോഴുള്ള വ്യവസ്ഥയനുസരിച്ചുള്ളതാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി) . ആ മാതൃക നോക്കാതെ പറയാൻ സാധിക്കയില്ല.

മി. തയ്യുള്ളകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) : വഴിതിരിച്ചാണു ഞാൻചോദിച്ചിട്ടുള്ളതു സൂധാർണ്ണരായുള്ള സ്റ്റേറ്റുമെൻറുപോലെയുമല്ല ഇതു. അതുകൊണ്ടാണ് എപ്രകാരമാതൃകയനുസരിച്ചു തയാറാക്കിയതാണെന്നു ചോദിക്കുന്നതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി) : അങ്ങനെയുള്ള മെമ്പർക്കാവശ്യമുള്ള പക്ഷം അതുപോലെ തയാറാക്കിത്തരാൻ വിരോധമൊന്നുമില്ല.

മി. തയ്യുള്ളകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) : ഹിന്ദുക്കളിൽ നായന്മാർ, ബ്രാഹ്മണർ ഇങ്ങനെ ഓരോവഴിതിരിച്ചിട്ടുണ്ടെല്ലോ ക്രിസ്ത്യാനികളിൽ സിറിയൻകുസ്താൻ എന്നും മറുകുസ്ത്യാനികൾഎന്നും രണ്ടായി തിരിച്ചിട്ടുണ്ടു. കത്തോലിക്കർ അതിൽ ഏതിലാണു ഉൾപ്പെട്ടിട്ടുള്ളതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി) : രണ്ടിലുംകൂടെയുണ്ടാം

മി. തയ്യുള്ളകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) : പട്ടികയിൽ സിറിയൻകുസ്ത്യാനികൾ ൨൫ എന്നും മറുകുസ്ത്യാനികൾ ൫൨ എന്നുകാണുന്നു. ഇതിൽ കത്തോലിക്കകുസ്ത്യാനികളെ ൫൨ ശതമാനമായി ഉൾപ്പെടുത്തിയിരിക്കുന്നുവോ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി) : രണ്ടിലും കാണുമായിരിക്കും. ആവിവരംഅറിയണമെങ്കിൽ ഡയറക്ടരോടു രണ്ടാമതു എഴുതിച്ചോദിക്കണം.

പ്രസിഡൻറു. മി. കുഞ്ഞിതൊമ്മൻ, സ്റ്റേറ്റുമെൻറിൽ ഓരോവിഭാഗങ്ങളേയും പ്രത്യേകിച്ചുകാണിക്കാൻ വിട്ടുപോയതു അറിഞ്ഞതു കൊണ്ടായിരിക്കുമായിരുന്നു. അതുകൊണ്ടു ആ വിവരം ഇന്നതരത്തിലാണെന്നു പറയുവാൻ കഴിഞ്ഞിട്ടില്ല.

അനുബന്ധം I.

൨൪൫-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക

ഡിപ്പാർട്ടുമെൻറുവക പ്രാഥമിക സ്കൂൾ പഠിപ്പിക്കുന്നവരുടെ പട്ടിക.

വിവരം.

	എണ്ണം. പുരുഷന്മാർ. (എ)	സ്ത്രീകൾ. (ബി)
എ. ആൺപള്ളിക്കൂടങ്ങൾ	൪൩൭	
ഹെഡ്മാസ്റ്റർമാർ	൩൭	
൪-ാം ക്ലാസ് അദ്ധ്യാപകന്മാർ	൨൨൦൦	
ഫസ്റ്റ് മുതൽ മൂന്നുവരെ ക്ലാസ് ടീച്ചർ	൨൬൫	
അറബി മുൻഷിമാർ	൪൩	
ഖുറാൻ പഠിപ്പിക്കുന്നവർ	൪൭	
ആകെ	൨൮൫൫	

* അനുബന്ധം (V) നോക്കുക (പുറം535)

വിവരം.	എണ്ണം	പുരുഷന്മാർ.	സ്ത്രീകൾ.
ഡ. പൊൺപള്ളിക്കൂടങ്ങൾ			
ഹെഡ്മാസ്റ്റർമാരും മിസ്സ്രസ്മാരും		൪ ൭	൧ ൦ ൪
൪–ാം ക്ലാസ് പഠിപ്പിക്കുന്നവർ		...	൪
ക മുതൽ ന വരെ ക്ലാസ് പഠിപ്പിക്കുന്നവർ		൧൪	൪ ൦ ൪
മുഗവതർമാർ		൬ന	നൻ
തയ്യൽ മിസ്രസ്മാർ		...	൧ ൪ ൦
അംബി മൻഷി		ന	...
	ആകെ	൧൪൭	൬൦൬
	ക–ം ഡ–ം ആകെ	നന൪൭	൭൦൬

വിദ്യാർത്ഥിമന്ദിരവക നാട്ടോഷാ മിഡിൽസ്കൂളുകളിലേയും ഹൈസ്കൂളുകളിലേയും പ്രാഥമിക ക്ലാസുകളിൽ പഠിപ്പിക്കുന്നവരുടെ പട്ടിക.

ക. ആൺപള്ളിക്കൂടങ്ങൾ		
൪–ാം ക്ലാസിൽ പഠിപ്പിക്കുന്നവർ	൬ ൭ ൧	
ക മുതൽ ന വരെ ടി	൭ന ൭	
ആകെ	൧ ൦ ൭൬	
ഖ. പൊൺപള്ളിക്കൂടങ്ങൾ.		
൪–ാം ക്ലാസിൽ പഠിപ്പിക്കുന്നവർ	൬ ൭	൭ ൪
ക മുതൽ ന വരെ ടി	൧൪	൪ ൦ ൪
ആകെ	൪൧	൪൭൬
ക–ം ഖ–ം ആകെ	൧ ൦ ൪ന	൪൭൬

അനുബന്ധം II.

൧൪ ാം നമ്പർ ചോല്യത്തിന്റെ മറുപടി നോക്കുക.

തിരുവനന്തപുരം പട്ടണത്തിൽ അനുവദിച്ചുറോഡുകളുടെ പട്ടിക.

നമ്പർ	റോഡുവിവരം.	സംഖ്യ
ക.	ഗാന്ധാരിഅമ്മൻകോവിൽ മുതൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രംവരെയുള്ള ഇടവഴി നന്നാക്കുക.	൧,൩൦൦
ഖ.	വഞ്ചിയൂർ സ്കൂളിന്റെ മുമ്പിലുള്ള റോഡ് മാറിവെട്ടുക.	൧൩,൦൧൦
ഗ.	കുറിക്കോട്ടിന സമീപം മണക്കാട്ട തിരുവല്ലം റോഡ് വീതികൂട്ടുക.	൪,൫൧൦
ഘ.	പുളിമൂട്ട കറസിഡൻസി റോഡ്മുതൽ ഓയിൽമിൽ റോഡുവരെയുള്ള ഇടവഴി വണ്ടി സ്പ്രാതയാക്കുക.	൧,൦൫൪
ങ.	പഴയലാലതെരുവുമുതൽ വടക്കോട്ട കൊച്ചുറോഡുവരെയുള്ള ഇടവഴി വണ്ടിപ്പാതയാക്കുക	൭ വുൻ
ച.	തമ്പാനൂർ സുബ്രഹ്മണ്യക്ഷേത്രത്തിന സമീപമുള്ള ഇടവഴി വണ്ടിപ്പാതയാക്കുക.	൧,൭൦൦
ഛ.	ക്ലോക്കിമന്ദിരം മുതൽ വഞ്ചിയൂർ റോഡുവരെയുള്ള ഇടവഴി നന്നാക്കുക.	൧,൮൯൦
ജ.	മെയിൻ റോഡിൽ പുളിമൂടുമുതൽ വഞ്ചിയൂർസ്കൂൾ വരെയുള്ള ഇടവഴി നന്നാക്കുക.	ന്യ,൪൦൦
ഝ.	വഞ്ചിയൂർസ്കൂളിന്റെ മുമ്പിൽനിന്ന കൊല്ലാപ്പുരയ്ക്കു പോകുന്ന ഇടവഴി വണ്ടിപ്പാതയാക്കി പണികഴിപ്പിച്ചുറോട്ടു നീട്ടിക്കൊണ്ടുപോകുക.	൪,൪൦൦

പണികഴിപ്പിച്ചു കഴിഞ്ഞിരിക്കുന്നു.

അനുബന്ധം III.

൧൪ ാംനമ്പർ ചോല്യത്തിന്റെ മറുപടിനോക്കുക.

നമ്പർ വ൦നവ–/എ ഡവ൦൭.

എക്സൈസ്കമ്മിഷണരുടെ ആഫിസ്, തിരുവനന്തപുരം,
ഡ ക–ക–ഡ൪/വ–ന–ക൦ൻൻ,

സർക്കുലർ.

ചന്ത, പള്ളിക്കൂടം, ദേവാലയം, ആശുപത്രി, തൊഴിൽശാല, പുകം, തീവണ്ടിപ്പാത മുതലായി ജനങ്ങൾ കൂടുന്ന സ്ഥലങ്ങളുടെ രണ്ടു ഫർലാങ്ങിനുള്ളിൽ കഴിവുള്ളിടത്തൊക്കെ ചാരായക്കാപ്പുകളും കള്ളുകാപ്പുകളും മദ്യം വിൽ സ്ഥാപിച്ചുപോകരുതെന്ന എക്സൈസ് ഡിവിഷൻ ചാർജ്ജുള്ള ഉദ്യോഗസ്ഥന്മാരെ അറിയിക്കുന്നു. ഈ ചട്ടം നിർബന്ധമാക്കുന്നതിന വല്ലപ്രയാസവും ഉണ്ടെങ്കിൽ നഗരങ്ങളിൽ മാത്രമേ ഉണ്ടായിരിക്കയുള്ളു. ഇവിടെ ഡിവിഷൻ ഉദ്യോഗസ്ഥന്മാർ തങ്ങളുടെ വിവേകബുദ്ധി പ്രയോഗിച്ചു, ഈ ചട്ടം വിശ്വസ്തതയോടെ നടപ്പിൽ വരുത്തുവാൻ തങ്ങളാൽ ആകുംവണ്ണം ശ്രമിക്കണം. ഉദ്ദേശ്യത്തിനെതിരെ ഒരു പ്രയാസവും ഉണ്ടാകാൻ സംഗതിയില്ല. വരുന്ന കൺട്രാക്ട് ചർച്ചയിൽ ലൈസൻസുകാർ കൊടുക്കുന്നതിനുമുമ്പായി അനുവദിക്കുന്ന സ്ഥലങ്ങൾ മേൽവിവരിച്ചു അറിഞ്ഞിരിക്കുകയില്ലെങ്കിൽ അവർ ബോദ്ധ്യംവരുത്തിക്കൊള്ളണം. ഈ ചട്ടത്തിന്റെ ലംഘനം ഗൗരവമായി വിചാരിക്കുന്നതാണ്.

എ. ജെ. വാൻറോസ്സ്, എക്സൈസ്കമ്മീഷണർ

1	2	3	4	5	6	7	8	9
തായ്ക്ക	വിദ്യാർത്ഥികൾ എണ്ണം	തായ്ക്ക	സ്ത്രീകൾ എണ്ണം	തായ്ക്ക	വിദ്യാർത്ഥികൾ എണ്ണം	തായ്ക്ക	സ്ത്രീകൾ എണ്ണം	തായ്ക്ക

അനുബന്ധം V,

ക ട കം—ം നമ്പർ ചോദ്യത്തിനു മറുപടിയായുള്ള.

ഇംഗ്ലീഷ്നാട്ടുഭാഷയും സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ജാതിവിവരം പട്ടിക.

ജാതിവിവരം.	ഇംഗ്ലീഷ്സ്കൂളിലെ അദ്ധ്യാപകന്മാരുടെഎണ്ണം.	നാട്ടുഭാഷാസ്കൂളിലെ അദ്ധ്യാപകന്മാരുടെഎണ്ണം.
മലയാളബ്രാഹ്മണർ	...	൪൪
മറുനാട്ടുബ്രാഹ്മണർ	ന൯൯	൫൪൪
നാടാർ	൨	൯൫
ഈഴവർ	൪	൨൯൪
കണക്കാളർ	..	൨൪
ക്ഷത്രിയർ	൪	൨൯
വായർ	൯൯൯	ന൫൭൯
പുലയർ	...	൪
മറ്റുജാതിക്കാർ	...	൫
വെള്ളാളർ	൯൯	൯൯൪
മറ്റുഹിന്ദുക്കൾ	൯	൨൪൯
മുഹമ്മദീയർ	൯൪	൯൭൫
സിറിയൻക്രിസ്ത്യാനികൾ	൨൯	൯൪൪
മറ്റുക്രിസ്ത്യാനികൾ	൯൫൦	ന൯൦
അമ്പലവാസികൾ	൯൦	...
കൊങ്കണബ്രാഹ്മണർ	൪	...
തട്ടാൻമാർ	ന൨	...
ആശാരിമാർ	൨	...
നായിന്മാർ	൨	...
യൂദന്മാർ	...	...
ആകെ	൭൪൨.	ന൯ന൭൭.

പൊതുക്കാര്യങ്ങളെസംബന്ധിച്ച പ്രമേയങ്ങൾ.

പ്രസിഡെൻറ്: ഇനി പ്രമേയങ്ങളെപറ്റി ആലോചിക്കാം.

കടിയാൻവക റോഡുകളുടെ സംരക്ഷണത്തെപറ്റിയുള്ള പ്രമേയം.

മി. സി. പി. തരകൻ (കുന്നത്തുനാട്): സർ, താഴെപറയുന്ന പ്രമേയം ഞാൻ മുമ്പോട്ടുവെക്കുന്നു.

"കടിയാന്മാരുടെ റോഡുകൾ ഗവണ്മെൻറിൽനിന്നു സംരക്ഷിക്കുന്നതിനെസംബന്ധിച്ചുള്ള ചട്ടങ്ങൾ ഫലപ്രദമല്ലാത്തതിനാൽ ആ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കണമെന്നും ഈ സഭ ഗവണ്മെൻറിനോടു ശിപാർശ ചെയ്യുകകൊള്ളുന്നു."

ഈ സംസ്ഥാനത്തിലെ എല്ലാ ഭാഗങ്ങളിലും ആവശ്യമുള്ള റോഡുകൾ നിർമ്മിക്കുന്നതു് ഗവണ്മെൻറിന്റെ പ്രധാന കൃത്യങ്ങളിൽ ഒന്നാണെന്നുള്ള ബോധത്തോടുകൂടി ഗവണ്മെൻറു പ്രവർത്തിക്കയും പലഭാഗങ്ങളിലും പുതുതായി റോഡുകൾ ഉണ്ടാക്കയും ചെയ്തിട്ടുണ്ടു്. എങ്കിലും എല്ലാ ആളുകളുടേയും ആഗ്രഹമോ അപേക്ഷയോ അനുസരിച്ചു റോഡുകൾ ഉടനടൻ തുറക്കുന്നതിനു ഗവണ്മെൻറിനു സാധിക്കാതെയാണിരിക്കുന്നതു്. വിദ്യാഭ്യാസവും പരിഷ്കാരവും വർദ്ധിക്കുന്നതോടുകൂടി പലവക ആവശ്യങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഗവണ്മെൻറു ചെലവു ചെയ്തു പുതിയതായ റോഡുകൾ ഉണ്ടാക്കുന്നതിനു മുമ്പിൽതന്നെ ജനങ്ങളും കഴിയുന്നതു ഈ വിഷയത്തിൽ പ്രവർത്തിക്കയും ഉത്സാഹിക്കയും ചെയ്യുമ്പോൾ ഗവണ്മെൻറു അതിലേയ്ക്കു വേണ്ട സഹായങ്ങളും ചെയ്തുകൊടുക്കേണ്ടതാണു്. കടികൾ ഉണ്ടാക്കിയ റോഡുകളെ മാവിയിൽ ശരിയായിട്ടു സംരക്ഷിച്ചു കൊണ്ടുപോകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവണ്മെൻറു കുറേ ശ്രമിച്ചിട്ടുണ്ടു്. എന്നാൽ ഈ വിഷയത്തിൽ ഗവണ്മെൻറിന്റെ ശ്രമം സഫലമായി എന്നുപറയാൻ നിവൃത്തിയില്ല. ആളുകാലത്തു ജനങ്ങൾ ഉണ്ടാക്കിയ റോഡുകൾ ആവശ്യമാണെന്നുകണ്ടു അവയെ ഗവർണ്മെൻറു ഏറെറടുത്തു സംരക്ഷിക്കുകയായിരുന്നു. എന്നാൽ അടുത്തകാലത്തു അങ്ങിങ്ങായുള്ള റോഡുകൾ വർദ്ധിക്കണമെന്നുള്ള നല്ല ഉദ്ദേശത്തോടുകൂടി എന്നുള്ള ഭേദേന ഗവണ്മെൻറിൽനിന്നും പുതുക്കി ഉണ്ടാക്കിയിട്ടുണ്ടു്. ഈ പുതുക്കൽ ആ പ്രസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുപകരം പലവിധത്തിലുള്ള പ്രതിബന്ധങ്ങൾ ഉണ്ടാക്കുക മാത്രമാണു് ചെയ്തിട്ടുള്ളതു്. ഇപ്പോൾഉള്ള പുതുക്കൽ പൂർണ്ണരൂപത്തിൽ പ്രയോഗിക്കുന്നപക്ഷം ഈ വിധത്തിലുള്ള റോഡുകൾക്കു ഒട്ടുതന്നെ രക്ഷ ഉണ്ടാകയില്ല എന്നുള്ളതു് നിശ്ചയമായിപറയാം. ഈ പുതുക്കലിലുള്ള വകുപ്പുകൾ അതേവിധത്തിൽ പ്രയോഗിക്കുന്നപക്ഷം ഏതെങ്കിലും റോഡുകളെ ഗവണ്മെൻറിനു എടുക്കാൻ സാധിക്കുമോഎന്നു എനിക്കു വളരെ സംശയമാണു്. ഒന്നാമതായി അങ്ങനെയുള്ള റോഡുകൾ ആവശ്യമെന്നു ഉദ്ദേശിക്കുന്നസ്ഥലത്തു് ഉള്ള ആളുകൾ സംഘമായിച്ചേർന്നു് രജിസ്റ്റർ ചെയ്യണമെന്നു ഒരു വകുപ്പുണ്ടു്. അതു രജിസ്റ്റർചെയ്യുന്നതിനു ഒരു രൂപയാണു് ഫീസു നിശ്ചയിച്ചിട്ടുള്ളതു്. ഇതു അനാവശ്യമാണെന്നാണു് എന്റെ അഭിപ്രായം. ഗവണ്മെൻറിനോടു സഹകരിച്ചു ഈ വിഷയത്തിൽ പ്രവർത്തിക്കുന്നതിനു ഉദ്ദേശിക്കുന്ന ആളുകൾക്കു ഗവണ്മെൻറിൽനിന്നും ഇങ്ങനെ പ്രതിബന്ധം ഉണ്ടാക്കിവയ്ക്കുന്നതു ന്യായമല്ല. കോപ്പറേറ്റീവ്സൊസൈറ്റി മുതലായവയ്ക്കു ഫീസുകൂടാതെ രജിസ്റ്റർ ആക്കുന്നതിനു ഗവണ്മെൻറിൽനിന്നും നിശ്ചയിച്ചിട്ടുള്ളതുപോലെ ഈ വക സംഗതികൾക്കും ഫീസുകൂടാതെ രജിസ്റ്റർചെയ്യേണ്ടതു എന്തുകൊണ്ടും ന്യായാവശ്യമാകുന്നു. റോഡുകൾക്കു ആവശ്യമുള്ളസ്ഥലം കടികൾ വിലകൂടാതെ കൊടുക്കണമെന്നു ഒരു നിശ്ചയം ചെയ്തിട്ടുണ്ടു്. ഇതു നല്ലതുതന്നെ. അതു് എല്ലായ്പോഴും പ്രയോഗത്തിൽവരും എന്നുള്ളതു് അസാധാരണമായാണു്.

ഏതു സ്ഥലത്തായാലും അവിടെയുള്ള എല്ലാ ആളുകൾക്കും ആ സംഗതിയിൽ ഉത്സാഹവും നല്ലമനസ്സും ഉണ്ടാകയില്ല. സ്ഥലംകൊടുക്കണമെന്ന മനസ്സില്ലാത്ത ഏതാനും ആളുകളും ഉണ്ടായിരിക്കുന്നത് സാധാരണമാണ്. അതിനാൽ എതു നല്ലമനസ്സുള്ള ആളുകൾ ഉണ്ടായിരുന്നാലും ഒന്നു രണ്ടു ആളുകൾ പ്രതിബന്ധംഉണ്ടാക്കാൻ തയ്യാറാകുകയാണെങ്കിൽ ഒന്നും മുന്നോട്ടുപോകാൻ നിവൃത്തിയില്ലാതാകും. കൂടാതെ ആളുകൾ ഏതാനുംഭൂമി ഗവർണ്മെൻറിലേയ്ക്കു വിലകൂടാതെകൊടുക്കാൻ തയ്യാറാകുന്നതോടുകൂടി ബാക്കിഭൂമി എടുക്കുന്നതിനുള്ള വിലയും അവർതന്നെ കൊടുക്കണമെന്ന നിർബന്ധമുണ്ട്. ഇതു വളരെ സങ്കടമാണ്. ഒരു പ്രത്യേകസ്ഥലത്തുള്ള ആളുകളിൽ ഭൂരിപക്ഷം ആളുകളോ അല്ലാ ഏതാനുംപേരെങ്കിലുമോ ഭൂമി വിലകൂടാതെ വിട്ടുകൊടുത്തു റോഡ് ഉണ്ടാക്കുന്നതിനു തയ്യാറുണ്ടായിരിക്കുന്നപക്ഷം അവർക്ക് ഗവർണ്മെൻറിൻറെ സഹായത്താൽ ആരാണോ ഭൂമി വിലകൂടാതെ കൊടുക്കാൻ തയ്യാറില്ലാത്തത് അവരിൽനിന്നും ഭൂമി എടുത്തുകൊടുക്കുന്നതിനു ആവശ്യമുള്ള ഒരു നിയമം ഉണ്ടാക്കേണ്ടതാണ്. ഇപ്പോഴും ഉള്ള റൂൾസ് പുതുക്കി സംസ്ഥാനത്തുള്ള എല്ലാ ആളുകൾക്കും സഹായമായിരിക്കത്തക്കവിധത്തിൽ ഗവർണ്മെൻറ് ശ്രമിക്കണമെന്നേ ഈ നിശ്ചയംകൊണ്ടു ഉദ്ദേശിക്കുന്നുള്ളൂ. ഇങ്ങനെ റൂൾസ് ഉണ്ടാക്കുന്നവിഷയത്തിൽ ഒരു ഇഞ്ചിനീയരും ഒരു റവന്യൂഓഫീസറും മാജിസ്ട്രേറ്റും മൂന്നോ നാലോ അനദ്ധ്യോഗസ്ഥന്മാരും കൂടിചേർന്ന് ഈ റൂൾസ് നിർമ്മിക്കുന്നതിനു ഒരു കമ്മറ്റി ഏർപ്പെടുത്തണമെന്ന ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു): സർ, ഈ പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്കു അതിയായ സന്തോഷം ഉണ്ട്.

പ്രൊസിഡിങ്സ്: യോഗം അതിനെ പിന്താങ്ങുകയാണോ?

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു): അതെ സർ, മി. സി. പി. തന്നെ ഹാജരാക്കിയ പ്രമേയത്തെ ഞാൻ സസന്തോഷം പിൻതാങ്ങുന്നു. ചില വർഷങ്ങളായി കൂടികാര്യ സ്വന്തചെലവിന്മേൽ ഉണ്ടാക്കീട്ടുള്ള റോഡുകൾ ഗവർണ്മെൻറ് ഏറ്റെടുത്തിട്ടുണ്ട്. ഈ റോഡുകൾനിമിത്തം രാജ്യത്തിൻറെ പലഭാഗങ്ങളിൽ ഗതാഗതസൌകര്യങ്ങൾ ആശ്ചര്യമാംവണ്ണം വർദ്ധിച്ചിട്ടുണ്ട്. ഈ റോഡുകൾനിമിത്തം ജനങ്ങൾക്കുള്ള സൌകര്യങ്ങളെപ്പറ്റി ഗവർണ്മെൻറിനു അല്പമെങ്കിലും ജ്ഞാനം ഉണ്ടായിരുന്നെങ്കിൽ ഈ ഗ്രാമപ്രദേശമായ വ്യവസ്ഥയ്ക്കു വിള്ളലുകൾ ഉണ്ടാക്കുന്നതിനുപകരം അതിനെ കഴിയുംവണ്ണം പ്രോത്സാഹിപ്പിക്കുമായിരുന്നു. ഇതിനെപ്പറ്റി ഗവർണ്മെൻറിൻറെ ചട്ടങ്ങൾ എങ്ങനെ ഉത്ഭവിച്ചുഎന്നു എനിക്കു ആശ്ചര്യമാണു. ഈയിടവരെ കോട്ടയം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയരായിരുന്ന മിസ്റ്റർ ജോൺ കുര്യൻ ആരംഭിച്ചതായ റോഡുകൾ ഗവർണ്മെൻറ് ഏറ്റെടുവാങ്ങുന്നകാര്യത്തിൽ താല്പര്യമുള്ളവനായിരുന്നു. അദ്ദേഹത്തോടു ഞാൻ ഒരിക്കൽ പോയിച്ചപ്പോൾ ഈ ചട്ടങ്ങൾ കേവലം അപ്രായോഗികങ്ങളാണെന്നാണു അദ്ദേഹം അഭിപ്രായംപറഞ്ഞതു. ഇപ്പോഴും അദ്ദേഹം ഗവർണ്മെൻറിൻറെകീഴിൽ പ്രത്യേക ജോലിയിൽ ഇരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രായോഗികമാകണമെന്നു താൻ വിചാരിക്കുന്ന ഏതെങ്കിലും ഒരു ചട്ടം മിസ്റ്റർ മാമ്മൻമാപ്പിള പ്രത്യേകമായി എടുത്തുകാണിക്കുമോ?

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു): ഉവ്വ്, ഞാൻ അതു പറയാൻപോകയാണ്. ഈ ഡിപ്പാർട്ടുമെൻറിൻറെ പ്രയാസങ്ങൾ ഗ്രഹിക്കാൻ കഴിയാത്ത സാധാരണക്കാരുടെ അഭിപ്രായമല്ല. ചീഫ് എൻജിനീയറിന്നപോലും ഈ ചട്ടങ്ങളെപ്പറ്റി ഒരു തല്ലുവാക്കു പറയാനില്ലെന്നാണു എൻറെ വിശ്വാസം. അങ്ങനെയിരിക്കേ ഈ ചട്ടങ്ങളെ ഉടൻതന്നെ ഉടച്ചുവാർക്കണമെന്നുള്ളതിനെപ്പറ്റി യാതൊരു സംശയവുമില്ല. ഈ ചട്ടങ്ങളുടെ ഒരു വിസ്മയജനകലക്ഷണംപറയാം. കൂടിയാന്മാർ ഒരു റോഡുണ്ടാക്കാൻ ആരംഭിക്കുന്നതിനുമുമ്പായി ഡിപ്പാർട്ടുമെൻറിൻറെ അനുവാദം വാങ്ങണമത്രേ. ഇതുതന്നെ പ്രായോഗികമല്ല. സാധാരണയായി ഇങ്ങനെയാണു സംഭവിക്കുന്നതു. ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ സഹതാപമുള്ളവരാണെങ്കിൽ അവരെ സ്വാധീനപ്പെടുത്തി കൊണ്ടുപോകും. അയാൾ റോഡിൻറെമാർഗ്ഗം ശരിയാണോഎന്നു നോക്കീട്ടു പ്രത്യേകകാരണമൊന്നുമില്ലാതെ അനുവാദം കൊടുക്കും. കൂടികാര്യം ആരംഭത്തിനിമിത്തം അനേകരായിവന്നു കഷ്ണത്തിൽ റോഡിൻറെ പണിതീർക്കും.

ഡിപ്പാർട്ടുമെൻറ് ഉണ്ടാക്കീട്ടുള്ള വേറൊരു ചട്ടം റോഡുപണി ആരംഭിക്കുന്നതിനുമുമ്പെ റോഡിൻറെസ്ഥലം ഗവർണ്മെൻറിലേക്കു രജിസ്ട്രാധാരപ്രകാരം തീരുകൊടുക്കണമെന്നാണു. ഇതു വേറൊരു ഉപദ്രവമാണു. കൂടികാര്യങ്ങൾ അനേകം റോഡുകൾ ഗവർണ്മെൻറിലേക്കു എടുത്തിട്ടുണ്ടു. സങ്കല്പവിഷ്കാരം എപ്രകാരമുള്ളതായിരുന്നാലും യഥാർത്ഥപ്രയാസങ്ങൾ ഒന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഇപ്പോഴത്തെ ചട്ടങ്ങളൊന്നും പ്രമാണിക്കാതെ ഉണ്ടാക്കീട്ടുള്ള ഈ റോഡുകൾ യാതൊരു പ്രയാസവുംകൂടാതെ പണിതീർന്ന ഗവർണ്മെൻറിലേക്കു എടുക്കയാണു ചെയ്തിട്ടുള്ളതു. ജനങ്ങൾക്കു അത്യുത്സാഹംകാണുമ്പോൾ തൽക്ഷണം അതു പ്രയോഗത്തിൽ വരുത്തിയില്ലെങ്കിൽ പലപ്രയാസങ്ങളും ഉത്ഭവിക്കും. ഈ അസുഖപ്രദങ്ങളായ ചട്ടങ്ങൾകൊണ്ടു ഉള്ള ഉത്സാഹത്തെ നശിപ്പിച്ചു റോഡുണ്ടാക്കുന്നതിനു ആൾക്കു കഴിയാത്തതായിവരും.

ഇക്കാര്യത്തിൽ ഗവർണ്മെൻറു വിഷ്കരങ്ങൾ ഉണ്ടാക്കി ജനങ്ങളെ അരക്കയ്യിട്ടുപിടിക്കുന്നതിൻറെ ഒരു ഉദാഹരണംപറയാം. ഞാൻ പറയുന്നതരം റോഡു നൂറോ നൂറമ്പതോ നാഴികയ്ക്കു ഗവർണ്മെൻറു ഏറ്റെടുവാങ്ങീട്ടു പത്തുപന്ത്രണ്ടു വർഷമായി. എങ്കിലും റോഡുണ്ടാക്കിയസ്ഥലം ഇപ്പോഴും കൂടിയാന്മാരുടെതായി ഗണിച്ചു അവരോടു കരം വസൂലാക്കിവരുന്നു. ഇതു കേവലം അന്യായമാണു. റോഡ് ഗവർണ്മെൻറിലേക്കു എടുത്തശേഷം റവന്യൂഡിപ്പാർട്ടുമെൻറും വേണ്ടേതു പ്രവർത്തിച്ചിട്ടുണ്ടായിരിക്കണം. എന്നാൽ ഇപ്പോഴത്തെസ്ഥിതിക്കു ഉത്തരവാദിയാരാണെന്നു അറിയുന്നില്ല. കൂടികാര്യം സ്വമനസ്സാരേ പ്രതിഫലംകൂടാതെ ഗവർണ്മെൻറിലേക്കു കൊടുത്തസ്ഥലങ്ങൾ ഇനിയും ആ കൂടികാര്യങ്ങളുടേതായിഗണിച്ചു അവരെക്കൊണ്ടു അവയുടെകരം തീർപ്പിക്കയും കൊടുക്കാത്തതിനാൽ നിർബന്ധമൂലം വസൂലാക്കുകയും ചെയ്യുന്നതു അക്രമംതന്നെയാണെന്നു ദിവാനും അഡീഷണൽ കമ്മിഷണരും ചീഫ് എൻജിനീയരും മറ്റെല്ലാവരും സമ്മതിക്കുന്നുണ്ടു. ഈ അന്യായം ഇപ്പോഴും നടന്നുവരുന്നുണ്ടെന്നു ഞാൻ പറയുന്നതു ചീഫ് എൻജിനീയരും സാക്ഷീകരിക്കും. സമയംപോരുന്നതിനാൽ അതിനെപ്പറ്റി ഞാൻ സവിസ്തരം പ്രതിപാദിക്കുന്നില്ല. അതു ഇപ്പോഴത്തെ ചീഫ് എൻജിനീയരും, മിസ്റ്റർ കുര്യനും ഈ കാര്യത്തിൽ പരിചയമുള്ള എല്ലാ കൂടികാര്യങ്ങളും സമ്മതിക്കുന്നതാകയാൽ—

മി. എസ്. സി. എച്ച്. റാബിൻസൺ (ട്രഡിക്യൂതിയും ആഭ്യന്തരനികുതിയും കമ്മിഷണർ): ആ റോഡ് എവിടെയാണെന്നു പറയുമോ?

മി. കെ. സി. മാമ്മൻമാപ്പിള (വ്യവസായവും വ്യവസായവും, വടക്ക): തിരുവല്ലാതാലൂക്കിലാണ്.

മി. എസ്. സി. എച്ച്. റാബിൻസൺ (ട്രഡിക്യൂതിയും ആഭ്യന്തരനികുതിയും കമ്മിഷണർ): അതിനടുത്തു എന്താണെന്നു പറയുമോ?

മി. കെ. സി. മാമ്മൻമാപ്പിള (വ്യവസായവും വ്യവസായവും, വടക്ക): ഏതാണ്ട് നാഴികയാണ്. സ്ഥലം ഗവണ്മെന്റിലേക്ക് എടുത്തു. എന്നിട്ടും കുടികിടപ്പ് ഇപ്പോഴും ഗവണ്മെന്റിലേക്ക് കുറച്ചു കൊടുക്കേണ്ടിയിരിക്കുന്നു.

പന്ത്രണ്ടോ മുപ്പതോ നാഴികനീളമുള്ള ഒരു റോഡുണ്ടെന്നിരിക്കട്ടെ. സ്ഥലം ഉടമസ്ഥന്മാരായി ഏതാനും കുടിയാന്മാർഉണ്ട്. അവരിലേതാനും ആളുകൾ സമ്മതിക്കും, ഒന്നോ രണ്ടോ അഞ്ചോ ഏക്കർ കായ്യത്തിൽമുന്നിലുള്ളവർക്കുള്ള വിരോധംനിമിത്തം വിസമ്മതിക്കും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ റോഡിന്റെ ആവശ്യകതയെപറ്റി ഗവണ്മെന്റിനു ബോദ്ധ്യമായാൽ ഗവണ്മെന്റു മുമ്പോട്ടുവന്നു കുറച്ചുകാലം നിലങ്ങൾ വാങ്ങേണ്ടതാണു. ജനങ്ങളിൽ ഭൂരിപക്ഷം പ്രതിഫലംകൂടാതെ സ്ഥലം ഒഴിഞ്ഞുകൊടുക്കാൻ തയ്യാറാകുമ്പോൾ പ്രത്യേകമായി വേണ്ടിവന്നാൽ പ്രതിഫലംകൊടുക്കാനും അവർ ഒരുക്കമുള്ളപ്പോൾ ആവശ്യമുള്ളസ്ഥലം ഗവണ്മെന്റിലേക്കു എടുക്കുന്നതും ഗവണ്മെന്റിന്റെ മുറയാണു. ഈ റോഡുകളിൽ കലുങ്കുകളും പാലങ്ങളും ഉണ്ടാക്കുന്നതിനു കുറെ പണവും അനുവദിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഇവയില്ലാതെ കുടിവകറോഡുകൾകൊണ്ടു ഒരു പ്രയോജനവുംഇല്ല. കലുങ്കുകളും പാലങ്ങളും ഉണ്ടാക്കാൻ കുടികിടക്കു സൗകര്യമുള്ളൂന്നു അവിടത്തെ സമ്മതിക്കുമല്ലോ. ആ കായ്യം ഡിപ്പാർട്ടുമെന്റുകാർ സമ്മതിച്ചിട്ടുണ്ടു. ഈവക കായ്യങ്ങളെസംബന്ധിച്ചു കുറച്ചധികം ചട്ടങ്ങൾ ഉണ്ടാക്കണം. അവ പ്രായോഗികമായിരിക്കണം. അതിനായി നിയമിക്കുന്ന കമ്മിറ്റിയിൽ ഈ വ്യവസ്ഥയെപറ്റി നല്ല പരിചയമുള്ള മിസ്റ്റർ ജാൺ കുയ്ൻ ഒരു അംഗവും ആയിരിക്കണം.

മി കെ. ഐ. ജോസഫ് (മീനച്ചിലും മേവികളുവും): ജനങ്ങൾ വിസമ്മതിക്കുന്ന കായ്യങ്ങളിൽ ഗവണ്മെന്റു സ്ഥലംഏറ്റെടുക്കുന്നതു പ്രതിഫലംകൊടുത്തുവേണമെന്നോ കൊടുക്കാതെവേണമെന്നോ മെമ്പർ പറയുന്നതു.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): അല്ല. പ്രതിഫലംകൊടുത്തുവേണം. ചിലപ്പോൾ ജനങ്ങൾതന്നെ പ്രതിഫലം കൊടുക്കാൻ ഒരുക്കമായിരിക്കും.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു പ്രിയമനം ഡിപ്പുട്ടി പ്രൈസിഡെന്റു): പ്രതിഫലംകൊടുക്കാതെ നിലങ്ങളെടുക്കാൻ ഗവണ്മെന്റിനു അധികാരമുണ്ടോ?

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും. വടക്ക): പ്രതിഫലംകൊടുക്കാതെ നിലങ്ങളെടുക്കാൻ ഗവണ്മെന്റിനു അധികാരമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അതു പ്രത്യക്ഷമാണല്ലോ എന്നു ഞാൻ വിചാരിച്ചു.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): സർ, സഭയുടെ അംഗീകരണത്തിനായി മിസ്റ്റർ സി. പി. തരകൻ ഹാജരാക്കിട്ടുള്ള പ്രമേയം ഇങ്ങനെയാണ്.

"കുടിവക റോഡുകൾ ഗവണ്മെന്റിൽനിന്നും സംരക്ഷിക്കുന്നതിനെ സംബന്ധിച്ചുള്ള ചട്ടങ്ങൾ ഫലപ്രദമല്ലാത്തതിനാൽ ആ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു ഈ സഭ ഗവണ്മെന്റിനോടു ശിപാർശചെയ്യുകൊള്ളുന്നു."

ഇപ്പോഴത്തെ ഘട്ടത്തിൽ പ്രമേയത്തെ പ്രതിക്ഷേപിക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. ഇക്കായ്യത്തിൽ ഇങ്ങനെയൊരു പ്രമേയം അനാവശ്യമാണ്. ഒന്നാമതായി കുടിവക റോഡുകളുടെ സംരക്ഷണത്തെപ്പറ്റി പ്രത്യേകമായി ചട്ടങ്ങളൊന്നുമില്ല. കുടിവക റോഡുകൾ പണിയിപ്പിച്ചുടനെ നടപ്പിലിരിക്കുന്ന ചട്ടങ്ങളനുസരിച്ചു ഡിപ്പാർട്ടുമെന്റികാരുടെ അധികാരത്തിലും സംരക്ഷണത്തിലും എടുക്കയാണു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതു.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഞാൻ സമുദായനംപറവാൻ ആഗ്രഹിക്കുന്നു. ഞാൻ മലയാളത്തിലായിരുന്നു പ്രമേയം അയച്ചതു. അതിങ്ങനെയായിരുന്നു. കുടിവക റോഡുകൾ ഗവണ്മെന്റിൽനിന്നു എടുത്തു സംരക്ഷിക്കുന്നതിനെപറ്റി അതിനെ ഇപ്പോൾ "മെയിൻറനൻസ്" എന്നു തർജ്ജിമചെയ്തിട്ടുണ്ടു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): "മെയിൻറനൻസ്" എന്നതിന്റെ അർത്ഥം സംരക്ഷണം എന്നാണ്.

പ്രൈസിഡെന്റ്: സംരക്ഷണം എന്ന പദത്തിനു നിങ്ങൾ പറയുന്നതർത്ഥം എന്താണ്?

മി. സി. പി. തരകൻ (കുന്നത്തുനാടു): എന്റെ പ്രമേയം ഭേദപ്പെടുത്തുന്നതിനു എനിക്കു വിരോധമില്ല. കുടിവക റോഡുകൾ സർക്കാരിങ്കലിനു എടുക്കുന്നതിനെപറ്റിയും വകുപ്പിക്കണമെന്നായിരുന്നു എന്റെ ഉദ്ദേശം.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ഉദ്ദേശപ്രകാരം പ്രമേയം ഭേദപ്പെടുത്തിയതായി സ്വീകരിച്ചു കുടിവക റോഡുകൾ എടുക്കയും സംരക്ഷിക്കയും ചെയ്യുന്നതിനെസംബന്ധിച്ചുള്ളതെയും എന്നതിനെ വിവരിക്കാം.

കുടിവക റോഡുകൾ ചട്ടങ്ങൾപ്രകാരം പണിതീർന്ന അവ പോകുന്ന സ്ഥലങ്ങൾ ക്രമപ്രകാരം ഏല്പിച്ചുവാങ്ങിച്ചതിനു അവയുടെ മേലന്വേഷണവും സംരക്ഷണവും ഡിപ്പാർട്ടുമെന്റു ഏറ്റെടുക്കയാണു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതുമായ, ഓരോന്നിന്റെയും ആവശ്യം അനുസരിച്ചു സംരക്ഷണച്ചിലവു ഗവണ്മെന്റു അനുവദിക്കുന്നു, സംരക്ഷണത്തെസംബന്ധിച്ചു ചട്ടങ്ങളൊന്നും ഇതുവരെ ഉണ്ടാക്കീട്ടില്ലാത്തസ്ഥിതിക്കു അവയെ പരിഷ്കരിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു പറയുന്നതു ഗ്രഹിക്കാൻ ഞാൻ ശക്തനല്ല.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): കുടിവക റോഡുകളെപറ്റി ചട്ടങ്ങളൊന്നും പ്രസിദ്ധപ്പെടുത്തിട്ടില്ലെന്നതോ മതസ്സിലാക്കേണ്ടതു?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): കുടിവക റോഡുകൾ എടുക്കുന്നതിനെപറ്റി ചട്ടങ്ങൾ ഉണ്ട്, കുടിവക റോഡുകൾ സംരക്ഷിക്കുന്നതിനെസംബന്ധിച്ചുള്ള ചട്ടങ്ങളാണ് പ്രമേയത്തിലുൾപ്പെട്ട വിഷയം.

മി. കെ. സി. മാത്തൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): റോഡുകൾ സർക്കാരിലേക്ക് എടുക്കുന്ന കാര്യമാണ് മിസ്റ്റർ തരകൻ പ്രധാനമായി കരുതീട്ടുള്ളതു.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ചട്ടങ്ങൾ ഉള്ളതു റോഡുകൾ എടുക്കുന്നതിനെപ്പറ്റിയാണ്. അവയുടെ സംരക്ഷണത്തെപ്പറ്റിയല്ല; സംരക്ഷണത്തെപ്പറ്റിയാണ് ഞാൻ ആദ്യം സംസാരിക്കുന്നതു.

മി. സി. പി. മകാച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പ്രമേയം ഭേദഭേദപ്പെടുത്തിയപ്രകാരം മിസ്റ്റർ തരകൻ സ്വീകരിച്ചുന്നാണോ സങ്കല്പിക്കേണ്ടതു.

പ്രൈസിഡൻറ്: അതേ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഭേദഭപ്പെടുത്തിയ പ്രകാരം പ്രമേയം എന്താണു?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): എടുക്കയും സംരക്ഷിക്കയും എന്ന ഭേദഭപ്പെടുത്തലാണു വിചാരിക്കുന്നു.

മി. സി. പി. തരകൻ (കുന്നത്തൂർതാടു): ഞാൻ സ്വീകരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവൺമെൻറ് നിയമനം—ഡിപ്യൂട്ടി പ്രൈസിഡൻറ്): മിസ്റ്റർ നടേശയ്യർ ഭേദഗതിയൊന്നും ഹാജരാക്കീട്ടില്ല. അതുകൊണ്ടു മിസ്റ്റർ തരകൻറ സ്വീകരണം ചട്ടപ്രകാരമല്ല.

പ്രൈസിഡൻറ്: മിസ്റ്റർ നടേശയ്യർ മുഴുവൻ വിഷയത്തെപ്പറ്റി പറവാൻ മോഹിക്കയാണു, അതിനാൽ ഭേദഗതിയെപറ്റി ആലോചിക്കണമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): കമ്മറിയെ നിയമിക്കുന്നതിൻറെ ഉദ്ദേശം സംരക്ഷണത്തെ സംബന്ധിച്ചു ചട്ടങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ അതു അനാവശ്യമാണെന്നു തെളിയിക്കാൻ കാരണങ്ങൾ പറയാം. ആ ജോലി ഡിപ്പാർട്ടുമെൻറുതന്നെ യുക്തമായ സൂക്ഷ്മതയോടെ നിർവഹിച്ചുകൊള്ളുന്നു. കുടിവക റോഡുകൾ മറ്റു റോഡുകൾപോലെ ഡിപ്പാർട്ടുമെൻറുതന്നെ സംരക്ഷിച്ചുവരുന്നു. റോഡുകളുടെ സംരക്ഷണവും അറകുറപ്പണികളും ഏറ്റെടുത്താൻ ഏതെങ്കിലും സംഘക്കാർ ഒരുക്കമുണ്ടെങ്കിൽ ചട്ടങ്ങൾ പക്ഷേ ആവശ്യമായി വന്നേക്കാം. എന്നാൽ സംരക്ഷണം സംബന്ധിച്ചുള്ള ഡിപ്പാർട്ടുമെൻറുവക ചട്ടങ്ങൾ ആവശ്യത്തിനു മതിയായവയാകയാൽ സംരക്ഷണചട്ടങ്ങൾ ഉണ്ടാക്കുന്നതിനു മുമ്പു കമ്മറി അനാവശ്യമാണു്. തെമ്മാടിറോഡുകളുടെ സംരക്ഷണപ്രവൃത്തി അതിനെസംബന്ധിച്ചുള്ള ഡിപ്പാർട്ടുമെൻറുവക ചട്ടങ്ങൾ അനുസരിക്കാൻ ഒരുക്കമുള്ളവർ എക്സിക്യൂട്ടിവ് എൻജിനീയരോടു അപേക്ഷിച്ചാൽ അവർക്കു കൺട്രാക്ടായി കൊടുക്കുന്നതാണെന്നും ഇങ്ങനെ ചെയ്യേണ്ടതാണെന്നും ചീഫ് എൻജിനീയർ എല്ലാ എക്സിക്യൂട്ടിവ് എൻജിനിയർമാർക്കും കൺഫഡ ഡിസംബർ മാസത്തിൽ ഉത്തരവുകൊടുത്തിട്ടുണ്ടെന്നും മിസ്റ്റർ ജി. ജെ. മാത്യു ചോദിച്ച ചോദ്യങ്ങൾക്കു ഗവൺമെൻറു മറുപടി പറഞ്ഞിട്ടുണ്ടു്.

കുടിവക റോഡുകൾ സർക്കാരിലേക്കു എടുക്കുന്നതിനെപ്പറ്റിയുള്ള ചട്ടങ്ങളുടെ കാര്യത്തിൽ പൂർണ്ണവും തരിയുംതൂയ വിവരങ്ങൾ കൊടുത്തു വല്ല തെറ്റിദ്ധാരണയും ഉണ്ടെങ്കിൽ അതു മാറ്റാൻ ഞാൻ ആഗ്രഹിക്കുന്നതുകൊണ്ടു ഈ വിഷയത്തിൻറെ ചരിത്രംകൂടി പറയണമെന്നു വിചാരിക്കുന്നു.

റോഡുകൾ ഉണ്ടാക്കുന്നതിനു ഭൂമിക്കുകൊടുക്കേണ്ടുന്ന പ്രതിഫലം കണക്കിലുമധികം വർദ്ധിച്ചു റോഡുകൾ ഉണ്ടാക്കുന്നകാര്യം അസാധ്യമായി വരുന്നുകണ്ടിട്ടു കൺഫ്രഷലോ മറ്റോ മിസ്റ്റർ ബാസ്റ്റ്യോ റോഡുകൾ ഉണ്ടാക്കുന്ന കാര്യത്തിൽ മനഃപൂർവ്വമായ സഹകരണം ആവശ്യപ്പെട്ടുകയോ റോഡുകൾ അധികമാക്കുന്ന കാര്യം ഉപേക്ഷിക്കയോ ചെയ്യേണ്ടുന്നകാലം അതിക്രമിച്ചിരിക്കുന്ന സംഗതി ഗവൺമെൻറിൻറെ ശ്രദ്ധയിൽ കൊണ്ടുവന്നു.

ഈ നയം അനുസരിച്ചു ചീഫ് എൻജിനീയർ മിസ്റ്റർ ബാസ്റ്റ്യോയും അന്നത്തെ ഗവൺമെൻറും റോഡുകൾ ഉണ്ടാക്കുന്ന കാര്യത്തിൽ ജനങ്ങളെ ഉത്സാഹിപ്പിച്ചു. ഇങ്ങനെ റോഡു ആവശ്യപ്പെടുന്ന ആളുകൾ റോഡിനു വേണ്ടുന്ന സ്ഥലം പ്രതിഫലംകൂടാതെ കൊടുക്കയും റോഡുവെട്ടുന്ന ജോലിചെയ്കയും ഡിപ്പാർട്ടുമെൻറു റോഡിനു കുറെഭാഗം കൊടുക്കയും ചെയ്തുവന്നു. ഈ വ്യവസ്ഥ ആരംഭിച്ചതു തിരുവല്ലാതാലൂക്കിൻറെ കിഴക്കെഭാഗത്തിലാണ്. "ബാസ്റ്റ്യോ റോഡ്", "കൃഷ്ണൻനായർ റോഡ്" തുടങ്ങിയവ ഇങ്ങനെ ഉണ്ടായവയാണ്. ഈ റോഡുകളെ "കുടിവക റോഡുകൾ" എന്നു നാമകരണം ചെയ്കയുംചെയ്തു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ചട്ടങ്ങളിൽ പറയുന്ന സംഘങ്ങളുടെ അപേക്ഷപ്രകാരം ഇങ്ങനെയുള്ള എത്ര റോഡുകൾ ഉണ്ടാക്കീട്ടുണ്ടെന്നു പറയുമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): സംഘങ്ങളുടെ കാര്യം പറയാറായിട്ടില്ല. ഞാൻ മുൻചരിത്രം വിവരിക്കയാണു്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): പ്രസ്തുതത്തിലെ ചട്ടങ്ങളിൽ പറയുന്ന സംഘങ്ങളുടെ അപേക്ഷപ്രകാരം ഡിപ്പാർട്ടുമെൻറു ഉണ്ടാക്കീട്ടുള്ള റോഡുകളുടെ എണ്ണം പറയുമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): എനിക്കറിയുള്ളടത്തോളം ഒന്നുമില്ല.

മി. കെ. കെ. തോമസ് (കോട്ടയം): മെമ്പർ ഇപ്പോൾ പറഞ്ഞ റോഡുകൾ ഉണ്ടായതു ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയതിനു മുമ്പായിരുന്നോ എന്നു പറയുമോ?

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): ഈ റോഡുകൾ ഉണ്ടായതു ചട്ടങ്ങളെപ്പറ്റി സംസാരിക്കുന്നതിനുമുമ്പുതന്നെ മുമ്പാണ്.

ഇപ്പോഴത്തെ ചീഫ് എൻജിനീയർ (ചിരി) വർഷം മുതൽ വർഷം വരെ കോട്ടയം ഡിവിഷൻ ചാർജ്ജായിരുന്നപ്പോൾ— ഞാൻ തന്നെ ഏറിനേറം ഭാഗം സംസാരിക്കയാണ്—

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും—കുന്നത്തൂരും): ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിക്കാതെ, ചട്ടങ്ങളനുസരിച്ചു ജനങ്ങൾചെയ്ത അപേക്ഷപ്രകാരം ചില റോഡുകൾ എങ്കിലും ഉണ്ടാക്കീട്ടില്ലയോ എന്നു ചീഫ് എൻജിനീയർ പറയുമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനിയർ): എനിക്ക മനസ്സിലാകുന്നില്ല. മെമ്പർ മതം ഒഴിവാക്കണം പറയുമോ? അങ്ങനെയൊരു റോഡിനെപ്പറ്റി എനിക്ക അറിവില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): കഴിഞ്ഞ ഫൈനാൻസ് വർഷത്തിനു മുമ്പുണ്ടായിരുന്ന റോഡുകൾ എടുക്കാൻ നിവൃത്തിയില്ലാത്തതായി തീർന്നിട്ടുണ്ടെന്നു അറിയാമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ചട്ടങ്ങൾ പ്രബലത്തിൽ വന്നപ്പോൾ പണി പൂർത്തിയായി സർക്കാരിലേക്കെടുക്കാൻ തയ്യാറായിരുന്ന എല്ലാ റോഡുകളും എടുത്തിട്ടുണ്ട്. അങ്ങനെ അനേകനാഴികയ്ക്കുള്ളിൽ റോഡ് എടുത്തിട്ടുണ്ട്. അതിനുശേഷം പണി പൂർത്തിയാക്കിയ റോഡുകൾ പരിശോധനയിൽ ഇരിക്കുന്നു. അവയിൽ പലതിന്റേയും സർവ്വെപ്ലാനുകൾ കിട്ടീട്ടുണ്ട്. വിട്ടുകൊടുക്കുന്ന സ്ഥലങ്ങൾ ഗവണ്മെന്റിലേക്കെടുത്തു ഗവണ്മെന്റ് പുറമ്പോക്കായി കണക്കിൽ ചേർക്കുന്നതിനു അവയെ റെവന്യൂ ഡിപ്പാർട്ടുമെന്റിലേക്കു അയച്ചുകൊടുക്കുന്നതാണ്. ഇതു ചെയ്തശേഷം സംരക്ഷണത്തിനായി ഡിപ്പാർട്ടുമെന്റിൽനിന്നു എടുക്കും.

ഇതിന്റെ പൂർവ്വചരിത്രത്തിൽ ആർക്കും രസമില്ലെന്നുകാണുന്നതുകൊണ്ടു ഞാൻ അതു വിവരിക്കുന്നില്ല.

മി. കെ. സി. മാമൻമാപ്പിള (വ്യാപാരവും-വ്യവസായവും, വടക്ക): ഞങ്ങൾക്കു അതിൽ രസം തോന്നുന്നുണ്ട്.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ഇപ്പോഴത്തെ ചീഫ് എൻജിനീയർ (ചിരി) വു/ൻ മുതൽ മു/ൻവരെ കോട്ടയം ഡിവിഷൻ ഓഫീസ് വഹിച്ചിരുന്നപ്പോൾ അദ്ദേഹം കുടിയേറ്റ റോഡുകൾ ഉൾപ്പെടുന്നതിൽ വളരെ താല്പര്യം കാണിക്കുകയും സംഘങ്ങളുമായിട്ടും—

മി. ഡബ്ലിയു. എച്ച്. പിറെ (പൊലീസ് കമ്മിഷണർ): മിസ്റ്റർ നടേശയ്യക്ക് പ്രയാസം തോന്നുന്നുണ്ടെങ്കിൽ അദ്ദേഹത്തിനു വിരോധമില്ലാത്തപക്ഷം അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ വായിച്ചേക്കാം. (ചിരി)

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ഈവക റോഡുകൾ ഉണ്ടാക്കാൻ ജനങ്ങളെ സഹതാപത്തോടെ ഉത്സാഹിപ്പിച്ചുവന്ന പ്രതിനിധികളുമായിട്ടും അദ്ദേഹം ഇടപെടുകയുംചെയ്തു. റോഡുകൾക്കു കുറെ അനിച്ചുപോട്ടുകുന്നതിനു അദ്ദേഹം വെണ്ണികുളത്തു ഒരു പി. ഡബ്ലിയു. സബ് ഡിവിഷൻ ഏർപ്പെടുത്തി. അതു ഇപ്പോഴും ഉണ്ട്. അതിനുശേഷം ഏകദേശം നൂറു നാഴിക റോഡു വെട്ടിട്ടുണ്ട്. ഫൻ൨൦ ആഗസ്റ്റ് മാസത്തിൽ അന്നത്തെ മിവാൻ ഈവക ചില റോഡുകൾ വന്നുകണ്ടു. അപ്പോഴേക്ക ഗവണ്മെന്റു കല്പനയെയ്തും ചെയ്തും വല്ല ന്യൂനതകൾ ഉണ്ടെങ്കിൽ തീർക്കയും ചെയ്യുമെന്നുള്ള ധാരണയിന്മേൽ, തിരുവല്ലാ സംഘം അനേകനാഴികയ്ക്കുള്ളിൽ റോഡ് ഉണ്ടാക്കിക്കഴിഞ്ഞിരുന്നു. ജനങ്ങളുടെ ഈവക പ്രവൃത്തികളെ ഗവണ്മെന്റു പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായം രേഖപ്പെടുത്തി. ഈ റോഡുകളുടെയും മറ്റു ഗ്രാമറോഡുകളുടെയും സംരക്ഷണപ്രവൃത്തിയും ഗവണ്മെന്റിൽനിന്നു ധനസഹായംചെയ്തു അതു ഏറ്റെടുത്താൻ മനസ്സുള്ള തദ്ദേശനിവാസികളെ ഏല്പിക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അനന്തരം ഗവണ്മെന്റു മിവാന്റെ ഇൻസ്പെക്ഷൻ നോട്ട്സിന്റെ ഒരു പകർപ്പു ചീഫ് എൻജിനീയർക്ക അയച്ചുകൊടുത്തു. സംരക്ഷണത്തെപ്പറ്റി തന്റെ അഭിപ്രായം നടപ്പിൽവരുത്തുവാൻ ആവശ്യമുള്ള ചട്ടങ്ങൾ ഉണ്ടാക്കി അനുവാദത്തിനുവേണ്ടി അയച്ചുകൊടുക്കണമെന്നും ആജ്ഞാപിച്ചിരുന്നു. ഇപ്പോഴത്തെ ചീഫ് എൻജിനീയർ കോട്ടയം ഡിവിഷൻ ആഫീസറിന്റെ നിലയിൽ മിവാന്റെ അഭിപ്രായത്തോടു യോജിച്ചും സംരക്ഷണത്തിനെ ഉടമ്പടിചെയ്യാൻ ഗ്രാമാധികാരസ്ഥന്മാരെയോ പഞ്ചായത്തിനെയൊ യൂനിയനെയെയാ കാണാൻ പ്രയാസമെന്നു പ്രസ്താവിച്ചുകൊണ്ടു ഫൻ൨൦-ൽ ഒരു റിപ്പോർട്ട സംരക്ഷണപ്രവൃത്തിയെ സംബന്ധിച്ചു സമർപ്പിച്ചു.

തദ്ദേശസംഘങ്ങൾ ഉള്ളപ്പോൾ ദേശപ്രമാണികളോ പാർശ്വകാരന്മാരോ മധ്യന്തരംഅവരോടുടമ്പടികരിച്ചെയ്വാൻ പേഷ്കാരന്മാർക്ക സാധിക്കുമായിരിക്കും എന്നും ആ റിപ്പോർട്ടിൽപ്രസ്താവിച്ചിരുന്നു. പിന്നീടഡിവിഷൻ ആഫീസരായിവന്ന മിസ്റ്റർ ജാൺ കുര്യനും ഈ വക റോഡുകൾ ഉണ്ടാക്കുന്നതിനെപ്പറ്റി ഒരു നിയമം ഉണ്ടാക്കുന്നതിന്റെ ആവശ്യകതയും ഗവണ്മെന്റും ഈ വക റോഡുകൾ സംരക്ഷണത്തിനായി ഏറ്റെടുക്കുന്നതിന്റെ അഭിലഷണീയതയും കാണിച്ചു ഒരു റിപ്പോർട്ട പാലങ്ങളും കലുങ്കുകളും ഉണ്ടാക്കുമെന്നു ഉറപ്പുകൊടുക്കുന്നതിനും അഭിലഷണീയതയും കാണിച്ചു ഒരു റിപ്പോർട്ട ഫൻ൨൦ ഡിസംബറിൽ ചീഫ് എൻജിനീയർ മി. എച്ച്. ഒ. ജേക്കബിനു അയച്ചു. ഈ റോഡുകൾ ഇന്നവിധത്തിലാണ് ഉണ്ടാക്കേണ്ടതെന്നു കണക്കുകൂട്ടിയുള്ള ആവശ്യമേതെന്നും അദ്ദേഹം പറഞ്ഞു. ഈ കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ചില പ്രയാസങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തി ഉത്തരവുവാങ്ങേണ്ടതാണെന്നും അദ്ദേഹം പ്രസ്താവിച്ചിരുന്നു. മി ജേക്കബ് ഇതിനു സംബന്ധിച്ചു കുറെ ചട്ടങ്ങൾ ഉണ്ടാക്കി സമർപ്പിക്കുന്നതിനു മി. കുര്യനോടു ആവശ്യപ്പെട്ടു. കരടുചട്ടങ്ങളും കണക്കുമതിരിയും ഫൻ൨൧ മാർച്ച് മാസത്തിൽ മി. കുര്യൻ സമർപ്പിച്ചു.

മി. കുര്യൻ സമർപ്പിച്ച നക്കൽ ചട്ടങ്ങൾ മി. ജേക്കബ് പരിശോധിച്ചു പരിഷ്കരിച്ചു ഗവണ്മെന്റിന്റെ അനുവാദത്തിനായി ഫൻ൨൧ ഏപ്രിൽമാസത്തിൽ അയച്ചു. ഫൻ൨൧ ആഗസ്റ്റ് അവസാനത്തിൽ നക്കൽ ചട്ടങ്ങളും ക്ലൂപ്തമതിരിയും അതിന്റെ തിയതിമുതൽ ആറാഴ്ചക്കുള്ളിൽ ആക്ഷേപങ്ങളുണ്ടെങ്കിൽ ബോധിപ്പിക്കുകൊള്ളുന്നതരമെന്നുള്ള വ്യവസ്ഥയോടുകൂടെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. ഫൻ൨൨ ജൂലായിമാസത്തിൽ ഗവണ്മെന്റു ഈ ചട്ടങ്ങളും കരടുപട്ടികയും സ്ഥിരപ്പെടുത്തി. അവ ഇപ്പോൾ പ്രാബല്യത്തിൽ ഇരിക്കുന്നു. അവയെയാണു പരിഷ്കരിക്കണമെന്നു പറയുന്നതു് ഈ ചട്ടങ്ങൾ അധികൃതരെക്കൊണ്ടു ആവശ്യത്തിനുണ്ടാക്കുന്ന റോഡുകൾക്കു ബാധകമല്ലെന്നും അവയെ കഴിവുള്ളേടത്തോളം ഗവണ്മെന്റു ചെലവിന്മേൽ ഉണ്ടാക്കേണ്ടതാണെന്നും ഗവണ്മെന്റു അവരുടെ ഫ൧-വു-൨൨-ൽ-യിലത്തെ ഡിസ്പ. നമ്പർ വുനു൪/൨൨ പി. ഡബ്ലിയു. യിൽ കല്പിച്ചു. റോഡുകൾപോകുന്ന സ്ഥലത്തിന്റെ ആദ്യ ഉടമസ്ഥന്മാർ ഇപ്പോഴും ആ ഉടമസ്ഥവകയിൽ പുറപ്പെടുവിക്കുന്നതെന്നു ഗവണ്മെന്റു അവരുടെ ൽ-ൻ—൨൨-ൽ യിലത്തെ ആർ. ഒ. സി. നുകന/൨൨ പി. ഡബ്ലിയു. നമ്പരിൽ ചീഫ് എൻജിനിയരെ അറിയിക്കയും കരിയാന്മാരുടെ ആ അവകാശം ഇല്ലാതാകുന്നതെങ്ങിനെയായാണെന്ന അഡീഷണൽ മെമ്പർ സർക്കാർ വക്കീലിന്റെ അഭിപ്രായം അതോടുകൂടെ അയച്ചുകൊടുക്കയും ചെയ്തു. ഇനിക്കുതികമ്മീഷണർ ഇപ്പോഴത്തെ ചീഫ് എൻജിനിയരും തമ്മിൽ ലീഡുകാലം എഴുതുകയുണ്ടായി. നടന്നതെല്ലാം വിട്ടുകൊടുത്തനിലങ്ങൾ പുറമ്പോക്കിൽ ചേർക്കുന്നതിനും കരംകുറവുചെയ്യുന്നതിനും ഗവണ്മെന്റു ഒരു നടപടി നിയമിച്ചു. അവരുടെ ൨൫-൫-൨൪—ൽ-ലത്തെ ആർ. ഒ. സി. നമ്പർ നുകന/൨൨ പി. ഡ

ഷ്യൽ, ഉത്തരവു നോക്കുക). ഡാൻറോഡെവലപ്മെന്റ് ഡിപ്പാർട്ടുമെൻറ് നിലങ്ങളും സർവ്വേയും ഡിമാർക്കേഷനും ചെയ്ത് പ്ലോട്ടുചെയ്ത് മാപ്പു തയ്യാറാക്കി പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലേക്ക അയയ്ക്കുകയും നിലങ്ങൾ പുറമ്പോക്കി നത്തിലേക്ക മാറ്റുകയും ചെയ്യുന്നതുവരെ സംരക്ഷണത്തിനായി പൊതുമരാമത്തു ഡിപ്പാർട്ടുമെൻറുകാർ കൂടി യാൻറോഡുകൾ എടുത്തുപോകുന്നതുവരെ ഗവണ്മെൻറ് കല്പിച്ചു. 10 നാഴികയിലധികംനീളം റോഡിൻെറ പ്ലാൻ പൊതുമരാമത്തുഡിപ്പാർട്ടുമെൻറുകാർ തയ്യാറാക്കിയിട്ടുണ്ടു ഡിപ്പാർട്ടുമെൻറിലേക്ക വേണ്ടതു പ്രവർത്തിക്കുന്നതിനായി അയച്ചിട്ടുണ്ടു് ഇനിയും ഇരുപതു നാല്പതു നാഴികനീളം റോഡിൻെറ പ്ലാൻ കോട്ടയം ഡിവിഷൻ ആഫീസർ അയച്ചുതന്നതു ആ ഡിപ്പാർട്ടുമെൻറിലേക്കയക്കാൻ തയ്യാറായിട്ടുണ്ടു. ഇക്കാര്യത്തിൽ അവർ വേണ്ടതു പ്രവർത്തിക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു. എത്രയുംവേഗത്തിൽ റോഡുകൾ ക്രമമായ സംരക്ഷണത്തിൽ ഇരുക്കുന്നു. ചില റോഡുകളിൽ കലുങ്കുകളും പാലങ്ങളും ഉണ്ടാക്കികഴിഞ്ഞിരിക്കുന്നു. ചിലതിൽ ഉണ്ടാക്കിവരുന്നു. കോട്ടയം ഡിവിഷൻ ആഫീസർ അനേകംറോഡുകൾ സംരക്ഷണത്തിനേല്പിക്കാൻ ശിപാർശചെയ്തിട്ടുണ്ടു. അക്കാര്യം ഇപ്പോൾ എഴുത്തുകുത്തിൽ കിടക്കയാണു്

മി. ചാമ്മൻമാപ്പിള ചട്ടത്തിപ്രകാരം കൂടിവക റോഡുചട്ടങ്ങൾ അയവില്ലാത്തവയും അപ്രായോഗികവും ആണെന്നും ആചട്ടങ്ങൾപ്രകാരം പുതിയറോഡുകൾ ഉണ്ടാക്കുന്നില്ലെന്നും അവയെ പരിഷ്കരിക്കാതെ മേലാൽ ഒന്നും നടക്കയില്ലെന്നും മിസ്റ്റർ ജെ. കുട്ടൻ ശ്രദ്ധാപിക്ഷയം ആക്കീട്ടുണ്ടു എന്നാൽ ചട്ടങ്ങൾ പ്രവിശദപ്പെടുത്തിയതിൽ പിന്നെ ഇപ്രകാരം ചെയ്യണമെന്ന ഒരു സൂചനപോലും കിട്ടീട്ടില്ല. ശ്രീമൂലം പ്രജാസഭയുടെ ഇരുപതാമതുയോഗത്തിൽ

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്രകാരം ചെയ്യണമെന്ന സൂചനകൾപോലും കിട്ടീട്ടില്ലെന്ന പറഞ്ഞുവച്ചില്ലാ. അതുതന്നെ.

മി. കെ. വി. നടേശയ്യർ (ചീഫ്എൻജിനീയർ): ചട്ടങ്ങൾ അപ്രായോഗികമാണെന്നു എല്ലാവരും പറയുന്നുണ്ടു. എന്നാൽ ഏതുവിധത്തിൽ ഭേദപ്പെടുത്തിയാൽ നന്നാകുമെന്നു ആരും പറയുന്നില്ല.

അധഃകൃതവർഗ്ഗക്കാരുടെ ഗ്രാമങ്ങളിലേക്കുള്ള റോഡുകളെ സംബന്ധിച്ചിടത്തോളം ചട്ടങ്ങൾ അപ്രായോഗികമാണെന്നും അതുകൊണ്ടു അവയെ ഭേദപ്പെടുത്തണമെന്നും ശ്രീമൂലംപ്രജാസഭയുടെ ഇരുപതാമതുയോഗത്തിൽ മി. ഡി. സി. ജോസഫ് പറഞ്ഞു. ഈ ചട്ടങ്ങൾ അധഃകൃതവർഗ്ഗക്കാരെ ഉദ്ദേശിച്ചുണ്ടാക്കുന്ന റോഡുകളെ ബാധിക്കുന്നതല്ലെന്ന അന്നു അദ്ദേഹത്തോടു മറുപടി പറഞ്ഞു. ഈ ചട്ടങ്ങൾ പരിഷ്കരിക്കുന്നകാര്യം ഏതൻറ അലോചനയിൽ ഇരിക്കുന്നു. ചില സംഗതിയിൽ അവയെ പരിഷ്കരിക്കേണ്ടവയാണെന്നു ഞാൻ ഗവണ്മെൻറിലേക്ക റിപ്പോർട്ടുചെയ്തിട്ടും ഉണ്ടു. കാര്യം ഇപ്പോഴും തന്നെ അലോചനയിൽ ഇരിക്കുന്നതുകൊണ്ടു അതിനെ പറ്റി അലോചിപ്പാൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുള്ളതാവശ്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. പരിഷ്കരിച്ചുകൊൾചട്ടങ്ങൾ കാലതാമസംകൂടാതെ ഗവണ്മെൻറ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. അതിൽ അക്ഷേപങ്ങൾ ബോധിപ്പിപ്പാൻ അവസരവും കൊടുക്കും. ആവശ്യം ഉണ്ടെങ്കിൽ ജനങ്ങൾക്കോ ഇക്കാര്യത്തിൽ താല്പര്യമുള്ളവർക്കോ ചീഫ്എൻജിനീയരെയോ ദിവാനെയോ കണ്ടു കാര്യത്തെപ്പറ്റി വാദപ്രതിവാദം നടത്തുവാനുള്ളതാണു്. ഇതിനാൽ പ്രയോജനം പോരാത്തതുകൊണ്ടു നിയമം ഭേദഗതിചെയ്യണമെന്നു മെമ്പർ നിർബന്ധിക്കയില്ലെന്നു വിശ്വസിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): കൃഷിയാൻറോഡുകൾ ഉണ്ടാക്കുന്നകാര്യത്തിൽ എനിക്കു ഒരുമാതിരി പരിചയം ഉള്ളതുകൊണ്ടു ഈ പ്രമേയത്തെപ്പറ്റി ചില വാക്കുകൾ പറവാൻ ഞാൻ ആഗ്രഹിക്കുന്നു. റോഡുവെട്ടുന്നതു എങ്ങനെയാണെന്നുള്ള സംഗതിയെപ്പറ്റി ആദ്യം പറഞ്ഞുകൊള്ളുന്നു. എല്ലാ ഗ്രാമത്തിലും റോഡുണ്ടാക്കുന്ന കാര്യത്തിൽ താല്പര്യമുള്ള കുറെ ആളുകൾ കാണും താല്പര്യക്കാരിൽ പ്രധാനി ഒരു മേസ്തിരിയെയോ കൂലിക്കാരനേയോ അയച്ചു ഒന്നോ രണ്ടോ റോഡുകളോടുചേരുന്നതിനു രണ്ടു മൂന്നാഴികനീളമുള്ള ഒരു റോഡ് അവരുടെ പരിജ്ഞാനപ്രകാരം ഉണ്ടാക്കുന്നതിനു ജനങ്ങളെ ഉത്സാഹിപ്പിക്കും. റോഡുണ്ടാക്കാൻ ആരംഭിക്കുമ്പോഴുള്ള ഉത്സാഹമാണു ഒരു പ്രധാനസംഗതിയായി കാണുന്നതു.

ഉടനെതന്നെ ഗ്രാമക്കാർ എല്ലാവരുംകൂടി രണ്ടുമൂന്നാഴികയെങ്കിലുമായും സാധാരണയായി തീരുന്ന പണി ഒന്നരണ്ടു മിസ്സംകൊണ്ടുചെയ്തീർക്കും. ഇതു ചാടകരവും ഉപയോഗമുള്ളതുമാണ്. രാജ്യത്തിലെ ഇപ്പോഴത്തെ സ്ഥിതിക്കു റാഡിൻെറപണി താമസിപ്പിക്കാനോ ജനങ്ങളുടെ ഉത്സാഹത്തിനു ഹാനിവരുത്താനോ ഇടയുള്ള ഒരു ചട്ടവും പ്രായോഗികമല്ല. ചട്ടങ്ങൾ വായിച്ചുനോക്കുന്നതായാൽ അവയെല്ലാം അനുസരിച്ചു പ്രവർത്തിക്കുന്നതിനു മാസങ്ങൾ പോരാ ആണ്ടുകൾ വേണ്ടതാണെന്നു ഈ സഭയ്ക്കു ബോദ്ധ്യമാകും. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ ഉത്സാഹം ഉച്ചമായിരിക്കുന്നസമയത്തുമാത്രമേ എല്ലാവരും യോജിച്ചു പ്രവർത്തിക്കയുള്ളൂ. ആ സമയം നഷ്ടമായാൽ റോഡുകൾ ഉണ്ടാക്കുന്നകാര്യം അസാദ്ധ്യമാണ് ഒന്നാമതായി ചട്ടം ഒരു സംഘം ഉണ്ടായിരിക്കണമെന്നും അതു ശ്രീ പി സുബ്രഹ്മണ്യയ്യരെപ്പോലെ ഒരു ജായിൻറ്സ്റ്റോക്കുകമ്പനിയായി രജിസ്റ്റർചെയ്തിരിക്കണമെന്നാണ്. പിന്നത്തേതു നിർബന്ധമായി സ്ഥലം എടുക്കുന്നതിനു ഫീ ശതമാനം പണം കെട്ടിവയ്ക്കണമെന്നാണു്. ആ ചട്ടം ഇങ്ങനെയാണു.

"ഇനിമുടമസ്ഥന്മാർ ആവശ്യമുള്ള സ്ഥലം പ്രതിഫലംകൂടാതെ വിട്ടുകൊടുക്കാൻ വിസമ്മതിക്കുന്നപക്ഷം സ്ഥലത്തിൻറെ ഉദ്ദേശവിലയും അതു നിർബന്ധമായി വാങ്ങുന്നതിനു ആവശ്യമുള്ള വിലയിൽ ഫീ ശതമാനവും സംഖ്യ ഗവണ്മെൻറിൽ കെട്ടിവയ്ക്കുന്നതിനു സംഘത്തിനു മനസ്സുണ്ടോഎന്നു',

ഈ ചട്ടം കേവലം അപ്രായോഗികമാണു. ഞാൻ പറഞ്ഞപ്രകാരം ഉത്സാഹം ഉച്ചമായിരിക്കുന്നസമയത്താണു ജനങ്ങൾപൊയിറോഡ് വെട്ടുന്നതു. സ്ഥലവിലയ്ക്കുപുറമേ ഒരു പിഴയെന്നപോലെ സ്ഥലം ഗവണ്മെൻറിലേക്ക എടുക്കുന്നതിനു വിലയുടെ ഫീ ശതമാനവും കൊടുക്കണമെന്നതു. ഈ ഉത്സാഹമുഹൂർത്തത്തിൽ മാനസ്തായ ഗവണ്മെൻറുദ്യോഗസ്ഥനോ സ്ഥലത്തെ ഒരു പ്രമാണിയെ തഹശീൽദാരോ ജനങ്ങളെകണ്ടാൽ റോഡുവെട്ടുന്നകാര്യംസന്തതമാണെന്നു എല്ലാവരും എഴുതികൊടുക്കാതിരിക്കയില്ല. എന്നാൽ സാധാരണ സർക്കാർകാര്യംപോലെ അതു അയച്ചിട്ടിരുന്നാൽ ഈ ചട്ടങ്ങൾ ബുദ്ധിമുട്ടുകൾക്കിടയാക്കി കാര്യം ഉപേക്ഷിക്കേണ്ടിവരും. ഈ ചട്ടങ്ങളിൽ രാജ്യസ്ഥിതിക്കു അനുയോജ്യമല്ലാത്ത വേറെയും ഭാഗങ്ങളുണ്ടു. ഈ റോഡുകൾ ഉണ്ടാക്കുന്നതിനുള്ള

ശാസ്ത്രീയ നിയമങ്ങളും ഗവണ്മെന്റ് റോഡുകളുടെയുമൊന്നും ഞായിരിക്കാം. ഗവണ്മെന്റിന്റെ ഉദ്ദേശം ഒരു വിധം തരം റോഡുണ്ടാക്കണം എന്നായിരിക്കുമല്ലോ. ജനങ്ങൾക്കുവേണ്ടി കൊണ്ടുപോകാൻ തക്ക വണ്ണമില്ലാതായിരുന്നാൽമതി, റോഡു ഇന്നനിലയിൽ ഇരിക്കണമെന്ന ഗവണ്മെന്റ് നിർബന്ധിക്കുമല്ലോ. ആവശ്യനിവൃത്തിക്കു പോരായതായിരുന്നാൽമതി.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): ഇതിനൊക്കെ കമ്മിറ്റിയിലെ നിയമിക്കണമെന്നേ മി. തോമസിന്റെ നിർബന്ധമുണ്ടോ?

മി. കെ. സി. തോമസ് (കോട്ടയം): ഇല്ല. എനിക്കു നിർബന്ധമില്ല. ചട്ടങ്ങൾ ഭേദപ്പെട്ടതാണെന്നേ എനിക്കുള്ളൂ. റോഡിനു ഇരുവീതിവേണം, നേക്കിരിക്കണം, കയറ്റങ്ങൾ ശരിയായിരിക്കണം, വളവുണ്ടായിരിക്കരുതു, ഇത്ര ശതമാനം ചായുകയേവേണം ഈ വക നിയമങ്ങളെല്ലാം കൂടിയാണാക്കി എപ്പോഴും നിവർത്തിക്കാൻ കഴിഞ്ഞുവെന്നു പറികയില്ല. ഒന്നാമതായി പണികൊണ്ടതന്നെ റോഡു പൂർത്തിയായിരിക്കണം, ഗ്രാമത്തിലെപ്രമാണിയും പരിവാരപ്രഭൃതികളും സമ്മതം വാങ്ങാതെയോ ഉടൻതന്നെ റോഡ് വെട്ടിക്കാതെയോ ഫാജരുണ്ടായിരിക്കണംഎന്നുള്ളതാണു മുഖ്യസംഗതി. സമയം കഴിഞ്ഞുപോകരുതു. കാലതാമസം റോഡുവെട്ടുന്നതിനു വിഘാതമായിട്ടില്ലാതെതന്നെ അനുകൂലമായിവരികയില്ല. ജനങ്ങളുടെ ഉത്സാഹം വർദ്ധിച്ചിരിക്കുമ്പോൾ ചിലർക്കുണ്ടായ വല്ല താമസത്തിനു കാരണമുണ്ടാക്കും, രണ്ടു ദിവസത്തിനുള്ളിൽ എല്ലും ബിയും തമ്മിൽ കലശലുണ്ടായി റോഡുപണിയും കലാശിക്കും ഇതാണു ഈ റോഡുവെട്ടുകാര്യത്തിൽ പരിചയമുള്ളവരുടെ അനുഭവം. ഉദ്യോഗസ്ഥന്മാരുടെ മുമ്പാകെചെന്നാതികരം എഴുതും ഇങ്ങനെ ജനങ്ങൾ സ്ഥലം വിട്ടുകൊടുക്കാൻ ഒരുക്കമുള്ളപ്പോൾ ആവശ്യമുള്ള സ്ഥലം എടുത്തിട്ടില്ലെങ്കിൽ ചട്ടങ്ങൾ ഇപ്പോഴത്തെ നിലയിൽതന്നെ ഇരുന്നാൽ സങ്കടത്തിനു കാരണമാകും. ചട്ടങ്ങൾ പരിഷ്കരിക്കുമ്പോൾ ഈ സംഗതി കാര്യമായി വേണ്ടതാണു'.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ വാദപ്രതിവാദത്തിൽ കൂടുതലായി എനിക്കൊന്നും പറവാനില്ല. ഈ മാഗത്തിരിക്കുന്ന എന്റെ സ്നേഹിതന്മാരിൽ ചിലരുടെ വാദങ്ങൾ കേട്ടിട്ടു പ്രയാസങ്ങൾ എല്ലാ റോഡു ഗവണ്മെന്റിലേക്കു എടുക്കേണ്ടെന്ന മുറ്റുത്തതെ സംബന്ധിച്ചുള്ളതായാണെന്നു തോന്നും. (ചിരി) കൂടിയാൽ റോഡുകൾ ഉണ്ടാക്കുക സുഖം എന്താണെന്നു മി. തോമസ് പറഞ്ഞുവല്ലോ ഒരു ഗ്രാമപ്രമാണിയെ കൂടിയാൽ റോഡ് ഉണ്ടാക്കണമെന്നു വിചാരിക്കുമ്പോൾ അദ്ദേഹം സാധാരണയായി ഒരു വിരുന്നു കഴിക്കും ഉടനെ വേണ്ട ഉത്സാഹവും ഉണ്ടാകുന്നു എന്നാണ് മി. തോമസ് പറയുന്നതു (ചിരി) ഉത്സാഹത്തിന്റെ അഗോചരശക്തികൊണ്ടു ഒരുപാടു ജോലിചെയ്യുന്നിരുന്നു. ആ മുറ്റുത്തു സമയം ഗവണ്മെന്റു ഉപായോഗിക്കാതെ ഇരുന്നാൽ ചട്ടങ്ങൾ അനുസരിക്കാൻ സാധിക്കയില്ലെന്നും കൂടിയാൽ റോഡുകൾക്കു നഷ്ടം സംഭവിക്കുമെന്നും അദ്ദേഹം സങ്കടത്തോടെ പറയുന്നു. എന്നാൽ ഇതു അപ്രായോഗികമാകുന്നതാണു എനിക്കു തോന്നുന്നതു. എന്തെന്നാൽ ഈ ഉത്സാഹം ഉണ്ടാകുന്ന സമയത്തു തല്പര്യക്കാരെയെല്ലാം ക്ഷണിച്ചുകൂട്ടുവാൻ കഴിയാത്തപക്ഷം അതിന്റെ ഗുണം കുറഞ്ഞുപോകാൻ സാധിക്കയില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ഈ കാര്യത്തിൽ അദ്ദേഹത്തിനു വല്ലതുംചെയ്യാൻ ഇടയായിട്ടുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കേവലം ഇല്ല. ഈ സൂത്രങ്ങൾ ഞാൻ കണ്ടിട്ടില്ല. എന്റെ അഭിപ്രായം സമ്മതിച്ചുകൊള്ളുന്നു. ഉത്സാഹം ഉണ്ടാകുന്നതു വിരുന്നുകഴിച്ചുകൊണ്ടാണെന്നു അനുഭവമാണെങ്കിൽ വിരുന്നു ആവർത്തിച്ചു ഉത്സാഹവും ആവർത്തിച്ചു ജനിപ്പിപ്പാൻ റോഡുണ്ടാക്കുന്ന കാലത്തിൽ താല്പര്യം ഉള്ളവക്കുകയും. എല്ലാവരേയുംസംബന്ധിച്ചും കാര്യം അവസാനിക്കുന്നു എന്നുപറവാൻ പാടില്ല പല സാങ്കേതിക സംഗതികളും നിമിത്തം ചട്ടങ്ങൾ കേവലം അപ്രായോഗികമാണെന്നുള്ള ഒരു വിഭാഗത്തിന്റെ അഭിപ്രായവും അതിനു ചീഫ് എൻജിനീയരുടെ അനുകൂലവും എന്റെ സ്നേഹിതൻ മി. മാത്തൻമാപ്പിളപറഞ്ഞതും ആലോചിക്കുമ്പോൾ ഈ സംഗതിയിൽ മുഖ്യമായി കാണുന്നതു വസ്തുക്കളുടെ ഉടമസ്ഥാവകാശം കൂടിയാന്മാരിൽനിന്നു ഗവണ്മെന്റിലേക്കു ആകുന്നതാകുന്നു. തിരുവിതാംകൂറിലെ നിയമങ്ങളോടു ഇപ്പോഴത്തെ നിലയിൽതന്നെ ഇരുന്നാൽ സങ്കടത്തിനു കാരണമാകും. ചട്ടങ്ങൾ പരിഷ്കരിക്കുമ്പോൾ ഈ സംഗതി കാര്യമായി വേണ്ടതാണു'.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ വാദപ്രതിവാദത്തിൽ കൂടുതലായി എനിക്കൊന്നും പറവാനില്ല. ഈ മാഗത്തിരിക്കുന്ന എന്റെ സ്നേഹിതന്മാരിൽ ചിലരുടെ വാദങ്ങൾ കേട്ടിട്ടു പ്രയാസങ്ങൾ എല്ലാ റോഡു ഗവണ്മെന്റിലേക്കു എടുക്കേണ്ടെന്ന മുറ്റുത്തതെ സംബന്ധിച്ചുള്ളതായാണെന്നു തോന്നും. (ചിരി) കൂടിയാൽ റോഡുകൾ ഉണ്ടാക്കുക സുഖം എന്താണെന്നു മി. തോമസ് പറഞ്ഞുവല്ലോ ഒരു ഗ്രാമപ്രമാണിയെ കൂടിയാൽ റോഡ് ഉണ്ടാക്കണമെന്നു വിചാരിക്കുമ്പോൾ അദ്ദേഹം സാധാരണയായി ഒരു വിരുന്നു കഴിക്കും ഉടനെ വേണ്ട ഉത്സാഹവും ഉണ്ടാകുന്നു എന്നാണ് മി. തോമസ് പറയുന്നതു (ചിരി) ഉത്സാഹത്തിന്റെ അഗോചരശക്തികൊണ്ടു ഒരുപാടു ജോലിചെയ്യുന്നിരുന്നു. ആ മുറ്റുത്തുസമയം ഗവണ്മെന്റു ഉപായോഗിക്കാതെ ഇരുന്നാൽ ചട്ടങ്ങൾ അനുസരിക്കാൻ സാധിക്കയില്ലെന്നും കൂടിയാൽ റോഡുകൾക്കു നഷ്ടം സംഭവിക്കുമെന്നും അദ്ദേഹം സങ്കടത്തോടെ പറയുന്നു. എന്നാൽ ഇതു അപ്രായോഗികമാകുന്നതാണു എനിക്കു തോന്നുന്നതു. എന്തെന്നാൽ ഈ ഉത്സാഹം ഉണ്ടാകുന്ന സമയത്തു തല്പര്യക്കാരെയെല്ലാം ക്ഷണിച്ചുകൂട്ടുവാൻ കഴിയാത്തപക്ഷം അതിന്റെ ഗുണം കുറഞ്ഞുപോകാൻ സാധിക്കയില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ഈ കാര്യത്തിൽ അദ്ദേഹത്തിനു വല്ലതുംചെയ്യാൻ ഇടയായിട്ടുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കേവലം ഇല്ല. ഈ സൂത്രങ്ങൾ ഞാൻ കണ്ടിട്ടില്ല. എന്റെ അഭിപ്രായം സമ്മതിച്ചുകൊള്ളുന്നു. ഉത്സാഹം ഉണ്ടാകുന്നതു വിരുന്നുകഴിച്ചുകൊണ്ടാണെന്നു അനുഭവമാണെങ്കിൽ വിരുന്നു ആവർത്തിച്ചു ഉത്സാഹവും ആവർത്തിച്ചു ജനിപ്പിപ്പാൻ റോഡുണ്ടാക്കുന്ന കാലത്തിൽ താല്പര്യം ഉള്ളവക്കുകയും. എല്ലാവരേയുംസംബന്ധിച്ചും കാര്യം അവസാനിക്കുന്നു എന്നുപറവാൻ പാടില്ല പല സാങ്കേതിക സംഗതികളും നിമിത്തം ചട്ടങ്ങൾ കേവലം അപ്രായോഗികമാണെന്നുള്ള ഒരു വിഭാഗത്തിന്റെ അഭിപ്രായവും അതിനു ചീഫ് എൻജിനീയരുടെ അനുകൂലവും എന്റെ സ്നേഹിതൻ മി. മാത്തൻമാപ്പിളപറഞ്ഞതും ആലോചിക്കുമ്പോൾ ഈ സംഗതിയിൽ മുഖ്യമായി കാണുന്നതു വസ്തുക്കളുടെ ഉടമസ്ഥാവകാശം കൂടിയാന്മാരിൽനിന്നു ഗവണ്മെന്റിലേക്കു ആകുന്നതാകുന്നു. തിരുവിതാംകൂറിലെ നിയമങ്ങളോടു ഇപ്പോഴത്തെ നിലയിൽതന്നെ ഇരുന്നാൽ ചില സാങ്കേതിക ചടങ്ങുകൾ കുടാതെ കഴികയില്ല. സാങ്കേതിക ചടങ്ങുകൾ നിമിത്തം ചില പ്രയാസങ്ങളുണ്ടാകാതെകിലും അവയുടെ അഭാവം ക്രിമിനൽകോടതികളിലും സിവിൽ കോടതികളിലും അനേകം കേസ്കളും വ്യവഹാരങ്ങളും മി. തോമസ് പറഞ്ഞതുപോലെ ഉണ്ടാവാൻ കാരണമായി തീരുന്നതാണു. ഉത്സാഹം അനുഭവിച്ചിരിക്കുന്ന സമയം നോക്കി പ്രവർത്തിക്കാമായിരിക്കും എന്നാൽ ഉത്സാഹം അടിസ്ഥാനമാക്കി അന്യരുടെ സ്വത്തു തർക്കവിഷയമാക്കുന്ന നയം അഭിലഷണീയമല്ല. എന്തെങ്കിലും ചില ചട്ടങ്ങൾ ഉണ്ടാക്കേണ്ടതു ആവശ്യമാകുന്നു.

മി. എസ്. പിറവി പൊന്നുമാപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ചട്ടങ്ങൾ അറിയുവാൻ പാടുള്ളതാക്കാൻ കഴികയില്ലേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) എല്ലാചട്ടങ്ങളെപ്പറ്റിയാണു പറയുന്നതു. ആധാരങ്ങൾരജിസ്റ്റർചെയ്യുന്നതിനെപ്പറ്റിയുള്ളവയാണോ?

മി. എസ്. പിറവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): നടപ്പാക്കാനുള്ള ചട്ടങ്ങൾ—

മി. പി. കെ നാരായണപിള്ള (അമ്പലപ്പുഴ): ആ ചട്ടങ്ങൾ ഉണ്ടാക്കീട്ടുണ്ടോ ഇല്ലയോഎന്നും എനിക്കു അറിവില്ല. ഓഫീസിൽ ഉണ്ടാകാവുന്ന ചട്ടങ്ങളേ പറ്റി എങ്ങനെയാണു വല്ലതുംപറയുന്നതു'.

ഈ ഗ്രാമറോഡുകൾ ഉണ്ടാക്കുന്നകാര്യത്തിൽ സ്ഥലത്തെ ചില പ്രമാണികൾ അവരുടെ ശക്തിപ്രയോഗിച്ചു സാധുക്കളും നിസ്സഹായികളുമായ ചിലരുടെസ്ഥലം വിട്ടുകൊടുക്കുവാനുള്ള അനുമതി നിർബന്ധപൂർവം വാങ്ങിയ ഉദാഹരണങ്ങൾ അവിടവിടെ ഉണ്ടായിട്ടുള്ളതായി എനിക്കറിയാം, ചിലഗ്രാമങ്ങളിൽ ചിലർക്കു ചില സാധുക്കളുടെ സ്ഥലത്തുള്ള കണ്ണു കൊണ്ടുപോകുന്നതു കുസൃതിപ്പുല്ലമായിരിക്കാം ധനവാന്റെ പ്രാബല്യം കൊണ്ടു ഒരിക്കുന്നതടിമപ്പെട്ടുന്നതി—

ശ്രീ. കെ. കെ. തോമസ്: (കോട്ടയം) ഒരിക്കൽതന്നെയല്ലെ റോഡുവെട്ടുവാൻ പോകുന്നതു എന്നു പറയുമോ?

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : അല്ലായിരിക്കാം എന്നാൽ റോഡ്‌വെട്ടുന്നതിനു കായ്ത്തിൽ വിരോധപ്പെടുത്ത ഒരുകൂടുംബം കായ്യം എനിക്കറിയാം. അക്കായ്ത്തിൽ തിരുവല്ലാകോടതിയിൽ ഒരു വ്യവഹാരംകൊടുപ്പാൻ ഞാൻതന്നെയാണു അന്ന്യായഹജ്ജി തയ്യാറാക്കിയതു. ആകേസ് ഇപ്പോഴും നിലവിലിരിക്കുന്നു. ഒരിക്കുന്നവരെ നിർബന്ധിക്കാൻ ധനികന്മാർക്കു വഴിയുണ്ടാകുന്നതാണു ഞാൻ പറയുന്നതു അവർധനികന്മാരോ സ്വാധീനശക്തിയുള്ളവരോ ആയിരിക്കാം. വിഷയത്തിന്റെ ആവശ്യത്തെ സംബന്ധിച്ചുമാത്രമാണെനിക്കു പറവാനുള്ളതു. സാങ്കേതികചടങ്ങുകൾ അനിവാര്യമെന്നുവിചാരിക്കുന്നതു ശരിയായമാർഗ്ഗമല്ലെന്നാണു ഞാൻവിചാരിക്കുന്നതു. ശ്രീ. മാമ്മൻമാപ്പിള അങ്ങനെപറഞ്ഞുഎന്നും ശ്രീ. തോമസ് അതുതന്നെ ഊന്നിച്ചുപറഞ്ഞുഎന്നുംതോന്നുന്നു, സാങ്കേതികചടങ്ങുകൾ തീർന്നവരെന്നുമവരെ ഭരിക്കുന്നതു ചിലപ്പോൾ ഉപദ്രവകരമായിതീരുമെന്നു അപ്പർ പറഞ്ഞുഎന്നു വിചാരിക്കുന്നു.

ശ്രീ. കെ. കെ. തോമസ് (കോട്ടയം) : സാങ്കേതികചടങ്ങുകൾക്കു പരമാവധി ഉപയോഗിക്കണമെന്നാണു ഞാൻ പറഞ്ഞതു.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : അതേ, പ്രത്യേകമായി വിധാനംകഴിക്കുന്ന അവസരത്തിൽ ചീഫ്എൻജിനീയർതന്നെ വിധാനംവഴിയായി ഹാജരുണ്ടായിരുന്നാൽകൊള്ളാം.

ശ്രീ. കെ സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു) : ഞാൻ സംസാരിച്ചുതീരുകയാവുന്ന സന്ദർഭത്തിൽചടങ്ങുകളെപ്പറ്റി ആയിരുന്നു.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : അനാവശ്യ സാങ്കേതിക ചടങ്ങുകൾഉണ്ടു. ഉദാഹരണമായി ആധാരങ്ങൾ എഴുതി ഒപ്പിടുമ്പോൾ സാക്ഷികൾ തലകുത്തിനിൽക്കണമെന്നു.. അങ്ങനെയുള്ളവ വേണ്ടെന്നുവെക്കാം (ചിരി)

ശ്രീ. സി. പി. തരകൻ (കുന്നത്തുനാടു): എന്റെ പ്രമേയത്തിൽ ചില ഭാഗങ്ങൾ അഡിഷ്യൽ മെംബർ സമ്മതിച്ചുതരുകയുണ്ടു് ഈ റൂൾസിനെപ്പറ്റി അധികം വിസ്തരിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. വില്ലേജിലുള്ള ന്യൂനപക്ഷം ആളുകളുടെയും ആഗ്രഹത്തേയും അഭിപ്രായത്തേയും ബഹുമാനിക്കുന്നതാണെന്നും അവർക്കു പുരയിടങ്ങൾ കെട്ടിമറിക്കാൻ അനുവദിച്ചുകൊടുക്കണമെന്നും മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞു. റയട്ട്സ്റോഡിൽ മാത്രമല്ല പബ്ലിക്കുറോഡുകളിലും ഇങ്ങനെതിരിയുള്ള അതിക്രമങ്ങൾ ധാരാളം സംഭവിക്കുന്നുണ്ടെന്നും അവ ഒഴിച്ചുകൂടാൻ നിവൃത്തിയില്ലെന്നും പറയേണ്ടിയിരിക്കുന്നു. എന്നു മാത്രമല്ല, റയട്ട്സ്റോഡിനെ സംരക്ഷിക്കുന്നതിനു ഗവർമ്മെന്റ് അസിസ്റ്റന്റ് ഇൻജിനീയരോ സൂപ്രണ്ടെവസരോ ചുമതലപ്പെട്ടിരിക്കുമ്പോൾ ആരുടേയും പ്രത്യേകമായ ഹിതത്തിനോ ആഗ്രഹത്തിനോ അനുസരിച്ചു മറ്റൊരുമാറ്റം ദോഷമുണ്ടാകുമെന്നു വിചാരിക്കാനും ന്യായമില്ല. റൂൾസ് ഭേദപ്പെടുത്തുന്നതിനെ സംബന്ധിച്ചു ഗവർമ്മെന്റു ആലോചിക്കുന്നുണ്ടെന്നും പാസ്സാക്കിയഉടൻ അതു ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തി പൊതുജനാഭിപ്രായം വരുത്തിയതിനു ശേഷം തീർച്ചപ്പെടുത്താമെന്നും ചീഫ് ഇൻജിനീയർ പറകയുണ്ടായി. അതിൽ മാത്രം സല്ലും അഭിപ്രായവ്യത്യാസം എനിക്കുണ്ടു്. ൻ-ാല പ്രാവശ്യമായിൽ ഈ സംഗതി ഞാൻ ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ഈ റൂൾസിനെ ഒരു കാൺഫ്റൻസുകൂടി ഭേദപ്പെടുത്തണമെന്നു പറയുകയും ചെയ്തു. റൂൾസുകൾ ഭേദപ്പെടുത്തേണ്ടതത്യാവശ്യമാണെന്നും അതു ഭേദപ്പെടുത്താമെന്നും അന്നത്തെ അഡീഷണൽ സെക്രട്ടറിയായിരുന്ന ദിവാൻജി സമ്മതിച്ചു. എന്നിട്ടു രണ്ടുവർഷം ഇപ്പോൾ കഴിഞ്ഞിരിക്കുന്നു. എന്നുമാത്രമല്ല ഈ റൂൾസ് നടപ്പിൽ വരുന്നതിനുമുമ്പായി ഉണ്ടായിട്ടുള്ള റോഡു ഗവർമ്മെന്റിൽനിന്നും എടുക്കാതെയും ഇരുന്നിട്ടുണ്ടു്. എനിക്കതറിയാമുണ്ടു്. കുന്നത്തൂരാട്ടിൽ തെ പഞ്ചായത്തിയിലുള്ള ഒരുറയട്ട് റോഡു പൂർണ്ണമായി കല്ലുകൾ മുതലായവ തീർത്തു നാലുകൊല്ലം കഴിഞ്ഞിട്ടുണ്ടു്. ഗവർമ്മെന്റു ഇതുവരെയും ഏറ്റെടുക്കയോ സംരക്ഷിക്കയോ ചെയ്തിട്ടില്ല. അതിനാൽ റൂൾസ് ഭേദപ്പെടുത്തുന്നതു സംബന്ധിച്ചു ചീഫ് ഇൻജിനീയർ ഡിപ്പാർട്ടുമെന്റിൽ അധികപരിചയമുള്ള മറ്റു ഉദ്യോഗസ്ഥന്മാരോടും റയട്ടറോഡു സംബന്ധിച്ചു പരിചയമുള്ള അന്യോദ്യോഗസ്ഥന്മാരോടുംകൂടി ആലോചിച്ചു ശരിപ്പെടുത്താം എന്നു സമ്മതിക്കുന്നപക്ഷം ഈ കമ്മിറ്റി വേണമെന്നഭിപ്രായമില്ല. ഉദ്യോഗസ്ഥന്മാരും അന്യോദ്യോഗസ്ഥന്മാരും കൂടിയാലോചിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം. ഗവർമ്മെന്റു ഉദ്യോഗസ്ഥന്മാരെ മാത്രം വച്ചുകൊണ്ടു റൂൾസ് ഭേദപ്പെടുത്തി നിക്കോർഡുകളും ഖാരമമ്പക്കിപ്രായത്തിന്നയച്ചു പ്രസിദ്ധപ്പെടുത്തി അന്യോദ്യോഗസ്ഥന്മാരുടെ അഭിപ്രായം വരാൻ കാത്തിരിക്കുകയും അന്യോദ്യോഗസ്ഥന്മാരുടെ അഭിപ്രായം കിട്ടിയിട്ടില്ലെന്നു വരികയും പിന്നെയും ഒരു പ്രമേയം അവതരിപ്പിക്കേണ്ട ആവശ്യം ഉണ്ടാകയും ചെയ്യരുതെന്നാണു് എന്റെ അഭിപ്രായം. അതിനാൽ നാണഹിഷ്യൽ മജാർട്ടിയുള്ള ഒരു കാൺഫ്റൻസ് വിളിച്ചുകൂട്ടി ഈ റൂൾസ് എഴുതിയുണ്ടാക്കാമെന്നു ചീഫ് ഇൻജിനീയർ പറയുന്നപക്ഷം എനിക്കൊരു കമ്മിറ്റിവേണമെന്നുള്ള അഭിപ്രായമില്ല. അല്ലാത്തപക്ഷം കമ്മിറ്റി വേണമെന്നാണു എന്റെ അഭിപ്രായം.

ശ്രീ. കെ. പി. നടേശയ്യർ (ചീഫ് എൻജിനീയർ): പല പ്രമേയങ്ങൾ ഹാജരാക്കാനുള്ളതുകൊണ്ടു മെമ്പർക്കു വല്ല സംഗതിയേയുംപറ്റി പ്രത്യേക വിവരം വേണമെന്നില്ലെങ്കിൽ ഈ വാദം നീക്കിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. മിസ്റ്റർ തരകൻ ആവശ്യപ്പെട്ടപ്രകാരം പുതിയ നക്കൽചട്ടങ്ങൾ ഗവർമ്മെന്റിലേയ്ക്കു സമർപ്പിക്കുംമുമ്പു ഇക്കായ്ത്തിൽ ജാഗ്രതയുള്ള അന്യോദ്യോഗസ്ഥന്മാരോടു ആലോചിക്കുന്നതിനു എനിക്കു വിരോധമില്ല. കോട്ടയം, തിരുവല്ലാ, അമ്പലപ്പുഴ മുതലായ സ്ഥലങ്ങളിലെ മാന്യന്മാരോടു ആലോചിച്ചുകൊള്ളാം. ഈ ഉറപ്പിന്മേൽ മെമ്പർ പ്രമേയം പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. സി. പി. തരകൻ (കുന്നത്തുനാടു): പ്രമേയം പിൻവലിക്കുന്നു.

പ്രമേയം അനുവാദപ്രകാരം പിൻവലിച്ചു.

തോട്ടുകൾ, കുളങ്ങൾ മുതലായവയുടെ ഉപയോഗം എല്ലാ വഴുക്കാക്കും അനുവദിക്കുന്നതിനെപ്പറ്റി പ്രമേയം.

ശ്രീ. സി. പി. തരകൻ (കുന്നത്തുനാടു): സർ, താഴെ പറയുന്ന നിശ്ചയത്തെ ഞാൻ സഭയുടെ ആലോചനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

ഗവർണ്മെൻറു ചെലവിന്മേൽ ഉണ്ടാക്കുകയോ ഗന്നാക്കുകയോ ചെയ്യുന്ന എല്ലാ തോട്ടുകളും കളങ്ങളും ജാതിമതഭേദമെന്നിയെ എല്ലാ ജനങ്ങളും ഉപയോഗിക്കാൻ അനുവദിക്കണമെന്നു ഗവർണ്മെൻറിനോടു ഈ സഭ ശിപാർശചെയ്യുകകൊള്ളുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഈ പ്രമേയം ഞാൻ ഗവർണ്മെൻറിലേയ്ക്കയച്ചിരുന്ന സമയം റോഡുകളിൽ ഉറപ്പെടുത്തിട്ടുണ്ടായിരുന്നു. എന്നാൽ അതിനെ സംബന്ധിച്ചു ഈ സഭയിൽ വാഭ്യപ്രതിവാദം കഴിഞ്ഞു് ഒരു മാസമെങ്കിലും കഴിഞ്ഞിട്ടില്ലെന്നുള്ള കാരണത്താൽ ഗവർണ്മെൻറിൽനിന്നും അഭിപ്രായം എടുക്കുകയുണ്ടായില്ല. അതുകൊണ്ടാണ് ഈ നീതിക്ക ഇവിടെ കൊണ്ടുവരാനിടയായതു്. റോഡും കളവും ഉറപ്പെടുത്തിയ സമയത്തു തോട്ടംകൂടി അതിൽ ഉറപ്പെടുത്തിയെന്നല്ലാതെ തോട്ടകർ എല്ലാജാതിക്കാരുടേയും ഉപയോഗത്തിൽ ഇരിക്കണമെന്നു എനിക്കറിവുണ്ടെന്നും അതിനെ സംബന്ധിച്ചു എനിക്കൊന്നും പറയാനില്ലെന്നും പറഞ്ഞുകൊള്ളുന്നു.

സർക്കാരിൽനിന്നും പണം ചിലവുചെയ്യുന്ന എല്ലാ സംഗതികളിലും സംസ്ഥാനത്തുള്ള നാനാജാതിമതസ്ഥന്മാർക്കും ഒരുപോലെ അവകാശമുണ്ടായിരിക്കണമെന്നുള്ള തത്വം ഗവർണ്മെൻറും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇങ്ങനെയുള്ള സംഗതികളിൽ ചില പ്രത്യേക ജാതിക്കാരുടെ ആവശ്യത്തിനായി മാത്രം വച്ചുകൊണ്ടിരിക്കുന്നതു കേവലം അനീതിയായിട്ടുള്ള ഒന്നാണു്. സംസ്ഥാനത്തിലെ നാനാജാതിമതസ്ഥന്മാരായ ആളുകൾ അന്യോന്യം സൗഹാർദ്ദത്തോടെ വർത്തിക്കയും സംസ്ഥാനകൃത്യ സമുദായങ്ങളിൽ തമ്മിലുള്ള മത്സരങ്ങൾ കുറയുകയും ചെയ്യുന്നതിനു ഈ വക അനാവശ്യങ്ങളായ നിബന്ധനകളും ആചാരങ്ങളും കുറച്ചുചെയ്യേണ്ടതാണു്. ഗവർണ്മെൻറു അപ്രകാരം പ്രവർത്തിച്ചാൽ നാനാജാതിമതസ്ഥന്മാരുടേയും സംരക്ഷണസ്ഥാനം ഗവർണ്മെൻറു വഹിക്കുന്നുവെന്നുള്ള ബോധം ആളുകൾക്കുണ്ടാകും. അങ്ങനെ പ്രവർത്തിക്കേണ്ടുന്ന ഗവർണ്മെൻറിന്റെ പ്രധാന ചുമതലകളിൽ ഒന്നാണു്. അതിനാൽ ഈ അഭിപ്രായത്തെ വലിയ പ്രയാസംകൂടാതെ ഗവർണ്മെൻറു സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു പുതിയ സംഗതി ചെയ്യുമ്പോൾ പ്രായേണ ചില ഭാഗങ്ങളിൽ കുറെ കരച്ചിലും പല്ലുകടിയും ഉണ്ടാകുമെങ്കിലും അതു ഭയപ്പെട്ടു ഗവർണ്മെൻറു ആവക സംഗതികളിൽ പ്രവേശിക്കാതിരിക്കരുതെന്നാണ് എനിക്ക പ്രധാനമായി പറയാനുള്ളതു്. അങ്ങനെ ഒരു സംഗതി തടപ്പിൽ വരുത്തുന്ന പക്ഷം ആകാശം ഇടിഞ്ഞുവീഴുമെന്നോ ഭൂമി പിളർന്നുപോകുമെന്നോ ആരെങ്കിലും പറഞ്ഞാൽ അതുകേട്ടു ഭയപ്പെട്ടു നടുകാണ്ടു മാത്രമേ ദോക്ഷമുണ്ടാകാനുള്ളു എന്നാണ് എന്റെ അഭിപ്രായം. എല്ലാ ആളുകളുടേയും അവകാശങ്ങളെ ഗണിച്ചു ഗവർണ്മെൻറു ന്യായമായി പ്രവർത്തിക്കുന്നപക്ഷം യാതൊരു വിധത്തിലുള്ള അനിഷ്ടസംഭവങ്ങൾക്കും ഇടയാകയില്ലെന്നും ന്യായമായി പ്രവർത്തിക്കുന്ന ഒരു ഗവർണ്മെൻറിനോടു യാതൊരു വിധത്തിലും ഉള്ള ഉപദ്രവങ്ങൾ ചെയ്യാൻ ജനസാമാന്യം തയ്യാറാകയില്ലെന്നും ഞാൻ അറിയിച്ചുകൊള്ളുന്നു. അതിനു പല ഉദാഹരണങ്ങളും ഉണ്ടു്. സംസ്ഥാനത്തിലുള്ള എല്ലാ സ്കൂളുകളിലും എല്ലാ ജാതിക്കാരേയും പ്രവേശിപ്പിക്കണമെന്നുള്ള ഉത്തരവു സർ. പി. രാജഗോപാലാചാരിയുടെ കാലത്തു തടപ്പിൽവരുത്തി. അപ്പോൾ പല വിധത്തിലുള്ള ഭീഷണികളും പുറപ്പെട്ടു. എങ്കിലും പൊതുജനങ്ങളുടെ അവകാശത്തെ ന്യായമായി പാലിക്കാൻ ഗവർണ്മെൻറു ധൈര്യത്തോടുകൂടി തയ്യാറായിരിക്കുന്നു എന്നുള്ളബോധം ജനസാമാന്യത്തിന്റെ ഇടയിൽ വ്യാപിച്ചുതോടുകൂടി ആവക ഭീഷണികളും ഇല്ലാതായിപ്പോയി. അടുത്തകാലത്തു വഴുതക്കാടു റേഡിനെ സംബന്ധിച്ചും മഹാരാണി റീജൻറു തിരുമനസ്സിലെ ഗവർണ്മെൻറിൽനിന്നും ഭരധർമ്മമായി ജനസാമാന്യത്തിന്റെ അവകാശത്തെ ഗണിച്ചു് പ്രവർത്തിച്ചസമയം യാതൊരനിഷ്ടസംഭവങ്ങളും ഉണ്ടായിട്ടില്ലെന്നും നമുക്കു ഇപ്പോഴത്തെ കൊച്ചീസുകമ്മിഷണർ മിസ്റ്റർ പിറൻ അദ്ദേഹത്തിന്റെ അനുചരന്മാരുടെ കാലം പൊതുജനങ്ങളുടെ ന്യായമായ അവകാശത്തെ ഗവർണ്മെൻറു ഗണിച്ചു പ്രവർത്തിക്കുന്നതിൽ അനാവശ്യമായ മത്സരങ്ങളും ലഹളകളും ഉണ്ടാകയില്ലെന്നും അദ്ദേഹത്തെ ആ സംഗതി എന്തുമാത്രം വിശ്വാസമായി ഏർപ്പെടുത്തിക്കാമെന്നും ഞാൻ ഈ അവസരത്തിൽ ഗവർണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ക്ഷേത്രവളപ്പിനു സമീപമുള്ള കുളങ്ങളേയുംകൂടി ഉറപ്പെടുത്തിട്ടുണ്ടോ?

മി. സി. പി. തരകൻ (കുന്നത്തുനാടു): ക്ഷേത്രക്കുളങ്ങളെ ഒന്നും ഞാൻ ഉറപ്പെടുത്തിട്ടില്ല.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ക്ഷേത്രമതിലിനു പുറമേയുള്ള ഉള്ളളും ദേവസ്വങ്ങളിൽനിന്നും സംരക്ഷിച്ചുവരുന്നതുമായ കുളങ്ങളെ ഒഴിച്ചുണ്ടോ?

മി. സി. പി. തരകൻ (കുന്നത്തുനാടു): അവയേയും ഞാൻ ഉറപ്പെടുത്തീട്ടില്ല.

മി. സി. എൻ. ഉണ്ണുൻനംപൂതിരി (ജന്മി): ദേവസ്വം വേർതിരിച്ചസമയം അതിനെ സംബന്ധിച്ചു കുളം മുതലായവയെ വേർതിരിച്ചിട്ടില്ലെന്നുള്ള സംഗതി മെമ്പറിനറിയാമോ?

മി. സി. പി. തരകൻ (കുന്നത്തുനാടു): അതെനിക്ക നിശ്ചയമില്ല.

മി. തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാറ്റുപുഴയും—കോട്ടപുഴയും): ജനങ്ങളുടെയിടയിൽ സഹോദര്യത്വും ഐകമത്യവും വർദ്ധിക്കുന്നതിനുപയുക്തമായ ഒരു പ്രമേയമാണ് ഇതു്. അതിനാൽ ഞാൻ ഇതിനെ എല്ലാപ്രകാരത്തിലും പിൻതാങ്ങിക്കൊള്ളുന്നു. പ്രജകളെല്ലാം രാജ്യമാകുന്ന വേനത്തിലെ ഇല്ലായ്മകാശുള്ള സഹോദരങ്ങളാണെന്നുള്ള ബോധം പരസ്പരം വ്യാപിക്കേണ്ടതു ഈ രാജ്യത്തിന്റെ ക്ഷേമത്തിന്നു് ഏറ്റവും അത്യാവശ്യമാണു്. ബ്രാഹ്മണരായാലും നായന്മാരായാലും മഹമ്മദീയരായാലും ക്രിസ്ത്യാനികളായാലും രാജ്യത്തെ ഇല്ലായ്മകാശമുള്ള സഹോദരന്മാരാണു്. യോജിച്ചു രാജ്യക്ഷേമത്തിനായി യത്നിക്കേണ്ടതു തങ്ങളുടെ കടമയുമാണു്. ഈ ബോധം വളരണം.

മി. സി. എൻ. ഉണ്ണുൻനംപൂതിരി (ജന്മി): അങ്ങനെ യോജിച്ചു പ്രവർത്തിക്കണമെന്നുള്ളതു് കുളം കിണറുമുതലായ സംഗതിയിൽ മതിയെന്നാണോ മെമ്പർ ഉദ്ദേശിക്കുന്നതു്? അതോ ഉദ്യോഗസംബന്ധമായ കാര്യങ്ങളിലും വേണമെന്നാണോ?

മി. തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാറ്റുപുഴയും—തൊടുപുഴയും): എല്ലാകാര്യങ്ങളിലും പൊതുവേകാശം ഒരുപോലെയിരിക്കണം, ഒന്നു് ഇതു്. ജനങ്ങളുടെയിടയിൽ മത്സരവും വിദ്വേഷവും ഉണ്ടാകുന്ന കാര്യങ്ങളെ കഴിവുള്ളിടത്തോളം ഇല്ലായ്മ ചെയ്യേണ്ടതു് ഗവർണ്മെൻറിന്റെ ധർമ്മമാണു്. ഗവർണ്മെൻറുണ്ടാക്കിയിട്ടുള്ള കുളങ്ങളിൽ ചില ആളുകൾ കുളിക്കയും മറെറ ചിലർക്കു് ആ കുളത്തിന്റെ ഡമീപംപോലും പോകാൻ നിവൃത്തിയില്ലാതിരിക്കയും ചെയ്യുന്നതു് വലിയ കഷ്ടമാണു്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അങ്ങനെ തടസ്ഥമുള്ള ഏതെങ്കിലും ഒരു കുളം ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): പലതും ചൂണ്ടിക്കാണിക്കാൻ സാധിക്കും.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഒന്നെങ്കിലും?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): ഈ പ്രമേയത്താവിന്റെ താലൂക്കിൽ തന്നെ ഒരു കുളം ഉണ്ട്. അതു ക്ഷേത്രത്തിൽനിന്നും ദൂരെയാണ് സ്ഥിതിചെയ്യുന്നതു്. ക്ഷേത്രസംബന്ധം ഇല്ല. ആ കുളത്തിന്റെ പേർ എനിക്കു നിശ്ചയമില്ല. ഈ കുളത്തിലും മറവും പള്ളിയും കാളയും ഇറങ്ങി വെള്ളംകുടിക്കാൻ ഒരു പ്രയാസവുമില്ല. മനുഷ്യവഴ്ച്ചയിൽപ്പെട്ട തങ്ങളുടെ സഹോദരന്മാർ ഇറങ്ങുകയാണെങ്കിൽ അതു് വലിയ തരക്കേടായിപോയി എന്നു പറയുന്നു. അതു വലിയ കഷ്ടമാണ്.

മി. സി. കേരളവർമ്മ കോയിൽതമ്പുരാൻ (എടവക): ഒരുമര അളുകൾ ഈ വിധം ചെയ്യാൻ പാടില്ലെന്നു പറയുന്നവർ ഈ രാജ്യത്തിലുണ്ടെന്ന് മെമ്പറിനറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): അതിനെക്കാൾ അധികം ആളുകൾ കൊന്നാലാവകാശം എല്ലാ സംഗതികളിലും ഒന്നുപോലെയിരിക്കണമെന്നു വാദിക്കുന്നുണ്ട്.

മി. സി. കേരളവർമ്മ കോയിൽതമ്പുരാൻ (എടവക): പ്രത്യേകമായി പണം ചിലവുചെയ്തു കുളം വെട്ടിക്കൊടുത്താൽ പോരേ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): അങ്ങനെ ചെയ്യുന്നതിനെക്കാൾ കുളത്തിൽ കുളിക്കാൻ അനുവദിക്കുന്നതാണ് നന്നു്.

മി. സി. കേരളവർമ്മ കോയിൽതമ്പുരാൻ (എടവക): അതുതന്നെ മനുഷ്യാർത്ഥത്തിനു് വിരോധമായി വരുമെന്നു മെമ്പറിനറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): ചില കുളങ്ങളിൽ എല്ലാവർക്കും കുളിക്കുന്നുണ്ട്. അവിടെ സൌഹാർദ്ദഭംഗം വരാതിരിക്കുന്നുണ്ട്.

മി. സി. കേരളവർമ്മ കോയിൽതമ്പുരാൻ (എടവക): കൂറച്ചുകാലമായി നടക്കുന്ന സംഗതിയെ ഭേദഗതിചെയ്യുന്നതിനു് ജനങ്ങളുടെ ഇടയിൽ വിരോധം ഉണ്ടാകയില്ലേ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): സാധാരണ ഉണ്ടാകും. ഈ രാജ്യത്തുണ്ടായിട്ടുള്ള ഓരോ പരിഷ്കാരങ്ങളും ഭേദഗതികളും സംബന്ധിച്ചു് പലപ്പോഴും ഓരോകാലത്തു് വിരോധം ഉണ്ടായിരുന്നു. അതിനുദാഹരണമുണ്ട് എങ്കിൽ സ്നേഹിതൻ മിസ്റ്റർ തരകൻ എല്ലാവഴ്ക്കാരേയും സ്കൂളിൽ പ്രവേശിപ്പിച്ചു സംഗതി പറഞ്ഞതു്.

മി. സി. കേരളവർമ്മ കോയിൽതമ്പുരാൻ (എടവക): ഇതിലൊരുക്കൽ ക്രമേണ പ്രവേശിക്കേണ്ടതല്ലേ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): ക്രമേണതന്നെയാണ്. സ്കൂൾ കഴിഞ്ഞ് ക്രമത്തിലാണ് കുളത്തിൽ കടക്കുന്നതു്. (ചിരി).

മി. സി. കേരളവർമ്മ കോയിൽതമ്പുരാൻ (എടവക): അതിനുള്ള സമയമായിട്ടുണ്ടെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): ആയിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു്. ക്ഷേത്രമതിലിനകത്തുള്ള കുളങ്ങളെ ഞാനേയും ഉദ്ദേശിച്ചിട്ടില്ല. റോഡരുകിലുള്ളതും ഗവർമ്മെന്റു മുതൽകൊണ്ടു നന്നാക്കിവരുന്നതുമായ കുളത്തെപ്പറ്റിയാണ് പറയുന്നതു്. അങ്ങനെയുള്ള കുളത്തെ പൊതുജലത്തിൽ ഉപയോഗിക്കുന്നതിനു് തടസ്സം ഉണ്ടാക്കുന്നതു് ജനങ്ങളുടെ സഹോദരഭാവത്തിനും സമാധാനത്തിനും പ്രതിബന്ധമുണ്ടാക്കുന്നതാണ്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ക്ഷേത്രക്കുളങ്ങളെല്ലാം മതിലിനു പുറമേയായിരിക്കണമെന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മനറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): ചുരുക്കം ചില സ്ഥലങ്ങളിൽ അകത്തും കുളമുണ്ട്?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അങ്ങനെ പുറമേയിലുള്ള കുളത്തുകൂടെ ഉൾപ്പെടുത്തിട്ടുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): ചിലകുളങ്ങളെ അങ്ങനെ ഉണ്ടായിരിക്കും.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും—കുന്നത്തൂരും): മതിലിനകത്തു കുളമുള്ളതായി പറയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): പലതെല്ലാം പറയാൻകഴിയും.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ക്ഷേത്രകുളങ്ങളെല്ലാം മതിലിനു പുറമേയിലാണ്. അതിനെ ഈ പ്രമേയത്തിൽ സംബന്ധിച്ചിട്ടുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): ക്ഷേത്രസാമ്പന്ധമായ കുളങ്ങളെല്ലാം ക്ഷേത്രത്തിന്റെ അധീനത്തിലായിരിക്കും. അവയെ ഉൾപ്പെടുത്തീട്ടില്ല. അങ്ങനെ ഉൾപ്പെടുത്തീട്ടുണ്ടെങ്കിൽ ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങാൻ തുടരുകയില്ല. അങ്ങിനെ ഉൾപ്പെടുത്തീട്ടില്ലെന്നാണ് ഞാൻ ധരിച്ചിരിക്കുന്നതു്.

ഞാൻ ഈ പ്രമേയത്തെ പൂർണ്ണമായി അനുകൂലിച്ചുകൊള്ളുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, നടപടിക്രമത്തെപ്പറ്റി ഒന്നു പറഞ്ഞുകൊള്ളട്ടെ. പ്രമേയത്തിന്റെ ഇപ്പോഴത്തെ രൂപത്തിൽ അതു ക്ഷേത്രങ്ങളംബന്ധമായ കുളങ്ങളും ഉൾപ്പെടെ എല്ലാ കുളങ്ങളേയും സംബന്ധിച്ചതാകുന്നു. എന്നാൽ വാദപ്രതിവാദം നടക്കുന്നതു ക്ഷേത്രങ്ങളംബന്ധമായ കുളങ്ങളെ ഒഴിച്ചുള്ള കുളങ്ങളെ സംബന്ധിച്ചാണ്. അതിനാൽ പ്രമേയം ഈ രൂപത്തിൽ ഇരിക്കുന്നിടത്തോളം വാദം നടക്കുന്നതു എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല. പ്രമേയകർത്താവു അതിനെ ഭേദപ്പെടുത്തുന്നതുവരെ വാദം നടത്താൻ പാടില്ലെന്നതോന്നുന്നു.

പ്രസിഡൻറ്: മറെ സംഗതികൾ ദേവസ്വംകാര്യങ്ങളിൽ ഉൾപ്പെട്ടതെങ്കിൽ അവയെപ്പറ്റി വാദം പാടില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): ക്ഷേത്രംവകയല്ലാത്ത തോട്ടകൾ ഇത്യാദി എന്ന പ്രമേയം ഭേദപ്പെടുത്താം. അതു ഭേദഗതിക്ക് എനിക്കു വിരോധമില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): എൻറെ സ്നേഹിതൻ സമ്മതിക്കുംപ്രകാരം ഭേദഗതി അനുവദിച്ചശേഷമേ ഭേദപ്പെടുത്തിയ പ്രമേയത്തെസംബന്ധിച്ചു വാദപ്രതിവാദം ചെയ്യാവൂ എന്നാണ് ഞാൻ പറയുന്നത്. ഭേദഗതി സഭമുമ്പാകെ ഫാജരാക്കി പ്രസിഡൻറ് അനുവദിച്ചശേഷം വാദം തുടരണമെന്നാണ്.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം—ഡിപ്യൂട്ടി പ്രസിഡൻറ്): വാദപ്രതിവാദം തീർന്നശേഷം ഭേദഗതി ദേവസ്വംകാര്യങ്ങളെ മാത്രമല്ല മറെറാകെ കാര്യങ്ങളെ സംബന്ധിച്ചവയായി കാണുമെന്നാണ് എൻറെ വിശ്വാസം.

മി. സി. പി. തരകൻ (കുന്നത്തുനാട്): അതെല്ലാം എൻറെ മനസ്സിൽ ഉണ്ട്. ഭേദഗതി സഭമുമ്പാകെ വരുമ്പോൾ അതിനെപ്പറ്റി പറയാം.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക്): ഈ പ്രമേയം സഭമുമ്പാകെ ഫാജരാക്കുന്നതിനു മിസ്റ്റർ തരകനു ഉണ്ടായിരുന്ന ഉദ്ദേശം ഭൂരിപക്ഷം മെമ്പർമാർക്ക് സമ്മതമായുള്ള കാര്യങ്ങൾ മാത്രം പൊതുഉപയോഗത്തിനു വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ചായിരുന്നു എന്നു നിശ്ചയമാണ്. മിസ്റ്റർ തരകൻ ഉദ്ദേശിച്ചിട്ടില്ലാത്ത എന്തെല്ലാം കാര്യങ്ങൾ ഇതിൽ ഉൾപ്പെട്ടുമെന്നിരുന്നാലും നിർദ്ദോഷമായ ഒരു പ്രമേയം മാത്രമാണ് ഫാജരാക്കുന്നതിനു അദ്ദേഹം ആഗ്രഹിച്ചതു. ക്ഷേത്രംവകയുള്ള കുളങ്ങളെ ഏതുവഴിക്കാക്കും അഭിവൃദ്ധിയാക്കാൻ അനുവദിക്കുന്ന ഒരു പ്രമേയം ഈ സഭ പാസ്സാക്കണമെന്നു മിസ്റ്റർ തരകനാകട്ടെ വേറെ ഏതെങ്കിലും മെമ്പറാകട്ടെ കരുതീട്ടില്ല. ക്ഷേത്രങ്ങൾവക കുളങ്ങളെഴിച്ചാൽ ഏതെങ്കിലും പ്രത്യേകവഴിക്കായി ഉണ്ടാക്കീട്ടുള്ള കുളങ്ങൾ അധികമുണ്ടെന്നുതോന്നുന്നില്ല. ഉണ്ടെങ്കിൽതന്നെ—എൻറെ അറിവിൽ അങ്ങനെയുള്ളവ അധികമില്ല—ക്ഷേത്രങ്ങളുടെ ഉപയോഗത്തിനുള്ളവയല്ലാതെ, പ്രത്യേകസമുദായങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നവയായി വല്ല തോട്ടകളോ കുളങ്ങളോ ജലമാർഗ്ഗങ്ങളോ ഉണ്ടെങ്കിൽ അവയെ മഹാഭൂരിപക്ഷത്തിൻറെ എല്ലാ പ്രജകളുടേയും ഉപയോഗത്തിനു വിട്ടുകൊടുക്കുന്നതിനു മെമ്പർമാർക്ക് ഒരു വിരോധവും ഉണ്ടാകയില്ലെന്നു എനിക്കു തോന്നുന്നു. അതുകയാൽ ഈ വാദം അനാവശ്യതർക്കങ്ങൾക്കും മത്സരത്തിനും ഇടയാക്കുകയില്ലെന്നു വിശ്വസിക്കുന്നു പ്രമേയകർത്താവിനും അതിനു വിരോധമില്ലെന്നു വിശ്വസിക്കുന്നു. അദ്ദേഹം മെമ്പർമാർക്ക് അനുകൂലിക്കേണ്ടതായി തോന്നുമെന്നു വിശ്വസിക്കുന്നു.

പ്രസിഡൻറ്: അങ്ങനെയാണെങ്കിൽ മിസ്റ്റർ മാമ്മൻമാപ്പിളയ്ക്കു അഭിപ്രായമൊക്കെ ഭേദഗതി കൊണ്ടുവരാൻ കഴിയുമല്ലൊ?

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): ക്ഷേത്രോപയോഗത്തിനു ഉള്ളതെയല്ലാതേയും ക്ഷേത്രമുതൽകൊണ്ടു ഉണ്ടാക്കാത്തവയും ആയ എല്ലാ കുളങ്ങളും ജലമാർഗ്ഗങ്ങളും" എന്നു ഭേദപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. നാരായണൻപോറ്റി (ഗവണ്മെൻറ് അക്കിംഗ് ചീഫ്സെക്രട്ടറി): "ഗവണ്മെൻറ് ചെലവിന്മേൽ ഉണ്ടാക്കുകയൊ നന്നാക്കുകയൊ ചെയ്യുന്ന" എന്ന വാക്കുകൾ പ്രമേയത്തിൽനിന്നു എടുത്തുകളയണമോ?

മി. സി. പി. തോമസ് (ഗവണ്മെൻറ് നിയമനം): ഞാൻ അനുകൂലിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ് നിയമനം—ഡിപ്യൂട്ടി പ്രസിഡൻറ്): സർ, വാദം ഇടരുന്നതിനുമുമ്പായി ചില വാക്കുകൾ പറയുന്നതു യുക്തമായിരിക്കുമെന്നു വിചാരിക്കുന്നു. ക്ഷേത്രങ്ങൾക്കുടമത്തെ ക്ഷേത്രോപയോഗത്തിനൊ ഉള്ള കുളങ്ങൾ ഒഴിച്ചാക്കുന്നതിനു എൻറെ സ്നേഹിതനായ മിസ്റ്റർ മാമ്മൻമാപ്പിളയ്ക്കും പ്രമേയകർത്താവിനും സമ്മതമാണെന്നു തീർച്ചയായി തോന്നുന്നു. എന്നാൽ കുഴപ്പം അവിടെ അവസാനിക്കയില്ല, മഹാറാണി തിരുമനസ്സിലെ പ്രജകൾക്കെല്ലാവർക്കും കുളങ്ങളുടെമേൽ തുല്യാവകാശം ഉണ്ടായിരിക്കണമെന്നാണ് പ്രമേയത്തിൻറെ ഉദ്ദേശം. തുല്യാവകാശം എന്നു പറയുന്നതിൻറെ അർത്ഥം ഒരുത്തനു അവകാശമില്ലെങ്കിൽ അവൻ പൊതുജനത്തിൽ ഉൾപ്പെടുകയില്ല എന്നാണെങ്കിൽ എല്ലാ വഴിക്കാർക്കും അവകാശമുണ്ടായിരിക്കേണ്ടതിയാണ് കുളങ്ങൾ എന്നു വരികയില്ല. പൊതുജനം എന്നു പറയുന്നതിനു പൊതുജനത്തിൻറെ ഒരു വിഭാഗം എന്നും അർത്ഥമുണ്ടെന്നു പ്രമേയം വിസ്മരിക്കുന്നു. ജനറൽക്ലാസസ് റസല്യൂഷനിൽ അങ്ങനെയാണ് വിവരണം. ഒരു പ്രത്യേകസമുദായത്തിൻറെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കീട്ടുള്ള ഒരു കുളം പൊതുമുതൽ ചെലവാക്കി ഉണ്ടാക്കി സംരക്ഷിച്ചുവരുന്നതാണെങ്കിലും ഒരു പബ്ലിക്ക് കുളമായിത്തന്നെയിരിക്കാം. പ്രത്യേകസമുദായങ്ങൾ താമസിച്ചു തൊഴുപിഴിക്കുടേയും മറെറ സ്ഥലങ്ങളുടെയും അടുത്തുള്ളതും അവർ ഉപയോഗിക്കുന്നതുമായ കുളങ്ങൾ സർക്കാർ പണം ചെലവുചെയ്തുണ്ടാക്കി സംരക്ഷിക്കുന്നവയാണെങ്കിലും ഉദാഹരണങ്ങളായി പറയാം. മറെറ സമുദായക്കാർ ഈവക കുളങ്ങളുടെ സമീപത്തുപോലും വരാൻ അനുവദിക്കയില്ല. എങ്കിലും അവ "പബ്ലിക്ക്" കുളങ്ങളാണ്. അതുകൊണ്ടു സഭയ്ക്കു ഇക്കാര്യത്തിൽ ഒരു ശിപാർശചെയ്യാൻ കഴിയുമെന്നതോന്നുന്നില്ല.

ക്ഷേത്രങ്ങളുടെ ഉപയോഗത്തിനായുള്ള കുളങ്ങൾക്കുടമത്തെ കൊട്ടാരങ്ങൾ സംബന്ധിച്ചുള്ള കുളങ്ങളുണ്ട്. അവ കൊട്ടാരങ്ങൾക്കുള്ളിലല്ല, അവയ്ക്കു മുമ്പിലാണ് അല്ലെങ്കിൽ അടുത്താണ്. അവയെ ഉപയോഗിക്കുന്നതും പൊതുജനത്തിൻറെ ഒരു വിഭാഗമാണ്. അവ മുനിസിപ്പാലിറ്റികളുടെ കീഴിലാണ്. അവയുടെമേൽ ഗവണ്മെൻറിനു യാതൊരു അധികാരവുമില്ല. ഈ കുളങ്ങളെസംബന്ധിച്ചു ഈ പ്രമേയപ്രകാരം ചെയ്യണമെന്നു പറയുന്ന ശിപാർശ കേവലം നിഷ്പ്രയോജനമായിരിക്കും.

എൻറെ സ്നേഹിതന്മാരായ ക്രിസ്ത്യൻ മെമ്പർമാർ അറിയാത്ത ഒരുതരം കുളങ്ങൾ ഉണ്ട്. ചില സമുദായങ്ങളിലെ ആചാരങ്ങളും അവർ അറിഞ്ഞിരിപ്പാൻ സംഗതിയില്ല. ഇപ്പോൾ ഞാൻ പറയുന്നതു ബ്രാഹ്മണരെപ്പറ്റിയാണ്. ആ സമുദായത്തിൽ ഒരു മരണം ഉണ്ടായാൽ മരണദിവസം മുതൽ പത്തു ദിവസത്തേക്കു കുളിക്കുന്നതിൽ ചില നിഷ്കർഷകൾ ചെയ്യുന്നുണ്ട്. കുളം അശുദ്ധമായിട്ടില്ലെന്നുണ്ടെങ്കിലും ആ കുളം ചിലവഴിക്കാർക്കു

മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്നാണു നിശ്ചയം. അതിലധികം പറയണമെന്നില്ലെന്നു വിചാരിക്കുന്നു. മേലെഴുതിയതിൽ പറഞ്ഞതാൽ അല്ല എല്ലാ വഴ്ക്കാക്കും അവകാശമുള്ളതല്ലാ. പത്തുമണിവരെയും രാവിലെയുമൊക്കെ ചില മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നുണ്ടാകും. ആവക കൂട്ടങ്ങൾ ക്ഷേത്രങ്ങൾക്കു അടുത്തു വേണമെന്നോ കൊട്ടാരങ്ങൾക്കരുതെന്നായിരിക്കണമെന്നോ ഇല്ല.

ഈ കൂട്ടങ്ങളെ ഉറപ്പെടുത്തിയാൽ ആ സമുദായത്തിന്റെ മതകാര്യങ്ങളിൽ പ്രവേശിക്കയായിരിക്കും. എന്തെന്നാൽ ഇങ്ങനെയുറപ്പെടുത്തിയ കൂട്ടങ്ങളല്ലാതെ നടികർ ഇല്ലാത്ത സ്ഥലങ്ങളിൽ ഈ കൂട്ടങ്ങൾ നടത്താൻ അവർക്കു അസാദ്ധ്യമായിരിക്കും. ഇങ്ങനെ നാം പ്രമേയത്തിൽനിന്നു ക്ഷേത്രങ്ങൾക്കടുത്തുള്ള കൂട്ടങ്ങൾ, കൊട്ടാരങ്ങൾക്കടുത്തുള്ള കൂട്ടങ്ങൾ, മുൻസിപ്പാലിറ്റിയുടെ അധികാരത്തിലുള്ള കൂട്ടങ്ങൾ പ്രത്യേക വഴ്ക്കാരുടെ ഉപയോഗത്തിലിരിക്കുന്ന കൂട്ടങ്ങൾ ഇവയെല്ലാം ഒഴിവാക്കേണ്ടതായി വരും.

ഇങ്ങനെയിരിക്കയാൽ ഇവയെ ഒഴിവാക്കിയാൽ പ്രമേയം സ്വീകരിക്കുന്നതിനു വലിയ തടസ്സം ഉണ്ടാകയില്ല. ഇപ്പോഴത്തെ രൂപത്തിൽ പ്രമേയം കേവലം സ്വീകരിക്കത്തക്കതല്ല. അതു തെറ്റിദ്ധാരണയ്ക്കിടവരുത്തുന്നതും പ്രത്യേകവഴ്ക്കാരുടെ ആചാരവിശ്വാസങ്ങളെ ബാധിക്കുന്നതുകയാൽ അവരെ ക്ഷോഭിപ്പിക്കുന്നതും ആകുന്നു. അതുകൊണ്ടു പ്രമേയത്തിന്റെ വാചകം കുറെകൂടി ലോട്ടുള്ളതാക്കി ഉണ്ടാക്കേണ്ടതായി വരും.

ഈ വ്യവസ്ഥകളോടുകൂടി ഏതെങ്കിലും കൂട്ടങ്ങൾ പൊതുജനോപയോഗത്തിനു വിട്ടുകൊടുക്കണമെന്നു അപേക്ഷിച്ചാൽ ഗവർണ്മെന്റു യിസന്ധതിച്ചിട്ടുള്ള ഒരു ഉദാഹരണവും എനിക്കറിവില്ല. ഓരോ പ്രത്യേക കൂട്ടത്തിന്റെയും സ്ഥിതിയും ചരിത്രസ്ഥിതികളും അറിയാതെയും ഈ വ്യവസ്ഥകൾ മനസ്സിൽ വെക്കാതെയും അങ്ങിനെ പ്രമേയങ്ങളെപ്പറ്റി വാദപ്രതിവാദം ചെയ്യുന്നതു അഭിലഷണീയമല്ല. ഏതെങ്കിലും ഒരു കൂട്ടത്തെ സംബന്ധിച്ചു ഒരു അപേക്ഷ വന്നാൽ ആ കൂട്ടത്തെ സംബന്ധിച്ചുള്ള നടപടികളെയും അതിന്റെ പരിതസ്ഥിതികളെയും പറ്റി ഗവർണ്മെന്റു ആലോചിക്കണം. അതിന്റെ ശേഷം ആ കൂട്ടം പൊതുജനോപയോഗത്തിനു വിട്ടുകൊടുക്കുന്നതിനു വിരോധമില്ലെന്നു ഗവർണ്മെന്റിനു തോന്നിയാൽ അങ്ങനെ വിട്ടുകൊടുക്കാവുന്നതാണ്. അതിനു പകരം, ഓരോന്നിന്റെയും ഗുണദോഷങ്ങളും ആലോചിക്കാതെ എല്ലാ കൂട്ടങ്ങളും വിട്ടുകൊടുക്കേണമെന്നുള്ള ഒരു പ്രമേയം സ്വീകരിച്ചാൽ പ്രയാസങ്ങളും ഉണ്ടാകും. പ്രമേയം സ്വീകരിച്ചു അപ്രകാരം പ്രവർത്തിക്കുന്നതു ഗവർണ്മെന്റിനു അസാദ്ധ്യമാണ്. ഏതെങ്കിലും ഒരു കൂട്ടം വിട്ടുകൊടുക്കണം എന്നു അപേക്ഷയുണ്ടായിട്ടു ഗവർണ്മെന്റിന്റേതെയോ മറ്റാരുടേതെയെങ്കിലുമോ വിരോധംനിമിത്തം അപേക്ഷകന്നാക്കു അവകാശമുണ്ടായിട്ടും വിട്ടുകൊടുത്തിരിക്കുന്നു എന്റെ ഏതെങ്കിലും സ്നേഹിതൻ പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഏതെങ്കിലും ഒരു പ്രത്യേക ഉദാഹരണം ഇല്ലാതെ സങ്കല്പങ്ങളെപ്പറ്റി വാദപ്രതിവാദംചെയ്യുന്നതല്ല നാം ഇവിടെ ഇരിക്കുന്നതു്. പ്രത്യേക ഉദാഹരണങ്ങൾ കൊടുത്തു ഏതെങ്കിലും കൂട്ടം വിട്ടുകൊടുക്കാതോ പാടില്ലയോ എന്ന സംഗതികൾ പരിശോധിപ്പാൻ മെംബർമ്മാക്കു സൌകര്യങ്ങൾ കൊടുത്തു വാദത്തിനു ക്ലിപ്തവിഷയം ഉണ്ടാക്കാതെ നമുക്കവസാനം ചെയ്യാൻ കഴികയില്ലെന്നാണു എന്റെ വിശ്വാസം. "കഴിവുള്ളിടത്തോളം" എന്ന വാക്കു ചേർത്തു പ്രമേയം ഭേദപ്പെടുത്തുകയാണു വിരോധം കുറഞ്ഞപക്ഷം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ജി. കെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേട്ടും): മിസ്റ്റർ സുബ്ബയ്യർ പ്രസ്താവിച്ച കൂട്ടങ്ങൾ ഗവർണ്മെന്റുതന്നെ ഉണ്ടാക്കി സംരക്ഷിക്കുന്നതാണോ എന്നു പറയുമോ?

മി. വി. സുബ്ബയ്യർ (ഗവർണ്മെന്റു നിയമനം ഡിപ്യൂട്ടിപ്രസിഡന്റു): അതെ. എന്തെന്നാൽ ഏതെങ്കിലും സ്ഥാപനം കൂട്ടമോ, കിണറോ മറ്റേതെങ്കിലുമോ എല്ലാ വഴ്ക്കാക്കും ഒരുപോലെ ഗുണകരമായിരിക്കയില്ലെങ്കിൽ അതിന്നായി ഗവർണ്മെന്റുപണം ചെലവാക്കുന്നതിനു ഗവർണ്മെന്റു ഒരിക്കലും വാലിച്ചിട്ടില്ലെന്നു എനിക്കു അറിയാം. കാര്യത്തിന്റെ ഈവശവും ഞാൻ ആലോചനക്കു വിഷയീഭവിപ്പിച്ചുകൊള്ളുന്നു. തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള കിണറുകൾ ഓരോ മതസ്ഥരുകാരുടെ ഉപയോഗത്തിനായി അവരെ ഉണ്ടാക്കിയവർ ഉദ്ദേശിച്ചിട്ടുള്ളതും ഒരു ധർമ്മമായി ഉണ്ടാക്കിയതും അവിടത്തെ നിവാസികൾ വളരെക്കാലമായി ഉപയോഗിച്ചുവന്നിട്ടുള്ളതും ആകുന്നു. കൂളവും കിണറും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. കൂളും ഒരു വലിയ കിണറാണ്. വ്യത്യാസം വലിപ്പക്കുറവും മാത്രമാണ്. ഇങ്ങനെയുള്ള കിണറുകൾ എല്ലാ സമുദായങ്ങളുടേയും ഉപയോഗത്തിനു വിട്ടുകൊടുക്കുന്നതിൽ കാര്യമായ വിരോധം ഉണ്ടെന്നു ഞാൻ പറയുന്നു.

അതുകൊണ്ടു ഒരു കിണറും ഈ ഇനത്തിൽ ഉറപ്പെടുത്താമെന്നു ഞാൻ പറഞ്ഞാൽ അതു എല്ലാ സമുദായങ്ങളുടെയും ഉപയോഗത്തിനു വിട്ടുകൊടുക്കുവാൻ അസ്ഥലത്തുവസിക്കുന്ന സമുദായം സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നുമാത്രമല്ല അവയെ മെച്ചമുള്ളതാൽ ചെലവുചെയ്യാണു സംരക്ഷിക്കുന്നതെങ്കിലും ജനങ്ങൾക്കു അവയുടെമേൽ ഒരവകാശം സിദ്ധിച്ചുപോയിട്ടുണ്ടെന്നും ഇവിടെ പറഞ്ഞുകൊള്ളുന്നു. എന്നു പറഞ്ഞാൽ മുൻനടപ്പുകൊണ്ടും ആചാരംകൊണ്ടും ഈ കിണറു ഒരു പ്രത്യേകസമുദായത്തിന്റെ ഉപയോഗത്തിനു ഉദ്ദേശിച്ചിട്ടുള്ളതാണെന്നു അനുമാനിക്കാമെങ്കിൽ ഗവർണ്മെന്റു ഈതിനെ എല്ലാ സമുദായങ്ങളുടേയും ഉപയോഗത്തിനു വിട്ടുകൊടുക്കുന്നതു ന്യായമായിരിക്കയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-മേവികൂളവും): ആ സമുദായത്തിനു മാത്രമുപയോഗപ്പെടുത്തുന്നതിനു ആ കൂട്ടം ഉപയോഗിക്കാൻ അവകാശം ഉണ്ടായിരുന്നതാണെന്നു പറയുമോ?

മി. വി. സുബ്ബയ്യർ (ഗവർണ്മെന്റു നിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): ഉവ്വ്, നിശ്ചയമായിട്ടും അതു നമുക്കെല്ലാവർക്കും എത്രകാലമായി അറിയാവുന്നതാണ്. അധികമായിട്ടു പോകണമെന്നില്ല. എല്ലാ ജില്ലകളിലും നിയമമനുസരിച്ചാൽ നടപ്പിച്ചിരിക്കുന്ന ആചാരമര്യാദകളുടെ അംഗീകരണമാണ്.

ഈ നിയമം റോഡുകളുടെ കാര്യത്തിൽപോലും പരിപാലിച്ചുപോരുന്നു. ഇവിടെ റോഡുകളുടെ കാര്യത്തിൽ വഴ്ക്കേടും ഉണ്ട്. അതുകൊണ്ടു ജീവനുള്ള നടപ്പും ആചാരവും നിയമം അനുവദിക്കയാണ്ചെയ്യുന്നതു. അതുകൊണ്ടു ഒരു പ്രത്യേകസമുദായത്തിനുവേണ്ടി ഉണ്ടാക്കി സംരക്ഷിച്ചുവരുന്ന ഒരു കൂട്ടം എല്ലാ സമുദായങ്ങളുടേയും ഗുണം ഉദ്ദേശിച്ചിട്ടുള്ളതായാണെന്നു പറയാതെന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങനെ ചെയ്യുന്നതു് ആ സമുദായത്തിന്റെ അവകാശത്തെ ആക്രമിക്കയായിരിക്കും. അതുകൊണ്ടു് സഭയുടെ ഈഭാഗത്തുള്ള എന്റെ സ്നേഹിതന്മാർ, മി. മാമ്മൻമാപ്പിളയും മറ്റും എല്ലാ കൂട്ടങ്ങളും വിട്ടുകൊടുക്കുന്നതിൽ താല്പര്യം ഉള്ളവരാണെങ്കിൽ

"കഴിവുള്ളടത്തോളം" എന്നപദം പ്രമേയത്തിൽ ചേർക്കുന്നതാണ്, ഓരോകക്ഷിയും പ്രത്യേകംപ്രത്യേകം ആലോചനയ്ക്കെടുത്തു അതിന്റെ മുൻചരിത്രം നോക്കിയും അതിൽ താല്പര്യമുള്ള എല്ലാവരോടും ആലോചിച്ചും അതിൽ എന്തുചെയ്യാൻ കഴിയുംഎന്നു തീർച്ചയാക്കേണ്ടഭാരം ഗവൺമെന്റിനു വിട്ടുകൊടുക്കണം. അങ്ങനെ ചെയ്യാതെ രുകൂടവും എല്ലാ സമുദായക്കാരുടെയും ഉപയോഗത്തിനു വിട്ടുകൊടുക്കാൻ സാധിക്കയില്ല നമ്മുടെവാദം കൊണ്ടുദ്ദേശംവിട്ട ശാസ്ത്രീയഭാഗത്തെ സംബന്ധിച്ചായി പോകുന്നില്ലയോ എന്ന് ഞാൻ സംശയിക്കുന്നു. നാം പ്രമേയം സ്വീകരിച്ചാൽ ഞാൻപറഞ്ഞ എല്ലാസംഗതികളും പരിതസ്ഥിതികളും ഗവൺമെന്റിനു അറിയാൻ കഴിയേണ്ടതായിരിക്കണം.

പ്രമേയം ഇപ്പോഴത്തെരൂപത്തിൽ ഉപകരമാവുകയില്ലെന്നും സങ്കടകാരണമാകുമെന്നും ചിലസമുദായങ്ങളുടെ മതവിശ്വാസങ്ങളെ ബാധിക്കുമെന്നും ഉള്ളതുകൊണ്ടു സഭയുടെ ഗൗരവമായ ആലോചനയ്ക്കു വിഷയമാക്കിത്തീർക്കാവുന്നതു.

മി. സി. പി. തോമസ് (ഗവൺമെന്റ് നിയമനം): ഈ കെട്ടിടം ഉണ്ടാക്കി സംരക്ഷിച്ചുവരുന്നതു് എന്തു പ്രയോജനത്തിനുവേണ്ടിയായിരുന്നാലും, ഇപ്പോൾ ഗവൺമെന്റിനു അവയുടെ സംരക്ഷണച്ചുമതല നിറുത്തിക്കളയാമെന്നു പറയുമോ?

മി. വി. സുബ്ബയ്യർ (ഗവൺമെന്റ് നിയമനം ഡിപ്പ്യൂട്ടി പ്രസിഡന്റ്): ഗവൺമെന്റിനു അവയുടെസംരക്ഷണം മേലാൽനടത്തുവാൻ പാടില്ലെന്നും അവയെ തങ്ങൾക്കുമാത്രമെ ഉപയോഗിക്കാൻ പാടുള്ളുഎന്നു ശഠിക്കുന്നവർ അവയെ സംരക്ഷിച്ചുകൊള്ളണമെന്നു പറകയും ചെയ്യുന്നതിനു വിരോധമില്ല. അതു ഞാനും സമ്മതിക്കുന്നു. എന്നാൽ അവിടെയും ജനറൽ ക്ലാസ്സസ്സ് റെഗുലേഷനിലെ "പബ്ലിക്ക്" (പൊതു) എന്നപദത്തിന്റെ വിവരണം അടങ്ങിയ ഒരു വകുപ്പുള്ളതായ്കൊണ്ടും പറയേണ്ടിയിരിക്കുന്നു. "പബ്ലിക്ക്" എന്നപദത്തിന്റെ അങ്ങിനെയുള്ള വിവരണം ശരിയല്ലെന്നു ആ റഗുലേഷനെ ഒരു അനൗദ്യോഗിക ഭേദഗതിബില്ലിൽ ഹാജരാക്കുന്നതിനു എന്റെ സ്നേഹിതൻ മി സി. പി തോമസിനു സ്വാതന്ത്ര്യം ഉണ്ട്.

"പബ്ലിക്ക്" എന്നപദത്തിനു അതിന്റെ ഒരു വിഭാഗംഎന്നു അർത്ഥമുണ്ടെങ്കിൽ പൊതുജനത്തിനു ജനസാമാന്യത്തിനുവേണ്ടി ചെലവുചെയ്യുന്നതു ആ വകുപ്പിലെ വ്യവസ്ഥകൾക്കു വിപരീതമല്ല. ഒരു പ്രത്യേക സമുദായത്തിനുവേണ്ടി ചെലവാക്കുന്നപക്ഷം സംസ്ഥാനത്തിലെ സകലജനങ്ങൾക്കുംവേണ്ടി ചെലവാക്കിയതായി ഗണിക്കണമെന്നില്ലെന്നു ഞാൻ വിചാരിക്കുന്നു. സംരക്ഷണച്ചുമതലയിൽ നിന്നും ഗവൺമെന്റ് പിൻമാറുന്നതു ന്യായമായിരിക്കുമോ എന്നുള്ളതു് വേറൊരുകാര്യം. എന്നാൽ അങ്ങനെ ചെയ്യുന്നതും ന്യായമായിരിക്കയില്ലെന്നാണു എന്റെ വിശ്വാസം. ബഡ്ജറ്റിൽ വകയുള്ള ഇതിനു അനേകംഉപയോഗങ്ങൾ ഉണ്ടു് പ്രത്യേക സമുദായ വിഭാഗങ്ങളുടെ ഉപയോഗത്തിനായി പലസ്ഥലങ്ങളിൽ കിണറുകൾ കുഴിക്കുന്നതിനു ബഡ്ജറ്റിൽപണം അനുവദിച്ചുകാണുന്നുണ്ടല്ലോ.

നാം പരിഷ്കാരമുള്ളവരാണ്, എല്ലാമനുഷ്യരുടേയും സാഹോദര്യം അനുവദിക്കേണ്ടതാണു എന്നുപറഞ്ഞതുകൊണ്ടു ഗുണമില്ല. മതസംഗതികളെ സംബന്ധിച്ചു, പ്രത്യേകമായി മതകർമ്മാനുഷ്ഠാനത്തിനായി ഉദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ചു, ജനങ്ങളുടെ അഭിപ്രായങ്ങളെ ബഹുമാനിക്കാൻ കാരണമില്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

പിന്നെഞ്ചപടി പ്രത്യേകസമുദായങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങളെ എല്ലാസമുദായങ്ങൾക്കും കൂടെ വിട്ടുകൊടുക്കണമെന്നു മുൻസിപ്പാലധികാരികളും മറ്റും പറയണമെന്നില്ലയോ എന്നു എനിക്കു അറിഞ്ഞുകൂടാ. എന്നാൽ അവിടെയും സമത്വപ്രമാണം പ്രായോഗികമല്ല. എന്തെന്നാൽ സ്ത്രീകളും പുരുഷന്മാരും ഒരേകെട്ടത്തിൽ കൂടുകയില്ല. ചിലസമുദായങ്ങൾക്കു ചില ആചാരവിശ്വാസങ്ങൾ ഉണ്ടു്, അവരുടെ ഏതെന്തിനു വ്യത്യാസമുണ്ടാകുമെങ്കിൽ മറ്റുള്ളവർക്കു ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങൾ-അവർക്കും ചെയ്തുകൊടുക്കേണ്ടതാണ്. അതിനുപകരം കെട്ടിടങ്ങളുടെ സ്ഥാനവും അതിനെച്ചുറ്റി ചിലർക്കുള്ള വിശ്വാസങ്ങളും മൽനടപ്പും സ്ഥിരമായിപ്പോയ അവകാശങ്ങളും ആലോചിക്കാതെ എല്ലാകെട്ടിടങ്ങളും എല്ലാവരുടേയും ഉപയോഗത്തിനു വിട്ടുകൊടുക്കണമെന്നു ഒരു പ്രമേയം കൊണ്ടുചെന്നാൽ അതുപക്ഷേ തള്ളിക്കളയുന്നതായിരിക്കും എന്നു പറഞ്ഞുകൊള്ളുന്നു.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ചിലസമുദായക്കാരുടെ അഭിപ്രായങ്ങളും വിശ്വാസങ്ങളും ആദരിക്കേണ്ടവയാണെന്നു് പറഞ്ഞുവല്ലൊ. ആ കിണറുകൾ കുഴിക്കാനും സംരക്ഷിക്കാനും ഉള്ള ചെലവു അവർ വഹിച്ചുകൊള്ളുമോ എന്നു പറയുമോ?

മി. വി. സുബ്ബയ്യർ (ഗവൺമെന്റ് നിയമനം ഡിപ്പ്യൂട്ടിപ്രസിഡന്റ്): എല്ലാസമുദായങ്ങളും കരം കൊടുക്കുന്നുണ്ടു്. ഈ കെട്ടിടങ്ങളുടെ സംരക്ഷണത്തിനു ഒരു സമുദായം പ്രത്യേകമായി കൂടുതൽപണം കൊടുക്കണമെന്നു പറവാൻ കാരണമൊന്നുമില്ല. ഉദാഹരണമായി ഒരു സ്ഥലത്തുണ്ടാകുന്ന റോഡുകളും മറ്റുസ്ഥലത്തുള്ള ആളുകളും ഉപയോഗിക്കാറില്ല. ജനസാമാന്യം മുഴുവനും അവയെ ഉപയോഗിക്കണമെന്നു ഉദ്ദേശമില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): ജനസാമാന്യത്തിനു മുഴുവനും അവയെ ഉപയോഗിക്കാൻ സ്വാതന്ത്ര്യം ഉണ്ടെന്നു വിചാരിക്കുന്നു.

മി വി. സുബ്ബയ്യർ (ഗവൺമെന്റ് നിയമനം—ഡിപ്പ്യൂട്ടിപ്രെസിഡന്റ്): ഉവ്വ്, അതു ഉപയോഗിച്ചുവന്ന ജനവിഭാഗത്തിനു അതു ഉപയോഗിക്കാൻ അനുവാദമുണ്ടാകും.

മി. കെ. നാരായണൻപണിക്കർ (ഗവൺമെന്റ് അഡ്. ചീഫ്സെക്രട്ടറി): പ്രമേയത്തിന്റെ ഇപ്പോഴത്തെ രീതിയിൽ അതിനെ അനുകൂലിക്കാൻ കഴിയാത്തതുകൊണ്ടു വിസമ്മതിക്കുന്നു. എന്റെ മാന്യമിത്രമായ മിസ്റ്റർ സുബ്ബയ്യരുടെ പ്രസംഗത്തിനിടയിൽ വളരെ ലഘുവായിരിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു നിഷ്പക്ഷനിലയെ അവലംബിക്കുവാൻ വിചാരിക്കുന്നുവോ ഒരുപക്ഷത്തോടു ചേരുവാൻ ഭാവിക്കുന്നുവൊ എന്നു പറയുമോ?

മി. കെ. നാരായണൻപണിക്കർ (ഗവൺമെന്റ് അഡ്. ചീഫ്സെക്രട്ടറി): ഗവൺമെന്റിന്റെ നിലയെന്താണെന്നു എന്റെ പ്രസംഗത്തിൽനിന്നു മനസ്സിലാക്കാൻ കഴിയും.

രാജ്യത്തിന്റെ മുതൽ ചെലവുചെയ്തുണ്ടാക്കിയതാണെങ്കിലും ആദ്യമുതൽ ചെലവുചെയ്തു ഗവൺമെന്റ് അറകെട്ടിയതാണെങ്കിലും വല്ലവിധത്തിലും ക്ഷേത്രങ്ങളോടൊ ദേവസ്വങ്ങളോടൊ സംബന്ധപ്പെട്ട കെട്ടിടങ്ങളുടെ

പ്രദേശത്തിന്റെ വ്യാപ്തിയ്ക്കനുഭവിച്ചുകൊണ്ട് പ്രദേശത്തിന്റെ സ്ഥിതിഗതികളെക്കുറിച്ചു ഞാൻ സൂക്ഷിക്കുന്നു. എന്നാൽ ഗവണ്മെന്റിനു ഉണ്ടാക്കുകയോ അറ്റകുറ്റം തീർക്കുകയോ ചെയ്യേണ്ടുള്ള എല്ലാ കുളങ്ങളെയും എല്ലാ വഴിക്കുറുക്കുകളെയും ഉപയോഗത്തിനു വിട്ടുകൊടുക്കുന്നതിനു പ്രതിബന്ധങ്ങൾ വളരെയുണ്ട്. മിസ്റ്റർ സബ്ബയ്യർ പറഞ്ഞപ്രകാരം ചില പ്രത്യേകവർഗ്ഗക്കാർ നിവസിക്കുന്ന തെരുവുകളും ആ തെരുവുകളിൽ ആ വർഗ്ഗക്കാർക്കുമാത്രം ഉപയോഗിച്ചുവരുന്ന കുളങ്ങളും ഉണ്ട്. കുടിക്കുവാൻ പൊതുജനങ്ങൾ ഉപയോഗിച്ചുവരുന്ന കുളങ്ങളെല്ലാം എല്ലാ വർഗ്ഗക്കാരുടെയും ഉപയോഗത്തിനു വിട്ടുകൊടുത്തുകൊണ്ടു സാമുദായികമായ സമാധാനലംഘനം ഉണ്ടാക്കേണ്ടതുണ്ടെന്നു ഞാൻ കരുതുന്നില്ല. ഈ ഭാഗത്ത് വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ അഭിപ്രായം എന്തായിരുന്നാലും ഇവിടെ പറയുന്നതിനുപരിയായി എളുപ്പത്തിൽ സ്വീകരിക്കുന്ന ഒരു സ്ഥാനത്തുള്ള സാമാന്യജനം എത്തിച്ചേർന്നിട്ടില്ലെന്നുള്ള സംഗതി വിസ്മരിക്കാൻ പാടുള്ളതല്ലാ.

*ശ്രീ. എൻ. കുമാരൻ (ഗവണ്മെന്റ് നിയമനം): ഷീഫ് സെക്രട്ടറി ഉപയോഗിച്ച സാമാന്യജനം എന്ന പദത്തിന്റെ അർത്ഥം എന്താണെന്നു പറയുമോ? ബ്രാഹ്മണസമുദായം ആ പദത്തിൽ ഉൾപ്പെടുമോ?

ശ്രീ. കെ. നാരായണൻപണിക്കർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ് സെക്രട്ടറി): ഇല്ല. എല്ലാവർഗ്ഗത്തിലും ഉള്ള ചിലരെ സംബന്ധിച്ചാണു ഞാൻ പറഞ്ഞത്. ബ്രാഹ്മണസമുദായത്തെ സംബന്ധിച്ചുമാത്രമല്ല. സമുദായത്തെ മുഴുവനും വിചാരിച്ചാണു ഞാൻ പറയുന്നത്.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): നായർസമുദായത്തെയും ഉൾപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. നാരായണൻപണിക്കർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ് സെക്രട്ടറി): ഈവക മാറ്റങ്ങളും എല്ലാവിഭാഗത്തിൽ സ്വീകരിക്കാത്ത ആളുകളും എല്ലാ സമുദായങ്ങളിലും ഉണ്ട്.

ശ്രീ. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ സമുദായങ്ങളിലെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരെ ഉൾപ്പെടുത്തുന്നുണ്ടോ?

ശ്രീ. കെ. നാരായണൻപണിക്കർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ് സെക്രട്ടറി): വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരിലും പഴയ അഭിപ്രായങ്ങളും വച്ചുകൊണ്ടിരിക്കുന്നവർ ഉണ്ടാകും.

ഞാൻ കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടായിരുന്നപ്പോൾ ചെങ്കോട്ടതാലൂക്ക് ക്ഷേത്രപ്രവേശനവിളംബരം പള്ളരും തമ്മിൽ ഒരു വഴക്കുണ്ടായി. ഇതുപശുക്കളും പള്ളരുടെവീടുകളും ഉള്ള ഒരു തെരുവിൽക്കൂടെ സാംബവർപോകേണ്ടിയായിരുന്നു. പള്ളർ തങ്ങളെ ആ വഴിപോകുവാൻ അനുവദിക്കുന്നില്ലെന്നുകാണിച്ചു സാംബവർ ഒരു ഹർജികൊണ്ടുവന്നു. രണ്ടുസമുദായങ്ങളുടേയും അഭിപ്രായഗതി എന്താണെന്നറിവാൻ ആസ്ഥലത്തു ഞാൻ ചെന്നു. അസംഖ്യം പള്ളരും സാംബവരും സ്ഥലത്തുവന്നുകൂടി. വഴക്കിനു കാരണമെന്തെന്നറിവാൻ മാത്രമാണു ഞാൻ ചെന്നതെങ്കിലും കാര്യങ്ങൾ എങ്ങനെ ലഘൂപക്രമം ഏല്പിക്കുമെന്നുള്ള ചിന്തയിലായി. ജീവൻകളഞ്ഞാലും രണ്ടുകൂട്ടരേയും തെരുവിൽ കയറാൻ അനുവദിക്കയില്ലെന്നായിരുന്നു പള്ളരുടെ നിശ്ചയം. ഞാൻ ആസ്ഥലത്തു പോയിരുന്നില്ലെങ്കിൽ സാംബവർ ആ വഴി കടന്നുപോകാൻ ഞാൻ അനുവദിച്ചുപോയേനെ. അങ്ങനെ ഞാൻ അനുവദിച്ചുപോയിരുന്നെങ്കിൽ അവിടെ അനേകം കൊലപാതകങ്ങളും രക്തച്ചൊരിച്ചിലും സംഭവിക്കുമായിരുന്നു.

ശ്രീ. എൻ. കുമാരൻ (ഗവണ്മെന്റ് നിയമനം): സാംബവരുടെയും പള്ളരുടെയും അഭിപ്രായവും ബ്രാഹ്മണരുടെയും നായന്മാരുടെയും അഭിപ്രായവും സമമാകണമെന്നാണോ ചീഫ് സെക്രട്ടറിയുടെ അഭിപ്രായം?

ശ്രീ. കെ. നാരായണൻപണിക്കർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ് സെക്രട്ടറി): ആരുടെ അഭിപ്രായവും അളന്നുതൂക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. (ചിരി)

എന്നാൽ എല്ലാ സമുദായങ്ങളിലെയും അനുഭവവും അഭിപ്രായഗതിയും ഒന്നുതന്നെയാണ്. അതു മിക്കവാറും മതസംബന്ധവും സമുദായസംബന്ധവുമാണ്. അതിൽ ഗവണ്മെന്റ് പ്രവേശിയ്ക്കുന്നതു യുക്തവുമല്ല. ഭരണവിക്രയമായി ഗവണ്മെന്റിനു അതിനെ സംബന്ധിച്ചു അധികമൊന്നും ചെയ്യാൻ കഴിയുന്നതുമല്ല.

ശ്രീ. കെ. കെ. തോമസ് (കോട്ടയം): പുലയരെയും മറ്റു താഴ്ന്ന ജാതിക്കാരെയും വിദ്യാലയങ്ങളിൽ പ്രവേശിപ്പിച്ച് സമുദായപരിഷ്കാരത്തിൽ ഗവണ്മെന്റ് ഒരു ഭാഗം വഹിക്കുന്നുണ്ടോ എന്നു ചീഫ് സെക്രട്ടറി പറയുമോ?

ശ്രീ. കെ. നാരായണൻപണിക്കർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ് സെക്രട്ടറി): മറ്റു സമുദായങ്ങളും അനുവദിച്ചുവരുന്നു.

ശ്രീ. കെ. കെ. തോമസ് (കോട്ടയം): ചിലവിദ്യാർത്ഥികൾക്കു മെയ്യാറിൻകരയും-കൊടുമണ്ണുമാടും തമ്മിലുള്ള സ്കൂളുകളിൽ പ്രവേശനം അനുവദിച്ചപ്പോൾ ഗവണ്മെന്റ് സമുദായപരിഷ്കാരം ത്വരിതപ്പെടുത്തുകയല്ലായിരുന്നോ?

ശ്രീ. കെ. നാരായണൻപണിക്കർ (ഗവണ്മെന്റ് ആ. ചീഫ് സെക്രട്ടറി): രാജ്യത്തിൽ സാമാന്യമായുള്ള അഭിപ്രായഗതിയെപ്പറ്റാതെ വ്യക്തിപരമായ അഭിപ്രായങ്ങളെ ഇങ്ങനെയുള്ള കാര്യങ്ങളിൽ ആലോചിപ്പാൻ ഗവണ്മെന്റിനു തരമില്ല.

ശ്രീ. വി. സബ്ബയ്യർ (ഗവണ്മെന്റ് നിയമനം-ഡിപ്രസ്ഡ് ക്ലാസ്സിന്റെ പ്രസിഡന്റ്). അവരെ ആ സ്കൂളുകളിൽ ചേർത്തതു മതസംബന്ധമായ അഭിപ്രായങ്ങളെ ബാധിച്ചിരുന്നുവോ?

ശ്രീ. കെ. നാരായണൻപണിക്കർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ് സെക്രട്ടറി). ഉള്ളതായി എനിക്കു അറിവില്ല.

ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെന്റിനുള്ള നില എന്താണെന്നു ഈ സഭയ്ക്കും പുറമെയുള്ള ജനങ്ങൾക്കും അറിയാം. കഴിവുള്ള സ്ഥലങ്ങളിലും കഴിവുള്ളേടത്തോളവും എല്ലാ സമുദായങ്ങൾക്കും പൊതുവായുള്ള സമത്വവും ഇപ്രകാരമുള്ള അവസരങ്ങളും അനുവദിച്ചുവരുന്നുണ്ട്: എന്നാൽ ഒരു സമുദായത്തിന്റെ സ്വയാഭിമാനത്തിനു വേണ്ടിയും അഭിപ്രായങ്ങളനുസരിച്ചും മറ്റു സമുദായങ്ങളുടെ ആചാരവിശ്വാസങ്ങളെ ധ്വംസനംചെയ്യുന്നതിനു സാധിക്കയില്ല. എല്ലാം പറഞ്ഞാലും ഈമട്ടിൽ ഉണ്ടാക്കണമെന്നു പറയുന്നതിന്റെ ഉദ്ദേശം എന്താണ്? സമു

തായങ്ങളിൽ സഹതാപവും സ്നേഹവും വളർത്തിക്കൊണ്ടുവരുവാൻ സാധിക്കുമെന്നുള്ളതിൽ സംശയമില്ല. പ്രത്യേകസമുദായങ്ങളുടെ മനസ്സിനെ വിഷമിപ്പിക്കുന്ന ഒരു വകുപ്പ് ഒരു പരിഷ്കാരം ഉണ്ടാക്കാൻ വിചാരിച്ചാൽ ആ ഉദ്ദേശം നിവൃത്തിയുണ്ടാകയില്ല. എന്നാൽ മിസ്റ്റർ വി. സുബ്ബയ്യർ അഭിപ്രായപ്പെട്ടതുപോലെ ഈ പ്രമേയത്തിന്റെ വ്യാപ്തിയിൽനിന്നു മാറ്റിവാക്കിയാൽ പ്രയാസങ്ങളൊന്നും ഉണ്ടാകയില്ല.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഏതു കുളങ്ങളെയാണ് ഒഴിവാക്കണമെന്നു പറയുന്നത്.

മി. കെ. നാരായണൻപണിക്കർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ്സെക്രട്ടറി): അവയെ പ്രത്യേകം പ്രത്യേകം എണ്ണി പറവാൻ സാധിക്കയില്ല. പ്രമേയത്തിന്റെ വ്യാപ്തിയിൽനിന്നു ഒഴിവാക്കേണ്ടുന്ന കുളങ്ങളുടെ ഒരു പട്ടിക ഉണ്ടാക്കാൻ ഇപ്പോൾ സാധിക്കയില്ല. ഓരോ കുളത്തിന്റെയും കാര്യം പ്രത്യേകം പ്രത്യേകം ആലോചനയിൽ എടുക്കയായിരിക്കും ഉത്തമം. എന്നുതന്നെയുമല്ല ഒരു കുളത്തിന്റെ സംഗതിയിൽ വിരോധമില്ലെന്നുകണ്ടാൽ അതിനെ എല്ലാവർക്കുമുള്ള ഉപയോഗത്തിനു വിട്ടുകൊടുക്കുന്നതിനു ഗവണ്മെന്റ് മടിക്കയില്ല. മിസ്റ്റർ സുബ്ബയ്യർ പറഞ്ഞപ്രകാരം ഗവണ്മെന്റ് ചെയ്യുന്ന എല്ലാ ചെലവുകളും രാജ്യത്തിലെ നിവാസികളുടെ എല്ലാവരുടെയും ഗുണത്തിനുവേണ്ടിയാണെന്നു പറവാൻ പാടില്ല. ഓരോ സ്ഥലത്തെ ആവശ്യങ്ങൾ വിവർത്തിക്കേണ്ടതുണ്ട്. അതിനായി ചെലവുചെയ്യുന്ന പണം ജനസാമാന്യത്തെ ഉദ്ദേശിച്ചുവെല്ലെന്നു പറവാൻ പാടില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമനം): സഭയുടെ ഈ ഭാഗത്തുനിന്നു ഒരു മെമ്പർ അഭിപ്രായപ്പെട്ടപ്രകാരം ഓരോസമുദായത്തിന്റെയും ആവശ്യം പ്രമാണിച്ചു അനവധി കുളങ്ങൾ കഴിച്ചുകൊടുക്കുന്നകാര്യം ഗവണ്മെന്റിനു സമ്മതമുള്ളതാണോ?

മി. കെ. നാരായണൻ പണിക്കർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ്സെക്രട്ടറി): ആവശ്യം തെളിയിച്ചാൽ അങ്ങനെചെയ്യുന്നതിനു ഗവണ്മെന്റ് മടിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമനം): ഓരോസമുദായത്തിനും പ്രത്യേകം പ്രത്യേകം കുളങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിനു പൊതുമുതൽ ചെലവുചെയ്യാൻ ഗവണ്മെന്റ് ഒരുക്കമാണെന്നാണോ ഞാൻ ഗ്രഹിക്കേണ്ടതു?

മി. കെ. നാരായണൻ പണിക്കർ (ഗവണ്മെന്റ് ആക്ടിങ്ങ് ചീഫ് സെക്രട്ടറി): ഗവണ്മെന്റ് അങ്ങനെചെയ്യുമെന്നുള്ള ഉദ്ദേശത്തെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ ഗവർണ്മെന്റിനു മുൻകൂട്ടന്നു അവരെ അതിലേക്കുനിർബന്ധിക്കുന്നതു ശരിയല്ലാ കുളം കിണറു മുതലായ ജലാശയങ്ങൾ ഓരോ ജാതിക്കാരും പ്രത്യേകം പ്രത്യേകം ഉണ്ടാക്കുകയോ സംരക്ഷിക്കയോ അതിലേക്കു ഗവർണ്മെന്റ് വല്ല ധനസഹായം ചെയ്യുകയോ ചെയ്യുമ്പോൾ അതെല്ലാവർക്കും ഉപയോഗിക്കത്തക്കതായിരിക്കണമെന്നു മറ്റുള്ളവർ പറയുന്നതു അത്ര നന്നായിരിക്കുമെന്നു തോന്നുന്നില്ല. ഇപ്പോൾതന്നെയുള്ള കുളങ്ങൾ ഉപയോഗിക്കും കൊണ്ടിരിക്കുന്നവർക്കു ഈ മനഃസ്ഥിതിവന്നിട്ടുണ്ടെങ്കിൽ അതു മാറ്റുവാൻ ഏതുതരക്കാർക്കും ഉപയോഗിക്കുന്നവിധം ആക്കിത്തീർക്കുന്നതിൽ വിരോധമില്ലാ. ഈ രാജ്യത്തെ എല്ലാംഹിന്ദുക്കളും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഗവർണ്മെന്റുമായി ബന്ധിച്ചിരിക്കുന്നു. അടുത്തകാലംവരെ അനവധി ദേവസ്വങ്ങളിൽ അവയുടെ മുതൽ ഗവർണ്മെന്റ് എടുത്തുകൊണ്ടു അതുകളെ സംരക്ഷിച്ചിരുന്നു. ആ ദേവാലയങ്ങൾക്കുപയുക്തമായ കുളം കിണറു മുതലായവയ്ക്കായി ചിലവു ചെയ്യുന്നതു കണക്കുകൊണ്ടു ഗവർണ്മെന്റ് പണമാണെന്നു കാണുമായിരിക്കാം. ദേവസ്വം വേർതിരിച്ചുകിട്ടിയാലും അതുവക എല്ലാ കുളം കിണറുകളെയും വേർതിരിച്ചു കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ലാ. അങ്ങിനെ വേർതിരിക്കുന്നതിനും പ്രത്യേകം പുതിയ ചിലവുവരുത്തുന്നതിനും ഞാൻ വിരോധിയല്ലാ. ജനങ്ങളുടെ കൈവശം ഇരിക്കുന്ന ദേവാലയങ്ങളിൽ സഹതാപവും സ്നേഹവും വർദ്ധിപ്പിക്കുന്നതിനാണെല്ലോ. പ്രത്യേകസമുദായങ്ങളുടെ മനസ്സിനു വിഷമമായി തോന്നുന്ന ഒരു വകുപ്പ് ഒരു പരിഷ്കാരം ഉണ്ടാക്കാൻ വിചാരിച്ചാൽ ആ ഉദ്ദേശം നിവൃത്തിയുണ്ടാകയില്ല. എന്നാൽ മിസ്റ്റർ വി. സുബ്ബയ്യർ അഭിപ്രായപ്പെട്ടതുപോലെ ഈ പ്രമേയത്തിന്റെ വ്യാപ്തിയിൽനിന്നു മാറ്റിവാക്കിയാൽ പ്രയാസങ്ങളൊന്നും ഉണ്ടാകയില്ല.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഏതു കുളങ്ങളെയാണ് ഒഴിവാക്കണമെന്നു പറയുന്നത്.

മി. കെ. നാരായണൻപണിക്കർ (ഗവണ്മെന്റ് ആക്ടിംഗ് ചീഫ്സെക്രട്ടറി): അവയെ പ്രത്യേകം പ്രത്യേകം എണ്ണി പറവാൻ സാധിക്കയില്ല. പ്രമേയത്തിന്റെ വ്യാപ്തിയിൽനിന്നു ഒഴിവാക്കേണ്ടുന്ന കുളങ്ങളുടെ ഒരു പട്ടിക ഉണ്ടാക്കാൻ ഇപ്പോൾ സാധിക്കയില്ല. ഓരോ കുളത്തിന്റെയും കാര്യം പ്രത്യേകം പ്രത്യേകം ആലോചനയിൽ എടുക്കയായിരിക്കും ഉത്തമം. എന്നുതന്നെയുമല്ല ഒരു കുളത്തിന്റെ സംഗതിയിൽ വിരോധമില്ലെന്നുകണ്ടാൽ അതിനെ എല്ലാവർക്കുമുള്ള ഉപയോഗത്തിനു വിട്ടുകൊടുക്കുന്നതിനു ഗവണ്മെന്റ് മടിക്കയില്ല. മിസ്റ്റർ സുബ്ബയ്യർ പറഞ്ഞപ്രകാരം ഗവണ്മെന്റ് ചെയ്യുന്ന എല്ലാ ചെലവുകളും രാജ്യത്തിലെ നിവാസികളുടെ എല്ലാവരുടെയും ഗുണത്തിനുവേണ്ടിയാണെന്നു പറവാൻ പാടില്ല. ഓരോ സ്ഥലത്തെ ആവശ്യങ്ങൾ വിവർത്തിക്കേണ്ടതുണ്ട്. അതിനായി ചെലവുചെയ്യുന്ന പണം ജനസാമാന്യത്തെ ഉദ്ദേശിച്ചുവെല്ലെന്നു പറവാൻ പാടില്ല.

"ഈ സഭ—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രമേയത്തെ പ്രതിക്ഷേപിക്കയോ അനുകൂലിക്കയോ ചെയ്യാതെ ഒരുമെമ്പർക്കു അതിനോടുദ്ദേശിതി പാടുണ്ടോ എന്നു പറയുമോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എനിക്കു അനുവാദമുണ്ടോ, സർ?

പ്രസിഡന്റ്: ഉവ്വ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രമേയത്തിന്റെ വാചകം ഇങ്ങനെയെപ്പെട്ടതുണ്ടെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

"ജാതിമതഭേദംകൂടാതെ സംസ്ഥാനത്തിലെ എല്ലാ ജനങ്ങളുടെയും ഉപയോഗത്തിനു വിട്ടുകൊടുക്കാത്ത കുളങ്ങളുംകൂടി തോട്ടുകളുംകൂടി ഉണ്ടാക്കുന്നതിനോ അറ്റകുറ്റം തീർക്കുന്നതിനോ സർക്കാർമുതൽ ചെലവുചെയ്യുന്നതു ഗവണ്മെന്റിനോടു ഈ സഭയിപാർശ ചെയ്യുകൊള്ളുന്നു."

പ്രസിഡന്റ്: ഇതൊരു ഭേദഗതിയല്ല, ഒരുപുതിയപ്രമേയം തന്നെയാകുന്നു അതുകൊണ്ടു നടപടിക്രമങ്ങൾ നോക്കിയിട്ടില്ല'

മി. സി. എൻ. ഉണ്ണുണ്ണിത്തിരി (ഇരിങ്ങാലക്കുട): സർ, മിസ്റ്റർ തരകന്റെ പ്രമേയത്തോടു അനുകൂലിക്കാൻസാധിക്കാത്തതിൽ വ്യസനിക്കുന്നു. പുതിയ ജാതിക്കുളം മതക്കാരും ഏകോദരസഹോദരങ്ങളെപ്പോലെ കഴിഞ്ഞുകൂടണമെന്നുള്ള ഉദ്ദേശത്തെ ഞാൻ അഭിനന്ദിക്കുന്നു, പക്ഷേ ഗവർണ്മെന്റ് മുൻകൂട്ടന്നു അവരെ അതിലേക്കുനിർബന്ധിക്കുന്നതു ശരിയല്ലാ കുളം കിണറു മുതലായ ജലാശയങ്ങൾ ഓരോ ജാതിക്കാരും പ്രത്യേകം പ്രത്യേകം ഉണ്ടാക്കുകയോ സംരക്ഷിക്കയോ അതിലേക്കു ഗവർണ്മെന്റ് വല്ല ധനസഹായം ചെയ്യുകയോ ചെയ്യുമ്പോൾ അതെല്ലാവർക്കും ഉപയോഗിക്കത്തക്കതായിരിക്കണമെന്നു മറ്റുള്ളവർ പറയുന്നതു അത്ര നന്നായിരിക്കുമെന്നു തോന്നുന്നില്ലാ. ഇപ്പോൾതന്നെയുള്ള കുളങ്ങൾ ഉപയോഗിക്കും കൊണ്ടിരിക്കുന്നവർക്കു ഈ മനഃസ്ഥിതിവന്നിട്ടുണ്ടെങ്കിൽ അതു മാറ്റുവാൻ ഏതുതരക്കാർക്കും ഉപയോഗിക്കുന്നവിധം ആക്കിത്തീർക്കുന്നതിൽ വിരോധമില്ലാ. ഈ രാജ്യത്തെ എല്ലാംഹിന്ദുക്കളും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഗവർണ്മെന്റുമായി ബന്ധിച്ചിരിക്കുന്നു. അടുത്തകാലംവരെ അനവധി ദേവസ്വങ്ങളിൽ അവയുടെ മുതൽ ഗവർണ്മെന്റ് എടുത്തുകൊണ്ടു അതുകളെ സംരക്ഷിച്ചിരുന്നു. ആ ദേവാലയങ്ങൾക്കുപയുക്തമായ കുളം കിണറു മുതലായവയ്ക്കായി ചിലവു ചെയ്യുന്നതു കണക്കുകൊണ്ടു ഗവർണ്മെന്റ് പണമാണെന്നു കാണുമായിരിക്കാം. ദേവസ്വം വേർതിരിച്ചുകിട്ടിയാലും അതുവക എല്ലാ കുളം കിണറുകളെയും വേർതിരിച്ചു കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ലാ. അങ്ങിനെ വേർതിരിക്കുന്നതിനും പ്രത്യേകം പുതിയ ചിലവുവരുത്തുന്നതിനും ഞാൻ വിരോധിയല്ലാ. ജനങ്ങളുടെ കൈവശം ഇരിക്കുന്ന ദേവാലയങ്ങളിൽ

യങ്ങളുടെ ആവശ്യത്തിലേക്കും അവരുടെ സ്വന്തം സ്ഥലത്തും കഴിപ്പിച്ചിട്ടുള്ള കെട്ടിടം കിണറുമുതലായവയെ ചില സ്ഥലത്തൊക്കെ ഗവർണ്മെന്റ് പണം ചിലവുചെയ്തു നന്നാക്കീട്ടുണ്ടായിരിക്കാം. ആ കാരണംപറഞ്ഞു അവരെ ഉടസ്ഥന്മാരുടെ അഭിപ്രായത്തിനു എതിരായിട്ടോ, ഉപയോഗിച്ചു വരുന്നവരുടെ മനസ്സിനു വിപരീതമായിട്ടോ, മറ്റൊരാളെ അതിൽ പ്രവേശിപ്പിക്കുന്നതു തൽക്കാലം യുക്തമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ലാ. മേലാൽ അങ്ങിനെയുള്ള കെട്ടിടങ്ങൾ ഗവർണ്മെന്റ് ചിലവുചെയ്യുന്നതു ഔചിത്യമല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കയല്ലാതെ ഈ വിധമുദ്ദേശം ഇല്ലാതെ ഉപയോഗിച്ചു വന്നിരുന്നതിനെ പറ്റി ഇപ്പോൾ ആലോചിക്കയും തീർച്ചചെയ്യുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നു തോന്നുന്നില്ലാ. ഈ വക പരിഷ്കാരങ്ങൾ ഗവർണ്മെന്റുമുഖേനയുള്ളതിൽ കൂടുതൽ ജനങ്ങളോടാണ് പ്രകൃതിയോടുകൂടി ആലോചിച്ചു അതാതുനാളിൽ തീർച്ചപ്പെടുത്തേണ്ടതു. ഇപ്പോൾ ചില്ലറ വല്ലതാളിലേയും വല്ല സമുദായങ്ങളും ഈ കാരണമായി ബുദ്ധിമുട്ടുന്നുണ്ടെങ്കിൽ അവരുടെ ആവശ്യത്തിന്നായി പുതിയതായ കെട്ടിടം കിണറുകൾ ഉറക്കുന്നതു കൊള്ളാം. ഓരോ സമുദായക്കാരെക്കായി ഗവർണ്മെന്റ് പണം ചിലവു ചെയ്യുന്നതിൽ വിപരീതാഭിപ്രായമുള്ള ആളുകൾ ഉദ്യോഗകാര്യത്തിലും ഗവർണ്മെന്റുസംബന്ധമുദ്യോഗത്തിലും ആവശ്യപ്പെടുന്ന മറ്റു കാര്യങ്ങളിലും സമുദായങ്ങളുടെ പ്രത്യേകതയെ വളരെ വിലമതിച്ചുപോരുന്നതു എന്തിനാണെന്നു ഞാൻ അറിയുന്നില്ലാ. ഈ കൌൺസിലിന്റെ തന്നെ കഴിഞ്ഞ ദിവസങ്ങളിലെ ചോദ്യോത്തരങ്ങളിൽനിന്നും വാഗ്വ്യുതിവാദങ്ങളിൽനിന്നും സമുദായങ്ങളുടേയും സമുദായങ്ങളിലുള്ള അവാന്തര വിഭാഗങ്ങളുടേയും പ്രത്യേകത വഴിപ്പിച്ചു വഴിപ്പിച്ചു പോരുന്നതു ജനപ്രതിനിധികൾ തന്നെ കാണിക്കുന്നതു തന്നെപ്രത്യക്ഷമായിട്ടുണ്ടു. ഈവഴിയിൽ കൂടി സമുദായസ്വഭാവത്തെ പ്രത്യേകം പ്രത്യേകം വേർതിരിച്ചു നിലനിർത്തുവാൻ ശ്രമിക്കുകയും അതെസമയംതന്നെ മറ്റു വഴികളിൽകൂടി ഒന്നായി നിർത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നതു സമുദായത്തിന്റെ ഐക്യത്തിനില്ലാ ഇപ്പോഴുള്ള ഐക്യത്തെ ഇല്ലാതാക്കുന്നതിനല്ലേ ഉപകരിക്കുന്നതെന്നു ഞാൻമയപ്പെടുന്നു. എന്റെ നിർദ്ദോഷകമഭിപ്രായത്തെപ്പറ്റി പറയുന്നതായാൽ അവർ പ്രായേണ പുതിയ പരിഷ്കാരത്തിൽ വിദ്യാഭ്യാസം ലഭിച്ചവരെ അപേക്ഷിച്ചു കുടുതൽ പ്രാചീനാചാരപക്ഷവാദികളുമാണ്. ഉദ്യോഗം മുതലായകാര്യങ്ങളിൽ സമുദായത്തിനു പ്രത്യേകത വേണമെന്നു അവർ ശഠിക്കുന്നില്ലെങ്കിലും ആചാരാനുഷ്ഠാനങ്ങളിൽ ഭേദഗതിവരുത്തുന്നതിൽ അവർ വിപരീതാഭിപ്രായക്കാരാണ്. ഇംഗ്ലീഷ് പഠിച്ചുള്ള ചിലതാനും ചിലരിൽ ഈ സ്വഭാവത്തിനു മാറ്റം വന്നിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്വഭാവത്തിനു മാറ്റം വരുന്നതിനു പുരുഷമറിച്ചുതന്നെ പ്രവർത്തിക്കുന്നവരില്ലേ?

മി. സി. എൻ. ഇപ്പുൻനംപൂതിരി (ജന്മി): അങ്ങനെയും ഉണ്ടു.

മി. എൻ. കുമാരൻ (ഗവണ്മെന്റുനിയമനം): നടപടി ക്രമത്തെപ്പറ്റി ഒന്നു പറഞ്ഞുകൊള്ളുന്നു. ഒരു മെമ്പറ്റോടു ചോദ്യം ചോദിക്കുന്നതു അന്യോന്യം സ്വകാര്യസംഭാഷണമായിട്ടല്ല വേണ്ടതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ തലയ്ക്കുപുറകിൽകൂടി സംസാരിക്കാൻ കഴിയാത്തതുകൊണ്ടും മെമ്പറിനു കേൾക്കാൻ കഴിയാത്തതുകൊണ്ടും ഞാൻ മെമ്പറിന്റെ നേക്കു തിരിഞ്ഞതാണെന്നാണു എനിക്കു സമാധാനം പറവാനുള്ളതു.

മി. സി. എൻ. ഇപ്പുൻനംപൂതിരി (ജന്മി): കാലം മുൻപോട്ടു പോകയും ഇംഗ്ലീഷ് വിദ്യ അഭ്യസിച്ചുവരുകയും ചെയ്യുമ്പോൾ ഈ മാറ്റം കൂടുതലായി വന്നുകൊണ്ടിരിക്കുമെന്നു ആശിക്കാവുന്നതാണു. പട്ടണവാസികളും നാട്ടിൻപുറങ്ങളിലുള്ളവരും സമുദായ ചിന്തയിൽ ഒരേതരക്കാരല്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. പട്ടണവാസികൾ ചെറുകിടകാര്യകാരണങ്ങൾക്കു സമുദായത്തെ ഉപയോഗിക്കുമ്പോൾ ഗ്രാമവാസികൾ ഈശ്വരാരാധനക്കും ജീവിതസംപ്രദായങ്ങൾക്കും സമുദായത്തെ ഉപയോഗിക്കുന്നു. ഇപ്പോൾ പട്ടണവാസികളായ സമുദായപരിഷ്കാരികൾ ഇതു കാരണം നാട്ടിൻപുറങ്ങളിലെ സമുദായസ്വഭാവത്തെ ശരിയായിഅറിയുന്നുണ്ടോ എന്നു സംശയമാണ്. അല്ലാത്തപക്ഷം ഉദ്യോഗവിതരണാദികാര്യങ്ങളിൽ സമുദായങ്ങിനുതന്നെയുള്ള പ്രത്യേകത ഇത്തിക്കാണിക്കുന്നതുപോലെ ആചാരങ്ങിനുതന്നെയും കാണിക്കുമായിരുന്നു.

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഉദ്യോഗനിയമനവിഷയത്തിൽ ഓരോവഗ്ഗക്കാക്കു പ്രത്യേകം കൊടുക്കണമെന്നു പറയുന്നതു കൊണ്ടു എല്ലാവഗ്ഗക്കാക്കും കിട്ടാൻ അല്ലേ എളുപ്പമുള്ളതു?

മി. സി. എൻ. ഇപ്പുൻനംപൂതിരി (ജന്മി): ഞാൻ ഉദ്യോഗകാര്യത്തെപ്പറ്റിയല്ല പറയുന്നതു. പരിഷ്കാരം വഴിച്ചു വരുന്നതോടു ജാതിയും വഴിച്ചു വരുന്നു എന്നാണു്.

മി തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): എന്റെ ചോദ്യം അതല്ല. ഉദ്യോഗനിയമനവിഷയത്തിൽ ഓരോവഗ്ഗത്തിന്റെയും പ്രത്യേകാവകാശങ്ങളെ പ്രത്യേകം രക്ഷിക്കണം എന്നു പറയുന്നതിൽ എല്ലാവഗ്ഗക്കാക്കും വേണ്ടപോലെ കിട്ടാനല്ലേ എളുപ്പമുള്ളതു?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഉദ്യോഗനിയമനത്തെപ്പറ്റി പറഞ്ഞതു കാര്യസംബന്ധമില്ലാത്തതിനാൽ ക്രമക്കേടല്ലേ?

പ്രൊസിഡന്റു. ഇല്ല അങ്ങേഹം ഉദാഹരണമായിപറഞ്ഞതാണു.

മി. സി. എൻ. ഇപ്പുൻനംപൂതിരി (ജന്മി): രാഷ്ട്രീയകാര്യങ്ങളിൽ ശരിയായിനടത്തുന്നതിനു ഒരു വഴിത്തലയോ ഒരാളിനേയോ നോക്കേണ്ടതാണു എന്നാണു എന്റെ അഭിപ്രായം. അതുപോലെ കാര്യങ്ങൾക്കു ശേഷിയുള്ള ചിലരാണ് ഉദ്യോഗത്തിനുവേണ്ടതു എന്നാണു് എന്റെഅഭിപ്രായം.

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): എല്ലാവഗ്ഗത്തിലും യോഗ്യതയുള്ളവരുണ്ടാകുമെന്നുപറഞ്ഞില്ലേ?

മി. സി. എൻ. ഇപ്പുൻനംപൂതിരി (ജന്മി): അങ്ങനെയോഗ്യതാനുസരണം കൊടുക്കുന്നുഎന്നാണു ഞാൻ ഉദ്ദേശിക്കുന്നതു.

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): എല്ലാവഗ്ഗത്തിനും കൊടുക്കുന്നുണ്ടോ?

മി. സി. എൻ. ഇപ്പുൻനംപൂതിരി (ജന്മി): എന്നാണുഎന്റെ അറിവു.

പ്രൊസിഡന്റു: സമയമായി.

മി. സി എൻ. ഉപ്പുൻനംപൂതിരി (ജന്മി): പൂർവ്വാചാരമനുസരിച്ചുള്ള ചിന്നതകരട്ട എടുകോപിക്കണമെന്ന പറയുംപോൾ പുതിയ ചിന്നതകടം ഉണ്ടായിക്കൊണ്ടിരിക്കയാണ് ഇന്നത്തെ പരിഷ്കൃതലോകം കാണിക്കുന്ന ത്. മിസ്റ്റർ തരകനൻറ അഭിപ്രായം ഇങ്ങനെ ഒരു ചിന്നതയുംകൂടി കാരണമായുണ്ടാകൊണ്ടും ഗ്രാമവാസികളുടെ ഇപ്പോഴത്തെ സമുദായ സ്വാധീനത്തെ നിർബന്ധപൂർവം ഭേദപ്പെടുത്തുവാൻ ഗവർണ്മെൻറിനെ പ്രേരിപ്പിക്കുന്നതു കൊണ്ടും ഞാൻ അതിനെപ്രതിക്ഷേധിച്ചുകൊള്ളുന്നു.

മി. സി. കേരളവർമ്മകോയിൽ തമ്പുരാൻ (എടവക): സർ, ഈ പ്രമേയത്തെ ബഹുമായി എതിർക്കേണ്ടിവന്നതിൽ വ്യസനിക്കുന്നു. ഈ പ്രമേയം പാസ്സാക്കിയതുകൊണ്ടു ഗുണമൊന്നും ഉണ്ടാകാനില്ല. നേരെമറിച്ചു വലിയ ഉപദ്രവം ഉണ്ടാകും. ഒരുപ്രത്യേകസമുദായത്തിൻറെ കാലപ്പഴക്കത്താൽ മാനിക്കേണ്ടതായി തീർന്നിട്ടുള്ള മതാചാരങ്ങൾക്കു അതു ഹാനികരമാണു, ഒരുസമുദായത്തിൻറെ—

മി. സി. പി. തരകൻ (കുന്നത്തുനാട്): സർ, ഒരുചോദ്യം ചോദിക്കാമോണ്ടു, പ്രാക്ടിക്കൽ പർപ്പസ് സേർവ് ചെയ്യാതെ മിസ്ചീഫസ് ഉണ്ടാകുന്നതെങ്ങിനെ?

മി. സി. കേരളവർമ്മകോയിൽതമ്പുരാൻ (എടവക): അതു സമാധാനംപ്രസ്താവിനുള്ളിടയാക്കുമെന്നു തോന്നുന്നില്ല. അങ്ങിനെ വരുമെന്നാണ് എൻറവിശ്വാസം.

ഒരുസമുദായത്തിൻറെ മതവിശ്വാസങ്ങളെയിങ്ങനെ കൊണ്ടു ഭേദപ്പെടുത്തുവാൻ സാധിക്കുന്നതല്ല. അങ്ങനെചെയ്യുന്നതു അഭിലാഷണീയവുമല്ല. വിദ്യാഭ്യാസപ്രചരണവും ന്യായമായ ഉദ്യോഗാവിൽക്കുടെയുള്ള തെരെഞ്ഞെടുപ്പുമാണ് കൊണ്ടേ വല്ലതുംസാധിക്കൂ.

ഇങ്ങനെയുള്ള ഒരു പ്രമേയത്തിൻറെ പരിണാമം ഒരുജനവിഭാഗത്തിൻറെ ഉത്തമവിശ്വാസങ്ങളെ നിർബന്ധത്താൽ ഭേദപ്പെടുത്തുകയായിരിക്കും. അതുനിമിത്തം ജാതിമത്സരവും മതപീഡനവും വർദ്ധിക്കുന്നതിനുള്ള അതുവേണ്ടുവോളം നമുക്കുണ്ടല്ലോ. അതുപാത്രംനിറഞ്ഞു കവിഞ്ഞൊഴുകുന്നു, ഇനിയൊരുതുള്ളികൂടിപോലും ഒഴിക്കാൻപാടില്ല. അതുകൊണ്ടു എൻറെസ്നേഹിതൻ മിസ്റ്റർ തരകൻ പ്രമേയം പിൻവലിക്കണമെന്നപേക്ഷിക്കുന്നു. അദ്ദേഹത്തിനു സമ്മതമില്ലെങ്കിൽ ഈ സഭ ഈ വിഷയത്തെപ്പറ്റി അതിൻറെ എല്ലാവശങ്ങളും മഹാമനസ്കതയോടും ബുദ്ധിപൂർവ്വമായും ആലോചിക്കണമെന്നു അപേക്ഷിക്കുന്നു. (മിസ്റ്റർ എൻ. കുമാരൻ: ഹീയർ, ഹീയർ)

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഈ പ്രമേയത്തെ സംബന്ധിച്ചു എനിക്കും അല്പമായ അഭിപ്രായമുണ്ടു. അതായതു ഈ പ്രമേയം ഇപ്പോൾ ഇരിക്കുന്ന നിലയിൽ ഹിന്ദുദേവാലയങ്ങളോടു സംബന്ധപ്പെട്ടനിലയിലും മറ്റുള്ള പക്ഷത്തെ ഉപയോഗത്തിലിരിക്കുന്ന കുളങ്ങളെപ്പറ്റിയുള്ള നിലയിൽതന്നെയായിരുന്നാലും ക്ഷേത്രങ്ങളോടു സംബന്ധിക്കപ്പെട്ടവയായ പ്രത്യേക ഉപയോഗത്തിലിരിക്കുന്ന കുളങ്ങളും കാണും, അങ്ങനെയുള്ളവ കൂടാതെകണ്ടു ഹിന്ദുക്കൾക്കു പൊതുവെ ഉപയോഗത്തിനുള്ളതും ഗവർണ്മെൻറിൽനിന്നും ഫണ്ടുവാങ്ങിസ് നടത്തുന്നതുമായ കുളങ്ങളും ഉണ്ടു,

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): ഹിന്ദുക്കൾ എന്നുപറയുന്ന പദത്തിനു എൻറെസ്സഹിതൻ എന്തർത്ഥമാണു സങ്കല്പിക്കുന്നതു, ഹിന്ദു എന്നപദത്തിൽ ഏതെല്ലാം വർഗ്ഗക്കാർ ഉൾപ്പെട്ടും,

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഞാൻപറയുന്നതു ഹിന്ദുദേവാലയങ്ങളോടു സംബന്ധിക്കപ്പെട്ട കുളങ്ങളേയും ഹിന്ദുക്കൾപൊതുവെ ഉപയോഗിക്കുന്ന കുളങ്ങളേയും ഹിന്ദുവർഗ്ഗത്തിൽപ്പെട്ട ഏവക്കും ഉപയോഗിക്കാമെന്നാണ്, ഹിന്ദുദേവാലയങ്ങളോടു സംബന്ധമുള്ള കുളങ്ങളെ ഹിന്ദുമതാവലംബികളല്ലാത്ത ക്രിസ്ത്യാനികളോ മഹമ്മദീയരോ ഉപയോഗിക്കാൻ പാടില്ലെന്നാണ് എൻറെ അഭിപ്രായം,

മി. തണ്ണുങ്കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഹിന്ദുക്കളായ ഈഴവർ മുതലായവർക്കാർ ഉപയോഗിക്കുന്നതിൽ വിരോധമുണ്ടോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഒരുവിരോധവുമില്ല.

മി. തണ്ണുങ്കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അങ്ങനെ ഉപയോഗിക്കാൻപാടില്ലാത്ത വിധത്തിൽ പലകുളങ്ങളും ഉണ്ടെന്നറിയാമോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഉണ്ടു, അങ്ങനെ ഉള്ളവയെസംബന്ധിച്ചു തടസ്ഥം ഉണ്ടെങ്കിൽ അതു അനാവശ്യമാണെന്നാണ് എൻറെ അഭിപ്രായം, തോടിനെസംബന്ധിച്ചു പറയുകയാണെങ്കിൽ പമ്പാനദിയുടെ കരയിലാണ് പ്രസിദ്ധമായ ആറൻമുളക്ഷേത്രം സ്ഥിതിചെയ്യുന്നതു,

മി. സി. പി. തരകൻ (കുന്നത്തുനാട്): ഗവണ്മെൻറ് ഉണ്ടാക്കുകയോ സംരക്ഷിക്കുകയോ ചെയ്യുന്നില്ലാത്ത കുളങ്ങളും ഈ പ്രമേയത്തിൽ ഉൾപ്പെട്ടുന്നതല്ല,

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അതുഒഴിയുന്ന പക്ഷം വിരോധമില്ല ഈ പ്രമേയംകൊണ്ടു ഹിന്ദുക്കളുടെ ഉപയോഗത്തിൽ ഇരിക്കുന്ന കുളങ്ങളും അന്യവർഗ്ഗീയരുടെ ഉപയോഗത്തിലേക്കു ക്രമേണവിട്ടുകൊടുക്കണമെന്നു ഭാവത്തിലാകുന്നു, അതു ഒരിക്കലും നന്നായിരിക്കയില്ല, അതിനാൽ ഈ പ്രമേയത്തെ ശക്തിയായി എതിർത്തുകൊള്ളുന്നു,

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഇങ്ങനെയൊരു വാക്കുകം ചേർത്താൽ അതൊരു ഭേദഗതിപ്രമേയമായി സ്വീകരിക്കുമോ എന്നു അഭ്യാസനർ പറയുമോ?

"പ്രത്യേക വ്യക്തികളോ സമുദായമോ ന്യായമായിട്ടും നിയമാനുസരണമായിട്ടും അവകാശപ്പെടാത്ത പക്ഷം പിൻ പറഞ്ഞപ്രകാരമാണെങ്കിൽ ആ കുളങ്ങളെ അവരുടെ ചെലവിനേക്ക് സംരക്ഷിക്കുന്നതിനായി അവക്ക് വിട്ടുകൊടുക്കണം" എന്നു ചേർക്കണം.

മി. സി. പി. തരകൻ (കുന്നത്തുനാട്): ശരിയായിട്ടു കേട്ടില്ല.

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): സർ, ഞാൻ—

പ്രസിഡൻറ്: മിസ്റ്റർ രാമൻമേനോൻ, നിങ്ങളുടെ പ്രമേയത്തെ ആദ്യം പിൻതാങ്ങുന്നില്ലാത്തതുകൊണ്ടു അതു പ്രയോജനമില്ലാതായിപോകുന്നു.

മി. കെ. എം. ജോസഫ് (മീനച്ചിലും മേവിക്കൂറും): ഞാൻ അനുകൂലിക്കുന്നു.

പ്രസിഡൻറ്: താമസിച്ചുപോയി.

മി. എൻ. കുമാരൻ (ഗവണ്മെന്റ്പ്ലീഡർ): ഈ പ്രമേയത്തെപ്പറ്റി അല്പം സംസാരിക്കണമെന്നു ഞാൻ വിചാരിച്ചു. ഏകദേശം ആറുമാസം മുമ്പ് ഇങ്ങനെയുള്ള ഒരു വിഷയത്തെപ്പറ്റി ഗവണ്മെന്റ് ഒരു മാത്തുള്ളും സഭയുടെ ഈ ഭാഗത്തുള്ള മെമ്പർമാരിൽ അധികംപേർ മേഭാഗത്തുമായി ഒരു പോര് നടന്നു. വണ്ടൂം റോഡുകളേയും തിരുവിതാംകൂറിന്റെ മറ്റു ഭാഗങ്ങളിൽ അതേമാതിരിയിൽ സ്ഥിതിചെയ്യുന്ന മറ്റു റോഡുകളേയും സംബന്ധിച്ചുള്ള പ്രമേയത്തെപ്പറ്റിയാണു ഞാൻ സൂചിപ്പിച്ചതു. ആ അവസരത്തിൽ ചാമെംബർ മതവിശ്വാസങ്ങളും, സങ്കേതങ്ങളും എന്നുംമറ്റും കുറേ അധികം പറഞ്ഞു. പരിഷ്കൃതാഭിപ്രായങ്ങളുടെ ഗതിയെ തടയുന്നതിനു മതവിശ്വാസാചാരങ്ങൾക്കനുകൂലമായി മിസ്റ്റർ സുബ്ബയ്യർ അന്നു പറഞ്ഞതു അവസാനമായിട്ടാണെന്നു ഞാൻ വിചാരിച്ചു.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ്നിയമനം-ഡിപ്യൂട്ടിപ്രസിഡന്റ്): ആ അവസരത്തിൽ ഞാൻ എന്റെ മതം ഉപേക്ഷിച്ചുകളയാമെന്നു വാഗ്ദാനം ചെയ്തതായി ഓർക്കുന്നില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റ്നിയമനം): എന്റെ സ്നേഹിതൻ അങ്ങനെ വാഗ്ദാനംചെയ്തു എന്നു ഞാൻ പറഞ്ഞില്ല. അങ്ങനെയാണു ഞാൻ വിചാരിച്ചതു.

പ്രസിഡന്റ്: പ്രമേയത്തെ സംബന്ധിച്ചുമാത്രം സംസാരിക്കുമോ?

മി. എൻ. കുമാരൻ (ഗവണ്മെന്റ്നിയമനം): അതിനു വിരോധിക്കുന്നതായ സംബന്ധമുണ്ടെന്നു വിചാരിച്ചു.

പ്രസിഡന്റ്: പ്രമേയത്തെപ്പറ്റിമാത്രമേ സംസാരിക്കാവൂ.

മി. എച്ച്. കുമാരൻ (ഗവണ്മെന്റ്നിയമനം): ഞാൻ പറയാൻഭാവിച്ചതു ഇതാണു. മതവിശ്വാസങ്ങളോടു ഈ വിഷയത്തിനു യാതൊരു സംബന്ധവുമില്ലെന്നു ഞാൻ വിചാരിച്ചു. പ്രമേയകർത്താവുതന്നെ മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ ഒരു ചോദ്യത്തിന്റെ മറുപടിയായി ഏതെങ്കിലും മതസ്ഥാപനത്തോടു സംബന്ധമുള്ള യാതൊരു കൂട്ടത്തേയും താൻ ഉദ്ദേശിച്ചിട്ടില്ലെന്നുപറഞ്ഞു. അതിനാൽ ക്ഷേത്രങ്ങളോടും കൊട്ടാരങ്ങളോടും ബന്ധപ്പെട്ടിട്ടില്ലാത്ത എല്ലാ കൂലങ്ങളേയും ഈ രാജ്യത്തിൽ നിവസിക്കുന്ന എല്ലാ വർഗ്ഗക്കാരുടെയും ഉപയോഗത്തിനു വിട്ടുകൊടുക്കാൻ പാടില്ലയോ എന്നുള്ള ചോദ്യത്തിന്റെ ഗുണദോഷങ്ങളെപ്പറ്റി ആലോചിപ്പാൻ പ്രയാസമില്ലെന്നായിരുന്നു ഞാൻ വിചാരിച്ചതു. പിന്നെയും ചില സമുദായക്കാർമാത്രം ഉപയോഗിക്കുന്ന കൂലങ്ങൾ പ്രത്യേകമായി ആ കൂലങ്ങൾ തങ്ങൾക്കു മാത്രമേ ഉപയോഗിക്കാൻപാടുള്ളു എന്നു അവർക്ക് അഭിപ്രായമുള്ളപ്പോൾ എല്ലാ വർഗ്ഗക്കാർക്കും വിട്ടുകൊടുക്കാൻ പാടുണ്ടോ എന്ന ചോദ്യവും മിസ്റ്റർ സുബ്ബയ്യരും മിസ്റ്റർ പി. കെ. നാരായണപിള്ളയും വാദത്തിനു വിഷയമാക്കി. ഒരു സമുദായത്തിന്റെ പ്രത്യേക ഉപയോഗത്തിൽ ഇരിക്കുന്ന കൂലങ്ങൾ മറ്റു സമുദായങ്ങളും ഉപയോഗിക്കുന്നതായാൽ ക്ഷോഭത്തിന്നിടയാകുമെന്നു മിസ്റ്റർ സുബ്ബയ്യർ വിചാരിക്കുന്നുണ്ടായിരിക്കാം. ആ കൂലങ്ങളെ ബ്രാഹ്മണരോടുകൂടെ ഉപയോഗിക്കാൻ അനുവാദമുള്ള മറ്റു ചില സമുദായങ്ങളും ഉണ്ടായിരിക്കും. എന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം അവരുടെ മതവിശ്വാസങ്ങൾ ക്ഷോഭിപ്പാൻ ഇടയുള്ളതുകൊണ്ടു ആ കൂലങ്ങളെ ആ മറ്റു ചില സമുദായങ്ങൾ ഉപയോഗിക്കാൻ അനുവദിക്കുന്നതു ശരിയായിരിക്കയില്ല. ഈ നാട്ടിലെ യാതൊരു സമുദായത്തേയും ക്ഷോഭിപ്പിപ്പാനോ ഖേദിപ്പിപ്പാനോ തീർച്ചയായും മിസ്റ്റർ തരകനു വിചാരമില്ല. അദ്ദേഹത്തിനു അങ്ങനെയൊരു ഉദ്ദേശമുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പ്രമേയത്തെ ഞാൻ അനുകൂലിക്കയില്ല. എന്നാൽ ഈ വിഷയത്തിനു മതവിശ്വാസങ്ങളോടു യാതൊരു ബന്ധവുമില്ലെന്നു എനിക്കു തോന്നുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ്നിയമനം-ഡിപ്യൂട്ടിപ്രസിഡന്റ്): ചില സമുദായക്കാർ ചില കൂലങ്ങളിൽ അവരുടെ മതകർമ്മങ്ങൾ അനുഷ്ഠിക്കാറുണ്ടെന്നു മിസ്റ്റർ കുമാരനു അറിവുണ്ടോ? അല്ലെങ്കിൽ അങ്ങനെ കേട്ടിട്ടുണ്ടോ എന്നു ചോദ്യമോ?

മി. എൻ. കുമാരൻ (ഗവണ്മെന്റ്നിയമനം): ചില സമുദായക്കാർ ചില കൂലങ്ങളിൽ ചില മതകർമ്മങ്ങൾ അനുഷ്ഠിക്കാറുണ്ടോ എന്നാകുന്നു എന്റെ സ്നേഹിതന്റെ ചോദ്യം. ഇങ്ങനെയൊരു അവ്യക്തചോദ്യത്തിനു മറുപടിപറയാൻകഴികയില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ്നിയമനം-ഡിപ്യൂട്ടിപ്രസിഡന്റ്): ബ്രാഹ്മണർ അവരുടെ മരണാനന്തരക്രിയകൾ ഈ ചില കൂലങ്ങളിൽ നടത്താറുണ്ടെന്നു മിസ്റ്റർ കുമാരനു അറിവുണ്ടോ?

മി. എൻ. കുമാരൻ (ഗവണ്മെന്റ്നിയമനം): എനിക്കറിവില്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു): എനിക്കു ഒരു ചോദ്യം ചോദിക്കാനുണ്ടു് സർ, ആകയാൽപ്പോൾ ബ്രാഹ്മണർ മരണാനന്തരക്രിയകൾക്കു ഉപയോഗപ്പെടുത്തുന്നുണ്ടെന്നു മിസ്റ്റർ കുമാരനു അറിയാമോ?

മി. എൻ. കുമാരൻ (ഗവണ്മെന്റ്നിയമനം): അതിനെപ്പറ്റി എനിക്കു യാതൊരറിവും ഇല്ല, അതെന്തായാലും ചില കൂലങ്ങൾ ബ്രാഹ്മണർ മരണാനന്തരക്രിയകൾ നടത്തുന്നതിനായി ഉപയോഗിക്കുന്നു എന്നു സമ്മതിക്കാം. എന്നാൽ കൂലം പബ്ലിക്കു കൂലമാണെങ്കിൽ അതു അവർമാത്രമേ ഉപയോഗിക്കാവൂ എന്നു പറയാമോ എന്നാണു ചോദ്യം. കൂലം പബ്ലിക്കുസ്ഥാപനമുള്ള അതായതു പുറമ്പോക്കിൽ ഉള്ളതും പൊതുമുതൽ ചെലവു ചെയ്തു സംരക്ഷിക്കുന്നതും ആണെങ്കിൽ അതു ബ്രാഹ്മണർക്കു മാത്രമേ ഉപയോഗിക്കാൻപാടുള്ളു എന്നു മിസ്റ്റർ സുബ്ബയ്യർക്കു ഒരു വാദം ന്യായമായി പുറപ്പെടുവിക്കാമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സംസ്ഥാനത്തിൽ കൊടുമുടികളെങ്കിലും വിഭജനംചെയ്തു ചില സമുദായങ്ങൾക്കു അവയെല്ലാം അനുവദിക്കയും ചില സമുദായങ്ങൾക്കു ചിലതുമല്ലാം അനുവദിക്കയും ചില സമുദായങ്ങൾക്കു ഒന്നുതന്നെ അനുവദിക്കാതിരിക്കയും ചെയ്യാമോ എന്നാണു വാദിച്ചിരുന്നതു. ചില സമുദായങ്ങൾക്കു ചില പ്രത്യേക അവകാശങ്ങൾ ഉണ്ടായിരിക്കണമെന്നു വാദിക്കുന്നകാലം കഴിഞ്ഞുപോയിരിക്കുന്നു. അവർക്കു സ്വന്ത അഭിപ്രായങ്ങളും അനുവാദങ്ങളും ഉണ്ടായിരിക്കാം, ഗവണ്മെന്റിനാകട്ടെ മറ്റു സമുദായങ്ങൾക്കുകൂടി അവരുടെ മതവിശ്വാസങ്ങളെ ധ്വംസനംചെയ്വാൻ അധികാരം ഉണ്ടായിരിക്കയും അരുതു. തങ്ങളുടെ വിശ്വാസാചാരങ്ങളെ സംരക്ഷിപ്പാൻ വേണ്ടതൊക്കെ ചെയ്വാൻ അവർക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കയും വേണം, തങ്ങളുടെ വിശ്വാസാചാരങ്ങളെ സംരക്ഷിപ്പാൻ അവർ ചെയ്യുന്ന ശ്രമങ്ങൾ ഗവണ്മെന്റിനോ മറ്റു സമുദായങ്ങളോ വിഘാതമുണ്ടാക്കിയാൽ അതു ന്യായമോ നീതികരിക്കാവുന്നതോ ആയിരിക്കയില്ല. എന്നാൽ അവരുടെ മതവിശ്വാസങ്ങളും ആചാരങ്ങളും സംരക്ഷിപ്പാൻ

അവർ ചെയ്യുന്ന ഏിപ്പാട്ടകരം മറ്റു സമുദായങ്ങളുടെ വിശ്വാസങ്ങളേയും ആചാരങ്ങളേയും ബാധിച്ചു അവരെ വേദനപ്പെടുത്തുന്നവ ആയിരിക്കരുതു. ചില അവകാശങ്ങൾ ചില വർഗ്ഗക്കാർക്ക് അനുവദിക്കണമെന്നു പറയുമ്പോൾ അങ്ങനെയുള്ള അവകാശങ്ങൾ മറ്റു വർഗ്ഗക്കാർക്ക് അനുവദിക്കരുതെന്നു അർത്ഥമില്ല.

പ്രൊസിഡിങ്സ്: ഭയവായി തത്പ്രസ്താവനകൾ ചെയ്യാതിരിക്കാൻ ശ്രമിക്കുക.

ശ്രീ. എൻ. കുമാരൻ (ഗവണ്മെന്റ് നിയമനം): കുളങ്ങളേയും തോടുകളേയുംപോലുള്ള ഈ വക സാധാരണതാല്പര്യങ്ങൾക്കനുസരിച്ചു തീർക്കേണ്ടുന്ന ഒന്നാണെന്നു ഈ സഭയെ ബോധ്യപ്പെടുത്താൻ സാധാരണ തത്വം പ്രതിപാദിപ്പാൻ എന്നെ അനുവദിക്കുമെന്നാണു ഞാൻ വിചാരിക്കുന്നു. ശ്രീമൂലം പ്രജാസഭയിലെ പള്ളത്തോടേയും സാബ്രവരുടേയും ഉദാഹരണംപറഞ്ഞുവല്ലോ. ചില റോഡുകളിൽക്കൂടെ നടക്കുന്നതിനേയും ചില കുളങ്ങളിൽ കുളിക്കുന്നതിനേയും സംബന്ധിച്ചു അവർ തമ്മിൽ വാഴ്വും കലഹവും ഉണ്ടാകുന്ന സന്ദർഭങ്ങളും ഉണ്ടാകാം. കരുനാഗപ്പള്ളിയിൽ ഒരു കുളം എല്ലാവർഗ്ഗക്കാരും ഉപയോഗിക്കുന്നതിനെപ്പറ്റി ഒരു തർക്കം ഉണ്ടായതു എന്റെ സ്മരണയിൽവരുന്നു. ആ കുളം ചില സമുദായങ്ങൾമാത്രം ഉപയോഗിക്കുന്നതാണെന്നും ഈഴവർമുതലായ വർഗ്ഗക്കാർ ഉപയോഗിക്കാറില്ലെന്നും ചില നായന്മാർ തന്നോടു ബോധിപ്പിച്ചതിന്റെ ഫലമായി ശ്രീമൂലം പണ്ടാരത്തുനിന്നായാണെന്നു തോന്നുന്നു. കുറച്ചുകാലം യാതൊരുപ്രകാരത്തിലും ഒരു നിരോധനവുമില്ലാതെയിരുന്നു. അക്കാര്യത്തിലെ ഗ്രന്ഥദോഷങ്ങളെപ്പറ്റി അദ്ദേഹം അന്വേഷണംകഴിച്ചിട്ടുണ്ടായിരിക്കണം. ആ കാര്യം എങ്ങനെയാണു തീർച്ചയാക്കുകയെന്നു എനിക്കു നിശ്ചയമില്ല. എന്റെ ശങ്ക എന്താണെന്നു പറയാം. ഇതോ കേസും അതാതിന്റെ ഗുണദോഷം ആലോചിച്ചു തീർച്ചയാക്കുമെന്നു ശ്രീമൂലം പണ്ടാരം സമ്മതിച്ചുവല്ലോ. എന്നാൽ കുളങ്ങളും ഉപയോഗിക്കുന്ന ചില ആളുകൾക്കു ആ കുളങ്ങൾ തങ്ങൾമാത്രമേ ഉപയോഗിക്കാറുള്ളു എന്നും അവരെ എല്ലാവർഗ്ഗക്കാരുടേയും ഉപയോഗത്തിനു വിട്ടുകൊടുത്താൽ തങ്ങളുടെ മതവിശ്വാസങ്ങൾക്കു ഭംഗംവരുന്നതാണെന്നും അന്വേഷണംചെയ്യുന്നവർക്കു തോന്നിപ്പിക്കാൻ പ്രയാസമുണ്ടാകയില്ല. രണ്ടു വർഗ്ഗക്കാരുടെ മനഃക്ലേശപ്രശ്നം എത്രത്തോളം ഉണ്ടെന്നു ശരിയായി ഗണിപ്പാൻ യാതൊരുദ്യോഗസ്ഥനും പ്രയാസമായിരിക്കും. അതുകൊണ്ടു ഒരു സാധാരണ തത്വമായിട്ടും ഗവണ്മെന്റിന്റെ തീരുമാനം സ്വീകാര്യമല്ല. അന്വേഷണം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ രീതിയനുസരിച്ചു അവകാശഭംഗം വന്നിട്ടുള്ള ജനങ്ങൾക്കു തൃപ്തിവരികയില്ല. ഇങ്ങനെയുള്ള ഒരു കാര്യത്തിൽ ചിലകുളങ്ങൾ തങ്ങൾക്കുമാത്രമേ ഉപയോഗിക്കാൻ പാടുള്ളു എന്നവകാശപ്പെടുന്ന വർഗ്ഗക്കാരുടെ മതവിശ്വാസങ്ങൾക്കു അനുകൂലമായി അവരുടെ ഭാഗത്തിനു തഹസീൽദാരുടെ വാദിക്കുന്നതു ന്യായമല്ല. പുരുക്കും ചില സമുദായങ്ങൾമാത്രം അനുഭവിക്കുന്ന അവകാശങ്ങൾ എല്ലാവർക്കും അനുവദിച്ചുകൊടുപ്പാൻ തങ്ങൾ തയ്യാറാണെന്നായിരിക്കണം ഗവണ്മെന്റിന്റെ നില. നമ്മുടെഗതി മുമ്പോട്ടാണു. വിദ്യാഭ്യാസം നാട്ടിൽ പ്രചരിച്ചുവരുന്നു. ഈ കാര്യങ്ങളിൽ മുമ്പോട്ടുപോകാൻ ഗവണ്മെന്റിനും ഒരുമ്പെട്ടിരിക്കണം.

പ്രൊസിഡിങ്സ്: സമയം കഴിഞ്ഞു.

ശ്രീ. എൻ. കുമാരൻ (ഗവണ്മെന്റ് നിയമനം): എനിക്കു ഇതുപക്ഷമിനിട്ടു സംസാരിക്കാൻ അവകാശംഉണ്ടായില്ലോ.

പ്രൊസിഡിങ്സ്: ഇല്ല. ചട്ടങ്ങൾ അനുവദിച്ചിട്ടുള്ളതു പത്തു മിനിട്ടാണു.

സഭ ഇപ്പോൾ പിരിഞ്ഞു രണ്ടരമണിക്കു വീണ്ടും കൂടി.

സഭ ഉച്ച ഭക്ഷണത്തിനായി ഫ-൪൫ മണിക്കു പിരിഞ്ഞു, ൨-൪൦ മണിക്കു വീണ്ടുംകൂടി.

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശ്രീ. സി. പി. തരകൻ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തിന്റെ ഉദ്ദേശത്തെ ഞാൻ എതിർക്കുന്നുവെങ്കിലും അതു സഭാമുമ്പാകെ ഹാജരാക്കിട്ടുള്ള രൂപത്തിൽ സ്വീകാര്യമല്ലെന്നു പറയേണ്ടിയിരിക്കുന്നു. പ്രമേയം ഭേദപ്പെടുത്തണമെന്നു ചിലർ പറഞ്ഞുകണ്ടു. എങ്കിലും ഒരു ഭേദഗതി പ്രമേയം ഹാജരാക്കീട്ടില്ല. കൊണ്ടുവന്നിട്ടുള്ള പ്രമേയത്തിന്റെ വാചകം ഇതാണു.

"ഗവണ്മെന്റിന്റെ ചെലവിന്മേൽ ഉണ്ടാക്കുകയോ നന്നാക്കുകയോ ചെയ്യുന്ന എല്ലാ തോടുകളും കുളങ്ങളും ജാതിമതഭേദമെന്നിയേ എല്ലാ ജനങ്ങളും ഉപയോഗിക്കാൻ അനുവദിക്കണമെന്നു ഗവണ്മെന്റിനോടു ഈസഭ ശിപാർശ ചെയ്യുകകൊള്ളുന്നു."

പ്രമേയത്തിന്റെ ഇപ്പോഴത്തെ രൂപത്തിൽ ഗവണ്മെന്റിന്റെ ചെലവിന്മേൽ ഉണ്ടാക്കുകയോ നന്നാക്കുകയോ ചെയ്തിട്ടുള്ള എല്ലാ തോടുകളും കുളങ്ങളും ഉൾപ്പെട്ടുന്നു.

ഒരു കുളം ഗവണ്മെന്റു പണം ചെലവുചെയ്തു ഉണ്ടാക്കിയതാണെന്നിരിക്കട്ടെ. അതിന്റെശേഷം തെക്കൻതിരുവിതാംകൂറിലെ പല കുളങ്ങളേയുംപോലെ ഗവണ്മെന്റു അവയുടേമേൽ അവകാശപ്പെട്ടുള്ള അവകാശം തീരെകൊടുത്തുകളയുന്നു. ഇങ്ങനെ കൂടിച്ചേർന്നവകയായിതീർന്നിട്ടുള്ള കുളങ്ങളും പ്രമേയം അനുസരിച്ചു ജനസാമാന്യത്തിനു ഉപയോഗിക്കാൻ പറ്റുമാറുള്ളതായിരിക്കണം. അതാണു പ്രമേയത്തിന്റെ ഇപ്പോഴത്തെ വാചകത്തിന്റെഫലം. അതിനു വളരെ വിരോധംഉണ്ടു. തങ്ങളുടെ അവകാശം തീരെകൊടുത്തശേഷം, ഗവണ്മെന്റു ഉണ്ടാക്കിയതാണെന്നുള്ള കാരണംപറഞ്ഞു മറ്റുള്ളവരുടെ അവകാശത്തെ അവഗണിച്ചു ഒരു കുളത്തെ ജനസാമാന്യത്തിന്റെ ഉപയോഗത്തിനു വിട്ടുകൊടുക്കണമെന്നു പറയുന്നതിന്റെ ഔചിത്യം എനിക്കു ഗ്രഹിപ്പാൻ കഴിയുന്നില്ല.

ശ്രീ. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): തീരുമാനശേഷം ഗവണ്മെന്റിന്റെ അവകാശം നിലനിൽക്കുന്നുണ്ടോ എന്നു പറയുമോ?

ശ്രീ. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റുണ്ടാക്കിയ കുളങ്ങളിന്മേൽ ഗവണ്മെന്റിന്റെ അവകാശം നിലനിൽക്കണമെന്നാണു പ്രമേയം അനുശാസിക്കുന്നതു. പ്രമേയത്തിന്റെ ഇപ്പോഴത്തെ രൂപത്തിൽ അതിനുള്ള വലിയ ന്യൂനതയാണു. പ്രമേയത്തെ ഇപ്പോഴത്തെ രൂപത്തിൽ സ്വീകരിക്കുന്നതിനു വേറൊരു പ്രയാസവും ഉണ്ടു. ഒരു ഗവണ്മെന്റുവസ്തുവിൽ ഒരു ഗവണ്മെന്റുവക കുളം ഉണ്ടെന്നിരിക്കട്ടെ. ഗവണ്മെന്റു ആ വസ്തുവിനെ അതിലെ കെട്ടിടങ്ങളും മരങ്ങളുമടക്കം വിറ്റുകളകയോ ഇവിടത്തെ യൂറോപ്യൻ ഉദ്യോഗസ്ഥന്മാരുടെ കയ്യിത്തിലെന്നപോലെ ആക്കിക്കിലും പാർക്കാൻ കൊടുക്കയോ ചെയ്യുന്നു. ഒരു

ഉദാഹരണമായി മിസ്റ്റർ പിറവം പറഞ്ഞ പറമ്പുതന്നെ എടുക്കാം. ആ പറമ്പിൽ ഒരു കുളമുണ്ടെങ്കിൽ അതു ഗവണ്മെൻറുകാരുമാണ്. അവിടെ പണിക്കന്നതിനും കൂടാ ഉപയോഗിക്കുന്നതിനും ഗവണ്മെൻറ മി: പിറവിനെ അനുവദിക്കാതിരുന്നിട്ടുണ്ട്. കുളം ഗവണ്മെൻറുവകയും ഗവണ്മെൻറ നന്നാക്കി സൂക്ഷിക്കുന്നതും പക്ഷേ ഗവണ്മെൻറുതന്നെ ചെലവുചെയ്തു ഉണ്ടാക്കീട്ടുള്ളതുമാണ്. ഇങ്ങനെ സ്ഥിതിചെയ്യുന്നതും ഒരു പ്രത്യേകകാര്യത്തിനായി ഗവണ്മെൻറ നിശ്ചയിച്ചിട്ടുള്ളതുമായ ഒരു കുളം ജനസാമാന്യത്തിൻറെ ഉപയോഗത്തിനു വിട്ടുകൊടുക്കണമെന്നു പറയുന്നതായാൽ സാരമായ പ്രയാസങ്ങൾ ഉണ്ടാകും.

പ്രസിഡൻറ: അങ്ങനെതന്നെയാണു കേതിവിലാസത്തിൻറെ സംഗതിയിലും, മിസ്റ്റർ പി. കെ. നാരായണപിള്ള (ചിരി)

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതേ. അതു സതീപത്തുള്ളതുമാണല്ലൊ. അഗ്രാസനർക്കായും സ്വഷ്ടമാകുന്നതുകൊണ്ടു പറഞ്ഞതുകൊണ്ടു ഞാൻ അങ്ങനെയാലോചിച്ചുകൊള്ളുന്നു രാജകുടുംബത്തിൻറെ ആവശ്യത്തിനുവേണ്ടി കൊട്ടാരങ്ങളും സംബന്ധിച്ചും അനേകം കുളങ്ങളും ഉണ്ടാക്കീട്ടുണ്ടാകാം. ഇവയെല്ലാം ഗവണ്മെൻറു ഉണ്ടാക്കി സംരക്ഷിച്ചുവരുന്നവയും ഓരോ പ്രത്യേക ആവശ്യങ്ങൾപ്രമാണിച്ചു ഉണ്ടാക്കീട്ടുള്ളവയും ഒരു അർത്ഥത്തിൽ ഗവണ്മെൻറുവക കുളങ്ങളും ആകുന്നു. അവയെ പൊതുജനോപയോഗത്തിനു വിട്ടുകൊടുക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു. ഈ വക കുളങ്ങളും കുളങ്ങളായിരിക്കുന്നിടത്തോളം അവയെ ഉണ്ടാക്കിയ സ്പ്പോഴും ഗവണ്മെൻറിനു ഉണ്ടായിരുന്ന ഉദ്ദേശം അനുസൃതമാക്കാൻ പാടില്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

പ്രമേയത്തിനു ഇനിയും ഒരു ന്യൂനതയുണ്ട്. ഗവണ്മെൻറു ഉണ്ടാക്കി ഗവണ്മെൻറുതന്നെ സംരക്ഷിച്ചുവരുന്ന ഒരു പബ്ലിക്കുകുളം ഉണ്ടെന്നിരിക്കട്ടെ. അതിൻറെ ചരിത്രത്തിൽ ഒരുകാലത്തു പൊതുജനങ്ങൾക്കു അതിനെ രക്കുണ്ടു ഉപയോഗം ഇല്ലെന്നുവരാം. ഈ പ്രമേയം ഗവണ്മെൻറു സ്വീകരിച്ചാൽ ആ കുളത്തിനു കുളത്തിൻറെ ഉപയോഗം ഇല്ലെന്നുവന്നാലും ഗവണ്മെൻറു അതിനെ പൊതുജനോപയോഗത്തിനു വിട്ടുകൊടുക്കേണ്ടിവരും. അങ്ങനെ വരുമ്പോൾ അതിനെ ആക്കെക്കിലും പതിച്ചുകൊടുക്കുന്നതിൽ ഗവണ്മെൻറിനു സ്വാതന്ത്ര്യമുണ്ടായിരിക്കണം. അതല്ലെങ്കിൽ ഈ പ്രമേയം ഒരു പൊതുജനോപയോഗത്തെ ശാശ്വതമായി പുലർത്തിക്കൊണ്ടുപോരുന്നതിനു ഗവണ്മെൻറിനെ നിർബന്ധിതരാക്കും.

പോരാത്ത ന്യൂനത കുളങ്ങളേക്കുറിച്ചും ഗവണ്മെൻറു സംരക്ഷിച്ചുവരുന്ന കിണറുകളേയും പ്രമേയത്തിൻറെ വ്യാപ്തിയിൽ കൊണ്ടുവന്നിട്ടില്ലെന്നുള്ളതാണ്. കുളങ്ങളെക്കാൾ കിണറുകളുണ്ട് അധികം ആവശ്യം. കിണറുകളുടെ ഉപയോഗനിരോധനം മിക്കപ്പോഴും അധികം പ്രാധാന്യം ഉള്ള ഒരു വിഷയവും ആകുന്നു. പ്രമേയത്തിൻറെ വ്യാപ്തി വേണ്ടപോലെ വിശാലമല്ല.

മി. സി. പി. തരകൻ (കുന്നത്തൂർ): കിണറുകളും ഉൾപ്പെടുത്തുന്നതിനു എനിക്കു വിരോധമില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രമേയത്തിൻറെ രൂപത്തെപ്പറ്റി എനിക്കു ചൂണ്ടിക്കാണിക്കാനുള്ള ന്യൂനതകൾ ഇവയാണ്. പ്രമേയം ഭേദപ്പെടുത്താമെന്നു പറയുകയായി. ഭേദപ്പെടുത്തിക്കാൻ എനിക്കും ആഗ്രഹമുണ്ട്. ഉദ്ദേശംകൊണ്ടു സ്വീകാര്യമായ ഒരു പ്രമേയം അതിൻറെ രൂപന്യൂനതകൊണ്ടു തള്ളിപ്പോകുന്നതു സങ്കടമാണ്. അതുകൊണ്ടു എൻറെ സ്നേഹിതൻ മിസ്റ്റർ തരകനു വിരോധമില്ലെങ്കിൽ പ്രമേയത്തിനു രൂപഭേദംചെയ്തു സമയംപോലെ വായിക്കാം.

പ്രമേയത്തിൽ തോട്ടികളെ ഉൾപ്പെടുത്തീട്ടുണ്ട്. ഏതുകാലം പ്രവേശം തടഞ്ഞിട്ടുള്ള ഏതെങ്കിലും തോട്ടുള്ളതായി എനിക്കറിവില്ല. അങ്ങനെയുള്ള പ്രമേയത്തിൽ തോടുകളെയും പറഞ്ഞാൽ നാം വെറുതെ വായുവിനോടു യുദ്ധംചെയ്യുകയാണ്. അങ്ങനെയുള്ള തോടുകൾ ഉണ്ടോ എന്നു നമുക്കു നിശ്ചയമില്ലല്ലൊ. അങ്ങനെ വിഭ്രമിതമായ ഒരു നടപ്പു നാട്ടിൽ ഉണ്ടെന്നുതന്നെ സങ്കൽപ്പിച്ചിട്ടാവശ്യം ഇല്ല. പ്രസിഡൻറിൻറെ അനുവാദം ഉണ്ടെങ്കിൽ പ്രമേയത്തെ ഇങ്ങനെ ഭേദപ്പെടുത്താം.

ഗവണ്മെൻറുമുതൽ ചെലവുചെയ്തു സംരക്ഷിച്ചുവരുന്നവയും ആരെക്കിലും അവയിന്മേൽ വല്ല പ്രത്യേക അവകാശങ്ങളും ഗവണ്മെൻറു അനുവദിക്കയൊ സമ്മതിക്കയൊ ചെയ്തിട്ടില്ലാത്തവയും ആയ എല്ലാ കുളങ്ങളുടെയും ഉപയോഗം അവ പൊതുജനോപയോഗത്തിനു ആവശ്യമായിരിക്കുന്ന കാലത്തോളം ജാതിമതഭേദമെന്നിയെ എല്ലാ ജനങ്ങൾക്കും ഉപയോഗിപ്പാൻ സ്വാതന്ത്ര്യം കൊടുക്കേണ്ടതാണെന്ന ഈസഭ ഗവണ്മെൻറിനോടു നിർബന്ധചെയ്യുന്നു.

മി. എ. കെ. പിള്ള (കുന്നാംതുപ്പുള്ളി): എന്താണ് വിട്ടുകൊടുക്കേണ്ടതെന്നു പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കുളങ്ങൾ.

മി. എ. കെ. പിള്ള (കുന്നാംതുപ്പുള്ളി): എന്നാൽ അങ്ങനെ പറഞ്ഞുള്ളുടെയൊ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെ. അങ്ങനെയുള്ള എല്ലാ കുളങ്ങളും വിട്ടുകൊടുക്കണം. ഭാഷയിൽ തെറ്റുണ്ടെങ്കിൽ തിരുത്തുന്നതിനു വിരോധമില്ല. "കുളങ്ങളുടെയും ഉപയോഗം" എന്നുള്ളതു തെറ്റാകുന്നെങ്കിൽ കുളങ്ങളും എന്നാക്കാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-തേവികുളവും): "പ്രത്യേക അവകാശങ്ങളും" എന്നതിൻറെ അർത്ഥം എന്താണെന്നു മിസ്റ്റർ നാരായണപിള്ള പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രത്യേകം അവകാശങ്ങളും അനുവദിക്കാൻ ഗവണ്മെൻറിനു സ്വാതന്ത്ര്യം ഉണ്ടായിരുന്നു. മിസ്റ്റർ പിറവിൻറെ കാര്യം ഞാൻ ഉദാഹരണമായും പറഞ്ഞു. ആ കുളങ്ങളും ഉപയോഗിക്കാൻ എല്ലാവർക്കും അനുവാദം ഉണ്ടെന്നു ഗവണ്മെൻറിനു പറവാൻപാടില്ല. ക്ഷേത്രങ്ങളുടെ കാര്യത്തിൽ ഗവണ്മെൻറു കുളങ്ങളും ഉണ്ടാക്കീട്ടുള്ളതു ഒരു പ്രത്യേകആവശ്യം പ്രമാണിച്ചാണ് ആ ആവശ്യത്തിനുമാത്രമേ അവയെ ഉപയോഗിക്കുന്നതും പാടുള്ളൂ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-തേവികുളവും): ആർക്കും പ്രത്യേകം അവകാശങ്ങളും സിദ്ധിച്ചിട്ടില്ലാത്ത കുളങ്ങളും ഇല്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വളരെ ഉണ്ടെന്നാണു എനിക്കു തോന്നുന്നതു.

മി കെ. കെ. തോമസ് (കോട്ടയം): അങ്ങനെ എതിരഭിപ്രായമുണ്ടെങ്കിലും പേറി നിങ്ങൾക്ക അറിവുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചിലതിനെപ്പറ്റി എനിക്കറിയാം.

പ്രൊസൈഡിങ്ങ് ഓഫീസർ: കായൽവെള്ളത്തിലെ കളയോ?

മി കെ. കെ. തോമസ് (കോട്ടയം): അതു മ്യൂസിയം ഡയറക്ടരുടെ അധീനത്തിലാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എങ്കിലും അതെങ്ങനെ പോഷിക്കുകയാണ്.

മി. കെ. കെ. തോമസ് (കോട്ടയം): മിസ്റ്റർ പിറന്റിന്റെ കയ്യും ഈ ഇനത്തിൽ പെടും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു മിസ്റ്റർ പിറന്റിന്റെയോ അവിടെ കാവൽ ചെയ്യുന്ന പൊലീസുകാരന്റെയോ അധീനത്തിലായിരിക്കും. ഗവണ്മെന്റ് ഒരവകാശം മാനംചെയ്യുപോയി എങ്കിൽ അങ്ങനെ തകൊട്ടുപ്പുപോയ അവകാശം ഗവണ്മെന്റ് ഗൗരവമാക്കണമോ എന്നു ഞാൻ ഒരുനാളും പറകയില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റ് നിയമനം): ആ അവകാശം എങ്ങനെയാണു സൃഷ്ടിച്ചതെന്നു മി. നാരായണപിള്ള പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നടപ്പു, പ്രതിഷ്ഠ ഇത്യാദി.

പ്രൊസിഡിങ്ങ് ഓഫീസർ: മാമൂൽ, മര്യാദ ഇവയും.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. നാരായണപിള്ളയുടെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മി. തരകന്റെ പ്രമേയത്തെപ്പറ്റി—

പ്രൊസിഡിങ്ങ് ഓഫീസർ: നിങ്ങൾ പ്രമേയത്തെപ്പറ്റിയോ ഭേദഗതിയെപ്പറ്റിയോ സംസാരിക്കുന്നു?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ പ്രമേയത്തെപ്പറ്റിയാണു സംസാരിക്കുന്നതു. ഈ പ്രമേയം ഭേദമാണെംവരുത്താതെ സ്വീകായ്യമല്ലെന്നു പറയണമെന്നില്ല. ഒന്നാമതായി അതു തോട്ടകളെ ഉറപ്പെടുത്തിപിടിക്കുന്നു. ഏതെങ്കിലും പ്രത്യേകസമുദായത്തിനോ, പ്രത്യേകമതക്കാർക്കോ മാത്രം ഉപയോഗിക്കാൻ അവകാശമുള്ളതായ ഒരു തോട്ട ഉള്ളതായി എനിക്കു അറിവില്ല. എനിക്കു അറിവുള്ളടത്തോളം എല്ലാ തോട്ടകളും എല്ലാ വർഗ്ഗക്കാർക്കും ഉപയോഗിക്കാൻ അവകാശമുള്ളവയാണു. എങ്കിലും സ്നേഹിതൻ തോട്ടകളുറപ്പെടുത്തിയതു കായ്യമായിട്ടാണെന്നു ഞാൻ വിചാരിക്കുന്നില്ല. എല്ലാ വർഗ്ഗക്കാർക്കും ഉപയോഗിക്കാൻപാടില്ലാത്ത വല്ല തോട്ടം ഉണ്ടായേക്കുകിലോ എന്നുള്ള സംശയം കൊണ്ടായിരിക്കണം അദ്ദേഹം തോട്ടകളെ ഉറപ്പെടുത്തിയതു.

കളങ്ങളുടെ കായ്യത്തിൽ, ക്ഷേത്രങ്ങളോടു ചേർന്നവയും ക്ഷേത്രത്തിന്റെ ഉപയോഗത്തിനു നിശ്ചയിച്ചിട്ടുള്ളവയും ആയ കളങ്ങളും എല്ലാവർഗ്ഗക്കാരുടെയും ഉപയോഗത്തിനു വിട്ടുകൊടുക്കുന്നതിനു ഗൌരവമായ വിരോധം ഉണ്ടെന്നു ഈ സഭയിലെ വാദപ്രതിവാദംകൊണ്ടു കാണുന്നു ഈ വിരോധപക്ഷത്തോടു - എനിക്കു സഹതാപമാണുള്ളതു. ക്ഷേത്രങ്ങളും എല്ലാ വർഗ്ഗക്കാരും ഉപയോഗിക്കുന്നതിനു എനിക്കു പ്രത്യേകവിരോധം വല്ലതും ഉണ്ടായിട്ടില്ല. എന്നാൽ ഹിന്ദുസ്ഥാപനങ്ങളുടെ ഉപയോഗത്തിനുള്ള കളങ്ങളും ഉപയോഗിക്കാൻ അഹിന്ദുക്കൾക്കു അവകാശം ഉണ്ടാകണമെന്നു ഞാൻ വിചാരിക്കുന്നു. ഇവയെ ഒഴിച്ചുള്ളവയും പണ്ടുകൂടുതൽ ചെലവുചെയ്തു സംരക്ഷിച്ചുവരുന്നവയും ആയ എല്ലാ കളങ്ങളും പൊതുജനോപയോഗത്തിനുവിട്ടുകൊടുക്കാതിരിക്കാൻ കാരണമൊന്നും ഞാൻ കാണുന്നില്ല. മറവ വർഗ്ഗക്കാർക്കു ഉപയോഗം അനുവദിച്ചുകൊടുക്കാൻ പാടില്ലാത്ത രണ്ടു മൂന്നു തരം കളങ്ങളെ മി. സുബ്ബയ്യർ വിവരിച്ചു. ഇവയിൽ ഒന്നാണു കൊട്ടാരം കളങ്ങളും കൊട്ടാരം കളങ്ങളെപ്പറ്റി പ്രസ്താവിച്ചതു വാദവിഷയത്തിൽ കുഴപ്പം ഉണ്ടാക്കുന്നതിനും കേറിക്കാരിൽമുൻവിധി ജനിപ്പിക്കുന്നതിനുമാണെന്നു തോന്നുന്നു. എന്തെന്നാൽ കൊട്ടാരങ്ങളും ഈ സഭയുടെ ആലോചനാവിഷയം അല്ലകാൻപാടില്ലെന്നും കൊട്ടാരങ്ങളേയും അവയുടെ നടത്തിപ്പിനേയും മറവും സംബന്ധിച്ചു ഈ സഭയിൽ ഒരു പ്രമേയം അവതരിപ്പിക്കാൻ പാടില്ലെന്നു ഈ സഭയിലുള്ളമറെല്ലാവരേയും പോലെ അദ്ദേഹത്തിനും അറിയാം. അങ്ങനെയുള്ള പ്രമേയം ഈ സഭ പാസ്സാക്കിയാൽ അതു അധികാരം കവിഞ്ഞതും കൊള്ളരുതാത്തതും ആയിരിക്കും.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡിങ്ങ് ഓഫീസർ): ക്ഷേത്രങ്ങളുടേയും ദേവസ്വങ്ങളുടേയും കായ്യത്തിലും സംഗതികൾ ഇങ്ങനെയല്ലയോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം), അവ ഉറപ്പെടുത്തലോ ഇല്ലയോ എന്നുള്ളതു തർക്കവിഷയമാണു.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡിങ്ങ് ഓഫീസർ): നിയമസഭാ മറ്റുള്ളവരുടെ രണ്ടാംഖണ്ഡത്തിൽ അവയെ ഉറപ്പെടുത്തീട്ടുണ്ടു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ചില സമുദായക്കാർമാത്രം ഉപയോഗിച്ചുവരുന്ന കളങ്ങളെ അന്യസമുദായക്കാർ ഉപയോഗിക്കുന്നതിനെപ്പറ്റി അവർക്കു വിരോധമോ സങ്കടമോ ഉണ്ടായേക്കാമെന്നു പറയുന്നു ഉണ്ടായി മറവുള്ളവരുടെ മതസ്ഥിതിയെപ്പറ്റി അവർക്കു അനുകമ്പ ഉണ്ടായിരുന്നാൽ എനിക്കു അവരോടും അനുകമ്പ ഉണ്ടായിരുന്നേനെ. ചിലവർഗ്ഗക്കാരുടെ ഉപയോഗത്തിനായിമാത്രം ഗവണ്മെന്റ് സംരക്ഷിച്ചുവരുന്ന കളങ്ങളുണ്ടെങ്കിൽ മേലാലും അവയെ അവർക്കുമാത്രമേ ഉപയോഗിക്കാൻ പാടുള്ളുഎന്നു അവർക്കു ശാഠ്യം ഉണ്ടെങ്കിൽ അവയുടെ സംരക്ഷണച്ചെലവു ഗവണ്മെന്റ് വഹിക്കണമെന്നു പറയുന്നതു ന്യായമല്ല. അവയുടെ സംരക്ഷണ ചെലവു അവർ വഹിപ്പാൻ ഒരുക്കമുണ്ടെങ്കിൽ ഗവണ്മെന്റ് ആ കളങ്ങളെ അവക്കായിമാത്രംവെച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ചു എനിക്കു ആക്ഷേപമൊന്നുമില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ് നിയമനം-ഡിപ്യൂട്ടി പ്രൊസിഡിങ്ങ് ഓഫീസർ): ഈ വ്യവസ്ഥയോടുകൂടെ ഈ കളങ്ങളെ ഒഴിവാക്കാമായിരിക്കുമല്ലോ.

മി. ചങ്ങനാശ്ശേരി തകഴി, പരമേശ്വരൻപിള്ള (തകഴി): കുളങ്ങളും ആല്യും ഗവണ്മെൻറുചിലവിൽ നവെട്ടി മറ്റു പ്രത്യേകസമുദായങ്ങളുടെ ഉപയോഗത്തിനു വിട്ടുകൊടുത്തിട്ടുള്ളതാണെങ്കിലും സംരക്ഷണത്തിനോ അറ്റകുറ്റപണികൾക്കോ പൊതുമുതൽ ചെലവുചെയ്യണമെന്ന ആ സമുദായം ആവശ്യപ്പെടാത്തപക്ഷം ആ കുളങ്ങളെ അവർക്കായിതന്നെ വിട്ടുകൊടുക്കുന്നതിനു എനിക്കൊരുവിരോധവുംഇല്ല. എന്തുകൊണ്ടെന്നാൽ ഇവിടെയുള്ള മറ്റു സമുദായത്തിനേറെയും മതസംഗതികളിൽ സങ്കടകരമനങ്ങൾ ഉണ്ടാക്കുന്നതിൽ എനിക്കു താല്പര്യംഇല്ല. മറ്റുസമുദായങ്ങളുടെ ആവശ്യത്തിനായി ഗവണ്മെൻറു ചെലവിന്മേൽ കുളങ്ങളും ഉണ്ടാക്കികൊടുക്കയും അതേസമയംതന്നെ പ്രത്യേകസമുദായങ്ങളുടെ ആവശ്യത്തിനു കൊടുത്തിട്ടുള്ള കുളങ്ങളുംസംബന്ധിച്ചും ഗവണ്മെൻറുമുതൽ ചെലവുചെയ്യണമെന്നുള്ളഅഭിപ്രായത്തോടുതൊൻ യോജിക്കുന്നില്ല. ഈ കുളങ്ങളും ഗവണ്മെൻറു സംരക്ഷിച്ചുകൊണ്ടുപോകുമെങ്കിൽ മറ്റുസമുദായങ്ങൾക്കും സർക്കാർ ചെലവിന്മേൽ കുളങ്ങളുണ്ടാക്കി സംരക്ഷിച്ചുകൊടുക്കുന്നതിനു വിരോധമില്ല. അതുകൊണ്ടു ഈ കാര്യത്തിൽകൊണ്ടുവന്നിട്ടുള്ള അനേകം ഭേദഗതികളോടുകൂടെ ഞാനും ഒരു ഭേദഗതിപ്രമേയം ഹാജരാക്കികൊള്ളുന്നു. താങ്കളുടെ അനുവാദത്തോടുകൂടെ ഈ പ്രമേയം താഴെ കാണുംപ്രകാരം ഭേദപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

"ഹിന്ദുക്ഷേത്രങ്ങളുടേയും ആരാധനാസ്ഥലങ്ങളുടേയുംമാത്രം ഉപയോഗത്തിനായി നിശ്ചയിച്ചിട്ടുള്ളവയൊഴിച്ചു ഗവണ്മെൻറുചിലവിന്മേൽ സംരക്ഷിച്ചുവരുന്ന ശേഷം എല്ലാപബ്ലിക്കുകുളങ്ങളും ഉപയോഗിക്കുവാൻ ജാതിമതഭേദമെന്യേ ഈ രാജ്യത്തിലെ എല്ലാ ജനങ്ങൾക്കും അനുവാദംനൽകണമെന്നു ഈ സഭ ഗവണ്മെൻറിനോടു ശിപാർശചെയ്യുകയുണ്ടായി."

കുളങ്ങളും എന്നപദത്തിനുമുമ്പു പബ്ലിക്കുഎന്ന വാക്കുചേർത്തുകൊണ്ടു തകഴിവില്ലേജാഫീസുപോലെ ഉദ്യോഗസ്ഥന്മാരുടെ ബംഗ്ലാവുകളോടുചേർത്തു ഉണ്ടാക്കി സംരക്ഷിച്ചുവരുന്ന ഗവണ്മെൻറുകുളങ്ങളും ഉണ്ടെന്നു മിസ്റ്റർ നാരായണപിള്ള പറഞ്ഞ അഭിപ്രായത്തിനു സംഗതിയില്ല. പ്രത്യേകആളുകളുടെ ഉപയോഗത്തിനായി ഉണ്ടാക്കിയിട്ടുള്ള ഈ വക കുളങ്ങളും എല്ലാവർഗ്ഗക്കാരുടേയും ഉപയോഗത്തിനു വിട്ടുകൊടുക്കണമെന്നു മിസ്റ്റർ തരകൻ സ്വപ്നേപിവിചാരിച്ചിട്ടുണ്ടെന്നു എനിക്കുതോന്നുന്നില്ല. എങ്കിലുംപൊതുജനത്തിനോ പൊതുജനത്തിന്റെ വല്ല വിഭാഗത്തിനുമോ ഉപയോഗിക്കാവുന്ന എല്ലാകുളങ്ങളേയും പബ്ലിക്കുകുളങ്ങളായി ഗണിച്ചാൽമതി. അതുകൊണ്ടുതൊൻ ഈ ഭേദഗതി പ്രമേയംഹാജരാക്കികൊള്ളുന്നു. ആ പ്രമേയം സ്വീകരിക്കുന്നതായാൽ വിരോധമുണ്ടാകയില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്ടു): മിസ്റ്റർ പരമേശ്വരൻപിള്ളയുടെ ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആദ്യപ്രമേയം മേലാൽ വാദത്തിനില്ലെന്നാണോ വിചാരിക്കേണ്ടതു.

പ്രസിഡൻറു: അതേ- മിസ്റ്റർ പരമേശ്വരൻപിള്ളയുടെ ഭേദഗതിപ്രമേയം മിസ്റ്റർ തരകൻ സ്വീകരിച്ചതുകൊണ്ടു അതിനെപ്പറ്റി ഇനി വാദമില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുകൊണ്ടു സഭ ഇനി വാദപ്രതിവാദം നടത്തേണ്ടതു മിസ്റ്റർ പരമേശ്വരൻപിള്ളയുടെ ഭേദഗതി അനുസരിച്ചാണോ?

പ്രസിഡൻറു: അതെ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കൊളേജ്പ്രിൻസിപ്പാൾ): "ഹിന്ദുക്ഷേത്രങ്ങൾമാത്രം ഉപയോഗിക്കുന്ന" എന്നാദ്യവിശേഷണപദംകേട്ടു. അപ്പോൾ ചിലഅവസരങ്ങളിൽ ക്ഷേത്രങ്ങൾ ഉപയോഗിക്കുന്ന ഒരു കുളത്തിന്റെ കാര്യം മാത്രയിൽപ്പെടുന്നു, അതു പഞ്ചമിതീർത്ഥമാണു: അങ്ങനെയുള്ള കുളങ്ങൾ പ്രമേയത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെട്ടുമോ എന്നു മിസ്റ്റർ പരമേശ്വരൻപിള്ള പറയുമോ?

മി. ചങ്ങനാശ്ശേരി തകഴി, പരമേശ്വരൻപിള്ള (കൊല്ലം) "ക്ഷേത്രം ഉപയോഗിക്കാൻ അവകാശമുള്ളവരുടേയും ക്ഷേത്രത്തിൽപ്രവേശിക്കാൻ അവകാശമുള്ളവരുടേയുംമാത്രം ഉപയോഗത്തിനു" എന്നാണ് അർത്ഥം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കൊളേജ്പ്രിൻസിപ്പാൾ): പഞ്ചമിതീർത്ഥം ഉൾപ്പെടുമോ ഉൾപ്പെടാതിരിക്കുമോ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (തകഴി): അതു ഉൾപ്പെടുകയില്ല.

പ്രസിഡൻറു. ഭേദഗതിപ്രമേയത്തിന്റെ വാചകം മാറിയാൽ നന്നായിരിക്കും എന്നതോന്നുന്നു. "ക്ഷേത്രസംബന്ധമായ കാര്യങ്ങൾക്കു ഉപയോഗിച്ചുവരുന്ന" എന്നോമറ്റോ ചേർത്താൽമതി.

മി. ചങ്ങനാശ്ശേരി തകഴി, പരമേശ്വരൻപിള്ള (കൊല്ലം) അതുതന്നെയാണെന്നഭിപ്രായം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മാഷുകുറച്ചുകൂടി വ്യക്തമാക്കാം എന്നതോന്നുന്നു.

പ്രസിഡൻറു: അതേ.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (തകഴി): വാദപ്രതിവാദം നടക്കുന്നതിനിടയിൽ പ്രമേയത്തിനൽപ്പം ശരിയാക്കാം.

പ്രസിഡൻറു. അതേ നിങ്ങൾക്കു ഒരു ചെറിയസംശയങ്ങൾകൂടിമാറിയായി രൂപഭേദപ്പെടാം (ചിരി) അതു നിങ്ങൾ എപ്പോൾചെയ്യും ഉടനെ തന്നെയോ?

മി. ചെങ്ങന്നാശ്ശേരി കെ. പരമേശ്വരൻപിള്ള (തകഴി): അല്ല വാദപ്രതിവാദം നടക്കുന്നതിനിടയിൽ.

പ്രസിഡൻറു. അങ്ങനെയാകട്ടെ.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറുനിയമനം ഡിപ്പൂട്ടിപ്രസിഡൻറു): സർ, എനിക്കു ഭേദഗതി പ്രമേയത്തെപ്പറ്റിസംസാരിക്കുമോ?

പ്രസിഡൻറു: ശരിയായഭേദഗതിപ്രമേയം സാമുന്യാകെ ഇല്ലല്ലൊ. അതു എങ്ങനെ രൂപീകരിക്കാം എന്നാണെല്ലൊ ആലോചന.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): "മന്ത്രം" എന്നപദംവിട്ടുകളഞ്ഞാൽ മതിയാകുമെന്നതോന്നുന്നു. എന്തെന്നാൽ "ഹിന്ദുക്ഷേത്രങ്ങൾ" എന്നപദത്തിനു ക്ഷേത്രപരിസരം എന്നോ കെട്ടിടം എന്നോമാത്രം എന്നല്ലർത്ഥം.

പ്രൊസിഡന്റ്: "ക്ഷേത്രം" എന്നപദം വിവരിക്കേണ്ടിവരും.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ ഒരുപ്രമേയം അല്ലാതെ നിയമസഭ പാസാക്കുന്ന ഒരുനിയമം അല്ലാതല്ലോ. പദത്തിന്റെ അർത്ഥം എന്താണെന്ന നമുക്കെല്ലാവർക്കും അറിയാമല്ലോ.

പ്രൊസിഡന്റ്: എന്നാൽ നിങ്ങൾ "മന്ത്രം" എന്നപദം വിട്ടുകളയുന്നതാരുമല്ലേ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതേ.

പ്രൊസിഡന്റ്: ഭൂരിപക്ഷം മിസ്റ്റർ ചങ്ങനാശേരിപരമേശ്വരൻപിള്ള രേഖപ്പെടുത്തിയപ്രകാരം ഇങ്ങനെയാണ്.

"ഹിന്ദുക്ഷേത്രങ്ങളുടേയും ആരാധനസ്ഥലങ്ങളുടേയും ഉപയോഗത്തിനായി നിക്ഷേപിച്ചിട്ടുള്ളവയൊഴിച്ചു ഗവണ്മെന്റുവക ചെയ്തിന്മേൽ സംരക്ഷിച്ചുവരുന്നതൊഴികെ എല്ലാപബ്ലിക്കുകെട്ടിടങ്ങളും ഉപയോഗിക്കാൻ ജാതിഭേദമെന്യേ ഈ രാജ്യത്തിലെ എല്ലാജനങ്ങൾക്കും അനുവാദംനൽകണമെന്നും ഈ നടപടി ഗവണ്മെന്റിനോടു ശിപാർശചെയ്യുകൊള്ളുന്നു".

മി. കെ. നാരായണൻപണിക്കർ (ഗവണ്മെന്റു ആക്ടിംഗ് ചീഫ്സെക്രട്ടറി): ഈ രാജ്യത്തിലെ എന്ന വാക്കുകൂടി ആവശ്യമുണ്ടോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ആവശ്യമില്ല. ഈ രാജ്യത്തിലെക്കു മാത്രമെ നമുക്കു നിയമമുണ്ടാക്കാൻ പാടുള്ളുവല്ലോ.

മി. കെ. നാരായണൻപണിക്കർ (ഗവണ്മെന്റു ആക്ടിംഗ് ചീഫ്സെക്രട്ടറി): ഒരു വിദേശിയൻ കുളംഉപയോഗിച്ചാൽ അവൻ ഈ പ്രമേയവ്യാപ്തിയിൽ ഉൾപ്പെടുകയില്ലായിരിക്കും.

മി. സി. പി. തരകൻ (കുന്നത്തുനാട്): വിദേശിയർകൂടും ഉപയോഗിക്കുന്നതന്നെ പ്രമേയത്തിൽ ഇല്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): ഭേദഗതിയെപ്പറ്റി എനിക്കു സംസാരിക്കാമൊസർ?

പ്രസിഡന്റ്. ഇപ്പോഴും അതൊരു പുതിയപ്രമേയമാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ ഭേദഗതിയുടെ സ്ഥിതി എന്താണ്?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): നിലവിലിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): രണ്ടുഭേദഗതികളും ഉണ്ടു, സർ.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു): മിസ്റ്റർ ചങ്ങനാശേരിപരമേശ്വരൻപിള്ളയുടെ ഭേദഗതി ആദ്യപ്രമേയത്തിന്റെ കർത്താവു സ്വീകരിച്ചുവല്ലോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു എന്റെ ഭേദഗതിക്കു ബാധകമല്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഭേദപ്പെടുത്തിയപ്രകാരം പ്രമേയം നിൽക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമനം ഡിപ്യൂട്ടിപ്രസിഡന്റു): സർ, ഭേദപ്പെടുത്താനുള്ള ഒരു പ്രമേയം ഇപ്പോൾ കൊണ്ടുവന്നതു നടപടിക്രമം അനുസരിച്ചല്ല. ഫോം നമ്പർ സ്റ്റാൻറിംഗ് ഓർഡർപ്രകാരം ഭേദഗതി ഒരു പ്രമേയം ആകുന്നു. ആരുടിവസത്തെ നോട്ടീസില്ലെങ്കിൽ പ്രമേയംനടപടി അനുസരിച്ചുള്ളതും അല്ല. മാന്യവൽ ഫോം പുറം ആധാരമാക്കിയാണു ഞാൻ പറയുന്നതു്.

മി. കയ്യാലംചന്ദ്രശേഖരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സെക്രട്ടറിവക്കീൽ): മി. സുബ്ബയ്യർ പറയുന്നതു മാന്യവൽ ഫോം ഖണ്ഡികയിലുള്ള നമ്പർ സ്റ്റാൻറിംഗ് ഓർഡറിനെ പറ്റിയാണ്.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): ഞാൻ ഉദ്ധരിച്ചതു ഭേദഗതികളെപറ്റിയുള്ള സാധാരണ നിയമമാണ്. പ്രമേയത്തിന്റെ ഭേദഗതികളുടെ കാര്യത്തിൽ നോക്കേണ്ടതു മാന്യവൽ ഫോം പുറത്തുള്ള സ്റ്റാൻറിംഗ് ഓർഡർ നമ്പർ ആകുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നോട്ടീസിനെപ്പറ്റി നിബന്ധനയുണ്ടെങ്കിലും ഭേദഗതി പ്രസിഡന്റിന്റെ യുക്തംപോലെ സ്വീകരിക്കാവുന്നതാണ്.

പ്രൊസിഡന്റ്: അതല്ല ഇവിടെ തർക്കം മിസ്റ്റർ സുബ്ബയ്യക്കു രണ്ടാമതു സംസാരിക്കാമോഎന്നാണ് ചോദ്യം.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): ഒന്നാമതായി ഒരു നടപടിക്രമത്തെപറ്റി ഞാൻ പറഞ്ഞുകൊള്ളുന്നു. നോട്ടീസുകൊടുക്കാതെയുള്ള ഭേദഗതിക്രമം അനുസരിച്ചുള്ളതു. ക്രമമനുസരിച്ചാണെന്നു തീരുമാനിക്കുന്നപക്ഷം എനിക്കു വീണ്ടും സംസാരിക്കാമോ എന്നുള്ളതിനെപ്പറ്റി ഞാൻ വാദിക്കുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നടപടിക്രമത്തെപ്പറ്റി; നോട്ടീസിനപ്പറ്റി നിബന്ധനയുണ്ടെങ്കിലും ഭേദഗതി അനുവദിക്കുന്നതു പ്രസിഡന്റിന്റെ യുക്തംപോലെ ചെയ്യാവുന്നതാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സ്റ്റാൻറിംഗ് ഓർഡർ നമ്പർ വായിച്ചു കേൾപ്പിക്കാം.

ഒരു പ്രമേയം വാദത്തിനു കൊച്ചിട്ടുള്ള ദിവസത്തിനു രണ്ടുദിവസം മുമ്പു ഭേദഗതിയുടെ ഒരു പകർപ്പു സെക്രട്ടറിക്കു അയച്ചിട്ടില്ലാത്തപക്ഷം ആ ഭേദഗതി ഹാജരാക്കുന്ന കാര്യത്തിൽ പ്രിസൈഡിംഗ് ഓഫീസർ പറയാവുന്നതും, പ്രൊസിഡന്റിനുള്ള അധികാരപ്രകാരം ഈ ചട്ടം തൽക്കാലം നിർത്തിവെച്ചു ഭേദഗതി ഹാജരാക്കാൻ അനുവദിക്കാത്തപക്ഷം ആ വിരോധം സാധുവായിരിക്കുന്നതുമാകുന്നു.

അങ്ങുകൂടി പ്രസിഡണ്ടിനു അധികാരമുണ്ട്.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): മെമ്പർ പ്രസിഡന്റിന്റെ അനുവാദത്തിനെ അപേക്ഷിച്ചിട്ടില്ലല്ലോ.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അങ്ങനെയൊരു അപേക്ഷ ആവശ്യമില്ല. ഭേദഗതി അവതരിപ്പിച്ചപ്പോൾ ആക്ഷേപമുണ്ടായിരുന്നു. അങ്ങനെ വിരോധം പറഞ്ഞാൽ പ്രൊസിഡിന്റിനു ഭേദഗതി അനുവദിക്കയോ അനുവദിക്കാതിരിക്കുകയോ ചെയ്യാം. ഈ കാര്യത്തിൽ ഭേദഗതി ഹാജരാക്കി, ആക്ഷേപവിരോധം പറഞ്ഞുമില്ല. പ്രമേയക്കാരൻതന്നെ ഭേദഗതി സ്വീകരിച്ചു. അധികമേറെത്ത വാളപ്രതിഷ്ഠത്തിനുശേഷം ആകുന്നു, എന്റെ സ്നേഹിതൻ മിസ്റ്റർ സുബ്ബയ്യർ വിരോധംകൊണ്ടുവന്നതു്. വിരോധം വളരെതാമസിച്ചുവന്ന ഒന്നാണു്. അല്ലെങ്കിലും ഭേദഗതി പ്രസിഡന്റിനു യുക്തംപോലെ അനുവദിക്കാം.

പ്രസിഡന്റ്. പ്രമേയംഭേദപ്പെടുത്തിയപ്രകാരം ആദ്യപ്രമേയം സ്വീകരിക്കയും ആക്ഷേപിരോധംപറയാതിരിക്കയും ചെയ്തിരികൊണ്ടു ആ പ്രമേയം ഭേദപ്പെടുത്തിയപ്രകാരം സഭാമുമ്പാകെ ഇരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ പ്രമേയത്തിന്റെ കാര്യവും അതുതന്നെയാണ് സർ (ചിരി)—

മി. വി. സുബ്ബയ്യർ (ഗവൺമെൻറിനിയമനം-ഡിപ്യൂട്ടിപ്രസിഡൻറ്): സർ, സാരമായവിരോധങ്ങൾ ഇതിനെന്നു ഞാൻ വിചാരിക്കുന്നു.

ഇപ്പോൾ സഭാമുമ്പാകെയുള്ള പ്രമേയം കേവലം ഒരു പുതിയപ്രമേയമാണ്.

പ്രസിഡന്റ്. അതെ അതുകൊണ്ടു നിങ്ങൾക്കു സംസാരിക്കാം.

മി. വി. സുബ്ബയ്യർ (ഗവൺമെൻറിനിയമനം-ഡിപ്യൂട്ടിപ്രസിഡൻറ്): ഈ പ്രമേയത്തിന്റെ ഭേദഗതിയാണെങ്കിൽ വിരോധമില്ല. എന്നാൽ ആദ്യപ്രമേയം യഥാർത്ഥത്തിൽ തള്ളിക്കളഞ്ഞിട്ടു അതിനുപകരം ഒരു പുതിയ പ്രമേയംകൊണ്ടു വരികയാണു ചെയ്തിട്ടുള്ളതു.

മി. സി. പി. തരകൻ (കുന്നത്തൂനാടു): ആദ്യപ്രമേയം തള്ളിക്കളഞ്ഞിട്ടില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): മാന്വൽ പുറം പാരാ (൨) മി. സുബ്ബയ്യർ നോക്കിയാൽ കൊള്ളാം.

മി. വി. സുബ്ബയ്യർ (ഗവൺമെൻറു നിയമനം—ഡിപ്യൂട്ടിപ്രസിഡൻറു): എനിക്കതറിയാം. എന്നാൽ ഞാൻ ആ പ്രമേയത്തെപ്പറ്റിയല്ല സംസാരിക്കുന്നതു. ഇപ്പോൾ സഭാമുമ്പാകെയുള്ളതു കേവലം പുതിയ ഒരു പ്രമേയമാണു.

പ്രസിഡെൻറു: ഏതായാലും ഞാൻ നിങ്ങൾക്കു സംസാരിപ്പാൻ അനുവാദം തന്നുവല്ലൊ.

മി. വി. സുബ്ബയ്യർ (ഗവൺമെൻറു നിയമനം-ഡിപ്യൂട്ടിപ്രസിഡൻറു:) എന്റെ വാദം ഇതാണു, ഒന്നാമതായി, ഭേദപ്പെടുത്തിയ പ്രമേയത്തിൽ ഉപയോഗിച്ചിട്ടുള്ളവാക്കുകൾ "പൊതുമുതൽ ചെലവുചെയ്തു സംരക്ഷിച്ചുവരുന്ന ഹിന്ദുക്ഷേത്രങ്ങളുടെയും ആരാധനാസ്ഥലങ്ങളുടെയും ഉപയോഗത്തിനായി നിക്ഷേപിച്ചിട്ടുള്ള കെട്ടിടങ്ങളുൾപ്പെടെ" എന്നാണു. ഇതിന്റെ അർത്ഥം കെട്ടിടങ്ങൾ ക്ഷേത്രങ്ങളുടെയോ ആരാധനാസ്ഥലങ്ങളുടെയോ ഉപയോഗത്തിനായി നിക്ഷേപിച്ചിട്ടുള്ളവയായിരിക്കണം എന്നാണു. അവയല്ലെല്ലാമാണെന്നു പറയുന്നില്ല. ഞാൻ കൊട്ടാരം എന്ന പദം പ്രയോഗിച്ചതു ഒരു മുൻവിധി ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെയാണെന്നു എന്റെ സ്നേഹിതൻ മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പറകയുണ്ടായി. എനിക്കു അങ്ങനെയായതു വിചാരം ഉണ്ടായിരുന്നില്ല. മുൻവിധിയുണ്ടാക്കണമെന്നു ഞാൻ കരുതിയിരുന്നു എങ്കിൽ ഹിന്ദുക്ഷേത്രങ്ങളെ ഒഴിവാക്കി പറയേണ്ടിയിരുന്നില്ലായിരുന്നു, കൊല്ലത്തു പഴയകൊട്ടാരത്തിനു എതിരെയുള്ള കൊട്ടാരക്കെട്ടിന്റെകാര്യം സഭയുടെ ശ്രദ്ധാവിഷയം ആക്കിക്കൊള്ളുന്നു, അതു കൊട്ടാരത്തിനുള്ളിൽ അല്ല രംഗകേന്ദ്രം അതിപ്പോൾ ഉപയോഗിക്കാറില്ല, ഒരിക്കൽ അവർ അതു ഉപയോഗിച്ചിരുന്നു എങ്കിലും അതു ഒരു കൊട്ടാരക്കെട്ടുവും അവരുടെ ഉപയോഗത്തിനു ഉദ്ദേശിച്ചിട്ടുള്ളതുമാണു, ഇങ്ങനെ പൊതുമുതൽ ചെലവുചെയ്തു സംരക്ഷിച്ചുവരുന്നതും കൊട്ടാരത്തോടുചേർന്നതും കൊട്ടാര ഉപയോഗത്തിനു ഉദ്ദേശിച്ചിട്ടുള്ളതുമായ കെട്ടിടങ്ങൾ ഉണ്ടു. ഇതിനെപോലെതന്നെ വേറെയുള്ള കെട്ടിടങ്ങളും ഉണ്ടു. ആ വക കെട്ടിടങ്ങളെ ഒഴിവാക്കണം. എന്റെ സ്നേഹിതൻ അവയെ ഒഴിവാക്കീട്ടില്ല. അവയെ ഒഴിവാക്കാൻ അദ്ദേഹത്തിനു മനസ്സുണ്ടായിരുന്നു എന്നാണു എന്റെ വിശ്വാസം ഏതെങ്കിലും പ്രത്യേക സമുദായ വിഭാഗത്തിന്റെ ഉപയോഗത്തിന്നായി ഉദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടായിരിക്കയും അവയെ മേലാൽ പൊതുമുതൽ ചെലവുചെയ്തുസംരക്ഷിക്കാൻ ഗവൺമെൻറു തയ്യാറായിരിക്കയും ചെയ്താൽ ആവകകെട്ടിടങ്ങളെയും ഒഴിവാക്കേണ്ടതാണു, ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചു എന്റെ സ്നേഹിതൻ യാതൊരുവ്യവസ്ഥയും ചെയ്തിട്ടില്ല. ഇനിയും വേറെന്തു പ്രയാസമുള്ളതു എല്ലാ പബ്ലിക്ക വഴികളിലും എല്ലാവക്കും പ്രവേശനം അനുവദിച്ചു ക്രമപ്രവർത്തനങ്ങൾ വിളംബരം പ്രസിദ്ധപ്പെടുത്തിയപ്പോൾ ഉണ്ടായ പ്രയാസം തന്നെയാണു. പബ്ലിക്ക കെട്ടിടങ്ങൾ ഏവയാണെന്നു ഒരു വാദം ഉണ്ടാകും. അതുകൊണ്ടു പൊതുജനത്തിന്റെ ഒരു വിഭാഗത്തിനു ഉപയോഗിക്കാൻ ഉണ്ടാക്കീട്ടുള്ള കെട്ടിടമോ അല്ലെങ്കിൽ പൊതുജനവിഭാഗങ്ങൾക്കു അവകാശം സിദ്ധിച്ചിട്ടുള്ള കെട്ടിടമോ പബ്ലിക്ക് എന്നപദത്തിൽ ഉൾപ്പെട്ടതോ അല്ലെങ്കിൽ ആ കെട്ടിടത്തെ പൊതുജനോപയോഗത്തിനായിട്ടുകൊടുക്കാൻ കഴിവുണ്ടാകുമോ എന്നു വ്യക്തമാക്കീട്ടില്ല. വേറൊരുസംഗതിയും ഉണ്ടു. ചില കെട്ടിടങ്ങളെപ്പറ്റി കോടതിവിധികൾ ഉണ്ടായിട്ടുണ്ടാകാം. മെമ്പർമാർ അറിയുംപ്രകാരം ചില വഴികൾ ചിലസമുദായങ്ങളിൽപ്പെട്ടവക്ക മാത്രമേ ഉപയോഗിക്കാൻ അവകാശമുള്ളു എന്നു കോടതി വിധിച്ചിട്ടുണ്ടല്ലോ. ഉദാഹരണമായി ഞാൻ തൊടുപുഴ കേസു എടുത്തുപറകയുണ്ടായി.

മി. എൻ. കുമാരൻ (ഗവൺമെൻറു നിയമനം): നടപടിക്രമം സംബന്ധിച്ചു ഒന്നു പറഞ്ഞുകൊള്ളുന്നു. ഇപ്പോൾ നമുക്കു റോഡുകളെപ്പറ്റി ഒരു കാര്യവും ഉണ്ടോ?

മി. വി. സുബ്ബയ്യർ (ഗവൺമെൻറു നിയമനം-ഡിപ്യൂട്ടിപ്രസിഡൻറു): ഇല്ല. റോഡുകളെപ്പറ്റി പ്രത്യേകമായി ഒന്നുമില്ല. കോടതിവിധികൾ നിമിത്തം ഏതെങ്കിലും പൊതുജനവിഭാഗത്തിനു സ്ഥിരമായകാശം സിദ്ധിച്ചിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടായിരിക്കാം എന്നാണു ഞാൻ പറയുന്നതു, അങ്ങനെയുള്ള കെട്ടിടങ്ങളെ സംബന്ധിച്ചു വ്യവസ്ഥയൊന്നുമില്ല. ഇതിനുപുറമെ "ജാതിമതഭേദമെന്യേ ഈ രാജ്യത്തിലെ എല്ലാജനങ്ങളുടെ ഉപയോഗത്തിനായി" എന്ന വാചകം ആക്ഷേപയോഗ്യമാണ്. ഒരു വിദേശിതാൻ വന്ന ആ കെട്ടിടത്തിൽ കളിച്ചാൽ വല്ലവിരോധവും ഉണ്ടാകുമോ എന്നു എനിക്കു നിശ്ചയമില്ല. "ജാതിമതഭേദമെന്യേ ഈ രാജ്യത്തിലെ

ആണെങ്കിൽ ഒരു കൂട്ടത്തിൽ കൂളിക്കാമെങ്കിൽ ഈ രാജ്യത്തിനപ്പുറമെന്നിനും വരുന്ന ജനങ്ങൾക്കും ജാതിഭേദമെന്നു അതിൽ കൂളിക്കാം. അങ്ങനെയുള്ള മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ ഭേഗതി പ്രമേയത്തിൽ ഉള്ളടക്കിച്ച കേസുകളെല്ലാം ഉൾപ്പെട്ടിട്ടില്ല. മി. നാരായണപിള്ളയുടെ ഭേഗതി കുറ്റത്തിനു കാച്ചുകുടി അനുയോജ്യമായി തോന്നുന്നു. മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ ഭേഗതിയെക്കാൾ അദ്ദേഹം സ്വീകാര്യയോഗ്യം ഉപ്പോഴത്തെ വാചകഘടനാരീതി അല്ല സ്വീകരിച്ചാൽ പല പ്രയാസങ്ങളും നേരിടും. ആ പ്രയാസങ്ങൾ അല്ല പ്രമേയം പാസ്സാക്കിയാലുണ്ടാകുന്നതിനെക്കാൾ കാഠിന്യമായിരിക്കും. അതുകൊണ്ടു മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ ഭേഗതിയെ ഞാൻ പ്രതിക്ഷേപിക്കുന്നു.

റവറണ്ടർ കെ. വി. രാമചന്ദ്രമി അയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പൽ): സർ, പ്രമേയം ഭേദഗതിയുടെ ഇപ്പോഴത്തെ രൂപത്തിൽ സ്വീകരിച്ചാൽ അതിൽനിന്നുണ്ടാകാവുന്ന ഒരു പ്രയാസം എനിക്കു തോന്നിയിട്ടുള്ള ഒരു ഉദാഹരണംകൊണ്ടു സഭയെ ഗ്രഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രമേയത്തിൽ ഒഴിവാക്കിട്ടുള്ള ചില ക്ഷേത്രങ്ങളുടെയെങ്കിലും ആരാധനസ്ഥലങ്ങളുടെയും ഉപയോഗത്തിനായുള്ള കൂളങ്ങളെയെങ്കിലും ഗവണ്മെന്റിന്റെ വകയും ഗവണ്മെന്റു സംരക്ഷിച്ചുപോരുന്നതും ആകയാൽ പബ്ലിക്ക് കുളമാണെങ്കിലും ഹിന്ദു ക്ഷേത്രങ്ങളുടെയെങ്കിലും ആരാധനാസ്ഥലങ്ങളുടെയെങ്കിലും ഉപയോഗത്തിനായുള്ളതല്ലാത്ത ഒരു കുളമുണ്ടു. എങ്കിലും അതുസംബന്ധമായ കാരണങ്ങളാൽ ചില ഹിന്ദുക്കൾക്കു അതിൽ കൂളിക്കാൻ പാടില്ലായ്മവരാം. പാലക്കുഴലുള്ള ചക്രതീർത്തത്തെപ്പറ്റിയാണു ഞാൻ പറയുന്നതു. അതു യാതൊരു ക്ഷേത്രവുമായി സംബന്ധിച്ചുള്ളതല്ല. അതിനടുത്തുള്ള ചില തെങ്കിലും ക്ഷേത്രത്തിൽ ഉപയോഗിക്കുന്നതായിട്ടുള്ള ഗജങ്ങളുടെ ബന്ധത്തിലോ മറ്റോ ഹിന്ദുക്കളിൽ ചിലർ അതിൽ കൂളിക്കുന്നതായിട്ടോ എനിക്കറിവില്ല. എങ്കിലും നിത്യമായിട്ടോ സ്ഥലപരമായിട്ടോ അതിൽ കൂളിക്കുന്ന ഈ ഗ്രൂപ്പുകളുണ്ടെന്നു പറഞ്ഞു കാണുന്നു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (ചെത്തല്ലൂർ): അതു പൊതുജനാരോഗ്യത്തിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതല്ലെന്നു അങ്ങേഹത്തിനു അറിയാമോ എന്നു ചോദിച്ചുകൊള്ളുന്നു. അതു കെട്ടിടങ്ങളോടുകൂടിയ പൂട്ടു കെട്ടിച്ചു പൊക്കിയിട്ടുള്ള ഒരു കുളമാണു. അങ്ങനെയുള്ള പബ്ലിക്ക് കുളമല്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പൽ): സർ, ഇങ്ങനെയുള്ള ഒരു പ്രമേയം പാസ്സാക്കിക്കഴിഞ്ഞാൽ അതിലെ വാക്കുകൾക്കുള്ള സാധാരണാർത്ഥം നോക്കിയല്ലാതെ ഇവിടത്തെ വാദത്തിൽ പ്രമേയത്തിനു ഉത്തരവാദികളായ മാന്യന്മാർ ചൂണ്ടിക്കാട്ടിയിട്ടുള്ള അർത്ഥം നോക്കിയല്ല പ്രയോഗത്തിക്കാനുള്ളതു. വാക്കുകളുടെ സാധാരണ അർത്ഥമാണു പ്രമേയത്തിന്റെ അനുകൂലികളുടെ വ്യാഖ്യാനമല്ല നമുക്കു ആധാരമായിട്ടുള്ളതെന്നു വീണ്ടും പറഞ്ഞുകൊള്ളുന്നു. പ്രയാസം ഉണ്ടാകുന്നതു "പബ്ലിക്ക് കുളം" എന്ന പദത്തിന്റെ അർത്ഥത്തെപ്പറ്റി ആയിരിക്കും. പബ്ലിക്ക് കുളമെന്നു പറഞ്ഞാൽ ഉപയോഗിക്കാൻ തടസ്സമില്ലാത്ത ഒരു കുളം എന്നാണു എന്നു ഒരു ചോദ്യത്തിനു മറുപടിയായി മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള പറഞ്ഞു ചക്രതീർത്തം ഒരു കാലത്തു അടച്ചുകെട്ടിയതല്ലായിരുന്നു. ഇപ്പോഴും അതു പൂട്ടിക്കെട്ടി സൂക്ഷിച്ചുവരുന്നു. ഒരാൾക്കു അതിൽ പ്രവേശനസ്വാതന്ത്ര്യം ഉണ്ടോ എന്നു നോക്കിയല്ല ഒരു കുളം പബ്ലിക്ക് കുളമാണോ സ്വകാര്യകുളമാണോ എന്നു തീർച്ചയാക്കണ്ടതു ഒരു അന്വേഷിക്ക ഇപ്പോഴത്തെ വേലിചാടിക്കടന്നു അതിൽ കൂളിക്കാൻ കഴിയുമായിരിക്കും. അവനു അങ്ങനെ കൂളിക്കാമെങ്കിൽ മറ്റുള്ളവരെ നമുക്കു വിരോധിക്കാമോ. അതുപോലെ പബ്ലിക്ക് കുളമല്ലെന്നുള്ള കാരണത്തിന്മേൽ പൊതുജനങ്ങളെ വിരോധിക്കാൻ ആർക്കാണു അധികാരമുള്ളതു? അതൊരു പബ്ലിക്ക് കുളമാണോ സ്വകാര്യകുളമാണോ എന്നു ആരാണു തീർച്ചയാക്കേണ്ടതു. സ്ഥലപരമായിട്ടോ ഗ്രൂപ്പുപരമായിട്ടോ ഇപ്പോൾ ഇവരെ അതിൽ കൂളിക്കാൻ അനുവാദമുണ്ടായിരുന്ന സമുദായത്തിനു, ഇപ്പോൾ ആ അനുവാദം പിൻവലിച്ചുകളഞ്ഞാൽ വളരെ അസൗകര്യം ക്ഷോഭത്തിനും കാരണമാകയില്ലയോ എന്നു ചോദിച്ചുകൊള്ളുന്നു. ഒരു പബ്ലിക്ക് കുളം എല്ലാ മനുഷ്യരുടേയും ഉപയോഗത്തിനു വിട്ടുകൊടുക്കണമെന്നതിന്റെ ഗുണദോഷങ്ങളെ വിചാരണചെയ്വാൻ ഞാൻ വിചാരിക്കുന്നില്ല. അതല്ല എന്റെ ഉദ്ദേശം.

ഞാൻ ഇന്നു സഭയുടെ ശ്രദ്ധയിലേക്കു വിഷയീകരിപ്പിക്കാൻ ആഗ്രഹിക്കുന്നതു പ്രമേയം അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ, പ്രമേയം ഭേദപ്പെടുത്തിയപ്രകാരം, ഇന്നു നമ്മുടെ ആലോചനാവിഷയമാകേണ്ടുന്ന എല്ലാം കേസുകളും ഉൾപ്പെടത്തക്കവണ്ണം വിശാലമല്ലെന്നുള്ള സംഗതിയാണു. ഇതാണു എന്റെ പ്രയാസം. ഇങ്ങനെയാണു മിസ്റ്റർ സുബ്ബയ്യക്കും തോന്നിയ പ്രയാസം. സാധാരണ ഒരർത്ഥമുള്ള പദങ്ങളെ വേറൊരു അർത്ഥത്തിൽ പ്രയോഗിക്കുന്നതു അത്യന്തം ആപൽകരമാകുന്നു. ആദ്യത്തെ ഭേഗതിയിൽ "മാത്രം" എന്ന പദപ്രയോഗംകൊണ്ടുള്ള പ്രയാസം ഇപ്പോഴത്തെയാണെ നമുക്കു അനുഭവമായതു. ആ പദം ഇപ്പോൾ വിട്ടുകളഞ്ഞിരിക്കുന്നു. "പബ്ലിക്ക്" എന്ന പദവും വിട്ടുകളഞ്ഞിട്ടു "മറ്റും" എന്ന രസകരപദംകൂടെ ചേർത്തു "പൊതുജനാരോഗ്യത്തിനുവേണ്ടി ക്ഷേത്രങ്ങളുടേയും മറ്റും ഉപയോഗത്തിന്നായി" എന്നു ആക്കാണു പക്ഷം ഇനിയും കുറെ പ്രയാസം ഉണ്ടായിരിക്കുന്നതാണു. പ്രമേയകർത്താവിന്റെ അഭിപ്രായം നിവർത്തിക്കുന്നതിനു ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേഗതിയെക്കാൾ മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ ഭേഗതിയാണു ഉചിതമെന്നാകുന്നു എന്റെ അഭിപ്രായം. പ്രമേയം അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ സ്വീകരിച്ചാൽ ഗൌരവമായ പ്രയാസങ്ങളും, മതസംബന്ധമായ പ്രയാസങ്ങളും ഞാൻ പ്രത്യേകമായി പറഞ്ഞ കുളങ്ങളെപ്പറ്റി ഉണ്ടാകുമെന്നു ഞാൻ ധൈര്യപ്പെടുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): മിസ്റ്റർ നാരായണപിള്ളയുടെ ഭേഗതി അങ്ങേഹം സ്വീകരിക്കുന്നുണ്ടോ എന്നു പറയുമോ?

മി. ഡബ്ലിയു. എച്ച്. പിറ്റ് (ചീഫ് സെക്രട്ടറി): മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ സംസാരിക്കുന്നതു ഗവണ്മെന്റിന്റെ പ്രതിനിധിയായിട്ടോ സ്വന്തം നിലയിലോ എന്നു പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൾ): സഭയിലെ എല്ലാ മെമ്പർക്കും ഗവണ്മെന്റിന്റെ പ്രതിനിധിയായി പറയുന്നു എന്നു പ്രസ്താവിക്കാത്തപക്ഷം, സ്വന്തം നിലയിൽ സംസാരിപ്പാൻ അവകാശമുണ്ടു. ഒരു മെമ്പർ ഒരു ഗവണ്മെന്റുദ്യോഗസ്ഥൻ ആകകൊണ്ടും ഗവണ്മെന്റുഭോഗത്തു ഇരിക്കുന്നതുകൊണ്ടും അദ്ദേഹത്തിനു സ്വന്തം നിലയിൽ സംസാരിക്കാൻ പാടുണ്ടോ എന്നുള്ള ചോദ്യത്തിനു കാരണമില്ല. ഇക്കാര്യത്തിൽ എന്റെ സ്വന്തനിലയിൽ സംസാരിക്കാൻ എനിക്കു അവകാശമുണ്ടു. എന്തെന്നാൽ

ഇത്ര എല്ലാ സമുദായങ്ങളേടേയും അവകാശങ്ങളെ ബാധിക്കുന്ന ഒരു സംഗതിയാണു. ഒരു പ്രയാസം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു അൻഗ്ലോഇന്ത്യൻമെമ്പർമാരെപോലെതന്നെ എനിക്കും അവകാശമുണ്ടു.

മി. ഡബ്ലിയു. എച്ച്. പിറ്റ് (ഫൈനാൻസ് കമ്മിഷണർ): മി. നാരായണപിള്ളയുടെ ഭേദഗതി ഗവർണ്മെൻറു സ്വീകരിച്ചുവോ സഭാമുമ്പാകെയുള്ള ഭേദഗതി ഏതാണു എന്നാണു എനിക്കു അറിയേണ്ടിയിരുന്നതു.

പ്രൊസിഡിങ്സ്: സാധാരണ വിഷയങ്ങളെപ്പറ്റി ഗവർണ്മെൻറിൻറെഭാഗം സംസാരിക്കുന്നതു മുൻഭാഗം ബഞ്ചിലിരുന്നുൽ ഇരിക്കുന്നവരാണു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പൽ): സർ, മിസ്റ്റർ തരകൻറെ ചോദ്യത്തിനു മറുപടിയായി ഞാൻ പറഞ്ഞതു ആവർത്തിച്ചു പറയാം. സഭാമുമ്പാകെയുള്ള വിഷയത്തിൻറെ ഗുണദോഷവിവേചനംചെയ്വാൻ ഞാൻ വിചാരിക്കുന്നില്ല. മിസ്റ്റർ തരകൻ ഉദ്ദേശിച്ചിട്ടുള്ളകാര്യം നിവർത്തിക്കണമെങ്കിൽ എൻറെ അഭിപ്രായത്തിൽ മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ ഭേദഗതിക്കു പകരം മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞെങ്കിലുംഹാജരാക്കിട്ടില്ലാത്ത ഭേദഗതി സ്വീകരിക്കയാണു വേണ്ടതു എന്നു പറഞ്ഞുകൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എൻറെ ഭേദഗതി പ്രമേയം സഭാമുമ്പാകെയുള്ളതല്ലേ, സർ, അതു ഹാജരാക്കുകയും പിൻതാങ്ങുകയുംചെയ്തു അതും വിരോധം പറഞ്ഞുമില്ല.

പ്രൊസിഡിങ്സ്: അതു സഭാമുമ്പാകെതന്നെയുണ്ടു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പൽ): ഇത്രയേ എനിക്കു പറവാനുള്ളു.

മി. കെ. നാരായണൻപണിക്കർ (ഗവർണ്മെൻറു ആക്ടിംഗ് ചീഫ് സെക്രട്ടറി): സർ, മിസ്റ്റർ സുബ്ബയ്യരും മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരും പൂജിക്കാനിച്ച ഉദാഹരണങ്ങൾ നമ്മുടെ മുമ്പാകെ ഇരിക്കയും മേലാൽ അങ്ങനെയുള്ള അനേകം ഉദാഹരണങ്ങൾ ഗവർണ്മെൻറിൻറെ ശ്രദ്ധിയിൽപെടാൻ ഇടയുള്ളതുകൊണ്ടും മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള ഭേദപ്പെടുത്തിയപ്രകാരമുള്ള പ്രമേയം സ്വീകരിക്കാൻ ഗവർണ്മെൻറിനു നിവൃത്തിയില്ല. ഞാൻ വായിക്കാൻപോകുന്ന ഭേദഗതിയോടു പ്രമേയം സ്വീകരിക്കാൻ പ്രമേയകർത്താവിനു വിരോധമില്ലെങ്കിൽ ആ രൂപത്തിൽ അതു സ്വീകരിക്കാമോ എന്നു ഗവർണ്മെൻറു ആലോചിക്കുന്നതാണു. മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള ഹാജരാക്കിയ പ്രമേയത്തോടു താഴെ പറയുന്ന വ്യവസ്ഥകൂടി ചേർക്കയാണു ഞാൻ പറയുന്ന ഭേദഗതി.

"ഏതെങ്കിലും പ്രത്യേക സംഗതിയിൽ വിരോധമില്ലാത്ത ഗവർണ്മെൻറിനു തൃപ്തിപ്പെടുന്നപക്ഷം"

ഈ ഭേദഗതിയോടുകൂടെ പ്രമേയം ഇങ്ങനെയായിരിക്കും.

"ഹിന്ദുക്ഷേത്രങ്ങളുടേയും ആരാധനാസ്ഥലങ്ങളുടേയും ഉപയോഗത്തിനായി നിശ്ചയിച്ചിട്ടുള്ളവയെഴിച്ചു ഗവർണ്മെൻറു ചിലവിനേൽ സംരക്ഷിച്ചുവരുന്ന എല്ലാ പബ്ലിക്ക കുളങ്ങളും ഉപയോഗിക്കാൻ ജാതിമതഭേദമെന്യേ ഈ രാജ്യത്തിലെ എല്ലാ ജനങ്ങൾക്കും ഏതെങ്കിലും പ്രത്യേക സംഗതിയിൽ വിരോധമില്ലാത്ത ഗവർണ്മെൻറിനു തൃപ്തിപ്പെടുന്നപക്ഷം, അനുവാദം നൽകണമെന്നു ഈ സഭ ഗവർണ്മെൻറിനോടു ശിപാർശചെയ്യുകൊള്ളുന്നു"

മി. ജി. രാമൻനായർ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വിരോധം എന്നു പറയുന്നതിൻറെ അർത്ഥം നിയമപ്രകാരമുള്ള വിരോധം എന്നാണോ?

മി. കെ. നാരായണൻപണിക്കർ (ഗവർണ്മെൻറു ആക്ടിംഗ് ചീഫ് സെക്രട്ടറി): അല്ല.

പ്രൊസിഡിങ്സ്: നിങ്ങൾ അതു സ്വീകരിക്കുന്നുവോ മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള.

മി. ചങ്ങനാശേരി പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ അതു കേട്ടില്ല.

മി. കെ. നാരായണൻപണിക്കർ (ഗവർണ്മെൻറു ആക്ടിംഗ് ചീഫ് സെക്രട്ടറി): ഗവർണ്മെൻറു പ്രമേയത്തെ ഭേദപ്പെടുത്താൻ വിചാരിക്കുന്നു. ഭേദപ്പെടുത്തിയ പ്രമേയം ഇങ്ങനെയാണു.

"ഹിന്ദുക്ഷേത്രങ്ങളുടേയും ആരാധനാസ്ഥലങ്ങളുടേയും ഉപയോഗത്തിനായി നിശ്ചയിച്ചിട്ടുള്ളവയെഴിച്ചു ഗവർണ്മെൻറു ചെലവിനേൽ സംരക്ഷിച്ചുവരുന്ന എല്ലാ പബ്ലിക്ക് കുളങ്ങളും ഉപയോഗിക്കാൻ, ജാതിമതഭേദമെന്യേ ഈ രാജ്യത്തിലെ എല്ലാ ജനങ്ങൾക്കും, ഏതെങ്കിലും പ്രത്യേക സംഗതിയിൽ വിരോധമില്ലാത്ത ഗവർണ്മെൻറിനു തൃപ്തിപ്പെടുന്നപക്ഷം, അനുവാദം നൽകണമെന്നു ഈ സഭ ഗവർണ്മെൻറിനോടു ശിപാർശചെയ്യുകൊള്ളുന്നു"

മി. ടി. കെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അതു ഇപ്പോഴത്തേതിൽ കഷ്ടതരമാണു.

മി. സി. പി. തരകൻ (കുന്നത്തുനാടു): സർ, ഗവർണ്മെൻറു കൊണ്ടുവന്ന ഭേദഗതി ഞാൻ സ്വീകരിക്കുന്നില്ല.

മി. കെ. നാരായണൻപണിക്കർ (ഗവർണ്മെൻറു ആക്ടിംഗ് ചീഫ് സെക്രട്ടറി): അതൊരു ഭേദഗതിയല്ല, അഭിപ്രായം മാത്രമാണു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, ഞാൻ ഒരു വാക്കു പറവാൻ അനുഗ്രഹിക്കണം. മിസ്റ്റർ സുബ്ബയ്യരുടെ പ്രസംഗംകേട്ടശേഷം പ്രമേയത്തെ മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള ഭേദപ്പെടുത്തിയപ്രകാരം സ്വീകരിക്കുന്നതിനു സാധുവായവയല്ല വിരോധവും. ഉള്ളതായി എനിക്കു തോന്നുന്നില്ല. അഭിപ്രായത്തിൻറെ പ്രയുക്തവിരോധം കൊട്ടാരങ്ങൾക്കുവകയോ കൊട്ടാരങ്ങളുടെ അധീനതയിൽഉള്ളതോ ആയ കുളങ്ങളെ സംബന്ധിച്ചുമെന്നാണു എനിക്കു മനസ്സിലായതു. നിയമസഭാ റൂൾവേഷൻപ്രകാരം കൊട്ടാരങ്ങൾസംബന്ധിച്ചുകാര്യങ്ങൾ ഈ സഭയിൽ വാദവിഷയം ആകാൻ പാടില്ലെന്നു ഞാൻ പറയണമെന്നില്ലല്ലോ, കൊട്ടാരംവക കുളങ്ങളും ഈ പ്രമേയത്തിൻറെ വ്യാപ്തിയിൽ ഉൾപ്പെടുത്തണമെന്നു മിസ്റ്റർ പരമേശ്വരൻപിള്ള വിചാരിക്കുന്നതെന്നു എനിക്കു തോന്നുന്നില്ല. ഭാവിയിൽ ഗവർണ്മെൻറിൻറെ ശ്രദ്ധിയിൽപെടാവുന്ന ചില കാരണങ്ങളാൽ ഭേദപ്പെടുത്തിയപ്രകാരമുള്ള പ്രമേയത്തെ പ്രതിക്ഷേപിക്കേണ്ടിവന്നിരിക്കുന്നു എന്നു ചീഫ് സെക്രട്ടറി പറഞ്ഞു. അതു മാന്യമായ ആലോചനയ്ക്കു വിഷയമാക്കിട്ടാവശ്യമില്ലെന്നു ഞാൻ പറയണമെന്നില്ല. പ്രമേയ

ത്തിന്റെ ഉദ്ദേശം ഗവണ്മെന്റും ഈ സഭയും ശരിയായിഗ്രഹിച്ചാൽ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വവും അതിന്റെ ഉദ്ദേശവും സ്വീകരിക്കുന്നതിനു ഗവണ്മെന്റു മടിക്കുന്നു എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. എങ്കിലും മറ്റു കൂട്ടത്തിന്റെ കാര്യത്തിൽ വല്ല പ്രത്യേക വിരോധവും ഉണ്ടായിരുന്നാൽ അതു ഗവണ്മെന്റിനു അപ്പോൾ തീർച്ചയാക്കാവുന്നതാണു. പ്രമേയം ഒരു ശിപാർശമാത്രമാണു. അതൊരുനിയമമല്ല. പൊതുജനങ്ങളെ ബോധപ്പെടുത്തുന്ന കാരണങ്ങളാൽ, ചീഫ് സെക്രട്ടറി പറഞ്ഞ കാരണങ്ങളായാലും, ഗവണ്മെന്റിനു നടത്തെസംബന്ധിച്ചു കാരണങ്ങളാൽ ചില കൂട്ടങ്ങളെ ഒഴിവാക്കുന്നതിനു ഗവണ്മെന്റിനു സ്വാതന്ത്ര്യം ഉണ്ടു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സക്രട്ടറിക്കീൽ): അങ്ങേക്കു എല്ലാ കൂട്ടങ്ങളുടെയും മനസ്സിൽ കണ്ടിട്ടുള്ളതുതന്നെ ഈ സഭ ഗ്രഹിക്കുന്നതിനായി ക്ഷേത്രങ്ങളോടു ബന്ധമില്ലാത്തതായും കണക്കിലും പൊതുജനങ്ങൾക്കു ഉപയോഗിക്കാൻ അനുവദമില്ലാത്ത ഒന്നോ രണ്ടോ പബ്ലിക്ക കൂട്ടങ്ങളെ മെമ്പർ പേരയുമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): കൊല്ലത്തു കച്ചേരിക്കളും ഉണ്ടെന്നു മിസ്റ്റർ എ. കെ. പിള്ള പറയുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): കോട്ടയത്തു പുളിക്കളും എന്നൊരു കൂട്ടമുണ്ടു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): മെമ്പർ ഇങ്ങനെയൊരു പ്രമേയം അവതരിപ്പിക്കുന്നു വിചാരിച്ചപ്പോൾ അതു സംബന്ധിക്കുന്ന ഒരുതരം കൂട്ടങ്ങളെ മനസ്സിൽ കരുതിയിരിക്കണം. തിരുവനന്തപുരവും നെയ്യാറ്റിങ്കരയും സംബന്ധിച്ചിടത്തോളം ക്ഷേത്രങ്ങളോടു സംബന്ധമില്ലാത്ത ഒരു കൂട്ടമില്ലെന്നുള്ള സംഗതി ചാരിതാർത്ഥ്യത്തോടുകൂടിയാകുന്നു. മറ്റു കൂട്ടങ്ങളെപറ്റി സംസാരിക്കാൻ എനിക്കു കഴിവില്ല. പൊതുജനോപയോഗം അനുവദിച്ചിട്ടില്ലാത്ത മറ്റുകൂട്ടം തിരുവനന്തപുരത്തോ നെയ്യാറ്റിങ്കരയോ ഞാൻ കണ്ടിട്ടില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിക്ഷണൽ ഹെഡ് സക്രട്ടറിക്കീൽ): കൊല്ലത്തെ കച്ചേരിക്കളും മിസ്റ്റർ സുബ്ബയ്യർപറഞ്ഞ കൂട്ടവും ഒന്നുതന്നെയാണോ എന്നു മെമ്പർ ദയവായി പറയുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അല്ല, രണ്ടും ഒന്നല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനു സമീപം ഒരു ബിംബം പ്രതിഷ്ഠിച്ചിട്ടില്ലയോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): എനിക്കു നിശ്ചയമില്ല. മതസംബന്ധമായ വിരോധം ഇല്ലെങ്കിൽ അങ്ങനെയുള്ള കൂട്ടങ്ങളും പൊതുജനോപയോഗത്തിനു ഗവണ്മെന്റു വിട്ടുകൊടുക്കുന്നതു യുക്തമായിരിക്കുംഎന്നു ഞാൻവിചാരിക്കുന്നു. എന്റെ സ്നേഹിതൻ അങ്ങനെയുള്ള കൂട്ടങ്ങളെ ഒഴിവാക്കിയതു ആ കാരണത്താലാണു. വിരോധത്തിനു കാരണമുള്ള ചില കൂട്ടങ്ങളും ഗവണ്മെന്റിന്റെ അറിവിൽപെടാതെ കിടക്കുന്നുണ്ടായിരിക്കാം. അതുകൊണ്ടുമാത്രം കൂട്ടങ്ങളൊന്നും വിട്ടുകൊടുക്കാൻ പാടില്ലെന്നു പറയുന്നതു ശരിയല്ല. പൊതുനയത്തിനു വിപരീതമല്ലാത്ത കാരണങ്ങളും ഉണ്ടെങ്കിൽ ആ കൂട്ടത്തിന്റെ കാര്യം ഒരു പ്രത്യേകസംഗതിയായി ഗവണ്മെന്റിനു വിചാരിക്കാവുന്നതാണു. എങ്കിലും അങ്ങനെയുള്ള കൂട്ടങ്ങളും ഉണ്ടെന്നോ ഗവണ്മെന്റിനെ പ്രേരിപ്പിക്കുന്ന കാരണങ്ങളും എന്തായിരിക്കുമെന്നോ എനിക്കു സങ്കല്പിക്കാൻ കഴിയുന്നില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം—ഡിപ്യൂട്ടി പ്രൊസിക്യൂഡന്റു): ചില സമുദായക്കാർ അവരുടെ മരണാനന്തരക്രിയകളും ചില പ്രത്യേകകൂട്ടങ്ങളിൽ നടത്തിവരുന്ന സംഗതി മെമ്പർക്കു അറിവുണ്ടോ എന്നു ചോദിച്ചുകൊള്ളുന്നു. ഞാൻ പ്രസംഗിച്ചപ്പോൾ മെമ്പർ ഇവിടെ ഇല്ലായിരുന്നതിനെപ്പറ്റി ഖേദിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): എനിക്കു അറിവില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം—ഡിപ്യൂട്ടി പ്രൊസിക്യൂഡന്റു): ഞാൻ വ്യസനിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): അങ്ങനെയുള്ള കൂട്ടങ്ങളും ഉണ്ടായിരിക്കയും അവയെ പൊതുജനോപയോഗത്തിനു വിട്ടുകൊടുക്കുന്നതു ഗവണ്മെന്റു നയത്തിനു വിപരീതമായിരിക്കുമെന്നു തോന്നുകയുംചെയ്താൽ ഗവണ്മെന്റു അവയെ പ്രത്യേകസംഗതികളായി വിചാരിക്കേണ്ടതാണു.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം—ഡിപ്യൂട്ടി പ്രൊസിക്യൂഡന്റു): എങ്ങനെ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): നാം ഒരു നിയമം ഉണ്ടാക്കുകയല്ലല്ലോ ചെയ്യുന്നതു.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം—ഡിപ്യൂട്ടി പ്രൊസിക്യൂഡന്റു): ഗവണ്മെന്റു പ്രമേയം സ്വീകരിച്ചാൽപിന്നെ, പ്രതിവിധി വല്ലതുമുണ്ടോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): പ്രമേയത്തിൽ പ്രസ്താവിച്ചിട്ടില്ലാത്ത പ്രതിവിധികളും ഗവണ്മെന്റിനു ഉണ്ടാക്കാവുന്നതാണല്ലൊ.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം—ഡിപ്യൂട്ടി പ്രൊസിക്യൂഡന്റു): പ്രമേയത്തിൽ പ്രതിപാദിച്ചിട്ടില്ലാത്ത എന്തെങ്കിലും പ്രതിവിധികളും ഗവണ്മെന്റിനു ഉണ്ടാക്കാമെന്നാണോ അങ്ങേഹത്തിന്റെ അഭിപ്രായം?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): അതേ.

പ്രൊസിക്യൂഡന്റു: രാജ്യത്തിലെ ഏതെങ്കിലും സമുദായത്തിന്റെ മതവിശ്വാസാചാരങ്ങളും ഗവണ്മെന്റു നയത്തിനു വിഷയമാകേണ്ടതാണു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): അങ്ങനെയാണെങ്കിൽ ഗവണ്മെന്റു പ്രമേയത്തിന്റെ സങ്കല്പം സ്വീകരിക്കുന്നതിനും നീതിഅനുസരിച്ചു എല്ലാവക്കും ഉപയോഗത്തിനു അനുവദിച്ചുകൊടുക്കാൻ പാടില്ലാത്ത കൂട്ടങ്ങളെ ഒഴിവാക്കുന്നതിനും വിരോധമില്ലല്ലോ.

പ്രൊസിക്യൂഡന്റു: ചില പ്രത്യേകസംഗതികളിൽ പ്രമേയത്തിൽ പ്രതിപാദിക്കാൻ കഴിയാത്ത ചില വിരോധങ്ങളും ഉണ്ടാകാമെന്നു ഭേദഗതി ഹാജരാക്കിയ അംഗത്തെതന്നെ ബോധ്യമുണ്ടായിരുന്നെന്നു ഞാൻ വിചാരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര). എന്റെ അഭിപ്രായത്തിൽ പ്രമേയത്തിന്റെ ഉദ്ദേശം ഗവണ്മെന്റിന്റെ സാധാരണനയം ഇന്നതായിരിക്കണമെന്നു കാണിക്കാൻമാത്രമാണു. സംഗതികളും പ്രത്യേകം ആലോചിക്കേണ്ടുന്ന കൂട്ടങ്ങളും ഉർല്ലമായിരിക്കും, അപ്പോൾ ഗവണ്മെന്റു യുക്ത്യനുസരണം പ്രവർത്തിക്കണം.

പബ്ലിക്കുകളുടെയിടയിൽ കുറ്റത്തിൽ ചില വർഗ്ഗക്കാർക്ക് ഉപയോഗസ്വാതന്ത്ര്യം സാധാരണയായി കൊടുക്കുന്നതിനെ ഗവൺമെൻറിന്റെ ശ്രദ്ധാപൂർവ്വമായ കൈയ്യേറ്റമാക്കുന്നതിനാണ് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. ഒഴിവാക്കേണ്ടുന്ന കാര്യങ്ങൾ പ്രതിപാദിക്കാതെ ഗവൺമെൻറിന്റെ സാധാരണനയം എന്തായിരിക്കണമെന്നുമാത്രമേ ഈ പ്രമേയം പ്രതിപാദിക്കുന്നുള്ളൂ. ഈ വസ്തുതയിൽ ഈ പ്രമേയം മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള ഭേദഗതിയിയ പ്രകാരം ഞാൻ സ്വീകരിക്കുന്നു.

മി. സി. പി. മാത്തൻ (ഗവൺമെൻറ് നിയമമന്ത്രി): സർ, മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ ഭേദഗതിയോടെ ഈ പ്രമേയത്തെ സംബന്ധിച്ചു ദ്വിഭാഷാസകോഡ് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനെ ഗവൺമെൻറ് ഒരു സാധാരണനയം സ്വീകരിച്ചു സംതൃപ്തി സൂചിപ്പിക്കുന്നുണ്ട്, എല്ലാ സ്കൂളുകളിലും എല്ലാ വർഗ്ഗക്കാർക്കും പ്രവേശനം അനുവദിക്കേണ്ടതാണെന്നു അതു ഗവൺമെൻറ് സമ്മതിച്ചതായി കാണുന്നു. എങ്കിലും ഈ സാധാരണനയം സ്വീകരിച്ചുതോട്ടുകൂടെന്നു കേരളത്തിലെ വിദ്യാഭ്യാസത്തിൽ ചില വർഗ്ഗക്കാർക്ക് പ്രവേശനം അനുവദിക്കാൻ പാടില്ലെന്നു ഗവൺമെൻറ് നിശ്ചയിച്ചു. ഇക്കാര്യത്തിലും ഇങ്ങനെയുള്ള ഒരു സ്ഥിതിതന്നെയാണ് സംജാതമാകുന്നത്.

ചീഫ്സെക്രട്ടറി അവതരിപ്പിച്ചയപ്പെട്ട ഭേദഗതിയെ സംബന്ധിച്ചു എനിക്ക് ഒരു ചോദ്യം ചോദിക്കാനുണ്ട്. അതിന്റെ അവസാനഭാഗത്തിൽ "പൊതുവായ കാരണങ്ങളാൽ വല്ല വിരോധവും" എന്ന ഭേദഗതിയിലുടയോ "വിരോധം" എന്നുമാത്രം പറയുന്നതിനു പകരം വാക്കുകൾ അങ്ങനെ ഭേദപ്പെടുത്തണം.

മി. കെ. നാരായണൻപോറ്റി (ഗവൺമെൻറ് അക്കൗണ്ടിംഗ് ചീഫ് സെക്രട്ടറി): സർ, പ്രമേയത്തിന്റെ ഉദ്ദേശം സ്വീകരിക്കുന്നതിന്റെ അഭിലഷണീയതയെ ശ്രദ്ധിക്കയാണ് ഞാൻ ഈ അഭിപ്രായം പുറപ്പെടുവിച്ചതു. മിസ്റ്റർ ജി. പരമേശ്വരൻപിള്ളതന്നെ സമ്മതിച്ചപ്രകാരം ഒഴിവാക്കേണ്ടതു ആവശ്യമായിവരുന്ന ചില പ്രത്യേക സംഗതികൾ ഉണ്ടാകാം. ഓരോന്നിന്റെയും ഗുണദോഷങ്ങൾ ആലോചിച്ചു തീർച്ചയാക്കേണ്ടതാണ്. ഇങ്ങനെയുള്ള കുറ്റങ്ങളിൽ ഒരു പ്രതിവിധി ഉണ്ടായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെയാണ് പ്രമേയത്തോടുകൂടെ ഒരു ഭേദഗതി ചേർക്കണമെന്നു അഭിപ്രായപ്പെട്ടതു.

പ്രസിഡൻറ്: രണ്ടു ഭേദഗതിക്കും കൊണ്ടുവന്നിട്ടുണ്ട്, ഒന്നു മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ മറ്റേതു മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടേതും. ആദ്യത്തെ പ്രമേയകർത്താവായ മിസ്റ്റർ തരകൻ മിസ്റ്റർ പരമേശ്വരൻപിള്ളയുടെ ഭേദഗതി സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ടു ആദ്യപ്രമേയം ഉൾപ്പെടുത്തപ്പോയിട്ടു ഇപ്പോൾ സഭാമുമ്പാകെ ഇല്ല. മിസ്റ്റർ നാരായണപിള്ളയുടെ ഭേദഗതി ആദ്യത്തേതാകയാൽ അതു ചോദ്യത്തിനിടുന്നു. അതു ഞാൻ നിങ്ങളെ വായിച്ചുകേൾപ്പിക്കാം:—

"ഗവൺമെൻറ് മുതലായവയുടെ സംരക്ഷിച്ചുവരുന്നവയും ആയിക്കിലും അവയിന്മേൽ വല്ലപ്രത്യേകനിയമങ്ങൾ കാരണം ഗവൺമെൻറ് അനുവദിച്ചുകൊടുക്കയോ സമ്മതിക്കയോ ചെയ്തിട്ടില്ലാത്തവയും ആയ എല്ലാ കളങ്ങളിടെയും ഉപഭോഗം, അവ പൊതുജനോപയോഗത്തിനു ആവശ്യമായിരിക്കുന്നകാലത്തോളം കൂടാതിരുന്നാൽ ഭേദമെന്നിയെ എല്ലാജനങ്ങൾക്കും ഉപയോഗിപ്പാൻ സ്വാതന്ത്ര്യം കൊടുക്കേണ്ടതാണെന്നു ഈ സഭ ഗവൺമെൻറിനോടു ശിപാർശചെയ്യുന്നു".

മി. സി. പി. തരകൻ (കുന്നത്തുനാടു): ചീഫ്സെക്രട്ടറി കൊണ്ടുവന്ന ഭേദഗതിപ്രമേയം ഇപ്പോൾ സഭാമുമ്പാകെ ഉണ്ടോ എന്നു പറയുമോ?

മി. കെ. നാരായണൻപോറ്റി (ഗവൺമെൻറ് അക്കൗണ്ടിംഗ് ചീഫ്സെക്രട്ടറി): അതുരണ്ടുപ്രമേയം അല്ലായിരുന്നു. അഭിപ്രായം പറഞ്ഞുചുരുക്കുകയുള്ളൂ.

പ്രസിഡൻറ്: അങ്ങനെയൊരു ഭേദം ഉണ്ടാക്കിയാൽ അതു ഗവൺമെൻറിനു സ്വീകാര്യം ആയിരിക്കുമെന്നു ചീഫ്സെക്രട്ടറി അഭിപ്രായംപറഞ്ഞതാണു, അതു സഭാമുമ്പാകെ പ്രമേയമായിട്ടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): രണ്ടുഭേദഗതിപ്രമേയങ്ങൾ ഉണ്ടായിരുന്നാൽ രണ്ടാമതായതാണു ആദ്യം വോട്ടിനു വെക്കുകപതിവു എന്നുപറഞ്ഞുകൊള്ളുന്നു.

പ്രസിഡൻറ്: അങ്ങനെ വേണമെന്നു നിർബന്ധമില്ല, പ്രസിഡൻറിന്റെ യുക്തംപോലെ ചെയ്യാം.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും. വടക്കു): സർ, ഇക്കാര്യത്തിൽ ഉദ്യോഗസ്ഥന്മാർക്കു വോട്ടുചെയ്യാമോ?

പ്രസിഡൻറ്. അവർക്കു വോട്ടുചെയ്യാമെന്നു ഞാൻ വിചാരിക്കുന്നു, അവർ വോട്ടുചെയ്യാതിരിക്കാൻ കാരണമൊന്നുമില്ല.

മി. പി. കെ. നാരായണപിള്ളയുടെ ഭേദഗതിപ്രമേയം വോട്ടിനുവച്ചാറെ 44 പേർ അതിനു അനുകൂലമായും 41 പേർ പ്രതികൂലമായും വോട്ടുചെയ്കയാൽ പാസ്സാക്കപ്പെട്ടു.

താഴെകാണുന്ന പ്രമേയം ഹാജരാക്കിയില്ല.

വിദേശങ്ങളിലെ കൃഷിരീതികളും വ്യവസായപദ്ധതികളും മനസ്സിലാക്കിവരുന്നതിനു ഒരു കമ്മറിയെനിയമിക്കുന്നതിനെപറ്റിപ്രമേയം,

മി. സി. പി. തരകൻ:—

ബൽജി, ചൈനാ, ജപ്പാൻ, അമേരിക്കാ, ജർമനി, ഫ്രാൻസ്, ബെൽജിയം, സ്വിട്സർലണ്ട്, ആസ്ട്രിയാ, ഇംഗ്ലണ്ടു ഈ രാജ്യങ്ങളിൽ സഞ്ചരിച്ചു അവിടത്തെ കൃഷിരീതികളും വ്യവസായപദ്ധതികളും പഠിച്ചുവന്നു ഈ രാജ്യത്തിൽ ഗുണപ്രദമാംവണ്ണം നടപ്പിൽ വരുത്താവുന്നവയെപറ്റി ഒരു റിപ്പോർട്ടുചെയ്യുന്നതിനായി നാലു മെമ്പന്മാരിൽ കവിയാത്ത ഒരു കമ്മറിയെ നിയമിക്കണമെന്നു ഈ സഭ ഗവൺമെൻറിനോടു ശിപാർശചെയ്യുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ്പ്രിൻസിപ്പാൾ): സർ, എനിക്കുമുമ്പിൽ വന്നിരിക്കാമോ.

പ്രസിഡൻറ്. ഇരിക്കാം.

സാംപത്തികവും വ്യവസായികവുംആയ സർവെയെപ്പറ്റിയുള്ള പ്രമേയം.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട). സർ; താഴെപറയുന്നപ്രമേയം ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു.

ഈ സഭ—

പ്രൊസിഡന്റർ: ദയവുചെയ്തു ഉറക്കുസംസാരിക്കണം.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): "ഈ സഭ ഈ രാജ്യത്തിൽ കഴിയുന്നപ്രാഗത്ഭികമായ സാംപത്തികവു. വ്യവസ്തായികവും സർവെനടത്തി രാജ്യത്തിന്റെ സാംപത്തിക പുനരുദ്ധാരണത്തിനാവശ്യമായ ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനു അനുയോഗ്യമായുള്ള ഒരു കമ്മറിനെ നിയമിക്കണമെന്നു, ഗവണ്മെന്റിനോട് ശിപാർശചെയ്യുകൊള്ളുന്നു".

സർ, എല്ലാ പരിഷ്കൃതരാജ്യങ്ങളിലും അപ്പിടെ ഉണ്ടാകുന്ന വിഷയങ്ങളെ ചൊടിസ്ഥാനപ്പെടുത്തി രാഷ്ട്രീയ സമ്പത്തു നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂറിലാകട്ടെ ഇങ്ങനെ ഒരു ശ്രമം ഇതേവരെയും ഉണ്ടായിട്ടില്ല. തന്നിമിത്തം തിരുവിതാംകൂറിലെ ജനങ്ങളുടെ സാമ്പത്തിക നില എന്താണെന്ന് അറിവാൻ പാടില്ല.. ജനങ്ങളുടെ സാമ്പത്തികോല്പാദനത്തിനു നാട്ടിലെ ഭൌതികസമ്പത്തിന്റെ അളവും വ്യാപ്തിയും, വ്യവസായഭിവൃദ്ധിക്കു ജനസൌകര്യവും പ്രേരണാശക്തികളും എത്രത്തോളം ഉണ്ടെന്നു അറിയാതെ നിർവഹമില്ല. മറ്റു രാജ്യങ്ങളിൽ അഭിവൃദ്ധിപരമായ എല്ലാ പദ്ധതികളും ഇപ്രകാരമുള്ള പര്യവേക്ഷണത്തിന്റെ ഫലമായിട്ടാണ് രൂപീകരിക്കപ്പെട്ടിരിക്കുന്നത്. പരിസരശക്തികളെ പരിശോധിക്കുമ്പോൾ തിരുവിതാംകൂർ ഇന്നു ലോകത്തുള്ള എല്ലാരാജ്യങ്ങളേയുമപേക്ഷിച്ചു സാമ്പത്തികനിലയിലും, അതിനെ ആശ്രയിച്ചുനിൽക്കുന്ന മറ്റു പല്ലും ജീവിതശീലങ്ങളിലും, പിന്നോക്കമാണെന്ന് പ്രത്യക്ഷപ്പെടുന്നതാണ്, ധനസ്ഥിതിയിലാകട്ടെ, രാഷ്ട്രീയശക്തിയിലാകട്ടെ, വ്യവസായപോഷണത്തിലാകട്ടെ കാർഷികോന്നമനത്തിലാകട്ടെ, സാങ്കേതിക വിദ്യാഭ്യാസത്തിലാകട്ടെ ജീവിതമിഴുങ്ങളിലാകട്ടെ, തിരുവിതാംകൂർ, മറെറാരു രാജ്യത്തോടും കിടപിടിക്കുന്നില്ലെന്നുള്ളത് വ്യക്തമാകുന്നതാണ്.

കർഷകന്മാരുടെനില—ഇൻഡ്യയിലെ മറെറല്ലാഭാഗങ്ങളിലുമെന്നപോലെ തിരുവിതാംകൂറിലും കൃഷികവൃത്തിയെയാണെല്ലാ ജനങ്ങളും പ്രധാനമായി ആശ്രയിച്ചിരിക്കുന്നത്. ഏതാണ്ടു ഒരു പതിനഞ്ചു ജനങ്ങൾ കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു. ഇതിൽ എത്രപേരാണ് യഥാർത്ഥത്തിൽ കർഷകവൃത്തി അനുഷ്ഠിച്ചുപോരുന്നതെന്നു അറിയുവാൻ നിവൃത്തിമില്ല. നൊഴിൽചോദിക്കുമ്പോൾ കൃഷി എന്നു പറയുക ഇവിടെ സാധാരണയാണ്. എന്നായാലും രാജ്യത്തിലുള്ള ജനങ്ങളിൽ നൂറു ശതമാനത്തിന്റെ ജീവിതസംരക്ഷണം മുഖ്യമായി അവലംബിച്ചിരിക്കുന്നു. ഇവിടത്തെ കൃഷിക്കാർ ബ്രിട്ടീഷ് ഇൻഡ്യയിലെ ജനങ്ങളെ അപേക്ഷിച്ചു പിന്നോക്കമാണെന്നുള്ള വസ്തുതയെ ഗവണ്മെന്റിന്റെ പ്രസിദ്ധീകരണങ്ങളെന്നു സാക്ഷീകരിക്കുന്നുണ്ട്. Travancore State Manual എന്ന പുസ്തകത്തിലെ ഏതാണ്ടു ഭാഗം ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"തിരുവിതാംകൂറിലെ കൃഷിക്കാരൻ ഇൻഡ്യയിൽ മറെറസ്ഥലങ്ങളിലെ തന്റെ സഹോദരനെപ്പോലെ ബുദ്ധിമാനും, പരിശ്രമിയും, രാജഭക്തനും, നിയമാനുസാരിയും ആണ്. അയാളുടെ ജീവിതം വളരെ കഷ്ടമാണ്. വർദ്ധിച്ചുവരുന്ന കുടുംബാവശ്യങ്ങളും അവസാനമില്ലാത്ത ഉരിതവും, അതോടുകൂടി ധനവും, സമയവും, വ്യയംചെയ്യേണ്ടിവരുന്ന കുടുംബസംബന്ധമായും, സാമുദായികമായുള്ള ചുമതലകളും അദ്ദേഹത്തിന് ഉർദ്ദനമായിത്തീർന്നിട്ടുണ്ട്. ഇത്രകഷ്ടപ്പെടുന്ന ബ്രിട്ടീഷിൻഡ്യയിലെ സഹോദരനേക്കാൾ സമ്പാദ്യത്തിലും, നിർവഹണശക്തിയിലും ആഹാരത്തിലും, കുറഞ്ഞു, ഒരു ക്ഷിണിച്ച പ്രജയായിട്ടു കാണപ്പെടുന്നു. പോറനിലെ പെള്ളമാണ് അയാളുടെ പ്രധാനആഹാരം, ശേഷിച്ചതു മരച്ചീനിയുമാണ്. വസ്ത്രധാരണത്തിലേ മോശമാണ്.

ഈ പ്രസിദ്ധീകരണത്തിന്റെ കണക്കാംവശത്തു കൃഷിക്കാരിൽ ഏതാണ്ടു പത്തിലൊന്നു കടത്തിൽപെട്ടിരിക്കയാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. ഈ സ്ഥിതിക്കു തിരുവിതാംകൂറിലെ കൃഷിക്കാരുടെ ധനസ്ഥിതി ഏറെവും പരിതാപകരമായ നിലയിലാണെന്നു പ്രത്യക്ഷമാകുന്നുണ്ടല്ലോ.

ബ്രിട്ടീഷിൻഡ്യയിൽ, പഞ്ചാബിൽ ഒരാളിനു ആകെക്കൂടി ശരാശരി ഒരു രൂപായും, മദ്ധ്യസംസ്ഥാനത്തു ൦ രൂപായും, ബെങ്കാളിൽ ൨൦ രൂപായും മദ്രാസിൽ പതിനാറും ബോംബയിൽ പതിനാലും ബിഹാർ ഒറീസായിൽ പതിനാലും ഇങ്ങിനെ ബ്രിട്ടീഷ്ഇൻഡ്യയൊട്ടുക്കു ശരാശരി ൧൬ രൂപയും വീതം വരവുണ്ടെന്നു കാണുന്നു. ഈ നിലയ്ക്കു തിരുവിതാംകൂറിൽ ഇതിലും കുറഞ്ഞിരിക്കുമെന്നുള്ളതു സുവിതക്കിതമാണല്ലോ. തിരുവിതാംകൂറിൽ ഏതാണ്ടു ൧൦ രൂപായ്ക്കകം വരവുണ്ടാകുമെന്നാണ് ഉദ്ദേശിക്കപ്പെട്ടിരിയ്ക്കുന്നത്. എന്തായാണെന്നു കണക്കാക്കപ്പെട്ടതെങ്കിലും ഗവണ്മെന്റിന്റെ ചുമതലയുമാണല്ലോ.

നെൽകൃഷി—തിരുവിതാംകൂറിൽ ഇപ്പോൾ ന്യൂവൻ,സുവൻ ഫ്ലിക്കർ സ്ഥലത്തു നെൽകൃഷിചെയ്യുവരുന്നുണ്ടു, ആരോഗ്യപരമായ ജീവിതത്തിനു ദിവസേന ഒരാളിനു ഔന്നകാര്യത്തിൽ അരിവീതം ആവശ്യമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ തോതനുസരിച്ചു ഇവിടെ ഒരാണ്ടത്തേക്ക് ഒരു ചോടിച്ചാക്ക് അരി ആവശ്യമുണ്ടെന്നുകാണുന്നു. ൨൫ ലക്ഷത്തോളം ചാക്ക് അരി വിദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യപ്പെടുന്നുണ്ടെങ്കിലും മരച്ചീനികൃഷികൊണ്ടുംമാത്രമാണ് ഈ നാട്ടിലാർ ജീവസന്ധാരണംചെയ്യുന്നത്. ഫലദായകമായ തിരുവിതാംകൂറിലെ നിലങ്ങളിൽനിന്നും നമുടെ ആവശ്യത്തിനു തികച്ചുണ്ടാക്കുവാൻ വിളവുണ്ടാകാത്തതിനുള്ള കാരണം പ്രത്യേകം അന്വേഷിക്കേണ്ടതാണ്.

തെങ്ങുകൃഷി—ഇവിടെ ൫ ലക്ഷത്തിൽപരം ഫ്ലിക്കർസ്ഥലത്തു ഇപ്പോൾ തെങ്ങുകൃഷിചെയ്യുവരുന്നുണ്ട്. ഇവയിൽ മൂന്നിൽ ഒരുഭാഗം പ്രായമെത്തുകയും വേണ്ടസമയത്തു വളവും നീരും നൽകിയാൽ നല്ല ലക്ഷം ഫ്ലിക്കർ സ്ഥലത്തു മാത്രമേ തെങ്ങു ഇപ്പോൾ ഫലപ്രദമായി കാണപ്പെടുന്നുള്ളു. ൧൦൯൯-൩൦ണ്ടത്തെ കയറുമതികണക്കിൽനിന്നും കൊപ്രായായും, വെളിച്ചെണ്ണയായും, നാളികേരമായും കയറുമതിചെയ്തിട്ടുള്ളതു വെറും പത്തിലൊന്നു നാളികേരവേണ്ടുന്നു. ഇതിൽ മൂന്നിൽ ഒരുഭാഗം ഈ രാജ്യത്തിലെ ചിലവിനായി ഉപയോഗിച്ചുവരുന്നതായി വിചാരിക്കുന്നപക്ഷം ആകെയുള്ള നാളികേര ഉല്പത്തി ഒരാണ്ടിൽ ൧൫൦ കോടി യാണെന്നു സമർത്ഥിക്കാം. ഒരേക്കർസ്ഥലത്തു ശരാശരി ൪൦ നാളികേരവൃക്ഷം കണക്കാക്കിയാൽ ഈ ക്രമത്തിനു ഒരു തെങ്ങിൽനിന്നും ഒരാണ്ടിൽ ശരാശരി ൨൫ നാളികേരവീതമാണ് കിട്ടുന്നത്. ഇതെത്രയോ ഉചിതമായ

രോഗമായിരിക്കുന്നു. പലസ്ഥലങ്ങളിലും തെങ്ങുകൾക്കു രോഗംബാധിച്ചു അനുദിവം നാശംകൊണ്ടും കുറഞ്ഞു വരികയാണു ചെയ്യുന്നതു. ഇതിനുള്ളകാരണം എന്താണെന്നും അതിരാഞ്ഞറിയേണ്ടകാര്യം അധികൃതർ ചിന്തിച്ചിരിക്കുന്നു.

ഭൂമിക്കു പറഞ്ഞിരിക്കുന്ന മുഖ്യാധാരകടം കാർഷികമായ കർഷകവൃത്തിക്കു പണ്ടുപണ്ടുമാകാത്തനിലയിൽ കൃഷിസ്ഥലങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നതാണ്. തിരുവിതാംകൂറിലെ ജനസംഖ്യയുടെ ക്രമത്തിനു ആളൊന്നിനു ഒരേക്കറിൽ കുറഞ്ഞഭൂമിയുടെ വിസ്തീർണ്ണം കാണുന്നുള്ളൂ. കൂട്ടുകുടുംബജീവിതത്തിന്റെ അവശേഷിപ്പുകാരണം കഴിഞ്ഞിരിക്കുന്ന തിരുവിതാംകൂറിലെ ഭൂമി ഉപയോഗമില്ലാത്തവിധത്തിൽ കുടുംബിനിമാരായിപോകുന്നതിനു കാലതാമസം ഒട്ടും തരുന്നതുമില്ല.

അല്ലെങ്കിൽ ജീവിതരീതിയെ പരിരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി ധനസംബന്ധമായ ഒരു സർവ്വേയുമില്ലാതെ ഉണ്ടാക്കാൻതരമില്ല.

വ്യവസായം—തിരുവിതാംകൂറിൽ ഏതൊരു വിധം ജനങ്ങളെയും തൃപ്തിപ്പെടുത്തുന്നതിനുള്ള വ്യവസായത്തിൽ പിന്നിലാണു സ്ഥിതിചെയ്യുന്നതു. ഇന്നത്തെ കയറ്റുമതിനോക്കിയാൽ നമ്മുടെ സാമാന്യങ്ങൾ എല്ലാം അസംസ്കൃതനിലയിലാണു അന്യരാജ്യങ്ങളിലേക്ക് കയറ്റുമതിചെയ്യപ്പെടുന്നതു്. ഈ സാമാന്യങ്ങൾ യൂറോപ്യൻ വ്യവസായശാലകളിൽപ്രവേശിച്ചു് വേണ്ടപകുപ്പുകളാക്കിമാറ്റിനമ്മുടെമുമ്പിൽ അവതരിക്കപ്പെടുമ്പോൾ നമുക്കു ലഭിച്ചുവിലയിൽനിന്നും പത്തുമടങ്ങു വിലകൊടുത്തു നാം തന്നെ വാങ്ങിക്കുന്നു. ഇവിടെയുണ്ടാകുന്ന സാധനങ്ങൾ അന്യനാടുകളിൽ ഏതെല്ലാംതരത്തിൽ രൂപാന്തരപ്പെടുത്തപ്പെടുന്നുഎന്നും, അവയുടെ ഉപയോഗങ്ങൾ എന്തെല്ലാമാണെന്നും, അറിയുന്നതിനായി ഒരു ശ്രമവും ചെയ്യുവാനുമില്ല.

നമ്മുടെ വ്യവസായപുരോഗതിയിൽ മുഖ്യമായ പ്രധാനസംഗതി തിരുവിതാംകൂറിന്റെ സ്ഥിതിക്കു വലിയ തോതിലുള്ള (Factory Industry) ഫാക്ടറിശാല വ്യവസായത്തിനു് എത്രത്തോളം സൌകര്യം നൽകുന്നു എന്നു പഠിക്കുന്നതാകുന്നു. ഇടത്തരം പദ്ധതികളുടെ സാദ്ധ്യതയും പ്രായോഗികഫലവും, മനസ്സിലാക്കാതെ വമ്പിച്ച പ്രസ്ഥാനങ്ങളിൽ ധനവ്യയം ചെയ്യുന്നതു് ഒരു വലിയ അപകടമാണു്. ഫാക്ടറിശാല വ്യവസായമെന്നും (Factory industry) ഗൃഹവ്യവസായമെന്നും (cottage Industry) ഏതാണു് നമുക്കു പറ്റിയതെന്നും, ഏതെല്ലാം വ്യവസായങ്ങൾ ഏതേതുരീതിയിലാണു തുടങ്ങാമെന്നും, അതിലേക്കു് ഏതെല്ലാം ഉപകരണങ്ങൾ ആവശ്യമുണ്ടെന്നും പരിശോധിക്കേണ്ടതായിരിക്കുന്നു. ഇവിടെ ഇതിലേക്കു ഇടക്കാലങ്ങളിൽ ചിലശ്രമങ്ങൾ ഉണ്ടായതു് പ്രയോജനത്തിൽ വന്നിട്ടില്ല. ധനപരിപോഷണക്കമ്മറ്റി ഏർപ്പെടുത്തിയതുകൊണ്ടോ, കുറെ യുവാക്കന്മാരെ വിദേശങ്ങളിലയച്ചു ഓരോശാഖയിലും കൂടുതൽജ്ഞാനം നേടിച്ചതുകൊണ്ടോ നമുക്കു വ്യവസായപുരോഗതിയുണ്ടാകുന്നതല്ല. ഇപ്പോൾതന്നെ പല ഗ്രാമവ്യവസായങ്ങളും ഇവിടെ നടപ്പിലുണ്ടു്, എന്നാൽ അവയെ പുഷ്ടിപ്പെടുത്തുന്നതിനുമാർഗ്ഗങ്ങൾ കാണാതൊരു പദ്ധതിയും ഇല്ല. ഈ നിലയിൽ ഇടത്തരംകൈവേലയിൽ നാട്ടിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും, തന്നിമിത്തമുള്ള നിർദ്ധനത്വവും ഒരിക്കലും അനുവദിക്കുന്നതല്ല. സാഹിത്യപരമായ വിദ്യാഭ്യാസവുംകൊണ്ടു ഇറങ്ങുന്നതോറും അനേകായിരം യുവജനങ്ങൾ ജീവിതരംഗത്തിൽ പ്രവേശിക്കുന്നു. ഇവരിൽ വിദ്യാഭ്യാസം പൂർത്തിയാകാത്തതോറെ മടങ്ങുന്നവരും, പൂർത്തിയാക്കുവരിൽതന്നെ അവരുടെ ഏകാവലംബമായ സർക്കാരുദ്യോഗം ലഭിക്കാതെ അലഞ്ഞുനടക്കുന്നവരും ഉൾപ്പെടുന്നു. ഇതിനുപുറമേ ദേഹപ്രയത്നം കൊണ്ടുമാത്രം കാലയാപനം ചെയ്യേണ്ടുവരായി വരുന്നതായ ഒരു ജനവിഭാഗവുംഉണ്ടു. അവരുടെ ദേഹശക്തിയെ നാട്ടിനു പ്രയോജനപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തേണ്ടതായിട്ടുണ്ടു്.

ഈ കുടുംബങ്ങൾക്കു് നാട്ടിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു് ജനങ്ങളുടെ ഇപ്പോഴത്തെ ധനസ്ഥിതിയും, കാലാവസ്ഥ മുതലായവയെയും അനുസരിച്ചു് ഏതൊരു തരത്തിലുള്ള വ്യവസായങ്ങൾ എന്തെല്ലാമാണെന്ന സൂക്ഷ്മമായിപഠിച്ചു, അവയുടെ പ്രവർത്തനത്തിനു് ആവശ്യമുള്ള ഉപകരണങ്ങൾ ഏതെല്ലാമാണെന്നു് പ്രത്യേകിച്ചു മനസ്സിലാക്കിയും ഒരു പദ്ധതി നിശ്ചിച്ചുകഴിഞ്ഞാൽ മാത്രമേ നമ്മുടെ സാമ്പത്തികനിലയെ പരിശോധിക്കുവാൻ സാധിക്കയുള്ളൂ.

ഇതിലേക്കു ഒരു കമ്മിഷൻമുഖേന അന്വേഷണം നടത്തുകയാണു് പ്രായോഗികമായുപായം.

ആയതുകൊണ്ടു് യുക്തസംബന്ധമായും വ്യവസായപരമായുള്ള ഒരു സർവ്വെ നടത്തുന്നതിനു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ പ്രമേയത്തെ സഭയുടെ അംഗീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു) : ഇങ്ങനെ ഒരു കമ്മിറ്റിയെ നിയമിക്കുന്നതുകൊണ്ടു വല്ലഗുണവും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതേ ഉദ്ദേശത്തോടുകൂടെ ബ്രിട്ടിഷ്ഇൻഡ്യയിലും ഇംഗ്ലണ്ടിലും അമേരിക്കയിലും പല കമ്മിറ്റികളെ നിയമിക്കയുണ്ടായിട്ടുണ്ടു്. കുറെ കാലംകൂടി ആലോചനയിൽ കൂടുതൽസമയം കളഞ്ഞുകുളിക്കുകൊണ്ടു അവരുടെ ആലോചനയിൽനിന്നു വല്ലഫലവും ഉണ്ടായിട്ടുണ്ടോഎന്നു എനിക്കറിവില്ല.

മി. ജി. പരമേശ്വരൻപിള്ള(തെക്കുംഭാഗം) : ഇതേ ഉദ്ദേശത്തോടുകൂടെ ഏഴുകമ്മറ്റിയാണു രൂപീകരിക്കപ്പെട്ടതെന്നു പറയുന്നതോ?

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവുംവടക്കു) : ധനപരിപോഷണ ബോർഡ് വ്യവസായകമ്മിഷൻ മുതലായവയെയാണു ഞാൻ സൂചിപ്പിച്ചതു. രാജ്യത്തിന്റെ സാംപത്തികസ്ഥിതിനന്നാക്കുന്നതും പുനരുദ്ധാരണവേലയുള്ളതും മറ്റുമാണു ഈ കമ്മറ്റിയെ ഉദ്ദേശിച്ചിരിക്കുന്നതെന്നു ഞാൻ ഊഹിക്കുന്നു. കൃഷിയോ വ്യവസായമോ വ്യാപാരമോ സംബന്ധിച്ചു രാജ്യത്തിന്റെ ഐശ്വര്യം വർദ്ധിപ്പിക്കുന്ന എല്ലാകാര്യങ്ങളും അതിന്റെ ഉദ്ദേശത്തിൽ ഉൾപ്പെട്ടതായിരിക്കും താവണമെന്റും ഇക്കാര്യം ശൂന്യമാക്കാതെ യിരിക്കുന്നതുപേക്ഷിപൂർവ്വകമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇക്കാര്യത്തിൽ അമേരിക്ക, ആസ്ട്രേലിയ, ബ്രിട്ടിഷ് ഇൻഡ്യാ മുതലായ രാജ്യങ്ങളിൽ എന്താണു ചെയ്തുവരുന്നതെന്നു അന്വേഷിച്ചറിഞ്ഞു ഇവിടെ മുറിസമ്പ്രദായിച്ചു വേണ്ടവ്യവസ്ഥകൾ ഏർപ്പെടുത്താൻ ഡിപ്പാർട്ടുമെന്റു മേലധികാരിമാരോടു് ആവശ്യപ്പെടുകയാണു ഉത്തമമെന്നാണു എന്റെ താഴ്മയായ അഭിപ്രായം. അതിന്റെ ശേഷമാണു കൌൺസിൽ പ്രതിനിധികളും

ഗവണ്മെൻറും പ്രവേശിച്ചു പരിശോധനകളും നടത്തി വ്യവസ്ഥകളും ഉണ്ടാക്കേണ്ടതല്ലേ. ഇതുചെയ്യുന്നതിനു പല മാസ്സങ്ങളും ഉണ്ടു. എന്നാൽ നമുടെ സമയം വൃഥാകളഞ്ഞിട്ടവശ്യം ഇല്ല. ഇക്കായ്ത്തുകളെ പറ്റി ഗാഢമായി ആലോചിക്കയും തങ്ങളുടെ ശ്രദ്ധചെലുത്തിക്കയും ചെയ്തിട്ടുള്ളവരായി കൃഷിവിദഗ്ദ്ധന്മാർ, വ്യവസായവിദഗ്ദ്ധന്മാരുമായ വിദഗ്ദ്ധന്മാർ ഇവിടെത്തന്നെ ഉണ്ടു. വിഷയത്തോടുസംബന്ധമുള്ള എല്ലാവിവരങ്ങളും ശേഖരിച്ചു രണ്ടുനാലുകൊല്ലം വ്യവഹാരപ്രതിവാദങ്ങൾക്കുശേഷം സാധാരണ വാദപ്രതിവാദങ്ങൾക്കുശേഷം ഈ സഭയുടെയോ ഈ സഭയിൽപ്പെട്ടുന്ന ഒരു കമ്മിറിയുടെയോ പരിശോധനയ്ക്കുമായിസമർപ്പിച്ചാൽ അതു പ്രായോഗികമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി സി. പി. തോമ്മസ് (ഗവണ്മെൻറു നിയമനം) : ഉദ്യോഗസ്ഥന്മാർ മാത്രം അടങ്ങിയ ഒരു കമ്മിറിയെ നിയമിച്ചു അവരുടെ അഭിപ്രായം രേഖപ്പെടുത്തി കിട്ടിയശേഷം അനുദ്യോഗസ്ഥമെമ്പർമാർ അടങ്ങിയ ഒരു കമ്മിറിയെ നിയമിക്കണമെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നതെന്നുപറയുമോ?

മി. കെ. സി. മാമ്മൻമാപ്പിള (പ്രാപാരവും വ്യവസായവും വകുപ്പു) : മെമ്പർക്കു യുക്തമെന്നുതോന്നുന്നതുപോലെ വ്യാഖ്യാനിക്കാം ഞാൻ എൻറെ അഭിപ്രായം പറഞ്ഞതാണു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ടസ്തോളേജ് പ്രിൻസിപ്പാൾ) സർ, മിസ്റ്റർ. കല്ലൂർ നാരായണപിള്ള പ്രമേയം അവതരിപ്പിച്ചപ്പോൾ പറഞ്ഞപ്രസംഗം ഞാൻ അതിതാല്പര്യത്തോടുംമിശ്രഭാവങ്ങളോടും കൂടെ കേട്ടു. കഴിയുന്നാവശ്രത്തിൽ സാമ്പത്തികവും വ്യവസായികവും ആയ ഒരു സർവ്വേനടത്തി രാജ്യത്തിൻറെ ഐശ്വര്യാഭിവൃദ്ധിക്കു ഗുണകരമായ ഒരു പദ്ധതി തയ്യാറാക്കുന്നതിനു അനുദ്യോഗസ്ഥരുടെപക്ഷമുള്ള ഒരു കമ്മിറിയെ നിയമിക്കണമെന്നാണു മി. കല്ലൂർ നാരായണപിള്ള ആവശ്രപ്പെടുന്നതു. അദ്ദേഹം പ്രത്യേകയോഗ്യതകളുള്ള രണ്ടുതരം ആളുകളെ ആവശ്രപ്പെടുന്ന രണ്ടു ആലോചനകളുണ്ടെന്നു കൊണ്ടുവന്നിട്ടുള്ളതായി ആദ്യമായി പറയേണ്ടിയിരിക്കുന്നു. വിദഗ്ദ്ധന്മാർ അവതരിപ്പിക്കുന്നതായ പദ്ധതികൾ നടപ്പിൽവരുത്തുന്നതിനു ഗവണ്മെൻറുവകയായി പണം കോരിവാരി ചെലവാക്കിക്കാതിരിപ്പാൻ ബഹു കൃത്തയുള്ളകാര്യക്കാരന്മാർ അടങ്ങിയ ഒരുകമ്മറി അത്യന്താപേക്ഷിതമാണെന്നു രാജ്യത്തിൻറെ ഐശ്വര്യാഭിവൃദ്ധിയെ പറ്റി അദ്ദേഹം കൊണ്ടുവന്ന ആലോചനയെ സംബന്ധിച്ചു ഞാനും വിചാരിക്കുന്നു. വിദഗ്ദ്ധന്മാർ മാത്രമുള്ള ഒരുകമ്മിറിയെ നിയമിച്ചാൽ തൻറെ തൻറെ ഓരോനഅഭിപ്രായങ്ങളും നടപ്പിൽവരുത്തിയെങ്കിൽ മാത്രമരാജ്യത്തിൽ ഐശ്വര്യം ഉണ്ടാകുമെന്നു ഓരോവിദഗ്ദ്ധനും വിചാരിപ്പാനാണു സംഗതിയുള്ളതു. രാജ്യത്തിൻറെ പുനരുദ്ധാരണത്തിനു വേണ്ടുന്നപദ്ധതികളും തയ്യാറാക്കുന്നതിനു വിദഗ്ദ്ധന്മാരോടുകൂടെ സമർത്ഥന്മാരായ കാര്യജ്ഞന്മാർ ഉണ്ടായിരിക്കുന്നതിൻറെ പ്രയോജനം എനിക്കു ഗ്രഹിപ്പാൻ കഴിയും ഇക്കായ്ത്തിനു ഒരുകമ്മിറി വേണമെന്നമാത്രമെ മി. കല്ലൂർനാരായണപിള്ള ആവശ്രപ്പെടുന്നുള്ളുവെങ്കിൽ അങ്ങിനെയുള്ള ഒരുകമ്മിറി ഇപ്പോൾതന്നെ ഉദ്ദ്യോഗത്തിലിരിക്കുന്നതുകൊണ്ടും കൂടെകാലംകളയുടെ അക്കാര്യത്തെ ഇടയുള്ളതുകൊണ്ടും വേറൊരു പുതിയകമ്മിറിയുടെ ആവശ്രം എന്തുണ്ടെന്നു ചോദിച്ചുകൊള്ളുന്നു. എൻറെസ്നേഹിതൻ ഡോക്ടർ കുഞ്ഞൻപിള്ളയുടേയും അദ്ദേഹം ഇല്ലാത്തപ്പോൾ മി. ധനപാലപിള്ളയുടേയും ഇത്തമനടത്തിപ്പിൽ ഇരിക്കുന്ന ഏക്കോണമിക്കൽ ഡെവലപ്പുമെൻറു ബോർഡിൻറെ ഉദ്ദേശം—

മി. കെ. കെ തോമ്മസ് (കോട്ടയം) : രാജ്യത്തിൻറെ ധനസ്ഥിതി അറിയുന്നതിനു വല്ല പദ്ധതിയും ഉണ്ടാക്കുവാൻ ധന പരിപോഷണബോർഡ് വല്ലശ്രമവും ചെയ്തിട്ടുണ്ടോഎന്നു പറയുമോ

റാവുബഹദൂർ കെ, വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ടസ്കോളേജ്പ്രിൻസിപ്പാൾ) : സർ, ഞാൻ ഇപ്പോൾ മി. കല്ലൂർനാരായണപിള്ളയുടെ പ്രമേയത്തിൻറെ രണ്ടാംഭാഗത്തെ പറ്റി മാത്രമാണു സംസാരിക്കുന്നതു. അതിൻറെ ഒന്നാംഭാഗത്തെപറ്റി സംസാരിക്കണമെന്നാണു മി. കെ, തോമ്മസ് പറയുന്നതു അതിനെപ്പറ്റി ഞാൻപിന്നീടു സംസാരിക്കും വാദം എൻറെതീരുമാനമനുസരിച്ചു ക്രമീകരിച്ചുകൊണ്ടുവരുവാൻ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു വാദവിഷയം കഴപ്പുണ്ടാക്കുവാൻ ആരുംതന്നെ സഹായിക്കണമെന്നില്ല

(ചിരി)

സർ, ധനപരിപോഷണ ബോർഡിൻറെ പ്രവൃത്തികളും എത്രയോ പ്രസിദ്ധമായതാണെന്നും രാജ്യത്തിൻറെ ഐശ്വര്യാഭിവൃദ്ധിക്കുതകുന്നതായ എന്തെങ്കിലും അതുചെയ്തിട്ടുണ്ടോഎന്നു ചോദിക്കുന്നതിനെയും കുറ്റപ്പെടുത്തുന്നില്ല ധനപരിപോഷണബോർഡിൻറെ പ്രവൃത്തിപദ്ധതികളുടെ ഗുണദോഷങ്ങളെപ്പറ്റി അഭിപ്രായവ്യത്യാസം ധാരാളംഉണ്ടാകാം എങ്കിലും അങ്ങനെയൊരു ബോർഡുള്ളതിൻറെ ഉദ്ദേശം അതാണെന്നുള്ള സംഗതി ആർക്കുംവിസമ്മതിക്കുവാൻ കഴികയില്ല. അതു ജോലിചെയ്യാൻ ഇനിമേലാൽ ഏതൊരു കമ്മിറിയെ നിയമിച്ചാലും ധനപരിപോഷണബോർഡിനു വകിച്ചിട്ടുള്ളതിലധികം പൊതുജനാനുമോദനവും പ്രോത്സാഹനവും ലഭിക്കുമെന്നു വിചാരിപ്പാൻ സംഗതിയില്ല.

നിയമിക്കണമെന്നു മിസ്റ്റർ കല്ലൂർ നാരായണപിള്ള പറയുന്ന കമ്മിറിയിൽ അനുദ്യോഗസ്ഥരുപക്ഷം [illegible]യിരിക്കണമെന്നു പറയുന്നതിൻറെ സാരവും ഗ്രഹിക്കുവാൻ പ്രയാസംതോന്നുന്നു. ഏതുകമ്മിറിയിലും അനുദ്യോഗസ്ഥരുപക്ഷം ഉണ്ടായിരിക്കണമെന്നുള്ള ആധുനികഭ്രമത്താൽ വിവേകപൂർണ്ണനായ മിസ്റ്റർ കല്ലൂർ നാരായണപിള്ള പ്രേരിതനായി പോയതാണെന്നു സങ്കല്പിപ്പാൻ ഞാൻ മടിക്കുന്നു. ചിലകാര്യങ്ങളിൽ അന്വേഷണഫലം കരം കൂട്ടി ജനങ്ങളുടെ ഭാരം വർദ്ധിപ്പിക്കുവാൻ ഗവണ്മെൻറിൻറെ കയ്യിൽ ഒരായുധമായി പരിണമിക്കുമെന്നുള്ള ഭയപ്പാടം ഗവണ്മെൻറിൻറെ വാഞ്ഛയെ തടയുന്നതിനു അന്വേഷണം നടത്തുന്ന കമ്മിറിയിൽ അനുദ്യോഗസ്ഥമെമ്പർമാർ ഉണ്ടായിരിക്കുന്നതു ഗുണകരമായിരിക്കുമെന്നു എനിക്കു തോന്നീട്ടുണ്ടു. രാജ്യത്തിൻറെ ഐശ്വര്യാഭിവൃദ്ധി സംബന്ധിച്ചു വ്യവസ്ഥകളും ഉണ്ടാക്കുന്നതിനും അനുദ്യോഗസ്ഥരുപക്ഷം ചിലപ്പോൾ ഗുണകരമായിരിക്കാം എന്നാൽ അങ്ങനെയുള്ള കാര്യങ്ങളിൽ ഉദ്ദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമെന്നുള്ള വ്യത്യാസം യഥാർത്ഥത്തിൽ സാരമില്ല. തങ്ങൾ ചെയ്യുവാൻപോകുന്നതു എന്താണെന്നുള്ള വിവരമുള്ളവർ കമ്മിറിയിൽ ഉണ്ടായിരിക്കുന്നതുതന്നെ യഥാർത്ഥത്തിൽ സാരമായിട്ടുള്ളതു്. ഇതുപറ്റുന്നതായാലും മണിക്കൂർകൊണ്ടു കുഴപ്പമുണ്ടാക്കിവെപ്പിക്കുന്ന അനുദ്യോഗസ്ഥകമ്മിറിയെ രൂപീകരിക്കുവാൻ കഴിയും. അങ്ങനെയുള്ള ഒരു ഉദ്ദ്യോഗസ്ഥകമ്മിറിയേയും നിയമിക്കുവാൻകഴിയും. ഉദ്ദ്യോഗസ്ഥന്മാരാണോ അനുദ്യോഗസ്ഥന്മാരാണോ കമ്മിറിയിൽ അധികപക്ഷം എന്ന ചോദ്യം

സാരമുള്ളതല്ല. ജനങ്ങളാൽ ബഹുമാന്യമായ അഭിപ്രായം കൊണ്ടുവരാൻ പ്രാപ്തിയുള്ള ആളുകളെ കമ്മിറ്റിയിലെമ്പറന്മാരായി നിയമിക്കുന്നതാണ് കാര്യമായി വിചാരിക്കേണ്ടതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെമ്പർ അങ്ങനെ ശിപാർശചെയ്യുന്ന അന്യോഗസ്ഥരെ മെമ്പർമാരിൽ അധികം വിശ്വാസം ഉണ്ടായിരുകൊണ്ടാണെന്നു വന്നുകൂടയോ?

റാവുബഹദൂർ കെ. വി, രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൾ:) ആയിരിക്കാം. എന്നാൽ മെമ്പർ ഇവിടെ വരുപിക്കുമാക്കാൻ ആഗ്രഹിക്കുന്ന സംഗതികളെപ്പറ്റിയല്ലാതെ വിശ്വാസ സംഗതികളപ്പറ്റിയല്ല ഞാൻ സംസാരിക്കുന്നതു. അന്യോഗസ്ഥന്മാരിൽ അഭിപ്രായം വിശ്വസിക്കുന്നതുപോലെ നാമും വിശ്വസിക്കണമെന്നു മിസ്റ്റർ കല്ലൂർ നാരായണപിള്ള ആവശ്യപ്പെടുമെന്നു ഞാൻ വിചാരിക്കുന്നു. അഭിപ്രായത്തിനെറ പ്രാധാന്യമാം അഭിപ്രായം സ്വീകരിച്ചിട്ടുള്ളതാകകൊണ്ടു നാമും സ്വീകരിക്കണമെന്നില്ല. നമ്മുടെ ബുദ്ധിശക്തിയെ അഭിപ്രായത്തിനു അനുകൂലമാക്കണമെന്നാണു അഭിപ്രായത്തിനെറ ഉദ്ദേശം എന്നു ഞാൻ വിചാരിച്ചു.

സർ ഇനി ധനപരിപോഷണബോർഡിനെപ്പറ്റി പറയാം. അതിൽ പ്രതിപക്ഷം അന്യോഗസ്ഥന്മാരാണെന്നു എല്ലാവക്കും അറിയാം. രാജ്യത്തിൻറെ പൊതുജീവിതനിലവാരം ഉയർത്തുകയും തയ്യാറാക്കുന്നതിനു അന്യോഗസ്ഥ പ്രതിപക്ഷമുള്ള ഒരു കമ്മിറ്റിയെ നിയമിക്കണമെന്നാണു മിസ്റ്റർ കല്ലൂർ നാരായണപിള്ളയുടെ ഉദ്ദേശമെങ്കിൽ അങ്ങനെ പ്രതിപക്ഷമുള്ള ഒരു സംഘം ഇപ്പോൾതന്നെ ഉണ്ടല്ലോ എന്നും ആ സംഘത്തിനെറ പ്രവൃത്തിയെപ്പറ്റി ഈ സഭയിലൊ മറ്റൊരിടത്തോ എങ്കിലുമോ ഒരാളെങ്കിലും അതൃപ്തിയൊ അഭിപ്രായഭിന്നതയൊ കണ്ടുപിടിച്ചിട്ടില്ലെന്നുമാണു എനിക്കു മനസ്സിലായിട്ടുള്ളതു വേറൊരു സംഘം സ്ഥാപിക്കണമെന്നു ആഗ്രഹമുണ്ടെങ്കിൽ പ്രത്യേകിച്ചിട്ടില്ലെന്നുമാണു എനിക്കു മനസ്സിലായിട്ടുള്ളതു

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും—കുന്നത്തൂരും) കൃഷി, വ്യവസായം, വ്യാപാരം മുതലായവയെ സംബന്ധിച്ചുള്ള കണക്കുകൾ ഏടുക്കുന്നതു ധനപരിപോഷണബോർഡിനെറ ജോലിയിൽ ഉൾപ്പെട്ടതാണോ എന്നു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൾ): തങ്ങളുടെ ശിപാർശകളെ നിർണ്ണയിക്കുന്നതിനു ബോർഡു ആവശ്യമുള്ള അന്വേഷണങ്ങൾ കഴിക്കുന്നതിനു എന്തെങ്കിലും വിരോധം ഉള്ളതായി എനിക്കു അറിവില്ല. ഏതു ബോർഡായാലും ഒരു ശിപാർശചെയ്യുന്നതിനു മുമ്പായി വാസ്തവ്യവസ്ഥകൾ എന്താണെന്നറിയേണ്ടതു അത്യാവശ്യമാണു. ഞാൻ ബോർഡിലെ ഒരു മെമ്പറായിരുന്നാൽ സംഗതികളുടെ യാഥാർത്ഥ്യത്തെപ്പറ്റി നിശ്ചയം വരുന്നതിനു മുമ്പായി മറ്റുള്ളവരുടെ സ്വീകരണത്തിനു ഒരു അഭിപ്രായം പുറപ്പെടുവിക്കയില്ല. ഇതൊന്നും മുഖ്യസംഗതികളല്ല. താൻ പറഞ്ഞപ്രകാരമുള്ള ഒരു കമ്മിറ്റിയെ നിർണ്ണയിക്കണമെന്നാണു മിസ്റ്റർ കല്ലൂർ നാരായണപിള്ളയുടെ ഉദ്ദേശമെങ്കിൽ അങ്ങനെയുള്ള ഒരു കമ്മിറ്റി ഇപ്പോൾതന്നെ ഉണ്ടെന്നും പ്രമേയത്തിൽ കാണുന്ന ഒരു കാര്യത്തിനെറ നിർവഹണം അവരെ ഏല്പിക്കാവുന്നതാണെന്നും സൂചിപ്പിക്കണമെന്നാകുന്നു എനിക്കു ഉദ്ദേശം.

ഇനി പ്രമേയത്തിനെറ മറ്റൊരുഭാഗത്തെപ്പറ്റി ചിന്തിക്കാം. ഈ രാജ്യത്തിനെറ സാമ്പത്തികവും വ്യവസായികവും ആയ ഒരു സർവെ കഴിയുന്ന വേഗത്തിൽ നടത്തുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കണമെന്നതാണെൻറിനോടു ശിപാർശചെയ്യുന്നതാണു ഈ ആള്യോഗം. കേവലം അന്യോഗസ്ഥസാമാജികന്മാരുടെ ഒരു സംഘത്തെ ഇങ്ങനെ ഒരു അന്വേഷണം ഇൻഡ്യാഗവണ്മെൻറു ഭരമേല്പിച്ചു എന്നു ഇപ്പോൾ ഒരു പ്രാസംഗികൻ ഒരു ചോദ്യരൂപേണ സൂചിപ്പിച്ചുകണ്ടു. എക്കണോമിക്ക് എൻക്വയറികമ്മിറ്റിയെ നിയമിച്ചപ്പോൾ ഇങ്ങനെയൊരു കമ്മിറ്റിയെ നിയമിക്കുന്നതിൻെറ തത്വം ഇൻഡ്യാഗവണ്മെൻറു സ്വീകരിച്ചുകഴിഞ്ഞു എന്നു ചിലർക്കെങ്കിലും ഏതാണ്ടൊരു അഭിപ്രായം ഉള്ളതായിതോന്നുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടു ഈയിടെ സിംലായിൽവെച്ചു ഒപ്പിട്ടുകഴിഞ്ഞു എന്നു ഇന്നലെ കിട്ടിയ പത്രങ്ങളിൽകണ്ടു. ഈ കമ്മിറ്റിയുടെ പ്രസിഡൻറു സർ. എം. വിശ്വേശ്വരയ്യാ ആയിരുന്നു. ഈ അഭിപ്രായം എത്രത്തോളം ശരിയാണെന്നു കാണിക്കാൻ ഈ കമ്മിറ്റിക്കു കൊടുത്ത കല്പനയിലെ വ്യവസ്ഥകൾവായിച്ചു കേൾപ്പിക്കാൻ ആഗ്രഹിക്കുന്നു. താഴെ കാണുന്നവയാണു വ്യവസ്ഥകൾ.

"ക്രിട്ടിക്കൽ' ഇൻഡ്യയിലെ പല വർഗ്ഗക്കാരുടേയും ധനസ്ഥിതിയെ കണക്കാക്കുന്നതിനു ഇപ്പോൾ എന്തെല്ലാം സൌകര്യങ്ങൾ ഉണ്ടെന്നു അന്വേഷണം കഴിക്കുന്നതിനും, അവ മതിയാകുമോഎന്നു റിപ്പോർട്ടു ചെയ്യുന്നതിനും അവയെ പൂർത്തിയാക്കുന്നതിനു എന്തെല്ലാം ചെയ്യണമെന്നു ശിപാർശചെയ്യുന്നതിനും ഒരു സാധാരണ സാംപത്തികസർവെയും ചെയ്യുന്നതു എങ്ങനെ വേണമെന്നു അഭിപ്രായം പറയുന്നതിനും അങ്ങനെ ശിപാർശകളെ അനുസരിച്ചു പ്രവർത്തിക്കുന്നതിനു എന്തു ചെലവു വേണ്ടിവരുമെന്നു ഒരു കണക്കുണ്ടാക്കുന്നതിനും"

ഇന്നു പ്രസ്താവനയിൽവന്ന സർ. എം. വിശ്വേശ്വരയ്യായുടെ കമ്മിറ്റിക്കു കൊടുത്ത കല്പനയിലെ വ്യവസ്ഥകൾകൊണ്ടു ആ കമ്മിറ്റിയെ നിയമിച്ചതു ഇൻഡ്യയുടെ ഒരു സാംപത്തികസർവ്വെ നടത്തുന്നതിനല്ല, എന്നാലോ അങ്ങനെയുള്ള ഒരു സർവ്വെ നടത്തുന്നതിനു എന്തെല്ലാം സൌകര്യങ്ങൾ ഉണ്ടെന്നു അന്വേഷിച്ചുറിഞ്ഞു ആ സർവ്വെ നടത്തുന്നതു എങ്ങനെ വേണമെന്നു ഗവർണ്മെൻറിലേക്കു റിപ്പോർട്ടുചെയ്യാനും ഗുണപ്രദമായ ഒരു സർവ്വെ നടത്തുന്നതിനു ഇനി എന്തെല്ലാം സൌകര്യങ്ങൾ ഉണ്ടാക്കേണ്ടിവരുമെന്നു പറയാനും മാത്രമായിരുന്നു എന്നു ഗ്രഹിക്കുവാൻ കഴിയുന്നതാണ്. കല്പനയിലെ വ്യവസ്ഥകൾ വ്യാഖ്യാനിച്ചു കേൾപ്പിക്കാൻ അനുവദിക്കുമെങ്കിൽ ഇങ്ങനെപറയാം, കമ്മിറ്റിയെ നിയമിച്ചതു ഒരു സാംപത്തികസർവ്വെ നടത്തുന്നതിനല്ലാ അങ്ങനെ ഒരു സർവ്വെ നടത്തുന്നതിനു മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും ഡിപ്പാർട്ടുമെൻറുകൾ തമ്മിലുള്ള മുഖാന്തരം വളരെക്കാലമായി ഗവർണ്മെൻറു ശേഖരിച്ചുവരുന്ന കണക്കുകളെ പരിശോധിച്ചു, ഒരു സാംപത്തികസർവ്വെ നടത്തുന്നതിനു ആ കണക്കുകൾ എത്രത്തോളം മതിയാകുമെന്നു പറയാനും ആയിരുന്നു. ഇതു മിസ്റ്റർ കല്ലൂർ നാരായണപിള്ളയുടെ കമ്മിറ്റി ചെയ്യുന്നതെന്നു പറയുന്നതിൽനിന്നു എത്രയൊ വ്യത്യസ്തമാണ്. ഇൻഡ്യാക്കമ്മിറ്റിയിലെ സാമാജികന്മാർ ഏതുതരം ആളുകളാണ്? അന്യോഗസ്ഥന്മാരാണെന്നു വിചാരിച്ചുവരുന്ന സർ. എം. വിശ്വേശ്വരയ്യാ അഭിപ്രായം രേഖപ്പെടുത്തിവാങ്ങി പരിഞ്ഞുവരെ അതായതു അഭിപ്രായത്തിനെറ ജീവിതകാലത്തിനെറ അധികഭാഗം

കാലം ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ ആയിരുന്നു. ബ്രിട്ടീഷ് സർവീസിൽനിന്നു പെൻഷൻവാങ്ങി പിരിഞ്ഞ ശേഷം ഒന്നിലധികം നാട്ടുരാജ്യങ്ങളിൽ അദ്ദേഹം ഉദ്യോഗത്തിൽ ഇരുന്നിട്ടുണ്ട്. വേറൊരുമെമ്പർ ഒരു മന്ത്രി യാണ്. മൂന്നാമതൊരാൾ ഗവർണ്മെൻറുസർവീസിൽ ഉണ്ടായിരുന്ന ഒരു സിവിൽഹോശാഖാപ്രൊഫസർആണ്. ഈ സംഗതി ഞാൻ പ്രത്യേകമായി പ്രസ്താവിച്ചുകൊള്ളുന്നു. സാംപത്തികസർവ്വെക്കു വേണ്ടുന്ന സാമഗ്രികളും ഇപ്പോൾ ഉള്ളതിയൊഎന്നു അന്വേഷിക്കുന്നതിനും ഗവർണ്മെൻറു നടത്തുന്നതു എങ്ങനെ വേണമെന്നു പറയുന്നതിനും മാത്രം ഗവർണ്മെൻറു ഒരു ചെറിയ കമ്മിറിയെ ഏർപ്പെടുത്തി. അതിലെ ഒരേരാ സാമാജിക നും ഒരു വിദഗ്ദ്ധനും ആയിരുന്നു. ഈ സംഗതിയിലേക്കു ഞാൻ സഭയുടെ ശ്രദ്ധയെ പ്രത്യേകമായി ക്ഷണിച്ചു കൊള്ളുന്നു.

ഞാൻ അല്പം മുമ്പു പറഞ്ഞതുപോലെ ഇങ്ങനെ ഒരു കമ്മിറിയെ രൂപീകരിക്കുമ്പോൾ പ്രധാനമായി ആലോചിക്കേണ്ടതു ഉദ്യോഗസ്ഥന്മാരുടേയൊ അനുദ്യോഗസ്ഥന്മാരുടേയൊ ശ്രേഷ്ഠക്ഷം അല്ല, അന്വേഷണംനടത്താൻ പ്രാപ്തന്മാരാണോ സാമാന്യികന്മാർ എന്നുള്ളതാണ്. ഇതുസംബന്ധിച്ചു, മിസ്റ്റർ കല്ലൂർ യാമായണപിള്ള യുടെ ഗംഭീരപ്രസംഗത്തിൽ പറഞ്ഞ ഉദാഹരണങ്ങളിതന്നെ അന്വേഷണം, പ്രത്യേകമായി നാം ആഗ്രഹിക്കുന്നിട ത്തോളം കണക്കുകൾ ഇല്ലാത്ത നമ്മുടെരാജ്യത്തു, വളരെ വിഷമമായിരിക്കുമെന്നു കാണിക്കുന്നുണ്ടെല്ലൊ. പ ണ്ടെത്തേക്കാൾ അധികം കണക്കുകൾ ഇപ്പോൾ ഉണ്ടെങ്കിലും ഉള്ള കണക്കുകൾ ഉപയോഗം ഇത്രമാത്രമാണ്. സാംപ ത്തികസർവ്വേയെപ്പറ്റി യാതൊരു ഗവർണ്മെൻറും അന്ധന്മാരായിരിക്കയില്ല. എന്നുമാത്രമല്ല മുമ്പുതന്നെ അതായതു ൧൯൨൩–ൽ തിരുവിതാംകൂറിൽ ഇങ്ങനെ ഒരന്വേഷണം നടത്തുന്ന കാര്യം ഗവർണ്മെൻറിന്റെ ആലോചനാ വിഷയം ആയിരുന്നു. ൧൯൨൬–ൽ രണ്ടു ഉദ്യോഗസ്ഥന്മാർക്കുടി തൽക്കാൽ തിരുവിതാംകൂറിൽ ഒരു വ്യവസായ സർവ്വെനടത്തുന്ന കാര്യം ഗവർണ്മെൻറു അന്വേഷിച്ചു കല്പനയായച്ചു. അവരിൽ ഒരാൾ കർമ്മന മാത്യകാകൃഷി ത്തോട്ടം സൂപ്രണ്ടും മറേറയാൾ ഞാനും ആയിരുന്നു. എന്നാൽ ഈ രണ്ടു ഉദ്യോഗസ്ഥന്മാരും സ്വന്തജോലിക്ക വിഘ്നംകൂടാതെ അവരുടെജോലി മൂന്നു മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും ഗവർണ്മെൻറു കല്പിച്ചിരുന്നു. രണ്ടു ഉദ്യോഗസ്ഥന്മാരുടെയും സാധാരണ ജോലിതന്നെ വേണ്ടുവോളം ഭാരമുള്ളതായിരുന്നതിനാലും അവരെ നിയമിക്കുന്നതിനും സഭയെക്കൊണ്ടു ചെയ്യുന്നതിനും മുമ്പായി അവരോടു ആലോചിക്കാതിരുന്നതിനാലും അവർ ആ ജോലിയിൽനിന്നു വിടുത്തണമെന്നു അവർ അപേക്ഷിച്ചു. സർ. പി. രാജഗോപാലാചാരി ഇവിടെ ഭരണമേധികാരിആയി ഇവിടെ വന്നപ്പോൾ ഈ നടപടി ഒരു ഫലിതമായി ഗണിച്ചു കടലാസ്സുപുറം റിക്കാ ട്ടാക്കാൻ കല്പിച്ചതായി ഫലൽകൊണ്ടുകാണുന്നു. പിന്നീടു ഒരു വിദഗ്ദ്ധനെ വരുത്തണമെന്ന അഭിപ്രായത്തോടു പറഞ്ഞപ്പോൾ "ഒരു വിദഗ്ദ്ധനെ എങ്ങനെയായാണ് സമ്പാദിക്കുന്നതു" എന്നാണ് അദ്ദേഹം ചോദിച്ചതു. വേറെ സ്ഥലങ്ങളിൽ അധികാരമുള്ളവരുടെ ഒന്നു രണ്ടു വിദഗ്ദ്ധന്മാരെ ചൂണ്ടിക്കാണിച്ചു എങ്കിലും ആ അഭിപ്രായം സ്വീകരിക്കാതെ ഫയൽ മുഴുവനും റിക്കാർഡാക്കിക്കളഞ്ഞു. അതിനൻറശേഷം വ്യവസായസർവ്വേക്കായ്ം ആലോചനാവിഷയമായി, ഡോക്ടർ ബാക്കർ അതിനായി നിയമിച്ചു. ൧൯൨൮–ം ൧൯൨൯–ം ദേശ്യു ഡോക്ടർ ബാക്കർ ഒരു വ്യവസായസർവ്വെ നടത്തി. അദ്ദേഹത്തിൻറ റിപ്പോർട്ട അച്ചടിച്ചിട്ടുണ്ട്. മെമ്പറന്മാർക്ക് അതു കിട്ടാൻ പ്രയാസമില്ല. പല മെമ്പർമാർ അതു കണ്ടിട്ടുണ്ടായിരിക്കാം. അതിനെപ്പറ്റി യുള്ള ഫയൽ വായിച്ചുനോക്കിയതിൽ പലരേ വിദഗ്ദ്ധന്മാരുടേയും പ്രശംസാപത്രങ്ങൾ കിട്ടിട്ടുള്ളതായി കാണുന്നു. അതിനൻറയും ശേഷം പുതിയ കണ്ടെഴുത്തുകായ്ം ആലോചനയിൽ വന്നപ്പോൾ അതു അന്വേഷിക്കുന്നതിനു മുമ്പായി, ബ്രിട്ടീഷ് ഇൻഡ്യയിൽ പുതിയ കണ്ടെഴുത്തു നടത്തുന്നതിനു മുമ്പായി നടത്താവുള്ളതുപോലെ ഒരു പ്രാരംഭസാംപത്തികസർവ്വെ ഇവിടെയും നടത്തണമെന്നു ഗവർണ്മെൻറു നിശ്ചയിച്ചു. നികുതിയുടെ ഭേദവുംനിരക്കും, ജനങ്ങളുടെ ഉപജീവനത്തെച്ചൊല്ലി, സാമാന്യങ്ങളുടെവിലയുടെ അസ്ഥിരതകൊണ്ടു അവക്കുണ്ടായിട്ടുള്ള ഗുണദോഷങ്ങളും മുതലായവയെപ്പറ്റി അന്വേഷണം കഴിക്കുന്നതിൻെറ പ്രാധാന്യത്തെപ്പറ്റി ഗവർണ്മെൻറിനു ബോധമില്ലെന്നു പറവാൻ തരമില്ല. ഇങ്ങനെയുള്ള കായ്ങ്ങളെപ്പറ്റി എല്ലാ ഗവർണ്മെൻറുകളും ജാഗ രയുള്ളവരാണ്. ഈ വിഷയം എത്രയൊ മുമ്പുതന്നെ ഗവർണ്മെൻറു ആലോചനയ്ക്കു എടുക്കയും പല അന്വേഷ ണങ്ങളും കഴിച്ചുകൊണ്ടിരിക്കയും ചെയ്യുന്നതുകൊണ്ടു ഒരു സാധാരണ സാംപത്തികസർവ്വെയുടെ കായ്ത്തിൽ ഗവർണ്മെൻറു ഈ സമയത്തെ ഔദ്യോഗസ്ഥ സാമാജികന്മാരേക്കാൾ താല്പര്യം കാണിക്കുന്നവരല്ലെന്നു ഞാൻ തീർച്ച യായി പറയുന്നു.

എന്നാൽ, നമ്മെ ഇപ്പോൾ തീർച്ചയാക്കാനുള്ളസംഗതി ഒരു സാംപത്തികസർവ്വെ നടത്തണമോ എന്നല്ല ഈ പ്രമേയം സ്വീകരിക്കണമോ എന്നാണ്. മിശ്രവിഷയങ്ങളടങ്ങിയ ഒരു സാംപത്തികസർവ്വെ അല്പം താമസിയാ തെ നിർവഹിക്കാൻ പ്രാപ്തിയില്ലെന്നു അനുമാനിക്കേണ്ടിയിരിക്കുന്ന ഒരുസംഘം ആളുകളെക്കൊണ്ടു നടത്തിക്ക ണമെന്നാണ് പ്രമേയത്തിൻെറ താല്പര്യം. ഇതു സഭയ്ക്കു പ്രത്യക്ഷത്തിൽതന്നെ സ്വീകരിക്കാൻ കഴിയാത്ത ഒരു സംഗതിയാണ്. സാംപത്തികസർവ്വെ പ്രയാസമേറിയ ഒരു ജോലിയാണ്. ബ്രിട്ടീഷ് ഇൻഡ്യയിലെ എക്കോ ണോമിക്കൽ എൻക്വയറികമ്മിറിക്കു കൊടുത്ത കല്പനകൊണ്ടു കാണുന്നതു്. ഗവണ്മെൻറു അവരോടു ആവശ്യ പ്പെട്ടതു സർവ്വേയ്ക്കുവേണ്ടിവരുന്ന ചെലവിൻെറ ഒരു എസ്റ്റിമേറും അതു് എങ്ങനെ വേണമെന്നുള്ള സൂചനക ളും ആയിരുന്നു എന്നാകുന്നു. പൂനാ ആഗ്രിക്കൾച്ചറൽ കോളജ് പ്രിൻസിപ്പാലായിരുന്ന ഡോക്ടർ ഹാരോൾ ഡ്മാൻ ബോംബെസംസ്ഥാനത്തു പൂനായ്ക്കുസമീപം മൂന്നാലു ഗ്രാമങ്ങളുടെ സർവേ നടത്തിയ ഒരു രീതിയിൽ നടത്തുന്നതിനു കുറവുള്ളവരെ കീഴുദ്യോഗസ്ഥന്മാരുടെ സഹായം വേണ്ടിവന്നു എന്നുള്ളസംഗതി പ്രസ്താവിച്ചുകൊ ള്ളുന്നു അദ്ദേഹം സർവേനടത്തിയതിൻെറ ഫലം രണ്ടുചാല്യംഉള്ള ഒരു പുസ്തകമായി എഴുതി ഓക്സ്ഫോർഡ് യൂനിവേർസിറി പ്രസ്സിൽ അച്ചടിച്ചു വിറ്റുവരുന്നു. ബ്രിട്ടീഷ് സർവകലാശാലകളിൽ നിന്നു ഡോക്ടർബിരു ദമെടുത്തു സമ്പാദിക്കുന്നതിനു ഏതെങ്കിലും ഒരുചെറിയ സ്ഥലത്തിൻെറ സാമ്പത്തികസർവ്വെ നടത്തി റിപ്പോർട്ടയപ്പത്തിൽ ഒരു പ്രബന്ധം എഴുതി സമർപ്പിക്കണമെന്നു ഒരു പതിവുണ്ട്. ഒരു സംസ്ഥാനത്തിൻെറ ഒരു സാധാരണ സാമ്പത്തികസർവ്വെ കേവലം വ്യത്യസ്തമാണ്. ഒരു ശരിയായ സർവേഫലം കിട്ടുന്നതിനു മെമ്പർ അഭിപ്രായ പ്പെട്ടപ്രകാരം ഉള്ള ഒരു കമ്മിറിയെക്കൊണ്ടു നടത്തിച്ചാൽ മതിഎന്നാണെന്നാ പറയുന്നതു്. ഒരു സാമ്പത്തിക സർവ്വെയിൽ ഒരു ഏകദേശമോ ഉദ്ദേശമോ ഒരുവിധമോ കണക്കുകൾകൊണ്ടു പ്രയോജനമില്ല. രേഖരിക്കുന്ന വിവരങ്ങൾ അവിതർക്കിതങ്ങൾ ആയിരിക്കണം. ഈ സർവ്വെ വളരെ പ്രയാസമുള്ളതുംനടത്തിപ്പിൽഗുണമുള്ള

ള്ളും ഏതെങ്കിലും ഒരു കാര്യത്തു നടത്താൻ ഇടയുള്ളതുമാണ്. അതൊരു മിശ്രകമ്മിറിക്കോ പുനരേഷണം നടത്തുന്നതിനോ കമ്മിറിക്കോ നടത്താൻ കഴിയുന്നതുല്ല. ജോലിഭാരം വിശദപ്പെടുത്തിയുള്ള അനേകം ആളുകൾ യോജിച്ചു പ്രവൃത്തിചെയ്തു നടത്തേണ്ടുന്ന ഒരു കാര്യമാകുന്നു സാമ്പത്തികസർവ്വെ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഒരു സാമ്പത്തികസർവ്വെ ആവശ്യമാണെന്നു ഗവണ്മെന്റിനു ബോധപ്പെട്ടിട്ടുണ്ടോഎന്നും ഒരു കമ്മിറി കൂടാതെ ഈമാതിരിയാണ് നടത്താൻ വിചാരിക്കുന്നതെന്നും മി. രങ്കസ്വാമിഅയ്യങ്കാർ പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പാൾ): ഈ ചോദ്യത്തിനു ഇപ്പോൾ കാരണമില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മി. രങ്കസ്വാമിഅയ്യങ്കാർ ഗവണ്മെന്റിനുവേണ്ടിയാണ് പ്രസംഗിച്ചതെന്നു സ്പഷ്ടമായി തോന്നി. ഒരു സാമ്പത്തികസർവ്വെ ആവശ്യമാണെന്ന അഭിപ്രായം സമ്മതിക്കയും ചെയ്തു. അങ്ങനെയിരിക്കെ ഒരു കമ്മിറിയെ നിയമിക്കുന്നതുകൊണ്ടും ആലോചിച്ചാലും ഇല്ലെങ്കിലും ഈ പ്രത്യേക്സംഗതിയിൽ ഗവണ്മെന്റു ചെയ്യാൻപോകുന്നതു്. ഇതിനെപ്പറ്റി എന്തെങ്കിലും അന്വേഷണംനടത്താൻ ആലോചിക്കുന്നുണ്ടോ, ഗവണ്മെന്റു വിരോധം പറയുന്നതു് ഒരു കമ്മിറിയെ നിയമിക്കുന്നതിനു മാത്രമാണോ, പ്രമേയത്തിന്റെ ഉദ്ദേശത്തെപ്പറ്റി ഗവണ്മെന്റിനു വല്ലതും പറയാനുണ്ടോ എന്നു മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർ പറഞ്ഞുകേൾപ്പാനാണു ഞാൻ ആഗ്രഹിക്കുന്നതു്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പാൾ): പ്രമേയത്തിലെ രണ്ടുസംഗതികളെപ്പറ്റിയും ഞാൻ ഇവിടെ പറയാവുന്നതെല്ലാം പറഞ്ഞിട്ടുണ്ടു്. പ്രമേയം അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ സ്വീകരിക്കാൻ പാടില്ലെന്നു ഒന്നാമതായും വീണ്ടും കണക്കെടുത്തു ആരംഭിക്കുന്നതിനുമുമ്പായി ഒരു സാമ്പത്തികസർവ്വെ നടത്തണമെന്നു ഗവണ്മെന്റിന്റെ അവരുടെ ആഗ്രഹം പ്രത്യുപനം ചെയ്തിട്ടുണ്ടെന്നു രണ്ടാമതായും ഞാൻ വിവരിച്ചുകഴിഞ്ഞു.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒരു വ്യവസായ സർവ്വെക്കു അതിനോടു ചേർന്നുള്ള പ്രയാസവും ചെലവും ഉണ്ടോഎന്നു മി. രങ്കസ്വാമിഅയ്യങ്കാർ പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പാൾ): വ്യവസായസർവ്വെ സാമ്പത്തികസർവ്വെയുടെ ഭാഗമാകയാൽ സാമ്പത്തികസർവ്വെ മറ്റേതിനെക്കാൾ പ്രത്യക്ഷത്തിൽതന്നെ അധികം പ്രയാസമുള്ളതും ചെലവുള്ളതിയതും ആകുന്നു. തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു രാജ്യത്തു വ്യവസായസർവ്വെ —എന്റെ സ്വന്തഅഭിപ്രായമാണു പറയുന്നതു് ഗവണ്മെന്റിന്റേതല്ല—സാമ്പത്തിക സർവ്വെയെക്കാൾ വളരെ എളുപ്പമുള്ളതാകുന്നു.

മി. ശിവതാണുപിള്ള (തോവാള): സാമ്പത്തികസർവ്വെ നടത്തുന്നതിനു മുമ്പായിതന്നെ കണക്കെടുത്തു ആരംഭിക്കുന്നതു അഭിലഷണീയമായിരിക്കുമോ എന്നു മെമ്പർ പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പാൾ): മെമ്പർ പറയുന്നതു കേൾക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഗവണ്മെന്റു ഒരു സാമ്പത്തികസർവ്വെ നടത്തുന്നതിനു മുമ്പായി കണക്കെടുത്തു ആരംഭിക്കുന്നതു അഭിലഷണീയമായിരിക്കുമോ എന്നു മെമ്പർ പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പാൾ): സാമുദായികവിഷയമായിട്ടുള്ള സംഗതികളെപ്പറ്റിയല്ലാതെ മറ്റു സംഗതികളെപ്പറ്റി അഭിപ്രായം പറവാൻ ഞാൻ ഒരുക്കമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഗവണ്മെന്റു അതു ചെയ്യാൻ വിചാരിക്കുന്നുണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പാൾ) ആ ചോദ്യത്തിനു ഞാൻ രണ്ടു പ്രാവശ്യം മുമ്പേ പറഞ്ഞുകഴിഞ്ഞു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ; ഇന്ത്യയിലെ കണക്കെടുത്തു നികുതിനിരക്കു ന്യായവും ഉചിതവും ആയി ചുമത്തുന്നതുകൊണ്ടും രാജ്യത്തിന്റെ ധനസ്ഥിതിയെപ്പറ്റിയും ഓരോരുത്തന്റെ വരവിനെപ്പറ്റിയും ഇപ്പോൾ ചുമത്തിട്ടുള്ള നികുതിയുടെ നിരക്കിനെപ്പറ്റിയും സാമാന്യേ ജനങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന ഏറക്കുറവുതിമിത്തം ഉപജീവനക്ലേശവിഷയത്തിൽ എന്തു ഭേദങ്ങൾ ഉണ്ടായിട്ടുണ്ടെന്നും മറ്റുമുള്ള സംഗതികളെപ്പറ്റിയും ഒരു ശരിയായ ഏകദേശം ശരിയായ കണക്കു ഗവണ്മെന്റിനു ഉണ്ടായിരിക്കേണ്ടതിനു ഒരു സാമ്പത്തിക സർവ്വെ നടത്തുന്നതിന്റെ ആവശ്യകതയെപ്പറ്റി ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തണമെന്നുണ്ടെങ്കിൽ മിസ്റ്റർ കല്ലൂർ നാരായണപിള്ളയുടെ പ്രമേയത്തിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്കു തോന്നിയതു.

ഒരു വ്യവസായസർവ്വെ നടത്തണമെന്നു അദ്ദേഹം പറഞ്ഞതിന്റെ ഉദ്ദേശം അതിനെസംബന്ധിച്ചു ഇതുവരെയും പ്രായോഗികമായ യാതൊന്നും ചെയ്തിട്ടില്ലെന്നും ജനങ്ങളുടെ ഐശ്വര്യാഭിവൃദ്ധിക്കു ഒരു ശരിയായ സർവ്വെ നടത്തുന്നതു മാറ്റുടനെന്നും ഗവണ്മെന്റിനെ ഗ്രഹിപ്പിക്കണമെന്നായിരുന്നു എന്നു എനിക്കു തോന്നുന്നു.

ഗവണ്മെന്റിന്റെ തത്വത്തിൽ രണ്ടും സ്വീകരിക്കുന്നതിനു വിരോധം ഉണ്ടാവാൻ സംഗതിയില്ല. അന്വേഷണം നടത്തുന്നതു എങ്ങനെ വേണം എന്നുള്ളതിനെപ്പറ്റിയാണു അഭിപ്രായവ്യത്യാസം വന്നിട്ടുള്ളതു എന്നു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരുടെ പ്രസംഗത്തിൽനിന്നു കാണുന്നു. അന്വേഷണോദ്യോഗസ്ഥന്മാരെപ്പറ്റിയുള്ള ഒരു കമ്മിറിയുടെ നിയമനകാര്യത്തിൽ എന്നുവേണ്ടാ, ജനങ്ങളുടെ സാമ്പത്തികവും വ്യവസായികവും ആയ സ്ഥിതിയെപ്പറ്റിയുള്ളകാര്യങ്ങളിൽ വിദഗ്ദ്ധന്മാരെന്നു വിചാരിക്കാവുന്നവരായി ഇങ്ങനെയുള്ള സംഗതികളെപ്പറ്റി കാര്യവിചാരമുള്ള സജ്ജനങ്ങളുടെ ഒന്നുരണ്ടു ആളുകൾ സാക്ഷികളായിട്ടില്ലാത്ത യാതൊരു കമ്മിറിയിലും എനിക്കു വിശ്വാസമില്ല.

സാമ്പത്തിക സർവ്വെയെ സംബന്ധിച്ചു അല്പം പുറകോട്ടും പ്രയാസമുള്ള ഒരു സംഗതിതന്നെയാണെന്നു പറയേണ്ടിയിരിക്കുന്നു. മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരുടെ കീഴിൽ ധനശാസ്ത്രം ഞാൻ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങളും അവധികാലങ്ങളിൽ ചില മാതൃകാഗ്രാമങ്ങളും തിരഞ്ഞെടുത്തു അവിടത്തെ സാമ്പത്തികസർവ്വെ നട

ഞാണ്ടുനു ഒരിക്കൽ അദ്ദേഹം ഞങ്ങളോട് ആജ്ഞാപിച്ചു.. ഞങ്ങൾ അപ്രകാരം ചെയ്യുന്നോക്കിയപ്പോൾ അതു എത്രയോ പ്രയാസമായിട്ടുള്ള ജോലിയാണെന്നുകണ്ട ഞങ്ങൾക്ക അനുഭവമായതു. ആ ജോലിയുടെ സ്വഭാവം ഇപ്പോഴും എന്നെ ഭീതിപ്പെടുത്തുന്നു. ഇങ്ങനെയുള്ള ജോലിചെയ്യുന്നതിനു സ്വതന്ത്രമായ ഉദ്യോഗസ്ഥന്മാരുടെ സഹായവും മാതൃകാഗ്രാമങ്ങളിൽപോയി ഗ്രാമജീവിതത്തെപ്പറ്റി വിശദമായി മനസ്സിലാക്കുന്നതിനു സ്വാധീനപ്രകൃതിയുള്ള ഒരു കമ്മിറ്റിയെക്കൊണ്ടു വല്ലപ്രയോജനവും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

വ്യവസായസഹായസംബന്ധിച്ചും ഒരു അന്വേഷണകമ്മിറ്റിയെക്കൊണ്ടോ അന്വേഷണപരിപാടിയുള്ള കമ്മിറ്റിയെക്കൊണ്ടോ ഇവിടെ വല്ല പ്രയോജനവും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ധനപരിപോഷണബോർഡു ജനപ്രാതിനിധ്യം ഉള്ള ഒരു സംഘമാണ്. അതിൽ നാലു സാമാജികന്മാരെ തിരഞ്ഞെടുക്കുന്നതിനുള്ള അവസരം നിയമനിർമ്മാണസഭയ്ക്കു ലഭിച്ചിരുന്നുവല്ലോ. ഈസഭയിൽനിന്നു തന്നെ നിന്നു രണ്ടു സാമാജികന്മാരെയും പുറമേനിന്നു കാര്യശേഷിയുള്ള രണ്ടു ജോലിക്കാരെയും തിരഞ്ഞെടുത്തു എന്നാണ് കാണുന്നതു. പിന്നീട് ഗവണ്മെന്റിൽനിന്നു മൂന്നുപേരേയും നിയമിച്ചു. ഇങ്ങനെ നമുക്കു ഏഴുഅംഗങ്ങളുള്ള മികവുറ്റതും സ്ഥിരമായ ഒരു സംഘമുണ്ട്. അതിനായി നാം വർഷം തോറും 50,000 രൂപ ചെലവുചെയ്യുന്നുണ്ട്.

ആപദ്ധതിയുള്ള വ്യവസ്ഥകൾ ഉണ്ടാക്കി ഗവണ്മെന്റിന്റെ ശ്രദ്ധയെ വിഷയമാക്കേണ്ടതിനു ഒരോ പ്രദേശങ്ങളിൽ സബ്കമ്മിറ്റികളെയും ഏർപ്പെടുത്തണം. ഇതിനു പ്രത്യേക പരിജ്ഞാനമുള്ളവരോ വിദഗ്ദ്ധന്മാരോ ആണെന്നു പറയേണ്ടല്ലോ. ഈ കാര്യങ്ങൾ നടത്തുവാനും ഗവണ്മെന്റിന്റെ പല വിഭാഗങ്ങളിലെ വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥന്മാർ ഉണ്ട്. പ്രാധാന്യത്തിലും അളവിലും മഹത്തായ ഈ ജോലിചെയ്യാൻ നമുക്കു ഇപ്പോൾ കിട്ടിവന്നിട്ടുള്ളവരെപ്പോലെയെങ്കിലും കിട്ടാൻ മറ്റുള്ളവരെപ്പോലെയെങ്കിലും ഉള്ള അന്വേഷണസ്ഥന്മാരെങ്കിലും കിട്ടുകയില്ല. അതുകൊണ്ടു ഒരു കമ്മിറ്റിയെ നിയമിച്ചു പണം വൃഥാകളയുന്നതുകൊണ്ടു ഒരു പ്രയോജനവും ഇല്ല. മറ്റു സ്ഥലങ്ങളിൽ നിയമിച്ചിട്ടുള്ള കമ്മിറ്റികളുടെ പരിചയം നമുക്കു പ്രയോജനപ്പെടുത്താം. അതുകൊണ്ടു ഇപ്പോൾ എങ്ങനെങ്കിലും വ്യവസ്ഥ സ്വീകരിക്കുന്നതു ആലോചനാപൂർവ്വമായിരിക്കണം. ഈ പ്രസ്താവനകളോടുകൂടെ ഞാൻ ഇതുനെതിർക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ഒടുക്കത്തെ അഭിപ്രായത്തിനുണ്ടായ ഉടൻകരുപ്പും വാക്കുടക്കുതർക്കത്തോടുകൂടിയുമുണ്ടായ പ്രസംഗം വളരെ അനുഭവരിതനായി ഞാൻ കേട്ടുകൊണ്ടിരുന്നു. എനിക്കു ചില ചോദ്യങ്ങൾ ചോദിക്കാൻ തോന്നിയെങ്കിലും വിഷയവിഷയത്തിലുള്ള കടന്നുകയറ്റമായിരിക്കുമെന്നു കരുതി ഞാൻ വിരമിക്കയാണ് ചെയ്തതു. വിഷയവിഷയത്തോടു സംബന്ധമില്ലാത്ത ചില സംഗതികളും എടുത്തുപറയുകയുണ്ടായിട്ടുണ്ടെന്നു കാണുന്നു. അദ്ദേഹത്തെ സമർത്ഥനായ മെമ്പർ സർഹാരോൾഡ്മാൻ എന്നയാളെപ്പറ്റിയും അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ വലിയ പുസ്തകത്തെപ്പറ്റിയും അതു ഒട്ടും നിസ്സാരമല്ലാത്ത ഓക്സ്ഫോർഡു സർവ്വകലാശാലാ അച്ചടിശാലയിലാണ് അച്ചടിച്ചതെന്നുള്ള സംഗതിയും പ്രസ്താവത്തിൽ കൂടുവിട്ടുകണ്ടു. പ്രമേയം കൊണ്ടുവന്ന ആൾ പാകതയുള്ള ഒരു മന്ത്രിയാണെന്നു അദ്ദേഹം സ്തുതിച്ചു. അദ്ദേഹം കാര്യംപറവാൻ പഠിയില്ലാത്ത ഒരാളാണെന്നു ഞാനും വിഷയോടു പറഞ്ഞുകൊള്ളുന്നു. രാജ്യത്തിൽ ഐശ്വര്യം വരിക്കണമെന്നേ അദ്ദേഹത്തിനു ആവശ്യമുള്ളൂ. ധനപരിപോഷണബോർഡു ഉള്ളതുകൊണ്ടും അദ്ദേഹത്തിനറിയാം. ബോർഡു ഉണ്ടാക്കിയതു അതിന്റെ പ്രവൃത്തികൊണ്ടാണ്. ധനപരിപോഷണബോർഡു വേണ്ടിടത്തോളം ഗ്രഹിക്കുന്നില്ലെന്നു തോന്നുന്നു. അവർ വലിയ ആലോചനകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. വല്ലതും ഉണ്ടെങ്കിൽ അതു രാജ്യത്തിന്റെ ഐശ്വര്യാഭിവൃദ്ധിയെ സംബന്ധിച്ചുള്ളതല്ല. അതുകൊണ്ടു രാജ്യത്തിന്റെ ഐശ്വര്യാഭിവൃദ്ധിക്കു വഴികൾ പരിശോധിച്ചു കണ്ടുപിടിക്കുന്നതിനു ആരെങ്കിലും ഒരാളോ ഒരു കമ്മിറ്റിയോ വേണമെന്നാണു ഞാൻ പറയുന്നതു.

മി. രങ്കസ്വാമിഅയ്യങ്കാർ പ്രമേയത്തെ രണ്ടായിവിഭജിച്ചു. അദ്ദേഹത്തിനു അധികഭാഗം ഇഷ്ടമായിരുന്നുവെന്നാണു ഞാൻ വിചാരിക്കുന്നതു. രാജ്യത്തിന്റെ സാമ്പത്തികവും വ്യവസായികവും ആയ സർവ്വേകഴിയുന്നതുവരെ ഗവണ്മെന്റിനെ രാജ്യത്തിന്റെ ഐശ്വര്യാഭിവൃദ്ധിക്കു എന്തുചെയ്യണമെന്നു ആലോചിച്ചുപറവാൻ ഒരു അന്വേഷണോദ്യോഗസ്ഥകമ്മിറ്റിയെ നിയമിക്കണമെന്നുമാത്രമേ പ്രമേയകർത്താവു ആവശ്യപ്പെട്ടുള്ളൂ. രണ്ടും ഒരേസംഗതിയാണെന്നു രാജ്യത്തിന്റെ അഭിവൃദ്ധിക്കു എന്താണു ചെയ്യേണ്ടതെന്നു കണ്ടുപിടിക്കാനായിട്ടാണു സർവ്വേ വേണമെന്നുപറഞ്ഞതു. രാജ്യത്തിന്റെ അഭിവൃദ്ധിയാകുന്ന ഫലം ഉളവാകുന്നതിനു ഒരു സർവ്വേ അനാവശ്യവും ഒഴിച്ചുകൂടാത്തതും ആകുന്നു എന്നാണു അദ്ദേഹം പറയുന്നതു. കമ്മിറ്റിയിൽ അന്വേഷണോദ്യോഗസ്ഥപ്രതിപക്ഷം വേണമെന്നുപറഞ്ഞപ്പോൾ ഉദ്യോഗസ്ഥന്മാർ ഗവണ്മെന്റിന്റെ ഭാഗം നിൽക്കുന്നതുകൊണ്ടു ജോലി നന്നായി ചെയ്യുന്നതിനു അന്വേഷണോദ്യോഗസ്ഥവിദഗ്ദ്ധന്മാരുടെ കഴിവുള്ളതിനെ അദ്ദേഹത്തിന്റെ ശങ്ക പ്രസ്താവിക്കുകയായിരുന്നു എന്നാണു എനിക്കു തോന്നിയതു. പോരെവിധത്തിൽപറഞ്ഞാൽ അദ്ദേഹം ആവശ്യപ്പെടുന്നതു രാജ്യത്തിന്റെ ഐശ്വര്യാഭിവൃദ്ധിക്കു വേണ്ടുന്ന വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുവേണ്ടി സമ്പത്തികവും വ്യവസായികവും ആയ ഒരു സർവ്വെനടത്തുന്നതിനു വിദഗ്ദ്ധന്മാരുടെ ഒരു പ്രത്യേക കമ്മിറ്റിവേണമെന്നു മാത്രമാണു. ഒരു അന്വേഷണോദ്യോഗസ്ഥകമ്മിറ്റിക്കുമാത്രമേ ജോലിചെയ്യാൻ കഴിയുന്നതിനെപ്പറ്റി മി. രങ്കസ്വാമിഅയ്യങ്കാർ സംശയവും അവിശ്വാസവും പ്രദർശിപ്പിച്ചു സംസാരിച്ചതിൽ എനിക്കു ഖേദമുണ്ടെന്നായതു. മി. ജി. പരമേശ്വരൻപിള്ളയെപ്പോലെ എനിക്കും അദ്ദേഹത്തിന്റെകീഴിൽ ധനശാസ്ത്രം പഠിക്കാൻ ഭാഗ്യമുണ്ടായിട്ടുണ്ടു. അക്കാലത്തു ഗ്രാമങ്ങളിൽ ഞങ്ങളെതന്നെപറഞ്ഞയച്ചു സാമ്പത്തികഅന്വേഷണങ്ങൾ നടത്തണമെന്നു പലപ്പോഴും താല്പര്യത്തോടുകൂടി ഉപദേശിച്ചതു കേട്ടിട്ടുള്ള ഞങ്ങൾക്കു ഇപ്പോൾ അദ്ദേഹം ഈ രങ്കയുടെ സംശയവും പ്രദർശിപ്പിക്കുന്നതു ഖേദമുള്ളതാണു. അതു അദ്ദേഹത്തിന്റെ ഇപ്പോഴത്തെസ്ഥാനം നിമിത്തമാകുമല്ലൊ—

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൾ): ഞാൻ സമാധാനം പറയാം സർ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അന്വേഷണോദ്യോഗസ്ഥപ്രതിപക്ഷമുള്ള ഒരു കമ്മിറ്റിയാലായാലും ഒരു സാമ്പത്തികസർവ്വെ ആവശ്യമാണെന്നു എന്റെ സ്നേഹിതൻ മി. രങ്കസ്വാമിഅയ്യങ്കാർ സമ്മതിക്കുന്നുണ്ടു. എന്നാൽ ഒരു ഉദ്യോഗസ്ഥപ്രതിപക്ഷകമ്മിറ്റിയിൽ കാര്യശേഷിയുള്ള വിദഗ്ദ്ധന്മാർ ഉണ്ടായിരിക്കാൻ

ഇടയില്ലാത്തതുകൊണ്ട് അവർനടത്തുന്ന സാമ്പത്തികസമരം തടിയായിരിക്കുമോ എന്നത പ്രമേയകർത്താവു ശങ്കിക്കുന്നു. അതുകൊണ്ട് രാജ്യത്തിന്റെ പൊതുവായുള്ള വ്യവസ്ഥകൾ ഉണ്ടാക്കാൻ സ്ഥലത്തെ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടെ ഒരു സമരംനടത്തുന്നതിനു കായ്പ്രാപ്തിയുള്ള വിദഗ്ധന്മാരുടെ ഒരു അന്വേഷണോദ്യോഗസ്ഥ ത്രിപക്ഷമുള്ള കമ്മിറ്റി വേണമെന്നു അദ്ദേഹം പറയുന്നു. ഇങ്ങനെ പറഞ്ഞുകൊണ്ട് ഞാൻ പ്രമേയത്തെ എടയെപൂർവ്വം അനുകൂലിക്കുന്നു.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇനി നമുക്കെത്ര സമയമുണ്ടെന്നു പറയുമോ? സർ.

വൈസ്പ്രസിഡന്റ്: അരമണിക്കൂർമണിവരെ വാദം നടക്കട്ടെ.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, മി. നാരായണപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തിന്റെ ഉദ്ദേശത്തെ ഞാനും അനുകൂലിക്കുന്നു. സാമ്പത്തികമോ വ്യാവസായികമോ ആയ ഒരു സർവ്വേ ഗവർമെന്റുകൊണ്ടുനടത്തിക്കണമെന്നല്ല അതിന്റെ അഭിപ്രായം. അന്വേഷണം നടത്തുന്നവരിൽ ഒരാൾ എങ്കിലും ധനശാസ്ത്രവും വ്യവസായവും സംബന്ധിച്ചകാര്യങ്ങളിൽ വിദഗ്ധനായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. എന്നാൽ രാജ്യത്തിൽ ഒരു സാമ്പത്തികവും വ്യവസായികവും ആയ സർവ്വേ നടത്തിട്ടില്ലെന്നു അഭിപ്രായമുണ്ടോ എന്നാണ് ഞാൻ വിചാരിക്കുന്നു. രണ്ടു അഭിപ്രായംഉണ്ടാകാൻ തരമില്ലെന്നാണ് ഞാൻ വിചാരിക്കുന്നു. രണ്ടുവർഷമായി ഈ കാര്യത്തെപ്പറ്റി ബഹളമായി വാദിക്കണമെന്നു ഞാൻ വിചാരിച്ചു. മേലാൽ കൂടിൽവ്യവസായങ്ങൾ മാത്രമെ ഗവർമെന്റു പ്രോത്സാഹിപ്പിക്കുകയുള്ളുവെന്നും എന്നാൽ തിരുവിതാംകൂറിൽ എന്തു കൂടിൽവ്യവസായത്തിനാണ് സർവ്വേകയ്യങ്ങൾ ഉള്ളതെന്നു അവർക്കു അറിഞ്ഞുകൂടാഎന്നും ചീഫ്സിക്രട്ടറി പറഞ്ഞതാണ് അതിനുണ്ടായ പ്രത്യേകകാരണം. ഇവിടെ കൂടിൽവ്യവസായങ്ങൾ നടപ്പാക്കുന്നതിനുള്ള സൌകര്യങ്ങളെപ്പറ്റി ധനപരിപോഷണബോർഡിന്റെ അഭിപ്രായം ഞാൻ ഇന്നലെ സശയപൂർവ്വം കേൾക്കുകയുണ്ടായല്ലോ അവരുടെ അഭിപ്രായത്തിൽ ഈനാട്ടിൽ നടപ്പിൽവരുത്താവുന്ന വ്യവസായം നെയിത്തു മാത്രമേയുള്ളു. എന്നാൽ നെയിത്തു ഈ രാജ്യത്തു പുരാതനകാലംമുതൽക്കെ പ്രചരിച്ചുപോരുന്നുണ്ട്. ബോർഡ് ഇതു പരിശോധിച്ചതിനും ആ ബോർഡിലെ സാമാജികന്മാർ ജനിക്കുന്നതിനും എത്രയോമുമ്പു ഇവിടെ പ്രബലമായിനടന്നുവന്ന ഒരു കൂടിൽവ്യവസായമാണെന്നു ഞാൻ അന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഇപ്പോഴും അതു ഒരു കൂടിൽവ്യവസായമായി നടന്നുപോരുന്നുണ്ടു. അതുകൊണ്ടു ഏതുവ്യവസായങ്ങളാണു പ്രത്യേകമായി കൂടിൽവ്യവസായങ്ങളാണു ഇവിടെ നടപ്പിൽവരുത്താൻ കഴിയുമെന്നു അറിയേണ്ടതിനു വ്യവസായകാര്യങ്ങളിൽ പ്രത്യേകപരിജ്ഞാനമുള്ള ഒരു വിദഗ്ധൻ ഒരു വ്യവസായസർവ്വെ നടത്തേണ്ടതു അത്യാവശ്യമാണു. പക്ഷേ മി. രങ്കസ്വാമിഅയ്യങ്കാർ പറഞ്ഞതുപോലെ ഒരു സാമ്പത്തികസർവ്വെ അതിവിശാലമായിരിക്കും. കഠിനമായാലും ലഘുവായാലും ഒരു വ്യവസായസർവ്വെ നടത്തേണ്ടതാണു. ഒരു സാമ്പത്തികസർവ്വെ ഇൻഡ്യാഗവർമെന്റു പ്രയാസമെറിയതായി വിചാരിച്ചുഎങ്കിലും തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു ചെറിയരാജ്യത്തു അതു പ്രയാസമുള്ള കായ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. അതുനടത്താൻ മനസ്സുണ്ടെങ്കിൽ ൭൦൦൦ ചതുശ്രനാഴിക വിസ്തീർണ്ണവും ൨൦ ലക്ഷം ജനങ്ങളും മാത്രമുള്ള ഒരു രാജ്യത്തിൽ അതു എളുപ്പമായിരിക്കുമെന്നാണെന്റെ അഭിപ്രായം സാമ്പത്തികസർവ്വെനടത്തുന്നതു ആരെകൊണ്ടായാലും വേണ്ടതില്ല കഴിയുന്നവേഗത്തിൽ ഈ രാജ്യത്തിൽ ഒരു സാമ്പത്തികവും വ്യവസായികവും ആയ സർവ്വെ നടത്തേണ്ടതാണെന്നുള്ള അഭിപ്രായത്തിൽ എന്റെസ്നേഹിതൻ മി. നാരായണപിള്ളയെഞാൻ ബലമായിപിൻതാങ്ങുന്നു.

മി. ഡബ്ലിയു. എച്ച്. പിറ്റ് (പൊലീസ്കമ്മിഷണർ): ഈ കായ്യത്തിൽ വാദപ്രതിവാദം മതിയാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസിക്രട്ടരി): ഞാൻ അനുകൂലിക്കുന്നു.

വാദം മതിയാക്കണമെന്നുള്ള അഭിപ്രായം സ്വീകരിക്കപ്പെട്ടു.

മി. ക്ലർക്ക് താണുപിള്ള (പത്തനംതിട്ട): ഈ പ്രമേയം ഫാസ്തരാക്കുന്നതിനു എന്നെ പ്രേരിപ്പിച്ച സംഗതികളിൽ ഏറ്റവും പ്രധാനമായതു ഞാൻ തിരുവിതാംകൂർ കാറനായതുകൊണ്ടും എന്റെ നാട്ടിലുള്ള ജനങ്ങളിൽ ഒരിരുപ്പുകൊണ്ടും തൊഴിൽ ഇല്ലായ്മകൊണ്ടും കഷ്ടതഅനുഭവിച്ചുവരുന്നതു കണ്ടിട്ടുമാണ്. ഈ രണ്ടൊരുസംഗതിയാണു ഈ പ്രമേയം കൊണ്ടുവരാൻ എന്നെ പ്രേരിപ്പിച്ചതു. പക്ഷേ ഞാൻ ഈ നിലയിൽ അല്ലായിരുന്നുവെങ്കിൽ ഞാൻ ഇതിനെ അനുകൂലിക്കാതെതന്നെ വന്നേക്കുമായിരുന്നു. ഈ പ്രമേയത്തിലുള്ള മറ്റൊരുസംഗതി ഇതാണ്, അതായതു തിരുവിതാംകൂറിലെ ധനസ്ഥിതിയെയും വ്യവസായസ്ഥിതിയെയും പറ്റി പഠിച്ചുവേക്ഷണം ചെയ്യേണ്ടതു ആവശ്യമാണെന്നു ഗവർമെൻറുദ്യോഗസ്ഥന്മാരിൽനിന്നു അഭിപ്രായം വന്നിട്ടുണ്ട്. പക്ഷേ അതു സാധുകരിക്കുന്നതിനുള്ള മാർഗ്ഗം എത്രമാത്രം വിഷമമുള്ളതാണെന്നു വേണം ആലോചിക്കേണ്ടതു്. ഏതുവിധത്തിലും തിരുവിതാംകൂറിന്റെ ഇപ്പോഴത്തെ അവസ്ഥയും തിരുവിതാംകൂറിൽ തൊഴിലില്ലായ്മയും കാലക്ഷേപത്തിനു മാർഗ്ഗം ഇല്ലായ്മയും ഉള്ളവരുടെ സംഖ്യ വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു അതിനു പരിഹാരമായി ഒരു വ്യവസായസർവ്വെ പഠിച്ചുവേക്ഷണമില്ലാതെ സാധിക്കയില്ലെന്നു ഗവർമെൻറുദ്യോഗസ്ഥന്മാരുടെ അഭിപ്രായം പറഞ്ഞിട്ടുണ്ട് അതുകൊണ്ടു ഇപ്പോഴത്തെ അന്വേഷണോദ്യോഗസ്ഥ ത്രിപക്ഷം അന്വേഷിച്ചു ഒരു കമ്മിറ്റിസ്ഥാപിക്കണമെന്നാണു് എന്റെ അഭിപ്രായം. ധനപരിപോഷണബോർഡിൽ ഒരു മെമ്പർആയിട്ടു എന്നെ ഉൾപ്പെടുത്തിയതുകൊണ്ടു എനിക്കു വിരോധമില്ല. അതിനാൽ യോഗ്യന്മാരായ ആളുകളിൽ ത്രിപക്ഷം അന്വേഷണോദ്യോഗസ്ഥന്മാർചേർന്ന ഒരു കമ്മിറ്റി ഏർപ്പെടുത്തി ഒരു സർവ്വെ നടത്തേണ്ടതു അത്യാവശ്യമാണ്. അതു വിദഗ്ധന്മാർക്കിടചേർന്നു നടത്തണം. അങ്ങനെയുള്ള വിദഗ്ധന്മാർ തിരുവിതാംകൂറിന്റെ പെരുമയിൽ ഉള്ളവരായിരുന്നാലും സ്വീകാര്യയോഗ്യമായിട്ടാണ്കരുതേണ്ടതു. അതിനാൽ ഈ പ്രമേയത്തെ പോട്ടിന്മേൽ ഇടണമെന്നു് അപേക്ഷിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ(ആർട്ട്സ്കോളേജ്പ്രിൻസിപ്പാൾ): സർ, ഈ പ്രമേയത്തിന്റെ കണ്ണുപ്പുവ്യവസ്ഥകളെ നോക്കേണ്ടതാകുന്നു എന്നപ്രമേയകർത്താവിന്റെയും മി. എ. കെ. പിള്ളയുടെയും സമാധാനം കേട്ടുവല്ലോ ഒരുസാംപത്തിക സർവ്വെയുടെ ഗുണദോഷങ്ങൾ സംബന്ധിച്ചിടത്തോളംപ്രമേയത്തിലെ എല്ലാവ്യവസ്ഥകളെയും കായ്യമായിഗണിച്ചിട്ടുള്ളതുകിൽ ഞാൻ ഒരു അന്യായം പ്രവർത്തിക്കയായിരിക്കുമെന്നു ഞാൻ വിചാരിച്ചു. ഏതു സ്ഥാപിത ഗവർമെന്റിനും ഒരു സാംപത്തികസർവ്വെ വളരെ വിലയുള്ളതായിരിക്കുമെന്നുള്ള തത്വം ഞാൻ അംഗീകരിക്കുന്നുണ്ടെന്നു പറഞ്ഞതു ഇക്കായ്യത്തിലുള്ള സഭയുടെ ശ്രദ്ധയെ ആകർഷിക്കുന്നു

തിനായിരുന്നു. ആ സംഗതിയിൽ ഞാൻ പറഞ്ഞപ്രകാരം തവരണ്ടന്റെ പിൻമാറാൻ വിചാരിക്കുന്നില്ല. ഈ പ്രമേയത്തെപ്പറ്റിയുള്ള വാക്കിൽ സഭയുടെ ആ മോഹഭംഗത്തിനു കൊണ്ടുവന്ന ചില ചില്ലറസ ഗതികളേപ്പറ്റി അല്പം സംസാരിക്കാമെന ഇനിയുള്ളൂ. ഡോക്ടർ മാൻറെ പുസ്തകം ഓക്സ്ഫോർഡ്സവ്കലാശാലാ അച്ചുക്കൂടത്തിലാണ് അച്ചടിച്ചു പ്രസിദ്ധപ്പെട്ടത്തീട്ടുള്ളതെന്ന ഞാൻ പ്രസ്താവിച്ചതിനെപ്പറ്റി മി. എ. കെ. പിള്ള അത്ഭുതവും പ്രകടർശ്പ്പിക്കയുണ്ടായി. ഞാൻ പറഞ്ഞതിന്റെ ഉദ്ദേശം ഒരു പ്രസിദ്ധപുസ്തക വ്യാപാരികളാണപ്പ സിദ്ധം ചെയ്തിട്ടുള്ളതെന്നു പറഞ്ഞു പുസ്തകത്തിനെ പ്രശംസിക്കണമെന്നല്ലായിരുന്നു എന്നതെ പുസ്തകം രഹസ്യമായി വെച്ചിട്ടുള്ള ഒന്നാകുന്നും എളുപ്പത്തിൽ വാങ്ങാൻകിട്ടുന്നതാണെന്നും കാണിക്കാൻ മാത്രമായിരുന്നു. സാമ്പത്തിക സർവ്വെയ്പറ്റി പറഞ്ഞ പല പ്രസംഗങ്ങളിലും ആ സർവ്വെയുടെ പ്രയാസവും അതെങ്ങനെയാണ നടത്തണമെന്നും ശരിയായി ഗ്രഹിച്ചിട്ടില്ലന്ന എനിക്ക തോന്നി. സാമ്പത്തിക സർവ്വെ നടത്തുന്നതിനെപ്പറ്റി വിവരമില്ലാത്ത ആലോചനകളുടെ എണ്ണം കുറയ്ക്കാൻ അല്പ പ്രയോജനമായിത്തീരും എന്ന വിചാരിച്ചായിരുന്നു ആ പുസ്തകത്തപറ്റിയും അതെവിടെ കിട്ടുമെന്നുള്ളതിനെപറ്റിയും ഞാൻ പ്രസ്താവിച്ചാൻ ഇടയായതു. ഈ യഥാർത്ഥമായി വളരെ പ്രയാസമുള്ളജോലിയാണെന്നും അതു അനേകംമാസങ്ങളോ സംവത്സരങ്ങളോ നീണ്ടു നിന്നേക്കാവുന്നതാണെന്നും പ്രമേയകർത്താവിന്റെ മാത്രമല്ല സഭയുടെയും ശ്രദ്ധവിഷയത്തിന്റെ ഈ സ്വഭാവത്തിലേക്ക ക്ഷണിക്കണമെന്നും ഞാൻ ഗ്രഹിച്ചു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മെമ്പരിന്റെ സമാധാനം ഞാൻ സന്തോഷത്തോടെ സ്വീകരിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസ്പ്പൽ): ഞാൻ അധികമില്ലാത്ത നന്ദിപറഞ്ഞുകൊള്ളുന്നു. (ചിരി).

മി. എ. കെ. പിള്ള പറഞ്ഞ രണ്ടാമത്തെ സംഗതി മി. കല്ലൂർ നാരായണപിള്ളയുടെ പ്രമേയത്തെ ഞാൻ രണ്ടായി വിഭജനം ചെയ്യുന്നു ന്യായമായിരിക്കുന്നാണ്. ആ വിഭജനം ചെയ്യാൻ പാടില്ലാത്തതാണെന്നും രാജ്യത്തിന്റെ ഐശ്വര്യാഭിവൃദ്ധിക്ക വേണ്ടുന്ന വ്യവസ്ഥകൾ കമ്മിറ്റി ചെയ്യണമെങ്കിൽ ഒരു സാംപത്തിക സർവ്വെ ആവശ്യം ചെയ്യണമെന്നും അഭിപ്രായം പറകയുണ്ടായി. വാസ്തവാവസ്ഥകൾ അറിയാതെ ഒരാളെ സംബന്ധിച്ചോ പാർശ്വകരം ചെയ്യുന്നതു ബുദ്ധിപൂർവ്വകമായിരിക്കയില്ലെന്നും വാസ്തവാവസ്ഥകളിന്മേൽ ഉറപ്പിക്കാതെ ചെയ്യുന്ന ശിപാർശകളെ സ്വീകരിക്കുന്നതും ബുദ്ധിഹീനമായിരിക്കുമെന്നും ഞാൻ സ്പഷ്ടമായി പറഞ്ഞുവല്ലോ എന്നിരിക്കിലും തെറ്റിദ്ധരിച്ചു പറവാനുള്ള. ഒരു സംഗതി ഞാൻ പക്ഷേ പറഞ്ഞിട്ടുണ്ടോ എന്നും സ്പഷ്ടമാക്കിയില്ലായിരിക്കാം. ഒരു സാംപത്തിക സർവ്വെ നടത്തുന്നതിനുള്ള വേണ്ടുന്നഅറിവും സാമർത്ഥ്യവും പരിചയവും രാജ്യത്തിന്റെ ഐശ്വര്യാഭിവൃദ്ധിക്ക ഇന്ന വ്യവസ്ഥകൾ ചെയ്യണമെന്ന പറയുന്ന ആളിനു വേണ്ടുന്നഅറിവും സാമർത്ഥ്യവും പരിചയവുംകേവലം വ്യത്യസ്തമാണ്. സാംപത്തികസർവ്വെ ശാസ്ത്രീയമാണ്. ഒരു ധനശാസ്ത്രജ്ഞൻ ഒരു വിജയിയായ സർവ്വെയർ ആയിരിക്കാം. ഒരു രാജ്യതന്ത്രജ്ഞൻ കായ്വ്വിവരമില്ലാത്തവൻ, കായ്വ്വളുടെവിലതിപ്പിൽ പരിചയമില്ലാത്തവൻ, വിവേകശൂന്യ സങ്കല്പങ്ങൾക്ക അധീനമാക്കിശീലിച്ചിട്ടുള്ളവൻ സാംപത്തിക സർവ്വെനടത്തുന്നതായ്വ്വിൽ വിദ്ഗ്ദ്ധനായിരിക്കാം. എന്നാൽ സങ്കല്പശക്തിയും വിവേകവും സ്ഥലപരിചയവും ഉള്ള ഒരാളിന്റെ ഉപദേശമാണ സാംപത്തിക പരിപോഷണ വ്യവസ്ഥകൾക്ക അത്യന്താപേക്ഷിതം ഒരു ധനശാസ്ത്രപ്രൊഫസ്സർ ഒരു വിജയിയായ സർവ്വെയർ ആയേക്കാം. എന്നാൽ ഞാൻ പ്രൊഫസ്സർ പട്ടത്തിൽപെട്ടവൻ ആണെങ്കിലുംരാജ്യത്തിന്റെ ഐശ്വര്യാഭിവൃദ്ധിക്കുവേണ്ടി ഉണ്ടാക്കുന്നവ്യവസ്ഥകളിൽ കേവലം പ്രൊഫെസ്സർമാരുടെ അഭിപ്രായം സ്വീകരിക്കാൻ സായാഹ്നമായി മടിക്കും. ഈ സംഗതി ആണ വിവരിക്കാൻ ഞാൻ യത്നിച്ചതു ഈ വ്യത്യാസമാണ സ്പഷ്ടമാക്കാൻ ഞാൻ ശ്രമിച്ചതു. ഒരേകമ്മിറ്റി ഈ രണ്ടു ജോലികളും നടത്തണമെന്ന പറയുന്നതു ആ കമ്മിറ്റിയിൽ ഒരേ സമയത്തു ഒരേ ആളിൽ ഒരുമിച്ചുകൂടാത്ത രണ്ടു വ്യത്യസ്തഗുണങ്ങൾ ഉള്ള സാമാജികന്മാർ ഉണ്ടായിരിക്കണമെന്ന പറകയാണ്. പ്രമേയം അനുസരിച്ചു പ്രവർത്തിച്ചാൽ രണ്ടു ജോലികളും ചെയ്യാൻ യോഗ്യതയില്ലാത്ത ആളുകളുടെ സംഘമായിരിക്കും രൂപീകരിക്കപ്പെടുന്നതു. ഈ വിഷമമാക്കാനുള്ള ഉദ്ദേശത്തോടുകൂടെയാണ് ഞാൻ പ്രമേയത്തെ രണ്ടായി വിഭജിച്ചു വാദിച്ചതു.

എനിക്ക വേറൊരു ഉദ്ദേശം ഉണ്ടായിരുന്നതും പറയാം. കായ്വ്വുത്തരവോടെ ഒരു കമ്മിറ്റി ഉള്ളപ്പോൾ വേറൊരു പുതിയ കമ്മിറ്റി വേണമെന്നു മിസ്റ്റർ കല്ലൂർ നാരായണപിള്ള ആവശ്യപ്പെട്ടതിനാൽ മിസ്റ്റർ നാരായണപിള്ള നിയമിക്കണമെന്നു പറയുന്നതിനു സമമായ ഒരു ബോർഡ് സ്ഥാപിച്ചു. അതിനായി ചെയ്തുമുൻ ചെയവുചെയ്തുവരുന്ന എന്നും നാമവ്യവസ്ഥകളും ഉദ്ദേശങ്ങളും ഉള്ള ബോർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതു ബുദ്ധിപൂർവ്വകം അല്ലെന്നും സഭയെ തരിപ്പിക്കുന്നതു ആവശ്യമായിരുന്നു.

മൂന്നാമതുള്ള സംഗതി ഇവിടെ പറവാനുള്ളതും പറയാം. ഒരു സാംപത്തിക സർവ്വെ നടത്തണമെന്നു ഞാൻ എന്റെ ശിഷ്യന്മാരെ ഉപദേശിക്കയും ഇപ്പോൾ അതേ ഉദ്ദേശത്തോടുകൂടെ ഒരു അന്വേഷണസ്ഥകമ്മിറ്റിയെ നിയമിക്കണമെന്നുവന്നപ്പോൾ തീതി പ്രദർശിപ്പിക്കയും ചെയ്യുന്നതെന്തു എന്നു മിസ്റ്റർ എ. കുഞ്ഞുപിള്ള പറഞ്ഞുവല്ലോ. കായ്ക്ഷമതയുള്ളവരെന്നും കായ്ക്ഷമതയില്ലാത്തവരെന്നും ഉള്ള വ്യത്യാസമല്ലാതെ ഉദ്യോഗസ്ഥന്മാരെന്നും അനുദ്യോഗസ്ഥന്മാരെന്നുമുള്ള വ്യത്യാസം ഞാൻ ഉണ്ടാക്കിയില്ലെന്നു പറഞ്ഞുകൊള്ളട്ടെ. സാമ്പത്തികസർവ്വെയോ വ്യവസായസർവ്വെയോ നടത്തുന്ന കമ്മിറ്റിയിൽ അനുദ്യോഗസ്ഥരുടെ പക്ഷം ഉണ്ടായിരിക്കുന്നതു ഒരു പ്രധാനസംഗതിയായി വിചാരിക്കുന്നതെന്തു കാണിക്കാനാണ് ഞാൻ ശ്രമിച്ചതു. ഉദ്യോഗസ്ഥന്മാരുടെയാലും അനുദ്യോഗസ്ഥന്മാരായാലും സാമ്പത്തികസർവ്വെ നടത്തുന്നതിനു കായ്ക്ഷമതയുള്ളവരുടെ ഒരു കമ്മിറ്റി വേണമെന്നാണ് എന്റെ വാദം. സർവ്വെ ചെയ്യുന്നതു അനുദ്യോഗസ്ഥർക്കുവേണ്ടിപക്ഷമുള്ള ഒരു കമ്മിറ്റി ആയിരുന്നാൽ എന്തോ വിശേഷമുള്ളതായി മെമ്പർ പ്രസ്താവിച്ചിരുന്നില്ലെങ്കിൽ ഞാൻ ഒരു വിശദീകരണം പുറപ്പെടുവിക്കയില്ലായിരുന്നു. ഇങ്ങനെയാണ് ഇക്കാര്യത്തെപ്പറ്റി ഞാൻ വിചാരിക്കുന്നതു.

ഇനിയും മിസ്റ്റർ എ. കുഞ്ഞുപിള്ള ഇവിടെ എനിക്ക വളരെയാൽ ഉള്ള സ്ഥാനംനിമിത്തമല്ലയോ—

മി. സി. പി. തോമസ് (ഗവണ്മെന്റ നിയമനം): സർ, ഒന്നുചോദിക്കാൻ—

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): സർ, ഞാൻ പറഞ്ഞ വാചകം തീർന്നില്ല. എന്റെ വാദം തീർന്നശേഷം എത്രചോദ്യങ്ങൾക്കും ഞാൻ സന്തോഷത്തോടെ മറുപടി പറഞ്ഞുകൊള്ളാം.

ഞാൻ പറവാൻ ഭാവിച്ചതു മുഴുവനായി എനിക്കിപ്പോൾ ഉള്ള സ്ഥാനം നിമിത്തമല്ല, ഒരു സാമ്പത്തിക സർവ്വേ നടത്തുവാൻ ഒരു കമ്മിറ്റിയാൽ, അതു അനുദ്യോഗസ്ഥരുടെപക്ഷം ഉള്ളതായിരുന്നാലും സാധിക്കയില്ല എന്നു ഞാൻ അഭിപ്രായപ്പെട്ടതു. ഞാൻ ഉദ്യോഗസ്ഥനും അനുദ്യോഗസ്ഥനും ആയിരിക്കുന്നതിലുള്ള സന്തോഷം അനുഭവിച്ചിട്ടുള്ളവനാണ്. തിരുവിതാംകൂറിൽ ഞാനൊരു ഉദ്യോഗസ്ഥനും തിരുവിതാംകൂറിനുപുറമെ ഒരു അനുദ്യോഗസ്ഥനുമാണ്. ഇതു ഞാൻ ബഹുമായി പറഞ്ഞതു ഒരു കമ്മിറ്റിയുടെ ജോലി കൂട്ടുജോലിപോലെയല്ലെന്നു കാണിക്കുന്നതിനായിരുന്നു. ഒരു കമ്മിറ്റിയിൽ ഒരു സാമാജികനു മറ്റൊരു സാമാജികന്റെ അഭിപ്രായത്തെ ഖണ്ഡിക്കാനോ ദോഷപ്പെടുത്താനോ അവകാശമുണ്ട്. എന്നാൽ കൂട്ടുജോലിക്കാരുടെ കാര്യം അങ്ങനെയല്ല. ഞാൻ കുറെ ശാസ്ത്രജ്ഞന്മാരോടുകൂടെയോ ഒരു പ്രൊഫസർ തന്റെ ശിഷ്യന്മാരോടുകൂടെയോ ജോലിചെയ്യുന്നതായാൽ ജോലിചെയ്യുന്ന ശാസ്ത്രജ്ഞന്മാരുടേയോ പ്രൊഫസറിന്റെയും ശിഷ്യന്മാരുടേയുമൊ കൂട്ടത്തിനു കമ്മിറ്റി എന്നു പേരുപറവാൻ പാടില്ല. അവർ ജോലിക്കാരുടെ കൂട്ടം എന്നല്ലാതെ കമ്മിറ്റിയല്ല. കമ്മിറ്റിയും ജോലിക്കൂട്ടായ്മയും തമ്മിലുള്ള വ്യത്യാസം നിമിത്തമാണ് ഞാൻ ഒരു ഉദ്യോഗസ്ഥനാകകൊണ്ടാകുന്ന ഇപ്പോഴത്തെ അഭിപ്രായം പുറപ്പെടുവിക്കുന്നതതന്നു മിസ്റ്റർ എ. കൃഷ്ണപിള്ള പറഞ്ഞതു.

സർ, ഇനിയൊന്നും എനിക്കു പറവാനില്ല. മിസ്റ്റർ സി. പി. തോമസിനു വല്ല ചോദ്യങ്ങളുമുണ്ടെങ്കിൽ അതിനു മറുപടി പറയാം.

മി. സി. പി. തോമസ് (ഗവണ്മെന്റു നിയമനം): ഉദ്യോഗസ്ഥന്മാരുടെ ഉദ്ദിഷ്ടഫലം അനുദ്യോഗസ്ഥന്മാരുടെതിൽനിന്നു കേവലം വ്യത്യസ്തം ആയിരിക്കാൻ പാടില്ലയോ എന്നും അതുകാരണം ജനങ്ങളുടെ സാമ്പത്തികസ്ഥിതി യഥാർത്ഥസ്ഥിതിക്കു വിപരീതമായി കാണിക്കുന്നതു അഭിലഷണീയമായിരിക്കുമെന്നു ഉദ്യോഗസ്ഥന്മാക്കു തോന്നാൻ ഇടയില്ലയോ എന്നും മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): എന്നോടിതു ചോദിച്ചതുകൊണ്ടു ഞാൻ സന്തോഷിക്കുന്നു. ഇങ്ങനെ ഒരു പ്രമാണം ഞാൻ ഒരുനാളും സ്വീകരിക്കുന്നതല്ലെന്നു ബഹുമായി പറവാൻ എനിക്കൊരു അവസരം കിട്ടിയതല്ലൊ. ഒരു മനുഷ്യൻ തന്റെ ആലോചനാശക്തിയും പരിചയവും അറിവും പരിശീലനവും ഭാവനകളും എല്ലാം മറന്നും മനസ്സാക്ഷി പരിത്യജിച്ചും പെരുമാറുന്ന ഉദ്യോഗസ്ഥഉദ്ദിഷ്ടഫലം എന്നു പറയുന്നതിന്റെ അടിമയായി തീരുമെന്നു പറയുന്നതു അസത്യവും ഏറ്റവും ഉപഭോഗകരവുമായ ഒരു പ്രമാണം ആകുന്നു. അങ്ങനെയൊരു ഉദ്ദിഷ്ടഫലത്തെപ്പറ്റി ഞാൻ കേട്ടിട്ടില്ല

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കോട്ടയംകേരളം—കുന്നത്തുനാടു): ഇനിയുള്ള കരടുഴുത്തു ആരംഭിക്കുന്നതിനു മുമ്പായി ഒരു സാമ്പത്തിക സർവ്വേ നടത്തുന്നതു നന്നായിരിക്കുമെന്നു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ വിചാരിക്കുന്നുണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): അതാകുന്നു ഗവണ്മെന്റിന്റെ അഭിപ്രായം എന്നു തോന്നുന്നു. തീർച്ചയായ ഒരു കാര്യത്തെപ്പറ്റി അഭിപ്രായം പറവാൻ ഞാൻ ഒരുക്കമില്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു): മനസ്സാക്ഷിക്കും മറ്റും കുഴപ്പംകൂടാതെന്നു ഉദ്യോഗസ്ഥന്മാക്കും അനുദ്യോഗസ്ഥന്മാക്കും തമ്മിൽ ഓരോ കാര്യങ്ങളിലും അഭിപ്രായവ്യത്യാസം സാധാരണ ഉണ്ടാകുമോ ഇല്ലയോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ് കോളേജ് പ്രിൻസിപ്പൽ): അനുദ്യോഗസ്ഥകമ്മിറ്റികളിലും ഉദ്യോഗസ്ഥകമ്മിറ്റികളിലും അഭിപ്രായവ്യത്യാസം ഉണ്ടാകും. അഭിപ്രായൈക്യം ആലോചിച്ചാൽ ഉദ്യോഗസ്ഥകമ്മിറ്റികളിലെപോലെതന്നെ അനുദ്യോഗസ്ഥകമ്മിറ്റികളിലും അഭിപ്രായഭേദപരീത്യം കണ്ടാൻ ഉണ്ടാകും—

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറിൻകര): അനുദ്യോഗസ്ഥരുടെപക്ഷം ഉണ്ടായിരുന്ന സ്റ്റൊളർഷിപ്പ് കമ്മിറ്റിയിൽ ഓരോ അനുദ്യോഗസ്ഥസാമാജികനും വിപരീതാഭിപ്രായങ്ങളാണു എഴുതിയതെന്നു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാക്കു ഓർമ്മയുണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കോളേജ് പ്രിൻസിപ്പാൾ): അതെനിക്കോർമ്മയില്ലായിരുന്നു. എന്നാൽ മിസ്റ്റർ പരമേശ്വരൻപിള്ള പറയുന്നതു വിശ്വസിക്കാൻ പ്രയാസമില്ല.

പ്രസിഡന്റ്: തിങ്കളാഴ്ച പ്രമേയം വോട്ടിനു ഇടണമെന്നു നിർബന്ധമുണ്ടോ മിസ്റ്റർ കല്ലൂർ നാരായണപിള്ളേ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഉണ്ടു്, സർ

പ്രമേയം വോട്ടിനിടുമ്പോൾ എൻ പേർ അനുകൂലമായും ഒ൯ പേർ പ്രതികൂലമായും വോട്ടുചെയ്കയാൽ തള്ളപ്പെട്ടുപോയി.

മി. സി: പി. കൊച്ചുകുഞ്ഞുപിള്ള (കോട്ടയംകേരളം—കുന്നത്തുനാടു): വോട്ട എണ്ണണമെന്നു ആവശ്യപ്പെടുന്നു.

വോട്ടെണ്ണിയതിൽ താഴെ പറയുംപ്രകാരം കണ്ടു.

അനുകൂലം		എൻ.	
ക	മിസ്റ്റർ പി. കെ. നാരായണപിള്ള	കക	മിസ്റ്റർ ആർ. പത്മനാഭൻ
കാ	,, കല്ലൂർ നാരായണപിള്ള	കാ	,, ജി. പരമേശ്വരൻപിള്ള
കി	,, കെ. പി. നീലകണ്ഠപ്പിള്ള	കി	,, ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള
കീ	,, എം. എൻ. പിള്ള	കു	,, എൻ. കുമാരൻ
കു	,, ജി. രാമൻമേനോൻ	കൂ	,, എ. കെ. പിള്ള
കൃ	,, തയ്യൂർ കൃഷ്ണിതമ്പാനൻ	കെ	,, സി. പി. കൊച്ചുകുഞ്ഞുപിള്ള
കെ	,, കെ. മാധവൻപിള്ള	കേ	,, കെ. എം. ജോസഫ്
കൈ	,, എം. സുബ്രഹ്മണ്യൻപിള്ള	കൈ	,, കെ. കെ. തോമസ്
കൊ	,, എം. ശിവതാണുപിള്ള	കൊ	,, സി. കേരളവർമ്മകോയിൽതമ്പുരാൻ
കോ	,, കെ. ശിവരാമപ്പണിക്കർ		

പ്രതിക്കൂലം വരും.

ക	മിസ്റ്റർ ഒഎ. സി. ചാക്കോ	കന	മിസ്റ്റർ ജെ. സ്റ്റീഫൻസൺ
ഖ	,, ആർ. ധനുഷ്കോടിപ്പിള്ള	കര	,, എ. കെ. പാൻറോസ്സ്
ഗ	,, കെ. ജോഷ്വ	കഖ	,, എൻ. തീചകണ്ണപ്പിള്ള
ഘ	ഡോക്ടർ എൻ. കുഞ്ഞൻപിള്ള	കന	,, വി. സുബ്ബയ്യർ
ങ	മിസ്റ്റർ കെ. നാരായണൻപണിക്കർ	കങ	,, കെ. സി. മമ്മൻമാപ്പിള
ച	,, കെ. വി. നടേശയ്യർ	കച	,, സി. പി. തോമസ്
ഛ	,, കയ്യാലം പരമേശ്വരൻപിള്ള	കഛ	,, സി. പി. തരകൻ
ജ	,, ഡബ്ലിയു. എച്ച്. പിറവ്	കജ	,, പിറഡിപെരുമാൾപിള്ള
ഝ	മിസ്റ്റർ എം. പുന്നൻ യൂക്കോസ്	കഝ	,, ഹബീബ് മഹമ്മദ്
ഞ	മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ	കഞ	,, ജെ. ബി. കുര്യ്
ട	റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ	കട	,, എസ്. ജ്ഞാനമുത്തുകോഷ്വാ
ഠ	മിസ്റ്റർ എസ്. സി. എച്ച്. ഗറാബിൻസൺ	കഠ	,, എക്സ്. ജി. ലോപ്പസ്

ഇരുപക്ഷവുമില്ലാത്തവർ ഫ.

ക	മിസ്റ്റർ എൻ. വി. ജോസഫ്
ഫ	മിസ്റ്റർ എ. ജെ. ജോൺ

ക൯ പേർ മാത്രം അനുകൂലമായും ഫ൪ പേർ പ്രതികൂലമായും വോട്ടുചെയ്കയാൽ പ്രമേയം തള്ളിഎന്നു പ്രസ്താവിക്കപ്പെട്ടു.

നിയമനിർമ്മാണം.

സിവിൽനടപടിനിയമം ഭേദഗതിബിൽ.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സക്കാർവക്കീൽ): സർ, സിവിൽ നടപടിനിയമം ഭേദഗതി ബിൽ ആലോചനയ്ക്കെടുത്തു ഉടനെ പാസ്സാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. ജോഷ്വ (ഗവർണ്മെൻറ് സെക്രട്ടറി): ഞാൻ അനുകൂലിക്കുന്നു.

പ്രമേയം വോട്ടിനിട്ടപ്പോൾ സഭ സമ്മതിച്ചു.

കാലഹരണറഗുലേഷൻ ഭേദഗതിബിൽ.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സക്കാർവക്കീൽ): സർ, കാലഹരണ റഗുലേഷൻ ഭേദഗതി ബിൽ ആലോചനയ്ക്കെടുത്തു ഉടനെ പാസ്സാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു

മി. കെ. ജോഷ്വ (ഗവർണ്മെൻറ് സെക്രട്ടറി): ഞാൻ അനുകൂലിക്കുന്നു.

പ്രമേയം വോട്ടിനിട്ടതിൽ സഭ സമ്മതിച്ചു.

കൂടുതൽ ഗ്രാൻറിനുള്ള അഭ്യർത്ഥനകൾ.

ഡിമാണ്ട് ൻ—നീതിപാലനം

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സക്കാർവക്കീൽ): സർ, അല്പകാലത്തേക്കു ശിക്ഷിക്കപ്പെട്ടു തടവുകാരുടേയും വിസ്താരത്തിലിരിക്കുന്ന തടവുകാരുടേയും സ്ഥിതി നന്നാക്കുന്നതിനായി ഡിമാണ്ട് ൻ—നീതിപാലനം— എന്ന ഇനത്തിൽ ക൦,൦൦൦ രൂപയിൽ അധികമല്ലാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു. ഇന്നത്തെ കാര്യപരിപാടിയിൽ ഇക്കാര്യം ഉൾപ്പെടുത്തിട്ടില്ലെന്നു എനിക്കറിയാം. എന്നാൽ ഇതൊരു അടിയന്തിരകാര്യമാകകൊണ്ടും സഭ ഇന്നു അവസാനിക്കുന്നതുകൊണ്ടും ഇന്നുതന്നെ ഈ അഭ്യർത്ഥന കൊണ്ടുവന്നതു സഭ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

മി. എൻ. കുമാരൻ (ഗവർണ്മെൻറ് നിയമമന്ത്രി): ഈ അഭ്യർത്ഥന എന്തായാലുടനെന്നു പറയുമോ?

പ്രസിഡൻറ്: വിസ്താരത്തിലിരിക്കുന്ന തടവുകാരുടേയും അല്പകാലത്തേക്കു ശിക്ഷിക്കപ്പെട്ട തടവുകാരുടേയും സ്ഥിതി നന്നാക്കുന്നതിനായി ഉടനെ ചെലവുചെയ്യാൻ ക൦,൦൦൦ രൂപാ വേണമെന്നാണു അഭ്യർത്ഥന. മുൻ നോട്ടിസ് തന്നിട്ടില്ലെന്നുള്ള ന്യൂനത സഭ ഭാവിപ്പാക്കുമെന്നു വിശ്വസിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സക്കാർവക്കീൽ): വിസ്താരത്തിലിരിക്കുന്ന തടവുകാരുടേയും അല്പകാലത്തേക്കുമാത്രം ശിക്ഷിക്കപ്പെട്ടിട്ടുള്ള തടവുകാരുടേയും സ്ഥിതി ഈ സമയത്തിലും ഈ മാസത്തിൽതന്നെയും ആലോചനയ്ക്കെടുക്കുവാൻ പ്രത്യേകശ്രദ്ധിക്കേ ഈ യോഗത്തിൽ വിഷയമാക്കിയതു മിസ്റ്റർ എ. കെ. പിള്ളയാണു. ഈ അഭ്യർത്ഥന കൊണ്ടുവന്ന മിസ്റ്റർ പിറവിനു ഈ അഭ്യർത്ഥനയെപ്പറ്റിയുള്ള വാദത്തിൽ അല്പകാലതടവുകാരേയും വിസ്താരതടവുകാരേയുംപറ്റി മിസ്റ്റർ എ. കെ. പിള്ള പറഞ്ഞ സംഗതികൾ വാസ്തവമാകണമെന്നു ബോദ്ധ്യമായി. അവരുടെകാര്യത്തിൽ വേണ്ടുന്ന ദയകാണിക്കുന്നതിനും ഉണ്ടാക്കിക്കൊടുക്കാത്തതു പണമില്ലാഞ്ഞിട്ടാണെന്നും അറിഞ്ഞപ്പോൾ പ്രസ്താവിക്കയുണ്ടായി. അനന്തരം ഇക്കാര്യത്തിൽ വല്ലതും ചെയ്യാൻ ഇപ്പോഴും കഴിയുമെന്നു ഗവർണ്മെൻറിനും ബോദ്ധ്യപ്പെട്ടുവന്നു.

അവരുടെ സങ്കടങ്ങൾ വിവരിച്ചുള്ളതിൽ ഒന്നു അവരെ പോലീസ്സ്റ്റേഷനിൽനിന്നു സൂക്ഷിക്കുന്നതിനാണു. ഇപ്പോൾ അതിനു പരിഹാരമുണ്ടാക്കാൻ നിവൃത്തിയില്ല അവർക്കു ശരിയായ പാർപ്പിടങ്ങൾകൊടുക്കുന്നതുകാര്യം കാലക്രമേണ അതിനാവശ്യമുള്ള കെട്ടിടങ്ങൾ ഉണ്ടാക്കുമ്പോൾ മാത്രമേ ആലോചനയെടുക്കാൻ നിവൃത്തിയുള്ളൂ. പിന്നെയുള്ള പരാതി അവർക്കു ശരിയായ ഭക്ഷണവും വസ്ത്രവും കൊടുക്കുന്നില്ലെന്നാണു.

ള ആവശ്യമുള്ള പണം ഉണ്ടായാൽ ഇപ്പോൾ തന്നെ പരഹരിക്കാവുന്ന സംഗതിയാണെന്ന ഗവൺമെൻറിനു തോന്നുന്നു. ഇക്കാര്യം ഗവൺമെൻറ് ആലോചിച്ചിട്ടുണ്ടു്. ആവശ്യത്തിനു ഈ മോഗത്തിൽതന്നെ കൂടുതൽ ഗ്രാൻറിനു അപേക്ഷിക്കുന്നതു അഭിലഷണീയമായിരിക്കുമെന്നു തീർച്ചയാക്കി. ഈ കാര്യത്തെപ്പറ്റി മി. പിറിനു പറവാനുള്ളതു കേൾക്കാൻ സഭയ്ക്കു സന്തോഷമുണ്ടായിരിക്കുമെന്നുള്ളതു സംശയമില്ലാ. എന്തെന്നാൽ ഇപ്പോൾ അവതരിപ്പിക്കുന്ന സ്റ്റേഷൻ പ്രാരംഭകനിലാണു.

അതതാതു ജീർണ്ണാവസ്ഥയിലാണു അതിനെപ്പറ്റി കൂടുതൽ പറയാം. ഈ തടവുകാർക്കു ന്യായമായികിട്ടേണ്ടുന്ന മസൂരികുത്തുകളോ കിട്ടുന്നില്ലെന്നുള്ള അഭിപ്രായത്തോടു മി: പിറിനും യോജിക്കുന്നു. അതുകൊണ്ടു അവർക്കു ശരിയായി ഉടുക്കാൻ വസ്ത്രങ്ങളും കിടക്കാൻ കിടക്കകളും കൊടുക്കാൻ മസൂരികുത്തുകളും മതിയായ രക്ഷണവും കൊടുക്കുന്നതിനു പണം അനുവദിക്കണമെന്നു അഭ്യർത്ഥിക്കുന്നു ഞാൻ പറഞ്ഞപ്രകാരം മി. പിറിൻറെ ചാർജ്ജിലുള്ള—

മി. ഡബ്ലിയു. എച്ച്. പിറിറ് (പോലീസ് കമ്മിഷണർ): ഈ തടവുകാരുടെ ചാർജ്ജ് ഞാനല്ല വഹിക്കുന്നതു.

മി. കയ്യാലം പരമേശ്വരൻപിള്ള (അക്ടിംഗ് അസിസ്റ്റൻറ് ഫെഡ്സക്രട്ടറിക്കീൽ): അഭ്യർത്ഥനയിന്മേലാണു തടവുകാരുടെ ചാർജ്ജെന്നു ഞാൻ പറയുന്നില്ല. ഇപ്പോൾ അവരെ പാർപ്പിക്കുന്നതു പൊലീസ്സ്റ്റേഷനുകളിലാണെന്നും അവ മി. പിറിൻറെ ചാർജ്ജിലാണെന്നും അതുകൊണ്ടു അവരുടെ സ്ഥിതിയെപ്പറ്റി അറിവാൻ മാർഗ്ഗമുണ്ടെന്നും അവരെക്കാൾ അവസരങ്ങൾ ഉണ്ടെന്നുമാണു ഞാൻ പറയുന്നതു. അതുകൊണ്ടു അഭിപ്രായമാണു ഈ ക്ലൂടുതൽ ചെലവിനുള്ള അപേക്ഷയിൻമേൽ ഗവൺമെൻറിൻറെ ശുപാർശയോടെ കൊണ്ടുവന്നതു. നിതിപാലനം എന്ന ഇനത്തിലാണു പണംചോദിച്ചിട്ടുള്ളതു. എന്തെന്നാൽ നിയമപ്രകാരം ഈ തടവുകാർ മജിസ്ട്രേട്ടിൻറെ സൂക്ഷിപ്പിലാണു. സഭ ഈ അപേക്ഷയെ സന്തോഷത്തോടെ അനുവദിക്കുമെന്നു വിശ്വസിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): ഈ ആവശ്യത്തിനുമുമ്പു എത്ര പണം അനുവദിച്ചിരുന്നുഎന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അക്ടിംഗ് അഡിഷണൽ ഫെഡ്സക്രട്ടറിക്കീൽ): ഇതിനു പ്രത്യേകമായി ഒരു സംഖ്യ അനുവദിച്ചിട്ടില്ല. "തടവുകാരുടെവക" എന്ന ഇനത്തിൽ ൨൫,൦൦൦ രൂപാ അനുവദിച്ചിട്ടുണ്ടു. അതിൽ അവരുടെ രക്ഷണച്ചെലവും ഉൾപ്പെട്ടതു ഈ തടവുകാർക്കായി വേറൊരു സംഖ്യയും അനുവദിച്ചിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): എന്നാൽ ഇതു സപ്ലിമെൻററി (കൂടുതൽ) ഗ്രാൻറായി വരുമോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അക്ടിംഗ് അഡിഷണൽഫെഡ്സക്രട്ടറിക്കീൽ): ഉവ്വു "ഡിമാണ്ട്-നിതിപാലനം" ഈ ഇനത്തിൽ ൭൦൫ രക്ഷം രൂപാ അനുവദിച്ചിട്ടുണ്ടു. ആ ഇനത്തിൽ ൫൦,൦൦൦ രൂപാ കൂടുതൽ അനുവദിക്കണമെന്നാണു ഇപ്പോൾ അപേക്ഷിക്കുന്നതു.

മി. എൻ. കുമാരൻ (ഗവൺമെൻറ്നിയമനം): ഈ സംഖ്യ കിട്ടിയതു എങ്ങനെയാണെന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അക്ടിംഗ്അഡിഷണൽഫെഡ്സക്രട്ടറിക്കീൽ): ഇപ്പോഴുള്ള അല്പകാലത്തടവുകാരുടേയും വിസ്താരതടവുകാരുടേയും വരുന്നയാണ്ടിൽ വരാവുന്ന തടവുകാരുടേയും എണ്ണം കണക്കാക്കി ഉദ്ദേശമായി കിട്ടിയ സംഖ്യയാണു ഇതു.

മി. ഫ്ര. കെ. പിള്ള (കുന്നാഗപ്പള്ളി): ഈ തടവുകാർ ആരുടെ അധീനത്തിൽ ആയിരിക്കുമെന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അക്ടിംഗ് അഡിഷണൽഫെഡ്സക്രട്ടറിക്കീൽ): അവരെ പാർപ്പിക്കുന്നതു പൊലീസ്സ്റ്റേഷനുകളിലാണെങ്കിലും നിയമപ്രകാരം അവർ മജിസ്ട്രേട്ടുമാരുടെ സൂക്ഷിപ്പിലാണു.

മി. ഫ്ര. കെ. പിള്ള (കുന്നാഗപ്പള്ളി): ഇതു യഥാർത്ഥസ്ഥിതിയാണോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അക്ടിംഗ് അഡിഷണൽഫെഡ്സക്രട്ടറിക്കീൽ): പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതുവരെ അവരെ, ഇപ്പോഴത്തെപോലെ, സ്റ്റേഷൻ പ്രാരംഭിൽതന്നെ സൂക്ഷിക്കേണ്ടിവരും.

മി. ഫ്ര. കെ. പിള്ള (കുന്നാഗപ്പള്ളി): ൫,൦൦൦ രൂപായുടെ സപ്ലിമെൻററിഗ്രാൻറ് അനുവദിച്ചശേഷം അവർ പൊലീസിൻറെ സൂക്ഷിപ്പിൽതന്നെ ഇരിക്കുമോ അതോ അവരെ പ്രത്യേക ജയിലുകളിൽ പാർപ്പിക്കുമോ?

പ്രസിഡൻറ്: വിസ്താരതടവുകാർക്കാവശ്യമുള്ള വസ്ത്രം, കിടക്ക, രക്ഷണം മുതലായവയ്ക്കാണു ഈ സംഖ്യ ഉദ്ദേശിച്ചിരിക്കുന്നതു.

മി. ഫ്ര. കെ. പിള്ള (കുന്നാഗപ്പള്ളി): ഈ പ്രശ്നത്തെപ്പറ്റി വാദം പാടുണ്ടോ?

പ്രസിഡൻറ്: ഉവ്വു.

മി. ജി. പരമേശ്വരൻപിള്ള (തെയ്യാറെറിങ്കര): നടപടിക്രമത്തെപ്പറ്റി ഒന്നു പറഞ്ഞുകൊള്ളട്ടെ. പല പ്രകാരം സപ്ലിമെൻററിഗ്രാൻറിനോ കൂടുതൽ ഗ്രാൻറിനോ സഭാമുമ്പാകെ എസ്റ്റിമേറ്റ് ഹാജരാക്കുന്നതു ഈ രണ്ടു സന്ദർഭങ്ങളിലാണു.

(൧) സഭ അനുവദിക്കേണ്ടുന്ന ഒരു ഗ്രാൻറിനെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള സംഖ്യ ആയാണ്ടത്തെ ആവശ്യങ്ങൾക്കു മതിയാകാതെ വരുമ്പോൾ

(൨) ഒരു കൊല്ലത്തെ ബഡ്ജറ്റിൽ ഉണ്ടാകരുതെന്നു വിചാരിപ്പാൻ സംഗതിയില്ലാതിരുന്ന വല്ലകാര്യത്തിനും പുതിയതായി വരുന്നതിനും സഭയുടെ അനുവാദം ആവശ്യമുള്ളതുമായ ഒരു ചെലവു ചെയ്യേണ്ടിവരുമ്പോൾ

ഇപ്പോൾ ആവശ്യപ്പെട്ടിരുന്ന ൫,൦൦൦ രൂപാ ഈയാണ്ടിൽ ഉപയോഗിക്കുന്നതിനാണോ? അങ്ങനെയല്ലെന്നും വരുന്നയാണ്ടത്തെക്കാണെന്നും ഞാൻ വിചാരിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ മെഡ്സക്കാർവക്കിൽ): ആ വ്യവസ്ഥ എനിക്കറിവുണ്ട്. ക്ലൂതൽ ഗ്രാൻടുകളും എല്ലാം അതിൽ ഉൾപ്പെടുന്നില്ല. വേറെ ഒരു എസ്റ്റിമേറ്റും ഫാജരാക്കിക്കൂടാ എന്നു അതിൽ പറഞ്ഞിട്ടില്ല. നിയമസഭാറെഗ്ലുലേഷൻ റൂൾ (൪)-ം (൫)-ം നോക്കേണ്ടതാണ്. നമുക്കിപ്പോൾ ആലോചിച്ചിട്ടുവശ്യമില്ലാത്ത ചില കാര്യങ്ങളാണിവ. "റെയിൽവെ പണമോ മെച്ചവുചെയ്യുന്നതിനു നമ്മുടെ ഗവണ്മെൻറു ചെയ്യുന്ന ആലോചനകളും ഗ്രാന്റിനുള്ള അഭ്യർത്ഥനകളുടെ രൂപത്തിൽ സഭയുടെ അനുവാദത്തിനു കൊണ്ടുവരേണ്ടതാണ്" എന്നാണ് റൂൾ (൫)-ാംവകുപ്പിൽ പറഞ്ഞിരിക്കുന്നത്.

അതുകൊണ്ടു സഭയുടെ അനുവാദത്തിനായി ഈ അഭ്യർത്ഥന ഫാജരാക്കിക്കൊള്ളുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതു സപ്ലിമെൻററി ഗ്രാൻറാണോ ക്ലൂതൽ ഗ്രാൻറാണോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിണൽ മെഡ്സക്കാർവുക്കിൽ): ഞാൻ അതു അഡിഷണൽഗ്രാൻറെന്നാണ് പറഞ്ഞതു. വേറെ ഏതു പേരുപറയുന്നതിനും എനിക്കു വിരോധമില്ല. ഈ അഭ്യർത്ഥന വകുപ്പിൽ ഉൾപ്പെട്ടിരുന്നാൽമതി.

പ്രസിഡൻറു. ഒരു സ്പെഷ്യൽ (പ്രത്യേക) ഗ്രാൻറെന്നു പറയാം.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ മെഡ്സക്കാർവക്കിൽ): അതേ. സഭ അതിനെ ഒരു സ്പെഷ്യൽ ഗ്രാൻറു എന്നു നാമകരണംചെയ്യാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): എങ്കിലും ചട്ടങ്ങൾക്കനുസരിച്ചായിരിക്കണമല്ലോ.

പ്രസിഡൻറു. ഒരു അഭ്യർത്ഥനയെ സപ്ലിമെൻററി എന്നോ അഡിഷണൽ എന്നോ സ്പെഷ്യൽ എന്നു പറഞ്ഞുകൊണ്ടു അഭ്യർത്ഥനഅല്ലെന്നുവരികയില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഇതിൽനിന്നു തത്സംബന്ധമായ ഒരു വാദം ഉത്ഭവിക്കുന്നു. എൻറെ സ്നേഹിതൻ അതിനെ സപ്ലിമെൻററിയെന്നോ അഡിഷണലെന്നോ ഗ്രാൻറിനപ്പുറമുള്ള വകുപ്പിൽ അല്ലാതെ വേറൊരു വകുപ്പിൽ ഇട്ടാൽ അതു ആലോചിക്കാവുന്നതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ മെഡ്സക്കാർവക്കിൽ): എൻറെ അഭ്യർത്ഥനറൂളേഷൻ റൂൾ-ാംവകുപ്പിൽ വരുമെന്നു ഞാൻ ആദ്യമേ പറഞ്ഞുവല്ലോ.

"സഭ അനുവദിക്കേണ്ടുന്ന ഒരു ഗ്രാൻറിനു ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള സംഖ്യ അയാണെങ്കിൽ ആവശ്യമുണ്ടെങ്കിൽ മതിയാകാതെവരുമ്പോൾ"

സപ്ലിമെൻററിയെന്നോ അഡിഷണലെന്നോ ഗ്രാൻറിനു അപേക്ഷകൊണ്ടുവരാമെന്നു ഇരുപതാം ചട്ടത്തിൽ പറയുന്നതു നേരുതന്നെ,

എന്നാൽ വേറൊരുകാര്യത്തിനു സപ്ലിമെൻററിയോ അഡിഷണലോ ഗ്രാൻറിനു ചോദിക്കാൻപാടില്ലെന്നു അതിൽ പറഞ്ഞിട്ടില്ല. വേറെ വിധത്തിൽ പറഞ്ഞാൽ സപ്ലിമെൻററിയോ അഡിഷണലോ ഗ്രാൻറിനു നടക്കുന്ന വർഷത്തേക്കേ അപേക്ഷിക്കാവൂ. വരുംവർഷത്തേക്കു ചോദിക്കാൻ പാടില്ല എന്നു ആ ചട്ടത്തിൽ ഇല്ല. എന്നാൽ ഞാൻ പറഞ്ഞ പ്രത്യേക വ്യവസ്ഥകാണുന്നുണ്ടു. ആ വ്യവസ്ഥപ്രകാരം മറവന്നുവോ പണമോ ചെലവുചെയ്യുന്നതിനു എടുക്കേണ്ടിവന്നാൽ അതിനായി ഒരു അഭ്യർത്ഥനസഭയിൽ കൊണ്ടുവരേണം. അതാണു നിയമസഭാറെഗ്ലുലേഷൻറെ റൂൾ (൪), (൫) വകുപ്പു റഗ്ലുലേഷനിൽ പ്രത്യേകമായി ചെയ്തിട്ടുള്ള വ്യവസ്ഥയെ ഇരുപതാംചട്ടം ഉൾപ്പെടുത്തുന്നതല്ല, അങ്ങനെ ചെയ്യാൻ പാടുള്ളതുമല്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സപ്ലിമെൻററിയോ അഡിഷണലോ ഗ്രാൻറിനുള്ള അപേക്ഷകളെപ്പറ്റി വ്യക്തമായ ചട്ടങ്ങളുണ്ടു. ചട്ടങ്ങളിൽ ഒന്നുമില്ലായിരുന്നെങ്കിൽ മാമെംബറിൻറെ വ്യാഖ്യാനം എനിക്കു ഗ്രഹിപ്പാൻ കഴിഞ്ഞേനേ.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ മെഡ് സക്കാർവക്കിൽ): അതിനെ സ്പെഷ്യൽ ഗ്രാൻറെന്നു നാമകരണം ചെയ്യുന്നതിനു വിരോധമില്ലെന്നു ഞാൻ പറഞ്ഞുവല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ അഭ്യർത്ഥന വരുന്നയാണ്ടത്തേക്കു നിറുത്തിവെക്കയല്ലയോ ഉത്തമം?

പ്രസിഡൻറു. വരുന്ന അക്കൗണ്ടുവർഷം പരിഷ്കാരം നടപ്പിൽവരുത്താൻ കഴികയില്ലെന്നവരും.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇപ്പോഴത്തെ അഭ്യർത്ഥനപ്രകാരമുള്ള സംഖ്യ വിസ്താരതടവുകാരുടെ വസ്ത്രം, കിടക്ക മുതലായവയ്ക്കാണ്. ബഡ്ജറ്റിൽ ഏതെങ്കിലും സംഖ്യ ഇനിയും അനുവദിച്ചിട്ടുണ്ടോകണം. ആ സംഖ്യ ഉപയോഗിക്കാം. അമ്മതിയാകാതെവരുമ്പോൾ വരുന്നയാണ്ടിൽ സപ്ലിമെൻററി ഗ്രാൻറിനുള്ള അഭ്യർത്ഥന ഫാജരാക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്രകാരം യോഗത്തിൽ അതു ആലോചനയ്ക്കെടുക്കാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ആയോഗത്തിൽ സഭ ഇതു അനുവദിച്ചില്ലെങ്കിൽ എന്താണു സംഭവിക്കുക?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ മെഡ്സക്കാർവക്കിൽ): തടവുകാർക്കു ക്ഷണവും ഇരുപ്പുന്നതുതന്നെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചെലവ് ആവശ്യമെന്നു സാക്ഷ്യപ്പെടുത്തി ചെലവു ചെയ്യാൻ ഗവണ്മെൻറിനു സ്വാതന്ത്ര്യം ഉണ്ടല്ലോ?

മി. എ. കെ. പിള്ള (കന്യാകുമാരി): ഇപ്പോൾ അനുവദിച്ചിട്ടുള്ള സംഖ്യ ഒക്ടോബർവരെയുള്ളതു മതിയാകയില്ലയോ?

പ്രസിഡൻറ്. ഇക്കായ്യം തുടർന്നുകൊണ്ടുപോകുന്നതു സഭയുടെ ഇഷ്ടമില്ലെങ്കിൽ ഈ അദ്ധ്യായവും പിൻവലിച്ചേക്കാം. എങ്കിലും അതിന്റെ ഫലം വിദ്യാഭ്യാസകാര്യത്തിൽ സ്ഥിരതാല്പര്യമുള്ള മിസ്റ്റർ എ. കെ. പിള്ള ഇന്നാട്ടിലെ വ്യവസായകരമായ ഏറ്റവും നല്ല വസ്തുവായി കരുതിപ്പോരുന്നതുപോലെതന്നെ മേന്മയുള്ളതായിരിക്കും എന്നു സഭ ഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു. അദ്ധ്യക്ഷനു അതിനാൽ വേറൊന്നുമവസ്ഥാനമായിരിക്കും.

മി. എ. കെ. പിള്ള (കന്യാകുമാരി): അദ്ദേഹം സഭയുടെ ഈ ഭാഗത്തുനിന്നു വന്ന അഭിപ്രായങ്ങളെ പ്രസ്താവിച്ചുകൊള്ളുന്നു.

പ്രസിഡൻറ്. സാമാജികന്മാരേ, നമ്മുടെ ഈ യോഗം അവസാനിച്ചു. മറുപടിപറയാത്ത ചോദ്യങ്ങളും വാദത്തിനു വരാത്ത പ്രമേയങ്ങളും കാലഹരണപ്പെട്ടുപോയി എന്നും ആവശ്യം എന്നു തോന്നിയാൽ പുതുതായതൊന്നും നിങ്ങൾക്കു അറിയാമെന്നും വിശ്വസിക്കുന്നു.

യോഗം അവസാനിപ്പിച്ചിരിക്കുന്നു.

സഭയുടെ യോഗം വൈകിട്ടു 4-നു മണിക്കു അവസാനിച്ചു.

T P L
STOCK VERIFIED
1995

ടി. പി. രാമലിംഗപ്പിള്ള (തപ്പു)
നിയമസഭ സെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

Acc: 27618

തിരുവിതാംകൂർ ലജിസ്ലേറ്റീവ് കൗൺസിൽ
നടപടികൾ. വാല്യം. 7

I തിരുവിതാങ്കോട്ടു നിയമസഭ
1 ജൂൺ 29, 1925-സത്യം ചെയ്യിക്കൽ
2 ജൂൺ 29, 1925-മഹാറാണി റീജണ്ട് തിരുമനസ്സ് കൊണ്ട് കല്പിച്ചയച്ച സന്ദേശം
13 ജൂൺ 29, 1925-ചോദ്യങ്ങളും ഉത്തരങ്ങളും
15 അനുബന്ധം
16 ജൂൺ 29, 1925-ഉപധനാഭ്യർത്ഥനകൾ
23 ആഗസ്റ്റ് 1, 1925-ചോദ്യങ്ങളും ഉത്തരങ്ങളും
63 ആഗസ്റ്റ് 3, 1925-ജന്മി കുടിയാൻ റഗുലേഷൻ ഭേദഗതി ബിൽ
63 ആഗസ്റ്റ് 3, 1925-പ്രശ്നോത്തരങ്ങൾ
133 ആഗസ്റ്റ് 3, 1925-ചോദ്യങ്ങളും ഉത്തരങ്ങളും
175 ആഗസ്റ്റ് 3, 1925-ഉപക്ഷേപങ്ങൾ
185 ആഗസ്റ്റ് 7, 1925-ചോദ്യങ്ങളും ഉത്തരങ്ങളും
190 ആഗസ്റ്റ് 7, 1925-ആദായനികുതി-ധനാഭ്യർത്ഥനകൾ
194 ആഗസ്റ്റ് 7, 1925-എക്സൈസ് ഡിപ്പാർട്ടുമെൻറ്-ധനാഭ്യർത്ഥനകൾ
219 ആഗസ്റ്റ് 7, 1925-വനംവകുപ്പ്-ധനാഭ്യർത്ഥനകൾ
225 ആഗസ്റ്റ് 7, 1925-സ്റ്റാമ്പ്-ധനാഭ്യർത്ഥനകൾ
235 ചോദ്യങ്ങളും ഉത്തരങ്ങളും
240 വാണിജ്യത്തിലും വ്യവസായത്തിലും ഒരു വിദ്യാർത്ഥിക്കു ലഭിക്കുന്ന അഭ്യസനം
243 അനുബന്ധം
245 രജിസ്ട്രേഷൻ-ധനാഭ്യർത്ഥനകൾ
274 പൊതുരാജ്യഭരണം-ധനാഭ്യർത്ഥനകൾ
283 ആഗസ്റ്റ് 10, 1925-ചോദ്യങ്ങളും ഉത്തരങ്ങളും
283 ആഗസ്റ്റ് 10, 1925-അച്ചുകൂടം കമ്മിറ്റി
291 ആഗസ്റ്റ് 10, 1925-നീതിന്യായഭരണം-ധനാഭ്യർത്ഥനകൾ
324 ആഗസ്റ്റ് 10, 1925സെൻട്രൽ ജയിൽ-ധനാഭ്യർത്ഥനകൾ
333 ആഗസ്റ്റ് 10, 1925-പോലീസ്-ധനാഭ്യർത്ഥനകൾ
347 ആഗസ്റ്റ് 11, 1925-ചോദ്യങ്ങളും ഉത്തരങ്ങളും
350 ആഗസ്റ്റ് 11, 1925-അദ്ധ്യാപകന്മാരായി എൽ ടി ക്കാരുടെ ആദ്യമായുള്ള നിയമനം
352 അനുബന്ധം
353 ആഗസ്റ്റ് 11, 1925-വിദ്യാഭ്യാസം-ധനാഭ്യർത്ഥനകൾ
407 ആഗസ്റ്റ് 12, 1925-ചോദ്യങ്ങളും ഉത്തരങ്ങളും
410 ആഗസ്റ്റ് 12, 1925-മലയാളം പാഠപുസ്തകങ്ങളെ സംബന്ധിച്ചു മാർക്കുമില്ലൻ കമ്പനിക്കാരുമായുള്ള ഉടമ്പടി
417 അനുബന്ധം
419 ആഗസ്റ്റ് 12, 1925-കൃഷിയും മത്സ്യവ്യവസായവും-ധനാഭ്യർത്ഥനകൾ
463 ആഗസ്റ്റ് 13, 1925-ചോദ്യങ്ങളും ഉത്തരങ്ങളും
471 അനുബന്ധം
471 ആഗസ്റ്റ് 13, 1925-മഹാറാണി റീജന്റ് തിരുമനസ്സ് കൊണ്ട് കൽപിച്ചനുവദിച്ച റഗുലേഷനുകൾ
472 ആഗസ്റ്റ് 13, 1925-മെഡിക്കൽ വകുപ്പ്-ധനാഭ്യർത്ഥനകൾ
499 ആഗസ്റ്റ് 13, 1925-സ്റ്റേഷനറിയും അച്ചടിയും-ധനാഭ്യർത്ഥനകൾ
503 ആഗസ്റ്റ് 13, 1925-പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥനകൾ
517 ആഗസ്റ്റ് 13, 1925-അഞ്ചൽ ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥനകൾ
517 ആഗസ്റ്റ് 13, 1925-പലവക ഇനങ്ങൾ - ധനാഭ്യർത്ഥനകൾ
518 ആഗസ്റ്റ് 13, 1925-വായ്പകൾ - ധനാഭ്യർത്ഥനകൾ
518 ആഗസ്റ്റ് 13, 1925-നിയമവിധാനം-(സിവിൽ പ്രൊസീഡ്യുവർ കോഡ്-ഭേദഗതി ബിൽ)
521 ആഗസ്റ്റ് 13, 1925-കാലഹരണ റഗുലേഷൻ ഭേദഗതി ബിൽ
523 ആഗസ്റ്റ് 14, 1925-ചോദ്യങ്ങളും ഉത്തരങ്ങളും
532 അനുബന്ധം
535 ആഗസ്റ്റ് 14, 1925-പൊതുകാര്യങ്ങളെ സംബന്ധിച്ച പ്രമേയങ്ങൾ
573 നീതിപാലനം-ധനാഭ്യർത്ഥനകൾ
573 ഭേദഗതികൾ